കേരള സർക്കാർ

# കേരള വികസന റിപ്പോർട്ട്

## നേട്ടങ്ങൾ പരിപ്രേക്ഷ്യങ്ങൾ

സംസ്ഥാന ആസൂത്രണ ബോർഡ്
മാർച്ച് 2026

# കേരള വികസന റിപ്പോർട്ട്:
## നേട്ടങ്ങളും പരിപ്രേക്ഷ്യങ്ങളും

സംസ്ഥാന ആസൂത്രണ ബോർഡ്
മാർച്ച് 2026

# ഉള്ളടക്കം


**പട്ടികകൾ**

**ചിത്രങ്ങൾ**

**ബോക്സുകൾ**

**മുഖവുര**

1 **ആമുഖം** 1

2 **സാമ്പത്തിക വളർച്ചയ്ക്കും മെച്ചപ്പെട്ട സാമ്പത്തിക പ്രവർത്തനത്തിനുമുള്ള വിഭവസമാഹരണം** 15

3 **കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസം: നവീകരണം, അതിജീവനം, അംഗീകാരം** 30

4 **ഉന്നതവിദ്യാഭ്യാസവും സാങ്കേതിക വിദ്യാഭ്യാസവും** 41

5 **വൈദ്യശുശ്രൂഷയും പൊതുജനാരോഗ്യവും** 54

6 **കേരളത്തിലെ ലിംഗപദവിയും വികസനവും: ഒരു നയ റിപ്പോർട്ട്** 73

7 **ശിശുവികസനവും സംരക്ഷണവും: ഓരോ കുട്ടിക്കും അവകാശങ്ങളും ക്ഷേമവും ഭാവിയും ഉറപ്പാക്കൽ** 85

8 **ഭിന്നശേഷിക്കാരുടെ ശാക്തീകരണം** 95

9 **വയോജന ശാക്തീകരണം** 101

10 **പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ: സമഗ്ര വികസനം ഉറപ്പാക്കൽ** 111

പട്ടികജാതി വികസനം 111

പട്ടികവർഗ്ഗ വികസനം 119

11 **കേരളത്തിലെ ഭക്ഷ്യ ഭദ്രതയും പൊതുവിതരണ സംവിധാനവും** 127

12 **കുടിവെള്ളവും ശുചിത്വവും** 140

13 **കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും** 146

കേരളത്തിലെ കാർഷിക മേഖല : ശ്രദ്ധേയമായ നേട്ടങ്ങളും വികസന വെല്ലുവിളികളും 146

മൃഗ സംരക്ഷണ മേഖല 178

കേരളത്തിലെ സമുദ്ര ഉൾനാടൻ മേഖലകളിലെ മത്സ്യ ഉത്പാദനം 191

കേരളത്തിലെ ജലസേചന വികസനം 213

മനുഷ്യ-വന്യ ജീവി ഇടപെടൽ: കേരളത്തിനായുള്ള ഒരു പരിഹാര പദ്ധതി 224

14 **വ്യവസായം: വിശാല ലക്ഷ്യങ്ങൾ, സംരംഭകത്വത്തിന് ഉണർവ്, പുതിയ കർമ്മപഥങ്ങൾ** 236

15 **വികസനത്തിന് ശാസ്ത്ര സാങ്കേതിക വിദ്യ** 255

16 **ഡിജിറ്റൽ വിപ്ലവം പ്രയോജനപ്പെടുത്തൽ: കേരളത്തിലെ വിവരസാങ്കേതികവിദ്യ** 264

17 **വിനോദസഞ്ചാരം** 273

18 **കേരളത്തിന്റെ ബാങ്കിംഗ് ഘടനയും സഹകരണ മേഖലയും: ഒരു സംയോജിത വിശകലനം** 285

| | | |
|---|---|---|
| 19 | **തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ** | 302 |
| | കേരളത്തിലെ അധികാര വികേന്ദ്രീകരണവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും | 302 |
| | ഉപജീവന സുരക്ഷയ്ക്കും ദാരിദ്ര്യനിർമ്മാർജ്ജനത്തിനുമുള്ള തദ്ദേശ പരിപാടികൾ | 312 |
| | കേരളത്തിലെ നഗരവികസനം | 322 |
| 20 | **പരിസ്ഥിതിയും വളർച്ചയും** | 330 |
| | ആഗോളതാപനവും കാലാവസ്ഥാ നടപടിയും: കേരളത്തിനായുള്ള ഒരു കാഴ്ചപ്പാട് | 330 |
| | ദുരന്തത്തിൽ നിന്നുള്ള പാഠം: കേരളത്തിന്റെ അനുഭവം | 337 |
| | ശുചിത്വവും മാലിന്യ സംസ്കരണവും | 345 |
| 21 | **ആധുനിക വ്യവസ്ഥയ്ക്കും സുസ്ഥിര വളർച്ചയ്ക്കും അനുയോജ്യമായ ഗതാഗത സംവിധാനങ്ങൾ** | 355 |
| 22 | **സുസ്ഥിരമായ ഊർജ്ജ സംവിധാനങ്ങൾ** | 372 |
| 23 | **സംസ്ഥാനവും പ്രവാസി സമൂഹവും പൊതുഭാവിയും: കേരളത്തിലെ പ്രവാസികേന്ദ്രീകൃത ഇടപെടലുകളുടെ ഒരു ദശാബ്ദം** | 379 |
| 24 | **മനുഷ്യവിഭവശേഷി: കർമ്മശേഷിയുടെ പൂർണ്ണവിനിയോഗം** | 389 |
| 25 | **കലയും സംസ്കാരവും** | 402 |
| 26 | **കായികവും യുവജനകാര്യവും** | 413 |
| 27 | **ഡിജിറ്റൽ സർവെകളും ഭൂരേഖകളും** | 420 |
| 28 | **നവകേരളത്തിനായുള്ള ഉദ്യമങ്ങൾ** | 424 |
| | വിദ്യാകിരണം മിഷൻ | 424 |
| | ഹരിത കേരളം മിഷൻ | 426 |
| | ലൈഫ് മിഷൻ | 430 |
| | റീബിൽഡ് കേരള ഇനിഷ്യേറ്റീവ് | 434 |
| | കേരളത്തിലെ പ്രത്യേക വികസന പാക്കേജുകൾ | 436 |
| 29 | **സദ്ഭരണ സംരംഭങ്ങൾ** | 452 |
| | **കൃതജ്ഞത** | 457 |

# പട്ടികകൾ



| ക്രമ നമ്പർ | ഇനം | പേജ് നമ്പർ |
|---|---|---|
| പട്ടിക 1.1 | സംസ്ഥാന പദ്ധതി അടങ്കലും ചെലവഴിക്കലും, 2016-17 മുതൽ 2025-26 വരെ | 2 |
| പട്ടിക 2.1 | പ്രധാന ധനകാര്യ സൂചികകൾ, കേരളം, 2015-16 മുതൽ 2023-24 വരെ | 16 |
| പട്ടിക 2.2 | കടബാധ്യതയുടെ സൂചികകൾ, കേരളം, 2015-16 മുതൽ 2024-25 വരെ | 17 |
| പട്ടിക 2.3 | ശമ്പളം, പെൻഷൻ, പലിശ തിരിച്ചടവ് - കേരളം, 2015-16 മുതൽ 2024-25 വരെ | 19 |
| പട്ടിക 2.4 | ഗ്രാമപഞ്ചായത്തുകൾ, നഗരസഭകൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവയുടെ തനത് വരുമാനം (2015-16 മുതൽ 2024-25 വരെ | 21 |
| പട്ടിക 2.5 | പതിനഞ്ചാം, പതിനാറാം ധനകാര്യ കമ്മീഷനുകൾക്ക് കീഴിലുള്ള നികുതി വിതരണ മാനദണ്ഡങ്ങൾ | 24 |
| പട്ടിക 2.6 | 2016-17 മുതൽ 2024-25 വരെയുള്ള കാലയളവിലെ കിഫ്ബിയുടെ (KIIFB) പ്രധാന സാമ്പത്തിക പ്രകടന സൂചകങ്ങൾ | 25 |
| പട്ടിക 3.1 | കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസത്തിനായുള്ള ചെലവിലെ പ്രവണതകൾ | 30 |
| പട്ടിക 3.2 | വിദ്യാഭ്യാസ നിലവാരവും ലിംഗഭേദവും തിരിച്ചുള്ള നിലനിർത്തൽ നിരക്ക് - കേരളവും ഇന്ത്യയും (2023-24) | 33 |
| പട്ടിക 3.3 | കേരളത്തിലെ സ്കൂളുകളിലെ വിജയശതമാനം, 2017-18 മുതൽ 2024-25 വരെ | 35 |
| പട്ടിക 3.4 | UDISE+ പ്രധാന സൂചികകൾ - കേരളവും ഇന്ത്യയും (2023-24) | 39 |
| പട്ടിക 4.1 | ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ചെലവ് (2016-17 മുതൽ 2024-25 വരെ) | 44 |
| പട്ടിക 5.1 | 13-ഉം , 14-ഉം പഞ്ചവത്സര പദ്ധതികളിലെ കേരളത്തിന്റെ ആരോഗ്യ മേഖല | 55 |
| പട്ടിക 5.2 | കേരളത്തിന്റെ ആരോഗ്യ സൂചികകളിലെ പുരോഗതി | 59 |
| പട്ടിക 5.3 | ആരോഗ്യ വകുപ്പിന്റെ ചിലവ് (റവന്യൂവും മൂലധനവും), 2015-16 മുതൽ 2025-26 വരെ, | 60 |
| പട്ടിക 6.1 | സാക്ഷരത, വിദ്യാഭ്യാസം, ആരോഗ്യ മേഖലകളിലെ തിരഞ്ഞെടുത്ത സൂചകങ്ങൾ: ഇന്ത്യയും കേരളവും | 73 |
| പട്ടിക 6.2 | തൊഴിൽ നില അനുസരിച്ചുള്ള തൊഴിലാളികളുടെ വിന്യാസം (സാധാരണ നില - ps+ss), കേരളവും ഇന്ത്യയും, 2018-19 മുതൽ 2023-24 വരെ | 75 |
| പട്ടിക 9.1 | കേരളത്തിലെ വയോജന നയത്തിന്റെ വികാസം | 105 |
| പട്ടിക 10.1 | 2016-17 മുതൽ 2026-27 വരെയുള്ള കേരളത്തിന്റെ സംസ്ഥാന പദ്ധതിയിൽ നിന്ന് പട്ടികജാതി ഉപപദ്ധതിയിലേക്കുള്ള വിഹിതം | 112 |
| പട്ടിക 10.2 | കേരളത്തിലെ പട്ടികജാതി ഉപപദ്ധതി ഫണ്ടുകളുടെ ചെലവ്, 2016-17 മുതൽ 2025-26 വരെ | 112 |
| പട്ടിക 10.3 | കേരളത്തിലെ പട്ടികജാതി വികസന വകുപ്പിന്റെ ഭൂമി, ഭവന പദ്ധതികളിലെ ചെലവ്, 2016-17 മുതൽ 2025-26 വരെ | 113 |
| പട്ടിക 10.4 | സ്കോളർഷിപ്പുകൾ/സഹായങ്ങൾ ലഭിച്ച കേരളത്തിലെ പട്ടികജാതി വിദ്യാർത്ഥികൾ, 2019-20 മുതൽ 2025-26 | 115 |
| പട്ടിക 10.5 | 2016-17 മുതൽ 2026-27 വരെയുള്ള സംസ്ഥാന പദ്ധതിയിൽ നിന്ന് ട്രൈബൽ സബ് പ്ലാനിലേക്കുള്ള (TSP) വിഹിതം | 119 |
| പട്ടിക 10.6 | 2016-17 മുതൽ 2025-26 വരെയുള്ള പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ടുകളുടെ ചെലവ് | 120 |
| പട്ടിക 10.7 | ടി.ആർ.ഡി.എം-ൻ കീഴിൽ ഭൂമി വിതരണത്തിന്റെ ചെലവിന്റെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ | 120 |

| ക്രമ നമ്പർ | ഇനം | പേജ് നമ്പർ |
|---|---|---|
| പട്ടിക 11.1 | റേഷൻ കാർഡ് തരം അനുസരിച്ചുള്ള ഗുണഭോക്താക്കൾ, മാർച്ച് 2025 | 130 |
| പട്ടിക 11.2 | സുസ്ഥിര വികസന ലക്ഷ്യം-2 വിശപ്പ് രഹിതത്തിൽ കേരളത്തിന്റെയും ഇന്ത്യയുടെയും പ്രകടനങ്ങൾ | 137 |
| പട്ടിക 12.1 | കേരള വാട്ടർ അതോറിറ്റിയുടെ പ്രധാന ഡിജിറ്റൽ സംരംഭങ്ങൾ, 2016 മുതൽ 2025 വരെ. | 143 |
| പട്ടിക 13.1 | കേരളത്തിലെ കാർഷിക അനുബന്ധ മേഖലകളിലെ ഉൽപ്പാദന മൂല്യത്തിൽ ഓരോ ഉപമേഖലയുടെയും വിഹിതം, 2011-12 മുതൽ 2023-24 വരെ | 153 |
| പട്ടിക 13.2 | കേരളത്തിലെ നെൽകൃഷിക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/ കൃഷി വകുപ്പ് നൽകുന്ന സഹായങ്ങളുടെ വിശദാംശങ്ങൾ. | 156 |
| പട്ടിക 13.3 | കേരളത്തിൽ ഭക്ഷ്യ സാമ്പിളുകളിലെ കീടനാശിനി അവശിഷ്ടങ്ങളെക്കുറിച്ചുള്ള ലബോറട്ടറി പഠനങ്ങളുടെ ഫലങ്ങൾ, ജനുവരി 2024 മുതൽ മാർച്ച് 2025 വരെ, | 165 |
| പട്ടിക 13.4 | ഭക്ഷ്യ ഉൽപന്നങ്ങളുടെയും റബ്ബർ ഉൽപന്നങ്ങളുടെയും നിർമ്മാണത്തിലെ ഫാക്ടറികളുടെ എണ്ണം, എൻ.ഐ.സി, എ.എസ്.ഐ, കേരളം, 2011-12 മുതൽ 2022-23 വരെ | 172 |
| പട്ടിക 13.5 | തെരഞ്ഞെടുത്ത ഡെയറികൾ വിവിധ സംസ്ഥാനങ്ങളിലെ കർഷകർക്ക് കൊഴുപ്പിന്റെയും എസ്എൻഎഫിന്റെയും തിരഞ്ഞെടുത്ത സംയോജനങ്ങൾ വഴി നൽകുന്ന പാലിന്റെ വില, ഇന്ത്യ, 2025-26 | 180 |
| പട്ടിക 13.6 | തെരഞ്ഞെടുത്ത സംസ്ഥാനങ്ങളിലെ 2024-25ലെ ഒരു പശുവിന്റെ പാൽ ലഭ്യത, | 186 |
| പട്ടിക 13.7 | 2015-16 ലെയും 2024-25 ലെയും കേരളത്തിലെ മത്സ്യബന്ധന മേഖലയുടെ വിവരങ്ങൾ | 192 |
| പട്ടിക 13.8 | 2023-24ൽ കേരളത്തിലെ മത്സ്യ മേഖലയുടെ അനുമാനിത ആവശ്യ-വിതരണ നില | 193 |
| പട്ടിക 13.9 | കേരളത്തിലെ അക്വാകൾച്ചർ മത്സ്യ ഉത്പാദനം 2017-18 മുതൽ 2023-24 വരെ, | 196 |
| പട്ടിക 13.10 | കേരള മത്സ്യ ബോർഡ് മുഖേന മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും 2015-16, 2023-24 വർഷങ്ങളിൽ നൽകിയ സാമൂഹിക സംരക്ഷണ ആനുകൂല്യങ്ങളുടെ തുക | 206 |
| പട്ടിക 13.11 | കേരളത്തിലെ ഉറവിടം അനുസരിച്ചുള്ള അറ്റ ജലസേചിത പ്രദേശത്തിന്റെ വിതരണം, 2011-12 മുതൽ 2024-25 വരെ | 213 |
| പട്ടിക 13.12 | സൂക്ഷ്മ ജലസേചന പദ്ധതികളുടെ വിശദാംശങ്ങൾ, കെ.ഐ.ഐ.ഡി.സി., ഘട്ടം തിരിച്ച്, കേരളം | 217 |
| പട്ടിക 13.13 | 2021-22 ൽ കാവേരി തടത്തിൽ നിന്നുള്ള കേരളത്തിന്റെ ജലവിനിയോഗം | 220 |
| പട്ടിക 14.1 | കിൻഫ്ര പൂർത്തിയാക്കിയ പാർക്ക് പദ്ധതികൾ, 2017-2025 | 241 |
| പട്ടിക 14.2 | സംരംഭക വർഷ കാമ്പെയ്നിൽ ആരംഭിച്ച പുതിയ എംഎസ്എംഇ യൂണിറ്റുകളുടെ മേഖല തിരിച്ചുള്ള വിശദാംശങ്ങൾ | 243 |
| പട്ടിക 14.3 | കേരളത്തിൽ ആരംഭിച്ച എം.എസ്.എം.ഇ. യൂണിറ്റുകളുടെ എണ്ണം, 2016-17 മുതൽ 2025-26 വരെ | 244 |
| പട്ടിക 14.4 | വ്യവസായ വകുപ്പിന് കീഴിലുള്ള സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം 2016-17 മുതൽ 2024-25 വരെ | 246 |
| പട്ടിക 14.5 | സംസ്ഥാനം തിരിച്ചുള്ള സർക്കാർ ഉടമസ്ഥതയിലുള്ള ഫാക്ടറികളുടെ 2016- 2024 കാലയളവിലെ ജി.വി.എ വളർച്ചാ നിരക്ക് | 247 |
| പട്ടിക 14.6 | കേരളത്തിൽ അസംസ്കൃത കശുവണ്ടിയുടെ ഉത്പാദനവും ഇറക്കുമതിയും, 2016-17 മുതൽ 2024-25 വരെ | 249 |
| പട്ടിക 18.1 | 2010 മുതൽ 2025 വരെ കേരളത്തിലെ ബാങ്ക് ശാഖകളുടെ എണ്ണത്തിലെ പ്രവണതകൾ | 286 |
| പട്ടിക 18.2 | കേരളത്തിലെ ആകെ നിക്ഷേപങ്ങളിലെ ട്രെൻഡുകൾ, 2010-2025 | 287 |
| പട്ടിക 18.3 | കേരളത്തിലെ മൊത്തം ബാങ്ക് വായ്പകളിലെ രീതികൾ, 2010-2025 | 288 |
| പട്ടിക 18.4 | കേരളത്തിലെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ (പിഎസിഎസ്) അടിസ്ഥാന വിവരങ്ങൾ, 2010 മുതൽ 2022 വരെ | 292 |

| ക്രമ നമ്പർ | ഇനം | പേജ് നമ്പർ |
|---|---|---|
| പട്ടിക 18.5 | കേരളത്തിലെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ (പി എ സി എസ്) നിക്ഷേപം, വായ്പയെടുപ്പ് വിവരങ്ങൾ, 2010 മുതൽ 2022 വരെ | 293 |
| പട്ടിക 18.6 | കേരളത്തിലെ പി എ സി എസ് - കളുടെ വായ്പാ കുടിശ്ശിക (2010-2022), | 294 |
| പട്ടിക 19.1 | 2016 മുതൽ 2026 വരെ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം | 303 |
| പട്ടിക 19.2 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മെയിന്റനൻസ് ഫണ്ടിന്റെയും ജനറൽ പർപ്പസ് ഫണ്ടിന്റെയും വിഹിതം, 2016 മുതൽ 2026 വരെ | 304 |
| പട്ടിക 19.3 | നഗരവികസനത്തിനു കീഴിലുള്ള സംസ്ഥാന, കേന്ദ്ര പദ്ധതികളുടെ ചെലവ്, 2016 മുതൽ 2025 വരെ | 325 |
| പട്ടിക 20.1 | മേഖല തിരിച്ചുള്ള ഹരിതഗൃഹ വാതക ഉദ്വമനം, കേരളം, 2005 മുതൽ 2021 വരെ | 333 |
| പട്ടിക 20.2 | 2019-20 ലെ തെരഞ്ഞെടുത്ത പാരാമീറ്ററുകൾ പ്രകാരം ഇന്ത്യയിലെ 20 സംസ്ഥാനങ്ങളുടെ റാങ്കുകൾ | 335 |
| പട്ടിക 20.3 | കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2022 ലെ അപകടസാധ്യത വിലയിരുത്തൽ | 339 |
| പട്ടിക 20.4 | ശുചിത്വ, മാലിന്യ സംസ്കരണത്തിൽ പ്രധാന വകുപ്പുകളുടെ/ഏജൻസികളുടെ വാർഷിക ചെലവ് | 346 |
| പട്ടിക 20.5 | കേരളത്തിലെ ഖരമാലിന്യ സംസ്കരണം, 2016-17 മുതൽ 2025-26 വരെ | 347 |
| പട്ടിക 20.6 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന ഹരിത കർമ്മ സേനയുടെ (എച്ച്കെഎസ്) ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ (2025 ഒക്ടോബർ) | 350 |
| പട്ടിക 20.7 | ഗ്രാമങ്ങളിലെ ODF പ്ലസ് ,ഖര, ദ്രവ മാലിന്യ സംസ്കരണ വിശദാംശങ്ങൾ (2025 നവംബറിലെ കണക്ക്) | 352 |
| പട്ടിക 21.1 | സംസ്ഥാനത്ത് വിവിധ ഏജൻസികൾ വികസിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന റോഡുകളുടെ മാർച്ച് 2025 വരെയുള്ള വിശദവിവരങ്ങൾ | 356 |
| പട്ടിക 21.2 | പൊതുമരാമത്ത് വകുപ്പിന്റെ പ്രധാന സംരംഭങ്ങൾ, 2016-2025 | 358 |
| പട്ടിക 21.3 | കിഫ്ബി ധനസഹായത്തോടെയുള്ള പൊതുമരാമത്ത് വകുപ്പ് (പിഡബ്ല്യുഡി) പദ്ധതികൾ (2025 മാർച്ച് 31 വരെയുള്ള കണക്ക് പ്രകാരം) | 360 |
| പട്ടിക 21.4 | 2016 മുതൽ 2025 വരെയുള്ള കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തന മികവ് | 362 |
| പട്ടിക 21.5 | 2016-17 മുതൽ 2024-25 വരെയുള്ള കാലയളവിൽ നോൺ-മേജർ തുറമുഖങ്ങളിൽ ഏറ്റെടുത്ത പ്രവൃത്തികൾ | 365 |
| പട്ടിക 22.1 | കേരളത്തിലെ ഊർജ്ജ സ്രോതസ്സും വിഹിതവും, 2016-17 മുതൽ 2024-25 വരെ | 373 |
| പട്ടിക 24.1 | വിവിധ പ്രായവിഭാഗങ്ങളിലുള്ള ജനസംഖ്യയുടെ അനുപാതം - കേരളവും ഇന്ത്യയും, 1971 മുതൽ 2031 വരെ | 390 |
| പട്ടിക 24.2 | കേരളത്തിലെയും ഇന്ത്യയിലെയും 15 വയസ്സും അതിനു മുകളിലുമുള്ളവരുടെ തൊഴിൽസേന പങ്കാളിത്ത നിരക്കുകൾ (UPSS), 2017-18 മുതൽ 2023-24 വരെ | 391 |
| പട്ടിക 24.3 | കേരളത്തിലെയും ഇന്ത്യയിലെയും തൊഴിലാളികളുടെ പതിവ് നിലയിലുള്ള (ps+ss) തൊഴിൽ പദവി അടിസ്ഥാനത്തിലുള്ള ശതമാനക്രമത്തിലുള്ള വിതരണം - 2017-18, 2023-24 | 393 |
| പട്ടിക 24.4 | തൊഴിലിലെയും ഉല്പാദനത്തിലെയും മേഖല തിരിച്ചുള്ള പങ്കാളിത്തം, 2017-18 മുതൽ 2023-24 വരെ | 394 |
| പട്ടിക 24.5 | കേരളത്തിലെയും ഇന്ത്യയിലെയും തൊഴിലാളികളുടെ ശരാശരി ദിവസവേതനവും വരുമാനവും, ഏപ്രിൽ-ജൂൺ, 2024. | 394 |
| പട്ടിക 24.6 | അനൗദ്യോഗിക മേഖലയിലെ തൊഴിലാളികൾക്കുള്ള സാമൂഹ്യ സുരക്ഷാ ചെലവ്, 2016-17 മുതൽ 2024-25 വരെ | 399 |

# ചിത്രങ്ങൾ


| ക്രമ നമ്പർ | ഇനം | പേജ് നമ്പർ |
|---|---|---|
| ചിത്രം 1.1 | 2015-16 മുതൽ 2024-25 വരെയുള്ള കാലയളവിൽ സംസ്ഥാനത്തിന്റെയും ഇന്ത്യയുടെയും വരുമാനത്തിന്റെ വാർഷിക വളർച്ചാ നിരക്ക്, നടപ്പ് വിലയിൽ | 2 |
| ചിത്രം 1.2 | 2015-16 മുതൽ 2024-25 വരെയുള്ള കാലയളവിൽ സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ (GSDP) വാർഷിക വളർച്ചാ നിരക്ക്, സ്ഥിര വിലയിൽ | 3 |
| ചിത്രം 1.3 | 2015-16 മുതൽ 2024-25 വരെയുള്ള കാലയളവിലെ പ്രതിശീർഷ മൊത്ത സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ വാർഷിക വളർച്ചാ നിരക്ക്, സ്ഥിര വിലയിൽ | 3 |
| ചിത്രം 1.4 | കേരളത്തിന്റെ മൊത്ത മൂല്യവർദ്ധനവിന്റെ മേഖലാ വിതരണം , സ്ഥിര വിലയിൽ, 2015-16 മുതൽ 2024-25 വരെ | 4 |
| ചിത്രം 5.1 | കേരളത്തിലെയും ഇന്ത്യയിലെയും ആരോഗ്യ സൂചികകളുടെ ഗ്രാഫിക്കൽ വിവരണം | 56 |
| ചിത്രം 6.1 | സ്ത്രീകളുടെ തൊഴിലാളി-ജനസംഖ്യാ അനുപാതം, എല്ലാ പ്രായത്തിലുമുള്ളവർ, കേരളവും ഇന്ത്യയും, 2017-18 മുതൽ 2023-24 വരെ | 75 |
| ചിത്രം 13.1 | കൃഷി, കന്നുകാലികൾ, വനം, മത്സ്യബന്ധനം എന്നിവയിലെ ഉൽപാദന മൂല്യത്തിലെ (വാല്യൂ ഓഫ് ഔട്ട്പുട്ട്) പ്രവണതകൾ, സ്ഥിരവിലയിൽ, 2011-12 അടിസ്ഥാന വർഷം, കേരളം, 2011-12 മുതൽ 2023-24 വരെ | 147 |
| ചിത്രം 13.2 | കാർഷിക മേഖലയിലെ ഉൽപ്പാദന മൂല്യത്തിലെ (വാല്യൂ ഓഫ് ഔട്ട്പുട്ട്) പ്രവണതകൾ, സ്ഥിരവിലയിൽ, 2011-12 അടിസ്ഥാന വർഷം, കേരളം, 2011-12 മുതൽ 2023-24 വരെ | 148 |
| ചിത്രം 13.3 | കന്നുകാലി മേഖലയിൽ ഉൽപ്പാദന മൂല്യത്തിലെ (വാല്യൂ ഓഫ് ഔട്ട്പുട്ട്) പ്രവണതകൾ, സ്ഥിരവിലയിൽ, 2011-12 അടിസ്ഥാന വർഷം, കേരളം, 2011-12 മുതൽ 2023-24 വരെ | 148 |
| ചിത്രം 13.4 | മത്സ്യബന്ധന മേഖലയിലെ ഉൽപ്പാദന മൂല്യത്തിലെ പ്രവണതകൾ, സ്ഥിരവിലയിൽ, 2011-12 അടിസ്ഥാന വർഷം, കേരളം, 2011-12 മുതൽ 2023-24 വരെ | 149 |
| ചിത്രം 13.5 | തിരഞ്ഞെടുത്ത വിളകളിലെ ഉൽപാദന മൂല്യത്തിലെ പ്രവണതകൾ, സ്ഥിരവിലയിൽ, 2011-12 അടിസ്ഥാന വർഷം, കേരളം, 2011-12 മുതൽ 2023-24 വരെ | 150 |
| ചിത്രം 13.6 | തിരഞ്ഞെടുത്ത കന്നുകാലി മേഖലകളിലെ ഉൽപ്പാദന മൂല്യത്തിലെ പ്രവണതകൾ, സ്ഥിരവിലയിൽ, 2011-12 അടിസ്ഥാന വർഷം, കേരളം, 2011-12 മുതൽ 2023-24 വരെ | 151 |
| ചിത്രം 13.7 | സമുദ്ര, ഉൾനാടൻ മത്സ്യബന്ധന മേഖലയിലെ ഉൽപ്പാദന മൂല്യത്തിലെ പ്രവണതകൾ, സ്ഥിരവിലയിൽ, 2011-12 അടിസ്ഥാന വർഷം, കേരളം, 2011-12 മുതൽ 2023-24 വരെ | 152 |
| ചിത്രം 13.8 | കേരളത്തിലെ തിരഞ്ഞെടുത്ത പ്രധാന വിളകളുടെ ഉൽപാദനം , 2011-12 മുതൽ 2024-25 വരെ | 154 |
| ചിത്രം 13.9 | കേരളത്തിലെ തിരഞ്ഞെടുത്ത പ്രധാന വിളകളുടെ ഉൽപ്പാദനക്ഷമതയുടെ വിശദാംശങ്ങൾ, 2011-12 മുതൽ 2024-25 വരെ | 159 |
| ചിത്രം 13.10 | കേരളത്തിലെ 23 കാർഷിക പാരിസ്ഥിതിക യൂണിറ്റുകളിലായി തിരഞ്ഞെടുത്ത വിളകളിലെ വിളവ് വിടവ് | 161 |
| ചിത്രം 13.11 | കേരളത്തിൽ 1984-85 മുതൽ 2021-22 വരെയുള്ള കാലയളവിൽ ജലസേചനം ചെയ്ത മൊത്തം വിസ്തൃതിയും വിഹിതവും | 166 |
| ചിത്രം 13.12 | ഭക്ഷ്യ ഉൽപന്നങ്ങളുടെ നിർമ്മാണത്തിലെ ഫാക്ടറികളിലെ ഒരാളുടെ മൊത്തം ഔട്ട്പുട്ട് മൂല്യം രൂപയിൽ, എ.എസ്.ഐ, കേരളം, 2010-11 മുതൽ 2022-23 വരെ | 173 |
| ചിത്രം 13.13 | കേരളത്തിലെ പാലുൽപ്പാദനവും ലഭ്യതയും 1992-93 മുതൽ 2024-25 വരെ | 178 |
| ചിത്രം 13.14 | കേരളത്തിൽ മുട്ട, മാംസം എന്നിവയുടെ ഉത്പാദനം, 1992-93 മുതൽ 2024-25 വരെ | 179 |

| | | |
|---|---|---|
| ചിത്രം 13.15 | കേരളത്തിലെ സമുദ്ര ഉൾനാടൻ മത്സ്യ ഉൽപാദനത്തിലെ പ്രവണതകൾ, 1990-91 മുതൽ 2024-25 വരെ | 193 |
| ചിത്രം 13.16 | 1960 മുതൽ 2025 വരെ കേരളത്തിൽ നിന്നുള്ള മത്സ്യ ഉൽപ്പന്നങ്ങളുടെ കയറ്റുമതി | 204 |
| ചിത്രം 13.17 | കാരപ്പുഴ ജലസേചന പദ്ധതി പ്രകാരം 2016-ന് മുമ്പും, 2016-നും 2026-നും ഇടയിലും, 2026-ന് ശേഷവുമുള്ള ജലവിതരണ പുരോഗതിയുടെ ഒരു സ്നാപ്പ്ഷോട്ട് | 214 |
| ചിത്രം 13.18 | ബാണാസുര സാഗർ ജലസേചന പദ്ധതി പ്രകാരം 2016-ന് മുമ്പും, 2016-നും 2026-നും ഇടയിലും, 2026-ന് ശേഷവുമുള്ള ജലവിതരണ പുരോഗതിയുടെ ഒരു സ്നാപ്പ്ഷോട്ട്. | 215 |
| ചിത്രം 13.19 | പഴശ്ശി ജലസേചന പദ്ധതി പ്രകാരം 2016-ന് മുമ്പും, 2016-നും 2026-നും ഇടയിലും, 2026-ന് ശേഷവുമുള്ള ജലവിതരണ പുരോഗതിയുടെ ഒരു സ്നാപ്പ്ഷോട്ട്. | 216 |
| ചിത്രം 13.20 | 2011 മുതൽ 2025 വരെയുള്ള കാലയളവിൽ കേരളത്തിൽ വിവിധ ജീവജാലങ്ങൾ മൂലമുണ്ടായ മനുഷ്യ മരണനിരക്ക് | 225 |
| ചിത്രം 13.21 | കേരളത്തിലെ മനുഷ്യ-വന്യജീവി സമ്പർക്കം കൈകാര്യം ചെയ്യുന്നതിനുള്ള ലാൻഡ്സ്കേപ്പുകൾ | 227 |
| ചിത്രം 13.22 | കേരളത്തിലെ മനുഷ്യ-വന്യജീവി സമ്പർക്ക സാധ്യതയുള്ള പഞ്ചായത്തുകൾ | 227 |
| ചിത്രം 14.1 | 2000-01 മുതൽ 2022-23 വരെയുള്ള കാലയളവിൽ കേരളത്തിലെ സംഘടിത ഉൽപ്പന്ന നിർമ്മാണ മേഖലയിലെ തൊഴിൽ ഉൽപ്പാദനക്ഷമത | 236 |
| ചിത്രം 14.2 | 2000-01 മുതൽ 2022-23 വരെയുള്ള കാലയളവിൽ കേരളത്തിലെ സംഘടിത ഉൽപ്പന്ന നിർമ്മാണ മേഖലയിലെ ഒരു ജീവനക്കാരന്റെ ശരാശരി വരുമാനം | 236 |
| ചിത്രം 14.3 | കേരളത്തിലെ സംഘടിത ഉൽപ്പന്ന നിർമ്മാണ മേഖലയിലെ ഓരോ ജീവനക്കാരനും ലഭ്യമായ മൂലധനം, 2000-01 മുതൽ 2022-23 വരെ (വളർച്ചാ സൂചിക) | 237 |
| ചിത്രം 14.4 | കേരളത്തിലെ സംഘടിത ഉൽപ്പന്ന നിർമ്മാണ മേഖലയിലെ തൊഴിൽ ഉൽപാദനക്ഷമത, 2000-01 മുതൽ 2022-23 വരെ (വളർച്ചാ സൂചിക) | 237 |
| ചിത്രം 14.5 | കേരളത്തിലെ വ്യവസായ മേഖലയിൽ സർക്കാർ ഇടപെടലിന്റെ വിവിധ വശങ്ങൾ | 238 |
| ചിത്രം 15.1 | കെ.എസ്.സി.എസ്.ടി.ഇ, 2016 മുതൽ 2024 വരെയുള്ള ഗവേഷണ ഫെലോഷിപ്പുകളുടെ വിഷയാടിസ്ഥാനത്തിലുള്ള വിതരണം | 257 |
| ചിത്രം 17.1 | 2015 മുതൽ 2025 വരെ കേരളത്തിലേക്കുള്ള വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം | 274 |
| ചിത്രം 17.2 | 2015 മുതൽ 2025 വരെ കേരളത്തിലേക്കുള്ള ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണം | 275 |
| ചിത്രം 17.3 | വിദേശ, ആഭ്യന്തര വിനോദസഞ്ചാരികളുടെ ചെലവുകൾ (പ്രത്യക്ഷവും പരോക്ഷവും), കേരളം, 2015 മുതൽ 2025 വരെ | 276 |
| ചിത്രം 18.1 | ഭാവി നയങ്ങളുടെ സംഗ്രഹം | 300 |
| ചിത്രം 19.1 | 2016-17 മുതൽ 2024-25 വരെ കുടുംബശ്രീയുടെ കീഴിൽ സ്ഥാപിതമായ മൈക്രോ സംരംഭങ്ങളുടെ എണ്ണം | 317 |
| ചിത്രം 21.1 | കേരളത്തിലെ വാഹനങ്ങളുടെ എണ്ണം, 2016-2025 | 361 |
| ചിത്രം 22.1 | 2016-17 മുതൽ 2024-25 വരെയുള്ള പ്രതിശീർഷ വൈദ്യുതി ഉപഭോഗം | 374 |

# ബോക്സുകൾ


| ക്രമ നമ്പർ | ഇനം | പേജ് നമ്പർ |
|---|---|---|
| ബോക്സ് 4.1 | അക്കാദമിക്-വ്യവസായ ബന്ധം: ട്രെസ്റ്റ് പാർക്ക് | 45 |
| ബോക്സ് 5.1 | റീജിയണൽ ക്യാൻസർ സെന്റർ (RCC), തിരുവനന്തപുരം | 65 |
| ബോക്സ് 10.1 | പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്കൂൾ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനുള്ള സമഗ്ര കർമ്മപദ്ധതി | 122 |
| ബോക്സ് 10.2 | സഹ്യകിരണും മറയൂർ മധുരവും | 124 |
| ബോക്സ് 13.1 | കേര പദ്ധതി | 171 |
| ബോക്സ് 13.2 | സ്വാഭാവിക റബ്ബർ മേഖലയെക്കുറിച്ചുള്ള പഠന റിപ്പോർട്ട് | 176 |
| ബോക്സ് 13.3 | തോട്ടമേഖലയുടെ വൈവിധ്യവൽക്കരണത്തെയും ആധുനികവൽക്കരണത്തെയും കുറിച്ചുള്ള പഠനം | 177 |
| ബോക്സ് 13.4 | നിയന്ത്രിതമായ കൊന്നൊടുക്കലും ഭാരത സർക്കാർ നിലപാടും | 230 |
| ബോക്സ് 13.5 | പാമ്പുകടി രഹിത കേരളത്തിലേക്ക് | 232 |
| ബോക്സ് 14.1 | കേരള ആഗോള നിക്ഷേപക സംഗമം 2025 | 240 |
| ബോക്സ് 14.2 | സംരംഭങ്ങളുടെ വർഷം | 243 |
| ബോക്സ് 15.1 | ശാസ്ത്രവും ശാസ്ത്ര മനോഭാവവും ജനകീയമാക്കൽ: ശാസ്ത്ര സാങ്കേതിക മ്യൂസിയങ്ങൾ | 262 |
| ബോക്സ് 16.1 | ഡിജി കേരളം: ദീർഘവീക്ഷണത്തിന്റെയും പ്രതിബദ്ധതയുടെയും വിജയഗാഥ. | 265 |
| ബോക്സ് 17.1 | കേരള ടൂറിസത്തിനുള്ള പുരസ്കാരങ്ങളും അംഗീകാരങ്ങളും | 282 |
| ബോക്സ് 19.1 | നഗര നയ കമ്മീഷൻ | 328 |
| ബോക്സ് 20.1 | വൃത്തി 2025 - ക്ലീൻ കേരള കോൺക്ലേവ് | 351 |
| ബോക്സ് 21.1 | വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് (വിസിൽ) | 364 |
| ബോക്സ്.21.2 | കേരളത്തിന്റെ തുറമുഖ മേഖലയ്ക്കായി ആസൂത്രണം ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ | 366 |
| ബോക്സ് 22.1 | നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ | 377 |
| ബോക്സ് 26.1 | കേരള കായിക നയം, 2023 | 415 |

# മുഖവുര

കേരള വികസന റിപ്പോർട്ട് 2026: 'നേട്ടങ്ങളും കാഴ്ചപ്പാടുകളും' 2016 മുതൽ ഇന്നുവരെ കേരള സർക്കാരും ജനങ്ങളും ചേർന്ന് കൈവരിച്ച വികസന സംരംഭങ്ങളെയും നേട്ടങ്ങളെയും ആധികാരികമായി രേഖപ്പെടുത്തുന്നു. ഈ നേട്ടങ്ങളെ വസ്തുനിഷ്ഠമായി വിലയിരുത്തുന്നതിനൊപ്പം സംസ്ഥാനത്തിന്റെ ഭാവി വികസനത്തിനായുള്ള വ്യക്തമായ ദിശാസൂചനകളും മാർഗ്ഗനിർദ്ദേശങ്ങളും ഈ റിപ്പോർട്ട് മുന്നോട്ടുവെക്കുന്നു. കഴിഞ്ഞ ഒരു ദശകത്തിനിടെ, ജനാധിപത്യപരവും സാമൂഹികമായി എല്ലാവരെയും ഉൾക്കൊള്ളുന്നതും ജനപങ്കാളിത്തത്തിലധിഷ്ഠിതവുമായ ഒരു ബദൽ വികസന മാതൃക സൃഷ്ടിക്കാൻ കേരളത്തിന് സാധിച്ചിട്ടുണ്ട്. സുസ്ഥിരതയും ഉയർന്ന വളർച്ചയും ഉറപ്പാക്കുന്ന ഈ വികസന നയം ഇന്ത്യയ്ക്കും ലോകത്തിനും മാതൃകയാക്കാവുന്ന ഒന്നായി അവതരിപ്പിക്കാനാണ് കേരളം ശ്രമിക്കുന്നത്.

2016 മുതൽ 2026 വരെയുള്ള ദശകത്തിൽ കേരള സമ്പദ്‌വ്യവസ്ഥയുടെ എല്ലാ മേഖലകളും വികസനത്തിന്റെയും വളർച്ചയുടെയും പുതിയ പാതയിലാണ്. സ്കൂൾ വിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം, നൈപുണ്യ വികസനം, പ്രൊഫഷണൽ വിദ്യാഭ്യാസം എന്നിവയുൾപ്പെടെയുള്ള മാനവവിഭവശേഷി വികസന മേഖലകളിൽ വലിയ പരിവർത്തനങ്ങളാണ് ഉണ്ടായത്. പ്രാഥമികാരോഗ്യം, പൊതുജനാരോഗ്യം, പൊതു ആശുപത്രികളുടെ നവീകരണം എന്നിവയിലും ശ്രദ്ധേയമായ മുന്നേറ്റം കൈവരിക്കാൻ സാധിച്ചു. ഈ മാനവവികസന നേട്ടങ്ങളെ സാമ്പത്തിക വളർച്ചയുടെ അടിത്തറയായി പ്രയോജനപ്പെടുത്തിയതിലൂടെ കാർഷിക-അനുബന്ധ മേഖലകളിലും വ്യവസായം, അടിസ്ഥാന സൗകര്യങ്ങൾ, ആധുനിക സേവന മേഖലകൾ (വിവരസാങ്കേതികവിദ്യ, വിനോദസഞ്ചാര മേഖല തുടങ്ങിയവ) എന്നിവയിലും അഭൂതപൂർവ്വമായ മാറ്റങ്ങൾ ദൃശ്യമായിട്ടുണ്ട്.

ഫണ്ടുകളുടെ കൈമാറ്റത്തിൽ ക്രമാനുഗതമായ വർദ്ധനവ് വരുത്തിയും പ്രാദേശിക സർക്കാരുകൾ ഏറ്റെടുക്കുന്ന വികസന പ്രവർത്തനങ്ങൾ വിപുലീകരിച്ചും വികേന്ദ്രീകൃത ആസൂത്രണത്തിനും ഭരണത്തിനും സംസ്ഥാനം വലിയ പ്രാധാന്യം നൽകി വരുന്നു. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി ബജറ്റിൽ വകയിരുത്തുന്ന ഫണ്ട് വിഹിതം അവരുടെ ജനസംഖ്യാ ആനുപാതികമായ വിഹിതത്തേക്കാൾ കൂടുതലായി നിലനിർത്താൻ സാധിച്ചിട്ടുണ്ട്. വയോജനങ്ങൾക്കും ഭിന്നശേഷിക്കാർക്കുമുള്ള പിന്തുണ ആസൂത്രണ പ്രക്രിയയിൽ മുൻഗണനാ മേഖലകളായി തുടരുന്നു (വാസ്തവത്തിൽ, ജെൻഡർ ബജറ്റും വയോജന ബജറ്റും ഇപ്പോൾ വാർഷിക ബജറ്റിന്റെ അവിഭാജ്യ ഘടകങ്ങളാണ്). ഭവനരഹിതർക്കായുള്ള പാർപ്പിട നയവും അവർക്കായി നിർമ്മിച്ച സുരക്ഷിതവും ആധുനികവുമായ വീടുകളും ദേശീയതലത്തിൽ തന്നെ മാതൃകയാക്കാവുന്ന പുതിയ മാനദണ്ഡങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. സാംസ്കാരിക ഉത്സവങ്ങൾക്കും കലാകാരന്മാർക്കുമുള്ള സാമ്പത്തിക പിന്തുണയും സാംസ്കാരിക സൗകര്യങ്ങളിലേക്കുള്ള പൊതുജന പ്രവേശനവും ഗണ്യമായി വർദ്ധിച്ചു. കിഫ്ബിയുടെ (KIIFB) നൂതന സംവിധാനത്തിലൂടെ ഇടത്തരം, വലിയ അടിസ്ഥാന സൗകര്യ പദ്ധതികൾക്കായി വലിയ തോതിൽ ധനസഹായം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

2025 നവംബറിൽ, സംസ്ഥാനത്തെ അതിദാരിദ്ര്യം തുടച്ചുനീക്കിക്കൊണ്ട് കേരള സർക്കാർ ജനങ്ങൾക്ക് നൽകിയ ചരിത്രപരമായ ഒരു വാഗ്ദാനം നിറവേറ്റി.

ഈ നേട്ടങ്ങൾ സുസ്ഥിര വികസന ലക്ഷ്യങ്ങൾ ഇന്ത്യ സൂചിക, ദേശീയ ബഹുമുഖ ദാരിദ്ര്യ സൂചിക, മേഖലാ സൂചികകൾ, വിദ്യാഭ്യാസം, ആരോഗ്യം, വ്യവസായം എന്നിവയിലെ റാങ്കിംഗ് തുടങ്ങിയ ദേശീയതല സൂചികകളിലെ കേരളത്തിന്റെ പ്രകടനത്തിൽ പ്രതിഫലി ക്കുന്നു.

സംസ്ഥാന സർക്കാർ നേരിടുന്ന കടുത്ത വെല്ലുവിളികൾക്കിടയിലും ഈ പുരോഗതി കൈവരിക്കാനായി എന്നത് ശ്രദ്ധേയമാണ്. ചരക്ക് സേവന നികുതിക്ക് കീഴിലുള്ള നികുതി കേന്ദ്രീകരണം, കോമ്പൻസേഷൻ സെസ് തുടരുമ്പോഴും ജി.എസ്.ടി നഷ്ടപരിഹാരം നിർത്തലാക്കിയത്, നിയന്ത്രിതമായ വായ്പാ പരിധികൾ, നിബന്ധനകളോടെയുള്ള കൈമാറ്റങ്ങളെ കൂടുതൽ ആശ്രയിക്കേണ്ടി വരുന്നത്, വിഭജിക്കാവുന്ന വിഹിതത്തിന് പുറത്തുള്ള സെസ്സുകളും സർചാർജുകളും വർദ്ധിപ്പിച്ചതിലൂടെ കേന്ദ്ര വിഹിതത്തിൽ സംസ്ഥാനങ്ങൾക്കുള്ള പങ്ക് കുറഞ്ഞതും, ഫിനാൻസ് കമ്മീഷൻ വഴിയുള്ള നിബന്ധനകളില്ലാത്ത സഹായങ്ങൾക്ക് പകരം സങ്കീർണ്ണമായ രൂപകൽപ്പനയും കാലതാമസവും ഭാഗികമായ വിതരണവുമുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ അടിച്ചേൽപ്പിക്കുന്നതും, ജി.എസ്.ടി ചട്ടക്കൂടിനുള്ളിൽ സംസ്ഥാനങ്ങൾ നേരിടുന്ന സ്ഥാപനപരവും പ്രവർത്തനപരവുമായ പരിമിതികൾ കൂടി ചേർന്നപ്പോൾ സഹകരണ ഫെഡറലിസം എന്ന തത്വം ദുർബലപ്പെടുകയും സാമ്പത്തികമായ പ്രവചനാതീതത കുറയുകയും ചെയ്തു. സാമൂഹികവും വികസനപരവുമായ പ്രതിബദ്ധതകൾക്കൊപ്പം പൊതു നിക്ഷേപം നിലനിർത്തുന്നതിൽ കേരളത്തെപ്പോലെയുള്ള സംസ്ഥാനങ്ങൾക്കുള്ള നയപരമായ സ്വാതന്ത്ര്യത്തെ ഇത് പരിമിതപ്പെടുത്തിയിരിക്കുകയാണ്.

2016 ൽ അധികാരമേറ്റപ്പോൾ കേരളത്തിലെ എൽ. ഡി. എഫ്. സർക്കാരിന്റെ ആദ്യകാല തീരുമാനങ്ങളിൽ, കേന്ദ്ര സർക്കാർ ആസൂത്രണ കമ്മീഷനും പഞ്ചവത്സര പദ്ധതി പ്രക്രിയയും നിർത്തലാക്കിയെങ്കിലും സംസ്ഥാന സർക്കാർ സാമ്പത്തിക വികസനത്തിന് മാർഗനിർദേശം നൽകുന്ന പഞ്ചവത്സര, വാർഷിക പദ്ധതികൾ തുടരുമെന്നതായിരുന്നു. ഇതൊരു ധീരവും സ്വതന്ത്രവുമായ തീരുമാനമായിരുന്നു. ആസൂത്രണ പ്രക്രിയ തുടരാൻ പ്രതിജ്ഞാബദ്ധമായ ഇന്ത്യയിലെ

ഏക സംസ്ഥാനം കേരളമാണ്. കേരള സർക്കാരിനെ സംബന്ധിച്ചിടത്തോളം, പൊതു നയസമീപനം രൂപപ്പെടുത്തുന്നത് ജനകീയ പങ്കാളിത്തത്തോടെയുള്ള ഒരു പ്രവർത്തനമാണ്, അതിന് അന്തിമരൂപം നൽകുന്നതിനുമുമ്പ് വിദഗ്ധരുമായും എല്ലാ വിഭാഗം ജനങ്ങളുമായും സാധ്യമായത്ര വിശാലമായ കൂടിയാലോചനകൾ നടത്തുന്നു. ഈ റിപ്പോർട്ടിൽ, 13, 14 പഞ്ചവത്സര പദ്ധതികളിൽ വിഭാവനം ചെയ്തതുപോലെ സർക്കാർ അവതരിപ്പിച്ച ചില നയപരമായ സംരംഭങ്ങളും പരിപാടികളും പദ്ധതികളും സമ്പദ് വ്യവസ്ഥയുടെ ചില മേഖലകളിലെ പ്രധാന നേട്ടങ്ങളും അവതരിപ്പിക്കുന്നു. നാം അഭിമുഖീകരിക്കുന്ന വെല്ലുവിളികളും മുന്നോട്ടുള്ള വഴിയും റിപ്പോർട്ട് വിവരിക്കുന്നു. ഈ സർക്കാരിന്റെ കാഴ്ചപ്പാടുകൾ, പദ്ധതികൾ, സ്കീമുകൾ, പരിപാടികൾ, പ്രകടനം എന്നിവയെക്കുറിച്ചുള്ള കൂടുതൽ സമഗ്രമായ വിവരണം 13, 14 പഞ്ചവത്സര പദ്ധതികളുടെ സമീപന രേഖകൾ, 2021 ലെ കേരള വികസന റിപ്പോർട്ട്, 2016-17 മുതൽ 2025-26 വരെയുള്ള വാർഷിക പദ്ധതികൾ, 2017 മുതൽ 2025 വരെയുള്ള സാമ്പത്തിക അവലോകനങ്ങൾ, സംസ്ഥാന ആസൂത്രണ ബോർഡിന്റെ മറ്റ് രേഖകൾ എന്നിവയിൽ ലഭ്യമാണ്. ഇത് https://spb.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

കേരള സർക്കാർ നടപ്പിലാക്കിയ വിവിധ പദ്ധതികളെയും കൈവരിച്ച നേട്ടങ്ങളെയും കുറിച്ചുള്ള ഒരു ആധികാരിക രേഖയായും, സംസ്ഥാനത്തിന്റെ ഭാവി വികസനം വിഭാവനം ചെയ്യുന്നതിനുള്ള ഒരു മാർഗ്ഗനിർദ്ദേശമായും ഈ റിപ്പോർട്ട് പ്രയോജനപ്പെടുമെന്ന് സംസ്ഥാന ആസൂത്രണ ബോർഡിലെ എന്റെ സഹപ്രവർത്തകരും ഞാനും പ്രത്യാശിക്കുന്നു.



**വി കെ രാമചന്ദ്രൻ**
വൈസ് ചെയർ പേഴ്സൺ
കേരള സംസ്ഥാന ആസൂത്രണ ബോർഡ്

# അധ്യായം 1
# ആമുഖം

കേരളത്തിന്റെ വികസന പ്രക്രിയ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമാണെന്നത് ഒരു പരമാർത്ഥമാണ്. അതിന്റെ അനുഭവങ്ങൾക്ക് ഇന്ത്യയ്ക്ക് പുറത്തേക്കും നൽകാൻ കഴിയുന്ന പാഠങ്ങളുണ്ട്. വ്യത്യാസം ഇതാണ്: കേരളത്തിന്റെ നേട്ടങ്ങളുടെ ചാലകശക്തി വിപണിയല്ല, മറിച്ച് പുരോഗമന സർക്കാരുകളും ജനങ്ങളുടെ നേരിട്ടുള്ള ഇടപെടലുകളും അവരുടെ പങ്കാളിത്തവും നയിച്ച പൊതുവായ പ്രവർത്തനങ്ങളുമാണ്. കേരളത്തിലെ സാമൂഹികമാറ്റം, സാമൂഹികനീതിക്കു വേണ്ടിയുള്ള പ്രസ്ഥാനത്തിന്റെയും ഭൂപരിഷ്കരണത്തിന്റെയും അടിത്തറയിലാണ് കെട്ടിപ്പടുത്തത്. ഇത് ജനങ്ങളിലെ, പ്രത്യേകിച്ച് വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലകളിലെ, ആദ്യകാല നിക്ഷേപങ്ങളെ അടിസ്ഥാനമാക്കിയാണ് പടുത്തുയർത്തിയിരിക്കുന്നത്. പങ്കാളിത്ത പ്രദേശിക സർക്കാരുകൾ സാമൂഹിക മാറ്റത്തെ കൂടുതൽ സമ്പന്നമാക്കി. ഈ കാലയളവിലുടനീളം, സാമൂഹിക മാറ്റത്തിനും വികസനത്തിനും ജനകീയ ഇടപെടലുകൾ നിർണായകമായിരുന്നു. ഇന്ന്, കേരള സംസ്ഥാനം രൂപീകരിച്ച് 70 വർഷങ്ങൾ പിന്നിടുമ്പോൾ, സംസ്ഥാനം കൈവരിച്ച മാനവ വികസന നേട്ടങ്ങൾ സാമ്പത്തിക വളർച്ചയ്ക്കും ആധുനികവൽക്കരണത്തിനുമുള്ള ഒരു ചവിട്ടുപടിയായി പ്രയോജനപ്പെടുത്തുന്നതിന് ഒരു പതിറ്റാണ്ടുകാലം ദൈർഘ്യമുള്ള നയം നടപ്പിലാക്കാൻ കേരള സർക്കാരിന് കഴിഞ്ഞു. അങ്ങനെ ചെയ്യാൻ കഴിഞ്ഞത് ജനങ്ങളെ സേവിക്കണമെന്നും വികസന പ്രക്രിയയിൽ ഒരാളെയും പിന്നിലാക്കരുതെന്നുമുള്ള ദൃഢനിശ്ചയം സർക്കാരിന് ഉള്ളതുകൊണ്ടാണ്.

**സാമ്പത്തിക ആസൂത്രണം**

ആസൂത്രണ പ്രക്രിയ തുടരുമെന്ന് പരസ്യമായി ഉറപ്പുനൽകിയ ഇന്ത്യയിലെ ഏക സംസ്ഥാനം കേരളമാണ്. സംസ്ഥാനത്ത് പഞ്ചവത്സര പദ്ധതികൾ രൂപപ്പെടുത്തുന്നത് ജനകീയ പങ്കാളിത്തത്തോടെയുള്ള ഒരു പ്രക്രിയയിലൂടെയാണ്. 1967 മുതൽ പദ്ധതികൾ തയ്യാറാക്കുന്ന ഉത്തരവാദിത്തം കേരള സംസ്ഥാന ആസൂത്രണ ബോർഡ് ആണ് നിറവേറ്റുന്നത്. ആസൂത്രണ ബോർഡ് കഴിയാവുന്നത്ര വിപുലമായ കൂടിയാലോചനകൾ നടത്തുകയും സമ്പദ് വ്യവസ്ഥയുടെ എല്ലാ മേഖലകൾക്കും വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും ചെയ്യുന്നു. ഈ വർക്കിംഗ് ഗ്രൂപ്പുകളിൽ പണ്ഡിതർ, ഭരണാധികാരികൾ, സാമൂഹിക-രാഷ്ട്രീയ പ്രവർത്തകർ, മറ്റ് വിദഗ്ധർ എന്നിവരെ അംഗങ്ങളായി ഉൾപ്പെടുത്തും. വർക്കിംഗ് ഗ്രൂപ്പുകളാണ്, പഞ്ചവത്സര പദ്ധതിയുടെ അടിത്തറയായി ഉപയോഗപ്പെടുത്തുന്ന കരട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നത്. പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കായി 700 ലധികം അംഗങ്ങളുള്ള 43 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചു. 2021 ൽ പതിനാലാം പഞ്ചവത്സര പദ്ധതിക്കായി മൊത്തം 1,200 അംഗങ്ങളുള്ള 44 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചു.

വകുപ്പുകൾക്ക് നിർദ്ദിഷ്ട നയങ്ങളും പരിപാടികളും വികസിപ്പിക്കുന്നതിനുള്ള ഒരു മാർഗ്ഗ നിർദ്ദേശ ചട്ടക്കൂടായി പഞ്ചവത്സര പദ്ധതി വർത്തിക്കുന്നു. പഞ്ചവത്സര പദ്ധതിക്ക് അനുസൃതമായി എല്ലാവർഷവും വാർഷിക പദ്ധതികൾ രൂപപ്പെടുത്തുന്നു. സർക്കാർ വകുപ്പുകളുടെയും ജനപ്രതിനിധികളുടെയും സജീവ പങ്കാളിത്തം ഉറപ്പാക്കുന്ന ഒരു പ്രക്രിയയിലൂടെയാണ് വാർഷിക പദ്ധതിക്ക് രൂപം നല്കുന്നത്. മന്ത്രിമാരും സർക്കാർ ഉദ്യോഗസ്ഥരും പൊതുജനങ്ങളുമായി സജീവമായി ഇടപഴകുകയും ജില്ലകളിലും പ്രാദേശിക സർക്കാരുകളിലേക്കും ചെന്ന് അദാലത്തുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. അതിന് നവകേരള സദസ്സുകൾ പോലുള്ള വേദികൾ സൗകര്യപ്പെടുത്തുകയും ചെയ്യുന്നു. ഈ ഇടപെടലുകളിലൂടെ ജനങ്ങളുടെ ആവശ്യങ്ങളും മുൻഗണനകളും മനസിലാക്കാൻ അവർക്കു കഴിയുകയും തുടർന്ന് അവ പ്ലാനിൽ ഉൾപ്പെടുത്താൻ നിർദ്ദേശിക്കുന്ന സ്കീമുകളുടെ ഭാഗമാക്കുകയും ചെയ്യും.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ നേട്ടങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയ പതിനാലാം പഞ്ചവത്സര പദ്ധതി താഴെപ്പറയുന്ന ലക്ഷ്യങ്ങളാണ് മുന്നോട്ടുവച്ചിരുന്നത്.

(എ) സാമൂഹികനിക്ഷേപം (ആരോഗ്യം, സ്കൂൾ വിദ്യാഭ്യാസം, പാർപ്പിടം), സാമൂഹികക്ഷേമം, സാമൂഹികവും, ലിംഗപരവുമായ നീതി എന്നിവയിലെ നേട്ടങ്ങൾ കൂടുതൽ ബലപ്പെടുത്തുക,

(ബി) ഒരു വിജ്ഞാന സമൂഹം കെട്ടിപ്പടുക്കുന്നതിനും സമ്പദ് വ്യവസ്ഥയിലെ ഉൽപ്പാദന ശക്തികളുടെ വളർച്ച ത്വരിതപ്പെടുത്തുന്നതിനും മാനവ വികസനത്തിലുള്ള സംസ്ഥാനത്തിന്റെ കരുത്ത് ഉപയോഗപ്പെടുത്തുക;

(സി) കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും, ആധുനിക വ്യവസായം, അടിസ്ഥാന സൗകര്യ വികസനം എന്നിവയിലെയും വിവരസാങ്കേതികവിദ്യ, ടൂറിസം, ചില്ലറ വ്യാപാരം എന്നിവയുൾപ്പെടെ വരുമാനം നൽകുന്ന സേവനങ്ങളിലെയും വളർച്ച വർദ്ധിപ്പിക്കുന്നതിന് ശാസ്ത്രം, സാങ്കേതിക വിദ്യ, ആധുനിക വൈദഗ്ധ്യം എന്നിവ ഉപയോഗിക്കുക.

(ഡി) ആധുനികവും കൂടുതൽ തൊഴിലവസരമുള്ളതും ഉൽപ്പാദനക്ഷമവുമായ ഒരു സമ്പദ് വ്യവസ്ഥ കെട്ടിപ്പടുക്കുക;

(ഇ) ഉന്നത വിദ്യാഭ്യാസ സമ്പ്രദായത്തെ ആധുനികവൽക്കരിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുന്നതിനൊപ്പം കേരളത്തിലെ യുവജനങ്ങൾക്ക് മികച്ച രീതിയിലുള്ള നൈപുണ്യ തൊഴിലവസരങ്ങൾ ലഭ്യമാക്കുകയും ചെയ്യുക.

(എഫ്) കേരളത്തിലെ അതിദാരിദ്ര്യം ഇല്ലാതാക്കുക;

(ജി) സമഗ്രവും നൂതനവുമായ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുക;

(എച്ച്) പ്രാദേശിക സർക്കാരുകളെ വളർച്ചയുടെ ചാലകശക്തികളാകാൻ സഹായിക്കുക;

(ഐ) എല്ലാവരെയും ഉൾക്കൊള്ളുന്ന വികസന പ്രക്രിയ പ്രോത്സാഹിപ്പിക്കുക - വികസന പ്രക്രിയയിൽ ആരും പിന്നിലാകരുത് എന്നതാണ് മാർഗനിർദേശക തത്വം.

**സാമ്പത്തിക വളർച്ച**

കോവിഡ്-19 മഹാമാരി, പ്രകൃതി ദുരന്തങ്ങൾ, കേന്ദ്ര സർക്കാരിന്റെ നിയന്ത്രണനയങ്ങൾ എന്നിവ മൂലമുണ്ടായ സാമ്പത്തിക ആഘാതങ്ങൾക്കിടയിലും കേരളത്തിന്റെ വളർച്ചാ നിരക്ക് ദേശീയ ശരാശരിയുടെ തുല്യമാണ്, ചില വർഷങ്ങളിൽ അതിനേക്കാൾ കൂടുതലുമാണ്. സ്ഥിരവിലകളിൽ, 2024-25 ലെ ജിഎസ്ഡിപി 2019-20 ലെ പകർച്ചവ്യാധിക്ക് മുമ്പുള്ള നിലയേക്കാൾ 22.5 ശതമാനം

**പട്ടിക 1.1** *സംസ്ഥാന പദ്ധതി അടങ്കലും ചെലവഴിക്കലും, 2016 - 17 മുതൽ 2025 - 26 വരെ, കോടി രൂപയിൽ*

| വർഷം | പദ്ധതി അടങ്കൽ | പദ്ധതിച്ചെലവ് | പദ്ധതിച്ചെലവ് പദ്ധതി അടങ്കലിന്റെ ശതമാനത്തിൽ |
|---|---|---|---|
| 2016 - 17 | 24,000 | 24,470.7 | 102 |
| 2017 - 18 | 26,500 | 29,896.8 | 112.8 |
| 2018 - 19 | 29,150 | 26,047.3 | 89.4 |
| 2019 - 20 | 30,610 | 24,445.2 | 79.9 |
| 2020 - 21 | 27,610 | 36,214.2 | 131.2 |
| 2021 - 22 | 27,610 | 39,281.9 | 142.3 |
| 2022 - 23 | 30,370 | 37,241.5 | 122.6 |
| 2023 - 24 | 30,370 | 38,714.9 | 127.5 |
| 2024 - 25 | 30,370 | 41,287.7 | 135.9 |
| 2025 - 26 | 32,500 | 24,380.2* | 75 |
| 2026 - 27 | 35,750 | - | - |

*സ്രോതസ്സ്:* വാർഷിക പദ്ധതികൾ

*കുറിപ്പ്:* * 2025 - 26 ലെ ചെലവഴിക്കൽ കണക്ക് പ്ലാൻ സ്പേയ്സിൽനിന്നും എടുത്തിട്ടുള്ളതാണ്, 2026 ഫെബ്രുവരി വരെ.

കൂടുതലാണ്. അഞ്ച് വർഷത്തെ കാലയളവിൽ ശരാശരി വളർച്ചാ നിരക്ക് 4.1 ശതമാനമാണ്. ഇത് മഹാമാരിയുടെ വർഷത്തെ നെഗറ്റീവ് വളർച്ച കണക്കിലെടുക്കുമ്പോൾ ഒരു പ്രധാന നേട്ടമാണ്. കേരളത്തിന്റെ നയസമീപനം ഡിമാന്റ് കൂട്ടുകയും വിലക്കയറ്റം നിയന്ത്രിക്കുകയും ഉപജീവന മാർഗം സംരക്ഷിക്കുകയും ചെയ്തു.

ഈ കാലയളവിൽ മൊത്തം സംസ്ഥാന മൂല്യവർദ്ധനവിൽ (GSVA) സേവനമേഖലയുടെ പങ്ക് 2015-16-ൽ ഏകദേശം 61.6 ശതമാനമായിരുന്നത് 2024-25-ൽ 63.4 ശതമാനമായി വർദ്ധിച്ചു. ഇത് ടൂറിസം, വിവര സാങ്കേതിക വിദ്യ, സാമ്പത്തിക സേവനങ്ങൾ, വ്യാപാരം, ലോജിസ്റ്റിക്സ് എന്നിവയിലെ വളർച്ചകാരണമാണ്. ഇതിനുവിപരീതമായി, ഇതേ കാലയളവിൽ പ്രാഥമിക മേഖലയുടെ ഓഹരി 11.2 ശതമാനത്തിൽ നിന്ന് 8.1 ശതമാനമായി കുറഞ്ഞു. സ്ഥിര വിലയിൽ (2011-12), മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപാദന (GSDP) വളർച്ച 2019-20 ലെ മാന്ദ്യവും കോവിഡ്-19 മഹാമാരി മൂലം ഉണ്ടായ 2020-21 ലെ മെല്ലെപ്പോക്കും അതിനുശേഷമുള്ള വീണ്ടെടുക്കലും ഉൾപ്പെടെ ദേശീയ പ്രവണതകൾക്കൊപ്പമായിരുന്നു. തൃതീയ മേഖല, 2020-21ൽ കുത്തനെ ചുരുങ്ങിയെങ്കിലും, 2021-22-ൽ ശക്തമായി തിരിച്ചുവരികയും അതിനുശേഷം തുടർച്ചയായി വളരുകയും ചെയ്തു.




**ചിത്രം 1.1** *2015 - 16 മുതൽ 2024 - 25 വരെയുള്ള കാലയളവിൽ സംസ്ഥാനത്തിന്റെയും ഇന്ത്യയുടെയും വരുമാനത്തിന്റെ വാർഷിക വളർച്ചാ നിരക്ക്, നടപ്പ് വിലയിൽ (ശതമാനം)*

*സ്രോതസ്സ്:* സ്റ്റാറ്റിസ്റ്റിക്സ് - പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയം, ഇന്ത്യാ ഗവൺമെന്റ്




**ചിത്രം 1.2** *2015-16 മുതൽ 2024-25 വരെയുള്ള കാലയളവിൽ സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ (GSDP) വാർഷിക വളർച്ചാ നിരക്ക്, സ്ഥിര വിലയിൽ (ശതമാനം)*

*സ്രോതസ്സ്:* സ്റ്റാറ്റിസ്റ്റിക്സ്- പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയം, ഇന്ത്യാ ഗവൺമെന്റ്




**ചിത്രം 1.3** *2015-16 മുതൽ 2024-25 വരെയുള്ള കാലയളവിലെ പ്രതിശീർഷ മൊത്ത സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ വാർഷിക വളർച്ചാ നിരക്ക്, സ്ഥിര വിലയിൽ (ശതമാനം)*

*സ്രോതസ്സ്:* സ്റ്റാറ്റിസ്റ്റിക്സ്- പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയം, ഇന്ത്യാ ഗവൺമെന്റ്

## ഉൽപ്പാദന ശക്തികളുടെ വളർച്ച

### കൃഷിയും അനുബന്ധ മേഖലകളും

2016-17-ൽ കേരളം കാർഷിക മാന്ദ്യത്തിന്റെ ഉച്ചസ്ഥായിലായിരുന്നു. മൊത്ത സംസ്ഥാന ആഭ്യന്തരോൽപ്പാദനത്തിൽ (ജി.എസ്.ഡി.പി.) കൃഷിയുടെ സംഭാവന ആപേക്ഷികമായി കുറയുക മാത്രമല്ല, കാർഷിക ഉൽപാദനത്തിന്റെ മൊത്തത്തിലുള്ള മൂല്യം തന്നെ കുത്തനെ കുറയുകയും ചെയ്തു. ഈ തകർച്ചയ്ക്ക് തടയിടുന്നതിന് സംസ്ഥാന പദ്ധതിയിൽ ബോധപൂർവമായ ശ്രമങ്ങൾ ആരംഭിച്ചു. എന്നാൽ പ്രകൃതി ദുരന്തങ്ങളുടെയും നയപരമായ ആഘാതങ്ങളുടെയും ഒരു പരമ്പര ഈ ശ്രമങ്ങളുടെ താളംതെറ്റിച്ചു. 2016 ലെ നോട്ട് നിരോധനവും 2018 ലെയും 2019 ലെയും കനത്ത കാലവർഷവും തുടർ സംഭവങ്ങളും വിപണികളെ അസ്ഥിരപ്പെടുത്തുകയും സംസ്ഥാനത്തിന്റെ കൂടുതൽ പ്രദേശങ്ങളിലും കാർഷിക ഉൽപ്പാദനം തകർക്കുകയും ചെയ്തു. 2020 ലെയും 2021 ലെയും കോവിഡ്-19 മഹാമാരി നയനിർവഹണത്തെ കൂടുതൽ മന്ദഗതിയിലാക്കിയ മറ്റ് പ്രധാന സംഭവവികാസമായിരുന്നു.

എന്നിരുന്നാലും, ഈ റിപ്പോർട്ടിൽ അവതരിപ്പിച്ചിട്ടുള്ള വിശദ സ്ഥിതിവിവര കണക്കുകൾ കാണിക്കുന്നത്, കേരളം എടുത്ത സുസ്ഥിര നയസമീപനങ്ങൾ തുടർന്നുള്ള വർഷങ്ങളിൽ ഫലം കണ്ടുവെന്നാണ്. പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ കേരളത്തിലെ കാർഷിക ഉൽപ്പാദനത്തിന്റെ മൂല്യം-സ്ഥിരവിലകളിൽ-കുത്തനെ വർദ്ധിക്കുകയും കഴിഞ്ഞ ദശകത്തിലെ കമ്മി നികത്തുകയും ചെയ്തു. എല്ലാ വിളകളിലും ഫലം ശ്രദ്ധേയമായില്ലെങ്കിലും നെല്ല്, ഏലം പോലുള്ള സുഗന്ധവ്യഞ്ജന വിളകൾ, പച്ചക്കറികൾ എന്നിവയിൽ ഇത് പ്രകടമായിരുന്നു. കന്നുകാലി മേഖല അതിന്റെ അടിത്തറ ഇളകാതെ നിലനിർത്തുകയും മൂല്യത്തിലും അളവിലും നേരിയ തോതിൽ ഉൽപ്പാദനം വർദ്ധിപ്പിക്കുകയും ചെയ്തു. മത്സ്യബന്ധന മേഖലകളിലാണ് വളർച്ച ഏറ്റവും പ്രകടമായത്, അവിടെ സമുദ്ര, ഉൾനാടൻ മേഖലകളിൽ ഉൽപ്പാദനം ഗണ്യമായി വർദ്ധിച്ചു.

കേരളത്തിലെ ഇനിയുള്ള കാർഷിക വളർച്ച ചില തൂണുകളെ അടിസ്ഥാനമാക്കിയുള്ളതായിരിക്കണമെന്ന് ഈ റിപ്പോർട്ട് വാദിക്കുന്നു. വിള മേഖലയിൽ, ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തുക, സൂക്ഷ്മ ജലസേചനം വ്യാപിപ്പിക്കുക, കാലാവസ്ഥാതിജീവനം നടപ്പിലാക്കുക, മെച്ചപ്പെട്ട സംഭരണം, വിപണനം, മൂല്യവർദ്ധനവിനുള്ള വിപുലീകൃത നിക്ഷേപം എന്നിവയിൽ ശ്രദ്ധകേന്ദ്രീകരിക്കണം. ഉൽപ്പാദനം, സംഭരണം, വിപണനം എന്നീ മേഖലകളിൽ കേരളം അതിന്റെ സഹകരണ പ്രസ്ഥാനത്തിന്റെ ചരിത്രപരമായ ശക്തി ഉപയോഗപ്പെടുത്തേണ്ടതാണ്. കന്നുകാലി മേഖലയിൽ, ഉൽപ്പാദനത്തിലെയും ഉൽപ്പാദനക്ഷമതയിലെയും വളർച്ചയ്ക്കായി പ്രജനനം, തീറ്റ എന്നീ ഇരട്ട ദൌത്യത്തിൽ ശ്രദ്ധകേന്ദ്രീകരിക്കണം. മത്സ്യബന്ധന മേഖലയിൽ, സമുദ്ര മേഖലയിലെ സുസ്ഥിര മത്സ്യബന്ധനത്തിലും, ഉൾനാടൻ മത്സ്യബന്ധന മേഖലയുടെ തീവ്രമായ വളർച്ചയിലും ശ്രദ്ധകേന്ദ്രീകരിക്കണം. പ്രാഥമികമായി കയറ്റുമതി അധിഷ്ഠിതമായ മത്സ്യ സംസ്കരണ മേഖല അതിന്റെ ആഭ്യന്തരവും അന്തർദേശീയവുമായ സാന്നിധ്യം വിപുലീകരിക്കുകയും ശക്തമായ ബാക്ക്‌വാർഡ് ബന്ധങ്ങൾ സൃഷ്ടിക്കുകയും വേണം. ഉദാഹരണത്തിന്, 'വനമി' പോലുള്ള അസംസ്കൃത വസ്തുക്കൾ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്നതിനു പകരം സംസ്ഥാനത്തിനുള്ളിൽ തന്നെ ലഭ്യമാക്കണം.




**ചിത്രം 1.4** *കേരളത്തിന്റെ മൊത്ത മൂല്യവർദ്ധനവിന്റെ മേഖലാ വിതരണം , സ്ഥിര വിലയിൽ, 2015-16 മുതൽ 2024-25 വരെ, കോടി രൂപയിൽ*

*സ്രോതസ്സ്:* സ്റ്റാറ്റിസ്റ്റിക്സ്- പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയം, ഇന്ത്യാ ഗവൺമെന്റ്

### വ്യവസായം

കഴിഞ്ഞ ദശകത്തിൽ സംസ്ഥാനത്തെ വ്യാവസായിക മേഖല വലിയ മാറ്റത്തിന് വിധേയമായിട്ടുണ്ട്. 2016-17 നും 2024-25 നും ഇടയിൽ ഉൽപ്പാദന മേഖലയിലെ മൊത്ത സംസ്ഥാന മൂല്യവർദ്ധന, സ്ഥിരവിലയിൽ, ഏകദേശം 38 ശതമാനം ഉയർന്നു, അതോടൊപ്പം തൊഴിൽ ഉൽപാദനക്ഷമതയിലും തൊഴിലാളികളുടെ വരുമാനത്തിലും ഉണ്ടായ ഗണ്യമായ പുരോഗതി 2022-23 ഓടെ അഖിലേന്ത്യാ നിലവാരത്തിലെത്തി. എംഎസ്എംഇ കളുടെ ദ്രുതഗതിയിലുള്ള വ്യാപനം, സരംഭങ്ങളുടെ മാറ്റം-പ്രത്യേകിച്ച് ഇടത്തരത്തിലേക്കും, ഇടത്തരം-വൻകിടയിലേക്കും, വൻകിട സാങ്കേതിക വ്യവസായങ്ങളിലേക്കുമുള്ള മാറ്റം, തൊഴിൽ ആധുനികവൽക്കരണത്തിലൂടെയും ഭരണ പരിഷ്കാരങ്ങളിലൂടെയും സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുജ്ജീവനം എന്നിവയാണ് ഈ മാറ്റത്തിനു കാരണം. ലാഭമുണ്ടാക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ എണ്ണം 2024-25 ഓടെ 14 ആയി വർദ്ധിക്കുകയും 2016-17 മുതൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ വിറ്റുവരവ് ഏകദേശം 89 ശതമാനം വർദ്ധിക്കുകയും ചെയ്തു.

കേരളത്തിന്റെ വ്യാവസായിക പരിവർത്തനത്തിന്റെ ഒരു സവിശേഷത, സംരംഭക വർഷമെന്ന പ്രചാരണത്തിലൂടെ താഴേത്തട്ടിലുള്ള സംരംഭകത്വത്തിന് ഊന്നൽ നൽകിയതാണ്. ഇതിന്റെ ഭാഗമായി 2022-23 നും 2025-നവംബറിനും ഇടയിൽ 3.6 ലക്ഷത്തിലധികം എംഎസ്എംഇകൾ രജിസ്റ്റർ ചെയ്യുകയും 23,000 കോടിയിലധികം രൂപയുടെ നിക്ഷേപം സമാഹരിക്കുകയും സ്ത്രീകളുടെയും സാമൂഹികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളുടെയും ശക്തമായ പങ്കാളിത്തത്തോടുകൂടി 7.6 ലക്ഷത്തിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. 2026 ഫെബ്രുവരിയോടുകൂടി സംരംഭക വർഷം പദ്ധതിയുടെ കീഴിൽ 4 ലക്ഷത്തിലധികം MSME യൂണിറ്റുകൾ ആരംഭിച്ചു. ഈ ഉദ്യമത്തെ തദ്ദേശ സ്വയംഭരണ (എൽ.എസ്.ജി) തലത്തിൽ പഞ്ചായത്ത് തലത്തിലുള്ള സംരംഭക സഭകൾ പോലുള്ള ഇടപെടലുകളിലൂടെ ശക്തിപ്പെടുത്തിയതിലൂടെ ഹാൻഡ് ഹോൾഡിംഗ് സഹായം, വിപണി ലഭ്യത, പദ്ധതികളുടെ സംയോജനം എന്നിവ സംരംഭകർക്ക് ലഭ്യമാക്കാൻ കഴിഞ്ഞു. കൂടാതെ, പ്രാദേശിക സാധ്യതകളെ അടിസ്ഥാനമാക്കിയുള്ള മൂല്യവർദ്ധിത സംരംഭങ്ങളെ കണ്ടെത്തി പ്രോത്സാഹിപ്പി ക്കുന്നതിന് ലക്ഷ്യമിടുന്ന 'വൺ ലോക്കൽ ബോഡി വൺ പ്രൊഡക്റ്റ് പ്രോഗ്രാം' നടപ്പാക്കുകയും ചെയ്തു. ഈ വികേന്ദ്രീകൃത ശ്രമങ്ങൾക്ക് അനുപൂരകമായി 2018 ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്റ്റ്, 2019 ലെയും 2021 ലെയും എംഎസ്എംഇ ഫെസിലിറ്റേഷൻ ആക്റ്റ്, കെ-സ്വിഫ്റ്റ് സിംഗിൾ വിൻഡോ ക്ലിയറൻസ് സംവിധാനം എന്നിവയുൾപ്പെടെയുള്ള പ്രധാന നയങ്ങളും സ്ഥാപന പരിഷ്കാരങ്ങളും പ്രാബല്യത്തിൽ വരുത്തുകയും ചെയ്തു.

സംസ്ഥാന ബിസിനസ് പരിഷ്കരണ കർമ്മ പദ്ധതിക്ക് കീഴിലുള്ള സംസ്ഥാനത്തിന്റെ ഈസ് ഓഫ് ഡ്യൂയിംഗ് ബിസിനസ്സ് പരിഷ്കാരങ്ങൾ 2016 ലെ 22.8 ശതമാനത്തിൽ നിന്ന് 2024 ൽ 99.1 ശതമാനമായി കുത്തനെ മെച്ചപ്പെട്ടു. അതിന്റെ ഫലമായി സംസ്ഥാനം നാല് പരിഷ്കരണ മേഖലകളിൽ അതിവേഗം മുന്നേറിയതിനും മികച്ച നേട്ടം കൈവരിച്ചതിനുമുള്ള ദേശീയ അംഗീകാരം നേടി. പാർക്ക് അധിഷ്ഠിത വ്യാവസായിക വികസനം, വലിയ തോതിലുള്ള നിക്ഷേപ പ്രോത്സാഹന ശ്രമങ്ങൾ, റസ്പോൺസിബിൾ നിക്ഷേപനയം പ്രാവർത്തികമാക്കൽ, പതിനാലാം പഞ്ചവത്സര പദ്ധതിക്ക് കീഴിൽ ഉത്തരവാദിത്ത വ്യവസായ ചട്ടക്കൂട് എന്നിവ സ്വീകരിക്കുന്നതിനൊപ്പം, മുകളിൽ സൂചിപ്പിച്ച സംരംഭക കേന്ദ്രീകൃതവും പ്രാദേശിക സർക്കാരുകൾ നയിക്കുന്നതുമായ ഇടപെടലുകളും കേരളത്തിന്റെ വ്യാവസായിക മേഖലയെ സാമ്പത്തിക വളർച്ചയുടെ ശക്തമായ ചാലകശക്തിയായി പുനർനിർമ്മിച്ചു.

### വിവര സാങ്കേതികവിദ്യ

സാങ്കേതികവിദ്യയെ സാമ്പത്തിക വളർച്ചയുടെയും സാമൂഹിക ശാക്തീകരണത്തിന്റെയും ചാലകശക്തിയായി നിലനിർത്തുന്ന 2017-ലെ ഐടി നയത്തിന്റെയും തുടർന്നുള്ള പദ്ധതി ഇടപെടലുകളുടെയും ഫലമായി ശക്തമായ നയചട്ടക്കൂടിന്റെ പിന്തുണയാണ് ഐടി ഹബ് എന്ന നിലയിൽ കേരളത്തിന്റെ ഉയർച്ചയ്ക്ക് കാരണമായിരിക്കുന്നത്. 2016 നും 2025 നും ഇടയിൽ 2,929.7 കോടി രൂപയുടെ പദ്ധതി വിഹിതം, ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ, നൈപുണ്യ വികസനം, വ്യവസായ സംവിധാനങ്ങൾ എന്നിവയുടെ വിപുലീകരണത്തെ സഹായിച്ചു. കേരള ഫൈബർ ഒപ്റ്റിക് നെറ്റ്'വർക്ക് (കെ-ഫോൺ) ആണ് ഏറ്റവും പ്രധാനപ്പെട്ട ഇടപെടലുകളിലൊന്ന്. ഇന്റർനെറ്റ് ലഭ്യതയെ അടിസ്ഥാന അവകാശമായി സംസ്ഥാനം അംഗീകരിച്ചു. ഇതിലൂടെ പൊതു സ്ഥലങ്ങളിൽ സൗജന്യ വൈഫൈ നൽകുകയും സർക്കാർ ഓഫീസുകളെ ബന്ധിപ്പിക്കുകയും സാമ്പത്തികമായി ദുർബലരായ കുടുംബങ്ങൾക്ക് സൗജന്യ കണക്റ്റിവിറ്റി നൽകുകയും ചെയ്യുന്നു.

കേരളത്തിലെ ഐടി വ്യവസായം അളവിലും ഗുണത്തിലും മികച്ച നേട്ടങ്ങൾ രേഖപ്പെ ടുത്തിയിട്ടുണ്ട്. ഐടി കമ്പനികളുടെ എണ്ണം 2016 ലെ ഏകദേശം 640 ൽ നിന്ന് 2025 ൽ ഏതാണ്ട് ഇരട്ടിയായി വർദ്ധിച്ച്, 1,200 ആയി, അതേ കാലയളവിൽ തൊഴിൽ ഏകദേശം 70,000 പ്രൊഫഷണലുകളിൽ നിന്ന് 2.6 ലക്ഷമായി വളർന്നു. ഐടി രംഗത്തു നിന്നുള്ള കയറ്റുമതി വരുമാനം 2016 ലെ ഏകദേശം 9,000 കോടി രൂപയിൽ നിന്ന് 2025 ൽ 26,770 കോടി രൂപയായി ഉയർന്നു. സംസ്ഥാനത്തെ മൂന്ന് ഐടി പാർക്കുകളായ ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക് എന്നിവ അന്താരാഷ്ട്ര സർട്ടിഫിക്കേഷനുകൾക്കും ഹരിത കാമ്പസ് അംഗീകാരത്തിനുമൊപ്പം നിക്ഷേപം, ബിൽറ്റ്-അപ്പ് സ്പേസ്, കയറ്റുമതി, തൊഴിലവസരങ്ങൾ എന്നിവയിലും വളർച്ച രേഖപ്പെടുത്തി.

ദേശീയതലത്തിലും ആഗോളതലത്തിലും അംഗീകരിക്കപ്പെട്ട ഇന്നോവേഷൻ ഹബ്ബായി കേരളം ഉയർന്നിട്ടുണ്ട്. 2025-ലെ ഗ്ലോബൽ സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം റിപ്പോർട്ട്, ഇക്കോ സിസ്റ്റത്തിന്റെ മൂല്യത്തിൽ 147 ശതമാനം വർദ്ധനവ് ഉണ്ടായതായി എടുത്തു കാണിക്കുകയും അധിക സാമ്പത്തിക ബാധ്യതകളില്ലാതെ ലോകത്തെ മുൻനിര ആവാസ വ്യവസ്ഥകളിൽ സംസ്ഥാനത്തെ ഉൾപ്പെടുത്തുകയും ചെയ്തു. കേരള സ്റ്റാർട്ടപ്പ് മിഷൻ ഈ വേഗത വർദ്ധിപ്പിച്ചു. വിപുലീകരിച്ച ഇൻകുബേഷൻ സ്പേയ്സ്, വർദ്ധിച്ചുവരുന്ന നിക്ഷേപങ്ങൾ, സമഗ്രവും സാമൂഹിക പ്രസക്തവുമായ നൂതനാശയങ്ങൾ എന്നിവയുടെ പിന്തുണ

യോടെ രജിസ്റ്റർ ചെയ്ത സ്റ്റാർട്ടപ്പുകൾ 2017-18 ലെ 800 ൽ നിന്ന് 2025-26 ഓടെ 7,100 ആയി ഉയർന്നു. ഈ വളർച്ച യുടെ സവിശേഷത സ്ത്രീകളുടെ ഉയർന്ന പങ്കാളിത്തമാണ്. സ്റ്റാർട്ടപ്പ് സ്ഥാപിക്കുന്നവരിലും ഐടി തൊഴിൽശക്തിയി ലും ദേശീയ ശരാശരിയുമായി താരതമ്യപ്പെടുത്തുമ്പോൾ സ്ത്രീകൾ ഗണ്യമായി ഉയർന്ന പങ്കുവഹിക്കുന്നു. വനിതാ സംരംഭകരെ ലക്ഷ്യംവെച്ചുള്ള പരിപാടികൾ, ലിംഗഭേദമി ല്ലാതെയുള്ള ഇൻകുബേഷൻ സെന്ററുകൾ, ഐടി പാർക്കു കളിലുടനീളമുള്ള അയവുള്ള തൊഴിൽ നയങ്ങൾ എന്നിവ പിന്തുണ നൽകുന്നു.

### ശാസ്ത്ര,സാങ്കേതിക രംഗം

പതിമൂന്ന്, പതിനാല് പഞ്ചവത്സര പദ്ധതികൾക്ക് കീഴിൽ സുസ്ഥിരവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ വളർച്ചയ്ക്കായി ശാസ്ത്രം, സാങ്കേതികവിദ്യ, നവീനാശയങ്ങൾ എന്നിവയ്ക്ക് ശക്തമായ നയപരമായ പിന്തുണ നൽകി. കേരള സ്പേസ് പാർക്ക്, ഇന്നൊവേഷൻ സെന്റർ ഫോർ ഗ്രാഫീൻ, കേരള ജീനോം ഡാറ്റാ സെന്റർ, കേരള മെഡി ക്കൽ ടെക്നോളജി കൺസോർഷ്യം, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി, കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ ആന്റ് ടെക്നോളജി തുടങ്ങിയ പുതിയ സ്ഥാപനങ്ങളും പ്ലാറ്റ്ഫോമുകളും സ്ഥാ പിച്ച് സംസ്ഥാനം അതിന്റെ ശാസ്ത്രീയ അടിസ്ഥാന സൗകര്യ ങ്ങൾ വിപുലീകരിച്ചു. ഇവ ഗവേഷണത്തിന്റെ ഗഹനതയും വിവര വിനിമയശേഷിയും ഗണ്യമായി വർധിപ്പിച്ചു. കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആൻഡ് എൻവയോൺമെന്റ് (കെ.എസ്. സി.എസ്.ടി.ഇ) അടിസ്ഥാ നപരവും, പ്രായോഗികവുമായ ഗവേഷണങ്ങളെ പിന്തു ണച്ചു. അതിന്റെ സ്ഥാപനങ്ങൾ നേച്ചർ ഇൻഡക്സ് 2025-ലെ ഭാരത സർക്കാർ സ്ഥാപനങ്ങളിൽ ഇരുപത്തിയേഴാം റാങ്ക് ഉൾപ്പെടെ അന്താരാഷ്ട്ര അംഗീകാരം നേടി. കാർഷികം, ആരോഗ്യ സുരക്ഷ, ജലപരിപാലനം, കാലാവസ്ഥാ പ്രതി രോധം എന്നിങ്ങനെയുള്ള മേഖലകളിൽ 2023-24 ഓടെ 80 ലധികം പേറ്റന്റുകൾ ഫയൽ ചെയ്തു. പതിനഞ്ചി ലധികം സാങ്കേതികവിദ്യകൾ വാണിജ്യവൽക്കരണത്തി നായി തയ്യാറാക്കി. വിപുലീകരിച്ച ഫെലോഷിപ്പുകളിലൂടെ യും പരിശീലനത്തിലൂടെയും മാനവവിഭശേഷി വികസനം ശക്തിപ്പെടുത്തി. 2016-17 നും 2023-24 നും ഇടയിൽ 400 ഓളം പിഎച്ച്ഡികൾ നൽകി. 250-500 ഗവേഷണ വിദ്യാർ ത്ഥികൾക്ക് വാർഷിക സാമ്പത്തിക പിന്തുണയും സ്ത്രീകൾ, പട്ടികജാതി, പട്ടികവർഗക്കാർ, ഭിന്നശേഷിക്കാർ എന്നിവ രെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഘടനാപരമായ പരിപാ ടികൾ എന്നിവയും നടപ്പിലാക്കി. കേരള സയൻസ് കോൺ ഗ്രസ്, നാഷണൽ ചിൽഡ്രൻസ് സയൻസ് കോൺഗ്രസ്, സയൻസ് മ്യൂസിയങ്ങൾ എന്നിവയുൾപ്പെടെയുള്ള ശാസ്ത്ര ജനകീയവൽക്കരണ സംരംഭങ്ങൾ സമൂഹത്തിലുടനീളം ശക്തമായ ശാസ്ത്രീയ മനോഭാവത്തെ പ്രോത്സാഹിപ്പിച്ചു.

### ടൂറിസം

കേരളത്തിലെ വിനോദസഞ്ചാര മേഖല, ഭാവി വികസനം ലക്ഷ്യമിട്ടുള്ള പരിഷ്കാരങ്ങളിൽ നിന്നും സുസ്ഥിരത, ഉൾച്ചേർക്കൽ, ഉന്നത നിലവാരമുള്ള വിനോദസഞ്ചാര അനുഭവം എന്നിവയോടുള്ള ശക്തമായ പ്രതിബദ്ധത യിൽനിന്നും പ്രയോജനം നേടിയിട്ടുണ്ട്. ടൂറിസ്റ്റ് കേന്ദ്രങ്ങ ളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ടൂറിസം ഉൽപ്പന്നങ്ങൾ വൈവിധ്യവൽക്കരിക്കുന്നതിനും, വൈദഗ്ധ്യമുള്ള മാനവവിഭവശേഷി കെട്ടിപ്പടുക്കുന്നതിനും സ്വകാര്യമേഖലയുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും നിക്ഷേപം നടത്തിയിട്ടുണ്ട്. ടൂറിസം നയം 2017, കാരവൻ ടൂറിസം നയം (2021), ഹെലി ടൂറിസം നയം (2024), ക്രൂയിസ് ടൂറിസം നയം (2025), കേരള സ്റ്റേറ്റ് ഡിസൈൻ പോളിസി (2024) എന്നിവയുൾപ്പെടെ നയപരമായ ഇടപെട ലുകളുടെ ഒരു പരമ്പരയിലൂടെ, വിനോദ സഞ്ചാരത്തെ പര മ്പരാ ഗത സർക്യൂട്ടുകൾക്കപ്പുറം ഓഫ്ബീറ്റ്, ആഡംബരം, പൈതൃകം, സാഹസികത, കമ്മ്യൂണിറ്റി അധിഷ്ഠിത വിഭാഗ ങ്ങൾ എന്നിവയിലേക്ക് വ്യാപിപ്പിച്ചു. ഈ സംരംഭങ്ങൾക്ക് വലിയ തോതിലുള്ള ആവശ്യകതയുണ്ടായി. ആഭ്യന്തര വിനോദ സഞ്ചാരികളുടെ സന്ദർശനം 2015 ലെ 124.7 ലക്ഷ ത്തിൽ നിന്ന് 2025 ൽ 250.6 ലക്ഷമായി ഉയർന്നു. വിദേശ ടൂറിസ്റ്റുകളുടെ സന്ദർശനങ്ങൾ കോവിഡിന് മുമ്പുള്ള നിലവാരത്തിലേക്ക് തിരിച്ചെത്തിയിട്ടില്ലെങ്കിലും, 2022 ലെ 3.5 ലക്ഷത്തിൽ നിന്ന് 2025 ൽ 8.2 ലക്ഷമായി ക്രമാനുഗത വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ടൂറിസം വരുമാനം, കോവിഡിന് മുമ്പുള്ള ഏറ്റവും ഉയർന്ന നിരക്കായ 45,010.7 കോടി രൂപ (2019) എന്നത് മറികടന്ന്, 2025 ൽ 50,702.3 കോടി രൂപയായി ഉയർന്നു.

ടൂറിസം വികസനത്തിൽ പ്രാദേശിക സമൂഹങ്ങളെ ഉൾക്കൊള്ളുന്ന ഉത്തരവാദിത്ത ടൂറിസം മിഷന്റെ സ്ഥാപ നവൽക്കരണവും പ്രോത്സാഹനവുമാണ് സംസ്ഥാനത്തി ന്റെ ടൂറിസം രംഗത്തെ പരിവർത്തനത്തിന്റെ നിർണായക സവിശേഷത. 2017 ൽ ഔപചാരികമായി ആരംഭിച്ചതിനു ശേഷം, കാർഷികം, കരകൗശലവസ്തുക്കൾ, ഹോംസ്റ്റേ കൾ, കാറ്ററിംഗ്, സേവനങ്ങൾ എന്നിവയിലെ ടൂറിസം മൂല്യ ശൃംഖലകളിലേക്ക് 1.5 ലക്ഷം കുടുംബങ്ങളെ ബന്ധിപ്പി ച്ചുകൊണ്ട് മിഷൻ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിച്ചു. അതിൽ പങ്കാളികളായിട്ടുള്ളത് ഏറെയും സ്ത്രീകളാണ്. ഉത്തരവാദിത്ത ടൂറിസം മിഷൻ ഗണ്യമായി വരുമാനം ഉണ്ടാക്കുകയും പ്രാദേശിക സംഭരണ ശൃംഖലകൾ ശക്തി പ്പെടുത്തുകയും വരുമാന ചോർച്ച കുറയ്ക്കുകയും ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ സുസ്ഥിരത വർദ്ധിപ്പിക്കുകയും ചെയ്തു. ഒരു പഞ്ചായത്ത് - ഒരു ടൂറിസം കേന്ദ്രം, പൈതൃക, ജൈ വവൈവിധ്യ സർക്യൂട്ടുകൾ, കാരവൻ ടൂറിസം പാർക്കുകൾ തുടങ്ങി യോജിച്ചുപോവുന്ന സംരംഭങ്ങൾ ടൂറിസത്തിലൂടെ യുള്ള നേട്ടങ്ങളുടെ പ്രാദേശിക വ്യാപനം വിപുലീകരിക്കു കയും പ്രാദേശികമായുള്ള അസന്തുലിതാവസ്ഥ കുറയ്ക്കു കയും ചെയ്തു.

ടൂറിസം രംഗത്തെ നേട്ടങ്ങൾക്ക് വിപുലമായ ദേശീയ അന്തർദേശീയ അംഗീകാരം ലഭിച്ചിട്ടുണ്ട്. എല്ലാവർക്കും പ്രാപ്യമായിട്ടുള്ളതും സുസ്ഥിരവുമായ ടൂറിസം സമ്പ്രദായ ങ്ങൾക്ക് ഐക്യരാഷ്ട്രസഭയുടെ വേൾഡ് ടൂറിസം ഓർഗ നൈസേഷനിൽ (യുഎൻഡബ്ല്യു ടിഒ) നിന്ന് ഒന്നിലധികം അവാർഡുകൾ, ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ, ഉത്തരവാദിത്ത ടൂറിസം എന്നിവയ്ക്ക് പസഫിക് ഏഷ്യ ട്രാവൽ അസോസി യേഷൻ (പിഎടിഎ) ഗോൾഡ് ആൻഡ് ഗ്രാൻഡ് അവാർ ഡുകൾ, വേൾഡ് ട്രാവൽ മാർക്കറ്റ്, ഇന്ത്യ ടുഡേ ടൂറിസം അവാർഡുകൾ, ദേശീയ ടൂറിസം അവാർഡുകൾ എന്നീ ബഹുമതികൾ നേടിയിട്ടുണ്ട്. കോണ്ടെ നാസ്റ്റ് ട്രാവലർ, ലോൺലി പ്ലാനറ്റ് തുടങ്ങിയ ആഗോള യാത്രാ പ്ലാറ്റ്ഫോ

മുകൾ ഉത്തരവാദിത്തമുള്ളതും പരീക്ഷണാത്മകവും കുടുംബ സൗഹാർദ്ദപരവുമായ ടൂറിസത്തിന്റെ ലോകത്തിലെ മുൻനിര ലക്ഷ്യസ്ഥാനങ്ങളിലൊന്നായി കേരളത്തെ തുടർച്ചയായി റാങ്ക് ചെയ്തിട്ടുണ്ട്.

**സഹകരണ മേഖല**

വാണിജ്യ ബാങ്കിംഗ് സ്ഥാപനങ്ങളേക്കാൾ ജനങ്ങളുമായി കൂടുതൽ ഇഴചേർന്ന് പ്രവർത്തിക്കുന്ന സഹകരണ മേഖലയുടെ വ്യാപ്തി, അവയുടെ വികസനത്തിലെ പങ്ക് എന്നിവയാൽ കേരളത്തിന്റെ സമ്പദ്ഘടന ദേശീയതലത്തിൽ വേറിട്ടുനിൽക്കുന്നു. 2025 ഓടെ, 850 ഓളം സഹകരണ ബാങ്കുകളും 1,600 ലധികം പ്രാഥമിക കാർഷിക വായ്പാ സൊസൈറ്റികളും (പിഎസിഎസ്) ഗ്രാമീണതലത്തിൽ സാർവത്രിക കവറേജ് നൽകിക്കൊണ്ട് ഇന്ത്യയിലെ ഏറ്റവും വിപുലമായ സഹകരണ വായ്പാ ശൃംഖലകളിലൊന്നായി മാറി. 2022 ഓടെ പ്രാഥമിക കാർഷിക വായ്പാ സൊസൈറ്റികൾ ഏകദേശം 1.3 ലക്ഷം കോടി രൂപ നിക്ഷേപമായി സമാഹരിച്ചു, ഇത് രാജ്യത്തെ എല്ലാ പിഎസിഎസ് നിക്ഷേപങ്ങളുടെയും 70 ശതമാനം വരുന്നു. സഹകരണ സ്ഥാപനങ്ങൾ വാണിജ്യ ബാങ്കുകളേക്കാൾ ഉയർന്ന ക്രെഡിറ്റ്-ഡെപ്പോസിറ്റ് അനുപാതങ്ങൾ സ്ഥിരമായി രേഖപ്പെടുത്തുന്നു. ഗ്രാമ, അർധ നഗര പ്രദേശങ്ങളിൽ താമസിക്കുന്നവരുടെ സമ്പാദ്യം കൃഷി, മൈക്രോ സംരംഭങ്ങൾ, ഭവനനിർമ്മാണം, സ്വയംതൊഴിൽ എന്നിവയിലേക്ക് കൊണ്ടുവരുന്നത് സഹകരണ സംഘങ്ങളുടെ ഫലപ്രാപ്തി എടുത്തു കാണിക്കുന്നു.

സംസ്ഥാന സഹകരണ ബാങ്കിനെയും 13 ജില്ലാ സഹകരണ ബാങ്കുകളെയും ലയിപ്പിച്ച് 2019 ൽ കേരള ബാങ്ക് രൂപീകരിച്ചത് ഒരു പ്രധാന നാഴികക്കല്ലായിരുന്നു. ഇത് വികേന്ദ്രീകൃത സംവിധാനം നിലനിർത്തിക്കൊണ്ട് ഭരണനിർവഹണം, മൂലധന പര്യാപ്തത, വായ്പനൽകാനുള്ള ശേഷി എന്നിവ ശക്തിപ്പെടുത്തി. വെള്ളപ്പൊക്കം, കോവിഡ്-19 മഹാമാരി, സാമ്പത്തിക തടസ്സങ്ങൾ എന്നിവയുടെ കാലത്ത് പലിശയിളവ്, കടാശ്വാസം, അടിയന്തിര വായ്പ, സർക്കാർ സഹായം വിതരണം ചെയ്യൽ എന്നിവ നടപ്പാക്കിയതിലൂടെ സഹകരണ സ്ഥാപനങ്ങൾ, സമ്പദ്ഘടനയെ തകർക്കുന്നതിനെതിരായ നിർണായക പങ്കുവഹിച്ചു. സഹകരണ സ്ഥാപനങ്ങൾ പൂർണ്ണമായും സാമ്പത്തിക ഇടനിലക്കാർ എന്നതിലുപരി വികസന സ്ഥാപനങ്ങൾ എന്ന നിലയിൽ അവരുടെ പ്രാധാന്യം ശക്തിപ്പെടുത്തുകയും ചെയ്തു.

ഈ ശക്തമായ സഹകരണ ചട്ടക്കൂടിനുള്ളിൽ വാണിജ്യ ബാങ്കിംഗ് അതിവേഗം വികസിച്ചു. ജനസംഖ്യയുടെ കാര്യത്തിൽ, ദേശീയ ജനസംഖ്യയുടെ 2.6 ശതമാനം മാത്രമാണ് സംസ്ഥാനത്തുള്ളത്. 5.5 ചതുരശ്ര കിലോമീറ്ററിന് ഒരു ബാങ്ക് ശാഖ എന്ന പ്രാദേശിക സാന്ദ്രതയിൽ, 2025 മാർച്ച് ആയപ്പോഴേക്കും കേരളത്തിൽ 8,000 വാണിജ്യ ബാങ്ക് ശാഖകളുണ്ടായിരുന്നു, ഇത് ഇന്ത്യയുടെ മൊത്തം 4 ശതമാനത്തോളം വരും. ബാങ്കിംഗ് സേവന ലഭ്യതയുടെ ഉയർന്ന സാന്ദ്രത, ഏതാണ്ട് സാർവത്രികമായ ബാങ്ക് അക്കൗണ്ട് ഉടമസ്ഥാവകാശം, ശക്തമായ ഡിജിറ്റൽ സാന്നിധ്യം എന്നിവയുള്ള കേരളം 2023 ജനുവരിയിൽ ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ ഡിജിറ്റൽ ബാങ്കിംഗ് സംസ്ഥാനമായി പ്രഖ്യാപിക്കപ്പെട്ടു.

**പ്രാദേശിക സർക്കാരുകൾ**

വികേന്ദ്രീകൃതവും പങ്കാളിത്തത്തിലധിഷ്ഠിതവുമായ ഭരണ നിർവഹണമാണ് കേരള വികസനത്തിന്റെ സവിശേഷത. കഴിഞ്ഞ ദശകത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കൂടുതൽ ശാക്തീകരിക്കപ്പെട്ടു. സംസ്ഥാന പദ്ധതി വിഹിതം 2016-17 ലെ 22.9 ശതമാനത്തിൽ നിന്ന് 2026-27 ൽ 28.5 ശതമാനമായി വർധിച്ചു. അതോടൊപ്പം ജനറൽ പർപ്പസ് ഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നിവ പോലുള്ള ഉപാധിരഹിത ഫണ്ടുകളുടെ വിതരണത്തിലും വർധനവുണ്ടായി. ഫോർമുല അടിസ്ഥാനമാക്കിയുള്ള വിഭവ വിതരണം എല്ലാ പ്രദേശങ്ങളിലും തുല്യമായ വിതരണം ഉറപ്പാക്കി. അതേസമയം പട്ടികജാതി ഉപപദ്ധതി, പട്ടിക വർഗ്ഗ ഉപപദ്ധതി എന്നിവയ്ക്കുള്ള വർദ്ധിച്ച വിഹിതം സമത്വത്തിന് സംഭാവന നൽകി. വനിതാഘടക പദ്ധതിയും പ്രായമായവർ, കുട്ടികൾ, ഭിന്നശേഷിക്കാർ തുടങ്ങിയ പ്രത്യേക ഗ്രൂപ്പുകൾക്കുമുള്ള പദ്ധതിയും പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങൾക്കായി ലക്ഷ്യമിട്ട ഇടപെടലുകൾ ശക്തിപ്പെടുത്തിയിട്ടുണ്ട്.

പതിമൂന്ന്, പതിനാല് പഞ്ചവത്സര പദ്ധതികളിലെ സ്ഥാപനപരവും നടപടിക്രമ പരവുമായ പരിഷ്കാരങ്ങൾ ആസൂത്രണ പ്രക്രിയകൾ ലളിതമാക്കി. വാർഷിക പദ്ധതി കൾക്ക് നേരത്തേതന്നെ അന്തിമരൂപം നൽകുന്നതിന് സാധിച്ചു. നൂതന പദ്ധതികൾക്കുള്ള സാധ്യതകൾ വിപുലീകരിക്കുകയും കാലാവസ്ഥാ വ്യതിയാനം, ജൈവവൈവിധ്യം, ദുരന്തനിവാരണം എന്നിവയ്ക്കായി പുതിയ വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കുകയും ചെയ്തു. ഈ പരിഷ്കാരങ്ങൾ മൂർത്തമായ വികസന ഫലങ്ങളിലേക്ക് നയിച്ചു. ആരോഗ്യം, വിദ്യാഭ്യാസം, വ്യവസായം, നൈപുണ്യം, പാലിയേറ്റീവ് കെയർ, അടിസ്ഥാന സൗകര്യ വികസനം, കൃഷി, അനുബന്ധ മേഖലകൾ, ടൂറിസം, ദുരന്തനിവാരണം എന്നിവയുൾപ്പെടെയുള്ള മേഖലകളിലെ പരിപാടികൾ പ്രാദേശികാടിസ്ഥാനത്തിൽ തയ്യാറാക്കുന്നതിലും നടപ്പിലാക്കുന്നതിലും പ്രാദേശിക സർക്കാരുകൾ പ്രധാന പങ്കുവഹിക്കുന്നു. ദാരിദ്ര്യ നിർമാർജനത്തിൽ പ്രാദേശിക സർക്കാരുകൾ നിർണ്ണായക ഘടകങ്ങളായി മാറി. 2025 നവംബർ 1 ന് അതിദാരിദ്ര്യ നിർമ്മാർജ്ജനം ചെയ്ത ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമായി കേരളം പ്രഖ്യാപിക്കപ്പെട്ടു. 2025 ഒക്ടോബറോടെ ലൈഫ് മിഷനു കീഴിൽ പട്ടികജാതി, പട്ടികവർഗ കുടുംബങ്ങളുടേതടക്കം 4,71,442 വീടുകൾ പൂർത്തിയായി. 2018-ലെ വെള്ളപ്പൊക്കത്തിലും, കോവിഡ്-19 മഹാമാരിയിലും ദുരിതാശ്വാസ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിലും ഏകോപിപ്പിക്കുന്നതിലും പ്രാദേശിക സർക്കാരുകൾ വഹിച്ച പ്രധാന പങ്ക് കേരളത്തിലെ പ്രാദേശിക സർക്കാരുകളുടെ കാര്യക്ഷമതയും കഴിവും വ്യക്തമായി പ്രകടമാക്കി.

പ്രാദേശിക സർക്കാരുകൾ പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ ചാലക ശക്തികളാണ്. അതോടൊപ്പം വികേന്ദ്രീകൃത സംവിധാനങ്ങളിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും ഫലപ്രദമായിരുന്നു: 2016 നും 2025 നും ഇടയിൽ, എംജിഎൻആർഇജി എസിന് കീഴിൽ കേരളം പ്രതിവർഷം 6 - 10.5 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു, മൊത്തം തൊഴിൽ ദിവസങ്ങളുടെ 90 ശതമാനത്തിലും സ്ത്രീ

കളായിരുന്നു ഏർപ്പെട്ടിരുന്നത്. അതേസമയം അയ്യങ്കാളി നഗര തൊഴിലുറപ്പ് സ്കീമിൽ ഈ കാലയളവിൽ ഏകദേശം രണ്ട് കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. വികേന്ദ്രീകൃത ഭരണത്തിനുള്ളിൽ കുടുംബശ്രീയുടെ സംയോജനമാണ് കേരളത്തിന്റെ പ്രാദേശിക സാമ്പത്തിക വികസന തന്ത്രത്തിന്റെ ആണിക്കല്ല്. താഴേത്തട്ടിൽ 3.2 ലക്ഷം അയൽക്കൂട്ട ഗ്രൂപ്പുകളുടെയും 48 ലക്ഷം വനിതാ അംഗങ്ങളുടെയും ശൃംഖലയുള്ള കുടുംബശ്രീ, പ്രാദേശിക സർക്കാരുകളുമായി ചേർന്ന് പ്രവർത്തിച്ച് സൂക്ഷ്മ സംരംഭകത്വ വികസനം, സംഘകൃഷി, സേവന വിതരണം, സാമൂഹിക സംരംഭകത്വം എന്നിവയ്ക്ക് നേതൃത്വം നൽകി. സബ്സിഡികൾ, പലിശയിളവ്, ഇന്നൊവേഷൻ ആന്റ് ഇൻകുബേഷൻ ഫണ്ടുകൾ, ക്രൈസിസ് മാനേജ്മെന്റ് പിന്തുണ, സാങ്കേതിക വിദ്യ നവീകരണം എന്നിവയിലൂടെ എംഎസ്എംഇകൾക്കും കമ്മ്യൂണിറ്റി സംരംഭങ്ങൾക്കും പ്രാദേശിക സർക്കാരുകൾ പിന്തുണ നൽകിയിട്ടുണ്ട്. ഇത് സ്ത്രീകളെയും യുവാക്കളെയും പാർശ്വവൽക്കരിക്കപ്പെട്ടവരെയും പ്രാദേശിക സമ്പദ് വ്യവസ്ഥയിൽ സജീവമായി പങ്കെടുക്കാൻ പ്രാപ്തമാക്കുന്നു. സംസ്ഥാന, ദേശീയ ദൌത്യങ്ങളുമായി സഹകരിച്ച് നടപ്പാക്കിയ നൈപുണ്യ വികസന സംരംഭങ്ങൾ പ്രാദേശിക തലത്തിൽ തൊഴിൽസാധ്യതയും സംരംഭകത്വ സന്നദ്ധതയും ശക്തിപ്പെടുത്തി.

ഭവനനിർമ്മാണം, കുടിവെള്ളം, ശുചിത്വം, ഖരമാലിന്യ സംസ്കരണം, മൊബിലിറ്റി, നവീകരിച്ച പൊതു ഇടങ്ങൾ എന്നിവയിൽ വലിയ പുരോഗതി കൈവരിക്കാൻ നഗര തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. ഇതിന്, വർധിച്ച പദ്ധതി അടങ്കലും ദേശീയ മിഷനുകളുമായുള്ള സംയോജനവും, ബാഹ്യ സഹായ പദ്ധതികളും പിന്തുണയേകി. 2023-ൽ രൂപീകരിച്ച ഇന്ത്യയിലെ ആദ്യത്തെ കേരള അർബൻ പോളിസി കമ്മീഷൻ നഗരവികസനത്തിന് തെളിവധിഷ്ഠിതമായുള്ള ഒരു ചട്ടക്കൂട് നൽകി. ഈ ഉദ്യമങ്ങൾ, ശക്തമായ ഡിജിറ്റൽ ഗവേണൻസ് പ്ലാറ്റ്ഫോമുകളും സംയോജിത കെ-സ്മാർട്ട് സംവിധാനവുമായി ചേർന്ന്, സേവന വിതരണം, ഉപജീവനമാർഗം, ജീവിതനിലവാരം എന്നിവയിൽ നല്കുന്ന സേവനങ്ങൾ അളക്കാൻ കഴിയും വിധം മെച്ചപ്പെടുത്തുന്നതിന് പ്രാദേശിക സർക്കാരുകളെ പ്രാപ്തമാക്കി.

**ഗതാഗതം**

പൊതുനിക്ഷേപം, സ്ഥാപനപരമായ പരിഷ്ക്കരണം, ആധുനികവും സുസ്ഥിരവുമായ സാങ്കേതിക വിദ്യകൾ സ്വീകരിക്കൽ എന്നിവയിലൂടെ സാമ്പത്തിക വളർച്ച, സ്ഥലപര സംയോജനം, മെച്ചപ്പെട്ട ജീവിതനിലവാരം എന്നിവയുടെ പ്രധാന പ്രേരകശക്തിയായി സംസ്ഥാനത്തിന്റെ ഗതാഗത മേഖല ഉയർന്നുവന്നു. റോഡുകൾ ഇപ്പോഴും ഗതാഗതത്തിന്റെ നട്ടെല്ലായി നിൽക്കുന്നു. കേരളം ഇന്ന് രാജ്യത്തെ ഏറ്റവും ഉയർന്ന റോഡ് സാന്ദ്രതയുള്ള സംസ്ഥാനങ്ങളിൽ ഒന്നാണ്. ഇവിടെ ആയിരംപേർക്ക് 5.3 കിലോമീറ്റർ റോഡും ആയിരം ചതുരശ്ര കിലോമീറ്ററിൽ 4,992 കിലോമീറ്ററും ഉണ്ട്. ഇത് ദേശീയ ശരാശരിയെക്കാളും മുകളിലാണ്. 2016-17 നും 2024-25 നും ഇടയിൽ, മലയോര ഹൈവേ, തീരദേശ ഹൈവേ തുടങ്ങിയ പ്രധാന പദ്ധതികൾ, വേഗത്തിൽ പൂർത്തിയാവുന്ന നാലുവരി ദേശീയപാത, പൊതുമരാമത്ത് റോഡുകളുടെ ആധുനികവൽക്കരണം എന്നിവ യാത്രാസമയം ഗണ്യമായി കുറയ്ക്കുകയും കണക്റ്റിവിറ്റി ശക്തിപ്പെടുത്തുകയും ചെയ്തു.

പൊതുഗതാഗത പുനരുജ്ജീവനമാണ് മറ്റൊരു പ്രധാന നേട്ടം. കോവിഡ് കാലഘട്ടത്തിലെ തടസ്സങ്ങൾക്ക് ശേഷം, യാത്രാവണ്ടികളുടെ യുക്തിഭദ്രമായ ക്രമീകരണം, ഐടി അധിഷ്ഠിത റൂട്ട് ഓപ്റ്റിമൈസേഷൻ, ഡിപ്പോ ആധുനികവൽക്കരണം എന്നിവയിലൂടെ കെഎസ്ആർടിസി സ്ഥിരത കൈവരിക്കുകയും പ്രകടനം മെച്ചപ്പെടുത്തുകയും ചെയ്തു. വർക്ക്ഷോപ്പ് ആധുനികവൽക്കരണം അറ്റകുറ്റപ്പണികൾ ത്വരിതപ്പെടുത്തുന്നതിന് സഹായിക്കുകയും അതിലൂടെ പ്രവർത്തനക്ഷമമല്ലാത്ത ബസുകളുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടാകുകയും ചെയ്തു. ശരാശരി പ്രതിദിന യാത്രക്കാർ മഹാമാരികാലത്തെ 10 ലക്ഷമായിരുന്നതിൽ നിന്ന് 2025 ഓടെ 20 ലക്ഷത്തിലധികമായി വീണ്ടെടുത്തു. അതേസമയം തന്നെ പ്രതിദിന വരുമാനം 700 ലക്ഷത്തിലധികം രൂപയായി ഉയർന്നു. ഇത് മെച്ചപ്പെട്ട പ്രവർത്തന ക്ഷമതയെ പ്രതിഫലിപ്പിക്കുന്നു. ഇതോടൊപ്പം, ഹരിത ഗതാഗതത്തിൽ കേരളം ദേശീയതലത്തിൽ ശ്രദ്ധേയമായി നിലകൊള്ളുന്നു. നികുതി ആനുകൂല്യങ്ങളും ചാർജിംഗ് ഇൻഫ്രാസ്ട്രക്ചർ വിപുലീകരണവും കാരണം ഇലക്ട്രിക് വാഹനങ്ങളുടെ രജിസ്ട്രേഷൻ 2019-20 ലെ 417 ൽ നിന്ന് 2025 മാർച്ചിൽ ഏകദേശം 2.3 ലക്ഷമായി ഉയർന്നു.

മൾട്ടിമോഡൽ സംവിധാനങ്ങൾ ഏർപ്പെടുത്തിയത് ഈ മേഖലയെ കൂടുതൽ ശക്തിപ്പെടുത്തി. ഇപ്പോൾ മികച്ച നിലയിൽ പ്രവർത്തിക്കുന്ന കൊച്ചി മെട്രോ 2024 ൽ 350 ലക്ഷം യാത്രക്കാരിലധികംപേർക്ക് യാത്രാസൌകര്യം ഒരുക്കിക്കൊണ്ട് പ്രവർത്തന ലാഭത്തിലേക്ക് നീങ്ങി. ഇന്ത്യയിലെ ആദ്യ വാട്ടർ മെട്രോയായ കൊച്ചി വാട്ടർമെട്രോ അതിന്റെ ശൃംഖലയും യാത്രക്കാരുടെ എണ്ണവും അതിവേഗം വിപുലീകരിച്ചു, ഇത് ഉൾ നാടൻ ജലഗതാഗതത്തിന്റെ സാധ്യതകൾ പ്രകടമാക്കുന്നു. 2024ൽ വിഴിഞ്ഞം രാജ്യാന്തര തുറമുഖം കമ്മീഷൻ ചെയ്തത് ഒരു ചരിത്ര നാഴികക്കല്ലാണ്. ഇത് ഒരു വർഷത്തിനുള്ളിൽ, 600 ലധികം കപ്പലുകളിൽ നിന്ന് 13 ലക്ഷത്തിലധികം കണ്ടെയ്നറുകൾ കൈകാര്യം ചെയ്തു. ആഗോള കപ്പൽ ഗതാഗത പാതകളിൽ കേരളത്തെ അടയാളപ്പെടുത്തുകയും തുറമുഖാധിഷ്ഠിത വളർച്ചയ്ക്ക് പുതിയ വഴികൾ തുറക്കുകയും ചെയ്തു.

**ഊർജ്ജം**

കഴിഞ്ഞ ദശകത്തിൽ, സംസ്ഥാനത്തെ ഊർജ്ജമേഖല ശേഷിയിലെ വളർച്ച, പുനരുപയോഗ ഊർജ്ജത്തിലേക്കുള്ള മാറ്റം, മെച്ചപ്പെട്ട സംവിധാനങ്ങളും അടിസ്ഥാന സൌകര്യങ്ങളും എന്നിവയിൽ ശ്രദ്ധേയമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. 2017 ൽ സംസ്ഥാനം സമ്പൂർണ വൈദ്യുതീകരണം കൈവരിച്ചു. അതിനുശേഷം ലോഡ് ഷെഡിംഗില്ലാതെയും തടസ്സമില്ലാതെയും വൈദ്യുതി വിതരണം നടത്തുന്നു. അതേസമയം മൊത്തം സാങ്കേതിക, വാണിജ്യ നഷ്ടം 2016-17 ലെ 13.9 ശതമാനത്തിൽ നിന്ന് 2024-25 ൽ 6.61 ശതമാനമായി കുത്തനെ കുറയ്ക്കാനായതിലൂടെ വൈദ്യുതി വിതരണത്തിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളവും ഉൾ

പ്പെട്ടു. മൊത്തം സ്ഥാപിത ശേഷി 2016-17 നും 2024-25 നും ഇടയിൽ 48 ശതമാനത്തിലധികം വർദ്ധിച്ചു. 'സൌര പ്രോഗ്രാം', 'വലിയ തോതിലുള്ള മേൽക്കൂര സൌരോർജ്ജ വിന്യാസം' തുടങ്ങിയ പ്രധാന ഉദ്യമങ്ങൾ വഴി സൌരോർജ്ജം 2.8 ശതമാനത്തിൽ നിന്ന് 34.4 ശതമാനമായി വർധിച്ചു. ഇത് 2025 ഓഗസ്റ്റിൽ 1.5 ജിഗാവാട്ടിലെത്തി. പതിമൂന്ന്, പതിനാല് പഞ്ചവത്സര പദ്ധതികളിലെ പ്രധാന നിക്ഷേപങ്ങൾ 'ട്രാൻസ്ഗ്രിഡ് 2.0', 'ദ്യുതി' തുടങ്ങിയ പരിപാടികളിലൂടെ പ്രസരണവും വിതരണവും ശക്തിപ്പെടുത്തി. ഇതിൽ സംസ്ഥാനത്തെ ആദ്യത്തെ 400 കെവി ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷൻ കമ്മീഷൻ ചെയ്യൽ, പുതിയ വൈദ്യുതി ഇടനാഴികൾ, ഇറക്കുമതി ശേഷി ഏകദേശം 1,000 മെഗാവാട്ട് വർദ്ധിപ്പിക്കൽ എന്നിവ ഉൾപ്പെടുന്നു. ആവശ്യകതയുടെ കാര്യത്തിൽ, 2016-17 നും 2024-25 നും ഇടയിൽ പ്രതിശീർഷ വൈദ്യുതി ഉപഭോഗം ഏകദേശം 38 ശതമാനം വർദ്ധിച്ചു, ഇത് സാമ്പത്തിക വളർച്ചയും മെച്ചപ്പെട്ട വൈദ്യുതി വിതരണവും, പ്രതിഫലിപ്പിക്കുന്നു. ഉൽപ്പാദനം മുതൽ അന്തിമ ഉപയോഗവും, ഗവേഷണവും വികസനവും വരെയുള്ള മുഴുവൻ ഹൈഡ്രജൻ മൂല്യ ശൃംഖല ഉൾക്കൊള്ളുന്ന 'ഹൈഡ്രജൻ വാലി ഇന്നൊവേഷൻ ക്ലസ്റ്റർ' (എച്ച്‌വിഐസി) സംസ്ഥാനത്ത് ആരംഭിച്ചു. ഊർജ്ജ കാര്യക്ഷമതയിലും ഹരിത പരിവർത്തനത്തിലും പുരോഗതി കൈവരിച്ചതിലൂടെ കേരളത്തിന്, ലഭ്യത, താങ്ങാനാവുന്ന വില, വിശ്വാസ്യത എന്നിവയ്ക്കായി നീതി ആയോഗിന്റെ സംസ്ഥാന ഊർജ്ജ, കാലാവസ്ഥാ സൂചികയിലെ മികച്ച റാങ്കിംഗ് ഉൾപ്പെടെയുള്ള ദേശീയ അംഗീകാരം നേടാനായി.

### ഭൂ സർവേ

കേരള സർക്കാരിന്റെ കഴിഞ്ഞ ദശകത്തിലെ ഒരു പ്രധാന ഉദ്യമമാണ് 2022 ൽ ആരംഭിച്ച 'എന്റെ ഭൂമി' മിഷൻ. ആധുനിക സാങ്കേതികവിദ്യയും ഡിജിറ്റൽ ഉപകരണങ്ങളും ഉപയോഗിച്ച് ഭൂമിയുടെ സർവേ കൃത്യതയോടെ നടത്തി ഭൂമാനേജ്മെന്റ് സുഗമമാക്കുകയാണ് മിഷന്റെ ലക്ഷ്യം. ഇതിലൂടെ ഭൂരേഖകൾ കൈകാര്യം ചെയ്യുന്നത് എളുപ്പമാകുകയും പൗരന്മാർക്ക് എളുപ്പത്തിൽ സേവനം ലഭ്യമാക്കുന്നതിന് സഹായിക്കുകയും മെച്ചപ്പെട്ട ഭരണനിർവ്വഹണം സാധ്യമാക്കുന്നത് ഉൾപ്പെടെ വകുപ്പുകൾ തമ്മിലുള്ള സംയോജനം മെച്ചപ്പെടുകയും ചെയ്യും. പൌരബോധത്തിനും പൌരപങ്കാളിത്തത്തിനുമായി വാർഡ് തലത്തിലുള്ള പൊതുവേദികൾ, ഭൂരേഖകൾ തയ്യാറാക്കുന്നതിലെ സുതാര്യതയും ഭൂഉടമകളുടെ പങ്കാളിത്തവും ഉറപ്പാക്കുന്നു. ഈ ഫലങ്ങൾ കേരളത്തെ ദേശീയ തലത്തിൽ ഏറ്റവും മികച്ച മാതൃകയായി രേഖപ്പെടുത്തി.

### പരിസ്ഥിതിയും വളർച്ചയും

കഴിഞ്ഞ ദശകത്തിൽ സംസ്ഥാനത്തെ വളർച്ചാ തന്ത്രങ്ങളെയും നയസമീപനങ്ങളെയും പരിസ്ഥിതി സാഹചര്യങ്ങൾ സ്വാധീനിച്ചിട്ടുണ്ട്. കുറഞ്ഞ മലിനീകരണ തീവ്രതയും ഉയർന്ന പാരിസ്ഥിതിക ദുർബലതയും സംയോജിപ്പിച്ചാണ് സംസ്ഥാനം മുന്നോട്ടുപോവുന്നത്. 2021 ൽ, കേരളത്തിന്റെ മൊത്തം ഹരിതഗൃഹ വാതക ബഹിർഗമനം ഏകദേശം 21.9 ദശലക്ഷം ടൺ ആയിരുന്നു, അതിൽ 47 ശതമാനവും ഭൂവിനിയോഗത്തിൽ നിന്നും വനവൽക്കരണത്തിൽ നിന്നും കാർബൺ വേർതിരിക്കൽ വഴി നികത്തപ്പെട്ടു, മൊത്തം ബഹിർഗമനം ഏകദേശം 11.6 ദശലക്ഷം ടൺ ആയി കുറഞ്ഞു. സംസ്ഥാനത്തിന്റെ വിസ്തീർണ്ണത്തിന്റെ 55 ശതമാനവും വനവും വൃക്ഷങ്ങളും നിറഞ്ഞതും നാളികേരം, റബ്ബർ, കാപ്പി, അടയ്ക്ക തുടങ്ങിയ വിളകളുടെ വ്യാപകമായ കൃഷി ഉള്ളതിനാലും കേരളം പ്രധാനമായും കാർബൺ ന്യൂട്രലായി പ്രവർത്തിക്കുന്നു. മൊത്തം ബഹിർഗമനത്തിന്റെ 7 ശതമാനം മാത്രമാണ് കൃഷി സംഭാവന ചെയ്യുന്നത്, കൂടാതെ ഇടതൂർന്ന ഗ്രാമീണ ഉപജീവനമാർഗങ്ങൾ നിലനിർത്തിക്കൊണ്ടുതന്നെ കാർബൺ നെഗറ്റീവ് ആയി തുടരുന്നു.

കുറഞ്ഞ ബഹിർഗമനം ഉണ്ടായിരുന്നിട്ടും, 2016 മുതൽ കേരളം അഭൂതപൂർവമായ കാലാവസ്ഥാ, പരിസ്ഥിതി സംബന്ധമായ ആഘാതങ്ങൾ നേരിട്ടു. ഓഖി ചുഴലിക്കാറ്റ് (2017) 2018 ലെയും 2019 ലെയും വെള്ളപ്പൊക്കവും മണ്ണിടിച്ചിലും, കനത്ത മഴ, വരൾച്ച, തീരദേശ മണ്ണൊലിപ്പ്, നിപ്പ പോലുള്ള രോഗങ്ങൾ പൊട്ടിപ്പുറപ്പെടൽ, കോവിഡ്-19 മഹാമാരി എന്നിവ അടിസ്ഥാനസൌകര്യങ്ങൾ, ഉപജീവനമാർഗങ്ങൾ, ആവാസവ്യവസ്ഥകൾ എന്നിവയിൽ അസാധാരണമായ സമ്മർദ്ദം ചെലുത്തി. അടിയന്തര ആശ്വാസത്തിനും ദീർഘകാല പുനരധിവാസത്തിനും ഊന്നൽ നൽകിക്കൊണ്ട് മേൽത്തട്ടിൽ നിന്നുള്ള കൃത്യമായ ഏകോപനത്തോടെ വികേന്ദ്രീകൃതവും പങ്കാളിത്തപരവുമായ ഭരണനിർവഹണ ഏകോപനമാണ് സംസ്ഥാനത്തെ ദുരന്തനിവാരണത്തിന്റെ പ്രധാന ശക്തി. വ്യക്തമായ രാഷ്ട്രീയ നേതൃത്വത്തിന്റെയും വേഗത്തിലുള്ള വിഭവ സമാഹരണത്തിന്റെയും പിന്തുണയോടെ പ്രാദേശിക സർക്കാരുകൾ, കമ്മ്യൂണിറ്റി ശൃംഖലകൾ, സന്നദ്ധപ്രവർത്തകർ, സിവിൽ സൊസൈറ്റി എന്നിവ ദുരിതാശ്വാസ, പുനരധിവാസ ശ്രമങ്ങൾക്ക് പിന്തുണ നൽകി.

മനുഷ്യ-മൃഗ സംഘർഷത്തിന്റെ തീവ്രതയാണ് ഒരു സവിശേഷ പാരിസ്ഥിതിക വെല്ലുവിളി. സർക്കാരിന്റെ ഇക്കാര്യത്തിലുള്ള ഇടപെടൽ അപകടസാധ്യത കുറയ്ക്കുന്നതും ദീർഘകാല പാരിസ്ഥിതിക മാനേജ്മെന്റും സംയോജിപ്പിക്കുന്നതാണ്. ദ്രുത പ്രതികരണ സേനകൾ പ്രതിവർഷം 20,000 ഓളം വന്യജീവി രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കൂടാതെ സൌരോർജ്ജ വേലി, ഫോറസ്റ്റ് എമർജൻസി ഓപ്പറേഷൻ സെന്ററുകൾ, 2019 മുതൽ പാമ്പുകളുടെ ആക്രമണത്തിൽ നിന്നും 50,000 ലധികം രക്ഷാപ്രവർത്തനങ്ങൾ നടത്താൻ പ്രാപ്തമാക്കിയ എസ്എആർപിഎ (SARPA) പോലുള്ള കമ്മ്യൂണിറ്റി അധിഷ്ഠിത സംരംഭങ്ങൾ എന്നിവയും കൈകാര്യം ചെയ്യുന്നു. ഇവയിലൂടെ മരണങ്ങളും നഷ്ടങ്ങളും കുറച്ചിട്ടുണ്ട്. സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ പരിഹാരങ്ങൾക്ക് പുറമെ പന്ത്രണ്ട് പ്രധാന സംഘർഷ മേഖലകളിലുടനീളമുള്ള ലാൻഡ്സ്കേപ്പ്-ലെവൽ പ്ലാനിംഗ്, ആവാസ വ്യവസ്ഥ പുനഃസ്ഥാപിക്കൽ, പുനരധിവാസ പിന്തുണയോടെ സ്വമേധയാ ഉള്ള താമസംമാറ്റം എന്നീ പ്രവർത്തനങ്ങളും പൂരകമായി നടപ്പാക്കുന്നുണ്ട്.

2019 ൽ ആരംഭിച്ച റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ. കെ. ഐ) വഴി ദീർഘകാല പ്രതിരോധശേഷി സ്ഥാപനവൽക്കരിക്കപ്പെട്ടു. 2025 ജൂലൈ ആയപ്പോഴേക്കും

115 പ്രൊജക്ടുകളിലായി 8,773.5 കോടി രൂപ അനുവദിച്ചു, ഇതിൽ 62 ശതമാനവും ഇതിനകം ചെലവഴിച്ചു. അന്താരാഷ്ട്ര ധനസഹായം 600 ദശലക്ഷം അമേരിക്കൻ ഡോളറിലധികമാണ്. ശാസ്ത്രീയമായി അപകടസാധ്യത വിലയിരുത്തലുകൾ, നദീതടത്തെ അടിസ്ഥാനമാക്കിയുള്ള ആസൂത്രണം, പ്രതിരോധശേഷിയുള്ള അടിസ്ഥാന സൌകര്യങ്ങൾ, മുൻകൂട്ടിയുള്ള മുന്നറിയിപ്പ് സംവിധാനങ്ങൾ എന്നിവ കേരളത്തിന്റെ മുൻകൂട്ടി കാണാനുള്ള ശേഷി ഗണ്യമായി മെച്ചപ്പെടുത്തി.

2016ൽ ആരംഭിച്ച ഹരിതകേരളം മിഷൻ വഴി പരിസ്ഥിതി പ്രവർത്തനങ്ങൾ ദൈനംദിന പുരോഗതിയെ സഹായിച്ചിട്ടുണ്ട്. ഈ മിഷൻ 97,000 കിലോമീറ്ററിലധികം അരുവികളുടെ പുനരുജ്ജീവനവും 30,000 ത്തോളം കുളങ്ങളുടെ പുനരുദ്ധാരണവും 25,000 ത്തോളം പുതിയ കുളങ്ങളുടെ നിർമ്മാണവും 73,000 ലധികം കിണറുകളുടെ റീചാർജും 82,000 ലധികം താൽക്കാലിക ചെക്ക് ഡാമുകളുടെ നിർമ്മാണവും സാധ്യമാക്കി. ഖരമാലിന്യ സംസ്കരണത്തിൽ, ദൈനംദിന സംസ്കരണ ശേഷി 2016-17 ലെ 7,350 ടണ്ണിൽ നിന്ന് 2025-26 ഓടെ 10,000 ടണ്ണായി ഉയർന്നു, അതേസമയംതന്നെ ഉറവിട സംസ്കരണം 94 ശതമാനമായി ഉയർന്നു. സ്ത്രീകളുടെ നേതൃത്വത്തിലുള്ള ഹരിത കർമ്മ സേന 2017 ലെ 5,000 അംഗങ്ങളിൽ നിന്ന് 2025 ഓടെ 38,000 അംഗങ്ങളായി വളരുകയും പരിസ്ഥിതി പരിപാലനം ഉപജീവനമാർഗവുമായി ബന്ധിപ്പിക്കുകയും ചെയ്തു.

**മനുഷ്യ വിഭവശേഷി വികസനം**

**വിദ്യാഭ്യാസം**

2016 മുതൽ, കേരളത്തിലെ സ്കൂൾ, ഉന്നതവിദ്യാഭ്യാസ മേഖലകൾ പരക്കെ അംഗീകരിക്കപ്പെട്ട പരിവർത്തനത്തിന് വിധേയമായിട്ടുണ്ട്. ഇത് ഒരു വിജ്ഞാന സമ്പദ് വ്യവസ്ഥയായി ഉയർന്നുവരാനുള്ള സംസ്ഥാനത്തിന്റെ ലക്ഷ്യത്തെ പ്രതിഫലിപ്പിക്കുന്നു. സ്കൂൾ വിദ്യാഭ്യാസത്തിൽ, നവകേരളം കർമ്മപദ്ധതിയുടെ കീഴിലുള്ള പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ സർക്കാർ നടത്തിയ സ്കൂൾ സംവിധാനത്തിന്റെ പുനരുജ്ജീവനം ശ്രദ്ധേയമാണ്. വിദ്യാകിരണം മിഷനു കീഴിൽ, സ്കൂൾ അടിസ്ഥാന സൌകര്യങ്ങളിൽ വലിയ തോതിലുള്ള നിക്ഷേപം, അധ്യാപകരുടെ പ്രൊഫഷണൽ വികസനം, പാഠ്യ പദ്ധതി പുതുക്കൽ, ഐടി അധിഷ്ഠിത വിദ്യാഭ്യാസം, എല്ലാവരുടെയും ഉൾക്കൊള്ളൽ ലക്ഷ്യമിട്ടുള്ള ഇടപെടലുകൾ എന്നിവ പഠന അന്തരീക്ഷവും ഫലങ്ങളും ഗണ്യമായി മെച്ചപ്പെടുത്തി. 'യുഡിഐഎസ്ഇ പ്ലസ് 2024-25' റിപ്പോർട്ട് അനുസരിച്ച്, പ്രാഥമിക, അപ്പർ പ്രൈമറി, സെക്കൻഡറി, ഹയർ സെക്കൻഡറി തലങ്ങളിൽ കേരളത്തിന്റെ മൊത്തം പ്രവേശനാനുപാതം ദേശീയ ശരാശരിയേക്കാൾ കൂടുതലാണ്. അതേസമയം സെക്കൻഡറി വിദ്യാഭ്യാസം വരെയുള്ള എല്ലാ വിഭാഗങ്ങളിലും ഏറ്റവും കുറഞ്ഞ ലിംഗവ്യത്യാസങ്ങളോടെയുള്ള നിലനിർത്തൽ നിരക്ക് (retention rate) 95 ശതമാനത്തിന് മുകളിലാണ്. സംസ്ഥാനം പ്രാഥമിക, മിഡിൽ സ്കൂൾ തലങ്ങളിൽ കൊഴിഞ്ഞുപോക്ക് പൂർണ്ണമായും ഇല്ലാതാക്കി, കേരളത്തിലെ പട്ടികജാതി, പട്ടികവർഗ വിദ്യാർത്ഥികൾക്കിടയിലെ കൊഴിഞ്ഞുപോക്ക് നിരക്ക് ഇന്ത്യയിലെ ഏറ്റവും താഴ്ന്ന നിരക്കുകളിൽ ഒന്നാണ്. നീതി ആയോഗിന്റെ 'സ്കൂൾ വിദ്യാഭ്യാസ ഗുണനിലവാര സൂചിക'യിൽ കേരളം സ്ഥിരമായി ഒന്നാം സ്ഥാനത്തെത്തിയതും വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ 'പെർഫോമൻസ് ഗ്രേഡ് സൂചിക'യിൽ ഏറ്റവും ഉയർന്ന വിഭാഗത്തിൽ ഇടം നേടിയതും 'പരഖ് രാഷ്ട്രീയ സർവേക്ഷൻ 2024' ൽ മെച്ചപ്പെട്ട സ്ഥാനം നേടി രണ്ടാമതെത്തിയതും സംസ്ഥാനത്തിന്റെ നേട്ടങ്ങൾ വ്യക്തമാക്കുന്നു. സ്കൂൾ വിദ്യാഭ്യാസത്തിൽ, 8-12 ക്ലാസുകളുടേ കാര്യത്തിൽ എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും സാങ്കേതികവിദ്യാധിഷ്ഠിത ക്ലാസ് മുറികളും പ്രൈമറി, അപ്പർ പ്രൈമറി സ്കൂളുകളിൽ ഡിജിറ്റൽ ലാബുകളും ഉള്ള ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിച്ചു.

ഉന്നത, സാങ്കേതിക വിദ്യാഭ്യാസ രംഗത്ത്, പാഠ്യപദ്ധതി രൂപകൽപ്പന, ഭരണനിർവ ഹണം, സ്ഥാപന ഘടനകൾ എന്നിവയിൽ സർക്കാർ വിപുലമായ പരിഷ്കാരങ്ങൾക്ക് തുടക്കമിട്ടു. കാമ്പസുകൾ ആധുനികവൽക്കരിക്കുക, ഫാക്കൽറ്റി വികസനം ശക്തിപ്പെടുത്തുക, ഗവേഷണ-നൂതനാശയ വികസന ശേഷി വിപുലീകരിക്കുക എന്നിവയ്ക്കായി ഗണ്യമായ തോതിൽ സാമ്പത്തിക സഹായം നൽകി. ഓരോ യുവാക്കൾക്കും ഉന്നത വിദ്യാഭ്യാസത്തിനായി ഏറ്റവും കൂടുതൽ ചെലവഴിക്കുന്ന സംസ്ഥാനങ്ങളിലൊന്നായി കേരളം നിലനിൽക്കുന്നു. ഉന്നത വിദ്യാഭ്യാസത്തിലെ പരിഷ്കാരങ്ങൾ, സർവകലാ ശാലകളിലെയും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും പരീക്ഷകളിലെ പരിഷ്കാരങ്ങൾ, സംസ്ഥാന സർവകലാശാല നിയമ പരിഷ്കാരങ്ങൾ എന്നിവയ്ക്കായി ദീർഘകാല പരിഷ്ക്കാരങ്ങൾ നിർദ്ദേശിക്കുന്നതിനായി വിദഗ്ധരുടെ മൂന്ന് കമ്മീഷനുകൾ രൂപീകരിച്ചു. ഈ പരിശ്രമങ്ങൾ, കേരളത്തിലെ പൊതു സർവകലാശാലകളും കോളേജുകളും എൻ. ഐ.ആർ.എഫ്.ഇന്ത്യ റാങ്കിംഗ് 2025 ൽ ശ്രദ്ധേയമായ നേട്ടങ്ങൾ രേഖപ്പെടുത്തിക്കൊണ്ടും രാജ്യത്തെ ഉയർന്ന റാങ്കുള്ള സർവകലാശാലകളിലും കോളേജുകളിലും ഉൾപ്പെടുന്ന പട്ടികയിലെ സ്ഥാപനങ്ങളുടെ എണ്ണം വർദ്ധിച്ചുകൊണ്ടും മെച്ചപ്പെട്ട ദേശീയ റാങ്കിംഗിൽ പ്രതിഫലിക്കുന്നു. ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെയും ഇന്ത്യയിലെ ആദ്യത്തെ ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെയും സ്ഥാപനം, ഒന്നിലധികം പുതിയ മികവിന്റെ കേന്ദ്രങ്ങൾ, വലിയ തോതിലുള്ള നൈപുണ്യത്തിനും തൊഴിൽ ലഭ്യതയ്ക്കുമുള്ള വിജ്ഞാന കേരളം പോലുള്ള സംരംഭങ്ങൾ എന്നിവ എല്ലാവിധത്തിലും സജ്ജവും ഉയർന്ന നിലവാരമുള്ളതും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ ഉന്നത വിദ്യാഭ്യാസ മേഖലയിലേക്കുള്ള കേരളത്തിന്റെ പരിവർത്തനത്തെ സൂചിപ്പിക്കുന്നു.

**ആരോഗ്യം**

വളർന്നുവരുന്ന ജനസംഖ്യാപരവും പകർച്ചവ്യാധിപരവും വ്യവസ്ഥാപിതവുമായ വെല്ലുവിളി കളെ അഭിസംബോധന ചെയ്യുമ്പോൾ തന്നെ, സംസ്ഥാനത്തിന്റെ ചരിത്രപരമായ നേട്ടങ്ങളെ അടിസ്ഥാനമാക്കിയുള്ള അവകാശാധിഷ്ഠിതവും ജനകേന്ദ്രീകൃതവുമായ തന്ത്രത്തിലൂടെ കേരളത്തിന്റെ മെഡിക്കൽ, പൊതുജനാരോഗ്യ മേഖല സമഗ്രമായി ശക്തിപ്പെടുത്തി. പതിമൂന്ന്, പതിനാല് പഞ്ചവത്സര പദ്ധതികളിലെ നയസമീപനത്തിന് അനുസൃതമായി, പുനരുജ്ജീവിപ്പിച്ച

പൊതുജനാരോഗ്യ സംവിധാനത്തിലൂടെ ഉയർന്ന നിലവാരമുള്ള പ്രതിരോധ, രോഗശമന, പാലിയേറ്റീവ് പരിചരണങ്ങൾക്കുള്ള ലഭ്യത വിപുലീകരിക്കുന്നതിൽ പൊതു നയം ശ്രദ്ധ കേന്ദ്രീകരിച്ചു. ഇതിലൂടെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ ജനസൌഹൃദ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിക്കൊണ്ടും, ദ്വിതീയ, തൃതീയ ആശുപത്രികൾ നവീകരിച്ചു കൊണ്ടും, സേവന സമയം വിപുലീകരിച്ചുകൊണ്ടും, സംസ്ഥാന, ദേശീയ അക്രഡിറ്റേഷൻ ചട്ടക്കൂടുകളിലൂടെ ഗുണനിലവാരം ഉൾച്ചേർത്തുകൊണ്ടും ആർദ്രം മിഷൻ ഈ പരിവർത്തനത്തിന്റെ മൂലക്കല്ലായി മാറി. ആരോഗ്യ വകുപ്പുകളിലുടനീളം 10,000 ലധികം അധിക തസ്തികകൾ സൃഷ്ടിച്ച് മാനവ വിഭവശേഷിയുടെ ഗണ്യമായ വിപുലീകരണവും ആശുപത്രി കിടക്കകളുടെ എണ്ണത്തിൽ വർധനവും സർക്കാർ മേഖലയ്ക്കുള്ളിൽ മെച്ചപ്പെട്ട ഡോക്ടർ-കിടക്ക അനുപാതവും ഈ പരിഷ്കാരങ്ങളെ പിന്തുണച്ചു. അതിന്റെ ഫലമായി സർക്കാർ ആശുപത്രികളിലെ സൌകര്യങ്ങളുടെ വിനിയോഗം വർദ്ധിച്ചു. വർദ്ധിച്ചുവരുന്ന സാംക്രമികേതര രോഗങ്ങളെ (എൻ.സി.ഡികൾ) നിയന്ത്രിക്കുന്നതിനുള്ള നടപടികൾ ഈ കാലഘട്ടത്തിന്റെ സവിശേഷതയാണ്. ശക്തിപ്പെടുത്തിയ രോഗനിർണയ ഡിജിറ്റൽ ഹെൽത്ത് പ്ലാറ്റ്ഫോം വഴി, പ്രമേഹം, രക്താതിമർദ്ദം, കാൻസർ, സ്ട്രോക്ക്, വിട്ടുമാറാത്ത ശ്വാസകോശ രോഗങ്ങൾ, മാനസികാരോഗ്യ അവസ്ഥകൾ, വയോജനങ്ങൾ-പാലിയേറ്റീവ് കെയർ എന്നിവയ്ക്കു് സംസ്ഥാന വ്യാപകമായി സ്ക്രീനിംഗ്, നേരത്തെയുള്ള കണ്ടെത്തൽ, തുടർ പരിചരണ പരിപാടികൾ എന്നിവ പതിവ് സേവനങ്ങളുമായി സംയോജിപ്പിച്ചിട്ടുണ്ട്. ഒന്നിലധികം ഇൻഷുറൻസ് പദ്ധതികളെ സംയോജിപ്പിച്ച് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (കെ.എ.എസ്.പി) അഷ്വറൻസ് മാതൃകയിൽ നടപ്പാക്കിയതിലൂടെ 42 ലക്ഷത്തിലധികം കുടുംബങ്ങൾക്ക് 5 ലക്ഷം രൂപ വരെ പണരഹിത പരിരക്ഷ വാഗ്ദാനം ചെയ്യുന്നു. ഈ പദ്ധതി സ്വന്തം കൈയ്യിൽ നിന്നുള്ള ചെലവ് ഗണ്യമായി കുറയ്ക്കാൻ ഗുണഭോക്താക്കളെ സഹായിക്കുന്നു. ജന്തുജന്യരോഗങ്ങളുടെയും പുതുതായിവരുന്ന രോഗങ്ങളുടെയും അവയുടെ കാരണ ഘടകങ്ങളുടെയും നിരീക്ഷണം സുഗമമാക്കുന്നതിനാണ് 'വൺ ഹെൽത്ത്' സംരംഭം ആരംഭിച്ചത്.

മേല്പറഞ്ഞ വ്യവസ്ഥാപരമായ ഇടപെടലുകൾ പ്രധാന ആരോഗ്യ സൂചകങ്ങളിൽ തുടർച്ചയായി മികച്ച ഫലങ്ങൾ ലഭിക്കാനിടയാക്കി. ആയുർദൈർഘ്യം, കുറഞ്ഞ ശിശുമരണനിരക്ക്, കുറഞ്ഞ മാതൃമരണനിരക്ക്, മൊത്തത്തിലുള്ള ജനസംഖ്യാ ആരോഗ്യ ഫലങ്ങൾ എന്നിവയിൽ കേരളം ദേശീയതലത്തിൽ മുന്നിട്ടുനിൽക്കുന്നു. നീതി ആയോഗിന്റെ സുസ്ഥിര വികസന ലക്ഷ്യങ്ങളിലെ ആരോഗ്യ സൂചികയിൽ വലിയ സംസ്ഥാനങ്ങൾക്കിടയിൽ, കേരളം ഒന്നാം സ്ഥാനത്താണ്. ആരോഗ്യ ഇൻഷുറൻസ് നടപ്പാക്കുന്നതിൽ മികവ് പുലർത്തിയതിന് 'ആരോഗ്യ മന്ഥൻ അവാർഡും' സാംക്രമികേതര രോഗ നിയന്ത്രണത്തിൽ നേതൃത്വം നൽകിയതിന് ഐക്യരാഷ്ട്രസഭയുടെ 'ഇന്റർ ഏജൻസി ടാസ്ക് ഫോഴ്സ് അവാർഡും' ഉൾപ്പെടെ നിരവധി ദേശീയ അന്തർദേശീയ അംഗീകാരങ്ങൾ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. അടിസ്ഥാന സൌകര്യങ്ങൾ ശക്തിപ്പെടുത്തൽ, ജീവനക്കാരുടെ എണ്ണം വർധിപ്പിക്കൽ, രോഗ നിയന്ത്രണം, സാമ്പത്തിക സുരക്ഷ, ശക്തമായ ഭരണനിർവഹണം എന്നിവ കേരളത്തെ നീതിപൂർവ്വകവും ആധുനികവുമായ പൊതു ജനാരോഗ്യത്തിന്റെ ദേശീയ മാതൃകയായി സ്ഥാപിച്ചു.

### വനിതാ – ശിശുക്ഷേമം

സ്ത്രീകളുടെയും കുട്ടികളുടെയും വികസനത്തോടുള്ള സംസ്ഥാനത്തിന്റെ സമീപനം സാമൂഹിക സുരക്ഷ, മാനവ ശേഷി വികസനം, സാമ്പത്തിക ശാക്തീകരണം, സ്ഥാപനപരമായ ഉത്തരവാദിത്തം എന്നിവയെ സംയോജിപ്പിക്കുന്നതാണ്. ജൻഡർ ബജറ്റിംഗ്, വികേന്ദ്രീകൃതാസൂത്രണം, എല്ലാവരെയും ഉൾക്കൊള്ളുന്ന ഭരണനിർവഹണം എന്നിവയോടുള്ള ദീർഘകാലപ്രതിബദ്ധതകൾ വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹിക സൂചകങ്ങളിലുടനീളം സ്ഥിരമായി മികച്ച ഫലങ്ങളിലേക്ക് നയിച്ചിട്ടുണ്ട്. കുറഞ്ഞ ശിശുമരണനിരക്ക്, കുറഞ്ഞ മാതൃമരണ നിരക്ക്, ലിംഗാനുപാതം, ആശുപത്രി പ്രസവങ്ങൾ എന്നിവയിൽ ദേശീയതലത്തിൽ മുൻപന്തിയിൽ നിൽക്കുന്നു. അതോടൊപ്പം കേരളത്തിലെ സ്ത്രീകൾ സാർവത്രിക സാക്ഷരത, ഉയർന്ന വിദ്യാഭ്യാസ യോഗ്യത, രാജ്യത്തെ ഏറ്റവും ഉയർന്ന ആയുർ ദൈർഘ്യം എന്നിവയും കൈവരിച്ചിട്ടുണ്ട്. വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, പോഷകാഹാരം, സാമൂഹിക സുരക്ഷ എന്നിവയിലെ സുസ്ഥിരമായ നിക്ഷേപങ്ങളെ ഈ ഫലങ്ങൾ പ്രതിഫലിപ്പിക്കുന്നു. കൂടാതെ സ്ത്രീകളുടെ കൂട്ടായ ശാക്തീകരണം, ഉപജീവനമാർഗ്ഗം, പ്രാദേശിക സാമ്പത്തിക വികസനം എന്നിവയ്ക്കായി ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ട മാതൃകയായി ഉയർന്നുവന്ന കുടുംബശ്രീ പോലുള്ള മുൻനിര സ്ഥാപന നവീകരണങ്ങളും ഇതിന് അനുബന്ധമായി പ്രവർത്തിക്കുന്നു. പ്രത്യേക വനിതാ-ശിശു വികസന വകുപ്പിന്റെ രൂപീകരണം, പദ്ധതി വിഹിതത്തിന്റെ അഞ്ചിലൊന്ന് വരുന്ന ജൻഡർ ബജറ്റിംഗിന്റെ ചിട്ടയായ വിപുലീകരണം, സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം, സംരംഭകത്വം, സുരക്ഷ, വായ്പാ ലഭ്യത എന്നിവ വർദ്ധിപ്പിക്കുന്നതിനുള്ള ഇടപെടലുകൾ തുടങ്ങിയവ സാമൂഹിക-സാമ്പത്തിക മേഖലകളിലുടനീളമുള്ള സ്ത്രീകളുടെ കരുത്തിനെ ശക്തിപ്പെടുത്തി.

കേരളത്തിലെ ശിശു വികസന, സംരക്ഷണ നയം കുട്ടികളുടെ അവകാശങ്ങൾ സംബന്ധിച്ച യുഎൻ കൺവെൻഷന്റെ തത്വങ്ങളാൽ നയിക്കപ്പെടുന്നു. ദേശീയ ശരാശരിയുമായി താരതമ്യപ്പെടുത്തുമ്പോൾ കുറഞ്ഞ ശിശു മരണനിരക്ക്, ഉയർന്ന രോഗപ്രതിരോധ പരിരക്ഷ, അനുകൂലമായ ലിംഗാനുപാതം, വളർച്ച മുരടിക്കൽ, ഭാരക്കുറവ്, കുട്ടിക്കാലത്തെ വിളർച്ച എന്നിവ ഗണ്യമായി കുറവായതിനാൽ കേരളത്തിലെ കുട്ടികളുടെ നിലവാരം ഇന്ത്യയിൽ ഏറ്റവും മികച്ചതാണ്. 33,000 ലധികം അങ്കണവാടി കേന്ദ്രങ്ങളുടെ വിപുലമായ ഐ.സി.ഡി.എസ് ശൃംഖലയിലൂടെയാണ് കുട്ടിക്കാലത്തെ പരിചരണം നൽകുന്നത്. മുട്ടയും പാലും ദിവസേന നൽകൽ, ആദ്യ 1,000 ദിവസത്തെ പരിപാടി, ജന്മനായുള്ളതും വികസനപരവുമായ അവസ്ഥകൾക്കായി നവജാത ശിശുക്കളുടെ സാർവത്രിക പരിശോധന തുടങ്ങിയ മികച്ച സമ്പ്രദായങ്ങൾ ഇതിന് പൂരകമാണ്. സ്കൂൾ തലങ്ങളിൽ പോഷകാഹാര പിന്തുണ തുടരുന്നു, ഏകദേശം 25 ലക്ഷം കുട്ടികൾക്ക് ഉച്ചഭക്ഷണ പരിപാടിയിൽ നിന്ന് പ്രയോജനം ലഭിക്കുന്നു. സ്കൂൾ ആരോഗ്യ, ക്ഷേമ പരിപാ

ടികൾ, വൈകല്യ പരിശോധന സംരംഭങ്ങൾ, നേരത്തെയുള്ള ഇടപെടൽ കേന്ദ്രങ്ങൾ എന്നിവ രോഗാവസ്ഥ നേരത്തെ കണ്ടെത്തുന്നതും പരിചരണത്തിന്റെ തുടർച്ചയും ഉറപ്പാക്കുന്നു. ശിശുക്ഷേമ സമിതികൾ, ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകൾ, വളർത്തൽ പരിചരണവും ദത്തെടുക്കൽ സേവനങ്ങളും, ശിശുസൌഹൃദ പോലീസ് സ്റ്റേഷനുകൾ, ചൈൽഡ് ലൈൻ 1098, അതിവേഗ പോക്സോ കോടതികൾ എന്നിവ ഉൾപ്പെടുന്ന ശിശു സംരക്ഷണ സംവിധാനം പ്രതിരോധം, സമയബന്ധിതമായ ഇടപെടൽ, പുനരധിവാസം എന്നിവ ഉറപ്പാക്കുന്നു. ബാലസഭകൾ, ജാഗ്രതാ സമിതികൾ, പ്രാദേശിക സർക്കാരുകൾ തുടങ്ങിയ സമൂഹാധിഷ്ഠിത സ്ഥാപനങ്ങൾ കുട്ടികളുടെ അവകാശങ്ങൾ അടിത്തട്ടിലുള്ള ജനാധിപത്യത്തിൽ ഉൾച്ചേർക്കുന്നു.

**സാമൂഹിക നീതി**

എല്ലാവരേയും ഉൾക്കൊള്ളുന്ന നിയമനിർമ്മാണം, പ്രത്യേക ലക്ഷ്യത്തോടെയുള്ള പരിപാടികൾ, വികേന്ദ്രീകൃത സേവന വിതരണം എന്നിവയിലൂടെ വരുമാന സുരക്ഷ, അന്തസ്സ്, ലഭ്യത, പങ്കാളിത്തം എന്നിവ ഉറപ്പാക്കി കേരളത്തിന്റെ സാമൂഹിക നീതി ചട്ടക്കൂട് ഘടനാപരമായ പോരായ്മകളെ പരിഹരിക്കുന്നു. കേരളത്തിന്റെ സാമൂഹ്യനീതി അജണ്ടയുടെ നെടുംതൂൺ ഭിന്നശേഷിക്കാരുടെ ശാക്തീകരണമാണ്; അതിനെ നയിക്കുന്നതാകട്ടെ, ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ സംബന്ധിച്ച യുഎൻ കൺവെൻഷനും 2016-ലെ ഭിന്നശേഷിക്കാരുടെ അവകാശസംരക്ഷണ നിയമവുമാണ്. ക്ഷേമത്തിൽ നിന്ന് ശേഷി അടിസ്ഥാനമാക്കിയുള്ള ഉൾപ്പെടുത്തലിലേക്കുള്ള മാറ്റം വിപുലീകരിച്ച ഭിന്നശേഷി പെൻഷനുകളിലും പരിചരണ അലവൻസുകളിലും പ്രതിഫലിക്കുന്നു. കൂടാതെ ആദ്യകാല ഇടപെടൽ, സാങ്കേതികവിദ്യാധിഷ്ഠിത സഹായ ഉപകരണങ്ങൾ, ഉൾക്കൊള്ളുന്ന വിദ്യാഭ്യാസം, ഉപജീവനമാർഗ്ഗം എന്നിവയിലെ നിക്ഷേപങ്ങളും ഇതിൽ ഉൾപ്പെടുന്നു. പൊതു കെട്ടിടങ്ങളിലും സ്ഥലങ്ങളിലും പ്രവേശനം സുഗമമാക്കുന്നതിന്, തടസ്സങ്ങളില്ലാത്ത ഭൗതിക, ഡിജിറ്റൽ അന്തരീക്ഷങ്ങൾ സൃഷ്ടിക്കുന്നതിലും തുല്യ ഊന്നൽ നൽകിയിട്ടുണ്ട്. ഈ ശ്രമങ്ങൾക്ക് ഭിന്നശേഷിക്കാരുടെ ശാക്തീകരണത്തിനുള്ള മികച്ച സംസ്ഥാന അവാർഡ് ഉൾപ്പെടെ ദേശീയ അംഗീകാരം ലഭിച്ചു.

കേരളത്തിലെ വയോജനങ്ങളിൽ നാലിൽ മൂന്ന് പേരും പെൻഷൻ പദ്ധതികളുടെ പരിധിയിൽ വരുന്നവരാണ്. പ്രായമായവർക്ക് അനുകൂലവും തടസ്സരഹിതവുമായ ആരോഗ്യ, സാമൂഹിക അടിസ്ഥാന സൌകര്യങ്ങൾ പെൻഷൻ സുരക്ഷയെ പൂർണമാക്കുന്നു. വയോ മിത്രം, സായംപ്രഭ, സ്മൃതിപഥത്തിലൂടെ ഡിമെൻഷ്യ പരിചരണം, വീടിനെ അടിസ്ഥാനമാക്കിയുള്ള പാലിയേറ്റീവ് കെയർ, കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിക്ക് കീഴിലുള്ള പണരഹിതചികിത്സ തുടങ്ങിയ പദ്ധതികൾ ആരോഗ്യം, പരിചരണം, സാമൂഹിക പങ്കാളിത്തം എന്നിവ അഭിസംബോധന ചെയ്യുന്നു. പ്രാദേശിക സർക്കാരുകൾ നിർണായക സേവന വിതരണ യൂണിറ്റുകളായി പ്രവർത്തിക്കുന്നു, കൂടാതെ അവരുടെ വികസന ഫണ്ടിന്റെ 5 ശതമാനം വയോജനങ്ങളുടെ ക്ഷേമത്തിനായി നീക്കിവയ്ക്കാൻ അനുമതിയുണ്ട്. കേരള സംസ്ഥാന വയോജന കമ്മീഷൻ നിയമ സംരക്ഷണവും ഉത്തരവാദിത്തവും കൂടുതൽ ശക്തിപ്പെടുത്തുന്നു.

സമഗ്രമായ ട്രാൻസ്ജെൻഡർ നയം അംഗീകരിച്ച ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനം എന്ന നിലയിൽ, കേരള സർക്കാർ, സ്വയം തിരിച്ചറിയൽ, വിവേചന രാഹിത്യം, വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, പാർപ്പിടം, തൊഴിൽ, സാമൂഹിക സുരക്ഷ എന്നിവ സ്ഥാപനവൽക്കരിച്ചു. ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡുകൾ, മഴവില്ലു പദ്ധതി, ലിംഗഭേദം സ്ഥിരീകരിക്കുന്ന ആരോഗ്യ പരിരക്ഷയ്ക്കുള്ള പിന്തുണ, വിദ്യാഭ്യാസ, ഭവന സഹായം, സ്വയംതൊഴിൽ വായ്പകൾ, എംഎസ്എംഇ പ്രമോഷൻ, സെൻസിറ്റൈസേഷൻ പ്രോഗ്രാമുകളിലൂടെ അക്രമം തടയുന്നതിനുള്ള ശ്രമങ്ങൾ, 24/7 ഹെൽപ്പ് ലൈൻ, പ്രതിസന്ധി പിന്തുണ, പൊതുഅവബോധ പ്രചാരണങ്ങൾ എന്നിവയുൾപ്പെടെ നിരവധി ഉദ്യമങ്ങൾ കേരളത്തിലെ ട്രാൻസ്ജെൻഡർ ജനതയുടെ സമത്വവും അന്തസ്സും ഉറപ്പാക്കുന്നതിന് നടപ്പിലാക്കുന്നു.

**പട്ടികജാതി, പട്ടികവർഗ്ഗ വികസനം**

പട്ടികജാതി, പട്ടികവർഗ വികസനത്തോടുള്ള കേരളത്തിന്റെ സമീപനം സമത്വത്തിന്റെയും സാമൂഹിക നീതിയുടെയും ഭരണഘടനാപരമായ ഉറപ്പുകളിൽ അധിഷ്ഠിതമാണ്. അത് വിദ്യാഭ്യാസം, തൊഴിൽ, ഉപജീവനമാർഗം, പാർപ്പിടം, സാമൂഹിക സുരക്ഷ തുടങ്ങിയ മേഖലകളിലെ സാമ്പത്തിക മുൻഗണനയും, ഫലത്തെ അടിസ്ഥാനമാക്കിയുള്ള പൊതുനയ ഇടപെടലുകളും ശക്തിപ്പെടുത്തുന്നു. പട്ടികജാതി ഉപപദ്ധതിക്കും പട്ടിക വർഗ്ഗ ഉപപദ്ധതിക്കും കീഴിലുള്ള വിഹിതം പട്ടികജാതി പട്ടികവർഗ ജനസംഖ്യയുടെ അനുപാതത്തേക്കാൾ സ്ഥിരമായി കൂടുതലാണ് എന്നത് സംസ്ഥാനത്തിന്റെ ആസൂത്രണ ചട്ടക്കൂടിന്റെ ഒരു നിർണായക സവിശേഷതയാണ്.

സാമൂഹിക ചലനാത്മകതയുടെ പ്രാഥമിക ചാലകശക്തിയായി വിദ്യാഭ്യാസത്തെയാണ് പ്രതിഷ്ഠിച്ചിരിക്കുന്നത്. പ്രീ, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ, റെസിഡൻഷ്യൽ സ്കൂളുകൾ, ഹോസ്റ്റലുകൾ, പഠന മുറികൾ, സൌജന്യ പഠന സാമഗ്രികൾ, ഡിജിറ്റൽ സൌകര്യങ്ങൾ, മത്സരപരീക്ഷകൾക്കുള്ള പരിശീലനം എന്നിവയിലൂടെ കേരളം വിദ്യാഭ്യാസരംഗത്ത് തുടർസഹായം നൽകുന്നു. പ്രൊഫഷണൽ, ബിരുദാനന്തരം, വിദേശ വിദ്യാഭ്യാസം എന്നിവയെ ലക്ഷ്യമാക്കിയുള്ള സഹായം മെഡിസിൻ, എഞ്ചിനീയറിംഗ്, നിയമം, മറ്റ് ഉയർന്ന നൈപുണ്യ മേഖലകൾ എന്നിവയിൽ പട്ടികജാതി, പട്ടികവർഗ വിദ്യാർത്ഥികളുടെ പ്രാതിനിധ്യം വിപുലീകരിച്ചു. സർക്കാർ നിയമനങ്ങളിലെ നിയമപരമായ സംവരണവും തൊഴിൽ-വിപണി ഇടപെടലുകളും സംയോജിപ്പിക്കുന്നതാണ് തൊഴിൽ, ഉപജീവന തന്ത്രങ്ങൾ. പബ്ലിക് സർവീസുകളിലെ നിയമനത്തിന് പുറമേ നൈപുണ്യ വികസനം, അപ്രന്റിസ്ഷിപ്പുകൾ, സംരംഭകത്വ പിന്തുണ, മെച്ചപ്പെട്ട വേതനം ലഭിക്കുന്ന തൊഴിൽ എന്നിവയും നൽകുന്നു. കേരള ട്രൈബൽ പ്ലസ് പട്ടികവർഗ കുടുംബങ്ങൾക്ക് ദേശീയ മാനദണ്ഡങ്ങൾക്കപ്പുറം തൊഴിലുറപ്പ് ദിനങ്ങൾ നീട്ടിനൽകുന്നു. സ്വയംതൊഴിൽ, സഹകരണ സംഘങ്ങൾ, വനാധിഷ്ഠിത ഉപജീവനമാർഗങ്ങൾ എന്നിവയ്ക്കുള്ള പിന്തുണയും, വരുമാന സുരക്ഷയെ ശക്തിപ്പെടുത്തി.

സാമൂഹിക സുരക്ഷാ പെൻഷനുകൾ, ആരോഗ്യ സുരക്ഷ, വായ്പ എന്നിവയുടെ ലഭ്യത ഈ നേട്ടങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുന്നു.

ഭൂമി വിതരണം, ലൈഫ് മിഷനു കീഴിലുള്ള പാർപ്പിടം, അധിവാസ വികസനം, അതിക്രമങ്ങൾ തടയൽ ചട്ടക്കൂടിനു കീഴിലുള്ള നിയമപരമായ സുരക്ഷ എന്നിവയ്ക്കൊപ്പം, ഭരണ ഘടനാപരമായ ലക്ഷ്യം എങ്ങനെ സുസ്ഥിരമായ സാമൂഹി കവും സാമ്പത്തികവുമായ നേട്ടങ്ങളിലേക്ക് പരിവർത്തനം ചെയ്യാമെന്ന് കേരളത്തിലെ പട്ടികജാതി-പട്ടികവർഗ വികസന മാതൃക കാണിച്ചുതരുന്നു.

**ഭക്ഷ്യസുരക്ഷ, പോഷകാഹാരം, കുടിവെള്ളം**

ഭക്ഷ്യസുരക്ഷ, പോഷകാഹാരം, അടിസ്ഥാന സേവനങ്ങൾ എന്നിവയോടുള്ള കേരളത്തിന്റെ സമീപനം സാർവത്രിക ലഭ്യത, വിലസ്ഥിരത, ശക്തമായ പൊതുവിത രണം എന്നിവ സമന്വയിപ്പിച്ച് ദീർഘകാല ആരോഗ്യ ഫലങ്ങൾ മെച്ചപ്പെടുത്തുന്നതിനൊപ്പം കുടുംബങ്ങളെ ദുർബലതയിൽ നിന്ന് സംരക്ഷിക്കുക എന്നത് കൂടിയാണ്. മുൻഗണനാ, മുൻഗണനേതര വിഭാഗങ്ങൾ ഉൾപ്പെടെ ഏകദേശം 95 ലക്ഷം റേഷൻ കാർഡുടമകളുള്ള പൊതുവിതരണ സംവിധാനം സാർവത്രിക സുരക്ഷാ വലയമായി പ്രവർത്തിക്കുന്നു. സബ്സിഡിയുള്ള ധാന്യങ്ങൾക്കുപുറമേ, അവശ്യവസ്തുക്കളിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനും വിലയിലെ ചാഞ്ചാട്ടം നിയന്ത്രിക്കുന്നതിനും സംസ്ഥാനം സിവിൽ സപ്ലൈസ് ശൃംഖലയിലൂടെ വിപണികളിൽ സജീവമായി ഇടപെടുന്നു. ദേശീയ പ്രവണതകളുമായി താരതമ്യപ്പെടുത്തുമ്പോൾ ഭക്ഷ്യവിലക്കയറ്റം കുറയ്ക്കാൻ ഈ നടപടികൾ കേരളത്തെ സഹായിച്ചിട്ടുണ്ട്. വെള്ളപ്പൊക്കം, കോവിഡ്-19 മഹാമാരി തുടങ്ങിയ പ്രതിസന്ധികളിൽ, സൌജന്യ ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്തതിലൂടെ, അവശ്യ ഭക്ഷ്യവസ്തുക്കൾ തടസ്സമില്ലാതെ ഉറപ്പാക്കിക്കൊണ്ട് പൊതുവിതരണ സംവിധാനം (പി.ഡി.എസ്) അതിന്റെ കാര്യക്ഷമത പ്രകടിപ്പിച്ചു. ഇ-പിഒഎസ് ഉപകരണങ്ങൾ, ആധാർ സീഡിംഗ്, പോർട്ടബിലിറ്റി, ഓൺലൈൻ പരാതി പരിഹാരം എന്നിവയിലൂടെയുള്ള ഡിജിറ്റലൈസേഷൻ സുതാര്യത വർദ്ധിപ്പിച്ചു. അതേസമയം മൊബൈൽ റേഷൻ കടകളും വാതിൽപ്പടി വിതരണവും പട്ടിക വർഗ്ഗവർഗക്കാർക്കും തീരദേശവാസികൾക്കും ഉൾനാടുകളിൽ താമസിക്കുന്നവർക്കും അവശ്യസാധനങ്ങൾ എത്തിച്ചുകൊടുത്തു.

മേല്പറഞ്ഞ പ്രകാരമുള്ള വിതരണവും വില സ്ഥിരതാ സംവിധാനങ്ങളും ശക്തമായ പോഷകാഹാര ഫലങ്ങളിൽ പ്രതിഫലിക്കുന്നു. എസ്ഡിജി 2 (സീറോ ഹംഗർ) പ്രകാരം ഇന്ത്യൻ സംസ്ഥാനങ്ങളിൽ കേരളം സ്ഥിരമായി ഒന്നാം സ്ഥാനത്താണ്, കൂടാതെ പ്രധാന സംസ്ഥാനങ്ങൾക്കിടയിൽ ഏറ്റവും ഉയർന്ന പ്രതിശീർഷ പ്രോട്ടീൻ ഉപഭോഗവും രേഖപ്പെടുത്തുന്നു. ഐ.സി.ഡി.എസ്, ഉച്ചഭക്ഷണം, അങ്കണവാടി സപ്ലിമെന്റേഷൻ, ദുർബലരായ വിഭാഗങ്ങൾക്കുള്ള സമൂഹ അടുക്കളകൾ എന്നിവയിലൂടെയുള്ള അനുബന്ധ ഇടപെടലുകളും എടുത്തു പറയേണ്ടവയാണ്. ഇത്തരം ഇടപെടലുകൾ കാരണം വളർച്ചാ മുരടിപ്പ്, തൂക്കക്കുറവ്, ഭാരക്കുറവ് എന്നിങ്ങനെയുള്ള ശിശു പോഷകാഹാര സൂചകങ്ങളിൽ കേരളത്തിന്റെ നിരക്ക് ദേശീയ ശരാശരിയേക്കാൾ താരതമ്യേന കുറവാണ്.

കുടിവെള്ളത്തിലും ശുചിത്വത്തിലും ഉണ്ടായ പുരോഗതി പൊതുജനാരോഗ്യ നേട്ടങ്ങളെ ശക്തിപ്പെടുത്തി. ധാരാളം വെള്ളം ലഭ്യമാണെങ്കിലും, ജനസംഖ്യയുടെ ഗണ്യമായ ഭാഗത്തിനും കിണറുകളായിരുന്നു പ്രാഥമിക ജലസ്രോതസ്. സംസ്ഥാനത്ത് പൈപ്പ് വഴിയുള്ള ജലവിതരണം അതിവേഗം വർദ്ധിച്ചു. എൻ.എ.ബി.എൽ അംഗീകാരമുള്ള രാജ്യത്തെ ഏറ്റവും വിപുലമായ ജല ഗുണനിലവാര നിരീക്ഷണ ശൃംഖലകളിലൊന്നാണ് കേരളത്തിൽ സർക്കാർ സ്ഥാപിച്ചിരിക്കുന്നത്. മഴവെള്ള സംഭരണം, ഭൂഗർഭജല റീചാർജ്, വികേന്ദ്രീകൃത മലിനജല പരിപാലനം, മലിനജല വിപുലീകരണം എന്നിവയിലെ ഇടപെടലുകൾ സുസ്ഥിരതയും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കുന്നു.

**തൊഴിലാളികളുടെ അവകാശങ്ങൾ**

ശക്തമായ യൂണിയനുകൾ, തൊഴിലാളി സഹകരണ സംഘങ്ങൾ, ക്ഷേമനിധി ബോർഡുകൾ, പെൻഷൻ പദ്ധതികൾ, സ്ത്രീകൾക്കും ദുർബലരായ വിഭാഗങ്ങൾക്കുമുള്ള ജോലി സ്ഥലത്തെ വിവേചനരഹിത നടപടികൾ, കുടിയേറ്റ അവകാശ സംരക്ഷണം എന്നിവയിലൂടെ തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ കേരളം മുൻപന്തിയിലാണ്. സംസ്ഥാനത്തിന്റെ അസാധാരണ മാനവ വികസന അടിത്തറ തൊഴിൽ വിപണികളിൽ സുസ്ഥിരമായ പുരോഗതി കൈവരിക്കുന്നതിനും, തൊഴിൽ ശക്തിയുടെ ഗുണനിലവാരം, കുടിയേറ്റ സംയോജനം, ആഗോള പ്രവാസികളുമായുള്ള ഇടപെടൽ എന്നിവയ്ക്കും, ജനസംഖ്യാപരവും ഘടനാപരവുമായ വെല്ലുവിളികളെ എല്ലാവരെയും ഉൾക്കൊള്ളുന്ന തരത്തിലേക്ക് മാറ്റുന്നതിനും ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ജനസംഖ്യാ ഘടനയിൽ പ്രായവുമായി ബന്ധപ്പെട്ട മാറ്റങ്ങൾ സംസ്ഥാനം അഭിമുഖീകരിക്കുന്നുണ്ടെങ്കിലും, തൊഴിൽ ശക്തിയിലെ പങ്കാളിത്തം കുത്തനെ വർദ്ധിച്ചിട്ടുണ്ട്. 2017-18 നും 2023-24 നും ഇടയിൽ, കേരളത്തിന്റെ തൊഴിൽ ശക്തി പങ്കാളിത്ത നിരക്ക് ഏകദേശം 10 ശതമാനം പോയിന്റ് വർദ്ധിച്ചു. ഇതിനുകാരണം പ്രധാനമായും സ്ത്രീകളാണ്; ഗ്രാമീണ സ്ത്രീ പങ്കാളിത്തം മാത്രം ഏതാണ്ട് 26 ശതമാനത്തിൽ നിന്ന് 44 ശതമാനത്തിലധികം ഉയർന്നു. ദേശീയ ശരാശരിയേക്കാൾ സ്ഥിരം ജോലിയുടെ ഉയർന്ന പങ്കാളിത്തം, കുറഞ്ഞ താൽക്കാലികജോലിവൽക്കരണം, ഇന്ത്യയിലെ ഏറ്റവും ഉയർന്ന വേതന നിലവാരം എന്നിവയോടൊപ്പം തൊഴിൽ നിലവാരവും മെച്ചപ്പെട്ടു. സാമ്പത്തിക വളർച്ചയിൽ സംസ്ഥാനത്തിന്റെ വിശാലമായ പരിഗണനയും ASAP, KASE പോലുള്ള നൈപുണ്യ സംരംഭങ്ങൾ, ഐടിഐകൾ, പോളിടെക്നിക്കുകൾ പോലുള്ള സാങ്കേതിക സ്ഥാപനങ്ങൾ, കേരള നോളജ് ഇക്കോണമി മിഷൻ, സംരംഭക വർഷ പരിപാടി പോലുള്ള തൊഴിൽ സംരംഭങ്ങൾ, അതുപോലെ, എംജിഎൻആർഇജിഎസ്, അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി എന്നിവയിലൂടെയുള്ള വേതന ജോലികൾ തുടങ്ങിയ ലക്ഷ്യമിട്ട പരിപാടികളുടെ ഫലമാണ് ഈ നേട്ടങ്ങൾ.

ആവാസ് ഇൻഷുറൻസ് പദ്ധതി, അപ്നാ ഘർ ഭവന സൌകര്യങ്ങൾ, ചങ്ങാതി പോലുള്ള ഭാഷ, സാക്ഷരതാ പരിപാടികൾ, കോവിഡ്-19 മഹാമാരി കാലത്തെ മികച്ച പ്രതിസന്ധി പരിപാലനം തുടങ്ങിയ അവകാശാധിഷ്ഠിത നടപടികളിലൂടെ അതിഥി തൊഴിലാളികളെ പിന്തുണയ്ക്കുകയും

അവരുടെ ക്ഷേമത്തിൽ താൽപ്പര്യം എടുത്തുകൊണ്ട് കേരളം ദേശീയതലത്തിൽ തന്നെ മാതൃകയായി ഉയർന്നു വരികയും ചെയ്തു. ഇതേപോലെതന്നെ സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയുടെയും സാമൂഹിക പരിവർത്തനത്തിന്റെയും കേന്ദ്രമായി തുടരുന്ന, പ്രവാസി കേരളീയരുമായുള്ള സംസ്ഥാനത്തിന്റെ ഘടനാപരമായ ഇടപെടലും പ്രാധാന്യമുള്ളതാണ്.

സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ മൂന്നിലൊന്നിലധികം സ്ഥിരമായി പ്രവാസികളുടെ പണമയയ്ക്കൽ (remittances) വഴി ലഭിക്കുന്നതാകയാൽ, കേരളം നോർക്ക (NORKA) വഴി പ്രവാസി കേരളീയരുടെ ക്ഷേമവും നിക്ഷേപ പിന്തുണയും സ്ഥാപനവൽക്കരിച്ചു. ഇതിൽ ക്ഷേമനിധികൾ, പെൻഷൻ, ഇൻഷുറൻസ് പദ്ധതികൾ, നിയമ സഹായം, പ്രതിസന്ധി ഘട്ടങ്ങളിൽ നാട്ടിൽ തിരിച്ചുവരാനുള്ള സഹായം, കൂടാതെ, മടങ്ങിയെത്തുന്ന പ്രവാസികൾക്കുള്ള നൈപുണ്യ പരിശീലനം, സംരംഭകത്വ സഹായം, പുനരധിവാസ പാക്കേജുകൾ എന്നിവ ഉൾപ്പെടുന്നു. പ്രവാസി സമ്പാദ്യ- നിക്ഷേപ ഫെസിലിറ്റേഷൻ സരംഭ പദ്ധതികളിലൂടെ പ്രവാസികളുടെ സമ്പാദ്യത്തെ ഉൽപ്പാദന മേഖലകളിലേക്ക് തിരിച്ചുവിടാൻ ശ്രമിച്ചിട്ടുണ്ട്. അതേസമയം മഹാമാരിയുടെയും വിദേശരാജ്യത്തെ രാഷ്ട്രീയ പ്രതിസന്ധികളുടെയും സമയത്ത് നൽകിയ സമർപ്പിത പിന്തുണ വിദേശത്തുള്ള കുടിയേറ്റക്കാരുടെ ക്ഷേമത്തിനും നാട്ടിലെ പുനരേകീകരണത്തിനുമുള്ള സംസ്ഥാനത്തിന്റെ പ്രതിബദ്ധതയ്ക്ക് ഊന്നൽ നൽകി.

തൊഴിൽ രംഗത്തെ പുരോഗമനപരമായ നിയമനിർമ്മാണം, തൊഴിലാളി ക്ഷേമനിധി ബോർഡുകൾ പോലുള്ള ശക്തമായ ക്ഷേമസ്ഥാപനങ്ങൾ, വേതന സംരക്ഷണ സംവിധാനം പോലുള്ള സമർപ്പിത നിർവഹണസംവിധാനങ്ങൾ എന്നിവ കേരളത്തിലെ തൊഴിലാളികളുടെ വരുമാന സുരക്ഷയും ജോലിയുടെ അന്തസ്സും ശക്തിപ്പെടുത്തി.

### കല, സംസ്കാരം, കായികം, യുവജനകാര്യം

സംസ്ഥാന സർക്കാർ കല, സംസ്കാരം, കായികം, യുവജന വികസന ആവാസ വ്യവസ്ഥകൾ എന്നിവ ഗണ്യമായി ശക്തിപ്പെടുത്തി. പൊതുനിക്ഷേപം കുത്തനെ ഉയർത്തി. 2026-27 ലെ വാർഷിക പദ്ധതിയിൽ സംസ്കാരം, മ്യൂസിയങ്ങൾ, പുരാവസ്തു, പുരാരേഖ എന്നിവയ്ക്കുള്ള വിഹിതം 30 ശതമാനമാണ് വർദ്ധിപ്പിച്ചത്. ഇത് പുരോഗമന മൂല്യങ്ങളെ പിന്തുണയ്ക്കുമ്പോൾ തന്നെ പൈതൃകം സംരക്ഷിക്കുന്നതിനുള്ള പ്രതിബദ്ധതയെയും പ്രതിഫലിപ്പിക്കുന്നു. അന്താരാഷ്ട്ര തലത്തിൽ അംഗീകരിക്കപ്പെട്ട കേരള അന്താരാഷ്ട്ര ചലച്ചിത്രോത്സവം പോലുള്ള വേദികൾ വിപുലീകരിക്കുകയും ആഗോളതലത്തിൽ വ്യാപിപ്പിക്കുകയും ചെയ്തു. അതോടൊപ്പം പുരാരേഖ, മ്യൂസിയങ്ങൾ എന്നിവയുടെ അടിസ്ഥാന സൌകര്യങ്ങൾ മെച്ചപ്പെടുത്തിയത് ഉൾപ്പെടെ പ്രധാന സ്ഥാപന പരിഷ്കാരങ്ങൾ സംസ്ഥാനത്തുടനീളം നടത്തുകയും ചെയ്തു. 45 കലാരൂപങ്ങളിലെ 1,000 യുവ കലാകാരന്മാരെ പിന്തുണയ്ക്കുന്ന 'വജ്ര ജൂബിലി ഫെലോഷിപ്പ്', സംസ്കാരത്തിൽ ലിംഗ സമത്വം പ്രോത്സാഹിപ്പിക്കുന്ന 'സമം' പോലുള്ള സ്ത്രീകളുടെ നേതൃത്വത്തിലുള്ള സംരംഭങ്ങൾ, കോവിഡ്-19 സമയത്ത് 60,000 കലാകാരന്മാരിലേക്ക് എത്തിച്ച വലിയതോതിലുള്ള ആശ്വാസനടപടികൾ തുടങ്ങിയ നൂതന പദ്ധതികൾക്കൊപ്പം കലാകാരന്മാരുടെ ഉപജീവന സുരക്ഷയ്ക്കും മുൻഗണന നൽകിയിരുന്നു. കായികരംഗത്തും യുവജനകാര്യങ്ങളിലും കേരളം പരിവർത്തനപരമായ മുന്നേറ്റം നടത്തി. പുതിയ ജില്ലാ സ്റ്റേഡിയങ്ങൾ, സിന്തറ്റിക് ട്രാക്കുകൾ, അക്കാദമികൾ, ഭിന്നശേഷിക്കാർക്കായുള്ള ഇന്ത്യയിലെ ആദ്യത്തെ സ്റ്റേഡിയം എന്നിവയുൾപ്പെടെ അടിസ്ഥാന സൌകര്യങ്ങൾക്കായി 3,500 കോടി രൂപയുടെ പിന്തുണയോടെ 2016-17 നും 2026-27 നും ഇടയിൽ സ്പോർട്സിനായുള്ള പദ്ധതി വിഹിതം ഏകദേശം 160 ശതമാനം വർധിപ്പിച്ചു. "എല്ലാവർക്കും സ്പോർട്സ്", സംയോജിത ഉൾച്ചേർക്കൽ, വികേന്ദ്രീകരണം, കായിക സമ്പദ് വ്യവസ്ഥയുടെ വികസനം എന്നീ തത്വങ്ങളെ അടിസ്ഥാനമാക്കിയുള്ള കേരള സ്പോർട്സ് നയം 2023 ആവിഷ്കരിച്ചു. 'അന്താരാഷ്ട്ര കായിക ഉച്ചകോടി കേരള 2024' ലൂടെ 5,000 കോടി രൂപയിൽ കൂടുതൽ നിക്ഷേപ പ്രതിബദ്ധത ഉറപ്പാക്കി. ഒരു പഞ്ചായത്ത് ഒരു കളിക്കളം, ഗോൾ, സ്പ്രിന്റ്, ഹെൽത്തി കിഡ്സ് തുടങ്ങിയ താഴെത്തട്ടിലുള്ള പരിപാടികൾ പങ്കാളിത്തം വർദ്ധിപ്പിച്ചു, അതേസമയം സ്ത്രീകളെയും തീരദേശ സമൂഹങ്ങളെയും പാർശ്വവൽക്കരിക്കപ്പെട്ട യുവാക്കളെയും ലക്ഷ്യമിട്ട സംരംഭങ്ങളും ആരംഭിച്ചു. ഉൾച്ചേർക്കൽ, തൊഴിൽ, ആഗോള അംഗീകാരം, ദീർഘകാല സാമൂഹിക പുരോഗതി എന്നിവയുടെ മാർഗ്ഗങ്ങളായി സംസ്കാരം, കായികം, യുവജന കാര്യം എന്നിവയെ കേരളം എങ്ങനെ പ്രയോജനപ്പെടുത്തിയെന്ന് ഈ ഇടപെടലുകൾ തെളിയിക്കുന്നു.

പൊതുനിക്ഷേപങ്ങൾ വിപുലീകരിക്കുന്നതിനും ആഴത്തിലാക്കുന്നതിനും കേരള സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഒരാളെയും വിട്ടുകളയില്ലെന്ന പ്രതിബദ്ധത നിലനിർത്തി ക്കൊണ്ടുതന്നെയായിരിക്കും ഇത് ചെയ്യുന്നത്. '2026-ലെ കേരള വികസന റിപ്പോർട്ട്', 2016 മുതൽ 2026 വരെയുള്ള കാലയളവിന് പ്രത്യേക ഊന്നൽ നൽകി സംസ്ഥാന വികസനത്തിന്റെ ഒരു വിവരണവും വിശകലനവും നൽകുന്നു. ഇത് സമ്പദ് വ്യവസ്ഥയുടെയും സമൂഹത്തിന്റെയും വിവിധ മേഖലകളുടെയും വികസനത്തിനുള്ള കാഴ്ചപ്പാടുകളും അവതരിപ്പിക്കുന്നു. ഇതിന്റെ രചയിതാക്കളുടെ ലക്ഷ്യം എന്നത്, സംവാദങ്ങളെ പ്രോത്സാഹിപ്പിക്കുക, സംസ്ഥാനത്തെ ജനങ്ങൾക്കായുള്ള ആസൂത്രണത്തിന്റെയും വികസനത്തിന്റെയും പ്രക്രിയകളിൽ കൂടുതൽ സംഭാവന നൽകുക എന്നിവയാണ്.

## അധ്യായം 2

# സാമ്പത്തിക വളർച്ചയ്ക്കും മെച്ചപ്പെട്ട സാമ്പത്തിക പ്രവർത്തനത്തിനുമുള്ള വിഭവസമാഹരണം

കഴിഞ്ഞ പത്ത് വർഷമായി, സാമ്പത്തിക വളർച്ച ഉറപ്പാക്കാനും സാമൂഹിക പ്രതിബദ്ധതകൾ നിറവേറ്റാനും പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താനും ലക്ഷ്യമിട്ടുള്ള ധനനയമാണ് കേരള സർക്കാർ സ്വീകരിച്ചു വരുന്നത്. സംസ്ഥാന സമ്പദ് വ്യവസ്ഥയ്ക്കുമേൽ കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ സാമ്പത്തിക നിയന്ത്രണങ്ങൾക്കിടയിലും, ജനക്ഷേമത്തിനായി നിക്ഷേപം നടത്തിയും എല്ലാ മേഖലകളിലും വരുമാനദായകമായ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിച്ചും 'നവകേരളം' കെട്ടിപ്പടുക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

2016-ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി (LDF) സർക്കാർ അധികാരമേറ്റപ്പോൾ, അധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്കും പാവപ്പെട്ടവർക്കും സാമൂഹികമായി പിന്നാക്കം നിൽക്കുന്നവർക്കും വേണ്ടിയുള്ള സാമൂഹിക സുരക്ഷാ ഉറപ്പാക്കലുകൾക്ക് മുൻഗണന നൽകുമെന്ന് ആവർത്തിച്ചു പ്രഖ്യാപിച്ചു. ഉൽപ്പാദനം, അടിസ്ഥാന സൗകര്യ വികസനം, വരുമാനദായക സേവനങ്ങൾ തുടങ്ങിയ മേഖലകളിൽ മെച്ചപ്പെട്ട സാമ്പത്തിക വളർച്ച കൈവരിക്കുന്നതിന്, കേരളം നേരത്തെ തന്നെ നേടിയെടുത്ത മാനവ വികസനത്തിലെ ചരിത്രപരമായ നേട്ടങ്ങളെ ഒരു അടിത്തറയായി (springboard) ഉപയോഗിക്കാൻ സർക്കാർ തീരുമാനിച്ചു. ക്ഷേമ പ്രവർത്തനങ്ങളും ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിലെ പൊതുസ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതും തുടരുന്നതോടൊപ്പം തന്നെ, നിക്ഷേപവും മൂലധനച്ചെലവും വർദ്ധിപ്പിക്കുക എന്നതായിരുന്നു പ്രധാന വെല്ലുവിളി. സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിലും ചെലവുകളിലും നേരിട്ട നിയന്ത്രണങ്ങൾക്കും, കുറഞ്ഞുവരുന്ന സാമ്പത്തിക സ്വയംഭരണാധികാരത്തിനും (Fiscal Autonomy) ഇടയിലാണ് ഈ ലക്ഷ്യങ്ങൾ സർക്കാർ നടപ്പിലാക്കാൻ ശ്രമിച്ചത്.

സാമ്പത്തിക വികസനത്തിന് മാർഗനിർദ്ദേശം നൽകുന്നതിനായി പഞ്ചവത്സര പദ്ധതികളും വാർഷിക പദ്ധതികളും ഇപ്പോഴും തുടരുന്ന ഇന്ത്യയിലെ ഏക സംസ്ഥാനമാണ് കേരളം. കേന്ദ്ര-സംസ്ഥാന സാമ്പത്തിക ബന്ധങ്ങളിലെ അസമത്വങ്ങൾ സൃഷ്ടിക്കുന്ന വെല്ലുവിളികളെ നേരിടുന്നതിനായുള്ള ഒരു പ്രധാന ആയുധമായാണ് സാമ്പത്തിക ആസൂത്രണത്തെ (Economic Planning) കേരളം വിനിയോഗിക്കുന്നത്.

കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ കേരളം നിരവധി സാമ്പത്തിക ആഘാതങ്ങളെയാണ് അഭിമുഖീകരിച്ചത്. വരൾച്ച, ഓഖി ചുഴലിക്കാറ്റ്, 2018-ലും 2019-ലും തുടർച്ചയായുണ്ടായ അതിശക്തമായ പ്രളയങ്ങൾ എന്നിവ ഇതിൽ പ്രധാനമാണ്. പ്രത്യേകിച്ച് 2018-ലെ പ്രളയം സംസ്ഥാനത്തെ 14 ജില്ലകളിൽ 13-നെയും ബാധിക്കുകയും, ആകെ ജനസംഖ്യയുടെ ആറിലൊന്ന് വരുന്ന ഏകദേശം 54 ലക്ഷം ആളുകളെ ദുരിതത്തിലാഴ്ത്തുകയും ചെയ്തു. കൂടാതെ, നിപ്പ വൈറസ് ഭീതിയും കോവിഡ്-19 മഹാമാരിയുടെ ആഘാതങ്ങളും പൊതുജനാരോഗ്യ രംഗത്ത് വലിയ വെല്ലുവിളികൾ ഉയർത്തി. സാമ്പത്തിക രംഗമെടുത്താൽ, 2016-ലെ നോട്ടുനിരോധനം ഏൽപ്പിച്ച ആഘാതങ്ങളും ജി.എസ്.ടി (GST) നടപ്പിലാക്കിയതിലെ അസമത്വങ്ങളും ഇടയ്ക്കിടെയുണ്ടായ ഭരണപരമായ പ്രതിസന്ധികളും സംസ്ഥാനത്തിന് വലിയ തിരിച്ചടിയായി.

ഈ വെല്ലുവിളികൾക്കിടയിലും കേരള സർക്കാർ, തങ്ങളുടെ വാഗ്ദാനങ്ങൾ നടപ്പിലാക്കുന്നതിൽ കാര്യമായ പുരോഗതി കൈവരിച്ചു.

### പ്രധാന സാമ്പത്തിക സൂചികകൾ

റവന്യൂ സമാഹരണം, ചെലവ് നിയന്ത്രണം, മൂലധനച്ചെലവ് എന്നിവയിലെ പ്രവണതകളും, കേന്ദ്ര വിഹിതത്തിലുണ്ടാകുന്ന കുറവുമാണ് കേരളത്തിന്റെ സാമ്പത്തികാവസ്ഥയെ മനസ്സിലാക്കുന്നതിനുള്ള പശ്ചാത്തലം. പ്രകൃതിക്ഷോഭങ്ങളും മഹാമാരിയും സൃഷ്ടിച്ച തടസ്സങ്ങളിൽ നിന്നുള്ള ക്രമാനുഗതമായ തിരിച്ചുവരവും, ഒപ്പം സ്വന്തം വരുമാനം വർദ്ധിപ്പിക്കാനും ചെലവുകൾ കാര്യക്ഷമമാക്കാനുമുള്ള നിരന്തര പരിശ്രമങ്ങളുമാണ് കഴിഞ്ഞ ദശകത്തിലെ സംസ്ഥാനത്തിന്റെ സാമ്പത്തിക ഗതിയിൽ പ്രതിഫലിക്കുന്നത്.

നികുതി ഭരണസംവിധാനത്തിലെ പരിഷ്കാരങ്ങൾ, ജി.എസ്.ടി (GST) ചട്ടക്കൂടിനുള്ളിലെ മാറ്റങ്ങൾ, നികുതി പിരിവ് കൃത്യമാക്കൽ എന്നിവയുടെ ഫലമായി സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ (SOTR) വലിയ വർദ്ധനവുണ്ടായി. 2015-16 കാലയളവിൽ 38,995 കോടി രൂപയായിരുന്ന വരുമാനം, 2025-26 (RE) ആയപ്പോഴേക്കും 83,731 കോടി രൂപയായി ഉയർന്നു. റവന്യൂ സ്വയംപര്യാപ്തതയിൽ സംസ്ഥാനം മികച്ച പുരോഗതി രേഖപ്പെടുത്തിയിട്ടുണ്ട്. 2023-24 കാലയളവിൽ റവന്യൂ ചെലവിന്റെ ഏകദേശം 64 ശതമാനവും, 2024-25ൽ 60 ശതമാനവും തനത് വരുമാനത്തിലൂടെ കണ്ടെത്താൻ കേരളത്തിന് സാധിച്ചു. മറ്റു സംസ്ഥാനങ്ങളുടെ ശരാശരി കണക്കുകളുമായി (2023-24ൽ 56 ശതമാനം, 2024-25 പുതുക്കിയ കണക്കനുസരിച്ച് 55 ശതമാനം) താരതമ്യം ചെയ്യുമ്പോൾ കേരളത്തിന്റെ ഈ നേട്ടം ഏറെ മുന്നിലാണ്[1].

പൊതുസേവനങ്ങളുടെ വിപുലീകരണവും തുടർച്ചയായുണ്ടായ പ്രതിസന്ധികളോടുള്ള ധനപരമായ പ്രതികരണവും കാരണം സംസ്ഥാനത്തിന്റെ ആകെ ചെലവിൽ വലിയ വർദ്ധനവുണ്ടായി. 2015-16 കാലയളവിൽ 87,032 കോടി രൂപയായിരുന്ന ആകെ ചെലവ് 2024-25 ആയപ്പോഴേക്കും 1,73,808 കോടി രൂപയായി ഉയർന്നു.

---

1 സംസ്ഥാന ധനകാര്യം : ബജറ്റുകളെക്കുറിച്ചുള്ള പഠനം : റിസർവ് ബാങ്ക് ഓഫ് ഇന്ത്യ

**പട്ടിക 2.1:** *പ്രധാന ധനകാര്യ സൂചികകൾ, കേരളം, 2015-16 മുതൽ 2023-24 വരെ (രൂപ കോടിയിൽ)*

| ഇനം | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 |
|---|---|---|---|---|---|---|---|---|---|
| റവന്യൂ വരുമാനം | 69,033 | 75,612 | 83,020 | 92,854 | 90,225 | 97,617 | 1,16,640 | 1,32,725 | 1,24,486 |
| സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം (SOTR) | 38,995 | 42,176 | 46,460 | 50,644 | 50,323 | 47,661 | 58,341 | 71,968 | 74,329 |
| വളർച്ച നിരക്ക് (ശതമാനത്തിൽ) | 10.68 | 8.16 | 10.16 | 9.01 | -0.63 | -5.29 | 22.41 | 23.36 | 3.28 |
| സംസ്ഥാനത്തിന്റെ തനത് നികുതിയിതര വരുമാനം | 8,426 | 9,700 | 11,200 | 11,783 | 12,265 | 7,327 | 10,463 | 15,118 | 16,346 |
| വളർച്ച നിരക്ക് (ശതമാനത്തിൽ) | 15.68 | 15.12 | 15.46 | 5.21 | 4.09 | -40.26 | 42.80 | 44.49 | 8.12 |
| സംസ്ഥാനത്തിന്റെ തനത് വരുമാനം (SOR) | 47,421 | 51,876 | 57,660 | 62,427 | 62,588 | 54,988 | 68,804 | 87,086 | 90,675 |
| വളർച്ച നിരക്ക് (ശതമാനത്തിൽ) | 11.53 | 9.39 | 11.15 | 8.27 | 0.26 | -12.14 | 25.13 | 26.57 | 4.12 |
| കേന്ദ്ര സർക്കാർ വിഹിതം | 21,612 | 23,735 | 25,361 | 30,427 | 27,636 | 42,629 | 47,837 | 45,639 | 33,811 |
| വളർച്ച നിരക്ക് (ശതമാനത്തിൽ) | 40.03 | 9.82 | 6.85 | 19.98 | -9.17 | 54.25 | 12.22 | -4.59 | -25.92 |
| മൂലധന വരുമാനം | 17,965 | 26,763 | 27,221 | 27,242 | 24,068 | 41,171 | 46,498 | 26,490 | 35,113 |
| ആകെ വരുമാനം | 86,998 | 1,02,374 | 1,10,241 | 1,20,096 | 1,14,293 | 1,38,788 | 1,63,138 | 1,59,215 | 1,59,599 |
| റവന്യു ചെലവുകൾ | 78,689 | 91,096 | 99,948 | 1,10,316 | 1,04,720 | 1,23,446 | 1,46,180 | 1,41,951 | 1,42,626 |
| മൂലധന ചെലവുകൾ | 8,342 | 11,286 | 10,289 | 9,753 | 9,665 | 15,438 | 17,046 | 16,787 | 16,880 |
| ആകെ ചെലവുകൾ | 87,032 | 1,02,383 | 1,10,238 | 1,20,069 | 1,14,385 | 1,38,885 | 1,63,225 | 1,58,739 | 1,59,506 |
| റവന്യൂ മിച്ചം (+) / കമ്മി (-) | 9,657 | 15,485 | -16,928 | -17,462 | -14,495 | -20,064 | -20,800 | -9,226 | -18,140 |
| ധനക്കമ്മി | 17,818 | 26,448 | -26,837 | -26,958 | -23,837 | -35,204 | -37,306 | -25,555 | -34,258 |
| ജി.എസ്.ഡി.പി (വിപണി വിലയിൽ) | 5,61,994 | 6,34,886 | 7,01,588 | 7,88,286 | 8,12,935 | 7,71,724 | 9,24,465 | 10,38,734 | 11,35,372 |
| വളർച്ച നിരക്ക് (ശതമാനത്തിൽ) | 9.64 | 12.97 | 10.51 | 12.36 | 3.13 | -5.07 | 19.79 | 12.36 | 9.30 |
| ജി.എസ്.ഡി.പി ശതമാനകണക്കിലുള്ള ആർ.ഡി | 1.72 | 2.44 | -2.41 | -2.22 | -1.78 | -2.60 | -2.25 | -0.89 | -1.60 |
| ജി.എസ്.ഡി.പി ശതമാനകണക്കിലുള്ള എഫ്.ഡി | 3.17 | 4.17 | -3.83 | -3.42 | -2.93 | -4.56 | -4.04 | -2.46 | -3.02 |

*ഉറവിടം:* ധനകാര്യ വകുപ്പ്, കേരള സർക്കാർ

**പട്ടിക 2.2:** കടബാധ്യതയുടെ സൂചികകൾ, കേരളം, 2015-16 മുതൽ 2024-25 വരെ (രൂപ കോടിയിൽ)

| ഇനം | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022- 23 | 2023-24 | 2024-25 |
|---|---|---|---|---|---|---|---|---|---|---|
| റവന്യു വരുമാനം | 69,033 | 75,612 | 83,020 | 92,854 | 90,225 | 97,617 | 1,16,640 | 1,32,725 | 1,24,486 | 1,24,861 |
| കുടിശ്ശിക | 1,57,370 | 1,86,454 | 2,10,762 | 2,35,631 | 2,60,311 | 2,96,901 | 3,35,641 | 3,62,192 | 3,91,934 | 4,35,314 |
| കടത്തിന്റെ വളർച്ചാ നിരക്ക് | 16.19 | 18.48 | 13.04 | 11.80 | 10.47 | 14.06 | 13.05 | 7.91 | 8.21 | 11.07 |
| ജി എസ് ഡി പി (നിലവിലെ വില) | 56,1,994 | 6,34,886 | 7,01,588 | 7,88,286 | 8,12,935 | 7,71,724 | 9,24,465 | 10,38,734 | 11,35,372 | 12,48,533 |
| ജി എസ് ഡി പി യുടെ വളർച്ചാ നിരക്ക് (ശതമാനം) | 9.64 | 12.97 | 10.51 | 12.36 | 3.13 | -5.07 | 19.79 | 12.36 | 9.30 | 9.97 |
| കടബാധ്യത ജി.എസ്.ഡി .പി-യുടെ ശതമാനക്കണക്കിൽ | 28.00 | 29.37 | 30.04 | 29.89 | 32.02 | 38.47 | 36.31 | 34.87 | 34.52 | 34.87 |
| റവന്യൂ വരുമാനവും കടബാധ്യത യും തമ്മിലുള്ള അനുപാതം | 2.28 | 2.47 | 2.54 | 2.54 | 2.89 | 3.04 | 2.88 | 2.73 | 3.15 | 3.49 |
| പലിശ തിരിച്ചടവ് | 11,111 | 12,117 | 15,120 | 16,748 | 19,215 | 20,975 | 23,303 | 25,176 | 26,986 | 29,138 |
| റവന്യൂ വരുമാനത്തിന്റെ ശതമാന ക്കണക്കിലുള്ള പലിശ തിരിച്ചടവ് | 16.10 | 16.03 | 18.21 | 18.04 | 21.30 | 21.49 | 19.98 | 18.97 | 21.68 | 23.34 |
| ഫലപ്രദമായ പലിശ നിരക്ക് | 7.59 | 7 | 7 | 7.11 | 7.38 | 7.06 | 6.94 | 6.95 | 6.87 | 7 |
| ഡോമർ ഗ്യാപ്* | 2.05 | 5.97 | 3.51 | 5.25 | -4.25 | -12.13 | 12.85 | 5.41 | 2.43 | 2.97 |

*ഉറവിടം:* ധനകാര്യ വകുപ്പ്, കേരള സർക്കാർ

* ഡോമർ ഗ്യാപ്പ് (Domar Gap): സാമ്പത്തിക വളർച്ചാ നിരക്കും (Growth Rate) പൊതു കടത്തിന്മേലുള്ള പലിശ നിരക്കും (Interest Rate) തമ്മിലുള്ള വ്യത്യാസമാണ് ഡോമർ ഗ്യാപ്പ്. കട ബാധ്യതയുടെ സുസ്ഥിരത (Debt Sustainability) പരിശോധിക്കാനാണ് ഇത് പ്രധാനമായും ഉപയോഗിക്കുന്നത്.

**കടബാധ്യതയുടെ സുസ്ഥിരത :** കോവിഡ്-19 മഹാമാരിയുടെ കാലഘട്ടത്തിൽ (2020-21), (അന്താരാഷ്ട്ര തലത്തിലും ദേശീയ തലത്തിലും ഉണ്ടായതുപോലെ) കേരളത്തിന്റെ കടം-ജി.എസ്.ഡി.പി (Debt-to-GSDP) അനുപാതം അതിന്റെ പരമാവധിയിൽ (38.47 ശതമാനം) എത്തിയിരുന്നു. എന്നാൽ അതിനുശേഷം സാമ്പത്തിക വീണ്ടെടുപ്പ്, നികുതി വരുമാനത്തിലുണ്ടായ വർദ്ധനവ്, ചെലവ് നിയന്ത്രിക്കൽ എന്നിവയുടെ ഫലമായി ഈ അനുപാതം ക്രമമായി കുറയുകയും 2024-25-ൽ (താൽക്കാലിക കണക്ക്) 34.87 ശതമാനത്തിൽ എത്തുകയും ചെയ്തു. കേരളത്തിന്റെ കടബാധ്യതയുമായി ബന്ധപ്പെട്ട സൂചികകൾ കേന്ദ്ര സർക്കാർ സംസ്ഥാനങ്ങൾക്ക്നിശ്ചയിച്ചിട്ടുള്ളമാനദണ്ഡങ്ങൾക്കുള്ളിൽ തന്നെയാണ് (പട്ടിക 2.2).

മേൽപ്പറഞ്ഞ കണക്കുകളും വിവരങ്ങളും വ്യക്തമാക്കുന്നത് കേരളത്തിലെ ധനപരമായ സമ്മർദ്ദം സാമ്പത്തിക അച്ചടക്കമില്ലായ്മയുടെ ഫലമല്ല, മറിച്ച്, കേരളത്തിന്റെ സാമ്പത്തിക പ്രതിസന്ധികൾക്ക് പ്രധാന കാരണം ഫെഡറൽ ധനകാര്യ ഘടനയിലെ പരിമിതികളും തടസ്സങ്ങളുമാണ്

**തനത് നികുതി വരുമാനത്തിലുള്ള വർദ്ധിച്ചുവരുന്ന ആശ്രിതത്വം:** കഴിഞ്ഞ ദശകത്തിലെ കേരളത്തിന്റെ സാമ്പത്തികഗതി സൂചിപ്പിക്കുന്നത്, സംസ്ഥാനം തനത് വരുമാനത്തിലേക്ക് (State Own Revenue) ക്രമാനുഗതവും എന്നാൽ നിശ്ചയദാർഢ്യത്തോടെയുമുള്ള ഒരു മാറ്റം നടത്തിയിട്ടുണ്ട് എന്നാണ്. മൊത്തം റവന്യൂ വരുമാനത്തിൽ തനത് വരുമാനത്തിന്റെ പങ്ക് സ്ഥിരമായി വർദ്ധിച്ചു. മെച്ചപ്പെട്ട നികുതി ഭരണം, ജി.എസ്.ടി (GST) വ്യവസ്ഥയ്ക്ക് കീഴിലുള്ള മികച്ച നികുതി പാലനം (Compliance), എക്സൈസ്, മോട്ടോർ വാഹന നികുതി, സ്റ്റാമ്പ് ഡ്യൂട്ടി തുടങ്ങിയ പ്രധാന സ്രോതസ്സുകളിലെ വളർച്ച എന്നിവയാണ് ഇതിൽ പ്രതിഫലിക്കുന്നത്. അതേസമയം, ഭരണപരമായ പരിഷ്കാരങ്ങളും കാര്യക്ഷമമായ പിരിച്ചെടുക്കലും വഴി നികുതിയിതര വരുമാന സമാഹരണവും മെച്ചപ്പെട്ടിട്ടുണ്ട്.

നേരെമറിച്ച്, ആകെ വരുമാനത്തിലെ കേന്ദ്ര വിഹിതത്തിന്റെ പങ്ക് (Central Transfers) തുടർച്ചയായി കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഫെഡറൽ സാമ്പത്തിക ഘടനയിലുണ്ടായ വലിയ മാറ്റങ്ങളും കേന്ദ്ര ധനകാര്യ കമ്മീഷന്റെ വിഭജന രീതിയിലുണ്ടായ മാറ്റങ്ങളുമാണ് ഇതിൽ പ്രതിഫലിക്കുന്നത്.

ധനകാര്യ മാനേജ്മെന്റിൽ (Fiscal Management) ശ്രദ്ധേയമായ പുരോഗതി കൈവരിച്ചിട്ടുണ്ടെങ്കിലും, വിഭവ സമാഹരണത്തിൽ വർദ്ധിച്ചുവരുന്ന വെല്ലുവിളികൾ കേരളം നേരിടുന്നുണ്ട്. ഇത് സംസ്ഥാനത്തിന്റെ വികസന പാതയെ കാര്യമായി ബാധിക്കുന്നു. സംസ്ഥാനങ്ങൾക്കുമേൽ ഏർപ്പെടുത്തിയിട്ടുള്ള സാമ്പത്തിക നിയന്ത്രണങ്ങൾ, വികസന-ക്ഷേമ പ്രവർത്തനങ്ങൾക്ക് ആനുപാതികമായി വേണ്ടത്ര അധിക വിഭവങ്ങൾ സമാഹരിക്കാനുള്ള സംസ്ഥാനത്തിന്റെ ശേഷിയെ പരിമിതപ്പെടുത്തുന്നു. കേന്ദ്ര വിഹിതത്തിന്റെ ഘടനയിലും പ്രവർത്തനത്തിലുമുള്ള പോരായ്മകൾ ഈ പ്രതിബന്ധങ്ങളെ കൂടുതൽ സങ്കീർണ്ണമാക്കുന്നു. ധന ഉത്തരവാദിത്ത ബജറ്റ് മാനേജ്മെന്റ് (FRBM) ചട്ടക്കൂടിന് കീഴിൽ ഏർപ്പെടുത്തിയിട്ടുള്ള കടമെടുപ്പ് പരിധികളും, ബജറ്റിന് പുറത്തുള്ള വായ്പകളെ (Off-budget borrowings) സംശയാസ്പദമായ രീതിയിൽ കണക്കാക്കുന്നതും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്വാതന്ത്ര്യത്തെ (Fiscal space) പരിമിതപ്പെടുത്തുകയും, ഇത് അടിസ്ഥാന സൗകര്യ വികസനത്തിനും സാമൂഹിക മേഖലയ്ക്കും വേണ്ടിയുള്ള ചെലവുകൾ കുറയ്ക്കാനും ഇടയാക്കി. ആകെ വരുമാനത്തിൽ കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതത്തിന്റെ പങ്ക് കുറഞ്ഞു. കൂടാതെ, കോവിഡ്-19 മഹാമാരിയുടെ കനത്ത ആഘാതത്തിൽ നിന്ന് സംസ്ഥാന ധനസ്ഥിതി കരകയറുന്നതിന് മുൻപ് തന്നെ, പതിനഞ്ചാം ധനകാര്യ കമ്മീഷന് കീഴിലുള്ള 'റവന്യൂ കമ്മി ഗ്രാന്റുകൾ' (Revenue Deficit Grants) നിർത്തലാക്കുകയും ചെയ്തു. കേന്ദ്രാവിഷ്കൃത പദ്ധതികൾ (Centrally Sponsored Schemes - CSS), ഓരോ സംസ്ഥാനത്തിന്റെയും വ്യത്യസ്തമായ ആവശ്യങ്ങൾ പരിഗണിക്കാതെ 'എല്ലാവർക്കും ഒരേ അളവ്' (One-size-fits-all) എന്ന സമീപനം അടിച്ചേൽപ്പിക്കുന്നതിലൂടെ സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്വയംഭരണാധികാരത്തെ (Fiscal autonomy) പരിമിതപ്പെടുത്തുന്നു. സംസ്ഥാനങ്ങളുടെ പ്രത്യേക മുൻഗണനകളെ അവഗണിച്ചു കൊണ്ടുള്ള കർക്കശവും അനുയോജ്യമല്ലാത്തതുമായ നിബന്ധനകൾ വയ്ക്കുന്നത് (പലപ്പോഴും കേന്ദ്രത്തിന്റെ ബ്രാൻഡിംഗ് നിർബന്ധമാക്കുന്നതും ഉൾപ്പെടെ), സഹകരണാത്മക ഫെഡറലിസത്തിന്റെ (Cooperative federalism) അന്തഃസത്തയ്ക്ക് വിരുദ്ധമാണ്. കൂടാതെ, പല സന്ദർഭങ്ങളിലും കേന്ദ്ര സർക്കാർ ഇത്തരം പദ്ധതികൾക്കുള്ള വിഹിതം തടഞ്ഞുവെക്കുന്ന സാഹചര്യവും ഉണ്ടായിട്ടുണ്ട്.

പ്രളയം, ഉരുൾപൊട്ടൽ, കടലാക്രമണം, അതിശക്തമായ മഴ, വരൾച്ച തുടങ്ങിയ കാലാവസ്ഥാ സംബന്ധമായ ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലേർപ്പെടുമ്പോൾ ദുരന്ത നിവാരണത്തിനായുള്ള സാമ്പത്തിക സഹായത്തിൽ (Disaster financing) ഗൗരവതരമായ അന്തരമുണ്ടെന്ന് വെളിപ്പെടുന്നു. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലേക്കുള്ള (State Disaster Risk Management Fund - SDRMF) കേന്ദ്ര സഹായവും ഫണ്ടും ഇപ്പോഴും അപര്യാപ്തമായി തുടരുകയാണ്.

**കേരളത്തിന്റെ നിശ്ചയിക്കപ്പെട്ട ചെലവുകൾ (Committed Expenditure)**

ശമ്പളം, പെൻഷൻ, പലിശ തിരിച്ചടവ് എന്നിവയെല്ലാം പൊതുസേവന വിതരണം, സാമൂഹിക സുരക്ഷ, കടം വീട്ടൽ എന്നിവയുമായി ബന്ധപ്പെട്ട ദീർഘകാല നയപരമായ പ്രതിബദ്ധതകളെയാണ് സൂചിപ്പിക്കുന്നത്. സംസ്ഥാനത്തിന്റെ വികസന ഗതിയ്ക്കും ഭരണഘടനാപരമായ ഉത്തരവാദിത്തങ്ങൾക്കും ഈ ബാധ്യതകൾ അത്യന്താപേക്ഷിതമാണ്. പൊതുസേവന വിതരണം, സാമൂഹിക സുരക്ഷ, കടം തിരിച്ചടവ് എന്നിവയുമായി ബന്ധപ്പെട്ട ദീർഘകാല നയപരമായ തീരുമാനങ്ങളാണ് ഈ ചെലവുകളിൽ പ്രതിഫലിക്കുന്നത്.

2015-16 മുതൽ 2026-27 (ബജറ്റ് എസ്റ്റിമേറ്റ്) വരെയുള്ള കാലയളവിൽ, പൊതുസേവനങ്ങളുടെ വിപുലീകരണം, ശമ്പള പരിഷ്കരണം, പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് എന്നിവയ്ക്ക് അനുസൃതമായി ശമ്പളത്തിനും പെൻഷനുമുള്ള ചെലവുകൾ

**പട്ടിക 2.3**: *ശമ്പളം, പെൻഷൻ, പലിശ തിരിച്ചടവ് - കേരളം, 2015-16 മുതൽ 2024-25 വരെ (രൂപ കോടിയിൽ)*

| വർഷം | **ശമ്പളം** | **പെൻഷൻ** | **പലിശ തിരിച്ചടവ്** | **ശമ്പളം + പെൻഷൻ** | **ശമ്പളം + പെൻഷൻ + പലിശ തിരിച്ചടവ്** | **ശമ്പളവും പെൻഷനും ആകെ റവന്യൂ ചെലവിന്റെ ശതമാനക്കണക്കിൽ** | **ശമ്പളം, പെൻഷൻ, പലിശ തിരിച്ചടവ് ആകെ റവന്യൂ ചെലവിന്റെ ശതമാനക്കണക്കിൽ** |
|---|---|---|---|---|---|---|---|
| 2015-16 | 23,525 | 13,063 | 11,111 | 36,588 | 47,699 | 46.5 | 60.6 |
| 2016-17 | 28,045 | 15,277 | 12,117 | 43,322 | 55,439 | 47.6 | 60.9 |
| 2017-18 | 31,906 | 19,938 | 15,120 | 51,844 | 66,964 | 51.9 | 67.0 |
| 2018-19 | 31,510 | 19,012 | 16,748 | 50,522 | 67,270 | 45.8 | 61.0 |
| 2019-20 | 31,676 | 19,064 | 19,215 | 50,741 | 69,956 | 48.5 | 66.8 |
| 2020-21 | 27,728 | 18,943 | 20,975 | 46,671 | 67,646 | 37.8 | 54.8 |
| 2021-22 | 44,494 | 26,899 | 23,303 | 71,393 | 94,696 | 48.8 | 64.8 |
| 2022-23 | 37,903 | 26,090 | 25,176 | 63,993 | 89,169 | 45.1 | 62.8 |
| 2023-24 | 38,541 | 25,644 | 26,986 | 64,185 | 91,172 | 45.0 | 63.9 |
| 2024-25 | 39,872 | 27,875 | 29,138 | 67,747 | 96,886 | 43.4 | 62.1 |
| 2025-26 (RE) | 43,854 | 29,415 | 31,816 | 73,574 | 1,05,084 | 42.1 | 60.4 |
| 2026-27 (BE) | 57,558 | 38,669 | 34,376 | 73,268 | 1,30,603 | 44.2 | 60.0 |

*ഉറവിടം:* ധനകാര്യ വകുപ്പ്, കേരള സർക്കാർ

നാമമാത്രമായ തോതിൽ (Nominal terms) വർദ്ധിച്ചു. കോവിഡ് മഹാമാരിയുടെ കാലത്തെ വർദ്ധിച്ച കടമെടുപ്പി നെത്തുടർന്ന് ആകെ കടബാധ്യത ഉയർന്നതിനാൽ പലിശ തിരിച്ചടവുകളും ക്രമമായി വർദ്ധിച്ചു. എന്നാൽ നേരത്തെ സൂചിപ്പിച്ചതുപോലെ, തുടർന്നുള്ള വർഷങ്ങളിൽ മൊത്തം സംസ്ഥാന ആഭ്യന്തര ഉത്പാദനത്തിന്റെ (GSDP) അനുപാതമെന്ന നിലയിൽ കടബാധ്യത കുറഞ്ഞുവരുന്ന പ്രവണതയാണ് കാണിക്കുന്നത്.

കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ, ആകെ റവന്യൂ ചെലവിന്റെ (Total revenue expenditure) ഭാഗമായുള്ള 'പ്രതിജ്ഞാബദ്ധമായ ചെലവ്' (Committed expenditure) ഏതാണ്ട് ഒരേ നിലയിൽ (60 മുതൽ 65 ശതമാനം വരെ) തുടരുകയാണ് (പട്ടിക 2.3). ഈ വർഷങ്ങളിൽ ശമ്പളത്തിനും പെൻഷനുമുള്ള ചെലവുകൾ ആകെ റവന്യൂ ചെലവിന്റെ 41 മുതൽ 47 ശതമാനം വരെയായിരുന്നു. പലിശ തിരിച്ചടവ് ഉൾപ്പെടെയുള്ള പ്രതിജ്ഞാബദ്ധമായ ചെലവുകൾ ആകെ റവന്യൂ ചെലവിന്റെ 59 മുതൽ 61 ശതമാനം വരെയും, ആകെ ചെലവിന്റെ (Total expenditure) 53 മുതൽ 55 ശതമാനം വരെയുമാണ്. 2021-22 കാലയളവിൽ ഈ ശതമാനക്കണക്കിൽ ഉണ്ടായ പെട്ടെന്നുള്ള വർദ്ധനവ് (Spike), കോവിഡ് മഹാമാരി മൂലം വരുമാനത്തിലുണ്ടായ വലിയ കുറവ് കാരണമാണ്.

### സാമൂഹിക സുരക്ഷാ പെൻഷനുകൾ

കാലക്രമേണ വിവിധ പെൻഷൻ പദ്ധതികളുടെ ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിച്ചു. ഇത് മുതിർന്ന പൗരന്മാർ, വിധവകൾ, ഭിന്നശേഷിക്കാർ, മറ്റ് അർഹരായ വിഭാഗങ്ങൾ എന്നിവർക്ക് കൃത്യമായ വരുമാനം ഉറപ്പാക്കുന്നു. വിവിധ ഘട്ടങ്ങളിലായി പെൻഷൻ തുക പരിഷ്കരിക്കുകയും കോവിഡ്-19 മഹാമാരി പോലുള്ള പ്രതിസന്ധി ഘട്ടങ്ങളിൽ അധിക സഹായം പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം ഇടപെടലുകൾ ദരിദ്ര കുടുംബങ്ങളുടെ വരുമാന സ്ഥിരത ഉറപ്പാക്കാനും പ്രാദേശിക തലത്തിലുള്ള ഉപഭോഗം (Consumption) നിലനിർത്താനും സഹായിച്ചു.

കേരളത്തിന്റെ ധനനയങ്ങൾ എന്നും എല്ലാവരെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വികസനത്തിനും (inclusive welfare) സാമൂഹിക സുരക്ഷയ്ക്കും മുൻഗണന നൽകുന്നവയാണ്. ഇത് മനുഷ്യവിഭവശേഷി വികസനത്തിൽ സംസ്ഥാനത്തിനുള്ള ദീർഘകാല പ്രതിബദ്ധതയെയാണ് പ്രതിഫലിപ്പിക്കുന്നത്. ഈ സമീപനത്തിന്റെ ഒരു പ്രധാന നാഴികക്കല്ലാണ് സാമൂഹിക സുരക്ഷാ പെൻഷൻ പദ്ധതി. വയോധികർ, വിധവകൾ, ഭിന്നശേഷിക്കാർ, കർഷകത്തൊഴിലാളികൾ തുടങ്ങിയ സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് വരുമാന സുരക്ഷിതത്വവും അന്തസ്സും ഉറപ്പാക്കാൻ ഈ പദ്ധതി സഹായിക്കുന്നു ഒരു ഗുണഭോക്താവിന് ലഭിക്കുന്ന പെൻഷൻ തുക 2020-21ൽ 1,600 രൂപയായും, 2025-26ൽ 2,000 രൂപയായും വർദ്ധിപ്പിച്ചു. ഗുണഭോക്താക്കളുടെ എണ്ണം 2015-16ലെ 34 ലക്ഷത്തിൽ നിന്ന് 2025 ആയപ്പോഴേക്കും 50 ലക്ഷത്തിലധികമായി ഉയർന്നു. ഇതിൽ 31 ലക്ഷം പേർ സ്ത്രീകളാണ്. പെൻഷൻ വിതരണത്തിനായുള്ള ചെലവ് 2016-ലെ 482 കോടി രൂപയിൽ നിന്ന് 2024-25 സാമ്പത്തിക വർഷത്തിൽ 10,760 കോടി രൂപയായി വർദ്ധിച്ചു; അതായത് അനുവദിച്ച തുകയുടെ ഇരട്ടിയിലധികം വർദ്ധനവാണ് ഈ കാലയളവിൽ ഉണ്ടായത്. കൂടാതെ, വിവിധ ക്ഷേമനിധി ബോർഡുകൾ വഴിയും സർക്കാർ പെൻഷൻ നൽകുന്നുണ്ട്. 35 മുതൽ 60 വയസ്സുവരെയുള്ള സ്ത്രീകൾക്കും ട്രാൻസ്‌വുമൺ വിഭാഗത്തിൽപ്പെട്ടവർക്കുമായി 'സ്ത്രീ സുരക്ഷ' എന്ന പേരിൽ സംസ്ഥാന സർക്കാർ ഒരു പുതിയ പദ്ധതി പ്രഖ്യാപിച്ചു. പ്രതിമാസം 1,000 രൂപ വീതം ഏകദേശം 31 ലക്ഷം ഗുണഭോക്താക്കൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും.

വിവിധ പെൻഷൻ പദ്ധതികളെ സോഷ്യൽ സെക്യൂരിറ്റി മിഷന്റെ കീഴിൽ കൊണ്ടുവന്നത് ഭരണപരമായ നടപടികൾ ലളിതമാക്കാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള സേവന വിതരണം കൂടുതൽ കാര്യക്ഷമമാക്കാനും സഹായിച്ചു. സ്റ്റേറ്റ് ട്രഷറി സംവിധാനം വഴിയുള്ള നേരിട്ടുള്ള പണമിടപാട് (Direct Benefit Transfer) കാര്യക്ഷമത വർദ്ധിപ്പിക്കുകയും ഇടനിലക്കാരുടെ ചൂഷണം കുറയ്ക്കുകയും സുതാര്യത ഉറപ്പാക്കുകയും ചെയ്തു. പെൻഷൻ ഗുണഭോക്താക്കളിൽ നാലിൽ മൂന്നുപേരും സ്ത്രീകളാണ് എന്നത് ഈ പദ്ധതിയുടെ ലിംഗസമത്വവും ഉൾക്കൊള്ളൽ സ്വഭാവവും എടുത്തുകാണിക്കുന്നു. സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ടുതന്നെ ഇത്തരം ക്ഷേമപ്രവർത്തനങ്ങൾ മുൻപോട്ടു കൊണ്ടുപോകുന്നതിലൂടെ മികച്ചൊരു 'ക്ഷേമ സാമ്പത്തിക മാതൃക' അവതരിപ്പിക്കാൻ സംസ്ഥാനത്തിന് സാധിച്ചു.

പൊതുസേവന മേഖലയിൽ പുതുതായി 32,000 തസ്തികകൾ കൂടി സൃഷ്ടിച്ചുകൊണ്ട് പൊതുമേഖലയെ ശക്തിപ്പെടുത്തുന്നതിനായുള്ള തങ്ങളുടെ പ്രതിബദ്ധത കേരള സർക്കാർ വീണ്ടും തെളിയിച്ചു. ഇത് ആരോഗ്യം, വിദ്യാഭ്യാസം, ഭരണനിർവ്വഹണം എന്നീ മേഖലകളിൽ സർക്കാരിന്റെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കാൻ സഹായിച്ചു. പൊതുസ്ഥാപനങ്ങളെ സേവന വിതരണത്തിന്റെയും സാമൂഹിക പരിരക്ഷയുടെയും കേന്ദ്രമായി നിശ്ചയിച്ചുകൊണ്ടുള്ള സംസ്ഥാനത്തിന്റെ വികസന തന്ത്രത്തിന് കരുത്തുപകരുന്നതാണ് ഈ നടപടി.

നിശ്ചയിക്കപ്പെട്ട ഈ ചെലവുകൾക്ക് പുറമെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് (LSGs) ഫണ്ട് കൈമാറുന്ന രീതി കേരളത്തിന്റെ ധനനയത്തിലെ ഒരു പ്രധാന സവിശേഷതയാണ്. കൃത്യമായ ഇടവേളകളിൽ മുൻകൂട്ടി നിശ്ചയിച്ച പ്രകാരം നിബന്ധനകളില്ലാതെ ഫണ്ട് നൽകിക്കൊണ്ട് കേരളത്തിലെ വികേന്ദ്രീകൃത ഭരണസംവിധാനത്തെ സർക്കാർ പിന്തുണയ്ക്കുന്നു. ഇത് വികസന-ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിൽ പ്രധാന പങ്കുവഹിക്കാൻ തദ്ദേശ സ്ഥാപനങ്ങളെ പ്രാപ്തരാക്കുന്നു.

### തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള അധികാര കൈമാറ്റം: കേരളത്തിന്റെ ധനവികേന്ദ്രീകരണ ഘടന

ജനാധിപത്യ വികേന്ദ്രീകരണമെന്ന ഭരണഘടനാപരമായ ഉത്തരവാദിത്തത്തിലും പങ്കാളിത്ത വികസനത്തോടുള്ള സംസ്ഥാനത്തിന്റെ ദീർഘകാല പ്രതിബദ്ധതയിലുമാണ് കേരളത്തിന്റെ ധനവികേന്ദ്രീകരണ നയം ഊന്നിനിൽക്കുന്നത്. മറ്റ് മിക്ക സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള ഫണ്ട് കൈമാറ്റത്തിനായി സ്ഥിരതയുള്ളതും നിയമബദ്ധവും മുൻകൂട്ടി നിശ്ചയിക്കാവുന്നതുമായ ഒരു സംവിധാനം കേരളം

**പട്ടിക 2.4**: *ഗ്രാമപഞ്ചായത്തുകൾ, നഗരസഭകൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവയുടെ തനത് വരുമാനം (2015-16 മുതൽ 2024-25 വരെ - രൂപ കോടിയിൽ*

| ക്രമ നം | ഇനം | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 | 2024-25 |
|---|---|---|---|---|---|---|---|---|---|---|---|
| I | നികുതി വരുമാനം | | | | | | | | | | |
| 1 | വസ്തുനികുതി | 761.2 | 993.7 | 1,127.4 | 1,101.6 | 1,036.2 | 1,068.7 | 1,224.1 | 1,402.3 | 1,242.0 | 1,499.7 |
| 2 | തൊഴിൽ നികുതി | 160.3 | 161.6 | 171.8 | 185.9 | 177.9 | 190.3 | 224.6 | 200.8 | 293.5 | 471.2 |
| 3 | വിനോദ നികുതി | 83.1 | 96.1 | 30.1 | 8.7 | 9.2 | 0.6 | 3.2 | 37.3 | 36.6 | 53.9 |
| 4 | പരസ്യ നികുതി | 4.9 | 5.3 | 2.1 | 0.8 | 0.4 | 0.0 | 0.0 | 0.3 | 0.3 | - |
| 5 | മറ്റ് നികുതി | 9.5 | 10.1 | 4.2 | 1.4 | 1.9 | 0.1 | 2.5 | 0.0 | 21.6 | - |
| | ആകെ നികുതി വരുമാനം | 1,019.0 | 1,266.8 | 1,335.6 | 1,298.4 | 1,225.6 | 1,259.6 | 1,454.4 | 1,640.7 | 1,594.0 | 2,024.8 |
| II | നികുതിയിതര വരുമാനം | | | | | | | | | | |
| 1 | ലൈസൻസ് ഫീ | 1.5 | 1.6 | 1.8 | 2.4 | 2.4 | 2.4 | 1.0 | 21.2 | 26.1 | 50.7 |
| 2 | ഭൂവാടക കെട്ടിട വാടക | 105.3 | 113.4 | 127.4 | 133.4 | 129.5 | 100.7 | 100.7 | 165.7 | 157.6 | 181.2 |
| 3 | മറ്റ് നികുതിയേതര വരുമാനങ്ങൾ | 104.4 | 100.6 | 139.2 | 147.5 | 141.4 | 137.7 | 205.2 | 294.9 | 582.4 | 676.6 |
| | ആകെ നികുതിയേതര വരുമാനങ്ങൾ | 211.3 | 215.5 | 268.5 | 283.2 | 273.3 | 240.7 | 306.9 | 481.8 | 766.1 | 908.5 |
| | ആകെ തുക (I + II) | 1,230.3 | 1,482.3 | 1,604.1 | 1,581.6 | 1,498.9 | 1,500.3 | 1,761.3 | 2,122.6 | 2,360.2 | 2,933.3 |

*ഉറവിടം:* ഇൻഫർമേഷൻ കേരള മിഷൻ (IKM)

നടപ്പിലാക്കിയിട്ടുണ്ട്. ഇത് തദ്ദേശ സ്ഥാപനങ്ങളെ വെറും ഉന്നതതല ഏജൻസികളുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്ന ഘടകങ്ങൾ എന്നതിലുപരി, സ്വതന്ത്രമായ ഭരണ യൂണിറ്റുകളായി പ്രവർത്തിക്കാൻ പ്രാപ്തരാക്കുന്നു. തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകുന്ന ഫണ്ടിൽ മൂന്ന് പ്രധാന ഘടകങ്ങളാണുള്ളത് - ജനറൽ പർപ്പസ് ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ഡെവലപ്പ്മെന്റ് ഫണ്ട്. ഇവ കൃത്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സുതാര്യമായി വിഭജിക്കപ്പെടുന്നവയും പെട്ടെന്നുള്ള വെട്ടിക്കുറയ്ക്കലുകളിൽ നിന്ന് സംരക്ഷിക്കപ്പെട്ടവയുമാണ്.

സംസ്ഥാന പദ്ധതി വിഹിതത്തിന്റെ (State Plan Outlay) മൂന്നിലൊന്നിലധികം ഭാഗവും നടപ്പിലാക്കുന്നത് കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. ഇത് തുടർച്ചയായ പദ്ധതി കാലയളവുകളിലൂടെ കൈവരിച്ച സാമ്പത്തികവും പ്രവർത്തനപരവുമായ അധികാര വികേന്ദ്രീകരണത്തിന്റെ ആഴമാണ് പ്രതിഫലിപ്പിക്കുന്നത്. സംസ്ഥാന പദ്ധതിയുമായി ബന്ധിപ്പിച്ചിട്ടുള്ള 'ഡെവലപ്പ്മെന്റ് ഫണ്ട്' മൂലധന രൂപീകരണം (Capital Formation), ഉപജീവന മാർഗ്ഗങ്ങളുടെ പ്രോത്സാഹനം, പ്രാദേശിക സാമ്പത്തിക വികസനം എന്നിവയെ പിന്തുണയ്ക്കുമ്പോൾ, 'മെയിന്റനൻസ് ഫണ്ട്', തദ്ദേശ സ്ഥാപനങ്ങൾ നിർമ്മിച്ച പൊതു സ്വത്തുക്കളുടെ സംരക്ഷണം ഉറപ്പാക്കുന്നു. ഭരണപരവും പ്രവർത്തനപരവുമായ ചെലവുകൾ നേരിടുന്നതിന് 'ജനറൽ പർപ്പസ് ഫണ്ട്' ആവശ്യമായ സാമ്പത്തിക സ്വാതന്ത്ര്യം നൽകുന്നു.

ഈ ഫണ്ട് കൈമാറ്റങ്ങൾക്ക് നിയമപരമായ (Statutory) സ്വഭാവമുള്ളതിനാൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക മേഖലയിൽ സ്ഥിരതയും മുൻകൂട്ടിയുള്ള നിശ്ചയദാർഢ്യവും കൈവന്നു. ഇത് വികസന പദ്ധതികൾ കൃത്യമായ മുൻഗണനാക്രമത്തിൽ ആസൂത്രണം ചെയ്യാനും തുടർച്ചയോടെ നടപ്പിലാക്കാനും അവരെ പ്രാപ്തരാക്കുന്നു. പത്താം പഞ്ചവത്സര പദ്ധതി കാലം മുതൽ മുടക്കമില്ലാതെ ഈ സാമ്പത്തിക വികേന്ദ്രീകരണ സംവിധാനം നിലനിർത്തുന്നു എന്നതിൽ കേരളം സവിശേഷത പുലർത്തുന്നു. ഇത് വികേന്ദ്രീകൃത ആസൂത്രണത്തിന്റെ അടിത്തറയെ ശക്തിപ്പെടുത്തുകയും സംസ്ഥാനത്തിന്റെ വികസന ഭരണക്രമത്തിന്റെ അവിഭാജ്യ ഘടകമായി അതിനെ മാറ്റുകയും ചെയ്തു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനം (Own-source revenue) 2015-16-ലെ 1,230 കോടി രൂപയിൽ നിന്ന് 2024-25-ൽ 2,933 കോടി രൂപയായി വർദ്ധിച്ചു. അതായത് 10.14 ശതമാനത്തിന്റെ വാർഷിക വളർച്ചാ നിരക്കാണ് (CAGR) രേഖപ്പെടുത്തിയത്. 2024-25 വർഷത്തിലുണ്ടായ ഈ വൻ വർദ്ധനവ്, നികുതി നിർണ്ണയം, നികുതി പരിധി വർദ്ധിപ്പിക്കൽ, പിരിവ് കാര്യക്ഷമമാക്കൽ എന്നിവയ്ക്കായി സർക്കാർ നടത്തിയ നയപരമായ ഇടപെടലുകളെയാണ് പ്രതിഫലിപ്പിക്കുന്നത്. പ്രത്യേകിച്ചും വസ്തുനികുതി (Property Tax), നികുതിയേതര വരുമാന സ്രോതസ്സുകൾ എന്നിവയിലാണ് ഈ മുന്നേറ്റം പ്രകടമായത്.

**സംസ്ഥാന – കേന്ദ്ര സർക്കാരുകളിൽ നിന്നുള്ള കൈമാറ്റം**: കേരളത്തിലെ തദ്ദേശസ്ഥാപനങ്ങൾക്ക് നിബന്ധനകളില്ലാത്ത ഫണ്ട് കൈമാറ്റം (Untied devolution), വിവിധ പദ്ധതികൾക്കായുള്ള ഗ്രാന്റുകൾ, സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾ എന്നിവ വഴിയാണ് വിഭവങ്ങൾ ലഭിക്കുന്നത്. നിബന്ധനകളില്ലാത്ത ഈ ഫണ്ടുകൾ ഡെവലപ്പ്മെന്റ് ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ജനറൽ പർപ്പസ് ഫണ്ട് എന്നിവയിലൂടെയാണ് വിനിയോഗിക്കുന്നത്. വികസന പ്രവർത്തനങ്ങൾക്കായി മാറ്റിവെച്ചിട്ടുള്ള 'ഡെവലപ്പ്മെന്റ് ഫണ്ട്', സംസ്ഥാന പദ്ധതി വിഹിതത്തെ (State Plan Outlay) അടിസ്ഥാനമാക്കിയാണ് നൽകുന്നത്. ഇതിൽ ഏകദേശം 70 ശതമാനം സംസ്ഥാന സർക്കാരും 30 ശതമാനം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റുമാണ്. ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശകൾ പ്രകാരം, ഡെവലപ്പ്മെന്റ് ഫണ്ട് വിഹിതം ഓരോ വർഷവും 0.5 ശതമാനം വീതം വർദ്ധിപ്പിക്കുന്നുണ്ട്. സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 30 ശതമാനം എന്ന ലക്ഷ്യത്തിലേക്ക് ഘട്ടം ഘട്ടമായി എത്തിച്ചേരുകയാണ് ഇതിന്റെ ലക്ഷ്യം.

തദ്ദേശസ്ഥാപനങ്ങളുടെ ആസ്തികൾ പരിപാലിക്കുന്നതിനായി നൽകുന്ന 'മെയിന്റനൻസ് ഫണ്ട്', സംസ്ഥാനത്തിന്റെ സ്വന്തം നികുതി വരുമാനത്തിന്റെ (SOTR) ഒരു വിഹിതമായാണ് അനുവദിക്കുന്നത്. 2021-22 മുതൽ ഈ ഫണ്ട് സംസ്ഥാന നികുതി വരുമാനത്തിന്റെ 6.5 ശതമാനമായി വർദ്ധിപ്പിച്ചു. ഇതിൽ 4 ശതമാനം റോഡുകളുടെ അറ്റകുറ്റപ്പണികൾക്കും 2.5 ശതമാനം റോഡിതര ആസ്തികളുടെ (കെട്ടിടങ്ങൾ തുടങ്ങിയവ) പരിപാലനത്തിനുമായി നീക്കിവെച്ചിരിക്കുന്നു. തദ്ദേശസ്ഥാപനങ്ങളുടെ പരമ്പരാഗതമായ ചുമതലകൾ നിർവ്വഹിക്കുന്നതിനും ഭരണപരമായ ചെലവുകൾക്കുമായുള്ള ' ജനറൽ പർപ്പസ് ഫണ്ട്' സംസ്ഥാന നികുതി വരുമാനത്തിന്റെ 3.5 ശതമാനത്തിൽ നിന്ന് 2021-22 മുതൽ 4 ശതമാനമായി ഉയർത്തി. ഓരോ വർഷത്തെയും വിശദമായ ഫണ്ട് വിഹിതം 19-ാം അധ്യായത്തിൽ നൽകിയിട്ടുണ്ട്.

നിബന്ധനകളില്ലാത്ത ഫണ്ടുകൾക്ക് പുറമെ, കേന്ദ്രാവിഷ്കൃത പദ്ധതികൾക്കും (Centrally Sponsored Schemes) സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കുമായി (State Sponsored Schemes) തദ്ദേശസ്ഥാപനങ്ങൾക്ക് ഗ്രാന്റുകൾ ലഭിക്കുന്നുണ്ട്. ഇത്തരം പദ്ധതികളിൽ ഗുണഭോക്താക്കളെ കണ്ടെത്തുക, നിർമ്മാണ സ്ഥലം നിശ്ചയിക്കുക, പദ്ധതി നടപ്പിലാക്കുക തുടങ്ങിയ ചുമതലകൾ നിർവ്വഹിക്കുന്ന ഏജൻസികളായാണ് തദ്ദേശസ്ഥാപനങ്ങൾ പ്രധാനമായും പ്രവർത്തിക്കുന്നത്. തൊഴിലുറപ്പ് പദ്ധതി (MGNREGS), പി.എം.എ.വൈ (PMAY - ഗ്രാമീണവും നഗരപരവും), ലൈഫ് മിഷൻ (LIFE Housing Scheme), അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി എന്നിവയും സംസ്ഥാന സർക്കാരിന്റെ ചില പ്ലാൻ ഇതര പദ്ധതികളും തദ്ദേശസ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന പ്രധാന പദ്ധതികളിൽ ഉൾപ്പെടുന്നു.

1963-ലെ 'കേരള ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട്' പ്രകാരം പ്രധാനമായും ഭവന നിർമ്മാണ ആവശ്യങ്ങൾക്കായി വായ്പയെടുക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് (LSG) അനുവാദമുണ്ട്. ഇതിന്റെ ഭാഗമായി, 2018-19 മുതൽ 'ലൈഫ് ഭവന പദ്ധതി'ക്കായി ഹഡ്കോയിൽ (HUDCO) നിന്ന് 5,340 കോടി രൂപ വായ്പയായി എടുത്തിട്ടുണ്ട്. ഈ വായ്പയുടെ പ്രിൻസിപ്പൽ തുക തദ്ദേശ സ്ഥാപനങ്ങളും പലിശ സംസ്ഥാന സർക്കാരുമാണ് തിരിച്ചടയ്ക്കുന്നത്.

വിവിധങ്ങളായ ഫണ്ടിംഗ് മാർഗങ്ങളും ശക്തമായ സാമ്പത്തിക വികേന്ദ്രീകരണ സംവിധാനവും നിലനിൽക്കുന്നുണ്ടെങ്കിലും, പ്രാദേശിക തലത്തിൽ സാമ്പത്തിക സ്വതന്ത്ര്യം (fiscal space) ഇപ്പോഴും പരിമിതമാണ്. തദ്ദേശ സ്ഥാപനങ്ങൾ പ്രധാനമായും വികേന്ദ്രീകൃത ഫണ്ടുകളെയും പദ്ധതിയധിഷ്ഠിത ഗ്രാന്റുകളെയും അമിതമായി ആശ്രയിക്കുന്നത് അവരുടെ പ്രവർത്തന വൈകല്യം കൊണ്ടല്ല, മറിച്ച് നിലവിലുള്ള സാമ്പത്തിക ഘടനയുടെ പരിമിതികൾ മൂലമാണ്. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിലെ പോരായ്മകളും, പദ്ധതികളുടെ കർക്കശമായ രൂപകൽപ്പനയും, നിശ്ചിത മേഖലകളിലേക്ക് മാത്രമായുള്ള വായ്പയെടുക്കലും, പ്രാദേശിക തലത്തിലെ സാമ്പത്തിക വഴക്കത്തെ (fiscal flexibility) പരിമിതപ്പെടുത്തുന്നു. അതിനാൽ, പ്രാദേശിക വരുമാന സ്രോതസ്സുകൾ ശക്തിപ്പെടുത്തേണ്ടതും, കൃത്യമായ ഫണ്ട് വിതരണം ഉറപ്പാക്കേണ്ടതും, വികേന്ദ്രീകൃത ഭരണത്തിൽ കൂടുതൽ സ്വയംഭരണാധികാരം നൽകേണ്ടതും അനിവാര്യമാണ്. കൂടാതെ, ജനസംഖ്യാ പ്രവചനങ്ങളിലെ തെറ്റായ വ്യാഖ്യാനങ്ങൾ കാരണം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റുകൾ ഗ്രാമീണ തദ്ദേശ സ്ഥാപനങ്ങളിൽ നിന്ന് മാറ്റി വിതരണം ചെയ്യുന്നത് വരും കാലങ്ങളിൽ തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ട് ലഭ്യതയെ ദോഷകരമായി ബാധിക്കും.

**കേന്ദ്ര – സംസ്ഥാന സാമ്പത്തിക ബന്ധങ്ങളിലെ നിലവിലെ സാഹചര്യം**

ഉൽപ്പാദനക്ഷമമായ മേഖലകളിൽ നിക്ഷേപം നടത്തുന്നതിനുള്ള കേരളത്തിന്റെ സാമ്പത്തിക ശേഷി, നിലവിലെ ഫെഡറൽ സാമ്പത്തിക ഘടനയിലെ അപാകതകൾ കാരണം പരിമിതപ്പെട്ടിരിക്കുകയാണ്. വരുമാനം കണ്ടെത്താനുള്ള അധികാരങ്ങൾ കേന്ദ്രസർക്കാരിലേക്ക് കേന്ദ്രീകരിക്കപ്പെടുകയും, എന്നാൽ വികസന പ്രവർത്തനങ്ങൾക്കായുള്ള പ്രധാന ഉത്തരവാദിത്തങ്ങൾ സംസ്ഥാനങ്ങൾ വഹിക്കേണ്ടി വരികയും ചെയ്യുന്ന സ്ഥിതിയാണുള്ളത്. ജി.എസ്.ടി (GST) നടപ്പിലാക്കിയതിലൂടെ നികുതി അധികാരം കേന്ദ്രീകൃതമായതും, ജി.എസ്.ടി നഷ്ടപരിഹാര സെസ്സ് തുടരുമ്പോഴും സംസ്ഥാനങ്ങൾക്കുള്ള ഉറപ്പായ നഷ്ടപരിഹാരം നിർത്തലാക്കിയതും ഈ അസന്തുലിതാവസ്ഥ വർദ്ധിപ്പിച്ചു. കൂടാതെ, സംസ്ഥാനങ്ങളുടെ കടമെടുപ്പ് പരിധിയിലെ കർശനമായ നിയന്ത്രണങ്ങളും, ഉപാധികളോടെ മാത്രം നൽകുന്ന ഗ്രാന്റുകളുടെ (conditional transfers) വർദ്ധനവും കേരളത്തിന്റെ സാമ്പത്തിക സ്വയംഭരണത്തെ കൂടുതൽ പ്രതിസന്ധിയിലാക്കുന്നു.

കേന്ദ്രത്തിന്റെ നികുതി വരുമാനത്തിൽ സംസ്ഥാനങ്ങൾക്കുള്ള യഥാർത്ഥ വിഹിതം ക്രമേണ കുറഞ്ഞുവരികയാണ്. വിഭജിക്കാവുന്ന നികുതി സമാഹാരത്തിന് (Divisible Pool) പുറത്തുള്ള 'സെസ്സുകളും സർചാർജുകളും' കേന്ദ്രം വ്യാപകമായി ഉപയോഗിക്കുന്നതാണ് ഇതിന് പ്രധാന കാരണം. കൂടാതെ, ധനകാര്യ കമ്മീഷൻ വഴി സംസ്ഥാനങ്ങൾക്ക് നിബന്ധനകളില്ലാതെ ലഭിക്കേണ്ട വിഹിതത്തിന് (Unconditional transfers) പകരം, ഇപ്പോൾ കേന്ദ്രാവിഷ്കൃത പദ്ധതികൾ (Centrally Sponsored Schemes) വർദ്ധിച്ചുവരുന്നു. ഇത്തരം പദ്ധതികൾക്ക് കടുപ്പമേറിയ നിബന്ധനകളുള്ളതും, ഫണ്ട് അനുവദിക്കുന്നതിലെ കാലതാമസവും, ഭാഗികമായ വിതരണവും സംസ്ഥാനങ്ങളെ പ്രതിസന്ധിയിലാക്കുന്നു. ജി.എസ്.ടി (GST) സംവിധാനത്തിൽ സംസ്ഥാനങ്ങൾക്ക് ഔദ്യോഗികമായി ചില അവകാശങ്ങൾ ഉണ്ടെങ്കിലും, പ്രായോഗികമായ തടസ്സങ്ങൾ കാരണം തങ്ങളുടെ സാമ്പത്തിക സ്വയംഭരണാധികാരം (Fiscal Autonomy) ഫലപ്രദമായി വിനിയോഗിക്കാൻ സംസ്ഥാനങ്ങൾക്ക് കഴിയുന്നില്ല.

ഇവയെല്ലാം ചേർന്ന് 'സഹകരണ ഫെഡറലിസ'ത്തിന്റെ (Cooperative Federalism) തത്വത്തെ ദുർബലപ്പെടുത്തുകയും, സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ട സാമ്പത്തിക വിഹിതത്തിലെ കൃത്യത (Fiscal Predictability) ഇല്ലാതാക്കുകയും ഇത് കേരളം പോലുള്ള സംസ്ഥാനങ്ങൾക്ക് സാമൂഹികവും വികസനപരവുമായ തങ്ങളുടെ കടമകൾ നിറവേറ്റുന്നതിനോടൊപ്പം തന്നെ, പൊതു മേഖലകളിൽ നിക്ഷേപം നടത്താനുള്ള നയപരമായ സ്വാതന്ത്ര്യത്തെ (Policy Space) പരിമിതപ്പെടുത്തുകയും ചെയ്യുന്നു.

ദേശീയ വിഭവങ്ങളിൽ തങ്ങൾക്ക് അർഹമായ വിഹിതം ആവശ്യപ്പെട്ട് കേരള സർക്കാർ ഡൽഹിയിൽ പ്രതിഷേധം സംഘടിപ്പിക്കുകയും സുപ്രീം കോടതിയെ സമീപിക്കുകയും ചെയ്തു. കൂടാതെ, സമാന ചിന്താഗതിയുള്ള സംസ്ഥാനങ്ങളിലെ ധനമന്ത്രിമാരുടെ ഒരു സംഗമം 2024-ൽ കേരള സർക്കാർ വിളിച്ചുകൂട്ടി. പഞ്ചാബ്, തമിഴ്നാട്, തെലങ്കാന, കർണാടക എന്നീ സംസ്ഥാനങ്ങളിലെ ധനമന്ത്രിമാരാണ് ഈ സമ്മേളനത്തിൽ പങ്കെടുത്തത്. പതിനാറാം ധനകാര്യ കമ്മീഷന് സംസ്ഥാനങ്ങൾ സമർപ്പിക്കേണ്ട നിവേദനത്തെക്കുറിച്ച് (Memorandum) വിപുലമായ ചർച്ചകൾ നടത്തുക എന്നതായിരുന്നു ഈ സംഗമത്തിന്റെ ലക്ഷ്യം. പ്രത്യേകിച്ച് സെസ്സുകൾ, സർചാർജുകൾ, പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിക്കൽ (Disinvestment), പൊതു ആസ്തികളുടെ മോണിറ്റൈസേഷൻ, ആർ.ബി.ഐ ലാഭം തുടങ്ങിയ വിഭജിക്കപ്പെടാത്ത വരുമാന സ്രോതസ്സുകളെ കേന്ദ്രസർക്കാർ അമിതമായി ആശ്രയിക്കുന്നതാണ് ഈ കുറവിന് കാരണം. ഉദാഹരണത്തിന്, 2011-12 കാലയളവിൽ ആകെ നികുതി വരുമാനത്തിന്റെ 9.4 ശതമാനമായിരുന്ന സെസ്സും സർചാർജും 2022-23 ആയപ്പോഴേക്കും 22.8 ശതമാനമായി ഉയർന്നു. പതിനഞ്ചാം ധനകാര്യ കമ്മീഷൻ നികുതിയുടെ 41 ശതമാനം സംസ്ഥാനങ്ങൾക്ക് നൽകണമെന്ന് ശുപാർശ ചെയ്തിട്ടുണ്ടെങ്കിലും, കേന്ദ്രത്തിന്റെ ഇത്തരം നടപടികൾ കാരണം സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ട യഥാർത്ഥ വിഹിതം ഫലത്തിൽ കുറയുകയാണ് ചെയ്തത്.

പത്താം ധനകാര്യ കമ്മീഷൻ കാലയളവിൽ 3.875 ശതമാനമായിരുന്ന കേരളത്തിന്റെ വിഹിതം പതിനഞ്ചാം കമ്മീഷനായപ്പോഴേക്കും 1.92 ശതമാനമായി കുറഞ്ഞതിനെക്കുറിച്ച് ഈ സമ്മേളനം (Conclave) പ്രത്യേകം ചർച്ച ചെയ്തു. ഉയർന്ന മാനവ വികസന സൂചികയും (Human Development) മികച്ച ജനസംഖ്യാ നിയന്ത്രണവും കൈവരിച്ച സംസ്ഥാനങ്ങൾക്ക് ദോഷകരമാകുന്ന വിതരണ മാനദണ്ഡങ്ങളാണ് ഈ ഇടിവിന് കാരണമായതെന്ന് സമ്മേളനം വിലയിരുത്തി. ജി.എസ്.ടി (GST) നടപ്പിലാക്കിയതിലൂടെ വലിയ തോതിലുള്ള നികുതി അധികാരങ്ങൾ സംസ്ഥാനങ്ങൾ വിട്ടുനൽകിയെങ്കിലും, പ്രതീക്ഷിച്ച 14

പട്ടിക 2.5: പതിനഞ്ചാം, പതിനാറാം ധനകാര്യ കമ്മീഷനുകൾക്ക് കീഴിലുള്ള നികുതി വിതരണ മാനദണ്ഡങ്ങൾ (ശതമാനത്തിൽ)

| മാനദണ്ഡങ്ങൾ | 15-ാം ധനകാര്യ കമ്മീഷൻ 2021-26) | 16-ാം ധനകാര്യ കമ്മീഷൻ 2026-31) |
|---|---|---|
| വരുമാന ദൂരം (Income Distance) | 45 | 42.5 |
| ജനസംഖ്യ (2011) | 15 | 17.5 |
| ജനസംഖ്യാപരമായ പ്രകടനം | 12.5 | 10 |
| വിസ്തീർണ്ണം | 15 | 10 |
| വനം | 10 | 10 |
| നികുതി, സാമ്പത്തിക പരിശ്രമം | 2.5 | - |
| ജിഡിപിയിലേക്കുള്ള സംഭാവന | - | 10 |
| ആകെ | 100 | 100 |

*അവലംബം : ധനകാര്യ കമ്മീഷൻ*

ശതമാനം വരുമാന വർദ്ധനവ് ഉണ്ടായില്ലെന്നും കേന്ദ്രത്തേക്കാൾ കൂടുതൽ നഷ്ടം സംസ്ഥാനങ്ങൾക്കാണ് ഉണ്ടായതെന്നും സമ്മേളനം ചൂണ്ടിക്കാട്ടി. ഈ ജി.എസ്.ടി നഷ്ടം കൂടി പരിഗണിച്ചുകൊണ്ട് വേണം പതിനാറാം ധനകാര്യ കമ്മീഷൻ വിഹിതം നിശ്ചയിക്കാൻ എന്ന് സമ്മേളനത്തിൽ ആവശ്യമുയർന്നു. കൂടാതെ, കേന്ദ്രാവിഷ്കൃത പദ്ധതികളെക്കുറിച്ചും (CSS) ആശങ്കകൾ പ്രകടിപ്പിച്ചു. പ്രാദേശിക സാഹചര്യങ്ങൾ പരിഗണിക്കാതെ ഏകപക്ഷീയമായി അടിച്ചേൽപ്പിക്കുന്ന നിബന്ധനകളും ചിലവുകൾ പങ്കുവെക്കണമെന്ന വ്യവസ്ഥയും സംസ്ഥാനങ്ങൾക്ക് ബാധ്യതയാകുന്നു. പല പദ്ധതികളും നിർത്തലാക്കുകയോ കേന്ദ്ര വിഹിതം കുറയ്ക്കുകയോ ചെയ്തതോടെ സംസ്ഥാനങ്ങളുടെ സാമ്പത്തിക ഭാരം വർദ്ധിച്ചതായും സമ്മേളനം വിലയിരുത്തി.

കേന്ദ്ര നികുതി വിഹിതം 50 ശതമാനമായി വർദ്ധിപ്പിക്കണമെന്നും, കേന്ദ്രത്തിന്റെ വിവേചനാധികാര ത്തിലുള്ള ഗ്രാന്റുകൾ (Discretionary grants) കുറയ്ക്കണമെന്നും, കൃത്യമായ ഇടവേളകളിൽ ഫണ്ട് കൈമാറ്റം ഉറപ്പാക്കണമെന്നും ഈ സമ്മേളനം ആവശ്യപ്പെട്ടു. 2011-ലെ ജനസംഖ്യാ കണക്കുകൾ ഇപ്പോഴും മാനദണ്ഡമായി തുടരുന്നതിനെ സമ്മേളനം വിമർശിച്ചു. കേന്ദ്രത്തിന്റെ ധനക്കമ്മി (Fiscal Deficit) ജിഡിപിയുടെ 6.4 ശതമാനമായി തുടരുമ്പോഴും, എഫ്.ആർ.ബി.എം (FRBM) നിയമങ്ങൾ ഉപയോഗിച്ച് സംസ്ഥാനങ്ങളുടെ മേൽ കർശനമായ നിയന്ത്രണങ്ങൾ അടിച്ചേൽപ്പിക്കുന്നതിനെ പ്രതിനിധികൾ ചോദ്യം ചെയ്തു. ഇന്ത്യൻ ഫെഡറലിസത്തിന്റെ ഭാവി എന്നത് സംസ്ഥാനങ്ങൾക്കിടയിലെ തുല്യതയിലും (Equity) സാമ്പത്തിക സ്വയംഭരണാധികാരത്തിലും (Autonomy) അധിഷ്ഠിതമായിരിക്കണമെന്ന് സമ്മേളനം ഊന്നിപ്പറഞ്ഞു.

### പതിനാറാം ധനകാര്യ കമ്മീഷന്റെ ശുപാർശകൾ (Recommendations of the Sixteenth Finance Commission)

കേന്ദ്ര നികുതി വിഹിതത്തിൽ സംസ്ഥാനങ്ങൾ തമ്മിലുള്ള ആനുപാതിക പങ്കാളിത്തത്തിൽ (inter state share) കേരളത്തിന്റേത് 1.932 ശതമാനത്തിൽ നിന്നും 2.382 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്. ഇത് ആശ്വാസകരമാണെങ്കിലും, നികുതി വിതരണത്തിന് ശേഷമുള്ള റവന്യൂ കമ്മി ഗ്രാന്റുകൾ (Article 275 പ്രകാരമുള്ള post-devolution grants) നൽകേണ്ടതില്ലെന്ന പതിനാറാം ധനകാര്യ കമ്മീഷന്റെ തീരുമാനം തികച്ചും പിറകോട്ടടിക്കുന്ന ഒന്നാണ്.

കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള സാമ്പത്തിക അസന്തുലിതാവസ്ഥ (vertical fiscal imbalance) പരിഹരിക്കുന്നതിനായി, കേന്ദ്ര നികുതി വിഹിതം 50 ശതമാനമായി ഉയർത്തണമെന്ന് പല സംസ്ഥാനങ്ങളും ആവശ്യപ്പെട്ടിരുന്നു. എന്നാൽ, പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിശ്ചയിച്ച 41 ശതമാനം എന്ന വിഹിതം തന്നെ നിലനിർത്താനാണ് പതിനാറാം കമ്മീഷനും തീരുമാനിച്ചത്. സർചാർജുകളുടെയും സെസ്സുകളുടെയും വർദ്ധനവ് മൂലം സംസ്ഥാനങ്ങളുമായി പങ്കുവെക്കേണ്ട നികുതി സമാഹാരം (divisible pool) ചുരുങ്ങിക്കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ, സംസ്ഥാനങ്ങളുടെ വിഹിതം വർദ്ധിപ്പിക്കേണ്ടതില്ലെന്ന തീരുമാനം സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്ഥിതിയെ ദോഷകരമായി ബാധിക്കും.

പതിനാറാം ധനകാര്യ കമ്മീഷൻ സംസ്ഥാനങ്ങൾക്കിടയിലുള്ള നികുതി വിതരണത്തിനുള്ള (inter state distribution) മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ട്. ഈ മാറ്റങ്ങൾ പട്ടിക 2.5-ൽ കാണിച്ചിരിക്കുന്നു.

ഓരോ സംസ്ഥാനത്തിന്റെയും പ്രതിശീർഷ വരുമാനം, മുൻകാലങ്ങളിലെ ചെലവ് ബാധ്യതകൾ (Historical expenditure commitments), വരുമാനം കണ്ടെത്താനുള്ള ശേഷി, വികസന ആവശ്യങ്ങൾ എന്നിവയിലുള്ള വലിയ വ്യത്യാസങ്ങൾ പരിഗണിക്കാതെ എല്ലാ സംസ്ഥാനങ്ങൾക്കും ഒരേ രീതിയിലുള്ള ധനക്കമ്മി (Fiscal Deficit) ലക്ഷ്യങ്ങളാണ് കമ്മീഷൻ നിശ്ചയിച്ചിരിക്കുന്നത്. ഇത്തരത്തിൽ എല്ലാവർക്കും ഒരേ മാനദണ്ഡം നടപ്പിലാക്കുന്നത് സംസ്ഥാനങ്ങളുടെ വ്യത്യസ്തമായ സാമ്പത്തിക ഘടനയെയും അടിസ്ഥാന സൗകര്യ ആവശ്യങ്ങളെയും ശരിയായ രീതിയിൽ പ്രതിഫലിപ്പിക്കുന്നില്ല.

പതിനാറാം ധനകാര്യ കമ്മീഷന് സമർപ്പിച്ച നിവേദനത്തിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള (LSG) ഗ്രാന്റുകൾ വിഭജിക്കാവുന്ന നികുതി വിഹിതത്തിന്റെ (Divisible Pool) ഒരു നിശ്ചിത ശതമാനമായി

നിശ്ചയിക്കണമെന്ന് കേരള സർക്കാർ ശുപാർശ ചെയ്തു. കേന്ദ്രത്തിന്റെ നികുതി വരുമാനത്തിലു ണ്ടാകുന്ന വർദ്ധനവിന്റെ ഗുണം തദ്ദേശ സ്ഥാപന ങ്ങൾക്കും ലഭിക്കാനാണ് ഈ നിർദ്ദേശം മുന്നോട്ടുവെച്ചത്. സംസ്ഥാനങ്ങൾക്കുള്ള വിഹിതം 50 ശതമാനമായി ഉയർ ത്തണമെന്ന ആവശ്യത്തിന് പുറമെ, വിഭജിക്കാവുന്ന നികുതിയുടെ 7.5 ശതമാനം തദ്ദേശ സ്ഥാപനങ്ങൾ ക്കായി മാറ്റിവയ്ക്കണമെന്നും കേരളം നിർദ്ദേശിച്ചു. എന്നാൽ, പതിനാറാം ധനകാര്യ കമ്മീഷൻ ഈ നിർദ്ദേശങ്ങൾ പരിഗണിക്കുന്നതിന് പകരം, തദ്ദേശ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റുകൾക്ക് കൂടുതൽ നിബന്ധനകൾ ഏർപ്പെടുത്തി ക്കൊണ്ട് കാര്യങ്ങൾ കൂടുതൽ സങ്കീർണ്ണമാക്കുകയാണ് ചെയ്തത്.

സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിന് (State Disaster Risk Management Fund - SDRMF) പൂർണ്ണമായും കേന്ദ്ര ധനസഹായം നൽകണമെന്നും, നിലവിലുള്ള ദേശീയ മാന ദണ്ഡങ്ങളിൽ മാറ്റം വരുത്തിക്കൊണ്ട് എസ്.ഡി.ആർ.എഫ് (SDRF) ഫണ്ട് വിനിയോഗിക്കുന്നതിൽ സംസ്ഥാനങ്ങൾക്ക് കൂടുതൽ സ്വാതന്ത്ര്യം നൽകണമെന്നും കേരളം ആവശ്യ പ്പെട്ടു. കടലാക്രമണം, ഉരുൾപൊട്ടൽ, അതിശക്തമായ മഴ എന്നിവ മൂലമുണ്ടാകുന്ന ആഘാതങ്ങൾ കുറയ്ക്കുന്ന തിനായി പ്രത്യേക ഗ്രാന്റുകൾ അനുവദിക്ക ണമെന്നും, ഇതിനായി എസ്.ഡി.ആർ.എം.എഫ് (SDRMF) ഫണ്ടിന് പുറമെ പ്രത്യേക സാമ്പത്തിക സഹായം വേണമെന്നും കേരളം കണക്കാക്കി. കൂടാതെ, കേരളത്തിന്റെ സവിശേഷമായ സാഹച ര്യങ്ങളായ ഉയർന്ന ജനസാന്ദ്രത, ഭൂമിയുടെ ലഭ്യത ക്കുറവ്, വർദ്ധിച്ചുവരുന്ന വയോജന ജനസംഖ്യ, വലിയ തോതിലുള്ള ഇതരസംസ്ഥാന തൊഴിലാളികളുടെ സാന്നിധ്യം, വന്യജീവി-മനുഷ്യ സംഘർഷം (Human-animal interface) എന്നിവ മൂലമുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യതകൾ പരിഹരിക്കുന്നതിനായി പ്രത്യേക 'സംസ്ഥാന നിർദ്ദിഷ്ട' (State-specific) ഗ്രാന്റുകൾ നൽകണമെന്നും കേരളം ആവശ്യപ്പെട്ടു.

ദുരന്ത നിവാരണ ഫണ്ടിന് (Disaster Funding) പൂർണ്ണമായും കേന്ദ്ര ധനസഹായം വേണമെന്ന ആവശ്യം അംഗീകരിക്കുന്നതിന് പകരം, കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള നിലവിലെ 75:25 എന്ന അനുപാതം (ജനറൽ കാറ്റഗറി സംസ്ഥാനങ്ങൾക്ക്) തന്നെ തുടരാൻ പതിനാറാം ധനകാര്യ കമ്മീഷൻ തീരുമാനിച്ചു. കൂടാതെ, ദുരന്ത സഹായം നൽകുന്നതിൽ നിലവിലുള്ള വിവേചനാ ധികാരത്തിന് (Discretionary relief) പകരം, അപകട സാധ്യതകൾ മുൻകൂട്ടി വിലയിരുത്തുന്ന 'റിസ്ക്-ഇൻഡക്സ്ഡ്' (Risk-indexed) രീതിയിലേക്ക് കമ്മീഷൻ മാറി. ഈ മാറ്റം സാങ്കേതികമായി രൂപകൽപ്പന ചെയ്തതാണെങ്കിലും, ദുരന്ത സഹായം നിശ്ചയിക്കുന്ന അടിസ്ഥാനത്തെ ഇത് പൂർണ്ണ മായും മാറ്റുന്നു. കേരളം പോലെ ഉയർന്ന പ്രകൃതിക്ഷോഭ സാധ്യതകളുള്ള (High structural vulnerability) സംസ്ഥാ നങ്ങളെ സംബന്ധിച്ചിടത്തോളം ഇത് വലിയ പ്രത്യാഘാ തങ്ങൾ ഉണ്ടാക്കുന്ന ഒന്നാണ്.

**തുടരുന്ന ജി.എസ്.ടി ദോഷഫലങ്ങൾ**

ജി.എസ്.ടി (GST) നടപ്പിലാക്കുമ്പോൾ, 2022-ഓടെ ജി.എസ്.ടി വരുമാനത്തിൽ പ്രതിവർഷം 14 ശതമാനം വളർച്ചയുണ്ടാകുമെന്ന് കരുതപ്പെട്ടിരുന്നു. ജി.എസ്.ടി നടപ്പിലാക്കിയ തീയതി മുതൽ (2017 ജൂലൈ) അഞ്ച് വർഷത്തേക്ക്, അതായത് 2022 ജൂലൈ വരെ, ഈ മാറ്റം മൂലമുണ്ടാകുന്ന വരുമാന നഷ്ടത്തിന് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം (Compensation) ലഭിക്കാൻ അർഹത യുണ്ടായിരുന്നു. എന്നാൽ, സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലല്ലാത്ത വിവിധ കാരണങ്ങളാൽ 2022 ജൂലൈയ്ക്ക് ശേഷവും കേരളത്തിന് 14 ശതമാനം വളർച്ച കൈ വരിക്കാൻ സാധിച്ചില്ല. ജി.എസ്.ടി നഷ്ടപരിഹാര സെസ്സ് പിരിക്കുന്നത് 2026 വരെ തുടരുമെന്നിരിക്കെ, നഷ്ട പരിഹാരം നൽകുന്ന കാലാവധി നീട്ടിനൽകണമെന്ന് കേരളം ആവശ്യപ്പെട്ടെങ്കിലും കേന്ദ്ര സർക്കാർ ഇത് നിരന്തരം നിഷേധിക്കുകയാണ് ചെയ്തത്.

കൃത്യമായി വിശകലനം ചെയ്താൽ 14 ശതമാനം വാർഷിക വളർച്ചാനിരക്ക് കൈവരിക്കാൻ സാധിച്ചിരു ന്നെങ്കിൽ 2022-23 കാലയളവിൽ കേരളത്തിന് 42,091 കോടി രൂപ ജി.എസ്.ടി (GST) വരുമാനമായി ലഭിക്കുമായി രുന്നു. എന്നാൽ യഥാർത്ഥത്തിൽ ലഭിച്ചതാകട്ടെ 29,513 കോടി രൂപ മാത്രമാണ്. അതായത്, ഏകദേശം 12,578 കോടി രൂപയുടെ കുറവാണ് ഈ വർഷം മാത്രം സംസ്ഥാ നത്തിനുണ്ടായത്. ഇത് കേരളത്തിന്റെ നിലവിലെ സാമ്പ ത്തിക പ്രതിസന്ധിയെ (Fiscal stress) കൂടുതൽ വഷളാക്കി യിരിക്കുകയാണ്.

സംയോജിത ചരക്ക് സേവന നികുതി (IGST) വിഭജന സംവിധാനത്തിലെ വ്യവസ്ഥാപിതമായ പോരായ്മകൾ കേരളത്തിന് വലിയ സാമ്പത്തിക നഷ്ടമുണ്ടാക്കിയിട്ടുണ്ട്. അന്തർസംസ്ഥാന ചരക്ക് സേവന കൈമാറ്റത്തിന്മേൽ ചുമത്തുന്ന ഐ.ജി.എസ്.ടി (IGST) കേന്ദ്രസർക്കാരാണ് പിരിച്ചെടുക്കുന്നത്. ഈ തുക കൃത്യമായ ഇടവേളകളിൽ കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിൽ പങ്കിടുകയാണ് പതിവ്. എന്നാൽ, കേരളത്തിന് ലഭിക്കേണ്ട ഐ.ജി.എസ്. ടി വിഹിതം പ്രതീക്ഷിച്ചതിലും കുറവാണെന്നും ഇത് സംസ്ഥാനത്തിന് വലിയ വരുമാന നഷ്ടമുണ്ടാക്കു ന്നുണ്ടെന്നും 2024 ജൂലൈയിൽ കേരള പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി (Kerala Public Expenditure Review Committee) ചൂണ്ടിക്കാട്ടുകയുണ്ടായി.

ജി.എസ്.ടി കൗൺസിലിന്റെ 56-ാമത് യോഗത്തിൽ അംഗീകരിച്ച നികുതി നിരക്കുകളുടെ ഏകീകരണം (Rationalisation), വിവിധ ഉൽപ്പന്നങ്ങളുടെയും സേവന ങ്ങളുടെയും നികുതി കുറയ്ക്കുന്നതിന് കാരണമായി. ഇത് സംസ്ഥാനങ്ങളുടെ വരുമാനത്തിൽ വലിയ പ്രത്യാഘാത ങ്ങൾ ഉണ്ടാക്കും. ഉയർന്ന നികുതി സ്ലാബിലുള്ള ഉൽപ്പ ന്നങ്ങൾ കൂടുതൽ ഉപയോഗിക്കുന്ന കേരളം പോലുള്ള സംസ്ഥാനങ്ങൾക്ക് ഇതിലൂടെ വലിയ വരുമാന നഷ്ടമു ണ്ടാകുമെന്ന് കരുതുന്നു. ഏകദേശം 30 ഇനങ്ങളെ 28 ശതമാനം നികുതി സ്ലാബിൽ നിന്ന് 18 ശതമാനത്തി ലേക്ക് മാറ്റിയത് കേരളത്തെപ്പോലെയുള്ള ഉപഭോക്തൃ സംസ്ഥാനങ്ങളെയാണ് (Consumer States) ദോഷകരമായി ബാധിക്കുക. 2017-ൽ സമാനമായ രീതിയിൽ നികുതി കുറച്ചപ്പോൾ ഉണ്ടായ അനുഭവം പരിശോധിച്ചാൽ, വലിയ തോതിലുള്ള വരുമാന ഇടിവ് ഉണ്ടായതായി കാണാം. ഇത്

മൂലം 2017-18 നും 2020-21 നും ഇടയിൽ കേരളത്തിന്റെ ജി.എസ്.ടി നഷ്ടപരിഹാരത്തിനായുള്ള (Compensation) അവകാശവാദങ്ങൾ കുത്തനെ വർദ്ധിച്ചിരുന്നു. ജി.എസ്.ടി (GST) നഷ്ടപരിഹാരം നിർത്തലാക്കിയതിനെത്തുടർന്ന്, കേരളത്തിന്റെ ജി.എസ്.ടി വരുമാന വളർച്ചാനിരക്ക് ദേശീയ ശരാശരി യേക്കാൾ പിന്നിലായിരിക്കുകയാണ്. നിലവിൽ നടപ്പിലാക്കിയ നികുതി നിരക്കുകളുടെ ഏകീകരണം (Rate rationalisation) വഴി പ്രതിവർഷം ഏകദേശം 6,300 കോടി രൂപയുടെ അധിക വരുമാന നഷ്ടം സംസ്ഥാനത്തിനുണ്ടാകുമെന്ന് കണക്കാക്കപ്പെടുന്നു. ജി.എസ്.ടി-യുടെ ഘടനയും നഷ്ടപരിഹാരം നിർത്തലാക്കിയതും ചേർന്ന് സംസ്ഥാനത്തിന്റെ സാമ്പത്തിക കൈകാര്യാധികാരത്തെ (Fiscal space) സാരമായി ബാധിച്ചിട്ടുണ്ടെന്ന് കേരള സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഈ വരുമാന നഷ്ടം പരിഹരിക്കാനും കേന്ദ്ര-സംസ്ഥാന സാമ്പത്തിക അസന്തുലിതാവസ്ഥ (Vertical fiscal imbalance) ഇല്ലാതാക്കാനും ഭരണഘടനയുടെ ആർട്ടിക്കിൾ 275 പ്രകാരം പ്രത്യേക നിബന്ധനകളുള്ള ഗ്രാന്റുകൾ (Rule-based grants) അനുവദിക്കണമെന്ന് കേരളം പതിനാറാം ധനകാര്യ കമ്മീഷനോട് ആവശ്യപ്പെട്ടു.

**മൂലധന ചെലവ്: ആസൂത്രണത്തോടുള്ള പ്രതിബദ്ധത**

സാമ്പത്തിക-വികസന തന്ത്രത്തിന്റെ ഭാഗമായി ആസൂത്രണ സംവിധാനത്തെ (Planning Framework) കൂടുതൽ ശക്തിപ്പെടുത്തുന്നതിനായുള്ള കേരള സർക്കാരിന്റെ പ്രതിബദ്ധത സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രകടനത്തിൽ മാത്രമല്ല, മൊത്തം പൊതു മൂലധന ചെലവിലുണ്ടായ (Aggregate Public Capital Expenditure) വർദ്ധനവിലും പ്രതിഫലിക്കുന്നുണ്ട്. ദേശീയതലത്തിൽ ആസൂത്രണ കമ്മീഷൻ (Planning Commission) നിർത്തലാക്കിയതോടെ, രാജ്യത്തെ സംസ്ഥാന ധനകാര്യത്തെ ക്രമീകരിച്ചിരുന്ന പ്ലാൻ-നോൺ-പ്ലാൻ (Plan-Non-Plan) എന്ന വിഭജനവും ഇല്ലാതായി. ഈ മാറ്റത്തെത്തുടർന്ന് കേന്ദ്ര ബജറ്റ് വിഹിതങ്ങൾ ഏകീകരിക്കപ്പെടുകയും, മിക്ക സംസ്ഥാനങ്ങളും തങ്ങളുടെ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡുകൾ നിർത്തലാക്കി കേന്ദ്രത്തിന് സമാനമായ ബജറ്റ് ഘടന സ്വീകരിക്കുകയും ചെയ്തു. പ്ലാൻ-നോൺ-പ്ലാൻ വിഭജനം ഒഴിവാക്കുന്നത് ആകെ ചെലവിൽ മൂലധന ചെലവിന്റെ (Capital Expenditure) വിഹിതം വർദ്ധിപ്പിക്കാനും റവന്യൂ ചെലവിന്റെ (Revenue Expenditure) തോത് കുറയ്ക്കാനും സഹായിക്കുമെന്നായിരുന്നു ഇതിനായുള്ള പ്രധാന വാദം.

ഈ മാറ്റം മൂലധന ചെലവിന്റെ (Capital Expenditure) വളർച്ചയെ തടസ്സപ്പെടുത്തുന്നതിനും റവന്യൂ ചെലവ് (Revenue Expenditure) വർദ്ധിക്കുന്നതിനും കാരണമാകുമോ എന്നതിനെക്കുറിച്ചുള്ള ആശങ്കകൾ നയരൂപീകരണ ചർച്ചകളിൽ ആവർത്തിച്ച് ഉയർത്തപ്പെട്ടിട്ടുണ്ട്; ഇത് പുതിയൊരു വിഷയമല്ല.

ഡൽഹിയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് ഫിനാൻസ് ആൻഡ് പോളിസി (NIPFP) നടത്തിയ ഒരു പുതിയ പഠനം ഈ വിഷയത്തിൽ കൂടുതൽ വ്യക്തത നൽകുന്നുണ്ട്. ആസൂത്രണ ബോർഡുകൾ (Planning Boards) നിലനിന്നിരുന്ന കാലയളവിലെ (പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി കാലം; 2012-13 മുതൽ 2016-17 വരെ) ഇന്ത്യയിലെ 18 പ്രധാന സംസ്ഥാനങ്ങളുടെ ശരാശരി മൂലധന ചെലവ് (Capital Expenditure) പരിശോധിക്കുക. അക്കാലത്ത് ആകെ ചെലവിന്റെ 12.8 ശതമാനമായിരുന്നു മൂലധന ചെലവ്. എന്നാൽ ആസൂത്രണ ബോർഡുകൾ നിർത്തലാക്കിയതിന് ശേഷമുള്ള അഞ്ച് വർഷങ്ങളിൽ (2017-18 മുതൽ 2021-22 വരെ) ഈ വിഹിതം 11.3 ശതമാനമായി കുറഞ്ഞു. തുടർന്നുള്ള രണ്ട് വർഷങ്ങളിൽ (2022-23, 2023-24) ഇത് 12.2 ശതമാനമായി രേഖപ്പെടുത്തി. ചുരുക്കത്തിൽ, ആസൂത്രണ ബോർഡുകൾ ഇല്ലാതാക്കിയതോടെ ഭൂരിഭാഗം വലിയ സംസ്ഥാനങ്ങളിലും മൂലധന ചെലവിന്റെ വിഹിതത്തിൽ കുറവുണ്ടായി.

ഇതേ പഠനം തന്നെ കേരളത്തിന്റെ സവിശേഷമായ നിലപാടും അടിവരയിടുന്നു. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി കാലയളവിൽ കേരളത്തിന്റെ ബജറ്റ് വിഹിതത്തിലെ മൂലധന ചെലവിന്റെ (Capital Expenditure) വിഹിതം 6.3 ശതമാനമായിരുന്നു. എന്നാൽ, ആസൂത്രണ ബോർഡുകൾ നിർത്തലാക്കിയതിന് ശേഷമുള്ള അഞ്ച് വർഷങ്ങളിൽ (2017-18 മുതൽ 2021-22 വരെ) കേരളത്തിന്റെ മൂലധന ചെലവ് 7.5 ശതമാനമായി വർദ്ധിച്ചു. തുടർന്നുള്ള രണ്ട് വർഷങ്ങളിൽ (2022-23, 2023-24) ഇത് വീണ്ടും വർദ്ധിച്ച് 8.2 ശതമാനമായി.

മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ആസൂത്രണ ബോർഡ് (Planning Board) നിലനിർത്തുന്നതിലൂടെയും, പ്ലാൻ-നോൺ-പ്ലാൻ (Plan-Non-Plan) വേർതിരിവ് തുടരുന്നതിലൂടെയും, ആസൂത്രണ പ്രക്രിയയെ ശക്തിപ്പെടുത്തിയതിലൂടെയും 2017 മുതൽ മൂലധന ചെലവിൽ (Capital Expenditure) വലിയ വർദ്ധനവ് രേഖപ്പെടുത്താൻ കേരളത്തിന് സാധിച്ചു. കിഫ്ബി (KIIFB) വഴി നടത്തിയ മൂലധന നിക്ഷേപങ്ങൾ ഈ കണക്കുകളിൽ ഉൾപ്പെടുന്നില്ല; കാരണം അഖിലേന്ത്യാ തലത്തിലുള്ള ബജറ്റ് കണക്കുകളിൽ കേരള സർക്കാർ കിഫ്ബിക്ക് നൽകുന്ന ഫണ്ട് 'റവന്യൂ ചെലവ്' (Revenue Expenditure) ആയിട്ടാണ് രേഖപ്പെടുത്തുന്നത്. കിഫ്ബി ഫണ്ടുകൾ കൂടി ഉൾപ്പെടുത്തിയാൽ, ഈ പഠനത്തിൽ സൂചിപ്പിക്കുന്നതിനേക്കാൾ വളരെ ഉയർന്നതായിരിക്കും കേരളത്തിന്റെ മൂലധന ചെലവ്.

**കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി)**: കേരളത്തിലെ പൊതു മൂലധന ചെലവിലുണ്ടായ (Public Capital Expenditure) വർദ്ധനവിന് പ്രധാനമായും പിന്തുണ നൽകിയത് സർക്കാർ വിഭവങ്ങൾക്ക് പുറമെ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി) വഴി സമാഹരിച്ച നിക്ഷേപങ്ങളാണ്.

ഭൗതികമായ അടിസ്ഥാന സൗകര്യ വികസനത്തിന് (Physical Infrastructure) നിക്ഷേപം ലഭ്യമാക്കുന്നതിനായി 1999-ലെ 'കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ആക്ട്' പ്രകാരമാണ് കിഫ്ബി (KIIFB) സ്ഥാപിതമായത്. എന്നാൽ, കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതത്തിലുണ്ടായ കുറവും (Declining fiscal devolution) വർദ്ധിച്ചുവരുന്ന അടിസ്ഥാന സൗകര്യ ആവശ്യങ്ങളും പരിഗണിച്ച് 2016-ൽ വരുത്തിയ ഭേദഗതിയിലൂടെ കിഫ്ബിയുടെ പ്രവർത്തനപരിധി ഗണ്യമായി വിപുലീകരിച്ചു. പരിഷ്കരിച്ച ഈ സംവിധാനം വിപണിയിൽ നിന്ന് വിഭവങ്ങൾ സമാഹ

പട്ടിക 2.6: *2016-17 മുതൽ 2024-25 വരെയുള്ള കാലയളവിലെ കിഫ്ബിയുടെ പ്രധാന സാമ്പത്തിക പ്രകടന സൂചകങ്ങൾ (Key Financial Performance Indicators) പട്ടിക 2.6-ൽ അവതരിപ്പിക്കുന്നു.*

| ക്രമ നം | ഇനം | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 | 2024-25 | ആകെ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | മോട്ടോർ വാഹന നികുതിയുടെപങ്ക് | 281 | 621 | 1,099 | 1,650 | 1,634 | 1,568 | 2,204 | 2,214 | 2,600 | 13,871 |
| 2 | പെട്രോളിയം സെസിന്റെ വിഹിതം | 448 | 421 | 502 | 550 | 539 | 500 | 266 | 594 | 530 | 4,350 |
| 3 | സർക്കാരിൽ നിന്നുള്ള അധിക സംഭാവന | - | - | - | - | - | 322 | - | 507 | 565 | 1,394 |
| 4 | ആകെ എക്സ്ചെക്കർ കൈമാറ്റങ്ങൾ (1+2+3) | 730 | 1,043 | 1,601 | 2,200 | 2,173 | 2,390 | 2,470 | 3,314 | 3,695 | 19,615 |
| 5 | ഫിനാൻഷ്യൽ മാർക്കറ്റിൽ നിന്ന് സമാഹരിച്ച ഫണ്ട് | - | 101 | 3,006 | 1,930 | 670 | 7,763 | 6,909 | 4,242 | 7,852 | 32,472 |
| 6 | തിരിച്ചടച്ച വായ്പകൾ | - | - | - | 19 | 76 | 308 | 433 | 3,505 | 2,242 | 6,583 |
| 7 | കിഫ്ബി (KIIFB) എടുത്ത വായ്പകൾക്ക് നൽകിയ പലിശ | - | 6 | 41 | 401 | 535 | 914 | 1,417 | 1,835 | 2,195 | 7,343 |
| 8 | അറ്റ വായ്പ ( (5-6) | - | 101 | 3,006 | 1,911 | 594 | 7,455 | 6,476 | 737 | 5,610 | 25,890 |
| 9 | നെറ്റ് ബോറോയിംഗ് ആസ് എ മൾട്ടിപ്പിൾ ഓഫ് എക്സ്ചെക്കർ ട്രാൻസ്ഫേഴ്സ് | - | 0.10 | 1.88 | 0.87 | 0.27 | 3.12 | 2.62 | 0.22 | 1.52 | 1.32 |
| 10 | വരുമാനദായകമായ പദ്ധതികളിൽ നിന്ന് ലഭിക്കുന്ന വരുമാനം | - | - | - | 484 | - | 155 | 124 | 467 | 807 | 2,036 |
| 11 | വാർഷിക ഫണ്ട് ഫ്ലോ (4+8+10) | 730 | 1,143 | 4,606 | 4,595 | 2,766 | 10,000 | 9,070 | 4,519 | 10,112 | 47,541 |
| 12 | പദ്ധതി വിതരണം | | 443 | 1,069 | 3,503 | 5,485 | 8,459 | 4,673 | 4,725 | 6,467 | 34,824 |

*ഉറവിടം*: കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (*കിഫ്ബി*)

രിക്കാൻ (Market-based resources) കിഫ്ബിയെ പ്രാപ്തമാക്കി. കൂടാതെ, ഭൗതികമായ അടിസ്ഥാന സൗകര്യങ്ങൾക്ക് പുറമെ വിദ്യാഭ്യാസം, ആരോഗ്യം, ഇൻഫർമേഷൻ ടെക്നോളജി, വ്യാവസായിക എസ്റ്റേറ്റുകൾ, ഗതാഗതം, ടൂറിസം, നഗര വികസനം തുടങ്ങിയ മേഖലകളിലെ സാമൂഹിക അടിസ്ഥാന സൗകര്യ പദ്ധതികളെക്കൂടി കിഫ്ബിയുടെ പരിധിയിൽ ഉൾപ്പെടുത്തി.

ഭേദഗതിയിലൂടെ കൊണ്ടുവന്ന ഒരു പ്രധാന പരിഷ്കാരം കിഫ്ബി (KIIFB) നിയമത്തിന്റെ സാമ്പത്തിക ഘടനയിലുണ്ടായ പുനഃക്രമീകരണമാണ്. മോട്ടോർ വാഹന നികുതിയുടെയും പെട്രോളിയം സെസ്സിന്റെയും നിശ്ചിത വിഹിതങ്ങൾ നിയമപരമായി തന്നെ കിഫ്ബിക്ക് കൈമാറാൻ വ്യവസ്ഥ ചെയ്തു. ഇതോടെ ഓരോ വർഷത്തെയും ബജറ്റ് വിഹിതത്തെ (Annual Budgetary Allocation) ആശ്രയിക്കുന്നത് ഒഴിവാക്കാൻ സാധിച്ചു. കൃത്യമായി ലഭിക്കുമെന്ന് ഉറപ്പുള്ള ഈ വരുമാന സ്രോതസ്സുകൾ ഉപയോഗിച്ച് സെക്യൂരിറ്റൈസേഷൻ (Securitisation) നടത്താനും, അതുവഴി അടിയന്തര അടിസ്ഥാന സൗകര്യ ആവശ്യങ്ങൾക്കായി വിപണിയിൽ നിന്ന് കൂടുതൽ മൂലധനം സമാഹരിക്കാനും ലക്ഷ്യമിട്ടു. കൂടാതെ, ഈ ഭേദഗതി കിഫ്ബിയുടെ ഭരണസംവിധാനത്തെ (Governance) കൂടുതൽ ശക്തിപ്പെടുത്തുകയും ചെയ്തു.

സാമ്പത്തിക പരിമിതികൾക്കിടയിലും അടിസ്ഥാന സൗകര്യ വികസന നിക്ഷേപങ്ങൾക്കായി ശക്തമായ ഒരു ചട്ടക്കൂട് രൂപീകരിക്കാൻ ഈ സ്ഥാപനപരമായ പരിഷ്കാരങ്ങളിലൂടെ സാധിച്ചു. 2016 മുതൽ, 96,486.57 കോടി രൂപ മൂല്യമുള്ള 1,212 പദ്ധതികൾക്ക് കിഫ്ബി ഭരണാനുമതി നൽകുകയും, ഇതിനോടകം 34,824 കോടി രൂപ വിവിധ പദ്ധതികൾക്കായി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

മോട്ടോർ വാഹന നികുതി (MVT), പെട്രോളിയം സെസ്സ്, സർക്കാരിന്റെ അധിക വിഹിതം എന്നിവയിൽ നിന്നുള്ള വിഹിതങ്ങളാണ് ട്രഷറിയിൽ നിന്ന് കിഫ്ബിയിലേക്ക് കൈമാറുന്നത്. കിഫ്ബിയിലേക്ക് കൈമാറിയ മോട്ടോർ വാഹന നികുതി 2016-17-ലെ 281 കോടി രൂപയിൽ നിന്ന് 2024-25-ൽ 2,600 കോടി രൂപയായി വർദ്ധിച്ചു; ഇതിലൂടെ ആകെ ലഭിച്ചത് 13,871 കോടി രൂപയാണ്. പെട്രോളിയം സെസ്സ് വിഹിതം 2016-17-ൽ 448 കോടി രൂപയായിരുന്നത് 2024-25-ൽ 530 കോടി രൂപയായി മാറി; ആകെ സമാഹരിച്ചത് 4,350 കോടി രൂപ. ഇടവേളകളിൽ സർക്കാർ നൽകിയ അധിക വിഹിതം 1,394 കോടി രൂപയാണ്. ഇത്തരത്തിൽ ട്രഷറിയിൽ നിന്നുള്ള ആകെ കൈമാറ്റം 2016-17-ലെ 730 കോടി രൂപയിൽ നിന്ന് 2024-25-ൽ 3,695 കോടി രൂപയായി ഉയർന്നു. ഇതുവരെ ആകെ 19,615 കോടി രൂപയാണ് ട്രഷറിയിൽ നിന്ന് കിഫ്ബിക്ക് കൈമാറിയത്.

സർക്കാർ കൈമാറുന്ന വിഹിതത്തിന് പുറമെ, സാമ്പത്തിക വിപണികളിൽ (Financial Markets) നിന്നും കിഫ്ബി വിഭവങ്ങൾ സമാഹരിച്ചിട്ടുണ്ട്. 2017-18 കാലയളവിൽ ആരംഭിച്ച വിപണി വായ്പകൾ (Market Borrowings) ക്രമാനുഗതമായി വർദ്ധിക്കുകയും, 2024-25-ൽ 7,852 കോടി രൂപയായി ഉയരുകയും ചെയ്തു. ഈ കാലയളവിൽ വിപണിയിൽ നിന്ന് സമാഹരിച്ച ആകെ തുക 32,472 കോടി രൂപയാണ്.

സമീപ വർഷങ്ങളിൽ, വരുമാനം ഉണ്ടാക്കുന്ന പദ്ധതികൾ (Revenue-generating projects) ഒരു അധിക സാമ്പത്തിക സ്രോതസ്സായി വളർന്നു വന്നിട്ടുണ്ട്. ഇത്തരം പദ്ധതികളിൽ നിന്നുള്ള വരുമാനം ആദ്യമായി രേഖപ്പെടുത്തിയത് 2019-20 കാലയളവിലാണ് (484 കോടി രൂപ). ഇത് 2024-25-ൽ 807 കോടി രൂപയായി വർദ്ധിച്ചു; ആകെ സമാഹരിച്ചത് 2,036 കോടി രൂപയാണ്. ഖജനാവിൽ നിന്നുള്ള വിഹിതം, അറ്റ വായ്പകൾ (Net borrowing), പദ്ധതികളിൽ നിന്നുള്ള വരുമാനം എന്നിവയുൾപ്പെടെയുള്ള വാർഷിക ഫണ്ട് ഒഴുക്ക് 2016-17-ലെ 730 കോടി രൂപയിൽ നിന്ന് 2024-25-ൽ 10,112 കോടി രൂപയായി ഉയർന്നു. ഇക്കാലയളവിൽ ആകെ ലഭിച്ച തുക 47,541 കോടി രൂപയാണ്. ഇതിന് ആനുപാതികമായി പദ്ധതികൾക്കായുള്ള പണ വിതരണവും (Disbursements) വർദ്ധിച്ചു. 2024-25-ൽ മാത്രം 6,467 കോടി രൂപ വിതരണം ചെയ്തതോടെ, ആകെ വിതരണം ചെയ്ത തുക 34,824 കോടി രൂപയായി.

2016-17 മുതൽ 2024-25 വരെയുള്ള കാലയളവിലെ കിഫ്ബിയുടെ (KIIFB) പ്രധാന സാമ്പത്തിക പ്രകടന സൂചകങ്ങൾ പട്ടിക 2.6-ൽ നൽകിയിരിക്കുന്നു.

സമാഹരിച്ച ആകെ ഫണ്ടും തിരിച്ചടച്ച വായ്പകളും തമ്മിലുള്ള വ്യത്യാസമായ കിഫ്ബിയുടെ അറ്റ വായ്പ (Net Borrowing), 2016-നും 2025-നും ഇടയിൽ ആകെ 25,889 കോടി രൂപയായി. ഇത് അടിസ്ഥാന സൗകര്യ വികസന നിക്ഷേപങ്ങളെ ഗണ്യമായി വേഗത്തിലാക്കുകയും ഭാവി സാമ്പത്തിക വളർച്ചയ്ക്ക് ശക്തമായ അടിത്തറ പാകുകയും ചെയ്തു. ഇതിനോടകം 21,881 കോടി രൂപ ആകെ മൂല്യമുള്ള പദ്ധതികൾ പൂർത്തിയായിട്ടുണ്ട്. വിവിധ മേഖലകളിൽ, പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡ് വികസനത്തിനാണ് ഏറ്റവും കൂടുതൽ തുക അനുവദിച്ചത് (34,330 കോടി രൂപ). ഇതിൽ 10,813 കോടി രൂപയുടെ പദ്ധതികൾ പൂർത്തിയായി; ദേശീയപാതാ സ്ഥലമേറ്റെടുപ്പിനായി നൽകിയ 5,580 കോടി രൂപയും ഇതിൽ ഉൾപ്പെടുന്നു. കൂടാതെ, ആരോഗ്യ മേഖലയിൽ 6,670 കോടി രൂപയുടെയും ജലവിഭവ മേഖലയിൽ 6,995 കോടി രൂപയുടെയും പദ്ധതികൾക്ക് അംഗീകാരം നൽകി.

പതിറ്റാണ്ടുകളായി മുടങ്ങിക്കിടന്ന നിരവധി പദ്ധതികൾ പൂർത്തിയാക്കാൻ കിഫ്ബിയിലൂടെ സാധിച്ചു. ദേശീയപാത 66-ന്റെ ആറുവരിപ്പാത വികസനം വേഗത്തിലാക്കുന്നതിനായി സ്ഥലമേറ്റെടുപ്പിന് മാത്രം ഏകദേശം 6,000 കോടി രൂപ ചിലവഴിച്ചു. വിദ്യാഭ്യാസ മേഖലയിൽ 524 സ്കൂൾ കെട്ടിടങ്ങൾ, 45,000 ക്ലാസ് മുറികൾ, 31 കോളേജ് കെട്ടിടങ്ങൾ എന്നിവയുടെ നിർമ്മാണത്തിലൂടെ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തി. ആരോഗ്യരംഗത്ത് കാത്ത് ലാബുകൾ (Cath labs), ഡയാലിസിസ് യൂണിറ്റുകൾ, പ്രത്യേക ക്യാൻസർ ചികിത്സാ സൗകര്യങ്ങൾ എന്നിവയ്ക്ക് പുറമെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി (Institute of Advanced Virology) സ്ഥലമേറ്റെടുപ്പിനായി 300 കോടി രൂപയും കിഫ്ബി നൽകി. 1,500 കോടി രൂപ ചെലവ് വരുന്ന കെ-ഫോൺ (K-FON) പദ്ധതിയിലൂടെ ദരിദ്ര കുടുംബങ്ങൾക്ക് സൗജന്യ അതിവേഗ ഇന്റർനെറ്റും

സർക്കാർ ഓഫീസുകൾക്ക് കണക്ടിവിറ്റിയും ഉറപ്പാക്കുന്നു. വയനാട് ഇരട്ട തുരങ്കം (Wayanad Twin Tunnel), ട്രാൻസ്ഗ്രിഡ് 2.0 (കുറവിലങ്ങാട്ടെ 152 കോടി രൂപയുടെ GIS സബ്സ്റ്റേഷൻ ഉൾപ്പെടെ), തീരദേശ ഹൈവേ (6,500 കോടി രൂപ), മലയോര ഹൈവേ (3,500 കോടി രൂപ), ചെല്ലാനത്തെ 350 കോടി രൂപയുടെ ടെട്രാപോഡ് കടൽ ഭിത്തി എന്നിവയാണ് മറ്റ് പ്രധാന പദ്ധതികൾ.

2025 ജൂണിൽ, റേറ്റിംഗ് ഏജൻസിയായ ക്രിസിൽ (CRISIL), കിഫ്ബിയുടെ ദീർഘകാല റേറ്റിംഗ് A+(CE)/ Negative ആയി പുനഃസ്ഥിരീകരിച്ചു. ഇത് സംസ്ഥാന സർക്കാരിന്റെ റേറ്റിംഗിനേക്കാൾ ഒരു പടി മുകളിലാണ്. എസ്ക്രോ ക്രമീകരണങ്ങൾ (Escrow arrangements), ഡെബ്റ്റ് സർവീസ് റിസർവ് അക്കൗണ്ടുകൾ (DSRA), ലിക്വിഡിറ്റി ബഫറുകൾ തുടങ്ങിയ 'ക്രെഡിറ്റ് മെച്ചപ്പെടുത്തൽ' സംവിധാനങ്ങളാണ് കിഫ്ബിക്ക് ഈ നേട്ടം കൈവരിക്കാൻ സഹായിച്ചത്. രൂപയിൽ അധിഷ്ഠിതമായ 'മസാല ബോണ്ടുകൾ' (Masala Bonds) വഴി വിദേശ വിപണിയിൽ നിന്ന് വിഭവസമാഹരണം നടത്തിയ ആദ്യ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഒന്നാണ് കിഫ്ബി.

എന്നിരുന്നാലും, 2023-ൽ കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ 'അറ്റ വായ്പാ പരിധി' (Net Borrowing Ceiling), കിഫ്ബി (KIIFB) പോലുള്ള സംസ്ഥാന ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളുടെ വായ്പകളെക്കൂടി സംസ്ഥാനത്തിന്റെ പൊതുവായ വായ്പാ പരിധിയിൽ ഉൾപ്പെടുത്തിയത് കിഫ്ബിയുടെ പ്രവർത്തന സാഹചര്യത്തെ പാടെ മാറ്റിമറിച്ചു. ബജറ്റിന് പുറത്തുള്ള വിഭവസമാഹരണ ഉപാധി (Extra-budgetary resource mobilisation instrument) എന്ന നിലയിലുള്ള കിഫ്ബിയുടെ പങ്കിനെ ഈ തീരുമാനം അടിസ്ഥാനപരമായി ബാധിച്ചു. മുൻകാലത്തെ വായ്പകൾക്ക് കൂടി ബാധകമാകും വിധം (Retrospective application), ഘട്ടംഘട്ടമായി ഗഡുക്കളായി ഈ നിയമം നടപ്പിലാക്കിയത് സംസ്ഥാനത്തിന്റെ ധനസ്ഥിതിയെയും അടിസ്ഥാന സൗകര്യ വികസന ആസൂത്രണത്തെയും നേരിട്ട് ബാധിച്ചു.

ഭരണഘടനയുടെ 293-ാം അനുച്ഛേദം (Article 293) പ്രകാരം കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ അറ്റ വായ്പാ പരിധിയെ (Net Borrowing Ceiling - NBC) കേരള സർക്കാർ ചോദ്യം ചെയ്തു. കിഫ്ബിയുടെ (KIIFB) വായ്പകളെ സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ (Consolidated Fund) നിന്നുള്ള വായ്പാ പരിധിയിൽ ഉൾപ്പെടുത്തിയതിനെയാണ് കേരളം പ്രധാനമായും എതിർത്തത്. 2024 ഏപ്രിൽ 1 ലെ ഉത്തരവിലൂടെ, ഈ വിഷയത്തിലെ ഭരണഘടനാപരമായ പ്രശ്നങ്ങൾ പരിശോധിക്കുന്നതിനായി ഒരു അഞ്ചംഗ ഭരണഘടനാ ബെഞ്ച് (Five-judge Bench) രൂപീകരിക്കാൻ ബഹുമാനപ്പെട്ട സുപ്രീം കോടതി നിർദ്ദേശം നൽകി. ഭരണഘടനാ ബെഞ്ചിന്റെ അന്തിമ വിധി വരുന്നത് വരെ, കിഫ്ബിയുടെ വായ്പകൾ സംസ്ഥാനത്തിന്റെ ആകെ വായ്പാ പരിധിക്കുള്ളിൽ തന്നെ കണക്കാക്കുന്നത് തുടരും.

ഈ സംഭവവികാസങ്ങൾ 2016-ൽ കിഫ്ബി (KIIFB) പുനഃക്രമീകരിക്കപ്പെട്ടപ്പോഴുണ്ടായിരുന്ന സ്ഥാപനപരവും സാമ്പത്തികവുമായ സാഹചര്യങ്ങളെ കാര്യമായി മാറ്റിമറിച്ചിരിക്കുന്നു. ബജറ്റിന് പുറത്തുള്ള വിഭവസമാഹരണത്തിലൂടെ (Extra-budgetary infrastructure financing) സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസനം മുന്നോട്ട് കൊണ്ടുപോകുന്നതിന് ഇത് പുതിയ വെല്ലുവിളികൾ ഉയർത്തുന്നു.

**ഉപസംഹാരം**

ശക്തമായ ഒരു ധനനയം (Sound fiscal policy) വിലയിരുത്തപ്പെടേണ്ടത് കേവലം ധനക്കമ്മി സൂചകങ്ങളിലെ (Deficit indicators) മാറ്റങ്ങൾ നോക്കിയല്ല; മറിച്ച് ഹ്രസ്വകാലത്തേക്കും ദീർഘകാലത്തേക്കും വികസനവും സാമ്പത്തിക വളർച്ചയും ഉറപ്പാക്കാനുള്ള അതിന്റെ ശേഷി കൂടി പരിഗണിച്ചാവണം. ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുകയും ഉപജീവനമാർഗങ്ങൾ സംരക്ഷിക്കുകയും സുസ്ഥിരമായ സാമ്പത്തിക വികാസത്തിന് അടിത്തറ പാകുകയും ചെയ്യുമ്പോൾ മാത്രമാണ് സാമ്പത്തിക അച്ചടക്കം (Fiscal discipline) അർത്ഥവത്താകുന്നത്. വികസന നേട്ടങ്ങളെ അവഗണിച്ചുകൊണ്ട് കേവലം അക്കങ്ങളിലെ ലക്ഷ്യങ്ങൾ (Numerical targets) കൈവരിക്കുന്നതിന് മാത്രം മുൻഗണന നൽകുന്ന ഒരു ചട്ടക്കൂട്, പൊതുജനാരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ പൊതുസാമ്പത്തിക സേവനങ്ങളുടെ യഥാർത്ഥ ലക്ഷ്യത്തെ തന്നെ തകർക്കാൻ ഇടയാക്കും.

ഒരു സംസ്ഥാനത്തിന്റെയും അവിടുത്തെ ജനങ്ങളുടെയും വികസന അഭിലാഷങ്ങളെ, യാഥാർത്ഥ്യങ്ങളുമായി ബന്ധമില്ലാത്ത സാമ്പത്തിക മാനദണ്ഡങ്ങൾ (Fiscal Benchmarks) ഉപയോഗിച്ച് തടയാനാവില്ല. അടിസ്ഥാന സൗകര്യ വികസനം, സാമൂഹിക സുരക്ഷ, മനുഷ്യവിഭവശേഷി വികസനം എന്നിവയിലുള്ള പൊതുനിക്ഷേപം എന്നത് ഒരു 'സാമ്പത്തിക അതിപ്രസരമല്ല' (Fiscal excess); മറിച്ച് അത് സാമ്പത്തികമായ ഒരാവശ്യമാണ്. കേന്ദ്ര നയങ്ങൾ വഴിയുള്ള നിയന്ത്രണങ്ങൾ ഉൾപ്പെടെയുള്ള ഘടനാപരമായ തടസ്സങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ, വികസന പ്രവർത്തനങ്ങളിൽ നിന്ന് പിന്മാറുകയല്ല (Retrenchment) വേണ്ടത്; മറിച്ച് നീതിയുക്തവും സമത്വപൂർണ്ണവുമായ ഒരു ഫെഡറൽ സംവിധാനത്തിനായി പോരാടിക്കൊണ്ടുതന്നെ ജനങ്ങൾക്ക് വികസനം എത്തിക്കാൻ നിരന്തരം ശ്രമിക്കുക എന്നതാണ്.

ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ഒരു സർക്കാരിന്, ജനതയുടെ വികസനത്തിന് ഏറ്റവും അനുയോജ്യമായ പാത നിശ്ചയിക്കാനുള്ള അവകാശവും ഉത്തരവാദിത്തവുമുണ്ട്. ഭരണഘടനാ തത്വങ്ങളെ മാനിച്ചുകൊണ്ടുള്ള, നിബന്ധനകളില്ലാത്തതും മുൻകൂട്ടി നിശ്ചയിച്ചതുമായ സാമ്പത്തിക കൈമാറ്റങ്ങൾ (Predictable and unconditional transfers) ഇതിന് അത്യാവശ്യമാണ്. ധനകാര്യ കമ്മീഷന്റെയും കേന്ദ്ര സർക്കാരിന്റെയും ചുമതല എന്നത് അന്തർ-ഗവൺമെന്റ് സാമ്പത്തിക കൈമാറ്റങ്ങളിൽ തുല്യതയും സ്വയം ഭരണാധികാരവും സുതാര്യതയും ഉറപ്പുവരുത്തിക്കൊണ്ട് 'സഹകരണാത്മക ഫെഡറലിസം' (Cooperative fiscal federalism) പ്രോത്സാഹിപ്പിക്കുക എന്നതാണ്; അല്ലാതെ രാഷ്ട്രീയ ആയുധങ്ങളായി പ്രവർത്തിക്കുക എന്നതല്ല.

സംസ്ഥാനത്തിന്റെ സാമ്പത്തിക സ്വയംഭരണാധികാരത്തിന്മേൽ (Fiscal autonomy) നിരന്തരമായ സമ്മർദ്ദങ്ങൾ ഉണ്ടായിരുന്നിട്ടും, മറ്റൊരു ബദൽ പാത സാധ്യമാണെന്ന് കേരള സർക്കാർ തെളിയിച്ചിട്ടുണ്ട്: സാമൂഹിക പ്രതിബദ്ധതയും (Social commitment) വികസന മോഹങ്ങളും (Developmental ambition) ഒന്നു ചേരുന്ന ഒരു പാതയാണത്.

## അദ്ധ്യായം 3

# കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസം : നവീകരണം, അതിജീവനം, അംഗീകാരം

### ആമുഖം

കഴിഞ്ഞ 10 വർഷത്തിനിടയിൽ, ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി സർക്കാർ-എയ്ഡഡ് സ്കൂളുകൾക്ക് പൊതുജനപിന്തുണ ഗണ്യമായി വർദ്ധിച്ച ഒരു സംസ്ഥാനമായി കേരളം മാറിയിരിക്കുന്നു എന്നത് ശ്രദ്ധേയമായ ഒരു കാര്യമാണ്. ഒരു നിശ്ചിത കാലയളവിൽ, സ്വകാര്യ മേഖലയെക്കാൾ വേഗത്തിൽ പൊതുവിദ്യാഭ്യാസ മേഖലയിൽ വിദ്യാർത്ഥി പ്രവേശനം വർദ്ധിച്ചു എന്നതും ശ്രദ്ധേയമാണ്. സ്കൂൾ കെട്ടിടങ്ങൾ, ഉപകരണങ്ങൾ, പഠനത്തിനും വിനോദത്തിനുമായുള്ള സൗകര്യങ്ങൾ എന്നിവയുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനത്തിൽ ഈ കാലയളവിൽ വലിയ പുരോഗതി ദൃശ്യമായി. തൊട്ടുമുമ്പുള്ള വർഷങ്ങളിൽ ഈ മേഖലയിലുണ്ടായിരുന്ന അവഗണന അവസാനിപ്പിച്ചുകൊണ്ട്, പാഠപുസ്തകങ്ങളും അക്കാദമിക് പഠനസാമഗ്രികളും അധ്യയന വർഷാരംഭത്തിൽ തന്നെ കൃത്യസമയത്ത് കുട്ടികൾക്ക് ലഭ്യമാക്കുന്നത് ഇപ്പോൾ ഒരു പതിവായി മാറിയിരിക്കുന്നു. സ്കൂൾ പാഠപുസ്തകങ്ങളുടെ പരിഷ്കരണം ഇപ്പോൾ പൂർത്തിയായിക്കഴിഞ്ഞു. ഈ പാഠപുസ്തക പരിഷ്കരണത്തിന്റെ പ്രാധാന്യം ഒരിക്കലും കുറച്ചുകാണാനാവില്ല. മതനിരപേക്ഷ, ജനാധിപത്യ, ശാസ്ത്രീയ മൂല്യങ്ങൾ വെല്ലുവിളി നേരിടുന്ന ഒരു ഇന്ത്യയിൽ, വിജ്ഞാനത്തിന്റെ ഏറ്റവും പുതിയ വികാസങ്ങളെ ഉൾക്കൊള്ളുന്ന പാഠപുസ്തകങ്ങളാണ് കേരളം ഒരുക്കുന്നത്. ശാസ്ത്രീയ അറിവിനെയും ശാസ്ത്രീയ മനോഭാവത്തിന്റെ വളർച്ചയെയും പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം, ജനാധിപത്യപരവും മതനിരപേക്ഷവും സാമൂഹിക ഉൾക്കൊള്ളലിനെ പിന്തുണയ്ക്കുന്നതുമായ സാംസ്കാരിക മൂല്യങ്ങൾ വളർത്താനും ഈ പാഠപുസ്തകങ്ങൾ ശ്രമിക്കുന്നു.

### കാഴ്ചപ്പാട്

നിരന്തര പഠനം, തൊഴിൽ ക്ഷമത, ലിംഗസമത്വം, വിശാലമായ സാമൂഹിക പരിവർത്തനം എന്നിവയോടൊപ്പം ഗുണമേന്മയുള്ള വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക, സാർവ്വത്രിക പ്രവേശനം ഉറപ്പാക്കുക, ഉൾക്കൊള്ളൽ ശക്തിപ്പെടുത്തുക എന്നിവയിലൂടെ കേരളത്തെ ഒരു ആഗോള വിജ്ഞാന കേന്ദ്രമായി സ്വയം സ്ഥാനമുറപ്പിക്കാനാണ് സംസ്ഥാനം ലക്ഷ്യമിടുന്നത്.

**ഗുണമേന്മയുള്ള വിദ്യാഭ്യാസം**: പ്രീ-സ്കൂൾ മുതൽ സീനിയർ സെക്കൻഡറി വരെയുള്ള ഓരോ വിദ്യാർത്ഥിക്കും തുല്യവും ഉൾക്കൊള്ളുന്നതും ഉയർന്ന നിലവാരമുള്ളതുമായ പഠനാനുഭവങ്ങൾ നൽകുന്നതിൽ 'സമഗ്ര ഗുണമേന്മ' (കോംപ്രിഹെൻസീവ് ക്വാളിറ്റി എഡ്യൂക്കേഷൻ) പദ്ധതി ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഇതിനായി മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ, മികച്ച അധ്യാപക പരിശീലനം, പരിഷ്കരിച്ച പാഠ്യപദ്ധതി, പഠന സാമഗ്രികളുടെ കൃത്യസമയത്തുള്ള വിതരണം എന്നിവയിലൂടെ കിണഞ്ഞു പരിശ്രമിക്കുന്നു.

**സാർവത്രിക ലഭ്യത:** സാമൂഹികമോ സാമ്പത്തികമോ ലിംഗപരമോ വംശീയമോ അല്ലെങ്കിൽ വൈകല്യം സംബന്ധിച്ച വ്യത്യാസങ്ങളോ കാരണം ആരും വിദ്യാഭ്യാസത്തിൽ നിന്ന് പുറന്തള്ളപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തിക്കൊണ്ട് എല്ലാ പഠിതാക്കൾക്കും തുല്യ അവസരങ്ങൾ ഉറപ്പാക്കാൻ കേരളം പരിശ്രമിക്കുന്നു.

**ഉൾക്കൊള്ളൽ:** എല്ലാ കഴിവുകളിലുമുള്ള വിദ്യാർത്ഥികൾ തങ്ങളുടെ അയൽപക്കത്തുള്ള വിദ്യാലയങ്ങളിൽ ഒരേ പ്രായത്തിനനുയോജ്യമായ ക്ലാസ് മുറികളിൽ ഒരുമിച്ചുപഠിക്കുന്നുണ്ടെന്നും പ്രധാന പാഠ്യപദ്ധതിയിൽ വിജയിക്കാൻ ആവശ്യമായ പിന്തുണ അവർക്ക് ലഭിക്കുന്നുണ്ടെന്നും ഉൾക്കൊള്ളൽ വിദ്യാഭ്യാസം ഉറപ്പാക്കുന്നു.

### 13–ാമത്തെയും 14–ാമത്തെയും പഞ്ചവത്സര പദ്ധതികൾക്ക് കീഴിലുള്ള പുരോഗതി

കേരളത്തിന്റെ സാമൂഹിക പുരോഗതിയുടെ കേന്ദ്രബിന്ദു വിദ്യാഭ്യാസമായിരുന്നു. ഇത് വികസന നേട്ടങ്ങളെ മാത്രമല്ല, സാമൂഹിക നീതി, സമത്വം, ജനാധിപത്യം, മതേതരത്വം എന്നീ മൂല്യങ്ങളെയും രൂപപ്പെടുത്തിയിട്ടുണ്ട്. ഈ ആശയങ്ങളെ മുന്നോട്ട് കൊണ്ടുപോകുന്നതിൽ വിദ്യാഭ്യാസ മേഖലയിലെ സംസ്ഥാനത്തിന്റെ പൊതു ഇടപെടലിന്റെ ശക്തമായ പാരമ്പര്യം നിർണായകമായിരുന്നു.

വർഷങ്ങളായി പ്രത്യേകിച്ച് 2016-17- മുതൽ സ്കൂൾ വിദ്യാഭ്യാസത്തിനായുള്ള ബജറ്റ് വിഹിതവും ചെലവും ഗണ്യമായി വർദ്ധിച്ചു. സമീപ വർഷങ്ങളിൽ യഥാർത്ഥ ചെലവ് നിശ്ചയിച്ച വിഹിതത്തെപ്പോലും മറികടന്നു എന്നത് കാര്യക്ഷമമായ സാമ്പത്തിക മാനേജ്മെന്റ്, ശക്തമായ നിർവ്വഹണശേഷി, സ്കൂൾ വിദ്യാഭ്യാസത്തിന് നൽകുന്ന ഉയർന്ന മുൻഗണന എന്നിവയ്ക്ക് അടിവരയിടുന്നതാണ്.

കഴിഞ്ഞ ഒമ്പത് വർഷത്തിനിടയിൽ സ്കൂൾ അടിസ്ഥാന സൗകര്യങ്ങളിൽ സംസ്ഥാനം ഗണ്യമായ പുരോഗതി കൈവരിച്ചു. സ്കൂൾ അടിസ്ഥാന സൗകര്യ വികസന

**പട്ടിക 3.1:** *കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസത്തിനായുള്ള ചെലവിലെ പ്രവണതകൾ (2016-17 മുതൽ 2024-25 വരെ) രൂപ ലക്ഷത്തിൽ*

| വർഷം | ചെലവ് |
|---|---|
| 2016-17 | 75,206.4 |
| 2017-18 | 75,081.9 |
| 2018-19 | 66,425.5 |
| 2019-20 | 48,740.3 |
| 2020-21 | 74,601.3 |
| 2021-22 | 88,649.5 |
| 2022-23 | 1,02,682.4 |
| 2023-24 | 1,11,527.3 |
| 2024-25 | 1,10,955.3 |
| **Total** | **7,53,869.9** |

*സ്രോതസ്സ്:* ബജറ്റ് രേഖകൾ, വിവിധ വർഷങ്ങൾ

ത്തിനായി കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB) വഴി മൊത്തം 2,598 കോടി രൂപയുടെ നിക്ഷേപം നടത്തുകയുണ്ടായി. ഈ പദ്ധതിയുടെ കീഴിൽ 5 കോടി, 3 കോടി, 1 കോടി രൂപ വീതം ചെലവ് വരുന്ന വിഭാഗങ്ങളിലായി 973 സ്കൂൾ കെട്ടിടങ്ങൾക്ക് അനുമതി നൽകുകയും, ഇതിൽ 598 എണ്ണത്തിന്റെ നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞു. ഈ കാലായളവിൽ 8 മുതൽ 12 വരെയുള്ള എല്ലാ ക്ലാസ് മുറികളും സാങ്കേതിക വിദ്യാധിഷ്ഠിത സൗകര്യങ്ങളോടെ നവീകരിക്കുകയും പ്രൈമറി സ്കൂളുകളിൽ കമ്പ്യൂട്ടർ ലാബുകൾ സ്ഥാപിക്കുകയും ചെയ്തു.

**കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസ സ്ഥാപനങ്ങളും ഏജൻസികളും**

**പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്:** (ഡിജിഇ)-പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, കേരളത്തിലെ എല്ലാ സ്കൂൾ വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെയും മേൽനോട്ടം വഹിക്കുന്നു. പതിമൂന്നാം പദ്ധതി കാലയളവിൽ, പ്രൊഫ. എം.എ. ഖാദറിന്റെ നേതൃത്വത്തിലുള്ള ഒരു വിദഗ്ധ സമിതിയുടെ ശുപാർശയെത്തുടർന്ന്, സർക്കാർ മുമ്പ് വ്യത്യസ്തമായിരുന്ന മൂന്ന് ഡയറക്ടറേറ്റുകളായ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, ഹയർ സെക്കൻഡറി വിദ്യാഭ്യാസ ഡയറക്ടറേറ്റ്, വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസ ഡയറക്ടറേറ്റ്- എന്നിവയെ ഒരൊറ്റ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ലയിപ്പിച്ചു. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ മേൽനോട്ടത്തിൽ, വിദ്യാഭ്യാസ സഹായ സേവനങ്ങൾ, ഉച്ചഭക്ഷണ പരിപാടി, സ്കൂൾ അടിസ്ഥാന സൗകര്യ വികസനം തുടങ്ങിയ പരിപാടികൾ രൂപീകരിക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഭാവിയിൽ സേവനത്തിലുള്ള (ഇൻസർവീസ്) അധ്യാപകർക്കുള്ള പരിശീലന പരിപാടികൾക്ക് ഒരു പ്രാരംഭ മാതൃക എന്ന തരത്തിൽ 'പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് ഹയർ സെക്കന്ററി അധ്യാപകർക്കായി ഒരു സമഗ്ര ടീച്ചർ ട്രാൻസ്ഫോർമേഷൻ പ്രോഗ്രാം' ആരംഭിച്ചിട്ടുണ്ട്.

**സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷണൽ റിസർച്ച് ആൻഡ് ട്രെയിനിംഗ് (എസ്.സി.ഇ.ആർ.ടി) :** സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷണൽ റിസർച്ച് ആൻഡ് ട്രെയിനിംഗ്, കേരള എന്നത് (SCERT Kerala) പ്രീ-സ്കൂൾ മുതൽ ഹയർ സെക്കൻഡറി തലംവരെയുള്ള അക്കാദമിക് പരിപാടികൾ ആസൂത്രണം ചെയ്യു ന്നതിനും നടപ്പിലാക്കുന്നതിനും വിലയിരുത്തുന്നതിനും ചുമതലയുള്ള കേരള സർക്കാർ പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഒരു സ്വയംഭരണ അക്കാദമിക് സ്ഥാപനമാണ്. എസ്.സി.ഇ.ആർ.ടി കേരള സംസ്ഥാനതല അക്കാദമിക് അതോറിറ്റിയായി പ്രവർത്തിക്കുന്നു. അത്, പാഠ്യപദ്ധതി വികസിപ്പിക്കുകയും പാഠപുസ്തകങ്ങളും അധ്യാപകർക്കുള്ള കൈപ്പുസ്തകങ്ങളും തയ്യാറാക്കുകയും, ഇൻ-സർവീസ് അധ്യാപക പരിശീലനം ഏകോപിപ്പിക്കുകയും, സ്കൂൾ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട നയപരമായ കാര്യങ്ങളിൽ സർക്കാരിനെ ഉപദേശിക്കുകയും ചെയ്യുന്നു.

**സമഗ്ര ശിക്ഷാ കേരളം (SSK):** പ്രീ-സ്കൂൾ മുതൽ ഹയർ സെക്കൻഡറി തലം വരെയുള്ള വിദ്യാലയങ്ങൾ ഒരു തുടർച്ചയായി വിഭാവനം ചെയ്യുന്ന സ്കൂൾവിദ്യാഭ്യാസത്തിനെക്കുറിച്ചുള്ള ഒരു സംയോജിത പദ്ധതിയാണ് എസ്.എസ്.കെ.ഇത്തരമൊരുഏകീകൃതഭരണസംവിധാനം സൃഷ്ടിക്കുന്നത് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് ഊന്നൽ നൽകിക്കൊണ്ട്, സ്കൂൾ മേഖലയ്ക്കാകെയുള്ള ഒരു തന്ത്രം വികസിപ്പിക്കാൻ സഹായിക്കുന്നു. പദ്ധതിയുടെ പൊതുവായ ലക്ഷ്യങ്ങൾ ഗുണനിലവാരമുള്ള സ്കൂൾ വിദ്യാഭ്യാസം വിപുലീകരിക്കുന്നതിലൂടെ പ്രവേശനം വർദ്ധിപ്പിക്കുക, പിന്നാക്ക വിഭാഗങ്ങളെയും ദുർബല വിഭാഗങ്ങളെയും ഉൾപ്പെടുത്തി തുല്യത പ്രോത്സാഹിപ്പിക്കുക, എല്ലാവർക്കുമായി വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുക, സ്കൂൾ വിദ്യാഭ്യാസത്തിലെ സാമൂഹികവും ലിംഗപരവുമായ അന്തരം നികത്തുക, സ്കൂൾ വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലും തുല്യതയും ഉൾപ്പെടുത്തലും ഉറപ്പാക്കുക, വിദ്യാഭ്യാസ ത്തിന്റെ തൊഴിലധിഷ്ഠിതവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുക എന്നിവയാണ്. എല്ലാ പ്രവർത്തനങ്ങളും എസ്.എസ്.കെ. ഏറ്റെടുത്തിരിക്കുന്നത്, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ (പൊതുവിദ്യാഭ്യാസ പുനരുജ്ജീവന യജ്ഞം) വിശാലമായ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും വിദ്യാഭ്യാസ അവകാശ നിയമത്തിൽ വിഭാവനം ചെയ്തിരിക്കുന്നതുപോലെ പ്രായത്തിനനുയോജ്യമായ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനും അക്കാദമിക് വിടവുകൾ നികത്തുന്നതിനുമാണ്.

**സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ മാനേജ്മെന്റ് ആൻഡ് ട്രെയിനിംഗ് (സീമാറ്റ്) – കേരളം:** സ്ഥാപന മേധാവികൾ, വിദ്യാഭ്യാസ ഉദ്യോഗസ്ഥർ, രക്ഷിതാക്കൾ, തദ്ദേശ സ്വയംഭരണ അംഗങ്ങൾ, അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ്, സ്പെഷ്യൽ സ്കൂൾ പ്രവർത്തകർ എന്നിവർ ഉൾപ്പെടെ വിദ്യാഭ്യാസ മേഖലയിലെ നേതൃസ്ഥാനത്തുള്ളവർക്ക് മാനേജ്മെന്റ് പരിശീലനം നൽകുന്നതിന് സീമാറ്റ്-കേരളം വിവിധ രീതികളിൽ സംഭാവന നൽകിവരുന്നു. സ്കൂളുകളിൽ ശിശുസൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി ക്ലാസ് റൂം മാനേജ്മെന്റിൽ അധ്യാപകർക്ക് പരിശീലനം നൽകുക എന്നതാണ് പരിശീലന പരിപാടിയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്ന്.

**കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്):** കൈറ്റ്, നേരത്തെയുള്ള ഐടി@സ്കൂൾ പദ്ധതിയിൽ നിന്ന് പരിണമിച്ച സെഷൻ 8 കമ്പനിയായി രജിസ്റ്റർ ചെയ്തിട്ടുള്ള കേരള സർക്കാരിന്റെ സംസ്ഥാന-ഉടമസ്ഥതയിലുള്ള ഒരു സംരംഭമാണ്. സംസ്ഥാനത്തുടനീളമുള്ള സ്കൂൾ വിദ്യാഭ്യാസത്തിൽ ഇൻഫർമേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻ ടെക്നോളജി (ഐസിടി) അധിഷ്ഠിത പ്രോഗ്രാമുകളുടെ പ്രധാന നിർവ്വഹണ ഏജൻസിയായി ഇത് പ്രവർത്തിക്കുന്നു. വൻ നിക്ഷേപങ്ങളിലൂടെ,കൈറ്റ് എല്ലാ സ്കൂളുകളിലും സാങ്കേതിക വിദ്യാ സൗഹൃദ ക്ലാസ് മുറികളും ലാബുകളും പ്രാപ്തമാക്കി, ഐസിടി ഗാഡ്ജെറ്റുകൾ, അതിവേഗ ബ്രോഡ്ബാൻഡ് കണക്റ്റിവിറ്റി, ഡിജിറ്റൽ റിസോഴ്സ് പോർട്ടലുകൾ, പരിശീലനം ലഭിച്ച അധ്യാപകർ എന്നിവയാൽ അവയെ സജ്ജമാക്കി. സ്വതന്ത്രവും തുറന്നതുമായ സോഫ്റ്റ്വെയറിനോടുള്ള (FOSS) ഉറച്ച പ്രതിബദ്ധതയോടെ, കൈറ്റ് സ്കൂളുകൾക്കായി ലോകോത്തര വിദ്യാഭ്യാസ സോഫ്റ്റ്വെയറും ആവശ്യാനുസരണം മാറ്റങ്ങൾ വരുത്തിയ അതിന്റെ സ്വന്തം ഓപ്പറേറ്റിംഗ് സിസ്റ്റവും കൊണ്ടുവന്നു.

**സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ് (എസ്.ഐ .എം.സി)**: സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ദി മെന്റലി ചലഞ്ച്ഡ് (SIMC), ബുദ്ധിപരമായ വൈകല്യമുള്ള വ്യക്തികളുടെ പ്രത്യേക വിദ്യാഭ്യാസം, പരിശീലനം, പുനരധിവാസം എന്നിവയ്ക്കുള്ള കേരളത്തിലെ നോഡൽ സ്ഥാപനമായി പ്രവർത്തിക്കുന്നു. എസ്.ഐ. എം.സി. സ്പെഷ്യൽ സ്കൂൾ, ക്ലിനിക്കൽ, ഫിസിയോതെറാപ്പി സേവനങ്ങൾ, ആദ്യകാല ഇടപെടൽ, തൊഴിലധിഷ്ഠിത പരിശീലനകേന്ദ്രങ്ങൾ, ഹോസ്റ്റൽ സൗകര്യങ്ങൾ എന്നിവയുൾപ്പെടെ വിവിധതരത്തിലുള്ള സേവനങ്ങൾ നൽകുന്നു. സംസ്ഥാനത്തുടനീളമുള്ള രക്ഷാകർതൃ പരിശീലന പരിപാടികൾക്കൊപ്പം ഡിപ്ലോമ ഇൻ എഡ്യൂക്കേഷൻ-സ്പെഷ്യൽ എഡ്യൂക്കേഷൻ (മെന്റൽ റിട്ടാർഡേഷൻ), ഡിപ്ലോമ ഇൻ എഡ്യൂക്കേഷൻ (ഓട്ടിസം സ്പെക്ട്രം ഡിസോർഡേഴ്സിലെ സ്പെഷ്യൽ എഡ്യൂക്കേഷൻ), ഡിപ്ലോമ ഇൻ വൊക്കേഷണൽ റീഹാബിലിറ്റേഷൻ തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകളും ഇത് നടത്തുന്നു.

**കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി (കെ.എസ്.എൽ.എം.എ)**: കെ.എസ്.എൽ.എം.എ വിപുലമായ നൂതന സാക്ഷരതാ, തുടർവിദ്യാഭ്യാസ പരിപാടികൾ നടപ്പിലാക്കുന്നു. ആരോഗ്യം, പരിസ്ഥിതി, ലിംഗഭേദം, കേരള നവോത്ഥാനം, ഇന്ത്യൻ ഭരണഘടന, ഇ-ലേണിംഗ് തുടങ്ങിയ മേഖലകളെ ഉൾക്കൊള്ളുന്ന സാമൂഹിക സാക്ഷരതാ സംരംഭങ്ങൾ മിഷൻ ആരംഭിച്ചിട്ടുണ്ട്. പട്ടികജാതി, പട്ടികവർഗ, കുടിയേറ്റ തൊഴിലാളികൾ, ട്രാൻസ്ജെൻഡർ വ്യക്തികൾ എന്നിവയുൾപ്പെടെയുള്ള പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്കായി ഇത് കേന്ദ്രീകൃതവും പ്രത്യേകവുമായ പരിപാടികൾ നടത്തുന്നു. ഇതിനുപുറമേ കെ.എസ്.എൽ.എം.എ, ഔപചാരിക സ്കൂൾ വിദ്യാഭ്യാസ തുല്യതാ പരിപാടികളും നടത്തുന്നു.

### സ്കൂൾ വിദ്യാഭ്യാസ പരിഷ്കാരങ്ങൾ (2017 – 2025)

2017 നും 2025 നും ഇടയിൽ, കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസ പരിഷ്കാരങ്ങൾ പുനരുജ്ജീവനം, അതിജീവനശേഷി, അംഗീകാരം എന്നീ മൂന്ന് തൂണുകളെ കേന്ദ്രീകരിച്ചിരുന്നു. ഈ ഓരോ മേഖലയിലും സംസ്ഥാനത്തിന്റെ പുരോഗതി ഇനിപ്പറയുന്ന വിഭാഗങ്ങൾ വിവരിക്കുന്നു.

### പുനരുജ്ജീവനം

ആധുനിക വിദ്യാഭ്യാസത്തിന്റെ വളർന്നുവരുന്ന ആവശ്യങ്ങൾ മനസ്സിലാക്കിക്കൊണ്ട്, പതിമൂന്നാമത്തെയും പതിനാലാമത്തെയും പഞ്ചവത്സര പദ്ധതികൾ സ്കൂൾ വിദ്യാഭ്യാസത്തെ സംസ്ഥാന ഇടപെടലിനുള്ള ഒരു പ്രധാന ശ്രദ്ധാകേന്ദ്രമായി തിരിച്ചറിഞ്ഞു. ക്ലാസ് മുറികൾ, പാഠ്യപദ്ധതികൾ, മൊത്തത്തിലുള്ള പഠന പരിസ്ഥിതികൾ എന്നിവ കാലികമാക്കുക എന്ന ലക്ഷ്യത്തോടെ, വിദ്യാഭ്യാസ മിഷന്റെ പൊതുവിദ്യാഭ്യസ സംരക്ഷണ യജ്ഞം (പൊതുവിദ്യാഭ്യാസ പുനരുജ്ജീവന യജ്ഞം) ശക്തിപ്പെടുത്തുന്നതിനായി ഫണ്ട് അനുവദിച്ചു.

പ്രചാരണത്തിന് കീഴിലുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി മുഖ്യമന്ത്രി അധ്യക്ഷനായും പൊതുവിദ്യാഭ്യാസ സെക്രട്ടറി മിഷൻ സെക്രട്ടറിയായി പിന്തുണ നൽകിക്കൊണ്ടും ഒരു സംസ്ഥാനതല മിഷൻ സ്ഥാപിച്ചു. പൊതുവിദ്യാലയങ്ങളിലെ പ്രവേശനം കുറഞ്ഞുകൊണ്ടിരുന്ന ഒരു സമയത്ത് പൊതുജനങ്ങളുടെ പ്രചാരണ സമീപനത്തെ പ്രോത്സാഹിപ്പിച്ചുകൊണ്ടും, ഈ സംരംഭം അധ്യാപകരെയും രക്ഷിതാക്കളെയും പൂർവ്വ വിദ്യാർത്ഥികളെയും തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളെയും ഒരുമിച്ച് കൊണ്ടുവന്നു.

ഈ പ്രചാരണം സാർവത്രിക വിദ്യാഭ്യാസ ലഭ്യത, പൊതുവിദ്യാലയ വിദ്യാഭ്യാസത്തിന്റെ മെച്ചപ്പെട്ട ഗുണനിലവാരം, സമഗ്രമായ വിദ്യാർത്ഥി വികസനസംരംഭങ്ങൾ, സഹായ സംവിധാനമായി വിദ്യാലയങ്ങൾ, കാലത്തിനനുസരിച്ചുള്ള മാറ്റങ്ങൾ, എല്ലാവരെയും ഉൾക്കൊള്ളുന്നതും തുല്യനീതിയിലധിഷ്ഠിതവും ആവശ്യാനുസൃതവുമായ സാക്ഷരതാ നിർമാണം, സ്കൂൾ വിദ്യാഭ്യാസ മറ്റ് പുനരുജ്ജീവന പരിപാടികൾ എന്നീ തത്വങ്ങളെ അടിസ്ഥാനമാക്കി; സാർവത്രികവും ഉയർന്ന നിലവാരമുള്ളതും സമഗ്രവും ആധുനികവുമായ വിദ്യാഭ്യാസം ഉറപ്പാക്കാൻ രൂപകല്പന ചെയ്തിട്ടുള്ള നടപടികളിലൂടെ സ്കൂൾ വിദ്യാഭ്യാസ സമ്പ്രദായത്തെ പുനരുജ്ജീവിപ്പിക്കാൻ സഹായിച്ചു.

### i. സാർവത്രികമായ വിദ്യാഭ്യാസ ലഭ്യത

**സ്കൂളുകളുടെ എണ്ണം**: 2024-25-ൽ കേരളത്തിൽ ലോവർ പ്രൈമറി മുതൽ ഹൈസ്കൂൾ തലം വരെ 12,945 സ്കൂളുകൾ ഉണ്ടായിരുന്നു. അതിൽ ഭൂരിഭാഗവും എയ്ഡഡ് സ്കൂളുകളാണ് (55.6 ശതമാനം).

സംസ്ഥാനത്തിന് 7,223 ബാച്ചുകളുള്ള 2,076 ഹയർ സെക്കൻഡറി സ്കൂളുകളുണ്ട് (HSS). ഹയർ സെക്കൻഡറി വിദ്യാഭ്യാസത്തിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി, എല്ലാ ജില്ലകളിലെയും സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിൽ 30 ശതമാനവും, പാലക്കാട്, കോഴിക്കോട്, തിരുവനന്തപുരം, മലപ്പുറം, വയനാട്, കണ്ണൂർ, കാസർകോട് എന്നിവിടങ്ങളിലെ എയ്ഡഡ് സ്കൂളുകളിൽ 20-30 ശതമാനവും, കൊല്ലം, എറണാകുളം, തൃശൂർ എന്നിവിടങ്ങളിലെ എയ്ഡഡ് സ്കൂളുകളിൽ 20 ശതമാനവും സീറ്റുകൾ വർദ്ധിപ്പിച്ചു.

കേരളത്തിൽ ശൈശവകാല പരിചരണവും വിദ്യാഭ്യാസവും (ECCE) ആരംഭിക്കുന്നത് പ്രീ-സ്കൂൾ വിദ്യാഭ്യാസത്തോടെയാണ്. പൊതുവിദ്യാഭ്യാസവകുപ്പ്, കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നിയമിതരായ അധ്യാപകരുള്ള 53 പ്രീ-സ്കൂളുകൾ നടത്തുന്നു. 2,182 സർക്കാർ സ്കൂളുകളിലെ പ്രീ-പ്രൈമറി ക്ലാസുകൾ നടത്തുന്നത് രക്ഷാകർതൃ-അധ്യാപക സംഘടനകളാണ്. സർക്കാർ അംഗീകൃത പ്രീ-സ്കൂളുകളിൽ ഭൂരിഭാഗവും മലയാളം, കന്നഡ, തമിഴ് തുടങ്ങിയ കുട്ടികളുടെ മാതൃഭാഷകൾ പഠന മാധ്യമമായി ഉപയോഗിക്കുകയും, കൂടാതെ കളിപ്പാട്ടം (ആക്ടിവിറ്റി ബുക്ക്), കളിത്തോണി (വർക്ക്ഷീറ്റുകൾ) എന്നിവയുൾപ്പെടെയുള്ള എസ്.സി.ഇ.ആർ.ടി പാഠ്യപദ്ധതി പിന്തുടരുകയും ചെയ്യുന്നു.

സംസ്ഥാന സിലബസ് സ്കൂളുകൾക്ക് പുറമേ, മറ്റ് ബോർഡുകളുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള ധാരാളം എണ്ണം സ്ഥാപനങ്ങളും കേരളത്തിൽ ഉണ്ട്. 2024-25 ൽ, 1,371 സിബിഎസ്ഇ സ്കൂളുകൾ, 168 ഐസിഎസ്ഇ സ്കൂളുകൾ, 40 കേന്ദ്രീയ വിദ്യാലയങ്ങൾ, 14 ജവഹർ നവോദയ വിദ്യാലയങ്ങൾ എന്നിവയുൾപ്പെടെ 1,593 അത്തരം സ്കൂളുകൾ ഉണ്ടായിരുന്നു.

**സാർവത്രിക പ്രവേശനം**: നവകേരള കർമ്മപദ്ധതിയുടെ കീഴിലുള്ള പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ

കേരളത്തിലെ പൊതുവിദ്യാഭ്യാസ സമ്പ്രദായം ശക്തമായ പുനരുജ്ജീവന പ്രവർത്തനങ്ങളിലൂടെ കടന്നുപോയി. 2018-19 നും 2025-26 നും ഇടയിൽ, സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ 7,15,508 പുതിയ വിദ്യാർത്ഥികളുടെ വർദ്ധനവ് കാണിച്ചു. ഇതിൽ 2025-26 ൽ മാത്രം 24,396 പുതിയ പ്രവേശനങ്ങളുണ്ട് (1-10 ക്ലാസുകൾ). മൊത്തം പ്രവേശനത്തിന്റെ 49.1 ശതമാനം പെൺകുട്ടികളാണ്.

പട്ടികജാതി, പട്ടികവർഗ വിദ്യാർത്ഥികളിൽ, ഒരു ചെറിയ അനുപാതം മാത്രമേ സ്വകാര്യ അൺ എയ്ഡഡ് സ്കൂളുകളിൽ ചേരുന്നുള്ളൂ. അതായത് പട്ടികജാതി വിഭാഗത്തിൽ 3.4 ശതമാനവും പട്ടികവർഗ വിദ്യാർത്ഥികളിൽ 0.5 ശതമാനവും. ഭൂരിഭാഗം പട്ടികവർഗ വിദ്യാർത്ഥികളും (58.4 ശതമാനം) സർക്കാർ സ്കൂളുകളിലാണ് പഠിക്കുന്നത്. ഇന്ത്യാ ഗവൺമെന്റിന്റെ വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ UDISE+ 2024-25 റിപ്പോർട്ട് അനുസരിച്ച്, പ്രൈമറി (83.2), അപ്പർ പ്രൈമറി (81.6), സെക്കൻഡറി (71.5), ഹയർ സെക്കൻഡറി (64.2) തലങ്ങളിൽ കേരളത്തിന്റെ നെറ്റ് എൻറോൾമെന്റ് അനുപാതം (NER) ദേശീയ ശരാശരിയേക്കാൾ കൂടുതലാണ്.

സാർവത്രികവും സൗജന്യവുമായ പ്രാഥമിക വിദ്യാഭ്യാസം നേടിയ ശേഷം, 12-ാം ക്ലാസ് വരെ സാർവത്രിക വിദ്യാഭ്യാസം വ്യാപിപ്പിക്കാൻ സംസ്ഥാനം ലക്ഷ്യമിടുന്നു.

**ഉയർന്ന നിലനിർത്തൽ നിരക്ക്** : ഒരു നിശ്ചിത വിദ്യാഭ്യാസ ചക്രം പൂർത്തിയാകുന്നതുവരെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ തുടരുന്ന വിദ്യാർത്ഥികളുടെ ശതമാനമാണ് നിലനിർത്തൽ നിരക്ക്. ഉയർന്ന മൂല്യങ്ങൾ മികച്ച വിദ്യാർത്ഥി സ്ഥിരതയെ സൂചിപ്പിക്കുന്ന ഒരു ശുഭ സൂചകമാണ്. ലിംഗഭേദമില്ലാതെയും വിദ്യാഭ്യാസ നിലവാരത്തിലും കേരളത്തിന് ഉയർന്ന നിലനിർത്തൽ നിരക്കുകൾ ഉണ്ട്.

**കുറഞ്ഞ കൊഴിഞ്ഞുപോക്ക് നിരക്ക്**: വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് നിരക്ക് കുറയ്ക്കുന്നതിൽ കേരളം വലിയ മുന്നേറ്റം നടത്തിയിട്ടുണ്ട്. പ്രിപ്പറേറ്ററി, മിഡിൽ സ്കൂൾ തലങ്ങളിൽ പൂജ്യം ശതമാനം (പൂർണ്ണമായും ഇല്ലാതാക്കാൻ) കൊഴിഞ്ഞുപോക്ക് നിരക്ക് സംസ്ഥാനം കൈവരിച്ചു. 2023-24-ൽ കേരളത്തിലെ പട്ടികജാതി വിദ്യാർത്ഥികൾക്കിടയിലെ കൊഴിഞ്ഞുപോക്ക് നിരക്ക് 0.06 ശതമാനവും പട്ടികവർഗ വിഭാഗത്തിൽ 0.67 ശതമാനവുമാണ്. ഏറ്റവും ഉയർന്ന കൊഴിഞ്ഞുപോകൽ നിരക്ക് വയനാട് ജില്ലയിലും (0.4%), തൊട്ടുപിന്നാലെ ഇടുക്കിയിലുമാണ് (0.3%).

**ഉൾക്കൊള്ളുന്ന സ്കൂൾ വിദ്യാഭ്യാസം** : 2009-ലെ വിദ്യാഭ്യാസ അവകാശ നിയമം (RTE Act) മുമ്പ് ശാരീരികവും ബൗദ്ധികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളിൽ മാത്രം പരിമിതപ്പെടുത്തിയിരുന്ന 'ഉൾക്കൊള്ളുന്ന വിദ്യാഭ്യാസം' എന്ന ആശയത്തിന്റെ സാധ്യത വർദ്ധിപ്പിച്ചു. ഔപചാരികമായ വിദ്യാഭ്യാസത്തിൽ നിന്ന് പുറന്തള്ളപ്പെട്ടതോ സിസ്റ്റത്തിനുള്ളിൽ അവഗണിക്കപ്പെട്ടതോ ആയ എല്ലാ കുട്ടികൾക്കും കേരള സർക്കാർ വിദ്യാഭ്യാസത്തിനുള്ള പ്രാപ്യതയും അവസരവും പ്രോത്സാഹിപ്പിക്കുന്നു. സമപ്രായക്കാർ തമ്മിലുള്ള പരിശീലനത്തിന് അവസരം നൽകുന്നതിലൂടെ, കുട്ടികൾക്കിടയിൽ മെച്ചപ്പെട്ട ബന്ധങ്ങൾ വളർത്തിയെടുക്കാനും ഈ വിദ്യാഭ്യാസ രീതി സഹായിക്കുന്നു.

**പ്രത്യേക വിദ്യാഭ്യാസം** : 2024-25-ൽ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന് കീഴിലുള്ള 45 സ്പെഷ്യൽ സ്കൂളുകളിലായി മൊത്തം 2,805 വിദ്യാർത്ഥികൾ ചേർന്നു. ഇതിനു പുറമെ എൻജിഒകൾ ,തദ്ദേശ സ്ഥാപനങ്ങൾ, ദീൻദയാൽ ഡിസേബിൾഡ് റിഹാബിലിറ്റേഷൻ സ്കീം (DDRS) എന്നിവയുടെ കീഴിൽ 344 സ്പെഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നു. സർക്കാർ ,എയ്ഡഡ്, അൺഎയ്ഡഡ് സ്കൂളുകളിലായി ആകെ 58,929 ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾ ചേർന്നു. ഇതിൽ 35,197 ആൺകുട്ടികളും 23,732 പെൺകുട്ടികളുമാണ്. മലപ്പുറം, കോഴിക്കോട്, പാലക്കാട് എന്നിവിടങ്ങളിലുമാണ് ഐഇഡി (ഭിന്നശേഷിക്കാർക്കുള്ള സമഗ്ര വിദ്യാഭ്യാസം) വിഭാഗത്തിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ രേഖപ്പെടുത്തപ്പെട്ടത്.

യാത്ര, ഹോസ്റ്റൽ താമസം, മെന്ററിംഗ് എന്നിവയ്ക്കുള്ള സഹായമായി സർക്കാർ ഈ സ്കൂളുകൾക്ക് വാർഷിക സാമ്പത്തിക സഹായം നൽകുന്നു. 2025-26 വർഷത്തിൽ ഇതിനായി 1.6 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ, വിദ്യാർത്ഥികൾക്ക് സൗജന്യ യൂണിഫോം, ഉച്ചഭക്ഷണം, യാത്രാ, ഹോസ്റ്റൽ അലവൻസുകൾ, വിനോദയാത്രാ സഹായം എന്നിവയും ലഭിക്കുന്നു. ഉൾക്കൊള്ളൽ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനായി തടസ്സരഹിതമായ

**പട്ടിക 3.2**: *വിദ്യാഭ്യാസ നിലവാരവും ലിംഗഭേദവും തിരിച്ചുള്ള നിലനിർത്തൽ നിരക്ക് - കേരളവും ഇന്ത്യയും (2023-24)( ശതമാനത്തിൽ)*

| | പ്രൈമറി (1 to 5) | | | എലിമെന്ററി (1 to 8) | | | സെക്കൻഡറി (1 to 10) | | | ഹയർ സെക്കൻഡറി (1 to 12) | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ |
| ഇന്ത്യ | 85.1 | 85.7 | 85.4 | 77.3 | 78.9 | 78 | 63.1 | 64.6 | 63.8 | 43.8 | 47.5 | 45.6 |
| കേരളം | 94.9 | 95.5 | 95.2 | 96.7 | 97.9 | 97.3 | 98.4 | 98.8 | 98.6 | 87.7 | 93.1 | 90.4 |

*സ്രോതസ്സ്*: മന്ത്രാലയം വിദ്യാഭ്യാസ, ഭാരത സർക്കാർ, 2024

ക്യാമ്പസുകൾ (barrier-free campuses), സഹായ ഉപകരണങ്ങൾ, റിസോഴ്സ് ടീച്ചർമാരുടെയും സെന്ററുകളുടെയും സേവനം എന്നിവ അധിക പദ്ധതികളിൽ ഉൾപ്പെടുന്നു.

**സമഗ്ര ശിക്ഷാ കേരളം പദ്ധതികൾ**: പ്രീ-സ്കൂൾ മുതൽ 12-ാം ക്ലാസ് വരെ ഉൾക്കൊള്ളുന്ന സമഗ്ര ശിക്ഷാ കേരള എന്ന സമഗ്ര പരിപാടി, ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സമഗ്ര വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനായി നിരവധി സംരംഭങ്ങൾ നടപ്പിലാക്കുന്നു.

2018-19-ൽ ആരംഭിച്ച ചങ്ങാതിക്കൂട്ടം പദ്ധതി, കിടപ്പിലായ കുട്ടികളുടെ പഠനവും സാമൂഹിക വൽക്കരണവും മെച്ചപ്പെടുത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ, കുട്ടികളുടെയും അവരുടെ കുടുംബങ്ങളുടെയും പ്രത്യേക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി റിസോഴ്സ് ബെഡ്റൂമുകളും വെർച്വൽ ക്ലാസ് മുറികളും നടപ്പിലാക്കി.

ഓട്ടിസം ബാധിതരായ കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നതിനനുസരിച്ച് ഓട്ടിസം സെന്ററുകളുടെ പ്രാധാന്യവും വർദ്ധിച്ചിട്ടുണ്ട്. നിലവിൽ, എസ്എസ്കെ കേരളത്തിലുടനീളമുള്ള 50 ഓട്ടിസം സെന്ററുകളെ പിന്തുണയ്ക്കുന്നു. അവിടെ പ്രത്യേക പരിശീലനം ലഭിച്ച അധ്യാപകർ 2,435-ലധികം വിദ്യാർത്ഥികൾക്ക് സേവനം നൽകുന്നു.

മെഡിക്കൽ ക്യാമ്പുകൾ, ചികിത്സാ പിന്തുണ, റിസോഴ്സ് അധ്യാപകരുടെ പരിശീലനവും ശാക്തീകരണവും, സഹായ ഉപകരണങ്ങളുടെ വിതരണം, നൂതനമായ അധ്യാപന-പഠന രീതികളുടെ വികസനം, വായനക്കാർക്കുള്ള അലവൻസുകൾ, പെൺകുട്ടികൾക്കുള്ള സ്റ്റൈപ്പൻഡുകൾ, രക്ഷിതാക്കളെ ശാക്തീകരിക്കുന്ന സംരംഭങ്ങൾ എന്നിവ എസ്എസ്കെയുടെ കീഴിലുള്ള അധിക സേവനങ്ങളിൽ ഉൾപ്പെടുന്നു.

**സാമൂഹ്യനീതി വകുപ്പിന്റെ പദ്ധതികൾ**: ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള ഉൾക്കൊള്ളൽ വിദ്യഭ്യാസത്തിനായി (Inclusive Education) കേരള സർക്കാരിന്റെ സാമൂഹ്യനീതി വകുപ്പ് നിരവധി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. മാതാപിതാക്കളിൽ ഒരാളോ അല്ലെങ്കിൽ രണ്ടുപേരുമോ ഭിന്നശേഷിക്കാരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുമായ കുടുംബങ്ങളിലെ കുട്ടികൾക്ക് 'വിദ്യാകിരണം' പദ്ധതിയിലൂടെ വിദ്യാഭ്യാസ സഹായം നൽകുന്നു. യൂണിഫോമും പഠനസാമഗ്രികളും വാങ്ങുന്നതിനായി 'വിദ്യാജ്യോതി' പദ്ധതിയിലൂടെ സാമ്പത്തിക സഹായം ലഭ്യമാക്കുന്നു. കൂടാതെ, പഠനം പാതിവഴിയിൽ ഉപേക്ഷിക്കേണ്ടി വന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് കേരള സംസ്ഥാന സാക്ഷരതാ മിഷൻ നടത്തുന്ന എസ്.എസ്.എൽ.സി., പ്ലസ് വൺ, പ്ലസ് ടു തുല്യതാ കോഴ്സുകൾ പഠിക്കുന്നതിനായി പ്രത്യേക സഹായവും ലഭിക്കുന്നു.

**തുല്യതാ പ്രോഗ്രാമുകൾ**: ഔപചാരിക സ്കൂൾ സംവിധാനത്തിന് സമാനമായ വിദ്യാഭ്യാസ അവസരങ്ങൾ പ്രദാനം ചെയ്യുന്നതിനാണ് തുല്യതാ പരിപാടികൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്.

നാലാം ക്ലാസ് തുല്യതാ പഠനം പൂർത്തിയാക്കുന്നവർക്കും അപ്പർ പ്രൈമറി തലത്തിൽ നേരത്തേ പഠനം നിർത്തിയവർക്കും ഏഴാം ക്ലാസ് തുല്യതാ പ്രോഗ്രാമിൽ ചേരാം. നാലാം ക്ലാസ് കോഴ്സിൽ (18-ാം ബാച്ച്) ആകെ 885 പഠിതാക്കൾക്ക് പ്രയോജനം ലഭിച്ചു. ഏഴാം ക്ലാസ് പ്രോഗ്രാമിനായി, 17-ാം ബാച്ചിൽ (2024) 1,604 പഠിതാക്കൾ ചേർന്നു. അതിൽ 1,043 പേർ പരീക്ഷ എഴുതി, 1,007 പേർ ഉന്നത പഠനത്തിന് യോഗ്യത നേടി.

കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി വലിയൊരു വിഭാഗം ആളുകളെ പഠനത്തിലേക്ക് തിരികെ കൊണ്ടുവരാനും അവരെ പത്താം ക്ലാസ്, ഹയർ സെക്കൻഡറി തുല്യതാ കോഴ്സുകളിൽ ചേർക്കാനുമുള്ള ശ്രമങ്ങൾ നടത്തിവരികയാണ്. 2024-ൽ 16,599 പേർ പത്താം ക്ലാസ് തുല്യതാ കോഴ്സുകളിൽ നിന്ന് പ്രയോജനം നേടി. ഇതിൽ 15.8 ശതമാനം ഗുണഭോക്താക്കൾ പട്ടികജാതിക്കാരും 2.7 ശതമാനം പട്ടികവർഗക്കാരും 2.4 ശതമാനം അംഗപരിമിതി ഉള്ളവരുമാണ്. അതേ വർഷം 21,345 പേർക്ക് ഹയർ സെക്കൻഡറി തുല്യതാ കോഴ്സ് പ്രയോജനമായി. അതിൽ 17.1 ശതമാനം പട്ടികജാതിക്കാരും 2.8 ശതമാനം പട്ടികവർഗക്കാരും 1.6 ശതമാനം വൈകല്യമുള്ളവരുമാണ്.

**ട്രാൻസ്ജെൻഡർ വ്യക്തികൾക്കുള്ള തുടർവിദ്യാഭ്യാസ പദ്ധതി**: 2015-ൽ ഇന്ത്യയിൽ ആദ്യമായി ട്രാൻസ്ജെൻഡർ നയം നടപ്പിലാക്കിയ സംസ്ഥാനമാണ് കേരളം. അന്നു മുതൽ ട്രാൻസ്ജെൻഡർ വ്യക്തികളുടെ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിന് ശ്രദ്ധ കേന്ദ്രീകരിച്ച ശ്രമങ്ങൾ ഏറ്റെടുത്തുവരുന്നു.

സാമൂഹിക വിവേചനം, സാമ്പത്തിക ബുദ്ധിമുട്ട്, കുടുംബ പിന്തുണയുടെ പരിമിതി എന്നിവ കാരണം ട്രാൻസ്ജെൻഡർ സമൂഹത്തിന് ഉയർന്ന നിരക്കിലുള്ള കൊഴിഞ്ഞുപോക്ക് ഒരു പ്രധാന വെല്ലുവിളിയായി തുടരുന്നു. ഇത് പരിഹരിക്കുന്നതിനായി, കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി, സാമൂഹിക നീതി വകുപ്പുമായി സഹകരിച്ച്, ട്രാൻസ്ജെൻഡർ പഠിതാക്കൾക്കായി ഒരു തുടർ വിദ്യാഭ്യാസ പദ്ധതിയായ സമന്വയ ആരംഭിച്ചു. ഈ സംരംഭത്തിലൂടെ, കെഎസ്എൽഎംഎ സർവേ നടത്തി 918 ട്രാൻസ്ജെൻഡർ വ്യക്തികളെ കണ്ടെത്തി. അവരിൽ 145 പേർ ക്ലാസ് 4, 7, 10, ഹയർ സെക്കൻഡറി തുല്യതാ കോഴ്സു കൾക്ക് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തുടനീളമുള്ള ട്രാൻസ്ജെൻഡർ പഠിതാക്കൾക്ക് പഠനവീട് എന്ന പ്രതിബദ്ധതയുള്ള റെസിഡൻഷ്യൽ സൗകര്യത്തിലൂടെ മിഷന്റെ 10-ാം ക്ലാസ്, ഹയർ സെക്കൻഡറി തുല്യതാ കോഴ്സു കളിൽ ചേരാനും കഴിയും. താമസ സൗകര്യത്തിന് പുറമേ, പദ്ധതി പ്രകാരം ഓരോ വിദ്യാർത്ഥിക്കും പ്രതിമാസം 1,200 രൂപ സ്കോളർഷിപ്പും ലഭിക്കുന്നു.

കഴിഞ്ഞ കുറച്ച് വർഷങ്ങളായി ട്രാൻസ്ജെൻഡർ വ്യക്തികളെ പ്രോഗ്രാമുകളിൽ ഉൾപ്പെടുത്തുന്നതിന് കെഎസ്എൽഎംഎ നടത്തിയ പ്രത്യേക ശ്രമങ്ങളുടെ ഫലമായി, 2023 ലും 2024 ലും ആകെ 101 പേർക്ക് പത്താം ക്ലാസ്, ഹയർ സെക്കൻഡറി തുല്യതാ പ്രോഗ്രാമുകളിൽ നിന്ന് പ്രയോജനം ലഭിച്ചു.

**II. പൊതുവിദ്യാലയവിദ്യഭ്യാസത്തിന്റെ മെച്ചപ്പെട്ട ഗുണനിലവാരം** : പൊതുവിദ്യാലയവിദ്യാഭ്യാസത്തിന്റെ മെച്ചപ്പെട്ട ഗുണനിലവാരം, ഭൗതിക അടിസ്ഥാന സൗകര്യങ്ങളിലെ മെച്ചപ്പെടുത്തലുകൾ, അധ്യാപക പരിശീലനം ശക്തിപ്പെടുത്തൽ, പുതുക്കിയ പാഠ്യപദ്ധതി, സമയബന്ധിതമായ പാഠപുസ്തക വിതരണം എന്നിവയെല്ലാം പ്രതിഫലിക്കുന്നു-

ഇവയെയെല്ലാം സുസ്ഥിരവും വർദ്ധിച്ചുവരുന്നതുമായ സാമ്പത്തിക വിഹിതവും ചെലവും പിന്തുണയ്ക്കുന്നു.

സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തിന്റെ വ്യക്തമായ അടയാളം വിദ്യാർത്ഥികളുടെ വിജയശതമാനവും ഗ്രേഡുകളുമാണ് -പ്രത്യേകിച്ച് 10, 12 ക്ലാസുകളിൽ. കേരളത്തിന്റെ പ്രകടനം സ്ഥിരമായി ഉയർന്നതാണെന്ന് പട്ടിക 3.3 കാണിക്കുന്നു.

**ഭൗതിക അടിസ്ഥാന സൗകര്യ വികസനം:** 2024-25 കാലയളവിൽ കേരളത്തിലെ ഭൂരിഭാഗം സർക്കാർ സ്കൂളുകളും പക്കാ (pucca) കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. വെറും 114 സ്കൂളുകൾ മാത്രമാണ് വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നത്. ഏകദേശം 99.1 ശതമാനം സർക്കാർ സ്കൂളുകളിലും കുടിവെള്ള ലഭ്യതയും, എല്ലാ സ്കൂളുകളിലും ശൗചാലയ സൗകര്യങ്ങളും സജ്ജമാക്കിയിട്ടുണ്ട്.

**അധ്യാപക പരിശീലനം:** 2024-25 കാലയളവിൽ കേരളത്തിൽ ആകെ 1,55,447 സ്കൂൾ അധ്യാപകരാണുണ്ടായിരുന്നത്. ഇതിൽ 87,668 പേർ (56.4 ശതമാനം) എയ്ഡഡ് സ്കൂളുകളിലും, 12,959 പേർ (8.3 ശതമാനം) സ്വകാര്യ അൺ-എയ്ഡഡ് സ്കൂളുകളിലും, 54,820 പേർ (35.3 ശതമാനം) സർക്കാർ സ്കൂളുകളിലുമാണ് ജോലി ചെയ്തിരുന്നത്. ആകെ അധ്യാപകരിൽ പകുതിയോളം പേർ (50.2 ശതമാനം) ഹൈസ്കൂൾ തലത്തിൽ പഠിപ്പിച്ചിരുന്നു. അതേസമയം 25.6 ശതമാനം പേർ അപ്പർ പ്രൈമറി വിഭാഗത്തിലും 24.2 ശതമാനം പേർ ലോവർ പ്രൈമറി സ്കൂളുകളിലുമാണ്. അധ്യാപക ജീവനക്കാരിൽ 76 ശതമാനവും സ്ത്രീകളാണ്.

**പട്ടിക 3.3** *കേരളത്തിലെ സ്കൂളുകളിലെ വിജയശതമാനം, 2017 - 18 മുതൽ 2024 - 25 വരെ*

| ക്രമ നമ്പർ | വർഷം | ക്ലാസ് 10 | ക്ലാസ് 12 |
|---|---|---|---|
| 1 | 2017 - 18 | 97.8 | 83.8 |
| 2 | 2018 - 19 | 98.1 | 84.3 |
| 3 | 2019 - 20 | 98.8 | 85.1 |
| 4 | 2020 - 21 | 99.5 | 87.9 |
| 5 | 2021 - 22 | 99.3 | 83.8 |
| 6 | 2022 - 23 | 99.7 | 82.9 |
| 7 | 2023 - 24 | 99.7 | 78.7 |
| 8 | 2024 - 25 | 99.5 | 75.3 |

*സ്രോതസ്സ്:* പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് 2025

ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനായി, സംസ്ഥാനം പതിവായി അധ്യാപക ശാക്തീകരണ പരിപാടികൾ നടത്തുന്നു. ക്ലസ്റ്റർ പരിശീലനത്തിനുള്ള അവസരങ്ങൾ നൽകുന്ന അവധിക്കാല പരിപാടികൾ, പുതുതായി നിയമിതരായ അധ്യാപകർക്കുള്ള ഓറിയന്റേഷൻ, ഐടി പരിശീലനം, പഠന സമ്പുഷ്ടീകരണ പരിപാടികൾ എന്നിവ ഇതിൽ ഉൾപ്പെടെ പ്രൈമറി മുതൽ ഹയർ സെക്കൻഡറി തലങ്ങൾ വരെ തുടർച്ചയായ പരിശീലനം നൽകിയിരുന്നു.

കൈറ്റിന്റെ ഓപ്പൺ ഓൺലൈൻ ലേണിംഗ് (KOOL) പ്ലാറ്റ്ഫോം വഴിയാണ് അധ്യാപകർക്ക് വിവിധ കോഴ്സുകളിൽ പരിശീലനം ലഭിക്കുന്നു.

**പാഠ്യപദ്ധതി പരിഷ്കരണം**: 2007 ലെ പാഠ്യപദ്ധതി ഘടനയ്ക്കുശേഷം 2022-ലെ ആദ്യത്തെ പ്രധാന പരിഷ്കരണത്തിൽ കേരള സർക്കാർ സ്കൂൾ പാഠ്യപദ്ധതിയുടെ സമഗ്രമായ പരിഷ്കരണം ആരംഭിച്ചു. സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന കൗൺസിൽ (എസ്.സി.ഇ.ആർ.ടി) ഒരു സംസ്ഥാന പാഠ്യപദ്ധതി സ്റ്റിയറിംഗ് കമ്മിറ്റി, കോർ കമ്മിറ്റി, 26 ഫോക്കസ് ഗ്രൂപ്പുകൾ എന്നിവ സ്ഥാപിച്ചുകൊണ്ട് ഈ പ്രക്രിയയ്ക്ക് നേതൃത്വം നൽകി. പൊസിഷൻ പേപ്പറുകളുടെയും വിപുലമായ പങ്കാളികളുടെ കൂടിയാലോചനകളുടെയും അടിസ്ഥാനത്തിൽ, പ്രീ-സ്കൂൾ, സ്കൂൾ, അധ്യാപക, മുതിർന്നവർക്കുള്ള വിദ്യാഭ്യാസത്തിനായി എസ്.സി.ഇ.ആർ.ടി കേരള പാഠ്യപദ്ധതി ചട്ടക്കൂട് (കെസിഎഫ് 2023) വികസിപ്പിച്ചെടുത്തു.

2023 കെസിഎഫ് നെത്തുടർന്ന്, 2024-25 ൽ 1, 3, 5, 7, 9 ക്ലാസുകൾക്കും 2025-26 ൽ 2, 4, 6, 8, 10 ക്ലാസുകൾക്കും പരിഷ്കരിച്ച പാഠപുസ്തകങ്ങൾ അവതരിപ്പിച്ചു. മലയാളം, ഇംഗ്ലീഷ്, തമിഴ്, കന്നഡ ഭാഷകളിൽ ആകെ 410 ശീർഷകങ്ങൾ നിർമ്മിച്ചു. 5 മുതൽ 10 വരെയുള്ള ക്ലാസുകളിൽ കലാ വിദ്യാഭ്യാസം, ആരോഗ്യം, ശാരീരിക വിദ്യാഭ്യാസം, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം എന്നിവയ്ക്കായുള്ള പുതിയ പ്രവർത്തന പുസ്തകങ്ങളും ഒപ്പം അധ്യാപക-രക്ഷിതാക്കളുടെ പിന്തുണാ സാമഗ്രികളും എസ്സിഇആർടി അവതരിപ്പിച്ചു. പാഠപുസ്തകങ്ങളുടെ ലിംഗഭേദ-ഓഡിറ്റ് പൂർത്തിയാക്കുകയും, സ്പോർട്സ് സ്കൂളുകൾക്കായി ഒരു പ്രത്യേക പാഠ്യപദ്ധതി വികസിപ്പിച്ചെടുക്കുകയും ചെയ്തു. ആശയ മാപ്പിംഗ്, എഴുത്ത്, എഡിറ്റിംഗ്, വിദഗ്ധ അവലോകനം, പാഠ്യപദ്ധതി സ്റ്റിയറിംഗ് കമ്മിറ്റിയുടെ അന്തിമ അംഗീകാരം എന്നിവയുൾപ്പെടെ എട്ട് ഘട്ടങ്ങളായുള്ള പ്രക്രിയയിലൂടെയാണ് പാഠപുസ്തക വികസനം നടന്നത്.

**പ്രവൃത്തി – കല വിദ്യാഭ്യാസത്തിനുള്ള പാഠ്യപദ്ധതി** : പാഠ്യപദ്ധതിയിൽ പ്രവൃത്തിയും കലയും സമന്വയിപ്പിക്കുന്നതിന് വലിയ പ്രാധാന്യം നൽകുന്നു. ഈ മേഖലയിൽ പഠനം നടത്തുന്ന വിദ്യാർത്ഥികളെ പിന്തുണയ്ക്കുന്നതിനായി എസ്.സി.ഇ.ആർ.ടി പ്രത്യേക പാഠ്യപദ്ധതികൾ വികസിപ്പിക്കുകയും, അധ്യാപകർക്കായി പരിശീലന മൊഡ്യൂളുകൾ തയ്യാറാക്കുകയും ആക്ടിവിറ്റി ബുക്കുകൾ രൂപപ്പെടുത്തുകയും ചെയ്തു.

**സമയബന്ധിതമായ പാഠപുസ്തക ലഭ്യതയും ഡിജിറ്റൈസ് ചെയ്ത പാഠപുസ്തകങ്ങളും**: അച്ചടിച്ച പാഠപുസ്ത കങ്ങളുടെ സമയബന്ധിതമായ വിതരണം ഉറപ്പാക്കുന്നതിനുപുറമേ കേരള സർക്കാർ എല്ലാ പാഠപുസ്തകങ്ങൾക്കും, ലഭ്യമാകുന്ന ഡിജിറ്റൽ പതിപ്പുകൾ നിർമിച്ചിട്ടുണ്ട്. 1-10 ക്ലാസുകളിലെയും ഹയർ സെക്കൻഡറി (11, 12 ക്ലാസുകളിലെ) ക്ലാസുകളിലെയും പാഠപുസ്തകങ്ങൾ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും പി.ഡി.എഫ് ഫോർമാറ്റിൽ ഡൗൺലോഡ് ചെയ്യാവുന്നതാണ്. സംസ്ഥാനത്തുടനീളം ഡിജിറ്റൽ പഠനത്തെയും വിഭവങ്ങൾ പങ്കുവെക്കുന്നതിനെയും പിന്തുണയ്ക്കുന്നതിനായി കൈറ്റ് (KITE) വികസിപ്പിച്ചെടുത്ത 'സമഗ്ര' എന്ന ഓൺലൈൻ പഠന പ്ലാറ്റ്ഫോമിൽ ഈ വിഭവങ്ങൾ ലഭ്യമാണ്.

**iii. വിദ്യാർത്ഥികളുടെ സമഗ്ര വികസന പദ്ധതികൾ:** കേരളത്തിന്റെ വിദ്യാഭ്യാസ സമ്പ്രദായം, ആരോഗ്യം, പോഷ

കാഹാരം, അച്ചടക്കം, സർഗ്ഗാത്മകത, നേതൃത്വം, ശാരീരിക ക്ഷമത, സാമൂഹിക ഉത്തരവാദിത്തം എന്നിവ ശക്തിപ്പെടുത്തുന്ന പരിപാടികളിലൂടെ സമഗ്രമായ വിദ്യാർത്ഥി വികസനത്തിന് മുൻഗണന നൽകുന്നു.

1984-ൽ അവതരിപ്പിക്കുകയും പിന്നീട് ദേശീയ പരിപാടിയുമായി സംയോജിപ്പിക്കുകയും ചെയ്ത ഉച്ചഭക്ഷണ പദ്ധതി, വിദ്യാർത്ഥികളുടെ ആരോഗ്യം, ഹാജർ നില, സാമൂഹിക നീതി എന്നിവ മെച്ചപ്പെടുത്തുന്ന പോഷകസമൃദ്ധമായ ഭക്ഷണം നൽകുന്നു. സ്കൂൾ അധിഷ്ഠിത സാമൂഹിക സുരക്ഷാ പരിപാടികൾക്ക് ഒരു സുപ്രധാന മാതൃക സ്ഥാപിച്ചുകൊണ്ട്, ഇന്ത്യയിൽ ഉച്ചഭക്ഷണ പരിപാടിക്ക് കേരളം തുടക്കമിട്ടു. 6 മുതൽ 14 വയസ്സ് വരെ പ്രായമുള്ള കുട്ടികളുടെ പോഷകാഹാര ആവശ്യങ്ങൾ ലക്ഷ്യമിട്ടുകൊണ്ട്, ഈ സംരംഭം സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ വിജയത്തിന്റെ ഒരു തുടക്കമായി മാറി. ഭക്ഷ്യ അരക്ഷിതാവസ്ഥ ഒരു കുട്ടിയുടെ പഠിക്കാനുള്ള അവകാശത്തെ തടസ്സപ്പെടുത്തുന്നില്ലെന്ന് ഉറപ്പാക്കിക്കൊണ്ട് സാമ്പത്തികമായും സാമൂഹികമായും പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങളുടെ വിദ്യാഭ്യാസത്തിനുള്ള തടസ്സങ്ങൾ ഇത് ഫലപ്രദമായി ലഘൂകരിക്കുന്നു. കേരളത്തിന്റെ ഉയർന്ന നിലനിർത്തൽ നിരക്കുകളും സാർവത്രിക വിദ്യാഭ്യാസ ലഭ്യതയ്ക്കും പിന്നിലെ പ്രാഥമിക ചാലകശക്തിയായി ഈ പരിപാടി തുടരുന്നു. ഏകദേശം 25 ലക്ഷം കുട്ടികൾ ഈ പദ്ധതിയിൽ നിന്ന് പ്രയോജനം നേടുന്നു. നാഷണൽ കേഡറ്റ് കോർപ്സ് (എൻസിസി), നാഷണൽ സർവീസ് സ്കീം (എൻഎസ്എസ്), സ്റ്റുഡന്റ് പോലീസ് കേഡറ്റ് (എസ്.പി.സി) പ്രോജക്റ്റ് തുടങ്ങിയ സംരംഭങ്ങൾ സമൂഹ സേവനത്തിലൂടെയും അനുഭവപരമായ പഠനത്തിലൂടെയും അച്ചടക്കം, നേതൃത്വം, പൗരബോധം എന്നിവ വളർത്തിയെടുക്കുന്നു.

കേരള സ്കൂൾ കലോൽസവം, സ്പെഷ്യൽ സ്കൂൾ കലോൽസവം, കേരള സ്കൂൾ സ്പോർട്സ് ആൻഡ് ഗെയിംസ് എന്നിവയുൾപ്പെടെയുള്ള സാംസ്കാരിക, കായിക പരിപാടികൾ കലാപരമായ ആവിഷ്കാരം, ഉൾക്കൊള്ളൽ, ശാരീരിക ക്ഷമത എന്നിവ പ്രോത്സാഹിപ്പിക്കുന്നു. വിമുക്തിമിഷന്റെ കീഴിലുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ ലഹരിവസ്തുക്കളുടെ ദുരുപയോഗത്തെ പരിഹരിക്കുമ്പോൾ കേരള സംസ്ഥാന സ്കൂൾ ശാസ്ത്രോൽസവം ശാസ്ത്രീയ ജിജ്ഞാസയും നവീകരണവും പരിപോഷിപ്പിക്കുന്നു.

കൂടാതെ, പ്രകൃതി, ശാസ്ത്രം, സൗഹൃദ തുടങ്ങിയ സ്കൂൾ ക്ലബ്ബുകൾ പരിസ്ഥിതി അവബോധവും സാമൂഹിക മൂല്യങ്ങളും വളർത്തുന്നു. കൂടാതെ ദേശീയ ദിനാചരണങ്ങൾ വിദ്യാർത്ഥികളിൽ ദേശ സ്നേഹവും പൗരബോധവും ശക്തിപ്പെടുത്തുന്നു.

## IV. ഒരു പിന്തുണാ ആവാസവ്യവസ്ഥ എന്ന നിലയിൽ സ്കൂളുകൾ

സ്കൂളുകൾ അക്കാദമിക് പഠനത്തിനുള്ള കേന്ദ്രങ്ങളായി മാത്രമല്ല, മറിച്ച് കുട്ടികളുടെ സാമൂഹികവും വൈകാരികവുമായ വളർച്ചയെ പരിപോഷിപ്പിക്കുന്ന സമഗ്രമായ പിന്തുണാ സംവിധാനങ്ങളായും പ്രവർത്തിക്കുന്നു. അവ കൂട്ടായ്മ, സൗഹൃദം, ടീം വർക്ക്, പരസ്പര ബന്ധം എന്നിവ വളർത്തിയെടുക്കുന്നു, വിദ്യാർത്ഥികളെ വ്യക്തിപരവും സാമൂഹികവുമായ ജീവിതത്തിന് തയ്യാറാക്കിയ മികച്ച വ്യക്തികളായി രൂപപ്പെടുത്തുന്നു.

**രക്ഷാകർതൃ – അധ്യാപക അസോസിയേഷൻ (പി.ടി.എ):** വിദ്യാർത്ഥികളുടെയും സ്കൂൾ സമൂഹത്തിന്റെയും ക്ഷേമം ഉറപ്പാക്കാൻ രക്ഷിതാക്കളും അധ്യാപകരും ഒരുമിച്ച് വർത്തിക്കുന്ന സഹകരണ വേദികളായി പി.ടി.എകൾ പ്രവർത്തിക്കുന്നു. സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, അച്ചടക്കം പാലിക്കുന്നതിനും, അക്കാദമികവും, ഭരണപരവുമായ പ്രവർത്തനങ്ങളെ പിന്തുണയ്ക്കുന്നതിനും അവ സംഭാവന നൽകുന്നു. മൊത്തത്തിലുള്ള വിദ്യാഭ്യാസ അന്തരീക്ഷം മെച്ചപ്പെടുത്തുകയും വിദ്യാർത്ഥികളുടെ ക്ഷേമം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് അവരുടെ പ്രാഥമിക ലക്ഷ്യം.

**വിദ്യാർത്ഥികൾക്കുള്ള സ്കൂൾ അധിഷ്ഠിത കൗൺസിലിംഗ്:** കേരളത്തിൽ, വനിതാ-ശിശു വികസന വകുപ്പും വിദ്യാഭ്യാസ വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന സൈക്കോ-സോഷ്യൽ സപ്പോർട്ട് പ്രോഗ്രാം, സ്കൂൾ കുട്ടികൾക്ക് മാനസിക സാമൂഹിക കൗൺസിലിംഗ് നൽകുന്നു. വ്യക്തിപരവും മാനസികവുമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലൂടെയും, ജീവിത നൈപുണ്യങ്ങൾ വളർത്തുന്നതിലൂടെയും, ഒരു പോസിറ്റീവ് സ്കൂൾ അന്തരീക്ഷം സൃഷ്ടിക്കുന്നതിലൂടെയും കൗൺസിലർമാർ ചികിത്സാപരവും, പ്രതിരോധപരവും, വികസനപരവുമായ പങ്കു വഹിക്കുന്നു. മാനസികാരോഗ്യം പ്രോത്സാഹിപ്പിക്കുന്നതിനായി നേരത്തേയുള്ള ഇടപെടലുകളിലാണ് പരിപാടി ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. കൂടുതൽ സ്കൂളുകളിലേക്ക് പരിപാടി വ്യാപിപ്പിക്കുന്നതിനായി 2025-26 ബജറ്റിൽ അധിക ഫണ്ട് അനുവദിച്ചിട്ടുണ്ട്.

**ദുരന്ത നിവാരണത്തെക്കുറിച്ചുള്ള പഠനം:** കേരളത്തിലെ സ്കൂളുകളെ സാരമായി ബാധിച്ച 2018-ലെ വെള്ളപ്പൊക്കത്തിനുശേഷം, ദുരന്തനിവാരണ തയ്യാറെടുപ്പിനെക്കുറിച്ച് അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ജീവനക്കാർക്കും പരിശീലനം നൽകുന്നതിനും, മോക്ക് ഡ്രില്ലുകൾ നടത്തുന്നതിനും, സ്കൂൾ സുരക്ഷാ പദ്ധതികൾ വികസിപ്പിക്കുന്നതിനുമായി കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും (KSDMA) ഐക്യരാഷ്ട്ര വികസന പരിപാടിയും (UNDP) ചേർന്ന് സ്കൂൾ സുരക്ഷാ പരിപാടി ആരംഭിച്ചു. ഉൾപ്പെടുത്തൽ ഉറപ്പാക്കിക്കൊണ്ട് ആംഗ്യഭാഷയിലും ബ്രെയ്‌ലിയിലും പഠന സാമഗ്രികൾ ലഭ്യമായിരുന്നു.

**ആർത്തവ ശുചിത്വ പരിപാലനം** : കൗമാരക്കാരായ പെൺകുട്ടികളെ പിന്തുണയ്ക്കുന്നതിനായി, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, എച്ച്എൽഎൽ ലൈഫ് കെയർ ലിമിറ്റഡുമായി സഹകരിച്ച് ഷീ-പാഡ് പ്രോജക്ടിന് കീഴിൽ ഒരു എംഎച്ച്എം സംരംഭം നടപ്പിലാക്കിയിട്ടുണ്ട്. ഈ പരിപാടി ആർത്തവ ആരോഗ്യത്തെക്കുറിച്ചുള്ള അവബോധ സെഷനുകൾക്കൊപ്പം സൗജന്യ സാനിറ്ററി നാപ്കിനുകൾ, സംഭരണ സൗകര്യങ്ങൾ, ഇൻസിനറേറ്ററുകൾ എന്നിവയും നൽകുന്നു. ശുചിത്വ രീതികൾ പ്രോത്സാഹിപ്പിക്കുക, ആത്മവിശ്വാസം വളർത്തുക, ഹാജരാകാതിരിക്കൽ കുറയ്ക്കുക, ആർത്തവത്തെ ചുറ്റിപ്പറ്റിയുള്ള സാമൂഹിക വിലക്കുകളെ നിയന്ത്രിക്കുക, അതുവഴി പെൺകുട്ടികളെ

ശാക്തീകരിക്കുകയും സ്കൂളിൽ അവരുടെ പങ്കാളിത്തം മെച്ചപ്പെടുത്തുകയും ചെയ്യുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

**V. ഐ.ടി അധിഷ്ഠിത വിദ്യാഭ്യാസവും കൈറ്റും (KITE)**

ഉന്നത വിദ്യാഭ്യാസത്തിനും വൈവിധ്യമാർന്ന തൊഴിൽ വീഥിയിലേക്കും വിദ്യാർത്ഥികളെ സജ്ജമാക്കുന്നതിനായി കേരളം സ്കൂൾ വിദ്യാഭ്യാസത്തിൽ ഇൻഫർമേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻ ടെക്നോളജി (ഐസിടി) വിപുലമായി സംയോജിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഐസിടി അധിഷ്ഠിത പഠനം വിദ്യാർത്ഥികളെ നിഷ്ക്രിയ സ്വീകർത്താക്കളേക്കാൾ അറിവിന്റെ സജീവ സൃഷ്ടാക്കളാകാൻ പ്രോത്സാഹിപ്പിക്കുന്നു. മാറ്റം വരുത്താവുന്ന ഉള്ളടക്ക വികസനം സാധ്യമാക്കുന്ന സൗജന്യ ഓപ്പൺസോഴ്സ് സോഫ്റ്റ്വെയർ ഉപയോഗിച്ച് പ്രൈമറി, സെക്കൻഡറി, ഹയർ സെക്കൻഡറി തലങ്ങളിലെ അധ്യാപകർ പഠനം മെച്ചപ്പെടുത്തുന്നതിന് പതിവായി ഡിജിറ്റൽ ഉപകരണങ്ങൾ ഉപയോഗിക്കുന്നു.

ഒരു സംസ്ഥാന സർക്കാർ സ്ഥാപനമായ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (KITE) കഴിഞ്ഞ പത്തുവർഷത്തിനിടെ ഐ.സി.ടി (ICT) സംയോജനം, ശേഷി നിർമാണം, ഉള്ളടക്ക വികസനം, കണക്റ്റിവിറ്റി, ഇ-ലേണിംഗ്, സാറ്റലൈറ്റ് അധിഷ്ഠിത വിദ്യാഭ്യാസം, ഇ-ഗവേണൻസ്, സാങ്കേതിക സഹായം, അടിസ്ഥാന സൗകര്യ വികസനം എന്നിവയിലൂടെ വിദ്യാലയങ്ങളെ ആധുനികവൽക്കരിച്ചു. ഹൈ-സ്പീഡ് ബ്രോഡ്ബാൻഡ്, ഡിജിറ്റൽ റിസോഴ്സ് പോർട്ടലുകൾ, പരിശീലനം ലഭിച്ച അധ്യാപകർ, ഐ.സി.ടി ഉപകരണങ്ങൾ എന്നിവ വഴി കേരളത്തിനിപ്പോൾ സമഗ്രമായ ഒരു ഡിജിറ്റൽ വിദ്യാഭ്യാസ സാഹചര്യമുണ്ട് (ICT-enabled ecosystem). ഡിജിറ്റൽ ക്ലാസ് മുറികൾ മുതൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) അധിഷ്ഠിത പഠന സംവിധാനങ്ങൾ വരെയുള്ള കൈറ്റിന്റെ ഇടപെടലുകൾ കേരളത്തെ ഡിജിറ്റൽ വിദ്യാഭ്യാസ രംഗത്തെ ദേശീയ മാതൃകയാക്കി മാറ്റി.

**പ്രധാന ഐസിടി സംരംഭങ്ങൾ:**

**ഹൈടെക് സ്കൂളുകളും ലാബ് പ്രോജക്ടുകളും:** 493.5 കോടി രൂപയുടെ ഹൈടെക് സ്കൂൾ പദ്ധതിയും 300 കോടി രൂപയുടെ ഹൈടെക് ലാബ് പദ്ധതിയും 15,000-ത്തിലധികം സ്കൂളുകളുടെ നിലവാരം ഉയർത്തി. 4,752 സെക്കൻഡറി സ്കൂളുകളിലെ ഏകദേശം 45,000 ക്ലാസ് മുറികളിൽ ലാപ്ടോപ്പുകൾ, പ്രൊജക്ടറുകൾ, യുഎസ്ബി സ്പീക്കറുകൾ, വെബ്ക്യാമുകൾ, പ്രിന്ററുകൾ, ബ്രോഡ്ബാൻഡ് എന്നിവ ലഭിച്ചു. അതേസമയം 11,257 പ്രൈമറി, അപ്പർ പ്രൈമറി സ്കൂളുകളിൽ സംസ്ഥാനവ്യാപകമായി മൊത്തം 1.4 ലക്ഷം ഉപകരണങ്ങൾ, ഐസിടി ഉപകരണങ്ങൾ എന്നിവ സജ്ജീകരിച്ചു. ഈ സംരംഭങ്ങൾ കേരളത്തിലുടനീളം ഡിജിറ്റൽ അധ്യാപനം, സമഗ്ര പോർട്ടലിലേക്കുള്ള പ്രവേശനം, സാങ്കേതിക വിദ്യയുടെ തുല്യമായ ലഭ്യത എന്നിവ സാധ്യമാക്കി.

**ഐ.സി.ടി പാഠപുസ്തകങ്ങൾ:** 1 മുതൽ 10 വരെയുള്ള ക്ലാസുകളിലെ പാഠപുസ്തകങ്ങളോടൊപ്പം ഐസിടി ഒരു നിർബന്ധിത വിഷയമായി അവതരിപ്പിച്ച ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമാണ് കേരളം. കളിപ്പെട്ടി പരമ്പര (1-4 ക്ലാസുകൾ) ഭാഷ, ഗണിതം, പരിസ്ഥിതി പഠനം എന്നിവ സംയോജിപ്പിച്ച് കളിയിലൂടെ പഠനം പ്രോത്സാഹിപ്പിക്കുന്നു. ഇ-വിദ്യ പരമ്പര (8-12 ക്ലാസുകൾ) കമ്പ്യൂട്ടേഷണൽ ചിന്ത, ഡിജിറ്റൽ പൗരത്വം, പ്രോഗ്രാമിംഗ്, മാധ്യമ സാക്ഷരത എന്നിവയ്ക്ക് പ്രാധാന്യം നൽകുന്നു. ഓപ്പൺ സോഴ്സ് സോഫ്റ്റ്വെയർ (FOSS) ഉപയോഗിച്ച് വികസിപ്പിച്ചെടുത്ത എല്ലാ പുസ്തകങ്ങളും പ്രായോഗിക പ്രവർത്തനങ്ങൾ വാഗ്ദാനം ചെയ്യുന്നു. അവ മലയാളം, ഇംഗ്ലീഷ്, തമിഴ്, കന്നഡ ഭാഷകളിൽ സമഗ്ര പോർട്ടൽ വഴി ലഭ്യമാണ്.

**ലിറ്റിൽ കൈറ്റ്സ് ഐ.ടി ക്ലബുകൾ (Little KITEs IT Clubs):** 1.9 ലക്ഷം അംഗങ്ങളുമായി 2,100 സ്കൂളുകളിൽ സജീവമായ ലിറ്റിൽ കൈറ്റ്സ് ഇന്ത്യയിലെ ഏറ്റവും വലിയ വിദ്യാർത്ഥി ഐസിടി ശൃംഖലയാണ്. ക്ലബ്ബുകൾ, റോബോട്ടിക്സ്, ആനിമേഷൻ, എഐ, ആപ്പ് വികസനം, സൈബർ സുരക്ഷ, ഇലക്ട്രോണിക്സ് എന്നിവയിലൂടെ സർഗ്ഗാത്മകത, ടീംവർക്ക്, ഉത്തരവാദിത്തമുള്ള ഡിജിറ്റൽ പെരുമാറ്റം എന്നിവ വളർത്തുന്നു. 2024 ൽ, യുണിസെഫ് ലിറ്റിൽ കൈറ്റ്സിനെ ഒരു ആഗോള മാതൃകയായി അംഗീകരിച്ചു. 2023-24 ൽ ക്ലബ്ബുകൾ പിയർ പരിശീലനം, മത്സരങ്ങൾ, സമൂഹ സമ്പർക്കം എന്നിവ നടത്തി, 4 ലക്ഷം രക്ഷിതാക്കൾക്കും 21 ലക്ഷം വിദ്യാർത്ഥികൾക്കും ഡിജിറ്റൽ സുരക്ഷയിലും മാധ്യമ സാക്ഷരതയിലും പരിശീലനം നൽകി.

**സമഗ്ര പ്ലസ്:** കേരളത്തിലെ ഔദ്യോഗിക ഡിജിറ്റൽ ലേണിംഗ് മാനേജ്മെന്റ് പ്ലാറ്റ്ഫോം 1 മുതൽ 12 വരെയുള്ള ക്ലാസുകൾക്കായി 56,000-ത്തിലധികം വിഭവങ്ങൾ അവതരിപ്പിക്കുന്നു, ഇത് 43 ലക്ഷം വിദ്യാർത്ഥികളിലേക്കും 2 ലക്ഷം അധ്യാപകരിലേക്കും എത്തിച്ചേരുന്നു, കൂടാതെ ക്ലാസ് റൂം ഇൻസ്ട്രക്ഷൻ, സ്വയം പഠനം, തുടർച്ചയായ വിലയിരുത്തൽ എന്നിവയെ പിന്തുണയ്ക്കുകയും ചെയ്യുന്നു. ലേണിംഗ് റൂമുകൾ മൈക്രോ പ്ലാനുകൾ, മൂല്യനിർണ്ണയ ഉപകരണങ്ങൾ, ചോദ്യ ബാങ്കുകൾ, സംവേദനാത്മക പ്രവർത്ത നങ്ങൾ, രക്ഷാകർതൃ ഇന്റർഫേസുകൾ, പ്രവേശനക്ഷമത സവിശേഷതകൾ എന്നിവയിലൂടെ എസ്.സി.ഇ.ആർ.ടി പാഠ്യപദ്ധതിയുമായി യോജിക്കുന്ന പാഠപദ്ധതികളും വാഗ്ദാനം ചെയ്യുന്നു.

**കൂൾ(KOOL) – കൈറ്റിന്റെ (KITE) ഓപ്പൺ ഓൺലൈൻ ലേണിംഗ്:** MOOC മാതൃക പിന്തുടർന്ന്, കൂൾ (കേരള ഓൺലൈൻ ഓപ്പൺ ലേണിംഗ് ഫോർ ടീച്ചേഴ്സ്) ഡിജിറ്റൽ പെഡഗോഗി, ഐസിടി ഉപകരണങ്ങൾ, വിദ്യാഭ്യാസ നവീകരണം എന്നിവയിൽ അധ്യാപകരുടെ നൈപുണ്യം വർദ്ധിപ്പിക്കുന്നു. 54,000-ത്തിലധികം അധ്യാപകർ മെന്റർ അധിഷ്ഠിത ഘടനകൾ, വീഡിയോ ട്യൂട്ടോറിയലുകൾ, മെച്ചപ്പെട്ട പഠന ഓപ്ഷനുകൾ എന്നിവയുള്ള ്സുകൾ പൂർത്തിയാക്കിയിട്ടുണ്ട്.

**ഇ – ക്യൂബ് (E3) ലാംഗ്വേജ് ലാബ് പ്രോഗ്രാം:** 1 മുതൽ 7 വരെയുള്ള ക്ലാസുകളിലെ (ഇംഗ്ലീഷ്, ഹിന്ദി) പ്രവർത്തനാധിഷ്ഠിത ഭാഷാ ലാബുകൾ, കഥപറച്ചിൽ, സ്വരശാസ്ത്രം, സംവേദനാത്മക പഠനം എന്നിവയെ പിന്തുണയ്ക്കുന്നു. ഇ-ക്യൂബ് ഇംഗ്ലീഷ് ലാബിലും (2022-ൽ ആരംഭിച്ചത്) ഹിന്ദി ലാബായ പ്രയോഗശാലയും (2024-ൽ അവതരിപ്പിച്ചത്) പുരോഗമനപരമായ തലങ്ങളിലുടനീളം കഥപറച്ചിൽ, സ്വരശാസ്ത്ര

പരമായ വ്യായാമങ്ങൾ, സംവേദനാത്മക ഗെയിമുകൾ എന്നിവ ഉൾപ്പെടുന്നു.

**സഹിതം മെന്ററിംഗ് പോർട്ടൽ**: വിദ്യാർത്ഥികളുടെ അക്കാദമികവും, സാമൂഹിക-വൈകാരികതയുടെയും വളർച്ച ട്രാക്ക് ചെയ്യാൻ അധ്യാപകരെ സഹായിക്കുന്ന ഒരു ഡിജിറ്റൽ മെന്ററിംഗ് ചട്ടക്കൂട് ഈ പോർട്ടൽ നൽകുന്നു. വ്യക്തിഗത ഇടപാടുകൾ ആസൂത്രണം ചെയ്യാൻ അധ്യാപകരെ സഹായിക്കുന്ന വൈജ്ഞാനിക പുരോഗതി, സാമൂഹിക അവബോധം, പഠന വിടവുകൾ എന്നിവ രേഖപ്പെടുത്താൻ ഇത് അനുവദിക്കുന്നു. ഈ സംരംഭം മനഃപാഠമാക്കിയുള്ള വിലയിരുത്തലിൽ നിന്ന് രൂപീകരണപരവും അനുകമ്പാധിഷ്ഠിതവുമായ മെന്ററിംഗിലേക്കുള്ള മാറ്റത്തെ പ്രതിനിധീകരിക്കുന്നു.

**വിക്ടേഴ്സ് ചാനൽ**: **കൈറ്റ് വിക്ടേഴ്സ് (www.victers.kite.kerala.gov.in)** ഇന്ത്യയിലെ ആദ്യത്തെ വിദ്യാഭ്യാസ ടിവി ചാനലാണ് കൈറ്റ്-വിക്ടേഴ്സ്. വിദ്യാർത്ഥികൾക്കും അധ്യാപകർക്കും രക്ഷിതാക്കൾക്കും വേണ്ടി പാഠ്യപദ്ധതിയുമായി യോജിപ്പിച്ചതും നൈപുണ്യാധിഷ്ഠിതമായ ഉള്ളടക്കത്തിന് 3 ദശലക്ഷത്തിലധികം യുട്യൂബ് വരിക്കാരും പ്രതിദിനം 27 TB ഡാറ്റ ഡൗൺലോഡുകളും ഉണ്ട്. ജനപ്രിയ പ്രോഗ്രാമുകളിൽ ഹരിത വിദ്യാലയം, മൈൻഡ് ഇറ്റ്, ന്യൂട്രൽ ആക്സന്റ്, ആർട്ട് ബോക്സ്, ഇ-ക്യൂബ് സ്റ്റോറീസ് എന്നിവ ഉൾപ്പെടുന്നു.

**FOSS – അധിഷ്ഠിത ഓപ്പറേറ്റിംഗ് സിസ്റ്റം- KITE GNU/Linux**: കസ്റ്റമൈസ് ചെയ്ത ഉബുണ്ടു (Ubuntu) അധിഷ്ഠിതമായ ഈ ഓപ്പറേറ്റിംഗ് സിസ്റ്റം രണ്ട് ലക്ഷത്തിലധികം സ്കൂൾ കമ്പ്യൂട്ടറുകളിൽ ഉപയോഗിച്ചു വരുന്നു. ജിയോ ജിബ്ര (GeoGebra), ഫെറ്റ് (PhET), ലിബ്രെ ഓഫീസ് (LibreOffice), സ്ക്രാച്ച് (Scratch), ക്രിറ്റ (Krita), കൂടാതെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) സംബന്ധമായ ആപ്ലിക്കേഷനുകൾ എന്നിവയുൾപ്പെടെയുള്ള സമഗ്രമായ വിദ്യാഭ്യാസ സോഫ്റ്റ്‌വെയറുകൾ OS-ൽ അടങ്ങിയിരിക്കുന്നു. കൂടാതെ ഇത് മലയാളം കമ്പ്യൂട്ടിങ്ങിനെ പിൻതുണയ്ക്കുകയും ത്രീഡി ആനിമേഷൻ, പ്രോഗ്രാമിംഗ്, വീഡിയോ എഡിറ്റിംഗ്, ഡിജിറ്റൽ പബ്ലിഷിംഗ് എന്നിവയ്ക്കുള്ള ടൂളുകൾ വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു. അധ്യാപകരുടെ ഒരു സമർപ്പിത സംഘം ഇതിന്റെ അപ്ഡേറ്റുകളും സുരക്ഷാ ക്രമീകരണങ്ങളും നിയന്ത്രിക്കുന്നു.

**സ്കൂൾ വിക്കി**: 16,000-ത്തിലധികം വിദ്യാലയങ്ങളെ ബന്ധിപ്പിക്കുന്ന ഈ സഹകരണ പഠന പ്ലാറ്റ്ഫോമിൽ (www.schoolwiki.in) ഏകദേശം 2 ലക്ഷം ലേഖനങ്ങളും, 82,000 ഉപയോക്താക്കളും, 29 ലക്ഷം അപ്ഡേറ്റുകളുമുണ്ട്. ഇന്ത്യൻ പ്രാദേശിക ഭാഷകളിലെ ഏറ്റവും വലിയ സ്കൂൾതല ഡിജിറ്റൽ ശേഖരമാണിത്. ഓരോ വിദ്യാലയവും തങ്ങളുടെ വിവരങ്ങൾ, നേട്ടങ്ങൾ, മുൻഗാമികളായ വിദ്യാർത്ഥികളുടെ വിവരങ്ങൾ, ക്ലാസ് മാഗസിനുകൾ, സർഗ്ഗാത്മക സൃഷ്ടികൾ എന്നിവ ഉൾപ്പെടുത്തി സ്വന്തം പേജുകൾ കൈകാര്യം ചെയ്യുന്നു.

**സ്കൂളുകളിലെ ഇ – മാലിന്യ സംസ്കരണം**: ക്ലീൻ കേരള കമ്പനിയുമായി സഹകരിച്ച്, സ്കൂളുകളിൽ നിന്നുള്ള 750 ടണ്ണിലധികം ഇ-വെസ്റ്റ് (ഇലക്ട്രോണിക് മാലിന്യങ്ങൾ) കൈറ്റ് (KITE) സുരക്ഷിതമായി നിർമ്മാർജ്ജനം ചെയ്തു. മാലിന്യങ്ങൾ സുരക്ഷിതമായി തരംതിരിക്കുന്നതിനും അവ നീക്കം ചെയ്യുന്നതിനുമുള്ള വിശദമായ സർക്കുലറുകൾ സ്കൂളുകൾക്ക് മാർഗദർശനം നൽകുന്നു.

**റോബോട്ടിക്സും AI വിദ്യാഭ്യാസവും**: 2024-25 ൽ, KITE 10-ാം ക്ലാസിലെ 4.30 ലക്ഷം വിദ്യാർത്ഥികൾക്ക് വേണ്ടി റോബോട്ടിക്സ് വിദ്യാഭ്യാസം പരിചയപ്പെടുത്തിക്കൊണ്ട് സ്കൂളുകളിൽ 29,000 ആർഡ്വിനോ അധിഷ്ഠിത റോബോട്ടിക്സ് കിറ്റുകൾ വിതരണം ചെയ്തു. ഈ കിറ്റുകൾ സർഗ്ഗാത്മകതയും ശാസ്ത്രീയ ചിന്തയും പരിപോഷിപ്പിച്ചുകൊണ്ട് ട്രാഫിക് സിഗ്നലുകൾ, ഓട്ടോമേറ്റഡ് ലൈറ്റിംഗ്, ഹോം ഓട്ടോമേഷൻ സിസ്റ്റങ്ങൾ തുടങ്ങിയ ഇലക്ട്രോണിക് പ്രോജക്ടുകൾ പ്രോട്ടോടൈപ്പ് ചെയ്യാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നു.

കൂടാതെ, KITE, 80,000 അധ്യാപകർക്കായി AI പരിശീലനവും ആരംഭിച്ചു. ഇത് ഇത്തരത്തിൽ AI ഉപകരണങ്ങൾ, വേഗത്തിലുള്ള എഞ്ചിനീയറിംഗ്, ഡാറ്റ വിഷ്വലൈസേഷൻ, ധാർമ്മിക ഉപയോഗം എന്നിവ ഉൾക്കൊള്ളുന്ന ഇന്ത്യയിലെ ആദ്യത്തെ സംരംഭമാണ്. എല്ലാ വിദ്യാർത്ഥികൾക്കും ഘടനാപരമായി AI വിദ്യാഭ്യാസം നൽകുന്ന ആദ്യത്തെ സംസ്ഥാനമായി കേരളത്തെ മാറ്റിക്കൊണ്ട് ക്ലാസ് 7 ICT പാഠ്യപദ്ധതിയിൽ AI ആശയങ്ങൾ ഉൾപ്പെടുത്തി, സമഗ്ര പ്ലസ് AI പ്ലാറ്റ്ഫോം AI-യെ ക്ലാസ് റൂം അധ്യാപനവുമായി സംയോജിപ്പിക്കുന്നു. ഇത് വ്യക്തിഗതമാക്കിയ പഠനം, ഓട്ടോമേറ്റഡ് വിലയിരുത്തലുകൾ, അനുയോജ്യമായ വിഭവ ശുപാർശകൾ എന്നിവ വാഗ്ദാനം ചെയ്യുന്നു. കൂടാതെ, പബ്ലിക് AI എസൻഷ്യൽസ് കോഴ്സ് 1,660 പഠിതാക്കൾക്ക് അടിസ്ഥാന AI ആശയങ്ങളിൽ പരിശീലനം നൽകി.

**എ.വി.ജി.സി (AVGC) പാഠ്യപദ്ധതി സംയോജനം**: 2025-ൽ, കൈറ്റ് സെക്കൻഡറി തലത്തിൽ ആനിമേഷൻ, വിഷ്വൽ ഇഫക്ട്സ്, ഗെയിമിംഗ്, കോമിക്സ് (AVGC) എന്നിവയിൽ നൂതനമായ പാഠ്യപദ്ധതി അവതരിപ്പിച്ചു. എ.വി.ജി.സി (AVGC) മൊഡ്യൂൾ മൾട്ടിമീഡിയ പ്രൊഡക്ഷനിൽ സർഗ്ഗാത്മക ആവിഷ്കാരം, ഡിജിറ്റൽ കഥപറച്ചിൽ, തൊഴിൽപരമായ കഴിവുകൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നു. ബ്ലെൻഡർ, സിൻഫിഗ് പോലുള്ള ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ (FOSS) ഉപകരണങ്ങൾ ഉപയോഗിച്ച് വിദ്യാർത്ഥികൾ 2D/3D ആനിമേഷൻ, ബേസിക് ഗെയിം ഡിസൈൻ, വിഷ്വൽ കമ്മ്യൂണിക്കേഷൻ എന്നിവ പഠിക്കുന്നു. ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ചിരിക്കുന്ന എ.വി.ജി.സി പാഠ്യപദ്ധതി പ്രോജക്ട് അധിഷ്ഠിത പഠനത്തെ പ്രോത്സാഹിപ്പിക്കുകയും ഉയർന്നുവരുന്ന സൃഷ്ടിപരമായ വ്യവസായങ്ങളുമായി അക്കാദമിക് അറിവിനെ ബന്ധിപ്പിക്കുകയും ചെയ്യുന്നു.

## II. അതിജീവനം (Resilience)

2017 മുതൽ 2025 വരെയുള്ള കാലയളവ് 2018-ലെ വിനാശകരമായ വെള്ളപ്പൊക്കം, കോവിഡ്-19 മഹാമാരി തുടങ്ങിയ പ്രധാന വെല്ലുവിളികളെ അതിജീവിച്ചുകൊണ്ട് അടയാളപ്പെടുത്തിയ, കേരള സ്കൂൾ വിദ്യാഭ്യാസ ചരിത്രത്തിലെ അതിജീവനത്തിന്റെ പ്രതിരോധശേഷിയുടെ ഒരു കാലഘട്ടമായി ഓർമ്മിക്കപ്പെടും.

**പട്ടിക 3.4**: *UDISE+ പ്രധാന സൂചികകൾ - കേരളവും ഇന്ത്യയും (2023-24)*

| സൂചിക (Indicator) | കേരളം | ദേശീയ ശരാശരി |
|---|---|---|
| മൊത്തം എൻറോൾമെന്റ് അനുപാതം (GER) | 95.4 | 89.7 |
| കൊഴിഞ്ഞുപോക്ക് നിരക്ക് (പ്രൈമറി) | 0 | 3.7 |
| കൊഴിഞ്ഞുപോക്ക് നിരക്ക് (മിഡിൽ ലെവൽ) | 0 | 5.2 |
| കൊഴിഞ്ഞുപോക്ക് നിരക്ക് (സെക്കൻഡറി) | 2.18 | 10.9 |
| അധ്യാപക - വിദ്യാർത്ഥി അനുപാതം (സെക്കൻഡറി) | 16 | 21 |
| കമ്പ്യൂട്ടർ സൗകര്യമുള്ള സ്കൂളുകൾ (%) | 99.1 | 57.2 |
| ഇന്റർനെറ്റ് സൗകര്യമുള്ള സ്കൂളുകൾ (%) | 92.1 | 53.9 |
| ലിംഗസമത്വ സൂചിക (Gender Parity Index) | >1 | ~1 |

*അവലംബം:* വിദ്യാഭ്യാസ മന്ത്രാലയം

**(i) 2018 – ലെ പ്രളയം**: 2018 ജൂണിനും ഓഗസ്റ്റിനും ഇടയിൽ കേരളം, 1924 ന് ശേഷമുള്ള ഏറ്റവും വലിയ വെള്ളപ്പൊക്കമാണ് അനുഭവിച്ചത്. ആകെ 1,613 സ്കൂളുകളെ വെള്ളപ്പൊക്കം ബാധിച്ചു. 1,148 ടോയ്‌ലറ്റുകൾ, 842 മൂത്രപ്പുരകൾ, ഏകദേശം 34,251 മീറ്റർ കോമ്പൗണ്ട് ഭിത്തികൾ എന്നിവയ്ക്കും കേടുപാടുകൾ സംഭവിച്ചു. അടുക്കള അടിസ്ഥാന സൗകര്യങ്ങളും പാത്രങ്ങളും നഷ്ടപ്പെട്ടതിനാൽ സ്കൂളുകളിലെ ഉച്ചഭക്ഷണം തടസ്സപ്പെട്ടു. ഏറ്റവും കൂടുതൽ നാശനഷ്ടമുണ്ടായ ജില്ലകൾ ആലപ്പുഴ, എറണാകുളം, പത്തനംതിട്ട, തൃശൂർ, വയനാട്, ഇടുക്കി, കോട്ടയം എന്നിവയാണ്.

വെള്ളപ്പൊക്കത്തിന് തൊട്ടുപിന്നാലെ, അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിനും സ്കൂളുകൾ വൃത്തി യാക്കുന്നതിനുമുള്ള വിശദമായ നിർദ്ദേശങ്ങൾ നൽകി. വെള്ളപ്പൊക്കമുണ്ടായി പത്ത് ദിവസത്തിനുള്ളിൽ, 2018 ഓഗസ്റ്റ് 29 ന് മിക്കവാറും എല്ലാ സ്കൂളുകളും വീണ്ടും തുറന്നു. അധ്യാപകരും വിദ്യാഭ്യാസ വകുപ്പ് ഉദ്യോഗസ്ഥരും സ്കൂളുകളുടെ പുനരുദ്ധാരണത്തിൽ സജീവമായി പങ്കെടുക്കുകയും ദുരിതാശ്വാസ ക്യാമ്പുകളിൽ സന്നദ്ധസേവനം നടത്തുകയും ചെയ്തു.

**(ii) കോവിഡ് – 19**:കോവിഡ്-19 മഹാമാരി സാമൂഹിക ജീവിതത്തെ ഏതാണ്ട് പൂർണ്ണമായും സ്തംഭിപ്പിക്കുകയും ജനങ്ങളുടെ സഞ്ചാരസ്വാതന്ത്ര്യം നിയന്ത്രിക്കുകയും ചെയ്തു. അഭൂതപൂർവമായ ഈ സാഹചര്യങ്ങളോട് പൊരുത്തപ്പെടാൻ കുട്ടികൾ നിർബന്ധിതരായി. ഇത് അവരുടെ പഠനത്തെയും വൈകാരികാരോഗ്യം, സാമൂഹിക വികാസം എന്നിവയെയും ദോഷകരമായി ബാധിച്ചു. ദീർഘകാലത്തെ അടച്ചുപൂട്ടൽ പഠനം, സാമൂഹിക ഇടപെടലുകൾ, പുതിയ അനുഭവങ്ങൾ, സർഗ്ഗാത്മക പ്രവർത്തനങ്ങൾ എന്നിവയ്ക്കുള്ള അവസരങ്ങളെ ഇല്ലാതാക്കിയത് വലിയ വെല്ലുവിളിയായി. ഇതിന് മറുപടിയായി, മഹാമാരി ഉയർത്തിയ വെല്ലുവിളികളെ നേരിടാൻ വിദ്യാഭ്യാസ വകുപ്പിന് സജീവമായ പുതിയ പദ്ധതികൾ ആവിഷ്കരിക്കേണ്ടിവന്നു. ഇവയിൽ ഉൾപ്പെടുന്നവ:

**ഡിജിറ്റൽ പഠനം**: കേരള സർക്കാർ വിക്ടേഴ്സ് വിദ്യാഭ്യാസ ചാനലിലൂടെ സംപ്രേഷണം ചെയ്യുന്ന ഫസ്റ്റ് ബെൽ എന്ന ഡിജിറ്റൽ ക്ലാസ് പ്രോഗ്രാം ആരംഭിച്ചു. എസ്.സി.ഇ.ആർ.ടി അക്കാദമിക് പിന്തുണ നൽകി, കൈറ്റ് സാങ്കേതിക ഏകോപനം കൈകാര്യം ചെയ്തു. സമഗ്ര ശിക്ഷ കേരളം (എസ്.എസ്.കെ), എസ്.ഐ.ഇ.ടി എന്നിവയും പരിപാടിയിൽ പങ്കാളികളായി.

**വൈറ്റ് ബോർഡും ഇ – വിദ്യാലയവും**: പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ സഹായിക്കുന്നതിനായി സമഗ്ര ശിക്ഷാ കേരളം 'വൈറ്റ് ബോർഡ്' (White Board) എന്ന പദ്ധതിക്ക് കീഴിൽ പ്രത്യേക കണ്ടന്റുകൾ തയ്യാറാക്കി യൂട്യൂബിൽ ലഭ്യമാക്കി. തമിഴ്, കന്നഡ മീഡിയം വിദ്യാർത്ഥികൾക്കായി ജില്ലാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ ആന്റ് ട്രെയിനിംഗിന്റെ (DIET) അക്കാദമിക് പിന്തുണയോടെ കൈറ്റ് (KITE) ഡിജിറ്റൽ ക്ലാസുകൾ തയ്യാറാക്കുകയും അവ പ്രാദേശിക ചാനലുകളിലൂടെ സംപ്രേക്ഷണം ചെയ്യുകയും യൂട്യൂബിൽ അപ്‌ലോഡ് ചെയ്യുകയും ചെയ്തു. കൂടാതെ, വൊക്കേഷണൽ വിഷയങ്ങൾക്കായുള്ള ഡിജിറ്റൽ ക്ലാസുകൾ 'വി.എച്ച്.എസ്.ഇ. ഇ-വിദ്യാലയം' (VHSE e-Vidyalayam)എന്ന യൂട്യൂബ് ചാനൽ വഴിയും ലഭ്യമാക്കി.

**അക്ഷരവൃക്ഷം**: (The Tree of Letters) ലോക്ക്ഡൗൺ സമയത്ത് വിദ്യാർത്ഥികൾ തയ്യാറാക്കിയ കഥകൾ, കവിതകൾ, ലേഖനങ്ങൾ എന്നിവയുൾപ്പെടെയുള്ള സൃഷ്ടിപരമായ ഉള്ളടക്കം ശേഖരിക്കുകയും സമാഹരിക്കുകയും കൈറ്റിന്റെ ഓൺലൈൻ പോർട്ടലിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. സംസ്ഥാനത്തുടനീളം 50,000-ത്തിലധികം എൻട്രികൾ ലഭിച്ചു. പ്രസിദ്ധീകരണത്തിനായി എസ്‌സിഇആർടി (SCERT) കേരള മികച്ച ഉള്ളടക്കം തിരഞ്ഞെടുത്തു. ഈ സംരംഭം ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡ്‌സിൽ അംഗീകരിക്കപ്പെട്ടു.

### III. അംഗീകാരം

സ്കൂൾ വിദ്യാഭ്യാസത്തിന്റെ വിവിധ സൂചകങ്ങളിൽ കേരളം അനുകൂലമായി ഉയർന്ന സ്ഥാനത്താണ്.

നീതി ആയോഗ് തയ്യാറാക്കിയ സ്കൂൾ വിദ്യാഭ്യാസ ഗുണനിലവാര സൂചികയിൽ (SEQI) കേരളം മുന്നിട്ടു നിൽക്കുക

യും, വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ പ്രകടന ഗ്രേഡ് സൂചികയിൽ (PGI) സ്ഥിരമായി മികച്ച നില കൈവരിക്കുകയും ചെയ്യുന്നു. പരഖ് രാഷ്ട്രീയ സർവേക്ഷൻ 2024 റിപ്പോർട്ടിൽ സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള പ്രകടനം മെച്ചപ്പെട്ടു. റിപ്പോർട്ട് അനുസരിച്ച്, 29 സംസ്ഥാനങ്ങളിലും 7 കേന്ദ്രഭരണ പ്രദേശങ്ങളിലും കേരളം രണ്ടാം സ്ഥാനത്താണ്. സ്കൂൾ വിദ്യാഭ്യാസത്തിനുള്ള ഇന്ത്യയിലെ ആദ്യത്തെ ഡിജിറ്റൽ സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിച്ചു. എല്ലാ പ്രവർത്തനങ്ങളും (ക്ലാസ് മുറികൾ, അധ്യാപക പരിശീലനം, അക്കാദമിക് പ്രവർത്തനങ്ങൾ, പ്രവേശനം, സ്ഥലംമാറ്റം, ഭരണം) ഡിജിറ്റൽ രീതിയിൽ സാധ്യമാക്കിയിട്ടുണ്ട്. 8 മുതൽ 12 വരെ ക്ലാസുകളിലെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ എല്ലാ ക്ലാസ് മുറികളും സാങ്കേതികവിദ്യ സൗഹൃദപരമാണ്. എല്ലാ പ്രൈമറി, അപ്പർ-പ്രൈമറി സ്കൂളുകളിലും ഡിജിറ്റൽ ലാബുകൾ സജ്ജീകരിച്ചിരിക്കുന്നു. പരമ്പരാഗത തടസ്സങ്ങളെ (ലിംഗഭേദം, ജാതി, വരുമാനം, ഭൂമിശാസ്ത്രം) മറികടന്ന്, ഗ്രാമീണ ജനതയ്ക്ക് പോലും ന്യായമായ ദൂരപരിധിക്കുള്ളിൽ സെക്കൻഡറി സ്കൂളുകളിൽ പ്രവേശനം ഉറപ്പാക്കിക്കൊണ്ട്, 17 വയസ്സ് വരെയുള്ള ഔപചാരിക സ്കൂൾ വിദ്യാഭ്യാസത്തിൽ കുട്ടികളുടെ സാർവത്രിക പങ്കാളിത്തം കേരളത്തിലെ ഒരു മികച്ച നേട്ടമാണ്. യുണിസെഫിന്റെ ഒരു പഠനത്തിൽ ലിറ്റിൽ കൈറ്റ്സ് ഐടി ക്ലബ്ബുകൾ വിദ്യാഭ്യാസത്തിലെ ഒരു ആഗോള മാതൃകയാണെന്ന് വിശേഷിപ്പിക്കുന്നു.

### ഭാവിപരിപാടികൾ (Way Forward)

സ്കൂൾ വിദ്യാഭ്യാസത്തിൽ കേരളം വലിയ പുരോഗതി കൈവരിച്ചു. മികച്ച സമ്പ്രദായങ്ങളിൽ നിന്ന് പഠിച്ചും, ആധുനിക പഠന സൗകര്യങ്ങൾക്കും വിദ്യാഭ്യാസ നിലവാരത്തിനും മാനദണ്ഡങ്ങൾ നിശ്ചയിച്ചും വിദ്യാഭ്യാസത്തിന്റെ വിവിധ മേഖലകളിൽ തുടർച്ചയായ പുരോഗതി ഉറപ്പാക്കുക എന്നതാണ് മുന്നിലുള്ള ദൗത്യം.

വിശാലമായ പ്രവേശനം, ജനാധിപത്യ ഭരണം, മെച്ചപ്പെട്ട ഗുണനിലവാര സൂചകങ്ങൾ എന്നിവ ഉറപ്പാക്കിക്കൊണ്ട് സംസ്ഥാനം സ്കൂൾ വിദ്യാഭ്യാസത്തിൽ ശക്തമായ അടിത്തറ കെട്ടിപ്പടുത്തിട്ടുണ്ട്. ഈ ശക്തികൾക്കിടയിലും കേരളം വെല്ലുവിളികൾ നേരിടുന്നത് തുടരുന്നു. ഗുണനിലവാരമുള്ള വിദ്യാഭ്യാസം, എൻറോൾമെന്റിനെ മാത്രമല്ല, പഠന ഫലങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, എല്ലാ കുട്ടികൾക്കും തുല്യ അവസരങ്ങൾ എന്നിവയെയും ആശ്രയിച്ചിരിക്കുന്നുവെന്ന് സ്കൂൾ വിദ്യാഭ്യാസ ഗുണനിലവാര സൂചിക ചട്ടക്കൂട് എടുത്തുകാണിക്കുന്നു. സംസ്ഥാനത്തിന്റെ ജനസംഖ്യാ ഘടനയിലെ മാറ്റങ്ങളും പരിഗണിക്കേണ്ടതുണ്ട്. കേരളം പല കാര്യങ്ങളിലും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നുണ്ടെങ്കിലും, ആധുനികവും, ജനാധിപത്യപരവും, മതേതരവും, ശാസ്ത്രീയവുമായ സ്കൂൾ വിദ്യാഭ്യാസത്തിന്റെ മാതൃക എന്ന നിലയിൽ അതിന്റെ പങ്ക് നിലനിർത്തുന്നതിനും ശക്തിപ്പെടുത്തുന്നതിനും അധ്യാപനശാസ്ത്രം, ഡിജിറ്റൽ സന്നദ്ധത, ഉൾക്കൊള്ളുന്ന വിദ്യാഭ്യാസം എന്നിവയിൽ തുടർച്ചയായ നവീകരണം ആവശ്യമാണ്.

## അദ്ധ്യായം 4
# ഉന്നതവിദ്യാഭ്യാസവും സാങ്കേതിക വിദ്യാഭ്യാസവും

**ആമുഖം**

2016 മുതൽ 2026 വരെയുള്ള കാലയളവിൽ ഉന്നത വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് ബഹുമുഖമായ ഒരു നയമാണ് കേരള സർക്കാർ നടപ്പിലാക്കിയത്. അടിസ്ഥാന സൗകര്യ വികസനത്തിനായി പ്ലാൻ ഫണ്ടുകളും കിഫ്ബിയിൽ നിന്നുള്ള ധനസഹായവും സർക്കാർ വിനിയോഗിച്ചു. ഉപകരണങ്ങൾ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്കും അതിലുപരി അധ്യാപക പരിശീലനത്തിനുമായി സർക്കാർ നിക്ഷേപം നടത്തി.വിദ്യാഭ്യാസ കാര്യങ്ങളിലും അക്കാദമിക് ഭരണനിർവ്വഹണത്തിലും, മൂല്യനിർണ്ണയത്തിലും പരീക്ഷാ നടത്തിപ്പിലും, ഉന്നതവിദ്യാഭ്യാസ മേഖലയിലെ ഭരണക്രമത്തിലും സർക്കാരിന് ഉപദേശം നൽകുന്നതിനായി 2021-ൽ ഉന്നതതല വിദഗ്ധ സമിതികളെ നിയോഗിച്ചു. ഉന്നതവിദ്യാഭ്യാസ മേഖലയിലെ പ്ലാൻ നിക്ഷേപങ്ങളുടെ വളർച്ച പ്ലാൻ അടങ്കലിന്റെ ശരാശരിയേക്കാൾ എപ്പോഴും മുന്നിലായിരുന്നു. സമീപകാലത്തെ ഈ നയപരമായ ഇടപെടലുകളുടെ ഫലം അഖിലേന്ത്യാ റാങ്കിംഗുകളിൽ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പദവിയിലുണ്ടായ മെച്ചപ്പെട്ട പുരോഗതിയിൽ ദൃശ്യമാണ്.

'സംസ്ഥാനങ്ങളിലൂടെയും സംസ്ഥാന പൊതു സർവ്വകലാശാലകളിലൂടെയും ഗുണമേന്മയുള്ള ഉന്നത വിദ്യാഭ്യാസം വ്യാപിപ്പിക്കുക (2025)' എന്ന വിഷയത്തിലുള്ള നീതി ആയോഗ് റിപ്പോർട്ട് പ്രകാരം, യുവാക്കളുടെ ഉന്നത വിദ്യാഭ്യാസത്തിനായി ഏറ്റവും കൂടുതൽ തുക ചിലവഴിക്കുന്ന സംസ്ഥാനങ്ങളിലൊന്നായി കേരളം തുടരുന്നു. കേരളം അതിന്റെ മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ (GSDP) 3.5 ശതമാനം വിദ്യാഭ്യാസത്തിനായി നീക്കിവെക്കുന്നു. ഇതിൽ 0.5 ശതമാനം വിനിയോഗിക്കുന്നത് ഉന്നതവിദ്യാഭ്യാസത്തിനുവേണ്ടിയാണ്. കേരളത്തിലെ ഉന്നതവിദ്യാഭ്യാസ പ്രവേശന അനുപാതം (Gross Enrolment Ratio - GER) 41.3 ശതമാനമാണ്. ഇത് ദേശീയ ശരാശരിയായ 28.4 ശതമാനത്തേക്കാൾ വളരെ കൂടുതലാണ്. കൂടാതെ, രാജ്യത്തെ ഏറ്റവും ഉയർന്ന ലിംഗസമത്വ സൂചികയും (Gender Parity Index) കേരളത്തിനാണ് (1.44). ദേശീയ സൂചികയായ 1.01-നേക്കാൾ ഏറെ മുന്നിലാണിത്.

ഉന്നതവിദ്യാഭ്യാസത്തെ സാമ്പത്തിക പരിവർത്തനവുമായും തൊഴിലുമായും ബന്ധിപ്പിക്കുക എന്നത് അതീവ ഗൗരവത്തോടെ നേരിടുന്ന ഒരു വെല്ലുവിളിയാണ്. സർവകലാശാലാ ഭരണസംവിധാനം പിടിച്ചെടുക്കാൻ കേന്ദ്ര സർക്കാരും പ്രതിലോമ ശക്തികളും നടത്തുന്ന പുതിയ ശ്രമങ്ങളാണ് ഇന്ന് ഉന്നതവിദ്യാഭ്യാസ മേഖല നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളിൽ ഒന്ന്. മതനിരപേക്ഷവും ജനാധിപത്യപരവും ചർച്ചാധിഷ്ഠിതവും ശാസ്ത്രബോധത്താൽ നയിക്കപ്പെടുന്നതുമായ കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ സങ്കൽപ്പത്തിന് ഇത് വലിയ ഭീഷണി ഉയർത്തുന്നു..

**ഉന്നതവിദ്യാഭ്യാസത്തിൽ മികവിനായുള്ള കമ്മീഷനുകൾ**

ഉയർന്നുവരുന്ന വെല്ലുവിളികളെ നേരിടുന്നതിനും പുതിയ അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിനും, ദേശീയ നയങ്ങളിലെ പിന്തിരിപ്പൻ ആവശ്യകതകൾക്ക് അനുയോജ്യമായ ഒരു ബദൽ എന്ന നിലയിലും നിലവിലെ സംവിധാനങ്ങളെ പ്രതികൂലമായി ബാധിക്കുന്ന തടസ്സങ്ങൾ തിരിച്ചറിയാനും വിലയിരുത്താനും ശ്രമിക്കുകയും അതിന്റെ മേഖലാപരമായ പരിഷ്കരണത്തിനായി ഒരു തന്ത്രപരമായ പദ്ധതി വികസിപ്പിക്കുന്നതിന് കൃത്യമായ ശുപാർശകൾ രൂപപ്പെടുത്താനും കേരള സർക്കാർ ശ്രമിച്ചു. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ വിവിധ വശങ്ങൾ പരിശോധിക്കാനും ഈ മേഖലയെ പരിഷ്കരിക്കുന്നതിനായി തന്ത്രപരമായ ഒരു പദ്ധതി വികസിപ്പിക്കുന്നതിനുള്ള കൃത്യമായ ശുപാർശകൾ രൂപപ്പെടുത്തുന്നതിനുമായി സർക്കാർ മൂന്ന് കമ്മീഷനുകളെ നിയോഗിച്ചു.

ഡോ. ശ്യാം ബി. മേനോൻ അധ്യക്ഷനായ ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ, സംസ്ഥാനത്തെ നിലവിലുള്ള ഉന്നത വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ പ്രധാന വശങ്ങൾ, പ്രത്യേകിച്ച് സംസ്ഥാനത്തെ ഒരു വിജ്ഞാന സമൂഹമാക്കി മാറ്റുക, വിജ്ഞാന സമ്പദ്‌വ്യവസ്ഥ വികസിപ്പിക്കുക എന്നീ വലിയ ലക്ഷ്യങ്ങൾ പരിശോധിച്ചു. ഡോ. സി.ടി. അരവിന്ദകുമാർ അധ്യക്ഷനായ പരീക്ഷാ പരിഷ്കരണ കമ്മീഷൻ കേരളത്തിലെ സർവ്വകലാശാലകളിലെയും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും പരീക്ഷകളുടെ നിലവിലുള്ള അവസ്ഥ അവലോകനം ചെയ്യുകയും, പരീക്ഷാ സമ്പ്രദായത്തിലും അതിന്റെ പ്രക്രിയകളിലും കാര്യമായ പരിഷ്കാരങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു. ഡോ. എൻ. കെ. ജയകുമാർ അധ്യക്ഷനായ കേരള സംസ്ഥാന സർവ്വകലാശാല നിയമപരിഷ്കരണ കമ്മീഷൻ, നിലവിലുള്ള സർവ്വകലാശാലാ നിയമങ്ങളും ചട്ടങ്ങളും നിയന്ത്രണങ്ങളും ഓർഡിനൻസുകളും പ്രത്യേകിച്ച് യു.ജി.സി. എഐസിടിഇ, എൻസിടിഇ എന്നിവയുടെ നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ പരിശോധിക്കുകയും സംസ്ഥാനത്തെ ഒരു വൈജ്ഞാനിക സമൂഹമായി മാറ്റുന്നതിന് അവ പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ രൂപീകരിക്കുകയും ചെയ്തു. ഈ കമ്മീഷനുകൾ നിലവിലെ അവസ്ഥ വെവ്വേറെ പരിശോധിക്കുകയും, സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സമ്പ്രദായത്തിൽ അടിസ്ഥാനപരവും ദൂരവ്യാപകവുമായ മാറ്റങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു. കമ്മീഷനുകളുടെ ഈ ശുപാർശകൾ മുൻഗണനാക്രമത്തിൽ നടപ്പിലാക്കുന്നതിനായി, സർക്കാരിന് കീഴിൽ ഒരു നിർവഹണസെൽ രൂപീകരിക്കുകയും ചെയ്തു.

കമ്മീഷനുകൾ, ഹ്രസ്വകാല, ഇടക്കാല, ദീർഘകാല അടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ട ഒട്ടേറെ നടപടികൾ നിർദ്ദേശിച്ചിട്ടുണ്ട്. പൊതുവായ ശുപാർശകളിൽ ഉന്നത വിദ്യാഭ്യാസ മേഖലയിലെ മൊത്തം എൻറോൾമെന്റ് അനുപാതം (GER) 75% ആയി ഉയർത്തുന്നതിന് ഗണ്യമായ നിക്ഷേപം നടത്തണമെന്നതും ഉൾപ്പെടുന്നു. സർക്കാർ നിക്ഷേപം കൊണ്ടുമാത്രം വർദ്ധിപ്പിച്ച GER കൈവരിക്കാൻ ആവില്ലെന്ന് കമ്മീഷനുകൾ നിരീക്ഷിച്ചു. അറിവിന്റെ പരസ്പര വിരുദ്ധമല്ലാത്ത സ്വഭാവവും (ഒരു പൊതു നന്മ) സൃഷ്ടിക്കുന്ന ഗണ്യമായ പോസിറ്റീവ് ബാക്കി ഫലങ്ങളും

കണക്കിലെടുക്കുമ്പോൾ ഉന്നത വിദ്യാഭ്യാസത്തിൽ പൊതു നിക്ഷേപത്തിന്റെ പങ്കും പ്രാധാന്യവും കൂടുതൽ പറയാൻ സാധിക്കുന്നതല്ലെന്ന് കമ്മീഷൻ നിരീക്ഷിച്ചു. ഫണ്ടിങ്ങിന്റെ ഉറവിടത്തിന് (പൊതു നിക്ഷേപം അല്ലെങ്കിൽ സ്വകാര്യ നിക്ഷേപം) ഉന്നത വിദ്യാഭ്യാസത്തിന്റെ ലഭ്യതയും ഫലങ്ങളുമായി ബന്ധപ്പെട്ട് സമത്വം എന്ന വിഷയത്തിന്മേൽ കാര്യമായ സ്വാധീനം ചെലുത്തുന്നുണ്ട്. വളർച്ച ശേഷിയുടെ വികസനം നിർണയിക്കുന്നതിലും ആത്യന്തികമായി സമ്പദ് വ്യവസ്ഥയുടെ വളർച്ച സാധ്യത നിർണയിക്കുന്നതിലും പൊതുനിക്ഷേപം നിർണായകമാണെങ്കിലും ലഭിക്കുന്ന നേട്ടങ്ങളുടെ വിതരണപരമായ പ്രത്യാഘാതങ്ങൾ കണക്കിലെടുത്ത് സർവ്വകലാശാലകളും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും പൊതുനിക്ഷേപം വർദ്ധിപ്പിക്കുന്നതിനായി സ്വകാര്യ ജീവകാരുണ്യ ഫണ്ടുകൾ, സി എസ് ആർ ഫണ്ടുകൾ, പൂർവ്വ വിദ്യാർത്ഥികളുടെ സംഭാവനകൾ, സ്വകാര്യ സംഭാവനകൾ, എൻഡോവ്മെന്റുകൾ എന്നിവ സമാഹരിക്കുന്നതിനുള്ള സാധ്യതകൾ കണ്ടെത്തണം. ഉന്നത വിദ്യാഭ്യാസത്തിന്റെ സാമ്പത്തിക കാര്യങ്ങൾ ഇനിമേൽ സാമൂഹിക നിയന്ത്രണം ഉറപ്പാക്കുന്നതിനുള്ള സ്ഥാപനപരമായ ഒരു ക്രമീകരണത്തോടെ പുതിയ സാമ്പത്തിക വഴികൾ സർക്കാർ കണ്ടെത്തണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു. മറ്റു പ്രധാന ശുപാർശകൾ മികവിന്റെ കേന്ദ്രങ്ങൾ (Centres of Excellence) സ്ഥാപിക്കുക, സ്ഥാപനങ്ങൾ തമ്മിലുള്ള ബന്ധത്തിനും അതുപോലെതന്നെ വ്യവസായവുമായുള്ള സജീവബന്ധ ത്തിനുമുള്ള സംവിധാനങ്ങൾ സ്ഥാപിക്കുക എന്നിവയാണ്.

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭരണസംവിധാനങ്ങളിൽ പുനസംഘടനയും, ഭരണസംവിധാനങ്ങളുമുൾപ്പെടെ വലിയ മാറ്റങ്ങളാണ് കമ്മീഷനുകൾ ശുപാർശ ചെയ്തിരിക്കുന്നത്. ഇതിൽ സെനറ്റ്, സിൻഡിക്കേറ്റ് എന്നിവയുടെ ഘടനയിലും പ്രവർത്തനങ്ങളിലും മാറ്റം വരുത്തുക, പരീക്ഷാ നടത്തിപ്പ്, സിലബസും പാഠ്യപദ്ധതിയും വികസിപ്പിക്കുക എന്നിവ ഉൾപ്പെടുന്നു. ഇതിനായി നിലവിലുള്ള സർവ്വകലാശാലാ നിയമങ്ങളിലും ചട്ടങ്ങളിലും സമഗ്രമായ പുനപ്പരിശോധന ആവശ്യമാണ്. കമ്മീഷനുകളുടെ പ്രധാന ശുപാർശകളിൽ, താരതമ്യേന യുക്തിസഹവും ഹ്രസ്വകാലവുമായ നടപടികൾക്ക് ആദ്യത്തെ മുൻഗണന നൽകുകയും പിന്നീട്, ഇടത്തരം ദീർഘകാല ശുപാർശകളും സമയബന്ധിതമായി നടപ്പിലാക്കാൻ സർക്കാർ ഏകീകൃത ശ്രമങ്ങൾ നടത്തിയിട്ടുണ്ട്.

**കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖലയുടെ വളർച്ച**

സംസ്ഥാന രൂപീകരണത്തിനുശേഷം കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സമ്പ്രദായം വലിയ പരിവർത്തനത്തിന് വിധേയമായി. സംസ്ഥാനത്തുടനീളം സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളുടെ സ്ഥാപനവും എയ്ഡഡ് സ്ഥാപനങ്ങളുടെ വളർച്ചയും സംസ്ഥാനത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയെ പുനർനിർവചിച്ചു. പൊതു, സ്വകാര്യ, സഹകരണ മേഖലകളിലായി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണത്തിലുണ്ടായ വർദ്ധനവാണ് ഏറ്റവും പ്രധാനപ്പെട്ട മാറ്റം. സർവ്വകലാശാലകളുടെയും അഫിലിയേറ്റഡ് സ്ഥാപനങ്ങളുടെയും എണ്ണത്തിലുണ്ടായ വർദ്ധനവ് എല്ലാവർക്കും ഉന്നതവിദ്യാഭ്യാസം ലഭ്യമാക്കാൻ സഹായിച്ചു. കേരളത്തിലെ ഉന്നതവിദ്യാഭ്യാസം തുല്യമായ വികസന തത്വങ്ങൾ വലിയ തോതിൽ പാലിക്കുകയും വിദ്യാഭ്യാസത്തിനുള്ള പ്രവേശനത്തിന് ചിലവ് കുറയ്ക്കുന്നതിന് ഊന്നൽ നൽകുകയും ചെയ്യുന്നു. കേരളീയർ കൈവരിച്ച സാമൂഹികവും സാമ്പത്തികവുമായ മുന്നേറ്റത്തിന് വലിയൊരു പരിധിവരെ താങ്ങാനാവുന്ന ചിലവിൽ ലഭ്യമായ ഉന്നത വിദ്യാഭ്യാസമാണ്. വർഷങ്ങളായി കേരളം സ്വകാര്യ മേഖലയെ കൂടി പ്രയോജനപ്പെടുത്തിയത് സംസ്ഥാനത്ത് നിരവധി സ്വാശ്രയ സ്ഥാപനങ്ങളുടെ സ്ഥാപനത്തിന് കാരണമായി.

കേരളത്തിൽ 14 സംസ്ഥാന സർവ്വകലാശാലകളുണ്ട്; ഇതിൽ നാലെണ്ണം പൊതുവായ വിഷയങ്ങൾക്കുള്ളവയും ബാക്കി പത്തെണ്ണം പ്രത്യേക വിഷയങ്ങളിൽ വൈദഗ്ധ്യം നൽകുന്നവയുമാണ്. ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഡയറക്ടറേറ്റുകളും മറ്റ് സ്വയംഭരണ സ്ഥാപനങ്ങളും സംസ്ഥാനത്തെ വിവിധ പ്രോഗ്രാമുകൾ നടപ്പിലാക്കുകയും, മിക്ക ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ നിയന്ത്രിക്കുകയും ചെയ്യുന്നു. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് (എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ, ഫൈൻ ആർട്സ് കോളേജുകൾ തുടങ്ങിയവ), കോളേജിയറ്റ് എഡ്യൂക്കേഷൻ ഡയറക്ടറേറ്റ് (ആർട്സ് ആൻഡ് സയൻസ് കോളേജുകൾ), കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ (KSHEC, സംസ്ഥാനത്തെ പ്രധാനപ്പെട്ട ഉന്നത വിദ്യാഭ്യാസ ഉപദേശക സമിതി മേഖലയിൽ സമത്വം, ലഭ്യത, മികവ് എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് തെളിവുകൾ അടിസ്ഥാനമാക്കിയുള്ള നയപരമായ വാദങ്ങൾ നൽകുന്നു.) അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (ASAP, ഓൺലൈനായും, സ്കൂളുകൾ കോളേജുകൾ, കമ്മ്യൂണിറ്റി, സ്കിൽ പാർക്കുകൾ എന്നിവയിലൂടെ വിദ്യാർഥികൾക്കും, പൊതുജനങ്ങൾക്കും തൊഴിൽക്ഷമത വർദ്ധിപ്പിക്കുന്നതിന് വ്യവസായ-പ്രസക്തമായ നൈപുണ്യപരിശീലനം നൽകുന്നു) തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്ന ചില ഉദാഹരണങ്ങൾ മാത്രം. ലോ കോളേജുകളും ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലാണ്. എന്നാൽ മെഡിക്കൽ വിദ്യാഭ്യാസം ആരോഗ്യ വകുപ്പിന്റെഡയറക്ടറേറ്റുകൾക്ക് കീഴിലാണ് പ്രവർത്തിക്കുന്നത്. ഇതു കൂടാതെ ഐ.ഐ.എം കോഴിക്കോട്, ഐ.ഐ.ടി പാലക്കാട്, എൻ.ഐ.ടി കാലിക്കറ്റ്, ഐ.ഐ.എസ്.ടി. തിരുവനന്തപുരം, ഐ.ഐ.എസ്.ഇ.ആർ തിരുവനന്തപുരം, നിഫ്റ്റ് കണ്ണൂർ, കേരള, കാസർഗോഡ് സെൻട്രൽ യൂണിവേഴ്സിറ്റികൾ തുടങ്ങിയ നിരവധി ദേശീയ നിലവാരത്തിലുള്ള സ്ഥാപനങ്ങളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്.

**കേരളത്തിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപകാല നേട്ടങ്ങൾ**

സംസ്ഥാനത്തെ 14 സർവ്വകലാശാലകളും സമീപവർഷങ്ങളിൽ മികച്ച പ്രകടനം കാഴ്ചവച്ചു. 2025-ലെ നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (NIRF) ഇന്ത്യ റാങ്കിംഗിൽ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ അഭിനന്ദനാർഹമായ പുരോഗതി കൈവരിച്ചു. രാജ്യത്തെ 'സ്റ്റേറ്റ് പബ്ലിക് യൂണിവേഴ്സിറ്റി' കളുടെ പട്ടികയിൽ കേരള സർവ്വകലാശാല അഞ്ചാം സ്ഥാനത്തും കൊച്ചി ശാസ്ത്ര

സാങ്കേതിക സർവ്വകലാശാല (CUSAT) ആറാം സ്ഥാനത്തു മെത്തി. 2024-ലെ റാങ്കിംഗിൽ ഇവ യഥാക്രമം ഒൻപതും പത്തും സ്ഥാനങ്ങളിലായിരുന്നു. ഇതേ വിഭാഗത്തിൽ മഹാത്മാഗാന്ധി സർവ്വകലാശാല 17-ാം സ്ഥാനവും കാലിക്കറ്റ് സർവ്വകലാശാല 38-ാം സ്ഥാനവും കരസ്ഥമാക്കി.

ഓവറോൾ വിഭാഗത്തിൽ 42-ാം റാങ്കും സർവ്വകലാശാലാ വിഭാഗത്തിൽ 25-ാം റാങ്കും കരസ്ഥമാക്കിയ കേരള സർവ്വകലാശാല മികച്ച പ്രകടനം കാഴ്ചവെച്ചു. ഇതിന് തൊട്ടുപിന്നാലെ കുസാറ്റ് ഓവറോൾ റാങ്കിംഗിൽ 50-ാം സ്ഥാനത്തും സർവ്വകലാശാലാ വിഭാഗത്തിൽ 32-ാം സ്ഥാനത്തും എത്തി. ഓവറോൾ പട്ടികയിൽ 79-ാം സ്ഥാനവും സർവ്വകലാശാലാ പട്ടികയിൽ 43-ാം സ്ഥാനവും നേടിയ മഹാത്മാഗാന്ധി സർവ്വകലാശാലയും ശ്രദ്ധേയമായ സാന്നിധ്യം നിലനിർത്തി.

കോളേജുകളുടെ വിഭാഗത്തിൽ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് 23-ാം റാങ്ക് കരസ്ഥമാക്കി. ഇന്ത്യയിലെ മികച്ച 300 കോളേജുകളുടെ പട്ടികയിൽ സംസ്ഥാനത്തുനിന്നുള്ള 74 സ്ഥാപനങ്ങൾ ഇടംപിടിച്ചു. മുൻവർഷം ഇത് 71 ആയിരുന്നു. ഇതിൽ 56 പ്രൈവറ്റ് കോളേജുകളും 18 സർക്കാർ കോളേജുകളും ഉൾപ്പെടുന്നു. മികച്ച 100 കോളേജുകളുടെ പട്ടികയിൽ കേരളത്തിൽ നിന്നുള്ള സ്ഥാപനങ്ങളുടെ എണ്ണം 2024-ലെ 16-ൽ നിന്നും 2025-ൽ 18 ആയി വർദ്ധിച്ചു. ഇതിൽ നാല് സർക്കാർ സ്ഥാപനങ്ങളുണ്ട്. എഞ്ചിനീയറിംഗ് വിഭാഗത്തിൽ തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗ് (CET) 101-150 ബാൻഡിൽ റാങ്ക് നേടി.

### ഉന്നതവിദ്യാഭ്യാസ മേഖലയിലെ നിക്ഷേപം

കഴിഞ്ഞ നാല് വർഷത്തിനിടയിൽ, ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി 6,000 കോടി രൂപയുടെ വികസന പദ്ധതികൾ ഉന്നതവിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിയത്. ആകെ നിക്ഷേപത്തിൽ 2,000 കോടി രൂപ അടിസ്ഥാന സൗകര്യ വികസനത്തിനായി നീക്കിവച്ചു. കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB), പ്ലാൻ ഫണ്ട്, രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാൻ (RUSA) എന്നിവയിൽ നിന്നുള്ള ധനസഹായം വഴിയാണ് പ്രധാന പദ്ധതികൾ ഏറ്റെടുത്തത്. അക്കാദമിക് ബ്ലോക്കുകൾ, ഹോസ്റ്റലുകൾ, സെൻട്രൽ ലബോറട്ടറികൾ എന്നിവയുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളിൽ ഗണ്യമായ വർദ്ധനവുണ്ടായി. കേരള സർവ്വകലാശാലയിലും മഹാത്മാഗാന്ധി സർവ്വകലാശാലയിലും പുതുതായി സ്ഥാപിച്ച ലബോറട്ടറി സമുച്ചയങ്ങൾ ദക്ഷിണേന്ത്യയിലെ തന്നെ ഇത്തരത്തിലുള്ള ഏറ്റവും വലിയവയാണ്. ഇത് സംസ്ഥാന ത്തിന്റെ അക്കാദമിക് അടിസ്ഥാന സൗകര്യ വികസനത്തിലെ സുപ്രധാനമായ ഒരു നാഴികക്കല്ലാണ്. ഈ മേഖലയിലെ പദ്ധതി ചെലവ് പട്ടിക 4.1-ൽ കാണിച്ചിരിക്കുന്നു.

### അടിസ്ഥാന സൗകര്യ വികസനം

പതിമൂന്നാമത്തേയും, പതിനാലാമത്തേയും പഞ്ചവത്സര പദ്ധതി കാലയളവുകളിൽ ഉന്നതവിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനായി യോജിച്ച ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. നിർദ്ദിഷ്ട പാഠ്യപദ്ധതി പരിഷ്കരണം, നാല് വർഷത്തെ ബിരുദ പ്രോഗ്രാം (FYUGP) നടപ്പിലാക്കൽ തുടങ്ങിയ നിലവിലുള്ള പരിഷ്കാരങ്ങളുടെ ഭാഗമായി, അക്കാദമിക് ബ്ലോക്കുകൾ, ക്ലാസ് മുറികൾ, ലബോറട്ടറികൾ, ലൈബ്രറികൾ, കായിക സൗകര്യങ്ങൾ, മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവയുടെ നിർമ്മാണത്തിന് പ്ലാൻ വിഹിതത്തിൽ നിന്നുള്ള അധിക ധനസഹായം നൽകി വരുന്നു.

കിഫ്ബി ധനസഹായത്തോടെ 70 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ പൂർത്തിയാക്കുകയും കെട്ടിടങ്ങൾ ഉദ്ഘാടനം ചെയ്യുകയും ചെയ്തു. കൂടാതെ, 48 കോളേജുകൾക്ക് 8.5 കോടി രൂപ വീതവും, അഞ്ച് പൈതൃക കോളേജുകൾക്ക് 30 കോടി രൂപ വീതവും, 12 കോളേജുകൾക്ക് 10 കോടി രൂപ വീതവും ഗ്രാന്റുകൾ അനുവദിച്ചു. 2020 നവംബറിന് മുമ്പായി 30-ലധികം കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാക്കി കൈമാറി. നിലവിൽ 45 കെട്ടിടങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. എൻ.സി.സി കേഡറ്റുകളുടെ പരിശീലനത്തിനായുള്ള എയർസ്ട്രിപ്പിന്റെ നിർമ്മാണവും പൂർത്തിയാക്കി ഉദ്ഘാടനം ചെയ്തു.

### സാങ്കേതിക വിദ്യാഭ്യാസം

കേരളത്തിലെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള പ്രധാന നിർവ്വഹണ ഏജൻസികൾ ഇവയാണ്: സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, കേരള സാങ്കേതിക സർവ്വകലാശാല, (KTU) കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി, (CUSAT) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് (IHRD), കേരള സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയം, എൽ.ബി.എസ് സ്ഥാപനങ്ങൾ, ട്രെസ്റ്റ് റിസർച്ച് പാർക്ക്, സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ടെക്നോളജി (C-APT).

സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസത്തിന്റെ നോഡൽ വകുപ്പ് 'സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്' ആണ്.

**എഞ്ചിനീയറിംഗ് കോളേജുകൾ**: 2024-25 കാലയളവിൽ കേരളത്തിൽ 166 എഞ്ചിനീയറിംഗ് കോളേജുകളിലായി 52,118 അംഗീകൃത സീറ്റുകൾ ഉണ്ടായിരുന്നു. ഇതിൽ 154 (92.8 ശതമാനം) കോളേജുകൾ സ്വാശ്രയ (അൺ എയ്ഡഡ്) മേഖലയിലുള്ളവയാണ്. 9 സർക്കാർ കോളേജുകളും (5.4 ശതമാനം), 3 സർക്കാർ എയ്ഡഡ് കോളേജുകളുമാണ് (1.8 ശതമാനം) സംസ്ഥാനത്തുള്ളത്. 2024-25-ൽ സ്വാശ്രയ കോളേജുകളിലെ അംഗീകൃത പ്രവേശനശേഷി 45,828 (87.9 ശതമാനം) സീറ്റുകളും, സർക്കാർ കോളേജുകളിൽ 4,050 (7.8 ശതമാനം) സീറ്റുകളും, എയ്ഡഡ് കോളേജുകളിൽ 2,240 (4.3 ശതമാനം) സീറ്റുകളുമാണുള്ളത്. ഏറ്റവും കൂടുതൽ സീറ്റുകൾ കമ്പ്യൂട്ടർ സയൻസ് ആൻഡ് എഞ്ചിനീയറിംഗ് ബ്രാഞ്ചിലായിരുന്നു (13,635).

എഞ്ചിനീയറിംഗ് ബിരുദ തലത്തിൽ, 2024-25-ൽ സർക്കാർ-എയ്ഡഡ് കോളേജുകളിൽ പ്രവേശനം നേടിയവരിൽ 46.4 ശതമാനം പെൺകുട്ടികളായിരുന്നു. ബിരുദാനന്തര ബിരുദ (PG) കോഴ്സുകളിൽ പ്രവേശനം നേടിയ 1,491 വിദ്യാർത്ഥികളിൽ 60.1 ശതമാനവും പെൺകുട്ടികളായിരുന്നു.

**പോളിടെക്നിക്കുകൾ**: 2024-25-ലെ കണക്കനുസരിച്ച് കേരളത്തിൽ 46 സർക്കാർ പോളിടെക്നിക്കുകളും 6

**പട്ടിക 4.1**: *ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ചെലവ് (2016 - 17 മുതൽ 2024 - 25 വരെ) രൂപ ലക്ഷത്തിൽ*

| വർഷം | ചെലവ് |
|---|---|
| 2016 - 17 | 63,949.5 |
| 2017 - 18 | 52,984.3 |
| 2018 - 19 | 82,114.3 |
| 2019 - 20 | 47,638.6 |
| 2020 - 21 | 62,856.3 |
| 2021 - 22 | 56,591.4 |
| 2022 - 23 | 59,034.1 |
| 2023 - 24 | 44,241.1 |
| 2024 - 25 | 34,420.4 |

*സ്രോതസ്സ്:* ബജറ്റ് പ്രമാണങ്ങൾ, കേരള സർക്കാർ

സർക്കാർ എയ്ഡഡ് പോളിടെക്നിക്കുകളുമുണ്ട്. ഇതിൽ 7 എണ്ണം വനിതാ പോളിടെക്നിക്ക് കോളേജുകളാണ്. കേരളത്തിലെ പോളിടെക്നിക്കുകൾ 43 വ്യത്യസ്ത കോഴ്സുകൾ വാഗ്ദാനം ചെയ്യുന്നു. പോളിടെക്നിക്കുകളിലെ ആകെ വിദ്യാർത്ഥികളിൽ 25.2 ശതമാനം മാത്രമാണ് പെൺകുട്ടികൾ. സർക്കാർ മേഖലയിൽ ഇത് 26.8 ശതമാനവും എയ്ഡഡ് മേഖലയിൽ 14.1 ശതമാനവുമാണ്. 2024-25-ൽ സർക്കാർ പോളി ടെക്നിക്കുകളിലെ ആകെ പ്രവേശനത്തിൽ പട്ടികജാതി വിദ്യാർത്ഥികൾ 9.9 ശതമാനവും സർക്കാർ എയ്ഡഡ് മേഖലയിൽ 8.3 ശതമാനവുമാണ്. പട്ടികവർഗ വിദ്യാർത്ഥികളുടെ അനുപാതം സർക്കാർ മേഖലയിൽ 1.5 ശതമാനവും എയ്ഡഡ് മേഖലയിൽ 0.7 ശതമാനവുമാണ്.

**സാങ്കേതിക സ്ഥാപനങ്ങളിലെ നൂതന നൈപുണ്യ വികസനം**: എഞ്ചിനീയറിംഗ്, പോളിടെക്നിക്ക് സ്ഥാപനങ്ങളിലെ നൈപുണ്യ വിടവ് പരിഹരിക്കുന്നതിനും വിദ്യാർത്ഥികളെ ഭാവി സാങ്കേതിക വിദ്യകളുമായി ബന്ധിപ്പിക്കുന്നതിനുമായി അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (ASAP, KERALA) സംസ്ഥാനത്തെ 66 എഞ്ചിനീയറിംഗ് കോളേജുകളിലും 45 പോളിടെക്നിക്കുകളിലും അഡ്വാൻസ്ഡ്സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ (ASDCs) സ്ഥാപിച്ചിട്ടുണ്ട്. ഈ കേന്ദ്രങ്ങൾ വ്യവസായ പ്രമുഖരുമായി സഹകരിച്ച് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേണിംഗ്, റോബോട്ടിക് പ്രോസസ് ഓട്ടോമേഷൻ തുടങ്ങിയ നൂതന കോഴ്സുകൾ നൽകുന്നു. ബൃഹത്തായ നൈപുണ്യ വികസനം എന്ന ലക്ഷ്യം കൈവരിക്കുന്നതിനും വിദ്യാർത്ഥികളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനും നിലവിലെ പ്രവേശന നിരക്ക് പല മടങ്ങ് വർദ്ധിപ്പിക്കേണ്ടതുണ്ട്. ഇതിനായി പരിശീലകർക്ക് പരിശീലനം നൽകുന്ന പരിപാടികൾ, മികച്ച ഏജൻസികളെ ഉൾപ്പെടുത്തൽ, സംസ്ഥാനത്തുടനീളം നൈപുണ്യ വികസന ഏജൻസികളുടെ ശൃംഖല സ്ഥാപിക്കൽ എന്നിവ ആവശ്യമായി വരും.

### കോളേജ് വിദ്യാഭ്യാസം

2024-25 കാലയളവിൽ കേരളത്തിൽ 230 ആർട്സ് ആൻഡ് സയൻസ് കോളേജുകളാണുള്ളത്. ഇതിൽ 164 എണ്ണം സർക്കാർ എയ്ഡഡ് കോളേജുകളും 66 എണ്ണം സർക്കാർ കോളേജുകളുമാണ്. ഇവ കൂടാതെ, വിവിധ സർവ്വകലാശാലകളുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള അൺ-എയ്ഡഡ്/ സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജുകൾ ഉണ്ടായിരുന്നു.

2024-25-ൽ കേരളത്തിലെ നാല് പൊതു സർവ്വകലാശാലകൾക്ക് കീഴിലുള്ള സർക്കാർ, എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിലായി (BA, BSc, BCom, MA, MSc, MCom എന്നീ കോഴ്സു കളിലായി) ആകെ 3.5 ലക്ഷം വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. ഇതിൽ 2.3 ലക്ഷം പേരും (65.4 ശതമാനം) പെൺകുട്ടികളായിരുന്നു.

ബിരുദ കോഴ്സുകളിൽ പ്രവേശനം നേടിയ ആകെ വിദ്യാർത്ഥികളിൽ 47.6 ശതമാനം പേർ ബി.എ കോഴ്സുകളിലും, 36.8 ശതമാനം പേർ ബി.എസ്.സി കോഴ്സുകളിലും, 15.6 ശതമാനം പേർ ബി.കോം കോഴ്സുകളിലും ചേർന്നു.

2024-25-ൽ ബിരുദ, ബിരുദാനന്തര ബിരുദ കോഴ്സുകളിലായി ആകെ 33,104 പട്ടികജാതി വിദ്യാർത്ഥികൾ പ്രവേശനം നേടി. ഇത് ആകെ പ്രവേശനത്തിന്റെ 9.34 ശതമാനമാണ്. ഇതേ കാലയളവിൽ ബിരുദ, ബിരുദാനന്തര കോഴ്സുകളിൽ പ്രവേശനം നേടിയ പട്ടികവർഗ വിദ്യാർത്ഥികളുടെ എണ്ണം 8,595 ആണ്. ഇത് സംസ്ഥാനത്തെ ആകെ പ്രവേശനത്തിന്റെ 2.4 ശതമാനമാണ്.

### വൈദ്യശാസ്ത്ര വിദ്യാഭ്യാസം

കേരളത്തിൽ വൈദ്യശാസ്ത്ര വിദ്യാഭ്യാസം ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കീഴിലുള്ള മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ ചുമതലയിലാണ്. 2025 ഒക്ടോബർ വരെയുള്ള കണക്കനുസരിച്ച് കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയിൽ 384 സ്ഥാപനങ്ങൾ അഫിലിയേറ്റ് ചെയ്തിട്ടുണ്ട്. ഇതിൽ 55 സർക്കാർ കോളേജുകളും, 5 സർക്കാർ എയ്ഡഡ് കോളേകളും, 11 സ്വാശ്രയ സഹകരണ കോളേജുകളും, 313 സ്വാശ്രയ കോളേജുകളും ഉൾപ്പെടുന്നു. മോഡേൺ മെഡിസിൻ, ആയുർവേദം, ഹോമിയോപ്പതി, സിദ്ധ, യുനാനി, യോഗ, നാച്ചുറോപ്പതി, നഴ്സിംഗ്, ഫാർമസ്യൂട്ടിക്കൽ സയൻസ്, പാരാമെഡിക്കൽ കോഴ്സുകൾ എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുന്നു. 2024-25 കാലയളവിൽ വിവിധ ആരോഗ്യ ശാസ്ത്ര വിഭാഗങ്ങളിലായി ആകെ

**ബോക്സ് 4.1**
**അക്കാദമിക് – വ്യവസായ ബന്ധം: ട്രെസ്റ്റ് പാർക്ക്**

അക്കാദമിക് സമൂഹവും വ്യവസായ മേഖലയും തമ്മിലുള്ള ശക്തമായ സഹകരണം വളർത്തുന്നതിനായി രൂപകൽപ്പന ചെയ്ത ലാഭേച്ഛയില്ലാത്ത സംരംഭമായ ട്രിവാൻഡ്രം എഞ്ചിനീയറിംഗ് സയൻസ് ആൻഡ് ടെക്നോളജി (TrEST) റിസർച്ച് പാർക്ക്, അതിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുകയും നിരവധി സഹകരണ ഗവേഷണ പദ്ധതികൾ ആരംഭിക്കുകയും ചെയ്തു. പങ്കിട്ട വൈദഗ്ധ്യം, സൗകര്യങ്ങൾ, നൂതനാശയങ്ങൾ എന്നിവയിലൂടെ വിദ്യാഭ്യാസ-ബിസിനസ് സമൂഹത്തിന് പ്രയോജനം നേടാൻ ട്രെസ്റ്റ് പാർക്ക് വഴിയൊരുക്കി. സ്റ്റാൻഫോർഡ്, ഐഐടി മദ്രാസ് റിസർച്ച് പാർക്കുകൾ തുടങ്ങിയ വിജയകരമായ മാതൃകകളെ അടിസ്ഥാനമാക്കി രൂപീകരിച്ച ട്രെസ്റ്റ് പാർക്ക്, അറിവിന്റെ കൈമാറ്റം പ്രോത്സാഹിപ്പിക്കുന്നതിനും സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ കമ്പനികൾ സൃഷ്ടിക്കുന്നതിനും കേരളത്തിന്റെ എഞ്ചിനീയറിംഗ്-സാങ്കേതിക ആവാസവ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിനും വിജയകരമായി പ്രോത്സാഹിപ്പിച്ചു. വ്യവസായധിഷ്ഠിത ഗവേഷണ കേന്ദ്രങ്ങൾക്ക് സ്ഥലം നൽകിക്കൊണ്ടും, ഇൻകുബേഷൻ, സ്പിൻ-ഓഫ് സൗകര്യങ്ങൾ ഒരുക്കിക്കൊണ്ടും, വിദ്യാർത്ഥികൾക്കും അധ്യാപകർക്കും യഥാർത്ഥ ലോകത്തെ ഗവേഷണങ്ങളിൽ ഏർപ്പെടാൻ അവസരം നൽകിക്കൊണ്ടും, സംസ്ഥാനത്തെ സാങ്കേതിക പുരോഗതിക്കും സംരംഭകത്വ വികസനത്തിനും വേഗത കൂട്ടുന്ന സംരംഭങ്ങളുടെ ഒരു ചലനാത്മക ക്ലസ്റ്ററായി ഈ പാർക്ക് ഫലപ്രദമായി പ്രവർത്തിക്കാൻ തുടങ്ങിയിരിക്കുന്നു. കേരള ഇലക്ട്രിക് വെഹിക്കിൾ ഇൻഡസ്ട്രിയൽ പാർക്കിന്റെ വികസനം, അത്യാധുനിക ഡ്രൈവ് ട്രെയിൻ ടെസ്റ്റിംഗ് ലാബ് എന്നിവയുൾപ്പെടെ ഇലക്ട്രിക് വാഹനങ്ങളിലും മെറ്റീരിയൽ ഗവേഷണത്തിലും അവശ്യഗവേഷണ പദ്ധതികൾ പാർക്ക് ആരംഭിച്ചിട്ടുണ്ട്.

29,540 വിദ്യാർത്ഥികൾ (5,684 പുരുഷന്മാരും 23,856 സ്ത്രീകളും) പ്രവേശനം നേടി.

സംസ്ഥാനത്ത് നിലവിൽ 14 ഗവൺമെന്റ് മെഡിക്കൽ കോളേജുകളും, 14 നഴ്സിംഗ് കോളേജുകളും, 6 ഡെന്റൽ കോളേജുകളും, 4 ഫാർമസി കോളേജുകളും, ഒരു പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടും പ്രവർത്തിക്കുന്നുണ്ട്. കഴിഞ്ഞ ദശകത്തിൽ അഞ്ച് മെഡിക്കൽ കോളേജുകളെ അത്യാധുനിക കാഷ്വാലിറ്റി സംവിധാനങ്ങളോടും എമർജൻസി മെഡിസിൻ വിഭാഗങ്ങളോടും കൂടി 'സെന്റർ ഓഫ് എക്സലൻസ്' നിലവാരത്തിലേക്ക് ഉയർത്തുകയും, പൊതുമേഖലയിൽ പുതുതായി അഞ്ച് മെഡിക്കൽ കോളേജുകൾ (ഇടുക്കി, കൊല്ലം, പത്തനംതിട്ട, കാസർഗോഡ്, വയനാട് ജില്ലകളിൽ) നാല് ഡെന്റൽ കോളേജുകൾ (മലപ്പുറം, എറണാകുളം, കൊല്ലം, കണ്ണൂർ ജില്ലകളിൽ) ഏഴ് പുതിയ നഴ്സിംഗ് കോളേജുകൾ (കൊല്ലം, മലപ്പുറം, പത്തനംതിട്ട, ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകളിൽ) എന്നിവ പ്രവർത്തന സജ്ജമാക്കുകയും ചെയ്തു. മെഡിക്കൽ കോളേജുകളിൽ ക്രിട്ടിക്കൽ കെയർ, ജനറ്റിക്സ്, ജെറിയാട്രിക്സ്, ഇന്റർവെൻഷണൽ റേഡിയോളജി, റുമറ്റോളജി എന്നീ വിഭാഗങ്ങൾ ആരംഭിച്ചു. അഞ്ച് മെഡിക്കൽ കോളേജുകളിൽ കരൾ, മൾട്ടി-ഒർഗൻ ട്രാൻസ്പ്ലാന്റ് യൂണിറ്റുകൾ വ്യാപിപ്പിക്കാൻ പദ്ധതികളുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഒരു അപെക്സ് ട്രോമ ആൻഡ് ലേണിംഗ് സെന്റർ സ്ഥാപിക്കുകയും ഒരു പരിശീലന കേന്ദ്രമെന്ന നിലയിലുള്ള അതിന്റെ വികസനം നടന്നു വരികയുമാണ്, കൂടാതെ സ്ട്രോക്ക് സെന്റർ, ബോൺ മാരോ യൂണിറ്റ്, പീഡിയാട്രിക് ഹീമറ്റോ-ഓങ്കോളജി ഉൾപ്പെടെയുള്ള പ്രത്യേക കേന്ദ്രങ്ങളും ക്രിട്ടിക്കൽകെയർ യൂണിറ്റുകളും വിവിധ സ്ഥാപനങ്ങളിൽ ഇതിനോടകം ആരംഭിച്ചിട്ടുണ്ട്.

### ആയുഷ് വിദ്യാഭ്യാസം

കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയുമായി (2025 ഒക്ടോബർ വരെ) അഫിലിയേറ്റ് ചെയ്തിട്ടുള്ള 25 ആയുഷ് സ്ഥാപനങ്ങളാണ് സംസ്ഥാനത്തുള്ളത്; ഇതിൽ 6 ഗവൺമെന്റ് കോളേജുകളും, 5 എയ്ഡഡ് കോളേജുകളും, 14 സ്വാശ്രയ കോളേജുകളുമാണുള്ളത്. ആയുർവേദം (മെഡിസിൻ നഴ്സിംഗ്, ഫാർമസി), ഹോമിയോപ്പതി, സിദ്ധ, യുനാനി തുടങ്ങിയ കോളേജുകൾ എല്ലാ വൈദ്യശാസ്ത്ര സമ്പ്രദായങ്ങളുടേയും കീഴിൽ വരുന്നതാണ്. 2025 ഒക്ടോബറിലെ കണക്കനുസരിച്ച്, പ്രതിവർഷം പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം 1,836 ആണ്. (ഇതിൽ 80 ശതമാനവും സ്ത്രീകളാണ്. വിദ്യാർഥികളിൽ ഏറിയ പങ്കും ആയുർവേദ മെഡിസിൻ 1,320) ) വിഭാഗത്തിലാണ് ഉള്ളത്.

തിരുവനന്തപുരം, തൃപ്പൂണിത്തുറ, കണ്ണൂർ എന്നിവിടങ്ങളിലായി പ്രവർത്തിക്കുന്ന മൂന്ന് സർക്കാർ ആയുർവേദ കോളേജുകളിലായി ആകെ 1,385 കിടക്കകളാണുള്ളത്. തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജിന് കീഴിൽ പഞ്ചകർമ്മ ആശുപത്രിയും സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയും പ്രവർത്തിക്കുന്നുണ്ട്. സർക്കാർ കോളേജുകളിൽ വാർഷിക പ്രവേശന ശേഷി ബിരുദ കോഴ്സുകൾക്ക് 226-ഉം, ബിരുദാനന്തര ബിരുദത്തിന് 162-ഉം, പി.ജി ഡിപ്ലോമയ്ക്ക് 30-ഉം ആണ്. കൂടാതെ, സംസ്ഥാനത്ത് രണ്ട് എയ്ഡഡ് ആയുർവേദ കോളേജുകളും, 12 സ്വാശ്രയ ആയുർവേദ കോളേജുകളും, ഒരു സ്വാശ്രയ സിദ്ധകോളേജും, ഒരു സ്വാശ്രയ യുനാനി കോളേജും, 6 പാരാമെഡിക്കൽ സ്വാശ്രയ കോളേജുകളും പ്രവർത്തിക്കുന്നുണ്ട്.

പരമ്പരാഗത രീതികളെ ആധുനിക ശാസ്ത്രീയ സമീപനങ്ങളുമായി സംയോജിപ്പിച്ചുകൊണ്ട് ആയുർവേദത്തിന്റെ വിശ്വാസ്യതയും ഫലപ്രാപ്തിയും വർദ്ധിപ്പിക്കുന്നതിനായി ഗവേഷണ വികസന മേഖലകളിൽ വലിയ ഊന്നൽ നൽകുന്നുണ്ട്. ആയുർവേദത്തെ ആധുനിക വൈദ്യശാസ്ത്ര രീതികളുമായി സംയോജിപ്പിക്കുന്നതിനും അതുവഴി മൊത്തത്തിലുള്ള ആരോഗ്യ പരിരക്ഷാ രംഗം മെച്ചപ്പെടുത്തുന്നതിനുമായി ആരോഗ്യ അടിസ്ഥാന സൗകര്യ

മേഖലയിൽ നിക്ഷേപങ്ങൾ നടത്തിവരുന്നു.ആയുർവേദ ചികിത്സാരീതി കളിലും ഉൽപ്പന്നങ്ങളിലും നവീകരണം പ്രോത്സാഹിപ്പിക്കുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളുമായും ഗവേഷണ സംഘടനകളുമായും സഹകരിച്ചുള്ള പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നുണ്ട്.

**ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസം**

തിരുവനന്തപുരത്തും കോഴിക്കോടുമായാണ് രണ്ട് സർക്കാർ ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകൾ സ്ഥിതി ചെയ്യുന്നത്. കൂടാതെ 3 എയ്ഡഡ് കോളേജുകളും ഒരു അൺ എയ്ഡഡ് പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടും പ്രവർത്തിക്കുന്നുണ്ട്. സർക്കാർ ഹോമിയോപ്പതി മെഡിക്കൽ കോളേജുകളിലെ ആകെ കിടക്കകളുടെ എണ്ണം, തിരുവനന്തപുരം 116 ഉം കോഴിക്കോട് 100-ഉം ആണ്.

**പതിമൂന്ന്, പതിനാല് പഞ്ചവത്സര പദ്ധതികളിലെ സുപ്രധാന സംരംഭങ്ങൾ**

**പുതിയ സർവ്വകലാശാലകൾ**: കൊല്ലം ആസ്ഥാനമായി 2020-ൽ സ്ഥാപിതമായ ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്‌സിറ്റി കേരളത്തിലെ ഏക ഓപ്പൺ യൂണിവേഴ്‌സിറ്റിയാണ്. കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ഈ സർവ്വകലാശാല ശ്രദ്ധേയമായ വികസന പ്രവർത്തനങ്ങളാണ് കാഴ്ചവെച്ചിട്ടുള്ളത്.

2020-ൽ സ്ഥാപിതമായ ഡിജിറ്റൽ സർവ്വകലാശാല രാജ്യത്തെ ഇത്തരത്തിലുള്ള ആദ്യത്തെ സംരംഭമാണ്. അത്യാധുനിക ഡിജിറ്റൽ സാങ്കേതികവിദ്യകളിലും വളർന്നുവരുന്ന വിജ്ഞാന ശാഖകളിലും അക്കാദമിക് പ്രോഗ്രാമുകളും ഗവേഷണങ്ങളും നടത്തുന്നതിനായി രൂപകൽപ്പന ചെയ്തിട്ടുള്ളതാണ്. ഈ സർവ്വകലാശാല ഇതിനോടകം ഒരു ദേശീയ മാതൃകയായി മാറിക്കഴിഞ്ഞു.

**നാല് വർഷത്തെ ബിരുദ പ്രോഗ്രാം (FYUGP)** : ഔട്ട്കം ബേസ്ഡ് എഡ്യൂക്കേഷൻ (Outcome-based Education) സമ്പ്രദായം പിന്തുടരുന്ന അന്താരാഷ്ട്ര സർവ്വകലാശാലകളുടെ മാതൃകയിൽ, 2024-25 അധ്യയന വർഷം മുതൽ കേരളം നാല് വർഷ ബിരുദ പ്രോഗ്രാം (FYUGP) നടപ്പിലാക്കി. ഇതിലൂടെ വിദ്യാർത്ഥികൾക്ക് മൈനർ വിഷയങ്ങൾ തിരഞ്ഞെടുക്കാനും, രണ്ടാം വർഷത്തിന് ശേഷം മേജർ വിഷയങ്ങൾ മാറ്റാനും, മൂന്നാം വർഷത്തിന് ശേഷം കോഴ്സിൽനിന്ന് പുറത്തിറങ്ങാനുംസാധിക്കും.ഗവേഷണം, ഇന്റേൺഷിപ്പ്, തൊഴിൽ നൈപുണ്യ വികസനം എന്നിവ ഉൾപ്പെടുന്ന ഈ പ്രോഗ്രാമിൽ സർവ്വകലാശാലകൾ തമ്മിൽ മാറാനുള്ള സൗകര്യവുമുണ്ട്. അതേസമയം ബിരുദധാരികൾക്ക് ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്ക് ലാറ്ററൽ അഡ്മിഷൻ അനുവദിക്കുന്നതിനുള്ള നിയമപരിഷ്കാരങ്ങൾ പുരോഗമിച്ചുവരികയുമാണ്.

**ഏകീകൃത അക്കാദമിക് കലണ്ടർ**: കേരളസർക്കാർ, എല്ലാ സർവ്വകലാശാലകളിലും പ്രവേശനം, പരീക്ഷ, ഫലപ്രഖ്യാപനം എന്നിവയ്ക്കായി ഏകീകൃത കലണ്ടർ നടപ്പിലാക്കി.

**ഐ.ടി അധിഷ്ഠിത സംരംഭങ്ങൾ**: കേരളത്തിലെ സർവ്വകലാശാലകൾ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അധിഷ്ഠിത ടയർ 3 ഡാറ്റാ സെന്ററുമായി വലിയ ഒരു പരിധി വരെ ഐടി സജ്ജമാക്കുകയും ഡിജിറ്റലായി ബന്ധിപ്പിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. എൽ.എം.എസ് (മൂഡിൽ അധിഷ്ഠിതം), ഓൺലൈൻ മീറ്റിങ്ങുകൾക്കും ക്ലാസുകൾക്കുമായി യു.ഒ.കെ. മീറ്റ്, സംയോജിത ലൈബ്രറികൾക്കായി കോഹ അധിഷ്ഠിത യൂണി@ഹോം, കെ-യു പാഠശാല, (യൂട്യൂബ് അധിഷ്ഠിത വീഡിയോ ആർക്കൈവ്), സുരക്ഷിതമായ ഓൺലൈൻ പരീക്ഷകൾക്കും മൂല്യനിർണ്ണയത്തിനുമായി സേഫ് എക്സാം ബ്രൗസർ, അധ്യാപകരുടെ സംഭാവനകൾ ഏകീകരിക്കുന്നതിനുള്ള ആചാര്യ മൊബൈൽ ആപ്പ്, ഓൺലൈൻ കോഴ്സുകൾക്കായുള്ള വെർച്വൽ സ്കൂൾ എന്നിങ്ങനെ ഓപ്പൺ സോഴ്സ് പ്ലാറ്റ്ഫോമുകളെ അടിസ്ഥാനമാക്കി സർവ്വകലാശാലകൾ തങ്ങളുടെ പ്രത്യേക ആവശ്യകതകൾക്കായി തനതായ ഇന്റർഫേസുകൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. അധ്യാപകർ ഇ. ഐ.സി.ടി സൗകര്യങ്ങളും, ഇ-ജേണലുകൾ, ഇ-ബുക്കുകൾ, ഓൺലൈൻ പ്രഭാഷണങ്ങൾ, ഇ-ഡേറ്റാബേസുകൾ തുടങ്ങിയ മറ്റ് ബാഹ്യ ഓൺലൈൻ വിഭവങ്ങളും വ്യാപകമായി ഉപയോഗിക്കുന്നു. കോവിഡ് മഹാമാരിക്കുശേഷം ഓൺലൈൻ വിഭവങ്ങളുടെ പ്രാധാന്യം ഗണ്യമായി വർദ്ധിച്ചത് വൻതോതിൽ ഡിജിറ്റൽ ഉള്ളടക്കം നിർമിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനും കണക്ടിവിറ്റി മെച്ചപ്പെടുത്തുന്നതിനുമുള്ള ആവശ്യകതയ്ക്ക് അടിവരയിടുന്നു.

**ഇ – ജേണൽ കൺസോർഷ്യം**: ഈ സംവിധാനം രാജ്യത്തെ വിവിധ സ്ഥാപനങ്ങളിലുടനീളമുള്ള ഇ-ജേണലുകൾ സൗജന്യമായി ഉപയോഗിക്കുന്നതിന് അക്കാദമിക് സമൂഹത്തിന് അവസരമൊരുക്കുന്നു, ഇൻഫർമേഷൻ ആന്റ് ലൈബ്രറി നെറ്റ് വർക്ക് ( INFLIBNET) കേന്ദ്രങ്ങൾ വഴിയാണ് ഇത് സാധ്യമായത്, ഇത് ചെലവ് ഗണ്യമായി കുറയ്ക്കാൻ സഹായിക്കുന്നു. പ്രസക്തമായ വിഷയങ്ങളിലെ മിക്കവാറും എല്ലാ ജേണലുകളും ഡാറ്റാബേസുകളും സർക്കാരോ സർവ്വകലാശാലകളോ പൂർണമായും ധനസഹായം നൽകി നിശ്ചിതനിരക്കിൽ വരിക്കാരാകാൻ സാധിക്കും. എല്ലാ സർവകലാശാലകളുടേയും പങ്കാളിത്തത്തോടെ കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിലാണ് സംസ്ഥാനത്തെ നോഡൽ ഏജൻസിയായി പ്രവർത്തിച്ചത്.

**കേരള അക്കാദമിക് ലൈബ്രറി നെറ്റ്‌വർക്ക് (KALNET)**: സംസ്ഥാനത്തെ സർവ്വകലാശാലാ ലൈബ്രറികളിലുടനീളമുള്ള ലൈബ്രറി ശേഖരങ്ങളിലേക്ക് പ്രവേശനം ലഭ്യമാക്കുന്നതിനായി വികസിപ്പിച്ചെടുത്ത ലൈബ്രറികളുടെ അക്കാദമിക് വിഭവങ്ങൾക്കായുള്ള ഒരു പൊതു പ്ലാറ്റ്ഫോമാണ് കാൽനെറ്റ്. 2021 ഫെബ്രുവരിയിലാണ് ഇത് പ്രവർത്തനമാരംഭിച്ചത്. ഈ പ്ലാറ്റ്ഫോം, 11 സർവ്വകലാശാലകളിലായി വ്യാപിച്ചു കിടക്കുന്ന 147 ലൈബ്രറികളിലെ 15 ലക്ഷത്തോളം പുസ്തകശീർഷകങ്ങളെ ഒരൊറ്റ കുടക്കീഴിൽ കൊണ്ടു വന്നു.

**ലൈബ്രറികളുടെ കമ്പ്യൂട്ടർവൽക്കരണം**: കേരള സർവ്വകലാശാലയിലെ മിക്കവാറും എല്ലാ ലൈബ്രറി പ്രവർത്തനങ്ങളും ലിബ്സിസ്-4 സോഫ്റ്റ്‌വെയർ ഉപയോഗിച്ച് കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. അംഗങ്ങളുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഡേറ്റ ബേസ് തയ്യാറാക്കുകയും അത് ദിവസേന പുതുക്കുകയും ചെയ്യുന്നു. പുസ്തകങ്ങൾ കടമെടുക്കുന്നവർക്കുള്ള ടിക്കറ്റുകൾ സ്വയമേവ തയ്യാറാക്ക

പ്പെടുന്നു. പ്രമുഖ വ്യക്തികൾ ഗവേഷകർ അധ്യാപകർ തുടങ്ങിയ വിഭാഗങ്ങളിലുള്ള അംഗങ്ങൾക്കായി ആർ.എഫ്. ഐ.ഡി. (RFID) അധിഷ്ഠിത സ്മാർട്ട് കാർഡ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ലൈബ്രറിയിലെ എല്ലാ വിഭാഗങ്ങളെയും ലോക്കൽ ഏരിയ നെറ്റ്‌വർക്ക് ( LAN) വഴി പരസ്പരം ബന്ധിപ്പിച്ചിരിക്കുന്നു.

ഓപ്പൺ സോഴ്സ് പ്ലാറ്റ്ഫോമായ കോഹ (Koha) ഉപയോഗിച്ചുള്ള ഇന്റഗ്രേറ്റഡ് ലൈബ്രറി മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കിയതോടെ കേരള സർവ്വകലാശാലയിലെ മുഴുവൻ ലൈബ്രറി സംവിധാനത്തെയും പരിഷ്കരിക്കാനുള്ള നടപടികൾ പൂർത്തിയായി. സർവ്വകലാശാലയുടെ എല്ലാ ലൈബ്രറികളിലും കോഹ ഇന്റഗ്രേറ്റഡ് ലൈബ്രറി മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കിയതോടെ, വിദ്യാർത്ഥികൾക്ക് ഒരൊറ്റ ആർ.എഫ്.ഐ.ഡി കാർഡ് ഉപയോഗിച്ച് സർവ്വകലാശാലയ്ക്ക് കീഴിലുള്ള വിവിധ ലൈബ്രറികളിലെ സേവനങ്ങൾ ലഭ്യമാകും. ഇത് കേരള സർവ്വകലാശാലയുടെ 'വൺ ക്യാമ്പസ്, വൺ ലൈബ്രറി സിസ്റ്റം' എന്ന ലക്ഷ്യം കൈവരിക്കാൻ സഹായിക്കുന്നു.

**വെർച്വൽ ലേണിംഗ് സെന്റർ**: കേരള സർവ്വകലാശാല അടുത്തിടെ പരീക്ഷണാടിസ്ഥാനത്തിൽ ഒരു വെർച്വൽ ലേണിംഗ് സെന്റർ ആരംഭിക്കുകയും നിരവധി ഓൺലൈൻ കോഴ്സുകൾ വിജയകരമായി നടത്തുകയും ചെയ്തിട്ടുണ്ട്. പി.എച്ച്.പി. ഭാഷയിൽ തയ്യാറാക്കിയതും ജി.എൻ.യു. ജനറൽ പബ്ലിക് ലൈസൻസിന് കീഴിൽ വിതരണം ചെയ്യുന്നതുമായ സൗജന്യ ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം ഉപയോഗിച്ചാണ് ഇത് സജ്ജീകരിച്ചിരിക്കുന്നത്. ബ്ലെൻഡഡ് ലേണിംഗ്, വിദൂര വിദ്യാഭ്യാസം, ഫ്ലിപ്പ്ഡ് ക്ലാസ്സ് റൂം, മറ്റ് ഇ-ലേണിംഗ് പ്രോജക്ടുകൾ എന്നിവയ്ക്കായി ഈ കേന്ദ്രത്തിലെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്താം. മറ്റ് സർവകലാശാലകളിലെ വെർച്വൽ ലേർണിംഗ് സെന്ററുകളുടെ പ്രവർത്തനം വൈവിധ്യവൽക്കരിച്ചുകൊണ്ട് അവ കൂടുതൽ ശക്തിപ്പെടുത്തി വരുന്നു. നിരവധി കോളേജുകളും സമാനമായ സൗകര്യങ്ങൾ ഇതിനോടകം സ്ഥാപിച്ചിട്ടുണ്ട്.

**ഡിജിറ്റൽ വിടവ് നികത്തുന്നതിനുള്ള എ.പി.ജെ. അബ്ദുൽ കലാം സാങ്കേതിക സർവ്വകലാശാലയുടെ പദ്ധതി**:– കോവിഡ്-19 ലോക്ക്ഡൗൺ പശ്ചാത്തലത്തിൽ സാങ്കേതികവിദ്യയുടെ സഹായത്തോടെയുള്ള അധ്യാപന-പഠന പ്രക്രിയ അനിവാര്യമായി തീർന്നു. വിദ്യാർത്ഥികൾക്കിടയിൽ നിലവിലുള്ള ഡിജിറ്റൽ വിടവ് തിരിച്ചറിഞ്ഞ എ.പി.ജെ. അബ്ദുൽ കലാം സാങ്കേതികസർവ്വകലാശാല തങ്ങളുടെ കീഴിലുള്ള എല്ലാ അഫിലിയേറ്റഡ് കോളേജുകളിലെയും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പുകൾ വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കി.

**ഇ – ഗവേണൻസ്**: ഗുണഭോക്താക്കൾക്ക് വേഗത്തിലുള്ളതും കാര്യക്ഷമവുമായ സേവനങ്ങൾ ഉറപ്പാക്കുന്നതിനായി, എല്ലാ സർവ്വകലാശാലകളിലെയും ഭരണവിഭാഗം, അക്കാദമിക്, ധനകാര്യം, പ്ലാനിംഗ്, പരീക്ഷാ വിഭാഗങ്ങൾ എന്നിവ പൂർണ്ണമായും യന്ത്രവൽക്കരിച്ചിട്ടുണ്ട്. ഈ മേഖലയിലെ അടുത്ത തലമുറ പരിഷ്കാരങ്ങൾ കൂടുതൽ സങ്കീർണ്ണമായ എൻറർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് ആപ്ലിക്കേഷനുകളിലും മെച്ചപ്പെട്ട പബ്ലിക് ഇൻറർഫേസുകളിലുമാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

**കേരള – എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് സൊല്യൂഷൻ (K – REAP)**: കാമ്പസിലെ വിവിധ പ്രവർത്തനങ്ങളെ ഒരു ഏകീകൃത സംവിധാനത്തിന് കീഴിൽ കൊണ്ടുവരുന്നതിനായി ഒരു ഇ.ആർ.പി സോഫ്റ്റ്‌വെയർ സംവിധാനം വികസിപ്പിക്കുന്നതിന് കേരള സർക്കാർ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ പിന്തുണയോടെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് കെ-റീപ്പ്. സർവ്വകലാശാലകൾക്കും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവരുടെ പ്രവർത്തനങ്ങളുടെയും സേവനങ്ങളുടെയും ആസൂത്രണം, മാനേജ്മെന്റ്, വിതരണം, നിരീക്ഷണം എന്നിവയ്ക്കായി ഈ പ്ലാറ്റ്ഫോം ഒരു ഡിജിറ്റൽ ചട്ടക്കൂട് നൽകുന്നു; ഇതിലൂടെ കേരള സർക്കാർ നിയോഗിച്ച ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ നിർദ്ദേശിച്ച പരിവർത്തന ലക്ഷ്യങ്ങളുമായി പൊരുത്തപ്പെടാൻ സാധിക്കുന്നു. ഈ പ്രോഗ്രാം ആരംഭിക്കുന്നതിനായി സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

**സ്റ്റുഡന്റ് ലൈഫ്–സൈക്കിൾ മാനേജ്മെന്റ് സിസ്റ്റം (പരീക്ഷാ സോഫ്റ്റ്‌വെയർ)**:പ്രവേശന നടപടികൾ ആരംഭിക്കുന്നത് മുതൽ ഫൈനൽ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നത് വരെയുള്ള ഒരു വിദ്യാർത്ഥിയുടെ പഠനകാലയളവിലെ എല്ലാ കാര്യങ്ങളും കൈകാര്യം ചെയ്യുന്നതിനുള്ള സമഗ്രമായ ഒരു സോഫ്റ്റ് വെയർ സംവിധാനം 2022-ൽ കമ്മീഷൻ ചെയ്യുകയും കേരള സർവ്വകലാശാലയിൽ നടപ്പിലാക്കുകയും ചെയ്തു.

**എം.ജി. സർവ്വകലാശാലയിലെ വിദ്യാർത്ഥി സേവനങ്ങൾക്കായുള്ള ഓട്ടോമേറ്റഡ് ലേണിംഗ് ആൻഡ് ഇവാലുവേഷൻ മാനേജ്മെന്റ് സിസ്റ്റവും അടിസ്ഥാന സൗകര്യങ്ങളും**: ഓൺലൈൻ ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം, പ്രവേശന നടപടികൾ ലഘൂകരിക്കുന്നതിനുള്ള ഇന്ററാക്ടീവ് സ്റ്റുഡന്റ് ഇൻഫർമേഷൻ സിസ്റ്റം (LMS) , ഓൺലൈൻ പരീക്ഷകൾ ക്കായുള്ള കാര്യക്ഷമമായ സംവിധാനവും അടിസ്ഥാന സൗകര്യങ്ങളും, വിദ്യാർത്ഥികളുടെ സംശയങ്ങൾ പരിഹരിക്കുന്നതിനുള്ള കോൾ സെന്റർ എന്നിവയുൾപ്പെടെയുള്ള ഈ പദ്ധതിക്ക് ആരംഭമിട്ടു. എം.ജി.യു ഡി.എ.എസ്.പി ഓൺലൈൻ പരീക്ഷാ കേന്ദ്രം പ്രവർത്തനസജ്ജമായിക്കഴിഞ്ഞു. ഇവിടെ ഒരേസമയം 100 വിദ്യാർത്ഥികൾക്ക് ഓൺലൈൻ പരീക്ഷകളിൽ പങ്കെടുക്കാൻ സാധിക്കും.

**ടാബുലേഷൻ രജിസ്റ്ററുകളുടെ ഡിജിറ്റൈസേഷൻ**:മഹാത്മാ ഗാന്ധി സർവ്വകലാശാല, 1983-ൽ സ്ഥാപിതമായത് മുതലുള്ള വിദ്യാർത്ഥികളുടെ എല്ലാ പരീക്ഷാ റെക്കോർഡുകളും ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. പൂർണ്ണമായും നശിച്ചു പോകുമായിരുന്ന അത്തരം രേഖകൾ ഇപ്പോൾ ഡിജിറ്റൽ രൂപത്തിൽ ലഭ്യമാണ്.

**അക്രഡിറ്റേഷൻ**: നാഷണൽ അസസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിലിന്റെയും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെയും നിർദ്ദേശങ്ങൾക്കനുസൃതമായി, അഫിലിയേറ്റഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളെ വിലയിരുത്തുന്നതിനും ഗ്രേഡ് നൽകുന്നതിനുമായി ഉന്നത വിദ്യാ

ഭ്യാസ കൗൺസിൽ "സാക്" എന്ന പേരിൽ സംസ്ഥാനതല അക്രഡിറ്റേഷൻ സംവിധാനം രൂപീകരിച്ചിട്ടുണ്ട്. 449 സ്ഥാപനങ്ങളുടെ മൂല്യനിർണ്ണയം പൂർത്തിയായിക്കഴിഞ്ഞു.

**നാഷണൽ ബോർഡ് ഓഫ് അക്രഡിറ്റേഷൻ**: സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അന്താരാഷ്ട്ര തലത്തിൽ അംഗീകാരവും ശ്രദ്ധയും ഉറപ്പാക്കുന്നതിനായി, 2022-23 കാലയളവിൽ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നാഷണൽ ബോർഡ് ഓഫ് അക്രഡിറ്റേഷൻ ലഭ്യമാക്കുന്നതിനുള്ള തന്ത്രങ്ങൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ എഞ്ചിനീയറിംഗ് കോളേജുകളും എൻ.ബി.എ അക്രഡിറ്റേഷൻ പദവി വിജയകരമായി നേടിയിട്ടുണ്ട്. ഇടുക്കി ഗവണ്മെന്റ് എഞ്ചിനീയറിങ് കോളേജിലെ നടപടിക്രമങ്ങൾ പുരോഗമിച്ചുവരികയാണ്. പോളിടെക്നിക് കോളേജുകളിൽ നെടുപുഴ ഡബ്ല്യൂ.പി.ടി.സി. എൻ.ബി.എ അക്രഡിറ്റേഷൻ കരസ്ഥമാക്കി. കൂടാതെ, അഞ്ച് പോളിടെക്നിക് കോളേജുകൾ കൂടി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി പരിശോധനയ്ക്കായി കാത്തിരിക്കുകയാണ്.

**ക്ലസ്റ്റർ ഓഫ് കോളേജുകൾ**: ലഭ്യമായ ഭൗതികസാഹചര്യങ്ങളും മനുഷ്യവിഭവശേഷിയും അയൽപക്കത്തുള്ള കോളേജുകൾ തമ്മിൽ പരസ്പരം പങ്കുവെക്കുന്നതിലൂടെ പ്രവേശനവും വിദ്യാഭ്യാസ നിലവാരവും മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് 'ക്ലസ്റ്റർ ഓഫ് കോളേജുകൾ' വിഭാവനം ചെയ്തത്. 2009 മുതൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ യഥാക്രമം 5,4,5 കോളേജുകളുള്ള 3 ക്ലസ്റ്ററുകൾ പ്രവർത്തിച്ചു വരുന്നു. 2023-24 മുതൽ തലശ്ശേരി, കാസർഗോഡ്, പാലക്കാട് എന്നിവിടങ്ങളിലും പുതിയ ക്ലസ്റ്ററുകൾ പ്രവർത്തനമാരംഭിച്ചു.

**നൂതന ആശയങ്ങളും ഇൻകുബേഷനും**: പ്രധാനപ്പെട്ടതും പ്രത്യേക വിഷയങ്ങളിൽ അധിഷ്ഠിതവുമായ എല്ലാ സർവ്വകലാശാലകളും ഇന്നൊവേഷൻ ആൻഡ് ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. കേരള യൂണിവേഴ്സിറ്റി ബിസിനസ് ഇന്നൊവേഷൻ ആൻഡ് ഇൻകുബേഷൻ സെന്റർ സ്ഥാപിക്കുകയും 11 സ്റ്റാർട്ടപ്പുകൾക്ക് പിന്തുണ നൽകുകയും ചെയ്തു. അടുത്തിടെ, ആശയരൂപീകരണ ഘട്ടത്തിലുള്ള 52 പുതിയ സ്റ്റാർട്ടപ്പുകളെ കേരള യൂണിവേഴ്സിറ്റി ബിസിനസ് ഇന്നൊവേഷൻ ആൻഡ് ഇൻകുബേഷൻ സെന്റർ തിരഞ്ഞെടുത്തിട്ടുണ്ട് (വകുപ്പുകളിൽ നിന്ന് 42 എണ്ണവും കേരള സർവ്വകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിൽ നിന്ന് 10 എണ്ണവും).

**ഇൻഡസ്ട്രി ഓൺ ക്യാമ്പസ് (IOC)**: അഡീഷണൽ സ്കിൽ ഡെവലപ്മെന്റ് സെന്ററുകളായി (ASDC) കണ്ടെത്തിയിട്ടുള്ള എല്ലാ ഗവൺമെന്റ് പോളിടെക്നിക് കോളേജുകളിലും ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പരിപാടിയുടെ ഭാഗമായി, കേരള സ്റ്റാർട്ടപ്പ് മിഷന്റെ സഹകരണത്തോടെ എല്ലാ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിലും തിരഞ്ഞെടുത്ത ഗവൺമെന്റ് പോളിടെക്നിക് കോളേജുകളിലും ടെക്നോളജി ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ സ്ഥാപിച്ചു. പുതിയ സംരംഭകരെ അവരുടെ സാങ്കേതിക ആശയങ്ങൾ പരിപോഷിപ്പിക്കാൻ സഹായിക്കുന്നതിനൊപ്പം പ്രീ-സ്റ്റാർട്ടപ്പ്, സ്റ്റാർട്ടപ്പ് ഘട്ടങ്ങളിൽ അവരെ വിജയകരമായ കോർപ്പറേറ്റ് സ്ഥാപനങ്ങളായി വളരാൻ ഈ ഇൻകുബേറ്ററുകൾ സഹായിക്കുന്നു. കൂടാതെ, ഗവേഷണങ്ങൾ വാണിജ്യവൽക്കരിക്കുന്നതിലൂടെയും വിദ്യാർത്ഥികളിലെ സംരംഭകത്വ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിലൂടെയും വളർന്നുവരുന്ന എഞ്ചിനീയർമാർക്കിടയിൽ നൂതന ചിന്തകൾ വളർത്താനും ഈ പദ്ധതി ലക്ഷ്യമിടുന്നു. ഇതിന്റെ ഭാഗമായി വിദ്യാർത്ഥികൾക്കും അധ്യാപകർക്കുമായി വ്യവസായ പ്രമുഖർ നയിക്കുന്ന സംരംഭകത്വ വികസന പരിപാടികളും സംഘടിപ്പിക്കാറുണ്ട്.

നിരവധി അപേക്ഷകർക്ക് നിലവിൽ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു. ഇവ ഉടൻ തന്നെ ഇൻകുബേഷൻ ഘട്ടത്തിലേക്ക് പ്രവേശിക്കാൻ സജ്ജമാകും. കൂടാതെ, ഏകദേശം 40 പ്രീ-ഇൻകുബേഷൻ യൂണിറ്റുകളെ പരിപോഷിപ്പിക്കുകയും ചെയ്തു. 2014-ൽ ഈ പദ്ധതി ആരംഭിച്ചതു മുതൽ 50-ലധികം യൂണിറ്റുകൾ അവയുടെ പ്രാരംഭ ഘട്ടം വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്. കോളേജുകളിൽ നൂതന ചിന്താഗതി വളർത്തുന്നതിനുള്ള നടപടികളും നടപ്പിലാക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി, വരാനിരിക്കുന്ന സംരംഭകരെ സ്വാഗതം ചെയ്യുന്നതിനായി വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിരവധി ബൂട്ട് ക്യാമ്പുകൾ സംഘടിപ്പിച്ചു വരുന്നു.

**കുസാറ്റിലെ ടെക്നോളജി ബിസിനസ് ഇൻകുബേഷൻ, സ്റ്റാർട്ടപ്പ് സംരംഭങ്ങൾ**: കേരള സർക്കാരിൽ നിന്നുള്ള ഒരു കോടി രൂപയുടെ ഗ്രാന്റ് ഉപയോഗിച്ച് കുസാറ്റ് സിറ്റിക് എന്ന പേരിൽ 4,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു ടെക്നോളജി ബിസിനസ് ഇൻകുബേറ്റർ സ്ഥാപിച്ചു. സിറ്റിക്കിൽ പ്രധാനമായും കുസാറ്റിലെ വിദ്യാർത്ഥികളും പൂർവ്വ വിദ്യാർത്ഥികളും നടത്തുന്ന അമ്പതോളം സ്റ്റാർട്ടപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. ഇൻകുബേറ്ററുകൾക്ക് അവരുടെ ബിസിനസ്സ് വളർത്തുന്നതിന് ആവശ്യമായ പിന്തുണ നൽകുന്നതിനായി ഈ കേന്ദ്രം അക്കാദമിക് വിദഗ്ധരുമായും വ്യവസായ മേഖലയുമായും ബന്ധപ്പെട്ടു പ്രവർത്തിക്കുന്നു. കുസാറ്റ് ടി.ബി.ഐയുടെ കീഴിൽ പ്രവർത്തിച്ച 19 സ്ഥാപനങ്ങൾക്ക് സ്റ്റാർട്ടപ്പ് ഗ്രാന്റുകൾ ലഭിച്ചിട്ടുണ്ട്. കുസാറ്റിലെ സ്കൂൾ ഓഫ് മാനേജ്മെന്റ് ഇന്ത്യയിലെ മികച്ച 100 ബി-സ്കൂളുകളുടെ പട്ടികയിൽ ഇടംപിടിച്ചിട്ടുണ്ട്.

**വിസാറ്റ് (WESAT)**: പൂജപ്പുര എൽ.ബി.എസ് വനിതാ സാങ്കേതിക വിദ്യാലയത്തിലെ സ്പേസ് ക്ലബ്ബ് വിഭാവനം ചെയ്ത 'വിസാറ്റ്' (Women Engineered Satellite), കഴിഞ്ഞ നാല് വർഷമായി പുരോഗമിച്ചുകൊണ്ടിരിക്കുന്ന അഭൂതപൂർവമായ ഒരു ഉപഗ്രഹ പദ്ധതിയാണ്. രാജ്യത്ത് ഒരു വനിതാ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ നടക്കുന്ന ആദ്യത്തെ ഉപഗ്രഹ പദ്ധതിയാണിത്. കൂടാതെ സ്വന്തമായി ഒരു ഉപഗ്രഹം വിക്ഷേപിക്കുന്ന കേരളത്തിലെ ആദ്യത്തെ കോളേജായി എൽ.ബി.എസ് വനിതാ സാങ്കേതിക വിദ്യാലയം ഇതോടെ മാറി. ബഹിരാകാശത്തെയും ഭൂതലത്തിലെയും അൾട്രാവയലറ്റ് രശ്മികളെക്കുറിച്ചും, അവ താപനിലയിലും കാലാവസ്ഥാ വ്യതിയാനത്തിലും ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ചും പഠിക്കാനാണ് വിസാറ്റ് വികസിപ്പിച്ചെടുത്തത്. വരാനിരിക്കുന്ന പി.എസ്.എൽ.വി

ദൗത്യത്തിലൂടെ വിസാറ്റ് വിക്ഷേപിക്കുന്നതിനായി വി.എസ്. എസ്.സി, ഐ.എസ്.ആർ.ഒ, ഇൻ-സ്പേസ്, ബഹിരാകാശ വകുപ്പ്, ഭാരത സർക്കാർ എന്നിവയുമായി ധാരണാപത്രം ഒപ്പുവെച്ചു. കേന്ദ്ര സർക്കാരിന്റെ ഡി.എസ്.ടി നിധി പ്രയാസ് പദ്ധതിയിലൂടെയും കേരള സ്റ്റാർട്ടപ്പ് മിഷൻ വഴിയുള്ള സംസ്ഥാന സർക്കാരിന്റെ പിന്തുണയിലൂടെയുമാണ് ഈ പ്രോജക്ടിനാവശ്യമായ ധനസഹായം ലഭ്യമായത്.

**സ്കോളർഷിപ്പുകളും വിദ്യാർഥി പിന്തുണയും**

**ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി**: ഈ പദ്ധതി പ്രകാരം, പ്രൊഫഷണൽ ഇതര ബിരുദ കോഴ്സുകൾ പഠിക്കുന്ന മിടുക്കരായ വിദ്യാർത്ഥികൾക്ക് പ്രതിവർഷം 1,000 പുതിയ സ്കോളർഷിപ്പുകൾ നൽകിവരുന്നു. തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥി കൾക്ക് അവരുടെ ബിരുദാനന്തര ബിരുദം പൂർത്തിയാക്കുന്നതുവരെ തുടർന്നുള്ള വർഷങ്ങളിൽ സ്കോളർഷിപ്പ് പുതുക്കി നൽകുന്നതാണ്. 2024-25 അധ്യായന വർഷത്തിൽ ബിരുദ വിഭാഗത്തിൽ 2,301 പേരും ബിരുദാനന്തര ബിരുദ വിഭാഗത്തിൽ 446 പേരും ഈ സ്കോളർഷിപ്പിന്റെ ഗുണഭോക്താക്കളായിട്ടുണ്ട്.

**മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ്–ഡോക്ടറൽ ഫെലോഷിപ്പ്**: വിവിധ മേഖലകളിൽ സംസ്ഥാനത്തിന്റെ വികസനത്തിന് ഉതകുന്ന ഗവേഷണ ആശയങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായാണ് ഈ ഫെലോ ഷിപ്പുകൾ ആരംഭിച്ചത്. ഈ പദ്ധതി പ്രകാരം മാസം 50,000 രൂപ വീതവും (രണ്ടാം വർഷം 1 ലക്ഷം രൂപ വീതവും) സാമ്പത്തിക സഹായം നൽകുന്നു. വിവിധ വിഷയങ്ങളിൽ പി.എച്ച്.ഡി പൂർത്തിയാക്കിയ 500 ഗവേഷകരെ പിന്തുണയ്ക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിനോടകം 177 ഗവേഷകർക്ക് ഫെലോ ഷിപ്പുകൾ അനുവദിച്ചു കഴിഞ്ഞു.

**മുഖ്യമന്ത്രിയുടെ പ്രതിഭാ സ്കോളർഷിപ്പ് അവാർഡ്**: മുഖ്യമന്ത്രിയുടെ 100 ദിന പരിപാടിയുടെ ഭാഗമായി, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 1000 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി പ്രതിഭാ ധനസഹായ പദ്ധതി ആവിഷ്കരിച്ചു. 2023-24 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്കായി 10 കോടി രൂപ ചെലവഴിച്ചു.

**വിശപ്പ് രഹിത ക്യാമ്പസ്**: ഏകദേശം 30,000 സർക്കാർ കോളേജ് വിദ്യാർത്ഥികൾക്ക് ഗുണനിലവാരമുള്ളതും കുറഞ്ഞ നിരക്കിലുള്ളതുമായ ഭക്ഷണം ലഭ്യമാക്കി ആരോഗ്യകരമായ ഒരു യുവതലമുറയെ വളർത്തിയെടുക്കുന്നതിനായി 2022-23 മുതൽ 'വിശപ്പ് രഹിത ക്യാമ്പസ്' പദ്ധതി നടപ്പിലാക്കി വരുന്നു. നിലവിൽ കുടുംബശ്രീ യൂണിറ്റുകൾ വഴിയാണ് കോളേജ് കാന്റീനുകൾ പ്രവർത്തിക്കുന്നത്. ഈ പദ്ധതി പ്രകാരം, പ്രതികൂല ജീവിതസാഹചര്യങ്ങളിൽ നിന്ന് വരുന്ന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കോളേജുകൾ കണ്ടെത്തുകയും അവർക്ക് 10 രൂപ നിരക്കിൽ ഉച്ചഭക്ഷണം നൽകുകയും ചെയ്യുന്നു. ഈ തുക കാന്റീനുകൾക്ക് അവരുടെ ചിലവുകൾക്കായി പൂർണ്ണമായും അനുവദിച്ചു നൽകുന്നുണ്ട്.

**ജീവനി**: ഈ പദ്ധതിയിലൂടെ എല്ലാ സർക്കാർ, എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളേജ് വിദ്യാർത്ഥികൾക്കും മാനസികമായ പിന്തുണ ഉറപ്പാക്കാൻ 'ജീവനി' കൗൺസിലർമാരുടെ സേവനം ലഭ്യമാണ്. 2024-25 കാലയളവിൽ 145 കൗൺസിലർമാർ മുഖേന 4,827 കേസുകൾ പരിഗണിക്കുകയും ആവശ്യമായ സഹായങ്ങൾ നൽകുകയും ചെയ്തു.

**അന്താരാഷ്ട്ര ശൃംഖലകൾ: എറുഡൈറ്റ് (Erudite) പദ്ധതി**: സംസ്ഥാനത്തെ സർവ്വകലാശാലകളിലെ വിദ്യാഭ്യാസത്തിന്റെയും ഗവേഷണത്തിന്റെയും ഗുണനിലവാരം ഉയർത്തുന്നതിനായി സർക്കാർ നടപ്പിലാക്കിയ ഒരു പ്രധാന പദ്ധതിയാണ് എറുഡൈറ്റ്. നോബൽ സമ്മാന ജേതാക്കൾ ഉൾപ്പെടെയുള്ള ലോകപ്രശസ്തരായ പണ്ഡിതന്മാരുമായി സംവദിക്കാൻ ഈ പദ്ധതി അക്കാദമിക് സമൂഹത്തെ പ്രാപ്തരാക്കി. സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളും കോളേജു കളും വഴി ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആണ്. നോബൽ സമ്മാന ജേതാക്കൾ ഉൾപ്പെടെ ഏകദേശം 220 ദേശീയ-അന്തർദേശീയ പണ്ഡിതന്മാർ ഈ പദ്ധതിക്ക് കീഴിൽ വിവിധ സർവ്വകലാശാലകളും കോളേജുകളും സംഘടിപ്പിച്ച പരിപാടികളിൽ പങ്കെടുത്തു. 2023-24 വർഷത്തിൽ മാത്രം 20 പണ്ഡിതന്മാരെ ഈ പദ്ധതി പ്രകാരം ക്ഷണിക്കുകയുണ്ടായി.

**ഗ്ലോബൽ ഇനിഷ്യേറ്റീവ് ഓഫ് അക്കാദമിക് നെറ്റ്‌വർക്സ് പ്രകാരമുള്ള അന്താരാഷ്ട്ര ഫാക്കൽറ്റികൾ (GIAN)**: ഗ്ലോബൽ ഇനിഷ്യേറ്റീവ് ഓഫ് അക്കാദമിക് നെറ്റ്‌വർക്ക് പദ്ധതിയുടെ ഭാഗമായി അന്താരാഷ്ട്ര ഫാക്കൽറ്റികൾ നയിക്കുന്ന മൂന്ന് കോഴ്സുകൾക്ക് കേരള സർവ്വകലാശാലയിൽ അനുമതി ലഭിച്ചു.

**ഇന്റർനാഷണൽ സെന്റർ ഫോർ പോളാർ സ്റ്റഡീസ് (ICPS)**: മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഈ കേന്ദ്രത്തിന് സർക്കം പോളാർ ആർട്ടിക് മേഖലയിലെ പ്രശസ്തമായ അന്താരാഷ്ട്ര സഹകരണ ശൃംഖലയായ 'യൂണിവേഴ്സിറ്റി ഓഫ് ദി ആർട്ടിക്'-ൽ അംഗത്വം ലഭിച്ചു. കൂടാതെ, സർവ്വകലാശാല തങ്ങളുടെ അഫിലിയേറ്റഡ് കോളേജുകളിൽ ഡിഗ്രി ഓണേഴ്സ് പ്രോഗ്രാമുകളും പഠന വകുപ്പുകളിൽ 4+1 പ്രോഗ്രാമുകളും ആരംഭിച്ചു.

**കേരളത്തിലെ അന്താരാഷ്ട്ര വിദ്യാർത്ഥികൾ**: സംസ്ഥാനത്തിന്റെ വിവിധ വിദേശസമ്പർക്ക പരിപാടികൾ കേരളത്തിലെ അന്താരാഷ്ട്ര വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാക്കിയിട്ടുണ്ട്. വിദേശ വിദ്യാർത്ഥികളുടെ അപേക്ഷകളുടെ എണ്ണം 2021-22-ലെ 1,100-ൽ നിന്ന് 2024-25-ൽ 64 രാജ്യങ്ങളിൽ നിന്നുള്ള 2,600 അപേക്ഷകളായി വർദ്ധിച്ചു. ഈ മുന്നേറ്റം തുടരുകയും 2025-26 വർഷത്തിൽ (2025 ജൂൺ വരെയുള്ള കണക്കനുസരിച്ച്) 81 രാജ്യങ്ങളിൽ നിന്നായി 2,620 അപേക്ഷകളിൽ എത്തുകയും ചെയ്തു. ഉന്നതവിദ്യാഭ്യാസ മേഖലയിൽ അന്താരാഷ്ട്ര വിദ്യാർത്ഥികൾക്ക് പ്രിയപ്പെട്ട ഇടമായി കേരളം മാറിക്കൊണ്ടിരിക്കുന്നതിനെയാണ് ഇത് പ്രതിഫലിപ്പിക്കുന്നത്.

**വിജ്ഞാന കേരളം പദ്ധതി** : യുവജനങ്ങളുടെ നൈപുണ്യ വികസനത്തിനും തൊഴിൽക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി ആവിഷ്കരിച്ച 'വിജ്ഞാന കേരളം' പദ്ധതിയുടെ തുടക്കത്തോടെ, പ്ലേസ്മെന്റ് സെല്ലുകൾ സ്ഥാപിക്കുന്നതിനും അവ പുനരുജ്ജീവിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ വലിയ വേഗത കൈവരിച്ചിട്ടുണ്ട്. ഇതിനായി വിദ്യാലയങ്ങൾ അവരുടെ പൂർവ്വ വിദ്യാർത്ഥികൾ, അഭ്യുദ

യകാംക്ഷികൾ, വിദേശ രാജ്യങ്ങളിലെ ഇന്ത്യൻ പ്രവാസികൾ തുടങ്ങിയവരുമായി സജീവമായി ബന്ധപ്പെട്ടു വരുന്നു. കൂടാതെ, നിരവധി വിദ്യാർത്ഥികൾ GATE, CAT തുടങ്ങിയ മത്സരപരീക്ഷകൾ വഴി ഉന്നത ബിരുദ പഠനത്തിന് യോഗ്യത നേടുന്നുണ്ട്. വിപ്രോ, മഹീന്ദ്ര, ടി.സി.എസ്, ബോഷ് തുടങ്ങിയ പ്രമുഖ ബഹുരാഷ്ട്ര കമ്പനികളിൽ നിരവധി വിദ്യാർത്ഥികൾക്ക് ഇതിനോടകം ജോലി ലഭിച്ചിട്ടുണ്ട്.

**പഠനത്തോടൊപ്പം വരുമാനം**: ബിരുദ വിദ്യാർത്ഥികൾക്ക് അവരുടെ പഠനകാലയളവിൽ തന്നെ ജോലി ചെയ്യാനുള്ള അവസരമൊരുക്കുന്നതിനായി അസാപ് (ASAP) ഒരു സംസ്ഥാന ഇന്റേൺഷിപ്പ് പോർട്ടൽ സ്ഥാപിച്ചു. 'പ്രവൃത്തിയിലൂടെ പഠിക്കുക' എന്ന സമീപനമാണ് ഈ പോർട്ടൽ ലക്ഷ്യമിടുന്നത്. തൊഴിൽ ക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ഈ സംസ്ഥാനതല ഇന്റേൺഷിപ്പ് പദ്ധതി, വിദ്യാർത്ഥികൾ, അധ്യാപകർ, വ്യവസായ സ്ഥാപനങ്ങൾ എന്നിങ്ങനെ എല്ലാ പങ്കാളികളെയും ഒരേ പ്ലാറ്റ്ഫോമിൽ എത്തിക്കുന്നു. വിദ്യാർത്ഥികളെ വിവിധ വ്യവസായ മേഖലകളുമായി മാത്രമല്ല, സാങ്കേതിക ജോലികൾ ഉൾപ്പെടുന്ന സർക്കാർ വകുപ്പുകളുമായും ഈ പോർട്ടൽ ബന്ധിപ്പിക്കുന്നു എന്നതാണ് ഇതിന്റെ പ്രധാന സവിശേഷതകളിലൊന്ന്.

**ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് സെൽ**: അധ്യാപകർക്ക് അവരുടെ മേഖലകളിലെ ഏറ്റവും പുതിയ മാറ്റങ്ങളെക്കുറിച്ച് അറിവ് നൽകുന്നതിനായുള്ള പ്രത്യേക പരിശീലന പരിപാടികൾ നടപ്പിലാക്കുകയും, ഉപരിപഠനം നടത്താൻ അധ്യാപകരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഉയർന്ന സാമൂഹിക പ്രതിബദ്ധതയുള്ള യുവാക്കളുടെ സമഗ്രമായ വികസനം ലക്ഷ്യമിട്ട് 2019-20 വർഷത്തിൽ ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് സെൽ സ്ഥാപിച്ചു. നിലവിൽ വിവിധ സ്ഥാപനങ്ങളിൽ ഇത് വിജയകരമായി പ്രവർത്തിച്ചുവരുന്നു.

**എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിലെ ശാക്തീകരണ പദ്ധതി (SHE)**: കണ്ണൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ 2020-21 കാലയളവിലാണ് ഈ പദ്ധതിക്ക് തുടക്കമിട്ടത്. പൂർവ്വ വിദ്യാർത്ഥികൾ, അധ്യാപകർ, പുറത്തുനിന്നുള്ള വിദഗ്ധർ, കോളേജ് പി.ടി.എ, എച്ച്.ആർ.ഡി സെൽ എന്നിവരുടെ പിന്തുണയോടെയാണ് ഇത് നടപ്പിലാക്കുന്നത്. ഇതിന്റെ ഭാഗമായി രൂപീകരിച്ച 'ഷീ കോഡേഴ്സ്' എന്ന ഓൺലൈൻ ഗ്രൂപ്പ്, വിദ്യാർത്ഥിനികൾക്ക് വ്യക്തിഗത ശ്രദ്ധ നൽകുന്ന മെന്ററിംഗ് പരിപാടികൾ ആരംഭിക്കുകയും സ്വന്തമായി ഒരു യൂട്യൂബ് ചാനൽ സ്ഥാപിക്കുകയും വെബ്സൈറ്റ് വികസനത്തിനായി ഓൺലൈൻ ബൂട്ട് ക്യാമ്പ് സംഘടിപ്പിക്കുകയും ചെയ്തു. കൂടാതെ, കേരള സ്റ്റാർട്ടപ്പ് മിഷനുമായി സഹകരിച്ച് 'WE for WE - വുമൺ എഞ്ചിനീയേഴ്സ് ഫോർ വുമൺ എന്റർപ്രണേഴ്സ്' എന്ന പരിപാടിയും ഇവർ സംഘടിപ്പിച്ചു. സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിലെ പെൺകുട്ടികൾക്കായി മാത്രം നടത്തിയ ഈ വിർച്വൽ മെക്കത്തോൺ (Makeathon), വനിതാ സംരംഭകർ നേരിടുന്ന വെല്ലുവിളികൾക്ക് പരിഹാരം കണ്ടെത്താൻ യുവ എഞ്ചിനീയർമാരെ സഹായിച്ചു.

2022-23 മുതൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും ഈ പദ്ധതി വ്യാപിപ്പിച്ചു.

**നൈപുണ്യ വികസനം (CSPs)**: കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ : അസാപിന്റെ പ്രധാന പദ്ധതികളിലൊന്നായ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ, വ്യവസായ അധിഷ്ഠിതമായ പൊതു-സ്വകാര്യ പങ്കാളിത്ത മാതൃകയിലുള്ള ഒരു നൈപുണ്യ പരിശീലന പദ്ധതിയായാണ് വിഭാവനം ചെയ്തിരിക്കുന്നത്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ അത്യാധുനിക പരിശീലന സൗകര്യങ്ങളോടു കൂടിയ മൾട്ടി-സ്കിൽഡ് പരിശീലന കേന്ദ്രങ്ങളായാണ് ഇവ വികസിപ്പിച്ചിരിക്കുന്നത്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകൾ, പ്രാദേശിക വ്യവസായ മേഖലകൾ എന്നിവയെ പരസ്പരം ബന്ധിപ്പിക്കുന്ന ഒരു 'ഹബ് ആൻഡ് സ്പോക്ക്' മാതൃകയിലാണ് കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ പ്രവർത്തിക്കുന്നത്. സംസ്ഥാനത്ത് ആകെ 16 സ്കിൽ പാർക്കുകൾ സ്ഥാപിക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിൽ ഒൻപതെണ്ണം ഇതിനോടകം പ്രവർത്തന സജ്ജമാണ്. ബാക്കിയുള്ള 7 സി.എസ്.പികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്.

**നാഷണൽ ക്വാളിഫിക്കേഷൻ രജിസ്റ്റർ (NQR)**: നാഷണൽ സ്കിൽസ് ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക് (NSQF) അനുസരിച്ചുള്ള നൈപുണ്യ യോഗ്യതകൾ വികസിപ്പിക്കുന്നതിൽ അസാപ് വൈദഗ്ധ്യവും പ്രാപ്തിയും കൈവരിച്ചിട്ടുണ്ട്. കഴിഞ്ഞ രണ്ട് വർഷത്തിനിടെ അസാപ് അഞ്ച് NSQF യോഗ്യതകൾ വികസിപ്പിക്കുകയും അവ ഇപ്പോൾ നാഷണൽ ക്വാളിഫിക്കേഷൻ രജിസ്റ്ററിൽ ലഭ്യമാകുകയും ചെയ്തിട്ടുണ്ട്.

**പോളിടെക്നിക്കുകളിലെ അസാപ് കമ്മ്യൂണിറ്റി കോളേജുകൾ**: പ്രാദേശികമായ തൊഴിൽ, സ്വയംതൊഴിൽ സാധ്യതകൾ കണ്ടെത്തുകയും അവയ്ക്ക് അനുയോജ്യമായ നൈപുണ്യ പരിശീലനം നൽകുകയും ചെയ്യുന്നതിലൂടെ സമൂഹത്തിലെ പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളെ ഉയർത്തിക്കൊണ്ടുവരുന്നതിനായാണ് ഓൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ (AICTE) വിഭാവനം ചെയ്ത കമ്മ്യൂണിറ്റി കോളേജ് മാതൃക സ്ഥാപിതമായത്. അതത് മേഖലകളിൽ വൈദഗ്ധ്യമുള്ളവരും യഥാർത്ഥ വ്യവസായ പ്രൊഫഷണലുകളുമായ പരിശീലകരാണ് ഈ പരിശീലന പരിപാടികൾ നയിക്കുന്നത്.

**ഷീ സ്കിൽസ്**: സാമ്പത്തികമായി സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി വിപണന സാധ്യതയുള്ള തൊഴിൽ നൈപുണ്യങ്ങൾ പഠിക്കാൻ സ്ത്രീകളെ, പ്രത്യേകിച്ച് വീട്ടമ്മമാരെ സഹായിക്കുന്നതിനും സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുമായാണ് 15 വയസ്സിന് മുകളിലുള്ളവർക്കായി മൂന്ന് മാസത്തെ ഈ പരിശീലന പരിപാടി ആവിഷ്കരിച്ചത്. 2019-ലെ ഷീ സ്കിൽസ് പദ്ധതി 11 തൊഴിൽ മേഖലകളിലായി 23 കോഴ്സുകൾ വാഗ്ദാനം ചെയ്തു. പ്ലേസ്മെന്റ് ഗ്രൂമിംഗും സോഫ്റ്റ് സ്കിൽ പരിശീലനവുമാണ് ഈ പരിപാടിയുടെ പ്രധാന സവിശേഷതകൾ. ഏകദേശം 5,529 സ്ത്രീകൾ ഈ പദ്ധതിയിൽ എൻറോൾ ചെയ്തിട്ടുണ്ട്.

**പ്രൊഡക്ഷൻ ആൻഡ് ട്രെയിനിംഗ് സെന്ററുകൾ, മെറ്റീരിയൽ ടെസ്റ്റിംഗ് സെന്ററുകൾ, അഡ്വാൻസ്ഡ് ഫാബ്രിക്കേഷൻ ലബോറട്ടറികൾ**: സാങ്കേതികവിദ്യയിലെ അത്യാധുനിക മാറ്റങ്ങൾ വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തുന്ന

തിനും പ്രായോഗിക പരിശീലനത്തിലൂടെ പഠന-ബോധന പ്രക്രിയ മെച്ചപ്പെടുത്തുന്നതിനുമായി ഉന്നത വിദ്യാഭ്യാസ വകുപ്പ് എല്ലാ സർക്കാർ പോളിടെക്നിക് കോളേജുകളിലും ഘട്ടം ഘട്ടമായി പ്രൊഡക്ഷൻ ആൻഡ് ട്രെയിനിംഗ് സെന്ററുകൾ, മെറ്റീരിയൽ ടെസ്റ്റിംഗ് സെന്ററുകൾ, അഡ്വാൻസ്ഡ് ഫാബ്രിക്കേഷൻ ലബോറട്ടറികൾ എന്നിവ സ്ഥാപിച്ചു.

**മികച്ച നിലവാരമുള്ള കേന്ദ്രങ്ങളുടെ (Centres of Excellence) സ്ഥാപനം**: ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷന്റെ ശുപാർശകൾ പാലിച്ച്, സംസ്ഥാനത്തിനകത്തു നിന്നും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുമുള്ള പ്രതിഭകളെ ആകർഷിച്ചുകൊണ്ട് വിവിധ മേഖലകളിൽ ഉന്നത നിലവാരമുള്ള കേന്ദ്രങ്ങളുടെ (Centres of Excellence) ഒരു ശൃംഖല സ്ഥാപിക്കാൻ സർക്കാർ ഏകോപിത ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി താഴെ പറയുന്ന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തിയായിക്കഴിഞ്ഞു:

- കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സയൻസ്, ടെക്നോളജി ആൻഡ് ഇന്നൊവേഷൻ (KISTI)
- കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് ഫോർ സോഷ്യൽ സയൻസസ് ആൻഡ് ഹ്യുമാനിറ്റീസ് (KIAS)
- കേരള നെറ്റ്‌വർക്ക് സപ്പോർട്ട് ഇൻ ഹയർ എഡ്യൂക്കേഷൻ (KNRSHE)
- ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ജെൻഡർ ഇക്വിറ്റി, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ട്രെയിനിംഗ് ഓഫ് ടീച്ചേഴ്സ് ആൻഡ് നോൺ-ടീച്ചിംഗ് സ്റ്റാഫ്
- സെന്റർ ഫോർ ഇൻഡിജിനസ് പീപ്പിൾസ് എഡ്യൂക്കേഷൻ, കേരള ലാംഗ്വേജ് നെറ്റ്‌വർക്ക് (KLN)
- കേരള നോളജ് കൺസോർഷ്യം (KKC) സെന്ററുകൾ
- കേരള സെന്റർ ഫോർ അനലിറ്റിക്കൽ സർവീസ് (KCAS)
- കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പോളിസി സ്റ്റഡീസ് എന്നിവയാണ് ഈ കേന്ദ്രങ്ങൾ.

**എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയുടെ കീഴിലുള്ള മൂന്ന് മികവിന്റെ കേന്ദ്രങ്ങൾ (Centres of Excellence)**: എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയുടെ കീഴിൽ മൂന്ന് മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്ന മേഖലകൾ ഇവയാണ്: 1) കണ്ണൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ സ്ഥാപിക്കുന്ന സസ്റ്റൈനബിലിറ്റി എഞ്ചിനീയറിംഗ് ആൻഡ് കാർബൺ ന്യൂട്രാലിറ്റി, 2) കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ സ്ഥാപിക്കുന്ന എമർജിംഗ് മെറ്റീരിയൽസ് ആൻഡ് ഇൻഫ്രാസ്ട്രക്ചർ, 3) എറണാകുളം മോഡൽ എഞ്ചിനീയറിംഗ് കോളേജിൽ സ്ഥാപിക്കുന്ന ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേണിംഗ്, റോബോട്ടിക്സ് ആൻഡ് ഓട്ടോമേഷൻ.

**അസാപ് കേരളയുടെ മികവിന്റെ കേന്ദ്രങ്ങളും അന്തർ സർവ്വകലാശാലാ കേന്ദ്രങ്ങളും**: നൈപുണ്യ വികസനം മെച്ചപ്പെടുത്തുന്നതിനും പുതിയ വ്യവസായങ്ങളെ ആകർഷിക്കുന്നതിനുമായി വ്യവസായ നിലവാരത്തിലുള്ള ലബോറട്ടറികളോടു കൂടിയ മികവിന്റെ കേന്ദ്രങ്ങൾ അസാപ് കേരള സ്ഥാപിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2023 ഏപ്രിൽ 25-ന് കുന്നംതാനം കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ ഉദ്ഘാടനം ചെയ്ത ഇലക്ട്രിക് വെഹിക്കിൾ മികവിന്റെ കേന്ദ്രം, ഇവി സാങ്കേതികവിദ്യയിലും സുസ്ഥിരതയിലുമാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

ഇവയ്ക്ക് പുറമെ, കിഫ്ബി ധനസഹായത്തോടെ സ്വയം ഭരണാധികാരമുള്ള മൂന്ന് അന്തർ സർവ്വ കലാശാലാ കേന്ദ്രങ്ങൾ കൂടി സ്ഥാപിച്ചുവരുന്നു.

- താണു പത്മനാഭൻ സെന്റർ ഓഫ് എക്സലൻസ് ഇൻ അസ്ട്രോണമി ആൻഡ് അസ്ട്രോ ഫിസിക്സ്
- സെന്റർ ഓഫ് എക്സലൻസ് ഇൻ ന്യൂറോഡീജനറേഷൻ ആൻഡ് ബ്രെയിൻ ഹെൽത്ത്
- സെന്റർ ഓഫ് എക്സലൻസ് ഇൻ നാനോ സയൻസ് ആൻഡ് നാനോ ടെക്നോളജി

**പുതിയ ഗവേഷണ സംരംഭങ്ങൾ**: ഉന്നതവിദ്യാഭ്യാസ മേഖലയിൽ, പ്രത്യേകിച്ച് ശാസ്ത്ര-സാങ്കേതിക രംഗങ്ങളിൽ ഗവേഷണവും വികസനവും തീവ്രമാക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി താഴെ പറയുന്ന കേന്ദ്രങ്ങളും ഗവേഷണ പദ്ധതികളും ആരംഭിച്ചിട്ടുണ്ട്:

1. ട്രാൻസ്പോർട്ടേഷൻ എഞ്ചിനീയറിംഗ് ആൻഡ് റിസർച്ച് സെന്റർ
2. പ്രൊഡക്റ്റ് ഡിസൈൻ ആൻഡ് ഡെവലപ്മെന്റ് സെന്റർ (CET)
3. റീ യൂസബിൾ ബിൽഡിംഗ് സിസ്റ്റം (RIT-കോട്ടയം)
4. റൂറൽ ടെക്നോളജി ഡെവലപ്മെന്റ് സെന്റർ
5. സ്റ്റുഡന്റ് സാറ്റലൈറ്റ് ലോഞ്ച് പ്രോഗ്രാം (CET
6. സെന്റർ ഫോർ ബാംബൂ ടെക്നോളജി (GEC TVM):
7. ഗവൺമെന്റ് എൻജിനീയറിംഗ് കോളേജുകളിലെ ഇന്റർ ഡിസിപ്ലിനറി റിസർച്ച് സെന്ററുകൾ
8. റോബോട്ടിക്സ് ആൻഡ് AI നോഡൽ സെന്റർ
9. സെന്റർ ഓഫ് എക്സലൻസ് ഇൻ സിസ്റ്റംസ്, എനർജി ആൻഡ് എൻവയോൺമെന്റ്
10. സെന്റർ ഫോർ ഹൈ - പെർഫോമൻസ് കമ്പ്യൂട്ടിംഗ് (CET)
11. കൊളാബറേറ്റീവ് റിസർച്ച് ആൻഡ് ലേണിംഗ് (CORaL)
12. സെന്റർ ഫോർ ഡിസാസ്റ്റർ മാനേജ്മെന്റ് ആൻഡ് മിറ്റിഗേഷൻ
13. സെന്റർ ഫോർ നാനോ ഇലക്ട്രോണിക്സ്
14. സി.ഇ.ടി-സെന്റർ ഫോർ അഡ്വാൻസ്ഡ് റിസർച്ച് ഇൻ എഞ്ചിനീയറിംഗ് (CET-CARE)
15. തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളെജിലെ സെന്റർഫോർ സസ്റ്റൈനബിൾ ഡെവലപ്മെന്റ് (CSD)
16. സെന്റർ ഓഫ് എക്സലൻസ് ഇൻ ഇ-മൊബിലിറ്റി

**അന്തർവൈജ്ഞാനിക ഗവേഷണ കേന്ദ്രങ്ങൾ** : സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും അതത് സ്ഥാപനങ്ങൾ തിരഞ്ഞെടുക്കുന്ന പ്രത്യേക മേഖലകളിൽ അന്തർവൈജ്ഞാനിക ഗവേഷണ കേന്ദ്രങ്ങൾ ഘട്ടം ഘട്ടമായി സ്ഥാപിക്കുന്നതിന് തുടക്കമിട്ടു. ഈ കേന്ദ്രങ്ങൾ വിഭാവനം ചെയ്യുന്നത്, അധ്യാപകർക്കിടയിൽ വിവിധ വിഷയങ്ങളെ ഏകോപിപ്പിച്ചുകൊണ്ടുള്ള ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും, അതിലൂടെ സമൂഹത്തിന് ഉപകാരപ്രദമായ മികച്ച

ഗവേഷണഫലങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള വേദികളായി പ്രവർത്തിക്കുന്നതിനാണ്. പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ ഇത്തരത്തിലുള്ള മൂന്ന് കേന്ദ്രങ്ങൾ സ്ഥാപിതമായി:

1. തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ്, സി.ഇ.ടി. അണ്ടർ വൈജ്ഞാനിക ഗവേഷണ കേന്ദ്രം (CCIR) നോഡൽ ഏജൻസിയായി ഒരു സ്റ്റുഡൻസ് സാറ്റലൈറ്റ് വിക്ഷേപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു.
2. റോബോട്ടിക്സ് ആൻഡ് ആർട്ടിഫിഷ്യൽ ഇന്റലിജൻസിനു വേണ്ടി തൃശ്ശൂർ ഗവണ്മെന്റ് എഞ്ചിനീയറിംഗ് കോളേജിൽ ഒരു നോഡൽ സെന്റർ.
3. കണ്ണൂർ ഗവണ്മെന്റ് എഞ്ചിനീയറിംഗ് കോളേജിൽ സെന്റർ ഓഫ് എക്സലൻസ് ഇൻ സിസ്റ്റംസ്, എനർജി ആൻഡ് എൻവയോൺമെന്റ് സജ്ജീകരിച്ചു.

**എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയിലെ ട്രാൻസ്‌ലേഷൻ റിസർച്ച് സെന്റർ**: ട്രാൻസ്‌ലേഷൻ റിസർച്ച് സെന്റർ പദ്ധതി കൃത്യസമയത്ത് സുഗമമായി നടപ്പിലാക്കുന്നതിനുള്ള ഒരു 'സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ' ആയി എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയെ നിയമിച്ചു.

**മഹാത്മാഗാന്ധി സർവ്വകലാശാലയിലെ കൺവേർജൻസ് അക്കാദമിയ കോംപ്ലക്സ്** :വിവിധ പഠന കേന്ദ്രങ്ങൾ, എം.ജി. സർവ്വകലാശാലയിലെ ഗവേഷണ സ്കൂളുകൾ, എൻ.ജി.ഒ.കൾ, ഇന്ത്യയിലും വിദേശത്തു മുള്ള ഗവേഷണ സ്ഥാപനങ്ങൾ, വ്യവസായ മേഖലകൾ എന്നിവയെ ഏകോപിപ്പിച്ചു കൊണ്ട് വിപുലമായ അന്തർവൈജ്ഞാനിക ഗവേഷണ പരിപാടികൾ പ്രോത്സാഹിപ്പിക്കുന്നതിനായി രൂപകൽപ്പന ചെയ്ത ഈ സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തിയായി.

**പ്രത്യേക സാങ്കേതിക വികസന കേന്ദ്രങ്ങൾ**: സാങ്കേതിക പരിഹാരങ്ങൾ കണ്ടെത്തുന്നതിനായി വിവിധ എഞ്ചിനീയറിംഗ് കോളേജുകളിലായി നിരവധി പ്രത്യേക കേന്ദ്രങ്ങൾ സ്ഥാപിതമായിട്ടുണ്ട്. ഇവയിൽ കണ്ണൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെ റൂറൽ ടെക്നോളജി ഡെവലപ്മെന്റ് സെന്റർ; തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിലെ ട്രാൻസ്പോർട്ടേഷൻ റിസർച്ച് സെന്റർ, പ്രൊഡക്റ്റ് ഡിസൈൻ ആൻഡ് ഡെവലപ്മെന്റ് സെന്റർ; കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ റീയൂസബിൾ ബിൽഡിംഗ് സിസ്റ്റം; ബാർട്ടൺ ഹിൽ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെ സെന്റർ ഫോർ ബാംബൂ ടെക്നോളജി എന്നിവ പ്രത്യേക പരാമർശം അർഹിക്കുന്നു. സാമൂഹിക പ്രസക്തിയുള്ളതും പ്രായോഗികവുമായ ഗവേഷണ പദ്ധതികൾ ഈ കേന്ദ്രങ്ങൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നു.

**ഹരിത സംരംഭങ്ങൾ** : സൗരോർജ്ജം പ്രയോജനപ്പെടുത്തുന്നതിനും കാര്യക്ഷമമായ ജലസംരക്ഷണ-മാലിന്യ സംസ്കരണ സംവിധാനങ്ങൾ നടപ്പിലാക്കുന്നതിനുമുള്ള വ്യവസ്ഥകളോടെ, സർവ്വകലാശാലകളും മറ്റ് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളും ഊർജ്ജക്ഷമതയുള്ള 'ഹരിത കാമ്പസുകൾ' ഒരുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഉദാഹരണത്തിന്, കാര്യവട്ടം കാമ്പസിലെ ഗോൾഡൻ ജൂബിലി കെട്ടിടത്തിന്റെ മേൽക്കൂരയിൽ സ്ഥാപിച്ച 100 കിലോവാട്ട് ഗ്രിഡ്-കണക്റ്റഡ് സോളാർ ഫോട്ടോവോൾട്ടായിക് പവർ പ്ലാന്റ് പ്രതിവർഷം 1,46,000 യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കുന്നു. കേരള സർവ്വകലാശാലയുടെ 'ഗോഗ്രീൻ' സംരംഭങ്ങളുടെ ഭാഗമായുള്ള ഈ പദ്ധതി, ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ തന്നെ ഇത്തരത്തിലുള്ള ആദ്യത്തേതും സവിശേഷവുമായ ഒന്നാണ്.

**നിർമ്മലം – എം.ജി.യു**: ഹരിത ചിന്താഗതികൾ പ്രോത്സാഹിപ്പിക്കുന്നതിനായി സമർപ്പിച്ചിരിക്കുന്ന 'നിർമ്മലം' പദ്ധതിയുടെ അടിസ്ഥാനം 2018-ൽ സംസ്ഥാന സർക്കാർ ആരംഭിച്ച ഗ്രീൻ പ്രോട്ടോക്കോൾ ക്യാമ്പയിനിലാണ്. ഖരമാലിന്യങ്ങൾ വിജയകരമായി പുനരുപയോഗം ചെയ്യുകയോ മൂല്യവർദ്ധിത വസ്തുക്കളായി മാറ്റുകയോ ചെയ്യുന്നതിനൊപ്പം, ജൈവമാലിന്യങ്ങളെ കൃഷിക്ക് അനുയോജ്യമായ വളം പോലുള്ള ഉൽപ്പന്നങ്ങളായി മാറ്റാൻ സാധിച്ചു എന്നത് ഈ പദ്ധതിയുടെ പ്രധാന നേട്ടമാണ്.

**കായിക പശ്ചാത്തല സൗകര്യങ്ങൾ** : കേരള സർക്കാരിന്റെ കായിക യുവജനകാര്യ ഡയറക്ടറേറ്റുമായി സഹകരിച്ച് അന്താരാഷ്ട്ര നിലവാരത്തിലുള്ള ഇൻഡോർ സ്റ്റേഡിയവും സ്പോർട്സ് കോംപ്ലക്സും സ്ഥാപിക്കുന്നതിനായി എം.ജി. സർവ്വകലാശാല ധാരണാപത്രത്തിൽ ഒപ്പുവച്ചു. കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ അടങ്കൽ തുക 57 കോടി രൂപയാണ്.

## ഭാവിപരിപാടികൾ

വിജ്ഞാന സമ്പദ്‌വ്യവസ്ഥയാകുക എന്ന സംസ്ഥാനത്തിന്റെ കാഴ്ചപ്പാടിനെ പിന്തുണയ്ക്കുന്നതിനും, ഉന്നത വിദ്യാഭ്യാസ മേഖലയെ മുന്നോട്ട് കൊണ്ടുപോകുന്നതിനും ഉയർന്നുവരുന്ന വെല്ലുവിളികളെ നേരിടുന്നതിനും ലക്ഷ്യബോധമുള്ളതും തന്ത്രപരവുമായ ഒരു സമീപനം ആവശ്യമാണ്. പാഠ്യപദ്ധതി, ഭരണം, സ്ഥാപനപരമായ ഘടന എന്നിവയിലെ പുതിയ ദിശാബോധത്തോടൊപ്പം 14-ാം പദ്ധതിക്ക് കീഴിൽ പശ്ചാത്തല സൗകര്യങ്ങൾ, ബോധനനിലവാരം, അധ്യാപക പരിശീലനം, ഗവേഷണം എന്നിവയിൽ നടത്തുന്ന നിക്ഷേപങ്ങൾ കൂടി ചേരുമ്പോൾ കേരളത്തിന്റെ സാമ്പത്തിക നവീകരണത്തിൽ ഉന്നതവിദ്യാഭ്യാസത്തിനുള്ള പങ്ക് വ്യക്തമാണ്. സംസ്ഥാന സർവ്വകലാശാലകളുടെ ജനാധിപത്യപരമായ ഭരണത്തിന് കേന്ദ്ര സർക്കാർ ഇടപെടലുകൾ വെല്ലുവിളികൾ ഉയർത്തുന്നുണ്ടെങ്കിലും ഇത്തരം ഇടപെടലുകളുമായി സംസ്ഥാനം മുന്നോട്ട് പോകും.

ബിരുദധാരികൾ സംസ്ഥാനം വിട്ടുപോകുന്നതിന്റെ ആഘാതം തിരിച്ചറിഞ്ഞുകൊണ്ട്, പുതിയ തലമുറ കോഴ്സുകൾ, സ്കോളർഷിപ്പുകൾ എന്നിവ ഉൾപ്പെടെ കേരളത്തിലെ ഉന്നതവിദ്യാഭ്യാസത്തിന്റെ നിലവാരവും സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. പശ്ചാത്തല സൗകര്യങ്ങൾ, അധ്യാപക വികസനം, ഗവേഷണ സംവിധാനങ്ങൾ, വിദ്യാർത്ഥി സേവനങ്ങൾ എന്നിവ ശക്തിപ്പെടുത്തുന്നതിന് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കൂടുതൽ സാമ്പത്തിക സഹായം നൽകേണ്ടത് അത്യന്താപേക്ഷിതമാണ്. സമത്വവും ഉൾക്കൊള്ളലും ഉറപ്പാക്കുന്നതിന് പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കും വിദൂര മേഖലകളിലെ സ്ഥാപനങ്ങൾക്കും പ്രത്യേക പിന്തുണ നൽകേണ്ടതുണ്ട്.

ഡിജിറ്റൽ ഉപകരണങ്ങൾ, ഇ-ലേണിംഗ് പ്ലാറ്റ്ഫോമുകൾ, വിർച്വൽ ലബോറട്ടറികൾ, ഡാറ്റാ അധിഷ്ഠിത അക്കാദമിക് മാനേജ്മെന്റ് സിസ്റ്റങ്ങൾ എന്നിവയുടെ വർദ്ധിച്ച ഉപയോഗം വിദ്യാഭ്യാസ ലഭ്യതയും ഗുണ നിലവാരവും ഭരണക്ഷമതയും വർദ്ധിപ്പിക്കും. വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഡിജിറ്റൽ സാക്ഷരത ഉറപ്പാക്കുന്നതിനായി ശേഷി വികസന പരിപാടികൾ വ്യാപിപ്പിക്കും. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളും വ്യവസായ മേഖലയും തമ്മിലുള്ള ശക്തമായ പങ്കാളിത്തം അക്കാദമിക് പ്രോഗ്രാമുകളുടെ പ്രസക്തി വർദ്ധിപ്പിക്കുകയും തൊഴിലവസരങ്ങൾ മെച്ചപ്പെടുത്തുകയും നവീകരണാധിഷ്ഠിത സംരംഭകത്വത്തെ പിന്തുണയ്ക്കുകയും ചെയ്യും. നവീകരണത്തിന്റെയും വളർച്ചയുടെയും സംസ്കാരം പ്രോത്സാഹിപ്പിക്കുന്നതിനായി സംയുക്ത പദ്ധതികൾ, ഇന്റേൺഷിപ്പുകൾ, വിജ്ഞാന പങ്കിടൽ പ്ലാറ്റ്ഫോമുകൾ എന്നിവ സ്ഥാപനവൽക്കരിക്കും. ശാസ്ത്രീയ ഗവേഷണം, സാങ്കേതിക വിദ്യയുടെ വികസനം, നൈപുണ്യ രൂപീകരണം എന്നിവയിൽ ഒരു മികവിന്റെ കേന്ദ്രമായി മാറാനാണ് കേരളം ലക്ഷ്യമിടുന്നത്. വിദ്യാർത്ഥികളെ ആധുനിക നൈപുണ്യവും അറിവും ഉള്ളവരാക്കി മാറ്റുന്നതിനൊപ്പം കേരളത്തിന്റെ സാമൂഹിക-സാമ്പത്തിക പരിവർത്തനത്തിനും വിജ്ഞാന സമ്പദ്വ്യവസ്ഥ എന്ന ലക്ഷ്യത്തിനും സംഭാവന നൽകുന്ന, ആഗോളതലത്തിൽ മത്സരക്ഷമതയുള്ളതും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ ഒരു ഉന്നതവിദ്യാഭ്യാസ സംവിധാനം കെട്ടിപ്പടുക്കുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം.

## അദ്ധ്യായം 5

# വൈദ്യശുശ്രൂഷയും പൊതുജനാരോഗ്യവും

### കേരളം: പൊതുജനാരോഗ്യത്തിനായുള്ള നവീകരണ സംവിധാനങ്ങളിൽ ഒരു അഗ്രഗാമി

ആരോഗ്യരംഗത്തെ നേട്ടങ്ങളുടെ പേരിൽ, പ്രത്യേകിച്ച് പൊതുജനാരോഗ്യ രംഗത്ത്, കേരളം ലോകമെമ്പാടും അംഗീകരിക്കപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ പതിറ്റാണ്ടിൽ, ജനങ്ങളുടെ ആരോഗ്യ മേഖലയിലുള്ള നിക്ഷേപം വർദ്ധിപ്പിച്ചു എന്നത് കേരള സർക്കാരിന്റെ നയത്തിന്റെ ഒരു പ്രധാന സവിശേഷതയാണ്. കേന്ദ്ര സർക്കാർ നയങ്ങളിൽ നിന്നുള്ള ഭരണപരവും സാമ്പത്തികവുമായ വെല്ലുവിളികൾക്കിടയിലും, 13-ഉം 14-ഉം പഞ്ചവത്സര പദ്ധതി കാലയളവിൽ സംസ്ഥാനത്തെ എല്ലാ വിഭാഗം ജനങ്ങൾക്കും പൊതുമേഖലയിലൂടെ ഉയർന്ന നിലവാരമുള്ള രോഗപ്രതിരോധം, ചികിത്സ, സാന്ത്വന പരിചരണം എന്നിവ നൽകുന്ന ഒരു പൊതുജനാരോഗ്യ സംവിധാനം കെട്ടിപ്പടുക്കുക എന്നതായിരുന്നു സർക്കാരിന്റെ പൊതുവായ ലക്ഷ്യം. ആരോഗ്യ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളുടെ ഗുണനിലവാരവും മെച്ചപ്പെടുത്തുക, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ സമഗ്ര കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുക, കേരളത്തിന്റെ നിലവിലെ ആരോഗ്യ ആവശ്യങ്ങൾ പരിഹരിക്കുന്നതിനായി ദ്വിതീയ-ത്രിതീയ ചികിത്സാ കേന്ദ്രങ്ങളെ രോഗീസൗഹൃദമായി നവീകരിക്കുക എന്നിവയിലായിരുന്നു സർക്കാർ ശ്രദ്ധ കേന്ദ്രീകരിച്ചത്. എല്ലാ തലങ്ങളിലുമുള്ള സർക്കാർ ആശുപത്രികളുടെ നവീകരണത്തെ പിന്തുണയ്ക്കുന്ന ആരോഗ്യ നയം, പകർച്ചേതര രോഗങ്ങളെ പ്രതിരോധിക്കുന്നതിൽ പ്രത്യേക ഊന്നൽ നൽകുകയും ചെയ്തിട്ടുണ്ട്.

കേരളത്തിന്റെ ആരോഗ്യ സംവിധാനം അതിന്റെ ഉൾക്കൊള്ളൽ സ്വഭാവത്താൽ (inclusiveness) ശ്രദ്ധേയമായി തുടരുന്നു. ഓരോ വീടിനും തൊട്ടടുത്ത ദൂരത്തിൽ തന്നെ പുതിയ സേവനങ്ങളുടെ ലഭ്യത ഉറപ്പാക്കിക്കൊണ്ട് ആർദ്രം മിഷൻ പൊതുജനാരോഗ്യ സേവനങ്ങളിൽ വലിയ വിപുലീകരണം രേഖപ്പെടുത്തി. എല്ലാ ഭരണതലങ്ങളിലും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നത് ഇത് ഉറപ്പാക്കി. ഓരോ ജില്ലയിലും കാത്ത് ലാബ് സൗകര്യം എത്തിച്ചു. കേന്ദ്ര സർക്കാർ പദ്ധതികൾക്ക് കീഴിൽ നൽകുന്ന പരിമിതമായ പരിരക്ഷയെക്കാൾ കൂടുതൽ ആനുകൂല്യം ലഭിക്കുന്ന രീതിയിൽ, കുറഞ്ഞ നിരക്കിൽ കിടത്തി ചികിത്സയ്ക്കായി അധിക നിക്ഷേപം നടത്തി. മുതിർന്ന പൗരന്മാരുടെ ആരോഗ്യ ആവശ്യങ്ങൾക്കും വലിയ പരിഗണന നൽകി.

പൊതുജനാരോഗ്യ രംഗത്തെ പ്രവർത്തനങ്ങൾക്ക് കേരളത്തിന് അന്താരാഷ്ട്ര തലത്തിൽ അംഗീകാരങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നു. ജനനസമയത്തെ ആയുർദൈർഘ്യം, ശിശുമരണ നിരക്ക്, മാതൃമരണ നിരക്ക്, ലിംഗാനുപാതം എന്നിവയുൾപ്പെടെയുള്ള പ്രധാന ആരോഗ്യ സൂചികകളിൽ സംസ്ഥാനം മികച്ച പ്രകടനം കാഴ്ചവെക്കുന്നു. പ്രധാന ദേശീയ ആരോഗ്യ സൂചികകളിൽ സംസ്ഥാനം ഒന്നാം സ്ഥാനത്താണ്. ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായുള്ള പുരോഗതിയുടെ അടിസ്ഥാനത്തിൽ, നീതി ആയോഗിന്റെ ഹെൽത്ത് ഇൻഡക്സിൽ വലിയ സംസ്ഥാനങ്ങൾക്കിടയിൽ കേരളം ഒന്നാം സ്ഥാനം നേടി.

ഏറ്റവും കൂടുതൽ സൗജന്യ ചികിത്സാ ക്ലെയിമുകൾ കൈകാര്യം ചെയ്തതിന്, ആയുഷ്മാൻ ഭാരത് പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജനയുടെ വാർഷികാഘോഷ വേളയിൽ കേരളത്തിന് 'ആരോഗ്യ മന്ഥൻ 2023' പുരസ്കാരം ലഭിച്ചു. ബ്രെയിൻ ലിപിയിൽ ചികിത്സാ കാർഡുകൾ അവതരിപ്പിച്ചതിനെത്തുടർന്ന് കാഴ്ചപരിമിതിയുള്ള ഗുണഭോക്താക്കൾക്ക് മികച്ച സേവനം നൽകുന്ന സംസ്ഥാനത്തിനുള്ള പുരസ്കാരവും കേരളത്തിന് ലഭിച്ചു. ദേശീയ ക്ഷയരോഗ നിയന്ത്രണ പദ്ധതിക്ക് കീഴിൽ ഏറ്റവും കൂടുതൽ മോളിക്യുലാർ ടെസ്റ്റുകൾ നടത്തിയതിനുള്ള പുരസ്കാരം നേടിയതാണ് മറ്റൊരു നേട്ടം. അന്താരാഷ്ട്ര തലത്തിൽ, പകർച്ചേതര രോഗങ്ങളുടെ നിയന്ത്രണത്തിലും പ്രതിരോധത്തിലും നടത്തിയ പ്രവർത്തനങ്ങൾക്കായി 2020-ൽ ഐക്യരാഷ്ട്രസഭയുടെ ഇന്റർ ഏജൻസി ടാസ്ക് ഫോഴ്സ് അവാർഡ് കേരളത്തിന് ലഭിച്ചു..

### 13 ഉം , 14 ഉം പഞ്ചവത്സര പദ്ധതികൾക്ക് കീഴിലുള്ള പ്രവർത്തനങ്ങൾ

13- **ഉം**, 14- **ഉം** പഞ്ചവത്സര പദ്ധതികൾ കേവലം മനുഷ്യന്റെ ആരോഗ്യത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്ന രീതിയിൽ നിന്നും മാറി, പ്ലാനെറ്ററി ഹെൽത്ത് (Planetary Health) എന്ന വിശാലമായ കാഴ്ചപ്പാടിലേക്ക് മാറി. ന്യായബോധം, കാര്യക്ഷമത, ഗുണനിലവാരം, സാംസ്കാരികമായ ക്ഷമത എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് സമഗ്രമായ ക്ഷേമം പ്രോത്സാഹിപ്പിക്കുന്ന അവകാശാധിഷ്ഠിതമായ സമീപനങ്ങളിലൂടെ കേരളത്തിന്റെ വൈദ്യശാസ്ത്ര-പൊതുജനാരോഗ്യ സംവിധാനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള തന്ത്രപ്രധാനമായ പ്രവർത്തനങ്ങൾ ഈ പദ്ധതികൾ അവതരിപ്പിച്ചു.

സാംക്രമികേതര രോഗങ്ങൾ (NCDs), ഉയർന്നുവരുന്ന പകർച്ചവ്യാധികൾ എന്നീ ഇരട്ട വെല്ലുവിളികളെ മികച്ച രീതിയിൽ നേരിടുന്നതിനായി ആരോഗ്യ സ്ഥാപനങ്ങളെ പരിവർത്തനം ചെയ്യാനാണ് ഈ രണ്ട് പഞ്ചവത്സര പദ്ധതികളും ലക്ഷ്യമിട്ടത്. ഈ മാറ്റത്തിന്റെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ (PHCs) കുടുംബാരോഗ്യ കേന്ദ്രങ്ങളായും (FHCs), സബ് സെന്ററുകളെ ആരോഗ്യവും സൗഖ്യവും കേന്ദ്രങ്ങളായും (ജനകീയ ആരോഗ്യ കേന്ദ്രം) ഉയർത്താൻ സർക്കാർ നിർദ്ദേശിച്ചു. സാർവത്രിക ആരോഗ്യ പരിരക്ഷ(Universal Health Coverage)ഉറപ്പാക്കുന്നതിനായി, ക്ലിനിക്കൽ കെയർ സേവനങ്ങളും രോഗനിയന്ത്രണ പരിപാടികളും ശക്തിപ്പെടുത്തുന്നതിനും, ഇത്തരം ഇടപെടലുകൾ പ്രാന്തപ്രദേശ തലത്തിലുള്ള സ്ഥാപനങ്ങളിലേക്ക് പരമാവധി വ്യാപിപ്പിക്കുന്നതിനും ഈ പദ്ധതികൾ വിഭാവനം ചെയ്തു.

4-ാം പഞ്ചവത്സര പദ്ധതിയുടെ പ്രധാന ശ്രദ്ധാകേന്ദ്രം ആരോഗ്യപരിരക്ഷ ഉറപ്പാക്കുന്നതിലെ ഒരു പ്രധാന തടസ്സമായി അംഗീകരിക്കപ്പെട്ട 'കൈയ്യിൽ നിന്നുള്ള ചെലവ്' (OOPE) എന്ന വെല്ലുവിളിയായിരുന്നു. ന്യായബോധമുള്ള പൊതുജനാരോഗ്യ മേഖലയെ ശക്തിപ്പെടുത്തുന്നതിലൂടെയും സംവിധാനത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിലൂടെയും ഇത്തരം ചെലവുകൾ കുറയ്ക്കുന്നതിനുള്ള ബഹുമുഖമായ ഒരു തന്ത്രത്തിന് ഈ പദ്ധതി രൂപരേഖ

**പട്ടിക 5.1** *13-ഉം , 14-ഉം പഞ്ചവത്സര പദ്ധതികളിലെ കേരളത്തിന്റെ ആരോഗ്യ മേഖല*

| | 13-ാം പഞ്ചവത്സര പദ്ധതി (2016-2022) | 14-ാം പഞ്ചവത്സര പദ്ധതി (2022-2027) |
|---|---|---|
| കാഴ്ചപ്പാട് (Vision) | നിലവാരം നിശ്ചയിക്കൽ മുഖേന സമഗ്രമായ ആരോഗ്യപരിരക്ഷ ലഭ്യമാക്കുന്നതിലും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി പൊതുജനാരോഗ്യ സേവനങ്ങളിൽ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിച്ചു. | ആരോഗ്യം, പരിസ്ഥിതി, ന്യായബോധം എന്നിവയെ ഏകോപിപ്പിച്ചുകൊണ്ട് 'പ്ലാനെറ്ററി ഹെൽത്ത്' എന്ന കാഴ്ചപ്പാടിലേക്ക് മാറുകയും സാർവത്രിക ആരോഗ്യ പരിരക്ഷയും സുസ്ഥിരമായ ക്ഷേമവും എന്ന ലക്ഷ്യത്തിലേക്ക് നീങ്ങുകയും ചെയ്തു. |
| പ്രാഥമിക ആരോഗ്യ സംരക്ഷണം | ആർദ്രം മിഷന് കീഴിൽ 400-ലധികം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി (FHC) മാറ്റി. പ്രോട്ടോക്കോൾ അടിസ്ഥാനമാക്കിയുള്ള ചികിത്സാ മാർഗനിർദ്ദേശങ്ങൾ പ്രോത്സാഹിപ്പിച്ചു. | കുടുംബാരോഗ്യ കേന്ദ്ര മാതൃക തുടരുകയും വിപുലീകരിക്കുകയും ചെയ്തു. നഗരപ്രദേശങ്ങളിലെ സബ് സെന്ററുകളെ 'ജനകീയ ആരോഗ്യ കേന്ദ്രങ്ങളായി' ഉയർത്തുന്നത് വേഗത്തിലാക്കി. അക്രഡിറ്റേഷൻ മാനദണ്ഡങ്ങളിലൂടെ ഗുണനിലവാരം ഉറപ്പാക്കി. |
| സാംക്രമികേതര രോഗങ്ങളിൽനിന്നുള്ള സംരക്ഷണം | പ്രാഥമികാരോഗ്യ കേന്ദ്രതലത്തിൽ പ്രമേഹം, അമിത രക്തസമ്മർദ്ദം എന്നിവയുടെ പരിശോധനയ്ക്കും ചികിത്സയ്ക്കും മുൻഗണന നൽകുകയും ചില സ്പെഷ്യലിസ്റ്റ് ക്ലിനിക്കുകൾ ആരംഭിക്കുകയും ചെയ്തു. സെക്കൻഡറി തലത്തിലുള്ള ആശുപത്രികളിൽ കാർഡിയോളജി, നെഫ്രോളജി, ന്യൂറോളജി വിഭാഗങ്ങളിൽ സ്പെഷ്യാലിറ്റി സേവനങ്ങളും എല്ലാ താലൂക്ക് തല ആശുപത്രികളിലും ഡയാലിസിസ് യൂണിറ്റുകളും പ്രധാന ജില്ലാ തല ആശുപത്രികളിൽ പക്ഷാഘാത യൂണിറ്റുകളും കാത്ത് ലാബുകളും സജ്ജമാക്കി. | കൂടുതൽ സ്പെഷ്യലിസ്റ്റ് ക്ലിനിക്കുകൾ വഴി സാംക്രമികേതര രോഗ നിയന്ത്രണ പരിപാടികൾ വിപുലീകരിച്ചു. കൂടുതൽ രോഗങ്ങളെ പരിശോധനയുടെ പരിധിയിൽ കൊണ്ടുവരികയും തുടർച്ചയായ പരിചരണം ഉറപ്പാക്കുകയും ചെയ്തു. |
| പകർച്ചവ്യാധികൾ | നിപ, കോവിഡ്-19 തുടങ്ങിയ രോഗങ്ങൾ പടരുന്നത് തടയാൻ സജ്ജീകരണങ്ങൾ ഒരുക്കുന്നതിലും പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിച്ചു. | പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കി. ഇ-ഹെൽത്ത് ഡാറ്റാബേസ് വിപുലീകരിച്ചു. 'വൺ ഹെൽത്ത്' പദ്ധതി ആരംഭിക്കുകയും 'നിർണ്ണയ' ലാബുകൾ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി എന്നിവ വഴി ലാബ് ശൃംഖല ശക്തിപ്പെടുത്തുകയും ചെയ്തു. |
| മനുഷ്യവിഭവശേഷിയും പരിശീലനവും | ഡോക്ടർമാർ (570), നഴ്സുമാർ (740), ഫാർമസിസ്റ്റുകൾ, ലാബ് ടെക്നീഷ്യൻമാർ (350-ലധികം) എന്നിങ്ങനെ മൂവായിരത്തിലധികം പുതിയ തസ്തികകൾ ആരോഗ്യവകുപ്പിന് കീഴിൽ സൃഷ്ടിച്ചു. സേവനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനങ്ങൾ ആരംഭിച്ചു. | ജീവനക്കാരുടെ കുറവ് പരിഹരിക്കുകയും അടിയന്തര-സാന്ത്വന പരിപാലന വിഭാഗങ്ങളിൽ പരിശീലനം തുടരുകയും ചെയ്തു. ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം (LMS) പോലുള്ള ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ വഴി സർവ്വീസിലുള്ളവർക്ക് തുടർ പരിശീലനങ്ങൾ നൽകി. |

| | 13-ാം പഞ്ചവത്സര പദ്ധതി (2016-2022) | 14-ാം പഞ്ചവത്സര പദ്ധതി (2022-2027) |
|---|---|---|
| ന്യായബോധവും പ്രാപ്യത യും | പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്കിട യിലുള്ള (ആദിവാസി, തീരദേശ മേഖലകൾ, അതിഥി തൊഴിലാളികൾ തുടങ്ങിയവർ) സേവന വിടവുകൾ പരിഹരിച്ചു. | സാർവത്രിക ആരോഗ്യ പരിരക്ഷയിലേക്ക് (UHC) നീങ്ങുകയും ആശുപത്രികളുടെ പരിവർത്തനം തുടരുകയും ചെയ്തു. ഇ-ഹെൽത്ത് സംയോജനം, ആരോഗ്യത്തിലെ ന്യായബോധം ,എല്ലാവരെയും ഉൾക്കൊള്ളു ന്ന രീതി എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകി. |
| ആരോഗ്യ ധനസഹായം | ഇൻഷുറൻസ് പരിരക്ഷയും സേവനങ്ങളും വ്യാപിപ്പിച്ചു. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP), ജീവനക്കാർക്കും പെൻ ഷൻകാർക്കുമായുള്ള 'മെഡിസെപ് (MEDISEP) എന്നിവ ആരംഭിച്ചു. | സ്വന്തം കൈയ്യിൽ നിന്നുള്ള ചെലവ് (OOPE) കുറയ്ക്കുന്നതിനായി പി.എം.ജെ.എ.വൈ (PMJAY) പദ്ധതിയുമായി സംയോജിപ്പിച്ച് ഇൻഷുറൻസ് നയം പുനർനിർമ്മിച്ചു. |

നൽകി. പൊതുജനാരോഗ്യ അടിസ്ഥാന സൗകര്യവികസ നത്തിലുള്ള നിക്ഷേപവും സേവന വിതരണവും വർദ്ധിപ്പി ക്കുന്നതിലൂടെ, കൂടുതൽ പ്രാപ്യതയും താങ്ങാനാവുന്നതും സുസ്ഥിരവുമായ രീതിയിൽ ആരോഗ്യസംരക്ഷണ സംവി ധാനത്തെ പുനർരൂപകൽപ്പന ചെയ്യാനാണ് കേരളം ലക്ഷ്യ മിട്ടത്.

### ആരോഗ്യ സൂചികകളിലെ പുരോഗതി

കേരളത്തിന്റെ ആരോഗ്യ സൂചികകൾ സ്ഥിരമായും സാര വത്തായും ദേശീയ ശരാശരിയെക്കാൾ വളരെ മുന്നിലാണ് പൊതുജനാരോഗ്യം, വിദ്യാഭ്യാസം, ലിംഗസമത്വം, വികേന്ദ്രീ കൃത ഭരണം എന്നിവയിൽ സംസ്ഥാനം ദീർഘകാലമായി നടത്തിവരുന്ന നിക്ഷേപങ്ങളുടെ പ്രതിഫലനമാണിത്.

ശിശുമരണ നിരക്ക് (IMR), മാതൃമരണ അനുപാതം (MMR), ജനനസമയത്തെ ആയുർദൈർഘ്യം (വർഷത്തിൽ), നവജാത ശിശുമരണ നിരക്ക് (NMR), ആകെ പ്രത്യുൽപ്പാ ദന നിരക്ക് (TFR), ക്രൂഡ് ജനനനിരക്ക് (CBR) എന്നിവയിൽ കേരളവും ഇന്ത്യയും തമ്മിലുള്ള ആരോഗ്യ സൂചികകളുടെ ഗ്രാഫിക്കൽ പ്രാതിനിധ്യം ചിത്രം 5.1-ൽ നൽകിയിരിക്കുന്നു.

ദേശീയ കുടുംബ ആരോഗ്യ സർവേ (NFHS-5, 2019-21), സാമ്പിൾ രജിസ്ട്രേഷൻ സിസ്റ്റം (SRS) റിപ്പോർട്ടുകൾ എന്നിവയിൽ നിന്നുള്ള കണ്ടെത്തലുകൾ കഴിഞ്ഞ ദശ കത്തിൽ കേരളത്തിന്റെ ആരോഗ്യ സൂചികകളിലുണ്ടായ ഗണ്യമായ പുരോഗതിയെ വ്യക്തമായി പ്രതിഫലിപ്പിക്കുന്നു.




**ചിത്രം 5.1** *കേരളത്തിലെയും ഇന്ത്യയിലെയും ആരോഗ്യ സൂചികകളുടെ ഗ്രാഫിക്കൽ വിവരണം*

*അവലംബം:* സാമ്പിൾ രജിസ്ട്രേഷൻ സിസ്റ്റം; നാഷണൽ ഹെൽത്ത് പ്രൊഫൈൽ; നാഷണൽ ഫാമിലി ഹെൽത്ത് സർവേ.

ശിശുമരണ നിരക്ക് (IMR), മാതൃമരണ അനുപാതം (MMR), നവജാത ശിശുമരണ നിരക്ക് (NMR), ആയുർദൈർഘ്യം, ആകെ പ്രത്യുൽപ്പാദന നിരക്ക് (TFR) തുടങ്ങിയ പ്രധാന മേഖലകളിൽ സംസ്ഥാനം കൈവരിച്ച സ്ഥിരതയാർന്ന പുരോഗതിയെ ഈ റിപ്പോർട്ടുകൾ എടുത്തുകാട്ടുന്നു.

*മാതൃമരണങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനും അവലോകനം ചെയ്യുന്നതിനും ആഡിറ്റ് ചെയ്യുന്നതിനും കേരളത്തിന് ശക്തമായ ഒരു സംവിധാനമുണ്ട്. എല്ലാ മാതൃമരണങ്ങളും 24 മണിക്കൂറിനുള്ളിൽ റിപ്പോർട്ട് ചെയ്യുകയും ജില്ലാ-സംസ്ഥാന തലങ്ങളിലെ വിദഗ്ധ സമിതികളുടെ അവലോകനത്തിന് വിധേയമാക്കുകയും ചെയ്യുന്നു. സാധാരണയായി വാർഷിക മാതൃമരണങ്ങൾ 110-നും 160-നും ഇടയിലാണെങ്കിലും, 2021-22 കാലഘട്ടത്തിൽ ഇത് 220 ആയി ഉയർന്നത് പ്രധാനമായും കോവിഡ്-19 അനുബന്ധമായുണ്ടായ 97 മരണങ്ങൾ കാരണമാണ്. അതേസമയം തന്നെ, സംസ്ഥാനത്തെ സജീവ ജനനങ്ങളുടെ (live births) എണ്ണത്തിൽ വലിയ കുറവുണ്ടാകുകയും ചെയ്തു. ഏറ്റവും പുതിയ എസ്.ആർ.എസ് (SRS 2021-23) ഡാറ്റയിൽ രേഖപ്പെടുത്തിയിട്ടുള്ള ഉയർന്ന മാതൃമരണ അനുപാതമായ 30 എന്നത്, കേരളത്തിന്റെ മാതൃ ആരോഗ്യ സംവിധാനത്തിന്റെ തകർച്ചയല്ല സൂചിപ്പിക്കുന്നത്; മറിച്ച് കോവിഡ് മരണങ്ങളുടെ ആഘാതവും സാമ്പിൾ അടിസ്ഥാനമാക്കിയുള്ള കണക്കെടുപ്പിൽ സജീവ ജനനങ്ങളുടെ എണ്ണം കുറഞ്ഞതും കാരണമുണ്ടായ സ്ഥിതിവിവരക്കണക്കിലെ മാറ്റമാണ്. മുൻപത്തെ എസ്.ആർ.എസ് (2020-22) കണക്കുകളിൽ മാതൃമരണ അനുപാതം 18 ആയിരുന്നു. ഇത് കുറഞ്ഞ കോവിഡ് മരണങ്ങളെയും കൂടുതൽ സജീവ ജനനങ്ങളെയും സൂചിപ്പിക്കുന്നു, അതായത് മാതൃ ആരോഗ്യ ഫലങ്ങളിൽ യാതൊരുവിധ തകർച്ചയും ഉണ്ടായിട്ടില്ലെന്ന് ഇത് വ്യക്തമാക്കുന്നു.

**ആരോഗ്യ മേഖലയിലെ പൊതു നിക്ഷേപം**

മാറിക്കൊണ്ടിരിക്കുന്ന ജനസംഖ്യാപരവും സാംക്രമിക രോഗശാസ്ത്രപരവും സാമൂഹികവും സാമ്പത്തികവുമായ വെല്ലുവിളികൾക്ക് പ്രതികരണമായി 2016-നും 2025-നും ഇടയിൽ ആരോഗ്യ മേഖലയിലെ പൊതു നിക്ഷേപത്തിൽ കേരളം ഗണ്യമായ വർദ്ധനവ് വരുത്തി. സാർവത്രിക ആരോഗ്യ പരിരക്ഷയിലേക്ക് നീങ്ങുക എന്ന ലക്ഷ്യത്തോടും, "എല്ലാ പ്രായത്തിലുമുള്ളവർക്കും ആരോഗ്യകരമായ ജീവിതം ഉറപ്പാക്കുകയും ക്ഷേമം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക" എന്ന എസ്.ഡി.ജി 3 (SDG 3) കൈവരിക്കുക എന്ന ലക്ഷ്യത്തോടും കൂടി ആരോഗ്യ സംവിധാനങ്ങളെ ശക്തിപ്പെടുത്തുന്നതിൽ ഈ കാലയളവിൽ വലിയ മാറ്റമുണ്ടായി. ഈ കാലയളവിലെ നിക്ഷേപങ്ങൾ പ്രധാനമായും അടിസ്ഥാനസൗകര്യ ആധുനികവൽക്കരണം, മനുഷ്യവിഭവശേഷി, പ്രാഥമിക ആരോഗ്യ പരിരക്ഷാ പരിവർത്തനം, ഡിജിറ്റൽ ആരോഗ്യം, ജനങ്ങൾക്കുള്ള സാമ്പത്തിക സംരക്ഷണം എന്നിവയെ ലക്ഷ്യം വച്ചുള്ളതായിരുന്നു. 2016-17 നും 2024-25 നും ഇടയിൽ കേരളം ആരോഗ്യ മേഖലയിലെ ചെലവ് ക്രമാനുഗതമായി വർദ്ധിപ്പിച്ചു. മൊത്തം സർക്കാർ ചെലവിൽ ആരോഗ്യ മേഖലയ്ക്കുള്ള വിഹിതം (ആരോഗ്യ വകുപ്പ്, കിഫ്ബി, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവ മുഖേനയുള്ളത് ഉൾപ്പെടെ) 2024-25-ൽ 7.5 ശതമാനവും 2025-26-ൽ 7 ശതമാനവുമായിരുന്നു.

**ആർദ്രം മിഷൻ: കേരളത്തിന്റെ പൊതുജനാരോഗ്യ രംഗത്തെ പരിവർത്തനപ്പെടുത്തൽ**

13-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ ആരംഭിച്ച ആർദ്രം മിഷൻ, ഔദ്യോഗിക അംഗീകാരം, ഗുണനിലവാരം ഉറപ്പാക്കൽ, സ്ഥാപനപരമായ വികസനം എന്നിവയിൽ അധിഷ്ഠിതമായ സമഗ്രമായ മാറ്റത്തിലൂടെ കേരളത്തിന്റെ ആരോഗ്യസംരക്ഷണ സംവിധാനത്തിൽ വിപ്ലവകരമായ മാറ്റം കൊണ്ടുവന്നു. പൊതുജനാരോഗ്യ സേവനങ്ങളുടെ ഗുണനിലവാരം, പ്രാപ്യത, ചെലവ് വഹിക്കാനുള്ള കഴിവ് എന്നിവ മെച്ചപ്പെടുത്തിക്കൊണ്ട് ചെലവേറിയ സ്വകാര്യ ആരോഗ്യ സേവനങ്ങളെ പൊതുജനങ്ങൾ ആശ്രയിക്കുന്നത് കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ 2017 ഫെബ്രുവരിയിലാണ് ഈ മിഷൻ ആരംഭിച്ചത്. അടിസ്ഥാന സൗകര്യങ്ങളിലും സേവനം നൽകുന്നതിലും ആർദ്രം വലിയ മെച്ചപ്പെടുത്തലുകൾ കൊണ്ടുവന്നു, ഇത് പൊതുജനങ്ങളുടെ വിശ്വാസം വീണ്ടെടുക്കുന്നതിനും സർക്കാർ ആരോഗ്യ സൗകര്യങ്ങളുടെ ഉപയോഗം ഗണ്യമായി വർദ്ധിപ്പിക്കുന്നതിനും കാരണമായി.

പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ (PHC) ജനസൗഹൃദ കുടുംബാരോഗ്യ കേന്ദ്രങ്ങളായി (FHC) മാറ്റുക എന്നത് ഈ മിഷന്റെ ഒരു പ്രധാന നാഴികക്കല്ലായിരുന്നു. മികച്ച പരിശീലനം ലഭിച്ച ജീവനക്കാരുടെയും ഡിജിറ്റൽ ഏകീകരണത്തിന്റെയും സഹായത്തോടെ രോഗീസൗഹൃദവും ഉയർന്ന ഗുണനിലവാരമുള്ളതുമായ പരിചരണമാണ് ഈ കേന്ദ്രങ്ങൾ ഇപ്പോൾ നൽകുന്നത്. അധിക ആരോഗ്യ പ്രവർത്തകരുടെ വിന്യാസം, സ്പെഷ്യലിസ്റ്റ് സേവനങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കൽ, മനുഷ്യവിഭവശേഷിക്ക് വേണ്ടിയുള്ള സമഗ്രമായ പരിശീലനം, ഇ-ഹെൽത്തിലൂടെ ഡിജിറ്റൽ ഹെൽത്ത് റെക്കോർഡ് സംവിധാനം നടപ്പിലാക്കൽ, നവീകരിച്ച ലബോറട്ടറി സൗകര്യങ്ങൾ, അവശ്യ മരുന്നുകളുടെ തടസ്സമില്ലാത്ത ലഭ്യത എന്നിവയായിരുന്നു പ്രധാന പരിഷ്കാരങ്ങൾ. കൂടാതെ, ചികിത്സയെക്കാൾ പ്രതിരോധത്തിന് മുൻഗണന നൽകുന്ന രീതിയിലേക്കുള്ള മാറ്റം, ജോലിക്ക് പോകുന്നവർക്കായി ഒ.പി (Outpatient) സമയം വൈകുന്നേരം 6 മണി വരെയാക്കിയത്, സൗകര്യപ്രദമായ വിശ്രമമുറികൾ, വെബ് അധിഷ്ഠിത അപ്പോയിന്റ്മെന്റ് സംവിധാനം, കൗമാരക്കാർ, വയോജനങ്ങൾ, പ്രസവാനന്തര പരിചരണം ആവശ്യമുള്ള അമ്മമാർ, ലഹരി ഉപയോഗത്തിന് അടിമപ്പെട്ടവർ എന്നിവർക്കായി പ്രത്യേക കൗൺസിലിംഗും രജിസ്ട്രേഷൻ സേവനങ്ങളും ഈ മിഷന്റെ ഭാഗമായി നടപ്പിലാക്കി.

ആരോഗ്യ സംരക്ഷണത്തിൽ ന്യായബോധം ഉറപ്പാക്കുന്നതിന് മുൻഗണന നൽകിയ മിഷൻ ആദിവാസി, തീരദേശ, അതിഥി തൊഴിലാളികൾ എന്നിവർക്ക് അവശ്യ സേവനങ്ങൾ എത്തിച്ചു. ഇന്ന് കുടുംബാരോഗ്യ കേന്ദ്രങ്ങൾ മാതൃ-ശിശു ആരോഗ്യ സംരക്ഷണം, പകർച്ചവ്യാധി നിയന്ത്രണം, സാംക്രമികവും സാംക്രമികേതരവുമായ രോഗങ്ങളുടെ നിയന്ത്രണം, വയോജന പരിചരണം, സാന്ത്വന പരിചരണം, കൃത്യമായ ഒ.പി സേവനങ്ങളും തുടർപരിശോധനകളും ഉൾപ്പെടെ വിപുലമായ സേവനങ്ങൾ നൽകിവരുന്നു.

**ആർദ്രം മിഷന് കീഴിലുള്ള ആശുപത്രി പരിവർത്തനം:**

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ (PHCs) ജനസൗഹൃദ കുടുംബാരോഗ്യ കേന്ദ്രങ്ങളായും (FHCs), സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ (CHCs) ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളായും (BFHCs) മാറ്റുന്നതിനും താലൂക്ക്, ജില്ലാ, മെഡിക്കൽ കോളേജ് ആശുപത്രികളെ ശക്തിപ്പെടുത്തുന്നതിലുമാണ് ആർദ്രം മിഷൻ ശ്രദ്ധ കേന്ദ്രീകരിച്ചത്. രോഗീ സൗഹൃദ ഒ.പി സേവനങ്ങളും അടിസ്ഥാനസൗകര്യ വർദ്ധനവും നടപ്പിലാക്കിക്കൊണ്ട് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി. ഇപ്പോൾ ഈ കേന്ദ്രങ്ങളിൽ ആകർഷകമായ അന്തരീക്ഷം, പ്രാപ്യമായ റാമ്പുകൾ, സൈഡ് റെയിലുകൾ, വ്യക്തമായ ദിശാസൂചകങ്ങൾ, ടോക്കൺ സംവിധാനം, പേപ്പർരഹിത രജിസ്ട്രേഷൻ, സ്ഥാനനിർദ്ദേശം ചെയ്യപ്പെട്ട പ്രീ-ചെക്ക് ഏരിയകൾ, പ്രത്യേക രജിസ്ട്രേഷൻ കൗണ്ടറുകൾ എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. ആംബുലൻസുകൾക്കും മറ്റ് വാഹനങ്ങൾക്കുമായുള്ള പാർക്കിംഗ് ഇടങ്ങൾ, രോഗികളുടെ അവകാശങ്ങളും ഉത്തരവാദിത്തങ്ങളും വ്യക്തമാക്കുന്ന സിറ്റിസൺ ചാർട്ടർ, ജീവനക്കാരുടെ വിവരങ്ങൾ, ഐ.ഇ.സി (IEC) കോർണറുകൾ, നിർദ്ദേശ-പരാതി പെട്ടികൾ, മുലയൂട്ടൽ കേന്ദ്രങ്ങൾ, പ്രത്യേക ഫാർമസി കൗണ്ടറുകൾ എന്നിവയും ഇതിന്റെ ഭാഗമായി ഒരുക്കിയിട്ടുണ്ട്.

നിലവിൽ 740 കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 105 ബ്ലോക്ക് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, 46 ആശുപത്രികൾ (8 മെഡിക്കൽ കോളേജുകൾ, 14 ജില്ലാ/ജനറൽ ആശുപത്രികൾ, 24 താലൂക്ക് ആശുപത്രികൾ ഉൾപ്പെടെ) എന്നിവയുടെ പരിവർത്തനം പൂർണ്ണമായും പൂർത്തിയായി. കൂടാതെ 53 കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 17 ബ്ലോക്ക് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, 11 ആശുപത്രികൾ എന്നിവയുടെ നവീകരണം അവസാന ഘട്ടത്തിലാണ്. മിഷന്റെ ഭാഗമായി 5,415 സബ് സെന്ററുകളും നവീകരിച്ചു. അവശ്യ മരുന്നുകളുടെ കൃത്യമായ വിതരണവും നിലവാരാധിഷ്ഠിത ചികിത്സാ രീതികളും ഉറപ്പാക്കിക്കൊണ്ട് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയത് ആരോഗ്യ മേഖലയിൽ വലിയ പുരോഗതിക്കും സർക്കാർ ആരോഗ്യ സംവിധാനത്തിലുള്ള പൊതുജന വിശ്വാസം വർദ്ധിക്കുന്നതിനും കാരണമായി.

**സർക്കാർ ആശുപത്രികളിലെ കിടക്കകളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ്**

ആർദ്രം മിഷനിലൂടെയുള്ള സർക്കാരിന്റെ പരിശ്രമങ്ങളുടെ നേരിട്ടുള്ള ഫലങ്ങളിലൊന്ന് സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്നവരുടെ എണ്ണത്തിലുണ്ടായ വർദ്ധനവാണ്. കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ജില്ലാതല ആശുപത്രികളിലും ലഭ്യമായ സൗകര്യങ്ങൾ വർദ്ധിപ്പിച്ചത് ഇതിന് കാരണമായി. ഈ വർഷങ്ങളിൽ ആശുപത്രി കിടക്കകളുടെ ആകെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. കേരളത്തിലെ കിടക്ക-ജനസംഖ്യാ അനുപാതം 1:594 ആണ്; മോഡേൺ മെഡിസിനിൽ മാത്രം ഇത് 1:656 ആണ്. കേരളത്തിലെ ശരാശരി ഡോക്ടർ-കിടക്ക അനുപാതം 1:4 ആണ്; മോഡേൺ മെഡിസിനിൽ മാത്രം ഇത് 1:5 ആണ്. കേരളത്തിലെ ഡോക്ടർ-ജനസംഖ്യാ അനുപാതം 1:2585 ആണ് 2021-ൽ കണക്കാക്കപ്പെട്ട ജനസംഖ്യയുടെ അടിസ്ഥാനത്തിലുള്ളതാണിത്. ഈ കണക്കുകൾ സർക്കാർ മേഖലയിലെ സ്ഥിതി മാത്രമാണ് പ്രതിഫലിപ്പിക്കുന്നത്; സ്വകാര്യ മേഖലയെക്കൂടി പരിഗണിക്കുകയാണെങ്കിൽ ഈ നിരക്കുകൾ ഗണ്യമായി ഉയരും.

**നഗര ആരോഗ്യ കേന്ദ്രങ്ങൾ (Urban Health Centres – UHCs)**

വർദ്ധിച്ചുവരുന്ന നഗര ജനസംഖ്യയുടെ ആരോഗ്യ ആവശ്യങ്ങൾ പരിഹരിക്കുന്നതിനായി നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ (UPHCs) ശക്തിപ്പെടുത്തുന്നതിൽ കേരളം വലിയ മുന്നേറ്റം നടത്തിയിട്ടുണ്ട്. ജനസാന്ദ്രതയേറിയതും സേവനങ്ങൾ കുറഞ്ഞതുമായ നഗരപ്രദേശങ്ങളിൽ താങ്ങാനാവുന്നതും പ്രാപ്യവുമായ ഗുണമേന്മയുള്ള പ്രാഥമികാരോഗ്യ സേവനങ്ങൾ എത്തിക്കുന്നതിൽ ഈ കേന്ദ്രങ്ങൾ നിർണ്ണായക പങ്ക് വഹിക്കുന്നു. സംസ്ഥാനത്തുടനീളം 102 നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും, 6 നഗര സാമൂഹികാരോഗ്യ കേന്ദ്രങ്ങളും (UCHCs), ആവശ്യത്തിന് ജീവനക്കാരും മരുന്നുകളും മറ്റ് സേവനങ്ങളും ഉപകരണങ്ങളും എത്തിച്ചുകൊടുക്കൽ സൗകര്യങ്ങളുമുള്ള 70 നഗര ആരോഗ്യ ഉപകേന്ദ്രങ്ങളും (ജനകീയ ആരോഗ്യ കേന്ദ്രം) സ്ഥാപിച്ചു. 65 കേന്ദ്രങ്ങളിൽ ലബോറട്ടറി സൗകര്യങ്ങളും ലഭ്യമാണ്. സാംക്രമികേതര രോഗങ്ങൾക്കുള്ള സേവനങ്ങൾ, സംയോജിത മാതൃ-ശിശു-കൗമാര ആരോഗ്യ സേവനങ്ങൾ (RMNCH+A), മാനസികാരോഗ്യ സേവനങ്ങൾ, റഫറൽ സേവനങ്ങൾ, ദുർബല വിഭാഗങ്ങൾക്കായുള്ള പ്രത്യേക സേവനങ്ങൾ, ലഭ്യമല്ലാത്തിടത്ത് എത്തിച്ചുകൊടുക്കൽ സേവനങ്ങൾ എന്നിവയുൾപ്പെടെയുള്ള കമ്മ്യൂണിറ്റി അധിഷ്ഠിത പ്രാഥമികാരോഗ്യ സേവനങ്ങൾ നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ നൽകി വരുന്നു. ഓരോ കേന്ദ്രത്തിലും ആഴ്ചതോറുമുള്ള സേവനങ്ങൾ നൽകുന്ന കുറഞ്ഞത് രണ്ട് സ്പെഷ്യാലിറ്റി ക്ലിനിക്കുകളുണ്ട്. അവിടെ ലഭ്യമല്ലാത്ത സ്പെഷ്യാലിറ്റി സേവനങ്ങൾക്കായി ടെലി-കൺസൾട്ടേഷൻ സൗകര്യവും ഉറപ്പാക്കിയിട്ടുണ്ട്.

**അക്രഡിറ്റേഷനും ഗുണനിലവാരം ഉറപ്പാക്കലും**

പൊതുജനാരോഗ്യ കേന്ദ്രങ്ങളെ സംസ്ഥാന-ദേശീയ ഗുണനിലവാര മാനദണ്ഡങ്ങൾ കൈവരിക്കാൻ പ്രാപ്തമാക്കുന്നതിലാണ് ഈ മിഷൻ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഇതിനായി കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ്സ് ഫോർ ഹോസ്പിറ്റൽസ് (KASH), ശുചിത്വത്തിനായുള്ള 'കായകൽപ്', ലേബർ റൂമുകളുടെയും മാതൃപരിചരണത്തിന്റെയും ഗുണനിലവാരത്തിനായുള്ള 'ലക്ഷ്യ' (LaQshya), നാഷണൽ ക്വാളിറ്റി അഷുറൻസ് സ്റ്റാൻഡേർഡ്സ് (NQAS) എന്നിങ്ങനെയുള്ള വിവിധ അക്രഡിറ്റേഷൻ ലക്ഷ്യങ്ങൾ പിന്തുടരുന്നു. 2025 ഒക്ടോബർ വരെയുള്ള കണക്കനുസരിച്ച്, ആരോഗ്യവകുപ്പിന് കീഴിലുള്ള 1,284 സ്ഥാപനങ്ങളിൽ 255 എണ്ണം (8 ജില്ലാ ആശുപത്രികൾ, 8 താലൂക്ക് ആശുപത്രികൾ, 13 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 163 കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 17 ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ, 46 നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ എന്നിവ ഉൾപ്പെടെ) NQAS സാക്ഷ്യപ്പെടുത്തൽ നേടിയിട്ടുണ്ട്.

തുടർച്ചയായ ഗുണനിലവാരം മെച്ചപ്പെടുത്തൽ, രോഗീ സൗഹൃദ പരിചരണം, സുരക്ഷിതമായ ചികിത്സാ രീതികൾ എന്നിവയോടുള്ള കേരളത്തിന്റെ പ്രതിബദ്ധതയാണ് ഈ സാക്ഷ്യപ്പെടുത്തലുകൾ പ്രതിഫലിപ്പിക്കുന്നത്. ഇത്തരം ശ്രമങ്ങൾ രോഗികളുടെ സംതൃപ്തി വർദ്ധിപ്പിക്കുന്നതിനും സർക്കാർ ആരോഗ്യ സേവനങ്ങളിലുള്ള പൊതുജന വിശ്വാസം കൂടുതൽ ശക്തമാക്കുന്നതിനും കാരണമായിട്ടുണ്ട്.

**മനുഷ്യവിഭവശേഷി പരിപാലനം (Human resource management)**

പുതിയ തസ്തികകൾ അനുവദിക്കുന്നതിലെ പരിമിതികൾ കണക്കിലെടുത്ത്, ആരോഗ്യ പരിചരണ ജീവനക്കാരുടെ ആവശ്യകത നിറവേറ്റുന്നതിനായി ബഹുമുഖമായ ഒരു മനുഷ്യവിഭവശേഷി ശ്രോതസ്സുകൾ ലഭ്യമാക്കൽ തന്ത്രമാണ് സ്വീകരിച്ചത്. നിലവിലുള്ള സർക്കാർ ജീവനക്കാർ, നാഷണൽ ഹെൽത്ത് മിഷൻ (NHM) കരാർ ജീവനക്കാർ, കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി KASP/RSBY എന്നിവയുമായി ബന്ധപ്പെട്ട ഹോസ്പിറ്റൽ മാനേജ്മെന്റ് സിസ്റ്റം വഴിയുള്ള നിയമനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (LSGs) വഴി നിയമിക്കപ്പെട്ട ജീവനക്കാർ, ഡി.എൻ.ബി (DNB) റെസിഡന്റുമാർ, മറ്റ് അക്കാദമിക് ട്രെയിനികൾ എന്നിവരുൾപ്പെടെ വിവിധ മാർഗങ്ങൾ ഈ സമീപനത്തിനായി പ്രയോജനപ്പെടുത്തി.

ആരോഗ്യ സംവിധാനത്തിലുടനീളം കൂടുതൽ സ്ഥിരതയും മികച്ച വിനിയോഗവും പ്രവർത്തനക്ഷമതയും ഉറപ്പാക്കുന്നതിനായി ഈ വൈവിധ്യമാർന്ന മനുഷ്യവിഭവശേഷി സ്രോതസ്സുകളെ ഏകോപിപ്പിക്കുന്നതിനും സംയോജിപ്പിക്കുന്നതിനുമുള്ള ശ്രമങ്ങൾ നടന്നുവരുന്നു. 2016-2025 കാലയളവിൽ കേരളത്തിലെ പ്രധാന ആരോഗ്യ സംബന്ധിയായ വകുപ്പുകളിലായി ആകെ 10,382 തസ്തികകൾ പുതുതായി സൃഷ്ടിക്കപ്പെട്ടു, ഇത് ആരോഗ്യ മേഖലയിലെ പ്രവർത്തനസജ്ജരായ ജീവനക്കാരുടെ എണ്ണത്തിലുണ്ടായ വലിയ വർദ്ധനവിനെ കാണിക്കുന്നു. ഈ വിപുലീകരണം കഴിഞ്ഞ ഒരു പതിറ്റാണ്ടായി ആരോഗ്യസേവനങ്ങളും അനുബന്ധ സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിൽ സംസ്ഥാനത്തിനുള്ള പ്രതിബദ്ധതയെ അടിവരയിടുന്നു.

**ആരോഗ്യ പ്രവർത്തകർക്കുള്ള പരിശീലനം**

**ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം (LMS):** സ്റ്റേറ്റ് ട്രെയിനിംഗ് ഡിവിഷൻ, ആരോഗ്യ വകുപ്പ്, നാഷണൽ ഹെൽത്ത് മിഷൻ (NHM), സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (C-DIT) എന്നിവയുമായി സഹകരിച്ച് ആരോഗ്യ മേഖലയിലെ ഇ-ലേണിംഗിനായി ഒരു പ്രത്യേക പ്ലാറ്റ്ഫോം വികസിപ്പിച്ചെടുത്തിട്ടുണ്ട്. ആരോഗ്യ പ്രവർത്തകർക്ക് മികച്ച രീതിയിലുള്ള ഇൻ-സർവീസ് വിദ്യാഭ്യാസവും പരിശീലനവും നൽകുന്നതിൽ LMS നിർണ്ണായക പങ്ക് വഹിക്കുന്നു. ഇ-ലേണിംഗ് ശേഷി വർദ്ധിപ്പിക്കുന്നതിന് ശക്തമായ ഒരു ചട്ടക്കൂട് ഇത് സ്ഥാപിക്കുകയും, ആരോഗ്യ പ്രവർത്തകർക്ക് അത്യാധുനിക ചികിത്സാ രീതികൾ, പ്രോട്ടോക്കോളുകൾ, മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവയെക്കുറിച്ച് അറിവ് പുതുക്കാൻ അവസരം ഉറപ്പാക്കുകയും ചെയ്യുന്നു. 2025 മെയ് മാസത്തെ കണക്കനുസരിച്ച്, LMS-ൽ ആകെ 127 കോഴ്സുകൾ ലഭ്യമാണ്. കൂടാതെ 38,759 പേർക്ക് കോഴ്സ് പൂർത്തീകരണ സർട്ടിഫിക്കറ്റുകളും നൽകിയിട്ടുണ്ട്.

**സാംക്രമികേതര രോഗ (NCD) പരിരക്ഷാ സേവനങ്ങൾക്ക് കീഴിലുള്ള സംരംഭങ്ങൾ**

കേരളം നേരിടുന്ന ഏറ്റവും വലിയ പൊതുജനാരോഗ്യ വെല്ലുവിളികളിലൊന്നാണ് **സാംക്രമികേതര** രോഗങ്ങൾ (NCDs). പ്രമേഹം, അമിത രക്തസമ്മർദ്ദം, ഹൃദ്രോഗങ്ങൾ, പക്ഷാഘാതം, അർബുദം, വിട്ടുമാറാത്ത ശ്വാസകോശ രോഗങ്ങൾ (CRD) എന്നിവയാണ് സംസ്ഥാനത്ത് വ്യാപകമായി കാണപ്പെടുന്നതും ഉയർന്ന അപകടസാധ്യതയുള്ളതുമായ **സാംക്രമികേതര** രോഗങ്ങൾ. അമിതവണ്ണം, ഉയർന്ന കൊളസ്ട്രോൾ അളവ്, അനാരോഗ്യകരമായ ഭക്ഷണരീതി, ശാരീരിക വ്യായാമമില്ലായ്മ, മാനസിക സമ്മർദ്ദം,

**പട്ടിക 5.2** *കേരളത്തിന്റെ ആരോഗ്യ സൂചികകളിലെ പുരോഗതി*

| സൂചിക (Indicator) | മുൻപത്തെ കണക്ക് (Previous Value) | നിലവിലെ കണക്ക് (Current Value) |
|---|---|---|
| **ശിശുമരണ നിരക്ക് (IMR)** | 1,000-ന് 10 (SRS 2017 സെപ്റ്റംബർ) | 1,000-ന് 5 (SRS 2025 സെപ്റ്റംബർ) |
| **മാതൃമരണ അനുപാതം (MMR)** | 1,00,000-ന് 42 (SRS MMR ബുള്ളറ്റിൻ 2015-17) | 1,00,000-ന് 30 (SRS MMR ബുള്ളറ്റിൻ 2021-23)* |
| **ആയുർദൈർഘ്യം (Life Expectancy)** | 75 വർഷം (SRS ലൈഫ് ടേബിൾ 2016-20) | 75.1 വർഷം (SRS ലൈഫ് ടേബിൾ 2019-23) |
| **നവജാത ശിശുമരണ നിരക്ക് (NMR)** | 1,00,0-ന് 6 (SRS സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ട് 2016) | 1,000-ന് 4 (SRS സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ട് 2023) |
| **ആകെ പ്രത്യുൽപ്പാദന നിരക്ക് (TFR)** | 1.8 (SRS സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ട് 2016) | 1.5 (SRS സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ട് 2023) |
| **ക്രൂഡ് ജനനനിരക്ക് (CBR)** | 1,000-ന് 14.3 (SRS സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ട് 2016) | 1,000-ന് 12.3 (SRS സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ട് 2023) |

**പട്ടിക 5.3** *ആരോഗ്യ വകുപ്പിന്റെ ചിലവ് (റവന്യൂവും മൂലധനവും), 2015 - 16 മുതൽ 2025 - 26 വരെ, തുക കോടി രൂപയിൽ*

| വർഷം (Year) | ആകെ ചെലവ് (Total Expenditure) |
|---|---|
| 2015 - 16 | 5,823.9 |
| 2016 - 17 | 7,132.4 |
| 2017 - 18 | 7,499.3 |
| 2018 - 19 | 8,051.8 |
| 2019 - 20 | 8,144.6 |
| 2020 - 21 | 10,354.9 |
| 2021 - 22 | 14,472 |
| 2022 - 23 | 12,206.6 |
| 2023 - 24 | 11,046.4 |
| 2024 - 25 (RE) | 11,210.8 |
| 2025 - 26 (BE) | 12,172.9 |

അവലംബം: ബജറ്റ് രേഖകൾ

മദ്യപാനം, പുകയില ഉപയോഗം തുടങ്ങിയ നിയന്ത്രിക്കാവുന്ന അപകടസാധ്യത ഘടകങ്ങൾ കേരളത്തിൽ ഉയർന്ന തോതിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നു. സംസ്ഥാനത്ത് **സാംക്രമികേതര** രോഗങ്ങളുടെ ഭാരം വർദ്ധിപ്പിക്കുന്നതിൽ ഈ ഘടകങ്ങൾ പ്രധാന പങ്ക് വഹിക്കുന്നു. വർദ്ധിച്ചു വരുന്ന ഈ ആരോഗ്യഭീഷണി നേരിടുന്നതിനായി ആരോഗ്യ വകുപ്പ് താഴെ പറയുന്ന കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടുള്ള സമഗ്രമായ തന്ത്രങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്:

- ബോധവൽക്കരണം, ജീവിതശൈലീ മാറ്റങ്ങൾ, സാമൂഹികാധിഷ്ഠിത ഇടപെടലുകൾ എന്നിവയിലൂടെ അപകടസാധ്യത ഘടകങ്ങൾ കുറയ്ക്കൽ.
- കൃത്യമായ ആരോഗ്യ പരിശോധനകളിലൂടെയും ഔട്ട്റീച്ച് പ്രോഗ്രാമുകളിലൂടെയും ജീവിതശൈലീ രോഗങ്ങൾ നേരത്തെ കണ്ടെത്തുകയും സ്ക്രീനിംഗ് നടത്തുകയും ചെയ്യുക.
- പ്രത്യേകിച്ച് മരുന്നുകൾ കൃത്യമായി കഴിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും രക്തത്തിലെ പഞ്ചസാരയുടെ അളവും രക്തസമ്മർദ്ദവും നിയന്ത്രിക്കുകയും ചെയ്യുന്നതിനായി ഫലപ്രദമായ ചികിത്സയും തുടർപരിചരണവും ഉറപ്പാക്കുക.
- രോഗബാധ കുറയ്ക്കുന്നതിനും സങ്കീർണ്ണതകൾ തടയുന്നതിനും രോഗബാധിതരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുമായി പ്രാഥമികാരോഗ്യ സംവിധാനങ്ങളെ (കുടുംബാരോഗ്യ കേന്ദ്രങ്ങൾ, നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ എന്നിവപോലെയുള്ള) ശക്തിപ്പെടുത്തുക.
- രോഗങ്ങൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനുമായുള്ള 'അമൃതം ആരോഗ്യം' പദ്ധതി നടപ്പിലാക്കുന്നതിനായി എൻ.സി.ഡി (NCD) ക്ലിനിക്കുകൾ (2012-ൽ ആരംഭിച്ചത്) ശക്തിപ്പെടുത്തി. ഇതിനായുള്ള പ്രധാന തന്ത്രങ്ങൾ താഴെ പറയുന്നവയാണ്:

- **വാർഷിക സ്ക്രീനിംഗ്**: 30 വയസ്സും അതിനുമുകളിലും പ്രായമുള്ളവരുടെ വാർഷിക സ്ക്രീനിംഗ് സാധാരണ സേവനങ്ങളുടെ ഭാഗമാക്കി. പ്രമേഹവും അമിത രക്തസമ്മർദ്ദവും കണ്ടെത്തുന്നതിനും ഒരു സംസ്ഥാനതല രജിസ്ട്രി തയ്യാറാക്കുന്നതിനുമാണിത്. ഇതിനോടകം ഏകദേശം 2.8 കോടി ആളുകളെ സ്ക്രീനിംഗിന് വിധേയമാക്കിയിട്ടുണ്ട്.പുതുതായി കണ്ടെത്തിയ 10.3 ലക്ഷം രക്തസമ്മർദ്ദമുള്ളവർക്കും 87,000-ഓളം പ്രമേഹരോഗികൾക്കും ഉൾപ്പെടെ എല്ലാവർക്കും ചികിത്സ ഉറപ്പാക്കിയിട്ടുണ്ട്.
- **ആരോഗ്യ വിദ്യാഭ്യാസം**: ആരോഗ്യകരമായ ഭക്ഷണം, ശാരീരിക വ്യായാമം എന്നിവയെക്കുറിച്ചും പുകയില, മദ്യം, ലഹരിവസ്തുക്കൾ എന്നിവയുടെ ദോഷഫലങ്ങളെക്കുറിച്ചുമുള്ള ആരോഗ്യ വിദ്യാഭ്യാസം നൽകുന്നു.
- **അപകടസാധ്യത കുറയ്ക്കൽ**: ജനസംഖ്യാടിസ്ഥാനത്തിൽ അപകടസാധ്യത ഘടകങ്ങൾ കുറയ്ക്കുന്നതിനുള്ള തന്ത്രങ്ങൾ നടപ്പിലാക്കുന്നു.
- **ശൈലി ആപ്പ് (Shaili App)**: അപകടസാധ്യതകൾ മുൻകൂട്ടി വിലയിരുത്തുന്നതിനായി 'ശൈലി ആപ്പ്' ഉപയോഗിച്ച് ജനസംഖ്യാടിസ്ഥാനത്തിലുള്ള സ്ക്രീനിംഗ് 2023-ൽ ആരംഭിച്ചു.
- **സാന്ത്വന പരിചരണം**: കിടപ്പുരോഗികൾക്കും വിട്ടുമാറാത്ത രോഗങ്ങളാൽ ബുദ്ധിമുട്ടുന്നവർക്കുമായി ഗൃഹാധിഷ്ഠിത സാന്ത്വന-പിന്തുണ പരിചരണം.

കൂടാതെ, പ്രത്യേക രോഗങ്ങൾക്കും അവയുടെ സങ്കീർണ്ണതകൾക്കുമായി ലക്ഷ്യമിട്ടുള്ള നിരവധി പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്:

- എല്ലാ ജില്ലകളിലും തീവ്രപരിചരണ വിഭാഗങ്ങളും (ICCU), 8 ജില്ലകളിൽ കാത്ത് ലാബ് സൗകര്യങ്ങളും സജ്ജമാക്കി.
- വിട്ടുമാറാത്ത ശ്വാസകോശ രോഗങ്ങൾ (COPD) തിരിച്ചറിയുന്നതിനും ചികിത്സിക്കുന്നതിനുമുള്ള **ശ്വാസ്** (SWAAS) പദ്ധതി.
- പക്ഷാഘാതം (Stroke) നേരത്തെ തിരിച്ചറിയുന്നതിനും പുനരധിവാസത്തിനും ബോധവൽക്കരണത്തിനും ചികിത്സ ഉറപ്പാക്കുന്നതിനുമായി ജില്ലാ ആശുപത്രികളിൽ നടപ്പിലാക്കുന്ന **സിറാസ്** (SIRAS) പദ്ധതി.
- പ്രമേഹരോഗികളിലെ പാദസംബന്ധമായ സങ്കീർണ്ണതകൾ പരിഹരിക്കാനുള്ള **പാദസ്പർശം** (പാദപരിചരണ പരിപാടി)
- പ്രമേഹരോഗികളിലെ കാഴ്ച വൈകല്യങ്ങൾ (Retinopathy) കണ്ടെത്തുന്നതിനുള്ള സ്ക്രീനിംഗും നേത്രപരിചരണവും നൽകുന്ന **നയനാമൃതം** പദ്ധതി.
- വിട്ടുമാറാത്ത വൃക്കരോഗമുള്ളവർക്ക് കുറഞ്ഞ ചിലവിൽ ഡയാലിസിസ് ലഭ്യമാക്കുന്നതിനുള്ള **CAPD ക്ലിനിക്കുകൾ.**
- പ്രമേഹം, രക്തസമ്മർദ്ദം എന്നിവയുള്ളവർക്ക് തുടർച്ചയായ പരിചരണവും കൃത്യമായ തുടർപരിശോധനയും ഉറപ്പാക്കുന്നതിനുള്ള സംയോജിത **IHCI** പദ്ധതി.
- തിരഞ്ഞെടുത്ത ആശുപത്രികളിൽ കാർഡിയോളജി, ന്യൂറോളജി, യൂറോളജി, നെഫ്രോളജി, മെഡിക്കൽ ഗ്യാസ്ട്രോ എൻട്രോളജി എന്നീ വിഭാഗങ്ങളിൽ വിദഗ്ധ **സൂപ്പർ സ്പെഷ്യാലിറ്റി ക്ലിനിക്കുകൾ**.
- അർബുദ സ്ക്രീനിംഗ് സേവനങ്ങൾ പ്രാന്തപ്രദേശങ്ങളിലെ ആരോഗ്യ കേന്ദ്രങ്ങളിലേക്ക് വികേന്ദ്രീകരിച്ചു.
- വിഷാദരോഗം (Depression) കണ്ടെത്തുന്നതിനും പിന്തുണ നൽകുന്നതിനുമുള്ള **ആശ്വാസ്** (ASWAAS).
- ടൈപ്പ്-1 പ്രമേഹമുള്ള കുട്ടികൾക്ക് ഇൻസുലിൻ വിതരണം ഉറപ്പാക്കുന്ന **മിഠായി** പരിപാടി.

**ശൈലി ആപ് ഉപയോഗിച്ചുള്ള ജനസംഖ്യാടിസ്ഥാനത്തിലുള്ള എൻ.സി.ഡി (NCD) സ്ക്രീനിംഗ്**:

സാംക്രമികേതര രോഗങ്ങൾ (NCDs) നേരത്തെ കണ്ടെത്തുന്നതിനും അവയുടെ അപകടസാധ്യതകൾ തരംതിരിക്കുന്നതിനുമായി 'ശൈലി ആപ്പ്' എന്ന നൂതന ഡിജിറ്റൽ സംവിധാനം കേരളം നടപ്പിലാക്കിയിട്ടുണ്ട്. ജനസംഖ്യാടിസ്ഥാനത്തിലുള്ള സ്ക്രീനിംഗിനായി രൂപകൽപ്പന ചെയ്ത ഈ ഇന്റർനെറ്റ് സംവിധാനം, ഒരു നിശ്ചിത ചോദ്യാവലിയിലൂടെ വ്യക്തികളുടെ 'സാമൂഹ്യാധിഷ്ഠിത വിലയിരുത്തൽ ചെക്ക് ലിസ്റ്റ്' (CBAC) സ്കോർ നിർണ്ണയിക്കുകയും ഉയർന്ന അപകടസാധ്യതയുള്ളവരെ കണ്ടെത്തുകയും ചെയ്യുന്നു. ആശ (ASHA) പ്രവർത്തകർ വീടുകൾ സന്ദർശിച്ച് 30 വയസ്സും അതിനുമുകളിലും പ്രായമുള്ള എല്ലാവരെയും പ്രമേഹം, അമിത രക്തസമ്മർദ്ദം, ഹൃദ്രോഗം, ശ്വാസകോശ രോഗങ്ങൾ, വിവിധ ജീവിതശൈലീ രോഗങ്ങൾ, അർബുദം എന്നിവയ്ക്കായി സ്ക്രീനിംഗ് നടത്തുന്നു. സി.ബി.എ.സി (CBAC) സ്കോർ നാലിൽ കൂടുതലുള്ള വ്യക്തികളെ കൂടുതൽ രോഗനിർണ്ണയത്തിനും ചികിത്സയ്ക്കുമായി അടുത്തുള്ള ആരോഗ്യ കേന്ദ്രത്തിലേക്ക് റഫർ ചെയ്യുന്നു. ഈ രീതി രോഗങ്ങൾ നേരത്തെ കണ്ടെത്താനും സംശയിക്കപ്പെടുന്ന കേസുകളിൽ കൃത്യസമയത്ത് തുടർ പരിശോധനകൾ ഉറപ്പാക്കാനും സഹായിക്കുകയും അതുവഴി ആരോഗ്യനില മെച്ചപ്പെടുത്തുകയും ചെയ്യുന്നു.

2024 ഫെബ്രുവരിയിൽ പൂർത്തിയായ സർവേയുടെ ആദ്യ ഘട്ടത്തിൽ 1.5 കോടിയിലധികം ആളുകളെ (ലക്ഷ്യമിട്ട ജനസംഖ്യയുടെ 85 ശതമാനം) സ്ക്രീനിംഗിന് വിധേയമാക്കി. ഇതിൽ 18 ശതമാനം പേർക്ക് പ്രമേഹത്തിനോ അമിത രക്തസമ്മർദ്ദത്തിനോ ഉള്ള ഉയർന്ന സാധ്യതയും 6 ശതമാനം പേർക്ക് അർബുദ സാധ്യതയും കണ്ടെത്തി.

2024 ജൂണിൽ ആരംഭിച്ച രണ്ടാം ഘട്ടത്തിൽ, 2025 മാർച്ച് 28 വരെയുള്ള കണക്കനുസരിച്ച് 1.3 കോടി ആളുകളെ (30 വയസ്സിന് മുകളിലുള്ള അർഹരായ ജനസംഖ്യയുടെ 69.9 ശതമാനം) സ്ക്രീൻ ചെയ്തു. ഇവരിൽ 43.6 ശതമാനം പേർക്ക് സി.ബി.എ.സി സ്കോർ 4-ന് മുകളിലായിരുന്നു, ഇത് സാംക്രമികേതര രോഗങ്ങൾക്കുള്ള ഉയർന്ന സാധ്യതയെ സൂചിപ്പിക്കുന്നു. രണ്ടാം ഘട്ടത്തിൽ മാനസികാരോഗ്യം, അന്ധത, ബധിരത, കുഷ്ഠരോഗം എന്നിവയുൾപ്പെടെ 16 ഓളം ഘടകങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കി. ഉയർന്ന അപകടസാധ്യതയുള്ളവരായി കണ്ടെത്തിയ എല്ലാവരെയും കൂടുതൽ രോഗനിർണ്ണയത്തിനും ഉചിതമായ ചികിത്സയ്ക്കുമായി റഫർ ചെയ്തു. രോഗങ്ങൾ നേരത്തെ കണ്ടെത്തുന്നതിലും എല്ലാവരെയും ഉൾക്കൊള്ളുന്ന പരിചരണത്തിലും ഈ പദ്ധതി വലിയ പ്രാധാന്യം നൽകുന്നു.

**സി.ഒ.പി.ഡി (COPD) നിർണ്ണയവും ചികിത്സയും (ശ്വാസ് – SWAAS പരിപാടി)**:

വിട്ടുമാറാത്ത ശ്വാസകോശ രോഗങ്ങൾ (Chronic Obstructive Pulmonary Disease - COPD) തടയുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള ഈ പദ്ധതി 2017 ഫെബ്രുവരിയിലാണ് ആരംഭിച്ചത്. നിലവിൽ സംസ്ഥാനത്തുടനീളമുള്ള 696 കുടുംബാരോഗ്യ കേന്ദ്രങ്ങളിലും 49 ജില്ലാ/സബ് ജില്ലാ ആശുപത്രികളിലും ഈ പദ്ധതി നടപ്പിലാക്കിവരുന്നു. സി.ഒ.പി.ഡി, ആസ്ത്മ എന്നിവയുടെ ചികിത്സയ്ക്കായി 400 മെഡിക്കൽ ഓഫീസർമാർക്കും 400 സ്റ്റാഫ് നഴ്സുമാർക്കും പ്രത്യേക പരിശീലനം നൽകി. ക്ലിനിക്കൽ സ്ക്രീനിംഗ് പ്രോട്ടോക്കോളുകൾ, സ്പൈറോമീറ്റർ ഉപയോഗം, രോഗികൾക്കുള്ള കൗൺസിലിംഗ് രീതികൾ എന്നിവ ഈ പരിശീലനത്തിൽ ഉൾപ്പെടുത്തിയിരുന്നു. ഓക്സിജൻ കോൺസെൻട്രേറ്ററുകൾ, പൾസ് ഓക്സിമീറ്ററുകൾ, മീറ്റേർഡ് ഡോസ് ഡിവൈസുകൾ തുടങ്ങിയ ഉപകരണങ്ങളും എയറോസോൾ പോലുള്ള വിലകൂടിയ മരുന്നുകളും ഈ പദ്ധതിയിലൂടെ ലഭ്യമാക്കിയിട്ടുണ്ട്. ശ്വാസകോശ സംബന്ധമായ ലക്ഷണങ്ങളുമായി എത്തുന്ന രോഗികളെ ക്ലിനിക്കൽ സ്ക്രീനിംഗിന് വിധേയമാക്കുകയും സി.ഒ.പി.ഡി അല്ലെങ്കിൽ ആസ്ത്മ സ്ഥിരീകരിക്കുന്നതിനായി സ്പൈറോമെട്രി പരിശോധനയ്ക്ക് റഫർ ചെയ്യുകയും ചെയ്യുന്നു. രോഗം സ്ഥിരീകരിച്ചവർക്ക് ആവശ്യമായ ചികിത്സയും കൃത്യമായ തുടർപരിശോധനകളും നൽകുന്നു.

**പക്ഷാഘാത (Stroke) നിയന്ത്രണവും ചികിത്സയും (സിറാസ് – SIRAS പരിപാടി):**

പൊതുജനാരോഗ്യ സംവിധാനത്തിൽ പക്ഷാഘാത ചികിത്സാ സേവനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി 2017-ലാണ് ഈ പദ്ധതി ആരംഭിച്ചത്. 12 ജില്ലാ ആശുപത്രികളിൽ പക്ഷാഘാത തീവ്രപരിചരണ വിഭാഗങ്ങൾ (Stroke ICUs) സ്ഥാപിച്ചു. ഇവിടെ 24 മണിക്കൂറും പ്രവർത്തിക്കുന്ന സി.ടി സ്കാൻ (CT scan), ടെലി-റേഡിയോളജി സേവനങ്ങൾ, വിലകൂടിയ ത്രോംബോളിറ്റിക് (രക്തം കട്ടപിടിക്കുന്നത് ഒഴിവാക്കാനുള്ള) മരുന്നുകൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. പ്രത്യേക വൈദഗ്ധ്യവും അടിസ്ഥാന സൗകര്യങ്ങളും ആവശ്യമായ പക്ഷാഘാത ചികിത്സയുടെ സങ്കീർണ്ണത കണക്കിലെടുത്ത്, ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയിൽ (SCTIMST) നിന്ന് സ്ട്രോക് മാനേജ്മെൻറ് യൂണിറ്റിലെ ഡോക്ടർമാർക്ക് പ്രത്യേക പരിശീലനം നൽകുകയും പക്ഷാഘാത ക്ലിനിക്കുകൾ ആരംഭിക്കുകയും ചെയ്തു.

**പ്രമേഹ പാദപരിചരണ ക്ലിനിക്കുകൾ (പാദസ്പർശം):**

പ്രമേഹം ദീർഘകാലം നിലനിൽക്കുന്നതിന്റെ അനന്തര ഫലമായി പാദങ്ങളിൽ സങ്കീർണ്ണതകൾ ഉണ്ടാകുന്നത് സാധാരണമാണ്. ഇവ നേരത്തെ തിരിച്ചറിഞ്ഞ് ചികിത്സിച്ചില്ലെങ്കിൽ പാദങ്ങൾ മുറിച്ചുമാറ്റേണ്ടി വരുന്നതുൾപ്പെടെയുള്ള ഗുരുതരമായ അവസ്ഥകളിലേക്ക് നയിച്ചേക്കാം. ഇത് പരിഹരിക്കുന്നതിനായി പ്രമേഹ പാദപരിചരണ സേവനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി 'പാദസ്പർശം' പരിപാടി ആരംഭിച്ചു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസിന്റെ സഹകരണത്തോടെ മെഡിക്കൽ ഓഫീസർമാർക്ക് പ്രമേഹ പാദപരിചരണത്തിൽ പരിശീലനം നൽകുകയും 84 ജില്ലാ, സബ് ജില്ലാ ആശുപത്രികളിൽ പാദപരിചരണ ക്ലിനിക്കുകൾ സ്ഥാപിക്കുകയും ചെയ്തു. രോഗം നേരത്തെ കണ്ടെത്തുക, രോഗികൾക്ക് അവബോധം നൽകുക, കൃത്യമായ പാദപരിശോധനകൾ നടത്തുക, സങ്കീർണ്ണതകളും അംഗവിച്ഛേദനവും ഒഴിവാക്കുന്നതിനായി കൃത്യസമയത്ത് ഇടപെടുക എന്നിവയിലാണ് ഈ ക്ലിനിക്കുകൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

**പ്രമേഹ സംബന്ധമായ നേത്രപരിശോധന (നയനാമൃതം):**

ദീർഘകാലമായുള്ള പ്രമേഹത്തിന്റെ പ്രധാന സങ്കീർണ്ണതകളിലൊന്നാണ് ഡയബറ്റിക് റെറ്റിനോപ്പതി (DR). ഇത് ഒഴിവാക്കാവുന്ന അന്ധതയുടെ ഒരു പ്രധാന കാരണമാണ്. കാഴ്ച നഷ്ടപ്പെടുന്നത് തടയാൻ രോഗം നേരത്തെ കണ്ടെത്തുകയും കൃത്യസമയത്ത് ഇടപെടുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. പ്രാദേശിക തലത്തിൽ തന്നെ ഡയബറ്റിക് റെറ്റിനോപ്പതി നേരത്തെ കണ്ടെത്തുന്നതിനായി 'നയനാമൃതം' പരിപാടി ആരംഭിച്ചു. പരിശീലനം ലഭിച്ച നഴ്സുമാരും ആശാ പ്രവർത്തകരും 'ഹാൻഡ്ഹെൽഡ് നോൺ-മൈഡ്രിയാറ്റിക് ഫണ്ടസ് ക്യാമറകൾ' ഉപയോഗിച്ച് റെറ്റിനയുടെ ചിത്രങ്ങൾ എടുക്കുന്നു. ഈ ക്യാമറകൾ ഉപയോഗിക്കുമ്പോൾ കൃഷ്ണമണി വികസിപ്പിക്കേണ്ടതില്ല എന്നതാണ് ഇതിന്റെ പ്രത്യേകത.

ഇങ്ങനെ എടുക്കുന്ന ചിത്രങ്ങൾ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്താൽമോളജിയിലെ സ്റ്റേറ്റ് റെറ്റിനോപ്പതി സെന്ററിലേക്ക് അയക്കുന്നു. അവിടെയുള്ള വിദഗ്ധരായ ഒപ്റ്റോമെട്രിസ്റ്റുകൾ ചിത്രങ്ങൾ പരിശോധിച്ച് രോഗനിർണ്ണയവും ചികിത്സാ നിർദ്ദേശങ്ങളും നൽകുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) കൂടി സംയോജിപ്പിച്ചതോടെ, ഡയബറ്റിക് റെറ്റിനോപ്പതിക്ക് പുറമെ ഗ്ലോക്കോമ, വാർദ്ധക്യസഹജമായ മാക്യുലർ ഡീജനറേഷൻ (AMD) എന്നിവയും ഈ പദ്ധതിയൂടെ കണ്ടെത്താൻ സാധിക്കുന്നു. നിലവിൽ 14 ജില്ലാ ആശുപത്രികളിലും 172 കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഈ സംവിധാനം ലഭ്യമാണ്. കൂടാതെ, റെറ്റിനോപ്പതി രോഗികൾക്ക് ചികിത്സ ഉറപ്പാക്കുന്നതിനായി 3 ജനറൽ/താലൂക്ക് ആശുപത്രികളിൽ ലേസർ മെഷീനുകളും അനുവദിച്ചിട്ടുണ്ട്.

**വൃക്ക രോഗ പരിചരണ സേവനങ്ങൾ:**

എല്ലാ ജില്ലകളിലും പെരിറ്റോണിയൽ ഡയാലിസിസ് സെന്ററുകളും (CAPD) ഹീമോഡയാലിസിസ് സെന്ററുകളും സ്ഥാപിച്ചിട്ടുണ്ട്. നിലവിൽ 1,266 ഹീമോഡയാലിസിസ് മെഷീനുകളുമായി 111 ഡയാലിസിസ് സെന്ററുകൾ പ്രവർത്തിക്കുന്നു. ഇതുവഴി ഇതുവരെ 2,35,628 രോഗികൾക്ക് സേവനം ലഭ്യമാക്കിയിട്ടുണ്ട്. ഭാവിയിൽ, കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ സ്റ്റാഫ് നഴ്സുമാർക്ക് പെരിറ്റോണിയൽ ഡയാലിസിസ് വിദ്യകളിൽ പരിശീലനം നൽകും. ഗൃഹാധിഷ്ഠിത ഡയാലിസിസ് ആവശ്യമായ രോഗികൾക്ക് പ്രാപ്യതയും തുടർപരിചരണവും മെച്ചപ്പെടുത്തുന്നതിനായി തദ്ദേശ ഫ്ലൂയിഡുകൾ വിതരണം ചെയ്യുന്ന കേന്ദ്രങ്ങളായും തദ്ദേശ പിന്തുണ നൽകുന്ന ഹബ്ബുകളായും കുടുംബാരോഗ്യ കേന്ദ്രങ്ങളെ ഉയർത്തുന്നതാണ്.

**സംയോജിത രക്തസമ്മർദ്ദ–പ്രമേഹ നിയന്ത്രണ പരിപാടി (Integrated Hypertension and Diabetes Control Initiative – IHCI):**

തുടർച്ചയായ പരിചരണത്തിലും കൃത്യമായ തുടർപരിശോധനയിലും ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഒരു സംരംഭമാണ് IHCI. ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് (ICMR), കേന്ദ്ര ആരോഗ്യ-കുടുംബക്ഷേമ മന്ത്രാലയം (MOHFW), കേരള സർക്കാർ, ലോകാരോഗ്യ സംഘടന (WHO), വൈറ്റൽ സ്ട്രാറ്റജീസിന്റെ 'റിസോൾവ് ടു സേവ് ലൈവ്സ്' (Resolve to Save Lives) എന്നിവയുടെ സംയുക്ത സംരംഭമാണിത്. ഉയർന്ന രക്തസമ്മർദ്ദവും പ്രമേഹവുമുള്ള വ്യക്തികളെ കണ്ടെത്തി രജിസ്റ്റർ ചെയ്യുക, അവർക്ക് കൃത്യമായ തുടർപരിശോധന, ചികിത്സ, മരുന്നുകൾ കൃത്യമായി കഴിക്കുന്നുണ്ടെന്ന് ഉറപ്പാക്കൽ എന്നിവയിലൂടെ ഈ രോഗങ്ങളെ ഫലപ്രദമായി നിയന്ത്രിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

ആദ്യഘട്ടത്തിൽ രക്തസമ്മർദ്ദ നിയന്ത്രണത്തിനായി മാത്രം രൂപകൽപ്പന ചെയ്തതാണെങ്കിലും, കേരളം ഇതിൽ പ്രമേഹത്തെ കൂടി ഉൾപ്പെടുത്തി വിപുലീകരിച്ചു. 2018-ൽ 4 ജില്ലകളിലാണ് ഈ പദ്ധതി ആരംഭിച്ചത്. 2020-ൽ 6 ജില്ലകളിലേക്കും 2022-ഓടെ ബാക്കി 4 ജില്ലകളി

ലേക്കും വ്യാപിപ്പിച്ചു. നിലവിൽ 14 ജില്ലകളിലും ഈ പദ്ധതി പ്രവർത്തിക്കുന്നുണ്ട്. ഇതുവരെ 10 ലക്ഷത്തിലധികം രക്ത സമ്മർദ്ദ രോഗികളും (20.1 ശതമാനം) 6 ലക്ഷം പ്രമേഹ രോഗികളും (6 ശതമാനം) ഈ പദ്ധതിക്ക് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. രക്തസമ്മർദ്ദ നിയന്ത്രണ നിരക്ക് തുടക്കത്തിൽ ഏകദേശം 15 ശതമാനമായിരുന്നത് 2024-ഓടെ സംസ്ഥാനത്തുടനീളം 36 ശതമാനമായി ഉയർന്നു. ചില ജില്ലകളിൽ ഇത് 54 ശതമാനം വരെ കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

**അർബുദ പരിചരണ പദ്ധതി (Cancer Care Programme):**

മൂന്ന് പ്രധാന സ്തംഭങ്ങളിലാണ് ഈ പദ്ധതി ശ്രദ്ധ കേന്ദ്രീകരിക്കുന്നത്: കൃത്യമായ സ്ക്രീനിംഗിലൂടെ രോഗം നേരത്തെ കണ്ടെത്തുക, പ്രാപ്യവും താങ്ങാനാവുന്നതുമായ ചികിത്സ ഉറപ്പാക്കുക, രോഗസാധ്യതകളെക്കുറിച്ച് സമൂഹത്തിൽ അവബോധവും വിദ്യാഭ്യാസവും നൽകുക. സ്തനാർബുദം, വായയിലെ അർബുദം, ഗർഭാശയമുഖ അർബുദം (Cervical Cancer) എന്നിവ നേരത്തെ കണ്ടെത്തുന്നതിനായി എല്ലാ പൊതുജനാരോഗ്യ കേന്ദ്രങ്ങളിലും നിശ്ചിത ദിവസങ്ങളിൽ പ്രത്യേക സ്ക്രീനിംഗ് ക്ലിനിക്കുകൾ പ്രവർത്തിക്കുന്നു. പരിശീലനം ലഭിച്ച ജീവനക്കാർ, ക്രമാനുസൃത ചികിത്സാരീതികൾ, കൃത്യസമയത്തുള്ള രോഗനിർണ്ണയത്തിനും തുടർചികിത്സയ്ക്കുമായുള്ള റഫറൽ സംവിധാനങ്ങൾ എന്നിവ ഇതിന് പിന്തുണ നൽകുന്നു. ഓരോ ജില്ലയിലെയും ഒന്നോ അതിലധികമോ ആരോഗ്യ കേന്ദ്രങ്ങളെ ആവശ്യമായ അടിസ്ഥാനസൗകര്യങ്ങളോടും സാമ്പിൾ ശേഖരണത്തിനും രോഗനിർണ്ണയത്തിനും പരിശീലനം നൽകിയ ജീവനക്കാരോടുംകൂടി റഫറൽ സെന്ററുകളായി ഉയർത്തിയിട്ടുണ്ട്. എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും (FHCs) ആശുപത്രികളിലും നിശ്ചിത ദിവസങ്ങളിൽ ക്യാൻസർ ക്ലിനിക്കുകൾ പ്രവർത്തിപ്പിക്കാനും ഉയർന്ന രോഗസാധ്യതയുള്ളവരെ കണ്ടെത്താനും സാമ്പിളുകൾ രോഗനിർണ്ണയത്തിനായി റഫറൽ സെന്ററുകളിലേക്ക് അയക്കാനുമുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. ഇതുവരെ ഏകദേശം 33 ലക്ഷം പേരെ സ്ക്രീനിംഗിന് വിധേയമാക്കി, സംശയിക്കപ്പെടുന്ന 53,558 കേസുകൾ കൂടുതൽ പരിശോധനകൾക്കായി റഫർ ചെയ്തു. പരിശോധനയിൽ സ്തനാർബുദത്തിന് 1.80 ശതമാനവും ഗർഭാശയമുഖ അർബുദത്തിന് 2.6 ശതമാനവും വായയിലെ അർബുദത്തിന് 0.3 ശതമാനവുമാണ് രോഗസാധ്യത കണ്ടെത്തിയത്.

**ക്യാൻസർ ഗ്രിഡ് സംവിധാനം**: മൂന്ന് പ്രധാന ക്യാൻസർ സെന്ററുകൾ, മെഡിക്കൽ കോളേജുകളിലെ ക്യാൻസർ ചികിത്സാ യൂണിറ്റുകൾ, ജില്ലാ ആശുപത്രികളിലെ ക്യാൻസർ കെയർ യൂണിറ്റുകൾ, പ്രാദേശിക ആരോഗ്യ കേന്ദ്രങ്ങൾ എന്നിവയെ തമ്മിൽ ബന്ധിപ്പിക്കുന്ന ഈ സംവിധാനം എല്ലാ ജില്ലകളിലും സ്ഥാപിച്ചു. സംശയിക്കപ്പെടുന്ന എല്ലാ കേസുകളിലും ചികിത്സ ഉറപ്പാക്കുകയാണ് ഇതിന്റെ ലക്ഷ്യം.

**ക്യാൻസർ സ്ക്രീനിംഗ് പോർട്ടൽ**: റഫറലുകളുടെയും തുടർപരിശോധനകളുടെയും മേൽനോട്ടം വഹിക്കുന്നതിനായി ഇ-ഹെൽത്ത് വികസിപ്പിച്ചെടുത്ത പോർട്ടൽ. കൂടാതെ, ജനസംഖ്യാധിഷ്ഠിത ക്യാൻസർ രജിസ്ട്രി (കേരള ക്യാൻസർ രജിസ്ട്രി), ബോൺ മാരോ ദാതാക്കളുടെ രജിസ്ട്രി എന്നിവയുടെ പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്.

**സീറോ പ്രോഫിറ്റ് ആന്റി – ക്യാൻസർ ഡ്രഗ് സ്കീം (കാരുണ്യ സ്പർശം)**: താങ്ങാവുന്ന വിലയും മെച്ചപ്പെട്ട ചികിത്സാപ്രാപ്യതയും ഉറപ്പാക്കിക്കൊണ്ട് വിലകൂടിയ ക്യാൻസർ മരുന്നുകൾ കമ്പനി വിലയിൽ തിരഞ്ഞെടുത്ത കാരുണ്യ ഫാർമസികൾ വഴി ലഭ്യമാക്കുന്ന പദ്ധതിയാണിത്.

**ആരോഗ്യം ആനന്ദം**: സ്തനം, വായ, ഗർഭാശയമുഖ അർബുദങ്ങളെക്കുറിച്ച് അവബോധം നൽകുന്നതിനും സ്ക്രീനിംഗ് ശക്തമാക്കുന്നതിനുമായി 2025 ഫെബ്രുവരിയിൽ ആരംഭിച്ച ഒരുവർഷം നീണ്ടുനിൽക്കുന്ന പ്രചാരണ പരിപാടിയാണിത്. ഇതിന്റെ ആദ്യ ഘട്ടം സ്ത്രീകൾക്കിടയിലെ സ്തനാർബുദവുംഗർഭാശയമുഖക്യാൻസറുംസംബന്ധിച്ചസ്ക്രീനിംഗ് 2025 മാർച്ചിൽ പൂർത്തീകരിച്ചു. 1,525 സ്ഥാപനങ്ങളിലായി 14,67,442 പേരെ ഈ പ്രചാരണത്തിൽ സ്ക്രീനിംഗിന് വിധേയമാക്കുകയും സംശയാസ്പദമായ 49,215 കേസുകൾ കൂടുതൽ പരിശോധനയ്ക്കായി റഫർ ചെയ്യുകയും ചെയ്തു.

**ആരോഗ്യകരമായ ജീവിതശൈലീ പ്രചാരണങ്ങൾ (Healthy Life Campaigns)**

ആരോഗ്യകരമായ ജീവിതശൈലി, പോസിറ്റീവ് മാനസികാരോഗ്യം, സമഗ്രമായ ക്ഷേമം എന്നിവയ്ക്കായി സ്വഭാവരൂപീകരണ മാറ്റങ്ങൾ പ്രോത്സാഹിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള ഈ പ്രചാരണങ്ങൾ സംസ്ഥാന-ജില്ലാ തലങ്ങളിൽ ആരംഭിച്ചിട്ടുണ്ട്. പ്രമേഹം, അമിത രക്തസമ്മർദ്ദം എന്നിവയുള്ള വ്യക്തികൾക്കായി 603 ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ വഴി സമഗ്രമായ ജീവിതശൈലീ പരിഷ്കരണ ഇടപെടലുകൾ പിയർ ഗ്രൂപ്പ് (Peer group) സെഷനുകളിലൂടെ ആരംഭിച്ചു. ഈ കേന്ദ്രങ്ങളിലെ ജനകീയ ആരോഗ്യ ക്ലബ്ബുകൾ വഴി പൊതുജന പങ്കാളിത്തത്തോടെ താഴെത്തട്ടിലുള്ള ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിനായി ഒരു സംസ്ഥാനതല പ്രചാരണം ഉടൻ ആരംഭിക്കും.

**ആരോഗ്യഭേരി**: മലപ്പുറം ജില്ലയിൽ ആരംഭിച്ച സമഗ്രമായ ക്യാൻസർ, എൻ.സി.ഡി (Non-Communicable Diseases-സാംക്രമികേതര രോഗങ്ങൾ) നിയന്ത്രണ പരിപാടിയാണിത്. ജീവിതശൈലീ മാറ്റങ്ങളിലൂടെ ക്യാൻസർ നിരക്ക് കുറയ്ക്കാനും ജില്ലയ്ക്കുള്ളിൽ തന്നെ ക്യാൻസർ രോഗനിർണ്ണയ-ചികിത്സാ സൗകര്യങ്ങൾ വികസിപ്പിക്കാനും ഇത് ലക്ഷ്യമിടുന്നു.

**ജീവതാളം**: ആരോഗ്യകരമായ ഭക്ഷണരീതികളും ഭക്ഷണ സംസ്കാരവും പ്രോത്സാഹിപ്പിക്കുക, കൃഷിയും ശാരീരിക അധ്വാനവും പ്രോത്സാഹിപ്പിക്കുക, ലഹരിവിമുക്തി പ്രവർത്തനങ്ങൾ നടപ്പിലാക്കുക, അനുബന്ധ പരിശീലനങ്ങൾ നൽകുക എന്നിവയിലൂടെ സാംക്രമികേതര രോഗങ്ങളെ (NCDs) നിയന്ത്രിക്കുന്നതിനായി കോഴിക്കോട് ജില്ലയിൽ ആരംഭിച്ച പ്രചാരണമാണിത്.

**ആർദ്ര വിദ്യാലയം**: വിദ്യാകിരണം, ഹരിതകേരളം മിഷനുകളുമായി സഹകരിച്ച് വയനാട് ജില്ലയിൽ ആരംഭിച്ച ഈ പദ്ധതി, വിദ്യാർത്ഥികൾക്കിടയിൽ ആരോഗ്യകരമായ ഭക്ഷണശീലങ്ങൾ, ലഹരിവിമുക്തി, ശുചിത്വം എന്നിവയെക്കുറിച്ച് അവബോധം വളർത്താൻ ലക്ഷ്യമിടുന്നു.

**ഹരിതം ആരോഗ്യം**: എല്ലാ ഹരിത കർമ്മസേനാംഗങ്ങൾക്കും ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്നതിനായി വയനാട്ടിൽ ആരംഭിച്ച പ്രചാരണമാണിത്.

**ആരോഗ്യ ജീവനം**: ലഹരിമരുന്ന് ഉപയോഗത്തിന്റെ ദോഷഫലങ്ങളെക്കുറിച്ച് യുവാക്കളെ ബോധവാന്മാരാക്കുന്നതിനായി 'റേസ് ടു ഹെൽത്ത്' (Race to Health) പ്രചാരണത്തോടൊപ്പം ഇടുക്കി ജില്ലയിൽ ഇത് ആരംഭിച്ചു.

**മാനസികാരോഗ്യ പരിപാടി**

മാനസികാരോഗ്യ സേവനങ്ങളെ പൊതുജനാരോഗ്യ സംവിധാനവുമായി സംയോജിപ്പിച്ചും സാമൂഹ്യാധിഷ്ഠിത സംരംഭങ്ങളിലൂടെ സേവനങ്ങൾ വ്യാപിപ്പിച്ചും മാനസികാരോഗ്യ പരിചരണത്തിൽ സമഗ്രവും വികേന്ദ്രീകൃതവുമായ ഒരു സമീപനമാണ് കേരളം സ്വീകരിച്ചിരിക്കുന്നത്. സംസ്ഥാനത്തിന്റെ മാനസികാരോഗ്യ നയം അനുസരിച്ച്, മാനസികരോഗങ്ങൾക്കുള്ള ചികിത്സ പി.എച്ച്.സികൾ (PHCs) മുതൽ ലഭ്യമാക്കേണ്ടതുണ്ട്, കൂടാതെ മറ്റ് ഉയർന്ന കേന്ദ്രങ്ങൾ നവീകരിക്കേണ്ടതുമുണ്ട്. അങ്ങനെ ആശ്വാസം പദ്ധതിയും സമ്പൂർണ്ണ മാനസികാരോഗ്യ പരിപാടികളും ആരംഭിക്കുകയും മൂന്ന് പുതിയ മാനസികാരോഗ്യ കേന്ദ്രങ്ങൾ വികസിപ്പിക്കുകയും ചെയ്തു. പെരിഫറൽ തലത്തിലുള്ള സ്ക്രീനിംഗിലൂടെ വിഷാദരോഗം നേരത്തെ കണ്ടെത്താനും കൗൺസിലിംഗ് അല്ലെങ്കിൽ മാനസികാരോഗ്യ പരിരക്ഷ വഴി പിന്തുണ നൽകാനുമാണ് ആശ്വാസം പദ്ധതി ഉദ്ദേശിക്കുന്നത്. കേരളത്തിൽ 471 എഫ്.എച്ച്.സികളിൽ (FHCs) ഇത് ലഭ്യമാണ്. പരിശീലനം ലഭിച്ച ആശാ വർക്കർമാരിലൂടെ സമൂഹത്തിലെ തിരിച്ചറിയപ്പെടാത്ത കേസുകൾ കണ്ടെത്തുന്നതിനുള്ള പ്രചാരണങ്ങളും, ചികിത്സയ്ക്കും തുടർപരിശോധനയ്ക്കും റെഫറലിനുമായി അവരെ എഫ്.എച്ച്.സികളുമായി സംയോജിപ്പിക്കുന്നതും ഉൾപ്പെടുന്ന ഒരു സമഗ്ര പരിപാടിയാണ് സമ്പൂർണ്ണ മാനസികാരോഗ്യ പരിപാടി. ഈ പദ്ധതി പ്രാപ്തമാക്കുന്നതിനായി 18,397 ആശാ വർക്കർമാർക്ക് പരിശീലനം നൽകുകയും 642 ഗ്രാമപഞ്ചായത്തുകളിൽ ഇത് നടപ്പിലാക്കുകയും ചെയ്തു. മൂന്ന് ജില്ലാതല മാനസികാരോഗ്യ കേന്ദ്രങ്ങൾ 1,366 ബെഡ് ശേഷിയിലേക്ക് വികസിപ്പിച്ചു, ഇവയ്ക്ക് പ്രതിമാസം 10,000 പുറംരോഗികളെ ചികിത്സിക്കാൻ കഴിയും. കൂടാതെ, രോഗമുക്തി നേടിയെങ്കിലും അവഗണിക്കപ്പെട്ട രോഗികൾക്ക് പകൽസമയ പരിചരണം നൽകുന്നതിനായി 31 ഡേ കെയർ ഹോമുകൾ ആരംഭിച്ചു.

**ജില്ലാ മാനസികാരോഗ്യ പരിപാടി (DMHP)**: ഡി.എം.എച്ച്.പി 14 ജില്ലകളിലും പ്രവർത്തിക്കുന്നു. ഇത് പ്രാഥമിക ആരോഗ്യ സ്ഥാപനങ്ങളിൽ മാനസികാരോഗ്യ ക്ലിനിക്കുകൾ നടത്തുന്നു, മരുന്നുകൾ വിതരണം ചെയ്യുന്നു, മാനസിക രോഗങ്ങളുമായി ബന്ധപ്പെട്ട അപമാനം കുറയ്ക്കുന്നതിന് പൊതുജനാരോഗ്യ വിദ്യാഭ്യാസം നൽകുന്നു, ഡോക്ടർമാർ, നഴ്സുമാർ, ഫാർമസിസ്റ്റുകൾ, ആരോഗ്യ പ്രവർത്തകർ എന്നിവർക്ക് പരിശീലനം നൽകുന്നു. കൂടാതെ ലഹരി ഉപയോഗം തടയൽ, ആത്മഹത്യ തടയൽ, വയോജന മാനസികാരോഗ്യം, മാനസിക സമ്മർദ്ദം കുറയ്ക്കുകയും നിയന്ത്രിക്കുകയും ചെയ്യുക തുടങ്ങിയവ ലക്ഷ്യമിട്ടുള്ള ഇടപെടലുകൾ നടത്തുന്നു.

**വയോജന – സാന്ത്വന പരിചരണ സേവനങ്ങൾ**: പരിഷ്കരിച്ച **സാന്ത്വന പരിചരണ** നയം അനുസരിച്ച്, തദ്ദേശസ്വയം ഭരണ വകുപ്പിന്റെയും (LSGD) സാമൂഹിക നീതി വകുപ്പിന്റെയും നിലവിലുള്ള **സാന്ത്വന പരിചരണ** സംവിധാനങ്ങളെ ആരോഗ്യ വകുപ്പുമായി സംയോജിപ്പിച്ച് എല്ലാ ജില്ലകളിലും വയോജന- **സാന്ത്വന പരിചരണ** സേവനങ്ങൾ ഏർപ്പെടുത്തി. കിടപ്പിലായവർക്കും വിട്ടുമാറാത്ത രോഗമുള്ളവർക്കും വീടുകളിൽ പരിചരണം നൽകുക, കൃത്യമായ സന്ദർശനങ്ങൾ, മരുന്ന് വിതരണം, അടിസ്ഥാന നഴ്സിംഗ്, ഫിസിയോതെറാപ്പി പിന്തുണ, വൈകാരികവും മാനസികവുമായ പരിചരണം എന്നിവ ഇത് ഉറപ്പാക്കുന്നു. ഈ പരിപാടി 1,142 പ്രൈമറി **സാന്ത്വന പരിചരണ** യൂണിറ്റുകളിലൂടെ ഏകദേശം 1.1 ലക്ഷം വയോധികർക്കും കിടപ്പു രോഗികൾക്കും, 345 സെക്കൻഡറി **സാന്ത്വന പരിചരണ** യൂണിറ്റുകളിലൂടെ ഏകദേശം 27,000 വയോധികർക്കും തുടർച്ചയായ വൈദ്യസഹായം നൽകുന്നു. കൂടാതെ, കിടപ്പിലായവരല്ലെങ്കിലും ഗുരുതരമായ രോഗാവസ്ഥയിലുള്ള ഏകദേശം 1.5 ലക്ഷം രോഗികൾക്കും ആവശ്യാനുസരണം ഹോം കെയർ ലഭിക്കുന്നുണ്ട്. 8 മെഡിക്കൽ കോളേജുകളിലും 44 ഐ.എസ്.എം (ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ) സ്ഥാപനങ്ങളിലും 18 ഹോമിയോപ്പതി സ്ഥാപനങ്ങളിലും **സാന്ത്വന പരിചരണ** യൂണിറ്റുകൾ ഇതിനകം സ്ഥാപിച്ചിട്ടുണ്ട്. തിരഞ്ഞെടുത്ത ആശുപത്രികളിൽ പീഡിയാട്രിക് **സാന്ത്വന പരിചരണ** യൂണിറ്റുകൾക്കൊപ്പം 5 സർക്കാർ മെഡിക്കൽ കോളേജുകളിൽ കൂടി **സാന്ത്വന പരിചരണ** യൂണിറ്റുകൾ തുടങ്ങാനുള്ള പദ്ധതികൾ നടക്കുന്നു. സംസ്ഥാനത്തെ 21 പ്രധാന ആശുപത്രികളിൽ പത്ത് ബെഡുകൾ വീതമുള്ള വയോജന വാർഡുകൾ സ്ഥാപിച്ചു.

തളർവാത പുനരധിവാസ പ്ലാറ്റ്ഫോമുകൾ: കുടുംബശ്രീയുമായി സഹകരിച്ച് എറണാകുളം ജനറൽ ആശുപത്രിയിലും മലപ്പുറം ജില്ലാ ആശുപത്രിയിലും വികസിപ്പിച്ചു.

**സാന്ത്വന പരിചരണ ഗ്രിഡ്**: എല്ലാ **സാന്ത്വന പരിചരണ** പ്രവർത്തനങ്ങളും തത്സമയം രേഖപ്പെടുത്തുന്നതിനായി വികസിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്തു. സേവന വിതരണം മെച്ചപ്പെടുത്തുന്നതിനും പരിചരണത്തിന്റെ തുടർച്ച ഉറപ്പാക്കുന്നതിനും ലക്ഷ്യമിട്ടുള്ള ഈ ഡിജിറ്റൽ ശൃംഖല, **സാന്ത്വന പരിചരണ** ആവശ്യമുള്ള ഓരോ രോഗിക്കും അടുത്തുള്ള സ്ഥാപനത്തിൽ നിന്ന് സമയബന്ധിതമായ സേവനങ്ങൾ ലഭ്യമാക്കാൻ പ്രാപ്തമാക്കുന്നു. വിവിധ ഭരണ തലങ്ങളിൽ സേവനങ്ങളുടെ ഫലപ്രദമായ നിരീക്ഷണം ഈ സംവിധാനം സാധ്യമാക്കുന്നു.

**വാസസ്ഥല നഴ്സിംഗ് പരിചരണത്തിൽ ഡിപ്ലോമ**: ആറ് മാസത്തെ കോഴ്സ്, ഇതിനകം 232 വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി.

**ദന്താരോഗ്യ സേവനങ്ങൾ**: 36 ജില്ലാ ആശുപത്രികളിലും, 80 താലൂക്ക് ആശുപത്രികളിലും, 40 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ദന്തചികിത്സാ സേവനങ്ങൾ ലഭ്യമാണ്. ഈ ആശുപത്രികൾ സ്പെഷ്യാലിറ്റി ദന്തചികിത്സാ സേവനങ്ങളോടെ നവീകരിക്കാൻ പദ്ധതിയുണ്ട്. ദന്തചികിത്സാ സേവനങ്ങൾ നൽകുന്നതിനായി എല്ലാ 152 ബ്ലോക്ക് തല സി.എച്ച്.സികളിലും ഡെന്റൽ സർജന്മാരെ നിയമിക്കും.

**സാംക്രമികരോഗങ്ങൾ: അവലോകനവും നിയന്ത്രണ തന്ത്രങ്ങളും**

ശക്തമായ പൊതുജനാരോഗ്യ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടെങ്കിലും, ഉയർന്ന ജനസാന്ദ്രത, നഗരവൽക്കരണം, കാലാവസ്ഥാ വ്യതിയാനം, മനുഷ്യരും മൃഗങ്ങളും തമ്മിലുള്ള വർദ്ധിച്ച സമ്പർക്കം എന്നിവ കാരണം കേരളം സാംക്രമി കരോഗങ്ങളുടെ വെല്ലുവിളികൾ നേരിടുന്നത് തുടരുന്നു. നേരത്തെ പല സാംക്രമികരോഗങ്ങളെയും നിയന്ത്രിക്കു ന്നതിൽ സംസ്ഥാനം വിജയിച്ചിട്ടുണ്ടെങ്കിലും, സമീപവർ ഷങ്ങളിൽ ഡെങ്കിപ്പനി, എലിപ്പനി, മലേറിയ, ഹെപ്പറ്റൈ റ്റിസ്, എച്ച്1എൻ1 (H1N1), സ്ക്രബ് ടൈഫസ്, കോവിഡ്-19 എന്നിവയുടെ വ്യാപനം ഉണ്ടായിട്ടുണ്ട്. ഫലപ്രദമായ നിരീക്ഷണം, സമൂഹപങ്കാളിത്തം, വിവിധ മേഖലക ളുടെ ഏകോപനം, എല്ലാ മെഡിക്കൽ കോളേജുകളിലും പ്രത്യേക ഐസൊലേഷൻ ബ്ലോക്കുകൾ എന്നിവയിലൂടെ സാംക്രമികരോഗങ്ങൾ തടയുന്നതിനും കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനുമായി സംസ്ഥാനം ബഹുതല സമീപനം സ്വീകരിച്ചിട്ടുണ്ട്. അണുബാധ നിയന്ത്രണ നടപടികൾ ശക്ത മാക്കുന്നതിനായി 51 ജില്ലാ/സബ്-ജില്ലാ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും സംസ്ഥാനം പത്ത് കിടക്കക ളുള്ള ഐസൊലേഷൻ വാർഡുകൾ നിർമ്മിച്ചു, കൂടാതെ 32 അധിക സ്ഥലങ്ങളിൽ നിർമ്മാണം പുരോഗമിക്കുന്നു. സാംക്രമികരോഗങ്ങൾ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കു ന്നതിനുമായി അംഗൻവാടി പ്രവർത്തകർ, ആശാ വർക്കർ മാർ, സാമൂഹ്യ പ്രതിനിധികൾ എന്നിവരടങ്ങുന്ന 'ആരോ ഗ്യസേന' എന്ന സാമൂഹ്യാധിഷ്ഠിത ആരോഗ്യ പരിപാടി അവതരിപ്പിച്ചു. വോളണ്ടിയർ ടീമുകൾ കൃത്യമായ ഇടവേള കളിൽ വീടുകൾ സന്ദർശിച്ച് കൊതുക് വളരുന്ന സ്ഥലങ്ങൾ കണ്ടെത്തുകയും, ശുചിത്വ നിലവാരം വിലയിരുത്തുകയും, ആവശ്യമായ നിയന്ത്രണ നടപടികൾ നടപ്പിലാക്കുകയും ചെയ്യുന്നു. ആരോഗ്യ അടിയന്തരാവസ്ഥകൾ കൈകാര്യം ചെയ്യുന്നതിൽ പൊതുമേഖലയുടെ കഴിവ് വർദ്ധിപ്പിക്കുന്ന തിനായി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി സ്ഥാപിച്ചു.

**ബോക്സ് 5.1**

**റീജിയണൽ ക്യാൻസർ സെന്റർ (RCC), തിരുവനന്തപുരം**

കേരളത്തിലെ ക്യാൻസർ രോഗനിർണ്ണയം, ചികിത്സ, നിയന്ത്രണം എന്നിവയ്ക്കായുള്ള സർക്കാർ സഹായത്തോടെ പ്ര വർത്തിക്കുന്ന ഒരു കേന്ദ്രമാണ് തിരുവനന്തപുരത്തെ റീജിയണൽ ക്യാൻസർ സെന്റർ (RCC). രാജ്യത്തെ 28 റീജിയ ണൽ ക്യാൻസർ സെന്ററുകളിൽ ആദ്യ മൂന്ന് സ്ഥാനങ്ങളിൽ ഒന്നാണ് ഇതിനുള്ളത്. ലോകാരോഗ്യ സംഘടനയുമാ യും (WHO) മറ്റ് അന്താരാഷ്ട്ര സ്ഥാപനങ്ങളുമായും ഇത് അഫിലിയേറ്റ് ചെയ്തിട്ടുണ്ട്. ക്യാൻസർ പ്രതിരോധം, ചികിത്സ, ഗവേഷണം, സ്പെഷ്യലൈസ്ഡ് ഓങ്കോളജി പ്രൊഫഷണലുകൾക്കുള്ള പരിശീലനം എന്നിവ ആർ.സി.സി.യുടെ പ്രവർ ത്തനങ്ങളിൽ ഉൾപ്പെടുന്നു.

2016-നും 2025-നും ഇടയിൽ 21 ലക്ഷത്തിലധികം കേസുകൾ ആർ.സി.സി പരിശോധിച്ചു. അർഹരായ രോഗി കൾക്ക് സൗജന്യമോ സബ്സിഡിയോടുകൂടിയതോ ആയ ചികിത്സ ഉറപ്പാക്കുന്ന വിവിധ സംസ്ഥാന-കേന്ദ്ര സർക്കാർ പദ്ധതികളുണ്ട്.

2016-17 നും 2024-25 നും ഇടയിൽ, ഗർഭാശയമുഖ ക്യാൻസർ കണ്ടെത്തുന്നതിനുള്ള 'സെർവിസ്കാൻ' (CerviScan), കിലോവോൾട്ടേജ് ഇമേജിംഗ് സംവിധാനങ്ങളുള്ള 'റിംഗ് ഗാൻട്രി ലീനിയർ ആക്സിലറേറ്റർ' (ഹാൽസി യോൺ), ഗാലിയം-68 ജനറേറ്റർ, യൂറോ-ബ്രാക്കിതെറാപ്പി യൂണിറ്റ്, കൃത്യതയാർന്ന ശസ്ത്രക്രിയകൾക്കായുള്ള 'ഡാ വിഞ്ചി Xi' (Da Vinci Xi) റോബോട്ടിക് സർജിക്കൽ സിസ്റ്റം, ഹൈപെക് (HIPEC - ഹൈപ്പർതെർമിക് ഇൻട്രാപെരി റ്റോണിയൽ കീമോതെറാപ്പി) സൗകര്യം, അത്യാധുനിക 3-ടെസ്‌ല എം.ആർ.ഐ സ്കാനർ, 3-ഡി ഡിജിറ്റൽ മാമോഗ്രാ ഫി യൂണിറ്റ് എന്നിവയുൾപ്പെടെ ക്യാൻസർ ചികിത്സയ്ക്കായി ആർ.സി.സി നിരവധി അത്യാധുനിക സാങ്കേതികവിദ്യകൾ അവതരിപ്പിച്ചു. റേഡിയോ തെറാപ്പി ബ്ലോക്കും ആധുനിക ഡയറ്ററി വിഭാഗവും ഉൾക്കൊള്ളുന്ന പുതിയ 14 നില കെട്ടി ടത്തിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു. 4,800 ചതുരശ്ര അടി വിസ്തീർണ്ണമുള്ള പേഷ്യന്റ് വെൽഫെയർ ബ്ലോക്ക് 2024-ൽ ഉദ്ഘാടനം ചെയ്തു.

ഓങ്കോളജി വിദ്യാഭ്യാസത്തിനുള്ള ദേശീയ അംഗീകാരമുള്ള കേന്ദ്രമാണ് ആർ.സി.സി, കൂടാതെ ഇതിന് മെഡി ക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരവുമുണ്ട്. പ്രശസ്തമായ ദേശീയ അന്തർദേശീയ കേന്ദ്രങ്ങളുമായി സഹ കരിച്ച് അടിസ്ഥാന ഗവേഷണം, എപ്പിഡെമിയോളജിക്കൽ പഠനങ്ങൾ, ക്ലിനിക്കൽ ഗവേഷണം എന്നിവ നടത്തുന്ന ഒരു പ്രധാന ഗവേഷണ കേന്ദ്രം കൂടിയാണ് ആർ.സി.സി. 2016-17 നും 2024-25 നും ഇടയിൽ, ആർ.സി.സി 100 ഗവേഷ കർക്ക് പി.എച്ച്.ഡി നൽകുകയും, 142 ഗവേഷണ പദ്ധതികൾ ഏറ്റെടുക്കുകയും, ആറ് പേറ്റന്റുകൾ നേടുകയും, 95 അവാർഡുകൾ കൈപ്പറ്റുകയും ചെയ്തു. കൂടാതെ 720 ഗവേഷണ പഠനങ്ങളും 10 പുസ്തകഅധ്യായങ്ങളും പ്രസിദ്ധീക രിക്കുകയും, 1200 കോൺഫറൻസുകളിൽ പങ്കെടുക്കുകയും, 24 കോൺഫറൻസുകൾ സംഘടിപ്പിക്കുകയും ചെയ്തു. നിലവിൽ പുറത്തുനിന്നുള്ള സാമ്പത്തിക സഹായം ലഭിക്കുന്ന 12 പ്രോജക്ടുകൾ ആർ.സി.സിയിലുണ്ട്. ആർ.സി.സി ഹോസ്പിറ്റൽ അധിഷ്ഠിതവും ജനസംഖ്യാ അധിഷ്ഠിതവുമായ ക്യാൻസർ രജിസ്ട്രികളും തയ്യാറാക്കിയിട്ടുണ്ട്.

കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന്റെ 'നാഷണൽ പ്രോഗ്രാം ഫോർ പ്രിവൻഷൻ ആൻഡ് കൺട്രോൾ ഓഫ് ക്യാൻസർ, ഡയബറ്റിസ്, സി.വി.ഡി ആൻഡ് സ്ട്രോക്ക്' (NPCDCS) പ്രകാരം സ്റ്റേറ്റ് ക്യാൻസർ സെന്ററായി ഉയർ ത്തപ്പെടുന്ന കേന്ദ്രങ്ങളിൽ ഒന്നാണ് ആർ.സി.സി.

2018-ൽ ആദ്യത്തെ കേസ് റിപ്പോർട്ട് ചെയ്തത് മുതൽ കേരളം നിപ്പ വൈറസിന്റെ ഒന്നിലധികം വ്യാപനങ്ങൾ നേരിട്ടിട്ടുണ്ട്. ഇതിന്റെ ഉയർന്ന മരണനിരക്കും മൃഗങ്ങളിൽ നിന്നുള്ള ഉത്ഭവവും കണക്കിലെടുത്ത്, നിപ്പ അണുബാധകൾ കണ്ടെത്താനും പ്രതിരോധിക്കാനും നിയന്ത്രിക്കാനും സംസ്ഥാനം സമഗ്രവും സജീവവുമായ സമീപനം സ്വീകരിച്ചു. ഫലപ്രദമായ നിരീക്ഷണ സംവിധാനങ്ങളിലൂടെ വേഗത്തിലുള്ള കണ്ടെത്തലും ഐസൊലേഷനും; അണുബാധ നിയന്ത്രണ പ്രോട്ടോക്കോളുകളോടെ ഐസൊലേഷൻ വാർഡുകൾ തുറക്കൽ; ഡിജിറ്റൽ സംവിധാനം ഉപയോഗിച്ചുള്ള തീവ്രമായ സമ്പർക്ക പട്ടിക തയ്യാറാക്കലും ക്വാറന്റൈനും; സൂനോട്ടിക് നിരീക്ഷണവും പൊതുജനാരോഗ്യ പ്രചാരണങ്ങളിലൂടെയുള്ള സാമൂഹികാവബോധവും നിപ്പ പ്രതിരോധ തന്ത്രത്തിന്റെ പ്രധാന ഭാഗങ്ങളായിരുന്നു. വ്യാപകമായ സമൂഹ വ്യാപനം അനുവദിക്കാതെ രോഗ വ്യാപനം നിയന്ത്രിക്കാനുള്ള കഴിവിന് ഈ വേഗത്തിലുള്ളതും ഏകോപിതവുമായ പ്രതികരണങ്ങൾ അന്താരാഷ്ട്ര തലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

2020 ജനുവരി 30-ന് ആദ്യ കേസ് സ്ഥിരീകരിച്ചത് മുതൽ കോവിഡ്-19 മഹാമാരിയെ നേരിടാൻ സംസ്ഥാനം ശാസ്ത്രീയവും വികേന്ദ്രീകൃതവും ജനകീയവുമായ സമീപനം സ്വീകരിച്ചു. മുൻകൂട്ടിയുള്ള തയ്യാറെടുപ്പും നിരീക്ഷണവും; കർശനമായ എയർപോർട്ട് സ്ക്രീനിംഗ്, സമ്പർക്ക പട്ടിക തയ്യാറാക്കൽ, ക്വാറന്റൈൻ പ്രോട്ടോക്കോളുകൾ നടപ്പിലാക്കൽ എന്നിവയായിരുന്നു പ്രധാന തന്ത്രങ്ങൾ. കൈകളുടെ ശുചിത്വം, മാസ്ക് ഉപയോഗം, ശാരീരിക അകലം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനം 'ബ്രേക്ക് ദി ചെയിൻ' പ്രചാരണം ആരംഭിച്ചു, ഒപ്പം നേരത്തെയുള്ളതും വ്യാപകവുമായ പരിശോധന, പിന്തുടരൽ, ചികിത്സ എന്നിവയ്ക്ക് പ്രാധാന്യം നൽകി. ഫലപ്രദമായ പൊതുവിനിമയം, ബോധവൽക്കരണ ശ്രമങ്ങൾ, വയോധികർ, കിടപ്പിലായ രോഗികൾ, ഗോത്രവർഗക്കാർ എന്നിവരുൾപ്പെടെയുള്ള ദുർബല വിഭാഗങ്ങളെ ലക്ഷ്യമിട്ടുള്ള പ്രത്യേക ഡ്രൈവുകൾ എന്നിവയിലൂടെ കൈവരിച്ച ഉയർന്ന വാക്സിനേഷൻ കവറേജ് രോഗനിയന്ത്രണത്തിന് ഗണ്യമായ സംഭാവന നൽകി. കമ്മ്യൂണിറ്റി ഇടപെടലുകൾക്കായി സംസ്ഥാനം അതിന്റെ ശക്തമായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും കുടുംബശ്രീ, ആശാ വർക്കർമാർ, വോളണ്ടിയർമാർ തുടങ്ങിയ സാമൂഹിക ശൃംഖലകളെയും പ്രയോജനപ്പെടുത്തി. വാർഡ് തലത്തിൽ ഏകോപിപ്പിച്ച കമ്മ്യൂണിറ്റി കിച്ചണുകൾ, മരുന്നുകളുടെ ഹോം ഡെലിവറി, മാനസിക-സാമൂഹിക പിന്തുണ എന്നിവ പൊതുജന പങ്കാളിത്തം വർദ്ധിപ്പിച്ചു. കോവിഡ് ആശുപത്രികളുടെയും ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളുടെയും (FLTCs) സ്ഥാപനം, ഐസിയു, വെന്റിലേറ്റർ സൗകര്യങ്ങൾ വർദ്ധിപ്പിച്ചത് എന്നിവ ചികിത്സാ വിജയനിരക്ക് ഗണ്യമായി മെച്ചപ്പെടുത്തി. ടെലിമെഡിസിൻ സേവനങ്ങൾ, കോവിഡ് ജാഗ്രത പോലുള്ള മൊബൈൽ ആപ്ലിക്കേഷനുകൾ, ഹോം ഐസൊലേഷൻ മോണിറ്ററിംഗ് ടീമുകൾ എന്നിവ പരിചരണത്തിന്റെ തുടർച്ച ഉറപ്പാക്കി. ദിവസേനയുള്ള പത്രസമ്മേളനങ്ങളും ഡാഷ്ബോർഡുകളും സുതാര്യത ഉറപ്പാക്കുകയും പൊതുജനവിശ്വാസം കെട്ടിപ്പടുക്കാൻ സഹായിക്കുകയും ചെയ്തു. കേരളത്തിന്റെ തത്സമയ ഡാറ്റ റിപ്പോർട്ടിംഗും ജില്ലാതല ഡാഷ്ബോർഡുകളും മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായി. ഈ പ്രവർത്തനങ്ങൾ അതിന്റെ കാര്യക്ഷമതയ്ക്കും സമൂഹ പങ്കാളിത്തത്തിനും ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ടു.

മലേറിയ, ഫൈലേറിയസിസ് (മന്ത് രോഗം), ക്ഷയരോഗം (TB), കുഷ്ഠരോഗം, വസൂരി (Measles), കാലാ ആസർ എന്നീ ആറ് രോഗങ്ങളുടെ നിർമ്മാർജ്ജനത്തിന് സംസ്ഥാനം മുൻഗണന നൽകിയിട്ടുണ്ട്. നിലവിൽ, 1,019 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മലേറിയ നിർമ്മാർജ്ജന ലക്ഷ്യങ്ങൾ കൈവരിച്ചു, 11 ജില്ലകൾ ഫൈലേറിയസിസ് നിർമ്മാർജ്ജന ലക്ഷ്യങ്ങൾ പൂർത്തിയാക്കി. പാലക്കാട് ഒഴികെയുള്ള എല്ലാ ജില്ലകളും കാലാ ആസർ നിർമ്മാർജ്ജന ലക്ഷ്യങ്ങൾ കൈവരിച്ചു. ക്ഷയരോഗ നിയന്ത്രണ പ്രവർത്തനങ്ങളിലെ വിജയത്തിന് 131 ഗ്രാമപഞ്ചായത്തുകൾക്ക് 'ടിബി ഫ്രീ അവാർഡ്' നൽകി ആദരിച്ചു.

**കേരള പൊതുജനാരോഗ്യ ആക്റ്റ്, 2023**

1955-ലെ കാലഹരണപ്പെട്ട തിരുവിതാംകൂർ-കൊച്ചി പൊതുജനാരോഗ്യ ആക്ടിനും 1939-ലെ മദ്രാസ് പൊതുജനാരോഗ്യ ആക്ടിനും പകരമായി 2023-ൽ കേരള നിയമസഭ 'കേരള പൊതുജനാരോഗ്യ ആക്ട്' പാസാക്കി. ഈ സമഗ്ര നിയമനിർമ്മാണം സംസ്ഥാനത്തുടനീളം പൊതുജനാരോഗ്യ അനുശാസനത്തിനായി ഏകീകൃത നിയമ ചട്ടക്കൂട് സ്ഥാപിക്കുന്നു. ശുദ്ധജല ലഭ്യത, ശരിയായ ശുചിത്വം, കാര്യക്ഷമമായ മാലിന്യ സംസ്കരണം എന്നിവയുൾപ്പെടെ ആരോഗ്യത്തെ സ്വാധീനിക്കുന്ന സാമൂഹിക ഘടകങ്ങളെ അഭിസംബോധന ചെയ്യേണ്ടതിന്റെ പ്രാധാന്യം ഇത് എടുത്തുപറയുന്നു. കൂടാതെ, വിജ്ഞാപനം ചെയ്യപ്പെട്ട രോഗങ്ങൾ അതത് സംസ്ഥാന അല്ലെങ്കിൽ ജില്ലാ പൊതുജനാരോഗ്യ അതോറിറ്റിയെ അറിയിക്കുന്നത് എല്ലാ സർക്കാർ-സ്വകാര്യ ആരോഗ്യ സ്ഥാപനങ്ങൾക്കും ഈ നിയമം നിർബന്ധമാക്കിയിട്ടുണ്ട്.

**വൺ ഹെൽത്ത് ഇൻഷ്യേറ്റീവ് (ഏക ആരോഗ്യ സംരംഭം):** മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേക്ക് പകരുന്ന രോഗങ്ങൾ (സൂനോട്ടിക്), പുതുതായി ഉടലെടുക്കുന്ന രോഗങ്ങൾ, അവയ്ക്ക് കാരണമാകുന്ന ഘടകങ്ങൾ എന്നിവയുടെ നിരീക്ഷണം സുഗമമാക്കുന്നതിനായി കാർസാപ്പ് (KARSAP - കേരള ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ), റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (RKI), ലോക ബാങ്ക് എന്നിവയുടെ സഹകരണത്തോടെയാണ് 'വൺ ഹെൽത്ത് ഇൻഷ്യേറ്റീവ്' ആരംഭിച്ചത്. എലിപ്പനി, ഡെങ്കിപ്പനി, ചിക്കൻഗുനിയ, സിക്ക, പക്ഷിപ്പനി, മസ്തിഷ്ക്കജ്വരം, വയറിളക്കം, ജാപ്പനീസ് മസ്തിഷ്ക്കജ്വരം, വെസ്റ്റ് നൈൽ പനി, കുരങ്ങുപനി (മങ്കി ഫീവർ), നിപ്പ എന്നിവയുൾപ്പെടെ കേരളത്തിലെ മുൻഗണനാ പട്ടികയിലുള്ള സാംക്രമികരോഗങ്ങൾ കണ്ടെത്തുന്നതിനും സ്ഥിരീകരിക്കുന്നതിനുമായി വിവിധ വകുപ്പുകൾ സംയുക്തമായി രോഗവ്യാപന അന്വേഷണം (Outbreak investigation) നടത്തുന്നതിനുള്ള മാർഗ്ഗരേഖകൾ ഇപ്പോൾ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

ആദ്യ ഘട്ടത്തിൽ, പമ്പാ നദീതടത്തിലുള്ള നാല് ജില്ലകളിൽ (പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി) സംയുക്ത

രോഗവ്യാപന അന്വേഷണ മാർഗ്ഗരേഖകൾ ഉപയോഗിച്ച് 2,53,726 പരിശീലനം ലഭിച്ച വ്യക്തികളെ (2,21,674 സാമൂഹിക വോളണ്ടിയർമാരും 32,052 സാമൂഹിക അംഗങ്ങളും) ഉൾപ്പെടുത്തിക്കൊണ്ടുള്ള സാമൂഹിക നിരീക്ഷണത്തിലൂടെ ഈ പദ്ധതി പ്രവർത്തനം ആരംഭിച്ചു. ഈ ജില്ലകളിലെ 150 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സാമൂഹികാധിഷ്ഠിത രോഗനിരീക്ഷണ സംവിധാനം നടപ്പിലാക്കുകയും ആദ്യ മൂന്ന് വർഷത്തേക്ക് നിശ്ചയിച്ചിരുന്ന ലക്ഷ്യങ്ങൾ വിജയകരമായി കൈവരിക്കുകയും ചെയ്തു. രണ്ടാം ഘട്ടത്തിൽ, ഈ ജില്ലകളിലെ 266 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പദ്ധതി വ്യാപിപ്പിക്കുകയും സംസ്ഥാനത്തെ മറ്റ് ജില്ലകളിലേക്ക് കൂടി ഇത് വ്യാപിപ്പിക്കുകയും ചെയ്യും.

സംസ്ഥാനതലത്തിലുള്ള സെന്റർ ഫോർ വൺ ഹെൽത്ത് കേരളയും (COH-K) ആദ്യ നാല് ജില്ലകളിലെ ഡിസ്ട്രിക്ട് പ്രോഗ്രാം മാനേജ്മെന്റ് ആൻഡ് സപ്പോർട്ട് യൂണിറ്റുകളും (DPMSUs) പ്രവർത്തനസജ്ജമായി. കൂടാതെ, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ നിപ്പ ഗവേഷണത്തിനായി ഒരു വൺ ഹെൽത്ത് സെന്റർ സ്ഥാപിച്ചു.

**ആന്റിമൈക്രോബിയൽ പ്രതിരോധത്തിനെതിരെയുള്ള (AMR) കേരളത്തിന്റെ സമഗ്ര പ്രവർത്തനം**

ആന്റിബയോട്ടിക്കുകളുടെ ഫലപ്രാപ്തി കുറയ്ക്കുകയും പൊതുജനാരോഗ്യം, ഭക്ഷ്യസുരക്ഷ, സുസ്ഥിര വികസനം എന്നിവയ്ക്ക് ഗുരുതരമായ ഭീഷണി ഉയർത്തുകയും ചെയ്യുന്ന വളർന്നുവരുന്ന ആഗോള ഭീഷണിയാണ് ആന്റിമൈക്രോബിയൽ പ്രതിരോധം (AMR). ഈ വെല്ലുവിളി നേരത്തെ തിരിച്ചറിഞ്ഞ കേരളം, വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള ബഹുമുഖ പ്രതികരണത്തിലൂടെ ഇന്ത്യയിൽ എഎംആർ (AMR) പ്രതിരോധത്തിൽ മുൻനിരയിൽ എത്തിയിട്ടുണ്ട്. പ്രതിരോധശേഷിയുള്ള സൂക്ഷ്മാണുക്കളുടെ ഉത്ഭവവും വ്യാപനവും കുറയ്ക്കുന്നതിനായി ഏകാരോഗ്യ പരിപാടിക്കു കീഴിൽ 2018-ൽ ദേശീയ ആക്ഷൻ പ്ലാനിനും ലോകാരോഗ്യ സംഘടനയുടെ ആഗോള ആക്ഷൻ പ്ലാനിനും അനുസൃതമായി കേരള ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ (KARSAP) ആരംഭിച്ചു. സംസ്ഥാനതല മൈക്രോബയോളജി ശൃംഖല വഴിയാണ് എഎംആർ (AMR) നിരീക്ഷണം നടത്തുന്നത്, ഇത് ഐസിഎംആർ-എഎംആർഎസ്എൻ മായി (Antimicrobial Resistance Surveillance Network) ബന്ധിപ്പിച്ചിരിക്കുന്നു.

എഎംആർ (AMR) നിരീക്ഷണത്തിനായി കേരളം 'ഹബ് ആൻഡ് സ്പോക്ക്' (Hub and Spoke) എന്ന സവിശേഷ മാതൃകയാണ് സ്വീകരിച്ചിരിക്കുന്നത്. ഇതിൽ പ്രാഥമിക-സെക്കൻഡറി തലത്തിലുള്ള സ്ഥാപനങ്ങൾ 'സ്പോക്കുകൾ' ആയും ഒരു കേന്ദ്ര ആശുപത്രി 'ഹബ്' ആയും പ്രവർത്തിക്കുന്നു. ഈ മാതൃക ജില്ലയുടെ വിദൂര പ്രദേശങ്ങളിലേക്ക് വരെ രോഗനിർണ്ണയ സ്റ്റീവാർഡ്ഷിപ്പ് പ്രോഗ്രാമുകൾ വ്യാപിപ്പിക്കാൻ സഹായിക്കുന്നു, ഇത് വിവിധ ആരോഗ്യ പരിചരണതലങ്ങളിൽ നിന്നുള്ള തത്സമയ വിവരശേഖരണവും നിരീക്ഷണവും സാധ്യമാക്കുന്നു.

യുക്തിസഹമായ ആന്റിബയോട്ടിക് ചികിത്സ പ്രോത്സാഹിപ്പിക്കുന്നതിനായി എറണാകുളം ജനറൽ ആശുപത്രിയിൽ ആരംഭിച്ച സെപ്സിസ് മാനേജ്മെന്റ് പ്രോഗ്രാം, ഹബ് ആൻഡ് സ്പോക്ക് മോഡലിലൂടെ സമീപത്തുള്ള 31 ആശുപത്രികളിലേക്ക് വ്യാപിപ്പിച്ചു. ഇപ്പോൾ കേരളത്തിലെ 14 ജില്ലകളിലും ജില്ലാതല എഎംആർ (AMR) ലാബുകളുണ്ട്, ഇവ സംസ്ഥാനത്തുടനീളമുള്ള 185 സ്പോക്ക് ആശുപത്രികളെ ബന്ധിപ്പിക്കുന്നു. ആന്റിബയോട്ടിക് വിൽപ്പന നിയന്ത്രിക്കാൻ സഹായിക്കുന്നതിനായി ആന്റിബയോട്ടിക് പാക്കേജിംഗിന് നീല നിറത്തിലുള്ള കവർ ഏർപ്പെടുത്തി. ഡ്രഗ് കൺട്രോൾ ഡിപ്പാർട്ട്മെന്റ്, പ്രൗഡ് (PROUD - Programme on Rational Use of Drugs) പദ്ധതിക്ക് കീഴിൽ കൃത്യമായ കുറിപ്പടി ഉണ്ടെങ്കിൽ മാത്രം ആന്റിബയോട്ടിക്കുകൾ നൽകുന്നു എന്ന് ഉറപ്പാക്കാൻ ഫാർമസികളിൽ കൃത്യമായ പരിശോധന നടത്തുന്നു. 10 പ്രധാന ആന്റിബയോട്ടിക് സ്റ്റിവാർഡ്ഷിപ്പ് മാനദണ്ഡങ്ങൾ നടപ്പിലാക്കി ആശുപത്രികളെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും പരിവർത്തനം ചെയ്യുന്നതിനായി 'ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രിയും പഞ്ചായത്തും' പദ്ധതി ആരംഭിച്ചു. കേരളത്തെ ഒരു ആന്റിബയോട്ടിക് സാക്ഷരതാ സംസ്ഥാനമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച സംസ്ഥാനതല എഎംആർ (AMR) ബോധവൽക്കരണ പ്രചാരണം 4 ലക്ഷത്തിലധികം വീടുകളിൽ എത്തിക്കഴിഞ്ഞു. ഈ സംയോജിത സമീപനം മരുന്ന് കുറിക്കുന്ന രീതികൾ മെച്ചപ്പെടുത്തുന്നതിനും ആന്റിബയോട്ടിക്കുകളുടെ ദുരുപയോഗം കുറയ്ക്കുന്നതിനും പൊതുജന അവബോധം വർദ്ധിപ്പിക്കുന്നതിനും കാരണമായിട്ടുണ്ട്.

**നിർണ്ണയ ലാബ് ശൃംഖല**

പൊതുമേഖലയിലെ ലബോറട്ടറികളെ ഒരു 'ഹബ്-ആൻഡ്-സ്പോക്ക്' (Hub-and-spoke) മാതൃകയിൽ ബന്ധിപ്പിച്ചുകൊണ്ട് സാധാരണവും അപൂർവ്വവുമായ രോഗങ്ങൾ നിർണ്ണയിക്കുന്നതിനുള്ള ഒരു സമഗ്ര സംവിധാനം വികസിപ്പിച്ചെടുത്തിട്ടുണ്ട്. എല്ലാ ജില്ലകളിലും ജില്ലാ ഡയഗ്നോസ്റ്റിക് ലബോറട്ടറികൾ (DDLs) സ്ഥാപിച്ചു. അനുബന്ധ കേന്ദ്രങ്ങളിൽ നിന്ന് ഡി.ഡി.എല്ലുകളിലേക്ക് സാമ്പിളുകൾ എത്തിക്കുന്നതിനുള്ള വിശ്വസനീയമായ ട്രാൻസ്പോർട്ട് സംവിധാനവും മുഴുവൻ ലാബ് ശൃംഖലകളിലും ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള നിരീക്ഷണ സംവിധാനവും ഇതിലുണ്ട്. ഹിസ്റ്റോപാത്തോളജി, സൈറ്റോപാത്തോളജി, മൈക്രോബയോളജി, ബയോകെമിസ്ട്രി പരിശോധനകൾ ഡി.ഡി.എല്ലുകളിൽ ലഭ്യമാണ്. ക്യാൻസർ നിർണ്ണയം, ക്ഷയരോഗ സ്ക്രീനിംഗ്, നവജാതശിശു സ്ക്രീനിംഗ്, ആന്റിമൈക്രോബിയൽ പ്രതിരോധം (AMR) കണ്ടെത്തൽ തുടങ്ങിയ പ്രത്യേക രോഗനിർണ്ണയ സേവനങ്ങളും ഈ ശൃംഖല വഴി നൽകുന്നു. കൃത്യമായ ആഭ്യന്തര-ബാഹ്യ ഗുണനിലവാര പരിശോധനകളിലൂടെ ഈ ലബോറട്ടറി ശൃംഖല മികച്ച രോഗനിർണ്ണയം ഉറപ്പാക്കുന്നു. ശൃംഖലയിലെ 1,262 സ്ഥാപനങ്ങളിൽ 1,158 എണ്ണം (91.8 ശതമാനം) നിർണ്ണയ ലബോറട്ടറി ശൃംഖലയ്ക്ക് കീഴിലാണ്. മൂന്ന് ജില്ലാ ആശുപത്രികൾ, 32 സി.എച്ച്.സികൾ, 21 താലൂക്ക് ആശുപത്രികൾ, 539 എഫ്.എച്ച്.സികൾ എന്നിവിടങ്ങളിലെ ലാബോറട്ടറികൾ ഇതിനകം മാനദണ്ഡങ്ങൾക്കനുസൃതമാക്കിയിട്ടുണ്ട്.

### ഇ – ഹെൽത്ത് പരിപാടി

ആരോഗ്യ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവൽകൃത ശൃംഖലയിലൂടെ സംസ്ഥാനത്തെ എല്ലാ കുടുംബങ്ങളുടെയും വ്യക്തികളുടെയും ഇലക്ട്രോണിക് മെഡിക്കൽ റെക്കോർഡുകളുടെ ഒരു ഡാറ്റാബേസ് വികസിപ്പിക്കുകയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ആരോഗ്യ സേവനങ്ങളുടെ കാര്യക്ഷമമായ വിതരണം, മെച്ചപ്പെട്ട രോഗീപരിചരണം, ഡാറ്റാ അധിഷ്ഠിത തീരുമാനങ്ങൾ എന്നിവ ഉറപ്പാക്കാൻ ഈ പദ്ധതി സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നു. ഈ പരിപാടിയുടെ ഭാഗമായി പൗരന്മാർക്ക് ഒരു യുണീക് ഹെൽത്ത് ഐഡന്റിഫിക്കേഷൻ നമ്പർ (UHID) നൽകും. ഇത് സംസ്ഥാനത്തെ എല്ലാ സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിലുമുള്ള അവരുടെ മെഡിക്കൽ റെക്കോർഡുകളെ തമ്മിൽ ബന്ധിപ്പിക്കുകയും അംഗീകൃത ആരോഗ്യ സേവന ദാതാക്കൾക്ക് എവിടെനിന്നും പരിശോധിക്കാവുന്ന ഡിജിറ്റൈസ് ചെയ്ത ആജീവനാന്ത ആരോഗ്യ രേഖകൾ വികസിപ്പിക്കാൻ സഹായിക്കുകയും ചെയ്യുന്നു. രോഗികൾക്ക് ഓൺലൈനായി അപ്പോയിന്റ്മെന്റുകൾ ബുക്ക് ചെയ്യാനും നീണ്ട ക്യൂ ഒഴിവാക്കാനും സാധിക്കുന്നു, ഇത് സേവനക്ഷമത വർദ്ധിപ്പിക്കുന്നു. രജിസ്ട്രേഷൻ, ഒപി മാനേജ്മെന്റ് മുതൽ രോഗനിർണ്ണയം, ഫാർമസി, ബില്ലിംഗ് വരെയുള്ള ആശുപത്രി പ്രവർത്തനങ്ങളെ ഈ സംവിധാനം യാന്ത്രികമാക്കുന്നു. എൻ.സി.ഡി സ്ക്രീനിംഗ്, ക്യാൻസർ സ്ക്രീനിംഗ്, മാനസികാരോഗ്യം, മാതൃ-ശിശു ആരോഗ്യ സംരംഭങ്ങൾ തുടങ്ങിയ വിവിധ പൊതുജനാരോഗ്യ പരിപാടികളുമായി ഈ പ്ലാറ്റ്ഫോം സംയോജിപ്പിച്ചിരിക്കുന്നു. തത്സമയ ഡാഷ്ബോർഡുകളിലൂടെയും റിപ്പോർട്ടുകളിലൂടെയും നിരീക്ഷണം, ആസൂത്രണം, നയരൂപീകരണം എന്നിവയ്ക്കായി ആരോഗ്യകേന്ദ്രങ്ങളിൽ നിന്നുള്ള ഡാറ്റ ഉപയോഗിക്കുന്നു.

2025-ഓടെ ഹെൽത്ത് ഇൻഫർമേഷൻ സിസ്റ്റത്തിന്റെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനായി എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും 686 ആരോഗ്യ സ്ഥാപനങ്ങളിലും ഇ-ഹെൽത്ത് അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുകയും നവീകരിക്കുകയും ചെയ്തു. ഈ നവീകരണങ്ങൾ പ്രവചന മോഡലിംഗ് (Predictive modelling), ചികിത്സയുടെ തുടർച്ച, ഡാറ്റാ അധിഷ്ഠിത തീരുമാനമെടുക്കൽ, രോഗം സംബന്ധിച്ച രജിസ്ട്രികൾ, ജൈവ ശേഖരങ്ങൾ, സാമൂഹ്യ തലത്തിലുള്ള ഡാറ്റാ പ്ലാറ്റ്ഫോമുകൾ എന്നിവയുടെ വികസനത്തെ പിന്തുണയ്ക്കുന്നു. ഈ മാറ്റങ്ങൾ രോഗപ്രവണതകളും വ്യാപനങ്ങളും വേഗത്തിലും കൃത്യമായും പ്രവചിക്കാൻ സഹായിക്കുന്ന നിരീക്ഷണ സംവിധാനങ്ങളെ ഗണ്യമായി മെച്ചപ്പെടുത്തി. വിവിധ തലങ്ങളിലുള്ള സ്ഥാപനങ്ങളുടെ ശൃംഖല വിഭവങ്ങൾ പങ്കുവെക്കുന്നതിനും പരിശീലനം, ഗവേഷണം, സാങ്കേതിക പിന്തുണ എന്നിവയ്ക്കും സൗകര്യമൊരുക്കുന്നു. അതോടൊപ്പം പൊതു-സ്വകാര്യ അക്കാദമിക് പങ്കാളിത്തങ്ങളെ പരിപോഷിപ്പിക്കുകയും ചെയ്യുന്നു. ഏകദേശം 68,35,747 കുടുംബങ്ങളിൽ നിന്നായി 2.5 കോടിയിലധികം പൗരന്മാർ (ഏകദേശം 1.3 കോടി പുരുഷന്മാർ, 1.3 കോടി സ്ത്രീകൾ, 816 ട്രാൻസ്ജെൻഡർ വ്യക്തികൾ) രജിസ്റ്റർ ചെയ്തിട്ടുണ്ട്; 5 കോടിയിലധികം കൺസൾട്ടേഷനുകൾ ഡിജിറ്റലായി രേഖപ്പെടുത്തിയിട്ടുണ്ട്.

ദൂരസ്ഥലങ്ങളിൽ ഇരുന്നുകൊണ്ട് ഡോക്ടറെ കാണാൻ സഹായിക്കുന്ന ടെലിമെഡിസിൻ സേവനം ഒരു അധിക നേട്ടമാണ്, പ്രത്യേകിച്ച് ഗ്രാമീണ മേഖലകളിലും എത്തിപ്പെടാൻ ബുദ്ധിമുട്ടുള്ള പ്രദേശങ്ങളിലുമുള്ള ആളുകൾക്ക് ഇത് ഏറെ പ്രയോജനകരമാണ്. ഈ പ്ലാറ്റ്ഫോമിൽ വിദഗ്ധർ ഉൾപ്പെടെ 4,727 ഡോക്ടർമാരുണ്ട്, പ്രതിദിനം ശരാശരി 500 മുതൽ 750 വരെ ആളുകൾക്ക് സംസ്ഥാനത്തുടനീളം ഈ സേവനം ലഭിക്കുന്നു. ശരാശരി കൺസൾട്ടേഷൻ സമയം 6 മിനിറ്റ് 15 സെക്കൻഡും, ശരാശരി കാത്തിരിപ്പ് സമയം 5 മിനിറ്റ് 55 സെക്കൻഡുമാണ്. നൽകപ്പെടുന്ന വിദഗ്ധ സേവനങ്ങളിൽ എൻ.സി.ഡി, ഓങ്കോളജി, മനോരോഗ ചികിത്സ, മാനസികാരോഗ്യം, ജനറൽ മെഡിസിൻ, പീഡിയാട്രിക്സ്, ദന്തപരിചരണം, ത്വക് രോഗ ചികിത്സ, ശ്വാസകോശരോഗ ചികിത്സ, ഹൃദ്രോഗ ചികിത്സ, സ്ത്രീരോഗ ചികിത്സ, ഇ.എൻ.ടി, കൗമാര ആരോഗ്യ പരിചരണം, സാന്ത്വന പരിചരണം, നേത്രരോഗ ചികിത്സ, ജനറൽ സർജറി, ഓർത്തോപീഡിക്സ്, ഹീമോഫീലിയ പരിചരണം, ഫിസിക്കൽ മെഡിസിനും പുനരധിവാസവും ഉൾപ്പെടുന്നതും കൂടാതെ ആയുർവേദം, ഹോമിയോപ്പതി ഔട്ട്-പേഷ്യന്റ് സേവനങ്ങളും ഇതിൽ ഉൾപ്പെടുന്നതുമാണ്.

### വിളർച്ചയും വിവ (VIVA) കേരള സംരംഭവും

കേരളത്തിൽ, പ്രത്യേകിച്ച് സ്ത്രീകൾ, കുട്ടികൾ, കൗമാരക്കാർ എന്നിവർക്കിടയിൽ വ്യാപകമായ ഒരു പൊതുജനാരോഗ്യ പ്രശ്നമാണ് വിളർച്ച (Anaemia). ഇത് പ്രധാനമായും ഇരുമ്പിന്റെ (Iron) കുറവ് മൂലമാണ് സംഭവിക്കുന്നത്, എന്നാൽ മറ്റ് പോഷകാഹാര കുറവുകൾ, അണുബാധകൾ അല്ലെങ്കിൽ വിട്ടുമാറാത്ത രോഗങ്ങളുമായും ഇത് ബന്ധപ്പെട്ടിരിക്കാം. കൃത്യമായ ചികിത്സ നൽകിയില്ലെങ്കിൽ, കുട്ടികളിൽ ശാരീരികവും മാനസികവുമായ വളർച്ചാ മുരടിപ്പിനും, മുതിർന്നവരിൽ ഉൽപ്പാദനക്ഷമത കുറയുന്നതിനും, ഗർഭാവസ്ഥയിലും പ്രസവസമയത്തും കൂടുതൽ അപകടസാധ്യതകൾക്കും ഇത് കാരണമാകും. 'അനീമിയ മുക്ത് ഭാരത്' (വിളർച്ചയില്ലാത്ത ഭാരതം) പദ്ധതിയുമായി യോജിച്ച് കുട്ടികൾ, കൗമാരക്കാർ, പ്രസവപ്രായത്തിലുള്ള സ്ത്രീകൾ എന്നിവരിലെ വിളർച്ച തടയുന്നതിനും പ്രതിരോധിക്കുന്നതിനുമായി നടപ്പിലാക്കുന്ന പ്രത്യേക പരിപാടിയാണ് വിവ (VIVA - വിളർച്ചയിൽ നിന്നും വളർച്ചയിലേക്ക്) പ്രോജക്ട്. 2023-ൽ ആരംഭിച്ച ഈ പദ്ധതിയിലൂടെ 15 മുതൽ 59 വയസ്സ് വരെയുള്ള പെൺകുട്ടികളിലും സ്ത്രീകളിലും വിളർച്ച പരിശോധിക്കുകയും ചികിത്സ നൽകുകയും അവബോധം വളർത്തുകയും ചെയ്തു. ഈ പദ്ധതിക്ക് കീഴിൽ 'ഹീമോഗ്ലോബിനോമീറ്റർ' ഉപയോഗിച്ച് ഹീമോഗ്ലോബിന്റെ അളവ് നിരീക്ഷിക്കുന്നു. കുടുംബശ്രീ യൂണിറ്റുകൾ വഴി അവബോധ ക്ലാസുകൾ നടത്തുകയും ഇരുമ്പ് സത്തുകൾ അടങ്ങിയ ഭക്ഷണ വിഭവങ്ങൾ പരിചയപ്പെടുത്തുകയും ചെയ്യുന്നു. ഏകദേശം 7.5 ലക്ഷം സ്ത്രീകളെ പരിശോധിക്കുകയും ആവശ്യമായ ചികിത്സ (ആവശ്യമെങ്കിൽ രക്തം നൽകുന്നത് ഉൾപ്പെടെ) ഉറപ്പാക്കുകയും ചെയ്തു. ഇതിന്റെ ഫലമായി ലക്ഷ്യമിട്ട വിഭാഗങ്ങളിലെ 60 ശതമാനം സ്ത്രീകളെയും വിളർച്ചയില്ലാത്തവരാക്കി മാറ്റാൻ സാധിച്ചു. ഈ നേട്ടം കൈവരിച്ച ഏക സംസ്ഥാനമാണ് കേരളം.

### മാതൃ – ശിശു ആരോഗ്യ സേവനങ്ങൾക്കായുള്ള കുടുംബ ക്ഷേമ പദ്ധതികൾ

**മാതൃ ആരോഗ്യ സേവനങ്ങൾ**: കേരളത്തിലെ ഏകദേശം 92 ശതമാനം ഗർഭധാരണങ്ങളും ആദ്യ മൂന്ന് മാസത്തിനുള്ളിൽ തന്നെ രജിസ്റ്റർ ചെയ്യപ്പെടുന്നു. ആശാ (ASHA) വർക്കർമാർ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് (JPHN) എന്നിവരുടെ സേവനങ്ങളിലൂടെയാണ് ഇത് സാധ്യമാകുന്നത്. 'റീപ്രൊഡക്റ്റീവ് ആൻഡ് ചൈൽഡ് ഹെൽത്ത്' (RCH) പോർട്ടൽ വഴി എല്ലാ ഗർഭിണികൾക്കും കുറഞ്ഞത് നാല് പ്രസവപൂർവ്വ പരിശോധനകൾ (ANC visits) ഉറപ്പാക്കുന്നു. ഈ സന്ദർശന വേളയിൽ സ്ത്രീകൾക്ക് ടെറ്റനസ് ടോക്സോയിഡ് (TT) കുത്തിവെപ്പ്, വിളർച്ച പരിശോധന, പോഷകാഹാര ഉപദേശങ്ങൾ, ഉചിതമായ സപ്ലിമെന്റുകൾ എന്നിവ നൽകുന്നു. 'മദർ കെയർ കാർഡുകൾ', 'ഇ-ഹെൽത്ത്' ട്രാക്കിംഗ് സംവിധാനങ്ങൾ എന്നിവയിലൂടെ ഏകദേശം 19 ശതമാനം ഗർഭധാരണങ്ങൾ നേരത്തെ തന്നെ 'ഉയർന്ന അപകടസാധ്യതയുള്ളവ' (High-risk) ആയി തിരിച്ചറിഞ്ഞിട്ടുണ്ട്. ഇവരെ പരിചരിക്കുന്നതിനായി താലൂക്ക്/ജില്ലാ ആശുപത്രികളിൽ എമർജൻസി ഒബ്സ്റ്റട്രിക് കെയർ (EmOC) യൂണിറ്റുകൾ സ്ഥാപിച്ചു. എല്ലാ താലൂക്ക്, ജില്ലാ ആശുപത്രികളിലും ഇപ്പോൾ സാധാരണ പ്രസവവും സിസേറിയനും നടത്താനുള്ള സൗകര്യമുണ്ട്, ഇത് സ്ഥാപനങ്ങളിലെ പ്രസവനിരക്ക് 98 ശതമാനമായി ഉയർത്താൻ സഹായിച്ചു. താലോലം, കാരുണ്യ പദ്ധതികൾക്ക് കീഴിൽ സർക്കാർ ആശുപത്രികളിലും എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രികളിലും സൗജന്യമായി മാതൃപരിചരണവും ശസ്ത്രക്രിയകളും നൽകിവരുന്നു. ഈ ഇടപെടലുകൾ സിസേറിയൻ നിരക്ക് 60 ശതമാനത്തിൽ നിന്ന് 45 ശതമാനത്തിൽ താഴെയായി കുറയ്ക്കാൻ സഹായിച്ചു.

**ശിശു ആരോഗ്യ സേവനങ്ങൾ**: കേരളം സമഗ്രവും ശക്തവുമായ ഒരു ശിശു ആരോഗ്യ സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. പരമ്പരാഗതമായ ആറ് വാക്സിനുകൾക്ക് പുറമെ മറ്റ് നിരവധി വാക്സിനുകൾ കൂടി ഉൾപ്പെടുത്തി സംസ്ഥാനം പ്രതിരോധ കുത്തിവെപ്പ് പട്ടിക വിപുലീകരിച്ചു. 2011-ൽ പെന്റാവാലന്റ് വാക്സിൻ (DPT + Hep B + Hib), 2015-ൽ ഇനാക്റ്റിവേറ്റഡ് പോളിയോ വാക്സിൻ (IPV), സാധാരണ ഉപയോഗത്തിനായി എം.എം.ആറിന് (MMR) പകരം മീസിൽസ്-റുബെല്ല (MR) വാക്സിൻ, 2019-ൽ റോട്ടാവൈറസ് വാക്സിൻ, 2021-ൽ ന്യൂമോകോക്കൽ കോൺജുഗേറ്റ് വാക്സിൻ (PCV) എന്നിവ പുതുതായി അവതരിപ്പിച്ചു.

സംസ്ഥാനത്തെ സമ്പൂർണ്ണ വാക്സിനേഷൻ കവറേജ് 90 ശതമാനത്തിലധികമാണ്. ഗോത്രവർഗ മേഖലകൾ, നഗര ചേരികൾ തുടങ്ങി കുറഞ്ഞ വാക്സിനേഷൻ നിരക്കുള്ള ഇടങ്ങളിൽ സേവനം മെച്ചപ്പെടുത്തുന്നതിനായി മിഷൻ ഇന്ദ്രധനുഷ്, ഇന്റൻസിഫൈഡ് മിഷൻ ഇന്ദ്രധനുഷ് (IMI) എന്നിവ തന്ത്രപരമായി നടപ്പിലാക്കി. ഈ പ്രചാരണ പരിപാടികളിൽ പ്രത്യേക ഔട്ട്റീച്ച് സെഷനുകൾ, മൊബൈൽ വാക്സിനേഷൻ ടീമുകൾ, വാക്സിനേഷൻ മുടങ്ങിയ കുട്ടികൾക്കായുള്ള പ്രത്യേക ഒപ്പമെത്തൽ റൗണ്ടുകൾ എന്നിവ ഉൾപ്പെടുന്നു. പ്രതിരോധ കുത്തിവെപ്പ് പ്രവർത്തനങ്ങൾ സ്കൂൾ ആരോഗ്യ പരിപാടികളുമായി സംയോജിപ്പിച്ചിരിക്കുന്നു, ഇത് പ്രീ-സ്കൂൾ, സ്കൂൾ പ്രായത്തിലുള്ള കുട്ടികൾക്ക് കൃത്യസമയത്ത് വാക്സിനുകളും ബൂസ്റ്റർ ഡോസുകളും ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നു.

വാക്സിൻ സ്റ്റോക്ക് മാനേജ്മെന്റും കോൾഡ് ചെയിൻ ലോജിസ്റ്റിക്സും കാര്യക്ഷമമാക്കുന്നതിനായി 'ഇലക്ട്രോണിക് വാക്സിൻ ഇന്റലിജൻസ് നെറ്റ്‌വർക്ക്' (eVIN) നടപ്പിലാക്കി, ഇത് വാക്സിനുകളുടെ ലഭ്യത ഉറപ്പാക്കാനും പാഴാകുന്നത് കുറയ്ക്കാനും സഹായിക്കുന്നു. ആർ.സി.എച്ച് (RCH) പോർട്ടലും മദർ-ചൈൽഡ് ട്രാക്കിംഗ് സിസ്റ്റവും (MCTS) ഗുണഭോക്താക്കളെ തത്സമയം നിരീക്ഷിക്കാൻ ഉപയോഗിക്കുന്നു. കോവിഡ്-19 ന് ശേഷമുള്ള കാലഘട്ടത്തിൽ, ഡിജിറ്റൽ രജിസ്ട്രേഷൻ സംവിധാനങ്ങളും മൊബൈൽ വഴിയുള്ള ഓർമ്മപ്പെടുത്തലുകളും വാക്സിനേഷൻ കൃത്യസമയത്ത് എടുക്കുന്നതിനും മുടക്കം കുറയ്ക്കുന്നതിനും സഹായിച്ചു.

രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം (RBSK) പ്രകാരം ജനനം മുതൽ 18 വയസ്സ് വരെയുള്ള കുട്ടികളെ 4D-കൾക്കായി (ജന്മനായുള്ള വൈകല്യങ്ങൾ - defects at birth, രോഗങ്ങൾ - diseases, പോഷകാഹാര കുറവുകൾ - deficiencies, വളർച്ചാ വൈകല്യങ്ങൾ - developmental delays) പരിശോധിക്കുന്നു. കുറഞ്ഞ ജനനഭാരമുള്ളവർ, മാസം തികയാതെ പ്രസവിച്ചവർ, മറ്റ് അസുഖങ്ങളുള്ള നവജാതശിശുക്കൾ എന്നിവരെ പരിചരിക്കുന്നതിനായി എല്ലാ ജില്ലാ ആശുപത്രികളിലും പല താലൂക്ക് ആശുപത്രികളിലും SCNU/NICU സൗകര്യങ്ങളുണ്ട്. മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും നേരത്തെയുള്ള റെഫറൽ സംവിധാനങ്ങളും കാരണം നവജാതശിശു മരണനിരക്ക് ക്രമാനുഗതമായി കുറഞ്ഞു.

### നവജാതശിശു സ്ക്രീനിംഗ് (NBS) പരിപാടി

നവജാതശിശുക്കളിലെ വൈകല്യങ്ങൾ നേരത്തെ കണ്ടെത്താനും കൃത്യസമയത്ത് ഇടപെട്ട് രോഗാവസ്ഥയും മരണനിരക്കും കുറയ്ക്കാനുമായി 2018-ൽ സംസ്ഥാനം നവജാതശിശു സ്ക്രീനിംഗ് (NBS) പരിപാടി ശക്തിപ്പെടുത്തി. ഇതിലൂടെ ജന്മനായുള്ള ഹൈപ്പോതൈറോയ്ഡിസം (Congenital Hypothyroidism), ജന്മനായുള്ള അഡ്രീനൽ ഹൈപ്പർപ്ലാസിയ (Congenital Adrenal Hyperplasia), ഫീനൈൽകെറ്റോണൂറിയ (Phenylketonuria), ഗ്ലൂക്കോസ് 6 ഫോസ്ഫേറ്റ് ഡീഹൈഡ്രോജനസ് (ജി6പിഡി) കുറവ്, ഗാലക്ടോസീമിയ (Galactosemia), കേൾവിക്കുറവ്, ജന്മനായുള്ള ഹൃദ്രോഗം (CHD) എന്നിവയ്ക്കൊപ്പം പ്രകടമായ ജന്മവൈകല്യങ്ങൾക്കായുള്ള പതിവ് പരിശോധനകളും 99 സർക്കാർ പ്രസവകേന്ദ്രങ്ങളിൽ നടത്തുന്നു. കുഞ്ഞ് ജനിച്ച് 48 മുതൽ 72 മണിക്കൂറിനുള്ളിൽ കുതികാലിൽ നിന്ന് രക്തം ശേഖരിച്ച് (Heel-prick method) ഫിൽട്ടർ പേപ്പറിലാക്കി പി.എച്ച് (PH), ആർ.പി.എച്ച് (RPH) ലാബുകളിലേക്ക് അയക്കുന്നു. സജ്ജീകരിച്ചിട്ടുള്ള നവജാതശിശു സാമ്പിൾ ട്രാൻസ്പോർട്ട് സിസ്റ്റവും മെറ്റബോളിക് സ്ക്രീനിംഗ് റിപ്പോർട്ടുകൾ രേഖപ്പെടുത്താൻ ഒരു കേന്ദ്രീകൃത ഡിജിറ്റൽ ട്രാക്കിംഗ് സിസ്റ്റവും (ജാതക് സേവ ആപ്പ്) സംസ്ഥാനം സ്ഥാപിച്ചിട്ടുണ്ട്. 2013 മാർച്ച് മുതൽ 2025 ജനുവരി വരെയുള്ള കാലയളവിൽ ആകെ 12,42,347 കേസുകൾ ഈ പരിപാടിയിലൂടെ പരിശോധിച്ചു. ഹൃദ്രോഗം (CHD) കണ്ടെത്തുന്ന കുഞ്ഞുങ്ങൾക്ക് കുരുന്നു ഹൃദയങ്ങൾക്കായുള്ള 'ഹൃദ്യം'

(Hridayam for Little Hearts) പദ്ധതിയിലൂടെ സൗജന്യ ചികിത്സ നൽകുന്നു.

### ട്രോമ കെയർ സേവനങ്ങൾ

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി പുറത്തിറക്കിയ പുതിയ ട്രോമ പോളിസി കേരളത്തിന്റെ അടിയന്തര ചികിത്സാ സംവിധാനം ശക്തിപ്പെടുത്തുന്നതിലെ നിർണ്ണായക ചുവടുവെപ്പാണ്. ഈ നയത്തിന് അനുസൃതമായി 2017-ൽ കേരള ആരോഗ്യവകുപ്പ് 'കനിവ്' (Kanivu - Kerala Ambulance Network for Indisposed Victims) എന്ന പേരിൽ അടിയന്തര ട്രോമ കെയർ സർവീസ് ആരംഭിച്ചു. തത്സമയ ഡാറ്റ, ജിയോസ്പേഷ്യൽ പ്ലാനിംഗ്, കേന്ദ്രീകൃത ഏകോപനം എന്നിവയുടെ പിന്തുണയോടെയുള്ള ട്രോമ കെയർ സംവിധാനം വികസിപ്പിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. നിലവിലുള്ള 108 ആംബുലൻസ് ശൃംഖലയുമായി കനിവിനെ സംയോജിപ്പിച്ചിരിക്കുന്നു. ഇതിൽ എമർജൻസി മെഡിക്കൽ ടെക്നീഷ്യൻമാർ (EMTs) ഉൾപ്പെടെയുള്ള പരിശീലനം ലഭിച്ച ജീവനക്കാരുണ്ട്. തത്സമയ സ്ഥലം നിരീക്ഷണവും വേഗത്തിലുള്ള പ്രതികരണവും ഉറപ്പാക്കുന്നതിനായി ഓരോ ആംബുലൻസിലും ആധുനിക ജീവൻരക്ഷാ ഉപകരണങ്ങളും ജി.പി.എസ് ട്രാക്കിംഗും സജ്ജീകരിച്ചിരിക്കുന്നു.

ആംബുലൻസുകളുടെ വിന്യാസം ഏകോപിപ്പിക്കുന്നതിനും കാര്യക്ഷമതയും വേഗതയും വർദ്ധിപ്പിക്കുന്നതിനുമായി ഒരു പ്രത്യേക കോൾ സെന്റർ സ്ഥാപിച്ചിട്ടുണ്ട്. ആരോഗ്യവകുപ്പിന് കീഴിലുള്ള 52 ജില്ലാ-താലൂക്ക് ആശുപത്രികളിലും ഒരു സി.എച്ച്.സിയിലും പ്രത്യേക ട്രോമ കെയർ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. സേവനങ്ങൾ തടസ്സമില്ലാതെ ലഭ്യമാക്കാൻ ഓരോ ആശുപത്രിയിലും ഓരോ നോഡൽ ഓഫീസറെ നിയമിച്ചു. ട്രോമ കെയർ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി എമർജൻസി മെഡിക്കൽ ടെക്നീഷ്യൻ (EMT) കോഴ്സുകൾ ആരംഭിക്കുകയും, ഫസ്റ്റ് റെസ്പോണ്ടർമാർക്കും ആശുപത്രി ജീവനക്കാർക്കും 'ഗോൾഡൻ അവർ' അടിയന്തര പ്രോട്ടോക്കോളുകളിൽ പരിശീലനം നൽകുകയും ചെയ്തു. സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും ആവശ്യമായ ജീവനക്കാരും സൗകര്യങ്ങളുമുള്ള പ്രത്യേക ട്രോമ കെയർ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്.

### ഗവേഷണ പ്രവർത്തനങ്ങൾ

ആരോഗ്യവകുപ്പിന് കീഴിലുള്ള ഗവേഷണ പദ്ധതികൾ അവലോകനം ചെയ്യുന്നതിനും അംഗീകാരം നൽകുന്നതിനുമായി സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്ററിൽ (SHSRC) ഒരു എത്തിക്സ് കമ്മിറ്റിയും ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. സാംക്രമികേതര രോഗങ്ങൾ (NCDs), സാന്ത്വന പരിചരണം, മാനസികാരോഗ്യം, വയോജന ആരോഗ്യം, പകർച്ചവ്യാധി പ്രതിരോധം തുടങ്ങി നിരവധി പ്രധാന മേഖലകളിലെ ഗവേഷണങ്ങളിൽ എസ്എച്ച്എസ്ആർസി മുൻനിര പങ്കുവഹിക്കുന്നു. സംസ്ഥാനത്തെ ആരോഗ്യ ഗവേഷണം മെച്ചപ്പെടുത്തുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി (IAV), രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി (RGCB), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി (NIV), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ജീനോമിക്സ് ആൻഡ് ഇന്റഗ്രേറ്റീവ് ബയോളജി (IGIB) തുടങ്ങിയ പ്രമുഖ ഗവേഷണ സ്ഥാപനങ്ങളുമായി സഹകരണം ആരംഭിച്ചിട്ടുണ്ട്.

രോഗനിയന്ത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും അക്കാദമിക്-ക്ലിനിക്കൽ ഗവേഷണങ്ങൾ സുഗമമാക്കുന്നതിനും തെളിവ് അധിഷ്ഠിത നയരൂപീകരണത്തെ പിന്തുണയ്ക്കുന്നതിനുമായി 'സെന്റർ ഫോർ ഡിസീസ് കൺട്രോൾ - കേരള' (CDC-K) സ്ഥാപിക്കുന്നതിനുള്ള നടപടികൾ സംസ്ഥാനം തുടങ്ങിക്കഴിഞ്ഞു. കൂടാതെ, നിപ്പ, പക്ഷിപ്പനി തുടങ്ങിയ ആവർത്തിച്ചുള്ള പകർച്ചവ്യാധികൾക്കെതിരെയുള്ള സാമൂഹ്യ പ്രതിരോധം വർദ്ധിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ച് സഹകരണ ഗവേഷണങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ 'കേരള വൺ ഹെൽത്ത് സെന്റർ ഫോർ നിപ്പ റിസർച്ച് ആൻഡ് റെസിലിയൻസ്' സ്ഥാപിച്ചു. എസ്എച്ച്എസ്ആർസി-യുടെ മാർഗ്ഗനിർദ്ദേശത്തിൽ ഏറ്റെടുത്ത 34 ഗവേഷണ പരിപാടികളിൽ ഏഴെണ്ണം പൂർത്തിയായി, ബാക്കി 27 എണ്ണം പുരോഗതിയുടെ വിവിധ ഘട്ടങ്ങളിലാണ്. ഇതിനുപുറമെ, ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിന്റെ (ICMR) ധനസഹായത്തോടെ ആറ് ഗവേഷണ പദ്ധതികളും, കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി (KSACS), നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷൻ (NACO) എന്നിവയുടെ പിന്തുണയോടെ മറ്റ് ആറ് പദ്ധതികളും നടന്നുവരുന്നു.

### ആരോഗ്യ ഇൻഷുറൻസ് (Health Assurance)

കേരള സർക്കാരിന്റെ സമഗ്ര ആരോഗ്യ ഇൻഷുറൻസ് പരിപാടിയാണ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP). 2020 മെയ് മാസത്തിൽ സ്ഥാപിതമായ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി (SHA) വഴിയാണ് ഇത് നടപ്പിലാക്കുന്നത്. രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന (RSBY), സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി (CHIS), മുതിർന്ന പൗരന്മാർക്കുള്ള ആരോഗ്യ ഇൻഷുറൻസ് പദ്ധതി (SCHIS), നിലവിലെ പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജന (PM-JAY) എന്നിവയുൾപ്പെടെ മുമ്പുണ്ടായിരുന്ന എല്ലാ സർക്കാർ ചെലവ് വഹിച്ചിരുന്ന ഇൻഷുറൻസ് പദ്ധതികളെയും സംയോജിപ്പിച്ചാണ് ഈ പ്രോഗ്രാം രൂപകൽപ്പന ചെയ്തിരിക്കുന്നത്. നിലവിൽ കേരളത്തിൽ 597 എംപാനൽ ചെയ്ത ആശുപത്രികളുണ്ട്, ഇതിൽ 394 സ്വകാര്യ ആശുപത്രികളും 203 പൊതു ആശുപത്രികളും (അഞ്ച് ഭാരത സർക്കാർ ആശുപത്രികൾ ഉൾപ്പെടെ) ഉൾപ്പെടുന്നു.

കാസ്പ് (KASP) സംസ്ഥാനത്തെ 42.1 ലക്ഷം കുടുംബങ്ങൾക്ക് പ്രതിവർഷം 5 ലക്ഷം രൂപ വരെയുള്ള പണമില്ലാത്ത (cashless) ചികിത്സാ പരിരക്ഷ ഉറപ്പാക്കുന്നു. ഈ പദ്ധതിയിൽ ഉൾപ്പെട്ട കുടുംബങ്ങളിൽ 23.98 ലക്ഷം കുടുംബങ്ങൾ മാത്രമാണ് പി.എം.ജെ.എ.വൈ (PMJAY) ഗുണഭോക്താക്കൾ. ഇവരുടെ നിശ്ചയിച്ച ഇൻഷുറൻസ് പ്രീമിയത്തിന്റെ 60 ശതമാനം മാത്രമാണ് കേന്ദ്ര സർക്കാർ നൽകുന്നത്. 2020 ജൂലൈയ്ക്കും 2025 ആഗസ്റ്റിനും ഇടയിൽ കാസ്പ് വഴി ഏകദേശം 57 ലക്ഷം ക്ലെയിമുകൾ ഉണ്ടാവുകയും ഏകദേശം 4,700 കോടി രൂപ വിതരണം ചെയ്യു

കയും ചെയ്തു. ഈ തുകയുടെ 80 ശതമാനത്തിലധികവും കേരള സർക്കാരാണ് വഹിച്ചത്, ബാക്കി തുക കേന്ദ്ര വിഹിതമായി ലഭിച്ചു.

കാരുണ്യ ബെനവലന്റ് ഫണ്ട് (KBF), ആരോഗ്യകിരണം പദ്ധതി (AK), ശ്രുതിതരംഗം പദ്ധതി തുടങ്ങിയ മറ്റ് പ്രധാന ആരോഗ്യ സംരംഭങ്ങൾ നടപ്പിലാക്കുന്നതിനും സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് ഉത്തരവാദിത്തമുണ്ട്. കാസ്പ് പദ്ധതിയിൽ ഉൾപ്പെടാത്തതും വാർഷിക വരുമാനം 3 ലക്ഷം രൂപയിൽ താഴെയുള്ളതുമായ കുടുംബങ്ങൾക്ക് കാരുണ്യ ബെനവലന്റ് ഫണ്ട് (KBF) വഴി ഒരു കുടുംബത്തിന് 2 ലക്ഷം രൂപ വരെ പണമില്ലാത്ത ചികിത്സാ ആനുകൂല്യങ്ങൾ ലഭിക്കും; വൃക്ക സംബന്ധമായ ചികിത്സകൾക്ക് 1 ലക്ഷം രൂപ അധികമായും ലഭിക്കും. മറ്റ് പദ്ധതികളിൽ ഉൾപ്പെടാത്ത 18 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് 'ആരോഗ്യകിരണം' സമഗ്രമായ ആരോഗ്യ പരിചരണ സേവനങ്ങൾ നൽകുന്നു. ഗുരുതരമായ കേൾവിക്കുറവുള്ള 3 വയസ്സ് വരെയുള്ള കുട്ടികൾക്കും അതിനു മുകളിലുള്ള തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്കുമായി സൗജന്യ കോക്ലിയർ ഇംപ്ലാന്റ് ശസ്ത്രക്രിയകളും ആഡിറ്ററി പെർബൽ തെറാപ്പി ഡിവൈസ് റിപ്പയർ, പ്രോസസ്സർ നവീകരണം തുടങ്ങിയ അനുബന്ധ സേവനങ്ങളും 'ശ്രുതിതരംഗം' പദ്ധതിയിലൂടെ നൽകുന്നു.

കാർഡ് രജിസ്ട്രേഷൻ മുതൽ രോഗി ഡിസ്ചാർജ് ആകുന്നത് വരെ വേഗത്തിലും കാര്യക്ഷമമായും സേവനങ്ങൾ ഉറപ്പാക്കാൻ എംപാനൽ ചെയ്ത എല്ലാ ആശുപത്രികളിലും കാസ്പ് (KASP) ബ്രാൻഡഡ് കിയോസ്കുകൾ സ്ഥാപിച്ചിട്ടുണ്ട്. സംശയങ്ങൾക്കും പരാതികൾ പരിഹരിക്കുന്നതിനുമായി 24/7 പ്രവർത്തിക്കുന്ന ടോൾ ഫ്രീ ഹെൽപ്പ് ലൈൻ നിലവിലുണ്ട്. ആരോഗ്യ സേവന വിതരണത്തിലെ മികവിനും പദ്ധതി നടപ്പിലാക്കുന്നതിലെ നവീനതയ്ക്കും ദേശീയ തലത്തിൽ നിരവധി പുരസ്കാരങ്ങൾ കാസ്പ് (KASP) നേടിയിട്ടുണ്ട്.

**ആയുഷ് (AYUSH) (ആയുർവേദം, യോഗയും പ്രകൃതി ചികിത്സയും, സിദ്ധ, യുനാനി, ഹോമിയോപ്പതി)**

ആയുർവേദം, സിദ്ധ, യുനാനി, ഹോമിയോപ്പതി, യോഗ, **പ്രകൃതിചികിത്സ** എന്നീ ചികിത്സാ സേവനങ്ങളെ ശക്തിപ്പെടുത്തുന്നതിനായി രൂപകൽപ്പന ചെയ്ത വിവിധ സംരംഭങ്ങളിലൂടെ കേരളത്തിലെ ആയുഷ് മേഖല ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. ഈ പരമ്പരാഗത ചികിത്സാരീതികളുടെ ഗുണഫലങ്ങൾ പ്രചരിപ്പിക്കുന്നതിനായി എല്ലാ ജില്ലകളിലും സാന്ത്വന പരിചരണം, സ്കൂൾ ആരോഗ്യ സേവനങ്ങൾ, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ എന്നിവയുൾപ്പെടെ ആയുഷ് സേവനങ്ങൾ സംസ്ഥാന വ്യാപകമായി ലഭ്യമാക്കാനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനും സംസ്ഥാനം ഗണ്യമായ നിക്ഷേപം നടത്തിയിട്ടുള്ളതും അതിനായി പ്രവർത്തിച്ചിട്ടുള്ളതുമാണ്. ആയുഷ് സ്ഥാപനങ്ങളിലെ ശുചിത്വവും അണുബാധ നിയന്ത്രണ മാനദണ്ഡങ്ങളും വിലയിരുത്തുന്നതിനും അവ വർദ്ധിപ്പിക്കുന്നതിനുമായി കേരളം 'കായകൽപ്' അവാർഡും നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തുടനീളമുള്ള ഭാരതീയ ചികിത്സാ വകുപ്പിനും ഹോമിയോപ്പതിക്കും കീഴിലുള്ള ചികിത്സാ കേന്ദ്രങ്ങളെ പിന്തുണയ്ക്കുന്ന പണം നൽകൽ ഈ ശ്രമങ്ങൾക്ക് കരുത്തേകുന്നു. കുറഞ്ഞ ചിലവിലുള്ള ആയുഷ് സേവനങ്ങൾ, വിദ്യാഭ്യാസ സമ്പ്രദായങ്ങളുടെ ശക്തിപ്പെടുത്തൽ, ആയുർവേദ, സിദ്ധ, യുനാനി, ഹോമിയോപ്പതി മരുന്നുകളുടെയും ഔഷധ സസ്യങ്ങളുടെയും ഗുണനിലവാര നിയന്ത്രണം നടപ്പിലാക്കൽ എന്നിവയിലൂടെ ആയുഷ് ചികിത്സാ രീതികളെ പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ നാഷണൽ ആയുഷ് മിഷനും (NAM) കേരളം നടപ്പിലാക്കുന്നു.

ആരോഗ്യം, ക്ഷേമം, സാമ്പത്തിക വളർച്ച എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള കേരളത്തിന്റെ ആയുർവേദത്തോടുള്ള സമീപനം, സംസ്ഥാനത്തിന്റെ സുസ്ഥിര വികസന ലക്ഷ്യങ്ങളുമായി (SDGs) ചേർന്നുനിൽക്കുന്നതാണ്. ഇത് ആരോഗ്യ-ടൂറിസം മേഖലകളിൽ സംസ്ഥാനം നൽകുന്ന ശ്രദ്ധയെ ഉയർത്തിക്കാട്ടുന്നു.

**ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻ (ഐ എസ് എം):**

ആയുർവേദത്തിലെ സമ്പന്നമായ പാരമ്പര്യത്തിന് പേരുകേട്ട കേരളം ആഭ്യന്തര-അന്തർദേശീയ വിനോദസഞ്ചാരികളെ ഒരുപോലെ ആകർഷിക്കുന്നു. ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻ വകുപ്പ് ആയുർവേദം, സിദ്ധ, യുനാനി, വിഷ, നേത്ര, നാച്ചുറോപ്പതി സ്ഥാപനങ്ങളുടെ ശൃംഖലയിലൂടെ ജനങ്ങൾക്ക് വൈദ്യസഹായം നൽകുന്നു. ഈ വകുപ്പിന് കീഴിൽ മാനസികാരോഗ്യ ആശുപത്രി (1), പഞ്ചകർമ്മ (1), പ്രകൃതി ചികിത്സ (1), സിദ്ധ (1), വിഷ (3), സ്പോർട്സ് ആയുർവേദ (1), മർമ്മ (1) എന്നിങ്ങനെ സ്പെഷ്യാലിറ്റി ആശുപത്രികളും പ്രവർത്തിക്കുന്നുണ്ട്. നിലവിൽ വകുപ്പിന് കീഴിൽ 130 ആശുപത്രികളും 818 ഡിസ്പെൻസറികളുമുണ്ട്. ഇതിൽ ആയുർവേദം (806), വിഷ (4), സിദ്ധ (6), പ്രകൃതി ചികിത്സ (1), യുനാനി (1) എന്നിവ ഉൾപ്പെടുന്നു. ഈ ആശുപത്രികളിലെ ആകെ കിടക്കകളുടെ സംഖ്യ 3,154 ആണ്. സംസ്ഥാന ഔഷധ സസ്യ ബോർഡ്, ഔഷധസസ്യങ്ങളുടെ കൃഷി, സംരക്ഷണം, ഗവേഷണ വികസനം, പ്രചാരണം എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഏകോപിപ്പിക്കുന്നു.

സാധാരണ ചികിത്സയ്ക്ക് പുറമെ ഭാരതീയ ചികിത്സാ വകുപ്പ് (ISM) പ്രത്യേക പദ്ധതികളും നടപ്പിലാക്കി. ഇന്ത്യയിലെ പൊതുമേഖലയിൽ പ്രവർത്തിക്കുന്ന ഏറ്റവും വലിയ ആയുർവേദ മരുന്ന് നിർമ്മാതാക്കളായ 'ഔഷധി' (OUSHADHI), ആയുർവേദ വകുപ്പിന് കീഴിലുള്ള സർക്കാർ ആശുപത്രികളിലേക്കും ഡിസ്പെൻസറികളിലേക്കും മരുന്നുകൾ വിതരണം ചെയ്യുന്ന ഏക സ്ഥാപനമാണ്. ഐഎസ്എം ഈ മരുന്നുകൾ സംസ്ഥാനത്തെ പാവപ്പെട്ട രോഗികൾക്ക് സൗജന്യമായി നൽകുന്നു.

ആയുർവേദ പാരമ്പര്യം പ്രയോജനപ്പെടുത്തി വെൽനസ് ടൂറിസം (Wellness tourism) മെച്ചപ്പെടുത്താനും അതുവഴി പ്രാദേശിക സമ്പദ്‌വ്യവസ്ഥയ്ക്ക് ഗണ്യമായ സംഭാവന നൽകാനും കേരളം ലക്ഷ്യമിടുന്നു. സാമൂഹ്യ പങ്കാളിത്തത്തിനും സുസ്ഥിരമായ രീതികൾക്കും പ്രാധാന്യം നൽകുന്ന 'ഉത്തരവാദിത്ത ടൂറിസം' (Responsible Tourism) ഉൾപ്പെടെയുള്ള വിവിധ സംരംഭങ്ങളിലൂടെ കേരള സർക്കാർ ആയുർവേദത്തെ സജീവമായി പ്രോത്സാ

ഹിപ്പിക്കുന്നു. ആയുർവേദ പരിസ്ഥിതിയുടെ വളർച്ചയും അടിസ്ഥാന സൗകര്യങ്ങളിലെ നിക്ഷേപവും വെൽനസ് ടൂറിസത്തിനുള്ള സാധ്യതകളും പരമ്പരാഗത വൈദ്യശാസ്ത്രം പ്രോത്സാഹിപ്പിക്കുന്നതിലുള്ള കേരളത്തിന്റെ പ്രതിബദ്ധതയെ കാണിക്കുന്നു. ആയുർവേദ മേഖല ആരോഗ്യ സംരക്ഷണം, അതിഥി സൽക്കാരം, ടൂറിസം തുടങ്ങി വിവിധ മേഖലകളിൽ തൊഴിലവസരങ്ങൾ നൽകുന്ന ഒരു പ്രധാന തൊഴിൽദായക മേഖലയാണ്. ഇതിന്റെ കരുത്ത് നിലനിൽക്കുമ്പോഴും, മറ്റ് വെൽനസ് സ്ഥാപനങ്ങളിൽ നിന്നുള്ള മത്സരം, സേവന നിലവാരം മാതൃകാനുസൃതമാക്കൽ തുടങ്ങിയ വെല്ലുവിളികൾ ആയുർവേദ ടൂറിസം മേഖല നേരിടുന്നുണ്ട്. ആയുർവേദത്തെ ആഗോളതലത്തിൽ ഫലപ്രദമായി വിപണനം ചെയ്യുന്നതിലും പ്രോത്സാഹിപ്പിക്കുന്നതിലും തടസ്സങ്ങളുണ്ട്.

**ഹോമിയോപ്പതി**: ആയുഷ് മേഖലയിലെ പദ്ധതികൾക്കുള്ള പണംനൽകൽ ഉൾപ്പെടെയുള്ള വിവിധ സർക്കാർ സംരംഭങ്ങൾ കേരളത്തിലെ ഹോമിയോപ്പതിയുടെ വികസനത്തിന് പിന്തുണ നൽകുന്നു. സംസ്ഥാനത്തിലുള്ളവരുടെ ആരോഗ്യപരിചരണ സാധ്യതകൾ വ്യാപിപ്പിക്കുന്നതിനുള്ള പ്രതിബദ്ധത പ്രകടിപ്പിച്ചുകൊണ്ട് ഹോമിയോപ്പതി സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും അവയെ പൊതുജനാരോഗ്യ സംവിധാനത്തിൽ സംയോജിപ്പിക്കുന്നതിനും സംസ്ഥാനം ലക്ഷ്യമിടുന്നു. സംസ്ഥാനത്തെ ഹോമിയോപ്പതി വകുപ്പിന് കീഴിൽ 709 ഹോമിയോപ്പതി ഡിസ്പെൻസറികൾ, 14 ജില്ലാ ആശുപത്രികൾ, 17 താലൂക്ക് ആശുപത്രികൾ, പത്ത് കിടക്കകളുള്ള 2 ആശുപത്രികൾ, എന്നിങ്ങനെ ആകെ 1,000 കിടക്കകളുടെ ശേഷിയുണ്ട്. കൂടാതെ, ഹോമിയോപ്പതി വകുപ്പിന് കീഴിൽ മരുന്ന് നിർമ്മാണ യൂണിറ്റായ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി (ഹോംകോ - HOMCO) ആലപ്പുഴയിൽ പ്രവർത്തിക്കുന്നുണ്ട്.

**ഭാവി വീക്ഷണം**

കഴിഞ്ഞ പത്ത് വർഷത്തിനിടയിലെ സർക്കാർ നയങ്ങൾ മെച്ചപ്പെട്ട പ്രതിരോധ-ചികിത്സാ സൗകര്യങ്ങൾക്കും, സാമൂഹികമായി ഉൾക്കൊള്ളുന്നതും വിപുലവുമായ ആരോഗ്യ സേവന ലഭ്യതയ്ക്കും, ആരോഗ്യ അടിസ്ഥാന സൗകര്യങ്ങളിലെ വേഗത്തിലുള്ളതും ശ്രദ്ധേയവുമായ പുരോഗതിക്കും, വയോജനങ്ങളുടെ ആരോഗ്യ ആവശ്യങ്ങളിലും സാംക്രമികേതര രോഗങ്ങളിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനും കാരണമായിട്ടുണ്ട്. കേന്ദ്ര സർക്കാർ നയങ്ങൾ സൃഷ്ടിക്കുന്ന തടസ്സങ്ങൾക്കിടയിലും, സംസ്ഥാനത്തെ എല്ലാ ജനങ്ങൾക്കും ഏറ്റവും മികച്ചതും അത്യാധുനികവുമായ ആരോഗ്യ പരിരക്ഷാ മാർഗ്ഗങ്ങൾ ഉറപ്പാക്കാനുള്ള ശ്രമങ്ങൾ കേരള സർക്കാർ തുടരുന്നതാണ്.

## അദ്ധ്യായം 6

# കേരളത്തിലെ ലിംഗപദവിയും വികസനവും: ഒരു നയ റിപ്പോർട്ട്

വികസന പ്രക്രിയയുടെ സുപ്രധാന നെടുംതൂണായ സ്ത്രീകളുടെ ശാക്തീകരണം ഏതൊരു വികസന ശ്രമ ത്തിന്റെയും വിജയം ഉറപ്പാക്കുന്നതിന് അനിവാര്യമാണ്. ലിംഗസമത്വവും സ്ത്രീകളുടെ പ്രത്യേക സാമൂഹ്യവും സാമ്പ ത്തികവുമായ പ്രശ്നങ്ങൾക്ക് പ്രാധാന്യം നൽകേണ്ടതും സമഗ്ര വികസനത്തിന്റെ കേന്ദ്രഘടകങ്ങളാണെന്ന വസ്തുത കേരള സർക്കാർ നയങ്ങളിലൂടെ ദീർഘകാലമായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ജെൻഡർ ബഡ്ജറ്റിംഗിന്റെ പ്രക്രിയയിലും രീതിയിലും അഗ്രഗാമിയായ കേരളം 2008-09 കാലയളവിലാണ് ആദ്യത്തെ ജെൻഡർ ബജറ്റ് അവതരിപ്പിച്ചത്. ലിംഗപദവിയെ സംബന്ധിച്ചു ള്ള സർക്കാരിന്റെ മുൻഗണനകൾ ഈ ബഡ്ജറ്റുകളിൽ വെളിപ്പെടുത്തിയിട്ടുണ്ട്. സ്ത്രീകളുടെ ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിലെ പുരോഗതിക്കൊപ്പം തന്നെ ആധുനിക തൊഴിലവസരങ്ങൾക്കും നൈപുണ്യ വികസനത്തിനും ജെൻഡർ ബഡ്ജറ്റുകൾ നൽകുന്ന പ്രാധാന്യം ശ്രദ്ധേയ മാണ്. ഇത്തരം ലിംഗകേന്ദ്രിത സമീപനങ്ങൾ കേരളത്തി ലെ സ്ത്രീകളുടെ വികസന നേട്ടങ്ങളിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരാൻ സഹായിച്ചിട്ടുണ്ട് (പട്ടിക 6.1).

**പട്ടിക 6.1** *സാക്ഷരത, വിദ്യാഭ്യാസം, ആരോഗ്യ മേഖലകളിലെ തിരഞ്ഞെടുത്ത സൂചകങ്ങൾ: ഇന്ത്യയും കേരളവും*

| വിദ്യാഭ്യാസം | ഇന്ത്യ | കേരളം |
|---|---|---|
| 2 മുതൽ 4 വയസ്സ് വരെയുള്ള പ്രീ-സ്കൂൾ വിദ്യാർത്ഥിനികൾ | 40.3 | 56.3 |
| സാക്ഷരതയുള്ള സ്ത്രീകൾ (%) | 71.5 | 98.3 |
| സ്കൂൾ വിദ്യാഭ്യാസത്തിൽ ഏർപ്പെട്ടിട്ടുള്ള 6 വയസ്സും അതിനുമുകളിലുമുള്ള സ്ത്രീകൾ (%) | 71.2 | 95.6 |
| സ്ത്രീകളുടെ വിദ്യാഭ്യാസത്തിന്റെ ശരാശരി കാലയളവ് (വർഷങ്ങൾ) | 4.9 | 9 |
| 10 ഉം അതിലധികമോ വർഷത്തെ സ്കൂൾ വിദ്യാഭ്യാസം ഉള്ള സ്ത്രീകൾ (%) | 41 | 77 |
| ഇന്റർനെറ്റ് ഉപയോഗിച്ചിട്ടുള്ള സ്ത്രീകൾ (%) | 33.3 | 61.1 |
| 15 വയസ്സും അതിനുമുകളിലുമുള്ളവരിലെ വിദ്യാസമ്പന്നരായ സ്ത്രീകളുടെ വിഹിതം (സെക്കൻഡറി തലമോ അതിനുമുകളിലോ വിദ്യാഭ്യാസം പൂർത്തിയാക്കിയവർ) (%) | 32.3 | 57 |
| ഹയർ സെക്കൻഡറി തലത്തിലെ സ്ത്രീകളുടെ മൊത്തം പ്രവേശന അനുപാതം (%) (എൻ.എസ്.എസ്.) | 65.9 | 99.2 |
| ഹയർ - സെക്കൻഡറിക്ക് ശേഷമുള്ള വിദ്യാഭ്യാസ തലത്തിൽ സ്ത്രീകളുടെ ആകെ ഹാജർ അനുപാതം (%)(എൻ.എസ്.എസ്.) | 20.7 | 40.7 |

*അവലംബം: എൻ.എഫ്.എച്ച്.എസ്-5, എൻ.എസ്.എസ് 75-ാം റൗണ്ട്: വിദ്യാഭ്യാസത്തിൻമേലുള്ള ഗാർഹിക സാമൂഹിക ഉപഭോഗം, 2017-18*

| ആരോഗ്യ മേഖല | ഇന്ത്യ | കേരളം |
|---|---|---|
| സ്ത്രീ-പുരുഷ അനുപാതം (സെൻസസ് 2011) | 943 | 1084 |
| ജനന നിരക്ക് (എസ്.ആർ.എസ് 2023) | 18.4 | 12.3 |
| മൊത്തം പ്രത്യുൽപ്പാദന നിരക്ക് (എസ്.ആർ.എസ് 2023) | 1.9 | 1.5 |
| ശിശു മരണ നിരക്ക് (എസ്.ആർ.എസ് 2023) | 25 | 5 |
| മാതൃ മരണ അനുപാതം (എസ്.ആർ.എസ് 2021-22) | 88 | 18 |
| സ്ത്രീകളുടെ ജനനസമയത്തെ ആയുർദൈർഘ്യം (എസ്.ആർ.എസ് 2019-23) | 72.5 | 78.4 |
| സർവ്വേയ്ക്ക് മുൻപുള്ള 5 വർഷ കാലയളവിൽ സ്ഥാപനങ്ങളിൽ നടന്ന പ്രസവങ്ങൾ (%) | 88.6 | 99.8 |

| | | |
|---|---|---|
| സാധാരണയിൽ കുറഞ്ഞ ബോഡിമാസ് ഇൻഡക്സ് ഉള്ള (ബി.എം.ഐ 18.5-ൽ താഴെ) സ്ത്രീകളുടെ ശതമാനം (%) | 18.7 | 10.1 |
| വിളർച്ചയുള്ള 15-49 പ്രായപരിധിയിലുള്ള സ്ത്രീകൾ (<12.0 g/dl) (%) | 57 | 36.3 |
| 18 വയസ്സിന് മുൻപ് വിവാഹിതരായ 20-24 പ്രായപരിധിയിലുള്ള സ്ത്രീകൾ (%) | 23.3 | 6.3 |
| മെച്ചപ്പെട്ട ശുചിമുറി സൗകര്യങ്ങൾ ഉപയോഗിക്കുന്ന വീടുകളിൽ താമസിക്കുന്ന ജനസംഖ്യ (%) | 70.2 | 98.7 |
| ഗാർഹികമായ തീരുമാനങ്ങൾ എടുക്കുന്നതിൽ പങ്കാളിത്തമുള്ള നിലവിൽ വിവാഹിതരായ സ്ത്രീകൾ (%) | 88.7 | 94.1 |
| സ്വന്തമായി ഉപയോഗിക്കുന്ന ബാങ്ക് അക്കൗണ്ടോ സേവിംഗ്സ് അക്കൗണ്ടോ ഉള്ള സ്ത്രീകൾ (%) | 78.6 | 78.5 |
| സ്വന്തമായി മൊബൈൽ ഫോൺ ഉപയോഗിക്കുന്ന സ്ത്രീകൾ (%) | 54 | 86.6 |

*അവലംബം: ഇന്ത്യൻ സെൻസസ് റിപ്പോർട്ടുകൾ; എൻ.എഫ്.എച്ച്.എസ് 5, സാമ്പിൾ രജിസ്ട്രേഷൻ സർവേ റിപ്പോർട്ടുകൾ*

**നയപരമായ നൂതനത്വങ്ങളും സ്ഥാപനപരമായ പ്രതികരണങ്ങളും**:

കേരളത്തിലെ ലിംഗാധിഷ്ഠിത വികസന ഇടപെടലുകൾ നൂതനവും ദീർഘകാലാടിസ്ഥാനത്തിലുള്ളതു മാണ്. 1996 മുതൽ നടപ്പിലായ വികേന്ദ്രീകൃത ഭരണത്തിന്റെ ഭാഗമായി പ്രാദേശികതല ആസൂത്രണത്തിൽ ലിംഗപരമായ സമീപനം ഒരു അനിവാര്യ ഘടകമായി മാറി. ഇത് പൊതുനിക്ഷേപ മുൻഗണനകളെ സ്വാധീനിക്കുന്നതിനും കാരണമായി. 1998-ൽ ആരംഭിച്ച കുടുംബശ്രീ മിഷൻ, സംസ്ഥാന ദാരിദ്ര്യ നിർമാർജ്ജന മിഷനു കീഴിൽ അയൽക്കൂട്ടങ്ങളിലൂടെ സ്ത്രീകളുടെ ഒരു വിപുലമായ ശൃംഖല സൃഷ്ടിക്കുകയും അവരെ സാമ്പത്തികമായും സാമൂഹികമായും ശാക്തീകരിക്കുന്നതിൽ നിർണായക പങ്ക് വഹിക്കുകയും ചെയ്തു. സ്ത്രീകളുടെയും കുട്ടികളുടെയും പ്രശ്നങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനായി 2017-ൽ സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് പ്രത്യേക 'വനിതാ ശിശുവികസന വകുപ്പ്' രൂപീകരിച്ചു. പതിനൊന്നാം പഞ്ചവത്സര പദ്ധതിയിൽ ആരംഭിച്ച ജെൻഡർ ബജറ്റിംഗ് പതിമൂന്നാം പദ്ധതിക്കാലമായപ്പോഴേക്കും വിവിധ വകുപ്പുകളിലുടനീളം വ്യവസ്ഥാപിതമായി നടപ്പിലാക്കാൻ സാധിച്ചു.

ഈ സംരംഭങ്ങളെല്ലാം ചേർന്ന് സമൂഹത്തിൽ വലിയൊരു മാറ്റത്തിന് തുടക്കമിട്ടു. പദ്ധതികളും ബജറ്റുകളും ലിംഗപരമായ തലത്തിൽ ഉണ്ടാക്കുന്ന സ്വാധീനത്തെക്കുറിച്ച് സർക്കാർ സംവിധാനങ്ങളിലും പൊതുസമൂഹത്തിലും മികച്ച ബോധവൽക്കരണം സൃഷ്ടിക്കാൻ ഇതിലൂടെ സാധിക്കുകയും പൊതുവിടങ്ങളിലും തീരുമാനമെടുക്കുന്ന ഔദ്യോഗിക തലങ്ങളിലും സ്ത്രീകളുടെ പ്രാതിനിധ്യം വർധിപ്പിക്കാനും, വനിതാ തൊഴിൽ പങ്കാളിത്തം മെച്ചപ്പെടുത്താനും, സ്ത്രീകൾക്ക് അനുയോജ്യമായ തൊഴിലന്തരീക്ഷം ഒരുക്കാനും ഈ ഇടപെടലുകൾ സഹായിച്ചു. കൂടാതെ, ലിംഗാധിഷ്ഠിത അതിക്രമങ്ങൾക്കെതിരെയുള്ള നൂതനമായ ഇടപെടലുകളും, അതിജീവിതരുടെ പുനരധിവാസത്തിനായി പുതുമയാർന്ന സംവിധാനങ്ങളും രൂപപ്പെടുത്താൻ ഈ പദ്ധതികൾക്ക് കഴിഞ്ഞിട്ടുണ്ട്.

**നവകേരളത്തിനായുള്ള ലിംഗാധിഷ്ഠിത മുൻഗണനകൾ**

നവകേരളത്തിന്റെ പരിവർത്തനാത്മകമായ വീക്ഷണം സാക്ഷാത്കരിക്കുന്നതിന് ലിംഗസമത്വത്തിലധിഷ്ഠിതമായ ചില നിർണ്ണായക മുൻഗണനകൾ പരിഗണിക്കേണ്ടതുണ്ട്. സ്ത്രീകൾക്കും ലിംഗവൈവിധ്യമുള്ളവർക്കും ഉൽപ്പാദനക്ഷമമായ തൊഴിലും ഉപജീവന മാർഗ്ഗങ്ങളും ലഭ്യമാക്കുന്നത് ഇതിൽ പ്രധാനമാണ്. വളർന്നുവരുന്ന വിജ്ഞാനാധിഷ്ഠിത സമ്പദ്‌വ്യവസ്ഥ ലിംഗപരമായ തലങ്ങളിൽ ഉണ്ടാക്കുന്ന സ്വാധീനം കൃത്യമായി വിലയിരുത്തപ്പെടണം. ലിംഗപരമായ വേതന വ്യത്യാസം ഇല്ലാതാക്കുന്നതിനും, അഭ്യസ്തവിദ്യരായ സ്ത്രീകൾക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും ആവശ്യമായ നടപടികൾ ഇതിനായി സ്വീകരിക്കേണ്ടതുണ്ട്.

ശക്തമായ ഒരു പരിചരണ സമ്പദ്‌വ്യവസ്ഥ കെട്ടിപ്പടുക്കുക എന്നതാകണം രണ്ടാമത്തെ മുൻഗണന. പൊതുനിക്ഷേപത്തെയും കുടുംബതലത്തിലുള്ള പിന്തുണയെയും ഒന്നിപ്പിക്കുന്ന നീതിപൂർണ്ണമായ ഒരു പരിചരണ സംവിധാനം കേരളം വികസിപ്പിക്കേണ്ടതുണ്ട്. ഇതിനോടൊപ്പം സ്ത്രീകളുടെ സഞ്ചാരസ്വാതന്ത്ര്യം ഉറപ്പാക്കാനും, ലിംഗാധിഷ്ഠിത അടിസ്ഥാന സൗകര്യങ്ങളിലൂടെ മതിയായ പരിചരണ സേവനങ്ങൾ ലഭ്യമാക്കാനും മുൻകൈ എടുക്കണം

മൂന്നാമത്തെ മുൻഗണന സാമൂഹ്യസംരക്ഷണ ചട്ടക്കൂടുകൾ ശക്തിപ്പെടുത്തുന്നതിനായിരിക്കണം, പ്രത്യേകിച്ച് അനൗപചാരിക മേഖലകളിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്കും ദുരന്തസാധ്യതയുള്ള പ്രദേശങ്ങളിൽ താമസിക്കുന്നവർക്കുമായി. സ്ത്രീകൾ, ഭിന്നശേഷിയുള്ള വ്യക്തികൾ, ലിംഗവൈവിധ്യമുള്ള സമൂഹങ്ങൾ എന്നിവർക്കായി കേരളം നിരവധി നവീന സംരംഭങ്ങൾക്ക് നേതൃത്വം നൽകിയിട്ടുണ്ട്; ഇവയെ കൂടുതൽ വിപുലീകരിക്കുകയും ആധുനികവൽക്കരിക്കുകയും ചെയ്യേണ്ടതുണ്ട്

അവസാനമായി, ലിംഗസമത്വം കൈവരിക്കുന്നതിനായുള്ള ഏറ്റവും അടിസ്ഥാനപരമായ ആവശ്യം ലിംഗാധിഷ്ഠിത അതിക്രമങ്ങൾ ഇല്ലാതാക്കുക എന്നതാണ്. അതിക്രമങ്ങൾ തടയുന്നതിനുള്ള സ്ഥാപനതല സംവിധാനങ്ങളെ ശക്തിപ്പെടുത്തുന്നതോടൊപ്പം, അതിവേഗ നീതി ഉറപ്പാക്കുകയും വേണം. കൂടാതെ, അതിജീവിതർക്ക് സുരക്ഷിതത്വവും ദീർഘകാലാടിസ്ഥാനത്തിലുള്ള പുനരധിവാസവും ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകേണ്ടതുണ്ട്.

**തൊഴിൽ, നൈപുണ്യങ്ങൾ, സംരംഭകത്വം**

പീരിയോഡിക് ലേബർ ഫോഴ്സ് സർവേകൾ (പി.എൽ.എഫ്.എസ്.) പ്രകാരം, 2017-18 ൽ കേരളത്തിന്റെയും ഇന്ത്യയുടെയും വനിതാ തൊഴിൽ പങ്കാളിത്ത നിരക്ക് യഥാക്രമം 16.4 ശതമാനവും 16.5 ശതമാനവും ആയിരുന്നു (നഗര ഗ്രാമ മേഖലകൾ ചേർത്ത്, എല്ലാ പ്രായവിഭാഗങ്ങളും ഉൾപ്പെടുത്തി). 2023-24 ആയപ്പോഴേക്കും കേരളത്തിലെ സ്ത്രീകളുടെ തൊഴിലാളി-ജനസംഖ്യാ അനുപാതം, 2018-19-ലെ 20.4 ശതമാനത്തിൽ നിന്നും 29.5 ശതമാനമായി വർദ്ധിച്ചു. 15-59 പ്രായപരിധിയിലുള്ള സ്ത്രീകളുടെ ഇടയിൽ ഇത് 39.6 ശതമാനത്തിലേക്ക് എത്തിയപ്പോൾ, ദേശീയതലത്തിൽ ഇത് 43.7 ശതമാനമാണ്.




ചിത്രം 6.1: സ്ത്രീകളുടെ തൊഴിലാളി-ജനസംഖ്യാ അനുപാതം, എല്ലാ പ്രായത്തിലുമുള്ളവർ, കേരളവും ഇന്ത്യയും, 2017-18 മുതൽ 2023-24 വരെ

അവലംബം: പി.എൽ.എഫ്.എസ്.) വിവിധ വർഷങ്ങൾ

കേരളത്തിലെ നഗരപ്രദേശങ്ങളിലെ സ്ത്രീകൾ, സാക്ഷരത, നഗരവൽക്കരണം, സേവനമേഖലയുടെ വളർച്ച എന്നിവയുടെ സംയുക്ത സ്വാധീനം പ്രതിഫലിപ്പിക്കുന്നവിധം, അഖിലേന്ത്യാതലത്തിലുള്ള അവരുടെ സമാനരെക്കാൾ സ്ഥിരമായി ഉയർന്ന തൊഴിൽപങ്കാളിത്തം പ്രകടിപ്പിക്കുന്നു. എന്നിരുന്നാലും, 2023-24ൽ പുരുഷന്മാരുടെ തൊഴിൽ പങ്കാളിത്ത നിരക്ക് സ്ത്രീകളുടേതിനേക്കാൾ ഏകദേശം ഇരട്ടിയായി തുടരുന്നു. സ്ത്രീകളുടെ 39.6 ശതമാനത്തോട് താരതമ്യം ചെയ്യുമ്പോൾ പുരുഷന്മാരുടെത് 76.1 ശതമാനമാണ്.

**പട്ടിക 6.2**: *തൊഴിൽ നില അനുസരിച്ചുള്ള തൊഴിലാളികളുടെ വിന്യാസം (സാധാരണ നില - ps+ss), കേരളവും ഇന്ത്യയും 2018-19 മുതൽ 2023-24 വരെ, (ശതമാനത്തിൽ)*

| | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 |
|---|---|---|---|---|---|---|
| ആകെ സ്വയംതൊഴിൽ ചെയ്യുന്നവർ | 32.2 (53.4) | 37.2 (56.3) | 34.7 (58.4) | 35.7 | 37.8 (65.3) | 37 (67.4) |
| സ്ഥിരവരുമാനക്കാർ/ ശമ്പളക്കാർ | 42.3 (21.9) | 39.9 (20.0) | 39.6 (20.2) | 37.3 | 40.3 (15.9) | 41.2 (15.9) |
| ആകസ്മിക വേതന തൊഴിലാളികൾ | 25.5 (24.7) | 22.9 (20.7) | 35.7 (21.5) | 27 | 21.9 (18.8) | 21.7 (16.7) |
| ആകെ തൊഴിലാളികൾ | 100 | 100 | 100 | 100 | 100 | 100 |

*അവലംബം:* പി.എൽ.എഫ്.എസ്.

സ്ത്രീകളുടെ തൊഴിൽ നിലവാരത്തിന്റെ കാര്യത്തിൽ ദേശീയ ശരാശരിയേക്കാൾ മികച്ച പ്രകടനമാണ് കേരളം കാഴ്ചവെക്കുന്നത്. 2018-19ലെ കണക്കുകൾ പ്രകാരം, കേരളത്തിൽ തൊഴിലെടുക്കുന്ന സ്ത്രീകളിൽ 40 ശതമാനം പേരും സ്ഥിര വരുമാനമുള്ള ജോലികളിലുള്ളവരാണ്. ഇത് ദേശീയ ശരാശരിയേക്കാൾ ഇരട്ടിയിലധികമാണ്. കൂടാതെ, പ്രതിഫലം ലഭിക്കാത്ത കുടുംബത്തൊഴിലുകളിൽ ഏർപ്പെടുന്നവർ ഇന്ത്യയിൽ ആകെ 31 ശതമാനമാണെങ്കിൽ കേരളത്തിൽ ഇത് വെറും 8 ശതമാനം മാത്രമാണ്. എന്നിരുന്നാലും, സ്ത്രീകൾക്കായി ദീർഘകാലം നിലനിൽക്കുന്നതും സുരക്ഷിതവുമായ തൊഴിലവസരങ്ങൾ ഇപ്പോഴും പരിമിതമാണ്. യുവതികളുടെ തൊഴിൽ പങ്കാളിത്തത്തിലും കുറവ് രേഖപ്പെടുത്തുന്നുണ്ട്. 15-29 പ്രായപരിധിയിലുള്ള സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് കേരളത്തിൽ 15.5 ശതമാനമാണ്; ദേശീയ തലത്തിൽ ഇത് 22 ശതമാനമാണ്. ഇതിന്റെ പ്രധാന കാരണം, ദേശീയ ശരാശരിയായ 30.3 ശതമാനത്തേക്കാൾ വളരെ ഉയർന്ന നിരക്കിൽ (45.5 ശതമാനം) കേരളത്തിലെ യുവതികൾ ഉന്നത വിദ്യാഭ്യാസം തുടരുന്നതാണ്.

പട്ടിക 6.1-ൽ വ്യക്തമാക്കുന്നതുപോലെ, കേരളത്തിലെ സ്ത്രീ തൊഴിലാളികൾ വിദ്യാഭ്യാസ നിലവാരത്തിൽ ഏറെ മുന്നിലാണ്. ഹയർ സെക്കൻഡറി വിദ്യാഭ്യാസമോ അതിനു മുകളിലുള്ള യോഗ്യതയോ ഉള്ള സ്ത്രീകളിൽ പകുതിയിലധികം പേരും തൊഴിൽ മേഖലയിൽ സജീവമാണ്. 2023-24 കാലയളവിൽ ഇവരുടെ വിഹിതം 54 ശതമാനമായി ഉയർന്നു.

സംസ്ഥാനത്തെ സംഘടിത മേഖലയിലെ ജീവനക്കാരിൽ 40 ശതമാനത്തിലധികം സ്ത്രീകളാണ്. സംഘടിത സ്വകാര്യ മേഖലയിൽ ഇത് 51 ശതമാനത്തോളമാണ്. എങ്കിലും, കരാർ ജോലിയുടെ വ്യാപനവും സ്വകാര്യ സ്ഥാപനങ്ങളിലെ താഴ്ന്നതലത്തിലുള്ള സാമൂഹിക സുരക്ഷാ പദ്ധതികളും നയപരമായ ഇടപെടലുകൾ ആവശ്യപ്പെടുന്ന ഗൗരവകരമായ പ്രശ്നങ്ങളായി തുടരുന്നു.

വിദ്യാസമ്പന്നരായ സ്ത്രീകൾക്കിടയിലെ തൊഴിലില്ലായ്മ സംസ്ഥാനം നേരിടുന്ന പ്രധാന വെല്ലുവിളികളിലൊന്നായി തുടരുന്നു. 2023-24ലെ കണക്കനുസരിച്ച്, വിദ്യാഭ്യാസം നേടിയ സ്ത്രീകളിലെ തൊഴിലില്ലായ്മ നിരക്ക് 11.6 ശതമാനമാണ്; പുരുഷന്മാർക്കിടയിൽ ഇത് വെറും 4.4 ശതമാനം മാത്രമാണ്. ബിരുദാനന്തര ബിരുദധാരികളുടെ തൊഴിലില്ലായ്മ നിരക്ക് 2019-20ലെ 36.5 ശതമാനത്തിൽ നിന്ന് 2023-24 ൽ 23.7 ശതമാനമായി കുറഞ്ഞുവെങ്കിലും ഇപ്പോഴും ഇത് ആശങ്കാജനകമായ നിലയിലാണ്. 2021-22ലെ കേരള ബജറ്റ് രേഖകൾ പ്രകാരം, തൊഴിലന്വേഷകരും തൊഴിൽ ഇടവേള എടുത്തവരുമുൾപ്പെടെ ഏകദേശം 47 ലക്ഷം വിദ്യാസമ്പന്നരായ സ്ത്രീകൾ തൊഴിൽ മേഖലയ്ക്ക് പുറത്താണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ സ്ത്രീകളുടെ ഉയർന്ന രജിസ്ട്രേഷൻ നിരക്ക് അവരുടെ തൊഴിൽ സന്നദ്ധതയെ സൂചിപ്പിക്കുന്നുണ്ടെങ്കിലും, അവർക്ക് അനുയോജ്യമായ അവസരങ്ങൾ ഇപ്പോഴും പരിമിതമാണ്.

മേഖലാതലത്തിലുള്ള പ്രവണതകൾ പരിശോധിച്ചാൽ കയർ, കശുവണ്ടി തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളിൽ സ്ത്രീകളുടെ വലിയതോതിലുള്ള പങ്കാളിത്തം ദൃശ്യമാണ്; ഈ മേഖലകളിലെ തൊഴിലാളികളിൽ 80 മുതൽ 90 ശതമാനം വരെ സ്ത്രീകളാണ്. യന്ത്രവൽക്കരണവും സർക്കാർ പിന്തുണയുള്ള പുനരുജ്ജീവന പാക്കേജുകളും ഈ മേഖലയിലെ തൊഴിൽ സുരക്ഷിതമാക്കാൻ സഹായിച്ചിട്ടുണ്ട്. കാർഷിക മേഖലയിൽ, കോവിഡ് മഹാമാരിക്കു ശേഷം സ്ത്രീ പങ്കാളിത്തത്തിൽ വൻ വർധനവുണ്ടായി. പ്രധാനമായും കൃഷി അനുബന്ധ പ്രവർത്തനങ്ങളിൽ 2018-19ൽ 20 ശതമാനമായിരുന്ന പങ്കാളിത്തം 2023-24ൽ 36 ശതമാനമായി ഉയർന്നു. സേവനമേഖലയിലാകട്ടെ, കേരളത്തിലെ സ്ത്രീ തൊഴിലാളികളിൽ മൂന്നിലൊന്നു ഭാഗവും ഇന്ന് ജോലി ചെയ്യുന്നു. പ്രത്യേകിച്ച് വിദ്യാഭ്യാസം, ആരോഗ്യം, ധനകാര്യം, വിവര സാങ്കേതികവിദ്യ, സാമൂഹ്യസേവനം എന്നീ മേഖലകളിലെ കേരളത്തിന്റെ സ്ത്രീ പങ്കാളിത്തം ദേശീയ ശരാശരിയായ 11% മുതൽ 16% വരെ എന്നതിനെക്കാൾ ഉയർന്നതാണ്.

കേരളത്തിന്റെ വ്യവസായഘടനയുടെ മറ്റൊരു ശ്രദ്ധേയമായ സവിശേഷത എന്തെന്നാൽ സ്ത്രീകളുടെ മൊത്തത്തിലുള്ള തൊഴിൽ പങ്കാളിത്തം കുറവാണെങ്കിലും, ഉയർന്ന വിദ്യാഭ്യാസവും നൈപുണ്യവും ആവശ്യമുള്ള സേവന മേഖലാ പ്രവർത്തനങ്ങളിൽ കേരളത്തിലെ സ്ത്രീകളുടെ പങ്ക് ശ്രദ്ധേയമാണ് എന്നതാണ്. 2018-19 മുതൽ 2023-24 വരെയുള്ള കണക്കുകൾ പ്രകാരം വിദ്യാഭ്യാസം, ആരോഗ്യം, വിവരസേവനങ്ങൾ, ധനകാര്യവും ഇൻഷ്വറൻസും, റിയൽ എസ്റ്റേറ്റ്, തൊഴിൽപരമായ ശാസ്ത്ര-സാങ്കേതികവിദ്യാ പ്രവർത്തനങ്ങൾ, ഭരണപരമായ സേവനങ്ങളും സഹായ സേവനങ്ങളും, പൊതുഭരണം, കലകൾ തുടങ്ങിയ സേവന മേഖലകളിൽ സ്ത്രീ തൊഴിലാളികളുടെ വിഹിതം 30 മുതൽ 34 ശതമാനം വരെയായി തുടരുന്നു. ദേശീയതലത്തിൽ ഇത് വെറും 11 മുതൽ 16 ശതമാനം വരെ മാത്രമാണ്. ഐ.ടി വകുപ്പിന്റെ കണക്കുകൾ പ്രകാരം, അതിവേഗം വികസിക്കുന്ന ആരോഗ്യമേഖലയിൽ സ്ത്രീകളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മൂന്ന് പ്രധാന ഐ.ടി പാർക്കുകളിലെ സ്ത്രീകളുടെ പങ്കാളിത്തം 40 ശതമാനത്തോളമായി സ്ഥിരത കൈവരിച്ചിട്ടുണ്ട്. കൂടാതെ പൊലീസ്, എക്സൈസ്, വനം വകുപ്പുകൾ എന്നിവിടങ്ങളിലെ സ്ത്രീകളുടെ വർധിച്ചു വരുന്ന നിയമനം തൊഴിലവസരങ്ങളിലെ സ്വാഗതർഹമായ വൈവിധ്യം സൂചിപ്പിക്കുന്നു.

[1]സായ് ദേവി (2024) നിരീക്ഷിച്ചതുപോലെ, ആഴത്തിൽ വേരൂന്നിയ സാമൂഹിക ശ്രേണികളെയും സാമ്പത്തികമായ അരക്ഷിതാവസ്ഥകളെയും പ്രതിഫലിപ്പിക്കുന്ന തൊഴിൽ മേഖലയായ ഗാർഹിക ജോലിക്ക് ഇന്നും കൃത്യമായ നിയന്ത്രണങ്ങൾ ഇല്ലാത്ത അവസ്ഥയിലാണ്. ഈ പോരായ്മ പരിഹരിക്കുക എന്നതാണ് വരാനിരിക്കുന്ന ഗാർഹിക തൊഴിലാളി ബിൽ ലക്ഷ്യമിടുന്നത്.

കുടിയേറ്റം ഇന്ന് വ്യക്തമായ ഒരു ലിംഗപരമായ കാഴ്ചപ്പാട് കൈവരിച്ചിട്ടുണ്ട്. കേരളത്തിൽ നിന്ന് വിദേശത്തേക്ക് കുടിയേറുന്ന സ്ത്രീകളുടെ എണ്ണം 1998-ലെ 1.3 ലക്ഷത്തിൽ നിന്ന് 2023-ൽ 4.2 ലക്ഷമായി വർധിച്ചു. ഗൾഫ് രാജ്യങ്ങൾക്ക് പുറമെ യൂറോപ്പ്, വടക്കേ അമേരിക്ക, ആസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളിലേക്ക് കുടിയേറ്റം വ്യാപിച്ചു.

---

നാഗരിക കേരളത്തിൽ സ്ത്രീകളും ഗാർഹിക ജോലിയും. സായ് ദേവി S (2024)[1]

കേരള മൈഗ്രേഷൻ സർവേ പ്രകാരം, 2023-ഓടെ കേരളത്തിൽ നിന്നുള്ള കുടിയേറ്റക്കാരിൽ 19.1 ശതമാനം സ്ത്രീകളാണ്. 2014-ൽ ഇത് 14 ശതമാനമായിരുന്നു. കുടിയേറുന്ന സ്ത്രീകളിൽ നാലിൽ മൂന്ന് ഭാഗത്തോളം പേർ ബിരുദധാരികളാണ്. ഭൂരിഭാഗം പേരും നഴ്സുമാരോ അധ്യാപകരോ മറ്റ് പ്രൊഫഷണലുകളോ ആണ്; ആഗോള നഴ്സിംഗ് തൊഴിൽ മേഖലയിലേക്ക് ഇന്ത്യയിൽ നിന്ന് ഏറ്റവും കൂടുതൽ പേരെ സംഭാവന ചെയ്യുന്ന സംസ്ഥാനമായി കേരളം മാറുന്നത് ഇതിലൂടെയാണ്. ഏകദേശം 4.2 ലക്ഷം സ്ത്രീകളാണ് നിലവിൽ വിദേശത്ത് ജോലി ചെയ്യുന്നത്. സ്ത്രീ കുടിയേറ്റത്തിന്റെ ലക്ഷ്യസ്ഥാനങ്ങൾ ഗൾഫ് കോർപ്പറേഷൻ കൗൺസിൽ (ജി സി സി) രാജ്യങ്ങളിൽ നിന്ന് യൂറോപ്പിലേക്കും മറ്റ് പാശ്ചാത്യ രാജ്യങ്ങളിലേക്കും മാറുന്ന പ്രവണതയും വ്യക്തമാണ്; മൊത്തം സ്ത്രീ കുടിയേറ്റത്തിന്റെ 40.5 ശതമാനവും ഈ രാജ്യങ്ങളിലേക്കാണ്. കുടിയേറ്റത്തിൽ പുരുഷന്മാർ ഇപ്പോഴും മുന്നിലാണെങ്കിലും കുടിയേറ്റക്കാരിൽ സ്ത്രീ-പുരുഷ അന്തരം ക്രമേണ കുറഞ്ഞുവരുന്നു. ഈ അന്തരം ഏറ്റവും കുറവ് കോട്ടയം ജില്ലയിലും ഏറ്റവും കൂടുതൽ മലപ്പുറം ജില്ലയിലുമാണ്. സ്ത്രീ കുടിയേറ്റക്കാരിൽ ഏകദേശം 52 ശതമാനവും നഴ്സുമാരോ നഴ്സിംഗ് അസിസ്റ്റന്റുമാരോ ആണ്. ബാക്കിയുള്ളവർ എഞ്ചിനീയർ, അധ്യാപകർ, കാഷ്യർ/ക്ലർക്ക്/അക്കൗണ്ടന്റ്, ഗാർഹിക ജോലിക്കാർ, ഡോക്ടർ, ശിശുപരിചരണ ജോലിക്കാർ, മറ്റു ജോലികൾ ചെയ്യുന്നവർ എന്നിവരാണ്. മുൻകാലങ്ങളിൽ പകുതിയോളം സ്ത്രീകൾ മാത്രം ജോലിക്കാരായി കുടിയേറിയിരുന്ന സ്ഥാനത്ത്, ഇന്ന് കുടിയേറ്റത്തിന്റെ പ്രധാന ലക്ഷ്യം തൊഴിലായി മാറിയിരിക്കുന്നു എന്നതും സ്ത്രീകളുടെ ജീവിതത്തിൽ അതിന്റെ സ്വാധീനവും പഠനങ്ങൾ സൂചിപ്പിക്കുന്നു.

അതേസമയം, പ്രവാസ ജീവിതം അവസാനിപ്പിച്ചു തിരിച്ചെത്തുന്ന സ്ത്രീകളുടെ എണ്ണം ഇപ്പോഴും പരിമിതമാണ്. ഇവരുടെ പുനരധിവാസത്തിനും ക്ഷേമത്തിനുമുള്ള സംവിധാനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ട്.

വിദ്യാഭ്യാസ യോഗ്യതയുടെ കാര്യത്തിൽ സ്ത്രീ കുടിയേറ്റക്കാരിൽ 71.5 ശതമാനം പേർ ബിരുദതല വിദ്യാഭ്യാസം പൂർത്തിയാക്കിയവരാണ്. പുരുഷന്മാരിൽ ഇത് വെറും 34.7 ശതമാനം മാത്രമാണ്.

കൂടാതെ, കേരളത്തിൽ നിന്നുള്ള വിദ്യാർത്ഥി കുടിയേറ്റക്കാരിൽ 54.4 ശതമാനം പുരുഷന്മാരും 45.6 ശതമാനം സ്ത്രീകളുമാണ്. സംസ്ഥാനത്തെ മൊത്തം കുടിയേറ്റക്കാരിൽ 80 ശതമാനത്തിലധികം പുരുഷന്മാരാണ് എന്ന വസ്തുതയുമായി താരതമ്യം ചെയ്യുമ്പോൾ, ഉപരിപഠനത്തിനായുള്ള കുടിയേറ്റത്തിൽ ലിംഗാന്തരം വളരെ കുറവാണെന്ന് വ്യക്തമാകുന്നു.

### ഒരു ലിംഗ പ്രതികരണ തൊഴിൽ ആവാസവ്യവസ്ഥയിലേക്ക്

കേരളത്തിന്റെ ലിംഗസമത്വ അജണ്ട കേവലം ക്ഷേമാധിഷ്ഠിത ഇടപെടലുകളിൽ നിന്ന് ഉരുത്തിരിഞ്ഞ് സാമ്പത്തിക ശാക്തീകരണത്തിനും സുസ്ഥിര ഉപജീവനമാർഗങ്ങൾക്കും മുൻഗണന നൽകുന്ന സമഗ്രമായ ഒരു തന്ത്രത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടിരിക്കുന്നു. വേതനാധിഷ്ഠിത തൊഴിൽ, സ്വയംതൊഴിൽ, നൈപുണ്യാധിഷ്ഠിത സംരംഭകത്വം എന്നിവയെ സംയോജിപ്പിച്ചുകൊണ്ട് വിവിധ വകുപ്പുകളിലൂടെയും മിഷനുകളിലൂടെയുമാണ് സംസ്ഥാനത്ത് സ്ത്രീകളുടെ തൊഴിൽ പ്രോത്സാഹന പദ്ധതികൾ നടപ്പിലാക്കുന്നത്. തദ്ദേശസ്വയംഭരണ വകുപ്പ് (കുടുംബശ്രീ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എം ജി എൻ ആർ ഇ ജി എസ്) എന്നിവ വഴി), വനിതാ-ശിശു വികസന വകുപ്പ് (കെ.എസ്.ഡബ്ല്യു.ഡി.സി വഴി), പട്ടികജാതി-പട്ടികവർഗ വികസന വകുപ്പുകൾ എന്നിവയ്ക്ക് പുറമെ മത്സ്യബന്ധനം, വിനോദസഞ്ചാരം, വ്യവസായം, തൊഴിൽ, ഐ.ടി തുടങ്ങിയ മേഖലാ വകുപ്പുകളും ഇതിൽ പ്രധാന പങ്കുവഹിക്കുന്നു. ഇത്തരത്തിലുള്ള ബഹുമേഖലാ സമന്വയമാണ് ലിംഗസമത്വത്തെ തൊഴിൽ നയത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിൽ കേരളത്തെ ഒരു മാതൃകാ സംസ്ഥാനമാക്കുന്നത്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGS), അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി (AUEGS) എന്നിവയുൾപ്പെടെയുള്ള വേതനാധിഷ്ഠിത തൊഴിൽ പദ്ധതികൾ, പ്രത്യേകിച്ച് പിന്നാക്ക വിഭാഗങ്ങളിലെ സ്ത്രീകളുടെ ഉപജീവന സംരക്ഷണത്തിൽ നിർണായക പങ്കുവഹിക്കുന്നു. 2009-10ൽ ആരംഭിച്ച അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി, നഗര കുടുംബങ്ങൾക്ക് 100 ദിവസത്തെ തൊഴിൽ ഉറപ്പുനൽകുന്നു. ഇതിൽ ഗുണഭോക്താക്കളുടെ 50 ശതമാനമെങ്കിലും സ്ത്രീകളായിരിക്കണമെന്ന് വ്യവസ്ഥയുണ്ട്. ഈ പദ്ധതിയുടെ ബജറ്റ് വിഹിതം 2016-17ലെ 15 കോടി രൂപയിൽ നിന്ന് 2025-26ൽ 180 കോടി രൂപയായി വൻതോതിൽ വർധിപ്പിച്ചു. ഗ്രാമപ്രദേശങ്ങളിൽ വരുമാനസ്ഥിരത ഉറപ്പാക്കുന്നതിൽ MGNREGS പ്രധാന പങ്ക് വഹിക്കുന്നത് തുടരുന്നു. എസ്‌സി, എസ്ടി കുടുംബങ്ങൾക്ക് രാജ്യത്ത് തന്നെ ഏറ്റവും ഉയർന്ന തൊഴിൽദിവസങ്ങൾ നൽകുന്ന സംസ്ഥാനങ്ങളിലൊന്നാണ് കേരളം. പദ്ധതിയുടെ മൊത്തം തൊഴിൽ ദിനങ്ങളിൽ 89-90 ശതമാനവും സ്ത്രീകളുടേതാണ്. സാമ്പത്തിക അനിശ്ചിതത്വങ്ങളിൽ നിന്നും ആഘാതങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന സുശക്തമായ ഉപജീവന സുരക്ഷാ കവചമായി ഈ പദ്ധതികൾ മാറിയിരിക്കുന്നു.

1998-ൽ സ്ഥാപിതമായ കുടുംബശ്രീ മിഷൻ, സ്ത്രീകളുടെ കൂട്ടായ ശാക്തീകരണത്തിനുള്ള ലോകോത്തര മാതൃകയാണ്. 48 ലക്ഷത്തിലധികം അംഗങ്ങളുള്ള ഈ പ്രസ്ഥാനം, ഒരു ദാരിദ്ര്യനിർമാർജന പദ്ധതി എന്ന നിലയിൽ നിന്ന് സ്വയംതൊഴിലും സംരംഭകത്വവും പ്രോത്സാഹിപ്പിക്കുന്ന സജീവ ശൃംഖലയായി ഇന്ന് പരിവർത്തനം ചെയ്യപ്പെട്ടിരിക്കുന്നു. കൃഷി, സൂക്ഷ്മസംരംഭങ്ങൾ, മൈക്രോഫിനാൻസ്, സാമൂഹിക ശാക്തീകരണം എന്നിങ്ങനെ വിവിധ മേഖലകളിൽ കുടുംബശ്രീ ഇന്ന് വ്യാപിച്ചുനിൽക്കുന്നു. കാർഷിക മേഖലയിൽ, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ വഴി ഏകദേശം 4.5 ലക്ഷം സ്ത്രീകൾ 24,153 ഹെക്ടർ ഭൂമിയിൽ കൃഷി നടത്തി വരുന്നു. ഇത് സംസ്ഥാനത്തെ ഭക്ഷ്യസുരക്ഷയ്ക്കും ഗ്രാമീണ തൊഴിലവസരങ്ങൾക്കും വലിയ സംഭാവനയാണ് നൽകുന്നത്. 2025 നവംബർ വരെയുള്ള കണക്കുകൾ പ്രകാരം, 3.4 ലക്ഷം സംരംഭകരെ ഉൾപ്പെടുത്തി 1.8 ലക്ഷം സൂക്ഷ്മസംരംഭങ്ങൾ കുടുംബശ്രീ വിജയകരമായി സജ്ജമാക്കി. അമൃതം ന്യൂട്രിമിക്സ്, കേരള ചിക്കൻ, പ്രത്യാശ, തീരദേശ-ഗോത്രവർഗ്ഗ ഉപജീവന പദ്ധതികൾ, മാ കെയർ

സ്റ്റോറുകൾ തുടങ്ങിയ മുൻനിര പദ്ധതികൾ സ്ത്രീകളുടെ വരുമാന സ്രോതസ്സും സാമ്പത്തിക സ്വയംപര്യാപ്തതയും ശക്തിപ്പെടുത്തിയിട്ടുണ്ട്. പോക്കറ്റ്മാർട്ട് മൊബൈൽ ആപ്പ്, കുടുംബശ്രീ ബസാർ, നാനോ മാർക്കറ്റുകൾ തുടങ്ങിയ നൂതന സംരംഭങ്ങളിലൂടെ ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥയിലേക്കും കുടുംബശ്രീ ചുവടുവച്ചിരിക്കുന്നു. ഇത് സ്ത്രീ സംരംഭകരെ നേരിട്ട് വിപണികളുമായും ഉപഭോക്താക്കളുമായും ബന്ധിപ്പിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്നുള്ള കുടുംബശ്രീയുടെ ഈ സ്ഥാപനാത്മക മാതൃക, സാമൂഹികമായ ഉൾക്കൊള്ളലിനെ സാമ്പത്തിക ശാക്തീകരണമാക്കി മാറ്റുന്നതിനുള്ള ഉറച്ച പാതയൊരുക്കുന്നതെങ്ങനെയാണെന്ന് വ്യക്തമാക്കുന്നു.

മേൽപ്പറഞ്ഞ മുൻനിര പദ്ധതികൾക്ക് പുറമെ, വിവിധ മേഖലാതല സംരംഭങ്ങൾ സ്ത്രീകളുടെ തൊഴിൽ-ഉപജീവന അവസരങ്ങളെ കൂടുതൽ വിപുലീകരിച്ചിട്ടുണ്ട്. മത്സ്യബന്ധന മേഖലയിൽ, മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ബദൽ ഉപജീവന മാർഗങ്ങൾക്കായി 2022-23ൽ 23 കോടി രൂപ വകയിരുത്തുകയും ഇതിലൂടെ 25,000-ത്തിലധികം സൂക്ഷ്മസംരംഭങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. കല്ലുമ്മക്കായ കൃഷിയിലും ഉൾനാടൻ ജലകൃഷിയിലും സ്ത്രീകൾ ഇന്ന് നിർണായക പങ്കുവഹിക്കുന്നു. ടൂറിസം മേഖലയിൽ, 2018-19ൽ ആരംഭിച്ച ഉത്തരവാദിത്ത വിനോദസഞ്ചാര മിഷൻ, സ്ത്രീകളെ പ്രാദേശിക സാമ്പത്തിക പ്രവർത്തനങ്ങളുടെ ഭാഗമാക്കുന്ന സമൂഹാധിഷ്ഠിത മാതൃകകളെ പ്രോത്സാഹിപ്പിക്കുന്നു. യുഎൻ വിമെനുമായുള്ള പങ്കാളിത്തത്തിൽ 2025-ൽ ആരംഭിച്ച 'വനിതാ സൗഹൃദ ടൂറിസം' പദ്ധതി വഴി സ്ത്രീകളെ ടൂർ ഗൈഡുകളായും ഡ്രൈവർമാരായും സംരംഭകരായും പരിശീലിപ്പിക്കുന്നു; ഇതുവരെ 10,700 സ്ത്രീകൾ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വ്യവസായ മേഖലയിലും സ്ത്രീ പങ്കാളിത്തം ശ്രദ്ധേയമാണ്. 2022 മുതൽ 2025 വരെ രജിസ്റ്റർ ചെയ്ത 3.5 ലക്ഷം എം.എസ്.എം.ഇ-കളിൽ 32 ശതമാനവും സ്ത്രീകൾ നയിക്കുന്നവയാണ്. ഇതിലൂടെ 2.2 ലക്ഷത്തിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടു. സംരംഭക സഹായ പദ്ധതിയുടെ ബജറ്റിൽ 20 ശതമാനം സഹായം ഉറപ്പാക്കിക്കൊണ്ട് സ്ത്രീകൾക്കായി മാറ്റിവെച്ചിട്ടുണ്ട്. ഇതിന് പുറമെ, തൊഴിൽ വകുപ്പിന്റെ 'ശരണ്യ' പദ്ധതി വഴി വിധവകൾക്കും വിവാഹമോചിതർക്കും അവിവാഹിതരായ സ്ത്രീകൾക്കും 50,000 രൂപ സബ്സിഡിയോടു കൂടിയ വായ്പകൾ നൽകുന്നു. ബി.പി.എൽ വിഭാഗത്തിലുള്ളവരെയും ഭിന്നശേഷിയുള്ള സ്ത്രീകളെയും പിന്തുണയ്ക്കാൻ സാമൂഹ്യനീതി വകുപ്പ് 'സ്വാശ്രയ', 'ആശ്വാസം' എന്നീ പദ്ധതികൾ നടപ്പിലാക്കുന്നു. സഹകരണ മേഖലയിൽ നിലവിൽ 1,245 വനിതാ സഹകരണ സംഘങ്ങളുണ്ട്. സാങ്കേതികവിദ്യാധിഷ്ഠിത കൃഷി സഹകരണങ്ങളെ പിന്തുണയ്ക്കുന്നതിനായി 2024-25ൽ 7.5 കോടി രൂപ സർക്കാർ വകയിരുത്തിയിട്ടുണ്ട് ക്ഷേമ വകുപ്പുകൾ നടപ്പിലാക്കുന്ന ലക്ഷ്യബോധത്തോടെയുള്ള ഇടപെടലുകൾ, വികസനത്തിന്റെ പ്രയോജനങ്ങളിൽ നിന്ന് പാർശ്വവൽക്കരിക്കപ്പെട്ട സ്ത്രീകൾ പുറന്തള്ളപ്പെടാതിരിക്കാൻ സഹായിച്ചിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ, ഒ.ബി.സി, ന്യൂനപക്ഷ വകുപ്പുകൾ നടപ്പിലാക്കുന്ന സംരംഭകത്വ-പരിശീലന പരിപാടികൾക്കുള്ള ബജറ്റ് വിഹിതത്തിൽ തുടർച്ചയായ വർദ്ധനവുണ്ടാകുന്നു. 2024-25ൽ പട്ടികജാതി വിഭാഗങ്ങൾക്കായി 55 കോടി രൂപയും പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി 9 കോടി രൂപയും വകയിരുത്തി. TRACE, അപ്രന്റിസ്ഷിപ്പ് പരിശീലന പദ്ധതി തുടങ്ങിയവയിലൂടെ ഈ സമുദായങ്ങളിലെ യുവാക്കൾക്ക് സ്റ്റാർട്ടപ്പുകൾ തുടങ്ങുന്നതിനും തൊഴിൽ നേടുന്നതിനും തൊഴിൽപരമായ വികസനത്തിനും ആവശ്യമായ പിന്തുണ നൽകുന്നു. ഇത്തരം നടപടികൾ സാമൂഹികമായ ഉൾക്കൊള്ളലിലൂടെയുള്ള സമഗ്ര വികസനത്തോടുള്ള സംസ്ഥാനത്തിന്റെ പ്രതിബദ്ധതയാണ് വ്യക്തമാക്കുന്നത്.

വനിതാ ശിശുവികസന വകുപ്പിന് കീഴിലുള്ള കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ (KSWDC), സ്ത്രീകളുടെ ധനലഭ്യത, നൈപുണ്യ വികസനം, സംരംഭകത്വം എന്നിവ പ്രോത്സാഹിപ്പിക്കുന്ന പ്രധാന ഏജൻസിയായി പ്രവർത്തിക്കുന്നു. 2016 മുതൽ 2025 വരെയുള്ള കാലയളവിൽ, പാർശ്വവൽക്കരിക്കപ്പെട്ടവരും ട്രാൻസ്ജെൻഡർ സംരംഭകരും ഉൾപ്പെടെ 1.7 ലക്ഷം ഗുണഭോക്താക്കൾക്കായി 1,504.8 കോടി രൂപയുടെ സഹായം KSWDC വിതരണം ചെയ്തിട്ടുണ്ട്. KSWDC നടപ്പിലാക്കുന്ന സംരംഭകത്വ വികസന പരിപാടികളും 'എസ്കലേറ' (ESCALERA) എക്സ്പോയും വിപണിയിൽ വനിതാ സംരംഭകരുടെ സാന്നിധ്യം വർദ്ധിപ്പിക്കാൻ സഹായിച്ചു. കൂടാതെ, കോർപ്പറേഷന്റെ പ്രൊജക്ട് കൺസൽട്ടൻസി വിംഗ്, ബിസിനസ് പദ്ധതി തയ്യാറാക്കൽ, വളർച്ചയ്ക്കുള്ള പിന്തുണ എന്നിവയിൽ പ്രൊഫഷണൽ മാർഗ്ഗനിർദ്ദേശം നൽകി വരുന്നു. ഈ ഇടപെടലുകൾ സ്ത്രീകളുടെ ആത്മവിശ്വാസവും കാര്യക്ഷമതയും വർദ്ധിപ്പിക്കുകയും, അവരെ അനൗപചാരിക തൊഴിലുകളിൽ നിന്ന് സംഘടിത സംരംഭങ്ങളിലേക്ക് മാറാൻ പ്രാപ്തരാക്കുകയും ചെയ്തു.

ശാസ്ത്രം, സാങ്കേതികവിദ്യ, നവീകരണം (Science, Technology, and Innovation) എന്നീ മേഖലകളിൽ സ്ത്രീകളെ ഉൾപ്പെടുത്തുന്നതിൽ കേരളം വലിയ മുന്നേറ്റമാണ് കൈവരിച്ചിരിക്കുന്നത്. 2024-25 കാലയളവിൽ 500 വനിതാ സംരംഭകരെ (Innovators) പിന്തുണയ്ക്കുന്നതിനായി കേരള സ്റ്റാർട്ട്-അപ്പ് മിഷൻ (KSUM) 2.5 കോടി രൂപ വകയിരുത്തി. 2019 മുതൽ കൃഷി, ലൈഫ് സയൻസസ്, കാലാവസ്ഥ സാങ്കേതികവിദ്യ തുടങ്ങിയ മേഖലകളിൽ സ്ത്രീകൾ നയിക്കുന്ന 99 സ്റ്റാർട്ട്-അപ്പുകൾ സംസ്ഥാനത്ത് ആരംഭിച്ചു. ഐ.സി.ഫോസ് (ICFOSS), ഡിജിറ്റൽ യൂണിവേഴ്സിറ്റി തുടങ്ങിയ സ്ഥാപനങ്ങൾ സ്ത്രീകളുടെ ഡിജിറ്റൽ സാക്ഷരതയും വളർച്ചയും ഹാക്കത്തോണുകളിലെ പങ്കാളിത്തവും ഉറപ്പാക്കുന്നു. അതുപോലെ, ഗവേഷണ കണ്ടുപിടിത്ത രംഗങ്ങളിൽ സ്ത്രീകളുടെ സാന്നിധ്യം വർദ്ധിപ്പിക്കുന്നതിനായി കേരള സംസ്ഥാന ശാസ്ത്ര-സാങ്കേതിക-പരിസ്ഥിതി കൗൺസിൽ (KSCSTE) 'ശാസ്ത്രത്തിൽ സ്ത്രീകൾക്ക് പിന്തുണ' (Support to Women in Science) എന്ന പദ്ധതിക്ക് രൂപം നൽകി. പൂർണ്ണമായും സ്ത്രീകൾ രൂപകൽപ്പന ചെയ്ത ഇന്ത്യയിലെ ആദ്യ ഉപഗ്രഹമായ 'വിസാറ്റ്' (WESAT), അത്യാധുനിക സാങ്കേതിക മേഖലകളിലേക്കുള്ള സ്ത്രീകളുടെ കടന്നുവരവിന്റെ കരുത്തുറ്റ പ്രതീകമാണ്.

**വിജ്ഞാന സമ്പദ്‌വ്യവസ്ഥയിലേക്കുള്ള കേരളത്തിന്റെ പരിവർത്തനം: കണ്ടുപിടിത്തം, ഉൾക്കൊള്ളൽ, സ്ത്രീകളുടെ തൊഴിൽ എന്നിവ**

നവീകരണം, നൈപുണ്യ വികസനം, എല്ലാവരെയും ഉൾക്കൊള്ളുന്ന തൊഴിൽ സൃഷ്ടി എന്നിവയിലൂന്നിയ ഒരു വിജ്ഞാന സമ്പദ്‌വ്യവസ്ഥ കെട്ടിപ്പടുക്കുന്നതിലേക്കാണ് കേരളത്തിന്റെ വികസന പാത ഇന്ന് കേന്ദ്രീകരിച്ചിരിക്കുന്നത്. ഈ പരിവർത്തനത്തിന് നേതൃത്വം നൽകുന്ന രണ്ട് പ്രധാന സ്ഥാപനങ്ങളാണ് കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെ-ഡിസ്ക്), കേരള നോളജ് ഇക്കോണമി മിഷൻ (KKEM) എന്നിവ. സാങ്കേതിക നവീകരണവും മാനുഷിക മൂലധന വികസനവും ഉറപ്പാക്കിക്കൊണ്ട് സുസ്ഥിരവും നീതിപൂർവ്വവുമായ വളർച്ചയിലേക്ക് നയിക്കുന്നതിൽ ഈ സ്ഥാപനങ്ങൾ നിർണായക പങ്ക് വഹിക്കുന്നു.

സംസ്ഥാനത്തെ നവീകരണ പ്രവർത്തനങ്ങളുടെ പരമോന്നത ഏജൻസിയായ കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെ-ഡിസ്ക്), സമഗ്രമായ ഒരു 'ഇന്നൊവേഷൻ ഇക്കോസിസ്റ്റം' വളർത്തിയെടുക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു. എല്ലാവരെയും ഉൾക്കൊള്ളുക എന്നത് ഇതിന്റെ പ്രവർത്തനശൈലിയുടെ അടിസ്ഥാനമാണ്. അതിനാൽ തന്നെ, നവീകരണാധിഷ്ഠിത പദ്ധതികളിൽ സ്ത്രീകൾ, എസ്‌സി/എസ്ടി വിഭാഗങ്ങൾ, ന്യൂനപക്ഷങ്ങൾ, ഭിന്നശേഷിക്കാർ എന്നിവരുടെ സജീവ പങ്കാളിത്തം ഉറപ്പാക്കാൻ പ്രത്യേക ഇടപെടലുകൾ നടത്തി വരുന്നു.

ലിംഗനീതിയിലൂന്നിയ ശ്രദ്ധേയമായ പദ്ധതികളിലൊന്നാണ്, വിവിധ കാരണങ്ങളാൽ ജോലിയിൽ നിന്ന് ഇടവേളയെടുക്കേണ്ടി വന്ന സ്ത്രീകൾക്ക് വീണ്ടും തൊഴിൽ ലഭ്യമാക്കാൻ 2024-ൽ ആരംഭിച്ച '10,000 വിമൻ ബാക്ക് ടു കരിയർ' പ്രോഗ്രാം. പരിശീലനം, ഉപദേശം നൽകൽ, പ്ലേസ്മെന്റ് സഹായം എന്നിവ നൽകുന്ന ഈ പദ്ധതി, തൊഴിൽ സൃഷ്ടിക്കലിൽ ലിംഗപരമായ മാറ്റങ്ങളെക്കൂടി ഉൾക്കൊള്ളുന്ന നവീനമായ ഒരു സമീപനമാണ് വ്യക്തമാക്കുന്നത്.

വിജ്ഞാനാധിഷ്ഠിത തൊഴിലവസരങ്ങളിലൂടെയും ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റിലൂടെയും തൊഴിൽ മേഖല വിപുലീകരിക്കുന്നതിനായി സംസ്ഥാനത്തിന്റെ മുൻനിര പദ്ധതിയാണ് കെ-ഡിസ്ക് (K-DISC) നടപ്പാക്കുന്ന കേരള നോളജ് ഇക്കോണമി മിഷൻ (KKEM). ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS) എന്ന ഏകീകൃത പ്ലാറ്റ്ഫോമിലൂടെ തൊഴിലന്വേഷകരെ തൊഴിലുടമകളുമായി ബന്ധിപ്പിക്കുകയും അവർക്ക് വിദഗ്ധ പരിശീലനം, കരിയർ കൗൺസിലിംഗ്, പ്ലേസ്മെന്റ് പിന്തുണ എന്നിവ നൽകുകയും ചെയ്യുക എന്നതാണ് ഈ മിഷന്റെ പ്രധാന ലക്ഷ്യം. തൊഴിൽ വിപണിയിലെ ആവശ്യങ്ങൾക്കനുസരിച്ച് ഉദ്യോഗാർത്ഥികളെ സജ്ജരാക്കുന്നതിലാണ് മിഷൻ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ആഭ്യന്തര-അന്തർദ്ദേശീയ തൊഴിൽ വിപണികളിലെ മാറ്റങ്ങൾക്കനുസരിച്ച് നൈപുണ്യ വികസനത്തെ ഏകോപിപ്പിക്കുന്നതിനായി ഡാറ്റാ അധിഷ്ഠിത സമീപനമാണ് മിഷൻ സ്വീകരിക്കുന്നത്

2025 ഒക്ടോബർ വരെയുള്ള കണക്കുകൾ പ്രകാരം, കേരള നോളജ് ഇക്കോണമി മിഷനിൽ (KKEM) 20.6 ലക്ഷത്തിലധികം തൊഴിലന്വേഷകരും 8,239 തൊഴിലുടമകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആകെ 33.7 ലക്ഷം തൊഴിലവസരങ്ങൾ സമാഹരിച്ചതിൽ, 60,097 നേരിട്ടുള്ള നിയമനങ്ങൾ ഉൾപ്പെടെ 6.7 ലക്ഷം പേർക്ക് തൊഴിൽ ലഭ്യമാക്കാൻ മിഷന് സാധിച്ചു. രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകരിൽ 11,69,851 പേർ സ്ത്രീകളും 593 പേർ ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടവരുമാണ്. തൊഴിൽ ഇടവേളയെടുത്ത സ്ത്രീകൾ, എസ്‌സി/എസ്ടി വിഭാഗങ്ങൾ, മത്സ്യത്തൊഴിലാളികൾ, ട്രാൻസ്ജെൻഡർ വ്യക്തികൾ, മറ്റ് ദുർബല വിഭാഗങ്ങൾ എന്നിവരിലേക്ക് മിഷന്റെ സേവനങ്ങൾ എത്തിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായും വിദ്യാഭ്യാസസ്ഥാപനങ്ങളുമായും ചേർന്ന് പ്രത്യേക സംവിധാനങ്ങൾ വ്യവസായ മേഖലയുടെ ആവശ്യങ്ങൾക്കനുസൃതമായ തൊഴിലവസരങ്ങൾ ഉറപ്പാക്കുന്നതിനായി കരിയർ മേളകൾ, റോഡ് ഷോകൾ, 'റിക്രൂട്ട്-ട്രെയിൻ-ഡിപ്ലോയ്' മാതൃക എന്നിവ ഉപയോഗിക്കുന്നു.

കെ.കെ.ഇ.എം (KKEM) നടപ്പിലാക്കുന്ന 'തൊഴിലരങ്ങത്തേക്ക്' പദ്ധതി മിഷന്റെ ലിംഗസമത്വ കാഴ്ചപ്പാട് വ്യക്തമാക്കുന്നു. വിവിധ ഇടപെടലുകളിലൂടെ തൊഴിലന്വേഷണ ഘട്ടം മുതൽ നിയമനം വരെ സ്ത്രീകൾക്ക് സമഗ്രമായ പിന്തുണ നൽകുക എന്നതാണ് ഈ സംരംഭത്തിന്റെ പ്രധാന ലക്ഷ്യം. ചലച്ചിത്ര അക്കാദമിയുമായി സഹകരിച്ച് സിനിമാ മേഖലയിലെ നൈപുണ്യ വികസനം, വെർച്വൽ ജോബ് ഡ്രൈവുകൾ, എ.ഐ.ഡി.ഡബ്ല്യു.എ (AIDWA)യുമായി ചേർന്ന് അവിവാഹിതരായ സ്ത്രീകൾക്കായുള്ള പ്രത്യേക പദ്ധതികൾ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ (KSWDC) മുഖേനയുള്ള സംരംഭകത്വ വികസനം, നാണ്ടി ഫൗണ്ടേഷനുമായി സഹകരിച്ചുള്ള തൊഴിൽ നൈപുണ്യ പരിശീലനം എന്നിവ ഇതിന്റെ ഭാഗമാണ്. യുവതികൾക്കായി നടപ്പിലാക്കുന്ന 'എംപവർ' (Empower) എന്ന പ്രൊഫഷണൽ റെഡിനസ് പരിപാടിയിലൂടെ നേതൃപാടവം, സാമ്പത്തിക സാക്ഷരത, ആശയവിനിമയ ശേഷി എന്നിവ വർദ്ധിപ്പിക്കുന്നു. കൊച്ചി കോർപ്പറേഷനുമായി ചേർന്ന് ആരംഭിച്ച ഡിജിറ്റൽ ഡിസൈൻ പരിശീലനപരിപാടികളിൽസ്ത്രീകളുടെസജീവമായപങ്കാളിത്തം ശ്രദ്ധേയമാണ്. ക്രിയാത്മകമായ ഡിജിറ്റൽ മേഖലകളിലേക്ക് സ്ത്രീകൾ കടന്നുവരുന്നതിന്റെ സൂചനയാണിത്.

**കെകെഇഎം ഫണ്ട് ഉപയോഗിച്ച് നടത്തുന്ന പദ്ധതികളിൽ അസാപ് നൽകുന്ന സംഭാവനകൾ**

കേരള നോളജ് ഇക്കോണമി മിഷന്റെ (KKEM) കീഴിൽ, കേരളത്തിലെ യുവാക്കളുടെ തൊഴിൽക്ഷമത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (അസാപ്പ്) രണ്ട് പ്രധാന നൈപുണ്യംനേടൽ സംരംഭങ്ങൾ നടപ്പിലാക്കിയിട്ടുണ്ട് - KKEM സ്കോളർഷിപ്പ് പദ്ധതിയും വർക്ക് റെഡിനസ് പ്രോഗ്രാമും. 6 കോടി രൂപ വകയിരുത്തിയ സ്കോളർഷിപ്പ് പദ്ധതിയിലൂടെ എ ഐ യും എം എൽ ഉം ബിസിനസ് അനലിറ്റിക്സ്, പൈതൺ, സൈബർ സുരക്ഷ, യുഐ വികസനം, ഡിജിറ്റൽ മാർക്കറ്റിംഗ് തുടങ്ങിയ കൂടുതൽ ആവശ്യക്കാരുള്ള നൂതന സാങ്കേതിക പ്രവർത്തന മേഖലകളിൽ 2,674 ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകി. കൂടാതെ, 15

മണിക്കൂർ ദൈർഘ്യമുള്ള 'വർക്ക് റെഡിനസ് പ്രോഗ്രാം' വഴി സോഫ്റ്റ് സ്കിൽസ്, പ്രൊഫഷണൽ പരിശീലനം എന്നിവയിൽ 52,251 പേരെ തൊഴിൽ സജ്ജരാക്കി. മൊത്തം 54,925 ഗുണഭോക്താക്കളിൽ 55 ശതമാനവും സ്ത്രീകളാണ്. ഇത് STEM (ശാസ്ത്രം, സാങ്കേതികവിദ്യ, എഞ്ചിനീയറിംഗ്, ഗണിതം) മേഖലകളിലും വിജ്ഞാന സമ്പദ്‌വ്യവസ്ഥയിലും സ്ത്രീ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിൽ കേരളം കൈവരിച്ച പുരോഗതിയുടെ വ്യക്തമായ സൂചനയാണ്.

ഈ പദ്ധതികളിൽ സ്ത്രീകളുടെ ഉയർന്ന പങ്കാളിത്തം ദൃശ്യമാകുന്നത്, സാങ്കേതികവിദ്യയും നവീകരണവും അടിസ്ഥാനമാക്കിയുള്ള മേഖലകളിൽ സ്ത്രീകളെ ഉൾപ്പെടുത്തുന്നതിനായി കേരളം സ്വീകരിച്ചുവരുന്ന നയപരമായ ഇടപെടലുകളുടെ വിജയത്തെയാണ് സൂചിപ്പിക്കുന്നത്. വിദ്യാഭ്യാസ നിലവാരം ഉയരുന്നതിനനുസരിച്ച് വിജ്ഞാന സമ്പദ്‌വ്യവസ്ഥയുടെ പ്രധാന ഭാഗങ്ങളായ വിവരസാങ്കേതികവിദ്യ, ആരോഗ്യം, വിദ്യാഭ്യാസം, ധനകാര്യം, നിയമസേവനം തുടങ്ങിയ മേഖലകളിൽ സ്ത്രീകളുടെ സാന്നിധ്യം വർദ്ധിച്ചുവരുന്നു. ഈ പങ്കാളിത്തത്തെ ഔദ്യോഗിക പദവികളിലെ ഉന്നതതലങ്ങളിലേക്കും നേതൃസ്ഥാനങ്ങളിലേക്കും പരിവർത്തനം ചെയ്യുക എന്നതാണ് ഇനി നേരിടേണ്ട പ്രധാന വെല്ലുവിളി

ലിംഗപ്രതികരണ തൊഴിൽ നയങ്ങൾ, ഉപജീവന സുരക്ഷയെ സംരംഭകത്വ വികസനത്തോടും സാങ്കേതികമായ ഉൾക്കൊള്ളലിനോടും ചേർത്ത് നടപ്പിലാക്കേണ്ടതിന്റെ ആവശ്യകതയാണ് കേരളത്തിന്റെ അനുഭവങ്ങൾ വ്യക്തമാക്കുന്നത്. തൊഴിലുറപ്പ് പദ്ധതികൾ, ദുർബല വിഭാഗങ്ങളിലെ സ്ത്രീകൾക്ക് താങ്ങായി മാറുമ്പോൾ, കുടുംബശ്രീയും കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനും (KSWDC) സ്വയംതൊഴിലും സംരംഭകത്വവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള ശക്തമായ വേദികൾ ഒരുക്കി. വിനോദസഞ്ചാരം, മത്സ്യബന്ധനം, വിവരസാങ്കേതികവിദ്യ തുടങ്ങിയ മേഖലകളിലെ ഇടപെടലുകൾ, കൃത്യമായ ആസൂത്രണത്തിലൂടെ പരമ്പരാഗതമല്ലാത്തതും വിജ്ഞാനാധിഷ്ഠിതവുമായ തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് എങ്ങനെ പുതിയ അവസരങ്ങൾ സൃഷ്ടിക്കാമെന്ന് തെളിയിക്കുന്നു. എന്നിരുന്നാലും, വിവിധ വകുപ്പുകൾക്കിടയിലെ ഏകോപനം ശക്തമാക്കൽ, സൂക്ഷ്മസംരംഭങ്ങളെ കൂടുതൽ വിപുലപ്പെടുത്തൽ, നൈപുണ്യ വികസനത്തെ ആധുനിക തൊഴിൽ വിപണിക്കനുസൃതമായി യോജിപ്പിക്കുക, അനൗപചാരിക മേഖലയിലെ സ്ത്രീകൾക്കുള്ള സാമൂഹിക സുരക്ഷ ഉറപ്പാക്കൽ തുടങ്ങിയ വെല്ലുവിളികൾ ഇപ്പോഴും നിലനിൽക്കുന്നു.

സ്ത്രീകളുടെ തൊഴിൽ മേഖലയെ കേവലം ഉപജീവനമാർഗങ്ങളിൽ നിന്ന് സുസ്ഥിരമായ വളർച്ച ലക്ഷ്യമിടുന്ന സംരംഭകത്വത്തിലേക്ക് പരിവർത്തനം ചെയ്യുന്നതിന് നൈപുണ്യം, സാമ്പത്തിക സഹായം, സാങ്കേതികവിദ്യ, വിപണി എന്നിവയെ കോർത്തിണക്കിയുള്ള ഏകോപിത സമീപനം അനിവാര്യമാണ്. ലിംഗസമത്വം എന്നത് കേവലം ഒരു സാമൂഹിക ലക്ഷ്യം മാത്രമല്ല, മറിച്ച് എല്ലാവരെയും ഉൾക്കൊള്ളുന്നതും പ്രതിസന്ധികളെ അതിജീവിക്കാൻ ശേഷിയുള്ളതുമായ (Resilient) വികസനത്തിന്റെ അടിത്തറയാണെന്ന് കേരളത്തിന്റെ നയപരമായ മാറ്റങ്ങൾ അടിവരയിടുന്നു.

**കേരളത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട സ്ത്രീകൾക്കായുള്ള സാമൂഹിക സുരക്ഷാ സംരംഭങ്ങൾ:**

വിധവകൾ, സ്ത്രീകൾ ഗൃഹനാഥരായ കുടുംബങ്ങൾ, ഭിന്നശേഷിക്കാരായ സ്ത്രീകൾ, ഒറ്റയ്ക്ക് കുട്ടികളെ വളർത്തുന്ന അമ്മമാർ, ദുരന്തങ്ങളാലും കാലാവസ്ഥാ വ്യതിയാനങ്ങളാലും ബാധിക്കപ്പെട്ടവർ തുടങ്ങി സവിശേഷ പരിഗണന അർഹിക്കുന്ന സ്ത്രീകളെ ഉൾപ്പെടുത്തുന്നതിനായി കേരളത്തിന്റെ സാമൂഹിക സുരക്ഷാ പദ്ധതികൾ പുരോഗമനാത്മകമായി വിപുലീകരിച്ചിട്ടുണ്ട്. വനിതാ-ശിശുവികസന വകുപ്പ്, സാമൂഹികനീതി വകുപ്പ്, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ എന്നിവയും അനുബന്ധ ഏജൻസികളും ചേർന്ന് നടത്തുന്ന ഇടപെടലുകൾ, ക്ഷേമ സഹായം, ഉപജീവന പ്രോത്സാഹനം, വിദ്യാഭ്യാസം, അതിജീവന ശേഷി വർദ്ധിപ്പിക്കൽ എന്നിവയെ ഏകോപിപ്പിക്കുന്ന സമഗ്രമായ ഒരു സമീപനമാണ് മുന്നോട്ട് വെക്കുന്നത്

**പാർശ്വവൽക്കരിക്കപ്പെട്ട സ്ത്രീകൾക്കുള്ള അഭയവും ഉപജീവന പിന്തുണയും**

വനിതാ-ശിശു വികസന വകുപ്പ് 2017-18 മുതൽ നടപ്പിലാക്കുന്ന 'അഭയകിരണം' പദ്ധതി, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിധവകൾക്ക് അഭയം നൽകുന്ന ബന്ധുക്കൾക്ക് പ്രതിമാസം 1,000 രൂപ വീതം ധനസഹായം നൽകുന്നു. വിഹിതത്തിൽ ചെറിയരീതിയിൽ ഏറ്റക്കുറച്ചിലുകൾ കാണുന്നുണ്ടെങ്കിലും പ്രതിവർഷം ശരാശരി 700-ലധികം ഗുണഭോക്താക്കൾക്ക് ഈ പദ്ധതിയിലൂടെ സഹായം ലഭിക്കുന്നുണ്ട്. ഇതിന് അനുബന്ധമായി, 55 വയസ്സിൽ താഴെയുള്ള നിർദ്ധനരായ വിധവകൾക്ക് സ്വയം തൊഴിൽ ആരംഭിക്കുന്നതിനായി 'സഹായഹസ്തം' പദ്ധതിയിലൂടെ 30,000 രൂപ ഒറ്റത്തവണ സഹായമായി നൽകുന്നു. ധനസഹായ മാതൃകകൾ വ്യത്യസ്തമാകാമെങ്കിലും ഇത് വിധവകളുടെ സാമ്പത്തിക പുനരധിവാസത്തിനുള്ള സുപ്രധാന ചുവടുവെപ്പാണ്. പ്രതിസന്ധികളെ അതിജീവിച്ച സ്ത്രീകൾ ഗൃഹനാഥരായ കുടുംബങ്ങൾക്ക് അടിയന്തര സാമ്പത്തിക സഹായമായി 'അതിജീവിക' പദ്ധതിയിലൂടെ 50,000 രൂപ വരെ നൽകി വരുന്നു. വിവാഹിതരാകാത്ത അമ്മമാർക്ക് പ്രതിമാസം 2,000 രൂപ പെൻഷൻ നൽകുന്ന 'സ്നേഹസ്പർശം' പദ്ധതി, അവരുടെ സാമ്പത്തികവും മാനസികവും സാമൂഹ്യവുമായ സുരക്ഷ ഉറപ്പാക്കുന്നു. കൂടാതെ, സാമൂഹികനീതി വകുപ്പിന്റെ 'മാതൃജ്യോതി' പദ്ധതിയിലൂടെ ഭിന്നശേഷിക്കാരായ അമ്മമാർക്ക് പ്രസവാനന്തര സഹായം ലഭ്യമാക്കുന്നു. 2017-18-ൽ ആരംഭിച്ച ഈ പദ്ധതിയിലൂടെ പ്രതിവർഷം ശരാശരി 80 സ്ത്രീകൾക്ക് പിന്തുണ ലഭിക്കുന്നുണ്ട്

**പിന്നാക്ക സാഹചര്യങ്ങളിലെ കുടുംബങ്ങളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ സഹായം**

തലമുറകളായി തുടരുന്ന ദാരിദ്ര്യത്തിന്റെയും പിന്നാക്കാവസ്ഥയുടെയും ചക്രങ്ങൾ വിദ്യാഭ്യാസത്തിലൂടെ തകർക്കുക എന്നതാണ് പല പദ്ധതികളുടെയും ലക്ഷ്യം. വിധവകളുടെ മക്കൾക്ക് പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്നതിനായി ഫീസും ഹോസ്റ്റൽ ചെലവുകളും നൽകുന്ന പദ്ധതിയാണ് 'പടവുകൾ'. 2018-19ൽ ആരംഭിച്ച ഈ പദ്ധതി

2021-22ൽ വിപുലീകരിക്കുകയും ഏകദേശം 300 വിദ്യാർത്ഥികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുകയും ചെയ്തു. കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ നടപ്പിലാക്കുന്ന 'സ്നേഹപൂർവ്വം' പദ്ധതി, അനാഥർക്കും മാതാവോ പിതാവോ നഷ്ടപ്പെട്ടവർക്കും എച്ച്ഐവി ബാധിതരായ മാതാപിതാക്കളുടെ മക്കൾക്കും വിദ്യാഭ്യാസ ധനസഹായം നൽകുന്നു. 2024-25ൽ 20 കോടി രൂപയാണ് ഈ പദ്ധതിക്കായി വകയിരുത്തിയത്. സ്ത്രീകൾ ഗൃഹനാഥരായ കുടുംബങ്ങളിലെയും ബി.പി.എൽ വിഭാഗത്തിലെയും കുട്ടികളെ ലക്ഷ്യമിട്ടുള്ളതാണ് 'വിദ്യാധനം' പദ്ധതി. ഉപേക്ഷിക്കപ്പെട്ടവർ, വിവാഹമോചിതർ, വിധവകൾ, ഭിന്നശേഷിക്കാരായ പങ്കാളികളുള്ള സ്ത്രീകൾ എന്നിവരുടെ മക്കൾക്ക് ഈ പദ്ധതി തണലാകുന്നു. 2018-19 നും 2024-25 നും ഇടയിൽ പ്രതിവർഷം 1,700-ലധികം അസുഖത്താലോ അപകടങ്ങളാലോ വരുമാനദാതാക്കളായ പുരുഷ അംഗങ്ങളുടെ കഴിവില്ലായ്മയാൽ വിഷമിക്കുന്ന കുട്ടികൾക്ക് ഈ സഹായം ലഭിക്കുന്നുണ്ട്. ഭിന്നശേഷിക്കാരായ മാതാപിതാക്കളുടെ മക്കൾക്കായി സാമൂഹികനീതി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് 'വിദ്യാകിരണം'. കൃത്യമായ സാമ്പത്തിക വിനിയോഗത്തിലൂടെ പ്രതിവർഷം 4,000 രൂപ മുതൽ 6,000 രൂപ വരെ കുട്ടികൾക്ക് ഈ സഹായം എത്തിക്കാൻ സാധിക്കുന്നു. സാമ്പത്തിക പ്രയാസമുള്ള കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ തുടർച്ച ഉറപ്പാക്കുന്നതിൽ ഈ പദ്ധതികൾ നിർണായക പങ്കുവഹിക്കുന്നു.

**പുനരധിവാസവും വിവാഹ ധനസഹായവും**

സാമൂഹിക നീതി നടപ്പാക്കുന്നതിന്റെ ഭാഗമായി വിവാഹ ധനസഹായവും കുടുംബപുനരധിവാസവും പദ്ധതികളും സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്നു. ഭിന്നശേഷിക്കാരായ മാതാപിതാക്കളുടെ മക്കളുടെയോ, ഭിന്നശേഷിക്കാരായ യുവതികളുടെയോ വിവാഹത്തിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണ് 'പരിണയം'. 2017-18 മുതൽ ധനപരമായ ആവശ്യകതയും കാര്യക്ഷമമായ സഹായം എത്തിക്കലും ആവശ്യമായിരുന്ന വർഷങ്ങളിൽ പ്രതിവർഷം ശരാശരി 1,000-ലധികം സ്ത്രീകൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ട്. ഇത് പദ്ധതിയുടെ കാര്യക്ഷമതയെയും ആവശ്യകതയെയും സൂചിപ്പിക്കുന്നു. വിധവകൾക്കും നിയമപരമായി വിവാഹമോചിതരായവർക്കും (18-50 വയസ്സ്) പുനർവിവാഹത്തിനായി 25,000 രൂപ നൽകുന്ന പദ്ധതിയാണ് 'മംഗല്യ'. പ്രതിവർഷം ഏകദേശം 200 സ്ത്രീകൾക്ക് ഈ പദ്ധതി വഴി പിന്തുണ ലഭിക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളും സമാനമായ വിവാഹ ധനസഹായ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. 2024-25ൽ എസ്‌സി വിഭാഗത്തിലെ പെൺകുട്ടികൾക്കായി 86 കോടി രൂപയും എസ് റ്റി വിഭാഗത്തിനായി 6 കോടി രൂപയും വകയിരുത്തി. ഒരാൾക്ക് പരമാവധി 1.5 ലക്ഷം രൂപ വരെ സഹായം നൽകുന്നു. അനാഥർക്കും വരുമാനമില്ലാത്ത മാതാപിതാക്കളുടെ മക്കൾക്കും അതിൽക്കൂടുതൽ ധനസഹായവും ലഭ്യമാണ്. ഇതിനു പുറമെ, തടവുകാരുടെ പെൺമക്കളുടെ വിവാഹത്തിന് നൽകുന്ന ചെറുതെങ്കിലും പ്രതീകാത്മകമായ സഹായങ്ങൾ, അത്തരം കുടുംബങ്ങൾ നേരിടുന്ന സാമൂഹികമായ വിവേചനങ്ങൾ ലഘൂകരിക്കാൻ സഹായിക്കുന്നു.

**സാമൂഹിക സുരക്ഷയും ലിംഗനീതിയിലൂന്നിയ കാലാവസ്ഥാ അതിജീവനവും**

2018, 2019 വർഷങ്ങളിലെ പ്രളയങ്ങളും 2024 ജൂലൈയിലെ വിനാശകരമായ വയനാട് ഉരുൾപൊട്ടൽ ദുരന്തവും കേരളത്തിന് നൽകിയ അനുഭവപാഠങ്ങൾ, ലിംഗനീതിയിലൂന്നിയ ദുരന്തനിവാരണ തയ്യാറെടുപ്പിന്റെയും കാലാവസ്ഥാ അതിജീവന നയങ്ങളുടെയും അനിവാര്യത വ്യക്തമാക്കുന്നു. ആഗോള പഠനങ്ങൾ സൂചിപ്പിക്കുന്നത്, ദുരന്തങ്ങളിൽ സ്ത്രീകൾ കൂടുതൽ വെല്ലുവിളികൾ നേരിടുന്നത് ജൈവികമായ കാരണങ്ങൾ കൊണ്ടല്ല, മറിച്ച് വിഭവങ്ങളിന്മേലുള്ള പരിമിതമായ അധികാരം, തീരുമാനമെടുക്കുന്നതിലെ പങ്കാളിത്തക്കുറവ്, വിവരലഭ്യതയിലെ വിവേചനം തുടങ്ങിയ വ്യവസ്ഥാപിതമായ അസമത്വങ്ങൾ മൂലമാണ് എന്നതാണ്. കാലാവസ്ഥ വ്യതിയാനത്തിന്റെ ആഘാതങ്ങൾക്കായി തയ്യാറെടുക്കുന്നതിൽ ലിംഗപ്രതികരണപരമായ ഉപജീവന പുന:സ്ഥാപനം വഴിയുള്ള സാമൂഹ്യ സുരക്ഷിതത്വവും സാമ്പത്തിക സഹായം, പാർപ്പിടം, ജലലഭ്യത, ശുചിത്വം, ആരോഗ്യപരിചരണം എന്നിവയുടെ ലഭ്യതയും ഉറപ്പാക്കുന്നത് സ്ത്രീകളുടെ അതിജീവനശേഷിയും ഉൾക്കരുത്തും വർദ്ധിപ്പിക്കുന്നതിന് നിർണ്ണായകമാണ്.

**സ്ഥാപനപരമായ പരിശ്രമങ്ങളും തദ്ദേശഭരണവും**

തദ്ദേശസ്വയംഭരണ വകുപ്പ്, റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി 217 ഗ്രാമപഞ്ചായത്തുകളിൽ 'തദ്ദേശ കാലാവസ്ഥാ വ്യതിയാന കർമ്മപദ്ധതി' (LAPCC) തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. 2019-20 മുതൽ പ്രതിവർഷം 1,500 കോടി രൂപ മൂലധന വകയിരുത്തലോടെയാണ് ഇത് നടപ്പിലാക്കുന്നത്. ആർകെഐ യുടെ വികസന ആസൂത്രണത്തിൽ ദുരന്തസാധ്യത ലഘൂകരണവും കാലാവസ്ഥാ അതിജീവനവും ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും, ലിംഗനീതിയിലൂന്നിയുള്ള വ്യക്തമായ പദ്ധതികളുടെ ഉൾച്ചേർക്കൽ ഇപ്പോഴും പരിമിതമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തരാക്കുന്നതിനായി കില വികസിപ്പിച്ച ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ ആൻഡ് ക്ലൈമറ്റ് ആക്ഷൻ ട്രാക്കർ (DCAT) പോലുള്ള സംവിധാനങ്ങൾ ഉപയോഗിക്കുന്നുണ്ട്. ഇത്തരം പരിശീലനങ്ങളിലും നിരീക്ഷണ പ്രക്രിയകളിലും സ്ത്രീകളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നത് എല്ലാവരെയും ഉൾക്കൊള്ളുന്ന പ്രതിരോധശേഷി സൃഷ്ടിക്കുന്നതിന് അത്യന്താപേക്ഷിതമാണ്

ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ് (TISS), എറണാകുളം ജില്ലയിലെ മൂന്ന് തീരദേശ പഞ്ചായത്തുകളിൽ തദ്ദേശസ്വയംഭരണ വകുപ്പ്, എം.എസ്. സ്വാമിനാഥൻ ഫൗണ്ടേഷൻ, ഇക്വിനോക്, കുടുംബശ്രീ എന്നിവയുമായി സഹകരിച്ച് നടപ്പിലാക്കിയ പങ്കാളിത്ത പദ്ധതി ലിംഗപ്രതികരണപരമായ കാലാവസ്ഥാ വ്യതിയാന പ്രവർത്തനത്തിന്റെ മികച്ച ഉദാഹരണമാണ്. പ്രാദേശിക സമൂഹങ്ങളെ, പ്രത്യേകിച്ച് സ്ത്രീകളെ ശാക്തീകരിക്കാൻ ഈ സംരംഭത്തിന് സാധിച്ചു. സമൂഹ്യാധിഷ്ഠിത വിവരശേഖരണം, പങ്കാളിത്ത മാപ്പിംഗ്, സാമൂഹിക പഠനം എന്നിവയിലൂടെ തീരദേശത്തെ വേലിയേറ്റവും വെള്ളപ്പൊക്കവും കൃത്യമായി രേഖപ്പെടുത്താനും അവയെ പ്രതിരോധിക്കാനും സ്ത്രീകളെ പ്രാപ്തരാക്കി. ഡാറ്റാ ശേഖരണം, റിസോഴ്സ് മാപ്പിംഗ്, ദുരന്തകാ

ലത്തെ സമയദാരിദ്ര്യം വിശകലനം ചെയ്യൽ എന്നിവയിൽ കുടുംബശ്രീ പ്രവർത്തകർ നിർണ്ണായക പങ്ക് വഹിച്ചു. സ്ത്രീകളുടെ പ്രാദേശിക അറിവും സംഘടനാശേഷിയും ഉപയോഗപ്പെടുത്തിയാൽ, അവരെ വെറും 'ദുരന്ത ബാധിതർ' എന്ന നിലയിൽ നിന്ന് കാലാവസ്ഥാ അതിജീവനത്തിന്റെയും കാലാനുസൃത അനുശാസനത്തിന്റെയും സജീവ വക്താക്കളാക്കി മാറ്റാൻ കഴിയുമെന്ന് ഈ മാതൃക തെളിയിക്കുന്നു.

**കേരളത്തിൽ ലിംഗാധിഷ്ഠിത അതിക്രമങ്ങളെ നേരിടൽ**

ലിംഗാധിഷ്ഠിത അതിക്രമങ്ങളെ പ്രതിരോധിക്കുന്നതിന് നിയമപരമായ പരിഷ്കാരങ്ങളും സാമൂഹിക മാറ്റങ്ങളും സംയോജിപ്പിച്ചുകൊണ്ടുള്ള ബഹുമേഖലാ പ്രതികരണ സംവിധാനം ആവശ്യമാണ്. നിലവിലുള്ള സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക, വിവരശേഖരണ സംവിധാനങ്ങൾ മെച്ചപ്പെടുത്തുക, പരാതി പരിഹാര സംവിധാനങ്ങളുടെ ഉത്തരവാദിത്തം ഉറപ്പാക്കുക, വിവിധ സ്ഥാപനങ്ങളിൽ ലിംഗനീതിയിലൂന്നിയ അവബോധം വളർത്തുക എന്നിവ ലിംഗാധിഷ്ഠിത അതിക്രമങ്ങൾ നിയന്ത്രിക്കുന്നതിനും കേരളത്തിൽ സ്ത്രീകൾക്കായി സുരക്ഷിതവും നീതിപൂർവ്വക്രമവുമായ ഇടങ്ങൾ സൃഷ്ടിക്കുന്നതിനും അത്യന്താപേക്ഷിതമാണ്.

**കേരളത്തിൽ ലിംഗാധിഷ്ഠിത അതിക്രമങ്ങളെ നേരിടുന്നതിനുള്ള വിവിധ വകുപ്പുകളുടെ ഇടപെടലുകൾ**

അതിക്രമങ്ങൾ തടയൽ, ബോധവൽക്കരണം, സ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കൽ, ഹെൽപ്പ്ലൈൻ സേവനങ്ങൾ, പുനരധിവാസം എന്നിവ സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു ബഹുമുഖമായ പ്രവർത്തന ശൈലിയാണ് കേരളം വികസിപ്പിച്ചിരിക്കുന്നത്. വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ താഴെ പറയുന്നവയാണ്.

**വനിതാ – ശിശു വികസന ഡയറക്ടറേറ്റ്:**

ജെൻഡർ അവബോധം വർധിപ്പിക്കുന്നതിനായി 2006 മുതൽ നടപ്പിലാക്കിയ ജെൻഡർ അവയർനെസ്, സധൈര്യം മുന്നോട്ട് എന്നീ മുൻനിര പദ്ധതികൾ സർക്കാർ ഉദ്യോഗസ്ഥർ, ഫീൽഡ് സ്റ്റാഫ്, പൊതുജനങ്ങൾ എന്നിവരെ ലക്ഷ്യമാക്കി ലിംഗസമത്വ വിഷയങ്ങളിൽ അവബോധം സൃഷ്ടിക്കുന്നു. സ്ത്രീധനം ഇല്ലാതാക്കുന്നതിനായി 2019-20ൽ ആരംഭിച്ച സ്ത്രീധന വിരുദ്ധ പ്രചാരണങ്ങൾ സാമൂഹ്യമാധ്യമങ്ങളിലൂടെയും ഔട്ട്റീച്ച് പരിപാടികളിലൂടെയും അഞ്ചുവർഷത്തിനുള്ളിൽ സ്ത്രീധനം അവസാനിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്നു. മിത്ര 181 എന്ന 24x7 സഹായസേവനം ഇതുവരെ 2.5 ലക്ഷത്തിലധികം പരാതികൾ കൈകാര്യം ചെയ്തിട്ടുണ്ട്. കോളേജുകളിൽ ലിംഗസമത്വം പ്രോത്സാഹിപ്പിക്കുന്നതിനായി 100 കോളേജുകളിലായി (20,000 വിദ്യാർത്ഥികൾ) വനിതാ സെല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. ബോധ്യം പദ്ധതിയിലൂടെ 10,000ത്തിലധികം പൊലീസ് ഉദ്യോഗസ്ഥരെ ലിംഗപ്രതികരണാത്മക സമീപനങ്ങളിൽ പരിശീലിപ്പിച്ചിട്ടുണ്ട്. സമൂഹപങ്കാളിത്തത്തിന്റെ ഭാഗമായി കുറ്റകൃത്യങ്ങൾ തടയുന്നതിനായി ജാഗ്രത സമിതി അംഗങ്ങൾക്ക് കേരള വനിതാ കമ്മീഷൻ പരിശീലനം നൽകുകയും യുവജനങ്ങളെ ലക്ഷ്യമാക്കി ബോധവത്കരണ പരിപാടികൾ നടത്തുകയും ചെയ്യുന്നു. ഇതോടൊപ്പം, കുടുംബശ്രീയുടെ ജെൻഡർ സെൽഫ് ലേണിംഗ് പ്രോഗ്രാം (GSLP), സ്ത്രീപക്ഷ നവകേരളം തുടങ്ങിയ പദ്ധതികൾ വഴി അയൽക്കൂട്ടങ്ങളിലെ സ്ത്രീകൾക്ക് ലിംഗസമത്വം, തൊഴിൽ, ആരോഗ്യസംരക്ഷണം, ചലനക്ഷമത, അതിക്രമം തടയൽ തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം നൽകുകയും ലക്ഷക്കണക്കിന് സ്ത്രീകളെ ഉൾക്കൊള്ളുകയും ചെയ്യുന്നു.

**പോലീസ് വകുപ്പ്**: ലിംഗനീതിയിലൂന്നിയ പരിശീലന പരിപാടികൾ, പ്രത്യേക പിങ്ക് പോലീസ് യൂണിറ്റുകൾ, 'അപരാജിത' തുടങ്ങിയ ഓൺലൈൻ പരാതി പരിഹാര സംവിധാനങ്ങൾ എന്നിവയിലൂടെ പൊതുസ്ഥലങ്ങളിൽ സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കുന്നതിൽ പോലീസ് വകുപ്പ് നിർണ്ണായക പങ്ക് വഹിക്കുന്നു

**വിദ്യാഭ്യാസ സംരംഭങ്ങൾ**:

നൈതികം പാഠപുസ്തക മോഡ്യൂൾ (2019-20), സ്കൂൾ പാഠപുസ്തകങ്ങളുടെ സമഗ്രമായ ലിംഗനീതി പരിശോധന (2022 മുതൽ) എന്നിവയിലൂടെ കുട്ടികളിൽ ബാല്യകാലം മുതൽ ലിംഗസമത്വബോധം വളർത്താൻ ലക്ഷ്യമിടുന്നു; സ്ത്രീകളുടെ അവകാശങ്ങളും പൊതുസ്ഥലങ്ങളിലെ സുരക്ഷയും ഉറപ്പാക്കുന്നതിനായി സംഘടിപ്പിച്ച വനിതാമതിൽ (2019), 'പൊതുയിടം എന്റേതും' (2019) തുടങ്ങിയവ സാമൂഹിക ബോധവൽക്കരണ രംഗത്തെ നൂതനമായ ഇടപെടലുകളാണ്.

**പരിഹാരവും പുനരധിവാസവും**:

ലൈംഗിക കുറ്റകൃത്യങ്ങൾ തടയുന്നതിനും പീഡനത്തിനിരയായവർക്ക് പുനരധിവാസം ഉറപ്പാക്കുന്നതിനുമായി **നിർഭയ നയവും നിർഭയ സെല്ലും** നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി തേജോമയ ഹോം, തൃശൂരിലെ മോഡൽ ഹോം തുടങ്ങിയ പ്രത്യേക സൗകര്യങ്ങൾ ഉൾപ്പെടെ 14 വനിതാ-ശിശു ഹോമുകൾ പ്രവർത്തിക്കുന്നു. **ഉണർവ്വ്** പദ്ധതിയുടെ കീഴിൽ 83 സേവന കേന്ദ്രങ്ങളും 14 ഷെൽട്ടർ ഹോമുകളും മുഖേന നിയമ, മെഡിക്കൽ, തൊഴിൽ പരിശീലനം, കൗൺസലിംഗ് തുടങ്ങിയ പിന്തുണകൾ നൽകുന്നു. ലിംഗാധിഷ്ഠിത അതിക്രമങ്ങൾക്ക് ഇരയായവർക്ക് ഇടക്കാല ആശ്വാസം നൽകുന്നതിനായി **ആശ്വാസനിധി** പദ്ധതിയിൽ 3-10 കോടി രൂപയുടെ കോർപ്പസ് ഫണ്ടും ഒരുക്കിയിട്ടുണ്ട്. **'ധീര'** പദ്ധതിയിലൂടെ കൗമാരപ്രായത്തിലുള്ള പെൺകുട്ടികൾക്ക് മാർഷ്യൽ ആർട്സ് പരിശീലനം നൽകുന്നു. കൂടാതെ, ദുരിതത്തിലായ സ്ത്രീകൾക്ക് ഏകീകൃത സേവനങ്ങൾ നൽകുന്ന **സഖി വൺ-സ്റ്റോപ്പ് സെന്ററുകളും** ഓൺലൈൻ കൗൺസലിംഗും നിയമസഹായവും ലഭ്യമാക്കുന്ന **കാത്തോർത്ത്** പദ്ധതിയും നടപ്പിലാക്കുന്നു.

**ആരോഗ്യ വകുപ്പ്: ഭൂമികാ സെന്ററുകൾ** (കേരളത്തിൽ 21) വഴി പീഡിതർക്കു വൈദ്യപരവും മാനസികവുമായ പരിചരണം നൽകുന്നു. ഹോമിയോപ്പതി ഡയറക്ടറേറ്റിന്റെ കീഴിൽ **സീതാലയം** സമാന സേവനങ്ങൾ പ്രദാനം ചെയ്യുന്നു.

**നിയമ വകുപ്പ്**: സംസ്ഥാനത്ത് 56 ഫാസ്റ്റ് ട്രാക്ക് പോക്സോ (POCSO) കോടതികൾ സ്ഥാപിച്ചിട്ടുണ്ട്. കേസുകൾ തീർപ്പാക്കുന്ന നിരക്ക് 2020-ലെ 10.6 ശതമാനത്തിൽ നിന്ന് 2025 മെയ് മാസത്തോടെ 12 ശതമാനമായി മെച്ചപ്പെട്ടു. സംരക്ഷണ ഉത്തരവുകളിന്മേലും കെട്ടിക്കിടക്കുന്ന കേസു

കളിന്മേലും ഉള്ള ജില്ലാതല വിവരങ്ങൾ, സേവനങ്ങളുടെ വിനിയോഗം എന്നിവ ഗാർഹിക അതിക്രമകേസുകൾ നിരീക്ഷിക്കുന്നതിന് സഹായിക്കുന്നു

**കേരളത്തിലെ ട്രാൻസ്ജെൻഡർ വ്യക്തികൾ:**

2014-ൽ സാമൂഹികനീതി വകുപ്പ് നടത്തിയ സർവേയിൽ, കേരളത്തിലെ ട്രാൻസ്ജെൻഡർ വ്യക്തികൾ വരുമാന ലഭ്യത, വിദ്യാഭ്യാസം, ആരോഗ്യ സേവനങ്ങൾ, സുരക്ഷിതമായ സാമൂഹിക ഇടങ്ങൾ എന്നിവയിൽ വലിയ തോതിൽ വിവേചനവും പിന്നാക്കാവസ്ഥയും നേരിടുന്നതായി കണ്ടെത്തി. സർവേ നടന്ന വർഷത്തിന് തൊട്ടുമുമ്പുള്ള കാലയളവിൽ19ശതമാനംപേർആത്മഹത്യയ്ക്ക്ശ്രമിച്ചതായും 41 ശതമാനം പേർ വിവിധ അതിക്രമങ്ങൾക്ക് ഇരയായതായും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ലിംഗ വൈവിധ്യത്തെക്കുറിച്ചുള്ള അവബോധം സേവനദാതാക്കൾക്കിടയിൽ കുറവായതും, സാമൂഹികമായ കളങ്കം പൊതുസേവനങ്ങളിലെ വിവേചനം, പൊതുവായും ലിംഗസ്ഥിരീകരണ ആവശ്യങ്ങൾക്കായുമുള്ള ആരോഗ്യ സേവനങ്ങളുടെ അപര്യാപ്തത എന്നിവയാണ് ഇവർ നേരിടുന്ന പ്രധാന പ്രതിബന്ധങ്ങൾ. 2014-ൽ ഭാരതീയ സുപ്രീം കോടതി ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സമത്വം, അന്തസ്സ്, നിയമപരമായ പരിരക്ഷ എന്നിവ ഉറപ്പുനൽകിക്കൊണ്ട് വിധി പ്രസ്താവിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ, കേരളം 2015-ൽ ഇന്ത്യയിൽ ആദ്യമായി ഒരു ട്രാൻസ്ജെൻഡർ നയം രൂപീകരിച്ച സംസ്ഥാനമായി. സ്വയം തിരിച്ചറിയൽ, തുല്യത, മൗലിക അവകാശങ്ങൾ ഉറപ്പാക്കൽ എന്നിവയ്ക്കാണ് ഈ നയം ഊന്നൽ നൽകുന്നത്.

ട്രാൻസ്ജെൻഡർ വ്യക്തികളെ ഉൾക്കൊള്ളുന്ന പദ്ധതികളിൽ ഇന്ത്യയ്ക്ക് തന്നെ മാതൃകയാക്കാവുന്ന പ്രവർത്തനങ്ങളാണ് കേരളം കാഴ്ചവെക്കുന്നത്. നിയമപരമായ അംഗീകാരം, ആരോഗ്യപരിചരണം, വിദ്യാഭ്യാസ അവസരങ്ങൾ, തൊഴിൽ സംരംഭങ്ങൾ, സാമൂഹിക സുരക്ഷ എന്നിവയിലൂടെ സംസ്ഥാനത്തിന്റെ പുരോഗമനപരമായ പ്രതിബദ്ധത വ്യക്തമാണ്. സമ്പൂർണ്ണ സമത്വവും മാന്യമായ ജീവിതസാഹചര്യങ്ങളും ഉറപ്പാക്കുന്നതിന് തുടർച്ചയായ നിക്ഷേപം, കൃത്യമായ നിരീക്ഷണം, സാമൂഹിക ബോധവൽക്കരണം എന്നിവ അനിവാര്യമാണ്.

**സർക്കാർ സംരംഭങ്ങൾ:**

ട്രാൻസ്ജെൻഡർ വ്യക്തികൾക്കായി നിരവധി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. രജിസ്ട്രേഷനും തിരിച്ചറിയൽ രേഖകൾ നൽകുന്നതിനുമായി സംസ്ഥാന-ജില്ലാതലങ്ങളിൽ ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡുകൾ (2016-17 കാലയളവിൽ സ്ഥാപിതമായത്) നിലവിലുണ്ട്. സ്കോളർഷിപ്പുകൾ, തൊഴിൽ പരിശീലനങ്ങൾ, ഭവന സഹായം തുടങ്ങി ട്രാൻസ്ജെൻഡർമാർക്കുള്ള വിവിധ പദ്ധതികളെ ഏകോപിപ്പിച്ചുകൊണ്ടുള്ള മഴവില്ല് അംബ്രല്ല സ്കീം; ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കും (SRS) അതിനുശേഷമുള്ള പരിചരണത്തിനുമുള്ള ധനസഹായം (2018-2022 കാലയളവിൽ ഈ ആനുകൂല്യം ലഭിക്കുന്നവരുടെ എണ്ണത്തിൽ വലിയ വർദ്ധനവുണ്ടായിട്ടുണ്ട്); സുരക്ഷിതമായ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനായി ദൂരപഠനം, സ്കോളർഷിപ്പുകൾ, ഹോസ്റ്റൽ സൗകര്യം എന്നിവ നൽകുന്ന വർണ്ണം/സഫലം പ്രോജക്ട്; ട്രാൻസ്ജെൻഡർ ദമ്പതികൾക്കും അടിയന്തര സാഹചര്യങ്ങളിൽ കഴിയുന്ന വ്യക്തികൾക്കും സാമ്പത്തിക സഹായം നൽകുന്ന കരുതൽ പ്രോജക്ട് എന്നിവ ഇതിൽ ഉൾപ്പെടുന്നു. കൂടാതെ, വർക്ക്ഷോപ്പുകൾ, ഹെൽപ്പ് ലൈനുകൾ, ബോധവൽക്കരണ ക്യാമ്പയിനുകൾ, ട്രാൻസ്ജെൻഡർ സൗഹൃദ പൊതുസൗകര്യങ്ങൾ തുടങ്ങിയ സാമൂഹിക പരിപാടികളും ആസൂത്രണം ചെയ്തുവരുന്നു.

കൂടാതെ, എം.എസ്.എം.ഇ (MSME) മേഖലയിൽ തൊഴിൽ നൈപുണ്യ സഹായവും സാമ്പത്തിക സഹായവും നൽകുന്നതിനായി കെ.എസ്.ഡബ്ല്യു.ഡി.സി ട്രാൻസ്ജെൻഡർ സ്വയംതൊഴിൽ വായ്പാ പദ്ധതി, പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന എം.എസ്.എം.ഇ-കൾ സ്ഥാപിക്കുന്നതിനുള്ള പിന്തുണ തുടങ്ങിയ തൊഴിൽ സംരംഭങ്ങളും നിലവിലുണ്ട്.

സംസ്ഥാനത്തെ ട്രാൻസ്ജെൻഡർ വ്യക്തികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും അവർക്ക് പിന്തുണ നൽകുന്നതിനുമായി സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു. കുടുംബങ്ങൾ, വിദ്യാലയങ്ങൾ, ആരോഗ്യ പ്രവർത്തകർ, പോലീസ് ഉദ്യോഗസ്ഥർ എന്നിവർക്കായി ബോധവൽക്കരണ പരിപാടികൾ, 24/7 പ്രവർത്തിക്കുന്ന ട്രാൻസ്ജെൻഡർ ഹെൽപ്പ് ലൈൻ, പ്രതിസന്ധികൾ പരിഹരിക്കാനുള്ള ക്രൈസിസ് മാനേജ്മെന്റ് സേവനങ്ങൾ, സോഷ്യൽ മീഡിയ ഉപയോഗിച്ചുള്ള കാമ്പയിനുകൾ എന്നിവയും ഈ വകുപ്പിന് കീഴിൽ ആരംഭിച്ചിട്ടുണ്ട്.

**പുരോഗതിയും അനന്തരഫലവും**

നിയമനിർമ്മാണം, നയരൂപീകരണം, കൃത്യമായ ധനവിനിയോഗം എന്നിവയിലൂടെ ട്രാൻസ്ജെൻഡർ വ്യക്തികളെ പിന്തുണയ്ക്കുന്നതിൽ കേരളം ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കുള്ള ധനസഹായം, സ്കോളർഷിപ്പുകൾ, ഹോസ്റ്റൽ സൗകര്യങ്ങൾ തുടങ്ങിയ പദ്ധതികൾ വിദ്യാഭ്യാസം, ആരോഗ്യസംരക്ഷണം, തൊഴിൽ എന്നീ മേഖലകളിലേക്കുള്ള ഇവരുടെ പ്രവേശനം മെച്ചപ്പെടുത്താൻ സഹായിച്ചു. എങ്കിലും, സമൂഹത്തിൽ ഇപ്പോഴും നിലനിൽക്കുന്ന കളങ്കം, സേവനങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മയും, സുരക്ഷാ ആശങ്കകളും പൂർണ്ണമായ സാമൂഹിക ഉൾച്ചേർക്കലിന് ഇപ്പോഴും തടസ്സമാകുന്നുണ്ട്.

**കേരളത്തിലെ ലിംഗനീതി ബഡ്ജറ്റിംഗ്: പ്രധാന സവിശേഷതകൾ**

വാർഷികാസൂത്രണത്തിലും ബജറ്റ് നടപടികളിലും ജെൻഡർ ബഡ്ജറ്റിംഗ് ഒരു പ്രധാന ഘടകമായി ഉൾപ്പെടുത്തുന്നതിൽ കേരളം ഒരു മുൻനിര സംസ്ഥാനമാണ്. പൊതുവിഭവങ്ങൾ സ്ത്രീകൾ, കുട്ടികൾ, ട്രാൻസ്ജെൻഡർ വ്യക്തികൾ എന്നിവരുടെ ക്ഷേമം, ഉപജീവനം, ശാക്തീകരണം എന്നിവയ്ക്കായി ഫലപ്രദമായി വിനിയോഗിക്കുന്നുവെന്ന് ഇതുവഴി സംസ്ഥാനം ഉറപ്പാക്കുന്നു. വിവിധ മേഖലകളിൽ ലിംഗനീതിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഉൾപ്പെടുത്തിയതിലൂടെ, പരമ്പരാഗതവും അല്ലാത്തതുമായ വികസന പദ്ധതികളിൽ മെച്ചപ്പെട്ട ഫലങ്ങൾ കൈവരിക്കാൻ കേരളത്തിന് സാധിച്ചു. സാമ്പത്തികവിഹിതത്തെ അളക്കാവുന്ന സാമൂഹിക നേട്ടങ്ങളുമായി ബന്ധിപ്പിക്കുന്ന കേരളത്തിന്റെ ജെൻഡർ ബഡ്ജറ്റിംഗ് രീതി, ലിംഗ

സമത്വം, ശാക്തീകരണം, സാമൂഹിക നീതി എന്നിവയോടുള്ള സംസ്ഥാനത്തിന്റെ നിരന്തരമായ പ്രതിബദ്ധതയെയാണ് തെളിയിക്കുന്നത്. കൂടാതെ, പദ്ധതികളുടെ പ്രവർത്തന ക്ഷമത വിലയിരുത്തിക്കൊണ്ട് അവ പരിഷ്കരിക്കാനും പുനർ രൂപകൽപ്പന ചെയ്യുവാനും സാധിക്കും.

**പ്രധാന സവിശേഷതകൾ**

ലിംഗപ്രതികരണാത്മക ബഡ്ജറ്റിംഗ്.- ലിംഗപരമായ വില യിരുത്തലുകൾ, നയപരമായ അനന്തരഫലവും കാര്യക്ഷമ തവും വർധിപ്പിച്ചുകൊണ്ട് വകുപ്പുകൾക്കിടയിൽ വിഭവ വിഭ ജനത്തിന് മാർഗ്ഗനിർദ്ദേശം നൽകുന്നു.

ഏജൻസികൾ തമ്മിലുള്ള സഹകരണം: സംസ്ഥാന പ്ലാനിംഗ് ബോർഡും ധനകാര്യവകുപ്പും എല്ലാ സർക്കാർ വകുപ്പുകളും തമ്മിലുള്ള ഏകോപനം പരിപാടികളുടെ രൂപ കൽപ്പനയിലും നടത്തിപ്പിലും ലിംഗപരമായ കാഴ്ചപ്പാടുകൾ സമന്വയിപ്പിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നു.

സ്ഥാപനവൽക്കരണം: ധനപരമായ വെല്ലുവിളികളു ണ്ടെങ്കിലും വിഹിതങ്ങൾ നൽകൽ സ്ഥിരമായി വർധിപ്പി ച്ചുകൊണ്ട് ജെൻഡർ ബഡ്ജറ്റിംഗ് സ്ഥിരതയുള്ളതും ക്രമ മായി പ്രവർത്തിക്കുന്നതുമായി നിലനിൽക്കുന്നു.

ബഡ്ജറ്റിന് മുമ്പുള്ള അവലോകനം: സംസ്ഥാന പ്ലാനിംഗ് ബോർഡ്, വിവരം നൽകപ്പെട്ടതും ലിംഗസമത്വ മുള്ളതുമായ ആസൂത്രണം പിന്തുണച്ചുകൊണ്ട് വകുപ്പു കളുമായി സമഗ്രമായ ബഡ്ജറ്റിന് മുമ്പുള്ള ചർച്ചകൾ നട ത്തുന്നു

**ലിംഗനീതി ബഡ്ജറ്റ് 2025 – 26 അവലോകനം**

2025-26 വർഷത്തെ ആകെ ലിംഗനീതി ബഡ്ജറ്റ് വകയി രുത്തൽ മൊത്തം പദ്ധതി വിഹിതത്തിന്റെ 20.79 ശതമാന മായിരുന്നു. ഇതിൽ സ്ത്രീകൾക്ക് മാത്രമായുള്ള പദ്ധതികൾ (പാർട്ട് എ) 10.83 ശതമാനവും, ഭാഗികമായി സ്ത്രീകളെ ലക്ഷ്യമിട്ടുള്ള പദ്ധതികൾ (പാർട്ട് ബി) 9.96 ശതമാനവുമാ ണ്. ലിംഗാധിഷ്ഠിത പദ്ധതികൾക്കുള്ള സാമ്പത്തിക വിഹിത ത്തിലുണ്ടായ ഈ വർദ്ധനവ്, സാമൂഹിക സുരക്ഷയോടും ലിംഗനീതിയോടുമുള്ള സംസ്ഥാനത്തിന്റെ ഉറച്ച പ്രതിബ ദ്ധത തെളിയിക്കുന്നു.

സ്ത്രീസുരക്ഷയും ലിംഗസമന്വയവും ശക്തിപ്പെടുത്തു ന്നതിനുള്ള ഇടപെടലുകൾ, സ്ത്രീകളുടെ തൊഴിൽക്ഷമത യും സംരംഭകത്വ അവസരങ്ങളും വർധിപ്പിക്കുന്ന പ്രോഗ്രാ മുകൾ, ആനുകൂല്യങ്ങൾ അർഹിക്കുന്ന സ്ത്രീകൾക്ക് ആരോഗ്യ സംരക്ഷണം, പെൻഷൻ, സാമൂഹിക സുരക്ഷ എന്നിവ ഉറ പ്പാക്കുന്ന പദ്ധതികൾ, സുരക്ഷിതവും എല്ലാവരെയും ഉൾ ക്കൊള്ളുന്നതുമായ പൊതുസ്ഥലങ്ങളും സൗകര്യങ്ങളും സൃഷ്ടിക്കുന്നതിനുള്ള നിക്ഷേപങ്ങൾ എന്നിവ ഈ പദ്ധതി കളിൽ ഉൾപ്പെടുന്നു

പദ്ധതികളുടെ നടത്തിപ്പ്, സ്വാധീനം, പ്രായോഗികത എന്നിവ വിലയിരുത്തുന്നതിനായി സംസ്ഥാന ആസൂത്രണ ബോർഡ് എല്ലാ പദ്ധതികളും അവലോകനം ചെയ്തു. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നുള്ള അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ ചില പദ്ധതികൾ വിപുലീകരിക്കുകയും ചിലത് പുനർരൂപകൽപ്പന ചെയ്യുകയും മറ്റുള്ളവ നിർത്ത ലാക്കുകയും ചെയ്തിട്ടുണ്ട്.

**മുന്നോട്ടുള്ള വഴി**

വനിതകൾക്ക് ഗുണമേന്മയുള്ള തൊഴിലവസരങ്ങൾ ലഭ്യ മാക്കുക എന്ന ലക്ഷ്യത്തിന് കേരള സർക്കാർ തങ്ങളുടെ നയരൂപീകരണത്തിൽ വലിയ പ്രാധാന്യം നൽകുന്നു. വിജ്ഞാനാധിഷ്ഠിത സമ്പദ് വ്യവസ്ഥ. ഡിജിറ്റൽ സംരം ഭങ്ങൾ, സുരക്ഷാ സേവനങ്ങൾ, പരിസ്ഥിതി സൗഹൃദ വ്യവസായങ്ങൾ തുടങ്ങിയ ഉയർന്ന വളർച്ചാസാധ്യതയുള്ള മേഖലകളിൽ സ്ത്രീ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനാണ് സർക്കാർ ഇപ്പോൾ മുൻഗണന നൽകുന്നത്. നൈപുണ്യ വികസന പദ്ധതികളെ ഔപചാരിക മേഖലയിലെ തൊഴിൽ സാധ്യതകളുമായി കൃത്യമായി ബന്ധിപ്പിച്ചുകൊണ്ടാണ് ഈ പ്രവർത്തനങ്ങൾ മുന്നോട്ട് പോകുന്നത്.

സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തവുമായി ബന്ധപ്പെട്ട വെല്ലുവിളികൾ പരിഹരിക്കപ്പെടുമെന്ന് സർക്കാർ നയം ഉറപ്പാക്കുന്നു. തുല്യ ജോലിക്ക് തുല്യ വേതനം, സുരക്ഷിത മായ തൊഴിൽ സാഹചര്യം, സ്ഥാപനങ്ങളിലെ ലിംഗനീതി ആഡിറ്റിംഗ് എന്നിവയ്ക്ക് ഈ നയത്തിൽ പ്രത്യേക ഊന്നൽ നൽകുന്നു.

സംസ്ഥാനം പരിചരണ അടിസ്ഥാനസൗകര്യ വിക സനത്തിൽ നിക്ഷേപം നടത്തുന്നു. ഇതിന്റെ ഭാഗമായി ശിശുപരിചരണം, വയോജന പരിരക്ഷ, ഭിന്നശേഷിക്കാർ ക്കുള്ള പിന്തുണ എന്നിവയ്ക്കായി പൊതുസംവിധാനങ്ങൾ വികസിപ്പിക്കുകയും വീട്ടുജോലികളിൽ തുല്യമായ പങ്കാ ളിത്തം ഉറപ്പാക്കാൻ പ്രോത്സാഹനം നൽകുകയും ചെയ്യു ന്നു. ആരോഗ്യ സംരക്ഷണം, പാർപ്പിടം, പെൻഷൻ എന്നി വയിൽ അനൗപചാരിക മേഖലയിലെ തൊഴിലാളികൾക്ക് കൂടി പ്രാപ്യത ഉറപ്പാക്കിക്കൊണ്ട് സാമൂഹിക സുരക്ഷാ പദ്ധതികൾ വിപുലീകരിക്കേണ്ടതുണ്ട്. കൂടാതെ, ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ ലിംഗനീതി കൂടി സംയോജി പ്പിക്കണം. വിപുലമായ ബോധവൽക്കരണ പരിപാടികൾ, ശക്തമായ ഫാസ്റ്റ് ട്രാക്ക് കോടതികൾ, ഇരകൾക്കുള്ള പു നരധിവാസ പദ്ധതികൾ എന്നിവയിലൂടെ ലിംഗാധിഷ്ഠിത അതിക്രമങ്ങൾ തടയാനുള്ള പ്രവർത്തനങ്ങൾ തുടരുന്നു.

വിജ്ഞാനാധിഷ്ഠിത സമ്പദ് വ്യവസ്ഥയുടെ സാധ്യത കൾ പ്രയോജനപ്പെടുത്തുന്നതിനായി കെഡിസ്ക് പോലുള്ള സംവിധാനങ്ങളിലൂടെ ഡിജിറ്റൽ നൈപുണ്യവും സംരം ഭകത്വവും നവീകരണ ആവാസ വ്യവസ്ഥയും സർക്കാർ പ്രോത്സാഹിപ്പിക്കുന്നു. തൊഴിലിൽ നിന്നും ഇടവേള എടുത്ത പ്രൊഫഷണലുകളായ സ്ത്രീകൾക്ക് തിരികെ പ്രവേശിക്കുന്നതിനുള്ള പ്രത്യേക മാർഗങ്ങളും ആവിഷ്ക രിക്കുന്നുണ്ട്. ലിംഗാധിഷ്ഠിത വിവരശേഖരണ സംവിധാ നങ്ങൾ മെച്ചപ്പെടുത്തുന്നതിലൂടെ പദ്ധതികളുടെ ഫല പ്രാപ്തിയും നിരീക്ഷണവും എല്ലാ ലിംഗാധിഷ്ഠിത പരിപാടിക ളുടെ വിലയിരുത്തലും കൂടുതൽ കാര്യക്ഷമമാക്കും.

## അദ്ധ്യായം 7

# ശിശുവികസനവും സംരക്ഷണവും: ഓരോ കുട്ടിക്കും അവകാശങ്ങളും ക്ഷേമവും ഭാവിയും ഉറപ്പാക്കൽ

ഐക്യരാഷ്ട്രസഭയുടെ ശിശു അവകാശ ഉടമ്പടിയിലെ (UNCRC) തത്വങ്ങളിൽ അധിഷ്ഠിതമായ ഒരു 'അവകാശ അധിഷ്ഠിത സമീപനം' ആണ് ശിശു വികസന കാര്യത്തിൽ കേരള സർക്കാരിന്റെ നയത്തിന്റെ മാർഗനിർദ്ദേശക തത്വം. മാതൃ-ശിശു ആരോഗ്യ സേവനങ്ങൾ, പാർപ്പിട ലഭ്യതയും ആധുനിക ഗാർഹിക സൗകര്യങ്ങളും, ശൈശവകാല പരിചരണവും വിദ്യാഭ്യാസവും, ശിശു സംരക്ഷണവും ബദൽ പരിചരണവും പിന്തുണയും, സാമൂഹികമായ ഉൾച്ചേർക്കൽ, മാനസികാരോഗ്യവും മനോസാമൂഹിക വികാസവും, വിനോദം, ഒരു മതേതര ജനാധിപത്യ സമൂഹത്തിലെ പൗരന്മാരായി കുട്ടികളെ വളർത്തിയെടുക്കൽ എന്നിവയുൾപ്പെടെ സംസ്ഥാനത്തിന്റെ വിവിധ പ്രവർത്തന മേഖലകളുടെ ഭാഗമാണ് ശിശു വികസനം എന്നത്. കൂടാതെ, ലോകത്ത് ഒരു കുട്ടിയുടെ മറ്റ് ആവശ്യങ്ങളുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ഇതിൽ ഉൾപ്പെടുന്നു.

കേരള സർക്കാർ വിവിധ ഏജൻസികളുമായി സഹകരിച്ച് ശിശുസൗഹൃദ വിദ്യാലയങ്ങളും ശിശുസൗഹൃദ ആശുപത്രികളും ഉറപ്പാക്കുന്നു. ജുവനൈൽ ജസ്റ്റിസ് ആക്ട്, പോക്സോ (POCSO) ആക്ട്, വിദ്യാഭ്യാസാവകാശ ആക്ട് തുടങ്ങിയ ദേശീയ നിയമങ്ങൾക്ക് അനുസൃതമായാണ് സംസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ. കേരളം സ്വന്തമായി ശിശു നയം രൂപീകരിച്ചിട്ടുള്ളതും, കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ അതിന്റെ നടത്തിപ്പിന്റെ മേൽനോട്ടം വഹിക്കുന്നതുമാണ്.

ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകൾക്കും ചൈൽഡ് വെൽഫെയർ കമ്മിറ്റികൾക്കും പുറമെ, ശിശുസൗഹൃദ കോടതിമുറികൾ, പോക്സോ ഫാസ്റ്റ് ട്രാക്ക് കോടതികൾ, കർശനമായ ശിശുസംരക്ഷണ റെഗുലേഷനുകൾ എന്നിവയും കേരളം നടപ്പിലാക്കിയിട്ടുണ്ട്. ടോൾ ഫ്രീ ഹെൽപ്‌ലൈനുകളും ഓൺലൈൻ പരാതി സംവിധാനങ്ങളും പ്രാപ്യതയും പരാതിയുടെ വേഗത്തിലുള്ള പരിഹാരവും ഉറപ്പാക്കുന്നു. വാർഷിക സോഷ്യൽ ആഡിറ്റുകളിലൂടെയും പ്രവർത്തന വിലയിരുത്തലുകളിലൂടെയും പ്രവർത്തനങ്ങളിൽ ഉത്തരവാദിത്തം ഉറപ്പാക്കുന്നു. ആരോഗ്യ-വിദ്യാഭ്യാസ-നിയമം നടപ്പാക്കൽ സംരംഭങ്ങളുടെ സംയുക്ത നീക്കങ്ങളിലൂടെ ശിശുസംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്.

### കേരളത്തിലെ കുട്ടികളുടെ സ്ഥിതി: ജനസംഖ്യാ – അടിസ്ഥാനത്തിലുള്ളതും വികസനപരവുമായ ഒരു അവലോകനം

പുരോഗമനപരമായ നയങ്ങളിലൂടെയും നീതിയുക്തമായ സേവന വിതരണത്തിലൂടെയും കേരളത്തിലെ കുട്ടികളുടെ വികസന സൂചികകൾ മാതൃകാപരമായാണ് കാണുന്നത്. സംസ്ഥാനത്തിന്റെ ജനസംഖ്യാപരമായ നേട്ടങ്ങളും ശക്തമായ ആരോഗ്യ സംവിധാനവും എല്ലാവരെയും ഉൾക്കൊള്ളുന്ന വിദ്യാഭ്യാസ രീതികളും കുട്ടികളുടെ സമഗ്ര വളർച്ചയ്ക്ക് അനുയോജ്യമായ അന്തരീക്ഷം ഒരുക്കുന്നു.

### ജനസംഖ്യാപരമായ സൂചികകൾ

ആയിരത്തിന് 12.3 എന്ന ജനനനിരക്കും (ദേശീയ ശരാശരി: 18.4), ആയിരം പുരുഷന്മാർക്ക് 1084 സ്ത്രീകൾ എന്ന ലിംഗാനുപാതവും (ദേശീയ ശരാശരി: 943) കേരളത്തിന്റെ ശിശുവികസനത്തിന് അനുകൂലമായ ഘടകങ്ങളാണ്. 0-18 വയസ്സുള്ള കുട്ടികൾ ആകെ ജനസംഖ്യയുടെ 26.3 ശതമാനമാണ്; ഇത് 2025-ഓടെ 3.5 കോടിയിലെത്തുമെന്ന് കരുതപ്പെടുന്നു. പ്രജനന നിരക്ക് ഒരു സ്ത്രീക്ക് 1.5 ആയി കുറഞ്ഞതോടെ കുടുംബങ്ങൾ ചെറുതാകുകയും ഓരോ കുട്ടിയുടെയും ആരോഗ്യം, വിദ്യാഭ്യാസം എന്നിവയിൽ കൂടുതൽ നിക്ഷേപം നടത്താൻ മാതാപിതാക്കൾക്ക് സാധിക്കുകയും ചെയ്യുന്നു. (രജിസ്ട്രാർ ജനറലിന്റെയും സെൻസസ് കമ്മീഷണറുടെയും ആഫീസ്, 2022) ഗണ്യമായ നഗരവൽക്കരണം പ്രകടമാക്കിക്കൊണ്ട്, 2011-ലെ സെൻസസ് പ്രകാരം കേരളത്തിലെ ജനസംഖ്യയുടെ 47.7 ശതമാനം നഗരപ്രദേശങ്ങളിലാണ് താമസിക്കുന്നതെങ്കിലും, വികേന്ദ്രീകൃത ആസൂത്രണം വഴി ഗ്രാമപ്രദേശങ്ങളിലെ കുട്ടികൾക്കും മികച്ച ആരോഗ്യ പരിരക്ഷയും പോഷകാഹാരങ്ങളും പ്രതിരോധ കുത്തിവയ്പ്പും പ്രാരംഭ വിദ്യാഭ്യാസവും ലഭ്യമാകുന്നു. സംസ്ഥാനത്തെ 258 ഐ.സി.ഡി.എസ് (ICDS) പദ്ധതികളിൽ 234 എണ്ണവും ഗ്രാമപ്രദേശങ്ങളിലാണ് പ്രവർത്തിക്കുന്നത്.

### അതിജീവനവും ആരോഗ്യവും

കുട്ടികളുടെ ആരോഗ്യ സൂചികകളിൽ കേരളം ഇന്ത്യയിൽ മുൻപന്തിയിലാണ്. കുറഞ്ഞ ശിശുമരണ നിരക്കും മെച്ചപ്പെട്ട പോഷണ സൂചികകളും സംസ്ഥാനത്തിന്റെ പ്രത്യേകതയാണ്. ശക്തമായ ആരോഗ്യ അടിസ്ഥാന സൗകര്യങ്ങളും സമ്പൂർണ്ണ പ്രതിരോധ കുത്തിവയ്പ്പും കാര്യക്ഷമമായ പ്രതിരോധ സംരക്ഷണ സംവിധാനങ്ങളും ഇത് സാധ്യമാക്കുന്നു.

എൻ.എഫ്.എച്ച്.എസ് 5-ൽ (NFHS 5) സൂചിപ്പിക്കുന്നത് പ്രകാരം, പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിൽ കേരളം ശ്രദ്ധേയമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. അഞ്ച് വയസ്സിൽ താഴെയുള്ള കുട്ടികളിൽ വളർച്ച മുരടിച്ചവരുടെ നിരക്ക് 23.4 ശതമാനമാണ്, ഇത് ദേശീയ ശരാശരിയായ 35.5 ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ കുറവാണ്. അഞ്ച് വയസ്സിൽ താഴെയുള്ള കുട്ടികളിൽ പോഷകാഹാരക്കുറവുള്ളവരുടെ നിരക്ക് 15.8 ശതമാനമാണെന്ന് സംസ്ഥാനം റിപ്പോർട്ട് ചെയ്യുന്നു, ദേശീയ നിരക്കായ 19.3 ശതമാനത്തിന് വിപരീതമാണിത്; കൂടാതെ ദേശീയ കണക്കായ 32.1 ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ കുറഞ്ഞ ഭാരമുള്ളവർ 19.7 ശതമാനവുമാണ്. അഞ്ച് വയസ്സിൽ താഴെയുള്ള 39.4 ശതമാനം കുട്ടികളെ വിളർച്ച ബാധിക്കുന്നുണ്ട്, ഇത് ദേശീയ നിരക്കായ 67.1 ശതമാനത്തേക്കാൾ ഗണ്യമായി കുറവാണ്.

സംസ്ഥാനത്തിന്റെ കരുത്തുറ്റ ആരോഗ്യ അടിസ്ഥാന സൗകര്യങ്ങളും പ്രതിരോധ തന്ത്രങ്ങളും പ്രതിരോധ കുത്തിവെപ്പിലും രോഗം തടയുന്നതിലും ഗണ്യമായ നേട്ട

ങ്ങൾ കൈവരിക്കാൻ സഹായിച്ചിട്ടുണ്ട്. ആരോഗ്യ സേവന ഡയറക്ടറേറ്റിന്റെ കണക്കുകൾ പ്രകാരം, 12 മുതൽ 23 മാസം വരെ പ്രായമുള്ള കുട്ടികളിൽ 94.28 ശതമാനം എന്ന പൂർണ്ണമായ വാക്സിനേഷൻ കവറേജ് നിരക്ക് കേരളം കൈവരിച്ചു; ഇത് 2015-16 ലെ 69.7 ശതമാനത്തിൽ നിന്നുള്ള ഗണ്യമായ വർദ്ധനവും ദേശീയ മാനദണ്ഡങ്ങളെ മറികടക്കുന്നതുമാണ്. നേരത്തെയുള്ള രോഗനിർണ്ണയം, ഓറൽ റീഹൈഡ്രേഷൻ തെറാപ്പി (ORS), കൃത്യസമയത്തുള്ള വൈദ്യസഹായം എന്നിവയിലൂടെ കുട്ടികളിലെ സാധാരണ അസുഖങ്ങളെ ആരോഗ്യ സംവിധാനം നിയന്ത്രിക്കുന്നു, അതിലൂടെ വയറിളക്കം, തീവ്ര ശ്വാസകോശ അണുബാധകൾ എന്നിവയുടെ വ്യാപനം കുറയ്ക്കുകയും ചെയ്യുന്നു. സാമൂഹ്യാധിഷ്ഠിത പോഷകാഹാര സംരംഭങ്ങളെ പതിവ് പ്രതിരോധ കുത്തിവെപ്പ് പരിപാടികളുമായും ശക്തമായ പ്രാഥമിക ആരോഗ്യ സംവിധാനങ്ങളുമായും സംയോജിപ്പിച്ചുകൊണ്ട്, ശിശു ആരോഗ്യ മേഖലകളിൽ ഇന്ത്യയിൽ മുൻപന്തിയിലുള്ള സംസ്ഥാനമായി കേരളം മാറി (James et al., 2021).

**വിദ്യാഭ്യാസവും പ്രാരംഭ ശൈശവ വികസനവും**

സാർവത്രികമായ പ്രവേശനം, ഉയർന്ന പഠനഫലങ്ങൾ, മികച്ച രീതിയിലുള്ള നിലനിർത്തൽ എന്നിവയാൽ കേരളത്തിന്റെ വിദ്യാഭ്യാസ സമ്പ്രദായം ഒരു ദേശീയ മാതൃകയാണ്. വിദ്യാഭ്യാസത്തിലെ ലിംഗസമത്വവും, കൈറ്റ്, ഹൈടെക് സ്കൂളുകൾ തുടങ്ങിയ ഡിജിറ്റൽ പരിപാടികളും സംയോജിപ്പിച്ചുകൊണ്ട് സംസ്ഥാനത്തെ എല്ലാ നിവാസികൾക്കും ഉയർന്ന ഗുണനിലവാരമുള്ള വിദ്യാഭ്യാസം ലഭ്യമാണെന്ന് ഉറപ്പുവരുത്തുന്നു.

2024-ലെ എസർ (ASER) റിപ്പോർട്ട് പ്രകാരം, വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരവും ലഭ്യതയുമായി ബന്ധപ്പെട്ട മിക്ക സൂചികകളിലും മറ്റ് സംസ്ഥാനങ്ങളെക്കാളും ദേശീയ ശരാശരിയേക്കാളും കേരളം മികച്ച പ്രകടനം കാഴ്ചവെക്കുന്നു. കേരളം യോഗ്യതയുള്ള അധ്യാപകരെ നിയമിക്കുകയും ഫലപ്രദമായ നിരീക്ഷണ സംവിധാനങ്ങൾ നിലനിർത്തുകയും ചെയ്യുന്നു. (കൂടുതൽ വിവരങ്ങൾക്കായി ഈ റിപ്പോർട്ടിലെ സ്കൂൾ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള അധ്യായം 3 കാണുക).

**വൈകല്യവും പ്രാരംഭ കണ്ടെത്തലും**

ഭിന്നശേഷിയുള്ള കുട്ടികളെ നേരത്തെ കണ്ടെത്തുന്നതിനും അവർക്ക് പിന്തുണ നൽകുന്നതിനുമായി കേരളത്തിന് നിരവധി പദ്ധതികളുണ്ട്. രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം (RBSK), അനുയാത്ര തുടങ്ങിയ സംരംഭങ്ങൾ സ്കൂളുകളിലും അങ്കണവാടികളിലും ആരോഗ്യസ്ഥാപനങ്ങളിലും പരിശോധനകൾക്ക് സൗകര്യമൊരുക്കുന്നു. ജില്ലാ ഏർളി ഇന്റർവെൻഷൻ സെന്ററുകളും (DEICs), സാർവത്രിക നവജാത ശിശു ശ്രവണ പരിശോധന പോലുള്ള പ്രത്യേക പദ്ധതികളും ജനനസമയത്തുതന്നെ കൃത്യമായ രോഗനിർണ്ണയം സാധ്യമാക്കുന്നു. ഈ സംരംഭങ്ങൾ ആവശ്യമായ ചികിത്സകളും ഇടപെടലുകളും നൽകുകയും, അതുവഴി ഭിന്നശേഷിയുള്ള കുട്ടികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുന്നു.

### വിവിധ വകുപ്പുകളിലുടനീളമുള്ള പ്രധാന പദ്ധതികളും പരിപാടികളും

#### കേരളത്തിലെ കുട്ടികൾക്കായുള്ള ആരോഗ്യ–പോഷണ പരിപാടികൾ

കുട്ടികളുടെ ആരോഗ്യവും ക്ഷേമവും ഉറപ്പാക്കുന്നതിൽ കേരളം ഒരു സമഗ്ര സമീപനമാണ് സ്വീകരിക്കുന്നത്. ഈ സംരംഭങ്ങൾ എല്ലാവരെയും ഉൾക്കൊള്ളുന്നതും, സാർവത്രികവും, ലക്ഷ്യാധിഷ്ഠിതവും, അവകാശാധിഷ്ഠിതവുമാണ്; കൂടാതെ വൈവിധ്യമാർന്ന ആവശ്യങ്ങളുള്ള കുട്ടികളോടും അവരുടെ കുടുംബങ്ങളോടും ഉത്തരവാദിത്തമുള്ളവയുമാണ്. ജീവിത ചക്ര സമീപനം, പ്രാരംഭ ഇടപെടൽ, സേവനങ്ങളുടെ ഏകോപനം എന്നിവയ്ക്ക് ഇവ ഊന്നൽ നൽകുന്നു. ശിശു വികസനത്തിനും സംരക്ഷണത്തിനുമായി ഒരു സമഗ്ര സുരക്ഷാ വലയം സ്ഥാപിക്കുന്നതിന് സംസ്ഥാനം വിവിധ വകുപ്പുകളിലുടനീളം ആരോഗ്യ-പോഷണ സംരംഭങ്ങളെ സംയോജിപ്പിച്ചിരിക്കുന്നു.

കുട്ടികളുടെ ആരോഗ്യസംരക്ഷണ സംവിധാനത്തിന്റെ ഒരു പ്രധാന അടിത്തറ ആണ് വിദഗ്ധ ആരോഗ്യ അടിസ്ഥാന സൗകര്യങ്ങൾ. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ മാതൃ-ശിശു ആരോഗ്യ സേവനങ്ങളും പ്രതിരോധ കുത്തിവയ്പ്പ്, വന്ധ്യതാ ചികിത്സാ സൗകര്യങ്ങൾ എന്നിവയും നൽകുന്നു. നിലവിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ ജില്ലകളിൽ ഇവ പ്രവർത്തിക്കുന്നു. ബാക്കി ഏഴ് ജില്ലകളിൽ വിപുലീകരണം നടക്കുന്നു. 2025-26 ലെ ബഡ്ജറ്റ് നിലവിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കും ആധുനിക ലബോറട്ടറി സൗകര്യങ്ങളുള്ള വന്ധ്യതാ ക്ലിനിക്കുകൾ ഘട്ടം ഘട്ടമായി സ്ഥാപിച്ചുകൊണ്ട് ആശുപത്രികളെ ശാക്തീകരിക്കുന്നതിനും പിന്തുണ നല്കുന്നു.

മെഡിക്കൽ കോളേജുകളിലെ മാതൃ-ശിശു ആരോഗ്യ യൂണിറ്റുകൾ ഈ വിഭാഗങ്ങളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും നിലവാരമുള്ളതാക്കാനും പ്രവർത്തിക്കുന്നു.

**പ്രാരംഭ കണ്ടെത്തലും പ്രതിരോധ പരിപാടികളും**: കേരളം സമഗ്രമായ പ്രാരംഭ പരിശോധനാ സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. 'ന്യൂബോൺ സ്ക്രീനിംഗ്' പരിപാടിയിലൂടെ ഹൈപ്പോതൈറോയിഡിസം, അഡ്രീനൽ ഹൈപ്പർപ്ലാസിയ, ജി6പിഡി കുറവ്, ഗാലക്ടോസീമിയ തുടങ്ങിയ ജന്മനായുള്ള വൈകല്യങ്ങൾ നേരത്തെ കണ്ടെത്താൻ സാധിക്കുന്നു. പ്രസവ സേവനങ്ങളുള്ള എല്ലാ ആശുപത്രികളിലും നവജാതശിശുക്കളെ പരിശോധിക്കുന്നതിലൂടെ, ജീവിതകാലം മുഴുവൻ നീണ്ടുനിൽക്കാവുന്ന സങ്കീർണ്ണതകൾ തടയാൻ ആവശ്യമായ സമയബന്ധിതമായ ഇടപെടലുകൾ നടത്താൻ സാധിക്കുന്നു.

**സ്കൂൾ ആരോഗ്യ–ക്ഷേമ പരിപാടി**: സംസ്ഥാനത്തെ സർക്കാർ-എയ്ഡഡ് സ്കൂളുകളിൽ നടപ്പിലാക്കുന്ന ഈ സമഗ്ര പദ്ധതിയിൽ ഹെൽത്ത് ആൻഡ് വെൽനസ് അംബാസഡർമാർ നടത്തുന്ന പ്രതിവാര ആരോഗ്യ ബോധവൽക്കരണ സെഷനുകൾ, സാർവത്രിക പരിശോധനകൾ, ഇലക്ട്രോണിക് ഹെൽത്ത് റെക്കോർഡുകൾ, പ്രഥമശുശ്രൂഷാ പരിശീലനം എന്നിവ ഉൾപ്പെടുന്നു. 16,240 സ്കൂളുകളിലെ 60

ലക്ഷം കുട്ടികൾക്ക് ആർ.ബി.എസ്.കെ (RBSK) നഴ്സുമാർ പതിവ് പരിശോധനകളും റഫറലുകളും നടത്തുന്നു. ഇത് ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നു, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഇതിന് ഫണ്ട് നൽകുന്നു. പ്രത്യേക പരിശോധനാ സംരംഭങ്ങളിൽ 'ദൃഷ്ടി' പദ്ധതിയും ഉൾപ്പെടുന്നു; ഇത് നിലവിൽ കോട്ടയം, എറണാകുളം, തൃശൂർ, ഇടുക്കി, മലപ്പുറം, കോഴിക്കോട്, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ നടപ്പിലാക്കുന്നു. സ്കൂൾ കുട്ടികളിലെ കാഴ്ച വൈകല്യങ്ങൾ തിരിച്ചറിയുന്നതിനും കൗൺസിലിംഗ്, ചികിത്സാ ബോധവൽക്കരണം, കാഴ്ച സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ മരുന്നുകളും ഉപകരണങ്ങളും നൽകുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

**പ്രത്യേക രോഗങ്ങൾക്കുള്ള ചികിത്സാ പരിപാടികൾ**: കുട്ടികളെ ബാധിക്കുന്ന വിവിധ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്കായി കേരളം ലക്ഷ്യാധിഷ്ഠിത ചികിത്സാ പരിപാടികൾ വികസിപ്പിച്ചിട്ടുണ്ട്. ഹൃദയ-വൃക്ക സംബന്ധമായ അസുഖങ്ങൾ, ഹീമോഫീലിയ, സെറിബ്രൽ പാൾസി, തലസീമിയ, സിക്കിൾ സെൽ അനീമിയ, അപകടങ്ങൾക്ക് ശേഷമുള്ള ശസ്ത്രക്രിയകൾ തുടങ്ങിയ ഗുരുതരമായ അസുഖങ്ങളുള്ള 18 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് 'താലോലം' പദ്ധതിയിലൂടെ സൗജന്യ ചികിത്സ നൽകുന്നു. ഇത് ചെലവേറിയ ദീർഘകാല തെറാപ്പികൾ സൗജന്യമായി കുട്ടികൾക്ക് ഉറപ്പാക്കുന്നു. 'കാൻസർ സുരക്ഷാ' സംരംഭങ്ങൾ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ 18 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് സൗജന്യ കാൻസർ ചികിത്സ നൽകുന്നു. 'മിഠായി' സോഷ്യൽ സപ്പോർട്ട് സ്കീം ജുവനൈൽ ഡയബറ്റിസ് (ടൈപ്പ് 1) ബാധിച്ച കുട്ടികളെ ലക്ഷ്യം വെക്കുന്നു. അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകളിലെ മിഠായി ക്ലിനിക്കുകൾ വഴി സൗജന്യ ഇൻസുലിൻ, മെഡിക്കൽ ഉപകരണങ്ങൾ, നേരത്തെയുള്ള കണ്ടെത്തൽ, ചികിത്സ എന്നിവയിലൂടെ സമഗ്രമായ പരിചരണം, നിരീക്ഷണം എന്നിവ ഈ പദ്ധതി ഉറപ്പാക്കുന്നു. കേൾവി പരിമിതിയുള്ള കുട്ടികൾക്കായി പീഡിയാട്രിക് കോക്ലിയർ ഇംപ്ലാൻന്റേഷൻ പരിപാടി ('ശ്രുതിതരംഗം') പ്രവർത്തിക്കുന്നു. നിശ്ചിത ആശുപത്രികളിൽ കോക്ലിയർ ഇംപ്ലാന്റ് ശസ്ത്രക്രിയകൾക്ക് ധനസഹായം നൽകിക്കൊണ്ട് കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ ഇത് സഹായിക്കുന്നു.

**സാർവത്രിക ആരോഗ്യ പരിരക്ഷയും സഹായ സേവനങ്ങളും:** കുട്ടികളുടെ ആരോഗ്യ സംരക്ഷണത്തിൽ സാർവത്രിക ലഭ്യതയ്ക്കാണ് കേരളം മുൻഗണന നൽകുന്നത്. രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം ആർ.ബി.എസ്.കെ (RBSK) പരിധിയിൽ വരാത്തതും അപകട കേസുകൾ ഉൾപ്പെടെയുള്ളതുമായ എല്ലാ ചികിത്സാ ചെലവുകളും 'ആരോഗ്യ കിരണം' പദ്ധതിയിലൂടെ 18 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് സൗജന്യമായി നൽകുന്നു. വളർച്ചാ സംബന്ധമായ പ്രശ്നങ്ങൾ തടയുന്നതിനുള്ള പ്രാഥമിക റഫറൽ-പരിശീലന കേന്ദ്രമായി 'ചൈൽഡ് ഡെവലപ്മെന്റ് സെന്റർ' പ്രവർത്തിക്കുന്നു. ഇത് പ്രാരംഭ ശൈശവം, കൗമാരം, വിവാഹപൂർവ്വ ഘട്ടം, സ്ത്രീകളുടെ ആരോഗ്യം എന്നിവയിൽ മികച്ച പിന്തുണ നൽകുന്നു. അടിസ്ഥാനkuകര്യം, ഗവേഷണം, പരിശീലനം, സ്പെഷ്യാലിറ്റി ക്ലിനിക്കുകൾ എന്നിവയ്ക്കുള്ള kuകര്യങ്ങളോടെ പ്രൊഫഷണൽ ശിശു വികസന സേവനങ്ങളുടെ സംസ്ഥാനതല കേന്ദ്രം ഇവിടെ സ്ഥാപിച്ചിട്ടുണ്ട്.

**സമഗ്ര പോഷണ – വികസന പരിപാടികൾ**: ആറ് വയസ്സിന് താഴെയുള്ള കുട്ടികൾക്കായുള്ള ഏറ്റവും വലിയ ദേശീയ പരിപാടിയാണ് സംയോജിത ശിശു വികസന സേവനം (ICDS). ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാരക്കാരായ പെൺകുട്ടികൾ എന്നിവരെയും ഐ.സി.ഡി.എസ് പിന്തുണയ്ക്കുന്നു. കേരളത്തിൽ 33,120 അങ്കണവാടികൾ വഴി അനുബന്ധ പോഷകാഹാരം, പ്രതിരോധ കുത്തിവയ്പ്പ്, ആരോഗ്യ പരിശോധനകൾ, റഫറൽ സേവനങ്ങൾ, ആരോഗ്യ-പോഷണ വിദ്യാഭ്യാസം, പ്രീ-സ്കൂൾ വിദ്യാഭ്യാസം എന്നിവ നൽകുന്നു. ഈ പരിപാടിയിൽ ഭരണപരമായ ചെലവുകൾ, മെഡിക്കൽ കിറ്റുകൾ, ഭാരം കണക്കാക്കുന്ന സ്കെയിലുകൾ, വിദ്യാഭ്യാസ സാമഗ്രികൾ, പരിശീലനം, മിനി അംഗൻവാടികളുടെ മെച്ചപ്പെടുത്തൽ എന്നിവ ഉൾപ്പെടുന്നു. സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാം വഴി 6-72 മാസം പ്രായമുള്ള കുട്ടികൾക്ക് 500 കലോറിയും 12-15 ഗ്രാം പ്രോട്ടീനും നൽകുന്നു; അധികം ഭാരക്കുറവുള്ള കുട്ടികൾക്ക് 800 കലോറിയും 20-25 ഗ്രാം പ്രോട്ടീനും നൽകുന്നു. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും 600 കലോറിയും 18-20 ഗ്രാം പ്രോട്ടീനും ലഭിക്കുന്നു. കുട്ടികളുടെയും അമ്മമാരുടെയും വളർച്ചയ്ക്കും പുഷ്ടിപ്പെടലിനുമായി 2005-06 മുതൽ കേന്ദ്ര സഹായത്തോടെ സംസ്ഥാനം അധിക പോഷകാഹാരം നൽകുന്നു. ശിശുക്കൾക്കായുള്ള 'ആദ്യ 1000 ദിനങ്ങൾ' പദ്ധതി, ഗർഭധാരണത്തിന് മുൻപുള്ള കൺസൾട്ടേഷൻ, പോഷകാഹാര സഹായം, മുലയൂട്ടൽ പിന്തുണ, കുട്ടിയുടെ രണ്ടാം ജന്മദിനം വരെയുള്ള അനുബന്ധ ഭക്ഷണം എന്നിവ നൽകിക്കൊണ്ട് അമ്മയുടെയും കുഞ്ഞിന്റെയും മരണനിരക്ക് കുറയ്ക്കുന്നതിനായി രൂപകൽപ്പന ചെയ്തിട്ടുള്ളതാണ്. ഭക്ഷണത്തിന്റെ പോഷകഗുണം വർദ്ധിപ്പിക്കലും നിരീക്ഷണവും ഉൾപ്പെടെ, കേരളത്തിലെ തീരദേശ, ഗോത്രവർഗ്ഗ, മലയോര മേഖലകളിലെ പുതിയ ഐ.സി.ഡി.എസ് പദ്ധതികൾ ഈ ഫലപ്രദമായ പരിപാടിയെ എല്ലാ ഭൂമിശാസ്ത്രപരമായ മേഖലകളിലേക്കും വിപുലീകരിക്കുന്നു.

കേരള സർക്കാർ അങ്കണവാടി ആഹാരക്രമത്തിൽ ആഴ്ചയിലെ എല്ലാ ദിവസങ്ങളിലും മുട്ടയോ പാലോ ഉൾപ്പെടുത്തിയിട്ടുണ്ട്. കുട്ടികളുടെ പോഷകാഹാര സുരക്ഷ ഉറപ്പാക്കുന്നതിലെ മികച്ച മാതൃകയായി ഇത് അംഗീകരിക്കപ്പെട്ടിരിക്കുന്നു.

സ്കൂൾ മേഖലയിൽ പ്രധാനമായും 6 മുതൽ 14 വയസ്സു വരെയുള്ള കുട്ടികളെ ലക്ഷ്യമിട്ട് ഉച്ചഭക്ഷണ പദ്ധതി നടപ്പിലാക്കിയ ഇന്ത്യയിലെ ആദ്യ സംസ്ഥാനമെന്ന ബഹുമതി കേരളത്തിനുണ്ട്. ഏകദേശം ഇരുപത്തിയഞ്ച് ലക്ഷത്തോളം കുട്ടികൾ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്.

കേരളം പദ്ധതികളുടെ ഫലപ്രാപ്തിയും തെളിവ് അധിഷ്ഠിത തീരുമാനമെടുക്കലും ഉറപ്പാക്കാൻ അത്യാധുനിക നിരീക്ഷണ സംവിധാനങ്ങൾ ഉപയോഗിക്കുന്നു. നാഷണൽ ന്യൂട്രീഷൻ മിഷൻ (പോഷൺ അഭിയാൻ) തത്സമയ നിരീക്ഷണത്തിലൂടെയും വകുപ്പുകളുടെ ഏകോപിത വകുപ്പുതല പ്രവർത്തനത്തിലൂടെയും സ്ത്രീകളുടെയും കുട്ടികളുടെയും

പോഷകാഹാര നിലവാരം മെച്ചപ്പെടുത്താൻ ലക്ഷ്യമിടുന്നു. ട്രൈബൽ പോഷകാഹാര പരിപാടികൾ, ഗവേഷണം, ശേഷി വർദ്ധിപ്പിക്കൽ, ബോധവൽക്കരണ പ്രചാരണങ്ങൾ, പോഷകാഹാര സംബന്ധമായ ദിനാചരണങ്ങൾ എന്നിവയിലൂടെ സംസ്ഥാന പോഷകാഹാര-ഭക്ഷണക്രമ സംബന്ധമായ ഇടപെടൽ പദ്ധതികൾ ഇത്തരം നിരീക്ഷണ ശ്രമങ്ങളെ സഹായിക്കുന്നു.

**കേരളത്തിന്റെ ശിശുസംരക്ഷണ – സുരക്ഷാ സംരംഭങ്ങൾ**

ശക്തമായ സ്ഥാപനപരമായ ചട്ടക്കൂടുകളിലൂടെയും താഴെ തട്ടിലെ പങ്കാളിത്തത്തിലൂടെയും പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികൾക്ക് സംരക്ഷണം, പുനരധിവാസം, നീതി എന്നിവ സംസ്ഥാനത്തിന്റെ നൂതന പദ്ധതികൾ ഉറപ്പാക്കുന്നു.

**ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരമുള്ള ശിശുസംരക്ഷണം**: ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം സ്ഥാപനപരമായ പരിചരണം, ദത്തെടുക്കൽ പരിഷ്കാരങ്ങൾ, സാമൂഹിക പുനരധിവാസം എന്നിവയിലൂടെ ദുർബലരായ കുട്ടികൾക്കായി കേരളം സമഗ്രമായ സുരക്ഷാ സംവിധാനങ്ങൾ നടപ്പിലാക്കുന്നു. പ്രതിരോധം, സമയബന്ധിതമായ ഇടപെടൽ, സമഗ്രമായ പിന്തുണ എന്നിവയ്ക്കാണ് ഈ സംവിധാനം മുൻഗണന നൽകുന്നത്. കേരളത്തിലെ 'ഇന്റഗ്രേറ്റഡ് ചൈൽഡ് പ്രൊട്ടക്ഷൻ സ്കീം' (ICPS), 2015-ലെ ജുവനൈൽ ജസ്റ്റിസ് (കുട്ടികളുടെ സംരക്ഷണവും പരിരക്ഷയും) ആക്റ്റ് നടപ്പിലാക്കുകയും ദുർബലരായ കുട്ടികൾക്കായി ഒരു ഘടനാപരമായ സുരക്ഷാ വലയം ഒരുക്കുകയും ചെയ്യുന്നു. ഇത് കുടുംബാധിഷ്ഠിത ബദൽ സംവിധാനങ്ങളെ പിന്തുണയ്ക്കുകയും, ദത്തെടുക്കൽ ചട്ടക്കൂടുകൾ ശക്തിപ്പെടുത്തുകയും, സംരക്ഷണവും പരിരക്ഷയും ആവശ്യമുള്ള കുട്ടികൾക്കും നിയമവുമായി സംഘർഷത്തിൽ ഏർപ്പെടുന്ന കുട്ടികൾക്കും ആവശ്യമായ പരിചരണവും പുനരധിവാസവും ഏകോപിപ്പിക്കുകയും ചെയ്യുന്നു.

2015-ലെ ജുവനൈൽ ജസ്റ്റിസ് നിയമപ്രകാരം, സംരക്ഷണവും പരിചരണവും ആവശ്യമായ കുട്ടികൾക്കും നിയമവുമായി സംഘർഷത്തിൽ ഏർപ്പെടുന്ന കുട്ടികൾക്കുമായി കേരളം വിപുലമായ ഒരു ചൈൽഡ് കെയർ ഇൻസ്റ്റിറ്റ്യൂഷൻ ശൃംഖല പ്രവർത്തിപ്പിക്കുന്നു. 2025 നവംബറിലെ കണക്കനുസരിച്ച്, എല്ലാ ജില്ലകളിലുമായി രജിസ്റ്റർ ചെയ്ത 439 ചൈൽഡ് കെയർ സ്ഥാപനങ്ങൾ സംസ്ഥാനം നിലനിർത്തുന്നുണ്ട്; ഇത് ഒരു ജില്ലയിൽ ശരാശരി 31 സ്ഥാപനങ്ങൾ എന്ന നിലയിൽ ശക്തമായ സ്ഥാപനപരമായ സാന്നിധ്യം തെളിയിക്കുന്നു.

സർക്കാർ നേരിട്ട് 30 പ്രത്യേക ഹോം സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 16 ചിൽഡ്രൻസ് ഹോമുകൾ (12 ആൺകുട്ടികൾക്കും 4 പെൺകുട്ടികൾക്കും), 8 ഒബ്സർവേഷൻ ഹോമുകൾ, 2 സ്പെഷ്യൽ ഹോമുകൾ, 1 പ്ലേസ് ഓഫ് സേഫ്റ്റി, 3 ആഫ്റ്റർകെയർ ഹോമുകൾ എന്നിവ ഉൾപ്പെടുന്നു. ലിംഗപരമായ ആവശ്യങ്ങളും പുനരധിവാസ ആവശ്യങ്ങളും പരിഗണിച്ച് വിവിധ പ്രായത്തിലുള്ളവർക്കും സാഹചര്യങ്ങളിലുള്ളവർക്കും സമഗ്രമായ പരിചരണം ഈ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നു. 2024 ഡിസംബർ വരെയുള്ള കണക്കനുസരിച്ച്, പോക്സോ പ്രത്യേക ഹോമുകൾ ഉൾപ്പെടെയുള്ള കേരളത്തിലെ സി.സി.ഐകളിൽ 9,743 കുട്ടികളുണ്ട് (3,429 ആൺകുട്ടികളും 3,991 പെൺകുട്ടികളും, കൂടാതെ ഫോസ്റ്റർ കെയറിലുള്ള 2,324 കുട്ടികളും). ഇത് ലിംഗസമത്വത്തില ധിഷ്ഠിതമായ പ്രവേശന രീതികളെ സൂചിപ്പിക്കുന്നു. ഈ സ്ഥാപനങ്ങൾ ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന 268 കുട്ടികൾക്കും ശാരീരിക വൈകല്യമുള്ള 93 കുട്ടികൾക്കും സേവനം നൽകുന്നു.

കേരളത്തിലെ ഫോസ്റ്റർ കെയർ പദ്ധതി മാതാപിതാക്കളുടെ പിന്തുണയില്ലാത്ത കുട്ടികളെ സംരക്ഷിക്കുന്ന കുടുംബങ്ങൾക്ക് സാമ്പത്തികവും മനഃശാസ്ത്രപരവുമായ സഹായം നൽകുന്നു. ദത്തെടുക്കൽ പ്രക്രിയയിൽ നിയമപരമായ സുതാര്യതയും പങ്കാളികൾക്കിടയിൽ അവബോധവും വർദ്ധിപ്പിക്കുന്നതിന് കേരളം മുൻഗണന നൽകുന്നു. തദ്ദേശ സ്വയംഭരണ തലത്തിൽ പ്രവർത്തിക്കുന്ന കുടുംബശ്രീയുടെ ബാലസഭകൾ വഴി കുട്ടികളുടെ കൂട്ടായ്മകൾ രൂപീകരിക്കുകയും പൊതു ഇടങ്ങളിൽ അവരുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്യുന്നു. പ്രാദേശിക പൗരന്മാരടങ്ങുന്ന ജാഗ്രത സമിതികൾ സ്ത്രീകളുടെയും കുട്ടികളുടെയും അവകാശ ലംഘനങ്ങൾ തിരിച്ചറിയുകയും നിയമപരമായ അധികാരികളുമായി ചേർന്ന് ഉടനടി ഇടപെടലുകൾ നടത്തുകയും ചെയ്യുന്നു.

കേരളത്തിലെ ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകൾ ശിശുസംരക്ഷണ ശൃംഖലയിലെ നിർണ്ണായക കണ്ണികളായി എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നു. ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ (CWC), ജുവനൈൽ ജസ്റ്റിസ് ബോർഡുകൾ (JJB), സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റുകൾ (SJPU) എന്നിവയ്ക്കിടയിൽ തടസമയ ഏകോപനം ഉറപ്പാക്കാൻ ഈ യൂണിറ്റുകൾ ഡിജിറ്റൽ കേസ് മാനേജ്മെന്റ് പ്ലാറ്റ്ഫോമുകൾ ഉപയോഗിക്കുന്നു. അവർ ദത്തെടുക്കൽ പ്രക്രിയകൾക്ക് മേൽനോട്ടം വഹിക്കുകയും നിയമത്തിനെതിരായ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന കുട്ടികൾക്ക് നിയമപരവും വൈകാരികവുമായ പിന്തുണ നൽകുകയും പുനരധിവാസ പരിപാടികൾ സുഗമമാക്കുകയും ചെയ്യുന്നു.

**വിവിധ തരത്തിലുള്ള ദുർബലതകൾക്കായുള്ള പ്രത്യേക ഇടപെടലുകൾ:** കുട്ടികൾ നേരിടുന്ന വിവിധ അപകടസാധ്യതകൾ കണക്കിലെടുത്ത് സംസ്ഥാനം ലക്ഷ്യാധിഷ്ഠിത പരിപാടികൾ ആരംഭിച്ചിട്ടുണ്ട്. ലൈംഗിക അതിക്രമങ്ങളെ അതിജീവിച്ചവർക്കും അപകടസാധ്യതയുള്ള കുട്ടികൾക്കും ജൈവ-മനഃശാസ്ത്ര-സാമൂഹിക പിന്തുണ നൽകുന്ന 'കരുതൽ' പദ്ധതി ഇതിൽ പ്രധാനമാണ്. ബാലവേലയിൽ ഏർപ്പെട്ടവർ, മനുഷ്യക്കടത്തിന് ഇരയായവർ, തെരുവിൽ കഴിയുന്നവർ എന്നിവരുടെ ആവശ്യങ്ങൾ 'ശരണബാല്യം' പദ്ധതി പരിഹരിക്കുന്നു. കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ നിരീക്ഷിക്കാനും സമയബന്ധിതമായി ഇടപെടാനും 'ഭേരി' സഹായിക്കുന്നു. വൈകല്യമുള്ള കുട്ടികളുടെയും പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളിൽ നിന്നുള്ളവരുടെയും പുനരധിവാസത്തിനായി ജുവനൈൽ ജസ്റ്റിസ് ഫണ്ട് വിനിയോഗിക്കുന്നു. പൊതുജനങ്ങളിൽ നിന്നുള്ള സംഭാവനകൾ സ്വീകരിക്കുന്നതിലൂടെ ശിശുസംരക്ഷണത്തിൽ സമൂഹത്തിന്റെ പങ്കാളിത്തം ഈ ഫണ്ട് ഉറപ്പാക്കുന്നു.

കേരളത്തിലെ സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റുകൾ ശിക്ഷയെക്കാൾ കൂടുതൽ പുനരധിവാസത്തിന് ഊന്നൽ നൽകുന്നു. പോലീസ് ഉദ്യോഗസ്ഥർക്ക് ശിശു മനഃശാസ്ത്രത്തിലും നിയമത്തിലും പരിശീലനം ലഭിക്കുന്നുണ്ട്. കേരളത്തിലെ ചൈൽഡ് വെൽഫെയർ കമ്മിറ്റികളും ജുവനൈൽ ജസ്റ്റിസ് ബോർഡുകളും കുട്ടികൾക്ക് നടപടിക്രമപരമായ നീതിയും നിയമസഹായവും ഉറപ്പാക്കുന്നു. അതേസമയം, ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകൾ, കുട്ടികളിലെ മാനസിക ആഘാതം കണക്കിലെടുത്തുകൊണ്ടുള്ള ഇടപെടലുകൾ സുഗമമാക്കുന്നതിന് സുരക്ഷിതവും ഭയരഹിതവുമായ അന്തരീക്ഷം പ്രദാനം ചെയ്യുന്നു.

**പോക്സോ ആക്ട് പ്രകാരമുള്ള ശിശുസംരക്ഷണം**: പോക്സോ ആക്ട് പ്രകാരമുള്ള ലൈംഗിക അതിക്രമ കേസുകൾ കൈകാര്യം ചെയ്യാൻ കേരളത്തിൽ 56 ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതികളുണ്ട്. വേഗത്തിലുള്ളതും ശിശുസൗഹൃദവുമായ വിചാരണയ്ക്കായി ഈ കോടതികളിൽ പ്രത്യേക സൗകര്യങ്ങളും ജീവനക്കാരുമുണ്ട്.

വനിതാ ശിശുവികസന വകുപ്പിന്റെ നിർഭയ സെൽ അതിക്രമങ്ങളെ അതിജീവിച്ചവർക്കായി 14 നിർഭയ/എൻട്രി ഹോമുകൾ പ്രവർത്തിപ്പിക്കുന്നു. മാതൃകാ വനിതാ ശിശു ഹോമുകൾ ഇവർക്ക് പൂർണ്ണ പിന്തുണ നൽകുന്നു. എറണാകുളം എടക്കാട്ടു വയലിലുള്ള തേജോമയ ഹോം നൈപുണ്യ വികസനവും തൊഴിൽ പരിശീലനവും സാമൂഹിക പുനരധിവാസവും നൽകുന്നു. കൂടാതെ, 12 വയസ്സിൽ താഴെയുള്ള കുട്ടികൾക്കായി 3 എസ്.ഒ.എസ് (SOS) മോഡൽ ഹോമുകളും പ്രത്യേക സൗകര്യങ്ങളുമുണ്ട്. സൈബർ ഭീഷണി, ഓൺലൈൻ ഗ്രൂമിംഗ്, ചൈൽഡ് സെക്ഷ്വൽ അബ്യൂസ് മെറ്റീരിയൽ (CSAM) എന്നിവയ്ക്കെതിരെ സ്കൂൾ-കമ്മ്യൂണിറ്റി തലങ്ങളിൽ കേരളത്തിന് ശക്തമായ പദ്ധതികളുണ്ട്. ഇന്റർനെറ്റ് വഴിയുള്ള ചൂഷണങ്ങൾ തിരിച്ചറിയാൻ അധ്യാപകർക്കും പോലീസിനും ശിശുസംരക്ഷണ ഉദ്യോഗസ്ഥർക്കും സൈബർ സെൽ പരിശീലനം നൽകുന്നു.

അടിയന്തര സാഹചര്യങ്ങളിൽ രക്ഷാപ്രവർത്തനം, കൗൺസിലിംഗ്, വൈദ്യസഹായം, നിയമസഹായം എന്നിവയ്ക്കായി ചൈൽഡ് ലൈൻ 1098 പ്രവർത്തിക്കുന്നു. ഡിസിപിയു (DCPU), പോലീസ്, എൻജിഒകൾ എന്നിവയുമായി സംയോജിപ്പിച്ച ഈ 24/7 സേവനം ഡിജിറ്റൽ ഡാഷ്ബോർഡുകൾ വഴി ഏകോപിത പരിചരണം ഉറപ്പാക്കുന്നു.

ശിശു സംരക്ഷണ സമിതികൾ മൂന്ന് തദ്ദേശ സ്വയം ഭരണ തലങ്ങളിൽ പ്രവർത്തിക്കുന്നു. ഈ സമിതികൾ ബാലവിവാഹം, പീഡനം, ബാലവേല എന്നിവ നിരീക്ഷിക്കുകയും പരിഹരിക്കുകയും ചെയ്യുന്നു. വാട്ട്സ്ആപ്പ് ഗ്രൂപ്പുകളും ഓൺലൈൻ പ്ലാറ്റ്ഫോമുകളും കേസുകൾ കണ്ടെത്തുന്നതും വിഭവങ്ങളുടെ ഏകോപനവും കൂടുതൽ പ്രതികരണാത്മകവും സുതാര്യവുമാക്കിയിരിക്കുന്നു - ഇത് പ്രാദേശിക ഭരണത്തെ ഡിജിറ്റലായി ശാക്തീകരിക്കുന്നതിനുള്ള ഒരു നൂതനമായ സമീപനമാണ്. വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, അധ്യാപകർ എന്നിവരെ ഉൾപ്പെടുത്തി ശിശു സംരക്ഷണ സമിതികൾ രൂപീകരിക്കണമെന്ന് കേരളത്തിലെ സ്കൂളുകൾക്ക് നിർദ്ദേശമുണ്ട്. ഈ സമിതികൾ പീഡനം, ഭീഷണിപ്പെടുത്തൽ, ജാതി/ലിംഗ വിവേചനം എന്നിവയുമായി ബന്ധപ്പെട്ട ആശങ്കകൾ പരിഹരിക്കുന്നു. കുട്ടികളുടെ അവകാശങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും ശിശു പീഡനം തടയുന്നതിനുമായി, അധ്യാപകർ, രക്ഷിതാക്കൾ, സാമൂഹിക നേതാക്കൾ എന്നിവരെ ലക്ഷ്യം വച്ചുകൊണ്ട് സംസ്ഥാന വ്യാപകമായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നു.

**പൊതുജന പങ്കാളിത്തം, അനുശാസനം, നവീകരണം**:
ബാലാവകാശ നിയമങ്ങൾ നടപ്പിലാക്കുന്നത് നിരീക്ഷിക്കുന്നതിനും ലംഘനങ്ങൾ അന്വേഷിക്കുന്നതിനും നയപരമായ ഉപദേശങ്ങൾ നൽകുന്നതിനുമുള്ള സംസ്ഥാനത്തെ പരമോന്നത നിയമപരമായ നികായമാണ് കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ (KeSCPCR). വകുപ്പുകൾ തമ്മിലുള്ള ഏകോപനം കമ്മീഷൻ പ്രോത്സാഹിപ്പിക്കുന്നു. തത്സമയ ഡിജിറ്റൽ സംവിധാനങ്ങൾ നിരീക്ഷണ പ്രക്രിയയെ കൂടുതൽ കാര്യക്ഷമമാക്കുന്നു.

കേരളത്തിലെ ദത്തെടുക്കൽ പ്രക്രിയകൾ സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസി (SARA) ആണ് ഏകോപിപ്പിക്കുന്നത്. ധാർമ്മികവും സുതാര്യവുമായ ദത്തെടുക്കൽ ഉറപ്പാക്കുന്നതിനായി ജഡ്ജിമാർ മുതൽ കുടുംബങ്ങൾ വരെയുള്ള എല്ലാ പങ്കാളികൾക്കും ശേഷി വർദ്ധിപ്പിക്കൽ പരിശീലനവും നിയമപരമായ ക്രമീകരണവും സംസ്ഥാനം നൽകുന്നു. വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സംഭാവനകളും സ്പോൺസർഷിപ്പുകളും സ്വീകരിക്കുന്ന കേരളത്തിലെ ജുവനൈൽ ജസ്റ്റിസ് ഫണ്ട് ശിശുക്ഷേമ ഉത്തരവാദിത്തങ്ങൾ വർദ്ധിപ്പിക്കുന്നു. വൈകല്യമുള്ളവർ, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർ, അതിക്രമങ്ങൾക്ക് ഇരയായവർ എന്നീ വിഭാഗങ്ങളിലെ കുട്ടികളുടെ പുനരധിവാസത്തിന് ഈ ഫണ്ട് സഹായകരമാകുന്നു. അപകടസാധ്യതകൾ തിരിച്ചറിയാനും സംവേദനക്ഷമതയോടെ പ്രതികരിക്കാനുമുള്ള നൈപുണ്യം അധ്യാപകർ, ആശാ വർക്കർമാർ, നിയമപാലകർ, സോഷ്യൽ വർക്കർമാർ, സാമൂഹ്യ നേതാക്കൾ എന്നിവർക്ക് ബോധവൽക്കരണ പരിപാടികളിലൂടെ നൽകുന്നു.

സംസ്ഥാനത്തുടനീളം 504 കേന്ദ്രങ്ങളെ പിന്തുണയ്ക്കുന്നതാണ് അങ്കണവാടി-കം-ക്രഷെ പദ്ധതി; ഇതിന്റെ പൂർണ്ണമായ നടപ്പാക്കൽ പുരോഗമിക്കുകയാണ്. ജോലിക്ക് പോകുന്ന അമ്മമാരുടെ കുട്ടികൾക്കായി 0-6 വയസ്സെന്ന നിർണ്ണായക ഘട്ടത്തിൽ പോഷകാഹാരം, പ്രാരംഭ വിദ്യാഭ്യാസം, വൈകാരിക വികാസം എന്നിവ ഉറപ്പാക്കുന്ന സമഗ്രമായ പരിചരണം ഈ ക്രഷെകൾ വാഗ്ദാനം ചെയ്യുന്നു.

കേരളത്തിന്റെ ബഹുതലവും വികേന്ദ്രീകൃതവും ഡിജിറ്റലായി ബന്ധിപ്പിക്കപ്പെട്ടതുമായ ശിശുസംരക്ഷണ ഘടന സവിശേഷമാണ്. ഓരോ കുട്ടിയുടെയും സുരക്ഷ, അന്തസ്സ്, ദീർഘകാല പരിചരണം എന്നിവ ലക്ഷ്യമിട്ട് നീതിന്യായ പരിഷ്കരണം, ഡിജിറ്റൽ നവീകരണം, സാമൂഹിക പങ്കാളിത്തം, മനഃശാസ്ത്രപരമായ പുനരധിവാസം എന്നിവയ്ക്കായി ഈ സംവിധാനം പരിശ്രമിക്കുന്നു.

**മാനസികാരോഗ്യവും ക്ഷേമവും**

കുട്ടികൾക്കും കൗമാരക്കാർക്കുമായി വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹിക നീതി, തദ്ദേശ സ്വയംഭരണം എന്നീ മേഖലകൾക്കിടയിൽ സാർവത്രികവും തിരഞ്ഞെടുത്തതും

സൂചിപ്പിക്കപ്പെട്ടതുമായ പ്രതിരോധ തന്ത്രങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് സമഗ്രവും ബഹുതലത്തിലുള്ളതുമായ ഒരു മാനസികാരോഗ്യ ചട്ടക്കൂട് കേരളം വികസിപ്പിച്ചെടുത്തിട്ടുണ്ട്. പ്രൈമറി മുതൽ ഹയർ സെക്കൻഡറി വരെയുള്ള സ്കൂൾ അധിഷ്ഠിത പരിപാടികളിലൂടെ പ്രശ്നങ്ങൾ നേരത്തെ കണ്ടെത്താനും ഇടപെടാനും സംസ്ഥാനം മുൻഗണന നൽകുന്നു. സ്ഥാപനവൽക്കരണത്തെക്കാൾ ഉപരിയായി സാമൂഹ്യവും കുടുംബാധിഷ്ഠിതവുമായ പരിചരണത്തിന് ഊന്നൽ നൽകുന്ന സുസ്ഥിരമായ ഒരു ആവാസവ്യവസ്ഥ സൃഷ്ടിച്ചുകൊണ്ട് മാനസികാരോഗ്യ അവബോധം പാഠ്യപദ്ധതിയുടെയും അധ്യാപക പരിശീലനത്തിന്റെയും ഭാഗമായിട്ടുണ്ട്.

പഠന സമ്മർദ്ദം, പെരുമാറ്റ പ്രശ്നങ്ങൾ, ലഹരി ഉപയോഗം, ഡിജിറ്റൽ ആസക്തി, ആത്മഹത്യാ ചിന്തകൾ എന്നിവ പരിഹരിക്കാനാണ് മാനസികാരോഗ്യ സേവനങ്ങൾ ലക്ഷ്യമിടുന്നത്. ഇംഹാൻസും (IMHANS) ജില്ലാ മാനസികാരോഗ്യ പരിപാടികളും എല്ലാ സ്കൂൾ ജില്ലകളിലും പ്രതിരോധ-ചികിത്സാ സേവനങ്ങൾ ഏകോപിപ്പിക്കുന്നു. പ്രൊഫഷണൽ കൗൺസിലിംഗ് സെന്ററുകൾ, ക്രൈസിസ് ഹോട്ട് ലൈനുകൾ, ടെലി-തെറാപ്പി എന്നീ സേവനങ്ങൾ പ്രാപ്യത വർദ്ധിപ്പിക്കുന്നു. 15-25 വയസ്സിനിടയിലുള്ള യുവാക്കൾക്കിടയിൽ ആത്മഹത്യാ നിരക്ക് പൂജ്യമാക്കുക എന്ന ലക്ഷ്യത്തോടെ ടെലി-കൗൺസിലിംഗ് ഹെൽപ്പ് ലൈനുകളും കമ്മ്യൂണിറ്റി പിന്തുണയും കേരളം ഉറപ്പാക്കുന്നു.

നേരത്തെയുള്ള തിരിച്ചറിയൽ സംവിധാനത്തിൽ പ്രതിരോധശേഷിയിലും നൈപുണ്യവികസനത്തിലും ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് സൗഹൃദ ക്ലബ്ബുകൾ, ക്രിയാത്മക കൗമാരം, കരുത്തും കരുതലുകളും തുടങ്ങിയ പരിപാടികളിലൂടെയുള്ള അധ്യാപക പരിശീലനവും സ്കൂൾ വിലയിരുത്തലുകളും മാനസിക-സാമൂഹ്യ പാഠ്യക്രമ സംയോജനവും ഉൾപ്പെടുന്നു. പരിശീലനം ലഭിച്ച അധ്യാപകരും കൗൺസിലർമാരും നൽകുന്ന സ്വയം അവബോധം, വികാരങ്ങളെ നിയന്ത്രിക്കൽ, തീരുമാനമെടുക്കൽ, സഹാനുഭൂതി, ആശയവിനിമയ ശേഷി എന്നിവ ഉൾക്കൊള്ളുന്ന എസ്.സി.ഇ.ആർ.ടി-യുടെ 'ഉല്ലാസപ്പറവകൾ' എന്ന പദ്ധതിയിലൂടെ ജീവിത നൈപുണ്യ വിദ്യാഭ്യാസത്തിന് കൂടുതൽ ശക്തിപകരുന്നു.

ലഹരി ഉപയോഗം തടയുന്നതിനായി 'വിമുക്തി മിഷൻ', 'ഉണർവ്' തുടങ്ങിയ സംരംഭങ്ങളിലൂടെ വിദ്യാർത്ഥികൾക്കായുള്ള കൗൺസിലിംഗും കായിക-സർഗ്ഗാത്മക പ്രവർത്തനങ്ങളും സമന്വയിപ്പിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്കൂൾ ഹാജർ നില നിരീക്ഷിക്കുകയും സ്കൂളുകൾക്ക് ചുറ്റും ലഹരിവിരുദ്ധ മേഖലകൾ ഉറപ്പാക്കുകയും സാമൂഹ്യ ജാഗ്രതാ സമിതികൾക്ക് പിന്തുണ നൽകുകയും ചെയ്യുന്നു. സ്ക്രീൻ ആസക്തിയും ഡിജിറ്റൽ സുരക്ഷയും, ബോധവൽക്കരണവും കൌൺസിലിംങ്ങും ചികിത്സയും സംയോജിപ്പിക്കുന്ന കേരള പോലീസിന്റെ 'ഡിജിറ്റൽ ഡി-അഡിക്ഷൻ' (D-DAD) കേന്ദ്രങ്ങൾ വഴി കൈകാര്യം ചെയ്യുന്നു.

സ്കൂളുകൾ കേന്ദ്രീകരിച്ചുള്ള ചികിത്സ, ജില്ലാതല സൈക്കോസോഷ്യൽ ക്ലിനിക്കുകൾ, വിദഗ്ധ പരിപാടികൾ എന്നിവയിലൂടെ സ്ഥാപനങ്ങൾ വഴി മനഃശാസ്ത്രപരമായ പിന്തുണ നൽകുന്നു. വനിതാ ശിശു വികസന വകുപ്പ്, എസ്.സി.ഇ.ആർ.ടി-യുമായി സഹകരിച്ച് 1,012 സർക്കാർ സ്കൂളുകളിൽ വിദഗ്ധരായ കൗൺസിലർമാരെ വിന്യസിച്ചിട്ടുണ്ട്, കൂടാതെ എല്ലാ സർക്കാർ-എയ്ഡഡ് സ്കൂളുകളിലേക്കും ഈ സേവനങ്ങൾ വ്യാപിപ്പിക്കാൻ പദ്ധതിയിടുന്നു. സൈക്കോസോഷ്യൽ സർവീസ് പ്രോഗ്രാമിന് കീഴിലുള്ള യോഗ്യരായ വനിതാ കൗൺസിലർമാർ കൗമാരപ്രായക്കാരായ കുട്ടികൾ പഠനം പാതിവഴിയിൽ ഉപേക്ഷിക്കുന്നതും പീഡനങ്ങളും തടയാൻ സഹായിക്കുന്നു. ജില്ലാ മാനസികാരോഗ്യ പരിപാടിക്ക് കീഴിലുള്ള 'തളിര്' പോലുള്ള ബോധവൽക്കരണ സംരംഭങ്ങൾ വിവിധ പശ്ചാത്തലങ്ങളിൽ നിന്നുള്ള അധ്യാപകർ, രക്ഷിതാക്കൾ, വിദ്യാർത്ഥികൾ എന്നിവരെ ഇതിനായി ഏർപ്പെടുത്തുന്നു.

കൗമാരക്കാരുടെ മാനസികാരോഗ്യത്തിനായി 'ഉണർവ്', 'മാനസ' എന്നീ പദ്ധതികൾ പ്രത്യേകം പ്രവർത്തിക്കുന്നു. ഉണർവ്, കർശനമായ രഹസ്യാത്മകതയോടെ സ്കൂൾ കൗൺസിലിംഗ്, പിയർ സപ്പോർട്ട് ഗ്രൂപ്പുകൾ (സഹപാഠികളുടെ പിന്തുണയുള്ള ഗ്രൂപ്പുകൾ), ബോധവൽക്കരണ പരിപാടികൾ എന്നിവ വഴി വൈകാരികവും പെരുമാറ്റപരവുമായ ആശങ്കകളെ പരിഹരിക്കുന്നു. ആത്മഹത്യാ പ്രതിരോധം, സമ്മർദ്ദ നിയന്ത്രണം, ലഹരി ഉപയോഗം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് മാതാപിതാക്കൾക്കും അധ്യാപകർക്കും കൗൺസിലിംഗ്, തെറാപ്പി, പരിശീലനം എന്നിവ വാഗ്ദാനം ചെയ്ത് 'മാനസ' ഇതിന് പൂരകമായി പ്രവർത്തിക്കുന്നു; അതോടൊപ്പം കുടുംബങ്ങളെ തദ്ദേശ മാനസികാരോഗ്യ വിദഗ്ധരുമായി ബന്ധിപ്പിക്കുകയും ചെയ്യുന്നു.

സാങ്കേതികവിദ്യയുടെ സഹായത്തോടെയുള്ള പിന്തുണ സേവന ലഭ്യത വർദ്ധിപ്പിക്കുന്നു. 'ടെലി-മാനസ്' (Tele-Manas) വഴി 24 മണിക്കൂറും സൗജന്യ കൗൺസിലിംഗും അടിയന്തര ഇടപെടലുകളും ലഭ്യമാണ്. സ്കൂളുകൾ, ചൈൽഡ് ലൈൻ, ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റുകൾ എന്നിവ ഇതിൽ ഏകോപിതമായി പ്രവർത്തിക്കുന്നു. 'ഗുരുകുലം' പ്രൊജക്റ്റ് വഴി ഹാജർ നിരീക്ഷണം, രക്ഷിതാക്കൾക്ക് ഓട്ടോമേറ്റഡ് എസ്.എം.എസ് അലേർട്ടുകൾ, പോലീസ് വെബ്സൈറ്റ് വഴിയുള്ള ഓൺലൈൻ കൗൺസിലിംഗ് എന്നിവ നൽകുന്നു. ഇത് അപമാനഭാരം കൂടാതെ സഹായം തേടാൻ ആളുകളെ പ്രാപ്തരാക്കുന്നു.

സാമൂഹ്യപങ്കാളിത്തം കേരളത്തിന്റെ സമീപനത്തിന്റെ കേന്ദ്രബിന്ദുവായി തുടരുന്നു. വർക്ക്ഷോപ്പുകൾ, സെമിനാറുകൾ, വിവര-വിദ്യാഭ്യാസ-ആശയവിനിമയ (IEC) പ്രവർത്തനങ്ങൾ എന്നിവ ശിശു മനഃശാസ്ത്രം, മാനസികാരോഗ്യ ബോധവൽക്കരണം, ഫലപ്രദമായ രക്ഷാകർതൃത്വം എന്നിവയിൽ മാതാപിതാക്കളുടെ ശേഷി വർദ്ധിപ്പിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സ്കൂളുകൾ, ആരോഗ്യ ഏജൻസികൾ, ഡിജിറ്റൽ ബോധവൽക്കരണ പ്രചാരണങ്ങൾ എന്നിവയുടെ ഏകോപിത ശ്രമങ്ങൾക്കൊപ്പം, യുവജനസംഘടനകളിലൂടെയും ബാലസഭകളിലൂടെയുമുള്ള പിയർ-സപ്പോർട്ട് ശൃംഖലകളും ഒത്തുചേർന്ന് പ്രവർത്തിക്കുന്നു; ഇത് മാനസികാരോഗ്യവുമായി ബന്ധപ്പെട്ട സാമൂഹിക വിവേചനം കുറയ്ക്കുന്നതിനും കൃത്യസമയത്ത് സഹായം തേടുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും സഹായിക്കുന്നു, അങ്ങനെ കുട്ടികളും കൗമാരക്കാരും പിന്തുണയുള്ള ഒരു അന്തരീക്ഷത്തിൽ വളരുന്നുവെന്ന് ഉറപ്പാക്കുന്നു.

**പ്രത്യേക ആവശ്യങ്ങളും വെല്ലുവിളികളും നേരിടൽ**

വിവിധ സാമൂഹിക സാഹചര്യങ്ങളിൽ നിന്നുള്ള കുട്ടികളുടെ വൈവിധ്യമാർന്ന ആവശ്യങ്ങളും വെല്ലുവിളികളും കേരളം തിരിച്ചറിയുന്നു. ലക്ഷ്യാധിഷ്ഠിതവും സംയോജിതവുമായ പരിശ്രമങ്ങളിലൂടെ എല്ലാവരെയും ഉൾക്കൊള്ളുന്ന സമത്വവും സമഗ്രവുമായ പിന്തുണ സംസ്ഥാനം ഉറപ്പാക്കുന്നു. ഭിന്നശേഷിയുള്ള കുട്ടികൾ, പെൺകുട്ടികൾ, ഗോത്രവർഗ്ഗ കുട്ടികൾ, നഗരങ്ങളിലെ ദരിദ്രർ, കുടിയേറ്റക്കാരുടെ കുട്ടികൾ, തീരദേശ മേഖലകളിൽ നിന്നുള്ളവർ, സ്ഥാപനങ്ങളിൽ കഴിയുന്നവർ എന്നിവരുടെ ആവശ്യങ്ങൾ പരിഹരിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

**ഭിന്നശേഷിയുള്ള കുട്ടികൾ**: ഭിന്നശേഷിയുള്ള കുട്ടികളെ പിന്തുണയ്ക്കുന്നതിനായി കേരളം അവകാശാധിഷ്ഠിതമായ ഒരു ജീവിതചക്ര സമീപനം അവലംബിക്കുന്നു. ഇത് പ്രാരംഭ കണ്ടെത്തൽ, ഇടപെടൽ, പുനരധിവാസം, സാമൂഹികമായ ഉൾച്ചേർക്കൽ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഇൻ ദ ഏരിയ ഓഫ് ഡിസബിലിറ്റി (SID) യുടെ 'അനുയാത്ര' എന്ന സംരംഭം 2016-ലെ ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ സംബന്ധിച്ച ആക്റ്റ് (RPWD Act) അനുസരിച്ചാണ് രൂപീകരിച്ചിരിക്കുന്നത്. അനുയാത്ര എന്നത് ഭിന്നശേഷി പരിപാലനത്തിനായുള്ള അവകാശധിഷ്ഠിതവും പ്രചാരണാത്മകവുമായ ഒരു ജീവിതചക്ര സമീപനമാണ്. ഈ പരിപാടിയിൽ 14 ജില്ലകളിലായുള്ള ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ (DEICs), നെറ്റ്‌വർക്ക്ഡ് ഏർലി ഇന്റർവെൻഷൻ, സാർവ്വത്രിക കേൾവി/ജന്മനായുള്ള വൈകല്യങ്ങളുടെ സ്ക്രീനിംഗ്, നേരത്തെയുള്ള തിരിച്ചറിയലിനും ചികിത്സയ്ക്കും രക്ഷിതാക്കൾക്കുള്ള പരിശീലനത്തിനും പുനരധിവാസത്തിനുമായുള്ള ഓട്ടിസം സ്പെക്ട്രം ഡിസോർഡർ പ്രോഗ്രാം എന്നിവ ഉൾപ്പെടുന്നു. ഈ സംരംഭങ്ങളിൽ രക്ഷിതാക്കളുടെ ശാക്തീകരണം, ഉൾച്ചേർത്തുള്ള വിദ്യാഭ്യാസം, സാമൂഹ്യാധിഷ്ഠിത പുനരധിവാസം എന്നീ ഘടകങ്ങളുമുണ്ട്. ഭിന്നശേഷിയുള്ള കുട്ടികളുടെ നേരത്തെയുള്ള സ്ക്രീനിംഗ്, ഇടപെടൽ, പുനരധിവാസം എന്നിവയ്ക്കായി വികസന പരിശോധനകൾ നടത്തുന്നതിനുള്ള സ്മാർട്ട്ഫോൺ ആപ്പുകൾ, ചികിത്സയിലെ പുരോഗതി നിരീക്ഷിക്കൽ, രക്ഷിതാക്കളുടെ ഓൺലൈൻ ശാക്തീകരണ മോഡ്യൂളുകൾ തുടങ്ങിയ അനുയാത്ര ഡിജിറ്റൽ ടൂളുകൾ ഈ പരിപാടി സംയോജിപ്പിക്കുന്നു.

തിരുവനന്തപുരം പാങ്ങപ്പാറയിൽ സ്ഥിതി ചെയ്യുന്ന സി.എച്ച്. മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദ മെന്റലി ചലഞ്ച്ഡ് (SIMC) പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഒരു ചാരിറ്റബിൾ സംഘടനയാണ്. ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി പ്രത്യേക വിദ്യാഭ്യാസം, പരിശീലനം, പുനരധിവാസം എന്നിവ ഈ സ്ഥാപനം നൽകുന്നു. സ്പെഷ്യൽ സ്കൂളുകൾ, ഹോസ്റ്റലുകൾ, സ്പെഷ്യൽ വിദ്യാഭ്യാസത്തിൽ ഡിപ്ലോമ കോഴ്സുകൾ, തൊഴിലധിഷ്ഠിത പരിശീലനകേന്ദ്രങ്ങൾ, രക്ഷിതാക്കൾക്കുള്ള സാമൂഹ്യാധിഷ്ഠിത പരിശീലനം, സെൻസറി പാർക്ക് എന്നിവ ഇവിടുത്തെ പ്രധാന സൗകര്യങ്ങളാണ്. പൊതുവിദ്യാഭ്യാസ വകുപ്പ് സ്ഥാപിച്ച ഓട്ടിസം പാർക്കുകൾ, ഓട്ടിസം ബാധിച്ച കുട്ടികളുടെ പെരുമാറ്റ പ്രശ്നങ്ങൾ പരിഹരിക്കാനും അവരുടെ ആശയവിനിമയ ശേഷിയും സാമൂഹിക പങ്കാളിത്തവും വർദ്ധിപ്പിക്കാനും ലക്ഷ്യമിടുന്നു. പ്രത്യേക വിദ്യാഭ്യാസം, സ്പീച്ച് തെറാപ്പി, ഒക്യുപേഷണൽ തെറാപ്പി, സെൻസറി ഇന്റഗ്രേഷൻ, പെരുമാറ്റ പരിഷ്കരണ പരിപാടികൾ എന്നിവ നൽകിവരുന്നു. ഈ പദ്ധതി മാതാപിതാക്കൾക്ക് പിന്തുണാ സേവനങ്ങളും പരിശീലകർക്ക് പരിശീലനവും നൽകുന്നു. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്ഥാപനങ്ങൾക്കായുള്ള പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ധനസഹായ പദ്ധതി, സന്നദ്ധ സംഘടനകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടത്തുന്ന 330 സ്പെഷ്യൽ സ്കൂളുകളെ സഹായിക്കുന്നു. ജീവനക്കാരുടെ വേതനം, തൊഴിലധിഷ്ഠിത ഉപകരണങ്ങൾ, യൂണിഫോമുകൾ, വൈദ്യസഹായം, പഠന സാമഗ്രികൾ, പരിശീലന പരിപാടികൾ എന്നിവയ്ക്കായി ഈ പദ്ധതി ധനസഹായം നൽകുന്നു.

**ആരോഗ്യ – പുനരധിവാസ സേവനങ്ങൾ**: ക്ലിനിക്കൽ സേവനങ്ങളും സാമൂഹ്യ സേവനങ്ങളും നൽകുന്ന ഒരു പ്രധാന റഫറൽ ഗവേഷണ-പരിശീലന കേന്ദ്രമാണ് ശിശു വികസന കേന്ദ്രം. വളർച്ചാപരമായ വൈകല്യങ്ങൾ, പ്രാരംഭ ശൈശവ-കൗമാര കാലഘട്ടത്തിലെ പരിചരണം, സ്ത്രീകളുടെ ആരോഗ്യത്തിനുള്ള പിന്തുണ എന്നിവയുമായി ബന്ധപ്പെട്ട സമഗ്രമായ പ്രവർത്തനങ്ങളാണ് സി.ഡി.സി നടത്തുന്നത്.

**കേരളത്തിലെ കുട്ടികൾക്കായുള്ള ലിംഗ – നീതി, സമത്വ ഇടപെടലുകൾ**

**സമഗ്ര ലൈംഗികവും-ലിംഗനീതിപരവുമായ വിദ്യാഭ്യാസം:** യുനെസ്കോ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് കേരളം സമഗ്ര ലൈംഗിക വിദ്യാഭ്യാസ മോഡ്യൂളുകൾ നടപ്പിലാക്കുന്നു. മനുഷ്യന്റെ വളർച്ച, പ്രായപൂർത്തിയാകൽ, പ്രത്യുൽപ്പാദനം; ലിംഗപരമായ ധർമ്മങ്ങൾ, സ്റ്റീരിയോടൈപ്പുകൾ, സമത്വം; സമ്മതം, പരിധികൾ, ബഹുമാനം, ലൈംഗികരോഗങ്ങൾ (എസ് റ്റി ഐ), എച്ച്.ഐ.വി/എയ്ഡ്സ്, ലൈംഗികാതിക്രമ പ്രതിരോധം, സൈബർ സുരക്ഷ എന്നിവയെല്ലാം ഈ മോഡ്യൂളുകളിൽ ഉൾക്കൊള്ളുന്നു. സ്കൂൾ ഹെൽത്ത് ആൻഡ് വെൽനസ് പ്രോഗ്രാമിലൂടെ(യുണിസെഫ് ഇന്ത്യ, 2022) ശാസ്ത്രീയവും സാംസ്കാരികമായി പ്രസക്തമായതും പ്രായത്തിനനുസരിച്ചുള്ളതുമായ അറിവ് ജീവിതനൈപുണ്യ വിദ്യാഭ്യാസമായി നൽകുന്നു. പ്രൈമറി സ്കൂളുകളിൽ ശാരീരിക സ്വാതന്ത്ര്യത്തെയും സുരക്ഷയെയും കുറിച്ചുള്ള പ്രാഥമിക കാര്യങ്ങളിൽ തുടങ്ങി ഉയർന്ന ക്ലാസുകളിൽ കൂടുതൽ സങ്കീർണ്ണമായ വിഷയങ്ങൾ വരെ ക്രമാനുഗതമായി പരിചയപ്പെടുത്തുന്ന രീതിയിലാണ് കേരളത്തിലെ എസ്.സി.ഇ.ആർ.ടി-യും മറ്റ് പാഠ്യപദ്ധതി രൂപീകരണ സമിതികളും പഠന സാമഗ്രികൾ തയ്യാറാക്കുന്നത്. പരസ്പരമുള്ള കഥപറച്ചിൽ, റോൾ പ്ലേകൾ, ഗ്രൂപ്പ് ചർച്ചകൾ തുടങ്ങിയ വിനിമയ രീതികളിലൂടെ സാംസ്കാരിക മൂല്യങ്ങൾ ചോരാതെ തന്നെ ഈ അറിവ് കുട്ടികളിലേക്ക് എത്തിക്കുന്നു.

അധ്യാപക പരിശീലനത്തിലൂടെയും ശേഷി വർദ്ധിപ്പിക്കലിലൂടെയും, ലിംഗസമത്വത്തിലൂന്നിയ വിദ്യാഭ്യാസത്തിനായി അധ്യാപകർക്ക് പരിശീലനം നൽകുന്നതിൽ കേരളം വലിയ നിക്ഷേപം നടത്തുന്നുണ്ട്. സ്റ്റീരിയോടൈപ്പുകളെ വെല്ലുവിളിക്കുന്നതിനും എല്ലാ ലിംഗവിഭാഗങ്ങളോടും ബഹുമാനം

വളർത്തുന്നതിനുമായി സ്കൂളുകളിലും സാമൂഹിക കൂട്ടായ്മ കളിലും ലിംഗനീതി അവബോധ പരിപാടികൾ സംസ്ഥാനം നടത്തുന്നു. സ്കൂൾ പാഠ്യപദ്ധതി, കായിക പ്രവർത്തനങ്ങൾ, നേതൃത്വ അവസരങ്ങൾ എന്നിവയിലെല്ലാം ലിംഗസമത്വം സംയോജിപ്പിച്ചിരിക്കുന്നു. ട്രാൻസ്ജെൻഡർ കുട്ടികളെയും ലിംഗപരമായ വ്യത്യസ്തതകൾ ഉള്ള കുട്ടികളെയും പിന്തു ണയ്ക്കുന്നതിനായി കേരളം നടപ്പിലാക്കിയ ട്രാൻസ്ജെൻഡർ നയവും എല്ലാവരെയും ഉൾക്കൊള്ളുന്ന വിദ്യാഭ്യാസ മാർ ഗ്ഗനിർദ്ദേശങ്ങളും ഇന്ത്യയിൽ തന്നെ മുൻപന്തിയിലുള്ളവ യാണ്.

**നിർഭയ നയം**: സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷ ണത്തിനായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊ ണ്ടുള്ള കേരളത്തിന്റെ 'നിർഭയ സെൽ' ഒരു മാതൃകാ സംവിധാനമാണ്. ലൈംഗികാതിക്രമങ്ങൾക്കും മനുഷ്യ ക്കടത്തിനും എതിരെയുള്ള പ്രതിരോധം, സംരക്ഷണം, നിർവ്വഹണം, പുനരധിവാസം എന്നിവയെല്ലാം ഒരൊറ്റ ചട്ട ക്കൂടിനുള്ളിൽ കൊണ്ടുവന്ന ഇന്ത്യയിലെ ആദ്യത്തെ സമഗ്ര സംസ്ഥാന നയങ്ങളിൽ ഒന്നാണിത്. 2015-ലെ ജുവനൈൽ ജസ്റ്റിസ് ആക്ട് അനുസരിച്ചാണ് ഇത് രൂപീകരിച്ചിരിക്കുന്ന ത്. ലൈംഗിക അതിക്രമങ്ങൾ തടയുന്നതിനു ലക്ഷ്യമിട്ടു കൊണ്ടുള്ള നയമാണിത്. അതിജീവിച്ചവർക്ക് ഉടനടി മാ നസികവും വൈദ്യശാസ്ത്രപരവുമായ സഹായം നൽകുന്ന എമർജൻസി റെസ്പോൺസ് ടീമുകൾ, സൈബർ ഭീഷണി കൾ നേരിടാനുള്ള പദ്ധതികൾ, അപകടസാധ്യത വിലയിരു ത്താനുള്ള വാർഡ് തലത്തിലുള്ള ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികൾ എന്നിവ ഈ സംരംഭത്തിൽ ഉൾപ്പെടുന്നു. ബ്ലോക്ക് തലത്തിൽ കുടുംബങ്ങളെയും സമൂഹത്തെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള പേരന്റിംഗ് ക്ലിനിക്കുകളും വിദ്യാ ഭ്യാസ പങ്കാളിത്തവും വഴി രക്ഷിതാക്കളെ ബോധവൽക്കരി ക്കാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. ഭിന്നശേഷിയുള്ള കുട്ടികൾക്കും ലൈംഗികമായ വ്യത്യസ്തതകൾ ഉള്ള കുട്ടി കൾക്കും അവരുടെ പ്രത്യേക ആവശ്യങ്ങൾക്കനുസരിച്ചുള്ള സംരക്ഷണം ഈ നയം ഉറപ്പാക്കുന്നു.

**ആരോഗ്യ – പോഷകാഹാര സേവനങ്ങൾ**: ഐ.സി. ഡി.എസ്, പോഷൻ അഭിയാൻ എന്നിവ കുട്ടികൾക്കും കൗമാരക്കാരായ പെൺകുട്ടികൾക്കും, ഗർഭിണികൾക്കും അനുബന്ധ പോഷകാഹാരം നൽകുന്നതിനും വിളർച്ച തട യുന്നതിനും ആരോഗ്യ പരിശോധനകൾ നടത്തുന്നതിനും മുൻഗണന നൽകുന്നു.

സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ, പ്രത്യേകിച്ച് പാർ ശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളിൽ നിന്നുള്ള കൗമാരക്കാ രായ പെൺകുട്ടികൾക്ക് സൗജന്യ സാനിറ്ററി നാപ്കിനുകൾ വിതരണം ചെയ്യുന്നതിലൂടെ ആർത്തവ ശുചിത്വ പരിപാലന ത്തിൽ കേരളം ദേശീയതലത്തിൽ മുൻപന്തിയിലാണ്. സ്കൂൾ ബാത്ത്റൂമുകളുടെ അവസ്ഥ, മാലിന്യ നിർമ്മാർജ്ജനം, പ്രാഥമിക അറ്റകുറ്റപ്പണികൾ എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികളും നിരീക്ഷി ക്കുന്നു. സന്നദ്ധ സംഘടനകളുമായും സ്വകാര്യ മേഖലയു മായും സഹകരിച്ച് ബോധവൽക്കരണ പരിപാടികളും ഉൽ പ്പന്ന വിതരണവും നടത്തുന്നു.

സുരക്ഷിതമായ സ്പർശനം, പീഡനങ്ങൾ റിപ്പോർട്ട് ചെയ്യൽ, സഹായം തേടൽ എന്നിവയെക്കുറിച്ച് സ്കൂൾ അധിഷ്ഠിത ബോധവൽക്കരണ പരിപാടികളിലൂടെ ലിംഗാ ധിഷ്ഠിത അതിക്രമങ്ങൾ തടയുന്നതിനുള്ള ഫലപ്രദമായ നടപടികൾ സംസ്ഥാനം നടപ്പിലാക്കുന്നു. അതിജീവിച്ച വർക്ക് ചൈൽഡ് ലൈൻ 1098-ൽ നിന്നും സ്കൂൾ കൗൺ സിലർമാരിൽ നിന്നും രഹസ്യമായി സഹായം ലഭിക്കുന്നു. ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റുകൾ (DCPUs), സന്നദ്ധ സംഘടനകൾ, വനിതാ ശിശുവികസന വകുപ്പ് എന്നിവ നിയമപരവും മനഃശാസ്ത്രപരവുമായ പിന്തുണയും പുനരധിവാസ സേവനങ്ങളും നൽകുന്നു. പോലീസുകാർ, അധ്യാപകർ, ആരോഗ്യ പ്രവർത്തകർ എന്നിവർക്ക് ലിംഗാ ധിഷ്ഠിത അതിക്രമങ്ങളെക്കുറിച്ച് വിപുലമായ പരിശീലനം നൽകുന്നുണ്ട്.

കേരളത്തിന്റെ സമഗ്രവും അവകാശാധിഷ്ഠിതവും പങ്കാളി ത്തപരവുമായ ഈ സമീപനം കുട്ടികളെയും കൗമാരക്കാ രെയും അറിവുള്ള തീരുമാനങ്ങൾ എടുക്കാനും മുൻവിധി കളെ ചെറുക്കാനും തങ്ങളെത്തന്നെ പ്രതിരോധിക്കാനും സഹായിക്കുന്നു.

**ദുർബല വിഭാഗങ്ങളിൽ നിന്നുള്ള കുട്ടികൾക്കായുള്ള ഇട പെടലുകൾ**: ഗോത്രവർഗ്ഗ സമൂഹങ്ങളിൽ നിന്നുള്ള കുട്ടി കൾ പലപ്പോഴും സാമൂഹിക-സാമ്പത്തിക പാർശ്വവൽക്കര ണവും ഭൂമിശാസ്ത്രപരമായ ഒറ്റപ്പെടലും അനുഭവിക്കുന്നുണ്ട്, ഇത് പ്രത്യേക ലക്ഷ്യങ്ങളോടു കൂടിയ ഇടപെടലുകൾ ആവ ശ്യമാക്കുന്നു. സംയോജിത ശിശു വികസന സേവനങ്ങളും ആരോഗ്യ-വനിതാ ശിശു വികസന വകുപ്പുകളുടെ സേവന പ്രവർത്തനങ്ങളും വഴി നടപ്പിലാക്കുന്ന പ്രത്യേക പോഷകാ ഹാര പദ്ധതികളിലൂടെ കേരളം ഈ വെല്ലുവിളികളെ നേരി ടുന്നു. റെസിഡൻഷ്യൽ സ്കൂളുകളിലൂടെയും ഹോസ്റ്റലുകളി ലൂടെയും വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനൊപ്പം ബ്രിഡ്ജ് കോഴ്സുകളും കുട്ടികളെ പഠനത്തിൽ നിലനിർത്താനുള്ള പിന്തുണയും സംസ്ഥാനം ഉറപ്പാക്കുന്നു. ഗോത്രവർഗ്ഗ ഭാഷകൾക്കും സാഹചര്യങ്ങൾക്കും അനുസൃതമായി പാഠ്യ പദ്ധതി പരിഷ്കരിച്ചുകൊണ്ട് സാംസ്കാരികമായ ഉൾച്ചേർക്ക ലിന് ഊന്നൽ നൽകുന്നതിനൊപ്പം, പതിവായ ആരോഗ്യ പരിശോധനകളും പ്രതിരോധ കുത്തിവയ്പ്പുകളും നട ത്തുന്നതിനായി മൊബൈൽ ഹെൽത്ത് യൂണിറ്റുകളെയും ട്രൈബൽ ആരോഗ്യ സന്നദ്ധപ്രവർത്തകരെയും കമ്മ്യൂ ണിറ്റി ഹെൽത്ത് സംരംഭങ്ങൾ പ്രയോജനപ്പെടുത്തുന്നു.

തീരദേശ മേഖലയിലെ കുട്ടികളെ എല്ലാ പ്രധാന ശിശു വികസന പദ്ധതികളിലും ഒരു മുൻഗണനാ വിഭാഗമായി കേരളം പരിഗണിക്കുന്നു. കുടുംബശ്രീയുടെ 'തീരശ്രീ' പദ്ധതി 82 തീരദേശ പഞ്ചായത്തുകളിൽ അയൽക്കൂട്ട ങ്ങൾ രൂപീകരിച്ച് പ്രവർത്തിക്കുന്നു. പ്രത്യേക സന്നദ്ധപ്രവ ർത്തകരുടെ നിരീക്ഷണത്തോടുകൂടി ഇത് യുവാക്കൾക്ക് നൈപുണ്യ പരിശീലനവും ജോലി ഉറപ്പും വിദ്യാഭ്യാസ പിന്തുണയും നൽകുന്നു. 'പ്രതിഭതീരം' വഴി അഞ്ച് മുതൽ പത്ത് വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കായി ദിവസേ നയുള്ള ക്ലാസ്സുകൾ നടത്തുമ്പോൾ, 'കായികതീരം' പദ്ധതി വഴി സ്പോർട്സ് കൗൺസിലിന്റെ പിന്തുണയോടെ കായിക പരിപാടികൾ നടപ്പിലാക്കുന്നു.

നഗരങ്ങളിലെ ദരിദ്ര വിഭാഗങ്ങളിൽ നിന്നുള്ള കുട്ടി കൾക്കും തെരുവിൽ കഴിയുന്ന കുട്ടികൾക്കുമായി അർബൻ സംയോജിത ശിശുവികസന സേവനങ്ങൾ (ഐ.സി.

ഡി.എസ്), അങ്കണവാടികൾ എന്നിവ വഴി പോഷകാഹാരവും പ്രീ-സ്കൂൾ വിദ്യാഭ്യാസവും ആരോഗ്യ പരിരക്ഷയും നൽകുന്നു. തെരുവിൽ കഴിയുന്ന കുട്ടികൾക്കായുള്ള സംയോജിത പദ്ധതി അവർക്ക് അഭയം, പോഷകാഹാരം, വിദ്യാഭ്യാസം, വിനോദം എന്നിവ ഉറപ്പാക്കുകയും ചൂഷണങ്ങളിൽ നിന്ന് അവരെ സംരക്ഷിക്കുകയും ചെയ്യുന്നു. 'ജ്യോതി' കാമ്പെയ്ൻ വഴി അതിഥി തൊഴിലാളികളുടെ കുട്ടികളെ ആരോഗ്യം വിലയിരുത്തലും, ക്ഷേമപിന്തുണയും ആധാർ അധിഷ്ഠിത രജിസ്ട്രേഷനും വഴി സ്കൂളുകളിലും അങ്കണവാടികളിലും ചേർക്കുന്നു. കുട്ടികളുടെ മാതൃഭാഷ സംസാരിക്കാനറിയുന്ന വോളന്റിയർമാർ അവർക്ക് കൗൺസിലിംഗും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നു. ഇത്തരം സ്കൂളുകൾക്ക് പ്രവേശന കാര്യങ്ങളിൽ ഉദാരമായ നയങ്ങളാണുള്ളത്.

**സ്ഥാപനങ്ങളിലെ കുട്ടികൾ**: ഉപേക്ഷിക്കപ്പെട്ട കുട്ടികളെ അമ്മത്തൊട്ടിൽ സംരക്ഷിക്കുന്നു. ഇന്റഗ്രേറ്റഡ് ചൈൽഡ് പ്രൊട്ടക്ഷൻ സ്കീം ശിശു സംരക്ഷണ കേന്ദ്രങ്ങളെ നിരീക്ഷിക്കുകയും കുട്ടികളെ സ്ഥാപനങ്ങളിൽ പാർപ്പിക്കുന്നതിന് പകരം ഫോസ്റ്റർ കെയർ, ദത്തെടുക്കൽ തുടങ്ങിയ കുടുംബാധിഷ്ഠിതമായ ബദൽ സംവിധാനങ്ങൾക്ക് മുൻഗണന നൽകുകയും ചെയ്യുന്നു. 'അവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ' (ഒ.ആർ.സി) എന്ന പദ്ധതി 380 സ്കൂളുകളിലെ കുട്ടികളുടെ ജീവിതനൈപുണ്യവും പെരുമാറ്റവും മെച്ചപ്പെടുത്തുന്നു. നിയമത്തിനെതിരായി കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന കുട്ടികൾക്ക് നിംഹാൻസിന്റെ സാങ്കേതിക സഹായത്തോടെ കൗൺസിലിംഗും പുനരധിവാസവും 'കാവൽ' പദ്ധതി വഴി നൽകുന്നു. ശിശു സംരക്ഷണ കേന്ദ്രങ്ങളിൽ നിന്നുള്ള കുട്ടികൾക്ക് ഉപരിപഠനവും സ്കോളർഷിപ്പും ഉറപ്പാക്കാൻ 'മാർഗ്ഗജ്യോതി' സഹായിക്കുന്നു.

**പ്രത്യേക സഹായ പദ്ധതികൾ**

**കോവിഡ്–19 മൂലം അനാഥരായ കുട്ടികൾ**: കോവിഡ്-19 കാരണം മാതാപിതാക്കളെ നഷ്ടപ്പെട്ട കുട്ടികൾക്ക് സാമ്പത്തികസഹായമായി 3 ലക്ഷം രൂപ കുട്ടിയുടെ പേരിൽ നിക്ഷേപിക്കുന്നതും, 18 വയസ്സ് വരെ പ്രതിമാസം 2,000 രൂപ അലവൻസും കുട്ടികളുടെ സാമ്പത്തിക സുരക്ഷയ്ക്കും തുടർച്ചയായ പിന്തുണയ്ക്കും വേണ്ടി അടിയന്തിര സഹായവും ഉൾപ്പടെയുള്ളതാണ് ഈ പാക്കേജ്.

**സ്നേഹപൂർവ്വം പദ്ധതി**: മാതാപിതാക്കൾ നഷ്ടപ്പെട്ടവരോ, ഒറ്റ രക്ഷിതാവ് മാത്രമുള്ളവരോ, എച്ച്.ഐ.വി/എയ്ഡ്സ് ബാധിച്ചവരോ ആയ, ബന്ധുക്കളോടൊപ്പമോ സമൂഹാംഗങ്ങൾക്കൊപ്പമോ കഴിയുന്ന കുട്ടികൾക്ക് ഈ പദ്ധതി സാമ്പത്തിക സഹായം നൽകുന്നു. ദുർബലരായ കുട്ടികളെ കണ്ടെത്താനും സേവനങ്ങൾ ഏകോപിപ്പിക്കാനുമായി ആരോഗ്യം, വിദ്യാഭ്യാസം, വനിതാ ശിശുവികസന വകുപ്പുകളുടെ വിവരങ്ങൾ സംയോജിപ്പിച്ചുകൊണ്ട് ചില ജില്ലകളിൽ കുട്ടികളുടെ ഡിജിറ്റൽ മാപ്പിംഗ് സംസ്ഥാനം നടപ്പിലാക്കിയിട്ടുണ്ട്.

**ലഹരി ഉപയോഗ പ്രതിരോധവും പുനരധിവാസവും**

സംസ്ഥാനത്തെ കുട്ടികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിനായി ശക്തമായ ജനജാഗ്രതാ സമിതികൾ, പാഠ്യേതര പ്രവർത്തനങ്ങൾ, രക്ഷിതാക്കളെ ശാക്തീകരിക്കുന്ന പരിപാടികൾ എന്നിവയിലൂടെ ജില്ലാ-സ്കൂൾ തലങ്ങളിൽ ലഹരിവിരുദ്ധ പ്രചാരണ പ്രവർത്തനങ്ങൾ നടക്കുന്നു. സ്കൂൾ പരിസരങ്ങളിൽ ലഹരി വസ്തുക്കളുടെ ലഭ്യത കുറയ്ക്കുന്നതിനായി നിയമപാലകരുമായി സഹകരിച്ച് 'ക്ലീൻ കാമ്പസ് സേഫ് കാമ്പസ്' ക്യാമ്പയിൻ നടത്തുന്നു. ബാലസഭകളും കുടുംബശ്രീയും വഴി ബോധവൽക്കരണവും ചർച്ചകളും സംഘടിപ്പിക്കുമ്പോൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ ശിശുസംരക്ഷണ ചട്ടക്കൂടുകളിൽ ലഹരി വിരുദ്ധ നടപടികൾ ഉൾപ്പെടുത്തുന്നു. കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ കീഴിലുള്ള കൗമാര സൗഹൃദ ലഹരിമുക്ത കേന്ദ്രങ്ങളിലൂടെ വൈദ്യശാസ്ത്രപരമായ ഡീറ്റോക്സിഫിക്കേഷൻ, കൗൺസിലിംഗ്, ഫാമിലി തെറാപ്പി എന്നിവ ലഭ്യമാണ്. ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റുകളും ചൈൽഡ് ലൈൻ 1098-ഉം ലഹരി ബാധിച്ച കുട്ടികൾക്കായുള്ള പരിചരണ തന്ത്രങ്ങൾ ആവിഷ്കരിക്കുമ്പോൾ, ടി.ടി.കെ ഹോസ്പിറ്റൽ, നിംഹാൻസ്, പ്രാദേശിക സന്നദ്ധ സംഘടനകൾ എന്നിവ വഴി പ്രത്യേക താമസസൗകര്യങ്ങളും പ്രവർത്തിക്കുന്നു.

**മുന്നോട്ടുള്ള വഴി**

സർക്കാർ നയം കുട്ടികളെ പൗര, സാമൂഹിക, സാമ്പത്തിക അവകാശങ്ങളുള്ള വ്യക്തികളായി അംഗീകരിക്കുന്നു. പ്രാരംഭ ശിശുപരിചരണവും (ECCE) സ്കൂൾ വിദ്യാഭ്യാസവും ഉൾപ്പെടെയുള്ള ഉയർന്ന നിലവാരത്തിലുള്ള വിദ്യാഭ്യാസ സൗകര്യങ്ങൾ എല്ലാ കുട്ടികൾക്കും സൗജന്യമായും സാർവ്വത്രികമായും ഉറപ്പാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളിൽ നിന്നുള്ള കുട്ടികൾക്ക് പ്രത്യേക പിന്തുണയും സംരക്ഷണവും നൽകുന്നതിൽ സർക്കാർ സവിശേഷ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. കുട്ടികൾക്കായുള്ള ഈ സമഗ്ര നയം, മാതൃ-ശിശു ആരോഗ്യരംഗത്തെ മികച്ച സേവനങ്ങളും സാർവ്വത്രികമായ പോഷകാഹാര ലഭ്യതയും, പ്രത്യേകിച്ച് ശൈശവകാലത്തെ പോഷണവും ഉറപ്പാക്കുന്നു. ഉന്നത നിലവാരത്തിലുള്ള വിദ്യാഭ്യാസത്തോടൊപ്പം ആരോഗ്യപരിചരണം എന്നതിൽ സ്കൂൾ കൗൺസലിംഗ് സേവനങ്ങൾ, മാനസിക പിന്തുണ എന്നിവ കൂടി ഉൾപ്പെടുത്തിയാണ് ഇത് വികസിപ്പിച്ചിരിക്കുന്നത്. മതേതരവും ജനാധിപത്യപരവും സാമൂഹികമായി ഉൾക്കൊള്ളുന്നതുമായ അന്തരീക്ഷത്തിൽ കുട്ടികളെ വളർത്തിയെടുക്കുന്നതിന് കേരളത്തിന്റെ സ്കൂൾ വിദ്യാഭ്യാസ നയം പ്രതിജ്ഞാബദ്ധമാണ്.

പീഡനം, ചൂഷണം എന്നിവയിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുന്നതിനും ലിംഗഭേദം, ജാതി, സാമ്പത്തിക നിലവാരം എന്നിവയ്ക്ക് അതീതമായി എല്ലാ കുട്ടികൾക്കും തുല്യനീതിയും വിവേചനരഹിതമായ സമീപനവും ഉറപ്പാക്കുന്നതിനും സർക്കാർനയം മുൻഗണന നൽകുന്നു. ഭിന്നശേഷിയുള്ള കുട്ടികളുടെ പ്രത്യേക ആവശ്യങ്ങൾ കൂടി പരിഗണിച്ചുകൊണ്ട് സമഗ്രമായ ഉൾക്കൊള്ളൽ ഈ നയം ഉറപ്പാക്കുന്നു.

ചുരുക്കത്തിൽ, ജെൻഡർ ബഡ്ജറ്റിംഗ് പോലുള്ള സംവിധാനങ്ങളിലൂടെ വിവിധ മേഖലകളിൽ കുട്ടികളുടെ താൽപ്പര്യങ്ങൾ മുഖ്യധാരയിൽ എത്തിക്കുന്നതിനും, ഓരോ കുട്ടിയുടെയും ക്ഷേമവും സ്വയംപ്രാപ്തിയും സംരക്ഷിക്കുന്നതിനും കേരള സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

സംസ്ഥാനത്തിന്റെ ഭാവി കർമ്മപദ്ധതികൾ താഴെ പറയുന്ന ഘടകങ്ങൾക്ക് ഊന്നൽ നൽകുന്നു:

**മാനസിക – സാമൂഹിക പിന്തുണ വർദ്ധിപ്പിക്കുക**: കുട്ടികളുടെ മാനസികാരോഗ്യം ഉറപ്പാക്കുക എന്നത് പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ്. സ്കൂൾ-സമൂഹ തലങ്ങളിൽ മാനസികാരോഗ്യ പ്രവർത്തനങ്ങൾ വിപുലീകരിക്കുകയും, ജീവിതനൈപുണ്യ വിദ്യാഭ്യാസം പാഠ്യപദ്ധതിയുടെ ഭാഗമാക്കുകയും, അധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകുകയും ചെയ്യും. ഇതിലൂടെ പ്രശ്നങ്ങൾ നേരത്തെ തിരിച്ചറിയാനും കുട്ടികളിൽ മാനസിക പ്രതിരോധശേഷിയും ആത്മവിശ്വാസവും വളർത്താനും സാധിക്കും.

**ലഹരി ഉപയോഗവും സ്ക്രീൻ ആസക്തിയും നേരിടൽ**: കൗമാരക്കാർക്കിടയിലെ ലഹരി ഉപയോഗവും അമിതമായ സ്ക്രീൻ ആശ്രിതത്വവും നേരിടാൻ തീവ്രമായ ബോധവൽക്കരണ പ്രചാരണങ്ങൾ, പിയർ-ഗ്രൂപ്പ് ഇടപെടലുകൾ, പുനരധിവാസ സേവനങ്ങളുടെ വിപുലീകരണം, കുടുംബങ്ങൾ, വിദ്യാലയങ്ങൾ, പ്രാദേശിക സമൂഹങ്ങൾ എന്നിവയുടെ സജീവ പങ്കാളിത്തം എന്നിവ ഉൾപ്പടെ സമഗ്രമായ തന്ത്രങ്ങൾ ആവശ്യമാണ്.

**എല്ലാവരെയും ഉൾക്കൊള്ളുന്ന പൊതു കളിസ്ഥലങ്ങൾ**: കുട്ടികളുടെ ശാരീരികവും മാനസികവുമായ വികാസത്തിന് കളിസ്ഥലങ്ങൾ അത്യന്താപേക്ഷിതമാണ്. ഓരോ പഞ്ചായത്തിലും കുറഞ്ഞത് ഒരു സമാവേശക ശിശുസൗഹൃദ കളിസ്ഥലം സ്ഥാപിക്കും. സ്കൂൾ സമയത്തിനുശേഷമുള്ള വിനോദ പരിപാടികൾ വിപുലപ്പെടുത്തുന്നതിലൂടെ കുട്ടികളിൽ സാമൂഹികഐക്യവും ശാരീരിക-മാനസിക ക്ഷമതയും വർധിപ്പിക്കാൻ ലക്ഷ്യമിടുന്നു.

**സേവന വിതരണത്തിലെ വിടവുകൾ നികത്തുക**: കൃത്യമായ നയരൂപീകരണം, വകുപ്പുകൾ തമ്മിലുള്ള ഏകോപനം, തദ്ദേശഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണം എന്നിവയിലൂടെ എല്ലാ സാമൂഹ്യഗ്രൂപ്പുകളിലെ കുട്ടികൾക്കും പ്രത്യേകിച്ച് ഗോത്രവർഗ-തീരദേശ മേഖലകളിലെ കുട്ടികൾക്ക് പോഷണം, വിദ്യാഭ്യാസം, ആരോഗ്യപരിചരണം എന്നിവയിൽ തുല്യമായ പ്രാപ്യത ഉറപ്പാക്കുവാൻ ഉദ്ദേശിക്കുന്നു.

സർക്കാർ സംവിധാനങ്ങൾ, സന്നദ്ധ സംഘടനകൾ, പൊതുജനങ്ങൾ എന്നിവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെ ഈ കർമ്മപദ്ധതികളെ എണ്ണപ്പെട്ട നേട്ടങ്ങളാക്കി മാറ്റാൻ സാധിക്കും. ഒരു കുട്ടിയും പിന്നിലാക്കപ്പെടാത്ത ഉജ്ജ്വലമായ ഒരു ഭാവി നമുക്ക് പടുത്തുയർത്താം.

## അദ്ധ്യായം 8

# ഭിന്നശേഷിക്കാരുടെ ശാക്തീകരണം

2016 മുതൽ 2026 വരെയുള്ള കാലയളവിൽ ഭിന്നശേഷിക്കാരുടെ അവകാശങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിൽ കേരളം പുലർത്തുന്ന സമാനതകളില്ലാത്ത പ്രതിബദ്ധത ദേശീയഅംഗീകാരം നേടിയിട്ടുണ്ട്. ഭിന്നശേഷി ശാക്തീകരണ രംഗത്തെ മികച്ച പ്രവർത്തനങ്ങൾ മുൻനിർത്തി 2019-ൽ കേന്ദ്ര സാമൂഹ്യനീതി-ശാക്തീകരണ മന്ത്രാലയം മികച്ച സംസ്ഥാനത്തിനുള്ള പുരസ്കാരം സംസ്ഥാനത്തിന് നൽകി. ഭിന്നശേഷിക്കാരുടെ ക്ഷേമ പദ്ധതികൾക്കായി നീക്കിവെക്കുന്ന വിഹിതത്തിൽ 2016 മുതൽ 2026 വരെയുള്ള കാലയളവിൽ ഇരട്ടിയിലധികം വർദ്ധനവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. യുണൈറ്റഡ് നേഷൻസ് കൺവെൻഷൻ ഓൺ ദ റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസബിലിറ്റീസ് - UNCRPD (2013) എന്നതിൽ രേഖപ്പെടുത്തിയിട്ടുള്ള തത്വങ്ങൾ പാലിക്കുക എന്നതായിരുന്നു കേരള സർക്കാരിന്റെ സമീപനം.

2011-ലെ സെൻസസ് പ്രകാരം ഇന്ത്യയിൽ 2.7 കോടി ഭിന്നശേഷിക്കാരുണ്ട്, ഇത് ആകെ ഇന്ത്യൻ ജനസംഖ്യയുടെ 2.2 ശതമാനമാണ്. ശാരീരിക ചലനവുമായി ബന്ധപ്പെട്ട ഭിന്നശേഷിയുള്ളവരാണ് (20 ശതമാനം) ഏറ്റവും കൂടുതൽ; കാഴ്ച പരിമിതിയുള്ളവർ (18.8 ശതമാനം), കേൾവി പരിമിതിയുള്ളവർ (18.9 ശതമാനം) എന്നിവരാണ് തൊട്ടുപിന്നിൽ. ജാതി, ലിംഗഭേദം, ഗ്രാമ-നഗര വ്യത്യാസം എന്നിവ ഭിന്നശേഷിയുമായി ബന്ധപ്പെട്ടു കിടക്കുന്നു; സ്ത്രീകളും ഗ്രാമപ്രദേശങ്ങളിലുള്ളവരും സങ്കീർണ്ണമായ പാർശ്വവൽക്കരണം നേരിടുന്നു. 'ഇന്ത്യ ഏജിംഗ് റിപ്പോർട്ട് 2023' പ്രകാരം 2021-ൽ ഇന്ത്യയിലെ വയോജന ജനസംഖ്യ 10.1 ശതമാനമായിരുന്നു, ഇത് 2031-ഓടെ 13.1 ശതമാനമായി ഉയരുമെന്ന് കണക്കാക്കപ്പെടുന്നു. വാർദ്ധക്യവും ഭിന്നശേഷിയും തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നതിനാൽ, വയോജന-ഭിന്നശേഷി സേവനങ്ങൾക്കായി രാജ്യം വരുംകാലങ്ങളിൽ ഘടനാപരമായ ആവശ്യങ്ങളും സാമ്പത്തിക ആവശ്യങ്ങളും നേരിടേണ്ടിവരും.

### കേരളത്തിലെ ഭിന്നശേഷിയുടെ അവസ്ഥ

2015-ൽ കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ നടത്തിയ സമഗ്രമായ സർവ്വേയിലൂടെ പ്രധാന ജനസംഖ്യാപരമായ സവിശേഷതകളും വിവിധ ഭിന്നശേഷിയുടെ വിഭാഗങ്ങളും തിരിച്ചറിഞ്ഞിട്ടുണ്ട്. ഏകദേശം 7.9 ലക്ഷം ഭിന്നശേഷിക്കാരെയാണ് സംസ്ഥാനത്ത് കണ്ടെത്തിയത്, ഇത് ആകെ ജനസംഖ്യയുടെ 2.3 ശതമാനമാണ്. ഇതിൽ ഭൂരിഭാഗവും പുരുഷന്മാരാണ് (55.3 ശതമാനം).

പ്രായമനുസരിച്ച് നോക്കിയാൽ 40.6 ശതമാനം പേർ 35-59 വയസ്സിനിടയിലുള്ളവരാണ്; കുട്ടികൾ 16.5 ശതമാനമാണ്. ഓരോ പതിനായിരം പേരിൽ 232 പേർ എന്ന നിലയിലാണ് ഭിന്നശേഷി നിരക്ക്; ഇത് വയോജനങ്ങളിൽ (60 വയസ്സിന് മുകളിൽ) പതിനായിരത്തിൽ 488 ആയി വർദ്ധിച്ചിട്ടുണ്ട്. വലിയൊരു വിഭാഗത്തിന് (52 ശതമാനം) ഭിന്നശേഷി സർട്ടിഫിക്കറ്റ് ഉണ്ടായിരുന്നില്ല. സർട്ടിഫിക്കറ്റ് ഉള്ളവരിൽ 2.8 ശതമാനം പേർക്ക് 1 മുതൽ 40 ശതമാനം വരെയും, 36.7 ശതമാനം പേർക്ക് 40-79 ശതമാനം വരെയും, 8.6 ശതമാനം പേർക്ക് 80-100 ശതമാനം വരെയും ഭിന്നശേഷിയുണ്ട്. വൈവാഹിക പദവിയനുസരിച്ച് 51.5 ശതമാനം പേർ വിവാഹിതരാണ്; 2.5 ശതമാനം പേർ വേർപിരിഞ്ഞവരോ വിവാഹമോചനം നേടിയവരോ ആണ്. കിടപ്പിലായ ഭിന്നശേഷിക്കാരുടെ എണ്ണം 63,229 ആണ്.

എല്ലാ ലിംഗവിഭാഗങ്ങളിലും ഏറ്റവും കൂടുതൽ കാണപ്പെടുന്ന ഭിന്നശേഷി ലോക്കോമോട്ടോർ (ചലനശേഷിയില്ലുള്ള) പരിമിതികളാണ് (32.9 ശതമാനം). മൾട്ടിപ്പിൾ സ്ക്ലിറോസിസ് (0.06 ശതമാനം), തലസീമിയ (0.07 ശതമാനം) എന്നിവയാണ് ഏറ്റവും കുറവ് റിപ്പോർട്ട് ചെയ്യപ്പെട്ടത്. ബധിര-അന്ധത ഒഴികെയുള്ള ഒന്നിലധികം വൈകല്യങ്ങൾ (Multiple disabilities) 17.3 ശതമാനമാണ്; ബധിര-അന്ധത 0.1 ശതമാനവുമാണ്. മാനസികരോഗവും ബൗദ്ധിക വെല്ലുവിളികളും യഥാക്രമം 12.7 ശതമാനവും 8.7 ശതമാനവുമാണ്. സാമ്പത്തിക നില പരിശോധിച്ചാൽ 30.6 ശതമാനം ഭിന്നശേഷിക്കാരുടെ പ്രതിമാസ പ്രതിശീർഷ ചിലവ് 500 രൂപയിൽ താഴെയാണ്, ഇത് അവരുടെ കടുത്ത സാമ്പത്തിക ദുർബലതയെ കാണിക്കുന്നു. വിദ്യാഭ്യാസ രംഗത്തും വലിയ വിടവുണ്ട്; 50.5 ശതമാനം പേർ സ്കൂളിൽ പോയിട്ടില്ലാത്തവരോ പ്രൈമറി തലത്തിൽ പഠനം ഉപേക്ഷിച്ചവരോ ആണ്. 32,090 ഭിന്നശേഷിക്കാർ മാത്രമാണ് ഉന്നത വിദ്യാഭ്യാസം നേടിയത്; ഇതിൽ തന്നെ ബിരുദാനന്തര ബിരുദമോ സാങ്കേതിക യോഗ്യതയോ ഉള്ളവർ വളരെ കുറവാണ്.

സർവ്വേ പ്രകാരം 57.1 ശതമാനം പേർക്ക് ജനനശേഷം ജീവിതസാഹചര്യങ്ങൾ മൂലം ഭിന്നശേഷി ഉണ്ടായതാണ്, അതേസമയം 42.9 ശതമാനം പേർ സെറിബ്രൽ പാൾസി, ബൗദ്ധിക വെല്ലുവിളികൾ, ഓട്ടിസം, സ്പെക്ട്രം ഡിസോർഡർ കേൾവി പരിമിതി തുടങ്ങിയ വൈകല്യങ്ങളോടെ ജനിച്ചവരാണ്. ബാല്യകാല അസുഖങ്ങൾ (12 ശതമാനം), അപകടങ്ങൾ (10.7 ശതമാനം), പൊള്ളൽ (0.6 ശതമാനം), തലയ്ക്കേറ്റ പരിക്ക് (2 ശതമാനം) എന്നിവയാണ് ജനനശേഷം ഭിന്നശേഷിയുണ്ടാകാനുള്ള പ്രധാന കാരണങ്ങൾ. റോഡുകളിലും വീടുകളിലും കൃഷിയിടങ്ങളിലുമാണ് കൂടുതൽ അപകടങ്ങൾ നടന്നിട്ടുള്ളത്.

കേരളത്തിലെ ഭിന്നശേഷിക്കാരുടെ തൊഴിലവസരങ്ങളും സാമൂഹിക ക്ഷേമ പിന്തുണയും വികസിച്ചുകൊണ്ടിരിക്കുകയാണ്. തൊഴിലെടുക്കുന്ന പ്രായത്തിലുള്ള ഭിന്നശേഷിക്കാരിൽ 1,68,837 പേർ ജോലി ചെയ്യുന്നുണ്ടെങ്കിലും മിക്കവരും താൽക്കാലിക ജോലികളിലോ ദിവസക്കൂലി ജോലികളിലോ ആണ് ഏർപ്പെട്ടിരിക്കുന്നത്. 3,80,623 ഭിന്നശേഷിക്കാർക്ക് ഭിന്നശേഷി പെൻഷൻ, വിദ്യാഭ്യാസ സഹായം തുടങ്ങി വിവിധ രൂപത്തിലുള്ള സാമൂഹിക സഹായങ്ങൾ നൽകി വരുന്നു. സാമ്പത്തിക പിന്തുണ ലഭിക്കുന്ന മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ (MGNREGS) 68,590 ഭിന്നശേഷിക്കാർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. താമസസൗകര്യമനുസരിച്ച് 23,190 പേർ ഒറ്റയ്ക്കും 3,417 പേർ ബന്ധുക്കളോടൊപ്പവും 18,114 പേർ പുനരധിവാസ കേന്ദ്രങ്ങളിലും കഴിയുന്നു. നാഷണൽ ട്രസ്റ്റ്

ആക്ട് പ്രകാരം 7,900 ഭിന്നശേഷിക്കാർക്ക് നിയമപരമായി നിയമിതരായ രക്ഷിതാക്കളുണ്ട് (കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ സർവ്വേ റിപ്പോർട്ട് 2015).

**ഭിന്നശേഷിക്കാർക്കായുള്ള സംരംഭങ്ങൾ**

പഞ്ചവത്സര പദ്ധതികളിലൂടെ ഭിന്നശേഷിക്കാരെ പിന്തുണയ്ക്കാൻ കേരള സർക്കാർ വിവിധ സംരംഭങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. പ്രാരംഭ ഇടപെടലിനും പുനരധിവാസത്തിനുമായുള്ള 'അനുയാത്ര' പ്രചാരണം, ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള ബഡ്സ് (BUDS) സ്കൂളുകളുടെയും പുനരധിവാസ കേന്ദ്രങ്ങളുടെയും വിപുലീകരണം, ഭിന്നശേഷി സർട്ടിഫിക്കറ്റുകളുടെയും പെൻഷനുകളുടെയും എളുപ്പത്തിലുള്ള ലഭ്യത എന്നിവ പ്രധാന സംരംഭങ്ങളാണ്. സ്വയം തൊഴിലിനും ഉപജീവനത്തിനുമായി 'കൈവല്യ' പദ്ധതിയും ഉൾക്കൊള്ളുന്ന വിദ്യാഭ്യാസത്തിനും സഹപാഠി പിന്തുണയ്ക്കുമായി 'സഹചാരി' പദ്ധതിയും പ്രവർത്തിക്കുന്നു. 'സേവന', 'സ്നേഹപൂർവ്വം' തുടങ്ങിയ പദ്ധതികളിലൂടെ പെൻഷനും ചികിത്സാ സഹായവും നൽകി സാമൂഹിക സുരക്ഷ ശക്തിപ്പെടുത്തി. 'ബാരിയർ-ഫ്രീ കേരള' (തടസ്സരഹിത കേരളം) സംരംഭത്തിലൂടെ ഭൗതിക സാഹചര്യങ്ങൾ ഭിന്നശേഷി സൗഹൃദമാക്കി. സേവനങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴിയും വയോമിത്രം പോലുള്ള സാമൂഹിക മാതൃകകൾ മുഖേനയും വികേന്ദ്രീകരിച്ചു. പതിനാലാം പഞ്ചവത്സര പദ്ധതി ഡിജിറ്റൽ ഉൾപ്പെടുത്തൽ, പങ്കാളിത്ത ഭരണം, സാമൂഹികാടിസ്ഥാനത്തിലുള്ള പരിചരണം എന്നിവയ്ക്ക് ഊന്നൽ നൽകുന്നു. യൂണിവേഴ്സൽ ഡിസൈൻ, ആക്സസിബിലിറ്റി ഓഡിറ്റ്, സേവനങ്ങളുടെ തത്സമയ നിരീക്ഷണം എന്നിവയും ഈ പദ്ധതി നിർദ്ദേശിക്കുന്നു. കേരളത്തിലെ ഭിന്നശേഷിക്കാരെ പിന്തുണയ്ക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾക്ക് സാമൂഹിക നീതി വകുപ്പാണ് നേതൃത്വം നൽകുന്നത്.

**ബോധവൽക്കരണ പരിപാടികൾ**: ഭിന്നശേഷിയുമായി ബന്ധപ്പെട്ട സാമൂഹികമായ ഒറ്റപ്പെടലിനും മുൻവിധികൾക്കുമെതിരെ പോരാടുന്നതിന് പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ കാലത്ത് കേരളം നിരവധി ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കി. 'അമ്മ കെയർ', 'അമ്മ ടീച്ചർ', നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ് (NISH) സംഘടിപ്പിച്ച 'നിദാസ്' (NIDAS) ഇന്ററാക്ടീവ് ഡിസബിലിറ്റി അവെയർനെസ് സെമിനാറുകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. 'ശുഭയാത്ര' പദ്ധതിയും ലോക ഭിന്നശേഷി ദിനാചരണങ്ങളും ഈ വിഭാഗത്തിന്റെ അന്തസ്സും ഉൾക്കൊള്ളലും വർദ്ധിപ്പിച്ചു. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ (2022-27) കീഴിൽ, കേരള ഡെവലപ്പ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (K-DISC) മുഖേനയുള്ള നൂതന ക്യാമ്പയിനുകൾ, നിഷ്, കെ.എസ്.എസ്.എം എന്നിവയുമായുള്ള ശക്തമായ പങ്കാളിത്തം, ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള മാജിക് പരിശീലനം, ഡിഫറന്റ് ആർട്സ് സെന്റർ തുടങ്ങിയ കലയിൽ അധിഷ്ഠിതമായ ശാക്തീകരണ പരിപാടികളുടെ ഔപചാരികമായ ഉൾപ്പെടുത്തൽ വഴി ഈ പ്രവർത്തനങ്ങൾ വിപുലീകരിച്ചു.

**ജീവിത – ചക്ര സമീപനമുള്ള പദ്ധതികൾ**: 2016-ലെ ഭിന്നശേഷിക്കാരുടെ അവകാശങ്ങളുടെ ആക്റ്റിനെ (RPwD Act) തുടർന്ന്, പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ കാലത്ത് ആരംഭിച്ച 'അനുയാത്ര' എന്ന പദ്ധതിയിലൂടെ കേരളത്തിലെ

അവകാശാധിഷ്ഠിത ഭിന്നശേഷി പരിപാലനം ഔദ്യോഗികമായി സ്ഥാപനവൽക്കരിച്ചു. പ്രതിരോധം, പ്രാരംഭ ഇടപെടൽ, പുനരധിവാസം, സഹായത്തോടെയുള്ള ജീവിതം എന്നിവ ഉൾക്കൊള്ളുന്ന ഒരു ജീവിത-ചക്ര സമീപനമാണ് ഈ സമഗ്ര പദ്ധതി വിവിധ വകുപ്പുകളെ കൂട്ടിയോജിപ്പിച്ചുകൊണ്ട് സ്വീകരിച്ചത്. പ്രതിവർഷം 5 മുതൽ 6 ലക്ഷം വരെ കുട്ടികൾ ഇതിന്റെ ഗുണഭോക്താക്കളാണ്. അനുയാത്രയുടെ ഭാഗമായ 'കാതോരം' പദ്ധതി നവജാതശിശുക്കളുടെ കേൾവി പരിശോധന, 'ബെറ' (ബ്രയിൻ സ്റ്റെം ഇവോക്ക്ഡ് റെസ്പോൺസ് ആഡിയോമെട്രി) (BERA) ടെസ്റ്റ് വഴി പ്രാരംഭ നേരത്തെയുള്ള രോഗനിർണ്ണയം, അഞ്ച് വയസ്സിൽ താഴെയുള്ള കുട്ടികൾക്കായി കോക്ലിയർ ഇംപ്ലാന്റേഷനും സ്പീച്ച് തെറാപ്പിയും നൽകുന്ന 'ശ്രുതിതരംഗം' എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. കൂടാതെ, ഓട്ടിസം നേരത്തെ കണ്ടെത്താനായി 'സ്പെക്ട്രം' പദ്ധതിയും ആറ് മെഡിക്കൽ കോളേജുകളിൽ ഓട്ടിസം സെന്ററുകളും എൻ.ഐ.പി.എം.ആറിൽ (NIPMR) റീജിയണൽ ഓട്ടിസം റീഹാബിലിറ്റേഷൻ ആൻഡ് റിസർച്ച് സെന്ററും സ്ഥാപിച്ചു. 2023-ഓടെ 109 കോക്ലിയർ ഇംപ്ലാന്റ് ശസ്ത്രക്രിയകൾ പൂർത്തിയാക്കി. 1,34,151 കുട്ടികൾക്ക് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ വഴി പരിചരണം ലഭിച്ചു. 1,343 കുട്ടികൾ സ്പെഷ്യൽ അങ്കണവാടികളിൽ പ്രവേശനം നേടി (ഇതിൽ 338 പേരെ മുഖ്യധാരയിലേക്ക് കൊണ്ടുവന്നു). 33,260 കുട്ടികൾക്ക് ഓട്ടിസം സംബന്ധമായ പരിചരണവും 2,102 പേർക്ക് എൻ.ഐ.പി.എം.ആർ റീജിയണൽ ഓട്ടിസം സെന്റർ സേവനങ്ങളും ലഭ്യമായി.

**പുനരധിവാസ പദ്ധതികൾ**: പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ 'അതിജീവനം' പദ്ധതി വഴി, എൻ.ജി.ഒ-കൾ (NGO) നടത്തുന്ന പുനരധിവാസ പ്രവർത്തനങ്ങൾക്ക് 2023-ൽ 13 സന്നദ്ധ സംഘടനകൾക്കായി 1.4 കോടി രൂപ ഗ്രാന്റായി നൽകി. 2019 മുതൽ നിലവിലുള്ള 'സ്റ്റേറ്റ് ഇനീഷ്യേറ്റീവ് ഓഫ് ഡിമെൻഷ്യ' വഴി രോഗികൾക്ക് വർഷംതോറും പിന്തുണ നൽകിവരുന്നു; ഇതിന്റെ ഭാഗമായി തൃശ്ശൂരിൽ ഒരു ഡേ-കെയർ സെന്ററും എടവനക്കാട് ഒരു മുഴുവൻസമയ താമസ സൗകര്യവും സ്ഥാപിച്ചു. മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി 'പ്രതീക്ഷ' പദ്ധതിയും, സന്നദ്ധ സംഘടനകൾ വഴി ആദ്യകാല ഇടപെടലുകൾക്കും തൊഴിൽ പരിശീലനത്തിനുമായി കേന്ദ്രാവിഷ്കൃത പദ്ധതിയായ 'ദീൻദയാൽ ഡിസേബിൾഡ് റീഹാബിലിറ്റേഷൻ സ്കീമും' (DDRS) പ്രവർത്തിക്കുന്നു. 2020-ഓടെ, സാമൂഹ്യനീതി വകുപ്പ് (SJD) 29 ക്ഷേമ സ്ഥാപനങ്ങളും 2 തൊഴിലധിഷ്ഠിത കേന്ദ്രങ്ങളും പ്രവർത്തിപ്പിച്ചു - ഇതിൽ 15 എണ്ണം ഭിന്നശേഷിക്കാർക്കായി (PwDs) മാത്രമുള്ളവയായിരുന്നു; കൂടാതെ വനിതാ ശിശു വികസന വകുപ്പ് (WCD) സമാനമായ 44 സ്ഥാപനങ്ങൾ കൈകാര്യം ചെയ്തു. പ്രതിവർഷം സ്ഥാപനങ്ങളിലുള്ള 2,000 ഗുണഭോക്താക്കളെയും പുറത്തുള്ള 55,000 ഗുണഭോക്താക്കളെയും സഹായിക്കുന്നുണ്ടെങ്കിലും, സ്ഥാപനങ്ങളിലെ താമസക്കാരുടെ നിരക്ക് 58 ശതമാനം മാത്രമായിരുന്നു. കോവിഡ്-19 മഹാമാരിയുടെ കാലത്ത് (2020-21), 73

ക്ഷേമ കേന്ദ്രങ്ങളും രണ്ട് പരിശീലന കേന്ദ്രങ്ങളും നിഷ്, സ്റ്റേറ്റ് നോഡൽ ഏജൻസി സെന്റർ (SNAC), ലോക്കൽ ലെവൽ കമ്മിറ്റികൾ (LLC) എന്നിവയുമായി ചേർന്ന് ഓൺലൈൻ തെറാപ്പിയും കൗൺസലിംഗും ഏകോപിപ്പിച്ചു. 2023-24 കാലയളവിൽ സാമൂഹ്യനീതി വകുപ്പ് ഭിന്നശേഷിക്കാർക്കായി 5 സ്ഥാപനങ്ങളും ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവർക്കായി 8 സ്ഥാപനങ്ങളും പ്രവർത്തിപ്പിച്ചു വരുന്നു. സാമൂഹ്യനീതി, വനിതാ ശിശു വികസന വകുപ്പുകൾക്ക് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങളിലായി ആകെ 61,785 വ്യക്തികൾ കഴിയുന്നുണ്ട്. ഇതിൽ 14,131 ഭിന്നശേഷിക്കാരും 2,779 ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവരും ഉൾപ്പെടുന്നു; ഇത് അനുവദനീയമായ പരിധിയേക്കാൾ (2,597) കൂടുതലാണ്. ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി സംസ്ഥാനം നേരിട്ട് നടത്തുന്ന ഏക സ്ഥാപനം കോഴിക്കോട്ടാണ് സ്ഥിതി ചെയ്യുന്നത്.

**ഭിന്നശേഷി സർട്ടിഫിക്കറ്റ്**: ഇന്ത്യയിൽ ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ ആക്ട് പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് സർട്ടിഫിക്കറ്റ് അത്യാവശ്യമാണ്. അനുയാത്ര പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ച ഭിന്നശേഷി സാക്ഷ്യപ്പെടുത്തൽ ക്യാമ്പുകളിലൂടെ ഡിസബിലിറ്റി ഐഡി കാർഡുകൾ വിതരണം ചെയ്തു. 2025 ഡിസംബർ 31 വരെ ആകെ 4,19,554 ഐഡി കാർഡുകൾ കേരളത്തിൽ നൽകിയിട്ടുണ്ട്.

**സ്കോളർഷിപ്പുകൾ/വിദ്യാഭ്യാസ സഹായം**: ഭിന്നശേഷിയുള്ള വിദ്യാർത്ഥികളെ പിന്തുണയ്ക്കുന്നതിനായി പതിമൂന്നാം പഞ്ചവർഷ പദ്ധതിയുടെ ഭാഗമായി കേരളം നിരവധി പ്രധാന പദ്ധതികൾ നടപ്പിലാക്കി. ഒന്നാമതായി, ദൂരവിദ്യാഭ്യാസത്തിലൂടെ ഡിഗ്രി, പി.ജി. കോഴ്സുകൾ പഠിക്കുന്ന വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പായി 2024-25ൽ 80,095 രൂപ വിതരണം ചെയ്തു. രണ്ടാമതായി, 10, 11, 12 ക്ലാസുകളിലോ തത്തുല്യ പരീക്ഷകൾക്കോ പഠിക്കുന്ന ഭിന്നശേഷിയുള്ള 1,000 മുതൽ 1,500 വരെ വിദ്യാർത്ഥികൾക്ക് വർഷംതോറും സാമ്പത്തിക സഹായം നൽകിവരുന്നു. മൂന്നാമതായി, വൈകല്യമുള്ള മാതാപിതാക്കളുടെ മക്കൾക്ക് വിദ്യാഭ്യാസ പിന്തുണ നൽകുന്ന 'വിദ്യാകിരണം' പദ്ധതിയിൽ ആനുകൂല്യം ലഭിച്ചവരുടെ എണ്ണം 2017-18ലെ 2,013ൽ നിന്ന് 2023ൽ 6,079 ആയി ഗണ്യമായി വർധിച്ചു. നാലാമതായി, ശാരീരിക ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് യൂണിഫോമും പഠന സാമഗ്രികളും നൽകുന്ന 'വിദ്യാജ്യോതി' പദ്ധതിയിലൂടെ 2024-25ൽ 372 വിദ്യാർത്ഥികൾക്കായി 10,61,104 രൂപ ചെലവഴിക്കപ്പെട്ടു. അഞ്ചാമതായി, സ്കൂൾ, കോളേജ്, പ്രൊഫഷണൽ, പി.ജി., സാങ്കേതിക കോഴ്സുകൾ പഠിക്കുന്ന വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് നൽകുന്ന പൊതുവായ സ്കോളർഷിപ്പ് പദ്ധതിയിലൂടെ വർഷംതോറും സ്ഥിരമായി 250 മുതൽ 400 വരെ വിദ്യാർത്ഥികൾക്ക് സഹായം ലഭിക്കുന്നു. ആറാമതായി, ബിരുദ, ബിരുദാനന്തര, പ്രൊഫഷണൽ കോഴ്സുകളിൽ മികവ് പുലർത്തുന്ന ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് നൽകുന്ന 'വിജയാമൃതം' കാഷ് അവാർഡ് പദ്ധതിയിലൂടെ 2024-25ൽ 47 ഗുണഭോക്താക്കൾക്ക് 4,30,339 രൂപ വിതരണം ചെയ്തു. ഇതിന് പുറമേ, ഭിന്നശേഷിയുള്ള വിദ്യാർത്ഥികളെ സഹായിക്കുന്ന എൻ.എസ്.എസ്., എൻ.സി.സി., എസ്.പി.സി. യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കുന്ന 'സഹചാരി' പദ്ധതി, കായിക വിനോദവും കലയും മേഖലകളിലെ മികവിനെ അംഗീകരിക്കുന്ന 'ശ്രേഷ്ഠം' പദ്ധതി എന്നിവയും നടപ്പിലാക്കി വരുന്നു.

**തൊഴിലും, നൈപുണ്യ പരിശീലനവും സാങ്കേതിക പിന്തുണയും**: പതിമൂന്നാം പദ്ധതിക്ക് കീഴിൽ ആരംഭിച്ച 'എം പവർ ഇൻകുബേറ്റർ', ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന 5 മുതൽ 20 വരെ കുട്ടികൾക്ക് പ്രതിവർഷം മാന്ത്രികവിദ്യയിൽ പരിശീലനം നൽകുന്നു. നിഷ് പിന്തുണയോടെ പ്രവർത്തിക്കുന്ന 'ഇന്നൊവേഷൻ ബൈ യൂത്ത് വിത്ത് ഡിസബിലിറ്റി' പരിപാടി ഇപ്പോൾ അതിന്റെ മൂന്നാം ബാച്ചിൽ എത്തിനിൽക്കുകയും ഭിന്നശേഷിയുള്ള യുവാക്കൾക്കിടയിൽ സംരംഭകത്വവും ഡിജിറ്റൽ ഉൾച്ചേർക്കലും പ്രോത്സാഹിപ്പിക്കുന്നതിനായി ഘടനാപരമായ നവീന പരിശീലനം നൽകുകയും ചെയ്യുന്നു. ഭിന്നശേഷിക്കാർ നേരിടുന്ന വെല്ലുവിളികൾ പരിഹരിക്കാൻ വിവര-വിനിമയ സാങ്കേതികവിദ്യ (ICT) എങ്ങനെ പ്രയോജനപ്പെടുത്താം എന്ന് അന്വേഷിക്കുന്നതിനായി 2007-ൽ 'ഇൻസൈറ്റ്' പരിപാടി ആരംഭിച്ചു. ഈ പരിപാടിയുടെ ആദ്യ ഘട്ടം കാഴ്ച പരിമിതിയുള്ളവരിലാണ് ശ്രദ്ധ കേന്ദ്രീകരിച്ചത്. 2009-ൽ ഇത് ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള പരീക്ഷണാടിസ്ഥാനത്തിലുള്ള പരിപാടിയായി വിപുലീകരിച്ചു.

**ദുരിതാശ്വാസം**: കേരളത്തിലെ ഭിന്നശേഷിക്കാർക്കായുള്ള മാനസികാഘാതത്തിന് ഇരയായവർക്കുള്ള പ്രാദേശിക പ്രത്യേകതകൾക്കനുസരിച്ചുള്ള സാമ്പത്തിക സഹായ പദ്ധതികളിൽ ഒന്നിലധികം ലക്ഷ്യാധിഷ്ഠിത പദ്ധതികൾ ഉൾപ്പെടുന്നു. പരിരക്ഷ പദ്ധതി ഓരോ വർഷവും അടിയന്തര സാഹചര്യങ്ങളിൽ ഏകദേശം 1,000 ഭിന്നശേഷിക്കാരെ പിന്തുണയ്ക്കുന്നു. പതിമൂന്നാം പദ്ധതി കാലയളവിൽ ആരംഭിച്ച പരിണയം പദ്ധതി, ശാരീരിക വൈകല്യമുള്ള പെൺകുട്ടികൾക്കും ഭിന്നശേഷിക്കാരായ മാതാപിതാക്കളുടെ പെൺമക്കൾക്കും വിവാഹ ധനസഹായം നൽകുന്നു; ഇതിലൂടെ ഓരോ വർഷവും 500 മുതൽ 800 വരെ ആളുകൾക്ക് പ്രയോജനം ലഭിക്കുന്നു. ഇംപ്രസ്റ്റ് മണി പദ്ധതിയുടെ കീഴിൽ, പൊതുസ്ഥലങ്ങളിൽ ഉപേക്ഷിക്കപ്പെട്ട നിരാലംബരായ വ്യക്തികളുടെ പുനരധിവാസത്തിനായി ഭക്ഷണം, വസ്ത്രം, ചികിത്സാ സഹായം, മറ്റ് അടിയന്തര സേവനങ്ങൾ എന്നിവ നൽകുന്നു. സ്നേഹാശ്വാസം പദ്ധതി പ്രകാരം കിടപ്പിലായ ഇരകൾക്ക് പ്രതിമാസം 2,200 രൂപയും ഭിന്നശേഷി പെൻഷൻ വാങ്ങുന്നവർക്ക് 1,700 രൂപയും നൽകുന്നു - 2023-24 കാലയളവിൽ 5,304 പേരെ ഇത് പിന്തുണച്ചു. സ്പെഷ്യൽ ആശ്വാസകിരണം പദ്ധതി, പൂർണ്ണമായും കിടപ്പിലായ എൻഡോസൾഫാൻ ഇരകളെയോ ബുദ്ധിപരമായ വൈകല്യമുള്ളവരെയോ പരിചരിക്കുന്നവർക്ക് പ്രതിമാസം 700 രൂപ നൽകുന്നു; 2023-24-ൽ 776 വ്യക്തികൾക്ക് ഇതിന്റെ ഗുണം ലഭിച്ചു. ഇത്തരത്തിലുള്ള കുടുംബങ്ങളിൽ നിന്നുള്ള 804 കുട്ടികൾക്ക് 2022-23-ലും, 440 കുട്ടികൾക്ക് 2023-24-ലും 2,000 രൂപ മുതൽ 4,000 രൂപ വരെ വിദ്യാഭ്യാസ സഹായം നൽകി. കൂടാതെ, സ്നേഹപൂർവ്വം പദ്ധതി പ്രകാരം 2024-ൽ ഭിന്നശേഷിയുള്ള കുട്ടികൾ ഉൾപ്പെടെ 57,187 അനാഥർക്കായി 1,700 ലക്ഷം രൂപ അനുവദിച്ചു.

**പ്രാപ്യത/സഹായ ഉപകരണങ്ങൾ**: ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ ആക്റ്റ് നടപ്പിലാക്കുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണ് സിപ്ഡ. ഭിന്നശേഷിക്കാർക്ക് തടസ്സരഹിതമായ പ്രാപ്യതയും പുനരധിവാസ അടിസ്ഥാനസൗകര്യങ്ങളും ഉറപ്പാക്കുകയാണ് ഇതിന്റെ ലക്ഷ്യം. ഈ പദ്ധതിക്ക് കീഴിൽ 2021-22ൽ 1.5 കോടി രൂപ ചെലവഴിച്ചത് 2023 ആയപ്പോഴേക്കും 4.5 കോടി രൂപയായി വർദ്ധിച്ചു. കേന്ദ്രാവിഷ്കൃത പദ്ധതിയായ 'അസിസ്റ്റൻസ് ടു ഡിസേബിൾഡ് പേഴ്സൺസ് ഫോർ പർച്ചേസ്/ഫിറ്റിംഗ് ഓഫ് എയ്ഡ്സ്/അപ്ലയൻസസ്' (ADIP), പുനരധിവാസവും സാമ്പത്തിക ശാക്തീകരണവും പ്രോത്സാഹിപ്പിക്കുന്നതിനായി ആധുനികവും ശാസ്ത്രീയമായി രൂപകൽപ്പന ചെയ്തതുമായ ഉപകരണങ്ങളും സഹായികളും വിതരണം ചെയ്തുകൊണ്ട് ഓരോ വർഷവും 1,500-ലധികം ഭിന്നശേഷിക്കാർക്ക് ആനുകൂല്യം നൽകുന്നു. കാഴ്ചപരിമിതിയുള്ള അമ്മമാർക്ക് പ്രതിമാസം 2,000 രൂപ നൽകുന്ന 'മാതൃജ്യോതി' പദ്ധതിയിലൂടെ ഓരോ വർഷവും 50 മുതൽ 100 വരെ ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങളും നൽകിവരുന്നു. ഭിന്നശേഷിയുള്ള കുട്ടികളുടെ അമ്മമാരെ സ്വയം തൊഴിൽ കണ്ടെത്താൻ സഹായിക്കുന്ന 'സ്വാശ്രയ' പദ്ധതി വഴി 2020-21ൽ 101 പേർക്കും 2022-23ൽ 80 പേർക്കും ധനസഹായം നൽകി. ഇതിനായി 21,85,031 രൂപ ചെലവഴിച്ചു. സംസ്ഥാനത്തെ പൊതു അടിസ്ഥാന സൗകര്യങ്ങൾ സംസ്ഥാനം മുഴുവൻ പ്രാപ്യമാക്കുന്നതിനായി പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ കാലത്താണ് 'ബാരിയർ ഫ്രീ കേരള' ആരംഭിച്ചത്. കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷന്റെ 'ശുഭയാത്ര', 'തണൽ' എന്നീ പദ്ധതികളിലൂടെ ഇലക്ട്രിക് വീൽചെയറുകൾ, പവേർഡ് ബെഡുകൾ, ഹൈടെക് കൃത്രിമ അവയവങ്ങൾ, വോയ്സ് സോഫ്റ്റ്വെയറുള്ള ലാപ്ടോപ്പുകൾ തുടങ്ങിയവ വിതരണം ചെയ്യുന്നു. 13, 14 പഞ്ചവത്സര പദ്ധതി കാലയളവിൽ പ്രളയബാധിതരായ ഭിന്നശേഷിക്കാർക്കും ഇവ നൽകിയിരുന്നു. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള, വാർദ്ധക്യസഹജമായ അവശതകൾ അനുഭവിക്കുന്ന മുതിർന്ന പൗരന്മാർക്ക് 'രാഷ്ട്രീയ വയോശ്രീ യോജന' വഴി സഹായ ഉപകരണങ്ങൾ നൽകുന്നു. കൂടാതെ, ഭിന്നശേഷിക്കാരായ ലോട്ടറി ഏജന്റുമാർക്ക് സബ്സിഡിയും, കാഴ്ചപരിമിതിയുള്ളവരും അസ്ഥിസംബന്ധമായ വൈകല്യമുള്ളവരുമായ അഭിഭാഷകർക്ക് ധനസഹായവും ക്ഷേമ കോർപ്പറേഷൻ നൽകിവരുന്നു. മുൻ റിപ്പോർട്ടുകൾ പ്രകാരം 'സ്വശ്രയ' പദ്ധതിയിലൂടെ ഓരോ വർഷവും 100 മുതൽ 300 വരെ ഒറ്റയ്ക്ക് കുട്ടികളെ വളർത്തുന്ന അമ്മമാർക്ക് സ്വയം തൊഴിൽ സഹായം ലഭിച്ചിട്ടുണ്ട്.

തീവ്രമായ ഭിന്നശേഷിയുള്ളവരെയോ കിടപ്പിലായ വയോജനങ്ങളെയോ പരിചരിക്കുന്നവർക്ക് പ്രതിമാസം ധനസഹായം നൽകുന്ന പദ്ധതിയാണ് 'ആശ്വാസകിരണം'. 2019-20ൽ 1,13,717 പേർക്കും 2020-21ൽ 1,14,188 പേർക്കും ഈ പദ്ധതിയുടെ ആനുകൂല്യം ലഭിച്ചു. മസ്റ്ററിംഗ് പ്രക്രിയയ്ക്ക് ശേഷം, 2024-25ൽ 28,385 ഗുണഭോക്താക്കൾക്കായി 37.3 കോടി രൂപ വിതരണം ചെയ്തു. 2026-27 ബജറ്റിൽ ഈ പ്രതിമാസ ധനസഹായം 1,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

**മറ്റ് സാമ്പത്തിക സഹായങ്ങൾ**: ഹീമോഫീലിയ, സിക്കിൾ സെൽ അനീമിയ എന്നിവയുള്ളവർക്ക് 'സമാശ്വാസം' പദ്ധതി സാമ്പത്തിക സഹായം നൽകുന്നു. 'താലോലം' പദ്ധതിയിലൂടെ സെറിബ്രൽ പാൾസി, ബ്രിട്ടിൽ ബോൺ ഡിസീസ്, ഹീമോഫീലിയ, തലസീമിയ, അസ്ഥിസംബന്ധമായ വൈകല്യങ്ങൾ, നാഡീവ്യവസ്ഥാ വികാസപരമായ അവശതകൾ, ജന്മനായുള്ള വൈകല്യങ്ങൾ (എൻഡോസൾഫാൻ ഇരകൾ ഉൾപ്പെടെ), അപകടം മൂലമുള്ള ശസ്ത്രക്രിയകൾ എന്നിവ ആവശ്യമുള്ള 18 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകുന്നു; പ്രതിവർഷം 13,000 മുതൽ 20,000 വരെ കുട്ടികൾ ഇതിന്റെ ഗുണഭോക്താക്കളാണ്. നാഷണൽ ട്രസ്റ്റ് ആക്ടിന് (1999) കീഴിലുള്ള 'നിരാമയ' പദ്ധതി ഓട്ടിസം, സെറിബ്രൽ പാൾസി, ബൗദ്ധിക വെല്ലുവിളികൾ, ഒന്നിലധികം വൈകല്യങ്ങൾ എന്നിവയുള്ളവർക്ക് ഒരു ലക്ഷം രൂപ വരെയുള്ള ഇൻഷുറൻസ് പരിരക്ഷ വാഗ്ദാനം ചെയ്യുന്നു.

**മറ്റ് വകുപ്പുകളുടെ പദ്ധതികൾ**: ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് കേരളത്തിലെ ഭിന്നശേഷിക്കാർക്കായി ആരോഗ്യ ഇടപെടലുകൾ, പ്രാരംഭ രോഗനിർണ്ണയം, പുനരധിവാസ പരിപാടികൾ എന്നിവയിൽ മുൻപന്തിയിലുണ്ട്. അന്ധത നിയന്ത്രണത്തിനായുള്ള ദേശീയ പരിപാടി (NPCB) സാമൂഹ്യാധിഷ്ഠിതമായ നേത്രപരിചരണം പ്രോത്സാഹിപ്പിക്കുമ്പോൾ, 'ശലഭം' സമഗ്ര നവജാതശിശു പരിശോധനാ പരിപാടി നവജാതശിശുക്കളിലെ വിവിധ ആരോഗ്യപ്രശ്നങ്ങൾ നേരത്തെ കണ്ടെത്തുന്നത് ഉറപ്പാക്കുന്നു. 2022-23 ലെ കണക്കനുസരിച്ച്, സംസ്ഥാനത്ത് 11 ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ യൂണിറ്റുകളും മൂന്ന് മാനസികാരോഗ്യ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നു. 'ആരോഗ്യകിരണം' പദ്ധതിയിലൂടെ ജനനം മുതൽ 18 വയസ്സ് വരെയുള്ളവർക്ക് സൗജന്യ ആരോഗ്യ സേവനങ്ങൾ നൽകുന്നു; 2022-23 കാലയളവിൽ 13,051 ക്ലെയിമുകൾ ഈ പദ്ധതി വഴി തീർപ്പാക്കി. ഈ പദ്ധതി 2022-23 മുതൽ സംസ്ഥാന ആരോഗ്യ ഏജൻസിയാണ് നടപ്പിലാക്കി വരുന്നത്, 2025 ഒക്ടോബർ വരെ ഇതിന്റെ ഭാഗമായി ലഭിച്ച മൊത്തം ക്ലെയിമുകൾ 60.3 കോടി രൂപ ആണ്.

കേരളത്തിലെ നിരവധി സ്ഥാപനങ്ങൾ ഭിന്നശേഷിക്കാർക്കായി പ്രത്യേക വൈദ്യസഹായവും വിദ്യാഭ്യാസ പിന്തുണയും നൽകുന്നു. മെഡിക്കൽ കോളേജുകൾ കുഷ്ഠരോഗത്തിനും ന്യൂറോളജിക്കൽ തകരാറുകൾക്കും ചികിത്സ നൽകുമ്പോൾ, ചൈൽഡ് ഡെവലപ്മെന്റ് സെന്റർ ഔട്ട്പേഷ്യന്റ് ചികിത്സയും പരിശീലനവും നൽകുന്നു. ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ന്യൂറോളജിക്കൽ ചികിത്സ നൽകുന്നതിനൊപ്പം ചികിത്സാ ആവശ്യങ്ങൾക്കായി ഒരു സെൻസറി പാർക്ക് സ്ഥാപിച്ചും ചികിത്സാ സേവനങ്ങൾ മെച്ചപ്പെടുത്തുന്നു.

പൊതുവിദ്യാഭ്യാസ വകുപ്പ് 'സമഗ്ര ശിക്ഷാ അഭിയാൻ' പോലുള്ള പരിപാടികളിലൂടെ എല്ലാവരെയും ഉൾക്കൊള്ളുന്ന വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നു. ഭിന്നശേഷിയുള്ള വിദ്യാർത്ഥികളെ ഇത്തരം വിദ്യാഭ്യാസ പദ്ധതികളിൽ ഉൾപ്പെടുത്തുന്നതിനൊപ്പം, അവർക്കായി സർക്കാർ നേരിട്ട് നടത്തുന്ന പ്രത്യേക സ്കൂളുകളും വിവിധ റിസോഴ്സ് സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്.

ഉന്നതവിദ്യാഭ്യാസ മേഖലയിൽ, സ്കോളർഷിപ്പുകളിലൂ

ടെയും തടസ്സരഹിതമായ ക്യാമ്പസ് അടിസ്ഥാന സൗകര്യങ്ങളിലൂടെയുമാണ് ഉന്നതവിദ്യാഭ്യാസ വകുപ്പ് എല്ലാവരെയും ഉൾക്കൊള്ളുന്ന രീതി നടപ്പിലാക്കുന്നത്. 2024-ൽ ഭിന്നശേഷിക്കാരായ 1,418 വിദ്യാർത്ഥികൾക്ക് പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പിന്റെ പ്രയോജനം ലഭിച്ചു. മഹാത്മാ ഗാന്ധി സർവ്വകലാശാല 'കമ്മ്യൂണിറ്റി ഡിസേബിൾഡ് മാനേജ്മെന്റ് ആൻഡ് റീഹാബിലിറ്റേഷൻ' പ്രോഗ്രാമിന് കീഴിൽ തടസ്സരഹിതമായ ക്യാമ്പസ് സംവിധാനം നടപ്പിലാക്കി.

തദ്ദേശ സ്വയംഭരണ വകുപ്പ് വിവിധ ക്ഷേമ പദ്ധതികളിലൂടെ ഭിന്നശേഷിക്കാർക്ക് വലിയ പിന്തുണ നൽകുന്നു. സംയോജിത ശിശു വികസന സേവനങ്ങൾ വഴി ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നു. കൂടാതെ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഭിന്നശേഷിക്കാർക്ക് കൂലി അടിസ്ഥാനത്തിലുള്ള തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നു.

വനിതാ ശിശുവികസന വകുപ്പ് കോഴിക്കോട് ജില്ലയിലെ പ്രത്യേക അങ്കണവാടികളിലൂടെ നേരത്തെയുള്ള ഇടപെടലിനും വിദ്യാഭ്യാസ പിന്തുണയ്ക്കും പ്രാധാന്യം നൽകുന്നു. ഭിന്നശേഷിയുള്ള കുട്ടികളുടെ ദൈനംദിന ജീവിത പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഇവിടെ പ്രതിവിധി ചികിത്സ നൽകുന്നു.

തൊഴിലും നൈപുണ്യവും വകുപ്പ് സാമ്പത്തികസഹായത്തിലൂടെയും നൈപുണ്യവികസന പരിപാടികളിലൂടെയും ഈ പരിശ്രമങ്ങളെ പിന്തുണയ്ക്കുന്നു. തൊഴിലില്ലാത്ത ഭിന്നശേഷിയുള്ള യുവാക്കൾക്ക് തൊഴിലില്ലായ്മ വേതനമായി പ്രതിമാസം 120 രൂപ നൽകുന്നു. കൂടാതെ 'കൈവല്യ' പദ്ധതി തൊഴിൽ പരിശീലനവും സ്വയം തൊഴിലും പ്രോത്സാഹിപ്പിക്കുന്നു.

കായിക വകുപ്പ് ഭിന്നശേഷിക്കാരായ കായികതാരങ്ങൾക്കായി സ്കോളർഷിപ്പുകളും വികസന പദ്ധതികളും നടപ്പിലാക്കുന്നു. 'ഡോ. എ.പി.ജെ. അബ്ദുൾ കലാം സ്കോളർഷിപ്പ്' വഴി പ്രതിവർഷം അഞ്ച് മുതൽ പതിനഞ്ച് വരെ ഭിന്നശേഷിക്കാരായ കായികതാരങ്ങൾക്ക് പിന്തുണ നൽകുന്നു.

ഗാർഹിക പീഡനങ്ങളിൽ നിന്ന് ഭിന്നശേഷിക്കാരെ സംരക്ഷിക്കുന്നതിനായി ആഭ്യന്തര വകുപ്പ് 'ചിരി' പ്രോജക്റ്റിലൂടെയും ഗാർഹിക തർക്ക പരിഹാര കേന്ദ്രങ്ങളിലൂടെയും മനഃശാസ്ത്രപരമായ പിന്തുണയും തർക്ക പരിഹാര മാർഗ്ഗങ്ങളും അവതരിപ്പിച്ചിട്ടുണ്ട്.

റവന്യൂ വകുപ്പ് സാമൂഹിക സുരക്ഷാ പെൻഷൻ പദ്ധതിയിലൂടെ ഏകദേശം 3.7 ലക്ഷം ഭിന്നശേഷിക്കാർക്ക് സാമ്പത്തിക സഹായം നൽകുന്നു. 2016-ൽ 600 രൂപയായിരുന്ന പെൻഷൻ തുക ഘട്ടംഘട്ടമായി വർദ്ധിപ്പിച്ച് 2021-ൽ 1,600 രൂപയായും 2025-ൽ 2,000 രൂപയായും ഉയർത്തി.

ഈ വകുപ്പുതല പ്രവർത്തനങ്ങൾക്ക് പുറമെ, ഭിന്നശേഷി സൗഹൃദ അന്തരീക്ഷം വളർത്തുന്നതിനായി കേരളം വിവിധ മേഖലകളെ സംയോജിപ്പിച്ചുകൊണ്ടുള്ള സംരംഭങ്ങളും ആരംഭിച്ചിട്ടുണ്ട്. പ്രാദേശികവൽക്കരിച്ച വിദ്യാഭ്യാസപരമായ ആപ്പുകൾ, പ്രാപ്യമായ സർക്കാർ സേവന പോർട്ടലുകൾ എന്നിവയിലൂടെ ഡിജിറ്റൽ ലഭ്യത വർദ്ധിപ്പിച്ചു. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ദുരന്ത പ്രതിരോധ-പ്രതികരണ തന്ത്രങ്ങളിൽ ഭിന്നശേഷിക്കാരുടെ പ്രത്യേക ആവശ്യങ്ങളെയും ഉൾപ്പെടുത്തിയിട്ടുണ്ട്.

**സ്ഥാപനങ്ങൾ:** ഭിന്നശേഷിക്കാർക്ക് സമഗ്രമായ സേവനങ്ങളും പുനരധിവാസവും പിന്തുണയും നൽകുന്ന കേരളത്തിലെ പ്രധാന സ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്:

**നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ് (NISH)**: സംയോജിത അക്കാദമിക് സേവനങ്ങളും ചികിത്സാ സേവനങ്ങളും നൽകുന്ന ഡിസബിലിറ്റി സ്റ്റഡീസിലും പുനരധിവാസ ശാസ്ത്രത്തിലും മികച്ചുനിൽക്കുന്ന മുൻനിര സ്ഥാപനമാണ് നിഷ്. 2022-23 കാലയളവിൽ നിഷിന്റെ സേവനങ്ങളിൽ വലിയ പുരോഗതിയുണ്ടായി. 3,107 കുട്ടികൾക്ക് പ്രാരംഭ ഇടപെടൽ സേവനങ്ങളും, 14,649 ഓഡിയോളജി സെഷനുകളും, 4,792 സ്പീച്ച്-ലാംഗ്വേജ് തെറാപ്പികളും, 7,404 അനുബന്ധ കൺസൾട്ടേഷനുകളും ഈ വർഷം നൽകി. കൂടാതെ 507 വിദ്യാർത്ഥികൾ വിവിധ അക്കാദമിക് കോഴ്സുകളിൽ പഠനം നടത്തി. 2023-24ൽ പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കുകയും 10,656 കുട്ടികൾക്ക് പ്രാരംഭ ഇടപെടൽ സേവനങ്ങളും, 17,011 ഓഡിയോളജി സെഷനുകളും, 5,378 സ്പീച്ച്-ലാംഗ്വേജ് കേസുകളും, 7,732 മെഡിക്കൽ-സൈക്കോളജിക്കൽ കൺസൾട്ടേഷനുകളും ലഭ്യമാക്കി. ഇക്കാലയളവിൽ 847 വിദ്യാർത്ഥികൾക്ക് അക്കാദമിക് പിന്തുണയും നൽകി. 2024-25 വർഷത്തിൽ നിഷ് 10,768 കുട്ടികൾക്ക് ആദ്യകാല ഇടപെടൽ സേവനങ്ങളും, 16,975 ഓഡിയോളജി സെഷനുകളും, 1,285 സ്പീച്ച്-ലാംഗ്വേജ് കേസുകളും, 4,944 മെഡിക്കൽ-സൈക്കോളജിക്കൽ കൺസൾട്ടേഷനുകളും നൽകി. കൂടാതെ 786 വിദ്യാർത്ഥികൾക്ക് അക്കാദമിക് പിന്തുണ ഉറപ്പാക്കുകയും ചെയ്തു.

**നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ (NIPMR)**: സാമൂഹിക നീതി വകുപ്പിന് കീഴിലുള്ള ഈ മികവിന്റെ കേന്ദ്രം ഒന്നിലധികം വൈകല്യങ്ങൾ, സെറിബ്രൽ പാൾസി, പക്ഷാഘാതം എന്നിവയുള്ളവർക്ക് നേരത്തെയുള്ള രോഗനിർണ്ണയം, ഇടപെടൽ, തെറാപ്പി, പുനരധിവാസം എന്നിവ നൽകുന്നു. 2023-24-ൽ 86,457 കൺസൾട്ടേഷനുകളും 2024-25-ൽ 98,007 കൺസൾട്ടേഷനുകളും ഈ സ്ഥാപനം നടത്തി. രക്ഷിതാക്കൾക്കായുള്ള, സ്പെഷ്യൽ ട്രെയിനിംഗ് ആന്റ് എംപവർമെന്റ് പ്രോഗ്രാം ('സ്റ്റെപ്സ്'), മൊബൈൽ മെഡിക്കൽ യൂണിറ്റായ 'റീഹാബ് ഓൺ വീൽസ്', യാത്രാ സൗകര്യമായ 'വീൽ ട്രാൻസ്' എന്നിവയും ഇവിടെ നടപ്പിലാക്കുന്നു. ഇവിടുത്തെ 'സി-മാറ്റ്' യൂണിറ്റ് സർക്കാർ ഏജൻസികളുമായി സഹകരിച്ച് സഹായ ഉപകരണങ്ങൾ നിർമ്മിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്നു.

**കമ്മ്യൂണിറ്റി ഡിസബിലിറ്റി മാനേജ്മെന്റ് ആൻഡ് റീഹാബിലിറ്റേഷൻ പ്രോഗ്രാം (CDMRP)**: കോഴിക്കോട് സർവ്വകലാശാലയിലെ സൈക്കോളജി വിഭാഗത്തിന്റെ കീഴിലുള്ളതും സാമൂഹിക നീതി വകുപ്പിന്റെ പിന്തുണയോടെ പ്രവർത്തിക്കുന്നതുമായ ഒരു വ്യാപന കേന്ദ്രമാണിത്. വികാസപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി പ്രതിരോധത്തിനും പ്രാരംഭ ഇടപെടലിനും പുനരധിവാസത്തിനുമായുള്ള സമഗ്രമായ തെളിവ് അധിഷ്ഠിത സാമൂഹ്യസേവനങ്ങളും പുനരധിവാസവും ഇവിടെ നൽകുന്നു.

**ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആൻഡ് ന്യൂറോ സയൻസസ് (IMHANS)**: 1982-ൽ കോഴിക്കോട് സ്ഥാപിതമായ ഇംഹാൻസ്, മുതിർന്നവർക്കായുള്ള സൈക്യാട്രി യൂണിറ്റുകൾ, ചൈൽഡ് ഡെവലപ്മെന്റ് സെന്റർ, ഓട്ടിസം സെന്റർ എന്നിവയിലൂടെ മാനസികാരോഗ്യ പരിരക്ഷ നൽകുന്നു. വിട്ടുമാറാത്ത മാനസികരോഗമുള്ളവർക്കായുള്ള പുനരധിവാസ പദ്ധതികളും വയനാട്ടിലെ ഗോത്രവർഗ്ഗക്കാർക്കുള്ള മനഃശാസ്ത്ര പിന്തുണയും ഇംഹാൻസ് ഉറപ്പാക്കുന്നു. 2023-24 കാലയളവിൽ 24,617 കേസുകൾ ഇവിടെ കൈകാര്യം ചെയ്തു.

**കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ (KSHPWC)**:വിവിധ പിന്തുണാ സേവനങ്ങളിലൂടെയും സാമ്പത്തിക സഹായ പദ്ധതികളിലൂടെയും ഭിന്നശേഷിക്കാരെ ശാക്തീകരിക്കുന്നതിൽ വികലാംഗ ക്ഷേമ കോർപ്പറേഷൻ ശ്രദ്ധേയമായ മുന്നേറ്റം നടത്തിയിട്ടുണ്ട്. 2019-20 കാലയളവിൽ 1,213 ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങളും, 141 പേർക്ക് സ്വയംതൊഴിൽ വായ്പകളും നൽകിയതിനൊപ്പം 1,000 കാഴ്ചപരിമിതർക്ക് സ്മാർട്ട്ഫോണുകളും ലഭ്യമാക്കി. 2020-21ൽ 4,408 പേർക്ക് സഹായ ഉപകരണങ്ങളും, 606 കുട്ടികൾക്ക് ഫിക്സഡ് ഡെപ്പോസിറ്റ് ആനുകൂല്യങ്ങളും, 165 പേർക്ക് സൈഡ് വീൽ സ്കൂട്ടറുകളും വിതരണം ചെയ്തു. 2022-23ൽ 1,124 പേർക്ക് സഹായ ഉപകരണങ്ങളും 373 പേർക്ക് സ്വയംതൊഴിൽ സഹായവും നൽകി. 2023-24ൽ 733 പേർക്ക് സഹായ ഉപകരണങ്ങൾ നൽകിയതിന് പുറമെ, 132 ഭിന്നശേഷിക്കാർക്ക് ഈടുരഹിതമായി 25,000 രൂപ വീതം ധനസഹായവും 731 വിദ്യാർത്ഥികൾക്ക് 5,000 രൂപ വീതവും നൽകുകയുണ്ടായി. 2024-25ൽ 893 പേർക്ക് സഹായ ഉപകരണങ്ങളും 140 പേർക്ക് ഈടുരഹിത ധനസഹായം 25,000 രൂപ വീതം നൽകി; കൂടാതെ 269 ഭിന്നശേഷിക്കാർക്ക് സ്വയംതൊഴിൽ വായ്പകളും 664 വിദ്യാർത്ഥികൾക്ക് 5,000 രൂപ വീതവും വിതരണം ചെയ്തു. ഭിന്നശേഷിക്കാർക്കായി സ്വയംസഹായ സംഘങ്ങൾ രൂപീകരിക്കുന്നതിനായി 'സുശക്തി' എന്ന പേരിൽ ഒരു സംസ്ഥാനതല പദ്ധതിക്ക് കോർപ്പറേഷൻ ഈയിടെ തുടക്കം കുറിച്ചിട്ടുണ്ട്.

**സ്റ്റേറ്റ് കമ്മീഷണറേറ്റ് ഫോർ പേഴ്സൺസ് വിത്ത് ഡിസബിലിറ്റീസ്**: ഭിന്നശേഷിക്കാർക്കുള്ള പദ്ധതികൾ, ഫണ്ട് വിനിയോഗം, പരാതി പരിഹാരം, ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവ കമ്മീഷണറേറ്റ് മേൽനോട്ടം വഹിക്കുന്നു. 1995-ലെ ഭിന്നശേഷിക്കാരുടെ ആക്റ്റിന് കീഴിലാണ് ഇത് സ്ഥാപിതമായത്. കമ്മീഷണറേറ്റ് ഗുണഭോക്താക്കൾക്കു വേണ്ടിയുള്ള സെമിനാറുകൾ സംഘടിപ്പിക്കുന്നു.

**മുന്നോട്ടുള്ള വഴി**

ഭിന്നശേഷിക്കാർക്കുള്ള സേവന വിതരണത്തിൽ ചില വിടവുകൾ നിലനിൽക്കുന്നുണ്ട്. വകുപ്പുകൾ തമ്മിലുള്ള ഏകോപനക്കുറവ് കാര്യക്ഷമതയെ ബാധിക്കുന്നു. ഗ്രാമപ്രദേശങ്ങളിൽ പ്രത്യേകിച്ചും, നേരത്തെയുള്ള ഇടപെടലുകളും ഉൾക്കൊള്ളുന്ന വിദ്യാഭ്യാസവും കൂടുതൽ ശക്തമാക്കേണ്ടതുണ്ട്. ഭിന്നശേഷിക്കാർക്ക് തൊഴിൽ, ഉപജീവന മാർഗ്ഗങ്ങൾ എന്നിവ ഉറപ്പാക്കുന്നതിലും ജോലിസ്ഥലങ്ങൾ അവർക്ക് പ്രാപ്യമാക്കുന്നതിലും പ്രത്യേക ശ്രദ്ധ ആവശ്യമാണ്.

ഭാവിയിലേക്ക് നോക്കുമ്പോൾ, ഭിന്നശേഷി സമാവേശത്തിനായുള്ള കേരളത്തിന്റെ വിഷൻ, 2055 സംസ്ഥാനത്തെ ഒരു ആഗോള മാതൃകയാക്കാൻ വിഭാവനം ചെയ്യുന്നു. സാർവത്രികമായ പ്രാപ്യത, സാമൂഹ്യാധിഷ്ഠിത പരിചരണം, ഡാറ്റാ അധിഷ്ഠിത അനുശാസനം എന്നിവയിൽ ഊന്നിയുള്ളതാണ് ഈ സമീപനം. സാർവത്രികമായ സ്ക്രീനിംഗ്, സമാവേശക വിദ്യാഭ്യാസം, എല്ലാ ഭിന്നശേഷിക്കാർക്കും സമഗ്രമായ സാമ്പത്തിക ശാക്തീകരണം എന്നിവ തന്ത്രപരമായ നാഴികക്കല്ലുകളിൽ ഉൾപ്പെടുന്നു.

## അധ്യായം 9

# വയോജന ശാക്തീകരണം

കേരള സർക്കാർ ഗണ്യമായ പൊതുനിക്ഷേപങ്ങളുടെ പിന്തുണയോടെ, സമഗ്രവും അവകാശാധിഷ്ഠിതവുമായ സമീപനം സ്വീകരിച്ച് മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായി ശ്രദ്ധേയമായ മുന്നേറ്റങ്ങൾ കൈവരിച്ചിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷത്തിൽ സംസ്ഥാന നിയമസഭ 36,812.1 കോടി രൂപയുടെ 'വയോജന ബജറ്റ്' പാസാക്കി; ഇത് മൊത്തം സംസ്ഥാന ബജറ്റിന്റെ 18.74 ശതമാനമാണ്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ടുള്ള ഈ ബജറ്റിൽ പെൻഷൻ, ആരോഗ്യ പരിപാലനം, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയ്ക്കായുള്ള നിക്ഷേപങ്ങൾ ഉൾപ്പെടുന്നു. കേരളത്തിലെ 75 ശതമാനത്തിലധികം വയോധികരും പെൻഷൻ പദ്ധതികളുടെ പരിധിയിൽ വരുന്നുണ്ട്. വരുമാന സുരക്ഷയും വ്യക്തിഗത അന്തസ്സും ഉറപ്പുവരുത്തുക എന്നതാണ് ഇതിന്റെ ലക്ഷ്യം. പ്രത്യേക ക്ലിനിക്കുകൾ, പ്രതിരോധ കുത്തിവെപ്പ് പരിപാടികൾ, വയോജന സൗഹൃദ ആശുപത്രികൾ, ടെലിമെഡിസിൻ, കൂടാതെ വയോമിത്രം, സായംപ്രഭ തുടങ്ങിയ സാമൂഹിക സംരംഭങ്ങളിലൂടെ കേരളം വാർദ്ധക്യകാല ആരോഗ്യ പരിപാലന സംവിധാനം ശക്തിപ്പെടുത്തി. സ്ഥാപനപരമായ പരിചരണവും വീടുകൾ കേന്ദ്രീകരിച്ചുള്ള പരിചരണവും വിപുലീകരിച്ച സർക്കാർ, വൃദ്ധസദനങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കുകയും വിദ്യാഭ്യാസം, ഉപജീവനമാർഗങ്ങൾ, കുടുംബശ്രീ ശൃംഖലകൾ എന്നിവയിലൂടെ സജീവമായ വാർദ്ധക്യകാല ജീവിതം പ്രോത്സാഹിപ്പിക്കുകയും ചെയ്തു. മുതിർന്ന പൗരന്മാരുടെ നിയമപരമായ പരിരക്ഷ, സാമൂഹികമായ ഉൾച്ചേർക്കൽ, ശേഷി വികസനം എന്നീ കാര്യങ്ങൾക്കായി കേരള സർക്കാർ പുതുതായി ഒരു വയോജന കമ്മീഷനെയും നിയോഗിച്ചിട്ടുണ്ട്.

ജനസംഖ്യാപരമായ പ്രവണതകൾ സൂചിപ്പിക്കുന്നത് കേരളം നിലവിൽ ജനസംഖ്യാപരമായ പരിവർത്തനത്തിന്റെ ഒരു നിർണ്ണായക ഘട്ടത്തിലൂടെയാണ് കടന്നുപോകുന്നത്. ദേശീയ ശരാശരിയെക്കാൾ കിഴക്കൻ ഏഷ്യൻ, യൂറോപ്യൻ രാജ്യങ്ങളോട് സാമ്യമുള്ള ജനസംഖ്യാ സ്വഭാവം പ്രകടമാക്കുന്ന കേരളം, ഇന്ത്യയിൽ ഏറ്റവും വേഗത്തിൽ വയോധിക സമൂഹമായി മാറിക്കൊണ്ടിരിക്കുന്ന സംസ്ഥാനമായി തുടരുന്നു. സ്ത്രീ വിദ്യാഭ്യാസവും തൊഴിൽ പങ്കാളിത്തവും മൂലം പതിറ്റാണ്ടുകളായി തുടരുന്ന കുറഞ്ഞ ജനനനിരക്ക്, വർദ്ധിച്ച ആയുർദൈർഘ്യം (പ്രത്യേകിച്ച് സ്ത്രീകളിൽ), ജോലി ചെയ്യാൻ പ്രായമുള്ളവരുടെ വൻതോതിലുള്ള വിദേശ കുടിയേറ്റം മൂലം വയോജനങ്ങൾ മാത്രമുള്ള വീടുകളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് എന്നീ മൂന്ന് പ്രധാന ഘടകങ്ങളാണ് ഈ ദ്രുതഗതിയിലുള്ള വാർദ്ധക്യത്തിന് അടിസ്ഥാനം നൽകുന്നത്.

15 മുതൽ 59 വയസ്സ് വരെ പ്രായമുള്ള, തൊഴിലെടുക്കാൻ ശേഷിയുള്ള 100 പേർക്ക് ആനുപാതികമായി 60 വയസ്സോ അതിനു മുകളിലോ പ്രായമുള്ളവർ എത്രപേരുണ്ട് എന്ന് അളക്കുന്ന വാർദ്ധക്യ ആശ്രിത അനുപാതം, കേരളത്തിൽ 2011-ലെ 19.6 ശതമാനത്തിൽ നിന്ന് 2021-ൽ 26.1 ശതമാനമായി ക്രമമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഇത് 2031 ഓടെ 34.3 ശതമാനത്തിലെത്തുമെന്ന് പ്രവചിക്കപ്പെടുന്നു; ഇത് ദേശീയ ശരാശരിയുടെ ഇരട്ടിയിലധികമാണ്. ജോലി ചെയ്യാൻ പ്രായമുള്ളവരുമായി താരതമ്യം ചെയ്യുമ്പോൾ 80 വയസ്സിന് മുകളിലുള്ളവരുടെ എണ്ണത്തെ സൂചിപ്പിക്കുന്ന 'അതിവയോധിക ആശ്രിതാനുപാതം' ഇതിന് സമാനമായി ശ്രദ്ധിക്കേണ്ട ഒന്നാണ്. വയോധികരുടെ പൊതുവായ വിഭാഗത്തെക്കാൾ വേഗത്തിൽ ഈ ഉപവിഭാഗം വികസിച്ചുകൊണ്ടിരിക്കുന്നു, ഇത് 2031-ഓടെ കേരളത്തിലെ ജനസംഖ്യയുടെ 8.5 ശതമാനത്തിലെത്തുമെന്ന് പ്രതീക്ഷിക്കുന്നു. അതിവയോധികരുടെ വർദ്ധിച്ചുവരുന്ന ഈ അനുപാതം ആരോഗ്യപരിചരണത്തിനും ദീർഘകാല സ്ഥാപനപരമായ പരിചരണത്തിനുമുള്ള ആവശ്യകത വർദ്ധിപ്പിക്കുന്നു, കൂടാതെ ഇത് പരിചരണ സംവിധാനങ്ങൾ, ആരോഗ്യ അടിസ്ഥാന സൗകര്യങ്ങൾ, ധനനയം എന്നിവയിൽ വലിയ സ്വാധീനം ചെലുത്തുകയും ചെയ്യുന്നു.

കേരളത്തിന്റെ കരട് സംസ്ഥാന വയോജന നയം (2024), മുതിർന്ന പൗരന്മാരുടെ കഴിവിനെയും അനുഭവസമ്പത്തിനെയും സമൂഹത്തിന്റെയും സാമൂഹിക വികസനത്തിന്റെയും പ്രധാന പങ്കാളികളായി അംഗീകരിക്കുന്ന ഒരു അവകാശാധിഷ്ഠിത സമീപനത്തിന് ഊന്നൽ കൊടുക്കുന്നു. വയോജനങ്ങളുടെ സാമ്പത്തിക സ്വയംപര്യാപ്തത പ്രോത്സാഹിപ്പിക്കുക, സാമൂഹിക ഉൾക്കൊള്ളൽ ഉറപ്പാക്കുക, അവരെ പീഡനങ്ങളിൽ നിന്നും ദുരിതങ്ങളിൽ നിന്നും സംരക്ഷിക്കുക, ജീവിതത്തിന്റെ എല്ലാ മേഖലകളിലും സജീവവും ഉൽപ്പാദനപരവുമായ പങ്കാളിത്തത്തെ പിന്തുണയ്ക്കുന്ന വയോജന സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുക എന്നിവയാണ് നിലവിലെ സർക്കാർ നയം ലക്ഷ്യമിടുന്നത്.

### വാർദ്ധക്യത്തിന്റെ ഗുണമേന്മയെ സ്വാധീനിക്കുന്ന ഘടകങ്ങൾ

**ലിംഗഭേദം**: കേരളത്തിലെ വയോജന ജനസംഖ്യയിൽ പ്രകടമായ ലിംഗപരമായ അസമത്വം നിലനിൽക്കുന്നുണ്ട്. 2011-ലെ സെൻസസ് പ്രകാരം, മുതിർന്ന പൗരന്മാർക്കിടയിലെ (60-64 വയസ്സ്) സ്ത്രീ-പുരുഷ അനുപാതം 1000 പുരുഷന്മാർക്ക് ഏകദേശം 1064 സ്ത്രീകൾ എന്ന നിലയിലായിരുന്നു; ഇത് ജീവിതത്തിന്റെ അവസാന ഘട്ടങ്ങളിൽ സ്ത്രീകളുടെ ആധിക്യത്തെ വ്യക്തമായി സൂചിപ്പിക്കുന്നു. ഉയർന്ന പ്രായവിഭാഗങ്ങളിൽ ഈ അസമത്വം കൂടുതൽ പ്രകടമാണ്. 80 വയസ്സിനു മുകളിലുള്ളവർക്കിടയിൽ ഈ അനുപാതം 1000 പുരുഷന്മാർക്ക് 1651-ലധികം സ്ത്രീകൾ എന്ന നിലയിലാണ്. പുരുഷന്മാരുടെ ആയുർദൈർഘ്യം 71.9 വർഷമായിരിക്കുമ്പോൾ സ്ത്രീകളുടേത് 78.4 വർഷമായി കണക്കാക്കപ്പെടുന്നു; ആയുർദൈർഘ്യത്തിലെ ഈ വ്യത്യാസമാണ് ഈ പ്രവണതയ്ക്ക് പിന്നിലെ പ്രധാന കാരണം. പതിറ്റാണ്ടുകളായി ആരോഗ്യപരിചരണ രംഗത്തുണ്ടായ പുരോഗതിയും മാതൃമരണനിരക്കിലെ കുറവും സ്ത്രീകളുടെ ആയുസ്സ് വർദ്ധിപ്പിച്ചു; ഇത് ജനസംഖ്യാ ശാസ്ത്രജ്ഞർ 'വാർദ്ധക്യത്തിന്റെ സ്ത്രീവൽക്കരണം' എന്ന് വിളിക്കുന്ന പ്രതിഭാസത്തിന് കാര

ണമായി. ജനസംഖ്യാപരമായ ഈ രീതിക്ക് സുപ്രധാനമായ സാമൂഹിക-സാമ്പത്തിക പ്രത്യാഘാതങ്ങളുണ്ട്. സ്ത്രീകളുടെ ഉയർന്ന അതിജീവന നിരക്ക് അർത്ഥമാക്കുന്നത് വയോധികരായ സ്ത്രീകളിൽ വലിയൊരു വിഭാഗം കുടുംബത്തിന്റെ മതിയായ പിന്തുണയില്ലാതെ ഒറ്റയ്ക്കോ പങ്കാളിയെക്കൂടാതെയോ വിധവകളായോ ജീവിക്കുന്നു എന്നാണ്. തൽഫലമായി, പ്രത്യേകിച്ച് സ്വത്തവകാശവും സമ്പാദ്യവും കുറവുള്ള സാഹചര്യങ്ങളിൽ, മുതിർന്ന സ്ത്രീകൾ ദാരിദ്ര്യം, പരാശ്രയത്വം, സാമൂഹിക ഒറ്റപ്പെടൽ എന്നിവ നേരിടാനുള്ള സാധ്യത കൂടുതലാണ്. ഈ വെല്ലുവിളികളെ നേരിടാൻ സാമ്പത്തിക സുരക്ഷിതത്വം, ലളിതമായ ആരോഗ്യ പരിരക്ഷ, വയോധികരായ സ്ത്രീകളുടെ ആവശ്യങ്ങൾക്കനുസൃതമായി രൂപപ്പെടുത്തിയ സാമൂഹിക പിന്തുണാ സംവിധാനങ്ങൾ എന്നിവ ഉറപ്പാക്കുന്ന ലിംഗസമത്വത്തിലധിഷ്ഠിതമായ നയങ്ങൾ ആവശ്യമാണ്.

**ഗ്രാമ – നഗര രീതികൾ**: കേരളത്തിന്റെ ജനസംഖ്യാ ചിത്രം ഗ്രാമ-നഗര വ്യത്യാസമില്ലാതെ വ്യാപകമായ വാർദ്ധക്യ പ്രക്രിയയ്ക്ക് വിധേയമാണെങ്കിലും, അതിന്റെ അളവും പ്രത്യാഘാതങ്ങളും പ്രധാനപ്പെട്ട രീതികളിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. ജനസംഖ്യയുടെ പകുതിയോളം നഗരപ്രദേശങ്ങളിൽ താമസിക്കുന്ന, ഇന്ത്യയിലെ ഏറ്റവും കൂടുതൽ നഗരവൽക്കരിക്കപ്പെട്ട സംസ്ഥാനങ്ങളിൽ ഒന്നായിരുന്നിട്ടും കേരളത്തിലെ ഗ്രാമപ്രദേശങ്ങളിൽ വയോജനങ്ങളുടെ അനുപാതം കൂടുതലായി തുടരുന്നു. 'ഇന്ത്യ ഏജിംഗ് റിപ്പോർട്ട് 2023' പ്രകാരം, 2021-ൽ കേരളത്തിലെ ഗ്രാമീണ ജനസംഖ്യയുടെ ഏകദേശം 17.5 ശതമാനം 60 വയസ്സും അതിനുമുകളിലും പ്രായമുള്ളവരായിരുന്നു; എന്നാൽ നഗരപ്രദേശങ്ങളിൽ ഇത് 15.4 ശതമാനമായിരുന്നു. 'ഇന്ത്യ മൈഗ്രേഷൻ റിപ്പോർട്ട് 2017' വ്യക്തമാക്കുന്നത് ഗ്രാമങ്ങളിൽ വയോജനങ്ങൾ കേന്ദ്രീകരിക്കപ്പെടുന്നതിന്റെ ഒരു കാരണം ജോലി ചെയ്യാൻ പ്രായമുള്ളവർ തുടർച്ചയായി വിദേശങ്ങളിലേക്കും മറ്റും കുടിയേറുന്നതാണെന്നാണ്; ഇവർ തങ്ങളുടെ പ്രായമായ മാതാപിതാക്കളെയും ബന്ധുക്കളെയും ഗ്രാമങ്ങളിൽ തനിച്ചാക്കി പോകുന്നു. കുറഞ്ഞ ജനനനിരക്കും പരമ്പരാഗത കൂട്ടുകുടുംബ വ്യവസ്ഥയുടെ തകർച്ചയും ഈ "ഒറ്റപ്പെട്ടുപോകുന്ന" വയോജനങ്ങളുടെ അവസ്ഥയെ കൂടുതൽ സങ്കീർണ്ണമാക്കുന്നു; ഇത് ഗ്രാമീണ മേഖലകളിൽ ദുർബലമായ ഒരു വയോധിക ജനസംഖ്യ രൂപപ്പെടാൻ കാരണമാകുന്നു.

**തിരിച്ചെത്തുന്ന പ്രവാസികൾ**: കേരളം ഇന്ന് പ്രായമായ പ്രവാസികളുടെ സ്ഥിരമായ തിരിച്ചുവരവിനും സാക്ഷ്യം വഹിക്കുന്നുണ്ട്; ഇവരിൽ ഭൂരിഭാഗവും ഇപ്പോൾ അമ്പതുകളുടെ അവസാനത്തിലോ എഴുപതുകളിലോ എത്തിയവരാണ്. പ്രവാസകാലത്തെ തൊഴിൽപരമായ വെല്ലുവിളികളും പ്രതിരോധ ചികിത്സയുടെ അഭാവവും മൂലം പ്രമേഹം, ഹൃദയസംബന്ധമായ അസുഖങ്ങൾ, പേശീ-അസ്ഥി സംബന്ധമായ പ്രശ്നങ്ങൾ തുടങ്ങിയ വിട്ടുമാറാത്ത ആരോഗ്യപ്രശ്നങ്ങൾ ഈ വിഭാഗത്തിൽ വ്യാപകമാണ്[1]. മതിയായ സമ്പാദ്യമില്ലാതെയോ അപ്രതീക്ഷിതമായ ആരോഗ്യപ്രശ്നങ്ങളുമായോ മടങ്ങിയെത്തുന്നവർക്ക് പാർപ്പിടമില്ലായ്മ, സാമൂഹിക പദവിയിലെ ഇടിവ്, അവഗണന എന്നിവ നേരിടേണ്ടി വരുന്നതിനാൽ പ്രാദേശിക സമൂഹങ്ങളിലേക്കുള്ള പുനരേകീകരണം പലപ്പോഴും പ്രയാസകരമാകാറുണ്ട്. ഇതിനെ പ്രതിരോധിക്കാനുള്ള പദ്ധതികളിലൊന്നാണ് കേരള പ്രവാസി ക്ഷേമ ബോർഡ് 60 വയസ്സിന് ശേഷം നൽകുന്ന പ്രതിമാസം 2,000 രൂപയുടെ പ്രവാസി പെൻഷൻ. ഈ പെൻഷനുള്ള ഏറ്റവും കുറഞ്ഞ പ്രതിമാസ വിഹിതം വിദേശത്തുള്ള പ്രവാസി കേരളീയർക്ക് 300 രൂപയും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലുള്ള പ്രവാസി കേരളീയർക്ക് 100 രൂപയുമാണ്.

**സാമ്പത്തിക നില**: 'എൽഡർലി ഇൻ ഇന്ത്യ റിപ്പോർട്ട് 2021' പ്രകാരം, കേരളത്തിലെ 72 ശതമാനം വയോധികരായ സ്ത്രീകളും 31 ശതമാനം വയോധികരായ പുരുഷന്മാരും സാമ്പത്തികമായി മറ്റുള്ളവരെ ആശ്രയിക്കുന്നവരാണ്; വാർദ്ധക്യകാലത്തെ തൊഴിൽ പങ്കാളിത്തത്തിലെ കുറവും മതിയായ വരുമാന പിന്തുണയുടെ അഭാവവും ഉൾപ്പെടുന്ന ദേശീയ പ്രവണത തന്നെയാണ് ഇവിടെയും പ്രതിഫലിക്കുന്നത്. ജനസംഖ്യാപരമായ മാറ്റങ്ങൾ മൂലം കേരളത്തിലെ മൊത്തം തൊഴിൽശക്തി ക്രമേണ കുറഞ്ഞുവരികയാണെങ്കിലും, ഗ്രാമപ്രദേശങ്ങളിലെ വയോജനങ്ങളിൽ വലിയൊരു വിഭാഗം ഇപ്പോഴും അസംഘടിത മേഖലയിലോ ഉപജീവനത്തിനായുള്ള തൊഴിലുകളിലോ ഏർപ്പെടുന്നുണ്ട്. സംസ്ഥാന സർക്കാർ നൽകുന്ന സാമൂഹിക സുരക്ഷാ പെൻഷനുകൾ, വിദേശത്തുള്ള മക്കൾ അയക്കുന്ന പണം, കാർഷിക വേതനം, അസംഘടിത മേഖലയിലെ പരിമിതമായ വരുമാനം എന്നിവയാണ് കേരളത്തിലെ വയോജനങ്ങളുടെ പ്രധാന വരുമാന സ്രോതസ്സുകൾ. എന്നിരുന്നാലും, കുടുംബത്തെയോ പെൻഷനെയോ മാത്രം ആശ്രയിച്ച് കഴിയുന്ന വയോജനങ്ങളുടെ അനുപാതം വർദ്ധിച്ചിട്ടുണ്ട്. 50 മുതൽ 65 വയസ്സുവരെയുള്ളവർക്ക് സ്വയംതൊഴിൽ സഹായം നൽകുന്ന 'നവജീവൻ' പോലുള്ള പദ്ധതികൾ ഈ പ്രതിസന്ധിയെ നേരിടാൻ ലക്ഷ്യമിടുന്നു. വയോജനങ്ങൾക്കായി രണ്ടാം തൊഴിൽ അവസരങ്ങൾ ഒരുക്കുന്നതിനും, അവർക്കായി അനുയോജ്യമായ തൊഴിലിടങ്ങൾ സൃഷ്ടിക്കുന്നതിനും, പ്രാദേശിക സൂക്ഷ്മ സംരംഭങ്ങളിൽ അവർക്ക് പങ്കാളിത്തം നൽകുന്നതിനായി സാമ്പത്തിക ആനുകൂല്യങ്ങൾ ഉറപ്പാക്കുന്നതിനും ഔദ്യോഗികമായ സംവിധാനങ്ങൾ ആവശ്യമാണ്. ഇന്ദിരാഗാന്ധി നാഷണൽ ഓൾഡ് ഏജ് പെൻഷൻ സ്കീം പോലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളെ സംസ്ഥാനത്തിന്റെ വിപുലമായ വിഹിതവുമായി സംയോജിപ്പിച്ചുകൊണ്ട് ഇന്ത്യയിലെ തന്നെ ഏറ്റവും വിപുലമായ സാമൂഹിക സുരക്ഷാ പെൻഷൻ സംവിധാനങ്ങളിലൊന്നാണ് കേരളം നടപ്പിലാക്കുന്നത്.

കേരളത്തിലെ വയോജനങ്ങൾ സാംക്രമികേതര രോഗങ്ങളുടെ വ്യാപനം, ഒന്നിലധികം രോഗാവസ്ഥകൾ ഒരേ സമയം ഉണ്ടാകുന്നത്, ഇൻഷുറൻസ് പരിരക്ഷയുടെ സാവധാനത്തിലുള്ള വളർച്ച എന്നിവ കാരണം വലിയ തോതിൽ സ്വന്തം കൈയ്യിൽ നിന്നുള്ള ആരോഗ്യച്ചെലവുകൾ നേരിടുന്നു. നാഷണൽ സാമ്പിൾ സർവേയുടെ (2017-18) 75-ാം വട്ട കണക്കെടുപ്പ് പ്രകാരം, കേരളത്തിലെ വയോജനങ്ങളുള്ള കുടുംബങ്ങളിൽ ഏകദേശം 27 ശതമാനം പേരും 'ദുരന്തപൂർണ്ണമായ ആരോഗ്യച്ചെലവുകൾ' അനുഭവിക്കുന്നു; അതായത്, മൊത്തം കുടുംബ ഉപഭോഗത്തിന്റെ 10

1 ഷാഹുൽ ഹമീദ് ഇ റ്റി എ എൽ -2013

ശതമാനത്തിലധികം തുക ആരോഗ്യ സംരക്ഷണത്തിനായി ചെലവഴിക്കേണ്ടി വരുന്നു. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വയോജനങ്ങളിൽ വലിയൊരു വിഭാഗത്തിന് പണമില്ലാതെയുള്ള ചികിത്സാ സഹായം നൽകി അവരെ പിന്തുണയ്ക്കുന്നു.

കേരളത്തിലെ വയോജനങ്ങളിൽ, പ്രത്യേകിച്ച് ഗ്രാമ പ്രദേശങ്ങളിലുള്ളവരും കുറഞ്ഞ വരുമാനമുള്ളവരും, ഔദ്യോഗിക സാമ്പത്തിക സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽ വലിയ വെല്ലുവിളികൾ നേരിടുന്നുണ്ട്. ബാങ്കിംഗ് ഇടപാടുകൾക്കായി പലരും ബന്ധുക്കളെയോ ഏജന്റുമാരെയോ പോലുള്ള ഇടനിലക്കാരെ ആശ്രയിക്കുന്നു; ഇത് പലപ്പോഴും തട്ടിപ്പിനും തങ്ങളുടെ സാമ്പത്തിക കാര്യങ്ങളിലുള്ള നിയന്ത്രണം നഷ്ടപ്പെടുന്നതിനും കാരണമാകുന്നു. കേരളത്തിന്റെ കരട് വയോജന നയം (2024), വയോജനങ്ങൾക്കായി സജീവമായ സാമ്പത്തിക സാക്ഷരതാ പരിപാടികൾ നടത്താനും, പെൻഷൻ വൈകുന്നതിലുള്ള പരാതി പരിഹാര സംവിധാനങ്ങൾ മെച്ചപ്പെടുത്താനും, മുതിർന്ന പൗരന്മാരുടെ ആവശ്യങ്ങൾക്കനുസൃതമായ സുരക്ഷിതമായ സമ്പാദ്യ-വായ്പാ പദ്ധതികൾ പ്രോത്സാഹിപ്പിക്കാനും ശുപാർശ ചെയ്യുന്നു.

കേരളത്തിലെ വയോജനങ്ങളുടെ സാമ്പത്തിക പരാശ്രയത്വം ലിംഗഭേദമനുസരിച്ചും പ്രദേശത്തിനനുസരിച്ചും വലിയ വ്യത്യാസങ്ങൾ പ്രകടിപ്പിക്കുന്നു. ഗ്രാമീണ കേരളത്തിലെ വയോധികരായ സ്ത്രീകൾ സ്വത്തിന്റെ അഭാവം, ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങളുടെ പരിമിതമായ ലഭ്യത എന്നീ പ്രശ്നങ്ങൾ നേരിടുന്നു; കൂടാതെ അവർ ഒറ്റയ്ക്കോ അല്ലെങ്കിൽ പേരക്കുട്ടികൾ മാത്രമുള്ള വീടുകളിലോ താമസിക്കാനുള്ള സാധ്യത കൂടുതലാണ്. നഗരപ്രദേശങ്ങളിലെ വയോധികരായ സ്ത്രീകൾക്ക് പെൻഷൻ പരിരക്ഷയുടെ കാര്യത്തിൽ അല്പം ഭേദപ്പെട്ട നിലയിലാണെങ്കിലും, ഉയർന്ന ജീവിതച്ചെലവും കുടുംബ ഘടനയിലെ മാറ്റങ്ങൾ മൂലമുള്ള കുറഞ്ഞ കുടുംബപിന്തുണയും അവർക്ക് വലിയ വെല്ലുവിളിയാകുന്നു. ഈ ലിംഗപരമായ സാമ്പത്തിക പരാശ്രയത്വം പരിഹരിക്കുന്നതിന്, വയോധികരായ സ്ത്രീകൾക്ക് വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുകയും, അവരുടെ പേരിൽ സ്വത്തുക്കളുടെ പ്രമാണങ്ങൾ സൃഷ്ടിക്കുന്നതും ഉറപ്പാക്കുകയും, വയോജനങ്ങൾക്കായുള്ള സ്വയംസഹായ സംഘങ്ങളിൽ അവരുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുകയും വേണം. കൂടാതെ, സ്ത്രീകൾക്കായി പ്രത്യേക പെൻഷൻ വിഹിതം, വിധവാ ആനുകൂല്യങ്ങൾ, സ്വത്ത് തട്ടിയെടുക്കുന്നതിനെതിരെയുള്ള നിയമസഹായം എന്നിവ ഈ ലിംഗപരമായ വിടവ് നികത്തുന്നതിൽ നിർണ്ണായക പങ്ക് വഹിക്കും. ദേശീയ ഗ്രാമീണ ഉപജീവന മിഷന് കീഴിലുള്ള കേരളത്തിന്റെ സ്റ്റേറ്റ് റൂറൽ ലൈവ്‌ലിഹുഡ് മിഷൻ വഴി കുടുംബശ്രീ നടപ്പിലാക്കുന്ന 'വയോജന ഉൾക്കൊള്ളൽ' പദ്ധതിയിലൂടെ, വയോജനങ്ങൾക്ക് സാമൂഹികവും മാനസികവുമായ പിന്തുണ നൽകുന്നതിനൊപ്പം അയൽക്കൂട്ട ശൃംഖലകൾ വഴി പഞ്ചായത്ത് തലത്തിൽ അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള സംവിധാനവും ഒരുക്കുന്നു.

**ആരോഗ്യ – സാമൂഹിക നില**: കേരളത്തിലെ വയോജന ജനസംഖ്യ, പ്രത്യേകിച്ച് സാംക്രമികേതര രോഗങ്ങൾ (NCDs), മാനസികാരോഗ്യ പ്രശ്നങ്ങൾ, ഡിമെൻഷ്യ പോലുള്ള ബോധനപരമായ തകരാറുകൾ എന്നിവയിൽ നിന്ന് ആനുപാതികമല്ലാത്ത രോഗാവസ്ഥ നേരിടുന്നു. ലോഞ്ചിറ്റ്യൂഡിനൽ ഏജിംഗ് സ്റ്റഡി ഇൻ ഇന്ത്യ (LASI) വേവ് 1 (2017-18) പ്രകാരം, കേരളത്തിലെ മുതിർന്നവരിൽ 70 ശതമാനത്തിലധികം പേർക്കും ചുരുങ്ങിയത് ഒരു വിട്ടുമാറാത്ത രോഗാവസ്ഥയുണ്ട്; രക്തസമ്മർദ്ദം, പ്രമേഹം, സന്ധിവാതം, ഹൃദയസംബന്ധമായ അസുഖങ്ങൾ എന്നിവയാണ് ഇതിൽ ഏറ്റവും വ്യാപകമായവ. ഇൻഡ്യ ഏജിംഗ് റിപ്പോർട്ട് 2023 പ്രകാരം വിഷാദം, ഉത്കണ്ഠ എന്നിവയുൾപ്പെടെയുള്ള മാനസികാരോഗ്യ പ്രശ്നങ്ങളും ഗൗരവകരമാണ്; കേരളത്തിലെ നാലിൽ ഒരു വയോധികൻ മാനസിക വിഷമത്തിന്റെ ലക്ഷണങ്ങൾ പ്രകടിപ്പിക്കുന്നതായി പഠനങ്ങൾ കണക്കാക്കുന്നു. ഡിമെൻഷ്യ (വാർദ്ധക്യസഹജമായ ഓർമ്മക്കുറവ്) വർദ്ധിച്ചുവരുന്ന ഒരു പൊതുജനാരോഗ്യ വെല്ലുവിളിയാണ്. കേരള സ്റ്റേറ്റ് ഇനീഷ്യേറ്റീവ് ഓൺ ഡിമെൻഷ്യ (സ്മൃതി പഥം) കണക്കാക്കുന്നത് 65 വയസ്സും അതിനുമുകളിലും പ്രായമുള്ളവരിൽ ഏകദേശം 4.86 ശതമാനം പേരെ ഇത് ബാധിക്കുന്നുണ്ടെന്നാണ്. തിരിച്ചറിയൽ ശേഷി കുറയുന്ന അവസ്ഥയുടെ വ്യാപനം വർദ്ധിക്കുന്നത് കണക്കിലെടുത്ത്, ഡിമെൻഷ്യ പരിചരണ സേവനങ്ങൾ വിപുലീകരിക്കുക, പരിചരണം നൽകുന്നവർക്ക് പരിശീലനം നൽകുക, സാമൂഹികമായ ഒറ്റപ്പെടുത്തൽ ഒഴിവാക്കുന്നതിനും നേരത്തെയുള്ള രോഗനിർണ്ണയം ഉറപ്പാക്കുന്നതിനുമായി പൊതുജന ബോധവൽക്കരണം നടത്തുക എന്നിവ അടിയന്തിരമായി ആവശ്യമാണ്.

ദൈനംദിന കാര്യങ്ങൾ ചെയ്യാനുള്ള കഴിവ് (എ ഡി എൽ), ദൈനംദിന ജീവിതത്തിനാവശ്യമായ ഉപകരണ പ്രവർത്തനങ്ങൾ (ഐ എ ഡി എൽ) കഴിവ് എന്നിവയിലൂടെ അളക്കുന്ന പ്രവർത്തനക്ഷമത, മുതിർന്നവരുടെ സ്വയംഭരണാധികാരത്തിന്റെയും ജീവിതനിലവാരത്തിന്റെയും നിർണ്ണായക ഘടകമാണ്. ലാസി റിപ്പോർട്ട് പ്രകാരം കേരളത്തിലെ മുതിർന്നവരിൽ ഏകദേശം 22 ശതമാനം പേർ കുളിക്കുക, വസ്ത്രം ധരിക്കുക അല്ലെങ്കിൽ ടോയ്‌ലറ്റ് ഉപയോഗിക്കുക തുടങ്ങിയ ഏതെങ്കിലും ഒരു പ്രാഥമിക ദൈനംദിന കാര്യങ്ങൾ (എ ഡി എൽ), ചെയ്യുന്നതിൽ ബുദ്ധിമുട്ട് നേരിടുന്നു. കൂടാതെ 35 ശതമാനത്തിലധികം പേർ സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുക, മരുന്നുകൾ കൃത്യമായി കഴിക്കുക അല്ലെങ്കിൽ ആശയവിനിമയ ഉപകരണങ്ങൾ ഉപയോഗിക്കുക തുടങ്ങിയ കാര്യങ്ങളിൽ (ഐ എ ഡി എൽ) പരിമിതികൾ അനുഭവിക്കുന്നവരാണ്. ഇൻഡ്യ ഏജിംഗ് റിപ്പോർട്ട് 2023 അനുസരിച്ച്, ഈ പരിമിതികൾ 75 വയസ്സിന് മുകളിലുള്ളവരിലും വയോധികരായ സ്ത്രീകൾക്കിടയിലുമാണ് കൂടുതൽ പ്രകടമായിരിക്കുന്നത്. പ്രവർത്തനക്ഷമതയിലുണ്ടാകുന്ന കുറവ് പലപ്പോഴും മൾട്ടി-മോർബിഡിറ്റി (ഒന്നിലധികം രോഗാവസ്ഥകൾ), പോഷകാഹാരക്കുറവ്, മോശം മാനസികാരോഗ്യം എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു[2]. കേരളത്തിലെ വാർദ്ധക്യത്തിന്റെ സ്ത്രീവൽക്കരണവും (സ്ത്രീകളുടെ ആധിക്യം), പ്രത്യേകിച്ച് 80 വയസ്സിന് മുകളിലുള്ളവരുടെ വിഭാഗത്തിലെ ലിംഗപരമായ അസമത്വവും ഇത്തരത്തിലുള്ള പ്രവർത്തനക്ഷമതയിലുള്ള കുറവിൽ ലിംഗപരമായ സ്വാധീനം വ്യക്തമാക്കുന്നു.

2 ശ്രീവാസ്തവ ഇ റ്റി എ എൽ -2022

മതിയായ കുടുംബ പിന്തുണയോ സ്ഥാപനപരമായ പിന്തുണയോ ഇല്ലാത്ത സാഹചര്യത്തിൽ, ഇത്തരം പരിമിതികൾ വയോജനങ്ങളുടെ സ്വതന്ത്ര ജീവിതത്തെ ബാധിക്കുകയും പരിചരണത്തിന്റെ ഭാരം വർദ്ധിപ്പിക്കുകയും അവഗണനയോ പീഡനമോ നേരിടാനുള്ള സാധ്യത കൂട്ടുകയും ചെയ്യുന്നു.

പ്രത്യേകിച്ച് കോവിഡ്-19 മഹാമാരിക്ക് ശേഷം, കേരളത്തിലെ മുതിർന്ന പൗരന്മാർക്കിടയിൽ ആരോഗ്യ സേവനങ്ങളുടെ ഉപയോഗത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, വയോമിത്രം, മൊബൈൽ ക്ലിനിക്കുകൾ തുടങ്ങിയ പദ്ധതികളിലൂടെ ആരോഗ്യസേവനങ്ങൾ എളുപ്പത്തിൽ ലഭ്യമായതും വിട്ടുമാറാത്ത രോഗങ്ങളുടെ വർദ്ധനവുമാണ് ഈ കുതിപ്പിന് കാരണം. ശ്രദ്ധേയമായ രീതിയിൽ, ഇ-ഹെൽത്ത് സംവിധാനത്തെ സാമൂഹ്യക്ഷേമ ഡാറ്റാബേസുകളുമായി സംയോജിപ്പിച്ചത് വയോജനങ്ങളുടെ ആരോഗ്യനില കൂടുതൽ വ്യക്തമായി ട്രാക്ക് ചെയ്യാനും കൃത്യമായ സേവന വിതരണം ഉറപ്പാക്കാനും സഹായിച്ചു. ആരോഗ്യ വകുപ്പിൽ നിന്നുള്ള ഇ-ഹെൽത്ത് വിവരങ്ങൾ പ്രകാരം, മുതിർന്ന പൗരന്മാരുടെ ഔട്ട്പേഷ്യന്റ് സന്ദർശനങ്ങൾ 2019-20ലെ 7.6 ലക്ഷത്തിൽ നിന്ന് 2023-24ൽ 25 ലക്ഷമായി ഉയർന്നു; ഇതേ കാലയളവിൽ കിടത്തിച്ചികിത്സ എട്ടു മടങ്ങ് വർദ്ധിക്കുകയും ചെയ്തു.

### കേരള സർക്കാരിന്റെ ഇടപെടലുകൾ

വയോജനങ്ങളുടെ അവകാശ സംരക്ഷണത്തിലും, 2007-ലെ മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച ആക്റ്റും ഫലപ്രദമായി നടപ്പിലാക്കുന്നതിലും കേരള സർക്കാർ അതീവ താല്പര്യമെടുക്കുന്നു. മെയിന്റനൻസ് ട്രിബ്യൂണലുകൾ ശക്തിപ്പെടുത്തുക, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, എൻ.ജി.ഒകൾ എന്നിവയുമായി സഹകരിച്ച് സേവനങ്ങൾ വീട്ടുപടിക്കൽ എത്തിക്കുന്നതും ഡേ-കെയർ സൗകര്യങ്ങൾ ഒരുക്കുന്നതും ഉൾപ്പെടെയുള്ള പ്രാദേശിക തലത്തിലുള്ളസേവനങ്ങളുടെഗുണനിലവാരവുംവ്യാപ്തിയും വർദ്ധിപ്പിക്കുന്നത് ഇതിൽ ഉൾപ്പെടുന്നു. വയോജനങ്ങളോടുള്ള സാമൂഹിക കാഴ്ചപ്പാടിൽ മാറ്റം കൊണ്ടുവരാൻ സംസ്ഥാന സർക്കാർ നിലകൊള്ളുന്നു, കൂടാതെ 'സജീവ വാർദ്ധക്യം' എന്ന ആശയത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. വയോജനങ്ങളുടെ പ്രവർത്തനങ്ങൾക്കായുള്ള നോഡൽ വകുപ്പായ സാമൂഹ്യനീതി വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, പ്രാദേശിക സമൂഹങ്ങൾ എന്നിവയുൾപ്പെടെ വയോജന പരിചരണത്തിൽ സജീവമായി ഏർപ്പെട്ടിരിക്കുന്ന മറ്റ് വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും ഏകോപിതമായ പ്രവർത്തനം ഇതിനാവശ്യമാണ്.

### വയോജന പരിചരണത്തിൽ ഏർപ്പെട്ടിരിക്കുന്ന ഏജൻസികളും സ്ഥാപനങ്ങളും

വയോജന ക്ഷേമത്തിലുള്ള കേരളത്തിന്റെ ബഹുതല സമീപനം സർക്കാർ നയം, പദ്ധതി നടത്തിപ്പ്, തദ്ദേശഭരണം എന്നിവയുടെ ശക്തമായ സംയോജനത്തെ പ്രതിഫലിപ്പിക്കുന്നു. മുതിർന്ന പൗരന്മാർക്കായുള്ള പദ്ധതികൾ രൂപകൽപ്പന ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള നോഡൽ ഏജൻസി സാമൂഹ്യനീതി വകുപ്പാണ്; പ്രത്യേകിച്ച് സ്ഥാപനപരമായ പരിചരണം, അഗതികൾക്കുള്ള ആശ്വാസം, വയോജന സാമൂഹിക സംരക്ഷണം എന്നീ മേഖലകളിൽ. കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ, ആരോഗ്യ പരിരക്ഷ, പരിചരണം നൽകുന്നവർക്കുള്ള പിന്തുണ, നഗരങ്ങളിലെ സേവന വ്യാപനം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് വയോമിത്രം, ആശ്വാസകിരണം, നവജീവൻ തുടങ്ങിയ പദ്ധതികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു. അതേ സമയം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സുപ്രധാന സേവന വിതരണ യൂണിറ്റുകളായി പ്രവർത്തിക്കുന്നു, കൂടാതെ അവരുടെ വികസന ഫണ്ടിന്റെ 5 ശതമാനം വയോജന ക്ഷേമത്തിനായി വിനിയോഗിക്കാനും അവർക്ക് അധികാരമുണ്ട്. കേരളത്തിലെ ഓർഫനേജ് കൺട്രോൾ ബോർഡ് സർക്കാർ ഇതര വൃദ്ധസദനങ്ങളെ കൂടാതെ സ്ഥാപനപരമായ പരിചരണ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കിക്കൊണ്ട് നിയന്ത്രിക്കുകയും നിരീക്ഷിക്കുകയും ചെയ്യുന്നു. ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ വകുപ്പ് വായോഅമൃതം പോലുള്ള ആയുർവേദ അധിഷ്ഠിത ഇടപെടലുകളെ പിന്തുണയ്ക്കുമ്പോൾ, സംസ്ഥാനത്തെ ദാരിദ്ര്യ നിർമ്മാർജ്ജന മിഷനായ കുടുംബശ്രീ - എൽഡർലി എൻ.എച്ച്.ജികൾ, ഹർഷം ജെറിയാട്രിക് കെയർ, ഒറ്റയ്ക്ക് താമസിക്കുന്ന വയോജനങ്ങൾക്കായുള്ള സ്നേഹിത കോളിംഗ് ബെൽ പദ്ധതി എന്നിവയിലൂടെ സാമൂഹിക ഉൾക്കൊള്ളലിനായി പ്രവർത്തിക്കുന്നു. പരസ്പര പൂരകങ്ങളായി പ്രവർത്തിക്കുന്ന വൈവിധ്യമാർന്ന ഈ ശൃംഖല, മുതിർന്ന പൗരന്മാർക്കായി അവകാശങ്ങൾ, അന്തസ്സ്, സേവന ലഭ്യത എന്നിവയിൽ അധിഷ്ഠിതമായ ഒരു സമഗ്ര പരിചരണ ചട്ടക്കൂട് രൂപപ്പെടുത്താൻ കേരളത്തെ സഹായിച്ചിട്ടുണ്ട്.

### വയോജന നയത്തിന്റെ ആവിർഭാവവും നിയമ ചട്ടക്കൂടും

ആഗോളതലത്തിലെയും ദേശീയതലത്തിലെയും ചട്ടക്കൂടുകൾക്ക് അനുസൃതമായി, വയോജന പരിചരണ നയങ്ങൾ രൂപീകരിക്കുന്നതിൽ ഇന്ത്യയിലെ തന്നെ മുൻനിര സംസ്ഥാനമാണ് കേരളം. 2006-ലെ ആദ്യത്തെ കേരള വയോജന നയം മുതിർന്ന പൗരന്മാർക്ക് അടിസ്ഥാനപരമായ അർഹതകൾ, അന്തസ്സ്, ആരോഗ്യ സേവനങ്ങളുടെ പ്രാപ്യത എന്നിവ ഉറപ്പാക്കുന്നതിനുള്ള അടിത്തറ പാകി. ഇത് പിന്നീട് 2013-ൽ 'മുതിർന്ന പൗരന്മാർക്കായുള്ള സംസ്ഥാന നയം' ആയി പരിഷ്കരിക്കപ്പെട്ടു. ലിംഗപരമായ പ്രത്യേകതകൾ, സ്വന്തം വീട്ടിൽ തന്നെ കഴിയാനുള്ള വയോജനങ്ങളുടെ താല്പര്യം, തലമുറകൾ തമ്മിലുള്ള തുല്യത എന്നിവ പരിഗണിച്ചുകൊണ്ട് കൂടുതൽ അവകാശാധിഷ്ഠിതവും സമഗ്രവുമായ ഒരു സമീപനമാണ് ഇതിൽ സ്വീകരിച്ചത്. നിലവിൽ, വയോജന പ്രശ്നങ്ങളെ വിവിധ മേഖലകളുമായും ബജറ്റുകളുമായും സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു പരിവർത്തനാത്മകമായ ലൈഫ് കോഴ്സ് സമീപനമാണ് 'കരട് കേരള സംസ്ഥാന വാർദ്ധക്യ നയം (2024)' നിർദ്ദേശിക്കുന്നത്. മാഡ്രിഡ് ഇന്റർനാഷണൽ പ്ലാൻ ഓഫ് ആക്ഷൻ ഓൺ ഏജിംഗ്, യുഎൻ ഡെക്കേഡ് ഓഫ് ഹെൽത്തി ഏജിംഗ് (2021-2030), ഇന്ത്യയുടെ നാഷണൽ പോളിസി ഫോർ സീനിയർ സിറ്റിസൺസ് (2011) തുടങ്ങിയ ആഗോള-ദേശീയ മാതൃകകളിൽ നിന്നാണ് ഇത് രൂപപ്പെടുത്തിയിരിക്കുന്നത്.

വികേന്ദ്രീകരണം, ഗ്രാമസഭകളിൽ വയോജനങ്ങളുടെ പങ്കാളിത്തം, പരസ്പരബന്ധിതമായ ദുർബലാവസ്ഥകൾ പരിഹരിക്കൽ എന്നിവയ്ക്കൊപ്പം ദുരന്ത നിവാരണം, കാലാവസ്ഥാ വ്യതിയാനം, ഡിജിറ്റൽ സാക്ഷരത തുടങ്ങിയ മേഖലകളിൽ വയോജനങ്ങളെ കൂടി ഉൾപ്പെടുത്തുന്നതിനും കേരളത്തിന്റെ കരട് നയം ഊന്നൽ നൽകുന്നു. ആരോഗ്യം, പെൻഷൻ, സാമൂഹിക സംരക്ഷണം എന്നിവ സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു ഏകീകൃത വയോജന പരിചരണ വിവരശേഖരണ പ്ലാറ്റ്ഫോം രൂപീകരിക്കാനും, ഒറ്റയ്ക്ക് താമസിക്കുന്ന വയോജനങ്ങളുടെ വീടുകൾ ജിയോ-ടാഗിംഗ് ചെയ്യാനും ഈ നയം ശുപാർശ ചെയ്യുന്നു. കൂടാതെ, പരിശീലനം ലഭിച്ച അനൗപചാരിക പരിചരണം നൽകുന്നവരുടെ വിവരബാങ്ക്, അവർക്കുള്ള പരിശീലന മൊഡ്യൂളുകൾ, വയോജനങ്ങൾ നേരിടുന്ന അവഗണനയും പീഡനവും അതിക്രമങ്ങളും സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കൽ, തിരിച്ചെത്തുന്ന പ്രായമായ പ്രവാസികൾക്കായുള്ള പിന്തുണയും വിവരശേഖരണവും തുടങ്ങിയവയും ഇതിൽ ഉൾപ്പെടുന്നു. ജനസംഖ്യയിലെ വയോജനങ്ങളുടെ വർദ്ധനവ് കണക്കിലെടുത്ത് വിവരശേഖരണത്തിൽ അധിഷ്ഠിതമായ തുല്യനീതി ഉറപ്പാക്കുന്ന ഭരണക്രമം നടപ്പിലാക്കാൻ ഇത്തരം പരിഷ്കാരങ്ങൾ അത്യന്താപേക്ഷിതമാണ്.

ഇതോടൊപ്പം തന്നെ, 2007-ലെ മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച ആക്ട് ജില്ലാതല ട്രിബ്യൂണലുകൾ വഴി കേരളത്തിൽ ഉടനീളം നടപ്പിലാക്കിയിട്ടുണ്ട്. കേസുകൾ കെട്ടിക്കിടക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനും തത്സമയ നിരീക്ഷണം ഉറപ്പാക്കുന്നതിനുമായി 2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ആക്ട് വഴി ഒരു സ്വതന്ത്ര നിയമപരമായ നികായം രൂപീകരിച്ചിട്ടുണ്ട്. വയോജന സ്ഥാപനങ്ങളെ നിയന്ത്രിക്കാനും നിയമങ്ങൾ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പാക്കാനും വയോജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാനും ലക്ഷ്യമിട്ടുള്ള ഈ കമ്മീഷൻ, മനുഷ്യാവകാശ പ്രവർത്തകരുടെയും ജുഡീഷ്യറിയുടെയും ദീർഘകാലമായുള്ള ആവശ്യമായിരുന്നു.

ഈ നയപരമായ മാറ്റം, ജനസംഖ്യാപരമായ യാഥാർത്ഥ്യങ്ങളുമായി വയോജന നയത്തെ യോജിപ്പിക്കാനുള്ള കേരളത്തിന്റെ പ്രതിബദ്ധതയെ പ്രകടമാക്കുന്നു; ഇത് കേവലം പ്രതികരണങ്ങൾ എന്നതിലുപരി ക്രിയാത്മകമായ സാമൂഹിക സുരക്ഷാ മാതൃകകളിലേക്കുള്ള മാറ്റമാണ്.

**കേരള സംസ്ഥാന വയോജന കമ്മീഷൻ**: കേരളത്തിലെ മുതിർന്ന പൗരന്മാരുടെ അവകാശങ്ങളും താൽപ്പര്യങ്ങളും സംരക്ഷിക്കുന്നതിനും അവർക്ക് ആവശ്യമായ പിന്തുണ നൽകുന്നതിനും അവരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുമായി 2025-ലെ കേരള വയോജന കമ്മീഷൻ ആക്ട് പ്രകാരം സംസ്ഥാനത്ത് കേരള സംസ്ഥാന വയോജന കമ്മീഷൻ രൂപീകരിച്ചു. അവഗണന, ചൂഷണം, ഉപേക്ഷിക്കപ്പെടൽ തുടങ്ങിയ വയോജനങ്ങൾ നേരിടുന്ന വെല്ലുവിളികളെ സജീവമായി നേരിടുന്നതിനായി ഒരു വയോജന കമ്മീഷൻ സ്ഥാപിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമാണ് കേരളം. മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനും സുരക്ഷയ്ക്കുമായി മാർഗ്ഗനിർദ്ദേശങ്ങളും ശുപാർശകളും പുറപ്പെടുവിക്കാൻ അധികാരമുള്ള ഒരു അർദ്ധ-ജുഡീഷ്യൽ സംവിധാനമായാണ് കമ്മീഷൻ പ്രവർത്തിക്കുന്നത്. സർക്കാരുമായി ഏകോപിപ്പിച്ച് വയോജനങ്ങളുടെ പുനരധിവാസത്തിന് കമ്മീഷൻ സൗകര്യമൊരുക്കുകയും ആവശ്യമായ നിയമ സഹായം നൽകുകയും ചെയ്യും. കമ്മീഷന്റെ ശുപാർശകൾ ആവശ്യമായ ഇടപെടലുകൾക്കും തർക്ക പരിഹാരത്തിനുമായി സർക്കാരിലേക്ക് അയയ്ക്കും. ന്യൂസിലാന്റിലെ 'ഓഫീസ് ഫോർ സീനിയേഴ്സ്', കാനഡയിലെയും ദക്ഷിണാഫ്രിക്കയിലെയും 'നാഷണൽ കമ്മീഷൻ ഓൺ ഏജിംഗ്' തുടങ്ങിയ അന്താരാഷ്ട്ര മാതൃകകളോട് സാമ്യമുള്ളതാണ് കേരളത്തിന്റെ ഈ പ്രവർത്തനരീതി.

**വയോജനങ്ങൾക്കായുള്ള പദ്ധതികൾ**: മുതിർന്ന പൗരന്മാരുടെ അന്തസ്സും ആരോഗ്യവും സജീവ പങ്കാളിത്തവും ഉറപ്പാക്കാൻ ലക്ഷ്യമിട്ട് കേരളം ശ്രദ്ധേയമായ നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

**വയോമിത്രം**: കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ നടപ്പിലാക്കുന്ന ഈ നഗരകേന്ദ്രീകൃത പദ്ധതി, സംസ്ഥാനത്തെ നഗരപ്രദേശങ്ങളിൽ താമസിക്കുന്ന 65 വയസ്സിന് മുകളിലുള്ള മുതിർന്ന പൗരന്മാർക്കായി മൊബൈൽ ക്ലിനിക്കുകൾ വഴി പ്രതിമാസ ആരോഗ്യ പരിശോധനകൾ, മരുന്ന് വിതരണം, വീട് സന്ദർശനം, കൗൺസലിംഗ് എന്നിവ നൽകുന്നു. നിലവിൽ 6 മുനിസിപ്പൽ കോർപ്പറേഷനുകൾ, 85 മുനിസിപ്പാലിറ്റികൾ, 4 ബ്ലോക്ക് പഞ്ചായത്തുകൾ എന്നിവിടങ്ങളിലായി 95 വയോമിത്രം യൂണിറ്റുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. മൊബൈൽ ക്ലിനിക്കുകളിലൂടെ സൗജന്യ മെഡിക്കൽ പരിശോധനയും ചികിത്സയും നൽകിയാണ് ഈ പദ്ധതി ആരോഗ്യ സംരക്ഷണവും പിന്തുണയും ഉറപ്പാക്കുന്നത്. ഗുണഭോക്താക്കളുടെ എണ്ണം വർഷങ്ങളായി ക്രമാനുഗതമായി വർദ്ധിക്കുകയും 2024-25ൽ 2.91 ലക്ഷത്തിൽ എത്തുകയും ചെയ്തിട്ടുണ്ട്.

പട്ടിക 9.1 കേരളത്തിലെ വയോജന നയത്തിന്റെ വികാസം

| നയ വികസന കാലരേഖ | പ്രധാന നേട്ടം |
|---|---|
| 2006 | കേരള വയോജന നയം സ്വീകരിച്ചു |
| 2007 മുതൽ ഇന്നുവരെ | ജില്ലാതല ട്രിബ്യൂണലുകൾ സഹിതം മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച ആക്റ്റ് (MWPSC Act) നടപ്പാക്കി |
| 2013 | മുതിർന്ന പൗരന്മാർക്കായുള്ള സംസ്ഥാന നയം (പരിഷ്കരിച്ചത്) |
| 2024 | ജീവിതപഥ സമീപനം ഉൾക്കൊള്ളുന്ന കേരള സംസ്ഥാന വയോജന നയത്തിന്റെ കരട് |
| 25/04/2025 | കേരള സംസ്ഥാന വയോജന കമ്മീഷൻ ആക്റ്റ് |

**സായംപ്രഭ പദ്ധതി**: വയോജന സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഏറ്റവും അർത്ഥവത്തായതും സുസ്ഥിരവുമായ രീതിയിൽ ശാരീരികവും മാനസികവുമായ ആരോഗ്യം ഉറപ്പാക്കുന്നതിനുമായി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന സമഗ്രമായ ഒരു പദ്ധതിയാണിത്. സായംപ്രഭ പദ്ധതിക്ക് കീഴിൽ നടപ്പിലാക്കുന്ന പ്രധാന പരിപാടികൾ താഴെ പറയുന്നവയാണ്:

മുതിർന്ന പൗരന്മാർക്കായി ബഹുവിധ സേവനങ്ങളുള്ള ഡേ കെയർ സെന്ററുകളായി പ്രവർത്തിക്കുന്ന മോഡൽ സായംപ്രഭ ഹോമുകൾ.

സായംപ്രഭ ഡേ കെയർ സെന്ററുകളിലെ മുതിർന്ന പൗരന്മാരുടെ ആരോഗ്യവും പോഷണവും ഉറപ്പാക്കുന്നതിനായി ഭക്ഷണ കിറ്റുകൾ നൽകുന്ന വയോപോഷണം പദ്ധതി.

അഗതികളായവരും ഉപേക്ഷിക്കപ്പെട്ടവരുമായ വയോജനങ്ങൾക്ക് പ്രാഥമിക ചികിത്സ, ചികിത്സയ്ക്കുള്ള അടിയന്തിര സഹായം, ശസ്ത്രക്രിയ, ആംബുലൻസ് സേവനം, പുനരധിവാസം തുടങ്ങിയവ നൽകുന്ന വയോരക്ഷ പദ്ധതി.

സർക്കാർ വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്ക് ആയുർവേദ ചികിത്സ നൽകുന്നതിനായി ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിന്റെ (ISM) സഹകരണത്തോടെ നടപ്പിലാക്കുന്ന വായോഅമൃതം പദ്ധതി. ഓരോ വർഷവും 16 സർക്കാർ വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ട്.

ബംഗളൂരുവിലെ നിംഹാൻസുമായി (NIMHANS) ചേർന്ന് വൃദ്ധസദനങ്ങളിൽ നൽകി വരുന്ന മാനസിക-സാമൂഹ്യ പരിരക്ഷ.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പ്രമേഹരോഗികളായ വയോജനങ്ങൾക്ക് ഗ്ലൂക്കോമീറ്ററുകൾ സൗജന്യമായി വിതരണം ചെയ്യുന്ന വയോമധുരം പദ്ധതി.

വയോജന പരിചരണ രംഗത്ത് പ്രവർത്തിക്കുന്ന സർക്കാർ/സർക്കാരിതര സംഘടനകൾക്കും കല, കായികം തുടങ്ങിയ മേഖലകളിൽ ശ്രദ്ധേയമായ സംഭാവനകൾ നൽകിയ വയോജനങ്ങൾക്കും നൽകുന്ന വയോസേവന അവാർഡുകൾ.

വയോജന മന്ദിരങ്ങളിൽ നടപ്പിലാക്കുന്ന മ്യൂസിക് തെറാപ്പിയും യോഗ തെറാപ്പിയും.

**മറ്റ് പ്രധാന ഇടപെടലുകൾ**: മാനസിക പിന്തുണ, രക്ഷാപ്രവർത്തനം, നിയമസഹായം എന്നിവയ്ക്കായി സല്ലാപം കോൾ സെന്ററും എൽഡർലൈൻ (14567) എന്ന ഹെൽപ്പ് ലൈനും പ്രവർത്തിക്കുന്നു. 50 മുതൽ 65 വയസ്സുവരെയുള്ളവർക്ക് സബ്സിഡിയുള്ള വായ്പകളിലൂടെ സ്വയംതൊഴിൽ കണ്ടെത്താൻ നവജീവൻ പദ്ധതി സഹായിക്കുന്നു. അൽഷിമേഴ്സ് ആൻഡ് റിലേറ്റഡ് ഡിസോർഡേഴ്സ് സൊസൈറ്റി ഓഫ് ഇന്ത്യയുമായി സഹകരിച്ച് കേരളം നടപ്പിലാക്കുന്ന ഡിമെൻഷ്യ കെയർ പ്രോഗ്രാമാണ് സ്മൃതിപഥം. ഇത് ഓർമ്മക്കുറവുള്ളവർക്ക് ഡേ കെയർ സൗകര്യങ്ങളും മറ്റ് പിന്തുണയും നൽകുന്നു. കൂടാതെ, കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, നാഷണൽ ഹെൽത്ത് മിഷൻ എന്നിവ വഴി വിദഗ്ധ ചികിത്സയ്ക്കുള്ള ഇൻഷുറൻസ് പരിരക്ഷയും ഉറപ്പാക്കുന്നു. ഈ പദ്ധതികളെല്ലാം ചേർന്ന് വയോജന പരിചരണത്തിൽ കേവലം ഒരു ക്ഷേമ പ്രവർത്തനമെന്നതിലുപരി അവരെ ശാക്തീകരിക്കുന്ന ഒരു രീതിയിലേക്ക് കേരളം മാറിയതിനെ പ്രതിഫലിപ്പിക്കുന്നു.

**വാർദ്ധക്യ പെൻഷൻ പദ്ധതി**: 60 വയസ്സും അതിനുമുകളിലും പ്രായമുള്ള കുറഞ്ഞ വരുമാനക്കാരായ പൗരന്മാർക്കായി വിഹിതം അടയ്ക്കേണ്ടതില്ലാത്ത ഒരു പെൻഷൻ പദ്ധതിയാണിത്. ഗുണഭോക്താക്കൾക്ക് പ്രതിമാസം ₹2,000 രൂപ പെൻഷനായി ലഭിക്കുന്നു. 2025 ഒക്ടോബറിലെ കണക്കനുസരിച്ച്, 28.8 ലക്ഷം ഗുണഭോക്താക്കൾ വാർദ്ധക്യ പെൻഷൻ കൈപ്പറ്റുന്നുണ്ട്. ഇന്ദിരാഗാന്ധി നാഷണൽ ഓൾഡ് ഏജ് പെൻഷൻ സ്കീം (IGNOAPS) വഴിയുള്ള കേന്ദ്ര സർക്കാർ വിഹിതം 60-79 വയസ്സുവരെയുള്ളവർക്ക് പ്രതിമാസം ₹200 രൂപയും, 80 വയസ്സും അതിനുമുകളിലും പ്രായമുള്ളവർക്ക് ₹500 രൂപയും മാത്രമാണ്. ഇതിന്റെ പ്രയോജനം യഥാക്രമം 3,42,032 പേർക്കും 1,16,781 പേർക്കും മാത്രമാണ് ലഭിക്കുന്നത്. ഈ വ്യക്തികൾക്ക് ആവശ്യമായ ബാക്കി തുകയും, കൂടാതെ IGNOAPS ആനുകൂല്യങ്ങൾക്ക് അർഹതയില്ലാത്തവർക്കുള്ള മുഴുവൻ പെൻഷൻ തുകയും സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്.

**കുടുംബശ്രീയുടെ വയോജന പദ്ധതികൾ**: (i) വയോജനങ്ങളെ ഉൾപ്പെടുത്തൽ, (ii) അഗതികളുടെ പുനരധിവാസം (ആശ്രയ), (iii) സാന്ത്വന പരിചരണം എന്നീ പരിപാടികളിലൂടെ വയോജന പരിചരണത്തിൽ കുടുംബശ്രീ നിർണ്ണായക പങ്ക് വഹിക്കുന്നു. വയോജനങ്ങളുടെ സാമൂഹിക ഉൾക്കൊള്ളൽ, പരസ്പര സഹായം, അന്തസ്സ് എന്നിവ പ്രോത്സാഹിപ്പിക്കുന്ന 'വയോജന അയൽക്കൂട്ടങ്ങൾ'; വൈദ്യസഹായവും മാനസിക പിന്തുണയും ഉറപ്പാക്കുന്ന വീടുകൾ കേന്ദ്രീകരിച്ചുള്ള പെയ്ഡ് സർവീസായ 'ഹർഷം ജെറിയാട്രിക് കെയർ'; ഒറ്റപ്പെട്ടു കഴിയുന്ന വയോജനങ്ങളുടെ ദൈനംദിന പരിശോധന ഉറപ്പാക്കുന്ന 'സ്നേഹിത കോളിംഗ് ബെൽ' പദ്ധതി; പാർശ്വവൽക്കരിക്കപ്പെട്ട വയോജനങ്ങളെ പിന്തുണയ്ക്കുന്ന 'ആശ്രയ' അഗതി പുനരധിവാസ പദ്ധതി; പ്രധാന രോഗസാധ്യതകളും ആരോഗ്യപ്രശ്നങ്ങളും മുൻകൂട്ടി കണ്ടെത്തുന്ന 'സാന്ത്വനം' പരിപാടി എന്നിവ കുടുംബശ്രീയുടെ ശ്രദ്ധേയമായ നൂതന സംരംഭങ്ങളാണ്.

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടലുകൾ**: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ ആകെ വികസന ഫണ്ടിന്റെ 5 ശതമാനം വയോജനങ്ങളുടെ ക്ഷേമത്തിനും സാന്ത്വന പരിചരണത്തിനും മാത്രമായി നീക്കിവെക്കുന്നു. ആശുപത്രികളിൽ പ്രത്യേക ക്യൂ, ഇരിപ്പിടങ്ങൾ, ഓഫീസുകളിൽ റാംപുകൾ, വയോജന സൗഹൃദ ശുചിമുറികൾ, വയോജന സൗഹൃദ വിനോദസഞ്ചാര കേന്ദ്രങ്ങൾ തുടങ്ങിയ ക്രമീകരണങ്ങളിലൂടെ എല്ലാ സ്ഥാപനങ്ങളെയും വയോജന സൗഹൃദമാക്കുന്ന പദ്ധതികൾ തദ്ദേശ സ്ഥാപനങ്ങൾ നടപ്പിലാക്കുന്നു. കൂടാതെ വയോ ക്ലബ്ബ്, വയോജന മന്ദിരം, പകൽവീട്, മുതിർന്ന പൗരന്മാർക്കായി മാത്രമുള്ള പ്രത്യേക ഗ്രാമസഭകൾ എന്നിവയിലൂടെ അവരുടെ പൗരസംബന്ധമായ പങ്കാളിത്തവും തലമുറകൾ തമ്മിലുള്ള സംവാദവും സർക്കാർ പ്രോത്സാഹിപ്പിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വയോജനങ്ങൾക്ക് സാന്ത്വന പരിചരണം, ചികിത്സ, മരുന്നുകൾ, പോഷകാഹാരം എന്നിവയും നൽകി വരുന്നു.

**പരിചരണ സംവിധാനങ്ങളും സേവന വിതരണവും**

പ്രാദേശിക തലത്തിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, സന്നദ്ധ സംഘടനകൾ എന്നിവയുമായി സഹകരിച്ച് നടത്തുന്ന പകൽവീടുകളും പരിഷ്കരിച്ച സായംപ്രഭ ഹോമുകളും വയോജനങ്ങൾക്ക് സാമൂഹിക ഇടപെടലുകൾക്കും അടിസ്ഥാന ആരോഗ്യ പരിശോധനകൾക്കും പോഷകാഹാരത്തിനും വിനോദത്തിനും അവസരമൊരുക്കുന്നു. വീടുകൾ കേന്ദ്രീകരിച്ചുള്ള പരിചരണത്തിന്റെ (home-care) ഭാഗമായി, സാന്ത്വന പരിചരണ യൂണിറ്റുകൾ പ്രതിവർഷം നിരവധി മുതിർന്ന പൗരന്മാർക്ക്, പ്രത്യേകിച്ച് കിടപ്പിലായവർക്കും വിട്ടുമാറാത്ത രോഗങ്ങളുള്ളവർക്കും സേവനം നൽകുന്നു.

സ്ഥാപനപരമായ തലത്തിൽ, സാമൂഹ്യനീതി വകുപ്പ് വയോജന മന്ദിരങ്ങൾ നടത്തുകയും സർക്കാർ ഇതര മേഖലയിലെ ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കുകയും ചെയ്യുന്നു. കൂടാതെ 'സ്മൃതിപഥം' പദ്ധതിയിലൂടെ ഡിമെൻഷ്യ ബാധിച്ചവർക്കായി പ്രത്യേക ശ്രദ്ധ നൽകിക്കൊണ്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നു. 16 സർക്കാർ വയോജന മന്ദിരങ്ങൾക്ക് പുറമെ, തദ്ദേശ സ്ഥാപനങ്ങളുമായി സഹകരിച്ച് വയോജനങ്ങൾക്ക് പകൽ പരിചരണ സൗകര്യങ്ങൾ നൽകുന്നതിനായി വകുപ്പ് സായംപ്രഭ ഹോമുകൾ നടത്തുന്നു. 2018-ൽ 82 തദ്ദേശ സ്ഥാപനങ്ങളിലാണ് ഇത് ആരംഭിച്ചത്. വയോജനങ്ങളുടെ പകൽ പരിചരണത്തിനായി തദ്ദേശ സ്ഥാപനങ്ങൾ നടത്തിവന്ന പകൽവീടുകളെ വിനോദ പരിപാടികൾ, ആരോഗ്യ പരിചരണം, പോഷകാഹാര പിന്തുണ എന്നിവ ഉൾപ്പെടുത്തി സായംപ്രഭ ഹോമുകളായി ഉയർത്തുകയുണ്ടായി. വയോജനങ്ങളുടെ വിവിധ ആവശ്യങ്ങൾക്കായി ബഹുവിധ സേവനങ്ങളുള്ള ഡേ-കെയർ സെന്ററുകളായി 'മോഡൽ സായംപ്രഭ ഹോമുകൾ' വകുപ്പ് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കി.വകുപ്പ് നേരിട്ട് നടത്തുന്ന വയോജന മന്ദിരങ്ങൾക്ക്പുറമെ, ഓർഫനേജ് കൺട്രോൾ ബോർഡിന് കീഴിൽ ഏകദേശം 680 രജിസ്റ്റർ ചെയ്ത വൃദ്ധസദനങ്ങളുണ്ട്. കേരളത്തിലെ വൃദ്ധസദനങ്ങളിലെ അന്തേവാസികളുടെ എണ്ണം 2016-17 ലെ 19,149-ൽ നിന്ന് 2024-25-ൽ 37,895 ആയി വർദ്ധിച്ചു.

ദേശീയ വയോജന ആരോഗ്യ സംരക്ഷണ പദ്ധതി പ്രകാരം ജില്ലാതലത്തിൽ ജെറിയാട്രിക് ക്ലിനിക്കുകളും 10 കിടക്കകളുള്ള വാർഡുകളും സ്ഥാപിക്കുന്നതിന് പിന്തുണ നൽകിയിട്ടുണ്ട്.

സാന്ത്വന പരിചരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുമായി സഹകരിച്ച് 'കേരള കെയർ പാലിയേറ്റീവ് ഗ്രിഡ്' രൂപീകരിച്ചു. സാന്ത്വന പരിചരണ രംഗത്തെ എല്ലാ സന്നദ്ധ സംഘടനകളെയും അസോസിയേഷനുകളെയും ഈ ഗ്രിഡിന്റെ ഭാഗമാക്കും. 2025 ഓഗസ്റ്റ് വരെ 2,06,199 രോഗികൾ ഈ ഗ്രിഡിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 1,387 സർക്കാർ സ്ഥാപനങ്ങളും 1,227 എൻ.ജി.ഒകളും ഉൾപ്പെടുന്നു.

പ്രായമായവർക്കും രോഗികൾക്കും ഭിന്നശേഷിക്കാർക്കും പ്രസവാനന്തര പരിചരണം ആവശ്യമുള്ളവർക്കും സേവനം നൽകുന്ന കുടുംബശ്രീയുടെ സംരംഭമാണ് 'കെ ഫോർ കെയർ'. സാമൂഹിക അംഗങ്ങളിലൂടെ പ്രൊഫഷണൽ കെയർ സർവീസുകൾ ലഭ്യമാക്കാൻ ലക്ഷ്യമിട്ടുള്ള ഒരു സമുദായാധിഷ്ഠിത സംരംഭമാണിത്. കൂടാതെ, സ്ത്രീകളെ ഹോം നേഴ്സുമാരായും പാലിയേറ്റീവ് വോളന്റിയർമാരായും പരിശീലിപ്പിക്കുന്ന 'ഹർഷം' അയൽക്കൂട്ടങ്ങൾക്കും കുടുംബശ്രീ തുടക്കം കുറിച്ചു.

കേരളത്തിലെ ജനസംഖ്യാപരമായ മാറ്റങ്ങൾ വയോജന ആരോഗ്യ സേവനങ്ങൾ വിപുലീകരിക്കേണ്ടതിന്റെയും ശക്തിപ്പെടുത്തേണ്ടതിന്റെയും ആവശ്യകത വർദ്ധിപ്പിക്കുന്നു, പ്രത്യേകിച്ച് വയോജന പരിചരണത്തിൽ വൈദഗ്ധ്യമുള്ള മനുഷ്യവിഭവശേഷിയിലെ നിക്ഷേപം ഇതിൽ പ്രധാനമാണ്. ആരോഗ്യവകുപ്പിന്റെയും കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെയും 2023-ലെ കണക്കുകൾ പ്രകാരം കേരളത്തിൽ ഏകദേശം 120 ജെറിയാട്രിക് വിദഗ്ധരും, വയോജന പരിചരണത്തിൽ പരിശീലനം ലഭിച്ച 600 നഴ്സുമാരും 400 ഫിസിയോതെറാപ്പിസ്റ്റുകളും 50 ഒക്യുപേഷണൽ തെറാപ്പിസ്റ്റുകളുമുണ്ട്. ഭാവിയിലെ ആവശ്യങ്ങൾ നിറവേറ്റുന്നതിനും ലോകാരോഗ്യ സംഘടനയുടെ മൾട്ടി ഡിസിപ്ലിനറി കെയർ മോഡലുമായി പൊരുത്തപ്പെടുന്നതിനും 2030-ഓടെ ഏകദേശം 300 ജെറിയാട്രിക് വിദഗ്ധർ, 1,500 നഴ്സുമാർ, 900 ഫിസിയോതെറാപ്പിസ്റ്റുകൾ, 250 ഒക്യുപേഷണൽ തെറാപ്പിസ്റ്റുകൾ എന്നിവരടങ്ങുന്ന ഒരു തൊഴിൽശക്തി വികസിപ്പിക്കാൻ സംസ്ഥാനം പരിശ്രമിക്കേണ്ടതുണ്ട്. ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നത് വയോജനങ്ങൾക്കിടയിൽ വർദ്ധിച്ചുവരുന്ന വിട്ടുമാറാത്ത രോഗങ്ങളെയും ആരോഗ്യപ്രശ്നങ്ങളെയും ഫലപ്രദമായി നേരിടാൻ കേരളത്തെ പ്രാപ്തമാക്കും. വയോമിത്രം പദ്ധതി ഉൾപ്പെടെയുള്ള ടെലി-ജെറിയാട്രിക് കൺസൾട്ടേഷനുകളും മൊബൈൽ മെഡിക്കൽ ടീമുകളും പോലുള്ള നൂതന സമീപനങ്ങൾ വലിയ പ്രതീക്ഷ നൽകുന്നവയാണ്; പ്രൊഫഷണൽ നൈപുണ്യ വികസനത്തിലൂടെയും പ്രാഥമിക ആരോഗ്യ ശൃംഖലകളുമായുള്ള ശക്തമായ സംയോജനത്തിലൂടെയും ഇവയെ കൂടുതൽ ശക്തിപ്പെടുത്താൻ കഴിയും. മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ വിപുലീകരണം, സർവീസിലുള്ളവർക്കുള്ള പരിശീലനം, പ്രത്യേകിച്ച് ഫിസിയോതെറാപ്പിസ്റ്റുകൾക്കും നഴ്സുമാർക്കും നൽകുന്ന ആനുകൂല്യങ്ങൾ എന്നിവ വയോജനങ്ങൾക്ക് അനുയോജ്യമായ ആരോഗ്യ സേവനങ്ങൾ സാർവത്രികമായി ലഭ്യമാക്കാനുള്ള കേരളത്തിന്റെ കാഴ്ചപ്പാടിനെ സഹായിക്കും.

കൂടാതെ, എല്ലാ വയോജന പരിചരണ സ്ഥാപനങ്ങളും ഒരു ഏകീകൃത ഡിജിറ്റൽ പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നത് നിർബന്ധമാക്കുന്നതും കൃത്യമായ ഇടവേളകളിൽ തേർഡ് പാർട്ടി ഓഡിറ്റുകൾ നടത്തുന്നതും സംസ്ഥാനതല റേറ്റിംഗ് സംവിധാനം ഏർപ്പെടുത്തുന്നതും വയോജനങ്ങളുടെ അന്തസ്സുള്ള പരിചരണത്തിൽ കേരളത്തിന് ഒരു 'ഗോൾഡ് സ്റ്റാൻഡേർഡ്' മോഡൽ സൃഷ്ടിക്കാൻ സഹായകമാകും.

**താമസസൗകര്യങ്ങൾ, സാമൂഹിക പങ്കാളിത്തം, ഡിജിറ്റൽ ഉൾപ്പെടുത്തൽ**

അയൽക്കൂട്ട തലത്തിലുള്ള പോഷകാഹാര പദ്ധതികൾ, വീടുകളിൽ ലഭ്യമാക്കുന്ന ഫിസിയോതെറാപ്പി, "വർച്വൽ ഫാമിലി" ഫോൺ കോൾ പരിപാടികൾ എന്നിവയിലൂടെ വയോജനങ്ങൾ മാത്രമുള്ള വീടുകൾ നേരിടുന്ന വെല്ലുവിളികൾ ലഘൂകരിക്കാൻ കേരളത്തിന്റെ ശക്തമായ തദ്ദേശ

ഭരണസംവിധാനം ഗ്രാമപഞ്ചായത്തുകളെ പ്രാപ്തമാക്കുന്നു. തൃശ്ശൂരിലെ അരിമ്പൂർ പഞ്ചായത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയ ഈ ഇടപെടലുകൾ വയോജനങ്ങൾക്കിടയിലെ ഏകാന്തത കുറയ്ക്കുന്നതിൽ ആശാവഹമായ ഫലങ്ങൾ നൽകിയിട്ടുണ്ട്.

സജീവമായ വാർദ്ധക്യം ഉറപ്പാക്കുന്നതിനായുള്ള കേരളത്തിന്റെ സവിശേഷമായ തന്ത്രമാണ് കമ്മ്യൂണിറ്റി കൂട്ടായ്മകൾ. 2024 മാർച്ചിലെ കണക്കനുസരിച്ച്, കുടുംബശ്രീ മിഷൻ 2.8 ലക്ഷത്തിലധികം അംഗങ്ങളുള്ള 25,992 വയോജന അയൽക്കൂട്ടങ്ങളെ പിന്തുണയ്ക്കുന്നുണ്ട്; അതേസമയം സാമൂഹ്യനീതി വകുപ്പ് 2,463 വയോ ക്ലബ്ബുകൾക്കും സൗകര്യമൊരുക്കിയിട്ടുണ്ട്. ലഘു സമ്പാദ്യം, ചെയർ യോഗ, നിയമസഹായ ഡെസ്കുകൾ, ഡിജിറ്റൽ സാക്ഷരതാ ക്ലാസുകൾ എന്നിവയ്ക്കായി ഈ വേദികൾ ആഴ്ചതോറും ഒത്തുചേരുന്നു; കൂടാതെ അവർ വയോജന ഗ്രാമസഭകളിലേക്ക് പ്രതിനിധികളെ തിരഞ്ഞെടുക്കുകയും പ്രാദേശിക പദ്ധതി ആസൂത്രണത്തിൽ മുതിർന്നവരുടെ ശബ്ദം ഉൾപ്പെടുത്തുകയും ചെയ്യുന്നു. ലോകാരോഗ്യ സംഘടനയുടെ 'വയോജന സൗഹൃദ നഗര ചട്ടക്കൂടിന്റെ' പ്രധാന മേഖലകളായ സാമൂഹിക പങ്കാളിത്തം, പൗരധർമ്മത്തിലുള്ള ഇടപെടൽ എന്നിവയുമായി ഇത്തരം സംരംഭങ്ങൾ ചേർന്നുനിൽക്കുന്നു; കൂടാതെ വികേന്ദ്രീകൃത ഭരണം എങ്ങനെ ജനസംഖ്യാപരമായ വാർദ്ധക്യത്തെ ഒരു സാമൂഹിക മൂലധനമാക്കി മാറ്റുന്നുവെന്നും ഇത് കാണിച്ചുതരുന്നു.

വയോജനസൗഹൃതമായ സാങ്കേതിക വിദ്യകൾ തയാറാക്കുന്നത്, വേഗതയേറിയ ആശയവിനിമയത്തിലൂടെയും സേവന ലഭ്യതയിലൂടെയും അവരുടെ ഒറ്റപ്പെടൽ കുറയ്ക്കാൻ സഹായിക്കും; ഇത് സ്വാഭാവികമായും മറ്റുള്ളവരെ ആശ്രയിക്കുന്നത് കുറയ്ക്കാൻ ഇടയാക്കും. വിവരസാങ്കേതികവിദ്യയും ആശയവിനിമയവും വയോജന പരിചരണ സേവനങ്ങളിൽ ഫലപ്രദമായി ഉപയോഗിക്കാനാകും. കോവിഡ്-19 മഹാമാരിയുടെ സമയത്ത് പത്തനംതിട്ടയിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയ 'പ്രോജക്ട് വയോരക്ഷ', എം-ഹെൽത്ത് ഉപകരണങ്ങൾക്ക് വയോജന പരിചരണത്തിലെ ഡിജിറ്റൽ വിടവ് എങ്ങനെ നികത്താൻ കഴിയുമെന്ന് കാണിച്ചുതന്നു (ആരോഗ്യ സംബന്ധമായ സേവനങ്ങളും വിവരങ്ങളും നൽകുന്ന മൊബൈൽ സാങ്കേതികവിദ്യകൾ, ആരോഗ്യ വിവരങ്ങൾ നിരീക്ഷിക്കുന്നതിനുള്ള മൊബൈൽ ആപ്പുകൾ, ശരീരത്തിലെ സുപ്രധാന ലക്ഷണങ്ങൾ നിരീക്ഷിക്കുന്നതിനുള്ള ശരീരത്തിൽ ധരിക്കാവുന്ന ഉപകരണങ്ങൾ, വെർച്വൽ കൺസൾട്ടേഷനുകൾക്കായുള്ള ടെലിഹെൽത്ത് പ്ലാറ്റ്ഫോമുകൾ എന്നിവയുൾപ്പെടെയുള്ള സാങ്കേതികവിദ്യകളാണ് എം-ഹെൽത്ത്). രജിസ്റ്റർ ചെയ്ത ആവശ്യങ്ങളിൽ മുക്കാൽ ഭാഗവും, പ്രധാനമായും വിട്ടുമാറാത്ത രോഗങ്ങൾക്കുള്ള മരുന്നുകൾ, വയോരക്ഷാ ശൃംഖലയിലൂടെ എത്തിക്കാൻ കഴിഞ്ഞു; കൂടാതെ റിവേഴ്സ് ക്വാറന്റെെൻ പാലിക്കുന്നതിൽ 75 ശതമാനത്തിലധികം വിജയം കൈവരിക്കാനും സാധിച്ചു. സാമൂഹ്യ ശാക്തീകരണവും വയോജനങ്ങൾക്കായി പ്രത്യേകം രൂപപ്പെടുത്തിയ ഡിജിറ്റൽ തന്ത്രങ്ങളും മുതിർന്ന പൗരന്മാർക്കിടയിൽ സാങ്കേതികവിദ്യ വേഗത്തിൽ സ്വീകാര്യമാക്കാൻ എങ്ങനെ സഹായിക്കുമെന്ന് ഈ പരീക്ഷണ പദ്ധതി എടുത്തുകാണിക്കുന്നു; ഇത് കേരളത്തിലെ വയോജന പരിചരണ പരിപാടികളിൽ സാങ്കേതികവിദ്യ സമന്വയിപ്പിക്കുന്നതിന് വിപുലീകരിക്കാൻ കഴിയുന്ന ഒരു മാതൃകയാണ്[1].

**ലിംഗാധിഷ്ഠിത, ഭിന്നശേഷി, മറ്റ് ദുർബല വിഭാഗ സബ് ഗ്രൂപ്പുകൾ**

കേരളത്തിന്റെ പ്രായ പിരമിഡിന്റെ മുകളിലത്തെ ഭാഗത്ത് സ്ത്രീകളാണ്. 2025 ഒക്ടോബറിലെ കണക്കനുസരിച്ച്, സംസ്ഥാനത്തെ വാർദ്ധക്യ പെൻഷനുകളും (28.8 ലക്ഷം പുരുഷന്മാർക്കും സ്ത്രീകൾക്കും ലഭിക്കുന്നു) വിധവാ പെൻഷനുകളും (13.2 ലക്ഷം സ്ത്രീകൾക്ക് ലഭിക്കുന്നു) കേരളത്തിലെ വയോധികർക്ക്, പ്രത്യേകിച്ച് മുതിർന്ന സ്ത്രീകൾക്ക് ഒരു നിർണ്ണായക ജീവിതരേഖയായി തുടരുന്നു. സമ്പാദ്യം, പരസ്പര പിന്തുണ, വിട്ടുമാറാത്ത രോഗങ്ങൾക്കായുള്ള പരിശോധന എന്നിവ സമന്വയിപ്പിക്കുന്ന സാമൂഹ്യാധിഷ്ഠിത വയോധിക വനിതാ സ്വയംസഹായ സംഘങ്ങളാണ് അന്താരാഷ്ട്രതലത്തിലെ മികച്ച മാതൃകകൾ; കുടുംബശ്രീയുടെ വയോജന അയൽക്കൂട്ടങ്ങളിലൂടെ ഇത്തരം മാതൃകകൾ സ്വീകരിക്കുന്നത് സാമ്പത്തിക പ്രതിരോധശേഷിയും സാമൂഹിക ബന്ധവും ഒരുപോലെ വർദ്ധിപ്പിക്കും.

ചരിത്രപരമായി പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളിൽ നിന്നുള്ള വയോജനങ്ങൾ പ്രായത്തിന്റെ പ്രയാസങ്ങളും സാമൂഹികമായ മാറ്റിനിർത്തലുകളും ഒരുപോലെ അനുഭവിക്കുന്നു. കേരളത്തിലെ മുതിർന്ന പൗരന്മാരിൽ ഏകദേശം 14 ശതമാനവും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്നുള്ളവരാണ്. ഉൾനാടൻ ആദിവാസി ഊരുകളിൽ പെൻഷൻ ലഭിക്കുന്നവരുടെ നിരക്ക് സംസ്ഥാന ശരാശരിയേക്കാൾ പിന്നിലാണ്.

തീരദേശ വയോജനങ്ങളും സമാനമായി ദുർബലമായ അവസ്ഥയിലാണ്. അസ്ഥിരമായ മത്സ്യബന്ധന വരുമാനത്തെ ആശ്രയിക്കൽ, ഉയർന്ന തൊഴിൽ പരിക്ക് നിരക്കുകൾ, ചുഴലിക്കാറ്റ് പോലുള്ള പ്രകൃതിക്ഷോഭങ്ങൾ എന്നിവ മൂലം സാംക്രമികേതര രോഗങ്ങളും വൈകല്യങ്ങളും തീരദേശ വയോജനങ്ങൾക്കിടയിൽ വർദ്ധിക്കാൻ കാരണമാകുന്നു. ഫിഷർമെൻ വെൽഫെയർ ബോർഡ് 2024-25 വർഷത്തിൽ 44,560 ഗുണഭോക്താക്കൾക്ക് വാർദ്ധക്യ പെൻഷൻ വിതരണം ചെയ്തു.

ട്രാൻസ്ജെൻഡർ വിഭാഗത്തിലെ വയോജനങ്ങൾ പാർപ്പിടം, ആരോഗ്യ സേവനങ്ങൾ എന്നിവ ലഭിക്കുന്നതിൽ സങ്കീർണ്ണമായ സാമൂഹിക വിവേചനം നേരിടുന്നു[2]. 'മഴവില്ല്' ക്ഷേമ പദ്ധതിയിലൂടെ സാമ്പത്തിക സഹായവും ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് ശേഷമുള്ള സൗജന്യ ചികിത്സയും നൽകുന്നുണ്ടെങ്കിലും, ട്രാൻസ്ജെൻഡർ വയോജനങ്ങൾക്കിടയിലേക്ക് ഈ പദ്ധതികളുടെ വ്യാപനം ഇപ്പോഴും പ്രയാസകരമാണ്.

2015-ലെ ഭിന്നശേഷി സെൻസസ് പ്രകാരം കേരളത്തിൽ 7.9 ലക്ഷം ഭിന്നശേഷിക്കാരുണ്ട് (ജനസംഖ്യയുടെ 2.3 ശതമാനം); ഇതിൽ നാലിലൊന്നിലധികം മുതിർന്ന പൗരന്മാരാണ് (60+). ഭിന്നശേഷിക്കാരുടെ നിരക്ക് ദേശീയ ശരാശരിക്ക് തുല്യമാണെങ്കിലും, കേരളത്തിലെ ഉയർന്ന ആയുർദൈർഘ്യം ദീർഘകാല പരിചരണ സംവിധാനങ്ങളുടെ ആവശ്യകത വർദ്ധിപ്പിക്കുന്നു. കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യ വകുപ്പ് എന്നിവ വഴിയുള്ള സഹായ ഉപകരണ വിതരണ പദ്ധതികളിലൂടെയാണ്

3 മാത്യു ഇ റ്റി എ എൽ -2024
4 തെല്ലി ഇ റ്റി എ എൽ -2025

സംസ്ഥാനം പ്രധാനമായും ഈ വിഭാഗത്തെ പിന്തുണ യ്ക്കുന്നത്.

അതിനാൽ, വയോജന നയങ്ങളിലെ പരിഷ്കാരങ്ങളിൽ സായംപ്രഭ ഡേ-കെയർ സെന്ററുകളെ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് കൂടി സൗകര്യപ്രദമായ ഇടങ്ങളായി മാറ്റുക, വയോമിത്രം പദ്ധതിയിൽ ആംഗ്യഭാഷാ വിദഗ്ധരെയും പ്രാദേശിക ഭാഷാ പരിഭാഷകരെയും ഉൾപ്പെടുത്തുക, തീരദേശ പഞ്ചായത്തുകളിൽ മൊബൈൽ ജെറിയാട്രിക് ക്ലിനിക്കുകൾ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിക്കുക എന്നിവ ഉൾപ്പെടുത്തേണ്ടതാണ്.

**കോവിഡ്–19 പാഠങ്ങളും അതിജീവനശേഷിയും**

തുടർന്നുള്ള ഓരോ നയപരമായ തീരുമാനത്തെയും സ്വാധീനിച്ച രണ്ട് അടിസ്ഥാന യാഥാർത്ഥ്യങ്ങളുമായാണ് കേരളം കോവിഡ്-19 മഹാമാരിയെ നേരിട്ടത്: ഒന്ന്, ഇന്ത്യ യിലെ ഏറ്റവും ഉയർന്ന വയോജന നിരക്ക് കേരളത്തിലാ യിരുന്നു. പ്രകൃതിദുരന്തങ്ങളെ നേരിട്ട സമീപകാല ചരിത്രം തദ്ദേശഭരണ ശൃംഖലകളെയും സാമൂഹ്യാധിഷ്ഠിത സംഘടനകളെയും കൂടുതൽ ശക്തമാക്കിയിരുന്നു. മുതിർന്ന പൗരന്മാരെ ആനുപാതികമല്ലാത്ത രീതിയിൽ ബാധിക്കുന്ന ഒരു പകർച്ചാരോഗാണുവിനെ നേരിടേണ്ടി വന്നപ്പോൾ, സംസ്ഥാനം വളരെ വേഗത്തിൽ പ്രതിരോധം, ചികിത്സ, സാമൂഹിക സുരക്ഷാ നടപടികൾ എന്നിവയെ ഒരു വയോജന കേന്ദ്രീകൃത കാഴ്ചപ്പാടിലൂടെ പുനർനിർ ണ്ണയിച്ചു. ആഗോളതലത്തിലെ 'ടാർഗെറ്റഡ് ഷീൽഡിംഗ്' സിദ്ധാന്തവും പ്രളയകാലത്തെ മൈക്രോ പ്ലാനിംഗ് അനു ഭവങ്ങളും പ്രയോജനപ്പെടുത്തിക്കൊണ്ട്, വയോജനങ്ങ ൾക്ക് പുറംലോകവുമായുള്ള സമ്പർക്കം കുറയ്ക്കുന്നതിനും അതേസമയം സേവനങ്ങൾ മുടങ്ങാതെ ലഭിക്കുന്നതിനും റിവേഴ്സ് ക്വാറന്റൈൻ, ഗ്രാനുലാർ വാക്സിൻ മൈക്രോ പ്ലാനുകൾ, തുറന്ന ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ എന്നിവ ഉദ്യോഗസ്ഥർ സംയോജിപ്പിച്ചു.

**റിവേഴ്സ് ക്വാറന്റൈനും വാക്സിനേഷൻ വിതരണവും**: 60 വയസ്സോ അതിൽ കൂടുതലോ പ്രായമുള്ളവരെയും മറ്റ് അസുഖങ്ങളുള്ളവരെയും ഓരോ വാർഡിലും കണ്ടെത്തി സുരക്ഷിതമായി താമസിപ്പിക്കാൻ നിർദ്ദേശിക്കുന്ന "റിവേഴ്സ് ക്വാറന്റൈൻ" (ഏപ്രിൽ 4, 2020) നിർബന്ധമാ ക്കിയ ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമാണ് കേരളം. റാപ്പിഡ് റെസ്പോൺസ് ടീമുകൾ, പഞ്ചായത്ത് തലത്തിലുള്ള വോട്ടർ പട്ടികകളും ആശാ വർക്കർമാരുടെ രജിസ്റ്ററുകളും കുടുംബശ്രീ അയൽക്കൂട്ടങ്ങളും ഉപയോഗിച്ച് 'ദുർബലരായ വ്യക്തികളുടെ' ഒരു സജീവ പട്ടിക തയ്യാറാക്കി; പോലീസ് പട്രോളിംഗിനും സേവന വിതരണത്തിനുമായി[3] ഈ വിവരങ്ങൾ വീടുകൾ തിരിച്ച് കളർ കോഡിംഗ് ചെയ്തിരുന്നു. പകർച്ചവ്യാധി മാതൃകകൾ സൂചിപ്പിക്കുന്നത്, ഇത്തരം സുരക്ഷാ കവചം ആദ്യ തരംഗസമയത്ത് മുതിർന്ന പൗര ന്മാരുടെ സമ്പർക്ക സാധ്യത 35 മുതൽ 40 ശതമാനം വരെ കുറച്ചുവെന്നാണ്; കേരളത്തിൽ 60 വയസ്സിന് മുകളിലു ള്ളവരുടെ മരണനിരക്ക് (2020-ൽ 1.8 ശതമാനം) ദേശീയ ശരാശരിയായ 3 ശതമാനത്തേക്കാൾ വളരെ താഴെയാ യിരുന്നു[4]. രോഗനിയന്ത്രണത്തിന് പുറമെ, ഈ സംരംഭം സാമൂഹികവും മാനസികവുമായ ആരോഗ്യത്തെ സംരക്ഷി ക്കുകയും ചെയ്തു. പരിശീലനം ലഭിച്ച യുവാക്കൾ ആഴ്ച തോറും നടത്തിയിരുന്ന 'ബഡ്ഡി കോളുകൾ' വയോജനങ്ങൾ ക്കിടയിലെ ഏകാന്തത പകുതിയോളം കുറയ്ക്കാൻ സഹാ യിച്ചു; ഇത് തായ്‌വാനിലും ജപ്പാനിലും കണ്ടുവരുന്ന സാമൂഹ്യ സംയോജിത പരിചരണ മാതൃകകൾക്ക് സമാ നമാണ്. വാക്സിനുകൾ ലഭ്യമായപ്പോൾ, ഇതേ മൈക്രോ പ്ലാനുകൾ ഒരു "റെഡ് കാർപ്പറ്റ്" പ്രചാരണമായി (മുൻഗണനാ ക്രമത്തിലുള്ള വിതരണം) മാറി. 2021 സെപ്റ്റംബറോടെ, കേരളത്തിലെ മുതിർന്ന പൗരന്മാരിൽ 92 ശതമാനം പേർക്കും രണ്ട് ഡോസ് വാക്സിനും ലഭിച്ചു കഴിഞ്ഞിരുന്നു; ഇത് വികസ്വര രാജ്യങ്ങളിലെ തന്നെ ഏറ്റവും വേഗതയേ റിയ വയോജന വാക്സിനേഷൻ നിരക്കുകളിൽ ഒന്നാണ്[5].

**മുന്നോട്ടുള്ള വഴി**

മുതിർന്ന പൗരന്മാരുടെ ശേഷികൾ നിലനിർത്തുന്നതിനും വികസിപ്പിക്കുന്നതിനും പിന്തുണ നൽകേണ്ടത് സംസ്ഥാന ത്തിന്റെ കടമയാണ്.

വ്യക്തിഗത വീടുകളിലായാലും സർക്കാർ അല്ലെങ്കിൽ സ്വകാര്യ പരിചരണ കേന്ദ്രങ്ങളിലായാലും, സുരക്ഷിതവും സൗകര്യപ്രദവും വയോജന സൗഹൃദവുമായ താമസ സൗകര്യം ഓരോ മുതിർന്ന പൗരനും ലഭ്യമാകണം. നഴ്സിംഗ് പരിചരണം, ദൈനംദിന പ്രവർത്തനങ്ങൾക്കുള്ള സഹായം, പ്രതിരോധ-ചികിത്സാ-സാന്ത്വന സേവനങ്ങൾ ഉൾപ്പെടുന്ന സമഗ്ര ആരോഗ്യ പരിരക്ഷ, കൗൺസലിംഗ് എന്നിവയിലൂടെ പ്രവർത്തനക്ഷമത നിലനിർത്തുന്ന പിന്തുണാ സേവനങ്ങളാൽ താമസ സംവിധാനങ്ങൾ കരുത്തുറ്റതാക്കണം. മുതിർന്നവർക്ക് വിശ്വാസയോഗ്യ മായ ഗതാഗത സൗകര്യങ്ങൾ, വിനോദത്തിനും ബൗദ്ധിക ഇടപെടലുകൾക്കുമുള്ള അവസരങ്ങൾ, വിവരശേഖരണ ത്തിനുള്ള മാർഗങ്ങൾ, പുനർതൊഴിൽ അല്ലെങ്കിൽ സന്ന ദ്ധസേവന മാർഗനിർദേശങ്ങൾ എന്നിവയും ഉറപ്പാക്കേണ്ട തുണ്ട്. വാർദ്ധക്യകാല ആവശ്യങ്ങൾക്കായുള്ള സാങ്കേതിക വിദ്യകളുടെ വികസനവും ഉപയോഗവും സംസ്ഥാനം പ്രോത്സാഹിപ്പിക്കും. ഇതിന്റെ പ്രാരംഭ നടപടിയായി, പദ്ധതി ആസൂത്രണത്തിനും സേവന വിതരണത്തിനും കൃത്യമായ ദിശാബോധം നൽകുന്നതിനായി വയോജനങ്ങ ളുടെ സമഗ്ര സെൻസസ് നടപ്പിലാക്കും.

കേരളത്തിലെ വയോജനങ്ങളുടെ ക്ഷേമവും സംരക്ഷ ണവും സുരക്ഷയും കേവലം കുടുംബപരിചരണത്തിൽ മാത്രം ഒതുങ്ങിനിൽക്കാതെ, സമൂഹകേന്ദ്രിതവും അവകാ ശാധിഷ്ഠിതവുമായ ഒരു മാതൃകയിലേക്കാണ് മാറേണ്ടത്. സംസ്ഥാനത്തെ വയോജന ജനസംഖ്യ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ, ഈ മേഖലയിലെ നിർബന്ധിത ധന വിനിയോഗം വർദ്ധിപ്പിക്കേണ്ടി വന്നേക്കാം.

വികേന്ദ്രീകൃതമായ ജെറിയാട്രിക് പരിചരണ സംവിധാനങ്ങളിലെ നിക്ഷേപവും ലക്ഷ്യമിട്ടുള്ള ഉപജീവന സഹായവും, പ്രത്യേകിച്ച് ഗ്രാമപ്രദേശങ്ങളിലെ വയോജന ങ്ങൾക്കുള്ള സാമൂഹിക സുരക്ഷാ പദ്ധതികൾ ശക്തിപ്പെടു ത്തലും അത്യന്താപേക്ഷിതമാണ്. പെൻഷൻ, മരുന്നുകൾ, റേഷൻ എന്നിവ നേരിട്ട് വീടുകളിലെത്തിക്കുന്ന സാമൂഹ്യ സേവന സംവിധാനങ്ങൾ വികസിപ്പിക്കുന്നതിനൊപ്പം സമൂ ഹാടിസ്ഥാനത്തിലുള്ളതും വീടുകളിലേക്കുള്ളതുമായ പരി ചരണത്തിന് മുൻഗണന നൽകും. മുതിർന്ന പൗരന്മാരുടെ സാമൂഹിക ഒറ്റപ്പെടൽ കുറയ്ക്കുന്നതിനും വിനോദ-പിന്തുണ പ്രവർത്തനങ്ങൾക്കുമായി പകൽവീടുകളും വയോക്ലബ്ബു കളും വിപുലീകരിക്കും.

5 ഒബ്സർവ്വർ റിസർച്ച് ഫൗണ്ടേഷൻ, 2020
6 ഗുലിയ ആന്റ് കുമാർ - 2020
7 സുചിത്ര ഇ റ്റി എ എൽ -2022

പരിശീലനം ലഭിച്ച വയോജന പരിചാരകരുടെ പിന്തുണയോടെ, പ്രത്യേക ജെറിയാട്രിക് ക്ലിനിക്കുകളും സ്പെഷ്യലൈസ്ഡ് ആശുപത്രികളും സ്ഥാപിച്ച് ആരോഗ്യ പരിരക്ഷാ സംവിധാനങ്ങൾ ശക്തിപ്പെടുത്തും. വയോജനങ്ങൾക്കായി സാർവത്രിക ആരോഗ്യ പരിരക്ഷ വ്യാപിപ്പിക്കുക, വയോജന ആരോഗ്യ പദ്ധതികളെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുമായി കൂടുതൽ സംയോജിപ്പിക്കുക, വയോജന സൗഹൃദ ഔട്ട്പേഷ്യന്റ് സേവനങ്ങൾ ലഭ്യമാക്കുക, പ്രതിരോധ-പാലിയേറ്റീവ് പരിചരണങ്ങൾക്കുള്ള ബജറ്റ് വിഹിതം വർദ്ധിപ്പിക്കുക എന്നിവയാണ് പ്രധാന ഇടപെടലുകൾ. 2026-27 ബജറ്റിൽ മുതിർന്ന പൗരന്മാർക്കായുള്ള ന്യൂമോകോക്കൽ വാക്സിനേഷൻ ഡ്രൈവിനായി ₹50 കോടി വകയിരുത്തിയത് ജെറിയാട്രിക് പരിചരണ രംഗത്ത് കേരളത്തെ മുൻനിരയിൽ എത്തിക്കുന്നതിനുള്ള നിർണ്ണായകമായ ചുവടുവയ്പ്പാണ്.

വയോജനങ്ങളുടെ അവകാശ സംരക്ഷണം നയരൂപീകരണത്തിന്റെ കേന്ദ്രബിന്ദുവായി തുടരുന്നു. നിയമസഹായം, പീഡനങ്ങളെക്കുറിച്ചുള്ള അന്വേഷണം, ക്ഷേമ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കൽ എന്നിവയ്ക്കായി ശക്തമായ ഒരു സ്ഥാപന ഘടന കെട്ടിപ്പടുക്കുന്നതിൽ കേരള സംസ്ഥാന വയോജന കമ്മീഷന്റെ രൂപീകരണം സുപ്രധാനമായ ഒരു ഘട്ടമാണ്. 2007-ലെ മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച ആക്റ്റ് ഫലപ്രദമായി നടപ്പിലാക്കുക എന്നത് അത്യന്താപേക്ഷിതമാണ്; ഇതിൽ ട്രിബ്യൂണൽ നടപടികൾ ലളിതമാക്കുന്നതും ഉത്തരവുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതും ഉൾപ്പെടുന്നു. വാർദ്ധക്യത്തെക്കുറിച്ചുള്ള സാമൂഹിക മനോഭാവം മാറ്റുന്നതിനും മുതിർന്ന പൗരന്മാരെ അവരുടെ അവകാശങ്ങളെയും നിലവിലുള്ള പിന്തുണാ സംവിധാനങ്ങളെയും കുറിച്ച് ബോധവാന്മാരാക്കുന്നതിനും പൊതുജന ബോധവൽക്കരണ പരിപാടികൾ സഹായിക്കും.

കേരളത്തിന്റെ ജനസംഖ്യാ ഘടന വീടുകളിലേക്കുള്ള പരിചരണ സേവനങ്ങൾക്കും പ്രതിരോധ സേവനങ്ങൾക്കും വലിയ ആവശ്യം സൃഷ്ടിക്കുന്നതോടൊപ്പം, വളർന്നുവരുന്ന 'സിൽവർ ഇക്കണോമി'യിൽ മികച്ച അവസരങ്ങൾ തുറന്നു നൽകുകയും ചെയ്യുന്നു. 2023-ൽ ആദ്യ ഘട്ടമായി എഴുപത് ടൂറിസ്റ്റ് കേന്ദ്രങ്ങളെ തടസ്സരഹിതമാക്കിയ ഉത്തരവാദിത്വ ടൂറിസം മിഷന്റെ പ്രവർത്തനങ്ങൾ ഈ സാധ്യതയെ അടിവരയിടുന്നു. കുടുംബശ്രീയുടെ 'കെ ഫോർ കെയർ', 'ഹർഷം' അയൽക്കൂട്ടങ്ങൾ തുടങ്ങിയ സംരംഭങ്ങളിൽ പ്രതിഫലിക്കുന്നത് പോലെ കേരളത്തിലെ കെയർ ഇക്കണോമി വലിയ സാധ്യതകളാണ് വാഗ്ദാനം ചെയ്യുന്നത്. ഗൃഹപരിചാരകരുടെയും സാന്ത്വന സന്നദ്ധപ്രവർത്തകരുടെയും ഈ ശൃംഖലകളെ തൊഴിൽ സഹകരണ സംഘങ്ങളായി ഔദ്യോഗികമായി രൂപപ്പെടുത്തുന്നതിലൂടെ ഭരണസംവിധാനം ശക്തിപ്പെടുത്താനും ഗ്രൂപ്പ് ഇൻഷുറൻസ് ഏർപ്പെടുത്താനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കരാറുകളുമായി സേവനങ്ങളെ ബന്ധിപ്പിക്കാനും സാധിക്കും.

**അവലംബം**


ചന്ദ എസ് & ശേഖർ റ്റി വി (2023). ഐഡന്റിഫിക്കേഷൻ ഓഫ് ഡിസ്എബിലിറ്റി ഫോർ ഇൻക്ലൂസീവ് ഡെവലപ്പ്മെന്റ് : ലെസ്സൺസ് ഫ്രം ഡിസെബിലിറ്റി സെൻസസ് ഓഫ് കേരള, ഇൻഡ്യ. എസ്എജിഇ ഓപ്പൺ, 13(3), 21582440231190817, https://doi.org/10.1177/21582440231190817

ഗുലിയ കെ കെ & കുമാർ വി എം (2020). റിവേഴ്സ് ക്വാറന്റൈൻ ഇൻ കേരള: മാനേജിംഗ് ദ 2019 നോവൽ കൊറോണ വൈറസ് ഇൻ എ സ്റ്റേറ്റ് വിത്ത് എ റിലേറ്റീവിലി ലാർജ് എൽഡേർലി പോപ്പുലേഷൻ. സൈക്കോജെറിയാട്രിക്സ്: ദ ഓഫിഷ്യൽ ജേർണൽ ഓഫ് ദ ജാപ്പനീസ് സൈക്കോജെറിയാട്രിക്സ് സൊസൈറ്റി, 20(5), 794 ഫിഷ്യൽ ജേർണൽ ഓഫ് ദി /10.1111/പിഎസ് വൈ ജി.12582

ഇരുദയ രാജൻ എസ്, സുനിത എസ് & ആര്യ യു ആർ (2017). എൽഡർ കെയർ ആന്റ് ലിവിംഗ് അറേൻജ്മെന്റ് ഇൻ കേരള. ഇൻ എസ്. ഇരുദയ രാജൻ ആന്റ് ബാലഗോപാൽ (ഇഡിഎസ്), എൽഡർലി കെയർ ഇൻ സ്പ്രിംഗർ സിംഗപ്പൂർ https://doi.org/10.1007/978-10-3439-8 6

മാത്യു ജി, ബാവ എൻ, വർഗ്ഗീസ് എ ഡി, സുഷാൻ എ & ബെഞ്ചമിൻ എ ഐ (2024), പ്രോജക്ട് വയോരക്ഷ: ഇംപ്ലിമെന്റേഷൻ ഓഫ് നോവൽ എം ഹെൽത്ത് ടെക്നോളജി ഫോർ ഹെൽത്ത് കെയർ ഡെലിവറി ഡ്യൂറിംഗ്  കോവിഡ് -19 ഇൻ ജെറിയാട്രിക് പോപ്പുലേഷൻ ഓഫ് കേരള, ഇൻഡ്യൻ ജേർണൽ ഓഫ് മെഡിക്കൽ റിസർച്ച്, 159(3&4), 289എഎൽ ഓഫ് മെഡിക്കൽ റിസർച്ചി ഡ്യൂറിംഗ് കോവിഡ് -19 ഐ

ഒബ്സർവർ റിസർച്ച് ഫൗണ്ടേഷൻ. (2020 ഏപ്രിൽ 18), കോവിഡ് 19: ദ കേരള മോഡൽ ഓഫ് ഫ്ലാറ്ററിംഗ് ദ കർവ് .ഒ ആർ എഫ് .https://www.orfonline.org/covid19-ദ കേരള മോഡൽ ഓഫ് ഫ്ലാറ്ററിംഗ് ദ കർവ്

ഷാഹുൽ ഹമീദ്, എസ് കുട്ടി വി ആർ, വിജയ കുമാർ കെ & കമലാസനൻ എ (2013). മൈഗ്രേഷൻ സ്റ്റാറ്റസ് ആന്റ് പ്രിവലൻസ് ഓഫ് ക്രോണിക് ഡിസീസസ് ഇൻ കേരള സ്റ്റേറ്റ് , ഇൻഡ്യ. ഇന്റണൽ ജേർണൽ ഓഫ് ക്രോണിക് ഡിസീസസ്, 2013, 431818. https://doi.org/10.1155/2013/431818.

ശ്രീവാസ്തവ എസ്, മുഹമ്മദ് റ്റി, പോൾ ആർ ആന്റ് തോമസ് എ ആർ  (2022). മൾട്ടി വേരിയറ്റ് ഡീ കമ്പോസിഷൻ അനാലിസിസ് ഓഫ് സെക്സ് ഡിഫറൻസസ് ഇൻ ഫംഗ്ഷണൽ ഡിഫിക്കൽറ്റി എമംഗ് ഓൾഡർ അഡൽറ്റ്സ് ബെയ്സ്ഡ് ഓൺ ലോൺജിറ്റ്യൂഡിനൽ  ഏജിംഗ് സ്റ്റഡി ഇൻ ഇൻഡ്യ, 2017-18. ബിഎംജെ ഓപ്പൺ-2021-054661

സുചിത്ര ഇ റ്റി, രജനി ജോസ്, ജയ കെ വി, റിതു എൻ & ധന്യ കെ എം (2022). കോവിഡ് 19 വാക്സിനേഷൻ കവറേജ് ആന്റ് ഇറ്റ്സ് ഡിറ്റർമിനന്റ്സ് എമംഗ് ദ ഡിറ്റർമിനന്റ്സ് എമംഗ് ദി എൽഡർലി  പോപ്പുലേഷൻ ഓഫ് എ റൂറൽ ഏരിയ ഓഫ് കേരള/ ഇന്റർനാഷണൽ ജേർണൽ ഓഫ് മെഡിക്കൽ റിവ്യൂസ് ആന്റ് കേസ് റിപ്പോർട്ട്സ്. ജേർണൽ ഓഫ് മെഡിക്കൽ റിവ്യൂസ് ആന്റ് കേസ് റിപ്പോർട്ട്സ്. https://doi.org/10.5455/IJMRCR.172-1659707967

തെല്ലി എ എസ്, മണിവാസകൻ എസ്, കൃപാ എ എ & ശീതൾ കെ (2025). എക്സ്പ്ലോറിംഗ് ദ ലൈവ്ഡ് എക്സ്പീരിയൻസ് ഓഫ് എൽഡർലി ട്രാൻസ്ജെൻഡർ പ്യൂപ്പിൾ:ക്വാളിറ്റേറ്റീവ് ഫിനോമിനോളജിക്കൽ സ്റ്റഡി. ഇൻഡ്യൻ ജേർണൽ ഓഫ് പാലിയേറ്റീവ് കെയർ എൽഡർലി ട്രാൻസ്ജെൻ

## അധ്യായം 10

# പട്ടികജാതി – പട്ടികവർഗ്ഗ വിഭാഗങ്ങൾ: സമഗ്ര വികസനം ഉറപ്പാക്കൽ

പട്ടികജാതി, പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ ജനസംഖ്യാ അനുപാതത്തേക്കാൾ കൂടിയ വിഹിതം, സംസ്ഥാനത്തിന്റെ ആകെ പദ്ധതി വിഹിതത്തിൽ നിന്നും പട്ടികജാതി ഉപപദ്ധതിയ്ക്കും (എസ്.സി.എസ്.പി.), പട്ടികവർഗ്ഗ ഉപപദ്ധതിയ്ക്കുമായി (ടി.എസ്.പി.) സ്ഥിരമായി വകയിരുത്തുന്നു എന്നത്, കേരളത്തിന്റെ പഞ്ചവത്സര പദ്ധതികളുടെയും വാർഷിക പദ്ധതികളുടെയും ഒരു പ്രത്യേക സവിശേഷതയാണ്. 2016-17 മുതൽ 2026-27 വരെയുള്ള കാലയളവിൽ, ആകെ സംസ്ഥാന പദ്ധതി അടങ്കലിന്റെ ഏകദേശം 9.81 ശതമാനം ആകെ ജനസംഖ്യയുടെ 9.10 ശതമാനം വരുന്ന പട്ടികജാതിക്കാരുടേയും, 2.83 ശതമാനം വിഹിതം 1.45 ശതമാനം വരുന്ന പട്ടികവർഗ്ഗക്കാരുടേയും ക്ഷേമത്തിനായി മാറ്റിവെച്ചിട്ടുണ്ട്.

കേരളത്തിലെ സാമൂഹിക മാറ്റത്തിനായുള്ള പോരാട്ടത്തിന്റെ ഒരു നിർണായക സവിശേഷതയായിരുന്നു ജാതിക്കും മറ്റ് തരത്തിലുള്ള വിഭാഗീയ സാമൂഹിക വിവേചനത്തിനും അസന്തുലിതാവസ്ഥയ്ക്കും എതിരായ പോരാട്ടം. പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തിലെയും ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ മധ്യം വരെയുമുള്ള കേരള നവോത്ഥാനത്തിന്റെ ഒരു പ്രധാന ലക്ഷ്യമായിരുന്നു ജാതിവ്യവസ്ഥയിൽ നിന്നുള്ള സാമൂഹിക മോചനം. ജാതിവ്യവസ്ഥയുടെ അനീതിയും അസമത്വവും മറ്റ് തരത്തിലുള്ള സ്ഥാപനവൽക്കരിക്കപ്പെട്ട സാമൂഹിക വിവേചനങ്ങളും അടങ്ങുന്ന ചരിത്രപരമായ തെറ്റുകൾ തിരുത്തുന്നതിലുള്ള നിരന്തരമായ ഇടപെടലുകൾ ഉറപ്പുവരുത്തുന്നതാണ് റിപ്പോർട്ട് കാലയളവിൽ കേരളം അവലംബിച്ച സാമൂഹ്യ നയം എന്നുള്ളത്.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെയും, പതിനാലാം പഞ്ചവത്സര പദ്ധതിയുടെയും കാലയളവിൽ, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭരണഘടനാപരമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും, പ്രത്യേകം രൂപകൽപ്പന ചെയ്ത നിരവധി പദ്ധതികളിലൂടെയും പരിപാടികളിലൂടെയും ഈ വിഭാഗങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ സമഗ്ര വികസനം ശക്തിപ്പെടുത്തുന്നതിനും സംസ്ഥാനം പരിശ്രമിച്ചിട്ടുണ്ട്.

### പട്ടികജാതി വികസനം

#### കേരളത്തിലെ പട്ടികജാതി വിഭാഗങ്ങൾ

കേരളത്തിലെ പട്ടികജാതി ജനസംഖ്യ 2011-ലെ സെൻസസ് പ്രകാരം 30.39 ലക്ഷം ആണ്. ഇവർ സംസ്ഥാനത്തെ മൊത്തം ജനസംഖ്യയുടെ 9.10 ശതമാനത്തോളം വരുന്നു. സംസ്ഥാനത്ത് 26,342 പട്ടികജാതി നഗറുകളും[1] പട്ടികജാതി വിഭാഗത്തിൽ 53 സമുദായങ്ങളുമാണുള്ളത്. ഇതിൽ വേടർ, നായാടി, കള്ളാടി, അരുന്ധതിയാർ/ചക്കിലിയർ തുടങ്ങിയ സമുദായങ്ങളെ പട്ടികജാതി വിഭാഗത്തിലെ ദുർബല സമുദായങ്ങളായി കണക്കാക്കുന്നു. സംസ്ഥാനത്തെ മൊത്തം പട്ടികജാതി ജനസംഖ്യയുടെ 3.65 ശതമാനമാത്തോളം വരും ഈ ദുർബല വിഭാഗങ്ങളിലെ ജനങ്ങൾ. പട്ടികജാതി ജനസംഖ്യ ഏറ്റവും കൂടുതലുള്ളത് പാലക്കാട് ജില്ലയിലാണ് (13.3 ശതമാനം). തൊട്ടുപിന്നിൽ തിരുവനന്തപുരം (12.3 ശതമാനം), കൊല്ലം (10.8 ശതമാനം), തൃശ്ശൂർ (10.7 ശതമാനം), മലപ്പുറം (10.1 ശതമാനം) എന്നീ ജില്ലകളാണ് ഉള്ളത്. ഈ അഞ്ച് ജില്ലകളിൽ മാത്രമായി സംസ്ഥാനത്തെ ആകെ പട്ടികജാതി ജനസംഖ്യയുടെ പകുതിയിലധികം (57.2 ശതമാനം) അധിവസിക്കുന്നു. ദുർബല വിഭാഗങ്ങൾ പ്രധാനമായും പാലക്കാട്, മലപ്പുറം, കൊല്ലം, ഇടുക്കി ജില്ലകളിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്.

1 പട്ടികജാതി-പട്ടികവർഗ്ഗ സമുദായങ്ങളിലെ ജനങ്ങളുടെ താമസ പ്രദേശങ്ങളെ സൂചിപ്പിക്കാൻ 'കോളനി', 'സെറ്റിൽമെന്റ്', 'ഊര്' എന്നിവയ്ക്ക് പകരം 'നഗർ', 'ഉന്നതി', 'പ്രകൃതി' തുടങ്ങിയ പദങ്ങൾ ഉപയോഗിക്കാൻ, 18/06/2024 തീയതിയിലെ ജി.ഒ(എം.എസ്)നം:16/2024/എസ്.സി.എസ്.ടി.ഡി മുഖേന കേരള സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

#### പട്ടികജാതി ഉപപദ്ധതി (എസ്.സി.എസ്.പി.) ഫണ്ട് – വകയിരുത്തലും ചെലവും

ഓരോ വർഷവും സംസ്ഥാന വാർഷിക പദ്ധതി അടങ്കലിന്റെ ഒരു നിശ്ചിത വിഹിതം പട്ടികജാതി ഉപപദ്ധതിക്കായി (എസ്.സി.എസ്.പി.) വകയിരുത്തുന്നു. ആകെ പട്ടികജാതി ഉപപദ്ധതി വിഹിതത്തിന്റെ ഏകദേശം 55 ശതമാനം പട്ടികജാതി വികസന വകുപ്പിനും (എസ്.സി.ഡി.ഡി.) ബാക്കി 45 ശതമാനത്തോളം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുമായാണ് വകയിരുത്തുന്നത്.

പട്ടികജാതി വിഭാഗത്തിലെ ജനങ്ങളുടെ ക്ഷേമത്തിന് വേണ്ടി, 2016-17 മുതൽ 2026-27 വരെയുള്ള കാലയളവിൽ 31,867 കോടി രൂപ പട്ടികജാതി ഉപപദ്ധതിയ്ക്കായി കേരളം വകയിരുത്തിയിട്ടുണ്ട്. ഇതിൽ 17,533.5 കോടി രൂപ പട്ടികജാതി വികസന വകുപ്പിനും 14,333.5 കോടി രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുമായാണ് വകയിരുത്തിയത്. ഈ കാലയളവിലെ ആകെ സംസ്ഥാന പദ്ധതി അടങ്കലിൽ നിന്നുള്ള പട്ടികജാതി ഉപപദ്ധതി വിഹിതം 9.8 ശതമാനമായിരുന്നുവെന്നും ഈ വിഹിതം പട്ടികജാതി ജനസംഖ്യാ അനുപാതത്തേക്കാൾ കൂടുതലായിരുന്നുവെന്നും കാണാം. വാർഷിക പദ്ധതിയുടെ അടങ്കൽ തുക വർദ്ധിച്ചതിനനുസരിച്ച്, പട്ടികജാതി ഉപപദ്ധതി വിഹിതവും വർദ്ധിച്ചിട്ടുണ്ട് (2,354.4 കോടി രൂപയിൽ നിന്ന് 3,507 കോടി രൂപയായി).

2016-17 മുതൽ 2025-26 വരെയുള്ള കാലയളവിലെ വിഹിതവും ചെലവും പരിശോധിക്കുമ്പോൾ, 2018-19 (74.3 ശതമാനം), 2019-20 (45.7 ശതമാനം), 2023-24 (77.6 ശതമാനം) എന്നീ വർഷങ്ങൾ ഒഴികെ മിക്കവാറും എല്ലാ വർഷങ്ങളിലും പട്ടികജാതി വികസന വകുപ്പ് 80 ശതമാനത്തിലധികം വിനിയോഗ നിരക്ക് കൈവരിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആദ്യ വർഷങ്ങളിൽ മിതമായ പ്രകടനം മാത്രമാണ് കാഴ്ചവെച്ചതെങ്കിലും, 2020-21-ഓടെ അവരുടെ വിനിയോഗം 92.2 ശതമാനം എന്ന ശ്രദ്ധേയമായ നിലയിലേയ്ക്ക് മെച്ചപ്പെടുത്തി. കോവിഡ്-19 മഹാമാരി ബാധിച്ച 2019-20 സാമ്പത്തിക വർഷത്തിലാണ് ഏറ്റവും കുറഞ്ഞ വിനിയോഗ നിരക്ക് രേഖപ്പെടുത്തിയത്-പട്ടികജാതി വികസന വകുപ്പിന്റേത് 45.7 ശതമാനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേത് 54.3 ശതമാ

**പട്ടിക 10.1** *2016 - 17 മുതൽ 2026 - 27 വരെയുള്ള കേരളത്തിന്റെ സംസ്ഥാന പദ്ധതിയിൽ നിന്ന് പട്ടികജാതി ഉപപദ്ധതിയിലേക്കുള്ള വിഹിതം, രൂപ കോടിയിൽ*

| വർഷം | ആകെ സംസ്ഥാന പദ്ധതി അടങ്കൽ | പട്ടികജാതി ഉപപദ്ധതി വിഹിതം | ആകെ സംസ്ഥാന പദ്ധതി അടങ്കലിൽ പട്ടികജാതി ഉപപദ്ധതി വിഹിതത്തിന്റെ ശതമാനം |
|---|---|---|---|
| 2016 - 17 | 24,000 | 2,354.4 | 9.8 |
| 2017 - 18 | 26,500 | 2,599.7 | 9.8 |
| 2018 - 19 | 29,150 | 2,859.6 | 9.8 |
| 2019 - 20 | 30,610 | 3,002.8 | 9.8 |
| 2020 - 21 | 27,610 | 2,708.5 | 9.8 |
| 2021 - 22 | 27,610 | 2,708.5 | 9.8 |
| 2022 - 23 | 30,370 | 2,979.4 | 9.8 |
| 2023 - 24 | 30,370 | 2,979.4 | 9.8 |
| 2024 - 25 | 30,370 | 2,979.4 | 9.8 |
| 2025 - 26 | 32,500 | 3,188.3 | 9.8 |
| 2026 - 27 | 35,750 | 3,507 | 9.8 |
| ആകെ | 3,24,840 | 31,867 | 9.8 |

*അവലംബം:* ബജറ്റ് രേഖകൾ (വിവിധ വർഷങ്ങൾ), ധനകാര്യ വകുപ്പ്, കേരള സർക്കാർ

നവും. അവലോകന വിധേയമായ ഈ കാലയളവിലുടനീളം, പട്ടികജാതി വികസന വകുപ്പ് തങ്ങൾക്ക് അനുവദിച്ച ഫണ്ടിന്റെ 78.3 ശതമാനവും (11,470.5 കോടി രൂപ), തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 71.2 ശതമാനവും (9,091.8 കോടി രൂപ) വിനിയോഗിച്ചിട്ടുണ്ട്.

**പതിമൂന്നും പതിനാലും പഞ്ചവത്സര പദ്ധതികളിലെ പ്രധാന ഇടപെടലുകളും നേട്ടങ്ങളും**

താഴെ പറയുന്ന മേഖലകളിൽ സംസ്ഥാന സർക്കാർ വിവിധ നയങ്ങളും പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്:

- ഭൂമിയും പാർപ്പിടവും

**പട്ടിക 10.2** *കേരളത്തിലെ പട്ടികജാതി ഉപപദ്ധതി ഫണ്ടുകളുടെ ചെലവ്, 2016 - 17 മുതൽ 2025 - 26 (27.09.2025 പ്രകാരം) വരെ, രൂപ കോടിയിൽ*

| വർഷം | പട്ടികജാതി വികസന വകുപ്പിന്റെ ചെലവ്** | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചെലവ് |
|---|---|---|
| 2016 - 17 | 1,116.3 | 726 |
| 2017 - 18 | 1,275.3 | 929.9 |
| 2018 - 19 | 1,167.4 | 1,057.7 |
| 2019 - 20 | 753.9 | 735.4 |
| 2020 - 21 | 1,313.3 | 1,125.9 |
| 2021 - 22 | 1,290.8 | 1,082.8 |
| 2022 - 23 | 1,316.6 | 1,127.4 |
| 2023 - 24 | 1,271.3 | 930 |
| 2024 - 25* | 1,346.3 | 1,141.3 |
| 2025 - 26* (27.09.2025) | 619.4 | 235.4 |
| ആകെ | 11,470.6 | 9,091.8 |

*അവലംബം:* ബജറ്റ് പ്രമാണങ്ങൾ (വിവിധ വർഷങ്ങൾ), ധനകാര്യ വകുപ്പ്, കേരള സർക്കാർ, പ്ലാൻസ്പേസ്-സംസ്ഥാന ആസൂത്രണ ബോർഡ്, കേരള സർക്കാർ, എൽ.എസ്.ജി.ഡി. ഡാഷ്ബോർഡ്.

*കുറിപ്പ്:* *ചെലവ് സംബന്ധിച്ച വിവരങ്ങൾ പ്ലാൻസ്പേസിൽ (Planspace) നിന്നുള്ളതാണ്.

**പ്രത്യേക ഘടകപദ്ധതിയ്ക്കുള്ള പ്രത്യേക കേന്ദ്ര സഹായം' (സംസ്ഥാന പദ്ധതിക്ക് പുറത്തുള്ളത്) മുഖേനയുള്ള ചെലവ് ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല.

- വിദ്യാഭ്യാസം
- നൈപുണ്യ വികസനം, തൊഴിൽ, സംരംഭകത്വം
- സാമൂഹിക വികസനം
- പാർപ്പിട മേഖലകളിലെ അടിസ്ഥാന സൗകര്യങ്ങൾ
- സാമൂഹിക-സാമ്പത്തിക സർവ്വേ

**ഭൂമിയും പാർപ്പിടവും**

പട്ടികജാതി വിഭാഗങ്ങൾക്കിടയിലെ ഭൂരാഹിത്യവും ഭവനരാഹിത്യവും പരിഹരിക്കുന്നതിന് സർക്കാർ അതീവ പ്രാധാന്യമാണ് നൽകിയിട്ടുള്ളത്. 2016-17 മുതൽ 2025-26 വരെയുള്ള ഒൻപത് വർഷക്കാലയളവിൽ, ഭൂരഹിതർക്ക് ഭൂമി നൽകുന്ന പദ്ധതിക്കായി 1,835 കോടി രൂപയും ഭവന വികസന പദ്ധതികൾക്കായി 4,446.7 കോടി രൂപയും വകയിരുത്തി. ഈ കാലയളവിലുടനീളം, ഭൂരഹിതരായ പട്ടികജാതി ഗുണഭോക്താക്കൾക്ക് വീട് നിർമ്മിക്കുന്നതിനായി ഭൂമി ലഭ്യമാക്കുന്നതിന് വകയിരുത്തിയ തുകയുടെ 73.3 ശതമാനം (1,346.6 കോടി രൂപ) വിനിയോഗിച്ചു. അതുപോലെതന്നെ, വീടുകൾ നൽകുന്നതിനും അവയുടെ മെച്ചപ്പെടുത്തലിനുമായി രൂപീകരിച്ച വിവിധ പദ്ധതികളിൽ വകയിരുത്തിയ തുകയുടെ 72.7 ശതമാനവും (3,628.2 കോടി രൂപ) വിനിയോഗിക്കപ്പെട്ടു.

**ഭൂമി**: ഭൂരഹിതർക്ക് ഭൂമി നൽകുന്ന പദ്ധതി, ഏറ്റവും രൂക്ഷമായ സാമൂഹിക-സാമ്പത്തിക പിന്നാക്കാവസ്ഥകളിലൊന്നായ ഭൂരാഹിത്യം പരിഹരിക്കുന്നതിനുള്ള ദീർഘകാല നയപരമായ പ്രതിബദ്ധതയെ പ്രതിഫലിപ്പിക്കുന്നു. 'ഭൂരഹിതരായ കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനായുള്ള ഭൂമി' എന്ന പദ്ധതി പ്രകാരം ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിനായി സംസ്ഥാന സർക്കാർ സാമ്പത്തിക സഹായം നൽകുന്നു. 2016-17 മുതൽ 2025-26 വരെയുള്ള കാലയളവിൽ, സാമ്പത്തിക വിഹിതത്തിലും ഗുണഭോക്താക്കളിലേക്ക് പ്രയോജനം എത്തുന്നതിലും ഈ പദ്ധതി മികച്ച പ്രകടനം കാഴ്ചവെച്ചു. 2016-17 മുതൽ 2025-26 വരെ (27.09.2025 പ്രകാരം) ആകെ 34,163 കുടുംബങ്ങൾക്ക് ഈ പദ്ധതി പ്രകാരം സഹായം ലഭിച്ചു.

**പാർപ്പിടം**: 2017-18 മുതൽ, പുതിയ വീടുകളുടെ നിർമ്മാണം ലൈഫ് മിഷന്റെ മൂന്ന് ഘട്ടങ്ങളിലായാണ് നടപ്പിലാക്കുന്നത്. ഭവനരഹിതരായ എല്ലാ പൗരന്മാർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിടം ഉറപ്പാക്കാൻ ലക്ഷ്യമിട്ടുള്ള കേരള സർക്കാരിന്റെ അഭിമാനകരമായ ഭവന പദ്ധതിയാണ് ലൈഫ് മിഷൻ[2] . ഹൗസിംഗ് ആൻഡ് അർബൻ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിൽ (എച്ച്.യു.ഡി.സി.ഒ) നിന്നുള്ള വായ്പകൾ, സംസ്ഥാന പദ്ധതി ഗ്രാൻറുകൾ, കേരള അർബൻ ആൻഡ് റൂറൽ ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡിൽ (കെ.യു.ഡി.എഫ്.സി.) നിന്നുള്ള സാമ്പത്തിക സഹായം എന്നിവ സംയോജിപ്പിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ലൈഫ് മിഷന് കീഴിൽ, ഒരു വീടിന് 4 ലക്ഷം രൂപയാണ് അനുവദിക്കുന്നത്. ഇതിൽ 1 ലക്ഷം രൂപ പട്ടികജാതി വികസന വകുപ്പിന്റെ വിഹിതമാണ്. മൂന്ന് വ്യത്യസ്ത ഘട്ടങ്ങളിലായാണ് പദ്ധതി നടപ്പിലാക്കുന്നത്, ഒന്നാം ഘട്ടം-മുമ്പ് പൂർത്തിയാകാത്ത വീടുകളുടെ പൂർത്തീകരണം, രണ്ടാം ഘട്ടം-ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നൽകൽ, മൂന്നാം ഘട്ടം- ഭൂമിയും വീടുമില്ലാത്തവർക്ക് ഇവ

2 ലൈഫ് മിഷനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക്, അദ്ധ്യായം 28-'നവകേരളത്തിനായുള്ള ഉദ്യമങ്ങൾ' കാണുക.

**പട്ടിക 10.3** *കേരളത്തിലെ പട്ടികജാതി വികസന വകുപ്പിന്റെ ഭൂമി, ഭവന പദ്ധതികളിലെ ചെലവ്, 2016-17 മുതൽ 2025-26 വരെ (27.09.2025 പ്രകാരം), രൂപ കോടിയിൽ*

| വർഷം | ഭൂമി നൽകുന്നതിനുള്ള ചെലവ് | ഭവന നിർമ്മാണ ചെലവ്** |
|---|---|---|
| 2016-17 | 175.7 | 409.6 |
| 2017-18 | 178.7 | 576.6 |
| 2018-19 | 154.7 | 444.4 |
| 2019-20 | 164.5 | 132.9 |
| 2020-21 | 143.7 | 514.7 |
| 2021-22 | 158.6 | 521.4 |
| 2022-23 | 128.9 | 473.7 |
| 2023-24 | 127.6 | 188.7 |
| 2024-25* | 70.6 | 287.0 |
| 2025-26* (27.09.2025 വരെ ) | 43.6 | 79.2 |
| ആകെ | 1,346.6 | 3,628.2 |

*അവലംബം:* ബജറ്റ് പ്രമാണങ്ങൾ (വിവിധ വർഷങ്ങൾ), ധനകാര്യ വകുപ്പ്, കേരള സർക്കാർ
*കുറിപ്പ്:* *ചെലവ് സംബന്ധിച്ച വിവരങ്ങൾ പ്ലാൻസ്പേസിൽ നിന്നുള്ളതാണ്.
**പട്ടികജാതി ഉപപദ്ധതിക്ക് കീഴിലുള്ള എല്ലാ ഭവന പദ്ധതികളും ഇതിൽ ഉൾപ്പെടുന്നു. അവ താഴെ പറയുന്നവയാണ്: (1) ഭാഗികമായി നിർമ്മിച്ച വീടുകളുടെ പൂർത്തീകരണം, ജീർണ്ണിച്ച വീടുകളുടെ പുനരുദ്ധാരണം, പഠനമുറി നിർമ്മാണം. (2) ഭവന രഹിത പട്ടികജാതിക്കാർക്ക് ഭവന പദ്ധതി (ലൈഫ് മിഷൻ) (3) പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) (പി.എം.എ.വൈ)-എസ്.സി.എസ്.പി (40 ശതമാനം സംസ്ഥാന വിഹിതം) (4) 2016-17 വർഷത്തിലെ ഇന്ദിര ആവാസ് യോജന-എസ്.സി.എസ്.പി (40% സംസ്ഥാന വിഹിതം).

രണ്ടും ലഭ്യമാക്കൽ.

2025 ഒക്ടോബർ വരെയുള്ള കണക്കനുസരിച്ച്, ലൈഫ് മിഷന്റെ മൂന്ന് ഘട്ടങ്ങളിലായി അധിക ഗുണഭോക്തൃ പട്ടികകൾ, ലൈഫ് 2020 പട്ടിക, അതിദാരിദ്ര്യ നിർമ്മാർജ്ജന പരിപാടി (ഇ.പി.ഇ.പി.) എന്നിവയിൽനിന്നുൾപ്പെടെ, പട്ടികജാതി ഗുണഭോക്താക്കൾക്കായി 1,25,360 വീടുകളുടെ നിർമ്മാണം പൂർത്തിയായി. ഇതിനുപുറമെ 30,575 വീടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് സുരക്ഷിതമായ ഭവനങ്ങൾ നൽകുന്നതിൽ കൈവരിച്ച വലിയ പുരോഗതിയെയാണ് ഈ കണക്കുകൾ സൂചിപ്പിക്കുന്നത്.

**വീടുകളുടെ നവീകരണം**: 'ഭാഗികമായി നിർമ്മിച്ച ഭവനങ്ങളുടെ പൂർത്തീകരണം, ജീർണ്ണിച്ച വീടുകളുടെ പുനരുദ്ധാരണം, പഠനമുറി നിർമ്മാണം' എന്ന പദ്ധതിയിലൂടെ കേരള സർക്കാർ വീടുകളുടെ നവീകരണത്തിനും ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി സഹായം നൽകുന്നു. വീടുകളുടെ പൂർത്തീകരണവും നവീകരണവും ലക്ഷ്യമിട്ട് 2022-23 സാമ്പത്തിക വർഷം മുതൽ 'സേഫ്' (സെക്യൂർ അക്കോമൊഡേഷൻ ആൻഡ് ഫെസിലിറ്റി എൻഹാൻസ്മെന്റ്) എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം, വാർഷിക വരുമാനം ഒരു ലക്ഷം രൂപ വരെയുള്ളതും, 2010 ഏപ്രിൽ 1-ന് ശേഷം നിർമ്മാണം പൂർത്തിയായതുമായ വീടുകളുള്ള പട്ടികജാതി കുടുംബങ്ങൾക്ക് വീടിന്റെ നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കുമായി 2 ലക്ഷം രൂപ വരെ ലഭിക്കാൻ അർഹതയുണ്ട്. 2016-17 മുതൽ 2024-25 വരെയുള്ള കാലയളവിൽ പട്ടികജാതി വികസന വകുപ്പ് 49,903 വീടുകളുടെ നവീകരണത്തിന് സഹായം നൽകി. ഇതുകൂടാതെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പട്ടികജാതി വിഭാഗക്കാരുടെ വീടുകളുടെ നവീകരണത്തിന് സഹായമൊരുക്കിയിട്ടുണ്ട്.

**വിദ്യാഭ്യാസം**

പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിന് സർക്കാർ പ്രത്യേക ശ്രദ്ധ നൽകുകയും പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പുകൾ, വിദേശത്തെ ഉന്നത വിദ്യാഭ്യാസത്തിനുള്ള സാമ്പത്തിക സഹായം തുടങ്ങി വിപുലമായ വിദ്യാഭ്യാസ സഹായങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞുപോക്കിന്റെ നിരക്ക് കുറയ്ക്കുന്നതിനായി 'പഠനമുറി' പദ്ധതി ആരംഭിച്ചു. പാലക്കാട് മെഡിക്കൽ കോളേജ് സ്ഥാപിച്ചത് ഈ മേഖലയിലെ ഒരു നാഴികക്കല്ലാണ്. ഇത് പ്രൊഫഷണൽ വിദ്യാഭ്യാസത്തിലേക്കുള്ള പ്രവേശനം വർദ്ധിപ്പിക്കുക മാത്രമല്ല, വിദ്യാഭ്യാസ തുല്യതയോടുള്ള സംസ്ഥാനത്തിന്റെ പ്രതിബദ്ധതയും വ്യക്തമാക്കുന്നു. സാമൂഹിക-സാമ്പത്തിക പുരോഗതിക്കായി പട്ടികജാതി വിദ്യാർത്ഥികൾക്കിടയിൽ ശക്തമായ അടിത്തറ ഇടുക എന്നതാണ് ഈ പദ്ധതികളുടെയെല്ലാം ലക്ഷ്യം. സ്കൂൾ വിദ്യാഭ്യാസത്തിൽനിന്നുള്ള പട്ടികജാതി വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കിന്റെ നിരക്ക് 2016-17-ൽ 0.26 ആയിരുന്നതിൽ നിന്നും 2023-24-ൽ 0.06 ആയി കുറയ്ക്കാൻ കേരളത്തിന് സാധിച്ചു.

2016-17-നും 2025-26-നും ഇടയിൽ വിദ്യാഭ്യാസ മേഖലയിലെ പദ്ധതികൾക്കും മറ്റ് ഇടപെടലുകൾക്കുമായി പട്ടികജാതി വികസന വകുപ്പ് ആകെ 4,392 കോടി രൂപ വകയിരുത്തി. വകയിരുത്തിയതിൽനിന്നും 3,439.5 കോടി രൂപ, അതായത് വിഹിതത്തിന്റെ 80.4 ശതമാനം വിനിയോഗിക്കാൻ സാധിച്ചിട്ടുണ്ട്. കഴിഞ്ഞ ദശകത്തിൽ ഫണ്ട് വിനിയോഗത്തിൽ വലിയ പുരോഗതിയാണ് ഉണ്ടായിട്ടുള്ളത്. 2016-17-ൽ ഇത് 36.9 ശതമാനമായിരുന്നെങ്കിൽ 2024-25-ൽ ഇത് പൂർണ്ണ വിനിയോഗത്തിലേക്ക് എത്തി. വിദ്യാഭ്യാസ സഹായങ്ങൾ, പാലക്കാട് മെഡിക്കൽ കോളേജ് നിർമ്മാണ പ്രവർത്തനങ്ങൾ, പുതിയ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്കും ഹോസ്റ്റലുകൾക്കും കെട്ടിടം പണിയാൻ ഭൂമി വാങ്ങൽ, പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്കുള്ള അധിക സംസ്ഥാന സഹായം, പട്ടികജാതി വിദ്യാർത്ഥികൾള്ള പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് (40 ശതമാനം സംസ്ഥാന വിഹിതം), ഒൻപതും പത്തും ക്ലാസുകളിലെ പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് (40 ശതമാനം സംസ്ഥാന വിഹിതം), ശുചീകരണ തൊഴിലുകളിലും ആരോഗ്യപ്രശ്നങ്ങൾക്ക് സാധ്യതയുള്ള ജോലികളിലും ഏർപ്പെട്ടിരിക്കുന്നവരുടെ കുട്ടികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് (40 ശതമാനം സംസ്ഥാന വിഹിതം), വെള്ളായണിയിലെ അയ്യങ്കാളി മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ ഉൾപ്പെടെയുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നടത്തിപ്പ്, ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (50 ശതമാനം സംസ്ഥാന വിഹിതം) തുടങ്ങി പട്ടികജാതി ഉപപദ്ധതിക്ക് കീഴിലുള്ള എല്ലാ വിദ്യാഭ്യാസ വികസന പദ്ധതികളും ഈ ചെലവിൽ ഉൾപ്പെടുന്നു.

**വിദ്യാഭ്യാസ സഹായങ്ങൾ**: പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിനായി പട്ടികജാതി വികസന വകുപ്പ് 87 നഴ്സറി സ്കൂളുകൾ, 11 മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ, 44 ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, 86 പ്രീ-മെട്രിക് ഹോസ്റ്റലുകൾ, 19 പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകൾ, 7 സബ്സിഡൈസ്ഡ് ഹോസ്റ്റലുകൾ, നാല് പ്രീ-എക്സാമിനേഷൻ പരിശീലന കേന്ദ്രങ്ങൾ, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവീസസ് എക്സാം ട്രെയിനിംഗ് സൊസൈറ്റി (ഐ.സി.എസ്.ഇ.റ്റി.എസ്), വടക്കാഞ്ചേരിയിലുള്ള കമ്മ്യൂണിറ്റി കോളേജ്, കോഴിക്കോടുള്ള സെന്റർ ഫോർ റിസർച്ച് ആൻഡ് എഡ്യൂക്കേഷൻ ഫോർ സോഷ്യൽ ട്രാൻസ്ഫോർമേഷൻ (സി.ആർ.ഇ.എസ്.റ്റി.), പാലക്കാട് ജില്ലയിലെ മെഡിക്കൽ കോളേജ് എന്നിവ നടത്തുന്നുണ്ട്. പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി പ്രാഥമിക/സെക്കന്ററി വിദ്യാഭ്യാസ സഹായം, ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ്, പോക്കറ്റ് മണി, അൺ എയ്ഡഡ് സ്കൂൾ വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ് റീ-ഇമ്പേഴ്സ്മെന്റ്, പ്രത്യേക പ്രോത്സാഹനം, മെഡിക്കൽ-എഞ്ചിനീയറിംഗ് കോച്ചിംഗ് സഹായം, പ്രീ മെട്രിക്-പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ, വിദേശ പഠന സ്കോളർഷിപ്പ് എന്നിങ്ങനെ വിവിധ തരത്തിലുള്ള വിദ്യാഭ്യാസ സഹായങ്ങളും സർക്കാർ നൽകിവരുന്നു.

പട്ടിക 10.4-ൽ കാണുന്നത് പോലെ, 2019-20 നും 2025-26-നും (27.09.2025 വരെ) ഇടയിൽ പ്രതിവർഷം 4 ലക്ഷത്തിലധികം വിദ്യാർത്ഥികൾക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പ് ലഭിച്ചു. ഈ സ്കോളർഷിപ്പുകളുടെ പ്രധാന ഭാഗം സംസ്ഥാന സർക്കാരാണ് നൽകിയത്; കേന്ദ്ര വിഹിതം ഓരോ വർഷവും വ്യത്യാസപ്പെട്ടിരുന്നു. അതുപോലെ തന്നെ, ഇതേ കാലയളവിൽ പ്രതിവർഷം ഏകദേശം 1.4

**പട്ടിക 10.4** *സ്കോളർഷിപ്പുകൾ/സഹായങ്ങൾ ലഭിച്ച കേരളത്തിലെ പട്ടികജാതി വിദ്യാർത്ഥികൾ, 2019-20 മുതൽ 2025-26 (27.09.2025 പ്രകാരം) വരെ, എണ്ണത്തിൽ*

| വിദ്യാഭ്യാസ സഹായങ്ങൾ | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 | 2024-25 | 2025-26 |
|---|---|---|---|---|---|---|---|
| പ്രീ-മെട്രിക് സ്കോളർഷിപ്പ് (ആകെ) | 4,15,721 | 4,12,772 | 4,23,552 | 4,15,171 | 4,09,821 | 3,73,769 | 3,15,131 |
| പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് (ആകെ) | 1,45,095 | 1,81,472 | 1,41,341 | 1,35,515 | 1,37,389 | 1,34,662 | 24,131 |
| പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് അധിക സംസ്ഥാന സഹായം | 1,45,095 | 40,689 | 1,25,767 | 1,20,759 | 1,37,389 | 1,56,140 | 1,20,985 |
| അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ് | 4,680 | 6,200 | 7,504 | 6,914 | 6,439 | 6,500 | 0 |
| മറ്റ് സംസ്ഥാനങ്ങളിൽ പഠിക്കുന്നതിനുള്ള സഹായം | 4,561 | 2,819 | 3,043 | 365 | 402 | 406 | 3 |
| വിദേശത്ത് പഠിക്കാനുള്ള സഹായം | 21 | 17 | 105 | 217 | 233 | 211 | 116 |
| പ്രത്യേക പ്രോത്സാഹനങ്ങൾ | 13,855 | 26,955 | 30,044 | 11,555 | 12,196 | 13,682 | 0 |
| വിഷൻ - 2013 (മെഡിക്കൽ ആൻഡ് എഞ്ചിനീയറിംഗ് കോച്ചിംഗ്) | 506 | 374 | 383 | 314 | 228 | 549 | 89 |
| എഞ്ചിനീയറിംഗ്/മെഡിക്കൽ കോഴ്സുകളിൽ പ്രവേശനം നേടിയവർക്കുള്ള പ്രാരംഭ ചെലവുകൾ | 590 | 349 | 506 | 591 | 449 | 728 | 0 |
| ലാപ്ടോപ്പുകളുടെ വിതരണം | 1,543 | 1,371 | 1,110 | 1,151 | 578 | 1,265 | 887 |

*അവലംബം:* പട്ടികജാതി വികസന വകുപ്പ്

ലക്ഷം വിദ്യാർത്ഥികൾക്ക് പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പിന്റെ പ്രയോജനം ലഭിച്ചു. അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്, ലാപ്ടോപ്പ് വിതരണം, വിഷൻ-2013 കോച്ചിംഗ്, മെഡിക്കൽ-എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുടെ പ്രാരംഭ ചെലവുകൾക്കുള്ള സഹായം തുടങ്ങിയ പദ്ധതികൾ അവസരങ്ങളിലെ വിടവ് നികത്തുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുന്നു.

**ഉന്നതി ഓവർസീസ് സ്കോളർഷിപ്പ്:** പട്ടികജാതി വികസന വകുപ്പിന്റെ പുതിയ പദ്ധതിയായ ഉന്നതി ഓവർസീസ് സ്കോളർഷിപ്പ്, പ്രശസ്തമായ വിദേശ സർവ്വകലാശാലകളിൽ ബിരുദാനന്തര ബിരുദമോ അതിനു മുകളിലോ ഉള്ള കോഴ്സുകൾ ചെയ്യാൻ ആഗ്രഹിക്കുന്ന മിടുക്കരായ പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള മെറിറ്റ്-കം-മീൻസ് സ്കോളർഷിപ്പാണ്. വിപുലമായ വിജ്ഞാന മേഖലകളിലേക്കുള്ള പ്രവേശനം സുഗമമാക്കുന്നതിനും ശോഭനമായ തൊഴിൽ സാധ്യതകൾ ഉറപ്പാക്കുന്നതിനും പുറമെ, ആഗോളതലത്തിലുള്ള പരിചയ സമ്പന്നത വർദ്ധിപ്പിക്കാനും അതുവഴി സാമൂഹിക ചലനാത്മകത ഉറപ്പാക്കുന്നതിനും ഈ സ്കോളർഷിപ്പ് സഹായിക്കുന്നു. പദ്ധതിയ്ക്ക് കീഴിൽ ഉൾപ്പെടുന്ന കോഴ്സുകളിൽ ബിരുദാനന്തര ബിരുദം, ബിരുദാനന്തര ബിരുദത്തിന് തത്തുല്യമായി പരിഗണിക്കപ്പെടുന്ന ബിരുദാനന്തര ബിരുദ ഡിപ്ലോമ, എംഫിൽ, എംഫിലിന് തത്തുല്യമായ പ്രോഗ്രാമുകൾ, പിഎച്ച്ഡി, പോസ്റ്റ് ഡോക്ടറൽ പ്രോഗ്രാമുകൾ എന്നിവ ഉൾപ്പെടുന്നു. മൂന്ന് വ്യത്യസ്ത വരുമാന വിഭാഗങ്ങളിലായി പ്രതിവർഷം ആകെ 225 സ്കോളർഷിപ്പുകൾ നൽകുന്നു. കൂടാതെ, കുടുംബ വാർഷിക വരുമാനം 20 ലക്ഷം രൂപയ്ക്ക് മുകളിലുള്ള 25 വിദ്യാർത്ഥികൾക്ക് കേരള സംസ്ഥാന പട്ടികജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ ലിമിറ്റഡ് വഴി പലിശരഹിത വിദ്യാഭ്യാസ വായ്പ നൽകുന്നതാണ്.

**പഠനമുറി:** വിവിധ പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ 2017-18 വർഷത്തിൽ ആരംഭിച്ചതാണ് 'പഠനമുറികളുടെ നിർമ്മാണം' എന്ന പദ്ധതി. അടിസ്ഥാന സൗകര്യങ്ങളിലെ കുറവ് പരിഹരിക്കാൻ ലക്ഷ്യമിട്ടുള്ള മികച്ചതും പ്രായോഗികവുമായ ഒരു പദ്ധതിയാണിത്. മാതാപിതാക്കളുടെ സാമ്പത്തിക സ്ഥിതി ഇത്തരം സൗകര്യങ്ങൾ ഒരുക്കുന്നതിന് തടസ്സമാകാമെന്നതിനാൽ, വീട്ടിൽ തന്നെ പഠനത്തിന് അനുയോജ്യമായ സാഹചര്യം ഒരുക്കുന്നത് അത്യാവശ്യമാണ്. സർക്കാർ, എയ്ഡഡ്, സ്പെഷ്യൽ, ടെക്നിക്കൽ സ്കൂളുകളിലും കേന്ദ്രീയ വിദ്യാലയങ്ങളും അഞ്ച് മുതൽ പന്ത്രണ്ട് വരെ ക്ലാസുകളിൽ പഠിക്കുന്ന, വാർഷിക കുടുംബ വരുമാനം/രക്ഷിതാവിന്റെ വരുമാനം ഒരു ലക്ഷം രൂപ കവിയാത്ത, പട്ടികജാതി വിദ്യാർത്ഥികളുടെ നിലവിലുള്ള വീടിന് 120 ചതുരശ്ര അടി വിസ്തീർണമുള്ള അധിക മുറി നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ ധനസഹായം നൽകാൻ ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നു. കൂടാതെ, പുസ്തക ഷെൽഫ്, കസേര, മേശ, ഫാനും ലൈറ്റും, കമ്പ്യൂട്ടർ, കമ്പ്യൂട്ടർ ടേബിൾ തുടങ്ങിയ അധിക സൗകര്യങ്ങൾ ഒരുക്കാനും പദ്ധതി ലക്ഷ്യമിടുന്നു. 40,000-ത്തിലധികം കുട്ടികൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചു.

**പാലക്കാട് മെഡിക്കൽ കോളേജ്:** പട്ടികജാതി വികസന വകുപ്പിന്റെ ഒരു സുപ്രധാന സംരംഭമാണ് പാലക്കാട് മെഡിക്കൽ കോളേജ്. ഇതിലൂടെ പ്രതിവർഷം ഏകദേശം 70 പട്ടികജാതി വിദ്യാർത്ഥികൾക്ക് എം.ബി.ബി.എസ്. കോഴ്സിന് പഠിക്കാൻ അവസരം ലഭിക്കുന്നു. 2014-15 മുതൽ 2024-25 വരെയുള്ള കാലയളവിൽ പാലക്കാട്

മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ് കോഴ്സിന് പ്രവേശം ലഭിച്ച 1,099 വിദ്യാർത്ഥികളിൽ 802 പേർ പട്ടികജാതി വിഭാഗത്തിൽ നിന്നുള്ളവരായിരുന്നു.

**തൊഴിൽ, ഉപജീവനം, സംരംഭകത്വം**

ദുർബല വിഭാഗങ്ങൾക്ക് ഉപജീവന സുരക്ഷ ഉറപ്പാക്കുന്നതിനായി കേരള സർക്കാർ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിപാടികൾ നടപ്പിലാക്കി വരുന്നു. തൊഴിലിനും പരിശീലനത്തിനും മാനവ വിഭവശേഷി വികസനത്തിനുമുള്ള സഹായം എന്ന പദ്ധതിയുടെ വിശകലനം വെളിപ്പെടുത്തുന്നത്, ആകെ 415 കോടി രൂപ വകയിരുത്തിയതിൽ 334.2 കോടി രൂപ വിനിയോഗിച്ചുകൊണ്ട്, ഈ ഒൻപത് വർഷക്കാലയളവിൽ 80.54 ശതമാനം എന്ന വിനിയോഗ നിരക്ക് കൈവരിക്കാൻ പട്ടികജാതി വികസന വകുപ്പിന് സാധിച്ചു എന്നാണ്. പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ, ഈ പദ്ധതി മികച്ച പ്രകടനം കാഴ്ചവെക്കുകയും 2018-19-ൽ വിനിയോഗം 97.5 ശതമാനത്തിൽ എത്തുകയും ചെയ്തു. പതിനാലാം പദ്ധതി കാലയളവിൽ, 2024-25-വർഷത്തിൽ 96.1 ശതമാനം വിനിയോഗം കൈവരിച്ചു.

**സർക്കാർ സർവീസിലെ തൊഴിൽ**: 1958-ലെ കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസ് റൂൾസ് 14(എ) ചട്ട പ്രകാരം, സംസ്ഥാനത്തെ സർക്കാർ വകുപ്പുകളിൽ ഗസറ്റഡ്, നോൺ ഗസറ്റഡ്, ലാസ്റ്റ് ഗ്രേഡ് തസ്തികകളിൽ 10 ശതമാനം പ്രാതിനിധ്യം പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്കായി (പട്ടികജാതിക്കാർക്ക് 8 ശതമാനവും പട്ടികവർഗ്ഗക്കാർക്ക് 2 ശതമാനവും) സംവരണം ചെയ്തിട്ടുണ്ട്. 2016 മുതൽ 2024 വരെയുള്ള എല്ലാ വർഷങ്ങളിലും പട്ടികജാതി ജീവനക്കാരുടെ പ്രാതിനിധ്യം അവരുടെ ജനസംഖ്യാ അനുപാതത്തെക്കാൾ കൂടുതലായിരുന്നു എന്നാണ് വാർഷിക അവലോകനങ്ങൾ സൂചിപ്പിക്കുന്നത്. 2016-ൽ ഇത് 9.4 ശതമാനമായിരുന്നു എന്നതൊഴിച്ചാൽ ബാക്കി എല്ലാ വർഷങ്ങളിലും ഇത് 9.5 ശതമാനത്തിന് മുകളിലായിരുന്നു. സർക്കാർ സർവീസിലെ പട്ടികജാതിക്കാരുടെ ബാക്ക്‌ലോഗ് ഒഴിവുകൾ നികത്തുന്നതിൽ കേരള സർക്കാർ വിജയിച്ചിട്ടുണ്ട്. 2017-ൽ 1,120 ആയിരുന്ന ബാക്ക്‌ലോഗ് ഒഴിവുകൾ 2024-ഓടെ 267 ആയി കുറഞ്ഞു. 2016-നും 2024-നും ഇടയിൽ, സ്പെഷ്യൽ റിക്രൂട്ട്മെന്റ് പ്രക്രിയയിലൂടെ 1,707 പട്ടികജാതി ബാക്ക്‌ലോഗ് ഒഴിവുകൾ സർക്കാർ നികത്തി.

**അപ്രന്റീസ്ഷിപ്പ് പ്രോഗ്രാമുകൾ**: യോഗ്യതയുള്ള പട്ടികജാതി യുവതീ-യുവാക്കൾക്ക് ഇന്റേൺഷിപ്പുകൾ/ അപ്രന്റീസ്ഷിപ്പുകൾ/പ്ലെയ്സ്മെന്റ് അധിഷ്ഠിത പരിശീലനം എന്നിവ നൽകുന്നതിനും, അതുവഴി അവർക്ക് മതിയായ പ്രൊഫഷണൽ പരിചയം നേടുന്നതിന് സഹായിക്കുന്നതിനുമായി 'ട്രേസ്' (ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ്) എന്ന പേരിൽ ഒരു പരിപാടി ആരംഭിച്ചിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിൽ നിന്നുള്ള യോഗ്യതയുള്ള യുവതീ-യുവാക്കൾക്ക് സർക്കാർ സംവിധാനത്തിലും സർക്കാരിന്റെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്ന പ്രക്രിയയിലും നൽകുന്ന 2 വർഷത്തെ അപ്രന്റീസ്ഷിപ്പ്/തൊഴിൽ പരിശീലനത്തിലൂടെ നൈപുണ്യ വികസനവും തൊഴിൽ പരിചയം നേടാനുള്ള അവസരവും 'ട്രേസ്' പദ്ധതി പ്രദാനം ചെയ്യുന്നു. സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുള്ള പട്ടികജാതി ബിരുദധാരികളുടെ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനും അവരെ അടിസ്ഥാന സൗകര്യ-വികസന മേഖലകളിൽ ഉൾപ്പെടുത്തുന്നതിനുമുള്ള വലിയ സാധ്യത ഈ പദ്ധതിയ്ക്കുണ്ട്. ഏകദേശം 300 അപ്രന്റീസുകളുടെ നിയമനം സാധ്യമാക്കിയ 'അക്രഡിറ്റഡ് എഞ്ചിനീയേഴ്സ്' പരിപാടി ഇതിൽ എടുത്തുപറയേണ്ട ഇടപെടലുകളിൽ ഒന്നാണ്. 'ജ്വാല' (ജസ്റ്റിസ്, വെൽഫെയർ ആൻഡ് ലീഗൽ അസിസ്റ്റൻസ്) പദ്ധതിയുടെ ഭാഗമായി 2024-25-ൽ 68 നിയമ ബിരുദധാരികളെ അപ്രന്റീസുകളായി ഉൾപ്പെടുത്തി. സമാനമായ അവസരങ്ങൾ മറ്റ് വിവിധ തസ്തികകളിലും നൽകിവരുന്നു. 2024-25-ൽ എം.എസ്.ഡബ്ല്യു യോഗ്യതയുള്ള 53 സോഷ്യൽ വർക്കർമാരും, 1,215 എസ്.സി പ്രൊമോട്ടർമാരും, 223 ക്ലറിക്കൽ അസിസ്റ്റന്റുമാരും വകുപ്പിന്റെ അപ്രന്റീസ്ഷിപ്പ് പദ്ധതികളിൽ ഭാഗമായിട്ടുണ്ട്.

**സ്വയംതൊഴിൽ**: സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി വ്യക്തികൾക്കും സ്വയംസഹായ സംഘങ്ങൾക്കും വായ്പയുടെ മൂന്നിലൊന്ന് സബ്സിഡിയായി നൽകുന്നു. അതുപോലെതന്നെ, വിദേശത്ത് തൊഴിൽ തേടുന്നതിനായി 2.5 ലക്ഷം രൂപ വരെ വാർഷിക വരുമാന പരിധിയുള്ള കുടുംബങ്ങളിലെ തൊഴിൽരഹിതരായ പട്ടികജാതി യുവാക്കൾക്ക് 1 ലക്ഷം രൂപ വരെ സാമ്പത്തിക സഹായം നൽകുന്നു. ഈ ഒൻപത് വർഷത്തിനിടയിൽ, സ്വയംതൊഴിൽ സബ്സിഡി പദ്ധതി പ്രകാരം 2,553 ഗുണഭോക്താക്കൾക്ക് സഹായം ലഭിച്ചപ്പോൾ, വിദേശത്ത് ജോലി തേടുന്നതിനായി 10,093 പേർക്ക് സഹായം ലഭിച്ചു. പ്രാദേശിക സംരംഭങ്ങളേക്കാൾ കൂടുതൽ വരുമാന സാധ്യതയുള്ള ആഗോള തൊഴിൽ വിപണിയിൽ പങ്കാളികളാകാനുള്ള പട്ടികജാതി യുവാക്കളുടെ താല്പര്യത്തെയാണ് ഈ വർദ്ധനവ് സൂചിപ്പിക്കുന്നത്.

**ഉന്നതി എംപവർമെന്റ് സൊസൈറ്റി**: 2023-ലെ 'ഉന്നതി-കേരള എംപവർമെന്റ് സൊസൈറ്റി'-യുടെ രൂപീകരണമാണ് തൊഴിൽ മേഖലയിലെ ഒരു പ്രധാന ചുവടുവെപ്പ്. പാർശ്വവൽക്കരിക്കപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഉപജീവനമാർഗ്ഗങ്ങൾ നൽകിക്കൊണ്ട് അവരെ ശാക്തീകരിക്കുന്ന, അഭിവൃദ്ധിപ്പെടുന്നതും ഉൾക്കൊള്ളുന്നതുമായ ഒരു ആവാസവ്യവസ്ഥ ഒരുക്കുന്നതും, അഭ്യസ്തവിദ്യരായ പട്ടികജാതി, പട്ടികവർഗ്ഗ യുവതീ-യുവാക്കളെ സംരംഭകരും തൊഴിൽദായകരുമാക്കി മാറ്റുന്നതും 'കേരള എംപവർമെന്റ് സൊസൈറ്റി' ലക്ഷ്യമിടുന്നു. മാറുന്ന ആധുനിക ലോകത്ത് സാമൂഹിക-സാമ്പത്തിക വികസനം എന്ന വിശാലമായ ലക്ഷ്യത്തോടെ അവർക്ക് ആവശ്യമായ വിദ്യാഭ്യാസം, നൈപുണ്യ പരിശീലനം, തൊഴിൽ/സംരംഭകത്വ അവസരങ്ങൾ എന്നിവ നൽകിക്കൊണ്ടാണ് ഈ ലക്ഷ്യം കൈവരിക്കേണ്ടത്. പട്ടികജാതി-പട്ടികവർഗ്ഗ യുവജന കൂട്ടായ്മകൾ/കോഓപ്പറേറ്റീവ് സൊസൈറ്റികൾ, വ്യക്തികൾ എന്നിവരുടെ സംരംഭകത്വ ശ്രമങ്ങൾക്കും ഉപജീവന മാർഗ്ഗങ്ങൾ മെച്ചപ്പെടുത്തുന്നതിനും എംപവർമെന്റ് സൊസൈറ്റി പിന്തുണ നൽകും.

**പട്ടികജാതി – പട്ടികവർഗ്ഗ കോർപ്പറേഷൻ, ഫെഡറേഷൻ മുഖേനയുള്ള സഹായങ്ങൾ**: പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ (എസ്.സി./എസ്.റ്റി. കോർപ്പറേ

ഷൻ), പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിലെ സംരംഭകരുടെ ആവശ്യങ്ങളും അഭിലാഷങ്ങളും നിറവേറ്റുന്നതിനായി വിവിധ വരുമാനദായക പദ്ധതികളും ക്ഷേമപദ്ധതികളും നടപ്പിലാക്കുന്നു. ഗുണഭോക്താധിഷ്ഠിത പദ്ധതികൾ, വിവിധോദ്ദേശ്യ യൂണിറ്റ് വായ്പ, ഗതാഗത പദ്ധതി, സ്റ്റാർട്ട് അപ്പ് സംരംഭകർക്കായുള്ള വായ്പ, മടങ്ങിവരുന്ന പ്രവാസികളുടെ പുനരധിവാസത്തിനുള്ള വായ്പ, വിദേശ തൊഴിൽ വായ്പ, മൈക്രോ ക്രെഡിറ്റ് ഫിനാൻസ് സംവിധാനം, ലഘു വ്യവസായ പദ്ധതി, പട്ടികവർഗ്ഗ സംരംഭകർക്കുള്ള വായ്പ, വനിതാ സ്വയം സഹായ സംഘങ്ങൾക്കുള്ള സ്ത്രീ ശാക്തീകരണ പരിപാടി, മഹിളാസമൃദ്ധി യോജന, പ്രൊഫഷണൽ സേവന പദ്ധതികൾ, കർഷക തൊഴിലാളികൾക്കായുള്ള ഭൂമി വാങ്ങൽ പദ്ധതി, പെട്രോളിയം ഡീലർമാർക്കുള്ള പ്രവർത്തന മൂലധന വായ്പ തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. വിദ്യാഭ്യാസ വായ്പ, വിദേശ വിദ്യാഭ്യാസ വായ്പ, വിവാഹ ധനസഹായം, ഭവന വായ്പ, ഭവന നവീകരണ വായ്പ എന്നിവ സാമൂഹിക ക്ഷേമ പദ്ധതികൾക്ക് കീഴിൽ വരുന്നു. 2016-17 മുതൽ 2025-26 വരെ, പട്ടികജാതിക്കാരുടെ സഹായത്തിനായുള്ള പദ്ധതികളിലൂടെ കോർപ്പറേഷൻ 755.2 കോടി രൂപ വിതരണം ചെയ്യുകയും 47,087 പേർക്ക് അതിന്റെ പ്രയോജനം ലഭിക്കുകയും ചെയ്തു.

അതുപോലെതന്നെ, പട്ടികജാതി-പട്ടികവർഗ്ഗ പ്രാഥമിക സഹകരണ സംഘങ്ങളുടെ ഉന്നത സഹകരണ ഫെഡറേഷനായ 'കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷൻ' പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമ്പത്തിക ഉന്നമനത്തിനായി വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നു.

**നൈപുണ്യ പരിശീലന പരിപാടികൾ**: പട്ടികജാതി യുവതി-യുവാക്കൾക്ക് തൊഴിൽ നേടുന്നതിനും പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനും സഹായിക്കുന്നതിനായി ഇൻഫർമേഷൻ ടെക്നോളജി, ഓട്ടോമൊബൈൽ, ഇലക്ട്രിക്കൽ, ടെക്സ്റ്റൈൽ, ഡിസൈനിംഗ്, ആരോഗ്യ പരിരക്ഷ, പ്രിന്റിംഗ് ടെക്നോളജി എന്നീ മേഖലകളിൽ കെൽട്രോൺ, കേസ് (കെ.എ.എസ്.ഇ), അസാപ്പ് (എ.എസ്.എ.പി.), സിപെറ്റ് (സി.ഐ.പി.ഇ.റ്റി.) തുടങ്ങിയ വിവിധ ഏജൻസികൾ മുഖേന നൈപുണ്യ വികസന പരിശീലനങ്ങൾ നൽകി.

**ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്, പാലക്കാട്**: 2018-19-ൽ പാലക്കാട് ജില്ലയിൽ ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ സഹകരണത്തോടെ ഒരു ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ചു. ഈ സ്ഥാപനം വിദ്യാർത്ഥികൾക്ക് ഹോട്ടൽ മാനേജ്മെന്റിൽ പരിശീലനം നൽകുകയും ടൂറിസം വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ തൊഴിൽ ഉറപ്പാക്കുകയും ചെയ്യുന്നു.

### സാമൂഹിക വികസനം

പട്ടികജാതിക്കാരുടെ സാമൂഹിക വികസനത്തിനും ശാക്തീകരണത്തിനും സർക്കാർ അതീവ പ്രാധാന്യമാണ് നൽകുന്നത്. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു.

**ആരോഗ്യ സംരക്ഷണം**: 2016-17 മുതൽ 2024-25 വരെയുള്ള ഒൻപത് വർഷക്കാലയളവിൽ ആരോഗ്യ പരിരക്ഷാ പദ്ധതിയ്ക്കായി 400 കോടി രൂപ വകയിരുത്തിയതിൽ 425.5 കോടി രൂപ ചെലവഴിച്ചു. ഇതിലൂടെ വിഹിതത്തിന്റെ 106.4 ശതമാനത്തോളം വിനിയോഗം കൈവരിക്കാൻ സാധിച്ചു. ഈ കാലയളവിൽ ഏകദേശം 1.3 ലക്ഷം വ്യക്തികൾക്ക് ചികിത്സാ സഹായം ലഭ്യമാക്കാൻ കഴിഞ്ഞു. കൂടാതെ, പട്ടികജാതി കുടുംബത്തിലെ ഏക വരുമാനദായകന്റെ മരണത്തിന് സമാശ്വാസമായി 2 ലക്ഷം രൂപ സാമ്പത്തിക സഹായം നൽകുന്നതും പദ്ധതിയുടെ ഭാഗമാണ്. 2019-20-നും 2025-26-നും (27.09.2025 വരെ) ഇടയിൽ 8,938 കുടുംബങ്ങൾക്ക് ഈ സഹായം ലഭ്യമാക്കി.

**ദുർബല വിഭാഗങ്ങൾക്കായുള്ള പ്രത്യേക പാക്കേജ്**: വേടർ, നായാടി, കള്ളാടി, അരുന്ധതിയാർ/ചക്കിലിയർ എന്നിവർ പട്ടികജാതിക്കാർക്കിടയിലെ ദുർബല വിഭാഗങ്ങളാണ്. ഇവർ സംസ്ഥാനത്തെ ആകെ പട്ടികജാതി ജനസംഖ്യയുടെ 3.65 ശതമാനത്തോളം വരുന്നു. പട്ടികജാതി ഉപപദ്ധതിയിൽ ഈ വിഭാഗങ്ങൾക്കായി പ്രത്യേക പദ്ധതിയുണ്ട്. ദുർബല വിഭാഗങ്ങളുടെ വികസന പദ്ധതിക്ക് കീഴിൽ, കുറഞ്ഞത് 25 സെന്റ് കൃഷിഭൂമി വാങ്ങുന്നതിന് 10 ലക്ഷം രൂപ, ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിലെ വീട് നിർമ്മാണത്തിനുള്ള ഭൂമി വാങ്ങുന്നതിന് യഥാക്രമം 5 ലക്ഷം രൂപ, 6 ലക്ഷം രൂപ , 7.5 ലക്ഷം രൂപ, ഭവന നിർമ്മാണത്തിന് 6 ലക്ഷം രൂപ, ഭവന നവീകരണത്തിന് 2.5 ലക്ഷം രൂപ, പഠനമുറി നിർമ്മാണത്തിന് 3 ലക്ഷം രൂപ, ശൗചാലയ നിർമ്മാണത്തിന് 40,000 രൂപ, വ്യക്തിഗത അടിസ്ഥാനത്തിൽ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 3 ലക്ഷം രൂപ, സംഘാടിസ്ഥാനത്തിലുള്ള സ്വയംതൊഴിൽ സംരംഭങ്ങൾക്ക് 5 ലക്ഷം രൂപ എന്നിങ്ങനെ കേരള സർക്കാർ സഹായങ്ങൾ നൽകുന്നു. വ്യക്തിഗത സഹായങ്ങൾക്ക് പുറമെ, ഡോ.അംബേദ്കർ ഗ്രാമവികസന പദ്ധതിക്ക് സമാനമായി വിവിധ നഗറുകളിലെ പൊതുവായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന 'നഗർ തലങ്ങളിലെ ദുർബലരുടെ പുനരധിവാസം' നടപ്പിലാക്കാനും പദ്ധതി വിഭാവനം ചെയ്യുന്നു.

പട്ടികജാതി വിഭാഗങ്ങളിലെ ദുർബല സമുദായങ്ങളിൽ നിന്നുള്ള കുടുംബങ്ങളുടെ സമഗ്രമായ വികസനത്തിനായി 'ഹോം' (ഹൗസ്ഹോൾഡ് ഓറിയന്റഡ് മൈക്രോ പ്ലാനിംഗ് ഫോർ എംപവർമെന്റ്) എന്ന പേരിൽ ഒരു മൈക്രോ പ്ലാനിംഗ് പരിപാടിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. കുടുംബാധിഷ്ഠിത മൈക്രോ പ്ലാനിങ്ങിലൂടെ ഓരോ കുടുംബത്തിന്റെയും ആവശ്യങ്ങൾ വിലയിരുത്തുകയും ഈ കുടുംബങ്ങളുടെ പൂർണ പങ്കാളിത്തത്തോടെ അവരുടെ ആവശ്യങ്ങൾക്കനുസരിച്ച് പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ സമീപനം. 4 ഘട്ടങ്ങളിലായാണ് ഇത് നടപ്പിലാക്കുന്നത്, അതായത് (1) അതിദാരിദ്ര്യ സർവ്വേ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അതിദുർബല കുടുംബങ്ങളുടെ ഭവന സന്ദർശന-വിവര ശേഖരണം, (2) ക്ലേശ ഘടകങ്ങളെ അടിസ്ഥാനമാക്കി ഗുണഭോക്തൃ പട്ടിക തയ്യാറാക്കൽ, (3) സൂക്ഷ്മതല പദ്ധതി രൂപീകരണം (4) പദ്ധതി നിർവഹണവും അവലോകനവും.

2016-17 മുതൽ 2025-26 വരെ ദുർബല വിഭാഗങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കായി 295.6 കോടി രൂപ വകയിരുത്തുകയും 260.6 കോടി രൂപ ചെലവഴിക്കു

കയും ചെയ്തു. ഈ കാലയളവിൽ 510 ഗുണഭോക്താക്കൾക്ക് കൃഷിഭൂമി വാങ്ങുന്നതിനും, 1144 കുടുംബങ്ങൾക്ക് വീട് നിർമ്മാണത്തിനായി ഭൂമി വാങ്ങുന്നതിനും സഹായം നൽകുകയുണ്ടായി. ഇതുകൂടാതെ 1,348 പഠനമുറികൾ, 2,440 വീടുകൾ, 1,443 ശുചിമുറികൾ എന്നിവയുടെ നിർമ്മാണത്തിനും സഹായം നൽകുകയുണ്ടായി. 2016-17 മുതൽ 2024-25 വരെ ആകെ 2,312 കുടുംബങ്ങൾക്ക് വീടിന്റെ അറ്റകുറ്റപ്പണികൾക്കും 173 പേർക്ക് സ്വയംതൊഴിലിനും സഹായം ലഭിച്ചു.

**വിവാഹ ധനസഹായം**: ഈ പദ്ധതി പ്രകാരം, പട്ടികജാതി കുടുംബങ്ങൾക്ക് പെൺകുട്ടികളുടെ വിവാഹത്തിന് സാമ്പത്തിക സഹായം നൽകുന്നു. വിവാഹ ധനസഹായ നിരക്ക് 2016-17-ൽ 50,000 രൂപയിൽ നിന്ന് 75,000 രൂപയായി വർദ്ധിപ്പിച്ചു. 2021-22-ൽ ഇത് വീണ്ടും 1,25,000 രൂപയായി ഉയർത്തി.

2016-17 കാലയളവിൽ 10,500-ലധികം കുടുംബങ്ങൾക്ക് സഹായം ലഭിക്കുകയും, വകയിരുത്തിയ തുകയെക്കാൾ ചെലവ് കൂടുകയും ചെയ്തു. ഈ ഗുണപരമായ മാറ്റം 2021-22 വരെ തുടരുകയും ആ വർഷം വകയിരുത്തിയ തുകയുടെ 99 ശതമാനത്തിലധികം വിനിയോഗിക്കുകയും 11,000-ത്തിലധികം കുടുംബങ്ങൾക്ക് പ്രയോജനം ലഭ്യമാക്കുകയും ചെയ്തു. 2016-17 മുതൽ 2025-26 (31.08.2025 പ്രകാരം) വരെയുള്ള കാലയളവിൽ വിവാഹ ധനസഹായ പദ്ധതിയിലൂടെ 73,757 ഗുണഭോക്താക്കൾക്ക് സഹായം ലഭ്യമാക്കുകയും പദ്ധതിയ്ക്കായി 569.6 കോടി രൂപ ചെലവഴിയ്ക്കുകയും ചെയ്തു.

**നിയമ സേവനങ്ങൾ**: പട്ടികജാതി വിഭാഗക്കാരുടെ ഭരണഘടനാപരമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ സംസ്ഥാന സർക്കാർ തികഞ്ഞ പ്രതിബദ്ധത പുലർത്തുന്നു 1955-ലെ പൗരാവകാശ സംരക്ഷണ ആക്റ്റ്, 1989-ലെ പട്ടികജാതി-പട്ടികവർഗ (അതിക്രമങ്ങൾ തടയൽ) ആക്റ്റ് എന്നിവ കർശനമായി നടപ്പിലാക്കുന്നതിലും അതിനായി ആവശ്യമായ വിഭവങ്ങൾ വകയിരുത്തുന്നതിലും സർക്കാർ ശ്രദ്ധ ചെലുത്തുന്നു. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളുടെ വിചാരണയ്ക്കും അതിക്രമങ്ങൾക്ക് ഇരയായവർക്ക് ആശ്വാസവും പുനരധിവാസവും നൽകുന്നതിനും പ്രത്യേക കോടതികൾ, പ്രത്യേക പോലീസ് സ്റ്റേഷനുകൾ, പട്ടികജാതിക്കാർക്കായി ഒരു പ്രൊട്ടക്ഷൻ സെൽ എന്നിവ സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ (അതിക്രമങ്ങൾ തടയൽ) ആക്റ്റ് കർശനമായി നടപ്പാക്കുന്നതിന്റെ ഭാഗമായി അതിക്രമം സംബന്ധിച്ച പരാതികൾ കേൾക്കുക, അവയ്ക്ക് പരിഹാരങ്ങൾ കാണുക, നഷ്ടപരിഹാരസഹായം സമയോചിതമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, ഇരകൾക്ക് ആവശ്യമായ നിയമസഹായം നൽകുക, അതിക്രമങ്ങൾക്കെതിരെ അവബോധം സൃഷ്ടിക്കുക എന്നിവയെല്ലാം ലക്ഷ്യമാക്കി ഓരോ ജില്ലയിലും ഒരു ലീഗൽ കൗൺസിലർ, ഒരു നിയമോപദേഷ്ടാവ്, സംസ്ഥാന തലത്തിൽ മൂന്ന് കോൾ സെന്റർ അസിസ്റ്റന്റുമാർ എന്നിവരെ നിയമിച്ചിട്ടുണ്ട്.

**മിശ്രവിവാഹ ധനസഹായം**: പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ (2017-2022) മിശ്രവിവാഹ ധനസഹായ പദ്ധതി മികച്ച പുരോഗതി കാഴ്ചവെച്ചു. വാർഷിക ഗുണഭോക്താക്കളുടെ എണ്ണം പൊതുവെ 1,400-ന് മുകളിലായിരുന്നു. കൂടാതെ 2021-22-ൽ ഗുണഭോക്താക്കളുടെ എണ്ണം ഈ കാലയളവിലെ ഏറ്റവും ഉയർന്ന നിലയിലെത്തി, ആകെ 2,650 കുടുംബങ്ങൾക്ക് സഹായം ലഭ്യമാക്കുകയും ചെയ്തു. 2016-17 മുതൽ 2024-25 വരെയുള്ള കാലയളവിൽ ആകെ 12,906 ദമ്പതികൾ മിശ്രവിവാഹ ധനസഹായം കൈപ്പറ്റി. ഈ പദ്ധതിക്കായി 95.4 കോടി രൂപയാണ് ചെലവഴിച്ചത്.

**വിജ്ഞാനവാടികൾ**: പട്ടികജാതി നഗറുകളിലെ വിജ്ഞാനവാടികളിൽ ലഭ്യമായ സൗകര്യങ്ങളിൽ ലൈബ്രറികൾ, വായനമുറികൾ, ഇന്റർനെറ്റ് സൗകര്യമുള്ള കമ്പ്യൂട്ടറുകൾ, പത്രങ്ങൾ, ജേണലുകൾ, ആനുകാലികങ്ങൾ, ആവശ്യമായ ഫർണിച്ചറുകൾ എന്നിവയെല്ലാം ഉൾപ്പെടുന്നു. നിലവിൽ സംസ്ഥാനത്ത് 200 വിജ്ഞാനവാടികൾ പ്രവർത്തിക്കുന്നുണ്ട്.

**അധിവാസ മേഖലകളിലെ അടിസ്ഥാന സൗകര്യങ്ങൾ**

**ഡോ. അംബേദ്കർ ഗ്രാമവികസന പദ്ധതി**: മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനായി, ഇരുപത്തിയഞ്ചിലധികം പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന പട്ടികജാതി നഗറുകളിൽ 'ഡോ. അംബേദ്കർ ഗ്രാമവികസന പദ്ധതി' ആരംഭിച്ചു. പട്ടികജാതിക്കാർ ഭൂരിപക്ഷമുള്ള പ്രദേശങ്ങളുടെ സമഗ്രവും പ്രത്യേകമായുള്ള വികസനവും ഉറപ്പാക്കി മാതൃകാ ഗ്രാമങ്ങൾ സൃഷ്ടിക്കുകയാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഈ പദ്ധതിയുടെ ഭാഗമായി കുടിവെള്ളം, ശുചിമുറികൾ, മാലിന്യ സംസ്കരണം, റോഡ് സൗകര്യം, വൈദ്യുതീകരണം, ഭൂമിസംരക്ഷണഭിത്തികൾ, ജലസേചനം, കളിസ്ഥലങ്ങൾ, കമ്മ്യൂണിറ്റി ഹാളുകൾ, വീടുകളുടെ നവീകരണം, വരുമാനദായക പ്രവർത്തനങ്ങൾക്കുള്ള സാമ്പത്തിക സഹായം, നഗറിനുള്ളിലോ സമീപത്തോ ഉള്ള ശ്മശാനങ്ങളുടെ സംരക്ഷണവും നവീകരണവും തുടങ്ങി വിവിധ വികസന പ്രവർത്തനങ്ങൾക്കായി ഓരോ നഗറിനും ഒരു കോടി രൂപ വീതം നൽകുന്നു.

2016-17-നും 2025-26-നും ഇടയിൽ അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരം 951 നഗറുകളെ തിരഞ്ഞെടുത്തു. ഇതിൽ 420 നഗറുകളിലെ പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും ഏകദേശം 314 കോടി രൂപ ഇതുവരെ ആകെ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

**പട്ടികജാതി ഉപപദ്ധതിക്കായുള്ള കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ**: പട്ടികജാതി ഉപപദ്ധതിയുടെ കീഴിലെ വിവിധ പദ്ധതികളിലെ നിർണായക വിടവുകൾ നികത്തുന്നതിനായി പട്ടികജാതി വികസന വകുപ്പ് ഓരോ വർഷവും തങ്ങളുടെ വിഹിതത്തിന്റെ ഒരു ഭാഗം കോർപ്പസ് ഫണ്ടായി മാറ്റിവെക്കുന്നു. പട്ടികജാതി ഉപപദ്ധതിയുടെ കീഴില്ലുള്ള വിവിധ പദ്ധതികളിൽ ഉണ്ടാവുന്ന നിർണ്ണായക വിടവുകൾ നികത്തുന്നതിനായി, മനുഷ്യവിഭവശേഷി വികസനം, അടിസ്ഥാന സൗകര്യ വികസനം, പട്ടികജാതിക്കാരുടെ സാമ്പത്തിക വികസനം എന്നിവയ്ക്ക് ഊന്നൽ നൽകി പ്രോജക്ട് അടിസ്ഥാനത്തിൽ ഫണ്ട് നൽകാനാണ് കോർപ്പസ് ഫണ്ട് കൊണ്ട് ഉദ്ദേശിക്കുന്നത്. കോർപ്പസ് ഫണ്ടിനായി വകയിരുത്തുന്ന ആകെ തുകയുടെ മൂന്നിലൊന്ന് ജില്ലകൾക്ക് പദ്ധതി നടത്തിപ്പിനായി അനു

വദിക്കുന്നു. 25 ലക്ഷം രൂപ വരെയുള്ള പ്രോജക്റ്റുക ൾക്കുള്ള ഭരണാനുമതി, പട്ടികജാതി പട്ടികവർഗ്ഗക്കാർക്കാ യുള്ള ജില്ലാതല കമ്മറ്റിയ്ക്ക് ജില്ല തലത്തിൽ നൽകാവുന്നതും 25 ലക്ഷത്തിന് മുകളിലുള്ള പ്രോജക്റ്റുകൾ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തോടെ നടപ്പിലാക്കാവു ന്നതുമാണ്.

2016-17-നും 2025-26-നും (27.09.2025 വരെ) ഇടയിൽ ഈ പദ്ധതിക്കായി ആകെ 829.1 കോടി രൂപ വകയിരു ത്തുകയും 498.2 കോടി രൂപ ചെലവഴിക്കുകയും ചെയ്തു. ഭൗതിക പുരോഗതി കണക്കാക്കിയാൽ, 2019-20 മുതൽ 643 പ്രോജക്റ്റുകൾ പൂർത്തിയാക്കിയിട്ടുണ്ട്.

### സാമൂഹിക – സാമ്പത്തിക സർവ്വേ

കേരളത്തിലെ പട്ടികജാതി ജനതയുടെ സമഗ്രവും കൃത്യ വുമായ വിവരശേഖരണം നടത്താനായി ആവിഷ്കരിച്ചി ട്ടുള്ളതാണ് പട്ടികജാതി വികസന വകുപ്പിന്റെ മുൻനിര പരിപാടിയായ ഹോം സർവ്വേ. പട്ടികജാതി വിഭാഗങ്ങ ളുടെ വികസനത്തിനും ക്ഷേമത്തിനുമുള്ള പരിപാടികൾ ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും ചെയ്യേണ്ടത് കൃത്യമായ കണക്കുകളെ അടിസ്ഥാനപ്പെടുത്തി ആകണ മെന്നതിനാൽ, അവരുടെ ജനസംഖ്യാപരവും, സാമൂ ഹിക-സാമ്പത്തിക-സാംസ്കാരിക അവസ്ഥകളെക്കുറിച്ച് വിശ്വസനീയവും കൃത്യവുമായ വിവരങ്ങൾ ശേഖരിക്കുക എന്നതാണ് സർവ്വേയുടെ പ്രധാന ലക്ഷ്യം. ഡിജിറ്റൽ പ്ലാറ്റ്ഫോമിലൂടെ സാധ്യമാക്കുന്ന പ്രസ്തുത സർവ്വേ, ജനങ്ങ ളുടെ യഥാർത്ഥ ആവശ്യം മനസിലാക്കുന്നതിനും അവരുടെ ജീവിതത്തിന്റെ വിവിധ വശങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനൊപ്പം വളരെ വേഗത്തിലും സമയബന്ധി തമായും അവ അപ്ഡേറ്റ് ചെയ്യുന്നതിനും അവസരമൊരു ക്കുന്നു. സർവ്വേ അതിന്റെ അവസാന ഘട്ടത്തിലാണ്.

കേരളത്തിൽ, പട്ടികവർഗ്ഗക്കാരുടെ വികസനം സംസ്ഥാന ത്തിന്റെ സാമൂഹിക, സാമ്പത്തിക നയങ്ങളിൽ ഒരു കേന്ദ്ര ബിന്ദുവായി തുടരുന്നു. വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, തൊഴിൽ, സുസ്ഥിര - ഉപജീവനമാർഗ്ഗങ്ങൾ എന്നിവയുടെ ലഭ്യത ഉറപ്പാക്കിക്കൊണ്ട് അസമത്വങ്ങൾ കുറയ്ക്കുക എന്നതിലാണ് പട്ടികവർഗ്ഗ വിഭാഗക്കാർക്കായുള്ള സാമ്പത്തിക ആസൂത്രണം ഊന്നൽ നൽകുന്നത്. പട്ടിക വർഗ്ഗ ഉപപദ്ധതി (ടി.എസ്.പി), പ്രാക്തന ഗോത്രവർഗ്ഗക്കാ ർക്കയുള്ള പ്രത്യേക നടപടികൾ (പി.വി.റ്റി.ജി) തുടങ്ങിയ ലക്ഷ്യബോധമുള്ള സംരംഭങ്ങൾ വഴി പട്ടികവർഗ്ഗക്കാരുടെ വ്യത്യസ്തമായ സാമൂഹിക-സാമ്പത്തിക വെല്ലുവിളികളെ അഭിസംബോധന ചെയ്യുന്നതിലൂടെ അവരെ ശാക്തീകരി ക്കാനും സാമ്പത്തിക വികസനത്തിൽ അവരുടെ സജീവ പങ്കാളിത്തം ഉറപ്പാക്കാനുമുള്ള പദ്ധതികളാണ് സംസ്ഥാനം നടപ്പിലാക്കി വരുന്നത്. ഇവരുടെ സമകാലിക വികസന ആവശ്യങ്ങളെ/പരമ്പര്യ രീതികളെ ആധുനിക വികസന ആവശ്യങ്ങളുമായി സംയോജിപ്പിച്ചുകൊണ്ട് സാമൂഹ്യ നീതിയും സാമ്പത്തിക സമത്വവും പ്രോത്സാഹിപ്പിക്കുന്ന നയങ്ങൾ സ്വീകരിച്ചതിൽ നിന്നും വ്യക്തമാകുന്നത് എല്ലാ വരെയും ഉൾച്ചേർക്കുന്നതും, സുസ്ഥിതവും സമഗ്രവുമായ വികസനത്തോടുള്ള സർക്കാരിന്റെ പ്രതിബദ്ധതയാണ്.

സംസ്ഥാന ജനസംഖ്യയുടെ 1.45 ശതമാനം വരുന്ന (2011 സെൻസസ് പ്രകാരം) 37 പട്ടികവർഗ്ഗ സമൂഹങ്ങൾ അധിവസിക്കുന്ന സംസ്ഥാനമാണ് കേരളം. പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തിയ ഏറ്റവും പുതിയ പട്ടികവർഗ്ഗ സർവേ പ്രകാരം, 1,47,868 കുടുംബങ്ങളിലായി 4,88,386 ആണ് മൊത്തം പട്ടികവർഗ്ഗ ജനസംഖ്യ. ഇവർ പ്രധാന മായും 6,578 ഉന്നതികളിലായി അധിവസിക്കുന്നു. പട്ടിക വർഗ്ഗ ജനസംഖ്യ ഏറ്റവും കൂടുതൽ കേന്ദ്രീകരിച്ചിരിക്കു

## പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വികസനം

**പട്ടിക 10.5**: *2016 - 17 മുതൽ 2026 - 27 വരെയുള്ള സംസ്ഥാന പദ്ധതിയിൽ നിന്ന് ട്രൈബൽ സബ് പ്ലാനിലേക്കുള്ള (TSP) വിഹിതം (രൂപ കോടിയിൽ)*

| വർഷം | ആകെ സംസ്ഥാന പദ്ധതി വിഹിതം | ടി.എസ്.പി വിഹിതം | ശതമാനം |
|---|---|---|---|
| 2016 - 17 | 24,000 | 682.7 | 2.8 |
| 2017 - 18 | 26,500 | 751.1 | 2.8 |
| 2018 - 19 | 29,150 | 826.2 | 2.8 |
| 2019 - 20 | 30,610 | 866.3 | 2.8 |
| 2020 - 21 | 27,610 | 781.4 | 2.8 |
| 2021 - 22 | 27,610 | 781.4 | 2.8 |
| 2022 - 23 | 30,370 | 859.5 | 2.8 |
| 2023 - 24 | 30,370 | 859.5 | 2.8 |
| 2024 - 25 | 30,370 | 859.5 | 2.8 |
| 2025 - 26 | 32,500 | 920.0 | 2.8 |
| 2026 - 27 | 35,750 | 1,012.0 | 2.8 |
| ആകെ | 3,24,840 | 9,199.6 | 2.8 |

*അവലംബം:* ബജറ്റ് രേഖകൾ (വിവിധ വർഷങ്ങൾ) കേരള സർക്കാർ

**പട്ടിക 10.6** : *2016 - 17 മുതൽ 2025 - 26 (31.08.2025) വരെയുള്ള പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ടുകളുടെ ചെലവും (തുക കോടിയിൽ)*

| വർഷം | പട്ടികവർഗ്ഗ വികസന വകുപ്പും മറ്റ് വകുപ്പുകളും നടത്തിയ ചെലവ് | തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളുടെ ചെലവ് | ആകെ ചെലവ് |
|---|---|---|---|
| 2016 - 17 | 529.6 | 109.7 | 639.4 |
| 2017 - 18 | 533.8 | 135.8 | 669.5 |
| 2018 - 19 | 502.1 | 151.3 | 653.4 |
| 2019 - 20 | 428.1 | 110.5 | 538.6 |
| 2020 - 21 | 626.1 | 167.1 | 793.1 |
| 2021 - 22 | 579.4 | 164.3 | 743.7 |
| 2022 - 23 | 607.9 | 173.6 | 781.5 |
| 2023 - 24 | 393.6 | 140.1 | 533.7 |
| 2024 - 25 | 454.8 | 171.6 | 626.4 |
| 2025 - 26 (31.08.2025 വരെ) | 230.8 | 53.4 | 284.2 |
| ആകെ | 4,886.2 | 1,377.4 | 6,263.5 |

*അവലംബം:* ബജറ്റ് രേഖകൾ, എസ്.റ്റി.ഡി.ഡി, എൽ.എസ്.ജി.ഡി. ഡാഷ് ബോർഡ്.

*കുറിപ്പ് :* 2016 - 17 മുതൽ 2023 - 24 വരെയുള്ള ചെലവിൽ 'പട്ടികവർഗ്ഗ ഉപപദ്ധതിയ്ക്കുള്ള പ്രത്യേക സഹായം' (സംസ്ഥാനത്തിന് പുറത്തുള്ള പദ്ധതി) പദ്ധതിയുടെ ചെലവ് ഉൾപ്പെടുന്നില്ല.

ന്നത് വയനാട് (34 ശതമാനം), കാസർഗോഡ് (17 ശതമാനം) എന്നീ ജില്ലകളിലായാണ്. ഈ 37 സമുദായങ്ങളിൽ, അഞ്ചെണ്ണം പ്രാക്തന ഗോത്ര വർഗ്ഗക്കാരായി (പി.വി.റ്റി.ജി) തരംതിരിച്ചിരിക്കുന്നു. കാടർ, കുറുമ്പർ, കാട്ടുനായ്ക്കൻ, കൊറഗ, ചോലനായ്ക്കൻ എന്നിവരാണ് ആ അഞ്ചു വിഭാഗക്കാർ.

**പട്ടികവർഗ്ഗ ഉപപദ്ധതി (ടി.എസ്.പി) ഫണ്ടുകളുടെ വിഹിതവും ചെലവും**

സംസ്ഥാന ആസൂത്രണ ഘടനയിൽ ലക്ഷ്യാധിഷ്ഠിത ധനസഹായ ചട്ടക്കൂടുകൾ എങ്ങനെ രൂപപ്പെടുന്നു എന്നതിനെക്കുറിച്ചുള്ള ഒരു പഠനാത്മകത നൽകുന്നതാണ് 2016-17 നും 2026-27 നും ഇടയിൽ കേരളത്തിൽ പട്ടികവർഗ്ഗ ഉപപദ്ധതി (ടി.എസ്.പി) വകയിരുത്തലുകൾ. മൊത്തം സംസ്ഥാന പദ്ധതി വിഹിതമായ 3,24,840 കോടി രൂപയിൽ 9199.6 കോടി രൂപയുടെ സഞ്ചിത ടി.എസ്.പി വകയിരുത്തൽ, പട്ടികവർഗ്ഗ സമൂഹങ്ങളുടെ സുസ്ഥിരമായ സാമ്പത്തിക വികസനത്തോടുള്ള സംസ്ഥാനത്തിന്റെ പ്രതിബദ്ധത വ്യക്തമാക്കുന്നു. സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 2.8 ശതമാനമായി നിശ്ചയിച്ചിരിക്കുന്ന വിഹിതം പട്ടികവർഗ്ഗ ജനസംഖ്യയുടെ ശതമാനത്തെക്കാൾ കൂടുതലാണ്.

പട്ടികവർഗ്ഗ വികസന വകുപ്പും (76.6 ശതമാനം) യും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും (23.4 ശതമാനം) തമ്മിലുള്ള ടി.എസ്.പി. വിഭവങ്ങളുടെ വിഭജനം, വകുപ്പുതലത്തിലും വികേന്ദ്രീകൃത ഇടപെടലിലും നിർവ്വഹണത്തിലും സംസ്ഥാനത്തിന്റെ ഊന്നൽ എടുത്തുകാണിക്കുന്നു. ഈ കാലയളവിൽ വിതരണ അനുപാതം മാറ്റമില്ലാതെ തുടർന്നുകൊണ്ട് പ്രധാന പദ്ധതികളുടെ തുടർച്ചയെ പിന്തുണയ്ക്കുകയും സാമൂഹ്യാധിഷ്ഠിത ഇടപെടലുകൾ നടപ്പിലാക്കാൻ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളെ ശാക്തീകരിക്കുകയും ചെയ്തു.

2016-17 മുതൽ 2026-27 വരെ പദ്ധതി വകയിരുത്തൽ വർദ്ധിച്ചതോടെ, ടി.എസ്.പി വിഹിതവും വർദ്ധിച്ചു (682.7 കോടി രൂപയിൽ നിന്ന് 1012.00 കോടി രൂപ). 2016-17

**പട്ടിക 10.7** *2016 - 17 മുതൽ 2025 - 26 (31.08.2025) വരെ ടി.ആർ.ഡി.എം.- ന് കീഴിൽ ഭൂമി വിതരണത്തിന് അനുവദിച്ച വിഹിതത്തിന്റെയും ചെലവിന്റെയും വർഷം തിരിച്ചുള്ള വിശദാംശങ്ങൾ (രൂപ കോടിയിൽ)*

| വർഷം | ചെലവ് (കോടിയിൽ) |
|---|---|
| 2016 - 17 | 45.1 |
| 2017 - 18 | 44.4 |
| 2018 - 19 | 15.2 |
| 2019 - 20 | 24.6 |
| 2020 - 21 | 39.0 |
| 2021 - 22 | 48.9 |
| 2022 - 23 | 67.9 |
| 2023 - 24 | 26.3 |
| 2024 - 25 | 11.4 |
| 2025 - 26 (31.08.2025 വരെ) | 7.5 |
| ആകെ | 328.0 |

*അവലംബം:* പട്ടികവർഗ്ഗ വികസന വകുപ്പ്, ടി.ആർ.ഡി.എം

മുതൽ 2025-26 (31.08.2025 വരെ) മൊത്തം ചെലവ് 6263.5 കോടി രൂപയായിരുന്നു, ഇത് വിഹിതത്തിന്റെ 76.5 ശതമാനമായിരുന്നു. ഈ കാലയളവിൽ വകുപ്പിന്റെ ചെലവ് 4,886.2 കോടി രൂപ (വിഹിതത്തിന്റെ 77.90 ശതമാനം) ആയിരുന്നു, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചെലവ് 1,377.4 കോടി രൂപ (വിഹിതത്തിന്റെ 71.9 ശതമാനം) ആയിരുന്നു. കോവിഡ്-19 പ്രതിസന്ധിയുടെ കൊടുമുടിയിൽ 2020-21 ൽ 101.5 ശതമാനം എന്ന ശ്രദ്ധേയമായ വിനിയോഗനിരക്ക് കൈവരിച്ചത് ആസൂത്രണം, മുൻഗണന, ഫീൽഡ് തല പ്രവർത്തനം എന്നിവ ഏകോപിപ്പിക്കുമ്പോൾ സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കാൻ ശേഷിയുള്ളതാവും എന്ന് തെളിയിക്കുന്നു.

**പതിമൂന്നാം, പതിനാലാം പദ്ധതി കാലയളവുകളിലെ പ്രധാന ഇടപെടലുകളും നേട്ടങ്ങളും**

താഴെപ്പറയുന്ന മേഖലകളിൽ സംസ്ഥാനം വിവിധ നയങ്ങളും പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

- ഭൂമിയും പാർപ്പിടവും
- വിദ്യാഭ്യാസം
- സാമൂഹിക സുരക്ഷ
- നൈപുണ്യ വികസനം, തൊഴിലും ഉപജീവനമാർഗ്ഗവും
- അടിസ്ഥാന സൗകര്യം

**ഭൂമിയും പാർപ്പിടവും**

കേരള സർക്കാരിന്റെ പ്രധാന മുൻഗണനകളിലൊന്ന് പട്ടികവർഗ്ഗ സമൂഹങ്ങൾക്ക് ഭൂമിയും പാർപ്പിടവും നൽകുക എന്നതായിരുന്നു. പട്ടികവർഗ്ഗക്കാരുടെ പുനരധിവാസ മിഷൻ (ടി.ആർ.ഡി.എം) പ്രകാരം, 2016 മെയ് വരെ, സംസ്ഥാനത്ത് 10,748 ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങളുണ്ടായിരുന്നു. ഇത് മൊത്തം പട്ടികവർഗ്ഗ ജനസംഖ്യയുടെ 7.3 ശതമാനമാണ്. 2025 ഓഗസ്റ്റിൽ ഈ കണക്ക് 6,242 ആയി കുറഞ്ഞു, ഇത് പട്ടികവർഗ്ഗ ജനസംഖ്യയുടെ 4.2 ശതമാനമാണ്.

**പട്ടികവർഗ്ഗക്കാരുടെ പുനരധിവാസ മിഷൻ (ടി.ആർ.ഡി.എം)**: ഭൂമി പുനരധിവാസത്തിലൂടെയും സാമൂഹിക-സാമ്പത്തിക വികസനത്തിലൂടെയും ഘടനാപരമായ പാർശ്വവൽക്കരണം പരിഹരിക്കുന്നതിനുള്ള ഒരു തന്ത്രപരമായ ഇടപെടലിനെയാണ് ടി.ആർ.ഡി.എം പ്രതിനിധീകരിക്കുന്നത്. 2016-17 നും 2025-26 നും ഇടയിൽ, പദ്ധതിക്ക് ആകെ 495.3 കോടി രൂപ വകയിരുത്തി, അതിൽ ചെലവ് 328.0 കോടി രൂപ ആയിരുന്നു.

ലാൻഡ് ബാങ്ക് പദ്ധതി, ഭൂമി വാങ്ങൽ, റിസർവ്വ് വനഭൂമി വിതരണം, വനാവകാശ ആക്റ്റ്, റവന്യൂ ഭൂമി വിതരണം എന്നിവയിലൂടെയാണ് ഭൂരഹിതരായ പട്ടികവർഗ്ഗവിഭാഗക്കാർക്ക് ഭൂമി നൽകുന്നത്. 2016-17 മുതൽ 2024-25 വരെ, വനാവകാശ ആക്റ്റ് പ്രകാരം, 4,467 കുടുംബങ്ങൾക്ക് 6,183 ഏക്കർ ഭൂമിക്ക് പട്ടയം നൽകി. 213 കുടുംബങ്ങൾക്ക് 48.3 ഏക്കർ റവന്യൂ/പദ്ധതി/ഫാം ഭൂമിക്ക് പട്ടയവും 3,426 കുടുംബങ്ങൾക്ക് 2,106.2 ഏക്കർ റിസർവ് വനഭൂമിക്ക് പട്ടയവും നൽകി. കൂടാതെ, ഭൂമി വാങ്ങൽ വഴി 274 കുടുംബങ്ങൾക്ക് 149 ഏക്കർ ഭൂമിയും, ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം 368 കുടുംബങ്ങൾക്ക് 66.5 ഏക്കർ ഭൂമിയും വാങ്ങി. വെള്ളപ്പൊക്ക ബാധിതരായ കുടുംബങ്ങളെ (171) 20.5 ഏക്കർ ഭൂമി വാങ്ങി പുനരധിവസിപ്പിച്ചു. അങ്ങനെ, ഈ കാലയളവിൽ, 8,919 കുടുംബങ്ങൾക്കായി ആകെ 8,573.5 ഏക്കർ ഭൂമി അനുവദിച്ചു. കൂടാതെ, മരിയനാട് എസ്റ്റേറ്റിലെ 141 തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതിനായി 2025-26 സാമ്പത്തിക വർഷത്തിൽ വയനാട് വികസന പാക്കേജിന് കീഴിൽ 5 കോടി രൂപ അനുവദിച്ചു, ഇത് പട്ടികവർഗ്ഗവിഭാഗത്തിലെ 2,000-ത്തിലധികം അംഗങ്ങളുടെ ദീർഘകാലമായി നിലനിൽക്കുന്ന ഭൂമി വിതരണം സംബന്ധിച്ച പ്രശ്നം പരിഹരിക്കുന്നതിന് സഹായകമായി. സംസ്ഥാനത്ത് ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾ ഇല്ലാത്ത ആദ്യത്ത ജില്ലയായി തിരുവനന്തപുരം മാറി.

**ഭവന നിർമ്മാണം** : 2016-17 മുതൽ 2025-26 വരെയുള്ള കാലയളവിൽ 13,303 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട് നൽകുന്നതിനായി വകുപ്പ് 718.1 കോടി രൂപ ചെലവഴിച്ചു. ഹഡ്കോ (HUDCO) ഭവന പദ്ധതി, ജനറൽ ഹൗസിംഗ് സ്കീം, വനബന്ധു കല്യാൺ യോജന ഭവനപദ്ധതി തുടങ്ങിയ വിവിധ പദ്ധതികൾ വഴിയാണ് ഇത് നടപ്പിലാക്കിയത്.

കൂടാതെ, 2010-ന് ശേഷം നിർമ്മാണം ആരംഭിച്ചതും എന്നാൽ പൂർത്തിയാക്കാൻ കഴിയാത്തതുമായ വീടുകളുടെ അറ്റകുറ്റപ്പണികൾക്കും പൂർത്തീകരണത്തിനും നവീകരണത്തിനുമായി സേഫ്' (സെക്യൂർ അക്കോമഡേഷൻ ആന്റ് ഫെസിലിറ്റി എൻഹാൻസ്മെന്റ്) എന്ന പുതിയ പദ്ധതിയും പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്നുണ്ട്. ഈ പദ്ധതി പ്രകാരം പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് 2.5 ലക്ഷം രൂപ വീതം നൽകുന്നു. പ്രളയബാധിത കുടുംബങ്ങൾ, 2021-22 ലെ അതിദരിദ്ര സർവേയിൽ ഉൾപ്പെട്ടവർ, മൈക്രോ പ്ലാൻ ഇ-സർവേ വഴി കണ്ടെത്തിയവർ എന്നിവർക്കാണ് ഈ പദ്ധതിയിൽ മുൻഗണന നൽകുന്നത്.

**ലൈഫ് മിഷൻ** : 2017-18 മുതൽ പാർശ്വവൽക്കരിക്കപ്പെട്ട പട്ടികവർഗ്ഗ സമൂഹത്തിന്റെ സാമൂഹികവും സാമ്പത്തിക ശാക്തീകരണവും ലക്ഷ്യമിട്ട് പ്രവർത്തിച്ചുവരുന്ന ലൈഫ് മിഷൻ പദ്ധതിക്ക് കീഴിൽ, 2025 നവംബർ വരെയുള്ള കണക്കുകൾ പ്രകാരം 88,348 പട്ടികവർഗ്ഗ ഗുണഭോക്താക്കളെയാണ് കണ്ടെത്തിയിട്ടുള്ളത്. സാമൂഹികവും സാമ്പത്തികവുമായ ശാക്തീകരണത്തിനുള്ള അടിത്തറയായി സുരക്ഷിതവുമായ പാർപ്പിടം നൽകുക എന്നതാണ് ഇതിന്റെ ഉദ്ദേശം. ഇതിൽ 80,109 പേർ പദ്ധതിക്ക് അർഹരാണെന്ന് കണ്ടെത്തുകയും, 53,497 പേരുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. നിലവിൽ 45,976 വീടുകളുടെ നിർമ്മാണം വിജയകരമായി പൂർത്തിയാക്കി, 7,521 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു (നവംബർ 2025 വരെ). [ലൈഫ് മിഷനെക്കുറിച്ചുള്ള കൂടുതൽ വിശദാംശങ്ങൾക്ക്, ഇനിഷ്യേറ്റീവ്സ് ഫോർ എ ന്യൂ കേരള, അധ്യായം 28 കാണുക]

**വിദ്യാഭ്യാസം**: 2016-17 മുതൽ 2024-25 വരെയുള്ള കാലയളവിൽ വിദ്യാഭ്യാസ മേഖലയ്ക്കായി 1097.93 കോടി രൂപ അനുവദിക്കുകയും അതിൽ 910.65 കോടി രൂപ ചെലവഴിക്കുകയും ചെയ്തു. പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി വിദ്യാഭ്യാസ മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങളാണ് കഴിഞ്ഞ ഒൻപത് വർഷത്തിനിടെ ഉണ്ടായത്. വകുപ്പിന്റെ ക്രിയാത്മകമായ ഇടപെടലുകൾ വഴി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് നിരക്ക് ഗണ്യമായി

കുറയ്ക്കാൻ സാധിച്ചു. 2016-17 ലെ കൊഴിഞ്ഞുപോക്ക് നിരക്ക് 2.27 - ൽ നിന്നും 2023-24 - ൽ 0.67 ആക്കാൻ സാധിച്ചു.

2016-17 മുതൽ 2025-26 വരെയുള്ള ഒൻപത് വർഷ കാലയളവിൽ വിദ്യാഭ്യാസ മേഖലയിലുണ്ടായ പ്രധാന നേട്ടങ്ങൾ താഴെ പറയുന്നവയാണ്.

**പ്രീ–മെട്രിക്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ**: പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിലും പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ മൂന്ന് വർഷങ്ങളിലുമായി ആകെ 94,336 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പും, 1,38,603 വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പും നൽകി.

**സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം**: എസ്.എസ്.എൽ.സി, പ്ലസ് ടു, ബിരുദം, ബിരുദാനന്തര ബിരുദം, ഗവേഷണമടക്കമുള്ള പ്രൊഫഷണൽ കോഴ്സുകൾ എന്നിവയിൽ ഉയർന്ന ഗ്രേഡ് നേടുന്ന 14,276 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി 8.3 കോടി രൂപ പ്രത്യേക പ്രോത്സാഹനമായി നൽകി.

**അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ്**: 5 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന മിടുക്കരായ 12,295 പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പിന്തുണയ്ക്കായി കഴിഞ്ഞ ഒൻപത് വർഷത്തിനിടെ 3.6 കോടി രൂപ ചെലവഴിച്ചു.

**സ്കൂൾ & കോളേജ് വിദ്യാർത്ഥികൾക്കുള്ള പഠനയാത്ര സഹായം**: 2016-17 മുതൽ വിദ്യാഭ്യാസ വിനോദയാത്രകളിലും പഠനയാത്രകളിലും പങ്കെടുക്കുന്നതിനായി 4,907 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 4.1 കോടി രൂപയുടെ സാമ്പത്തിക സഹായം നൽകി.

**അനാഥരായ കുട്ടികൾക്കുള്ള സഹായം**: അനാഥരായ 4,750 പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിനും ജീവിതച്ചെലവിനുമായി 8.8 കോടി രൂപ ചിലവഴിച്ചു. ഇവർ പ്രായപൂർത്തിയാകുന്നത് വരെയോ സാമ്പത്തിക സ്വയം പര്യാപ്തത നേടുന്നത് വരെയോ ഈ പിന്തുണ ലഭ്യമാക്കുന്നു.

**വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം**: ഡിജിറ്റൽ അന്തരം പരിഹരിക്കുന്നതിനായി 2016-17 മുതൽ 2025 ഓഗസ്റ്റ് വരെയുള്ള കാലയളവിൽ 2,668 വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പുകൾ വിതരണം ചെയ്തു. ഇതിനായി 12.5 കോടി രൂപയാണ് ചിലവഴിച്ചത്.

**വിദേശ പഠനത്തിനുള്ള സഹായം** : സംസ്ഥാനത്തിന് പുറത്തുള്ള സർവ്വകലാശാലകളിലും വിദേശ സർവ്വകലാശാലകളിലും ഉപരിപഠനം നടത്തുന്ന 66 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സാമ്പത്തികവും സാങ്കേതികവുമായ പിന്തുണ നൽകി.

**വിദ്യാവാഹിനി പദ്ധതി** : ഗതാഗത സൗകര്യങ്ങൾ പരിമിതമായ പ്രാപ്യതയും പര്യാപ്തമല്ലാത്ത ഗതാഗതവും ഉള്ള ഉൾക്കാടുകളിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്കായി നടപ്പിലാക്കുന്ന 'വിദ്യാവാഹിനി' പദ്ധതി വഴി 2016-17 മുതൽ 2025-26 വരെ 2,10,180 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് യാത്രാ സൗകര്യം ഉറപ്പാക്കി.

**ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, പോക്കറ്റ് മണി**: ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, പോക്കറ്റ് മണി എന്നീ ഇനങ്ങളിലായി 6,82,653 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സഹായം നൽകി. ഇതിനായി 164.2 കോടി രൂപയാണ് ചെലവഴിച്ചത്.

**പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ**: പട്ടികവർഗ്ഗ വിഭാഗങ്ങൾ അനുഭവിക്കുന്ന വിദ്യാഭ്യാസപരവും സാമൂഹിക-സാമ്പത്തികവുമായ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിൽ പട്ടികവർഗ്ഗ വികസന വകുപ്പ് സ്ഥാപിച്ചു നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒരു പ്രധാന പങ്ക് വഹിക്കുന്നു. പ്രാഥമിക തലം മുതൽ ഉന്നത വിദ്യാഭ്യാസം വരെയുള്ള വിവിധ തലങ്ങളിലായി ആകെ 175 വിദ്യാഭ്യാസ സ്ഥാപനങ്ങൾ വകുപ്പിന് കീഴിലുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 22 മോഡൽ റസിഡൻഷ്യൽ സ്കൂളുകളും, 106 പ്രീ-മെട്രിക് ഹോസ്റ്റലുകളും, 31 മോഡൽ പ്രീ-സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ, 12 പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകൾ, 2 ഐ.ടി.ഐ/വി.ടി.ഐ സെന്ററുകൾ, 2 ഏകാധ്യാപക വിദ്യാലയങ്ങൾ എന്നിവ വകുപ്പിന്റെ കീഴിലുണ്ട്. ഈ സ്ഥാപനങ്ങളിലൂടെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസപരമായ ശാക്തീകരണം ഉറപ്പാക്കി, അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുള്ള സമഗ്രമായ സമീപനമാണ് സർക്കാർ ലക്ഷ്യമിടുന്നത്.

**ബോക്സ് 10.1**

**പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്കൂൾ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനുള്ള സമഗ്ര കർമ്മപദ്ധതി**

പട്ടികവർഗ്ഗ വിദ്യാർത്ഥികൾ സ്കൂൾ വിദ്യാഭ്യാസ രംഗത്ത് നേരിടുന്ന വെല്ലുവിളികൾ പരിഹരിക്കുന്നതിനായി സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടികവർഗ്ഗ വികസന വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് എന്നിവയുമായി സഹകരിച്ച് ഒരു സമഗ്ര കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെയും സാർവ്വത്രികമായ എൻറോൾമെന്റ് ഉറപ്പാക്കുക, സ്കൂളുകളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് തടയുക, പരീക്ഷാ വിജയ ശതമാനം വർദ്ധിപ്പിക്കുക, വിദ്യാഭ്യാസത്തിന്റെ നിലവാരവും ഗ്രേഡും മെച്ചപ്പെടുത്തുക എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ.

2024-25 കാലയളവിൽ വയനാട് ജില്ലയിലെ തിരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ ഈ പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കി. ഇതിന്റെ ഫലം വിലയിരുത്തിയ ശേഷം പദ്ധതി സംസ്ഥാന വ്യാപകമായി വിപുലീകരിക്കാനാണ് ലക്ഷ്യമിടുന്നത്. നിലവിൽ വയനാട് ജില്ലയിലെ 22 സ്കൂളുകളിലാണ് ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ നടന്നു വരുന്നത്. സംസ്ഥാന ആസൂത്രണ ബോർഡും പൊതുവിദ്യാഭ്യാസ വകുപ്പും തയ്യാറാക്കിയ കർമ്മപദ്ധതിയുടെ അടിസ്ഥാനത്തിലാണ് ഈ പ്രോജക്ട് നടപ്പിലാക്കുന്നത്.

## സാമൂഹിക സുരക്ഷാ ഉദ്യമങ്ങൾ

**പട്ടികവർഗ്ഗ വിഭാഗം പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം** : വിവാഹ ധനസഹായവും മിശ്രവിവാഹ ധനസഹായവും നൽകുന്നത് ഒരു വശത്ത് തുല്യത എന്ന കാഴ്ചപ്പാടിനെ പ്രതിഫലിപ്പിക്കുമ്പോൾ, മറുവശത്ത് കുറഞ്ഞ വരുമാനമുള്ള പട്ടികവർഗ്ഗ സമുദായങ്ങളിൽ വിവാഹ ചടങ്ങുകളോടനുബന്ധിച്ചുണ്ടാകുന്ന സാമ്പത്തിക സമ്മർദ്ദം കുറയ്ക്കാനും സഹായിക്കുന്നു. കൂടാതെ, മിശ്രവിവാഹങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിലൂടെ സാമൂഹിക നീതി എന്ന ഭരണഘടനാപരമായ ലക്ഷ്യത്തെ ഇത് മുന്നോട്ട് കൊണ്ടുപോകുന്നു. 2016-17 മുതൽ 2025-26 വരെയുള്ള കാലയളവിൽ വിവാഹ ധനസഹായ പദ്ധതി (പ്ലാൻ ഫണ്ട് വഴി) 3,558 കുടുംബങ്ങൾക്ക് പ്രയോജനപ്പെട്ടു.

**ആരോഗ്യ–ഭക്ഷ്യ സുരക്ഷ**: പട്ടികവർഗ്ഗ സമുദായങ്ങൾക്കിടയിൽ ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുന്നതിലും ആരോഗ്യ ഫലങ്ങളിലും നിലനിന്നിരുന്ന ദീർഘകാല അസമത്വങ്ങൾ പരിഹരിക്കുന്നതിനായി 2016-17 നും 2024-25 നും ഇടയിൽ പട്ടികവർഗ്ഗ വികസന വകുപ്പ് നിരവധി ആരോഗ്യ പരിപാടികൾ നടപ്പിലാക്കി. പതിമൂന്ന്, പതിനാല് പഞ്ചവത്സര പദ്ധതികളിലായി ആകെ 384.5 കോടി രൂപ വകയിരുത്തിയതിൽ 349.3 കോടി രൂപ ചെലവഴിച്ചു (90.8 ശതമാനം വിനിയോഗ നിരക്ക്). ചികിത്സാ സഹായം, മൊബൈൽ മെഡിക്കൽ ക്യാമ്പുകൾ എന്നിവ മുതൽ സിക്കിൾ സെൽ അനീമിയ സപ്പോർട്ട് പ്രോഗ്രാം, ജനനി ജന്മരക്ഷ മാതൃ ആരോഗ്യ പദ്ധതി തുടങ്ങിയ ലക്ഷ്യബോധമുള്ള പദ്ധതികൾ വരെയുള്ള ഇടപെടലുകൾ, പൊതുവായതും പ്രത്യേകവുമായ ആരോഗ്യ പ്രശ്നങ്ങളെ നേരിടുന്നതിനുള്ള ഒരു സംയോജിത സമീപനത്തെ പ്രദർശിപ്പിക്കുന്നു.

പതിമൂന്നാം പദ്ധതി കാലഘട്ടം വർദ്ധിച്ച ആരോഗ്യ നിക്ഷേപത്തിന്റെ ഒരു ഘട്ടത്തെ അടയാളപ്പെടുത്തി. വർദ്ധിച്ച ബജറ്റ് വിഹിതവും, പ്രത്യേകിച്ച് 2019-20 മുതൽ 2021-22 വരെയുള്ള പ്രതിസന്ധി വർഷങ്ങളിൽ നടത്തിയ തന്ത്രപരമായ അധിക ചെലവഴിക്കലും, വിപുലമായ പദ്ധതി നടത്തിപ്പും ഇതിന്റെ സവിശേഷതയായിരുന്നു. ഈ സേവനങ്ങളുടെ ഉച്ചസ്ഥായി 2021-22 ലായിരുന്നു. 56,000-ത്തിലധികം വ്യക്തികൾക്ക് ചികിത്സാ സഹായം ലഭിക്കുകയും ഏകദേശം 4,000 മൊബൈൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്തു. കോവിഡ്-19 മഹാമാരിയുടെയും 2018-ലെ പ്രളയം പോലുള്ള മുൻ ദുരന്തങ്ങളുടെയും സംയോജിത പ്രത്യാഘാതങ്ങളെ നേരിടാൻ ഇത് സഹായിച്ചു.

സമഗ്ര പട്ടികവർഗ്ഗ ആരോഗ്യ സംരക്ഷണ പദ്ധതി, സിക്കിൾ സെൽ അനീമിയ രോഗികൾക്കുള്ള സാമ്പത്തിക സഹായം, ജനനി ജന്മരക്ഷ (ഗർഭിണികളുടെയും കൗമാരക്കാരുടെയും പോഷകാഹാര ആവശ്യങ്ങൾ പരിഹരിക്കുന്നതിന്), പരമ്പരാഗത പട്ടികവർഗ്ഗ വൈദ്യന്മാർക്കുള്ള സാമ്പത്തിക സഹായം, കൈത്താങ്ങ് പദ്ധതി (അനാഥരായ കുട്ടികളെ സഹായിക്കുന്നതിന്), കാറ്റാടി (കേരള ആക്സിലറേറ്റഡ് ട്രൈബൽ എബിലിറ്റി ഡെവലപ്മെന്റ് ആൻഡ് ഇൻക്ലൂഷൻ ഇനിഷ്യേറ്റീവ്), വിദൂര പ്രദേശങ്ങളിൽ ആരോഗ്യ സേവനം എത്തിക്കുന്നതിനുള്ള മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ എന്നിവ പട്ടികവർഗ്ഗ ആരോഗ്യ മേഖലയിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കി. 2016 മുതൽ 2025 വരെയുള്ള കണക്കനുസരിച്ച്, 2,95,009 ഗുണഭോക്താക്കൾക്ക് ചികിത്സാ സഹായം നൽകി, 7,139 രോഗികൾക്ക് സിക്കിൾ സെൽ അനീമിയ സഹായം ലഭിച്ചു, 85,301 പേർക്ക് ജനനി ജന്മരക്ഷ ആനുകൂല്യങ്ങൾ ലഭിച്ചു, 24,283 മൊബൈൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു.

എന്നിരുന്നാലും, കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗ ആരോഗ്യ വെല്ലുവിളികൾ ഭൂമിശാസ്ത്രപരവും അടിസ്ഥാന സൗകര്യപരവും സാംസ്കാരികവുമായ വെല്ലുവിളികളുമായി, പ്രത്യേകിച്ച് വയനാട്, ഇടുക്കി, പാലക്കാട് തുടങ്ങിയ ജില്ലകളിൽ, ആഴത്തിൽ ബന്ധപ്പെട്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആരോഗ്യ പരിപാടികൾ ലക്ഷ്യബോധമുള്ളതും നീതിയിലധിഷ്ഠിതവുമായ ആരോഗ്യ ഭരണത്തിന് അടിത്തറ പാകുന്നതോടൊപ്പം തന്നെ, താഴേത്തട്ടിലെ യാഥാർത്ഥ്യങ്ങളെ അഭിസംബോധന ചെയ്യുന്നതിൽ 'മുകളിൽ നിന്നുള്ള നയരൂപീകരണത്തിന്റെ' പരിമിതികളെ പ്രതിഫലിപ്പിക്കുകയും ചെയ്യുന്നു.

ഭൂമിശാസ്ത്രപരമായ ഒറ്റപ്പെടൽ, പരിമിതമായ ഗതാഗത സൗകര്യം, ആരോഗ്യ സംരക്ഷണ സംവിധാനങ്ങളുടെ അഭാവം എന്നിവ കാരണം മുമ്പ് കേരളത്തിലെ പട്ടികവർഗ്ഗ മേഖലകൾ അടിസ്ഥാന ആരോഗ്യ സേവനങ്ങൾ ലഭിക്കുന്നതിൽ വലിയ വെല്ലുവിളികൾ നേരിട്ടിരുന്നു. മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ ആരംഭിച്ചതോടെ, പട്ടികവർഗ്ഗ സമൂഹങ്ങളുടെ വീട്ടുപടിക്കൽ നേരിട്ട് ആരോഗ്യ സേവനങ്ങൾ എത്തിച്ചുകൊണ്ട് സർക്കാരിന് ഈ പ്രശ്നം പരിഹരിക്കാൻ കഴിഞ്ഞു. പതിവായ ആരോഗ്യ പരിശോധനകൾ നടത്തുക, വാക്സിനേഷൻ നൽകുക, സാംക്രമിക രോഗങ്ങൾ കുറയ്ക്കുന്നതിനുള്ള പ്രതിരോധ നടപടികൾ സ്വീകരിക്കുക, പ്രത്യേക ആരോഗ്യ പരിപാടികൾ സംഘടിപ്പിക്കുക, ജനപങ്കാളിത്തം ഉറപ്പാക്കുക, അവശ്യ മരുന്നുകളുടെ വിതരണം ഉറപ്പാക്കുക, മാതൃ-ശിശു ആരോഗ്യ സേവനങ്ങൾ നൽകുക എന്നിവയിലൂടെ പട്ടികവർഗ്ഗ മേഖലയിലെ ആരോഗ്യ സേവന ലഭ്യതയും ഫലങ്ങളും മെച്ചപ്പെടുത്തുന്നതിൽ മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ സുപ്രധാന പങ്ക് വഹിച്ചിട്ടുണ്ട്.

**ആരോഗ്യ സ്ഥാപനങ്ങൾ**: പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങളുടെ ശൃംഖല പട്ടികവർഗ്ഗ ആരോഗ്യ പരിരക്ഷയോടുള്ള സംസ്ഥാനത്തിന്റെ പ്രതിജ്ഞാബദ്ധതയെ കാണിക്കുന്നു. ഒരു ആയുർവേദ ആശുപത്രി, 17 ആയുർവേദ ഡിസ്പെൻസറികൾ, 3 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, 14 മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ, 3 മിഡ്‌വൈഫറി സെന്ററുകൾ, 5 ഔട്ട്പേഷ്യന്റ് ക്ലിനിക്കുകൾ, മറ്റ് ഡിസ്പെൻസറികൾ എന്നിവയുൾപ്പെടെ 43 സ്ഥാപനങ്ങൾ വഴി പട്ടികവർഗ്ഗക്കാരുടെ വിവിധങ്ങളായ ആരോഗ്യ ആവശ്യങ്ങൾ പരിഹരിക്കുന്നതിനുള്ള ഒരു ബഹുതല സമീപനമാണ് നടപ്പിലാക്കുന്നത്.

പ്രത്യേക ആശുപത്രികളിലൂടെയും ഡിസ്പെൻസറികളിലൂടെയും ആയുർവേദത്തെ സംയോജിപ്പിക്കുന്ന രീതി സാംസ്കാരിക സംവേദനക്ഷമതയെ സൂചിപ്പിക്കുന്നു. പരമ്പരാഗത ചികിത്സാരീതികളിൽ കൂടുതൽ വിശ്വാസമുള്ള പട്ടികവർഗ്ഗ മേഖലകളിൽ ഇത്തരം ഇടപെടലുകൾക്ക് കൂടുതൽ സ്വീകാര്യത ലഭിക്കുന്നു. മതിയായ വിഭവ ലഭ്യതയും

ആധുനിക ആരോഗ്യ സേവനങ്ങളുമായുള്ള ബന്ധവും ഉറപ്പാക്കിയാൽ സാമൂഹിക പങ്കാളിത്തവും ആരോഗ്യ ബോധവൽക്കരണവും വർദ്ധിപ്പിക്കുന്നതിനുള്ള ശക്തമായ മാർഗ്ഗമായി ഇതിനെ മാറ്റാം.

**ഭക്ഷ്യ സുരക്ഷയും പോഷകാഹാര വികസന പദ്ധതികളും**: പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിലെ പോഷകാഹാരക്കുറവും ദാരിദ്ര്യവും പരിഹരിക്കുന്നതിനായി സർക്കാർ നിരവധി ഭക്ഷ്യ സുരക്ഷാ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. മൺസൂൺ കാലത്തെ ഭക്ഷ്യധാന്യ വിതരണം, ദുർബല വിഭാഗങ്ങൾക്കായി കമ്മ്യൂണിറ്റി കിച്ചണുകൾ (സമൂഹ അടുക്കള) സ്ഥാപിക്കൽ, വിവിധ കാർഷിക വികസന പദ്ധതികൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. അട്ടപ്പാടിയിലെ പ്രത്യേക പോഷകാഹാര വെല്ലുവിളികൾ നേരിടാൻ 'മില്ലറ്റ് വില്ലേജ്' പദ്ധതി, 'പോഷകാഹാര സ്വയംപര്യാപ്തതാ പദ്ധതി' തുടങ്ങിയ ലക്ഷ്യാധിഷ്ഠിത പരിപാടികൾ ആരംഭിച്ചു. കൂടാതെ, 60 വയസ്സും അതിനുമുകളിലും പ്രായമുള്ളവർക്കായി അവശ്യവസ്തുക്കൾ അടങ്ങിയ ഭക്ഷ്യക്കിറ്റുകളും വിതരണം ചെയ്തിട്ടുണ്ട്. ഇടുക്കി, വയനാട് ജില്ലകളിൽ നടപ്പിലാക്കുന്ന നൂതനമായ 'ഹരിതരശ്മി' പദ്ധതിയും ഈ മേഖലകളിലെ ഭക്ഷ്യ സുരക്ഷയും പോഷകാഹാര നിലവാരവും മെച്ചപ്പെടുത്താൻ ലക്ഷ്യമിടുന്നു.

**ഹരിതരശ്മി**: ഇടുക്കിയിലെയും വയനാട്ടിലെയും ഉപയോഗിക്കപ്പെടാത്ത ഭൂമി പ്രയോജനപ്പെടുത്തി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ സുസ്ഥിര കാർഷിക രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് 'സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ്' (CMD) മായി സഹകരിച്ച് ആരംഭിച്ച പദ്ധതിയാണിത്. ഈ പദ്ധതി വഴി 376 ഉന്നതികളിലെ 4,113 വ്യക്തികൾക്കും ഏകദേശം 163 കർഷക ഗ്രൂപ്പുകൾക്കും പ്രയോജനം ലഭിച്ചു. ബോധവൽക്കരണ കാമ്പെയ്നുകൾ, പ്രായോഗിക പരിശീലനം, വിത്തുവിതരണം, വിപണന സൗകര്യം എന്നിവയുൾപ്പെടെയുള്ള സമഗ്രമായ പിന്തുണ സംവിധാനമാണ് പദ്ധതി നൽകുന്നത്. വിവിധ വിളകളുടെ കൃഷി, വിപണന പ്രോത്സാഹനം, വിളവെടുപ്പ് ഉത്സവങ്ങൾ, കമ്മ്യൂണിറ്റി മാർക്കറ്റുകൾ സ്ഥാപിക്കൽ എന്നിവ ഈ മേഖലയിലെ സാമ്പത്തിക ശാക്തീകരണത്തിനും ഭക്ഷ്യ സുരക്ഷയ്ക്കും ഒരുപോലെ പ്രയോജനം ചെയ്യുന്നു.

**മില്ലറ്റ് വില്ലേജ് പദ്ധതി**: 2017 ൽ ആരംഭിച്ച മില്ലറ്റ് വില്ലേജ് പ്രോഗ്രാം, പരമ്പരാഗത ഭക്ഷ്യ ഉൽപ്പന്നമായ തിനയുടെ (മില്ലറ്റ്) കൃഷിയും ഉപഭോഗവും പ്രോത്സാഹിപ്പിക്കുന്നതിലൂടെ അട്ടപ്പാടിയിലെ പട്ടികവർഗ്ഗ സമൂഹങ്ങൾക്കിടയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുവാൻ ലക്ഷ്യമിടുന്നു. പദ്ധതിയുടെ തുടക്കം മുതൽ ഇരുള, മുഡുക, കുറുമ്പ വിഭാഗങ്ങളിൽപ്പെട്ട 96 ഊരുകളിൽ തിനകൃഷി പുനരുജ്ജീവിപ്പിക്കുകയും അവ അവരുടെ ദൈനംദിന ഭക്ഷണക്രമത്തിന്റെ ഭാഗമാക്കുകയും ചെയ്തു. 2019-20-ൽ മില്ലറ്റ് വില്ലേജ് പദ്ധതി അവസാനിച്ചപ്പോൾ, 'റീബിൽഡ് കേരള ഇനിഷ്യേറ്റീവ്' ഇത് ഏറ്റെടുക്കുകയും 8 കോടി രൂപ ചെലവിൽ 'അട്ടപ്പാടി ട്രൈബൽ സമഗ്ര സുസ്ഥിര കാർഷിക വികസന പദ്ധതി' ആരംഭിക്കുകയും ചെയ്തു. 2023-24 വർഷത്തിൽ രണ്ട് സീസണുകളിലായി 2,003 ഹെക്ടർ ഭൂമിയിൽ കൃഷി നടത്തി.

**നമുത്ത് വെള്ളാമെ**: കാർഷിക പരിസ്ഥിതി മാർഗ്ഗങ്ങളിലൂടെ ഭക്ഷ്യ പോഷണ സ്വയംപര്യാപ്തത ലക്ഷ്യമാക്കി നടപ്പിലാക്കിയ 'നമുത്ത് വെള്ളാമെ' പദ്ധതി അട്ടപ്പാടിയിലെ 1,315 കർഷകർക്ക് പിന്തുണ നൽകി. 41 ഉന്നതികളിലായി 1,887.3 ഏക്കർ കൃഷിയിടം ഇതിനകം കൃഷിയ്ക്ക് ഉപയോഗപ്പെടുത്തി. തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിലൂടെയും സുസ്ഥിര കാർഷിക രീതികൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെയും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനൊപ്പം പട്ടികവർഗ്ഗ കാർഷക സമൂഹത്തിന്റെ സാമ്പത്തിക ഉന്നമനത്തിനും ഈ പദ്ധതി വലിയ സംഭാവന നൽകിയിട്ടുണ്ട്.

**ബോക്സ് 10.2:**
**സഹ്യകിരണും മറയൂർ മധുരവും**

**സഹ്യകിരൺ** : കേരളത്തിലെ പരമ്പരാഗത പട്ടികവർഗ്ഗ തൊഴിലുകളെ പുനരുജ്ജീവിപ്പിക്കുക എന്ന ലക്ഷ്യത്തോടെ, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി) ആരംഭിച്ച സംരംഭമാണ് സഹ്യകിരൺ. എട്ട് ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന ഈ പദ്ധതി, മറയൂർ ശർക്കര ഉൽപ്പാദനം, മുള-ചൂരൽ കരകൗശല വസ്തുക്കൾ, പായ-കാർപ്പറ്റ് നെയ്ത്ത്, വനതേൻ സംസ്കരണം, ഔഷധ സസ്യങ്ങളുടെയും ഇതര വനവിഭവങ്ങളുടെയും ശേഖരണം തുടങ്ങിയ തൊഴിലുകൾക്ക് പിന്തുണ നൽകുന്നു. ഈ ഉൽപ്പന്നങ്ങൾ ശാസ്ത്രീയമായി ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനുമുള്ള പരിശീലനവും ഉപകരണങ്ങളും സി.എം.ഡി നൽകുന്നുണ്ട്. സഹ്യകിരൺ 700 പട്ടികവർഗ്ഗക്കാർക്ക് നേരിട്ട് തൊഴിൽ നൽകുന്നതിനൊപ്പം 2,100 പേർക്ക് പരോക്ഷമായ ഗുണഫലങ്ങളും നൽകുന്നു. ഇത് ഗോത്രവർഗ വിഭാഗങ്ങൾക്കിടയിൽ നൈപുണ്യ വികസനവും സുസ്ഥിരമായ ഉപജീവനവും ഉറപ്പാക്കുന്നു.

**മറയൂർ മധുരം** : ഭൂപ്രദേശ സൂചിക പദവിയുള്ള മറയൂർ ശർക്കരയുടെ പുനരുജ്ജീവനത്തിന്റെ ഭാഗമായി മറയൂരിലെ ദുണ്ടിക്കൊമ്പിൽ മറയൂർ ശർക്കര ഉൽപ്പാദന പ്ലാന്റ് സ്ഥാപിച്ചു. 150 ഗുണഭോക്താക്കളെ ഒരു സ്വയം സഹായ സംഘത്തിന് കീഴിൽ സംഘടിപ്പിച്ചു കൊണ്ടാണ് ഈ പദ്ധതി ആരംഭിച്ചത്. ഇത് പിന്നീട് 'മറയൂർ കാന്തല്ലൂർ ട്രൈബൽ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി'യുടെ രൂപീകരണത്തിലേക്ക് നയിച്ചു. കേരളത്തിലെ പട്ടികവർഗ്ഗ സമൂഹങ്ങളുടെ ശാക്തീകരണത്തിനായുള്ള ഒരു മാതൃകാ സംരംഭമാണിത്. 2024 ഓഗസ്റ്റ് 30-ന് 'മറയൂർ മധുരം' എന്ന ബ്രാൻഡിൽ ഈ പദ്ധതി ഔദ്യോഗികമായി പുറത്തിറക്കി.

*അവലംബം:* സെന്റർ ഫോർ മാനേജ്മന്റ് ഡെവലപ്മെന്റ്, 2025

**നൈപുണ്യ വികസനം, തൊഴിൽ, ഉപജീവനം**: പട്ടികവർഗ്ഗ യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള സർക്കാരിന്റെ ശ്രമങ്ങളുടെ ഭാഗമായി, പട്ടികവർഗ്ഗ വികസന വകുപ്പ് നിരവധി കരിയർ ഗൈഡൻസ് ക്യാമ്പുകളും നൈപുണ്യ പരിശീലന പരിപാടികളും നടപ്പിലാക്കിയിട്ടുണ്ട്. വകുപ്പിന്റെ ഇത്തരം ശ്രമങ്ങൾ വഴി പരിശീലനം സിദ്ധിച്ച നിരവധി പട്ടികവർഗ്ഗ യുവാക്കൾക്ക് സർക്കാർ-സ്വകാര്യ മേഖലകളിലും വിദേശത്തുള്ള മൾട്ടി-നാഷണൽ കമ്പനികളിലും നിയമനങ്ങൾ ലഭിക്കുകയുണ്ടായി. കൃത്യമായ ആസൂത്രണവും തൊഴിൽ വിപണിയുടെ ആവശ്യങ്ങൾക്കനുസരിച്ചുള്ള മാറ്റങ്ങളും വരുത്തിയാൽ ഇത്തരം പദ്ധതികൾക്ക് വലിയ മുന്നേറ്റമുണ്ടാക്കാൻ കഴിയുമെന്ന് 2017-18, 2020-21 വർഷങ്ങളിലെ ശ്രദ്ധേയമായ നേട്ടങ്ങൾ തെളിയിക്കുന്നു. 2017-18 കാലയളവിൽ പരിശീലനം പൂർത്തിയാക്കിയ 1,430 പേരിൽ 1,393 പേർക്കും രാജ്യത്തിനകത്ത് ജോലി ലഭിച്ചു എന്നത് നൈപുണ്യ വികസന പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കിയാൽ അത് വലിയ സാമൂഹിക-സാമ്പത്തിക മാറ്റങ്ങൾക്ക് വഴിതെളിക്കുമെന്നതിന്റെ വ്യക്തമായ സൂചനയാണ്. അതുപോലെ തന്നെ, കോവിഡ് പ്രതിസന്ധി നിലനിന്നിരുന്ന 2020-21 വർഷത്തിൽ 1,600 പേർക്ക് പരിശീലനം നൽകാൻ സാധിച്ചത് വകുപ്പിന്റെ പ്രതിസന്ധികളെ അതിജീവിക്കാനുള്ള ശേഷിയെയാണ് കാണിക്കുന്നത്. 2016 മുതൽ 2025 വരെയുള്ള കണക്കനുസരിച്ച്, 6,566 പട്ടികവർഗ്ഗ യുവാക്കൾ നൈപുണ്യ പരിശീലന കോഴ്സുകളിൽ പങ്കെടുക്കുകയും അവരിൽ 4,047 പേർക്ക് ഇന്ത്യയിലും 22 പേർക്ക് വിദേശത്തും ജോലി ലഭിക്കുകയും ചെയ്തു.

നൈപുണ്യ വികസന-തൊഴിൽ രംഗത്തെ മറ്റ് പ്രധാന പദ്ധതികളിൽ കരിയർ മികവിനുള്ള പരിശീലനം (ട്രേസ്), വ്യോമയാന മേഖലയിലെ നൈപുണ്യ വികസന പരിപാടി (വിംഗ്സ്), 'ജ്വാല' (ജസ്റ്റിസ്, വെൽഫെയർ ആൻഡ് ലീഗൽ അസിസ്റ്റൻസ്) എന്നിവ ഉൾപ്പെടുന്നു. ട്രേസ് പദ്ധതിയിലൂടെ പട്ടികവർഗ്ഗ യുവാക്കൾക്ക് വിവിധ സർക്കാർ വകുപ്പുകളിൽ രണ്ട് വർഷം വരെ തൊഴിൽ പരിശീലനവും പ്രവൃത്തി പരിചയവും നേടാനും അതുവഴി തങ്ങളുടെ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കാനും അവസരം ലഭിക്കുന്നു. വിംഗ്സ് പദ്ധതി വഴി പൈലറ്റ് പരിശീലനത്തിനായി വകുപ്പ് സ്കോളർഷിപ്പുകൾ നൽകുന്നു. ഇത് കേരളത്തിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അന്താരാഷ്ട്ര വിമാനത്താവളങ്ങളിലും ഏവിയേഷൻ മേഖലകളിലും ജോലി നേടാൻ സഹായിക്കുന്നു. സംസ്ഥാനത്തെ ആദ്യത്തെ പട്ടികവർഗ്ഗ ക്യാബിൻ ക്രൂ അംഗത്തിന്റെ പരിശീലനത്തിന് പിന്തുണ നൽകിയത് ഈ പദ്ധതിയാണ്. പട്ടികവർഗ്ഗക്കാരായ നിയമ ബിരുദധാരികൾക്ക് പ്രായോഗിക നിയമ പരിശീലനം നൽകുന്നതിൽ 'ജ്വാല' പദ്ധതി നിർണ്ണായക പങ്ക് വഹിക്കുന്നു

**പി.എസ്.സി മുഖേനയുള്ള പട്ടികവർഗ്ഗക്കാരുടെ നിയമനം**: പബ്ലിക് സർവീസ് കമ്മീഷൻ വഴി ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിൽ സജീവ ഇടപെടൽ നടത്തുന്ന സംസ്ഥാനമായി കേരളം വേറിട്ടുനിൽക്കുന്നു. 2016-17 മുതൽ 2023-24 വരെയുള്ള കാലയളവിൽ, പൊതു നിയമനങ്ങളിലും പ്രത്യേക നിയമനങ്ങളിലും പട്ടികവർഗ്ഗക്കാരുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന് കേരള സർക്കാർ വ്യവസ്ഥാപിതമായ ശ്രമങ്ങൾ നടത്തി. ഈ കാലയളവിൽ ആകെ 9,663 പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾ നിയമിക്കപ്പെട്ടു - ഇതിൽ 5,785 പേർ പൊതു നിയമനം വഴിയും 3,878 പേർ പ്രത്യേക നിയമനം വഴിയുമാണ് നിയമിതരായത്.

2022-23, 2023-24 വർഷങ്ങളിൽ നിയമനങ്ങളിൽ ഗണ്യമായ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ വർഷങ്ങളിൽ ഓരോന്നിലും പൊതു, പ്രത്യേക നിയമനങ്ങളിലായി ആയിരത്തിലധികം പേർക്ക് നിയമനം ലഭിച്ചു. ചുരുക്കത്തിൽ, പൊതുതൊഴിലുകളിൽ തുല്യതയും സാമൂഹിക നീതിയും പ്രോത്സാഹിപ്പിക്കുന്നതിന് കേരളം നടത്തുന്ന സുസ്ഥിരമായ ശ്രമങ്ങളെയാണ് ഈ നിയമന കണക്കുകൾ പ്രതിഫലിപ്പിക്കുന്നത്.

**കേരള ട്രൈബൽ പ്ലസ്**: മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ (എം.ജി.എൻ.ആർ.ഇ.ജി.എസ്) വ്യാപ്തി തന്ത്രപരമായി വർദ്ധിപ്പിക്കുന്ന ശ്രദ്ധേയമായ ഒരു നൂതന നയം ആണ് കേരള ട്രൈബൽ പ്ലസ് പദ്ധതി. ഇത് പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പ്രതിവർഷം അധികമായി 100 ദിവസത്തെ വേതന തൊഴിൽ കൂടി നൽകിക്കൊണ്ട് ആകെ തൊഴിൽ ദിനങ്ങൾ 200 ആയി ഉയർത്തുന്നു.

2018-19 മുതൽ 2024-25 വരെയുള്ള കാലയളവിൽ, 73.4 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചുകൊണ്ട് തൊഴിലവസര രംഗത്ത് ഈ പദ്ധതി വലിയ മുന്നേറ്റം നടത്തി. ഈ സംരംഭത്തിലൂടെ 2,00,275 കുടുംബങ്ങൾക്ക് 100 ദിവസത്തിലധികം തൊഴിൽ ലഭിക്കുകയും 22,809 കുടുംബങ്ങൾ 200 ദിവസത്തെ തൊഴിൽ പൂർണ്ണമായും വിനിയോഗിക്കുകയുംചെയ്തു.പദ്ധതിയുടെഗുണഭോക്താക്കളായകുടുംബങ്ങളുടെ എണ്ണം 2018-19-ലെ 21,178-ൽ നിന്ന് 2024-25-ൽ 34,843 ആയി വർദ്ധിച്ചത് പട്ടികവർഗ്ഗക്കാർക്കിടയിൽ ഈ പദ്ധതിക്കുള്ള വലിയ സ്വീകാര്യതയെ കാണിക്കുന്നു.

ഈ പദ്ധതി നിലനിർത്തുന്നതിനായുള്ള സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിബദ്ധതയും ഏറെ പ്രാധാന്യമർഹിക്കുന്നതാണ്. കഴിഞ്ഞ ഏഴ് വർഷത്തിനിടെ ആകെ ചെലവഴിച്ച 204.00 കോടി രൂപ, ഭരണഘടനാപരമായ ഉറപ്പുകളെ പ്രായോഗിക അവകാശങ്ങളായി മാറ്റാനുള്ള ഗൗരവകരമായ നയപരമായ ഉദ്ദേശത്തെ സൂചിപ്പിക്കുന്നു. സാമ്പത്തിക നിക്ഷേപവും വർദ്ധിച്ചുവരുന്ന തൊഴിൽ ഫലങ്ങളും തമ്മിലുള്ള ബന്ധം ഈ പദ്ധതിയുടെ കാര്യക്ഷമതയെ വെളിപ്പെടുത്തുന്നു. പ്രത്യേകിച്ച് ഭൂമിയില്ലായ്മ, കാലാനുസൃതമായ തൊഴിലില്ലായ്മ, പാർശ്വവൽക്കരണം തുടങ്ങിയ പ്രതികൂല സാഹചര്യങ്ങളിൽ ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുള്ള ഫലപ്രദമായ ഒരു മാർഗ്ഗമായി ഇത് മാറുന്നു.

### അടിസ്ഥാന സൗകര്യങ്ങൾ

**അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം** : സംസ്ഥാനത്തുടനീളമുള്ള നിശ്ചിത പട്ടികവർഗ്ഗ ഉന്നതികളിൽ താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിയന്തര ആവശ്യങ്ങൾ പരിഹരിക്കുന്നതിനായി അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി നടപ്പിലാക്കുന്നു. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സാമ്പത്തിക വികസന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും സ്ത്രീകളുടെയും കുട്ടികളുടെയും അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിനുമാണ് ഈ പദ്ധതി മുൻ

ഗണന നൽകുന്നത്. ഈ പദ്ധതിക്ക് കീഴിൽ 2017-18 വർഷത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി 94 ഊരുകളെ തിരഞ്ഞെടുത്തു. ഇതിൽ 77 ഉന്നതികളിൽ/ഉന്നതികളിൽകളിൽ ആസൂത്രണം ചെയ്ത എല്ലാ പ്രവൃത്തികളും 100 ശതമാനം പൂർത്തിയായി. കൂടാതെ, 2021-22 നും 2024-25 നും ഇടയിൽ 167 ഉന്നതികളെക്കൂടി അടിസ്ഥാന സൗകര്യ വികസനത്തിനായി തിരഞ്ഞെടുത്തിട്ടുണ്ട്.

**മൈക്രോ പ്ലാൻ** : കേരളത്തിലെ പട്ടികവർഗ്ഗ ഉന്നതികളുടെ വികസനത്തിനും സുസ്ഥിരമായ പരിപാലനത്തിനുമുള്ള ഒരു തന്ത്രപ്രധാനമായ മാർഗ്ഗരേഖയായി സാമൂഹ്യാധിഷ്ഠിത ശാക്തീകരണ ഉദ്യമമായി 'മൈക്രോ പ്ലാൻ' രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തുടനീളം 6,578 പട്ടികവർഗ്ഗ ഉന്നതികളാണുള്ളത്. ഓരോ ഉന്നതികളുടെയും പ്രത്യേക ആവശ്യങ്ങളും മുൻഗണനകളും കണക്കിലെടുത്ത് അവയ്ക്കായി പ്രത്യേകം തയ്യാറാക്കിയ മൈക്രോ പ്ലാനുകൾ വികസിപ്പിക്കുന്നു. 2023-24 വർഷത്തെ പദ്ധതി നടത്തിപ്പിന്റെ ഭാഗമായി, ആസൂത്രണ പ്രക്രിയയെ സഹായിക്കുന്നതിനായി 54 നഗറുകളിൽ നിന്ന് ക്രമാനുഗതമായി വിവരങ്ങൾ ശേഖരിച്ചു.

**ഇടമലക്കുടി സ്പെഷ്യൽ പാക്കേജ്**: ഇടമലക്കുടി സ്പെഷ്യൽ പാക്കേജിന് കീഴിൽ പെട്ടിമുടിക്കും ഇടലിപ്പാറക്കുടിക്കും ഇടയിലുള്ള 7.7 കിലോമീറ്റർ റോഡ് നിർമ്മാണത്തിനായി 13.7 കോടി രൂപ അനുവദിച്ചു. ഇതിൽ 4.5 കിലോമീറ്റർ നിർമ്മാണം ഇതുവരെ പൂർത്തിയായിട്ടുണ്ട്. നിലവിൽ ഇടമലക്കുടിയിൽ കുടിവെള്ളം, വൈദ്യുതി, ഇന്റർനെറ്റ് കണക്റ്റിവിറ്റി, കൂടുതൽ റോഡ് ശൃംഖലകൾ, മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവയുൾപ്പെടെയുള്ള അത്യാവശ്യ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരികയാണ്.

**ടി.എസ്.പി കോർപ്പസ് ഫണ്ട്** : 2016-17 മുതൽ 2024-25 വരെയുള്ള കാലയളവിൽ കോർപ്പസ് ഫണ്ടിനായി ആകെ 424.9 കോടി രൂപ വകയിരുത്തുകയും 351.1 കോടി രൂപ ചെലവഴിക്കുകയും ചെയ്തു.

### പട്ടികജാതി – പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭാവിയിലേക്കുള്ള വീക്ഷണം

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ തൊഴിൽ മേഖലകളുടെ സമ്പൂർണ്ണ ആധുനികവൽക്കരണമാണ് മുന്നോട്ടുള്ള വഴി. ഉപജീവന മാർഗ്ഗങ്ങളിൽ സമ്പൂർണ്ണമായ മാറ്റം കൊണ്ടുവരാൻ സഹായിക്കുന്ന ഉന്നത വിദ്യാഭ്യാസവും നൈപുണ്യ വികസനവും ആർജ്ജിക്കുന്നതിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പൂർണ്ണവും തുല്യവുമായ പങ്കാളികളാകേണ്ടതുണ്ട്. ഇതിനായി, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ലഭ്യമാകുന്ന ജീവിതനിലവാരത്തിലും ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങളിലും തുടർച്ചയായ പുരോഗതി ഉറപ്പാക്കും. പട്ടികജാതി-പട്ടികവർഗ സമൂഹങ്ങളുടെ പൗര, സാമൂഹിക, സാമ്പത്തിക അവകാശങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനായി സംസ്ഥാന സർക്കാർ സ്ഥാപനപരമായ അടിസ്ഥാന സൗകര്യങ്ങളെ തുടർന്നും ശക്തിപ്പെടുത്തും.

## അധ്യായം 11

# കേരളത്തിലെ ഭക്ഷ്യ ഭദ്രതയും പൊതുവിതരണ സംവിധാനവും

കേരള സർക്കാർ ഭക്ഷ്യസുരക്ഷയും, ഭക്ഷ്യവസ്തുക്കളുടെ തുല്യ വിതരണവും ഉറപ്പാക്കിയിട്ടുണ്ട്, കൂടാതെ പണപ്പെരുപ്പത്തിന്റെ പ്രത്യാഘാതങ്ങളിൽ നിന്ന് തൊഴിലാളികളെയും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരെയും സംരക്ഷിക്കുകയും ചെയ്യുന്നുണ്ട്. ഇതിനായി, കേരള സർക്കാരിന്റെ ഒരു പ്രധാന നയം 13 അവശ്യവസ്തുക്കളുടെ വില നിയന്ത്രിക്കുക എന്നതായിരുന്നു. പൊതുവിതരണ സമ്പ്രദായത്തോടൊപ്പം, വിവിധതരം അവശ്യവസ്തുക്കളുടെ നീതിപൂർവ്വകമായ വിതരണം ഉറപ്പാക്കുന്നതിൽ ഇത് ഒരു വലിയ ചുവടുവയ്പ്പാണ്.

കേരളത്തിലെ ഭക്ഷ്യസുരക്ഷയും പൊതുവിതരണ സംവിധാനവും അവശ്യവസ്തുക്കളുടെ നീതിയുക്തമായ വിതരണം ഉറപ്പാക്കുന്നതിനായി രൂപകൽപ്പന ചെയ്തിട്ടുള്ള ഒരു സമഗ്ര ശൃംഖലയാണ്. കേരളത്തിന്റെ സാമൂഹിക ക്ഷേമ സംരംഭങ്ങളുടെ ഒരു മൂലക്കല്ലായി ഇത് പ്രവർത്തിക്കുന്നു. കേരളത്തിലെ പൊതുവിതരണ സംവിധാനത്തിലൂടെ (പിഡിഎസ്) ദശലക്ഷക്കണക്കിന് കുടുംബങ്ങൾക്ക്, പ്രത്യേകിച്ച് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക്, സബ്സിഡി നിരക്കിൽ ഭക്ഷ്യധാന്യങ്ങളും മറ്റ് അവശ്യവസ്തുക്കളും ഫലപ്രദമായി വിതരണം ചെയ്യുന്നതിലൂടെ അതിന്റെ കാര്യക്ഷമതയ്ക്ക് ശ്രദ്ധേയമാണ്. പാർശ്വവൽക്കരിക്കപ്പെട്ടവർക്കും ദുർബലരുമായ ജനവിഭാഗങ്ങൾക്കും ഊന്നൽ നൽകിക്കൊണ്ട്, ഭക്ഷ്യ വിതരണ പ്രക്രിയയുടെ കാര്യക്ഷമതയും സുതാര്യതയും വർദ്ധിപ്പിച്ചും, സാർവത്രികമായ ഭക്ഷണ ലഭ്യത ഉറപ്പാക്കിയും കേരളം ഈ സംവിധാനം ഫലപ്രദമായി നിലനിർത്തുന്നു. റേഷൻ കടകൾ, ന്യായവില വിൽപ്പനകേന്ദ്രങ്ങൾ എന്നിവ മുതൽ ബയോമെട്രിക് പ്രാമാണീകരണം പോലുള്ള സാങ്കേതിക മുന്നേറ്റങ്ങൾ ഉൾപ്പെടുത്തി, നിരന്തരം നവീകരിക്കുകയും പരിഷ്കരിക്കുകയും ചെയ്ത് പൊതുവിതരണ സംവിധാനത്തിന്റെ വിശ്വാസ്യത വർധിപ്പിക്കുന്നു.

സൂക്ഷ്മമായി ആസൂത്രണം ചെയ്ത പൊതുവിതരണ സംവിധാനത്തിലൂടെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിൽ ചരിത്രപരമായ ഒരു പാരമ്പര്യം കേരളത്തിനുണ്ട്. കേരള സംസ്ഥാന രൂപീകരണത്തിനു ശേഷമുള്ള ആദ്യത്തെ സർക്കാർ 1957-ൽ താഴ്ന്ന വരുമാനക്കാർക്ക് സബ്സിഡി നിരക്കിൽ അരി വിതരണം ആരംഭിച്ചു, 60-കളുടെ മധ്യത്തിൽ (1965 ജൂലൈ 1-ന്) പൊതുവിതരണ സംവിധാനം (പിഡിഎസ്) ഔദ്യോഗികമായി വിപുലീകരിച്ചത് വരെ ആയത് തുടർന്നു.

ഐക്യരാഷ്ട്രസഭയുടെ ലോക ഭക്ഷ്യസുരക്ഷാ കമ്മിറ്റിയുടെ നിർവചനപ്രകാരം, എല്ലാ ആളുകൾക്കും എല്ലായ്പ്പോഴും മതിയായതും സുരക്ഷിതവും പോഷകസമൃദ്ധവുമായ ഭക്ഷണം ശാരീരികമായും സാമൂഹികമായും സാമ്പത്തികമായും ലഭ്യമാകുകയുംഅത് അവരുടെ ആഹാരാവശ്യങ്ങളും ഭക്ഷണ അഭിരുചികളും നിറവേറ്റി സജീവവും ആരോഗ്യമുള്ളതുമായ ജീവിതം നയിക്കാൻ സഹായിക്കുകയും ചെയ്യുമ്പോഴാണ് ഭക്ഷ്യസുരക്ഷ നിലവിലുണ്ടെന്ന് പറയുന്നത്. ഭക്ഷണത്തിന്റെ ലഭ്യത, പ്രാപ്യത, ഉപയോഗം, സ്ഥിരത, സുസ്ഥിരത, ഏജൻസി എന്നിവയാണ് ഭക്ഷ്യസുരക്ഷയുടെ ആറു ഘടകങ്ങൾ. ഐക്യരാഷ്ട്രസഭ വിശപ്പ് രഹിതം എന്ന ലക്ഷ്യം സുസ്ഥിര വികസന ലക്ഷ്യമായി പ്രഖ്യാപിച്ചിട്ടുണ്ട്. ഐക്യരാഷ്ട്രസഭയുടെ പ്രഖ്യാപനത്തിന് അനുസൃതമായി, വിശപ്പ് രഹിത സംസ്ഥാനം എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികൾ കേരള സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

### എൻ എഫ് എസ് എ പ്രവർത്തനങ്ങൾ നടപ്പിലാക്കൽ

ഇന്ത്യൻ ജനസംഖ്യയുടെ ഏകദേശം മൂന്നിൽ രണ്ട് വിഭാഗത്തിനു സബ്സിഡി നിരക്കിൽ ഭക്ഷ്യധാന്യങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിനായി ഇന്ത്യാ ഗവൺമെന്റ് 2013-ൽദേശീയഭക്ഷ്യസുരക്ഷാനിയമം(എൻഎഫ്എസ്എ) നിർമ്മിച്ചു. 2016 ൽ അധികാരമേറ്റയുടൻ കേരള സർക്കാർ ഏറ്റെടുത്ത ആദ്യ നടപടികളിലൊന്ന് 2016 നവംബർ 1 മുതൽ സംസ്ഥാനത്ത് എൻ എഫ് എസ് എ നടപ്പിലാക്കുക എന്നതായിരുന്നു. സംസ്ഥാനങ്ങൾ തിരിച്ചുള്ള എൻ എഫ് എസ് എ യ്ക്ക് കീഴിലുള്ള പൊതു വിതരണ സംവിധാനത്തിന്റെ കവറേജ് 2011-12 ലെ എൻഎസ്എസ് ഗാർഹിക ഉപഭോഗ സർവേ ഡാറ്റ ഉപയോഗിച്ച് മുൻ ആസൂത്രണ കമ്മീഷൻ (ഇപ്പോൾ നീതി ആയോഗ്) നിർണ്ണയിച്ചിട്ടുണ്ട്. കേരളത്തിലെ കവറേജ് ഗ്രാമപ്രദേശങ്ങളിൽ 52.6 ശതമാനവും നഗരപ്രദേശങ്ങളിൽ 39.5 ശതമാനവുമായി നിശ്ചയിച്ചിട്ടുണ്ട്. ആയതിന്റെ ഫലമായി, കേരളത്തിൽ 1,54,80,040 ആളുകൾ എൻ എഫ് എസ് എ പ്രകാരം പൊതുവിതരണ സംവിധാനത്തിന് കീഴിലുള്ള ഭക്ഷ്യ വസ്തുക്കൾക്ക് അർഹരായിട്ടുണ്ട്. "ജനങ്ങൾക്ക് അന്തസ്സോടെ ജീവിക്കുന്നതിന് താങ്ങാവുന്ന വിലയ്ക്ക് മതിയായ അളവിൽ ഗുണനിലവാരമുള്ള ഭക്ഷണം ഉറപ്പാക്കിക്കൊണ്ട്, മനുഷ്യ ജീവിത കാലയളവിൽ ഭക്ഷണവും പോഷകാഹാര സുരക്ഷയും നൽകുക" എന്ന ആക്റ്റിന്റെ ലക്ഷ്യം കേരളം കർശനമായി പാലിക്കുന്നു. ഗുണഭോക്താക്കളുടെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനായി ഭക്ഷ്യധാന്യങ്ങൾ വീട്ടുപടിക്കൽ വിതരണം ചെയ്യൽ, എല്ലാ തലങ്ങളിലും സുതാര്യത ഉറപ്പാക്കുന്നതിനും ധാന്യങ്ങളുടെ വ്യതിചലനം തടയുന്നതിനുമായി ഇൻഫർമേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻ ടെക്നോളജി (ഐസിടി) പ്രയോഗം, ഗുണഭോക്താക്കളുടെ അനന്യമായ ബയോമെട്രിക് തിരിച്ചറിയലിന് ആധാർ ഉപയോഗപ്പെടുത്തൽ, രേഖകളുടെ സുതാര്യത ഉറപ്പുവരുത്തൽ, പദ്ധതികളുടെ നിരീക്ഷണം എന്നിവ ഉൾപ്പെടെയുള്ള പ്രധാന പരിഷ്കാരങ്ങൾ പൊതുവിതരണ സംവിധാനം മുഖേന സംസ്ഥാനം നടപ്പിലാക്കിയിട്ടുണ്ട്.

ഇന്ത്യാ ഗവൺമെന്റ് വരുത്തിയ നയപരമായ മാറ്റങ്ങളുടെ അടിസ്ഥാനത്തിൽ, 1997-ൽ ടാർഗെറ്റഡ് പിഡിഎസ് (ടിപിഡിഎസ്) ആരംഭിച്ചു. ഗുണഭോക്താക്കളെ സാമ്പത്തിക അടിസ്ഥാനത്തിൽ ടിപിഡിഎസ് പ്രകാരം, മൂന്ന് വിഭാഗങ്ങളായി തരംതിരിച്ചിട്ടുണ്ട്: ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവർ (എപിഎൽ), ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ (ബിപിഎൽ), അന്ത്യോദയ അന്ന യോജന (എഎവൈ). 2001-ൽ, 65 വയസ്സിനു മുകളിലുള്ള നിരാലംബരായ

വ്യക്തികൾക്ക് പ്രതിമാസം 10 കിലോ അരി സൗജന്യമായി നൽകുന്ന അന്നപൂർണ്ണ പദ്ധതി ആരംഭിച്ചു. എൻഎഫ്എസ്എ ആരംഭിച്ചതോടെ, എപിഎൽ, ബിപിഎൽ എന്നീ വിഭാഗങ്ങൾ അവസാനിപ്പിക്കുകയും "മുൻഗണന", "മുൻഗണനേതര" വിഭാഗങ്ങൾ ആരംഭിക്കുകയും ചെയ്തു. മുൻഗണനാ വിഭാഗത്തിൽ, മുൻഗണനാ ഗൃഹ കാർഡ് ഉടമകളായ (പിഎച്ച്എച്ച്) കാർഡുകളുണ്ട്, ദരിദ്രരിൽ ഏറ്റവും ദരിദ്രരായവർക്ക് അന്ത്യോദയ അന്ന യോജന (എഎവൈ) കാർഡുകൾ ഉണ്ട്, എന്നാൽ, ഇത് മുമ്പ് ഉൾപ്പെടുത്തിയിരുന്ന സംസ്ഥാനത്തെ ജനസംഖ്യയുടെ 1.6 കോടിയോളം പേരെ ഒഴിവാക്കി. ഇതിനെ പ്രതിരോധിക്കുന്നതിനായി, കേരള സർക്കാർ നിർദ്ദിഷ്ട പരിമിതമായ എൻഎഫ്എസ്എ കവറേജിനപ്പുറം, മുൻഗണനേതര വിഭാഗത്തിൽ പെടുന്നവർക്ക് മറ്റ് രണ്ട് തരം റേഷൻ കാർഡുകൾ ആരംഭിച്ചു: മുൻഗണനേതര സബ്സിഡി (എൻപിഎസ്): എൻഎഫ്എസ്എ-യിൽ ഉൾപ്പെടാത്തതും എന്നാൽ ചില സംസ്ഥാന സബ്സിഡികൾ ലഭിക്കാൻ അർഹതയുള്ളതുമായ കുടുംബങ്ങൾ.

**നോൺ പ്രയോറിറ്റി നോൺ സബ്സിഡി (എൻപിഎൻ എസ്):**-എൻഎഫ്എസ്എ-യിൽ അർഹതയില്ലാത്തതോ സംസ്ഥാന സബ്സിഡികൾ ലഭിക്കാൻ അർഹതയില്ലാത്തതോ ആയ കുടുംബങ്ങൾ - എന്നാൽ റേഷൻ കടകളിൽ നിന്നും കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ (സപ്ലൈകോ) ഔട്ട്ലെറ്റുകളിൽ നിന്നും സേവനങ്ങൾ തേടാൻ അവരുടെ റേഷൻ കാർഡ് ഉപയോഗിക്കാൻ കഴിയുന്ന കുടുംബങ്ങൾ.

സംസ്ഥാനത്ത് നിലവിലുള്ള റേഷൻ കാർഡുകൾ പുതുക്കുന്നതിനുള്ള പ്രക്രിയയുമായി ബന്ധപ്പെട്ടാണ് എൻഎഫ്എസ്എ നടപ്പിലാക്കിയത്. എൻഎഫ്എസ്എ ഗുണഭോക്താക്കളെ തിരിച്ചറിയുന്നതിനായി ഒരു മാർക്ക് അധിഷ്ഠിത, സംസ്ഥാനാടിസ്ഥാനത്തിലുള്ള റാങ്കിംഗ് സംവിധാനം കേരള സർക്കാർ സ്വീകരിക്കുകയുണ്ടായി. യോഗ്യതയില്ലാത്ത കാർഡ് ഉടമകളിൽ നിന്ന് മുൻഗണനാ കാർഡുകൾ സ്വമേധയാ തിരികെ നൽകാൻ ആഹ്വാനം ചെയ്തതിനെ തുടർന്ന് 339437 മുൻഗണനാ റേഷൻ കാർഡുകൾ തിരികെ നൽകുകയുണ്ടായി. ഇത്തരമൊരു ദൗത്യം ഏറ്റെടുത്ത രാജ്യത്തെ ആദ്യ സംസ്ഥാനം കേരളമാണ്. പൊതുജനങ്ങളുടെ സഹായത്തോടെ മുൻഗണനാ വിഭാഗത്തിലെ അനർഹരായ വ്യക്തികളെ തിരിച്ചറിയുന്നതിനും, അവരുടെ കാർഡുകൾ പൊതു വിഭാഗത്തിലേക്ക് മാറ്റുന്നതിനും, അർഹരായ കുടുംബങ്ങളെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനുമായി സംസ്ഥാനം ഓപ്പറേഷൻ യെല്ലോ എന്ന പേരിൽ ഒരു സ്ക്രീനിംഗ് പരിപാടിയും നടത്തുന്നുണ്ട്. ഇത്തരത്തിലുള്ള നടപടി പ്രകാരം 17,596 മുൻഗണനാ കാർഡുകൾ അനർഹമാണെന്ന് കണ്ടെത്തുകയും, പിഴയായി 4.22 കോടി രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്. പുതിയ കാർഡുകൾ പുതുക്കൽ, റദ്ദാക്കൽ, കൂട്ടിച്ചേർക്കൽ എന്നീ പ്രവർത്തനങ്ങൾ തുടരുകയാണ്.

എൻഎഫ്എസ്എ ഗുണഭോക്തൃ തിരിച്ചറിയലിന് അപ്പുറത്തേക്ക് നീങ്ങി സാർവത്രിക പൊതുവിതരണ സംവിധാനം നടപ്പിലാക്കുന്നതിലൂടെ കേരളം സ്വയം വേറിട്ടുനിൽക്കുന്നു. ട്രാൻസ്ജെൻഡർ വ്യക്തികൾ, അതി ദരിദ്രർ എന്നിവരുൾപ്പെടെയുള്ള പാർശ്വവൽക്കരിക്കപ്പെട്ടവരും ദുർബലരുമായ ജനവിഭാഗങ്ങളെ തിരിച്ചറിഞ്ഞ് റേഷൻ കാർഡുകൾ നൽകുന്നതിന് ലക്ഷ്യമിട്ട് നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

**പൊതുവിതരണ സംവിധാനം**

സുതാര്യവും, നീതിയുക്തവും, സാർവത്രികവുമായ ഒരു പൊതുവിതരണ സമ്പ്രദായം നടപ്പിലാക്കിയതിലൂടെയാണ് കേരളത്തിൽ ഭക്ഷ്യഭദ്രത കൈവരിക്കാനായത്. ഭക്ഷ്യോൽപ്പാദനത്തിൽ കുറവ് നേരിടുന്ന സംസ്ഥാനമാണ് കേരളം. ആകെ ആവശ്യമുള്ള ഭക്ഷ്യധാന്യത്തിന്റെ 15 ശതമാനമാണ് സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്നത്. പച്ചക്കറികൾക്കും അയൽ സംസ്ഥാനങ്ങളെയാണ് ആശ്രയിക്കുന്നത്. ഭക്ഷ്യധാന്യങ്ങൾക്കായി സംസ്ഥാനം കേന്ദ്ര വിഹിതത്തെ ആശ്രയിക്കുമ്പോൾ തന്നെ ലക്ഷ്യമിടുന്ന ജനങ്ങൾക്ക് വലിയ തോതിലും ഗണ്യവുമായ ഭക്ഷ്യ സബ്സിഡി നൽകുന്നു. റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങൾക്ക് പുറമേ, 13 അവശ്യവസ്തുക്കൾ സപ്ലൈകോ ഔട്ട്ലെറ്റുകൾ വഴി പൊതു വിപണി വിലയേക്കാൾ 30 ശതമാനം കുറഞ്ഞ വിലയ്ക്ക് വിൽക്കുന്നു. സെന്റർ ഫോർ പ്രൈസ് റിസർച്ച് കേരള 15 അവശ്യവസ്തുക്കളുടെ വില സംസ്ഥാന തലത്തിൽ നിരീക്ഷിക്കുകയും ശിപാർശകൾ നൽകുകയും അവശ്യവസ്തുക്കളുടെ വില നിയന്ത്രിക്കുന്നതിനും, ക്രമീകരിക്കുന്നതിനുമുള്ള നയങ്ങൾ രൂപീകരിക്കുന്നതിൽ സർക്കാരിനെ സഹായിക്കുകയും അതുവഴി ഉപഭോക്തൃ അവകാശങ്ങൾ സംരക്ഷിക്കുകയും ചെയ്യുന്നു. കേരളത്തിലെ പൊതുവിതരണ സംവിധാനത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ:

**ഭക്ഷ്യസുരക്ഷ** :എല്ലാവർക്കും പ്രത്യേകിച്ച്, ദുർബലരും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുമായ വ്യക്തികൾക്ക് സുരക്ഷിതവും പോഷകസമൃദ്ധവുമായ ഭക്ഷണം ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കുക.

**വില സ്ഥിരത** :വിപണിയിലെ ഏറ്റക്കുറച്ചിലുകളിൽ നിന്ന് ഉപഭോക്താക്കളെ സംരക്ഷിക്കുന്നതിന് അവശ്യവസ്തുക്കളുടെ വില നിയന്ത്രിക്കുക.

**നീതിപൂർവ്വകമായ വിതരണം** :എല്ലാവർക്കും താങ്ങാനാവുന്ന വില ഉറപ്പാക്കുന്നതിന് അവശ്യവസ്തുക്കൾ സബ്സിഡി നിരക്കിൽ നൽകുക.

**പോഷകാഹാര പിന്തുണ** :കുട്ടികൾ, ഗർഭിണികൾ, മുതിർന്ന പൗരന്മാർ എന്നിവർക്ക് പ്രാധാന്യം നൽകി മുഴുവൻ ജനങ്ങളുടെയും പോഷകാഹാരം മെച്ചപ്പെടുത്തുക.

**കാര്യക്ഷമമായ മാനേജ്മെന്റ്** :ഭക്ഷണം പാഴാക്കൽ കുറയ്ക്കുന്നതിനും സമയബന്ധിതമായി ലഭ്യത ഉറപ്പാക്കുന്നതിനും സംഭരണ, വിതരണ പ്രക്രിയകൾ സുഗമമാക്കുക .ചോർച്ച കുറയ്ക്കുന്നതിന് ആധാർ പ്രാമാണീകരണത്തിന്റെയും സ്മാർട്ട് റേഷൻ കാർഡുകളുടെയും ഉപയോഗത്തിലൂടെയും ഗുണഭോക്തൃ സംതൃപ്തി മെച്ചപ്പെടുത്തുന്നതിന് തുടർച്ചയായ നിരീക്ഷണത്തിലൂടെയും സുതാര്യതയിലൂടെയും സാധ്യമാകുന്നതാണ്.

**പൊതുവിതരണ സംവിധാന സ്ഥാപന ശൃംഖല**

പൊതുവിതരണ-ഉപഭോക്തൃ കാര്യ കമ്മീഷണറേറ്റിന് കീഴിലാണ് കേരളത്തിലെ പൊതുവിതരണ സംവിധാനം പ്രവർത്തിക്കുന്നത്, 14 ജില്ലാ സപ്ലൈ ഓഫീസുകളും 83 താലൂക്ക് സപ്ലൈ ഓഫീസുകളും 13858 റേഷൻ കടകളുടെ ശൃംഖലയുമുള്ള ശക്തമായ ഒരു സ്ഥാപനമാണിത്. പൊതു

വിതരണ സംവിധാനത്തിന്റെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിന് നിരവധി ഏജൻസികൾ പ്രവർത്തിക്കുന്നു. ഗുണഭോക്താക്കൾക്ക് റേഷൻ കാർഡുകൾ വിതരണം ചെയ്യുക, ഉപഭോക്താക്കളെ ബോധവത്കരിക്കുക, പൊതുവിതരണ ശൃംഖലയിലൂടെ അവശ്യവസ്തുക്കളുടെ ലഭ്യത ഉറപ്പാക്കുക എന്നിവ ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പിന്റെ ഉത്തരവാദിത്തമാണ്. സംസ്ഥാനത്ത് എൻഎഫ്എസ്എ 2013 നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി നിയുക്തമാക്കിയിട്ടുള്ള കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ് (സപ്ലൈകോ) ആണ് ഇതിൽ ഉൾപ്പെട്ടിരിക്കുന്ന മറ്റൊരു പ്രധാന ഏജൻസി. സപ്ലൈകോ അതിന്റെ ഇടനില ഗോഡൗണുകൾ വഴി ഭക്ഷ്യധാന്യ സംഭരണവും ഗതാഗതവും സുഗമമാക്കുകയും, ഗതാഗത സേവനങ്ങൾ നൽകുകയും, ഭക്ഷ്യധാന്യ വിതരണം കൈകാര്യം ചെയ്യുകയും ചെയ്യുന്നു. കൂടാതെ, അവശ്യവസ്തുക്കൾ സബ്സിഡി വിലയ്ക്ക് വിൽക്കുന്നതിലൂടെ വിപണിയിൽ വില സ്ഥിരത കൊണ്ടുവരാൻ സപ്ലൈകോ ഇടപെടുന്നു.

2025-ൽ സംസ്ഥാനത്ത് 26 ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (എഫ്.സി.ഐ) സബ്-ഡിപ്പോകളും, 793 മാവേലി സ്റ്റോറുകളും (2016-ൽ 950 ആയിരുന്നു), 549 സൂപ്പർ മാർക്കറ്റുകളും (2016-ൽ 401 ആയിരുന്നു), 112 മാവേലി സൂപ്പർ സ്റ്റോറുകളും (2016-ൽ 23 ആയിരുന്നു), 21 സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളും, 39 പീപ്പിൾസ് ബസാറുകളും (2016-ൽ 26), 87 മാവേലി മെഡിക്കൽ സ്റ്റോറുകൾ (2016-ൽ 105), 6 ഹൈപ്പർ മാർക്കറ്റുകളും ഉണ്ടായിരുന്നു. കൂടാതെ, സംസ്ഥാനം 3 എൽപിജി ഔട്ട്ലെറ്റുകൾ, 1 മണ്ണെണ്ണ ഡിപ്പോ, 1 പ്രീമിയം ഇൻ & ഔട്ട് സ്റ്റോർ, ഒരു അപ്ന ബസാർ എന്നിവ സ്ഥാപിച്ചിട്ടുണ്ട്.

പൊതുവിതരണ സംവിധാനത്തിന്റെ സമീപ വർഷങ്ങളിലെ പ്രധാന പ്രവർത്തനങ്ങളിൽ താഴെപ്പറയുന്നവ ഉൾപ്പെടുന്നു.

- 2013 ലെ ദേശീയ ഭക്ഷ്യസുരക്ഷാ നിയമം 2016 ഒക്ടോബർ മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി.
- 2017 മാർച്ച് 9 ന് റേഷൻ സാധനങ്ങളുടെ വാതിൽപ്പടി വിതരണം ആരംഭിച്ചു.
- പട്ടികവർഗ സങ്കേതങ്ങൾക്കായുള്ള സഞ്ചരിക്കുന്ന റേഷൻ കട 2017 ജൂലൈ 14 ന് തൃശ്ശൂരിൽ ആരംഭിച്ചു. പിന്നീട് ഇത് തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, ഇടുക്കി, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, വയനാട് എന്നിവിടങ്ങളിലേക്ക് വ്യാപിപ്പിച്ചു.
- റേഷൻ കടകളിൽ ഇ-പോസ് (പോയിന്റ്-ഓഫ്-സെയിൽ) മെഷീനുകൾ ഉപയോഗിക്കുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം 2018 ജനുവരി 6 ന് നടത്തി.
- വിശപ്പുരഹിത കേരളം പദ്ധതി 2019 ഓഗസ്റ്റ് 4 ന് ആലപ്പുഴയിൽ ആരംഭിച്ചു. അതിനുശേഷം ഇത് കോട്ടയത്തേക്കും തൃശ്ശൂരിലേക്കും വ്യാപിപ്പിച്ചു.
- കോവിഡ്-19 മഹാമാരിയുടെ സമയത്ത് എല്ലാ വിഭാഗം കാർഡ് ഉടമകൾക്കും റേഷൻ കടകൾ വഴി സൗജന്യ ഭക്ഷണ കിറ്റുകൾ വിതരണം ചെയ്യുന്നത് 2020 ഏപ്രിൽ 27 ന് ആരംഭിച്ചു.
- ഇ-റേഷൻ കാർഡ് പദ്ധതിയുടെ പൈലറ്റ് പദ്ധതി 2021 ഫെബ്രുവരി 12 ന് ആരംഭിച്ചു. അതിനുശേഷം ഇത് എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിച്ചു.
- ആധാർ അധിഷ്ഠിത റേഷൻ കാർഡുകളുടെ വിതരണം നടപ്പാക്കി.
- ഡിപ്പാർട്ട്മെന്റ് പോർട്ടൽ വഴി പൊതുജനങ്ങൾക്ക് റേഷൻ വിതരണം തത്സമയം നിരീക്ഷിക്കാൻ കഴിയും.
- സംസ്ഥാനത്ത് പൊതുവിതരണ സംവിധാനത്തിനായുള്ള ഒരു പൊതു പരാതി പരിഹാര സംവിധാനം ആരംഭിച്ചു.
- പൊതുവിതരണ സംവിധാനത്തിൽ കമ്പ്യൂട്ടർവൽക്കരണം ഫലപ്രദമായി നടപ്പിലാക്കി.

**റേഷൻ കാർഡുകൾ**

2025 മാർച്ച് 31 ലെ കണക്കനുസരിച്ച്, കേരളത്തിൽ 94.9 ലക്ഷം സാധുവായ റേഷൻ കാർഡുകളുണ്ട്, അതിൽ എൻഎഫ്എസ്എ, എൻഎഫ്എസ്എ ഇതര വിഭാഗത്തിൽ പെടുന്നവ ഉൾപ്പെടുന്നു. എൻഎഫ്എസ്എ വിഭാഗത്തിൽ ഏറ്റവും ദരിദ്രരായവർക്കായി 5.9 ലക്ഷം അന്ത്യോദയ അന്ന യോജന (എഎവൈ) കാർഡുകളും 36.3 ലക്ഷം മുൻഗണനാ കുടുംബ (പി എച്ച് എച്ച് ) കാർഡുകളും ഉൾപ്പെടുന്നു. എൻഎഫ്എസ്എ ഇതര വിഭാഗത്തിൽ 22.3 ലക്ഷം മുൻഗണനാ ഇതര സബ്സിഡി (എൻപിഎസ്) കാർഡുകളും 30.1 ലക്ഷം മുൻഗണനാ ഇതര സബ്സിഡി (എൻപിഎൻഎസ്) കാർഡുകളും 0.3 ലക്ഷം നോൺ പ്രയോറിറ്റി സ്ഥാപന (എൻ പി ഐ) കാർഡുകളും ഉൾപ്പെടുന്നു. വ്യത്യസ്ത വിഭാഗത്തിലുള്ള കാർഡുകൾക്ക് വ്യത്യസ്ത നിറങ്ങൾ നൽകിയിരിക്കുന്നു: എഎവൈ കാർഡുകൾ മഞ്ഞ, പി എച്ച് എച്ച് പിങ്ക്, എൻ പി എസ് നീല, എൻ പി എൻ എസ് വെള്ള, എൻ പി ഐ ബ്രൗൺ എന്നിവയാണ്. വീട്ടിലെ മുതിർന്ന സ്ത്രീയുടെ പേരിൽ റേഷൻ കാർഡുകൾ വിതരണം ചെയ്യുകയും, അവരെ കുടുംബനാഥയായി നാമകരണം ചെയ്യുക എന്നിവയാണ് മറ്റ് പ്രധാന പരിഷ്കാരങ്ങൾ.

എ എ വൈ കാർഡുള്ള ഓരോ കുടുംബത്തിനും പ്രതിമാസം 30 കിലോ അരിയും 5 കിലോ ഗോതമ്പും ലഭിക്കുവാൻ അർഹതയുണ്ട്. മുമ്പ്, കേന്ദ്ര സർക്കാർ അരി, ഗോതമ്പ് എന്നിവ കിലോയ്ക്ക് യഥാക്രമം 3 രൂപയും 2 രൂപയും എന്ന സബ്സിഡി നിരക്കിൽ നൽകിയിരുന്നു. സംസ്ഥാന സർക്കാർ കൂടുതൽ സബ്സിഡി നൽകുകയും എഎവൈ ഗുണഭോക്താക്കൾക്ക് സൗജന്യമായി ഭക്ഷ്യധാന്യം നൽകുകയും ചെയ്തു. 2023 മുതൽ, കേന്ദ്രസർക്കാർ എ എ വൈ കാർഡ് ഉടമകൾക്ക് സൗജന്യമായി ഭക്ഷ്യധാന്യം വിതരണം ചെയ്തുവരുന്നു.

മുൻഗണനാ വിഭാഗത്തിൽ പെടുന്ന കാർഡിലെ കുടുംബത്തിനു പ്രതിമാസം 5 കിലോ ഭക്ഷ്യധാന്യത്തിന് അർഹതയുണ്ട്. മുൻഗണനാ വിഭാഗത്തിൽപ്പെടാത്ത കാർഡ് ഉടമകൾക്ക് (എൻപിഎസ്, എൻപിഎൻഎസ്) കേന്ദ്ര സർക്കാർ കിലോഗ്രാമിന് 8.3 രൂപ നിരക്കിൽ അരി നൽകുന്നു. എന്നാൽ, കേരള സർക്കാർ എൻപിഎസ് കാർഡ് ഉടമകൾക്ക് കിലോഗ്രാമിന് 4 രൂപ സബ്സിഡി നിരക്കിൽ അരി നൽകുന്നു.

2006 മുതൽ എപിഎൽ കാർഡ് ഉടമകൾക്ക് ധാന്യ വിതരണത്തിന് പുറമേ, ഒരു നിശ്ചിത അളവിലുള്ള ഗോതമ്പ് വിതരണം മാറ്റി ആട്ട നൽകുന്നതിനു കേന്ദ്ര ഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ട്. 2020 മുതൽ ഇത് എഎവൈ, പിഎച്ച്എച്ച് കാർഡുകളിലേക്കും വ്യാപിപ്പിച്ചു. വിപണി

**പട്ടിക 11.1** *റേഷൻ കാർഡ് തരം അനുസരിച്ചുള്ള ഗുണഭോക്താക്കൾ, മാർച്ച് 2025*

| കാർഡ് വിഭാഗം | ഗുണഭോക്താക്കളുടെ എണ്ണം | ജനസംഖ്യയിലെ ഗുണഭോക്താക്കളുടെ വിഹിതം |
|---|---|---|
| അന്നപൂർണ | 44 | 0.00013 |
| എഎവൈ | 18,03,110 | 5.3 |
| പിഎച്ച്എച്ച് | 1,24,22,790 | 36.3 |
| എൻപിഎസ് | 89,78,016 | 26.2 |
| എൻപിഎൻഎസ് | 1,10,05,210 | 32.1 |
| എൻപിഐ | 28,864 | 0.1 |
| ആകെ | 3,42,38,034 | 100 |

*ഉറവിടം:* സിവിൽ സപ്ലൈസ് ആൻഡ് കൺസ്യൂമർ അഫയേഴ്സ് ഡിപ്പാർട്ട്മെന്റ്

വിലയെക്കാൾ വളരെ കുറഞ്ഞ വിലയ്ക്ക് എൻപിഎൻഎസ് കാർഡുകൾക്ക് ഒരു നിശ്ചിത അളവ് അരി അനുവദിച്ചിട്ടുണ്ട്.

അഗതിമന്ദിരങ്ങൾ, അനാഥാലയങ്ങൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് സംസ്ഥാനം മുൻഗണനേതര വിഭാഗത്തിൽപ്പെടുന്ന സ്ഥാപന (എൻപിഐ) കാർഡുകളും നൽകുന്നു. 10 കിലോ ഭക്ഷ്യധാന്യം സൗജന്യമായി ലഭിക്കുന്നതിനു അർഹതയുള്ള 65 വയസ്സിനു മുകളിലുള്ള, ഉപജീവനമാർഗമില്ലാത്ത നിരാലംബരായ വ്യക്തികളാണ് അന്നപൂർണ്ണ പദ്ധതിയിൽ ഉൾപ്പെടുന്നവരാണ് മറ്റൊരു പ്രത്യേക വിഭാഗം.

സംസ്ഥാനത്തെ റേഷൻ ഗുണഭോക്താക്കളിൽ 36.3 ശതമാനം പേർ മുൻഗണനാ കാർഡുകൾ ഉള്ള കുടുംബങ്ങളിൽ പെട്ടവരാണ്, 5.3 ശതമാനം പേർ എഎവൈ കാർഡുകളുള്ള കുടുംബങ്ങളിൽ പെട്ടവരാണ്, ബാക്കി 58.4 ശതമാനം സംസ്ഥാനം നൽകിയ മുൻഗണനേതര കാർഡുകളിൽ (എൻപിഎസ്, എൻപിഎൻഎസ്, എൻപിഐ) ഉൾപ്പെടുന്നു.

2024-25 ൽ പിഡിഎസ് വഴി വിതരണം ചെയ്ത മൊത്തം ഭക്ഷ്യധാന്യങ്ങൾ 13,69,148 മെട്രിക് ടൺ ആയിരുന്നു, ഇതിൽ എഎവൈ കാർഡ് ഉടമകൾക്ക് 2,41,204.6 മെട്രിക് ടൺ, പിഎച്ച്എച്ച് കാർഡ് ഉടമകൾക്ക് 7,52,918 മെട്രിക് ടൺ, മുൻഗണനേതര കാർഡ് ഉടമകൾക്ക് 3,75,025.4 മെട്രിക് ടൺ എന്നിവ വിതരണം ചെയ്തവയിൽ ഉൾപ്പെടുന്നു.

എൻഎഫ്എസ്എ പ്രകാരമുള്ള കേന്ദ്ര സഹായത്തെക്കാൾ വിപുലമായ സബ്സിഡികൾ നൽകുന്നതിലൂടെയും, പരിമിതമായ ലക്ഷ്യം വച്ചുള്ള വിതരണത്തിനുപകരം സാർവത്രികമായ റേഷൻ വിതരണം ഉറപ്പാക്കുന്നതിലൂടെയും, സംസ്ഥാനം എല്ലാവർക്കും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നു. ഇത് ഉറപ്പാക്കുന്നതിന് ഗണ്യമായ സാമ്പത്തിക പ്രതിബദ്ധത തുടരുന്നു.

**പോളി വിനൈൽ ക്ലോറൈഡ് റേഷൻ കാർഡുകൾ (സ്മാർട്ട് കാർഡുകൾ)**: കൊണ്ടു നടക്കുന്നത് എളുപ്പമാക്കുന്നതിനായി 2021 ൽ ഒരു പുതിയ തരം റേഷൻ കാർഡ്, സ്മാർട്ട് കാർഡ് ആരംഭിച്ചു. റേഷൻ കാർഡിനെ എല്ലാ ഐടി-അധിഷ്ഠിത സേവനങ്ങളുമായും സംയോജിപ്പിക്കാൻ സ്മാർട്ട് കാർഡ് പ്രാപ്തമാക്കുന്നു; കേരളത്തിലെ എല്ലാ റേഷൻ കാർഡുകളും ഇപ്പോൾ പൂർണ്ണമായും ആധാറുമായി ബന്ധിപ്പിച്ചിട്ടുണ്ട്.

**എന്റെ റേഷൻ കാർഡ് ആപ്പ്**: എൻഐസിയും സിവിൽ സപ്ലൈസ് വകുപ്പും സംയുക്തമായി വികസിപ്പിച്ചെടുത്തതാണ് ഈ ആൻഡ്രോയിഡ് ആപ്പ്. (ഉടൻ തന്നെ ഐ ഒ എസ് ) ഉപയോക്താക്കളെ റേഷൻ കാർഡ് വിശദാംശങ്ങൾ (കാർഡ് തരം, കുടുംബാംഗങ്ങൾ, പ്രതിമാസ അവകാശങ്ങൾ) കാണാനും, അപേക്ഷകളുടെ നിലവിലെ സ്ഥിതി ട്രാക്ക് ചെയ്യാനും, ന്യായവില കട (എഫ് പി എസ്) പ്രാപ്യത വിവരങ്ങൾ ലഭ്യമാക്കാനും കാർഡിന്റെ ഡിജിറ്റൽ പകർപ്പുകൾ ഡൗൺലോഡ് ചെയ്യാനും, അറിയിപ്പുകൾ സ്വീകരിക്കാനും ഇത് സഹായകമാകുന്നു.

**റേഷൻ കാർഡുകളിലെ പ്രോക്സി സൗകര്യം**: കാർഡ് ഉടമയുടെയോ ഗുണഭോക്താവിന്റെയോ പേരിൽ റേഷൻ സാധനങ്ങൾ ശേഖരിക്കാൻ, പ്രത്യേകിച്ച് പ്രായം, വൈകല്യം, രോഗം അല്ലെങ്കിൽ അഭാവം എന്നിവ കാരണം കാർഡ് ഉടമയ്ക്ക് റേഷൻ കട സന്ദർശിക്കാൻ കഴിയാത്തപ്പോൾ, ഒരു നിയുക്ത വ്യക്തി (പ്രോക്സി) മുഖേന റേഷൻ സാധനങ്ങൾ ശേഖരിക്കാൻ ഈ സൗകര്യം ഉപകാരപ്രദമാകുന്നു.

**ഉപേക്ഷിക്കൽ പരിപാടി:** ഈ പരിപാടി യോഗ്യരായ കുടുംബങ്ങളെ അവരുടെ സബ്സിഡി റേഷൻ ആനുകൂല്യങ്ങൾ സ്വമേധയാ ഉപേക്ഷിക്കാൻ പ്രോത്സാഹിപ്പിക്കുന്നു, റേഷൻ ആനുകൂല്യങ്ങൾ കൂടുതൽ അർഹതയുള്ളതും സാമ്പത്തികമായി ദുർബലവുമായ വീടുകളിലേക്ക് നൽകുന്നതിനു അവർ സഹായിക്കുന്നു.

### പൊതുവിതരണ സംവിധാനം വഴി ഭക്ഷ്യധാന്യങ്ങളുടെ അനുവദിക്കൽ, നീക്കംചെയ്യൽ, ഓഫ് ടേക്

2024-25-ൽ, സംസ്ഥാനത്തെ പിഎച്ച്എച്ച് കാർഡ് ഉടമകൾക്കായി 1,43,908 മെട്രിക് ടൺ ഗോതമ്പ് അനുവദിച്ചു, പ്രസ്തുത അളവ് ഗോതമ്പ് ന്യായവില കടകളിലേക്ക് (എഫ് പി എസ്) നീക്കം ചെയ്തു. എഫ്പിഎസുകളിൽ നിന്നുള്ള ഓഫ്-ടേക്ക് 1,41,664 മെട്രിക് ടൺ ആയിരുന്നു. പിഎച്ച്എച്ച് കാർഡ് ഉടമകൾക്കായി സംസ്ഥാനത്തേക്ക് അനുവദിച്ച അരി 6,09,010 മെട്രിക് ടൺ ആയിരുന്നു, പ്രസ്തുത അളവ് തന്നെ ന്യായവില കടകളിലേക്ക് നീക്കം ചെയ്തു. ഓഫ് ടേക്ക് 6,05,675 മെട്രിക് ടൺ ആയിരുന്നു. പൊതുവിതരണ സംവിധാനത്തിൽ ഓഫ്-ടേക്ക് എന്നത് ഒരു വ്യക്തിഗത കുടുംബം, അവരുടെ

പ്രതിമാസ അവകാശത്തിന് അനുസൃതമായി ലഭ്യമാക്കുന്ന ധാന്യത്തിന്റെ അളവിനെ സൂചിപ്പിക്കുന്നു.

### സപ്ലൈ ചെയിൻ മാനേജ്മെന്റും വാതിൽപ്പടി സേവനങ്ങളും

ഭക്ഷ്യധാന്യങ്ങളുടെ സപ്ലൈ ചെയിൻ മാനേജ്മെന്റും വീടുകളിലേക്കുള്ള നേരിട്ടുള്ള വിതരണം നടത്തുന്നതിനുള്ള അംഗീകൃത ഏജൻസിയായും സിസ്റ്റം ഇന്റഗ്രേറ്റർ ആയും സംസ്ഥാന സർക്കാർ സപ്ലൈകോയെ ചുമതലപ്പെടുത്തിയിരിക്കുന്നു. (സംസ്ഥാന ഉടമസ്ഥതയിലുള്ള ഇടനില ഗോഡൗണുകളിൽ നിന്ന് അംഗീകൃത റേഷൻ ഡീലർമാരുടെ വാതിൽക്കൽ വരെ (എആർഡികൾ)). ഭക്ഷ്യധാന്യങ്ങളുടെ ചരക്കു ഗതാഗതം നിരീക്ഷിക്കുന്നതിനും ഏതെങ്കിലും തരത്തിൽ ചോർച്ച ഉണ്ടങ്കിൽ ആയത് കണ്ടെത്തുന്നതിനുമായി, വെഹിക്കിൾ ട്രാക്കിംഗ് ആൻഡ് ഫ്ലീറ്റ് മാനേജ്മെന്റ് സിസ്റ്റം (VTFMS) 2022-ൽ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചു. ഗതാഗതത്തിന്റെ ജി പി എസ് ട്രാക്കിംഗ്, ഗോഡൗണുകളുടെ ആഗമന, നിർഗമന പോയിന്റുകളിൽ ക്ലോസ്ഡ്-സർക്യൂട്ട് ടെലിവിഷൻ (സിസിടിവി) ക്യാമറകൾ സ്ഥാപിക്കൽ എന്നിവ സംസ്ഥാനത്തുടനീളം ഘട്ടംഘട്ടമായി നടക്കുന്നു.

2013-ലെ ദേശീയ ഭക്ഷ്യസുരക്ഷാ ആക്ട്പ്രകാരം, സംസ്ഥാനത്തെ മുൻഗണന കാർഡ് ഉടമകളുടെ സംസ്ഥാനത്തിനകത്തെ ഭക്ഷ്യ ധാന്യങ്ങളുടെ ഗതാഗതം, ഭക്ഷ്യധാന്യങ്ങൾ കൈകാര്യം ചെയ്യൽ, എഫ് പി എസ് ഡീലർമാരുടെ മാർജിൻ മുൻഗണനാ കാർഡ് ഉടമകൾക്കായി പരിമിതപ്പെടുത്തിയിരിക്കുന്നു, എന്നിവയ്ക്കുള്ള സാമ്പത്തിക സഹായത്തിന്റെ 50 ശതമാനം ഇന്ത്യാ ഗവൺമെന്റ് വഹിക്കണം. മുൻഗണനാ കുടുംബങ്ങൾക്ക് ഒരു ക്വിന്റൽ ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിനുള്ള ചെലവ് യൂണിയൻ ഗവൺമെന്റ് 65 രൂപയായി നിശ്ചയിച്ചിട്ടുണ്ട്, അതിൽ 32.5 രൂപ യൂണിയൻ ഗവൺമെന്റ് വഹിക്കുന്നു. ഇതിനു വിപരീതമായി, കേരളത്തിൽ വാതിൽപ്പടി സേവനങ്ങളുടെ ശരാശരി ചെലവ് ക്വിന്റലിന് 185 രൂപ ആണ്, വാഹന വാടക, ലോഡിംഗ്, അൺലോഡിംഗ്, ഗോഡൗൺ വാടക, ജീവനക്കാരുടെ ശമ്പളം, മുൻഗണനാ വിഭാഗത്തിനും മുൻഗണനേതര വിഭാഗത്തിലുള്ള വീടുകളിലെക്കുള്ള വിതരണം ഉൾപ്പെടെയുള്ള മറ്റ് ചെലവുകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. ബാക്കി തുകയായ ക്വിന്റലിന് 152.5 രൂപ സംസ്ഥാന സർക്കാർ വഹിക്കുന്നു. എഫ്പിഎസ് മുഖേനയുള്ള വാതിൽപ്പടി സേവനത്തിനു സംസ്ഥാനം സപ്ലൈകോ വഴി പ്രതിമാസം ശരാശരി 21 കോടി രൂപ ചെലവഴിക്കുന്നു; 2024-25 ൽ ഇത് 223.6 കോടി രൂപയായിരുന്നു, അതിൽ കേന്ദ്ര സഹായം 32.1 കോടി രൂപയാണ്.

അതുപോലെ, എഫ്പിഎസ് ഡീലറുടെ മാർജിനായി കേന്ദ്ര സർക്കാർ ക്വിന്റലിന് 107 രൂപ നിശ്ചയിച്ചിട്ടുണ്ട് (90 രൂപ അടിസ്ഥാന മാർജിനും 17 രൂപ അധിക മാർജിനും), ഇത് മുൻഗണനാ വിഭാഗത്തിലുള്ള കാർഡ് ഉടമകൾക്ക് മാത്രമാണ്. എന്നാൽ, കേരളത്തിൽ എഫ്പിഎസുകൾ വഴി വാതിൽപ്പടി സേവനങ്ങളുടെ ശരാശരി ചെലവ് ക്വിന്റലിന് 320 രൂപ ആണ്, മുൻഗണനാ മുൻഗണനേതര വിഭാഗത്തിലുള്ള കാർഡ് ഉടമകളുടേത് ഇതിൽ ഉൾപ്പെടുന്നു.ഈ തുകയിൽ, യൂണിയൻ ഗവൺമെന്റ് 53.5 രൂപ (യൂണിയൻ ഗവൺമെന്റ് നിശ്ചയിച്ച 107 രൂപയുടെ 50 ശതമാനം) സംഭാവന ചെയ്യുന്നു, ബാക്കി 266.5 രൂപ സംസ്ഥാന സർക്കാർ വഹിക്കുന്നു. എഫ്പിഎസ് ഡീലർ മാർജിനുകൾക്കായി കേരള സർക്കാർ പ്രതിമാസം ഏകദേശം 34 കോടി രൂപ ചെലവഴിക്കുന്നു; 2024-25 ൽ, സംസ്ഥാനത്ത് ചെലവഴിച്ച 313.6 കോടി രൂപയിൽ 260.8 കോടി രൂപ സംസ്ഥാന സർക്കാർ ഇത്തരത്തിൽ ചെലവഴിച്ചിട്ടുണ്ട്.

### കുറഞ്ഞ ഭക്ഷ്യച്ചെലവും ഉയർന്ന പ്രോട്ടീനും

മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ ഉപഭോഗത്തിന്റെ ഒരു ശ്രദ്ധേയമായ സവിശേഷത, ഉപഭോഗച്ചെലവിൽ ഭക്ഷ്യവിഹിതം കുറവാണെങ്കിലും ഉയർന്ന പ്രോട്ടീൻ ഉപഭോഗമാണ് എന്നതാണ്. സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലും ഇത് ബാധകമാണ്, കൂടാതെ ശക്തമായ ഒരു ഭക്ഷ്യസുരക്ഷാ സംവിധാനം നിലനിൽക്കുന്നതിനെയും സംസ്ഥാനത്തെ ജനങ്ങളുടെ ക്ഷേമത്തെയും ഇത് സൂചിപ്പിക്കുന്നു.

നാഷണൽ സ്റ്റാറ്റിസ്റ്റിക്സ് ഓഫീസ് പ്രസിദ്ധീകരിച്ച ന്യൂട്രീഷണൽ ഇൻടേക്ക് ഇൻ ഇന്ത്യ (2022-23, 2023-24) പ്രകാരം, 2023-24 ൽ അഖിലേന്ത്യാ പ്രതിശീർഷ പ്രതിദിന പ്രോട്ടീൻ ഉപഭോഗത്തിന്റെ ശരാശരി 61.8 ഗ്രാം ആയിരുന്നു ആയതിന്റെ സ്ഥാനത്ത് കേരളത്തിലെ ഗ്രാമീണ ശരാശരി പ്രതിശീർഷ പ്രതിദിന പ്രോട്ടീൻ ഉപഭോഗം 73.9 ഗ്രാം ആയിരുന്നു. അതുപോലെ, കേരളത്തിലെ നഗരപ്രദേശങ്ങളിൽ, ശരാശരി പ്രതിശീർഷ പ്രതിദിന പ്രോട്ടീൻ ഉപഭോഗം 72.4 ഗ്രാം ആയിരുന്നു. എന്നാൽ ഇതേ കാലയളവിലെ അഖിലേന്ത്യാ ശരാശരി 63.4 ഗ്രാം ആയിരുന്നു. രാജ്യത്തെ പ്രധാന സംസ്ഥാനങ്ങളിൽ ഏറ്റവും കൂടുതൽ പ്രോട്ടീൻ ഉപഭോഗം കേരളത്തിലാണ്.

പ്രോട്ടീൻ ഉപഭോഗത്തിന്റെ ഉറവിടം തിരിച്ചുള്ള വിശകലനം സൂചിപ്പിക്കുന്നത്, മുട്ട, മത്സ്യം, മാംസം തുടങ്ങിയ ഉയർന്ന മൂല്യമുള്ള ഭക്ഷണങ്ങളിൽ നിന്നാണ് കേരളത്തിലെ ആളുകൾ അവരുടെ പ്രോട്ടീന്റെ ഗണ്യമായ പങ്ക് സ്വീകരിക്കുന്നത് എന്നാണ്. പ്രധാന സംസ്ഥാനങ്ങളിലുടനീളമുള്ള ഭക്ഷണ ഗ്രൂപ്പിന്റെ പ്രോട്ടീൻ ഉപഭോഗത്തിന്റെ ശതമാന വിഭജനം കാണിക്കുന്നത്, മുട്ട, മത്സ്യം, മാംസം എന്നിവ ഏറ്റവും കൂടുതൽ ഉപഭോഗം ചെയ്യുന്നത് കേരളത്തിലാണ് - ഗ്രാമപ്രദേശങ്ങളിലെ അഖിലേന്ത്യാ ശരാശരിയായ 12.4 ശതമാനവുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിലെ ഗ്രാമങ്ങളിൽ 38.2 ശതമാനവും നഗരപ്രദേശങ്ങളിലെ അഖിലേന്ത്യാ ശരാശരിയായ 14.1 ശതമാനവുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിലെ നഗരങ്ങളിൽ 37.8 ശതമാനവുമാണ് ഇത്.

2023-24 ലെ ഡാറ്റ കാണിക്കുന്നത് മൊത്തം പ്രതിമാസ പ്രതിശീർഷ ഉപഭോഗ ചെലവിൽ (എംപിസിഇ), ഭക്ഷണത്തിനും (ധാന്യങ്ങൾക്കും) ചെലവഴിച്ച വിഹിതം കേരളത്തിലെ ഗ്രാമപ്രദേശങ്ങളിൽ 41.4 ഉം നഗരപ്രദേശങ്ങളിൽ 37.4 ഉം ആയിരുന്നു, ആയത് രാജ്യത്തെ പ്രധാന സംസ്ഥാനങ്ങളിൽ ഏറ്റവും താഴ്ന്നതാണ്, അതേസമയം ദേശീയ ശരാശരി യഥാക്രമം 49.3 ശതമാനവും 41.1 ശതമാനവുമാണ്.

### പൊതുവിതരണ സംവിധാനത്തിന്റെ നയരൂപീകരണം

വിശപ്പുരഹിത കേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി, പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ ഒന്നിലധികം തന്ത്രങ്ങൾ ആസൂത്രണം ചെയ്തിരുന്നു, പ്രാഥ

മികമായി ഭക്ഷണത്തിന്റെ ലഭ്യത, അളവ്, പോഷക നിലവാരം എന്നിവ മെച്ചപ്പെടുത്തുന്നതിലൂടെ പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിലും പോഷകാഹാര ഫലങ്ങൾ മെച്ചപ്പെടുത്തുന്നതിലും ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നു. ഈ കാലയളവിൽ എൻഎഫ്എസ്എ-2013 നടപ്പിലാക്കലുമായി ബന്ധപ്പെട്ട്, എൻഎഫ്എസ്എ യുടെ പ്രധാന സംരംഭങ്ങൾ നടപ്പിലാക്കൽ, എൻഡ്-ടു-എൻഡ് കമ്പ്യൂട്ടറൈസേഷൻ തുടങ്ങിയവയ്ക്ക് ശക്തമായ ഭക്ഷ്യഭദ്രത വിശകലനം ഉണ്ടാകേണ്ടതിന്റെ ആവശ്യകതയും പോഷകാഹാര വിടവുകളും തിരിച്ചറിയുകയും ജീവനക്കാരുടെ പരിശീലനം, ഗുണഭോക്തൃ അവബോധം, ശാക്തീകരണം എന്നിവയിൽ ഇടപെടലുകൾ നടത്തേണ്ടതിന്റെ ആവശ്യകതയും മനസ്സിലാക്കി ആയത് നടപ്പാക്കുന്നതിനുള്ള മാർഗരേഖ തയ്യാറാക്കി പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.

14-ാം പഞ്ചവത്സര പദ്ധതി (2022-2027) പ്രകാരം, കൃത്യസമയത്ത്, കൃത്യമായ അളവിൽ, അവകാശങ്ങൾക്കനുസൃതമായി, ഗുണനിലവാരമുള്ള ഭക്ഷ്യധാന്യം പോഷക മാനദണ്ഡങ്ങൾ പാലിച്ച് തടസ്സരഹിതമായി വിതരണം ചെയ്യുന്നത് ഉറപ്പാക്കുന്നതിനു, പൊതുവിതരണ സമ്പ്രദായം കൂടുതൽ മെച്ചപ്പെടുത്താൻ ലക്ഷ്യമിടുന്നു.

കഴിഞ്ഞ ദശകത്തിൽ നയരൂപീകരണത്തിനായി സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ ചുവടെപ്പറയുന്ന ഭാഗങ്ങളിൽ വിശദമാക്കുന്നു.

**പൊതുവിതരണത്തിന്റെ പ്രാപ്യത മെച്ചപ്പെടുത്തുന്നതിനുള്ള സംരംഭങ്ങൾ**:

എൻഎഫ്എസ്എ ഇതര ഗുണഭോക്താക്കൾക്ക് കവറേജ് വ്യാപിപ്പിച്ചുകൊണ്ട് സാർവത്രിക റേഷൻ ഉറപ്പാക്കാൻ സംസ്ഥാനം സംഘടിതമായ ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. റേഷൻ കടകളിലേക്കു എത്തിച്ചേരുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പരിപാടികളും സംസ്ഥാനം ആരംഭിക്കുകയുണ്ടായി. കുന്നിൻ പ്രദേശങ്ങളിലും വിദൂര പ്രദേശങ്ങളിലും എത്തിച്ചേരാൻ പ്രയാസമുള്ള പ്രദേശങ്ങളിലും താമസിക്കുന്ന പട്ടികവർഗ സമൂഹങ്ങൾക്ക് റേഷൻ എത്തിക്കുന്നതിനായി ഒരു മൊബൈൽ റേഷൻ ഷോപ്പ് പദ്ധതി ആരംഭിച്ചിട്ടുണ്ട്. 10 ജില്ലകളിലായി 142 പട്ടിക വർഗ ഊരുകളിൽ നിലവിൽ ഈ മൊബൈൽ റേഷൻ ഷോപ്പുകൾ പ്രവർത്തിക്കുന്നു. സംസ്ഥാനത്തെ എല്ലാ പട്ടിക വർഗ ഊരുകളിലേക്കും തൊഴിലാളി വാസസ്ഥലങ്ങളിലേക്കും ഈ പദ്ധതി വ്യാപിപ്പിക്കുന്നതാണ്.

**സംസ്ഥാനത്തിനകത്തും സംസ്ഥാനങ്ങൾക്കിടയിലും ഭക്ഷ്യധാന്യങ്ങൾ കൊണ്ടുപോകുന്നത് നടപ്പിലാക്കൽ**:

എൻഎഫ്എസ്എ മുഖേന ആരംഭിച്ച സംസ്ഥാനത്തിനകത്തു അർഹതപ്പെട്ട ഭക്ഷ്യധാന്യങ്ങൾ കൊണ്ടുപോകുന്നത്, ഗുണഭോക്താക്കൾക്ക് സംസ്ഥാനത്തിനുള്ളിലെ ഏത് കടയിൽ നിന്നും ഭക്ഷ്യധാന്യം ലഭ്യമാക്കാൻ പ്രാപ്തമാക്കുന്നു. ന്യായവില കടകളുടെ പരിധിക്ക് പുറത്തുള്ള ഗുണഭോക്താക്കളെ ആകർഷിക്കുന്നതിനായി അവരുടെ കടകളുടെ പരിധിക്കു പുറത്തേക്കുള്ള സേവന വിതരണം മെച്ചപ്പെടുത്തുന്നതിന് ന്യായവില കട ലൈസൻസികളെയും ഇത് പ്രോൽസാഹിപ്പിക്കുന്നു.

ഇന്ത്യാ ഗവൺമെന്റ് നിർദ്ദേശിച്ചതുപോലെ, മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള അതിഥി തൊഴിലാളികൾക്ക് റേഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി, ഒരു രാജ്യം ഒരു റേഷൻ കാർഡ് (ഒഎൻഒആർസി)സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. നാഷണൽ പോർട്ടബിലിറ്റി ക്ലസ്റ്ററിൽ പങ്കാളികളാകുന്ന സംസ്ഥാനങ്ങൾക്കും/കേന്ദ്രഭരണ പ്രദേശങ്ങൾക്കും ആധാർ അംഗീകൃത ഇ-പോസ് ഇടപാടുകൾ വഴി ക്ലസ്റ്ററിനുള്ളിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് ഭക്ഷ്യധാന്യം ലഭിക്കും. 2020 ജനുവരിയിലാണ് കേരളം ദേശീയ പോർട്ടബിലിറ്റി ഇടപാടുകൾ ആരംഭിച്ചത്. സ്മാർട്ട് കാർഡുകളുടെ ആരംഭം എളുപ്പത്തിൽ പോർട്ടബിലിറ്റി സാധ്യമാക്കി.

**സോഷ്യൽ ആഡിറ്റ്**: എൻഎഫ്എസ്എയ്ക്ക് അനുസൃതമായി, സുതാര്യത പ്രോത്സാഹിപ്പിക്കുന്നതിനും, മോഷണം തടയുന്നതിനും, പൊതുവിതരണ സംവിധാനത്തിലെ വിടവുകൾ കണ്ടെത്തി പരിഹരിക്കുന്നതിനുമായി കേരള സർക്കാർ സോഷ്യൽ ആഡിറ്റുകൾ ആരംഭിച്ചു. ആഡിറ്റ് നടത്താൻ സർക്കാർ വിശ്വസനീയമായ സ്ഥാപനങ്ങളെ ഏൽപ്പിക്കുന്നു. ഉപഭോക്തൃ അവബോധം വർദ്ധിക്കുന്നതോടെ, ആഡിറ്റ് പ്രക്രിയയിൽ പൊതുജന പങ്കാളിത്തവും മെച്ചപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. സംസ്ഥാന, ജില്ലാ, താലൂക്ക്, ന്യായവില കട (എഫ്പിഎസ്) തലങ്ങളിലെ വിജിലൻസ് കമ്മിറ്റികളും പുനഃസംഘടിപ്പിച്ചു.

**ന്യായ വില കടകൾ – നിശ്ചിത നിലവാരത്തിലേക്ക് ഉയർത്തൽ, യന്ത്രവല്ക്കരണം, പരിവർത്തനം**:

അംഗീകൃത റേഷൻ ഡീലർമാരുടെ (ഏആർഡിഎസ്എസ്) ഉടമസ്ഥതയിലും നടത്തിപ്പിലും പ്രവർത്തിക്കുന്ന ന്യായവില കടകൾ (എഫ് പി എസ് എസ്) വഴിയാണ് ധാന്യങ്ങളും മറ്റ് സാധനങ്ങളും വിതരണം ചെയ്യുന്നത്. നിലവിൽ സംസ്ഥാനത്ത് 13858 ന്യായ വില കടകളുണ്ട്. സംസ്ഥാനത്തെ എല്ലാ ന്യായവില കടകളുടെയും മുഖച്ഛായ മാറ്റത്തിന് വിധേയമാക്കുകയും, മഞ്ഞയും ചുവപ്പും നിറങ്ങളിലുള്ള ഒരു ഏകീകൃത വർണ്ണം പൊതുമാനദണ്ഡപ്രകാരം പെയിന്റ് ചെയ്യുകയും ചെയ്തു. ന്യായ വില കടകൾ സാധനങ്ങളുടെ വിലവിവര പട്ടികയും സ്റ്റോക്കും, ലഭ്യമായ സ്റ്റോക്കിന്റെ സാമ്പിളുകളും പ്രദർശിപ്പിക്കേണ്ടതാണ്. ന്യായ വില കടകളുടെ തറ വിസ്തീർണ്ണം വർദ്ധിപ്പിക്കുന്നതിന് ന്യായ വില കട ഉടമകളെ സാമ്പത്തികമായി പിന്തുണയ്ക്കുന്നതിനുള്ള ഒരു പദ്ധതിയും കേരള സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഇലക്ട്രോണിക് പോയിന്റ്-ഓഫ്-സെയിൽ (ഇ-പോസ്) ഉപകരണങ്ങൾ ആരംഭിച്ചുകൊണ്ട് ന്യായ വില കടകൾ യന്ത്രവൽക്കരിച്ചതാണ് നടപ്പിലാക്കിയ പ്രധാന പരിഷ്കാരങ്ങളിലൊന്ന്. കേരളം എല്ലാ ന്യായ വില കടകളിലും സമയബന്ധിതമായി ഇ-പോസ് യന്ത്രം വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. ന്യായ വില കടകളിൽ സിസിടിവി ക്യാമറകൾ സ്ഥാപിക്കുക, ഓട്ടോമാറ്റിക് വെയിംഗ് സ്കെയിലുകൾ ഇ-പോസ് മെഷീനുകളുമായി ബന്ധിപ്പിക്കുക എന്നിവയാണ് ഘട്ടം ഘട്ടമായി നടപ്പിലാക്കുന്ന മറ്റ് പരിഷ്ക്കാരങ്ങൾ. ഇ-പോസ് മെഷീനുമായി ഒരു വെയ്റ്റിംഗ് സ്കെയിൽ ബന്ധിപ്പിച്ചുകഴിഞ്ഞാൽ, അനുവദിച്ച ഭക്ഷ്യധാന്യത്തിന്റെ കൃത്യമായ അളവ് തൂക്കി ഗുണഭോക്താവിന് നൽകുമ്പോൾ മാത്രമേ ബിൽ പ്രിന്റ് ചെയ്യപ്പെടുകയുള്ളൂ, ഇത് ഗുണഭോക്താവിന് അർഹതപ്പെട്ട ധാന്യം പൂർണ്ണമായി വിതരണം ചെയ്യുന്നതും ഭക്ഷ്യധാന്യത്തിന്റെ ചോർച്ച പൂജ്യവുമാണെന്ന് ഉറപ്പാക്കുന്നു.

സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും (എൽഎസ്ജിഐ) സഹകരണ സ്ഥാപനങ്ങളുടെയോ കുടുംബശ്രീ സ്വയം സഹായ സംഘങ്ങളുടെയോ മാനേജ്മെന്റിന് കീഴിൽ മാതൃകാ ന്യായവില കടകൾ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. രണ്ട് മാസത്തേക്കുള്ള ഭക്ഷ്യധാന്യ ശേഖരം സൂക്ഷിക്കാൻ ആവശ്യമായ സംഭരണ സൗകര്യമുള്ള കടമുറി അതത് സഹകരണ സംഘങ്ങളോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ നൽകും. ന്യായ വില കടകളെ സാമ്പത്തികമായി ലാഭകരമാക്കുന്നതിനായി പൊതു വിതരണ സംവിധാനത്തിന് ഉപരിയായി പൊതു സേവന കേന്ദ്രങ്ങളുടെ (സി എസ് സി) സേവനങ്ങൾക്ക് അനുസൃതമായി ചില ബാങ്കിംഗ്, പൗര കേന്ദ്രീകൃത സേവനങ്ങൾ എന്നിവ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. ചെറിയ (5 കിലോഗ്രാം) എൽപിജി സിലിണ്ടറുകളുടെ ചില്ലറ വിൽപ്പന, മറ്റ് സാധനങ്ങളുടെയോ പൊതു സ്റ്റോർ ഇനങ്ങളുടെയോ വിൽപ്പന പോലുള്ള മറ്റ് സേവനങ്ങളും ഏറ്റെടുക്കാൻ കഴിയുന്നതാണ്.

**പരാതി പരിഹാര സംവിധാനം**: പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനും ട്രാക്ക് ചെയ്യുന്നതിനുമായി ഒരു ഓൺലൈൻ പരാതിപരിഹാര സംവിധാനം ആരംഭിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് ഐടി മിഷന്റെ (കെഎസ്ഐടിഎം) കീഴിൽ ടാർഗെറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റത്തിനായി (ടിപിഡിഎസ്) സ്ഥാപിച്ച ഒരു കോൾ സെന്ററും ടോൾ ഫ്രീ ഹെൽപ്പ്ലൈൻ നമ്പറും തുടർന്നും പ്രവർത്തിക്കുന്നു. പരാതികൾ ഇമെയിൽ വഴിയും രജിസ്റ്റർ ചെയ്യാവുന്നതാണ്. 2018-ലെ കേരള ഭക്ഷ്യസുരക്ഷാ ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം, ഗുണഭോക്താക്കൾക്ക് അർഹതപ്പെട്ട വിതരണവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പരാതികൾ വേഗത്തിലും ഫലപ്രദമായും പരിഹരിക്കുന്നതിനായി, 2013-ലെ NFSA-യുടെ 15 (1) വകുപ്പ് പ്രകാരം, ഓരോ ജില്ലയിലെയും അഡീഷണൽ ജില്ലാ മജിസ്ട്രേറ്റിനെയും ഡെപ്യൂട്ടി കളക്ടർ (ജനറൽ)-നെയും ജില്ലാ പരാതി പരിഹാര ആഫീസറായി കേരള സർക്കാർ നിയമിച്ചിട്ടുണ്ട്. നവംബർ 15 മുതൽ ഡിസംബർ 15 വരെ സംസ്ഥാനത്തെ കാർഡ് ഉടമകൾക്ക് അവരുടെ കാർഡുകളിലെ തെറ്റുകൾ തിരുത്തുന്നതിനായി 'തെളിമ' എന്ന വാർഷിക പരിപാടിയും നടത്തുന്നുണ്ട്. സുതാര്യത കൂടുതൽ ഉറപ്പാക്കുന്നതിനായി മാസത്തിന്റെ തുടക്കത്തിൽ കാർഡിലേക്കുള്ള പ്രതിമാസ അലോട്ട്മെന്റ് രജിസ്റ്റർ ചെയ്ത ഫോൺ നമ്പറിൽ അറിയിക്കുന്നു. സംസ്ഥാന ഭക്ഷ്യ കമ്മീഷന്റെ വെബ്സൈറ്റിലും മാസത്തെ വിവിധ വിഭാഗം തിരിച്ചുള്ള അലോട്ട്മെന്റ് അറിയിക്കുന്നുണ്ട്.

**സംസ്ഥാന ഭക്ഷ്യ കമ്മീഷൻ**: 2013-ലെ എൻഎഫ്എസ്എ-യുടെ 16-ാം വകുപ്പ് അനുസരിച്ച് കേരള സർക്കാർ സംസ്ഥാന ഭക്ഷ്യകമ്മീഷൻ രൂപീകരിച്ചു. നിയമത്തിലെ വ്യവസ്ഥകൾ കാര്യക്ഷമമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ കമ്മീഷൻ എഫ് പി എസ്, എൻ എഫ് എസ് ഗോഡൗണുകൾ, ന്യൂട്രിമിക്സ് ഉൽപ്പാദന യൂണിറ്റുകൾ, അങ്കണവാടികൾ, സ്കൂളുകൾ എന്നിവയുൾപ്പെടെ വിവിധ പങ്കാളി യൂണിറ്റുകൾ പതിവായി സന്ദർശിക്കാറുണ്ട്.

**ഭക്ഷ്യസുരക്ഷയ്ക്കും പോഷകാഹാരത്തിനുമുള്ള മറ്റ് സംരംഭങ്ങൾ**

**സപ്ലൈകോയുടെ വിപണി ഇടപെടൽ**: 1974-ൽ സ്ഥാപിതമായ കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ് (സപ്ലൈകോ), അവശ്യ ഭക്ഷ്യവസ്തുക്കളുടെയും ഉപഭോക്തൃ വസ്തുക്കളുടെയും വില സ്ഥിരപ്പെടുത്തുന്നതിന് വിപണി ഇടപെടൽ നടത്തുന്നതിനായി ചുമതലപ്പെടുത്തിയ സർക്കാർ ഏജൻസിയാണ്. പൊതുവിതരണ സംവിധാനത്തിനു പുറമേ, പൊതുവിപണിയിലെ പണപ്പെരുപ്പ പ്രവണതകളുടെ പ്രത്യാഘാതം ലഘൂകരിക്കുന്നതിനായി സംസ്ഥാന സർക്കാർ സപ്ലൈകോ ഔട്ട്ലെറ്റുകൾ വഴി സബ്സിഡി നിരക്കിൽ അവശ്യവസ്തുക്കൾ നൽകുന്നു. അവശ്യവസ്തുക്കളുടെ വില സ്ഥിരപ്പെടുത്തുന്നതിൽ സപ്ലൈകോ ഫലപ്രദമായി ഇടപെടുന്നു. പയറു വർഗ്ഗങ്ങൾ, ധാന്യങ്ങൾ, അരി, ആട്ട, പഞ്ചസാര എന്നിവയുൾപ്പെടെ 13 ഉൽപ്പന്നങ്ങൾക്ക് 2016 നും 2024 നും ഇടയിൽ പൊതു വിപണിയേക്കാൾ 30 ശതമാനം കുറഞ്ഞ വില നിശ്ചയിച്ചിട്ടുണ്ട്. 2024 ന് ശേഷം, നിരക്കുകൾ നേരിയ തോതിൽ വർദ്ധിച്ചുവെങ്കിലും ഇപ്പോഴും 30 ശതമാനം വ്യത്യാസം നിലനിർത്തുന്നു.

സപ്ലൈകോ 6,000-ത്തിലധികം വേഗത്തിൽ വിറ്റഴിക്കുന്ന ഉപഭോക്തൃ ഉൽപ്പന്നങ്ങളുടെ ചില്ലറ വിൽപ്പനയിലും ഏർപ്പെട്ടിരിക്കുന്നു, ഇവയുടെ ശരാശരി വില പൊതു വിപണിവിലയെക്കാൾ 20 ശതമാനം കുറവാണ്. സപ്ലൈകോ സ്വന്തം ബ്രാൻഡഡ് ഉൽപ്പന്നങ്ങൾ ശബരി എന്ന പേരിൽ വിപണനം ചെയ്യുന്നു, അതിൽ കറിപ്പൊടി, വെളിച്ചെണ്ണ, തേയില, കാപ്പിപ്പൊടി എന്നിവ ഉൾപ്പെടുന്നു. സപ്ലൈകോയ്ക്ക് 793 മാവേലി സ്റ്റോറുകളും, 112 മാവേലി സൂപ്പർ സ്റ്റോറുകളും, 549 സൂപ്പർ മാർക്കറ്റുകളുമുണ്ട്. ഇവ കൂടാതെ, സപ്ലൈകോ 6 ഹൈപ്പർ മാർക്കറ്റുകൾ, 21 മൊബൈൽ മാവേലി സ്റ്റോറുകൾ, 39 പീപ്പിൾസ് ബസാർ ഔട്ട്ലെറ്റുകൾ എന്നിവയും പ്രവർത്തിപ്പിക്കുന്നു. കൂടാതെ, വർദ്ധിച്ചുവരുന്ന ഉപഭോക്താക്കളുടെ ആവശ്യം നിറവേറ്റുന്നതിനായി സപ്ലൈകോ ഉത്സവ സീസണുകളിലും സ്കൂൾ തുറക്കുന്ന സമയത്തും പ്രത്യേക മേളകൾ സംഘടിപ്പിക്കുന്നു. സപ്ലൈകോയുടെ ഉൽപ്പന്നങ്ങൾ കൂടുതൽ ആളുകളിലേക്ക് എത്തിക്കുന്നതിനായി, കെ-സ്റ്റോറുകൾ വഴി ഇവ വിതരണം ചെയ്യുന്നു. റേഷൻ കടകളിലേക്കുള്ള സാധനങ്ങളുടെ വിതരണവും സ്ഥാപനങ്ങൾ വഴിയുള്ള ഉച്ചഭക്ഷണ പരിപാടികളും സപ്ലൈകോ ഏറ്റെടുക്കുന്നു.

**കെ – സ്റ്റോർ**: റേഷൻ കടകളിൽ മിനി ബാങ്കിംഗ്, യൂട്ടിലിറ്റി ബിൽ പണംനൽകൽ, എൽപിജി വിൽപ്പന, ടെലികോം ഉൽപ്പന്നങ്ങൾ എന്നിവയ്ക്കുള്ള സൗകര്യങ്ങളുള്ള ന്യായവില കടകളുടെ വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി, ആദ്യ ഘട്ടത്തിൽ 1,000 കടകൾ നവീകരിക്കുക എന്ന ലക്ഷ്യത്തോടെ, 2023 മെയ് 14-ന് കെ-സ്റ്റോർ ആരംഭിച്ചു. സബ്സിഡി നിരക്കിലുള്ള അവശ്യവസ്തുക്കൾ, ചോട്ടു ഗ്യാസ്, സപ്ലൈകോയുടെ സ്വന്തം ശബരി ഉൽപ്പന്നങ്ങൾ, മിൽമ, വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾ, ഐടി അധിഷ്ഠിത സേവനങ്ങൾ എന്നിവയും കെ-സ്റ്റോറുകൾ മുഖേന വിതരണം ചെയ്യുന്നു. പൊതുജനങ്ങൾക്ക് ഒരു ജീവനാഡിയായി ന്യായവില കടകളെ മാറ്റുന്നതിനുള്ള ഒരു മാർഗമാണിത്, ഒരു കുടക്കീഴിൽ വിവിധ പൊതു ഉപഭോക്തൃ സേവനങ്ങൾ ലഭ്യമാക്കുന്നു. 2025 ആഗസ്റ്റ് വരെ, 2142 കെ-സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്.

**വിശപ്പുരഹിത കേരളം**: 2030 ആകുമ്പോഴേക്കും സംസ്ഥാനത്ത് വിശപ്പ് പൂർണ്ണമായും ഇല്ലാതാക്കുന്നതിനുള്ള നടപടികൾ കേരളം ആരംഭിച്ചു. ആവശ്യക്കാർക്ക് ഒരു ദിവസം ഒരു നേരം സൗജന്യ ഭക്ഷണം നൽകുന്ന പദ്ധതി സർക്കാർ ആരംഭിച്ചു. സംസ്ഥാന സർക്കാരിന്റെ നയത്തിന് അനുസൃതമായി, നിരവധി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യക്കാർക്ക് സൌജന്യ ഭക്ഷണം നല്കുന്നതിനു വേണ്ടിയുള്ള പദ്ധതികൾ നേരിട്ട് ആരംഭിച്ചിട്ടുണ്ട്.

**ജനകീയ ഹോട്ടൽ**: കേരളത്തിന്റെ വിശപ്പ് രഹിത കേരളം എന്ന തന്ത്രത്തിലെ ഒരു മുൻനിര ഘടകമാണ് ജനകീയ ഹോട്ടലുകൾ. താങ്ങാവുന്ന നിരക്കിൽ ഭക്ഷണം വിജയകരമായി വിതരണം ചെയ്യുകയും സ്ത്രീകൾ നടത്തുന്ന സംരംഭങ്ങളെ വലിയ തോതിൽ ഇത് ശാക്തീകരിക്കുകയും ചെയ്യുന്നു. ദരിദ്രർ, ഭവനരഹിതർ, പാർശ്വവൽക്കരിക്കപ്പെട്ടവർ എന്നിവർക്കിടയിൽ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ, 20 രൂപയ്ക്ക് പോഷകസമൃദ്ധമായ ഭക്ഷണം നൽകുന്നതിനായി, 2020-21 കാലയളവിൽ കേരളത്തിൽ ഈ പരിപാടി ആരംഭിച്ചു. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും ഒരു ജനകീയ ഹോട്ടൽ എന്ന രീതിയിൽ 1,000 ജനകീയ ഹോട്ടലുകൾ സ്ഥാപിക്കുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. കോവിഡ്-19 മഹാമാരിയുടെ കാലത്ത് ഇവ വിപുലീകരിക്കപ്പെട്ടു, അടിയന്തര സാമൂഹിക അടുക്കളകളിൽ നിന്ന് തദ്ദേശ കുടുംബശ്രീ വനിതാ ഗ്രൂപ്പുകൾ നടത്തുന്ന ഔപചാരിക സംരംഭങ്ങളായി ഇത് പരിണമിച്ചു. 2022 ആയപ്പോഴേക്കും കേരളത്തിലുടനീളം 1,100 മുതൽ 1,198 വരെ ജനകീയ ഹോട്ടലുകൾ പ്രവർത്തിച്ചു, പ്രതിദിനം 40,000 മുതൽ 70,000 വരെ ഉച്ചഭക്ഷണം വിളമ്പി. കുടുംബശ്രീ ഗ്രൂപ്പുകളാണ് ഈ പദ്ധതി കൈകാര്യം ചെയ്തത്, ഓരോ യൂണിറ്റിനും അടിസ്ഥാന സൗകര്യങ്ങൾ (പാചക പാത്രങ്ങൾ, അടിസ്ഥാന ബില്ലിംഗ് സംവിധാനം) സജ്ജീകരിക്കുന്നതിനായി റിവോൾവിംഗ് ഫണ്ട് (50,000 രൂപ വരെ) ലഭ്യമാക്കി. സംസ്ഥാനം ഈ ഗ്രൂപ്പുകൾക്ക് ഒരു ഭക്ഷണത്തിനു സബ്സിഡിയായി 10 രൂപ നൽകി, ഉച്ചഭക്ഷണത്തിന് 20 രൂപയും പാഴ്സലിന് 25 രൂപയും നിരക്കിലുള്ള വിൽപ്പന ഇത് സാധ്യമാക്കി. സിവിൽ സപ്ലൈസ് വഴി ഗ്രൂപ്പുകൾക്ക് സബ്സിഡി നിരക്കിൽ (10.90 രൂപ/കിലോ) അരി നൽകി. ഹോട്ടലുകളുടെ വാടക, വൈദ്യുതി, വെള്ളം എന്നിവയുടെ ചെലവുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് വഹിച്ചിരുന്നത്. പരമ്പരാഗത ഭക്ഷ്യ പരിജ്ഞാനം, കാട്ടിലെ ഭക്ഷ്യയോഗ്യമായ സസ്യങ്ങൾ, കിഴങ്ങുകൾ, തിന, പയർവർഗ്ഗങ്ങൾ എന്നിവ ഉപയോഗിച്ചുകൊണ്ടും പാചക പ്രദർശനങ്ങൾ എന്നിവയിലൂടെയും ആരോഗ്യകരമായ പ്രാദേശിക ഭക്ഷണശീലങ്ങൾ പുനഃസ്ഥാപിക്കുന്നതിനും സുരക്ഷിതവും പോഷകസമൃദ്ധവുമായ ഭക്ഷണക്രമങ്ങളെക്കുറിച്ചുള്ള അവബോധം വളർത്തുന്നതിനും, പ്രത്യേകിച്ച് പ്രായമായ സ്ത്രീകളിൽ, ഗ്രാമങ്ങളിലെ സാമൂഹിക അടുക്കളകളെ പോഷകാഹാര വിദ്യാഭ്യാസ കേന്ദ്രങ്ങളാക്കി മാറ്റുകയാണ് കുടുംബശ്രീ ചെയ്യുന്നത്.

**സുഭിക്ഷ ഹോട്ടൽ**: ഒരു ഉച്ചഭക്ഷണത്തിന് 30 രൂപ എന്ന താങ്ങാനാവുന്ന നിരക്കിൽ ഭക്ഷണം നൽകുന്ന സുഭിക്ഷ ഹോട്ടലുകൾ ആരംഭിച്ചു. ഈ ഹോട്ടലുകളിൽ മറ്റ് ഭക്ഷണ സാധനങ്ങളും സബ്സിഡി നിരക്കിൽ വിൽക്കുന്നു. നിലവിൽ സംസ്ഥാനത്ത് 47 സുഭിക്ഷ ഹോട്ടലുകളുണ്ട്, കൂടാതെ പ്രതിമാസം 3.5 ലക്ഷത്തിലധികം ആളുകൾക്ക് സുഭിക്ഷ ഹോട്ടലുകളിൽ നിന്ന് പ്രയോജനം ലഭിക്കുന്നു.

**ന്യായ വില കടകൾ മുഖേനയുള്ള റാഗി വിതരണം** : തിനയുടെ ആരോഗ്യപരവും പോഷകപരവുമായ ഗുണങ്ങളെക്കുറിച്ച് അവബോധം വളർത്തുന്നതിനായി 2023-നെ ഭക്ഷ്യ-കാർഷിക സംഘടന(എഫ് എ ഒ) അന്താരാഷ്ട്ര തിനയുടെ വർഷമായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനെത്തുടർന്ന്, 2023 മില്ലറ്റ് വർഷമായി ആഘോഷിക്കാൻ ഇന്ത്യാ ഗവൺമെന്റ് സംസ്ഥാനങ്ങളോട് നിർദ്ദേശിക്കുകയുണ്ടായി. കേരള സർക്കാർ റാഗി പൊതുവിതരണ സംവിധാനത്തിൽ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കുകയും 2023 ജൂൺ മുതൽ റേഷൻ കടകൾ വഴി റാഗി വിതരണം ചെയ്യുകയും ചെയ്തു. എഫ് സി ഐയിൽ നിന്ന് ലഭിക്കുന്ന റാഗി, റാഗി പ്പൊടിയാക്കി മാറ്റി എ വൈ എ, പി എച്ച് എച്ച് കാർഡുടമകൾക്ക് റേഷൻ കടകൾ വഴി ഒരു കിലോയുടെ പാക്കറ്റുകളിൽ എ വൈ എ വിഭാഗത്തിന് 8 രൂപയ്ക്കും പി എച്ച് എച്ച് വിഭാഗത്തിന് 10 രൂപയ്ക്കും വിതരണം ചെയ്യുന്നു. സംസ്ഥാനത്തെ പട്ടികവർഗ മേഖലകളെ ലക്ഷ്യമിട്ടാണ് റാഗിപ്പൊടി പ്രധാനമായും വിതരണം നടത്തുന്നത്.

**ദുർബല വിഭാഗങ്ങളുടെ പോഷകാഹാര ആവശ്യങ്ങൾ**: ദുർബല ജനവിഭാഗങ്ങളുടെ ആവശ്യങ്ങൾക്കായുള്ള കേരളത്തിന്റെ പോഷകാഹാര തന്ത്രം, ലക്ഷ്യമിടുന്ന പദ്ധതികൾ (മിഷൻ പോഷൺ 2.0, പുതുക്കിയ അങ്കണവാടി ഭക്ഷണവിവരപ്പട്ടിക പോലുള്ളവ) സമൂഹം മുഖേനയുള്ള മറ്റ് മാർഗങ്ങൾ (സാമൂഹിക അടുക്കളകൾ, പൊതിച്ചോറു പദ്ധതികൾ), സാർവത്രിക വിതരണം (റേഷൻ കിറ്റുകൾ) തുടങ്ങിയവയുമായി സംയോജിപ്പിക്കുന്നു. ഈ പദ്ധതിയുടെ പ്രധാന സംരംഭങ്ങളിൽ ഇവ ഉൾപ്പെടുന്നു: അഞ്ച് വയസ്സിന് താഴെയുള്ള കുട്ടികൾ, പെൺകുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന സ്ത്രീകൾ തുടങ്ങിയ ദുർബല വിഭാഗങ്ങളിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിലെ സംയോജനം ശക്തിപ്പെടുത്തുന്നതിനും അനുബന്ധ പോഷകാഹാര വിതരണം മെച്ചപ്പെടുത്തുന്നതിനും ലക്ഷ്യമിടുന്ന മിഷൻ പോഷൺ 2.0; സമൂഹത്തിന്റെ പ്രതികരണത്തിന് ശേഷം പരമ്പരാഗത ഉപ്പുമാവിന് പകരം മുട്ട ബിരിയാണി, പുലാവ്, മറ്റ് പോഷകസമൃദ്ധമായ ഭക്ഷണക്രമങ്ങൾ എന്നിവ ഉൾപ്പെടുത്തി കേരളം നവീകരിച്ച മെച്ചപ്പെട്ട അങ്കണവാടി പോഷകാഹാര മെനു; കോവിഡ് 19 സമയത്ത് പ്രതിരോധശേഷി മെച്ചപ്പെടുത്തുന്നതിനായി പ്രായമായവരുടെ പോഷകാഹാര നിലവാരത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടുള്ള മുതിർന്നവർക്കും പകർച്ചവ്യാധി പ്രതിരോധിക്കുന്നതിനും വേണ്ടിയുള്ള പോഷകാഹാരം, പ്രായമായവർക്ക് വീട്ടിൽ പോഷകാഹാര വിതരണവും മരുന്നും നൽകിക്കൊണ്ടുള്ള, ആരോഗ്യ-കുടുംബശ്രീ സംയുക്ത ഗ്രാൻഡ് കെയർ പരിപാടി അണുബാധയും മരണനിരക്കും കുറയ്ക്കാൻ ഇത് സഹായകകരമായി.

**കേരളത്തിലെ പട്ടികവർഗ പോഷകാഹാര പരിപാടികൾ**: പട്ടിക വർഗ മേഖലകളിൽ കേരളത്തിന് നിരവധി വ്യത്യസ്തമായ സംരംഭങ്ങളുണ്ട്. പട്ടിക വർഗ ഗ്രാമങ്ങളിലെ സാമൂഹിക അടുക്കളകൾ, കുട്ടികൾ, കൗമാരക്കാരായ പെൺകുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന സ്ത്രീകൾ, മുതിർന്ന പൗരന്മാർ എന്നിവർക്ക് ദിവസേന മൂന്ന് നേരം ഭക്ഷണം

നൽകൽ; പണിയ പട്ടിക വർഗ വിഭാഗക്കാർക്കായുള്ള 100 ദിവസത്തെ പരിപാടി; പട്ടികവർഗ ഗ്രാമങ്ങളിലെ പോഷകാഹാരക്കുറവുമായി ബന്ധപ്പെട്ട നവജാതശിശു മരണനിരക്ക് പരിഹരിക്കുന്നതിനുള്ള അട്ടപ്പാടിയിലെ ഊരിന്റെ താരാട്ട് പദ്ധതി. പോഷകാഹാര പുനരധിവാസ കേന്ദ്രങ്ങൾ ഉൾപ്പെടുന്ന സമഗ്ര ഗോത്ര ആരോഗ്യ സംരക്ഷണ ഘടകങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

**കൗമാരക്കാരായ പെൺകുട്ടികൾക്കുള്ള പോഷകാഹാരം** : 11 മുതൽ 18 വയസ് വരെ പ്രായമുള്ള പെൺകുട്ടികളുടെ പോഷകാഹാരം, ആരോഗ്യം, ബോധവത്കരണം, ജീവിത നൈപുണ്യം, വിദ്യാഭ്യാസം എന്നിവ മെച്ചപ്പെടുത്തുന്നതിനുള്ള കേന്ദ്രീകൃത പദ്ധതിയായ കൗമാരക്കാരായ പെൺകുട്ടികൾക്കുള്ള പദ്ധതി (എസ്എജി), അനുബന്ധ പോഷകാഹാരത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന കിഷോരി ശക്തി യോജന (കെ എസ് വൈ), അംഗൻവാടി പോഷകാഹാരം, സബല, കൗമാര പോഷകാഹാര ശ്രമങ്ങൾ എന്നിവ സംയോജിപ്പിക്കുന്ന പോഷൺ അഭിയാൻ കീഴിലുള്ള സംയോജിത പോഷക ഇടപെടലായ മിഷൻ പോഷാൻ 2.0, കൗമാരക്കാരായ പെൺകുട്ടികൾക്ക് പോഷകാഹാരം ഉറപ്പാക്കുന്ന 2024 ലെ പദ്ധതിയായ വനിതാനയം എന്നിവ ഇതിൽ ഉൾപ്പെടുന്നു.

**ആരോഗ്യ, പോഷകാഹാര സംരംഭങ്ങൾ**: ഒരു സ്ത്രീയുടെ ഗർഭകാലത്തിന്റെ ആദ്യ ദിവസം മുതൽ (270 ദിവസം നീണ്ടുനിൽക്കുന്ന) കുട്ടിയുടെ രണ്ടാം ജന്മദിനം (ജനനം മുതൽ 730 ദിവസം) വരെയുള്ള കാലഘട്ടത്തിന്റെ നിർണായക സ്വഭാവം തിരിച്ചറിഞ്ഞുകൊണ്ട് സർക്കാർ 1,000 ദിവസത്തെ പരിപാടി ആരംഭിച്ചു. ചികിത്സയുടെ ഭാഗമായി ഭക്ഷണ വിതരണം, ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനുള്ള അവബോധ ക്ലാസുകൾ, ഗർഭിണികൾക്കും മുലയൂട്ടുന്ന സ്ത്രീകൾക്കും പതിവായി മെഡിക്കൽ ക്യാമ്പുകൾ എന്നിവ ഈ പരിപാടിയിൽ ഉൾപ്പെടുന്നു. പൈലറ്റ് അടിസ്ഥാനത്തിൽ അട്ടപ്പാടിയിൽ ആരംഭിച്ച ഈ പദ്ധതി 2022-23 ൽ തീരദേശ, മലയോര മേഖലകളിലെ 42 സംയോജിത ശിശു വികസന സേവന (ഐസിഡിഎസ്) പദ്ധതികളിലേക്ക് വ്യാപിപ്പിച്ചു.

രജിസ്റ്റർ ചെയ്ത പോഷകാഹാര വിദഗ്ധന്റെ മാർഗ്ഗനിർദ്ദേശത്തിൽ പോഷകാഹാര കൗൺസിലിംഗ്, മാർഗ്ഗനിർദ്ദേശം, റഫറലുകൾ, മറ്റ് സാമൂഹിക പിന്തുണ സേവനങ്ങൾ എന്നിവയിലൂടെ സ്ത്രീകൾ, കുട്ടികൾ, കൗമാരക്കാർ എന്നിവരുടെ ആരോഗ്യം പ്രോത്സാഹിപ്പിക്കുന്നതിനായി പോഷകാഹാര ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. ഒരു വ്യക്തിയുടെ മൊത്തത്തിലുള്ള ഭക്ഷണക്രമം വിലയിരുത്തുന്നതിനും പ്രാരംഭ ഘട്ടത്തിൽ പോഷകാഹാരക്കുറവിന്റെ അപകടസാധ്യത തിരിച്ചറിയുന്നതിനും, ആ വ്യക്തി പോഷകാഹാരക്കുറവുള്ളവനാകുന്നതിന് മുമ്പ് ഇടപെടുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. 152 ബ്ലോക്കുകളിലും 6 മുനിസിപ്പൽ കോർപ്പറേഷനുകളിലും പോഷകാഹാര ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്.

**ഉച്ചഭക്ഷണ പരിപാടി**: കേരളത്തിൽ നടപ്പിലാക്കിയ ഉച്ചഭക്ഷണ പരിപാടി ഇന്ത്യയിൽ ഏറ്റവും മികച്ച രീതിയിൽ നടപ്പിലാക്കിയ ഒന്നാണ്, കുട്ടികൾക്ക് ഭക്ഷണം നൽകുന്നതിൽ മാത്രമല്ല, പോഷക നിലവാരം, ശുചിത്വം, ഉൾപ്പെടുത്തൽ എന്നിവ ഉറപ്പാക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. സംസ്ഥാനത്തിന്റെ വിദ്യാഭ്യാസത്തിലും ഭക്ഷ്യസുരക്ഷാ സംവിധാനത്തിലും, പ്രത്യേകിച്ച് ദുർബലരായ കുട്ടികൾക്കിടയിൽ ഇത് ഒരു പ്രധാന പങ്ക് വഹിക്കുന്നു.

മിക്കവാറും ദേശീയ കലോറി, പ്രോട്ടീൻ മാനദണ്ഡങ്ങൾ കവിയുന്ന ചൂടുള്ളതും, പാകം ചെയ്തതും, പോഷകസമൃദ്ധവുമായ ഭക്ഷണം കേരളം നൽകുന്നു. ഭക്ഷണത്തിൽ അരി, പയർവർഗ്ഗങ്ങൾ, പച്ചക്കറികൾ, മുട്ട, ഇടയ്ക്കിടെ പാൽ അല്ലെങ്കിൽ പഴങ്ങൾ എന്നിവ ഉൾപ്പെടുത്തുന്നു. വൈവിധ്യമാർന്നതും പ്രാദേശികമായി അനുയോജ്യമായതുമായ മെനു, പോഷകാഹാരവും രുചിയും ഉറപ്പാക്കുന്നു. കുട്ടികൾക്ക് പരിചിതമായ പ്രാദേശിക വിഭവങ്ങൾ ഇതിൽ ഉൾപ്പെടുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി ധനസഹായം നൽകുന്നതാണ് ഈ പദ്ധതി. മികച്ച ഗുണനിലവാരവും പ്രാപ്യതയും ഉറപ്പാക്കിക്കൊണ്ട് കേരളം ഉയർന്ന പങ്ക് സംഭാവന ചെയ്യുന്നു. മിക്ക സ്കൂളുകളിലും ഭക്ഷണം പാകം ചെയ്യുന്നതിനും വിതരണം ചെയ്യുന്നതിനും കുടുംബശ്രീ വനിതാ സ്വയം സഹായ സംഘങ്ങളെയാണ് ഉത്തരവാദപ്പെടുത്തിയിരിക്കുന്നത്. ഏകദേശം 25 ലക്ഷം കുട്ടികൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നു. പ്രോട്ടീൻ ഉപഭോഗത്തിനായി എല്ലാ ആഴ്ചയും മുട്ടയും പാലും മെനുവിൽ ഉൾപ്പെടുത്തുന്നു. പച്ചക്കറികളിൽ സ്വയംപര്യാപ്തത പ്രോത്സാഹിപ്പിക്കുന്നതിനായി സ്കൂളുകളിൽ അടുക്കളത്തോട്ടങ്ങൾ ആരംഭിക്കുന്നു.

**സംയോജിത ശിശു വികസന സേവനങ്ങൾ (ഐസിഡിഎസ്)**: കേരളത്തിലെ ഐസിഡിഎസ് രാജ്യത്തെ ഏറ്റവും വിപുലമായ ഒന്നാണ്, വിശാലമായ അംഗൻവാടി ശൃംഖല വഴി സംയോജിത പോഷകാഹാരം, ആരോഗ്യം, വിദ്യാഭ്യാസം, പരിചരണ സേവനങ്ങൾ എന്നിവ നൽകുന്നു. 1975 ൽ രാജ്യവ്യാപകമായി ആരംഭിച്ച ഒരു മുൻനിര ബാല്യകാല വികസന പരിപാടിയാണിത്. അങ്കണവാടി കേന്ദ്രങ്ങളിലെ ആറ് പ്രധാന സേവനങ്ങളിലൂടെ പോഷകാഹാരക്കുറവിനെ ചെറുക്കുന്നതിനും സമഗ്രമായ കുട്ടികളുടെ വളർച്ചയെ പിന്തുണയ്ക്കുന്നതിനും ഇത് ലക്ഷ്യമിടുന്നു. കേരളത്തിൽ, 33,120 അങ്കണവാടികൾ വഴിയാണ് ഐസിഡിഎസ് നടപ്പിലാക്കുന്നത്, ഇവയിൽ ഓരോന്നും 0 വയസ് മുതൽ 6 വയസ് വരെ പ്രായമുള്ള കുട്ടികൾക്കും ഗർഭിണികൾക്കും മുലയൂട്ടുന്ന സ്ത്രീകൾക്കും സേവനം നൽകുന്നു, അനുബന്ധ പോഷകാഹാരം, വളർച്ചാ നിരീക്ഷണം, പ്രീ-സ്കൂൾ വിദ്യാഭ്യാസം, രോഗപ്രതിരോധ റഫറലുകൾ, ആരോഗ്യ-പോഷകാഹാര വിദ്യാഭ്യാസം എന്നിവ ഇത് വാഗ്ദാനം ചെയ്യുന്നു. എല്ലാ അംഗൻവാടികളിലും എല്ലാ ദിവസവും പാലും മുട്ടയും വിതരണം ചെയ്യുന്നതിൽ കേരളം മുൻപന്തിയിലാണ്. സംസ്ഥാനത്തുടനീളമുള്ള 3 മുതൽ 6 വയസ്സ് വരെ പ്രായമുള്ള ഏകദേശം 4 ലക്ഷം കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു.

എൻഎഫ്എച്ച്എസ് - 4 (2015-16) നും എൻഎഫ്എച്ച്എസ്-5 (2019-21) നും ഇടയിൽ, കേരളത്തിൽ ഭാരക്കുറവുള്ള കുട്ടികളുടെ എണ്ണം കുറഞ്ഞു, കൂടാതെ ഐസിഡിഎസ് പരിരക്ഷിക്കുന്ന 6 വയസ്സിന് താഴെയുള്ള

ഗുരുതരമായ പോഷകാഹാരക്കുറവുള്ള കുട്ടികളുടെ അനുപാതം 56 ശതമാനത്തിൽ നിന്ന് ഏകദേശം 63 ശതമാനമായി ഉയർന്നു. ഇത് ബാല്യകാല വികസനവും പോഷകാഹാര സുരക്ഷയും ശക്തിപ്പെടുത്തുന്നു. കൗമാരക്കാരായ പെൺകുട്ടികൾക്കുള്ള പ്രധാന പരിപാടികളാണ് വിരമരുന്ന് വിതരണം, പോഷകാഹാര വിദ്യാഭ്യാസം, റഫറൽ സേവനങ്ങൾ എന്നിവ. ഗർഭിണികൾക്കും മുലയൂട്ടുന്ന സ്ത്രീകൾക്കും പ്രസവപൂർവ, പ്രസവാനന്തര പരിചരണം, പൂരക പോഷകാഹാരം, ഭാരം നിരീക്ഷിക്കൽ എന്നിവ ലഭ്യമാക്കുന്നു.

**ഐടിഐ വിദ്യാർത്ഥികൾക്കുള്ള പോഷകാഹാര പരിപാടി**: കേരള സർക്കാർ വ്യാവസായിക പരിശീലന വിദ്യാർത്ഥികൾക്കായി ഒരു പോഷകാഹാര പരിപാടി നടത്തുന്നു. ഈ പദ്ധതി പ്രകാരം, 14 വനിതാ ഐടിഐകൾ ഉൾപ്പെടെ 34 ഐടിഐകളിലെ 6,352 ട്രെയിനികൾക്ക് പ്രോട്ടീൻ സമ്പുഷ്ടമായ ഉച്ചഭക്ഷണം നൽകുന്നു. ശേഷിക്കുന്ന 74 ഐടിഐകളിലെ 17,381 ട്രെയിനികൾക്ക് വേവിച്ച മുട്ട, വാഴപ്പഴം, ബ്രൗൺ ബ്രെഡ്, മറ്റ് പോഷകസമൃദ്ധമായ ഭക്ഷണം, ഒരു ഗ്ലാസ് പാൽ എന്നിവ നൽകുന്നു. അട്ടപ്പാടി, ആര്യനാട്, നിലമ്പൂർ എന്നിവിടങ്ങളിലെ ഐടിഐ ട്രെയിനി ഹോസ്റ്റലുകളിൽ താമസിക്കുന്ന ട്രെയിനികൾക്ക് ഈ പദ്ധതിയിലൂടെ പ്രഭാതഭക്ഷണവും അത്താഴവും നൽകുന്നു.

**കുടുംബശ്രീ മിഷന്റെ കീഴിലുള്ള പരിപാടികൾ**: കുടുംബശ്രീ ഭക്ഷ്യ-പോഷകാഹാര സുരക്ഷയെ സമഗ്ര മാതൃകയിലൂടെ സ്ത്രീകളെ ഭക്ഷ്യവസ്തുക്കൾ കൃഷി ചെയ്യാനും അവ സംസ്കരിക്കാനും വിപണനം ചെയ്യാനും ശാക്തീകരിക്കുക, കൂട്ടായ കൃഷി പുനരുജ്ജീവിപ്പിക്കുകയും ജൈവ, ആരോഗ്യകരമായ ഭക്ഷണക്രമങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്ന അതിന്റെ പ്രധാന ദൗത്യത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് ബാഹ്യ ഭക്ഷ്യ വിതരണ ശൃംഖലകളിലുള്ള ആശ്രിതത്വം കുറയ്ക്കുകയും, പ്രാദേശിക പ്രതിസന്ധി നേരിടാൻ അവരെ ശക്തിപ്പെടുത്തുകയും, സുസ്ഥിരമായ ഉപജീവനമാർഗ്ഗങ്ങളിലൂടെ ആയിരക്കണക്കിന് സ്ത്രീകളെ ഉയർത്തുകയും ചെയ്യുന്നുണ്ട്. ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനായി കേരളത്തിലെ കുടുംബശ്രീ യൂണിറ്റുകൾ നടപ്പിലാക്കുന്ന പ്രധാന സംരംഭങ്ങൾ ഇവയാണ്:

**ഭക്ഷ്യസുരക്ഷിത ഭവനങ്ങൾ (ഭക്ഷ്യ സുരക്ഷാ ഭവനം)**: ഈ പരിപാടി അയൽക്കൂട്ടങ്ങളെ (എൻഎച്ച്ജികൾ) ചെറിയ പ്ലോട്ടുകളിലോ ഗ്രോ-ബാഗുകളിലോ (ഒരു ഗ്രൂപ്പിന് കുറഞ്ഞത് 3 സെന്റ് അല്ലെങ്കിൽ ഒരാൾക്ക് 5 ഗ്രോ ബാഗുകൾ) പച്ചക്കറികൾ കൃഷി ചെയ്യുന്നതിന് സജ്ജമാക്കുന്നു. 2017 ഓഗസ്റ്റിൽ സംസ്ഥാന വ്യാപകമായി ആരംഭിച്ച ഈ പരിപാടി 20 ലക്ഷത്തിലധികം കുടുംബങ്ങൾക്ക് സ്വന്തമായി പച്ചക്കറികൾ കൃഷി ചെയ്യാൻ പ്രാപ്തരാക്കുകയും, ഗാർഹിക പോഷകാഹാരം മെച്ചപ്പെടുത്തുകയും ബാഹ്യ സ്രോതസ്സുകളെ ആശ്രയിക്കുന്നത് കുറയ്ക്കുകയും ചെയ്യുന്നു.

**ജൈവ, സുരക്ഷിത ഭക്ഷ്യകൃഷി**: കേരളത്തെ ഭക്ഷ്യ സ്വയംപര്യാപ്തതയിലേക്കും കീടനാശിനി രഹിത ഉൽപന്നങ്ങളിലേക്കും നയിക്കാനുള്ള ശ്രമങ്ങളുടെ ഭാഗമായി, 2004 മുതൽ കുടുംബശ്രീ കർഷകർ ഏകദേശം 60,000 ജോയന്റ് ലയബിലിറ്റി ഗ്രൂപ്പ് (ജെഎൽജി) മുഖേന ജൈവ അരി, പഴങ്ങൾ, പച്ചക്കറികൾ എന്നിവ കൃഷി ചെയ്തുവരുന്നു.

**പോഷകാഹാര സംരംഭങ്ങളും ഐസിഡിഎസുമായുള്ള സംയുക്തസംരംഭവും:** കുടുംബശ്രീ 241 സൂക്ഷ്മ സംരംഭങ്ങൾ നടത്തുന്നു. അമൃതം ന്യൂട്രിമിക്സ് എന്ന മൈക്രോന്യൂട്രിയന്റ് ഫോർട്ടിഫൈഡ് ഫുഡ് സപ്ലിമെന്റ് ഐസിഡിഎസ് അംഗണവാടികൾ വഴി കുട്ടികൾ, കൗമാരക്കാരായ പെൺകുട്ടികൾ, ഗർഭിണികൾ/മുലയൂട്ടുന്ന സ്ത്രീകൾ എന്നിവർക്ക് വിതരണം ചെയ്യുന്നു. അസംസ്കൃത വസ്തുക്കളുടെ സംഭരണം മുതൽ പ്രോസസ്സിംഗ് പ്രോട്ടോക്കോളുകൾ, പാക്കേജിംഗ് മെഷിനറികൾ വരെയുള്ള പിന്തുണയോടെ ഇവ കർശനമായി ഗുണനിലവാര നിയന്ത്രണത്തിലാണ് നടത്തുന്നത്.

**സ്കൂളുകളിലെ കുടുംബശ്രീ മാ കെയർ കിയോസ്ക്കുകൾ**:– സ്കൂൾ പരിസരത്ത് കുട്ടികൾക്ക് പോഷകസമൃദ്ധമായ ലഘുഭക്ഷണങ്ങൾ, പാനീയങ്ങൾ, സ്റ്റേഷനറി സാധനങ്ങൾ, സാനിറ്ററി നാപ്കിനുകൾ എന്നിവ നൽകുന്നു. പൊതുവിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ചാണ് ഈ സംരംഭം നടപ്പിലാക്കുന്നത്. കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ ആരംഭിച്ച ഈ പദ്ധതി ഇപ്പോൾ ഇടുക്കി, പത്തനംതിട്ട, മലപ്പുറം എന്നിവിടങ്ങളിലേക്ക് വ്യാപിപ്പിച്ചിരിക്കുന്നു. ക്ലാസ് സമയത്ത് കുട്ടികൾ സ്കൂൾ വിട്ടു പോകുന്നത് ഒഴിവാക്കുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം.

**ഈറ്റ് റൈറ്റ് കേരള ആപ്**: കേരള ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ സംസ്ഥാന വ്യാപകമായ ഈ സംരംഭം 2023 ജൂൺ 7 ന് ലോക ഭക്ഷ്യസുരക്ഷാ ദിനത്തോടനുബന്ധിച്ച് ഉദ്ഘാടനം ചെയ്തു. നല്ല ഭക്ഷണം നാടിന്റെ അവകാശം എന്ന പ്രചാരണത്തിന്റെ ഭാഗമായി കേരള ഭക്ഷ്യസുരക്ഷാ വകുപ്പ് ആരംഭിച്ച നൂതന ഡിജിറ്റൽ സംവിധാനം ഉപഭോക്താക്കളെ ശുചിത്വ സർട്ടിഫിക്കറ്റ് ലഭിച്ച ഭക്ഷണശാലകളുമായി ബന്ധിപ്പിക്കുകയും പരാതി പരിഹാരം സുഗമമാക്കുകയും മൊത്തത്തിലുള്ള ഭക്ഷ്യസുരക്ഷാ അവബോധം വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഈറ്റ് റൈറ്റ് കേരള ആപ്പ് ഏകദേശം 40 ഭക്ഷ്യ സുരക്ഷാ, ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കുന്ന ഹോട്ടലുകൾക്ക് ശുചിത്വ നക്ഷത്ര സർട്ടിഫിക്കറ്റുകൾ നൽകുന്നു.

**പ്രതിസന്ധി പ്രതികരണത്തിലും മാനേജ്മെന്റിലും പൊതുവിതരണ സംവിധാനത്തിന്റെ പങ്ക്**:കഴിഞ്ഞ ദശകത്തിൽ കേരളം നിരവധി പ്രതിസന്ധികൾ നേരിടുകയുണ്ടായി. നിപ വൈറസ്, മുണ്ടക്കൈ ദുരന്തം തുടങ്ങിയവ ചില പ്രദേശങ്ങളെ കേന്ദ്രീകരിച്ചാണെങ്കിൽ ഓഖി ചുഴലിക്കാറ്റ്, 2018, 2019 ലെ വെള്ളപ്പൊക്കം എന്നിവ വലിയ പ്രദേശങ്ങളെയും കൂടുതൽ ജനവിഭാഗങ്ങളെയും ബാധിക്കുകയുണ്ടായി. മറുവശത്ത്, ആഗോള കോവിഡ്-19 മഹാമാരി മുഴുവൻ ജനങ്ങളെയും ബാധിച്ചു. ഇത്തരം പ്രതിസന്ധി ഘട്ടങ്ങളിൽ, സംസ്ഥാനം ഏറ്റെടുക്കുന്ന പ്രാഥമിക ആശ്വാസ നടപടികളിൽ ഒന്ന്, പൊതുവിതരണ സംവിധാനം വഴി ദുരിതബാധിത ജനങ്ങൾക്ക് സൗജന്യമായി ഭക്ഷ്യധാന്യം വിതരണം ചെയ്യുക എന്നതാണ്. 2024-ൽ വയനാട്ടിലെ മുണ്ടക്കൈയിലുണ്ടായ ഉരുൾപൊട്ടലിനെത്തുടർന്ന്, ഉരുൾപൊട്ടൽ ബാധിത പ്രദേശങ്ങളിലെ കാർഡ് ഉടമകൾക്ക് സംസ്ഥാന സർക്കാർ പൊതു വിതരണ സംവിധാനം മുഖേന ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്തു.

കോവിഡ്-19 ലോക്ക്ഡൗൺ സമയത്ത്, സംസ്ഥാനത്തിന്റെ പൊതുവിതരണ സംവിധാനത്തിന്റെ ചരിത്രത്തിൽ

**പട്ടിക 11.2** *സുസ്ഥിര വികസന ലക്ഷ്യം - 2 വിശപ്പ് രഹിതത്തിൽ കേരളത്തിന്റെയും ഇന്ത്യയുടെയും പ്രകടനങ്ങൾ*

| സൂചകങ്ങൾ | കേരളം | ഇന്ത്യ | ലക്ഷ്യം |
|---|---|---|---|
| എൻഎഫ്എസ്എ - 2013 ന്റെ കീഴിൽ വരുന്ന ഗുണഭോക്താക്കൾ, (%) | 100 | 99 | 100 |
| 5 വയസ്സിന് താഴെ ഭാരക്കുറവുള്ള കുട്ടികൾ (%) | 19.7 | 32.1 | 13.3 |
| വളർച്ച മുരടിച്ച 5 വയസ്സിന് താഴെയുള്ള കുട്ടികൾ (%) | 23.4 | 35.5 | 23.7 |
| വിളർച്ച ബാധിച്ച ഗർഭിണികൾ (15 - 49) (%) | 31.4 | 52.2 | 25.2 |
| (15 വയസ്സിനും - 49 വയസ്സിനും ഇടയ്ക്ക്) ബിഎംഐ 18 ൽ താഴെയുള്ള സ്ത്രീകൾ (%) | 10.1 | 18.7 | 7.7 |
| ഓരോ യൂണിറ്റ് ഏരിയയിലും ഉൽപ്പാദിപ്പിക്കുന്ന അരിയും ഗോതമ്പും (കിലോഗ്രാം/ഹെക്ടറിൽ) | 2882.2 | 3052.3 | 5322 |
| ഓരോ തൊഴിലാളിയുടെയും കാർഷിക മേഖലയിലെ ജിവിഎ - (ലക്ഷം/തൊഴിലാളി) | 2.28 | 0.86 | 1.22 |
| ആകെ സ്കോർ | 84 | 52 | 100 |

*ഉറവിടം:* എസ്ഡിജി ഇന്ത്യ സൂചിക 2023-24

ആദ്യമായി, 97 ശതമാനത്തിലധികം ഗുണഭോക്താക്കൾക്കും റേഷൻ വിഹിതം ലഭ്യമാക്കി. 87 ലക്ഷത്തിലധികം കുടുംബങ്ങൾക്ക് പയർവർഗ്ഗങ്ങൾ, എണ്ണ, പഞ്ചസാര, സോപ്പ്, സുഗന്ധവ്യഞ്ജനങ്ങൾ തുടങ്ങിയ അവശ്യവസ്തുക്കൾ അടങ്ങിയ കിറ്റുകൾ ലഭിച്ചു, ഇത് പ്രതിമാസം ശരാശരി 78.6 ലക്ഷത്തിലധികം കിറ്റുകൾ വരെ എത്തി. ചെലവ് ഏകദേശം 4,198.3 കോടി രൂപ ആയിരുന്നു. 14,242-ലധികം സിവിൽ സപ്ലൈസ് സ്റ്റോറുകൾ വഴി കിറ്റുകൾ വിതരണം ചെയ്തു, ആവശ്യമുള്ളപ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ഹോം ഡെലിവറി ഉറപ്പാക്കി. ഈ കാലയളവിൽ, തോട്ടം മേഖലകൾ ഉൾപ്പെടെ സംസ്ഥാനത്തുടനീളമുള്ള 70,000-ത്തിലധികം അതിഥി തൊഴിലാളികൾക്ക് സഹായം നൽകി. ഈ കാലയളവിൽ, റേഷൻ കാർഡ് ഉടമകൾക്ക് 14 പലചരക്ക് സാധനങ്ങൾ അടങ്ങിയ ഓണം ഭക്ഷ്യ കിറ്റുകളും നൽകി. ഈ നടപടികൾക്ക് പുറമേ, ഉച്ചഭക്ഷണ പദ്ധതിയുടെ പരിധിയിൽ വരുന്ന പ്രൈമറി തലം വരെയുള്ള വിദ്യാർത്ഥികൾക്ക് അവശ്യസാധനങ്ങളും അരി കിറ്റുകളും നൽകി. സംസ്ഥാനത്തുടനീളമുള്ള സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ ഏകദേശം 26,26,110 വിദ്യാർത്ഥികൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചു. ട്രോളിംഗ് നിരോധനം മൂലം ദുരിതമനുഭവിച്ച മത്സ്യത്തൊഴിലാളികൾക്ക് പകർച്ചവ്യാധി സമയത്ത് ഭക്ഷ്യ കിറ്റുകളും നൽകി. ചലനശേഷി പരിമിതമായിരുന്ന സമയത്ത് കുടുംബശ്രീ, ആശ, അംഗൻവാടി പ്രവർത്തകർ എന്നിവരുൾപ്പെടെയുള്ള താഴെത്തട്ടിലുള്ള പ്രവർത്തകർ റേഷനും കിറ്റുകളും വിതരണം ചെയ്യുന്നതിൽ പങ്കാളികളായത് ഈ സഹായ നടപടികൾ അവർക്ക് ലഭ്യമാകുന്നത് ഉറപ്പാക്കി.

### വെല്ലുവിളികൾ

എൻ എഫ് എസ് എ നിലവിൽ വരുന്നതിനു മുമ്പുതന്നെ, സാർവത്രിക റേഷനിംഗ് സംവിധാനത്തിലൂടെ കേരളം സ്ഥിരമായി ജനങ്ങൾക്ക് ഭക്ഷ്യസുരക്ഷ ഉറപ്പാക്കിയിട്ടുണ്ട്. സുസ്ഥിര വികസന ലക്ഷ്യം-2, പട്ടിണി രഹിതം സൂചികയിൽ സംസ്ഥാനങ്ങൾക്കിടയിൽ ഏറ്റവും ഉയർന്ന സ്കോർ (84) നേടി, 2023-24 ലെ സുസ്ഥിര വികസന ലക്ഷ്യം (എസ് ഡി ജി) ഇന്ത്യയുടെ സൂചികയിൽ സംസ്ഥാനങ്ങൾക്കിടയിൽ കേരളം ഒന്നാം സ്ഥാനത്താണ്. ഈ ലക്ഷ്യത്തിലെ ദേശീയ സ്കോർ 52 ആണ്.

സംസ്ഥാനത്ത് ഏറ്റെടുത്തിട്ടുള്ള പോഷകാഹാര ഇടപെടലുകളിൽ വിശദമായി പറഞ്ഞാൽ, പൊതു വിതരണ സംവിധാനം, സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതി, ഐസിഡിഎസിന് കീഴിലുള്ള അംഗൻവാടികൾ മുഖേനയുള്ള പൂരക പോഷകാഹാരം എന്നിവ ഉൾപ്പെടുന്നു. പൊതുവിതരണ സമ്പ്രദായത്തിന് കീഴിൽ വിതരണം ചെയ്യുന്ന അരിയും ഗോതമ്പും ബ്രഹത്തായ പോഷക ആവശ്യകതകൾ നിറവേറ്റാൻ സഹായകമാകുന്നു. ഉച്ചഭക്ഷണ പരിപാടി പ്രകാരം കുട്ടികൾക്ക് നൽകുന്ന ഭക്ഷണം, മൂന്ന് വയസ്സിന് താഴെയുള്ള കുട്ടികൾക്ക് നൽകുന്ന പൂരക പോഷകാഹാരം വീട്ടിലേക്ക് കൊണ്ടുപോകുന്ന റേഷൻ, ഐസിഡിഎസിന് കീഴിലുള്ള അംഗൻവാടികൾ വഴി മൂന്ന് മുതൽ ആറ് വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്ക് നൽകുന്ന പാകം ചെയ്ത ഭക്ഷണം എന്നിവയിൽ പോഷകാംശം ഇടയ്ക്കിടെ പുനഃപരിശോധിക്കേണ്ടത് അത്യാവശ്യമാണ്. ജീവിതത്തിലെ ആദ്യ 1,000 ദിനങ്ങൾ എന്ന പരിപാടി പ്രകാരം ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, സാമൂഹികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളിൽ നിന്നുള്ള ശിശുക്കൾ എന്നിവർക്ക് മതിയായ പോഷകാഹാരം ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ഒരു നിയമപരമായ നിരീക്ഷണ സംവിധാനം ആവശ്യമാണ്. ദരിദ്രർക്ക് കുറഞ്ഞത് ഒരു നേരത്തെ ഭക്ഷണമെങ്കിലും സൗജന്യമായോ സബ്സിഡി നിരക്കിലോ നല്കുന്ന വിശപ്പ് രഹിത കേരളം പദ്ധതിയുടെ കവറേജ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ മെച്ചപ്പെടുത്താൻ കഴിയും.

### മാറുന്ന ഭക്ഷണ ഉപഭോഗ രീതികൾ

വർദ്ധിച്ചുവരുന്ന ക്രയ ശേഷി, കുടിയേറ്റം മൂലമുണ്ടാകുന്ന

പുതിയ ഭക്ഷണരീതികളിലേക്കുള്ള മാറ്റം, പ്രാദേശിക ലഭ്യത, ജനസംഖ്യാ വ്യതിയാനം തുടങ്ങിയ ഘടകങ്ങൾ സംസ്ഥാനത്തെ ഭക്ഷ്യ ഉപഭോഗ രീതികളെ മാറ്റാവുന്നതും പൊതുവിതരണ സമ്പ്രദായം വഴിയുള്ള അരിയുടെ ആവശ്യകതയെ ഇത് ബാധിച്ചേക്കാവുന്നതുമാണ്. വ്യത്യസ്ത വരുമാന വിഭാഗക്കാർക്കിടയിൽ, പ്രത്യേകിച്ച്, വിവിധ കാർഡ് ഉടമ വിഭാഗങ്ങൾക്കിടയിൽ വ്യത്യസ്ത രീതിയിൽ ധാന്യങ്ങൾ ലഭ്യമാക്കുന്ന സാഹചര്യത്തിൽ ഈ മാറ്റങ്ങൾ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നുവെന്ന് വിലയിരുത്തേണ്ടത് പ്രധാനമാണ്. മാംസം, കോഴിയിറച്ചി, സംസ്കരിച്ച ഭക്ഷണങ്ങൾ എന്നിവയ്ക്കായുള്ള ചെലവ് ഇപ്പോൾ ഭക്ഷ്യ ഉപഭോഗ ചെലവിന്റെ 45 ശതമാനത്തോളം വരും, എന്നിരുന്നാലും ഈ ഭക്ഷണങ്ങളുടെ ലഭ്യത വരുമാന നിലവാരത്തിനനുസരിച്ച് ഗണ്യമായി വ്യത്യാസപ്പെടുന്നു.

എന്നിരുന്നാലും, എൻ എഫ് എച്ച് എസ് 4 നും 5 നും ഇടയിൽ അമിതഭാരവും പൊണ്ണത്തടിയും പുരുഷന്മാരിൽ 29 ൽ നിന്ന് 36 ശതമാനമായും സ്ത്രീകളിൽ 32 ൽ നിന്ന് 38 ശതമാനമായും വർദ്ധിച്ചിട്ടുണ്ട്. പ്രമേഹം, രക്താതിമർദ്ദം തുടങ്ങിയ സാംക്രമികേതര രോഗങ്ങളുടെ വർദ്ധനവും ഉണ്ടായിട്ടുണ്ട്. സംസ്ഥാനത്ത് പ്രായമായവരുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ, ഭക്ഷണക്രമത്തിലെ മാറ്റങ്ങൾ പൊതുവിതരണ സംവിധാനത്തിലൂടെ പരിഹരിക്കേണ്ടതുണ്ട്.

രണ്ട് തരത്തിലുള്ള പൊതു അവബോധം ശക്തിപ്പെടുത്തേണ്ടതുണ്ട്: എൻഎഫ്എസ്എ പ്രകാരമുള്ള അവകാശങ്ങളെക്കുറിച്ചുള്ള അവബോധം, പോഷകാഹാരത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള അവബോധം. വിഭാഗങ്ങൾക്കനുസരിച്ചുള്ള അവകാശങ്ങളെക്കുറിച്ചും, വഹിച്ചുകൊണ്ടുപോകാനുള്ള സൗകര്യം , പ്രോക്സി സൗകര്യങ്ങൾ, സേവന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ലഭ്യമായ പരാതി പരിഹാര സംവിധാനങ്ങൾ തുടങ്ങിയ വ്യവസ്ഥകളെക്കുറിച്ചും ഗുണഭോക്താക്കളെ ബോധവത്കരിക്കേണ്ടതുണ്ട്. കുടിയേറ്റ ജനതയെ അവരുടെ സ്വന്തം ഭാഷകളിൽ വിവരങ്ങൾ എത്തിക്കുന്നതിനുള്ള അധിക ശ്രമങ്ങൾക്കൊപ്പം, അവബോധം വളർത്തുന്നതിനായി വകുപ്പ് റേഡിയോ, ടെലിവിഷൻ, പ്രിന്റ്, സോഷ്യൽ മീഡിയ എന്നിവയുൾപ്പെടെ ഒന്നിലധികം പ്ലാറ്റ്ഫോമുകൾ ഉപയോഗിക്കുന്നു. ആരോഗ്യ വകുപ്പ്, ഐ സി ഡി എസ്, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ തുടങ്ങിയ ഏജൻസികളുമായി ഏകോപിപ്പിച്ച്, പോഷകാഹാര, ഭക്ഷ്യധാന്യ വൈവിധ്യവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിന് പൊതുവിതരണ സംവിധാനത്തിന്റെ വിശാലമായ ഗുണഭോക്തൃ അടിത്തറയും വ്യാപ്തിയും പ്രയോജനപ്പെടുത്തേണ്ടതുണ്ട്.

കേരളം ചരിത്രപരമായി ഒരു ഉപഭോക്തൃ സംസ്ഥാനമായതിനാൽ, ഭക്ഷ്യസുരക്ഷ ഉറപ്പാക്കാൻ ഭക്ഷ്യ സബ്സിഡികൾ നൽകുകയും, കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുകയും വിതരണ ശൃംഖല മാനേജ്മെന്റ് ശക്തിപ്പെടുത്തുകയുംവേണം. തദ്ദേശീയ ഭക്ഷ്യവിളകളുടെ പ്രോത്സാഹനവും അത്യാവശ്യമാണ്. കർഷകർ, യുവാക്കൾ, സ്വദേശത്തേക്ക് തിരിച്ചെത്തിയ പ്രവാസികൾ, കുടുംബശ്രീ യൂണിറ്റുകൾ, എൻജിഒകൾ എന്നിവരുമായി സഹകരിച്ചുള്ള സമീപനത്തിലൂടെ കാർഷിക ഉൽപാദനവും അനുബന്ധ മേഖലകളും ഉത്തേജിപ്പിക്കുന്നതിനായി മഹാമാരിയുടെ സമയത്ത് അവതരിപ്പിച്ച സുഭിക്ഷ കേരളം പോലുള്ള പരിപാടികളുടെ വ്യാപകമായ പ്രചാരണവും സ്വീകാര്യതയും ഈ ലക്ഷ്യത്തെ പിന്തുണയ്ക്കുന്നതാണ്.

## മുന്നോട്ട്

മുന്നോട്ടുള്ള പ്രവർത്തനങ്ങളിൽ ഇവ ഉൾപ്പെടുന്നു:

**മെച്ചപ്പെട്ട സംഭരണം**: എൻഎഫ്എസ്എ ആവശ്യകതകൾ നിറവേറ്റുന്നതിനും സമയബന്ധിതമായ വിതരണത്തെ പിന്തുണയ്ക്കുന്നതിനും ഭക്ഷ്യധാന്യ സംഭരണ, ഗതാഗത സംവിധാനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ട്. പ്രവചനാതീതമായ കാലാവസ്ഥാ രീതികളും വർദ്ധിച്ചുവരുന്ന പ്രകൃതി ദുരന്തങ്ങളും കണക്കിലെടുത്ത്, ശാസ്ത്രീയ സംഭരണ മാർഗങ്ങൾ സ്വീകരിക്കേണ്ടത് അത്യാവശ്യമായി മാറിയിരിക്കുന്നു. ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം സംരക്ഷിക്കുന്നതിന്, സ്റ്റീൽ സംഭരണശാലകൾ ഘട്ടം ഘട്ടമായും സമയബന്ധിതമായും ആരംഭിക്കുന്നത് ഉൾപ്പെടെ, മതിയായ സംഭരണ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് മുൻഗണന നൽകണം.

**മെച്ചപ്പെട്ട നിരീക്ഷണം**: എഫ്പിഎസുകൾക്കും ഗുണഭോക്താക്കൾക്കും ഭക്ഷ്യധാന്യങ്ങൾ ശരിയായ അളവിലും ഗുണനിലവാരത്തിലും വിതരണം ഉറപ്പാക്കുന്നതിന് എഫ്സിഐ ഗോഡൗണുകൾ മുതൽ ഗുണഭോക്താവിന്റെ വീട്ടുപടിക്കൽ വരെയുള്ള ഭക്ഷ്യവിതരണ ശൃംഖലയുടെ സമ്പൂർണ്ണ കമ്പ്യൂട്ടറൈസേഷൻ ശക്തിപ്പെടുത്തണം. ഗോഡൗണുകളിലും എഫ്പിഎസുകളിലും തുടർച്ചയായ പരിശോധനകൾ, എഫ്പിഎസ് മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ചുള്ള തത്സമയ പരിശോധനകൾ, സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് നടപടിക്രമങ്ങളെ അടിസ്ഥാനമാക്കി എല്ലാ ഘട്ടങ്ങളിലും നിർബന്ധിത ഗുണനിലവാര പരിശോധനകൾ, മോഷണം തടയുന്നതിന് ജിഐഎസ് ട്രാക്കിംഗും സിസിടിവി നിരീക്ഷണവും ത്വരിതപ്പെടുത്തൽ എന്നിവയിലൂടെ നിരീക്ഷണ സംവിധാനങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബിഗ് ഡാറ്റ അനലിറ്റിക്സ് തുടങ്ങിയ നൂതന സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുന്നതിലൂടെ കൂടുതൽ കാര്യക്ഷമതയും സുതാര്യതയും കൈവരിക്കാൻ കഴിയും, ഇത് സംസ്ഥാനത്തെ മെച്ചപ്പെട്ട ധാന്യ അനുശാസനത്തിന് ഉപകാരപ്രദമാകുകയും ചെയ്യും. എഫ് പി എസ് തലത്തിലുള്ള വിജിലൻസ് കമ്മിറ്റികളെ ശക്തിപ്പെടുത്തുന്നതും എഫ്പിഎസുകളിലുടനീളം സോഷ്യൽ ഓഡിറ്റുകൾ സ്ഥാപനവൽക്കരിക്കുന്നതും സേവന നിലവാരവും ഉത്തരവാദിത്തവും കൂടുതൽ മെച്ചപ്പെടുത്തുന്നതാണ്.

**ഉൾപ്പെടുത്തലും പ്രാപ്യതയും ഉറപ്പാക്കുക:** ഭക്ഷ്യസുരക്ഷയോടുള്ള കേരളത്തിന്റെ സമീപനത്തിൽ എല്ലാവരെയും ഉൾപ്പെടുത്തൽ പ്രധാന ഘടകമാണ്. നഗരപ്രദേശങ്ങളിലെ തൊഴിലാളികൾക്കും, വിദൂര പ്രദേശങ്ങളിലെ പട്ടികവർഗ സമൂഹങ്ങൾക്കും, കിടപ്പിലായ വൃദ്ധ ഗുണഭോക്താക്കൾക്കും ഭക്ഷ്യധാന്യങ്ങൾ സൗകര്യപ്രദമായി നിരന്തരം ലഭ്യമാക്കുന്നതിനായി ധാന്യ വിതരണ കേന്ദ്രങ്ങൾ (എവിടെയും എപ്പോഴും റേഷൻ കടകൾ), മൊബൈൽ

റേഷൻ കടകൾ, ഒപ്പം പരിപാടി തുടങ്ങിയ സംരംഭങ്ങൾ കൂടുതൽ വിപുലീകരിക്കേണ്ടതാണ്.

ദരിദ്രരും തെരുവ് നിവാസികളും ഉൾപ്പെടെയുള്ള അതിദുർബലരായ വിഭാഗങ്ങൾക്ക് ദിവസത്തിൽ ഒരു നേരം ഭക്ഷണമെങ്കിലും നൽകുന്ന ജനകീയ ഹോട്ടലുകൾ പോലുള്ള പ്രാദേശിക തലത്തിലുള്ള ഇടപെടലുകൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെയുംസാമൂഹിക സംഘടനകളുടെയും കൂടുതൽ പങ്കാളിത്തത്തിലൂടെ ശക്തിപ്പെടുത്താൻ കഴിയും. ഉച്ചഭക്ഷണത്തിന്റെയും അംഗൻവാടി പോഷകാഹാരത്തിന്റെയും ഉത്തരവാദിത്തമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ, പ്രാദേശിക തലത്തിൽ കൂടുതൽ നൂതനവും സുസ്ഥിരവുമായ ഭക്ഷ്യസുരക്ഷാ സംരംഭങ്ങൾ ഏറ്റെടുക്കാൻ സംസ്ഥാനത്തിന്റെ തുടർച്ചയായ പിന്തുണയും പ്രോത്സാഹനവും സഹായകരമാകും.

**സപ്ലൈകോയെ അഭിവൃദ്ധിപ്പെടുത്തൽ**: സപ്ലൈകോയുടെ ഫലപ്രാപ്തി കൂടുതൽ വർദ്ധിപ്പിക്കുന്നതിന്, ഉപഭോക്തൃ ആവശ്യങ്ങൾ മികച്ച രീതിയിൽ നിറവേറ്റുന്നതിനായി കൂടുതൽ ഉൽപ്പന്ന വൈവിധ്യവും ഉൽപ്പന്നങ്ങൾ തെരഞ്ഞെടുക്കാനുള്ള അവസരവും ആരംഭിച്ചുകൊണ്ട് സപ്ലൈകോ ശൃംഖല വികസിപ്പിക്കണം. സേവന വിതരണം മെച്ചപ്പെടുത്തുന്നതിന് ഔട്ട്ലെറ്റുകളിൽ മതിയായ സ്റ്റോക്ക് ഉറപ്പാക്കുകയും ഉപഭോക്താക്കളുമായുള്ള ബന്ധങ്ങളിൽ ജീവനക്കാരുടെ പരിശീലനം ശക്തിപ്പെടുത്തുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. എഫ്പിഎസിനെ കെ-സ്റ്റോറിലേക്ക് മാറ്റുന്നതിനുള്ള സംരംഭം കൂടുതൽ ശക്തിപ്പെടുത്തേണ്ടത് ഈ ഔട്ട്ലെറ്റുകളിൽ വിശ്വസനീയമായ സ്റ്റോക്ക് ലഭ്യതയും ഉചിതമായ ഉൽപ്പന്ന തിരഞ്ഞെടുപ്പും ഉറപ്പാക്കുന്നതിലൂടെയാണ്, ഇത് സംരംഭത്തിന്റെ വിജയത്തിന് നിർണായകമാകും.

**പോഷകാഹാര, ആരോഗ്യ ഫലങ്ങൾ മെച്ചപ്പെടുത്തൽ**: ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിൽ കേരളം വിജയിച്ചിട്ടുണ്ടെങ്കിലും, വിളർച്ച, ഭാരക്കുറവ്, പൊണ്ണത്തടി തുടങ്ങിയ പ്രതികൂല സൂചകങ്ങൾ ഇപ്പോഴും നിലനിൽക്കുന്നതിനാൽ പോഷകാഹാര ഫലങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഗണ്യമായ സാധ്യതയുണ്ട്. പോഷകാഹാര സുരക്ഷ ഉറപ്പാക്കുന്നതിന്, ധാന്യ സമ്പുഷ്ടീകരണം, ചെറുധാന്യങ്ങൾ പോലുള്ള സൂക്ഷ്മ പോഷക സമ്പുഷ്ടമായ ഭക്ഷണങ്ങൾ പ്രോത്സാ ഹിപ്പിക്കൽ തുടങ്ങിയ നടപടികളിലൂടെ ആവശ്യത്തിന് കലോറി, പ്രോട്ടീൻ, സൂക്ഷ്മ പോഷകങ്ങൾ എന്നിവ അടങ്ങിയ സമീകൃതാഹാരം നൽകേണ്ടതുണ്ട്. അരിയോടുള്ള ഇഷ്ടം കുറയുന്നതും സംസ്കരിച്ച ഭക്ഷണങ്ങളുടെ ഉപഭോഗം വർദ്ധിക്കുന്നതും ഉൾപ്പെടെയുള്ള ഭക്ഷ്യ ഉപഭോഗത്തിലെ മാറ്റങ്ങൾ, ആരോഗ്യകരമായ ഭക്ഷണശീലങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം വൈവിധ്യമാർന്ന ധാന്യങ്ങളും ചെറുധാന്യങ്ങളും പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകതയെ എടുത്തുകാണിക്കുന്നു. ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പുകൾ, ആരോഗ്യം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുൾപ്പെടെ ഒന്നിലധികം ഏജൻസികൾ ഉൾപ്പെടുന്ന ഒരു സംയോജിത സമീപനം ആവശ്യമാണ്, അതോടൊപ്പം വർദ്ധിച്ചുവരുന്ന വയോജനങ്ങളുടെ ഭക്ഷണ ആവശ്യങ്ങളും അഭിരുചികളും അഭിമുഖീകരിക്കുകയും വേണം.

**ശാസ്ത്രീയപഠനങ്ങൾ**:

എൻഎഫ്എസ്എ നിർബന്ധിത സമകാലിക മൂല്യനിർണയത്തിനും സാമൂഹിക ആഡിറ്റുകൾക്കും പുറമേ സംസ്ഥാനത്തിൻറെ പ്രത്യേക പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും അതിന് അനുയോജ്യമായ പരിഹാരങ്ങൾ രൂപകൽപ്പന ചെയ്യുന്നതിനുമായി സംസ്ഥാനതലത്തിലുള്ള ശാസ്ത്രീയ പഠനങ്ങൾ നടത്തുകയും ചെയ്യണം.

# അദ്ധ്യായം 12
# കുടിവെള്ളവും ശുചിത്വവും

ജലസ്രോതസ്സുകളുടെ പുനരുദ്ധാരണവും സംരക്ഷണവും, ജലവിതരണ ശൃംഖലകളുടെ വിപുലീകരണം, എല്ലാ വീടുകളിലും സുരക്ഷിതമായ കുടിവെള്ള ലഭ്യത ഉറപ്പാക്കൽ എന്നിവയാണ് കേരള സർക്കാരിന്റെ നയം. സുരക്ഷിതമായ കുടിവെള്ളവും ഫലപ്രദമായ മലിനജല സംസ്കരണ സംവിധാനങ്ങളും പൊതുജനാരോഗ്യത്തിന് അനിവാര്യമാണ്. ജലമലിനീകരണം, കാലാവസ്ഥാ വ്യതിയാനം, ഭൂഗർഭജല ലഭ്യതയിലുണ്ടാകുന്ന കുറവ്, അമിതമായ ജലോപയോഗം എന്നിവ ഈ ലക്ഷ്യം കൈവരിക്കുന്നതിലെ പ്രധാന വെല്ലുവിളികളാണ്. ഇന്ത്യയിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന രോഗങ്ങൾക്കും മരണങ്ങൾക്കും പ്രധാന കാരണം കുടിവെള്ളത്തിന്റെ മോശം ഗുണനിലവാരമാണ്. ആരോഗ്യസംരക്ഷണം, സാമ്പത്തിക വളർച്ച, ദാരിദ്ര്യ നിർമ്മാർജ്ജനം എന്നിവ ഉറപ്പാക്കുന്നതിന് ജലവിഭവ പരിപാലനവും ശുചിത്വ സംവിധാനങ്ങളും ശക്തിപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണ്.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ മുഴുവൻ ജനങ്ങൾക്കും കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിനായുള്ള കർമ്മപദ്ധതികളുടെ ആവശ്യകതയും, കിണറുകളുടെ സംരക്ഷണവും, ജലവിതരണത്തിലെ ചോർച്ചയും നഷ്ടവും കുറയ്ക്കേണ്ടതിന്റെ പ്രാധാന്യവും ചൂണ്ടിക്കാട്ടിയിരുന്നു. പതിനാലാം പഞ്ചവത്സര പദ്ധതിയാകട്ടെ, ജലസ്രോതസ്സുകളുടെ വീണ്ടെടുപ്പ്, സംരക്ഷണം, നീതിയുക്തമായ വിതരണം, ഉപയോഗിക്കാവുന്ന ജലത്തിന്റെ ലഭ്യത വർദ്ധിപ്പിക്കൽ എന്നിവയിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഇത് ചെയ്തിരുന്നത് ജലവിതരണ സംവിധാനങ്ങളുടെ ആഡിറ്റിംഗ്, ഗൃഹോപയോഗ കിണറുകളുടെ സർട്ടിഫിക്കേഷൻ, മഴവെള്ള സംഭരണം, ഗ്രാമീണ മേഖലയിൽ 'ജൽ ജീവൻ മിഷൻ' പദ്ധതിയുടെ ഭാഗമായി പൈപ്പ് ലൈൻ വഴി കുടിവെള്ളം എത്തിക്കൽ സംസ്ഥാനത്തുടനീളം ഘട്ടംഘട്ടമായി വികേന്ദ്രീകൃത മലിനജല സംസ്കരണ സംവിധാനങ്ങൾ നടപ്പിലാക്കൽ എന്നിവ വഴിയാണ്.

ദേശീയ ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിൽ ജലത്തിന്റെ ആവശ്യകത കൂടുതലാണ്. 2011-ലെ സെൻസസ് പ്രകാരം, കേരളത്തിലെ ജനസംഖ്യയിൽ 62 ശതമാനവും അവരുടെ പ്രധാന കുടിവെള്ള സ്രോതസ്സായി കിണറുകളെയാണ് ആശ്രയിച്ചിരുന്നത്, അതേസമയം 29 ശതമാനം പേർക്ക് പൈപ്പിലൂടെ ലഭിക്കുന്ന ജലവിതരണ സൗകര്യം ഉണ്ടായിരുന്നു. ലഭ്യത കണക്കിലെടുക്കുമ്പോൾ, 78 ശതമാനം കുടുംബങ്ങൾക്കും സ്വന്തം വീട്ടുപറമ്പിൽ തന്നെ ജലസ്രോതസ്സുകൾ ലഭ്യമാണെന്നും, 14 ശതമാനം കുടുംബങ്ങൾ വീടിന് അടുത്തുള്ള ജലസ്രോതസ്സുകളെയാണ് ആശ്രയിക്കുന്നതെന്നും കണക്കുകൾ സൂചിപ്പിക്കുന്നു 2011-ലെ സെൻസസ് ഡാറ്റ പ്രകാരം, 67 ശതമാനം കുടുംബങ്ങൾക്ക് ശൗചാലയ സൗകര്യം ഉണ്ടായിരുന്നുവെന്നും അതിൽ 95 ശതമാനം കുടുംബങ്ങൾക്കും വീടിനുള്ളിൽ തന്നെ ശൗചാലയം ലഭ്യമായിരുന്നുവെന്നും കാണുന്നു. 2025 ആഗസ്റ്റ് 31 വരെ, കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ പൊതുകിണറുകളും പൊതു ടാപ്പുകളും ഉൾപ്പെടെ പൈപ്പിലൂടെ ലഭിക്കുന്ന ജലവിതരണ സൗകര്യം കേരളത്തിലെ ജനസംഖ്യയുടെ 69.3 ശതമാനത്തോളം പേർക്ക് ലഭ്യമാകുന്ന നിലയിലാണ്.

### കേരളത്തിലെ കുടിവെള്ള ലഭ്യത

കേരളത്തിലെ ജനസംഖ്യയുടെ വലിയൊരു വിഭാഗം ഇന്നും പ്രധാന ജലസ്രോതസ്സായി ആശ്രയിക്കുന്നത് കിണറുകളെയാണ്. എന്നാൽ, ജലത്തിന്റെ ഗുണനിലവാരത്തെ സംബന്ധിച്ച ആശങ്കകൾ, പ്രത്യേകിച്ച് സൂക്ഷ്മജീവി സാന്നിധ്യം മൂലമുള്ള മലിനീകരണം, അടിയന്തിര ശ്രദ്ധ ആവശ്യമായ ഗൗരവകരമായ വിഷയമായി ഉയർന്നിട്ടുണ്ട്. ശരിയായ രൂപകൽപ്പനയോ പരിപാലനമോ ഇല്ലാത്ത സെപ്റ്റിക് ടാങ്കുകളും, പര്യാപ്തമല്ലാത്ത മലിനജല-സെപ്റ്റേജ് പരിപാലനവും ഭൂഗർഭജല മലിനീകരണത്തിന് പ്രധാന കാരണമാകുന്നു. സുരക്ഷിതമായ കുടിവെള്ളം ഉറപ്പാക്കുന്നതിന് മെച്ചപ്പെട്ട ശുചിത്വ അടിസ്ഥാനസൗകര്യങ്ങളും ഭൂഗർഭജല സംരക്ഷണവും അത്യന്താപേക്ഷിതമാണെന്ന് ഇത് വ്യക്തമാക്കുന്നു. ജലവിതരണ സംവിധാനങ്ങളുടെ ഗുണനിലവാരം, അളവ്, സ്ഥിരത എന്നിവ ജലസ്രോതസ്സുകൾ, അടിസ്ഥാന സൗകര്യങ്ങൾ, മനുഷ്യവിഭവശേഷി തുടങ്ങിയ വിവിധ ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു.

എല്ലാവർക്കും ഗുണമേന്മയുള്ള കുടിവെള്ളം ഉറപ്പാക്കുക എന്നതാണ് കേരളത്തിന്റെ പ്രധാന ലക്ഷ്യം. കുടിവെള്ള വിതരണം, ശുചിത്വം എന്നീ മേഖലകളിലെ പ്രധാനപ്പെട്ട ഏജൻസികളായി കേരള വാട്ടർ അതോറിറ്റിയും (കെ ഡബ്ല്യൂ എ - ജലനിധി), കേരള ഗ്രാമീണ ജലവിതരണ ശുചിത്വ ഏജൻസിയും (കെ ആർ ഡബ്ല്യൂ എസ് എ) പ്രവർത്തിക്കുന്നു. ഇവർക്ക് പുറമേ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഈ മേഖലയിൽ നിർണ്ണായകമായ പങ്കാണ് വഹിക്കുന്നത്.

കേരള വാട്ടർ അതോറിറ്റി സംസ്ഥാനത്തുടനീളമുള്ള 923 ജലശുദ്ധീകരണ പ്ലാന്റുകൾ, 42.7 ലക്ഷം ഗാർഹിക കണക്ഷനുകൾ, 1.1 ലക്ഷം പൊതു ടാപ്പുകൾ എന്നിവ വഴി ഏകദേശം 2.5 കോടി ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നു. ജലത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി ഒരു സംസ്ഥാന ലാബ്, സംസ്ഥാന റഫറൽ ഇൻസ്റ്റിറ്റ്യൂട്ട്, 14 ജില്ലാ ലാബുകൾ, 71 സബ് ഡിവിഷൻ ലാബുകൾ എന്നിവയുൾപ്പെടെ വിപുലമായ ലാബ് ശൃംഖല അതോറിറ്റിക്കുണ്ട്. കൂടാതെ, ISO മാനദണ്ഡങ്ങൾ പാലിക്കുന്ന 86 NABL അംഗീകൃത ലാബുകളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നു. രാജ്യത്ത് നൂറ് ശതമാനം മീറ്റർ ഘടിപ്പിച്ച ജല കണക്ഷനുകളുള്ള ഏക സംസ്ഥാനമാണ് കേരളം. 'ബ്ലോക്ക് താരിഫ്' (ജല ഉപഭോഗം വർദ്ധിക്കുന്നതിനനുസരിച്ച് നിരക്ക് ഉയരുന്ന രീതിയിലുള്ള) ഘടനയോടുകൂടിയ ഏകീകൃത ജലനിരക്കാണ് സംസ്ഥാനത്തുടനീളം നിലവിലുള്ളത്.

### ജലവിതരണ വ്യാപ്തി

2016 മുതൽ 2025 വരെയുള്ള കാലയളവിൽ കേരളത്തിൽ ജലവിതരണ കണക്ഷനുകളുടെ എണ്ണത്തിൽ, പ്രത്യേകിച്ച് ഗാർഹിക മേഖലയിൽ, സ്ഥിരമായ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഗാർഹിക കണക്ഷനുകൾ

2016-ൽ 17 ലക്ഷമായിരുന്നത് 2025-ൽ 43.7 ലക്ഷമായി വർദ്ധിച്ചു. ഗാർഹികേതര, വ്യവസായിക കണക്ഷനുകൾ കൂടി ഉൾപ്പെടുത്തുമ്പോൾ, ആകെ കണക്ഷനുകളുടെ എണ്ണം 2016-ലെ 18.1 ലക്ഷത്തിൽ നിന്ന് 45.7 ലക്ഷമായി വർദ്ധിച്ചു. ഈ കാലയളവിൽ ആകെ കണക്ഷനുകളുടെ എണ്ണം ഇരട്ടിയിലധികമായത് പൈപ്പ് വഴിയുള്ള ജലവിതരണ ശൃംഖലയിലുണ്ടായ വൻ മുന്നേറ്റത്തെയാണ് കാണിക്കുന്നത്. 2016-ൽ 2.1 ലക്ഷമായിരുന്ന പൊതുടാപ്പുകളുടെ എണ്ണം 2025-ൽ 90,492 ആയി കുറഞ്ഞത്, പൊതുടാപ്പുകളെ ആശ്രയിക്കുന്നതിന് പകരം വ്യക്തിഗത ഗാർഹിക കണക്ഷനുകളിലേക്കും മെച്ചപ്പെട്ട ജലവിതരണ സൗകര്യങ്ങളിലേക്കുമുള്ള മാറ്റത്തെയാണ് സൂചിപ്പിക്കുന്നത്

സംസ്ഥാനവും കേന്ദ്ര സർക്കാരും നൽകുന്ന വിവിധ ഗ്രാന്റുകളും പദ്ധതികളും-സംസ്ഥാന പദ്ധതി, കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി), റീബിൽഡ് കേരള ഇൻഷിയേറ്റീവ്സ് (ആർകെഐ), ജൽ ജീവൻ മിഷൻ (ജെജെഎം), അടൽ മിഷൻ ഫോർ റിജുവിനേഷൻ ആൻഡ് അർബൻ ട്രാൻസ്ഫോർമേഷൻ (അമൃത്), നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ പ്രോഗ്രാം (എൻആർഡിഡബ്ല്യൂപി), നാബാർഡ് എന്നിവ ഉപയോഗപ്പെടുത്തി നിരവധി ജലവിതരണ പദ്ധതികൾ കമ്മീഷൻ ചെയ്ത് നടപ്പാക്കിയതിന്റെ ഫലമായി, ഗ്രാമീണവും നഗരവുമായ ജലവിതരണ മേഖലകളിൽ ശ്രദ്ധേയമായ പുരോഗതി കൈവരിച്ചു.

2017-18 മുതൽ 2024-25 വരെയുള്ള കാലയളവിൽ, കേരള വാട്ടർ അതോറിറ്റിയും കേരള ഗ്രാമീണ ജലവിതരണവും ശുചിത്വ ഏജൻസിയും ഈ മേഖലയിൽ സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്ന് 7,492.2 കോടി ചെലവഴിച്ചിട്ടുണ്ട്.

പതിമൂന്നും പതിനാലും പഞ്ചവത്സര പദ്ധതികളുടെ കാലയളവിൽ, ജൽ ജീവൻ മിഷൻ (JJM), അമൃത്, കിഫ്ബി എന്നിവയിലൂടെ കേരള വാട്ടർ അതോറിറ്റി ജലവിതരണ-മലിനജല സംസ്കരണ മേഖലകളിൽ നിർണ്ണായക നേട്ടങ്ങൾ കൈവരിച്ചു. ജൽ ജീവൻ മിഷന്റെ ഭാഗമായി 2019 മുതൽ 21 ലക്ഷത്തിലധികം പുതിയ പ്രവർത്തനക്ഷമമായ ഗാർഹിക ടാപ്പ് കണക്ഷനുകൾ (എഫ്എച്ച്ടിസി) നൽകിയതിലൂടെ ഗ്രാമീണ ജലവിതരണ വ്യാപ്തി 55.3 ശതമാനമായി വർദ്ധിക്കുകയും പ്രത്യേക ശ്രദ്ധ ആവശ്യമുള്ള പ്രദേശങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ട് എല്ലാ ഗ്രാമീണ സ്കൂളുകളിലും അങ്കണവാടികളിലും കുടിവെള്ള ലഭ്യത ഉറപ്പാക്കുകയും ചെയ്തു. കിഫ്ബിയുടെ ധനസഹായത്തോടെ 13.5 ലക്ഷം പേർക്ക് പ്രയോജനം ലഭിക്കുന്ന 14 പദ്ധതികൾ പൂർത്തിയാക്കുകയും, കുട്ടനാട് കുടിവെള്ള പദ്ധതിയുടെ രണ്ടാം ഘട്ടം ആരംഭിക്കുകയും ചെയ്തു. അമൃത് പദ്ധതിയുടെ ഭാഗമായി അരുവിക്കര, പീച്ചി, തിരുവനന്തപുരം എന്നിവിടങ്ങളിൽ പുതിയ ജലശുദ്ധീകരണ പ്ലാന്റുകൾ ഉൾപ്പെടെയുള്ള വിപുലമായ ജലവിതരണ-മലിനജല സംസ്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കി. മലിനജല സംസ്കരണ പരിധി ഇപ്പോഴും പരിമിതമാണെങ്കിലും, പുതിയ ശൃംഖലകൾ, 107 എം.എൽ.ഡി ശേഷിയുള്ള മുട്ടത്തറ പ്ലാന്റ് ഉൾപ്പെടെയുള്ള നവീകരിച്ച സംവിധാനങ്ങൾ, റോബോട്ടിക് മാൻഹോൾ ക്ലീനിംഗ് രീതികൾ എന്നിവയിലൂടെ ഗണ്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചു. ഗുരുവായൂർ നഗരസഭയ്ക്കായി 3 എം.എൽ.ഡി ശേഷിയുള്ള പുതിയ മലിനജല സംസ്കരണ പദ്ധതി 7 കിലോമീറ്റർ നീളമുള്ള ശൃംഖലയോടുകൂടി 2021 സെപ്റ്റംബർ 30-ന് കമ്മീഷൻ ചെയ്തു. അരുവിക്കര പമ്പിംഗ് സ്റ്റേഷന്റെ ആധുനികവൽക്കരണവും വാട്ടർ അതോറിറ്റിയുടെ വിവിധ കെട്ടിട നിർമ്മിതികളുടെ നവീകരണവും ഇതിലെ പ്രധാന നേട്ടങ്ങളാണ്.

**മലിനജല നിവാരണം**

മലിനജല ശേഖരണത്തിന്റെയും സംസ്കരണത്തിന്റെയും ചുമതലയുള്ള കേരള വാട്ടർ അതോറിറ്റി, നിലവിൽ തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ പരിമിതമായ തോതിൽ മാത്രമാണ് മലിനജല ശൃംഖലകൾ പ്രവർത്തിപ്പിക്കുന്നത്. ശേഷി കുറഞ്ഞ പൈപ്പുകൾ നവീകരിക്കുക, മാൻഹോളുകളുടെ അറ്റകുറ്റപ്പണി നടത്തുക, സേവനം ലഭ്യമല്ലാത്ത പ്രദേശങ്ങളിലേക്ക് ശൃംഖല വിപുലീകരിക്കുക എന്നിവയിലാണ് പ്രധാനമായും ശ്രദ്ധകേന്ദ്രീകരിച്ചിരിക്കുന്നത്. സംസ്ഥാനതലത്തിൽ മലിനജല സംസ്കരണ സംവിധാനങ്ങൾ ആസൂത്രണം ചെയ്യുന്നതിനായി 2020 ജൂലൈയിൽ ഒരു പ്രത്യേക 'സിവറേജ് വെർട്ടിക്കൽ' രൂപീകരിച്ചിരുന്നു. എങ്കിലും, അപര്യാപ്തമായ ധനസഹായം, ഭൂമി ഏറ്റെടുക്കലിലെ പ്രതിസന്ധികൾ, പൊതുജന പ്രതിരോധം, വിവിധ അനുമതികൾ ലഭിക്കുന്നതിലെ കാലതാമസം തുടങ്ങിയ വെല്ലുവിളികൾ ഈ മേഖലയിൽ തുടരുകയാണ്. നിലവിലുള്ള ശൃംഖലകളുടെ പരിപാലനത്തോടൊപ്പം, ദേശീയ ഗ്രീൻ ട്രൈബ്യൂണൽ (NGT) മാനദണ്ഡങ്ങൾ പാലിച്ച്, ശുദ്ധീകരിച്ച ജലം പുനരുപയോഗിക്കാൻ കഴിയുന്ന ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തി 2-3 വാർഡുകൾ ഉൾപ്പെടുന്ന ലഘു പദ്ധതികൾ (Decentralized projects) നടപ്പാക്കാനും വാട്ടർ അതോറിറ്റി ലക്ഷ്യമിടുന്നു. തിരുവനന്തപുരം മുട്ടത്തറ (107 MLD), തിരുവനന്തപുരം മെഡിക്കൽ കോളേജ് (5 MLD), എറണാകുളം എളംകുളം (5 MLD), ഗുരുവായൂർ ചക്കുംകടവ് (3 MLD) എന്നീ നാല് മലിനജല സംസ്കരണ പ്ലാന്റുകളാണ് (STP) പ്രവർത്തനക്ഷമമായുള്ളത്. കൊല്ലം കുരീപ്പുഴയിലെ 12 MLD ശേഷിയുള്ള പ്ലാന്റ് പൂർത്തീകരിക്കാറായി. വിപുലീകരണ പദ്ധതികളിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ്സിന്റെ പിന്തുണയോടെയുള്ള 63.9 കോടി രൂപയും വകയിരുത്തിയിട്ടുള്ള കൊച്ചിയിലെ മലിനജല പൈപ്പ്‌ലൈൻ ശൃംഖലയും. കൂടാതെ, അമൃത് 2.0 പദ്ധതിയുടെ പിന്തുണയുള്ള കോഴിക്കോട് സരോവരത്തെ 27 എം.എൽ.ഡി ശേഷിയുള്ള മലിനജല സംസ്കരണ പ്ലാന്റും അനുബന്ധ ശൃംഖല പ്രവർത്തനങ്ങൾക്കുമായി സ്ഥാപിക്കുന്നതിനായി 179.3 കോടി രൂപയുടെ പദ്ധതിയും ഉൾപ്പെടുന്നു.

**ഗ്രാമീണ മേഖലയിലെ ജലവിതരണ പ്രശ്നപരിഹാരം**:

ഗ്രാമീണ ജലവിതരണം ശക്തിപ്പെടുത്തുന്നതിനായി നബാർഡ് സഹായത്തോടെയുള്ള കേരള വാട്ടർ അതോറിറ്റി ഗ്രാമീണ കുടിവെള്ള പദ്ധതികളും മറ്റ് വിവിധ സംരംഭങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. ഇത്തരം 19 പദ്ധതികളിൽ 17 എണ്ണം ഇതിനോടകം പൂർത്തിയായി. 2020 ഏപ്രിലിൽ 34 ശതമാനമായിരുന്ന ഗ്രാമീണ പൈപ്പ് ലൈൻ കുടിവെള്ള വ്യാപ്തി, ജൽ ജീവൻ മിഷന്റെ വരവോടെ ഗണ്യ

മായി വർദ്ധിച്ചു. പുതിയ പദ്ധതികൾ ആവിഷ്കരിച്ചും, നിലവിലുള്ളവയുടെ നവീകരണവും പൂർത്തീകരണവും വേഗത്തിലാക്കിയുമാണ് ഈ പുരോഗതി കൈവരിച്ചത്.

**നഗര ജലവിതരണ പദ്ധതികളിലെ പ്രശ്നം അഭിമുഖീകരിക്കൽ:**

നഗര-ഗ്രാമ മേഖലകളിലെ പ്രധാന സേവനദാതാവായ കേരള വാട്ടർ അതോറിറ്റി, നഗര ജലവിതരണ പദ്ധതികളുടെ പുനരുദ്ധാരണവും നവീകരണവും, ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ (എഡിബി) സഹായത്തോടെയുള്ള കേരള അർബൻ വാട്ടർ സപ്ലൈ ഇംപ്രൂവ്മെന്റ് പ്രോജക്ട് തുടങ്ങിയ ബൃഹദ് പദ്ധതികൾ നടപ്പിലാക്കുന്നു. നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ പുതിയ പദ്ധതികൾ ആവിഷ്കരിച്ചും വിതരണ ശൃംഖല വിപുലീകരിച്ചും നഗരപ്രദേശങ്ങളിൽ നൂറ് ശതമാനം ജലവിതരണ വ്യാപ്തി കൈവരിക്കുക എന്നതാണ് പുതിയ പദ്ധതിയുടെ പ്രഥമ ലക്ഷ്യം. കേരള അർബൻ വാട്ടർ സപ്ലൈ ഇംപ്രൂവ്മെന്റ് പ്രോജക്ടിലൂടെ ജല ഉൽപ്പാദന-വിതരണ ശൃംഖലകളുടെ പുനരുദ്ധാരണം, വരുമാന മില്ലാത്ത ജലനഷ്ടം കുറയ്ക്കൽ, പ്രവർത്തനക്ഷമത വർദ്ധിപ്പിക്കൽ എന്നിവയാണ് ലക്ഷ്യമിടുന്നത്. ഇതിലൂടെ കൊച്ചി, തിരുവനന്തപുരം നഗരങ്ങളിലെ ജലവിതരണം മെച്ചപ്പെടുത്തി 24x7 കുടിവെള്ള ലഭ്യത ഉറപ്പാക്കാൻ സാധിക്കും.

**അമൃത്, കിഫ്ബി പദ്ധതികൾക്ക് കീഴിലുള്ള നഗര ജലവിതരണ പദ്ധതികൾ:**

അമൃത്, കിഫ്ബി എന്നിവയുടെ ധനസഹായത്തോടെ നഗര ജലവിതരണ-മലിനജല സംസ്കരണ മേഖലകളിൽ പ്രധാന നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. അമൃത് 1.0 പദ്ധതിയുടെ ഭാഗമായി ഒമ്പത് നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി 206 കുടിവെള്ള പദ്ധതി കൾക്കും 131 മലിനജല സംസ്കരണ പദ്ധതികൾക്കും അനുമതി നൽകി. അരുവിക്കര, പീച്ചി, കൊട്ടപ്പാടി, മലമ്പുഴ എന്നിവിടങ്ങളിലെ പ്രധാന ജലശുദ്ധീകരണ പ്ലാന്റുകൾ ഉൾപ്പടെ ഇതിന് ഉദാഹരണങ്ങളാണ്. ഇവയിൽ ഭൂരിഭാഗവും ഇതിനോടകം പൂർത്തീകരിച്ചു കഴിഞ്ഞു. അമൃത് 2.0 പദ്ധതിക്ക് കീഴിൽ കുടിവെള്ള-മലിനജല മേഖലകളിലായി അനുമതി നൽകിയ 218 പദ്ധതികളിൽ പലതും ഇപ്പോൾ നിർമ്മാണ ഘട്ടത്തിലാണ്. ബൃഹദ് പദ്ധതികൾക്കാണ് കിഫ്ബി പിന്തുണ നൽകുന്നത്. ബദൽ ജലവിതരണ സംവിധാനങ്ങൾ, നിലവിലുള്ള പദ്ധതികളുടെ വിപുലീകരണം, വിതരണ ശൃംഖല ശക്തിപ്പെടുത്തൽ തുടങ്ങിയ വലിയ തോതിലുള്ള പദ്ധതികൾക്ക് KIIFB പിന്തുണ നൽകുന്നു; അംഗീകാരം നൽകിയ 77 പദ്ധതികളിൽ 26 എണ്ണം പൂർത്തിയാക്കിയതോടൊപ്പം 51 പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ പ്രവൃത്തികളും നടപ്പാക്കിയിട്ടുണ്ട്.

**ജലസംരക്ഷണ മേഖലയിലെ പ്രശ്നപരിഹാരം:**

2023-24 കാലയളവിൽ ജലസ്രോതസ്സുകളുടെ സംരക്ഷണം, നിലവിലുള്ളവയുടെ ശാക്തീകരണം, പുതിയ ജലസ്രോതസ്സുകളുടെ നിർമ്മാണം എന്നിവയ്ക്കായി പരമ്പരാഗത അറിവുകളും ആധുനിക ജലസംരക്ഷണ സാങ്കേതികവിദ്യകളും സമന്വയിപ്പിച്ചു. വേനൽക്കാലത്തും വരൾച്ചാ സമയത്തും മതിയായ ജലലഭ്യത ഉറപ്പാക്കുന്നതിനും സംഭരണ ശേഷി വർദ്ധിപ്പിക്കുന്നതിനുമായി ജലസ്രോതസ്സുകളുടെ നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കി. ഈ ഇടപെടലുകൾ ജലക്ഷാമം ഗണ്യമായി കുറയ്ക്കുന്നതിന് സഹായകമായിട്ടുണ്ട്. പ്രകൃതിദുരന്തങ്ങൾ, അപ്രതീക്ഷിത പ്രതിസന്ധികൾ എന്നിവ മൂലമുണ്ടാകുന്ന വരൾച്ചാ പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിനും അടിയന്തിര ആവശ്യങ്ങൾ നിറവേറ്റുന്നതിനുമാണ് 'കുടിവെള്ളം - വരൾച്ച പ്രതിരോധ പദ്ധതി' ലക്ഷ്യമിടുന്നത്. പ്രധാന പൈപ്പ് ലൈനുകളിലെ ചോർച്ചയും തകരാറുകളും പരിഹരിക്കുക, കേടുപാടുകൾ സംഭവിച്ച പ്ലാന്റുകൾ പുനഃസ്ഥാപിക്കുക, ദുരിതാശ്വാസ ക്യാമ്പുകളിൽ ജലലഭ്യത ഉറപ്പാക്കുക, വരൾച്ച ബാധിത പ്രദേശങ്ങളിലേക്ക് ജലവിതരണ ശൃംഖല വ്യാപിപ്പിക്കുക, പമ്പിംഗ്-സംഭരണ ശേഷി വർദ്ധിപ്പിക്കുക എന്നിവയിലൂടെയാണ് ഈ പദ്ധതി നടപ്പിലാക്കിയത്.

**ജലഗുണനിലവാര നിരീക്ഷണവും മേൽനോട്ടവും:**

ജലസുരക്ഷയും പൊതുജനാരോഗ്യവും ഉറപ്പാക്കാനുള്ള കേരളത്തിന്റെ പ്രതിബദ്ധതയുടെ ഭാഗമായി, പതിമൂന്നും പതിനാലും പഞ്ചവത്സര പദ്ധതികളുടെ കാലയളവിൽ കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള ക്വാളിറ്റി കൺട്രോൾ ശാഖകളും വിപുലമായ ലാബ് ശൃംഖലയും നിർണ്ണായക പങ്കുവഹിച്ചുകൊണ്ട് സംസ്ഥാനത്തെ ജലഗുണനിലവാര നിരീക്ഷണ സംവിധാനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. 2009-ൽ സ്ഥാപിതമായതും 2017-ൽ NABL അംഗീകാരം ലഭിച്ചതുമായ നെട്ടൂരിലെ സംസ്ഥാന ജലഗുണനിലവാര റഫറൽ ഇൻസ്റ്റിറ്റ്യൂട്ട് (എസ്.ആർ.ഐ), ഭൗതിക-രാസ-ബാക്ടീരിയോളജിക്കൽ പരിശോധനകൾക്കും സാന്ദ്രതയേറിയ ലോഹങ്ങളുടെയും കീടനാശിനികളുടെയും സാന്നിധ്യം കണ്ടെത്താനുമുള്ള അത്യാധുനിക സൗകര്യങ്ങളുള്ള ഉന്നതതല ലാബായി പ്രവർത്തിക്കുന്നതോടൊപ്പം, പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് കൂടുതൽ നവീകരണങ്ങൾ ലക്ഷ്യമിടുകയും ചെയ്യുന്നു സംസ്ഥാന ലാബിന് പുറമേ, ഫലപ്രദമായ മേൽനോട്ടത്തിനും പൊതുജനങ്ങൾക്ക് പരിശോധനാ സേവനങ്ങൾ എളുപ്പത്തിൽ ലഭ്യമാക്കുന്നതിനുമായി 14 എൻ എ ബി എൽ അംഗീകാരമുള്ള ജില്ലാ ലാബുകളും 70 സബ് ഡിവിഷൻ ലാബുകളും പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ 67 ലാബുകൾക്ക് ഇതിനോടകം NABL അംഗീകാരം ലഭിച്ചു കഴിഞ്ഞു. പി.ച്ച്. മൂല്യം, കലക്കവെള്ളം, ജലത്തിന്റെ കാഠിന്യം, ക്ലോറിൻ സാന്നിധ്യം തുടങ്ങിയ പ്രധാന ഘടകങ്ങൾ പരിശോധിക്കാൻ അംഗീകാരമുള്ള ഈ ലാബുകൾ, കേരളത്തിന്റെ ജലഗുണനിലവാര നിരീക്ഷണത്തെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തിയിട്ടുണ്ട്. കൂടാതെ, ബി.ഐ.എസ് സർട്ടിഫിക്കേഷൻ നേടുക, എസ്.ആർ.ഐ യിൽ പൈപ്പുകൾ, മീറ്ററുകൾ തുടങ്ങിയ സാമഗ്രികൾ പരിശോധിക്കാനുള്ള സൗകര്യം ഒരുക്കുക എന്നിവയും വാട്ടർ അതോറിറ്റിയുടെ ലക്ഷ്യങ്ങളാണ്.

കേരളത്തിൽ സുരക്ഷിതമായ കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിന് ജലഗുണനിലവാര പരിശോധനാ സൗകര്യങ്ങൾ ശക്തിപ്പെടുത്തേണ്ടത് അനിവാര്യമാണ്. ഹയർ സെക്കൻഡറി സ്കൂളുകൾ, എഞ്ചിനീയറിംഗ് കോളേജുകൾ,

ലൈഫ് സയൻസ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പൊതുജനങ്ങൾക്ക് കൂടി പ്രയോജനപ്പെടുന്ന രീതിയിൽ അടിസ്ഥാന പരിശോധനാ സൗകര്യങ്ങൾ ഒരുക്കിയത് ഈ മേഖലയിലെ വികേന്ദ്രീകരണത്തിനും സാമൂഹിക പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും സഹായിച്ചു.

തുടക്കത്തിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഏകദേശം 5,000 കുടുംബശ്രീ വനിതകൾ വഴി ഫീൽഡ് ടെസ്റ്റ് കിറ്റുകൾ ഉപയോഗിച്ച് വികേന്ദ്രീകൃതമായ ജലപരിശോധനകൾ നടത്തിയിരുന്നു. എന്നാൽ, പരിശോധനയ്ക്കായി എത്തുന്ന സാമ്പിളുകളുടെ എണ്ണം വർദ്ധിച്ചതോടെ, പരിമിതികൾ മൂലം ഈ സംവിധാനത്തിന്റെ വേഗത കുറഞ്ഞു. ഇതിനെ പുനരുജ്ജീവിപ്പിക്കാൻ ആവർത്തിച്ച് ശ്രമിച്ചെങ്കിലും ഫലപ്രദമായില്ല. ഇതിന്റെ ഫലമായി, നിലവിൽ ജലഗുണനിലവാര പരിശോധനകൾ പ്രധാനമായും നടക്കുന്നത് ഓരോ ജില്ലയിലും ശരാശരി അഞ്ച് ലാബുകൾ വീതം പ്രവർത്തിപ്പിക്കുന്ന കേരള വാട്ടർ അതോറിറ്റിയുടെ ലാബ് ശൃംഖലയിലൂടെയാണ്.

**ജലവിതരണ പദ്ധതി നടപ്പാക്കലിൽ സേവനഗുണനിലവാരത്തിന്റെയും കാര്യക്ഷമതയുടെയും പ്രശ്നങ്ങൾ അഭിമുഖീകരിക്കൽ**:

നിലവിലുള്ള ജലവിതരണ പദ്ധതികളുടെ ഗുണനിലവാരവും കാര്യക്ഷമതയും മെച്ചപ്പെടുത്തുന്നതിനായി, ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിലും ജലനഷ്ടം കുറയ്ക്കുന്നതിലുമാണ് കേരള വാട്ടർ അതോറിറ്റി പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. കേടുപാടുകൾ സംഭവിച്ച സിവിൽ നിർമ്മിതികളുടെ നവീകരണം, ശൃംഖല വിപുലീകരിക്കുന്നതിനായി നൂതന സാങ്കേതികവിദ്യകളും ആധുനിക മാനേജ്മെന്റ് രീതികളും സ്വീകരിക്കൽ, വരുമാനമില്ലാത്ത ജലനഷ്ടം (Non-Revenue Water) കുറയ്ക്കൽ, പ്രവർത്തന ചെലവ് പരിമിതപ്പെടുത്തൽ എന്നിവ ഇതിലെ പ്രധാന നടപടികളാണ്. ചോർച്ച തടയുന്നതിനായി ഉൽപ്പാദന-വിതരണ ശൃംഖലകളെ കാര്യക്ഷമമാക്കൽ (Optimization), ഊർജ്ജ സംരക്ഷണം, തടസ്സമില്ലാത്ത ജലവിതരണം ഉറപ്പാക്കൽ എന്നിവയ്ക്കും പ്രത്യേക ഊന്നൽ നൽകുന്നു. മനുഷ്യവിഭവശേഷി വികസനം, ഗവേഷണം, ഗുണനിലവാര നിയന്ത്രണം എന്നിവയ്ക്കും മുൻഗണന നൽകിവരുന്നു. കൂടാതെ, മെഡിക്കൽ കോളേജുകൾ, ആശുപത്രികൾ, സ്കൂളുകൾ, സർക്കാർ ഓഫീസുകൾ, ജയിലുകൾ എന്നിവയുൾപ്പെടെയുള്ള പൊതുസ്ഥാപനങ്ങൾക്ക് തടസ്സമില്ലാത്ത കുടിവെള്ളം ഉറപ്പാക്കുന്നതിനായി പ്രത്യേക ജലവിതരണ പദ്ധതികളും നടപ്പിലാക്കുന്നു."

**ജൽ ജീവൻ മിഷൻ (ജെ.ജെ.എം.)**

ഗ്രാമീണ മേഖലയിലെ എല്ലാ കുടുംബങ്ങൾക്കും ദീർഘകാലാടിസ്ഥാനത്തിൽ സുരക്ഷിതവും മതിയായതുമായ കുടിവെള്ളം ഉറപ്പാക്കുന്നതിനായി, പ്രവർത്തനക്ഷമമായ ഗാർഹിക ടാപ്പ് കണക്ഷനുകൾ (എഫ്.എച്ച്.ടി.സി) ലഭ്യമാക്കുകയാണ് ജൽ ജീവൻ മിഷന്റെ ലക്ഷ്യം. കേരളത്തിൽ ഈ പദ്ധതിയുടെ ധനവിനിയോഗം കേന്ദ്രവും സംസ്ഥാനവും 50:50 എന്ന അനുപാതത്തിലാണ് പങ്കിടുന്നത്. സംസ്ഥാന

**പട്ടിക 12.1** *കേരള വാട്ടർ അതോറിറ്റിയുടെ പ്രധാന ഡിജിറ്റൽ സംരംഭങ്ങൾ, 2016 മുതൽ 2025 വരെ.*

| സംരംഭം | വിവരണം/പ്രധാന സവിശേഷതകൾ |
|---|---|
| ഇ - ടാപ്പ് | ജല/മലിനജല കണക്ഷനുകൾക്കും ഉപഭോക്തൃ സേവനങ്ങൾക്കുമായുള്ള സംസ്ഥാനതല ഓൺലൈൻ പോർട്ടൽ; കണക്ഷൻ നൽകാൻ സാധിക്കാത്ത സാഹചര്യങ്ങളിൽ നോൺ - ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള സൗകര്യവും ഇതിൽ ഉൾപ്പെടുന്നു.. |
| അക്വാലൂം | പൊതുജനങ്ങൾ നൽകുന്ന പരാതികൾ കണ്ടെത്തുന്നതിനും രജിസ്റ്റർ ചെയ്തവ നിരീക്ഷിക്കുന്നതിനുമുള്ള 24X7 പരാതി പരിഹാര സോഫ്റ്റ്‌വെയർ. |
| ക്വിക്ക് പേ | ഉപഭോക്താക്കൾക്ക് ഓൺലൈനായി ബില്ലുകൾ കാണുന്നതിനും പണമടയ്ക്കുന്നതിനുമുള്ള സൗകര്യം |
| ബ്ലൂ ബ്രിഗേഡ് | അടിയന്തര അറ്റകുറ്റപ്പണികൾ, വാൽവ് പ്രവർത്തനങ്ങൾ, പൈപ്പ് ലൈൻ ചോർച്ച പരിഹരിക്കൽ, മറ്റ് അടിയന്തര ജോലികൾ എന്നിവയ്ക്കായി 24 മണിക്കൂറും പ്രവർത്തിക്കുന്ന പ്രത്യേക കർമ്മസേന. |
| ഇ - ഓഫീസ് | പേപ്പർരഹിത ഓഫീസ് സംവിധാനം; 'ഗ്രീൻ ഓഫീസ്' പദ്ധതിയുടെ ഭാഗമായി പേപ്പർരഹിത ബില്ലുകൾ, രസീതുകൾ, പണമടയ്ക്കൽ രീതികൾ എന്നിവ തിരഞ്ഞെടുക്കാനുള്ള സൗകര്യം. |
| ജലപരിശോധന - ഓൺലൈൻ പേയ്മെന്റ് | ജലഗുണനിലവാര പരിശോധനയ്ക്കുള്ള ഫീസ് ഡിജിറ്റലായി അടയ്ക്കാനുള്ള സൗകര്യം. |
| ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് (കെ - സ്വിഫ്റ്റ്) | വ്യവസായ ആവശ്യങ്ങൾക്കും ഗാർഹികേതര ആവശ്യങ്ങൾക്കുമുള്ള ജലവിതരണ അപേക്ഷകൾ സംസ്ഥാനത്തെ കെ - സ്വിഫ്റ്റ് (KSWIFT) പോർട്ടലുമായി സംയോജിപ്പിക്കൽ |
| ജി.ഐ.എസ്. അസറ്റ് മാപ്പിംഗ് | മെച്ചപ്പെട്ട ആസ്തി മാനേജ്മെന്റിനായി പൈപ്പ് ലൈനുകളുടെയും മറ്റ് ആസ്തികളുടെയും മാപ്പിംഗ് (നിലവിൽ 2,000 കിലോമീറ്ററോളം വിവരങ്ങൾ ശേഖരിച്ചുകഴിഞ്ഞു). |
| കൈയ്യിൽ കൊണ്ടുനടക്കാവുന്ന ബില്ലിംഗ് മെഷീനുകൾ | ഫീൽഡ് ബില്ലിംഗിനായുള്ള ഡിജിറ്റൽ ഉപകരണങ്ങൾ; ഇവയുടെ വിന്യാസം പൂർണ്ണഘട്ടത്തിലേക്ക് അടുക്കുന്നു. |

വിഹിതമായ 50 ശതമാനത്തിൽ 15 ശതമാനം ഗ്രാമ പഞ്ചായത്തുകളും 10 ശതമാനം ഗുണഭോക്തൃ വിഹിതവു മായാണ് നിശ്ചയിച്ചിരിക്കുന്നത്. ഈ മിഷന്റെ ഭാഗമായി എല്ലാ ഗ്രാമീണ സ്കൂളുകളിലും അങ്കണവാടികളിലും സുരക്ഷിത കുടിവെള്ളം ഉറപ്പാക്കുകയും, ജിയോ-ടാഗിംഗും മീറ്ററിംഗും നടപ്പിലാക്കുകയും ചെയ്തു. പരാതി പരിഹാര സംവിധാനമുൾപ്പെടെയുള്ള ഓൺലൈൻ സേവന പ്ലാറ്റ്ഫോം സജ്ജമാക്കിയതിനൊപ്പം, ജലഗുണനിലവാര പരിശോധനയിൽ 5,000 കുടുംബശ്രീ വനിതകൾക്ക് പരിശീലനവും നൽകി.

ജൽ ജീവൻ മിഷന് (JJM) കീഴിൽ കേരളത്തിലെ ഗാർഹിക ജലകണക്ഷനുകളിൽ വലിയ വർധനവുണ്ടാ യിട്ടുണ്ട്; കൊല്ലം ജില്ല 70 ശതമാനം പിന്നിട്ടതിനൊപ്പം പല ജില്ലകളും 50-60 ശതമാനത്തിന് മുകളിലെത്തുകയും 115 പഞ്ചായത്തുകൾ നൂറ് ശതമാനം വ്യാപ്തി കൈവരിച്ചു എന്നത് ശ്രദ്ധേയമാണ്. 2019-20 മുതൽ 2025 ഓഗസ്റ്റ് വരെ 21,08,975 പ്രവർത്തനക്ഷമമായ ഗാർഹിക ടാപ്പ് കണക്ഷ നുകൾ നൽകിയതോടെ സംസ്ഥാനത്തെ ആകെ വ്യാപ്തി 55.3 ശതമാനമായി ഉയർന്നു. 2019 മുതൽ 2025 വരെ യുള്ള കാലയളവിൽ ഈ പദ്ധതിക്കായി കേന്ദ്ര-സംസ്ഥാന വിഹിതമുൾപ്പെടെ 11,632.3 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

### കിഫ്ബി പദ്ധതികൾ

കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി) മുഖേന കേരള സർക്കാർ 13, 14 പഞ്ചവത്സര പദ്ധതികളുടെ കാലയളവിൽ ജലവിതരണ അടിസ്ഥാന സൗകര്യങ്ങൾ ഗണ്യമായി വിപുലീകരിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി 5,399.6 കോടി രൂപയുടെ 77 പദ്ധതി കൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ 11 സർക്കിളു കളിലായി നടപ്പാക്കിയ 66 ജലവിതരണ പദ്ധതികളും 26 ട്രാൻസ്മിഷൻ പൈപ്പ് മാറ്റിസ്ഥാപന പദ്ധതികളും ഉൾപ്പെ ടുന്നു. ഇവയിൽ 894.5 കോടി രൂപ പദ്ധതികൾ പൂർത്തീ കരിച്ചു. ഇതിലൂടെ ജലവിതരണ സംവിധാനത്തിൽ 228.5 എം.എൽ.ഡി. അധിക ശേഷി സൃഷ്ടിക്കുകയും 30.7 ലക്ഷം ആളുകൾക്ക് പ്രയോജനം ലഭിക്കുകയും ചെയ്തു. പൈപ്പ്ലൈൻ മാറ്റിസ്ഥാപിക്കുന്ന പദ്ധതികളുടെ ഭാഗമായി 121 ഉപപദ്ധതികളിൽ 51 ഉം 48 പ്രധാന ട്രാൻസ്മിഷൻ പ്രവൃത്തികളും പൂർത്തിയാക്കി, വിതരണ കാര്യക്ഷമത മെച്ചപ്പെടുത്തി. 13-ാം പദ്ധതിക്കാലയളവിൽ 335.7 കോടി ചെലവിൽ 14 പദ്ധതികൾ പൂർത്തിയാക്കിയതും നിലവിൽ നടന്നുവരുന്ന 289.5 കോടിയുടെ രണ്ടാം ഘട്ട കുട്ടനാട് കുടിവെള്ള പദ്ധതിയും, എല്ലാവരെയും ഉൾക്കൊള്ളുന്ന തും കാലാവസ്ഥാ പ്രതിരോധ ശേഷിയുള്ളതുമായ ഒരു ജലവിതരണ സംവിധാനത്തിലേക്കുള്ള സുപ്രധാന ചുവടു വെപ്പായി മാറുന്ന ശ്രദ്ധേയമായ സംരംഭങ്ങളാണ്.

### കഴിഞ്ഞ പത്ത് വർഷത്തിനിടെ കെ.ഡബ്ല്യു.എ പൂർത്തീകരിച്ച പ്രധാന പദ്ധതികൾ

ജലക്ഷാമം പരിഹരിക്കുക, കുടിവെള്ളത്തിന്റെ ഗുണനില വാരം മെച്ചപ്പെടുത്തുക, ജലവിതരണ ശൃംഖല വ്യാപിപ്പി ക്കുക എന്നീ ലക്ഷ്യങ്ങളോടെ കേരളത്തിലുടനീളം നിരവധി പ്രധാന കുടിവെള്ള-മലിനജല സംസ്കരണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. മുതുതല-പറത്തൂർ-തിരുവേഗപ്പുറ, കൊഴിഞ്ഞാമ്പാറ-വടകരപതി-എരുതേമ്പതി, വിതുര-തൊളിക്കോട്, അതിയന്നൂർ-കോട്ടുകാൽ, നെടുംപ്രം-നിരണം- കടപ്ര തുടങ്ങി ഒന്നിലധികം പഞ്ചായത്തുകളെ ഉൾക്കൊള്ളുന്ന സമഗ്ര കുടിവെള്ള വിതരണ പദ്ധതികൾ ഇതിൽ പ്രധാനമാണ്. അമൃത് പദ്ധതിയുടെ ഭാഗമായി ഗുരുവായൂർ മുനിസിപ്പാലിറ്റി കുടിവെള്ള പദ്ധതി, പീച്ചി യിലെ 20 എം.എൽ.ഡി. ജലശുദ്ധീകരണ പ്ലാന്റ്, പീച്ചി ഡാം ഫ്ലോട്ടിംഗ് ഇൻടേക് സംവിധാനം എന്നിവയും പൂർത്തിയാ ക്കി. കൂടാതെ അരുവിക്കരയിലെ 75 എം.എൽഡി ജലശുദ്ധീ കരണ പ്ലാന്റ്, തിരുവനന്തപുരം മെഡിക്കൽ കോളേജിലെ 5 എം.എൽ.ഡി. മലിനജല ശുദ്ധീകരണ പ്ലാന്റ്, ഗുരുവായൂർ സീവറേജ് പദ്ധതി എന്നിവയിലൂടെ നഗര അടിസ്ഥാന സൗകര്യങ്ങൾ ഗണ്യമായി ശക്തിപ്പെടുത്തിയിട്ടുണ്ട്. മണ്ണൂർകര-വീരങ്കാവ്-പെരുങ്കുളം, പെരുനാട്-അത്തിക്ക യം,കല്ലുവാതുക്കൽ-പാരിപ്പള്ളി-വേളിനെല്ലൂർ തുടങ്ങിയ പദ്ധതികളിലൂടെ ഗ്രാമീണ മേഖലകളിലും സുരക്ഷിത മായ കുടിവെള്ളം എത്തിക്കാൻ സാധിച്ചു.ലക്ഷക്കണ ക്കിനു ജനങ്ങൾക്ക് സുരക്ഷിതവും വിശ്വസനീയവുമായ കുടിവെള്ള വിതരണം ഉറപ്പാക്കുന്നതിനൊപ്പം വിവിധ ജില്ലകളിലെ ജല-ശുചിത്വ വെല്ലുവിളികൾക്ക് ശാശ്വത പരിഹാരം കാണാനും ഈ സംരംഭങ്ങളിലൂടെ സാധിച്ചു.

### കേരള ഗ്രാമീണ ജലവിതരണവും ശുചിത്വവും ഏജൻസി (കെ ആർ ഡബ്ലിയു എസ് എ) അഥവാ ജലനിധി പദ്ധതി

ലോകബാങ്ക് സഹായത്തോടെ 2000 മുതൽ 2019 വരെ നടപ്പിലാക്കിയ ജലനിധി പദ്ധതികൾ, കേരള റൂറൽ വാട്ടർ സപ്ലൈ ആൻഡ് സാനിറ്റേഷൻ ഏജൻസി സംസ്ഥാനത്തെ 227 ഗ്രാമപഞ്ചായത്തുകളിലായി 5,884 വികേന്ദ്രീകൃത കുടിവെള്ള വിതരണ പദ്ധതികൾ വിജയകരമായി പൂർത്തി യാക്കി. 4.5 ലക്ഷത്തിലധികം കുടുംബങ്ങൾക്ക് നേരിട്ട് പ്രയോജനം ലഭിച്ച ഈ പദ്ധതിയിലൂടെ കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിനൊപ്പം 40,000-ത്തിലധികം മഴവെള്ള സംഭരണികൾ, 40,164 ശുചിത്വ യൂണിറ്റുകൾ, 574 ഭൂഗർ ഭജല പുനർനിറവ് സംവിധാനങ്ങൾ എന്നിവയും സജ്ജ മാക്കി. ഗോത്രവർഗമേഖലകളിൽ സൗരോർജ്ജ പമ്പിംഗ് സംവിധാനങ്ങൾ ഏർപ്പെടുത്തിയതും സ്കൂളുകൾ കേന്ദ്രീകരി ച്ച് 848 ‘ജലശ്രീ’ ക്ലബ്ബുകൾ വഴി ജലസാക്ഷരത പ്രോത്സാ ഹിപ്പിച്ചതും പദ്ധതിയുടെ നവീനമായ ഇടപെടലുകളാണ്. വികേന്ദ്രീകൃതവും ആവശ്യാനുസൃതവുമായ ഈ സമീപനം പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെയും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെയും ആവശ്യങ്ങൾ പരിഹരി ക്കുന്നതിൽ ഫലപ്രദമാവുകയും, സമത്വപൂർണ്ണവും സുസ്ഥിരവുമായ ജലവിഭവ പരിപാലനമെന്ന കേരളത്തിന്റെ വിശാലമായ ലക്ഷ്യങ്ങളിലേക്ക് സുപ്രധാന സംഭാവന നൽകുകയും ചെയ്തു.

### ഗ്രേ വാട്ടർ മാനേജ്മെന്റിൽ ജലനിധിയുടെ ഇടപെടലുകൾ

ശൗചാലയങ്ങളിൽ നിന്നൊഴികെ വീടുകളിലെ മറ്റ് ദൈനംദിന ആവശ്യങ്ങളിൽ നിന്ന് പുറന്തള്ളുന്ന മലിനജല മാണ് ഗ്രേ വാട്ടർ. കുടിവെള്ള ലഭ്യതയിൽ കേരളം വലിയ മുന്നേറ്റം നടത്തിയെങ്കിലും, മലിനജല ശേഖരണം, ശുദ്ധീ കരണം, ശാസ്ത്രീയമായ സംസ്കരണം എന്നീ മേഖലകളിൽ ഇപ്പോഴും വെല്ലുവിളികൾ നേരിടുന്നുണ്ട്. ഈ സാഹച ര്യത്തിൽ പരിസ്ഥിതി ആഘാതം കുറയ്ക്കുക, ജലത്തിന്റെ

പുനരുപയോഗം പ്രോത്സാഹിപ്പിക്കുക, ശുദ്ധജലത്തിന്റെ അമിത ഉപയോഗം നിയന്ത്രിക്കുക എന്നീ ലക്ഷ്യങ്ങളോടെ ഗ്രേ വാട്ടർ മാനേജ്മെന്റിന് സർക്കാർ വലിയ പ്രാധാന്യമാണ് നൽകിവരുന്നത്. കേരള റൂറൽ വാട്ടർ സപ്ലൈ ആൻഡ് സാനിറ്റേഷൻ ഏജൻസി ഇതിന്റെ ഭാഗമായി വിവിധ പൈലറ്റ് പദ്ധതികളും സ്ഥാപനതല പദ്ധതികളും ആരംഭിച്ചു. 65 ജലമലിനീകരണ ലഘൂകരണ യൂണിറ്റുകൾ പ്രവർത്തന ക്ഷമമാക്കിയതും ആദിവാസി ഹോസ്റ്റലുകളിൽ ഗ്രേ വാട്ടർ മാനേജ്മെന്റ് സംവിധാനം നടപ്പിലാക്കിയതും, മറയൂർ ഗ്രാമപഞ്ചായത്തിൽ കമ്മ്യൂണിറ്റി ലെവൽ സംവിധാനം പൂർത്തിയാക്കിയതും ഇതിൽ ഉൾപ്പെടുന്നു. മറയൂർ ഗ്രാമപഞ്ചായത്തിലെ ബാബു നഗർ കോളനിയിൽ 60 കുടുംബങ്ങൾക്കായി നടപ്പാക്കിയ വികേന്ദ്രീകൃത 'മാജിക് പിറ്റ്' സാങ്കേതികവിദ്യ ഈ രംഗത്തെ ശ്രദ്ധേയമായ ഒരു ചുവടുവെപ്പാണ്. ചെലവേറിയ കേന്ദ്രീകൃത മലിനജല സംസ്കരണ സംവിധാനങ്ങൾക്ക് പകരമായി, പ്രാദേശികമായി നടപ്പിലാക്കാവുന്നതും സമൂഹത്തിന് ഉടമസ്ഥാവകാശമു ള്ളതുമായ ഇത്തരം രീതികൾ കുറഞ്ഞ ചെലവിൽ മികച്ച ഫലം നൽകുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടും ബോധവത്കരണ പരിപാടികളോ ടും കൂടി നടപ്പിലാക്കിയ ഈ സംരംഭം മറ്റ് മേഖലകൾക്ക് മാതൃകയാകുന്നതോടൊപ്പം, വികേന്ദ്രീകൃതവും ജനപങ്കാളി ത്തത്തോടെയുള്ളതുമായ പരിഹാരങ്ങൾ കേരളത്തിന്റെ സമഗ്ര ജലവിഭവ പരിപാലനത്തിൽ എത്രത്തോളം ഫലപ്രദ മാണെന്ന് അടിവരയിടുകയും ചെയ്യുന്നു.

വയനാട് ജില്ലയിലെ നൂൽപുഴ ഗ്രാമപഞ്ചായത്തിലുള്ള രാജീവ് ഗാന്ധി മെമ്മോറിയൽ റസിഡൻഷ്യൽ ഹയർ സെക്കൻഡറി സ്കൂൾ ഹോസ്റ്റലിൽ നിന്ന്, ബാത്ത്റൂമുകൾ, അടുക്കള, കാന്റീൻ എന്നിവിടങ്ങളിൽ നിന്നായി പ്രതിദിനം ഏകദേശം 20,000 ലിറ്റർ മലിനജലമാണ് പുറന്തള്ളിയിരു ന്നത്. ഇത് സമീപത്തെ കനാലുകളിലേക്കും മറ്റും ഒഴുക്കി യിരുന്നത് ജലമലിനീകരണത്തിനും ജലജന്യ രോഗ ങ്ങൾക്കും കാരണമാവുകയും പ്രദേശവാസികളുടെ കനത്ത പ്രതിഷേധത്തിന് ഇടയാക്കുകയും ചെയ്തു. ഇതിന് പരിഹാരമായി കെ.ആർ.ഡബ്ല്യൂ.എസ്.എ പ്രതിദിനം 15 ക്യൂബിക് മീറ്റർ ശേഷിയുള്ള ഒരു വികേന്ദ്രീകൃത മലിനജല ശുദ്ധീകരണ സംവിധാനം അവിടെ സ്ഥാപിച്ചു. സെറ്റ്ലർ ടാങ്ക്, അനറോബിക് ബാഫിൽഡ് റിയാക്ടർ, അനറോബിക് ഫിൽട്ടർ, ഹൊറിസോണ്ടൽ പ്ലാന്റ് ഗ്രാവൽ ഫിൽട്ടർ എന്നിവ ഉൾപ്പെടു ന്ന ഈ സംവിധാനം വഴി ശുദ്ധീകരിക്കുന്ന ജലം കാമ്പസിലെ തോട്ടങ്ങളിലും പച്ചക്കറി കൃഷിക്കുമായി പുനരുപയോഗി ക്കുന്നു. ഈ ഇടപെടൽ മലിനജലം നേരിട്ട് പുറത്തേക്ക് ഒഴുക്കുന്നത് പൂർണ്ണമായും ഒഴിവാക്കുകയും, പ്രാദേശിക മായ ജലഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനൊപ്പം ഒരു 'ക്ലോസ്ഡ് ലൂപ്പ്' ജല പുനരുപയോഗ സംവിധാനം സൃഷ്ടി ക്കുകയും ചെയ്തു. സുസ്ഥിര ശുചിത്വ രീതികളിൽ ജന പങ്കാളിത്തവും ബോധവൽക്കരണവും ഉറപ്പാക്കുന്ന ഈ പദ്ധതി, സമാനമായ ജലക്ഷാമം നേരിടുന്ന പ്രദേശ ങ്ങൾക്ക് മാതൃകയാക്കാവുന്ന ഒന്നാണ്.

**മഴവെള്ള സംഭരണം**

കേരളത്തിലെമലനിരകൾ,തീരപ്രദേശങ്ങൾ,ജലക്ഷാമം അനുഭവിക്കുന്ന മേഖലകൾ എന്നിവയിൽ ജലദൗർലഭ്യം നേരിടുന്നതിനുള്ള ഒരു നിർണായക ഇടപെടലായി മഴ വെള്ള സംഭരണം (ആർഡബ്ല്യൂഎച്ച്) മാറിയിട്ടുണ്ട്. ഇത് നടപ്പാക്കുന്ന സംസ്ഥാനത്തിന്റെ നോഡൽ ഏജൻസിയായി കെ.ആർ.ഡബ്ല്യൂ.എസ്.എ പ്രവർത്തിക്കുന്നു. മഴവെള്ള സംഭരണം ഭൂഗർഭജല റീചാർജ്ജിംഗ് എന്നിവ പ്രോത്സാ ഹിപ്പിക്കുന്നതിനായി 2004-ൽ 'റെയിൻ സെന്റർ' സ്ഥാപി ച്ചതിന് ശേഷം കെ.ആർ.ഡബ്ല്യൂ.എസ്.എ 10,000 ലിറ്റർ ശേഷിയുള്ള 12,186 മഴവെള്ള സംഭരണ ഘടനകളും 2,936 തുറന്ന കിണർ പുനർനിറവ് സംവിധാനങ്ങളും പൂർത്തീക രിച്ചിട്ടുണ്ട്. ഇതിനൊപ്പം 8,090 കിണറുകൾ റീചാർജ്ജിംഗ്, 15,931 പുതിയ കിണറുകൾ നിർമ്മിക്കൽ, 11,446 വീടുക ളിൽ ഗൃഹതല റീചാർജ്ജിംഗ് സംവിധാനങ്ങൾ എന്നിവ നടപ്പിലാക്കി. നിലവിലുള്ള പദ്ധതികൾ മുഖേന 3,464 കിണറുകൾക്ക് അധികമായി റീചാർജ്ജിംഗ് നൽകുകയും, 383 ഗൃഹകിണറുകൾക്ക് പരാപെറ്റുകൾ, പ്ലാറ്റ്ഫോമുകൾ, മഴവെള്ള സംഭരണാധിഷ്ഠിത സംവിധാനങ്ങൾ എന്നിവ ഒരുക്കി മെച്ചപ്പെടുത്തുകയും ചെയ്യുകയാണ് ലക്ഷ്യം. ഇതിലൂടെ അധികമായി ലഭിക്കുന്ന മഴവെള്ളം ഫലപ്രദമാ യി ഉപയോഗപ്പെടുത്തി ഭൂഗർഭജലനിരപ്പ് ഉയർത്തുന്നതാണ് ലക്ഷ്യമിടുന്നത്. ജൽ ജീവൻ മിഷൻ നടപ്പിലാക്കുന്നതിൽ കെ.ആർ.ഡബ്ല്യൂ.എസ്.എ വഹിക്കുന്ന പങ്കുമായി സംയോ ജിപ്പിച്ചുകൊണ്ടുള്ള ഈ ശ്രമങ്ങൾ, ശേഖരിച്ച മഴവെള്ള ത്തെ സുരക്ഷിതമായ കുടിവെള്ളമാക്കി മാറ്റുന്നതോടൊപ്പം സമൂഹത്തിന്റെ ജലസുരക്ഷ ഉറപ്പാക്കുന്ന സുസ്ഥിരമായ ഒരു മാതൃകയെയാണ് പ്രതിപാദിക്കുന്നത്.

**മുന്നോട്ടുള്ള വഴി**

കേരളത്തിന്റെ ഭാവി ജലനയങ്ങൾ, വിതരണ ശൃംഖല യുടെ ശേഷി വർദ്ധിപ്പിക്കൽ, പുതിയ ജലസംഭരണികളും റിസർവോയറുകളും നിർമ്മിക്കൽ, ഏകീകൃത ജലവിഭവ പരിപാലനം എന്നിവയെ ഉപഭോഗക്ഷമതയുമായി സംയോ ജിപ്പിച്ചുകൊണ്ടായിരിക്കും മുന്നോട്ടുപോകുന്നത്. കുടി വെള്ളം, ശുചിത്വം എന്നീ മേഖലകളിലെ ആസൂത്രണത്തിൽ സുസ്ഥിരത, സാങ്കേതിക നവീകരണം, ജനപങ്കാളിത്തം എന്നിവ സമന്വയിപ്പിച്ചായിരിക്കും തുടർന്നുള്ള പ്രവർത്തന ങ്ങൾ നടപ്പിലാക്കുക.

## അധ്യായം 13
# കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും

**കേരളത്തിലെ കാർഷിക മേഖല : ശ്രദ്ധേയമായ നേട്ടങ്ങളും വികസന വെല്ലുവിളികളും**

കേരള സമ്പദ്‌വ്യവസ്ഥയിൽ കഴിഞ്ഞ ദശകത്തിൽ കാർഷിക മേഖലയെപ്പോലെ മറ്റൊരു മേഖലയും ബാഹ്യ, ആഭ്യന്തര സമ്മർദ്ദങ്ങൾക്ക് വിധേയമായിട്ടില്ല എന്ന് പറയാം. എന്നിരുന്നാലും, കേരളത്തിലെ കൃഷിയുടെ കഥ പ്രതിരോധശേഷിയുടെയും പുനരുജ്ജീവനത്തിന്റെയും കഥയാണ്. കേരളത്തിലെ കൃഷി മേഖലയിലെ മൂല്യവർദ്ധന ശ്രദ്ധേയമായ രീതിയിൽ ഉയർന്നു; പ്രത്യേകിച്ച് കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ ഉണ്ടായ ഈ വളർച്ച, മുൻ ദശാബ്ദത്തിൽ ഉണ്ടായ നഷ്ടങ്ങളെ പൂർണ്ണമായി പരിഹരിക്കാൻ സഹായിച്ചു. സംസ്കരണ മേഖല ഇപ്പോൾ മുൻകാലത്തേക്കാൾ ഗണ്യമായ സ്വകാര്യ നിക്ഷേപങ്ങളെ ആകർഷിക്കുന്നു. ഈ പുനരുജ്ജീവനത്തിന് കാരണമായ നയങ്ങളും പദ്ധതികളും അടുത്ത ദശകത്തിൽ ഉയർന്ന ഉൽപാദനക്ഷമത , സമാഹരണം, വിപണനം, മൂല്യവർദ്ധനവിലെ നിക്ഷേപം - എന്നീ മൂന്ന് വസ്തുതകളെ അടിസ്ഥാനമാക്കിയുള്ള വളർച്ചയ്ക്ക് വേദി സൃഷ്ടിച്ചു.

പടിഞ്ഞാറ് അറബിക്കടലിനും കിഴക്ക് പശ്ചിമഘട്ടത്തിനും ഇടയിലുള്ള ഒരു നീണ്ട ഇടുങ്ങിയ ഭൂപ്രദേശമായ കേരളത്തിലെ കാർഷിക മേഖല അതിന്റെ തനത് സമ്പന്നതയും പ്രത്യേകതകളും നിലനിർത്തുന്നു. ഉയർന്ന പ്രദേശങ്ങൾ, മദ്ധ്യഭൂപ്രദേശങ്ങൾ, താഴ്ന്ന പ്രദേശങ്ങൾ എന്നിങ്ങനെ മൂന്ന് പ്രകൃതിദത്ത ഭൂപ്രകൃതി വിഭാഗങ്ങളിലാണ് കൃഷി ക്രമീകരിച്ചിരിക്കുന്നത്. ഈ പ്രാദേശിക സവിശേഷതകൾ മഴയുടെ ലഭ്യതയെയും പ്രദേശത്തിന്റെ ഭൂപ്രകൃതിയെയും സ്വാധീനിക്കുന്നതോടൊപ്പം മണ്ണിന്റെ പരിണാമത്തെയും വിള രീതികളെയും വിള വികസനത്തിന്റെ മറ്റ് സാധ്യതകളെയും നിർണ്ണയിക്കുകയും ചെയ്യുന്നു. സംസ്ഥാനത്തുടനീളം വൻകിട തോട്ടങ്ങൾ, തണ്ണീർത്തടങ്ങൾ, പുരയിടങ്ങൾ, വീട്ടുവളപ്പുകൾ എന്നിവിടങ്ങളിലായാണ് കൃഷി ചെയ്തുവരുന്നത്.

### വളർച്ചാ പരിമിതികൾ

2021-ലെ കേരള വികസന റിപ്പോർട്ടിൽ സംസ്ഥാനത്തെ കാർഷിക വികസനത്തിലെ പ്രധാന പരിമിതികളെക്കുറിച്ച് വിശദമാക്കിയിട്ടുണ്ട്. മിക്ക പരിമിതികളും ചരിത്രപരമായി പരിണമിച്ചിട്ടുള്ളതും സംസ്ഥാനത്തിന്റെ പ്രത്യേകമായ വികസന നേട്ടങ്ങളുടെ ഭാഗവുമാണ്, എന്നാൽ അവയിൽ ചിലത് കാർഷിക വളർച്ചയെ തടസ്സപ്പെടുത്തുന്നവയും മറ്റ് ചിലത് ഭാവിയിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിന് വാതിൽ തുറക്കുന്നവയുമാണ്. ഈ പരിമിതികളെ ഘടനാപരം, സാങ്കേതികം, സാമൂഹിക-സാമ്പത്തികം എന്നിങ്ങനെ മൂന്നായി തരംതിരിക്കാം.

### ഘടനാപരമായ പരിമിതികൾ

ഘടനാപരമായ പരിമിതികളിൽ, ആദ്യത്തേത് ഭൂവിനിയോഗവും കാർഷികേതര ആവശ്യങ്ങൾക്കായി ഭൂമി പരിവർത്തനം നടത്തേണ്ടി വരുന്ന നിരന്തര സമ്മർദ്ദവുമായി ബന്ധപ്പെട്ടിരിക്കുന്നു. 2024-25 ൽ, സംസ്ഥാനത്ത് യഥാർത്ഥത്തിൽ കൃഷിചെയ്തിരുന്നത് 19.7 ലക്ഷം ഹെക്ടർ പ്രദേശത്തായിരുന്നു. ഇത് സംസ്ഥാനത്തെ മൊത്തം ഭൂവിസ്തൃതിയുടെ ഏകദേശം 51 ശതമാനം മാത്രമാണ്. 2024-25 ൽ മൊത്തം ഭൂവിസ്തൃതിയുടെ 28 ശതമാനം വരുന്ന 10.8 ലക്ഷം ഹെക്ടർ വനപ്രദേശമായിരുന്നു. കൂടാതെ, മൊത്തം ഭൂവിസ്തൃതിയുടെ 16 ശതമാനം വരുന്ന 6.1 ലക്ഷം ഹെക്ടർ കാർഷികേതര ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്നു.

രണ്ടാമതായി, 2015-16 ൽ സംസ്ഥാനത്തെ 75.8 ലക്ഷം കൃഷിയിടങ്ങളിൽ, 73.3 ലക്ഷം കൃഷിയിടങ്ങളും (ഏകദേശം 97 ശതമാനം) ഒരു ഹെക്ടറിൽ താഴെ വിസ്തൃതിയുയുള്ളവയായിരുന്നു. ഈ കൃഷിയിടങ്ങൾക്ക് കീഴിലുള്ള വിസ്തൃതിയുടെ ഏകദേശം 61 ശതമാനവും ഒരു ഹെക്ടറിൽ താഴെ ഭൂവിസ്തൃതി വരുന്ന വിഭാഗത്തിൽ ഉൾപ്പെടുന്നു. തൽഫലമായി, ഒരു കൃഷിയിടത്തിന്റെ ശരാശരി വിസ്തൃതി വെറും 0.18 ഹെക്ടർ മാത്രമായിരുന്നു, ഇത് ഉൽപാദനത്തിലും ഉൽപാദനാനന്തര പ്രവർത്തനങ്ങളിലും വലിയ തോതിൽ നേട്ടം കൈവരിക്കുന്നതിന് സാരമായ വെല്ലുവിളികൾ സൃഷ്ടിച്ചു.

മൂന്നാമതായി, കൃഷിയ്ക്ക് താരതമ്യേന കുറഞ്ഞ സാമ്പത്തിക പ്രാധാന്യം നൽകുന്നതിനാൽ, ഭൂവുടമകൾ ഭൂമിയെ ഒരു ഉൽപാദന വിഭവമായിട്ടല്ല, മറിച്ച് ഒരു കച്ചവട ആസ്തിയായി കാണുന്നു. ഭൂമി തരിശായിടുന്നതും കാർഷികേതര ആവശ്യങ്ങൾക്കായി തണ്ണീർത്തടങ്ങൾ പരിവർത്തനം ചെയ്യുന്നതും സാധാരണമാണ്. ഭൂമി സ്വന്തമായി ഉള്ളവർക്കു തന്നെ കൃഷിയിലേക്കുള്ള താത്പര്യം കുറഞ്ഞതിനെ തുടർന്ന് കാർഷിക മേഖലയിലേയ്ക്കുള്ള നിക്ഷേപ പ്രവണത ഗണ്യമായി കുറയുന്ന അവസ്ഥ നിലനിൽക്കുന്നു.

നാലാമതായി, കേരളത്തിലെ കൃഷിയുടെ വളർച്ചാസാധ്യതകൾ പ്രധാനമായും വാണിജ്യ വിളകളുടെ കയറ്റുമതിയുമായി അടുത്ത ബന്ധം പുലർത്തുന്നു. തേയില, കാപ്പി, റബ്ബർ, കുരുമുളക്, ഏലം എന്നീ അഞ്ച് വാണിജ്യ വിളകൾ യഥാർത്ഥ കൃഷി വിസ്തൃതിയുടെ ഏകദേശം 40 ശതമാനം വരുന്ന 7.8 ലക്ഷം ഹെക്ടർ പ്രദേശത്ത് കൃഷിചെയ്യുന്നു. ഇവയുടെ വിലകൾ ആഗോള കാർഷിക വിലകളുമായി സംയോജിപ്പിച്ചിരിക്കുന്നതിനാൽ സംസ്ഥാന സർക്കാരിന്റെ നയപരിധിക്ക് പുറത്താണ്. 1994 ന് ശേഷം കേന്ദ്ര സർക്കാർ നടപ്പാക്കിയ സ്വതന്ത്ര വ്യാപാര നയങ്ങൾ ഈ വിളകളുടെ വിലകൾ പലപ്പോഴും ഇടിയാൻ കാരണമായതോടെ കർഷകർക്കിടയിൽ പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്.

### സാങ്കേതിക പരിമിതികൾ

സാങ്കേതിക പരിമിതികളിൽ, ആദ്യത്തേത് ഭൂവിനിയോഗ ആസൂത്രണവുമായി ബന്ധപ്പെട്ടതാണ്. നിർദ്ദിഷ്ടവും എന്നാൽ വൈവിധ്യപൂർണ്ണവുമായ കാർഷിക പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ സൂക്ഷ്മ പരിസ്ഥിതി കേരളത്തിന്റെ കാർഷിക മേഖലയുടെ സവിശേഷതയാണ്. എന്നിരുന്നാലും, കൃഷിയിലെ ഗവേഷണം, വികസനം, വികസന പ്രവർത്തനങ്ങൾ എന്നിവയുടെ പ്രാഥമിക ശ്രദ്ധ വിഭവാധിഷ്ഠിതമോ കൃഷിയിടാധിഷ്ഠിതമോ അല്ല, മറിച്ച് വിള അധിഷ്ഠിതമാണ്. സംസ്ഥാനത്തെ 23 കാർഷിക പാരിസ്ഥിതിക മേഖലകളായി വിഭജിച്ചിട്ടുണ്ടെങ്കിലും, ഈ മേഖലകൾക്ക്

അനുയോജ്യമായ കൃഷി രീതികൾ തിരിച്ചറിഞ്ഞ് പ്രചരിപ്പിക്കപ്പെട്ടിട്ടില്ല. കർഷകർ പരമ്പരാഗത കൃഷി രീതികൾ ഇപ്പോഴും തുടരുന്നു.

രണ്ടാമതായി, സംസ്ഥാനത്തെ കാർഷിക മേഖലയിൽ വിളവിൽ ഗണ്യമായ അന്തരം നിലനിൽക്കുന്നു. ഈ അധ്യായത്തിലെ ചർച്ച മുന്നോട്ടുവയ്ക്കുന്നത്പോലെ, വിവിധ വിളകളിൽ നിന്ന് നേടാനാകുന്ന/നേടിയ ഏറ്റവും ഉയർന്ന വിളവ് നിലവിലെ ശരാശരി വിളവിന്റെ ഇരട്ടിയോ മൂന്നിരട്ടിയോ ആണ്. ശാസ്ത്രീയ കാർഷിക രീതികളുടെ അഭാവമാണ് വിളവിലെ അന്തരത്തിന് കാരണം. പ്രത്യേകിച്ച് ഇനങ്ങളുടെ തെരഞ്ഞെടുക്കൽ, മണ്ണ് പരിപാലനം, സംയോജിത വളപ്രയോഗം, സംയോജിത കീട നിയന്ത്രണം, ജലസേചനം എന്നീ മേഖലകളിൽ ഈ കുറവുകൾ വ്യക്തമായി കാണപ്പെടുന്നു.

മൂന്നാമതായി, കേരളം രൂക്ഷമായ കാലാവസ്ഥാ സാഹചര്യങ്ങൾക്കും കാലാവസ്ഥാ വ്യതിയാനങ്ങളും നേരിടുമ്പോഴും, കാലാവസ്ഥാ ആഘാതങ്ങളെ പ്രതിരോധിക്കാൻ ഇവിടുത്തെ കൃഷി രീതികൾക്ക് സാധിക്കുന്നില്ല. കുറഞ്ഞ മഴ, കാലം തെറ്റിയ മഴ, ഉഷ്ണതരംഗങ്ങൾ, അന്തരീക്ഷത്തിലെ ഈർപ്പത്തിലുള്ള വ്യതിയാനങ്ങൾ എന്നിവ വിളകളുടെ ഉൽപാദനത്തെ അടിസ്ഥാനപരമായി സ്വാധീനിക്കുന്നു. ഇത്തരം ആഘാതങ്ങളെ നേരിടുന്നതിനുള്ള പ്രവർത്തനങ്ങൾ വികസിപ്പിക്കുന്നതിലേക്കുള്ള നിക്ഷേപം ഇപ്പോഴും കുറഞ്ഞ നിലയിൽ തന്നെയാണ് തുടരുന്നത്; ഇതുമൂലം കൃഷി രീതികളിൽ നിരവധി പ്രതിസന്ധികൾ രൂപപ്പെട്ടിട്ടുണ്ട്.

### സാമൂഹിക സാമ്പത്തിക പരിമിതികൾ

സാമൂഹിക സാമ്പത്തിക പരിമിതികളിൽ, ആദ്യത്തേത് കാർഷിക ജനസംഖ്യയുടെ ഘടനയുമായി ബന്ധപ്പെട്ടതാണ്. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ സർവേ പ്രകാരം, 2024-25 ൽ കേരളത്തിലെ 46.2 ലക്ഷം ഗ്രാമീണ കുടുംബങ്ങളിൽ (42.2 ശതമാനം) 19.5 ലക്ഷം കുടുംബങ്ങൾ മാത്രമാണ് "കർഷക കുടുംബങ്ങൾ". ഈ 19.5 ലക്ഷം കർഷക കുടുംബങ്ങളിൽ, 28.3 ശതമാനം പേർ മാത്രമാണ് പ്രധാന വരുമാന സ്രോതസ്സായി കൃഷി സ്വയം തൊഴിലായി ചെയ്യുന്നത്. ഏകദേശം 23.7 ശതമാനം ആളുകളുടെ പ്രധാന വരുമാന മാർഗ്ഗം കാർഷികേതര മേഖലയിൽ നിന്നുള്ള ക്രമാനുസൃതമായ വേതനമോ ശമ്പളമോ ആണ്. അതിനാൽ കേരളത്തിലെ ഭൂരിഭാഗം കർഷകരും മുഴുവൻ സമയവും കൃഷിയിൽ ഏർപ്പെടുന്നവരല്ല, മറിച്ച് ,"പാർട്ട് ടൈം" കർഷകരാണ്. ഇതിന്റെ ഫലമായി കൃഷിയിലെ നിക്ഷേപം, കൃഷിക്കായി ചെലവഴിക്കുന്ന സമയം, കൃഷിയിടങ്ങളിൽ നൽകുന്ന പരിചരണം എന്നിവ കുറയുന്നു. ഇവയെല്ലാം തന്നെ ശാസ്ത്രീയ കൃഷിരീതികൾ സ്വീകരിക്കുന്നതിന് നിർണ്ണായക ഘടകങ്ങളാണ്.

രണ്ടാമതായി, ഗ്രാമീണ തൊഴിലാളികളിൽ വലിയൊരു വിഭാഗം കാർഷികേതര മേഖലകളിൽ ജോലി ചെയ്യുകയും കർഷക തൊഴിലാളികളേക്കാൾ ഉയർന്ന വേതനം നേടുകയും ചെയ്യുന്നതിനാൽ, മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ കാർഷിക മേഖലയിലെ വേതന നിരക്ക് കൂടുതലാണ്. കർഷക തൊഴിലാളികളുടെ തൊഴിൽ സാഹ




**ചിത്രം 13.1** *കൃഷി, കന്നുകാലികൾ, വനം, മത്സ്യബന്ധനം എന്നിവയിലെ ഉൽപാദന മൂല്യത്തിലെ (വാല്യൂ ഓഫ് ഔട്ട്പുട്ട്) പ്രവണതകൾ, സ്ഥിരവിലയിൽ, 2011- 12 അടിസ്ഥാന വർഷം, കേരളം, 2011- 12 മുതൽ 2023- 24 വരെ, രൂപ ലക്ഷത്തിൽ*

*അവലംബം:* കേന്ദ്ര സ്ഥിതിവിവരക്കണക്ക് ഓഫീസ്.

*കുറിപ്പ്:* ചിത്രീകരണ ആവശ്യങ്ങൾക്കായി Y - ആക്സിസ് പൂജ്യത്തിലേക്ക് പിവറ്റ് ചെയ്തിട്ടില്ല.




**ചിത്രം 13.2** *കാർഷിക മേഖലയിലെ ഉൽപാദന മൂല്യത്തിലെ (വാല്യൂ ഓഫ് ഔട്ട്പുട്ട്) പ്രവണതകൾ, സ്ഥിരവിലയിൽ, 2011-12 അടിസ്ഥാന വർഷം, കേരളം, 2011-12 മുതൽ 2023-24 വരെ, രൂപ ലക്ഷത്തിൽ*

*അവലംബം:* കേന്ദ്ര സ്ഥിതിവിവരക്കണക്ക് ഓഫീസ്.

ചര്യങ്ങളുടെ കാര്യത്തിൽ ഈ വസ്തുത ഒരു നല്ല നേട്ടമാണെങ്കിലും, കാർഷിക സാമ്പത്തിക മേഖലയിൽ ഇത് ഒരു അധിക ഭാരം അടിച്ചേൽപ്പിക്കുന്നു. ഉയർന്ന വേതന നിരക്ക് കാരണം, മിക്ക കർഷകരും കൃഷിയിടങ്ങളിൽ വേണ്ടത്ര തൊഴിലാളികളെ വിന്യസിപ്പിക്കുന്നില്ല. ഇത് കാർഷിക പ്രവർത്തനങ്ങളുടെ ശാസ്ത്രീയ പരിപാലനത്തെ പ്രതികൂലമായി ബാധിക്കുന്നു.

മൂന്നാമതായി, കാർഷിക മേഖലയിലെ ഉയർന്ന വേതനം കർഷകരെ യന്ത്രവൽക്കരണത്തിലേക്കു പ്രേരിപ്പിക്കുന്നുണ്ടെങ്കിലും, കൃഷിയിലെ നിക്ഷേപത്തിനുള്ള വിമുഖത യന്ത്രവൽക്കരണത്തെ പരിമിതപ്പെടുത്തിയിരിക്കുന്നു. ചെറുകിട, നാമമാത്ര കൃഷിയിടങ്ങളിലോ തോട്ടവിളകളിലോ ഉപയോഗിക്കുന്നതിന് അനുയോജ്യമായതും സ്ത്രീ തൊഴിലാളികൾക്ക് ഉപയോഗിക്കാൻ സൗകര്യമുള്ള




**ചിത്രം 13.3** *കന്നുകാലി മേഖലയിൽ ഉൽപാദന മൂല്യത്തിലെ (വാല്യൂ ഓഫ് ഔട്ട്പുട്ട്) പ്രവണതകൾ, സ്ഥിരവിലയിൽ, 2011-12 അടിസ്ഥാന വർഷം, കേരളം, 2011-12 മുതൽ 2023-24 വരെ, രൂപ ലക്ഷത്തിൽ*

*അവലംബം:* കേന്ദ്ര സ്ഥിതിവിവരക്കണക്ക് ഓഫീസ്




**ചിത്രം 13.4** *മത്സ്യബന്ധന മേഖലയിലെ ഉൽപ്പാദന മൂല്യത്തിലെ പ്രവണതകൾ, സ്ഥിരവിലയിൽ, 2011- 12 അടിസ്ഥാന വർഷം, കേരളം, 2011- 12 മുതൽ 2023- 24 വരെ, രൂപ ലക്ഷത്തിൽ*

*അവലംബം:* കേന്ദ്ര സ്ഥിതിവിവരക്കണക്ക് ഓഫീസ്.

തുമായ യന്ത്രങ്ങളുടെ അഭാവവും ഈ പ്രശ്നം കൂടുതൽ സങ്കീർണമാക്കുന്നു. 2018-19 ൽ കേരളത്തിലെ കാർഷിക വൈദ്യുതിയുടെ ആകെ ലഭ്യത ഹെക്ടറിന് 1.3 കിലോവാട്ട് മാത്രമാണെന്ന് കണക്കാക്കപ്പെട്ടിരുന്നു. ഇത് ദേശീയ ശരാശരിയായ ഹെക്ടറിന് 2.5 കിലോവാട്ട്, പഞ്ചാബിലെ ശരാശരിയായ ഹെക്ടറിന് 6 കിലോവാട്ട്, ഹരിയാനയുടെ ശരാശരിയായ ഹെക്ടറിന് 5.5 കിലോവാട്ട് എന്നിവയുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ കുറവാണ്. ഉദാഹരണത്തിന്, കേരളത്തിൽ 1000 ഹെക്ടർ പ്രദേശത്ത് നാല് ട്രാക്ടറുകൾ മാത്രമുള്ളപ്പോൾ, അതേസമയം അനുബന്ധ കണക്കുകൾ പ്രകാരം ഹരിയാനയിൽ 96, പഞ്ചാബിൽ 79, തമിഴ്നാട്ടിൽ 46, കർണാടകയിൽ 32 എന്നിങ്ങനെയാണ്.

## കാർഷിക വളർച്ചയിലെ പ്രവണതകൾ

### സമഗ്ര പ്രവണതകൾ

ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ രണ്ടാം ദശകത്തിൽ കേരളത്തിലെ കാർഷിക വളർച്ചയിൽ ദീർഘകാല സ്തംഭനാവസ്ഥയും, ചില ഘട്ടങ്ങളിൽ ഇടിവും ഉണ്ടായത് ആശങ്കാജനകമായൊരു പ്രത്യേകതയായിരുന്നു. ഇത് 2021 ലെ കേരള വികസന റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുണ്ട്. 2011-12 ലെ സ്ഥിര വിലയിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ, 2011-12 മുതൽ 2019-20 വരെ കൃഷിയിലും അനുബന്ധ മേഖലകളിലും ഉൽപാദന മൂല്യത്തിൽ (വാല്യൂ ഓഫ് ഔട്ട്പുട്ട്) ഗണ്യമായ ഇടിവുണ്ടായി. കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, വനം എന്നിവയിൽ നിന്നുള്ള മൊത്തം ഉൽപ്പാദന മൂല്യം 2011-12 ലെ 55,584 കോടി രൂപയിൽ നിന്ന് 2019-20 ൽ 50,397 കോടി രൂപയായി കുറഞ്ഞു (ചിത്രം 13.1). കർഷകരുടെ വരുമാനത്തിലുണ്ടായ കുറവ് ഉൾപ്പെടെ, 5,187 കോടി രൂപയുടെ ഇടിവ് കാർഷിക സമ്പദ്വ്യവസ്ഥയിലുടനീളം പ്രതികൂല സാഹചര്യം സൃഷ്ടിച്ചു.

കൃഷിയിലും അനുബന്ധ മേഖലകളിലും, ഉൽപ്പാദന മൂല്യത്തിലുണ്ടായ കുറവ് പ്രധാനമായും വിള മേഖലയിലാണ് കേന്ദ്രീകരിച്ചത്. വിള മേഖലയിൽ, 2011-12 ലെ 33,490 കോടി രൂപയിൽ നിന്ന് 2019-20 ൽ 26,398 കോടി രൂപയായി കുറഞ്ഞു (ചിത്രം 13.2). കന്നുകാലി മേഖലയിലെ ഉൽപ്പാദന മൂല്യം ഈ കാലയളവിൽ വലിയതോതിൽ സ്തംഭനാവസ്ഥയിലായിരുന്നു, അതേസമയം മത്സ്യബന്ധന മേഖലയിലെ ഉൽപ്പാദന മൂല്യം തുടർച്ചയായ വളർച്ചയാണ് രേഖപ്പെടുത്തിയത് (ചിത്രം 13.3 ഉം 13.4 ഉം).

എന്നിരുന്നാലും, 2019-20 ന് ശേഷം വളർച്ചയിൽ വീണ്ടും വ്യക്തമായ തുടക്കമുണ്ടായിരുന്നു, കൃഷിയിലും അനുബന്ധ മേഖലകളിലുമുള്ള ഉൽപ്പാദന മൂല്യം 2019-20 ലെ 50,397 കോടി രൂപയിൽ നിന്ന് 2023-24 ൽ 56,866 കോടി രൂപയായി ഉയർന്നു. 2023-24 ലെ ഉൽപ്പാദന മൂല്യം 2011-12 ലെ ഉൽപ്പാദന മൂല്യത്തേക്കാൾ കൂടുതലായിരുന്നു, ഇത് കാർഷിക സമ്പദ്വ്യവസ്ഥയിലെ പ്രതിസന്ധിയുടെ ഒരു കാലഘട്ടത്തിന് അന്ത്യം കുറിച്ചു. കന്നുകാലി മേഖലയിൽ മൊത്തത്തിലുള്ള സ്തംഭനാവസ്ഥ തുടർന്നെങ്കിലും, മത്സ്യബന്ധന മേഖലയിൽ ന്യായമായ വളർച്ച തുടർന്നു, 2019-20 ന് ശേഷവും വിള മേഖലയിൽ പുനരുജ്ജീവനത്തിന്റെ പ്രകടമായ ലക്ഷണം ദൃശ്യമായിരുന്നു. വിള മേഖലയിലെ ഉൽപ്പാദന മൂല്യം 2019-20 ൽ 26,398 കോടി രൂപയിൽ നിന്ന് 2023-24 ൽ 30,346 കോടി രൂപയായി വർദ്ധിച്ചു.

2026-27 ആകുമ്പോഴേക്കും, കാർഷിക മേഖലയിലെ വളർച്ചയുടെ തിരിച്ചു വരവ് കൂടുതൽ പൂർണ്ണമാകുമെന്നും, വിള മേഖല മികച്ച പ്രകടനം തുടരുമെന്നും പ്രതീക്ഷിക്കുന്നു. ഇത് ഇപ്പോഴും ഒരു ദശാബ്ദത്തിലേറെയായി വളർച്ചയുടെ ആക്കം നഷ്ടപ്പെടുന്നതിനെ സൂചിപ്പിക്കുന്നുണ്ടെങ്കിൽ പോലും, പുനരുജ്ജീവനത്തിന്റെയും വളർച്ചയുടെയും ഒരു പുതിയ തുടക്കമായി ഇതിനെ കണക്കാൻ സാധിക്കും.

### വിഭിന്ന പ്രവണതകൾ

2019-20 ന് ശേഷം എല്ലാ വിളകളിലെയും വളർച്ചാഗതി ഒരുപോലെയായിരുന്നില്ല. 2011-12 മുതൽ കേരളത്തിലെ ഉൽപ്പാദന മൂല്യത്തിലെ വിള തിരിച്ചുള്ള വിവരങ്ങൾ ചിത്രം




**ചിത്രം 13.5** *തിരഞ്ഞെടുത്ത വിളകളിലെ ഉൽപാദന മൂല്യത്തിലെ പ്രവണതകൾ, സ്ഥിരവിലയിൽ, 2011-12 അടിസ്ഥാന വർഷം, കേരളം, 2011-12 മുതൽ 2023-24 വരെ, രൂപ ലക്ഷത്തിൽ*

*അവലംബം:* കേന്ദ്ര സ്ഥിതിവിവരക്കണക്ക് ഓഫീസ്.




**ചിത്രം 13.6** *തിരഞ്ഞെടുത്ത കന്നുകാലി മേഖലകളിലെ ഉൽപ്പാദന മൂല്യത്തിലെ പ്രവണതകൾ, സ്ഥിരവിലയിൽ, 2011- 12 അടിസ്ഥാന വർഷം, കേരളം, 2011- 12 മുതൽ 2023- 24 വരെ, രൂപ ലക്ഷത്തിൽ*

*അവലംബം:* കേന്ദ്ര സ്ഥിതിവിവരക്കണക്ക് ഓഫീസ്.

13.5 ൽ നൽകിയിരിക്കുന്നു. നെല്ല്, പയർവർഗ്ഗങ്ങൾ, റബ്ബർ, തേങ്ങ, തേയില, കവുങ്ങ് എന്നീ വിളകളുടെ 2023-24 ലെ സമ്പൂർണ്ണ ഉൽപ്പാദന മൂല്യം 2011-12 നെ അപേക്ഷിച്ച് കുറഞ്ഞതായിരുന്നു. നെല്ലിന്റെ ഉൽപ്പാദന മൂല്യം, 2011-12 നും 2016-17 നും ഇടയിൽ കുറയുകയും, പിന്നീട് 2020-21 വരെ ഉയരുകയും, പിന്നീട് വീണ്ടും കുറയുകയുമുണ്ടായി. പയർവർഗ്ഗങ്ങളിൽ, 2011-12 മുതൽ 2023-24 വരെ ഉൽപ്പാദന മൂല്യം തുടർച്ചയായി കുറഞ്ഞു. ഈ കുറവ് പ്രതിഫലിക്കാതിരുന്നത് വൻപയർ കൃഷിയിൽ മാത്രമാണ്. നാളികേര മേഖലയിൽ, 2011-12 മുതൽ 2020-21 വരെ ഉൽപ്പാദന മൂല്യത്തിൽ തുടർച്ചയായ ഇടിവുണ്ടായി, തുടർന്ന് വർദ്ധനവ് രേഖപ്പെടുത്തി. റബ്ബറിൽ, 2011-12 മുതൽ 2015-16 വരെ ഉൽപ്പാദന മൂല്യം കുറഞ്ഞു, തുടർന്ന് 2023-24 വരെയുള്ള ഒരു ചെറിയ കാലയളവിലെ സ്തംഭനാവസ്ഥയ്ക്ക് ശേഷം അത് ഉയരാൻ തുടങ്ങി. തേയിലയുടെ കാര്യത്തിൽ, 2011-12 നും 2023-24 നും ഇടയിലുള്ള കാലയളവിൽ ഉൽപ്പാദന മൂല്യം സ്തംഭിച്ചു. ഉൽപ്പാദന മൂല്യം കുറയുന്ന പ്രവണത പ്രതിഫലിച്ച മറ്റൊരു വിളയാണ് കവുങ്ങ്.

മുകളിൽ പറഞ്ഞ വിളകളുടെ ഉൽപ്പാദനമൂല്യത്തിലെ പ്രവണതകൾ - ഒരു കുറവ്, അല്ലെങ്കിൽ മന്ദഗതിയിലുള്ള പുരോഗതിക്കൊപ്പമുള്ള കുറവ് - മറ്റ് വിളകളുടെ ഉൽപ്പാദന മൂല്യത്തിലെ പ്രവണതകളിൽ നിന്ന് വ്യത്യസ്തമായിരുന്നു. അത്തരം വിളകളിൽ, കഴിഞ്ഞ ദശകത്തിൽ തുടർച്ചയായ വളർച്ചയോ വ്യത്യസ്തവും ശക്തവുമായ വളർച്ച പുരോഗതിയോ ഉണ്ടായിരുന്നു. സുഗന്ധവ്യഞ്ജനങ്ങളിലും , 2013-14 നും 2023-24 നും ഇടയിൽ ഉൽപ്പാദന മൂല്യത്തിൽ മന്ദഗതിയിലുള്ള വർദ്ധനവുണ്ടായി. മറ്റൊരു വിധത്തിൽ, ഉൽപ്പാദന മൂല്യത്തിലെ മൊത്തത്തിലുള്ള പ്രവണതകളിൽ നിന്ന് വ്യത്യസ്തമായൊരു മേഖല ആയിരുന്നു സുഗന്ധവ്യഞ്ജനങ്ങൾ. എന്നാൽ എല്ലാ സുഗന്ധവ്യഞ്ജനങ്ങൾക്കും സമാനമായ വളർച്ചയായിരുന്നില്ല. ഏലം, ജാതിക്ക എന്നിവയുടെ ഉൽപ്പാദന മൂല്യത്തിൽ വർധനവുണ്ടായി, എന്നാൽ കുരുമുളകിന്റെയും മഞ്ഞളിന്റെയും ഉൽപ്പാദന മൂല്യം കുറഞ്ഞു. "മറ്റ് സുഗന്ധവ്യഞ്ജന വിളകളുടെ" വിഭാഗത്തിലെ ഉൽപ്പാദന മൂല്യത്തിലും വളർച്ചയുണ്ടായി, ഇത് വാനില, സ്റ്റാർ അനിസ്, കറുവപ്പട്ട, ജീരകം, ഉലുവ തുടങ്ങിയ നിരവധി




**ചിത്രം 13.7** *സമുദ്ര, ഉൾനാടൻ മത്സ്യബന്ധന മേഖലയിലെ ഉൽപ്പാദന മൂല്യത്തിലെ പ്രവണതകൾ, സ്ഥിരവിലയിൽ, 2011-12 അടിസ്ഥാന വർഷം, കേരളം, 2011-12 മുതൽ 2023-24 വരെ, രൂപ ലക്ഷത്തിൽ*

*അവലംബം:* കേന്ദ്ര സ്ഥിതിവിവരക്കണക്ക് ഓഫീസ്.

സുഗന്ധവ്യഞ്ജന വിളകളുടെ കൃഷിയിലെ പുരോഗതി സൂചിപ്പിക്കുന്നു.

2011-12 നും 2016-17 നും ഇടയിൽ കാപ്പിയുടെ ഉൽപ്പാദന മൂല്യത്തിൽ കുറവുണ്ടായി, എന്നാൽ പിന്നീട് 2023-24 വരെ ഇതിൽ തുടർച്ചയായ വർദ്ധനവുണ്ടായി. വ്യത്യസ്തമായ ഒരു പുരോഗതി പ്രകടിപ്പിച്ച മറ്റൊരു വിള വിഭാഗം പഴവർഗ്ഗങ്ങളും പച്ചക്കറികളുമാണ്. പഴങ്ങളിലും പച്ചക്കറികളിലും ഉൽപ്പാദന മൂല്യം 2018-19 വരെ കുറയുകയും, പിന്നീട് കുത്തനെയുള്ള പുരോഗതി രേഖപ്പെടുത്തുകയും ചെയ്തു. വാഴപ്പഴത്തിന്റെ കാര്യത്തിൽ, ഉൽപ്പാദന മൂല്യത്തിലെ മൊത്തത്തിലുള്ള വളർച്ച മന്ദഗതിയിലായിരുന്നു, 2023-24 ലെ ഉൽപ്പാദന മൂല്യം 2011-12 നേക്കാൾ നേരിയ തോതിൽ മാത്രമേ ഉയർന്നുള്ളൂ. പുഷ്പകൃഷിയിലെ ഉൽപ്പാദന മൂല്യം വലിയതോതിൽ സ്തംഭനാവസ്ഥയിലായിരുന്നു.

ചുരുക്കത്തിൽ, കേരളത്തിലെ വിള മേഖല സമീപ വർഷങ്ങളിൽ മൊത്തത്തിലുള്ള പുനരുജ്ജീവനത്തിന്റെ വ്യക്തമായ സൂചന കാണിക്കുന്നുണ്ടെങ്കിലും, പുനരുജ്ജീവനത്തിന്റെ രീതികൾ വിളകളിലും വിള വിഭാഗങ്ങളിലും വ്യത്യസ്തമായിരുന്നു. അത്തരമൊരു പ്രവണതയുടെ സാധ്യതകൾ 2021 ലെ കേരള വികസന റിപ്പോർട്ട് അടിവരയിടുന്നു, അതിൽ ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്: "പതിമൂന്നാം പദ്ധതിയുടെ നയപരമായ ഇടപെടലുകളുടെ ഭാഗമായി, കാർഷിക മേഖലയിലെ ഇടിവ് തടയാൻ കഴിയും". 2016 ലെ നോട്ട് നിരോധനം, 2018 ലെ വെള്ളപ്പൊക്കം, 2019 ലെ അതിശക്തമായ മൺസൂൺ തുടങ്ങിയ കാർഷിക സമ്പദ്‌വ്യവസ്ഥയ്ക്കുണ്ടായ തുടർച്ചയായ ആഘാതങ്ങൾ കാരണം മാത്രമാണ് പുനരുജ്ജീവനം 2019-20 വരെ വൈകിയത്. പുനരുജ്ജീവന കാലഘട്ടം സുഭിക്ഷ കേരളം എന്ന പേരിൽ കാർഷിക വികസനത്തിനായുള്ള ഒരു സംയോജിത പരിപാടി നടപ്പിലാക്കുന്ന കാലഘട്ടം കൂടിയായിരുന്നു.

കന്നുകാലി മേഖലയിൽ, പ്രധാന ഘടകങ്ങൾ പാൽ, മുട്ട, മാംസം എന്നിവയാണ് (ചിത്രം 13.6). മിൽമയുടെ പാൽ ഇറക്കുമതി ഉൾപ്പെടെ, കേരളത്തിൽ പാൽ ഇറക്കുമതി ആശ്രയിക്കുന്നതിൽ കുറവുണ്ടായതായി രേഖകൾ സൂചിപ്പിക്കുന്നു. എന്നിരുന്നാലും, പാലിന്റെ ഉൽപ്പാദന മൂല്യം 2011-12 ലെ 6,772 കോടി രൂപ യിൽ നിന്ന് 2016-17 ൽ 6,286 കോടി രൂപയായി നേരിയ തോതിൽ കുറയുകയും തുടർന്ന് 2023-24 ൽ 6,438 കോടി രൂപയായി നേരിയ പുരോഗതി രേഖപ്പെടുത്തുകയും ചെയ്തു. ചെറുകിട ഉൽപ്പാദകർ സംസ്ഥാനത്തുടനീളം പ്രാദേശികമായും അനൗപചാരികമായും ഉൽപ്പാദിപ്പിച്ച് വിൽക്കുന്ന പാലിന്റെ വിവരങ്ങൾ മൊത്തം ഡാറ്റയിൽ ഉൾപ്പെടുത്താനായിട്ടില്ല. ഈ പ്രശ്നം കൂടുതൽ ശ്രദ്ധാപൂർവ്വം പരിശോധിക്കേണ്ടതുണ്ട്. മുട്ട ഉൽപ്പാദനത്തിൽ , ഉൽപ്പാദന മൂല്യം 2011-12 ലെ 515 കോടി രൂപയിൽ നിന്ന് 2023-24 ൽ 727 കോടി രൂപയായി ഉയർന്നു, എന്നാൽ 2014-15 മുതൽ 2019-20

**പട്ടിക 13.1** *കേരളത്തിലെ കാർഷിക അനുബന്ധ മേഖലകളിലെ ഉൽപ്പാദന മൂല്യത്തിൽ ഓരോ ഉപമേഖലയുടെയും വിഹിതം, 2011-12 മുതൽ 2023-24 വരെ, ശതമാനത്തിൽ*

| വർഷം | വിളകൾ | കന്നുകാലി മേഖല | ഫോറസ്ട്രി ആൻഡ് ലോഗിങ് | മത്സ്യബന്ധനവും മത്സ്യക്കൃഷിയും | ആകെ ഉൽപ്പാദന മൂല്യം |
|---|---|---|---|---|---|
| 2011-12 | 60.0 | 23.3 | 8.9 | 7.8 | 100.0 |
| 2012-13 | 58.5 | 25.1 | 8.8 | 7.7 | 100.0 |
| 2013-14 | 56.6 | 26.9 | 7.9 | 8.7 | 100.0 |
| 2014-15 | 53.8 | 27.8 | 9.0 | 9.4 | 100.0 |
| 2015-16 | 52.2 | 29.1 | 9.5 | 9.1 | 100.0 |
| 2016-17 | 53.5 | 27.1 | 10.1 | 9.3 | 100.0 |
| 2017-18 | 53.2 | 27.0 | 9.6 | 10.2 | 100.0 |
| 2018-19 | 51.8 | 26.9 | 10.2 | 11.1 | 100.0 |
| 2019-20 | 52.3 | 27.2 | 11.1 | 9.5 | 100.0 |
| 2020-21 | 53.0 | 27.3 | 11.1 | 8.7 | 100.0 |
| 2021-22 | 52.3 | 26.1 | 10.4 | 11.1 | 100.0 |
| 2022-23 | 54.2 | 24.4 | 10.2 | 11.3 | 100.0 |
| 2023-24 | 53.6 | 25.6 | 10.0 | 10.7 | 100.0 |

*അവലംബം:* സി.എസ്.ഒ റിപ്പോർട്ടുകളിൽ നിന്ന് കണക്കാക്കിയത്.

വരെ ദീർഘകാല സ്തംഭനാവസ്ഥയായിരുന്നു. ഈ ഇടവേള ഇല്ലായിരുന്നെങ്കിൽ മുട്ട മേഖലയിലെ പ്രകടനം സ്ഥിരതയുള്ളതാകുമായിരുന്നു. മാംസ മേഖലയിലെ ഉൽപ്പാദന മൂല്യം 2011-12 ലെ 5,207 കോടി രൂപയിൽ നിന്ന് 2023-24 ൽ 6,029 കോടി രൂപയായി സാവധാനത്തിലും ക്രമാനുഗതമായും വർദ്ധിച്ചു. ഇവിടെയും, ഉൽപ്പാദന മൂല്യത്തിൽ ചെറിയ ഇടവേളകളിൽ ഇടിവ് സംഭവിച്ചു, ഇത് ദീർഘകാലാടിസ്ഥാനത്തിലുള്ള മികച്ച പ്രകടനത്തെ പ്രതികൂലമായി ബാധിച്ചു.

മത്സ്യബന്ധന മേഖലയിൽ, ഉൾനാടൻ മത്സ്യകൃഷി മേഖലയെ അപേക്ഷിച്ച് സമുദ്ര മത്സ്യബന്ധന മേഖലയിലെ ഉൽപ്പാദന മൂല്യം അധിക വളർച്ച നിലനിർത്തി. ഇത് ദേശീയ തലത്തിലെ മത്സ്യബന്ധന മേഖലയിൽ നിന്നും വിഭിന്നമാണ്, അവിടെ ഉൾനാടൻ മത്സ്യകൃഷി മേഖലയാണ് സമുദ്ര മത്സ്യകൃഷി മേഖലയെക്കാൾ മുന്നിട്ടു നിന്നത്. കൂടാതെ, 2019-20, 2020-21 എന്നീ രണ്ട് വർഷങ്ങളിൽ ഉൽപ്പാദന മൂല്യത്തിൽ പൂർണ്ണമായ ഇടിവ് ഉണ്ടായിട്ടും, 2011-12 ന് ശേഷം സമുദ്ര മത്സ്യബന്ധനത്തിൽ ഉൽപ്പാദന മൂല്യത്തിന്റെ വളർച്ച കേരളത്തിലെ ഉൾനാടൻ മത്സ്യകൃഷിയേക്കാൾ വേഗത്തിലായിരുന്നു (ചിത്രം 13.7). സമുദ്ര മത്സ്യബന്ധനത്തിലെ മികച്ച പ്രകടനം കേരളത്തിന്റെ ദീർഘകാല ശക്തികളും നേട്ടങ്ങളും വ്യക്തമാക്കുന്നു. അതേസമയം, ഉൾനാടൻ മത്സ്യ കൃഷിയുടെ താരതമ്യേന ദുർബലമായ പ്രകടനം ഭാവിയിൽ ഈ മേഖലയുടെ വളർച്ചയ്ക്ക് വലിയ സാധ്യതയുള്ളതായി സൂചിപ്പിക്കുന്നു.

2019-20 ന് ശേഷം കൃഷിയിലും അനുബന്ധ മേഖലകളിലുമുള്ള ഉൽപ്പാദന മൂല്യത്തിന്റെ പുരോഗതിയിൽ ഓരോ ഉപമേഖലയുടെയും സംഭാവനയിൽ മാറ്റങ്ങളുണ്ട് (പട്ടിക 13.1 കാണുക). 2011-12 മുതൽ 2023-24 വരെ, വിള മേഖലയുടെ സംഭാവന 60 ശതമാനത്തിൽ നിന്ന് 53.6 ശതമാനമായി കുറഞ്ഞു. കന്നുകാലി മേഖലയുടെ സംഭാവന നേരിയ തോതിൽ മാത്രം വർദ്ധിച്ചെങ്കിലും, വനം, മത്സ്യബന്ധന മേഖലകളുടെ സംഭാവന ഈ കാലയളവിൽ വലിയ തോതിൽ വർദ്ധിച്ചു. എന്നാൽ 2019-20 നും 2023-24 നും ഇടയിലുള്ള കാലയളവിൽ, വിള മേഖലയുടെ സംഭാവന വീണ്ടും വർദ്ധിക്കുകയും കന്നുകാലി മേഖലയുടെ വിഹിതം കുറയുകയും വനം, മത്സ്യബന്ധന മേഖലകളുടെ സംഭാവന നേരിയ തോതിൽ വർദ്ധിക്കുകയും ചെയ്തു. 2019-20 നും 2023-24 നും ഇടയിൽ ഉൽപ്പാദന മൂല്യത്തിൽ വർദ്ധനവുണ്ടായത് പരിഗണിക്കുകയാണെങ്കിൽ, ഏകദേശം 61 ശതമാനം വർദ്ധനവ് വിള മേഖലയിൽ നിന്നാണ്, അതേസമയം ഏകദേശം 36 ശതമാനത്തോളം വർദ്ധനവ് മത്സ്യബന്ധന മേഖലയിൽ നിന്നാണ്.

**വിള തിരിച്ചുള്ള ഉൽപാദന പ്രവണതകൾ**

ഈ ഭാഗത്തിൽ, സംസ്ഥാന സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിൽ നിന്നും വാണിജ്യ വിള ബോർഡുകളിൽ നിന്നുമുള്ള വിള ഉൽപാദന വിവരങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. സമീപ വർഷങ്ങളിൽ പുരോഗതി കൈവരിക്കാനാവുന്ന പ്രത്യേക മേഖലകൾ നിർവചിക്കുന്നതിനും ഭാവിയിൽ മെച്ചപ്പെട്ട നയപരമായ ഇടപെടലുകൾക്കായി നിലവിലുള്ള പ്രതിസന്ധികളും വെല്ലുവിളികളും തിരിച്ചറിയുന്നതിനും ഇത് ലക്ഷ്യമിടുന്നു. ഭാവി ഇടപെടലുകളുടെ രൂപകൽപ്പനയിൽ മികച്ച പ്രകടനം കാഴ്ചവെച്ച മേഖലകളിൽ നിന്നുള്ള പാഠങ്ങൾ ഉൾക്കൊണ്ട് മികച്ച രീതികൾ സ്വീകരിക്കുന്നതും അത്യന്തം പ്രധാനമാണ്.


നെല്ല്
ഉത്പാദനം ദശലക്ഷം ടണ്ണിൽ
700,000
600,000
500,000
400,000
300,000
200,000
100,000
-
568,993
508,299
564,325
562,092
549,275
436,483
521,310
578,256
587,078
626,890
559,340
592,685
530,284
530,224
2011-12
2012-13
2013-14
2014-15
2015-16
2016-17
2017-18
2018-19
2019-20
2020-21
2021-22
2022-23
2023-24
2024-25


പയർവർഗ്ഗങ്ങൾ
ഉത്പാദനം ദശലക്ഷം ടണ്ണിൽ
3,500
3,000
2,500
2,000
1,500
1,000
500
-
2,500
3,200
2,800
1,400
1,600
1,700
2,100
2,300
2,200
1,900
1,500
1,607
1,884
1,024
2011-12
2012-13
2013-14
2014-15
2015-16
2016-17
2017-18
2018-19
2019-20
2020-21
2021-22
2022-23
2023-24
2024-25


കുരുമുളകും ഇഞ്ചിയും
കുരുമുളക്
ഇഞ്ചി
ഉത്പാദനം ദശലക്ഷം ടണ്ണിൽ
50,000
45,000
40,000
35,000
30,000
25,000
20,000
15,000
10,000
5,000
-
37,501
46,298
29,408
40,690
42,132
34,065
37,955
36,776
34,545
33,591
32,516
27,654
30,798
29,503
37,125
22,064
21,521
22,989
22,044
20,478
18,979
15,124
11,917
12,095
12,886
11,007
9,766
11,260
2011-12
2012-13
2013-14
2014-15
2015-16
2016-17
2017-18
2018-19
2019-20
2020-21
2021-22
2022-23
2023-24
2024-25


മഞ്ഞളും ഏലവും
മഞ്ഞൾ
ഏലം
ഉത്പാദനം ദശലക്ഷം ടണ്ണിൽ
25,000
20,000
15,000
10,000
5,000
-
10,222
10,222
14,000
16,000
19,500
17,147
18,350
11,535
10,076
20,570
21,270
22,165
22,869
18,310
7,946
6,904
6,253
6,820
7,112
6,506
8,822
6,694
6,653
7,420
7,402
6,540
6,145
6,741
2011-12
2012-13
2013-14
2014-15
2015-16
2016-17
2017-18
2018-19
2019-20
2020-21
2021-22
2022-23
2023-24
2024-25


തെങ്ങ്
ഉത്പാദനം ദശലക്ഷം ടണ്ണിൽ
7,000
6,000
5,000
4,000
3,000
2,000
1,000
-
5,941
5,799
5,921
5,947
5,873
5,384
5,230
5,299
4,814
4,788
5,535
5,641
5,523
5,612
2011-12
2012-13
2013-14
2014-15
2015-16
2016-17
2017-18
2018-19
2019-20
2020-21
2021-22
2022-23
2023-24
2024-25


കവുങ്ങ്
ഉത്പാദനം ദശലക്ഷം ടണ്ണിൽ
140,000
120,000
100,000
80,000
60,000
40,000
20,000
-
121,623
118,233
100,018
125,926
132,453
116,839
108,516
99,925
92,755
103,159
103,476
98,527
103,985
85,892
2011-12
2012-13
2013-14
2014-15
2015-16
2016-17
2017-18
2018-19
2019-20
2020-21
2021-22
2022-23
2023-24
2024-25


വാഴയും മറ്റ് പ്ലാന്റെയിനുകളും
ഉത്പാദനം ദശലക്ഷം ടണ്ണിൽ
600,000
500,000
400,000
300,000
200,000
100,000
-
514,054
515,607
531,299
545,431
536,155
489,322
565,829
429,060
548,425
544,189
461,244
468,065
477,521
455,617
2011-12
2012-13
2013-14
2014-15
2015-16
2016-17
2017-18
2018-19
2019-20
2020-21
2021-22
2022-23
2023-24
2024-25


കശുവണ്ടി
ഉത്പാദനം ദശലക്ഷം ടണ്ണിൽ
40,000
35,000
30,000
25,000
20,000
15,000
10,000
5,000
-
36,743
37,919
33,375
29,715
24,733
27,944
25,629
15,635
19,444
20,909
15,861
13,052
12,780
13,625
2011-12
2012-13
2013-14
2014-15
2015-16
2016-17
2017-18
2018-19
2019-20
2020-21
2021-22
2022-23
2023-24
2024-25




**ചിത്രം 13.8** *കേരളത്തിലെ തിരഞ്ഞെടുത്ത പ്രധാന വിളകളുടെ ഉൽപാദനം, 2011-12 മുതൽ 2024-25 വരെ, മെട്രിക് ടൺ, ദശലക്ഷം നാളികേരം എന്നിവയിൽ*

*അവലംബം:* സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, കേരള സർക്കാർ, റബ്ബർ ബോർഡ്, കോഫി ബോർഡ്, നാളികേര വികസന ബോർഡ്, സുഗന്ധവ്യഞ്ജന ബോർഡ്

പ്രധാന വിളകളുടെയും വിള വിഭാഗങ്ങളുടെയും ഉൽപാദനം സംബന്ധിച്ച വിശദാംശങ്ങൾ ചിത്രം 13.8 ൽ നൽകിയിരിക്കുന്നു. ഭക്ഷ്യധാന്യങ്ങളുടെ കാര്യത്തിൽ, 2011-12 നും 2016-17 നും ഇടയിൽ നെല്ലിന്റെ ഉൽപ്പാദനം കുറഞ്ഞു, എന്നാൽ 2016-17 ലെ 4.4 ലക്ഷം മെട്രിക് ടണ്ണിൽ നിന്ന് 2020-21 ൽ 6.3 ലക്ഷം മെട്രിക് ടണ്ണായി ഉൽപ്പാദനം ഗണ്യമായി വർദ്ധിച്ചു. 2024-25 ആയപ്പോഴേക്കും നെല്ലുൽപാദനം 5.3 ലക്ഷം മെട്രിക് ടണ്ണായി കുറഞ്ഞെങ്കിലും ഇത് ഇപ്പോഴും 2016-17 ലെ ഉൽപാദനത്തേക്കാൾ കൂടുതലാണ്.

സംസ്ഥാന പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ള ഇടപെടലുകളാണ് നെല്ല് ഉൽപാദനത്തിൽ മികച്ച പ്രകടനത്തിന് കാരണമായത്. ഈ കാലയളവിൽ നെൽകൃഷി വികസനത്തിനായുള്ള പദ്ധതി വിഹിതത്തിൽ ഗണ്യമായ വർധനവുണ്ടായി. നെൽകൃഷി വികസനത്തിനുള്ള മൊത്തം പദ്ധതി വിഹിതം 2016-17 ലെ 69.5 കോടി രൂപയിൽ നിന്ന് 2025-26-ൽ 150 കോടി രൂപയായി ഉയർന്നു. കേരള ഭൂവികസന കോർപ്പറേഷൻ (കെ.എൽ.ഡി.സി ) പോലുള്ള പൊതുമേഖല സ്ഥാപനങ്ങൾ നെൽ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി വിനിയോഗിക്കുന്ന മറ്റ് വിഹിതങ്ങൾ ഇതിന് പുറമെയാണ്. വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും (എൽ.എസ്.ജി കൾ) മുഖേനയുള്ള വിഹിതങ്ങൾ തരിശുഭൂമി പുനരുദ്ധാരണത്തിനും വിത്തുകൾ, വളം, കീടനാശിനികൾ തുടങ്ങിയ ഉൽപ്പാദനോപാധികൾ സബ്സിഡിയോടെ വാങ്ങുന്നതിനും രാജ്യത്തെ ഏറ്റവും ഉയർന്ന താങ്ങുവിലയിൽ (എം.എസ്.പി) നെല്ല് സംഭരിക്കുന്നതിനും സഹായകമായി. 2024-25-ൽ, കേരളത്തിൽ നെല്ലിന്റെ സംഭരണ വില കിലോഗ്രാമിന് 28.20 രൂപയായിരുന്നു, ഇത് ദേശീയ തലത്തിലെ എം.എസ്.പി നിരക്കായ കിലോഗ്രാമിന് 23 രൂപയേക്കാൾ കൂടുതലായിരുന്നു. സംസ്ഥാന സർക്കാർ, ദേശീയ തലത്തിലുള്ള എം.എസ്.പിയിൽ കിലോഗ്രാമിന് 5.2 രൂപ നിരക്കിൽ ഇൻസെന്റീവ് ബോണസ് കൂടി അനുവദിച്ചു.

ഉയർന്ന എംഎസ്പി എന്നത് നെൽകർഷകർക്ക് നൽകുന്ന സഹായത്തിന്റെ ഒരു ഭാഗം മാത്രമാണ്. കൂടാതെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരം നെൽകൃഷിക്ക് വിവിധ സബ്സിഡികൾ നൽകുന്നുണ്ട്. ഓരോ സീസണിലും, ഹെക്ടറിന് 1,000 രൂപ എന്ന നിരക്കിൽ ഉൽപാദന ബോണസ് അനുവദിച്ചു. കൂടാതെ, കൂലി നൽകുന്നതിനും, വിത്തുകൾ, കുമ്മായം, ജൈവ വളങ്ങൾ, രാസ വളങ്ങൾ, ജൈവ കീടനിയന്ത്രണ ഏജന്റുകൾ, തുടങ്ങിയ ആവശ്യമായ ഉപാധികൾക്കും കൃഷി പ്രവർത്തനങ്ങൾക്കും ഹെക്ടറിന് 25,000 രൂപ വരെ സഹായം നൽകുന്നു. മാത്രമല്ല, തരിശു ഭൂമിയിൽ പുതുതായി നെൽകൃഷി ആരംഭിക്കുന്നതിനായി ഹെക്ടറിന് 40,000 രൂപ വരെ പ്രത്യേക സഹായവും ലഭ്യമാക്കി. 2016-17 മുതൽ 2024-25 വരെ

**പട്ടിക 13.2** *കേരളത്തിലെ നെൽകൃഷിക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/ കൃഷി വകുപ്പ് നൽകുന്ന സഹായങ്ങളുടെ വിശദാംശങ്ങൾ.*

| ഘടകങ്ങൾ | സഹായ നിരക്ക് |
|---|---|
| (എ) നെല്ല് വികസന പദ്ധതികൾ | |
| സുസ്ഥിര നെല്ല് വികസനത്തിനുള്ള സഹായം | ഹെക്ടറിന് 5,500 രൂപ |
| നെൽവയൽ ഭൂവുടമകൾക്ക് റോയൽറ്റി | ഹെക്ടറിന് 3,000 രൂപ |
| (ബി) വിസ്തൃതി വികസന പദ്ധതികൾ | |
| തരിശ്ശുഭൂമിയിലെ നെൽകൃഷി | ഹെക്ടറിന് 40,000 രൂപ |
| സവിശേഷ നെല്ലിനങ്ങളുടെ കൃഷി പ്രോത്സാഹനം | ഹെക്ടറിന് 10,000 രൂപ |
| (സി) കൂട്ടുകൃഷിക്കായി പാടശേഖര സമിതികൾക്ക് പ്രവർത്തന സഹായം | ഹെക്ടറിന് 360 രൂപ (ഒരു പാടശേഖരത്തിന് പരമാവധി 50,000 രൂപ വരെ) |
| (ഡി) പാടശേഖരങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് സഹായം | പ്രോജക്റ്റ് അടിസ്ഥാനത്തിലുള്ള സഹായം |
| (ഇ) നെൽകൃഷിയിൽ സൂക്ഷ്മപോഷകങ്ങൾ ഇലകളിൽ തളിക്കൽ | ഹെക്ടറിന് 2,000 രൂപ |
| (എഫ്) പൊക്കാളി നെല്ലിനങ്ങളുടെ ഫീൽഡ്-തല വിത്ത് വർധന | ഹെക്ടറിന് ഒരു ലക്ഷം രൂപ |

*അവലംബം:* തദ്ദേശ സ്വയംഭരണ വകുപ്പ്, കേരളം സർക്കാർ

യുള്ള കാലയളവിൽ 24,595 ഹെക്ടർ തരിശുഭൂമിയിൽ നെൽകൃഷി ചെയ്തു. അത്തരം സബ്സിഡി സഹായങ്ങളുടെ വിശദാംശങ്ങൾ പട്ടിക 13.2 ൽ നൽകിയിട്ടുണ്ട്.

നേരത്തെ സൂചിപ്പിച്ചതുപോലെ, പയർവർഗ്ഗങ്ങൾ കേരളത്തിൽ ഒരു നാമമാത്ര വിളയാണ്, ഭൂരിഭാഗം പ്രദേശത്തും വൻപയർ കൃഷിയാണ് ചെയ്യുന്നത്. 2011-12 മുതൽ, പയർവർഗ്ഗങ്ങളുടെ ഉൽപ്പാദനം കുത്തനെ ഇടിഞ്ഞു, ചില വർഷങ്ങളിൽ ഇതിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടായി. പയർവർഗ്ഗങ്ങളുടെ ഉൽപ്പാദനം 2012-13 ലെ 3,200 മെട്രിക് ടണ്ണിൽ നിന്ന് 2024-25 ൽ 1,024 മെട്രിക് ടണ്ണായി കുറഞ്ഞു. കൃഷി യോഗ്യമായ ഭൂമിയുടെ പരിവർത്തനമാണ് ഒരു കാരണം. കേരളത്തിൽ പയർവർഗ്ഗങ്ങൾ പ്രധാനമായും കൃഷി ചെയ്യുന്നത് മഴയെ ആശ്രയിച്ചാണ്, കൂടാതെ കൃഷിയിടത്തിൽ പ്രധാന വിളകൾക്ക് ശേഷമേ പയർവർഗ്ഗങ്ങൾക്ക് പരിഗണന നൽകുന്നുള്ളൂ. വൻപയർ പോലുള്ള പയർവർഗ്ഗങ്ങൾ വീട്ടുവളപ്പുകളിലും തെങ്ങിൻതോപ്പുകളിലും മരച്ചീനി കൃഷിയിടങ്ങളിലും വിജയകരമായി ഇടവിളയായി കൃഷി ചെയ്യാൻ സാധിക്കും, എന്നാൽ അത്തരം സാധ്യതകൾ ഇപ്പോഴും ഉപയോഗപ്പെടുത്തിയിട്ടില്ല.

എണ്ണക്കുരുക്കളിൽ, 2011-12 നും 2020-21 നും ഇടയിൽ നാളികേര ഉൽപ്പാദനം 594 കോടി നാളികേരത്തിൽ നിന്ന് 479 കോടി നാളികേരമായി കുറഞ്ഞു. പിന്നീട്, 2020-21 ലെ 479 കോടി നാളികേരത്തിൽ നിന്ന് 2024-25 ൽ 561 കോടി നാളികേരമായി ഉൽപ്പാദനത്തിൽ വർദ്ധനവുണ്ടായി. മെച്ചപ്പെട്ട വിപണി സാഹചര്യങ്ങളും മൂല്യവർദ്ധനവുമാണ് നാളികേര ഉൽപ്പാദനത്തിലെ വർദ്ധനവിന് കാരണം, കൂടാതെ 2018 ന് ശേഷം നാളികേര വികസന കൗൺസിൽ നടപ്പിലാക്കിയ 'നാളികേര മിഷൻ' മുഖാന്തിരം സംസ്ഥാന സർക്കാർ നടത്തിയ ഇടപെടലുകൾക്കും ഇതിൽ വലിയൊരു പങ്കുണ്ട്. ഈ കൗൺസിലിന് കീഴിൽ, ഓരോ പഞ്ചായത്തിലും പ്രതിവർഷം ഒരു വാർഡിന് 75 തെങ്ങുകൾ എന്ന നിരക്കിൽ പുനർ നടീലിന് ശ്രദ്ധ കേന്ദ്രീകരിക്കുന്നു. 2019-20 നും 2024-25 നും ഇടയിൽ, കൗൺസിൽ 50 ശതമാനം സബ്സിഡി നിരക്കിൽ 59,95,188 തെങ്ങിൻ തൈകൾ വിതരണം ചെയ്തു, അതിൽ 50,00,678 വെസ്റ്റ് കോസ്റ്റ് ടാൾ (ഡബ്ല്യൂ.സി.റ്റി) തൈകൾ, 2,80,439 കുള്ളൻ തൈകൾ, 7,14,071 സങ്കരയിനം തൈകൾ എന്നിവ ഉൾപ്പെടുന്നു.

'കേരഗ്രാമം' നാളികേര മേഖലയിലെ മറ്റൊരു വിജയകരമായ ഇടപെടലായിരുന്നു. 2014-15 നും 2025-26 നും ഇടയിൽ, സർക്കാർ 100 ഹെക്ടറോളം വരുന്ന 497 കേരഗ്രാമങ്ങൾ സ്ഥാപിച്ചു. തെങ്ങിൻ തടം തുറക്കൽ, പുതയിടൽ, സംയോജിത വള പരിപാലനം (ഐ.എൻ.എം), സംയോജിത കീട രോഗ നിയന്ത്രണം (ഐ.പി.ഡി.എം), ജലസേചനം, ജൈവ വള ഉൽപ്പാദനം, തെങ്ങുകയറ്റ യന്ത്രങ്ങളുടെ വിതരണം, നാളികേര അധിഷ്ഠിത മൂല്യവർദ്ധന യൂണിറ്റുകൾ ആരംഭിക്കൽ എന്നിവ ഉൾപ്പെടുന്ന സംയോജിത തെങ്ങ് പരിപാലനത്തിൽ ഈ പദ്ധതി ശ്രദ്ധ കേന്ദ്രീകരിച്ചു.

അടയ്ക്കയുടെ ഉൽപ്പാദനത്തിലും നേരിയ പുരോഗതി ഉണ്ടായി. 2015-16-ൽ 1.3 ലക്ഷം മെട്രിക് ടൺ ആയിരുന്ന ഉൽപ്പാദനം 2019-20-ൽ 0.9 ലക്ഷം മെട്രിക് ടണ്ണായി കുറഞ്ഞെങ്കിലും പിന്നീട് 2023-24-ൽ 1 ലക്ഷം മെട്രിക് ടണ്ണായി ഉൽപ്പാദനം വർദ്ധിച്ചു. 2024-25 ൽ അടയ്ക്ക ഉൽപ്പാദനം 0.86 ലക്ഷം മെട്രിക് ടണ്ണായി കുറഞ്ഞു. കാലാവസ്ഥാ വ്യതിയാനം, മണ്ണിന്റെ ഫലഭൂയിഷ്ഠത കുറയൽ, മഞ്ഞളിപ്പ് രോഗം, കൂമ്പ് ചീയൽ രോഗം എന്നിവയുടെ വ്യാപനം അടയ്ക്കയുടെ ഉൽപാദനത്തെ പ്രതികൂലമായി ബാധിച്ചു.

കേരളത്തിൽ വാഴയുടെയും മറ്റ് പ്ലാന്റെയിൻ ഇനങ്ങളുടെയും ഉൽപ്പാദനത്തിന് വലിയ സാധ്യതകളുണ്ടെങ്കിലും, കഴിഞ്ഞ വർഷങ്ങളിലായി ഇവയുടെ ഉത്പാദനം പ്രതീക്ഷിച്ചതിലും കുറവാണ്. 2011-12-ൽ 5.1 ലക്ഷം മെട്രിക് ടണ്ണിൽ നിന്ന് 2020-21-ൽ 5.4 ലക്ഷം മെട്രിക് ടണ്ണായി വാഴയുടെ

ഉൽപ്പാദനം ഉയർന്നെങ്കിലും, പിന്നീട് 2024-25 ആയപ്പോഴേക്കും അത് 4.6 ലക്ഷം മെട്രിക് ടണ്ണായി കുറഞ്ഞു. കനത്ത മഴ പോലുള്ള തീവ്രമായ കാലാവസ്ഥാ പ്രതിഭാസങ്ങൾ വാഴ കൃഷിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കേരളത്തിലെ മറ്റൊരു പ്രധാന ഭക്ഷ്യവിളയായ മരച്ചീനിയുടെ ഉൽപ്പാദനം ദീർഘകാലാടിസ്ഥാനത്തിൽ വലിയ മാറ്റമില്ലാതെ തുടരുകയാണ്.

പരമ്പരാഗത ഭക്ഷ്യവിളകൾക്ക് പുറമെ, തേയിലയുടെ ഉൽപ്പാദനം 2011-12 നും 2023-24 നും ഇടയിൽ ഏകദേശം 60,000 മെട്രിക് ടണ്ണിനടുത്ത് മാറിമറിയുകയായിരുന്നു. 2024-25ൽ ഉൽപ്പാദനം 57,290 മെട്രിക് ടണ്ണായി കുറഞ്ഞു. ഈ കാലയളവിൽ ഉൽപ്പാദനം ഉയർന്നും താഴ്ന്നുമിരുന്നു. റബ്ബറിന്റെ ഉൽപ്പാദനം, 2011-12 മുതൽ 2015-16 വരെ ഏകദേശം പകുതിയായി കുറഞ്ഞ് 8 ലക്ഷം മെട്രിക് ടണ്ണിൽ നിന്ന് 4.3 ലക്ഷം മെട്രിക് ടണ്ണായി. എന്നാൽ 2015-16 ന് ശേഷം, റബ്ബർ ഉൽപ്പാദനം വർദ്ധിച്ചു, 2024-25 ആയപ്പോഴേക്കും ഇത് ഏകദേശം 6.3 ലക്ഷം മെട്രിക് ടണ്ണായി. റബ്ബർ മേഖലയിൽ പുരോഗതിയുണ്ടായെങ്കിലും, സ്വാഭാവിക റബ്ബറിന്റെ നിരന്തര ഇറക്കുമതിയും സിന്തറ്റിക് റബ്ബറുമായുള്ള മത്സരവും മൂലം ഈ മേഖല ഇപ്പോഴും തുടർച്ചയായ പ്രതിസന്ധി നേരിടുകയാണ്. എന്നാൽ 2011-12 നും 2016-17 നും ഇടയിൽ കാപ്പി ഉൽപാദനത്തിൽ ഇടിവുണ്ടായെങ്കിലും, അതിനു ശേഷം കേരളത്തിലെ കാപ്പി ഉൽപാദനത്തിൽ പ്രകടമായ വർദ്ധനവുണ്ടായി. 2011-12 ൽ 68,175 മെട്രിക് ടൺ ആയിരുന്ന കാപ്പി ഉൽപ്പാദനം 2016-17 ൽ 63,476 മെട്രിക് ടണ്ണായി കുറഞ്ഞെങ്കിലും 2020-21 ൽ 68,545 മെട്രിക് ടണ്ണായും 2024-25 ൽ 70,933 മെട്രിക് ടണ്ണായും ഉയർന്നു.

കേരളത്തിൽ സുഗന്ധവ്യഞ്ജനങ്ങളുടെ ഉൽപാദനത്തിലും വർഷങ്ങളായി മൊത്തത്തിലുള്ള വർദ്ധനവ് ഉണ്ടായിട്ടുണ്ട്, ഈ വർദ്ധനവ് പ്രത്യേകിച്ചും ഏലത്തിലാണ്. 2018-19, 2019-20 എന്നീ രണ്ട് കാലാവസ്ഥാ വെല്ലുവിളികൾ നേരിട്ട വർഷങ്ങളെ മാറ്റിനിർത്തിയാൽ, 2011-12 നും 2023-24 നും ഇടയിൽ ഏലത്തിന്റെ ഉൽപ്പാദനം 10,222 മെട്രിക് ടണ്ണിൽ നിന്ന് ഇരട്ടിയിലധികം വർദ്ധിച്ച് 22,869 മെട്രിക് ടണ്ണായി. 2024-25 ൽ ഏലം ഉൽപ്പാദനം 18,310 മെട്രിക് ടണ്ണായി കുറഞ്ഞു. സുഗന്ധവ്യഞ്ജന മേഖലയുടെ പുനരുജ്ജീവനം ഏറിയ പങ്കും ഏലത്തിൽ നിന്നാണെന്നു പറയേണ്ടിയിരിക്കുന്നു. കാരണം, 2012-13 ൽ 46,298 മെട്രിക് ടണ്ണായിരുന്ന കുരുമുളകിന്റെ ഉൽപ്പാദനം 2024-25 ൽ 29,503 മെട്രിക് ടണ്ണായി കുത്തനെ ഇടിഞ്ഞു, ഇഞ്ചിയുടെ ഉൽപ്പാദനവും 2011-12 ലെ 37,125 മെട്രിക് ടണ്ണിൽ നിന്ന് 2024-25 ൽ 11,260 മെട്രിക് ടണ്ണായി കുറഞ്ഞു. മഞ്ഞൾ പോലുള്ള മറ്റ് സുഗന്ധവ്യഞ്ജന വിളകളുടെ ഉൽപ്പാദനം വലിയതോതിൽ മാറ്റമില്ലാതെ തുടരുന്നു. മറ്റ് സുഗന്ധവ്യഞ്ജന വിളകളിൽ നിന്ന് വ്യത്യസ്തമായി, ഏലത്തിന്റെ മെച്ചപ്പെട്ട പ്രകടനവും സുഗന്ധവ്യഞ്ജന വിളകളിൽനിന്നുള്ള എണ്ണയുടെയും സത്തുകളുടെയും സംസ്കരണത്തിന്റെയും മൂല്യവർദ്ധനവിന്റെയും ഗണ്യമായ വിപുലീകരണത്തെക്കുറിച്ചും കൂടുതൽ ചർച്ചകൾ ആവശ്യമാണ്.

കഴിഞ്ഞ ദശകത്തിൽ കേരളത്തിന്റെ ഒരു പ്രധാന നേട്ടം പച്ചക്കറി കൃഷി വിസ്തൃതിയിലും ഉൽപാദനത്തിലുമുണ്ടായ ഗണ്യമായ വർദ്ധനവാണ്. 2015-16 നും 2024-25 നും ഇടയിൽ, പച്ചക്കറികളുടെ (കാർഷിക ശാസ്ത്രത്തിൽ പച്ചക്കറിയായി തരംതിരിച്ചിരിക്കുന്നവ) വിസ്തീർണ്ണം 46,233 ഹെക്ടറിൽ നിന്ന് 60,135 ഹെക്ടറായി ഉയർന്നു. എന്നിരുന്നാലും, പഴങ്ങൾ ഉൾപ്പെടെ വിപുലമായ ഒരു നിർവചനം ഉപയോഗിക്കുകയാണെങ്കിൽ, 2024-25 ൽ പച്ചക്കറി കൃഷി ചെയ്ത വിസ്തീർണ്ണം 1.2 ലക്ഷം ഹെക്ടറും, ഉൽപ്പാദനം 19.1 ലക്ഷം ടണ്ണുമാണ്.

ഒരു ബഹുജന പ്രചരണത്തിലൂടെ കേരളത്തിന് പച്ചക്കറി ഉൽപാദനം വർദ്ധിപ്പിക്കാനും ഉൽപാദനത്തിനും ഉപഭോഗത്തിനും ഇടയിലുള്ള അന്തരം കുറയ്ക്കാനും സാധിക്കും. "ഓണത്തിന് ഒരു മുറം പച്ചക്കറി " (ഓണത്തിന് ഒരു കുട്ട പച്ചക്കറി) പോലുള്ള ഇടപെടലുകളുടെ വിജയം ഇത്തരം പ്രചാരണങ്ങൾ സ്ഥിരമായി സ്ഥാപനവൽക്കരിക്കേണ്ടതുണ്ടെന്ന് കാണിക്കുന്നു. നൂതനാശയങ്ങൾ, സാങ്കേതികവിദ്യകളുടെയും സംരംഭങ്ങളുടെയും സംയോജനം, പുതിയ ഇനങ്ങൾ സ്വീകരിക്കൽ, അനാവശ്യ ഭീതികൾ മറികടക്കൽ എന്നിവയിലൂടെ പച്ചക്കറികളുടെ ഉൽപ്പാദനക്ഷമത ഗണ്യമായി വർധിപ്പിക്കേണ്ടതുണ്ട്.

ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് (ഐ.സി.എം.ആർ) പ്രകാരം, ഒരു മുതിർന്ന വ്യക്തിക്ക് ദിവസേന 50 ഗ്രാം ഇലക്കറികൾ, 50 ഗ്രാം കിഴങ്ങുവർഗ്ഗങ്ങൾ, 200 ഗ്രാം മറ്റ് പച്ചക്കറികളുമാണ് ആവശ്യമായി വരുന്നത്. സംസ്ഥാനത്തെ 3.4 കോടി ജനസംഖ്യ കണക്കിലെടുക്കുമ്പോൾ, പ്രതിവർഷം 6.2 ലക്ഷം ടൺ ഇലക്കറികൾ, 6.2 ലക്ഷം ടൺ കിഴങ്ങുവർഗ്ഗങ്ങൾ, 24.8 ലക്ഷം ടൺ മറ്റ് പച്ചക്കറികളും ഉൽപ്പാദിപ്പിക്കേണ്ടതായി സംസ്ഥാന ആസൂത്രണ ബോർഡ് കണക്കാക്കിയിട്ടുണ്ട്. അതായത്, പ്രതിദിനം 10,212 ടൺ പച്ചക്കറികൾ അല്ലെങ്കിൽ പ്രതിവർഷം 37.2 ലക്ഷം ടൺ പച്ചക്കറികൾ ആവശ്യമായി വരുന്നു.

2024-25 ലെ പച്ചക്കറികളുടെ ആകെ ഉൽപ്പാദനം 4.8 ലക്ഷം ടൺ ആയിരുന്നു. പച്ചക്കറികൾ, കിഴങ്ങുവർഗ്ഗങ്ങൾ, ഇഞ്ചി എന്നിവ വിപുലമായി പച്ചക്കറി എന്ന നിർവചനത്തിൽ പരിഗണിക്കുകയാണെങ്കിൽ, 2024-25 ലെ മൊത്തം ഉൽപ്പാദനം 14.6 ലക്ഷം ടൺ ആയിരുന്നു. എന്നിരുന്നാലും, പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് കേരളം വളരെ ദൂരം സഞ്ചരിക്കേണ്ടതുണ്ട്.

പച്ചക്കറി ഉൽപാദനത്തിൽ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് വിദഗ്ധരുമായി കൂടിയാലോചിച്ച് തയ്യാറാക്കിയ വിശദമായ പദ്ധതികൾ ലഭ്യമാണ്. കാർഷിക-പാരിസ്ഥിതിക യൂണിറ്റ് (എ.ഇ.യു) തലത്തിലുള്ള ഈ പദ്ധതികളിൽ, ഉൽപ്പാദന പ്രോട്ടോക്കോളുകൾ, അനുയോജ്യമായ ഇനങ്ങളുടെയും സങ്കരയിനങ്ങളുടെയും തിരഞ്ഞെടുപ്പ്, നടീൽ വസ്തുക്കളുടെ സമയബന്ധിതമായ ലഭ്യത, കാലാവസ്ഥാ മുന്നറിയിപ്പ് സേവനങ്ങളുടെ ഉപയോഗം, സൂക്ഷ്മ ജലസേചനം ഉൾപ്പെടെയുള്ള ജലസേചന മാർഗ്ഗങ്ങളുടെ വിപുലീകരണം, സംയോജിത വളപ്രയോഗം, കീട നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കൽ, വാണിജ്യ അടിസ്ഥാനത്തിലുള്ള തുറന്ന കൃത്യതാ കൃഷിരീതി, പോഷകാഹാരത്തോട്ടങ്ങൾക്കായുള്ള മഴമറകൾ, നഗര, അർദ്ധ നഗര പ്രദേശങ്ങളിലെ സംരക്ഷിത കൃഷിക്കുള്ള പദ്ധതികൾ, ഉചിതമായ വിപണി ഇടപെടലുകൾ, മതിയായ ശീതീകരണ സംഭരണ സൗക

ര്യങ്ങൾ സ്ഥാപിക്കൽ എന്നിവ ഉൾപ്പെടുന്നു. ഇത്തരം ശ്രമങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, കർഷക-ഉൽപാദക സംഘടനകൾ (എഫ്.പി.ഒ) എന്നിവയുടെ പങ്ക് പ്രാധാന്യമുള്ളതാണ്.

വിള മേഖലയിലെ വളർച്ചയ്ക്ക് ആക്കം നൽകുന്നതിന് സമഗ്രവും ബൃഹത്തായതുമായ ഒരു സംരംഭം ആവശ്യമാണെന്ന് ഇത് വെളിപ്പെടുത്തുന്നു. ഈ സംരംഭം ബഹുവിഷയാധിഷ്ഠിതവും അന്തർവിഷയാധിഷ്ഠിതവുമായിരിക്കണം; കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം, സഹകരണം, ജലവിഭവങ്ങൾ, വ്യവസായം, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തുടങ്ങിയ പ്രധാന വകുപ്പുകളിലൂടെ പരമാവധി സംയോജനം ഉറപ്പാക്കണം; കാർഷിക മേഖലയിലെ ശാസ്ത്രീയ പരിപാലനവും കാലാവസ്ഥാ വ്യതിയാനത്തോടുള്ള ചെറുത്തുനിൽപ്പും എന്ന ഇരട്ട ലക്ഷ്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കണം; കൂടാതെ ഇത് പങ്കാളിത്തപരമായ ഒരു സംസ്ഥാനതല പ്രചാരണത്തിന്റെ രൂപത്തിലായിരിക്കണം ഏറ്റെടുക്കേണ്ടത്.

സംസ്ഥാന ആസൂത്രണ ബോർഡിലെ പഠനങ്ങളും വിശകലനങ്ങളും കാണിക്കുന്നത് സംസ്ഥാനത്തെ കാർഷിക മേഖല ഇന്ന് നേരിടുന്ന മൂന്ന് പ്രധാന വെല്ലുവിളികളാണ്:

- വിവിധ വിളകളിലെ ഉത്പാദനക്ഷമതയിലുള്ള കുറവ്;
- വിളകൾ സമാഹരിക്കുന്നതിനും വിപണനം ചെയ്യുന്നതിനുമുള്ള സൗകര്യങ്ങളുടെ അഭാവം; കൂടാതെ
- കർഷകരുടെ ഉൽപ്പന്നങ്ങളെ മൂല്യവർദ്ധിത വ്യാവസായിക നിക്ഷേപങ്ങളുമായി ബന്ധിപ്പിക്കാൻ കഴിയാത്തത്.

തുടർന്നുള്ള ഭാഗങ്ങളിൽ ഈ വെല്ലുവിളികളിൽ ഓരോന്നിനെക്കുറിച്ചും വിശദീകരിക്കുന്നു.

### വിളവിലെ കുറവ് നികത്തൽ

കേരളത്തിന്റെ കാർഷിക ചരിത്രത്തിലെ ഒരു ദുർബലമായ വസ്തുതയാണ് മിക്ക പ്രധാന വിളകളിലെയും കുറഞ്ഞ വിളവ്.

സംസ്ഥാനത്തിന് കാർഷിക സംരംഭങ്ങളിൽ മതിയായ വളർച്ച കൈവരിക്കാനാവാത്തത് കുറഞ്ഞ വിളവുമായി ബന്ധപ്പെട്ടിരിക്കുന്നു. മൂല്യവർദ്ധനവിലെ നിക്ഷേപമായി മാത്രം കാർഷിക സംരംഭങ്ങളെ പലപ്പോഴും വ്യാഖ്യാനിക്കപ്പെടുന്നു. വാസ്തവത്തിൽ, കാർഷിക സംരംഭങ്ങൾ എന്നത് കാർഷിക ഉൽപാദനവുമായി ബന്ധപ്പെട്ട വലിയ സംരംഭങ്ങളെയാണ് സൂചിപ്പിക്കുന്നത്, അതിൽ ഉൽപ്പാദനം, സംസ്കരണം, വിപണനം, ധനസഹായം, ഉൽപ്പാദനോപാധികളുടെയും ഉൽപ്പന്നങ്ങളുടെയും വിതരണം എന്നിവ ഉൾപ്പെടുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഇതിൽ ഉൽപ്പാദനത്തിന് മുൻപും ശേഷവും, ഉൽപ്പാദന സമയത്തുമുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുന്നു. തൽഫലമായി, കാർഷിക ഉൽപ്പാദനം, കാർഷിക സംരംഭങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇവിടെയാണ് ഉൽപ്പാദനത്തിന്റെ അളവും, വിളവും നിർണ്ണായകമാകുന്നത് .

### വിളവിലെ പ്രവണതകൾ

കേരളത്തിലെ കാർഷിക വളർച്ചയുടെ പുനരുജ്ജീവന കാലഘട്ടം പ്രധാന വിളകളുടെ ഉൽപാദന വർദ്ധനവുമായി വളരെയധികം ബന്ധപ്പെട്ടിരിക്കുന്നു (ചിത്രം 13.9). എന്നിരുന്നാലും, ഉൽപാദനത്തിലുണ്ടായ വർദ്ധനവ്, ദേശീയ തലത്തിലെയും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന സംസ്ഥാനങ്ങളിലെയും ശരാശരിയെക്കാൾ കുറവായിരുന്നു. മറ്റ് ചില വിളകളിൽ, സമീപ വർഷങ്ങളിൽ വിളവ് കുറഞ്ഞുവരുന്നത് ആശങ്കാജനകമാണ്.

നെല്ലിന്റെ കാര്യത്തിൽ, 2016-17-ൽ ഹെക്ടറിന് 2.5 ടണ്ണായിരുന്ന ഉൽപ്പാദനക്ഷമത 2024-25-ൽ ഹെക്ടറിന് 3 ടണ്ണായി വ്യക്തമായ വർദ്ധനവ് രേഖപ്പെടുത്തി, നാല് വർഷത്തിനുള്ളിൽ വിളവ് ഹെക്ടറിന് 3 ടൺ കവിഞ്ഞു. വാഴപ്പഴം, കാപ്പി, ഏലം, മഞ്ഞൾ എന്നിവയിലും വിളവിൽ വ്യക്തമായ വർദ്ധനവ് ദൃശ്യമായിരുന്നു. റബ്ബറിന്റെ കാര്യത്തിൽ, 2012-13 ന് ശേഷം ഒരു ദശാബ്ദത്തോളമായി ഉൽപ്പാദനക്ഷമതയിൽ കുറവുണ്ടായെങ്കിലും 2020-21 ന് ശേഷമുള്ള കാലയളവിൽ ഇത് പൂർവ്വ സ്ഥിതിയിലായി. മറുവശത്ത്, നാളികേരത്തിന്റെ വിളവ് കുറവായിരുന്നു, ദീർഘകാലാടിസ്ഥാനത്തിൽ പോലും ഈ കുറവ് രേഖപ്പെടുത്തി. എന്നാൽ തേയില, കുരുമുളക്, ഇഞ്ചി എന്നിവയുടെ വിളവിൽ കൂടുതൽ വ്യക്തമായ കുറവ് ദൃശ്യമായിരുന്നു.

സംസ്ഥാനത്തെ കാർഷിക മേഖലയിൽ ഏറ്റവും കൂടുതൽ മൂല്യവർദ്ധിത സാധ്യതകളുള്ള സുഗന്ധവ്യഞ്ജനങ്ങളിൽ, ഏലം ഒഴികെയുള്ള സുഗന്ധവ്യഞ്ജനങ്ങളുടെ ഉൽപ്പാദനക്ഷമത കുറയുന്നത് ആശങ്കാജനകമാണ്. 2019-ൽ, ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ച് (ഐ.സി.എ.ആർ) "ഇന്ത്യൻ സുഗന്ധവ്യഞ്ജന വ്യവസായം നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങളിലൊന്നാണ് കുറഞ്ഞ ഉൽപ്പാദനക്ഷമത, ഇത് അന്താരാഷ്ട്ര വിപണികളിൽ കുറഞ്ഞ മത്സരക്ഷമതയ്ക്ക് കാരണമാകുന്നു" എന്ന് അഭിപ്രായപ്പെട്ടു. കോഴിക്കോട് സ്ഥിതി ചെയ്യുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ച് (ഐ.ഐ.എസ്.ആർ) അതിന്റെ ഫ്യൂച്ചറിസ്റ്റിക് വിഷൻ 2050 രേഖയിൽ, "ഗവേഷണ കേന്ദ്രങ്ങളിലും പുരോഗമന കർഷകരുടെ കൃഷിയിടങ്ങളിലും ലഭിക്കുന്ന വിളവ് വളരെ ഉയർന്നതും ദേശീയ ശരാശരിയെക്കാൾ വളരെ കൂടുതലുമായതിനാൽ പ്രധാന സുഗന്ധവ്യഞ്ജനങ്ങളുടെ ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തുന്നതിന് വലിയ സാധ്യതയുണ്ടെന്ന്" ചൂണ്ടിക്കാട്ടി.

### വിളവ് വിടവുകളിന്മേലുള്ള വിവരങ്ങൾ

ഓരോ വിളയുടെയും യഥാർത്ഥ ശരാശരി ഉൽപ്പാദനക്ഷമതയും പരമാവധി നേടാവുന്ന വിളവും (അല്ലെങ്കിൽ സാധ്യതയുള്ള വിളവ്) തമ്മിലുള്ള വ്യത്യാസമാണ് വിളവ് വിടവ്/ ഉൽപ്പാദനക്ഷമതയിലെ കുറവ് എന്ന് നിർവചിച്ചിരിക്കുന്നത്. മേഖല തലത്തിലുള്ള വിവരങ്ങൾ ലഭിക്കുന്നതിന്, സംസ്ഥാന ആസൂത്രണ ബോർഡ് കേരള കാർഷിക സർവ്വകലാശാലയെ "കേരളത്തിലെ വിവിധ കാർഷിക പാരിസ്ഥിതിക യൂണിറ്റുകളിലെ പ്രധാന വിളകളുടെ വിളവ് വിടവ് വിശകലനവും ജൈവ ഗൃഹം (ഐ.എഫ്.എസ്) പദ്ധതിയുടെ ആഘാത വിശകലനവും" എന്ന തലക്കെട്ടിൽ ഒരു പഠനത്തിന് നിയോഗിച്ചു. ഇത് പ്രകാരം, 2024-25 ൽ, 13 വിളകൾ ഉൾപ്പെടെ 23 കാർഷിക പാരിസ്ഥിതിക യൂണിറ്റുകളിൽ സർവ്വേ നടത്തി.

കേരളത്തിലെ 23 കാർഷിക പാരിസ്ഥിതിക യൂണിറ്റുകളിലെയും വിളവിലെ കുറവിന്റെ ക്രമാനുഗതമായ ഭൂപടങ്ങൾ ചിത്രം 13.10 ൽ കാണിക്കുന്നു. ഇതിൽ നിന്നുമുള്ള

## നെല്ല്




## തെങ്ങ്




## കുരുമുളകും ഏലവും




## ഇഞ്ചിയും മഞ്ഞളും




## വാഴയും മറ്റ് പ്ലാന്റെയിനുകളും




## കശുവണ്ടി




## മരച്ചീനി




## കാപ്പി






**ചിത്രം 13.9** *കേരളത്തിലെ തിരഞ്ഞെടുത്ത പ്രധാന വിളകളുടെ ഉൽപ്പാദനക്ഷമതയുടെ വിശദാംശങ്ങൾ, 2011- 12 മുതൽ 2024 - 25 വരെ, കിലോഗ്രാം/ഹെക്ടർ, നാളികേര എണ്ണം/ഹെക്ടർ*

*അവലംബം:* സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, കേരള സർക്കാർ, റബ്ബർ ബോർഡ്, കോഫി ബോർഡ്, നാളികേര വികസന ബോർഡ്, സുഗന്ധവ്യഞ്ജന ബോർഡ്, ഡി.സി.സി.ഡി

നിഗമനം ഇപ്രകാരമാണ്. എല്ലാ യൂണിറ്റുകളിലും, നെല്ലിന്റെ വിളവിലെ കുറവിന്റെ പരിധി 190 ശതമാനത്തിനും 42 ശതമാനത്തിനും ഇടയിലായിരുന്നു; തെങ്ങിൽ 313 ശതമാനത്തിനും 37 ശതമാനത്തിനും ഇടയിലും, കവുങ്ങിൽ 852 ശതമാനത്തിനും 16 ശതമാനത്തിനും ഇടയിലും, കുരുമുളകിൽ 723 ശതമാനത്തിനും 10 ശതമാനത്തിനും ഇടയിലും, ഏലത്തിന് 355 ശതമാനത്തിനും 32 ശതമാനത്തിനും ഇടയിലും, നേന്ത്രവാഴയിൽ 280 ശതമാനത്തിനും 1 ശതമാനത്തിനും ഇടയിലും, മരച്ചീനിയിൽ 405 ശതമാനത്തിനും 31 ശതമാനത്തിനും ഇടയിലും, കശുവണ്ടിയിൽ 221 ശതമാനത്തിനും 21 ശതമാനത്തിനും ഇടയിലും, കൊക്കോയിൽ 237 ശതമാനത്തിനും 10 ശതമാനത്തിനും ഇടയിലും, കാപ്പിയിൽ 211 ശതമാനത്തിനും 62 ശതമാനത്തിനും ഇടയിലും, റബ്ബറിൽ 585 ശതമാനത്തിനും 7 ശതമാനത്തിനും ഇടയിലും, തേയിലയിൽ 49 ശതമാനത്തിനും 34 ശതമാനത്തിനും ഇടയിലും, എള്ളിൽ 413 ശതമാനത്തിനും 178 ശതമാനത്തിനും ഇടയിലുമായിരുന്നു.

ഉൽപ്പാദനക്ഷമതയിലെ കുറവിനുള്ള കാരണങ്ങൾ മേഖലകൾക്കനുസരിച്ച് വ്യത്യാസപ്പെട്ടിരുന്നു, എങ്കിലും വിളകൾക്ക് അനുയോജ്യമായ മണ്ണ്, കാലാവസ്ഥ, മഴയുടെ അവസ്ഥ, നീർവാർച്ച സാഹചര്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു. ശാസ്ത്രീയ ഭൂവിനിയോഗ പദ്ധതികളും വിള പദ്ധതികളും രൂപകൽപ്പന ചെയ്യേണ്ടതിന്റെയും ഉചിതമായ മണ്ണ് പരിശോധനാ ഫലങ്ങളുടെ ഉപയോഗത്തിന്റെയും പ്രാധാന്യം ഇത് വ്യക്തമായി കാണിക്കുന്നു. കൂടാതെ:

നെല്ലിൽ, വിത്ത് നിരക്ക്, നടീൽ അകലം, കീടനാശിനി പ്രയോഗം, അജൈവ, ജൈവസരാ , വളങ്ങളുടെ പ്രയോഗം തുടങ്ങിയ മെച്ചപ്പെട്ട പരിപാലന മുറകളുമായി വിളവിലുള്ള കുറഞ്ഞ അന്തരം ബന്ധപ്പെട്ടിരിക്കുന്നു.

തെങ്ങിൽ, ഉയർന്ന വിളവ് തരുന്ന ഇനങ്ങൾ, ശിപാർശ ചെയ്തിട്ടുള്ളതിന് അനുസൃതമായ അകലം, ജൈവ വളത്തിന്റെ ഉചിതമായ പ്രയോഗം, സസ്യ സംരക്ഷണ മാർഗ്ഗങ്ങളുടെ ശരിയായ പ്രയോഗം എന്നിവയുമായി വിളവിലുള്ള കുറഞ്ഞ അന്തരം ബന്ധപ്പെട്ടിരിക്കുന്നു.

വാഴയിൽ, മെച്ചപ്പെട്ട ഇനങ്ങൾ സ്വീകരിക്കൽ, നടീൽ അകലം, അജൈവ, ജൈവ വളങ്ങളുടെ പ്രയോഗം എന്നിവയുമായി വിളവിലുള്ള കുറഞ്ഞ അന്തരം ബന്ധപ്പെട്ടിരിക്കുന്നു.

കുരുമുളകിൽ, കൂടുതൽ വിളവ് തരുന്ന ഇനങ്ങൾ മികച്ച രീതിയിൽ സ്വീകരിക്കൽ, ജൈവ വളം, കീടനാശിനി പ്രയോഗം എന്നിവയുമായി വിളവിലുള്ള കുറഞ്ഞ അന്തരം ബന്ധപ്പെട്ടിരിക്കുന്നു.

റബ്ബറിൽ, ജൈവവളങ്ങളുടെ പ്രയോഗം ഉൾപ്പെടെ എല്ലാ ശിപാർശ ചെയ്യപ്പെട്ട രീതികളും സ്വീകരിക്കുന്നത് വിളവിലുള്ള കുറഞ്ഞ അന്തരവുമായി ബന്ധപ്പെട്ടിരിക്കുന്നു. അനുയോജ്യമല്ലാത്ത മണ്ണിലും കാലാവസ്ഥയിലും കൃഷി ചെയ്യുന്നതുമായി വിളവിലെ കുറവ് ബന്ധപ്പെട്ടിരിക്കുന്നു.

അടയ്ക്കയിൽ, ഉയർന്ന വിളവ് ലഭിക്കുന്ന ഇനങ്ങൾ സ്വീകരിക്കുന്നതും, കുമ്മായത്തിന്റെയും ജൈവവസ്തുക്കളുടെയും ഉപയോഗം, സസ്യസംരക്ഷണ മാർഗ്ഗങ്ങൾ അവലംബിച്ചത് എന്നിവയുമായി വിളവിലുള്ള കുറഞ്ഞ അന്തരം ബന്ധപ്പെട്ടിരിക്കുന്നു.

ഒരു ബെഞ്ച്മാർക്ക് മേഖലയിലെ ശരാശരി വിളവ്, അല്ലെങ്കിൽ കൃഷിയിട പരീക്ഷണ സാഹചര്യങ്ങളിൽ ലഭിക്കുന്ന പരമാവധി വിളവ്, അല്ലെങ്കിൽ ഒരു കർഷകന്റെ കൃഷിയിടത്തിൽ ലഭിക്കുന്ന പരമാവധി വിളവ് എന്നിങ്ങനെയാണ് പരമാവധി നേടാവുന്ന വിളവ് വ്യത്യസ്തമായി നിർവചിച്ചിരിക്കുന്നത്. അപ്പോൾ വിളവ് വിടവ്/ വിളവിലെ അന്തരം ഇനിപ്പറയുന്ന രീതിയിൽ കണക്കാക്കുന്നു:

വിളവ് വിടവ് (%)= {[(സാധ്യതയുള്ള വിളവ്- ശരാശരി വിളവ്)÷ശരാശരി വിളവ്]x100}

## മെച്ചപ്പെട്ട ഇനങ്ങളും ഗുണമേന്മയുള്ള വിത്തുകളും

കാർഷിക വിളവ് വർധിപ്പിക്കുന്നതിൽ വിത്തുകളുടെ ജനിതക ശേഷി പരമാവധി പ്രയോജനപ്പെടുത്തുക എന്നത് ഏറ്റവും നിർണായക ഘടകമാണെങ്കിലും, നെല്ല്, റബ്ബർ,


നെല്ല്
KERALA
0 15 30 60 Kilometers
Yield gaps (%)
0 - 50
51 - 100
101 - 200
201 - 500
> 501
NA
Agro ecological units
Urban area
District boundary


തെങ്ങ്
KERALA
0 15 30 60 Kilometers
Yield gaps (%)
0 - 50
51 - 100
101 - 200
201 - 500
> 501
NA
Agro ecological units
Urban area
District boundary


ഉണങ്ങിയ കുരുമുളക്
KERALA
0 15 30 60 Kilometers
Yield gaps (%)
0 - 50
51 - 100
101 - 200
201 - 500
> 501
NA
Agro ecological units
Urban area
District boundary


ഏലം
KERALA
0 15 30 60 Kilometers
Yield gaps (%)
0 - 50
51 - 100
101 - 200
201 - 500
> 501
NA
Agro ecological units
Urban area
District boundary


നേന്ത്രൻ
KERALA
0 15 30 60 Kilometers
Yield gaps (%)
0 - 50
51 - 100
101 - 200
201 - 500
> 500
District boundary
Urban area
Agro ecological units


മരച്ചീനി
KERALA
0 15 30 60 Kilometers
Yield gaps (%)
0 - 50
51 - 100
101 - 200
201 - 500
> 501
NA
Agro ecological units
Urban area
District boundary


കാപ്പി
KERALA
0 15 30 60 Kilometers
Yield gaps (%)
0 - 50
51 - 100
101 - 200
201 - 500
> 501
NA
Agro ecological units
Urban area
District boundary


തേയില
KERALA
0 15 30 60 Kilometers
Yield gaps (%)
0 - 50
51 - 100
101 - 200
201 - 500
> 501
NA
Agro ecological units
Urban area
District boundary




**ചിത്രം 13.10** *കേരളത്തിലെ 23 കാർഷിക പാരിസ്ഥിതിക യൂണിറ്റുകളിലായി തിരഞ്ഞെടുത്ത വിളകളിലെ വിളവ് വിടവ് (yield gaps) ശതമാനത്തിൽ*

*അവലംബം:* കേരള കാർഷിക സർവകലാശാലയുടെ റിപ്പോർട്ട്.

*കുറിപ്പ്:* വെള്ള നിറത്തിൽ അടയാളപ്പെടുത്തിയിരിക്കുന്ന എ.ഇ.യു കൾ സാമ്പിളുകൾ ലഭ്യമല്ലാത്തതോ എടുക്കാത്തതോ ആണ്.

പച്ചക്കറികൾ തുടങ്ങിയ വിളകളിൽ ഒഴികെ മണ്ണ് വിളകളിൽ പുതിയ ഇനങ്ങൾ സ്വീകരിക്കുന്നത് ഇപ്പോഴും കുറവാണ്. എല്ലാ പ്രധാന വിളകളിലും നൂതന വിത്തിനങ്ങളുടെ സ്വീകരണ നിരക്ക് കുറഞ്ഞത് 70 ശതമാനം വരെ ഉയരേണ്ടതാണ്. മെച്ചപ്പെട്ട ഇനങ്ങളും പ്രാദേശിക ഇനങ്ങളും തമ്മിൽ സന്തുലിതമാക്കപ്പെടുന്നതിന്, തെങ്ങ് പോലുള്ള വിളകളിൽ തദ്ദേശ നെടിയ ഇനങ്ങൾ, സങ്കരയിനങ്ങൾ, കുള്ളൻ ഇനങ്ങൾ എന്നിവ തമ്മിൽ 60:20:20 എന്ന അനുപാതം നിലനിർത്തേണ്ടതുണ്ടെന്ന് നിർദ്ദേശിക്കുന്നു.

ഗുണമേന്മയുള്ള വിത്തുകളുടെയും നടീൽ വസ്തുക്കളുടെയും ലഭ്യത ഉറപ്പാക്കേണ്ടതുണ്ട്, ഇത് വിളവ് വർദ്ധിപ്പിക്കുന്നതിനുള്ള മറ്റൊരു പ്രധാന വെല്ലുവിളിയാണ്. നിലവിൽ, പൊതുമേഖലാ സ്ഥാപനങ്ങൾ മുഖാന്തിരം ലഭ്യമാക്കുന്ന നടീൽ വസ്തുക്കൾക്ക് ആവശ്യം നിറവേറ്റാൻ സാധിക്കുന്നില്ല. മെച്ചപ്പെട്ട വിത്തുകളുടെയും നടീൽ വസ്തുക്കളുടെയും വൻതോതിലുള്ള ഉൽപാദനത്തിനായി സർക്കാർ ഫാമുകളുടെയും വിത്ത് ഫാമുകളുടെയും നവീകരണം, റബ്ബറിന്റെ കാര്യത്തിലെന്നപോലെ സ്വകാര്യ നഴ്സറികളുടെ വ്യാപകമായ അംഗീകാരം, ഗുണനിലവാരമുള്ള വിത്തുകളുടെയും നടീൽ വസ്തുക്കളുടെയും ഉൽപാദനത്തിനും വിതരണത്തിനും എഫ്.പി.ഒ കൾക്കും മറ്റ് കൂട്ടായ്മകൾക്കും പിന്തുണ നൽകൽ എന്നിവ ഇതിന് ആവശ്യമാണ്. പൊതു മേഖലാ ഗവേഷണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടീൽവസ്തുക്കളുടെ ഉൽപ്പാദനം വികേന്ദ്രീകരിക്കേണ്ടതാണ്. ഇതിനായി ജേംപ്ലാസം പങ്കുവെക്കൽ, പരിശീലനം, നിരീക്ഷണം എന്നിവ വഴി ശേഷിവികസനത്തിന് പ്രത്യേക പ്രാധാന്യം നൽകണം. ഗുണനിലവാരം ഉറപ്പാക്കുന്നതിനായി ശക്തമായ സർട്ടിഫിക്കേഷൻ മാനദണ്ഡങ്ങളും കൊണ്ടുവരേണ്ടതുണ്ട്.

### മണ്ണ് പരിപാലനം

കേരളത്തിലെ മണ്ണിന്റെ ഭൂരിഭാഗത്തിലും പ്രധാന, സൂക്ഷ്മ മൂലകങ്ങളുടെ അളവ് കുറവാണ്. ഏകദേശം 91 ശതമാനം മണ്ണും അമ്ലഗുണമുള്ളതാണ്. ലഭ്യമായ നൈട്രജൻ കുറവുള്ള മണ്ണിന്റെ അനുപാതം 34 ശതമാനവും, ലഭ്യമായ ഫോസ്ഫറസ് കുറവുള്ളത് 37 ശതമാനവും, ലഭ്യമായ പൊട്ടാസ്യം കുറവുള്ളത് 31 ശതമാനവും, ലഭ്യമായ കാൽസ്യം കുറവുള്ളത് 59 ശതമാനവും, ലഭ്യമായ മഗ്നീഷ്യം കുറവുള്ളത് 79 ശതമാനവും, ലഭ്യമായ സൾഫർ കുറവുള്ളത് 56 ശതമാനവും, ലഭ്യമായ ബോറോൺ കുറവുള്ളത് 64 ശതമാനവുമാണ്. ഇടയ്ക്കിടെ ഉണ്ടാകുന്ന വെള്ളപ്പൊക്കവും കനത്ത മഴയും ജൈവ കാർബണിന്റെ ഒഴുക്ക് ഉൾപ്പെടെ, മണ്ണിന്റെ ആരോഗ്യത്തെ കൂടുതൽ വഷളാക്കുന്നു. കേരളത്തിലെ മണ്ണിന്റെ ഈ സവിശേഷതകൾ മണ്ണ് പരിശോധനയുടെയും സംയോജിത പോഷക പരിപാലനത്തിന്റെയും പ്രാധാന്യത്തെ അടിവരയിടുന്നു-ജൈവ-അജൈവ വളങ്ങളുടെ ഒരു സംയോജനം ഉപയോഗിക്കുന്ന ഒരു രീതി.

മണ്ണ് പരിശോധനയിലെ ആദ്യ ചുവടുവയ്പ്പ് 2014-15 കാലഘട്ടത്തിൽ കേന്ദ്ര സർക്കാർ ആരംഭിച്ച സോയിൽ ഹെൽത്ത് കാർഡ് (എസ്.എച്ച്.സി) പദ്ധതിയാണ് (2022-23 ൽ രാഷ്ട്രീയ കൃഷി വികാസ് യോജനയുമായി ഇത് ലയിപ്പിച്ചു). ഓരോ കർഷകനും മൂന്ന് വർഷത്തിലൊരിക്കൽ 12 പാരാമീറ്ററുകൾ അടിസ്ഥാനമാക്കിയ ഒരു എസ്.എച്ച്.സി നൽകുക എന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം. എസ്.എച്ച്.സി പദ്ധതിയിൽ നിരവധി പോരായ്മകളുള്ളതിനാൽ പദ്ധതി പുരോഗതി മന്ദഗതിയിലാണ്. ഓരോ ഗ്രിഡിൽ നിന്നും ഒരു മണ്ണ് സാമ്പിൾ മാത്രമേ ശേഖരിക്കൂ എന്നതിനാൽ, ഓരോ ഗ്രിഡിലുമുള്ള എല്ലാ കർഷകർക്കും അവരുടെ എസ്.എച്ച്.സി-യിൽ ഒരേ പരിശോധനാ ഫലം തന്നെയാണ് ലഭിക്കുക. ഗ്രിഡുകളുടെ വലുപ്പം മണ്ണിന്റെ വ്യതിയാന സൂചികകളെ അടിസ്ഥാനമാക്കിയുള്ളതല്ല, മറിച്ച് ബ്ലോക്ക് തലത്തിൽ വികസിപ്പിച്ചെടുക്കുകയും അവിടെ വ്യതിയാനങ്ങൾ കൂടുതലാണെങ്കിൽ ഗ്രിഡ് വലിപ്പം കുറയ്ക്കുകയും ചെയ്യുന്നു. വ്യതിയാനങ്ങൾ വളരെ കൂടുതലാണെങ്കിൽ, കൃത്യമായ ഫലങ്ങൾക്കായി ഓരോ പ്ലോട്ടിൽ നിന്നും കുറഞ്ഞത് ഒരു സാമ്പിളെങ്കിലും പരിശോധിക്കേണ്ടതുണ്ട്. അടിസ്ഥാനപരമായി ഇത് മണ്ണിന്റെ പ്രത്യേകതകളെ അടിസ്ഥാനമാക്കിയുള്ള ശുപാർശകളുടെ ലക്ഷ്യം നിറവേറ്റാതെ വരുന്നു. അതിനാൽ ഇതിൽ തിരുത്തലുകൾ ആവശ്യമാണ്. കൂടാതെ, കേരളത്തിലെ അജൈവ വള ഉപഭോഗനിരക്ക് ഇന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ കുറവാണ്. ഇത് ഔദ്യോഗിക വിള ശുപാർശകളുമായി വലിയ രീതിയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. 2013-14 ൽ, കേരളത്തിന്റെ നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാസ്യം വളങ്ങളുടെ ഉപഭോഗം മൊത്തം വിള വിസ്തൃതിയിൽ ഹെക്ടറിന് 125 കിലോഗ്രാം ആയിരുന്നു. എന്നാൽ 2024-25 ൽ, മൊത്തം വിള വിസ്തൃതിയിൽ ഹെക്ടറിന് 62 കിലോഗ്രാം ആയി ഉപഭോഗം കുറഞ്ഞു, ഇത് മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിലുള്ളതിനേക്കാൾ ഏറ്റവും കുറഞ്ഞ നിരക്കായിരുന്നു. 2023-24 ലെ ദേശീയ ശരാശരി ഉപഭോഗം മൊത്തം വിള വിസ്തൃതിയിൽ ഹെക്ടറിന് 139.7 കിലോഗ്രാം ആയിരുന്നു. ചുരുക്കത്തിൽ, കേരളത്തിലെ കാർഷികമേഖലയിൽ സംയോജിത പോഷക പരിപാലനത്തിന്റെ ലക്ഷ്യം ഇതുവരെ പൂർണമായി കൈവരിച്ചിട്ടില്ല.

### സംയോജിത കീട നിയന്ത്രണം

സംയോജിത കീട നിയന്ത്രണ പരിപാടികളുടെ മോശമായ നടത്തിപ്പും, രാസവസ്തുക്കളോടുള്ള മുൻവിധി മൂലമുണ്ടാകുന്ന കീമോഫോബിയയും, കേരളത്തിലെ കൃഷിയിടങ്ങളിൽ ശാസ്ത്രീയമായ കീടനാശിനി പ്രയോഗം നടപ്പിലാക്കുന്നതിന് തടസ്സമായിട്ടുണ്ട്.

2021 ലെ കേരള വികസന റിപ്പോർട്ട്-ശാസ്ത്രീയമായ കാഴ്ച്ചപ്പാടിൽ നിന്ന് - കീടനാശിനി അവശിഷ്ടങ്ങൾ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യ (എഫ്.എസ്.എസ്.എ.ഐ) നിശ്ചയിച്ചിട്ടുള്ള പരമാവധി അവശിഷ്ട പരിധിക്ക് (എം.ആർ.എൽ) മുകളിലാണോ എന്ന് പരിശോധിക്കേണ്ടതിന്റെ ആവശ്യകത അടിവരയിടുന്നു. കൂടാതെ, വിപണിയിൽ നിന്ന് വാങ്ങുന്ന ഭക്ഷ്യവസ്തുക്കൾ പതിവായി വെള്ളത്തിൽ ഉരച്ചു കഴുകി, പാചകത്തിന് മുൻപ് തിളപ്പിക്കുകയോ ആവിയിൽ വേവിക്കുകയോ ചെയ്യുന്നു. അടുക്കളയിലെ ഈ ദൈനംദിന പ്രവൃത്തികൾ ചെറിയ അളവിൽ അവശേഷിക്കുന്ന കീടനാശിനി അവശിഷ്ടങ്ങളും ഇല്ലാതാക്കുന്നുവെന്ന് ഉറപ്പാക്കുന്നു.

ഇന്ത്യയിൽ, കീടനാശിനി അവശിഷ്ടങ്ങൾ പരിശോധിക്കുന്നതിന് സാധാരണയായി അവലംബിക്കുന്നത്, "ദേശീയ തലത്തിൽ കീടനാശിനി അവശിഷ്ടങ്ങളുടെ നിരീക്ഷണം" (എം.പി.ആർ.എൻ.എൽ) എന്ന കേന്ദ്ര പദ്ധതിയിൽ നിന്നുള്ള ഡാറ്റ ഉപയോഗിച്ചാണ്. ഇന്ത്യയിലുടനീളമുള്ള ഭക്ഷ്യ

**പട്ടിക 13.3** *കേരളത്തിൽ ഭക്ഷ്യ സാമ്പിളുകളിലെ കീടനാശിനി അവശിഷ്ടങ്ങളെക്കുറിച്ചുള്ള ലബോറട്ടറി പഠനങ്ങളുടെ ഫലങ്ങൾ, ജനുവരി 2024 മുതൽ മാർച്ച് 2025 വരെ, എണ്ണത്തിലും ശതമാനത്തിലും*

| ഉൽപ്പന്ന സാമ്പിളുകൾ | വിശകലനം ചെയ്ത സാമ്പിളുകളുടെ എണ്ണം | എഫ്.എസ്.എസ്.എ.ഐ -എം.ആർ.എൽ ന് മുകളിൽ അവശിഷ്ടങ്ങളുള്ള സാമ്പിളുകളുടെ എണ്ണം | | ലേബൽ ചെയ്യാത്ത കീടനാശിനികളുടെ അവശിഷ്ടങ്ങളുള്ള സാമ്പിളുകളുടെ എണ്ണം | |
|---|---|---|---|---|---|
| | | സാമ്പിളുകളുടെ എണ്ണം | സാമ്പിളുകളുടെ വിഹിതം (%) | സാമ്പിളുകളുടെ എണ്ണം | സാമ്പിളുകളുടെ വിഹിതം (%) |
| പച്ചക്കറികൾ | 1,174 | 17 | 1.4 | 263 | 22.4 |
| പഴങ്ങൾ | 251 | 9 | 3.6 | 77 | 30.7 |
| സുഗന്ധവ്യഞ്ജനങ്ങൾ | 155 | 47 | 30.3 | 100 | 64.5 |
| ധാന്യങ്ങൾ | 138 | 6 | 4.3 | 13 | 9.4 |
| പയർവർഗ്ഗങ്ങൾ | 135 | 0 | 0.0 | 16 | 11.9 |
| ഔഷധസസ്യങ്ങൾ | 76 | 0 | 0.0 | 57 | 75.0 |
| മത്സ്യം/മറൈൻ | 62 | 0 | 0.0 | 0 | 0.0 |
| മാംസം/മുട്ട | 318 | 0 | 0.0 | 0 | 0.0 |
| പാൽ | 61 | 0 | 0.0 | 0 | 0.0 |
| വെള്ളം | 45 | 0 | 0.0 | 0 | 0.0 |
| എല്ലാ ഉൽപ്പന്നങ്ങളും | 2,415 | 79 | 3.3 | 526 | 21.8 |

*അവലംബം:* എം.പി.ആർ.എൻ.എൽ – ലെ ഡാറ്റയിൽ നിന്ന് സമാഹരിച്ചത്.

സാമ്പിളുകളുടെ പതിവ് പരിശോധന ഇത് ലക്ഷ്യമിടുന്നു. റീട്ടെയിൽ ഔട്ട്‌ലെറ്റുകൾ, എ.പി.എം.സി മാർക്കറ്റുകൾ, മദർ ഡെയറി, ജൈവ ഉൽപ്പന്ന വിപണന കേന്ദ്രങ്ങൾ, ഫാം ഗേറ്റ് എന്നിവിടങ്ങളിൽ നിന്നുള്ള ഭക്ഷണ സാമ്പിളുകൾ ഈ പദ്ധതി മുഖാന്തിരം ശേഖരിക്കുകയും വിശകലനം ചെയ്യുകയും ചെയ്യുന്നു. ഈ പദ്ധതിയുടെ ഭാഗമായി അംഗീകാരമുള്ള കേരളത്തിൽ, രണ്ട് ലാബുകളാണുള്ളത്: ഒന്ന് വെള്ളായണിയിലെ കാർഷിക കോളേജിലും മറ്റൊന്ന് കൊച്ചിയിലെ സമുദ്രോത്പന്ന കയറ്റുമതി വികസന അതോറിറ്റിയിലും (എം.പി.ഇ.ഡി.എ) ആണ്.

2024 ജനുവരി മുതൽ 2025 മാർച്ച് വരെയുള്ള കാലയളവിൽ ഈ രണ്ട് ലാബുകളിലുമായി 2,415 ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ വിശകലനം ചെയ്തു, ഇതിൽ ഏറ്റവും കൂടുതൽ സാമ്പിളുകൾ പച്ചക്കറികളുടേതായിരുന്നു. ആകെ സാമ്പിളുകളുടെ 3.3 ശതമാനത്തിലും, പച്ചക്കറി സാമ്പിളുകളുടെ 1.4 ശതമാനത്തിലും മാത്രമേ എഫ്.എസ്.എസ്.എ.ഐ. നിശ്ചയിച്ച എം.ആർ.എൽ-നേക്കാൾ കൂടുതലുള്ള കീടനാശിനി അവശിഷ്ടങ്ങൾ ഉണ്ടായിരുന്നുള്ളൂ എന്നത് ശ്രദ്ധേയമാണ്. വാസ്തവത്തിൽ, എം.ആർ.എൽ-നെക്കാൾ 30.3 ശതമാനം കൂടുതലുള്ള സാമ്പിളുകളുടെ ഏറ്റവും വലിയ പങ്ക് സുഗന്ധവ്യഞ്ജനങ്ങൾക്കായിരുന്നു.

മറ്റൊരു കണ്ടെത്തൽ, പരിശോധിച്ച സാമ്പിളുകളിൽ 21.8 ശതമാനത്തിലും ലേബൽ ചെയ്യപ്പെടാത്ത കീടനാശിനി അവശിഷ്ടങ്ങൾ കണ്ടെത്തി എന്നതാണ്. ഇത് പച്ചക്കറികളിൽ 22.4 ശതമാനവും പഴങ്ങളിൽ 30.7 ശതമാനവും സുഗന്ധവ്യഞ്ജനങ്ങളിൽ 64.5 ശതമാനവുമായിരുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഓരോ വിളയിലും ശാസ്ത്രീയമായി ശിപാർശ ചെയ്യാത്ത രാസവസ്തുക്കളുടെ ദുരുപയോഗമാണ് യഥാർത്ഥത്തിൽ പരിഹരിക്കപ്പെടേണ്ട പ്രശ്നം. ഇത്തരം രാസവസ്തുക്കൾക്കായി എഫ്.എസ്.എസ്.എ.ഐ യിൽ നിന്ന് എം.ആർ.എൽ പരിധികൾ ലഭ്യമല്ല. എന്നാൽ സുഗന്ധവ്യഞ്ജന കയറ്റുമതിക്കായി 0.01 മില്ലിഗ്രാം/കിലോഗ്രാം എന്ന പരിധി നിലവിലുണ്ട്. ശരിയായ സാങ്കേതിക നിർദ്ദേശങ്ങൾ നൽകുന്നതിൽ കാർഷിക വിപുലീകരണ സംവിധാനം പരാജയപ്പെടുന്നതിനാൽ, കർഷകർ കൃഷിയിടങ്ങളിൽ രജിസ്റ്റർ ചെയ്യാത്ത വിവിധ രാസവസ്തുക്കൾ അനിയന്ത്രിതമായ അളവിൽ ഉപയോഗിക്കുന്ന അവസ്ഥയാണ് നിലനിൽക്കുന്നത്.

**സുഗന്ധവ്യഞ്ജന കയറ്റുമതിയിലെ കീടനാശിനി സാന്നിധ്യം**: കുരുമുളക്, ഏലം, മഞ്ഞൾ, ഇഞ്ചി തുടങ്ങിയ സുഗന്ധവ്യഞ്ജനങ്ങളുടെ ഉൽപാദനത്തിലും കയറ്റുമതിയിലും കേരളം ആഗോള തലത്തിൽ മുന്നിട്ടു നിൽക്കുന്നു.സമീപ വർഷങ്ങളിൽ, പരമാവധി അവശിഷ്ട പരിധി (എം.ആർ.എൽ) കവിയുന്ന കീടനാശിനി അവശിഷ്ടങ്ങളെക്കുറിച്ച് അന്താരാഷ്ട്ര തലത്തിൽ, പ്രത്യേകിച്ച് യൂറോപ്യൻ യൂണിയൻ, യുഎസ്, ആസ്ട്രേലിയ എന്നിവിടങ്ങളിൽ നിന്ന്, ആശങ്കകൾ ഉയർന്നിട്ടുണ്ട്. തൽഫലമായി ഇന്ത്യൻ കയറ്റുമതിക്കാർക്ക്, പ്രത്യേകിച്ച് കേരളത്തിൽ നിന്നുള്ളവർക്കു, കയറ്റുമതി നിഷേധിക്കുന്നതും സാമ്പത്തിക നഷ്ടങ്ങൾ നേരിടേണ്ടി വരുന്നതുമായ സാഹചര്യമുണ്ടായിട്ടുണ്ട്.

ഈ അവശിഷ്ടങ്ങൾ വിശകലനം ചെയ്യേണ്ടതുണ്ട്. കർഷകർക്കിടയിലെ അവബോധക്കുറവോ കീട പ്രതിരോധ ശേഷി വർദ്ധിക്കുന്നതോ കാരണം അവർ കീടനാശിനികൾ അമിതമായി ഉപയോഗിക്കുന്നതിനാലാകാം ഇത് സംഭവിക്കുന്നത്. ചില സന്ദർഭങ്ങളിൽ, പ്രയോഗിക്കുന്ന രാസവസ്തുക്കളുടെ വിഘടനത്തിന് ആവശ്യമായ സമയം അനുവദിക്കാതെ




**ചിത്രം 13.11** *കേരളത്തിൽ 1984-85 മുതൽ 2021-22 വരെയുള്ള കാലയളവിൽ ജലസേചനം ചെയ്ത മൊത്തം വിസ്തൃതിയും വിഹിതവും, '000 ഹെക്ടറിലും ശതമാനത്തിലും*

*അവലംബം:* സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, കേരള സർക്കാർ

കർഷകർ പെട്ടെന്ന് വിളവെടുപ്പ് നടത്തുന്നു. മറ്റ് സംഗതികളിൽ, ഉൽപാദനാനന്തര കൈകാര്യം ചെയ്യലിലോ ഗതാഗത വേളയിലോ മലിനീകരണം സംഭവിക്കാം.

കേരളത്തിന്റെ നയം ശാസ്ത്രീയ അടിസ്ഥാനത്തിലുള്ള പരിഹാരങ്ങളിലാണ് അടിയുറച്ചിരിക്കേണ്ടത്; സമഗ്ര നിരോധനങ്ങളിലോ തൽക്ഷണ പ്രതികരണങ്ങളിലോ അല്ല. രാസ കീടനാശിനികളെ ആശ്രയിക്കുന്നത് കുറയ്ക്കുന്ന സംയോജിത കീട നിയന്ത്രണം പ്രോത്സാഹിപ്പിക്കുന്ന ഉത്തമ കൃഷി രീതികൾ (ജി.എ.പി) സ്വീകരിക്കുന്നതിന് അത് ഊന്നൽ നൽകണം. ഗതാഗതം, സംഭരണം, സംസ്കരണം തുടങ്ങിയ ഉൽപാദനാനന്തര പ്രവർത്തനങ്ങളുടെ ആധുനികവൽക്കരണം കീടനാശിനി അവശിഷ്ടങ്ങൾ ഗണ്യമായി കുറയ്ക്കും. ശാസ്ത്രീയ അളവിൽ കീടനാശിനികൾ ഉപയോഗിക്കൽ, വിളവെടുപ്പിന് മുൻപുള്ള ഇടവേളകൾ പാലിക്കൽ, അംഗീകൃത ജൈവ കീടനാശിനികളുടെ ഉപയോഗം എന്നിവയെക്കുറിച്ച് കർഷകർക്ക് ബോധവൽക്കരണം നൽകാൻ കാർഷിക വിജ്ഞാനവ്യാപന സംവിധാനം ശക്തിപ്പെടുത്തണം. കീടനാശിനി അവശിഷ്ട വിശകലനത്തിനായി ലബോറട്ടറി അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കണം. അവസാനമായി, ശാസ്ത്രജ്ഞരുമായും കർഷകരുമായും വിപുലമായ കൂടിയാലോചനകൾക്ക് ശേഷം, എഫ്.എസ്.എസ്.എ.ഐ മാനദണ്ഡങ്ങളെ യൂറോപ്യൻ യൂണിയൻ, കോഡെക്സ് തുടങ്ങിയ ആഗോള മാനദണ്ഡങ്ങളുമായി ഏകോപിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരുമായി കേരളം ചർച്ചകൾ ആരംഭിക്കണം.

### ജല പരിപാലനം

ജലസേചന പദ്ധതികളും ഉൽപ്പാദന വർധനവുമായുള്ള ബന്ധം ശക്തിപ്പെടുത്താൻ കേരളം അടിയന്തരമായി നടപടികൾ സ്വീകരിക്കേണ്ടതുണ്ട്, പ്രത്യേകിച്ച് സുഗന്ധവ്യഞ്ജനങ്ങൾ, തെങ്ങ് , വാഴ, പച്ചക്കറികൾ, ഫലവർഗങ്ങൾ എന്നിവയിൽ. പടിഞ്ഞാറോട്ട് ഒഴുകുന്ന 41 നദികളുടെ സാന്നിധ്യം കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതയാണ്. എന്നാൽ ഈ ജലത്തിന്റെ വലിയൊരു പങ്ക് ഉപയോഗിക്കപ്പെടാതെ കടലിലേക്ക് ഒഴുകിപ്പോകുന്നു. ചിത്രം 13.11 ൽ കാണിക്കുന്നതുപോലെ, 2011-12 ന് ശേഷം സംസ്ഥാനത്തിലെ ജലസേചിത പ്രദേശത്തിന്റെ വിസ്തീർണം കുറഞ്ഞിട്ടില്ലെങ്കിലും വർധിച്ചിട്ടില്ല. അതിനാൽ, യഥാർത്ഥ കൃഷി ഭൂമിയിലെ അറ്റ ജലസേചിത പ്രദേശം വർഷങ്ങളായി ഏകദേശം 20 ശതമാനത്തിൽ തന്നെ തുടരുന്നു. വൻകിട, ഇടത്തരം ജലസേചന പദ്ധതികൾ കാലങ്ങളായി നെൽകൃഷിയിലാണ് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചത്; തെങ്ങ്, പച്ചക്കറികൾ, വാഴ, സുഗന്ധവ്യഞ്ജനങ്ങൾ, തോട്ടവിള

കൾ എന്നിവക്ക് അർഹമായ പരിഗണന ലഭിച്ചില്ല. പ്രാദേശിക തലത്തിലുള്ള നീർത്തട അധിഷ്ഠിത ആസൂത്രണം വളരെക്കുറച്ച് തദ്ദേശ പരീക്ഷണങ്ങൾക്കപ്പുറം വിപുലീകരിക്കാനായിട്ടില്ല.

ഈ മേഖലയിലെ ഒരു പ്രധാന സാധ്യത സൂക്ഷ്മ ജലസേചനമാണ്. കേരളത്തിലെ കാർഷിക മേഖലയിലെ ജല ഉപയോഗ കാര്യക്ഷമത (ഡബ്ള്യു.യു.ഇ) കനാൽ ജലസേചനത്തിൽ 35 ശതമാനത്തിനും 40 ശതമാനത്തിനും ഇടയിലും ഭൂഗർഭജല ജലസേചനത്തിൽ ഏകദേശം 60 ശതമാനത്തിന് ഇടയിലാണെന്നും കണക്കാക്കപ്പെടുന്നു. ഇത്തരം കുറഞ്ഞ ജല ഉപയോഗ കാര്യക്ഷമതയ്ക്ക് പ്രധാന കാരണം പരമ്പരാഗതമായ ജലബാഹുല്യ ജലസേചന രീതികളാണ്. ഈ രീതിയിൽ വെള്ളം എത്തിക്കുന്നതിനിടയിൽ വൻ തോതിൽ നഷ്ടം സംഭവിക്കുകയും, കൃഷിയിടങ്ങളിൽ അനാവശ്യമായി വെള്ളം പാഴാകുന്നതിന് കാരണമാകുകയും ചെയ്യുന്നു. സൂക്ഷ്മ ജലസേചനത്തിന് ജല ഉപയോഗ കാര്യക്ഷമത വലിയ തോതിൽ വർധിപ്പിക്കുന്നത് സഹായിക്കാനാകും, പ്രത്യേകിച്ച് ജലക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ. സൂക്ഷ്മ ജലസേചനം സ്വീകരിച്ചാൽ കുറഞ്ഞത് 20 ശതമാനം വരെ ജല ഉപയോഗ ക്ഷമത ഉയർത്താനാകുമെന്ന് പഠനങ്ങൾ കാണിക്കുന്നു. അതോടൊപ്പം വിളവിലും വ്യക്തമായ വർദ്ധനവുണ്ടാകും.

സൂക്ഷ്മ ജലസേചനം നടപ്പിലാക്കാൻ കേരളത്തിന് ഏറെ അനുയോജ്യമായ സാഹചര്യമുണ്ടെങ്കിലും, ഇതിന്റെ വ്യാപനം വളരെ കുറവാണ്. അതിനാൽ, അടുത്ത അഞ്ച് വർഷത്തെ കാർഷിക നയത്തിൽ സൂക്ഷ്മ ജലസേചനത്തിന് പ്രാധാന്യം നൽകേണ്ടതുണ്ട്. ഹരിത കേരള മിഷനും ജലവിഭവ വകുപ്പിനും ഇതിന്റെ മുഖ്യ (നോഡൽ) ഏജൻസികളായിപ്രവർത്തിക്കാം. സഹകരണ സംഘങ്ങൾ, കർഷക ഉൽപാദക കമ്പനികൾ (എഫ്.പി.സി), കുടുബശ്രീ സംഘങ്ങൾ തുടങ്ങിയ നിലവിലുള്ള ഗ്രാമീണ കൂട്ടായ്മകളെ, കൂടുതൽ വിശാലമായ ഭൂപ്രദേശങ്ങളിൽ സൂക്ഷ്മ ജലസേചനം നടപ്പിലാക്കാൻ പ്രോത്സാഹിപ്പിക്കണം. ഇവയ്ക്ക് വിവിധ പ്രാദേശിക സാഹചര്യങ്ങളിൽ മാതൃക (ഡെമോൺസ്ട്രേഷൻ) കൃഷിയിടങ്ങളായും പ്രവർത്തിക്കാം. ഓരോ പഞ്ചായത്തിലും സൂക്ഷ്മ ജലസേചനത്തിന്റെ ഉപയോഗം കാണിക്കുന്ന കുറഞ്ഞത് ഒരു മാതൃകാ കൃഷിയിടമെങ്കിലും ഉണ്ടായിരിക്കണം. കൂടാതെ, സർക്കാർ നൽകുന്ന പല സബ്സിഡികളുടെയും വിതരണം കർഷകരുടെ കൃഷിയിടങ്ങളിൽ സൂക്ഷ്മ ജലസേചനം സ്വീകരിക്കുന്നതിനു വിധേയമായി നൽകാവുന്നതാണ്.

### സമാഹരണവും വിപണനവും മെച്ചപ്പെടുത്തൽ

കർഷകരുടെ ഉൽപ്പന്നങ്ങൾ സമാഹരിക്കുന്നതിനുള്ള സൗകര്യങ്ങളുടെയും വിപണനത്തിലെ സ്ഥാപന സൗകര്യങ്ങളുടെയും അഭാവം കേരളത്തിലെ കാർഷിക മേഖലയിലെ രണ്ടാമത്തെ വെല്ലുവിളിയാണ്. ലക്ഷക്കണക്കിന് ചെറുകിട, നാമമാത്ര കർഷകരുടെ ഉൽപ്പന്നങ്ങൾ കൃഷിയിടത്തിന് പുറത്ത് പലയിടത്തായി കിടക്കുന്നു. വിപണിയുമായി നേരിട്ട് ബന്ധപ്പെടാൻ ഒരു കുറഞ്ഞ അളവിലെ ഉൽപ്പാദനം ആവശ്യമാണ്. എന്നാൽ ഉൽപ്പാദനത്തിന്റെ അളവ് കുറവായതിനാൽ ചെറുകിട കർഷകർക്ക് വിപണിയിൽ വിലപേശുന്നതിന് കഴിയുന്നില്ല. കൂടാതെ, ഫലപ്രദമായ സമാഹരണം ഇല്ലാതിരുന്നാൽ, ഗതാഗതം, ഉൽപ്പന്നങ്ങൾ കൈകാര്യം ചെയ്യൽ, സംഭരണം എന്നിവയിൽ ഇടപാട് ചെലവുകൾ വളരെയധികം വർധിക്കാൻ സാധ്യതയുണ്ട്. ഇതിന് പുറമേ, ഉൽപ്പന്ന സമാഹരണത്തിലെ പ്രശ്നങ്ങൾ വിതരണ ശൃംഖല ശരിയായി രൂപീകരിക്കുന്നതിലും തടസ്സം സൃഷ്ടിക്കും. അതുപോലെ തന്നെ, കാർഷിക ഉൽപ്പന്നങ്ങൾ സംസ്കരണം ചെയ്യുന്ന ഫാക്ടറികൾക്ക് ആവശ്യമായ വലിയ അളവിലുള്ള അസംസ്കൃത വസ്തുക്കൾ സ്ഥിരമായി ലഭ്യമാക്കുന്നതിലും ബുദ്ധിമുട്ടുകൾ നേരിടും

അതിനാൽ, കർഷകരുടെ ഉൽപ്പന്നങ്ങൾ സമാഹരിക്കുന്നത് വിവിധ കാരണങ്ങളാൽ കാർഷിക മേഖലയിൽ പ്രധാനമാണ്. ആദ്യമായി, ഇത് കർഷകർക്ക്, അവരുടെ ഉൽപ്പന്നങ്ങൾക്ക് സ്ഥിരതയുള്ള വിപണികൾ ഉറപ്പാക്കുകയും അവരുടെ ഉൽപ്പന്നങ്ങൾ അവർക്ക് ഇഷ്ടമുള്ള പ്രാഥമിക വിപണികളിലേക്ക് മാറ്റുന്നതിന് സഹായിക്കുകയും ചെയ്യുന്നു. രണ്ടാമതായി, കർഷകർക്ക് ലാഭകരമായ വില ഉറപ്പാക്കാൻ ഇത് സഹായിക്കുന്നു. വിപണികൾ തിരഞ്ഞെടുക്കാൻ സാധിക്കാത്തത് പലതരം ഇടനിലക്കാരുടെ ഇടപാടുകൾ വർധിപ്പിക്കുകയും, ഇതുമൂലം ചെലവും മാർജിനും കൂട്ടുകയും ചെയ്യുന്നു. മൂന്നാമതായി, ഉൽപ്പാദനത്തെയും കാർഷിക ലോജിസ്റ്റിക്സിനെയും കാര്യക്ഷമമായി ബന്ധിപ്പിക്കാൻ ഇത് സഹായിക്കുന്നു. ഉൽപ്പന്നങ്ങളുടെ സമാഹരണത്തിലൂടെ, ഗ്രാമങ്ങളിലെ കർഷകർക്ക് വ്യാപാരികൾ, പ്രോസസ്സർമാർ, ചില്ലറ വ്യാപാരികൾ, കയറ്റുമതിക്കാർ തുടങ്ങിയ വിവിധ ആദ്യഘട്ട മൊത്ത വ്യാപാരികളുമായി ബന്ധപ്പെടാനും കഴിയും. ഇതിലൂടെ മൂല്യവർദ്ധനപ്രവർത്തനങ്ങളിൽ മികച്ച സംയോജനം ഉറപ്പാക്കാൻ സാധിക്കും.

കേരളം അതിന്റെ ചരിത്രത്തിൽ ഊന്നിക്കൊണ്ട് സമാഹരണത്തിലെ വെല്ലുവിളിയെ നേരിടണം. സഹകരണ സംഘങ്ങൾ, ശാക്തീകരിക്കപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, കർഷക ഉൽപ്പാദക കമ്പനികളുടെ പ്ലാറ്റ്ഫോമുകൾ, വ്യാപകമായി പ്രവർത്തിക്കുന്ന കുടുംബശ്രീ ഗ്രൂപ്പുകൾ എന്നിവയെ സംയോജിപ്പിച്ച് രൂപകൽപ്പന ചെയ്ത ഒരു സംവിധാനത്തിലൂടെ, ഉൽപ്പാദനത്തിനും മൂല്യവർദ്ധന പ്രവർത്തനങ്ങൾക്കും ഇടയിലുള്ള വിടവ് നികത്തുന്ന ഒന്നിലധികം പ്രാദേശിക, ഫെഡറേറ്റഡ് സ്ഥാപനങ്ങൾ സൃഷ്ടിക്കണം. ഇതിലെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യം, കൃഷിയിടത്തിനകത്തും പുറത്തുമായി വിൽപ്പന, ഗതാഗതം, ഉൽപ്പന്നങ്ങൾ കൈകാര്യം ചെയ്യൽ, സംഭരണം എന്നീ മേഖലകളിൽ ചെലവ് കുറച്ച് കൂടുതൽ ലാഭം ലഭിക്കുന്ന തരത്തിൽ സ്കെയിൽ സമ്പദ് വ്യവസ്ഥ ഉണ്ടാക്കുകയാണ്.

### കൃഷിയുടെ തോത് (ഫാം തലത്തിൽ)

ഭൂമി പാട്ടത്തിനെടുക്കൽ: തരിശുഭൂമിയോ ഉപയോഗശൂന്യമായ ഭൂമിയോ പാട്ടത്തിന് നൽകുന്നതിന് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിലൂടെ, ചെറിയ കൃഷിയിടങ്ങൾ സംയോജിപ്പിച്ച് വലിയ കൃഷിയിടങ്ങളാക്കി മാറ്റാൻ സാധിക്കും. കേരളത്തിൽ, കൃഷിയോഗ്യമായ ഭൂമിയുടെ ഭൂരിപക്ഷം ഉടമസ്ഥരും കൃഷിയിൽ താൽപ്പര്യമില്ലാത്തവരോ കേരളത്തിന് പുറത്തു താമസിക്കുന്ന ഉടമകളോ ആണ്. അവർ പലപ്പോഴും കൃഷിയിറക്കാത്ത സാഹചര്യമാണുള്ളത്. അല്ലെങ്കിൽ ഭൂമി തരിശായി ഉപേക്ഷിക്കുന്നവരോ ആയ വ്യക്തികളുടെ ഉടമസ്ഥതയിലാണ്. മറുവശത്ത്, ഉപ

ജീവനത്തിനായി കൃഷിയിൽ താൽപ്പര്യം നിലനിർത്തുന്ന വരോ അല്ലെങ്കിൽ കാർഷിക ബിസിനസിൽ ശ്രദ്ധ കേന്ദ്രീ കരിക്കുന്നവരോ ആയ നിരവധി ഭൂരഹിതരോ അല്ലെങ്കിൽ ചെറിയ ഭൂമി കൈവശമുള്ളവരോ ഉണ്ട്. പുതിയ ഭൂമിയി ലേക്ക് കൃഷി വ്യാപിപ്പിക്കുന്നതിന് പുറമെ, ഭൂമി പാട്ടത്തി നെടുക്കുന്നതിനെക്കുറിച്ചുള്ള പുതിയ സമീപനങ്ങൾ ഈ രണ്ട് വിഭാഗങ്ങൾക്കിടയിൽ ഒരു ബന്ധം സൃഷ്ടിച്ച് ഉൽപാ ദനം വർധിപ്പിക്കാൻ സഹായിക്കും.

ഭൂപരിഷ്കരണത്തിന്റെ ഭാഗമായി കുടിയാൻ നിയമം നിയമ പരമായി നിർത്തലാക്കിയ ഇന്ത്യയിലെ ചുരുക്കം ചില സംസ്ഥാ നങ്ങളിൽ ഒന്നാണ് കേരളം. 1950-കൾ വരെ ജന്മിമാരായ ഭൂവുടമകളുടെ ശക്തമായ അടിച്ചമർത്തൽ രീതികളുടെ ഓർമ്മകൾ ഇപ്പോഴും പൊതുജനങ്ങളുടെ മനസ്സിൽ നിറ ഞ്ഞുനിൽക്കുന്നു. അതിനാൽ, പാട്ടക്കൃഷി വീണ്ടും കൊണ്ടു വരാനുള്ള നിർദ്ദേശങ്ങൾ ആശങ്കകൾക്ക് കാരണമാകുന്നത് സ്വാഭാവികമാണ്.

1980-കൾ മുതൽ കേരളത്തിൽ നെൽവയലുകളും തെ ങ്ങിൻതോട്ടങ്ങളും അനൗപചാരികമായി പാട്ടത്തിന് നൽ കുന്ന പ്രവണത ക്രമേണ രൂപം കൊണ്ടു. 1999 മുതൽ സർ ക്കാർ ഈ പുതിയ രീതിയിലുള്ള പാട്ടം കൊടുക്കൽ ക്രമീ കരിക്കാൻ ഭരണനടപടികൾ സ്വീകരിച്ചു. 2000-ങ്ങളുടെ തുടക്കം മുതൽ, നെല്ല്, പച്ചക്കറി, ഫലവർഗ്ഗങ്ങൾ എന്നി വയുടെ കൃഷിക്കായി ഭൂമി പാട്ടത്തിനെടുത്ത് കൃഷി നട ത്തുന്ന ഭൂമിയില്ലാത്ത സ്ത്രീകളുടെ സ്വയം സഹായ സംഘ ങ്ങളും (എസ്.എച്ച്.ജി കൾ) ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പു കളും (ജെ.എൽ.ജി കൾ) സംസ്ഥാനത്ത് രൂപപ്പെട്ടു. നിലവിൽ സംസ്ഥാനത്ത് മൂന്ന് തരത്തിലുള്ള പാട്ടകൃഷി രീതിക ളാണ് പ്രചാരത്തിലുള്ളത്.

- കാർഷിക വിളകൾ കൃഷി ചെയ്യുന്നതിനായി വ്യക്തികൾ ഭൂമി പാട്ടത്തിന് എടുക്കുന്ന രീതി
- ഫലവർഗങ്ങളും പച്ചക്കറികളും കൃഷി ചെയ്യുന്നതിനായി വ്യക്തികൾ ഭൂമി പാട്ടത്തിന് എടുക്കുന്ന രീതി
- കാർഷിക വിളകൾ, ഫലവർഗങ്ങൾ, പച്ചക്കറികൾ എന്നി വയുടെ കൃഷിക്കായി സ്ത്രീകളുടെ സ്വയംസഹായ സംഘ ങ്ങളും ഭൂമി പാട്ടത്തിന് (എസ്.എച്ച്.ജി.കൾ) ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളും (ജെ.എൽ.ജി.കൾ) എടുക്കുന്ന രീതി.

ആദ്യത്തേതിനെ സംബന്ധിച്ചിടത്തോളം, കാർഷിക വികസന കർഷകക്ഷേമ വകുപ്പിന് കീഴിൽ പ്രവർത്തി ക്കുന്ന കർഷക ക്ഷേമനിധി ബോർഡ്, 15 ഏക്കർ വരെ ഭൂമി കൈവശമുള്ള കർഷകർ, പങ്കുകൃഷിക്കാർ, പാട്ടകർഷകർ എന്നിവർക്ക് അംഗത്വം നൽകുന്നുണ്ട്. കൂടാതെ, കൃഷിക്കാ യി ഭൂമി പാട്ടത്തിനെടുക്കുന്ന വ്യക്തികൾക്ക് ഏക്കർ അടി സ്ഥാനത്തിൽ സബ്സിഡിയും വകുപ്പ് നൽകുന്നു. കൃഷി ക്കായി വായ്പയുടെ ആവശ്യം ഉണ്ടാകുന്ന സാഹചര്യങ്ങ ളിൽ, ബന്ധപ്പെട്ട കൃഷി ഓഫീസർ നൽകുന്ന പ്രസ്താവന ഉപയോഗിച്ച് തദ്ദേശ ബാങ്കുകളിൽ നിന്ന് വായ്പ ലഭ്യമാ ക്കാനും സാധിക്കുന്നു.

രണ്ടാമത്തെ രീതിയെ സംബന്ധിച്ച്, കാർഷിക വികസന കർഷകക്ഷേമ വകുപ്പിന് കീഴിലുള്ള ഒരു ഏജൻസിയായ വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരളം (വി.എഫ്.പി.സി.കെ), വ്യക്തികൾക്കും ഭൂവുടമ കൾക്കും ഇടയിലുള്ള ഭൂമി പാട്ടക്കരാർ ക്രമീകരണങ്ങൾ സുഗമമാക്കുന്നതിന് സജീവമായി ഇടപെടുന്നു. ഓരോ പാട്ടക്കരാർ ക്രമീകരണവും പാട്ടക്കാരനും പ്രാദേശിക ബാങ്കും തമ്മിലുള്ള ഒരു രേഖാമൂലമുള്ള കരാറിന്റെ അടി സ്ഥാനത്തിലായിരിക്കും, ഇത് വി.എഫ്.പി.സി.കെ യുടെ ബന്ധപ്പെട്ട തദ്ദേശ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തും. ഈ രേഖ പാട്ടകർഷകർക്ക് എളുപ്പത്തിൽ വായ്പ ലഭ്യമാകുന്ന തിനുള്ള സൗകര്യം ഒരുക്കുന്നു.

മൂന്നാമത്തേതിനെ സംബന്ധിച്ചിടത്തോളം, 2024-25 കാർഷിക വർഷത്തിൽ സംസ്ഥാനത്ത് 51,883 ഏക്കർ ഭൂമിയാണ് ജെ.എൽ.ജി കൾ കൃഷിക്കായി പാട്ടത്തിനെടു ത്തത്. 2024-25 ൽ കുടുംബശ്രീ മിഷന് സംസ്ഥാന ത്തുടനീളം 99,259 സജീവ ജെ.എൽ.ജി കൾ ഉണ്ടായിരു ന്നു, അതിൽ 4,52,912 സജീവ വനിതാ കർഷക അംഗങ്ങളു ണ്ടായിരുന്നു, ഇത് ഇന്ത്യയിൽ എൻറോൾ ചെയ്തിരി ക്കുന്ന കർഷകരുടെ ഏറ്റവും വലിയ എണ്ണമാണ്. ഇവിടെ യുള്ള ജെ.എൽ.ജി മാതൃക ഒരു സംയോജിത മൂല്യ ശൃംഖലയിൽ അധിഷ്ഠിതമായതാണ്. ഗ്രൂപ്പു കൾക്ക് ഏറ്റവും കുറഞ്ഞ ചെലവിൽ ഉൽപ്പാദനോ പാധികൾ ലഭ്യമാക്കുന്നതിലൂടെ, സ്വന്തം അധ്വാനം, പലിശരഹിത ധനസഹായം, വിവിധ തരത്തി ലുള്ള സബ്സിഡികൾ എന്നിവ ഉപയോഗിച്ച് സാമ്പത്തിക നേട്ടം കൈവരിക്കാൻ സാധിക്കുന്നു . ഈ പാട്ടക്കരാറു കൾ കുടുംബശ്രീ മിഷന്റെ മേൽനോട്ടത്തിലും നിരീക്ഷണ ത്തിലും നടക്കുന്നു. ഭൂവുടമ, എസ്.എച്ച്.ജി /ജെ.എൽ.ജി പ്രസിഡന്റ്, പ്രാദേശിക വാർഡ് അംഗം അല്ലെങ്കിൽ കുടും ബശ്രീയുടെ ബ്ലോക്ക് കോർഡിനേറ്ററോ അല്ലെങ്കിൽ പ്രാദേ ശികമായി പ്രമുഖനായ ഒരു വ്യക്തിയോ തമ്മിൽ സ്റ്റാമ്പ് പതിപ്പിച്ച വെള്ളക്കടലാസിൽ മൂന്ന് കക്ഷികൾ തമ്മിലുള്ള ഒരു രേഖാമൂലമുള്ള പാട്ടക്കരാർ നിലവിലുണ്ടെന്ന് മിഷൻ ഉറപ്പാക്കുന്നു. 11 മാസത്തെ സാധുതയുള്ള ഈ കരാർ, വായ്പ ലഭ്യമാക്കുന്നതിനായി എസ്.എച്ച്.ജി /ജെ.എൽ. ജി.കൾക്ക് ബാങ്കുകളിൽ സമർപ്പിക്കുവാനും സാധിക്കും. പാട്ടത്തിനെടുത്ത ഭൂമിയുടെ വിസ്തീർണ്ണവും കൃഷി ചെയ്യുന്ന വിളയുടെ സ്വഭാവവും അനുസരിച്ച് ജെ.എൽ.ജികൾ നൽ കുന്ന പാട്ടത്തുക വ്യത്യാസപ്പെടുന്നു. യഥാർത്ഥത്തിൽ, പര മ്പരാഗത പാട്ടകൃഷി രീതികളിൽ ആശ്രയിക്കാതെ തന്നെ വലിയ തോതിലുള്ള സമ്പദ്‌വ്യവസ്ഥകൾ സൃഷ്ടിക്കാനും, ഒരേസമയം ഗ്രാമീണ ഉപജീവനമാർഗ്ഗങ്ങളെ സജീവമായി സംരക്ഷിക്കാനും കഴിയുന്ന ഒരു മാതൃകയായി ഈ പദ്ധ തിയെ മറ്റ് സംസ്ഥാനങ്ങൾക്കും അനുകരിക്കാവുന്നതാ ണെന്ന് സ്വതന്ത്ര പണ്ഡിതർ വാദിക്കുന്നു.

ഇത്തരം മൂന്ന് തരത്തിലുള്ള പാട്ട വ്യവസ്ഥകളുമായി ബന്ധപ്പെട്ട്, കേരളത്തിൽ ഭൂമി തിരികെ ലഭിക്കാത്തത്, അല്ലെങ്കിൽ ബാങ്കുകളിൽ നിന്ന് വായ്പ നിഷേധിക്കപ്പെടു ന്നത് പോലുള്ള വലിയ പരാതികൾ ഒന്നും ഉണ്ടായിട്ടില്ല. പ്ര ശ്നങ്ങളുണ്ടാകുന്ന സാഹചര്യത്തിൽ സംസ്ഥാന സർക്കാർ അല്ലെങ്കിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം ഉടൻ തന്നെ ഇടപെട്ട് ആവശ്യമായ പരിഹാരം കാണുന്നു.

ചുരുക്കത്തിൽ, പാട്ട വ്യവസ്ഥ നിയന്ത്രിക്കുന്നതിനുള്ള മുൻകരുതൽ നടപടികൾ കേരളം ഇതിനകം പരിഷ്കരിച്ചി

ട്ടുണ്ട്. നീതി ആയോഗിന്റെ 2016 ലെ മോഡൽ അഗ്രിക്കൾച്ചറൽ ലാൻഡ് ലീസിങ് ആക്ട് പോലും കുടുംബശ്രീയെ കൃഷിയിലെ കാര്യക്ഷമതയും നിലനിൽപ്പും വർദ്ധിപ്പിക്കുന്നതിനുള്ള ഒരു ഉദാഹരണമായി ചൂണ്ടിക്കാണിക്കുന്നു.

അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ഇത്തരം പാട്ടകൃഷിയുടെ വിസ്തൃതി ഇരട്ടിയോ മൂന്നിരട്ടിയോ ആക്കുക എന്നതാണ് കേരളത്തിന്റെ ലക്ഷ്യം. ഇത് വിജയിച്ചാൽ, തരിശുഭൂമിയുടെ വിസ്തൃതി പരമാവധി കുറയ്ക്കാനും, വലിയ തോതിൽ കൃഷി ചെയ്യുമ്പോൾ ലഭിക്കുന്ന നേട്ടങ്ങളും പുതിയ സാങ്കേതികവിദ്യകളിൽ നിക്ഷേപിക്കാൻ ഉത്സാഹമുള്ള കർഷകരുടെ സാന്നിധ്യവും ഉള്ള നിരവധി പുതിയ കൃഷിയിടങ്ങൾ രൂപീകരിക്കാൻ സാധിക്കും. പ്രത്യേക കയറ്റുമതി വിപണികൾ ലക്ഷ്യമിടുന്ന ഉൽപ്പാദനത്തിനുള്ള ഒരു ആരംഭവേദി കൂടിയാണിത്. എന്നാൽ ഇത്രയും വലിയ ഒരു സംസ്ഥാനതല പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പ്, അതിന്റെ നിയമപരമായ അടിസ്ഥാനം പുനഃപരിശോധിക്കുകയും വ്യത്യസ്തതരം പാട്ട കരാറുകൾ ഉൾക്കൊള്ളുന്ന അനുകൂലമായ അന്തരീക്ഷം ഉറപ്പാക്കുകയും ചെയ്യുന്നത് ഉപയോഗപ്രദമാകും.

**കരാർ കൃഷി**: ഭൂമി പാട്ടത്തിനെടുക്കുന്നതിനു പുറമേ, ഉൽപാദനത്തിലും വിപണനത്തിലും വ്യാപ്തി വർദ്ധിപ്പിക്കുന്നതിന് ഉപയോഗിക്കാവുന്ന മറ്റൊരു ഉപാധിയാണ് കരാർ കൃഷി. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി, കേരളം ഒരിക്കലും ഒരു അഗ്രിക്കൾച്ചറൽ പ്രൊഡ്യൂസ് മാർക്കറ്റിംഗ് കമ്മിറ്റി ആക്ട് (എ.പി.എം.സി) പാസാക്കിയിട്ടില്ല. തൽഫലമായി, കേരളത്തിൽ കരാർ കൃഷിയിൽ ഏർപ്പെടുന്നതിന് (അല്ലെങ്കിൽ ഒരു സ്വകാര്യ വിപണി ആരംഭിക്കുന്നതിന് പോലും) നിയമപരമായ തടസ്സമില്ല. സംസ്ഥാനത്ത് കരാർ കൃഷിയുടെ നിരവധി സജീവ ഉദാഹരണങ്ങൾ ഇതിനകം തന്നെ ഉണ്ട് - ഇവയൊക്കെയും കൃഷിയിൽ വ്യാപ്തിയും ഉൽപ്പന്നങ്ങളുടെ ഗുണനിലവാരത്തിലും ഗ്രേഡിലും ഏകീകരണവും ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്നവയാണ്. ചുവടെ ആറ് ഉദാഹരണങ്ങൾ മാത്രം നൽകുന്നു.

- കേരളത്തിലെ സുഗന്ധവ്യഞ്ജന മേഖലയിൽ കരാർ കൃഷി വ്യാപകമായുണ്ട്. ഒലിയോറെസിൻ, സുഗന്ധവ്യഞ്ജന സത്ത് എന്നിവയുടെ ഉത്പാദനത്തിൽ, നിരവധി സ്വകാര്യ സ്ഥാപനങ്ങൾ കേരളത്തിലെ ഉയർന്ന പ്രദേശങ്ങളിലെ സുഗന്ധവ്യഞ്ജന കർഷകരുമായി വാങ്ങൽ കരാറുകളിൽ ഏർപ്പെടുന്നു.
- ജപ്പാൻ പോലുള്ള രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്നതിനായി സംയോജിത കീട നിയന്ത്രണം അനുസരിച്ചുള്ള ഏലം ലഭ്യമാക്കുന്നതിന് സിന്തെറ്റ് പോലുള്ള സ്വകാര്യ കമ്പനികൾ ഷോളയാർ, അട്ടപ്പാടി മേഖലകളിലെ കർഷകരുമായി കരാറുകളിൽ ഏർപ്പെടുന്നു. ഈ കരാറുകളിൽ ചെറിയ ഏലത്തിനാണ് മുൻഗണന.
- ഇഞ്ചി, മഞ്ഞൾ, കുരുമുളക് തുടങ്ങിയ സുഗന്ധവ്യഞ്ജനങ്ങൾ ശേഖരിക്കുന്നതിന് പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റി (പി.എസ്.ഡി.) ബെർഗ്വെർഫ് ഓർഗാനിക്സ് തുടങ്ങിയ ജൈവ കയറ്റുമതിക്കാർക്ക് ഇടുക്കി ജില്ലയിലെ കർഷകരുമായും കർഷക ഗ്രൂപ്പുകളുമായും കരാറുകളുണ്ട്. ഈ ഉൽപ്പന്നങ്ങളുടെ ജൈവ സർട്ടിഫിക്കേഷനും കയറ്റുമതിക്കാർ സഹായിക്കുന്നു.
- എക്സ്പോ വാൻ പോലുള്ള കർണാടക ആസ്ഥാനമായുള്ള കമ്പനികൾ കേരളത്തിലെ വാനില കർഷകരുമായി മുൻകൂട്ടി നിശ്ചയിച്ച വിലയ്ക്ക് വാനില വാങ്ങാൻ കരാറുകളിൽ ഒപ്പുവച്ചു.
- സഫേദ് മുസ്ലി പോലുള്ള വിളകൾ കൃഷി ചെയ്യുന്ന വടക്കൻ കേരളത്തിലെ നിരവധി കർഷകർ അവരുടെ വിളകൾ വിൽക്കുന്നതിനായി സംസ്ഥാനത്തിന് പുറത്തുള്ള സ്വകാര്യ കമ്പനികളുമായി കരാറുകളിൽ ഏർപ്പെടുന്നു.
- വയനാട് പോലുള്ള ജില്ലകളിലെ ബ്രോയിലർ ഫാമിംഗിൽ കരാർ കൃഷി സജീവമായി നിലവിലുണ്ട്. ഇവിടെ, ഒരു കമ്പനിയോ സഹകരണ സംഘമോ ഒരു നിശ്ചിത പ്രായം വരെ വളർത്തുന്നതിനായി വീടുകളിൽ കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നു. കരാറിന്റെ ഭാഗമായി ഈ കമ്പനികൾ കോഴിത്തീറ്റ, വെറ്ററിനറി സേവനങ്ങൾ, സാങ്കേതിക പരിജ്ഞാനം എന്നിവയും നൽകുന്നു. മുൻകൂട്ടി നിശ്ചയിച്ച വിലയ്ക്ക് ഒരു നിശ്ചിത സുഗുണ ചിക്കൻ പോലുള്ള, ആഴ്ചകൾക്ക് ശേഷം വീട്ടുകാർ കോഴിയെ കമ്പനിക്ക് തിരികെ വിൽക്കുന്നു. ഉടുമൽപ്പേട്ട് ആസ്ഥാനമായ സ്വകാര്യ കമ്പനികൾ കരാറുകൾക്കായി ടെംപ്ലേറ്റുകൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്, ഇത് "സുഗുണ ഇന്റഗ്രേഷൻ മോഡൽ" എന്നും അറിയപ്പെടുന്നു.

സാമ്പത്തിക വളർച്ചയ്ക്ക് സംഭാവന ചെയ്യുന്ന കരാർ കൃഷി രീതികളുടെ വ്യാപനം നടക്കുമ്പോൾ, അതിനോടൊപ്പം നിയന്ത്രണ സംവിധാനങ്ങളും പരാതിനിവാരണ സംവിധാനങ്ങളും സ്ഥാപിക്കേണ്ട ആവശ്യം കൂടി ഉയർന്നുവരുന്നു.

### സംഭരണത്തിലെ വർധനവ്

കൃഷിയിടത്തിന് പുറത്ത്, നെല്ലിന്റെയും തേങ്ങയുടെയും ശേഖരണവും സംഭരണ സംവിധാനങ്ങളും മെച്ചപ്പെടുത്തുന്നതിന് കേരളം പുതിയ നടപടികൾ സ്വീകരിക്കണം. ഈ രണ്ട് വിളകളിലും, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ (പി.എ.സി.എസ്), കർഷക ഉൽപ്പാദക കമ്പനികൾ, കുടുംബശ്രീ ഗ്രൂപ്പുകൾ എന്നിവയുടെ സേവനങ്ങൾ കേരളം പ്രയോജനപ്പെടുത്തണം. നെല്ലിന്റെയും നാളികേരത്തിന്റെയും സംഭരണത്തിൽ നടപ്പിലാക്കാൻ കഴിയുന്ന പ്രധാന പരിഷ്കാരങ്ങൾ താഴെ പറയുന്നവയാണ്.

**നെല്ല് സംഭരണത്തിലെ പരിഷ്കാരങ്ങൾ**: നെല്ല് സംഭരണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുക എന്നത് തുടർന്നുകൊണ്ടിരിക്കേണ്ട ഒരു പ്രവർത്തനമാണ്. കൃഷി വകുപ്പ് നിയോഗിച്ച കമ്മിറ്റിയുടെ പുതിയ റിപ്പോർട്ടിൽ, എല്ലാ പഞ്ചായത്തുകളിലും നെല്ല് സംഭരണ കേന്ദ്രങ്ങൾ (പി.പി.സി) സ്ഥാപിക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്, ഇവ ഒരു പ്രാദേശിക പി.എ.സി.എസ് കൈകാര്യം ചെയ്യും. ഈ പി.പി.സി കളിൽ ഡ്രയറുകൾ, വിന്നോയിങ് മെഷീനുകൾ, തൂക്കം അളക്കുന്ന സ്കെയിലുകൾ, ധാന്യ വിശകലന സാമഗ്രികൾ, ഈർപ്പം അളക്കുന്നതിനുള്ള ഉപകരണങ്ങൾ, കമ്പ്യൂട്ടറുകൾ, മറ്റ് ആവശ്യമായ ഉപകരണങ്ങൾ എന്നിവ സജ്ജീകരിക്കും. പി.എ.സി.എസ് ലഭ്യമല്ലാത്തതോ തയ്യാറാകാത്തതോ ആയ സാഹചര്യങ്ങളിൽ, പി.പി.സി കൾ സ്ഥാപിക്കുന്നതിന് സ്വകാര്യ മേഖലയെയും പ്രയോജനപ്പെടുത്താം. സംഭരിച്ച നെല്ല്, വിതരണ ശൃംഖലയിലെ അടുത്ത ഘട്ടത്തിലേക്ക് കൈമാറുന്നതിന് പി.എ.സി.എസി ന്

വ്യത്യസ്ത രീതികൾ സ്വീകരിക്കാം. പി.എ.സി.എസിന് നെല്ല് സ്വയം സംസ്കരിച്ച് ആഭ്യന്തരമായി വിൽപ്പന നടത്താം; അല്ലെങ്കിൽ മില്ലർമാർക്കോ തുറന്ന വിപണിയിലേക്കോ വിൽക്കാവുന്നതാണ്.

മുന്നോട്ടുപോകുമ്പോൾ, ശേഷി വികസനം ഒരു പ്രധാന ആവശ്യമായി മാറും. ചില പി.എ.സി.എസുകൾക്ക് തുടക്കത്തിൽ സാമ്പത്തിക സഹായവും ആവശ്യമായി വന്നേക്കാം. പൊതുവിതരണ സംവിധാനത്തിൽ മതിയായ നെല്ല് ഉറപ്പാക്കുന്നതിന്, സർക്കാരിലേക്കുള്ള വിൽപ്പനയ്ക്കായി ഒരു നിശ്ചിത വിഹിതം/അളവ് നിശ്ചയിക്കാവുന്നതാണ്.

പുതിയ സംവിധാനത്തിൽ നിന്നുള്ള പ്രധാന നേട്ടങ്ങൾ ഇവയാണ്: (എ) കർഷകർക്ക് ഉടനടി പണം ലഭിക്കും; (ബി) സംസ്ഥാന സർക്കാരിന്റെ മേലുള്ള സാമ്പത്തിക ഭാരം കുറയുന്നു; (സി) പി.എ.സി.എസിന്റെ രാഷ്ട്രീയ സമാഹരണം സാധ്യമാകുന്നു, ഇത് മറ്റ് വിളകളിലും സ്വാധീനമുണ്ടാക്കും; (ഡി) നിലവിലെ സംവിധാനത്തിലെ ഭരണപരമായ കാര്യക്ഷമതയില്ലായ്മ കുറയ്ക്കാൻ കഴിയും; (ഇ) സംഭരണത്തിൽ ലഭ്യമായ ഏകീകൃത തത്സമയ ഡിജിറ്റൽ പ്ലാറ്റ്ഫോമിന്റെ സുതാര്യമായ സംവിധാനം ഉണ്ടാകും.

**പച്ചത്തേങ്ങ സംഭരണത്തിലെ പരിഷ്കാരങ്ങൾ**: തേങ്ങ സംഭരണത്തിന് നിലവിലുള്ള സംവിധാനങ്ങൾ അപര്യാപ്തമാണ്. 1987-ൽ സ്ഥാപിതമായ കേരഫെഡ്, 100 പ്രാഥമിക സഹകരണ സംഘങ്ങളിലൂടെ പ്രവർത്തിക്കുന്ന ഒരു ഉന്നത സ്ഥാപനമാണ്. നാഷണൽ അഗ്രികൾച്ചറൽ കോപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡിന് (നാഫെഡ്) കീഴിൽ രജിസ്റ്റർ ചെയ്ത ഒരു സംഭരണ ഏജൻസിയാണിത്, കൂടാതെ കേരളത്തിൽ ഏറ്റവും വലിയ വെളിച്ചെണ്ണ ബ്രാൻഡായ 'കേര' പ്രവർത്തിപ്പിക്കുന്നു. പതിന്നാലാം പഞ്ചവത്സര പദ്ധതിയുടെ വിദഗ്ധ ഉപഗ്രൂപ്പ് റിപ്പോർട്ടിൽ, കേരഫെഡിന് കീഴിലുള്ള പ്രാഥമിക സഹകരണ സംഘങ്ങൾക്ക് സംസ്കരണത്തിന് വളരെ പരിമിതമായ അടിസ്ഥാന സൗകര്യങ്ങളേയുള്ളൂവെന്നും, അവ കൂടുതലും മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വാങ്ങുന്നുണ്ടെന്നും, കൊപ്ര സംസ്കരണ സൗകര്യങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നില്ലെന്നും പ്രതിപാദിക്കുന്നു.

കാർഷിക വികസന കർഷകക്ഷേമ വകുപ്പ് 2013-ൽ പച്ചത്തേങ്ങ സംഭരണ പദ്ധതി ആരംഭിച്ചു. ഇവിടെ, ഒരു കിലോ പച്ചത്തേങ്ങയ്ക്ക് 34 രൂപ എന്ന നിരക്കിൽ കർഷകരിൽ നിന്ന് നേരിട്ട് പച്ചത്തേങ്ങ സംഭരിച്ചു. എന്നിരുന്നാലും, മോശം നടപ്പാക്കലും സംഭരണ സൗകര്യങ്ങളുടെ അഭാവവും കാരണം ഈ പദ്ധതി വിജയിച്ചിട്ടില്ല, കൂടാതെ സംഭരിക്കുന്ന തേങ്ങയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിൽ ഈ സംവിധാനം ഫലപ്രദമല്ലെന്ന് തെളിഞ്ഞിട്ടുണ്ട്.

നിലവിൽ, വർഷത്തിൽ ആറ് മാസത്തേക്ക് കൊപ്ര സംഭരിക്കുന്ന ഒരു പദ്ധതി നാഫെഡിനുണ്ട്. കേരളത്തിൽ നിന്ന് 50,000 മെട്രിക് ടൺ കൊപ്ര സംഭരിക്കാൻ അവർ പരിധി നിശ്ചയിച്ചിട്ടുണ്ട്. വില നാഫെഡ് വഹിക്കുന്നതിനാലും വിലയിലുള്ള വ്യത്യാസം മാത്രമേ സംസ്ഥാന സർക്കാർ വഹിക്കേണ്ടതുള്ളൂ എന്നതിനാലും സംസ്ഥാന സർക്കാരിന് ഈ പദ്ധതി പ്രയോജനപ്പെടുത്താം. നാഫെഡ് 50,000 മെട്രിക് ടൺ കൊപ്ര സംഭരിക്കുകയാണെങ്കിൽ, ആഭ്യന്തര സംഭരണം 1,65,000 മെട്രിക് ടൺ പച്ചത്തേങ്ങയായി മാറും. എന്നാൽ 2023-24-ൽ കേരളത്തിന് 20,719 മെട്രിക് ടൺ പച്ചത്തേങ്ങ മാത്രമാണ് സംഭരിക്കാൻ കഴിഞ്ഞത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, കേരളത്തിൽ പച്ചത്തേങ്ങയുടെ സംഭരണം പലമടങ്ങ് വർദ്ധിപ്പിക്കാനും കുറഞ്ഞ സാമ്പത്തിക ബാധ്യതയിൽ നാഫെഡിന് വിതരണം ചെയ്യാനും സാധിക്കും. മറ്റ് വസ്തുതകൾ ഇവയാണ്: (എ) സംസ്ഥാനത്ത് കാര്യക്ഷമമായ ഒരു സംഭരണ സംവിധാനം സ്ഥാപിക്കൽ; (ബി) നാഫെഡിന് വിൽക്കുന്നതിന് മുമ്പ് പച്ചത്തേങ്ങ കൊപ്രയാക്കി സംസ്കരിക്കുന്നതിനുള്ള ഒരു പ്രായോഗിക സംവിധാനം സ്ഥാപിക്കൽ.

സംസ്ഥാന ആസൂത്രണ ബോർഡ് വിവിധ പങ്കാളികളുമായി ഈ വിഷയത്തിൽ വിശദമായ ചർച്ചകൾ സംഘടിപ്പിച്ചു, ഏറ്റവും ലാഭകരമായ ചെലവ് ഘടന വി.എഫ്.പി.സി.കെ യ്ക്കാണെന്ന് കണ്ടെത്തി.

ഒരു നിർദ്ദിഷ്ട മാതൃകയിൽ, എസ്.കെ.എസ് (സ്വാശ്രയ കർഷക സമിതി) മുഖേന ഉൽപാദകരെ ഏകോപിപ്പിച്ച് സ്വാശ്രയ കർഷക വിപണികളിലൂടെ പ്രാഥമിക ശേഖരണവും വിപണനവും നടപ്പാക്കി, വി.എഫ്.പി.സി.കെ.യുടെ വിതരണ ശൃംഖല ഉപയോഗിച്ച് കേരളത്തിൽ പച്ചത്തേങ്ങയുടെ സംഭരണവും സംസ്കരണവും വ്യാപിപ്പിക്കാം.

### പുതിയ വിപണന സ്ഥാപനങ്ങൾ

കേരളത്തിൽ പ്രധാന കാർഷിക ഉൽപ്പന്നങ്ങൾക്കായി നിയന്ത്രിത വിതരണ ശൃംഖല രൂപപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. നിലവിലുള്ള വിതരണ ശൃംഖല വിഘടിച്ചതും, ഉയർന്ന ലാഭം നേടുന്ന വ്യാപാരികൾ, വിതരണക്കാർ, റീസെല്ലർമാർ തുടങ്ങിയ നിരവധി ഇടനിലക്കാരുള്ളതുമാണ്. അവർ കൂടുതലായി ലാഭം കൈവരിക്കുന്നു. ഇതിന്റെ ഫലമായി കർഷകർക്ക് പല പ്രശ്നങ്ങളും നേരിടേണ്ടി വരുന്നു. വിളയ്ക്ക് സ്ഥിര വില ലഭിക്കാത്തത്, വിപണി വിവരങ്ങൾ പൂർണമായി ലഭ്യമല്ലാത്തത്, വിതരണ കാര്യക്ഷമതയില്ലായ്മ, പണം ലഭിക്കുന്നതിൽ താമസം എന്നിവ കർഷകർ നേരിടുന്നു. ഉയർന്ന ചെലവുകൾ, കുറഞ്ഞ ഗുണനിലവാരം, വിലയിലെ ചാഞ്ചാട്ടം, സാധനങ്ങൾ പലപ്പോഴായി വാങ്ങേണ്ടി വരുന്ന അവസ്ഥ എന്നീ പ്രശ്നങ്ങൾ ചില്ലറ വ്യാപാരികൾ നേരിടുന്നു.

കാർഷിക മേഖലയിലെ പുതിയ വിതരണ ശൃംഖലയ്ക്കായി സംസ്ഥാന ആസൂത്രണ ബോർഡ് ഒരു വിശദമായ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. കേരളത്തിന് ഓരോ പ്രദേശത്തിനും അനുയോജ്യമായതും ഓരോ വിളയ്ക്കും പ്രത്യേകമായും സമാഹരണ സംവിധാനം വേണം. ഒരേ സമയം വലിയ തോതിൽ വിളകൾ വിപണിയിൽ എത്തുമ്പോൾ വില താഴുന്നത് ഒഴിവാക്കാനും, മൂല്യവർധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കാൻ താൽപര്യമുള്ളവർക്ക് മതിയായ അളവിൽ ഉൽപ്പന്നങ്ങൾ ലഭ്യമാക്കാനും ഇത് സഹായിക്കും. ഉൽപ്പന്നങ്ങളുടെ സമാഹരണം പ്രോത്സാഹിപ്പിക്കുന്നതിനും വിതരണ ശൃംഖല കാര്യക്ഷമമാക്കുന്നതിനും വിവര, ആശയവിനിമയ സാങ്കേതികവിദ്യയുടെ പരമാവധി പ്രോത്സാഹനം ഉണ്ടായിരിക്കണം. ഈ മേഖലയിൽ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ലോക ബാങ്കിന്റെ സഹായത്തോടെ 'കേര' എന്ന വലിയ പദ്ധതി ആരംഭിച്ചിരിക്കുകയാണ് (ബോക്സ് 13.1).

ഈ അധ്യായം ഉൽപ്പന്ന സമാഹരണത്തിനായി ഒരു ഹബ് ആൻഡ്-സ്പോക്ക് മാതൃക നിർദ്ദേശിക്കുന്നു. ഈ

**ബോക്സ് 13.1**
**കേര പദ്ധതി**

കേരളത്തിന്റെ ഭക്ഷ്യ-കാർഷിക മേഖലയുടെ നിലനിൽപ്പും വാണിജ്യവൽക്കരണവും പ്രോത്സാഹിപ്പിക്കുക എന്നതാണ് കേരള കാലാവസ്ഥാ പ്രതിരോധ മൂല്യ വർധിത ശൃംഖല നവീകരണ പദ്ധതി (കേര) ആരംഭിക്കുന്നതിന്റെ ലക്ഷ്യം. 2022 ഒക്ടോബറിൽ ഭാരത സർക്കാർ അംഗീകരിച്ച, ലോകബാങ്ക് ധനസഹായത്തോടെയുള്ള അഞ്ച് വർഷത്തെ പദ്ധതിയാണ് കേര. പദ്ധതിയുടെ കോർപ്പസ് ഫണ്ട് 285 ദശലക്ഷം യുഎസ് ഡോളറും (2,356.5 കോടി രൂപ), ലോകബാങ്ക് സഹായം 200 ദശലക്ഷം യുഎസ് ഡോളറും (1,655.9 കോടി രൂപ) സംസ്ഥാന വിഹിതം 85 ദശലക്ഷം യുഎസ് ഡോളറും (709.7 കോടി രൂപ) ആണ്. ചെറുകിട കർഷകർക്കും കാർഷികാധിഷ്ഠിത എം.എസ്.എം.ഇകൾക്കും വേണ്ടി കേരളത്തിന്റെ ഭക്ഷ്യ-കാർഷിക മേഖലയുടെ നിലനിൽപ്പും വാണിജ്യവൽക്കരണവും പ്രോത്സാഹിപ്പിക്കുക എന്നതാണ് പ്രധാന ലക്ഷ്യം. കാർഷിക വിതരണ ശൃംഖലകളുടെയും മൂല്യ ശൃംഖലകളുടെയും നവീകരണം, കാർഷിക-ഭക്ഷ്യ അധിഷ്ഠിത എം.എസ്.എം.ഇകളുടെയും എഫ്.പി.ഒ കളുടെയും ശാക്തീകരണം, സുസ്ഥിര വിപണി അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കൽ, വിവിധ രാജ്യാന്തര രീതികളിൽ നിന്നുള്ള നിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ട് കാര്യക്ഷമമായ മാനേജ്മെന്റ് മോഡലുകൾ എന്നിവയിലെ നൂതനാശയങ്ങളുടെയും നിക്ഷേപങ്ങളുടെയും വികസനത്തിനും ഈ പദ്ധതി പിന്തുണ നൽകും. കാലാവസ്ഥയെ പ്രതിരോധിക്കുന്ന കാർഷിക രീതികൾ സ്വീകരിച്ചുകൊണ്ട് കൃഷിയിലും അനുബന്ധ മേഖലകളിലും നിക്ഷേപം നടത്തി പ്രാദേശിക സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതും പദ്ധതിയിൽ ഉൾപ്പെടും. 2024 ഒക്ടോബറിൽ ലോകബാങ്ക് പദ്ധതിക്ക് അംഗീകാരം നൽകി, 2024 നവംബറിൽ പദ്ധതി ആരംഭിച്ചു.

മാതൃകയിൽ ഒരു സെൻട്രൽ ഹബ് ഉണ്ടായിരിക്കും. ഉൽപ്പന്നങ്ങൾ അവിടെ നിന്നാണ് വിപണിയിലേക്ക് എത്തുന്നത്, അല്ലെങ്കിൽ ഗ്രാമങ്ങളിലെ പ്രാദേശിക കേന്ദ്രങ്ങളിൽ നിന്ന് ഉൽപ്പന്നങ്ങൾ ഹബിലേക്ക് എത്തിച്ച് പിന്നീട് വിവിധ സ്ഥലങ്ങളിലേക്ക് വിതരണം ചെയ്യാം. ഹബുകളും പ്രാദേശിക കേന്ദ്രങ്ങളും തമ്മിൽ ബന്ധങ്ങൾ ഉറപ്പാക്കണം. അതായത്, കർഷകരിൽ നിന്ന് പരമാവധി ഉൽപ്പന്നങ്ങൾ ശേഖരിക്കുകയും, വിപണിയിൽ കുറഞ്ഞ ചെലവിൽ, ഉൽപ്പന്നങ്ങൾ പാഴാകാത്ത രീതിയിൽ വിതരണം ചെയ്യുകയും വേണം. ഓരോ ഹബ്ബിലെയും ഓരോ സ്പോക്കിലെയും സെൻട്രൽ ഏജൻസി ഒരു സഹകരണ സംഘമോ സമാനമായ കർഷകരുടെ കൂട്ടായ്മയോ ആയിരിക്കണം. ഡൽഹിയിൽ പ്രവർത്തിക്കുന്ന 'സഫൽ' മോഡൽ ഇതിന് ഒരു നല്ല ഉദാഹരണമാണ്.

പ്രായോഗികമായി, ഇതിനർത്ഥം, കേരളത്തിൽ ഓരോ പഞ്ചായത്തിലും കുറഞ്ഞത് ഒരു പ്രാഥമിക ഗ്രാമീണ കാർഷിക വിപണി (പി.ആർ.എ.എം) ഉണ്ടായിരിക്കണം എന്നതാണ്. അതിൽ ശീതീകരണ സംഭരണ സൗകര്യങ്ങളുമുണ്ടാവണം. ബ്ലോക്ക് തലത്തിലും ജില്ലാ തലത്തിലുമുള്ള വലിയ മാർക്കറ്റുകൾക്ക് വിതരണ കേന്ദ്രങ്ങളായി ഇത് പ്രവർത്തിക്കണം. ഓരോ കർഷകനെയും, കർഷക സഹകരണ സംഘങ്ങളെയും, കർഷക ഉൽപ്പാദക കമ്പനികളെയും ഈ പി.ആർ.എ.എം കളുമായി ബന്ധിപ്പിക്കണം. അവിടെ ഉൽപ്പന്നങ്ങൾ സമാഹരിക്കുവാനും ലേലം നടത്തുവാനും ഗുണനിലവാരം പരിശോധിക്കാനും ആവശ്യമായ സൗകര്യങ്ങൾ ഉണ്ടായിരിക്കണം. മൂല്യവർദ്ധനവ്, സംസ്കരണം എന്നീ മേഖലകളുമായി പ്രായോഗിക ബന്ധങ്ങൾ ഉറപ്പാക്കുന്നതിന്, വിപണികളുടെ ഫെഡറേഷനുകൾ സൃഷ്ടിക്കുന്നതിനുള്ള ശ്രമങ്ങളും നടത്തണം.

ഈ മോഡൽ സഹകരണ മേഖലയിലൂടെ, അവരുടെ സ്വന്തം ഫണ്ടുകൾ ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്നതിലൂടെ സംസ്ഥാന സർക്കാരിനു മേലുള്ള സാമ്പത്തിക ഭാരം കുറയ്ക്കാനാകും. കൂടാതെ, ഈ സംവിധാനത്തിന് ഒരു ആന്തരിക ആക്കത്താൽ ലാഭവും നഷ്ടവും ഇല്ലാത്ത അവസ്ഥയിലേക്ക് പോകാൻ സാധിക്കും. ഇതിന് ബന്ധപ്പെട്ട സഹകരണ സംഘങ്ങളെ രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസിന് കീഴിലുള്ള അനാവശ്യമായ പല നിയന്ത്രണങ്ങളിൽ നിന്ന് വിമുക്തമാക്കണം. അങ്ങനെ ചെയ്താൽ അവയ്ക്ക് മത്സരാധിഷ്ഠിതമായ വിപണിയിൽ സ്വതന്ത്രവും സ്വയംഭരണപരവുമായ സ്ഥാപനങ്ങളായി പ്രവർത്തിക്കാൻ കഴിയും.

### മൂല്യവർദ്ധനവിലുള്ള നിക്ഷേപങ്ങൾ

സംസ്കരണത്തിലൂടെയും മൂല്യവർദ്ധനവിലൂടെയുമുള്ള കാർഷിക സംരംഭങ്ങൾ വളരുന്നതിന് കൂടുതൽ വിളവും വലിയ തോതിലുള്ള ഉൽപ്പാദനവും ആവശ്യമാണ്. അതോടൊപ്പം, വിളവെടുത്ത ശേഷം കാര്യക്ഷമമായ സമാഹരണ സൗകര്യങ്ങൾ ഉണ്ടായിരിക്കണം. സാധാരണയായി, സംസ്കരണത്തിലും മൂല്യവർദ്ധനവിലും വലിയ നിക്ഷേപങ്ങൾ ആഗ്രഹിക്കുന്നുണ്ടെങ്കിൽ, ഈ യൂണിറ്റുകളിലേക്ക് വലിയ തോതിലും പ്രായോഗികമായ ചിലവിലും അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കണം.

### ഭക്ഷ്യ സംസ്കരണ മേഖലയിലെ നിലവിലെ സ്ഥിതിവിവരങ്ങൾ

വാർഷിക വ്യവസായ സർവേ (എ.എസ്.ഐ) പ്രകാരം 2022-23 ൽ കേരളത്തിൽ 7,592 ഭക്ഷ്യ, കാർഷിക സംസ്കരണ "ഫാക്ടറികൾ" ഉണ്ടായിരുന്നു. ഇതിൽ ഏകദേശം 39 ശതമാനം വരുന്ന 2,926 ഫാക്ടറികൾ, കൃഷിയുമായി നേരിട്ടോ അല്ലാതെയോ ബന്ധപ്പെട്ടവയായിരുന്നു. 2011-12 നെ അപേക്ഷിച്ച് 2022-23 ൽ കൃഷിയുമായി ബന്ധപ്പെട്ട ഫാക്ടറികളുടെ എണ്ണം നേരിയ തോതിൽ കുറഞ്ഞുവെങ്കിലും അവ ഇപ്പോഴും മൊത്തം ഫാക്ടറികളുടെ മൂന്നിലൊന്നിൽ കൂടുതലാണ്. ഈ ഫാക്ടറികളുടെ പ്രവർത്തനങ്ങളിൽ മിക്കതും (39 ശതമാനത്തിന്റെ ഏകദേശം 22 ശതമാനം) 2022-23 ൽ ഭക്ഷ്യ ഉൽപ്പാദനത്തിൽ ഏർപ്പെട്ടിരുന്നു. ഇത്തരത്തിലുള്ള ഫാക്ടറികളുടെ എണ്ണം 2015-16 ലെ 1,516 ൽ നിന്ന് 2022-23 ൽ 1,644 ആയി ഉയർന്നു.

ഭക്ഷ്യ ഉൽപ്പാദനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഫാക്ടറികളെ നമുക്ക് 3 ഉപവിഭാഗങ്ങളായി തരംതിരിക്കാം (പട്ടിക 13.4 കാണുക). ഒന്നാമതായി, ഈ 1,644 ഫാക്ടറികളിൽ ഏകദേശം 64 ശതമാനവും വിവിധ ഉൽപ്പന്നങ്ങൾ ഉൾപ്പെ

**പട്ടിക 13.4** *ഭക്ഷ്യ ഉൽപന്നങ്ങളുടെയും റബ്ബർ ഉൽപന്നങ്ങളുടെയും നിർമ്മാണത്തിലെ ഫാക്ടറികളുടെ എണ്ണം, എൻ.ഐ.സി, എ.എസ്.ഐ, കേരളം, 2011- 12 മുതൽ 2022- 23 വരെ, എണ്ണത്തിലും ശതമാനത്തിലും.*

| വ്യാവസായിക തരംതിരിവ് (എൻ.ഐ.സി, 2008) | ഫാക്ടറികളുടെ എണ്ണം | | |
|---|---|---|---|
| | 2011- 12 | 2015 - 16 | 2022- 23 |
| പലവക ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ ഉത്പാദനം | 907 | 977 | 1,049 |
| മത്സ്യം, തോടുള്ള ജലജീവികൾ, മോളസ്കുകൾ എന്നിവയുടെ ഉൽപന്നങ്ങളുടെ സംസ്കരണം | 119 | 154 | 157 |
| ധാന്യ മിൽ ഉൽപ്പന്നങ്ങൾ, അന്നജം, അന്നജ ഉൽപ്പന്നങ്ങൾ എന്നിവയുടെ ഉത്പാദനം | 153 | 171 | 162 |
| പാലുൽപ്പന്നങ്ങളുടെ ഉത്പാദനം | 75 | 76 | 96 |
| സസ്യ എണ്ണകളുടെയും മൃഗ എണ്ണകളുടെയും കൊഴുപ്പുകളുടെയും ഉത്പാദനം | 69 | 60 | 87 |
| പഴങ്ങളുടെയും പച്ചക്കറികളുടേയും സംസ്കരണം | 49 | 62 | 50 |
| തയ്യാറാക്കിയ മൃഗതീറ്റകളുടെ ഉത്പാദനം | 15 | 14 | 38 |
| മാംസ സംസ്കരണവും സംരക്ഷണവും | 3 | 3 | 5 |
| ആകെ: ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ ഉത്പാദനം | 1,387 | 1,516 | 1,644 |
| റബ്ബർ ഉൽപന്നങ്ങളുടെ നിർമ്മാണം | 367 | 364 | 339 |

*അവലംബം:* വാർഷിക വ്യവസായ സർവേ, വിവിധ റൗണ്ടുകൾ.

ടുന്ന "പലവക ഭക്ഷ്യ ഉൽപ്പാദനത്തിൽ" ഏർപ്പെട്ടിരുന്നു. 2022-23 ലെ മറ്റ് രണ്ട് പ്രധാന ഉപവിഭാഗങ്ങൾ ധാന്യ മില്ലുകളും മത്സ്യ സംസ്കരണ സ്ഥാപനങ്ങളുമായിരുന്നു (രണ്ടും ഏകദേശം 10 ശതമാനം വീതം). ബാക്കിയുള്ള ഫാക്ടറികൾ പാലുൽപ്പന്നങ്ങൾ, സസ്യ എണ്ണകൾ (അതായത്, എണ്ണ മില്ലുകൾ), മൃഗങ്ങളുടെ തീറ്റ എന്നിവയുടെ നിർമ്മാണത്തിലും പഴങ്ങളുടെ സംസ്കരണത്തിലും മാംസ സംസ്കരണത്തിലും ഏർപ്പെട്ടിരിക്കുന്നവയാണ്. കഴിഞ്ഞ ഒരു ദശകത്തിനിടെ വ്യാപകമായി വളർച്ച കൈവരിച്ച രണ്ടു പ്രധാന ഉപവിഭാഗങ്ങൾ മത്സ്യ സംസ്കരണ സ്ഥാപനങ്ങളും എണ്ണ മില്ലുകളുമാണ്.

ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ നിർമ്മാണം നടത്തുന്ന ഫാക്ടറികൾ മാത്രം 2022-23 വർഷത്തിൽ 35,936 കോടി രൂപയുടെ മൊത്ത ഉൽപ്പാദന മൂല്യം സൃഷ്ടിച്ചു. ഇത് 2011-12 ലെ അനുബന്ധ കണക്ക് ആയ 17,966 കോടി രൂപയുമായി താരതമ്യം ചെയ്യുമ്പോൾ ഗണ്യമായ വർധനവാണ് രേഖപ്പെടുത്തുന്നത്. എന്നാൽ "പലവക ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ നിർമ്മാണം" നടത്തുന്ന ഫാക്ടറികൾ 2022-23 ൽ മൊത്ത ഉൽപ്പാദന മൂല്യത്തിൽ ഏകദേശം 38 ശതമാനം മാത്രമാണ് സംഭാവന ചെയ്തത്. അതേസമയം, ഫാക്ടറികളുടെ എണ്ണം ഏകദേശം 10 ശതമാനം മാത്രമായിരുന്ന മത്സ്യ സംസ്കരണ ഫാക്ടറികൾ, മൊത്ത ഉൽപ്പാദന മൂല്യത്തിൽ ഏകദേശം 22 ശതമാനം സംഭാവന നൽകി. ഇതുപോലെ തന്നെ, പാലുൽപ്പന്നങ്ങളുടെ ഉത്പാദനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഫാക്ടറികൾ മൊത്തം ഫാക്ടറികളുടെ ഏകദേശം 6 ശതമാനം മാത്രമായിരുന്നിട്ടും, അവ മൊത്ത ഉൽപ്പാദന മൂല്യത്തിൽ ഏകദേശം 13 ശതമാനം സംഭാവന ചെയ്തു.

2022-23 കാലയളവിൽ "ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ നിർമ്മാണം" നടത്തുന്ന ഫാക്ടറികളിൽ വിവിധ വിഭാഗങ്ങളിലായി ആകെ 86,804 പേർ തൊഴിൽ ചെയ്തിരുന്നു. ഇതിൽ പലവക ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ നിർമ്മാണ മേഖലയിലാണ് ഏറ്റവും കൂടുതൽ പേർ (54,320 പേർ) ഏർപ്പെട്ടിരുന്നത്. ശ്രദ്ധേയമായി, "ഭക്ഷ്യ ഉൽപ്പന്ന നിർമ്മാണ" മേഖലയിലെ ഓരോ തൊഴിലാളിയുടെയും മൊത്ത ഉൽപ്പാദന മൂല്യം ഈ വർഷങ്ങളിൽ വലിയ തോതിൽ വർദ്ധിച്ചു, 2011-12ൽ 9,95,862 രൂപ ആയിരുന്നത് 2015-16ൽ 29,28,590 രൂപ ആയി, 2022-23ൽ ഇത് 41,39,913 രൂപ ആയി ഉയർന്നു (ചിത്രം 13.12). ചുരുക്കത്തിൽ, ഈ ഫാക്ടറികളിൽ നിന്ന് ഒരു വ്യക്തി ഒരു വർഷം ശരാശരി 41 ലക്ഷം രൂപയുടെ മൊത്ത ഉൽപ്പാദനം നടത്തുന്നു. ഓരോ തൊഴിലാളിയുടെയും മൊത്ത ഉൽപ്പാദന മൂല്യത്തിലെ ഈ വർദ്ധനവ്, ഭക്ഷ്യസംസ്കരണ മേഖലയിലെ തൊഴിൽ ലാഭകരമാക്കുന്നതിനായി ഉപയോഗിക്കുന്ന സാങ്കേതികവിദ്യകളുടെ വർധിച്ച സ്വീകാര്യത സൂചിപ്പിക്കുന്നു. വിവിധ എ.എസ്.ഐ റൗണ്ടുകളിലായി ഈ മേഖലകളിലെ മൂലധന-തൊഴിൽ അനുപാതം ഉയർന്നതിൽ നിന്ന് ഇത് വ്യക്തമായിരുന്നു.

വ്യവസായ വകുപ്പ് പ്രസിദ്ധീകരിക്കുന്ന കണക്കുകൾ പ്രകാരം 2019-20 വരെ ഓരോ വർഷവും ശരാശരി 2,500 ഓളം കൃഷിയുമായി ബന്ധപ്പെട്ട യൂണിറ്റുകൾ രജിസ്റ്റർ ചെയ്തിരുന്നുവെങ്കിലും, അതിന് ശേഷം ഈ എണ്ണം ഗണ്യമായി ഉയർന്നു. 2022-23 മുതൽ 2024-25 വരെയുള്ള മൂന്ന് വർഷങ്ങളിൽ, കാർഷിക മേഖലയിലെ ആകെ 23,637 നിർമ്മാണ യൂണിറ്റുകൾ വ്യവസായ വകുപ്പിൽ രജിസ്റ്റർ ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ, ഈ കാലയളവിൽ ഓരോ വർഷവും ശരാശരി 7,879 കൃഷിയുമായി ബന്ധപ്പെട്ട നിർമ്മാണ യൂണിറ്റുകൾ രജിസ്റ്റർ ചെയ്തതായി ഇത് സൂചിപ്പിക്കുന്നു.

ഈ കണക്കുകൾ കേരളത്തിലെ കാർഷിക -സംസ്കരണ മേഖല ചെറുതല്ലാത്ത ഒരു മേഖലയാണെന്ന് വ്യക്തമായി തെളിയിക്കുന്നു. അതേസമയം, സംസ്ഥാനത്ത് കൃഷി




**ചിത്രം 13.12** *ഭക്ഷ്യ ഉൽപന്നങ്ങളുടെ നിർമ്മാണത്തിലെ ഫാക്ടറികളിലെ ഒരാളുടെ മൊത്തം ഔട്ട്പുട്ട് മൂല്യം രൂപയിൽ, എ.എസ്.ഐ, കേരളം, 2010 - 11 മുതൽ 2022 - 23 വരെ*

*അവലംബം:* വാർഷിക വ്യവസായ സർവേ, വിവിധ റൗണ്ടുകൾ.

ചെയ്യുന്ന വിളകളുടെ വൈവിധ്യവും അവയിൽ നിന്നുണ്ടാക്കാൻ സാധിക്കുന്ന ഉൽപ്പന്നങ്ങളും ഉപോൽപ്പന്നങ്ങളും കണക്കിലെടുക്കുമ്പോൾ, ഈ മേഖലക്ക് ഇനിയും പലമടങ്ങ് വിപുലീകരിക്കാനുള്ള വൻ സാധ്യത നിലവിലുണ്ടെന്നും ഈ വിവരങ്ങൾ സൂചിപ്പിക്കുന്നു.

**പൂർത്തീകരിച്ചതും മികച്ചതുമായ പരിഷ്കാരങ്ങൾ**

സാധാരണഗതിയിൽ, ഭക്ഷ്യ-കാർഷിക സംസ്കരണത്തിൽ സ്വകാര്യ നിക്ഷേപം ആകർഷിക്കുന്നതിന് അഞ്ച് പ്രധാന മുൻവ്യവസ്ഥകൾ ആവശ്യമാണ്: സംയോജിത അസംസ്കൃത വസ്തുക്കളുടെ ലഭ്യത; അസംസ്കൃത വസ്തുക്കളുടെ വിതരണത്തിൽ ഏകീകൃത ഗ്രേഡിങ്ങും ഗുണനിലവാര മാനദണ്ഡങ്ങളും ഉറപ്പാക്കൽ; നിക്ഷേപത്തിനും ബിസിനസ് നടത്തുന്നതിനുമുള്ള സൗകര്യം; വ്യവസായ വളർച്ചയ്ക്ക് സഹായകമായ നിയമ സംവിധാനങ്ങൾ; മതിയായ അടിസ്ഥാന സൗകര്യങ്ങളോടും അനുബന്ധ സൗകര്യങ്ങളോടും കൂടിയ നിക്ഷേപ കേന്ദ്രങ്ങളുടെ ലഭ്യത. മേൽ പ്രതിപാദിച്ചിരിക്കുന്ന വ്യവസ്ഥകളിൽ അവസാനത്തെ 3 വസ്തുതകൾ ഇവിടെ വിവരിക്കുന്നു.

**കാർഷിക ബിസിനസ് നടത്തുന്നതിനുള്ള സൗകര്യങ്ങൾ**: കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി), കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കിൻഫ്ര), സ്മാൾ ഫാർമേഴ്സ് അഗ്രിബിസിനസ് കൺസോർഷ്യം (എസ്.എഫ്.എ.സി), കേരള കാർഷിക സർവകലാശാലയുടെ (കെ.എ.യു) ഇൻക്യൂബേഷൻ കേന്ദ്രങ്ങൾ, കേരള സ്റ്റാർട്ടപ്പ് മിഷൻ, നബാർഡ്, കൂടാതെ വിവിധ തലങ്ങളിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയാണ് കാർഷിക സംരംഭങ്ങൾക്കുള്ള പ്രവർത്തന സൗകര്യങ്ങൾ ഒരുക്കുന്നതിൽ പങ്കാളികളായി നിലവിൽ പ്രവർത്തിക്കുന്നത്.

ബിസിനസ് തുടങ്ങുന്നതിനും, തൊഴിൽ ബന്ധങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായുള്ള ഇടപെടൽ എന്നിവയെ നിയന്ത്രിക്കുന്ന ചട്ടങ്ങളും നിയമങ്ങളും ഭേദഗതി ചെയ്തുകൊണ്ട് കെ.എസ്.ഐ.ഡി.സി നിരവധി നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഉദാഹരണത്തിന്, 2018 ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്ട് പ്രകാരം അനാവശ്യമായ നിയന്ത്രണങ്ങൾ ഒഴിവാക്കിക്കൊണ്ട് ക്ലിയറൻസ് നടപടിക്രമങ്ങൾ ലളിതമാക്കിയും സമയപരിധികൾ കുറച്ചും ക്ലിയറൻസുകളുടെ ദൈർഘ്യം വർദ്ധിപ്പിച്ചും മാതൃകാ പ്രവർത്തന നടപടിക്രമങ്ങൾ രൂപീകരിച്ചും നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഫെസിലിറ്റേഷൻ സെല്ലുകളും സ്ഥാപിച്ചുകൊണ്ട് 7 ആക്ടുകളും 10 ചട്ടങ്ങളും ഭേദഗതി ചെയ്തു.

കൃഷിയുമായും അനുബന്ധ ഉൽപ്പന്നങ്ങളുമായും ബന്ധപ്പെട്ട മുഴുവൻ മൂല്യ ശൃംഖലയിലും, അതായത് ഉത്പാദനം, സമാഹരണം, സംഭരണം, സംസ്കരണം, വിപണനം, കയറ്റുമതി എന്നിവയിൽ ഏർപ്പെടുന്നതിന് കർഷക ഉൽപാദക സംഘടനകളെ (എഫ്.പി.ഒ) എസ്.എഫ്.എ.സി പിന്തുണയ്ക്കുന്നു. കെ.എ.യു വിലെ ഇൻകുബേഷൻ സെന്ററുകൾ സംരംഭകരെ ഒരുമിച്ച് കൊണ്ടുവരുന്നതിനും അവരുടെ പ്രശ്നങ്ങളും അവസരങ്ങളും സംയുക്തമായി ചർച്ച ചെയ്ത് പരിഹരിക്കുന്നതിനുള്ള വേദികളായി പ്രവർത്തിക്കുന്നു. കേരള

ത്തിലെ കാർഷികവ്യവസായ നിക്ഷേപകർ, സ്റ്റാർട്ടപ്പ് സ്ഥാപകർ, മറ്റ് സംരംഭകർ എന്നിവർ നിരവധി വെല്ലുവിളികൾ നേരിടുന്നു. ഈ മേഖലകളിലെ നടപടിക്രമങ്ങൾ ലളിതമാക്കുന്നതിനായി നിരവധി പരിഷ്കാരങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും, കൂടുതൽ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. സങ്കീർണ്ണമായ നിയന്ത്രണ സംവിധാനങ്ങൾ, യൂട്ടിലിറ്റി ചാർജുകളിൽ മതിയായ ഇളവുകളുടെ അഭാവം, വായ്പാ പരിമിതികൾ എന്നിവ പ്രധാന പ്രശ്നങ്ങളായി തുടരുന്നു. കൂടാതെ, ഒരു സംരംഭം ആരംഭിക്കുന്നതിനുള്ള വിവരങ്ങളുടെ അപര്യാപ്തത, സംരംഭകരുടെ ആവശ്യങ്ങൾക്കനുസരിച്ചുള്ള സഹായം, വിപണി സാധ്യത, സാങ്കേതിക സാധ്യത, ആവശ്യമായ സാങ്കേതികവിദ്യയുടെ ലഭ്യത, യന്ത്രങ്ങൾ, ഉപകരണങ്ങൾ, വൈദഗ്ധ്യമുള്ള തൊഴിലാളികൾ, അസംസ്കൃത വസ്തുക്കൾ എന്നിവയുമായി ബന്ധപ്പെട്ട പരിമിതികളും നിലനിൽക്കുന്നുണ്ട്.

മൊത്തത്തിൽ വിലയിരുത്തുമ്പോൾ, ഈ പരിഷ്കാരങ്ങൾ സംരംഭകത്വത്തിന്റെ ആവാസ വ്യവസ്ഥ തന്നെ പരിവർത്തനം ചെയ്യേണ്ടതാണ്.

- ലൈസൻസിംഗ് ചട്ടങ്ങൾ കൂടുതൽ ലളിതവും തടസ്സരഹിതവുമായതാകണം.
- വെബ്സൈറ്റ് അധിഷ്ഠിത വിവരവിനിമയം മിക്കവാറും ഏകദിശയായതിനാൽ, (ഡി.ഐ.സി.) ഉൾപ്പെടെയുള്ള ഓഫീസുകൾ സംരംഭകരുമായി സജീവവും സ്ഥിരവുമായ പരസ്പര ആശയവിനിമയ സംവിധാനം നടപ്പിലാക്കണം.
- ഓരോ ജില്ലയിലും കൃഷിസംരംഭകത്വ മാർഗനിർദ്ദേശ കേന്ദ്രങ്ങളുടെ എണ്ണം വർദ്ധിപ്പിക്കണം. ഇവ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന സ്ഥാപിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യുന്നതാണ് ഏറ്റവും ഉചിതം.
- സംസ്ഥാനത്ത് കാർഷിക മേഖലയിലെ ഇൻക്യൂബേഷൻ കേന്ദ്രങ്ങളുടെ ശൃംഖലയെ ഏകോപിപ്പിക്കുന്നതിനായി ഒരു സ്ഥാപനത്തെ സ്റ്റേറ്റ് ലീഡ് ഏജൻസിയായി നിയോഗിക്കണം.
- ഇൻകുബേഷൻ സൗകര്യങ്ങൾ അല്ലെങ്കിൽ കാർഷിക ഉൽപ്പന്നങ്ങളുടെ ചെറുകിട സംസ്കരണം എന്നിവയുമായി ബന്ധപ്പെട്ട എല്ലാ അന്വേഷണങ്ങൾക്കും ഈ ഏജൻസിക്ക് ഒരൊറ്റ നോഡൽ പോയിന്റായി പ്രവർത്തിക്കാൻ കഴിയും സംരംഭകർക്കായി മാർഗനിർദ്ദേശവും മെന്ററിംഗും നൽകുക, ധനസഹായ ഏജൻസികളുമായും മാർക്കറ്റിംഗ് വിദഗ്ധരുമായും ബന്ധിപ്പിക്കുക, വിപണി ആവശ്യങ്ങളും ഉയർന്നുവരുന്ന പ്രവണതകളും അടിസ്ഥാനമാക്കി പുതിയ നിക്ഷേപ മേഖലകൾ കണ്ടെത്തുക, സംരംഭകരിൽ നിന്നുള്ള പുതിയ ആശയങ്ങളും നവീകരണ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുക എന്നിവയാണ് പ്രധാന ചുമതലകൾ.
- എം.എസ്.എം.ഇ കൾക്ക് ധനസഹായം ലഭ്യമാക്കുന്നത് ഉറപ്പാക്കുന്നതിന്, വായ്പാ മാർഗനിർദ്ദേശങ്ങൾ പരിശോധിക്കുകയും വായ്പ നൽകുന്നതിലുള്ള തടസങ്ങൾ മറികടക്കുകയും ചെയ്യുന്നതിനായി സർക്കാർ,സംസ്ഥാന തല ബാങ്കേഴ്സ് കമ്മിറ്റി (എസ്.എൽ.ബി.സി) യുമായി സഹകരിക്കണം.
- സംരംഭകത്വവും പുതിയ ബിസിനസ്സുകളും പ്രോത്സാഹിപ്പിക്കുന്നതിനുള്ള സബ്സിഡികൾ പ്രധാനമാണെങ്കിലും, ഈ സബ്സിഡികളെ ഉൽപാദനവുമായോ വായ്പയുമായോ ബന്ധിപ്പിക്കുന്നതിന് പരിഷ്കാരങ്ങൾ നടപ്പിലാക്കാവുന്നതാണ്.
- ഭക്ഷ്യ സംസ്കരണ മേഖലയിൽ വെഞ്ച്വർ ക്യാപിറ്റൽ രീതിയിലുള്ള നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നത് പരിഗണിക്കുകയും നടപ്പാക്കുകയും വേണം.
- ക്ലസ്റ്റർ വികസനം, കാര്യ ശേഷി വർദ്ധിപ്പിക്കൽ, ധനസഹായം, ബ്രാൻഡിംഗ്, മാർക്കറ്റിംഗ് പിന്തുണ എന്നിവയ്ക്കുള്ള സംസ്ഥാനതല ശ്രമങ്ങളുമായി കേന്ദ്ര സർക്കാരിന്റെ സംരംഭകത്വ പദ്ധതികളെ മികച്ച രീതിയിൽ ബന്ധിപ്പിക്കാവുന്നതാണ് .
- ട്രേസബിലിറ്റി എന്ന ആശയം സർക്കാർ തലത്തിൽ ഫലപ്രദമായി ജനകീയമാക്കേണ്ടതുണ്ട്. കാർഷികവ്യവസായ മേഖലയിലെ വിവിധ പങ്കാളികൾക്ക് മാർഗനിർദേശമായി പ്രവർത്തിക്കുന്ന വിധത്തിൽ വിശദവും ഏകീകൃതവുമായ ട്രേസബിലിറ്റി മാർഗനിർദേശങ്ങൾ രൂപീകരിക്കേണ്ടതുമാണ്.
- കർഷകർ, ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾ, കയറ്റുമതിക്കാർ എന്നിവർക്കായി നിലവിലുള്ള ഗുണനിലവാര പരിശോധന സൗകര്യങ്ങൾ കൂടുതൽ വിപുലീകരിക്കേണ്ടതുണ്ട്.
- വ്യാവസായിക ഉപയോഗത്തിനായി ആൽക്കഹോൾ പോലുള്ള രാസവസ്തുക്കൾ വാങ്ങുന്നതിനുള്ള നിയമങ്ങളും നടപടിക്രമങ്ങളും ലളിതമാക്കേണ്ടതാണ്.
- നിലവിൽ ലോജിസ്റ്റിക്സും വിതരണ ശൃംഖല മാനേജ്മെന്റുമായി ബന്ധപ്പെട്ട ഇ-പ്ലാറ്റ്ഫോമുകൾ അപര്യാപ്തമാണ് . അതിനാൽ സംസ്ഥാനത്തെ കാർഷിക ഉൽപ്പന്നങ്ങൾക്കായി ഒരു ഏകീകൃത പ്ലാറ്റ്ഫോം വികസിപ്പിക്കേണ്ടതാണ്.
- സംരംഭകരോടൊപ്പം പ്രവർത്തിച്ച് അവരുടെ സാങ്കേതിക വിദ്യകളുടെ തുടർച്ചയായ നവീകരണം ഉറപ്പാക്കുന്നതിനായി ഗവേഷണ-വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏകീകൃതമായ ഒരു പ്ലാറ്റ്ഫോമിൽ പ്രവർത്തിക്കേണ്ടതാണ്.
- കാർഷിക സംരംഭകത്വത്തിന് അനുയോജ്യമായ മികച്ച തലമുറയെ സൃഷ്ടിക്കുന്ന കേന്ദ്രമായി കെ.എ.യു വിനെ ഉയർത്തുന്നതിന്, സർവകലാശാലയ്ക്കു കീഴിലുള്ള വിവിധ കോഴ്സുകളിൽ നിലവിൽ പിന്തുടരുന്ന സിലബസ് പുനഃക്രമീകരിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ പരിഷ്കാരങ്ങളുടെ നടപ്പിലാക്കൽ പുരോഗതി നിരന്തരം വിലയിരുത്തുന്നതിനായി ജില്ലാ തലത്തിൽ നിരീക്ഷണവും മൂല്യനിർണയവും നടത്തേണ്ടതാണ്. സംസ്ഥാന, ജില്ലാ തലങ്ങളിൽ പ്രതിമാസ കേരള അഗ്രിപ്രണർഷിപ്പ് സ്കോർബോർഡ് രൂപപ്പെടുത്താനാകും, അതിൽ നിർവഹിക്കേണ്ട ചുമതലകളും കൈവരിച്ച ഫലങ്ങളും വ്യക്തമായി ഉൾപ്പെടുത്താവുന്നതാണ്.

**നിയമപരമായ പരിഷ്കാരങ്ങൾ**: സംസ്ഥാനത്തെ കാർഷിക-സംരംഭകത്വ മേഖലയിലെ വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനായി ആവശ്യമായ നിയമപരമായ പരിഷ്കരണങ്ങൾ അനിവാര്യമാണ്. ഈ പശ്ചാത്തലത്തിൽ, പഴങ്ങളിൽ നിന്നുള്ള വൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട ലൈസൻസിംഗ് ആവശ്യകതകളാണ് പ്രാഥമികമായി പുനഃപരിശോധിക്കേണ്ടത്. നിയന്ത്രണങ്ങൾ ലളിതമാക്കുകയും നികുതി കുറയ്ക്കുകയും ചെറുകിട ഉൽപാദകരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന രീതിയിൽ കേരളം ഒരു സമഗ്ര 'ഫ്രൂട്ട് വൈൻ നയം'

രൂപപ്പെടുത്തേണ്ടതാണ്. നിലവിലുള്ള നിയമ വ്യവസ്ഥകൾ പ്രകാരം ഫ്രൂട്ട് വൈനുകൾ ഇന്ത്യൻ നിർമ്മിത വിദേശ മദ്യം (ഐ.എം.എഫ്.എൽ), ബിയർ, അല്ലെങ്കിൽ കള്ള് എന്നീ വിഭാഗങ്ങളിലായി തരംതിരിക്കുന്നതിനാൽ ഈ മേഖലയിൽ കടുത്ത നിയന്ത്രണമാണുള്ളത്. പ്രത്യേകിച്ച് കുറഞ്ഞ ആൽക്കഹോൾ അംശമുള്ള ഫ്രൂട്ട് വൈനുകൾക്കായി ഒരു പ്രത്യേകവും വ്യക്തവുമായ നിർവചനം ആവശ്യമാണ്. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി കേരള അബ്കാരി ആക്റ്റിലും അനുബന്ധ എക്സൈസ് നിയമങ്ങളിലും ആവശ്യമായ ഭേദഗതികൾ വരുത്തി, ഫ്രൂട്ട് വൈൻ ഉൽപാദനത്തിനായി പ്രത്യേക ലൈസൻസിംഗ് സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. അതോടൊപ്പം, മഹാരാഷ്ട്രയിലെ മുന്തിരിവൈനിന് നിലവിലുള്ളതുപോലുള്ള കുറഞ്ഞ നികുതി നിരക്ക് ഘടന നടപ്പിലാക്കുന്നതും ഈ മേഖലയിലെ നിക്ഷേപവും ഉൽപാദനവും പ്രോത്സാഹിപ്പിക്കാൻ സഹായകരമായിരിക്കും. ഇത്തരം പരിഷ്കാരങ്ങൾ സംഘടിത മേഖലയിലെ വലിയ വ്യവസായ യൂണിറ്റുകൾക്ക് പുറമെ എഫ്.പി.ഒ കൾ, എം.എസ്.എം.ഇ കൾ, എസ്.എച്ച്.ജി കൾ എന്നിവയ്ക്കും ഫ്രൂട്ട് വൈൻ ഉൽപാദനത്തിൽ അവസരം സൃഷ്ടിക്കും. വനപ്രദേശങ്ങളിൽ നിന്നുള്ള ഫലവർഗ്ഗങ്ങൾ ഉപയോഗിച്ച് വൈൻ നിർമ്മാണം നടത്തുന്നതിന് ആദിവാസി സമൂഹങ്ങൾക്ക് പ്രത്യേക പ്രോത്സാഹനം നൽകാവുന്നതാണ്. കൂടാതെ, കെ.എ.യു പോലുള്ള സ്ഥാപനങ്ങളുമായി സഹകരിച്ച് ഫ്രൂട്ട് വൈനുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള സംവിധാനങ്ങളും ശക്തിപ്പെടുത്തേണ്ടതാണ്.

തെങ്ങിൽ നിന്ന് ലഭിക്കുന്ന 'നീര' എന്ന ഉൽപ്പന്നത്തെ പ്രസക്തമായ ഒരു ഉദാഹരണമായി പരിഗണിക്കാം. നീരയുടെ ഉത്പാദനത്തിലും സംസ്കരണത്തിലും പ്രതീക്ഷിച്ച ഫലങ്ങൾ കൈവരിക്കാനാകാത്തത് സാങ്കേതികവിദ്യയുടെയും വിപണനത്തിന്റെയും അടിസ്ഥാനത്തിൽ അവലോകനം ചെയ്യേണ്ടതാണ്. നീരയുടെ വിപണന സമീപനം ഉപഭോക്താക്കൾ, അവരുടെ അഭിരുചികൾ, കൂടാതെ വിപണിയിൽനിലവിലുള്ളപകരംഉൽപ്പന്നങ്ങൾഎന്നിവ കണക്കിലെടുത്തുകൊണ്ടായിരിക്കണം രൂപപ്പെടുത്തേണ്ടത്. ഇതോടൊപ്പം, നിലവിലുള്ള എക്സൈസ് നിയമങ്ങളും പുനഃപരിശോധിക്കേണ്ടതുണ്ട്.

**നിക്ഷേപ കേന്ദ്രങ്ങൾ**: കാർഷിക സംസ്കരണവും മൂല്യവർധനവും പ്രോത്സാഹിപ്പിക്കുന്നതിനായി സ്വകാര്യ നിക്ഷേപം ആകർഷിക്കുന്നതിൽ വ്യവസായ പാർക്കുകളുടെയും ഫുഡ് പാർക്കുകളുടെയും വികസനം നിർണായക പങ്ക് വഹിക്കുന്നു. ഈ മേഖലയിൽ കഴിഞ്ഞ വർഷങ്ങളിലായി ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്.

ഉദാഹരണമായി, പ്രകൃതിദത്ത റബ്ബറിന്റെ മൂല്യവർധനവ് ലക്ഷ്യമിട്ട് ലോകോത്തര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ പൊതുജന-സ്വകാര്യ പങ്കാളിത്ത( പി.പി.പി) മാതൃകയിൽ വികസിപ്പിക്കുന്നതിനായി 2019 ജൂണിൽ കേരളാ റബ്ബർ ലിമിറ്റഡ് (കെ.ആർ.എൽ) എന്ന സ്ഥാപനം കേരള സർക്കാർ രൂപീകരിച്ചു. പ്രകൃതിദത്ത റബ്ബറിന് സ്ഥിരമായ വിപണി ഉറപ്പാക്കുകയും, കർഷകർക്ക് ഉറപ്പായ വരുമാനം ലഭ്യമാക്കുകയും ചെയ്ത് സംസ്ഥാനത്തിന്റെ സമഗ്ര സാമ്പത്തിക വികസനത്തിന് സംഭാവന നൽകുക എന്നതാണ് പദ്ധതിയുടെ മുഖ്യ ലക്ഷ്യം. പദ്ധതിയുടെ പ്രധാന ഉദ്ദേശ്യങ്ങൾ ഇവയാണ്: റബ്ബർ ഉൽപ്പാദക സംഘങ്ങൾ (ആർ.പി.എസ്) ഉൾപ്പെടെയുള്ള കർഷക കൂട്ടായ്മകളെ കേന്ദ്രീകരിച്ച് പ്രകൃതിദത്ത റബ്ബറിന്റെ വിപണനക്ഷമതയും മൂല്യവർധനവും വർധിപ്പിക്കുന്നതിലൂടെ കർഷകർക്ക് ലഭിക്കുന്ന വരുമാനം മെച്ചപ്പെടുത്തുക; ആഭ്യന്തര, അന്താരാഷ്ട്ര വിപണികളുടെ ആവശ്യകതകൾ നിറവേറ്റുന്ന ഉയർന്ന നിലവാരത്തിലുള്ള റബ്ബർ ഉൽപ്പന്നങ്ങളുടെ ഉത്പാദനവും വിതരണവും പ്രോത്സാഹിപ്പിക്കുക; കേരളത്തിൽ പ്രകൃതിദത്ത റബ്ബർ അധിഷ്ഠിത നിർമ്മാണ വ്യവസായങ്ങൾ സ്ഥാപിച്ച് സംസ്ഥാനത്തെ റബ്ബർ അധിഷ്ഠിത വ്യവസായങ്ങളുടെ കേന്ദ്രമായി വികസിപ്പിക്കുക; കൂടാതെ സംസ്ഥാനത്തിന്റെ സാമ്പത്തിക പുരോഗതിക്ക് സഹായകരമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക. കെ.ആർ.എൽ പദ്ധതിക്കായി ഏകദേശം 157 ഏക്കർ ഭൂമി കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡിനു (കെ.പി.പി.എൽ) കീഴിൽ മാറ്റിവച്ചിട്ടുണ്ട്. സംസ്ഥാനത്തിനകത്തും പുറത്തുമുള്ള പ്രകൃതിദത്ത റബ്ബർ അധിഷ്ഠിതവും അനുബന്ധവുമായ വ്യവസായങ്ങൾക്ക് ആവശ്യമായ പ്രോത്സാഹന സേവനങ്ങളും അടിസ്ഥാന സൗകര്യങ്ങളും കെ.ആർ.എൽ വഴി ലഭ്യമാക്കുന്നതാണ്. പ്രകൃതിദത്ത റബ്ബർ അധിഷ്ഠിതവും അനുബന്ധ വ്യവസായങ്ങളും സംരംഭകർ സ്ഥാപിക്കുന്നതിലൂടെ ഈ വ്യവസായ സമുച്ചയം ഏകദേശം 3,000 പേർക്ക് നേരിട്ടും 5,000 പേർക്ക് പരോക്ഷമായും തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്ന് കണക്കാക്കുന്നു.

കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കിൻഫ്ര) മുഖേന വികസിപ്പിച്ച വ്യവസായ പാർക്കുകളും ഫുഡ് പാർക്കുകളും സംസ്ഥാനത്ത് ഫലപ്രദമായി വിനിയോഗിച്ചുവരുന്നു. ഒൻപത് വ്യവസായ പാർക്കുകളിലായി കാർഷിക മേഖലയുമായി ബന്ധപ്പെട്ട 43 യൂണിറ്റുകൾ നിലവിൽ പ്രവർത്തനക്ഷമമാണ്. ഇതോടൊപ്പം, 200 ഏക്കറിലധികം വരുന്ന ആറ് ഫുഡ് പാർക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ, സുഗന്ധവ്യഞ്ജനങ്ങൾ, നെല്ല്, തേങ്ങ, കാപ്പി, റബ്ബർ എന്നീ വിളകളെ ആധാരമാക്കി ഏഴ് വിള-കേന്ദ്രീകൃത വ്യവസായ പാർക്കുകളുടെ വികസനം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

ഈ പാർക്കുകളിലെ സ്ഥലത്തിനു ഉയർന്ന ആവശ്യകത നിലനിൽക്കുന്ന പശ്ചാത്തലത്തിൽ, സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ തലങ്ങളിൽ കൂടുതൽ പാർക്കുകൾ സ്ഥാപിക്കുന്നതിന് സർക്കാർ മതിയായ ഭൂമി ലഭ്യമാക്കണം. സംസ്ഥാനത്തിലെ എല്ലാ പ്രദേശങ്ങളിലുമായി, ഏതു സമയത്തും ലഭ്യമാകുന്ന തരത്തിൽ, വ്യവസായ എസ്റ്റേറ്റുകളും പാർക്കുകളും ഉൾപ്പെടുത്തി കുറഞ്ഞത് 300 ഏക്കർ വ്യവസായ ഭൂമി സജ്ജമാക്കേണ്ടതുണ്ട്. കേരളത്തിലെ ഭൂമിയുടെ അപര്യാപ്തതയും ഉയർന്ന ഭൂവിലയും പരിഗണിച്ച്, ആവശ്യമായ സാഹചര്യങ്ങളിൽ കെട്ടിടങ്ങൾ ലംബമായി വികസിപ്പിക്കുന്ന രീതികൾ പരിഗണിക്കണം.

നിക്ഷേപ പാർക്കുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിനുള്ളിലെ നിലവിലുള്ള ഘടനകളും സംവിധാനങ്ങളും നിക്ഷേപ സമൂഹത്തിന്റെ മാറിക്കൊണ്ടിരിക്കുന്ന ആവശ്യങ്ങൾ കണക്കിലെടുത്ത് പതിവായി അവലോകനം ചെയ്യണം. പാർക്കുകളിലെ ഭൂമിയുടെ വില നിശ്ചയിക്കുന്ന നയം സംബന്ധിച്ച് കൂടുതൽ ചർച്ചയും വ്യക്തമായ മാർഗ്ഗനിർദേശങ്ങളും ആവശ്യമാണ്.

**ബോക്സ് 13.2**
**സ്വാഭാവിക റബ്ബർ മേഖലയെക്കുറിച്ചുള്ള പഠന റിപ്പോർട്ട്**

കേരളത്തിലെ സ്വാഭാവിക റബ്ബർ കൃഷി ചെയ്യുന്ന ചെറുകിടകർഷകർ ദീർഘകാലമായി നേരിടുന്ന പ്രശ്നങ്ങളെ പരിഗണിച്ച്, കേരള സംസ്ഥാന ആസൂത്രണ ബോർഡ് കേരളത്തിലെ സ്വാഭാവിക റബ്ബറിന്റെ വിപണി ഘടനയും വില നിർണ്ണയ രീതികളും പഠിക്കുന്നതിനായി ഒരു വിദഗ്ധ സമിതിയെ നിയോഗിച്ചു.

പഠന സംഘം ചില പ്രധാന ശുപാർശകൾ മുന്നോട്ടുവച്ചു. ഒന്നാമതായി, റബ്ബർ മേഖലയിലെ കമ്പനികൾ തമ്മിലുള്ള നിയമവിരുദ്ധമായ സഖ്യവും വിപണിയിലെ വ്യതിചലനങ്ങളും സർക്കാർ അടിയന്തരമായി പരിഹരിക്കണം. 2002 ലെ കോംപറ്റീഷൻ ആക്ടിന്റെ അടിസ്ഥാനത്തിൽ ഔപചാരിക അന്വേഷണം ആരംഭിക്കണമെന്നും, ചെറുകിട കർഷകരുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനായി കിസാൻ സഭ, റബ്ബർ ഉൽപാദക സംഘടനകൾ തുടങ്ങിയ സംഘടനകളെ സജീവമായി പങ്കെടുപ്പിക്കണമെന്നും പഠന സംഘം ശുപാർശ ചെയ്തു.

രണ്ടാമതായി, വ്യാപാരനയങ്ങളിലും റബ്ബർ മേഖലയുമായി ബന്ധപ്പെട്ട നയങ്ങളിലും അടിസ്ഥാനപരമായ പരിഷ്കരണങ്ങൾ ആവശ്യമാണെന്ന് റിപ്പോർട്ട് പ്രതിപാദിക്കുന്നു. ഇന്ത്യ വ്യാപാരക്കമ്മിയുള്ള രാജ്യമായതിനാൽ, വൻതോതിലുള്ള സ്വാഭാവിക റബ്ബർ ഇറക്കുമതി ദേശീയ സാമ്പത്തിക താൽപര്യങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുകയും ആഭ്യന്തര ചെറുകർഷകരുടെ ജീവിതോപാധികളെ അപകടത്തിലാക്കുകയും ചെയ്യുന്നു. ഈ വിഷയങ്ങൾ കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി കേരള സർക്കാർ സജീവമായ ഇടപെടൽ നടത്തണം.

മൂന്നാമതായി, നിലവിലെ റബ്ബർ പ്രൈസ് ഇൻസെന്റീവ് പദ്ധതി നിർണായകമാണെങ്കിലും നിശ്ചയിച്ചിരിക്കുന്ന അടിസ്ഥാന വില യഥാർത്ഥ ഉൽപാദനച്ചെലവിനേക്കാൾ കുറവായതിനാൽ ഇത് അപര്യാപ്തമാണെന്ന് കണക്കാക്കപ്പെടുന്നു. മുമ്പ് നബാർഡ് നടപ്പാക്കിയിരുന്ന പ്രൈസ് സ്റ്റബിലൈസേഷൻ ഫണ്ട് സ്കീം സ്വാഭാവിക റബ്ബർ മേഖലയ്ക്ക് മാത്രമായി ധനസഹായം നൽകുന്ന പ്രോഗ്രാമായി പുനർരൂപകൽപ്പന ചെയ്യാൻ പഠന സംഘം ശുപാർശ ചെയ്യുന്നു.

വിലസ്ഥിരത ഉറപ്പാക്കുന്നതിനായി അന്താരാഷ്ട്ര തലത്തിൽ പിന്തുടരുന്ന മികച്ച രീതികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത റിപ്പോർട്ട് ഊന്നിപ്പറയുന്നു. ഐക്യരാഷ്ട്രസഭയുടെ വ്യാപാര-വികസന സമ്മേളനത്തിന്റെ (യു എൻ സി റ്റി എ ഡി) നേതൃത്വത്തിൽ നടപ്പാക്കിയിരുന്ന ഇന്റഗ്രേറ്റഡ് പ്രോഗ്രാം ഫോർ കൊമോഡിറ്റി ഉൾപ്പെടെയുള്ള ആഗോള പദ്ധതികളിൽ നിന്നുള്ള അനുഭവങ്ങൾ ഇതിന് മാർഗദർശകമാകണമെന്ന് റിപ്പോർട്ട് വ്യക്തമാക്കുന്നു. ഇത്തരം മാതൃകകളിൽ വിപണി ഇടപെടലുകളും ബഫർ സ്റ്റോക്ക് സംവിധാനവും വഴി വില വളരെ താഴെയോ വളരെ കൂടുതലോ പോകാതിരിക്കാൻ ഒരു പരിധി നിശ്ചയിക്കുന്ന സംവിധാനം നടപ്പിലാക്കുന്നതാണ്. ഇന്ത്യയിൽ ഇത്തരത്തിലുള്ള വില സ്ഥിരീകരണ സംവിധാനങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിന് ഉൽപ്പാദകർ, സർക്കാർ, റബ്ബർ ബോർഡ് എന്നിവരുടെ സജീവ പങ്കാളിത്തം ആവശ്യമാണ്. ഇതിനായി പ്രത്യേകമായ വിലസ്ഥിരീകരണ ഫണ്ടിലേക്ക് എല്ലാവരും സംഭാവനകൾ നൽകേണ്ടതുണ്ടെന്നും റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

റബ്ബർ ബോർഡിന്റെ പ്രവർത്തന സുതാര്യതയെയും പ്രവർത്തന കാര്യക്ഷമതയെയും കുറിച്ചുള്ള ഗൗരവമായ ആശങ്കകൾ റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. ദിവസേന പ്രഖ്യാപിക്കുന്ന വിലകളുടെ പ്രൊഫഷണൽ പരിശോധന ഉറപ്പാക്കണമെന്നും, വിവരം വെളിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട പാർലമെന്ററി സമിതി നിർദേശങ്ങൾ പൂർണ്ണമായി നടപ്പാക്കണമെന്നും റിപ്പോർട്ട് ശുപാർശ ചെയ്യുന്നു. ജി.എസ്.ടി. പ്രാബല്യത്തിൽ വന്നതോടെ റബ്ബർ സെസിൽ നിന്നുള്ള നേരിട്ടുള്ള വരുമാനം അവസാനിച്ചതിനാൽ, റബ്ബർ ബോർഡിന്റെ സാമ്പത്തിക അടിത്തറ ശക്തിപ്പെടുത്തേണ്ടത് അനിവാര്യമാണ്. ഇതോടൊപ്പം, മുന്നോട്ട് വച്ചിരിക്കുന്ന പുതിയ റബ്ബർ ബിൽ ബോർഡിന്റെ ചുമതലകളും അധികാരങ്ങളും പരിമിതപ്പെടുത്തുകയും സംസ്ഥാനങ്ങളുടെ പങ്കാളിത്തം കുറയ്ക്കുകയും ചെയ്യുന്നതായി റിപ്പോർട്ട് വിമർശിക്കുന്നു.

റിപ്പോർട്ടിന്റെ അവസാന നിരീക്ഷണമായി, ഉൽപാദനക്ഷമത വർധിപ്പിക്കൽ, ഗവേഷണം ശക്തിപ്പെടുത്തൽ, നവീന സാങ്കേതികവിദ്യകൾ പ്രോത്സാഹിപ്പിക്കൽ എന്നിവയ്ക്ക് പരമാവധി മുൻഗണന നൽകേണ്ടതുണ്ടെന്ന് വ്യക്തമാക്കുന്നു. റബ്ബർ ഉൽപാദനക്ഷമതയിൽ മുൻനിര സ്ഥാനത്തുണ്ടായിരുന്ന കേരളത്തിന്, ഗവേഷണ സ്ഥാപനങ്ങളിലേക്കുള്ള മതിയായ ധനസഹായം ലഭിക്കാത്തതിനെ തുടർന്ന് ഈ മുന്നേറ്റം നഷ്ടപ്പെടുന്നതിനുള്ള സാധ്യതയുണ്ട്. കാലാവസ്ഥാ വ്യതിയാനവും ബയോടെക്നോളജി, ഓട്ടോമേഷൻ രംഗങ്ങളിലെ പുതിയ സാധ്യതകളും കണക്കിലെടുത്ത്, ഈ മേഖലകളിലേക്കുള്ള നിക്ഷേപം അടിയന്തരമായി വർധിപ്പിക്കേണ്ടതാണെന്ന് റിപ്പോർട്ട് നിർദ്ദേശിക്കുന്നു.

കേരളത്തിൽ സ്വാഭാവിക റബ്ബർ കൃഷി ഭാവിയിലും നിലനിൽക്കണമെങ്കിൽ, ഭൂവിനിയോഗ പരിമിതികൾ പരിഹരിക്കേണ്ടതും, കൃഷിയിൽ വൈവിധ്യം കൊണ്ടുവരേണ്ടതും, കർഷകർക്ക് ലാഭകരമായ വില ഉറപ്പാക്കുന്ന ശക്തമായ പിന്തുണ സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്. ഇന്ത്യ റബ്ബറിൽ സ്വയംപര്യാപ്തത കൈവരിക്കാൻ കേരളം മുന്നിൽ നിൽക്കേണ്ടത് അനിവാര്യമാണ്. എന്നാൽ അതിന് സക്രിയമായ നയങ്ങളും ശക്തമായ സ്ഥാപന സംവിധാനങ്ങളും ആധുനിക സാങ്കേതിക ഇടപെടലുകളും ആവശ്യമാണ്.

**ബോക്സ് 13.3**
**തോട്ടമേഖലയുടെ വൈവിധ്യവൽക്കരണത്തെയും ആധുനികവൽക്കരണത്തെയും കുറിച്ചുള്ള പഠനം**

ഐ.ഐ.എം കോഴിക്കോട്, ഡയറക്ടറേറ്റ് ഓഫ് പ്ലാന്റേഷനുമായി ചേർന്ന് തയ്യാറാക്കിയ "കേരളത്തിലെ തോട്ടമേഖലയുടെ വൈവിധ്യവൽക്കരണവും ആധുനികവത്കരണവും" എന്ന പഠന റിപ്പോർട്ട്, കേരളത്തിലെ തോട്ടമേഖലയുടെ ഘടനാപരമായ വെല്ലുവിളികളും വികസന സാധ്യതകളും വിശദമായി വിലയിരുത്തുന്നു. തോട്ടമേഖലയിലെ പ്രധാന പ്രതിസന്ധി മേഖലയുടെ പ്രവർത്തനക്ഷമതയില്ലായ്മയല്ല, മറിച്ച് ലാഭക്ഷമതയിൽ ഉണ്ടായ ഇടിവും വർധിക്കുന്ന സാമ്പത്തിക അനിശ്ചിതത്വവുമാണെന്ന് റിപ്പോർട്ട് വ്യക്തമാക്കുന്നു. ഇതിന്റെ ഫലമായി, വിപുലീകരണത്തിനും ആധുനികവത്കരണത്തിനും ആവശ്യമായ നിക്ഷേപങ്ങൾ നടത്താനുള്ള ശേഷി മേഖലക്ക് നഷ്ടപ്പെടുകയാണ്. വിപണിയുമായി ശക്തമായ ബന്ധങ്ങൾ ഇല്ലാത്തതും, പ്രവർത്തന മേഖലയുടെ വ്യാപ്തി ചെറുതായതും, മൂല്യ ശൃംഖലയിൽ മുന്നേറാനാകാത്തതും കാരണം തോട്ടമേഖലയിലുള്ളവർ വിപണി വിലയെ സ്വാധീനിക്കാൻ കഴിയാതെ വില സ്വീകരിക്കുന്നവരായി മാറിയതായി റിപ്പോർട്ട് പറയുന്നു. ബ്രാന്റിങ്ങിലും വിഭവ സമാഹരണത്തിലും ഏകോപിതമായ സമീപനം ഇല്ലാത്തത് മത്സരക്ഷമതയെ കൂടുതൽ ദുർബലമാക്കിയതായും റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

തോട്ടമേഖല മുന്നോട്ട് പോകാത്തതിന്റെ പ്രധാന കാരണം കാലാഹരണപ്പെട്ട നിയമങ്ങൾ തന്നെയാണെന്ന് റിപ്പോർട്ട് പറയുന്നു. അതുകൊണ്ട് തന്നെ, തോട്ടമേഖലയെ നിയന്ത്രിക്കുന്ന ഭരണ രീതിയിൽ വലിയൊരു മാറ്റം ഉടൻ കൊണ്ടുവരേണ്ടതുണ്ടെന്ന് റിപ്പോർട്ട് വ്യക്തമാക്കുന്നു.

തൊഴിലാളി അവകാശങ്ങളിൽ കേരളം ഒരു മാതൃക സംസ്ഥാനമാണെന്നതിനാൽ, തൊഴിലാളി ക്ഷേമം ഏറെ പ്രധാനപ്പെട്ട വിഷയമാണെന്ന് റിപ്പോർട്ട് പറയുന്നു. ഇപ്പോഴുള്ള സാമ്പത്തികവും നിയമപരവുമായ സമ്മർദങ്ങൾ തൊഴിൽ സുരക്ഷക്കും തൊഴിലാളികളുടെ ക്ഷേമത്തിനും ഭീഷണിയാകുന്നുവെന്ന മുന്നറിയിപ്പും റിപ്പോർട്ട് നൽകുന്നു. തൊഴിലാളികളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതോടൊപ്പം തന്നെ തോട്ടമേഖലയെ പുനരുജ്ജീവിപ്പിക്കുന്ന സമഗ്ര സമീപനം സ്വീകരിക്കണമെന്ന് റിപ്പോർട്ട് നിർദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി, തോട്ടമേഖല തൊഴിലാളികൾക്ക് ഇ.എസ്.ഐ പോലുള്ള സാമൂഹ്യ സുരക്ഷാ പദ്ധതികൾ ലഭ്യമാക്കണമെന്ന് റിപ്പോർട്ട് ശുപാർശ ചെയ്യുന്നു.

പരിസ്ഥിതി സംരക്ഷണവും പരിപാലനവും ഈ മേഖലയുടെ സുസ്ഥിരതയ്ക്കുള്ള പ്രധാന ഘടകങ്ങളാണെന്ന് റിപ്പോർട്ട് വ്യക്തമാക്കുന്നു. ജൈവവൈവിധ്യം കാത്തുസൂക്ഷിക്കുന്നതും പരിസ്ഥിതിക്ക് ദോഷം വരാത്ത തരത്തിലുള്ള നടപടികൾ ഉൾക്കൊള്ളുന്ന നയങ്ങളും പ്രവർത്തനങ്ങളും ആവശ്യമാണ്. പരിസ്ഥിതി സന്തുലിതാവസ്ഥയും സാമ്പത്തിക വളർച്ചയും തമ്മിൽ അഭേദ്യമായ ബന്ധമുണ്ടെന്ന് പഠനം ചൂണ്ടിക്കാട്ടുന്നു.

കേരളത്തിന് പരമ്പരാഗത തോട്ടവിളകളിലും പുതിയ മേഖലകളായ ഉഷ്ണമേഖലാ ഫലവർഗ്ഗങ്ങളിലും വിദേശീയ ഫലവർഗ്ഗങ്ങളിലും മത്സരക്ഷമത വീണ്ടെടുക്കാൻ സഹായിക്കുന്ന സ്വാഭാവികമായ വലിയ സാധ്യതകളുണ്ട്. എന്നാൽ അതിനായി ഇപ്പോഴുള്ള നയങ്ങളും പ്രവർത്തനരീതികളും പൂർണ്ണമായി അവലോകനം ചെയ്ത് നിലവിലെ സാമ്പത്തികവും സാമൂഹികവുമായ സാഹചര്യങ്ങൾക്ക് അനുയോജ്യമായി മാറ്റങ്ങൾ കൊണ്ടുവരേണ്ടതാണ്.

കേരളത്തിലെ തോട്ടമേഖലയിലെ സമഗ്ര പരിവർത്തനത്തിനായുള്ള മാർഗരേഖയാണ് റിപ്പോർട്ട് അവതരിപ്പിക്കുന്നത്. ലാഭക്ഷമത വർധിപ്പിക്കൽ, നിയമപരിഷ്കരണങ്ങൾ, തൊഴിലാളി ക്ഷേമം, പരിസ്ഥിതി സംരക്ഷണം, വിള വൈവിധ്യവൽക്കരണം എന്നിവയാണ് ഈ സമീപനത്തിന്റെ പ്രധാന അടിസ്ഥാനം. കൂട്ടായ ഇടപെടലുകളും ഭരണപരമായ പരിഷ്ക്കരണങ്ങളും ആവശ്യമാണെന്ന് റിപ്പോർട്ടിൽ പറയുന്നു. കേരളത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി ഭാവിയിലെ അവസരങ്ങൾക്കനുസൃതമായി പ്രവർത്തിക്കാനും, തൊഴിലാളികളുടെ ക്ഷേമവും പ്രകൃതിസമ്പത്തുകളുടെ ദീർഘകാല സുസ്ഥിരതയും ഉറപ്പാക്കാനും കഴിയുമെന്ന് റിപ്പോർട്ട് വിലയിരുത്തുന്നു.

പാട്ടക്കാലാവധി പ്രീമിയം നിശ്ചയിക്കുന്നതിനുള്ള വിശദമായ മാനദണ്ഡങ്ങളും മാർഗ്ഗനിർദേശങ്ങളും അടിസ്ഥാനമാക്കിയാണ് കിൻഫ്ര പിന്തുടരുന്ന ഭൂമി വിലനിർണ്ണയ നയമുള്ളത്.

കിൻഫ്ര സ്വന്തം വികസന ചെലവും ഭരണ ചെലവും ഉൾപ്പെടെയുള്ള ചിലവുകൾ വീണ്ടെടുക്കുന്നതിനായി നടപടികൾ ലളിതമാക്കിയതിനാൽ, പല സംരംഭകർക്കും ഭൂമിയുടെ വിലയും ലീസ് പ്രീമിയവും വളരെ കൂടുതലാണെന്ന് അനുഭവപ്പെടുന്നു. ചെറുകിട സംരംഭകർക്ക് ഈ പാർക്കുകളിൽ പ്രവേശനം എളുപ്പമാക്കുന്നതിന്, ഭൂവിനിയോഗവുമായി ബന്ധപ്പെട്ട പുതിയ സബ്സിഡി നയം സർക്കാർ പരിഗണിക്കേണ്ടത് പ്രധാനമാണ്.

**സംഗ്രഹം**

കാർഷിക മേഖലയിലെ പുരോഗതിയും വെല്ലുവിളികളും ഈ അദ്ധ്യായം പരിശോധിച്ചു.

ഈ ഭാഗത്തിൽ നിന്നുള്ള ശുപാർശകൾ, പുതിയ സംരംഭങ്ങളുടെ വിപുലീകരണവും മേഖലയുമായി ബന്ധപ്പെട്ട പ്രത്യേകതകളും പരിഗണിച്ച് പൊതുനയങ്ങളുടെ രൂപീകരണം, വിവിധ ഏജൻസികൾ തമ്മിലുള്ള മെച്ചപ്പെട്ട ഏകോപനം, കൂടാതെ പങ്കാളികൾക്കിടയിൽ സുതാര്യമായ ആശയവിനിമയ സംവിധാനം എന്നിവയ്ക്ക് ഊന്നൽ നൽകുന്നു. ദീർഘകാല മത്സരക്ഷമത ഉറപ്പാക്കുന്നത് ഭൗതിക അടിസ്ഥാന സൗകര്യങ്ങൾക്കുമാത്രമല്ല, മറിച്ച് മാനവവിഭവ ശേഷി, മൂലധനം, നവീകരണം എന്നിവ ആകർഷിക്കുകയും നിലനിർത്തുകയും ചെയ്യുന്ന ഒരു അനുകൂല പരിസ്ഥിതി സൃഷ്ടിക്കുന്നതിലും ആശ്രയിച്ചിരിക്കുമെന്ന് വ്യക്തമായ അഭിപ്രായമുണ്ട്.

എല്ലാ പങ്കാളികളുടെയും മാറിവരുന്ന ആവശ്യങ്ങൾ കണക്കിലെടുത്ത് സമഗ്രമായ കാർഷിക, കാർഷിക-വ്യാവസായിക വികസനത്തിനുള്ള വ്യക്തമായ മാർഗരേഖയാണ് ഈ അധ്യായം അവതരിപ്പിക്കുന്നത്.

## മൃഗ സംരക്ഷണ മേഖല

കേരളത്തിലെ മൃഗസംരക്ഷണ, ക്ഷീരവികസന മേഖലകൾ വൻ വാഗ്ദാനങ്ങൾ നൽകുന്നവയും, വരും ദശകത്തിൽ കാർഷിക മേഖലയുടെ മൊത്തത്തിലുള്ള വളർച്ചയ്ക്ക് മുഖ്യ ചാലകശക്തിയാകാൻ സാധിക്കുന്നവയുമാണ്. കന്നുകാലി വ്യാപാരത്തിലെ നിയന്ത്രണങ്ങളും തീറ്റസാധനങ്ങളുടെ വിലയിലുണ്ടായ കുത്തനെയുള്ള വർധനവും കാരണം കഴിഞ്ഞ ദശകത്തിൽ ഈ മേഖല വലിയ പ്രതിസന്ധികളെ അഭിമുഖീകരിച്ചിരുന്നു. അതിനാൽ, കേവലം വളർച്ചാ അധിഷ്ഠിത തന്ത്രങ്ങളിൽ മാത്രം ഒതുങ്ങാതെ, ഉൽപ്പാദകർക്ക് സാമ്പത്തിക ആശ്വാസം നൽകുന്ന ഇടപെടലുകൾക്കും പൊതുനയത്തിൽ മുൻഗണന നൽകേണ്ടി വന്നു.സഹകരണ മേഖലയെ പ്രോത്സാഹിപ്പിച്ചും, പൊതുമേഖലാ സംരംഭങ്ങളെ പ്രയോജനപ്പെടുത്തിയും, സ്വകാര്യ നിക്ഷേപത്തിന് കൂടുതൽ അവസരങ്ങൾ ഒരുക്കിയും പാൽ, മുട്ട, ഇറച്ചി എന്നിവയുടെ ഉൽപ്പാദനം വർധിപ്പിക്കാൻ കേരളത്തിന് സാധിച്ചു. അതേസമയം തന്നെ, രാജ്യത്തെ ഏറ്റവും ഉയർന്ന പാൽ വില ലഭ്യമാക്കിയും സബ്സിഡി നിരക്കിൽ തീറ്റ ലഭ്യമാക്കിയും വിപണിയിലെ ചാഞ്ചാട്ടങ്ങളിൽ നിന്ന് കർഷകരെ സംരക്ഷിക്കാൻ നയപരമായ നടപടികളിലൂടെ സാധിച്ചു. ഈ മേഖലയിൽ നടപ്പിലാക്കിയ ഇത്തരം തന്ത്രങ്ങൾ, പ്രവർത്തനങ്ങളുടെ വ്യാപ്തി വർധിപ്പിക്കുന്നതിനും ഉൽപ്പാദനക്ഷമത കൂട്ടുന്നതിനും ആവശ്യമായ അനുകൂല സാഹചര്യങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

കേരളത്തിന്റെ കാർഷിക സമ്പദ്‌വ്യവസ്ഥയുടെ നെടുംതൂണുകളിൽ ഒന്നാണ് മൃഗസംരക്ഷണ മേഖല. ദശലക്ഷക്കണക്കിന് ആളുകൾക്ക് ഉപജീവനമാർഗ്ഗം സുരക്ഷിതമാക്കുന്നതോടൊപ്പം സംസ്ഥാനത്തിന്റെ ഭക്ഷണ പോഷകാഹാര ആവശ്യങ്ങൾ നിറവേറ്റുന്നതിലും ഈ മേഖല വലിയ പങ്ക് വഹിക്കുന്നു. 2019-ലെ ഇരുപതാമത് കന്നുകാലി സെൻസസ് പ്രകാരം സംസ്ഥാനത്തെ ആകെ കന്നുകാലികളുടെ എണ്ണം 29.1 ലക്ഷമാണ്. ഇതിൽ 13.4 ലക്ഷം കന്നുകാലികളും, 13.6 ലക്ഷം ആടുകളും, 1 ലക്ഷം പന്നികളും, 0.9 ലക്ഷം മുയലുകളും, 289.4 ലക്ഷം കോഴികളും ഉൾപ്പെടുന്നു. മറ്റു ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി, ചെറുകിട കർഷകർ, വാസസ്ഥല കൃഷി, സഹകരണ മാതൃകകൾ എന്നിവയിൽ അധിഷ്ഠിതമായ ദൃഢമായ ഉൽപാദന രീതിയാണ് കേരളം പിന്തുടരുന്നത്. ഉയർന്ന മാനവ വികസന സൂചികകൾ, ലിംഗസമത്വത്തിലൂന്നിയ സഹകരണ പ്രസ്ഥാനങ്ങൾ, ശക്തമായ ശാസ്ത്രീയ അടിത്തറ എന്നിവയുടെ സംയോജനം കേരളത്തിലെ മൃഗസംരക്ഷണ മേഖലയുടെ പുരോഗമനപരമായ വളർച്ചയ്ക്ക് അനുയോജ്യമായ സാഹചര്യം ഒരുക്കുന്നു.

### കന്നുകാലി സമ്പദ്‌വ്യവസ്ഥയിലെ മാറ്റങ്ങൾ

### ഉൽപാദന പ്രവണതകൾ

ഇന്ത്യയിൽ, കൃഷി അനുബന്ധ മേഖലകളിലെ മൊത്തം ഉൽപാദന മൂല്യത്തിൽ മൃഗസംരക്ഷണ മേഖലയുടെ വിഹിതം സ്ഥിരമായ നിരക്കിൽ 2011-12-ലെ 25.6 ശതമാനത്തിൽ നിന്നും 2023-24-ൽ 30.7 ശതമാനമായി വർദ്ധിച്ചു. എന്നാൽ കേരളത്തിൽ ഇതിന് സമാനമായ വിഹിതം 2011-12-ലെ 23.4 ശതമാനത്തിൽ നിന്നും 2024-25-ൽ 24.2 ശതമാനമായി നേരിയ തോതിൽ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. 2012-13-ന് ശേഷം കേരളത്തിലെ പാൽ ഉൽപാദനത്തിലുണ്ടായ ദീർഘകാലകുറവിനെക്കുറിച്ച് 'കേരള വികസന റിപ്പോർട്ട് 2021' വിശദമായി വിശകലനം നടത്തിയിട്ടുണ്ട്. 2013-14-ൽ കന്നുകാലികളിലുണ്ടായ ഫൂട്ട് & മൗത്ത് ഡിസീസ്, 2016-17-ലെ കഠിനമായ വരൾച്ച തുടങ്ങിയ വിവിധ കാരണങ്ങളാലാണ് ഈ കുറവ്. പാലിന്റെ മൊത്തം ഉൽപാദനം 2012-13-ലെ 27.9 ലക്ഷം ടണ്ണിൽ നിന്ന് 2016-17-ൽ 25.2 ലക്ഷം ടണ്ണായി കുറഞ്ഞു. പതിമൂന്നാം പദ്ധതി കാലയളവിൽ ഈ തകർച്ച തടയാൻ ശ്രമങ്ങൾ നടന്നിരുന്നുവെങ്കിലും 2018-ലെയും 2019-ലെയും പ്രളയങ്ങളും, 2020 ലെയും 2021 ലെയും കോവിഡ്-19 മഹാമാരിയും ഈ ശ്രമങ്ങൾക്ക് തിരിച്ചടി

(എ) പാലുത്പാദനം, '000 ടണ്ണിൽ




(ബി) പാലിന്റെ പ്രതിശീർഷ ലഭ്യത, ഗ്രാം/ ദിവസം




**ചിത്രം 13.13** *കേരളത്തിലെ പാലുൽപാദനവും ലഭ്യതയും 1992 - 93 മുതൽ 2024 - 25 വരെ,'000 ടണ്ണിൽ ഗ്രാം / ദിവസം*

*അവലംബം* .സാമ്പത്തിക സ്ഥിതി വിവര കണക്ക് ,കേരള സർക്കാർ

| (എ) മുട്ട ഉത്പാദനം കോടിയിൽ | (ബി) മാംസോത്പാദനം'000 ടണ്ണിൽ |
|---|---|




**ചിത്രം 13.14** *കേരളത്തിൽ മുട്ട, മാംസം എന്നിവയുടെ ഉത്പാദനം, 1992 - 93 മുതൽ 2024 - 25 വരെ കോടിയിലും, '000 ടണ്ണിലും*

*അവലംബം :* സാമ്പത്തിക സ്ഥിതി വിവര കണക്ക് ,കേരള സർക്കാർ

യായി. ദീർഘകാലം നീണ്ടുനിന്ന ഇത്തരം പ്രതികൂല സാഹചര്യങ്ങൾക്കിടയിലും, പതിനാലാം പദ്ധതി കാലയളവിൽ പാൽ ഉൽപാദനം 2020-21-ലെ 25.3 ലക്ഷം ടണ്ണിൽ നിന്ന് 2024-25-ൽ 25.6 ലക്ഷം ടണ്ണായി വർദ്ധിച്ചു (ചിത്രം 13.13(എ) ആളോഹരി പാൽ ലഭ്യതയിലും ഈ വർദ്ധനവ് പ്രകടമാണ്; 2016-17-ൽ പ്രതിദിനം 189 ഗ്രാം ആയിരുന്നത് 2024-25-ൽ 195 ഗ്രാം ആയി വർദ്ധിച്ചു (ചിത്രം 13.13(ബി).

2014-15 നും 2019-20 നും ഇടയിൽ മുട്ട ഉൽപാദനത്തിലും സമാനമായ കുറവുണ്ടായി (ചിത്രം 13.14). പാൽ ഉൽപാദനത്തിന്റെ കാര്യത്തിലെന്നപോലെ, വിവിധ രോഗബാധകളും 2018-ലെയും 2019-ലെയും രണ്ട് പ്രളയങ്ങളുമാണ് ഈ കുറവിന് കാരണമായത്. എന്നാൽ പതിനാലാം പദ്ധതി കാലയളവിൽ മുട്ട ഉൽപാദനം വീണ്ടും ഉയർന്നു; 2019-20-ൽ 218 കോടി ആയിരുന്നത് 2024-25-ൽ 251 കോടി ആയി വർദ്ധിച്ചു. മാംസത്തിന്റെ കാര്യത്തിൽ, മൊത്തം ഉൽപാദനം ദീർഘകാലം മാറ്റമില്ലാതെ തുടരുകയായിരുന്നുവെങ്കിലും 2020-21-ലെ 4.6 ലക്ഷം ടണ്ണിൽ നിന്ന് 2024-25-ൽ 5.2 ലക്ഷം ടണ്ണായി വർദ്ധിച്ചു.

## സർക്കാർ സഹായവും പ്രാരംഭ പ്രവർത്തനങ്ങളും

### ഹെർഡ് ഇൻഡക്ഷൻ

സംസ്ഥാനത്തെ പാൽ ഉൽപാദനം നിലനിർത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും സർക്കാരിന്റെ 'ഹെർഡ് ഇൻഡക്ഷൻ' പദ്ധതി പ്രധാന പങ്കു വഹിച്ചിട്ടുണ്ട്. 2011-12 മുതൽ 2024-25 വരെയുള്ള കാലയളവിൽ സർക്കാർ ആകെ 68,697 കറവപ്പശുക്കളെയും 17,976 കിടാരികളെയും (Heifers) കർഷകർക്ക് വിതരണം ചെയ്തു. 13-ാം പദ്ധതി കാലയളവിനും 14-ം പദ്ധതി കാലയളവിനും ഇടയിൽ വിതരണം ചെയ്ത കന്നുകാലികളുടെ എണ്ണത്തിൽ ഇരട്ടിയിലധികം വർദ്ധനവുണ്ടായി: 2016-17-ൽ 40,258 ആയിരുന്ന ഇവയുടെ എണ്ണം (2011-12-ന് ശേഷമുള്ള കണക്ക്) 2024-25 ആയപ്പോഴേക്കും 86,673 ആയി ഉയർന്നു. 14-ാം പദ്ധതിയുടെ അവസാന കാലയളവിൽ കന്നുകാലികളെ വിതരണം ചെയ്യുന്നത് മന്ദഗതിയിലായെങ്കിലും, പാൽ ഉൽപാദനത്തിൽ ഈ പദ്ധതി ചെലുത്തിയ സ്വാധീനം വളരെ വലുതായിരുന്നു.

തുടർന്നും കേരളത്തിലുള്ള വിതരണത്തിന് പെൺക്കിടാരികളുടെ ലഭ്യത ഉറപ്പാക്കുന്നതിനായി 2018-19 മുതൽ സർക്കാർ 'ഹീഫർ പാർക്കുകൾ' സ്ഥാപിച്ചു. ഓരോ പാർക്കിലും ഏകദേശം 100 കിടാരികളെ ദത്തെടുത്ത് വളർത്താൻ പാകത്തിലാണ് ഇവ രൂപകൽപ്പന ചെയ്തിരിക്കുന്നത്.

### പാൽ സംഭരണം

സംസ്ഥാനത്തെ പാൽ ഉൽപാദനം വർദ്ധിപ്പിക്കുന്നതിൽ രണ്ടാമത്തെ പ്രധാന ഘടകം ക്ഷീരസഹകരണ ശൃംഖലയ്ക്ക് കീഴിലുള്ള പാൽ സംഭരണത്തിന്റെ വിപുലീകരണമായിരുന്നു. പതിമൂന്നാം പദ്ധതിയുടെ അവസാന വർഷങ്ങളിലും പതിനാലാം പദ്ധതിയുടെ തുടക്കത്തിലും പാൽ സംഭരണത്തിൽ ഉണ്ടായ ഗണ്യമായ വർദ്ധനവ് സർക്കാരിന്റെ ഒരു വലിയ നേട്ടമായിരുന്നു. കോവിഡ്-19 മഹാമാരിയുടെ കാലത്തായിരുന്നു ഇത് സംഭവിച്ചത് എന്നത് ശ്രദ്ധേയമാണ്. മഹാമാരിയുടെ സമയത്ത്, ക്ഷീരസഹകരണ സംഘങ്ങൾ തങ്ങളുടെ വാർഷിക സംഭരണം ഏകദേശം 8 ലക്ഷം മെട്രിക് ടണ്ണായി ഉയർത്തി. പ്രതിദിന പാൽ സംഭരണം 21 ലക്ഷം ലിറ്ററിന് മുകളിൽ എത്തിയത് ചരിത്രപരമായ നേട്ടമാണ്. 2023-24 ന് ശേഷം സംഭരണത്തിൽ നേരിയ കുറവുണ്ടായെങ്കിലും, 2015-16-ലെ കണക്കുകളെ അപേക്ഷിച്ച് (പ്രതിവർഷം 5,971 ലക്ഷം ലിറ്റർ, പ്രതിദിനം 16.4 ലക്ഷം ലിറ്റർ) 2024-25-ലെ കണക്കുകൾ (പ്രതിവർഷം 6,186.2 ലക്ഷം ലിറ്റർ, പ്രതിദിനം 16.9 ലക്ഷം ലിറ്റർ) ഇപ്പോഴും ഉയർന്നതാണ്.

സഹകരണ സംഘങ്ങൾ വഴി സംഭരിക്കുന്ന പാലിന് ഇന്ത്യയിലെ തന്നെ ഏറ്റവും ഉയർന്ന വില ക്ഷീരകർഷകർക്ക് ലഭിക്കുന്നു എന്നത് സംസ്ഥാനത്തിന്റെ ക്ഷീരനയം ഉറപ്പാക്കുന്നു. പാലിലെ കൊഴുപ്പിന്റെ അളവും കൊഴുപ്പിതര ഖരപദാർത്ഥങ്ങളുടെ അളവും അനുസരിച്ച് ഓരോ സംസ്ഥാനത്തും കർഷകർക്ക് ലഭിക്കുന്ന വിലയിൽ വ്യത്യാസമുണ്ടാകാറുണ്ട്. 2025-ലെ കണക്കുകൾ പ്രകാരം, വിവിധ സംസ്ഥാനങ്ങളിലെ സഹകരണ പ്രസ്ഥാനങ്ങൾ പശുവിൻ പാലിന് ലിറ്ററിന് നൽകുന്ന വില ഗുജറാത്ത്

**പട്ടിക 13.5** *തെരഞ്ഞെടുത്ത ഡെയറികൾ വിവിധ സംസ്ഥാനങ്ങളിലെ കർഷകർക്ക് കൊഴുപ്പിന്റെയും എസ്എൻഎഫിന്റെയും തിരഞ്ഞെടുത്ത സംയോജനങ്ങൾ വഴി നൽകുന്ന പാലിന്റെ വില, ഇന്ത്യ, 2025-26, ലിറ്ററിന് ₹-ൽ.*

| കൊഴുപ്പ് (%) | എസ്എൻഎഫ് (%) | സ്ഥാപനം/ ബ്രാൻഡ് | ക്ഷീരകർഷകർക്ക് നൽകുന്ന വില (₹ലിറ്ററിന്) |
|---|---|---|---|
| 3.0 | 8.1 | കെസിഎംഎംഎഫ് /മിൽമ | 38.64 |
| | | ടിസിഎംപിഎഫ്എൽ/ എഎവിഐഎൻ | 29.80 |
| | | കെഎംഎഫ് /നന്ദിനി | ലഭ്യമല്ല |
| | | ടിഎസ്ഡിഡിസി എഫ്/വിജയ | ലഭ്യമല്ല |
| | | ഐഡിഎംപി /സോനായി | 28.30 |
| 3.0 | 8.5 | കെസിഎംഎംഎഫ് /മിൽമ | 40.04 |
| | | ടിസിഎംപിഎഫ്എൽ/ എഎവിഐഎൻ | 30.95 |
| | | കെഎംഎഫ് /നന്ദിനി | ലഭ്യമല്ല |
| | | ടിഎസ്ഡിഡിസി എഫ്/ വിജയ | ലഭ്യമല്ല |
| | | ഐഡിഎംപി /സോനായി | 29.50 |
| 4.2 | 8.3 | കെസിഎംഎംഎഫ് /മിൽമ | 43.52 |
| | | ടിസിഎംപിഎഫ്എൽ/ എഎവിഐഎൻ | 33.75 |
| | | കെഎംഎഫ് /നന്ദിനി | ലഭ്യമല്ല |
| | | ടിഎസ്ഡിഡിസി എഫ്/ വിജയ | 36.49 |
| | | ഐഡിഎംപി /സോനായി | 32.80 |
| 4.5 | 8.5 | കെസിഎംഎംഎഫ് /മിൽമ | 45.26 |
| | | ടിസിഎംപിഎഫ്എൽ/ എഎവിഐഎൻ | 35.21 |
| | | കെഎംഎഫ് /നന്ദിനി | 36.49 |
| | | ടിഎസ്ഡിഡിസി എഫ്/വിജയ | 38.63 |
| | | ഐഡിഎംപി /സോനായി | 34.00 |
| 4.8 | 8.6 | കെസിഎംഎംഎഫ് /മിൽമ | 46.65 |
| | | ടിസിഎംപിഎഫ്എൽ/ എഎവിഐഎൻ | 36.42 |
| | | കെഎംഎഫ് /നന്ദിനി | 37.46 |
| | | ടിഎസ്ഡിഡിസി എഫ്/വിജയ | 40.03 |
| | | ഐഡിഎംപി /സോനായി | 34.70 |

*അവലംബം:* വിവിധ **ഡയറിയിൽ** നിന്നും ക്രോഡീകരിച്ചത്

*കുറിപ്പ്:* (എ) **കെസിഎംഎംഎഫ്**: കേരള കോ - ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ; **റ്റിസിഎംപിഎഫ്എൽ**: തമിഴ്നാട് കോ - ഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് ഫെഡറേഷൻ ലിമിറ്റഡ്; **കെഎംഎഫ്**: കർണാടക മിൽക്ക്ഫെഡറേഷൻ; **ടിഎസ്ഡിഡിസിഎഫ്**: തെലങ്കാന സ്റ്റേറ്റ് ഡയറി ഡെവലപ്മെന്റ് കോ - ഓപ്പറേറ്റീവ്ഫെഡറേഷൻ ലിമിറ്റഡ്; **ഐഡിഎംപി**: ഇന്ദാപൂർ ഡയറി ആൻഡ് മിൽക്ക് പ്രൊഡക്ട്സ് ലിമിറ്റഡ്, മഹാരാഷ്ട്ര (സ്വകാര്യ ഡയറി).

(ബി) കെഎംഎഫിനെ സംബന്ധിച്ച്, പട്ടിക ആരംഭിക്കുന്നത് 4.0/8.5 (കൊഴുപ്പ്/എസ്.എൻ.എഫ്) അനുപാതത്തിൽ നിന്നാണ്; ഇതിന് നൽകുന്ന വില ലിറ്ററിന് ₹35.30 ആണ്. ടിഎസ്ഡിഡിസിഎഫിന്റെ കാര്യത്തിൽ, പട്ടിക ആരംഭിക്കുന്നത് 3.20/8.30 അനുപാതത്തിൽ നിന്നാണ്; ഇതിന് നൽകുന്ന വില ലിറ്ററിന് ₹32.69 ആണ്.

(സി) **കെസിഎംഎംഎഫ്** (കേരളം), പാലിന്റെ ആകെ ഖരപദാർത്ഥങ്ങളുടെ അളവ് അടിസ്ഥാനമാക്കി കിലോയ്ക്ക് ₹366.52 എന്ന നിരക്കിലാണ് പണം നൽകുന്നത്.

കോ ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ₹40 മുതൽ ₹45 വരെ, മഹാരാഷ്ട്ര സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് മിൽക്ക് ഫെഡറേഷൻ (മഹാനന്ദ് ബ്രാൻഡ്): ₹35 മുതൽ ₹40 വരെ, കർണാടക മിൽക്ക് ഫെഡറേഷൻ ₹37 മുതൽ ₹42 വരെ., തമിഴ്നാട് കോ ഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് ഫെഡറേഷൻ (ആവിൻ ബ്രാൻഡ്) ₹35 മുതൽ ₹40 വരെ എന്നിങ്ങനെയാണ്. പൊതുവെ പശുവിൻ പാലിന്റെ സംഭരണ വില ലിറ്ററിന് ₹35 മുതൽ ₹45 വരെ ആയിരുന്നു. എന്നാൽ എരുമപ്പാലിന്റെ സംഭരണ വില ഇതിനെക്കാൾ അല്പം കൂടുതലാണ്.

2025-26 കാലയളവിൽ ഇന്ത്യയിലെ ഏതൊരു സംസ്ഥാനത്തെക്കാളും ഉയർന്ന പാൽ വില ക്ഷീരകർഷകർക്ക് നൽകിയത് കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ (കെസിഎംഎംഎഫ് - മിൽമ) ആണ്. പാലിലെ കൊഴുപ്പിന്റെയും കൊഴുപ്പിതര ഖരപദാർത്ഥങ്ങളുടെയും വിവിധ അനുപാതങ്ങൾക്കനുസരിച്ച് ലിറ്ററിന് ₹38 മുതൽ ₹47 വരെ വില കർഷകർക്ക് ലഭിച്ചു (താരതമ്യ വിശകലനത്തിന് പട്ടിക 13.5 കാണുക).

ഈ ഉയർന്ന വിലയ്ക്ക് പുറമെ, പാലിന്റെ ഗുണമേന്മ കണക്കിലെടുക്കാതെ തന്നെ ഒരു കർഷകന് വർഷത്തിൽ പരമാവധി 40,000 രൂപ വരെ എന്ന ഉയർന്ന പരിധിക്കു വിധേയമായി കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കർഷകർക്ക് ലിറ്ററിന് ₹3 വീതം അധിക ഇൻസെന്റീവ് നൽകുന്നുണ്ട്. ഇത്തരത്തിൽ ലഭിക്കും. ഈ ഇൻസെന്റീവ് തുക ഓരോ വർഷവും ഗണ്യമായ ഒന്നാണ്; ഉദാഹരണത്തിന്, 2024-25 വർഷത്തിൽ തദ്ദേശസ്ഥാപനങ്ങൾ വഴി 110 കോടി രൂപയാണ് പാൽ ഇൻസെന്റീവായി വിതരണം ചെയ്തത്. കൂടാതെ, പാലിന്റെ വിൽപന വിലയിൽ ഒരു രൂപയുടെ വർദ്ധനവുണ്ടാകുമ്പോൾ അതിന്റെ 84 പൈസയും കർഷകന് ലഭിക്കണം എന്നതാണ് സംസ്ഥാന സർക്കാരിന്റെ പൊതുനയം.

പാൽവില നിയന്ത്രണവും വിലസ്ഥിരതയും ഉറപ്പാക്കുന്നതിനായി മലപ്പുറം ജില്ലയിലെ മൂർക്കനാട് ഒരു പുതിയ പാൽപ്പൊടി ഫാക്ടറി സർക്കാർ ധനസഹായത്തോടെ നിർമ്മിച്ചു. 10 മെട്രിക് ടൺ ശേഷിയുള്ള ഈ ഫാക്ടറി പ്രവർത്തനസജ്ജമാകുന്നതോടെ, കേരളത്തിൽ ഉൽപാദിപ്പിക്കുന്ന ദ്രാവക രൂപത്തിലുള്ള പാലിനെ പാൽ പൊടിയാക്കി മാറ്റുന്നതിനായി മറ്റ് സംസ്ഥാനങ്ങളിലേക്ക് കൊണ്ടുപോകേണ്ട സാഹചര്യം ഒഴിവാകും. നിലവിൽ പ്രതിദിനം 1.2 മുതൽ 1.3 ലക്ഷം ലിറ്റർ വരെ പാൽ ഇത്തരത്തിൽ മറ്റ് സംസ്ഥാനങ്ങളിലേക്ക് അയക്കുന്നുണ്ട് എന്നത് ശ്രദ്ധേയമാണ്.

ക്ഷീരസഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണം എന്നത് സർക്കാരിന്റെ സജീവ നയപരിപാടിയാണ്. കേരളത്തിൽ ഏകദേശം 3,500 ക്ഷീരസഹകരണ സംഘങ്ങളുണ്ട്. 2016-17നും 2024-25 നും ഇടയിൽ ഏകദേശം 170 പുതിയ ക്ഷീരസഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുകയും സാങ്കേതികവും സാമ്പത്തികവുമായ സഹായത്തിലൂടെ 121 സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുകയും ചെയ്തു. 2025-26 വർഷത്തിൽ 100 സംഘങ്ങളെ കൂടി പുതുതായി രജിസ്റ്റർ ചെയ്യിപ്പിക്കുന്നതിനോ പുനരുജ്ജീവിപ്പിക്കുന്നതിനോ ഉള്ള നടപടികൾ നടന്നു വരുന്നു. പ്രതിസന്ധി നേരിടുന്ന സംഘങ്ങളെ സഹായിക്കുന്നതിനായി പുതിയ പദ്ധതിയിലൂടെ സാമ്പത്തിക സഹായവും വാഗ്ദാനം ചെയ്തിട്ടുണ്ട്. പ്രതിദിനം 250 ലിറ്ററിൽ താഴെ പാൽ സംഭരിക്കുന്ന ഏകദേശം 400 സംഘങ്ങളെ ഇത്തരത്തിൽ കണ്ടെത്തുകയും അവർക്ക് വാർഷിക മാനേജീരിയൽ സബ്സിഡി നൽകുകയും ചെയ്തു.

ഇത് ആദ്യമായി, എല്ലാ ക്ഷീരസഹകരണ സംഘങ്ങളുടെയും പ്രവർത്തനം 'ക്ഷീരശ്രീ' എന്ന വെബ് പോർട്ടൽ വഴി ഓൺലൈനാക്കി മാറ്റിയിട്ടുണ്ട്. ഓരോ സംഘത്തിലും സംഭരിക്കുന്ന പാലിന്റെ അളവ്, ഗുണമേന്മ, വില എന്നിവ രേഖപ്പെടുത്തുന്നതിനായി ഏകീകൃത സോഫ്റ്റ്‌വെയറും അവതരിപ്പിച്ചു. ഈ പോർട്ടലിന് 2022-ൽ ഇന്ത്യൻ സർക്കാരിന്റെ 'ഡിജിറ്റൽ ഇന്ത്യ അവാർഡ്' വിഭാഗത്തിൽ വെള്ളി മെഡലും, കേരള സർക്കാരിന്റെ വിവിധ ഇ-ഗവേണൻസ് പുരസ്കാരങ്ങളും ലഭിച്ചു എന്നത് ഏറെ പ്രശംസനീയമാണ്.

**24/7 മൊബൈൽ സേവനങ്ങൾ**

പതിമൂന്നാം പദ്ധതി കാലയളവിലും പതിനാലാം പദ്ധതി കാലയളവിലും പാൽ ഉൽപാദനത്തിന് നേരിട്ടും അല്ലാതെയുമുള്ള സഹകരണം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. രോഗപ്രതിരോധം, വിപുലീകരണ പ്രവർത്തനങ്ങൾ എന്നീ മേഖലകളിലാണ് പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. ഉദാഹരണത്തിന്, മൊബൈൽ വെറ്ററിനറി ക്ലിനിക്കുകൾ, 24 മണിക്കൂർ വെറ്ററിനറി സേവനം എന്നീ ആശയങ്ങൾ പതിമൂന്നാം പദ്ധതി കാലത്താണ് അവതരിപ്പിച്ചത്. പതിനാലാം പദ്ധതിയിൽ ഇത്തരത്തിൽ 228 സേവന യൂണിറ്റുകൾ 152 ബ്ലോക്കുകളിലുമായി വ്യാപിപ്പിച്ചു. ഓരോ മൊബൈൽ വെറ്ററിനറി യൂണിറ്റിലും ഒരു ഡോക്ടർ, ജീവനക്കാർ, അവശ്യ മെഡിക്കൽ ഉപകരണങ്ങൾ എന്നിവ ഉണ്ടായിരിക്കും. 1962 എന്ന ടോൾ ഫ്രീ നമ്പറിലൂടെ 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത കോൾ സെന്റർ മുഖേന കർഷകർക്ക് ഈ സേവനം ബുക്ക് ചെയ്യാവുന്നതാണ്. കന്നുകാലികൾക്കും മറ്റ് വളർത്തുമൃഗങ്ങൾക്കും സമയബന്ധിതവും കാര്യക്ഷമവുമായ ചികിത്സാ സഹായം ഉറപ്പാക്കാൻ ഈ രണ്ട് സേവനങ്ങളും വലിയ പങ്കുവഹിക്കുന്നു.

ക്ഷീര കർഷകർക്കും കന്നുകാലി കർഷകർക്കും വീട്ടുപടിക്കൽ വിദഗ്ധ സേവനങ്ങൾ ലഭ്യമാക്കുക എന്നതാണ് മൊബൈൽ വെറ്ററിനറി യൂണിറ്റുകളുടെ ലക്ഷ്യം. രോഗനിർണയം, പ്രതിരോധ കുത്തിവെപ്പുകൾ, ലഘു ശസ്ത്രക്രിയകൾ, ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ വഴിയുള്ള ബോധവൽക്കരണം, കൃത്രിമ ബീജസങ്കലനം, വ്യാപന സേവനങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. വിദൂര ഗ്രാമങ്ങളിലെ മൃഗങ്ങളുടെ ആരോഗ്യസ്ഥിതിയെക്കുറിച്ചുള്ള കാലികമായ വിവരങ്ങൾ ശേഖരിക്കാനും ഈ യൂണിറ്റുകൾ സഹായിക്കുന്നു. കേന്ദ്രീകൃത കോൾ സെന്ററിൽ കർഷകരിൽ നിന്ന് ലഭിക്കുന്ന കോളുകൾ, അവയുടെ അടിയന്തര സ്വഭാവം അനുസരിച്ച് മുൻഗണന നിശ്ചയിക്കുകയും ഏറ്റവും അടുത്തുള്ള മൊബൈൽ വെറ്ററിനറി യൂണിറ്റിലേക്ക് കൈമാറുകയും ചെയ്യുന്നു. വളർത്തുമൃഗങ്ങളുടെ വന്ധ്യംകരണം ഉൾപ്പെടെയുള്ള ശസ്ത്രക്രിയകൾ സർക്കാർ അംഗീകരിച്ച നിരക്കിൽ ഇവിടെ ലഭ്യമാണ്. ഈ സേവനങ്ങൾക്കായി ആവശ്യത്തിന് ജീവനക്കാരെ ഉറപ്പാക്കുന്നതിനായി, പുതുതായി പരി

ച്ചിറങ്ങിയ വെറ്ററിനറി ഡോക്ടർമാരെ ഏകദേശം 60 മൃഗാരോഗ്യ കേന്ദ്രങ്ങളിൽ ജൂനിയർ റസിഡന്റ് വെറ്ററിനറി ഡോക്ടർമാരായി സർക്കാർ നിയമിച്ചിട്ടുണ്ട്.

മൊബൈൽ യൂണിറ്റുകൾ വഴി കർഷകർക്ക് മിതമായ നിരക്കിൽ മരുന്നുകളും ലഭ്യമാണ്. കന്നുകാലികൾക്കോ കോഴികൾക്കോ വീട്ടുപടിക്കൽ ചികിത്സ ലഭ്യമാക്കുന്നതിന് 450 രൂപയാണ് അധിക ചാർജ് ഈടാക്കുന്നത്. കൃത്രിമ ബീജസങ്കലനത്തിന് 50 രൂപയാണ് അധിക ചാർജ്. ഉടമസ്ഥരില്ലാത്ത അല്ലെങ്കിൽ അക്രമാസക്തരായ മൃഗങ്ങളെ വീട്ടുപടിക്കൽ ചികിത്സിക്കുന്നതിനുള്ള ഫീസ് 950 രൂപയാണ്.2024-25 കാലയളവിൽ സംസ്ഥാനത്ത് ആകെ 59 മൊബൈൽ യൂണിറ്റുകൾ പ്രവർത്തന സജ്ജമായിരുന്നു. കൂടാതെ, ക്ലിനിക്കുകളിലെ ഡോക്ടർമാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് പുതുതായി പഠിച്ചിറങ്ങിയ വെറ്ററിനറി ബിരുദധാരികളെ ജൂനിയർ റസിഡന്റ് വെറ്ററിനറി ഡോക്ടർമാരായി നിയമിക്കുന്ന ഒരു പുതിയ പദ്ധതിയും അവതരിപ്പിച്ചു. 2021-22, 2022-23 വർഷങ്ങളിലായി സംസ്ഥാനത്തുടനീളം ഇത്തരത്തിൽ 101 നിയമനങ്ങൾ നടന്നു.

രോഗനിർണയശേഷി വർദ്ധിപ്പിക്കുന്നതിനായി ലബോറട്ടറി അടിസ്ഥാന സൗകര്യങ്ങളും ഗണ്യമായി നവീകരിച്ചിട്ടുണ്ട്. തിരുവനന്തപുരത്തെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ആനിമൽ ഡിസീസസ് , തിരുവല്ലയിലെ ഏവിയൻ ഡിസീസ് ലാബ് (പക്ഷിരോഗ നിർണയ കേന്ദ്രം), പാലക്കാട്ടെ ജില്ലാ ലബോറട്ടറി, മരടിലെ ലൈവ്സ്റ്റോക്ക് മറൈൻ ആൻഡ് അഗ്രി-പ്രോഡക്ട്സ് ലാബ് തുടങ്ങിയ പ്രധാന ലബോറട്ടറികൾ ഇപ്പോൾ എൻ.എ.ബി.എൽ അംഗീകാരത്തോടെയാണ് പ്രവർത്തിക്കുന്നത്.

### സമഗ്ര കന്നുകാലി ഇൻഷുറൻസ് പദ്ധതികൾ

2016-17 മുതൽ സംസ്ഥാന പദ്ധതികൾക്കും കേന്ദ്രാവിഷ്കൃത പരിപാടികൾക്കും കീഴിലായി കേരളം സമഗ്രമായ കന്നുകാലി ഇൻഷുറൻസ് പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇൻഷുറൻസ് നടപടികൾ ലഘൂകരിക്കുന്നതിനും, ഭരണപരമായ സങ്കീർണ്ണതകൾ കുറയ്ക്കുന്നതിനും, കർഷകർക്ക് ഏകീകൃത ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുമായി ഒരു പുതിയ കന്നുകാലി ഇൻഷുറൻസ് പദ്ധതി അവതരിപ്പിച്ചു. കേന്ദ്ര സർക്കാരിന്റെ എൻ.എൽ.എം (നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ), സംസ്ഥാന സർക്കാരിന്റെ ഗോസമൃദ്ധി എന്നീ പദ്ധതികൾക്ക് കീഴിലുണ്ടായിരുന്ന വിവിധ ഇൻഷുറൻസ് ഘടകങ്ങളെ സംയോജിപ്പിച്ചാണ് ഇത് രൂപീകരിച്ചത്. കന്നുകാലികളുടെ മരണം (അപകടം, പ്രകൃതിക്ഷോഭം അല്ലെങ്കിൽ രോഗം മൂലമുള്ളത്), സ്ഥിരമായ വൈകല്യം (രോഗം, വന്ധ്യത അല്ലെങ്കിൽ അപകടം മൂലമുള്ളത്) എന്നിവയ്ക്ക് ഈ പദ്ധതി പരിരക്ഷ നൽകുന്നു.

സംസ്ഥാനത്തെ കന്നുകാലി ഇൻഷുറൻസ് പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ നാഷണൽ ലൈവ്സ്റ്റോക്ക് മിഷനുമായി (എൻഎൽഎം) യോജിച്ചാണ് വികസിപ്പിച്ചിരിക്കുന്നത്. അതിനാൽ തന്നെ ഇതിന്റെ ഘടനയിലും മാർഗ്ഗനിർദ്ദേശങ്ങളിലും കാലാനുസൃതമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ഭാരത സർക്കാർ 2024 മാർച്ചിൽ പുറപ്പെടുവിച്ച ഏറ്റവും പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, ഇൻഷുറൻസ് പ്രീമിയത്തിന്റെ 15 ശതമാനം മാത്രമാണ് കർഷകർ അടയ്ക്കേണ്ടത്. ബാക്കി 85 ശതമാനം തുക കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിൽ പങ്കിട്ട് അടയ്ക്കുന്നു. കേന്ദ്ര പദ്ധതി പ്രകാരം ഇൻഷുർ ചെയ്ത മൃഗങ്ങളുടെ എണ്ണത്തേക്കാൾ (15,784) കൂടുതലാണ് സംസ്ഥാന പദ്ധതി പ്രകാരം ഇൻഷുർ ചെയ്ത മൃഗങ്ങളുടെ എണ്ണം (24,580). സാമ്പത്തിക ചെലവിന്റെ കാര്യത്തിലും സംസ്ഥാന തലം മുന്നിലാണ്. കേന്ദ്ര പദ്ധതിയുടെ സംസ്ഥാന വിഹിതം നൽകുന്നതിന് പുറമെ, ഗോസമൃദ്ധി പദ്ധതി സ്വതന്ത്രമായി നടപ്പിലാക്കുന്നതിനും സംസ്ഥാന സർക്കാർ ഫണ്ട് നൽകുന്നുണ്ട്.

കൂടാതെ, മലബാർ റീജിയണൽ കോ-ഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയൻ (എം.ആർ.സി.എം.പി.യു.) 2023-ൽ 'സരൾ കൃഷി ബീമാ യോജന' എന്ന പേരിൽ ഒരു പ്രത്യേക പദ്ധതി ആരംഭിച്ചു. കന്നുകാലികൾക്കുള്ള പാരമെട്രിക് ഹീറ്റ് ഇൻഡക്സ് അധിഷ്ഠിതമായ കന്നുകാലി ഇൻഷുറൻസ് പദ്ധതിയാണിത്. താപനില, മഴ, ആപേക്ഷിക ഈർപ്പം തുടങ്ങിയ പ്രതികൂല കാലാവസ്ഥാ സാഹചര്യങ്ങൾ മൂലമുണ്ടാകുന്ന നഷ്ടങ്ങളിൽ നിന്ന് സുരക്ഷ നേടാൻ ഈ പദ്ധതി കർഷകരെ സഹായിക്കുന്നു. സാധാരണയായി വേനൽക്കാലത്ത് താപനില ഉയരുമ്പോൾ പാൽ ഉൽപാദനത്തിൽ കുറവുണ്ടാകാറുണ്ട്. ഈ പദ്ധതി പ്രകാരം, ഇന്ത്യൻ കാലാവസ്ഥാ വകുപ്പിന്റെ (ഐഎംഡി) സാറ്റലൈറ്റ് അധിഷ്ഠിത ഗ്രിഡ്ഡ് ഡാറ്റ ഉപയോഗിച്ച് താലൂക്ക് അടിസ്ഥാനത്തിൽ ഓരോ ദിവസത്തെയും പരമാവധി താപനില കണക്കാക്കുന്നു. ഏപ്രിൽ, മെയ് മാസങ്ങളിലെ 30 ദിവസത്തെ താപനില നിരീക്ഷിക്കുകയും, ഓരോ ജില്ലയ്ക്കും നിശ്ചയിച്ചിട്ടുള്ള പ്രത്യേക 'താപനില ട്രിഗറുകളിൽ' നിന്നുള്ള വ്യതിയാനങ്ങളുടെ അടിസ്ഥാനത്തിൽ ഇൻഷുറൻസ് ക്ലെയിം തുക നൽകുകയും ചെയ്യുന്നു.

പാലക്കാട്, മലപ്പുറം, വയനാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ആറ് ജില്ലകളിൽ ഈ പദ്ധതി പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ ഇത് ഭാഗികമായും പ്രവർത്തിക്കുന്നു. ഒരു പശുവിനോ അല്ലെങ്കിൽ എരുമയ്ക്കോ 170 രൂപയാണ് പ്രീമിയം നിരക്ക്. ഇതിൽ 100 രൂപ യൂണിയന്റെ വിഹിതവും 70 രൂപ ഗുണഭോക്താവായ കർഷകന്റെ വിഹിതവുമാണ്.

ഒരു കന്നുകാലിക്ക് ലഭിക്കാവുന്ന പരമാവധി ഇൻഷുറൻസ് തുക 2,000 രൂപയാണ്. പ്രീമിയം നിരക്ക് ഇൻഷുറൻസ് തുകയുടെ 4 ശതമാനം മുതൽ 5 ശതമാനം വരെയാണ് വരുന്നത്. ഏകദേശം 15,000 കന്നുകാലികളെ ഈ പദ്ധതിക്ക് കീഴിൽ ഇൻഷുർ ചെയ്തിട്ടുണ്ട്. ഒരു കർഷകന് പ്രാദേശിക യൂണിയൻ സബ്സിഡിയായി പശു ഒന്നിന് 100 രൂപ നിരക്കിൽ പരമാവധി 1,000 രൂപ വരെ ലഭിക്കുന്നതാണ്.

### കേരള ചിക്കൻ പദ്ധതി

മാംസം, മുട്ട എന്നിവയുടെ ഉൽപാദനത്തിലുണ്ടായ വർദ്ധനവ് പ്രധാനമായും സ്വകാര്യ മൂലധനത്തിന്റെയും സംരംഭകരുടെയും ഇടപെടലുകൾ മൂലമാണ് ഉണ്ടായത്. എന്നാൽ, ഈ മേഖലയിൽ ഒരു മികച്ച മാതൃക കാണിക്കാനും അനുയോജ്യമായ അന്തരീക്ഷം ഒരുക്കാനും സംസ്ഥാന സർക്കാർ ഒരു നൂതന പദ്ധതിക്ക് രൂപം നൽകി. വലിയ കോർപ്പറേറ്റ് കമ്പനികൾ നിയന്ത്രിച്ചിരുന്ന ബ്രോയിലർ ചിക്കൻ വിപണിയിലെ വില നിയന്ത്രിക്കുക എന്നതു കൂടി ഈ പദ്ധതിയുടെ

ലക്ഷ്യമായിരുന്നു. 'കേരള ചിക്കൻ' എന്ന് പേരിട്ടിരിക്കുന്ന ഈ പദ്ധതി 2017-18-ൽ പ്രഖ്യാപിക്കപ്പെട്ടതാണ്; ഇത് ഇപ്പോഴും ഈ മേഖലയിലെ സർക്കാരിന്റെ ഒരു മുൻനിര പദ്ധതിയായി തുടരുന്നു.

ഒരു സാമൂഹികാധിഷ്ഠിത വനിതാ കൂട്ടായ്മയിലൂടെ സംസ്ഥാനത്തെ കോഴിവളർത്തൽ മേഖലയിൽ മാറ്റങ്ങൾ കൊണ്ടുവരിക എന്നതായിരുന്നു കേരള ചിക്കൻ പദ്ധതിയുടെ ലക്ഷ്യം. ഉപഭോക്താക്കൾക്ക് 'കേരള ചിക്കൻ' എന്ന ബ്രാൻഡിലൂടെ ഗുണമേന്മയുള്ളതും സുരക്ഷിതവുമായ മാംസം മിതമായ വിലയ്ക്ക് ലഭ്യമാക്കാനും, ഈ മേഖലയെ കർഷകർക്ക് ലാഭകരമായ ഒരു ഉപജീവന മാർഗ്ഗമായി വികസിപ്പിക്കാനുമുള്ള ഒരു ശ്രമമായിരുന്നു ഈ പദ്ധതി. കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ (കെഎസ് പിഡിസി), കുടുംബശ്രീ, മൃഗസംരക്ഷണ വകുപ്പ് എന്നീ സ്ഥാപനങ്ങളാണ് ഈ പദ്ധതിയുടെ പ്രധാന പങ്കാളികൾ. നിലവിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ 11 ജില്ലകളിൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നു.

സംഘടിതവും സുസ്ഥിരവുമായ ഒരു പൗൾട്രി മൂല്യ ശൃംഖല കെട്ടിപ്പടുക്കുന്നതിലെ സുപ്രധാന ചുവടുവെപ്പായിരുന്നു കേരള ചിക്കൻ പദ്ധതി. പ്രധാനമായും രണ്ട് രീതികളിലൂടെയാണ് ഇവിടെ ഇറച്ചി വിപണനം ചെയ്യുന്നത്: ജീവനുള്ള കോഴികളുടെ വിൽപനയും, സംസ്കരിച്ച ശീതീകരിച്ച ഇറച്ചിയുടെ വിൽപനയും. ആധുനിക വിപണന സാധ്യതകൾ പ്രയോജനപ്പെടുത്തി സൂപ്പർമാർക്കറ്റുകൾ, ഹൈപ്പർമാർക്കറ്റുകൾ എന്നിവ വഴി വിൽക്കുന്നതിനായി മികച്ച പാക്കേജിംഗോടു കൂടിയ വൃത്തിയുള്ളതും ശീതീകരിച്ചതുമായ ചിക്കൻ ഉൽപ്പന്നങ്ങൾ കേരള ചിക്കൻ ബ്രാൻഡിന് കീഴിൽ ലഭ്യമാക്കുന്നു. കുടുംബശ്രീ കേരള ചിക്കൻ എന്ന ബ്രാൻഡിന് മാത്രം 2024-25 വർഷത്തിൽ 105 കോടി രൂപയുടെ വിൽപന വരുമാനം ലഭിച്ചു. ഫാം മുതൽ വിൽപന കേന്ദ്രം വരെയുള്ള മുഴുവൻ വിതരണ ശൃംഖലയും ഏകോപിപ്പിക്കുന്നത് 'കുടുംബശ്രീ ബ്രോയിലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ്' (കെബിഎഫ്പിസിഎൽ) ആണ്. കുടുംബശ്രീയുടെ തന്നെ എ.ഡി.എസ് (എഡിഎസ്), സി.ഡി.എസ് (സിഡിഎസ്), ജില്ലാ-സംസ്ഥാന മിഷനുകൾ എന്നിവയുടെ ശക്തമായ പിന്തുണ ഈ കമ്പനിക്കുണ്ട്. ഒരു ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങൾ, തീറ്റ, വെറ്ററിനറി മരുന്നുകൾ, സാങ്കേതിക സഹായം എന്നിവ നേരിട്ട് കർഷകർക്ക് നൽകിക്കൊണ്ട് പൂർണ്ണമായും സംയോജിതമായ ഒരു ഉൽപാദന രീതിയാണ് കമ്പനി ഉറപ്പാക്കുന്നത്. 2024-25 കാലയളവിൽ ഒരു കർഷകന് ശരാശരി ഒരു കിലോയ്ക്ക് 13 രൂപ വരെ വളർത്തു കൂലി നൽകിയിട്ടുണ്ട്. കോഴികളെ ഫാമിന് കൈമാറി 15 ദിവസത്തിനുള്ളിൽ തന്നെ ഈ തുക കർഷകന് വിതരണം ചെയ്യുന്നു.

പൗൾട്രി മേഖലയെ ശാക്തീകരിക്കുന്നതിലുപരി, സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണം ഉറപ്പാക്കുക എന്നതു കൂടി ഈ പദ്ധതിയുടെ ലക്ഷ്യമാണ്. വർഷങ്ങളായി, ഈ പദ്ധതി സുസ്ഥിരമായ ഉപജീവന മാർഗ്ഗങ്ങൾ സൃഷ്ടിക്കുകയും സ്ത്രീകളെ സ്വന്തം സംരംഭങ്ങളുടെ ഉടമസ്ഥാവകാശം ഏറ്റെടുക്കാൻ പ്രാപ്തരാക്കുന്നതിലൂടെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ഇത് അവർക്ക് സാമ്പത്തിക സ്വാതന്ത്ര്യം നൽകുക മാത്രമല്ല, അവരുടെ സാമൂഹിക പദവി ഉയർത്തുന്നതിനും പ്രാദേശിക തലത്തിൽ നേതൃത്വപരമായ കഴിവുകൾ വളർത്തുന്നതിനും സഹായിച്ചു. കുടുംബശ്രീ മിഷന്റെ 2024-25 ലെ ആഭ്യന്തര കണക്കുകൾ പ്രകാരം, ചില്ലറ വിൽപന കേന്ദ്രങ്ങൾ നടത്തുന്ന സ്ത്രീകൾ വിൽപനയിലൂടെ പ്രതിമാസം ശരാശരി 1,00,000 രൂപ വരുമാനം നേടി. അതേസമയം, കോഴി വളർത്തൽ മേഖലയിൽ വ്യാപൃതരാകുന്ന വനിതാ കർഷകർക്ക് ഓരോ 45 ദിവസത്തിലും 2,60,000 രൂപ വരെ മൊത്ത വരുമാനം ലഭിക്കുന്നുണ്ട്.

വിവിധ പൊതുമേഖലാ ഏജൻസികൾ കോഴി വളർത്തൽ മേഖലയിൽ പുതുതായി നടപ്പിലാക്കിയ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ കേരള ചിക്കൻ പദ്ധതിയുടെ വിജയത്തിന് വലിയ പിന്തുണയേകിയിട്ടുണ്ട്.

- **ബ്രോയിലർ പ്രജനന കേന്ദ്രവും ഹാച്ചറിയും**: തിരുവനന്തപുരത്തെ കുടപ്പനക്കുന്നിൽ കേരള സംസ്ഥാന പൗൾട്രി വികസന കോർപറേഷൻ ഒരു ബ്രോയിലർ ബ്രീഡിംഗ് ഫാമും ഹാച്ചറിയും സ്ഥാപിച്ചു. ഇവിടെ ഒരേസമയം 25,000 മാതൃപക്ഷികളെ (Parent birds) വളർത്താനും പ്രതിവർഷം 56 ലക്ഷം ബ്രോയിലർ കോഴിക്കുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കാനും ശേഷിയുണ്ട്.
- **ഫാമുകളുടെ നിർമ്മാണം**: കേരള സംസ്ഥാന പൗൾട്രി വികസന കോർപറേഷന് അനുവദിച്ച 100 ബ്രോയിലർ വളർത്തൽ യൂണിറ്റുകളിൽ 20 എണ്ണവും, കുടുംബശ്രീക്ക് അനുവദിച്ച 800 യൂണിറ്റുകളിൽ 53 എണ്ണവും, ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിക്ക് അനുവദിച്ച 43 യൂണിറ്റുകളും പൂർത്തിയായി. ഇതിനുപുറമെ, ഒരു റീഫർ വാൻ വാങ്ങാനും കെഎസ് പിഡിസിക്ക് സാധിച്ചു.
- **ലെയർ ബ്രീഡിംഗ് ഫാം**: കൊല്ലം കൊട്ടിയത്തെ ലെയർ ബ്രീഡിംഗ് ഫാമും ഹാച്ചറിയും നവീകരിച്ചതോടെ പ്രതിവർഷം 10 ലക്ഷം മുട്ടക്കോഴി കുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കാനുള്ള ശേഷി കൈവരിച്ചു.
- **നൂതന പ്ലാന്റുകൾ**: കൊല്ലം കോട്ടുകാലിൽ അത്യാധുനിക ബ്രോയിലർ പ്രോസസ്സിംഗ് പ്ലാന്റും പെറ്റ് ഫുഡ് (വളർത്തുമൃഗങ്ങൾക്കുള്ള ഭക്ഷണം) നിർമ്മാണ യൂണിറ്റും സ്ഥാപിച്ചു.
- **മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ (എം പി ഐ)**: കൊല്ലം യേരൂരിൽ ആധുനിക മൂല്യവർദ്ധിത ഇറച്ചി സംസ്കരണ പ്ലാന്റ് സ്ഥാപിച്ചു. എരുമ ഇറച്ചി, പന്നി ഇറച്ചി എന്നിവ കയറ്റുമതി ചെയ്യുന്നതിനായി എം പി ഐക്ക് ഫുഡ് സേഫ്റ്റി മാനേജ്മെന്റ് സിസ്റ്റംസ് സർട്ടിഫിക്കേഷനും ലഭിച്ചിട്ടുണ്ട്.

കേരളത്തിൽ പ്രതിദിനം ഏകദേശം 2,000 മെട്രിക് ടൺ കോഴിയിറച്ചി ഉപഭോഗം നടക്കുന്നുണ്ടെങ്കിലും, സംസ്ഥാനത്തെ ആഭ്യന്തര ഉൽപാദനം വെറും 700 മെട്രിക് ടൺ മാത്രമാണ്. ഈ ആഭ്യന്തര ഉൽപാദനത്തിൽ കുടുംബശ്രീയുടെ വിഹിതം നിലവിൽ ഏകദേശം 58 മെട്രിക് ടൺ ആണ്. മൊത്തത്തിലുള്ള കണക്കുകൾ നോക്കുമ്പോൾ ഈ അളവ് ഇപ്പോൾ കുറവാണെന്ന് തോന്നാമെങ്കിലും, വിപണിയിലെ കോഴിയിറച്ചി വില നിയന്ത്രിക്കുന്നതിൽ ഈ വിഹിതം ഫല

പ്രദമായി ഉപയോഗിക്കാൻ സാധിക്കും. കൂടാതെ, ഭാവിയിൽ ഈ പദ്ധതി വിപുലീകരിക്കുമ്പോൾ കൈവരിക്കാൻ കഴിയുന്ന വലിയ സാധ്യതകളെയും ഇത് ചൂണ്ടിക്കാട്ടുന്നു.

**കന്നുകാലി മേഖലയിലെ സംരംഭകത്വ സൗഹൃദ അന്തരീക്ഷം**

കേരളത്തിലെ കന്നുകാലി വളർത്തൽ മേഖലയിൽ കാര്യക്ഷമതയും ഉൽപാദന വർദ്ധനവും കൈവരിക്കുന്നതിന് തടസ്സമായി നിൽക്കുന്ന നിയമങ്ങളിലും നിയന്ത്രണങ്ങളിലും ഇളവ് വരുത്തണമെന്ന് 2021-ലെ കേരള വികസന റിപ്പോർട്ട് ശുപാർശ ചെയ്തിട്ടുണ്ട്. കേരളത്തിലെ ഭൂരിഭാഗം കന്നുകാലി വളർത്തൽ യൂണിറ്റുകളും ചെറിയതാണെന്നു റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. ഈ സാഹചര്യം ഗ്രാമീണ സംരംഭകത്വത്തിന്റെ വളർച്ചയെ തടസ്സപ്പെടുത്തുന്ന ഒന്നാണ്. അതിനാൽ, വാണിജ്യാടിസ്ഥാനത്തിലുള്ള വലിയ കന്നുകാലി ഫാമുകൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കേണ്ടതുണ്ടെന്ന് റിപ്പോർട്ടിൽ പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. ഫാമുകളുടെ വലുപ്പം വർദ്ധിപ്പിക്കുന്നതിലെ പ്രധാന തടസ്സം നിലവിലുള്ള നിയമ ഘടനയായിരുന്നു. ഇത് നിക്ഷേപകരെ പിന്തിരിപ്പിച്ചു. കേരള പഞ്ചായത്ത് രാജ് ആക്റ്റിൻ കീഴിലെ 2012-ലെ ചട്ടങ്ങൾപ്രകാരം, അഞ്ചിൽ കൂടുതൽ പശുക്കളോ, അഞ്ചിൽ കൂടുതൽ പന്നികളോ അല്ലെങ്കിൽ ഇരുപതിൽ കൂടുതൽ ആടുകളോ ഉണ്ടെങ്കിൽ ആ യൂണിറ്റിനെ "അപകടകരമായത്" എന്ന വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരുന്നത്. കൂടാതെ, ഡയറി ഫാമുകളിലെ മലിനീകരണ നിയന്ത്രണം സംബന്ധിച്ച റെഗുലേഷനുകൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട്, പ്രത്യേകിച്ച് ബൾക്ക് മിൽക്ക് ചില്ലിംഗ് സെന്ററുകൾ (ബിഎംസിസി) ഉള്ള ഫാമുടമകൾ മോശമായ ആരോപണങ്ങൾ നേരിടുന്നതായും പരാതികൾ ഉയർന്നിരുന്നു.

പതിനാലാം പദ്ധതി കാലയളവിൽ ഈ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിൽ ശ്രദ്ധേയമായ പുരോഗതി കൈവരിക്കാൻ സാധിച്ചു. വലിയ തോതിലുള്ള വാണിജ്യ കന്നുകാലി വളർത്തൽ, പ്രത്യേകിച്ച് ക്ഷീരകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കന്നുകാലി ലൈസൻസിംഗ് ചട്ടങ്ങളിൽ ഭേദഗതികൾ കൊണ്ടുവന്നു. പ്രധാനമായും താഴെ പറയുന്ന മാറ്റങ്ങളാണ് നടപ്പിലാക്കിയത്: പതിനാലാം പദ്ധതി കാലയളവിൽ നടപ്പിലാക്കിയ പ്രധാന മാറ്റങ്ങൾ താഴെ പറയുന്നവയാണ്.

- മൃഗസംരക്ഷണം ഇനി മുതൽ സമൂഹത്തിൽ 'അസഹിഷ്ണുത' ഉണ്ടാക്കുന്ന ഒരു പ്രവൃത്തിയായി പരിഗണിക്കില്ല; പകരം പഞ്ചായത്ത്/മുനിസിപ്പൽ സെക്രട്ടറിയുടെ നിർബന്ധിത അനുമതിയോ ലൈസൻസോ ആവശ്യമുള്ള ഒരു 'സാമ്പത്തിക പ്രവർത്തനം' ആയി ഇതിനെ ശാസ്ത്രീയമായി നിർവ്വചിച്ചിരിക്കുന്നു..
- ഫാറം 1-ൽ പഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കുന്ന എല്ലാ ബിസിനസ്സ് അപേക്ഷകളും ഇനി മുതൽ 14 ദിവസത്തിനുള്ളിൽ തീർപ്പാക്കേണ്ടതാണ്, കൂടാതെ ലൈസൻസ് ഫാറം 2-ൽ നൽകുകയും വേണം. ലൈസൻസിന്റെ സാധുത കുറഞ്ഞത് 1 വർഷത്തേക്കും പരമാവധി 5 വർഷത്തേക്കുമായിരിക്കും. ജില്ലാ മെഡിക്കൽ ആഫീസറിൽ നിന്നോ ജില്ലാ മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നോ ഉള്ള എൻ.ഒ.സി നിർബന്ധമല്ല.
- പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ലൈസൻസ് എടുക്കേണ്ട മൃഗങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്. പശുക്കളുടെ എണ്ണം 5-ൽ നിന്നും 10 ആയും, ആടുകളുടേത് 20-ൽ നിന്നും 50 ആയും, മുയലുകളുടേത് 25-ൽ നിന്നും 50 ആയും, കോഴികളുടേത് 100-ൽ നിന്നും 500 ആയും ഉയർത്തി. ഫാമുകളുടെ തരംതിരിവും ഇതിന് അനുസൃതമായി പുനർനിർണ്ണയിക്കും.
- പക്വതയെത്തിയ മൃഗം എന്ന നിർവ്വചനം പുതുക്കി നിശ്ചയിച്ചു. പശുക്കളിലും എരുമകളിലും 18 മാസത്തിന് മുകളിലും, ആടുകളിൽ ഒരു വർഷത്തിന് മുകളിലും, പന്നികളിലും മുയലുകളിലും 6 മാസത്തിന് മുകളിലും പ്രായമുള്ളവയെയാണ് ഇനി മുതൽ ഈ വിഭാഗത്തിൽ കണക്കാക്കുക.
- 5 എണ്ണം വരെ എന്ന സംഖ്യ നിജപ്പെടുത്തി പന്നികളെയോ നായ്ക്കളെയോ വളർത്തുന്നതിന് ഇനി മുതൽ ലൈസൻസ് ആവശ്യമില്ല.
- മൃഗസംരക്ഷണ ഫാമുകൾ ആരംഭിക്കുന്നതിന് ആവശ്യമായ കുറഞ്ഞ സ്ഥലപരിധി താഴെ പറയുന്ന രീതിയിൽ പുനർനിശ്ചയിച്ചിട്ടുണ്ട്.കന്നുകാലികൾ: ഒരു സെന്റിൽ 1 പശു എന്നതിൽ നിന്നും ഒരു സെന്റിൽ 3 പശുക്കൾ വരെയായി ഉയർത്തി.ആടുകൾ: ഒരു സെന്റിൽ 4 ആടുകൾ എന്നതിൽ നിന്നും ഒരു സെന്റിൽ 10 ആടുകൾ വരെയാക്കി. മുയലുകൾ: ഒരു സെന്റിൽ 10 മുയലുകൾ എന്നതിൽ നിന്നും ഒരു സെന്റിൽ 20 മുയലുകൾ വരെയാക്കി.കോഴി/താറാവ്: ഒരു സെന്റിൽ 15 എണ്ണം എന്നതിൽ നിന്നും ഒരു സെന്റിൽ 250 എണ്ണം വരെയാക്കി.
- മൃഗസംരക്ഷണ ഫാമുകളിൽ ആധുനിക മലിനജല സംസ്കരണ പ്ലാന്റുകൾ പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം, മലിനീകരണ നിയന്ത്രണ നിബന്ധനകൾ ശാസ്ത്രീയമായി പുനർനിശ്ചയിച്ചിട്ടുണ്ട്. വളക്കുഴികളുടെ നിർവ്വചനം കൂടുതൽ ശാസ്ത്രീയമാക്കും; കന്നുകാലികളുടെയോ പക്ഷികളുടെയോ എണ്ണത്തിന് അനുസൃതമായി ജൈവ/ഖര മാലിന്യങ്ങൾ ശേഖരിക്കാൻ പാകത്തിൽ ഷെഡിനോട് ചേർന്ന് കൃത്യമായ മേൽക്കൂരയോടു കൂടിയ സംവിധാനമായിരിക്കണം ഇത്. മലിനീകരണ നിയന്ത്രണത്തിന്റെ ഭാഗമായി 5-10 കന്നുകാലികൾ, 100-500 പക്ഷികൾ, 5-ൽ താഴെ പന്നികൾ എന്നിവയുള്ള ഫാമുകളിൽ വളക്കുഴികൾക്കോ കമ്പോസ്റ്റ് യൂണിറ്റുകൾക്കോ മേൽക്കൂര നിർബന്ധമാക്കിയിട്ടുണ്ട്.
- അധികൃതർ ഒരു കന്നുകാലി ഫാം അടച്ചുപൂട്ടാൻ നിർദ്ദേശിക്കുമ്പോൾ, നിലവിലുള്ളതുപോലെ ഉടനടി അടച്ചുപൂട്ടുന്നതിന് പകരം, മൃഗങ്ങളുടെ ക്ഷേമം ഉറപ്പാക്കുന്നതിനായി 15 ദിവസത്തെ സാവകാശം അനുവദിക്കും.

ഈ മാറ്റങ്ങൾ മൃഗസംരക്ഷണ മേഖലയിലേക്ക് പുതിയ സ്വകാര്യ നിക്ഷേപങ്ങൾ കൊണ്ടുവരുന്നതിനും, പ്രത്യേകിച്ച് പശ്ചിമേഷ്യയിൽ (ഗൾഫ് രാജ്യങ്ങളിൽ) നിന്നും മടങ്ങിയെത്തുന്ന പ്രവാസികൾക്ക് ഈ മേഖലയിലേക്ക് കടന്നു വരാനും വലിയ തോതിൽ സഹായകമാകും

**ഗവേഷണ ഫലങ്ങൾ**

കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി (കെ വി എ എസ് യു) താറാവുകളിലെ റീമെറല്ല

രോഗത്തിന് എതിരെയുള്ള വാക്സിൻ വികസിപ്പിക്കുകയും അതിന് പേറ്റന്റ് നേടുകയും ചെയ്തു. ആടുകളിലെ വിളർച്ച എളുപ്പത്തിൽ കണ്ടെത്താനും അതിന്റെ ഘട്ടം തിരിച്ചറിയാനുമായി കർഷക സൗഹൃദമായ 'അനീമിയ കാർഡ്' സർവ്വകലാശാല പുറത്തിറക്കി. തൈരിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായി വികസിപ്പിച്ച 'കേർഡ് സെറ്റിംഗ് ഇൻകുബേറ്റർ' സാങ്കേതികവിദ്യ ഇതിനകം വാണിജ്യാടിസ്ഥാനത്തിലുള്ള ഉൽപ്പാദനത്തിനായി കൈമാറി കഴിഞ്ഞു. വൈറ്റ് ലഗോൺ, തലശ്ശേരി, റോഡ് ഐലൻഡ് റെഡ് എന്നയിനങ്ങളിൽ നിന്ന് വികസിപ്പിച്ച 'ത്രിവേണി' എന്ന പുതിയ വീട്ടുമുറ്റത്തെ കോഴി ഇനത്തെയും സർവ്വകലാശാല പുറത്തിറക്കി; ഇവയ്ക്ക് വർഷത്തിൽ ഏകദേശം 180 മുട്ടകൾ വരെ ലഭിക്കും. കൂടാതെ, കുട്ടനാടൻ താറാവുകളിൽ നിന്ന് ശാസ്ത്രീയമായി വികസിപ്പിച്ചെടുത്ത 'ചൈത്ര' എന്ന മാംസയിനം താറാവുകൾ 8 ആഴ്ച്ചയ്ക്കുള്ളിൽ 1.5 കിലോ ഗ്രാം ഭാരം കൈവരിക്കുന്നു

കേരളത്തിലെ പക്ഷിമൃഗാദികളിൽ നിന്നും മനുഷ്യരിലേക്ക് പകരുന്ന രോഗങ്ങളുടെ രോഗനിർണ്ണയത്തെ സഹായിക്കുന്നതിനായി കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി ഒരു ആധുനിക റെഫറൽ അനലിറ്റിക്കൽ ആൻഡ് ഡയഗ്നോസ്റ്റിക് ലാബിന്റെ നിർമ്മാണം പൂർത്തിയാക്കി. മൃഗങ്ങളുടെ ജീവനും ആരോഗ്യത്തിനും ഭീഷണിയാകുന്ന പുതിയതും വളർന്നുവരുന്നതുമായ രോഗങ്ങൾ കണ്ടെത്തുന്നതിനും വിവിധ പകർച്ച വ്യാധികൾ നിയന്ത്രിക്കുന്നതിനുള്ള നടപടികൾക്കും ഈ പുതിയ ലബോറട്ടറി സഹായകമാകും.

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായുള്ള സംയോജനം**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബജറ്റിൽ നിന്നുള്ള ഫണ്ടുകൾ പ്രയോജനപ്പെടുത്തുന്നതിലും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിലും മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പുകൾ എന്നും മുൻപന്തിയിലാണ്. 2016-17 കാലഘട്ടത്തിന് ശേഷം ഇതിൽ വലിയ വർദ്ധനവുണ്ടായിട്ടുണ്ട്. ഉദാഹരണത്തിന്, 2024-25 വർഷത്തിൽ ക്ഷീരവികസന വകുപ്പിനായി തദ്ദേശ സ്ഥാപനങ്ങൾ മാറ്റിവെച്ച വിഹിതം 100 കോടി രൂപയായിരുന്നെങ്കിൽ, ഗ്രാമപഞ്ചായത്തുകൾ വഴി യഥാർത്ഥത്തിൽ ചിലവഴിച്ചത് 158 കോടി രൂപയാണ്. പാൽ ഇൻസെന്റീവ് നൽകുന്നതിനും, അടിസ്ഥാന സൗകര്യ വികസനം, സംരംഭകത്വ പ്രവർത്തനങ്ങൾ എന്നിവയ്ക്കുള്ള സബ്സിഡികൾക്കായും പഞ്ചായത്ത് ഫണ്ട് ഉപയോഗിക്കുന്നു. കന്നുകാലിത്തീറ്റയുടെ വില വർദ്ധനവ് മൂലം കഷ്ടപ്പെടുന്ന കർഷകർക്ക് ആശ്വാസം നൽകാനും ഈ ഫണ്ട് വിനിയോഗിക്കുന്നുണ്ട്. നിലവിൽ 50 കിലോയുടെ ഒരു ബാഗ് തീറ്റയ്ക്ക് ഏകദേശം 1,500 രൂപയോളം വില വരുമ്പോൾ, അതിന്റെ 33 ശതമാനം വരെ സബ്സിഡി തദ്ദേശ സ്ഥാപനങ്ങൾ നൽകുന്നു.

കിടാരി പാർക്കുകൾ സ്ഥാപിക്കൽ , കേരള ചിക്കൻ പദ്ധതി നടപ്പിലാക്കൽ, തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കൽ, സൈലേജ് യൂണിറ്റുകൾ സ്ഥാപിക്കൽ, വനിതാ സംരംഭകരുടെ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളും സ്വയംസഹായ സംഘങ്ങളും രൂപീകരിക്കൽ, ആധുനികവും ശാസ്ത്രീയവുമായ മൃഗപരിപാലന രീതികളിൽ പരിശീലനം നൽകൽ തുടങ്ങി മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുകളുടെ മിക്ക പ്രവർത്തനങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സജീവമായി സഹകരിച്ചാണ് സംഘടിപ്പിക്കുന്നത്. പല കാര്യങ്ങളിലും, ഉൽപ്പാദന മേഖലയിലെ മറ്റ് വകുപ്പുകൾക്ക് മാതൃകയാക്കാവുന്ന ഒന്നാണ് ഈ സഹകരണം.

**ചുമതലകളും വെല്ലുവിളികളും**

മൃഗസംരക്ഷണ മേഖല ഹ്രസ്വകാല, ഇടക്കാല, ദീർഘകാല വെല്ലുവിളികൾ നേരിടുന്നുണ്ട്.

**പ്രജനന കാര്യക്ഷമതയില്ലായ്മ**

കേരളത്തിൽ കൃത്രിമ ബീജസങ്കലന സംവിധാനങ്ങളും സാങ്കേതിക വിദഗ്ധരുടെ ലഭ്യതയും വളരെ മികച്ചതാണെങ്കിലും, ഗർഭധാരണ നിരക്ക് ഇപ്പോഴും കുറവാണ്. സംസ്ഥാനത്തെ ഉഷ്ണമേഖലാ കാലാവസ്ഥ കണക്കിലെടുക്കുമ്പോൾ, ഗർഭധാരണ നിരക്ക് വർദ്ധിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. അതോടൊപ്പം തന്നെ, ജനിക്കുന്ന പശുക്കുട്ടികളുടെ വളർച്ചയും ഉൽപ്പാദനക്ഷമതയും കൃത്യമായി നിരീക്ഷിക്കപ്പെടുന്നില്ല. ആദ്യത്തെ കറവക്കാലത്തിന് ശേഷം പശുക്കളുടെ പാലുൽപ്പാദനം കുറയുന്നതും, അതുമൂലം കിടാരികളെ ഒഴിവാക്കേണ്ടി വരുന്നതും കർഷകരെ വലിയ തോതിൽ ബാധിക്കുന്നു.

**തീറ്റയുടെയും തീറ്റപുല്ലിന്റെയും കുറവ്**

സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കൃഷി ചെയ്യുന്ന തീറ്റപ്പുൽ ഇനങ്ങൾ ഹൈബ്രിഡ് നേപ്പിയറും ഗിനിയ പുല്ലുമാണ്. എങ്കിലും, കേരളത്തിലെ തീറ്റയുടെയും തീറ്റപുല്ലിന്റെയും ആവശ്യകതയും ലഭ്യതയും തമ്മിൽ വലിയ അന്തരമുണ്ട്. കന്നുകാലികൾക്ക് ആവശ്യമായ ഭക്ഷണ നാരുകളിൽ 60 ശതമാനം മാത്രമാണ് കേരളം ഉൽപ്പാദിപ്പിക്കുന്നത്. കർഷകരുടെ പറമ്പുകളിലും തരിശുഭൂമികളിലും തീറ്റപ്പുൽ കൃഷി വ്യാപിപ്പിച്ച് ഈ കുറവ് പരിഹരിക്കാൻ സംസ്ഥാന സർക്കാർ നിരവധി ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. കേരള ഫീഡ്സ് ലിമിറ്റഡ് തങ്ങളുടെ പ്രതിദിന തീറ്റ ഉൽപ്പാദന ശേഷി 1,750 മെട്രിക് ടണ്ണായി വർദ്ധിപ്പിക്കുകയും ചോളം കൃഷിക്കായി വലിയൊരു പദ്ധതിക്ക് തുടക്കം കുറിക്കുകയും ചെയ്തു. എന്നാൽ ഈ നടപടികൾ പൂർണ്ണമായും വിജയിച്ചില്ല. തൽഫലമായി, കേരളത്തിലെ ക്ഷീരമേഖല ഇന്നും അയൽസംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന വാണിജ്യ തീറ്റയെയാണ് പ്രധാനമായും ആശ്രയിക്കുന്നത്.

2024-25 കാലയളവിൽ സംസ്ഥാനത്ത് ആകെ 7,462 തീറ്റപ്പുൽ കൃഷി ഇടങ്ങളാണ് ഉണ്ടായിരുന്നത്. ഇതിൽ 5,578 പ്ലോട്ടുകൾ (അതായത് 74.8 ശതമാനം) ഒരേക്കർ മുതൽ 2.5 ഏക്കർ വരെ വിസ്തീർണ്ണമുള്ളവയായിരുന്നു. 2.5 ഏക്കർ മുതൽ 5 ഏക്കർ വരെ വലിപ്പമുള്ള 1,681 പ്ലോട്ടുകളും (22.5 ശതമാനം) ഉണ്ടായിരുന്നു. എന്നാൽ അഞ്ച് ഏക്കറിൽ കൂടുതൽ വിസ്തീർണ്ണമുള്ളത് വെറും 203 പ്ലോട്ടുകൾ (2.7 ശതമാനം) മാത്രമാണ്. കൂടാതെ, മുൻവർഷങ്ങളെ അപേക്ഷിച്ച് 2023-24, 2024-25 വർഷങ്ങളിൽ തീറ്റപ്പുൽ കൃഷി ചെയ്യുന്ന പ്ലോട്ടുകളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ട്.

**രോഗഭാരം**

കന്നുകാലികളിൽ തൈലേറിയോസിസ്, ബേബിസിയോസിസ് തുടങ്ങിയ ഹീമോപ്രോട്ടോസോവൻ (രക്തത്തിലെ പരാദങ്ങൾ മൂലമുണ്ടാകുന്ന) രോഗങ്ങൾ കണ്ടുവരുന്നത് ഒരു പ്രധാന പ്രശ്നമാണ്. മാറിക്കൊണ്ടിരിക്കുന്ന കാലാവസ്ഥാ സാഹചര്യങ്ങളിൽ, ഈ രോഗകാരികൾ പെരുകുകയും ഗുരുതരമായ രോഗാവസ്ഥയിലേക്ക് നയിക്കുകയും ചെയ്യുന്നു. ഫലപ്രദമായ ചികിത്സയ്ക്കും കർഷകർക്കുണ്ടാകുന്ന നഷ്ടം കുറയ്ക്കുന്നതിനും ആദ്യഘട്ടത്തിൽ തന്നെ വേഗത്തിലും കൃത്യമായും രോഗനിർണ്ണയം നടത്തേണ്ടത് ആവശ്യമാണ്. എന്നാൽ, പി.സി.ആർ പരിശോധനകൾ ഉൾപ്പെടെയുള്ള അത്യാധുനിക രോഗനിർണ്ണയ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് ഈ മേഖലയിൽ വലിയൊരു പ്രതിസന്ധിയാണ് സൃഷ്ടിക്കുന്നത്. അകിടുവീക്കം പോലുള്ള നിലവിലുള്ള രോഗങ്ങൾക്ക് പുറമെ, ചർമ്മ മുഴ പോലുള്ള പുതിയ പകർച്ചവ്യാധികളും പടരുന്നത് കന്നുകാലി സംരക്ഷണ മേഖലയിൽ വലിയ സാമ്പത്തിക നഷ്ടത്തിന് കാരണമായിട്ടുണ്ട്.

**മനുഷ്യ – മൃഗ സംഘർഷം**

കേരളത്തിലെ മിക്ക ക്ഷീരകർഷകരും വനമേഖലയോട് ചേർന്നാണ് താമസിക്കുന്നത്. കൃഷിനാശം, വളർത്തുമൃഗങ്ങളുടെ നഷ്ടം, മനുഷ്യജീവനും അടിസ്ഥാന സൗകര്യങ്ങൾക്കും ഏൽക്കുന്ന ആഘാതം എന്നിവ കാരണം വലിയൊരു വിഭാഗം കുടുംബങ്ങൾ ഈ പ്രദേശങ്ങളിൽ നിന്ന് മാറിതാമസിക്കുകയാണ്. പലപ്പോഴും, വന്യമൃഗങ്ങളുടെ ശല്യം കാരണം പ്രഭാത ഇരുട്ടിൽ കന്നുകാലികൾക്ക് പുല്ല് ശേഖരിക്കാനോ അടുത്തുള്ള പാൽ സൊസൈറ്റികളിൽ പാൽ എത്തിക്കാനോ കർഷകർക്ക് സാധിക്കുന്നില്ല.

**പദ്ധതി നിർവഹണത്തിലെ അപൂർണ്ണത**

മൃഗസംരക്ഷണ മേഖലയിലെ വിവിധ ഏജൻസികൾ നടപ്പിലാക്കുന്ന വൈവിധ്യമാർന്ന പദ്ധതികൾ, പരിപാടികൾ എന്നിവ വഴി നൽകുന്ന സേവനങ്ങൾ ഏകോപിപ്പിക്കുന്നതിൽ ഇനിയും ഏറെ പുരോഗതി കൈവരിക്കാൻ സാധിക്കും.

**പ്രോത്സാഹന സംവിധാനങ്ങളുടെ പരിമിതികൾ**

നിലവിൽ വലിയൊരു വിഭാഗം സബ്സിഡി പദ്ധതികളും നിശ്ചിത നിരക്കിലാണ് നൽകിവരുന്നത്; എന്നാൽ ഇവ ഉൽപ്പാദനക്ഷമതയുമായോ ഗുണമേന്മയുമായോ ബന്ധിപ്പിച്ചിട്ടില്ല. ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്ന സാങ്കേതിക വിദ്യകൾ, മികച്ച പരിപാലന രീതികൾ, മൃഗസംരക്ഷണ മേഖലയിലെ നൂതനമായ കണ്ടുപിടുത്തങ്ങൾ എന്നിവ നടപ്പിലാക്കുന്നതിന് അനുസരിച്ച് പ്രോത്സാഹനങ്ങൾ നൽകേണ്ടതുണ്ട്.

**സാങ്കേതികവിദ്യയുടെ അപര്യാപ്തതയും സേവന വിതരണവും**

മൃഗസംരക്ഷണ മേഖലയിൽ വിവര-വിനിമയ സാങ്കേതിക വിദ്യയുടെ ഉപയോഗം വർദ്ധിച്ചിട്ടുണ്ടെങ്കിലും, മൊബൈൽ ഡാറ്റാ ആപ്ലിക്കേഷനുകൾ, വിദഗ്ധോപദേശങ്ങൾ, തത്സമയ വിവരശേഖരണ സംവിധാനങ്ങൾ എന്നിവയുടെ ഉപയോഗം ഇനിയും ഏറെ വർദ്ധിപ്പിക്കാൻ കഴിയും.

**പാലുല്പാദന ലഭ്യതയിലെ വെല്ലുവിളി**

മറ്റ് സംസ്ഥാനങ്ങളിൽ ഭൂരിഭാഗം കന്നുകാലികളും നാടൻ ഇനങ്ങളോ പ്രത്യേക ഇനത്തിൽപ്പെടാത്തവയോ ആണെങ്കിൽ, കേരളത്തിലെ കന്നുകാലികളിൽ ഏകദേശം 95 ശതമാനവും സങ്കരയിനത്തിൽപ്പെട്ടവയാണ്. ഈ പ്രത്യേകത കാരണം, സങ്കരയിനം പശുക്കളുടെ പാൽ ഉൽപ്പാദനക്ഷമതയിൽ ഇന്ത്യയിൽ രണ്ടാം സ്ഥാനം കേരളത്തിനാണ്. 2024-25 കാലഘട്ടത്തിൽ ഈ വിഭാഗത്തിൽ കേരളത്തിന്റെ ശരാശരി പ്രതിദിന പാൽ ഉൽപ്പാദനം 11.2 ലിറ്റർ ആയിരുന്നു. 13.25 ലിറ്ററുമായി പഞ്ചാബും 12.22 ലിറ്ററുമായി ചണ്ഡീഗഢും മാത്രമാണ് കേരളത്തിന് മുന്നിലുള്ളത്.

ക്ഷീരമേഖലയിലെ കുറഞ്ഞ പാലുല്പാദനം നിരന്തരമായുള്ള പ്രശ്നമാണെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. കേരളത്തിലെ ശരാശരി പാലുല്പാദനം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പ്രോജനി ടെസ്റ്റിംഗ് സ്കീമുകളിലെ ആദ്യഘട്ട ലഭ്യതയേക്കാൾ കുറവാണ്. കേരളത്തിൽ, വളർച്ചാഘട്ടത്തിൽ കന്നുകുട്ടികളുടെ ഉല്പാദനസാദ്ധ്യതകൾ പരമാവധി

**പട്ടിക 13.6** *തെരഞ്ഞെടുത്ത സംസ്ഥാനങ്ങളിലെ 2024 - 25ലെ ഒരു പശുവിന്റെ പാൽ ലഭ്യത, പ്രതിദിനം ലിറ്ററിൽ*

| സംസ്ഥാനം | വിവിധയിനം പശുക്കളുടെ പാൽ ലഭ്യത | | |
|---|---|---|---|
| | സങ്കരയിനം | നാടൻ | പ്രത്യേക ഇനത്തിൽപ്പെടാത്തവ |
| പഞ്ചാബ് | 13.25 | 9.44 | 8.8 |
| കേരളം | 11.2 | 2.38 | 3.93 |
| ഹരിയാന | 10.74 | 7.6 | 6.65 |
| ഗുജറാത്ത് | 10.06 | 5.3 | 4.47 |
| മഹാരാഷ്ട്ര | 10.2 | 4.02 | 2.23 |
| കർണാടകം | 10.7 | 3.5 | 3.82 |
| ഇന്ത്യ | 8.95 | 4.3 | 3.48 |

*അവലംബം :*ഫിഷറീസ്, മൃഗസംരക്ഷണ, ക്ഷീരവികസന മന്ത്രാലയം, **ഭാരത സർക്കാർ**

പ്രയോജനപ്പെടുത്തുന്ന തരത്തിലുള്ള ശാസ്ത്രീയ പരിപാലനം നടക്കുന്നില്ല എന്നാണ് ഇത് സൂചിപ്പിക്കുന്നത്. കറവപ്പശുക്കളുടെ തീറ്റക്രമത്തിലും പരിപാലനത്തിലും വലിയ പോരായ്മകൾ നിലനിൽക്കുന്നുണ്ട്. ഇത് ഉയർന്ന തോതിലുള്ള ഉല്പാദനം കുറയുന്നതിനും, കറവകാലത്തെ ഉല്പാദനക്ഷമതയിലെ സ്ഥിരതയില്ലായ്മയും, ആകെ ലഭിക്കുന്ന പാലുല്പാദനത്തിലും കുറവുണ്ടാക്കാൻ കാരണമാകുന്നു.

കേരളത്തിലെ സങ്കരയിനം പശുക്കളുടെ ശരാശരി പാൽ ഉൽപ്പാദനം പ്രതിദിനം 12 ലിറ്ററിന് മുകളിലേക്ക് ഉയർത്താൻ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. കേരള സംസ്ഥാന ആസൂത്രണ ബോർഡിന്റെ നേതൃത്വത്തിൽ മൃഗസംരക്ഷണ വകുപ്പും, കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുമായി സഹകരിച്ച് ഇതിനായുള്ള കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തു വരികയാണ്. ശാസ്ത്രീയമായ ഇത്തരം ചർച്ചകളിൽ നിന്നും ഉരുത്തിരിഞ്ഞു വരുന്ന പൊതു അഭിപ്രായം, പ്രജനനത്തിനും തീറ്റക്രമത്തിലും ഊന്നൽ നൽകികൊണ്ട് പുതിയൊരു തന്ത്രം സംസ്ഥാനം നടപ്പിലാക്കണം എന്നതാണ് സൂചിപ്പിക്കുന്നത്.

**പ്രജനനം**

പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ കേരളത്തിലെ കന്നുകാലികളുടെ ജനിതക ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പശുക്കിടാക്കളുടെ വളർച്ച വേഗത്തിലാക്കുന്നതിനും ആയുഷ്കാലത്തെ കൂടിയ പാൽ ഉൽപ്പാദനവും ലക്ഷ്യമിട്ട് സ്പെഷ്യൽ ലൈവ്സ്റ്റോക്ക് ബ്രീഡിംഗ് പ്രോഗ്രാമിന് കീഴിലുള്ള കിടാരി തീറ്റ സബ്സിഡി പദ്ധതി പരിഷ്കരിച്ചു. കുടപ്പനക്കുന്നിൽ കേരള ലൈവ്സ്റ്റോക്ക് വികസന ബോർഡും ഐ.ഐ.എസ്.ഇ.ആർ. ഉം സംയുക്തമായി സ്ഥാപിച്ച ജിനോമിക് റിസർച്ച് ലബോറട്ടറിയിൽ രോഗപ്രതിരോധ ശേഷിയും ഉയർന്ന ഉൽപ്പാദനക്ഷമതയുമുള്ള ജീനുകളെ കണ്ടെത്താൻ സി ആർ ഐ എസ് പി ആർ-കാസ് 9 ജീൻ എഡിറ്റിംഗ് സാങ്കേതികവിദ്യ ഉപയോഗിക്കുന്നു. ഉയർന്ന ജനിതക ഗുണമേന്മയുള്ള കിടാരികളെ കുറഞ്ഞ സമയത്തിനുള്ളിൽ ഉൽപ്പാദിപ്പിക്കുന്നതിനായി കെ.എൽ.ഡി.ബി മാട്ടുപ്പെട്ടി ഫാമിൽ 'എംബ്രിയോ ട്രാൻസ്ഫർ പ്രോജക്റ്റ്' ആരംഭിച്ചു. ആടുകൾക്കുള്ള കൃത്രിമ ബീജസങ്കലന സേവനങ്ങൾ 1,153 കേന്ദ്രങ്ങളിലേക്ക് വ്യാപിപ്പിച്ചു. കൂടാതെ, കെ. എൽ. ഡി. ബി. ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരളയുമായി സഹകരിച്ച് കെ.എൽ.ഡി.ബി 'അഡാപ്റ്റ്' എന്ന സോഫ്റ്റ്‌വെയർ വികസിപ്പിച്ചു. (പ്രോജനി ടെസ്റ്റിംഗ് പ്രോഗ്രാമിലെ ഡാറ്റാ വിശകലനത്തിനും വേണ്ടിയുള്ള ആപ്ലിക്കേഷൻ). ഡിജിറ്റൽ വിവര ശേഖരണത്തിനും ജനിതക മൂല്യനിർണ്ണയത്തിനുമായി ഒരു മൊബൈൽ ആപ്പ് വഴിയാണ് ഇത് പ്രവർത്തിക്കുന്നത്.

വരും വർഷങ്ങളിൽ ഇത്തരം ഇടപെടലുകളുടെ എണ്ണവും ഗുണനിലവാരവും ഇനിയും വർദ്ധിപ്പിക്കേണ്ടതുണ്ട്. മെച്ചപ്പെട്ട കൃത്രിമ ബീജസങ്കലന സേവനങ്ങളിലൂടെ ഗർഭധാരണ നിരക്ക് വർദ്ധിപ്പിക്കുക, ഗുണനിലവാരം തെളിയിക്കപ്പെട്ട കാളകളുടെ ബീജം ഉൽപ്പാദനത്തിനായി ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുക, എലൈറ്റ് ഫാമുകളിൽ ഭ്രൂണമാറ്റവും ഐ.വി.എഫ് സാങ്കേതികവിദ്യയും വ്യാപിപ്പിക്കുക, പ്രാദേശിക ജനുസ്സുകളെ അതത് ബ്രീഡ് കോപ്പറേറ്റീവ് സൊസൈറ്റികൾ വഴി സംരക്ഷിക്കുക എന്നിവയിലായിരിക്കണം പ്രധാന ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത്.

കറവപ്പശുക്കളുടെ ജനിതക ഗുണമേന്മ വർദ്ധിപ്പിക്കുന്നത് വേഗത്തിലാക്കാൻ, ജിനോമിക് സെലക്ഷൻ ഒരു പതിവ് രീതിയായി അവലംബിക്കേണ്ടതുണ്ട്. ഈ ആവശ്യം മുൻനിർത്തി, ശാസ്ത്രീയമായ പ്രജനന തീരുമാനങ്ങൾക്കായി ഡിഎൻഎ അധിഷ്ഠിത സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കെ.എൽ.ഡി.ബി 'സെന്റർ ഫോർ അപ്ലൈഡ് ലൈവ്സ്റ്റോക്ക് ജിനോമിക്സ്' സ്ഥാപിച്ചു. ഈ സംരംഭത്തിന്റെ പ്രധാന ലക്ഷ്യങ്ങളിൽ കാളകിടാരികളെ നേരത്തെ തന്നെ ജിനോമിക് പരിശോധനയിലൂടെ തിരഞ്ഞെടുക്കുക, അനഭിലഷണീയമായ ലക്ഷണങ്ങൾ ഉണ്ടോ എന്ന് പരിശോധിക്കുക, എസ്റ്റിമേറ്റഡ് ബ്രീഡിംഗ് വാല്യൂസ് (ഇ. ബി. വി.) പ്രസിദ്ധപ്പെടുത്തുക, കൃത്രിമ ബീജസങ്കലനത്തിനുള്ള കാളകളെ ചെലവ് കുറഞ്ഞ രീതിയിൽ വളർത്തുക.,തലമുറകൾ തമ്മിലുള്ള കാലയളവ് കുറയ്ക്കുക, തിരഞ്ഞെടുപ്പിലെ കൃത്യത വർദ്ധിപ്പിക്കുക,കാര്യക്ഷമമായ സെലക്ഷൻ രീതികൾ നടപ്പിലാക്കുക, അന്തഃപ്രജനനം നിയന്ത്രിക്കുക., ഉയർന്ന ഗുണമേന്മയുള്ള പെൺവർഗ്ഗങ്ങളെ ഡി.എൻ.എ. പരിശോധനയിലൂടെ തിരഞ്ഞെടുക്കുക എന്നിവ ഉൾപ്പെടുന്നു. ഇത്തരം നൂതന ജിനോമിക് സംവിധാനങ്ങളിലൂടെയും തന്ത്രങ്ങളിലൂടെയും കേരളത്തിന്റെ പ്രജനന പദ്ധതിയിൽ വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവരാൻ കെ.എൽ.ഡി.ബിക്ക് സാധിക്കണം. ഇത് കൂടുതൽ ഉൽപ്പാദനക്ഷമതയുള്ളതും ജനിതകമായി മികച്ചതും സുസ്ഥിരവുമായ ഒരു ക്ഷീരമേഖലയ്ക്ക് വഴിയൊരുക്കും.

**തീറ്റയും തീറ്റപുല്ലും**

കേരളത്തിൽ തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കുന്നതിന് വൻ തോതിൽ ജനപങ്കാളിത്തത്തോടെയുള്ള ഒരു പ്രചാരണം അനിവാര്യമാണ്. അനുയോജ്യമായ സ്ഥലങ്ങളും നിലവിൽ കൃഷിയില്ലാതെ കിടക്കുന്ന ഭൂമിയും കണ്ടെത്തി അവ പുല്ല്, മറ്റ് തീറ്റവിളകൾ എന്നിവയുടെ തീവ്രകൃഷിക്കായി മാറ്റിയെടുക്കണം. ഹൈബ്രിഡ് നേപ്പിയർ , ഗിനി ഗ്രാസ് എന്നിവയുടെ കൃഷി വ്യാപിപ്പിക്കുകയും ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തി ശാസ്ത്രീയ കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുകയും വേണം.മഴക്കാലത്ത് അധികമായി ലഭിക്കുന്ന തീറ്റപ്പുൽ സൂക്ഷിച്ചുവെക്കുന്നതിനായി സൈലേജ് യൂണിറ്റുകൾ ജനകീയമാക്കേണ്ടതുണ്ട്. യന്ത്രവൽകൃത യൂണിറ്റുകൾ ഉപയോഗിച്ച് മഴക്കാലത്തെ തീറ്റസംസ്കരണവും സംഭരണവും പ്രോത്സാഹിപ്പിക്കണം. കൃഷി, അനുബന്ധ മേഖലകളിലെ യന്ത്രവൽക്കരണത്തിനായി ലഭ്യമായ സബ്സിഡികൾ ഇതിനായി കൂടുതൽ ഫലപ്രദമായി വിനിയോഗിക്കാവുന്നതാണ്.

കേരളത്തിലെ സാഹചര്യങ്ങളിൽ ഹൈബ്രിഡ് നേപ്പിയർ കൃഷി അതീവ ലാഭകരമാണെന്ന് കെ.എൽ.ഡി.ബി നടത്തിയ പഠനങ്ങൾ വ്യക്തമാക്കുന്നു. ത്രിവർഷ ചക്രത്തിൽ, ഒരു ഹെക്ടറിൽ നിന്ന് ഒന്നാം വർഷം മൂന്ന് വിളവെടുപ്പുകളിലായി 100 മെട്രിക് ടൺ പച്ചപ്പുല്ല് ലഭിക്കും. രണ്ടാം വർഷവും മൂന്നാം വർഷവും അഞ്ച് വിളവെടുപ്പു

കളിലായി 250 മെട്രിക് ടൺ വീതം വിളവ് പ്രതീക്ഷിക്കാം. ഇതനുസരിച്ച്, ഒന്നാം വർഷം ഒരു ചതുരശ്ര മീറ്ററിൽ നിന്ന് ഒരു കൊയ്ത്തിന് 3 കിലോയും, രണ്ടാം വർഷം മുതൽ 5 മുതൽ 8 കിലോ വരെയും പുല്ല് ലഭിക്കും. ജലസേചന സൗകര്യമുണ്ടെങ്കിൽ രണ്ടും മൂന്നും വർഷങ്ങളിൽ ഏഴ് വിളവെടുപ്പുകൾ വരെ സാധ്യമാണ്. ഇത് ആകെ ഉൽപ്പാദനം 350 മെട്രിക് ടണ്ണായി ഉയർത്തും. ഒരു തവണ നട്ടാൽ അഞ്ച് വർഷം വരെ വിളവെടുക്കാമെങ്കിലും, നാലും അഞ്ചും വർഷങ്ങളിൽ വിളവ് കുറയാൻ സാധ്യതയുണ്ട്.പച്ചപ്പുല്ലിന് കിലോയ്ക്ക് 2 രൂപയും, നടീൽ വസ്തുക്കൾക്ക് ഒന്നിന് 1 രൂപയും വില കണക്കാക്കിയാൽ, ഹൈബ്രിഡ് നേപ്പിയർ കൃഷിയിലൂടെ മൂന്ന് വർഷം കൊണ്ട് ഹെക്ടറിന് 7.9 ലക്ഷം രൂപ അറ്റാദായം ലഭിക്കുമെന്ന് കെ.എൽ.ഡി.ബി കണക്കാക്കുന്നു. ഇത് മറ്റ് ഭൂരിഭാഗം വിളകളേക്കാളും വളരെ കൂടുതലാണ്.

കേരളം ചോളം കൃഷിയെ സജീവമായി പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. നിലവിലുള്ള ഇനങ്ങൾക്കൊപ്പം സുബാബുൾ, ശീമക്കൊന്ന, വേലിക്കാല്, മൾബറി തുടങ്ങിയ ബഹുവർഷ വിളകളുടെ കൃഷിയും പ്രോത്സാഹിപ്പിക്കാം. വില്ലേജ് തലത്തിൽ തീറ്റപ്പുൽ ബാങ്കുകളും സൈലേജ് യൂണിറ്റുകളും സ്ഥാപിക്കാവുന്നതാണ്. തെങ്ങ്, വാഴ കൃഷികൾക്കൊപ്പവും റബ്ബർ തോട്ടങ്ങളുടെ പ്രാരംഭഘട്ടത്തിലും തീറ്റപ്പുൽ കൃഷി കൂടി ഉൾപ്പെടുത്തിയുള്ള നയരൂപീകരണം ഉണ്ടാകണം. ഇടനിലക്കാരെ ഒഴിവാക്കി കർഷകർക്ക് നേരിട്ട് ആനുകൂല്യം ലഭിക്കുന്നതിനായി വൈക്കോൽ, ഉണക്കപ്പുല്ല് എന്നിവ ക്ഷീരസംഘങ്ങൾ വഴി വിതരണം ചെയ്യണം. തീറ്റപ്പുൽ സംരംഭങ്ങളെയും സഹകരണ യൂണിറ്റുകളെയും പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ നടപ്പിലാക്കണം. കർഷകർ, ഉൽപ്പാദകർ, സ്വയം സഹായ സംഘങ്ങൾ, സഹകരണ സംഘങ്ങൾ എന്നിവയെ ബന്ധിപ്പിച്ചുകൊണ്ട് ഐസിടി അധിഷ്ഠിത വിതരണ ശൃംഖലകൾ സ്ഥാപിക്കേണ്ടതുണ്ട്.

പ്രജനനം, തീറ്റക്രമം എന്നീ മേഖലകളിൽ ഗവേഷണവും വിപുലീകരണ സേവനങ്ങളും തമ്മിലുള്ള സംയോജനം അത്യാവശ്യമാണ്. പ്രജനനം, തീറ്റക്രമം, കാലാവസ്ഥാ പ്രതിരോധം എന്നിവയെക്കുറിച്ചുള്ള ഗവേഷണങ്ങൾ വർദ്ധിപ്പിക്കുന്നതിനായി കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയിൽ ഒരു 'സെന്റർ ഓഫ് എക്സലൻസ്' (Centre of Excellence) ആരംഭിക്കാവുന്നതാണ്. വിപുലീകരണ സേവനങ്ങളുടെ ഭാഗമായി, മാതൃകാ കർഷകരെ കേന്ദ്രീകരിച്ചുകൊണ്ട് 'ഫാർമർ ഫീൽഡ് സ്കൂളുകളും' 'യൂത്ത് ലൈവ്സ്റ്റോക്ക് അക്കാദമികളും' തുടങ്ങാവുന്നതാണ്. കൂടാതെ, കന്നുകാലികൾക്ക് സമീകൃതാഹാരം നൽകുന്നതിനായി 'ടോട്ടൽ മിക്സ്ഡ് റേഷൻ' (ടിഎം ആർ) രീതി പ്രചരിപ്പിക്കുന്നതിന് പ്രത്യേക വിപുലീകരണ പരിപാടികളും ആവിഷ്ക്കരിക്കേണ്ടതാണ്.

### മുട്ട ഉല്പാദനത്തിലെ വർദ്ധനവ്

1970-കൾ വരെ ഇന്ത്യയുടെ മറ്റ് ഭാഗങ്ങളിലേക്ക് മുട്ട കയറ്റുമതി ചെയ്തിരുന്ന ഒരു സംസ്ഥാനമായിരുന്നു കേരളം. അക്കാലത്ത് ചെങ്ങന്നൂർ, കൊട്ടാരക്കര റെയിൽവേ സ്റ്റേഷനുകൾ മുട്ട കയറ്റുമതിയുടെ പ്രധാന കേന്ദ്രങ്ങളായി അറിയപ്പെട്ടിരുന്നു. അന്ന് ആവശ്യമുണ്ടായിരുന്നതിനെക്കാൾ കൂടുതൽ മുട്ട ഉൽപ്പാദിപ്പിക്കപ്പെട്ടിരുന്നെങ്കിൽ, ഇന്ന് സ്ഥിതി നേരെ വിപരീതമാണ്. 2024-25 കാലഘട്ടത്തിൽ കേരളം 251 കോടി മുട്ടകളാണ് ഉൽപ്പാദിപ്പിച്ചത്. എന്നാൽ കേരളത്തിലെ വാർഷിക ഉപഭോഗം ഏകദേശം 580 കോടി മുട്ടകളാണെന്ന് കണക്കാക്കപ്പെടുന്നു. ഇന്ന്, പ്രതിവർഷം ഏകദേശം 1,500 കോടി രൂപ വിലമതിക്കുന്ന 300 കോടിയോളം കോഴിമുട്ടകളും 40 കോടിയോളം താറാവ് മുട്ടകളും കേരളം ഇറക്കുമതി ചെയ്യുന്നു എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

കേരളത്തിന്റെ സവിശേഷമായ ഭൂപ്രകൃതി കണക്കിലെടുക്കുമ്പോൾ, വാണിജ്യാടിസ്ഥാനത്തിലുള്ള മുട്ട ഉൽപ്പാദനത്തേക്കാൾ വീട്ടുമുറ്റത്തെ കോഴി വളർത്തലാണ് കൂടുതൽ അനുയോജ്യം. പൗൾട്രി സഹകരണ സംഘങ്ങളുടെയും ഉൽപ്പാദക കമ്പനികളുടെയും സാധ്യതകളും സജീവമായി പരിശോധിക്കേണ്ടതുണ്ട്. എന്നാൽ വീട്ടുമുറ്റത്തെ കൃഷിക്ക് പോലും ആവശ്യമായ, കുറഞ്ഞ ചെലവിൽ വളർത്താവുന്ന ഇനം കോഴിക്കുഞ്ഞുങ്ങളെ കേരളത്തിൽ ലഭിക്കുന്നില്ല. തൽഫലമായി, ഇത്തരം കോഴിക്കുഞ്ഞുങ്ങൾക്കായി കർഷകർക്ക് കേരളത്തിന് പുറത്തുള്ള സ്വകാര്യ സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടി വരുന്നു. പ്രതിവർഷം 350 കോടി മുട്ടകൾ അധികമായി ഉൽപ്പാദിപ്പിക്കണമെങ്കിൽ, വർഷത്തിൽ 180 മുട്ടകൾ നൽകുന്ന 166 ലക്ഷം മുട്ടക്കോഴികൾ കൂടി അധികമായി ആവശ്യമാണ്. അതായത്, നിലവിലുള്ള ഉൽപ്പാദനത്തിന് പുറമെ പ്രതിവർഷം 332 ലക്ഷം കോഴിക്കുഞ്ഞുങ്ങളെ കൂടി സംസ്ഥാനം ഉൽപ്പാദിപ്പിക്കേണ്ടതുണ്ട്.

ഈ ലക്ഷ്യം കൈവരിക്കുന്നതിനായി, കൂടുതൽ മാതൃ പക്ഷികളെ വളർത്തി സർക്കാർ ഹാച്ചറികൾ വഴി പരമാവധി കോഴിക്കുഞ്ഞുങ്ങളെ കേരളം തന്നെ ഉൽപ്പാദിപ്പിക്കണം. കേരള ചിക്കൻ പ്രോജക്ടിന് കീഴിൽ വിവിധ പങ്കാളികളെ ഉൾപ്പെടുത്തി ചെറിയ തോതിലുള്ള ബ്രീഡിംഗ് ഫാമുകൾ ആരംഭിക്കാവുന്നതാണ്; ഇതിലൂടെ വിരിയിക്കാനുള്ള മുട്ടകൾ അവരിൽ നിന്ന് തിരികെ വാങ്ങാൻ സാധിക്കും. കൂടുതൽ ഹാച്ചറികൾ, ബ്രീഡർ ഫാമുകൾ, മദർ ഫാമുകൾ എന്നിവ സ്ഥാപിച്ച് കോഴിക്കുഞ്ഞുങ്ങളുടെ ഉൽപ്പാദനം വികേന്ദ്രീകരിക്കേണ്ടതുണ്ട്.കുറഞ്ഞ ചെലവിൽ കൂടുതൽ മുട്ട നൽകുന്ന ഇനം പക്ഷികളെ വീട്ടുമുറ്റത്തെ കൃഷിക്കായി വിതരണം ചെയ്യണം. സാധ്യമായ ഇടങ്ങളിലെല്ലാം വീട്ടുമുറ്റത്തെ യൂണിറ്റുകളിൽ താറാവ് വളർത്തൽ കൂടി ഉൾപ്പെടുത്തണം. പ്രോത്സാഹനങ്ങളും തീറ്റ സബ്സിഡികളും നൽകി വാണിജ്യ മുട്ട ഉൽപ്പാദന യൂണിറ്റുകളെയും പ്രോത്സാഹിപ്പിക്കാവുന്നതാണ്. ഗവേഷണ സ്ഥാപനങ്ങൾ വഴി കേരളത്തിലെ കാലാവസ്ഥയ്ക്ക് അനുയോജ്യമായതും ഉയർന്ന ഉൽപ്പാദനക്ഷമതയുള്ളതുമായ കൂടുതൽ മികച്ച ഇനങ്ങളെ വികസിപ്പിച്ചെടുക്കേണ്ടതുണ്ട്.

മുട്ട ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് പ്രധാന വെല്ലുവിളിയായി നിൽക്കുന്നത് കോഴിത്തീറ്റയുടെ ലഭ്യതയാണ്. മുട്ട ഉൽപ്പാദനത്തിനുള്ള ആകെ ചെലവിന്റെ ഏകദേശം 75 ശതമാനവും തീറ്റയ്ക്കുള്ള ചെലവാണ്. നിലവിൽ, കേരളത്തിലെ വാണിജ്യ കോഴിത്തീറ്റയുടെ (ബ്രോയിലർ, ലെയർ) മൊത്തം വിൽപ്പന പ്രതിമാസം ഏകദേശം 13,000 മെട്രിക് ടൺ

ആണ്. തീറ്റയുടെ ഏതാണ്ട് പൂർണ്ണമായും കേരളത്തിന് പുറത്തുനിന്നാണ് എത്തുന്നത്. സംസ്ഥാനത്ത് പ്രതിദിനം 10 ലക്ഷം ബ്രോയിലർ കോഴികളെ ഉൽപ്പാദിപ്പിക്കണമെങ്കിൽ, ബ്രോയിലർ തീറ്റ മാത്രം പ്രതിമാസം 18,750 മെട്രിക് ടണ്ണും പ്രതിവർഷം 2.25 ലക്ഷം മെട്രിക് ടണ്ണും ആവശ്യമായി വരും. അതായത്, സ്വയംപര്യാപ്തത കൈവരിക്കാൻ കേരളം പ്രതിമാസം 15,000 മുതൽ 16,000 മെട്രിക് ടൺ വരെ അധിക കോഴിത്തീറ്റ ഉൽപ്പാദിപ്പിക്കേണ്ടതുണ്ട്. എന്നാൽ ഇന്ന് സംസ്ഥാനത്തെ പൊതുമേഖലയിലോ സ്വകാര്യ മേഖലയിലോ ഉള്ള ഒരു സ്ഥാപനവും ഈ രംഗത്ത് ശ്രദ്ധേയമായ സാന്നിധ്യമായി നിലനിൽക്കുന്നില്ല. വരും വർഷങ്ങളിൽ ആവശ്യത്തിന് തീറ്റ ലഭ്യമാക്കണമെങ്കിൽ, കോഴിത്തീറ്റ ഉൽപ്പാദന മേഖലയിലേക്ക് വലിയ തോതിലുള്ള സ്വകാര്യ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

പൗൾട്രി മേഖലയിൽ വിപണനം, ഗുണമേന്മയും സുരക്ഷയും, മാലിന്യസംസ്കരണം എന്നീ വശങ്ങൾ കൂടി ഉൾപ്പെടുന്നുണ്ട്. ഈ മേഖല വളരുമ്പോൾ കൂടുതൽ സംഭരണ കേന്ദ്രങ്ങൾ, ശീതീകരണ സംവിധാനങ്ങൾ, ചില്ലറ വിൽപ്പന ശാലകൾ എന്നിവ ആവശ്യമായി വരും. ഷെഡ്ഡുകളുടെ പരിപാലനം, കോഴിക്കുഞ്ഞുങ്ങളുടെയും തീറ്റയുടെയും വെള്ളത്തിന്റെയും ഗുണനിലവാരം എന്നിവയിൽ കർശനമായ നിയന്ത്രണങ്ങൾ ആവശ്യമായി വന്നേക്കാം. കോഴിയിറച്ചിയിലെ ആന്റിബയോട്ടിക് അവശിഷ്ടങ്ങൾ പരിശോധിക്കുന്നതിനായി ലബോറട്ടറി സൗകര്യങ്ങളും അനിവാര്യമാണ്. നിലവിൽ സംസ്ഥാനത്ത് ഡ്രൈ റെൻഡറിംഗ് പ്ലാന്റുകൾ വളരെ കുറവാണ്; പൗൾട്രി മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനായി ഇത്തരം പ്ലാന്റുകൾ കൂടുതൽ വ്യാപിപ്പിക്കേണ്ടതുണ്ട്.

### മാംസോൽപാദനത്തിലെ വർദ്ധനവ്

കേരളത്തിലെ ഉയർന്ന സാക്ഷരതയുള്ള ജനസംഖ്യ, അനുകൂലമായ രാഷ്ട്രീയ സാഹചര്യം, സമീകൃതാഹാരത്തെക്കുറിച്ചുള്ള അവബോധം എന്നിവ കണക്കിലെടുക്കുമ്പോൾ മാംസോൽപാദന സംസ്കരണ മേഖലയുടെ വികസനത്തിന് ഏറ്റവും അനുയോജ്യമായ സംസ്ഥാനമാണ് കേരളം. കേരള ചിക്കൻ പോലുള്ള പദ്ധതികളുടെ വിജയത്തിലൂടെ മാംസോൽപാദനത്തിൽ നേരിയ വർദ്ധനവുണ്ടായിട്ടുണ്ടെങ്കിലും, ഉൽപ്പാദന നിരക്ക് ഇനിയും വേഗത്തിൽ വർദ്ധിക്കേണ്ടതുണ്ട്. കേരളത്തിലെ വാർഷിക മാംസത്തിന്റെ ആവശ്യകത 7 ലക്ഷം ടണ്ണാണെന്ന് കണക്കാക്കപ്പെടുന്നു, എന്നാൽ യഥാർത്ഥ ഉൽപ്പാദനം 5.2 ലക്ഷം ടൺ മാത്രമാണ്. കേരളത്തിൽ ഉപഭോഗം ചെയ്യുന്ന ഇറച്ചിയുടെ 10 ശതമാനം മാത്രമാണ് ഇവിടുത്തെ കന്നുകാലികളിൽ നിന്ന് ലഭിക്കുന്നത്; ബാക്കി 90 ശതമാനവും മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് എത്തിക്കുന്ന മൃഗങ്ങളെ ആശ്രയിച്ചാണ്. അതിനാൽ, കേരളത്തിൽ കന്നുകാലികളുടെ എണ്ണം വർദ്ധിപ്പിക്കുക മാത്രമല്ല, അറവുശാലകളും സംസ്കരണ സംവിധാനങ്ങളും വിപുലീകരിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ് .

മാംസസംസ്കരണത്തിലും വിപണനത്തിലും കേരളം നേരിടുന്ന പ്രധാന വെല്ലുവിളി ശാസ്ത്രീയമായ അടിസ്ഥാന സൗകര്യങ്ങളുടെ കുറവാണ്. അനധികൃത അറവുശാലകളുടെ എണ്ണം വർദ്ധിക്കുന്നതും മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ അപര്യാപ്തതയും വലിയൊരു പ്രശ്നമാണ്. കൂടാതെ, പുതിയ ഉൽപ്പന്നങ്ങളുടെ വികസനം മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ എന്നിവയ്ക്ക് ആവശ്യമായ പിന്തുണയും പരിശീലനം ലഭിച്ച വിദഗ്ധ തൊഴിലാളികളുടെ കുറവും ഈ മേഖലയെ പിന്നോട്ട് വലിക്കുന്നു.

കന്നുകാലി ഉൽപ്പാദനം, വിപണനം, മൂല്യവർദ്ധനവ് എന്നിവയെല്ലാം ഉൾക്കൊള്ളുന്ന സമഗ്രമായ ഒരു കർമ്മ പദ്ധതി കേരള സംസ്ഥാന ആസൂത്രണ ബോർഡ് (2022)-തയ്യാറാക്കിയിട്ടുണ്ട്. കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാന ലക്ഷ്യങ്ങളിൽ സംസ്ഥാനത്തുടനീളം, പ്രത്യേകിച്ച് ജില്ലാതലത്തിലും അതിർത്തി മേഖലകളിലും കോർപ്പറേഷനുകളിലും, ശാസ്ത്രീയമായി പരിപാലിക്കുന്നതും വൃത്തിയുള്ളതുമായ കുറഞ്ഞത് ഒരു അറവുശാല വീതം സ്ഥാപിക്കുക, എല്ലാ നഗരങ്ങളിലും പട്ടണങ്ങളിലും പഞ്ചായത്തുകളിലും ആധുനിക രീതിയിലുള്ള മാംസ വിപണന കേന്ദ്രങ്ങൾ ഉറപ്പാക്കുക, മാംസം കൈകാര്യം ചെയ്യുന്നവരും കശാപ്പുകാരും അംഗീകൃത ഏജൻസികളിൽ നിന്ന് നിർബന്ധിത പരിശീലനം നേടുക , തിരഞ്ഞെടുത്ത മുനിസിപ്പൽ കോർപ്പറേഷനുകളിലും ജില്ലകളിലും പ്രത്യേക പന്നി അറവുശാലകൾ സ്ഥാപിക്കുക എന്നിവ ഉൾപ്പെടുന്നു.

ഓരോ ജില്ലയിലും മുനിസിപ്പൽ കോർപ്പറേഷനുകളിലും ചത്ത മൃഗങ്ങളെ സംസ്കരിക്കാനും ഇറച്ചി-കോഴി വിപണന ശാലകളിൽ നിന്നുള്ള അവശിഷ്ടങ്ങൾ നീക്കം ചെയ്യാനും പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. സംസ്ഥാനത്തെ എല്ലാ സംയോജിത അറവുശാലകളിലും വെറ്ററിനറി ഓഫീസർമാരുടെ സേവനം ഉറപ്പാക്കണം; ഇവർ സാക്ഷ്യപ്പെടുത്തിയ ഡോക്ടർമാരായിരിക്കണം. സംസ്ഥാനത്തെ മാംസമേഖലയുടെ പുരോഗതിക്കായി എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കാൻ ഒരു മീറ്റ് ബോർഡ് (Meat Board) രൂപീകരിക്കണം. ഈ ബോർഡിന്റെ ചുമതലകളിൽ ബന്ധപ്പെട്ട പങ്കാളികളുടെ രജിസ്ട്രേഷൻ, ഫണ്ടുകളുടെ വിനിയോഗം, കർഷകർക്കുള്ള മുൻപിൻ സഹായങ്ങൾ (backward and forward linkages), ഉൽപ്പാദന ഉപാധികളുടെയും വിതരണത്തിന്റെയും നിയന്ത്രണം, സംസ്കരണവും വിപണനവും, നിയന്ത്രണാധിഷ്ഠിതമായ മാലിന്യ സംസ്കരണം എന്നിവ ഉൾപ്പെടുത്തണം.

സെപ്തംബർ 2024-ൽ പുറത്തിറങ്ങിയ ഏറ്റവും പുതിയ റിപ്പോർട്ടുകൾ പ്രകാരം, കുടുംബശ്രീയുടെ 'കേരള ചിക്കൻ' (Kerala Chicken) പദ്ധതി ഈ വെല്ലുവിളികളെ അതിജീവിക്കാൻ വലിയ മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുകയാണ്:

കോഴിത്തീറ്റയുടെ അമിതവിലയും വർഷം മുഴുവനും അതിന്റെ ഗുണനിലവാരത്തിൽ ഉണ്ടാകുന്ന മാറ്റവുമാണ് പൗൾട്രി മേഖല നേരിടുന്ന പ്രധാന വെല്ലുവിളികളായി കുടുംബശ്രീ മിഷൻ കണ്ടെത്തിയിട്ടുള്ളത്. ഇതിനുപുറമെ, വിലയിലുണ്ടാകുന്ന കാലികമായ മാറ്റങ്ങളും വിപണിയിലെ അസ്ഥിരതയും വരുമാനത്തിൽ അനിശ്ചിതത്വം സൃഷ്ടിക്കുന്നു. വൻകിട വാണിജ്യ പൗൾട്രി ഫാമുകളിൽ നിന്നുള്ള മത്സരത്തെ നേരിടുക എന്നതും പ്രയാസകരമാണ്. വിവിധ നിയമപരമായ നിബന്ധനകളും അംഗീകാരങ്ങളും കർഷകർക്ക് അധിക സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നു.

ഈ പ്രതിസന്ധികൾ മറികടക്കാൻ, സംസ്കരിച്ചതും

മൂല്യവർദ്ധിതവുമായ ഉൽപ്പന്നങ്ങളിലേക്ക് കുടുംബശ്രീ മിഷൻ സജീവമായി കടക്കേണ്ടതുണ്ട്. ശീതീകരിച്ചതും മാരിനേറ്റ് ചെയ്തതുമായ ഉൽപ്പന്നങ്ങൾ ഇതിന്റെ ഭാഗമാക്കണം. സംസ്ഥാനത്തെ എല്ലാ ജില്ലകളിലേക്കും പ്രവർത്തനം വ്യാപിപ്പിക്കുകയും ഓരോ ബ്ലോക്കിലും ചെറുകിട വികേന്ദ്രീകൃത മൂല്യവർദ്ധന യൂണിറ്റുകളുടെ ഒരു ശൃംഖല സ്ഥാപിക്കുകയും വേണം. കൂടാതെ, 'മീറ്റ് ഓൺ വീൽസ്' പോലുള്ള നൂതന സംവിധാനങ്ങൾ ഉൾപ്പെടെയുള്ള റീട്ടെയിൽ ഔട്ട്‌ലെറ്റുകൾ ആരംഭിച്ച് വിപണനം വൈവിധ്യവൽക്കരിക്കണം.

**കന്നുകാലി മേഖലയിലെ സംരംഭകത്വ സൗഹൃദ അന്തരീക്ഷം**

കന്നുകാലി മേഖലയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാന ആസൂത്രണ ബോർഡ് ഈ മേഖലയിൽ ഒരു പ്രത്യേക കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ലൈവ്‌സ്റ്റോക്ക് എന്റർപ്രണർഷിപ്പ് ഇൻഡക്സ് (എൽഇഐ) രൂപീകരിക്കാനും, കേരള വെറ്ററിനറി സർവ്വകലാശാലയുടെ ഡയറക്ടറേറ്റ് ഓഫ് എന്റർപ്രണർഷിപ്പിനെ സ്റ്റേറ്റ് ലൈവ്‌സ്റ്റോക്ക് എന്റർപ്രണർഷിപ്പ് ഫെസിലിറ്റേഷൻ സെന്റർ (എസ് എൽ ഇ എഫ് സി) ആയി മാറ്റാനും നിർദ്ദേശമുണ്ട്. ഈ സെന്റർ വഴി താൽപ്പര്യമുള്ള സംരംഭകർക്ക് രജിസ്റ്റർ ചെയ്യാനും അവർക്ക് ആവശ്യമായ ഗവേഷണ പിന്തുണ, പരിശീലനം, സാങ്കേതിക കൈമാറ്റം എന്നിവ നൽകാനും സാധിക്കണം. അപേക്ഷകരിൽ എത്രപേർ വിജയകരമായി സംരംഭങ്ങളും നിക്ഷേപകരുമായി മാറുന്നു എന്ന് എൽഇഐ വഴി മനസിലാക്കാൻ സാധിക്കും. കൂടാതെ, പുതിയ സംരംഭകർക്കായി ഏകജാലക ലൈസൻസിംഗും സർട്ടിഫിക്കേഷൻ സംവിധാനവും, സംരംഭകരുടെ സംസ്ഥാനതല ഡേറ്റാ ബാങ്കും ഏർപ്പെടുത്തേണ്ടതുണ്ട്.

കേരള ബാങ്ക്, ദേശസാൽകൃത ബാങ്കുകൾ, സഹകരണ സംഘങ്ങൾ എന്നീ സ്ഥാപനങ്ങളുടെ പ്രാതിനിധ്യത്തോടെ എല്ലാ ജില്ലകളിലും വായ്പാ സൗകര്യ കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതുണ്ട്. ഓരോ ജില്ലയുടെയും വാർഷിക വായ്പാ പദ്ധതികളിൽ കന്നുകാലിമേഖലയുടെ ആവശ്യങ്ങൾ കൃത്യമായി ഉൾക്കൊള്ളുന്നുണ്ടെന്ന് ഈ കേന്ദ്രങ്ങൾ ഉറപ്പാക്കണം. അർഹരായ എല്ലാ കർഷകരിലേക്കും കിസാൻ ക്രെഡിറ്റ് കാർഡ് സേവനം എത്തിക്കണം. 2025-26 സാമ്പത്തിക വർഷത്തെ പരിഷ്കരിച്ച പദ്ധതികൾ പ്രകാരം മൃഗസംരക്ഷണ വായ്പകൾക്ക് പലിശ ഇളവ്, വായ്പാ ഗ്യാരണ്ടി, ദീർഘിപ്പിച്ച തിരിച്ചടവ് കാലാവധി എന്നിവ വായ്പാ സ്ഥാപനങ്ങൾ നൽകേണ്ടതുണ്ട്. കൂടാതെ, ജില്ലാതല കേന്ദ്രങ്ങൾ വഴി പദ്ധതി നിർവ്വഹണത്തിനുള്ള പിന്തുണയും കർഷകർക്ക് ലഭ്യമാക്കണം.

സംസ്ഥാനത്ത് പ്രത്യേക മൃഗസംരക്ഷണ-ക്ഷീര മേഖലകൾ പുനരുജ്ജീവിപ്പിക്കുകയും അവ ഫലപ്രദമായി നടപ്പിലാക്കുകയും ചെയ്യേണ്ടതുണ്ട്. ജൈവസുരക്ഷ, സുസ്ഥിരത എന്നീ മാനദണ്ഡങ്ങൾ പാലിക്കുന്ന മൃഗസംരക്ഷണ ഫാമുകൾക്കും വ്യാവസായിക ബ്രീഡിംഗ് സ്ഥാപനങ്ങൾക്കും നികുതി-ഫീസ് ഇളവുകൾ, കന്നുകാലികളുടെ എണ്ണത്തിൽ ഉൾപ്പടെയുള്ള നിയന്ത്രണ ഇളവ്, മുൻഗണനാടിസ്ഥാനത്തിലുള്ള ഭൂനയങ്ങൾ എന്നിവ ലഭ്യമാക്കണം. ഉയർന്ന ഗുണമേന്മയുള്ളതും കൂടുതൽ കാലം കേടുകൂടാതെയിരിക്കുന്നതുമായ ഉൽപ്പന്നങ്ങൾക്കായി ഉപഭോക്താക്കളുടെ ആവശ്യം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ, ഉൽപ്പാദനക്ഷമതയും തോതും വർദ്ധിപ്പിക്കുന്നതിന് ഇത്തരം പരിഷ്കാരങ്ങൾ സഹായിക്കും.

കുടുംബശ്രീ മാതൃകയിൽ കർഷക ഉൽപാദക ഗ്രൂപ്പുകൾ ശക്തിപ്പെടുത്തുന്നത് പ്രാഥമിക സമാഹരണം, മൂല്യവർദ്ധന, കൂടാതെ സംയോജിത കന്നുകാലി-മത്സ്യ-കോഴി മാതൃകകൾ എന്നിവയിൽ വലിയ മാറ്റം ഉണ്ടാക്കാൻ കഴിയും. കൂടാതെ, വിവിധ സ്ഥാപനങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് ശേഷി വികസന പരിപാടികൾ വിപുലീകരിക്കേണ്ടതുണ്ട്. എൻജിനീയറിംഗ്, ഫുഡ് ടെക്നോളജി കോഴ്സുകളെ കന്നുകാലി സംരംഭകത്വവുമായും വിപണന തന്ത്രങ്ങളുമായും ബന്ധിപ്പിക്കണം.യന്ത്രവൽക്കരണം, ഫൈറ്റോസാനിറ്ററി നടപടികൾ സാങ്കേതിക കൈമാറ്റം, കയറ്റുമതി തന്ത്രങ്ങൾ എന്നിവയിൽ കൃത്യമായ മാനദണ്ഡങ്ങൾ വികസിപ്പിക്കാനുള്ള കേരള വെറ്ററിനറി സർവ്വകലാശാലയുടെ (KVASU) ശേഷി വർദ്ധിപ്പിക്കേണ്ടതും അനിവാര്യമാണ്.

**നയങ്ങൾ**

പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ കന്നുകാലി മേഖലയിലെ നിക്ഷേപ സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി സുപ്രധാനമായ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ ഈ മേഖലയിലെ സംരംഭകത്വം പ്രധാനമായും ക്ഷീരകൃഷി, പൗൾട്രി, പാൽ, മുട്ട, മാംസം എന്നിവയുടെ വിപണനത്തിലും മാത്രമായി ഒതുങ്ങിനിൽക്കുന്നു. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, സംസ്കരിച്ച ഭക്ഷണപാനീയങ്ങൾ എന്നിവയിൽ നിക്ഷേപം വളരെ കുറവാണ്. രണ്ടാമതായി, ഈ മേഖലയിൽ ഒരു പുതിയ സംരംഭം തുടങ്ങുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുക എന്നത് അത്ര എളുപ്പമല്ല. അനുയോജ്യമായ വായ്പാ പദ്ധതികളുടെ കുറവിന് പുറമെ, സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കുന്ന വിവിധ സബ്സിഡി-സഹായ പദ്ധതികളെക്കുറിച്ച് പുതിയ അപേക്ഷകർക്കിടയിൽ അവബോധം കുറവാണ്.മൂന്നാമതായി, ഈ മേഖലയിലെ നൂതനത്വം, സ്റ്റാർട്ടപ്പുകൾ, ടെക്നോളജി ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ എന്നിവയ്ക്ക് പരിമിതമായ പ്രോത്സാഹനം മാത്രമേ ലഭിക്കുന്നുള്ളൂ. അവസാനമായി, പുതിയ സംരംഭകർക്ക് ആവശ്യമായ പരിശീലനം, നൈപുണ്യ വികസനം, പ്രോജക്ട് തയ്യാറാക്കാനുള്ള സഹായം, ഉൽപ്പന്ന വിപണന പിന്തുണ എന്നിവ നൽകുന്നതിൽ പോരായ്മകൾ നിലനിൽക്കുന്നുണ്ട്.

കന്നുകാലികൾക്കും കോഴികൾക്കും മനുഷ്യർക്കും ഒരുപോലെ പകരാൻ സാധ്യതയുള്ള രോഗങ്ങളെ , മുൻകൂട്ടി കണ്ടെത്താനും കൃത്യസമയത്ത് പ്രതിരോധിക്കാനുമുള്ള ശക്തമായ സംവിധാനം കേരളത്തിന് അനിവാര്യമാണ്. പക്ഷപ്പനി, ഫൂട്ട് & മൗത്ത് ഡിസീസ് , ക്ഷയരോഗം, ആഫ്രിക്കൻ പന്നിപ്പനി , പേവിഷബാധ തുടങ്ങിയ പകർച്ചാവ്യാധികൾ മുൻകൂട്ടി പ്രവചിക്കുന്നതിനായി പതിവായി സാമ്പിളുകൾ ശേഖരിച്ച് നിരീക്ഷണം നടത്തണം. മാരകമായ പകർച്ചാ വ്യാധികൾക്കെതിരെയുള്ള പ്രതിരോധ കുത്തിവയ്പ്പുകൾ എത്രത്തോളം ഫലപ്രദമാണെന്ന് വിലയിരുത്താൻ വാക്സിനേഷന് ശേഷമുള്ള നിരീക്ഷണവും ആവ

ശ്യമാണ്. ഉൾനാടൻ പ്രദേശങ്ങളിൽ കൂടുതൽ മൊബൈൽ ഡയഗ്നോസ്റ്റിക് ലാബുകളും സംയോജിത രോഗനിരീക്ഷണ യൂണിറ്റുകളും സ്ഥാപിക്കണം. പഞ്ചായത്ത് തലത്തിൽ രോഗവാഹക നിയന്ത്രണ പരിപാടികൾ പ്രോത്സാഹിപ്പിക്കുകയും വാക്സിൻ ഡിപ്പോകളുടെയും ശീതീകരണ സംവിധാനങ്ങളുടെയും വിതരണ ശൃംഖല കൂടുതൽ കാര്യക്ഷമമാക്കുകയും വേണം.

ജനറിക് മൃഗചികിത്സാ മരുന്നുകളുടെയും ഗോത്ര-നാട്ടു ചികിത്സാ ഔഷധക്കൂട്ടുകളുടെയും ഉൽപ്പാദനവും ഉപയോഗവും പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. ഇവ ഉൽപ്പാദിപ്പിക്കുന്ന സ്ഥാപനങ്ങൾ, മരുന്നുകൾ നിർദ്ദേശിക്കുന്ന മൃഗചികിത്സാ കേന്ദ്രങ്ങൾ, അവ കർഷകരിലേക്ക് എത്തിക്കുന്ന സഹകരണ സംഘങ്ങൾ എന്നിവയെ തമ്മിൽ ബന്ധിപ്പിക്കുന്ന കാര്യക്ഷമമായ ഒരു വിതരണ ശൃംഖല സ്ഥാപിക്കേണ്ടതും അത്യാവശ്യമാണ്.

മനുഷ്യ മൃഗ സംഘർഷങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ, ഇതിനെ പ്രതിരോധിക്കാനുള്ള വേലികൾ, കന്നുകാലി തൊഴുത്തുകൾ എന്നിവയുടെ നിർമ്മാണത്തിന് സർക്കാർ സബ്സിഡി നൽകണം. വനത്തോട് ചേർന്നുള്ള പ്രദേശങ്ങളിലെ കന്നുകാലി സംരക്ഷണ പദ്ധതികളിൽ വനംവകുപ്പ് ഉദ്യോഗസ്ഥരുടെ സേവനം കൂടി സംയോജിപ്പിക്കേണ്ടതുണ്ട്.

മൃഗസംരക്ഷണ മേഖലയുടെ എല്ലാ തലങ്ങളിലും ആധുനിക സാങ്കേതികവിദ്യയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കണം. കർഷകരുടെ തത്സമയ രജിസ്ട്രേഷൻ, രോഗ വിവരങ്ങൾ അറിയിക്കൽ, കൃത്രിമ ബീജസങ്കലനത്തിനുള്ള സമയം നിശ്ചയിക്കൽ, തീറ്റക്രമത്തെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ എന്നിവയ്ക്കായി വിവിധ ഭാഷകളിലുള്ള മൊബൈൽ ആപ്ലിക്കേഷനുകൾ വികസിപ്പിക്കണം. നിലവിലുള്ള 'ഇ-സമൃദ്ധ' പദ്ധതിയെ മൃഗസംരക്ഷണ-ക്ഷീര മേഖലയിലെ അത്യാധുനിക ഡിജിറ്റൽ സാങ്കേതികവിദ്യ പ്ലാറ്റ്ഫോമായി വികസിപ്പിക്കാവുന്നതാണ്. ഇതിനോടകം പദ്ധതിയിട്ടതുപോലെ, സംസ്ഥാനത്തെ എല്ലാ 152 ബ്ലോക്കുകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന മൊബൈൽ വെറ്ററിനറി ക്ലിനിക്കുകൾ സ്ഥാപിക്കണം.

മൃഗസംരക്ഷണ മേഖലയിലെ സബ്സിഡികൾ പ്രവർത്തന മികവുമായി ബന്ധിപ്പിക്കേണ്ടതുണ്ട്. ഉയർന്ന ഉൽപ്പാദനക്ഷമത, മെച്ചപ്പെട്ട മൃഗാരോഗ്യം, വിവരങ്ങൾ പങ്കുവെക്കാനുള്ള സന്നദ്ധത എന്നിവയ്ക്ക് പ്രതിഫലം നൽകുന്ന രീതിയിലായിരിക്കണം ഇത്. തനത് നാടൻ ഇനങ്ങളുടെ സംരക്ഷണം, തീറ്റപ്പുൽ കൃഷിയിലെ സമൂഹാധിഷ്ഠിത പങ്കാളിത്തം, മൊബൈൽ നിരീക്ഷണ സംവിധാനങ്ങളുടെ ഉപയോഗം എന്നിവയ്ക്കും പ്രത്യേക പ്രോത്സാഹനങ്ങൾ നൽകണം.

വിവിധ പദ്ധതികളുടെ സംയോജനം മെച്ചപ്പെടുത്തുന്നതിനായി, മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട എല്ലാ ഏജൻസികളുടെയും പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് **കേരള ലൈവ്സ്റ്റോക്ക് ഇന്നൊവേഷൻ മിഷൻ** (കെഎൽഐഎം)ആരംഭിക്കുന്നതിനു നയം വിഭാവനം ചെയ്യുന്നു. ജില്ലാ-ബ്ലോക്ക് തലങ്ങളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലൈവ്സ്റ്റോക്ക് പ്ലാനിംഗ് സെല്ലുകൾ രൂപീകരിക്കാവുന്നതാണ്. മനുഷ്യരുടെയും മൃഗങ്ങളുടെയും പരിസ്ഥിതിയുടെയും ആരോഗ്യം സംയോജിപ്പിച്ചുകൊണ്ടുള്ള **'വൺ ഹെൽത്ത് പ്ലാനിംഗ്'** നടപ്പിലാക്കുന്നതിലൂടെ ഈ ഏകോപനം കൂടുതൽ ശക്തമാക്കാൻ സാധിക്കും.

### മുന്നോട്ടുള്ള വഴി

പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ കേരളത്തിന്റെ മൃഗസംരക്ഷണ മേഖലയിൽ ഗണ്യമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. പ്രധാന ഉപമേഖലകളിൽ ദീർഘകാലമായി നിലനിന്നിരുന്ന ഉൽപ്പാദനത്തകർച്ച തടയാനും വളർച്ചാനിരക്ക് വീണ്ടെടുക്കാനും ഈ കാലയളവിൽ സാധിച്ചു. പ്രജനനം, തീറ്റക്രമം തുടങ്ങിയ രീതികളിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതിന്റെ ആവശ്യകതയെ മുൻനിർത്തി മൃഗസംരക്ഷണ മേഖലയിലെ പ്രധാന വെല്ലുവിളികളെയും അവസരങ്ങളെയും കുറിച്ചാണ് ഈ അധ്യായം ചർച്ച ചെയ്തത്. സ്ഥലപരിമിതി മൂലം ചില പ്രധാന വിഷയങ്ങളെയും മൃഗങ്ങളെയും കുറിച്ച് മാത്രമാണ് ഇവിടെ ചർച്ച ചെയ്യാൻ സാധിച്ചത്. എങ്കിലും, ഭാവി വികസനത്തിന് ആവശ്യമായ പുതിയ നയങ്ങൾ, പദ്ധതികൾ, വെല്ലുവിളികൾ, പ്രായോഗികമായ കർമ്മപദ്ധതികൾ എന്നിവ ഇതിൽ എടുത്തുപറഞ്ഞിട്ടുണ്ട്. കേരളത്തിനകത്തും പുറത്തുമുള്ള വിജയകരമായ മാതൃകകൾ സൂചിപ്പിക്കുന്നത് ഏകോപിതവും വികേന്ദ്രീകൃതവും കാലാവസ്ഥാ വ്യതിയാനങ്ങളെ അതിജീവിക്കാൻ ശേഷിയുള്ളതുമായ ഒരു സമീപനത്തിന് ഉൽപ്പാദനക്ഷമതയും കർഷകരുടെ വരുമാനവും വർദ്ധിപ്പിക്കാൻ കഴിയുമെന്നാണ്.

ശാസ്ത്രീയമായ തെളിവുകളുടെ അടിസ്ഥാനത്തിലുള്ള നയരൂപീകരണത്തിലൂടെയും സംയോജിത പദ്ധതി നിർവ്വഹണത്തിലൂടെയും മുന്നോട്ട് പോയാൽ കേരളത്തിലെ മൃഗസംരക്ഷണ മേഖലയ്ക്ക് സുസ്ഥിരവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ സമഗ്രവളർച്ചയ്ക്ക് സാധ്യതയുണ്ട്. ഭാവിയിലെ ഈ പരിവർത്തനത്തിന് പ്രജനനം, തീറ്റക്രമം എന്നിവയിലെ തന്ത്രപരമായ നിക്ഷേപങ്ങൾക്കൊപ്പം സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ സേവനങ്ങളും ശാസ്ത്രീയമായ വിഭവ ആസൂത്രണവും സബ്സിഡി സംവിധാനങ്ങളിലെ പരിഷ്കരണവും അത്യന്താപേക്ഷിതമാണ്.

### കേരളത്തിലെ സമുദ്ര ഉൾനാടൻ മേഖലകളിലെ മത്സ്യ ഉത്പാദനം

കേരളത്തിലെ മത്സ്യമേഖലയുടെ വികസനം കഴിഞ്ഞ ദശകത്തിലെ ഒരു വിജയ കഥയാണ്. സമീപകാലത്ത് കടൽ-ഉൾനാടൻ മത്സ്യോൽപ്പാദനത്തിൽ വലിയ വർധനവുണ്ടായി. വികസ്വര രാജ്യങ്ങൾ ഏർപ്പെടുത്തിയ വ്യാപാര നിയന്ത്രണങ്ങൾ, പ്രതികൂല കാലാവസ്ഥാ വ്യതിയാനങ്ങൾ, തീരദേശ സമ്പദ്‌വ്യവസ്ഥയിൽ പൊതുനിക്ഷേപം കുറഞ്ഞുവരുന്ന ദേശീയ സാഹചര്യം എന്നിവയ്ക്കിടയിലും ഈ നേട്ടം കൈവരിക്കാനായി എന്നത് ശ്രദ്ധേയമാണ്. സുസ്ഥിര മത്സ്യബന്ധന നയങ്ങൾ, വികസിത ഹാർബർ അടിസ്ഥാന സൗകര്യങ്ങൾ, മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കുള്ള ശക്തമായ സാമൂഹിക സുരക്ഷാ പദ്ധതികൾ, കാര്യക്ഷമമായ നിയന്ത്രണ സംവിധാനങ്ങൾ എന്നിവയാണ് സമുദ്രോൽപ്പന്ന മേഖലയിലെ വിജയത്തിന് ആധാരമായത്. പ്രകൃതിക്ഷോഭങ്ങളിൽ നിന്ന് തീരദേശവാസികളെ സംരക്ഷിക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കിയ മാതൃകാപരമായ പദ്ധതികൾ ദേശീയതലത്തിൽ തന്നെ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. ഉൾനാടൻ മത്സ്യബന്ധന മേഖല

**പട്ടിക** 13. 7 *2015 - 16 ലെയും 2024 - 25 ലെയും കേരളത്തിലെ മത്സ്യബന്ധന മേഖലയുടെ വിവരങ്ങൾ*

| മനുഷ്യ വിഭവങ്ങൾ | 2015 - 16 | 2024 - 25 |
|---|---|---|
| മത്സ്യബന്ധന ഗ്രാമങ്ങൾ | 335 | 335 |
| മത്സ്യത്തൊഴിലാളികളുടെ ജനസംഖ്യ | 10,23,796 | 10,70,686 |
| സമുദ്ര മത്സ്യത്തൊഴിലാളി ജനസംഖ്യ | 7,88,324 | 8,24,466 |
| ഉൾനാടൻ മത്സ്യത്തൊഴിലാളി ജനസംഖ്യ | 2,35,472 | 2,46,220 |
| സജീവ മത്സ്യത്തൊഴിലാളി ജനസംഖ്യ* | 2,33,126 | 3,03,524 |
| അടിസ്ഥാന സൗകര്യങ്ങൾ | 2015 - 16 | 2024 - 25 |
| ലാൻഡിംഗ് സെന്ററുകൾ | 271 | 688 |
| വൻകിട മത്സ്യബന്ധന തുറമുഖങ്ങൾ | 7 | 7 |
| ചെറുകിട മത്സ്യബന്ധന തുറമുഖങ്ങൾ | 12 | 14 |
| വൻകിടതുറമുഖങ്ങൾ | 1 | 2 |
| ഇടത്തരം തുറമുഖങ്ങൾ | 1 | 3 |
| ചെറുകിട തുറമുഖങ്ങൾ | 6 | 13 |
| യന്ത്രവൽകൃത കപ്പലുകൾ | 3,819 | 3,789 |
| മോട്ടറൈസ്ഡ് കപ്പലുകൾ | 29,035 | 31,685 |
| പരമ്പരാഗത കപ്പലുകൾ | 2,281 | 3,628 |
| സംസ്കരണ / പിന്തുണാ സൗകര്യങ്ങൾ | 2015 - 16 | 2024 - 25 |
| ഐസ് പ്ലാന്റുകൾ | 312 | 334 |
| കോൾഡ് സ്റ്റോറേജുകൾ | 31 | 52 |
| പീലിങ് ഷെഡുകൾ | 1 | 1 |
| ഇക്കണോമിക്സ് | 2015 - 16 | 2024 - 25 |
| മത്സ്യ ഉൽപാദനം, ലക്ഷം മെട്രിക് ടണ്ണിൽ | 7.3 | 9.3 |
| കടൽ മത്സ്യ ഉൽപാദനം, ലക്ഷം മെട്രിക് ടണ്ണിൽ | 5.2 | 6.5 |
| ഉൾനാടൻ മത്സ്യ ഉൽപാദനം, ലക്ഷം മെട്രിക് ടണ്ണിൽ | 2.1 | 2.8 |
| കടൽ മത്സ്യ കയറ്റുമതി അളവ്, മെട്രിക് ടണ്ണിൽ | 1,49,138 | 1,79,659 |
| മത്സ്യ കയറ്റുമതി മൂല്യം, രൂപ കോടിയിൽ | 5,166.1 | 6,941.3 |
| മത്സ്യബന്ധനവും ജലകൃഷിയും, ജി.വി.എ. കോടിയിൽ | 8,343.6 | റ്റി.ബി.എ. |
| മത്സ്യത്തൊഴിലാളികളുടെ പ്രതിശീർഷ ജി.വി. എ..രൂപയിൽ | 81,496 | റ്റി.ബി.എ. |

*അവലംബം:* മത്സ്യബന്ധന വകുപ്പ്, കേരള സർക്കാർ
*കുറിപ്പ്:* * - സജീവ മത്സ്യത്തൊഴിലാളികളിൽ സജീവ മത്സ്യത്തൊഴിലാളികളും അനുബന്ധ മത്സ്യബന്ധന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരും ഉൾപ്പെടുന്നു.

യിലെ വളർച്ച ചെറുകിട തലങ്ങളിൽ അനുയോജ്യമായ സാങ്കേതിക വിദ്യകൾ പ്രോത്സാഹിപ്പിച്ച നയങ്ങളിലൂടെ സാധ്യമായി. അന്താരാഷ്ട്ര വ്യാപാരരംഗത്തെ പ്രതിസന്ധികൾക്കിടയിലും മത്സ്യ കയറ്റുമതി സംസ്കരണ രംഗത്ത് വലിയ മുന്നേറ്റമുണ്ടാക്കാൻ കേരളത്തിന് സാധിച്ചു. ഉൾനാടൻ മത്സ്യോൽപ്പാദന മേഖലയിലെ നേട്ടങ്ങൾ വ്യാപിപ്പിക്കുക, പ്രത്യേകിച്ച് ഉൾനാടൻ അക്വാകൾച്ചർ, ജലാശയ മത്സ്യബന്ധനം എന്നിവയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുക എന്നിവയാകണം ഇനിയുള്ള ലക്ഷ്യങ്ങൾ. മത്സ്യ സംസ്കരണ രംഗത്ത് സ്വകാര്യ നിക്ഷേപം വർധിപ്പിക്കേണ്ടതും, തൊഴിലാളികളുടെ സഹകരണ-കൂട്ടായ സംരംഭങ്ങളിലൂടെ ആഴക്കടൽ മത്സ്യബന്ധനത്തിലേക്ക് ചുവടുവെക്കേണ്ടതും ഈ മേഖലയുടെ ഭാവി വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണ്.

**പട്ടിക 13.8** *2023 - 24ല്‍ കേരളത്തിലെ മത്സ്യ മേഖലയുടെ അനുമാനിത ആവശ്യ - വിതരണ നില*

| | |
|---|---|
| (a) ആകെ കടല്‍ മത്സ്യ ഉല്‍പാദനം | 5.8 ലക്ഷം ടണ്ണില്‍ |
| (b) ആകെ ഉള്‍നാടന്‍ മത്സ്യ ഉല്‍പാദനം | 2.5 ലക്ഷം ടണ്ണില്‍ |
| **ആകെ മത്സ്യ ഉല്‍പാദനം** | **8.3 ലക്ഷം ടണ്ണില്‍** |
| (a) ആകെ ഉല്‍പാദനത്തിലെ നഷ്ടം @ 20 ശതമാനം | 1.7 ലക്ഷം ടണ്ണില്‍ |
| (b) സമുദ്രോല്‍പ്പാദനത്തിന്റെ കയറ്റുമതി 31 @ ശതമാനം | 0.8 ലക്ഷം ടണ്ണില്‍ |
| (c) സമുദ്രോല്‍പ്പാദനത്തിന്റെ വ്യാവസായിക ഉപയോഗം @ 7 ശതമാനം | 0.4 ലക്ഷം ടണ്ണില്‍ |
| **തദ്ദേശ ഉപഭോഗത്തിന് ലഭ്യമല്ലാത്ത ഉല്‍പാദനം** | **2.8 ലക്ഷം ടണ്ണില്‍** |
| തദ്ദേശ ഉപഭോഗത്തിന് ലഭ്യമായ അറ്റ ഉത്പാദനം | 5.5 ലക്ഷം ടണ്ണില്‍ |
| പ്രതിശീര്‍ഷ മത്സ്യ ഉപഭോഗം | ഒരു വ്യക്തിക്ക് 25 കിലോഗ്രാം |
| മൊത്തം തദ്ദേശ ഉപഭോഗം @ ഒരാള്‍ക്ക് 25 കിലോഗ്രാം | 8.8 ലക്ഷം ടണ്ണില്‍ |
| സ്വയംപര്യാപ്തതയ്ക്കായി ആവശ്യമായ ഉല്‍പാദനം | 11.6 ലക്ഷം ടണ്ണില്‍ |
| ഉല്‍പാദനത്തിലെ കമ്മി | 3.3 ലക്ഷം ടണ്ണില്‍ |

*അവലംബം:* സംസ്ഥാന ആസൂത്രണ ബോര്‍ഡിലെ വിവിധ സ്രോതസ്സുകളില്‍ നിന്ന് കണക്കാക്കിയത്.

ദേശീയതലത്തില്‍ മത്സ്യബന്ധന മേഖലയെ "സണ്‍റൈസ് സെക്ടര്‍" എന്ന് വിശേഷിപ്പിക്കുന്നു, കൂടാതെ ലോകത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ മത്സ്യ ഉല്‍പ്പാദക രാജ്യമാണ് ഇന്ത്യ. സമുദ്ര, ശുദ്ധജല മത്സ്യ വിഭവങ്ങളാല്‍ സമ്പന്നമാണ് കേരളം. മൊത്തം സംസ്ഥാന മൂല്യവര്‍ദ്ധനവില്‍ (ജി.വി.എ) മത്സ്യബന്ധന മേഖല ഏകദേശം 1 ശതമാനം സംഭാവന ചെയ്യുന്നു. തൊഴിലവസരങ്ങള്‍ സൃഷ്ടിക്കുന്നതിനും, ഭക്ഷ്യ-പോഷകാഹാര സുരക്ഷയ്ക്കും, വിദേശനാണ്യ വരുമാനത്തിനും ഈ മേഖല ഗണ്യമായ സംഭാവന നല്‍കുന്നു. കേരളത്തിലെ തീരദേശ സമൂഹങ്ങളുടെ പ്രധാന ഉപജീവനമാര്‍ഗ്ഗം മത്സ്യബന്ധനമാണ്. 2024-25 ല്‍ ഏകദേശം 10.7 ലക്ഷം ആളുകള്‍ (കേരള ജനസംഖ്യയുടെ 3 ശതമാനം) മത്സ്യബന്ധന മേഖലയുമായി ബന്ധപ്പെട്ട് പ്രവര്‍ത്തിച്ചിരുന്നുവെന്ന് കണക്കാക്കുന്നു




**ചിത്രം 13.15** *കേരളത്തിലെ സമുദ്ര ഉള്‍നാടന്‍ മത്സ്യ ഉല്‍പാദനത്തിലെ പ്രവണതകള്‍, ലക്ഷം ടണ്ണില്‍*

*അവലംബം:* കേരള സംസ്ഥാന ആസൂത്രണ ബോര്‍ഡ്.

(പട്ടിക 13.7). അതിൽ 8.2 ലക്ഷം പേർ സമുദ്ര മത്സ്യബന്ധന മേഖലയിലും 2.5 ലക്ഷം പേർ ഉൾനാടൻ മത്സ്യകൃഷി മേഖലയിലുമാണ്.

സമുദ്ര മത്സ്യബന്ധനത്തിൽ ഗുജറാത്തിനും തമിഴ്നാടിനും പിന്നിലായി കേരളം മൂന്നാം സ്ഥാനത്താണ്. 2024-25ൽ സംസ്ഥാനത്ത് നിന്ന് 1.8 ലക്ഷം മെട്രിക് ടൺ സമുദ്രഭക്ഷ്യ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്തതിലൂടെ 6,941.3 കോടി രൂപയുടെ കയറ്റുമതി വരുമാനം ലഭിച്ചു. അടിസ്ഥാന സൗകര്യ വികസനത്തിലെ (തുറമുഖങ്ങൾ, ലാൻഡിംഗ് സെന്ററുകൾ, റോഡുകൾ, ഭവനം, ശുചിത്വം) നിക്ഷേപങ്ങൾ, ക്ഷേമ പദ്ധതികൾക്കായുള്ള ചെലവ് (ഇൻഷുറൻസ്, വരുമാന കൈമാറ്റം, പെൻഷനുകൾ, വിദ്യാഭ്യാസ സഹായം), വിഭവ സംരക്ഷണം (തീരദേശ മണ്ണൊലിപ്പ് തടയൽ) എന്നിവയിലൂടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും മത്സ്യത്തൊഴിലാളി സമൂഹങ്ങളുടെ സാമൂഹിക-സാമ്പത്തിക ക്ഷേമം മെച്ചപ്പെടുത്തുന്നതിനുമായി സംസ്ഥാന സർക്കാർ ഈ മേഖലയ്ക്ക് മുൻഗണന നൽകുന്നത് തുടർന്നു വരുന്നു. അതേസമയം, സമൃദ്ധമായ ശുദ്ധജല സ്രോതസ്സുകൾ ഉണ്ടായിരുന്നിട്ടും കേരളത്തിലെ ഉൾനാടൻ മത്സ്യ ഉൽപാദനം താരതമ്യേന കുറവാണ്.

**കേരളത്തിലെ മത്സ്യ ഉത്പാദനം**

പ്രതിവർഷം ഒരാൾക്ക് ഏകദേശം 25 കിലോഗ്രാം എന്ന നിരക്കിൽ, കേരളത്തിലെ വാർഷിക മത്സ്യ ഉപഭോഗം ഏകദേശം 8.8 ലക്ഷം ടൺ ആണ് (പ്രതിദിനം ഏകദേശം 2,410 ടൺ). സമുദ്ര, ഉൾനാടൻ മത്സ്യബന്ധനങ്ങളിൽ നിന്നുള്ള വാർഷിക മത്സ്യ ഉൽപാദനം ഏകദേശം 8.3 ലക്ഷം ടൺ ആണ് (പട്ടിക 13.8). നഷ്ടങ്ങൾ, കയറ്റുമതി, വ്യാവസായിക ആവശ്യങ്ങൾ എന്നിവയ്ക്ക് ശേഷം, ഏകദേശം 5.5 ലക്ഷം ടൺ മാത്രമാണ് ഉപഭോഗത്തിനായി ലഭ്യമാകുന്നത്. അതിനാൽ, ഏകദേശം 3.3 ലക്ഷം ടൺ മറ്റ് സംസ്ഥാനങ്ങളിൽ നിന്നോ രാജ്യങ്ങളിൽ നിന്നോ, പ്രത്യേകിച്ച് നഗരത്തിലെ വിപണികൾക്കായി ശേഖരിക്കുന്നു. അതിനാൽ, കേരളം മത്സ്യ ഉത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനുള്ള ലക്ഷ്യം നേടേണ്ടതുണ്ട്. കൂടാതെ, 2030 ലും 2035 ലും കേരളത്തിലെ മത്സ്യ ഉപഭോഗം ഇനിയും വർദ്ധിക്കുമെന്ന് കണക്കാക്കപ്പെടുന്നു.

**സമുദ്ര മത്സ്യ ഉത്പാദനം**

കേരളത്തിന് 600 കിലോമീറ്റർ ദൈർഘ്യമുള്ള തീരപ്രദേശമുണ്ട്, ഇത് ഇന്ത്യയുടെ മൊത്തം തീരപ്രദേശത്തിന്റെ 10 ശതമാനമാണ്. കേരളത്തിന്റെ കോണ്ടിനെന്റൽ ഷെൽഫ് 38,700 ചതുരശ്ര കിലോമീറ്ററും, എക്സ്ക്ലൂസിവ് ഇക്കണോമിക് സോൺ 2,18,536 ചതുരശ്ര കിലോമീറ്ററും ആണ്. സമുദ്ര മത്സ്യബന്ധന മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന 8.2 ലക്ഷം ആളുകളിൽ ഏകദേശം 3 ലക്ഷം പേർ ഈ മേഖലയെ നേരിട്ട് ആശ്രയിച്ചാണ് ജീവിക്കുന്നത്. മത്സ്യബന്ധനവുമായി ബന്ധപ്പെട്ട അനുബന്ധ പ്രവർത്തനങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം കൂടുതലാണ്. സമുദ്ര മത്സ്യബന്ധന അനുബന്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരിൽ ഏകദേശം 79 ശതമാനവും സ്ത്രീകളാണ്. ഇതിൽ സ്ത്രീകളുടെ പങ്ക് വിപണനത്തിൽ 84 ശതമാനവും, ഉണക്കൽ/പ്രോസസ്സിംഗ് മേഖലയിൽ 96 ശതമാനവും, പീലിംഗ് പ്രവർത്തനങ്ങളിൽ 99 ശതമാനവുമാണ്. കേരളത്തിന്റെ സമുദ്ര മത്സ്യബന്ധന മേഖല 2022ൽ കഴിഞ്ഞ ഒരു ദശകത്തിലെ ഏറ്റവും ഉയർന്ന മത്സ്യ ബന്ധനം രേഖപ്പെടുത്തി, അതായത് 6.9 ലക്ഷം ടൺ. ഇത് കണക്കാക്കപ്പെട്ട മത്സ്യ വിഭവസാധ്യതയായ 7.5 ലക്ഷം ടണ്ണിന്റെ പരിധിക്കുള്ളിലാണ്. 5.6 ലക്ഷം ടണ്ണിൽ നിന്നും 2022 ൽ 24 ശതമാനം വർധനവ് ഇത് രേഖപ്പെടുത്തി.

കേരളത്തിലെ സമുദ്ര മത്സ്യലഭ്യതയിൽ സമീപ വർഷങ്ങളിൽ ഗണ്യമായ ഏറ്റക്കുറച്ചിലുകൾ ഉണ്ടായിട്ടുണ്ട് (ചിത്രം 13.15). എന്നിരുന്നാലും, ചിത്രം 13.15 ൽ നിന്ന് മനസ്സിലാക്കാവുന്ന പ്രധാന നിഗമനം, 2006-07 നും 2017-18 നും ഇടയിൽ കുറഞ്ഞുകൊണ്ടിരുന്ന സമുദ്ര മത്സ്യ ഉൽപാദനം 2017-18 ൽ 4.8 ലക്ഷം ടണ്ണിൽ നിന്ന് 2022-23 ൽ 6.9 ലക്ഷം ടണ്ണായും 2024-25 ൽ 6.5 ലക്ഷം ടണ്ണായും ഗണ്യമായി വർദ്ധിച്ചു എന്നതാണ്. സമുദ്ര മത്സ്യ ഉൽപാദനത്തിലെ വർദ്ധനവ് സംസ്ഥാനത്തെ മൊത്തത്തിലുള്ള മത്സ്യ ഉൽപാദനത്തിന്റെ വർധനവിൽ ഗണ്യമായ സംഭാവന നൽകി.

നിരവധി നയപരമായ ഇടപെടലുകൾ സമുദ്ര മത്സ്യ ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് സഹായകമായി. 2006-07 മുതൽ കാലാവസ്ഥാ വ്യതിയാനങ്ങൾ, ഉയർന്ന മത്സ്യബന്ധന ശേഷി, ചെറു മത്സ്യബന്ധനം എന്നിവയാണ് സമുദ്ര മത്സ്യ ഉൽപാദനം കുറയുന്നതിന് കാരണമായി കണ്ടെത്തിയത്. അതിനാൽ, പതിമൂന്നാം പദ്ധതി കാലയളവിൽ മത്സ്യബന്ധന നയം, സുസ്ഥിര മത്സ്യബന്ധന മാനേജ്മെന്റ് നടപടികൾ സ്വീകരിക്കുന്നതിലും ഉത്തരവാദിത്വമുള്ള മത്സ്യബന്ധന രീതികൾ ഉറപ്പാക്കുന്നതിലും, ഇക്കോ-ലേബലിംഗിലും,പിടിക്കുന്ന മത്സ്യത്തിന് മികച്ച മൂല്യങ്ങൾ നേടുന്നതിനായി സർട്ടിഫിക്കേഷനിലും ശ്രദ്ധ കേന്ദ്രീകരിച്ചു. 1980 ലെ കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ ആക്ട് 2017 സെപ്റ്റംബറിൽ ഭേദഗതി ചെയ്തു. ഈ ഭേദഗതികളിൽ, പങ്കാളിത്ത മാനേജ്മെന്റിന് ഊന്നൽ നൽകി. മത്സ്യത്തൊഴിലാളികളുടെ സജീവ പങ്കാളിത്തത്തോടെ സംസ്ഥാന, ജില്ലാ, ഗ്രാമ തലങ്ങളിൽ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ (എഫ്.എം.സി.) രൂപീകരിച്ചു. അതുപോലെ, എല്ലാ പ്രധാന മത്സ്യബന്ധന തുറമുഖങ്ങളിലും പങ്കാളിത്ത ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾ രൂപീകരിച്ചു.

2017 ലെ ഭേദഗതികൾ പ്രകാരം 20 മീറ്ററിൽ കൂടുതൽ നീളമുള്ള മത്സ്യബന്ധന യാനങ്ങൾ (എൽ.ഒ.എ.) ഏതെങ്കിലും നിർദ്ദിഷ്ട പ്രദേശത്ത് മത്സ്യബന്ധനം നടത്തുന്നത് നിരോധിച്ചു. വാണിജ്യപരമായി പ്രധാനപ്പെട്ട 58 മത്സ്യവർഗങ്ങളുടെ കുറഞ്ഞ നിയമാനുസൃത വലിപ്പം നിശ്ചയിച്ചു. 2018 മുതൽ, ട്രോളിംഗ് നിരോധന കാലയളവ് 47 ദിവസത്തിൽ നിന്ന് 52 ദിവസമായി ഉയർത്തി. അശാസ്ത്രീയമായ മത്സ്യബന്ധന രീതികൾ നിരോധിച്ചു; അടിത്തട്ടിലെ ട്രോളിംഗ് സൂര്യാസ്തമയം മുതൽ സൂര്യോദയം വരെ നിരോധിച്ചു; നശീകരണ രീതികൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം നിരോധിച്ചു; പ്രധാന മത്സ്യബന്ധന ഉപകരണങ്ങൾക്ക് ബൺമെഷ് വലുപ്പ നിയന്ത്രണങ്ങൾ പുറപ്പെടുവിച്ചു; മത്സ്യബന്ധന യാനങ്ങൾക്ക് ഓൺലൈൻ രജിസ്ട്രേഷൻ, ലൈസൻസിംഗ്, കളർ കോഡിംഗ്, ഹോളോഗ്രാഫിക് രജിസ്ട്രേഷൻ പ്ലേറ്റുകൾ എന്നിവ നടപ്പിലാക്കി; മത്സ്യബന്ധന യാനങ്ങളിൽ ജീവൻ രക്ഷാ ഉപകരണങ്ങളും അഗ്നിശമന

ഉപകരണങ്ങളും സ്ഥാപിച്ചു. സമുദ്ര മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി, 2018 മുതൽ ട്രപ്പിസോയിഡൽ ആർസിസി മൊഡ്യൂളുകൾ ഉപയോഗിച്ച് കടൽ തീരത്ത് കൃത്രിമ പാരുകൾ സ്ഥാപിച്ചു. 2021-22 ആയപ്പോഴേക്കും 16 മത്സ്യബന്ധന ഗ്രാമങ്ങളിലായി ഏകദേശം 4,190 കൃത്രിമ പാരുകൾ സ്ഥാപിച്ചു. 2023-24 ആയപ്പോഴേക്കും 33 മത്സ്യബന്ധന ഗ്രാമങ്ങളിലായി 6,300 കൃത്രിമ പാരുകൾ സ്ഥാപിച്ചു. പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് സബ്സിഡികൾ കൊണ്ടുവരികയും വിപുലീകരിക്കുകയും ചെയ്തു. ഈ നയപരമായ ഇടപെടലുകൾ 2017ന് ശേഷമുള്ള കാലഘട്ടത്തിൽ സമുദ്രമത്സ്യ ഉൽപ്പാദനത്തിന്റെ പുനരുജ്ജീവനത്തിന് തുടക്കമിട്ടു.

എന്നിരുന്നാലും, കേരളത്തിന് വിശാലമായ ഒരു എക്സ്ക്ലൂസിവ് ഇക്കണോമിക് സോൺ(ഇ.ഇ.ഇസഡ്.) ലഭ്യമാണെങ്കിലും, ദേശീയ സമുദ്ര മത്സ്യബന്ധനത്തിൽ സംസ്ഥാനത്തിന്റെ സംഭാവന ഏകദേശം 5.5 ശതമാനം മാത്രമാണ്. കൂടാതെ, തീരദേശ മത്സ്യസമ്പത്ത് ഇപ്പോഴും വലിയ സമ്മർദ്ദത്തിലാണ്. കേരളം സമുദ്രമത്സ്യ ഉൽപ്പാദനത്തിൽ ഏകദേശം പരമാവധി ശേഷി കൈവരിച്ച സാഹചര്യത്തിൽ, ഉൾനാടൻ മത്സ്യകൃഷി മേഖലയുടെ വികസന സാധ്യതകൾ വിനിയോഗിക്കുന്നതിനാണ് ഇനി മുൻഗണന നൽകേണ്ടത്.

**ഉൾനാടൻ മത്സ്യ ഉത്പാദനം**

ഉൾനാടൻ മത്സ്യബന്ധന മേഖലയിൽ (നദികൾ, കായലുകൾ, തടാകങ്ങൾ, ജലസംഭരണികൾ) എന്നിവയിൽ നിന്നുള്ള മത്സ്യ ബന്ധനവും, കൃഷി അടിസ്ഥാനമാക്കിയുള്ള സംവിധാനങ്ങളും (കുളങ്ങൾ, നെൽവയലുകൾ, ജലസംഭരണികൾ) ഉൾപ്പെടുന്നു. സംസ്ഥാനത്ത് 46,129 ഹെക്ടർ കായലുകളും നദികളും, 0.15 ദശലക്ഷം ഹെക്ടർ ഉപ്പുരസമുള്ള വെള്ളവും, 0.2 ദശലക്ഷം ഹെക്ടർ ശുദ്ധജല സ്രോതസ്സുകളും ഉണ്ട്. അഴിമുഖങ്ങളും കായലുകളും പോലുള്ള ഉപ്പ് രസമുള്ള ജലാശയങ്ങൾ ഏകദേശം 75 മത്സ്യ ഇനങ്ങൾക്ക് സംരക്ഷണം നൽകുന്നു. അവയിൽ മത്തി, ചെമ്മീൻ, ക്യാറ്റ്ഫിഷ്, കക്കകൾ എന്നിവയുൾപ്പെടെ 28 എണ്ണം വാണിജ്യപരമായി പ്രധാന്യമുള്ളതാണ്. കൂടാതെ, ജൈവവൈവിധ്യ കേന്ദ്രമായ പശ്ചിമഘട്ടത്തിൽ നിന്ന് ഉത്ഭവിക്കുന്ന ജലാശയങ്ങൾ 53 തദ്ദേശീയ ഇനങ്ങളും മറ്റ് നിരവധി അലങ്കാര ഇനങ്ങളും ഉൾപ്പെടെ 210 ശുദ്ധജല ഇനങ്ങളെ ഉൾക്കൊള്ളുന്നു.

കേരളത്തിൽ 2016-17-ൽ 1.9 ലക്ഷം ടൺ ആയിരുന്ന ഉൾനാടൻ മത്സ്യ ഉൽപ്പാദനം 2024-25 ൽ 2.8 ലക്ഷം ടണ്ണായി ഗണ്യമായി വളർന്നു (ചിത്രം 13.15). കടൽ മത്സ്യ ഉൽപ്പാദനം കുറഞ്ഞുകൊണ്ടിരുന്ന കാലഘട്ടത്തിൽ, ഉൾനാടൻ മത്സ്യ ഉൽപ്പാദനം വർധിച്ചു കൊണ്ടിരിക്കുന്നത്, ആകെയുള്ള മത്സ്യ ഉൽപ്പാദനത്തിന്റെ അളവ് നിലനിർത്താൻ സഹായിച്ചു. വർഷങ്ങളായി, മൊത്തം ഉൾനാടൻ മത്സ്യ ഉൽപ്പാദനത്തിൽ കാർപ്പ്, ചെമ്മീൻ, കക്ക എന്നിവ കുറയുകയും, തിലാപ്പിയ, പാൻഗാസിയസ്, പേൾ സ്പോട്ട് എന്നിവ വർദ്ധിക്കുകയും ചെയ്തു. പ്രധാനമായും, ഉൾനാടൻ മത്സ്യ ഉൽപ്പാദനം സെമി ഇന്റെൻസിവ്, കുളം അധിഷ്ഠിത കൃഷിയിൽ നിന്നാണ് ഉൽപ്പാദിപ്പിക്കുന്നത്.

പതിമൂന്നാം പദ്ധതി കാലയളവിൽ, പ്രധാനപ്പെട്ട മത്സ്യങ്ങളുടെയും കക്കകളുടെയും വിത്ത് ഉത്പാദനം വർദ്ധിപ്പിക്കുക, ഗുണനിലവാരമുള്ള തീറ്റ ഉറപ്പാക്കാൻ മത്സ്യ തീറ്റ മില്ലുകൾ സ്ഥാപിക്കുക, ജലജീവി ആരോഗ്യ ലാബുകൾ സ്ഥാപിക്കുക എന്നിവയ്ക്കാണ് നയപരമായ ഉന്നൽ നൽകിയത്. ഒരുകാലത്ത് പ്രകൃതിദത്തവും, കുളാധിഷ്ഠിതവും, കാലാനുസൃതമായ മത്സ്യബന്ധനവുമായി കണക്കാക്കപ്പെട്ടിരുന്ന ഉൾനാടൻ മത്സ്യബന്ധനം കൂടുതൽ കൃത്രിമവും, ടാങ്ക് അധിഷ്ഠിതവും, ശാശ്വതവുമായി മാറി എന്നതാണ് ഒരു പ്രധാന നേട്ടം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ലളിതമായ ഗാർഹിക കുളങ്ങളിൽ നിന്ന് ആഭ്യന്തര ഉപഭോഗവും കയറ്റുമതി അധിഷ്ഠിത ഉൽപാദനവും ലക്ഷ്യമിട്ടുള്ള കൂടുതൽ ആത്യാധുനിക സാങ്കേതികവിദ്യാ സംവിധാനങ്ങളിലേക്ക് ഉൾനാടൻ മത്സ്യബന്ധനം പരിണമിച്ചു. പതിനാലാം പദ്ധതി കാലയളവിലെ സർക്കാർ സംരംഭങ്ങൾ, സാങ്കേതിക സ്വാംശീകരണം, തിലാപ്പിയ, കട്‌ല തുടങ്ങിയ ഇനങ്ങളിലേക്കുള്ള വൈവിധ്യവൽക്കരണം എന്നിവയാണ് ഈ വളർച്ചയെ മുന്നോട്ട് നയിച്ചത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ (എൽ എസ് ജി കളുടെ) പങ്കാളിത്തത്തോടെ നടപ്പിലാക്കിയ സുഭിക്ഷ കേരളം, ജനകീയ മത്സ്യകൃഷി എന്നിവ ഈ സംരംഭത്തിൽ ഉൾപ്പെടുന്നു. മുൻകാല സുഭിക്ഷ കേരളം പദ്ധതിയെ പിന്തുടർന്ന്, സുസ്ഥിരവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ ഉൾനാടൻ മത്സ്യബന്ധന വികസനം പ്രോത്സാഹിപ്പിക്കുന്നതിനാണ് ജനകീയ മത്സ്യകൃഷി പദ്ധതി ലക്ഷ്യമിട്ടത്.

സുഭിക്ഷ കേരളം പദ്ധതിയെ തുടർന്ന്, സുസ്ഥിരവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ ഉൾനാടൻ മത്സ്യബന്ധന വികസനം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ജനകീയ മത്സ്യകൃഷി പദ്ധതി ആരംഭിച്ചത്. സമുദ്ര മത്സ്യബന്ധനത്തെ ആശ്രയിക്കുന്നത് കുറയ്ക്കുന്നതിനായി കുളങ്ങളിലും കനാലുകളിലും നെൽവയലുകളിലും സംയോജിത, ശുദ്ധജല മത്സ്യകൃഷി സംവിധാനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടത്. ജൈവ മത്സ്യകൃഷി പോലുള്ള സുസ്ഥിരവും പരിസ്ഥിതി സൗഹൃദപരവുമായ രീതികൾ പ്രോത്സാഹിപ്പിക്കപ്പെട്ടു. മത്സ്യ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും പ്രാദേശിക സമൂഹങ്ങളുടെ ഭക്ഷ്യസുരക്ഷയും സാമ്പത്തിക ശാക്തീകരണവും ഉറപ്പാക്കുന്നതിനും സമുഹപങ്കാളിത്തം, ഉപജീവന മാർഗ്ഗം മെച്ചപ്പെടുത്തൽ, പരിസ്ഥിതി സൗഹൃദ രീതികൾ എന്നിവയ്ക്ക് പദ്ധതി ഊന്നൽ നൽകി. പരമ്പരാഗത മത്സ്യത്തൊഴിലാളികൾ, എസ്‌സി/എസ്ടി വിഭാഗങ്ങൾ, സ്ത്രീകൾ നയിക്കുന്ന സ്വയം സഹായ സംഘങ്ങൾ (എസ്.എച്ച്.ജി.) എന്നിവർക്ക് കുളം നിർമ്മാണം, മത്സ്യവിത്ത് സംഭരണം, തീറ്റ, ഉപകരണങ്ങൾ എന്നിവയ്ക്കായി സാമ്പത്തികവും സാങ്കേതികവുമായ സഹായങ്ങളും വായ്പകളും നൽകി. മത്സ്യഫെഡിന്റെ നേതൃത്വത്തിലായിരുന്നു കൂട്ടായ മത്സ്യകൃഷി മാതൃകകൾ നടപ്പിലാക്കിയത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കേരള ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസ് സർവകലാശാല (കുഫോസ്), കൃഷി വിജ്ഞാന കേന്ദ്രങ്ങൾ (കെ.വി.കെ) എന്നിവയുടെ സഹകരണത്തോടെയായിരുന്നു പദ്ധതി നടപ്പാക്കിയത്.

ഈ വിലയിരുത്തലുകളുടെ ഒരു പ്രധാന സവിശേഷത അവ ശാസ്ത്രാധിഷ്ഠിതമായിരുന്നു എന്നതാണ്. അക്വാ

**പട്ടിക 13.9:** കേരളത്തിലെ അക്വാകൾച്ചർ മത്സ്യ ഉത്പാദനം 2017-18 മുതൽ 2023-24 വരെ, ഹെക്ടർ, ടൺ, ടൺ/ഹെക്ടറിൽ

| വർഷം | വനാമി | | | ബ്ലാക്ക് ടൈഗർ ചെമ്മീൻ | | | ആകെ ഉത്പാദനം (ടൺ) |
|---|---|---|---|---|---|---|---|
| | കൃഷി ചെയ്യുന്ന വിസ്തീർണ്ണം | കണക്കാക്കിയ ഉൽപ്പാദനം | ഉൽപ്പാദനം | കൃഷി ചെയ്യുന്ന വിസ്തീർണ്ണം | കണക്കാക്കിയ ഉൽപ്പാദനം | ഉൽപ്പാദനം | |
| 2017 - 18 | 52 | 208 | 4.0 | - | - | - | - |
| 2018 - 19 | 53 | 259 | 4.9 | 3,258 | 1,675 | 0.51 | 1,934 |
| 2019 - 20 | 235 | 671 | 2.9 | 2,823 | 1,370 | 0.49 | 2,041 |
| 2020 - 21 | 157 | 421 | 2.7 | 2,814 | 1,129 | 0.40 | 1,550 |
| 2021 - 22 | 141 | 389 | 2.8 | 3,148 | 1,137 | 0.36 | 1,526 |
| 2022 - 23 | 280 | 788 | 2.8 | 3,032 | 1,038 | 0.34 | 1,826 |
| 2023 - 24 | 284 | 804 | 2.8 | 3,034 | 1,048 | 0.35 | 1,852 |

*അവലംബം:* എം.പി.ഇ.ഡി.എ.

കൾച്ചർ രീതികളുടെ ഒരു ഏകീകൃത പാക്കേജ് പ്രസിദ്ധീകരിച്ചു. അശാസ്ത്രീയമായ രോഗ നിയന്ത്രണ രീതികൾ ഒഴിവാക്കാൻ ജലജീവികളുടെ ആരോഗ്യ പരിപാലനത്തെക്കുറിച്ചുള്ള സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് നടപടിക്രമങ്ങളെക്കുറിച്ചുള്ള രേഖയും പ്രസിദ്ധീകരിച്ചു. മെച്ചപ്പെട്ട വിപുലീകരണ പ്രവർത്തനങ്ങൾക്കായി കൂടുതൽ മത്സ്യഭവനുകൾ സ്ഥാപിക്കുന്നതിലൂടെയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തലത്തിൽ സക്രിയ വ്യാപന ഏജന്റുമാരായി പ്രവർത്തിച്ച പ്രോജക്ട് കോഓർഡിനേറ്റർ, അക്വാകൾച്ചർ പ്രമോട്ടർമാർ വഴിയും ആയിരുന്നു പദ്ധതിയുടെ നടത്തിപ്പ്. അഷ്ടമുടി, വേമ്പനാട് കായലുകളിൽ വിത്ത് വളർത്തലിലൂടെയും മത്സ്യങ്ങൾക്കും കക്കകൾക്കുമായി സംരക്ഷിത പ്രദേശങ്ങൾ സ്ഥാപിച്ചതിലൂടെയും ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ പദ്ധതിക്ക് സംഭാവന നൽകി. നദികളിലും കായലുകളിലും നിക്ഷേപിച്ച മത്സ്യ കുഞ്ഞുങ്ങളെ പിടിക്കുന്നത് നിയന്ത്രിക്കുന്നതിനായി ചെറിയ വലകളുടെ ഉപയോഗം സഹായിച്ചു.

പദ്ധതി നടപ്പിലാക്കുന്നതിൽ ഗണ്യമായ പുരോഗതി കൈവരിച്ചു. 4,951 ഹെക്ടർ വിസ്തൃതിയുള്ള പാടശേഖരങ്ങളിൽ ഒരു നെല്ല്-ഒരു മത്സ്യം എന്ന പദ്ധതി നടപ്പിലാക്കി; 4,319 ഹെക്ടർ കുളങ്ങളിലും 2,083 കൂട് ഫാം യൂണിറ്റുകളിലും 240 റീസർക്കുലേറ്ററി അക്വാകൾച്ചർ യൂണിറ്റുകളിലും 3,475 പടുത കുളങ്ങളിലും മത്സ്യകൃഷി ആരംഭിച്ചു; 1,610 മുത്തുച്ചിപ്പി യൂണിറ്റുകൾ ആരംഭിച്ചു. ഈ യൂണിറ്റുകളിൽ, മത്സ്യ തീറ്റയ്ക്ക് 40 ശതമാനം സബ്സിഡിയും മത്സ്യ വിത്തിന് 70-100 ശതമാനം സബ്സിഡിയും ഗ്രാന്റായി സംസ്ഥാന സർക്കാർ നൽകുന്നു. ഇതിനുപുറമെ, സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി, 2020-21 നും 2024-25 നും ഇടയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 3,575 കുളങ്ങളിൽ മത്സ്യവിത്ത് നിക്ഷേപിച്ചു. കൂടാതെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒരു തടയണ പ്രൊജക്റ്റ് (എംബാങ്ക്മെന്റ് പ്രൊജക്റ്റ്) നടപ്പിലാക്കി, വലിയ ജലാശയങ്ങളിൽ, ചെറിയ തടയണകളും ചെക്ക് ഡാമുകളും നിർമ്മിച്ച് മത്സ്യകൃഷി ആരംഭിച്ചു; 2020-21 നും 2024-25 നും ഇടയിൽ, ഈ പദ്ധതി 41 ഹെക്ടർ പ്രദേശത്തും, വീടുകൾക്കുള്ളിലെ 56 യൂണിറ്റുകളിലും നടപ്പിലാക്കി.

പദ്ധതികളുടെ വിലയിരുത്തലുകൾ പ്രകാരം, നവീന കൃഷി രീതികൾ, ഏറേഷൻ സംവിധാനം, പ്രോബയോട്ടിക്കുകൾ, ജൈവ സുരക്ഷാ നടപടികൾ എന്നിവയിലൂടെ ഹെക്ടറിന് ഒരു ടണ്ണായിരുന്ന ശരാശരി ഉൽപ്പാദനം പല പ്രദേശങ്ങളിലും രണ്ട് സെന്റിന് ഒരു ടണ്ണായി വർദ്ധിച്ചു. അതേസമയം, ഭൂമി-ജല ലഭ്യതയിലെ പരിമിതികൾ, ചെറുകിട കർഷകരുടെ ലാഭം ഉറപ്പാക്കാൻ ശക്തമായ വിപണി ശൃംഖലകളുടെ ആവശ്യം തുടങ്ങിയ വെല്ലുവിളികളും ചൂണ്ടിക്കാട്ടുന്നു. എന്നിരുന്നാലും, ഈ പദ്ധതി വികേന്ദ്രീകൃതവും സുസ്ഥിരവുമായ മത്സ്യവികസനത്തിലേക്കുള്ള സർക്കാരിന്റെ പ്രതിബദ്ധത പ്രതിഫലിപ്പിക്കുന്നു. സമൂഹ പങ്കാളിത്തം, പരിസ്ഥിതി സൗഹൃദ നടപടികൾ, സർക്കാർ പിന്തുണ എന്നിവ സംയോജിപ്പിക്കുന്നതിലൂടെ, ഈ പദ്ധതി ഉൾനാടൻ മത്സ്യബന്ധന മേഖലയിൽ വലിയ പരിവർത്തനം സൃഷ്ടിക്കാനും ഭക്ഷ്യസുരക്ഷയും ഉപജീവനമാർഗ്ഗങ്ങളും ശക്തിപ്പെടുത്താനും കഴിവുള്ളതാണ്.

കേരളത്തിൽ ജലസംഭരണികളിലെ (റിസർവോയർ) മത്സ്യബന്ധനം വലിയ സാധ്യതയുള്ള ഒരു മേഖലയാണ്. കേരളത്തിൽ ആകെ 34,000 ഹെക്ടർ വിസ്തൃതിയുള്ള 47 ജലസംഭരണികളുണ്ട്, അതിൽ 37 ചെറിയ ജലസംഭരണികൾ, 9 ഇടത്തരം ജലസംഭരണികൾ, ഒരു പ്രധാന ജലസംഭരണി എന്നിവ ഉൾപ്പെടുന്നു. കേരളത്തിൽ ജലസംഭരണികളിലെ മത്സ്യകൃഷി 1960-കളിൽ മത്സ്യകുഞ്ഞുങ്ങളുടെ വിത്ത് നിക്ഷേപവും മത്സ്യബന്ധനവും വഴി ആരംഭിച്ചു. തുടർന്ന്, 1980-കളിൽ ജലസംഭരണികൾക്ക് ചുറ്റുമുള്ള എസ്സി/എസ്ടി ജനവിഭാഗങ്ങളെ ഏകോപിപ്പിച്ച് മത്സ്യബന്ധന സഹകരണ സംഘങ്ങൾ രൂപീകരിക്കുകയും അവർക്കു ബന്ധപ്പെട്ട ജലസംഭരണികളിൽ മത്സ്യബന്ധനത്തിന് അനുമതി നൽകുകയും ചെയ്തു. ആകെ 47 ജലസംഭരണികളിൽ 10 ജലസംഭരണികളെ 1990-കളിൽ

ഇൻഡോ-ജർമൻ ജലസംഭരണി മത്സ്യവികസന പദ്ധതിയുടെ ഭാഗമായി മത്സ്യസംഭരണം വർധിപ്പിക്കുന്ന പദ്ധതിക്കായി ഉപയോഗിച്ചു, ഇത് വിജയകരമായ പങ്കാളിത്ത മാതൃകയായി മാറി.

13-ഉം 14-ഉം പദ്ധതി കാലഘട്ടങ്ങളിൽ, കേരള റിസർവോയർ ഫിഷറീസ് ഡെവലപ്മെന്റ് പ്രോജക്റ്റ് (കെആർഎഫ്ഡിപി) എന്ന പദ്ധതി പ്രകാരം, ജലസംഭരണികളിൽ മത്സ്യകുഞ്ഞുങ്ങൾ നിക്ഷേപിക്കുന്നത് വഴി മത്സ്യസംഭരണം വർധിപ്പിക്കുന്ന പദ്ധതികൾ വിപുലീകരിച്ചു. നിലവിൽ മണിയാർ, പമ്പ, പൊന്മുടി, മാട്ടുപ്പെട്ടി, ഇരട്ടയാർ, ആനയിറങ്കൽ, മീങ്കര, പോത്തുണ്ടി, കാഞ്ഞിരപ്പുഴ, പഴശ്ശി, പെരിങ്ങൽക്കുത്ത്, ലോവർ ഷോളയാർ എന്നിവിടങ്ങളിലെ ജലസംഭരണികളിൽ ഇപ്പോൾ കരിമീനും സ്വദേശീയ മത്സ്യങ്ങളുമാണ് സംഭരിക്കുന്നത്. കൂടാതെ, മലമ്പുഴ, പഴശ്ശി, ബാണാസുര സാഗർ, കാരാപ്പുഴ, പെരുവണ്ണാമുഴി, കക്കി, നെയ്യാർ, പീച്ചി, ഇടുക്കി ജലസംഭരണികളിൽ കൂടുമത്സ്യക്കൃഷിയും നടപ്പാക്കിയിട്ടുണ്ട്.

ഇതിന്റെ ഫലമായി, 2020-21 മുതൽ 2024-25 വരെയുള്ള കാലയളവിൽ ജലസംഭരണികളിൽ നിന്ന് പ്രതിവർഷം ഏകദേശം 4,000 മെട്രിക് ടൺ അധിക മത്സ്യ ഉൽപ്പാദനം കൈവരിക്കാനായി. കൂടാതെ വൃഷ്ടിപ്രദേശങ്ങളിൽ താമസിക്കുന്ന പട്ടികജാതി/പട്ടികവർഗ സമൂഹങ്ങളിൽ നിന്നുള്ളവരടക്കം ഏകദേശം 5,000 ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ഈ പദ്ധതി ഉപജീവനമാർഗ്ഗവും വരുമാനവും നൽകുകയും ചെയ്യുന്നു.

### ഉൾനാടൻ മത്സ്യകൃഷി

അമിത മത്സ്യബന്ധനത്തിനും വർധിച്ചുവരുന്ന സമുദ്രോത്പന്ന ആവശ്യകതയ്ക്കും സുസ്ഥിരമായ ഒരു പരിഹാരമാണ് അക്വാകൾച്ചർ. വനാമി, ബ്ലാക്ക് ടൈഗർ, മറ്റ് ചെമ്മീൻ ഇനങ്ങൾ ഉൾപ്പെടെ കേരളത്തിലെ മൊത്തം ചെമ്മീൻ ഉത്പാദനം 2023-24 ൽ 2,571 ടൺ ആയിരുന്നു. വനാമി, ബ്ലാക്ക് ടൈഗർ ഇനങ്ങളിൽപ്പെട്ട ചെമ്മീനുകളാണ് ഉത്പാദനത്തിൽ കൂടുതലും. ഈ രണ്ട് ഇനങ്ങളിൽ, വനാമിയുടെ ഉത്പാദനം പ്രത്യേകിച്ച് 2017-18 ൽ 208 ടണ്ണിൽ നിന്ന് 2023-24 ൽ 804 ടണ്ണായി ഉയർന്നു (പട്ടിക 13.9). കുളങ്ങളിലെ മത്സ്യകൃഷി (6,554.3 ഹെക്ടറിൽ), ചെമ്മീൻ കൃഷി (2,346.4 ഹെക്ടറിൽ), ഒരു നെല്ല് ഒരു മത്സ്യം കൃഷി (13,706.1 ഹെക്ടറിൽ) എന്നിവയുൾപ്പെടെ അക്വാകൾച്ചർ പ്രോത്സാഹിപ്പിക്കുന്നതിന് 13-ാം പദ്ധതിയുടെയും 14-ാം പദ്ധതിയുടെയും കാലഘട്ടങ്ങളിൽ വിവിധ ശ്രമങ്ങൾ നടത്തി. ബയോഫ്ലോക്ക് സംവിധാനങ്ങൾ, പടുത കുളം കൃഷി, റീസർക്കുലേറ്ററി അക്വാകൾച്ചർ, വരാൽ/കരിമീൻ യൂണിറ്റുകൾ തുടങ്ങിയ നൂതന സാങ്കേതിക വിദ്യകൾ പ്രചരിപ്പിച്ചു

എന്നിരുന്നാലും, ചെമ്മീൻ മത്സ്യകൃഷിയിലെ വിളവ് ആന്ധ്രാപ്രദേശ്, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കുറഞ്ഞുവരികയാണ്. ഗുണനിലവാരമുള്ള മത്സ്യവിത്തിന്റെ ലഭ്യത ആശങ്കാജനകമായ ഒരു പ്രധാന ഘടകമാണ്. എന്നിരുന്നാലും, മെച്ചപ്പെട്ട കൃഷി രീതികൾ, ഉയർന്ന നിലവാരമുള്ള വിത്തുകൾ, ശക്തമായ രോഗനിയന്ത്രണ സംവിധാനങ്ങൾ, കൃഷി ചെയ്യുന്ന പ്രദേശത്തിന്റെ വ്യാപനം എന്നിവയിലൂടെ, വരും വർഷങ്ങളിൽ കേരളത്തിന് ചെമ്മീൻ ഉൽപ്പാദനക്ഷമത ഗണ്യമായി വർധിപ്പിക്കാനുള്ള വലിയ സാധ്യതകളുണ്ട്.

കേരളത്തിൽ ശുദ്ധജല മത്സ്യകൃഷിയ്ക്ക് ആക്കം കൂട്ടിയത് കൃത്രിമ പ്രജനന രീതികളുടെ വിജയകരമായ നടത്തിപ്പാണ്. കട്‌ല കട്‌ല, ലാബിയോ ഫിംബ്രിയാറ്റസ് തുടങ്ങിയ ഇനങ്ങളെ ആദ്യം വിജയകരമായി ബ്രീഡ് ചെയ്തത് മലമ്പുഴയിലാണ്, ഇത് പിന്നീട് സംസ്ഥാനത്തെ ഉൾനാടൻ മത്സ്യവികസനത്തിന്റെ ഒരു പ്രധാന കേന്ദ്രമായി മാറി. സമീപ വർഷങ്ങളിൽ, കൂട് കൃഷി, പെൻ കൾച്ചർ, ഒഴുകുന്ന വെള്ളത്തിലെ കൃഷി തുടങ്ങിയ നൂതന മത്സ്യകൃഷി രീതികൾ കേരളത്തിലുടനീളം ഉയർന്നുവന്നിട്ടുണ്ട്, ഇത് സംസ്ഥാനത്തെ വിപുലമായ ശുദ്ധജല സ്രോതസ്സുകളുടെ ഉൽപ്പാദനപരമായ ഉപയോഗത്തിന് ഗണ്യമായ സാധ്യതകൾ ഉയർത്തുന്നു.

### അലങ്കാര മത്സ്യം

കേരളത്തിൽ, പ്രത്യേകിച്ച് എറണാകുളം, തൃശൂർ, ആലപ്പുഴ എന്നിവിടങ്ങളിൽ മികച്ച വരുമാന സാധ്യതയുള്ള ഒരു ചെറുകിട സംരംഭമാണ് അലങ്കാര മത്സ്യകൃഷി. കുറഞ്ഞ മുതൽമുടക്കും സ്ഥലആവശ്യകതയും എന്നത് കാരണം സ്ത്രീകൾക്കും, യുവാക്കൾക്കും, ചെറുകിട കർഷകർക്കും മികച്ച ഉപജീവന സാധ്യതകൾ ഇത് നൽകുന്നു. ഗപ്പി, മോളി, ഏഞ്ചൽ, ഗോൾഡ് ഫിഷ്, നാടൻ എട്രോപ്ലസ് (കരിമീൻ) തുടങ്ങിയ ഇനങ്ങളിലൂടെ, ഇന്ത്യയുടെ അലങ്കാര മത്സ്യ കയറ്റുമതിയിൽ സംസ്ഥാനം വലിയ പങ്ക് വഹിക്കുന്നു. പശ്ചിമഘട്ടത്തിലെ ജൈവവൈവിധ്യ സമ്പന്നതയാൽ, ആഗോള വിപണിയിൽ ഉയർന്ന ആവശ്യകതയുള്ള തദ്ദേശീയ മത്സ്യങ്ങളെ വളർത്തുന്നതിൽ കേരളത്തിന് പ്രത്യേക നേട്ടങ്ങളുണ്ട്.

### വിശാലമായ വിലയിരുത്തൽ

പതിമൂന്നും പതിനാലും പദ്ധതി കാലഘട്ടങ്ങളിൽ കേരളത്തിൽ മത്സ്യോൽപ്പാദനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നിരുന്നാലും, വർദ്ധിച്ചു വരുന്ന ഉപഭോഗം കാരണം വിതരണവും ആവശ്യകതയും തമ്മിലുള്ള പൊരുത്തമില്ലായ്മ പ്രകടമാണ്. അതിനാൽ, ഏകദേശം 40-60 ശതമാനം ആഭ്യന്തര മത്സ്യ ആവശ്യകതകളും നിറവേറ്റുന്നത് അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള മത്സ്യ ഉപഭോഗത്തിലൂടെയും നിശ്ചിത സമയങ്ങളിലെ ഇറക്കുമതിയിലൂടെയുമാണ്. സമുദ്ര മത്സ്യോത്പാദനം വർധിപ്പിക്കുവാനായി ആഴക്കടൽ മത്സ്യബന്ധനത്തിൽ പുതിയ സംരംഭങ്ങൾ തുടങ്ങേണ്ടിയിരിക്കുന്നു. കേരളത്തിലെ ഉൾനാടൻ മത്സ്യോൽപ്പാദനം അടിയന്തിരമായും വേഗത്തിലും വർധിപ്പിക്കേണ്ടതുണ്ട്.

ചില പുരോഗതികൾ ഉണ്ടായിട്ടുണ്ടെങ്കിലും, കേരളത്തിലെ ഉൾനാടൻ മത്സ്യ മേഖല ഇപ്പോഴും അവികസിതമായി തുടരുന്നു. ഇന്ത്യയുടെ ഉൾനാടൻ ജലസ്രോതസ്സുകളുടെ 7 ശതമാനത്തോളം കേരളത്തിലുണ്ടായിട്ടും രാജ്യത്തെ ആകെ മത്സ്യോൽപ്പാദനത്തിന്റെ 2.5 ശതമാനത്തിൽ താഴെ മാത്രമാണ് കേരളത്തിന്റെ വിഹിതം. ഉൾനാടൻ മത്സ്യോൽപ്പാദനത്തിൽ കേരളത്തിന്റെ ഏഴാം സ്ഥാനം, ഈ മേഖലയിലെ സാധ്യതകൾ പൂർണ്ണമായി പ്രയോജനപ്പെടുത്താൻ സംസ്ഥാനത്തിന് ഇതുവരെ കഴിഞ്ഞിട്ടില്ല എന്നതിന്റെ ഓർമ്മപ്പെടുത്തലാണ്. മറ്റ് സംസ്ഥാനങ്ങൾ പ്രതിദിനം

3,000 കിലോഗ്രാം ഉൽപ്പാദനശേഷി കൈവരിക്കുമ്പോൾ, കേരളത്തിൽ ഇത് ഏകദേശം 300 കിലോഗ്രാം മാത്രമാണ് സാധ്യമാകുന്നത്. ദേശീയ തലത്തിൽ, ആകെ മത്സ്യോൽപ്പാദനത്തിന്റെ 75 ശതമാനം ഉൾനാടൻ മത്സ്യമേഖലയിൽ നിന്നും അക്വാകൾച്ചറിൽ നിന്നുമാണ്. എന്നാൽ ഈ വിഭാഗത്തിൽ കേരളത്തിന്റെ സംഭാവന 26 ശതമാനം മാത്രമാണ്. സംസ്ഥാനത്തെ ജലലഭ്യതയും വൈവിധ്യമാർന്ന മത്സ്യ ലഭ്യതയും കണക്കിലെടുക്കുമ്പോൾ, ഉൾനാടൻ മത്സ്യമേഖലയ്ക്ക് മത്സ്യ ഉൽപ്പാദനത്തിലും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും ഉപജീവനമാർഗ്ഗങ്ങൾ മെച്ചപ്പെടുത്തുന്നതിലും പോഷകാഹാര സുരക്ഷ ഉറപ്പാക്കുന്നതിലും പ്രോട്ടീൻ സുരക്ഷ, അത്യാവശ്യമായ ഫാറ്റി ആസിഡുകൾ, അമിനോ ആസിഡുകൾ, വിറ്റാമിനുകൾ, ധാതുക്കൾ എന്നിവയുടെ ലഭ്യത ഉറപ്പാക്കുന്നതിലും വലിയ പങ്ക് വഹിക്കാനാകും.

### വെല്ലുവിളികളും മുന്നോട്ടുള്ള വഴികളും

### ഉൽപ്പാദനത്തിലെ ഭാവി വളർച്ച

മത്സ്യോൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ഉൽപ്പാദനം ഇരട്ടിയാക്കാനും ഉൾനാടൻ മത്സ്യകൃഷിയിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിക്കാനും ലക്ഷ്യമിട്ടുള്ള ഒരു തന്ത്രം കേരളത്തിന് ആവശ്യമാണ്. കൂടാതെ, ആഴക്കടൽ മത്സ്യബന്ധനത്തിനുള്ള സാധ്യതകളും ശ്രദ്ധാപൂർവ്വം പരിഗണിക്കണം.

**സമുദ്രോൽപ്പാദനം**: ആഴക്കടൽ മത്സ്യബന്ധനം ഒഴികെ, കേരളത്തിന് സമുദ്ര മത്സ്യബന്ധനത്തിൽ നിന്ന് പ്രതിവർഷം ഏകദേശം 1 ലക്ഷം ടൺ അധികമായി വിളവെടുക്കാൻ കഴിയുമെന്ന് എല്ലാ പഠനങ്ങളും സൂചിപ്പിക്കുന്നു. എന്നിരുന്നാലും, ഈ ഉദ്യമം മത്സ്യബന്ധനത്തിന്റെ നിലവിലുള്ള സ്ഥിതി ശാസ്ത്രീയ വിലയിരുത്തലിന് ശേഷം മാത്രമേ നടത്താവൂ. നിലവിലുള്ള മത്സ്യസമ്പത്തിന്റെ ഏകദേശം പകുതി മാത്രമേ സുസ്ഥിരമായി വിളവെടുക്കാൻ കഴിയൂ, ശേഷിക്കുന്നവ വളർച്ചാ ഘട്ടത്തിലായിരിക്കും. മീൻപിടിത്തത്തിൽ കുത്തനെയുള്ള കുറവ് കാണിക്കുന്ന സ്റ്റോക്കുകളും പ്രധാനമായും ട്രോളറുകൾ ലക്ഷ്യമിടുന്നവയാണ്. അതിനാൽ, ട്രോളറുകൾക്ക് ഏർപ്പെടുത്തിയിട്ടുള്ള സീസണൽ നിരോധനത്തിന് പുറമേ, ട്രോളറുകളുടെ ഏറ്റവും കുറഞ്ഞ നിയമപരമായ വലിപ്പം, വലയുടെ കണ്ണികളുടെ വലിപ്പം, റിംഗ് സെയിനിലെയും, മോട്ടോർ ഘടിപ്പിച്ച യന്ത്രവൽകൃത ബോട്ടുകളുടെയും ഗിയറിന്റെ അളവുകളും മാനദണ്ഡങ്ങളും സംബന്ധിച്ച് കർശന നിയന്ത്രണങ്ങൾ ആവശ്യമാണ്. നിയമപരമായ വ്യവസ്ഥകൾ ഇതിനകം നിലവിലുള്ളിടത്ത് അവ കർശനമായി നടപ്പിലാക്കേണ്ടതുണ്ട്. രജിസ്റ്റർ ചെയ്ത മത്സ്യബന്ധന ബോട്ടുകളുടെ എണ്ണം കുറയ്ക്കുന്നതും പല കമ്മിറ്റികളും ശുപാർശ ചെയ്തിട്ടുണ്ട്.

കേരളത്തിൽ 1,292 ഹെക്ടർ വിസ്തൃതിയിൽ മാരികൾച്ചറിന് മികച്ച സാധ്യതയുണ്ട്. സീ ബാസ്, ഗ്രൂപ്പർ, സ്നാപ്പർ, പോംപാനോ, മറ്റ് കാരാംഗിഡുകൾ എന്നിവയെല്ലാം ഈ സ്ഥലങ്ങളിൽ കൃഷി ചെയ്യാൻ അനുയോജ്യമാണ്.

കേരളത്തിൽ ഏറ്റവും കൂടുതൽ സമുദ്ര മത്സ്യബന്ധനം നടക്കുന്നത് തീരദേശ ജലാശയങ്ങളിലാണ്, ഇവിടെ മത്സ്യലഭ്യതയിൽ പൊതുവെ കുറവ് കാണുന്നു. അതിനാൽ, വിനിയോഗിക്കാവുന്ന മറ്റ് വിഭാഗങ്ങളെ ലക്ഷ്യമിട്ട്, ആഴക്കടലിലേക്ക് മത്സ്യബന്ധനം വ്യാപിപ്പിക്കേണ്ടത് അത്യാവശ്യമാണ്. അതിനാൽ, 24 മീറ്ററിൽ കൂടുതൽ നീളമുള്ള (എൽ.ഒ.എ) സംയോജിത മത്സ്യബന്ധന യാനങ്ങൾ ശുപാർശ ചെയ്യുന്നു. കൊച്ചിയിലെ ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ച് - സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (ഐ.സി.എ.ആർ- സി. ഐ. എഫ്.ടി.) ഇത്തരം യാനങ്ങൾ ഇതിനോടകം രൂപകൽപ്പന ചെയ്തിട്ടുണ്ട്. ആഴക്കടലിലെ മത്സ്യബന്ധനം പരമ്പരാഗത മത്സ്യത്തൊഴിലാളി ഗ്രൂപ്പുകളുടെ ഉടമസ്ഥതയിലും അവരുടെ സഹകരണ സംഘങ്ങൾ വഴിയോ മറ്റ് കൂട്ടായ്മകൾ വഴിയോ ഉള്ള പങ്കാളിത്തത്തിലും ആയിരിക്കണം.

**ആഴക്കടൽ മത്സ്യബന്ധനം**: 2020-21 മുതൽ, കേന്ദ്ര സർക്കാരിന്റെ പ്രധാനമന്ത്രി മത്സ്യ സമ്പാദയോജന (പി.എം.എം.എസ്.വൈ) പദ്ധതിയുമായി സഹകരിച്ച് സംസ്ഥാന സർക്കാർ, ഓരോ ഗ്രൂപ്പിലും 10 പേർ വീതമുള്ള 10 മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്കായി, 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ വാങ്ങി. പി.എം.എം.എസ്.വൈ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, ഒരു ആഴക്കടൽ ബോട്ടിന്റെ വില 1.2 കോടി രൂപയായി നിശ്ചയിച്ചിട്ടുണ്ട്. ഇതിൽ സബ്സിഡിയായി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും 60:40 അനുപാതത്തിൽ പരമാവധി 48 ലക്ഷം രൂപ വരെ (അതായത് 28.8 കോടി രൂപ: 19.2 കോടി രൂപ) നൽകുന്നു. എന്നാൽ, കൊച്ചിൻ ഷിപ്‌യാർഡിൽ നിർമ്മിച്ച ആധുനിക സൗകര്യങ്ങളുള്ള ഒരു ആഴക്കടൽ മത്സ്യബന്ധന ബോട്ടിന്റെ യഥാർത്ഥ ചെലവ് 1.5 കോടി രൂപയാണ്. അതിനാൽ, സബ്സിഡിക്ക് പുറമേ ഗുണഭോക്തൃ വിഹിതമായി 1.02 കോടി രൂപ നൽകേണ്ടിവരും.

ഇത്രയധികം തുക ഗുണഭോക്താക്കൾക്ക് സ്വരൂപിക്കാൻ കഴിഞ്ഞേക്കില്ലെന്ന് മനസ്സിലാക്കിയതിനെത്തുടർന്ന്, ഗുണഭോക്തൃ വിഹിതത്തിന്റെ 30 ശതമാനം (അതായത് 30.6 ലക്ഷം രൂപ) ഗ്രാന്റായും ബാക്കി 70 ശതമാനം (അതായത് 71.4 ലക്ഷം രൂപ) കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ (കെ.എഫ്.സി) നിന്ന് വായ്പയായും നൽകാനും സംസ്ഥാന സർക്കാർ തീരുമാനിച്ചു. 2023 മെയ് മാസത്തിനും ഡിസംബർ മാസത്തിനും ഇടയിൽ അഞ്ച് പരമ്പരാഗത മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് ആറ് മത്സ്യബന്ധന ബോട്ടുകൾ വിതരണം ചെയ്തു. പത്ത് ഗുണഭോക്താക്കളിൽ നാല് പേർ അവരുടെ ഗുണഭോക്തൃ വിഹിതം അടച്ചതിനുശേഷം പദ്ധതിയിൽ നിന്ന് പിന്മാറിയതിനാൽ, 10 ബോട്ടുകൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ 2026-ൽ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**ഉൾനാടൻ ഉൽപ്പാദനം**:

ഉൾനാടൻ മത്സ്യകൃഷിയ്ക്ക് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് വലിയ തോതിലുള്ള പ്രോത്സാഹനം നൽകേണ്ടതുണ്ട്. മത്സ്യകൃഷിക്ക് ലഭ്യമായ എല്ലാ ജലാശയങ്ങളെയും തിരിച്ചറിയുകയും ജി.ഐ.എസ്. ഡാറ്റ ഉപയോഗിച്ച് അവ അടയാളപ്പെടുത്തി ഒരു സംസ്ഥാനതല പദ്ധതി തയ്യാറാക്കുകയും വേണം. ഈ പ്രദേശങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒരു പ്രൊജക്റ്റ് അടിസ്ഥാനത്തിൽ അക്വാകൾച്ചർ പ്രവർത്തനങ്ങൾ നടപ്പിലാക്കണം.

ഇത് മത്സ്യബന്ധനത്തിനായി ജലാശയങ്ങളുടെ പൂർണ്ണവും കാര്യക്ഷമവുമായ ഉപയോഗത്തിനും പരിപാലനത്തിനും സഹായിക്കും. സ്വന്തമായി വിത്ത്, തീറ്റ ഉൽപാദന യൂണിറ്റുകളോടുകൂടിയ മത്സ്യകൃഷി മേഖലകൾ സ്ഥാപിക്കണം. ജലാശയങ്ങൾ പാട്ടത്തിനെടുക്കുന്നതിന് ഒരു നിശ്ചിത നയം ഉണ്ടായിരിക്കണം. മത്സ്യകൃഷിക്ക് ഉപയോഗിക്കാത്ത പൊതു കുളങ്ങളെ, പ്രാദേശിക ക്ലബ്ബുകൾ, അയൽക്കൂട്ടങ്ങൾ, കുടുംബശ്രീ ഗ്രൂപ്പുകൾ എന്നിവയുടെ പങ്കാളിത്തത്തോടെ ശുചിയാക്കി മത്സ്യകൃഷിക്ക് ഉപയോഗിക്കണം.

ഉൾനാടൻ മത്സ്യകൃഷിയിൽ, കൂടുതൽ മത്സ്യഇനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടും, പുതിയ സാങ്കേതികവിദ്യകൾ സ്വീകരിച്ചുകൊണ്ടും, പുതിയ മേഖലകളിലേക്ക് മത്സ്യകൃഷി വ്യാപിപ്പിച്ചുകൊണ്ടും ഉൽപ്പാദനം വർദ്ധിപ്പിക്കാൻ കഴിയും. നിലവിൽ, ഈ മേഖലയിലെ പ്രധാന തടസ്സങ്ങൾ മത്സ്യവിത്തുകളുടെ കുറഞ്ഞ ലഭ്യതയും ഗുണമേന്മക്കുറവും, രോഗവ്യാപനം, കാലാവസ്ഥാ ഭീഷണികൾ, വായ്പാ പിന്തുണയുടെ അഭാവം, പ്രത്യേക പ്രശ്നങ്ങളെക്കുറിച്ചുള്ള പരിമിതമായ ഗവേഷണ ഫലങ്ങൾ, സാങ്കേതിക മാനവശേഷിയുടെ കുറവ്, ശരിയായ വിപുലീകരണ പിന്തുണയുടെ അഭാവം എന്നിവയാണ്. കേജ് അക്വാകൾച്ചർ, ബയോഫ്ലോക്ക് അക്വാകൾച്ചർ, റീസർക്കുലേറ്റിംഗ് അക്വാകൾച്ചർ സിസ്റ്റം (ആർ.എ.എസ്) തുടങ്ങിയ നൂതന രീതികൾ ഉപയോഗിച്ച് മത്സ്യ ഉൽപ്പാദനം ചുരുങ്ങിയ കാലയളവിൽ വർധിപ്പിയ്ക്കാമെന്ന് മുൻ അനുഭവങ്ങൾ വ്യക്തമാക്കുന്നു.

കർഷകർ വൻതോതിൽ ഉൾനാടൻ മത്സ്യക്കൃഷിയിൽ ഏർപ്പെട്ടിട്ടും, വിപണിയിലും വിലയിലും ഉണ്ടാകുന്ന ഭീഷണി കർഷകരിൽ ആത്മവിശ്വാസം കുറയാൻ കാരണമാകുന്നുവെന്ന് അനുഭവങ്ങൾ സൂചിപ്പിക്കുന്നു. ഇതിന്റെ ഒരു പ്രധാന അടിസ്ഥാന കാരണം മത്സ്യ ഇനങ്ങളുടെ തിരഞ്ഞെടുപ്പായിരുന്നു. കാർപ്പ് മത്സ്യങ്ങൾക്ക് ഉപഭോക്താക്കളുടെ ഇടയിൽ സ്വീകാര്യത കുറവായതിനാൽ ഇതിന്റെ കൃഷിക്ക് പരിമിതികളുണ്ട്. അതിനാൽ കേരളത്തിന്റെ ഭക്ഷണശീലങ്ങളിൽ ഉൾപ്പെട്ട മത്സ്യ ഇനങ്ങളിലേക്ക് ശ്രദ്ധ മാറ്റേണ്ടതാണ്. മുരൽ, ബസ, തിലാപ്പിയ തുടങ്ങിയ മത്സ്യങ്ങളുടെ കൃഷിയ്ക്കും മത്സ്യവിത്ത് ഉൽപ്പാദനത്തിനും കൂടുതൽ മുൻഗണന നൽകണം. ഉപ്പുവെള്ള പ്രദേശങ്ങളിൽ, കരിമീൻ, മിൽക്ക് ഫിഷ്, വനാമി ചെമ്മീൻ, ഭക്ഷ്യയോഗ്യമായ മുത്തുച്ചിപ്പി, ചെളി ഞണ്ട് എന്നിവ പ്രോത്സാഹിപ്പിക്കണം. ആഴം കുറഞ്ഞ കുളങ്ങളിൽ, അന്തരീക്ഷവായു ശ്വസിക്കുന്ന മത്സ്യങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കണം. മത്സ്യ ഇനങ്ങളുടെ ഇത്തരം ശ്രദ്ധാപൂർവ്വമായ തിരഞ്ഞെടുപ്പ് വിപണിയിലും വിലയിലും ഉണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ കുറയ്ക്കാൻ സഹായിക്കും.

മത്സ്യവ്യാപാരത്തിൽ ഇടനിലക്കാർ പെരുകുന്നത് വിപണിയിലെ അപകടസാധ്യതകൾക്ക് കാരണമാകുന്നു. ഇ-കൊമേഴ്സ്, സാങ്കേതിക പ്ലാറ്റ്ഫോമുകൾ എന്നിവയിലൂടെ ഉൾനാടൻ മത്സ്യത്തിനായി പുതിയ വിപണന സ്ഥാപനങ്ങൾ വികസിപ്പിക്കുന്നതിന് മൂർത്തമായ സംരംഭങ്ങൾ ഉണ്ടാകേണ്ടതുണ്ട്. മികച്ച വിപണി ബന്ധങ്ങൾ, സംഭരണ സൗകര്യങ്ങൾ, മൂല്യവർദ്ധനവിനുള്ള സൗകര്യങ്ങൾ എന്നിവ കർഷകന് മത്സ്യത്തിന് ന്യായ വില ഉറപ്പാക്കാൻ അത്യാവശ്യമാണ്. സജീവമായ മത്സ്യ വിപണന ഔട്ട്ലെറ്റുകളുടെയും ശീതീകരിച്ച സംഭരണ സൗകര്യങ്ങളുടെയും ഒരു ശൃംഖല സ്ഥാപിക്കുകയും, സ്കൂൾ കുട്ടികൾക്കുള്ള ഉച്ചഭക്ഷണ പദ്ധതിയിൽ മത്സ്യം ഉൾപ്പെടുത്തുകയും ചെയ്യുന്നത് ആവശ്യകത വർദ്ധിപ്പിക്കാൻ സഹായിക്കും.

വിദൂര പ്രദേശങ്ങളിൽ, ഉൽപ്പാദനക്ഷമമായ മത്സ്യകൃഷിക്ക് വൈദ്യുതിയുടെ ലഭ്യത ഒരു പ്രധാന വെല്ലുവിളിയാണ്. ഇത്തരം പ്രദേശങ്ങളിൽ, സാമ്പത്തിക സഹായവും സബ്സിഡിയും നൽകി പുനരുപയോഗപ്രദമായ ഊർജ്ജ സ്രോതസ്സുകൾ പ്രചാരത്തിലാക്കണം.

ക്വാറികളിലും കായലുകളിലും കൂടുകൃഷിക്കുള്ള സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തേണ്ടതാണ്. പൊതു ഉടമസ്ഥതയിലുള്ള ശുദ്ധജല കുളങ്ങൾ കൂട്കൃഷിക്കായി (കേജ് ഫാർമിംഗ്) ഉപയോഗിക്കാവുന്നതാണ്. പൊക്കാളി, കൈപ്പാട് പ്രദേശങ്ങളിലെ ഫിൽട്രേഷൻ പാടങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകണം. അതുപോലെ, കുട്ടനാട്ടിലെയും കോൾ നിലങ്ങളിലെയും വയലുകൾ, നെൽകൃഷിക്കിടയിലെ ഇടവേളകളിൽ മത്സ്യകൃഷിക്കായി ഉപയോഗപ്പെടുത്തണം. നെൽകർഷകരും, മത്സ്യകർഷകരും തമ്മിലുള്ള താൽപ്പര്യ തർക്കങ്ങൾ ബന്ധപ്പെട്ട വകുപ്പുകളുടെ പങ്കാളിത്തത്തോടെ പരിഹരിക്കണം. കൃഷിക്കാലത്ത് പാടശേഖരങ്ങൾക്ക് സമീപമുള്ള പടുത കുളങ്ങളിൽ മത്സ്യ നഴ്സറി ഉണ്ടാക്കുകയും വിളവെടുപ്പിന് ശേഷം വലിയ മത്സ്യ കുഞ്ഞുങ്ങളെ വയലുകളിലേക്ക് വിടുകയും ചെയ്തുകൊണ്ട് പാടശേഖരങ്ങൾ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ മത്സ്യകൃഷിയ്ക്കായി ഉപയോഗിക്കാം. പഞ്ചായത്ത് പ്രസിഡന്റുമാർ, കൃഷി ഓഫീസർമാർ, ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർമാർ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിലെ ഉദ്യോഗസ്ഥർ എന്നിവരടങ്ങുന്ന തദ്ദേശ സ്വയംഭരണ തലത്തിലുള്ള സമിതികളുമായി കൂടിയാലോചിച്ച്, ബന്ധപ്പെട്ട വകുപ്പുകൾ നെൽവയലുകളിലെ മത്സ്യകൃഷിക്ക് ഒരു ഉൽപാദന പദ്ധതി തയ്യാറാക്കണം.

**ചെമ്മീൻ കൃഷി**: അതിവേഗത്തിലുള്ള വളർച്ചയും രോഗപ്രതിരോധശേഷിയും കാരണം വനാമി (ലെപ്റ്റോപീനിയസ് വനാമി അല്ലെങ്കിൽ വെള്ളക്കാൽ ചെമ്മീൻ) കൃഷി, സമീപ വർഷങ്ങളിൽ കൂടുതൽ പ്രചാരം നേടിയിട്ടുണ്ട്. 2009-ൽ ഇന്ത്യയിൽ വനാമി അവതരിപ്പിച്ചത് ഇന്ത്യാ ഗവൺമെന്റ് നിർദ്ദേശിച്ച വ്യക്തമായ നടപടിക്രമങ്ങളോടെ നിയന്ത്രിത സാഹചര്യങ്ങളിലായിരുന്നു. എന്നിരുന്നാലും, കേരളത്തിൽ വനാമി കൃഷി വേണ്ടത്ര പ്രചാരത്തിലെത്തിയിട്ടില്ല. അതിന്റെ ദേശീയ കയറ്റുമതിയിൽ സംസ്ഥാനത്തിന്റെ വിഹിതം ഏകദേശം 14-15 ശതമാനം മാത്രമാണ്.

ഇന്ന്, ആന്ധ്രാപ്രദേശിൽ നിന്നുള്ള വനാമി ലോകത്തിലെ ഏറ്റവും മികച്ച ചെമ്മീനുകളിൽ ഒന്നായി കണക്കാക്കപ്പെടുന്നു. കേരളത്തിലെ സമുദ്രോത്പന്ന ഫാക്ടറികൾ സംസ്കരണത്തിനായി ആന്ധ്രാപ്രദേശിൽ നിന്നുള്ള ചെറിയ വനാമികളെയാണ് ആശ്രയിക്കുന്നത്. ആന്ധ്രാപ്രദേശിലെ കയറ്റുമതിക്കാർക്ക് നിലവിൽ ഈ ചെറിയ ചെമ്മീനുകൾ സംസ്കരിക്കുന്നതിന് മതിയായ അടിസ്ഥാന സൗകര്യങ്ങളില്ല. ഈ സാഹചര്യം നിലവിൽ കേരളത്തിലെ കയറ്റുമതിക്കാർക്ക് അനുകൂലമാണ്. എന്നാൽ, ചെറിയ ചെമ്മീനുകളെ കൈകാര്യം ചെയ്യുന്നതിനുള്ള ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ആന്ധ്രാപ്രദേശിലെ ഫാക്ടറികൾ വികസിപ്പി

ച്ചാലുടൻ, ഇവ കേരളത്തിലെ കയറ്റുമതിക്കാർക്ക് ലഭ്യമല്ലാതാകും.

അതുകൊണ്ടുതന്നെ, കഴിഞ്ഞ 10 വർഷമായി കൃഷിയില്ലാത്ത ജലാശയങ്ങളിൽ വർഷം മുഴുവനും ചെമ്മീൻ കൃഷി ചെയ്യാൻ കേരളം അനുവദിക്കേണ്ടത് അത്യാവശ്യമാണ്. ഉപേക്ഷിക്കപ്പെട്ട പാടശേഖരങ്ങളിൽ ചെമ്മീൻ കൃഷി പ്രോത്സാഹിപ്പിക്കുന്നത് ഒരു ഉൽപ്പാദനക്ഷമമായ ഭൂവിനിയോഗ മാർഗമായി സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബ്രാക്കിഷ് വാട്ടർ അക്വാകൾച്ചർ (സി.ഐ.ബി.എ) ശുപാർശ ചെയ്തിട്ടുണ്ട്. സമുദ്രനിരപ്പിന് താഴെയുള്ളതും ഉപ്പുവെള്ളം കയറുന്നതുമായ പാടശേഖരങ്ങളിൽ കേരളം ഇതിനകം തന്നെ വിളപരിക്രമണ സംവിധാനം നടപ്പിലാക്കി വരുന്നു. ഇത്തരം സംവിധാനം നടപ്പിലാക്കാൻ കഴിയുന്ന കൂടുതൽ പ്രദേശങ്ങൾ വിലയിരുത്തേണ്ടതുണ്ട്. അക്വാകൾച്ചർ ഉൽപ്പാദനക്ഷമതയും ഗ്രാമീണ വരുമാനവും വർദ്ധിപ്പിക്കുന്നതിന് വിജയകരമായ മാതൃകകൾ മറ്റ് പ്രദേശങ്ങളിലും വിപുലീകരിക്കാവുന്നതാണ്. ആവശ്യമെങ്കിൽ, ഈ പ്രക്രിയ സുഗമമാക്കുന്നതിനായി നിയമ പരിഷ്കാരങ്ങളും തേടാവുന്നതാണ്.

മുമ്പ് കൃഷി ചെയ്തിരുന്നതും സമീപകാലത്ത് കണ്ടൽക്കാടുകൾ വളർന്നതുമായ പ്രദേശങ്ങൾ വീണ്ടും മത്സ്യകൃഷിക്കായി ഉപയോഗിക്കണം. ഈ പ്രദേശങ്ങളിൽ, ടൈഗർ ചെമ്മീനിന്റെയും വെള്ള ചെമ്മീനിന്റെയും പുനരുജ്ജീവനത്തിന് പ്രോത്സാഹനം നൽകണം.

**ജലസംഭരണികളിലെ മത്സ്യബന്ധനം**: ജലസംഭരണികളിലെ മത്സ്യബന്ധനത്തിൽ നേരിടുന്ന പ്രധാന വെല്ലുവിളി, മത്സ്യങ്ങളുടെ പ്രജനന പ്രവർത്തനങ്ങൾക്ക് അണക്കെട്ടുകളിൽ ഏർപ്പെടുത്തുന്ന തടസ്സങ്ങൾ കാരണം മത്സ്യസമ്പത്ത് കുറയുന്നതാണ്. തൽഫലമായി, തദ്ദേശീയമായ കാർപ്പ്, നാടൻ ക്യാറ്റ് മത്സ്യങ്ങൾ, മഹ്സീർ എന്നിവയുടെ എണ്ണം കുറയുകയും, തിലാപ്പിയ പോലുള്ള വിദേശ ഇനങ്ങളുടെ എണ്ണം വർദ്ധിക്കുകയും ചെയ്തു. തദ്ദേശീയ മത്സ്യങ്ങളുടെ പ്രജനന പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന്, മത്സ്യങ്ങളുടെ സഞ്ചാര പാത അഥവാ ഫിഷ് ലാഡറുകൾ കൃത്രിമ തടയണകൾക്ക് (അണക്കെട്ടുകൾ പോലെ) ചുറ്റും ഉറപ്പാക്കേണ്ടത് അത്യാവശ്യമാണ്. മിക്ക ഫിഷ് ലാഡറുകളും, കുറഞ്ഞ ഉയരത്തിലുള്ള പടവുകളിലൂടെ നീന്തിയും ചാടിയും മറുവശത്തുള്ള ജലാശയത്തിലേക്ക് പ്രവേശിക്കാൻ മത്സ്യങ്ങളെ സഹായിക്കുന്നു (അതുകൊണ്ടാണ് ഇതിനെ ലാഡർ എന്ന് വിളിക്കുന്നത്). പടവുകളിൽ നിന്നുള്ള വെള്ളത്തിന്റെ ഒഴുക്ക്, മത്സ്യത്തെ ആകർഷിക്കാൻ മതിയായ വേഗതയുള്ളതായിരിക്കണം. എന്നാൽ ഒഴുക്കിന്റെ വേഗത കൂടിയാൽ മത്സ്യം ഒഴുക്കിൽപ്പെടുന്നതിനും അതുപോലെതന്നെ മുകളിലേക്ക് നീന്താനുള്ള ശേഷി നഷ്ടപ്പെടുകയും ചെയ്യും.

തദ്ദേശീയ ഇനങ്ങളുടെ സ്റ്റോക്ക് വർദ്ധിപ്പിക്കുന്നത്, മത്സ്യ ഉൽപ്പാദനം കൂട്ടുന്നതിന് മാത്രമല്ല, സംരക്ഷണത്തിനും സഹായിക്കുന്നു. അടുത്തുള്ള ആദിവാസി വിഭാഗങ്ങൾക്കോ താമസക്കാർക്കോ വലിയ വലയുള്ള ഗിൽ നെറ്റ് ഉപയോഗിച്ച് ചൂണ്ടയിടാൻ അനുമതി നൽകാം. അതുപോലെ മത്സ്യ ഉൽപ്പാദനം സുസ്ഥിരമായി നിലനിർത്താൻ കൊറാക്കിളുകളുടെ സഹായവും തേടാവുന്നതാണ്.

സംഭരണികളിൽ കൂടു മത്സ്യകൃഷി നടത്താനുള്ള സാധ്യതകൾ പരീക്ഷിക്കാവുന്നതാണ്. മത്സ്യങ്ങളെ ഒഴുകി നടക്കുന്ന വലയം പോലുള്ള കൂട്ടുകളിൽ (കേജുകൾ) വളർത്തുന്ന ഒരു ആധുനിക മത്സ്യകൃഷിരീതിയാണ് മത്സ്യക്കൂടു കൃഷി. ഇത് കടലുകളിലോ തുറന്ന സുരക്ഷിത ജലാശയങ്ങളിലോ സ്ഥാപിക്കാം. ഇന്ത്യയിൽ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യൻ ടെക്നോളജി (എൻ.ഐ.ഒ.ടി), സമുദ്രമത്സ്യ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും തീരദേശവാസികളുടെ ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തുന്നതിനും വേണ്ടി തുറന്ന കടലിൽ കൂടു കൃഷി സംവിധാനങ്ങൾ വികസിപ്പിച്ച് പ്രദർശിപ്പിക്കുന്നതിൽ മുൻ നിരയിൽ പ്രവർത്തിക്കുന്നു.

തുറന്ന ജലാശയങ്ങളിലെ മത്സ്യബന്ധനവുമായി താരതമ്യം ചെയ്യുമ്പോൾ, കൂടുകൃഷി ഒരു നിശ്ചിത ജലമേഖലയിൽ നിന്നുള്ള ഉത്പാദനം ഫലപ്രദമായി വർദ്ധിപ്പിക്കുന്നു. 96 ഘന മീറ്റർ (ക്യൂ.മീ.) ജലത്തിന്റെ അളവിൽ 10 മുതൽ 12 മാസത്തിനുള്ളിൽ മൂന്ന് ടൺ വരെ മത്സ്യം ഉത്പാദിപ്പിക്കാൻ സാധിക്കുന്നു. അതേസമയം റിസർവോയറുകളിലെ സാധാരണ വിളവ് ഹെക്ടറിന് 80 മുതൽ 140 കിലോഗ്രാം വരെയാണ്. കൂടാതെ, തുറന്ന ജലാശയത്തിലെ മത്സ്യബന്ധനത്തിൽ 4 അല്ലെങ്കിൽ 5 തൊഴിൽ ദിനങ്ങൾ മാത്രം ലഭിക്കുമ്പോൾ, കൂടുകൃഷി മത്സ്യത്തൊഴിലാളികൾക്ക് ഏകദേശം 200 മുതൽ 250 വരെ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ കഴിയും. കേരളത്തിലെ 20,275 ഹെക്ടർ വിസ്തീർണ്ണമുള്ള 10 റിസർവോയറുകളിൽ ഏകദേശം 8,200 കൂടു യൂണിറ്റുകൾ സ്ഥാപിച്ച് 16,400 ടൺ ഉത്പാദനം നേടാൻ കഴിയുമെന്ന് കണക്കാക്കുന്നു. ഈ കൂടു യൂണിറ്റുകൾ സഹകരണ സംഘങ്ങൾ അല്ലെങ്കിൽ എസ്.എച്ച്.ജി.കൾ പോലുള്ള മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് ശാസ്ത്രീയമായി കൈകാര്യം ചെയ്യുവാനും പ്രവർത്തിപ്പിക്കാനും സാധിക്കും.

**അലങ്കാര മത്സ്യ ഉൽപ്പാദനം**: അലങ്കാര മത്സ്യ ഉൽപ്പാദനത്തിലെ ഒരു പ്രധാന പരിമിതി നിലവിലുള്ള മാതൃമത്സ്യങ്ങളുടെയും മത്സ്യ ഇനങ്ങളുടെയും ഗുണനിലവാരമില്ലായ്മയാണ്. ഉത്പാദനം വർദ്ധിപ്പിക്കാനും ആഗോളതലത്തിൽ മത്സരിക്കാനും കേരളത്തിന് ഗുണമേന്മയുള്ള മാതൃമത്സ്യങ്ങളെ ഇറക്കുമതി ചെയ്യുകയും പുതിയ ഇനങ്ങൾ അവതരിപ്പിക്കുകയും ചെയ്യാനുള്ള നടപടി സ്വീകരിക്കുന്നതാണ്. അധിനിവേശ ഇനം മത്സ്യങ്ങളുടെ ഇറക്കുമതി നിയന്ത്രിക്കുകയും ഇന്ത്യയിലെ തദ്ദേശീയ, വിദേശീയ ഇനം അലങ്കാര മത്സ്യങ്ങളുടെ അന്തർസംസ്ഥാന വ്യാപാരം നിയന്ത്രണ രഹിതമാക്കുകയും ചെയ്യണം. അലങ്കാര മത്സ്യ വിത്ത് ഫാമുകളുടെയും ഹാച്ചറികളുടെയും രജിസ്ട്രേഷനും ലൈസൻസിംഗും ലളിതമാക്കണം. കുഫോസ് പോലുള്ള സ്ഥാപനങ്ങൾ സാധ്യതയുള്ള തദ്ദേശീയ ഇനങ്ങളുടെ പ്രജനനത്തിനും വളർത്തലിനുമുള്ള സാങ്കേതികവിദ്യകൾ വികസിപ്പിക്കുന്നതിലും സംരംഭകർക്ക് സാങ്കേതികവിദ്യ കൈമാറുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കണം. കൂടാതെ വ്യവസായ മേഖലയുമായും അടുത്ത ബന്ധങ്ങൾ സ്ഥാപിക്കേണ്ടതുണ്ട്.

**മത്സ്യവിത്ത് ഉത്പാദനം വർദ്ധിപ്പിക്കൽ**: കേരളം കാലാകാലങ്ങളിൽ മത്സ്യവിത്ത് ഉത്പാദനം ഗണ്യമായി വർദ്ധിപ്പിച്ചിട്ടു

ണ്ടെങ്കിലും, ആവശ്യകതയും ഉൽപാദനവും തമ്മിൽ വലിയ അന്തരം തുടരുന്നു. കേരളത്തിൽ മത്സ്യവിത്ത് ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ഫിഷറീസ് വകുപ്പ് ഒരു പദ്ധതി ആരംഭിച്ചിട്ടുണ്ട്. വകുപ്പിന്റെ ആഭിമുഖ്യത്തിൽ, അഡാക്ക്, മത്സ്യഫെഡ് എന്നിവയുടെ നേതൃത്വത്തിൽ വിവിധ മത്സ്യ വിത്തുകൾ ഉൽപ്പാദിപ്പിക്കുന്ന 28 ഹാച്ചറികൾ പ്രവർത്തിക്കുന്നു. 2022-23 നും 2024-25 നും ഇടയിൽ, ഈ ഹാച്ചറികളിൽ നിന്നുള്ള വാർഷിക മത്സ്യവിത്ത് ഉത്പാദനം 12 കോടിയിൽ നിന്ന് 17.5 കോടിയായി വർദ്ധിച്ചു. കൂടാതെ, 470 പുരയിടങ്ങളിലും മത്സ്യ വിത്ത് ഉൽപ്പാദനം ആരംഭിച്ചതോടെ, ഇത് പ്രതിവർഷം 1.1 കോടി മത്സ്യവിത്തുകളുടെ അധിക ഉത്പാദനത്തിലേക്ക് നയിച്ചു.

എന്നിരുന്നാലും, കേരളം പുതിയ ഹാച്ചറികൾ സ്ഥാപിക്കുകയും നിലവിലുള്ളവയുടെ ശേഷി വർദ്ധിപ്പിക്കുകയും വേണം. ഈ രംഗത്ത് സ്വകാര്യമേഖലയുടെ പങ്കാളിത്തം ആവശ്യമാണ്, പ്രത്യേകിച്ച് തിലാപ്പിയ, ബാസ, സീ ബാസ്, വാനാമി തുടങ്ങിയവയുടെ കാര്യത്തിൽ. മത്സ്യ വിത്ത് ഉൽപ്പാദനത്തിൽ മാതൃസ്റ്റോക്കിന്റെ ദ്രുതഗതിയിലുള്ള ജനിതക മെച്ചപ്പെടുത്തലിനും ഊന്നൽ നൽകണം.

ഗുണമേന്മയും, സമീകൃതവും, പോഷകസമൃദ്ധവുമായ തീറ്റയുടെ കുറഞ്ഞ ലഭ്യത മത്സ്യവിത്ത് ഉൽപ്പാദനത്തെ തടസ്സപ്പെടുത്തുന്നു. ചെറുമത്സ്യങ്ങൾക്ക് ജീവനുള്ള തീറ്റ നൽകുന്നതിലൂടെ ഈ ലഭ്യതക്കുറവ് പരിഹരിക്കാൻ സാധിക്കും. എല്ലാ ഹാച്ചറികളിലും ജീവനുള്ള തീറ്റ നൽകേണ്ടതിന്റെ ആവശ്യകത ഇത് സൂചിപ്പിക്കുന്നു. വായുസഞ്ചാര സൗകര്യങ്ങൾ, ആധുനിക ജല ഗുണനിലവാര നിയന്ത്രണം, വെള്ളപ്പൊക്ക സംരക്ഷണം, പുനരുപയോഗപ്രദമായ ഊർജ്ജത്തിന്റെ ഉപയോഗം എന്നിവ ഉറപ്പാക്കുന്നതിലൂടെ വിത്തുകളുടെ അതിജീവന നിരക്ക് വർദ്ധിപ്പിക്കാനാകും.

### വിഭവ ശോഷണവും സുസ്ഥിരതയും

ആവാസവ്യവസ്ഥയെ അടിസ്ഥാനമാക്കിയുള്ള ഒരു മത്സ്യബന്ധന പരിപാലനത്തിന്, സങ്കീർണ്ണത, അറിവില്ലായ്മ, ബാഹ്യ ഘടകങ്ങൾ, അപര്യാപ്തമായ ഭരണസംവിധാനം, ദാരിദ്ര്യം, അനുചിതമായ ഇൻസെന്റീവുകൾ തുടങ്ങിയ സാമൂഹികവും സാമ്പത്തികവുമായ ഘടകങ്ങൾക്ക് ജൈവികവും സാമൂഹികവുമായ തലങ്ങളിൽ സുസ്ഥിരമല്ലാത്ത ഘടകങ്ങളെ ലഘൂകരിക്കാൻ കഴിയും.

**സമുദ്ര മേഖല**: സമുദ്ര മത്സ്യ മേഖലയിൽ, തീരദേശ മത്സ്യസമ്പത്ത് കടുത്ത സമ്മർദ്ദത്തിലാണ്. പവിഴപ്പുറ്റുകളുടെ നാശം, കണ്ടൽക്കാടുകളുടെ നശീകരണം, മലിനീകരണം, ആവാസവ്യവസ്ഥ ശോഷണം, അമിത മത്സ്യബന്ധനം എന്നിവ ചില മത്സ്യ ഇനങ്ങളുടെ ലഭ്യത കുറയുന്നതിനും അവയുടെ മത്സ്യബന്ധനത്തിൽ ഉയർന്ന വ്യതിയാനം സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. വ്യാവസായിക മാലിന്യങ്ങൾ, പ്ലാസ്റ്റിക് മാലിന്യങ്ങൾ തുടങ്ങിയ മനുഷ്യനിർമ്മിത ആഘാതങ്ങളും, സമുദ്രതാപനിലയിലെ വർധനവ്, ക്രമരഹിതമായ മൺസൂൺ തുടങ്ങിയ കാലാവസ്ഥാ വ്യതിയാന ആഘാതങ്ങളും മത്സ്യങ്ങളുടെ പ്രജനനത്തെയും വളർച്ചയെയും ബാധിച്ചിട്ടുണ്ട്. സമുദ്ര ആവാസവ്യവസ്ഥയിലെ പ്രതികൂല സാഹചര്യങ്ങൾ ഭാവിയിൽ കാലാവസ്ഥാ പ്രത്യാഘാതങ്ങൾ വർദ്ധിപ്പിക്കുമെന്ന് വിദഗ്ധർ മുന്നറിയിപ്പ് നൽകുന്നു. കൂടാതെ, തദ്ദേശീയമല്ലാത്ത ബോട്ടുകൾ ചെറുമത്സ്യങ്ങളെ കൂടുതലായി പിടിക്കുന്നത് സംരക്ഷണ പ്രവർത്തനങ്ങൾ വെല്ലുവിളി ഉയർത്തുന്നു. കൂടാതെ വലകളുടെ കണ്ണി വലുപ്പം സംബന്ധിച്ച നിയമങ്ങൾ നടപ്പാക്കുന്നതും ഫലപ്രദമല്ല.

സമുദ്രവിഭവങ്ങളുടെ സുസ്ഥിരത പരിസ്ഥിതിയുടെ സന്തുലിതാവസ്ഥയ്ക്കും തീരദേശവാസികളുടെ ഉപജീവന മാർഗ്ഗങ്ങൾക്കും അത്യന്താപേക്ഷിതമാണ്. ഈ സാഹചര്യത്തിൽ, കേരളം ഉത്തരവാദിത്തമുള്ള മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുകയും മത്സ്യബന്ധന വിഭവങ്ങളുടെ പുനരുൽപാദനവും സുസ്ഥിരതയും ഉറപ്പാക്കുകയും വേണം. ചെറിയമത്സ്യങ്ങളെ പിടികൂടുന്നതിനെതിരെയുള്ള ഏകീകൃത നിയന്ത്രണവും ഫലപ്രദമായ സംരക്ഷണ നടപടികളും എല്ലാ സമുദ്രതീര സംസ്ഥാനങ്ങളിലും ആവശ്യമാണ്. 'ട്രാഷ് ഫിഷ്' പിടിക്കുന്നത് നിയന്ത്രിക്കുന്നതിന് കർശനമായ ക്വാട്ട സമ്പ്രദായം ആവശ്യമാണ്, അതുപോലെ ട്രോളിംഗ് നിരോധനം കൂടുതൽ കാലത്തേക്ക് വ്യാപിപ്പിച്ച് അനിയന്ത്രിതമായ ചൂഷണം തടയുന്നതിനെക്കുറിച്ച് നയപരമായ കാര്യങ്ങളിൽ തുറന്ന സമീപനം സ്വീകരിക്കേണ്ടത് അത്യാവശ്യമാണ്. വിദേശ കപ്പലുകളുടെ നിയന്ത്രണമില്ലാത്ത മത്സ്യബന്ധനവും രാജ്യത്തിന്റെ സമുദ്രസമ്പത്തിന് ഭീഷണിയാണ്. നിയമവിരുദ്ധമായ പ്രവർത്തനങ്ങൾ തടയുന്നതിന് കർശനമായ നിരീക്ഷണവും നടപ്പാക്കലും ആവശ്യമാണ്.

**ഉൾനാടൻ മേഖല**: ഉൾനാടൻ മത്സ്യബന്ധന മേഖലയിലെ സുസ്ഥിരതയുമായി ബന്ധപ്പെട്ട പ്രധാന ആശങ്കകളിൽ ഒന്ന് മത്സ്യങ്ങളുടെ സ്വാഭാവിക പ്രജനനത്തെ തടസ്സപ്പെടുത്തുന്ന ഘടകങ്ങളുടെ വ്യാപനമാണ്. പെട്രോളിംഗ് സംവിധാനങ്ങളും പിഴകളും ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും, മത്സ്യങ്ങളുടെ സ്വാഭാവിക പ്രജനന കാലത്ത് ചെറിയ മത്സ്യങ്ങളെയും മുട്ടയിടുന്ന മത്സ്യങ്ങളെയും പിടിക്കുന്നത് ഇപ്പോഴും ആശങ്കാജനകമായ ഒരു വിഷയമാണ്. മൊത്തം ഉൾനാടൻ മത്സ്യബന്ധനത്തിന്റെ ഏകദേശം 60 ശതമാനം ലൈസൻസില്ലാത്ത സ്റ്റേക്ക് വലകൾ, ചൈനീസ് ഡിപ്പ് വലകൾ ഉപയോഗിച്ചാണ് നടക്കുന്നത്. എന്നാൽ ഇവ ചെറുമത്സ്യങ്ങളെയും മുട്ടയിടുന്നമത്സ്യങ്ങളെയും പിടിക്കുന്നതിനാൽ മത്സ്യസമ്പത്ത് കുറയാൻ ഇടയാക്കുന്നു. ഇത്തരം വലകളുടെ ഉപയോഗം നിരുത്സാഹപ്പെടുത്തണം, കൂടാതെ ഉയർന്ന വേലിയേറ്റ സമയത്ത് മത്സ്യബന്ധനം നിയന്ത്രിക്കണം. മത്സ്യസമ്പത്ത് അമിതമായി കുറയാതിരിക്കാനായി, മത്സ്യങ്ങൾക്ക് പ്രജനനം നടത്താൻ അവസരം നൽകണം, അതുവഴി സ്വാഭാവിക ജലാശയങ്ങളിലെ ആവശ്യമായ മത്സ്യസ്റ്റോക്ക് നിലനിർത്താം.

വലിയതോതിൽ മണ്ണ് അടിയുന്നത്, ഡ്രെഡ്ജിംഗ് പ്രവർത്തനങ്ങൾ, നിർമ്മാണ പ്രവർത്തനങ്ങൾ, മലിനീകരണം എന്നിവ ഉൾനാടൻ മത്സ്യങ്ങളുടെയും കക്കയുടെയും സ്വാഭാവിക പ്രജനന കേന്ദ്രങ്ങളുടെ നാശത്തിന് കാരണമായിട്ടുണ്ട്. 3 മുതൽ 6 മീറ്റർ വരെ ആഴമുള്ള ജലാശയങ്ങളിൽ ഈ പ്രശ്നം കൂടുതൽ രൂക്ഷമാണ്. ഇതുമൂലം വാണിജ്യ പ്രധാന്യമുള്ള മത്സ്യ ഇനങ്ങളുടെ വിത്തുകളുടെ ലഭ്യത കുറയുന്നതിന് കാരണമാകുന്നു. ജലത്തിന്റെ ഒഴുക്കിനെ തടസ്സപ്പെടുത്തുന്നതിലൂടെ, പ്രജനനത്തിനായുള്ള ദേശാട

നത്തെയും മുട്ടയിടാനുള്ള അവസരങ്ങളെയും തടസ്സപ്പെടുത്തുന്നു. വ്യാവസായിക മാലിന്യങ്ങൾ, പ്ലാസ്റ്റിക് മാലിന്യങ്ങൾ, സംസ്കരിക്കാത്ത ആശുപത്രി മാലിന്യങ്ങൾ, ഗാർഹിക മാലിന്യങ്ങൾ എന്നിവ പുറംതള്ളുന്നത് മത്സ്യവളർച്ചയ്ക്ക് മറ്റൊരു തടസ്സമാണ്.

മത്സ്യങ്ങളുടെ ആവാസവ്യവസ്ഥയ്ക്ക് തടസ്സമുണ്ടാക്കാത്ത രീതിയിൽ ഡ്രെഡ്ജിംഗും നിർമ്മാണ പ്രവർത്തനങ്ങളും നിയന്ത്രിക്കുന്ന ഒരു പ്രോട്ടോക്കോൾ സംസ്ഥാനം കർശനമായി നടപ്പാക്കണം. മത്സ്യങ്ങളുടെ ദേശാടനത്തിന് തടസ്സമുണ്ടാകാത്ത രീതിയിൽ അരുവികൾക്ക് കുറുകെ റോഡുകളിൽ കലുങ്കുകൾ നിർബന്ധമാക്കണം. സ്റ്റോക്ക് വർധിപ്പിക്കൽ പോലുള്ള ശാസ്ത്രീയമായ മറ്റ് മാർഗ്ഗങ്ങളിലൂടെ ഉൾനാടൻ മത്സ്യങ്ങളുടെ സ്വാഭാവിക ശേഖരം കേരളത്തിൽ വലിയ തോതിൽ വർധിപ്പിക്കേണ്ടതുണ്ട്. പ്രജനന കാലത്തെ മത്സ്യങ്ങളുടെ ദേശാടനം ആരംഭിക്കുന്നതിന് മുമ്പ് നീർത്തടങ്ങൾ വൃത്തിയാക്കുകയും ചാലുകൾക്ക് വീതി കൂട്ടുകയും വേണം. ഉഷ്ണമേഖലാ കണ്ടൽക്കാടുകൾക്ക് മികച്ച സംരക്ഷണം നൽകുന്നത് മത്സ്യങ്ങളുടെ സുരക്ഷിതമായ പ്രജനനവും നഴ്സറി ആവാസവ്യവസ്ഥകളും വർധിപ്പിക്കാൻ സഹായകരമാണ്.

**കാലാവസ്ഥാ വ്യതിയാനം**: സമുദ്രോപരിതലത്തിലെ താപനില ഉയരുന്നത്, സമുദ്രത്തിലെ അമ്ലത വർധിക്കുന്നത്, സമുദ്രത്തിലെ ഒഴുക്കുകളിൽ വ്യതിയാനം വരുന്നത്, കടൽനിരപ്പ് ഉയരുന്നത് എന്നിവയെല്ലാം കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി സമുദ്ര മത്സ്യബന്ധന മേഖലയ്ക്ക് ഭീഷണിയാകുന്നു. കേരളത്തിൽ മത്സ്യലഭ്യത കുറയുക, മത്സ്യബന്ധന ദിവസങ്ങൾ കുറയുക, മത്സ്യബന്ധന ഉപകരണങ്ങൾക്കും തീരദേശവാസികളുടെ ഉപജീവനമാർഗ്ഗങ്ങൾക്കും നാശനഷ്ടം സംഭവിക്കുക തുടങ്ങിയ കാലാവസ്ഥാ മാറ്റങ്ങളുടെ ആഘാതം മത്സ്യബന്ധനമേഖലയിൽ വർദ്ധിച്ചു വരികയാണ്. ഉദാഹരണത്തിന്, 2017 ൽ ഓഖി ചുഴലിക്കാറ്റിന് ശേഷം മത്സ്യബന്ധന ദിവസങ്ങളിൽ മുൻവർഷത്തേക്കാൾ 46 ശതമാനം കുറവുണ്ടായതായി ഒരു പഠനം റിപ്പോർട്ട് ചെയ്തു. മത്സ്യബന്ധന തൊഴിലാളികൾ സാമൂഹിക-സാമ്പത്തികപരമായ ദുർബലാവസ്ഥയിൽ ആയതുകൊണ്ട് തന്നെ, കാലാവസ്ഥാ വ്യതിയാനങ്ങൾ അവരുടെ ദുരിതങ്ങൾ വർദ്ധിപ്പിക്കാൻ സാധ്യതയുണ്ട്.

ഉൾനാടൻ മത്സ്യബന്ധന മേഖലയിലും താപനിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ, ക്രമരഹിതമായ മഴ, ജലലഭ്യത കുറയുന്നത് എന്നിവയെല്ലാം ഇരയാകാൻ സാധ്യതയുണ്ട്. കാലവർഷ ലഭ്യതയിലുള്ള മാറ്റങ്ങൾ മൂലമുണ്ടാകുന്ന വരൾച്ച, വെള്ളപ്പൊക്കം, അതുപോലെ നദികളുടെ ഒഴുക്കിലുണ്ടാകുന്ന മാറ്റങ്ങൾ എന്നിവ ശുദ്ധജല മത്സ്യങ്ങളുടെ ആവാസ വ്യവസ്ഥയെയും പ്രജനന ചക്രങ്ങളെയും തടസ്സപ്പെടുത്തുന്നു. ഉദാഹരണത്തിന്, കുട്ടനാടും കോൾനിലങ്ങളും നെൽകൃഷിയോടൊപ്പം മത്സ്യകൃഷിക്കും അനുയോജ്യമാണ്. സമുദ്രനിരപ്പിൽ നിന്ന് താഴെ സ്ഥിതി ചെയ്യുന്ന ഈ പ്രദേശങ്ങൾ ആവർത്തിച്ചുള്ള വെള്ളപ്പൊക്കത്തിന് സാധ്യതയുള്ള സ്ഥലങ്ങളാണ്. കനത്ത മഴക്കാലത്ത്, ജലനിരപ്പ് പലപ്പോഴും നിലവിലുള്ള തീരങ്ങളിൽ നിന്ന് 4 അടി വരെ ഉയരാൻ സാധ്യതയുണ്ട്. ഇത് വിളനാശത്തിനും മത്സ്യകൃഷിയിലെ നാശനഷ്ടങ്ങൾക്കും കാരണമാകുന്നു. ആവർത്തിച്ചുള്ള വെള്ളപ്പൊക്കങ്ങൾ സംസ്ഥാനത്തെ ശുദ്ധജല ആവാസവ്യവസ്ഥകളെ സാരമായി ബാധിച്ചിട്ടുണ്ട്, നാശനഷ്ടത്തിന്റെ പൂർണ്ണമായ വ്യാപ്തി ഇനിയും വിലയിരുത്തേണ്ടിയിരിക്കുന്നു.

കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കാൻ ശേഷിയുള്ള മത്സ്യബന്ധന തന്ത്രങ്ങൾ വികസിപ്പിച്ചെടുക്കുന്നത്, മത്സ്യത്തൊഴിലാളികൾക്ക് പരിസ്ഥിതിയിലുണ്ടാകുന്ന മാറ്റങ്ങളുമായി പൊരുത്തപ്പെടാൻ സഹായകമാകും. കേരളത്തിലെ മത്സ്യബന്ധന മേഖലയെ കാലാവസ്ഥാ വ്യതിയാനത്തിൽ നിന്ന് സംരക്ഷിക്കാൻ ആവാസവ്യവസ്ഥ സംരക്ഷണം, ഉപജീവനമാർഗ്ഗങ്ങളുടെ വൈവിധ്യം, അടിസ്ഥാന സൗകര്യങ്ങളുടെ പ്രതിരോധശേഷി, നയപരമായ പരിഷ്കാരങ്ങൾ എന്നിവ സംയോജിപ്പിച്ച് ബഹുമുഖമായ സമീപനം സ്വീകരിക്കേണ്ടത് അത്യാവശ്യമാണ്. സമുദ്ര മത്സ്യബന്ധനം കാലാവസ്ഥാ വ്യതിയാനങ്ങൾക്ക് കൂടുതൽ വിധേയമായതിനാൽ, ഉപ്പുവെള്ളത്തിലെയും ശുദ്ധജല മത്സ്യകൃഷിയിലെയും മത്സ്യ ഉൽപാദനത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കണം. മേൽപറഞ്ഞ വിഭവങ്ങളുടെ കുറവ്, സുസ്ഥിരത എന്നീ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിനോടൊപ്പം, മെച്ചപ്പെട്ട പൊരുത്തപ്പെടുത്തലിനായി തന്ത്രപരമായ ഇടപെടലുകൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. ഒന്നാമതായി, സംസ്ഥാനത്തിന് നല്ല രീതിയിലുള്ള മുന്നറിയിപ്പ് സംവിധാനങ്ങളും ദുരന്ത നിവാരണത്തിനുള്ള തയ്യാറെടുപ്പുകളും ആവശ്യമാണ്. പെട്ടെന്നുള്ള കൊടുങ്കാറ്റുകൾ, പ്രക്ഷുബ്ധമായ കടൽ എന്നിവയിൽ നിന്ന് മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കാൻ, കാലാവസ്ഥാ പ്രവചനങ്ങൾ ശക്തിപ്പെടുത്തുകയും അവർക്കായി മൊബൈൽ അലേർട്ടുകൾ നൽകുകയും വേണം. കൂടാതെ, കാലാവസ്ഥാ ആഘാതങ്ങൾ കാരണം മത്സ്യത്തൊഴിലാളികൾക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം കുറയ്ക്കുന്നതിന് ഉചിതമായ ഇൻഷുറൻസ്, ദുരിതാശ്വാസ നടപടികൾ എന്നിവയെക്കുറിച്ച് ചർച്ച ചെയ്യണം.

രണ്ടാമതായി, കാലാവസ്ഥാ മാറ്റങ്ങൾക്കനുസരിച്ചുള്ള മത്സ്യബന്ധനം മെച്ചപ്പെടുത്തുന്നതിന് ഗവേഷണ രംഗത്ത് കൂടുതൽ നിക്ഷേപം ആവശ്യമാണ്. നിലവിലുള്ള ഗവേഷണ നയങ്ങൾ ദീർഘകാല കാലാവസ്ഥാ വെല്ലുവിളികളെ നേരിടുന്നതിൽ പര്യാപ്തമല്ല. പരീക്ഷണ ഫലങ്ങളുടെ അടിസ്ഥാനത്തിലുള്ള മാറ്റങ്ങൾ വരുത്തുന്നതിനുള്ള ശാസ്ത്രീയ വിവരങ്ങളുടെ ലഭ്യത പരിമിതമാണ്. ഉയർന്ന താപനില പ്രതിരോധശേഷിയുള്ള മത്സ്യ ഇനങ്ങളെ വികസിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ കാലാവസ്ഥാ വ്യതിയാന മത്സ്യബന്ധന ഗവേഷണത്തിൽ ഉൾപ്പെടും. സമുദ്ര മത്സ്യബന്ധന നയത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിലും പദ്ധതികളിലും നടപടികൾ സംയോജിപ്പിക്കേണ്ടതുണ്ട്.

അക്വാകൾച്ചർ, മാരികൾച്ചർ, ഇക്കോ ടൂറിസം പ്രവർത്തനങ്ങളിലൂടെ മത്സ്യത്തൊഴിലാളികൾ അവരുടെ വരുമാന സ്രോതസ്സുകൾ വൈവിധ്യവത്കരിക്കണം. ഈ ബദൽ വരുമാന മാർഗ്ഗങ്ങൾ കൂടുതലായി മത്സ്യബന്ധനത്തെ ആശ്രയിക്കുന്നത് കുറയ്ക്കാൻ സഹായിക്കും. എന്നാൽ ശുദ്ധജല മത്സ്യകൃഷി പ്രധാനമായും സ്വകാര്യ കുളങ്ങളിലെ കാർപ്പ് ഇനം മത്സ്യകൃഷിയിലും കുട്ടനാട് പോലുള്ള പ്രദേ

ശങ്ങളിലെ ചെറുകിട ചെമ്മീൻ-നെൽകൃഷി സംവിധാനത്തിലും മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. തണുത്ത വെള്ളത്തിലെ മത്സ്യകൃഷി, തദ്ദേശീയ ഇനം മത്സ്യങ്ങളുടെ കൃഷി, കൂട് മത്സ്യകൃഷി, ശുദ്ധജലത്തിൽ മുത്തുൽപ്പാദനം തുടങ്ങിയ നൂതനമായ രീതികൾക്ക് സാധ്യതയുണ്ട്, പക്ഷേ അവ അത്ര പ്രചാരത്തിലില്ല. കാലാവസ്ഥാ മാറ്റങ്ങൾക്കെതിരെയുള്ള വിശാലമായ തന്ത്രത്തിന്റെ ഭാഗം കൂടിയാണ് ഇത്തരം വൈവിധ്യവൽക്കരണം.

### തുറമുഖങ്ങളും അടിസ്ഥാന സൗകര്യങ്ങളും

മത്സ്യം വളരെ വേഗത്തിൽ കേടുവരുന്നതും നഷ്ടസാധ്യത ഉള്ളതുമായതിനാൽ, മത്സ്യബന്ധനം മുതൽ ഉപഭോഗം വരെ അതീവ ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ടതുണ്ട്. സമുദ്ര മത്സ്യബന്ധന മേഖലയിലെ നഷ്ടങ്ങൾ സാധാരണയായി പരമ്പരാഗത മത്സ്യബന്ധന രീതികൾ, ബോട്ടിനുള്ളിലെ അപര്യാപ്തമായ കൈകാര്യം ചെയ്യൽ, ലാൻഡിങ് സെന്ററുകളിലും മത്സ്യബന്ധന തുറമുഖങ്ങളിലും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം, അനുയോജ്യമല്ലാത്ത ഉപകരണങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു. മത്സ്യബന്ധന മേഖലയിൽ വിളവെടുപ്പിനു ശേഷമുള്ള അപര്യാപ്തമായ സൗകര്യങ്ങൾ കാരണം ഏകദേശം 15 ശതമാനം വരെ വിളവ് നഷ്ടമാകുന്നതായി കണക്കാക്കുന്നു.

മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പാക്കാനും നഷ്ടം കുറയ്ക്കാനും, കോൾഡ് സ്റ്റോറേജ്, അസംബ്ലി യാർഡുകൾ, ശീതികരിച്ച ഗതാഗത സംവിധാനം, ഫലപ്രദമായ വിതരണ സംവിധാനങ്ങൾ പോലുള്ള അടിസ്ഥാന സൗകര്യങ്ങൾ അനിവാര്യമാണ്. ഇന്ത്യയിലെ മൊത്തം കോൾഡ് സ്റ്റോറേജ് ശേഷിയുടെ വെറും 1 ശതമാനം മാത്രമാണ് മത്സ്യ വ്യവസായംഉപയോഗിക്കുന്നത്, കൂടാതെ ഉൽപ്പാദിപ്പിക്കുന്ന മത്സ്യത്തിന്റെ മുക്കാൽ ഭാഗം പുതിയതാണ്. കാര്യക്ഷമതയും സമഗ്രതയും വർധിപ്പിക്കുന്നതിനായി നവീനവും ചെലവുകുറഞ്ഞതുമായ ഗതാഗത-സംഭരണ സൗകര്യങ്ങൾ ആവശ്യമാണ്. ഈ പോരായ്മകൾ പരിഹരിക്കുന്നത് മത്സ്യ മേഖലയിലെ മൂല്യശൃംഖല മെച്ചപ്പെടുത്തുന്നതിന് നിർണ്ണായകമാണ്.

തീരദേശ കേന്ദ്രങ്ങളിലും മത്സ്യബന്ധന തുറമുഖങ്ങളിലും മതിയായ സൗകര്യങ്ങളില്ലാത്തത് ഈ മേഖലയുടെ സമുദ്രവിഭവങ്ങൾ പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നതിനും, വിപണി സാധ്യതകൾ വികസിപ്പിക്കുന്നതിനും, മൂല്യവർദ്ധനവ് മെച്ചപ്പെടുത്തുന്നതിനും തടസ്സമുണ്ടാക്കുന്നു. 2016-17നും 2023-24നും ഇടയിൽ മഞ്ചേശ്വരം, കൊയിലാണ്ടി, താനൂർ, വെള്ളയിൽ എന്നിവിടങ്ങളിലെ മത്സ്യബന്ധന തുറമുഖങ്ങൾ കമ്മീഷൻ ചെയ്തു. പരപ്പനങ്ങാടി, ചെത്തി, അർത്തുങ്കൽ എന്നിവിടങ്ങളിൽ പുതിയ മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണം പുരോഗമിക്കുകയാണ്, ഇത് 2026-ഓടെ കമ്മീഷൻ ചെയ്യാൻ സാധ്യതയുണ്ട്. പൊഴിയൂർ, മുതലപ്പൊഴി, കാസറഗോഡ് എന്നിവിടങ്ങളിലെ മറ്റ് മൂന്ന് തുറമുഖങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ, നിലവിലുള്ള വിവിധ മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണവും ആധുനികവൽക്കരണവും ആരംഭിച്ചു, ഇത് പൂർത്തീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

ഈ വെല്ലുവിളികളെ നേരിടാനുള്ള പ്രധാന ഇടപെടലുകളും പ്രവർത്തനക്ഷമമായ പദ്ധതികളും ഇവയാണ്:

- തുറമുഖങ്ങളിലും മത്സ്യബന്ധന കേന്ദ്രങ്ങളിലും ശീതീകരിച്ച സംഭരണികൾ, ഐസ് പ്ലാന്റുകൾ, ശീതീകരണ സംസ്കരണ യൂണിറ്റുകൾ, കോൾഡ് ചെയിൻ സംവിധാനങ്ങൾ എന്നിവ സ്ഥാപിക്കുക.
- റോഡ്, ഗതാഗത സൗകര്യങ്ങളോടുകൂടിയ ശുചിത്വമുള്ള മൊത്ത-ചില്ലറ വ്യാപാര മത്സ്യ മാർക്കറ്റുകൾ വികസിപ്പിക്കുക.
- മത്സ്യത്തിന്റെ തടസ്സമില്ലാത്ത വിതരണത്തിനായി ലാൻഡിംഗ് സെന്ററുകളെ മാർക്കറ്റുകളുമായി ബന്ധിപ്പിച്ച് കാര്യക്ഷമമായ ലോജിസ്റ്റിക്സ് സംവിധാനങ്ങൾ നിർമ്മിക്കുക.
- മികച്ച വിലനിർണ്ണയം ഉറപ്പാക്കാൻ തത്സമയ മാർക്കറ്റ് പ്രൈസ് ഇൻഫർമേഷൻ സിസ്റ്റംസ് (എം.പി.ഐ.എസ്) അവതരിപ്പിക്കുക.
- മികച്ച പ്രവർത്തനക്ഷമതയ്ക്കായി ഏകീകൃതമായ അടിസ്ഥാന സൗകര്യ മാതൃകകൾ (സ്റ്റാൻഡേർഡൈസ്ഡ് ഇൻഫ്രാസ്ട്രക്ചർ മോഡലുകൾ) രൂപകൽപ്പന ചെയ്ത് നടപ്പിലാക്കുക.
- പാക്കേജിംഗും കയറ്റുമതിയും ശക്തിപ്പെടുത്തുന്നതിനായി പ്രാഥമിക ഉൽപ്പാദന കേന്ദ്രങ്ങൾക്ക് സമീപം സംയോജിത സംസ്കരണ കേന്ദ്രങ്ങൾ സ്ഥാപിക്കുക.
- റോഡുകൾ, തുറമുഖങ്ങൾ, സംഭരണ സൗകര്യങ്ങൾ എന്നിവ നവീകരിക്കുന്നതിന് പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയുള്ള നിക്ഷേപം പ്രോത്സാഹിപ്പിക്കുക.
- മത്സ്യം കേടുകൂടാതെ സൂക്ഷിക്കാൻ റഫ്രിജറേറ്റഡ്, ഇൻസുലേറ്റഡ് വാഹനങ്ങൾ, കണ്ടെയ്നറുകൾ, ബോട്ടുകൾ എന്നിവ ഉപയോഗിക്കുക.
- ഗതാഗതത്തിനിടയിൽ ഉണ്ടാകുന്ന നഷ്ടം കുറയ്ക്കുന്നതിന് കേടാകുന്ന ഉൽപ്പന്നങ്ങൾ കൈകാര്യം ചെയ്യുന്നതിൽ ലോജിസ്റ്റിക്സ് ജീവനക്കാർക്ക് പരിശീലനം നൽകുക.
- വിതരണം കാര്യക്ഷമമാക്കുന്നതിനും കാലതാമസം കുറയ്ക്കുന്നതിനും പ്രധാന തുറമുഖങ്ങൾക്ക് സമീപം ഹബ്ബുകൾ സ്ഥാപിക്കുക.
- ഉൽപ്പാദകരുടെ ലാഭവിഹിതവും ഉൽപ്പന്നത്തിന്റെ ഗുണമേന്മയും മെച്ചപ്പെടുത്തുന്നതിനായി സമുദ്ര വിഭവങ്ങളുടെ ഗതാഗതത്തിനുള്ള സജീവ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക.
- തിരക്കേറിയ സീസണിൽ കാര്യക്ഷമമായി കൈകാര്യം ചെയ്യാൻ ചെറിയ ലാൻഡിംഗ് സെന്ററുകളെ ഇൻസുലേറ്റഡ് ട്രക്കുകൾ, കണ്ടെയ്നറുകൾ എന്നിവയുമായി ബന്ധിപ്പിക്കുക

മത്സ്യബന്ധന തുറമുഖങ്ങൾ കാലാവസ്ഥാ പ്രതിരോധ ശേഷിയുള്ളവയായിരിക്കണം. തുറമുഖങ്ങളിൽ കാലാവസ്ഥാ പ്രതിരോധം ഉറപ്പാക്കുന്നതിന് എഞ്ചിനീയറിംഗ് വൈദഗ്ധ്യം, പരിസ്ഥിതി സംരക്ഷണം, സാമൂഹിക കേന്ദ്രീകൃതമായ ആസൂത്രണം എന്നിവ സംയോജിപ്പിക്കണം. അപകടസാധ്യതകൾ കണക്കിലെടുത്ത് തുറമുഖങ്ങൾക്ക് മുൻഗണന നൽകണം. ഉയർന്ന അപകടസാധ്യതയുള്ള തുറമുഖങ്ങളുടെ നവീകരണത്തിന് കൂടുതൽ നിക്ഷേപം നടത്തണം. ഉയർത്തിയ ജെട്ടികൾ, കടൽഭിത്തികൾ,

വെള്ളപ്പൊക്കത്തെ പ്രതിരോധിക്കുന്ന വസ്തുക്കൾ, മോഡുലാർ ഫ്ലോട്ടിംഗ് ഡോക്കുകൾ, മികച്ച ഡ്രെയിനേജ്, ചെളി നീക്കം ചെയ്യാനുള്ള സംവിധാനം എന്നിവയെല്ലാം ആവശ്യമായ ഇടപെടലുകളാണ്. സാധ്യമാകുമ്പോൾ, കണ്ടൽക്കാടുകളും കടൽപ്പുല്ലുകളും തുറമുഖ അതിർത്തികളിൽ പുനഃസ്ഥാപിക്കുന്നത് കടൽക്ഷോഭങ്ങളിൽ നിന്ന് സംരക്ഷണം നൽകും. തിരമാലകളുടെ ശക്തി കുറയ്ക്കുന്നതിന് കൃത്രിമ പാരുകൾ നിർമ്മിക്കുന്നതും മണൽക്കുന്നുകളുള്ള ബീച്ച് നവീകരണവും പരിഗണിക്കാവുന്നതാണ്. ലൈറ്റിംഗ്, കോൾഡ് സ്റ്റോറേജ്, മറ്റ് അടിയന്തര പ്രവർത്തനങ്ങൾ എന്നിവയ്ക്കായി തുറമുഖങ്ങളിലെ വൈദ്യുതി വിതരണം സൗരോർജ്ജമുപയോഗിച്ച് സജ്ജമാക്കാവുന്നതാണ്. ബോട്ടുകൾക്കും തുറമുഖ അടിസ്ഥാന സൗകര്യങ്ങൾക്കുമുള്ള മെച്ചപ്പെട്ട ഇൻഷുറൻസ് പദ്ധതികളും പരിഗണിക്കണം.

ഉത്പാദനത്തിനു മുന്നോടിയായുള്ള സൗകര്യങ്ങളുടെയും ഉൽപാദന പ്രവർത്തനങ്ങളുടെയും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം, കുളങ്ങളുടെയും ഹാച്ചറികളുടെയും പരിമിതമായ വികസനം, ഗുണമേന്മയുള്ള മത്സ്യവിത്തുകളുടെയും തീറ്റയുടെയും ലഭ്യതക്കുറവ്, ദുർബലമായ വിതരണ സംവിധാനങ്ങൾ, കാര്യക്ഷമമല്ലാത്ത നിരീക്ഷണ സംവിധാനങ്ങൾ എന്നിവ ഉൾനാടൻ മത്സ്യബന്ധന മേഖല നേരിടുന്ന വെല്ലുവിളികളാണ്.

**മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ അഭാവം**

മത്സ്യബന്ധന ബോട്ടുകൾ, മത്സ്യോൽപ്പന്നങ്ങളുടെ സംസ്കരണം, വിപണനം, മൂല്യവർദ്ധനവ് എന്നിവയിൽ ആധുനികവൽക്കരണം അത്യാവശ്യമാണ്. ഉൽപ്പന്നങ്ങളുടെയും കയറ്റുമതി കേന്ദ്രങ്ങങ്ങളുടെയും കാര്യത്തിലുള്ള കുറഞ്ഞ വൈവിധ്യവൽക്കരണമാണ് സമുദ്രോത്പന്ന വ്യാപാരത്തിലെ ഒരു പ്രധാന പ്രശ്നം. ഏകദേശം 90 ശതമാനം കയറ്റുമതിയും പ്രാഥമിക സംസ്കരണത്തിന് വിധേയമാകുന്നു, 10 ശതമാനം മാത്രമാണ് റെഡി-ടു-ഈറ്റ് ഉൽപ്പന്നങ്ങൾ പോലുള്ള ഉയർന്ന മൂല്യവർദ്ധിത രൂപങ്ങളായി മാറുന്നത്. ഇത് മൂല്യം കുറയുന്നതിലേക്ക് നയിക്കുന്നു.

മത്സ്യകൃഷി മേഖലയുടെയും കാര്യവും സമാനമാണ്. മിക്ക ശുദ്ധജല മത്സ്യങ്ങളും സംസ്കരിക്കാതെ, മുഴുവനായാണ് വിപണനം ചെയ്യുന്നത്. ഫിഷ് ഫില്ലറ്റ് അല്ലെങ്കിൽ സുരിമി പോലുള്ള മൂല്യവർദ്ധിത ഉൽപന്നങ്ങളിലേക്ക് കാര്യമായ വൈവിധ്യവൽക്കരണം നടക്കുന്നില്ല. കാർപ്പിന്റെ മാംസത്തിൽ ധാരാളം ചെറിയ മുള്ളുകൾ കാണപ്പെടുന്നത് മൂല്യം കൂട്ടുന്നതിന് ഒരു വലിയ തടസ്സമാണ്.




**ചിത്രം 13.16:** *1960 മുതൽ 2025 വരെ കേരളത്തിൽ നിന്നുള്ള മത്സ്യ ഉൽപ്പന്നങ്ങളുടെ കയറ്റുമതി (മെട്രിക് ടൺ, രൂപ കോടിയിൽ)*

*അവലംബം:* കേരള സംസ്ഥാന ആസൂത്രണ ബോർഡ്

അതുപോലെതന്നെ പ്രധാനമാണ് മത്സ്യത്തിന്റെ ഉപോത്പന്നങ്ങൾ വേണ്ടവിധം ഉപയോഗിക്കാത്തതും. പലതരം മത്സ്യ ഉത്പന്നങ്ങളും മരുന്ന്, പോഷകാഹാരം, സൗന്ദര്യവർദ്ധക വസ്തുക്കൾ, കൃഷി എന്നീ വ്യവസായങ്ങളിൽ ഉപയോഗിക്കാനുള്ള സാധ്യത നൽകുന്നു. മത്സ്യ എണ്ണ, കൈറ്റിൻ, ഗ്ലൂക്കോസാമിൻ, ഫിഷ് ജെലാറ്റിൻ, പെപ്റ്റൈഡുകൾ, കൊളാജൻ, കൊളാജൻ പെപ്റ്റൈഡ്, ഹൈലൂറോണിക് ആസിഡ്, ഇലകളിൽ തളിക്കാനുള്ള ഫിഷ് അമിനോ ആസിഡ്, കടൽ പായൽ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ (കേരളത്തിൽ കടൽ പായൽ അധികമില്ലെങ്കിലും) എന്നിവ അത്തരം ചില ഉദാഹരണങ്ങളാണ്.

അതുപോലെ പ്രധാനമാണ് മത്സ്യബന്ധന, ജലകൃഷി മേഖലകൾ നേരിടുന്ന വലിയ വൈദഗ്ധ്യക്കുറവ്. മത്സ്യത്തൊഴിലാളികൾക്കിടയിലെ പരിമിതമായ സാങ്കേതിക പരിജ്ഞാനവും ആധുനിക സാങ്കേതികവിദ്യകളുടെ സങ്കീർണ്ണതയുമാണ് ഇതിന് കാരണം. സംരംഭകർ ഈ വിടവ് നികത്തുന്നതിൽ നിർണായക പങ്ക് വഹിക്കുന്നു. ഉൽപ്പാദന ഉപാധികൾ മുതൽ സംസ്കരണം, വിപണനം വരെയുള്ള മൂല്യ ശൃംഖലയിൽ അവർ നൂതനാശയങ്ങൾ കൊണ്ടുവരുന്നു. സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നത് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനും ഭക്ഷ്യ, പോഷകാഹാര സുരക്ഷ ഉറപ്പാക്കാനും മത്സ്യത്തൊഴിലാളികൾക്കുള്ള വരുമാനം വർദ്ധിപ്പിക്കാനും കയറ്റുമതി ഇരട്ടിയാക്കാനും അത്യാവശ്യമാണ്. അടുത്ത കാലത്തായി മികച്ച വിദ്യാഭ്യാസം, ബിസിനസ്സ് വൈദഗ്ധ്യം, അപകടസാധ്യതകൾ ഏറ്റെടുക്കാനുള്ള കഴിവ് എന്നിവ കാരണം സംരംഭകത്വം വർധിച്ചു വരുന്നു. സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ (എം.എസ്.എം.ഇ.കളെ) പ്രോത്സാഹിപ്പിക്കുകയും സ്ത്രീകളുടെയും യുവാക്കളുടെയും പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്യുന്നത് ഈ മേഖലയെ കൂടുതൽ ശക്തിപ്പെടുത്തും. ഉൽപ്പാദന ഉപാധികൾ നൽകുന്നതിലും മൂല്യവർദ്ധനവരുത്തുന്നതിലും മത്സ്യ ഉൽപ്പന്നങ്ങളുടെ വിപണനത്തിലുമുള്ള അവരുടെ പങ്കാളിത്തം സുസ്ഥിരവും എല്ലാവരെയും ഉൾക്കൊള്ളുന്നതും ആധുനികവുമായ മത്സ്യബന്ധന വ്യവസ്ഥയ്ക്ക് അത്യന്താപേക്ഷിതമാണ്.

### മറ്റ് പ്രശ്നങ്ങൾ

മത്സ്യ വ്യവസായത്തിലെ മറ്റൊരു പ്രധാന തടസ്സം, നൂതന സംസ്കരണ പ്രവർത്തനങ്ങളും മൂല്യ വർദ്ധനവും കൈകാര്യം ചെയ്യുന്നതിന് വിദഗ്ധരായ തൊഴിലാളികളുടെ കുറവാണ്. സാക്ഷ്യപത്രമുള്ളതും പരിശീലനം ലഭിച്ചതുമായ മെഷീൻ ഓപ്പറേറ്റർമാർ, പ്രൊഡക്ഷൻ സൂപ്പർവൈസർമാർ, പർച്ചേസ് സൂപ്പർവൈസർമാർ, വിദഗ്ധരായ ഗ്രേഡർമാർ, ഫിഷ് ഫില്ലർമാർ, ട്യൂണ ഗ്രേഡ് പരിശോധകർ എന്നിവരുടെ കടുത്ത ക്ഷാമമുണ്ട്. വിളവെടുപ്പിനു ശേഷമുള്ള സമുദ്ര വിഭവ വിതരണ ശൃംഖലയിൽ ഏർപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥർക്ക് വിളവെടുപ്പിനു ശേഷമുള്ള നഷ്ടം കുറയ്ക്കുന്നതിനും ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ളതും സുരക്ഷിതവുമായ സമുദ്രവിഭവങ്ങൾ ലഭ്യമാക്കുന്നതിനും ഉത്തരവാദിത്തപരമായ കൈകാര്യം ചെയ്യൽ രീതികളെക്കുറിച്ച് ശരിയായ പരിശീലനം നൽകണം.

മത്സ്യബന്ധന മേഖലയിൽ ഗുണനിലവാര ഉറപ്പാക്കൽ സംവിധാനത്തിന്റെ അഭാവമുണ്ട്. നിയമങ്ങൾ കർശനമായി നടപ്പാക്കാത്തതും മത്സ്യം കഴിക്കുന്ന ഉപഭോക്താക്കളുടെ വിശ്വാസം കുറഞ്ഞതുമാണ് ഇതിന് കാരണം. മത്സ്യത്തിൽ അപകടകരമായ രാസവസ്തുക്കൾ കലർത്തുന്നതായി റിപ്പോർട്ടുകൾ ഉണ്ട്. അതിനാൽ, എല്ലാ മത്സ്യ മൂല്യ ശൃംഖലയിലും ഗുണനിലവാര ഉറപ്പാക്കൽ സംവിധാനം ശക്തമാക്കണം. മത്സ്യബന്ധനത്തിൽ ഒരു കണ്ടെത്തൽ സംവിധാനം നടപ്പാക്കുന്നത് വഴി ഉപഭോക്താക്കളുടെ വിശ്വാസം മെച്ചപ്പെടുത്താനും ആഭ്യന്തര, അന്തർദേശീയ വിപണികളിൽ മത്സ്യം കൂടുതൽ വിറ്റഴിക്കാനും സാധിക്കും.

സമുദ്ര മത്സ്യബന്ധന മേഖലയിൽ, കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ), മറൈൻ പ്രൊഡക്ട്സ് എക്സ്പോർട്ട് ഡെവലപ്മെന്റ് അതോറിറ്റി (എം.പി.ഇ.ഡി.എ) തുടങ്ങിയ സ്ഥാപനങ്ങൾ മത്സ്യബന്ധനത്തെയും കയറ്റുമതിയെയും കുറിച്ചുള്ള വിവരങ്ങൾ കൃത്യമായി ശേഖരിക്കുകയും പരിപാലിക്കുകയും ചെയ്യുന്നു. എന്നാൽ ഉൾനാടൻ മത്സ്യബന്ധന മേഖലയിൽ വിശ്വസനീയമായ ഡാറ്റയുടെ കാര്യമായ കുറവുണ്ട്. പലപ്പോഴും ചിതറിക്കിടക്കുന്നതും അനൗപചാരികവുമായ ഉൾനാടൻ മത്സ്യബന്ധന പ്രവർത്തനങ്ങൾക്ക് കേന്ദ്രീകൃത നിരീക്ഷണ സംവിധാനങ്ങൾ ഇല്ലാത്തതിനാൽ പിടിക്കുന്ന മത്സ്യത്തിന്റെ അളവ്, ഇനം, സാമ്പത്തിക മൂല്യം എന്നിവയുടെ രേഖപ്പെടുത്തൽ വളരെ കുറവാണ്. ഈ കുറവ് ഫലപ്രദമായ നയ രൂപീകരണത്തിനും ശാസ്ത്രീയമായ പരിപാലനത്തിനും നിക്ഷേപ ആസൂത്രണത്തിനും തടസ്സമുണ്ടാക്കുന്നു.

### മത്സ്യമേഖലയിലെ മൂല്യവർധനവും കയറ്റുമതിയും

ആഗോള സമുദ്രോത്പന്ന വിപണികളിൽ കേരളത്തിന് ചരിത്രപരമായി ശക്തമായ സാന്നിധ്യമുണ്ട്. കയറ്റുമതി അളവിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയിലെ മൂന്നാമത്തെ വലിയ സമുദ്രോത്പന്ന കയറ്റുമതി സംസ്ഥാനവും മൂല്യത്തിന്റെ അടിസ്ഥാനത്തിൽ രണ്ടാമത്തെ വലിയ സംസ്ഥാനവുമാണ് കേരളം. കേരളത്തിലെ മത്സ്യസംസ്കരണ വ്യവസായം സംസ്ഥാനത്തിന്റെ മത്സ്യബന്ധന മേഖലയിലെ ശക്തമായ അടിസ്ഥാനമായി പ്രവർത്തിക്കുന്നു. 204 രജിസ്റ്റർ ചെയ്ത കയറ്റുമതിക്കാരുള്ള കേരളത്തിന്, ഇന്ത്യയിലെ മത്സ്യസംസ്കരണ യൂണിറ്റുകളുടെ 21 ശതമാനവും, രാജ്യത്തെ സംസ്കരണ ശേഷിയുടെ 14 ശതമാനവും കൈമുതലായുണ്ട്. മത്സ്യസംസ്കരണത്തിന്റെയും മൂല്യവർദ്ധനവിന്റെയും കാര്യത്തിൽ കേരളം ഇന്ത്യയെക്കാൾ മികച്ചതാണ്; ഇന്ത്യയിൽ ഉൽപ്പാദിപ്പിക്കുന്ന മത്സ്യത്തിന്റെ 22 ശതമാനം മാത്രമേ സംസ്കരിക്കുന്നുള്ളൂവെങ്കിൽ, കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന മത്സ്യത്തിന്റെ 34 ശതമാനം സംസ്കരിക്കപ്പെടുന്നു. ഉൽപ്പന്ന വിഭാഗങ്ങളിൽ, മൊത്തം മത്സ്യ ഉൽപന്നങ്ങളുടെ 26 ശതമാനവും ശീതീകരിച്ച മത്സ്യമാണ്, തുടർന്ന് ഉപ്പിട്ട ഉണങ്ങിയ മത്സ്യം 22.3 ശതമാനവും തരംതിരിക്കാത്ത ഉണക്ക മത്സ്യം 5.7 ശതമാനവുമാണ്.

### വളർച്ചാ പ്രവണതകൾ

വൈവിധ്യമാർന്ന സമുദ്ര, ഉൾനാടൻ മത്സ്യ ഉൽപന്നങ്ങൾ പുതിയതും ശീതീകരിച്ചതും, ജീവനുള്ളതും, സംസ്കരിച്ച

തുമായ രൂപങ്ങളിൽ കേരളം കയറ്റുമതി ചെയ്യുന്നു. മത്സ്യ ഉൽപന്നങ്ങളിൽ നിന്നുള്ള കയറ്റുമതി വരുമാനം സമീപ വർഷങ്ങളിൽ ഗണ്യമായി വർദ്ധിച്ചു. കയറ്റുമതി വരുമാനം 2015-16 ൽ 4,644 കോടിയിൽ നിന്ന്, ഏകദേശം 49.5 ശതമാനം വർദ്ധിച്ച് 2024-25 ൽ 6,941 കോടി രൂപയിലെത്തി (ചിത്രം 13.16). ഇതേ കാലയളവിൽ കയറ്റുമതി അളവ് ഏകദേശം 20.5 ശതമാനം വർദ്ധിച്ച് 2022-23 ൽ 2 ലക്ഷം മെട്രിക് ടൺ എത്തി. ഇന്ത്യയുടെ മൊത്തം സമുദ്രോത്പന്ന കയറ്റുമതിയിൽ കേരളം സ്ഥിരമായി 12-14 ശതമാനം പങ്ക് വഹിക്കുന്നു, ഇത് ചെമ്മീൻ, മത്തി തുടങ്ങിയ ഉയർന്ന ആവശ്യകതയുള്ള ഇനങ്ങളിൽ സംസ്ഥാനത്തിന്റെ മത്സരക്ഷമതയെ വ്യക്തമാക്കുന്നു. തെക്കു കിഴക്കൻ ഏഷ്യയും പശ്ചിമ ഏഷ്യയും ഉൾപ്പെടുന്ന പുതിയ കയറ്റുമതി വിപണികളിലേക്ക് സംസ്ഥാനത്തിന്റെ കയറ്റുമതി ലക്ഷ്യസ്ഥാനങ്ങൾ വൈവിധ്യമാക്കി, അതോടൊപ്പം, മൂല്യവർദ്ധിത ഫില്ലറ്റുകൾ, റെഡി-ടു-ഈറ്റ് സമുദ്രോൽപ്പന്നങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി ഉൽപ്പന്നശ്രേണിയും വികസിപ്പിച്ചു. മത്സ്യബന്ധന മേഖല കേരളത്തിലെ ഭക്ഷ്യ സംസ്കരണ വ്യവസായത്തിന്റെ അടിസ്ഥാനശിലയായി തുടരുകയും, സംസ്ഥാന സർക്കാരിന്റെ പ്രധാന വരുമാന ഉറവിടമായി നിലകൊള്ളുകയും ചെയ്യുന്നു. കൂടാതെ ഇത് സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ ഏകദേശം 3 ശതമാനം സംഭാവന നൽകുന്നു.

സമുദ്രോത്പന്ന സംസ്കരണത്തിലും മൂല്യവർദ്ധനവിലും കേരളം ഇന്ന് ദേശീയ ശരാശരിയേക്കാൾ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നു, ഇന്ത്യയുടെ സംസ്കരിച്ച സമുദ്രോത്പന്ന കയറ്റുമതിയുടെ ഏകദേശം 34 ശതമാനം സംഭാവന ചെയ്യുന്നത് കേരളമാണ്. കയറ്റുമതി വിഭാഗങ്ങളിൽ, ശീതീകരിച്ച മത്സ്യം 26 ശതമാനവും, ഉപ്പിട്ട ഉണക്ക മത്സ്യം (22.3 ശതമാനം), ഉപ്പില്ലാത്ത ഉണക്ക മത്സ്യം (5.7 ശതമാനം) എന്നിവയും ഉൾപ്പെടുന്നു. എന്നിരുന്നാലും, പ്രകൃതിയിൽ നിന്ന് പിടിക്കുന്ന ചെമ്മീനിനെ അമിതമായി ആശ്രയിക്കുന്നതും മത്സ്യകൃഷിയിലെ പരിമിതമായ വളർച്ചയും കേരളത്തിന്റെ കയറ്റുമതി സാധ്യതകളെ ഇപ്പോഴും പരിമിതപ്പെടുത്തുന്നു. ടർട്ടിൽ എക്സ്ക്ലൂഡർ ഉപകരണം (റ്റി ഇ ഡി) ഉപയോഗിക്കാത്തതിനാൽ, 2019-ൽ ഇന്ത്യയിൽ നിന്ന് ചെമ്മീൻ ഇറക്കുമതിക്ക് യു.എസ്. ഏർപ്പെടുത്തിയ നിരോധനവും കേരളത്തിന്റെ സമുദ്ര കയറ്റുമതിയിൽ ഒരു തടസ്സമായിരുന്നു. എന്നാൽ കേരളം ഈ നിരോധനത്തോട് പെട്ടെന്ന് പ്രതികരിച്ചു; 2019-ൽ, എല്ലാ ട്രോളിംഗ് വലകളിലും റ്റി.ഇ.ഡി. (ഐ.സി.എ.ആർ - സി.ഐ.എഫ്.റ്റി വികസിപ്പിച്ചെടുത്തത്) നിർബന്ധമാക്കുകയും കടലാമകളെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടികൾ ആരംഭിക്കുകയും ചെയ്തു. എന്നിരുന്നാലും, സ്രാവുകൾ പോലുള്ള പുതിയ ജീവികൾ പട്ടികയിൽ ചേർക്കാനുള്ള സാധ്യത ഉൾപ്പെടെയുള്ള വെല്ലുവിളികൾ ഇപ്പോഴും നിലനിൽക്കുന്നു.

**പ്രതിസന്ധികളും മുന്നോട്ടുള്ള വഴികളും**

സംസ്ഥാന സർക്കാർ വിവിധ പ്രോത്സാഹന പദ്ധതികളിലൂടെ മത്സ്യ സംസ്കരണ മേഖലയെ പിന്തുണച്ചിട്ടുണ്ടെ

**പട്ടിക 13.10** *കേരള മത്സ്യ ബോർഡ് മുഖേന മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും 2015 - 16, 2023 - 24 വർഷങ്ങളിൽ നൽകിയ സാമൂഹിക സംരക്ഷണ ആനുകൂല്യങ്ങളുടെ തുക, രൂപ കോടിയിൽ*

| ആനുകൂല്യങ്ങൾ / സഹായങ്ങളുടെ ഇനം | 2015 – 16 | | | 2023 – 24 | | |
|---|---|---|---|---|---|---|
| | മത്സ്യത്തൊഴിലാളികൾ | അനുബന്ധ തൊഴിലാളികൾ | ആകെ | മത്സ്യത്തൊഴിലാളികൾ | അനുബന്ധ തൊഴിലാളികൾ | ആകെ |
| പെൻഷൻ വിതരണം | 23.6 | 7.8 | 31.4 | 37.9 | 12.7 | 50.7 |
| കുടുംബക്ഷേമ സഹായം | 32.5 | 0.2 | 32.6 | 16.1 | 0.7 | 16.8 |
| ജീവൻ - ആരോഗ്യ ഇൻഷുറൻസ് ക്ലെയിം | 3.9 | 1.4 | 5.3 | 11.2 | 1.9 | 13.0 |
| മരണ - അപകട ആനുകൂല്യങ്ങൾ | 5.8 | 0.3 | 6.2 | 11.4 | 0.7 | 12.1 |
| ആശുപത്രി - രോഗ ചികിത്സാ ധനസഹായങ്ങൾ | 1.0 | 0.1 | 1.1 | 1.0 | 0.0 | 1.1 |
| വിദ്യാഭ്യാസ സഹായം | 0.1 | 0.0 | 0.1 | 0.1 | 0.0 | 0.1 |
| വിവേചനാധികാര പ്രകാരമുള്ള പ്രത്യേക സഹായം | 0.0 | 0.0 | 0.0 | 0.5 | 0.0 | 0.5 |
| **ആകെ വിതരണം** | **66.9** | **9.8** | **76.7** | **78.2** | **16.0** | **94.3** |

*അവലംബം:* മത്സ്യ ബോർഡ്

ങ്കിലും, അന്താരാഷ്ട്ര മാനദണ്ഡങ്ങൾ പാലിക്കുന്നതിലും അടിസ്ഥാന സൗകര്യങ്ങളുടെ ആധുനികവൽക്കരണ ത്തിലും വെല്ലുവിളികൾ നിലനിൽക്കുന്നു. അസംസ്കൃത വസ്തുക്കളുടെ വിതരണത്തിലെ പൊരുത്തക്കേടാണ് ഈ മേഖലയിലെ ഒരു പ്രധാന വെല്ലുവിളി. ഇതുമൂലം നിരവധി ഫാക്ടറികളിൽ ശേഷി വിനിയോഗം 20 ശതമാനത്തിൽ താഴെ മാത്രമായി തുടരുന്നു. മത്സ്യബന്ധനത്തിൽ നിന്നുള്ള കുറഞ്ഞ മത്സ്യലഭ്യത ഇവിടെ ഒരു പ്രധാന ഘടകമാണ്. അതിനാൽ, മുമ്പ് ചർച്ച ചെയ്തതുപോലെ, ജലാശയ ആവാസ വ്യവസ്ഥകളുടെ പുനരുജ്ജീവനം, ഉൽപ്പാദന വർധനവ്, മത്സ്യബന്ധന സാങ്കേതികവിദ്യകളുടെ നവീകരണം എന്നിവ യുടെ നേട്ടങ്ങൾ മത്സ്യസംസ്കരണ മേഖലയിലും അസം സ്കൃത വസ്തുക്കളുടെ സ്ഥിരമായ ലഭ്യത ഉറപ്പാക്കുന്നതിനും സഹായിക്കും.

സമുദ്രോത്പന്ന വ്യാപാരത്തിലെ ഉൽപ്പന്നങ്ങളും കയറ്റു മതി ചെയ്യേണ്ട സ്ഥലങ്ങളും സംബന്ധിച്ച വൈവിധ്യ വൽക്കരണത്തിന്റെ കുറവ് മറ്റൊരു പ്രധാന തടസ്സമാണ്. മൊത്തം മത്സ്യ കയറ്റുമതിയുടെ 90 ശതമാനവും പ്രാഥമിക സംസ്കരണ ഘട്ടത്തിലാണ്, അതായത്, ജീവനോടെയോ തണുപ്പിച്ച അല്ലെങ്കിൽ ശീതീകരിച്ച രീതിയിലോ ആണ്. അതിനാൽ ഉൽപ്പന്നങ്ങൾക്ക് ലഭിക്കേണ്ട യഥാർത്ഥ മൂല്യം കുറയുന്നു. ഈ ആശങ്ക പരിഹരിക്കുന്നതിന്, ഉയർന്ന മൂല്യലഭ്യതയുള്ള മത്സ്യബന്ധന ഉൽപ്പന്നങ്ങളുടെ ഉൽപാദ നത്തിലും വിപണനത്തിലും കേരളം വലിയ തോതിൽ സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കണം. ഉയർന്ന മൂല്യ മുള്ള ഇനങ്ങളിൽ (ട്യൂണ ഉൾപ്പെടെ) സംസ്കരണ സൗകര്യ ങ്ങൾ ഉൾക്കൊള്ളുന്ന പുതിയ മത്സ്യബന്ധന കപ്പലുകൾ കൊണ്ടുവരിക, സംസ്കരണത്തിനും പാക്കേജിംഗ് യന്ത്രങ്ങ ളുടെയും തദ്ദേശീയവൽക്കരണത്തിനായി വ്യവസായങ്ങൾ സ്ഥാപിക്കൽ, അന്താരാഷ്ട്ര സമുദ്രോത്പന്ന വ്യാപാര മേളകൾ സംഘടിപ്പിക്കൽ എന്നിവ വൈവിധ്യവൽക്കരണ ത്തിലേക്ക് പുതിയ നിക്ഷേപങ്ങൾ ആകർഷിക്കാൻ സഹാ യിക്കും.

സമുദ്രോത്പന്ന സംസ്കരണ മേഖല സംസ്കരണ പൂർവ്വ സൗകര്യങ്ങളുടെ ലഭ്യതയെ ആശ്രയിച്ചിരിക്കുന്നു. കേരളത്തിലെ നിരവധി സംസ്കരണപൂർവ്വ സൗകര്യങ്ങ ൾക്ക് ഉയർന്ന നിലവാരത്തിലുള്ള ശുചിത്വം പാലിക്കുന്ന തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതി നാൽ അവ തകർച്ചയിലാണ്. കൂടാതെ, തുറമുഖങ്ങളിലും ലാൻഡിംഗ് സെന്ററുകളിലും ഈ സൗകര്യങ്ങളുടെയും യൂണിറ്റുകളുടെയും കുറവ് ഫാക്ടറികളിലേക്ക് എത്തുന്ന അസംസ്കൃത വസ്തുക്കളുടെ മോശമായ ഗുണനിലവാരത്തി ലേക്ക് നയിക്കുന്നു. അതിനാൽ സംസ്കരണപൂർവ്വ കേന്ദ്ര ങ്ങൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള സൗകര്യങ്ങൾ നവീകരിക്കുന്നതിനുമുള്ള നയങ്ങളിൽ കൂടുതൽ ശ്രദ്ധ നൽകേണ്ടതാണ്. നിലവിലുള്ള തുറമുഖങ്ങളുടെ പുനർ രൂപകൽപ്പനയിൽ, ഗുണമേൻമയുള്ള ജലവിതരണം, ഐസ് പ്ലാന്റുകൾ, മാലിന്യ സംസ്കരണ യൂണിറ്റുകൾ എന്നിവ ആധു നികവും ശുചിത്വമുള്ളതുമായ സംസ്കരണപൂർവ്വ സൗകര്യ ങ്ങൾക്കൊപ്പം ഉൾപ്പെടുത്തണം.

അവസാനമായി, മത്സ്യസംസ്കരണ മേഖലയിലെ കൂടുതൽ വളർച്ചയ്ക്ക് പുതിയ വിപണികളുടെ വികസനവും നിലവിലുള്ള വിപണന സ്ഥാപനങ്ങളുടെ പരിഷ്കരണവും ആവശ്യമാണ്. ഫിഷറീസ് വകുപ്പ് നെടുമങ്ങാട്, നൂറനാട്, മറ്റ് നിരവധി സ്ഥലങ്ങൾ എന്നിവിടങ്ങളിൽ പുതിയ മത്സ്യ മാർക്കറ്റുകൾ സ്ഥാപിച്ചു. കോഴിക്കോടും ആലുവയിലും പുതിയ മത്സ്യ മാർക്കറ്റുകൾ സ്ഥാപിച്ചു. കൂടാതെ, പുതിയ മത്സ്യവല ഫാക്ടറികൾ സ്ഥാപിക്കുന്നതിന് മത്സ്യഫെഡ് മുൻകൈയെടുത്തു. 1985ൽ മത്സ്യഫെഡ് സ്ഥാപിച്ച ആദ്യ മത്സ്യവല ഫാക്ടറിയുടെ ശേഷി വർധിപ്പിച്ച് ഏകദേശം 1,250 ടൺ ആയി ഉയർത്തിയിട്ടുണ്ട്, ഇത് കേരളത്തിന്റെ മൊത്തം മത്സ്യവല ആവശ്യകതയുടെ ഏകദേശം 40 ശത മാനമാണ്. ശേഷിക്കുന്ന ആവശ്യകത നിറവേറ്റുന്നതിനായി, എറണാകുളത്തും കണ്ണൂരിലും രണ്ട് മത്സ്യവല ഫാക്ടറികൾ സ്ഥാപിച്ചെങ്കിലും കുറവ് തുടർന്നു. അതിനാൽ, 2017 ൽ തിരുവനന്തപുരത്ത് 450 ടൺ വാർഷിക ശേഷിയുള്ള നാലാമത്തെ മത്സ്യവല ഫാക്ടറി സ്ഥാപിച്ചു.

എന്നാൽ ഇതിലും കൂടുതൽ ശ്രമങ്ങൾ ആവശ്യ മാണ്. ആഭ്യന്തര വിപണിയുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിന് മത്സ്യഫെഡ് പോലുള്ള സഹകരണ സ്ഥാപനങ്ങൾ കേരള ത്തിൽ കൂടുതൽ സമുദ്രോത്പന്ന സംസ്കരണ ഫാക്ടറികൾ സ്ഥാപിക്കണം. അരൂരിൽ 4.5 ഏക്കർ സ്ഥലത്ത് കിൻഫ്ര ഇതിനകം നിരവധി ഫുഡ് പാർക്കുകളും ഒരു സമുദ്രോ ത്പന്ന പാർക്കും സ്ഥാപിച്ചിട്ടുണ്ട്. ഈ മേഖല വികസി ക്കുന്നതിനനുസരിച്ച് ഇത്തരത്തിലുള്ള കൂടുതൽ പാർക്കു കൾ ആവശ്യമായി വരാം. കൊച്ചി തുറമുഖത്തും പുതിയ വിഴിഞ്ഞം തുറമുഖത്തും വലുതും ആധുനികവുമായ കോൾഡ് സ്റ്റോറേജുകൾ അനിവാര്യമാണ്. ആഗോള തുറ മുഖങ്ങളിലെ മികച്ച പ്രവർത്തന മാതൃകകൾ പിന്തുടർന്ന്, കണ്ടെയ്നറുകൾ തുറമുഖത്ത് തുടരുമ്പോഴുള്ള കാര്യക്ഷമ താ തലങ്ങൾ കൈവരിക്കുന്നതിനുള്ള പദ്ധതികളും ഈ തുറമുഖങ്ങൾ ആസൂത്രണം ചെയ്യണം. മത്സ്യസംസ്കരണ മേഖലയ്ക്കായി പുതിയ സാമ്പത്തിക സഹായ പദ്ധതി പരിഗ ണിക്കാവുന്നതാണ്.

സംസ്ഥാന സർക്കാർ സംരംഭകത്വം സുഗമമാക്കുന്ന തിനായി ഇതിനകം തന്നെ നിരവധി നടപടികൾ സ്വീകരിച്ചി ട്ടുണ്ട്. ജനവാസ മേഖലകൾക്ക് സമീപം സ്ഥിതി ചെയ്യുന്ന നിലവിലുള്ള ഫാക്ടറികൾ ശേഷി വർദ്ധിപ്പിക്കാൻ ശ്രമിക്കു മ്പോൾ നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ നൽകുന്നത് സംബ ന്ധമായ പ്രശ്നങ്ങൾ ലളിതമാക്കുന്നതിനുള്ള കൂടുതൽ നടപടി കൾ ആവശ്യമാണ്. വ്യവസായ വകുപ്പും റവന്യൂ വകുപ്പും തമ്മിലുള്ള മെച്ചപ്പെട്ട ഏകോപനം, നിയന്ത്രണ സംവിധാന ങ്ങളെ കുടുതൽ കാര്യക്ഷമമാക്കാൻ സഹായിക്കും.

മത്സ്യബന്ധന മേഖലയിലെ ഉപോൽപ്പന്ന വ്യവസായ ങ്ങളിൽ നിക്ഷേപം ആകർഷിക്കുന്നതിലും കേരളം ശ്രദ്ധ ചെലുത്തണം. സംസ്കരണത്തിൽ ഉപയോഗിക്കുന്ന അസം സ്കൃത വസ്തുക്കളുടെ ഏകദേശം 60 ശതമാനം നിലവിൽ “മാലിന്യം” എന്ന നിലയിലാണ് കണക്കാക്കപ്പെടുന്നത്; ഇവ ഭൂരിഭാഗവും മാലിന്യ നിക്ഷേപ കേന്ദ്രങ്ങളിലേക്കാണ് നീക്കം ചെയ്യുന്നത്. പരിസ്ഥിതി സൗഹൃദമായ രീതിയിൽ ഈ മാലിന്യങ്ങളെ ജൈവരീതിയിൽ മാറ്റുന്നത് ലാഭകര മായ ഒരു മാർഗമാണ്. ഫിഷ് മീൽ, മത്സ്യഎണ്ണ, വളങ്ങൾ, ഹൈഡ്രോളിസേറ്റ് ജെലാറ്റിൻ തുടങ്ങിയ ഉയർന്ന മൂല്യ മുള്ള ഉപോൽപ്പന്നങ്ങളാക്കി മാറ്റുന്നതിനുള്ള സാങ്കേതിക വിദ്യകൾ ലഭ്യമാണ്. എന്നാൽ, ഈ മേഖലയിലെ വളർ

ച്ചയ്ക്ക് മാലിന്യ വസ്തുക്കളുടെ സമാഹരണം, തരംതിരിക്കൽ, ലേബലിംഗ്, സംഭരണം എന്നീ സൗകര്യങ്ങൾ ആവശ്യമാണ്. മലിനീകരണ നിയന്ത്രണ ബോർഡുമായി കൂടിയാലോചിച്ച്, പൊതുവായ മാലിന്യ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള വ്യവസ്ഥകൾ ലളിതമാക്കാവുന്നതാണ്. സി.ഐ.എഫ്.ടി പോലുള്ള പൊതു ഗവേഷണ സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമായ സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് മാലിന്യ സംസ്കരണത്തിന് ലഭ്യമായ ഫണ്ടുകൾ ഇവിടെയും വിനിയോഗിക്കാവുന്നതാണ്.

### സമുദ്ര മത്സ്യത്തൊഴിലാളികൾക്കായുള്ള സാമൂഹ്യ സുരക്ഷ

### ഒരു അവലോകനം

1980-കൾ മുതൽ മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിന് ശ്രദ്ധ നൽകിവരുന്നു. 1984-ൽ മത്സ്യഫെഡ് സ്ഥാപിതമായതും 1985-ൽ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് (കെ.എഫ്.ഡബ്ലിയു.എഫ്.ബി. അല്ലെങ്കിൽ മത്സ്യ ബോർഡ്) സ്ഥാപിതമായതും നിരവധി സംരക്ഷണ, പ്രതിരോധ, പ്രോത്സാഹന സാമൂഹിക സുരക്ഷാ നടപടികൾ നടപ്പിലാക്കുന്നതിലേക്ക് നയിച്ചു. മറ്റ് ക്ഷേമനിധി ബോർഡുകളെ പോലെ മത്സ്യ ബോർഡും സർക്കാർ, തൊഴിൽദാതാക്കൾ, തൊഴിലാളികൾ എന്നിവർ സംയുക്തമായി ഒരു നിധിയിലേക്ക് സംഭാവന ചെയ്യുന്ന ത്രികക്ഷി സംവിധാനമായിരുന്നു. 1993 ൽ, മത്സ്യബന്ധന നയം പ്രസിദ്ധീകരിച്ച ആദ്യത്തെ സംസ്ഥാനമായി കേരളം മാറി. 1996 മുതലുള്ള ഭരണ വികേന്ദ്രീകരണത്തോടെ, മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗ്ഗ പ്രശ്നങ്ങൾക്ക് വീണ്ടും ശ്രദ്ധ ലഭിച്ചു, ഇത് 2000-മാണ്ടുകളുടെ തുടക്കം മുതൽ അവരുടെ മാനവ വികസന സൂചികകൾ മെച്ചപ്പെടുന്നതിന് നിർണായകമായി ത്തീരുകയും ചെയ്തു.

മത്സ്യോൽപ്പന്നങ്ങൾക്കുള്ള പ്രചാരണ നടപടികൾ മത്സ്യഫെഡ് ആരംഭിച്ചു. മരണ, അപകട ഇൻഷുറൻസ്, വാർദ്ധക്യ പെൻഷനുകൾ, മാരക രോഗങ്ങൾക്കുള്ള സഹായം, പ്രസവ പരിചരണം, ശവസംസ്കാര ചെലവുകൾ തുടങ്ങിയ മത്സ്യത്തൊഴിലാളി സമൂഹങ്ങൾക്കുള്ള സംരക്ഷണ നടപടികൾ മത്സ്യ ബോർഡ് പരിഗണിച്ചു. മത്സ്യബന്ധന വകുപ്പ് സമ്പാദ്യ സമാശ്വാസ പദ്ധതി (എസ്.ആർ.എസ്) എന്ന വലിയൊരു സംരക്ഷണ പദ്ധതി കൂടി ആരംഭിച്ചു. സമുദ്ര, ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ഓഫ്-സീസണുകളിൽ സഹായിക്കാനാണ് എസ്. ആർ. എസ്. പദ്ധതി ലക്ഷ്യമിടുന്നത്. ഈ പദ്ധതിയിൽ ഗുണഭോക്താവ് സീസൺ കാലത്തെ ആറു മാസങ്ങളിൽ പ്രതിമാസം 250 രൂപ വീതം ആറ് ഗഡുക്കളായി 1,500 രൂപ സംഭാവന ചെയ്യണം. പ്രാരംഭ രൂപരേഖ പ്രകാരം, കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും 1,500 രൂപ വീതം സംഭാവന ചെയ്തതോടെ ആകെ 3,000 രൂപ ലഭിച്ചു. ശേഷിക്കുന്ന ആറ് മാസങ്ങളിൽ ഗുണഭോക്താക്കൾക്ക് ആകെ 4,500 രൂപ വിതരണം ചെയ്തു. സമുദ്ര മത്സ്യത്തൊഴിലാളികൾക്ക് മെയ്, ജൂൺ, ജൂലൈ മാസങ്ങളിലും ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലും 1,500 രൂപ വീതം സഹായം നൽകി.

സംസ്ഥാന ആസൂത്രണ ബോർഡിലെ വിദഗ്ധ സംഘത്തിന്റെ അഭിപ്രായമനുസരിച്ച്, കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ലഭിക്കുന്ന സാമൂഹിക സംരക്ഷണ പരിരക്ഷ ഏകദേശം 98 ശതമാനവും സംരക്ഷണ നടപടികളായാണ് നടപ്പിലാക്കുന്നത്, ബാക്കി 2 ശതമാനം മാത്രമാണ് കുടുംബക്ഷേമം, വിദ്യാഭ്യാസം തുടങ്ങിയ പ്രതിരോധ നടപടികൾക്ക് വേണ്ടി നീക്കിവച്ചിരിക്കുന്നത്.

2015-16 നും 2023-24 നും ഇടയിൽ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള വാർഷിക സാമൂഹിക സംരക്ഷണ ആനുകൂല്യങ്ങളിൽ ഗണ്യമായ വർധനവ് ഉണ്ടായി - 77 കോടി രൂപയിൽ നിന്ന് 94 കോടി രൂപയായി, ഏകദേശം 22 ശതമാനം വർധന. പട്ടിക 13.10 ൽ നൽകിയിരിക്കുന്ന കണക്കുകൾ പ്രകാരം, കഴിഞ്ഞ ഒരു ദശകത്തിനിടെ കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും സാമൂഹിക സംരക്ഷണ പരിരക്ഷയിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായതായി കാണാം.

കൂടാതെ, മത്സ്യതൊഴിലാളി സ്ത്രീകളുടെ സഹായത്തിനായി പ്രവർത്തിക്കുന്ന , സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വുമൺ (എസ്. എ. എഫ്) ഫിഷറീസ് സ്കൂളുകൾക്ക് സഹായം നൽകുകയും കേന്ദ്ര സർക്കാർ ധനസഹായത്തോടെ ക്ഷേമ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുന്നു.

### പുതിയ നടപടിക്രമങ്ങൾ: വിപുലീകരണവും ശക്തിപ്പെടുത്തലും

2016 നും 2021 നും ഇടയിലും, 2021 നും 2025 നും ഇടയിലും, മത്സ്യത്തൊഴിലാളികൾക്കുള്ള സാമൂഹിക സുരക്ഷാ നടപടികൾ ഗണ്യമായി വിപുലീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്തു. ഈ നടപടികൾ മുൻപ് ഉൾപ്പെടുത്തിയിട്ടില്ലാത്ത പുതിയ മേഖലകളെ ഉൾക്കൊള്ളുന്നതോടൊപ്പം, നിലവിലുള്ള പദ്ധതികളെ വിപുലീകരിച്ച് പുതിയ വിഭാഗം ആളുകളെയും പുതിയ തരത്തിലുള്ള സഹായങ്ങളും ഉൾപ്പെടുത്തി കൂടുതൽ ശക്തിപ്പെടുത്തുകയും ചെയ്തു.

**പുനർഗേഹം**: ഭവന നിർമ്മാണത്തിലായിരുന്നു ഏറ്റവും സുപ്രധാനമായ ഇടപെടൽ. തീരദേശ മേഖലകളിലെ ഒരു പ്രധാന വെല്ലുവിളി തീരദേശ മണ്ണൊലിപ്പും തീവ്രമായ കാലാവസ്ഥാ വ്യതിയാനങ്ങളും കാരണം താമസസ്ഥലങ്ങൾ അപകടാവസ്ഥയിൽപ്പെടുന്നതായിരുന്നു. സമുദ്ര തീരത്ത് നിന്ന് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ കണ്ടെത്തി, പാർപ്പിട സമുച്ചയങ്ങളുടെ നിർമ്മാണം വഴി അവരെ കൂടുതൽ സുരക്ഷിത പ്രദേശങ്ങളിലേക്ക് സ്വമേധയാ പുനരധിവസിപ്പിക്കുന്നതിനും അവർക്ക് സാമ്പത്തിക സഹായം നൽകുന്നതിനുമായി 2019-20 ൽ ഒരു പുതിയ സംരംഭമായാണ് പുനർഗേഹം പദ്ധതി രൂപകൽപ്പന ചെയ്തത്. വ്യക്തിഗത വീടുകൾ, ഗുണഭോക്താക്കൾ ചേർന്ന് റെസിഡൻസ് ഗ്രൂപ്പുകൾ രൂപീകരിച്ച് നിർമ്മിക്കുന്ന അപ്പാർട്ട്മെന്റുകൾ, സർക്കാർ/ സ്വകാര്യ ഭൂമിയിൽ നിർമിക്കുന്ന ഫ്ലാറ്റ് സമുച്ചയങ്ങൾ എന്നിവയുടെ നിർമ്മാണത്തിലൂടെയാണ് പുനരധിവാസം നടത്തുന്നത്. ഈ പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് ലഭിക്കുന്ന

പരമാവധി സാമ്പത്തിക സഹായം 10 ലക്ഷം രൂപയാണ്.

കേരളത്തിലുടനീളം, ഒന്നാമത്തെ ഘട്ടത്തിൽ പുനരധിവസിപ്പിക്കേണ്ട 12,304 കുടുംബങ്ങളെ കണ്ടെത്തിയിട്ടുണ്ട്. അവരിൽ 2025 ജൂലൈ വരെ 9,104 കുടുംബങ്ങൾ സ്ഥലം മാറാൻ സന്നദ്ധത അറിയിച്ചിട്ടുണ്ട്. അവരിൽ, 4,432 കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തി ആവശ്യമായ അംഗീകാരങ്ങൾ നേടിയിട്ടുണ്ട്. അവരിൽ 3,857 കുടുംബങ്ങൾ ഭൂമിയുടെ രജിസ്ട്രേഷൻ പൂർത്തിയാക്കി, 2,528 കുടുംബങ്ങളുടെ വീട് നിർമ്മാണം പൂർത്തിയാക്കി. 554 കുടുംബങ്ങളുടെ വീട് നിർമ്മാണം ഇനിയും ആരംഭിക്കാനുണ്ട്, അതേസമയം 775 വീടുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. അതിനാൽ, മൊത്തം 2,918 കുടുംബങ്ങൾക്ക് ഫ്ലാറ്റുകൾ/വീടുകൾ ലഭിക്കുകയോ അല്ലെങ്കിൽ വീട് നിർമ്മിക്കുന്നതിനുള്ള സഹായം പൂർണ്ണമായി ലഭിക്കുകയോ ചെയ്തിട്ടുണ്ട്. കൂടാതെ 1,136 ഫ്ലാറ്റുകൾ നിലവിൽ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ശേഷിക്കുന്ന 3,721 കുടുംബങ്ങളുടെ പുനരധിവാസവും 2026 ഓടെ പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**വിദ്യാതീരം**: മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം നൽകുന്നതിനാണ് വിദ്യാതീരം പദ്ധതി ആരംഭിച്ചത്. ഉന്നത വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെ അടിസ്ഥാനമാക്കി മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ അടുത്ത തലമുറയ്ക്ക് ഉപജീവനമാർഗം ഉറപ്പാക്കാനും അവരെ ശാക്തീകരിക്കുന്നതിനുമാണ് ഈ പദ്ധതി. മെഡിക്കൽ പ്രവേശന പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിന് വിദ്യാർത്ഥികൾക്ക് റെസിഡൻഷ്യൽ പരിശീലനം നൽകുക എന്നതാണ് പദ്ധതിയുടെ ഒരു പ്രധാന ഉദ്ദേശം. 2015-16 മുതൽ 2023-24 വരെ ആകെ 264 വിദ്യാർത്ഥികൾക്ക് വിവിധ പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം ലഭിച്ചു. അതിൽ പ്രധാന നേട്ടം 97 വിദ്യാർത്ഥികൾക്ക് എം.ബി.ബി.എസ് കോഴ്സിന് പ്രവേശനം ലഭിച്ചു എന്നതാണ്.

കേരളാ നോളജ് ഇക്കണോമി മിഷനുമായി സഹകരിച്ച് തീരദേശ ഗ്രാമങ്ങളിലേക്ക് കേരളത്തിന്റെ പരിവർത്തനത്തിന്റെ നേട്ടങ്ങൾ എത്തിക്കാൻ തൊഴിൽതീരം എന്ന പേരിൽ മറ്റൊരു പദ്ധതി കൂടി ആരംഭിച്ചു. മത്സ്യബന്ധന മേഖലയ്ക്ക് പുറത്ത് ഓരോ മത്സ്യത്തൊഴിലാളി കുടുംബത്തിലും കുറഞ്ഞത് ഒരു തൊഴിൽ എങ്കിലും നൈപുണ്യത്തിലൂടെ സൃഷ്ടിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഒമ്പത് ജില്ലകളിൽ പദ്ധതി നടപ്പിലാക്കുകയും 2025 ജൂലൈ വരെ മൊത്തം 39,752 പേർ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

മറ്റൊരു പദ്ധതിയുടെ ഭാഗമായി, മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ നിന്നുള്ള ഏഴാം ക്ലാസ് പാസായ വിദ്യാർത്ഥികളെ തിരഞ്ഞെടുത്ത് പത്ത് റെസിഡൻഷ്യൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളുകളിൽ പ്രവേശനം നൽകുകയും ഈ വിദ്യാർത്ഥികൾക്ക് സൗജന്യ താമസവും ഭക്ഷണവും നൽകി പത്താം ക്ലാസ് പരീക്ഷയ്ക്ക് കൂടുതൽ മികച്ച രീതിയിൽ തയ്യാറെടുക്കാൻ അവസരം നൽകുകയും ചെയ്തു. സാധാരണ വിഷയങ്ങൾക്ക് പുറമേ, തീരദേശ നാവിഗേഷൻ, മത്സ്യവല ഉത്പാദനം, ഫാബ്രിക്കേഷൻ, വർക്ക്ഷോപ്പ് പരിശീലനം എന്നിവയിലും അവർക്ക് അറിവ് നൽകി. കൂടാതെ, തീരദേശ മേഖലയിലെ 50 സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ 52 കോടി രൂപ സംഭാവന നൽകി.

**കടൽ സുരക്ഷ ഉറപ്പാക്കൽ**: കടലിൽ, മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി വിവിധ നടപടികൾ സ്വീകരിച്ചു. തുടക്കത്തിൽ, കടലിൽ ലൈഫ് ജാക്കറ്റ് ധരിക്കുന്നത് നിർബന്ധമാക്കുകയും സംസ്ഥാനത്തുടനീളമുള്ള മത്സ്യത്തൊഴിലാളികൾക്ക് ഏകദേശം 40,000 ലൈഫ് ജാക്കറ്റുകൾ സൗജന്യമായി വിതരണം ചെയ്യുകയും ചെയ്തു. മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ നിന്നുള്ള യുവാക്കളെ തിരഞ്ഞെടുത്ത് കടൽ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിക്കുന്നതിന് പരിശീലനം നൽകി; 2024-25 വരെയുള്ള കാലയളവിൽ ഏകദേശം 719 യുവാക്കൾ പരിശീലനം പൂർത്തിയാക്കുകയും അവരിൽ 180 പേരെ സ്ക്വാഡുകളിലേക്ക് നിയമിക്കുകയും ചെയ്തു. ഐ.എസ്.ആർ.ഒ ഉപഗ്രഹങ്ങളുമായി ബന്ധിപ്പിച്ച കെൽട്രോൺ നിർമ്മിതമായ ഏകദേശം 1,500 നൂതന ആശയവിനിമയ ഉപകരണങ്ങൾ സബ്സിഡിയോടെ വിതരണം ചെയ്തു. മൂന്ന് മറൈൻ ആംബുലൻസുകൾ വാങ്ങി കടലിൽ പ്രവർത്തനക്ഷമമാക്കി. പ്രീമിയത്തിന്റെ 90 ശതമാനം സർക്കാർ സംഭാവന ചെയ്യുന്ന ഇൻഷുറൻസ് പദ്ധതിയിൽ, ഏകദേശം 15,150 ബോട്ടുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

കടലിൽ അപകടങ്ങൾ സംഭവിക്കുന്നതുമായി ബന്ധപ്പെട്ട ഒരു ഇൻഷുറൻസ് പദ്ധതി ആദ്യമായി തുടങ്ങിയത് 1987-ൽ ആണ്. മത്സ്യബന്ധന അപകടങ്ങളിൽ മരണം സംഭവിക്കുകയോ കാണാതാവുകയോ ചെയ്യുന്ന മത്സ്യത്തൊഴിലാളികൾക്കുള്ള ഇൻഷുറൻസ് ആനുകൂല്യം 2016-ൽ 5 ലക്ഷം രൂപയായിരുന്നത് 2025-ൽ 10 ലക്ഷം രൂപയായി ഉയർത്തി. മത്സ്യ ബോർഡ് മുഖാന്തിരം 10 ലക്ഷം രൂപയുടെ ഒരു പോളിസിയും, മത്സ്യഫെഡ് മുഖാന്തിരം 10 ലക്ഷം രൂപയുടെ മറ്റൊരു പോളിസിയും ചേർന്ന് മൊത്തം 20 ലക്ഷം രൂപയായി നൽകുന്നു. മത്സ്യ ബോർഡ് വഴിയുള്ള ഇൻഷുറൻസ് പദ്ധതിയുടെ പ്രീമിയം പൂർണ്ണമായും സംസ്ഥാന സർക്കാർ വഹിക്കുന്നു. ഈ ആനുകൂല്യങ്ങൾക്ക് പുറമെ, 2,500 രൂപയുടെ ഒരു മരണാനന്തര ധനസഹായവും മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും നൽകുന്നു. അപകടങ്ങളിൽ ഉണ്ടാകുന്ന അംഗവൈകല്യങ്ങൾക്കുള്ള ധനസഹായം 5 ലക്ഷം രൂപയായി ഉയർത്തി. മരിച്ച മത്സ്യത്തൊഴിലാളികളുടെ രണ്ട് കുട്ടികൾക്ക്, ഓരോ കുട്ടിക്കും 5,000 രൂപ എന്ന നിരക്കിൽ വിദ്യാഭ്യാസ സഹായവും ഏർപ്പെടുത്തിയിട്ടുണ്ട്.

മിക്ക മത്സ്യത്തൊഴിലാളികളും സാധാരണയായി സുരക്ഷിതമല്ലാത്ത പ്ലൈവുഡ്കൊണ്ടുള്ള ബോട്ടുകളാണ് മത്സ്യബന്ധനത്തിനായി ഉപയോഗിച്ചിരുന്നത്. ഈ ബോട്ടുകൾക്ക് അപകട സാധ്യതയുള്ളതിനാൽ, ഇത്തരം ബോട്ടുകൾക്ക് പകരം സുരക്ഷിതമായ എഫ്.ആർ.പി ബോട്ടുകൾ നൽകുന്നതിനായി ഒരു പ്രത്യേക പദ്ധതി അവതരിപ്പിച്ചു. 2025 വരെ ഏകദേശം 520 എഫ്.ആർ.പി മത്സ്യബന്ധന ബോട്ടുകൾ സബ്സിഡി സഹായത്തോടെ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തു. കൂടാതെ, സുരക്ഷിതമായ എഫ്.ആർ.പി ബോട്ടുകൾ വാങ്ങുന്നതിന് മത്സ്യഫെഡ് വഴി മത്സ്യത്തൊഴിലാളികൾക്ക് വായ്പ അനുവദിച്ചു. മുൻമ്പ്, കേടുപാടുകൾ സംഭവിച്ച വള്ളങ്ങളും എഞ്ചിനുകളും അറ്റകുറ്റപ്പണി ചെയ്യുന്നതിൽ മത്സ്യത്തൊഴിലാളികൾക്ക്

ബുദ്ധിമുട്ടുണ്ടായിരുന്നു. ഈ പ്രശ്നം പരിഹരിക്കുന്നതിനായി, എല്ലാ പരമ്പരാഗത മത്സ്യബന്ധന ബോട്ടുകൾക്കും ഇൻഷുറൻസ് പരിരക്ഷ നൽകുകയും, ഇതിന്റെ 90 ശതമാനം പ്രീമിയം സർക്കാർ നൽകുകയും ചെയ്തു.

**തീരദേശ സംരക്ഷണം**

കഴിഞ്ഞ ഏതാനും ദശകങ്ങളായി കേരളത്തിന്റെ തീരപ്രദേശം വർധിച്ചുവരുന്ന തീരശോഷണ ഭീഷണിയിലാണ്. ഈ പ്രതിഭാസത്തിൽ ക്രമേണ കരഭാഗം കടൽക്ഷോഭത്താൽ ഒലിച്ചുപോകുന്നു. തീരശോഷണം ഒരു സ്വാഭാവികവും ആവർത്തന സ്വഭാവമുള്ള പ്രക്രിയയായിരുന്നെങ്കിലും, സമീപ വർഷങ്ങളിൽ ഇതിന്റെ തീവ്രതയും ആവർത്തനവും ഗണ്യമായി വർധിച്ചു. ഇത് കരപ്രദേശം നഷ്ടപ്പെടുന്നതിനും വീടുകളുടെയും ഉപജീവനമാർഗ്ഗത്തിന്റെയും നാശത്തിനും അടിസ്ഥാന സൗകര്യങ്ങൾക്ക് കേടുപാടുകൾ സംഭവിക്കുന്നതിനും പരമ്പരാഗത മത്സ്യബന്ധനത്തെ ആശ്രയിക്കുന്ന ദുർബല സമൂഹങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതിനും കാരണമായിട്ടുണ്ട്.

കേരളത്തിലെ കടൽ തീരക്ഷയ പ്രശ്നം ആഗോള കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിലാണ് വിലയിരുത്തേണ്ടത്, കാരണം ഇത് പ്രദേശത്തിന്റെ അപകടസാധ്യതകളെ ഗണ്യമായി വർദ്ധിപ്പിക്കുന്നു. ഉയർന്നുവരുന്ന സമുദ്രനിരപ്പ്, ശക്തമായ കൊടുങ്കാറ്റുകൾ, പ്രവചനാതീതമായ കാലവർഷം, വർദ്ധിച്ച തിരമാലകളുടെ വ്യതിയാനം എന്നിവയെല്ലാംഅറബിക്കടലിലെകാലാവസ്ഥാവ്യതിയാനം മൂലമുണ്ടാകുന്ന മാറ്റങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. അതിനാൽ, കേരളത്തിലെ കടൽ തീരക്ഷയം ഒരു പാരിസ്ഥിതിക പ്രശ്നം മാത്രമല്ല, സാമൂഹിക-സാമ്പത്തികവും മാനുഷികവുമായ പ്രതിസന്ധിയാണ്. ഇതിന് നയ രൂപീകരണ വിദഗ്ധരിൽ നിന്നും തദ്ദേശീയ സമൂഹങ്ങളിൽ നിന്നും സംയോജിതവും കാലാവസ്ഥാ വ്യതിയാനത്തിന് അനുസരിച്ചുള്ളതുമായ പ്രതികരണങ്ങൾ ആവശ്യമാണ്.

സമഗ്രവും സുസ്ഥിരവുമായ രീതിയിൽ തീരദേശ മണ്ണൊലിപ്പ് പരിഹരിക്കുന്നതിന്, കിഫ്ബിയിൽ നിന്നുമുള്ള ഫണ്ടിനെയാണ് കേരളം ഇതുവരെ ആശ്രയിച്ചിരുന്നത്. അതേസമയം, ഈ മേഖലയിൽ ഏഷ്യൻ വികസന ബാങ്ക് ധനസഹായത്തോടെ നടപ്പിലാക്കുന്ന കേരള സുസ്ഥിര തീരദേശ സംരക്ഷണ കാലാവസ്ഥാ പ്രതിരോധ ആസൂത്രണ പദ്ധതി, ലോക ബാങ്ക് സഹായത്തോടെയുള്ള റെസിലിയന്റ് കേരള പ്രോഗ്രാം അധിക ധനസഹായം - തീരദേശ സംരക്ഷണ പദ്ധതി (രണ്ടാം ഘട്ടം) എന്നിങ്ങനെ രണ്ട് പ്രോജക്ടുകൾക്ക് വേണ്ടി ചർച്ചകൾ നടക്കുന്നുണ്ട്. ഈ പദ്ധതികളെല്ലാം കൈകാര്യം ചെയ്യുന്നത് ജലവിഭവ വകുപ്പാണ്.

കേരളത്തിന് എട്ട് ജില്ലകളിലായി ആകെ 576 കി.മീറ്റർ തീരദേശമുണ്ട്. ഇതിൽ 370 കി.മീറ്റർ സംരക്ഷിക്കപ്പെട്ടതും, 200 കി.മീറ്റർ സംരക്ഷിക്കപ്പെടാത്തതുമാണ്, കൂടാതെ 6 കി.മീറ്റർ നിയന്ത്രിത മേഖലയിലൂടെ കടന്നുപോകുന്നു. സംരക്ഷിക്കപ്പെട്ട 370 കി.മീറ്റർ തീരദേശത്തിൽ 206 കി.മീറ്റർ സ്ഥിരമായതായി കണക്കാക്കപ്പെടുന്നു. ബാക്കിയുള്ള 164 കി.മീറ്റർ അസ്ഥിരമാണെന്ന് കണക്കാക്കുന്നു, അതിൽ 78 കി.മീറ്ററിൽ അടിയന്തരമായി പുനരുദ്ധാരണം ആവശ്യമാണ്, ബാക്കിയുള്ളവയ്ക്ക് ചെറിയ അറ്റകുറ്റപ്പണികൾ മാത്രം മതിയാകും.

തീരദേശ മേഖലകളുടെ സുസ്ഥിരമായ പരിപാലനം ഉറപ്പാക്കുക, തീര സംരക്ഷണവും സുസ്ഥിരതയും ഉറപ്പാക്കുക, തീരദേശത്തിന്റെ ചെറുത്ത് നിൽപ്പ് മെച്ചപ്പെടുത്തുക, തീരദേശ പരിപാലനത്തിനുള്ള സ്ഥാപനപരമായ ശേഷി വർദ്ധിപ്പിക്കുക എന്നിവയാണ് സംസ്ഥാന സർക്കാരിന്റെ ലക്ഷ്യം. ആദ്യ ഘട്ടത്തിൽ പ്രധാന ഭൗതിക പ്രവർത്തനം, തീവ്രബാധിത പ്രദേശങ്ങളിൽ തീരദേശ സംരക്ഷണത്തിനായുള്ള പത്ത് ഉപപദ്ധതികൾ ഏറ്റെടുക്കുക എന്നതാണ്. ഈ അടിസ്ഥാന സൗകര്യ പ്രവർത്തനങ്ങളിൽ പ്രധാനമായും കടൽഭിത്തികളുടെ നിർമ്മാണം അല്ലെങ്കിൽ പുനരുദ്ധാരണം, പ്രകൃതിദത്തമായ രീതിയിലുള്ള സംരക്ഷണം, ബീച്ച് നവീകരണം നടപ്പിലാക്കുക, കടൽ തീരത്ത് മണൽ സംരക്ഷണ ഭിത്തികൾ നിർമ്മിക്കുക എന്നിവ ഉൾപ്പെടുന്നു. 7.3 കി.മീറ്റർ നീളത്തിൽ ചെല്ലാനത്ത് നിർമ്മിച്ച ടെട്രാപോഡ് കടൽഭിത്തി, തീരദേശ മണ്ണൊലിപ്പ് കുറയ്ക്കുന്നതിനും തീരപ്രദേശം സംരക്ഷിക്കുന്നതിനും ഗണ്യമായി സഹായിച്ചു. 20,250 ടെട്രാപോഡുകളും 3.5 ലക്ഷം മെട്രിക് ടൺ ഗ്രാനൈറ്റ് കല്ലുകളും ഉപയോഗിച്ചാണ് പദ്ധതി പൂർത്തിയാക്കിയത്. കിഫ്ബിയിൽ നിന്ന് 346 കോടി രൂപ ധനസഹായം ഉപയോഗിച്ച് പദ്ധതിയുടെ ആദ്യഘട്ടം 2025 ജനുവരിയിൽ പൂർത്തിയായി. ചെല്ലാനത്തെ 6.1 കി.മീറ്റർ കൂടി ഉൾക്കൊള്ളുന്ന പദ്ധതിയുടെ രണ്ടാം ഘട്ടം 2025-ൽ ആരംഭിക്കും. ഏകദേശം 358 കോടി രൂപയാണ് ഇതിനായി കണക്കാക്കുന്നത്.

ചെല്ലാനത്തെ ഇടപെടൽ അവിടുത്തെ താമസക്കാർക്ക് ആശ്വാസം നൽകുന്നതിൽ വിജയം കണ്ടു. പരസ്പരം ബന്ധിപ്പിക്കുന്ന ടെട്രാഹിഡ്രൽ ആകൃതിയിലുള്ള ടെട്രാപോഡുകൾ, തീരത്തേക്ക് വരുന്ന തിരമാലകളുടെ ശക്തി കുറയ്ക്കാനും മണ്ണൊലിപ്പ് ഇല്ലാതാക്കാനും സഹായിക്കുന്നു.

**ഐ. സി. ഇസഡ്. എം. ന്റെ ആവശ്യകത**

കേരളത്തിലെ തീരദേശ മണ്ണൊലിപ്പ് പരിഹരിക്കുന്നതിനുള്ള എല്ലാ ഇടപെടലുകളും പ്രധാനമായിട്ടും ഇന്റഗ്രേറ്റഡ് കോസ്റ്റൽ സോൺ മാനേജ്മെന്റിന്റെ (ഐ.സി.ഇസഡ്.എം.) ചട്ടക്കൂടും തത്വങ്ങളും പാലിക്കേണ്ടതാണ്. വികസന, പാരിസ്ഥിതിക, സാമൂഹിക ലക്ഷ്യങ്ങളുമായി സംയോജിപ്പിച്ച് തീരദേശ മേഖലകൾക്കായുള്ള മാനേജ്മെന്റ് പദ്ധതികൾ തയ്യാറാക്കുന്നത് ഐ.സി.ഇസഡ്.എം. ൽ ഉൾപ്പെടുന്നു. ഇത്തരം പദ്ധതികൾ തീരദേശവാസികളുടെ പങ്കാളിത്തത്തോടെ തയ്യാറാക്കണം. തീരദേശ വിഭവങ്ങൾ സംരക്ഷിക്കുകയും, പരിപാലിക്കുകയും, വികസിപ്പിക്കുകയും, മെച്ചപ്പെടുത്തുകയും, പുനഃസ്ഥാപിക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം. ഏതൊരു ഐ.സി.ഇസഡ്.എം രൂപരേഖയിലും തീരപ്രദേശത്തെ മാറ്റങ്ങളുടെ വിലയിരുത്തൽ; കാലാവസ്ഥാ വ്യതിയാനത്തിന്റെയുംഅതിതീവ്ര ചുഴലിക്കാറ്റുകളുടെയും ആഘാതങ്ങൾ ലഘൂകരിക്കുന്നതിനുള്ള പ്രതിരോധശേഷി നടപടികൾ; കണ്ടൽക്കാടുകൾ, ചെളി നിറഞ്ഞ പ്രദേശങ്ങൾ പോലുള്ള പരിസ്ഥിതിലോല പ്രദേശങ്ങളുടെ സംരക്ഷണം; തീരദേശത്തെയും കടലിലെയും മലിനീകരണ നിരീക്ഷണവും നിയന്ത്രണവും; തീരദേശത്തെയും കടലിലെയും ജൈവ വിഭവങ്ങളുടെ സംരക്ഷണം; തീരദേശവാസികളുടെ ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തൽ എന്നിവ ഉൾപ്പെടുത്തണം.

ഐ.സി.ഇസഡ്.എം രൂപരേഖ രണ്ട് പ്രാഥമിക പ്രവർത്തനങ്ങളിൽ നിന്ന് ആരംഭിക്കണം. ഒന്നാമതായി, കേരള തീരദേശത്തിനായുള്ള ഒരു പ്രാദേശിക തീരദേശ പഠനം നടത്തേണ്ടത് ആവശ്യമാണ്. ഇത് തീരദേശ പരിപാലനത്തിന് ആവശ്യമായ തീരദേശ പ്രക്രിയകളെക്കുറിച്ചുള്ള വിശദമായ ഡാറ്റാബേസ് തയ്യാറാക്കുന്നതിന് സഹായിക്കും. തീരത്തിനടുത്തുള്ള അഗാധതാമാപനം, തിരമാലകൾ, ബ്രേക്കർ തിരമാലകൾ, കടൽപ്രവാഹങ്ങൾ, തീരപ്രദേശത്തിന്റെ കിടപ്പ്, കാറ്റ്, അവശിഷ്ട സ്വഭാവ സവിശേഷതകൾ, ബീച്ചിന്റെ സ്വഭാവ സവിശേഷതകൾ, അവശിഷ്ട പ്രവാഹങ്ങൾ എന്നിവയുടെ പഠനം ഉൾപ്പെടുന്നു. രണ്ടാമതായി, ആവാസവ്യവസ്ഥയെ അടിസ്ഥാനമാക്കിയുള്ള പരിഹാരങ്ങൾ ആസൂത്രണം ചെയ്യുന്നതിനായി ബീച്ചുകളുടെ ലഭ്യതയും തീരദേശ ആവാസവ്യവസ്ഥയും ഉൾപ്പെടെയുള്ള തീരദേശ രൂപഘടനയുടെ മാപ്പിംഗ് നടത്തണം. ദുർബലമായ തീരപ്രദേശങ്ങൾ, മതിയായ ബീച്ച് വീതിയുള്ള തീരങ്ങൾ, ക്രമേണ ബീച്ച് കുറഞ്ഞുവരുന്ന തീരങ്ങൾ, ചെളിക്കുണ്ടുള്ള തീരങ്ങൾ എന്നിവ കൃത്യമായി രേഖപ്പെടുത്തി കേരള തീരത്തിന്റെ ഒരു മാപ്പ് ഉണ്ടാക്കണം. കഴിഞ്ഞ 70 വർഷമോ അതിലധികമായോ നിലവിലുള്ള തീരദേശ സംരക്ഷണ പ്രവർത്തനങ്ങളുടെ പ്രവർത്തനപരവും ഘടനാപരവുമായ പ്രകടനം വിലയിരുത്തേണ്ടത് അത്യാവശ്യമാണ്.

ഈ രണ്ട് പ്രാഥമിക പ്രവർത്തികളിൽ നിന്ന്, തീരദേശ സംരക്ഷണത്തിനായുള്ള പദ്ധതികൾ രൂപപ്പെടണം. ഭൂവിനിയോഗവും ഡ്രെയിനേജും മാപ്പ് ചെയ്യുന്നതിനുശേഷം, ഭൂവിനിയോഗ ഡ്രെയിനേജ് പരിപാലന പദ്ധതികൾ തയ്യാറാക്കണം. ചെറുതും വലുതുമായ തീര സംരക്ഷണ മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ട സ്ഥലങ്ങൾ കണ്ടെത്തണം. വലിയ രീതിയിലുള്ള തീര സംരക്ഷണ മാർഗ്ഗങ്ങൾ ആവശ്യമായി വരുന്ന സാഹചര്യങ്ങളിൽ, ഇതിനായി ഉപയോഗിക്കുന്ന ഗ്രാനൈറ്റ്, മണൽ, ഇതര വസ്തുക്കൾ എന്നിവയുടെ സുസ്ഥിരമായ ലഭ്യതയെക്കുറിച്ച് ഒരു വിവര രേഖ തയ്യാറാക്കണം.

തീരദേശ മത്സ്യബന്ധന ഗ്രാമങ്ങളിലെ സാമൂഹികപരമായ ഐക്യവും ഉപജീവനമാർഗ്ഗ സംരക്ഷണവും ഉറപ്പാക്കുന്നതിന്, സി.ആർ.ഇസഡ്. വിജ്ഞാപനത്തിൽ വിഭാവനം ചെയ്തിട്ടുള്ള ശുചിത്വം, സുരക്ഷ, ദുരന്ത നിവാരണ തയ്യാറെടുപ്പുകൾ തുടങ്ങിയ അടിസ്ഥാന സേവനങ്ങളെ പരിഗണിച്ച്, അവയുടെ ദീർഘകാല ഭവന, സാമൂഹിക സാമ്പത്തിക ആവശ്യങ്ങൾ കണക്കിലെടുത്ത് കുടിയേറ്റ പദ്ധതികൾ തയ്യാറാക്കുകയും നടപ്പിലാക്കുകയും വേണം. ഈ പദ്ധതികളിൽ ഒരു സ്റ്റോക്ക് വിലയിരുത്തൽ സർവേയും ഒരു ആവശ്യകതാ വിലയിരുത്തൽ സർവേയും ഉൾപ്പെടുത്തണം. ഇത് തീരദേശ ഉപജീവനമാർഗ്ഗങ്ങളിൽ കടൽക്ഷോഭം മൂലം ഉണ്ടാകുന്ന ആഘാതങ്ങൾ ഗണ്യമായി കുറയ്ക്കാൻ സഹായിക്കും.

ചുരുക്കത്തിൽ, തീരദേശ കടൽക്ഷോഭം പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളുടെ ലക്ഷ്യങ്ങൾ വിശാലമായ അടിത്തറയുള്ളതും, രീതിശാസ്ത്രം അന്തർവിഭാഗീയമായ സമീപനങ്ങളുള്ളതും, നടപ്പാക്കൽ പൊതുപങ്കാളിത്തം ഉറപ്പാക്കുന്നതുമാകണം.

## ആഴക്കടൽ ഖനനത്തിലെ പ്രശ്നങ്ങൾ

### സാധ്യത

ഇന്ത്യയുടെ കടൽത്തീരങ്ങൾ പാരമ്പര്യേതര ഊർജ്ജം, ജൈവ ഇന്ധനം, വിലയേറിയതും അമൂല്യവുമായ ലോഹങ്ങൾ, കടൽപ്പായൽ ഉൾപ്പെടെയുള്ള മറ്റ് സമുദ്രജീവികൾ എന്നിവയുടെ ഒരു പ്രധാന സ്രോതസ്സാണ്. ഈ മേഖലകളിലെ ശാസ്ത്രീയ സംരംഭങ്ങളും സാങ്കേതിക പുരോഗതികളും "ബ്ലൂ ഇക്കണോമി" എന്ന ആശയത്തിന്റെ ആവിർഭാവത്തിലേക്ക് നയിച്ചു.

സമുദ്ര വിഭവങ്ങളുടെ ഉപയോഗത്തിലുള്ള സാധ്യതകളെയും പരിമിതികളെയും കുറിച്ചുള്ള പുതിയ അറിവ് നേടുന്നത് ബ്ലൂ ഇക്കണോമിയുടെ വളർച്ചയ്ക്കും വികാസത്തിനും ആവശ്യമാണ്.

ഇന്ത്യയിൽ കേരളം, തമിഴ്നാട്, ആന്ധ്രാപ്രദേശ്, ഒഡീഷ, മഹാരാഷ്ട്ര തീരങ്ങളിലും തീരദേശത്തോട് അടുത്തുള്ള പ്രദേശങ്ങളിലും, പ്ലേസർ ധാതുക്കൾ, ഇൽമനൈറ്റ്, റൂട്ടൈൽ, ഗാർനെറ്റ്, സിർക്കോൺ, കയാനൈറ്റ്, സിലിമാനൈറ്റ്, മോണസൈറ്റ്, മാഗ്നറ്റൈറ്റ് എന്നിവയുടെ സമ്പന്ന നിക്ഷേപമുണ്ട്. അതുപോലെ, പോളിമെറ്റാലിക് നോഡ്യൂളുകൾ, പോളിമെറ്റാലിക് സൾഫൈഡുകൾ, ഫെറോ-മാംഗനീസ് ക്രസ്റ്റ് തുടങ്ങിയ ധാതു നിക്ഷേപങ്ങളുടെ വലിയ ശേഖരം സമുദ്രത്തിലുമുണ്ട്.

### ബാഹ്യമായ പ്രത്യാഘാതങ്ങളും ആശങ്കകളും

കേരളത്തിന്റെ തീരമേഖല ജൈവവൈവിധ്യത്താൽ സമ്പന്നമാണ്. ദശലക്ഷക്കണക്കിന് മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗ്ഗം ഉറപ്പാക്കുന്ന വാണിജ്യപരമായി വിലമതിക്കുന്ന മത്സ്യ ഇനങ്ങളും ഇവിടെയുണ്ട്. ഈ ജൈവവൈവിധ്യം വിശാലമായ സമുദ്ര ഭക്ഷ്യ ശൃംഖലയ്ക്ക് മുതൽക്കൂട്ടാണ്. പരിസ്ഥിതിപരമായി ഏറെ പ്രാധാന്യമുള്ള ഈ പ്രദേശത്തെ ഏതൊരു മണ്ണുനീക്കൽപ്രവർത്തനവും ഗുരുതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും. ഇത് സമുദ്ര ജീവികളുടെ നിലനിൽപ്പിന് ഭീഷണിയാവുകയും ആവാസ വ്യവസ്ഥയെ തടസ്സപ്പെടുത്തുകയും സമുദ്ര പരിസ്ഥിതിക്ക് പുനഃസ്ഥാപിക്കാനാകാത്ത തരത്തിലുള്ള നാശനഷ്ടം വരുത്തുകയും ചെയ്യും.

ഈ ബാഹ്യപ്രത്യാഘാതങ്ങൾ മത്സ്യത്തൊഴിലാളി സമൂഹത്തിൽ, പ്രത്യേകിച്ച് ഉപജീവനത്തിനായി മത്സ്യബന്ധനത്തെ മാത്രം ആശ്രയിക്കുന്ന ചെറുകിട മത്സ്യത്തൊഴിലാളികൾക്കിടയിൽ ആശങ്കയുളവാക്കിയിട്ടുണ്ട്. തീരത്ത് നിന്ന് അകലെയുള്ള ഖനനം മത്സ്യബന്ധന പ്രവർത്തനങ്ങളെയും ചെറുകിട മത്സ്യ തൊഴിലാളികളുടെ ഉപജീവനത്തെയും പ്രതികൂലമായി ബാധിക്കുമെന്നും, ഇതിനകം കുറഞ്ഞുവരുന്ന സമുദ്ര മത്സ്യസമ്പത്ത് വീണ്ടും കുറയ്ക്കുമെന്നും, കേരളത്തിലെ മത്സ്യഭക്ഷ്യ സുരക്ഷയ്ക്ക് ഭീഷണിയാകുമെന്നും വിലയിരുത്തപ്പെടുന്നു. കൂടാതെ തീരത്ത് നിന്ന് അകലെയുള്ള ഖനനം, സമുദ്ര പരിസ്ഥിതിയിലും ആവാസ വ്യവസ്ഥയിലും വിവിധ തരത്തിലുള്ള മലിനീകരണത്തിന് കാരണമാകും. ജല മലിനീകരണം, ശബ്ദ മലിനീകരണം, ജലോപരിതല ഉഷ്മാവിലെ വർധനവ്, സമുദ്ര അടിത്തട്ടിലെ വ്യതിയാനങ്ങൾ, സമുദ്ര ജീവജാലങ്ങളുടെ നാശം എന്നിവ ഇതിൽ ഉൾപ്പെടാം. സമുദ്ര അടിത്തട്ടിൽ കുടുങ്ങിയിരിക്കുന്ന വിഷവാതകങ്ങൾ പുറന്തള്ളപ്പെടുന്നതിലൂടെ മത്സ്യ

ങ്ങളും കടൽസസ്തനികളും സൂക്ഷ്മജീവികളും ഉൾപ്പെടെയുള്ള സമുദ്രജീവികളുടെ ജീവന് അപകടമുണ്ടാക്കാനും സാധ്യതയുണ്ട്. സമുദ്ര ജലത്തിലെ പ്രക്ഷുബ്ധത വർധിക്കുന്നത് പ്രകാശസംശ്ലേഷണത്തെയും പ്രാഥമിക ഉൽപാദനത്തെയും പ്രതികൂലമായി ബാധിച്ചേക്കാം.

ഈ പ്രത്യാഘാതങ്ങൾ തടാകങ്ങൾ, അഴിമുഖങ്ങൾ തുടങ്ങിയ ബന്ധപ്പെട്ടു കിടക്കുന്ന ജലാശയങ്ങളിലേക്കും ബാധിച്ചേക്കാം. കേരളത്തിലെ തീരദേശ, താഴ്ന്ന പ്രദേശങ്ങളിലെ മത്സ്യബന്ധനം ഉൾപ്പെടെയുള്ള ഉപജീവനമാർഗ്ഗങ്ങളെ പാരിസ്ഥിതിക മാറ്റങ്ങൾ പ്രതികൂലമായി ബാധിക്കുകയും, ഇത് അവരുടെ നിലവിലുള്ള ശോചനീയാവസ്ഥ വർധിപ്പിക്കുകയും ചെയ്യും. മണലിന്റെ ഒഴുക്കിൽ വരുന്ന മാറ്റങ്ങൾ തീരക്ഷയം കൂടുതൽ രൂക്ഷമാക്കുകയും, ഇത് തീരപ്രദേശങ്ങളെ കൂടുതൽ അപകടത്തിലാക്കുകയും സമീപത്തുള്ള സമൂഹങ്ങൾക്ക് ഭീഷണിയാവുകയും ചെയ്യും. ഉദാഹരണമായി കൊല്ലം ജില്ലയിലെ പരപ്പ്, തീരദേശ സമൂഹങ്ങൾക്ക് സാംസ്കാരികവും പരിസ്ഥിതികവുമായ പ്രാധാന്യമുള്ള പ്രദേശമാണ്. ഇത് ഖനനം ചെയ്യാനുള്ള ഒരു ഉപാധി മാത്രമല്ല, വരും തലമുറകൾക്കായി സംരക്ഷിക്കേണ്ട ഒരു പ്രധാന ആവാസവ്യവസ്ഥ കൂടിയാണ്.

### സമീപകാല നിയമപരിഷ്കരണങ്ങൾ

ഓഫ്ഷോർ ഏരിയ മിനറൽ (ഡെവലപ്പ്മെന്റ് ആൻഡ് റെഗുലേഷൻ) ആക്റ്റ്, 2002 (ഒ.എ.എം.ഡി.ആർ നിയമം), 2023-ൽ കേന്ദ്ര സർക്കാർ ഭേദഗതി ചെയ്തു. സ്വകാര്യ മേഖലക്ക് ഓഫ്ഷോർ ഖനനത്തിൽ പ്രവർത്തനാനുമതി നൽകുന്നതിനുള്ള ഒരു ഉപാധിയായി ലേലം ഉൾപ്പെടുത്തുകയും, ഉത്പാദന പാട്ടത്തിന്റെ കാലാവധി 50 വർഷമാക്കി വർധിപ്പിക്കുകയും, പാട്ടത്തിന്റെ വിസ്തൃതി/പരിധി എന്നിവ ഉയർത്തുകയും ചെയ്തു.

ഈ നിർണായകമാറ്റങ്ങൾമത്സ്യബന്ധനപ്രവർത്തനങ്ങളെയും അതുപോലെ മത്സ്യത്തൊഴിലാളികളുടെ ഉപജീവന മാർഗ്ഗങ്ങളെയും ബാധിക്കുമോ എന്ന് ആശങ്ക ഉയർത്തിയിട്ടുണ്ട്.

### മുന്നോട്ടുള്ള വഴി

മത്സ്യത്തൊഴിലാളികളുടെ ആശങ്കകൾ ഫലപ്രദമായി പരിഹരിക്കുന്നതിനായി സമഗ്രമായ നഷ്ടപരിഹാര പദ്ധതി രൂപകൽപ്പന ചെയുന്നത് ഉൾപ്പെടെ, പങ്കാളിത്തം ഉറപ്പാക്കുന്നതും സുസ്ഥിരമായ വികസനം ലക്ഷ്യമിടുന്നതുമെല്ലാം അതീവ പ്രാധാന്യമർഹിക്കുന്ന കാര്യങ്ങളാണ്.

കേരളം കേന്ദ്ര സർക്കാരുമായി സഹകരിച്ച് ഓഫ്ഷോർ ഖനനത്തിനായുള്ള പുതിയ ദേശീയ നിയമങ്ങളിൽ ഏർപ്പെടുമ്പോൾ, നാല് സുപ്രധാന നടപടികൾ അനിവാര്യമാണ്.

- ഇ.ഇ.ഇസഡ്-ൽ ഒരു ഭൂമിശാസ്ത്ര, ഭൗതിക, ജലാശയത്തിന്റെ ആഴമാപന സർവേ (ബാത്തിമെട്രിക് സർവേ) നടത്തേണ്ടത് അത്യാവശ്യമാണ്. കോണ്ടിനെന്റൽ ഷെൽഫിന്റെ അടിത്തട്ടിനെക്കുറിച്ചുള്ള വിശദമായ വിലയിരുത്തലും നടത്തണം. ആഴമേറിയ കടലുകളിൽ കോബാൾട്ടിന്റെയും നിക്കലിന്റെയും ലഭ്യത കണ്ടെത്തുകയും, ഐ.എസ്.എയിൽ നിന്ന് പര്യവേക്ഷണത്തിനുള്ള അവകാശങ്ങൾ നേടുകയും വേണം.
- ആവാസ വ്യവസ്ഥാപരമായ സൂചനകൾ: തീരപ്രദേശത്ത് വിവിധ അപകടങ്ങൾക്ക് സാധ്യതയുള്ളതിനാൽ, അപായങ്ങൾ മനസ്സിലാക്കുന്നതിനായി തീരദേശാഘാതങ്ങളെക്കുറിച്ച് വിലയിരുത്തേണ്ടത് അത്യാവശ്യമാണ്. നീല സമ്പദ്‌വ്യവസ്ഥയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുള്ള ഒരു സ്ഥാപനാത്മക ഘടന രൂപീകരിക്കണം. അടിസ്ഥാന സൗകര്യ വികസനം, മനുഷ്യ വിഭവ വികസനം, ഭരണ സംവിധാനത്തിന്റെ രൂപീകരണം എന്നിവയിൽ നടത്തുന്ന നിക്ഷേപങ്ങൾ ഭാവി തലമുറകൾക്ക് പ്രയോജനം നൽകുകയും സുസ്ഥിരത ഉറപ്പാക്കുകയും ചെയ്യുന്നതിനായിരിക്കണം.
- മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ആശങ്കകൾ സമഗ്രമായി പരിഹരിക്കണം. ഓഫ്-ഷോർ ഖനനത്തിന്റെ മുൻകൂർ ആഘാതങ്ങൾ വിലയിരുത്തുകയും പഠിക്കുകയും വേണം. മത്സ്യത്തൊഴിലാളികൾക്ക് ഒരു സമഗ്ര നഷ്ടപരിഹാര പാക്കേജ് വികസിപ്പിക്കുന്നത് ഉൾപ്പെടെ, അവരുടെ ആശങ്കകൾ ലഘൂകരിക്കണം.
- വികസനത്തിന്റെ വ്യാപ്തിയെക്കുറിച്ചും അതിന്റെ വിവിധ നേട്ടങ്ങളെയും കോട്ടങ്ങളെയും കുറിച്ച് നയരൂപകർ, മത്സ്യത്തൊഴിലാളികൾ എന്നിവരുൾപ്പെടെയുള്ള വിവിധ പങ്കാളികളുമായി ഫലപ്രദമായ ആശയവിനിമയ സംവിധാനം സ്ഥാപിക്കണം.

എല്ലാ പങ്കാളികളുമായും, പ്രാഥമികമായി മത്സ്യത്തൊഴിലാളി കുടുംബങ്ങളുമായുള്ള സമഗ്രമായ ഒരു സമവായം ഉണ്ടാകുന്നതുവരെ, ഭേദഗതി ചെയ്ത നിയമം നടപ്പാക്കുന്നത് നിർത്തിവയ്ക്കേണ്ടതാണ്.

### മുന്നോട്ടുള്ള വഴി

കേരളത്തിലെ മത്സ്യബന്ധന മേഖല ഇന്ന് ഒരു നിർണായക ഘട്ടത്തിലൂടെയാണ് കടന്നുപോകുന്നത്. കഴിഞ്ഞ കുറെ വർഷങ്ങളായി സമുദ്ര-ഉൾനാടൻ മത്സ്യോൽപ്പാദനത്തിലുണ്ടായ വളർച്ച മത്സ്യത്തൊഴിലാളികളുടെ ജീവിതവും ഭക്ഷ്യസുരക്ഷയും മെച്ചപ്പെടുത്തി. എന്നാൽ ഇതോടൊപ്പം തന്നെ കാലാവസ്ഥാ വ്യതിയാനവും കടലിൽ ഖനനം അനുവദിക്കുന്ന പുതിയ ദേശീയ നിയമഭേദഗതികളും പുതിയ ആശങ്കകൾ ഉയർത്തിയിട്ടുണ്ട്. ഇത് മത്സ്യത്തൊഴിലാളികളുടെ തൊഴിൽ, വരുമാനം, ജീവിതം തന്നെയെല്ലാം ഭീഷണിയിലാക്കുന്ന അവസ്ഥയാണ് സൃഷ്ടിക്കുന്നത്. ഇത്തരം സാഹചര്യത്തിൽ മത്സ്യത്തൊഴിലാളികളുടെ ആശങ്കകൾ ഗൗരവത്തോടെ കാണുകയും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്ന നയങ്ങൾ രൂപപ്പെടുത്തുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. അതിനാൽ, മത്സ്യത്തൊഴിലാളികൾക്കായി ശക്തമായ സാമൂഹിക സംരക്ഷണവും എല്ലാവരെയും ഉൾക്കൊള്ളുന്ന സാമൂഹ്യ സുരക്ഷാ സംവിധാനവും ഉറപ്പാക്കുന്നത് ഭാവിയിലെ സംസ്ഥാന സർക്കാരുകളുടെ പ്രധാന ദൗത്യമായിരിക്കണം.

മത്സ്യബന്ധന മേഖലയിൽ സുസ്ഥിര വികസനം ഉറപ്പാക്കാൻ കേരളം സമഗ്രവും ഏകോപിതവുമായ ഇടപെടലുകൾ നടത്തേണ്ടതുണ്ട്. സമുദ്ര മത്സ്യസമ്പത്ത് പരമാവധി ഉപയോഗത്തിലേക്ക് എത്തിയിരിക്കുമ്പോൾ, ഉൾനാടൻ ജലകൃഷിയിലെ വൻ സാധ്യതകൾ ഇന്നും അവഗണിക്കപ്പെടുകയാണ്. ഈ സാധ്യതകൾ പ്രയോജനപ്പെടുത്താൻ അടിസ്ഥാന സൗകര്യങ്ങളും പുതിയ സാങ്കേതിക വിദ്യകളും മാത്രം മതിയാകില്ല. പരിസ്ഥിതിയെ സംരക്ഷിക്കുന്നതും കാലാവസ്ഥ മാറ്റങ്ങളെ ചെറുക്കുന്നതുമായ കൃഷി

**പട്ടിക 13.11** *കേരളത്തിലെ ഉറവിടം അനുസരിച്ചുള്ള അറ്റ ജലസേചിത പ്രദേശത്തിന്റെ വിതരണം, 2011-12 മുതൽ 2024-25 വരെ (ഹെക്ടറിൽ)*

| സ്രോതസ്സ് | ഉറവിടത്തിന്റെ തരം | അറ്റ ജലസേചിത വിസ്തൃതി (ഹെക്ടറിൽ) | | മാറ്റം, 2015-16 to 2024-25 |
|---|---|---|---|---|
| | | 2015-16 | 2024-25 | |
| ചെറിയ കനാലുകൾ (തോടുകൾ) | സർക്കാർ | 88,817 | 78,923 | -9,893 |
| | സ്വകാര്യം | 774 | 445 | -329 |
| കുളം | സർക്കാർ | 1,604 | 409 | -1,195 |
| | സ്വകാര്യം | 46,855 | 48,899 | +2,044 |
| കിണർ | സർക്കാർ | 216 | 109 | -107 |
| | സ്വകാര്യം | 133,313 | 127,984 | -5,329 |
| കുഴൽ കിണർ | - | 35,091 | 66,443 | +31,352 |
| എംഐ & ലിഫ്റ്റ് | - | 6,297 | 5,195 | -1,102 |
| മറ്റുള്ളവ | പമ്പ് | 19,231 | 23,694 | +4,463 |
| | മറ്റു രീതികൾ | 42,219 | 61,534 | +19,315 |
| മറ്റു സ്രോതസ്സുകൾ | - | 39,416 | 24,642 | -14,774 |
| ആകെ | | 413,833 | 438,278 | +24,445 |

*അവലംബം:* സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്, കേരള സർക്കാർ

രീതികളും അനുബന്ധ മേഖലകളുമായുള്ള ഏകീകരണം എന്നിവയെ മുൻനിർത്തിയുള്ള സമഗ്ര സമീപനം അനിവാര്യമാണ്. സ്ഥാപനപരമായ പിന്തുണ ശക്തിപ്പെടുത്തുന്നതും, പ്രാദേശിക സഹകരണം പ്രോത്സാഹിപ്പിക്കുന്നതും, തദ്ദേശീയ സമൂഹങ്ങളെ സജീവമായി പങ്കാളികളാക്കുന്നതും കേരളത്തിലെ മത്സ്യമേഖല ഭാവിയിലും ഭക്ഷ്യസുരക്ഷയും ഉപജീവനമാർഗ്ഗങ്ങളും സാംസ്കാരിക വ്യക്തിത്വവും ഉറപ്പാക്കുന്നതിന് നിർണ്ണായകമാണ്. അതോടൊപ്പം കയറ്റുമതി വളർച്ച നിലനിർത്താൻ സമുദ്രോൽപ്പന്ന സംസ്കരണ സൗകര്യങ്ങൾ അടിയന്തിരമായി നവീകരിക്കുകയും മത്സ്യബന്ധന മൂല്യവർധിത ശൃംഖല ശക്തിപ്പെടുത്തുകയും വേണം.

ഇത്തരം ബഹുമുഖവികസന തന്ത്രങ്ങളെ ആധാരമാക്കി, മത്സ്യത്തൊഴിലാളി കുടുംബങ്ങളെ ഉൾപ്പെടെ എല്ലാ പങ്കാളികളുടെയും സജീവ പങ്കാളിത്തവും ഏകോപിതമായ സമ്മതവും ഉറപ്പാക്കുകയും ചെയ്യുന്നതിലൂടെ, കേരളത്തിന്റെ മത്സ്യബന്ധന മേഖലയ്ക്ക് കരുത്തുറ്റതും സാമൂഹികമായി ഉൾക്കൊള്ളുന്നതുമായ ദീർഘകാല സുസ്ഥിര വികസനത്തിലേക്ക് മുന്നേറുന്നതിന് ശക്തമായ അടിത്തറ ഒരുക്കാൻ കഴിയും.

### കേരളത്തിലെ ജലസേചന വികസനം

കഴിഞ്ഞ ദശകത്തിൽ ജലവിഭവ മേഖലയിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ, കേരളത്തിലെ ജല വിനിയോഗത്തിൽ പുതിയ ഉണർവും ദിശാബോധവും നൽകി. ദീർഘകാലമായി പൂർത്തിയാകാതെ കിടന്നിരുന്ന വൻകിട, ഇടത്തരം ജലസേചന പദ്ധതികൾ ആരംഭിക്കുന്നതിലും പൂർത്തിയാക്കുന്നതിലും ഗണ്യമായ പുരോഗതി കൈവരിച്ചു. പുതിയ അണക്കെട്ടും സംഭരണിയും കൈകാര്യം ചെയ്യുന്നതിനുള്ള പ്രോട്ടോകോളുകൾ നിലവിൽ വന്നു. സൂക്ഷ്മ ജലസേചനം വ്യാപിപ്പിക്കുന്നതിന് സംയോജിത ജലവിഭവ മാനേജ്മെന്റ് രീതികൾക്ക് പുതിയ നയങ്ങളും പദ്ധതികളും രൂപീകരിച്ചു. ജലത്തിന്റെ ശാസ്ത്രീയ ഉപയോഗം, ഗാർഹിക വരുമാന മാർഗ്ഗങ്ങളുമായും സുരക്ഷയുമായും വളരെയധികം ബന്ധപ്പെട്ടിരിക്കുന്ന കുട്ടനാട് പോലുള്ള പ്രദേശങ്ങളിൽ, പ്രത്യേക പാക്കേജുകൾ രൂപകൽപ്പന ചെയ്യുകയും നടപ്പിലാക്കുകയും ചെയ്തു.

കേരളത്തിൽ ശരാശരി 2,884 മില്ലിമീറ്റർ വാർഷിക മഴ ലഭിക്കുന്നുണ്ട്, വാർഷിക മഴയിൽ 65 ശതമാനവും 20 ശതമാനവും സംഭാവന ചെയ്യുന്ന രണ്ട് മൺസൂണുകളാണ് കേരളത്തിന്റെ സവിശേഷത. അതിനാൽ, കേരളത്തിൽ ജലം ഒരു പ്രധാന പ്രകൃതി വിഭവമാണ്, കൂടാതെ, പരസ്പരബന്ധിതവും സവിശേഷവുമായ ജല ആവാസ വ്യവസ്ഥയുടെ വികസനവും അതിന്റെ നടത്തിപ്പും പ്രധാന വെല്ലുവിളിയാണ്. കേരളത്തിൽ 44 നദികൾ ഉണ്ട്, അതിൽ നാല് നദികളെ ദേശീയ മാനദണ്ഡങ്ങൾ പ്രകാരം ഇടത്തരം നദികളായി തരംതിരിച്ചിട്ടുണ്ട്. ബാക്കിയുള്ളവ നദീതട വിസ്തീർണ്ണം 2,000 ചതുരശ്ര കിലോമീറ്ററിൽ കുറവുള്ള ചെറുനദികളാണ്. കേരളത്തിലെ നദീതടങ്ങളിൽ നിന്നുള്ള ശരാശരി വാർഷിക ജലലഭ്യത ഏകദേശം 70,000 ദശലക്ഷം ഘനമീറ്ററാണെന്നും ഉപയോഗയോഗ്യമായ ജല ലഭ്യത ഏകദേശം 40,000 ദശലക്ഷം ഘനമീറ്ററാണെന്നും കണക്കാക്കപ്പെടുന്നു. ഇത്, ഗോദാവരി പോലുള്ള ഒരൊറ്റ നദിയിൽ നിന്നുള്ള ജലലഭ്യതയോക്കാൾ വളരെ കുറവാണ്.

**കാരാപ്പുഴ ജലസേചന പദ്ധതി**




**ചിത്രം 13.17**: *കാരപ്പുഴ ജലസേചന പദ്ധതി പ്രകാരം 2016-ന് മുമ്പും, 2016-നും 2026-നും ഇടയിലും, 2026-ന് ശേഷവുമുള്ള ജലവിതരണ പുരോഗതിയുടെ ഒരു സ്നാപ്ഷോട്ട്*

*ഉറവിടം:* ജലവിഭവ വകുപ്പ്

*കുറിപ്പ്:* ഈ രേഖാചിത്രം സിവിൽ ജോലികൾ പൂർത്തിയായതിനെക്കുറിച്ചല്ല സൂചിപ്പിക്കുന്നത്, മറിച്ച് തുടർച്ചയായുള്ള ജലവിതരണത്തെക്കുറിച്ചാണ്.

നദികളിൽ നിന്നുള്ള മൊത്തം ഉൽപാദനത്തിന്റെ 10 ശതമാനത്തിൽ താഴെ മാത്രമേ ജലസേചനത്തിനായി കേരളത്തിന് ഉപയോഗിക്കാൻ കഴിയൂ എന്നത് ഒരു പ്രധാന വെല്ലുവിളിയാണ്. തമിഴ്നാട് ഉൾപ്പെടെയുള്ള അയൽ സംസ്ഥാനങ്ങൾ കാവേരി തടത്തിൽ അവർക്ക് ലഭ്യമായ വെള്ളം മുഴുവൻ പ്രായോഗികമായി ഉപയോഗിക്കുന്നുണ്ട്. 2021 ലെ കേരള വികസന റിപ്പോർട്ട് ജലസേചനത്തെ ബാധിക്കുന്ന പ്രധാന ഘടകങ്ങൾ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ജലലഭ്യതയിലെ സ്ഥലപരവും കാലാനുസൃതവുമായ വ്യതിയാനം, വർദ്ധിച്ചു വരുന്ന ജനസംഖ്യ, ജല ആവശ്യകതയിലെ മാറ്റങ്ങൾ, വികസന പ്രവർത്തനങ്ങൾക്കായുള്ള പുതിയതും വ്യത്യസ്തവുമായ ആവശ്യങ്ങൾ, ഫലപ്രദമായ ജല പങ്കാളിത്തത്തിന്റെ അഭാവം, സംഘടനാ സംവിധാനത്തിലെയും നടപടിക്രമങ്ങളിലെയും പരിമിതികൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

## നിലവിലെ ജലസേചന സ്ഥിതി

കേരളത്തിലെ അറ്റ ജലസേചിത പ്രദേശം 2015-16 ൽ 4.1 ലക്ഷം ഹെക്ടറായിരുന്നത് 2024-25 ൽ 4.4 ലക്ഷം ഹെക്ടറായി ഉയർന്നു. കേരളത്തിലെ ജലസേചന രീതി ദേശീയ തലത്തിൽ നിന്നും വളരെ വ്യത്യസ്തമാണ്. സംസ്ഥാനത്ത്, ജലസേചനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സ്രോതസ്സ് കിണറുകളാണ്, മൊത്തം ജലസേചന പ്രദേശത്തിന്റെ ഏകദേശം 65 ശതമാനവും കിണറുകളാണ്. കൃഷി മന്ത്രാലയവും കർഷക ക്ഷേമ മന്ത്രാലയവും പിന്തുടരുന്ന അറ്റ ജലസേചിത പ്രദേശത്തിന്റെ ഉറവിടം അടിസ്ഥാനമാക്കി തരംതിരിച്ച്, കേരളത്തിലെ ജലസേചനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഘടകം “മറ്റു സ്രോതസ്സുകളാണ്”. ഈ തരംതിരിവ് അനുസരിച്ച് “മറ്റു സ്രോതസ്സുകളിൽ” സർക്കാർ, സ്വകാര്യ കനാൽ, കിണറുകൾ (ട്യൂബ് കിണറുകൾ, മറ്റ് കിണറുകൾ) എന്നിവ ഉൾപ്പെടുന്നു. എല്ലാ ഉറവിടങ്ങളിലും ജലസേചിത പ്രദേശം കുറഞ്ഞിട്ടുണ്ട്, എന്നാൽ "മറ്റു ഉറവിടങ്ങൾ" എന്ന വിഭാഗത്തിൽ ഉൾപ്പെടുന്ന ജലസേചിത പ്രദേശം 2015-16 ൽ 1.1 ലക്ഷം ഹെക്ടറിൽ നിന്ന് 2024-25 ൽ 1.8 ലക്ഷം ഹെക്ടറായി വർദ്ധിച്ചിട്ടുണ്ട്. മൊത്തം ജലസേചന വിസ്തൃതി 26 ശതമാനത്തിൽ നിന്ന് 43 ശതമാനമായി വർദ്ധിച്ചു.

ജലസേചനത്തിനുള്ള "മറ്റു സ്രോതസ്സുകളിൽ" ഉണ്ടായ വളർച്ചയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുന്നതിന്, ജലസേചന സ്രോതസ്സുകളെ വ്യത്യസ്തമായി തരംതിരിച്ചിട്ടുണ്ട്. സംസ്ഥാന സാമ്പത്തിക സ്ഥിതിവിവര വകുപ്പിന്റെ തരംതിരിവ് അനുസരിച്ച്, കുഴൽക്കിണറുകൾ വഴിയുള്ള ജലസേചനം കിണറുകളുടെ ഗണത്തിൽ ഉൾപ്പെടുത്തിയിട്ടില്ല, എന്നാൽ "മറ്റ് സ്രോതസ്സുകൾ" എന്ന വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 2015-16 നും 2024-25 നും ഇടയിൽ കേരളത്തിലെ അറ്റ ജലസേചിത പ്രദേശത്തിന്റെ അളവ് വർദ്ധിക്കാൻ പ്രധാനമായും സഹായിച്ചത് കുഴൽക്കിണർ

**ബാണാസുരസാഗർ ജലസേചന പദ്ധതി**




| | Name of Canal | Length | Ayacut in Ha. | Off take point |
|---|---|---|---|---|
| A. | **Main Canal** | 2730 M | | |
| 1. | Venniyode Branch Canal | 5390 M | | |
| 2. | Padinjarathara Branch Canal | 2690 M | | |
| 3. | Diversion chamber | 20 M | | |
| D1 | Kappumkunnu Distributary | 3629 M | 70.00 | 880 m |
| D2 | Peral Distributary | 3100 M | 90.00 | 1860 m |
| D3 | Vettikkamoola Distributary | 1300 M | 30.00 | 660 m |
| D6 | Kurumbala East Distributary | 1680 M | 100.00 | 3460 m |
| D7 | Venniyode Distributary | 2825 M | 270.00 | 3690 m |
| D8 | Kuppadithara Distributary | 2960 M | 280.00 | 5390 m |

**ചിത്രം 13.18** : *ബാണാസുര സാഗർ ജലസേചന പദ്ധതി പ്രകാരം 2016 - ന് മുമ്പും, 2016 - നും 2026 - നും ഇടയിലും, 2026 - ന് ശേഷവുമുള്ള ജലവിതരണ പുരോഗതിയുടെ ഒരു സ്നാപ്ഷോട്ട്.*
*ഉറവിടം:* ജലവിഭവ വകുപ്പ്
**കുറിപ്പ്:** ഈ രേഖാചിത്രം സിവിൽ ജോലികൾ പൂർത്തിയായതിനെക്കുറിച്ചല്ല സൂചിപ്പിക്കുന്നത്, മറിച്ച് തുടർച്ചയായുള്ള ജലവിതരണത്തെക്കുറിച്ചാണ്.

ഉപയോഗിച്ചുള്ള ജലസേചനം, പമ്പുകൾ ഉപയോഗിച്ചുള്ള ജലസേചനം, മറ്റ് ഭൂഗർഭ ജലസേചന മാർഗ്ഗങ്ങൾ എന്നിവയാണെന്ന് **പട്ടിക 13.11** വ്യക്തമാക്കുന്നു. ഈ കാലയളവിൽ കുഴൽക്കിണറുകളുപയോഗിച്ചുള്ള ജലസേചനം 31,352 ഹെക്ടറും, പമ്പുകൾ ഉപയോഗിച്ചുള്ള ജലസേചനം 4,463 ഹെക്ടറും, മറ്റ് സ്രോതസ്സിലൂടെയുള്ള ജലസേചനം 19,315 ഹെക്ടറായും വർദ്ധിച്ചു.

കുഴൽക്കിണറുകളുടെയും പമ്പുകളുടെയും എണ്ണത്തിലുണ്ടായ വർദ്ധനവ് ജല ഉപയോഗ രീതി സുസ്ഥിരമല്ലെന്ന് അനുമാനിക്കാനിടയുണ്ട്. എന്നിരുന്നാലും, കേരളത്തെ സംബന്ധിച്ച് ഇത് യാഥാർത്ഥ്യമല്ല. സംസ്ഥാനത്ത് ലഭിക്കുന്ന ഗണ്യമായ മഴയുടെ അളവ്, (വർഷം തോറും 2,884 മി.മീ), അതുപോലെ തന്നെ ഭൂഗർഭജല വർദ്ധനവിനും സംരക്ഷണത്തിനുമുള്ള നയങ്ങളുടെ തുടർച്ചയായി ലഭിക്കുന്ന സ്വീകാര്യത എന്നിവ സുസ്ഥിര ഭൂഗർഭജല ഉപയോഗം ഉറപ്പാക്കുക മാത്രമല്ല, മൊത്തം വാർഷിക ഭൂഗർഭജല റീചാർജ്ജിലും വാർഷിക ഭൂഗർഭജല സ്രോതസ്സുകളുടെ അളവിലും പുരോഗതി കൈവരിക്കാൻ സഹായിച്ചിട്ടുണ്ട്. 2024-ൽ, മഴയിൽ നിന്നുള്ള റീചാർജ് മൊത്തം വാർഷിക ഭൂഗർഭജല റീചാർജിന്റെ ഏകദേശം 82 ശതമാനമാണ്. കേരളത്തിലെ വാർഷിക ഭൂഗർഭജല റീചാർജ് 5.67 ബിസിഎം ആണെന്ന് കണക്കാക്കിയിട്ടുണ്ട്, അതിൽ ഭൂഗർഭ ജലലഭ്യത 5.13 ബിസിഎം ആണ്, എന്നാൽ 2024-ലെ വാർഷിക ഭൂഗർഭജല സ്രോതസ്സ് 2.76 ബിസിഎം ആണ്, അതായത് 53.8 ശതമാനം.

കുഴൽക്കിണറുകളുടെയോ മറ്റ് ഭൂഗർഭജല സ്രോതസ്സുകളുടെയോ വികാസം സുസ്ഥിര ജല ഉപയോഗത്തിന് നിലവിൽ ഭീഷണിയല്ല. കേരളത്തിലെ 152 ബ്ലോക്കുകളിൽ, 2024-ൽ മൂന്ന് ബ്ലോക്കുകൾ മാത്രമാണ് ഗുരുതരം എന്ന് തരംതിരിച്ചിട്ടുള്ളത്, അതായത് ഭൂഗർഭജല ലഭ്യത 90 ശതമാനത്തിനും 100 ശതമാനത്തിനും ഇടയിലുള്ള പ്രദേശങ്ങൾ. ബാക്കിയുള്ളവയിൽ, 29 ബ്ലോക്കുകൾ ഭാഗികമായി ഗുരുതരമായവയായും (70 ശതമാനം മുതൽ 90 ശതമാനം വരെ), 120 ബ്ലോക്കുകൾ സുരക്ഷിതമെന്നും (70 ശതമാനത്തിൽ താഴെ) തരംതിരിച്ചിട്ടുണ്ട്. സ്ഥലത്തിന്റെ കാര്യത്തിലും ഇത് ഒരുപോലെ യാഥാർത്ഥ്യമാണ്. പാലക്കാട് ജില്ലയിലെ ചിറ്റൂർ, മലമ്പുഴ ബ്ലോക്കുകളിലും കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്കിലുമാണ് ഈ മൂന്ന് ഗുരുതര ബ്ലോക്കുകൾ ഉള്ളത്. ഈ ബ്ലോക്കുകളിലെ പ്രതിസന്ധിക്ക് കാരണം വെള്ളം സംഭരിക്കുന്ന ശിലാഭൂഗർഭപാളികളുടെ സഹജമായ സ്വഭാവഗുണങ്ങളാണ്.

### കഴിഞ്ഞ ദശകത്തിലെ ജലസേചന പുരോഗതി

1950-കൾ മുതൽ കേരള സർക്കാരിന്റെ പ്രധാന പരിഗണന വൻകിട, ഇടത്തരം ജലസേചന പദ്ധതികളുടെ വികസനത്തിനായിരുന്നു. ജലസേചന ആവശ്യങ്ങൾ നിറവേറ്റുന്നതിനു പുറമേ, ഈ പദ്ധതികൾ ജലവൈദ്യുതി ഉത്പാദനം,




**ചിത്രം 13.19**: *പഴശ്ശി ജലസേചന പദ്ധതി പ്രകാരം 2016-ന് മുമ്പും, 2016-നും 2026-നും ഇടയിലും, 2026-ന് ശേഷവുമുള്ള ജലവിതരണ പുരോഗതിയുടെ ഒരു സ്നാപ്ഷോട്ട്.*

*ഉറവിടം*: ജലവിഭവ വകുപ്പ്

*കുറിപ്പ്:* ഈ രേഖാചിത്രം സിവിൽ ജോലികൾ പൂർത്തിയായതിനെക്കുറിച്ചല്ല സൂചിപ്പിക്കുന്നത്, മറിച്ച് തുടർച്ചയായുള്ള ജലവിതരണത്തെക്കുറിച്ചാണ്.

വെള്ളപ്പൊക്ക നിയന്ത്രണം, ഭൂഗർഭജല പുനരുജ്ജീവനം, കുടിവെള്ള വിതരണം, കനാൽ ബണ്ട് റോഡുകൾ, ജൈവ വൈവിധ്യത്തിനും മത്സ്യബന്ധനത്തിനും ടൂറിസത്തിനു മുള്ള കൃത്രിമ ജല ആവാസവ്യവസ്ഥയുടെ രൂപീകരണം എന്നിങ്ങനെ വിവിധ ലക്ഷ്യങ്ങൾ നിർവ്വഹിച്ചു വരുന്നുണ്ട്. എന്നാൽ, ഭൂമി ഏറ്റെടുക്കുന്നതിൽ ഉണ്ടായ കാലതാമസം, ഫണ്ടിന്റെ അഭാവം തുടങ്ങിയ കാരണങ്ങളാൽ നിരവധി കനാൽ പദ്ധതികൾ വൈകുന്നതിന് ഇടയാക്കിയിട്ടുണ്ട്.

കഴിഞ്ഞ ദശകത്തിൽ സംസ്ഥാന സർക്കാർ മുഖ്യ മായും നിലവിലുള്ള വൻകിട ഇടത്തരം ജലസേചന പദ്ധ തികൾ യുദ്ധകാല അടിസ്ഥാനത്തിൽ പൂർത്തീകരിക്കുന്നതി നാണ് മുൻഗണന നൽകിയിരുന്നത്. 2017-ൽ സംസ്ഥാന ആസൂത്രണ ബോർഡ്, ദീർഘകാലമായി പൂർത്തിയാകാ തിരിക്കുന്ന നാല് പ്രധാന ഇടത്തരം ജലസേചന പദ്ധതി കൾ അവലോകനം ചെയ്യാൻ ഒരു സാങ്കേതിക സമിതി രൂപീകരിച്ചു. മൂവാറ്റുപുഴ വാലി ജലസേചന പദ്ധതി (എംവിഐപി), ഇടമലയാർ ജലസേചന പദ്ധതി (ഐഐപി), കാരാപ്പുഴ ജലസേചന പദ്ധതി (കെഐപി), ബാണാസുര സാഗർ ജലസേചന പദ്ധതി (ബി എസ് പി ) എന്നിവയായിരുന്നു ഇതിനായി തെരഞ്ഞെടുത്തിരുന്നത്. ഈ പദ്ധതികളെ മൂന്ന് വിഭാഗമായി തരംതിരിക്കുക എന്ന തായിരുന്നു സമിതിയുടെ പ്രധാന ചുമതല. അധിക തുക വിനിയോഗിച്ച് പദ്ധതി പൂർത്തിയാക്കുക; ചുരുങ്ങിയ ബജറ്റ് ധനസഹായത്തോടെ പദ്ധതി പൂർത്തീകരിക്കുക; പദ്ധതി യുടെ / ഘടകങ്ങളുടെ നിർമ്മാണം പൂർണ്ണമായി അവസാനി പ്പിക്കുക എന്നിങ്ങനെ തരംതിരിച്ചിരുന്നു. കൂടാതെ, പൂർത്തീ കരണത്തിനുള്ള ധനസ്രോതസ്സുകൾ കണ്ടെത്താനും കൃത്യ സമയത്ത് പൂർത്തിയാക്കേണ്ട പ്രവർത്തികൾക്ക് ഒരു നിരീക്ഷണ സംവിധാനം ഏർപ്പെടുത്താനും സമിതി നിർദ്ദേശിച്ചു.

**മൂവാറ്റുപുഴ വാലി ജലസേചന പദ്ധതി (എംവിഐപി)**

ഇടുക്കി ജലവൈദ്യുത പദ്ധതിയുടെ മൂലമറ്റം പവർ ഹൗസിൽ നിന്നുള്ള ടെയിൽറേസ് ഡിസ്ചാർജും തൊടുപുഴ നദിയുടെ വൃഷ്ടിപ്രദേശങ്ങളിൽ നിന്നുള്ള നീരൊഴുക്കും മൂവാറ്റുപുഴ വാലി ജലസേചന പദ്ധതിയി ലൂടെ പ്രയോജനപ്പെടുത്തുന്നു. 1974-ൽ ആരംഭിച്ച എം. വി.ഐ.പി.യുടെ പ്രവർത്തനം 2020 ജൂലൈയിൽ വിജയക

**പട്ടിക 13.12** *സൂക്ഷ്മ ജലസേചന പദ്ധതികളുടെ വിശദാംശങ്ങൾ, കെ.ഐ.ഐ.ഡി.സി., ഘട്ടം തിരിച്ച്, കേരളം*

| പദ്ധതി പ്രദേശം | തുക (കോടിയിൽ) | ആയക്കട്ട് പ്രദേശം (ഏക്കറിൽ) | കൃഷിക്കാ രുടെ എണ്ണം | പ്രയോജനം ലഭിച്ച വിളകൾ | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| കരടിപ്പാറ, പാലക്കാട് | 3.1 | 171 | 54 | തെങ്ങ്, കാലിത്തീറ്റപ്പുല്ല്, കവുങ്ങ് | പൂർത്തീകരിച്ചു. |
| മൂങ്ങിലമട, പാലക്കാട് | 6.8 | 305 | 86 | തെങ്ങ്, കാലിത്തീറ്റപ്പുല്ല്, കവുങ്ങ് | പൂർത്തീകരിച്ചു. |
| വലിയേരി, പാലക്കാട് | 3.9 | 262 | 68 | തെങ്ങ്, കാലിത്തീറ്റപ്പുല്ല്, കവുങ്ങ്,വാഴ | പൂർത്തീകരിച്ചു. |
| വിതാൻകുളം, പാലക്കാട് | 3 | 125 | 36 | തെങ്ങ്, കാലിത്തീറ്റപ്പുല്ല് | പൂർത്തീകരിച്ചു. |
| കുന്നംകാട്ടുപതി, പാലക്കാട് | 5.2 | 305 | 97 | തെങ്ങ്, കാലിത്തീറ്റപ്പുല്ല്, മാവ് | പൂർത്തീകരിച്ചു. |
| അത്തിച്ചൽ മുണ്ടെൻകൊല്ലി, വയനാട്. | 2.7 | 124 | 102 | കാപ്പി, പച്ചക്കറികൾ, കുരുമുളക് | പൂർത്തീകരിച്ചു. |
| പഴയന്നൂർ, തൃശൂർ | 2 | 74 | 32 | കവുങ്ങ്, ജാതിക്ക,തെങ്ങ് | പുരോഗമിക്കുന്നു. |
| തിരുമരടി, എറണാകുളം | 5.3 | 150 | 45 | ജാതിക്ക, ഡ്രാഗൺ പഴം, വാഴ, തെങ്ങ് | പുരോഗമിക്കുന്നു. |
| സീതത്തോട്, പത്തനംതിട്ട | 2.9 | 46 | 36 | കുരുമുളക്, ഏലം | പുരോഗമിക്കുന്നു. |
| വണ്ടൻമേട്, ഇടുക്കി | 3.1 | 55 | 44 | ജാതിക്ക, ഏലം | പുരോഗമിക്കുന്നു. |
| കാഞ്ഞിരമൂഴി, കോഴിക്കോട് | 5.1 | 196 | 108 | തെങ്ങ്, വാഴ, കവുങ്ങ്, പൈനാപ്പിൾ | പുരോഗമിക്കുന്നു. |
| കാമാക്ഷി – 1, ഇടുക്കി | 3.2 | 47 | 60 | ഏലം | പുരോഗമിക്കുന്നു. |
| കാമാക്ഷി – 2, ഇടുക്കി | 2 | 40 | 30 | ഏലം | പുരോഗമിക്കുന്നു. |
| കാൽവരി മൗണ്ട്, ഇടുക്കി | 9.9 | 140 | 120 | കുരുമുളക്, ഏലം | പുരോഗമിക്കുന്നു. |

*അവലംബം:* കെഐഐഡിസി; ജലവിഭവ വകുപ്പ്.

*കുറിപ്പ്:* കെഐഐഎഫ്ബി ഫണ്ട് ഉപയോഗിച്ച് കെ.ഐ. ഐ.ഡി.സി. നടപ്പിലാക്കുന്ന മറ്റ് മൂന്ന് പദ്ധതികളും പുരോഗമിക്കുന്നു: ചിന്നാർ, ഇടുക്കി (120 ഏക്കർ); സെമിനാരിപ്പടി, ഇടുക്കി (57 ഏക്കർ); ചിറ്റൂർ, പാലക്കാട് (6219 ഏക്കർ).

രമായി കമ്മീഷൻ ചെയ്തു. ഇതിന്റെ, വലത് കരയിലുള്ള പ്രധാന കനാൽ 28.3 കിലോമീറ്ററും, ഇടത് കരയിലുള്ള പ്രധാന കനാൽ 37.1 കിലോമീറ്ററും, കൂടാതെ ഇവയുടെ ശാഖാ കനാലിന് 57.2 കിലോമീറ്ററും വിതരണ കനാലിന് 213 കിലോമീറ്ററും നീളം ഉണ്ട്. എടയാർ വിതരണശൃംഖലയും പിറവം ബ്രാഞ്ച് കനാലിന്റെ ഏതാനും റീച്ചുകളും മാത്രമാണ് ഇനി പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നത്.

എംവിഐപി പദ്ധതി വഴി 12,684 ഹെക്ടർ പ്രദേശം ജലസേചിതമാക്കുകയും, കമ്മീഷൻ ചെയ്ത തീയതി വരെ 6.8 ലക്ഷം പേർക്ക് കുടിവെള്ള വിതരണം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിക്കായി ഇതുവരെ 1,153 കോടി രൂപ ചെലവഴിച്ചു, അതിൽ 155 കോടി രൂപ മാത്രമാണ് കേന്ദ്ര സഹായം ലഭിച്ചത്. വിളകളുടെ ജലസേചനത്തിന് പുറമേ, കോട്ടയം ജില്ലയിലെ താഴ്ന്ന പ്രദേശങ്ങളിലെ നെൽ വയലുകളിലെ ഉപ്പുവെള്ളം നീക്കം ചെയ്യാനും, ഇടുക്കി, എറണാകുളം, കോട്ടയം ജില്ലകളിലെ കുടിവെള്ള വിതരണ പദ്ധതികൾക്ക് എംവിഐപി പ്രയോജനപ്പെടുത്തിയിട്ടുണ്ട്. സമീപത്തുള്ള കിണറുകളിലെ ഭൂഗർഭജല അളവ് വർദ്ധിപ്പിക്കുവാനും 10.5 എംഡബ്ല്യു ജലവൈദ്യുതി ഉത്പാദിപ്പിക്കുവാനും എംവിഐപിയിലൂടെ സാധിച്ചിട്ടുണ്ട്.

**കാരാപ്പുഴ ജലസേചന പദ്ധതി (കെഐപി)**

കാവേരി നദീജല തർക്ക ട്രൈബ്യൂണൽ കേരളത്തിന് ആകെ 30 ടിഎംസി കാവേരി നദീ ജലമാണ് അനുവദിച്ചിരുന്നത്, ഇതിൽ 2.8 ടിഎംസി കാരാപ്പുഴയിൽ നിന്നുള്ളതാണ്. കെഐപി പദ്ധതി പൂർത്തിയാകാത്തതിനാൽ, കേരളത്തിന് അവകാശപ്പെട്ട 2.8 ടിഎംസി വെള്ളം പൂർണ്ണമായി വിനിയോഗിക്കുവാൻ സാധിച്ചിട്ടില്ല.

2017 നും 2025 നും ഇടയിൽ കെഐപി പൂർത്തീകരണത്തിൽ ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. പ്രധാന അണക്കെട്ടിന്റെ നിർമ്മാണം പൂർത്തീകരിച്ചു. നിലവിൽ, ജലസംഭരണിയിലെ സംഭരണ ശേഷി 34.297 ക്യൂബിക് മില്ലി മീറ്റർ (ക്യു.എം.എം) ആണ്. പ്രതിദിനം 15 ദശലക്ഷം ലിറ്റർ (എംഎൽഡി) കുടിവെള്ളത്തിനുള്ള പദ്ധതി ഇവിടെ നിലവിലുണ്ട്, ഇതിൽ നിന്നും കല്പറ്റ മുനിസിപ്പാലിറ്റിയിലേക്കും മീനങ്ങാടി പഞ്ചായത്തിലേക്കും നിലവിൽ വെള്ളം വിതരണം ചെയ്ത് വരുന്നു. നിലവിൽ 8.1 ഹെക്ടർ ഭൂമി കൂടി ഏറ്റെടുത്ത് ജലസംഭരണിയുടെ പൂർണ്ണ സംഭരണ ശേഷി (എഫ്ആർഎൽ) കൈവരിക്കുവാൻ പദ്ധതി ലക്ഷ്യം വെയ്ക്കുന്നു. വിപുലീകരണത്തിന് ശേഷം ജലസംഭരണ ശേഷി 76.5 ക്യൂബിക് മില്ലി മീറ്റർ ആയി വർദ്ധിക്കും. ഇത് മേപ്പാടി, മൂപ്പൈനാട്, നൂൽപ്പുഴ, മുട്ടിൽ തുടങ്ങിയ ഗ്രാമങ്ങളിലും സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റിയിലെ ചില ഭാഗങ്ങളിലും കെഐപി പദ്ധതിയിൽ നിന്ന് പുതിയ കുടിവെള്ള പദ്ധതികൾ കൂടി ആരംഭിക്കുന്നതിന് സഹായകരമാകും.

വലത് കര കനാൽ 8.8 കിലോമീറ്ററും ഇടത് കര കനാൽ 16.7 കിലോമീറ്ററും പൂർണ്ണമായി നിർമ്മാണം പൂർത്തിയാക്കിയത് പദ്ധതിയുടെ പ്രധാന നേട്ടമാണ്. ഇതിന് പുറമെ, 20.01 കി.മീ ശാഖാ കനാലുകൾ പൂർത്തീകരിച്ച് നിലവിൽ 11.3 കി.മീ ജല വിതരണം സാധ്യമാക്കിയിട്ടുണ്ട്. കൂടാതെ, 2.1 കിലോമീറ്റർ ശാഖാ കനാലുകൾ പൂർത്തീകരിച്ച് അരിമുണ്ട ശാഖാ കനാലിലൂടെ നിലവിൽ ജലവിതരണം നടത്തുന്നുണ്ട്. കെഐപി പദ്ധതി കമ്മീഷൻ ചെയ്യുന്നതിനുള്ള കർമ്മ പദ്ധതിയുടെ ഭാഗമായി 2026 ഡിസംബറോടു കൂടി അഞ്ച് ശാഖാ കനാലുകളുടെ നിർമ്മാണം കൂടി പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു (ഇതിനായുള്ള ഭൂമി ഏറ്റെടുത്തിട്ടുണ്ട്). ശമ്പളവും മറ്റ് ചെലവുകളും ഉൾപ്പെടെ കെഐപി പദ്ധതിക്ക് ഇതുവരെ 394.7 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

**ബാണാസുര സാഗർ ജലസേചന പദ്ധതി (ബി എസ് പി )**

ബാണാസുര സാഗർ ജലസേചന പദ്ധതിയുടെ (ബിഎസ്പി) 2016-ലെ സ്ഥിതി തൃപ്തികരമായിരുന്നില്ല. പ്രധാന കനാലിന്റെ നിർമ്മാണം പൂർത്തിയാകാത്തതിനാൽ പദ്ധതിയിലൂടെ ജലവിതരണം സാദ്ധ്യമായിരുന്നില്ല. 1,130 മീറ്റർ മുതൽ 1,500 മീറ്റർ വരെ നീളുന്ന പ്രധാന കനാലിന്റെ ഒരു ഭാഗം നിലവിലെ നിയമപരമായ തർക്കം മൂലം പൂർത്തിയാകാതെ കിടക്കുകയായിരുന്നു.

2017-ന് ശേഷം നിയമപരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പ്രധാന കനാലിന്റെ നിർമ്മാണം പുനരാരംഭിക്കുന്നതിനും ക്രിയാത്മകമായ നടപടികൾ സ്വീകരിച്ചു. നിലവിൽ, 27.3 കിലോമീറ്റർ നീളമുള്ള പ്രധാന കനാലിന്റെ 25.5 കിലോമീറ്ററിലധികം ഭാഗം പൂർത്തീകരിച്ചിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷം പ്രധാന കനാൽ പൂർണ്ണമായി പ്രവർത്തനക്ഷമമാകുമെന്ന് പ്രതീക്ഷിക്കുന്നു. പ്രധാന കനാലിൽ നിന്നുള്ള രണ്ട് കൈവഴികളായ കാപ്പുകുന്ന്, പേരാൽ എന്നിവ ഭാഗികമായി പൂർത്തിയായിട്ടുണ്ട്. വെണ്ണിയോട് ബ്രാഞ്ച് കനാലിന്റെ ഏകദേശം 27.7 കിലോമീറ്ററും പടിഞ്ഞാറത്തറ ബ്രാഞ്ച് കനാലിന്റെ ഏകദേശം 3.8 കിലോമീറ്ററും ജലസേചനത്തിനായി തയ്യാറായിട്ടുണ്ട്. പ്രധാന കനാൽ പൂർത്തിയാകുന്നതോടെ ഈ ബ്രാഞ്ച് കനാലുകളിലൂടെയും കൈവഴികളിലൂടെയും ഗണ്യമായ അളവിൽ ജലവിതരണം സാദ്ധ്യമാകും. മാസ്റ്റർ പ്ലാൻ അനുസരിച്ച് പൂർത്തിയാക്കുകയാണെങ്കിൽ, വീട്ടിക്കമൂല, കുറുമ്പാല ഈസ്റ്റ്, വെണ്ണിയോട്, കുപ്പാടിത്തറ എന്നീ നാല് കൈവഴികൾ കൂടി പൂർത്തിയാക്കുവാനും ബിഎസ്പി പദ്ധതി 2027-28-ൽ കമ്മീഷൻ ചെയ്യുവാനും സാധിക്കും.

**ഇടമലയാർ ജലസേചന പദ്ധതി (ഐഐപി)**

ഭൂതത്താൻകെട്ട് ബാരേജിന്റെ വലതു വശത്തുനിന്ന് ഉത്ഭവിച്ച് ഏകദേശം 32.3 കിലോമീറ്റർ ദൂരം ഒഴുകുന്ന ഐഐപി പ്രധാന കനാലിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഈ പ്രധാന കനാൽ പിന്നീട് ലോ ലെവൽ കനാൽ (എൽ.എൽ.സി.), ലിങ്ക് കനാൽ എന്നിങ്ങനെ രണ്ടായി വിഭജിക്കുന്നു. നെടുമ്പാശ്ശേരി വിമാനത്താവളം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് തടസ്സപ്പെട്ട എൽഎൽസിയുടെ നിർമ്മാണം 2017-നും 2021-നും ഇടയിൽ പൂർത്തീകരിച്ചിട്ടുണ്ട്. എൽ.എൽ.സി.യിൽ നിന്ന് ഇരുമ്പ് പൈപ്പുകൾ ഉപയോഗിച്ച് നെടുമ്പാശ്ശേരി പഞ്ചായത്തിലെ വാപ്പലശ്ശേരി പാടശേഖരങ്ങളിലും അങ്കമാലി മുനിസിപ്പാലിറ്റിയിലെ പന്നിക്കുഴൽ പാടശേഖരങ്ങളിലും വെള്ളം എത്തിക്കുന്നതിനുള്ള പദ്ധതികൾ പൂർത്തീകരണത്തോടടുക്കുകയാണ്.

ലിങ്ക് കനാലിന്റെ നിർമ്മാണം വിവിധ കാരണങ്ങളാൽ ഇനിയും പൂർത്തിയാകാനുണ്ട്. 7.5 കിലോമീറ്റർ ദൈർഘ്യമുള്ള ലിങ്ക് കനാൽ രൂപകൽപ്പന ചെയ്തിരിക്കുന്നത് ഐഐപി യുടെ പ്രധാന കനാലിനെ ചാലക്കുടി ലെഫ്റ്റ് ബാങ്ക് കനാലുമായി (സിഎൽബിസി) ബന്ധിപ്പിക്കുന്ന

തിന് വേണ്ടിയാണ്. ഇത് ചാലക്കുടി റിവർ ഡൈവേർഷൻ സ്കീമിന്റെ (സിആർഡിഎസ്) ഭാഗമാണ്. പറമ്പിക്കുളം-ആളിയാർ പദ്ധതി (പിഎപി) പ്രകാരം തമിഴ്നാട് സർക്കാർ പ്രതിവർഷം 12.3 ടിഎംസി അടി വെള്ളം ഷോളയാർ നദിയിലെ റിസർവോയറിൽ നിന്ന് കേരളത്തിന് നൽകേണ്ടതുണ്ട്. എന്നാൽ, കഴിഞ്ഞ കുറെ വർഷങ്ങളായി തമിഴ്നാട് സർക്കാർ കേരളത്തിലെ ഷോളയാർ റിസർവോയറിലേക്ക് നിശ്ചിത അളവിൽ വെള്ളം തുറന്ന് വിടാറില്ല. വാർഷികമായി 3 ടിഎംസി  അടിയിൽ താഴെ മാത്രമാണ് തുറന്ന് വിടുന്നത്.

തൽഫലമായി, ചാലക്കുടി ലെഫ്റ്റ് ബാങ്ക് കനാലിലേക്കും (CLBC) ചാലക്കുടി റൈറ്റ് ബാങ്ക് കനാലിലേക്കും (സി.ആർ.ബി.സി.) ആവശ്യമായ അളവിൽ വെള്ളം ലഭ്യമല്ലാത്തതിനാൽ സിആർഡിഎസ് വേണ്ടത്ര ഫലപ്രദമല്ലാതെ വരുന്നു. സിആർബിസിയുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഷോളയാർ വെള്ളം പൂർണ്ണമായി ഉപയോഗിക്കാനും ഐഐപിയുടെ ലിങ്ക് കനാലിൽ നിന്ന് മാറ്റുന്ന വെള്ളം ഉപയോഗിച്ച് സിആർബിസി യുടെ ആവശ്യങ്ങൾ നിറവേറ്റാനും കഴിയുന്ന ഒരു അനുബന്ധ സ്രോതസ്സ് ആവശ്യമാണ്.

പെരിയാറിൽ നിന്ന് ചാലക്കുടി തടത്തിലേക്ക് വെള്ളം എത്തിക്കുന്നതിന് സാങ്കേതിക സമിതി ചില ബദൽ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്, ഇത് യഥാർത്ഥ രൂപകൽപ്പനയിലെ തടസ്സങ്ങൾ മറികടക്കാനും സുഗമമായ ഗുരുത്വാകർഷണ പ്രവാഹം ഉറപ്പാക്കാനും സഹായിക്കും. ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കിവരികയാണ്, 2026-27 ഓടെ ലിങ്ക് കനാലിലെ ജോലികൾ പൂർത്തിയാക്കാൻ സാധിക്കും.

### പഴശ്ശി ജലസേചന പദ്ധതി

പൂർത്തീകരിക്കാൻ ശേഷിക്കുന്ന മറ്റൊരു പദ്ധതിയാണ് പഴശ്ശി ജലസേചന പദ്ധതി.  2018-19 മുതൽ, പദ്ധതിയുടെ പൂർത്തീകരണം ത്വരിതപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ ആരംഭിക്കുകയും, കനാൽ സംവിധാനങ്ങൾ നവീകരിക്കുന്നതിനും പുനർനിർമ്മിക്കുന്നതിനുമായി വിവിധ സ്രോതസ്സുകളിൽ നിന്നും 66.2 കോടി രൂപ ചെലവഴിച്ചു. മെയിൻ കനാലിന്റെ  ആദ്യ ട്രയൽ റൺ 2022 ഏപ്രിലിൽ വിജയകരമായി പൂർത്തീകരിച്ചു എന്നത്  ശ്രദ്ധേയമാണ്. പ്രധാന കനാലിന്റെ  രണ്ടാമത്തെ ട്രയൽ റൺ 2023 മാർച്ചിൽ നടത്തുകയുണ്ടായി.

മൂന്നാം ഘട്ടത്തിൽ പറശ്ശിനിക്കടവ് അക്വഡക്റ്റിനപ്പുറം പ്രധാന കനാലിന്റെ 42.5 കിലോമീറ്ററിലേക്കും മാഹി ബ്രാഞ്ച് കനാലിലെ ഇളങ്കോട് വരെ 16.6 കിലോമീറ്ററിലേക്കും വെള്ളം എത്തിച്ചു. വേങ്ങാട്, കുറുമ്പുക്കൽ, മാങ്ങാട്ടിടം തുടങ്ങിയ അനുബന്ധ പാടശേഖരങ്ങളിലൂടെയും പാട്യം, വല്ലായി, മൊകേരി തുടങ്ങിയ ശാഖകൾ വഴിയും വിവിധ സ്ഥലങ്ങളിലൂടെ ജലവിതരണം വിജയകരമായി പൂർത്തീകരിച്ചിട്ടുണ്ട്. തുടർന്ന്, ആദ്യമായി, 2024 ൽ, ജനുവരി 31 മുതൽ മാർച്ച് 30 വരെ 51 ദിവസത്തിലധികം ഈ പ്രദേശത്ത് ജലവിതരണം ലഭ്യമാക്കി. 2025 ജനുവരി 6 മുതൽ ഫെബ്രുവരി 16 വരെ കനാലുകളിലൂടെ ജലവിതരണം നടത്തി. പഴശ്ശി പദ്ധതിയുടെ ദ്രുതഗതിയിലുള്ള പൂർത്തീകരണം സമീപത്തെ കിണറുകൾ (ഏകദേശം 1,600 കിണറുകളും 300 കുളങ്ങളും) റീചാർജ് ചെയ്യാനും, പ്രധാനമായി തരിയേരി, പെരുമച്ചേരി, നാണിയൂർ പഞ്ചായത്തുകളിലെ 1,200 ഹെക്ടറിൽ കൂടുതൽ നെൽവയലുകൾക്ക് ജലസേചനം ലഭ്യമാക്കുവാനും സഹായിച്ചു. ശേഷിക്കുന്ന പ്രവൃത്തികൾ 2026 ൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു, അപ്പോഴേക്കും പദ്ധതി റീകമ്മീഷൻ ചെയ്യുവാൻ സജ്ജമായിരിക്കും.

### പട്ടിശ്ശേരി ജലസേചന പദ്ധതി

കാവേരിനദീജലതർക്കത്തിലെവിധിപ്രകാരംകേരളത്തിന് അനുവദിച്ച 0.075 ടിഎംസി ജലം ഉപയോഗപ്പെടുത്താൻ ലക്ഷ്യമിട്ടുള്ള പട്ടിശ്ശേരി അണക്കെട്ട്, പാമ്പാർ തടത്തിലെ ചെങ്കളാർ പദ്ധതിയുടെ ഭാഗമാണ്. ഇത് ഇടുക്കിയിലെ കാന്തല്ലൂർ ഗ്രാമ പഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നത്. 140 മീറ്റർ നീളവും 33.2 മീറ്റർ ഉയരവുമുള്ള ഒരു ചെക്ക് ഡാമും 160 മീറ്റർ നീളമുള്ള സാഡിൽ ഡാമും, ഇടത് വലത് കരകളിലായി ചെറിയ കനാലുകളും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. കാന്തല്ലൂർ, കീഴന്തൂർ പ്രദേശങ്ങളിലെ വിളകൾക്ക് ജലസേചനം ലഭ്യമാക്കുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. അണക്കെട്ടിന് 2013 മാർച്ചിൽ ഭരണാനുമതി ലഭിച്ചെങ്കിലും സാങ്കേതിക സാമ്പത്തിക കാരണങ്ങളാൽ നിർമ്മാണം വൈകാനിടയായിട്ടുണ്ട്. പതിനാലാം പദ്ധതി പ്രകാരം അണക്കെട്ടിന്റെ നിർമ്മാണത്തിന് പ്രത്യേക ശ്രദ്ധ നൽകിയതിന്റെ ഫലമായി 2025-ൽ  അണക്കെട്ടിന്റെ സിവിൽ പ്രവൃത്തികൾ 80.4 ശതമാനവും, ഇൻസ്ട്രുമെന്റേഷൻ പ്രവൃത്തികൾ 48 ശതമാനവും, മെക്കാനിക്കൽ പ്രവൃത്തികൾ 52 ശതമാനവും പൂർത്തീകരിക്കുവാൻ സാധിച്ചിട്ടുണ്ട്.

### സൂക്ഷ്മ ജലസേചനം

പരമ്പരാഗത രീതികളിൽ നിന്ന് സൂക്ഷ്മ ജലസേചന രീതികളിലേക്കുള്ള മാറ്റം കേരളത്തിന്റെ കാർഷിക മേഖലയുടെ ഭാവിക്ക് അത്യന്താപേക്ഷിതമാണ്. ഡ്രിപ്പ്, സ്പ്രിംഗ്ളർ രീതിയിലുള്ള ജലസേചന സംവിധാനങ്ങൾ സൂക്ഷ്മ ജലസേചന പദ്ധതിയിലെ പ്രധാന ഘടകങ്ങളാണ്, ഇത് ജലവിതരണം കൃത്യമായി നിയന്ത്രിക്കാൻ സഹായിക്കുന്നു. കേരളത്തിൽ സൂക്ഷ്മ ജലസേചനം സ്വീകരിക്കുന്നതിനുള്ള സാധ്യത ഒരു പ്രത്യേക വിളയിലോ പ്രദേശത്തോ ഒതുങ്ങുന്നില്ല, നെല്ല് മുതൽ തോട്ടവിളകളിൽ വരെ ഇത് വ്യാപകമായി ഉപയോഗിക്കാൻ സാധിക്കുന്നതാണ്. 2024-ൽ സംസ്ഥാന സർക്കാർ കെ.എം.മാണി സാമൂഹ്യ സൂക്ഷ്മ ജലസേചന പദ്ധതി ആരംഭിച്ചു. കൃഷിക്കാർക്ക് ഉപയോഗപ്രദമാവുന്ന സൂക്ഷ്മ ജലസേചന രീതികൾ നടപ്പിലാക്കുവാൻ, അടുത്തുള്ള വലിയ കൃഷിയിടങ്ങളിൽ കർഷകർക്കായി മാതൃകാ കൃഷിയിടങ്ങൾ ഒരുക്കുക എന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം.

കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷനെയാണ് (കെഐഐഡിസി) ഈ പദ്ധതി നിർവ്വഹണം  ചുമതലപ്പെടുത്തിയിട്ടുള്ളത്.  എംപാനൽ ചെയ്ത കമ്പനികളിൽ നിന്ന് മത്സരാധിഷ്ഠിത ബിഡ്ഡുകളിലൂടെ കരാറുകാരെ തെരഞ്ഞെടുക്കുന്നു. സന്നദ്ധരായ കർഷകരുടെ ഒരു വാട്ടർ യൂസേഴ്സ് അസോസിയേഷൻ രൂപീകരിച്ച് ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കുന്നു. പദ്ധതി പൂർത്തിയായ ശേഷം, കർഷകർക്ക് ആവശ്യമായ പരിശീലനം നൽകുകയും, പദ്ധതിയുടെ പ്രവർത്തന ചെലവുകൾ അതത് ജല ഉപയോക്തൃ അസോസിയേഷനുകൾ വഹിക്കുകയും ചെയ്യുന്നു. 17 സൂക്ഷ്മ ജലസേചന പദ്ധതികൾ സ്ഥാപിക്കാൻ കെഐഐഡിസി യെ ചുമതലപ്പെടുത്തി

യിട്ടുണ്ട്, അതിൽ ആറെണ്ണം ഇതിനോടകം പൂർത്തിയാകുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. **(പട്ടിക 13.12 കാണുക).**

കൂടാതെ, ജലവിഭവ വകുപ്പും 2024-ൽ സൂക്ഷ്മ ജലസേചന പദ്ധതികൾക്ക് തുടക്കം കുറിച്ചു. ഇത് 2026-27 ഓടെ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. വയനാട് ജില്ലയിലെ ദാസനക്കര, പുൽപ്പള്ളി എന്നിവിടങ്ങളിലും, കോട്ടയം ജില്ലയിലെ കുറവിലങ്ങാട്, വയനാട് ജില്ലയിലെ കൽപ്പറ്റ, വാഴവറ്റ എന്നിവിടങ്ങളിലുമാണ് സൂക്ഷ്മ ജലസേചന പദ്ധതികൾ നടപ്പിലാക്കുന്നത്.

**നീർത്തട വികസന പദ്ധതികൾ**

2017-18 കാലയളവിൽ ഹരിത കേരളം മിഷൻ നീർത്തട വികസന പദ്ധതിയിൽ പ്രധാനപ്പെട്ട മൂന്ന് ഭാഗങ്ങൾ ഏറ്റെടുത്തു: ചെറുകിട ജലസേചനം ക്ലാസ് I - ഹരിത കേരളം; ചെറുകിട ജലസേചനം ക്ലാസ് II - ഹരിത കേരളം; ഹരിത കേരളത്തിന് കീഴിൽ ടാങ്കുകളുടെയും കുളങ്ങളുടെയും നവീകരണം. 2021 മുതൽ, ഹരിത കേരളം മിഷന്റെ പ്രവർത്തനങ്ങൾ നവകേരളം കർമ്മപദ്ധതി - II ലൂടെ തുടർന്നു വരുന്നു. ഈ പദ്ധതിയുടെ ഭാഗമായി 941 പഞ്ചായത്തുകളിൽ വിശദമായ നീർത്തട പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. സാമൂഹ്യ സൂക്ഷ്മ ജലസേചന പദ്ധതികളുടെ രൂപകൽപ്പനയിലും നടത്തിപ്പിലും ഈ മിഷൻ കൃഷി വകുപ്പുമായി സഹകരിച്ചു പ്രവർത്തിക്കുന്നു.

ചെറുകിട ജലസേചനം ക്ലാസ് I-ൽ, 50 ഹെക്ടർ മുതൽ 200 ഹെക്ടർ വരെ വിസ്തൃതിയുള്ള പ്രദേശത്ത് ഉപയോഗിക്കുന്നതിനായി ടാങ്കുകളുടെയും അരുവികളുടെയും നിർമ്മാണവും അറ്റകുറ്റപ്പണികളും, ചെക്ക് ഡാമുകൾ, സ്ലൂയിസുകൾ, റെഗുലേറ്ററുകൾ, ബണ്ടുകൾ, വെന്റഡ് ക്രോസ് ബാറുകൾ, ഉപ്പുവെള്ള തടയണകൾ, ഡ്രെയിനേജുകൾ തുടങ്ങിയ ചെറുകിട ജലസേചന പ്രവർത്തനങ്ങൾ നടപ്പിലാക്കി. ചെറുകിട ജലസേചനം ക്ലാസ് II-ൽ, 50 ഹെക്ടറിൽ താഴെ ആയക്കട്ട് വിസ്തൃതിയുള്ള ചെറുകിട ജലസേചന പ്രവർത്തനങ്ങൾ നടപ്പിലാക്കി. ഇതിൽ നീർത്തട പദ്ധതികളും ജലാശയങ്ങളുടെ/കുളങ്ങളുടെ പുനരുജ്ജീവനവും ഉൾപ്പെടുന്നു. ടാങ്കുകളുടെയും കുളങ്ങളുടെയും നവീകരണത്തിന് കീഴിൽ, മിഷൻ പ്രധാന പൊതു/സാമൂഹ്യ കുളങ്ങൾ നവീകകരിക്കുകയും അവ ജലസേചന കനാലുകളുമായി ബന്ധിപ്പിക്കുകയും ചെയ്തു.

**സംയോജിത നദീതട സംരക്ഷണവും പരിപാലനവും**

ജലവിഭവങ്ങളുടെ കാര്യക്ഷമമായ മേൽനോട്ടം ഒരു വെല്ലുവിളിയാണ്, പ്രത്യേകിച്ച് നദികളുടെ സമ്മർദ്ദം വർദ്ധിച്ചുവരുന്ന കേരളം പോലുള്ള പ്രദേശങ്ങളിൽ ഇത് കൂടുതൽ പ്രകടമാണ്. കേരളത്തിൽ, ഉയർന്ന പ്രദേശങ്ങളിലെ തീവ്രമഴയും, പടിഞ്ഞാറൻ തീരത്തുള്ള സമതല ഭൂപ്രകൃതിയും വെള്ളപ്പൊക്കത്തിന് അനുകൂലമായ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നു. ജനസംഖ്യാ സമ്മർദ്ദം, വ്യവസായവൽക്കരണം, കാലാവസ്ഥാ വ്യതിയാനം എന്നിവയുടെ ആവിർഭാവത്തോടെ, ഫലപ്രദവും സംയോജിതവുമായ ഒരു ജല മേൽനോട്ട സംവിധാനം അത്യന്താപേക്ഷിതമാണ്. 2021-ൽ, സംസ്ഥാന ആസൂത്രണ ബോർഡ്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും മറ്റ് തൽപ്പരകക്ഷികളുടെയും പങ്കാളിത്തത്തോടെ ജലസേചന പദ്ധതികൾ ഏകോപിപ്പിക്കുന്നതിനും നടപ്പിലാക്കുന്നതിനുമായി ഒരു നദീതട അതോറിറ്റി രൂപീകരിക്കുന്നതിനുള്ള അടിസ്ഥാന രേഖ തയ്യാറാക്കാൻ ഒരു വിദഗ്ധ സമിതിയെ നിയോഗിച്ചു. അതിന്റെ ഫലമായി, 2025-ൽ, മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ കേരള സർക്കാർ കേരള നദീതട സംരക്ഷണ - പരിപാലന അതോറിറ്റിക്ക് രൂപം നൽകി. ഓരോ നദീതടത്തിനും സംയോജിത നദീതട പരിപാലന പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കുക എന്നതായിരുന്നു ലക്ഷ്യം.

കേരളത്തിൽ സംയോജിത ജലവിഭവ പരിപാലനത്തിന് (ഐഡബ്ല്യുആർഎം) ചിട്ടയായ ഒരു സമീപനം നിർദ്ദിഷ്ട അതോറിറ്റി ലഭ്യമാക്കും. ഭരണപരമായ ഘടനകൾ, ആസൂത്രണ രീതികൾ, സാമ്പത്തിക കാര്യങ്ങളുടെ മേൽനോട്ടം, സാമൂഹ്യ പങ്കാളിത്ത തന്ത്രങ്ങൾ എന്നിവ വ്യക്തമാക്കുന്ന ഒരു ചട്ടക്കൂട് അത് തയ്യാറാക്കും. സർക്കാർ ഏജൻസികൾ, തദ്ദേശ സമൂഹം, പൗരസമൂഹം , സ്വകാര്യ മേഖല എന്നിവർക്കിടയിൽ സഹകരണം ഉറപ്പാക്കുകയും എല്ലാ തൽപ്പരകക്ഷികളും സുസ്ഥിര നദീതട പരിപാലനത്തിനായി ഒന്നിച്ച് പ്രവർത്തിക്കുന്നു എന്ന് ഉറപ്പാക്കുകയും ചെയ്യും. ഇതിന്റെ ഭാഗമായി വിവിധ തലങ്ങളിലുള്ള കമ്മിറ്റികൾ രൂപീകരിക്കുകയും, കൃത്യമായ ഉത്തരവാദിത്തങ്ങളും ചുമതലകളും

**പട്ടിക 13.13** *2021- 22 ൽ കാവേരി തടത്തിൽ നിന്നുള്ള കേരളത്തിന്റെ ജലവിനിയോഗം (ടി.എം.സി.യിൽ)*

| ഉപയോഗാടിസ്ഥാനത്തിലുള്ള തരംതിരിക്കൽ | കബനി ഉപതടം | ഭവാനി ഉപതടം | പാമ്പാർ ഉപതടം | എല്ലാ ഉപ തടങ്ങളും ഉൾപ്പെടെ |
|---|---|---|---|---|
| വൻകിട ജലസേചന പദ്ധതികൾ | 0 | 0 | 0 | 0 |
| ഇടത്തരം ജലസേചന പദ്ധതികൾ | 2.85 | 0 | 0 | 2.85 |
| ചെറുകിട ജലസേചന പദ്ധതികൾ | 1.54 | 0.12 | 0.31 | 1.96 |
| ഗാർഹിക ജല ഉപയോഗം | 3.63 | 0.03 | 0.01 | 3.66 |
| വ്യവസായിക ജല ഉപയോഗം | 0.0005 | 0 | 0 | 0.0005 |
| ആകെ | 8.0 | 0.15 | 0.31 | 8.45 |

*അവലംബം:* ജലവിഭവ വകുപ്പ് കേരള

ഈ കമ്മിറ്റികൾക്ക് നിശ്ചിയിച്ച് നൽകുകയും ചെയ്യുക വഴി പദ്ധതി സംബന്ധിച്ച വിവരങ്ങൾ, തീരുമാനങ്ങൾ, പ്രവർത്തനങ്ങൾ എന്നിവയുടെ കാര്യക്ഷമമായ കൈമാറ്റം ഉറപ്പാക്കാൻ സാധിക്കും.

### പ്രളയവും അതിതീവ്ര പ്രതിഭാസങ്ങളും അഭിമുഖീകരിക്കൽ

2018 വരെ കേരളത്തിലെ ജലസേചന ജലസംഭരണികൾക്ക് ശാസ്ത്രീയമായ ഒരു പ്രവർത്തന നയം ഉണ്ടായിരുന്നില്ല. 2018-ലെ വെള്ളപ്പൊക്കത്തെ തുടർന്ന്, ആവർത്തിച്ചുള്ള അതിതീവ്ര മഴയുടെ കാരണങ്ങളും അനന്തരഫലങ്ങളും പരിശോധിക്കുന്നതിനായി ഒരു സമിതി രൂപീകരിച്ചു. പെരിയാർ നദീതടത്തിലെ വ്യത്യസ്ത ജലസംഭരണികളുടെയും മഴയുടെയും വിവിധ സാഹചര്യങ്ങൾക്കനുസൃതമായി വെള്ളപ്പൊക്കം വിശകലനം ചെയ്ത കമ്മിറ്റി, വെള്ളപ്പൊക്ക സാധ്യതയുള്ള പ്രദേശങ്ങളുടെ ഭൂപടങ്ങൾ തയ്യാറാക്കി. പരിമിതമായ അളവിലാണെങ്കിൽ പോലും, പ്രളയജലം സംഭരിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചു. ജലസേചനത്തിനായി ജലം സംഭരിക്കുന്നതിന് രൂപകൽപ്പന ചെയ്തിരുന്നുവെങ്കിലും, എല്ലാ സംഭരണികളിലെയും എഫ്ആർഎല്ലിന് താഴെയുള്ള സംരക്ഷണ മേഖലകളിൽ ഡൈനാമിക് ഫ്ലഡ് കുഷ്യൻ നൽകണമെന്ന് റിപ്പോർട്ട് നിർദ്ദേശിച്ചു. ജലവിഭവ വകുപ്പ് റിസർവോയർ പ്രവർത്തന നയങ്ങൾ കൊണ്ടുവരുകയും, ഇത് തുടർന്നുള്ള വർഷങ്ങളിൽ വെള്ളപ്പൊക്കം ലഘൂകരിക്കുവാൻ ഗണ്യമായി സഹായിക്കുകയും ചെയ്തു.

കേരളത്തിലെ വെള്ളപ്പൊക്കത്തിന് കാരണമായ പ്രകൃതിദത്തവും മനുഷ്യനിർമിതവുമായ നിരവധി ഘടകങ്ങൾ കമ്മിറ്റി ചൂണ്ടിക്കാട്ടി, അവയിൽ പ്രധാനപ്പെട്ടവ ഇവയാണ്: ദീർഘകാലം നീണ്ടുനിൽക്കുന്ന അതിതീവ്ര മഴ; വൃഷ്ടി പ്രദേശങ്ങളിലും, പ്രത്യേകിച്ച് വെള്ളപ്പൊക്ക സമതലങ്ങളിലും നദീതടങ്ങളിലുമുള്ള മനുഷ്യന്റെ ഇടപെടലുകൾ; അനധികൃത കയ്യേറ്റം; തണ്ണീർത്തടങ്ങളും തടാകങ്ങളും നികത്തൽ; അപ്രതീക്ഷിതവും അതിതീവ്രവുമായ മഴയും, ജല സംഭരണികളുടെ പ്രവർത്തനം കൈകാര്യം ചെയ്യുന്നതിൽ വൈദഗ്ധ്യമില്ലായിമ; അവശിഷ്ടങ്ങൾ അടിയുന്നതും ജല സസ്യങ്ങളും കാരണം ചാനലുകളുടെ ശേഷി കുറയൽ എന്നിവയാണ്. വിവര ശേഖരണവും മോഡലിംഗും ഉൾപ്പെടെ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിനും അന്വേഷണം നടത്തുന്നതിനും സംസ്ഥാന സർക്കാർ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചു. കമ്മിറ്റിയുടെ പല ശുപാർശകളും വെള്ളപ്പൊക്ക സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ നടപ്പിലാക്കി വരുന്നു. സംസ്ഥാനത്ത് സ്ഥിരമായി വരൾച്ച ഉണ്ടാകുന്നതായി സ്ഥിതിവിവരക്കണക്കുകൾ സൂചിപ്പിക്കുന്നതിനാൽ, വെള്ളപ്പൊക്ക പ്രതിസന്ധികളെ ലഘൂകരിക്കുന്നതിന് ഘടനാപരവും ഘടനാപരമല്ലാത്തതുമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് സർക്കാർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കുട്ടനാട്ടിലെ വേമ്പനാട് തണ്ണീർത്തടത്തിൽ നെൽകൃഷിയുടെ പ്രാധാന്യം തിരിച്ചറിഞ്ഞ്, സംസ്ഥാന ആസൂത്രണ ബോർഡ് രൂപീകരിച്ച രണ്ടാമത്തെ കുട്ടനാട് പാക്കേജ് അംഗീകരിക്കുകയും 2019 മുതൽ കേരള സർക്കാർ പദ്ധതി നടപ്പാക്കുകയും ചെയ്തു.

2024-ൽ, കേരളത്തിലെ ജലവിഭവങ്ങളുടെ വികസനത്തിനും കാര്യക്ഷമമായ നടത്തിപ്പിനുമായി സംസ്ഥാന ആസൂത്രണ ബോർഡ് മറ്റൊരു വിദഗ്ദ്ധ സമിതിയെ നിയമിച്ചു. ഈ സമിതി ജലസേചനം മെച്ചപ്പെടുത്തുന്നതിനും വെള്ളപ്പൊക്കം ലഘൂകരിക്കുന്നതിനും ആവശ്യമായ ഇടപെടലുകളും പദ്ധതികളും നിർദ്ദേശിക്കുകയും 2030-ന് മുമ്പായി കാവേരി ജല തർക്ക ട്രൈബ്യൂണൽ കേരള ഉപതടങ്ങളിലേക്ക് അനുവദിച്ച 30 ടിഎംസി വെള്ളം പൂർണ്ണമായും പ്രയോജനപ്പെടുത്തുവാനും, വേനൽക്കാലത്തെ ആവശ്യങ്ങൾ നിറവേറ്റുന്നതിനും വെള്ളപ്പൊക്കം കുറയ്ക്കുന്നതിനും സംഭരണികൾ നിർമ്മിക്കുന്നതിന് ശുപാർശ ചെയ്യുകയും ചെയ്തു. ഈ പദ്ധതികളും ഇടപെടലുകളും പൂർത്തിയാക്കുന്നതിനുള്ള ചെലവ് കണക്കാക്കുന്നതിനും ഫണ്ട് സമാഹരിക്കുന്നതിനുള്ള ഉറവിടങ്ങൾ നിർദ്ദേശിക്കുന്നതിനും കമ്മിറ്റി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. കേരളത്തിനായുള്ള മൂന്നാമത്തെ ജലനയ രേഖയുടെ അംഗീകാര നടപടികൾ അന്തിമ ഘട്ടത്തിലാണ്.

### ജലസേചനത്തിനുള്ള അടിസ്ഥാന സൗകര്യ വികസനം

കേരളത്തിന്റെ തനതായ ഭൂമിശാസ്ത്ര, കാലാവസ്ഥാ, സാമൂഹിക, സാമ്പത്തിക, പാരിസ്ഥിതിക, സ്ഥാപനപര സവിശേഷതകൾ കണക്കിലെടുത്ത് കൃഷിക്ക് കാര്യക്ഷമമായ ജല പരിപാലനത്തിനും ഉപയോഗത്തിനും ഊന്നൽ നൽകുന്നതായിരിക്കണം സംസ്ഥാനത്തിന്റെ ഭാവിയിലെ ജലസേചന തന്ത്രം. ഇതിന് സംസ്ഥാനത്തിന്റെ ജലസ്രോതസ്സുകളുടെയും കാർഷിക രീതികളുടെ സവിശേഷതകളും ആവശ്യങ്ങളും കൂടി പരിഗണിക്കേണ്ടതുണ്ട്. വാണിജ്യ വിളകളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും കാർഷിക മേഖലയിൽ ജല ഉപയോഗം പരമാവധി പ്രയോജപ്പെടുത്തുന്നതിനും, അനുയോജ്യമായ ജലസേചന അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും ജല ഉപയോഗക്ഷമതയും സുസ്ഥിരതയും മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമമായ ജലസേചന രീതികൾ വികസിപ്പിക്കുന്നതിനും ജലസേചനത്തെ സംസ്ഥാനം കാര്യക്ഷമമായി പ്രയോജനപ്പെടുത്തേണ്ടതുണ്ട്.

കേരളം അതിന്റെ ജലസേചന ശേഷി പൂർണ്ണമായി പ്രയോജനപ്പെടുത്തുന്നതിന് അടിയന്തര ശ്രദ്ധ നൽകേണ്ടതുണ്ട്. സംസ്ഥാനത്തെ മൊത്തം ഉപരിതല ജലശേഷിയുടെ 10 ശതമാനത്തിൽ താഴെ മാത്രമേ കേരളം വിനിയോഗിക്കുന്നുള്ളൂ എന്നത് ശ്രദ്ധേയമാണ്. അയൽ സംസ്ഥാനങ്ങളെ അപേക്ഷിച്ച് ജലസേചനത്തിന്റെ കാര്യക്ഷമതയും കുറവാണ്.

കേരളത്തിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്നതും വിഭാവനം ചെയ്തിട്ടുള്ള ജലസേചന പദ്ധതികളെല്ലാം യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ഭരണപരമായ കാര്യക്ഷമത, അടിസ്ഥാന സൗകര്യ വികസനം, കൃഷിയിടങ്ങളിലെ ഉചിതമായ ഇടപെടലുകൾ എന്നിവയിലൂടെ ജലസേചനത്തിന്റെ വിശ്വാസ്യതയും കൃത്യതയും ഉറപ്പാക്കേണ്ടതുണ്ട്. ആവശ്യമുള്ളിടത്ത് പുതിയ വൻകിട, ഇടത്തരം ജലസേചന പദ്ധതികൾ കണ്ടെത്തുന്നതിനുള്ള സാദ്ധ്യതകൾ ആരായേണ്ടതുണ്ട്. വിവരശേഖരണ സംവിധാനങ്ങൾ, ഇൻഡസ്ട്രി 4.0 ടൂളുകളുടെ ഉപയോഗം, ശേഷി വർദ്ധിപ്പിക്കൽ, സ്റ്റേക്

ഹോൾഡർമാരുടെ പങ്കാളിത്തം എന്നിവ ജലസേചന മേൽനോട്ടത്തിന്റെ അവിഭാജ്യ ഘടകമാകേണ്ടതുണ്ട്. ജലവിഭവ വികസനം, സംസ്ഥാനത്ത് ഉല്പാദനപരമായ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിനും, മനുഷ്യന്റെ ജീവനും, ഉപജീവനമാർഗ്ഗവും സംരക്ഷിക്കുന്നതിനും, ജലവുമായി ബന്ധപെട്ട അപകടങ്ങൾ ലഘൂകരിക്കുന്നതിനും ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. ഭാവിയിൽ ആസൂത്രണം ചെയ്യുന്ന പുതിയ സംഭരണികൾ ജലസേചനത്തിനും മറ്റ് സംരക്ഷണ ആവശ്യങ്ങൾക്കും വേണ്ടി മാത്രമല്ല, വെള്ളപ്പൊക്കം കുറയ്ക്കുവാൻ കൂടി ഉതകുന്നവയായിരിക്കണം.

ജലസേചന മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം പ്രധാനമായും രണ്ട് കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്, കാവേരി നദീജല തർക്കപരിഹാര ട്രൈബ്യൂണൽ കേരളത്തിന് അനുവദിച്ച ജലം പൂർണ്ണമായി വിനിയോഗിക്കുക, കാലാവസ്ഥാ വ്യതിയാന വെല്ലുവിളികൾ കണക്കിലെടുത്ത് ജലത്തിന്റെ ഉൽപ്പാദനക്ഷമതയും സുസ്ഥിര ഉപയോഗവും ആസൂത്രണം ചെയ്യുക എന്നിവയാണവ.

കാവേരി നദീതടത്തിലെ 740 ടിഎംസി ജലം കാവേരി ട്രൈബ്യൂണൽ താഴെ പറയുന്ന രീതിയിൽ വിഭജിച്ചു: കേരളം (30 ടിഎംസി), കർണാടക (270 ടിഎംസി), തമിഴ്നാട് (419 ടിഎംസി), കേന്ദ്ര ഭരണ പ്രദേശമായ പോണ്ടിച്ചേരി (7 ടിഎംസി). കേരളത്തിന് അനുവദിച്ച 30 ടിഎംസി യിൽ കബനി ഉപതടത്തിന് 21 ടിഎംസിയും, ഭവാനി ഉപതടത്തിന് 6 ടിഎംസിയും, പാമ്പാർ ഉപതടത്തിന് 3 ടി.എം.സി. യുമാണ് അനുവദിച്ചത്. കബനി ഉപതടത്തിൽ കേരളത്തിനുള്ള വിഹിതം പൂർണ്ണമായി ഉപയോഗിക്കാത്ത സാഹചര്യത്തിൽ, കേരളം അതിന്റെ 30 ടി.എം.സി. വിഹിതം ഉപയോഗിക്കുന്നത് വരെ തമിഴ്നാടിന് ഈ വെള്ളം ഉപയോഗിക്കാൻ അനുമതി നൽകി. 2022 വരെ കേരളം ആകെ ഉപയോഗിച്ചത് 8.45 ടിഎംസി ജലം മാത്രമാണ്. ഉപതട അടിസ്ഥാനത്തിൽ നോക്കുകയാണെങ്കിൽ, കബനി ഉപതടത്തിൽ 12.99 ടിഎംസിയും, ഭവാനി ഉപതടത്തിൽ 5.85 ടിഎംസിയും, പാമ്പാർ ഉപതടത്തിൽ 2.69 ടിഎംസിയും ഉപയോഗിക്കാതെ ശേഷിക്കുന്നുണ്ട്. 2030 ആകുമ്പോഴേക്കും കാവേരി തടത്തിൽ നിന്നുള്ള ജലത്തിന്റെ ഉപയോഗം കുറഞ്ഞത് 20 ടിഎംസി ആയി ഉയർത്തുക എന്നത് കേരളത്തിന്റെ മുമ്പിലുള്ള പ്രധാന വെല്ലുവിളിയാണ്.

കബനി ഉപതടത്തിലെ ജലവിനിയോഗം പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിന്, കേരളം കാരാപ്പുഴ, ബാണാസുര സാഗർ എന്നീ രണ്ട് ഇടത്തരം ജലസേചന പദ്ധതികൾ അടിയന്തിരമായി കമ്മീഷൻ ചെയ്യേണ്ടതുണ്ട്. കബനി ഉപതടത്തിൽ മറ്റ് നിരവധി നിർദ്ദിഷ്ട പദ്ധതികൾ ആരംഭിക്കുകയും പൂർത്തിയാക്കുകയും ചെയ്യേണ്ടതുണ്ട്. അതുപോലെ, പാമ്പാർ ഉപതടത്തിൽ, തലയാർ ജലസേചന പദ്ധതി, ചെങ്ങളാർ ജലസേചന പദ്ധതി, വട്ടവട ജലസേചന പദ്ധതി, ചമ്പക്കാട് ജലസേചന പദ്ധതി എന്നിങ്ങനെ പുതിയ പദ്ധതികൾ ആരംഭിക്കുകയും പൂർത്തിയാക്കുകയും വേണം. ഭവാനി ഉപതടത്തിൽ, കേരള ഭവാനി പദ്ധതി, പന്തൻതോട് പദ്ധതി, അരളി പദ്ധതി, തുടുക്കി പദ്ധതി എന്നിങ്ങനെ പുതിയ പദ്ധതികൾ ആരംഭിക്കുകയും പൂർത്തിയാക്കുകയും വേണം.

കൂടാതെ, ജലവൈദ്യുത പദ്ധതികളിൽ നിന്നുള്ള ജലം സാദ്ധ്യമാകുന്ന രീതിയിൽ ജലസേചനത്തിനായി പ്രയോജനപ്പെടുത്തേണ്ടതുണ്ട്. ഭാവിയിൽ, സംസ്ഥാനം ഏകമേഖലാ പദ്ധതികൾക്ക് പകരം വിവിധോദ്ദേശ്യ പദ്ധതികൾ തെരഞ്ഞെടുക്കേണ്ടതുണ്ട്. എല്ലാ നദീതടങ്ങളും സംയോജിപ്പിച്ച് ഒരു ഏകീകൃത രൂപരേഖ ഉണ്ടാക്കുകയും പദ്ധതികൾ ഘട്ടം ഘട്ടമായി നടപ്പാക്കുകയും വേണം. ഓരോ സ്ഥലത്തും, നിരവധി ബദൽ പദ്ധതികൾ ലഭ്യമാക്കുകയും, അതിൽ നിന്ന് ഏറ്റവും അനുയോജ്യമായത് തെരഞ്ഞെടുക്കുകയും വേണം. ഭൗതിക സംവിധാനങ്ങളുടെ അറ്റകുറ്റപ്പണികൾ കൃത്യമായ ഇടവേളകളിൽ നടത്തേണ്ടതും അത്യാവശ്യമാണ്. ചെറുകിട ജലസേചന പദ്ധതികൾ കഴിയുന്നിടത്തോളം, കിണറുകൾ, ടാങ്കുകൾ, കുളങ്ങൾ, ഉപേക്ഷിക്കപ്പെട്ട ക്വാറികൾ, നീരുറവകൾ, തുരങ്കങ്ങൾ തുടങ്ങിയ പ്രാദേശിക തലത്തിലുള്ള ജലസ്രോതസ്സുകളെ അടിസ്ഥാനമാക്കിയുള്ളതായിരിക്കണം.

കേരളത്തിലെ എല്ലാ ജലസേചന പദ്ധതികളിലും പങ്കാളിത്ത ജലസേചന പരിപാലനം (പിഐഎം) ഫലപ്രദമായി നടപ്പാക്കുന്നതിന് ഒരു കൂട്ടായ ശ്രമം അത്യന്താപേക്ഷിതമാണ്. ജല ഉപയോക്താക്കളുടെ സംഘടനകളുടെയും, കനാൽ പ്രോജക്ട് കമ്മിറ്റികളുടെയും രൂപീകരണവും പ്രവർത്തനരീതിയും പുനഃപരിശോധിക്കുകയും തൽപ്പരകക്ഷികളുടെ പങ്കാളിത്തം മെച്ചപ്പെടുത്തുകയും വേണം.

ജലസേചന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി അയൽ സംസ്ഥാനങ്ങൾ ജലസേചന മാനേജ്മെന്റ് സിസ്റ്റം (ഐഎംഎസ്) സ്വീകരിച്ചിട്ടുണ്ട്. വിളകൾക്ക് ആവശ്യമായ അളവിൽ വെള്ളം നൽകുന്നതിനും ജല ഉപയോഗം കാര്യക്ഷമമാക്കുന്നതിനും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും സഹായിക്കുന്ന ടൂളുകൾ, സാങ്കേതികവിദ്യകൾ, തന്ത്രങ്ങൾ എന്നിവയുടെ ഒരു സംയോജനമാണിത്. ജലസേചനം നിരീക്ഷിക്കുകയും നിയന്ത്രിക്കുകയും വിളകൾക്ക് ആവശ്യമായവിധം ശരിയായ സമയത്ത് ശരിയായ അളവിൽ വെള്ളം നൽകുകയും ചെയ്യുന്ന ഇത്തരം സംവിധാനം കേരളത്തിലും സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്.

നീർത്തട സംരക്ഷണ പ്രവർത്തനങ്ങൾ അതത് ഏജൻസികൾ ഏറ്റെടുക്കുകയും, വനവൽക്കരണം പ്രോത്സാഹിപ്പിക്കുകയും, കൃഷിരീതികൾ മെച്ചപ്പെടുത്തുകയും, ആവശ്യമുള്ളിടത്ത് അണക്കെട്ടുകളിൽ അടിഞ്ഞുകൂടുന്ന അവശിഷ്ടം തടയുന്നതിനാവശ്യമായ ഘടനാപരമായ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതുണ്ട്. നിലവിലുള്ള സംഭരണികളുടെ അടിയിൽ അടിഞ്ഞുകൂടിയ അവശിഷ്ടം അതിന്റെ സംഭരണ ശേഷിയെക്കാൾ കൂടിയാൽ, ഡാമിന്റെ ഘടനയ്ക്ക് കേടുപാടുകൾ വരുത്താത്ത തരത്തിൽ, സംഭരണിയിലെ ചരിവും, ശോഷണവും, അടിഞ്ഞുകൂടിയ മണ്ണിന്റെ അളവും പഠിച്ച ശേഷം, ആവശ്യമെങ്കിൽ ചെളി നീക്കം ചെയ്യാവുന്നതാണ്.

**തണ്ണീർത്തട വികസനത്തിലേക്കുള്ള പരിവർത്തനം.**

സംസ്ഥാനത്തെ നദീതടങ്ങളിലൂടെയുള്ള ശരാശരി വാർഷിക നീരൊഴുക്ക് 78 ബില്യൺ ക്യൂബിക് മീറ്റർ ആയി കണക്കാക്കപ്പെടുന്നു. എല്ലാ സംഭരണികളുടെയും മൊത്തം

സംഭരണ ശേഷി, വാർഷിക ഒഴുക്കിന്റെ ഏകദേശം 7 ശതമാനം മാത്രമാണ്. ഉയർന്ന ഉപരിതല നീരൊഴുക്ക് മണ്ണൊലിപ്പിനും കാർഷിക ഭൂമിയുടെ നാശത്തിനും കാരണമാകുന്നു. മഴവെള്ളം ഭൂഗർഭജലത്തിലേക്ക് ഊർന്നിറങ്ങുന്നത് കുറവായതിനാൽ, മൺസൂണിന് ശേഷമുള്ള മാസങ്ങളിൽ സംസ്ഥാനത്ത് വരൾച്ച അനുഭവപ്പെടുന്നു.

ഈ പശ്ചാത്തലത്തിൽ, നീർത്തട വികസനവും പരിപാലനവും മണ്ണ്, ജലം എന്നിവയുടെ ശാസ്ത്രീയ ഉപയോഗത്തിന് പ്രായോഗികവും സുസ്ഥിരവുമായ ഒരു ഉപാധിയാണ്. ജലനിരപ്പ് ഉയർത്തുന്നതിനും വരൾച്ചയുടെ ദൈർഘ്യം കുറയ്ക്കുന്നതിനും മൺസൂണിന് ശേഷമുള്ള മാസങ്ങളിൽ ശുദ്ധജലത്തിന്റെ സ്ഥിരമായ ലഭ്യത ഉറപ്പാക്കുന്നതിനും അവ സഹായിക്കുമെന്നാണ് വിജയാനുഭവങ്ങളിൽ നിന്നും മനസ്സിലാക്കുന്നത്. കൂടാതെ, ജലസേചനത്തിനുള്ള ജലലഭ്യത മെച്ചപ്പെടുത്തുന്നതിനും അതുവഴി വിളകളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഇത് കാരണമാകുന്നു.

1996-97ൽ വികേന്ദ്രീകരണാസൂത്രണം ആരംഭിച്ചതു മുതൽ, നീർത്തട പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ചുമതല തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കായിരുന്നു. അടുത്ത കാലത്തായി, ഹരിത കേരളം മിഷനും ഈ പ്രക്രിയയിൽ പങ്കുചേർന്നു. പല പഞ്ചായത്തുകളും നീർത്തട മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. എന്നിരുന്നാലും, കാട്ടാക്കട, തളിപ്പറമ്പ് തുടങ്ങിയ ചുരുക്കം ചില സ്ഥലങ്ങളിലൊഴികെ, നീർത്തട വികസനത്തിന്റെ വിജയകരമായ മാതൃകകൾ വികസിപ്പിക്കാൻ സാധിച്ചിട്ടില്ല.

തണ്ണീർത്തട ആസൂത്രണ പ്രക്രിയയിലേക്ക് ജലവിഭവ വകുപ്പിനെ പുനഃക്രമീകരിക്കേണ്ടതിന്റെ ആവശ്യകത ഇക്കാലത്ത് കൂടുതൽ പ്രസക്തമാണ്. 2022-ൽ സംസ്ഥാന ആസൂത്രണ ബോർഡ് തണ്ണീർത്തട ആസൂത്രണത്തിനായുള്ള ഒരു ബ്ലൂപ്രിന്റ് തയ്യാറാക്കിയിരുന്നു.

കേരളത്തിലെ ഓരോ ജില്ലയിലും, തിരഞ്ഞെടുക്കപ്പെടുന്ന സർക്കാർ / സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഒരു മാതൃകാ സൂക്ഷ്മ തണ്ണീർത്തടം വികസിപ്പിക്കേണ്ടതുണ്ട്. ഇതിനായി വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും സംയോജനം ഉറപ്പാക്കുന്ന ഒരു നോഡൽ ഏജൻസി സംസ്ഥാന തലത്തിൽ ഉണ്ടായിരിക്കണം. മണ്ണ് സർവേയും, മണ്ണ് സംരക്ഷണവും വകുപ്പുമായി സഹകരിച്ച്, നീർത്തട വികസനത്തിന് പ്രാഥമികമായി ശ്രദ്ധ കേന്ദ്രീകരിക്കുന്ന തരത്തിൽ ഹരിതകേരളം മിഷന്റെ പ്രവർത്തനം ഉചിതമായി പുനഃക്രമീകരിക്കേണ്ടതും അനിവാര്യമാണ്.

### സൂക്ഷ്മ ജലസേചനത്തിന്മേലുള്ള പ്രാധാന്യം

കഴിഞ്ഞ 40 വർഷമായി ഇന്ത്യയിൽ സൂക്ഷ്മ ജലസേചനം ക്രമാനുഗതമായി വളർന്നുവരികയാണ്, കൂടാതെ, കൃഷിയുടെ ഒരു അവശ്യ ഘടകമായി ഇത് സ്വീകരിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. കേരളത്തിൽ, സൂക്ഷ്മ ജലസേചനത്തിന്റെ വ്യാപനം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് താരതമ്യേന കുറവാണ്. കേരളത്തിൽ സൂക്ഷ്മ ജലസേചനത്തിന്റെ വ്യാപനം ഏകദേശം 32,900 ഹെക്ടറായി പരിമിതപ്പെടുത്തിയിരിക്കുന്നു, ഇത് ഇന്ത്യയിലെ മൊത്തം പ്രദേശത്തിന്റെ 0.3 ശതമാനം മാത്രമാണ്.

സൂക്ഷ്മ ജലസേചനം പരമ്പരാഗത ജലസേചന രീതികളിൽ നിന്ന് വ്യത്യസ്തമാണ്, കാരണം ഇതിന്റെ രൂപകൽപ്പന, സംവിധാന ഘടകങ്ങൾ, പ്രവർത്തനം എന്നിവ വിളകളെ ആശ്രയിച്ചുള്ളതാണ്. സൂക്ഷ്മ ജലസേചനത്തിൽ, ഭൂമിയിലല്ല, വിളയിലാണ് ജലസേചനം നടത്തുന്നതെന്ന് പലപ്പോഴും പറയാറുണ്ട്. അതിനാൽ, ഭാവിയിൽ ആസൂത്രണത്തിൽ സൂക്ഷ്മ കൃഷിരീതികളും സൂക്ഷ്മ ജലസേചനവും സംയോജിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

കേരളത്തിലെ ഭൂരിഭാഗം കർഷകരും സൂക്ഷ്മ ജലസേചനത്തെ ഒരു ജലവിതരണ ഉപാധിയായി മാത്രമാണ് കണക്കാക്കുന്നത്. വിളവ് വർദ്ധിപ്പിക്കുന്നതിനുള്ള തന്ത്രമായോ കൃത്യതാ കൃഷിരീതികളുമായി സംയോജിപ്പിക്കേണ്ട നൂതന രീതിയായോ കർഷകർ സൂക്ഷ്മ ജലസേചനത്തെ കാണുന്നില്ല. അതേസമയം, കേരളത്തിൽ കൃഷി ചെയ്യുന്ന വിവിധ വിളകളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ സൂക്ഷ്മ ജലസേചന പദ്ധതികൾക്ക് വലിയ പങ്കുവഹിക്കുവാൻ സാധിക്കും. ജെയിൻ ഇറിഗേഷൻ ലിമിറ്റഡുമായി സഹകരിച്ച് പ്രവർത്തിക്കുന്ന വിദഗ്ദ്ധർ നൽകുന്ന വിവരമനുസരിച്ച്, പരമ്പരാഗത രീതികൾക്ക് പകരം ഡ്രിപ്പ് ഇറിഗേഷനും ജലസേചനത്തിലൂടെ വളംനൽകലും സംയോജിപ്പിച്ചുള്ള പ്രിസിഷൻ ഫാമിംഗ് രീതികൾ സ്വീകരിച്ചാൽ ഉൽപാദനക്ഷമത രണ്ടോ മൂന്നോ മടങ്ങ് വർദ്ധിപ്പിക്കാൻ കഴിയുമെന്നാണ്.

### തന്ത്രം

കേരളത്തിൽ സൂക്ഷ്മ ജലസേചനം വ്യാപിപ്പിക്കുന്നതിന് വ്യത്യസ്ത തന്ത്രങ്ങൾ ആവിഷ്കരിക്കേണ്ടതുണ്ട്. ഇതിനായി, സ്വീകാര്യത കൂടുതലുള്ള വിളകളും പ്രദേശങ്ങളും കണ്ടെത്തുക, വിളവ് വർദ്ധിപ്പിക്കുന്നതിന് സൂക്ഷ്മ ജലസേചനത്തിന്റെ സാദ്ധ്യതയെക്കുറിച്ച് കർഷകരുമായി ഫീൽഡ് തലത്തിൽ ഇടപെടലുകൾ നടത്തുക, ശാസ്ത്രീയ ജല, വളം ഷെഡ്യൂളിംഗിൽ മികച്ച തോതിൽ പരിശീലനം നൽകുക, സാങ്കേതികവിദ്യ വ്യാപകമായി സ്വീകരിക്കുന്നതിന് സഹകരണ സംഘങ്ങളും കർഷക ഉൽപാദക കമ്പനികളും രൂപീകരിക്കുക, പ്രാഥമിക ഉല്പാദകരെ മൂല്യവർദ്ധന വ്യവസായങ്ങളുമായി ബന്ധിപ്പിക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്.

കേരളം മറ്റു സംസ്ഥാനങ്ങളിലെ മികച്ച ജലസേചന രീതികളിൽ നിന്നും പാഠം ഉൾക്കൊള്ളേണ്ടതുണ്ട്. ഈ മേഖലയിൽ വിജയിച്ച സംസ്ഥാനങ്ങളുടെ സവിശേഷത, ക്രിയാത്മകമായ പൊതു-സ്വകാര്യ പങ്കാളിത്തമാണ്. സാമൂഹിക നിയന്ത്രണത്തിനും പങ്കാളിത്തത്തിനും ഊന്നൽ നൽകുന്ന മറ്റ് മാതൃകകളും നിലവിലുണ്ട്. സംസ്ഥാന ആസൂത്രണ ബോർഡ് രേഖപ്പെടുത്തിയ വിജയകരമായി പൂർത്തീകരിച്ച പദ്ധതി പഠനങ്ങളിൽ കർണാടകയിലെ ഹവേരി ജില്ലയിലുള്ള ഷിഗ്ഗോൺ സംയോജിത സൂക്ഷ്മ ജലസേചന പദ്ധതിയും കർണാടകയിലെ ബാഗൽകോട്ട് ജില്ലയിലെ രാംതാൽ പദ്ധതിയും ഉൾപ്പെടുന്നു. കൃഷിയുടെ വിളവ് വർദ്ധിപ്പിക്കുന്നതിന് സൂക്ഷ്മ ജലസേചനത്തെ സൂക്ഷ്മ കൃഷിരീതികളുമായും വിളവ് വർദ്ധിപ്പിക്കുന്നതിന് ജലസേചനത്തിലൂടെയുള്ള വളപ്രയോഗവുമായി സംയോജിപ്പിക്കുന്ന തന്ത്രങ്ങൾ, സാമ്പത്തിക സഹായം നൽകുന്നതിൽ മാത്രം ഒതുങ്ങി നിൽക്കുന്ന തന്ത്രങ്ങളെക്കാൾ കൂടുതൽ വിജയകരമാണെന്ന് ഈ അനുഭവങ്ങൾ സൂചിപ്പിക്കുന്നു.

കേരളത്തിൽ വിവിധ വകുപ്പുകൾക്കായി സൂക്ഷ്മജലസേചനത്തിന് വിവിധ വിജ്ഞാന ശാഖകളെ അടിസ്ഥാനമാക്കിയുള്ള ഒരു സമീപനത്തോടുകൂടിയ ഒരു പ്രത്യേക ഉദ്ദേശ്യ സ്ഥാപനം അനിവാര്യമാണ്. ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്.

**മുന്നോട്ടുള്ള വഴി**

സമൃദ്ധമായ മഴയും ഇടതൂർന്ന നദീതട ശൃംഖലയും കൊണ്ട് അനുഗ്രഹീതമായ കേരളം, ജലസ്രോതസ്സുകൾ ഉപയോഗപ്പെടുത്തുന്നതിൽ സവിശേഷമായ വെല്ലുവിളികൾ നേരിടുന്നുണ്ട്. ഉയർന്ന വാർഷിക മഴ ലഭിച്ചിട്ടും, ഭൂമിശാസ്ത്രപരവും സംഘടനാപരവും നയപരവുമായ പരിമിതികൾ കാരണം നദീജലത്തിന്റെ ഏകദേശം 10 ശതമാനം മാത്രമേ ജലസേചനത്തിനായി വിനിയോഗിക്കുവാൻ സാധിക്കുന്നുള്ളൂ. കിണറുകളെ അപേക്ഷിച്ച് മറ്റ് ഉറവിടങ്ങളെ കൂടുതലായി ആശ്രയിക്കുന്ന ദേശീയ രീതിയിൽ നിന്ന് കേരളത്തിലെ ജലസേചന രീതി വ്യത്യസ്തമാണ്. കുഴൽക്കിണറുകളുടെയും പമ്പുകളുടെയും ഉപയോഗത്തിലെ വർദ്ധനവോടെ, സംസ്ഥാനത്തെ ജലസേചന പ്രദേശത്തിന്റെ അളവിൽ നേരിയ വർദ്ധനവുണ്ടായിട്ടുണ്ട്, എന്നിരുന്നാലും മൊത്തത്തിലുള്ള ഭൂഗർഭജല ശേഖരണം സുസ്ഥിര നിലവാരത്തിലാണ് ഉള്ളത്.

വൻകിട ഇടത്തരം ജലസേചന പദ്ധതികൾക്ക് സാധാരണയായി വളരെ കാലതാമസം ഉണ്ടാകാറുണ്ട്, പലപ്പോഴും ധനസഹായം, ഭൂമി ഏറ്റെടുക്കൽ, തൽപ്പരകക്ഷികളുടെ പങ്കാളിത്ത പ്രശ്നങ്ങൾ എന്നിവ പദ്ധതിക്ക് തടസ്സമുണ്ടാക്കുന്നു. കഴിഞ്ഞ ദശകത്തിൽ, മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്റ്റ് (എംവിഐപി), കാരപ്പുഴ ഇറിഗേഷൻ പ്രോജക്റ്റ് (കെഐപി), ബാണാസുര സാഗർ ഇറിഗേഷൻ പ്രോജക്റ്റ് (ബിഎസ്പി), ഇടമലയാർ ഇറിഗേഷൻ പ്രോജക്റ്റ് (ഐഐപി), പഴശ്ശി തുടങ്ങിയ പ്രധാന പദ്ധതികൾ പൂർത്തിയാക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചു, ഈ പദ്ധതികൾ ജലസേചനം വ്യാപിപ്പിക്കുന്നതിനും കുടിവെള്ള വിതരണം സുഗമമാക്കുന്നതിനും അത്യാവശ്യമാണ്. കാര്യക്ഷമമായ ജല ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് സൂക്ഷ്മ ജലസേചന സംരംഭങ്ങൾ ആരംഭിച്ചു. നദീതടങ്ങളിലെ പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിന് കേരള റിവർ ബേസിൻ കൺസർവേഷൻ ആൻഡ് മാനേജ്മെന്റ് അതോറിറ്റിക്ക് സർക്കാർ രൂപം നൽകി.

ഭാവിയിൽ കാവേരിയിൽ നിന്നുമുള്ള സംസ്ഥാന ജല വിഹിതം പൂർണ്ണമായി പ്രയോജനപ്പെടുത്തുകയും, പൂർത്തിയാക്കാനുള്ള പദ്ധതികൾ വേഗത്തിൽ പൂർത്തിയാക്കുകയും സൂക്ഷ്മ ജലസേചനവും പ്രിസിസൺ ഫാമിംഗ് കൃഷിരീതികളും സ്വീകരിക്കേണ്ടതുമാണ്. കേരളം മറ്റ് സംസ്ഥാനങ്ങളിലെ മികച്ച മാതൃകകളിൽ നിന്ന് പാഠങ്ങൾ ഉൾക്കൊള്ളുകയും പങ്കാളിത്തപരമായ പരിപാലനത്തിനും ആധുനിക ജലസേചന സാങ്കേതികവിദ്യകൾക്കും മുൻഗണന നൽകുകയും വേണം. നീർത്തടാസൂത്രണത്തിന് ഊന്നൽ നൽകുന്നതിലൂടെയും സാമൂഹികപങ്കാളിത്തം ഉറപ്പുവരുത്തുന്നതിലൂടെയും നദീതട സംരക്ഷണത്തിന് വിവിധ മേഖലകളിൽ നിന്നുള്ളവരുടെ കൂട്ടായ സഹായം ഉറപ്പുവരുത്തുന്നതിലൂടെയും കേരളത്തിലെ കാർഷികാവശ്യങ്ങൾക്കുള്ള ജലത്തിന്റെ സുസ്ഥിരമായ ഭാവി ഉറപ്പാക്കാൻ സാധിക്കുന്നതാണ്.

**മനുഷ്യ–വന്യ ജീവി ഇടപെടൽ: കേരളത്തിനായുള്ള ഒരു പരിഹാര പദ്ധതി**

കേരള സംസ്ഥാനത്തെ ആകെ ഭൂമിയുടെ വലിയൊരു വിഹിതം വനങ്ങൾക്ക് മാത്രമായിട്ടുള്ളതാണ്; മാത്രമല്ല, ശാസ്ത്രീയ വന പരിപാലനത്തിന് പേരുകേട്ട ഒരു സംസ്ഥാനം കൂടിയാണിത്. കഴിഞ്ഞ ദശകത്തിലെ നയങ്ങളും പദ്ധതികളും വന പരിപാലനത്തിലെ പഴയ നേട്ടങ്ങൾ ഏകീകരിക്കുകയും വനസമ്പത്ത് സംരക്ഷിക്കുന്നതിലും വനങ്ങളിലെ ജലസുരക്ഷ വർദ്ധിപ്പിക്കുന്നതിലും വനങ്ങളെ ആശ്രയിച്ച് കഴിയുന്ന സമൂഹങ്ങളുടെ ജീവിതവും ഉപജീവനമാർഗ്ഗവും സുരക്ഷിതമാക്കുന്നതിലും കാലാവസ്ഥാ വ്യതിയാനത്തിനെതിരായ ഒരു സംരക്ഷണം എന്ന നിലയിൽ വനങ്ങളെ വികസിപ്പിക്കുന്നതിലും പുതിയ മുന്നേറ്റങ്ങൾ സൃഷ്ടിച്ചു. പ്രത്യേകിച്ച്, മനുഷ്യ-വന്യ ജീവി സംഘർഷം നിയന്ത്രിക്കുന്നതിനായി സംസ്ഥാനത്ത് ഗണ്യമായ പദ്ധതി വിഭവങ്ങൾ നീക്കിവെച്ചിട്ടുണ്ട്. ഈ വെല്ലുവിളി നേരിടുന്നതിന് ശാസ്ത്രീയാധിഷ്ഠിത തന്ത്രങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള ഒരു ശക്തമായ വേദി സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

കേരള സംസ്ഥാനം വിപുലമായ വനാവരണത്തിന്റെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധേയമാണ്. ഫോറസ്റ്റ് സർവേ ഓഫ് ഇന്ത്യയുടെ (എഫ് എസ് ഐ) 2023 ലെ വിലയിരുത്തൽ പ്രകാരം, കേരളത്തിലെ രേഖപ്പെടുത്തിയ വനഭൂമി 11,522 ചതുരശ്ര കിലോമീറ്ററാണ്, ഇത് സംസ്ഥാനത്തിന്റെ ആകെ ഭൂവിസ്തൃതിയുടെ ഏകദേശം 29.7 ശതമാനമാണ്. എന്നാൽ സംരക്ഷിത വനങ്ങൾക്കു പുറത്തുള്ള പ്രദേശങ്ങളും വനത്തിനു പുറത്തുള്ള ഒറ്റപ്പെട്ട മരങ്ങളും ഉൾപ്പെടുത്തി കണക്കാക്കുന്ന യഥാർത്ഥ വനമേഖല ഇതിലുമധികമാണ്. കേരളത്തിലെ ആകെ വനാവരണം 22,059 ചതുരശ്ര കിലോമീറ്ററാണ്, ഇത് സംസ്ഥാനത്തിന്റെ ആകെ ഭൂവിസ്തൃതിയുടെ 56.8 ശതമാനമായി കണക്കാക്കുന്നു. 2015 ൽ ഫോറസ്റ്റ് സർവേ ഓഫ് ഇന്ത്യ റിപ്പോർട്ട് ചെയ്തിരുന്ന 19,239 ചതുരശ്ര കിലോമീറ്ററിൽ നിന്നുള്ള ക്രമാനുഗതമായ വർധനവാണിത്.

കേരളത്തിലെ വനങ്ങൾ ജൈവവൈവിധ്യത്താൽ സമൃദ്ധവും അപൂർവവും വംശനാശഭീഷണിയിലായ സസ്യ-ജന്തുജാലങ്ങളുടെ കലവറയും പരിസ്ഥിതി സ്ഥിരതയ്ക്ക് നിർണായകവുമാകുന്നതും ഫലപ്രദമായ ഒരു കാർബൺ ശോഷകമായി പ്രവർത്തിക്കുന്നതുമാണ്. കേരളത്തിലെ വനവിഭാഗങ്ങളിൽ ഉഷ്ണമേഖല നിത്യഹരിത വനങ്ങൾ, ഉഷ്ണമേഖല ഈർപ്പമുള്ള ഇലപൊഴിയുന്ന വനങ്ങൾ, വരണ്ട ഇലപൊഴിയുന്ന വനങ്ങൾ, സ്ക്രബ് വനങ്ങൾ, ഷോല വനങ്ങൾ, പുൽമേടുകൾ, കണ്ടൽ വനങ്ങൾ, തോട്ടങ്ങൾ എന്നിവ ഉൾപ്പെടുന്നു. സംസ്ഥാനത്തിലെ 44 നദികളുടെയും ഉത്ഭവസ്ഥാനം വനങ്ങളിലാണ്.

കേരളത്തിന്റെ സ്വാഭാവിക വനങ്ങൾ പരിസ്ഥിതിസന്തുലിതാവസ്ഥ നിലനിർത്തുന്നതിൽ നിർണായക പങ്ക് വഹിക്കുകയും സംസ്ഥാനത്തിന്റെ സാംസ്കാരിക, പരിസ്ഥിതിക, സാമ്പത്തിക മേഖലകളിൽ ഗണ്യമായ സംഭാവന നൽകുകയും ചെയ്യുന്നു. വനവും വന്യജീവികളും സംരക്ഷിക്കൽ,




**ചിത്രം 13.20** *2011 മുതൽ 2025 വരെയുള്ള കാലയളവിൽ കേരളത്തിൽ വിവിധ ജീവജാലങ്ങൾ മൂലമുണ്ടായ മനുഷ്യ മരണനിരക്ക്*

*അവലംബം:* വനം വകുപ്പ്, കേരള സർക്കാർ

തടി ഉൾപ്പെടെയുള്ള വനോൽപ്പന്നങ്ങളുടെ നിയന്ത്രണവും പരിപാലനവും, സംരക്ഷിത പ്രദേശങ്ങളുടെ പരിപാലനം, വന അതിർത്തി സർവേയും മണ്ണും ജലവും സംരക്ഷിക്കലും, ജൈവവൈവിധ്യ സംരക്ഷണം, ഗവേഷണവും വിദ്യാഭ്യാസവും, പങ്കാളിത്ത വനസംരക്ഷണവും പട്ടിക വർഗ്ഗ വിഭാഗക്കാരുടെ ക്ഷേമവും, മനുഷ്യ-വന്യജീവി സംഘർഷ പരിഹാരം, നിയമം നടപ്പാക്കലും ഇന്റലിജൻസ് പ്രവർത്തനങ്ങളും, വനപരിപാലന വിവര സംവിധാനങ്ങളുടെ വികസനം എന്നിവയാണ് വനംവകുപ്പിന്റെ പ്രധാന ചുമതലകൾ. കൂടാതെ, വനംവകുപ്പ് വനത്തോട്ടങ്ങളും (ഫോറസ്റ്റ് പ്ലാന്റേഷനുകൾ) പരിപാലിക്കുന്നു. 2024-25 കാലയളവിൽ ഇവയുടെ വിസ്തീർണം 1,375 ചതുരശ്ര കിലോമീറ്ററാണ്. സംസ്ഥാനത്തിന്റെ നികുതിയേതര വരുമാനത്തിൽ ഇവ നിർണായക സംഭാവന നൽകുന്നു.

കേരള സംസ്ഥാനത്തിലെ മൊത്തം ജനസംഖ്യയുടെ 1.45 ശതമാനം വരുന്ന 37 പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 4,88,386 പട്ടികവർഗ്ഗ വിഭാഗക്കാർ 6,578 ഉന്നതികളിലായി താമസിക്കുന്നു. ഈ വിഭാഗങ്ങളിൽപ്പെട്ട വലിയൊരു ഭാഗവും വനങ്ങളെ ആശ്രയിച്ചാണ് ജീവിക്കുന്നത്. അതിനാൽ തന്നെ കേരളത്തിലെ വനങ്ങൾ പരിസ്ഥിതി സമ്പത്തുകൾ മാത്രമല്ല, അവിടെ അധിവസിക്കുന്ന ജന വിഭാഗങ്ങളുടെ സാമൂഹ്യ-സാമ്പത്തികവും സാംസ്കാരികവുമായ ക്ഷേമത്തിനും അത്യന്തം പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്. കേരളത്തിലെ വനങ്ങളുമായി ചേർന്നുനിൽക്കുന്ന പട്ടികവർഗ്ഗ സമൂഹങ്ങൾക്ക് പ്രധാനമായ ജീവിതോപാധിയും വരുമാനസ്രോതസുമായിരിക്കുന്നത് വനേതര ഉൽപ്പന്നങ്ങളാണ്. വനാവകാശ ആക്റ്റ്പ്രകാരം, 2016-17 മുതൽ 2024-25 വരെ 4,467 കുടുംബങ്ങൾക്കായി 6,183 ഏക്കർ ഭൂമിയുടെ ഭൂവുടമസ്ഥാവകാശ പട്ടയങ്ങൾ വിതരണം ചെയ്തു.

വാർഷികമായി പ്രസിദ്ധീകരിക്കുന്ന സാമ്പത്തിക അവലോകന റിപ്പോർട്ടുകളും 2021-ലെ കേരള ഡെവലപ്മെന്റ് റിപ്പോർട്ടും കേരളത്തിലെ വനമേഖലയെക്കുറിച്ച് സമഗ്രമായ അവലോകനം നൽകുന്നുണ്ടെങ്കിലും, ഈ അധ്യായം മനുഷ്യ-വന്യ ജീവി ഇടപെടൽ എന്ന വിഷയത്തിലേക്കാണ് പ്രത്യേകമായി ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

### മനുഷ്യ – വന്യജീവി സമ്പർക്കം

മനുഷ്യ-വന്യജീവി സമ്പർക്കം ഇന്ന് കേരളം നേരിടുന്ന ഏറ്റവും അടിയന്തരമായ പരിസ്ഥിതി-സാമൂഹിക വെല്ലുവിളികളിലൊന്നായി കണക്കാക്കപ്പെടുന്നു. മനുഷ്യചരിത്രത്തിന്റെ തുടക്കം മുതൽ ഇത്തരം സംഘർഷങ്ങൾ നിലനിന്നിരുന്നുവെങ്കിലും, അവയുടെ ആവർത്തനവും തീവ്രതയും കേരളം ഉൾപ്പെടെ വിവിധ രാജ്യങ്ങളിലെയും ഭൂപ്രദേശങ്ങളിലെയും സാഹചര്യം അനുസരിച്ച് തുടർച്ചയായി വർധിച്ചുകൊണ്ടിരിക്കുകയാണ്. പരിസ്ഥിതിയിലെ സമ്മർദ്ദങ്ങളും മനുഷ്യ പ്രവർത്തനങ്ങളും തമ്മിലുള്ള സങ്കീർണ്ണമായ പരസ്പരബന്ധമാണ് ഈ അവസ്ഥയ്ക്ക് കാരണം. അതിനാൽ തന്നെ, സൂക്ഷ്മവും പ്രാദേശിക സാഹചര്യങ്ങൾക്ക് അനുയോജ്യവുമായ ഇടപെടലുകൾ അത്യാവശ്യമായി വരുന്നു.

കേരളത്തിൽ മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കാനും നിയന്ത്രിക്കാനും വനം വകുപ്പ് നിരവധി കർമ്മ പദ്ധതികൾ സജീവമായി നടപ്പാക്കിവരുന്നു. എന്നിരുന്നാലും, ചില ഭൂമിശാസ്ത്രപരവും പരിസ്ഥിതിയുമായ ഘടകങ്ങൾ കാരണം വിവിധ പ്രദേശങ്ങളിൽ ഇത്തരം സംഘർഷങ്ങൾ ആവർത്തിച്ചും അതീവ ഗുരുതരമായും സംഭവിക്കുന്നുണ്ട്. ഇതിൽ ഏറ്റവും കൂടുതൽ ബാധിക്കപ്പെട്ട പ്രദേശങ്ങളിൽ ഒന്നാണ്

വയനാട് ജില്ല. ഈ ജില്ല കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളുമായി വനാതിർത്തികൾ പങ്കിടുന്നുണ്ട്. ഈ അയൽ സംസ്ഥാനങ്ങളിലെ പശ്ചിമഘട്ടത്തിന്റെ കിഴക്കൻ ചരിവുകൾ സാധാരണയായി വരൾച്ചയും മഴനിഴൽ പ്രദേശങ്ങളുമാണ്. അതേസമയം, പശ്ചിമഘട്ടത്തിന്റെ പടിഞ്ഞാറൻ ചരിവുകളായ കേരളത്തിലെ വനപ്രദേശങ്ങൾക്കു വേനൽക്കാലത്തിന്റെ ഉച്ചസ്ഥിതിയിൽ പോലും മെച്ചപ്പെട്ട ജലലഭ്യത നിലനിൽക്കുന്നു. സ്വാഭാവികമായും, ഇത്തരത്തിലുള്ള സമ്പന്നമായ വിഭവങ്ങളുള്ള പ്രദേശങ്ങളിലേക്കാണ് വന്യജീവികൾ ആകർഷിക്കപ്പെടുന്നത്. വരൾച്ചയോ ഭക്ഷ്യക്ഷാമമോ അനുഭവപ്പെടുന്ന സമയങ്ങളിൽ, പ്രത്യേകിച്ച് സസ്യഭോജികളും മാംസഭോജികളും ഉൾപ്പെടുന്ന വന്യജീവികൾ, കർണാടകയിലെയും തമിഴ്നാട്ടിലെയും വരണ്ട വനങ്ങളിൽ നിന്ന് കൂടുതൽ സസ്യസമൃദ്ധിയും അനുകൂല സാഹചര്യങ്ങളുമുള്ള കേരളത്തിലെ വനങ്ങളിലേക്ക് കുടിയേറുന്നു. ഈ കാലാവസ്ഥാനുസൃതമായ കുടിയേറ്റം, പ്രത്യേകിച്ച് വേനൽക്കാലത്ത്, വന്യജീവികളുടെ സാന്ദ്രത ഗണ്യമായി വർധിപ്പിക്കുകയും മനുഷ്യ-വന്യജീവി സമ്പർക്കത്തിന്റെയും സംഘർഷത്തിന്റെയും സാധ്യത ശക്തമാക്കുകയും ചെയ്യുന്നു. ഇതോടൊപ്പം, മനുഷ്യവാസ കേന്ദ്രങ്ങളുടെ വ്യാപനവും അടിസ്ഥാന സൗകര്യ വികസനവും മൂലം സ്വാഭാവികമായ വന്യജീവി സഞ്ചാരപാതകൾ തകരാറിലാകുന്നു. ഇതിന്റെ ഫലമായി വന്യജീവികൾ മനുഷ്യവാസ പ്രദേശങ്ങളിലേക്ക് കൂടുതൽ അടുക്കേണ്ട സാഹചര്യം രൂപപ്പെടുകയും, മനുഷ്യ-വന്യജീവി സംഘർഷം കൂടുതൽ രൂക്ഷമാകുകയും ചെയ്യുന്നു.

മനുഷ്യ-വന്യജീവി സംഘർഷത്തിന്റെ മറ്റൊരു പ്രധാന കാരണമായി വനആവാസവ്യവസ്ഥകളുടെ നശീകരണം മാറിയിട്ടുണ്ട്. സെന്ന സ്പെക്ടാബിലിസ്, ലന്താന ക്യാമറ, ക്രോമോളീന ഒഡോറാറ്റ, മിക്കാനിയ മൈക്രോന്ത പോലുള്ള അധിനിവേശ സസ്യവർഗങ്ങളുടെ വ്യാപനമാണ് ഇതിന് പ്രധാന കാരണം. ഈ അധിനിവേശ സസ്യങ്ങൾ സ്വദേശീയ സസ്യങ്ങളെ നശിപ്പിക്കുകയും, സസ്യഭുക്കുകളായ ജീവികൾക്ക് ലഭ്യമായ തീറ്റ കുറയ്ക്കുകയും, വന പരിസ്ഥിതി സമതുലിതാവസ്ഥയെ തകർക്കുകയും ചെയ്യുന്നു. ഇതിന്റെ ഫലമായി, ഭക്ഷണം തേടി വന്യജീവികൾ വനപരിധികൾക്ക് പുറത്തേക്ക് നീങ്ങേണ്ടി വരികയും, അതുവഴി വന്യജീവി-മനുഷ്യ സംഘർഷങ്ങൾ പതിവാകുകയും ചെയ്യുന്നു.

കാടുകളുടെ അതിർത്തികളോടു ചേർന്ന പ്രദേശങ്ങളിൽ കൃഷിരീതികളിൽ ഉണ്ടായ മാറ്റങ്ങൾ ഈ പ്രശ്നത്തെ കൂടുതൽ രൂക്ഷമാക്കിയിട്ടുണ്ട്. വാഴ, കൈതച്ചക്ക, ചക്ക, തേങ്ങ എന്നിവ പോലുള്ള ഉയർന്ന മൂല്യമുള്ളതും ജലസമൃദ്ധവുമായ വിളകളുടെ കൃഷി വർധിച്ചുവരികയാണ്. ഇത്തരം വിളകൾ ആനകളെയും മറ്റ് സസ്യഭോജികളുമായ വന്യമൃഗങ്ങളെയും ശക്തമായി ആകർഷിക്കുന്നു. ഇതിന്റെ ഫലമായി വന്യജീവികൾ കാടുകളിൽ നിന്ന് പുറത്തേക്കു വന്ന് കൃഷിഭൂമികളിലേക്ക് കടക്കുകയും, വിളനാശം വർധിക്കുകയും ചെയ്യുന്നു. ഇതുവഴി മനുഷ്യരുടെ ജീവനും ഉപജീവനവും കൂടുതൽ അപകടത്തിലാകുന്നു.

കേരളത്തിൽ മനുഷ്യ-വന്യജീവി സംഘർഷത്തിൽ പ്രധാന പങ്കുവഹിക്കുന്ന വന്യജീവികളിൽ ആനകൾ, കാട്ടുപന്നികൾ, ബോണറ്റ് മക്കാക്കുകൾ, കടുവകൾ, പുലികൾ എന്നിവ ഉൾപ്പെടുന്നു. ഇവ കൃഷിനാശം, വീട്ടുമൃഗങ്ങളുടെ വേട്ട, മനുഷ്യർക്കുള്ള പരിക്കുകൾ, മരണങ്ങൾ തുടങ്ങിയ വലിയ പ്രത്യാഘാതങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. സാംബർ മാൻ, സ്പോട്ടഡ് മാൻ (ചിത്തൽ) പോലുള്ള മറ്റ് ജീവികളും വനപരിധിയോട് ചേർന്ന പ്രദേശങ്ങളിൽ കൃഷിനാശം ഉണ്ടാക്കുന്നതിൽ ശ്രദ്ധേയമായ പങ്ക് വഹിക്കുന്നു. പാമ്പുകൾ മറ്റൊരു ഗുരുതര ഭീഷണിയായി നിലകൊള്ളുന്നു. പ്രധാനമായും വനമല്ലാത്തതോ അർധവന്യമായതോ ആയ പ്രദേശങ്ങളിലാണിവ മനുഷ്യർക്കുള്ള അപകടങ്ങൾക്കും മരണങ്ങൾക്കും കാരണമാകുന്നത്.

ഇവയിൽ പാമ്പുകടിയേറ്റ സംഭവങ്ങൾ അത്യന്തം ഗുരുതരമായ ഒരു ആശങ്കയായി നിലകൊള്ളുന്നു. ആരോഗ്യവകുപ്പിന്റെ റിപ്പോർട്ട് പ്രകാരം, സംസ്ഥാനത്ത് പ്രതിവർഷം ഏകദേശം 3,000 പാമ്പുകടി കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നു. ഇതിൽ ഏകദേശം 2,000 കേസുകൾ എം.ജി.എൻ.ആർ.ഇ.ജി.എ. പദ്ധതികളിൽ ഏർപ്പെട്ടിരിക്കുന്നവരെയും മേയ്ക്കൽ പുല്ല് ശേഖരിക്കുന്നവരെയും ബാധിക്കുന്നവയാണ്. അതിനാൽ, പാമ്പുകടിയേറ്റ സംഭവങ്ങൾ കുറയ്ക്കുന്നതിനുള്ള ലക്ഷ്യബദ്ധമായ ഇടപെടലുകൾ സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷത്തിന്റെ ആകെ ഭാരം ഗണ്യമായി കുറയ്ക്കാൻ സഹായകരമാകുമെന്ന് വിലയിരുത്താം.

ആനകൾ, കടുവകൾ, പുള്ളിപ്പുലികൾ തുടങ്ങിയ വലിയ മൃഗങ്ങളുമായി ബന്ധപ്പെട്ട സംഭവങ്ങൾ പൊതുചർച്ചയിൽ മുൻപന്തിയിൽ വരാറുണ്ടെങ്കിലും, കാട്ടുപന്നികളും ബോണറ്റ് മകാക്കുകളും പോലുള്ള ജീവികളുമായുള്ള ആവർത്തിച്ചുള്ള സംഘർഷങ്ങളാണ് പ്രാദേശിക സമൂഹങ്ങൾക്ക് വലിയ നിരാശ ഉണ്ടാക്കുന്നത്. ഓരോ ദിവസവും സംഭവിക്കുന്ന ഈ ചെറിയ പ്രശ്നങ്ങൾ ഒന്നിച്ച് കൂടുമ്പോൾ, അത് ഗണ്യമായ സാമ്പത്തിക നഷ്ടവും മാനസിക സമ്മർദ്ദവും ഉണ്ടാക്കുന്നു.

മനുഷ്യ-വന്യജീവി സംഘർഷം ഫലപ്രദമായി നിയന്ത്രിക്കാൻ, വ്യത്യസ്ത സാഹചര്യങ്ങളിൽ സംഘർഷങ്ങൾ വ്യത്യസ്ത രീതികളിൽ പ്രകടമാകുന്നുവെന്നും, ഓരോ സാഹചര്യത്തിനും അനുയോജ്യമായ പ്രത്യേക ലഘൂകരണ തന്ത്രങ്ങൾ ആവശ്യമാണ് എന്നുള്ള ബോധം ആവശ്യമാണ്:

- കാടുകളുടെ അതിരുകളിലും ഗോത്ര മേഖലകളിലും സ്ഥിതിചെയ്യുന്ന പ്രദേശങ്ങൾ-ആനകൾ, കടുവകൾ പോലുള്ള വലിയ വന്യജീവികളുടെ പരമ്പരാഗത സഞ്ചാര പാതകളിൽ ഉൾപ്പെടുന്നതായതിനാൽ-പ്രാദേശിക പരമ്പരാഗത അറിവിനെ മാനിക്കുകയും വന്യജീവികൾക്ക് ഹാനി വരുത്താതെയും മനുഷ്യരുടെ സുരക്ഷ ഉറപ്പാക്കിയും ചെയ്യുന്ന സമൂഹകേന്ദ്രിത ഇടപെടലുകൾ ആവശ്യമാണ്.
- വലിയ പ്ലാന്റേഷൻ മേഖലകൾ പ്രത്യേക തരത്തിലുള്ള സംഘർഷ രീതികൾ നേരിടുന്നു; അതിനാൽ എസ്റ്റേറ്റ് മാനേജ്മെന്റ്, പ്രാദേശിക ഭരണകൂടങ്ങൾ, വനം വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ ഏകോപിതമായ പ്രവർത്തനങ്ങൾ ആവശ്യമാണ്.




**ചിത്രം 13.21** *കേരളത്തിലെ മനുഷ്യ-വന്യജീവി സമ്പർക്കം കൈകാര്യം ചെയ്യുന്നതിനുള്ള ലാൻഡ്സ്കേപ്പുകൾ*

*അവലംബം:* വനം വകുപ്പ്, കേരള സർക്കാർ




**ചിത്രം 13.22** *കേരളത്തിലെ മനുഷ്യ-വന്യജീവി സമ്പർക്കം സാധ്യതയുള്ള പഞ്ചായത്തുകൾ*

*അവലംബം:* വനം വകുപ്പ്, കേരള സർക്കാർ

- കുടിയേറ്റ ജനസംഖ്യ കൂടുതലുള്ള ഗ്രാമീണ, കാർഷിക ഭൂപ്രകൃതികളെ കാട്ടുപന്നികൾ, ബോണറ്റ് മക്കാക്കുകൾ തുടങ്ങിയ ജീവിവർഗ്ഗങ്ങൾ പലപ്പോഴും ബാധിക്കുന്നു. വിളനാശം കുറയ്ക്കുന്നതിനും സഹവർത്തിത്വം പ്രോത്സാഹിപ്പിക്കുന്നതിനും ഈ പ്രദേശങ്ങളിൽ പ്രാദേശികമായി പൊരുത്തപ്പെടുന്ന പ്രായോഗിക പരിഹാരങ്ങൾ അത്യാവശ്യമാണ്.
- നഗര പ്രദേശങ്ങളിലും നഗരപ്രാന്ത പ്രദേശങ്ങളിലും പലപ്പോഴും പാമ്പുകളെയും ചെറിയ സസ്തനികളെയും നേരിടേണ്ടി വരുന്ന സാഹചര്യം റിപ്പോർട്ട് ചെയ്യപ്പെടുന്നു. ഇത്തരം സാഹചര്യങ്ങളിൽ പരിഭ്രാന്തി ഒഴിവാക്കാനും പൊതുസുരക്ഷ ഉറപ്പാക്കുവാനും കർമ്മ സംവിധാനങ്ങളും പൊതുജന ബോധവത്കരണ ക്യാമ്പയിനുകളും ആവശ്യമാണ്.

കേരളത്തിലെ മനുഷ്യ-വന്യജീവി സംഘർഷം പല ഘടകങ്ങൾ ഉൾക്കൊള്ളുന്നതായതിനാൽ, സമഗ്രവും സാഹചര്യങ്ങൾക്ക് അനുസരിച്ച് മാറ്റങ്ങൾ സ്വീകരിക്കാവുന്നതുമായ ഒരു സമീപനം അനിവാര്യമാണ്. ആവാസ വ്യവസ്ഥയുടെ പുനഃസ്ഥാപിക്കൽ, വന്യജീവി ഇടനാഴികളുടെ സംരക്ഷണം, ഭൂവിനിയോഗ ആസൂത്രണം, കൂടാതെ പ്രാദേശിക സമൂഹങ്ങളുടെ സജീവ പങ്കാളിത്തം എന്നിവ സംയോജിപ്പിച്ചുകൊണ്ടായിരിക്കണം ഇത്തരം ശ്രമങ്ങൾ. അങ്ങനെ ചെയ്താൽ സംഘർഷ ലഘൂകരണ നടപടികൾ ലക്ഷ്യബദ്ധവും ഫലപ്രദവും ദീർഘകാലം നിലനിൽക്കുന്നതുമായിരിക്കും.

### സംഘർഷ സാഹചര്യങ്ങളും പ്രവണതകളും: നിലവിലെ സ്ഥിതി

ഏപ്രിൽ 2024 മുതൽ മാർച്ച് 2025 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് മനുഷ്യ- വന്യജീവി സംഘർഷം മൂലം ആകെ 67 മനുഷ്യ മരണങ്ങൾ രേഖപ്പെടുത്തി. ഇതിൽ ഏറ്റവും കൂടുതൽ മരണങ്ങൾക്ക് കാരണമായത് പാമ്പുകടിയാണ് (34). തുടർന്ന് ആനകളുടെ ആക്രമണം (19), കാട്ടുപന്നികൾ (11) എന്നിവയാണ്. കടുവ, കാട്ടുപോത്ത് (ഗൗർ) എന്നിവയും മറ്റ് ചില ജീവികളും ഉൾപ്പെട്ട ഒറ്റപ്പെട്ട സംഭവങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രധാനമായി, ആനകളുമായി ബന്ധപ്പെട്ട സംഭവങ്ങൾ വനമേഖലകളിൽ കേന്ദ്രീകൃതമായതും കൂടുതലായി പട്ടികവർഗ്ഗ സമൂഹങ്ങളെ ബാധിക്കുന്നതുമാണ്. അതിനാൽ, പ്രത്യേകിച്ച് ആനകളുടെ ആവാസവ്യവസ്ഥയ്ക്കു ചുറ്റുമുള്ള പട്ടികവർഗ്ഗ മേഖലകളിൽ ലക്ഷ്യബദ്ധമായ ഇടപെടലുകൾ അനിവാര്യമാണെന്ന് ഇത് സൂചിപ്പിക്കുന്നു.

14 വർഷത്തെ ടൈം-സീരീസ് ഡാറ്റ മനുഷ്യരും വന്യജീവികളും തമ്മിലുള്ള ഇടപെടലുകളിലൂടെ സംഭവിക്കുന്ന മനുഷ്യമരണങ്ങളിൽ കുറവുവരുന്ന പ്രവണത (**ചിത്രം 13.20**) കാണിക്കുന്നു. പാമ്പുകടിയേറ്റുള്ള മരണങ്ങൾ സ്ഥിരമായി ഏറ്റവും ഉയർന്ന നിലയിൽ തുടരുന്നത്, വ്യാപകമായ ആന്റി-വെനം ലഭ്യതയും സർപ്പ (സ്നേക്ക്

അവയർനെസ് റെസ്ക്യൂ ആൻഡ് പ്രൊട്ടക്ഷൻ ആപ്പ്) പരിശീലന പരിപാടികളും തുടങ്ങിയ വ്യവസ്ഥാപരമായ ആരോഗ്യ ഇടപെടലുകൾ ആവശ്യമായി വരുന്ന ഒരു പ്രാദേശിക പ്രശ്നത്തിലേക്ക് വിരൽ ചൂണ്ടുന്നു. ആനകളുമായി ബന്ധപ്പെട്ട അപകടങ്ങളിൽ ഇടയ്ക്കിടെ ഉയർന്ന തോതിലുള്ള വർധനവ് കാണപ്പെടുന്നത്, താൽക്കാലിക പ്രതിരോധ നടപടികൾക്ക് ചില ഫലപ്രാപ്തിയുണ്ടെങ്കിലും ദീർഘകാല വിജയം കൈവരിക്കാൻ കഴിഞ്ഞിട്ടില്ലെന്നതിനെ സൂചിപ്പിക്കുന്നു. വിവിധ ജീവിവർഗ്ഗങ്ങളുമായി ബന്ധപ്പെട്ട അപകടസാധ്യതകൾ നിയന്ത്രിക്കുന്നതിന് പരിസ്ഥിതിയും സാമൂഹ്യ-രാഷ്ട്രീയ ഘടകങ്ങളും ഒരുപോലെ പരിഗണിക്കുന്ന സമഗ്രവും സ്ഥിരതയുള്ളതുമായ ഒരു തന്ത്രം അടിയന്തിരമായി ആവശ്യമാണ് എന്നതാണ് ഈ ഡാറ്റ വ്യക്തമാക്കുന്നത്.

**ദുരന്ത പ്രഖ്യാപനവും നയവും**

മാർച്ച് 2024-ൽ മനുഷ്യ-വന്യജീവി സംഘർഷം ഔദ്യോഗികമായി സംസ്ഥാനതലത്തിലുള്ള പ്രത്യേക ദുരന്തമായി പ്രഖ്യാപിച്ചതിന് ശേഷം, സംസ്ഥാന സർക്കാർ ഘടനാപരമായ ലഘൂകരണ നടപടികൾ നടപ്പാക്കാൻ തുടങ്ങി. ഈ നിർണായക നയമാറ്റം മനുഷ്യ-വന്യജീവി സംഘർഷത്തിനെതിരായ ലക്ഷ്യബദ്ധ പ്രതികരണത്തിനായി ധനസ്രോതസുകൾ, അടിസ്ഥാന സൗകര്യങ്ങൾ, ഭരണ സംവിധാനങ്ങൾ എന്നിവ സജീവമാക്കുന്നതിനുള്ള അവസരം സൃഷ്ടിച്ചു. പ്രതിസന്ധിയെ ഔദ്യോഗികമായി അംഗീകരിച്ചതിലൂടെ, ദീർഘകാല പരിപാടികൾ രൂപപ്പെടുത്തുന്നതിനും, ദുരന്ത നിവാരണ സംവിധാനങ്ങളിൽ മനുഷ്യ-വന്യജീവി സംഘർഷ നിയന്ത്രണത്തെ മുഖ്യധാരയിലേക്കു കൊണ്ടുവരുന്നതിനും, വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ നിയമപരവും സ്ഥാപനപരവുമായ ഇടം സർക്കാർ സൃഷ്ടിച്ചു.

നിലവിൽ നടപ്പിലാക്കിവരുന്ന ഫ്രണ്ട്-എൻഡ്, ബാക്ക്-എൻഡ് പ്രവർത്തനങ്ങൾ ചുവടെ വിശദീകരിച്ചിരിക്കുന്നു.

**ഫ്രണ്ട് – എൻഡ് പ്രവർത്തനങ്ങൾ**

കേരള ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് നിലവിൽ സംസ്ഥാനത്തുടനീളം മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനായി "ഫ്രണ്ട്-എൻഡ് നടപടികൾ" എന്നറിയപ്പെടുന്ന ഹ്രസ്വകാല/അടിയന്തര ഇടപെടലുകൾ നടപ്പിലാക്കിവരികയാണ്. അടിയന്തര സംഘർഷ സാഹചര്യങ്ങൾ പരിഹരിക്കുക, സമൂഹസുരക്ഷ മെച്ചപ്പെടുത്തുക, വന്യജീവികളുമായി ബന്ധപ്പെട്ട സംഭവങ്ങളിൽ വേഗത്തിലുള്ള പ്രതികരണം ഉറപ്പാക്കുക എന്നിവയാണ് ഈ മുൻകരുതൽ നടപടികളുടെ പ്രധാന ലക്ഷ്യം.

**അടിയന്തര പ്രതികരണ സംവിധാനങ്ങൾ ശക്തിപ്പെടുത്തൽ**

ദുരന്ത പ്രഖ്യാപനത്തെ തുടർന്ന്, ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സിലും 36 ഡിവിഷണൽ ഫോറസ്റ്റ് ഇഒസികളും ഉൾപ്പെടെ എമർജൻസി ഓപ്പറേഷൻ സെന്ററുകൾ സ്ഥാപിക്കപ്പെട്ടു. കൂടാതെ, സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുമായുള്ള ഏകീകരണവും 3.7 കോടി രൂപയുടെ ഫണ്ട് അനുവദിച്ചതും സംഘർഷ നിയന്ത്രണത്തിൽ വകുപ്പുകൾ തമ്മിലുള്ള സഹകരണ സമീപനം സൂചിപ്പിക്കുന്നു.

**റാപ്പിഡ് റെസ്പോൺസ് (ആർ ആർ റ്റി) ടീമുകളെ ശക്തിപ്പെടുത്തൽ**

സംസ്ഥാനത്തെ റാപിഡ് റെസ്പോൺസ് ടീമുകൾ വർഷംതോറും ഏകദേശം 20,000 വന്യജീവി രക്ഷാപ്രവർത്തനങ്ങൾ നടത്തി വലിയൊരു പ്രവർത്തന ദൗത്യം നിർവഹിച്ച് വരുന്നു. മനുഷ്യ-വന്യജീവി സംഘർഷങ്ങൾ കുറയ്ക്കുന്നതിൽ നിർണായക പങ്ക് വഹിക്കുന്നുവെങ്കിലും, ഈ ടീമുകൾ ആവശ്യമായ വിഭവങ്ങൾ കുറവായതിനാൽ അതീവ സമ്മർദ്ദത്തിലാണ് പ്രവർത്തിക്കുന്നത് എന്നതാണ് പൊതുവായ വിലയിരുത്തൽ. ഈ സാഹചര്യം റാപിഡ് റെസ്പോൺസ് ടീമുകളുടെ പ്രവർത്തന ശേഷി വർധിപ്പിക്കേണ്ടതിന്റെ അടിയന്തര ആവശ്യകത വ്യക്തമാക്കുന്നു. അതിനായി കൂടുതൽ നിയമനം, മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ, ശക്തമായ ലോജിസ്റ്റിക്കൽ പിന്തുണ എന്നിവയിലൂടെ ടീമുകളുടെ ശേഷി വർധിപ്പിക്കേണ്ടതുണ്ട്. ഈ വെല്ലുവിളികൾ നേരിടുന്നതിനായി, സംസ്ഥാനത്തുടനീളം റാപിഡ് റെസ്പോൺസ് ടീമുകളുടെ കഴിവുകൾ ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതി നിലവിൽ നടപ്പിലാക്കിവരികയാണ്. ഇതിന്റെ ഭാഗമായി, ആവശ്യമായ ഉപകരണങ്ങൾ ഉടനടി ലഭ്യമാകുന്നതിന് ഓരോ റാപിഡ് റെസ്പോൺസ് ടീം യൂണിറ്റിലും പ്രത്യേക ടൂൾ റൂമുകൾ സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്യുന്നതും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ടീമുകളുടെ മൊത്തത്തിലുള്ള കാര്യക്ഷമതയും പ്രതികരണ ശേഷിയും ഉയർത്തുന്നതിനുമായി ഓരോ റാപിഡ് റെസ്പോൺസ് ടീമിനും 10 ലക്ഷം വീതം അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നിലവിൽ 28 റാപിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിച്ചുവരുന്നു.

**ഭൂപ്രദേശം അടിസ്ഥാനമാക്കിയുള്ള സംഘർഷ നിയന്ത്രണം**

കേരളം വയനാട്, നിലമ്പൂർ, മണ്ണാർക്കാട് എന്നിവ ഉൾപ്പെടെ 12 പ്രധാന സംഘർഷ ഭൂപ്രദേശങ്ങളെ (**ചിത്രം 13.21**) തിരിച്ചറിഞ്ഞ് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ മേഖലാതല വിഭജനം സ്ഥലകേന്ദ്രീകൃതവും തന്ത്രപരവുമായ ആസൂത്രണത്തിലേക്കുള്ള നീക്കത്തെ പ്രതിഫലിപ്പിക്കുന്നു. ഓരോ ഭൂപ്രദേശവും അവയുടെ ജീവിവർഗ ഘടന, ഭൗമരൂപം, സാമൂഹ്യ-സാമ്പത്തിക പശ്ചാത്തലം എന്നിവയിൽ വ്യത്യസ്തമാണ്. ഇത്തരത്തിലുള്ള സോണിംഗ് വയനാട്ടിലെ ആനക്കോറിഡോറുകൾ, പാലക്കാട്ടിലെ കാട്ടുപന്നികളുടെ ആക്രമണം, മൂന്നാറിലെ പുലി സാന്നിധ്യം എന്നിവ പോലുള്ള പ്രത്യേക വെല്ലുവിളികൾക്ക് അനുയോജ്യമായ പ്രാദേശിക പദ്ധതികൾ രൂപപ്പെടുത്താൻ സഹായിക്കുന്നു. ഈ ഘടന കേന്ദ്രീകൃത ഇടപെടലുകൾക്കും മെച്ചപ്പെട്ട നിരീക്ഷണത്തിനും വിഭവങ്ങളുടെ കാര്യക്ഷമമായ വിനിയോഗത്തിനും വഴിയൊരുക്കുന്നു. വിശദമായ ഭൂപ്രദേശതല മനുഷ്യ-വന്യജീവി സംഘർഷ ശമന ലഘൂകരണ പദ്ധതികൾ തയ്യാറാക്കുകയും വിവിധ തലങ്ങളിൽ സാധൂകരിക്കുകയും ചെയ്യുന്നു.

**സംഘർഷ സാധ്യതയുള്ള ഭൂപ്രദേശങ്ങൾക്കും പഞ്ചായത്തുകൾക്കും വേണ്ടിയുള്ള ആസൂത്രണം**

കേരളത്തിലുടനീളം, പ്രത്യേകിച്ച് സംസ്ഥാനത്ത് തിരിച്ചറിഞ്ഞിരിക്കുന്ന 12 സംഘർഷസാധ്യതയുള്ള ഭൂപ്രദേശ

ങ്ങളിലായി, മനുഷ്യ-വന്യജീവി സംഘർഷം ഗൗരവമായ വെല്ലുവിളികൾ ഉയർത്തുന്നു (ചിത്രം 13.21). ഈ ഭൂപ്രദേശങ്ങൾ പരിസ്ഥിതികം, സാമൂഹികം, സാമ്പത്തികം എന്നീ വൈവിധ്യമാർന്ന സാഹചര്യങ്ങൾ ഉൾക്കൊള്ളുന്നതാണ്. വന്യജീവികളും മനുഷ്യവാസകേന്ദ്രങ്ങളും കൃഷിയിടങ്ങളും തമ്മിലുള്ള സങ്കീർണമായ ഇടപെടലുകൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനായി സാഹചര്യാടിസ്ഥാനത്തിൽ ലഘൂകരണ തന്ത്രങ്ങൾ ആവശ്യമാണ്. തിരിച്ചറിഞ്ഞിരിക്കുന്ന 12 മനുഷ്യ-വന്യജീവി സംഘർഷ ഭൂപ്രദേശങ്ങളും അവയുമായി ബന്ധപ്പെട്ട വനവിഭാഗങ്ങളും ഇവയാണ്:

- കണ്ണൂർ-ആറളം ലാൻഡ്സ്കേപ്പ്: കാസർഗോഡ്, കണ്ണൂർ വനം ഡിവിഷനുകൾ; ആറളം, കൊട്ടിയൂർ വന്യജീവി സങ്കേതങ്ങൾ
- വയനാട് ലാൻഡ്സ്കേപ്പ്: വയനാട് വടക്കും തെക്കും ഫോറസ്റ്റ് ഡിവിഷനുകളും വയനാട് വന്യജീവി സങ്കേതവും
- കോഴിക്കോട് ഉപ-ലാൻഡ്സ്കേപ്പ്: കോഴിക്കോട് ഫോറസ്റ്റ് ഡിവിഷനും മലബാർ വന്യജീവി സങ്കേതവും (ഇതിന് പ്രത്യേകം ഒരു ഉപപദ്ധതി തയ്യാറാക്കി വയനാട് ലാൻഡ്സ്കേപ്പ് പ്ലാനുമായി സംയോജിപ്പിക്കും)
- നിലമ്പൂർ ലാൻഡ്സ്കേപ്പ്: നിലമ്പൂർ വടക്കും തെക്കും ഫോറസ്റ്റ് ഡിവിഷനുകൾ; സൈലന്റ് വാലി നാഷണൽ പാർക്കിന്റെയും കരിമ്പുഴ വന്യജീവി സങ്കേതത്തിന്റെയും ബഫർ മേഖല.
- മണ്ണാർക്കാട് ലാൻഡ്സ്കേപ്പ്: മണ്ണാർക്കാട് ഫോറസ്റ്റ് ഡിവിഷൻ; സൈലന്റ് വാലി നാഷണൽ പാർക്കിന്റെ കോർ സോൺ (പ്രധാന മേഖല)
- പാലക്കാട് ലാൻഡ്സ്കേപ്പ്: പാലക്കാട് ഫോറസ്റ്റ് ഡിവിഷൻ
- തൃശൂർ-പീച്ചിലാൻഡ്സ്കേപ്പ്: തൃശ്ശൂർ, നെന്മാറ ഫോറസ്റ്റ് ഡിവിഷനുകൾ; പീച്ചി ചിമ്മിണി വന്യജീവി സങ്കേതങ്ങൾ; പറമ്പിക്കുളം കടുവാ സങ്കേതം; ചൂളന്നൂർ മയിൽ സങ്കേതം
- വാഴച്ചാൽ-ചാലക്കുടി ലാൻഡ്സ്കേപ്പ്: വാഴച്ചാൽ, ചാലക്കുടി ഫോറസ്റ്റ് ഡിവിഷനുകൾ
- മലയാറ്റൂർ ലാൻഡ്സ്കേപ്പ്: മലയാറ്റൂർ ഫോറസ്റ്റ് ഡിവിഷൻ; തട്ടേക്കാട് പക്ഷിസങ്കേതം
- മൂന്നാർ-മാങ്കുളം ലാൻഡ്സ്കേപ്പ്: മറയൂർ, മൂന്നാർ, മാങ്കുളം, കോതമംഗലം, കോട്ടയം ഫോറസ്റ്റ് ഡിവിഷനുകളുടെ ഭാഗങ്ങൾ; മൂന്നാർ വന്യജീവി ഡിവിഷനും ഇടുക്കി വന്യജീവി സങ്കേതവും
- പെരിയാർ-റാന്നി ലാൻഡ്സ്കേപ്പ്: കോട്ടയം -റാന്നി വന വിഭാഗങ്ങളുടെ ഭാഗം; പെരിയാർ കടുവ സങ്കേതം
- കോന്നി-തെന്മല ലാൻഡ്സ്കേപ്പ്: കോന്നി, അച്ചൻ കോവിൽ, പുനലൂർ, തെന്മല ഫോറസ്റ്റ് ഡിവിഷനുകൾ
- അഗസ്ത്യമല-തിരുവനന്തപുരം ലാൻഡ്സ്കേപ്പ്: തിരുവനന്തപുരം ഫോറസ്റ്റ് ഡിവിഷനും എ.ബി.പി. സ്പെഷ്യൽ ഡിവിഷനും; ശെന്തുരുണി, നെയ്യാർ, പെപ്പാറ വന്യജീവി സങ്കേതങ്ങളും.

സൂക്ഷ്മ തലത്തിൽ, 75 നിയമസഭാ മണ്ഡലങ്ങളിലായി 273 പഞ്ചായത്തുകളെ സംഘർഷസാധ്യതയുള്ള പ്രദേശങ്ങളായി അടയാളപ്പെടുത്തിയിട്ടുണ്ട് (**ചിത്രം 13.22** കാണുക. ഇതിൽ 30 പഞ്ചായത്തുകൾ വളരെ ഉയർന്നതോ ആയ അപകടസാധ്യതയുള്ളവയായി തിരിച്ചറിഞ്ഞിട്ടുണ്ട്. ഈ സൂക്ഷ്മതല മാപ്പിംഗ് സംഘർഷ ഭൂപ്രകൃതി ചട്ടക്കൂട് പ്രവർത്തനക്ഷമമാക്കുന്നതിലെ നിർണായക ഘടകമാണ്. പഞ്ചായത്തുതല ലഘൂകരണ പദ്ധതികളും സംസ്ഥാനതല മനുഷ്യ-വന്യജീവി സംഘർഷ നയം രൂപീകരിക്കാനുള്ള തീരുമാനവും വന്യജീവി ഭരണനിർവ്വഹണത്തിലെ വികേന്ദ്രീകരണത്തിന് തെളിവാണ് ഇത്തരം ഹൈപ്പർ ലോക്കൽ തന്ത്രങ്ങൾ സമൂഹ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുകയും വേഗത്തിലുള്ള പ്രതികരണങ്ങൾ സാധ്യമാക്കുകയും പ്രത്യേകിച്ച് പട്ടികവർഗ്ഗ സമൂഹങ്ങളിൽ നിന്നുള്ള പരമ്പരാഗതവും തദ്ദേശീയവുമായ വിജ്ഞാന സംവിധാനങ്ങളെ ഏകീകരിക്കാൻ സഹായിക്കുകയും ചെയ്യുന്നു.

**പാമ്പുകടിയേറ്റ് മരണനിരക്ക് കുറയ്ക്കൽ: സർപ്പ പദ്ധതി**

2019-20 കാലഘട്ടത്തിൽ ആരംഭിച്ച സർപ്പ പദ്ധതി, പ്രത്യേകിച്ച് പാമ്പുകടിയേറ്റ് ഉണ്ടാകുന്ന മരണങ്ങൾ നേരിടുന്നതിൽ സമൂഹപങ്കാളിത്തത്തിന്റെ മികച്ച ഉദാഹരണമാണ്. 2,500 പരിശീലനം നേടിയ സന്നദ്ധപ്രവർത്തകരും 50,000-ത്തിലധികം പാമ്പ് രക്ഷാപ്രവർത്തനങ്ങളും ഉള്ള ഈ പദ്ധതി, പൗരന്മാരുടെ സജീവ പങ്കാളിത്തത്തിന്റെ പ്രാധാന്യം തെളിയിക്കുന്നു. തദ്ദേശീയമായി ആന്റിവെനം നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതും ആശുപത്രികളിൽ ആന്റിവെനം സ്റ്റോക്ക് ലഭ്യത ഉറപ്പാക്കുകയെന്നതും ലക്ഷ്യങ്ങൾ പൊതുജനാരോഗ്യ ലക്ഷ്യങ്ങളുമായി ചേർന്നുനിൽക്കുന്നു. എന്നാൽ, രണ്ട് വർഷത്തിനുള്ളിൽ പാമ്പുകടിയേറ്റ് മനുഷ്യ മരണങ്ങൾ പകുതിയായി കുറയ്ക്കുകയും അഞ്ച് വർഷത്തിനുള്ളിൽ അവ പൂർണമായും ഇല്ലാതാക്കുകയും ചെയ്യുക എന്ന ലക്ഷ്യം തീവ്രമായ ഉൽക്കർഷേച്ഛയുള്ളതും ശക്തമായ നിരീക്ഷണവും തുടർച്ചയായ ശേഷിവികസനവും ആവശ്യപ്പെടുന്നതുമാണ്.

**ഫിസിക്കൽ ബാരിയേഴ്സും (ഭൗതിക തടസ്സങ്ങളും) നഷ്ടപരിഹാര നടപടികളും**

സംസ്ഥാനത്തുടനീളമുള്ള 4,000 കിലോമീറ്റർ നീളമുള്ള മനുഷ്യ-വന്യജീവി സംഘർഷ പ്രദേശങ്ങളിൽ ഇതുവരെ 1,945 കിലോമീറ്റർ ഭാഗത്ത് തടയണകൾ സ്ഥാപിച്ച് സുരക്ഷ ഉറപ്പാക്കിയിട്ടുണ്ട്. 2021 മുതൽ 2024 വരെ ₹14.4 കോടി ചെലവഴിച്ച് 653.3 കിലോമീറ്റർ ദൈർഘ്യമുള്ള ഫിസിക്കൽ ബാരിയേഴ്സ് (ഭൗതിക തടസ്സങ്ങൾ) സ്ഥാപിച്ചിട്ടുണ്ട്.

ഈ വെല്ലുവിളി നേരിടുന്നതിനായി, സംസ്ഥാനം സോളാർ ഫെൻസിംഗ് മിഷൻ ആരംഭിച്ചിട്ടുണ്ട്. ചെലവ് കുറഞ്ഞതും വന്യജീവി സൗഹൃദവുമായ വേലി സംവിധാനങ്ങളിലൂടെ അപകടസാധ്യതയുള്ള പ്രദേശങ്ങൾക്ക് സംരക്ഷണം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതിലൂടെ വന്യജീവികളുടെ കടന്നുകയറ്റങ്ങളും അതുമായി ബന്ധപ്പെട്ട സംഘർഷങ്ങളും ഗണ്യമായി കുറയുമെന്ന് പ്രതീക്ഷിക്കുന്നു.

കഴിഞ്ഞ ഒരു ദശാബ്ദത്തിലെ നഷ്ടപരിഹാര രേഖകൾ സംസ്ഥാനത്തിന്റെ ഖജനാവിന് മനുഷ്യ-വന്യജീവി സംഘർഷം വലിയ സാമ്പത്തിക സമ്മർദ്ദം സൃഷ്ടിക്കുന്നതായി വ്യക്തമാക്കുന്നു. സംരക്ഷണ പ്രവർത്തനങ്ങൾക്ക് പൊതുജന വിശ്വാസവും പിന്തുണയും ഉറപ്പാക്കുന്നതിന് സമയബന്ധിതമായ നഷ്ടപരിഹാരത്തിനുള്ള വ്യവസ്ഥ അനിവാര്യമാണെങ്കിലും, അത് മുൻകരുതലിനെ ആധാര

**ബോക്സ് 13.4**

**നിയന്ത്രിതമായ കൊന്നൊടുക്കലും ഭാരത സർക്കാർ നിലപാടും**

കേരള സർക്കാർ മനുഷ്യ-വന്യജീവി സംഘർഷ വിഷയത്തിൽ ശാസ്ത്രീയവും നിയമപരമായ യുക്തിസഹവുമായ ഒരു സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. നിരവധി ഘടനാപരമായ പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിലും, ഇന്നത്തെ സാഹചര്യത്തിൽ കർഷകർ ഉന്നയിക്കുന്ന ഏറ്റവും അടിയന്തരമായ ആവശ്യം നാശം വിതയ്ക്കുന്ന കാട്ടുമൃഗങ്ങളെ കൊല്ലുന്നതിനുള്ള അനുമതിയുമായി ബന്ധപ്പെട്ടതാണ്. വന്യജീവി സംരക്ഷണ ആക്ടിലെ പതിനൊന്നാം വകുപ്പുപ്രകാരമുള്ള അധികാരങ്ങൾ ഉപയോഗിച്ച് കൊല്ലാൻ കേരളം അനുമതി നൽകണമെന്ന് വിമർശകർ വാദിക്കുന്നു. എന്നാൽ ഈ വാദം ലളിതമായി തോന്നുന്നുവെങ്കിലും, അത് തെറ്റിദ്ധരിപ്പിക്കുന്നതാണ്, കാരണം ആ നിയമവും കേന്ദ്ര സർക്കാരിന്റെ വിശദമായ നടപടിക്രമങ്ങളും അതീവ കർശനമായ വ്യവസ്ഥകളാണ് ചുമത്തുന്നത്.

ആ ആക്ട്പ്രകാരം, I-ഉം II-ഉം പട്ടികകളിൽ ഉൾപ്പെടുന്ന മൃഗങ്ങളെ 11, 12, 62 എന്നീ വകുപ്പുകളിലുള്ള പരിമിതമായ വ്യവസ്ഥകളിൻ കീഴിൽ അല്ലാതെ കൊന്നൊടുക്കാൻ പാടില്ല. സെക്ഷൻ 11 പ്രകാരം, ആന, കടുവ, പുള്ളിപ്പുലി, മാൻ, ബോണറ്റ് മക്കാക്ക്, മയിൽ തുടങ്ങിയ ഒന്നാം പട്ടികയിലുള്ള മൃഗങ്ങളെ, രേഖപ്പെടുത്തിയ തെളിവുകളോടെ, ആ മൃഗം മനുഷ്യജീവന് ഭീഷണിയാണെന്ന്, അല്ലെങ്കിൽ ഭേദമാക്കാനാവാത്ത വിധം രോഗബാധയുള്ളതാണെന്ന്, അല്ലെങ്കിൽ ഗുരുതരമായ വൈകല്യമുണ്ടെന്ന് ചീഫ് വൈൽഡ്ലൈഫ് വാർഡന് ബോധ്യപ്പെട്ടാൽ മാത്രമേ കൊല്ലാൻ അനുവാദമുള്ളൂ. എന്നിരുന്നാലും, പിടികൂടലോ നിശ്ചലമാക്കലോ സ്ഥലംമാറ്റലോ അസാധ്യമാണെന്ന് തെളിയിച്ചതിനുശേഷം മാത്രമേ കൊല്ലാൻ അനുവദിക്കൂ. പിടികൂടിയ മൃഗങ്ങളെ പുനരധിവാസം അസാധ്യമായിരിക്കുകയും അതിനുള്ള കാരണങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തുകയും ചെയ്യാതെ തടവിൽ സൂക്ഷിക്കാനും പാടില്ല.

അറുപത്തിരണ്ടാം വകുപ്പ് യൂണിയൻ സർക്കാരിന് നിർദ്ദിഷ്ട പ്രദേശങ്ങളിലും സമയങ്ങളിലും ചില കാട്ടുമൃഗങ്ങളെ "വെർമിൻ" (നാശകാരികൾ) ആയി പ്രഖ്യാപിക്കാൻ അധികാരം നൽകുന്നു. ഇതിന് അനുയോജ്യമായ വിജ്ഞാപനം പുറപ്പെടുവിച്ചതിനുശേഷം, അവയ്ക്ക് സംരക്ഷിത പദവി ഉണ്ടായിരുന്നാലും അവയെ വേട്ടയാടാൻ അനുമതി ലഭിക്കും. എന്നാൽ ഏറ്റവും ഉയർന്ന സംരക്ഷണ പട്ടികകളായ ഒന്നാം പട്ടിക, പതിനൊന്നാം പട്ടികയുടെ പതിനൊന്നാം ഭാഗം എന്നിവയിൽ ഉൾപ്പെട്ടിരിക്കുന്ന മൃഗങ്ങളെ വെർമിൻ ആയി പ്രഖ്യാപിക്കാൻ സാധിക്കില്ല. പന്ത്രണ്ടാം വകുപ്പ് പ്രകാരം, ചീഫ് വൈൽഡ്ലൈഫ് വാർഡന് വിദ്യാഭ്യാസം, ശാസ്ത്രീയ ഗവേഷണം, ശാസ്ത്രീയമായ പരിപാലനം തുടങ്ങിയ പ്രത്യേക ആവശ്യങ്ങൾക്കായി ചില മൃഗങ്ങളെ നിയന്ത്രിതമായി കൊല്ലുന്നതിനുള്ള അനുമതി നൽകാൻ അധികാരമുണ്ട്.

കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജറുകൾ (എസ്.ഒ.പി.കൾ) മൂലം വിഷയത്തിൽ കൂടുതൽ സങ്കീർണതകളും ഉണ്ടാകുന്നു. കടുവകളെയോ പുലികളെയോ സംബന്ധിച്ചിടത്തോളം, ആറംഗ വിദഗ്ധ സമിതി രൂപീകരിക്കേണ്ടതാണ്; ദേശീയ ഫോട്ടോ ശേഖരവുമായി താരതമ്യം ചെയ്ത് ക്യാമറ ട്രാപ്പുകൾ വഴി മൃഗത്തിന്റെ തിരിച്ചറിയൽ സ്ഥിരീകരിക്കണം; മൃഗത്തിന്റെ പെരുമാറ്റവും ആക്രമണങ്ങളുടെ കാരണങ്ങളും സംബന്ധിച്ച് വിശദമായ ഗവേഷണം നടത്തണം; ആദ്യം ട്രാപ്പുകൾ പരീക്ഷിക്കണം; അതിന് ശേഷമേ മയക്കിവിടലിനു (ട്രാങ്കിലൈസേഷൻ) ശ്രമിക്കാവൂ. കൊല്ലൽ (culling) ഒഴിവാക്കാനാവാത്തതായി മാറുന്ന സാഹചര്യത്തിൽ, കൊല്ലൽ നടന്ന സ്ഥലത്ത് ക്യാമറ ട്രാപ്പുകൾ സ്ഥാപിക്കൽ, പ്രഷർ-ഇംപ്രഷൻ പാഡുകൾ സ്ഥാപിക്കൽ, ജനക്കൂട്ട നിയന്ത്രണത്തിനായി നൂറ്റിനാല്പത്തിനാലാം വകുപ്പ് നടപ്പാക്കൽ, വെറ്ററിനറി പരിശോധനകൾ, ആരോഗ്യമുള്ള മൃഗങ്ങൾക്ക് റേഡിയോ-കോളറിംഗ്, ദേശീയ അധികാരികൾക്ക് റിപ്പോർട്ട് സമർപ്പിക്കൽ തുടങ്ങിയ അധിക പ്രോട്ടോകോളുകളും പാലിക്കേണ്ടതാണ്. ആനകളുടെ കാര്യത്തിലും സമാനമായ നടപടിക്രമങ്ങൾ നിലവിലുണ്ട്.

ഒന്നാം പട്ടിക വിഭാഗത്തിൽപ്പെട്ട ഒരു മൃഗത്തെ കൊന്നതിനു ശേഷംപോലും, മുപ്പത്തിഒൻപതാം വകുപ്പ് പ്രകാരം അതിന്റെ ശവം സർക്കാർ സ്വത്തായി കണക്കാക്കപ്പെടുന്നു. അതിന്റെ മാംസം ഉപഭോഗം ചെയ്യുന്നത് നിയമവിരുദ്ധമാണ്; ഇതിന് തടവുശിക്ഷയോ പിഴയോ ലഭിക്കാവുന്നതാണ്. ശവസംസ്കാരം അധികൃതരുടെ മേൽനോട്ടത്തിൽ ഇൻസിനറേഷൻ (കത്തിച്ച് നശിപ്പിക്കൽ) വഴി മാത്രമേ നടത്താവൂ. ഏതെങ്കിലും തരത്തിലുള്ള വാണിജ്യ ഇടപാടുകൾ കർശനമായി നിരോധിച്ചിരിക്കുന്നു.

ഈ കടുത്ത നിബന്ധനകൾ കൊല്ലുന്നതിനുള്ള അനുമതി നൽകുന്നതിൽ പതിവായി താമസം വരുത്തുന്നു. അതുകൊണ്ടാണ് കേന്ദ്രനിയമത്തിലും അതിന്റെ മാർഗനിർദേശങ്ങളിലും പരിഷ്കരണങ്ങൾ ആവശ്യപ്പെട്ട് കേരളം മുന്നോട്ട് വന്നത്. എന്നാൽ, നിയമത്തിൽ നിലവിലുള്ള പതിനൊന്നാം വകുപ്പു തന്നെ സംസ്ഥാനങ്ങൾ തുടർന്നും ഉപയോഗിക്കണമെന്ന് കേന്ദ്ര സർക്കാർ ഇപ്പോഴും ഉറച്ചുനിൽക്കുന്നു. ഇതാണ് പ്രശ്നത്തിന്റെ മൂലകാരണമായി കേരളം വാദിക്കുന്നത്.

പതിനൊന്നാം പട്ടിക വിഭാഗത്തിൽപ്പെടുന്ന വന്യമൃഗങ്ങൾക്ക് (ഉദാഹരണത്തിന് കാട്ടുപന്നി) നിയന്ത്രണങ്ങൾ താരതമ്യേന കുറവാണ്. വിളനാശം വരുത്തുന്ന കാട്ടുപന്നികളെ നശിപ്പിക്കുന്നതിനായി കേരളം ഇതിനകം തന്നെ പഞ്ചായത്തുകൾക്ക് അധികാരം നൽകിയിട്ടുണ്ട്. എന്നാൽ ഒന്നാം പട്ടിക വിഭാഗത്തിൽപ്പെടുന്ന ജീവികളെ, ഉദാഹരണത്തിന് ബോണറ്റ് മക്കാക്കിനെ, "വെർമിൻ" ആയി പ്രഖ്യാപിക്കാൻ കഴിയില്ല. അതിനാൽ, ബോണറ്റ് മക്കാക്കിനെ ഒന്നാം പട്ടികയിൽ നിന്ന് പതിനൊന്നാം പട്ടികയിലേക്ക് മാറ്റണമെന്ന് കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിലൂടെ അറുപത്തിരണ്ടാം വകുപ്പ് പ്രകാരമുള്ള നിയന്ത്രണം എളുപ്പമാക്കാനും, പതിനൊന്നാം വകുപ്പു പ്രകാരമുള്ള സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജർ നടപടികൾ ലളിതമാക്കാനും സാധിക്കും. കൂടാതെ, അപകടകാരികളായ വന്യമൃഗങ്ങളെ അടിയന്തിരമായി കൊന്നൊടുക്കേണ്ട സാഹചര്യങ്ങളിൽ സംസ്ഥാനങ്ങൾക്ക് വേഗത്തിൽ ഇടപെടാൻ കൂടുതൽ അധികാരങ്ങളും നടപടിക്രമ ലഘൂകരണവും നൽകണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്.

മാക്കിയ നിക്ഷേപങ്ങളുമായി സന്തുലിതമാക്കേണ്ടതുണ്ട്. അതനുസരിച്ച്, മനുഷ്യ-വന്യ ജീവി സംഘർഷത്തിനിരയായ വ്യക്തികൾക്ക് വേഗത്തിലും മതിയായതുമായ നഷ്ടപരിഹാരം നൽകുന്നതിൽ സംസ്ഥാന സർക്കാർ പ്രതിബദ്ധത പുലർത്തുന്നതിനൊപ്പം, സംഘർഷങ്ങൾ കുറയ്ക്കുകയും ആവർത്തിക്കുന്ന സാമ്പത്തിക ബാധ്യതകൾ ലഘൂകരിക്കുകയും ചെയ്യുന്ന ദീർഘകാല മുൻകരുതൽ തന്ത്രങ്ങളിലേക്കുള്ള മാറ്റവും നടപ്പിലാക്കുന്നു.

**സാങ്കേതിക സംയോജനവും സമൂഹ അവബോധവും**

മനുഷ്യ-വന്യജീവി സംഘർഷം ഫലപ്രദമായി നിയന്ത്രിക്കുന്നതിനായി, നവീന സാങ്കേതികവിദ്യകളും സജീവമായ സമൂഹപങ്കാളിത്തവും സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു സമഗ്ര സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. സംഘർഷ സാധ്യത കൂടുതലുള്ള പ്രദേശങ്ങളിൽ തൽസമയ നിരീക്ഷണം, മുൻകൂട്ടിയുള്ള മുന്നറിയിപ്പ്, അതിവേഗ പ്രതികരണ ശേഷികൾ എന്നിവ മെച്ചപ്പെടുത്തുന്നതിനായി ആധുനിക ഉപകരണങ്ങളുടെയും സംവിധാനങ്ങളുടെയും ഒരു സമഗ്ര സൗകര്യപ്രദമായ സംവിധാനം വിന്യസിച്ചു കൊണ്ടിരിക്കുന്നു. പ്രധാന സാങ്കേതിക ഇടപെടലുകളിൽ ഇവ ഉൾപ്പെടുന്നു:-

- ഉയർന്ന അപകടസാധ്യതയുള്ള മേഖലകളിൽ പ്രത്യേകിച്ച് വന്യജീവികളുടെ സഞ്ചാരം നിരീക്ഷിക്കുന്നതിന് ഡ്രോൺ സ്ക്വാഡുകളും എ.ഐ. അധിഷ്ഠിത നിരീക്ഷണ സംവിധാനങ്ങളും വിന്യസിച്ച്, മുൻകരുതൽ നടപടികൾ സ്വീകരിക്കാൻ സാധ്യമാക്കുക.
- മനുഷ്യവാസ കേന്ദ്രങ്ങൾക്ക് സമീപം മൃഗങ്ങളുടെ സാന്നിധ്യം കണ്ടെത്തുന്നതിനായി താപ സെൻസറുകളും ഡിജിറ്റൽ സൈൻബോർഡുകളും സ്ഥാപിച്ച് പ്രാദേശിക സമൂഹങ്ങൾക്ക് തത്സമയത്തിൽ മുന്നറിയിപ്പ് നൽകൽ.
- തുടർച്ചയായ വിവര ശേഖരണം, ഭീഷണി വിശകലനം, പ്രതികരണ സംഘങ്ങളുടെ ഏകോപനം എന്നിവയ്ക്കായി കേന്ദ്രീകൃതവും തൽസമയത്തുള്ളതുമായ നിരീക്ഷണ സംവിധാനങ്ങളുടെ സ്ഥാപനം

സമൂഹ പങ്കാളിത്തത്തിന്റെ ഭാഗമായി, സമയബന്ധിതമായ മുന്നറിയിപ്പുകൾ പങ്കുവെക്കുന്നതിനും രക്ഷാപ്രവർത്തനങ്ങളോ തടയൽ നടപടികളോ ഏകോപിപ്പിക്കുന്നതിനുമായി ഹൈപ്പർലോക്കൽ ആശയവിനിമയ ചാനലുകളായി 1,000-ലധികം പ്രാദേശിക വാട്സ്ആപ്പ് ഗ്രൂപ്പുകൾ ഇതിനകം രൂപീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ, 280 ജൻജാഗ്രത സമിതികൾ സമൂഹതലത്തിലുള്ള ജാഗ്രതാ സംഘങ്ങളായി പ്രവർത്തിച്ച് സമൂഹത്തിന്റെ തയ്യാറെടുപ്പും പ്രതികരണ ശേഷിയും ശക്തിപ്പെടുത്തുന്നു.

കൂടാതെ, കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കെ ഐ ഐ എഫ് ബി) പിന്തുണയോടെ നടപ്പിലാക്കുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതികളിലൂടെ നിരീക്ഷണവും സുരക്ഷാ നടപടികളും കൂടുതൽ ശക്തിപ്പെടുത്തുകയാണ്. ഇതിന്റെ ഭാഗമായി, സോളാർ പവർ ഉപയോഗിച്ച തെരുവ് വിളക്കുകൾ, എഐ സജ്ജീകരിച്ച ക്യാമറ സംവിധാനങ്ങൾ, കൂടാതെ സംഘർഷ സാധ്യതയുള്ള മേഖലകളിൽ ഡ്രോണുകൾ എന്നിവ സ്ഥാപിക്കുന്നു. ഇതുവഴി ദൃശ്യത മെച്ചപ്പെടുത്തുകയും, വന്യജീവികളുടെ സഞ്ചാരം നിരീക്ഷിക്കുകയും, നിർണായക സമയങ്ങളിൽ മൃഗങ്ങളുടെ കടന്നുകയറ്റം തടയുകയും ചെയ്യുകയാണ് ലക്ഷ്യം.

സാങ്കേതികവിദ്യയെ പ്രയോജനപ്പെടുത്തുന്നതും സമൂഹങ്ങളെ ശക്തിപ്പെടുത്തുന്നതുമായ ഈ ഇരട്ട സമീപനം, മനുഷ്യ-വന്യജീവി സംഘർഷങ്ങൾ കുറയ്ക്കുന്നതിനുള്ള ശക്തവും വിപുലീകൃതവുമായ ഒരു മാതൃക രൂപപ്പെടുത്തുന്നു. ഇത് മനുഷ്യജീവനും വന്യജീവികളും സംരക്ഷിക്കപ്പെടുന്നതിനോടൊപ്പം, അപകടസാധ്യതയുള്ള ഭൂപ്രദേശങ്ങളിൽ ദീർഘകാല അതിജീവനശേഷി വളർത്തുകയും ചെയ്യുന്നു.

**ബാക്ക്– എൻഡ് പ്രവർത്തനങ്ങൾ**

**സംഘർഷ ലഘൂകരണത്തിനായുള്ള പാരിസ്ഥിതിക പുനഃസ്ഥാപനം**

പരിസ്ഥിതിക്ഷയം മനുഷ്യ-വന്യജീവി സംഘർഷത്തിന് കാരണമാകുന്ന പ്രധാന ഘടകങ്ങളിലൊന്നാണ്. 1434 കുളങ്ങൾ, 574 കിണറുകൾ, 308 മൺകുളങ്ങൾ, 90 ചെക്ക് ഡാമുകൾ എന്നിവയുടെ സൃഷ്ടിയും പുനരുദ്ധാരണവും ആവാസവ്യവസ്ഥയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുകയും വന്യജീവികൾ മനുഷ്യവാസ കേന്ദ്രങ്ങളിലേക്കുള്ള സഞ്ചാരം കുറയ്ക്കുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു. മൃഗങ്ങൾക്ക് വെള്ളം ലഭ്യമാക്കാനുള്ള ബ്രഷ്‌വുഡ് ഡാമുകളും പൊതുജന പങ്കാളിത്തവും പ്രാദേശിക സംരക്ഷണ ബോധത്തെ ആധാരമാക്കിയ പ്രകൃതി അധിഷ്ഠിത പരിഹാര മാതൃകയെ സൂചിപ്പിക്കുന്നു. ഭക്ഷണം, കാലിത്തീറ്റ, ജലം എന്നീ ലക്ഷ്യങ്ങളോടെ ദൗത്യരീതിയിൽ ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത് പരിസ്ഥിതിയുടെ സമതുലിതാവസ്ഥ പുനഃസ്ഥാപിക്കാനും സംരക്ഷണ ശ്രമങ്ങളുടെ ദീർഘകാല സുസ്ഥിരത ഉറപ്പാക്കാനും ഉള്ള ഉദ്ദേശം വ്യക്തമാക്കുന്നു.

**കാലിത്തീറ്റ വികസനവും അധിനിവേശ ജീവിവർഗ നിയന്ത്രണവും**

ഈ പദ്ധതി വന്യജീവികൾക്ക് ആവശ്യമായ ഭക്ഷണ ക്ഷാമവും അതോടൊപ്പം അധിനിവേശ സസ്യങ്ങൾ മൂലമുള്ള ആവാസവ്യവസ്ഥയുടെ നാശവും എന്ന ഇരട്ട പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നു.പുല്മേട് പുനസ്ഥാപനം, നിയന്ത്രിത കത്തിക്കൽ, തദ്ദേശീയ സസ്യങ്ങൾ നട്ടുപിടിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ 1,365 ഹെക്ടർ പ്രദേശത്ത് നടപ്പാക്കുന്നത് സജീവമായ ആവാസവ്യവസ്ഥാ മാനേജ്മെന്റിനെ പ്രതിഫലിപ്പിക്കുന്നു. ഈ ലക്ഷ്യത്തിനായി, ഫുഡ്, ഫോഡർ ആൻഡ് വാട്ടർ മിഷൻ എന്ന പദ്ധതിയുടെ ഭാഗമായി പുല്മേടുകൾ, ചതുപ്പ് പുല്മേടുകൾ (വയൽസ്) എന്നിവയും തുറന്ന പ്രദേശങ്ങളും ഫീൽഡ് തലത്തിൽ തിരിച്ചറിഞ്ഞുവരുന്നു. സെന്ന സ്പെക്ടാബിലിസും (400 ഹെക്ടർ) വാട്ടിലും (531 ഹെക്ടർ) നീക്കം ചെയ്തതും, കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് മുഖേന 3,000 മെട്രിക് ടൺ സെന്ന നീക്കം ചെയ്തതും അധിനിവേശ സസ്യങ്ങൾ സൃഷ്ടിക്കുന്ന ഭീഷണിയുടെ ഗൗരവം വ്യക്തമാക്കുന്നു. അതിനോടൊപ്പം, അക്കേഷ്യയും മാൻജിയവും പോലുള്ള ഏകവിളത്തോട്ടങ്ങളിൽ നിന്ന് (748 ഹെക്ടർ) മാറി, ഈ പ്രദേശങ്ങളെ കൂടുതൽ വൈവിധ്യമാർന്ന തദ്ദേശീയ ആവാസ വ്യവസ്ഥകളാക്കി മാറ്റുന്ന സമീപനവും വളരെ പ്രധാനമാണ്. ഈ പ്രവർത്തനങ്ങൾ വന്യജീവികളുടെ സഞ്ചാരത്തിനും തീറ്റകണ്ടെത്തൽ രീതികൾക്കും നേരിട്ടുള്ള സ്വാധീനം ചെലുത്തുന്നതാണ്. ആസന്നകാലത്ത് മനുഷ്യ-

വന്യജീവി സംഘർഷം ഗണ്യമായി കുറയ്ക്കാൻ ഇവയ്ക്ക് കഴിയും എന്നത് എടുത്തുപറയേണ്ട ഒന്നാണ്.

**സ്വമേധയാ ഉള്ള സ്ഥലംമാറ്റവും ക്ഷേമവും**

ഉൾവനപ്രദേശങ്ങളിൽ നിന്നും ജനവിഭാഗങ്ങളെ മാറ്റിപ്പാർപ്പിക്കുന്നത്, പ്രതികരണാത്മകമാണെങ്കിലും, സ്വമേധയായും മതിയായ പിന്തുണയോടെയും നടപ്പിലാക്കുകയും ചെയ്താൽ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള വളരെ ഫലപ്രദമായ ഒരു തന്ത്രമായിരിക്കും. ഈ സമീപനത്തിന്റെ മികച്ച ഉദാഹരണമാണ് നവകിരണം പദ്ധതി. ഈ പദ്ധതിയുടെ ഭാഗമായി 815 കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതിനായി ₹111 കോടി രൂപ അനുവദിച്ചു. ഓരോ കുടുംബത്തിനും ₹15 ലക്ഷം രൂപ ധനസഹായവും ഉപജീവന പിന്തുണയ്ക്കായി ₹25,000 രൂപയും നൽകി. മാറ്റിപ്പാർപ്പിക്കപ്പെട്ട വ്യക്തികളുടെ അവകാശങ്ങളും മാനവിക ബഹുമാനവും ഉറപ്പാക്കുന്നതിനൊപ്പം, വന്യജീവികൾക്ക് സ്വന്തം ആവാസവ്യവസ്ഥകളിലേക്ക് തടസ്സമില്ലാതെ പ്രവേശനം ലഭ്യമാക്കുന്നതിനിലൂടെ സംരക്ഷണ ലക്ഷ്യങ്ങൾ കൈവരിക്കാനും ഈ മാതൃക സഹായി

**ബോക്സ് 13.5**
**പാമ്പുകടി രഹിത കേരളത്തിലേക്ക്**

പാമ്പുകടി രഹിത കേരളം പദ്ധതി മനുഷ്യനും പാമ്പുകളും തമ്മിലുള്ള സംഘർഷത്തെ സമീപിക്കുന്ന രീതിയിലെ അടിസ്ഥാനപരമായ മാറ്റമാണ് സൂചിപ്പിക്കുന്നത്. ഇത് പ്രതികരണാത്മകമായ രക്ഷാപ്രവർത്തനങ്ങളിൽ നിന്ന് സജീവമായ സമൂഹ പ്രതിരോധ ശേഷിയിലേക്കും പരിസ്ഥിതി സൗഹൃദ സമീപനത്തിലേക്കും മാറുന്നതാണ്. സംസ്ഥാന തല നേതൃത്വവുമായി പൊതുസമൂഹത്തിന്റെ പ്രവർത്തനങ്ങൾ സംയോജിപ്പിക്കുന്നതിലൂടെ, പാമ്പുകടിനിയന്ത്രണം, പൊതുജനാരോഗ്യ സംയോജനം, വന്യജീവി സംരക്ഷണം എന്നിവയിൽ ആഗോള മാനദണ്ഡം സ്ഥാപിക്കാനുള്ള കഴിവ് കേരളത്തിനുണ്ട്.

ആധുനിക ചികിത്സാസൗകര്യങ്ങളും പരിശീലനം നേടിയ ആരോഗ്യപ്രവർത്തകരും ഉണ്ടായിരിക്കുമ്പോഴും, പാമ്പുകടിയിലൂടെ ഉണ്ടാകുന്ന മരണങ്ങൾ ഇപ്പോഴും തുടരുന്നത് ബോധവത്കരണത്തിന്റെ കുറവ്, ചികിത്സയ്ക്ക് വൈകിയെത്തൽ, പരമ്പരാഗത വിശ്വാസങ്ങൾ, തെറ്റായ ചികിത്സാരീതികൾ എന്നിവയുടെ സംയോജനഫലമാണ്. കേരളത്തിൽ "ബിഗ് ഫോർ" എന്നറിയപ്പെടുന്ന വിഷപ്പാമ്പുകളായ സ്പെക്ടാകിൽഡ് കോബ്ര, റസ്സൽസ് വൈപ്പർ, ശംഖുവരയൻ, ചുരുട്ട, മണ്ഡലി എന്നിവ ഒരുമിച്ച് നിലനിൽക്കുന്നത് അപകടസാധ്യത കൂടുതൽ ഉയർത്തുന്നു. അതിനാൽ, ഈ പ്രതിസന്ധിയെ സമഗ്രമായി നേരിടുന്നതിനായി സംസ്ഥാനതലത്തിൽ ഏകോപിതവും ദീർഘകാലപരമായും പദ്ധതി അനിവാര്യമാണ്. ഈ പദ്ധതിയുടെ ദർശനം, സമൂഹപങ്കാളിത്തം, ആരോഗ്യസംവിധാനങ്ങളുടെ സജ്ജീകരണം, സംരക്ഷണ നൈതികത, തത്സമയ സാങ്കേതികവിദ്യ എന്നിവയെ ഏകീകരിക്കുന്ന ബഹുമുഖ-തൽപ്പരകക്ഷി സമീപനം വഴി "പാമ്പുകടി മരണങ്ങൾ ഇല്ലാത്ത കേരളം" എന്ന ലക്ഷ്യം കൈവരിക്കുന്ന ആദ്യ ഇന്ത്യൻ സംസ്ഥാനമായി കേരളം മാറുന്നതാണ്.

രണ്ടുവർഷത്തിനുള്ളിൽ പാമ്പുകടിയാൽ സംഭവിക്കുന്ന മരണങ്ങൾ 50 ശതമാനം കുറയ്ക്കുകയെന്നതാണ് ഉടനടിയുള്ള ലക്ഷ്യം. ദീർഘകാല ലക്ഷ്യം അഞ്ചുവർഷത്തിനുള്ളിൽ പാമ്പുകടിയാലുള്ള മരണങ്ങൾ പൂർണമായും ഇല്ലാതാക്കുകയെന്നതാണ്. ഈ ലക്ഷ്യങ്ങൾ നേടുന്നതിനായി, പാമ്പുകടി സംഭവങ്ങളെ ഫലപ്രദമായി നേരിടാൻ ഡാറ്റയെ അടിസ്ഥാനമാക്കിയതും സമൂഹപങ്കാളിത്തമുള്ളതുമായ ഒരു സമഗ്ര സംവിധാനമാണ് ഈ പദ്ധതി രൂപപ്പെടുത്തുന്നത്. അതോടൊപ്പം, മനുഷ്യസുരക്ഷയും പരിസ്ഥിതി നൈതികതയും തമ്മിൽ സമതുലിതാവസ്ഥ നിലനിർത്തുന്നതിനായി പാമ്പുകളുടെ സംരക്ഷണവും നിയമപരമായ സുരക്ഷയും ശക്തിപ്പെടുത്തുന്നതിനും ശ്രമിക്കുന്നു. ഈ പദ്ധതിയുടെ തന്ത്രപരമായ ഘടന രണ്ട് പ്രധാന തൂണുകളെ ചുറ്റിപ്പറ്റിയാണ്: തൽക്ഷണ പ്രതികരണ നടപടികളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന മുൻനിര ഇടപെടലുകൾ (ഫ്രണ്ട്-എൻഡ് ഇന്റർവെൻഷൻസ്), ദീർഘകാല ഘടനാപരവും വ്യവസ്ഥാപിതാവുമായ പരിഹാരങ്ങളിൽ ഊന്നൽ നൽകുന്ന പിൻനിര നടപടികൾ (ബാക്ക് -എൻഡ് ഇനീഷിയേറ്റീവ്).

ഫ്രണ്ട്-എൻഡ് തന്ത്രങ്ങൾ പാമ്പുകടി സംഭവങ്ങളുടെ അപകടസാധ്യതയും ആഘാതവും കുറയ്ക്കുന്നതിനായി ഉടൻ നടപ്പാക്കാവുന്ന നടപടികളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. സമൂഹത്തെ ശക്തിപ്പെടുത്തുകയും അടിയന്തര പ്രതികരണ സംവിധാനങ്ങളെ മെച്ചപ്പെടുത്തുകയും ചെയ്യുന്നതാണ് ഇതിന്റെ ലക്ഷ്യം. ഇതിൽ കർഷകർ പോലുള്ള ഉയർന്ന അപകടസാധ്യതയുള്ള തൊഴിലാളികൾക്ക് ഗംബൂട്ട്, ഗ്ലൗസ്, നീളം കൂടിയ ഉപകരണങ്ങൾ തുടങ്ങിയ സംരക്ഷണ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതും, എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും വിപുലമായ ആന്റി-സ്നേക്ക് വെനം ലഭ്യത ഉറപ്പാക്കുന്നതും ഉൾപ്പെടുന്നു. കൂടാതെ, ആശാ പ്രവർത്തകർ, സമൂഹാരോഗ്യ പ്രവർത്തകർ, മറ്റ് ആദ്യ പ്രതികരണ പ്രവർത്തകർ എന്നിവർക്കായി പാമ്പുകടി ഫസ്റ്റ് എയ്ഡ് പരിശീലനം നൽകുന്നതും ഇതിൽ ഉൾപ്പെടുന്നു. സർപ്പ മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് വേഗത്തിലുള്ള പ്രതികരണം സാധ്യമാക്കുകയും, രക്ഷാപ്രവർത്തന വിവരങ്ങൾ ശേഖരിക്കുകയും, സമൂഹ അവബോധ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുകയും ചെയ്യുന്നതും ഈ തന്ത്രത്തിന്റെ ഭാഗമാണ്.

ബാക്ക്എൻഡ് തന്ത്രങ്ങൾ പാമ്പുകടി തടയൽ, ചികിത്സ, സംരക്ഷണം എന്നിവയ്ക്കായി ദീർഘകാലം നിലനിൽക്കുന്ന, ഏകോപിതമായ ഒരു സംവിധാനത്തെ സൃഷ്ടിക്കാൻ ലക്ഷ്യമിടുന്ന ഘടനാപരമായ നടപടികളാണ്. ഇതിൽ സർപ്പ നെറ്റ്‌വർക്കിലൂടെ സർട്ടിഫൈഡ് രക്ഷാപ്രവർത്തകരെ ഉപയോഗിച്ച് പാമ്പുകളെ രക്ഷപ്പെടുത്തി വിട്ടയക്കുന്ന നടപടിക്രമങ്ങൾ ഔപചാരികമാക്കൽ, പ്രദേശാനുസൃത ആന്റി-സ്നേക്ക് വെനം നിർമ്മാണത്തിനായി സംസ്ഥാനതല വിഷ

ശേഖരണ കേന്ദ്രം സ്ഥാപിക്കൽ, ആരോഗ്യപ്രവർത്തകർ, വനവകുപ്പ് ജീവനക്കാർ, സന്നദ്ധപ്രവർത്തകർ എന്നിവർക്കുള്ള ശേഷി വികസനം ശക്തിപ്പെടുത്തൽ എന്നിവ ഉൾപ്പെടുന്നു. പാമ്പുകടിയേറ്റതിനെ ഒരു പ്രത്യേക രോഗമായി തിരിച്ചറിയുന്നത് നിരീക്ഷണം, വിഭവ വിഹിതം, ചികിത്സാ നിലവാരം എന്നിവ മെച്ചപ്പെടുത്തും. അതേസമയം വനം, ആരോഗ്യം, റവന്യൂ, വിദ്യാഭ്യാസ വകുപ്പുകൾ, ജൈവവൈവിധ്യ ബോർഡുകൾ എന്നിവ തമ്മിലുള്ള സ്ഥാപനപരമായ സഹകരണവും സംസ്ഥാനതല മാധ്യമ തന്ത്രങ്ങളും സ്കൂൾ, ഗ്രാമതല ബോധവൽക്കരണ പരിപാടികളിലൂടെയുള്ള പ്രചാരണവും തെറ്റായ വിവരങ്ങൾ തടയുന്നതിനും, വിജയങ്ങൾ ഉയർത്തിക്കാട്ടുന്നതിനും, നേരത്തെയുള്ള ചികിത്സ തേടുന്ന പെരുമാറ്റം പ്രോത്സാഹിപ്പിക്കുന്നതിനും സഹായിക്കും.

ഇന്ത്യയിലെ എല്ലാ പാമ്പുകളും 1972-ലെ വന്യജീവി (സംരക്ഷണ) ആക്റ്റിൻ കീഴിൽ സംരക്ഷിക്കപ്പെട്ടവയാണ്. അനാവശ്യമായി പാമ്പുകളെ കൊല്ലുന്നത് തടയുക, സുരക്ഷിതവും ശാസ്ത്രീയവുമായ രക്ഷാപ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക, നഗര-ഗ്രാമ മേഖലകളിലുടനീളം വന്യജീവി വിദ്യാഭ്യാസത്തിലൂടെ സഹവർത്തിത്വവും പരിസ്ഥിതി ബോധവും പ്രോത്സാഹിപ്പിക്കുക എന്നീ വഴികളിലൂടെ സംരക്ഷണത്തിന് ശക്തമായ പ്രതിബദ്ധത ഉറപ്പാക്കുന്നു.

ഈ പദ്ധതിയുടെ പ്രതീക്ഷിക്കുന്ന ഫലങ്ങളിൽ പാമ്പുകടിയുമായി ബന്ധപ്പെട്ട മരണങ്ങളും ദീർഘകാല വൈകല്യങ്ങളും ഗണ്യമായി കുറയുക, ശാസ്ത്രീയ അറിവ് കൈവശമുള്ള ശക്തവും സജ്ജവുമായ ഉള്ള സമൂഹങ്ങൾ രൂപപ്പെടുക, കൂടാതെ പാമ്പുകടി നിയന്ത്രണത്തിലും നഗര വന്യജീവി പരിപാലനത്തിലും കേരളം ദേശീയ തലത്തിൽ മുൻപന്തിയിൽ എത്തുക എന്നിവ ഉൾപ്പെടുന്നു. അതുകൂടാതെ, സർപ്പ പ്ലാറ്റ്ഫോമിന്റെ സഹായത്തോടെ തത്സമയ വിവരവും വിശകലന ഡാഷ്ബോർഡുകളും സൃഷ്ടിക്കാൻ ഈ പദ്ധതി സഹായിക്കുകയും, അതുവഴി നയരൂപീകരണത്തിനും തെളിവ് അധിഷ്ഠിതമായ തീരുമാനങ്ങൾക്കുമായി പിന്തുണ നൽകുകയും ചെയ്യും.

ക്കുന്നു. വയനാട് വന്യജീവി സങ്കേതത്തിൽ, രണ്ട് വർഷത്തേക്ക് വാർഷികമായി ₹9.2 കോടി രൂപ വകയിരുത്തിയതിലൂടെ 1,151 കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ സാധിച്ചു. ഇത് അതീവ പ്രാധാന്യമുള്ള ഈ പ്രദേശങ്ങളിൽ സംഘർഷം കുറയ്ക്കുന്നതിനുള്ള ഒരു പ്രധാന മുന്നേറ്റമായി മാറിയിട്ടുണ്ട്.

ഇത്തരത്തിലുള്ള സ്വമേധയാ നടക്കുന്ന, ക്ഷേമ കേന്ദ്രിതവും സാംസ്കാരികമായി പ്രതികരണാത്മകവുമായ പുനരധിവാസ ശ്രമങ്ങൾ തുടരുകയും കൂടുതൽ ശക്തിപ്പെടുത്തുകയും ചെയ്യണമെന്ന് ശിപാർശ ചെയ്യുന്നു. സുഗമമായ പുനരധിവാസവും ദീർഘകാല സാമൂഹ്യ ക്ഷേമവും ഉറപ്പാക്കുന്നതിന്, പ്രത്യേകിച്ച് അടുത്ത രണ്ട് വർഷത്തേക്ക് പ്രതിവർഷം 9.3 കോടി രൂപയുടെ തുടർച്ചയായ സാമ്പത്തിക പിന്തുണ അനിവാര്യമാണ്. കൂടാതെ, പുനരധിവാസാനന്തര ഉപജീവന പിന്തുണ, അടിസ്ഥാന സൗകര്യ വികസനം, സാമൂഹിക ഏകീകരണ സംവിധാനങ്ങൾ എന്നിവ മെച്ചപ്പെടുത്തുന്നത് പദ്ധതിയുടെ വിജയത്തെ കൂടുതൽ ശക്തിപ്പെടുത്തും. പങ്കാളിത്തപരമായ പ്രക്രിയകൾക്ക് മുൻഗണന നൽകിയും സ്വമേധയാ ഉള്ള പുനരധിവാസത്തിന്റെ സ്വഭാവം നിലനിർത്തിയും, ഭാവിയിലെ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ഫലപ്രദമായി കുറയ്ക്കാനും സഹവർത്തിത്വം പ്രോത്സാഹിപ്പിക്കാനും സംസ്ഥാനത്തിനു കഴിയും. അതോടൊപ്പം നിർണായകമായ പരിസ്ഥിതി ഇടനാഴികളും വന്യജീവി ആവാസവ്യവസ്ഥകളും പുനഃസ്ഥാപിക്കാനും കഴിയും.

### ബഹുതല നിരീക്ഷണവും അന്തർസംസ്ഥാന സഹകരണവും

സംസ്ഥാന തലത്തിൽ മുഖ്യമന്ത്രി മുതൽ തദ്ദേശതലത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രസിഡന്റുമാർ വരെയുള്ളവരുടെ ബഹുതല നിരീക്ഷണം ഉത്തരവാദിത്തം പ്രാപ്തമാക്കുകയും എല്ലാ ഭരണ തലങ്ങളിലും മനുഷ്യ-വന്യജീവി സംഘർഷം ഒരു മുൻഗണനയായി പരിഗണിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുന്നു. 2024 മാർച്ച് 10-ന് കേരളം, കർണാടക, തമിഴ്നാട് സംസ്ഥാനങ്ങൾ തമ്മിൽ ഒപ്പുവെച്ച ധാരണാപത്രം അതിർത്തി കടന്നുള്ള വന്യജീവി സഞ്ചാര പ്രശ്നങ്ങളെ നേരിടുന്നതിൽ വലിയ മുന്നേറ്റമാണ്. നീലഗിരി ബയോസ്ഫിയർ റിസർവ് പോലുള്ള തുടർച്ചയായ വനമേഖലകളിൽ, വന്യജീവി സംഖ്യയുടെ നിർണയത്തിലും വിവര കൈമാറ്റത്തിലും ഏകോപനം അത്യന്താപേക്ഷിതമാണ്. ഈ പങ്കാളിത്തങ്ങൾ ആനകളും കടുവകളും പോലുള്ള വിശാലമായ സഞ്ചാരപരിധിയുള്ള ജീവിവർഗങ്ങൾക്കായി ഏകോപിതമായ പരിപാലന നടപടികൾക്ക് വഴിയൊരുക്കാൻ സഹായിക്കും.

### നിയമനിർമ്മാണ പരിഷ്കാരങ്ങൾ

1972 ലെ വന്യജീവി സംരക്ഷണ നിയമം കേന്ദ്രനിയമമായതിനാൽ പലപ്പോഴും ഫീൽഡ് തലത്തിൽ വേഗത്തിലുള്ള നടപടികൾ കൈക്കൊള്ളുന്നതിന് തടസ്സമാകുന്നു. പരിസ്ഥിതി അപകടസാധ്യതകളും സാമൂഹിക ആവശ്യങ്ങളും തമ്മിൽ സമതുലിതാവസ്ഥ പാലിച്ചുകൊണ്ടും ശാസ്ത്രീയ ജനസംഖ്യാ വിലയിരുത്തലുകൾ അടിസ്ഥാനമാക്കിയുമാണ് ഇത്തരം തീരുമാനങ്ങൾ എടുക്കേണ്ടത്. ഇതുമായി ബന്ധപ്പെട്ട് അനുയോജ്യമായ നിയമഭേദഗതികൾ കൊണ്ടുവരുന്നതിനുള്ള പദ്ധതി സംസ്ഥാന സർക്കാർ ആവിഷ്കരിച്ചു കൊണ്ടിരിക്കുകയാണ്.

### മൂലകാരണങ്ങളും സംയോജിത പ്രതികരണങ്ങളും

ആവാസവ്യവസ്ഥയുടെ വിഭജനവും അധിനിവേശജീവിവർഗങ്ങളുടെ വ്യാപനവും അമിത മേച്ചിൽ സമ്മർദ്ദങ്ങളും, വിനോദസഞ്ചാരവും ഭൂവിനിയോഗത്തിലെ മാറ്റങ്ങളും പോലുള്ള വികസനപരമായ അതിക്രമിച്ചുകടക്കലും ഉൾപ്പെടുന്ന പരസ്പരം ബന്ധപ്പെട്ടു നിൽക്കുന്ന ഘടകങ്ങളുടെ സങ്കീർണ്ണമായ ഒരു സമുച്ചയമാണ് മനുഷ്യ-വന്യജീവി സംഘർഷത്തിലേക്ക് നയിക്കുന്നത്. ഇതോടൊപ്പം കാലാവസ്ഥാ വ്യതിയാനം ഈ പ്രശ്നങ്ങളെ കൂടുതൽ ഗുരുതര

മാക്കുന്നു. പാരിസ്ഥിതിക ഘടകങ്ങൾക്കപ്പുറം, അപകട സാധ്യതയുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന കർഷകർ അല്ലെങ്കിൽ പൊതുവായ അവബോധമില്ലായ്മ പോലുള്ള സാമൂഹിക-സാമ്പത്തിക, പെരുമാറ്റ വശങ്ങളും സംഘർഷ സാഹചര്യങ്ങൾക്ക് ആക്കം കൂട്ടുന്നു. സമഗ്രവും ഫലപ്രദവുമായ ഇടപെടലുകൾ രൂപകൽപ്പന ചെയ്യുന്നതിന് ഈ സമഗ്രമായ കാര്യകാരണ ചട്ടക്കൂട് മനസ്സിലാക്കേണ്ടത് അത്യാവശ്യമാണ്. അതിനാൽ മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനായി പരിസ്ഥിതി പുനരുദ്ധാരണം, നയപരിഷ്കാരങ്ങൾ, സാമൂഹിക സാമ്പത്തിക വികസനം, കാലാവസ്ഥാ പ്രതിരോധ തന്ത്രങ്ങൾ എന്നിവയെ ഏകോപിതവും സമന്വയിപ്പിച്ചതുമായ രീതിയിൽ യോജിപ്പിക്കുന്ന ഒരു സംയോജിത സമീപനം അനിവാര്യമാണ്.

ഈ പദ്ധതിയെ പ്രവർത്തനക്ഷമമാക്കുന്നതിനായി പത്ത് ദൗത്യങ്ങൾ നടപ്പിലാക്കും:

- ഭക്ഷണം, മൃഗാഹാരം (ഫോഡർ), ജലം
- ഗോത്രപരമായ അറിവുകളുടെ ഏകീകരണം
- സോളാർ വേലി സംവിധാനത്തിന്റെ വിപുലീകരണം

കാട്ടുപന്നി നിയന്ത്രണ നടപടികൾ: മനുഷ്യജീവിതത്തിനും സ്വത്തിനും ഭീഷണി ഉയർത്തുന്ന, മനുഷ്യവാസമുള്ള പ്രദേശങ്ങളിലെ കാട്ടുപന്നികളെ നിയന്ത്രിക്കുന്നതിനായി പുറപ്പെടുവിച്ചിരുന്ന വെടിവച്ചു കൊല്ലുന്നതിനുള്ള ഉത്തരവിന്റെ സമയപരിധി 202മേയ് 28 മുതൽ ആരംഭിച്ച് ഒരു വർഷത്തേക്ക് കൂടി നീട്ടിയിട്ടുണ്ട്. സംഘർഷ സാധ്യത കൂടുതലുള്ള മേഖലകളിൽ ക്രമബന്ധമായ വധ നടപടികൾ നടപ്പിലാക്കുന്നതിനായി ഡിവിഷൻ, സർക്കിൾ തലങ്ങളിൽ അംഗീകൃത ഷൂട്ടർമാരുടെ പാനലുകൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ, വധനടപടികൾ മേൽനോട്ടം വഹിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നതിനായി, വന്യജീവി (സംരക്ഷണ) ആക്ട്പ്രകാരം പഞ്ചായത്ത് പ്രസിഡന്റുമാരെ പ്രതിഫലം കൂടാതെയുള്ള വന്യജീവി വാർഡൻമാരായും, പഞ്ചായത്ത് സെക്രട്ടറിമാരെ അംഗീകൃത ഉദ്യോഗസ്ഥരായും നിയമിച്ചിട്ടുണ്ട്. 2024 ജനുവരി 14-ന് സംസ്ഥാന നിയമസഭ വന്യജീവി (സംരക്ഷണ) നിയമത്തിലെ അറുപത്തിരണ്ടാം വകുപ്പ് പ്രകാരം കാട്ടുപന്നികളെ 'വെർമിൻ' (നാശകാരി ജീവികൾ ആയി പ്രഖ്യാപിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടുകൊണ്ട് ഒരു പ്രമേയം പാസാക്കി. ഈ വിഷയത്തിൽ സംസ്ഥാനം സജീവമായി തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. അതിന്റെ ഭാഗമായി, 2024 നവംബറിൽ കേരള വനംമന്ത്രി നയിച്ച പ്രതിനിധി സംഘം നടത്തിയ ഡൽഹി സന്ദർശനത്തിനിടെ കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച മെമ്മോറാണ്ടത്തിലൂടെയും ഈ ആവശ്യം ശക്തമായി ഉന്നയിച്ചിട്ടുണ്ട് **(ബോക്സ് 13.4 കാണുക).**

- സർപ്പ (പാമ്പിൽനിന്നും രക്ഷയും പ്രതിരോധവും): **ബോക്സ് (13.5 കാണുക)**
- ബോണറ്റ് മക്കാക് മാനേജ്മെന്റ്: ഈ ദൗത്യത്തിന്റെ ഭാഗമായി, സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ കുരങ്ങ് ശല്യം വർധിച്ചിരിക്കുന്ന സാഹചര്യത്തിൽ, സ്വദേശിയായ ബോണറ്റ് മക്കാക്കിനെ വന്യജീവി (സംരക്ഷണം) ആക്റ്റിലെ ഷെഡ്യൂൾ I-ൽ നിന്ന് ഷെഡ്യൂൾ II-ലേക്ക് മാറ്റി തരംതിരിക്കണമെന്ന് കേരള സർക്കാർ കേന്ദ്രസർക്കാരിനോട് ഔദ്യോഗികമായി ശിപാർശ ചെയ്തിട്ടുണ്ട്. ഈ പുനർതരംതിരിക്കൽ നിയന്ത്രിത സംഖ്യാനിയന്ത്രണ നടപടികൾ നടപ്പിലാക്കാൻ സഹായകരമാകും. കുരങ്ങുകളുമായി ബന്ധപ്പെട്ട അടിയന്തര സംഘർഷങ്ങൾ പരിഹരിക്കുന്നതിനായി, ഉടൻ ഇടപെടലുകളും സഹായവും നൽകാൻ റാപ്പിഡ് റെസ്പോൺസ് ടീമുകൾ വിന്യസിച്ചിരിക്കുന്നു. കൂടാതെ ജനനനിയന്ത്രണം പോലുള്ള തന്ത്രങ്ങൾ ഉൾക്കൊള്ളുന്ന സമഗ്രമായ ഒരു പ്രവർത്തന പദ്ധതി തയ്യാറാക്കി കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരുന്നു.
- തത്സമയ നിരീക്ഷണം
- പ്രാഥമിക പ്രതികരണ സംഘത്തെ ശക്തിപ്പെടുത്തൽ
- പൊതുജന ബോധവൽക്കരണം
- അറിവും വിവരപരിപാലനവും

സംസ്ഥാനവ്യാപകമായി നടപ്പിലാക്കുന്നതിനായി ഈ തുടർച്ചയായ ദൗത്യങ്ങൾ ഒരു ഘടകപരമായ വിലയിരുത്താൻ കഴിയുന്ന, ഫലപ്രാപ്തി ലക്ഷ്യമാക്കിയുള്ള അടിസ്ഥാനമാക്കിയുള്ള ചട്ടക്കൂട് വാഗ്ദാനം ചെയ്യുന്നു.

**മനുഷ്യ ആധിപത്യമുള്ള ഭൂപ്രദേശങ്ങളിലെ വന്യജീവി നിരീക്ഷണം**

കാട്ടുപന്നി, ബോണറ്റ് മകാക്, ഇന്ത്യൻ മയിൽ, ഗോൾഡൻ കുറുനരി, മലബാർ ജയന്റ് അണ്ണാറക്കണ്ണൻ, സാമ്പാർ മാൻ, ബാർക്കിംഗ് മാൻ, വവ്വാലുകൾ എന്നി എട്ട് ജീവിവർഗങ്ങൾ, പരമ്പരാഗതമായി വനആവാസവ്യവസ്ഥയുമായി ബന്ധപ്പെട്ടവയും, സംസ്ഥാനത്തെ നഗര, അർധനഗര, ഗ്രാമ പ്രദേശങ്ങളിൽ കൂടുതൽ കണ്ടുവരുന്നവയുമാണ്. ഇവയുടെ വാസസ്ഥല ഉപയോഗത്തിന് സംഭവിക്കുന്ന ശ്രദ്ധേയമായ മാറ്റം വർദ്ധിച്ചുവരുന്ന പരിസ്ഥിതി, സാമ്പത്തികം, പൊതുസുരക്ഷ എന്നിവയുമായി ബന്ധപ്പെട്ട ആശങ്കകൾ വർധിപ്പിച്ചിട്ടുണ്ട്. ഈ ജീവിവർഗങ്ങൾ അവരുടെ സ്വാഭാവിക ആവാസവ്യവസ്ഥകൾക്കപ്പുറം സഞ്ചരിക്കുമ്പോൾ, മനുഷ്യ പ്രവർത്തനങ്ങളുമായി സംഘർഷം ഉണ്ടാകുന്നത് പതിവാകുന്നു. അതിനാൽ ഇവയെ നിരീക്ഷിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതിനായി ഘടനാപരവും തെളിവുകളെ അടിസ്ഥാനമാക്കിയുള്ളതുമായ ഒരു സമീപനം ആവശ്യമാണ്.

ഈ ഉയർന്ന് വരുന്ന വെല്ലുവിളികളോട് പ്രതികരിക്കുന്നതിനായി, സംരക്ഷിത പ്രദേശങ്ങൾക്കും വനമേഖലകൾക്കും പുറത്തുള്ള ഈ ജീവിവർഗങ്ങളുടെ സംഖ്യ കണക്കാക്കുന്നത് ഒരു പ്രാഥമികവും അത്യാവശ്യവുമായ ഘട്ടമായിരിക്കും. സംസ്ഥാനത്ത് ഉടനീളമുള്ള ഈ പ്രവർത്തനം പഞ്ചായത്തുകൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ, ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റികൾ എന്നിവ ഉൾപ്പെടെയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ചായിരിക്കും നടത്തുക. പങ്കാളിത്തപരമായ ദ്രുത വിലയിരുത്തൽ സർവെയും ഘടനാപരമായ ചോദ്യാവലിയും ഉപയോഗിച്ച് വിവരശേഖരണം നടത്തുന്നതിലൂടെ അടിസ്ഥാന വിവരങ്ങൾ ലഭ്യമാകുമെന്നു പ്രതീക്ഷിക്കുന്നു. ഈ വിവരങ്ങൾ ഭാവിയിലെ പരിപാലന തന്ത്രങ്ങൾ രൂപകൽപ്പന ചെയ്യുന്നതിനും, മനുഷ്യ-വന്യജീവിസംഘർഷം കുറയ്ക്കുന്നതിനുള്ള നടപടികൾക്ക് പിന്തുണ നൽകുന്നതിനും, മനുഷ്യരും വന്യജീവികളും പങ്കിടുന്ന ഇടങ്ങളിൽ സഹവർത്തിത്വം മെച്ചപ്പെടുത്തുന്നതിനും സഹായകരമാകും.

**വന – വെറ്ററിനറി സേവനങ്ങളെ ശക്തിപ്പെടുത്തൽ**

വന്യജീവി-മനുഷ്യ സംഘർഷങ്ങൾ കുറയ്ക്കുന്നതിൽ നിർണായക പങ്ക് വഹിക്കുന്ന യോഗ്യരായ വെറ്ററിനറി വിദഗ്ധരുടെ ക്ഷാമം പരിഹരിക്കുന്നതിനായി, വനം വകുപ്പിനുള്ളിൽ നല്ല രീതിയിൽ ക്രമീകരിച്ച ഒരു ഫോറസ്റ്റ് വെറ്ററിനറി യൂണിറ്റ് സ്ഥാപിക്കാൻ ഒരു നിർദേശം സമർപ്പിച്ചിട്ടുണ്ട്. കൂടാതെ, 84.3 കോടി ചെലവിൽ ഒരു സമഗ്രമായ അഞ്ചുവർഷ വികസന പദ്ധതിയും നിർദേശിച്ചിരിക്കുന്നു. ഈ പദ്ധതിയിൽ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കൽ, മയക്കൽ-ചികിത്സാ ഉപകരണങ്ങൾ വാങ്ങൽ, ചികിത്സാ-ഹോൾഡിംഗ് സൗകര്യങ്ങളുടെ വികസനം, ശസ്ത്രക്രിയാ കിറ്റുകൾ, പോസ്റ്റ്മോർട്ടം ഉപകരണങ്ങൾ, കൂടുകൾ എന്നിവയ്ക്കുള്ള വ്യവസ്ഥ എന്നിവ ഉൾപ്പെടുന്നു.

**ഭൂപ്രദേശം – പ്രത്യേക മുൻഗണനാപ്രവർത്തനങ്ങൾ**

വയനാട്ടിലെ മഞ്ഞക്കൊന്ന (സെന്ന) നീക്കം ചെയ്യൽ മുതൽ നിലമ്പൂരിലെ ചതുപ്പ് പുനസ്ഥാപനം, മൂന്നാർ-മാങ്കുളം മേഖലയിലെ ടൂറിസം നിയന്ത്രണം വരെയുള്ള 12 ഭൂപ്രദേശങ്ങളിൽ ഓരോന്നും ആചാരാനുസൃത മുൻഗണനാ പ്രവർത്തനങ്ങൾ നടപ്പിലാക്കും. പഞ്ചായത്തുതല പദ്ധതികളിൽ രാത്രി യാത്ര നിയന്ത്രണം, സോളാർ ഫെൻസിംഗ് പരിപാലനം, തത്സമയ നിരീക്ഷണ കേന്ദ്രങ്ങൾ എന്നിവയും ഉൾപ്പെടുത്തും.

**മുന്നോട്ടുള്ള വഴി**

കേരളത്തിൽ മനുഷ്യ-വന്യമൃഗ സമ്പർക്കം ഒരു പ്രധാന പരിസ്ഥിതി-സാമൂഹ്യ- സാമ്പത്തിക വെല്ലുവിളിയായി ഉയർന്നുവരുന്നു. ഇത് പരിസ്ഥിതി ഘടകങ്ങൾ, ആവാസ വ്യവസ്ഥയുടെ വിഭജനം, കൂടാതെ മാറുന്ന കാർഷിക രീതികൾ എന്നിവയുടെ സങ്കീർണ്ണമായ ഇടപെടലുകളാൽ പ്രേരിതമാണ്. വയനാട്, ഇടുക്കി പോലുള്ള ജില്ലകളിലെ പ്രത്യേക ഭൗമശാസ്ത്ര സ്വഭാവം-കർണാടകയും തമിഴ്നാടും അതിർത്തിയിലുള്ള സമ്പന്നമായ വനപ്രദേശങ്ങൾ-ഈ സംഘർഷം കൂടുതൽ ശക്തമാക്കുന്നു. വരൾച്ചയും ഭക്ഷണക്ഷാമവും ഉണ്ടാകുന്ന സമയങ്ങളിൽ വന്യജീവികൾ കുടിയേറുന്നതോടെ പ്രശ്നം രൂക്ഷമാകുന്നു. മനുഷ്യവാസവിസ്തൃതി വ്യാപനവും അടിസ്ഥാനസൗകര്യ വികസനവും കാരണം വന്യജീവി ഇടനാഴികൾ വിഭജിക്കപ്പെടുന്നത് ഈ പ്രശ്നങ്ങളെ കൂടുതൽ വഷളാക്കുന്നു. ഇതോടെ മൃഗങ്ങൾ മനുഷ്യരുമായി കൂടുതൽ അടുത്ത സമ്പർക്കത്തിലേക്ക് തള്ളപ്പെടുകയും, ഏറ്റുമുട്ടലുകളുടെ ആവർത്തനവും ഗുരുതര സ്വഭാവവും വർദ്ധിക്കുകയും ചെയ്യുന്നു.

ഈ അധ്യായം വന്യജീവികളെ കൊല്ലുന്നതിനെ ഒരു പരിഗണനയായി കാണേണ്ടതിന്റെ ആവശ്യകതയെ എടുത്തുകാട്ടിയിരുന്നെങ്കിലും, മനുഷ്യ-വന്യജീവി സംഘർഷത്തിന് ഇത് സ്ഥിരമായ ഒരു പരിഹാരമല്ലെന്നും വ്യക്തമാക്കിയിരുന്നു. ശാസ്ത്രീയ അടിസ്ഥാനത്തിലുള്ള തന്ത്രങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകേണ്ടതുണ്ട്, ഇവയിൽ മുൻനിര നടപടികളും പിൻനിര നടപടികളും ഉൾക്കൊള്ളുന്നു. മുൻനിര നടപടികളിൽ വന്യജീവികളെക്കുറിച്ചുള്ള സാമൂഹ്യ ബോധവൽക്കരണം, സുരക്ഷിതവും ശാസ്ത്രീയവുമായ രക്ഷാപ്രോട്ടോക്കോളുകളുടെ നടപ്പാക്കൽ, നഗരങ്ങളിലും ഗ്രാമങ്ങളിലും ലക്ഷ്യമിട്ട പരിപാടികളിലൂടെ സമാധാനപരമായ സഹവർത്തിത്വം പ്രോത്സാഹിപ്പിക്കൽ എന്നിവ ഉൾപ്പെടുന്നു. ഈ പ്രവർത്തനങ്ങൾ സമൂഹങ്ങളെ പ്രാപ്തരാക്കുകയും പ്രായോഗിക അറിവും തയ്യാറെടുപ്പും നൽകുകയും ചെയ്യുന്നു. ഇതിലൂടെ പാമ്പുകടിയേറ്റ മരണങ്ങളും വൈകല്യങ്ങളും പോലുള്ള സംഭവങ്ങൾ ഗണ്യമായി കുറയ്ക്കാൻ സാധിക്കും. പിൻനിര നടപടികൾ വ്യവസ്ഥാപിത മെച്ചപ്പെടുത്തലുകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു: അറിവ് അടിസ്ഥാനമാക്കിയ വന്യജീവി പരിപാലന നയങ്ങൾ രൂപപ്പെടുത്തൽ, പ്ലാറ്റ്ഫോമുകൾ വഴി തത്സമയ വിവരശേഖരണം, മൃഗങ്ങളുടെ ചലനങ്ങൾ നിരീക്ഷിക്കുകയും പ്രതികരിക്കുകയും ചെയ്യാൻ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തൽ എന്നിവ ഉൾപ്പെടുന്നു.

ശാസ്ത്രീയ വിദ്യാഭ്യാസത്തെയും നയരൂപീകരണത്തെയും സാങ്കേതിക നവീകരണങ്ങളെയും ഏകോപിപ്പിച്ചുകൊണ്ട്, വന്യജീവി പരിപാലനത്തിലും പാമ്പുകടി കുറയ്ക്കുന്നതിലും കേരളം ദേശീയ തലത്തിൽ മാതൃകയായ നിലയിൽ എത്തുന്നു. പരിസ്ഥിതി വെല്ലുവിളികളെ നേരിടുന്നതിൽ ചില സാഹചര്യങ്ങളിൽ ജീവഹാനി വരുത്തുന്ന നടപടികൾക്കും ഇടം നൽകേണ്ടതുണ്ടെന്ന് വാദിക്കുമ്പോഴും, അതിനൊപ്പം ജീവഹാനിയില്ലാത്ത, തെളിവുകൾ അധിഷ്ഠിതമായ സമീപനങ്ങൾക്കും പ്രാധാന്യം നൽകേണ്ടതുണ്ടെന്ന് ഈ നിലപാട് വ്യക്തമാക്കുന്നു. മനുഷ്യരും വന്യജീവികളും തമ്മിലുള്ള സമന്വിത സഹവർത്തിത്വം ഉറപ്പാക്കുന്നതിനും ഓരോ പ്രദേശത്തെയും സാമൂഹ്യ-സാമ്പത്തിക സങ്കീർണ്ണതകൾ പരിഗണിക്കുന്നതിനും ഇത് ലക്ഷ്യമിടുന്നു.

**അധ്യായം 14**

# വ്യവസായം: വിശാല ലക്ഷ്യങ്ങൾ, സംരംഭകത്വത്തിന് ഉണർവ്, പുതിയ കർമ്മപഥങ്ങൾ

കേരളത്തിലെ വ്യവസായ മേഖലയെ പുതിയൊരു പാതയിൽ എത്തിച്ചതോടെ സമ്പദ്‌വ്യവസ്ഥ മൊത്തത്തിൽ ഘടനാപരമായി മാറിക്കൊണ്ടിരിക്കുകയാണ്. എംഎസ്എംഇ കളുടെയും ആധുനിക വ്യവസായങ്ങളുടെയും വളർച്ച, വ്യാവസായിക അടിസ്ഥാന സൗകര്യങ്ങളുടെ വികാസം, ഉയർന്ന മൂല്യവർദ്ധനവ്, പൊതുമേഖലാ സ്ഥാപനങ്ങളുടെ (പിഎസ്‌യു) പ്രകടനത്തിലെ മുന്നേറ്റം, വൻകിട നിക്ഷേപങ്ങളിലെ കുതിച്ചുചാട്ടം, പരമ്പരാഗത മേഖലകളുടെ ആധുനികവൽക്കരണം എന്നിവയാണ് സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയിലെ ഈ വികസനത്തെ മുന്നോട്ട് നയിക്കുന്നത്. കേരളത്തിന്റെ സാദ്ധ്യതകൾ പൂർണമായും പ്രയോജനപ്പെടുത്താൻ, സംസ്ഥാനത്ത് ലഭ്യമായ വൈവിദ്ധ്യങ്ങൾക്ക് അനുസൃതമായി രൂപകൽപ്പന ചെയ്ത വ്യവസായങ്ങളാണ് ഇവിടെ ആരംഭിച്ചിട്ടുള്ളത്.

കേരളം വ്യാവസായിക നിക്ഷേപത്തിന് അനുയോജ്യമല്ലെന്ന ദീർഘകാല ധാരണ ഇപ്പോൾ മാറിയിട്ടുണ്ട്. സംസ്ഥാന സർക്കാർ നിക്ഷേപകരുടെ ആത്മവിശ്വാസം വളർത്തുകയും ജനങ്ങൾക്കിടയിൽ സംരംഭകത്വത്തിന്റെ ശക്തമായ ഒരു തരംഗത്തിന് പ്രചോദനം നൽകുകയും ചെയ്തു. വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും സംസ്ഥാനത്തിന്റെ വൈവിദ്ധ്യങ്ങൾക്ക് അനുയോജ്യമായ കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് വികസനത്തിന്റെ അപാരമായ സാധ്യതകൾ കണ്ടെത്തുകയും ചെയ്തു.

2016-17 നും 2024-25 നും ഇടയിൽ, ഉൽപ്പന്ന നിർമ്മാണ മേഖലയിലെ മൊത്തം സംസ്ഥാന മൂല്യവർദ്ധന (ഗ്രോസ് സ്റ്റേറ്റ് വാല്യൂ ആഡഡ് - GSVA) (സ്ഥിര വില) ₹57,268 കോടിയിൽ നിന്ന് ₹79,204 കോടിയായി. ഇത് ഏകദേശം 38 ശതമാനം (യഥാർത്ഥ) വളർച്ചയാണ്. സംരംഭകനേതൃത്വത്തിലുള്ള വികസനത്തിന് കേരളം ഊന്നൽ നൽകുന്നത് കൊണ്ട് അർത്ഥമാക്കുന്നത് വ്യാപാര, സേവന പ്രവർത്തനങ്ങളിലെ ഗണ്യമായ വർദ്ധനവ് ദ്വിതീയ മേഖലയിലല്ല, തൃതീയ മേഖലയിലാണ് പ്രതിഫലിക്കുന്നത് എന്നാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, മൂല്യവർദ്ധന കണക്കുകൾ തയ്യാറാക്കുന്ന നിലവിലെ രീതിയിൽ കേരളത്തിന്റെ നേട്ടങ്ങൾ പ്രതിഫലിപ്പിക്കപ്പെടുന്നില്ല. അഖിലേന്ത്യാ തൊഴിൽ ഉൽപ്പാദനക്ഷമതയേക്കാൾ കാലങ്ങളോളം വളരെ പിന്നിലായിരുന്ന കേരളത്തിലെ തൊഴിൽ ഉൽപ്പാദനക്ഷമത, 2022-23 ആയപ്പോഴേക്കും അതിന് തുല്യമായതായി വ്യവസായങ്ങളുടെ വാർഷിക സർവേയിലെ ഡാറ്റ വ്യക്തമാക്കുന്നു. സമാനമായ പ്രവണതയാണ് ജീവനക്കാരുടെ ശരാശരി ആളോഹരി വരുമാനത്തിലും പ്രകടമാകുന്നത് (ചിത്രം 14.1, ചിത്രം 14.2).




*അവലംബം:* വ്യവസായങ്ങളുടെ വാർഷിക സർവേ

**ചിത്രം 14.1** *2000-01 മുതൽ 2022-23 വരെയുള്ള കാലയളവിൽ കേരളത്തിലെ സംഘടിത ഉൽപ്പന്ന നിർമ്മാണ മേഖലയിലെ തൊഴിൽ ഉല്പാദനക്ഷമത രൂപയിലും ശതമാനത്തിലും*




*അവലംബം:* വ്യവസായങ്ങളുടെ വാർഷിക സർവേ

**ചിത്രം 14.2** *2000-01 മുതൽ 2022-23 വരെയുള്ള കാലയളവിൽ കേരളത്തിലെ സംഘടിത ഉൽപ്പന്ന നിർമ്മാണ മേഖലയിലെ ഒരു ജീവനക്കാരന്റെ ശരാശരി വരുമാനം രൂപയിലും ശതമാനത്തിലും*

സാങ്കേതിക വിദ്യയുടെ ഉപയോഗത്തിൽ കേരളത്തിലെ ഫാക്ടറികളെ നാല് തലങ്ങളായി തിരിക്കാം: സാങ്കേതിക വിദ്യയുടെ ഉപയോഗം കുറവുള്ള തലം - ലോ ടെക്- (ഭക്ഷണം, തുണിത്തരങ്ങൾ, പുകയില മുതലായവ); ഇടത്തരം സാങ്കേതിക തലം - മീഡിയം ടെക്- (റബ്ബർ, സിമൻറ്, മെറ്റൽസ് മുതലായവ); ഇടത്തരം - ഉയർന്ന സാങ്കേതിക തലം - മീഡിയം ഹൈടെക്- (കെമിക്കൽസ്, മെഷിനറി, വാഹനങ്ങൾ മുതലായവ); ഉയർന്ന സാങ്കേതിക തലം - ഹൈ ടെക്- (ഫാർമ, ഇലക്ട്രോണിക്സ്) എന്നിങ്ങനെ. സമീപ വർഷങ്ങളിൽ, ഇടത്തരം സാങ്കേതികം, ഇടത്തരം - ഉയർന്ന സാങ്കേതികം, ഉയർന്ന സാങ്കേതികം എന്നീ തലങ്ങളിലെ ഫാക്ടറികളിൽ തൊഴിൽ വിഹിതം വർദ്ധിക്കുകയും, സാങ്കേതിക വിദ്യയുടെ ഉപയോഗം കുറവുള്ള മേഖലകളിൽ കുറയുകയും ചെയ്തു. ഇടത്തരം - ഉയർന്ന സാങ്കേതിക തലങ്ങളിലെ ഫാക്ടറികളുടെ കാര്യത്തിൽ തൊഴിൽ വിഹിതത്തിലെ വർദ്ധനവ് പ്രകടമാണ്. ഇത് ഉയർന്ന സാങ്കേതിക തലത്തിലെ ഫാക്ടറികളിലെ വർദ്ധിച്ച തൊഴിലവസരങ്ങളെയും ആ മേഖലയിലെ തൊഴിൽ രീതികളിലെ മാറ്റത്തെയും സൂചിപ്പിക്കുന്നു. സാങ്കേതിക വിദ്യ കുറഞ്ഞ തലത്തിലെ തൊഴിൽ ഇടിവിന് പ്രധാന കാരണം വർദ്ധിച്ച യന്ത്രവൽക്കരണവും അതിന്റെ ഫലമായി ഉൽപ്പാദനക്ഷമതയിലുണ്ടായ വർദ്ധനവുമാണ്. തൊഴിലുടമകൾക്കും തൊഴിലാളികൾക്കും നേട്ടങ്ങൾ ഉറപ്പാക്കും വിധം ഉൽപ്പാദന മേഖല നവീകരിക്കാനുള്ള സംസ്ഥാന സർക്കാരിന്റെ ശ്രമങ്ങളുമായി ഈ മാറ്റങ്ങൾ പൊരുത്തപ്പെടുന്നു.

**13, 14 പഞ്ചവത്സര പദ്ധതികളിലെ വ്യാവസായിക സംരംഭങ്ങൾ**

രണ്ട് സമീപനങ്ങളിലൂടെ കേരളത്തിലെ ഉൽപ്പന്ന നിർമ്മാണം ശക്തിപ്പെടുത്താനാണ് 13-ാം പഞ്ചവത്സര പദ്ധതി ഊന്നൽ നൽകിയത്. സംസ്ഥാനത്തിന്റെ കാർഷിക, പ്രകൃതി, സമുദ്ര വിഭവങ്ങളുമായി ശക്തമായ ബന്ധമുള്ള ഭക്ഷ്യ-കാർഷിക അധിഷ്ഠിത വ്യവസായങ്ങളിലായിരുന്നു ആദ്യ ശ്രദ്ധ. അരി, നാളികേരം, റബ്ബർ, കുരുമുളക്, ഏലം, വാഴപ്പഴം, പൈനാപ്പിൾ തുടങ്ങിയ കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യം വർദ്ധിപ്പിക്കുന്ന വ്യവസായങ്ങൾ, വനം, സമുദ്ര വിഭവങ്ങൾ, കയർ, കശുവണ്ടി സംസ്കരണം തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. കെമിക്കൽ, പെട്രോകെമിക്കൽ, ഇലക്ട്രോണിക്സ്, തുറമുഖ അധിഷ്ഠിത, എഞ്ചിനീയറിംഗ് മേഖലകൾ തുടങ്ങിയ പ്രത്യേക വിഭാഗങ്ങളിലെ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കലായിരുന്നു രണ്ടാമത്തെ സമീപനം. കമ്പ്യൂട്ടിംഗ്, മാദ്ധ്യമ സാങ്കേതികവിദ്യകൾ, ബയോ ടെക്നോളജി, നാനോ ടെക്നോളജി, ലൈഫ് സയൻസസ് സംരംഭങ്ങളും ഇതിൽ ഉൾപ്പെടുന്നു.

കയർ, കശുവണ്ടി, കൈത്തറി തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങൾക്ക് ആധുനികവൽക്കരണത്തിനും, ഉൽപാദനം വൈവിധ്യവൽക്കരിക്കാനുമുള്ള നിക്ഷേപങ്ങളിലൂടെയും വേതനവും തൊഴിലും സുസ്ഥിരമാക്കാനുള്ള നടപടികളിലൂടെയും പിന്തുണ നൽകി.




*അവലംബം:* വ്യവസായങ്ങളുടെ വാർഷിക സർവേ

**ചിത്രം 14.3** *കേരളത്തിലെ സംഘടിത ഉൽപ്പന്ന നിർമ്മാണ മേഖലയിലെ ഓരോ ജീവനക്കാരനും ലഭ്യമായ മൂലധനം, 2000 - 01 മുതൽ 2022 - 23 വരെ (വളർച്ചാ സൂചിക)*




*അവലംബം:* വ്യവസായങ്ങളുടെ വാർഷിക സർവേ

**ചിത്രം 14.4** *കേരളത്തിലെ സംഘടിത ഉൽപ്പന്ന നിർമ്മാണ മേഖലയിലെ തൊഴിൽ ഉൽപാദനക്ഷമത, 2000 - 01 മുതൽ 2022 - 23 വരെ (വളർച്ചാ സൂചിക)*

14-ാം പഞ്ചവത്സര പദ്ധതി ഉത്തരവാദിത്ത നിക്ഷേപവും ഉത്തരവാദിത്ത വ്യവസായവും മാർഗ്ഗ നിർദ്ദേശ തത്വമായി സ്വീകരിച്ചു. തൊഴിലാളി ക്ഷേമം, പാരിസ്ഥിതിക സുസ്ഥിരത, സാമൂഹിക പ്രതിബദ്ധത എന്നിവ കണക്കിലെടുത്തുള്ള മൂല്യാധിഷ്ഠിത ഉൽപ്പാദനത്തിന് ഊന്നൽ നൽകിക്കൊണ്ട്,പാരിസ്ഥിതികവുംസാമൂഹികവുംഭരണപരവുമായ മാനദണ്ഡങ്ങൾ പാലിക്കുന്ന വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുകയാണ് സംസ്ഥാനത്തിന്റെ ലക്ഷ്യം. പാരിസ്ഥിതിക സുസ്ഥിരതയും, ഉൽപ്പാദനക്ഷമതയും ഉള്ളതും, തൊഴിൽ ദായകവുമായ ഒരു വ്യാവസായിക നിക്ഷേപ കേന്ദ്രമായി കേരളത്തെ വികസിപ്പിക്കുക എന്നതായിരുന്നു ലക്ഷ്യം.

വ്യാവസായിക ഉപയോഗത്തിനുള്ള ഭൂലഭ്യത കുറവായ കേരളത്തിന്റെ മത്സരക്ഷമമായ തനത് മേന്മകൾ പ്രയോജനപ്പെടുത്തി, ആധുനിക സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ (എം.എസ്.എം.ഇ) പതിന്നാലാം പദ്ധതി പ്രോത്സാഹിപ്പിച്ചു.

സാങ്കേതിക വിദ്യാധിഷ്ഠിതമായി വളർന്നുവരുന്ന "സൺറൈസ് സെക്ടറുകൾ", പ്രത്യേകിച്ച് ലൈഫ് സയൻസസ്, ബയോടെക്നോളജി, കാർഷിക, ഭക്ഷ്യ സംസ്കരണം, ഫാർമസ്യൂട്ടിക്കൽസ്, മരുന്ന് നിർമ്മാണം, പെട്രോകെമിക്കൽസ്, സ്പെഷ്യാലിറ്റി കെമിക്കൽസ് എന്നിവയുൾപ്പെടെയുള്ള വികസനത്തിന് സംസ്ഥാനം മുൻഗണന നൽകുന്നത് തുടരുന്നു. ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തികൊണ്ട് പുതിയ വിപണികൾ കണ്ടെത്തി പരമ്പരാഗത വ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കാനുള്ള ശ്രമം 14-ാം പദ്ധതിയിലൂടെ നടത്തി വരുന്നു.

പഞ്ചവത്സര പദ്ധതികൾ മുന്നോട്ടുവച്ച കാഴ്ചപ്പാട് പദ്ധതികളും പരിപാടികളുമായി നടപ്പാക്കുന്നതിലും കേരളം മുന്നോട്ടു പോയിട്ടുണ്ട്. ചിത്രം 14.5 സർക്കാർ ഇടപെടലിന്റെ വിവിധ വശങ്ങൾ കാണിക്കുന്നു.

**വ്യാവസായിക വികസനത്തിനുള്ള ധനസഹായം**

സർക്കാരിന്റെ കീഴിലുള്ള പ്രത്യേക ധനസഹായ ഏജൻസികൾ വഴി സംസ്ഥാന സർക്കാരും, വാണിജ്യ ബാങ്കുകളുമാണ് കേരളത്തിലെ വ്യാവസായിക വികസനത്തിനുള്ള പ്രധാന ധനസഹായ സ്രോതസ്സുകൾ. 2016-17 മുതൽ, ചെറുകിട വ്യവസായങ്ങൾ, വാണിജ്യം, പരമ്പരാഗത വ്യവസായങ്ങൾ, ഇടത്തരം, വൻകിട വ്യവസായങ്ങൾ, മൈനിംഗ് ആൻഡ് ജിയോളജി എന്നിവ ഉൾപ്പെടുന്ന വാർഷിക പദ്ധതികൾ വഴി സംസ്ഥാന സർക്കാർ വ്യവസായത്തിനായി ₹7,448 കോടിയിലധികം ചെലവഴിച്ചു. വ്യാവസായിക വികസനത്തിനുള്ള സംസ്ഥാന സർക്കാരിന്റെ ധനസഹായം മൂല്യ ശൃംഖലയുടെ വിവിധ ഘട്ടങ്ങളിലുടനീളം ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കുന്നു.




**ചിത്രം 14.5** *കേരളത്തിലെ വ്യവസായ മേഖലയിൽ സർക്കാർ ഇടപെടലിന്റെ വിവിധ വശങ്ങൾ.*

സംസ്ഥാനത്തെ വ്യാവസായിക വികസനത്തെ പിന്തുണയ്ക്കുന്ന സർക്കാരിന്റെ പ്രത്യേക ഏജൻസികളാണ് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനും (കെഎസ്ഐഡിസി) കേരള ഫിനാൻസ് കോർപ്പറേഷനും (കെഎഫ്സി). ഇവ സർക്കാർ ഫണ്ടുകളും സ്വന്തം വിഭവങ്ങളും ഉപയോഗിച്ച് ഓഹരി, വായ്പകൾ, മറ്റ് സാമ്പത്തിക സഹായങ്ങൾ എന്നിവയിലൂടെ സംരംഭങ്ങളെ പിന്തുണയ്ക്കുന്നു. 2016-17 നും 2024-25 നും ഇടയിൽ, കെഎസ്ഐഡിസിയുടെ സഹായം വിപുലമാക്കി. കെഎസ്ഐഡിസി ഓഹരി മൂലധനമായി ₹6,263 കോടി രൂപയും വായ്പയായി ₹1,779 കോടി രൂപയും വിതരണം ചെയ്തു. ഇതിൽ 77 ശതമാനവും തിരിച്ചുപിടിച്ചു. കെ.എസ്.ഐ.ഡി.സി പിന്തുണയ്ക്കുന്ന യൂണിറ്റുകളുടെ എണ്ണം 2016-17 ലെ 12 ൽ നിന്ന് 2024-25 ൽ 133 ആയി വർദ്ധിച്ചു. സ്ത്രീകൾ നയിക്കുന്ന സംരംഭങ്ങൾക്കും പ്രാരംഭഘട്ട സംരംഭങ്ങൾക്കും കെ.എസ്.ഐ.ഡി.സി വായ്പ നൽകുന്നു. വിതരണം ചെയ്ത വാർഷിക തുക 2016 ലെ ₹64 കോടിയിൽ നിന്ന് 2024 ൽ ₹2,166 കോടിയായി വർദ്ധിച്ചു.

ഉൽപ്പന്ന നിർമ്മാണ, സേവന മേഖലകളിലെ പുതിയതും നിലവിലുള്ളതുമായ എംഎസ്എംഇകൾക്ക് കെഎഫ്സി ധനസഹായം നൽകുന്നു. ബാങ്കുകൾ ഈ ശ്രമങ്ങളെ പിന്തുണയ്ക്കുന്നുണ്ട്. എംഎസ്എംഇകൾക്കുള്ള വായ്പ വിഹിതത്തിലും വ്യാപ്തിയിലും വർദ്ധിച്ചു. എംഎസ്എംഇ വായ്പകൾ 2016 ൽ ₹39,463 കോടി രൂപയിൽ നിന്ന് 2024 ൽ ₹80,210 കോടി രൂപയായി ഇരട്ടിയിലധികം വർദ്ധിച്ചു. കേരളത്തിലെ പുതിയ വ്യാവസായിക അന്തരീക്ഷവും സംരംഭകരുടെ വിജയവും അത്തരം സംരംഭങ്ങൾക്ക് മുൻകൂർ വായ്പ നൽകുന്നതിന് ബാങ്കിംഗ് മേഖലയിൽ ആത്മവിശ്വാസം വളർത്തിയിട്ടുണ്ട്.

**വ്യാവസായിക പ്രോത്സാഹനവും നിക്ഷേപ സൗകര്യവും**

2016-17 മുതൽ, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ച്, എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളുന്നതും, പരിസ്ഥിതി സൗഹൃദവും, സുസ്ഥിരവുമായ സാമ്പത്തിക വളർച്ചയിലൂടെ കേരളത്തെ നിക്ഷേപക സൗഹൃദ കേന്ദ്രമാക്കുക എന്ന കാഴ്ചപ്പാടാണ് സംസ്ഥാന സർക്കാരിനുള്ളത്. കേരളത്തിലെ വ്യാവസായിക വളർച്ചയുടെ പുതിയ പാതയിൽ വ്യാവസായിക പ്രോത്സാഹനവും നിക്ഷേപ സൗകര്യവും പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. ശക്തമായ ഒരു വ്യാവസായിക നയത്തിന്റെ ആവശ്യകത മനസ്സിലാക്കിയ കേരള സർക്കാർ, വ്യാവസായിക വളർച്ച

ത്വരിതപ്പെടുത്താനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും 2023 ൽ പുതിയ വ്യാവസായിക നയം അവതരിപ്പിച്ചു.

നയത്തിൽ ഏഴ് പ്രധാന മേഖലകൾ തിരിച്ചറിഞ്ഞിട്ടുണ്ട്. സംരംഭകത്വം വളർത്തുക; അടിസ്ഥാന സൗകര്യങ്ങൾ പ്രാപ്തമാക്കുക; റോബോട്ടിക് നിർമ്മാണവും ഡാറ്റ വിശകലന ഉപകരണങ്ങളും സജ്ജമായ നാലാം വ്യാവസായിക വിപ്ലവം (IR 4.0), ഭാവിയിലെ ജോലികൾക്കായുള്ള നൈപുണ്യ നവീകരണം, മേഖലാ ആവാസ വ്യവസ്ഥ, ഇ.എസ്.ജി (പരിസ്ഥിതി, സാമൂഹിക, ഭരണപരം) മാനദണ്ഡങ്ങൾ പാലിക്കൽ, "കേരള" ബ്രാൻഡ് എന്നിവയാണ് അവ. 2023 ലെ പുതിയ വ്യാവസായിക നയത്തിൽ ശ്രദ്ധിക്കേണ്ട 22 മേഖലകൾ തിരിച്ചറിഞ്ഞിട്ടുണ്ട്. കുറഞ്ഞ പലിശ വായ്പകൾ, മൂലധന സബ്സിഡികൾ, വൈദ്യുതി തീരുവ ഇളവ്, ഐപിഒ വഴിയുള്ള ധനസഹായം, നിക്ഷേപ സബ്സിഡി, സംസ്ഥാന ചരക്ക് സേവന നികുതി (എസ്ജിഎസ്ടി) മടക്കി നൽകൽ (റീഇംബേഴ്സ്മെന്റ്), തൊഴിൽ വർദ്ധിപ്പിക്കൽ പ്രോത്സാഹനം, നിർമ്മാണ യൂണിറ്റുകൾ, സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ എന്നിവയ്ക്കുള്ള സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ചാർജുകൾ ഒഴിവാക്കൽ, വ്യാപാര മേളകളിൽ പങ്കെടുക്കാൻ പ്രോത്സാഹനം, ബൗദ്ധിക സ്വത്തവകാശ സൃഷ്ടി, ഗുണനിലവാര സർട്ടിഫിക്കേഷൻ പ്രോത്സാഹനം, സുസ്ഥിരതയ്ക്കും ഉത്തരവാദിത്ത വ്യവസായവൽക്കരണത്തിനുമുള്ള പ്രോത്സാഹനങ്ങൾ, ഉൽപ്പന്ന നിർമ്മാണത്തിൽ നാലാം വ്യാവസായിക വിപ്ലവ സംരംഭങ്ങൾ, ഗവേഷണ വികസന പ്രോത്സാഹനം, സ്റ്റാർട്ടപ്പുകൾക്ക് പിന്തുണ വർദ്ധിപ്പിക്കൽ, മെയ്ഡ് ഇൻ കേരള (ബ്രാൻഡിംഗ്, മാർക്കറ്റിംഗ്), ഉൽപ്പാദന അധിഷ്ഠിത ആനുകൂല്യങ്ങൾക്ക് (പ്രൊഡക്ഷൻ ലിങ്ക്ഡ് ഇൻസെന്റീവ്- പിഎൽഐ) നിക്ഷേപകരെ ആകർഷിക്കാനുള്ള പ്രത്യേക പാക്കേജ് എന്നിവ പ്രോത്സാഹനങ്ങളിൽ ഉൾപ്പെടുന്നു.

കേരളത്തിൽ സംരംഭങ്ങൾ തുടങ്ങാനുള്ള പ്രക്രിയ സുഗമമാക്കാൻ സംസ്ഥാന സർക്കാർ നിരവധി പരിഷ്കാരങ്ങൾ നടപ്പാക്കിയിട്ടുണ്ട്. വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കാനും നിക്ഷേപം സുഗമമാക്കാനും, വിവിധ ഡിജിറ്റൽ, നിയമനിർമ്മാണ പരിഷ്കാരങ്ങൾ നടപ്പാക്കിയതു വഴി ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് മെച്ചപ്പെടുത്തി. ഗവൺമെന്റ്-ടു-ബിസിനസ് സേവന വിതരണം കാര്യക്ഷമമാക്കാനുള്ള സംസ്ഥാന ബിസിനസ് പരിഷ്കരണ കർമ്മ പദ്ധതിയുടെ (സ്റ്റേറ്റ് ബിസിനസ് റിഫോംസ് ആക്ഷൻ പ്ലാൻ - എസ്ബിആർഎപി) ഭാഗമാണ് ഈ പരിഷ്കാരങ്ങൾ. ഇന്ത്യാ ഗവൺമെന്റിന്റെ വാണിജ്യ വ്യവസായ മന്ത്രാലയത്തിലെ വ്യവസായ, ആഭ്യന്തര വ്യാപാര പ്രോത്സാഹന വകുപ്പിന്റെ (ഡി.പി.ഐ.ഐ.ടി) മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട്, 2016 മുതൽ എസ്ബിആർഎപി പ്രാബല്യത്തിൽ വന്നു. ബിസിനസ് പരിഷ്കാരങ്ങൾ നടപ്പാക്കുന്നതിൽ സംസ്ഥാനം ഗണ്യമായ പുരോഗതി കൈവരിച്ചു. നടപ്പാക്കിയ പരിഷ്കാരങ്ങൾ 2016 ൽ 22.8 ശതമാനത്തിൽ നിന്ന് 2024 ൽ 99.1 ശതമാനമായി വർദ്ധിച്ചു എസ്ബിആർഎപിയിൽ 2024 ൽ കേരളം അതിവേഗം മുന്നേറിയ സംസ്ഥാനം (ഫാസ്റ്റ് മൂവർ) ആയി അംഗീകരിക്കപ്പെട്ടു. നാല് പരിഷ്കരണ മേഖലകളിൽ ഒന്നാം സ്ഥാനവും (ടോപ്പ് അച്ചീവർ) നേടി. എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും വച്ച് ഏറ്റവും ഉയർന്ന സകോർ. 2019ലെ 28-ാം സ്ഥാനത്ത് നിന്ന് 2024 ൽ ഒന്നാം സ്ഥാനത്തേക്ക് (ഫാസ്റ്റ് മൂവർ വിഭാഗം) റാങ്കിംഗ് മെച്ചപ്പെടുത്തിയ കേരളത്തിന്റെ ഈ നേട്ടം ഗണ്യമായ ഒരു വഴിത്തിരിവാണ്. ഈ പുരോഗതി സംസ്ഥാനത്തിന്റെ ബിസിനസ് സൗഹൃദ പരിഷ്കാരങ്ങളുടെ ഗുണപരമായ സ്വാധീനം എടുത്തുകാണിക്കുന്നു.

സംസ്ഥാനത്ത് ഇപ്പോൾ കെ-സ്വിഫ്റ്റ് (കേരള സിംഗിൾ വിൻഡോ ഇന്റർഫേസ് ഫോർ ഫാസ്റ്റ് ആൻഡ് ട്രാൻസ്പേരന്റ് ക്ലിയറൻസ്) എന്ന ഏകജാലക സംവിധാനമുണ്ട്. ഇതിലൂടെ ബിസിനസുകൾക്ക് 22 വകുപ്പുകളിലായി 113 സംസ്ഥാനതല, ദേശീയതല അനുമതികൾ നേടാൻ കഴിയും. കൂടാതെ, കെ-സ്വിഫ്റ്റ് നാഷണൽ സിംഗിൾ വിൻഡോ സിസ്റ്റവുമായി (എൻഎസ്ഡബ്ല്യുഎസ്) സംയോജിപ്പിച്ചതുവഴി ബിസിനസുകൾക്ക് ആവശ്യമായ കേന്ദ്ര അനുമതികൾ നേടാനും അനുമതി നേടൽ പ്രക്രിയ മൊത്തം കാര്യക്ഷമമാക്കാനും കഴിഞ്ഞു. വകുപ്പുതല പരിശോധനകൾ ഷെഡ്യൂൾ ചെയ്യാൻ രൂപകൽപ്പന ചെയ്ത ഓൺലൈൻ പ്ലാറ്റ്ഫോമായ കേരള കേന്ദ്രീകൃത പരിശോധനാ സംവിധാനവും (കേരള സെൻട്രലൈസ്ഡ് ഇൻസ്പെക്ഷൻ സിസ്റ്റം-കെ-സിസ്) സംസ്ഥാനം നടപ്പാക്കിയിട്ടുണ്ട്. ഇത് പരിശോധനാ പ്രക്രിയയിൽ കൂടുതൽ സുതാര്യതയും നിഷ്പക്ഷതയും ഉറപ്പാക്കുന്നു. തൊഴിൽ, ഫാക്ടറീസ് & ബോയിലേഴ്സ്, മലിനീകരണ നിയന്ത്രണ ബോർഡ്, ലീഗൽ മെട്രോളജി തുടങ്ങിയ വകുപ്പുകൾ നിർദ്ദിഷ്ട നിയമങ്ങൾ പാലിക്കുന്നുണ്ടോ എന്ന പരിശോധനകൾ നടത്തുന്നതിനും കെ-സിസ് ഉപയോഗിക്കുന്നു. ഇതിലൂടെ ആകെ 25,000 പരിശോധനകൾ നടത്തിയിട്ടുണ്ട്.

2018 ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്ട് ഒരു സുപ്രധാന നാഴികക്കല്ലാണ്.യോഗ്യതാ മാനദണ്ഡങ്ങൾ പാലിക്കുന്ന അപേക്ഷകൾ 30 ദിവസങ്ങൾക്കുള്ളിൽ അംഗീകരിക്കണമെന്ന് ഇത് അനുശാസിക്കുന്നു. വിവിധ നിയമനിർമ്മാണങ്ങൾ പ്രകാരം ആവശ്യമായ വിവിധ ലൈസൻസുകൾ, അനുമതികൾ, അംഗീകാരങ്ങൾ, ക്ലിയറൻസുകൾ എന്നിവ നൽകുന്നതിലെ കാലതാമസം ഒഴിവാക്കാനും നിക്ഷേപ അന്തരീക്ഷം മെച്ചപ്പെടുത്താനും ഈ നിയമം ലക്ഷ്യമിടുന്നു. 2019 ലെ കേരള മൈക്രോ, സ്മോൾ, മീഡിയം എന്റർപ്രൈസസ് ഫെസിലിറ്റേഷൻ ആക്ട്, 2021 ലെ കേരള മൈക്രോ സ്മോൾ മീഡിയം എന്റർപ്രൈസസ് ഫെസിലിറ്റേഷൻ (ഭേദഗതി) ആക്ട്, 2022 ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡുകൾ, ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റ് (ഭേദഗതി) ആക്ട് (പരാതി പരിഹാര സംവിധാനം) എന്നിവ നടപ്പിലാക്കിക്കൊണ്ട് പരിഷ്കരണ പ്രക്രിയ തുടർന്നുവരുന്നു . ഇവ കേരളത്തിലെ ഉൽപ്പന്ന നിർമ്മാണത്തിന്റെ വളർച്ച സുഗമമാക്കി.

### വ്യാവസായിക അടിസ്ഥാന സൗകര്യങ്ങളും പാർക്ക് അധിഷ്ഠിത വ്യാവസായിക വികസനവും

ചെറിയ സംസ്ഥാനമായ കേരളത്തിൽ വ്യാവസായിക ഉപയോഗത്തിനുള്ള ഭൂമി കുറവാണ്. ലഭ്യമായ ഭൂമിയുടെ ഗണ്യമായ ഭാഗം പരിസ്ഥിതി ലോല വിഭാഗത്തിൽ

**ബോക്സ് 14.1**

**കേരള ആഗോള നിക്ഷേപക സംഗമം 2025**

സംസ്ഥാന സർക്കാർ സംഘടിപ്പിച്ച കേരള ആഗോള നിക്ഷേപക സംഗമം 2025, കേരളത്തിന്റെ ചരിത്രത്തിലെ ഇത്തരത്തിലുള്ള ഏറ്റവും വലിയ പരിപാടിയായിരുന്നു. അതിലൂടെ കേരളത്തെ ഒരു ആഗോള നിക്ഷേപ കേന്ദ്രമായി ഉയർത്തിക്കാട്ടി. 449 താൽപ്പര്യ പത്രങ്ങളിലൂടെ സംഗമത്തിൽ അഭൂതപൂർവമായ പ്രതികരണമാണ് ലഭിച്ചത്. ഇതിലൂടെ ഏകദേശം 1.8 ലക്ഷം കോടി രൂപയുടെ നിക്ഷേപം ആകർഷിക്കാൻ കഴിഞ്ഞു. 5.8 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള സാധ്യതയും തുറന്നു കിട്ടി.

26 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ, ഏകദേശം 4,000 വ്യവസായ പ്രമുഖർ, സ്റ്റാർട്ടപ്പുകൾ, നിക്ഷേപകർ എന്നിവരുടെ പങ്കാളിത്തവും 115 പ്രദർശനങ്ങളുമായിരുന്നു സംഗമത്തിന്റെ പ്രധാന ആകർഷണം. സംഗമത്തിൽ ആറ് ദേശീയ സെഷനുകളും വിവിധ ബി- ടു- ബി മീറ്റിംഗുകളും സംഘടിപ്പിച്ചു. നിക്ഷേപ സംഗമത്തിന്റെ വിവരങ്ങളുള്ള ഒരു പ്രത്യേക മൊബൈൽ ആപ്ലിക്കേഷനിലൂടെ, വ്യാവസായിക ഭൂമിയുള്ള വ്യക്തികൾക്ക് അതിന്റെ വിവരങ്ങൾ വ്യവസായം തുടങ്ങുന്നതിന് താൽപ്പര്യമുള്ള നിക്ഷേപകരുമായി പങ്കുവയ്ക്കാൻ കഴിഞ്ഞു. കിൻഫ്ര, കെഎസ്ഐഡിസി, സർക്കാർ എസ്റ്റേറ്റുകൾ, സംസ്ഥാനത്തെ അംഗീകൃത സ്വകാര്യ വ്യവസായ പാർക്കുകൾ എന്നിവയുടെ വിശദാംശങ്ങളും ആപ്പിൽ ലഭ്യമാക്കി.

മാരിടൈം - ലോജിസ്റ്റിക്സ്, മാലിന്യ സംസ്കരണവും പുനരുപയോഗവും, ആയുർവേദം - ഫാർമസ്യൂട്ടിക്കൽസ്, ടൂറിസം, ഭക്ഷ്യ സംസ്കരണം, റീട്ടെയിൽ എന്നിവയുൾപ്പെടെ നിരവധി മേഖലാധിഷ്ഠിത യോഗങ്ങളുടെ പരിസമാപ്തിയായിരുന്നു നിക്ഷേപ സംഗമം. സംഗമത്തിന്റെ പ്രചാരണത്തിനായി ദുബായ്, ഡൽഹി, മുംബയ്, ബംഗളൂരു, കോയമ്പത്തൂർ, ചെന്നൈ എന്നിവിടങ്ങളിൽ റോഡ് ഷോകൾ സംഘടിപ്പിച്ചു. സംഗമത്തിന് മുന്നോടിയായി വിഴിഞ്ഞത്തെ ഒരു പ്രമുഖ ആഗോള വ്യാപാര കേന്ദ്രമായി ഉയർത്തിക്കാട്ടുന്ന വിഴിഞ്ഞം കോൺക്ലേവും അതോടൊപ്പം തിരുവനന്തപുരത്ത് കേരള ഓട്ടോമോട്ടീവ് കോൺക്ലേവും നടന്നു.

നിക്ഷേപത്തിലുണ്ടായ ഈ ഉണർവ് ഇതിനകം തന്നെ പദ്ധതികൾ നടപ്പാക്കുന്നതിലേക്ക് നയിച്ചിട്ടുണ്ട്. 2025 ഡിസംബർ 31 ലെ കണക്കനുസരിച്ച് 35,608.2 കോടി രൂപയുടെ സജീവ നിക്ഷേപമുള്ള 109 പദ്ധതികളുടെ (24.3 ശതമാനം) നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

പെടുന്നതിനാൽ ഭൂമിക്ക് വില വളരെ കൂടുതലാണെന്ന വസ്തുത സ്ഥിതി ഏറെ സങ്കീർണ്ണമാക്കുന്നു. ഈ വെല്ലുവിളി മറികടക്കാൻ, എംഎസ്എംഇകളെ പിന്തുണയ്ക്കുന്നതിന് ആവശ്യമായ സൗകര്യങ്ങളുള്ള വ്യവസായ പാർക്കുകൾ സർക്കാർ വികസിപ്പിച്ചുകൊണ്ടിരിക്കുകയാണ്. സമീപ വർഷങ്ങളിൽ, പുതിയ വ്യവസായ പാർക്കുകൾ സൃഷ്ടിക്കാനും, നിലവിലുള്ള പാർക്കുകൾ വിപുലീകരിക്കാനും, നിലവിലുള്ള പാർക്കുകളിലെ ഉപയോഗിക്കാത്ത ഭൂമി ഉപയോഗപ്രദമാക്കാനും, നിലവിലുള്ള പാർക്കുകളിൽ ആധുനികമോ പുതിയതോ ആയ സൗകര്യങ്ങൾ വികസിപ്പിക്കാനും, പാർക്കുകൾക്ക് ഭൂമിയും അടിസ്ഥാന സൗകര്യങ്ങളും അനുവദിക്കുന്നതിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാനും സർക്കാർ ഊന്നൽ നൽകി.

2016-17 ൽ, കെഎസ്ഐഡിസിക്ക് 6 വ്യാവസായിക പാർക്കുകൾ ഉണ്ടായിരുന്നു. 5.7 ഏക്കറിൽ വികസിപ്പിച്ച ഭൂമി 11 യൂണിറ്റുകൾക്കായി അനുവദിച്ചു. 145 പേർക്ക് തൊഴിൽ ലഭിച്ചു. 2025-26 ൽ ഇത് 11 ആയി വർദ്ധിച്ചു. 360 യൂണിറ്റുകൾക്കായി 707.3 ഏക്കറിൽ വികസിപ്പിച്ച ഭൂമി അനുവദിച്ചു. ഇത് 12,950 പേർക്ക് തൊഴിൽ നൽകി. കെഎസ്ഐഡിസി ഇൻഡസ്ട്രിയൽ സ്പേസ് (കാസർഗോഡ്), ബിസിനസ് പാർക്ക് (അങ്കമാലി), കോക്കനട്ട് ഇൻഡസ്ട്രിയൽ പാർക്ക് എന്നിവ വികസിപ്പിച്ചു വരുന്നു. കെഎസ്ഐഡിസിയുടെ കീഴിലുള്ള പാർക്കുകളുടെ പ്രധാന നേട്ടങ്ങൾ ഇനി പറയുന്നവയാണ്:

**ലൈഫ് സയൻസ് പാർക്ക്:** ലൈഫ് സയൻസ്/ബയോടെക്നോളജി/നാനോ ടെക്നോളജി മേഖലകളുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ ലൈഫ് സയൻസസ് മേഖലയ്ക്കായി മാത്രമുള്ള പാർക്ക് വികസിപ്പിച്ചുകൊണ്ടിരിക്കുന്നു. 2025 ഡിസംബർ വരെ 650 കോടി രൂപയുടെ നിക്ഷേപം നേടിക്കൊണ്ട് 17 കമ്പനികൾ പ്രവർത്തനക്ഷമമാക്കുകയും 700 പേർക്ക് തൊഴിൽ ലഭ്യമാക്കുകയും ചെയ്തു. പാർക്കിന്റെ ഒന്നാം ഘട്ടം പൂർത്തിയായി. രണ്ടാം ഘട്ടത്തിന്റെ ഏകദേശം 95 ശതമാനവും പൂർത്തിയായി.

**മെഡിക്കൽ ഡിവൈസസ് പാർക്ക്:** കെഎസ്ഐഡിസിയും ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയും (എസ്‌സിടിഐഎംഎസ്ടി) സംയുക്തമായി നടപ്പാക്കുന്ന 260 കോടി രൂപയുടെ പദ്ധതി ലൈഫ് സയൻസസ് പാർക്കിന്റെ (ഘട്ടം -1 ൽ) 9 ഏക്കറിൽ വികസിപ്പിക്കുന്നു. പ്രോട്ടോടൈപ്പ് ആൻഡ് ഇൻകുബേഷൻ സെന്ററിന്റെയും അനിമൽ ഹൗസിന്റെയും നിർമ്മാണം പൂർത്തിയായി.

**ചേർത്തല മെഗാ ഫുഡ് പാർക്ക്:** ചേർത്തലയിലെ പള്ളിപ്പുറത്ത് 64 ഏക്കറിൽ 129 കോടി രൂപ ചെലവിൽ മെഗാ ഫുഡ് പാർക്ക് സ്ഥാപിച്ചു. ₹1000 കോടി നിക്ഷേപവും 3,000 പേർക്ക് തൊഴിലും പ്രതീക്ഷിക്കുന്ന പാർക്കിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു. നിലവിൽ അഞ്ച് യൂണിറ്റുകൾ പ്രവർത്തനക്ഷമമാണ്. 22 യൂണിറ്റുകൾക്ക് കൂടി ഭൂമി അനുവദിച്ചിട്ടുണ്ട്. പാർക്കിൽ വികസിപ്പിച്ച സൗകര്യങ്ങളിൽ 20,000 ചതുരശ്ര അടി സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി കെട്ടിടം, ഒരു പൊതു സൗകര്യ കേന്ദ്രം, 9,000 ചതുരശ്ര അടി വെയർ ഹൗസ് എന്നിവ ഉൾപ്പെടുന്നു.

**പട്ടിക 14.1** *കിൻഫ്ര പൂർത്തിയാക്കിയ പാർക്ക് പദ്ധതികൾ, 2017 - 2025*

| ക്രമ നമ്പർ | പാർക്കിന്റെ പേര് | നിർമ്മാണ സ്വഭാവം | ഉദ്ഘാടന വർഷം |
|---|---|---|---|
| 1 | കിൻഫ്ര ചെറുകിട വ്യവസായ പാർക്ക്,തലശ്ശേരി | സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി കെട്ടിടം | 2017 |
| 2 | കിൻഫ്ര ചെറുകിട വ്യവസായ പാർക്ക്, കൊരട്ടി, തൃശൂർ | സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി കെട്ടിടം | 2020 |
| 3 | കിൻഫ്ര മെഗാ ഫുഡ് പാർക്ക്, പാലക്കാട് | പാർക്ക് | 2020 |
| 4 | കിൻഫ്ര ഡിഫൻസ് പാർക്ക്, ഒറ്റപ്പാലം, പാലക്കാട് | പാർക്ക് | 2021 |
| 5 | കിൻഫ്ര മിനി ഇൻഡസ്ട്രിയൽ പാർക്ക്, മുണ്ടയ്ക്കൽ, കൊല്ലം | പാർക്ക് | 2021 |
| 6 | കിൻഫ്ര ടെക്നോ ഇൻഡസ്ട്രിയൽ പാർക്ക്, കാക്കഞ്ചേരി, മലപ്പുറം | സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി കെട്ടിടം | 2021 |
| 7 | കിൻഫ്ര ഫിലിം ആൻഡ് വീഡിയോ പാർക്ക്, തിരുവനന്തപുരം | സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി കെട്ടിടം | 2022 |
| 8 | കിൻഫ്ര അഡ്വാൻസ് ടെക്നോളജി പാർക്ക്, രാമനാട്ടുകര, കോഴിക്കോട് | സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി കെട്ടിടം | |
| 9 | കിൻഫ്ര സ്പൈസസ് പാർക്ക്, മുട്ടം, ഇടുക്കി (ഘട്ടം I) | വ്യവസായ പാർക്ക് | 2023 |
| 10 | കിൻഫ്ര ഇന്റർനാഷണൽ എക്സിബിഷൻ സെന്റർ, കാക്കനാട്, കൊച്ചി | എക്സിബിഷൻ സെന്റർ | 2024 |
| 11 | കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്ക്, മട്ടന്നൂർ | സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി കെട്ടിടം | |
| 12 | കിൻഫ്ര ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ, കാക്കനാട്, കൊച്ചി | കൺവെൻഷൻ സെന്റർ | 2025 |
| 13 | കിൻഫ്ര മിനി ഇൻഡസ്ട്രിയൽ പാർക്ക്, തോന്നയ്ക്കൽ, തിരുവനന്തപുരം | പാർക്ക് | |

അവലംബം : കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ

2016 നും 2025 നും ഇടയിൽ, കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കിൻഫ്ര) 928 യൂണിറ്റുകൾക്കായി 766 ഏക്കർ സ്ഥലവും 13,50,867 ചതുരശ്ര അടി കെട്ടിട വിസ്തൃതിയും വികസിപ്പിച്ച് അനുവദിച്ചു. ഇത് വഴി 46,013 പേർക്ക് തൊഴിൽ സൃഷ്ടിക്കുകയും 4,868 കോടി രൂപയുടെ നിക്ഷേപങ്ങൾ ആകർഷിക്കുകയും ചെയ്തു. ടിസിഎസ്, ടാറ്റ എൽക്സി, വി-ഗാർഡ്, അഗാപ്പെ ഡയഗ്നോസ്റ്റിക്സ്, ഹൈക്കോൺ, വിൻവിഷ് ടെക്നോളജീസ്, ട്രാൻസ്-ഏഷ്യൻ ഷിപ്പിംഗ് കമ്പനി, ജോളി കോട്ട്സ്, ഡി-സ്പേസ്, ജെൻറോബോട്ടിക്സ് എന്നിവ ഉൾപ്പെടെ മുൻനിര കമ്പനികൾ ഈ പാർക്കിൽ പ്രവർത്തിക്കുന്നു. കിൻഫ്ര അതിന്റെ എല്ലാ പാർക്കുകളിലും ഏക ജാലക ക്ലിയറൻസ് സംവിധാനം ഫലപ്രദമായി നടപ്പാക്കിയിട്ടുണ്ട്. പൂർത്തിയാക്കിയ പാർക്ക് പദ്ധതികളുടെ വിവരങ്ങൾ പട്ടിക 14.1 ൽ കൊടുത്തിരിക്കുന്നു.

കിൻഫ്രയുടെ കീഴിൽ നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ ഇവയാണ്:

**തിരുവനന്തപുരം ടെക്നോ പാർക്കിലെ യൂണിറ്റി മാൾ:** കേരളത്തിൽ നിന്നും മറ്റ് സംസ്ഥാനങ്ങളിൽ നിന്നുമുള്ള പരമ്പരാഗതവും, പ്രാദേശികമായി നിർമ്മിച്ചതും ജിഐ-ടാഗ് ചെയ്തതുമായ ഉൽപ്പന്നങ്ങളെ പ്രോത്സാഹിപ്പിക്കാൻ ഒരു സമർപ്പിത വേദി നൽകാനുള്ള 120 കോടി രൂപയുടെ പദ്ധതിയാണിത്. അഞ്ച് നിലകളുള്ള വാണിജ്യ കെട്ടിടത്തിൽ ആംഫി തിയേറ്റർ, വിശാലമായ ചില്ലറ വിൽപ്പന ശാലകൾ, പ്രദർശനങ്ങൾ നടത്താനുള്ള സ്ഥലം, കോൺഫറൻസ് മുറികൾ, പാർക്കിംഗ് സൗകര്യങ്ങൾ, വലിയ ഓഡിറ്റോറിയം എന്നിവ ഉൾപ്പെടുന്നു. കേന്ദ്ര സർക്കാരിന്റെ പലിശരഹിത വായ്പയുടെ പകുതിയും അനുവദിച്ചു, നിർമ്മാണം അതിവേഗം പുരോഗമിക്കുന്നു.

**തോന്നയ്ക്കൽ മിനി ഇൻഡസ്ട്രിയൽ പാർക്ക്:**

എംഎസ്എംഇ കൾക്കായി മംഗലപുരം പഞ്ചായത്തിലെ വെല്ലൂർ ഗ്രാമത്തിൽ 7.5 ഏക്കറിലധികം വിസ്തൃതിയുള്ള ഒരു മിനി വ്യാവസായിക പാർക്കാണിത്. മലിനീകരണമില്ലാത്ത വ്യവസായങ്ങൾക്കായി പാർക്കിൽ റോഡുകൾ, ജല, വൈദ്യുതി വിതരണ സംവിധാനങ്ങൾ, 24 മണിക്കൂർ സുരക്ഷ, തെരുവ് വിളക്കുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കും. മൊത്തം പദ്ധതി ചെലവ് 9 കോടി രൂപയാണ്. പദ്ധതി 30 കോടി രൂപയുടെ നിക്ഷേപം ആകർഷിക്കുകയും 300 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും

ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. പാർക്കിലെ അലോട്ട്മെന്റ് നടപടികൾ പുരോഗമിക്കുകയാണ്. അനുവദിക്കാവുന്ന 6.4 ഏക്കർ ഭൂമിയിൽ 5.8 ഏക്കർ 14 സംരംഭകർക്ക് അനുവദിച്ചിട്ടുണ്ട്.

**പെട്രോകെമിക്കൽ പാർക്ക്, കൊച്ചി**: ഫെർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസ് ട്രാവൻകൂർ ലിമിറ്റഡിൽ നിന്ന് ഏറ്റെടുത്ത 481.8 ഏക്കർ ഭൂമിയിൽ വ്യാപിച്ചുകിടക്കുന്ന ഈ പാർക്കിൽ ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന്റെ നേതൃത്വത്തിൽ ഒരു പെട്രോകെമിക്കൽ ക്ലസ്റ്റർ സൃഷ്ടിക്കും. 26 കമ്പനികൾക്ക് ഭൂമി അനുവദിച്ചിട്ടുണ്ട്. പൂർണ്ണമായി പ്രവർത്തനക്ഷമമാകുമ്പോൾ, ₹10,000 കോടി നിക്ഷേപവും 10,000 പേർക്ക് തൊഴിലവസരങ്ങളും പ്രതീക്ഷിക്കുന്നു.

**കിൻഫ്ര ഫിലിം ആൻഡ് വീഡിയോ പാർക്ക്, തിരുവനന്തപുരം, രണ്ടാം ഘട്ടം, സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി**: വർദ്ധിച്ചുവരുന്ന ഐടി / ഐടിഇഎസ് ആവശ്യങ്ങൾക്കായി ഏഴ് നിലകളിൽ 1.8 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള പുതിയ കെട്ടിടം നിർമ്മാണത്തിലാണ്, ഇതിന്റെ 30 ശതമാനം പണി പൂർത്തിയായി. ഇതിന്റെ ആകെ പദ്ധതി ചെലവ് ₹78.5 കോടിയാണ്. കെട്ടിടത്തിന്റെ പൂർണ്ണമായ അലോട്ട്മെന്റിനായി ധാരണാപത്രം ഒപ്പുവച്ചു. 600 കോടി രൂപയുടെ നിക്ഷേപവും 2,500 നേരിട്ടുള്ള തൊഴിലവസരങ്ങളും 1,500 പരോക്ഷ തൊഴിലവസരങ്ങളും പ്രതീക്ഷിക്കുന്നു.

**കൊച്ചി – ബംഗളുരു വ്യാവസായിക ഇടനാഴിക്ക് ഭൂമി ഏറ്റെടുക്കൽ**: വ്യവസായവൽക്കരണം ത്വരിതപ്പെടുത്താനുള്ള ഇന്ത്യാ ഗവൺമെന്റിന്റെ പ്രത്യേക പദ്ധതിയാണ് ഈ വ്യാവസായിക ഇടനാഴി. സംസ്ഥാനത്ത് പദ്ധതി നടപ്പാക്കുന്നത് കിൻഫ്രയാണ് . രണ്ട് നോഡുകളിലായി ഏകദേശം 1,400 ഏക്കർ ഭൂമി ഏറ്റെടുത്തു. പാലക്കാട് നോഡ് ₹10,000 കോടി നിക്ഷേപം ആകർഷിക്കുമെന്നും പ്രത്യക്ഷമായി 22,000 വും, പരോക്ഷമായി 80,000 വും തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നും പ്രതീക്ഷിക്കുന്നു. 2024 ഓഗസ്റ്റ് 28 ന്, പാലക്കാട്ട് സംയോജിത നിർമ്മാണ ക്ലസ്റ്ററിന് ഇന്ത്യാ ഗവൺമെന്റ് അംഗീകാരം നൽകി. ഈ പദ്ധതിയിലൂടെ പ്രതിവർഷം ₹600 കോടി വരുമാനം പ്രതീക്ഷിക്കുന്നു. 2025 ഡിസംബർ വരെ, പുതുശ്ശേരി സെൻട്രലിലും കണ്ണമ്പ്രയിലുമായി (പാലക്കാട്) ഏകദേശം 1350 ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്.

വ്യാവസായിക ഭൂമിയുടെ ദൗർലഭ്യം പരിഹരിക്കാനും, വ്യാവസായിക വികസനം വർദ്ധിപ്പിക്കാനും, സംസ്ഥാനത്തെ യുവാക്കൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും, വ്യാവസായിക മേഖലയിൽ കൂടുതൽ നിക്ഷേപം ആകർഷിക്കാനുമുള്ള നയപരമായ സംരംഭമാണ് സ്വകാര്യ വ്യവസായ പാർക്കുകളുടെ വികസനം. 10 ഏക്കറിൽ കൂടുതൽ ഭൂമി സ്വന്തമായുള്ള സ്വകാര്യ സംരംഭകർക്ക് വ്യവസായ പാർക്കുകൾ ആരംഭിക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. 33 സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അംഗീകാരം ലഭിച്ചു. ആറെണ്ണം പ്രവർത്തനക്ഷമമായിട്ടുണ്ട്. സംസ്ഥാനത്തുടനീളമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉപയോഗിക്കാത്ത ഭൂമി വ്യാവസായിക ആവശ്യങ്ങൾക്കായി വിനിയോഗിക്കാൻ സർക്കാർ ആരംഭിച്ച മറ്റൊരു നൂതന പദ്ധതിയാണ് കാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക്. വ്യാവസായിക ആവശ്യങ്ങൾക്കായുള്ള ഭൂമിയുടെ ദൗർലഭ്യം പരിഹരിക്കാനും, വിദ്യാർത്ഥി സമൂഹത്തിൽ വ്യാവസായിക അവബോധം വികസിപ്പിക്കാനും, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഗവേഷണത്തിലൂടെ വ്യാവസായിക ഉൽപ്പാദനം മെച്ചപ്പെടുത്താനും പദ്ധതി സഹായിക്കും.

സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഉപയോഗിക്കാത്ത ഭൂമിയിൽ വ്യവസായ പാർക്കുകൾ വികസിപ്പിക്കാനുള്ള ഒരു പദ്ധതിയാണ് സഹകരണ വ്യവസായ പാർക്ക്. കുറഞ്ഞത് 7 ഏക്കർ ഭൂമിയെങ്കിലും കൈവശം വച്ചിരിക്കുന്നതോ കുറഞ്ഞത് 30 വർഷത്തെ പാട്ടത്തിന് 7 ഏക്കർ ഭൂമി കൈവശം വച്ചിരിക്കുന്നതോ ആയ സഹകരണ സംഘങ്ങൾക്ക് / സ്ഥാപനങ്ങൾക്ക് സഹകരണ വ്യവസായ പാർക്ക് ഡെവലപ്പർ പെർമിറ്റിന് അപേക്ഷിക്കാം.

വിവിധ ഏജൻസികളുടെ ഭൂമി അനുവദിക്കാനുള്ള നയങ്ങളിലും അവരിൽ നിന്ന് വ്യാവസായിക ഭൂമി വാടകയ്ക്കെടുക്കാൻ / വാങ്ങാനുള്ള ചെലവിലും കാര്യമായ വ്യത്യാസങ്ങളുണ്ട്. കിൻഫ്രയ്ക്കും കെഎസ്ഐഡിസിക്കുമായി ഏകീകൃത വ്യാവസായിക ഭൂമി/കെട്ടിട (അലോട്ട്മെന്റ് ആൻഡ് ഡിസ്പോസൽ) ചട്ടങ്ങൾ 2024-ൽ സർക്കാർ വിജ്ഞാപനം ചെയ്തു. ഇത് കിൻഫ്രയുടെയും കെഎസ്ഐഡിസിയുടെയും ഉടമസ്ഥതയിലുള്ള ഭൂമിയിൽ /കെട്ടിടങ്ങളിൽ തടസ്സമില്ലാതെ വ്യാവസായിക യൂണിറ്റുകൾ സ്ഥാപിക്കാൻ സ്ഥാപനങ്ങളെ പ്രാപ്തരാക്കുന്നു. ലോജിസ്റ്റിക്സ്, വെയർ ഹൗസിംഗ് മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കൽ, വാർഷിക വാടക അടിസ്ഥാനത്തിൽ ഭൂമി അനുവദിക്കൽ, സ്വകാര്യ ബിൽഡർമാർക്കും/ഡെവലപ്പർമാർക്കും പ്ലോട്ടുകൾ അനുവദിക്കൽ, വായ്പകൾ ഉറപ്പാക്കാൻ ധനകാര്യ സ്ഥാപനങ്ങൾക്ക് പാട്ടക്കാലാവധി അവകാശങ്ങൾ പണയപ്പെടുത്താനുള്ള വ്യവസ്ഥ എന്നിവ നയത്തിന്റെ പ്രധാന സവിശേഷതകളാണ്.

### കേരളത്തിലെ വ്യാവസായിക ചട്ടക്കൂട്

കേരളത്തിലെ വ്യാവസായിക മേഖലയുടെ ചട്ടക്കൂടിൽ എം.എസ്.എം.ഇ., ഇടത്തരം, വൻകിട വ്യവസായങ്ങൾ, പാരമ്പര്യ വ്യവസായങ്ങൾ എന്നിവ ഉൾപ്പെടുന്നു. പരമ്പരാഗത വ്യവസായങ്ങളിൽ കയർ, കശുവണ്ടി, കൈത്തറി, തുണിത്തരങ്ങൾ, കരകൗശല വസ്തുക്കൾ, ഖാദി എന്നിവ ഉൾപ്പെടുന്നു.

### സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ (MSME)

കാർഷിക മേഖല കഴിഞ്ഞാൽ രാജ്യത്തെ രണ്ടാമത്തെ വലിയ തൊഴിൽ ദാതാക്കളാണ് സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ (എം.എസ്.എം.ഇ). കേരളത്തിന്റെ സാമൂഹിക, സാമ്പത്തിക പുരോഗതിയിൽ എം.എസ്.എം.ഇ ഒരു സുപ്രധാന പങ്ക് വഹിക്കുന്നു. താരതമ്യേന കുറഞ്ഞ നിക്ഷേപത്തോടെ വരുമാനം ഉണ്ടാക്കുന്നതും തൊഴിൽ നൽകുന്നതുമായ ഒരു പ്രധാന മേഖലയായി ഇത് വളരുന്നു. കേരളത്തിൽ ഏറ്റവും കൂടുതൽ എം.എസ്.എംഇകൾ ഉള്ളത് കരകൗശല വസ്തുക്കൾ, കൈത്തറി, ഖാദി, ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾ, വസ്ത്ര നിർമ്മാണം, തുണി വ്യവസായങ്ങൾ, കയർ, മരം, മുള, പ്ലാസ്റ്റിക്, റബ്ബർ, തുകൽ, കളിമണ്ണ് ഉൽപ്പന്നങ്ങൾ എന്നീ

വ്യവസായങ്ങളിലാണ്.

സംരംഭകത്വ വികസനത്തിനും വ്യാവസായിക പ്രോത്സാഹനത്തിനും പിന്തുണ നൽകുന്ന പദ്ധതികൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് നടപ്പാക്കുന്നു. എം.എസ്.എം.ഇ.കളെ ഏകോപിപ്പിക്കുകയും, അവയ്ക്ക് ധനസഹായവും മാർഗ്ഗനിർദ്ദേശങ്ങളും നൽകുകയും ചെയ്യുന്നു, കൂടാതെ 14 ജില്ലാ വ്യവസായ കേന്ദ്രങ്ങൾ, പൊതു സൗകര്യ സേവന കേന്ദ്രങ്ങൾ, ഒരു ഡോക്യുമെന്റേഷൻ കേന്ദ്രം എന്നിവയുടെ മേൽനോട്ടം വഹിക്കുന്നു. ഡയറക്ടറേറ്റിന് കീഴിലുള്ള സ്വയംഭരണ സ്ഥാപനമായ കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ-ബിഐപി) വ്യാവസായിക ക്ലസ്റ്റർ വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നു. അനുയോജ്യമായ പദ്ധതികൾ കണ്ടെത്താനും വ്യാവസായിക യൂണിറ്റുകൾ സ്ഥാപിക്കാനുമുള്ള ഒരു നോഡൽ വിജ്ഞാന കേന്ദ്രമായി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ആൻട്രപ്രണർഷിപ്പ് ഡെവലപ്മെന്റ് (കെഐഇഡി) പ്രവർത്തിക്കുന്നുണ്ട്.

എംഎസ്എംഇ കളുടെയും സ്റ്റാർട്ടപ്പുകളുടെയും വളർച്ച, എംഎസ്എംഇകൾക്ക് വിപണി അടിസ്ഥാന സൗകര്യങ്ങൾ സുഗമമാക്കുക, "മെയ്ഡ് ഇൻ കേരള" ബ്രാൻഡ് ഉൽപ്പന്നങ്ങൾ അവതരിപ്പിക്കുക, നിലവിലെ പ്രശ്നങ്ങളും പുതിയ മേഖലകളും ഉയർന്നുവരുന്ന അവസരങ്ങളും ലക്ഷ്യമിട്ടുള്ള പുതിയ നയങ്ങളും പരിപാടികളും ആവിഷ്കരിക്കുക എന്നിവയും 14-ാം പഞ്ചവത്സര

**ബോക്സ് 14.2**
**സംരംഭങ്ങളുടെ വർഷം**

"എന്റെ സംരംഭം, രാഷ്ട്രത്തിന്റെ അഭിമാനം" എന്ന മുദ്രാവാക്യവുമായി 2022-223 സംരംഭങ്ങളുടെ വർഷമായി കേരള സർക്കാർ പ്രഖ്യാപിച്ചു. 2022-23 കാലയളവിൽ സംസ്ഥാനത്ത് ആകെ 1,39,839 സംരംഭങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടു. ഇവയിലൂടെ ₹8,422 കോടി നിക്ഷേപം ആകർഷിക്കുകയും 3,00,049 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. ഈ വിജയത്തിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാനത്ത് 1,00,000 എംഎസ്എംഇകൾ ആരംഭിക്കുക എന്ന ലക്ഷ്യത്തോടെ, സംരംഭക വർഷം 2.0, 2023-24 ൽ ആരംഭിച്ചു. ഓരോ യൂണിറ്റിന്റെയും നിക്ഷേപവും തൊഴിലവസരവും വർദ്ധിപ്പിക്കുന്നതിനൊപ്പം, ഈ സംരംഭത്തിന് കീഴിൽ രൂപീകരിച്ച യൂണിറ്റുകളുടെ സുസ്ഥിരത ഉറപ്പാക്കുക, വിപണന, സാമ്പത്തിക പിന്തുണ നൽകുക, സംരംഭകരുടെ കഴിവുകളും അറിവും വർദ്ധിപ്പിക്കുക എന്നിവയിൽ പ്രത്യേകം ശ്രദ്ധിച്ചു. സംരംഭ വർഷത്തിൽ സ്ഥാപിതമായ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി, 2023-24 ൽ 1,03,596 യൂണിറ്റുകൾ സ്ഥാപിച്ചു. അതിലൂടെ ആകെ ₹7,048.7 കോടി നിക്ഷേപം ആകർഷിക്കുകയും, 2,18,179 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. 2024-25 ൽ സംരംഭക വർഷം പദ്ധതിയുടെ മൂന്നാം ഘട്ടം ആരംഭിക്കുകയും, ഇതിന്റെ കീഴിൽ 1,17,442 സംരംഭങ്ങൾ രജിസ്റ്റർ ചെയ്യുകയും, ₹7,798.5 കോടി നിക്ഷേപം ആകർഷിക്കുകയും ചെയ്തു. 2025 നവംബർ 20 വരെ ഈ യൂണിറ്റുകൾ 2,48,810 തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

2025 നവംബർ 20 വരെ, സംരംഭക വർഷത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ആകെ 3,60,801-ലധികം എം.എസ്.എം.ഇ.കൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിലൂടെ 23,250.7 കോടി രൂപയുടെ നിക്ഷേപവും 7,66,733-ലധികം തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. സംരംഭക വർഷ പ്രചാരണ വേളയിൽ, ഏറ്റവും കൂടുതൽ എം.എസ്.എം.ഇ. യൂണിറ്റുകൾ ആരംഭിച്ചത് എറണാകുളം ജില്ലയിലാണ് (3213.3 കോടി രൂപയുടെ നിക്ഷേപത്തോടെ 35,730 യൂണിറ്റുകൾ, 85,980 തൊഴിലവസരങ്ങൾ സൃഷ്ടിച്ചു). തൊട്ടുപിന്നിൽ തിരുവനന്തപുരം, തൃശൂർ ജില്ലകളാണ്.

വ്യാപാര മേഖലയിലും (1,58,649), തുടർന്ന് സേവന മേഖലയിലും (1,51,973), നിർമ്മാണ മേഖലയിലും (50,179) വൻതോതിൽ യൂണിറ്റുകൾ ആരംഭിച്ചു. ദുർബല വിഭാഗങ്ങൾ ഉൾപ്പെടെ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലേക്കും എത്തിച്ചേരാനുള്ള ലക്ഷ്യങ്ങൾ സംരംഭ വർഷത്തിന് കൈവരിക്കാൻ കഴിഞ്ഞു. 60 ശതമാനം (2,12,019) മറ്റ് പിന്നാക്ക വിഭാഗങ്ങളിലെ സംരംഭകരും, 7.4 ശതമാനം (26,033) ന്യൂനപക്ഷ വിഭാഗങ്ങളും, 3.7 ശതമാനം (12,555) പട്ടികജാതി വിഭാഗങ്ങളും, 0.3 ശതമാനം (1,026) പട്ടികവർഗ വിഭാഗങ്ങളുമാണ്. മൂന്നിലൊന്ന് യൂണിറ്റുകളും (1,12,497) രൂപീകരിച്ചത് സ്ത്രീ സംരംഭകരാണ്. വിശദാംശങ്ങൾ താഴെ നൽകിയിരിക്കുന്നു.

**പട്ടിക 14.2** *സംരംഭക വർഷ കാമ്പെയ്നിൽ ആരംഭിച്ച പുതിയ എംഎസ്എംഇ യൂണിറ്റുകളുടെ മേഖല തിരിച്ചുള്ള വിശദാംശങ്ങൾ (എണ്ണത്തിൽ)*

| മേഖലയുടെ പേര് | 2022-23 | 2023-24 | 2024-25 | 2025-26 (നവംബർ 20 വരെ) | ആകെ |
|---|---|---|---|---|---|
| ഉൽപ്പാദനം | 21,989 | 14,035 | 13,197 | 958 | 50,179 |
| സേവനം | 53,300 | 45,691 | 49,371 | 3,611 | 1,51,973 |
| വ്യാപാരം | 64,550 | 43,869 | 47,124 | 3,106 | 1,58,649 |
| ആകെ | 1,39,839 | 1,03,595 | 09,692 | 7,675 | 3,60,801 |

*അവലംബം:* വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്

പദ്ധതിയിൽ ഉൾപ്പെടുന്നു. 2016-17 മുതൽ, ചെറുകിട വ്യവസായങ്ങളുടെ വികസനത്തിന് ₹1,071 കോടിയിലധികവും വാണിജ്യ വികസനത്തിന് ₹45 കോടിയും കേരള സർക്കാർ ചെലവഴിച്ചു.

**എം.എസ്.എം.ഇ.കളുടെ എണ്ണത്തിലെ വർദ്ധനവ്:** ഇന്ത്യയിലെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ (എം.എസ്.എം.ഇ) പ്രവർത്തനം സാക്ഷ്യപ്പെടുത്താനും സർക്കാർ ആനുകൂല്യങ്ങൾ ലഭ്യമാക്കാനുമുള്ള ഓൺലൈൻ രജിസ്ട്രേഷൻ ഫോമായ ഉദ്യോഗ് ആധാർ മെമ്മോറാണ്ടം (യു.എ.എം) രജിസ്ട്രേഷൻ പ്രകാരം, 2025 മാർച്ച് 31 വരെ 8,44,168 യു.എ.എമ്മുകൾ ഫയൽ ചെയ്തു. അതിൽ 2,19,818 നിർമ്മാണ യൂണിറ്റുകളും സേവന മേഖലയിലെ 6,24,350 യൂണിറ്റുകളും ഉൾപ്പെടുന്നു. പുതിയ വിപണി കണ്ടെത്താനും, നൈപുണ്യ വികസനം, സംരംഭകർക്കുള്ള സഹായം എന്നിവ മെച്ചപ്പെടുത്താനുമായി സംരംഭക വർഷ കാമ്പെയ്നിലൂടെ സ്ഥാപിതമായ പഞ്ചായത്ത് തല കൂട്ടായ്മയായ സംരഭക സഭ ഉൾപ്പെടെയുള്ള പുതിയ സംരംഭങ്ങൾ കേരള സർക്കാർ ആവിഷ്കരിച്ചു. 2024-25 ൽ അവതരിപ്പിച്ച ഒരു പുതിയ ഇൻഷുറൻസ് പദ്ധതിയിലൂടെ തീപിടിത്തം, പ്രകൃതിദുരന്തങ്ങൾ തുടങ്ങിയ അപ്രതീക്ഷിത സാഹചര്യങ്ങൾ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നു. ഈ ഇൻഷുറൻസ് പദ്ധതിയിലൂടെ 1,108 സംരംഭകർക്കായി ₹20.7 ലക്ഷം ചെലവഴിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നിർമ്മിച്ച ഉൽപ്പന്നങ്ങൾ പ്രോത്സാഹിപ്പിക്കാൻ ആരംഭിച്ച കേരള ബ്രാൻഡ് സംരംഭത്തിൽ വെളിച്ചെണ്ണ ഉൽപ്പന്നമാണ് ആദ്യം തിരഞ്ഞെടുത്തത്. കേരള സർക്കാരിന്റെ മിഷൻ 1000 സംരംഭത്തിലൂടെ സംസ്ഥാനത്തെ 1000 സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ (എംഎസ്എംഇ) നാല് വർഷത്തിനുള്ളിൽ ₹100 കോടി വിറ്റുവരവുള്ള ബിസിനസുകളാക്കി ഉയർത്താൻ ലക്ഷ്യമിട്ടു. ഈ പദ്ധതിക്ക് ₹3,500 ലക്ഷം വകയിരുത്തിയിട്ടുണ്ട്. 2025 മാർച്ചോടെ, 376 സംരംഭങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. 105 വിശദമായ പദ്ധതി റിപ്പോർട്ടുകൾ അംഗീകരിച്ചു. 58 സംരംഭങ്ങൾക്ക് ₹73.4 ലക്ഷം വിതരണം ചെയ്തു.

**സാമ്പത്തിക സഹായം:** സംരംഭക സഹായ പദ്ധതിയിലൂടെയാണ് എംഎസ്എംഇകൾക്ക് പ്രധാനമായും സാമ്പത്തിക സഹായം ലഭിക്കുന്നത്. 2016-17 നും 2024-25 നും ഇടയിൽ, 8,091 യൂണിറ്റുകൾക്ക് ₹471.4 കോടി വിതരണം ചെയ്തു. നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റ് പദ്ധതിയിലൂടെ, വളരെ ചെറിയ ഉൽപ്പാദന യൂണിറ്റുകൾ, ജോബ് വർക്ക് യൂണിറ്റുകൾ, സർവീസ് യൂണിറ്റുകൾ എന്നിവയെ പിന്തുണയ്ക്കുന്നു. ഇതിലൂടെ 1,728 യൂണിറ്റുകൾക്ക് ₹46.6 കോടി വിതരണം ചെയ്തു. കോവിഡ് 19 മൂലം പ്രവർത്തനം തടസ്സപ്പെട്ട യൂണിറ്റുകളെ പുനരുജ്ജീവിപ്പിക്കാനും, പ്രവർത്തനരഹിതവും സാമ്പത്തിക ബുദ്ധിമുട്ടുകൾ നേരിടുന്നതുമായ എംഎസ്എംഇകളെ പുനരുജ്ജീവിപ്പിക്കാനും, ആധുനികവൽക്കരണ ആവശ്യങ്ങളെ പിന്തുണയ്ക്കാനും, ടേം ലോണുകൾ, പ്രവർത്തന മൂലധനം, നാനോ ഗാർഹിക സംരംഭങ്ങൾ എന്നിവയ്ക്ക് പലിശ ഇളവ് നൽകാനുമുള്ള നടപടികൾ ആവിഷ്കരിച്ചു. നാനോ ഗാർഹിക വിഭാഗത്തിൽ, 362 യൂണിറ്റുകൾക്ക് മാർജിൻ മണി ഗ്രാന്റും, 648 യൂണിറ്റുകൾക്ക് പലിശ ഇളവും ലഭിച്ചു. 1,865 എംഎസ്എംഇകൾക്ക് വ്യവസായ ഭദ്രതാ പദ്ധതിയിലൂടെയും 245 യൂണിറ്റുകൾക്ക് എംഎസ്എംഇ പുനരധിവാസ പദ്ധതിയിലൂടെയും മഹാമാരി സംബന്ധമായ ദുരിതാശ്വാസ നടപടികൾ തുടർന്നു. ഈ ഇടപെടലുകളുടെ ഫലമായി എം.എസ്.എം.ഇ.കൾക്ക് അവയുടെ തിരിച്ചു

*പട്ടിക 14.3 കേരളത്തിൽ ആരംഭിച്ച എം.എസ്.എം.ഇ. യൂണിറ്റുകളുടെ എണ്ണം, 2016 - 17 മുതൽ 2025 - 26 വരെ*

| വർഷം | എം.എസ്.എം.ഇ. യൂണിറ്റുകളുടെ എണ്ണം | നിക്ഷേപം (രൂപ കോടിയിൽ) | തൊഴിൽ (എണ്ണത്തിൽ) |
|---|---|---|---|
| 2016 – 17 | 15,535 | 1,387.1 | 57,445 |
| 2017 – 18 | 15,468 | 1,249.6 | 51,244 |
| 2018 – 19 | 13,826 | 1,321.9 | 49,068 |
| 2019 – 20 | 13,695 | 1,338.6 | 46,081 |
| 2020 – 21 | 11,540 | 1,221.9 | 44,975 |
| 2021 – 22 | 15,285 | 1,535.1 | 56,233 |
| 2022 – 23 | 1,39,839 | 8,421.6 | 3,00,051 |
| 2023 – 24 | 1,03,595 | 7,048.6 | 2,18,179 |
| 2024 – 25 | 1,09,692 | 7,217.8 | 2,31,468 |
| 2025 – 26 (2025 നവംബർ 20 വരെ) | 7,675 | 562.5 | 17,075 |
| ആകെ | 4,46,150 | 31,304.9 | 10,71,819 |

*അവലംബം:* വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്

വരവ് കാലയളവിൽ കൂടുതൽ ധനസഹായം ലഭ്യമായി.

**അടിസ്ഥാന സൗകര്യ വികസനം**: എം.എസ്.എം.ഇ.കളുടെ അടിസ്ഥാന സൗകര്യ വികസനത്തെ പിന്തുണയ്ക്കുന്ന പദ്ധതികളിൽ എം.എസ്.എം.ഇ ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം (കേന്ദ്ര സഹായത്തോടെയുള്ള പദ്ധതി) ഉൾപ്പെടുന്നു. 16 അംഗീകൃത പൊതു സൗകര്യ സേവന കേന്ദ്രങ്ങളിൽ (സി.എഫ്.എസ്.സി) 12 എണ്ണം ₹7,522.4 ലക്ഷം ചെലവിൽ പൂർത്തിയാക്കി. മറ്റ് നാലെണ്ണം ₹4,997.3 ലക്ഷം രൂപ ചെലവിൽ നിർമ്മാണം പുരോഗമിക്കുന്നു. നിലവിലുള്ള വിശാല വികസന പ്രദേശങ്ങളിലെയും (ഡെവലപ്മെന്റ് ഏരിയ) അതിലെ ചെറിയ വികസന പ്ലോട്ടുകളിലെയും (ഡെവലപ്മെന്റ് പ്ലോട്ടുകൾ) അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, ബഹുനില വ്യവസായ എസ്റ്റേറ്റുകളുടെ നിർമ്മാണം, നിലവിലുള്ള പൊതു സൗകര്യ സേവന കേന്ദ്രങ്ങളുടെ നവീകരണം, പൊതു - സ്വകാര്യ പങ്കാളിത്തത്തിൽ (പി.പി.പി) വ്യവസായ പാർക്കുകളുടെയും എസ്റ്റേറ്റുകളുടെയും വികസനം എന്നിവയാണ് മറ്റ് അടിസ്ഥാന സൗകര്യ പദ്ധതികൾ.

**കേന്ദ്ര സർക്കാർ സഹായം**: കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ അധിക സഹായം ലഭ്യമാകുന്നു. സൂക്ഷ്മ ഭക്ഷ്യസംസ്കരണ സംരംഭങ്ങളെ നവീകരിക്കാൻ രൂപകൽപ്പന ചെയ്ത പ്രധാനമന്ത്രിയുടെ മൈക്രോ ഫുഡ് പ്രോസസ്സിംഗ് എന്റർപ്രൈസസ് (പി.എം.- എഫ്എംഇ) പദ്ധതി പ്രകാരം, 2022 ജൂലൈ മുതൽ 2025 മാർച്ച് വരെ 3,507 ഗുണഭോക്താക്കൾക്ക് ₹87.1 കോടി വിതരണം ചെയ്തു. ഈ പദ്ധതിക്കുള്ള ഫണ്ടിന്റെ 60 ശതമാനം കേന്ദ്ര സർക്കാർ നൽകുന്നു. പുതിയ മൈക്രോ സംരംഭങ്ങൾക്കും നിലവിലുള്ള പിഎംഇജിപി, മുദ്ര യൂണിറ്റുകളുടെ വിപുലീകരണത്തിനും നവീകരണത്തിനും പിന്തുണ നൽകുന്ന പ്രധാനമന്ത്രി തൊഴിൽദാന പദ്ധതി (പിഎംഇജിപി) പ്രകാരം 695 പദ്ധതികൾക്ക് ₹19.9 കോടി മാർജിൻ മണി സഹായത്തോടെ ₹59.1 കോടി വായ്പകൾ സാധൂകരിച്ചു. ഇതിൽ ₹55.5 കോടി വായ്പയും ₹18.7 കോടി മാർജിൻ മണിയും അനുവദിച്ചുകൊണ്ട് 662 പദ്ധതികൾ അംഗീകരിച്ചു. എംഎസ്എംഇ പ്രവർത്തനം മെച്ചപ്പെടുത്താനുള്ള ആർഎഎംപി (റെയിസിംഗ് ആൻഡ് ആക്സലറേറ്റിംഗ് എംഎസ്എംഇ പെർഫോർമൻസ്) പദ്ധതി 2024-25 ൽ ആരംഭിക്കുകയും, ഈ മേഖലയിലെ നിക്ഷേപത്തിനായി ₹107.7 കോടി അനുവദിക്കുകയും ചെയ്തു.

**മറ്റ് ഇടപെടലുകൾ**: എംഎസ്എംഇ മേഖല ശക്തമാക്കാനും, ധനസഹായ ലഭ്യത മെച്ചപ്പെടുത്താനും, വിവിധ മേഖലകളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കാനുമായി കേരള സർക്കാർ നിരവധി പരിപാടികൾ നടപ്പാക്കി. 'ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം, ഒരു ഉൽപ്പന്നം' എന്ന പദ്ധതി സജീവമായി നടപ്പാക്കി. ഇതിലൂടെ 456 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (എൽഎസ്ജി) താഴേ തട്ടിൽ മൂല്യവർദ്ധിത സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാനായി പ്രാദേശിക ഉൽപ്പന്നങ്ങൾ തിരഞ്ഞെടുത്തു. കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ ക്ലസ്റ്റർ വികസനത്തെ പിന്തുണയ്ക്കുകയും മൈക്രോ ആൻഡ് സ്മോൾ എന്റർപ്രൈസസ് ക്ലസ്റ്റർ വികസന പരിപാടിയുടെ കീഴിലുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും വ്യാവസായിക ആവാസവ്യവസ്ഥയെ ശക്തിപ്പെടുത്തുന്ന പ്രദർശനങ്ങൾ, ബിസിനസ് മീറ്റിംഗുകൾ, സാങ്കേതിക വർക്ക്ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കുകയും ചെയ്തു. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ആൻട്രപ്രണർഷിപ്പ് ഡെവലപ്മെന്റ് പരിശീലന പരിപാടികൾ നടത്തിയും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 305 സംരംഭകത്വ വികസന ക്ലബ്ബുകൾ സ്ഥാപിച്ചും അതിന്റെ വ്യാപനം ശക്തിപ്പെടുത്തി, ഇതിൽ 2018-19 മുതൽ ഏകദേശം 25,000 പേർ പങ്കെടുത്തു. കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ സംഘടിപ്പിച്ച മെഷിനറി എക്സ്പോ 2024ൽ 161 സ്റ്റാളുകളിലായി സംസ്ഥാനത്തിനകത്തും പുറത്തും നിന്നുള്ള യന്ത്രങ്ങൾ പ്രദർശിപ്പിച്ചു. ക്ലസ്റ്റർ വികസനം, ഭക്ഷ്യ സംസ്കരണ പദ്ധതികൾ നടപ്പാക്കൽ, പ്രധാന എക്സ്പോകളിൽ എംഎസ്എംഇ പങ്കാളിത്തം സാധ്യമാക്കൽ, പ്രാദേശിക പ്രദർശനങ്ങളും ബി 2 ബി മീറ്റിംഗുകളും നടത്തൽ, മുള മേഖല വികസനത്തെ പിന്തുണയ്ക്കൽ എന്നിവയ്ക്ക് പുറമേ കേരള ബാംബൂ ഫെസ്റ്റ്, വേൾഡ് കോഫി കോൺഫറൻസ് എക്സ്പോ 2023, വ്യാപാർ 2022, മലബാർ ക്രാഫ്റ്റ്സ് ഫെയർ തുടങ്ങിയ പ്രമുഖ പരിപാടികൾ സംഘടിപ്പിക്കൽ തുടങ്ങി വൈവിദ്ധ്യമാർന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്തു.

### ഇടത്തരം, വൻകിട വ്യവസായങ്ങൾ

ഇടത്തരം, വൻകിട വ്യവസായങ്ങളുടെ വികസനത്തിൽ ഏർപ്പെട്ടിരിക്കുന്ന പ്രധാന ഏജൻസികൾ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (KSIDC), കേരള വ്യവസായ ഇൻഫ്രാസ്ട്രക്ചർ വികസന കോർപ്പറേഷൻ (KINFRA), ബ്യൂറോ ഓഫ് പബ്ലിക് ട്രാൻസ്ഫോർമേഷൻ (BPT), ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് (BPE), കേരള റബ്ബർ ലിമിറ്റഡ് (KRL), സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (CMD) എന്നിവയാണ്. 2016-17 മുതൽ 2025-26 വരെ, ഈ ഏജൻസികൾ വഴി കേരളത്തിലെ ഇടത്തരം, വൻകിട വ്യവസായങ്ങളുടെ വികസനത്തിനായി സംസ്ഥാന സർക്കാർ ₹3,845 കോടിയിലധികം ചെലവഴിച്ചു.

ഉൽപ്പന്ന നിർമ്മാണം, കെമിക്കൽസ്, എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ് എന്നിവയിലും അനുബന്ധ മേഖലകളിലും സംസ്ഥാനത്ത് പ്രവർത്തിക്കുന്ന നിരവധി സംസ്ഥാന, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ കേരളത്തിന്റെ വ്യാവസായിക ഘടനയെ സവിശേഷമാക്കുന്നു. കേരള സർക്കാർ പൊതുമേഖലാസ്ഥാപനങ്ങളുടെ പരിവർത്തനത്തെ പിന്തുണയ്ക്കുന്നു. 13-ാം പഞ്ചവത്സര പദ്ധതി ഇവയുടെ ദീർഘകാല പുനരുജ്ജീവനത്തെ പിന്തുണച്ചപ്പോൾ, 14-ാം പദ്ധതിയിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ബയോടെക്നോളജി, നാനോ ടെക്നോളജി, ബയോമെഡിക്കൽ സയൻസസ്, ബയോ കെമിക്കൽ എഞ്ചിനീയറിംഗ് എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനങ്ങളെ ആധുനികവൽക്കരണം, വൈവിധ്യവൽക്കരണം, മികച്ച മാനേജ്മെന്റ് രീതികൾ എന്നിവയിലൂടെ പുനരുജ്ജീവിപ്പിക്കാൻ സർക്കാർ നിരന്തരം ഇടപെടുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും കൂടുതൽ മത്സരക്ഷമമാക്കുന്നതിനും കേരള

പട്ടിക 14.4. വ്യവസായ വകുപ്പിന് കീഴിലുള്ള സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം, രൂപ കോടിയിൽ

| ലാഭമുണ്ടാക്കുന്ന യൂണിറ്റുകൾ | | | | |
|---|---|---|---|---|
| **വിശദാംശങ്ങൾ** | **2016–17** | **2021–22** | **2023–24** | **2024–25** |
| യൂണിറ്റുകളുടെ എണ്ണം | 12 | 15 | 12 | 14 |
| വിറ്റുവരവ് | 1,727.5 | 3,073.2 | 2,455.6 | 3,358.4 |
| ലാഭമുണ്ടാക്കുന്ന യൂണിറ്റുകൾ നേടിയ ലാഭം | 91.8 | 405 | 123.3 | 167.5 |
| **നഷ്ടത്തിലായ യൂണിറ്റുകൾ** | | | | |
| യൂണിറ്റുകളുടെ എണ്ണം | 28 | 34 | 37 | 35 |
| വിറ്റുവരവ് | 993.8 | 1,442.4 | 2,005 | 1,778 |
| നഷ്ടത്തിലായ യൂണി റ്റുകളുടെ നഷ്ടം | 225.3 | 461.8 | 634.1 | 473.8 |
| **ആകെ യൂണിറ്റുകൾ** | | | | |
| ആകെ യൂണിറ്റുകളുടെ എണ്ണം* | 40 | 49 | 49 | 49 |
| ആകെ വിറ്റുവരവ് | 2,721.3 | 4,515.6 | 4,460.4 | 5,135.9 |
| ആകെ തൊഴിൽ | 15,785 | 27,954 | 28,437 | 28,860 |
| അറ്റ ലാഭം/നഷ്ടം (-) | **-133.5** | **-56.8** | **-510.8** | -306.2 |

അവലംബം: ബ്യൂറോ ഓഫ് പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷൻ

*കണക്കുകൾ പട്ടികപ്പെടുത്തിയ യൂണിറ്റുകളുടെ എണ്ണം. യഥാർത്ഥ യൂണിറ്റുകളുടെ എണ്ണം കൂടുതലാണ്.

സർക്കാർ സ്ഥാപനപരമായ നിരവധി ഭരണ പരിഷ്കാരങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. മുൻപുണ്ടായിരുന്ന പൊതുമേഖലാ പുനഃസംഘടന & ഇന്റേണൽ ഓഡിറ്റ് ബോർഡ് (റിയാബ്- RIAB) പുനഃസംഘടിപ്പിച്ച് 2023-ൽ ബ്യൂറോ ഓഫ് പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷൻ (BPT) എന്ന പുതിയ സംവിധാനം സൃഷ്ടിച്ചു. ബോർഡ് തലത്തിൽ തങ്ങളുടെ പ്രൊഫഷണൽ മാനേജ്മെന്റും സ്വയംഭരണവും ഉറപ്പാക്കുക, ബോർഡിൽ സ്വതന്ത്ര സാങ്കേതിക വിദഗ്ധരെ ഉൾപ്പെടുത്തുക, പ്രവർത്തന നിരീക്ഷണം മെച്ചപ്പെടുത്തുക എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. MOU-കളും ബിസിനസ് പ്ലാനുകളും നടപ്പിലാക്കുന്നതിനും പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പ്രവർത്തന ലക്ഷ്യങ്ങൾ നിശ്ചയിക്കുന്നതിനുമുള്ള സംവിധാനങ്ങൾ ബിപിടി നടപ്പാക്കി. ഉയർന്ന തസ്തികകളിൽ സുതാര്യമായ നിയമനം ഉറപ്പാക്കാൻ 2022-ൽ സംസ്ഥാനം കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ആൻഡ് റിക്രൂട്ട്മെന്റ് ബോർഡും രൂപീകരിച്ചു.

ഈ ഇടപെടലുകൾ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുണ്ട്. ലാഭമുണ്ടാക്കുന്ന യൂണിറ്റുകളുടെ എണ്ണം 2024-25-ൽ 14 ആയി വർദ്ധിച്ചു. 2016-17 നും 2024-25 നും ഇടയിൽ, വ്യവസായ വകുപ്പിന് കീഴിലുള്ള സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ വിറ്റുവരവ് ഏകദേശം 89 ശതമാനം വർദ്ധിച്ച് ₹5,135.9 കോടിയായി. ലാഭത്തിലായ യൂണിറ്റുകളുടെ വിറ്റുവരവ് ഏകദേശം ഇരട്ടിയായി. അതേ സമയം, ലാഭം 80 ശതമാനത്തിലധികം വർദ്ധിച്ചു. നഷ്ടത്തിലായ യൂണിറ്റുകളുടെ വിറ്റുവരവ് ഏകദേശം 80 ശതമാനം വർദ്ധിച്ചു. പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള സർക്കാർ പിന്തുണ കാരണം ഈ മേഖലയിലെ തൊഴിലവസരങ്ങൾ 83 ശതമാനം വർദ്ധിച്ചു. (പട്ടിക 14.4)

ദേശീയ നയം സ്വകാര്യവൽക്കരണത്തെയും കുറഞ്ഞ നിക്ഷേപങ്ങളെയും അടച്ചു പൂട്ടലിനെയും പ്രോത്സാഹിപ്പിക്കുമ്പോൾ കേരളം സർക്കാർ ഉടമസ്ഥതയിലുള്ള ഫാക്ടറികളുടെ ശ്രദ്ധേയമായ ശക്തികേന്ദ്രമായി നിലകൊള്ളുന്നു. 2023-24 ലെ വാർഷിക വ്യവസായ സർവ്വേ പ്രകാരം, ഇന്ത്യയിൽ സർക്കാർ ഉടമസ്ഥതയിലുള്ള ഫാക്ടറികൾ ഏറ്റവും കൂടുതൽ കേരളത്തിലും തമിഴ്നാട്ടിലുമാണ് (163 യൂണിറ്റുകൾ). കേരളത്തിൽ ഈ മേഖലയിൽ 33,781 ജീവനക്കാരാണുള്ളത്. രാജ്യവ്യാപകമായി സർക്കാർ ഉടമസ്ഥതയിലുള്ള ഫാക്ടറികളിൽ ജോലിചെയ്യുന്നവരുടെ ഏകദേശം 8.8 ശതമാനത്തോളം വരുമിത്.

പട്ടിക 14.5. സംസ്ഥാനം തിരിച്ചുള്ള സർക്കാർ ഉടമസ്ഥതയിലുള്ള ഫാക്ടറികളുടെ 2016- 2024 കാലയളവിലെ ജി.വി.എ വളർച്ചാ നിരക്ക്

| സംസ്ഥാനം | 2016 | | | 2024 | | | സമഗ്ര വാർഷിക വളർച്ചാ നിരക്ക് % |
|---|---|---|---|---|---|---|---|
| | പൊതുമേഖ ലാ സ്ഥാപന ങ്ങൾ | തൊഴിലാളി കൾ | മൊത്തം മൂല്യ വർദ്ധനവ് (രൂപ കോടി യിൽ) | പൊതുമേഖലാ സ്ഥാപനങ്ങൾ | തൊഴിലാ ളികൾ | മൊത്തം മൂല്യ വർദ്ധനവ് (രൂപ കോടിയിൽ ) | |
| കേരളം | 170 | 42786 | 5756 | 163 | 33781 | 17801 | 15.2 |
| തമിഴ്നാട് | 268 | 57523 | 5597 | 163 | 38876 | 9236 | 6.5 |
| ഗുജറാത്ത് | 406 | 63667 | 8354 | 139 | 20321 | 3189 | - 11.3 |
| മഹാരാഷ്ട്ര | 343 | 57292 | 58237 | 98 | 26224 | 18863 | - 13.1 |
| ഛത്തിസ്ഗഢ് | 90 | 31880 | 5173 | 86 | 36216 | 5203 | 0.1 |
| കർണാടക | 151 | 23447 | 4610 | 74 | 18705 | 10148 | 10.4 |
| പശ്ചിമ ബംഗാൾ | 152 | 48369 | 5061 | 63 | 37320 | 12437 | 11.9 |
| ഒഡീഷ | 51 | 57072 | 7834 | 60 | 42955 | 17009 | 10.2 |
| മധ്യപ്രദേശ് | 31 | 20723 | 5380 | 46 | 16842 | 15104 | 13.8 |
| ഉത്തർപ്രദേശ് | 117 | 27734 | 4525 | 46 | 21260 | 9675 | 10.0 |

*അവലംബം:* വ്യവസായങ്ങളുടെ വാർഷിക സർവേ 2016 & 2024

മൊത്തം മൂല്യവർദ്ധനവിന്റെ കാര്യത്തിൽ, ദേശീയ തലത്തിൽ മഹാരാഷ്ട്രയ്ക്ക് തൊട്ടു പിന്നിൽ നിൽക്കുന്ന കേരളത്തിന്റെ സംഭാവന 11.3 ശതമാനമാണ്. കഴിഞ്ഞ ഒമ്പത് വർഷത്തിനിടയിൽ, കേരളം ആകെ 15.6 ശതമാനം ജിവിഎ വളർച്ചാ നിരക്കാണ് കൈവരിച്ചത്.

**പരമ്പരാഗത വ്യവസായങ്ങൾ**

കയർ, കൈത്തറി, കശുവണ്ടി, ഖാദി, ഗ്രാമവ്യവസായങ്ങൾ, കരകൗശലവസ്തുക്കൾ എന്നിവയുൾപ്പെടുന്ന പരമ്പരാഗത വ്യവസായങ്ങളിൽ വലിയ തോതിൽ ആളുകൾ തൊഴിൽ ചെയ്യുന്നുണ്ട്. ഇതിൽ ധാരാളം സ്ത്രീകളും ഉൾപ്പെടുന്നു. ഈ വ്യവസായങ്ങളെ ഉത്തേജിപ്പിക്കാനും അവയുടെ സുസ്ഥിരത ഉറപ്പാക്കാനുമുള്ള നടപടികൾക്ക് സർക്കാർ പിന്തുണ നൽകുന്നു.

**കയർ**: സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളിൽ പ്രമുഖമായ ഒന്നാണ് കയർ വ്യവസായം. ഒരു ലക്ഷം തൊഴിലാളികൾ ഈ വ്യവസായത്തെ ആശ്രയിക്കുന്നതായി കണക്കാക്കപ്പെടുന്നു. ഇതിൽ ഭൂരിഭാഗവും സ്ത്രീകളാണ്. ഈ മേഖലയുടെ വികസനത്തിന് വാർഷിക പദ്ധതികളിലൂടെ 2016-17 നും 2024-25 നും ഇടയിൽ കേരള സർക്കാർ 1,027.5 കോടി രൂപ ചെലവഴിച്ചു. തൊഴിലാളികൾക്ക് തൊഴിലും വരുമാനവും ഉറപ്പാക്കുന്ന വില സ്ഥിരതാ പദ്ധതിക്കും നിയന്ത്രിത യന്ത്രവൽക്കരണം ഉൾപ്പെടെയുള്ള ആധുനികവൽക്കരണത്തിനും ഉൽപ്പന്ന വൈവിധ്യവൽക്കരണത്തിനും, ഫലപ്രദമായ വിപണന, വിതരണ പദ്ധതിക്കും സർക്കാർ പിന്തുണ നൽകുന്നു. ഈ മേഖലയിലെ നല്ലൊരു ഭാഗവും സഹകരണ സംഘങ്ങളാണ്.

2024-25 ൽ കേരളത്തിലെ 1,055 കയർ സഹകരണ സംഘങ്ങളിൽ, 20,277 തൊഴിലാളികൾക്ക് തൊഴിൽ നൽകുന്ന 492 എണ്ണം പ്രവർത്തനക്ഷമമായിരുന്നു. 2016-17 നും 2024-25 നും ഇടയിൽ, വില സ്ഥിരതാ ഫണ്ടിനായി കേരള സർക്കാർ 446.8 കോടി രൂപ ചെലവഴിച്ചു, ഇതേ കാലയളവിൽ 20,000 കയർ തൊഴിലാളികൾക്ക് 227.1 കോടി രൂപ വിതരണം ചെയ്തു. 2018-19 ൽ ആരംഭിച്ച,കയർ വ്യവസായത്തിന്റെ രണ്ടാം പുനഃസംഘടനയിൽ അവതരിപ്പിച്ച ആധുനികവൽക്കരണ പരിപാടി ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തുന്നതിലും തൊഴിലാളികൾക്ക് സാമൂഹിക സംരക്ഷണം ഉറപ്പാക്കുന്നതിലും പ്രധാന പങ്കുവഹിച്ചു. 2019-20 മുതൽ 2024-25 വരെ, ഈ സംരംഭത്തിന് കീഴിൽ 216.7 കോടി രൂപ ചെലവഴിച്ചു. സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള സംഭരണം, നാരുകൾ വേർതിരിക്കുന്നത് വികേന്ദ്രീകരിക്കുക, പരമ്പരാഗത സ്പിന്നിംഗ്, നെയ്ത്ത് മേഖലയ്ക്ക് വ്യത്യസ്തമായ തന്ത്രം, വ്യാവസായിക സ്പിന്നിംഗ്, നെയ്ത്ത് മേഖലയുടെ ആധുനികവൽക്കരണം, നെയ്ത്ത് ഇതര മേഖലയെ കേന്ദ്രീകരിച്ചുള്ള വ്യാവസായിക കയറിന്റെ ഉൽപ്പന്ന വൈവിധ്യവൽക്കരണം, കയർ മേഖലയ്ക്കുള്ള സ്ഥാപന പരമായ പിന്തുണ (ഉൽപ്പന്നങ്ങളുടെ വികസനം/ഗവേഷണവും വികസനവും), പൊതു, സ്വകാര്യ സംരംഭങ്ങളുടെ വിപണനം എന്നിവയാണ് ഊന്നൽ നൽകിയ മേഖലകൾ. 2016-17 മുതൽ 2024-25 വരെ 500-ലധികം സൊസൈ

റ്ററികളിലായി 26,000-ത്തിലധികം ഇലക്ട്രോണിക് റാട്ടുകളും ഏകദേശം 1,500 ഓട്ടോമേറ്റഡ് സ്പിന്നിംഗ് മില്ലുകളും സ്ഥാപിച്ചിട്ടുണ്ട്. തൽഫലമായി, നൂൽ ഉത്പാദനം 2016-ലെ 7,880 ടണ്ണിൽ നിന്ന് 2025-ൽ 26,976.3 ടണ്ണായി ഉയർന്നു.

**കൈത്തറി, തുണിത്തരങ്ങൾ**: കൈത്തറി, തുണിത്തര വ്യവസായത്തിൽ നൂൽ നൂൽപ്, നെയ്ത്ത്, വസ്ത്ര നിർമ്മാണം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന പൊതു മേഖലയിലേയും, സഹകരണ മേഖലയിലേയും, സ്വകാര്യ മേഖലയിലേയും യൂണിറ്റുകൾ ഉൾപ്പെടുന്നു. കൈത്തറി, തുണിത്തര മേഖലയിലെ സംസ്ഥാന സർക്കാരിന്റെ ഇടപെടലുകൾ ആധുനികവൽക്കരണം, മൂല്യവർദ്ധനവ്, മെച്ചപ്പെട്ട അസംസ്കൃത വസ്തുക്കളുടെ ലഭ്യത, തൊഴിലാളി ക്ഷേമം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നു. 2016-2017 മുതൽ, 2025-26 (ജനുവരി 2026 വരെ) വരെയുള്ള കാലയളവിൽ വാർഷിക പദ്ധതികൾ വഴി ഈ മേഖലയ്ക്കായി 602 കോടിയിലധികം രൂപ ചെലവഴിച്ചു. 2016-17 നെ അപേക്ഷിച്ച് 2023-24 ൽ കൈത്തറി ഉൽപ്പാദനം ഇരട്ടിയായി. ഇക്കാലയളവിൽ തറികളുടെ എണ്ണം കുറഞ്ഞുവന്നെങ്കിലും തുണി ഉൽപ്പാദനം 60 ശതമാനം വർദ്ധിച്ചു. ഇവയിൽ മിക്ക തറികളും സഹകരണ യൂണിറ്റുകളായിരുന്നു, അവയുടെ ഉൽപ്പാദനക്ഷമത വർദ്ധിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടു, അതേസമയം തന്നെ സ്വകാര്യ യൂണിറ്റുകൾ ഉയർന്ന മൂല്യവർദ്ധിത ഉൽപ്പാദനത്തിന് സഹായിച്ചു. പവർലൂം മേഖലയിൽ, പവർലൂമുകളുടെ എണ്ണം ഏകദേശം മൂന്നിരട്ടിയായും ഉത്പാദനം 5 മടങ്ങും വിറ്റുവരവ് 10 മടങ്ങും വർദ്ധിച്ചു. കോർപ്പറേറ്റ്/അസംഘടിത/സ്വകാര്യ മേഖലകളുടെ വർദ്ധിച്ചുവരുന്ന പ്രാധാന്യം മൂലം പവർലൂം മേഖലയുടെ ഘടനയിലുണ്ടായിട്ടുള്ള മാറ്റം വളരെ വ്യക്തമാണ്. സ്വകാര്യ, അസംഘടിത യൂണിറ്റുകളിൽ ഉൽപ്പാദനക്ഷമത വർദ്ധിച്ചപ്പോൾ, സഹകരണ പവർലൂം യൂണിറ്റുകളിൽ കുറവുണ്ടായിട്ടുണ്ട്.

സംസ്ഥാന സർക്കാർ കൈത്തറി മേഖലയ്ക്കായി നാല് പ്രധാന മേഖലകളെ അടിസ്ഥാനമാക്കിയുള്ള ഒരു സംയോജിത പിന്തുണാ സംവിധാനം രൂപീകരിച്ചിട്ടുണ്ട്. പ്രീ-പ്രൊഡക്ഷൻ, പ്രൊഡക്ഷൻ, പോസ്റ്റ്-പ്രൊഡക്ഷൻ, ക്ഷേമ ഭരണ/കാര്യ നിർവഹണം എന്നിവ. പ്രീ-പ്രൊഡക്ഷൻ ഘട്ടത്തിൽ, ആധുനികവൽക്കരണത്തിനും അപ്ഗ്രഡേഷൻ അഥവാ നിലവാരം ഉയർത്താനുള്ള ശ്രമങ്ങൾ, പുനരുജ്ജീവന പദ്ധതികൾ, മൂലധന സഹായ പദ്ധതികൾ എന്നിവയിലൂടെ പിന്തുണ നൽകുന്നു. ഗുണനിലവാരമുള്ള അസംസ്കൃത വസ്തുക്കൾക്കുള്ള സബ്സിഡികൾ, ഗുണനിലവാരമുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങാനുള്ള മാർജിൻ മണി വായ്പകൾ, പരിശീലന, നൈപുണ്യ വികസന പരിപാടികൾ, പരുത്തി നൂൽ മൊത്തത്തിൽ വാങ്ങാനുള്ള സഹായം, തുണി സംസ്കരണ കേന്ദ്രങ്ങൾ സ്ഥാപിക്കൽ എന്നിവയിലൂടെയാണ് ഉൽപ്പാദന പിന്തുണ നൽകി വരുന്നത്. കൈത്തറി ഗ്രാമങ്ങളുടെ സ്ഥാപനം പ്രോത്സാഹിപ്പിക്കുക, സ്വയം തൊഴിൽ, ബിസിനസ് ഇൻകുബേഷൻ, ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതികൾ, മാർക്കറ്റിംഗ്, കയറ്റുമതി പ്രോത്സാഹനം, കൈത്തറി ബ്രാൻഡ് പ്രചാരണം എന്നിവയിലൂടെ ഉപജീവനമാർഗവും വിപണി കണ്ടെത്തലും മെച്ചപ്പെടുത്തുക എന്നതാണ് പോസ്റ്റ്-പ്രൊഡക്ഷൻ ഇടപെടലുകൾ കൊണ്ട് ലക്ഷ്യമിടുന്നത്. ക്ഷേമ ഭരണ/കാര്യ നിർവഹണ നടപടികളിലൂടെ അടിസ്ഥാന സൗകര്യ വികസനം, ഷെഡുകളുടെ സൗകര്യങ്ങൾ നവീകരിക്കാനുള്ള പരിശീലനം, ആരോഗ്യ, ക്ഷേമ പരിപാടികൾ, ഉൽപ്പന്ന വികസന സഹായം, ഉൽപാദന പ്രോത്സാഹനങ്ങൾ, നെയ്ത്തുകാർക്ക് സമഗ്രമായ പിന്തുണ ഉറപ്പാക്കുക, കൈത്തറി മേഖലയുടെ മൊത്തത്തിലുള്ള സുസ്ഥിരത ഉറപ്പാക്കുക എന്നിവ ഉൾപ്പെടുന്നു.

**കശുവണ്ടി**: കശുവണ്ടി മേഖലയിൽ സർക്കാർ ഉടമസ്ഥതയിലുള്ളതും സ്വകാര്യ മേഖലയിലുള്ളതുമായ സംസ്കരണ യൂണിറ്റുകൾ ഉൾപ്പെടുന്നു, അവ ഉൽപ്പാദനത്തിനും കയറ്റുമതിക്കും സംഭാവന നൽകുന്നു. കശുവണ്ടി മേഖലയിൽ സംസ്ഥാനത്ത് 100 യൂണിറ്റുകളുണ്ട്. അതിൽ 40 എണ്ണം സർക്കാർ ഉടമസ്ഥതയിലുള്ളതാണ്. ഏകദേശം ഒരു ലക്ഷം തൊഴിലാളികളാണ് ഈ മേഖലയിൽ ജോലി ചെയ്യുന്നത്. ഭൂരിഭാഗവും സ്ത്രീകളാണ്. കശുവണ്ടി സംസ്കരണം ചരിത്രപരമായി വലിയ തോതിൽ സ്ത്രീകൾക്ക് തൊഴിൽ നൽകിയിരുന്ന ജില്ലകളിൽ കേന്ദ്രീകരിച്ചിരിക്കുന്നു. പ്രവർത്തന യൂണിറ്റുകളുടെ എണ്ണവും അവിടെ ജോലി ചെയ്യുന്ന ആളുകളും ആ മേഖലയുടെ സാമ്പത്തിക പ്രസക്തിയുടെ കേന്ദ്രബിന്ദുവായി മാറുന്നതിൽ സുപ്രധാന പങ്കുവഹിക്കുന്നു. അസംസ്കൃത പരിപ്പ് ലഭ്യതയിലെ അസ്ഥിരത തുടരുന്ന ഈ കാലഘട്ടത്തിൽ തൊഴിലാളികൾക്ക് വേതന സുരക്ഷയും ഉപജീവനമാർഗ്ഗത്തിന്റെ തുടർച്ചയും ഉറപ്പുവരുത്തുന്ന സർക്കാർ ഉടമസ്ഥതയിലുള്ള യൂണിറ്റുകൾ ഈ മേഖലയിലെ എടുത്തു പറയേണ്ടുന്ന ഒരു വിഭാഗമാണെന്ന് കണക്കാക്കാം.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ, വളർച്ച ലക്ഷ്യമിട്ടുള്ള സാമ്പത്തിക സഹായം, പ്രവർത്തനരഹിതമായ യൂണിറ്റുകളുടെ പുനരുജ്ജീവനം, ആഭ്യന്തര അസംസ്കൃത പരിപ്പിന്റെ ഉത്പാദന വർദ്ധനവ്, ഉത്പാദനത്തിലെ ആധുനികവൽക്കരണവും ഭാഗിക യന്ത്രവൽക്കരണവും, മൂല്യവർദ്ധനവ് പ്രോത്സാഹിപ്പിക്കൽ, ഉൽപ്പന്ന വൈവിധ്യവൽക്കരണം, ഉത്പാദന ചെലവ് നിയന്ത്രിക്കൽ, വിപണനം, കയറ്റുമതി എന്നിവയുടെ പ്രോത്സാഹനം എന്നിവയിലൂടെ കശുവണ്ടി മേഖലയെ സ്ഥിരതയുള്ളതും മെച്ചപ്പെട്ടതുമായ ഒരു മേഖലയായി നിലനിർത്തുന്നതിൽ കേരള സർക്കാർ ശ്രദ്ധ കേന്ദ്രീകരിച്ചു. തൊഴിൽ സംരക്ഷണം, യൂണിറ്റുകളുടെ പ്രവർത്തനക്ഷമത മെച്ചപ്പെടുത്തൽ, അസംസ്കൃത കശുവണ്ടിയുടെ നിരന്തരമായ ക്ഷാമം പരിഹരിക്കൽ എന്നിവ ലക്ഷ്യമിട്ടായിരുന്നു സർക്കാരിന്റെ ഈ മേഖലയിലെ ഇടപെടലുകൾ. കേരള കശുവണ്ടി വികസന കോർപ്പറേഷൻ 10,600-ലധികം വരുന്ന തൊഴിലാളികൾക്ക് പ്രതിവർഷം 120-ലധികം ദിവസം ജോലി നൽകി, കേരള സ്റ്റേറ്റ് കശുവണ്ടി തൊഴിലാളി അപ്പെക്സ് സഹകരണ സൊസൈറ്റി ഏകദേശം 3,700 തൊഴിലാളികൾക്ക് ഏകദേശം 150 ദിവസത്തെ ജോലി നൽകി. ഇക്കാലയളവിൽ, സ്വകാര്യ ഫാക്ടറികൾ പൂട്ടിയതിനെ തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട 1,759 തൊഴിലാളികളെ കാപെക്സിന്റെ ഫാക്ടറികളിൽ അധികമായി നിയോഗിച്ചു.

സംസ്ഥാനത്ത് കശുമാവ് കൃഷി പരിമിതമായതിനാൽ

സംസ്കരണ യൂണിറ്റുകൾക്ക് ആവശ്യമുള്ളതിനേക്കാൾ വളരെ കുറവാണ് ആഭ്യന്തര ഉൽപ്പാദനം. കശുമാവ് കൃഷി 2016-17-ലെ 90.9 ഹെക്ടറിൽ നിന്ന് 2024-25-ൽ 110.5 ഹെക്ടറായി വ്യാപിച്ചെങ്കിലും, കാലാവസ്ഥയും രോഗവുമായി ബന്ധപ്പെട്ട ഘടകങ്ങളും കാരണം ഉത്പാദനം 83,980 മെട്രിക് ടണ്ണിൽ നിന്ന് 64,920 മെട്രിക് ടണ്ണായി കുറഞ്ഞു. അതിനാൽ, സംസ്കരണ യൂണിറ്റുകളുടെ ശേഷി പൂർണ്ണമായി വിനിയോഗിക്കാൻ അസംസ്കൃത കശുവണ്ടിയുടെ ഇറക്കുമതിയെ വളരെയധികം ആശ്രയിക്കുന്നത് തുടരുകയാണ്. അന്താരാഷ്ട്ര വിലയിലെ ഏറ്റക്കുറച്ചിലുകൾക്കൊപ്പം ഈ ഘടനാപരമായ ആശ്രയത്വവും ഒരു പ്രധാന വെല്ലുവിളിയായി തുടരുന്നു. അസംസ്കൃത കശുവണ്ടിയുടെ ക്ഷാമം പരിഹരിക്കുന്നതിനും സംസ്കരണ യൂണിറ്റുകൾക്ക് അസംസ്കൃത കശുവണ്ടിയുടെ ലഭ്യത ഉറപ്പാക്കുന്നതിനും 2017 ൽ കേരള കശുവണ്ടി ബോർഡ് സ്ഥാപിതമായി. 2017-18 മുതൽ, കേരള കശുവണ്ടി ബോർഡ് 78,006 മെട്രിക് കശുവണ്ടി ഇറക്കുമതി ചെയ്തു, ഇതിന് 293.3 കോടി രൂപ സംസ്ഥാന സഹായമായി നൽകി.

*പട്ടിക 14.6 കേരളത്തിൽ അസംസ്കൃത കശുവണ്ടിയുടെ ഉത്പാദനവും ഇറക്കുമതിയും, 2016 - 17 മുതൽ 2024 - 25 വരെ, ഹെക്ടർ, മെട്രിക് ടൺ, രൂപ ലക്ഷത്തിൽ*

| വർഷം | ഉൽപാദന വിസ്തീർണ്ണം (ഹെക്ടർ) | ഉൽപാദന അളവ് (മെട്രിക് ടൺ) | കശുവണ്ടി ബോർഡ് ഇറക്കുമതി ചെയ്ത അസംസ്കൃത കശുവണ്ടി (മെട്രിക് ടൺ) | കശുവണ്ടി ബോർഡിനുള്ള സംസ്ഥാന സഹായം (രൂപ ലക്ഷം) |
|---|---|---|---|---|
| 2016 - 17 | 90.9 | 83,980 | - | - |
| 2017 - 18 | 92.8 | 88,180 | ഇല്ല | 1,500 |
| 2018 - 19 | 96.6 | 82,889 | 6,668 | 950 |
| 2019 - 20 | 98.8 | 69,624 | 13,634.7 | ഇല്ല |
| 2020 - 21 | 103.2 | 73,105 | 10,836.1 | 5,330 |
| 2021 - 22 | 106.5 | 71,760 | 9,956.4 | 3,730 |
| 2022 - 23 | 108.6 | 74,630 | 9,880.5 | 6,085 |
| 2023 - 24 | 110.3 | 76,380 | 14,000.0 | 7,655 |
| 2024 - 25 | 110.5 | 64,920 | 13,030.1 | 4,081 |

*ഉറവിടം:* ഡയറക്ടറേറ്റ് ഓഫ് കശുവണ്ടി ആൻഡ് കൊക്കോ ഡെവലപ്മെന്റ് (ഡിസിസിഡി), ഇന്ത്യാ ഗവൺമെന്റ്; കേരള കശുവണ്ടി ബോർഡ് ലിമിറ്റഡ്.

**കരകൗശല മേഖല:** ഏകദേശം 1.7 ലക്ഷം കരകൗശല വിദഗ്ധർക്ക് തൊഴിൽ നൽകുന്ന 32 അംഗീകൃത കരകൗശല രൂപങ്ങളെ കേരളം പിന്തുണയ്ക്കുന്നു. ആനക്കൊമ്പ്, തടി, കൊമ്പ്, ബെൽ-മെറ്റൽ, ചിരട്ട മുതലായവ ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കൾ ഈ മേഖലയിൽ ഉൾപ്പെടുന്നു. 2016-17 മുതൽ, ഈ മേഖലയിലെ വാർഷിക പദ്ധതികൾക്കായി ഏകദേശം ₹36 കോടി ചെലവഴിച്ചു.

**ഖാദി ഗ്രാമ വ്യവസായങ്ങൾ**: ഖാദി, ഗ്രാമ വ്യവസായ ബോർഡ് (KKVIB), ഖാദി ഗ്രാമ വ്യവസായ കോർപ്പറേഷൻ (KVIC) എന്നിവയുടെ സഹായത്തോടെ പ്രവർത്തിക്കുന്ന സംഘടനകൾക്ക് കീഴിൽ സംസ്ഥാനത്ത് 29 ഖാദി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. 2018, 2019 വർഷങ്ങളിലെ വെള്ളപ്പൊക്കം, കോവിഡ്-19 പകർച്ചവ്യാധി, പ്രതികൂല സാമ്പത്തിക സാഹചര്യങ്ങൾ എന്നിവ വ്യവസായത്തെ സാരമായി ബാധിച്ചു. സംസ്ഥാന പിന്തുണയിലൂടെ ഈ പ്രതികൂല സാഹചര്യങ്ങളിലും വ്യവസായം പ്രവർത്തനക്ഷമമായി തുടരുന്നു. പ്രതിവർഷ ഉൽപ്പാദനം 25 ശതമാനം വർദ്ധിപ്പിക്കുക, 10,000 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, 1,500 പുതിയ യൂണിറ്റുകളും 75 പുതിയ വിൽപ്പന കേന്ദ്രങ്ങളും സ്ഥാപിക്കുക എന്നിവയാണ് 14-ാം പഞ്ചവത്സര പദ്ധതി ലക്ഷ്യമിടുന്നത്. ഖാദി ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, ഖാദി സഹകരണ സ്ഥാപനങ്ങളെയും ഗ്രാമ വ്യവസായങ്ങളെയും പുനരുജ്ജീവിപ്പിക്കുക, തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക, ഉൽപ്പാദന കേന്ദ്രങ്ങളുടെയും ഓഫീസുകളുടെയും നവീകരണം, വിപണനം, പ്രവർത്തനരഹിതമായ യൂണിറ്റുകളുടെ പുനരുജ്ജീവനം എന്നിവയിലൂടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുക എന്നിവയും പദ്ധതി ലക്ഷ്യമിടുന്നു. 2016-17 മുതൽ, അടിസ്ഥാന സൗകര്യങ്ങൾ, പരിശീലനം, വിപണനം, പ്രവർത്തനരഹിതമായ യൂണിറ്റുകളുടെ പുനരുജ്ജീവനം എന്നിവ ഉൾക്കൊള്ളുന്ന വികസന പരിപാടികൾക്കായി 62.3 കോടി രൂപയിലധികം ചെലവഴിച്ചു.

**നേട്ടങ്ങൾ**

**എംഎസ്എംഇകൾ**: കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ എംഎസ്എംഇ മേഖല ശ്രദ്ധേയമായ നിരവധി നേട്ടങ്ങൾ കൈവരിച്ചു. വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്

നൽകുന്ന പതിമൂന്ന് സേവനങ്ങളും പൂർണ്ണമായും ഡിജിറ്റൈസ് ചെയ്തു. ഇതുവഴി സംരംഭകർക്ക് സുഗമമായി സംരംഭങ്ങൾ ആരംഭിക്കുന്നതിനും, കാര്യക്ഷമത ഗണ്യമായി മെച്ചപ്പെടുത്തുന്നതിനും സാധിച്ചു. സുസ്ഥിര വികസനത്തിനായുള്ള പ്രതിബദ്ധത ശക്തിപ്പെടുത്തിക്കൊണ്ട്, വ്യാവസായിക വളർച്ചാ നയത്തിന്റെ ഭാഗമായി ഉത്തരവാദിത്ത നിക്ഷേപം, ഉത്തരവാദിത്ത വ്യവസായ സമീപനം എന്നിവ പ്രാവർത്തികമാക്കിയ ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമായി കേരളം മാറി. പ്രാദേശിക സംരംഭങ്ങൾക്കുള്ള വിപണി പ്രവേശനം ശക്തിപ്പെടുത്തുന്നതിനായി, 2018 ഡിസംബറിൽ രൂപീകരിച്ച കൊമേഴ്സ് മിഷൻ, ആഭ്യന്തര, അന്തർദേശീയ വിപണികളിൽ തദ്ദേശീയ ഉൽപ്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു. എംഎസ്എംഇകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും സാന്നിധ്യം പ്രകടമാക്കുന്നതിനും വിപണന അവസരങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി രണ്ട് പുതിയ എംഎസ്എംഇ വെബ്സൈറ്റുകളും ഒരു ഇ-മാർക്കറ്റ് പോർട്ടലും ഉൾപ്പെടെയുള്ള സമർപ്പിത ഓൺലൈൻ പ്ലാറ്റ്ഫോമുകൾ ഈ കാലയളവിൽ ആരംഭിച്ചു. സ്കൂളുകളിലും കോളേജുകളിലും സംരംഭകത്വ വികസന ക്ലബ്ബുകളുടെ രൂപീകരണമുൾപ്പടെയുള്ള പരിശീലന പരിപാടികൾ നടപ്പിലാക്കിക്കൊണ്ട് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ആൻട്രപ്രണർഷിപ്പ് ഡെവലപ്മെന്റ് (കെഐഇഡി) സംരംഭകത്വ വികസനത്തിനായുള്ള അവരുടെ പ്രവർത്തനങ്ങൾ വിപുലീകരിച്ചു. വ്യക്തവും, കൂടുതൽ സഹായകവുമായ ഭൂനയങ്ങളിലൂടെ സംരംഭക സഹായ അന്തരീക്ഷം സൃഷ്ടിക്കാൻ ഇതിലൂടെ ലക്ഷ്യമിടുന്നു. കേരള ഗവൺമെന്റ് ലാൻഡ് അലോട്ട്മെന്റ് ആൻഡ് അസൈൻമെന്റ് ഫോർ ഇൻഡസ്ട്രിയൽ പർപ്പസ് റൂൾസ്, 2023 നടപ്പാക്കിയത് ഈ മേഖലയിലെ സുപ്രധാന ചുവടുവയ്പാണ്.

**ഇടത്തരം, വൻകിട വ്യവസായങ്ങൾ**: 2016 നും 2025 നും ഇടയിൽ, കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ ഗണ്യമായ പുരോഗതി കൈവരിച്ചു. ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ എണ്ണം 2024-25 ൽ 14 ആയി വർദ്ധിച്ചു.

സംസ്ഥാനത്തിന്റെ ബദൽ വികസന നയത്തിന് (ആൾട്ടർനേറ്റീവ് ഡെവലപ്മെന്റ് പോളിസി) അനുസൃതമായി രണ്ട് കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തനം പുനരാരംഭിച്ചു. ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ് കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡായും, സംയുക്ത സംരംഭമായ ഭാരത് ഹെവി ഇലക്ട്രിക്കൽസ് - ഇലക്ട്രിക്കൽ മെഷീൻസ് ലിമിറ്റഡ്, കെൽ-ഇലക്ട്രിക്കൽ മെഷീൻസ് ലിമിറ്റഡായും ആണ് പ്രവർത്തനം പുനരാരംഭിച്ചത്. കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് ഇന്ന് നിരവധി പ്രധാന പത്രങ്ങൾക്ക് ന്യൂസ്പ്രിന്റ് വിതരണം ചെയ്യുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളെ സാങ്കേതിക പരിവർത്തനത്തിലൂടെ പുനരുജ്ജീവിപ്പിക്കാനുള്ള ശ്രമങ്ങൾ കേരള സർക്കാർ ആരംഭിച്ചു. ഇലക്ട്രോണിക്സ് മേഖലയിൽ, പ്രതിരോധം, എയ്റോസ്പേസ്, ഇന്റലിജന്റ് ട്രാഫിക് സിസ്റ്റംസ്, അണ്ടർവാട്ടർ ഇലക്ട്രോണിക്സ് എന്നീ മേഖലകളിലേക്കെല്ലാം കെൽട്രോണിന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചു. 2023-24 ൽ ₹1,000 കോടിയിലധികം മൂല്യമുള്ള ഓർഡറുകൾ നേടുകയും, അഡ്വാൻസ്ഡ് ആക്ച്യുവേറ്റർ നിർമ്മാണത്തിനായി ഇറ്റലിയിലെ എൽടോർക്കുമായി ധാരണാപത്രം ഒപ്പുവയ്ക്കുകയും ചെയ്തു. ഇന്ത്യയിലെ ആദ്യത്തെ സൂപ്പർ കപ്പാസിറ്റർ നിർമ്മാണ സൗകര്യം കമ്മീഷൻ ചെയ്യുന്നതും അണ്ടർ വാട്ടർ ടെസ്റ്റിംഗ് സൗകര്യങ്ങൾ വികസിപ്പിക്കുന്നതും ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിലൂടെ കെൽട്രോണിന്റെ അനുബന്ധ സ്ഥാപനങ്ങൾ അവരുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി. ഇലക്ട്രോണിക്സ് മേഖലയിൽ ₹34.5 കോടിയുടെ അറ്റാദായം രേഖപ്പെടുത്തി.

വൈദ്യുതി മേഖലയിൽ കമ്പനികൾ കെ.എസ്.ഇ.ബിയെ ആശ്രയിക്കുന്നത് കുറയ്ക്കാൻ തുടങ്ങിയിട്ടുണ്ട്. ട്രാൻസ്ഫോർമേഴ്സ് ആൻഡ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ് (ടെൽക്) ദേശീയ ഏജൻസികൾക്കായി ₹200 കോടിയിലധികം മൂല്യമുള്ള ഓർഡറുകൾ നടപ്പാക്കുകയും, 2024-25 ൽ ₹6 കോടിയിലധികം പ്രവർത്തന ലാഭം രേഖപ്പെടുത്തുകയും ചെയ്തു. കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് വീണ്ടും ലാഭത്തിലാവുകയും, ട്രാക്ഷൻ ആൾട്ടർനേറ്റർ, ഇ.വി. മോട്ടോറുകൾ എന്നിവയുടെ ഉത്പാദനം വിപുലീകരിക്കുകയും ചെയ്തു, അതേസമയം യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് എൽഇഡി സ്ട്രീറ്റ് ലൈറ്റുകൾ, സ്മാർട്ട് മീറ്ററുകൾ, പോളിമർ ഇൻസുലേറ്ററുകൾ, ആധുനിക സ്റ്റാർട്ടർ ഉപകരണങ്ങൾ എന്നിവയ്ക്കായി പുതിയ യൂണിറ്റുകൾ ആരംഭിച്ചു.

കെമിക്കൽസ് മേഖലയിൽ, കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ് (കെ.എം.എം.എൽ), ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ്, കേരള സെറാമിക്സ് ലിമിറ്റഡ് എന്നിവ ഉൽപ്പാദനവും ലാഭക്ഷമതയും മെച്ചപ്പെടുത്തി. ആസിഡ് റിക്കവറി പ്ലാന്റ് നവീകരണം, ടൈറ്റാനിയം സ്പോഞ്ച്, മിനറൽ സെപ്പറേഷൻ യൂണിറ്റുകളുടെ നവീകരണം എന്നിവയുൾപ്പെടെ പ്രധാന നവീകരണങ്ങൾ കെ.എം.എം.എൽ ഏറ്റെടുത്തിട്ടുണ്ട്.

ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് പ്രധാന മാലിന്യ സംസ്കരണ പദ്ധതികൾ പൂർത്തിയാക്കിക്കൊണ്ട് പ്രധാന ഉൽപാദന സംവിധാനങ്ങൾ ആധുനികവൽക്കരിക്കുകയാണ്. ലോകാരോഗ്യ സംഘടനയുടെ ഗുഡ് മാനുഫാക്ചറിംഗ് പ്രാക്ടീസ് സർട്ടിഫിക്കേഷനുകളും ഇഞ്ചക്ഷൻ, ഒഫ്താൽമിക്സ്, മറ്റ് ഫോർമുലേഷനുകൾ എന്നിവയ്ക്കുള്ള പുതിയ സൗകര്യങ്ങളും ഉപയോഗിച്ച് കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് അതിന്റെ ഉൽപാദന ശേഷി ശക്തിപ്പെടുത്തി.

പൊതു, സഹകരണ മേഖലകളിലെ സ്പിന്നിംഗ് മില്ലുകളെ പിന്തുണയ്ക്കുന്നതിനായി 2022 ൽ കോട്ടൺ ബോർഡ് സ്ഥാപിതമായി. 18 വർഷത്തിനുശേഷം ഫോം മാറ്റിംഗ്സ് ഇന്ത്യ ലിമിറ്റഡ് ലാഭത്തിലേക്ക് തിരിച്ചുവന്നു. പൊതുമേഖലാ സ്ഥാപനങ്ങളിൽ ബിസിനസ് പ്ലാനുകളും പ്രവർത്തന കരാറുകളും നടപ്പിലാക്കുകയും പൊതുമേഖലാ ഉൽപ്പന്നങ്ങളുടെ വിപുലമായ വിപണനത്തിന് പിന്തുണ നൽകാനായി സംസ്ഥാനം ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമായ കെ-ഷോപ്പി ആരംഭിക്കുകയും ചെയ്തു.

**കയർ:** വില സ്ഥിരതാ നടപടികളിലൂടെയും,

സഹകരണ സംഘങ്ങൾക്ക് സുസ്ഥിര പിന്തുണയും, പരമ്പരാഗത തൊഴിലാളികൾക്ക് വിപുലമായ ക്ഷേമ പിന്തുണ നൽകിയും കയർ മൂല്യ ശൃംഖല കേരളം ശക്തിപ്പെടുത്തിയിട്ടുണ്ട്. ഈ പിന്തുണയുടെ പ്രധാന ഘടകം വരുമാനം ഉറപ്പാക്കൽ പദ്ധതിയാണ്. 2016-17 മുതൽ ഏകദേശം 20,000 പരമ്പരാഗത കയർ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പാക്കാൻ 163.1 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി വിപുലമായ പങ്കാളിത്തത്തിലൂടെ കയർ ഭൂവസ്ത്രങ്ങളുടെ ഉപയോഗവും പ്രോത്സാഹിപ്പിച്ചു. ഇതിലൂടെ ഇവയുടെ ആഭ്യന്തര ആവശ്യം ഗണ്യമായി വർദ്ധിച്ചു. പുതിയ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ വികസിപ്പിച്ചും, തൊഴിലാളികളുടെ കഴിവുകൾ മെച്ചപ്പെടുത്താനും, ഗുണനിലവാരമുള്ള ഉൽപ്പാദനം പ്രോത്സാഹിപ്പിക്കാനും പരിശീലന പരിപാടികൾ ഏറ്റെടുത്തും നാഷണൽ കയർ റിസർച്ച് ആൻഡ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (എൻ.സി.ആർ.എം.ഐ) മേഖലയുടെ നൂതനാവിഷ്കാര ശേഷി വർദ്ധിപ്പിച്ചു. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ (കെ.എസ്.സി.സി) ചെറുകിട നിർമ്മാതാക്കളുടെ ഉൽപ്പന്നങ്ങൾ സംഭരിക്കുകയും സ്ഥിരമായ വിപണി ഉറപ്പാക്കുകയും ചെയ്യുന്നു. ഇത് അടുത്ത കാലത്ത് ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ്. കെ.എസ്.സി.സി പ്രധാന ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകളിലേക്ക് (ആമസോൺ, പെപ്പർഫ്രൈ, ഇന്ത്യമാർട്ട്) വികസിക്കുകയും വാൾമാർട്ടുമായി സഹകരണം ഉറപ്പാക്കുകയും ചെയ്തു. 2023 ലെ ഗുണനിലവാര മികവിനുള്ള അവാർഡും 2023, 2024 വർഷങ്ങളിലെ ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയറിലെ മികച്ച പ്രദർശക അവാർഡുകളും ഉൾപ്പെടെ നിരവധി അംഗീകാരങ്ങൾ കെ.എസ്.സി.സിക്ക് ലഭിച്ചിട്ടുണ്ട്. ഭോപ്പാലിൽ എൻഐഡിയുമായി സഹകരിച്ച് കെഎസ്സിസി ഒരു പുതിയ ഉൽപ്പന്ന ഗവേഷണ-ഡിസൈൻ കേന്ദ്രം സ്ഥാപിക്കുകയും, ആദ്യ ബാച്ചിൽ 100 തൊഴിലാളികൾക്ക് പരിശീലനം നൽകുകയും ചെയ്തു.

**കശുവണ്ടി**: കൃഷി, സംസ്കരണം, തൊഴിലാളികളുടെ ക്ഷേമം എന്നിവയിലുടനീളം സർക്കാർ നേതൃത്വത്തിലുള്ള ഇടപെടലുകളിലൂടെ കേരളത്തിലെ കശുവണ്ടി മേഖല ഗണ്യമായി ശക്തി പ്രാപിച്ചു. പുതിയ കട്ടിംഗ് മെഷീനുകൾ സ്ഥാപിക്കുന്നതുൾപ്പെടെയുള്ള സംസ്കരണ സൗകര്യങ്ങളുടെ നവീകരണമാണ് ഇക്കാലയളവിലെ ഒരു പ്രധാന നേട്ടം. ഇത് കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ലിമിറ്റഡിന്റെ (കെ.എസ്.സി.ഡി.സി) യൂണിറ്റുകളിൽ തൊഴിലാളികളുടെ എണ്ണത്തിൽ കുറവുണ്ടാകാതെ ഉൽപ്പാദനക്ഷമത 85 മെട്രിക് ടണ്ണിൽ നിന്ന് 115 മെട്രിക് ടണ്ണായി വർദ്ധിപ്പിക്കുന്നതിനിടയാക്കി. തൊഴിൽ സംരക്ഷണത്തോടൊപ്പം തന്നെ ഉൽപ്പാദനക്ഷമതാ നേട്ടങ്ങൾ കൂടി കൈവരിക്കാം എന്നതിന്റെ അപൂർവ ഉദാഹരണമാണിത്. അസംസ്കൃത കശുവണ്ടിക്ക് ക്ഷാമം നേരിടുന്ന കാലങ്ങളിലെല്ലാം തന്നെ ഈ മേഖലയിലെ തൊഴിലാളികൾക്ക് തുടർച്ചയായ തൊഴിലും വരുമാന സ്ഥിരതയും ഉറപ്പാക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. കെ.എസ്.സി.ഡി.സി ക്ക് 10,600 ൽ അധികം വരുന്ന തങ്ങളുടെ തൊഴിലാളികൾക്ക് പ്രതിവർഷം 120 ദിവസത്തെ ജോലി നൽകാൻ സാധിച്ചിട്ടുണ്ട്. അതേസമയം തന്നെ കാപെക്സ് തങ്ങളുടെ ഫാക്ടറികളിലെ 3,700 തൊഴിലാളികൾക്ക് ഏകദേശം 150 ദിവസത്തെ ജോലി നൽകുവാനും സാധിച്ചു. 2017-18 മുതൽ സർക്കാർ പിന്തുണയോടെ നടത്തിയ 229 കോടി രൂപയുടെ ആധുനികവൽക്കരണവും ഭാഗിക യന്ത്രവൽക്കരണവും അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കുകയും ശുചിത്വമുള്ളതും സ്ത്രീ സൗഹൃദപരവുമായ ഫാക്ടറി അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്തു. ഇത് ഫാക്ടറികളിലെ ഭൗതിക സാഹചര്യങ്ങൾ വളരെയധികം മെച്ചപ്പെടുത്തി. മൂല്യവർധിത ഉൽപ്പന്നങ്ങളിൽ നിന്നുള്ള കെ.എസ്.സി.ഡി.സി. യുടെ വിറ്റുവരവ് 2016-17 ലെ 1.8 കോടിയിൽ നിന്ന് 2024-25 ൽ 17.4 കോടിയായി വർദ്ധിച്ചു, അതേസമയം കാപെക്സ് അതിന്റെ മൂല്യവർധിത ഉൽപ്പന്ന വിൽപ്പന വിപുലമാക്കുകയും ഒഎൻഡിസി, സർക്കാർ പ്ലാറ്റ്ഫോമുകൾ, ഓൺലൈൻ വിൽപ്പന എന്നിവയുൾപ്പെടെ റീട്ടെയിൽ വിൽപ്പനയിൽ കേന്ദ്രീകരിച്ചുകൊണ്ട് വില്പന-വിറ്റുവരവ് വൈവിധ്യവൽക്കരിക്കുകയും ചെയ്തു. കേരള കശുവണ്ടി ബോർഡിന്റെ മൊത്തത്തിലുള്ള ഇറക്കുമതി സംവിധാനം കാര്യക്ഷമമായി പ്രവർത്തിച്ചതിലൂടെ പൊതുമേഖലാ സംസ്കരണ യൂണിറ്റുകളുടെ തടസ്സമില്ലാത്ത പ്രവർത്തനം സാധ്യമാക്കി. 2017-18 മുതൽ, ബോർഡ് 78,006 മെട്രിക് ടൺ അസംസ്കൃത കശുവണ്ടി ഇറക്കുമതി ചെയ്തു. 15,696 ഹെക്ടറിൽ 36 ലക്ഷത്തിലധികം വരുന്ന കശുമാവ് ഗ്രാഫ്റ്റുകൾ വിതരണം ചെയ്തും, അതിസാന്ദ്രതാ (ഹൈ ഡെൻസിറ്റി) അത്യതിസാന്ദ്രതാ (അൾട്രാ-ഹൈ ഡെൻസിറ്റി) എന്നീ നൂതന കശുമാവ് കൃഷിരീതികൾ പ്രോത്സാഹിപ്പിച്ചും കെ.എസ്.എ.സി.സി യുടെ നേതൃത്വത്തിൽ കേരളത്തിൽ കശുമാവ് കൃഷി വിപുലീകരിച്ചു. രാജ്യത്ത് കശുവണ്ടിയുടെ പ്രധാന കയറ്റുമതിക്കാരാണ് കേരളം. പ്രധാനമായും പശ്ചിമേഷ്യൻ രാജ്യങ്ങളിലേക്കാണ് കയറ്റുമതി. 2023-24 ൽ, ഇന്ത്യയുടെ മൊത്തം കശുവണ്ടി കയറ്റുമതി മൂല്യത്തിന്റെ 48 ശതമാനവും കേരളത്തിൽ നിന്നാണെന്ന് ഇന്ത്യാ ഗവൺമെന്റിന്റെ ഡയറക്ടറേറ്റ് ജനറൽ ഓഫ് കൊമേഴ്സ്യൽ ഇന്റലിജൻസ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**കൈത്തറി, തുണിത്തരങ്ങൾ**: ആധുനികവൽക്കരണം, അസംസ്കൃത വസ്തുക്കളുടെ തുടർച്ചയായ വിതരണം, നൈപുണ്യ വൈദഗ്ധ്യ വികസനം, ഉൽപാദന പ്രോത്സാഹന സഹായങ്ങൾ, വിപണി വികസനം, സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തൽ എന്നിവയിൽ കേരള സർക്കാർ ഈ മേഖലയിൽ വിവിധ പദ്ധതികളും പരിപാടികളും നടപ്പാക്കിയിട്ടുണ്ട്. പത്ത് വർഷത്തിനുള്ളിൽ ആധുനികവൽക്കരണത്തിനായി മാത്രം ഏകദേശം 27 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 2,250-ലധികം പുതിയ തറികളുടെ സ്ഥാപനം, 1,000-ത്തിലധികം വർക്ക്ഷെഡുകളുടെ നവീകരണം, ഡൈ ഹൗസുകൾക്കുള്ള സഹായങ്ങൾ, തറി അനുബന്ധ സാമഗ്രികൾ, നെയ്ത്തിന് മുന്നോടിയായ സൗകര്യങ്ങൾ, പ്രധാന തുണി മില്ലുകളുടെ പുനരുജ്ജീവനം എന്നിവ ഉൾപ്പെടുന്നു. നെയ്ത്തുകാർക്ക് കുറഞ്ഞ വിലയിൽ അസംസ്കൃത വസ്തുക്കൾ ഉറപ്പാക്കാൻ, സർക്കാർ കോട്ടൺ ബോർഡ് സ്ഥാപിച്ചു. നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷൻ

(എൻസിഡിസി) വായ്പയിലൂടെ ലഭിച്ച 70 കോടി രൂപയുടെ റിവോൾവിംഗ് ഫണ്ട്, നൂൽ ബാങ്കുകൾ, കേരള സ്റ്റേറ്റ് ഹാൻഡ്‌ലൂം വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (ഹാന്റെക്സ്), കേരള സ്റ്റേറ്റ് ഹാൻഡ്‌ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (ഹാൻവീവ്) എന്നിവയ്ക്കുള്ള അധിക സബ്സിഡികൾ എന്നിവയിലൂടെയാണ് താങ്ങാവുന്ന വിലയിൽ അസംസ്കൃത വസ്തുക്കളുടെ വിതരണം സാധ്യമാകുന്നത്.

കൈത്തറി ഉൽപ്പന്നങ്ങളുടെ വിൽപ്പന ഉറപ്പാക്കാനും മൂല്യത്തിന് അനുസരിച്ചുള്ള വില ലഭ്യമാക്കാനും, കേരള സർക്കാർ കൈത്തറി റിബേറ്റ് പദ്ധതിയെ പിന്തുണച്ചിട്ടുണ്ട്. പ്രാഥമിക കൈത്തറി സൊസൈറ്റികളായ ഹാൻടെക്സ്, ഹാൻവീവ് എന്നിവ ഉപഭോക്താക്കൾക്ക് കിഴിവോടെ കൈത്തറി ഉത്പന്നങ്ങൾ വിൽക്കുന്നു. കിഴിവിനായി ചെലവഴിച്ച തുക സർക്കാർ തിരികെ ഈ സ്ഥാപനങ്ങൾക്ക് കൈമാറുന്നു. 2016-17 മുതൽ ഈ പദ്ധതിയിൽ സർക്കാർ ഏകദേശം 94 കോടി രൂപ ചെലവഴിച്ചു. 2025-26 ൽ തുടക്കം കുറിച്ച 20 കോടി രൂപയുടെ ഹാൻടെക്സ് പുനരുജ്ജീവന പാക്കേജും സർക്കാർ നടപ്പിലാക്കി വരുന്നു. യുവ വീവ് പോലുള്ള നൈപുണ്യ വികസന സംരംഭങ്ങളും കണ്ണൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ടെക്നോളജിയിലെ (ഐ.ഐ.എച്ച്.ടി) പരിശീലന പരിപാടികളും യുവാക്കളെയും, പരിശീലനം ലഭിക്കാത്ത ഈ മേഖലയിലെ തൊഴിലാളികളേയും തൊഴിൽ സജ്ജരാക്കാൻ സഹായിച്ചു. ഉൽപ്പാദന, വരുമാന സഹായ പദ്ധതികൾ ഈ മേഖലയിലുടനീളം ഉപജീവനമാർഗ്ഗം ശക്തിപ്പെടുത്താൻ സഹായിച്ചു. 2016-17 മുതൽ ഏകദേശം 3,300 നെയ്ത്തുകാരെ പിന്തുണയ്ക്കുന്നതിനായി, ഉൽപ്പാദന പ്രോത്സാഹന സഹായമായി 41 കോടിയിലധികം രൂപ നൽകി. നെയ്ത്തുകാർക്ക് പ്രതിദിനം 150 രൂപയുടെ കുറഞ്ഞ വേതനം ഉറപ്പാക്കാൻ തൊഴിൽവകുപ്പുമായിസഹകരിച്ച്വരുമാനപിന്തുണാപദ്ധതി നടപ്പാക്കി. ഒരു വർഷം 100 ദിവസം പൂർത്തിയാക്കുന്ന തൊഴിലാളികൾക്കാണ് ഈ ആനുകൂല്യം. അംശദാന സമ്പാദ്യ പദ്ധതി പ്രകാരം, നെയ്ത്തു തൊഴിലാളിയുടെ വേതനത്തിന്റെ കുറഞ്ഞത് 8 ശതമാനം തുക ഈ പദ്ധതിയിലേക്ക് അടയ്ക്കുകയും തുല്യമായ തുക സർക്കാരിൽ നിന്ന് ലഭ്യമാക്കുകയും ചെയ്യുന്നു. ഇക്കാലയളവിൽ വരുമാന സഹായ പദ്ധതിയും അംശദാന സമ്പാദ്യ പദ്ധതിയും ചേർന്ന് തൊഴിലാളികൾക്ക് 20 കോടിയിലധികം രൂപ വിതരണം ചെയ്തു. ഇത് 30,000 ത്തിലധികം തൊഴിലാളികൾക്ക് പ്രയോജനം ചെയ്തു. 2024-25 ൽ കൈത്തറി നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കും വേണ്ടിയുള്ള ഒരു പുതിയ ആരോഗ്യ പരിപാടി അവതരിപ്പിച്ചിട്ടുണ്ട്.

കൈത്തറി മാർക്ക്, കെ-ബ്രാൻഡ് സർട്ടിഫിക്കേഷനുകൾ അവതരിപ്പിച്ചും, ആയിരക്കണക്കിന് യൂണിറ്റുകളുടെയും തൊഴിലാളികളുടെയും ഭൗമ അടയാളപ്പെടുത്തൽ (ജിയോ-ടാഗിംഗ്), നടത്തിയും ഡിസൈൻ സ്റ്റുഡിയോകൾ സ്ഥാപിച്ചും കൈത്തറി മേഖലയുടെ വിപണി വികസനം ഗണ്യമായി ശക്തിപ്പെടുത്തി. 2017 ൽ അവതരിപ്പിച്ച സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി കൈത്തറി തൊഴിലാളികളുടെ തൊഴിൽ, വേതനം, വ്യക്തിഗത തൊഴിൽ ദിനങ്ങൾ എന്നിവ വർദ്ധിപ്പിക്കുന്നതിൽ വിജയിച്ചു. പ്രതിവർഷം ഏകദേശം 9 ലക്ഷം വിദ്യാർത്ഥികൾക്ക് ആനുകൂല്യം ലഭിക്കുന്ന പദ്ധതിയിൽ ഏകദേശം 6,200 നെയ്ത്തുകാർ ഉൽപാദനത്തിൽ പങ്കാളികളാകുന്നു. 2016–17 മുതൽ 2024–25 വരെ, ഈ പദ്ധതിക്കായി സർക്കാർ 620 കോടിയിലധികം രൂപ ചെലവഴിച്ചു. ഇതുൾപ്പെടെയുള്ള സർക്കാരിന്റെ ഇടപെടലുകൾ എല്ലാം തന്നെ സംഭരണം, ഉത്പാദനം, രൂപകൽപ്പന, വൈദഗ്ധ്യം, വിപണനം, സ്ഥാപനങ്ങളുടെ ശക്തിപ്പെടുത്തൽ എന്നിങ്ങനെ മൂല്യ ശൃംഖലയുടെ ഓരോ ഘട്ടവും ശക്തിപ്പെടുത്തുന്നു.

**വെല്ലുവിളികൾ**

സ്ഥായിയായതും മേഖലാ-നിർദ്ദിഷ്ടവുമായ നിരവധി പരിമിതികളാണ് കേരളത്തിന്റെ വ്യാവസായിക ആവാസവ്യവസ്ഥ നേരിടുന്നത്. എം.എസ്.എം.ഇ മേഖല നേരിടുന്ന പ്രധാന വെല്ലുവിളികൾ ഇവയെല്ലാമാണ് - അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത, സൂക്ഷ്മ സംരംഭ വിഭാഗത്തിൽ നിന്നും ചെറുകിട - ഇടത്തരം വിഭാഗങ്ങളിലേക്ക് ഉയർത്തുന്നതിൽ സംരംഭകർക്കുള്ള പരിമിതമായ സാധ്യത, താങ്ങാനാവുന്ന വായ്പാ ലഭ്യതയുടെ അപര്യാപ്തത, ദുർബലമായ വ്യവസായ-അക്കാദമിക് ബന്ധങ്ങൾ, നൂതനവും വിപണി അധിഷ്ഠിതവുമായ സംരംഭക ആശയങ്ങളുടെ കുറവ് എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഇടത്തരം, വൻകിട വ്യവസായങ്ങൾ ആധുനികവൽക്കരണത്തിൽ വിടവുകൾ നേരിടുന്നുണ്ട്, പ്രത്യേകിച്ച് പഴയ യൂണിറ്റുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും.

പരമ്പരാഗത വ്യവസായങ്ങൾ ഘടനാപരമായ പരിമിതികൾ നേരിടുന്നു. കയർ മേഖലയിൽ അസംസ്കൃത വസ്തുവായ തൊണ്ടിന് ക്ഷാമം നേരിടുന്നു. കുറഞ്ഞ ഭൂഉടമസ്ഥത, വിതരണ ശൃംഖലയിലെ ഏകീകരണത്തിന്റെ ദൗർബല്യം, ഉയർന്ന ഉൽപാദനച്ചെലവ്, കുറഞ്ഞ ഉൽപ്പാദനക്ഷമത, പ്രവർത്തന മൂലധനത്തിന്റെ കുറവ്, പരിമിതമായ ഉൽപ്പന്ന വൈവിധ്യവൽക്കരണം, മറ്റ് പ്രദേശങ്ങളിൽ നിന്നുള്ള ശക്തമായ മത്സരം എന്നിവയാണ് കാരണം.

കൈത്തറി, യന്ത്രത്തറി മേഖലകൾ വിലയും ഗുണനിലവാരവും കുറഞ്ഞ വസ്തുക്കൾകൊണ്ട് അതിവേഗം നിർമ്മിച്ചിറക്കുന്ന തുണിത്തരങ്ങളിൽ നിന്നുള്ള മത്സരം, മാറുന്ന ഉപഭോക്തൃ മുൻഗണനകൾ, അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യവും വിലക്കയറ്റവും, സാങ്കേതികവിദ്യ സ്വീകരിക്കുന്നതിലെ മന്ദഗതി, കുറഞ്ഞ ഉൽപ്പാദനക്ഷമത, വർദ്ധിക്കുന്ന ഭരണ-ഉൽപാദന ചെലവുകൾ തുടങ്ങിയ വെല്ലുവിളികളും നേരിടുന്നുണ്ട്.

കശുമാവ് കൃഷിയാകട്ടെ, കാലാവസ്ഥാ മാറ്റങ്ങൾ, രോഗബാധ, ഭൂമിയുടെ ലഭ്യതക്കുറവ്, ഉയർന്ന വിളവ് നൽകുന്ന ഇനങ്ങളുടെ വ്യാപനത്തിലെ മാന്ദ്യം, സംസ്കരണ യൂണിറ്റുകളുടെ ആധുനികവൽക്കരണം തുടങ്ങിയ വെല്ലുവിളികൾ നേരിടുന്നു. ഉയർന്ന സംസ്കരണ ചെലവ്, മിതമായ വിലയ്ക്ക് അസംസ്കൃത കശുവണ്ടിയുടെ ലഭ്യതക്കുറവ്, ആഗോള പങ്കാളികളിൽ നിന്നുള്ള മത്സരം എന്നിവയും കശുവണ്ടി വ്യവസായത്തെ ബാധിക്കുന്നുണ്ട്.

അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം, വർദ്ധിച്ചുവരുന്ന ചെലവുകൾ, കടുത്ത മത്സരം, ചുരുങ്ങുന്ന കയറ്റു

മതി വിപണികൾ, വൈദഗ്ധ്യമുള്ള കരകൗശല വിദഗ്ധ രുടെ കുറവ്, പരിമിതമായ പ്രവർത്തന മൂലധനം എന്നിവ കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നവർ നേരിടുന്ന പ്രധാന വെല്ലുവിളികളാണ്. ഖാദി, ഗ്രാമ വ്യവസായങ്ങൾ സർക്കാർ പിന്തുണയെ/പദ്ധതി സഹായങ്ങളെ വളരെയധികം ആശ്രയിക്കുന്നുണ്ട്. അതോടൊപ്പം ദുർബലമായ മാർക്കറ്റിംഗ് സംവിധാനങ്ങൾ, പരിമിതമായ ഉൽപ്പന്ന വൈവിധ്യവൽക്കരണം, വികസിച്ചുകൊണ്ടിരിക്കുന്ന വിപണി ആവശ്യങ്ങളുമായി പൊരുത്തപ്പെടാനുള്ള കഴിവില്ലായ്മ എന്നിവയെല്ലാം കരകൗശല മേഖല നേരിടുന്ന പ്രശ്നങ്ങളാണ്..

മെച്ചപ്പെട്ട ആധുനികവൽക്കരണം, മികച്ച ധനസഹായ ലഭ്യത, മെച്ചപ്പെട്ട രൂപകൽപ്പനയും സാങ്കേതികവിദ്യയും സ്വായത്തമാക്കൽ, കൂടുതൽ ഉൽപ്പാദനക്ഷമത, ശക്തമായ വിപണി സാന്നിധ്യം, സുസ്ഥിരമായ സ്ഥാപന ശേഷി എന്നിവയെല്ലാം ഭാവി പുരോഗതിക്കായി എല്ലാ മേഖലകളിലും ആവശ്യമാണ്.

**മുന്നോട്ടുള്ള വഴി**

കേരളത്തിന്റെ മൊത്തത്തിലുള്ള വ്യാവസായിക നയം സുസ്ഥിരത, ആധുനികവൽക്കരണം, നവീകരണം, വിവിധ മേഖലകളിലെ ശക്തമായ സ്ഥാപന സംവിധാനങ്ങൾ എന്നിവയ്ക്ക് ഊന്നൽ നൽകുന്നത് തുടരുന്നു. എംഎസ്എംഇ കളെ സംബന്ധിച്ചിടത്തോളം, സംരംഭങ്ങളെ ഫലപ്രദമായി ഉയർത്തുക, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, വായ്പാ ലഭ്യത വർദ്ധിപ്പിക്കുക, സംരംഭകത്വം വളർത്തുക, മിഷൻ 1000 പോലുള്ള സംസ്ഥാനത്തിന്റെ പുതിയ വ്യാവസായിക നയവും സംരംഭങ്ങളും പ്രയോജനപ്പെടുത്തുക എന്നിവയാണ് മുന്നോട്ടുള്ള പാതയിൽ ഉൾപ്പെടുന്നത്. വ്യവസായ-അക്കാദമിക് ബന്ധങ്ങൾ ശക്തിപ്പെടുത്തുക, സാങ്കേതിക വിദ്യ ലഭ്യമാക്കാനുള്ള ഫണ്ടുകളിലൂടെയും ക്ലിനിക്കുകളിലൂടെയും സാങ്കേതികവിദ്യ സ്വീകരിക്കുന്നത് ശക്തമാക്കുക, ഐടിക്ക് അപ്പുറത്തേക്ക് സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥ വൈവിധ്യവൽക്കരിക്കുക എന്നിവ അത്യാവശ്യമാണ്. പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കാനുള്ള സർക്കാർ പരിഷ്കാരങ്ങളും ഇടപെടലുകളും വിജയിക്കുകയും, അത് തുടരുകയും ചെയ്യുന്നുണ്ട്. അതോടൊപ്പം സഹകരണ മേഖലയിലും ഉൽപ്പാദന സംരംഭങ്ങൾ സൃഷ്ടിക്കാൻ സർക്കാർ ഉറ്റുനോക്കുന്നു.

കൂടുതൽ വ്യക്തമായ ദീർഘകാല വീക്ഷണത്തോടെ പരമ്പരാഗത വ്യവസായങ്ങളെ പുനരുജ്ജീവിപ്പിച്ചു വരുന്നു. കയർ മേഖലയിൽ, അസംസ്കൃത വസ്തുക്കളുടെ ലഭ്യത മെച്ചപ്പെടുത്തൽ, യന്ത്രങ്ങളുടെ ആധുനികവൽക്കരണത്തിലും ഉപയോഗം മെച്ചപ്പെടുത്തുന്നതിലും കെ.എസ്.സി.എം.എം.സി, എൻ.സി.ആർ.എം.ഐ എന്നിവയുടെ പങ്ക് വർദ്ധിപ്പിക്കൽ, ഗവേഷണ വികസനം ശക്തിപ്പെടുത്തൽ, നവീകരണവും വൈവിധ്യവൽക്കരണവും മുന്നോട്ട് കൊണ്ടുപോകാൻ എൻ.സി.ആർ.എം.ഐ യിൽ ഡിസൈൻ വിഭാഗം സൃഷ്ടിക്കൽ, പ്രവർത്തനരഹിതമായ സൊസൈറ്റികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ പിപിപി മോഡലുകളുടെ സാധ്യത കണ്ടെത്തൽ തുടങ്ങിയ നടപടികൾ 2022-ൽ രൂപീകരിച്ച വിദഗ്ധ സമിതി ശുപാർശ ചെയ്തു. ആധുനികവൽക്കരണത്തിനും, യന്ത്രവൽക്കരണത്തിനും, മെച്ചപ്പെട്ട ഉൽപ്പന്ന ഗുണനിലവാരത്തിനും, പുതിയ വിപണികളിലേക്കുള്ള പ്രവേശനത്തിനും മുൻഗണന നൽകുന്ന ഈ ശുപാർശകൾ സർക്കാരിന് ഈ മേഖലയോടുള്ള സമീപനത്തിന് സഹായകമാകും.

കൈത്തറി, യന്ത്രത്തറി മേഖലകളിൽ വിദഗ്ധ സമിതി ഒട്ടേറെ ശുപാർശകൾ സമർപ്പിച്ചിട്ടുണ്ട്. സ്വയം പര്യാപ്ത സൊസൈറ്റികൾ, ഭരണ, സാങ്കേതിക പിന്തുണയ്ക്കായി കേരള ഹാൻഡ്‌ലൂം മിഷൻ/ടാസ്ക് ഫോഴ്സ്, നവീകരണത്തിനും പ്രീമിയം ഉൽപ്പന്നങ്ങൾ വികസിപ്പിക്കാനും കൈത്തറി ഇൻകുബേറ്റർ, ഡിജിറ്റൽ തിരിച്ചറിയൽ സങ്കേതത്തോടെ ഒരു സർട്ടിഫിക്കേഷൻ അതോറിറ്റി വഴി ബ്രാൻഡ് അവതരണം, ഹാന്റക്സിനും ഹാൻവീവിനും പുനരുജ്ജീവന പദ്ധതി, ഉയർന്ന മേന്മയുള്ള നാരുകളും ഇലക്ട്രോണിക് ജക്കാർഡ് യന്ത്രം പോലുള്ള ആധുനിക ഉപകരണങ്ങൾ, ആവശ്യവും വിപണനവും വിപുലീകരിക്കാൻ കൈത്തറി പ്രോത്സാഹന പദ്ധതി എന്നിവ ശുപാർശകളിൽ ഉൾപ്പെടുന്നു. ആധുനികവൽക്കരണം, ഡിസൈൻ വികസനം, പ്രീമിയം ഉൽപ്പന്ന വൈവിധ്യവൽക്കരണം, ശക്തമായ ബ്രാൻഡിംഗും അവയ്ക്ക് വിപണി കണ്ടെത്തലും എന്നിവ കേന്ദ്രീകരിച്ച് മുന്നോട്ടു പോകാനുള്ള തന്ത്രങ്ങളുടെ അടിത്തറ ഈ ശുപാർശകളാണ്.

കശുവണ്ടി മേഖലയ്ക്കായി രണ്ട് വിദഗ്ധ സമിതികൾ ഉണ്ടായിരുന്നു, സ്വകാര്യ സംസ്കരണ യൂണിറ്റുകൾ സംബന്ധിച്ചും മൊത്തത്തിലുള്ള വ്യവസായ പുനരുജ്ജീവനം സംബന്ധിച്ചും. അധികച്ചെലവുകൾ കുറയ്ക്കൽ, ഘട്ടം ഘട്ടമായി യന്ത്രവൽക്കരണം, മെച്ചപ്പെട്ട സംഭരണ സംവിധാനങ്ങൾ, ഉൽപ്പന്ന വൈവിധ്യവൽക്കരണം, കേന്ദ്രീകൃത വിപണനം, 'കേരള കശുവണ്ടി' പ്രീമിയം ബ്രാൻഡായി അവതരിപ്പിക്കൽ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, സ്ത്രീ സൗഹൃദ തൊഴിൽഅന്തരീക്ഷംമെച്ചപ്പെടുത്തൽ,ഉപയോഗശൂന്യമായ ഭൂമിയിൽ കശുവണ്ടി കൃഷി പ്രോത്സാഹനം എന്നിവയാണ് ശുപാർശകൾ. ഇവ അടിസ്ഥാനമാക്കിയാണ് സംസ്കരണ യൂണിറ്റുകൾക്ക് തുടർച്ചയായ പ്രവർത്തന ആനുകൂല്യങ്ങൾ പോലുള്ള ഹ്രസ്വകാല പദ്ധതികൾ അവതരിപ്പിച്ചത്. ആധുനിക സാങ്കേതികവിദ്യ, മെച്ചപ്പെട്ട ഉൽപ്പാദനക്ഷമത, സുസ്ഥിര സംസ്കരണം, ആഗോള വിപണനം എന്നിവ കേന്ദ്രീകരിച്ചായിരിക്കും ഭാവിയിൽ ഈ മേഖലയുടെ ദിശ.

കരകൗശല മേഖലയിൽ, പൊതു സൗകര്യ കേന്ദ്രങ്ങൾ വികസിപ്പിക്കുക, മൈക്രോഫിനാൻസ് ലഭ്യത മെച്ചപ്പെടുത്തുക, കരകൗശല ക്ലസ്റ്ററുകൾ ശക്തിപ്പെടുത്തുക, ടൂറിസവുമായി ബന്ധപ്പെട്ട കരകൗശല ഗ്രാമങ്ങൾ സ്ഥാപിക്കുക, അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കാൻ മുള കൃഷി കൂടുതൽ വികസിപ്പിക്കുക, മേഖലയെക്കുറിച്ചുള്ള സംസ്ഥാന അവലോകനങ്ങളിലെ ശുപാർശകൾ നടപ്പാക്കുക എന്നിവയാണ് മുന്നോട്ടുള്ള പാതയിൽ ഈ മേഖല സ്വീകരിക്കേണ്ട പ്രധാന നടപടികൾ.

ഖാദി, ഗ്രാമ വ്യവസായങ്ങൾക്ക്, കൂടുതൽ സ്വയം പര്യാപ്തത, മെച്ചപ്പെട്ട വിപണന സംവിധാനങ്ങൾ, പുതിയ

ഉൽപ്പന്ന വികസനം, സ്ഥാപനപരമായ ശക്തിപ്പെടുത്തൽ എന്നിവ ഭാവി പദ്ധതികളുടെ അല്ലെങ്കിൽ തന്ത്രത്തിന്റെ കേന്ദ്രബിന്ദുവായി തുടരണം. സംസ്ഥാന സഹായ ത്തിലുള്ള ആശ്രിതത്വം കുറയ്ക്കാനുള്ള ശുപാർശ കളുമായി ഇത് യോജിക്കുന്നുമുണ്ട്.

കേരളത്തിന്റെ ദീർഘകാല വ്യാവസായിക ദർശനം, അതിന്റെ വൈദഗ്ധ്യമുള്ള തൊഴിൽ സേന, ശക്തമായ വിദ്യാഭ്യാസ സമ്പ്രദായം, സ്ത്രീകളുടെ ഉയർന്ന പങ്കാളിത്തം, പ്രവാസികളിലൂടെയുള്ള ആഗോള സാന്നിദ്ധ്യം എന്നിവ യിൽ കേന്ദ്രീകരിച്ചിരിക്കുന്നു. വ്യവസായ-അക്കാദമിക് പങ്കാ ളിത്തം ശക്തിപ്പെടുത്തുക, സാങ്കേതികവിദ്യ സ്വീകരിക്കൽ ത്വരിതപ്പെടുത്തുക, ഗവേഷണാധിഷ്ഠിത ഉൽപ്പാദനത്തെ പിന്തുണയ്ക്കുക, നവീകരണം പ്രാപ്തമാക്കുക എന്നിവ കേര ളത്തിന്റെ വ്യാവസായിക മത്സരശേഷിയിൽ നിർണായക മായിരിക്കും. സ്വകാര്യ നിക്ഷേപത്തിന്റെയും, ഉൽപ്പാദന ക്ഷമത വർദ്ധനവിന്റെയും പിന്തുണയോടെ സാമൂഹിക മായും പാരിസ്ഥിതികമായും ഉത്തരവാദിത്തമുള്ള ഒരു വ്യാവസായിക പരിവർത്തനമാണ് സംസ്ഥാനം ലക്ഷ്യമി ടുന്നത്. സംരംഭ വർഷം പോലുള്ള പദ്ധതികൾ സൃഷ്ടിച്ച ഗതിവേഗം ശക്തമാക്കാൻ കൂടുതൽ സൗകര്യങ്ങൾ ഒരു ക്കുകയും കാര്യക്ഷമമായ നിയന്ത്രണ പ്രക്രിയകൾ നടപ്പാ ക്കുകയും ദേശീയ, ആഗോള പ്രവണതകളുമായി നമ്മുടെ വ്യവസായത്തെ യോജിപ്പിച്ചുകൊണ്ട് പോകുകയും വേണം.

ഓരോ മേഖലയുടെയും സവിശേഷ ശക്തികളെ നൂത നമായ അവസരങ്ങളുമായി സംയോജിപ്പിക്കാനുള്ള കേരള ത്തിന്റെ ശേഷി, വരും വർഷങ്ങളിൽ സുസ്ഥിരവും ആധുനി കവും നവീകരണത്തിൽ അധിഷ്ഠിതവുമായ വ്യാവസായിക വളർച്ചയ്ക്ക് സംസ്ഥാനത്തെ സഹായിക്കും.

## അദ്ധ്യായം 15
# വികസനത്തിന് ശാസ്ത്ര സാങ്കേതിക വിദ്യ

പതിമൂന്ന്, പതിനാല് പഞ്ചവത്സര പദ്ധതികളിൽ ശാസ്ത്ര സാങ്കേതിക വിദ്യയുടെ വികസനത്തിനും പുരോഗതിക്കും കേരള സംസ്ഥാനം മുൻഗണന നൽകിയിട്ടുണ്ട്. സമൂഹത്തിൽ, പ്രത്യേകിച്ച് യുവാക്കൾക്കിടയിൽ, ശാസ്ത്രീയ മനോഭാവം പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം, അതിന്റെ പരിവർത്തന സാധ്യതകൾ പ്രയോജനപ്പെടുത്തി സംസ്ഥാനത്ത് ശക്തമായ ഒരു ശാസ്ത്ര, സാങ്കേതിക, നവീകരണ ആവാസവ്യവസ്ഥ കെട്ടിപ്പടുക്കുക എന്നതാണ് 2016 മുതൽ ഇന്നുവരെയുള്ള സർക്കാരിന്റെ നയം. ഈ കാലയളവിൽ, നൂതനാശയം, ഡിജിറ്റൽ പരിവർത്തനം, എല്ലാവരെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള സമഗ്ര വികസനം എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് സംസ്ഥാനം ശാസ്ത്ര സാങ്കേതിക മേഖലയിൽ ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. സമഗ്രവും സാർവത്രികവുമായ സ്കൂൾ വിദ്യാഭ്യാസ സമ്പ്രദായവും, ശാസ്ത്രത്തെ ജനകീയവൽക്കരിക്കാനും ശാസ്ത്രബോധം പ്രോത്സാഹിപ്പിക്കാനും പ്രതിജ്ഞാബദ്ധരായ ജനസമൂഹവും ഈ പുരോഗതിയെ പിന്തുണച്ചിട്ടുണ്ട്. ഈ സാമൂഹിക ശക്തികൾ ഒരുമിച്ച്, കേരളത്തിന്റെ ശാസ്ത്ര, സാങ്കേതിക, നവീകരണ ആവാസവ്യവസ്ഥയ്ക്ക് സവിശേഷവും ശക്തവുമായ അടിത്തറ നൽകുന്നു.

സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കാനും, ഊർജ്ജസ്വലമായ ഒരു നവീകരണ ആവാസവ്യവസ്ഥ വളർത്താനും സംസ്ഥാനം സയൻസ് പാർക്കുകൾ, ഇൻകുബേറ്ററുകൾ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവയുടെ ശൃംഖല വികസിപ്പിച്ചിട്ടുണ്ട്. കേരള സ്പേസ് പാർക്ക്, സയൻസ് പാർക്ക്, ഇന്നൊവേഷൻ സെന്റർ ഫോർ ഗ്രാഫീൻ, കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ ആൻഡ് ടെക്നോളജി, കേരള ജീനോം ഡാറ്റ സെന്റർ, കേരള മെഡിക്കൽ ടെക്നോളജി കൺസോർഷ്യം, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് ക്രോപ്പ് ബ്രീഡിംഗ് തുടങ്ങിയ സ്ഥാപനങ്ങൾ ഈ നവീകരണാധിഷ്ഠിത നയത്തിന്റെ പ്രതിഫലനമാണ്. കൂടാതെ, ഡിജിറ്റൽ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്ന ബൃഹദ് പദ്ധതിയായ കേരള ഫൈബർ ഒപ്റ്റിക് നെറ്റ്വർക്ക് (കെഫോൺ)ഇന്ത്യയിലെ ശാസ്ത്ര സാങ്കേതിക മേഖലയിൽ വളർന്നു വരുന്ന കേന്ദ്രമെന്ന നിലയിൽ കേരളത്തിന്റെ സ്ഥാനം ശക്തമാക്കിയിട്ടുണ്ട്.

കേരളത്തിലെ ശാസ്ത്രസാങ്കേതിക ആവാസവ്യവസ്ഥ സർക്കാർ വകുപ്പുകളും വിദ്യാഭ്യാസ, ഗവേഷണ സ്ഥാപനങ്ങളും വ്യവസായ മേഖലയും തമ്മിലുള്ള സജീവ സഹകരണത്തിലൂടെ ശാസ്ത്ര ഗവേഷണം, നൂതനാവിഷ്കാരം, സാങ്കേതിക വികസനം എന്നിവയെ പ്രോത്സാഹിപ്പിക്കുന്നു.നയരൂപീകരണം, ഗവേഷണ ധനസഹായം, വിജ്ഞാന വ്യാപനം എന്നിവയ്ക്ക് പിന്തുണ നൽകുന്ന ശാസ്ത്ര -സാങ്കേതിക -പരിസ്ഥിതി വകുപ്പും (ഡിഎസ്ടിഇ) കേരള സംസ്ഥാന ശാസ്ത്ര- സാങ്കേതിക- പരിസ്ഥിതി കൗൺസിലും (കെഎസ്സിഎസ്ടിഇ) ചേർന്നാണ് ഇതിനെ നയിക്കുന്നത്. കേരളത്തിലെ ശക്തമായ വിദ്യാഭ്യാസ ശൃംഖലയിലെ സർവകലാശാലകളും ഗവേഷണ കേന്ദ്രങ്ങളും സാങ്കേതിക സ്ഥാപനങ്ങളും ശാസ്ത്രം, സാങ്കേതിക വിദ്യ, എഞ്ചിനീയറിംഗ്, ഗണിതം (STEM) എന്നിവയിൽ വൈദഗ്ധ്യമുള്ള പ്രൊഫഷണലുകളെ വാർത്തെടുക്കുന്നു. വ്യവസായ മേഖല, പ്രത്യേകിച്ച് ബയോടെക്നോളജി, വിവര സാങ്കേതിക വിദ്യ, ബഹിരാകാശ സാങ്കേതികവിദ്യ, ഹരിത ഊർജ്ജം തുടങ്ങിയ മേഖലകളിലെ വ്യവസായങ്ങൾ, ഈ വിജ്ഞാനത്തെ പ്രായോഗിക പരിഹാരങ്ങളും ഉൽപ്പന്നങ്ങളും സേവനങ്ങളുമാക്കി പരിവർത്തനം ചെയ്യുന്നു. കേരള സ്റ്റാർട്ടപ്പ് മിഷൻ (KSUM), മൂന്ന് സയൻസ് പാർക്കുകൾ (തിരുവനന്തപുരം, എറണാകുളം, കണ്ണൂർ), ടെക്നോപാർക്ക് എന്നിവ പോലുള്ള സംരംഭങ്ങൾ ഈ നൂതനാവിഷ്കാര ആവാസവ്യവസ്ഥയ്ക്ക് അധിക പിന്തുണ നൽകുന്നു. സർക്കാരും അക്കാദമിക ലോകവും, വ്യവസായ മേഖലയും തമ്മിലുള്ള ഈ കൂട്ടായ്മ ശാസ്ത്ര സാങ്കേതിക മേഖലയിലെ സംസ്ഥാനത്തിന്റെ പുരോഗതിയെ മുന്നോട്ട് നയിക്കുന്നു.

### 13,14 പഞ്ചവത്സര പദ്ധതികളിലെ ശാസ്ത്ര സാങ്കേതിക വിദ്യ

13-ാം പദ്ധതി സംസ്ഥാനത്തിന്റെ സുസ്ഥിര വികസനത്തിനും സമഗ്ര വളർച്ചയ്ക്കുമായി ശാസ്ത്ര, സാങ്കേതിക വിദ്യകൾക്കും, നൂതനാശയങ്ങൾക്കും ഊന്നൽ നൽകി. സുപ്രധാന മേഖലകളിൽ, ഉന്നത നിലവാരമുള്ള ഗവേഷണം, ഗവേഷണ സ്ഥാപനങ്ങളും ഉന്നത വിദ്യാഭ്യാസവും തമ്മിലുള്ള മികച്ച ഏകോപനവും സഹകരണവും, നാനോ ടെക്നോളജി, ബയോടെക്നോളജി എന്നിവയിലെ പുതിയ പദ്ധതികൾ എന്നിവ ഉൾപ്പെടുന്നു. വൈവിധ്യമുള്ളതും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ മാനവ വിഭവശേഷി അടിത്തറ കെട്ടിപ്പടുക്കാൻ ശാസ്ത്ര സാങ്കേതിക രംഗത്ത് സ്ത്രീകളുടെയും പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവരുടെയും പങ്കാളിത്തം വർദ്ധിപ്പിക്കാനും ഇത് ലക്ഷ്യമിടുന്നു. 13-ാം പദ്ധതി കാലയളവിൽ ഹരിത സാങ്കേതിക വിദ്യാ സംരംഭങ്ങളും (ഗ്രീൻ ടെക്നോളജി ഇനീഷ്യേറ്റീവ്) സഹായ സാങ്കേതിക വിദ്യയിൽ (അസിസ്റ്റീവ് ടെക്നോളജി) ഗവേഷണത്തിനും വികസനത്തിനും പിന്തുണ നൽകാനുള്ള പരിപാടികളും അവതരിപ്പിച്ചിട്ടുണ്ട്.

സാങ്കേതിക ഗവേഷണവും ഉൽപ്പാദനത്തിലെ അതിന്റെ പ്രയോഗവും തമ്മിലുള്ള ദുർബലമായ ബന്ധങ്ങൾ, ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസത്തിന്റെയും ഗവേഷണത്തിന്റെയും വിവിധ തലങ്ങളിലുള്ള ഗുണനിലവാര വിടവുകൾ, കേരളത്തിലെ ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളും ഇന്ത്യയിലെ ഇതര കേന്ദ്രങ്ങളിലെയും വിദേശത്തെയും ഇത്തരം സ്ഥാപനങ്ങളും തമ്മിലുള്ള സഹകരണത്തിലെ അപര്യാപ്തത തുടങ്ങിയ പോരായ്മകൾ 2021 ലെ കേരള വികസന റിപ്പോർട്ടിൽ കണ്ടെത്തിയിരുന്നു. അതിന് അനുസൃതമായി ശക്തമായ ഒരു എസ്.ടി.ഐ (സയൻസ്, ടെക്നോളജി, ഇന്നൊവേഷൻ) ആവാസവ്യവസ്ഥ കെട്ടിപ്പടുക്കുന്നതിന് 14-ാം പഞ്ചവത്സര പദ്ധതി ശക്തമായ ഊന്നൽ നൽകി. കൂടാതെ ഈ ആശങ്കകൾ പരിഹരിക്കാൻ, ശാസ്ത്രത്തിന്റെ ജനകീയവൽക്കരണവും പ്രോത്സാഹനവും, മാനവ വിഭവശേഷി വികസനം, വ്യവസായ - അക്കാദമിക്- ഗവേഷണ, വികസന മേഖലകളുടെ സഹകരണം ശക്തി

പ്പെടുത്തൽ, അന്താരാഷ്ട്ര ശാസ്ത്ര സഹകരണവും ധനസഹായ അവസരങ്ങളും വിപുലമാക്കൽ, നവീകരണവും സംരംഭകത്വവും പ്രോത്സാഹിപ്പിക്കൽ, ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസത്തിന്റെ പുരോഗതി, സാങ്കേതിക വികസനവും സ്വദേശിവൽക്കരണവും പ്രോത്സാഹിപ്പിക്കൽ, ശക്തമായ ശാസ്ത്ര സാങ്കേതിക അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കൽ തുടങ്ങിയവയ്ക്ക് പദ്ധതി ഊന്നൽ നൽകി. ഇതിനായി ഒരു നിരീക്ഷണ-വിലയിരുത്തൽ-പ്രതികരണ സംവിധാനവും രൂപീകരിച്ചു.

2016-17 മുതൽ 2024-25 വരെ ഈ മേഖലയിലെ പദ്ധതിച്ചെലവ് 1,003 കോടി രൂപയായിരുന്നു. പദ്ധതി വിഹിതത്തിന് പുറമേ, കെ.എസ്.സി.എസ്.ടി.ഇയും അതിന്റെ ഗവേഷണ വികസന കേന്ദ്രങ്ങളും ദേശീയ, അന്തർദേശീയ ഏജൻസികളിൽ നിന്ന് ഗണ്യമായ ബാഹ്യ ധനസഹായം വിജയകരമായി സമാഹരിച്ചു. 2021 ൽ ആണ് ഏറ്റവും അധികം സഹായം ലഭിച്ചത്.

### ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾ

കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആൻഡ് എൻവയോൺമെന്റ് (കെ.എസ്.സി.എസ്.ടി.ഇ), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി (ഐ.എ.വി), റീജിയണൽ കാൻസർ സെന്റർ (ആർ.സി.സി) എന്നിവയാണ് കേരളത്തിലെ ശാസ്ത്ര, സാങ്കേതിക, പരിസ്ഥിതി വകുപ്പിന് കീഴിലുള്ള പ്രധാന സ്ഥാപനങ്ങൾ1. കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (കെ.എഫ്.ആർ.ഐ), നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആൻഡ് റിസർച്ച് സെന്റർ (എൻ.എ.ടി.പി.എ.സി), സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആൻഡ് മാനേജ്മെന്റ് (സി.ഡബ്ല്യൂ.ആർ.ഡി.എം), ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ജെ.എൻ.ടി.ബി.ജി.ആർ.ഐ), കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് (കെ.എസ്.ഒ.എം), ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബേസിക് സയൻസസ് (എസ്.ആർ.ഐ.ബി.എസ്), മലബാർ ബൊട്ടാണിക്കൽ ഗാർഡൻ, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പ്ലാന്റ് സയൻസസ് (എം.ബി.ജി.ഐ.പി.എസ്), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്ലൈമറ്റ് ചേഞ്ച് സ്റ്റഡീസ് (ഐസിസിഎസ്) എന്നിവയാണ് കെ.എസ്.സി.എസ്.ടി.ഇയുടെ കീഴിലുള്ള ഗവേഷണ വികസന കേന്ദ്രങ്ങൾ. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിക് റിസർച്ച്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് ക്രോപ്പ് ബ്രീഡിംഗ് എന്നീ രണ്ട് പുതിയ കേന്ദ്രങ്ങൾ സ്ഥാപിക്കാനും കെ.എസ്.സി.എസ്.ടി.ഇ പദ്ധതിയിടുന്നുണ്ട്.

ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (ഐആർടിസി), സോഫിസ്റ്റിക്കേറ്റഡ് ടെസ്റ്റിംഗ് ആൻഡ് ഇൻസ്ട്രുമെന്റേഷൻ സെന്റർ (എസ്ടിഐസി), എം.എസ് സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ (എംഎസ്എസ്ആർഎഫ്) റീജിയണൽ സ്റ്റേഷൻ വയനാട് എന്നിവയാണ് കെഎസ്സിഎസ്ടിഇയുടെ കീഴിലുള്ള ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ.

### കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആൻഡ് എൻവയോൺമെന്റ് (കെ.എസ്.സി.എസ്.ടി.ഇ)

സമൂഹത്തിൽ സ്വാധീനമുണ്ടാക്കുന്ന അടിസ്ഥാന ഗവേഷണങ്ങൾ, അടിസ്ഥാന സൗകര്യങ്ങളിലൂടെയും വിവിധ മേഖലകളുടെ പരസ്പര സഹകരണത്തിലൂടെയും നവീകരണവും സംരംഭകത്വവും സാമ്പത്തിക വളർച്ചയും പ്രോത്സാഹിപ്പിക്കുക എന്നതാണ് കെ.എസ്.സി.എസ്.ടി.ഇയുടെ ദൗത്യം. കെ.എസ്.സി.എസ്.ടി.ഇയുടെയും അതിന്റെ കീഴിലുള്ള കേന്ദ്രങ്ങളും ചില സംരംഭങ്ങളും ഉപമേഖലകളിലെ നേട്ടങ്ങളും താഴെ പറയുന്നു.

**അടിസ്ഥാന ഗവേഷണം** : കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആൻഡ് എൻവയോൺമെന്റ് (കെ.എസ്.സി.എസ്.ടി.ഇ) അതിന്റെ ദർശനത്തിനും ദൗത്യത്തിനും അനുസൃതമായി, ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബേസിക് സയൻസസ് (എസ്.ആർ.ഐ.ബി.എസ്), കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് (കെ.എസ്.ഒ.എം) തുടങ്ങിയ വിജയകരമായ സ്ഥാപന മാതൃകകളുടെ പിന്തുണയോടെ 13, 14 പദ്ധതി കാലയളവിൽ മൗലിക ഗവേഷണങ്ങളും പ്രായോഗിക ഗവേഷണങ്ങളും തമ്മിലുള്ള സന്തുലിതാവസ്ഥ നിലനിർത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. സ്വന്തം ഗവേഷണ വികസന സ്ഥാപനങ്ങളെ ചേർത്തു നിർത്തി, കെ.എസ്.സി.എസ്.ടി.ഇ നേച്ചർ ഇൻഡക്സ് 2025-ൽ ഇന്ത്യൻ സർക്കാർ സ്ഥാപനങ്ങളിൽ 27-ാം സ്ഥാനവും ആഗോളതലത്തിൽ 1,161-ാം സ്ഥാനവും കരസ്ഥമാക്കി.

**കേരളത്തിലെ പരിവർത്തന (ട്രാൻസ്ലേഷണൽ) ഗവേഷണവും നവീകരണ ആവാസവ്യവസ്ഥയും**: വ്യവസായങ്ങളുടെയും സമൂഹത്തിന്റെയും ആവശ്യങ്ങൾക്ക് അനുയോജ്യമായ ഗവേഷണത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച് പരിവർത്തന ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിൽ കെ.എസ്.സി.എസ്.ടി.ഇ ശ്രദ്ധേയമായ പുരോഗതി കൈവരിച്ചു. കഴിഞ്ഞ 10 വർഷത്തെ പ്രധാന നേട്ടങ്ങളിൽ ജെഎൻടിബിജിആർഐ പേറ്റന്റ് നേടിയ ആന്റി ഫംഗസ് ജെൽ, സിഡബ്ല്യുആർഡിഎം വികസിപ്പിച്ച സെൽഫ് കമ്പോസ്റ്റർ, കെഎഫ്ആർഐ വികസിപ്പിച്ച സുസ്ഥിര കാർഷിക സാങ്കേതികവിദ്യ എന്നിവ ഉൾപ്പെടുന്നു. 2023-24 വരെ, 80-ലധികം പേറ്റന്റുകൾ ഫയൽ ചെയ്തിട്ടുണ്ട്. കൂടാതെ 15-ലധികം സാങ്കേതികവിദ്യകൾ വാണിജ്യവൽക്കരണത്തിനായി തയ്യാറാക്കിയിട്ടുണ്ട്.

**പ്രാദേശിക വെല്ലുവിളികൾ നേരിടാൻ സ്പെഷ്യലൈസ്ഡ് സെന്ററുകൾ**: നാനോ ടെക്നോളജിയുടെ ഉപയോഗം കൂടാതെ വെള്ളപ്പൊക്കം, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയ പ്രാദേശിക വെല്ലുവിളികളെ സ്റ്റേറ്റ് ഹയർ റിസർച്ച് സെന്റർ ഓഫ് എക്സലൻസ് ഇൻ സയൻസ് ആൻഡ് ടെക്നോളജി ആപ്ലിക്കേഷനുകൾ (എസ്.എച്ച്.ആർ.ഇ.എസ്.ടി.എ) പദ്ധതിയിലൂടെ നേരിട്ടു. ജെഎൻടിബിജിആർഐയിലെ സെന്റർ ഓഫ് എക്സലൻസ് ഇൻ ഫൈറ്റോകെമിക്കൽ നാനോടെക്നോളജി, സസ്യ അധിഷ്ഠിത നാനോ-ഫൈബർ വൂണ്ട് ഹീലിംഗ് സൊല്യൂഷൻ വികസിപ്പിച്ചെടുക്കുകയും അന്താരാഷ്ട്ര സഹകരണങ്ങളിലൂടെ അത് വാണിജ്യവൽക്കരികയും ചെയ്തു.

ഇന്ത്യൻ കാലാവസ്ഥാ വകുപ്പിന്റെ (ഐഎംഡി) പ്രവചനങ്ങൾ ആധാരമാക്കി വെള്ളപ്പൊക്കം പ്രവചിക്കാൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മുഖേന പ്രവർത്തിക്കുന്ന ഹൈഡ്രോളജിക്കൽ മോഡൽ സിഡബ്ല്യുആർഡിഎം എന്ന സ്ഥാപനം വികസിപ്പിച്ചു.

മെറ്റീരിയൽ സയൻസ്, സുസ്ഥിര സാങ്കേതികവിദ്യ, ജൈവസംസ്കരണം എന്നിവയ്ക്ക് ഊന്നൽ നൽകി, എറണാ

---

1 റീജിയണൽ കാൻസർ സെന്ററിനെക്കുറിച്ചുള്ള വിവരങ്ങൾക്ക്, അധ്യായം 14, മെഡിക്കൽ ആൻഡ് പബ്ലിക് ഹെൽത്ത് കാണുക.

കുളം, തിരുവനന്തപുരം, കണ്ണൂർ എന്നിവിടങ്ങളിൽ കെ.എസ്.സി.എസ്.ടി.ഇ സയൻസ് പാർക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. പാർക്കുകളിൽ നൂതന ലബോറട്ടറി, സ്റ്റാർട്ടപ്പ് ഇൻകുബേഷൻ സൗകര്യങ്ങൾ നൽകുകയും വ്യവസായ-അക്കാദമിക സഹകരണം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. തോന്നയ്ക്കൽ ബയോ360 ലൈഫ് സയൻസ് പാർക്കിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയിൽ സെന്റർ ഓഫ് എക്സലൻസ് ഇൻ ന്യൂട്രാസ്യൂട്ടിക്കൽസ് (സിഇഎൻ) സ്ഥാപിച്ചിട്ടുണ്ട്. സാംക്രമികേതര രോഗങ്ങളിലും ആരോഗ്യ ഉൽപ്പന്നങ്ങൾ സാക്ഷ്യപ്പെടുത്തി വാണിജ്യവത്കരിക്കുന്നതിലുമാണ് ഇത് ശ്രദ്ധിക്കുന്നത്. തിരുവനന്തപുരം കിൻഫ്ര ഫിലിം ആൻഡ് വീഡിയോ പാർക്കിൽ ആരംഭിച്ച സെന്റർ ഓഫ് എക്സലൻസ് ഇൻ മൈക്രോബയോം (സിഇഎം), മൾട്ടി-ഒമിക്സ്, എഐ, ബിഗ് ഡാറ്റ എന്നിവ ഉപയോഗിച്ച് മൈക്രോബയോം അടിസ്ഥാനമാക്കിയുള്ള ആരോഗ്യ, പാരിസ്ഥിതിക പരിഹാരങ്ങൾ വികസിപ്പിക്കുന്നതിൽ ശ്രദ്ധിക്കുന്നു.

**മാനവ മൂലധന വികസനം**: 2016 നും 2024 നും ഇടയിൽ, കെ.എസ്.സി.എസ്.ടി.ഇയും അതിന്റെ ഗവേഷണ വികസന കേന്ദ്രങ്ങളും ശാസ്ത്രീയ, സാങ്കേതിക, ഭരണ മേഖലകളിലെ തങ്ങളുടെ തൊഴിൽ സേനയെ വിപുലമാക്കി. ഫെലോഷിപ്പുകൾ, വിദ്യാർത്ഥി പ്രോഗ്രാമുകൾ, ഗവേഷണ ഗ്രാന്റുകൾ എന്നിവയിലൂടെയാണ് ഇത് സാധ്യമാക്കിയത്. 2016-17 നും 2023-24 നും ഇടയിൽ 400 പിഎച്ച്ഡികൾ നൽകി. റിസർച്ച് ഫെലോഷിപ്പ് പദ്ധതിയായിരുന്നു ഈ നേട്ടത്തിന്റെ മുഖ്യ ഘടകം. 2023-24ൽ പ്രതിവർഷം 250-500 ഗവേഷക വിദ്യാർത്ഥികൾക്ക് 35,000 രൂപ പ്രതിമാസ സ്റ്റൈപ്പന്റ് നല്കി. 2016-17-ൽ പോസ്റ്റ്-ഡോക്ടറൽ ഫെലോഷിപ്പ് പദ്ധതിയിൽ 16 ഫെല്ലോകൾ ഉണ്ടായിരുന്നത് 2023-24ൽ 24 ആയി ഉയർന്നു. ചിത്രം 15.1 ൽ ഗവേഷണ ഫെലോഷിപ്പുകളുടെ എണ്ണം വിഷയാടിസ്ഥാനത്തിൽ കാണിച്ചിരിക്കുന്നു.

പ്രതിവർഷം 200 മുതൽ 500 വരെ പ്രോജക്ടുകളെ പിന്തുണയ്ക്കുന്ന സ്റ്റുഡന്റ് പ്രോജക്ട് സ്കീം, പ്രതിവർഷം 30 ഓളം വിദ്യാർത്ഥികളെ പിന്തുണയ്ക്കുന്ന ക്രാഫ്റ്റിംഗ് യംഗ് സയന്റിസ്റ്റ്സ് ഓഫ് ടുമോറോ (ക്രിസ്റ്റൽ) പ്രോഗ്രാം എന്നിവയിലൂടെ വിദ്യാർത്ഥികളുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നു. 2023-24 ആയപ്പോഴേക്കും 1,000-ത്തിലധികം വിദ്യാർത്ഥികളും ഗവേഷകരും ലബോറട്ടറി രീതികളിലും ഫീൽഡ് വർക്കുകളിലും സാങ്കേതിക പരിശീലനം നേടിയിരുന്നു.

**അടിസ്ഥാന സൗകര്യ പിന്തുണ**: 2016 മുതൽ 2024 വരെ, കെ.എസ്.സി.എസ്.ടി.ഇയും അതിന്റെ ഗവേഷണ വികസന കേന്ദ്രങ്ങളും കേരളത്തിലുടനീളമുള്ള സ്കൂൾ ലബോറട്ടറികളിൽ മുതൽ നൂതന ഗവേഷണ സ്ഥാപനങ്ങളിൽ വരെയുള്ള ശാസ്ത്ര സാങ്കേതിക അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കുന്നതിന് നിക്ഷേപം നടത്തി. കാമ്പസ് വൈ-ഫൈ, ഇ-ഓഫീസ്, ഓൺലൈൻ പ്രോജക്ട് സമർപ്പണം, പ്രതിഭ സ്കോളർഷിപ്പ് പോർട്ടൽ, ഇ-ടെൻഡറിംഗ്,




*ചിത്രം 15.1 കെ.എസ്.സി.എസ്.ടി.ഇ, 2016 മുതൽ 2024 വരെയുള്ള ഗവേഷണ ഫെലോഷിപ്പുകളുടെ വിഷയാടിസ്ഥാനത്തിലുള്ള വിതരണം*

ഉറവിടം: കെ.എസ്.സി.എസ്.ടി.ഇ, തിരുവനന്തപുരം

ദേശീയ, അന്തർദേശീയ ജേർണലുകൾ ലഭ്യമാക്കുന്ന ഡിജിറ്റൽ ലൈബ്രറി എന്നിവയിലൂടെ കെ.എസ്.സി.എസ്.ടി.ഇ ആസ്ഥാനത്തെ വിവര വിനിമയ സാങ്കേതിക സംവിധാനങ്ങൾ ശക്തിപ്പെടുത്തി.

ശാസ്ത്രപോഷിണി പദ്ധതി പ്രകാരം സർക്കാർ ഹൈസ്കൂളുകളിൽ ആധുനിക ഭൗതികശാസ്ത്രം, രസതന്ത്രം, ബയോളജി ലാബുകൾ എന്നിവ സ്ഥാപിച്ചു. 2016-17 ൽ അഞ്ച് സർക്കാർ ഹൈസ്കൂളുകൾക്കും 2017-18 ൽ പട്ടികവർഗ വികസന വകുപ്പിന്റെ ധനസഹായത്തോടെ നാല് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്കും എട്ട് ഹൈസ്കൂളുകൾക്കും എംഎൽഎ ഫണ്ടും നൽകി. സെലക്റ്റീവ് ഓഗ്മെന്റേഷൻ ഓഫ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് (എസ്എആർഡി) പദ്ധതിയിൽ കോളേജുകൾക്കും സർവകലാശാലകൾക്കും ഗവേഷണ വികസന പിന്തുണ നൽകി.

കരമന റിവർ സയന്റിഫിക് മാനേജ്മെന്റ് പ്രോജക്ട് പ്രകാരം (2016-17, 2019-20) പമ്പ് ഹൗസുകൾ, നദീതീര സംരക്ഷണം, കുളിക്കടവുകൾ, തടയണകൾ, പാലങ്ങൾ, നിരീക്ഷണ സംവിധാനങ്ങൾ, ബയോ പാർക്കുകൾ, മലിനജല മാനേജ്മെന്റ് സംവിധാനങ്ങൾ എന്നിവ ആവിഷ്കരിച്ചു. സയൻസ് റിസർച്ച് സ്കീം, ഇക്കോളജി ആൻഡ് എൻവയോൺമെന്റ് പ്രോഗ്രാം, എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജി പ്രോഗ്രാം, ടെക്നോളജി ഡെവലപ്മെന്റ് ആൻഡ് അഡാപ്റ്റേഷൻ പ്രോഗ്രാം (ടിഡിഎപി), റൂറൽ ടെക്നോളജി പ്രോഗ്രാം തുടങ്ങിയ മറ്റ് പ്രോഗ്രാമുകൾ മെഡിക്കൽ ഇമേജിംഗ്, ഗ്രീൻ എനർജി ലാബുകൾ, മെച്ചപ്പെട്ട വാഹന വെന്റിലേഷൻ സംവിധാനങ്ങൾ, ഗ്രാമീണ സാങ്കേതിക യൂണിറ്റുകൾ എന്നിവയിൽ പ്രത്യേക സൗകര്യങ്ങൾ വികസിപ്പിച്ചിട്ടുണ്ട്.

സമാന്തരമായി, കെ.എസ്.സി.എസ്.ടി.ഇയുടെ ഗവേഷണ വികസന കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളും ശക്തിപ്പെടുത്തി. ശ്രീനിവാസ രാമാനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബേസിക് സയൻസസിൽ (എസ്.ആർ.ഐ.ബി.എസ്) സൂപ്പർ കമ്പ്യൂട്ടിംഗ് സൗകര്യം ഏർപ്പെടുത്തി. മലബാർ ബൊട്ടാണിക്കൽ ഗാർഡൻ ആൻഡ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പ്ലാന്റ് സയൻസസിൽ (എം.ബി.ജി.ഐ.പി.എസ്) ഓർക്കിഡേറിയവും കാക്ടൈ ഹൗസും സ്ഥാപിക്കുന്നുണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ക്ലൈമറ്റ് ചേഞ്ച് സ്റ്റഡീസ് (ഐസിസിഎസ്) 2022 നും 2024 നും ഇടയിൽ അതിന്റെ കമ്പ്യൂട്ടേഷണൽ സൗകര്യങ്ങൾ നവീകരിക്കുകയും കാലാവസ്ഥാ ഗവേഷണത്തിനായി പരീക്ഷണ സജ്ജീകരണങ്ങൾ വികസിപ്പിക്കുകയും ചെയ്തു. ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (ഐആർടിസി) മാലിന്യങ്ങളുടെയും ജലത്തിന്റെയും ഗുണനിലവാര വിശകലനത്തിനായി ഒരു ലബോറട്ടറി സ്ഥാപിച്ചു. 2018-19 ൽ ഒരു ഓട്ടോമാറ്റിക് വെതർ സ്റ്റേഷനും സ്ഥാപിച്ചു. അത്യാധുനിക ടെസ്റ്റ് ആൻഡ് ഇൻസ്ട്രുമെന്റേഷൻ സെന്റർ (എസ്ടിഐസി) 2018-19 ൽ 25 കിലോവാട്ട് ശേഷിയുള്ള സോളാർ പാനൽ സ്ഥാപിച്ച്, സോളാർ പിവി സിസ്റ്റം ടെസ്റ്റിംഗിനുള്ള സൗകര്യം ചെയ്തു വരുന്നു. കാലാവസ്ഥാ വ്യതിയാനം, വിള ഉൽപ്പാദനക്ഷമത എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാങ്കേതിക സംയോജനം, സമഗ്രമായ ജനിതക സമീപനങ്ങൾ, കൃത്യമായ വിള തിരിച്ചറിയലിനായി മോളിക്യുലാർ മാപ്പിംഗ് എന്നിവയ്ക്ക് ഊന്നൽ നൽകുന്നതിനുമായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് ക്രോപ്പ് ബ്രീഡിംഗ് (ഐഎസിബി) സ്ഥാപിക്കുന്നതിനും കെ.എസ്.സി.എസ്.ടി.ഇ തുടക്കമിട്ടിട്ടുണ്ട്.

**ശാസ്ത്ര ജനകീയവൽക്കരണം**: അവാർഡുകൾ, സയൻസ് ഔട്ട്റീച്ച്, സയൻസ് പോപ്പുലറൈസേഷൻ പ്രോഗ്രാമുകൾ എന്നിവയിലൂടെ കെ.എസ്.സി.എസ്.ടി.ഇ ശാസ്ത്ര സാക്ഷരത പ്രോത്സാഹിപ്പിക്കുന്നുണ്ട്. ശാസ്ത്ര സാങ്കേതിക രംഗത്ത് കേരളീയരായ ശാസ്ത്രജ്ഞരുടെ സംഭാവനകൾക്ക് കേരള ശാസ്ത്രപുരസ്കാരം നൽകി ആദരിക്കുന്നു. മുൻസമ്മാന ജേതാക്കളിൽ പ്രൊഫ. എം എസ് സ്വാമിനാഥൻ (2021), പ്രൊഫസർ പി കെ രാമചന്ദ്രൻ നായർ (2022) എന്നിവർ ഉൾപ്പെടുന്നു. 4.5 കോടി രൂപയുടെ കേരള സ്റ്റേറ്റ് യംഗ് സയന്റിസ്റ്റ് അവാർഡ് (കെ.എസ്.വൈ.എസ്.എ) 25 ഓളം ഗവേഷകർക്കാണ് ലഭിച്ചത്. എഴുത്ത്, വിവർത്തനം, പത്രപ്രവർത്തനം എന്നീ മേഖലകളിലെ സംഭാവനകൾക്ക് 45 ലധികം സയൻസ് കമ്മ്യൂണിക്കേറ്റർമാരെ ആദരിച്ചിട്ടുണ്ട്. സയൻസ് ഓൺ-വീൽസ് (2022-23), ഡിസൈനത്തോൺ (2023) എന്നിവ ഉൾപ്പെടുന്ന ദേശീയ ശാസ്ത്ര ദിനവും, സാങ്കേതിക വിദ്യാദിനവും പോലുള്ള പൊതു പരിപാടികളിൽ പ്രതിവർഷം 100 ലധികം സ്ഥാപനങ്ങൾ പങ്കെടുക്കുന്നു. 2023 ലെ ദേശീയ ഗണിത ദിനത്തിൽ കാഴ്ചവൈകല്യമുള്ള 25 വിദ്യാർത്ഥികൾക്കായി പ്രത്യേക ക്യാമ്പുകൾ സംഘടിപ്പിച്ചു.

ശാസ്ത്രവും അറിവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള വേദിയായ കേരള സയൻസ് കോൺഗ്രസിന്റെ എട്ട് പതിപ്പുകളിലായി 4,000-ത്തിലധികം പ്രബന്ധങ്ങൾ അവതരിപ്പിച്ചു, കൂടാതെ പ്രാദേശിക നവീകരണവും നയ സംവാദവും വളർത്താൻ SciSol, വാക്ക് വിത്ത് സയന്റിസ്റ്റ്സ് തുടങ്ങിയ സംരംഭങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്. കുട്ടികളുടെ ദേശീയ ശാസ്ത്ര കോൺഗ്രസുകളിൽ പ്രതിവർഷം 500 മുതൽ 2,000 വരെ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചിട്ടുണ്ട്. ടെക് ഫെസ്റ്റ്, റൂറൽ ഇന്നൊവേറ്റേഴ്സ് മീറ്റ് തുടങ്ങിയ നൂതനാശയങ്ങൾ പ്രോത്സാഹിപ്പിക്കുന്ന പരിപാടികളിൽ 150-ലധികം വിദ്യാർത്ഥികളുടെ നവീകരണ ആശയങ്ങളും 300-ലധികം ഗ്രാമീണ സാങ്കേതികവിദ്യകളും പ്രദർശിപ്പിച്ചു.

ശാസ്ത്ര മാസികയുൾപ്പെടെ 50 ലധികം ശാസ്ത്ര പ്രസിദ്ധീകരണങ്ങളെ കെ.എസ്.സി.എസ്.ടി.ഇ പിന്തുണയ്ക്കുകയും ജേർണലിസം ഫെലോഷിപ്പുകൾ നൽകുകയും ചെയ്യുന്നു. ആക്ഷൻ ഫോർ സയൻസ് ടു സൊസൈറ്റി എജ്യുക്കേഷൻ ആൻഡ് ട്രെയിനിംഗ് (അസെറ്റ്) പ്രോഗ്രാമിലൂടെ ആയിരക്കണക്കിന് ഗ്രാമീണ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ശാസ്ത്രത്തിലും സുസ്ഥിരതയിലും പരിശീലനം നൽകി.

**ഗവേഷണത്തിനും വികസനത്തിനുമുള്ള പിന്തുണ**: കെ.എസ്.സി.എസ്.ടി.ഇയുടെ ഗവേഷണ വികസന കേന്ദ്രങ്ങൾ ഗവേഷണ, പരിശീലന പ്രവർത്തനങ്ങളിൽ പ്രധാന പങ്ക് വഹിക്കുന്നു, കൂടാതെ പിഎച്ച്ഡികൾ, പോസ്റ്റ്-ഡോക്ടറൽ ഫെലോഷിപ്പുകൾ, ഇന്റേൺഷിപ്പുകൾ, ബിരുദ, ബിരുദാനന്തര പ്രബന്ധങ്ങൾ എന്നിവയുടെ രൂപത്തിൽ ശാസ്ത്രീയ ഗവേഷണത്തെ പിന്തുണയ്ക്കുന്നു. സർക്കാർ ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ , വിദ്യാർത്ഥികൾ എന്നിവർക്കും ഈ കേന്ദ്രങ്ങൾ പരിശീലനം നൽകുന്നുണ്ട്. 2016 നും 2024 നും ഇടയിൽ, ഈ സ്ഥാപനങ്ങൾ 179 പിഎച്ച്ഡികൾ നൽകി. 32 പോസ്റ്റ്-ഡോക്ടറലുകൾക്കും, 3,000 ലധികം

ഇന്റേൺഷിപ്പുകൾക്കും പ്രബന്ധങ്ങൾക്കും പിന്തുണ നൽകുകയും ചെയ്തു. (ബിരുദ, ബിരുദാനന്തര ബിരുദം), കൂടാതെ 1,500 ഓളം വർക്ക് ഷോപ്പുകൾ, സെമിനാറുകൾ, പരിശീലനങ്ങൾ എന്നിവയും സംഘടിപ്പിച്ചു.

**സമഗ്ര വികസനം ഉറപ്പാക്കൽ**: കേരളത്തിൽ സമഗ്രവും തുല്യവുമായ ശാസ്ത്ര വിദ്യാഭ്യാസത്തിന് കെ.എസ്.സി.എസ്.ടി.ഇ പ്രതിജ്ഞാബദ്ധമാണ്. ബാക്ക്-ടു-ലാബ് പ്രോഗ്രാം സ്ത്രീകളെ ശാസ്ത്രീയ തൊഴിലുകൾ പുനരാരംഭിക്കാൻ പ്രാപ്തരാക്കുന്നു. 2016 നും 2025 നും ഇടയിൽ, 39 സ്ഥാപനങ്ങളിലായി 44 വനിതാ ഗവേഷകരെ പിന്തുണച്ചു. അവർ കാൻസർ വാക്സിനുകൾ, മറൈൻ മൈക്രോപ്ലാസ്റ്റിക്സ്, 5ജി ഘടകങ്ങൾ എന്നിവയുൾപ്പെടെയുള്ള മേഖലകളിൽ 18 പ്രസിദ്ധീകരണങ്ങളും രണ്ട് പേറ്റന്റുകളും കരസ്ഥമാക്കി. വിമൻ ഇൻ സയൻസ് കോൺക്ലേവ് വനിതാ ഗവേഷകരെ പിന്തുണയ്ക്കുന്നു, പ്രതിഭ സ്കോളർഷിപ്പ് സ്കീമിലൂടെ അടിസ്ഥാന/പ്രകൃതി ശാസ്ത്ര ബിരുദം നേടുന്ന വനിതാ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നു.

വൈകല്യമുള്ള വിദ്യാർത്ഥികൾക്കായി സഹായ ഉപകരണങ്ങളും സാങ്കേതികവിദ്യകളും നൽകുന്നതുൾപ്പെടെയുള്ള കെ.എസ്.സി.എസ്.ടി.ഇയുടെ പ്രോഗ്രാമുകളും നിലവിൽ ഉണ്ട്.

ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കാൻ 2021-ലാണ് കെ.എസ്.സി.എസ്.ടി.ഇയിൽ പട്ടികജാതി-പട്ടികവർഗ സെൽ സ്ഥാപിതമായത്. സാംസ്കാരികമായി പ്രസക്തമായ വിഷയങ്ങൾക്കായി തദ്ദേശീയ വിജ്ഞാനത്തെ ആധുനിക ശാസ്ത്രവുമായി സംയോജിപ്പിക്കുകയും അവ രേഖപ്പെടുത്തുകയും ചെയ്യുന്നു.

**നയ വികസനം**: കേരളത്തിന്റെ ശാസ്ത്ര സാങ്കേതിക നയം രൂപപ്പെടുത്തുന്നതിൽ കെ.എസ്.സി.എസ്.ടി.ഇക്ക് സുപ്രധാന പങ്കുണ്ട്. ഇത് ഗവേഷണത്തെ വിമർശനാത്മക വിലയിരുത്തലോടെ പ്രോത്സാഹിപ്പിക്കുന്നു. സയൻസ്, ടെക്നോളജി ആൻഡ് ഇന്നൊവേഷൻ (എസ്ടിഐ) പോളിസി 2022 രൂപപ്പെടുത്തുന്നതിന് കൗൺസിൽ നേതൃത്വം നൽകി. ബൗദ്ധിക സ്വത്തവകാശം (ഐപിആർ) (സംസ്ഥാനത്തിന്റെ 2008 ലെ നയം പരിഷ്കരിച്ചുകൊണ്ട്), ബയോടെക്നോളജി, പരമ്പരാഗത വിജ്ഞാനം എന്നിവയെക്കുറിച്ചുള്ള കരട് നയങ്ങൾ തയ്യാറാക്കി. സംസ്ഥാനത്തെ ഗവേഷണ-വികസനത്തിനുള്ള ധാർമ്മിക മാർഗ്ഗനിർദ്ദേശങ്ങളും കൗൺസിൽ തയ്യാറാക്കുന്നുണ്ട്. കേരള സ്റ്റേറ്റ് ഇന്നൊവേഷൻ പോളിസി, 2021 ലെ സ്റ്റേറ്റ് ഓഫ് എൻവയോൺമെന്റ് റിപ്പോർട്ട്, 2014 ലെ ടെക്നോളജി സ്റ്റാർട്ടപ്പ് പോളിസി പരിഷ്കരണം എന്നിവയ്ക്ക് കൗൺസിൽ സഹായിച്ചിട്ടുണ്ട്. സംസ്ഥാന കാലാവസ്ഥാ വ്യതിയാന നയം, കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള സംസ്ഥാന കർമ്മ പദ്ധതി (എസ്.എ.പി.സി.സി 2.0), സംസ്ഥാന ബയോഡൈവേഴ്സിറ്റി സ്ട്രാറ്റജി ആൻഡ് ആക്ഷൻ പ്ലാൻ (എസ്.ബി.എസ്.എ.പി) എന്നിവ പരിഷ്കരിക്കാൻ കേരള സർക്കാരിന്റെ പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റിനെ കൗൺസിൽ സഹായിച്ചിട്ടുണ്ട്.

**കേരളത്തിലെ ജലസുരക്ഷയ്ക്ക് സംയോജിത സമീപനങ്ങൾ**: കാലാവസ്ഥാ വ്യതിയാനം, ജലദൗർലഭ്യം, പാരിസ്ഥിതിക സമ്മർദ്ദം എന്നിവയുടെ ഫലമായി ജലസുരക്ഷ ഒരു പ്രധാന ആശങ്കയാണ്. ജലസുരക്ഷാ പദ്ധതികൾ, ഹൈഡ്രോളജിക്കൽ മോഡലിംഗ്, കാലാവസ്ഥയെ പ്രതിരോധിക്കുന്ന ഉപകരണങ്ങൾ എന്നിവയെല്ലാം കെ.എസ്.സി.എസ്.ടി.ഇ നടപ്പിലാക്കിയ പ്രധാന നടപടികളിൽ ഉൾപ്പെടുന്നു. ജലശാസ്ത്ര സംവിധാനങ്ങൾ ഉപയോഗിച്ച് വിള-നിർദ്ദിഷ്ട ജലസേചന ഷെഡ്യൂളുകൾ നടപ്പിലാക്കി. പ്രാദേശിക ആസൂത്രണത്തിൽ ജല ബജറ്റിംഗ് സമന്വയിപ്പിച്ച ആദ്യ ഇന്ത്യൻ സംസ്ഥാനമാണ് കേരളം. നവകേരളം മിഷന്റെ (2023-24) ഭാഗമായ സംസ്ഥാനതല ജല ബജറ്റിൽ സംസ്ഥാനത്തെ 250 ലധികം പഞ്ചായത്തുകൾ ഉൾപ്പെടുന്നുണ്ട്.

ശാസ്ത്രീയ ഉപകരണങ്ങളായ ഹൈഡ്ര (ഹൈഡ്രോളജിക്കൽ റെയിൻ അനാലിസിസ് ഫോർ ഹ്യൂമിഡ് ട്രോപിക്സ്), വരൾച്ച നിരീക്ഷിക്കുന്നതിനുള്ള മോണിറ്ററിംഗ് ഡിസിഷൻ സപ്പോർട്ട് സിസ്റ്റം തുടങ്ങിയവ വികസിപ്പിച്ചു. പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്ന വാട്ടർ-ക്യാറ്റ് ആപ്ലിക്കേഷൻ ഇതുമായി യോജിച്ചുപോകുന്നു. തിരിനന (വിക്ക് ജലസേചനം), ജലസേചന സംവിധാനങ്ങളിലെ ജല മാനേജ്മെന്റിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തി. സിഡബ്ല്യുആർഡിഎം വാട്ടർ ക്വാളിറ്റി ലാബിന് എൻഎബിഎൽ അക്രഡിറ്റേഷൻ ലഭിച്ചതോടെ സ്ഥാപന ശേഷി ശക്തിപ്പെടുത്തുകയും തിരുവനന്തപുരം നെയ്യാറ്റിൻകരയിൽ പുതിയ ജല ഗുണനിലവാര ലബോറട്ടറി സ്ഥാപിക്കുകയും ചെയ്തു.

ജലവുമായി ബന്ധപ്പെട്ട ദുരന്തനിവാരണത്തിനായി ഒരു മികവിന്റെ കേന്ദ്രം സിഡബ്ല്യുആർഡിഎമ്മിൽ സ്ഥാപിച്ചിട്ടുണ്ട്. STIC-CUSAT ൽ ഒരു ഭക്ഷ്യ-ജല പരിശോധനാ സൗകര്യം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. അവിടെ ജലത്തിന്റെ ഗുണനിലവാര വിശകലനത്തിൽ പരിശീലനവും നൽകുന്നു. ചാലിയാർ നദീതടത്തിൽ കാലാവസ്ഥാ ഗവേഷണത്തിനായി ഒരു സ്വാറ്റ് (എസ്ഡബ്ല്യുഎടി) മോഡൽ അവലംബിച്ചു, കൂടാതെ 2023-24 ൽ ഉപഗ്രഹ അധിഷ്ഠിത വരൾച്ച പ്രവചന മാതൃകയും അവതരിപ്പിച്ചു. ഗവേഷണ-നയ സംയോജനം പ്രോത്സാഹിപ്പിക്കാൻ യൂറോപ്യൻ യൂണിയന്റെ ധനസഹായത്തോടെയുള്ള കാലാവസ്ഥാ വ്യതിയാന പഠന ലാബ് സിഡബ്ല്യുആർഡിഎമ്മിൽ സ്ഥാപിച്ചിട്ടുണ്ട്. 2021 മുതൽ ഈ ലാബ് വാർഷിക കാലാവസ്ഥാ സംഗ്രഹങ്ങൾ പ്രസിദ്ധീകരിക്കുന്നു. ഹൈ റെസല്യൂഷൻ റെയിൻ ഡാറ്റാസെറ്റ് വികസിപ്പിച്ചുകൊണ്ടിരിക്കുകയാണ്.

അരുവിക്കര റിസർവോയറിലെ ചെളി നീക്കം, പെർക്ലോറേറ്റ് മലിനജല സംസ്കരണം, ഉയർന്ന പ്രദേശങ്ങളിലെ മണ്ണിലെ ജലപ്രവാഹത്തെക്കുറിച്ചുള്ള പഠനം എന്നിവയാണ് കൗൺസിലിന് കീഴിലുള്ള മറ്റ് പ്രധാന പദ്ധതികൾ. ജലസുരക്ഷയ്ക്കായുള്ള കേരളത്തിന്റെ നൂതനവും ശാസ്ത്രാധിഷ്ഠിതവും കമ്മ്യൂണിറ്റി അധിഷ്ഠിതവുമായ മാതൃക പ്രദർശിപ്പിക്കുന്ന അമൃതം സുസ്ഥിര സാങ്കേതിക അവാർഡ് (2022) സിഡബ്ല്യുആർഡിഎമ്മിന് ലഭിച്ചു.

**കേരളത്തിലെ ഗതാഗതവും കാലാവസ്ഥാ പ്രതിരോധ അടിസ്ഥാന സൗകര്യങ്ങളും**: ആസൂത്രണം, റോഡ് സുരക്ഷ, ഗതാഗത പരിപാലനം എന്നിവ മെച്ചപ്പെടുത്താൻ നാറ്റ്പാക് ജിഐഎസ് അധിഷ്ഠിത റോഡ്, ട്രാഫിക് ഡാറ്റാബേസ്, ഉപയോഗിച്ച മോഡലിംഗ് ഉപകരണങ്ങൾ, തത്സമയ ഡാറ്റാ സംവിധാനങ്ങൾ എന്നിവ വികസിപ്പിച്ചു.

ബഹുനില പാർക്കിംഗ്, ജംഗ്ഷൻ നവീകരണം തുട

ങ്ങിയ നഗര ഗതാഗത ആവശ്യങ്ങൾ ഉൾപ്പെടുത്തി, സംസ്ഥാനത്തെ ദേശീയ പാതകൾക്കുള്ള വളർച്ചാ മാതൃകയായി നാറ്റ്പാക് തൃശൂരിന് വേണ്ടി ഒരു ഗതാഗത പദ്ധതി തയ്യാറാക്കി. ഗതാഗത മേഖലയുമായി ബന്ധപ്പെട്ട് വിവിധ പഠനങ്ങൾ നാറ്റ്പാക് നടത്തിയിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നിവിടങ്ങളിൽ സൈക്കിൾ ട്രാക്കുകളുള്ള തീരദേശ പാതയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ (ഡിപിആർ) തയ്യാറാക്കുകയും കോവളത്തിനും കൊല്ലത്തിനും ഇടയിലുള്ള ഉൾനാടൻ ജലപാതകളുടെ സാധ്യതകൾ പഠിക്കുകയും ചെയ്തു. അപകട സാദ്ധ്യതാ പ്രവചന മാതൃകകൾ, 123 പ്രധാനമന്ത്രി ഗ്രാം സഡക് യോജന (പി.എം.ജി.എസ്.വൈ) പദ്ധതികളുടെ ഓഡിറ്റുകൾ, 75 അപകട ബ്ലാക്ക് സ്പോട്ടുകളിൽ ഹ്രസ്വകാല നടപടികൾ എന്നിവ ഉപയോഗിച്ച് റോഡ് സുരക്ഷ മെച്ചപ്പെടുത്തി. തത്സമയ റോഡ് ഡാറ്റ നൽകുന്നതിനായി ഇന്റലിജന്റ് ട്രാൻസ്പോർട്ട് സിസ്റ്റവും ഗെറ്റ്മാപ്പ് മൊബൈൽ ആപ്ലിക്കേഷനും പുറത്തിറക്കി. ഇടപെടൽ ആവശ്യമുള്ള 323 ദുർബല റോഡ് ഇടനാഴികൾ നാറ്റ്പാക് തിരിച്ചറിഞ്ഞു. വെള്ളപ്പൊക്ക സാധ്യതയുള്ള പ്രദേശങ്ങളിലെ നടപ്പാതയുടെ ഈട്നിൽപ്പും വെള്ളപ്പൊക്കത്തിന്റെ ആഘാതവും പഠിച്ചു.

മാലിന്യ സംസ്കരണവും ആരോഗ്യവും: കെ.എസ്.സി.എസ്.ടി.ഇയും അതിന്റെ ഗവേഷണ വികസന കേന്ദ്രങ്ങളും പരിസ്ഥിതി സൗഹൃദവും സാങ്കേതികവിദ്യാധിഷ്ഠിതവും സമൂഹാധിഷ്ഠിതവുമായ മാലിന്യ സംസ്കരണത്തെ പ്രോത്സാഹിപ്പിക്കുന്നു. കെഎഫ്ആർഐ തോട്ടങ്ങളിൽ ജൈവ കീട നിയന്ത്രണം ഏർപ്പെടുത്തുകയും പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കാൻ ജൈവവിഘടന പ്ലാന്റുകൾ വികസിപ്പിക്കുകയും ചെയ്തു. നദീതീര സ്ഥിരതയ്ക്കും ആവാസവ്യവസ്ഥ പുനഃസ്ഥാപിക്കാനും മുള നഴ്സറികൾ ഉപയോഗിച്ചു. ഒരു ലക്ഷത്തിലധികം തൈകൾ വിതരണം ചെയ്തു. ജലത്തിന്റെ ഗുണനിലവാരം നിരീക്ഷിക്കാനും മലിനജലം ഫലപ്രദമായി കൈകാര്യം ചെയ്യാനും പൗരന്മാരെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും (എൽഎസ്ജി) പ്രാപ്തമാക്കുന്ന വാട്ടർ-ക്യാറ്റ്, ഹൈഡ്രോ (ഹൈഡ്രോളജിക്കൽ റെയിൻ അനാലിസിസ് ഫോർ ഹ്യൂമിഡ് ട്രോപിക്സ്) പോലുള്ള ഡിജിറ്റൽ ഉപകരണങ്ങൾ ഉപയോഗിച്ച് സിഡബ്ല്യുആർഡിഎം മാലിന്യ സംസ്കരണത്തെ പിന്തുണച്ചു.

ഖര, ദ്രവ മാലിന്യ സംസ്കരണത്തിൽ ഐആർസിടിസി നേതൃത്വം നൽകിയ ഗവേഷണങ്ങൾ മുനിസിപ്പൽ മാലിന്യങ്ങളുടെയും മലവിസർജ്ജ്യ മാലിന്യങ്ങളുടെയും ജൈവ നശീകരണത്തിന് ഊന്നൽ നൽകിക്കൊണ്ട് ദുർഗന്ധമില്ലാത്ത കമ്പോസ്റ്റിംഗിനായി മൈക്രോബിയൽ കൺസോർഷ്യം വികസിപ്പിച്ചു. കൗൺസിലിന്റെ ഇക്കോളജി ആൻഡ് എൻവയോൺമെന്റ് പ്രോഗ്രാം മാലിന്യ സംസ്കരണം, പുനരുപയോഗം, മലിനീകരണ നിയന്ത്രണം, ജൈവ വിഘടന (ബയോഡീഗ്രേഡബിൾ) പരിഹാരങ്ങൾ എന്നിവ സംബന്ധിച്ച പദ്ധതികൾക്ക് ധനസഹായം നൽകി. മാലിന്യ സംസ്കരണത്തെ കാലാവസ്ഥാ വ്യതിയാനവുമായി സമന്വയിപ്പിക്കുന്ന ക്ലൈമറ്റ് റെസീലിയന്റ് ആൻഡ് ഇക്കോളജിക്കലി അഡാപ്റ്റഡ് മോഡൽ (സിആർഇഎഎം) വില്ലേജുകൾ എന്ന ആശയം 14 -ാം പഞ്ചവത്സരപദ്ധതിയിൽ ആവിഷ്കരിച്ചു.

കരമന നദി പൈലറ്റ് പദ്ധതി, തിരുവല്ലം പരശുരാമ ക്ഷേത്രത്തിൽ പൂജാ മാലിന്യങ്ങൾക്കായി ബയോഗ്യാസ് പ്ലാന്റും ഇൻസിനറേറ്ററും സ്ഥാപിക്കൽ എന്നിവ അടിസ്ഥാന സൗകര്യ പദ്ധതികളിൽ ഉൾപ്പെടുന്നു. നാഷണൽ ഗ്രീൻ കോർപ്സ് (എൻജിസി) സ്കൂളുകളിൽ പരിസ്ഥിതി ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചതിലൂടെ, സുസ്ഥിര ജീവിതശൈലി, മാലിന്യ സംസ്കരണം, ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഇല്ലാതാക്കൽ എന്നിവ പ്രോത്സാഹിപ്പിച്ചു. ടെക്നോളജി ഡെവലപ്മെന്റ് ആൻഡ് അഡാപ്റ്റേഷൻ പ്രോഗ്രാം (ടിഡിഎപി), റൂറൽ ടെക്നോളജി പ്രോഗ്രാം എന്നിവ ഗ്രാമീണ, മാലിന്യ സംസ്കരണ പരിഹാരങ്ങൾ ഉൾപ്പെടെയുള്ള നൂതനവും ആവശ്യാധിഷ്ഠിതവുമായ സാങ്കേതികവിദ്യകളുടെ വികസനത്തിനും പ്രദർശനത്തിനും പിന്തുണ നൽകി.

കുറഞ്ഞ ചെലവും ഉയർന്ന പ്രവർത്തനക്ഷമതയുമുള്ള ഊർജ്ജ ഉപാധികൾക്കായി ടൈറ്റാനിയ ഫോട്ടോ ആനോഡ് അടിസ്ഥാനമാക്കിയുള്ള സോളാർ സെല്ലുകൾ, മെച്ചപ്പെടുത്തിയ ഹെറ്ററോജംഗ്ഷൻ സിലിക്കൺ സോളാർ സെല്ലുകൾ എന്നിവയുൾപ്പെടെ പുനരുപയോഗ ഊർജ്ജത്തിലെ നൂതന ഗവേഷണങ്ങളെ കെ.എസ്.സി.എസ്.ടി.ഇ പിന്തുണച്ചിട്ടുണ്ട്. ഊർജ്ജ ഓഡിറ്റിംഗ്, ഗ്രാമീണ ഊർജ്ജ ലഭ്യത, ചെലവു കുറഞ്ഞ പുനരുപയോഗ ഊർജ്ജ ഉപാധികൾ തുടങ്ങിയ മുൻകാല വെല്ലുവിളികളെ അഭിമുഖീകരിച്ച്, ഊർജ സുരക്ഷ വർദ്ധിപ്പിക്കുന്നതിനുള്ള കേരളത്തിന്റെ വിശാലമായ തന്ത്രത്തിന്റെ ഭാഗമാണ് ഈ ശ്രമങ്ങൾ. ചില തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിലും, നടന്നുകൊണ്ടിരിക്കുന്ന ഗവേഷണവും പൈലറ്റ് പദ്ധതികളും സുസ്ഥിരവും വികേന്ദ്രീകൃതവുമായ ഊർജ്ജ ഭാവിയിലേക്കുള്ള ശക്തമായ പുരോഗതി കാണിക്കുന്നു.

**പ്രകൃതിദുരന്ത സാധ്യത കുറയ്ക്കലും കാലാവസ്ഥാ വ്യതിയാന ഗവേഷണവും**: 2016 നും 2025 നും ഇടയിൽ കേരളം ശാസ്ത്ര സാങ്കേതിക വിദ്യയുടെ ഉപയോഗത്തിലൂടെ കാലാവസ്ഥാ മോഡലിംഗ്, ജലശാസ്ത്ര പഠനങ്ങൾ, ദുരന്തസാധ്യത കുറയ്ക്കൽ എന്നിവ ശക്തിപ്പെടുത്തി. 2016-17 ൽ ഐ.ഐ.ടി മദ്രാസും ഐ.സി.സി.എസും തമ്മിൽ ഒപ്പുവച്ച ധാരണാ പത്രം സംയുക്ത കാലാവസ്ഥാ ഗവേഷണം പ്രാപ്തമാക്കുന്ന ഒരു സുപ്രധാന നാഴികക്കല്ലായിരുന്നു. കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള ദേശീയ ദൗത്യത്തിന് കീഴിൽ സ്ഥാപിതമായ ഐസിസിഎസിലെ കാലാവസ്ഥാ വ്യതിയാന വിജ്ഞാന സെൽ ഇപ്പോൾ ഡാറ്റാ സംയോജനം, ഗവേഷണം, നയപരമായ പിന്തുണ എന്നിവയുടെ കേന്ദ്രമായി പ്രവർത്തിക്കുന്നു. ഈ കാലയളവിൽ, സ്ഥാപനപരമായ സഹകരണവും നൂതനാവിഷ്കാരവും മൂലം കാലാവസ്ഥാ ഗവേഷണം ശക്തിപ്പെടുത്താനും, ദുരന്തസാധ്യത കുറയ്ക്കാനും സാധിച്ചു. 2021 മുതൽ, ഐസിസിഎസ് കേരളത്തിന്റെ വാർഷിക കാലാവസ്ഥാ സംഗ്രഹം പ്രസിദ്ധീകരിക്കുന്നുണ്ട്, ഇത് രാജ്യത്തെ ആദ്യത്തെ സംസ്ഥാനതല കാലാവസ്ഥാ റിപ്പോർട്ടാണ്.

പ്രാദേശിക കാലാവസ്ഥാ മാതൃകകൾ ഉപയോഗിച്ച് കുസാറ്റ് മൺസൂൺ പ്രവചനം മെച്ചപ്പെടുത്തി. ചാലിയാർ നദീതടത്തിലെ കാലാവസ്ഥാ പ്രത്യാഘാതങ്ങൾ വിലയിരുത്തുന്നതിനായി ഐസിസിഎസ് സോയിൽ ആൻഡ് വാട്ടർ

അസസ്മെന്റ് ടൂൾ (സ്വാറ്റ്) മോഡൽ നടപ്പിലാക്കി. തത്സമയ ഡാറ്റയ്ക്കായി ഐസിസിഎസ് ഒരു ഓട്ടോമാറ്റിക് വെതർ സിസ്റ്റം നെറ്റ് വർക്ക് (2021-23) സ്ഥാപിച്ചു. സിഡബ്ല്യുആർ ഡിഎം ഭൂഗർഭജല ദുർബലത സംബന്ധിച്ച് പഠനം നടത്തി. കെ.എസ്.സി.എസ്.ടി.ഇ തീരദേശ കാലാവസ്ഥാ നിലയങ്ങൾ വിപുലീകരിക്കുകയും ചുഴലിക്കാറ്റിനും വെള്ളപ്പൊക്കത്തിനുമുള്ള മുന്നറിയിപ്പ് സംവിധാനങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്തു.

ജലവുമായി ബന്ധപ്പെട്ട ദുരന്തനിവാരണത്തിനായി കെ.എസ്.സി.എസ്.ടി.ഇ ഒരു മികവിന്റെ കേന്ദ്രം സ്ഥാപിക്കുകയും നദീതട മോഡലിംഗ്, മിന്നൽ പ്രവചനം എന്നിവയെക്കുറിച്ചുള്ള പദ്ധതികളെ പിന്തുണയ്ക്കുകയും ചെയ്തു. കുസാറ്റ്, കേരള സർവകലാശാല, രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (ആർ.ഐ.ടി.) എന്നിവയുൾപ്പെടെയുള്ള സർവകലാശാലകൾ സമുദ്രനിരപ്പിലെ ഉയർച്ച, തീരശോഷണം, വെള്ളപ്പൊക്കത്തെ പ്രതിരോധിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ എന്നിവയെക്കുറിച്ചുള്ള ഗവേഷണത്തിന് സഹായം നല്കി. അപകട സാദ്ധ്യതയുള്ള ദുർബല പ്രദേശങ്ങളിലെ ജനങ്ങളെ ശാക്തീകരിക്കാൻ സമൂഹ അധിഷ്ഠിത അതിജീവന പദ്ധതികളിലൂടെ സാധിച്ചു.

**ആവാസവ്യവസ്ഥ പരിപാലനത്തിലും സംരക്ഷണത്തിലും സമഗ്ര സംരംഭങ്ങൾ**: കഴിഞ്ഞ ദശകത്തിൽ, കെ.എസ്.സി.എസ്.ടി.ഇയും അതിന്റെ ഗവേഷണ വികസന കേന്ദ്രങ്ങളും ആവാസവ്യവസ്ഥ പരിപാലന, സംരക്ഷണ ശ്രമങ്ങൾക്ക് നേതൃത്വം നൽകി. തങ്ങളുടെ പരിസ്ഥിതി വിഭാഗം വഴി കെ.എസ്.സി.എസ്.ടി.ഇ ഇക്കോളജി ആൻഡ് എൻവയോൺമെന്റ് പ്രോഗ്രാം, എൻവിസ് സെന്റർ പ്രവർത്തനങ്ങൾ, നാഷണൽ ഗ്രീൻ കോർപ്സ്, പരിസ്ഥിതി വിദ്യാഭ്യാസ പരിപാടി തുടങ്ങിയ പരിപാടികളിലൂടെ ഗവേഷണം, വിദ്യാഭ്യാസം, അവബോധം എന്നിവ പ്രോത്സാഹിപ്പിച്ചു. ഒരു സമർപ്പിത തണ്ണീർത്തട സാങ്കേതിക യൂണിറ്റ് കർമ്മ പദ്ധതികളിലൂടെയും സമ്പർക്ക പരിപാടികളിലൂടെയും തണ്ണീർത്തട സംരക്ഷണത്തെ പിന്തുണയ്ക്കുന്നു. അതേസമയം ഹരിത സാങ്കേതിക വിദ്യാ സംരംഭങ്ങൾ (ഗ്രീൻ ടെക്നോളജി ഇനിഷ്യേറ്റീവ്സ്) 13-ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായിരുന്നു.

കെഎഫ്ആർഐ ജീനോമിക് ഉപകരണങ്ങളും ഡിഎൻഎ ബാർകോഡിംഗും ഉപയോഗിച്ച് ദീർഘകാല വനനിരീക്ഷണം, നദീതീര സംരക്ഷണം, വൃക്ഷ സംരക്ഷണം എന്നിവ സംബന്ധിച്ച പ്രവർത്തനങ്ങൾ നടത്തി. പുനരുദ്ധാരണത്തിനായി രണ്ട് ലക്ഷത്തിലധികം മുള തൈകൾ വളർത്തുകയും 2023-24ൽ ഒരു ടിമ്പർ ഫോറൻസിക് ബാർകോഡിംഗ് സെന്റർ സ്ഥാപിക്കുകയും ചെയ്തു. ജെ.എൻ.ടി.ബി.ജി.ആർ.ഐ ഒരു ബൊട്ടാണിക് ഗാർഡൻ വികസിപ്പിക്കുകയും പുതിയ സസ്യ ഇനങ്ങൾ റിപ്പോർട്ട് ചെയ്യുകയും സസ്യ അധിഷ്ഠിത ചികിത്സാ ഡാറ്റാബേസ് സൃഷ്ടിക്കുകയും ചെയ്തു. ഒരു ബാംബൂ മ്യൂസിയം ആൻഡ് ക്രാഫ്റ്റ് സെന്ററും ആരംഭിച്ചു. റീജിയണൽ സെന്റർ ഓഫ് എക്സ്പെർട്ട്സ് (ആർസിഇ) ആയി അംഗീകരിക്കപ്പെട്ട എംബിജിഐപിഎസ്, അപൂർവ ഇനങ്ങളെ സംരക്ഷിക്കുകയും സസ്യ സംരക്ഷണാലയങ്ങൾ വികസിപ്പിക്കുകയും ഇന്ത്യയിലെ ഏറ്റവും വലിയ ഇഞ്ചി ഉദ്യാനം പരിപാലിക്കുകയും ചെയ്യുന്നു.

2,288 സ്കൂളുകളിലെ ഇക്കോ ക്ലബ്ബുകളിലൂടെയും കാർബൺ ന്യൂട്രൽ സ്കൂൾ പ്രോജക്റ്റിലൂടെയും പരിസ്ഥിതി വിദ്യാഭ്യാസം പ്രോത്സാഹിപ്പിച്ചു. 2023-24ൽ വയനാട്ടിലെ നെൻമേനി, പുൽപ്പള്ളി ഗ്രാമപഞ്ചായത്തുകളിൽ ചെറുധാന്യ കൃഷി സംരംഭങ്ങൾക്ക് എംഎസ്എസ്ആർഎഫ് നേതൃത്വം നൽകി. കെ.എസ്.സി.എസ്.ടി.ഇ അതിന്റെ ഇക്കോളജി ആൻഡ് എൻവയോൺമെന്റ് പ്രോഗ്രാം (ഇഇപി) വഴി റിമോട്ട് സെൻസിംഗ് ഉപയോഗിച്ച് പാരിസ്ഥിതിക ലോല പ്രദേശങ്ങൾ, ഗാർഹിക ഉദ്യാനങ്ങൾ, ജൈവവൈവിധ്യം എന്നിവയെക്കുറിച്ചുള്ള ഗവേഷണത്തിനും ധനസഹായം നൽകി. കണ്ടൽക്കാടുകളുടെ മൈക്രോബയോമുകൾ, ബ്രയോഫൈറ്റ് വൈവിധ്യം, ജല ആവാസവ്യവസ്ഥ, നീർനായ സംരക്ഷണം എന്നിവയാണ് ശ്രദ്ധ കേന്ദ്രീകരിച്ച മറ്റ് പഠനങ്ങൾ. പരിസ്ഥിതി സൗഹൃദ കീടനാശിനികൾ, നാനോ വസ്തുക്കൾ ഉപയോഗിച്ച് കാർബൺ ഡൈ ഓക്സൈഡ് കുറയ്ക്കൽ, കാട്ടുകൂണുകളുടെ സൂക്ഷ്മാണു പ്രതിരോധ ശേഷി, മറയൂർ വനങ്ങളിലെ ചന്ദന രോഗ നിയന്ത്രണം എന്നിവയെ സുസ്ഥിര പ്രവർത്തനങ്ങൾ സംബന്ധിച്ച ഗവേഷണങ്ങൾ പിന്തുണച്ചു. മൊത്തത്തിൽ, കേരളത്തിന്റെ സംരംഭങ്ങൾ സംരക്ഷണത്തിനും സുസ്ഥിര ആവാസവ്യവസ്ഥ പരിപാലനത്തിനുമുള്ള ശക്തവും ശാസ്ത്രാധിഷ്ഠിതവുമായ സമീപനം പ്രതിഫലിപ്പിക്കുന്നു.

**കേരള ബയോടെക്നോളജി കമ്മീഷൻ (കെബിസി)**: കേരള ബയോടെക്നോളജി കമ്മീഷൻ (കെബിസി) സംസ്ഥാനത്തിന്റെ ബയോടെക്നോളജി ആവാസവ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിനും യംഗ് ഇൻവെസ്റ്റിഗേറ്റേഴ്സ് പ്രോഗ്രാമിലൂടെ വളർന്നുവരുന്ന പ്രതിഭകളെ പരിപോഷിപ്പിക്കുന്നതിനും തൊഴിൽ അധിഷ്ഠിത കഴിവുകൾ വർദ്ധിപ്പിക്കുന്നതിനുമായി സമഗ്രമായ ശേഷി വർദ്ധിപ്പിക്കുന്ന പരിപാടികൾ നടപ്പാക്കിയിട്ടുണ്ട്. ബയോടെക്നോളജി ഇന്നൊവേഷൻസ് ഫോർ റൂറൽ ഡെവലപ്മെന്റ് (ബിഐആർഡി) പദ്ധതി താഴെത്തട്ടിലുള്ള നവീകരണത്തെ പ്രോത്സാഹിപ്പിച്ചു, അതേസമയം ഡിബിടി നൈപുണ്യ വിജ്ഞാന പ്രോഗ്രാം 464 വ്യക്തികളെ ലൈഫ് സയൻസസ്, അഗ്രികൾച്ചർ എന്നിവയിൽ പരിശീലിപ്പിച്ചു. അതിൽ, 288 വിദ്യാർത്ഥികളും ( 76 ശതമാനം സ്ത്രീകൾ), 176 ഫാക്കൽറ്റികളുമാണ് (58 ശതമാനം സ്ത്രീകൾ). ഈ സംരംഭങ്ങൾ കൂട്ടായി വൈദഗ്ധ്യമുള്ള തൊഴിലാളികളെ വളർത്തിയെടുക്കുകയും നൂതന ഗവേഷണം നടത്തുകയും കേരളത്തിന്റെ ബയോടെക്നോളജി മേഖലയ്ക്ക് ശക്തമായ മാനവ വിഭവശേഷി ഉറപ്പാക്കുകയും ചെയ്യുന്നു.

### ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി (IAV)

തിരുവനന്തപുരം തൊന്നയ്ക്കലുള്ള ബയോ 360 ലൈഫ് സയൻസസ് പാർക്കിൽ 2019ലാണ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി സ്ഥാപിതമായത്. ഉയർന്നുവരികയും ആവർത്തിക്കുകയും ചെയ്യുന്ന പകർച്ചവ്യാധികളെ പറ്റിയുള്ള ഗവേഷണം, രോഗനിർണയം, മാനേജ്മെന്റ് എന്നിവയ്ക്ക് ഊന്നൽ നൽകുന്ന ആധുനിക ലബോറട്ടറികളുള്ള ആഗോള നിലവാരമുള്ള ഒരു സ്ഥാപനമായാണ് ഇത് വിഭാവനം ചെയ്തിരിക്കുന്നത്. 29 രാജ്യങ്ങളിലെ 45 മികവിന്റെ കേന്ദ്രങ്ങളുടെ കൺസോർഷ്യമായ ആഗോള വൈറസ് ശൃംഖലയുമായി (ഗ്ലോബൽ വൈറസ് നെറ്റ്വർക്ക്) ഐഎവി അഫിലിയേറ്റ് ചെയ്തിരിക്കുന്നു.

മുൻനിര പരിപാടികൾ നടപ്പിലാക്കുക, അക്കാദമിക് പ്രോഗ്രാമുകൾ ആരംഭിക്കുക, ബിഎസ്എൽ-III സൗകര്യം, ജനിതകമാറ്റം വരുത്തിയ ( ട്രാൻസ്ജനിക്) മൃഗങ്ങൾക്കായി പരീക്ഷണാടിസ്ഥാനത്തിലുള്ള സൗകര്യം, രോഗവാഹക ജീവികളെ (വെക്റ്റർ) കുറിച്ചുള്ള ഗവേഷണം, ആർത്രോപോഡ് ബയോളജി സൗകര്യം, ട്യൂമർ വൈറസ് രോഗനിർണയ സൗകര്യം എന്നിവ ഒരുക്കുക, ഒന്നാം ഘട്ട കെട്ടിടം പ്രവർത്തനക്ഷമമാക്കുക എന്നിവയായിരുന്നു 14-ാം പഞ്ചവത്സര പദ്ധതിയിൽ ഐഎവി ലക്ഷ്യമിട്ടത്.

**അടിസ്ഥാന സൗകര്യങ്ങൾ**: അഞ്ച് ഏക്കറിൽ 1,10,000 ചതുരശ്ര അടി വിസ്തൃതിയുള്ള ഐഎവി കാമ്പസിന്റെ ഒന്നാം ഘട്ടം പൂർത്തിയാക്കി. ഇതിൽ 14 ബിഎസ്എൽ -2 ലബോറട്ടറികളും 80 ലധികം വൈറസുകളെയും മറ്റ് പകർച്ചവ്യാധികളെയും കണ്ടെത്താൻ ശേഷിയുള്ള ഒരു അഡ്വാൻസ്ഡ് മോളിക്യുലാർ ഡയഗ്നോസ്റ്റിക് ഫെസിലിറ്റിയും ഉൾപ്പെടുന്നു. സിന്തറ്റിക് കെമിസ്ട്രി ലബോറട്ടറി, ഫേജ് ഡിസ്പ്ലേ സൗകര്യം, മെറ്റാജെനോമിക്സ് സൗകര്യം, വൈറസ് ബയോ അസ്സെ സൗകര്യം, ഒരു കോർ ഇൻസ്ട്രുമെന്റേഷൻ സൗകര്യം, ഒരു ചെറിയ മൃഗ പരീക്ഷണ യൂണിറ്റ്, ഇന്നൊവേഷൻ ആൻഡ് ട്രാൻസ്ലേഷൻ ഫെസിലിറ്റേഷൻ സെന്റർ (ഐടിഎഫ്സി-ഐഎവി) എന്നിവ ഇതിൽ ഉൾപ്പെടുന്നു. ബയോ സേഫ്റ്റി ലെവൽ 3 ലബോറട്ടറി സ്ഥാപിക്കുന്നുണ്ട്. പകർച്ചവ്യാധി ബാധിത പ്രദേശങ്ങളിൽ ഫീൽഡ് പഠനങ്ങളും രക്ത പരിശോധനയിലൂടെ രോഗവ്യാപന പഠനവും (സെറോ-സർവെയ്‌ലൻസ്) നടത്താൻ ഐഎവി ഒരു ഔട്ട്ബ്രേക്ക് ഇൻവെസ്റ്റിഗേഷൻ യൂണിറ്റും സ്ഥാപിച്ചിട്ടുണ്ട്. കേരളത്തിന്റെയും അയൽ സംസ്ഥാനങ്ങളുടെയും ഒരു റഫറൽ രോഗനിർണയ സ്ഥാപനമായും ഇത് പ്രവർത്തിക്കുന്നു. വൈറസ് ബാധകൾക്കും മറ്റ് പകർച്ചവ്യാധികൾക്കും എതിരായ രോഗനിർണയ/ ചികിത്സാ / പ്രതിരോധ നടപടികൾക്കുള്ള ഉൽപ്പന്നങ്ങൾ വികസിപ്പിക്കുന്ന സ്റ്റാർട്ടപ്പുകൾക്കും സ്ഥാപനങ്ങൾക്കും ഇൻകുബേഷൻ സൗകര്യങ്ങളും ഐഎവി നൽകുന്നു. സംസ്ഥാനത്ത് പേവിഷബാധ വ്യാപനം നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ തെരുവുനായ്ക്കൾക്ക് ഓറൽ റാബീസ് വാക്സിൻ വികസിപ്പിക്കാനുള്ള പദ്ധതിയും ഐ.എ.വി ആരംഭിച്ചിട്ടുണ്ട്. ഇൻ-ഹൗസ് പ്രൈമറുകൾ ഉപയോഗിച്ച് 22 വൈറസുകളെ കണ്ടെത്താൻ ഐഎവി റിയൽ-ടൈം പോളിമറേസ് ചെയിൻ റിയാക്ഷൻ (പിസിആർ) സംവിധാനങ്ങൾ സ്റ്റാൻഡേർഡൈസ് ചെയ്തിട്ടുണ്ട്, ഇത് വാണിജ്യ പിസിആർ കിറ്റുകളെ ആശ്രയിക്കുന്നത് കുറയ്ക്കുന്നു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിക്ക് നിലവിൽ ഒരു മൾട്ടിമോഡൽ സമീപനം ഉപയോഗിച്ച് വൈറസുകളെക്കുറിച്ചും വൈറൽ ബാധകളെക്കുറിച്ചും ഉയർന്ന നിലവാരത്തിലുള്ള ഗവേഷണം നടത്താൻ അടിസ്ഥാന സൗകര്യങ്ങളും മാനവ വിഭവശേഷിയും കൈവശമുണ്ട്.

**അക്കാദമിക് പ്രവർത്തനങ്ങൾ:** കുസാറ്റ്, റീജിയണൽ സെന്റർ ഫോർ ബയോടെക്നോളജി (ആർസിബി) ഫരീദാബാദുമായി അഫിലിയേറ്റ് ചെയ്തുകൊണ്ട് ഐ.എ.വി വൈറോളജിയിൽ ഡോക്ടറൽ പ്രോഗ്രാം നടത്തുന്നുണ്ട്. 2023-24 ലാണ് ഇത് ആരംഭിച്ചത്. അസാപ് കേരളയുമായി സഹകരിച്ച് വൈറോളജിയിലും അനുബന്ധ വിഷയങ്ങളിലും സർട്ടിഫിക്കറ്റ് കോഴ്സും ഹാൻഡ്-ഓൺ പരിശീലനവും ഐഎവി വാഗ്ദാനം ചെയ്യുന്നു. ലൈഫ് സയൻസിലെ ബിരുദധാരികൾക്കും ബിരുദാനന്തര ബിരുദധാരികൾക്കും പ്രബന്ധം തയ്യാറാക്കാനും ഇന്റേൺഷിപ്പിനും ഇത് അവസരം നൽകുന്നു.

വൈൽഡ്-ടൈപ്പ് വൈറസിനെ അനുകരിക്കുന്ന, നിപ വൈറസിന് സമാനമായ കണങ്ങളെ (വിഎൽപി) വികസിപ്പിച്ചത്, നിപ്പ ഗവേഷണത്തിലൂടെ ആന്റിബോഡികൾ, ഡയഗ്നോസ്റ്റിക് കിറ്റുകൾ, ബിഎസ്എൽ -2 ലെവൽ ലബോറട്ടറികളിലെ ചികിത്സാ നടപടികൾ എന്നിവ വികസിപ്പിച്ചതും പേവിഷ വാക്സിൻ ഫലപ്രാപ്തിയുടെ ചെലവ് കുറഞ്ഞതും ദ്രുതഗതിയിലുള്ളതുമായ പരിശോധനയ്ക്കായി ഒരു സ്യൂഡോ വൈറസ് അടിസ്ഥാനമാക്കിയുള്ള പരിശോധനയും അറിയപ്പെടുന്ന എല്ലാ തരം വൈറസുകളും കണ്ടെത്തുന്നതിനുള്ള ഡയഗ്നോസ്റ്റിക് ശേഷിയും സിക്ക വൈറസിനെതിരായ മോണോവാലന്റ് ഡിഎൻഎ വാക്സിന്റെ കാൻഡിഡേറ്റ് പതിപ്പ് തയ്യാറാക്കിയതും ഇൻ-വിട്രോ വിലയിരുത്തലും, സിക്ക, ചിക്കുൻഗുനിയ വൈറസുകളെ ലക്ഷ്യമിടുന്ന ബൈവാലന്റ് ഡിഎൻഎ വാക്സിൻ കാൻഡിഡേറ്റുകളും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുടെ (ഐഎവി) ഗവേഷണ വിജയഗാഥകളാണ്.

**ബോക്സ് 15.1**

**ശാസ്ത്രവും ശാസ്ത്ര മനോഭാവവും ജനകീയമാക്കൽ: ശാസ്ത്ര സാങ്കേതിക മ്യൂസിയങ്ങൾ**

ശാസ്ത്രത്തെ ജനകീയമാക്കുകയും യുവമനസ്സുകളിൽ ശാസ്ത്രീയ മനോഭാവം വളർത്തുകയും ചെയ്യുക എന്നത് ഗവൺമെന്റിന്റെ പ്രധാന അജണ്ടയാണ്. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ കോട്ടയത്തെ കേരള സയൻസ് സിറ്റി, ചാലക്കുടിയിലെ റീജിയണൽ സയൻസ് സെന്റർ, പരപ്പനങ്ങാടിയിലെ റീജിയണൽ സയൻസ് സെന്റർ എന്നിവയുൾപ്പെടെ കേരള സ്റ്റേറ്റ് സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയത്തിന്റെ (കെ.എസ്.എസ്.ടി.എം) ഉപകേന്ദ്രങ്ങൾ 13, 14 പദ്ധതി കാലയളവിൽ പ്രവർത്തനക്ഷമമാക്കി. ഈ കേന്ദ്രങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് നിരവധി സന്ദർശകരെയും വിദ്യാർത്ഥികളെയും ആകർഷിക്കുന്നു. ഇവ വിപുലീകരിക്കാനും കൂടുതൽ വികസിപ്പിക്കാനുമുള്ള സംരംഭങ്ങളും ഏറ്റെടുത്തിട്ടുണ്ട്. 2019 ൽ, കെഎസ്എസ്ടിഎം, 'സയൻസ് ഓൺ എ സ്ഫിയർ' എന്ന ആധുനിക സംവിധാനം സ്ഥാപിച്ച് ശാസ്ത്രത്തിന്റെ ദൃശ്യവൽക്കരണം മെച്ചപ്പെടുത്തി. ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്, കമ്പ്യൂട്ടർ സയൻസ്, ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ് എന്നിവയുമായി ബന്ധപ്പെട്ട പുതിയ ഗാലറികൾ വികസിപ്പിച്ച് ജനങ്ങൾക്കായി തുറന്നുകൊടുത്തത് സംവേദനാത്മക വിദ്യാഭ്യാസ അനുഭവങ്ങൾ പകർന്നു നൽകി. 2023-ൽ, ആഴത്തിലുള്ള പഠനവും ആധുനിക സാങ്കേതികവിദ്യകളെ പറ്റിയുള്ള അന്വേഷണവും പ്രോത്സാഹിപ്പിക്കാൻ ഒരു വെർച്വൽ റിയാലിറ്റി സ്റ്റുഡിയോ സ്ഥാപിച്ചു.

## ശാസ്ത്ര സാങ്കേതിക മേഖല നേരിടുന്ന പ്രധാന വെല്ലുവിളികൾ

ശാസ്ത്ര സാങ്കേതിക രംഗത്ത് മികച്ച സ്ഥാപനങ്ങൾ കെട്ടിപ്പടുത്ത ചരിത്രം കേരളത്തിനുണ്ട്. അവയിൽ പലതും കൂടുതൽ വികസനത്തിനായി കേന്ദ്ര സർക്കാരിന് കൈമാറി. സംസ്ഥാനത്ത് കൂടുതൽ ശാസ്ത്ര സ്ഥാപനങ്ങൾ പ്രവർത്തിച്ചാൽ കേരളത്തിന് നേട്ടമുണ്ടാകും. പ്രതിഭകളെ ആകർഷിക്കുകയും നിലനിർത്തുകയും ചെയ്യേണ്ടതും അത്യാവശ്യമാണ്. സംസ്ഥാനത്തെ ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കാനുള്ള സംസ്ഥാന സർക്കാരിന്റെ ശ്രമങ്ങൾ തുടരാൻ ഗണ്യമായ നിക്ഷേപം ആവശ്യമാണ്. വ്യവസായ-അക്കാദമിക സഹകരണം വളർത്തേണ്ടതും പ്രധാനമാണ്. ഗവേഷണ വികസന സ്ഥാപനങ്ങൾക്ക് കൂടുതൽ സ്വയംഭരണാവകാശം നല്കേണ്ടതിന്റെ ആവശ്യകത, ഭരണം മെച്ചപ്പെടുത്തൽ, ഡാറ്റയുടെ ഗുണനിലവാരവും ലഭ്യതയും മെച്ചപ്പെടുത്തൽ, വകുപ്പുകൾ തമ്മിലുള്ള ഏകോപനം വർദ്ധിപ്പിക്കൽ, പ്രവർത്തനങ്ങളുടെ ആവർത്തനം ഒഴിവാക്കൽ, വിവിധ സ്ഥാപനങ്ങൾ/സർവകലാശാലകളിലെ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം മെച്ചപ്പെടുത്തൽ എന്നിവയാണ് മറ്റ് മേഖലകൾ.

## മുന്നോട്ടുള്ള വഴി

കഴിഞ്ഞ ഒമ്പത് വർഷത്തിനിടയിൽ, ശക്തമായ നയ ചട്ടക്കൂട്, തന്ത്രപരമായ നിക്ഷേപങ്ങൾ, സ്ഥാപന ശക്തിപ്പെടുത്തൽ എന്നിവയിൽ അധിഷ്ഠിതമായ ശാസ്ത്ര സാങ്കേതിക മേഖലയിൽ കേരളം ശ്രദ്ധേയമായ മുന്നേറ്റം നടത്തിയിട്ടുണ്ട്. സംസ്ഥാനം അതിന്റെ ഗവേഷണ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുകയും നവീകരണം പ്രോത്സാഹിപ്പിക്കുകയും സഹകരണത്തിന് പുതിയ വഴികൾ സൃഷ്ടിക്കുകയും ചെയ്തു. ശാസ്ത്രീയ മനോഭാവം, നൈപുണ്യ വികസനം, ഡിജിറ്റൽ സാക്ഷരത എന്നിവ പ്രോത്സാഹിപ്പിക്കാനുള്ള നിരന്തരമായ ശ്രമങ്ങൾ സംസ്ഥാനത്തിന് ഗുണം ചെയ്യുന്നു. അത് തുടരുന്നതാണ്. അക്കാദമിക്-ഗവേഷണ-വ്യവസായ ബന്ധങ്ങൾ ശക്തിപ്പെടുത്താനും ശാസ്ത്ര പ്രതിഭകളെ വളർത്താനും ലക്ഷ്യമിട്ടുള്ള പരിപാടികൾ ഈ മേഖലയെ കൂടുതൽ ഊർജ്ജസ്വലവും ആകർഷകവുമാക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഉയർന്നുവരുന്ന സാങ്കേതികവിദ്യകൾ, പ്രതിഭാ വികസനം, താഴെത്തട്ടിലുള്ള നവീകരണം എന്നിവയിൽ സുസ്ഥിരമായ ശ്രദ്ധ കേന്ദ്രീകരിച്ച്, വരും വർഷങ്ങളിൽ സാമൂഹിക-സാമ്പത്തിക പരിവർത്തനത്തിനായി ശാസ്ത്ര സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്താൻ കേരളം സുസജ്ജമാണ്.

## അധ്യായം 16

# ഡിജിറ്റൽ വിപ്ലവം പ്രയോജനപ്പെടുത്തൽ : കേരളത്തിലെ വിവരസാങ്കേതികവിദ്യ

വിവരസാങ്കേതിക മേഖലയിലെ കേരളത്തിന്റെ നേട്ടങ്ങളിൽ പ്രതിഫലിക്കുന്നത്, സാങ്കേതികവിദ്യാധിഷ്ഠിത വികസനം, സമഗ്ര വളർച്ച, നൂതനാവിഷ്ക്കാരം എന്നിവയോടുള്ള സുസ്ഥിരവും തന്ത്രപരവുമായ പൊതുനയ പ്രതിബദ്ധതയാണ്. ലോക നിലവാരത്തിലുള്ള ഡിജിറ്റൽ, ഭൗതിക അടിസ്ഥാന സൗകര്യങ്ങളിൽ കഴിഞ്ഞ കുറേ വർഷങ്ങളായി സംസ്ഥാനം നിക്ഷേപം നടത്തിയിട്ടുണ്ട്. ഒപ്പം, മനുഷ്യ മൂലധന അടിത്തറ ശക്തിപ്പെടുത്തുകയും സുസ്ഥിരമായി നയപരവും സ്ഥാപനപരവുമായ പിന്തുണ നൽകുകയും ചെയ്തിട്ടുണ്ട്. ഈ നടപടികൾ നിക്ഷേപങ്ങൾ ആകർഷിക്കാനും, തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും, വലിയ തോതിലുള്ള ഐടി, ഇ-ഗവേണൻസ്, ഇ-സാക്ഷരതാ സംരംഭങ്ങൾ സൃഷ്ടിക്കാനും കേരളത്തെ പ്രാപ്തമാക്കിയിട്ടുണ്ട്.

വിദ്യാഭ്യാസം, എഞ്ചിനീയറിംഗ്, ഭരണനിർവഹണം എന്നീ മേഖലകളുടെ ശക്തമായ അടിത്തറയിൽ കേരളം ഒരു പ്രധാന ഐടി ഹബ്ബായി വളർന്നു. സോഫ്റ്റ്‌വെയർ അധിഷ്ഠിത നവീകരണത്തെയും ഹാർഡ്‌വെയർ അധിഷ്ഠിത ഉൽപ്പന്ന വികസനത്തെയും പിന്തുണയ്ക്കാനുള്ള ശേഷി സംസ്ഥാനത്തിനുണ്ട്. അന്താരാഷ്ട്രതലത്തിൽ അംഗീകരിക്കപ്പെട്ട ഒരു സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥ ഈ ശേഷി ദൃഢപ്പെടുത്തുന്നു. സവിശേഷമായ ഹബ്-ആൻഡ്-സ്പോക്ക് മാതൃക ഐടി വളർച്ചയുടെ പ്രാദേശിക വികേന്ദ്രീകരണത്തെ പ്രോത്സാഹിപ്പിച്ചിട്ടുണ്ട്.

2025-ൽ കേരളത്തിലെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയുടെ മൂല്യത്തിൽ 147 ശതമാനം വർധനവ് ഉണ്ടായതായി 2025 ലെ ഗ്ലോബൽ സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം റിപ്പോർട്ടിൽ പറയുന്നു. ഇത് സ്റ്റാർട്ടപ്പ് രൂപീകരണത്തിലെ വർദ്ധന സൂചിപ്പിക്കുന്നു. 'ഗ്ലോബൽ ഇക്കോസിസ്റ്റം ഇൻ അഫോർഡബിൾ ടാലന്റ്' എന്ന വിഭാഗത്തിൽ ലോകത്തിലെ മികച്ച 10 ഇക്കോസിസ്റ്റത്തിൽ കേരളത്തിന്റെ സാന്നിധ്യം റിപ്പോർട്ടിൽ എടുത്തുകാണിക്കുന്നു. 'ഏഷ്യ ഇക്കോസിസ്റ്റം ഫോർ വാല്യൂ ഫോർ ഇൻവെസ്റ്റ്മെന്റ്' എന്ന വിഭാഗത്തിൽ മികച്ച 15-ലും 'ഏഷ്യ ഇക്കോസിസ്റ്റം ഇൻ പെർഫോമൻസ്' എന്ന വിഭാഗത്തിൽ മികച്ച 35-ലും കേരളം ഇടം നേടിയിട്ടുണ്ട്. കൂടാതെ, നൂതന ഉൽപ്പാദനം, റോബോട്ടിക്സ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബിഗ് ഡാറ്റ & അനലിറ്റിക്സ്, ലൈഫ് സയൻസസ് മേഖലകളിലെ കേരളത്തിന്റെ കരുത്തും റിപ്പോർട്ടിൽ രേഖപ്പെടുത്തിട്ടുണ്ട്. ശക്തമായ സർക്കാർ പിന്തുണ, നൈപുണ്യമുള്ള സാങ്കേതിക കഴിവുകൾ, ഉയർന്ന ഡിജിറ്റൽ സ്വീകാര്യത എന്നിവ ആവാസവ്യവസ്ഥയുടെ പ്രധാന ശക്തികളായി തിരിച്ചറിഞ്ഞിട്ടുണ്ട്.

ഉയർന്ന ജീവിത നിലവാരം, ചെലവ് കുറഞ്ഞ പ്രവർത്തനങ്ങൾ, ശക്തമായ കണക്ടിവിറ്റി എന്നിവ കേരളത്തിന്റെ സ്ഥാനം കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്. ഇന്റർനെറ്റ് ലഭ്യത അടിസ്ഥാന അവകാശമായി അംഗീകരിച്ചതും, സർക്കാർ ഉടമസ്ഥതയിൽ ഫൈബർ ശൃംഖല സ്ഥാപിച്ചതും പോലുള്ള പുരോഗമന സംരംഭങ്ങൾ ഈ മേഖലയിൽ കേരളത്തിന് മുതൽകൂട്ടായി. ഡിജിറ്റൽ വിഭജനം നികത്തുന്നതിനും, സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും സാങ്കേതികവിദ്യ തുല്യമായി ലഭ്യമാകുന്നു എന്ന് ഉറപ്പാക്കുന്നതിനുമുള്ള വ്യക്തമായ പ്രതിബദ്ധതയാണ് ഈ ശ്രമങ്ങളിൽ പ്രതിഫലിക്കുന്നത്.

### ഐടി മേഖല – 13, 14 പഞ്ചവത്സര പദ്ധതികളിൽ

പതിമൂന്ന്, പതിനാല് പഞ്ചവത്സര പദ്ധതികളിൽ സംസ്ഥാനം വിവരസാങ്കേതികവിദ്യയുടെ രണ്ട് പ്രധാന ലക്ഷ്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. ആദ്യത്തേത് സർക്കാരിനും സമൂഹത്തിനും ഐടിയുടെ നേട്ടങ്ങൾ പ്രാപ്യമാകുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക. രണ്ടാമത്തേത് പ്രാദേശിക, ആഗോള വിപണികളുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊണ്ട് തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും മാനവ വിഭവശേഷി വികസനത്തിന് സംഭാവന നൽകുകയും ചെയ്യുന്ന ഒരു വ്യവസായമായി ഐടി മേഖലയെ വികസിപ്പിക്കുക എന്നതുമായിരുന്നു

ആദ്യ ലക്ഷ്യം കൈവരിക്കുന്നതിനായി, ജനസംഖ്യയുടെ എല്ലാ വിഭാഗങ്ങളിലും ഡിജിറ്റൽ സാക്ഷരത പ്രോത്സാഹിപ്പിക്കാനുള്ള നടപടികൾ സംസ്ഥാനം സ്വീകരിച്ചു. ഈ ശ്രമങ്ങൾ കേരളത്തെ 100 ശതമാനം ഡിജിറ്റൽ സാക്ഷരത കൈവരിക്കുന്ന രാജ്യത്തെ ആദ്യത്തെ സംസ്ഥാനമാക്കി മാറ്റി. ഐടിയെ ഒരു പ്രധാന വ്യവസായമായി വികസിപ്പിക്കുക എന്ന രണ്ടാമത്തെ ലക്ഷ്യം നിറവേറ്റുന്നതിനായി, സർക്കാർ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും തൊഴിലാളികളുടെ നൈപുണ്യ പരിശീലനം വിപുലീകരിക്കുകയും ചെയ്തു. വ്യവസായ ആവശ്യങ്ങൾക്കനുസൃതമായ പരിശീലനങ്ങൾ നൽകി യുവ പ്രൊഫഷണലുകളെ സജ്ജരാക്കാൻ രാജ്യത്ത് ആദ്യമായി ഒരു ഡിജിറ്റൽ സർവകലാശാലയും കേരളം സ്ഥാപിച്ചു.

ഒരു ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, സ്റ്റാർട്ടപ്പുകൾക്കായി ഒരു ആവാസവ്യവസ്ഥ വികസിപ്പിക്കുക, പുതിയ സ്റ്റാർട്ടപ്പുകളിലൂടെ നൂതനാവിഷ്ക്കാരങ്ങൾ പ്രോത്സാഹിപ്പിക്കുക, പുതിയ ഉൽപ്പന്നങ്ങളുടെയും സേവനങ്ങളുടെയും വികസനം സുഗമമാക്കുക, കേരള സർക്കാരിന്റെ നാല് പ്രധാന മിഷനുകളുടെ നിർവഹണത്തിനും അവയുടെ മേൽനോട്ടത്തിനും വിവരസാങ്കേതികവിദ്യ പ്രാപ്തമാക്കുക, വൈ-ഫൈ ഹോട്ട്സ്പോട്ടുകൾ ഒരുക്കിക്കൊണ്ട് പൊതുജനങ്ങൾക്കുള്ള അതിവേഗ ഡിജിറ്റൽ സേവന ലഭ്യത വിപുലീകരിക്കുക എന്നിവയിൽ പതിമൂന്നാം പഞ്ചവത്സര പദ്ധതി ശ്രദ്ധ കേന്ദ്രീകരിച്ചു. വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള ഡാറ്റ ഒരു ഏകീകൃത ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ സംയോജിപ്പിക്കുന്നതിനും പദ്ധതിക്കാലയളവിൽ സാധ്യമായി.

പതിമൂന്നാം പദ്ധതിയുടെ ദൗത്യങ്ങൾ 14-ാം പഞ്ചവത്സര പദ്ധതിക്കാലയളവിലും തുടരുകയും വിപുലീകരിക്കുകയും ചെയ്തു. കെഫോൺ പോലുള്ള ഡിജിറ്റൽ അടിസ്ഥാനസൗകര്യങ്ങൾ, പ്ലഗ് ആൻഡ് പ്ലേ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള പിപിപി മാതൃകകൾ, ഹാർഡ്‌വെയർ ഉൽപ്പാദനത്തിനുള്ള പിന്തുണ എന്നിവ ഇതിൽ ഉൾപ്പെടുന്നു. 2016 മുതൽ 2025 വരെ

**ബോക്സ് 16.1**

**ഡിജി കേരളം: ദീർഘവീക്ഷണത്തിന്റെയും പ്രതിബദ്ധതയുടെയും വിജയഗാഥ.**

ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ സാക്ഷരതാ സംസ്ഥാനമായി മുപ്പത് വർഷങ്ങൾക്ക് മുമ്പ് കേരളം ചരിത്രം സൃഷ്ടിച്ചു. ഇപ്പോൾ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത കൈവരിക്കുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമായി മറ്റൊരു സുപ്രധാന നാഴികക്കല്ല് പിന്നിട്ടിരിക്കുന്നു.

1991-ലെ സമ്പൂർണ്ണ സാക്ഷരതാ കാമ്പയിനിൽ നിന്നും അക്ഷയ പദ്ധതിയിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് തദ്ദേശ സ്വയംഭരണ വകുപ്പ് 2023-ൽ ആരംഭിച്ച സംസ്ഥാനതല സംരംഭമാണ് ഡിജി കേരളം. സംസ്ഥാനത്തുടനീളം സാർവത്രിക ഡിജിറ്റൽ സാക്ഷരത കൈവരിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ സംരംഭം നടപ്പിലാക്കിയത്. ഡാറ്റ ശേഖരണം, പരിശീലനം, വിലയിരുത്തൽ എന്നീ മൂന്ന് ഘട്ടങ്ങളായാണ് പദ്ധതി നടപ്പിലാക്കിയത്.

സ്മാർട്ട്ഫോണുകളുടെ അടിസ്ഥാന ഉപയോഗം, സോഷ്യൽ മീഡിയ പ്രവർത്തനങ്ങൾ, ഇന്റർനെറ്റ് ബ്രൗസിംഗ്, ഓൺലൈൻ പേയ്മെന്റുകൾ (യൂണിഫൈഡ് പേയ്മെന്റ് ഇന്റർഫേസ് - യുപിഐ ഉൾപ്പെടെ), ഇ-ഗവേണൻസ് സേവനങ്ങൾ എന്നിവ ഉൾപ്പെടെയുള്ള അവശ്യ ഡിജിറ്റൽ വിഷയങ്ങളാണ് ഡിജി കേരളം പരിശീലന പരിപാടിയിൽ ഉൾപ്പെടുത്തിയിരുന്നത്. യുനെസ്കോ മാനദണ്ഡങ്ങൾക്കനുസൃതമായ പ്രായോഗിക പരിശീലനം, വിലയിരുത്തലുകൾ, സർട്ടിഫിക്കേഷൻ എന്നിവയ്ക്കാണ് പരിപാടി ഊന്നൽ നൽകിയത്. 21 ലക്ഷത്തിലധികം പൗരന്മാർക്ക് പരിശീലനം ലഭിച്ചു.

കുടുംബശ്രീ അംഗങ്ങൾ, വിദ്യാർത്ഥികൾ, നാഷണൽ സർവീസ് സ്കീം, നാഷണൽ കേഡറ്റ് ക്രോപ്സ്, മറ്റ് കമ്മ്യൂണിറ്റി അംഗങ്ങൾ എന്നിവരുൾപ്പെടെ 2.5 ലക്ഷത്തിലധികം സന്നദ്ധപ്രവർത്തകർ വീടുതോറുമുള്ള സമഗ്രമായ സർവേ നടത്തി. 1.5 കോടി വ്യക്തികളെ ഉൾപ്പെടുത്തിയ സർവേയിൽ ഡിജിറ്റൽ സാക്ഷരതയില്ലാത്ത 21,88,398 പേരെ കണ്ടെത്തി. ഡിജിറ്റൽ ഉപകരണങ്ങൾ ഉപയോഗിക്കുന്നതിൽ മാത്രമല്ല, സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ, ഇ-ഗവേണൻസ് സേവനങ്ങൾ, ഓൺലൈൻ ബാങ്കിംഗ് എന്നിവയിലുള്ള അറിവും സർവേ വിലയിരുത്തി.

സംസ്ഥാന തലത്തിൽ ഈ ശ്രമങ്ങൾക്ക് തുടക്കം കുറിക്കുന്നതിൽ പുല്ലമ്പാറ ഗ്രാമപഞ്ചായത്ത് മാതൃകയായി. പഞ്ചായത്തിലെ എല്ലാ നിവാസികളിലേക്കും ഇത് എത്തിക്കാനുള്ള പ്രവർത്തനങ്ങളിലൂടെ, 2022 ൽ പുല്ലമ്പാറ ഗ്രാമപഞ്ചായത്ത് ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതാ പഞ്ചായത്തായി.

ഇടമലക്കുടി, അട്ടപ്പാടി, പറമ്പിക്കുളം തുടങ്ങിയ വിദൂര, ആദിവാസി മേഖലകളിലും ഡിജി കേരളം പദ്ധതി ശ്രദ്ധേയമായ വിജയം നേടി.

ഡിജി കേരളം 2.0 എന്ന അടുത്ത ഘട്ടത്തിലേക്ക് കേരളം നീങ്ങുകയാണ്. ഡിജിറ്റൽ സാക്ഷരത വർദ്ധിപ്പിക്കുന്നതിലും ഡിജിറ്റൽ അധിഷ്ഠിത ഭാവിയിലേക്ക് പൗരന്മാരെ കൂടുതൽ പ്രാപ്തരാക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കും.

ഐടി മേഖലയിലെ പദ്ധതികൾക്കായി 2,929.7 കോടി രൂപയാണ് ചെലവഴിച്ചത്.

### ഐടി മേഖലയ്ക്കുള്ള നയ പിന്തുണ

കേരളത്തെ ഒരു വിജ്ഞാനാധിഷ്ഠിത സമൂഹമാക്കി മാറ്റുക എന്നതാണ് 2017 ലെ ഐടി നയത്തിന്റെ ലക്ഷ്യം. കേരളത്തെ ഒരു മുൻനിര ഐടി കേന്ദ്രമാക്കി മാറ്റുക, പ്രത്യക്ഷവും പരോക്ഷവും ആയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, ലോകോത്തര ഡിജിറ്റൽ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുക, വിദ്യാഭ്യാസത്തിലൂടെയും നൈപുണ്യ വികസനത്തിലൂടെയും മനുഷ്യ മൂലധനം ശക്തിപ്പെടുത്തുക എന്നിവയാണ് ഈ നയത്തിന്റെ ലക്ഷ്യങ്ങൾ. നിക്ഷേപം ആകർഷിക്കുന്നതിനും കേരളത്തെ ഒരു ഐടി സൗഹൃദ വ്യവസായ കേന്ദ്രമാക്കി മാറ്റുന്നതിനുമായി ഐടി പാർക്കുകൾ വികസിപ്പിക്കുന്നതിൽ സഹകരണ മേഖലയുടെയും പ്രവാസി ഇന്ത്യൻ (എൻആർഐ) സമൂഹങ്ങളുടെയും സജീവ പങ്കാളിത്തവും ഐടി നയം വിഭാവനം ചെയ്തു. കയറ്റുമതി വർധിപ്പിക്കുക, ഗവേഷണം, വികസനം, നൂതനാവിഷ്കാരം എന്നിവയ്ക്കായി ശാസ്ത്ര-സാങ്കേതികവിദ്യാധിഷ്ഠിതമായ ഒരു ആവാസവ്യവസ്ഥ സൃഷ്ടിക്കുക, പൊതു സേവനങ്ങൾ ഡിജിറ്റൈസ് ചെയ്യുക, സാർവത്രികമായി ഡാറ്റാ ലഭ്യത ഉറപ്പാക്കുക, ഡിജിറ്റൽ സാക്ഷരത വ്യാപിപ്പിക്കുക, ദൈനംദിന ജീവിതത്തിൽ വിവര, ആശയ വിനിമയ സാങ്കേതികവിദ്യയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക, കമ്പ്യൂട്ടിംഗിൽ മലയാള ഭാഷയുടെ ഉപയോഗത്തെ ന്തുണയ്ക്കുക എന്നിവയ്ക്കുള്ള നടപടികൾ ഇത് നിർദ്ദേശിക്കുകയും ചെയ്തു.

### ഐടി മേഖലയുടെ നേട്ടങ്ങൾ

2016-17 മുതൽ വിവരസാങ്കേതിക മേഖല വികസനത്തിൽ വ്യക്തമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. ഐടി പാർക്കുകളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുള്ള ഒരു വികസന മാതൃകയാണ് കേരളം സ്വീകരിച്ചിരിക്കുന്നത്. സംസ്ഥാനത്തെ ഐടി കമ്പനികളുടെ എണ്ണം 9 വർഷത്തിനിടയിൽ ഏകദേശം ഇരട്ടിയായി വർദ്ധിച്ചു, 2016 ൽ 640 ൽ നിന്ന് 2025 ൽ 1,200 ആയി വർദ്ധിച്ചു. കേരളത്തിലെ ഐടി പ്രൊഫഷണലുകളുടെ എണ്ണം മൂന്നിരട്ടിയിലധികം വർദ്ധിച്ചു. 2016 ൽ 70,000 ആയിരുന്നത് 2025 ൽ ഏകദേശം 2,60,000 ആയി ഉയർന്നു. ഐടി കയറ്റുമതി വരുമാനം 2016 ൽ ഏകദേശം ₹9,000 കോടിയിൽ നിന്ന് 2025 ൽ ₹26,770 കോടിയായി വർദ്ധിച്ചു. 9 വർഷത്തിനിടെ 280 ശതമാനം വളർച്ചയാണ് രേഖപ്പെടുത്തിയത്.

സമീപ വർഷങ്ങളിൽ ഐടി മേഖല ഘടനാപരമായ മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്. നൂറ്റാണ്ടിന്റെ തുടക്കത്തിൽ, താഴെ തട്ടിലുള്ള സാങ്കേതികവിദ്യകൾ ഉപയോഗിച്ച് പ്രവർത്തിക്കുകയും പിന്തുണ സേവനങ്ങൾ നൽകുകയും ചെയ്യുന്ന ചെറിയ സ്ഥാപനങ്ങളായിരുന്നു ഈ മേഖലയി

ലുണ്ടായിരുന്നത്. ഇന്ന് ടാറ്റ കൺസൾട്ടൻസി സർവീസസ്, ഇൻഫോസിസ്, കോഗ്നിസന്റ് എന്നിവയെ പോലെ ഇന്ത്യയിൽ പിറന്ന ഏറ്റവും വലിയ ബഹുരാഷ്ട്ര കമ്പനിക ളിൽ ചിലത് കേരളത്തിലെ ഐടി മേഖലയിൽ പ്രവർത്തി ക്കുന്നു. ഈ കമ്പനികൾ സംസ്ഥാനത്ത് അന്താരാഷ്ട്ര ബിസിനസ്, ഡെലിവറി പ്രവർത്തനങ്ങൾ സ്ഥാപിക്കുകയും കേരളത്തിലെ മൊത്തം ഐടി പ്രൊഫഷണലുകളിൽ 20 മുതൽ 25 ശതമാനത്തിന് വരെ ജോലി നൽകുകയും ചെയ്യുന്നു.

കേരളത്തിൽ ആരംഭിച്ച കേരളം ആസ്ഥാനമായുള്ള നിരവധി സ്ഥാപനങ്ങൾ ആഗോളതലത്തിലേക്ക് വികസി ച്ചിട്ടുണ്ട്. യു.എസ്.ടി ഗ്ലോബൽ, ഐബിഎസ് എൽഎൽപി, സൺടെക് ബിസിനസ് സൊല്യൂഷൻസ്, നെസ്റ്റ് എന്നിവ ഉദാഹരണങ്ങളാണ്. അവയിൽ ചിലത് പരമ്പരാഗത സേവനങ്ങളിൽ നിന്ന് മാറി ചിന്തിക്കുകയും ഉൽപ്പന്ന വികസനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്തു. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന നിരവധി ഐടി സ്ഥാപന ങ്ങൾക്ക് കൂടുതൽ വളർച്ച നേടുന്നതിനുള്ള സാധ്യതയുണ്ട്. ക്യൂബർസ്റ്റ്, ക്വാണ്ടിഫി, ഇൻഎപിപി, സ്പെരിഡിയൻ, എക്സ്പീരിയൻ, തിങ്ക്പാം, ട്രാവൻകൂർ അനലിറ്റിക്സ്, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (യുഎൽസിസിഎസ്) തുടങ്ങി കേരളം ആസ്ഥാനമായുള്ള സ്ഥാപനങ്ങൾ; ക്വസ്റ്റ് ഗ്ലോബൽ, ടാറ്റ എൽക്സി പോലെ ഇന്ത്യ ആസ്ഥാനമായ ബഹുരാഷ്ട്ര കമ്പനികൾ; നിസ്സാൻ ഡിജിറ്റൽ, ഒറാക്കിൾ പോലുള്ള ആഗോള ബഹുരാഷ്ട്ര കമ്പനികൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

എംബഡഡ് സിസ്റ്റങ്ങൾ, ആരോഗ്യ സംരക്ഷണം, നോൺ-ബാങ്കിംഗ് ഫിനാൻഷ്യൽ സർവീസസ് (എൻബിഎഫ്സി) എന്നിവയിലും സംസ്ഥാനത്തിന്റെ ഐടി ആവാസവ്യവസ്ഥ അതിന്റെ ശക്തി തെളിയിച്ചു. ഈ സ്ഥാ പനങ്ങളിൽ ചിലതും അവയുടെ ഉൽപാദന മേഖലകളും ചുവടെ ചേർത്തിരിക്കുന്നു.

- ജെൻറോബോട്ടിക്സ് പോലുള്ള പുതുതലമുറ സ്റ്റാർട്ടപ്പുകളും, ടാറ്റ എൽക്സി, ക്വസ്റ്റ് ഗ്ലോബൽ, നെസ്റ്റ് പോലുള്ള സംരംഭങ്ങളും കേരളത്തെ എംബഡഡ് സിസ്റ്റ ങ്ങളുടെയും റോബോട്ടിക്സിന്റെയും വളരുന്ന കേന്ദ്രമായി മാറ്റിയിരിക്കുന്നു.
- ക്വസ്റ്റും നെസ്റ്റും ഒന്നിലധികം മേഖലകളിൽ പ്രവർത്തി ക്കുന്നുണ്ടെങ്കിലും ഈ സ്ഥാപനങ്ങൾ മുൻതൂക്കം നൽകുന്നത് പ്രധാനമായും ആരോഗ്യ സംരക്ഷണ ത്തിലും മെഡിക്കൽ ഉപകരണങ്ങളിലുമാണ്. കാബോട്ട് ടെക്നോളജീസും എക്സ്പീരിയോൺ ടെക്നോളജീസും ആരോഗ്യ സംരക്ഷണത്തിനുള്ള ആപ്ലിക്കേഷനുകൾ വികസിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.
- ടിസിഎസ് സംസ്ഥാനത്ത് ഒരു എയ്റോസ്പേസ് ഡിസൈൻ ആൻഡ് ഡെവലപ്മെന്റ് സ്ഥാപനം തുടങ്ങാൻ പദ്ധതിയിടുന്നു. ഐബിഎസ് എൽഎൽപി എല്ലാ ആഗോള എയർലൈൻസ് സേവന ദാതാക്ക ളുടെയും ആവശ്യങ്ങൾ നിറവേറ്റുന്നു. എയർ ഇന്ത്യ അവരുടെ സെന്റർ ഓഫ് ഡിജിറ്റൽ ഇന്നൊവേഷൻ (സിഡിഐ) സ്ഥാപിച്ചു.
- എൻബിഎഫ്സി മേഖലയിൽ കേരളത്തിന് സവിശേഷ മായ ആധിപത്യമുണ്ട്. മുത്തൂറ്റ്, മണപ്പുറം, ജിയോജിത് എന്നിവയുൾപ്പെടെ കേരളം ആസ്ഥാനമായുള്ള നിരവധി സ്ഥാപനങ്ങളും ശ്രീറാം, ബജാജ് ഫിനാൻസ്, ഐഐ എഫ്എൽ പോലുള്ള മറ്റ് പ്രധാന സ്ഥാപനങ്ങളും നൂതന ഡിജിറ്റൽ സാങ്കേതികവിദ്യ അടിസ്ഥാനമാക്കി പ്രവർത്തി ക്കുന്നു.
- ലോകമെമ്പാടുമുള്ള ബഹുരാഷ്ട്ര സംരംഭങ്ങൾക്ക് കേരളം വിജ്ഞാനാധിഷ്ഠിത ഡൊമെയ്ൻ സേവനങ്ങളും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനുള്ള സഹായവും നൽകുന്നു. ഈ ഡൊമെയ്ൻ സേവനങ്ങളെ നോളജ് പ്രോസസ് ഔട്ട്സോഴ്സിംഗ് (കെപിഒ) അല്ലെങ്കിൽ പ്രോസസ്-ബേസ്ഡ് ഗ്ലോബൽ കപ്പാസിറ്റി സെന്ററുകൾ (ജിസിസി) എന്ന് തരംതിരിക്കുന്നു. ഫ്രാഗോമോൺ, എച്ച് & ആർ ബ്ലോക്ക്, ഇവൈ, ആർഎംഇഎസ്ഐ തുടങ്ങിയ കമ്പനികൾ ഡൊമെയ്ൻ-നിർദ്ദിഷ്ട ജിസിസിക ളിൽ ഉൾപ്പെടുന്നു, കൂടാതെ അന്താരാഷ്ട്ര വിപണികൾക്ക് നികുതി, വിസ പ്രോസസ്സിംഗ്, വിദ്യാഭ്യാസ സേവനങ്ങൾ തുടങ്ങിയ സേവനങ്ങൾ വാഗ്ദാനം ചെയ്യുന്നു.
- കേരളത്തിൽ ഊർജ്ജസ്വലമായ ഒരു സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയുണ്ട്. കേരള സ്റ്റാർട്ടപ്പ് മിഷൻ, ഡിജി റ്റൽ യൂണിവേഴ്സിറ്റിയുടെ മേക്കർ വില്ലേജ്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെഎസ്ഐഡിസി) എന്നിവ സ്റ്റാർട്ടപ്പ് വളർച്ചയ്ക്ക് ഏറ്റവും മികച്ച സർക്കാർ പ്രോത്സാഹകരായി പരിഗണിക്ക പ്പെടുന്നു. വൈവിധ്യമാർന്ന മേഖലകളിലും സാങ്കേതിക വിദ്യയിലും ഏർപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങളാണ് സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയിലുള്ളത്. ഫൈലടെക്സ്റ്റ്, ജിഫി എഐ പോലുള്ള കമ്പനികൾ ഉയർന്ന നിലവാരമുള്ള എഐ / അനലിറ്റിക്സ് കഴിവുകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. അതേസമയം കെയർ സ്റ്റാക്ക് പോലുള്ള കമ്പനികൾ ആരോഗ്യ സംരക്ഷണ മേഖല കൾക്ക് നൂതന സാങ്കേതിക വിദ്യകൾ നൽകുന്നു. ഇലക്ട്രോണിക്സ്, എംബഡഡ് സിസ്റ്റം, റോബോട്ടിക്സ് എന്നീ മേഖലകളിൽ പ്രതീക്ഷ നൽകുന്ന ഉൽപ്പന്നങ്ങളും പരിഹാരങ്ങളും കേരളം വികസിപ്പിക്കുന്നതിന്റെ മികച്ച ഉദാഹരണങ്ങളാണ് ജെൻറോബോട്ടിക്സ്, ശാസ്ത്ര റോബോ ട്ടിക്സ്, നേത്രേമി, നാവൽറ്റ് തുടങ്ങിയ സ്റ്റാർട്ടപ്പുകൾ

അന്താരാഷ്ട്ര ഐടി സ്ഥാപനങ്ങളുടെ തന്ത്രപ്രധാന കേന്ദ്രമായി കേരളം അതിവേഗം മാറിക്കൊണ്ടിരിക്കു കയാണ്. 30-ലധികം ആഗോള കമ്പനികൾ സംസ്ഥാ നത്ത് അവരുടെ ജിസിസികൾ സ്ഥാപിക്കാൻ പദ്ധതി യിടുന്നു. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നി വിടങ്ങളിലെ വളർന്നുവരുന്ന ഐടി പാർക്കുകളുടെ സാന്നിധ്യം, ആഴവും വൈവിധ്യവുമുള്ള പ്രതിഭകളുടെ ലഭ്യത, ഗവൺമെന്റ് സംരംഭങ്ങളുടെ പിന്തുണയോടെ പ്രവർത്തിക്കുന്ന ചലനാത്മകമായ സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥ എന്നിവയാണ് ഈ വർദ്ധിച്ചുവരുന്ന താൽപ്പര്യ ത്തിന് കാരണം.

വ്യത്യസ്തതയിലൂടെ ബിസിനസ്സ് വളർച്ചയെ നയിക്കുന്ന നൂതന ഉൽപ്പന്നങ്ങളും സേവനങ്ങളും ഉൽപാദിപ്പിക്കു ന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന സമർപ്പിത മികവിന്റെ

കേന്ദ്രങ്ങളുള്ള കമ്പനികളുടെ ഉയർച്ചയും ശ്രദ്ധേയമാണ്. ഐബിഎം, ഇവൈ, ടിസിഎസ്, യുഎസ്ടി, നിസാൻ, അലയൻസ് തുടങ്ങിയ വലിയ കോർപ്പറേഷനുകളിലെ നിരവധി ഇന്നൊവേഷൻ സെന്ററുകൾ കേരളത്തിലുണ്ട്, ഇവയെല്ലാം ലോകത്തിന് ഉയർന്ന നിലവാരമുള്ള നൂതനാശയങ്ങൾ വാഗ്ദാനം ചെയ്യുന്നു.

### ഐടി പാർക്കുകൾ

ഐടി പാർക്കുകൾ കമ്പനികൾക്ക് ഭൗതിക ഇടം നൽകുകയും സ്റ്റാർട്ടപ്പുകൾക്കുള്ള ഇൻകുബേഷൻ സെന്ററുകൾ, മെന്റർഷിപ്പ് പ്രോഗ്രാമുകൾ, നെറ്റ്‌വർക്കിംഗ് അവസരങ്ങൾ എന്നിവയുൾപ്പെടെ നിരവധി പിന്തുണാ സേവനങ്ങൾ വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു. കേരളത്തിലെ മൂന്ന് ഐടി ഹബ്ബുകൾ ഇവയാണ്:

**ടെക്നോപാർക്ക്**: കേരള സർക്കാരിന്റെ പൂർണ ഉടമസ്ഥതയിലുള്ള ഒരു സ്വയംഭരണ സ്ഥാപനമായി ടെക്നോപാർക്ക് തിരുവനന്തപുരത്ത് സ്ഥാപിതമായി. ലോകോത്തര അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുകയും വ്യവസായങ്ങളുടെ വികസനത്തിന് സാങ്കേതിക പിന്തുണ നൽകുകയുമാണ് ഇതിന്റെ ലക്ഷ്യം. ടെക്നോപാർക്ക് സ്ഥാപിതമായതു മുതൽ വികസനത്തിലും ജീവനക്കാരുടെ എണ്ണത്തിലും സ്ഥിരമായ വളർച്ച കൈവരിക്കുന്നു. പ്രവർത്തിക്കുന്ന മൊത്തം കമ്പനികളുടെ എണ്ണം 2016-17 ൽ 370 ആയിരുന്നത് 2024-25 ൽ 500 ആയി വർദ്ധിച്ചു (35.1 ശതമാനം വളർച്ച). നിക്ഷേപം യഥാക്രമം ₹4,970 കോടിയിൽ നിന്ന് ₹5,825 കോടിയായി വർദ്ധിച്ചു. ബിൽറ്റ്-അപ്പ് സ്പേസ് 93 ലക്ഷം ചതുരശ്ര അടിയിൽ നിന്ന് 127 ലക്ഷം ചതുരശ്ര അടിയായി (36 ശതമാനം വർദ്ധനവ്) വർദ്ധിച്ചു. അതേ കാലയളവിൽ, കയറ്റുമതി വരുമാനം ₹8,255 കോടിയിൽ നിന്ന് ₹14,575 കോടിയായും (76.6 ശതമാനം വളർച്ച). നേരിട്ടുള്ള തൊഴിലവസരങ്ങൾ 52,746 ൽ നിന്ന് 80,000 ആയും (51.7 ശതമാനം വളർച്ച) വർദ്ധിച്ചു.

ടെക്നോപാർക്കിന്റെ മൂന്നാം ഘട്ടം കമ്മീഷൻ ചെയ്തതോടെ ഇന്ത്യയിലെ ഏറ്റവും വലിയ ഐടി പാർക്കുകളിൽ ഒന്നായി ഇത് മാറി. ഉന്നത പ്രവർത്തന നിലവാരം ഇതിലൂടെ വ്യക്തമാകുന്നു. കേപബിലിറ്റി മെച്യൂരിറ്റി മോഡൽ ഇന്റഗ്രേഷൻ (സിഎംഎംഐ) ലെവൽ 4, ISO 9001 തുടങ്ങിയ വ്യവസായ സർട്ടിഫിക്കേഷനുകൾ ടെക്നോപാർക്ക് നേടിയിട്ടുണ്ട്. പ്രാദേശിക നൈപുണ്യം വളർത്തുന്നതിലും ടെക്നോ പാർക്ക് പിന്തുണ നൽകുന്നു. കേരള സ്റ്റാർട്ടപ്പ് മിഷൻ (കെ എസ് യു എം) ആയി വികസിച്ച ടെക്നോളജി ബിസിനസ് ഇൻകുബേഷൻ ഒരു ഉദാഹരണമാണ്.

പാരിസ്ഥിതിക ഉത്തരവാദിത്തത്തിന് പ്രതിജ്ഞാബദ്ധമായ ഈ പാർക്ക് ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട ഗ്രീൻ ടെക്നോളജി പാർക്കായി അംഗീകരിക്കപ്പെട്ടിരിക്കുന്നു. സഹകരണ വികസനത്തിനായി ഒന്നിലധികം ധാരണാപത്രങ്ങൾ ഒപ്പുവച്ചിട്ടുണ്ട്. ബ്രിഗേഡ് എന്റർപ്രൈസസ് ലിമിറ്റഡുമായുള്ള വേൾഡ് ട്രേഡ് സെന്ററിന്റെ ധാരണാപത്രം, കെ എസ് യു എമ്മുമായി കേരള ഡിഫൻസ് ഇന്നൊവേഷൻ സോണിനുള്ള (കെ-ഡിസ്) ധാരണാപത്രം, ഭാരത സർക്കാരുമായി എംഎസ്എംഇ ടെക്നോളജി സെന്ററിനുള്ള ധാരണാപത്രം എന്നിവ ഇതിൽ ഉൾപ്പെടുന്നു. ടെക്നോപാർക്ക് കഴിഞ്ഞ നാല് വർഷമായി തുടർച്ചയായി CRISIL റേറ്റിംഗ് A+ സ്കോർ നിലനിർത്തുന്നു. ടെക്നോപാർക്കിന്റെ സുസ്ഥിര പ്രകടനവും സാമ്പത്തിക സ്ഥിരതയും ഇതിലൂടെ പ്രകടമാകുന്നു.

**ഇൻഫോപാർക്ക്:** ലോകോത്തര അടിസ്ഥാന സൗകര്യങ്ങൾ, അനുയോജ്യമായ ജോലിസ്ഥലങ്ങൾ, അനുകൂലമായ ബിസിനസ്സ് അന്തരീക്ഷം എന്നിവ ലഭ്യമാക്കുന്ന കൊച്ചിയിലെ ഇൻഫോപാർക്ക് വ്യവസായങ്ങളിലുടനീളം നവീകരണം, സഹകരണം, വളർച്ച എന്നിവയെ പിന്തുണയ്ക്കുന്നു. ഹബ്-ആൻഡ്-സ്പോക്ക് മാതൃകയിൽ പ്രവർത്തിക്കുന്ന പാർക്കിന് തൃശ്ശൂരിലും ചേർത്തലയിലും സ്പോക്കുകൾ ഉണ്ട്. 323 ഏക്കറിലായി വികസനത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള അഞ്ച് കാമ്പസുകൾ ഇൻഫോപാർക്കിലുണ്ട്.

2016-17 നും 2024-25 നും ഇടയിൽ ഇൻഫോപാർക്കിൽ ആകെ 39,884 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടു. കമ്പനികളുടെ എണ്ണം ഏകദേശം ഇരട്ടിയായി-298 ൽ നിന്ന് 582 ആയി ഉയർന്നു, നിക്ഷേപങ്ങൾ യഥാക്രമം ₹3,000 കോടിയിൽ നിന്ന് ₹5,557.2 കോടിയായും ബിൽറ്റ്-അപ്പ് സ്ഥലം 66 ലക്ഷം ചതുരശ്ര അടിയിൽ നിന്ന് 100 ലക്ഷം ചതുരശ്ര അടിയായും (51.5 ശതമാനം വളർച്ച) ഉയർന്നു. കയറ്റുമതി വരുമാനം ₹3,200 കോടിയിൽ നിന്ന് ₹12,065 കോടിയായി (277 ശതമാനം വളർച്ച). പുതിയ വികസനങ്ങൾക്കായി ഇൻഫോപാർക്ക് കോ-ഡെവലപ്പറായ ബ്രിഗേഡിന് 1.6 ഏക്കർ ഭൂമി അനുവദിച്ചു. ഇൻഫോപാർക്കിന്റെ സിറ്റി സെന്റർ കെഎംആർഎല്ലിന്റെ 36,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടത്തിലാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. ഇന്ദീവരത്തിന് 560 വർക്ക് സ്റ്റേഷനുകളുമായി പ്രവർത്തിക്കാൻ കഴിയുന്ന 17 കമ്പനികളെ ഉൾക്കൊള്ളാൻ ശേഷിയുണ്ട്.

**സൈബർപാർക്ക്**: കോഴിക്കോട്ടെ സൈബർപാർക്ക് 2014 ലാണ് പ്രവർത്തനക്ഷമമായത്. ഐടി, ഐടിഇഎസ് കമ്പനികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിൽ പാർക്ക് ശ്രദ്ധ കേന്ദ്രീകരിക്കുന്നു. സൈബർപാർക്കിൽ, 2016-17 നും 2024-25 നും ഇടയിൽ, ആകെ കമ്പനികളുടെ എണ്ണം 8 ൽ നിന്ന് 80 ആയി വർദ്ധിച്ചു. കയറ്റുമതി വരുമാനം ₹6.7 കോടിയിൽ നിന്ന് ₹130 കോടിയായും, നേരിട്ടുള്ള തൊഴിലവസരങ്ങൾ 112 ൽ നിന്ന് 2,300 ആയും ഉയർന്നു.

3 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള നിലവിലെ കെട്ടിടം പൂർണ്ണമായും പ്രവർത്തന സജ്ജമായി. സെസ് മേഖലയിലുള്ള സഹ്യ എന്ന കെട്ടിടത്തിൽ 83 ഐടി കമ്പനികൾ പ്രവർത്തിക്കുന്നു. ക്യാമ്പസിനെ പരിസ്ഥിതി സൗഹൃദമാക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി സൈബർപാർക്ക്, പാർക്ക് ഓഫീസിന് മുകളിൽ 25 kWp സോളാർ പവർ പ്ലാന്റ് കമ്മീഷൻ ചെയ്തിട്ടുണ്ട്. മലബാർ മേഖലയിലെ സ്റ്റാർട്ടപ്പ് കമ്പനികളെ പിന്തുണയ്ക്കുന്നതിനായി, സെസ് ഇതര മേഖലയിൽ ഏകദേശം 12,391 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു സ്മാർട്ട് ബിസിനസ് സെന്റർ കേരള സ്റ്റാർട്ടപ്പ് മിഷനെ ഏൽപ്പിച്ചിരിക്കുന്നു. 22 കമ്പനികൾ പ്രവർത്തിക്കുന്ന ഇവിടെ ഏകദേശം 130 ഐടി ജീവനക്കാരുണ്ട്. ഇഗ്നൈറ്റ് ഇന്റേൺഷിപ്പ് പ്രോഗ്രാം വഴി കേരളത്തിലെ ഐടി, ഐടിഇഎസ് കമ്പനികളിൽ നിന്ന് അടുത്തിടെ ബിരുദം നേടിയവർക്ക് വ്യാവസായിക പരിശീലനം നൽകാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

### സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റവും കേരള സ്റ്റാർട്ടപ്പ് മിഷനും

സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനും പിന്തുണയ്ക്കുന്നതിനും, അതുവഴി സംസ്ഥാനത്ത് സാങ്കേതിക വിദ്യാധിഷ്ഠിത സംരംഭക സംസ്കാരം സൃഷ്ടിക്കുന്നതിനുമുള്ള കേരള സർക്കാരിന്റെ നോഡൽ ഏജൻസിയായി കേരള സ്റ്റാർട്ടപ്പ് മിഷൻ (കെഎസ്‌യുഎം) പ്രവർത്തിക്കുന്നു. സ്റ്റാർട്ടപ്പുകൾക്ക് അനുയോജ്യമായ ഒരു അന്തരീക്ഷം കെട്ടിപ്പടുക്കുന്നതിലും, നൂതനാവിഷ്കാരം വളർത്തുന്നതിലും, സംരംഭങ്ങളുടെ വളർച്ചയെ പിന്തുണയ്ക്കുന്നതിലും കെഎസ്‌യുഎം പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. സാങ്കേതിക വിദ്യ, ആരോഗ്യ സംരക്ഷണം, സാമൂഹിക നവീകരണം, ഗ്രാമീണ സംരംഭകത്വം എന്നിവയുൾപ്പെടെ വിവിധ മേഖലകളിലായി സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം കെട്ടിപ്പടുക്കുന്നതിലും പരിപോഷിപ്പിക്കുന്നതിലും കെഎസ്‌യുഎം ബഹുമുഖ പങ്ക് വഹിക്കുന്നു. കേരളത്തിലെ സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം വർഷങ്ങളായി ഗണ്യമായ വളർച്ച കൈവരിച്ചിട്ടുണ്ട്. 2017-18 ൽ 800 ആയിരുന്ന സ്റ്റാർട്ടപ്പുകളുടെ എണ്ണം 2025-26ൽ (ഓഗസ്റ്റ് വരെ) 7,100 ആയി വർദ്ധിച്ചു. ഈ കാലയളവിൽ ഇൻകുബേഷൻ സ്ഥലം 1.5 ലക്ഷം ചതുരശ്ര അടിയിൽ നിന്ന് 6.3 ലക്ഷം ചതുരശ്ര അടിയായി ഉയർന്നു. ഇതേ കാലയളവിൽ, തൊഴിൽ അവസരം 28,000 ൽ നിന്ന് 65,000 ആയും നിക്ഷേപം ₹280 കോടിയിൽ നിന്ന് ₹6,057 കോടിയായും വർദ്ധിച്ചു.

പ്രാദേശിക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി സമഗ്ര സാങ്കേതിക പരിഹാരങ്ങളുടെ വികസനമാണ് കെഎസ്‌യുഎം ലക്ഷ്യമിടുന്നത്. കർഷകർക്കായുള്ള മൊബൈൽ അധിഷ്ഠിത കാർഷിക ഉപദേശക ആപ്പുകൾ, ഗ്രാമീണ ക്ലിനിക്കുകൾക്കായുള്ള ആരോഗ്യ സംരക്ഷണ ടെലി-കൺസൾട്ടേഷൻ സേവനങ്ങൾ, പ്രാദേശിക ഭാഷകളെ പിന്തുണയ്ക്കുന്ന പ്രാദേശികവൽക്കരിച്ച എഐ മോഡലുകൾ എന്നിവ ഉദാഹരണങ്ങളിൽ ഉൾപ്പെടുന്നു. സാമൂഹിക നവീകരണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന സ്റ്റാർട്ടപ്പുകൾക്കും ഐടി സ്ഥാപനങ്ങൾക്കും കെഎസ്‌യുഎമ്മിൽ നിന്ന് പിന്തുണ ലഭിക്കുന്നു, ഇതിലൂടെ പലപരിഹാരങ്ങൾക്ക് ധനസഹായവും പിന്തുണയും നൽകുകയും ചെയ്യുന്നു.

### സർക്കാരിനും പൊതുജനങ്ങൾക്കും ഐടി സേവനങ്ങൾ നൽകുന്ന ഏജൻസികൾ

### കേരള സംസ്ഥാന വിവര സാങ്കേതികവിദ്യ മിഷൻ

കേരള സർക്കാരിന്റെ വിവര സാങ്കേതികവിദ്യ വകുപ്പിനു വേണ്ടി ഐടി സംരംഭങ്ങൾ നടപ്പിലാക്കുന്നതിനുള്ള ഉത്തരവാദിത്തമുള്ള ഒരു സ്വയംഭരണ സർക്കാർ ഏജൻസിയാണ് കേരള സംസ്ഥാന ഐടി മിഷൻ. മിഷന്റെ പ്രധാന സംരംഭങ്ങളും നേട്ടങ്ങളും താഴെ പറയുന്നു.

**ഇ – ഗവേണൻസ്**: കേരളത്തിന്റെ ഐടി മേഖലയുടെ ഒരു പ്രധാന സവിശേഷത, ഇ-ഗവേണൻസിന് നൽകുന്ന പ്രധാന്യവും ഭരണനിർവഹണത്തിന്റെ എല്ലാ വശങ്ങളെയും, എല്ലാ വിഭാഗത്തിലുള്ളവരെയും ഉൾക്കൊള്ളുന്ന നിരവധി സംരംഭങ്ങളുമാണ്. ഇന്റർനെറ്റ് എന്റെ അവകാശം എന്ന നയത്തിന് കീഴിൽ, കേരളം 1,666 വില്ലേജ് ഓഫീസുകൾ ഡിജിറ്റൈസ് ചെയ്യുകയും 900-ലധികം ഓൺലൈൻ സേവനങ്ങൾ സംയോജിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പൗരന്മാർക്ക് നേരിട്ട് സർക്കാർ സേവനങ്ങൾ എത്തിക്കുന്ന ഇ-സേവനം പോർട്ടലും എം-സേവനം ആപ്പും കർഷകർ, വിദ്യാർത്ഥികൾ, പെൻഷൻകാർ, ബിസിനസുകൾ എന്നിവർക്ക് അവശ്യ സേവനങ്ങൾ അതിവേഗം ലഭ്യമാകുന്നു എന്ന് ഉറപ്പാക്കുന്നു. പൂർണമായും ഡിജിറ്റലായ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റവും റവന്യൂ സേവനങ്ങളും ഓൺ ലൈനിൽ ലഭ്യമാകുന്നതിനാൽ, കേരളം ഇ-ഗവേണൻസിന്റെ ദേശീയ മാതൃകയായി മാറിയിരിക്കുന്നു.

**സ്റ്റേറ്റ് ഡാറ്റാ സെന്റർ**: സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ ഏകദേശം 4,000 വെർച്വൽ സെർവറുകളും, 560 ആപ്ലിക്കേഷനുകളും, വിവിധ വകുപ്പുകൾ സ്ഥാപിച്ച 500 സെർവറുകളും ഉണ്ട്. സർക്കാർ സ്ഥാപനങ്ങളുടെ ആപ്ലിക്കേഷനുകളും വെബ്സൈറ്റുകളും ഹോസ്റ്റ് ചെയ്യുകയും അനുബന്ധ സേവനങ്ങൾ നൽകുകയും ചെയ്യുന്ന സ്റ്റേറ്റ് ഡാറ്റാ സെന്ററുകളാണ് (എസ്ഡിസികൾ) സംസ്ഥാനത്തെ ഇ-ഗവേണൻസ് ചട്ടക്കൂടിന്റെ കാതൽ. സ്റ്റേറ്റ് ഡാറ്റാ സെന്ററിന്റെ നിലവിലെ സ്റ്റോറേജ് ശേഷി 2,500 ടിബി ആണ്. ടെക്നോപാർക്കിലെ സ്റ്റേറ്റ് ഡാറ്റാ സെന്റർ-2-ൽ 4,000 ചതുരശ്ര അടിയിൽ സെർവർ ഫാം ഏരിയയുടെ വിപുലീകരണവും മറ്റ് നവീകരണ പ്രവർത്തനങ്ങളും നടന്നുവരികയാണ്. ക്ലൗഡ് ഇൻഫ്രാസ്ട്രക്ചർ നവീകരണത്തിന്റെ ഭാഗമായി, എസ്ഡിസി2-ൽ 8 സെർവറുകളും 300 ടിബി സ്റ്റോറേജ് ശേഷിയും കൂട്ടിചേർത്തു. വകുപ്പുകൾക്ക് 1,020 വെർച്വൽ മെഷീനുകളും നൽകി. എസ്ഡിസി 1-നും എസ്ഡിസി 2-നും ഇടയിൽ 10 ജിബിപിഎസ് കെഫോൺ കണക്ഷൻ സ്ഥാപിച്ചു, കൂടാതെ എസ്ഡിസി2-ൽ 4,000 ചതുരശ്ര അടി വിസ്തീർണ്ണം കൂടി ചേർത്തു.

**ഇ – ഓഫീസ്**: ഓഫീസ് നടപടിക്രമങ്ങൾ ഇലക്ട്രോണിക് രീതിയിൽ നടത്തുക, സർക്കാർ ഓഫീസുകളെ പേപ്പർ രഹിത ഓഫീസുകളാക്കി മാറ്റുക, ഡിജിറ്റൽ ആശയ വിനിമയം പ്രയോജനപ്പെടുത്തുന്നതിലൂടെ വേഗത്തിൽ തീരുമാനങ്ങൾ കൈക്കൊള്ളുക എന്നിവയാണ് ഈ സംവിധാനത്തിന്റെ ലക്ഷ്യം. ഇ-ഓഫീസിന്റെ ഏറ്റവും പുതിയ പതിപ്പ് (7.2.5) സംസ്ഥാനത്തുടനീളം നടപ്പിലാക്കി. 90 ശതമാനത്തിലധികം സർക്കാർ ഓഫീസുകളിലും ഇപ്പോൾ ഇ-ഓഫീസ് പ്രവർത്തിക്കുന്നു.

**കെസ്വാൻ**: കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്ക് (കെസ്വാൻ) ഒരു അത്യാധുനിക ഒപ്റ്റിക്കൽ ഫൈബർ കമ്മ്യൂണിക്കേഷൻ അധിഷ്ഠിത ശൃംഖലയാണ്. എല്ലാ ജില്ലകളെയും 152 ബ്ലോക്ക് പഞ്ചായത്തുകളെയും 63 മിനി സിവിൽ സ്റ്റേഷനുകളെയും സംസ്ഥാനത്തുടനീളമുള്ള റവന്യൂ ടവറുകളെയും ബന്ധിപ്പിക്കുന്ന ഈ സംരംഭം സംസ്ഥാന ഇൻഫർമേഷൻ ഇൻഫ്രാസ്ട്രക്ചറിന്റെ (എസ്ഐഐ) നട്ടെല്ലാണ്. സർക്കാർ വകുപ്പുകളുടെ ഏകദേശം 4,000 ഓഫീസുകൾ വയർലെസ് കണക്ഷനുകൾ വഴി കെസ്വാനുമായി ബന്ധിപ്പിക്കുകയും മറ്റുള്ളവ ലീസ്ഡ് ലൈനുകൾ, ലാൻ എന്നിവ വഴി ബന്ധിപ്പിക്കുകയും ചെയ്തു.

**പബ്ലിക് വൈ – ഫൈ**: പൗരന്മാർക്ക് സൗജന്യ ഇന്റർനെറ്റ് ലഭ്യമാക്കുന്ന 2,023 പബ്ലിക് വൈ-ഫൈ ഹോട്ട്സ്പോട്ടുകൾ സംസ്ഥാനത്ത് ഉണ്ട്. പ്രതിദിന ഡാറ്റ ഉപഭോഗം

8 ടിബി ആയിട്ടുണ്ട്. ഇതിന് 2024-25 ൽ 60 ലക്ഷത്തി ലധികം ഉപയോക്താക്കളുണ്ടായിരുന്നു. ബസ് സ്റ്റാൻഡുകൾ, ടൂറിസ്റ്റ് സ്ഥലങ്ങൾ, പാർക്കുകൾ, പൊതു ഇടങ്ങൾ, ജനസേവന കേന്ദ്രങ്ങൾ, സർക്കാർ ഓഫീസുകൾ എന്നിവയുൾപ്പെടെയുള്ള ഹോട്ട്സ്പോട്ട് സ്ഥലങ്ങൾ ജില്ലാ ഭരണകൂടം കണ്ടെത്തുന്നു.

**ഇ – ഡിസ്ട്രിക്റ്റ്**: ദേശീയ ഇ-ഗവേണൻസ് പദ്ധതിയുടെ കീഴിൽ ദൗത്യ മാതൃകയിലുള്ള (മിഷൻ മോഡ്) ഒരു സംസ്ഥാന പദ്ധതിയാണിത്. ജില്ലാതലത്തിൽ വിവിധ തരത്തിലുള്ള സേവനങ്ങൾ നൽകുന്ന ഇ-ഡിസ്ട്രിക്റ്റ് അക്ഷയ കേന്ദ്രങ്ങളിലൂടെയോ പൊതു പോർട്ടലിലൂടെയോ വിവിധ സേവനങ്ങൾ ഓൺലൈനിൽ ലഭ്യമാക്കുകയും, പൗരന്മാരുടെ അപേക്ഷ - അംഗീകാര പ്രക്രിയ കാര്യക്ഷമ മാക്കുകയും ചെയ്യുന്നു. ലഭിച്ചതും പ്രോസസ്സ് ചെയ്തതുമായ ആകെ അപേക്ഷകളുടെ എണ്ണം 10 കോടി കവിഞ്ഞു. സംസ്ഥാനത്തുടനീളം 23 റവന്യൂ സർട്ടിഫിക്കറ്റ് സേവനങ്ങളും 13 വനം, വന്യജീവി സേവനങ്ങളും ഓൺ ലൈനായിഇ-ഡിസ്ട്രിക്റ്റ്നൽകുന്നു. ഇതിലൂടെപൗരന്മാർക്ക് സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷിക്കാനും ഡിജിറ്റൽ ഒപ്പിട്ട സർട്ടിഫിക്കറ്റുകൾ സ്വീകരിക്കനുമുള്ള അവസരം ഒരുക്കുന്നു.

**ഇ – ഗവൺമെന്റ് പ്രൊക്യൂർമെന്റ് (ഇ – ജിപി)**: എല്ലാ സർക്കാർ വകുപ്പുകളിലും, ബോർഡുകളിലും, സർവകലാ ശാലകളിലും, സ്ഥാപനങ്ങളിലും എല്ലാ ടെൻഡറുകൾക്കും ഇ-ടെൻഡറിംഗ് നിർബന്ധമാക്കി സംസ്ഥാനത്ത് ഇ-ജിപി നടപ്പിലാക്കി. കേരള സർക്കാരിന്റെ ഇ-ടെൻഡർ പോർട്ടലിനെ ഏറ്റവും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന സംസ്ഥാന പോർട്ടലുകളിൽ ഒന്നായി ഡിപ്പാർട്ട്മെന്റ് ഓഫ് എക്സ്പെൻഡിച്ചർ, ധനകാര്യ മന്ത്രാലയം, ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയം എന്നിവ അംഗീകരിച്ചിട്ടുണ്ട്. 2023-24 വർഷത്തെ ഇ-ഗവേണൻ സിനുള്ള എസ്.കെ.ഒ.സി.എച്ച് അവാർഡും ഇ-ജിപിക്ക് ലഭിച്ചു.

**ഇ – സേവനവും എം – സേവനവും**: മികച്ച ഭരണ സംരം ഭമായി ആരംഭിച്ച കേരള ഇ-സേവനം പോർട്ടൽ എല്ലാ ഓൺലൈൻ സർക്കാർ സേവനങ്ങളും (ജി2സി, ജി2ബി) ഒരൊറ്റ പ്ലാറ്റ്ഫോമിലേക്ക് കൊണ്ടുവരുന്ന സാങ്കേതിക വിദ്യയാണ്. 2021-ൽ ആരംഭിച്ച ഇ-സേവനവും എം-സേവനവും 81 വകുപ്പുകളിലായി ഏകദേശം 917 സേവനങ്ങളിലേക്ക് വ്യാപിപ്പിച്ചു. ഇ-സേവനത്തി ലൂടെയുള്ള സേവന വിതരണത്തിലെ മികവിന് 2023-ലെ ടെക്നോളജി സഭ ഇ-ഗവേണൻസ് അവാർഡും 2024 ജൂലൈയിൽ ഡിജിറ്റൽ ആക്സസിബിലിറ്റി ആൻഡ് ഇന്റ ഗ്രേഷൻ വിഭാഗത്തിൽ ഗവേണൻസ് നൗ നാഷണൽ അവാർഡും നേടി.

**അക്ഷയ**: ഡിജിറ്റൽ വിടവ് നികത്താൻ 2002 ൽ ആരംഭിച്ച നൂതന പദ്ധതിയാണ് അക്ഷയ. ഇത് പൊതു-സ്വകാര്യ പങ്കാളിത്ത രീതിയിലാണ് പ്രവർത്തിക്കുന്നത്. പ്രാരംഭ ഘട്ടത്തിൽ, ഓരോ കുടുംബത്തിലെയും ഒരാളെയെ ങ്കിലും ഇ-സാക്ഷരരാക്കുക എന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം. കാലക്രമേണ,പൗരസേവനത്തിലേക്ക്പ്രവർത്തനം കേന്ദ്രീകരിച്ചു. ആധാർ എൻറോൾമെന്റ് ഏജൻസിയായി അക്ഷയ പ്രവർത്തിക്കുന്നു. 2024 ഓഗസ്റ്റ് 31 ലെ കണക്ക നുസരിച്ച്, സംസ്ഥാനത്തുടനീളം ആകെ 2,986 അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. ഇത് 10,518 പേർക്ക് തൊഴിൽ നൽകുന്നു. സാമൂഹിക സുരക്ഷാ പെൻഷൻ മസ്റ്ററിംഗിന്റെ 91 ശതമാനവും അക്ഷയ കേന്ദ്രങ്ങൾ വഴിയാണ് പൂർത്തിയാക്കുന്നത്.

**സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (സി – ഡിറ്റ്)**

1988-ൽ സ്ഥാപിതമായ സി-ഡിറ്റ്, കേരള സർക്കാരിന്റെ ഇലക്ട്രോണിക്സ് ആൻഡ് ഐടി വകുപ്പിന് കീഴിലുള്ള ഒരു സ്വയംഭരണ സ്ഥാപനമാണ്. കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനു വേണ്ടി 90 കോടി ഹോളോഗ്രാം എംബെഡ്ഡെഡ് സുരക്ഷിത നികുതി ലേബലുകളുടെ നിർമ്മാണവും വിതരണവും, വിവിധ സർക്കാർ വകുപ്പുകൾ ക്കായി 800-ലധികംവീഡിയോകൾ,482ലക്ഷംപേജുകളുള്ള രേഖകളുടെ ഡിജിറ്റൈസേഷൻ, എസ്‌സി, എസ്ടി യുവാക്കൾ ഉൾപ്പെടെ 350-ലധികം വിദ്യാഭ്യാസ പങ്കാളികൾ വഴി ഐടി, ഐടിഇഎസ് കോഴ്സുകൾ നടപ്പാക്കൽ, കേരള എഞ്ചിനീയറിംഗ്, ഫാർമസി കോഴ്സുകളുടെ ഓൺലൈൻ പരീക്ഷകൾക്കായി സോഫ്റ്റ്‌വെയർ വികസനം, കേരള പബ്ലിക് സർവീസ് കമ്മീഷനുവേണ്ടി ഓൺലൈൻ പരീക്ഷാ സോഫ്റ്റ്‌വെയർ വികസനം എന്നിവയാണ് 2021-22 മുതൽ 2024-25 വരെ സി- ഡിറ്റിന്റെ പ്രധാന നേട്ടങ്ങൾ.

**ഐടി ഇൻഫ്രാസ്ട്രക്ചർ**

**കേരള സ്റ്റേറ്റ് ഐടി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെഎസ്ഐടിഐഎൽ)**

കേരള സർക്കാരിന്റെ ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർ മേഷൻ ടെക്നോളജി വകുപ്പിന് കീഴിലുള്ള എല്ലാ നിർമ്മാണ, കണക്റ്റിവിറ്റി പ്രവർത്തനങ്ങൾക്കുമുള്ള നിർവ്വഹണ ഏജൻ സിയാണ് കെഎസ്ഐടിഐഎൽ. ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർ പാർക്ക്, കേരള സ്റ്റാർട്ടപ്പ് മിഷൻ, ഡിജിറ്റൽ യൂണിവേഴ്സിറ്റി എന്നിവയ്ക്കായി അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ കെഎസ്ഐടിഐഎൽ നിർവ്വഹിച്ചിട്ടുണ്ട്. നടപ്പിലാക്കുന്ന പ്രധാന പദ്ധതികളിൽ ഇവ ഉൾപ്പെടുന്നു:

**ഐടി കോറിഡോർ**: കേരളത്തിലെ നിലവിലുള്ള ഐടി കേന്ദ്രങ്ങളിൽ നിന്ന് എൻഎച്ച് 66 ന് സമാന്തരമായി നാല് ഐടി ഇടനാഴികൾ സ്ഥാപിക്കാൻ കേരള സർക്കാർ ഭരണാ നുമതി നൽകിയിട്ടുണ്ട്. ടെക്നോപാർക്ക് ഫേസ്-III മുതൽ കൊല്ലം വരെയും, ചേർത്തല മുതൽ എറണാകുളം വരെയും, എറണാകുളം മുതൽ കൊരട്ടി വരെയും, കോഴിക്കോട് മുതൽ കണ്ണൂർ വരെയുമാണ് ഇവ. പദ്ധതിയുടെ നടത്തിപ്പ് ചുമതല കെഎസ്ഐടിഐഎല്ലിനെ ഏൽപ്പിച്ചിട്ടുണ്ട്.

**കെ സ്പേസിനുള്ള അടിസ്ഥാന സൗകര്യങ്ങൾ**: തിരുവന ന്തപുരത്തെ ടെക്നോസിറ്റിയിൽ ബഹിരാകാശ മേഖല യ്ക്കായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന റൂറൽ ഡെഡി ക്കേറ്റഡ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കെട്ടിട നിർമ്മാണ ചുമതല കെഎസ്ഐടിഎലിനെ ഏൽപ്പിച്ചിരിക്കുന്നു.

**കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (കെഫോൺ)**

ഇന്റർനെറ്റ് ഒരു അടിസ്ഥാന അവകാശമാക്കിയ രാജ്യ ത്തെ ആദ്യത്തെ സംസ്ഥാനമാണ് കേരളം. സർക്കാർ ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വീടുകൾ

എന്നിവയെ ബന്ധിപ്പിക്കുന്ന പ്രത്യേക ഫൈബർ-ഒപ്റ്റിക് കേബിൾ ശൃംഖലയായ കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (കെഫോൺ) കേരള സർക്കാർ നടപ്പിലാക്കി. സർക്കാർ ഓഫീസുകൾക്ക് തടസ്സമില്ലാത്ത ഇന്റർനെറ്റ് കണക്റ്റിവിറ്റിയും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 20 ലക്ഷം വീടുകൾക്ക് സൗജന്യ ഇന്റർനെറ്റ് കണക്റ്റിവിറ്റിയും നൽകുകയാണ് സർക്കാരിന്റെ ലക്ഷ്യം. ഫൈബർ ഇടാനും നെറ്റ്‌വർക്ക് സ്ഥാപിക്കാനും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ വൈദ്യുതി അടിസ്ഥാന സൗകര്യങ്ങൾ (പ്രസരണ ശൃംഖല, വിതരണ പോസ്റ്റുകൾ, സബ്‌സ്റ്റേഷനുകൾ) ഉപയോഗപ്പെടുത്തുന്നു. 2025 ഓഗസ്റ്റ് 31 ലെ കണക്കനുസരിച്ച്, 73,134 കുടുംബങ്ങൾ, 23,163 സർക്കാർ ഓഫീസുകൾ, 76,168 വാണിജ്യ എഫ് ടിടിഎച് കണക്ഷനുകൾ, 3,034 എസ്എംഇ കണക്ഷനുകൾ എന്നിവ കെഫോൺ വഴി ബന്ധിപ്പിച്ചിട്ടുണ്ട്.

**കെസ്‌പേസ്**

കേരളത്തെ ബഹിരാകാശ, വ്യോമയാന, പ്രതിരോധ സംബന്ധമായ ഉൽപ്പന്നങ്ങളുടെയും സേവനങ്ങളുടെയും ഉൽപാദന കേന്ദ്രമാക്കി മാറ്റാനുള്ള കേരള സർക്കാരിന്റെ സംരംഭമാണ് കേരള സ്പേസ് പാർക്ക്. കേരളത്തിൽ നിന്നുള്ള പരിചയസമ്പന്നരായ പ്രൊഫഷണലുകളെയും പുതിയ ബിരുദധാരികളെയും ഈ ഉദ്യമത്തിൽ ഉപയോഗപ്പെടുത്തുന്നു. കെസ്‌പേസ് വിഭാവനം ചെയ്യുന്ന പദ്ധതികൾ ഇവയാണ്: സ്‌പേസ് ടെക് ഇൻഡസ്ട്രി ക്ലസ്റ്റർ (പള്ളിപ്പുറം, തിരുവനന്തപുരം); ലിക്വിഡ് പ്രൊപ്പൽഷൻ ആൻഡ് അലൈഡ് സിസ്റ്റംസ് കോംപ്ലക്സ് (വലിയമല); എയ്‌റോസ്‌പേസ് കൺട്രോൾ സിസ്റ്റംസ് കോംപ്ലക്സ് (വേളി); എയ്‌റോസ്‌പേസ് ഇൻഡസ്ട്രി ക്ലസ്റ്റർ (കൊച്ചി); എയ്‌റോസ്‌പേസ് കോമ്പോസിറ്റ് സെന്റർ (തോന്നയ്ക്കൽ); ഇന്റഗ്രേറ്റഡ് ഡിഫൻസ് ഇൻഡസ്ട്രിയൽ പാർക്ക് (ഐഡിഐപി) എന്നിവയാണ്. കേരളത്തിലെ ഏകദേശം 38 എയ്‌റോസ്‌പേസ് കമ്പനികൾ കെസ്പേസുമായി അഫിലിയേറ്റ് ചെയ്തിട്ടുണ്ട്.

**വിദ്യാഭ്യാസ, മാനവ വിഭവശേഷി വികസനം**

**കേരള ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ ആൻഡ് ടെക്നോളജി സർവകലാശാല**

കേരള സർക്കാർ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആൻഡ് മാനേജ്മെന്റ്, കേരള (ഐഐഐടിഎം-കെ) പരിഷ്കരിച്ച് കേരള ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ ആൻഡ് ടെക്നോളജി സർവകലാശാല (ഡിയുകെ) സ്ഥാപിച്ചു. ഡിജിറ്റൽ സാങ്കേതിക വിദ്യകൾ, ശാസ്ത്രം, മാനവികത എന്നിവയിൽ വിദ്യാഭ്യാസം, ഗവേഷണം, വിജ്ഞാന വ്യാപനം എന്നിവ വാഗ്ദാനം ചെയ്യുന്ന ആഗോള അംഗീകാരമുള്ള മികവിന്റെ കേന്ദ്രമായാണ് സർവകലാശാലയെ രൂപകൽപ്പന ചെയ്തിരിക്കുന്നത്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, നാച്വറൽ ലാംഗ്വേജ് പ്രോസസ്സിംഗ്, ഇന്റർനെറ്റ് ഓഫ് തിംഗ്സ്, ഇലക്ട്രോണിക് സിസ്റ്റംസ് ആൻഡ് ഓട്ടോമേഷൻ, ഇമേജിംഗ് ടെക്നോളജീസ്, ഡാറ്റ അനലിറ്റിക്സ്, ബിഗ് ഡാറ്റ, സൈബർ സുരക്ഷ, ബ്ലോക്ക്ചെയിൻ, ഇക്കോളജിക്കൽ ഇൻഫോർമാറ്റിക്സ്, ജിയോസ്പേഷ്യൽ അനലിറ്റിക്സ് തുടങ്ങിയ മേഖലകളിൽ ബിരുദാനന്തര, ഡോക്ടറേറ്റ് പ്രോഗ്രാമുകളിലൂടെ പ്രാപ്തി നേടുകയാണ് ഇതിന്റെ ലക്ഷ്യം. ഡിയുകെ യുടെ പ്രധാന നേട്ടങ്ങൾ ഇവയെല്ലാമാണ്.

**വനിതാ ഇൻകുബേഷൻ, സ്റ്റാർട്ടപ്പുകൾ, സംരംഭകത്വം (വൈസ്) പദ്ധതി**: ഈ പദ്ധതിയിലൂടെ, പുതിയ വനിതാ സംരംഭകർക്ക് സ്വന്തമായി ബിസിനസുകൾ ആരംഭിക്കുന്നതിന് പിന്തുണ നൽകുന്നു. സുസ്ഥിര പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങൾ, വിദ്യാഭ്യാസം / കോഴ്സ് / കരിയർ മാർഗ്ഗനിർദ്ദേശം, സർക്കാർ ജോലിക്കും പരീക്ഷകൾക്കും പരിശീലനം, ഇ-കൊമേഴ്സ്, ഫിൻടെക് എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഏകദേശം 10 സ്റ്റാർട്ടപ്പുകൾക്ക് ഈ പദ്ധതി പിന്തുണ നൽകിയിട്ടുണ്ട്.

**ഡിജിറ്റൽ സയൻസ് പാർക്ക്**: രാജ്യത്തെ ആദ്യ ഡിജിറ്റൽ സയൻസ് പാർക്ക് സർവകലാശാല നിർമിച്ചു വരുന്നു. ഏകദേശം 13.6 ഏക്കർ സ്ഥലം പദ്ധതിക്കായി കണ്ടെത്തിയിട്ടുണ്ട്. പദ്ധതിയുടെ ആകെ ചെലവ് ₹1,515 കോടിയാണ്. അതിൽ ₹212.9 കോടി കിഫ്ബി ധനസഹായം നൽകും. വ്യവസായ, ബിസിനസ് യൂണിറ്റുകൾക്കും, സാങ്കേതിക സ്റ്റാർട്ടപ്പുകൾക്കും എഐ, റോബോട്ടിക്സ്, ഇലക്ട്രോണിക്സ്, സ്മാർട്ട് ഹാർഡ്‌വെയർ, സുസ്ഥിര വസ്തുക്കൾ എന്നിവയിൽ പാർക്ക് പിന്തുണ നൽകുന്നു.

**ഇന്ത്യ ഇന്നൊവേഷൻ സെന്റർ ഫോർ ഗ്രാഫീൻ (ഐഐസിജി)**: ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയവും (MeitY) കേരള സർക്കാരും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് ഐഐസിജി. ഗ്രാഫീൻ മേഖലയിൽ വിജ്ഞാന കേന്ദ്രമായി പ്രവർത്തിക്കാൻ ഗവേഷണ വികസനം, നൂതനാവിഷ്കരണം, ശേഷി വർദ്ധിപ്പിക്കൽ എന്നീ പ്രവർത്തനങ്ങൾക്ക് ഈ കേന്ദ്രം ഊന്നൽ നൽകുന്നു.

**ഗ്രാഫീൻ അറോറ**: ഡിജിറ്റൽ യൂണിവേഴ്സിറ്റിയും ഇന്ത്യ ഗ്രാഫീൻ എഞ്ചിനീയറിംഗ് ആൻഡ് ഇന്നൊവേഷൻ സെന്ററും (IGEIC, ഒരു സെക്ഷൻ 8 കമ്പനി) സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് ഗ്രാഫീൻ-അറോറ പ്രോഗ്രാം. വളർന്നുവരുന്ന ഗ്രാഫീൻ സാങ്കേതികവിദ്യയും ഇന്നൊവേഷൻ ആവാസവ്യവസ്ഥയും പരിപോഷിപ്പിക്കാൻ ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയത്തിന്റെയും (MeitY) കേരള സർക്കാരിന്റെയും സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്.

**ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആൻഡ് ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ (ഐസിഫോസ്സ്)**

സ്വതന്ത്ര സോഫ്റ്റ്‌വെയർ സംബന്ധിച്ച അറിവും അവയുടെ ഉപയോഗവും പ്രോത്സാഹിപ്പിക്കാൻ ഇന്ത്യയിലും വിദേശത്തുമുള്ള സ്വതന്ത്ര സോഫ്റ്റ്‌വെയർ സംഘടനകളുമായി സഹകരിച്ച് കേരള സർക്കാർ ഐസിഫോസ്സ് സ്ഥാപിച്ചു. ഐസിഫോസിന്റെ പ്രധാന നേട്ടങ്ങളിൽ ഇവ ഉൾപ്പെടുന്നു:

- കേരളത്തിലെ 14 ജില്ലകളിലും ലോറവാൻ ഗേറ്റ്‌വേയും ടെമ്പറേച്ചർ-ഹ്യുമിഡിറ്റി സെൻസറുള്ള ഓട്ടോമേറ്റഡ് റെയിൻ ഗേജും സ്ഥാപിച്ചു.
- ചിറ്റൂരിൽ സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ഓട്ടോമേറ്റഡ് കാലാവസ്ഥാ സ്റ്റേഷനുകൾ (14 എണ്ണം) ഐസിഫോസ് കമ്മീഷൻ ചെയ്തു.
- ദുരന്തനിവാരണത്തിനായി ലോറവാൻ മെസഞ്ചർ

ഉപകരണം ഉപയോഗിക്കുന്നു. ഐഒടി (ഇന്റർനെറ്റ് ഓഫ് തിംഗ്സ്) അധിഷ്ഠിത ലൈറ്റ് എനർജി ഹാർവെസ്റ്റർ ഉപകരണം, ഐഒടി-അധിഷ്ഠിത എനർജി ഹാർവെസ്റ്റർ (ജലം/വായു) ഉപകരണങ്ങൾ, ലോറവാൻ റിലേ ടെക്നോളജി, ലോറവാൻ റേഞ്ച് മാപ്പർ ഉപകരണം, വൈ-ഫൈ അധിഷ്ഠിത ഇൻഡോർ എയർ ക്വാളിറ്റി ഉപകരണം, വൈ-ഫൈ അധിഷ്ഠിത ലൈറ്റ് മാനേജ്മെന്റ് ഉപകരണം, ഓപ്പൺ ഹാർഡ്‌വെയർ സ്മാർട്ട് പ്ലഗ്, 4G ബാക്ക്ഹോൾ ഉള്ള സോളാർ-പവർ ബാറ്ററി-ഓപ്പറേറ്റഡ് ലോറവാൻ ഗേറ്റ്‌വേ എന്നിവയും ഐസിഫോസ് വികസിപ്പിച്ചു.

- ഐസിഫോസ് സെന്റർ ഫോർ ഓപ്പൺ ഹാർഡ്‌വെയർ ലാബ് കമ്മീഷൻ ചെയ്തു.

**കേരളത്തിലെ ഐടി മേഖലയുടെ ഭാവി**

കേരളത്തിന് പ്രത്യേക നേട്ടമുണ്ടാക്കുന്ന ഐടി മേഖലയുടെ ചില സാങ്കേതികവിദ്യകൾ ഭാവിയിലെ വളർച്ചയ്ക്കായി ഉപയോഗപ്പെടുത്തുന്നു. ഈ മേഖലയിലെ പുതിയ പ്രവണതകൾ കേരളത്തിലെ ഐടി വളർച്ചയെ പിന്തുണയ്ക്കുമെന്നും പ്രതീക്ഷിക്കുന്നു.

**ഇന്റലിജന്റ് ഐഒടി സിസ്റ്റങ്ങളും റോബോട്ടിക്സ് വികസനവും**: ഇന്റലിജന്റ് ഐഒടി സിസ്റ്റങ്ങളുടെയും റോബോട്ടിക്സിന്റെയും വികസനത്തിൽ കേരളത്തിന് ഭാവിയുണ്ട്. ഇന്ത്യയിലെ ഏറ്റവും വലിയ ഇലക്ട്രോണിക്സ് പൊതുമേഖലാ സ്ഥാപനങ്ങളിലൊന്നായ കെൽട്രോൺ ഉൾപ്പെടെ, ഇലക്ട്രോണിക്സ് ഹാർഡ്‌വെയർ വ്യവസായങ്ങളുടെ പാരമ്പര്യം സംസ്ഥാനത്തിനുണ്ട്. ബിഇഎൽ പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ, മേക്കർ വില്ലേജ് പോലുള്ള സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥകൾ, ജെൻ റോബോട്ടിക്സ്, ശസ്ത്ര റോബോട്ടിക്സ്, വിൻ വിഷ്, ഇസിഎഡിഎസ്, വെസ്റ്റ് ഘട്ട്സ് തുടങ്ങിയ കമ്പനികൾ ഈ മേഖലയിലെ വാഗ്ദാന സംരംഭങ്ങളാണ്. തിരുവനന്തപുരവും കൊച്ചിയും ഈ വിപണിക്ക് ശക്തമായ വളർച്ചാ സാധ്യത നൽകുന്നു.

**പ്രിസിഷൻ മാനുഫാക്ചറിംഗും എയ്റോസ്പേസ് വ്യവസായവും**: ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷന്റെ (ഐഎസ്ആർഒ) സാന്നിധ്യമുള്ള കേരളത്തിലാണ് ഇന്ത്യയിലെ പ്രിസിഷൻ ഡിസൈനിന്റെയും വികസനത്തിന്റെയും 30 ശതമാനത്തിലധികവും നടക്കുന്നത്. ബഹിരാകാശവുമായി ബന്ധപ്പെട്ട സാങ്കേതികവിദ്യയും എഞ്ചിനീയറിംഗ് മേഖലയും അഭിവൃദ്ധി പ്രാപിച്ചുവരികയാണ്. 300-ലധികം ചെറുകിട ബിസിനസുകൾ ഐഎസ്ആർഒക്ക് ഉൽപ്പന്നങ്ങൾ നൽകുന്നു. പുതുതായി സ്ഥാപിതമായ കെസ്പേസ് ന്റെ സഹായത്തോടെ ഈ വ്യവസായത്തിന്റെ സാധ്യതകൾ പൂർണ്ണമായും സാക്ഷാത്കരിക്കപ്പെട്ടാൽ, പ്രിസിഷൻ മാനുഫാക്ചറിംഗും ബഹിരാകാശ സാങ്കേതിക വ്യവസായവും കൂടുതൽ അഭിവൃദ്ധി കൈവരിക്കും.

**എക്സ്റ്റെൻഡഡ് റിയാലിറ്റി – സർഗ്ഗാത്മക വ്യവസായങ്ങളെ പിന്തുണയ്ക്കൽ**: സർഗ്ഗാത്മക ഉള്ളടക്ക വികസനത്തിൽ കേരളത്തിന് പരമ്പരാഗതമായി തന്നെ ശക്തിയുണ്ട്. അത് ഉപയോഗപ്പെടുത്തി, ഓഗ്മെന്റഡ് റിയാലിറ്റി/വെർച്വൽ റിയാലിറ്റി/എക്സ്റ്റെൻഡഡ് റിയാലിറ്റി (എആർ/വിആർ/എക്സ്ആർ) സാങ്കേതിക വിദ്യകളെ വിപുലമായ മാധ്യമ, വിനോദ വിപണികളിൽ പ്രോത്സാഹിപ്പിക്കാവുന്നതാണ്. ഇതിനായി സംസ്ഥാനം ഒരു പുതിയ നയം അവതരിപ്പിച്ചിട്ടുണ്ട്. ഇതിൻറെ ഭാഗമായി പുതു തലമുറ മാധ്യമ, വിനോദ വിപ്ലവത്തിന് നേതൃത്വം നൽകാൻ കേരളത്തിന്റെ തന്നെ സ്ഥാപനമായ സി-ഡിറ്റിനെ പ്രോത്സാഹിപ്പിക്കാവുന്നതാണ്. ടിൽറ്റ് ലാബ്സ്, എക്സ്ആർ ഹൊറൈസൺസ് പോലെ ഭാവി വാഗ്ദാനങ്ങളായ സ്റ്റാർട്ടപ്പുകളും, കൊച്ചി ഡിസൈൻ വീക്ക് പോലുള്ള പരിപാടികളും, കേരള ഡിസൈൻ ഇൻസ്റ്റിറ്റ്യൂട്ട് പോലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളും ചേർന്ന് ഉള്ളടക്ക സ്രഷ്ടാക്കൾക്കായി ശക്തമായ ഒരു ആവാസ വ്യവസ്ഥ കെട്ടിപ്പടുക്കുന്നതിന് സഹായിക്കാൻ കഴിയും.

**ടൂറിസം സോഫ്റ്റ്‌വെയർ ഉൽപ്പന്നങ്ങളും സേവനങ്ങളും**: ടൂറിസം വ്യവസായ വിദ്യാഭ്യാസത്തിലും നൈപുണ്യ വികസനത്തിലും ഊന്നൽനൽകുന്ന അക്കാദമിയായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (കെഐടിടിഎസ്), ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരളയുമായി പങ്കാളിത്തത്തിൽ ഏർപ്പെട്ടിരിക്കുന്നു. ടൂറിസത്തിൽ നിലവിലുള്ള നൈപുണ്യ വികസനത്തിനൊപ്പം, സംസ്ഥാനത്ത് സാങ്കേതിക ശേഷികളും കഴിവുകളും വളർത്താൻ ഈ പങ്കാളിത്തം പ്രയോജനപ്പെടുത്തണം.

**ആരോഗ്യ സംരക്ഷണത്തിന് സോഫ്റ്റ്‌വെയർ ഉൽപ്പന്നങ്ങളും സേവനങ്ങളും**: കേരളത്തിലെ ആരോഗ്യ മേഖല മൾട്ടി-സ്പെഷ്യാലിറ്റി, സൂപ്പർ-സ്പെഷ്യാലിറ്റി മെഡിക്കൽ പരിചരണത്തിലൂടെ മുന്നേറുകയാണ്. മെഡിക്കൽ, ആരോഗ്യ സംരക്ഷണത്തിൽ സ്വന്തം വൈദഗ്ധ്യത്തിന്റെ പിന്തുണയോടെ സമഗ്രമായ ഒരു ആരോഗ്യ സാങ്കേതിക വിദ്യാമേഖല വികസിപ്പിക്കാനുള്ള ശക്തമായ സാധ്യത സംസ്ഥാനത്തിനുണ്ട്. ഇവിടത്തെ ആരോഗ്യ സംരക്ഷണ സംവിധാനത്തിന്റെ തനതായ വൈദഗ്ധ്യങ്ങൾക്കൊപ്പം എസ്.സി.ടി.ഐ.എം.എസ്.ടി- ടിഐ മെഡ്, കെ എസ് യു എം, പ്രമുഖ ആരോഗ്യ സംരക്ഷണ ഐടി ദാതാക്കൾ എന്നിവരുടെ സാന്നിദ്ധ്യം കൂടിയാകുമ്പോൾ ഈ വിഭാഗത്തിൽ മത്സരക്ഷമമായ നേട്ടം കൈവരിക്കാൻ കേരളത്തിന് കഴിയും.

**ഐടി അടിസ്ഥാന സൗകര്യങ്ങളിൽ സ്വകാര്യ നിക്ഷേപം**: ഐടി അടിസ്ഥാന സൗകര്യങ്ങളിലെ സ്വകാര്യ നിക്ഷേപത്തിൽ സംസ്ഥാനത്ത് വളർച്ചയുണ്ട്. സ്വകാര്യ മേഖല ഐടി പാർക്കുകളുടെ കോ-ഡെവലപ്പർമാരായി സഹകരിക്കുകയോ സ്വതന്ത്ര ഡെവലപ്പർമാരായി ഉയർന്നുവരുകയോ ചെയ്യുന്നു. അനുകൂലമായ നയ നടപടികൾ ഈ വളർച്ചയെ പിന്തുണയ്ക്കുന്നു. ഐടി മേഖലയിലെ നേട്ടങ്ങൾ ശക്തമാക്കാൻ കേരളം തന്ത്രങ്ങൾ പരിഷ്കരിച്ചു കൊണ്ടിരിക്കയാണ്. ബഹുമുഖ സാങ്കേതികവിദ്യയായി (ജനറൽ പർപ്പസ് ടെക്നോളജി) കണക്കാക്കപ്പെടുന്ന കൃത്രിമ ബുദ്ധിയിലെ മുന്നേറ്റങ്ങൾ, ഐടി മേഖലയെ മാത്രമല്ല സമ്പദ്‌വ്യവസ്ഥയിലെ മറ്റ് ഉൽപാദന മേഖലകളെയും സ്വാധീനിക്കുമെന്നാണ് കരുതുന്നത്. അത് മുന്നിൽ കണ്ട കേരളസർക്കാർ, നൂതന ആശയങ്ങൾ ഉൾക്കൊള്ളാൻ സംസ്ഥാനത്തെ പ്രാപ്തമാക്കാനും സാങ്കേതികവിദ്യയുടെ നേട്ടങ്ങൾ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലേക്കും എത്തുന്നുണ്ടെന്ന് ഉറപ്പാക്കാനും പുതിയ ഐടി നയം

2026 രൂപീകരിച്ചു. സമഗ്ര വികസനത്തിന് പ്രത്യേക ഊന്നൽ നൽകുന്ന, ആഗോള അംഗീകാരമുള്ള നവീകരണാധിഷ്ഠിത വിജ്ഞാന സമ്പദ്‌വ്യവസ്ഥയായി കേരളത്തെ മാറ്റുക എന്ന താണ് ഈ നയത്തിന്റെ ലക്ഷ്യം. 5G സാങ്കേതിക വിദ്യകൾ, ഡാറ്റയുടെ ഉത്തരവാദിത്ത ഉപയോഗം, ക്ലൗഡ് അധിഷ്ഠിത സേവനങ്ങൾ, ആധുനിക സാങ്കേതികവിദ്യകൾ എന്നിവയെ പ്രോത്സാഹിപ്പിക്കുന്നതിലും സ്വതന്ത്ര ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയറിനെ പിന്തുണയ്ക്കുന്നതിലും പുതിയ ഐടി നയം ശ്രദ്ധ കേന്ദ്രീകരിക്കുന്നു. സാങ്കേതിക വിദ്യയിലൂടെ പൊതു സേവന വിതരണം മെച്ചപ്പെടുത്തുക, സുരക്ഷി തവും അതിജീവനശേഷിയുള്ളതുമായ ഡിജിറ്റൽ സംവി ധാനങ്ങൾ ഉറപ്പാക്കാൻ സൈബർ സുരക്ഷ ശക്തമാക്കുക എന്നിവയും നയത്തിന്റെ ലക്ഷ്യങ്ങളാണ്.

ഡിജിറ്റൽ, ഭൗതിക, ജൈവ സങ്കേതങ്ങൾ സമന്വ യിക്കുന്ന നാലാം വ്യാവസായിക വിപ്ലവം, കൃത്രിമബുദ്ധി, ഡാറ്റ അനലിറ്റിക്സ്, ബ്ലോക്ക്ചെയിൻ, ക്ലൗഡ്, ക്വാണ്ടം കമ്പ്യൂട്ടിംഗ്, ജീനോമിക്സ് തുടങ്ങിയ സാങ്കേതിക വിദ്യക ളിലൂടെ ആഗോള ഡിജിറ്റൽ പരിവർത്തനത്തിന് നേതൃത്വം നൽകുന്നു.

ഈ സാങ്കേതിക വിദ്യകൾക്ക് വിവിധ മേഖലകളിൽ ആഴത്തിലുള്ള സ്വാധീനമുണ്ട്. ഫലപ്രദമായി ഉപയോഗി ച്ചാൽ ശുഭകരമായ മാറ്റങ്ങൾ സൃഷ്ടിക്കാനും, മനുഷ്യ വികസനത്തിലെ വെല്ലുവിളികളെ നേരിടാനും, സുസ്ഥിര വികസന ലക്ഷ്യങ്ങൾക്ക് പിന്തുണ നൽകാനും കഴിയും. സമൂഹത്തിന്റെ നേട്ടങ്ങൾക്കായി ഡിജിറ്റൽ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിൽ മുന്നിലെത്താൻ കേരളത്തിന് സാധിക്കും.

ഐടി വികസനത്തോടുള്ള കേരളത്തിന്റെ എക്കാല ത്തെയും സമീപനം എല്ലാവരെയും ഉൾക്കൊള്ളുന്നതി നാണ് ഊന്നൽ നൽകിയത്. വികേന്ദ്രീകരണം, ശാക്തീ കരണം, തുല്യത എന്നിവയിലാണ് മേഖലയുടെ ഭാവി. സാമൂഹികവും ഭൂമിശാസ്ത്രപരവുമായ അതിരുകൾക്ക പ്പുറത്ത് ഭൗതികവും മാനുഷികവുമായ മൂലധനത്തിൽ സുസ്ഥിരമായ നിക്ഷേപം നടത്തുന്നതിലൂടെ, നൂതനവും മത്സരപരവും എല്ലാവരെയും ഉൾക്കൊള്ളുന്നതും സാമൂഹികമായി ഉത്തരവാദിത്തമുള്ളതുമായ ഒരു ഐടി മേഖലയാണ് സംസ്ഥാനം കെട്ടിപ്പടുക്കുന്നത്. സാങ്കേതിക പുരോഗതിയുടെ നേട്ടങ്ങൾ എല്ലാവർക്കും ലഭിക്കുന്നു എന്ന് ഇത് ഉറപ്പ് നൽകുന്നു. അതേസമയം അടിസ്ഥാന സൗകര്യങ്ങളിലും കഴിവുകളിലും തുടർച്ചയായ നിക്ഷേപം ദീർഘകാല സാമൂഹിക പുരോഗതിയെയും സാമ്പത്തിക വളർച്ചയെയും പിന്തുണയ്ക്കുന്നു.

## അദ്ധ്യായം 17
# വിനോദസഞ്ചാരം

ഇന്ത്യയിലെ ഏറ്റവും പ്രശസ്തമായ വിനോദസഞ്ചാര കേന്ദ്രങ്ങളിലൊന്നാണ് കേരളം. വ്യക്തമായ നയ രൂപീകരണം, പൊതുനിക്ഷേപം, സുസ്ഥിരതയ്ക്കും ഗുണനിലവാരത്തിനും നൽകിയ ഊന്നൽ എന്നിവ മൂലം കേരളത്തിന്റെ ടൂറിസം മേഖലയിൽ ഗണ്യമായ മുന്നേറ്റമാണ് കഴിഞ്ഞ ദശകത്തിൽ രേഖപ്പെടുത്തിയത്. ഉത്തരവാദിത്ത ടൂറിസം മേഖലയിൽ കേരളത്തെ അന്താരാഷ്ട്ര തലത്തിൽ മുൻനിരയിൽ എത്തിക്കാൻ കേരള സർക്കാരിന്റെ നയങ്ങൾ സഹായിച്ചിട്ടുണ്ട്.

വരുമാന വളർച്ചയിലും, സാമ്പത്തിക വികസനത്തിലും ടൂറിസം ഒരു പ്രധാന പങ്ക് വഹിക്കുന്നതായി സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുണ്ട്. സമീപ വർഷങ്ങളിൽ ടൂറിസം വികസനം പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിലും, ടൂറിസം ഉൽപ്പന്നങ്ങളും അനുഭവങ്ങളും വൈവിധ്യവൽക്കരിക്കുന്നതിലും, വിവര സഹായ - സൗകര്യ കേന്ദ്രങ്ങൾ വഴി സന്ദർശക സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിലും ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്. കൂടാതെ പൊതു സംരംഭങ്ങൾ കര-ജല അധിഷ്ഠിത ടൂറിസത്തെ പിന്തുണക്കുകയും, സ്വകാര്യ മേഖലയുടെ സജീവ പങ്കാളിത്തത്തോടെ താമസ സൗകര്യം വികസിപ്പിക്കുകയും, ദേശീയ, അന്തർദേശീയ വിപണികളിൽ സംസ്ഥാനത്തിന്റെ സ്ഥാനം ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. വളർച്ചയ്ക്കും വൈവിധ്യവൽക്കരണത്തിനുമൊപ്പം, പരിസ്ഥിതി സുസ്ഥിരതയ്ക്കും മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിനും ടൂറിസം മേഖല മുൻഗണന നൽകിയിട്ടുണ്ട്. അതോടൊപ്പം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും, പൈതൃക സംരക്ഷണത്തിലും, സമഗ്ര സാമ്പത്തിക വികസനത്തിലും ടൂറിസത്തിന്റെ പങ്ക് ശക്തിപ്പെടുത്താൻ പൊതുനയം ഉറപ്പാക്കുന്നുണ്ട്.

### ടൂറിസം മേഖലയിലെ വകുപ്പുകൾ/സ്ഥാപനങ്ങൾ

കേരളത്തിലെ ടൂറിസം വ്യവസായത്തിന്റെ പദ്ധതികളുടെ നടത്തിപ്പും നിരീക്ഷണവും നിയന്ത്രണവും ടൂറിസം ഡയറക്ടറേറ്റിന്റെ ഉത്തരവാദിത്തമാണ്. കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ (കെടിഡിസി), കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെടിഐഎൽ), ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (ബിആർഡിസി), ഇക്കോ ടൂറിസം ഡയറക്ടറേറ്റ്, കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി എന്നിവയാണ് കേരളത്തിലെ ടൂറിസം പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന മറ്റ് ഏജൻസികൾ. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്), സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (എസ്ഐഎച്ച്എം), ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്സ് (എഫ്സിഐ) എന്നിവയാണ് ടൂറിസം മേഖലയിൽ മാനവ വിഭവശേഷി വികസനത്തിനുള്ള പ്രധാന സ്ഥാപനങ്ങൾ.

### 13, 14 പഞ്ചവത്സര പദ്ധതികളിൽ സ്വീകരിച്ച നയങ്ങൾ

2016-17 മുതൽ 2024-25 വരെ ടൂറിസം മേഖലയിലെ പദ്ധതി ചെലവ് 2,360.7 കോടി രൂപയായിരുന്നു. മെച്ചപ്പെട്ട ടൂറിസം ഉത്പന്നങ്ങളുടെ അവതരണം, മാനവ വിഭവശേഷി വികസനം, ഉത്തരവാദിത്ത ടൂറിസം, ടൂറിസം പ്രവർത്തനങ്ങളിൽ മറ്റ് വകുപ്പുകളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള സർക്കാർ പിന്തുണ എന്നിവയിലൂടെ തൊഴിലവസരവും വിനോദസഞ്ചാരികളുടെ വരവും വർദ്ധിപ്പിക്കുക എന്നതായിരുന്നു പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യം. ഉയർന്ന നിലവാരമുള്ള സന്ദർശക അനുഭവത്തിനായി ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ നിലവാരം ഉയർത്തുക, അതുല്യവും നൂതനവും വൈവിധ്യവുമുള്ള ഉൽപ്പന്നങ്ങളും ടൂറിസം മേഖലയിൽ നിക്ഷേപ സൗഹൃദ അന്തരീക്ഷവും സൃഷ്ടിക്കുക, ടൂറിസം വികസനത്തിൽ സുസ്ഥിരമായ രീതികൾ സ്വീകരിക്കുക, ടൂറിസം ബിസിനസുകൾക്കായി നിയന്ത്രണ സംവിധാനങ്ങൾ രൂപീകരിക്കുക, ടൂറിസം - ഹോസ്പിറ്റാലിറ്റി മേഖലയ്ക്ക് അനുയോജ്യമായ നൈപുണ്യം വികസിപ്പിക്കുക, ടൂറിസം ഡാറ്റ മാനേജ്മെന്റിനുള്ള നൂതന സംവിധാനങ്ങൾ, ലക്ഷ്യസ്ഥാനങ്ങൾ, ഉൽപ്പന്നങ്ങൾ, ബിസിനസ് വികസനം, നിക്ഷേപ ആകർഷണം എന്നിവയിൽ പൊതു-സ്വകാര്യ പങ്കാളിത്തം (പിപിപി) പ്രോത്സാഹിപ്പിക്കുക എന്നിവയെല്ലാം 14-ാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു.

ടൂറിസം മേഖല മെച്ചപ്പെടുത്തുന്നതിനും മേഖലയുടെ ഉയർന്നുവരുന്ന ആവശ്യങ്ങളുമായി പൊരുത്തപ്പെടുന്നതിനും സംസ്ഥാന സർക്കാർ വിവിധ നയങ്ങൾ ഫലപ്രദമായി ആവിഷ്കരിച്ചു. ചില സുപ്രധാന ഉദ്യമങ്ങൾ ഇവയാണ്:

**കേരള ടൂറിസം നയം:** സുസ്ഥിരവും സമഗ്രവുമായ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനും, കേരളത്തെ ഒരു മുൻനിര ആഗോള ലക്ഷ്യസ്ഥാനമാക്കി മാറ്റുന്നതിനുമായി 2017 ൽ കേരള ടൂറിസം നയം ആവിഷ്കരിച്ചു. ഉത്തരവാദിത്ത ടൂറിസം, ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കൽ, ടൂറിസം പ്രവർത്തനങ്ങളിൽ വികലാംഗരുടെയും ട്രാൻസ്ജെൻഡർ സമൂഹത്തിന്റെയും പങ്കാളിത്തം, ഒരു നിക്ഷേപ സെൽ സ്ഥാപിക്കൽ, പുതിയ മാർക്കറ്റിംഗ് നയങ്ങൾ സൃഷ്ടിക്കൽ എന്നിവയ്ക്ക് നയം ഊന്നൽ നൽകുന്നു.

**കാരവൻ ടൂറിസം നയം:** സംസ്ഥാനത്ത് ഓഫ്-ബീറ്റ് ടൂറിസത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി കാരവൻ അധിഷ്ഠിത യാത്രയിലൂടെയും, കാരവൻ പാർക്കുകളിലൂടെയും പരമ്പരാഗത വിനോദസഞ്ചാരികൾക്ക് സാധാരണ പ്രവേശനം സാധ്യമാകാത്ത പ്രദേശങ്ങളിൽ പ്രവേശനം സുഗമമാക്കുന്നതിനായി 2021 ഒക്ടോബറിൽ ഈ നയം അവതരിപ്പിച്ചു. നിലവിൽ, സംസ്ഥാനത്തുടനീളം 14 കാരവനുകൾ പ്രവർത്തിക്കുന്നുണ്ട്, വാഗമണിൽ ഒരു കാരവൻ പാർക്ക് കമ്മീഷൻ ചെയ്തിട്ടുണ്ട്. കാസർഗോഡിലെ ബേക്കലിലും എറണാകുളത്തെ ബോൾഗാട്ടി പാലസ് ഹോട്ടലിലും (കെടിഡിസിയുമായി സഹകരിച്ച്) മറ്റ് പാർക്കുകൾ സ്ഥാപിക്കുന്നുണ്ട്. തിരുവനന്തപുരം ജില്ലയിലെ പൊൻമുടിയിൽ (കെടിഡിസിയുടെ നേതൃത്വത്തിൽ)മറ്റൊരുകാരവൻപാർക്ക്നിർമ്മാണഘട്ടത്തിലുമാണ്.

**കേരള സംസ്ഥാന ഡിസൈൻ നയം**: ടൂറിസം വകുപ്പും പൊതുമരാമത്ത് വകുപ്പും ചേർന്ന് തയ്യാറാക്കി 2024 മാർച്ചിൽ ഈ നയം അവതരിപ്പിച്ചു. നവീകരണം, സാംസ്കാരിക സംരക്ഷണം, മെച്ചപ്പെട്ട പൊതു അടിസ്ഥാന സൗകര്യങ്ങൾ എന്നിവയിലൂടെ സംസ്ഥാനത്തിന്റെ

ഡിസൈൻ അധിഷ്ഠിത സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിക്കുക എന്നതാണ് ഈ നയത്തിലൂടെ ലക്ഷ്യമിടുന്നത്. കൂടാതെ സമഗ്രവും സാങ്കേതിക വിദ്യാധിഷ്ഠിതവുമായ ടൂറിസം കേന്ദ്രങ്ങളെ പ്രോത്സാഹിപ്പിച്ചും പ്രാദേശിക കരകൗശല വിദഗ്ധരെ പിന്തുണച്ചും കേരളത്തെ ഒരു ആഗോള ഡിസൈൻ ഹബ്ബായി മാറ്റാനും ലക്ഷ്യമിടുന്നു.

**ഹെലി ടൂറിസം നയം:** ആഡംബര യാത്ര വർദ്ധിപ്പിക്കുന്നതിനും കേരളത്തിലെ വൈവിധ്യമാർന്ന വിനോദസഞ്ചാര കേന്ദ്രങ്ങളിലുടനീളം കണക്റ്റിവിറ്റി മെച്ചപ്പെടുത്തുന്നതിനും ലക്ഷ്യമിട്ട് 2024 ഡിസംബറിൽ അംഗീകരിച്ച ഒരു മുൻനിര നയമാണ് ഹെലി ടൂറിസം നയം. പിപിപി വഴി ഹെലിപോർട്ടുകൾ, ഹെലി സ്റ്റേഷനുകൾ, ഹെലിപാഡുകൾ തുടങ്ങിയ ഹെലി ടൂറിസത്തിനായുള്ള അടിസ്ഥാന സൗകര്യ വികസനമാണ് നയം വിഭാവനം ചെയ്യുന്നത്. ഹെലി ടൂറിസം പദ്ധതിയുടെ പ്രാരംഭ ഘട്ടം 2023 ഡിസംബർ 30 ന് കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിൽ (സിയാൽ) ഉദ്ഘാടനം ചെയ്തു.

**ക്രൂസ് ടൂറിസം നയം:** ഒരു പ്രധാന ക്രൂസ് ലക്ഷ്യസ്ഥാനമാക്കി സംസ്ഥാനത്തെ മാറ്റുന്നതിനുള്ള സുപ്രധാന ചുവടുവയ്പ്പായി ടൂറിസം വകുപ്പ് 2025 ഏപ്രിലിൽ പുതിയ ക്രൂസ് ടൂറിസം നയത്തിന് അന്തിമരൂപം നൽകി. കേരളത്തിന്റെ വിശാലമായ തീരപ്രദേശവും സമ്പന്നമായ സാംസ്കാരിക പൈതൃകവും പ്രയോജനപ്പെടുത്തിക്കൊണ്ട് ആഭ്യന്തര, അന്തർദേശീയ വിനോദസഞ്ചാരികൾക്ക് സവിശേഷമായ സമുദ്രാനുഭവങ്ങൾ പ്രദാനം ചെയ്യുകയാണ് ലക്ഷ്യം.

### കേരളത്തിലെ വിദേശ ടൂറിസ്റ്റ് സന്ദർശനങ്ങൾ

2018-ലെ കടുത്ത വെള്ളപ്പൊക്കത്തിനിടയിലും, 2015 മുതൽ 2019 വരെ സംസ്ഥാനത്ത് വിദേശ വിനോദസഞ്ചാരികളുടെ സന്ദർശനങ്ങളിൽ സ്ഥായിയായ വളർച്ച കൈവരിച്ചിട്ടുണ്ട്. കോവിഡ്-19 മഹാമാരി 2020-ലും 2021-ലും വിദേശ വിനോദസഞ്ചാരികളിൽ ഗണ്യമായ കുറവുണ്ടാക്കി. 2021-ൽ വിദേശ വിനോദസഞ്ചാരികൾ വെറും 0.6 ലക്ഷം മാത്രമായിരുന്നു, ഒരു ദശാബ്ദത്തിനിടയിലെ ഏറ്റവും കുറഞ്ഞ വിദേശ സഞ്ചാരികളാണിത്. യാത്രാ നിയന്ത്രണങ്ങൾ ലഘൂകരിച്ചതോടെ 2022-ൽ ശക്തമായ തിരിച്ചുവരവ് ആരംഭിച്ചു. 471.3 ശതമാനം വർധനവോടെ, വിദേശ വിനോദസഞ്ചാരികളുടെ എണ്ണം 3.5 ലക്ഷമായി. ഈ വർദ്ധനവ് തുടർന്നു. 2025 -ൽ വിദേശ വിനോദസഞ്ചാരികൾ 8.2 ലക്ഷത്തിലെത്തി. (ചിത്രം 17.1)

കേരളത്തിലേക്കുള്ള വിദേശ വിനോദസഞ്ചാരികളുടെ സന്ദർശനത്തിൽ വ്യക്തമായ സീസണൽ പാറ്റേൺ കാണാം. ജനുവരി മുതൽ മാർച്ച് വരെയും വീണ്ടും ഒക്ടോബർ മുതൽ ഡിസംബർ വരെയും ഇത് ഉയർന്ന നിലയിലെത്തുന്നു. ഈ മാസങ്ങളിൽ വിനോദസഞ്ചാരികളുടെ വരവിൽ തുടർച്ചയായ വർദ്ധനവ് രേഖപ്പെടുത്തുന്നുണ്ട്. കേരളത്തിലെ സുഖകരമായ കാലാവസ്ഥയ്ക്കും ഉത്സവ സീസണിനും മുൻഗണന നൽകുന്നതിന്റെ സൂചനയാണിത്. ഇതിനു വിപരീതമായി, മെയ് മുതൽ ജൂലൈ വരെയുള്ള മാസങ്ങളിൽ വിദേശ സഞ്ചാരികളുടെ വരവിൽ ഗണ്യമായ കുറവാണ് കാണുന്നത്. ഈ കാലയളവിനെ ഓഫ് സീസൺ ആയി കണക്കാക്കുന്നു.

യൂറോപ്പ്, മിഡിൽ ഈസ്റ്റ്, ഏഷ്യ-പസഫിക്, വടക്കേ അമേരിക്ക എന്നിവിടങ്ങളിൽ നിന്നുള്ള അന്താരാഷ്ട്ര വിനോദസഞ്ചാരികളെ വലിയതോതിൽ സ്ഥിരമായി കേരളം ആകർഷിക്കുന്നുണ്ട്. കേരളത്തിലേക്ക് വിനോദസഞ്ചാരികൾ വന്ന അഞ്ച് മുൻനിര രാജ്യങ്ങൾ യുണൈറ്റഡ് കിംഗ്ഡം, യുണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് അമേരിക്ക,




**ചിത്രം 17.1** *2015 മുതൽ 2025 വരെ കേരളത്തിലേക്കുള്ള വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം ലക്ഷത്തിൽ*

*ഉറവിടം*: വിനോദസഞ്ചാര വകുപ്പ്

ഫ്രാൻസ്, ജർമ്മനി, സൗദി അറേബ്യ എന്നിവയാണ്. യൂറോപ്പ്, പ്രത്യേകിച്ച് യുണൈറ്റഡ് കിംഗ്ഡമാണ് മിക്ക വർഷങ്ങളിലും മുന്നിലുള്ളത്. 2018 ൽ രണ്ട് ലക്ഷത്തിൽ കൂടുതലും 2024 ൽ 1.1 ലക്ഷത്തിലധികവും സഞ്ചാരികളാണ് എത്തിയത്. കാനഡ, ജർമ്മനി, ഫ്രാൻസ് എന്നിവയും ശ്രദ്ധേയമായ സംഭാവന നൽകി. 2024-ൽ യുണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് അമേരിക്കയിൽ നിന്ന് കേരളത്തിൽ എത്തിയത് ഒരു ലക്ഷത്തോളം വിനോദസഞ്ചാരികളാണ്. 2021 മുതൽ ഇത് സ്ഥിരമായ വാർഷിക വളർച്ച രേഖപ്പെടുത്തുന്നു. ഒമാൻ, സൗദി അറേബ്യ, യുണൈറ്റഡ് അറബ് എമിറേറ്റ്സ് തുടങ്ങിയ മിഡിൽ ഈസ്റ്റേൺ രാജ്യങ്ങളിൽ നിന്നും സ്ഥായിയായ വരവ് കാണിക്കുന്നു. മാലിദ്വീപ്, മലേഷ്യ എന്നിവിടങ്ങളിൽ നിന്നുള്ള വിനോദസഞ്ചാരികളുടെ വരവിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടായെങ്കിലും എത്തിച്ചേരുന്ന സഞ്ചാരികളുടെ എണ്ണം ശ്രദ്ധേയമാണ്. മറ്റുള്ളവർ പ്രധാനമായും ഇറ്റലി, റഷ്യ, സിംഗപ്പൂർ എന്നിവിടങ്ങളിൽ നിന്നായിരുന്നു.

കേരളത്തിലേക്കുള്ള വിദേശ വിനോദസഞ്ചാരികളുടെ വരവിൽ ജില്ലാതല വ്യത്യാസങ്ങളുണ്ട്. വിനോദസഞ്ചാരികളുടെ സന്ദർശനങ്ങളിൽ എറണാകുളം സ്ഥിരമായി മുന്നിലായിരുന്നു, ഏറ്റവും അധികം എത്തിയത് 2019 ലായിരുന്നു - 5.2 ലക്ഷം. 2024-ൽ 2.7 ലക്ഷവുമായി ലീഡ് നിലനിർത്തി. 2024-ൽ 1.7 ലക്ഷം വിനോദസഞ്ചാരികളുമായി തിരുവനന്തപുരം തൊട്ടുപിന്നിൽ എത്തി. പകർച്ചവ്യാധിക്ക് ശേഷം ഇടുക്കിയിൽ ശ്രദ്ധേയമായ തിരിച്ചുവരവ് ഉണ്ടായി. 2024-ൽ വിദേശ വിനോദസഞ്ചാരികളുടെ വരവ് 1.4 ലക്ഷം എന്ന റെക്കോർഡിലെത്തി. ഇത് ഇക്കോ-ടൂറിസത്തിലും ഹിൽ സ്റ്റേഷൻ അനുഭവങ്ങളിലുമുള്ള താൽപ്പര്യം വർദ്ധിച്ചതിന്റെ പ്രതിഫലനമാണ്. ആലപ്പുഴയും കോട്ടയവും കായൽ ടൂറിസത്തിൽ സ്ഥിരമായ നേട്ടങ്ങൾ കൈവരിച്ചു. ഇതിനു വിപരീതമായി, പത്തനംതിട്ട, കൊല്ലം, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ വിനോദസഞ്ചാരികളുടെ എണ്ണം കുറവായിരുന്നു. കോഴിക്കോട്, മലപ്പുറം, തൃശൂർ എന്നിവിടങ്ങളിൽ വിദേശ വിനോദസഞ്ചാരികളുടെ എണ്ണം മിതമാണെങ്കിലും സ്ഥായിയായ നേട്ടം കൈവരിച്ചു.

### കേരളത്തിലെ ആഭ്യന്തര ടൂറിസ്റ്റ് സന്ദർശനങ്ങൾ

ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ, ശക്തമായ വാർഷിക വളർച്ചയോടെ സ്ഥിരമായ വർധനവ് ഉണ്ടായിട്ടുണ്ട്. 2015-ൽ 124.7 ലക്ഷത്തിൽ നിന്ന് 2019-ൽ 183.8 ലക്ഷമായി ഉയർന്നു. എന്നിരുന്നാലും, കോവിഡ്-19 മഹാമാരി കാരണം 2020-ൽ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണം 49.9 ലക്ഷമായി കുത്തനെ കുറഞ്ഞു. ഇത് ദശകത്തിലെ ഏറ്റവും കുറഞ്ഞ ആഭ്യന്തര സഞ്ചാരികളുടെ കണക്കാണ്. പിന്നീട് 2021-ൽ തിരിച്ചുവരവ് ആരംഭിച്ചു. 2022-ൽ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണം ത്വരിതഗതിയിലായി. 150 ശതമാനം വളർച്ചയോടെ 188.7 ലക്ഷത്തിലെത്തി,കോവിഡ്-19 മഹാമാരിക്ക് മുമ്പുള്ള സ്ഥിതിയെ മറികടന്നു. 2025 -ൽ 250.6 ലക്ഷമായി സന്ദർശകർ. മൊത്തത്തിൽ, കേരളത്തിന്റെ ആഭ്യന്തര ടൂറിസം മേഖല പകർച്ചവ്യാധിക്കുശേഷം മെച്ചപ്പെടുക മാത്രമല്ല, ചരിത്രത്തിലെ ഏറ്റവും ഉയർന്ന നിലയും മറികടന്നു. (ചിത്രം 17.2)

സീസൺ അടിസ്ഥാനമാക്കിയുള്ള ആഭ്യന്തര വിനോദസഞ്ചാരികളുടെ കേരളത്തിലേക്കുള്ള സന്ദർശനം വിദേശ വിനോദസഞ്ചാരികളെ അപേക്ഷിച്ച് താരതമ്യേന കുറവാണ്. എന്നിരുന്നാലും എല്ലാ മാസവും ഏറെക്കുറെ സമാനമായ രീതിയിൽ വിനോദസഞ്ചാരികൾ എത്തിച്ചേരുന്നുമുണ്ട്. വേനൽക്കാലം (മാർച്ച് മുതൽ മെയ് വരെ), തുടർന്ന് ശൈത്യകാലം (ഡിസംബർ മുതൽ ജനുവരി വരെ)




**ചിത്രം 17.2** *2015 മുതൽ 2025 വരെ കേരളത്തിലേക്കുള്ള ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണം ലക്ഷത്തിൽ*

*ഉറവിടം:* വിനോദസഞ്ചാര വകുപ്പ്

എന്നീ സീസണുകളാണ് ഏറ്റവും കൂടുതൽ ആഭ്യന്തര വിനോദസഞ്ചാരികളെ ആകർഷിക്കുന്നത്. ഓഫ്-സീസണുകൾ ഫെബ്രുവരി മുതൽ മാർച്ച് വരെയും ജൂൺ മുതൽ ജൂലൈ വരെയുമാണ്.

സംസ്ഥാനത്തിനകത്തു നിന്നും അയൽ സംസ്ഥാന ങ്ങളിൽ നിന്നുമുള്ള ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവിൽ സ്ഥിരമായ വർദ്ധനവ് അനുഭവപ്പെട്ടിട്ടുണ്ട്. കേരള ത്തിനുള്ളിൽ നിന്നുള്ള വിനോദസഞ്ചാരികളുടെ എണ്ണം 2016 ൽ 87 ലക്ഷത്തിൽ നിന്ന് 2024 ൽ 152.7 ലക്ഷമായി വർദ്ധിച്ചു. തമിഴ്നാട്ടിൽ നിന്നുള്ള സഞ്ചാരികൾ 10.8 ലക്ഷ ത്തിൽ നിന്ന് 23.4 ലക്ഷമായി വളർന്നു. കർണാടക മൂന്നാം സ്ഥാനത്ത് എത്തി, 7.8 ലക്ഷത്തിൽ നിന്ന് 13.8 ലക്ഷമായി സ്ഥിരമായ വർദ്ധനവ് കാണിക്കുന്നു. 2024-ൽ മഹാരാഷ്ട്ര, ആന്ധ്രാപ്രദേശ് എന്നിവിടങ്ങളിൽ നിന്നുള്ള സഞ്ചാരി കൾ യഥാക്രമം 7.5 ലക്ഷവും 4.3 ലക്ഷവും ആയിരുന്നു. 2024-ൽ കേരളം സന്ദർശിച്ച 91,000-ത്തിലധികം വിനോദ സഞ്ചാരകളുമായി കേന്ദ്രഭരണ പ്രദേശങ്ങളിൽ ലക്ഷദ്വീപ് വേറിട്ടു നിന്നു.

ഏറ്റവും കൂടുതൽ ആഭ്യന്തര വിനോദസഞ്ചാരികളെ ആകർഷിച്ചത് മധ്യ കേരളമാണ്. എറണാകുളം, ഇടുക്കി, തൃശൂർ ജില്ലകൾ ഉൾപെടുന്ന മേഖലയിലെ മൊത്തം സന്ദർശകരുടെ എണ്ണം 2016-ൽ ഏകദേശം 66 ലക്ഷ ത്തിൽ നിന്ന് 2024-ൽ 114 ലക്ഷത്തിലധികമായി വർദ്ധിച്ചു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ എന്നിവ ഉൾപ്പെടുന്ന തെക്കൻ കേരളം ശ്രദ്ധേയമായ വളർച്ച കൈവരിച്ചിട്ടുണ്ട്. മൊത്തം ആഭ്യന്തര വിനോദസഞ്ചാ രികളുടെ സന്ദർശനം 2016-ൽ ഏകദേശം 29.5 ലക്ഷ ത്തിൽ നിന്ന് 2024-ൽ 55 ലക്ഷമായി വർദ്ധിച്ചു. ആഭ്യന്തര വിനോദസഞ്ചാരികളുടെ കാര്യത്തിൽ, പ്രത്യേകിച്ച് കാസർ ഗോഡ്, പാലക്കാട് ജില്ലകൾ ഉൾപ്പെടുന്ന വടക്കൻ കേരളം 3 മേഖലകളിൽ മൂന്നാം സ്ഥാനത്താണ്.

**വിനോദസഞ്ചാരത്തിന്റെ സാമ്പത്തിക നേട്ടം**

യാത്ര, താമസം, ഭക്ഷണം, പാനീയങ്ങൾ, ഷോപ്പിംഗ്, മറ്റ് സേവനങ്ങൾ എന്നിവയ്ക്കെല്ലാമായി വിദേശ, ആഭ്യന്തര വിനോദസഞ്ചാരികൾ പണം ചെലവഴിക്കുന്നു. 2015 മുതൽ 2019 വരെയുള്ള കാലയളവിൽ വിനോദസഞ്ചാരികൾ ചെലവഴിച്ചതിൽ 68.6 ശതമാനം വർദ്ധനവ് രേഖപ്പെടുത്തി. 2020 ൽ, കോവിഡ് - 19 മഹാമാരി കാരണം ടൂറിസത്തിൽ നിന്നുള്ള വരുമാനം കുറഞ്ഞു. എന്നാൽ സംസ്ഥാനം ശക്ത മായി തിരിച്ചുവരികയും 2025 ആയപ്പോഴേക്കും പ്രത്യക്ഷവും പരോക്ഷവുമായ ടൂറിസ്റ്റ് ചെലവുകളിൽ നിന്നുള്ള വരുമാനം 50,702.3 കോടി രൂപയിലെത്തുകയും, 2019 ലെ കണക്കു കളെ മറികടക്കുകയും ചെയ്തു. ചിത്രം 17.3

**ടൂറിസം വകുപ്പിന്റെ സുപ്രധാന ഉദ്യമങ്ങളും നേട്ടങ്ങളും**

**നിക്ഷേപങ്ങൾ ആകർഷിക്കൽ**

**ടൂറിസം നിക്ഷേപക സംഗമം:** ടൂറിസം വകുപ്പ് 2023 നവംബറിൽ തിരുവനന്തപുരത്ത് ആദ്യത്തെ ടൂറിസം നിക്ഷേപക സംഗമം (TIM) സംഘടിപ്പിച്ചു. ടൂറിസം മേഖ ലയിൽ നിന്നുള്ള 46 സ്റ്റാർട്ടപ്പുകളും 118 നിക്ഷേപകരും ഉൾപ്പെടെ ഏകദേശം 500 നിക്ഷേപകരും സംരംഭകരും പങ്കെടുത്ത TIM 2023 ൽ, 75 സ്വകാര്യ പദ്ധതികളും 23 സർക്കാർ സംരംഭങ്ങളും പ്രദർശിപ്പിച്ചു, മൊത്തം 15,126.7 കോടി രൂപ നിക്ഷേപം ലക്ഷ്യമിട്ടു. സ്വകാര്യ പങ്കാളിത്തവും, നൂതനാശയങ്ങളും പ്രോത്സാഹിപ്പിക്കുന്നതിലൂടെ ദീർഘ




*ചിത്രം 17.3 വിദേശ, ആഭ്യന്തര ചെലവുകൾ (പ്രത്യക്ഷവും പരോക്ഷവും), കേരളം, 2015 മുതൽ 2025 വരെ, കോടി രൂപയിൽ*

*ഉറവിടം: വിനോദസഞ്ചാര വകുപ്പ്*

കാല, സുസ്ഥിര ടൂറിസം വികസനത്തിന് ശക്തമായ അടിത്തറ പാകുന്നതിന് TIM ലൂടെ സാധ്യമാകും.

**ബി2ബി, ബി2സി മീറ്റ്**: അന്താരാഷ്ട്ര, ദേശീയ, ആഭ്യന്തര മീറ്റുകൾ നടത്തിയതിലൂടെ സഞ്ചാരികളുമായും ടൂർ ഓപ്പറേറ്റർമാരുമായും ആശയവിനിമയം നടത്തുന്നതിനും, വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പ്രചാരണത്തിനും, കേരള ടൂറിസത്തിൽ നിക്ഷേപം ആകർഷിക്കുന്നതിനും കഴിഞ്ഞു.

**സംസ്ഥാനത്തിന്റെ ടൂറിസം സാധ്യതകൾ എടുത്തു കാട്ടുക**

ഉത്തരവാദിത്തപരവും സുസ്ഥിരവുമായ ടൂറിസം രീതികളുടെ നൂതനമായ മാർക്കറ്റിംഗ് കാമ്പെയ്നുകൾക്ക് കേരളം അന്താരാഷ്ട്ര അംഗീകാരം നേടിയിട്ടുണ്ട്.

**യല്ല കേരള**: അറബ് വിനോദസഞ്ചാരികളെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിനായി, 2017 ൽ യുണൈറ്റഡ് അറബ് എമിറേറ്റ്സ്, സൗദി അറേബ്യ, ബഹ്റൈൻ, കുവൈറ്റ്, ഖത്തർ, ഒമാൻ എന്നീ പ്രധാന പശ്ചിമേഷ്യൻ വിപണികളിൽ ഈ കാമ്പെയ്ൻ ആരംഭിച്ചു.

**ഹ്യൂമൻ ബൈ നേച്ചർ**: 2019 ൽ ആരംഭിച്ച ഈ കാമ്പെയ്ൻ കേരളത്തിലെ തനതായ ജീവിതരീതി പ്രദർശിപ്പിക്കാനും വിവിധ ഭൂപ്രദേശങ്ങളിലെ യഥാർത്ഥ ജീവിത കഥകളിലൂടെ മാനവികതയെ ആഘോഷമാക്കാനും ലക്ഷ്യമിടുന്നു.

**മേക്ക് അപ് ഫോർ ലോസ്റ്റ് ടൈം, പാക്ക് അപ് ഫോർ കേരള**: ആഭ്യന്തര വിനോദസഞ്ചാരികളെ ലക്ഷ്യമിട്ട് 2022 ൽ ആരംഭിച്ച ഈ കാമ്പെയ്ൻ മുഖേന കോവിഡിന് ശേഷം സാധാരണ നിലയിലേക്കുള്ള മാറ്റത്തിന് ഗതിവേഗം നൽകി.

**ഹോളിഡേ ഹീസ്റ്റ്**: 2023 ൽ ആരംഭിച്ച ഈ കാമ്പെയ്നിൽ വകുപ്പിന്റെ വാട്ട്സ്ആപ്പ് ചാറ്റ്ബോട്ടായ മായയിൽ ഒരു മാസം നീണ്ടുനിന്ന ബിഡ്ഡിംഗ് ഗെയിം നടത്തി, പങ്കെടുക്കുന്നവർക്ക് കുറഞ്ഞ ചെലവിൽ കേരളത്തിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളിലേക്കുള്ള ടൂർ പാക്കേജുകൾക്കായി ലേലം വിളിക്കാം.

**ലുക്ക് ഈസ്റ്റ്**: ചൈന, ജപ്പാൻ, മലേഷ്യ, ഓസ്ട്രേലിയ, ഇന്തോനേഷ്യ, ന്യൂസിലാൻഡ്, വിയറ്റ്നാം, ലാവോസ് തുടങ്ങിയ രാജ്യങ്ങളെ ഉന്നമിട്ട് കിഴക്കൻ ഏഷ്യൻ വിപണികളിൽ നിന്നുള്ള വിനോദസഞ്ചാരികളെ ആകർഷിക്കാൻ മലേഷ്യൻ എയർലൈൻസുമായി സഹകരിച്ച് 2025 ൽ ഈ കാമ്പെയ്ൻ ആരംഭിച്ചു.

**കം ടുഗെതർ ഇൻ കേരള**: നഗരപ്രദേശങ്ങളിലുള്ള കുടുംബങ്ങളെ കേരളം സന്ദർശിക്കാനും അതിന്റെ ശാന്തമായ പ്രകൃതിദൃശ്യങ്ങളിൽ വീണ്ടും വന്നു ചേരാനും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2025 ൽ ആരംഭിച്ച കാമ്പെയ്നാണിത്.

കേരള ടൂറിസം പ്രാദേശിക, ദേശീയ, ആഗോള മാർക്കറ്റിംഗ് പരിപാടികളിൽ പങ്കെടുക്കുന്നുണ്ട്. സോഷ്യൽ മീഡിയ, വെബ്സൈറ്റ്, പബ്ലിക് റിലേഷൻസ് എന്നിവ അടിസ്ഥാനമാക്കിയുള്ള വിവിധ പരിപാടികൾക്ക് ഇതിലൂടെ സാമ്പത്തിക സഹായം നൽകുന്നു. പുതിയ ഉൽപ്പന്നങ്ങളുടെയും പുതിയ കാലത്തെ ഡിജിറ്റൽ മാർക്കറ്റിംഗിന്റെയും സമയോചിതമായ പ്രദർശനത്തിന്റെ ഫലമായി, കേരള ടൂറിസത്തിന്റെ ഫേസ്ബുക്ക് പേജ്, ഇൻസ്റ്റഗ്രാം അക്കൗണ്ട്, എക്സ് അക്കൗണ്ടുകൾ എന്നിവയ്ക്ക് ഉയർന്ന സ്വീകാര്യത ലഭിച്ചിട്ടുണ്ട്.

**അടിസ്ഥാന സൗകര്യ വികസനം**

**ഡെസ്റ്റിനേഷൻ ചലഞ്ച്**: 2026 ഓടെ 'വൺ പഞ്ചായത്ത്, വൺ ഡെസ്റ്റിനേഷൻ' എന്ന ലക്ഷ്യം സാക്ഷാത്കരിക്കാനുള്ള കേരള ടൂറിസത്തിന്റെ ഒരു മുൻനിര സംരംഭമാണിത്. ടൂറിസം വികസനത്തിൽ വികേന്ദ്രീകരണവും താഴേതട്ടിൽ നിന്നുള്ള പങ്കാളിത്തവും ഉറപ്പാക്കി ഓരോ തദ്ദേശ സ്വയം ഭരണ (LSG) പ്രദേശത്തും സവിശേഷമായ ടൂറിസം കേന്ദ്രങ്ങളുടെ വികസനം പ്രോത്സാഹിപ്പിക്കുകയാണ് ലക്ഷ്യം. ഇതുവരെ 41 പദ്ധതികൾക്ക് അനുമതി ലഭിച്ചു. എറണാകുളം, മലപ്പുറം ജില്ലകളിൽ ഓരോ പദ്ധതി വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്.

**ടൂറിസം ഹബ്**: കേരളത്തെ ലോകോത്തര ടൂറിസം ഹബ്ബാക്കി മാറ്റുന്നതിന്റെ ഭാഗമായി, പ്രധാന ബീച്ചുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും, മാലിന്യ മുക്തമാക്കുന്നതിനും, ഹെലി ടൂറിസം, വിവാഹ ടൂറിസം, ക്രൂസ് ടൂറിസം, പൈതൃക ടൂറിസം, കാരവൻ ടൂറിസം എന്നിവ നടപ്പിലാക്കുന്നതിനും, സാഹസിക ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനും, ദേശീയ/അന്തർദേശീയ മേളകൾ സംഘടിപ്പിക്കുന്നതിനും, ഭക്ഷണ തെരുവുകളുടെ നിർമ്മാണത്തിനും, ടൂറിസം ഇടനാഴികളുടെ വികസനത്തിനും നടപടികൾ സ്വീകരിച്ചുവരികയാണ്.

**ഗസ്റ്റ് ഹൗസുകളുടെ നിർമ്മാണവും നവീകരണവും**: കേരളത്തിലെ പ്രധാന സ്ഥലങ്ങൾ സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്ക് കുറഞ്ഞ ചെലവിൽ നല്ല നിലവാരമുള്ള താമസ സൗകര്യങ്ങൾ നൽകുന്നതിനായി, ഗസ്റ്റ് ഹൗസുകൾ നവീകരിക്കുന്നുണ്ട്. മൂന്നാറിൽ ഒരു താമസ സമുച്ചയം പൂർത്തിയാക്കി 2025 ജനുവരിയിൽ അതിഥികൾക്കായി തുറന്നു കൊടുത്തു. വയനാട്ടിലെ സുൽത്താൻ ബത്തേരി ഗസ്റ്റ് ഹൗസിന്റെ പഴയ കെട്ടിടത്തിന്റെ നവീകരണം പൂർത്തിയാക്കി 2024 ഡിസംബറിൽ അതിഥികൾക്കായി തുറന്നുകൊടുത്തിട്ടുണ്ട്.

**പ്രത്യേക ഇടപെടലുകൾ**

**സിനി ടൂറിസം**: തിരുവനന്തപുരത്തെ കിരീടം പാലത്തിന്റെ വികസനത്തോടെ ആരംഭിച്ച, സിനിമയുമായി ബന്ധപ്പെട്ട ലാൻഡ് മാർക്കുകൾക്ക് ചുറ്റിലും ടൂറിസം അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്ന പദ്ധതിയാണിത്. സിനിമയിലെ അവിസ്മരണീയ നിമിഷങ്ങൾ യഥാർത്ഥ സ്ഥലങ്ങളിൽ വച്ച് ഓർമ്മ പുതുക്കി വീണ്ടും അനുഭവിക്കാൻ സിനിമാ പ്രേമികളെയും സഞ്ചാരികളെയും ആകർഷിക്കുകയാണ് ലക്ഷ്യം.

**നൈറ്റ് ലൈഫ് ടൂറിസം**: സായാഹ്ന വേളകളിൽ സഞ്ചാരികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാനും, അവർക്ക് ആഴത്തിലുള്ള സാംസ്കാരിക അനുഭവങ്ങൾ പകരാനും ഈ സംരംഭം ലക്ഷ്യമിടുന്നു. ആദ്യ ഘട്ടത്തിന്റെ ഭാഗമായി, തിരുവനന്തപുരത്തെ കനകക്കുന്ന് കൊട്ടാരത്തിൽ കേരളത്തിന്റെപരമ്പരാഗതകലകൾ,പാചകരീതികൾ,സാംസ്കാരിക പ്രകടനങ്ങൾ എന്നിവ പ്രദർശിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചിട്ടുണ്ട്. കൂടാതെ, നൈറ്റ് ലൈഫ് ടൂറിസത്തെ കൂടുതൽ പ്രോത്സാഹിപ്പിക്കാൻ മാനവീയം

വീഥി പോലെ ഊർജ്ജസ്വലമായ മറ്റ് സാംസ്കാരിക ഇടങ്ങളിലേക്ക് സംരംഭങ്ങൾ വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സാംസ്കാരിക വകുപ്പ് ട്രാവൻകൂർ ഹെറിറ്റേജ് പ്രോജക്റ്റ് നടപ്പിലാക്കുന്നുണ്ട്

**സാഹസിക ടൂറിസം**: സാഹസിക പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനും, ഉത്സവങ്ങളും മത്സരങ്ങളും സംഘടിപ്പിക്കുന്നതിനും, സാഹസിക പാർക്കുകൾ പ്രവർത്തിപ്പിക്കുന്നതിനും, സാഹസിക ടൂറിസം മേഖലയിലെ യുവാക്കൾക്കും ജീവനക്കാർക്കും പരിശീലനം നൽകുന്നതിനായി അക്കാദമികൾ വികസിപ്പിക്കുന്നതിനും കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയെ (കെഎടിപിഎസ്) ടൂറിസം വകുപ്പ് ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലവിൽ, ബേപ്പൂർ (കോഴിക്കോട്), മുഴുപ്പിലങ്ങാട്(കണ്ണൂർ),താനൂർ(മലപ്പുറം),ബേക്കൽ(കാസർഗോഡ്), വർക്കല (തിരുവനന്തപുരം), ചാവക്കാട് (തൃശൂർ), കുഴിപ്പിള്ളി (എറണാകുളം) എന്നിവിടങ്ങളിൽ ഫ്ലോട്ടിംഗ് പാലങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇടുക്കിയിൽ വാഗമണ്ണിലും തിരുവനന്തപുരത്ത് ആക്കുളത്തും ഗ്ലാസ് പാലങ്ങൾ പ്രവർത്തനക്ഷമമായി. സാഹസിക ടൂറിസത്തിലെ പ്രധാന പ്രവർത്തനങ്ങൾ ഇവയാണ്:

- ഇടുക്കിയിലെ വാഗമണിൽ അന്താരാഷ്ട്ര പാരാഗ്ലൈഡിംഗ് ഫെസ്റ്റിവൽ.
- തിരുവനന്തപുരത്ത് വർക്കലയിലെ ഇടവ, വേട്ടക്കട ബീച്ചുകളിൽ അന്താരാഷ്ട്ര സർഫിംഗ് ഫെസ്റ്റിവൽ.
- കോഴിക്കോട്ടെ ഇരുവഞ്ഞിപ്പുഴ, ചാലിപ്പുഴ നദികളിലെ നാല് ദിവസത്തെ വാർഷിക വൈറ്റ് വാട്ടർ കയാക്കിംഗ് ചാമ്പ്യൻഷിപ്പായ മലബാർ റിവർ ഫെസ്റ്റിവൽ.
- രാജ്യത്തെ ആദ്യത്തെ സോഴ്സ്- ടു - ദി - സീ പാഡ്ലിംഗ് പരിപാടിയായ ചാലിയാർ റിവർ പാഡിൽ കഴിഞ്ഞ പത്ത് വർഷമായി നടക്കുന്നു
- കേരളത്തിലെ ജല സാഹസിക ടൂറിസത്തിന് പുതിയ ദിശാബോധം നൽകുന്നതിനായി 2022, 2023, 2024 വർഷങ്ങളിൽ സംഘടിപ്പിച്ച ബേപ്പൂർ ഇന്റർനാഷണൽ വാട്ടർ ഫെസ്റ്റ്.
- കണ്ണൂരിലെ പറശ്ശിനിക്കടവ് മുതൽ വളപട്ടണം വരെ വർഷം തോറും സംഘടിപ്പിക്കുന്ന അമച്വർ കയാക്കിംഗ് മത്സരമായ കണ്ണൂർ കയാക്കത്തോൺ.
- 2022 ലും 2024 ലും ധർമ്മടത്തെ അഞ്ചരക്കണ്ടി നദിയിൽ സംഘടിപ്പിച്ച വാർഷിക പിണറായി നദീമേള.
- കോഴിക്കോട് അരിപ്പാറയിൽ മലബാർ റിവർ ഫെസ്റ്റിവൽ വേൾഡ് കയാക്കിംഗ് ചാമ്പ്യൻഷിപ്പിനായുള്ള കയാക്കിംഗ് സെന്ററും കയാക്കിംഗ് പരിശീലനത്തിനും മത്സരങ്ങൾക്കുമായി കോടഞ്ചേരിയിലെ പുലിക്കയത്തുള്ള അന്താരാഷ്ട്ര കയാക്കിംഗ് സെന്ററും പൂർത്തിയായി.

ലോകത്തെ ഏറ്റവും വലിയ ജലമേളകളിൽ ഒന്നാണ് ചാമ്പ്യൻസ് ബോട്ട് ലീഗ് (സിബിഎൽ). 2019 ൽ ആരംഭിച്ച ഈ ഉദ്യമത്തിലൂടെ പരമ്പരാഗത വള്ളംകളിയെ പ്രൊഫഷണൽ ലീഗ് ഫോർമാറ്റിൽ അവതരിപ്പിക്കാൻ തുടങ്ങി. ടൂറിസം വകുപ്പ് ചാമ്പ്യൻസ് ബോട്ട് ലീഗിന്റെ അഞ്ച് സീസണുകൾ നടത്തുകയും കാര്യക്ഷമമായ മാനേജ്മെന്റിനായി സിബിഎൽ ലിമിറ്റഡ് എന്ന പേരിൽ ഒരു കമ്പനി രൂപീകരിക്കുകയും ചെയ്തു. ധാരാളം ആഭ്യന്തര, അന്തർദേശീയ വിനോദസഞ്ചാരികളെ ഇത് ആകർഷിച്ചു വരുന്നു.

### സർക്യൂട്ടുകൾ പ്രവർത്തനക്ഷമമാക്കൽ

**മലബാർ ലിറ്ററി ടൂറിസം സർക്യൂട്ട് – ഘട്ടം 1**: മലയാള സാഹിത്യത്തിലെ ഏറ്റവും പ്രമുഖരായ ചില വ്യക്തികളുമായി ആഴത്തിൽ ബന്ധമുള്ള മലബാർ മേഖലയിലെ പ്രധാന സ്ഥലങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് സാഹിത്യ പൈതൃകത്തെ ടൂറിസവുമായി സംയോജിപ്പിക്കുക എന്ന ലക്ഷ്യത്തോടെയുള്ള ഒരു ദർശനാത്മക പദ്ധതിയാണിത്. തുഞ്ചൻ സ്മാരകം, ബേപ്പൂർ, തസറാക്ക്, പൊന്നാനി, തൃത്താല, നിളാ തീരം എന്നിവയുൾപ്പെടെ സാംസ്കാരികമായും ചരിത്രപരമായും സമ്പന്നമായ സ്ഥലങ്ങളെ നിർദ്ദിഷ്ട സർക്യൂട്ട് ബന്ധിപ്പിക്കും.

**കൊല്ലം ബയോഡൈവേഴ്സിറ്റി ടൂറിസം സർക്യൂട്ട് – ഘട്ടം 1**: അഷ്ടമുടി, മൺറോത്തുരുത്ത്, കൊട്ടാരക്കര, മീൻപിടിപ്പാറ, മുട്ടറ, മരുതുമല, ജടായുപ്പാറ, തെന്മല, അച്ചൻകോവിൽ എന്നിവയുൾപ്പെടെ കൊല്ലം ജില്ലയിലെ പ്രധാന പ്രകൃതിദത്തവും സാംസ്കാരികവുമായ ഹോട്ട്സ്പോട്ടുകൾ ഉൾക്കൊള്ളുന്ന ഒരു പ്രധാന ഇക്കോടൂറിസം സംരംഭമാണിത്. പരിസ്ഥിതി ലോല മേഖലകളിലെ അടിസ്ഥാന സൗകര്യങ്ങളും സംരക്ഷണവും മെച്ചപ്പെടുത്തുന്നതിനൊപ്പം, പരിസ്ഥിതി ബോധമുള്ളതും സാംസ്കാരികമായി ആഴത്തിലുള്ളതുമായ ടൂറിസത്തിന്റെ ഒരു പ്രധാന ലക്ഷ്യസ്ഥാനമായി കൊല്ലത്തെ മാറ്റുക എന്ന ലക്ഷ്യത്തോടെ, സുസ്ഥിരവും ജൈവവൈവിധ്യത്തെ അടിസ്ഥാനമാക്കിയുള്ളതുമായ ടൂറിസത്തെ പ്രോത്സാഹിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

### മേഖലാധിഷ്ഠിത വിനോദസഞ്ചാരം

**മുസിരിസ് പൈതൃക പദ്ധതി**: എറണാകുളം ജില്ലയിലെ വടക്കൻ പറവൂരിനും തൃശൂർ ജില്ലയിലെ കൊടുങ്ങല്ലൂരിനും ഇടയിലുള്ള പ്രദേശത്ത് 3,000 വർഷത്തിലേറെ പഴക്കമുള്ള പൈതൃകം സംരക്ഷിക്കുന്നതിനും പ്രദർശിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുള്ള ഇന്ത്യയിലെ ഏറ്റവും വലിയ സംരക്ഷണ ദൗത്യങ്ങളിലൊന്നാണ് മുസിരിസ് പൈതൃക പദ്ധതി. പുരാതന തുറമുഖങ്ങൾ, മതപരമായ സ്ഥലങ്ങൾ എന്നിവയുടെ പുനരുദ്ധാരണം, മ്യൂസിയങ്ങളുടെയും സാംസ്കാരിക കേന്ദ്രങ്ങളുടെയും വികസനം എന്നിവ ഇതിൽ ഉൾപ്പെടുന്നു. 2023 ൽ, മുസിരിസ് പൈതൃക പദ്ധതിയുടെ കീഴിൽ കേരള ടൂറിസം 18 പദ്ധതികൾ പൂർത്തിയാക്കിയിരുന്നു. വിനോദസഞ്ചാരികളുടെ ഇടപെടൽ വർദ്ധിപ്പിക്കുന്നതിനായി, മുസിരിസ് പൈതൃക പദ്ധതി ഒരു മുസിരിസ് പാസ്പോർട്ട് സംവിധാനം അവതരിപ്പിച്ചു, ഇതിലൂടെ സന്ദർശകർക്ക് വിവിധ പൈതൃക സ്ഥലങ്ങളിലൂടെയുള്ള അവരുടെ യാത്ര രേഖപ്പെടുത്താം. ഇത് പ്രദേശത്തിന്റെ ചരിത്രപരമായ ലാൻഡ്മാർക്കുകളുടെ സമഗ്രമായ പര്യവേക്ഷണം പ്രോത്സാഹിപ്പിക്കുന്നു. മുസിരിസ് മേഖലയുടെ പൈതൃകം പ്രോത്സാഹിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുള്ള സാംസ്കാരിക പരിപാടികൾ, പ്രദർശനങ്ങൾ, സംവേദനാത്മക സെഷനുകൾ എന്നിവ ഉൾക്കൊള്ളുന്ന ഒരു ശ്രദ്ധേയമായ പരിപാടിയായ മൂത്തകുന്നം മുസിരിസ് ടൂറിസം ഫെസ്റ്റ് 2025 ഏപ്രിലിൽ നടന്നു.

**കേന്ദ്ര സർക്കാരിന്റെ സഹായം**: സ്വദേശ് ദർശൻ 2.0, മൂലധന നിക്ഷേപത്തിന് സംസ്ഥാനങ്ങൾക്കുള്ള പ്രത്യേക സഹായം (SASCI), ആഗോളതലത്തിൽ ഐക്കണിക് ടൂറിസം കേന്ദ്രങ്ങളുടെ വികസനം (കേന്ദ്ര മേഖല പദ്ധതി പ്രകാരം), ചാലഞ്ച് ബേസ്ഡ് ഡെസ്റ്റിനേഷൻ ഡെവലപ്മെന്റ് (CBDD) എന്നീ നാല് സർക്കാർ പദ്ധതികൾ പ്രകാരം കേരളത്തിന് 388 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. ഭാരത സർക്കാരിന്റെ സ്വദേശി ദർശൻ പദ്ധതി പ്രകാരം വാഗമണ്ണിലെ സാഹസിക പാർക്കിന്റെ പ്രവർത്തനത്തിനായി KATPS-നെയാണ് ടൂറിസം വകുപ്പ് ചുമതലപ്പെടുത്തിയത്.

### ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിൽ മറ്റ് ഏജൻസികളുടെ പങ്ക്

### കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ

കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ (കെടിഡിസി) ബജറ്റ് സൗഹൃദം മുതൽ ബോൾഗാട്ടി കൊട്ടാരം പോലുള്ള ആഡംബര പൈതൃക സ്വത്തുക്കൾ വരെയുള്ള ഹോട്ടലുകളുടെ വിപുലമായ ശൃംഖല നടത്തുന്നു. കോർപ്പറേഷന്റെ സുപ്രധാന നേട്ടങ്ങൾ ഇവയാണ്:

**മിഷൻ ഫേസ് ലിഫ്റ്റ്**: 2020 ൽ, കെടിഡിസിയുടെ ഇക്കോണമി ക്ലാസ് ഹോട്ടലുകൾ മികച്ച രീതിയിൽ നവീകരിച്ച് ബജറ്റ് ഡെസ്റ്റിനേഷൻ ഹോട്ടലുകളാക്കി പുനരവതരിപ്പിച്ചു. ഓരോ ഹോട്ടലിന്റെയും ഭൂമിശാസ്ത്രപരമായ സ്ഥാനത്തിന് അനുസൃതമായി അവ ഭൂമി അധിഷ്ഠിത പ്രോപ്പർട്ടികളായി പുനർനാമകരണം ചെയ്തു. ഈ നടപടി ഹോട്ടലുകളുടെ ബ്രാൻഡ് ഇമേജ് വർദ്ധിപ്പിക്കുകയും മൊത്തത്തിലുള്ള വരുമാനവും ശരാശരി മുറി വരുമാനവും മെച്ചപ്പെടുത്തുകയും ചെയ്തു. സുപ്രധാന സ്ഥാനത്ത് സ്ഥിതിചെയ്യുന്നതിന്റെ മേന്മയുള്ള ചൈത്രം, 'ഗ്രാൻഡ് ചൈത്രം' ആയി പുനരവതരിപ്പിക്കപ്പെട്ടു. 2024 ൽ ഇതിന് 3 സ്റ്റാർ ക്ലാസിഫിക്കേഷനുകൾ ലഭിച്ചു. 2019-20 ൽ 44 ശതമാനമായിരുന്ന താമസക്കാരുടെ നിരക്ക് 2024-25 ൽ 88 ശതമാനമായി ഉയർന്നു. കോവിഡ്-19 മഹാമാരി സമയത്ത് കെടിഡിസിയുടെ പ്രീമിയം ബാക്ക് വാട്ടർ റിസോർട്ടായ കുമരകം വാട്ടർ സ്കേപ്സ് നവീകരിച്ചതിനുശേഷം 2021 ൽ വീണ്ടും തുറന്നു. കണ്ണൂർ മുഴപ്പിലങ്ങാട് പുതിയ പ്രോപ്പർട്ടി 2026 ഫെബ്രുവരി 25 ന് കെടിഡിസി ഉദ്ഘാടനം ചെയ്തിട്ടുണ്ട്.

**ഓൺലൈനിൽ കെടിഡിസി പ്രോപ്പർട്ടികളുടെ ബുക്കിംഗ് മെച്ചപ്പെടുത്തൽ** : പരമ്പരാഗത ട്രാവൽ ഏജൻസി ബിസിനസിന്റെ തകർച്ച മുൻകൂട്ടി കണ്ട് വിവിധ ഓൺലൈൻ ട്രാവൽ ഏജന്റുമാരുടെ (ഒടിഎ) പ്ലാറ്റ്ഫോമുകളുമായി കെടിഡിസി ഹോട്ടലുകൾ സംയോജിപ്പിക്കാൻ മുൻകൈയെടുത്തു. ഒടിഎ പ്ലാറ്റ്ഫോമുകൾ വഴി വിറ്റ മുറികളുടെ എണ്ണം 2016-17-ൽ 10,140 ൽ നിന്ന് 2023-24ൽ 46,663 ആയി വർദ്ധിച്ചു. കെടിഡിസി ഓൺലൈൻ ഉൾപ്പെടെ 2023-2024 ലെ മൊത്തം ഓൺലൈൻ വിൽപ്പന 58,627 മുറികളായിരുന്നു.

**ചാനൽ മാനേജ്മെന്റ് സോഫ്റ്റ്‌വെയറും ഡൈനാമിക് പ്രൈസിംഗോടു കൂടിയ റവന്യൂ മാനേജ്മെന്റും**: ബുക്കിംഗ് ഡോട്ട് കോം, മേക്ക് മൈ ട്രിപ്പ് തുടങ്ങിയ ഓൺലൈൻ ട്രാവൽ ഏജൻസികളുമായി സുഗമമായ സംയോജനം ഉറപ്പാക്കാൻ ചാനൽ മാനേജ്മെന്റ് സോഫ്റ്റ്‌വെയറും തിരഞ്ഞെടുക്കപ്പെട്ട കെടിഡിസി പ്രീമിയം ഹോട്ടലുകളിൽ ഡൈനാമിക് പ്രൈസിംഗോടു കൂടിയ റവന്യൂ മാനേജ്മെന്റ് സംവിധാനവും കെടിഡിസി അവതരിപ്പിച്ചു. തൽഫലമായി തിരഞ്ഞെടുത്ത കെടിഡിസി പ്രീമിയം ഹോട്ടലുകളിലെ താമസക്കാരുടെ വാർഷിക നിരക്ക് 2019-20 ലെ 44 ശതമാനത്തിൽ നിന്ന് 2023-24 ൽ 65.9 ശതമാനമായും കെടിഡിസി ബജറ്റ് ഹോട്ടലുകളിലെ താമസക്കാരുടെ വാർഷിക നിരക്ക് 42 ശതമാനത്തിൽ നിന്ന് 60.7 ശതമാനമായും ഉയർന്നു.

**അഡ്വാൻസ് കളക്ഷൻ, സെറ്റിൽമെന്റ് സ്കീം**: ഈ സ്കീം 2019 ഡിസംബറിൽ മേക്ക് മൈ ട്രിപ്പിലൂടെ ആരംഭിച്ചു. ഭാവിയിലെ റിസർവേഷനുകളിൽ അഡ്ജസ്റ്റ് ചെയ്യാനായി കെടിഡിസി പലിശ രഹിത അഡ്വാൻസ് പേയ്മെന്റായി 22.1 കോടി രൂപ ശേഖരിച്ചു. 2020 ൽ ഐആർസിടിസിയുമായി ചേർന്നാണ് ഇത് ആരംഭിച്ചത്. ഇതിലൂടെ ഭാവിയിലെ റിസർവേഷനുകൾ ക്രമീകരിക്കാൻ 1.5 കോടി രൂപ ശേഖരിച്ചു.

**ഹോളിഡേ ഹോം ടൈ–അപ്പ്**: കോർപ്പറേറ്റ് സ്ഥാപനങ്ങളുമായുണ്ടാക്കുന്ന കരാറുകൾ തിരഞ്ഞെടുക്കപ്പെട്ട കെടിഡിസി ഹോട്ടലുകൾക്ക് നിശ്ചിത എണ്ണം മുറികളുടെ വിൽപ്പന (റൂം നൈറ്റ് സെയിൽസ്) ഉറപ്പ് നൽകുന്നു. വാട്ടർ സ്കേപ്പിന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുമായും (200 റൂം നൈറ്റ്സ്), വാട്ടർ സ്കേപ്പ്, സമുദ്ര, ടീ കൗണ്ടി എന്നിവയ്ക്ക് നബാർഡുമായും (1,200 റൂം നൈറ്റ്സ്), ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡിന് ടീ കൗണ്ടിയുമായും (പ്രതിവർഷം 1,825 റൂം നൈറ്റ്സ്) ഉള്ള പങ്കാളിത്തം ഇതിൽ ഉൾപ്പെടുന്നു.

### ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി

2007 ൽ ആരംഭിച്ച ഉത്തരവാദിത്ത ടൂറിസം (ആർടി) സംരംഭം 2017 ൽ ടൂറിസം വകുപ്പിന് കീഴിലുള്ള ഉത്തരവാദിത്ത ടൂറിസം മിഷനായി വികസിപ്പിച്ചു. പരിസ്ഥിതിയും സാംസ്കാരിക പൈതൃകവും സംരക്ഷിക്കുന്നതിനൊപ്പം പ്രാദേശിക സമൂഹങ്ങൾക്ക് പ്രയോജനം ചെയ്യുന്ന സുസ്ഥിരവും സമൂഹ അധിഷ്ഠിതവുമായ ടൂറിസത്തെ ഇത് പ്രോത്സാഹിപ്പിക്കുന്നു. കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി (കെആർടിഎം സൊസൈറ്റി) 2023 ഒക്ടോബറിൽ രജിസ്റ്റർ ചെയ്ത് 2024 ഏപ്രിൽ 1 മുതൽ സ്വതന്ത്രമായി പ്രവർത്തിക്കുന്നു. ഗ്രാമീണ ടൂറിസം, സുസ്ഥിര ടൂറിസം, ഗ്രാമീണ ഹോംസ്റ്റേകൾ എന്നിവ നടപ്പിലാക്കുന്നതിനായി ടൂറിസം മന്ത്രാലയം നിയോഗിച്ച സംസ്ഥാന നോഡൽ ഏജൻസിയായി റെസ്പോൺസിബിൾ ടൂറിസം മിഷൻ പ്രവർത്തിക്കുന്നു.

പരിശീലനവും നൈപുണ്യ വികസനവും, അനുഭവവേദ്യ ടൂറിസം പാക്കേജുകൾ, പങ്കാളിത്ത ടൂറിസം വികസന സംരംഭങ്ങൾ, മാതൃകാ ആർടി വില്ലേജ് പ്രോജക്ട്, കേരള അഗ്രി ടൂറിസം ശൃംഖല, നാടൻ ഭക്ഷണാനുഭവ പ്രോജക്ട് (എത്നിക് ക്യുസിൻ പ്രോജക്ട്), വനിതാ സൗഹൃദ ടൂറിസം സംരംഭം, ബേപ്പൂർ ആർടി ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് പ്രോജക്ട്, കേരള റെസ്പോൺസിബിൾ ടൂറിസം നെറ്റ് വർക്ക്, ആർടി ആർട്ട് ആൻഡ് കൾച്ചറൽ ഫോറം, എച്ച്ആർ ഡയറക്ടറി എന്നിവയാണ് ആർടി മിഷന്റെ പ്രധാന പദ്ധതികൾ. നിലവിൽ, 850 കുടുംബങ്ങളെ ഉൾപ്പെടുത്തിയുള്ള 140 അനുഭവവേദ്യ ടൂറിസം പാക്കേജുകൾ

പ്രവർത്തിക്കുന്നു. ടൂറിസം ഫോർ ഇൻക്ലൂസീവ് ഗ്രോത്ത് എന്ന യുഎൻഡബ്ല്യുടിഒ മുദ്രാവാക്യവുമായി യോജിപ്പിച്ച് 10 സ്ഥലങ്ങളിൽ എസ്.ടി.ആർ.ഇ.ഇ.ടി (സസ്റ്റൈന ബിൾ, ടാൻജിബിൾ, റെസ്പോൺസിബിൾ,എക്സ്പീരിയെൻ ഷ്യൽ,എത്തിക് ടൂറിസം) പദ്ധതി നടപ്പിലാക്കുന്നു. പി.ഇ.പി. പി.ഇ.ആർ (പീപ്പിൾസ് പാർട്ടിസിപ്പേഷൻ ഫോർ പാർട്ടിസി പ്പേറ്ററി പ്ലാനിംഗ് ആൻഡ് എംപവർമെന്റ് ത്രൂ റെസ്പോൺ സിബിൾ ടൂറിസം) പദ്ധതിയിലൂടെ ടൂറിസം വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. ഇതിനായി വൈക്കവും പൊന്നാനിയും പൈലറ്റ് കേന്ദ്രങ്ങ ളായി തിരഞ്ഞെടുത്തിട്ടുണ്ട്.

തിരഞ്ഞെടുത്ത സ്ഥലങ്ങളെ പൂർണ്ണമായും ഉത്തര വാദിത്ത വിനോദസഞ്ചാര കേന്ദ്രങ്ങളാക്കി വികസിപ്പി ക്കുകയാണ് മാതൃകാ ആർടി വില്ലേജ് പദ്ധതി ലക്ഷ്യമിടുന്നത്. കേരളത്തിലെ ആദ്യത്തെ മാതൃകാ ആർടി വില്ലേജാണ് അയ്മനം. കൂടാതെ 15 തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളിൽ പദ്ധതി പുരോഗമിക്കുകയാണ്. ഈ സംരംഭത്തിന് കീഴിൽ, 1,544 കർഷകർക്ക് പരിശീലനം നൽകുകയും 102 അഗ്രി-ടൂറിസം യൂണിറ്റുകൾ പ്രവർത്തിക്കുകയും ചെയ്യുന്നു. കൂടാതെ നാടൻ പാചകരീതി അനുഭവ ശൃംഖലയുടെ ഭാഗമായി 2,800 കുടുംബങ്ങളുമുണ്ട്.

വനിതാ സൗഹൃദ ടൂറിസം സംരംഭം 1,50,000 വനിതാ കമ്മ്യൂണിറ്റി അംഗങ്ങളുടെ ഒരു ശൃംഖല സൃഷ്ടിച്ചു, കൂടാതെ 10,000 സ്ത്രീകൾ നടത്തുന്ന ടൂറിസം സംരംഭങ്ങ ളിലൂടെ 30,000 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ലക്ഷ്യമിടുന്നു. യുഎൻ വിമൻ ഇന്ത്യയുമായി സഹകരിച്ച് സംസ്ഥാന വ്യാപകമായി ജെൻഡർ ഓഡിറ്റ് നടത്തുന്നുണ്ട്. 78 ലക്ഷ്യസ്ഥാനങ്ങളിൽ സുരക്ഷാ വിലയിരുത്തലുകൾ പൂർത്തിയായി, ജെൻഡർ ഇൻക്ലൂസീവ് ആൻഡ് റെസ്പോൺ സിബിൾ ടൂറിസം സംബന്ധിച്ച ആദ്യത്തെ ആഗോള വനിതാ സമ്മേളനം 2024 നവംബറിൽ മൂന്നാറിൽ നടന്നു. ബേപ്പൂരിനെ ഉത്തരവാദിത്ത ടൂറിസം കേന്ദ്രമായി അവതരിപ്പിക്കുന്നതിന്റെ ഭാഗമായി 2024 ഫെബ്രുവരിയിൽ സംഘടിപ്പിച്ച ബേപ്പൂർ ആർട്ട്, ടെക്സ്റ്റൈൽ ആർട്ട് ഫെസ്റ്റിൽ, കേരളത്തിനകത്തും പുറത്തുമുള്ള വിനോദസഞ്ചാരികൾ, കലാകാരന്മാർ, കരകൗശല വിദഗ്ധർ എന്നിവരെ - പ്രത്യേ കിച്ച് ഇന്ത്യയിലുടനീളമുള്ള ടെക്സ്റ്റൈൽ കലാപ്രതിഭകളെ- ഒരുമിപ്പിച്ചു.

നിലവിൽ 25,015 വ്യക്തിഗത, ഗ്രൂപ്പ് യൂണിറ്റുകൾ ആർടി മിഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്, അതിൽ 17,884 എണ്ണം സ്ത്രീകളുടെ ഉടമസ്ഥതയിലുള്ളതോ സ്ത്രീകൾ നയിക്കുന്നതോ ആയ യൂണിറ്റുകളാണ്. കരകൗശല വസ്തുക്കൾ, കൃഷി, കാർഷിക സാമഗ്രികൾ, കല, കരകൗശല സേവനങ്ങൾ, ആർടി ഡ്രൈവർമാർ, കമ്മ്യൂണിറ്റി ടൂർ, ഫാം, ഹോം സ്റ്റേകൾ, താമസ സൗകര്യങ്ങൾ, നാടൻ പാചക യൂണിറ്റുകൾ തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. ഏകദേശം 1,50,000 കുടുംബങ്ങൾ നേരിട്ടോ അല്ലാതെയോ ടൂറിസ വുമായി ബന്ധപ്പെട്ടിരിക്കുകയും, ഉത്തരവാദിത്ത ടൂറിസം സംരംഭം ആരംഭിച്ചതുമുതൽ, 123.9 കോടി രൂപ വരുമാനം നേടുകയും ചെയ്തു.

**കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്**

അടിസ്ഥാന സൗകര്യ വികസനം, പൊതു-സ്വകാര്യ പങ്കാളിത്തം, സുസ്ഥിര സംരംഭങ്ങൾ എന്നിവയിലൂടെ കേരള ത്തിന്റെ ടൂറിസം മേഖലയെ ശക്തിപ്പെടുത്തുന്നതിൽ കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെടിഐഎൽ) നിർണായക പങ്ക് വഹിച്ചിട്ടുണ്ട്. പാലോട് ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ജെഎൻടിബിജിആർഐ), പൊന്മുടി ടൂറിസം ഡെസ്റ്റിനേഷൻ എന്നിവിടങ്ങളിൽ ഇക്കോടൂ റിസം പദ്ധതികൾ കെടിഐഎൽ നടപ്പാക്കിയിട്ടുണ്ട്. പ്രസാദ് (PRASHAD) പദ്ധതിക്ക് കീഴിൽ, ഗുരുവായൂർ ക്ഷേത്രത്തിലെ ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ, അമെനിറ്റി സെന്റർ, മൾട്ടി ലെവൽ കാർ പാർക്കിംഗ്, അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുൾപ്പെ ടെയുള്ള സൗകര്യങ്ങൾ നവീകരിച്ചു. 2019 ലെ തീരദേശ മേഖലാ മാനേജ്മെന്റ് പ്ലാനിന്റെ ഭാഗമായി കേരളത്തിന്റെ തീരപ്രദേശങ്ങൾക്കായുള്ള ടൂറിസം പ്ലാനും കെടിഐഎൽ തയ്യാറാക്കിയിരുന്നു.

വേളിയെ ടൂറിസം ഹബ്ബാക്കി മാറ്റുന്നതിന്റെ ഭാഗമായി, ടൂറിസ്റ്റ് ഫെസിലിറ്റി സെന്റർ, കൺവെൻഷൻ സെന്റർ എന്നിവ പൂർത്തിയാക്കുകയും അർബൻ വെറ്റ്ലാൻഡ് നേച്ചർ പാർക്ക് എന്ന ആശയത്തിനു രൂപം നൽകുകയും ചെയ്തു. വടക്കൻ മലബാർ മേഖലയ്ക്കായി സമഗ്രമായ അടിസ്ഥാന സൗകര്യ നിക്ഷേപ പദ്ധതികൾ തയ്യാറാക്കി, ടൂറിസം നിക്ഷേപ സാധ്യതയുള്ള 28 മേഖലകൾ കണ്ടെത്തി. മാസ്റ്റർ പ്ലാനുകൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. മടവൂർപാറ ടൂറിസം സോണിന്റെ ആദ്യഘട്ടം ഉദ്ഘാടനം ചെയ്തു. കൂടുതൽ സൗകര്യ ങ്ങൾക്കായി 1.3 ഏക്കർ കൂടി ഏറ്റെടുത്തു. തിരുവനന്ത പുരം ജില്ലയിലെ കായൽ ടൂറിസം സാധ്യതകൾ പ്രയോ ജനപ്പെടുത്താനായി കഠിനംകുളം-അഞ്ചുതെങ്ങ് കായൽ ടൂറിസം ഇടനാഴിയും കെടിഐഎൽ ആരംഭിച്ചിട്ടുണ്ട്. മൂന്ന് സ്ഥലങ്ങളിലെ ബോട്ട് ജെട്ടികൾ പൂർത്തിയായി. നാലാമ ത്തേതിന്റെ പണി പൂർത്തിയായി വരുന്നു. കേരളത്തിന്റെ ഉൾനാടൻ ജലപാത ടൂറിസം സാധ്യതകൾ വർധിപ്പിക്കു ന്നതിനുള്ള സുപ്രധാന സംരംഭത്തെ പ്രതിനിധീകരിക്കുന്ന ഈ പദ്ധതിയുടെ എല്ലാ തയ്യാറെടുപ്പ് പഠനങ്ങളും അന്തിമ ഘട്ടത്തിലാണ്.

ആഗോള പ്രവണതകൾക്ക് അനുസൃതമായി സംസ്ഥാനത്തിന്റെ ടൂറിസം കാഴ്ചപ്പാടും തന്ത്രങ്ങളും പുനർ നിർവചിച്ചുകൊണ്ട് കെടിഐഎൽ കേരള ടൂറിസം പതിപ്പ് 2.0 തയ്യാറാക്കിയിട്ടുണ്ട്. കൊച്ചിയിലും മുസിരിസിലും അവതരിപ്പിച്ച ഹോപ്-ഓൺ-ഹോപ്പ്-ഓഫ് ബോട്ടുകളും വാട്ടർ ടാക്സികളും ജലാധിഷ്ഠിത ഗതാഗത, ടൂറിസം അനുഭവങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ട്. നഗര നവീകരണ സംരംഭങ്ങൾക്ക് കീഴിൽ, കെടിഐഎൽ സംസ്ഥാനത്തുട നീളമുള്ള ഓവർബ്രിഡ്ജുകൾക്ക് താഴെ WE-പാർക്കുകൾ (വെൽനെസ് ആൻഡ് എന്റർടെയിൻമെന്റ് പാർക്കുകൾ) വികസിപ്പിക്കുന്നു. കൊല്ലം എസ്.എൻ കോളേജിന് സമീപം റെയിൽവേ പാലത്തിനടിയിൽ സ്ഥിതി ചെയ്യുന്ന ബ്രിഡ്ജ് വൈബ്സ് 2025 മാർച്ചിലാണ് ഉദ്ഘാടനം ചെയ്തത്.

ടൂറിസം നിക്ഷേപക സംഗമത്തിൽ നിന്നുള്ള നിർദ്ദേശങ്ങൾ കാര്യക്ഷമമാക്കുന്നതിനും പദ്ധതിനടപ്പാക്കൽ ത്വരിതപ്പെടുത്തുന്നതിനുമായി കെടിഐഎല്ലിന്റെ തിരുവനന്തപുരം ഓഫീസിൽ ടൂറിസം ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ സെൽ സ്ഥാപിച്ചു. കാരവൻ ടൂറിസം നയം, കേരള സംസ്ഥാന രൂപകൽപ്പന നയം, ഹെലി ടൂറിസം നയം, ക്രൂസ് ടൂറിസം നയം എന്നിവ രൂപീകരിക്കുന്നതിലും കെടിഐഎൽ പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്.

**ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ**

കാസർകോട് ജില്ലയിലെ ടൂറിസം വർദ്ധിപ്പിക്കുന്നതിന് നിരവധി സംരംഭങ്ങളിൽ സജീവമായി ഏർപ്പെട്ടിരിക്കുന്ന ടൂറിസം വകുപ്പിന് കീഴിലുള്ള ഒരു പൊതുമേഖലാ സ്ഥാപനമാണ് ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ (ബിആർഡിസി).

ടാറ്റ ഗ്രൂപ്പിന് കീഴിലുള്ള ഇന്ത്യൻ ഹോട്ടൽസ് കമ്പനി ലിമിറ്റഡ് (ഐഎച്ച്സിഎൽ) 2024 ഡിസംബറിൽ ഡെസ്റ്റിനേഷൻ വെഡ്ഡിംഗുകൾ, മീറ്റിംഗുകൾ, ഇൻസെന്റീവുകൾ, കോൺഫറൻസുകൾ, എക്സിബിഷനുകൾ (എംഐസിഇ) ടൂറിസം എന്നിവയ്ക്കായി വിപുലമായ സൗകര്യങ്ങൾ ഉൾക്കൊള്ളുന്ന 151 മുറികളുള്ള പ്രോപ്പർട്ടി ആരംഭിച്ചു. 150 മുറികളുള്ള ബജറ്റ് സൗഹൃദ ജിഞ്ചർ ഹോട്ടൽ ഉദ്മ പള്ളത്ത് നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. വിവാഹങ്ങൾക്കും കോൺഫറൻസുകൾക്കുമുള്ള പ്രധാന ലക്ഷ്യസ്ഥാനമായി ബേക്കലിനെ പ്രോത്സാഹിപ്പിക്കാനുള്ള കോർപ്പറേഷന്റെ നയവുമായി യോജിച്ചുകൊണ്ട് ബിആർഡിസിയിൽ നിന്ന് പാട്ടത്തിന് നൽകിയ ഭൂമിയിലാണ് ഈ പ്രോപ്പർട്ടികൾ പ്രവർത്തിക്കുന്നത്. തച്ചങ്ങാട്ടിലെ ബേക്കൽ കൾച്ചറൽ സെന്റർ ഒരു സാംസ്കാരിക കേന്ദ്രമായി പ്രവർത്തിക്കുന്നു. വലിയ ഒത്തുചേരലുകളും ആഘോഷങ്ങളും കൂടാതെ ഇഷ്ടാനുസൃതമാക്കാവുന്ന പാക്കേജുകൾക്കും സേവനങ്ങൾക്കും പേരുകേട്ടതാണ് ബേക്കൽ കൾച്ചറൽ സെന്റർ. ഇത് വിവാഹങ്ങൾ, ജന്മദിന പാർട്ടികൾ, കോർപ്പറേറ്റ് ഇവന്റുകൾ എന്നിവയ്ക്ക് അനുയോജ്യമാണ്. ആയിരക്കണക്കിന് സന്ദർശകരെ ആകർഷിക്കുന്ന ബേക്കൽ ബീച്ച് ഫെസ്റ്റിവലുകൾ ബിആർഡിസി സംഘടിപ്പിക്കുന്നുണ്ട്.

**ഡയറക്ടറേറ്റ് ഓഫ് ഇക്കോടൂറിസം**

കേരള വനം വകുപ്പുമായും മറ്റ് പങ്കാളികളുമായും സഹകരിച്ച് ഇക്കോടൂറിസം ഡയറക്ടറേറ്റ് സംസ്ഥാനത്തുടനീളം സുസ്ഥിരവും സാമൂഹികാധിഷ്ഠിതവുമായ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് നിരവധി സംരംഭങ്ങൾ നടപ്പാക്കിയിട്ടുണ്ട്. 2016-17 ൽ 20 പട്ടികവർഗ അംഗങ്ങൾക്ക് കിറ്റ്സ് വഴി നൈപുണ്യ വികസന പരിശീലനം നൽകുകയും, മൂന്ന് ബസുകളിലായുള്ള ആങ്ങാമൂഴി-ഗവി കാനന സഫാരിക്ക് വേണ്ട പിന്തുണ നൽകുകയും, ചിൽഡ്രൻസ് പാർക്ക് പുതുക്കിപ്പണിയുകയും, തെന്മല ഇക്കോടൂറിസം പ്രോജക്ടിൽ ലൈറ്റ് ആൻഡ് സൗണ്ട് ഷോ വികസിപ്പിക്കുകയും ചെയ്തു. വയനാട് ഡിടിപിസിയും വയനാട് ടൂറിസം ഓർഗനൈസേഷനും ചേർന്നാണ് 2017 ൽ അന്താരാഷ്ട്ര മൗണ്ടൻ സൈക്ലിംഗ് പരിപാടി സംഘടിപ്പിച്ചത്.

2017-18 കാലയളവിൽ, മീശപ്പുലിമല, റോഡോവാലി, സൈലന്റ് വാലി എന്നിവിടങ്ങളിൽ താമസ സൗകര്യങ്ങൾ നവീകരിച്ചു. ഇക്കോ-അഡ്വഞ്ചർ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു മൈക്രോ വെബ്സൈറ്റ് വികസിപ്പിച്ചിട്ടുണ്ട്. കൂടാതെ വിവിധ ഇക്കോ ടൂറിസം ലക്ഷ്യസ്ഥാനങ്ങൾക്കായി ശേഷി പഠനങ്ങൾ നടത്തി. 2018 ൽ ജഡായുപാറ പദ്ധതി സന്ദർശകർക്കായി തുറന്നു കൊടുത്തു. 2019-20 ൽ തിരുവനന്തപുരം ജില്ലയിലെ അരിപ്പയിൽ ഇക്കോടൂറിസം വികസനം ആരംഭിച്ചു. തെന്മലയിലെ സംഗീത നൃത്ത ജലധാര 2021-22 ൽ പുതുക്കിപ്പണിതു.

2023-24 ൽ റോഡോമാൻഷൻ പദ്ധതി മൂന്നാറിൽ കെ.എഫ്.ഡി.സി വഴി നടപ്പാക്കുകയും കാട്ടാക്കട തൂങ്ങാംപാറ പദ്ധതി പൂർത്തീകരിക്കുകയും ചെയ്തു. കണ്ണൂർ ജില്ലയിലെ മുണ്ടേരികടവയിൽ ഇക്കോടൂറിസം പ്രവർത്തനങ്ങൾ ആരംഭിച്ചു, നെല്ലിയാമ്പതിയിൽ കാരിയിംഗ് കപ്പാസിറ്റി സംബന്ധിച്ച പഠനവും പുനരുദ്ധാരണ പ്രവർത്തനങ്ങളും കിറ്റ്സ് വഴി നടക്കുന്നു. വനംവകുപ്പിന് കീഴിൽ ഇടുക്കി ജില്ലയിലെ വെള്ളപ്പാറയിൽ ഫോറസ്റ്റ് കഫേയും നിർമ്മിച്ചിട്ടുണ്ട്.

**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ്**

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്) ട്രാവൽ, ടൂറിസം, ഹോസ്പിറ്റാലിറ്റി മേഖലകളിൽ വിദ്യാഭ്യാസം, പരിശീലനം, ഗവേഷണം, കൺസൾട്ടൻസി സേവനങ്ങൾ നൽകുന്നതിന് പ്രതിജ്ഞാബദ്ധമാണ്. ടൂറിസം വ്യവസായത്തിലെ വിവിധ പങ്കാളികൾക്ക് പരിശീലനവും ശേഷി വർദ്ധിപ്പിക്കൽ പരിപാടികളും കിറ്റ്സ് നൽകുന്നു, കൂടാതെ ടൂറിസം വികസനത്തിന്റെ വിവിധ വശങ്ങളെക്കുറിച്ചുള്ള ഗവേഷണ, കൺസൾട്ടൻസി പഠനങ്ങൾ നടത്തുകയും ചെയ്യുന്നു. 2024 ൽ ടൂറിസം വിദ്യാഭ്യാസത്തിന് നൽകിയ മികച്ച സംഭാവനകൾക്ക് കിറ്റ്സിന് മെട്രോ എക്സ്പെഡിഷൻ ടൂറിസം അവാർഡ് ലഭിച്ചു. ഇന്റർനാഷണൽ ട്രെയിനിംഗ് സെന്ററും ആംഫി തിയേറ്ററും 2017 ൽ ഉദ്ഘാടനം ചെയ്തു. വിദ്യാർത്ഥികളുടെ സൗകര്യങ്ങൾ വിപുലീകരിക്കാൻ കഴിയുന്ന ഒരു പുതിയ അക്കാദമിക് ബ്ലോക്ക് 2024 ൽ ഉദ്ഘാടനം ചെയ്തു. 2025-26 അധ്യയന വർഷം മുതൽ കേരള സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള മാസ്റ്റർ ഓഫ് ട്രാവൽ ആൻഡ് ടൂറിസം മാനേജ്മെന്റ് കോഴ്സ് ആരംഭിക്കാൻ കിറ്റ്സിന് അനുമതി ലഭിച്ചു. 2019 ൽ കേരള സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്ത B.Com (ട്രാവൽ ആൻഡ് ടൂറിസം) കോഴ്സും 2024 ൽ ഹൈബ്രിഡ് മോഡിൽ അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ ടൂറിസം മാനേജ്മെന്റും ഡിപ്ലോമ ഇൻ ടൂറിസം ആൻട്രപ്രണർഷിപ്പ് കോഴ്സുകളും കിറ്റ്സ് ആരംഭിച്ചു. കേരള ടൂറിസത്തിന് വേണ്ടി 2024 ൽ കേരള ടൂറിസം ഇൻസൈറ്റ്സ് എന്ന പേരിൽ കിറ്റ്സ് വാർത്താ ജേണൽ പ്രസിദ്ധീകരിക്കാൻ തുടങ്ങിയിട്ടുണ്ട്.

**സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്**

കോഴിക്കോട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് ഇന്ത്യാ ഗവൺമെന്റിന്റെ ടൂറിസം മന്ത്രാലയത്തിന്റെ പിന്തുണയോടെ കേരള സർക്കാരിന്റെ ടൂറിസം വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നു, കൂടാതെ ഹോസ്പിറ്റാലിറ്റി വ്യവസായത്തിനായി പ്രൊഫഷണലുകളെ പരിശീലിപ്പിക്കുന്നതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നുണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് നിലവിൽ ഹോസ്പിറ്റാലിറ്റി ആൻഡ് ഹോട്ടൽ അഡ്മിനിസ്ട്രേഷനിൽ ബി.എസ്.സി ബിരുദവും ഭക്ഷ്യ ഉൽപാദനത്തിൽ ഡിപ്ലോമ

പ്രോഗ്രാമും വാഗ്ദാനം ചെയ്യുന്നുണ്ട്. സ്ത്രീ ശാക്തീകരണ പദ്ധതിയിൽ പരമ്പരാഗത ലഘുഭക്ഷണം - ടേസ്റ്റി മേക്കർ, മൾട്ടി ക്യുസിൻ കുക്ക് പ്രോഗ്രാമുകളിലും സൗജന്യ പരിശീലനം നൽകിയിട്ടുണ്ട്. വ്യവസായ വകുപ്പ്, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ട്രെയിനിംഗ് ആൻഡ് ഡെവലപ്മെന്റ് സ്റ്റഡീസ് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ്സ് ആൻഡ് ഷെഡ്യൂൾഡ് ട്രൈബ്സ് (കിർതാഡ്സ്), കേന്ദ്ര സർക്കാരിന്റെ ഹുനാർ സേ റോസ്ഗാർ പദ്ധതി മുതലായ പരിശീലന പരിപാടികൾ വിവിധ വകുപ്പുകൾക്ക് നൽകുന്നുണ്ട്. 2021 ഡിസംബറിൽ 95 വിദ്യാർത്ഥികളെ ഉൾക്കൊള്ളാവുന്ന ആൺകുട്ടികളുടെ ഹോസ്റ്റൽ തുറക്കുകയും 2024-25 ൽ വിദ്യാർത്ഥികളെ അവരുടെ ഭാഷാ കഴിവുകൾ മെച്ചപ്പെടുത്താൻ സഹായിക്കുന്നതിനായി ഒരു ഭാഷാ ലാബും കമ്പ്യൂട്ടർ ലാബും സ്ഥാപിക്കുകയും ചെയ്തു.

### ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്

മെച്ചപ്പെട്ട വൈദഗ്ധ്യം നേടിയ മനുഷ്യവിഭവ ശേഷിയിലൂടെ ടൂറിസം ഹോസ്പിറ്റാലിറ്റി വ്യവസായത്തെ പിന്തുണയ്ക്കുക എന്ന ലക്ഷ്യത്തോടെ 1967 ൽ കേന്ദ്ര സർക്കാരും കേരള

**ബോക്സ് 17.1**
**കേരള ടൂറിസത്തിനുള്ള പുരസ്കാരങ്ങളും അംഗീകാരങ്ങളും**

**അന്താരാഷ്ട്ര അവാർഡുകൾ**

**വേൾഡ് ട്രാവൽ മാർക്കറ്റ് (WTM), ലണ്ടൻ**

ഡബ്ല്യൂടിഎം ബെസ്റ്റ് സ്റ്റാൻഡ് അവാർഡ്, 2023

മികച്ച പ്രാദേശിക സോഴ്സിംഗ് ക്രാഫ്റ്റിനും ഭക്ഷണത്തിനുമുള്ള ഡബ്ല്യൂടിഎം ഗ്ലോബൽ അവാർഡ്, 2023

ഡബ്ല്യൂടിഎം ഗ്ലോബൽ ആർടി അവാർഡ് ഫോർ കൺസേർവിംഗ് വാട്ടർ, ഇംപ്രൂവിംഗ് വാട്ടർ സ്കേർസിറ്റി ആൻഡ് സപ്ലൈ ഫോർ നെയ്ബേർസ്, ഫോർ വാട്ടർ സ്ട്രീറ്റ് ബൈ ആർടി മിഷൻ 2022

ഡബ്ല്യൂടിഎം റെസ്പോൺസിബിൾ ടൂറിസം അവാർഡ് ഫോർ ഇൻക്രീസിംഗ് ഡൈവേഴ്സിറ്റി ഇൻ ടൂറിസം, വൺ ടു വാച്ച് ഫോർ അയ്മനം മോഡൽ ആർടി വില്ലേജ്, ആർടി മിഷൻ, 2021

ഡബ്ല്യൂടിഎം റെസ്പോൺസിബിൾ ടൂറിസം അവാർഡ് ഫോർ മീനിംഗ്ഫുൾ കണക്ഷൻസ്, ഹൈലി കമൻഡഡ്, ഫോർ റെസ്പോൺസിബിൾ ടൂറിസം മിഷൻ കേരള 2020

ഡബ്ല്യൂടിഎം ബെസ്റ്റ് ഇൻ റെസ്പോൺസിബിൾ ടൂറിസം അവാർഡ്, ഫോർ റെസ്പോൺസിബിൾ ടൂറിസം മിഷൻ, 2018

ഡബ്ല്യൂടിഎം ബെസ്റ്റ് ഫോർ മാനേജിംഗ് സക്സസ് ഗോൾഡ് അവാർഡ്, ഫോർ കുമരകം റെസ്പോൺസിബിൾ ടൂറിസം പ്രോജക്ട്, ആർടി മിഷൻ, 2018

ഡബ്ല്യൂടിഎം ഹൈലി കമൻഡഡ് അവാർഡ്, കുമരകം റെസ്പോൺസിബിൾ ടൂറിസം പ്രോജക്ട്, ആർടി മിഷൻ, 2017

**ഐ.സി.ആർ.ടി ഇന്റർനാഷണൽ**

ഗോൾഡ് അവാർഡ് ഫോർ ഡെസ്റ്റിനേഷൻ ബിൽഡിംഗ് ബാക്ക് ബെറ്റർ - പോസ്റ്റ് കോവിഡ് 2022

ഗോൾഡ് അവാർഡ് ഫോർ ഇൻക്രീസിംഗ് ഡൈവേഴ്സിറ്റി ഇൻ ടൂറിസം - ഹൗ ഇൻക്ലൂസീവ് ഈസ് ഔർ ഇൻഡസ്ട്രി 2022

ഗോൾഡ് അവാർഡ് ഫോർ റെഡ്യൂസിംഗ് പ്ലാസ്റ്റിക് വേസ്റ്റ് ഇൻ ദി എൻവയോൺമെന്റ് 2022

ഗോൾഡ് അവാർഡ് ഫോർ കൺസേർവിംഗ് വാട്ടർ, ഇംപ്രൂവിംഗ് വാട്ടർ സ്കേഴ്സിറ്റി ആൻഡ് സപ്ലൈ ഫോർ നെയ്ബേർസ് 2022

**പസഫിക് ഏഷ്യ ട്രാവൽ അസോസിയേഷൻ (PATA)**

ഗോൾഡ് അവാർഡ് ഫോർ ഡിജിറ്റൽ മാർക്കറ്റിംഗ് കാമ്പെയ്ൻ, വാട്ട്സ്ആപ്പ് മായ ഹോളിഡേ ഹെയ്സ്റ്റ് - ഓൺലൈൻ കോൺടെസ്റ്റ്, 2024

ഗോൾഡ് അവാർഡ് ഫോർ മാർക്കറ്റിംഗ് കാമ്പെയ്ൻ (സ്റ്റേറ്റ് ആൻഡ് സിറ്റി - ഗ്ലോബൽ), പാക്ക് അപ്പ് ഫോർ കേരള, 2023

ഗോൾഡ് അവാർഡ് ഫോർ പ്രിന്റഡ് മാർക്കറ്റിംഗ് കാമ്പെയ്ൻ, ചേഞ്ച് ഓഫ് എയർ കാമ്പെയ്ൻ, 2022

ഗോൾഡ് അവാർഡ് ഫോർ വുമൻ എംപവർമെന്റ് ഇൻ ടൂറിസം സെക്ടർ, ഫോർ റെസ്പോൺസിബിൾ ടൂറിസം വുമൻ എംപവർമെന്റ് ആക്ടിവിറ്റീസ് അറ്റ് കുമരകം 2019

**കോണ്ടെ നാസ്റ്റ്**

2022-ൽ തീർച്ചയായും കാണേണ്ട സ്ഥലങ്ങളിലൊന്നായി അയ്മനം മോഡൽ ആർടി വില്ലേജ് പട്ടികപ്പെടുത്തി

**ദേശീയ പുരസ്കാരങ്ങൾ**

**ടൂറിസം മന്ത്രാലയം, ഇന്ത്യാ ഗവൺമെന്റ്**

ദേശീയ ടൂറിസം അവാർഡ്, മികച്ച ഉത്തരവാദിത്ത ടൂറിസം ഗ്രാമം വിഭാഗം 2024 - കടലുണ്ടി,

ദേശീയ ടൂറിസം അവാർഡ്, മികച്ച അഗ്രി ടൂറിസം വില്ലേജ് വിഭാഗം 2024 - കുമരകം

ദേശീയ ടൂറിസം ഗോൾഡ് അവാർഡ് , മികച്ച ഗ്രാമീണ ടൂറിസം പദ്ധതി 2023 - കാന്തല്ലൂർ സ്ട്രീറ്റ് പ്രോജക്ട്

ദേശീയ ടൂറിസം അവാർഡ്, ഹാൾ ഓഫ് ഫെയിം വിഭാഗത്തിലെ ഏറ്റവും ഉത്തരവാദിത്തമുള്ള ടൂറിസം പ്രോജക്ട്/സംരംഭം 2018 - വയനാട്,

**ഇന്ത്യ ഐസിആർടി അവാർഡുകൾ**

ഗോൾഡ് അവാർഡ്, എംപ്ലോയിംഗ് ആൻഡ് അപ് സ്കില്ലിംഗ് ലോക്കൽ കമ്മ്യൂണിറ്റി, ഫോർ ബേപ്പൂർ ആർടി പ്രോജക്ക്റ്റ് 2024

ഗോൾഡ് അവാർഡ്, ബെസ്റ്റ് ഫോർ ലോക്കൽ സോഴ്സിംഗ്, ക്രാഫ്റ്റ് ആൻഡ് ഫുഡ് ഫോർ വിഎൽഇ 2023

ഗോൾഡ് അവാർഡ്, ഫോർ പ്ലാസ്റ്റിക് വേസ്റ്റ് എലിമിനേഷൻ ആൻഡ് വാട്ടർ കൺസർവേഷൻ അണ്ടർ വാട്ടർ സ്ട്രീറ്റ് പ്രോജക്ക്റ്റ്

**മറ്റുള്ളവ**

ടോഫ് ടൈഗേഴ്സ് സാങ്ച്വറി ഏഷ്യ അവാർഡ് ഫോർ കേരള ടൂറിസം ഫോർ ഇറ്റ്സ് കമ്മിറ്റ്മെന്റ് ടു സസ്റ്റെയ്നബിൾ ആൻഡ് റെസ്പോൺസിബിൾ വൈൽഡ് ലൈഫ് ടൂറിസം, ഡിസംബർ 2024

മെട്രോ എക്സ്പെഡിഷൻ ടൂറിസം അവാർഡ് ഫോർ കിറ്റ്സ് ഫോർ ഇറ്റ്സ് ഔട്ട്സ്റ്റാൻഡിംഗ് കോൺട്രിബ്യൂഷൻ ടു ടൂറിസം എജ്യുക്കേഷൻ 2024

ട്രാവലർ റിവ്യൂ അവാർഡ്, കേരള ഈസ് റാങ്ക്ഡ് ഫസ്റ്റ് ഇൻ ദി 'മോസ്റ്റ് വെൽക്കമിംഗ് റീജിയൺ ഇൻ ഇന്ത്യ' 2022

ട്രാവൽ + ലെഷർ ഗ്ലോബൽ വിഷൻ അവാർഡ് ഫോർ കേരള റെസ്പോൺസിബിൾ ടൂറിസം ഇനിഷ്യേറ്റീവ്, 2022

Booking.com ട്രാവലർ റിവ്യൂ അവാർഡ് ഫോർ ദി മോസ്റ്റ് വെൽക്കമിംഗ് റീജിയൺ ഇൻ ഇന്ത്യ, 2022

ഇന്ത്യ റീഡേഴ്സ് ചോയ്സ് അവാർഡ് ഫോർ ബെസ്റ്റ് വെഡ്ഡിംഗ് ഡെസ്റ്റിനേഷൻ, 2022

ഇന്ത്യൻ റെസ്പോൺസിബിൾ ടൂറിസം അവാർഡ് ഫോർ ബെസ്റ്റ് ഫ്യൂച്ചർ ഫോർവേഡ് സ്റ്റേറ്റ് കാറ്റഗറി ഫോർ കേരള ടൂറിസം റെസ്പോൺസിബിൾ ടൂറിസം ഇനിഷ്യേറ്റീവ്, 2021

സർക്കാരും സംയുക്തമായി സ്ഥാപിച്ച ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് (എഫ്സിഐ) ടൂറിസം വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നു. ഇൻസ്റ്റിറ്റ്യൂട്ടിന് കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി 13 സെന്ററുകളുണ്ട്. ഫ്രണ്ട് ഓഫീസ് ഓപ്പറേഷൻ, ഫുഡ് ആൻഡ് ബിവറേജ് സർവീസ്, ഫുഡ് പ്രൊഡക്ഷൻ, ബേക്കറി ആൻഡ് കൺഫെക്ഷനറി, ഹോട്ടൽ അക്കോമഡേഷൻ ഓപ്പറേഷൻ, കാനിംഗ്, ഭക്ഷ്യ സംരക്ഷണം എന്നിവയാണ് നിലവിലുള്ള കോഴ്സുകൾ. വിനോദസഞ്ചാര വ്യവസായത്തിൽ തൊഴിലവസരങ്ങൾ ലഭ്യമാക്കാൻ താഴ്ന്ന വരുമാനമുള്ള കുടുംബങ്ങൾക്ക് മിതമായ നിരക്കിൽ എഫ് സി ഐ പരിശീലനം നൽകുന്നു. വിവിധ പരിപാടികളിലൂടെ നൈപുണ്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ മറ്റ് സർക്കാർ ഏജൻസികളായ കുടുംബശ്രീ, അസാപ്, ജയിലുകൾ, മറ്റ് കേന്ദ്ര-സംസ്ഥാന സർക്കാർ സംഘടനകൾ എന്നിവയുമായി സഹകരിച്ച് പ്രവർത്തിക്കുന്നു.

**സംസ്ഥാന ടൂറിസം മേഖലയിലെ പുതിയ പങ്കാളികൾ**

കഴിഞ്ഞ ദശകത്തിൽ, സംസ്ഥാനത്തെ ടൂറിസത്തിന്റെ വളർച്ചയ്ക്കും വൈവിധ്യവൽക്കരണത്തിനും നിരവധി പുതിയ ഏജൻസികൾ കാര്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്. വനം, ജലസേചനം, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (കെ.എസ്.ആർ.ടി.സി), കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് (കെ.എസ്.ഇ.ബി), സംസ്ഥാന ജലഗതാഗത വകുപ്പ് (എസ്.ഡബ്ല്യു.ടി.ഡി), കേരള ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ (കെ.എസ്.ഐ.എൻ.സി) തുടങ്ങിയ വകുപ്പുകൾ സമഗ്രവും, ഉത്തരവാദിത്തമുള്ളതും, വൈവിധ്യമാർന്നതുമായ ടൂറിസം എന്ന സംസ്ഥാനത്തിന്റെ കാഴ്ചപ്പാട് ശക്തിപ്പെടുത്താൻ ഒരുമിച്ച് പ്രവർത്തിച്ചിട്ടുണ്ട്.

മെച്ചപ്പെട്ട വനപാതകൾ, വന്യജീവി സങ്കേതങ്ങൾ, ഇക്കോ ലോഡ്ജുകൾ എന്നിവയിലൂടെ തേക്കടി, പറമ്പിക്കുളം, വയനാട് തുടങ്ങിയ സ്ഥലങ്ങളിൽ വനം വകുപ്പ് ഇക്കോടൂറിസം വിപുലീകരിച്ചു. ഇടുക്കി, കക്കയം, ബാണാസുര സാഗർ, കുണ്ടള എന്നിവ ഉൾപ്പെടെയുള്ള അണക്കെട്ട് സൈറ്റുകൾ ബോട്ടിംഗ്, പ്രകൃതി പാതകൾ, പ്രകൃതി കാഴ്ചകൾ എന്നീ സൗകര്യങ്ങളോടെ പരിസ്ഥിതി സൗഹൃദ ടൂറിസം കേന്ദ്രങ്ങളാക്കി മാറ്റിയിരിക്കുകയാണ്. കെ.എസ്.ഇ.ബിയുടെ ഹൈഡൽ ടൂറിസം സംരംഭങ്ങൾ. കാരാപ്പുഴ, മലങ്കര, കല്ലട തുടങ്ങിയ റിസർവോയറുകൾക്ക് ചുറ്റും നടപ്പാതകൾ, പൂന്തോട്ടങ്ങൾ, വിനോദ ഇടങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന ടൂറിസം മേഖലകൾ ജലസേചന വകുപ്പ് വികസിപ്പിച്ചിട്ടുണ്ട്.

കൊച്ചി മെട്രോ റെയിൽ ലിമിറ്റഡുമായി സഹകരിച്ച് എടപ്പള്ളിയിലും ചിലവന്നൂരിലും കനാൽ പുനരുജ്ജീവന പദ്ധതികൾ പുരോഗമിക്കുകയാണ്. അർബൻ ടൂറിസവും സഞ്ചാരവും മെച്ചപ്പെടുത്തുന്നതിനായി ഹരിത ഇടങ്ങളും നടപ്പാതകളും ഒരുക്കുന്നു. താങ്ങാനാവുന്ന ചെലവിൽ യാത്രയ്ക്കാവശ്യമായ സേവനങ്ങളെല്ലാം ഉൾപ്പെടുന്ന വിവിധ ബജറ്റ് ടൂറിസം പാക്കേജുകൾ കെ.എസ്.ആർ.ടി.സി അവതരിപ്പിച്ചു, അതേസമയം, കെ.എസ്.ഐ.എൻ.സി വിവിധ ടൂറിസ്റ്റ് ബോട്ടുകളും നെഫെർട്ടിറ്റി, സാഗരറാണി തുടങ്ങിയ പ്രത്യേക ക്രൂസുകളും പ്രവർത്തിപ്പിക്കുന്നു. താങ്ങാനാവുന്ന ചെലവിലുള്ള ബോട്ട് സേവനങ്ങൾ നൽകിയും, ബജറ്റ് സൗഹൃദ ടൂറിസം പാക്കേജുകൾ വികസിപ്പിച്ചും എസ്ഡബ്ല്യുടിഡിയും ഈ ശ്രമങ്ങളെ പിന്തുണയ്ക്കുന്നു.

**വെല്ലുവിളികൾ**

വിനോദസഞ്ചാരികൾ ചില പ്രത്യേക മാസങ്ങളിൽ കൂടുതലായി എത്തിച്ചേരുന്നതിനാൽ, മറ്റു മാസങ്ങളിൽ ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാനസൗകര്യങ്ങൾ പൂർണ്ണമായും പ്രയോജനപ്രദമാകുന്നില്ല. ഹിൽ സ്റ്റേഷനുകൾ, കായലുകൾ തുടങ്ങിയ പരിസ്ഥിതി ലോല മേഖലകൾ ജനത്തിരക്ക് പ്രകൃതിവിഭങ്ങളുടെ അമിത ഉപയോഗം എന്നിവ നേരിടുന്നു. ഗ്രാമപ്രദേശങ്ങളിലും, പുതിയ

വിനോദസഞ്ചാരകേന്ദ്രങ്ങളിലും ശരിയായ റോഡുകൾ, ശുചിത്വം, മാലിന്യ സംസ്കരണം, അവസാന മൈൽ കണക്റ്റി വിറ്റി എന്നിവയില്ല. വെള്ളപ്പൊക്കവും പ്രവചനാതീതമായ മഴക്കാലവും ടൂറിസത്തെ ബാധിക്കുകയും വിനോദസഞ്ചാരി കളുടെ ആത്മവിശ്വാസം കുറയ്ക്കുകയും ചെയ്യുന്നു. കൂടാതെ, സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിന് മികച്ച പരിശീലനം ലഭിച്ച ജീവനക്കാരുടെയും ബഹുഭാഷാ ഗൈഡുകളുടെയും ആവശ്യകതയുണ്ട്.

**നയരൂപീകരണം**

ഏകോപിത നയ പ്രവർത്തനം, ബന്ധപ്പെട്ടവരുടെ ഇടപെ ടൽ, ഭാവിയിലേക്ക് അനുയോജ്യമായ ആസൂത്രണം എന്നിവ യിലൂടെ കേരള സർക്കാർ ഈ വെല്ലുവിളികളെ നേരിടുന്നു. ഊന്നൽ നൽകുന്ന മേഖലകൾ ചുവടെ രേഖപ്പെടുത്തുന്നു:

**വർഷം മുഴുവനും സന്ദർശിക്കാവുന്ന ടൂറിസ്റ്റ് കേന്ദ്രം**: വൈ വിധ്യമാർന്ന ഭൂമിശാസ്ത്രം പ്രയോജനപ്പെടുത്തിയും, നൂതന ടൂറിസം ഉൽപന്നങ്ങളെ പിന്തുണച്ചും വർഷം മുഴുവനും സന്ദർശിക്കാനാവുന്ന ടൂറിസം കേന്ദ്രമായി സംസ്ഥാനത്തെ മാറ്റുന്ന ഉദ്യമമാണിത്.

**സുസ്ഥിര വിനോദസഞ്ചാര കേന്ദ്രങ്ങൾ വികസിപ്പിക്കൽ**: പുനരുപയോഗ ഊർജം, മാലിന്യ സംസ്കരണം, ജലസംരക്ഷ ണം, ഇലക്ട്രിക് വാഹനങ്ങൾ തുടങ്ങിയ പരിസ്ഥിതി സൗഹൃദ രീതികളിലൂടെ കേരളം സുസ്ഥിര വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നു. സൂചന അടയാളങ്ങൾ, പരിശീലനം ലഭിച്ച ജീവനക്കാർ, കുടുംബ സൗഹൃദ സൗകര്യങ്ങൾ എന്നിവയിലൂടെ വിനോദസഞ്ചാര കേന്ദ്രങ്ങൾ മെച്ചപ്പെടു ത്തുന്നു.

**എംഐസിഇ ലക്ഷ്യസ്ഥാനമെന്ന മുൻഗണന**: ഭൂമിശാസ്ത്രപര മായി അനുയോജ്യമായ പ്രദേശവും നാല് അന്താരാഷ്ട്ര വിമാ നത്താവളങ്ങൾ (തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ), പ്രധാന തുറമുഖങ്ങൾ, വിപുലമായ റോഡ് ശൃംഖല എന്നിവയിലൂടെയുള്ള മികച്ച കണക്റ്റിവിറ്റിയും സംസ്ഥാനത്തിനുണ്ട്. ആയതിനാൽ ആഭ്യന്തര, അന്തർ ദ്ദേശീയ എംഐസിഇ (മീറ്റിംഗുകൾ, ഇൻസെന്റീവുകൾ, കോൺഫറൻസുകൾ, എക്സിബിഷനുകൾ) ടൂറിസത്തിന് ആകർഷകമായ ലക്ഷ്യസ്ഥാനമായി കേരളത്തെ മാറ്റുന്നു.

**വെൽനെസ്, മെഡിക്കൽ ടൂറിസം കേന്ദ്രമായി ഉയർ ത്തുക**

പരമ്പരാഗത ചികിത്സാ സമ്പ്രദായങ്ങളുടെ സമാനതക ളില്ലാത്ത സമന്വയവും ആധുനിക ആരോഗ്യ സംരക്ഷണ അടിസ്ഥാന സൗകര്യങ്ങളും ശാന്തമായ പ്രകൃതിയും കേര ളത്തിന് ആരോഗ്യ, സൗഖ്യ ടൂറിസത്തിന്റെ ആഗോള കേന്ദ്ര മാകാൻ വലിയ സാദ്ധ്യതകളാണ് തുറന്നിടുന്നത്. ആയുർ വേദത്തിന്റെ ഉത്ഭവസ്ഥാനമായി അറിയപ്പെടുന്ന കേരളം, പഞ്ചകർമ്മ ചികിത്സ, യോഗ, ധ്യാനം, പ്രകൃതിചികിത്സ തുടങ്ങിയ ആധികാരിക ആരോഗ്യ അനുഭവങ്ങൾ പ്രദാനം ചെയ്തുകൊണ്ട്, ലോകമെമ്പാടും നിന്ന് ആരോഗ്യ ശ്രദ്ധ യുള്ള സഞ്ചാരികളെ ആകർഷിക്കുന്നു.

**ഉചിതമായ വിപണി കണ്ടെത്തൽ**: മത്സരം വർദ്ധിച്ചു വരുന്ന ആഗോള സഞ്ചാര മേഖലയിൽ കേരള ടൂറിസത്തിന് ഉചിതമായ വിപണി പ്രാതിനിധ്യം കണ്ടെത്തേണ്ടത് അത്യാ വശ്യമാണ്.

**മുന്നോട്ടുള്ള വഴി**

2018 ലെ വെള്ളപ്പൊക്കം, കോവിഡ്-19 മഹാമാരി തുടങ്ങിയ വെല്ലുവിളികളെ വിജയകരമായി അതിജീവിച്ച് കേരളത്തിന്റെ ടൂറിസം മേഖല അതിശയകരമായ പ്രതി രോധശേഷിയും വളർച്ചയും കൈവരിച്ച് എല്ലാവരെയും ഉൾക്കൊണ്ട് കൂടുതൽ കരുത്തോടെ ഉയർന്നു വന്നു. ആഭ്യന്തര, അന്തർദേശീയ വിനോദസഞ്ചാരികളുടെ വരവിൽ ക്രമാനുഗതമായ വർദ്ധനവ്, മെച്ചപ്പെട്ട ടൂറിസം അടിസ്ഥാന സൗകര്യങ്ങൾ, സുസ്ഥിരവും ഉത്തരവാദിത്തമുള്ളതുമായ ടൂറിസത്തിന്റെ വർദ്ധിച്ചുവരുന്ന പ്രശസ്തി എന്നിവയുൾപ്പെ ടെ സുപ്രധാന നാഴികക്കല്ലുകൾ സംസ്ഥാനം നേടി. വർഷം മുഴുവനും ടൂറിസം വികസനം, ഡിജിറ്റൽ നവീകരണം, പരിസ്ഥിതി സൗഹൃദ രീതികൾ തുടങ്ങിയ സംരംഭങ്ങൾ കേരളത്തെ ഇന്ത്യയിലെ മാതൃകാ ലക്ഷ്യസ്ഥാനമാക്കി മാറ്റി.

സംസ്ഥാനത്തുടനീളം അതിന്റെ പ്രകൃതി സൗന്ദര്യവും സാംസ്കാരിക സമൃദ്ധിയും പ്രതിഫലിപ്പിക്കുന്ന തരത്തിൽ വൃത്തിയുള്ളതും ആകർഷകവും നന്നായി പരപാലിക്കപ്പെ ടുന്നതുമായ ടൂറിസം ഹബ്ബുകൾ വികസിപ്പിക്കുക എന്ന താണ് കേരളത്തിന്റെ ടൂറിസം മേഖലയുടെ ദീർഘകാല കാഴ്ചപ്പാട്. കേരളത്തിന്റെ ടൂറിസം മാസ്റ്റർ പ്ലാനിന് അനു സൃതമായും പ്രാദേശിക പൈതൃകം, സൗന്ദര്യശാസ്ത്രം, സാമൂഹ്യ മൂല്യങ്ങൾ എന്നിവയുമായി പൊരുത്തപ്പെടുന്ന രീതിയിൽ വികസിപ്പിച്ച ഒരു സവിശേഷ അനുഭവമായാണ് ഓരോ ലക്ഷ്യസ്ഥാനവും വിഭാവനം ചെയ്തിരിക്കുന്നത്.

ഭാവിയിലേക്ക് നോക്കുമ്പോൾ, വെൽനസ് ടൂറിസം, വർക്കേഷനുകൾ, ആഴത്തിലുള്ള സാംസ്കാരിക അനുഭവ ങ്ങൾ എന്നിവയിൽ ഉയർന്നുവരുന്ന അവസരങ്ങൾ പ്രയോ ജനപ്പെടുത്താൻ കേരളം സുസജ്ജമാണ്. ദ്രുതഗതിയിലുള്ള നയം നടപ്പാക്കൽ, പങ്കാളികളുടെ സഹകരണം ശക്തിപ്പെ ടുത്തൽ, സാങ്കേതിക വിദ്യയുടെ വിപുലമായ സംയോജനം എന്നിവയിലൂടെ സാമ്പത്തിക വളർച്ച, തൊഴിലവസര ങ്ങൾ സൃഷ്ടിക്കൽ, പാരിസ്ഥിതിക സുസ്ഥിരത എന്നിവയ്ക്ക് ടൂറിസം ഗണ്യമായ സംഭാവന നൽകുന്നുവെന്ന് ഉറപ്പാക്കി സംസ്ഥാനം അതിവേഗം പുരോഗമിക്കുകയാണ്.

അധ്യായം 18

# കേരളത്തിന്റെ ബാങ്കിംഗ് ഘടനയും സഹകരണ മേഖലയും: ഒരു സംയോജിത വിശകലനം

വാണിജ്യ ബാങ്കുകൾ, വികസിത സഹകരണ സ്ഥാപനങ്ങൾ, സജീവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കമ്മ്യൂണിറ്റി സംഘടനകൾ എന്നിവ തമ്മിലുള്ള ഇടപെടലിലൂടെയാണ് സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖല രൂപപ്പെടുന്നത്. കഴിഞ്ഞ ദശകത്തിൽ, വിവിധ സ്ഥാപനങ്ങൾ, വികേന്ദ്രീകൃത ഭരണം, വിശാലമായ പങ്കാളിത്തം എന്നിവ സംസ്ഥാനത്തിന്റെ സാമൂഹിക മൂല്യങ്ങളിൽ വേരൂന്നിയതും പ്രാപ്യവും പ്രതിരോധശേഷിയുള്ളതുമായ ഒരു സാമ്പത്തിക ആവാസവ്യവസ്ഥ സൃഷ്ടിക്കാൻ സഹായിച്ചിട്ടുണ്ട്. ഉൽപാദന, സേവന മേഖലകളിലെ സഹകരണ സ്ഥാപനങ്ങളുടെ വളർച്ചയിലും ഗണ്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്. ശക്തമായ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, ഫെഡറേറ്റഡ് സഹകരണ സംഘങ്ങൾ, കർഷക ഉൽപാദക കമ്പനികൾ, കുടുംബശ്രീ യൂണിറ്റുകൾ, തൊഴിൽ സഹകരണ സംഘങ്ങൾ എന്നിവയിൽ നിന്നാണ് ഈ വളർച്ച ശക്തി പ്രാപിക്കുന്നത്. കഴിഞ്ഞ ദശകത്തിൽ ഈ മേഖലയിലെ നയങ്ങളും പദ്ധതികളും സംസ്ഥാനത്തിന് കൂട്ടായ പ്രവർത്തനത്തിന്റെ നേട്ടങ്ങൾ കൊയ്യുന്നതിനും ജനങ്ങളോടുള്ള പ്രതിബദ്ധതയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനും ഒരു വേദിയൊരുക്കി. ഉയർന്ന സാക്ഷരതയും ഔപചാരിക സാമ്പത്തിക സംവിധാനങ്ങളോടുള്ള ശക്തമായ പങ്കാളിത്തവും, ദീർഘകാലം നിലനിന്ന വരുമാനാധിഷ്ഠിത സമ്പദ്‌വ്യവസ്ഥയും, സഹകരണ സ്ഥാപനങ്ങളിലേക്കുള്ള ആദ്യകാല നിക്ഷേപങ്ങളും, ശക്തമായ പ്രാദേശിക സ്വയംഭരണ സംസ്കാരവും കേരളത്തിന്റെ ജനസംഖ്യാപരമായ സാമൂഹിക-രാഷ്ട്രീയ ഘടകങ്ങളെ പ്രതിഫലിപ്പിക്കുന്നു. ഈ ഘടകങ്ങൾ ഒത്തുചേർന്ന്, ഇന്ത്യയിലെ മറ്റു പല സംസ്ഥാനങ്ങളുടെയും അനുഭവങ്ങളിൽ നിന്ന് വിഭിന്നമായി, വിപുലമായ സാമ്പത്തിക അടിസ്ഥാന സൗകര്യം കേരളത്തിൽ സൃഷ്ടിച്ചു.

കേരളത്തിന്റെ സാമ്പത്തിക ഉൾച്ചേർക്കലിന്റെ ആഴം പലപ്പോഴും ദേശീയ താരതമ്യങ്ങളിൽ എടുത്തുകാട്ടാറുണ്ട്. സംസ്ഥാനത്ത് ബാങ്ക് ശാഖകളുടെ എണ്ണത്തിലും, നിക്ഷേപങ്ങളിലും, പ്രതിശീർഷ വായ്പകളിലുമെല്ലാം സ്ഥിരമായ മുന്നേറ്റം ഉണ്ടായിയിട്ടുണ്ട്; പൊതു, സ്വകാര്യ വാണിജ്യ ബാങ്കുകളുടെ ശക്തമായ സാന്നിധ്യവും, ചരിത്രപരമായി തന്നെ സ്വാധീനമുള്ള സഹകരണ ബാങ്കിംഗ് ഘടനയും ഡിജിറ്റൽ സാമ്പത്തിക സേവനങ്ങൾ അതിവേഗം സ്വീകരിക്കുന്ന ഒരു പൗരസമൂഹവും കേരളത്തിനുണ്ട്. സാർവത്രികമായ ബാങ്ക് അക്കൗണ്ട് ഉടമസ്ഥതയും ശക്തമായ ഡിജിറ്റൽ സാന്നിധ്യവും ഉള്ളതിനാൽ, കേരളത്തെ 2023 ജനുവരിയിൽ ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ ഡിജിറ്റൽ ബാങ്കിംഗ് സംസ്ഥാനമായി പ്രഖ്യാപിച്ചു. ഈ നേട്ടം സാങ്കേതിക പുരോഗതിയോടൊപ്പം വാണിജ്യ ബാങ്കുകൾ, സഹകരണബാങ്കുകൾ, സംസ്ഥാന സർക്കാർ വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (എൽ എസ് ജി കൾ) എന്നിവ തമ്മിലുള്ള ഫലപ്രദമായ ഏകോപനത്തെയും സൂചിപ്പിക്കുന്ന പ്രധാന നാഴികക്കല്ലാണ്.

കേരളത്തിന്റെ സാമ്പത്തിക ഘടന ഇന്ന് വാണിജ്യ ബാങ്കിംഗിൽ ശക്തമായി ഉറച്ചുനിൽക്കുമ്പോൾത്തന്നെ, ഗ്രാമീണ വായ്പാ സംവിധാനത്തിന്റെ അടിത്തറ സഹകരണ പ്രസ്ഥാനത്തിലാണ്. ദേശസാൽക്കരണത്തിനു ശേഷം വാണിജ്യ ബാങ്കുകൾ ഗ്രാമപ്രദേശങ്ങളിലേക്ക് വ്യാപിക്കുന്നതിന് വളരെ മുമ്പുതന്നെ, സഹകരണ സംഘങ്ങളും ബാങ്കുകളും കാർഷിക വായ്പയ്ക്കും സമ്പാദ്യ സമാഹരണത്തിനുമുള്ള പ്രധാന ചാനലായി പ്രവർത്തിച്ചിരുന്നു. സ്ഥലപരമായ സാമീപ്യം, പ്രാദേശിക ഭരണസംവിധാനം, അംഗങ്ങളെ കേന്ദ്രീകരിച്ചുള്ള ഘടന എന്നിവ സ്ഥാപനപരമായ വായ്പകൾ വ്യാപകമായി ലഭ്യമാകാൻ സഹായകരമായി. 2000മാണ്ടിന്റെ പകുതിക്ക് ശേഷം വാണിജ്യ ബാങ്കുകൾ അതിവേഗം വളർന്നതോടെ ഗ്രാമീണതല വായ്പകളിൽ (ജി.എൽ.സി) സഹകരണ സ്ഥാപനങ്ങളുടെ പങ്ക് കുറഞ്ഞെങ്കിലും, അവ ഇപ്പോഴും പ്രാദേശിക സാമ്പത്തിക വ്യവസ്ഥയിൽ ആഴത്തിൽ വേരൂന്നിയവയാണ്. കൂടാതെ ഉയർന്ന വിശ്വാസ്യത നിലനിർത്തുകയും ചെയ്യുന്നു.

ഈ അധ്യായം രണ്ട് പ്രധാന മേഖലകളെ സമന്വയിപ്പിക്കുന്നു: കേരളത്തിലെ ബാങ്കിംഗ് മേഖലയെയും സമഗ്ര സഹകരണ - കാർഷിക കൂട്ടായ്മകളെയും. ആദ്യഭാഗം ബാങ്ക് ശാഖകളുടെ വ്യാപനം, നിക്ഷേപ സമാഹരണം, വായ്പാ വിതരണം, വായ്പാ നിക്ഷേപ അനുപാതം, മുൻഗണനാ മേഖലാ വായ്പകൾ, കാർഷിക വായ്പയുടെ പര്യാപ്തത എന്നിവയെ അടിസ്ഥാനമാക്കി മേഖലയുടെ ദീർഘകാല പ്രവണതകൾ പരിശോധിക്കുന്നു. രണ്ടാം ഭാഗം, പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ (പിഎസിഎസ്), കർഷക കൂട്ടായ്മകൾ, സ്ത്രീകൾ നയിക്കുന്ന സംരംഭങ്ങൾ, തൊഴിൽ സഹകരണ സംഘങ്ങൾ, ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനികൾ (എഫ് പി സി), ഗ്രൂപ്പ് ഫാമിംഗ് പ്രസ്ഥാനങ്ങൾ എന്നിവ ഉൾപ്പെടുന്ന സഹകരണ-കൂട്ടായ്മാ ആവാസവ്യവസ്ഥയെ കേന്ദ്രീകരിക്കുന്നു. രണ്ട് മേഖലകളും വിശകലനപരമായി വ്യത്യസ്തമാണെങ്കിലും, കേരളത്തിലെ ഗ്രാമീണ സമ്പദ്‌വ്യവസ്ഥയിൽ, പ്രത്യേകിച്ച്, വായ്പ നൽകുന്നതിലും, വിപണന അടിസ്ഥാന സൗകര്യങ്ങളിലും, സമൂഹാധിഷ്ഠിത പിന്തുണാ സംവിധാനങ്ങളിലും അവ കാര്യമായി ഗ്രാമീണ സമ്പദ്‌വ്യവസ്ഥയിൽ ഇടപെടുന്നു.

## കേരളത്തിലെ ബാങ്കിംഗ് മേഖല

### ബാങ്കിംഗ് അടിസ്ഥാന സൗകര്യങ്ങളും വായ്പാ ശൃംഖലയുടെ പരിണാമവും

കഴിഞ്ഞ രണ്ട് ദശകങ്ങളിൽ കേരളത്തിന്റെ ബാങ്കിംഗ് ശൃംഖല ഗണ്യമായ പരിവർത്തനത്തിന് വിധേയമായിട്ടുണ്ട്. ശാഖകളുടെ സ്ഥാനപരമായ വിതരണം, ബാങ്കിംഗ് സ്ഥാപനങ്ങളുടെ ഘടന, ഡിജിറ്റൽ സാങ്കേതികവിദ്യയുടെ വ്യാപനം എന്നിവയുടെ സംയോജനമാണ് സംസ്ഥാനത്തെ സാമ്പത്തിക ലഭ്യതയുടെ രൂപരേഖ നിർണ്ണയിക്കുന്നത്. 2010 മുതൽ 2025 വരെയുള്ള വാണിജ്യ, സഹകരണ ബാങ്ക് ശാഖകളുടെ വികാസം പട്ടിക 18.1 ൽ വ്യക്തമാക്കുന്നു. ഈ കണക്കുകളിൽ നിന്ന് മൂന്ന് പ്രധാന കാര്യങ്ങൾ വ്യക്തമാക്കുന്നു: വാണിജ്യ ബാങ്കിംഗ് ശാഖകളുടെ എണ്ണ

**പട്ടിക 18.1** *:2010 മുതൽ 2025 വരെ കേരളത്തിലെ ബാങ്ക് ശാഖകളുടെ എണ്ണം*

| മാർച്ച് 31 വരെ | വാണിജ്യ ബാങ്കുകൾ | | | | | സഹകരണ സ്ഥാപനങ്ങൾ | |
|---|---|---|---|---|---|---|---|
| | പൊതുമേഖലാ വാണിജ്യ ബാങ്കുകൾ | സ്വകാര്യമേഖല വാണിജ്യ ബാങ്കുകൾ | റീജിയണൽ റൂറൽ ബാങ്കുകൾ | മൊത്തം, കേരളം | മൊത്തം, ഇന്ത്യ | ബാങ്കുകൾ | പി എ സി എസ് |
| 2010 | 2,472 | 1,432 | 406 | 4,433 (4.8) | 88,960 | 674 | 1,608 |
| 2015 | 2,603 | 1,550 | 420 | 4,759 (3.5) | 1,30,047 | 768 | 1,605 |
| 2020 | 3,399 | 2,551 | 634 | 7,576 (4.2) | 1,57,163 | 841 | 1,609 |
| 2025 | 3,374 | 3,094 | 635 | 8,085 (3.1) | 1,73,540 | 982 | 1,607 |
| സി എ ജി ആർ 2010 - 15 | 1.04 | 1.6 | 0.7 | 1.4 | 7.9 | 2.7 | - 0.04 |
| സി എ ജി ആർ 2016 - 25 | 2.6 | 7.2 | 4.2 | 5.4 | 2.9 | 2.5 | 0.01 |

*അവലംബം* : എസ്.എൽ.ബി.സി, കേരള, ആർബിഐ, 2025, ഇന്ത്യയിലെ ബാങ്കുകളുടെ സ്ഥിതി വിവരപട്ടിക: 2023 - 24, സഹകരണ സ്ഥിതി വിവര കണക്കുകൾ 2021 - 22, സഹകരണ വകുപ്പ്, കേരള സർക്കാർ,

*കുറിപ്പുകൾ:* (i)ബ്രാക്കറ്റിനുള്ളിലുള്ള അക്കങ്ങൾ അഖിലേന്ത്യാ വിഹിതത്തെണ് സൂചിപ്പിക്കുന്നത്; (ii) എസ്എഫ്ബികൾ ഉൾപ്പെടെയുള്ള സ്വകാര്യ എസ്.സി.ബി കൾ (2020 - 2025); (iii) സഹകരണ ബാങ്ക് ശാഖകൾ കെ.എസ്.സി.ബി, കെ.എസ്.സി.എ.ആർ.ഡി.ബി, മുൻകാല ഡി.സി.ബി - കളായ പി.സി.എ.ആർ.ഡി.ബി - കൾ.

ത്തിലുള്ള വളർച്ച; സഹകരണ ബാങ്കിംഗ് ശൃംഖലയുടെ സുസ്ഥിരത, (നിഷ്ക്രിയമല്ലാത്തവ) മൊത്തം ബാങ്കിംഗ് വ്യവസ്ഥയിൽ സ്വകാര്യ മേഖലയുടെ വർധിച്ചു വരുന്ന പങ്ക് എന്നിവയാണവ.

ദേശീയ ജനസംഖ്യയുടെ ഏകദേശം 2.6 ശതമാനം വരുന്ന സംസ്ഥാനം, കഴിഞ്ഞ പതിനഞ്ച് വർഷത്തിനിടയിൽ രാജ്യത്തെ വാണിജ്യ ബാങ്ക് ശാഖകളുടെ ഏകദേശം 4 ശതമാനം നിലനിർത്തിയിട്ടുണ്ട്. ബാങ്കിംഗ് ഔട്ട്ലെറ്റുകളുടെ സ്ഥല സാന്ദ്രത ശ്രദ്ധേയമാണ്: കേരളത്തിൽ ഓരോ 5.5 ചതുരശ്ര കിലോമീറ്ററിലും ഒരു വാണിജ്യ ബാങ്ക് ശാഖയുള്ളപ്പോൾ, ദേശീയ ശരാശരി ഏകദേശം 19 ചതുരശ്ര കിലോമീറ്ററിന് ഒരു ശാഖയെന്നതാണ്. ഈ സ്ഥലപരമായ കേന്ദ്രീകരണം ഭാഗികമായി കേരളത്തിന്റെ നഗര-ഗ്രാമ തുടർച്ചയുടെ ഫലമാണ്. ഇത് ഗ്രാമീണ, അർദ്ധ നഗര പ്രദേശങ്ങൾ ജനനിബിഡവും സാമ്പത്തികമായി സജീവവുമായ വാസസ്ഥല ക്രമത്തെ പ്രതിഫലിപ്പിക്കുന്നു..

ബാങ്ക് ശാഖകളുടെ ഉയർന്ന സാന്ദ്രത ഡിജിറ്റൽ ബാങ്കിംഗിന്റെ പ്രാധാന്യം കുറയ്ക്കുന്നില്ല; മറിച്ച്, രണ്ട് സംവിധാനവും പരസ്പരപൂരകമായാണ് പ്രവർത്തിക്കുന്നത്. മൊബൈൽ ബാങ്കിംഗും ഓൺലൈൻ സേവനങ്ങളും വികസിക്കുമ്പോഴും, ബാങ്ക് ശാഖകളിലൂടെയും എടിഎമ്മുകൾ വഴിയുമുള്ള ഇടപാടുകളുടെ എണ്ണം ഗണ്യമായി തുടരുന്നു. കേരളം സമ്പൂർണ്ണ ഡിജിറ്റൽ ബാങ്കിംഗ് സംസ്ഥാനമായി മാറിയതിന്റെ പ്രധാന കാരണം ജനസംഖ്യാടിസ്ഥാനത്തിലുള്ള ഉയർന്ന ഡിജിറ്റൽ സ്വീകാര്യതയാണ്. എന്നിരുന്നാലും, വായ്പ വിതരണം, പണം കൈകാര്യം ചെയ്യൽ, ഡിജിറ്റൽ സംവിധാനങ്ങൾക്ക് പകരം വയ്ക്കാനാവാത്ത വ്യക്തി ബന്ധം അടിസ്ഥാനമാക്കിയുള്ള സേവനങ്ങൾ എന്നിവയ്ക്ക് ബാങ്ക് ശാഖകൾ ഇപ്പോഴും അത്യാവശ്യമാണ്.

കാലാകാലങ്ങളായുള്ള വളർച്ചാ നിരക്കുകൾ ശ്രദ്ധേയമായ മാറ്റത്തെ സൂചിപ്പിക്കുന്നു. 2010 മുതൽ 2015 വരെ, ശാഖകളുടെ വികസനം മന്ദഗതിയിലായിരുന്നു, പ്രത്യേകിച്ചും പൊതുമേഖലാ ബാങ്കുകൾക്കിടയിൽ. എന്നിരുന്നാലും, 2016 നും 2025 നും ഇടയിൽ, എല്ലാ പ്രധാന വിഭാഗങ്ങളും - പൊതു, സ്വകാര്യ, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ (ആർആർബികൾ), സഹകരണ സ്ഥാപനങ്ങൾ - ഉയർന്ന സംയുക്ത വാർഷിക വളർച്ചാ നിരക്ക് (സിഎജിആർ) രേഖപ്പെടുത്തി. പ്രത്യേകിച്ച്, 7 ശതമാനത്തിലധികം സി എ ജി ആർ രേഖപ്പെടുത്തിയ സ്വകാര്യ വാണിജ്യ ബാങ്കുകളുടെ വ്യാപനം, സ്വകാര്യ മൂലധനത്തിന് മുൻഗണന നൽകുന്ന ദേശീയ രീതികൾ, ചില്ലറ വായ്പാവിതരണത്തിലെ ശക്തമായ വളർച്ച, കൂടാതെ പരമ്പരാഗത കോർപ്പറേറ്റ് വായ്പകൾക്ക് അതീതമായി വായ്പാ ഓഹരി ശേഖരണത്തിന്റെ വൈവിധ്യവൽക്കരണം എന്നിവ പ്രധാനപ്പെട്ട ഘടകങ്ങളാണ്.

കേരളത്തിന്റെ ബാങ്കിംഗ് സംവിധാനത്തിന്റെ ഒരു സവിശേഷത, അർദ്ധ-നഗര കേന്ദ്രങ്ങളുടെ ആധിപത്യമാണ്. എല്ലാ വാണിജ്യ ബാങ്ക് ശാഖകളുടെയും ഏകദേശം മൂന്നിൽ രണ്ട് ഭാഗവും അർദ്ധ-നഗര പ്രദേശങ്ങളിലാണ്. എന്നിരുന്നാലും, സഹകരണ ബാങ്കുകൾ ഇപ്പോഴും ഗ്രാമപ്രദേശങ്ങളിലാണ് പ്രവർത്തിക്കുന്നത്. അവയുടെ പകുതിയോളം ശാഖകളും ഗ്രാമപ്രദേശങ്ങളിലാണ്.

**പട്ടിക 18.2** *കേരളത്തിലെ ആകെ നിക്ഷേപങ്ങളിലെ പ്രവണതകൾ, 2010 മുതൽ 2025 വരെ, കോടിയിൽ*

| മാർച്ച് 31 വരെ | പൊതുമേഖ ലാ വാണിജ്യ ബാങ്കുകൾ | സ്വകാര്യമേഖല വാണിജ്യ ബാ ങ്കുകൾ | റീജിയണൽ റൂറൽ ബാങ്കു കൾ | സഹകരണ സ്ഥാപനങ്ങൾ | മറ്റുള്ളവ | ആകെ തുക |
|---|---|---|---|---|---|---|
| 2010 | 93,710 | 44,556 | 4,325 | 6,649 | 813 | 1,50,053 (3.1) |
| 2015 | 1,95,765 | 1,15,543 | 8,582 | 46,141 | - - | 3,19,890 (3.8) |
| 2020 | 2,84,442 | 2,33,731 | 19,277 | 64,687 | 6,923 | 6,09,059 (4.4) |
| 2025 | 4,30,498 | 4,04,310 | 26,838 | 66,798 | 19,805 | 9,48,249 (4.04) |
| 2010 - 15* | 20,411 | 14,197 | 851 | 7,898 | | 33,967 |
| 2016 - 25* | 23,473 | 28,877 | 1,826 | 2,066 | | 62,836 |

*അവലംബം* എസ്എൽബിസി, കേരളം, തിരുവനന്തപുരം,ആർബിഐ, ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെക്കുറിച്ചുള്ള സ്റ്റാറ്റിസ്റ്റിക്സ് കൈപ്പുസ്തകം
*കുറിപ്പ്:* ബ്രാക്കറ്റിലുള്ള അക്കങ്ങൾ ദേശീയ കണക്കുകളിലെ വിഹിതത്തെ സൂചിപ്പിക്കുന്നു; * നിക്ഷേപത്തിലെ ശരാശരി വാർഷിക വർദ്ധനവ് കാണുക

ചെറുകിട കൃഷി, കുടുംബ സമ്പാദ്യം, സ്വയം തൊഴിൽ, അസംഘടിത മേഖലയിലെ സാമ്പത്തിക ഇടപാടുകളുടെ ഔദ്യോഗിക തലത്തിലേക്കുള്ള മാറ്റം എന്നിവയിൽ സഹകരണ സ്ഥാപനങ്ങളെ നിർണ്ണായക ശക്തിയായി നിലനിർത്തുന്നത് ഗ്രാമീണ സാന്നിദ്ധ്യമാണ്.

**നിക്ഷേപ സമാഹരണം: പ്രവണതകൾ, ഘടന, പണമയയ്ക്കലിന്റെ പങ്ക്**

കേരളത്തിൽ ഉയർന്ന നിക്ഷേപ സമാഹരണമാണുള്ളത്. സാമ്പത്തിക സ്ഥാപനങ്ങളുടെ സാന്നിദ്ധ്യം, സ്ഥിര പ്രവാസി നിക്ഷേപം എന്നിവ കാരണം സംസ്ഥാനത്തെ നിക്ഷേപ സമാഹരണം ചരിത്രപരമായി ശക്തമാണ്. 2010 നും 2025 നും ഇടയിൽ ബാങ്കിംഗ് സ്ഥാപനങ്ങളിലുള്ള നിക്ഷേപങ്ങളുടെ പ്രവണത പട്ടിക 18.2 ൽ സംഗ്രഹിക്കുന്നു.

വ്യക്തമായി തിരിച്ചറിയാവുന്ന രണ്ട് പ്രവണതകൾ ഇവിടെ പ്രധാനമായി കാണാം. ഒന്നാമതായി, 2016 മുതൽ മൊത്തം നിക്ഷേപങ്ങളുടെ അളവ് ത്വരിതഗതിയിൽ വർദ്ധിച്ചു. 2010-2015 കാലയളവിലെ ശരാശരി വാർഷിക നിക്ഷേപത്തിന്റെ ഏകദേശം ഇരട്ടിയായിരുന്നു 2016-2025 കാലയളവിലെ നിക്ഷേപം. രണ്ടാമതായി, നിക്ഷേപങ്ങളുടെ ഘടന പൊതുമേഖലാ വാണിജ്യ ബാങ്കുകളിൽ നിന്ന് സ്വകാര്യ മേഖലാ ബാങ്കുകളിലേക്ക് ഗണ്യമായി മാറിയിരിക്കുന്നു. 2010 ൽ 60 ശതമാനത്തിലധികം നിക്ഷേപങ്ങൾ കൈവശം വച്ചിരുന്ന പൊതുമേഖലാ ബാങ്കുകളിൽ 2025 ആയപ്പോഴേക്കും ഏകദേശം 45 ശതമാനം മാത്രമായി കുറഞ്ഞു; എന്നാൽ സ്വകാര്യ ബാങ്കുകളുടെ വിഹിതം വർദ്ധിച്ചു.

ഈ പുനർവിതരണം പല ഘടനാപരമായ കാര്യങ്ങളെയും സൂചിപ്പിക്കുന്നു: പൊതുമേഖലാ ബാങ്കുകളുടെ ഏകീകരണം (ട്രാവൻകൂർ സ്റ്റേറ്റ് ബാങ്കിനെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ലയിപ്പിച്ചത് ഉൾപ്പെടെ), സ്വകാര്യ ബാങ്കുകളുടെ ശക്തമായ രീട്ടെയിൽ, ഡിജിറ്റൽ തന്ത്രങ്ങൾ, കൂടാതെ സാങ്കേതികമായി മികച്ചതും വ്യക്തിഗതവുമായ ബാങ്കിംഗ് സേവനങ്ങളോടുള്ള നിക്ഷേപകരുടെ വർദ്ധിച്ചു വരുന്ന താല്പര്യം എന്നിവയെല്ലാം ഇതിൽപ്പെടുന്നു. സ്വകാര്യ ബാങ്കുകൾ ഈ മുൻഗണനകൾ ലക്ഷ്യമാക്കി പ്രത്യേക ഉൽപ്പന്നങ്ങൾ,ദ്രുതഗതിയിലുള്ള സേവനവിതരണം,ഉയർന്ന വരുമാനമുള്ള ജില്ലകളിലെ ബാങ്ക് ശാഖാ വ്യാപനം എന്നിവ വഴി ആധിപത്യം നേടിയിട്ടുണ്ട്.

കേരളത്തിന്റെ നിക്ഷേപ വളർച്ചയിൽ പ്രവാസി (എൻആർ) നിക്ഷേപങ്ങൾ നിർണായക ഘടകമായി തുടരുന്നു. ചരിത്രപരമായി, സംസ്ഥാന നിക്ഷേപത്തിന്റെ വലിയ ഒരു പങ്കും പ്രവാസി (എൻആർ) നിക്ഷേപങ്ങളാണ്. 2000 ത്തിൽ 40 ശതമാനവും, 2010 നും 2015 നും ഇടയിൽ ഏകദേശം 28 ശതമാനവും. 2016 നും 2025 നും ഇടയിൽ ഇത് വീണ്ടും 36 ശതമാനമായി ഉയർന്നും എൻ ആർ നിക്ഷേപ വിഹിതത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടായിട്ടുണ്ട്. നിക്ഷേപവും പണചംക്രമണവും തമ്മിലുള്ള ബന്ധം കേരളത്തിന്റെ ബാങ്കിംഗ് സംവിധാനത്തിന്റെ മാക്രോ ഇക്കണോമിക് സെൻസിറ്റിവിറ്റി അടിവരയിടുന്നു. ആഗോള എണ്ണവിലയിലെ ചാഞ്ചാട്ടം, ഗൾഫ് രാജ്യങ്ങളിലെ തൊഴിൽ വിപണിയുടെ പുനഃസംഘടന, അല്ലെങ്കിൽ കറൻസിമൂല്യത്തിലെ ഏറ്റക്കുറച്ചിലുകൾ എന്നിവ സാധാരണയായി പ്രവാസി നിക്ഷേപങ്ങളിലും പ്രതിഫലിക്കാറുണ്ട്.

സ്ഥലപരമായി നോക്കിയാൽ, നിക്ഷേപ സമാഹരണം പ്രധാനമായും നഗര, അർദ്ധ നഗര ശാഖകളിലാണ് കേന്ദ്രീകരിച്ചിട്ടുള്ളത്. ഇത് വീടുകൾ സ്ഥിതി ചെയ്യുന്ന സ്ഥലങ്ങളുടെ ക്രമവും സാമ്പത്തിക പ്രവർത്തനങ്ങളും പ്രതിഫലിപ്പിക്കുന്നു. ഗ്രാമീണ ശാഖകൾ മൊത്തം നിക്ഷേപങ്ങളുടെ 5 ശതമാനത്തിൽ താഴെയാണ് സംഭാവന ചെയ്യുന്നത്. ഈ കുറഞ്ഞ വിഹിതം ഗ്രാമീണ മേഖലയിലെ സാമ്പത്തികമായ ഒഴിവാക്കലിന്റെ സൂചനയല്ല. മറിച്ച്, ഗ്രാമീണ സാമ്പത്തിക ലഭ്യത, സമ്പാദ്യോപാധികളായ പോസ്റ്റൽ നിക്ഷേപങ്ങൾ, ചിട്ടി ഫണ്ടുകൾ, സൂക്ഷ്മ-സഹകരണ സമ്പാദ്യ പദ്ധതികൾ,

**പട്ടിക 18.3** കേരളത്തിലെ മൊത്തം ബാങ്ക് വായ്പകളിലെ രീതികൾ (2010-2025), രൂപ കോടിയിൽ

| മാർച്ച് 31 വരെ | പൊതു മേഖലയിലെ എസ്.സി.ബി കൾ | സ്വകാര്യ മേഖലയിലെ എസ്.സി.ബി കൾ | ആർ.ആർ.ബി കൾ | സഹകരണങ്ങൾ | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|
| 2010 | 63,798 | 27,885 | 4,764 | 4,023 | 540 | 1,01,010 (3) |
| 2015 | 1,37,909 | 70,330 | 10,467 | 33,514 | - - | 2,52,220 (4.1) |
| 2020 | 1,95,503 | 1,41,807 | 17,912 | 50,334 | 4,052 | 4,09,608 (4.4) |
| 2025 | 3,35,394 | 2,58,092 | 27,563 | 55,265 | 7,199 | 6,83,513 (3.7) |
| 2010 - 15* | 14,822 | 8,489 | 1,141 | 5,898 | - - | 30,242 |

*അവലംബം:* (i)എസ്എൽബിസി,കേരളം,തിരുവനന്തപുരം; (ii) https://rbi.org.in/Scripts/BS_ViewBulletin.aspx?Id=11790
*കുറിപ്പുകൾ*: ബ്രാക്കറ്റുകളിലെ സംഖ്യകൾ അഖിലേന്ത്യാ കണക്കുകളിലെ ഓഹരിയെ സൂചിപ്പിക്കുന്നു;
* എന്നത് വായ്പകളിലെ ശരാശരി വാർഷിക വർദ്ധനവിനെ സൂചിപ്പിക്കുന്നു.

അനൗപചാരിക ശൃംഖലകൾ തുടങ്ങിയവയുമായി ചേർന്ന് നിൽക്കുന്നതിന്റെ പ്രതിഫലനമാണിത്. എന്നിരുന്നാലും, ഗ്രാമീണ നിക്ഷേപ ഓഹരി കുറയുന്നത് സമ്പാദ്യ സമാഹരണത്തിൽ ഗ്രാമീണ ശാഖകളുടെ പങ്ക് പുനഃപരിശോധിക്കേണ്ടതിന്റെ ആവശ്യകത സൂചിപ്പിക്കുന്നു, പ്രത്യേകിച്ചും എല്ലാവരെയും ഉൾച്ചേർക്കാനുള്ള സാമ്പത്തിക നടപടികളുടെ പശ്ചാത്തലത്തിൽ ഇത് വളരെ പ്രധാനമാണ്.

**വായ്പകളുടെയും മുൻകൂറായി നൽകുന്ന തുകകളുടെയും പരിണാമം: മേഖലാ മാറ്റങ്ങളും സ്ഥാപനപരമായ ചലനാത്മകതയും**

കേരളത്തിലെ വായ്പകളുടെയും മുൻകൂർ അഡ്വാൻസ് തുകകളുടെയും വർദ്ധനവ്, സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിലുണ്ടായ വലിയ പരിവർത്തനങ്ങളും ബാങ്കിംഗ് സ്ഥാപനങ്ങളുടെ മാറുന്ന തന്ത്രങ്ങളും സൂചിപ്പിക്കുന്നു. പട്ടിക 18.3, 2010 മുതൽ 2025 വരെയുള്ള പൊതുമേഖലാ ബാങ്കുകൾ (പി എസ് ബി കൾ), സ്വകാര്യമേഖലാ ബാങ്കുകൾ, ആർ ആർ ബി കൾ, സഹകരണ സ്ഥാപനങ്ങൾ, മറ്റ് ബാങ്കുകൾ എന്നിവയുടെ വായ്പാ കുടിശ്ശികയുടെ വിശദമായ വിവരങ്ങൾ നൽകുന്നു. ഈ കണക്കുകൾ മൊത്തം മുൻകൂർ തുകകളിൽ സ്ഥിരമായ വർദ്ധനവ് കാണിക്കുന്നു, 2016 ന് ശേഷം ഇത് വളരെ വേഗത്തിൽ വർധിച്ചു.

2010 നും 2015 നും ഇടയിൽ, വായ്പകളിലെ ശരാശരി വാർഷിക വർദ്ധനവ് ഏകദേശം 30,000 കോടി രൂപയായിരുന്നു. 2016-2025 കാലയളവിൽ ഇത് 43,000 കോടി രൂപയിലധികമായി ഉയർന്നു. ഈ മുന്നേറ്റം സ്ഥൂലവും സൂക്ഷ്മവുമായ നിരവധി വളർച്ചകൾക്ക്:സാധ്യമായിട്ടുണ്ട്:

- ഭവന, വാഹന വായ്പകൾ, വ്യക്തിഗത വായ്പകൾ, വിദ്യാഭ്യാസ വായ്പകൾ എന്നിങ്ങനെയുള്ള ചെറുകിട വായ്പകളിലുള്ള വികസനം.
- ഉപഭോക്തൃ വായ്പാ വിപണികൾ ലക്ഷ്യമിട്ടുള്ള സ്വകാര്യ ബാങ്കുകളുടെ വളർച്ച.
- കേരളത്തിന്റെ സാമ്പത്തിക വ്യവസ്ഥയിലെ അടിസ്ഥാനപരമായ മാറ്റങ്ങൾ, സേവന മേഖലയിലെ തൊഴിൽ വർദ്ധനവ്, സ്വയം തൊഴിൽ സംരംഭങ്ങളിലേക്കും, എം.എസ്.എം.ഇ പോലുള്ള ചെറുകിട സംരംഭങ്ങളിലേക്കുമുള്ള മാറ്റങ്ങൾ.
- കാർഷിക വായ്പാ കാമ്പെയിനുകളും, എംഎസ്എംഇ വായ്പാ പദ്ധതികളും അടക്കം ഗവൺമെന്റ് നടപ്പാക്കുന്ന വായ്പാ വികസനപദ്ധതികൾ

വായ്പാ കുടിശികയുടെ സ്ഥാപനപരമായ ഘടന ഒരു പ്രധാന മാറ്റം വെളിപ്പെടുത്തുന്നു.പരമ്പരാഗതമായി പ്രബലമായ വായ്പാദാതാക്കളായ പൊതുമേഖലാ ബാങ്കുകളുടെ വിഹിതം 2010 ൽ ആകെ വായ്പകളുടെ 63 ശതമാനത്തിൽ നിന്ന് 2025 ഓടെ ഏകദേശം 49 ശതമാനമായി കുറഞ്ഞു. ഇതേ കാലയളവിൽ സ്വകാര്യമേഖലാ ബാങ്കുകൾ അവരുടെ വിഹിതം 10 ശതമാനത്തിലധികം വർദ്ധിപ്പിച്ചു. പ്രധാനമായും ശാഖാ വിപുലീകരണം, സാങ്കേതികവിദ്യയിലൂടെ ഉപഭോക്താക്കളെ ആകർഷിക്കൽ, ഉപഭോക്താവിന്റെ ഇഷ്ടാനുസൃതമമുള്ള ചില്ലറ വായ്പാ പദ്ധതികൾ എന്നിവ ഇതിന് കാരണമായിട്ടുണ്ട്.

കേരള ഗ്രാമീൺ ബാങ്ക് (കെ.ജി.ബി) മുഖേന, റീജിയണൽ റൂറൽ ബാങ്കുകൾ (ആർആർബി കൾ), ഗ്രാമീണ വായ്പയിൽ സജീവമായിട്ടും താരതമ്യേന സ്ഥിരതയുള്ള വിഹിതം (ഏകദേശം 4 ശതമാനം) നിലനിർത്തി. ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കുകളെ (എസ് സി ബി കൾ) അപേക്ഷിച്ച്, അവയുടെ പ്രവർത്തന വ്യാപ്തി കുറവായതും ശാഖകളുടെ ശൃംഖല പരിമിതമായതും അവയുടെ വിഹിതം കുറയാൻ കാരണമായ ഘടനാപരമായ തടസ്സങ്ങളാണ്.

സഹകരണ സ്ഥാപനങ്ങൾക്ക് കാർഷിക, ഗ്രാമീണ വായ്പാമേഖലയിൽ ചരിത്രപരമായിപ്രാധാന്യം ഉണ്ടെങ്കിലും 2025ഓടെ മൊത്തം മുൻകൂർ തുകയുടെ ഏകദേശം 8 ശതമാനം മാത്രമാണ് അവ കൈകാര്യം ചെയ്തത്. എന്നാൽ ഇത് 2010 ലെ സഹകരണ സ്ഥാപനങ്ങളുടെ വിഹിതത്തിന്റെ ഇരട്ടിയാണ്. വാണിജ്യ ബാങ്കുകളുമായി താരതമ്യം ചെയ്യുമ്പോൾ സഹകരണ വായ്പകളുടെ വളർച്ച നേരിയ തോതിൽ കുറവാണെങ്കിലും, ആനുപാതികമായി

ഓഹരിയിലുണ്ടായ വർദ്ധനവ് ഗ്രാമീണ മേഖലകളിൽ സഹകരണ സ്ഥാപനങ്ങൾക്ക് ഇപ്പോഴും വലിയ പ്രാധാന്യ മുണ്ടെന്ന് കാണിക്കുന്നു.

വായ്പാ കുടിശ്ശികയുടെ ഭൂമിശാസ്ത്രപരമായ ക്രമം കേര ളത്തിന്റെ വാസസ്ഥല സാന്ദ്രതയും സാമ്പത്തിക ഘടനയും പ്രതിഫലിപ്പിക്കുന്നു. ഏകദേശം 95 ശതമാനം വായ്പാ കുടിശ്ശികയും അർദ്ധ നഗര, നഗര ശാഖകളിലാണ്. ഗ്രാമീണ ശാഖകളിൽ മൊത്തം വായ്പയുടെ 6 ശതമാനത്തിൽ താഴെ മാത്രം. എന്നിരുന്നാലും, അവർ സ്വരൂപിക്കുന്ന നിക്ഷേപങ്ങളേക്കാൾ ഉയർന്ന അനുപാതത്തിൽ വായ്പ കൾ വിതരണം ചെയ്യുന്നു എന്നത് കൗതുകകരമാണ്. കേരളത്തിലെ ഗ്രാമീണ ബാങ്കിംഗ് കേന്ദ്രങ്ങൾ സമ്പാദ്യ കേന്ദ്രങ്ങളേക്കാൾ കൂടുതലായി വായ്പാ വിതരണ കേന്ദ്ര ങ്ങളായി പ്രവർത്തിക്കുന്നുവെന്ന് ഇത് സൂചിപ്പിക്കുന്നു. ഇത് പല സംസ്ഥാനങ്ങളിലും കാണുന്നതിന് വിപരീതമാണ്.

വായ്പാ കുടിശികയിലെ ഗണ്യമായ വർദ്ധനവ്, പ്രത്യേ കിച്ച് സ്വകാര്യ മേഖലാ ബാങ്കുകളിൽ, ദേശീയ വായ്പാ വിപണികളുമായുള്ള കേരളത്തിന്റെ വർദ്ധിച്ചുവരുന്ന സംയോജനം അടിവരയിട്ടു പറയുന്നു. എന്നിരുന്നാലും, ഇതിൽ ചില ദൗർബല്യങ്ങളും ഉണ്ട് - ഈടില്ലാത്ത വ്യക്തി ഗത വായ്പകളെ അമിതമായി ആശ്രയിക്കൽ, വർധിക്കുന്ന ഗാർഹിക കടബാധ്യത, ഉപഭോഗ ചക്രങ്ങളിലെ മാന്ദ്യം എന്നിവയ്ക്ക് സാധ്യതയുണ്ട്.

### വായ്പാ – നിക്ഷേപ അനുപാതം (സിഡിആർ): പരിമിതി കളും വെല്ലുവിളികളും

സംസ്ഥാനത്തിന്റെ സാമ്പത്തിക വ്യവസ്ഥയിൽ പ്രാദേശി കമായി സമാഹരിക്കുന്ന നിക്ഷേപങ്ങൾ എത്രത്തോളം വായ്പകളായി മാറ്റപ്പെടുന്നു എന്നതിന്റെ നിർണായക അളവുകോലാണ് വായ്പാ-നിക്ഷേപ അനുപാതം (ക്രെഡിറ്റ്-ഡെപ്പോസിറ്റ് റേഷ്യോ - സിഡിആർ). കേരള ത്തിന്റെ വായ്പാ - നിക്ഷേപ അനുപാതം പണ്ടുമുതലേ ദേശീയ ശരാശരിയേക്കാളും മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാ നങ്ങളിലെ ശരാശരിയേക്കാളും കുറവാണ് കാണിക്കു ന്നത്. 1990-കളിൽ കേരളത്തിന്റെ വായ്പാ - നിക്ഷേപ അനുപാതം ഏകദേശം 46 ശതമാനമായിരുന്നു. ഇത് അഖി ലേന്ത്യാ ശരാശരിയായ 55 ശതമാനത്തെക്കാളും, ദക്ഷി ണേന്ത്യൻ മേഖലയുടെ 73 ശതമാനത്തെക്കാളും വളരെ കുറവാണ്. കുറഞ്ഞ കാർഷിക വായ്പ, പരിമിതമായ വ്യവസായ പ്രവർത്തനങ്ങൾ, വായ്പകളെ കൂടുതൽ ആശ്ര യിക്കുന്ന സംസ്ഥാനങ്ങളിലേക്ക് നിക്ഷേപത്തിന്റെ ഒഴുക്ക് എന്നീ കാരണങ്ങളാലാണ് ഈ കാലയളവിൽ വായ്പാ - നിക്ഷേപ അനുപാതം കുറഞ്ഞത്.

2000 ത്തിന്റെ തുടക്കം മുതൽ, വായ്പാ - നിക്ഷേപ അനുപാതം മെച്ചപ്പെടാൻ തുടങ്ങി. 2001 നും 2015 നും ഇടയിൽ ശരാശരി 63 ശതമാനത്തിലെത്തി. ചെറുകിട വായ്പകളുടെ വളർച്ചയും വായ്പാ ശേഖരങ്ങളുടെ വൈവിധ്യവൽക്കരണവും ഭാഗികമായി ഈ മുന്നേറ്റത്തിന് സഹായകമായി. എന്നിരുന്നാലും, പ്രാദേശിക, ദേശീയ തല ങ്ങളുമായുള്ള അന്തരം തുടർന്നു: ദക്ഷിണേന്ത്യൻ സംസ്ഥാ നങ്ങൾ ഏകദേശം 88 ശതമാനത്തിന് മുകളിൽ നിലനിന്നു. അതേസമയം, ദേശീയ ശരാശരി ഏകദേശം 69 ശതമാന മായിരുന്നു.

2015 ന് ശേഷം, കേരളത്തിന്റെ വായ്പാ - നിക്ഷേപ അനുപാതം കൂടുതൽ പുരോഗതി കാണിച്ച്, 2015 നും 2025 നും ഇടയിൽ 66-73 ശതമാനമായി. 2025 മാർച്ചോടെ, വായ്പാ - നിക്ഷേപ അനുപാതം 72.1 ശതമാന ത്തിൽ എത്തി. ദേശീയ കണക്കുമായുള്ള (79.1 ശതമാനം) അന്തരം കുറഞ്ഞെങ്കിലും ഇല്ലാതായില്ല. സി ഡി ആറിലെ തുടർച്ചയായ കുറവ് കേരളത്തിൽ സമാഹരിക്കുന്ന നിക്ഷേ പങ്ങളുടെ ഗണ്യമായൊരു പങ്ക് സംസ്ഥാനത്തിന് പുറത്ത് വിനിയോഗിക്കുന്നത് തുടരുന്നതായി സൂചിപ്പിക്കുന്നു.

വായ്പാ നിക്ഷേപ അനുപാതത്തിന്റെ സ്ഥാപന അടിസ്ഥാനത്തിലുള്ള വിശകലനം ബാങ്കുകളുടെ വിവിധ വിഭാഗങ്ങൾക്കിടയിൽവ്യത്യസ്തമായമാറ്റങ്ങൾകാണിക്കുന്നു. റീജിയണൽ റൂറൽ ബാങ്കുകൾ (ആർ ആർ ബി) പൊതുവേ നൂറു ശതമാനത്തിനു മുകളിൽ സിഡിആർ രേഖപ്പെടു ത്തുന്നു. ഗ്രാമീണ, അർദ്ധ നഗര പ്രദേശങ്ങളിൽ കൂടുതൽ വായ്പകൾ നൽകാനുള്ള അവരുടെ ശേഷിയെ ഇത് സൂചിപ്പിക്കുന്നു.

- സഹകരണ ബാങ്കുകൾ സംസ്ഥാന ശരാശരിയെക്കാൾ ഉയർന്ന സിഡിആർ നിലനിർത്തുന്നത് (2025 ഓടെ 80 ശതമാനത്തിനു മുകളിൽ) പ്രാദേശികമായി വായ്പയെടു ക്കുന്നവരുമായുള്ള ബാങ്കുകളുടെ അടുത്ത ബന്ധവും, പരിമിതമായ ഭൂമിശാസ്ത്രപരമായ വൈവിധ്യവൽക്ക രണവും എടുത്തു കാണിക്കുന്നു..
- പൊതുമേഖലാ ബാങ്കുകളുടെ സ്ഥിതി സംസ്ഥാന ശരാ ശരിക്ക് ഏതാണ്ട് അടുത്താണെങ്കിലും ലയനവുമായി ബന്ധപ്പെട്ട പരിവർത്തനങ്ങളും വായ്പാ നയങ്ങളിലെ വ്യത്യാസങ്ങളും കാരണം ഏറ്റക്കുറച്ചിലുകൾ അനുഭവ പ്പെടുന്നു
- സ്വകാര്യ മേഖലാ ബാങ്കുകൾ ശക്തമായി വ്യാപിച്ചിട്ടും സി.ഡി.ആർ സംസ്ഥാനത്തെ ഏറ്റവും കുറഞ്ഞ നിലയി ലാണ്. ഇതിൽ അത്ഭുതമില്ല. കേരളത്തിൽ നിക്ഷേപങ്ങൾ സമാഹരിച്ച ശേഷം, ഉയർന്ന ലാഭമുള്ള കോർപ്പറേറ്റ്, റീട്ടെയിൽ വായ്പകൾക്കായി മറ്റു സംസ്ഥാനങ്ങളിൽ കൂടുതൽ വായ്പ നൽകുന്നതാണ് ഇതിന് പ്രധാന കാരണം.

കുറഞ്ഞ വായ്പാ - നിക്ഷേപ അനുപാതം നയരൂ പീകരണത്തിന്റെ കാഴ്ചപ്പാടിൽ വിലയിരുത്തുമ്പോൾ പ്രാ ദേശിക മൂലധനം നിലനിർത്തൽ, വിഭവ സമാഹരണം, ഉൽപ്പാദനമേഖലകൾക്കുള്ള ദീർഘകാല വായ്പകളുടെ പര്യാപ്തത എന്നിവ സംബന്ധിച്ച് ഗൗരവമായ സംശയങ്ങൾ ഉയർത്തുന്നു.

കേരളത്തിന്റെ പ്രധാന വെല്ലുവിളി വായ്പാ നിക്ഷേപ അനുപാതം ഉയർത്തുക മാത്രമല്ല, ഉപഭോഗ വായ്പകൾ വർദ്ധിപ്പിക്കുന്നതിനു പകരം ഉൽപ്പാദനപരമായ നിക്ഷേപ ങ്ങൾ വർദ്ധിപ്പിച്ച്കൊണ്ട് വായ്പാ നിക്ഷേപ അനുപാതം ഉയർത്തുന്നതാണ്.

### മുൻഗണനാ മേഖല വായ്പ (പി.എസ്.എൽ): രീതികൾ, മാറ്റങ്ങൾ, വിടവുകൾ

സാമൂഹികവും സാമ്പത്തികവുമായി പ്രാധാന്യമുണ്ടെന്ന് കരുതുന്ന മേഖലകളിലെ വായ്പാ വിതരണം രൂപപ്പെടു ത്തുന്നതിൽ മുൻഗണനാ മേഖലകൾക്കുള്ള വായ്പകൾക്ക് പ്രധാന പങ്കുണ്ട്. കേരളത്തിൽ, പിഎസ്എൽ പ്രകടനം

ചരിത്രപരമായിതന്നെ നിർബന്ധിത മാനദണ്ഡങ്ങൾ ലംഘിച്ചിട്ടുണ്ട്. 2010 നും 2025 നും ഇടയിൽ പി.എസ്.എൽ കുടിശ്ശിക തുക വർദ്ധിച്ചെങ്കിലും, മൊത്തം വായ്പയിൽ പി.എസ്.എൽ ന്റെ വിഹിതം 2010 നും 2015 നും ഇടയിൽ ഏകദേശം 60 ശതമാനത്തിൽ നിന്ന് 2025 ആയപ്പോൾ ഏകദേശം 45.2 ശതമാനമായിട്ടുണ്ട്. ഈ കുറവ് പല രീതിയിലുള്ള മാറ്റങ്ങളെയും സൂചിപ്പിക്കുന്നു.

- മുൻഗണനാ മേഖലാ വായ്പയെക്കാൾ വേഗത്തിൽ വികസിക്കുന്ന മുൻഗണനേതര റീട്ടെയിൽ വായ്പകളുടെ അതിവേഗ വളർച്ച.
- വ്യക്തിഗത വായ്പകൾ, ക്രെഡിറ്റ് കാർഡുകൾ, ഭവന വായ്പകൾ എന്നിവയ്ക്ക് കൂടുതൽ ഊന്നൽ നൽകി വാണിജ്യ ബാങ്കുകളുടെ ഓഹരി സമാഹരണത്തിൽ വന്ന മാറ്റം.
- കേരളത്തിലെ റിയൽ എസ്റ്റേറ്റ് മേഖലയിലെ വൈവിധ്യക്കുറവ്, ഉൽപ്പാദനക്ഷമമായ മുൻഗണനാ വായ്പകളുടെ അവസരങ്ങൾക്ക് തടസ്സമുണ്ടാക്കുന്നു.
- പുനരുപയോഗിക്കാവുന്ന കാർഷിക വായ്പകളെ അമിതമായി ആശ്രയിക്കുന്നത്, പ്രത്യേകിച്ച് സ്വർണ്ണ ഈടിൽ നൽകുന്ന ഹ്രസ്വകാല വിള വായ്പകൾ.

കൃഷിയും എം.എസ്.എം.ഇ. മേഖലയും ഒഴികെയുള്ള 'മറ്റ് മുൻഗണനാ മേഖല'കളുടെ വിഹിതം 2010-ൽ 25 ശതമാനത്തിൽ നിന്ന് 2025-ഓടെ ഏകദേശം 8 ശതമാനമായി കുറഞ്ഞത് ശ്രദ്ധേയമാണ്. സമൂഹത്തിലെ ദുർബല വിഭാഗങ്ങൾ, സാമൂഹിക അടിസ്ഥാനസൗകര്യങ്ങൾ, കുറഞ്ഞ വരുമാനക്കാരുടെ ഭവനവായ്പകൾ തുടങ്ങിയ മേഖലകൾക്കുള്ള വായ്പ കുറഞ്ഞതിന്റെ പ്രതിഫലനമാണിത്. ഇത്തരം വായ്പകൾക്കുള്ള ആവശ്യകത തുടരുന്ന സാഹചര്യത്തിലും ഈ വിഹിതത്തിലെ ഇടിവ് ആശങ്കാജനകമായ പ്രവണതയായി വിലയിരുത്തപ്പെടുന്നു.

ഏറ്റവും ദരിദ്രരും ദുർബലരുമായ വിഭാഗങ്ങളെ സഹായിക്കാൻ കുറഞ്ഞ നിരക്കിൽ വായ്പ നൽകുന്ന ഡിഫറൻഷ്യൽ റേറ്റ് ഓഫ് ഇന്ററസ്റ്റ് (ഡിആർഐ) പദ്ധതിയുടെ സ്ഥിരമായ മോശം പ്രകടനം മറ്റൊരു ആശങ്കാജനകമായ കാര്യമാണ്. കഴിഞ്ഞ വർഷത്തെ ആകെ വായ്പയുടെ ഒരു ശതമാനം ഡിആർഐ നൽകണമെന്ന് നിർദ്ദേശിച്ചിട്ടുള്ളപ്പോൾ, കേരളത്തിലെ നേട്ടം ശരാശരി വെറും 0.017 ശതമാനമാണ്. ഇത് ബാങ്കുകളിലുടനീളമുള്ള ഘടനാപരമായ പരാജയത്തെ സൂചിപ്പിക്കുന്നു. ഔദ്യോഗിക സാമ്പത്തിക സംവിധാനങ്ങളിലൂടെ ഏറ്റവും ദരിദ്ര കുടുംബങ്ങളെ തിരിച്ചറിയൽ, വായ്പ നൽകൽ, പിന്തുണ നൽകൽ എന്നിവയിൽ ആഴത്തിലുള്ള വെല്ലുവിളികൾ നിലനിൽക്കുന്നുവെന്ന് ഇതിലൂടെ വ്യക്തമാകുന്നു.

വികസന കാഴ്ചപ്പാടിൽ നോക്കിയാൽ, പിഎസ്എൽ ഡാറ്റ സൂചിപ്പിക്കുന്നത് ഔപചാരിക സംവിധാനം വിശാലമായ ലക്ഷ്യങ്ങൾ നിറവേറ്റുന്നുണ്ടെങ്കിലും, മുൻഗണനാ മേഖലയിലെ വിതരണം കൂടുതൽ കൂടുതലായി ഏകപക്ഷീയമാകുന്നു എന്നാണ്: കാർഷിക ഹ്രസ്വകാല വായ്പകൾ ഉയർന്ന നിലയിൽ തുടരുന്നു, എന്നാൽ ദീർഘകാല നിക്ഷേപ വായ്പകൾ, എംഎസ്എംഇ വായ്പകൾ, ദുർബല വിഭാഗങ്ങൾക്കുള്ള വായ്പകൾ എന്നിവയിൽ നയപരമായ ശ്രദ്ധ വീണ്ടും ആവശ്യമാണ്.

### ഗ്രൗണ്ട്–ലെവൽ ക്രെഡിറ്റ് (ജി എൽ സി): കാർഷിക വായ്പയും മേഖലാ ഘടനയും

ഗ്രൗണ്ട് ലെവൽ ക്രെഡിറ്റ് എന്നാൽ ഉൽപ്പാദന മേഖലകൾക്ക് നേരിട്ട് നൽകുന്ന വായ്പയുടെ പ്രധാന അളവുകോലാണ്. ഇത് പ്രധാനമായും കൃഷി, എം.എസ്.എം.ഇ (സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ), സേവന മേഖല എന്നിവയ്ക്കുള്ളതാണ്. കണക്കുകൾ സൂചിപ്പിക്കുന്നത് കഴിഞ്ഞ 10 വർഷത്തിനുള്ളിൽ, പ്രത്യേകിച്ച് കൃഷിയിലും എം.എസ്.എം.ഇ. മേഖലയിലും വലിയ പുരോഗതി ഉണ്ടെന്നാണ്. അതേസമയം, സേവന മേഖലയിൽ നൽകിയ വായ്പകളിൽ കാര്യമായ കുറവുണ്ടെന്നും വ്യക്തമാക്കുന്നു.

2015-16 നും 2024-25 നും ഇടയിൽ, ഗ്രാമീണതല വായ്പകളിൽ (ജി എൽ സി) പ്രതിവർഷം ശരാശരി 15,800 കോടി രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ട്. ഇത് മുൻ കാലയളവിലെ വാർഷിക വർദ്ധനവിന്റെ ഇരട്ടിയാണ്. വായ്പാ ആസൂത്രണം മെച്ചപ്പെട്ടത്, നബാർഡും എസ് എൽ ബി സിയും തമ്മിലുള്ള ഏകോപനം കാർഷിക, എം എസ് എം ഇ വികസന പരിപാടികളുമായി കൂടുതതൽ പൊരുത്തപ്പെടൽ എന്നിവയുടെ സൂചനയാണിത്. എന്നിരുന്നാലും, വിവിധ മേഖലകളിലെ ഘടന താഴെ പറയുന്നവ വ്യക്തമാക്കുന്നു:

- പ്രാഥമിക മേഖല: ഇതിന്റെ വിഹിതം 2009-10 ൽ 47 ശതമാനമായിരുന്നത് 2024-25 ആയപ്പോഴേക്കും 65 ശതമാനത്തിലധികമായി ഉയർന്നു.
- ദ്വിതീയ മേഖല (എം എസ് എം ഇ - കൾ): സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക്, വിശേഷിച്ച് ഭക്ഷ്യ സംസ്കരണം, സേവന മേഖല, ഗ്രാമീണ കരകൗശല ഉൽപ്പന്നങ്ങൾ എന്നിവയ്ക്ക് വർധിച്ച സാമ്പത്തിക സഹായം ലഭ്യമാക്കിയതിനെ തുടർന്ന് ഈ മേഖലയുടെ വിഹിതം ഏകദേശം 5 ശതമാനത്തിൽ നിന്ന് 30 ശതമാനമായി ഉയർന്നു.
- തൃതീയ മേഖല (സേവന മേഖല): ഈ മേഖലയിലെ വിഹിതം 48 ശതമാനത്തിൽ നിന്ന് 5 ശതമാനമായി കുറഞ്ഞു. സേവന മേഖല, വ്യാപാരം, ഗതാഗതം, ചെറുകിട വാണിജ്യ സംരംഭങ്ങൾ എന്നിവയ്ക്കുള്ള വായ്പാ ലഭ്യതയെ ഇത് ആശങ്കപ്പെടുത്തുന്നു.

തൃതീയ മേഖലയ്ക്കുള്ള വായ്പകളുടെ കുറവ് പ്രത്യേകിച്ച് ആശങ്കപ്പെടുത്തുന്നതാണ്. കാരണം കേരളത്തിന്റെ മൊത്തം സംസ്ഥാന മൂല്യവർധനയിൽ (ജി എസ് വി എ) 64 ശതമാനത്തിലധികവും സേവന മേഖലയിൽ നിന്നാണ്. മേഖല തിരിച്ചുള്ള സാമ്പത്തിക ഘടനയും വായ്പാ വിഹിതവും തമ്മിലുള്ള പൊരുത്തക്കേട് സൂചിപ്പിക്കുന്നത്, വിലയിരുത്തൽ, റിസ്ക് വിശകലനം, നഷ്ടസാധ്യത, വായ്പാ പദ്ധതികളുടെ രൂപകല്പന എന്നിവയിൽ വ്യവസ്ഥാപരമായ പോരായ്മകൾ ഉണ്ടെന്നാണ്.

### കാർഷിക വായ്പയുടെ പര്യാപ്തത: തീവ്രത, വിഹിതം, ഘടനാപരമായ ആശങ്കകൾ

കേരളത്തിലെ കാർഷിക വായ്പാ സമ്പ്രദായം, ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളിൽ നിന്നും സംസ്ഥാനത്തെ വ്യത്യസ്തമാക്കുന്ന ഒരു വൈരുദ്ധ്യം ചൂണ്ടിക്കാട്ടുന്നു. ഒരു ഭാഗത്ത്, കേരളത്തിലെ കാർഷിക മേഖലയുടെ വലിപ്പവുമായി താരതമ്യപ്പെടുത്തുമ്പോൾ ഇവിടെ അസാധാര

ണമാം വിധം ഉയർന്നതോതിൽ കാർഷിക വായ്പകൾ വിതരണം ചെയ്യുന്നു. മറുഭാഗത്ത്, ഈ വായ്പകളുടെ വിഹിതത്തെയും വിനിയോഗത്തെയും പറ്റിയുള്ള ചോദ്യങ്ങൾ നിലനിൽക്കുന്നു- പ്രത്യേകിച്ചും ഇവ ഫലപ്രദമായ നിക്ഷേപങ്ങൾക്കും, മൂലധന ഉത്പാദനത്തിനും, കാർഷികോത്പാദനത്തിൽ സുസ്ഥിര വളർച്ചയ്ക്കും സഹായകമാകുന്നുണ്ട്.

കാർഷിക ജി വി എ -യുമായി കാർഷിക ജി എൽ സിയുടെ അനുപാതം ഒരു പ്രധാന സൂചകമാണ്. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ (ആർ ബി ഐ) ഇന്റേണൽ വർക്കിംഗ് ഗ്രൂപ്പ് (ഐ ഡബ്ല്യൂ ജി) പറയുന്നത്, കേരളത്തിന്റെ അനുപാതം 180 ശതമാനത്തിൽ കൂടുതലാണ്. ഇത് ദേശീയ ശരാശരിയായ 40-48 ശതമാനത്തേക്കാൾ വളരെ കൂടുതലാണ്. ഇതിനർത്ഥം കൃഷിക്ക് നൽകുന്ന വായ്പ, ആ മേഖലയിൽ നിന്നുള്ള വരുമാനത്തേക്കാൾ കൂടുതലാണെന്നാണ്. ചില വർഷങ്ങളിൽ - പ്രധാനമായും 2020-21 ൽ - മൊത്തം കാർഷിക ജി എൽ സി, കാർഷിക-അനുബന്ധ മേഖലകളിലെ നിലവിലെ വിലയിലുള്ള മൊത്ത മൂല്യവർദ്ധനവിനെ (ജി വി എ) മറികടന്നു. ഇത് ഉയർന്ന തോതിലുള്ള സാമ്പത്തിക വ്യാപനം സൂചിപ്പിക്കുമ്പോൾ തന്നെ, കാർഷിക വായ്പകൾ കൃഷി ഇതര ആവശ്യങ്ങൾക്ക് വഴിതിരിക്കാനുള്ള സാധ്യതയെക്കുറിച്ച് ആശങ്ക ഉയർത്തുന്നുണ്ട്.

ഈ പ്രതിഭാസത്തിന് പിന്നിൽ ഘടനാപരമായ നിരവധി കാരണങ്ങൾ ഉണ്ട്:

- സ്വർണ്ണം ഈടായിട്ടുള്ള കാർഷിക വായ്പകളുടെ ആധിപത്യം: സ്വർണ്ണം ഈടായിട്ടുള്ള വായ്പകൾക്ക് ഇന്ത്യയിൽ ഏറ്റവും കൂടുതൽ പ്രചാരമുള്ള സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. പല ഹ്രസ്വകാല കാർഷിക വായ്പകൾക്കും വീട്ടിലെ സ്വർണ്ണം ഈടായി നൽകുന്നതിനാൽ, വായ്പ എളുപ്പം ലഭ്യമാവുകയും വായ്പയ്ക്കായി കൃഷിയുടെ വ്യാപ്തിയെ ആശ്രയിക്കുന്നത് കുറയുകയും ചെയ്യും. തൽഫലമായി, ഇത്തരം വായ്പകളെ "കാർഷിക വായ്പ" എന്ന് തരംതിരിക്കുമ്പോൾ അതിന് പലപ്പോഴും കാർഷിക പ്രവർത്തനങ്ങളുമായോ നിക്ഷേപങ്ങളുമായോ പരിമിതമായ ബന്ധം മാത്രമേ ഉണ്ടാകാറുള്ളൂ.
- വിഭജിക്കപ്പെട്ട ഭൂമിയും ഉയർന്ന പാട്ടകൃഷിയും: കൃഷിഭൂമി വളരെയധികം വിഭജിക്കപ്പെട്ട രീതിയിലാണ് കേരളത്തിലെ ഭൂവുടമസ്ഥതയുടെ സ്വഭാവം. കാർഷികവൃത്തിയുടെ ഗണ്യമായ ഭാഗവും പാട്ട വ്യവസ്ഥയിലോ അല്ലെങ്കിൽ അനൗദ്യോഗിക ഉടമസ്ഥതയിലോ ഉള്ള ഭൂമിയിലാണ്. ഇത് നിക്ഷേപ വായ്പകളുടെ ആവശ്യം കുറച്ചുകൊണ്ട്, ദീർഘകാല മൂലധന സ്വരൂപണത്തിനുള്ള അവസരം പരിമിതപ്പെടുത്തുകയും ചെയ്യുന്നു.
- കുറയുന്ന കർഷക തൊഴിലാളികളും വിള വൈവിധ്യവും: കേരളത്തിൽ കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ അളവിൽ ദീർഘകാലമായി കുറവുണ്ടായിട്ടുണ്ട്, പ്രത്യേകിച്ച് നെല്ലും കിഴങ്ങുവർഗ്ഗങ്ങളും കൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ. റബ്ബർ, ഏലം, സുഗന്ധവ്യഞ്ജനങ്ങൾ തുടങ്ങിയ ഉയർന്ന മൂല്യമുള്ള വാണിജ്യ വിളകൾക്കാണ് മുൻഗണന, എന്നാൽ ഇവയ്ക്ക് ദീർഘകാല വായ്പകളിൽ ആനുപാതിക വർദ്ധനവ് ആവശ്യമില്ല.
- ഉയർന്ന മൂല്യമുള്ള ഉൽപ്പാദന ഉപാധികൾ (ഇൻപുട്ട്സ്) ഉപയോഗിക്കുന്നതുമൂലം വായ്പയുടെ ആവശ്യം അധികമായി കണക്കാക്കൽ: വാണിജ്യ വിള കൃഷിയിൽ - പ്രത്യേകിച്ച് തോട്ടവിളകളിൽ - വിലയിലെ ഏറ്റക്കുറച്ചിലുകൾ, കീടങ്ങളുടെ ആക്രമണം, പ്രവചനാതീതമായ കാലാവസ്ഥാ മാറ്റങ്ങൾ എന്നിവ ഉൽപ്പാദന ഉപാധികളുടെയും പ്രവർത്തന മൂലധനത്തിന്റെയും ആവശ്യകതയിൽ ചാഞ്ചാട്ടത്തിന് കാരണമാകുന്നു.

വായ്പയുടെ പര്യാപ്തത - അധിക വിതരണത്തിനുള്ള സാധ്യതയും - വിലയിരുത്താനുള്ള മറ്റൊരു മാനദണ്ഡമാണ് ഭൂമിയുടെ യൂണിറ്റ് അടിസ്ഥാനത്തിലുള്ള വായ്പാ വിതരണം. കേരളത്തിൽ ഒരു ഹെക്ടറിന് ലഭിക്കുന്ന വായ്പാതുക രാജ്യത്ത് ഏറ്റവും ഉയർ ന്നതാണ്: 2009-10 ൽ ഒരു ഹെക്ടറിന് ഏകദേശം 1.07 ലക്ഷം രൂപയായിരുന്നത് 2021-22 ഓടെ ഏകദേശം 3.8 ലക്ഷം രൂപയായി ഉയർന്നു. ദേശീയ ശരാശരി വർഷം തോറും വർധിച്ചെങ്കിലും, കേരളത്തിലെ ഈ നിരക്ക് നാല് മുതൽ ഏഴ് മടങ്ങ് വരെ കൂടുതലായി തുടരുന്നു. ഇത് ഭാഗികമായി പ്രതിഫലിപ്പിക്കുന്നത്, ഉയർന്ന മൂല്യമുള്ള വിളരീതികളും സാങ്കേതികവിദ്യയുടെ വ്യാപകമായ ഉപയോഗവും വിപണിയിൽ നിന്നുള്ള ഉൽപാദന ഉപാധികളുടെ ലഭ്യതയും ആണ്. എന്നിരുന്നാലും, ഇത്രയധികം വ്യത്യാസം ഉൽപ്പാദന ആവശ്യങ്ങൾ കൊണ്ട് മാത്രം വിശദീകരിക്കാൻ സാധ്യമല്ല.

കാർഷിക വായ്പകൾ കുറഞ്ഞ കാലയളവിനുള്ള വായ്പകളിൽ നിന്ന് ദീർഘകാല നിക്ഷേപം,

നീണ്ട കാലയളവിലേക്ക് നിക്ഷേപങ്ങളിലേക്കും, വിളകളുടെ വൈവിധ്യവൽക്കരണത്തിലേക്കും, യന്ത്രവൽക്കരണത്തിലേക്കും, മൂല്യവർദ്ധന ശൃംഖലയുടെ വളർച്ചയിലേക്കും മാറ്റേണ്ടതിന്റെ ആവശ്യകത എടുത്തു കാണിക്കുന്നു. കുറഞ്ഞ കാലയളവിലേക്ക് വായ്പകളുമായി താരതമ്യം ചെയ്യുമ്പോൾ ഈ മേഖലക്ക് ലഭിക്കുന്ന വായ്പ ലഭ്യത താരതമേന്യ കുറവാണ്.

മൊത്തത്തിൽ, ഈ സൂചകങ്ങൾ എടുത്തു കാട്ടുന്നത്, ദീർഘകാല നിക്ഷേപം, വിള സമ്പ്രദായങ്ങളുടെ വൈവിധ്യവൽക്കരണം, യന്ത്രവൽക്കരണം, മൂല്യ ശൃംഖല വികസനം എന്നിങ്ങനെ ഹ്രസ്വകാല വായ്പകളുമായി താരതമ്യം ചെയ്യുമ്പോൾ വായ്പാ ലഭ്യത കുറവായ മേഖലകളിലേക്ക് കാർഷിക വായപകൾ പുനഃക്രമീകരിക്കേണ്ടതിന്റെ ആവശ്യകതയാണ്.

### സാമൂഹിക സുരക്ഷാ പദ്ധതികളും സാമ്പത്തിക ഉൾപ്പെടുത്തൽ

കേരളത്തിലെ വിപുലമായ ബാങ്കിങ് ശൃംഖല, ദേശീയ സാമൂഹിക സുരക്ഷാ പദ്ധതികളുമായും സാമ്പത്തിക ഉൾപ്പെടുത്തൽ പരിപാടികളുമായും ശക്തമായ സംയോജനത്തിന് സഹായകമായിട്ടുണ്ട്. പ്രധാന മന്ത്രി ജൻ-ധൻ യോജന (പി എം ജെ ഡി വൈ), പ്രധാന മന്ത്രി ജീവൻ ജ്യോതി ബീമാ യോജന (പി എം ജെ ജെ ബി വൈ), പ്രധാന മന്ത്രി സുരക്ഷാ ബീമാ യോജന (പി എം എസ് ബി വൈ), അടൽ പെൻഷൻ യോജന (എ പി വൈ) തുടങ്ങിയ പ്രധാന പദ്ധതികളിലെ പ്രകടനം സംസ്ഥാനത്തെ ധനകാര്യ സ്ഥാപനങ്ങളുടെ വ്യാപ്തിയും പ്രവർത്തന ശേഷിയും വ്യക്തമാക്കുന്നു.

2025ജൂൺ വരെ കേരളത്തിൽ ഏകദേശം 70 ലക്ഷം പി എം ജെ ഡി വൈ അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ട്. ഇവയിലെ മൊത്തം നീക്കിയിരിപ്പ് 3,200 കോടിയിലധികമാണ്- ദേശീയ പി എം ജെ ഡി വൈ നിക്ഷേപങ്ങളുടെ 1.3 ശതമാനത്തിൽ കൂടുതൽ. സംസ്ഥാനത്തിന്റെ ജനസംഖ്യാ വിഹിതം പരിഗണിക്കുമ്പോൾ ഇത് ശ്രദ്ധേയമാണ്.

35 ലക്ഷത്തിലധികം റുപേ കാർഡുകൾ വിതരണം ചെയ്തതു വഴി മുൻപ് ബാങ്കിംഗ് സംവിധാനത്തിന് പുറത്തായിരുന്ന വിഭാഗങ്ങൾക്കും ഡിജിറ്റൽ ധനകാര്യ സേവനങ്ങൾ ലഭ്യമായിട്ടുണ്ട്.

ഇൻഷുറൻസ് ബന്ധിത സാമൂഹികസുരക്ഷാ പദ്ധതികളിൽ സംസ്ഥാനത്ത് ഉയർന്ന തോതിലുള്ള വരിക്കാരെയാണ് കാണുന്നത്. പി എം ജെ ജെ ബി വൈ യിൽ 22 ലക്ഷവും പി എം എസ് ബി വൈ -യിൽ 96.2 ലക്ഷം, എ.പി.വൈ യിൽ 12.8 ലക്ഷവും വരിക്കാരുണ്ട്. വയനാട്, പാലക്കാട് ജില്ലകളിൽ പദ്ധതി പൂർണമായി നടപ്പാക്കിയതായി പ്രഖ്യാപിച്ചു. രണ്ട് ജില്ലകളിലും അർഹരായ എല്ലാ കുടുംബങ്ങളിലും ചുരുങ്ങിയത് ഒരാളെങ്കിലും പി.എം. ജെ.ജെ.ബി.വൈ അല്ലെങ്കിൽ പി.എം.എസ്.ബി.വൈ പദ്ധതികളിൽ അംഗമായിട്ടുണ്ട്. കുടുംബശ്രീ ശൃംഖലകൾ, പഞ്ചായത്ത് തല ജനസമ്പർക്ക പ്രവർത്തനങ്ങൾ, ബാങ്ക്-സ്വയം സഹായ സംഘങ്ങളുടെ ഏകോപനം എന്നിവ ഇതിൽ ഗണ്യമായ പങ്കുവഹിച്ചു. കേരളത്തിന്റെ ഈ അനുഭവം, വികേന്ദ്രീകൃത സ്ഥാപനങ്ങൾക്ക് ദേശീയ സാമ്പത്തിക ഉൾച്ചേർക്കൽ പദ്ധതികളുടെ പ്രവർത്തനക്ഷമത ശക്തിപ്പെടുത്താൻ എത്രത്തോളം സഹായിക്കാമെന്ന് വ്യക്തമാക്കുന്ന പ്രധാന മാതൃകയാണ്.

പ്രധാനമന്ത്രി മുദ്ര യോജന (പി.എം.എം.വൈ) പ്രകാരം കേരളത്തിൽ ഏകദേശം 39 ലക്ഷം അക്കൗണ്ടുകളിലായി 31,190 കോടി രൂപ വായ്പാ കുടിശ്ശികയുണ്ട് (2025 മാർച്ച് വരെ). ഇത് സൂക്ഷ്മ സംരംഭങ്ങൾക്ക് മികച്ച വായ്പാ ലഭ്യത പ്രതിഫലിപ്പിക്കുന്നുണ്ടെങ്കിലും അമിത കടബാധ്യതയുടെ വർദ്ധനവ്, ഒന്നിലധികം വായ്പകളെടുത്ത് വായ്പ തിരിച്ചടച്ച് വീണ്ടും വായ്പയെടുക്കുന്ന വായ്പാ പുനഃചംക്രമണം, സൂക്ഷ്മ സംരംഭങ്ങൾ വലിയ സംരംഭങ്ങളിലേക്ക് മാറുന്നതിലെ പരിമിതികൾ എന്നിവ ആശങ്ക ഉയർത്തുന്നു. ഈ സാഹചര്യത്തിൽ, വായ്പാ സംരംഭ വികസന ആവാസവ്യവസ്ഥ ശക്തമാക്കേണ്ടതിന്റെ ആവശ്യകതയും ഉയരുന്നു.

**സഹകരണ ബാങ്കിംഗ്, ഗ്രാമീണ വായ്പാ സ്ഥാപനങ്ങൾ**

കേരളത്തിന്റെ സാമ്പത്തിക രംഗത്ത് സഹകരണ മേഖലയ്ക്ക് സവിശേഷമായ ഒരു സ്ഥാനം ഉണ്ട്. സഹകരണ സ്ഥാപനങ്ങൾ ധനകാര്യ സ്ഥാപനങ്ങൾ മാത്രമല്ല; അവ ഗ്രാമീണ ജീവിതം, തദ്ദേശ ഭരണം, കൂട്ടായ പ്രവർത്തനം എന്നിവയിൽ ഇഴുകിച്ചേർന്ന സാമൂഹിക-സാമ്പത്തിക വേദികളാണ്.

**ചരിത്രപരമായ പരിണാമവും സ്ഥാപന ഘടനയും**

കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന് സുദീർഘമായ ഒരു ചരിത്രമുണ്ട്. 1914-ലെ ട്രാവൻകൂർ കോ-ഓപ്പറേറ്റിവ് സൊസൈറ്റീസ് റെഗുലേഷൻ ആക്ട് എന്ന നിയമവും 1915-ൽ സ്ഥാപിതമായ ട്രിവാൻഡ്രം സെൻട്രൽ കോ-ഓപ്പറേറ്റീവ് ബാങ്കുമാണ് ഇതിന് തുടക്കം കുറിച്ചത്. കാലക്രമേണ, സഹകരണ സംഘങ്ങൾ ഗ്രാമീണ വികസനത്തിന്റെ അവിഭാജ്യ ഘടകമായി മാറി. പ്രത്യേകിച്ച്, തിരുവിതാംകൂർ, കൊച്ചി നാട്ടുരാജ്യങ്ങളിൽ ഗ്രാമീണ വായ്പകൾക്കും സാമൂഹിക മുന്നേറ്റത്തിനുമുള്ള ആദ്യകാല ഉപാധികളായിരുന്നു ഇവ. സംസ്ഥാന സഹകരണ ബാങ്ക് (അപെക്സ്), ജില്ലാ സഹകരണ ബാങ്കുകൾ (ഡിസിബികൾ), പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ (പിഎസിഎസ്) എന്നിവ ഉൾപ്പെടുന്ന ഒരു ത്രിതല ഹ്രസ്വകാല വായ്പാസംവിധാനം ചരിത്രപരമായി തന്നെ കേരളത്തിൽ നിലവിലുണ്ടായിരുന്നു. 2019 ൽ സംസ്ഥാന സഹകരണ ബാങ്കും 13 ജില്ലാ സഹകരണ ബാങ്കുകളും ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിച്ചതോടെ ഘടനാപരമായി വലിയൊരു പരിവർത്തനം സംഭവിച്ചു. ഇതിലൂടെ സഹകരണ സ്ഥാപനങ്ങളുടെ സാമ്പത്തിക നില ശക്തിപ്പെടുത്തുക, സോഫ്റ്റ്‌വെയർ, അക്കൗണ്ടിംഗ് സംവിധാനങ്ങൾ ഏകോപിപ്പിക്കുക, ഏകീകൃത ബാലൻസ് ഷീറ്റ് സൃഷ്ടിക്കുക, വാണിജ്യ ബാങ്കുകളുമായി കൂടുതൽ ഫലപ്രദമായി മത്സരിക്കാൻ സഹകരണ മേഖലയെ ശക്തിപ്പെടുത്തുക എന്നിവയാണ് ലക്ഷ്യമിട്ടത്.

നിലവിൽ, കേരളത്തിന്റെ ഹ്രസ്വകാല സഹകരണ വായ്പാ സംവിധാനം കേരളാ ബാങ്കും 1,607 പിഎസിഎസുകളും 3,481 ശാഖകളും ഉൾപ്പെടുന്നതാണ്. ദീർഘകാല ഘടനയിൽ, കേരള സംസ്ഥാന സഹകരണ കാർഷിക

**പട്ടിക 18.4:** കേരളത്തിലെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ (പിഎസിഎസ്)അടിസ്ഥാന വിവരങ്ങൾ, 2010 മുതൽ 2022 വരെ

| മാർച്ച് 31-നു നിലവിൽ | പി എ സി എസ് | | ഉൾപ്പെട്ട ഗ്രാമങ്ങൾ (%) | അംഗങ്ങൾ (ലക്ഷത്തിൽ) | | വായ്പ എടുത്തവർ ( ലക്ഷത്തിൽ) | |
|---|---|---|---|---|---|---|---|
| | എണ്ണം | അഖിലേന്ത്യാ വിഹിതം (%) | | എണ്ണം | അഖിലേന്ത്യാ വിഹിതം (%) | എണ്ണം | അഖിലേന്ത്യാ വിഹിതം (% |
| 2010 | 1,608 | 1.7 | 99.2 | 192.2 | 10.1 | 82.5 | 32.2 |
| 2015 | 1,605 | 1.7 | 100 | 199.9 | 16.5 | 89.9 | 32.5 |
| 2018 | 1,609 | 1.7 | 100 | 243.5 | 22.9 | 100.4 | 35.8 |
| 2022 | 1,607 | 1.5 | 100 | 266.4 | 17.1 | 114.9 | 23.8 |

*അവലംബം:* കേരള സർക്കാർ (2021-22), സഹകരണ സ്ഥിതിവിവരക്കണക്കുകൾ: 2021-22, സഹകരണ വകുപ്പ്, തിരുവനന്തപുരം, നാഫ്സ്കോബ് (എൻ എ എഫ് എസ് സി ഒ ബി), പി എ സി എസ് -കളുടെ പ്രകടനം, വിവിധ പതിപ്പുകൾ, നവിമുംബൈ.

**പട്ടിക 18.5:** കേരളത്തിലെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ (പി എ സി എസ്) നിക്ഷേപം, വായ്പയെടുപ്പ് വിവരങ്ങൾ, 2010 മുതൽ 2022 വരെ (രൂപ കോടിയിൽ)

| മാർച്ച് 31-നു നിലവിൽ | നിക്ഷേപങ്ങൾ (രൂപ കോടിയിൽ) | | കടമെടുപ്പ് (രൂപ കോടിയിൽ) | | പ്രവർത്തന മൂലധനം (രൂപ കോടിയിൽ) | |
|---|---|---|---|---|---|---|
| | നിക്ഷേപങ്ങൾ (കോടിയിൽ) | അഖിലേന്ത്യാ വിഹിതം (%) | തുക | അഖിലേന്ത്യാ വിഹിതം (%) | തുക | അഖിലേന്ത്യാ വിഹിതം (%) |
| 2010 | 25,151 | 59.3 | 2,798 | 5.4 | 34,232 | 19.2 |
| 2015 | 53,129 | 62.8 | 5,115 | 5.1 | 56,154 | 25.1 |
| 2018 | 91,774 | 69.5 | 7,558 | 5.4 | 1,11,402 | 32.6 |
| 2022 | 1,31,774 | 69 | 9,145 | 5.3 | 1,29,368 | 35 |

*അവലംബങ്ങൾ:* കേരള സർക്കാർ (2021-22), സഹകരണ സ്ഥിതിവിവരക്കണക്കുകൾ: 2021-22, സഹകരണ വകുപ്പ്, തിരുവനന്തപുരം, നാഫ്സ്കോബ് (എൻ എ എഫ് എസ് സി ഒ ബി), പി എ സി എസ് - കളുടെ പ്രകടനം, വിവിധ പതിപ്പുകൾ, നവിമുംബൈ

ഗ്രാമവികസന ബാങ്കും (കെഎസ്സിഎആർഡിബി) അതിന്റെ അനുബന്ധ സ്ഥാപനങ്ങളായ പ്രാഥമിക സഹകരണ എആർഡിബികളും മൂലധന കേന്ദ്രീകൃത വായ്പ നൽകിവരുന്നു.

കേരളത്തിലെ സഹകരണ ശൃംഖല വായ്പകളിൽ മാത്രം ഒതുങ്ങുന്നില്ല. ഉപഭോക്തൃ, വിപണന, വനിതാ, ഭവന നിർമ്മാണ, സംസ്കരണ, പട്ടികവർഗ്ഗ, ആരോഗ്യ, തൊഴിൽ സഹകരണ സ്ഥാപനങ്ങൾ എന്നിങ്ങനെ വൈവിദ്ധ്യമാർന്ന മേഖലകളിലെ സഹകരണ സ്ഥാപനങ്ങളെ സഹകരണ സംഘം രജിസ്ട്രാർ നിയന്ത്രിക്കുന്നു. 2016-ൽ 15,287 എണ്ണം ആയിരുന്ന സഹകരണ സംഘങ്ങൾ 2024-ൽ 16,429 ആയി ഉയർന്നു. എന്നാൽ, പ്രവർത്തനരഹിതമായവയുടെ എണ്ണം കൂടുന്നതും, നിയമ പ്രശ്നങ്ങളും, കാര്യക്ഷമമല്ലാത്ത ഭരണനവും ഇതിന്റെ വളർച്ചയ്ക്ക് തടസ്സമുണ്ടാക്കുന്നു. പ്രവർത്തനക്ഷമമായ സഹകരണ സംഘങ്ങളുടെ എണ്ണം 77.9 ശതമാനത്തിൽ നിന്ന് 74.78 ശതമാനമായി കുറഞ്ഞത് നിഷ്ക്രിയത്വം, അടച്ചുപൂട്ടൽ, ദുർബല ഭരണം തുടങ്ങി വർദ്ധിച്ചു വരുന്ന വെല്ലുവിളികളെ സൂചിപ്പിക്കുന്നു. എണ്ണത്തിൽ വളർച്ചയുണ്ടെങ്കിലും പ്രവർത്തനക്ഷമത കുറയുന്ന വൈരുദ്ധ്യം ചില മേഖലകളിലെ സ്ഥാപന ശാക്തീകരണം, ശക്തമായ ഭരണനിർവഹണ മേൽനോട്ടം, ഏകീകരണം എന്നിവയുടെ ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുന്നു.

**പിഎസിഎസ്: ഗ്രാമീണ സഹകരണ ബാങ്കിംഗിന്റെ അടിത്തറ**

കേരളത്തിന്റെ ഗ്രാമീണ സാമ്പത്തിക ഘടനയുടെ നട്ടെല്ലാണ് പിഎസിഎസ്. അവയുടെ പ്രാധാന്യം വായ്പ വിതരണം ചെയ്യുന്നതിൽ മാത്രമല്ല, കാർഷിക ഉപാധികളുടെ വിതരണം, വിപണനം, കമ്മ്യൂണിറ്റി സേവനങ്ങൾ, നേതൃത്വ വികസനം എന്നിവ നൽകുന്ന വിവിധോദ്ദേശ്യ സ്ഥാപനങ്ങളായി അവ പ്രവർത്തിക്കുന്നു.

**അംഗത്വ രീതികളും പരിരക്ഷയും:** കേരളത്തിലെ ഏതാണ്ട് എല്ലാ ഗ്രാമങ്ങളിലും പ്രാഥമിക സഹകരണ സംഘങ്ങൾ (പി.എ.സി.എസ്) ഉണ്ട് എന്നത് ശ്രദ്ധേയമായ ഒരു സ്ഥാപനപരമായ നേട്ടമാണ്. കേരളത്തിലെ 1,607 പ്രാഥമിക സഹകരണ സംഘങ്ങൾ ഇന്ത്യയിലെ മൊത്തം സഹകരണ സംഘങ്ങളുടെ 1.5 ശതമാനം മാത്രമാണെങ്കിലും, ഇന്ത്യയിലെ മൊത്തം പി.എ.സി.എസ് അംഗങ്ങളുടെ 17 ശതമാനവും, വായ്പയെടുക്കുന്ന മൊത്തം അംഗങ്ങളുടെ ഏകദേശം 24 ശതമാനവും (2022 ലെ കണക്കനുസരിച്ച്) അവയിൽ ഉണ്ട്.

2022-ൽ മൊത്തം അംഗങ്ങളുടെ എണ്ണം ഏകദേശം 2.7 കോടിയായിരുന്നു. ഇത് കേരളത്തിൽ കണക്കാക്കിയ മുതിർന്നവരുടെ ജനസംഖ്യയെക്കാൾ കൂടുതലാണ്. ഈ അസാധാരണ അനുപാതം, ഒന്നിലധികം മുതിർന്ന അംഗങ്ങളുള്ള വീടുകളിലെ വ്യാപക അംഗത്വത്തെയും സഹകരണ സ്ഥാപനങ്ങളിലുള്ള വിശ്വാസ്യതയെയും ഗ്രാമീണ ജീവിതത്തിൽ പി.എ.സി.എസ് വഹിക്കുന്ന വിവിധോദ്ദേശ്യ പങ്കിനെയും സൂചിപ്പിക്കുന്നു.

**നിക്ഷേപങ്ങൾ, കടമെടുപ്പ്, പ്രവർത്തന മൂലധനം**

കേരളത്തിലെ പി എ സി എസ് സ്വന്തം നിലയിൽ തന്നെ പ്രധാന സാമ്പത്തിക ഇടനിലക്കാരാണ്. 2022-ൽ അവയുടെ നിക്ഷേപങ്ങൾ 1.3 ലക്ഷം കോടി ആയിരുന്നു. ഇത് ഇന്ത്യയിലെ മുഴുവൻ പി എ സി എസ് നിക്ഷേപങ്ങളുടെ 69 ശതമാനമാണ്. സഹകരണ സ്ഥാപനങ്ങളിലുള്ള ഉയർന്ന വിശ്വാസവും ഗ്രാമീണ സാമ്പത്തിക ഘടനകളിൽ പി എ സി എസ് കളുടെ ശക്തമായ സാന്നിധ്യവുമാണ് ഈ വിഹിതം കാണിക്കുന്നത്.

ഉന്നത ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള കടമെടുക്കൽ നിക്ഷേപങ്ങളെ അപേക്ഷിച്ച് കുറഞ്ഞ നിലയിൽ തുടരുന്നു. ഇത് പി.എ.സി.എസ് കൾ പ്രധാനമായും അംഗങ്ങളുടെ സമ്പാദ്യത്തെയും ആഭ്യന്തര വിഭവങ്ങളെയും വലിയ തോതിൽ ആശ്രയിക്കുന്നു എന്നതിന്റെ സൂചനയാണ്.

**വായ്പ കുടിശ്ശികയും വിതരണ രീതികളും:** പിഎസിഎസിന്റെ വായ്പാ ഓഹരി ശേഖരണത്തിൽ വർദ്ധിച്ച വൈവിധ്യവൽക്കരണം കാണിക്കുന്നു. 2022 ആയപ്പോഴേക്കും കുടിശ്ശികയുള്ള മൊത്തം വായ്പകൾ ഏകദേശം ഒരു ലക്ഷം കോടിയിലെത്തി. അതിൽ മദ്ധ്യകാല (മീഡിയം ടേം) വായ്പകൾ മൊത്തം കുടിശ്ശികയുടെ 68 ശതമാനത്തിലധികം വരും. 14 ശതമാനം കൂട്ടു വാർഷിക വളർച്ചാ നിരക്കോടെ (സി എ ജി ആർ)യുള്ള മദ്ധ്യ കാല വായ്പകളുടെ വളർച്ച, ഹ്രസ്വകാല വായ്പകളുടെ വളർച്ചയെക്കാൾ (8.6 ശതമാനം കൂട്ടു വാർഷിക വളർച്ചാ നിരക്ക്) മുന്നിലാണ്. എങ്കിലും, കൃഷിക്ക് മാത്രമായുള്ള വായ്പകളുടെ പങ്ക് കുറഞ്ഞുവരുന്നതായി കാണാം - കേരളത്തിലെ പി.എ.സി.എസ് ഓഹരി ശേഖരണത്തിലും, പി.എ.സി.എസ്

**പട്ടിക 18.6** *കേരളത്തിലെ പി എ സി എസ് - കളുടെ വായ്പാ കുടിശ്ശിക - 2010 - 2022), രൂപ കോടിയിൽ*

| മാർച്ച് 31 പ്രകാരം | ഹ്രസ്വകാല വായ്പാ തുക | | മധ്യകാല വായ്പാ തുക | | ആകെ | |
|---|---|---|---|---|---|---|
| | തുക | വിഹിതം (ഇന്ത്യയിൽ) (%) | തുക | വിഹിതം (ഇന്ത്യയിൽ) (%) | തുക | വിഹിതം (ഇന്ത്യയിൽ) (%) |
| 2010 | 11,187 | 21.5 | 9,666 | 49.2 | 20,853 | 29.3 |
| 2015 | 16,443 | 29.4 | 9,550 | 62.5 | 25,993 | 39.3 |
| 2018 | 21,419 | 21.3 | 32,321 | 61.4 | 53,740 | 35.1 |
| 2022 | 30,677 | 26.3 | 67,339 | 44.7 | 98,016 | 36.7 |

*അവലംബങ്ങൾ: കേരള സർക്കാർ (2021- 22), സഹകരണ സ്ഥിതിവിവരക്കണക്കുകൾ 2021- 22, സഹകരണ വകുപ്പ് തിരുവനന്തപുരം നാഫ്സ്കോബ്, പി എ സി എസ് കളുടെ പ്രകടനം, വിവിധ പതിപ്പുകൾ, നവിമുംബൈ.*

കളുടെ ദേശീയ കാർഷിക വായ്പകളിലും ഇത് ദൃശ്യമാണ്. കർഷകർക്ക് വേണ്ടിയുള്ള പ്രാഥമിക സ്ഥാപനങ്ങളായി തുടങ്ങിയെങ്കിലും, പിഎസിഎസുകൾ ഇപ്പോൾ കാർഷിക പ്രവർത്തനങ്ങൾക്ക് കുറഞ്ഞ അനുപാതത്തിലും, ചെറുകിട ബിസിനസ് വായ്പകൾ, ഭവന നവീകരണം, കൃഷി ഇതര ഗ്രാമീണ സംരംഭങ്ങൾ തുടങ്ങിയ വൈവിധ്യ മാർന്ന പ്രവർത്തനങ്ങൾക്ക് കൂടുതൽ അനുപാതത്തിലും വായ്പ നൽകുന്നു.

**പിഎസിഎസിലെ പുതിയ പ്രശ്നങ്ങളും ഘടനാപരമായ പരിമിതികളും**: കേരളത്തിലെ പിഎസിഎസ് സംവിധാനത്തെ ഇന്ത്യയിലെ തന്നെ ഏറ്റവും വളർച്ചയെത്തിയതും വിപുലവുമായ ഒന്നായി പലപ്പോഴും വിലയിരുത്തുന്നുണ്ടെങ്കിലും, അക്കാദമികവും നയപരവുമായ ഗൗരവമുള്ള വിശകലനം ആവശ്യമായ ചില വെല്ലുവിളികൾ നേരിടുന്നുണ്ട്. ഈ പ്രശ്നങ്ങൾ മേഖലാപരമായ അസന്തുലനം, ആസ്തികളുടെ ഗുണനിലവാരം ഭരണകാര്യങ്ങളിലെ ആശങ്കകൾ, ഗ്രാമീണ സമൂഹത്തിന്റെ മാറുന്ന വായ്പാ ആവശ്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടതാണ്.

**പിഎസിഎസ് വായ്പകളിൽ കാർഷിക വിഹിതം കുറയൽ**: സഹകരണ വായ്പാ ഘടനയിലെ ഏറ്റവും ശ്രദ്ധേയമായ പ്രവണതകളിലൊന്ന്, മൊത്തം വായ്പാ ഓഹരിശേഖരണത്തിൽ കാർഷിക വായ്പയുടെ വിഹിതം ക്രമേണ കുറയുന്നതാണ്. കാർഷിക വായ്പയുടെ മൊത്തം തുക വർദ്ധിച്ചെങ്കിലും, മറ്റ് ഇനങ്ങളെ അപേക്ഷിച്ച് ഇതിന്റെ അനുപാതം കുത്തനെ കുറഞ്ഞിട്ടുണ്ട്. ഇത് ഗ്രാമീണ സാമ്പത്തിക ആവശ്യങ്ങളിൽ ഉണ്ടായ ഘടനാപരമായ മാറ്റം പ്രതിഫലിപ്പിക്കുന്നു: വീട് നവീകരണം, ചെറിയ വാണിജ്യ സംരംഭങ്ങൾ, വിദ്യാഭ്യാസം, ഉപഭോഗ ചെലവുകൾ തുടങ്ങിയ കാർഷികേതര ആവശ്യങ്ങൾക്കാണ് കുടുംബങ്ങൾ കൂടുതലായി വായ്പ തേടുന്നത്.

ഈ ഇടിവിന് നിരവധി കാരണങ്ങളുണ്ട്- നെൽക്കൃഷി ചെയ്യുന്ന പ്രദേശങ്ങളിലുൾപ്പെടെ കൃഷി സ്ഥലത്തിന്റെ കുറവ്, അനൗദ്യോഗിക സേവന മേഖലയിലെ ജോലികൾ, ചെറുകിട കച്ചവടം, ഗതാഗതം, ടൂറിസം പ്രവർത്തനങ്ങൾ എന്നിങ്ങനെ നിരവധി കുടുംബങ്ങൾ ഏർപ്പെടുന്ന ഗ്രാമീണ തൊഴിലുകളിലെ വൈവിധ്യവൽക്കരണം, ലാഭക്ഷമതയിലെ പരിമിതികൾ; പ്രത്യേകിച്ച് വില അനിശ്ചിതത്വം നേരിടുന്ന വിളകൾ (റബ്ബർ, സുഗന്ധവ്യഞ്ജനങ്ങൾ); സുരക്ഷിതമായ ഭൂവുടമസ്ഥതയുടെ അഭാവം മൂലം ഔദ്യോഗിക കാർഷിക വായ്പ ലഭിക്കാൻ ബുദ്ധിമുട്ടുണ്ടാക്കുന്ന ഉയർന്ന തോതിലുള്ള പാട്ടക്കൃഷി.

വൈവിധ്യവൽക്കരണം സ്വതവേ പ്രതികൂലമല്ലെങ്കിലും, പിഎസിഎസ് പോർട്ട്ഫോളിയോകളിൽ കൃഷിയുടെ കുറഞ്ഞുവരുന്ന പ്രാധാന്യം, കർഷകരെ സേവിക്കാൻ രൂപകൽപ്പന ചെയ്ത സ്ഥാപനങ്ങൾ എന്ന നിലയിലുള്ള പിഎസിഎസ് ന്റെ പ്രധാന പ്രവർത്തന തത്വത്തെ ദുർബലപ്പെടുത്തുന്നത് ആശങ്കകൾ ഉയർത്തുന്നതാണ്.

**വർദ്ധിക്കുന്ന വായ്പകുടിശികയും ഓഹരി ശേഖരണ അപകടസാധ്യതയും:** കുടിശ്ശികയുള്ള മൊത്തം വായ്പകളുമായി താരതമ്യം ചെയ്യുമ്പോൾ തിരിച്ചടവ് വൈകിയ വായ്പകളുടെ അനുപാതം 2016-ൽ ഏകദേശം 16.8 ശതമാനമായിരുന്നത് 2024-ൽ 24.5 ശതമാനമായി ഉയർന്നു. ഇത് വായ്പകൾ തിരിച്ചടപ്പിക്കുന്നതിലെ വർധിച്ചുവരുന്ന വെല്ലുവിളികളെ സൂചിപ്പിക്കുന്നു. കോവിഡിനു ശേഷമുള്ള വരുമാന തടസ്സങ്ങൾ, നിർദ്ദിഷ്ട ഉപ-കാലയളവുകളിലെ കുറഞ്ഞ തിരിച്ചടവ്, സാധന വിലകളിലെ ഏറ്റക്കുറച്ചിലുകൾ എന്നിവയെല്ലാം ഈ വെല്ലുവിളികൾക്കു കാരണമായി.

പി എ സി എസ് തല വിലയിരുത്തലിലെ അപര്യാപ്തത, നഷ്ടസാധ്യതകളുടെ പരിമിതമായ വൈവിധ്യവൽക്കരണം, വായ്പയെ ബാധിക്കുന്ന ഘടകങ്ങൾ, വാണിജ്യ ബാങ്കുകളുമായി താരതമ്യപ്പെടുത്തുമ്പോൾ ദുർബലമായ നിർവ്വഹണ ശേഷി എന്നിവയെല്ലാം വായ്പാകുടിശിക പ്രതിഫലിപ്പിക്കുന്നു. കുടിശികയുടെ തോത് നിയന്ത്രിക്കുന്നില്ലെങ്കിൽ, പി എ സി എസ് -ന്റെ സാമ്പത്തിക നിലനിൽപ്പ് ഇടക്കാലത്തേക്കെങ്കിലും അപകടത്തിൽ ആയേക്കാം.

**ഭരണനിർവ്വഹണവും മാനേജീരിയൽ വെല്ലുവിളികളും**: സഹകരണ സ്ഥാപനങ്ങൾ ജനാധിപത്യപരമായി നിയന്ത്രിക്കപ്പെടുന്നുണ്ടെങ്കിലും, ഭരണത്തിന്റെ ഗുണനിലവാരം വ്യാപകമായി വ്യത്യാസപ്പെടുന്നു. പരിശീലനം ലഭിച്ച പ്രൊഫഷണൽ ജീവനക്കാരുടെ കുറവ്, നിലവാരമില്ലാത്ത അക്കൗണ്ടിംഗ് സംവിധാനങ്ങൾ (2023-ലെ പരിഷ്കാരങ്ങൾക്ക് ശേഷം മെച്ചപ്പെട്ടുവരുന്നുണ്ടെങ്കിലും), ഓഡിറ്റുകളിലെ കാലതാമസം, വായ്പ അനുവദിക്കുന്നതിൽ ഉണ്ടാകുന്ന സുതാര്യതയിലെ വ്യതിയാനങ്ങൾ എന്നിവ പിഎസിഎസുകൾ പലപ്പോഴും നേരിടുന്നുണ്ട്. ശക്തമായ ഭരണ ചട്ടക്കൂടുകൾ, മെച്ചപ്പെട്ട പരിശീലനം, നിയന്ത്രണ മേൽനോട്ട സംവിധാനങ്ങളുമായുള്ള മികച്ച സംയോജനം എന്നിവയുടെ ആവശ്യകത ഈ പ്രശ്നങ്ങൾ അടിവരയിടുന്നു.

വായ്പയെടുക്കുന്ന അംഗങ്ങളുടെ അനുപാതം കുറയുന്നു: അംഗത്വം വർദ്ധിച്ചിട്ടും, യഥാർത്ഥത്തിൽ വായ്പകൾ സ്വീകരിക്കുന്ന അംഗങ്ങളുടെ വിഹിതം 2016-ൽ 96 ശതമാനത്തിൽ നിന്ന് 2024-ൽ 57 ശതമാനമായി കുറഞ്ഞു. ഈ കുറവ് സൂചിപ്പിക്കുന്നത് പിഎസിഎസിനെ വായ്പാ വിതരണ സ്ഥാപനത്തെക്കാൾ സേവിംഗ്സ് സ്ഥാപനങ്ങളായി ഉപയോഗിക്കുന്നുവെന്നാണ് . ഉയർന്ന സേവിംഗ്സ് ഉണ്ടെങ്കിലും, വായ്പാ വ്യാപനം കുറയുന്നത് ഉൽപ്പാദന പരമായ സാമ്പത്തിക പ്രവർത്തനങ്ങളെ പിന്തുണയ്ക്കുന്ന ഇടനിലക്കാർ എന്ന നിലയിൽ പിഎസിഎസിന്റെ പങ്കിനെ ദുർബലപ്പെടുത്തും.

**സഹകരണ പരിഷ്കാരങ്ങളും ഭരണ പരിവർത്തനവും**

കേരളത്തിന്റെ സഹകരണ മേഖല സമീപ വർഷങ്ങളിൽ നിരവധി പരിഷ്കാരങ്ങൾക്ക് വിധേയമായതിന്റെ ഫലമായി സംസ്ഥാനത്തിന്റെ സഹകരണ ചരിത്രത്തിലെ ഏറ്റവും സമഗ്രമായ നിയമ പരിഷ്കാരങ്ങളിലൊന്നായ 2023 ലെ കേരള സഹകരണ സംഘങ്ങൾ (ഭേദഗതി) നിയമം നിലവിൽ വന്നു. 2023 ലെ പരിഷ്കാരങ്ങളുടെ പ്രധാന സവിശേഷതകളിൽ ഇവ ഉൾപ്പെടുന്നു:

**വർദ്ധിച്ച സുതാര്യതയും ഉത്തരവാദിത്തവും:** ദുരുപയോഗങ്ങൾ കുറയ്ക്കാനും, ധനസ്ഥിതി വെളിപ്പെടുത്തലിന്റെ (ഫൈനാൻഷ്യൽ റിപ്പോർട്ടിംഗ്) നിലവാരം മെച്ചപ്പെടുത്താനും, സഹകരണ പ്രവർത്തനങ്ങളിൽ വിശ്വാസ്യത ഉറപ്പാക്കാനുമുള്ള നടപടികൾ. കൂടാതെ പൊതുവായ അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ നിർബന്ധമാക്കൽ, പിഎസിഎസിലും മറ്റ് സഹകരണ സ്ഥാപനങ്ങളിലും കമ്പ്യൂട്ടർവൽക്കരിച്ച കണക്ക് സൂക്ഷിപ്പ് (ബുക്ക് കീപ്പിംഗ്); ഏകീകൃത (സ്റ്റാൻഡേർഡൈസ്ഡ്) ഓഡിറ്റ് നടപടി ക്രമങ്ങൾ; പ്രിസൈഡിംഗ് ഓഫീസർമാരായി ജുഡീഷ്യൽ ഓഫീസർമാരെ നിയമിച്ചുകൊണ്ട് വേഗത്തിലുള്ള ആർബിട്രേഷൻ പ്രക്രിയകൾ എന്നിവയും ഉൾപ്പെടുന്നു.

**ഭരണ പുനഃസംഘടന:** രാഷ്ട്രീയവൽക്കരണം കുറയ്ക്കാനും, തലമുറ മാറ്റം മെച്ചപ്പെടുത്താനും, സഹകരണ സ്വയം ഭരണം ശക്തിപ്പെടുത്താനും ഈ മാറ്റങ്ങൾ ലക്ഷ്യമിടുന്നു. കൂടാതെ ക്രെഡിറ്റ് സൊസൈറ്റികളുടെ ബോർഡ് അംഗങ്ങൾക്ക് മൂന്ന് ടേം പരിധി, മാനേജിംഗ് കമ്മിറ്റികളിൽ സ്ത്രീകൾക്കും യുവാക്കൾക്കും നിർബന്ധിത സംവരണം, പബ്ലിക് സർവീസ് കമ്മീഷൻ (പിഎസ്‌സി) അപെക്സ് ഫെഡറേഷനുകളിലെ നിയമനത്തെ നിയന്ത്രിക്കുന്നതും സൊസൈറ്റികൾക്കായി കൂടുതൽ കർശന നിയമങ്ങളുള്ളതുമായ നിയമന നടപടിക്രമങ്ങളിലെ സുതാര്യത, സാമ്പത്തിക ക്രമക്കേടുകളിൽ ഉൾപ്പെട്ട ബോർഡ് അംഗങ്ങളെ നീക്കാനും അവർക്കെതിരെ ക്രിമിനൽ നടപടികൾ സ്വീകരിക്കാനുമുള്ള വ്യവസ്ഥകൾ എന്നിവയും ഇതിൽ ഉൾപ്പെടുന്നു.

**നിക്ഷേപ സംരക്ഷണം ശക്തമാക്കൽ:** കേരളം ഇന്ത്യൻ സംസ്ഥാനങ്ങളിൽ, നിയമപരമായ നിക്ഷേപ ഗാരന്റി ഫണ്ട് ബോർഡ് ഉള്ള ഏക സംസ്ഥാനമെന്ന അതുല്യ സ്ഥാനമുണ്ട് കേരളത്തിന്. സഹകരണ നിക്ഷേപ ഗാരന്റി സംവിധാനം ഓരോ നിക്ഷേപകനും 5 ലക്ഷം രൂപ വരെയുള്ള നിക്ഷേപത്തിന് ഗാരന്റി നൽകുകയും, അതിനുള്ള ധനസഹായം സംഘം വഹിക്കുകയും ചെയ്യും. ഇത് ഗ്രാമീണ നിക്ഷേപകർക്ക് അധിക സുരക്ഷ നൽകുന്നതിനൊപ്പം സഹകരണ സ്ഥാപനങ്ങളെ സുരക്ഷിത നിക്ഷേപ സ്ഥാപനങ്ങൾ എന്ന നിലയിൽ വിശ്വാസ്യത സൃഷ്ടിക്കാനും സഹായിക്കുന്നു.

**പുനരുജ്ജീവനവും പുനസംഘടനാ സംവിധാനവും:** ദുർബലമോ നിഷ്ക്രിയമോ ആയ സംഘങ്ങളെ പുനരധിവസിപ്പിക്കാനാണ് കേരള സഹകരണ പുനരുജ്ജീവന ഫണ്ട് പദ്ധതി (2024) അവതരിപ്പിച്ചത്. പദ്ധതി പ്രകാരം സാമ്പത്തിക സഹായം, ബാധ്യതകൾ പുനഃക്രമീകരിക്കൽ, ആവശ്യമുള്ളിടത്ത് ലയനങ്ങൾ എന്നിവ സാധ്യമാക്കുന്നു. സമൂഹാധിഷ്ഠിത സ്ഥാപനങ്ങളെ നിലനിർത്തിക്കൊണ്ട് മേഖലയെ ഏകീകരിക്കാനുള്ള ശ്രമവും ഇതിലൂടെ നടത്തുന്നു.

**സ്ത്രീകൾ, യുവാക്കൾ, പുതിയ സഹകരണ മാതൃകകൾ**

കേരളത്തിലെ സഹകരണ മേഖല വർദ്ധിതതോതിൽ കൂടുതൽ വിഭാഗങ്ങളെ ഉൾപ്പെടുത്തുകയും വൈവിധ്യവൽക്കരണം നടപ്പാക്കുകയും ചെയ്തു വരുന്നു. ഇതിൽ രണ്ട് മാറ്റങ്ങൾ എടുത്തു പറയണം: സ്ത്രീ കേന്ദ്രീകൃത സഹകരണ സംഘങ്ങളുടെ വളർച്ചയും യുവജന സഹകരണ സംഘങ്ങളുടെ രൂപീകരണവും

വനിതാ സഹകരണ സംഘങ്ങളും വനിതാഫെഡും: സ്ത്രീകൾ നയിക്കുന്ന സാമ്പത്തിക സംരംഭങ്ങളെ പിന്തുണയ്ക്കുന്നതിൽ കേരള വനിതാ സഹകരണ ഫെഡറേഷൻ (വനിതാഫെഡ്) പ്രധാന പങ്ക് വഹിക്കുന്നു. അംഗങ്ങൾക്ക് വായ്പയും പദ്ധതി അധിഷ്ഠിത പിന്തുണയും നൽകുന്നു. 2016 നും 2024 നും ഇടയിൽ, ഏകദേശം 170 വനിതാ സഹകരണ സംഘങ്ങൾക്ക് 11 കോടിയിലധികം രൂപ സംസ്ഥാന സഹായം ലഭിച്ചു. അവ സംരംഭങ്ങളുടെ വികസനത്തിന് സ്ഥാപനപരമായ വേദികൾ നൽകി കുടുംബശ്രീയുടെ പ്രവർത്തനങ്ങൾക്ക് പൂരകമായി വർത്തിക്കുന്നു. സൂക്ഷ്മ സംരംഭ വികസനം, കുടിൽ വ്യവസായങ്ങൾ, ഭക്ഷ്യ സംസ്കരണം, തയ്യൽ, വസ്ത്ര നിർമ്മാണം, ചെറുകിട ചില്ലറ വിൽപ്പന ശാലകൾ എന്നിവയിൽ പ്രത്യേകിച്ചും വനിതാ സഹകരണ സംഘങ്ങൾ സജീവമാണ്.

**യുവസഹകരണ സംഘങ്ങൾ**: 18-45 പ്രായപരിധിയിലുള്ളവരുടെ ഇടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കാൻ കേരളം മുൻകൈയെടുത്ത് യുവജന സഹകരണ സംഘങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കാർഷിക സംസ്കരണം, ഡിജിറ്റൽ സേവനങ്ങൾ, ഇക്കോ ടൂറിസം, സാങ്കേതികവിദ്യാധിഷ്ഠിത ബിസിനസ്സ് മോഡലുകൾ, കൂട്ടുകൃഷി, വിപണനം തുടങ്ങിയ വൈവിധ്യമാർന്ന പ്രവർത്തനങ്ങളിൽ ഈ സംഘങ്ങൾ ഏർപ്പെടുന്നു. 2024 ആയപ്പോഴേക്കും 32 സംഘങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടു. അവയിൽ 26 എണ്ണത്തിന് സാമ്പത്തിക സഹായം നൽകി. സ്വകാര്യ മേഖലയിലേക്ക് പോയേക്കാവുന്ന പുതുതലമുറയെ ആകർഷിച്ച് സഹകരണ പ്രസ്ഥാനത്തെ പുനരുജ്ജീവിപ്പിക്കുന്നതിൽ ഈ യുവജന സഹകരണ സംഘങ്ങൾ നിർണായക പങ്ക് വഹിക്കുന്നു.

**തൊഴിൽ സഹകരണ സംഘങ്ങളും ഊരാളുങ്കൽ മാതൃകയും:** 1950-കളിൽ ഉത്ഭവിച്ച കേരളത്തിലെ തൊഴിൽ സഹകരണ പ്രസ്ഥാനം (ലേബർ കോ-ഓപ്പറേറ്റീവ്), ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ട തൊഴിലാളി ഉടമസ്ഥതയിലുള്ള സംരംഭത്തിന് ഉദാഹരണമാണ്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

(യു എൽ സി സി എസ്), സഹകരണ സ്ഥാപനങ്ങൾക്ക് മത്സരശേഷിയുള്ള വമ്പൻ കരാറുകാരാകാൻ കഴിയുമെന്നതിന്റെ ഉത്തമ ഉദാഹരണമാണ്. അഴിമതിയില്ലാത്ത, ഉന്നത നിലവാരമുള്ള പൊതു മരാമത്ത് നിർമ്മാണം, സാങ്കേതിക വൈദഗ്ധ്യം, ഐടി സേവനങ്ങളിലേക്കുള്ള വൈവിധ്യവൽക്കരണം (യുഎൽ സൈബർപാർക്ക്), തൊഴിലാളി ഉടമസ്ഥതയുള്ള പ്രൊഫഷണൽ മാനേജ്മെന്റ്, വലിയഴീക്കൽ പാലം പോലുള്ള വൻ അടിസ്ഥാന സൗകര്യ പദ്ധതികൾ എന്നിവയിലൂടെ യു എൽ സി സി എസ് അന്തർദ്ദേശീയമായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്

കമ്പ്യൂട്ടർവൽക്കരണം, ആധുനിക നിർമ്മാണ സാങ്കേതികവിദ്യകൾ, തൊഴിൽ ബാങ്ക്, ക്ഷേമ ഇൻഷുറൻസ് പദ്ധതികൾ, നൈപുണ്യ നവീകരണ കേന്ദ്രങ്ങൾ എന്നിവയിലൂടെ മറ്റ് തൊഴിൽ സഹകരണ സംഘങ്ങളിലും ഈ മാതൃക പകർത്താൻ സംസ്ഥാന തൊഴിൽ ഫെഡറേഷൻ (സ്റ്റേറ്റ് ലേബർഫെഡ്) സംരംഭം ശ്രമിച്ചു വരുന്നു. ധനകാര്യ സ്ഥാപനങ്ങൾ എന്ന നിലയിൽ മാത്രമല്ല, സ്വകാര്യ കരാറുകാരുമായി മത്സരിക്കാൻ കഴിവുള്ള വലിയ സംരംഭങ്ങൾഎന്ന നിലയിലുംസഹകരണസ്ഥാപനങ്ങളുടെ സാധ്യതകൾ തൊഴിൽ സഹകരണ മേഖല അടിവരയിടുന്നു.

**കേരളത്തിലെ സഹകരണ നേതൃത്വത്തിലുള്ള കാർഷിക, ഗ്രാമീണ കൂട്ടായ്മകൾ**

കേരളത്തിലെ സഹകരണ വ്യവസ്ഥ ബാങ്കിംഗ് മേഖലയ്ക്ക് അതീതമായി വ്യാപിച്ചു കിടക്കുന്നു. കഴിഞ്ഞ ദശകങ്ങളിൽ ഗ്രൂപ്പ് ഫാമിംഗ് സംരംഭങ്ങൾ, സ്ത്രീകൾ നയിക്കുന്ന കാർഷിക കൂട്ടായ്മകൾ, കർഷക ഉൽപാദക സംഘടനകൾ (എഫ് പി ഒ -കൾ), സഹകരണ നേതൃത്വത്തിലുള്ള സംസ്കരണ സംരംഭങ്ങൾ എന്നിങ്ങനെ കാർഷിക മേഖലയിൽ കൂട്ടായ പ്രവർത്തനത്തിന്റെ സമ്പന്നമായ ഒരു അന്തരീക്ഷം സംസ്ഥാനം വളർത്തിയെടുത്തിട്ടുണ്ട്. കൃഷി പുനരുജ്ജീവിപ്പിക്കുന്നതിലും, വിപണി പ്രവേശനം മെച്ചപ്പെടുത്തുന്നതിലും, വിലപേശൽ വർദ്ധിപ്പിക്കുന്നതിലും ഈ കൂട്ടായ്മകൾ നിർണായക പങ്ക് വഹിക്കുന്നു.

**കൂട്ടു കൃഷി**: കേരളത്തിൽ കൂട്ടുകൃഷിക്ക് ചരിത്രപരമായി ആഴത്തിൽവേരുകളുണ്ട്. 1989-90 കാലഘട്ടത്തിൽ നെൽ കൃഷിയിൽ ഗ്രൂപ്പ് ഫാമിങ് രീതി പാടശേഖരങ്ങൾ (പോൾഡറുകൾ) കേന്ദ്രീകരിച്ച് ചിട്ടയായി ആരംഭിച്ചു. ഈ കൂട്ടായ്മയിലുള്ള സംരംഭങ്ങൾക്ക് പ്രധാനമായും രണ്ട് ലക്ഷ്യങ്ങളായിരുന്നു: കൃഷി ചെലവ് കുറയ്ക്കുക, അതായത് തൊഴിലാളികളുടെ കൂലി കുറയ്ക്കുക, കൃഷിസ്ഥലം വിഭജിക്കുന്നത് തടയുക; ഉൽപ്പാദന സാമഗ്രികൾ മൊത്തമായി സംഭരിക്കുക, ഉൽപാദനക്ഷമത വർദ്ധിപ്പിക്കുക. 1995-ൽ കേരള സംസ്ഥാന ആസൂത്രണ ബോർഡ് നടത്തിയ പഠനങ്ങൾ പ്രകാരം, ഭൂമി ഒരേ സമയം തയ്യാറാക്കൽ, സംയുക്ത ജലസേചന മാനേജ്മെന്റ്, കൂട്ടായ കീടനിയന്ത്രണം എന്നിവയുടെ ഗുണഫലമായി ചില മേഖലകളിൽ ഹെക്ടറിന് 686 കിലോഗ്രാം വരെ ഉൽപാദന വർധന രേഖപ്പെടുത്തി. അതുകൊണ്ട് തന്നെ, കുട്ടനാട്, കോൾ നിലങ്ങൾ, പാലക്കാട് തുടങ്ങിയ പ്രദേശങ്ങളിൽ പാടശേഖരം അടിസ്ഥാനമാക്കിയുള്ള മാതൃകയായി ഇത് രൂപപ്പെട്ടു.

**കേരള ഹോർട്ടികൾച്ചർ വികസന പദ്ധതി (കെഎച്ച്ഡിപി)യും സ്വയം സഹായ സംഘങ്ങളുടെ ഉയർച്ചയും**

1993 ലെ കെഎച്ച്ഡിപി സംരംഭം ഒരു പ്രധാന സ്ഥാപനമായി നിലവിൽ വന്നു. യൂറോപ്യൻ സാമ്പത്തിക സമൂഹത്തിന്റെ സഹായത്തോടെ ഈ പദ്ധതി പഴം, പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കാനും ഹോർട്ടികൾച്ചറിൽ സ്വയം സഹായ സംഘങ്ങളെ (എസ്എച്ച്ജി) അവതരിപ്പിക്കാനും ലക്ഷ്യമിട്ടു. മാർക്കറ്റിംഗ്, സാങ്കേതിക പിന്തുണ, വായ്പ സംയോജനം, സ്വാശ്രയ കർഷക സമിതികളുടെ (സ്വയം പര്യാപ്ത കർഷക സംഘങ്ങൾ) രൂപീകരണം, ഇടനിലക്കാരെ ഒഴിവാക്കൽ, പൂന്തോട്ടപരിപാലന ഉൽപ്പാദനക്ഷമതയിൽ ഗണ്യമായ വർദ്ധനവ്, വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരള (വിഎഫ്പിസികെ) വികസനം എന്നിവയാണ് ഇതിന്റെ പ്രധാന സംഭാവനകൾ. കെഎച്ച്ഡിപി പദ്ധതിയുടെ അനുഭവജ്ഞാനം കേരളത്തിൽ സ്വയം സഹായ സംഘങ്ങൾ കേന്ദ്രീകരിച്ച് വ്യാപകമായ കൃഷിക്ക് അടിസ്ഥാനമുണ്ടാക്കുകയും പിന്നീട് കുടുംബശ്രീ വഴി ഇത് ശക്തിപ്പെടുത്തുകയും ചെയ്തു.

**കുടുംബശ്രീ: സ്ത്രീകൾ നയിക്കുന്ന കാർഷിക മാറ്റം**: കുടുംബശ്രീയുടെ കൂട്ടായ കൃഷി സംരംഭം കേരളത്തിലെ ഗ്രാമവികസനത്തിൽ ഏറ്റവും മൗലികമായ സംഭാവനകളിൽ ഒന്നാണ്. 1998 ൽ രൂപീകൃതമായ കുടുംബശ്രീ ഇപ്പോൾ 48 ലക്ഷത്തിലധികം അംഗങ്ങളുമായി, സ്ത്രീകൾ നയിക്കുന്ന, ലോകത്തെ ഏറ്റവും വലിയ ദാരിദ്ര്യ നിർമാർജന പരിപാടികളിൽ ഒന്നാണ്. കുടുംബശ്രീയുടെ കാർഷിക മാതൃകയുടെ പ്രധാന സവിശേഷതകളിൽ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ (ജെഎൽജികൾ) ഉൾപ്പെടുന്നു: ഏകദേശം 99,259 ജെഎൽജി ഗ്രൂപ്പുകൾ ഏകദേശം 24,153 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നു, ഇത് കുടുംബശ്രീയെ ഇന്ത്യയിലെ ചെറുകിട വനിതാ കർഷകരുടെ ഏറ്റവും വലിയ സ്ഥാപന ശൃംഖലയാക്കുന്നു.

പാട്ടത്തിനെടുത്ത ഭൂമിയിലെ കൃഷി: സ്ത്രീകൾ കൂട്ടായി തരിശുഭൂമി പാട്ടത്തിനെടുത്ത് പഞ്ചായത്തുകളുടെ സഹായത്തോടെ കൂട്ടായി കൃഷി ചെയ്യുന്നു; വായ്പാ സംയോജനം: കുടുംബശ്രീ ജില്ലാ മിഷനുകൾ നൽകുന്ന സർട്ടിഫിക്കറ്റുകളുടെ പിന്തുണയോടെ ജെഎൽജി മാതൃകയിൽ വാണിജ്യ ബാങ്കുകൾ സബ്സിഡിയുള്ള വായ്പകൾ നൽകുന്നു; കൂടാതെ വിപണി ലക്ഷ്യമിട്ടുള്ള ഉത്പാദനം: കർഷക ഗ്രൂപ്പുകൾ പ്രാദേശിക വിപണികൾ, ഗാർഹിക ഉപഭോഗം, കമ്മ്യൂണിറ്റി ഔട്ട്ലെറ്റുകൾ എന്നിവിടങ്ങളിലേക്ക് ഉത്പന്നങ്ങൾ വിതരണം ചെയ്യുന്നു

കുടുംബശ്രീസംരംഭംകൃഷിയിലെപങ്കാളിത്തംകുറയുന്ന പ്രവണത മാറ്റിമറിച്ചു. പാർശ്വവൽക്കരിക്കപ്പെട്ട കുടുംബങ്ങളിലെ സ്ത്രീകൾ കൃഷിപ്പണി ചെയ്യുന്ന തൊഴിലാളികളായി തുടരുന്നതിനു പകരം കൃഷിക്കാർ എന്ന നിലയിൽ കൃഷിയിലേക്ക് പ്രവേശിക്കാൻ ഇത് അവസരമൊരുക്കി.

**സാങ്കേതികവിദ്യാധിഷ്ഠിത സഹകരണ ഇടപെടലുകൾ: സിഐടിഎ മാതൃക**

സംസ്ഥാന ആസൂത്രണ ബോർഡും സഹകരണ വകുപ്പും സംയുക്തമായി നയിക്കുന്ന ഒരു പ്രധാന പരിപാടിയാണ് സാങ്കേതികവിദ്യാധിഷ്ഠിത കൃഷി സഹകരണ സംരംഭം (സിഐടിഎ). സഹകരണ സ്ഥാപനങ്ങൾ വഴി കേരള

ത്തിന്റെ കൃഷി ആധുനികവൽക്കരിക്കുക എന്നതാണ് ലക്ഷ്യം. സംയോജിത കൃഷി പിന്തുണ (വിള + കന്നുകാലികൾ + വീട്ടുവളപ്പിലെ ഉത്പാദനം); പ്രാദേശിക കാർഷിക ഉൽപന്നങ്ങൾക്കായുള്ള ഗ്രാമവിപണികൾ; സംഭരണ, സംസ്കരണ അടിസ്ഥാന സൗകര്യങ്ങൾ; പിഎസിഎസും എഫ്പിസികളും വഴി കൃഷി ഉപകരണങ്ങൾ നൽകുക; കമ്മ്യൂണിറ്റി സഹകരണ സ്ഥാപനങ്ങൾ വഴി അടുക്കളത്തോട്ടം പ്രോത്സാഹിപ്പിക്കുക എന്നിവയാണ് പ്രധാന ഇടപെടലുകൾ. 2022-23 നും 2024-25 നും ഇടയിൽ, സിഐടിഎ പദ്ധതികൾക്കായി 13 കോടിയിലധികം അനുവദിച്ചു, ഇത് സഹകരണ നേതൃത്വത്തിൽ സാങ്കേതിക നവീകരണത്തിൽ സംസ്ഥാനതതിന്റെ ഗണ്യമായ പ്രതിബദ്ധത സൂചിപ്പിക്കുന്നു.

**സഹകരണ കാർഷിക ബിസിനസ് മാതൃകകൾ: സഹ്യ ഫുഡ്സ് ഉദാഹരണം**

സഹകരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഉൽപാദനം, സംസ്കരണം, ബ്രാൻഡിംഗ്, വിപണനം എന്നിവ പരിവർത്തനം ചെയ്യാൻ കഴിയുന്ന നിരവധി ശ്രദ്ധേയമായ കാർഷിക ബിസിനസ് സംരംഭങ്ങളും കേരളം സൃഷ്ടിച്ചിട്ടുണ്ട്. ഇവയിൽ, തങ്കമണി സർവീസ് സഹകരണ ബാങ്കിന്റെ സംരംഭമായ സഹ്യ എന്ന ബ്രാൻഡ് സംയോജിത സഹകരണ സംരംഭത്തിന്റെ ശ്രദ്ധേയമായ ഉദാഹരണമാണ്. 1966-ൽ ഇടുക്കി ജില്ലയിൽ സ്ഥാപിതമായ തങ്കമണി സർവീസ് സഹകരണ ബാങ്ക് ഇന്ന് പരമ്പരാഗത ബാങ്കിംഗിനപ്പുറം പൂർണ്ണ തോതിലുള്ള കാർഷിക ബിസിനസ് പ്രവർത്തനങ്ങളിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നുണ്ട്. അഞ്ച് ശാഖകളിലൂടെ പ്രവർത്തിക്കുന്ന ഈ സഹകരണ സ്ഥാപനം, പ്രാദേശിക കാർഷിക രീതികളുമായി ചേർന്നുപോകുന്ന സാമ്പത്തിക പ്രവർത്തനങ്ങളുടെ ഒരു ശേഖരം തന്നെ കെട്ടിപ്പടുത്തിട്ടുണ്ട്

സിഐടിഎ സ്കീം ഭാഗികമായി ധനസഹായം നൽകുന്ന സഹ്യയിൽ കാർഷിക ബിസിനസ് മോഡലിൽ നിരവധി യൂണിറ്റുകൾ പ്രവർത്തിക്കുന്നു: തേയില ബോർഡിന്റെ പിന്തുണയോടെ 10 കോടി ചെലവിൽ സ്ഥാപിതമായ, പ്രതിദിനം 20,000 കിലോഗ്രാം വരെ പുതിയ തേയില ഇലകൾ സംസ്കരിക്കുന്ന ഒരു തേയില ഫാക്ടറി, ചെറുകിട കർഷകർക്ക് കുറഞ്ഞ താങ്ങുവില, വിലത്തകർച്ചയ്ക്കിടെയുള്ള ദുരിതങ്ങളുടെ ലഘൂകരണം, അന്താരാഷ്ട്ര വിപണികളിലേക്ക് തേയില കയറ്റുമതി, നൂറുകണക്കിന് കർഷകരുടെ വരുമാനം സ്ഥിരപ്പെടുത്തൽ; സാങ്കേതിക വിദ്യാധിഷ്ഠിത കൃഷി (സി.ഐ.റ്റി.എ) പദ്ധതി പ്രകാരം നിർമ്മിച്ച ഒരു ഡ്രൈഡ് ഫ്രൂട്ട്സ് യൂണിറ്റ്, നൂതന ഡ്രയറുകൾ ഉപയോഗിച്ച് ചക്ക, വാഴപ്പഴം, മരച്ചീനി, മാംസം എന്നിവയുടെ നിർജ്ജലീകരണം, പശ്ചിമേഷ്യയിലേക്ക് ഉണക്കിയ മരച്ചീനി, ഇടിയിറച്ചി (ഉണക്കിയ ബീഫ്) കയറ്റുമതി; പ്രാദേശിക കാപ്പിയുടെ സംസ്കരണവും ബ്രാൻഡിംഗും പ്രോത്സാഹിപ്പിക്കാൻ സ്ഥാപിതമായതും റൂട്ട് മാർക്കറ്റിംഗ് നെറ്റ്‌വർക്കുകളിലൂടെയും സഹകരണ റീട്ടെയിൽ ഔട്ട്ലെറ്റുകളിലൂടെയും വിതരണം ചെയ്യുന്നതുമായ കോഫി പൗഡർ യൂണിറ്റ്; കർഷകരിൽ നിന്ന് മികച്ച വിലയ്ക്ക് സുഗന്ധവ്യഞ്ജനങ്ങൾ വാങ്ങി ആധുനിക മിശ്രിത, പാക്കിംഗ് സൗകര്യങ്ങൾ പ്രവർത്തിപ്പിക്കുന്ന ഒരു സ്പൈസ് മാർക്കറ്റിംഗ് ആൻഡ് പ്രോസസ്സിംഗ് യൂണിറ്റ്; 400 കർഷക അംഗങ്ങളുള്ള നബാർഡ് സ്പോൺസർ ചെയ്ത സ്ഥാപനമായ സഹ്യ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി, പ്രതിദിനം 3,000 കിലോഗ്രാം ഏലം സംസ്കരിക്കുന്ന സുഗന്ധവ്യഞ്ജന ഉണക്കൽ യന്ത്രങ്ങളും സ്വന്തം ഭൂമി, കെട്ടിടങ്ങൾ, മൂല്യവർദ്ധന യൂണിറ്റുകൾ എന്നിവയും ഇതിൽ ഉൾപ്പെടുന്നു.

മൊത്തത്തിൽ, ഈ യൂണിറ്റുകൾ 250-ലധികം വ്യക്തികൾക്ക് നേരിട്ടും നിരവധി പേർക്ക് പരോക്ഷമായും ജോലി നൽകുന്നു, ഇത് സഹകരണ കാർഷിക ബിസിനസിന്റെ തൊഴിൽ സൃഷ്ടിക്കുന്ന ശേഷി തെളിയിക്കുന്നു.

സഹ്യയുടെ ഉൽപ്പന്നങ്ങൾ കൂപ്മാർട്ട് ഔട്ട്ലെറ്റുകൾ, സർക്കാർ ഉടമസ്ഥതയിലുള്ള കൺസ്യൂമർ ഫെഡ്, സപ്ലൈകോ എന്നിവയിലൂടെയാണ് വിപണനം ചെയ്യുന്നത്, സ്വകാര്യ വിതരണക്കാർ, ഓൺലൈൻ പ്ലാറ്റ്ഫോമുകൾ, കയറ്റുമതി ചാനലുകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. പ്രശസ്ത പിന്നണി ഗായിക കെ.എസ്. ചിത്ര ബ്രാൻഡ് അംബാസഡറായി പ്രവർത്തിക്കുന്നത് അതിന്റെ പ്രശസ്തി വർദ്ധിപ്പിക്കുന്നു. സഹ്യയുടെ വിജയം കേരളത്തിലെ പിഎസിഎസുകൾക്കും സഹകരണ ബാങ്കുകൾക്കും വായ്പ ലഭ്യത കൂടാതെ മൂല്യ ശൃംഖല സൃഷ്ടിക്കലിലേക്ക് പരിണമിക്കാനുള്ള സാധ്യതയും തെളിയിക്കുന്നു. പരമ്പരാഗത സഹകരണ പ്രവർത്തനങ്ങളിൽ നിന്ന് സ്വകാര്യ സ്ഥാപനങ്ങളുമായി മത്സരിക്കാൻ പ്രാപ്തിയുള്ള സംയോജിത കാർഷിക ബിസിനസ്സ് വ്യവസ്ഥയിലേക്കുള്ള മാറ്റത്തെ ഇത് പ്രതിഫലിപ്പിക്കുന്നു.

**നൈപുണ്യ വികസനത്തിനായുള്ള സഹകരണ ശൃംഖലകൾ**

കേരളത്തിലെ സഹകരണ സ്ഥാപനങ്ങളുടെ വിജയത്തിന് പ്രൊഫഷണൽ മാനേജ്മെന്റ് അനിവാര്യമാണെന്ന് മനസ്സിലാക്കി, ജീവനക്കാർക്കും ഡയറക്ടർമാർക്കും പരിശീലനം നൽകുന്ന അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (എ.സി.എസ്.റ്റി.ഐ), എഞ്ചിനീയറിംഗ് കോളേജുകൾ, മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, നൈപുണ്യ വികസന കേന്ദ്രങ്ങൾ, ആശുപത്രികൾ എന്നിവ നടത്തുന്ന കേപ്പ് (കേരള സഹകരണ പ്രൊഫഷണൽ വിദ്യാഭ്യാസ അക്കാദമി), ബാങ്കിംഗ്, ഫിനാൻസ് പരിശീലനത്തിന് ഊന്നൽ നൽകുന്ന നബാർഡ് അംഗീകൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രെയിനിംഗ് ആൻഡ് മാനേജ്മെന്റ് (ഐടിഎം) എന്നിവയുൾപ്പെടെയുള്ള ഒരു സ്ഥാപന ശൃംഖലയിൽ കേരളം നിക്ഷേപം നടത്തിയിട്ടുണ്ട്. ഈ സംവിധാനം സഹകരണ സ്ഥാപനങ്ങളെ സാമൂഹിക വിശ്വാസം മാത്രമല്ല, പ്രൊഫഷണൽ വൈദഗ്ധ്യവും പിന്തുണയ്ക്കുന്നു എന്ന് ഉറപ്പാക്കുന്നു.

**എഫ്പിസികൾ: ഏകീകരണവും കമ്പോള ശക്തിയും സ്ഥാപനവൽക്കരിക്കുന്നു**

കർഷക ഉൽപ്പാദക കമ്പനികൾ (എഫ്.പി.സി കൾ) ഭാരതത്തിന്റെ കാർഷിക നയ ചട്ടക്കൂടിൽ ഒരു സുപ്രധാന മാറ്റത്തെ പ്രതിനിധീകരിക്കുന്നു. കേരളത്തിലെ സഹകരണ സംഘങ്ങൾ വളരെക്കാലമായി കർഷകരെ വായ്പ, വിപണനം, സേവന വിതരണം എന്നിവയ്ക്കായി സംഘടിപ്പിക്കുന്നുണ്ടെങ്കിലും, കർഷകരെ വിപണികൾ, സാങ്കേതിക വിദ്യ, മൂല്യ ശൃംഖലകൾ എന്നിവയുമായി കൂടുതൽ നേരിട്ട്

ബന്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുള്ള ഒരു പുതിയ സ്ഥാപന രൂപമാണ് എഫ്.പി.സി മാതൃക. കേരളത്തിൽ, എഫ്പിസികൾ സഹകരണ സ്ഥാപനങ്ങളുമായി സഹവർത്തിക്കുകയും പലപ്പോഴും അവയിൽ നിന്ന് ഉയർന്നുവരുകയും ചെയ്യുന്നു. ഇത് സഹകരണ മൂല്യങ്ങളെ കോർപ്പറേറ്റ് ഭരണ സംവിധാനങ്ങളുമായി സമന്വയിപ്പിക്കുന്ന ഒരു സങ്കര ആവാസ വ്യവസ്ഥ സൃഷ്ടിക്കുന്നു.

**എഫ്പിസികൾക്കുള്ള ആശയപരമായ യുക്തി**: കേരളത്തിലെ കർഷകരിൽ 97 ശതമാനം വരുന്ന ചെറുകിട, നാമമാത്ര കർഷകരിൽ നിന്ന് ഉല്പന്നം ശേഖരിക്കുക, ഇടപാട് ചിലവ് കുറയ്ക്കുക, കാർഷിക ഉപാധികളിലേക്കും സാങ്കേതിക വിദ്യയിലേക്കുമുള്ള പ്രവേശനം മെച്ചപ്പെടുത്തുക, ഉൽപാദന വിപണികളിൽ മികച്ച വിലപേശൽ നടത്തുക, സംഭരണത്തിലും വിപണനത്തിലും വ്യാപ്തി വർദ്ധിപ്പിക്കുക, ഇടനിലക്കാർക്ക് മുൻതൂക്കമുള്ള വിതരണ ശൃംഖലകളിൽ കർഷകരുടെ വിലപേശാനുള്ള ശേഷി വർദ്ധിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ കർഷകരുടെ ഉടമസ്ഥതയിലുള്ള ബിസിനസ് സംരംഭകരായി എഫ്പിസികൾ രൂപകൽപ്പന ചെയ്തിരിക്കുന്നു.

**ഘടനയും അംഗത്വ മാനദണ്ഡങ്ങളും:** കേരളത്തിലെ എഫ്പിസി മാതൃകയിൽ സാധാരണ 10-20 അംഗങ്ങളുള്ള ഫാർമർ ഇന്ററസ്റ്റ് ഗ്രൂപ്പ് (എഫ്.ഐ.ജി), 12-50 എഫ്.ഐ.ജി-കളുടെ ഒരു ഫെഡറേഷൻ ചേർന്ന് ഒരു സമ്പൂർണ്ണ എഫ്പിസി രൂപീകരിക്കുന്നു, കുറഞ്ഞത് 100 സ്ഥാപക അംഗങ്ങൾ, ക്രമേണ 500-1000 അംഗങ്ങളായി ഉയരുന്നു. കൂടാതെ വിപണനം, അക്കൗണ്ടിംഗ്, കാർഷിക ബിസിനസ്സ് എന്നിവയിൽ പരിശീലനം നേടിയ പ്രൊഫഷണൽ മാനേജ്മെന്റും ഉണ്ടായിരിക്കും. ഗോത്ര വിഭാഗങ്ങൾ, വനിതാ കർഷകർ, കയറ്റുമതി ഉൽപന്നങ്ങൾ, മൂല്യ ശൃംഖലയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഉൽപ്പന്നങ്ങൾ എന്നിവയ്ക്കായി പ്രത്യേക എഫ്പിസികൾ രൂപീകരിക്കുന്നു. സാമൂഹിക പങ്കാളിത്തത്തിന്റെയും പ്രത്യേക ഉൽപ്പന്നങ്ങളിലുള്ള ശ്രദ്ധയുടെയും പ്രാധാന്യം കേരളം അംഗീകരിക്കുന്നു എന്നത് ഇത് വ്യക്തമാക്കുന്നു.

**സഹകരണ സ്ഥാപനങ്ങളുടെയും സംസ്ഥാന സ്ഥാപനങ്ങളുടെയും പങ്ക്**: ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും എഫ്പിസികൾ സഹകരണ സ്ഥാപനങ്ങളിൽ നിന്ന് സ്വതന്ത്രമായി പ്രവർത്തിക്കുമ്പോൾ, കേരളം സഹകരണവുമായുള്ള കൂട്ടായ പ്രവർത്തനത്തിന് ഊന്നൽ നൽകുന്നു. ബജറ്റ് ഗ്രാന്റുകൾ വഴി 36 എഫ്പിസികൾ സൃഷ്ടിക്കാൻ പിന്തുണ നൽകിയിട്ടുള്ള കേരള ബാങ്ക്; ഭൂരിഭാഗം എഫ്പിസികളെയും സ്പോൺസർ ചെയ്യുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്ന നബാർഡ്; സാങ്കേതിക പിന്തുണയും നയ വിന്യാസവും നൽകുന്ന കൃഷി വകുപ്പും ആസൂത്രണ ബോർഡും; എഫ്പിസികളുടെ മാതൃ സ്ഥാപനങ്ങളായി പലപ്പോഴും പ്രവർത്തിക്കുന്ന പിഎസിഎസും, അവയുടെ അംഗത്വ അടിത്തറ പ്രയോജനപ്പെടുത്തി പ്രവർത്തിക്കുന്നു. പിഎസിഎസ് നേതൃത്വത്തിലുള്ളതും സ്വതന്ത്രവുമായ എഫ്പിസികളുടെ ഈ സംയോജനം, പ്രാദേശിക സാഹചര്യങ്ങൾക്കനുരിച്ച് മാറാൻ കഴിയുന്ന സ്ഥാപനങ്ങൾക്ക് വഴിയൊരുക്കുന്നു.

**വർദ്ധിച്ചുവരുന്ന/വളർന്നുവരുന്ന വെല്ലുവിളികൾ**: ദ്രുതഗതിയിലുള്ള വളർച്ച ഉണ്ടായിരുന്നിട്ടും, കേരളത്തിലെ എഫ്പിസികൾക്ക് കൂട്ടായ സംരംഭങ്ങളിൽ സാധാരണയായി കാണുന്ന ചില വെല്ലുവിളികളുണ്ട്. പ്രവർത്തന മൂലധനത്തിന്റെ കുറവ്, കയറ്റുമതിക്കുള്ള ഗുണനിലവാരം ഉറപ്പാക്കുന്നതിലെ ബുദ്ധിമുട്ടുകൾ, സംഭരണത്തിനും സംസ്കരണത്തിനുമുള്ള സൗകര്യങ്ങളുടെ അഭാവം, ആദ്യ വർഷങ്ങളിൽ മാനേജീരിയൽ വൈദഗ്ധ്യത്തിന്റെ കുറവ്, സ്വകാര്യ ഏജന്റുമാരിൽ നിന്നുള്ള മത്സരം, ശക്തമായ ബ്രാൻഡ് വ്യക്തിത്വം വളർത്തേണ്ടതിന്റെ ആവശ്യം എന്നിവ ഇതിൽപ്പെടുന്നു. എന്നിരുന്നാലും, കേരളത്തിലെ ചില പ്രത്യേക ഉൽപ്പന്നങ്ങൾക്കായി പ്രവർത്തിക്കുന്ന എഫ്പിസികളുടെ അനുഭവം - പ്രത്യേകിച്ച് സുഗന്ധവ്യഞ്ജനങ്ങൾ, പൂന്തോട്ടപരിപാലനം, വാഴ, പച്ചക്കറികൾ, തേങ്ങ എന്നിവയിലെ - ഇൻക്ലൂസീവ് അഗ്രി ബിസിനസ് മാതൃകകൾ വികസിപ്പിക്കാനുള്ള ഗണ്യമായ സാധ്യതകൾ പ്രകടമാക്കുന്നു.

### കർഷക കൂട്ടായ്മകളും പ്രാദേശിക മൂല്യ ശൃംഖലകളും

കേരളത്തിന്റെ കാർഷിക ഉൽപ്പാദനം സ്വാഭാവികമായും ചെറുകിട ഉടമകളെ അടിസ്ഥാനമാക്കിയുള്ളതും വൈവിധ്യപൂർണ്ണവുമാണ്. കൂട്ടായ സ്ഥാപനങ്ങൾ - സഹകരണ സ്ഥാപനങ്ങൾ, എഫ്.പി.സി കൾ, പി എ സി എസ്, സ്ത്രീകൾ നയിക്കുന്ന ജെ.എൽ.ജി കൾ, എസ്.എച്ച്.ജി കൾ എന്നിവ പ്രാദേശിക മൂല്യ ശൃംഖലകൾ നിർമ്മിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നു.

**ഇൻപുട്ട് സപ്ലൈ ചെയിൻ**: ഉയർന്ന നിലവാരമുള്ള വിത്തുകൾ, ജൈവ വളം, വളം, കീടനാശിനികൾ, സൂക്ഷ്മ ജലസേചന ഉപകരണങ്ങൾ, യന്ത്രവൽക്കരണ സേവനങ്ങൾ (ട്രാക്ടറുകൾ, ടില്ലറുകൾ, കൊയ്ത്തുയന്ത്രങ്ങൾ) എന്നിവയുടെ പ്രധാന വിതരണക്കാരാണ് പി എ സി എസ് കളും എഫ്.പി.സി കളും. ഇത്തരം സേവനങ്ങളിലൂടെ, അവർ ചെറുകിട ഉടമകൾക്കുള്ള ചെലവ് കുറയ്ക്കുകയും വിതരണക്കാരുമായി കൂട്ടായ ചർച്ചകൾ സാധ്യമാക്കുകയും ചെയ്യുന്നു.

**ഉൽപ്പാദനവും സംയോജനവും:** കുടുംബശ്രീയുടെയും എഫ്.പി.സി കളുടെയും കീഴിലുള്ള വനിതാ ജെ.എൽ.ജി-കൾ കൂട്ടായ ഭൂമി ഒരുക്കൽ, യോജിച്ച് വിതയ്ക്കുന്ന രീതി, ജലസേചനം പങ്കിടൽ തൊഴിലാളികളുടെ കൂട്ടായ്മ, ഗ്രൂപ്പ് അധിഷ്ഠിത വിളവെടുപ്പ് എന്നിവ നൽകുന്നു. സംയോജന ചെലവുകൾ കുറയ്ക്കുകയും വിപണിയിലെ അളവ് വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

**സംസ്കരണവും മൂല്യവർദ്ധനവും**: മിനി റൈസ് മില്ലുകൾ, സുഗന്ധവ്യഞ്ജനങ്ങൾ ഉണക്കി പൊടിക്കുന്ന യൂണിറ്റുകൾ, തേങ്ങയിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന യൂണിറ്റുകൾ, മഞ്ഞൾ, ഇഞ്ചി എന്നിവ സംസ്കരിക്കുന്ന ക്ലസ്റ്ററുകൾ, പച്ചക്കറി ക്ലീനിംഗ്, പാക്കിംഗ് സെന്ററുകൾ എന്നിവയിലൂടെ സംസ്കരണം കൂടുതൽ വികേന്ദ്രീകൃതമാവുകയാണ്. ഉൽപ്പന്നങ്ങൾ കേടാവാതിരിക്കുന്ന സമയം വർദ്ധിപ്പിക്കുകയും വിളവെടുപ്പിനു ശേഷമുള്ള നഷ്ടം കുറയ്ക്കുകയും കർഷകരുടെ വരുമാനം കൂട്ടുകയും ചെയ്യുന്നു.

**മാർക്കറ്റിംഗും വിതരണവും**: പ്രാദേശികമായുള്ള ആഴ്ചചന്തകൾ, സീസൺ അനുസരിച്ചുള്ള മേളകൾ,സ്ഥാപനങ്ങൾ വഴിയുള്ള വിതരണ ശൃംഖലകൾ (വിദ്യാലയങ്ങൾ,ആശുപത്രികൾ,കുടുംബശ്രീയുടെ ഭക്ഷണശാലകൾ), ഗവൺമെന്റ് ഏജൻസികളുടെ സംഭരണം, സഹകരണ സംഘങ്ങൾ

നടത്തുന്ന റീട്ടെയിൽ കടകൾ, ഇ- കൊമേഴ്സ് പോർട്ടലുകളുമായുള്ള സഹകരണം എന്നിവ വഴി ഉത്പന്നങ്ങൾ നേരിട്ട് വിൽക്കാനുള്ള സൗകര്യമൊരുക്കുന്നു. വിതരണത്തിനുള്ള മാർഗ്ഗങ്ങൾ ലഘൂകരിക്കുന്നതിലൂടെ കർഷകർക്ക് ഉപഭോക്താക്കളിൽ നിന്ന് ലഭിക്കുന്ന തുക കൂട്ടാൻ സാധിക്കുന്നു. കേരളത്തിലെ സഹകരണ മേഖലയും ഗ്രാമീണ കൂട്ടായ്മകളും നേരിടുന്ന വെല്ലുവിളികൾ

കേരളത്തിലെ സഹകരണ, കൂട്ടായ്മ വ്യവസ്ഥിതി അതിന്റെ വ്യാപ്തി, ഉൾക്കൊള്ളൽ കഴിവ്, സ്ഥാപനപരമായ ആഴം എന്നിവയിൽ ഏറെ ശ്രദ്ധേയമാണ്. എന്നിരുന്നാലും, ഈ മേഖലയിൽ ശ്രദ്ധയോടെയുള്ള നയപരമായ വിശകലനം ആവശ്യമായ പല വെല്ലുവിളികളും ഉയർന്നുവരുന്നുണ്ട്.

### ഘടനാപരമായ വെല്ലുവിളികൾ

**സൊസൈറ്റികളുടെ തിരക്കും നിഷ്ക്രിയത്വവും:** സഹകരണ സംഘങ്ങളുടെ രജിസ്ട്രാർക്ക് കീഴിലുള്ള ആകെ സൊസൈറ്റികളുടെ എണ്ണം 2016-ൽ ഏകദേശം 15,300-ൽ നിന്ന് 2024-ൽ 16,300-ൽ അധികമായി വർദ്ധിച്ചെങ്കിലും, പ്രവർത്തനക്ഷമമായ സൊസൈറ്റികളുടെ അനുപാതം കുറഞ്ഞു. നാലിൽ ഒന്ന് സൊസൈറ്റികൾ നിഷ്ക്രിയമോ ലിക്വിഡേഷനിലോ ആണ്. അമിതമായ പെരുപ്പം, പ്രവർത്തനങ്ങളുടെ ആവർത്തനം, രജിസ്ട്രേഷൻ സമയത്ത് രാഷ്ട്രീയവൽക്കരണം എന്നിവ പൂരിത അവസ്ഥയിലേക്ക് നയിച്ചു. അമിതമായ അംഗസംഖ്യ സഹകരണ സ്ഥാപനങ്ങൾക്കിടയിൽ ഒരേ കാര്യങ്ങൾ ചെയ്യുന്നതിനും മത്സരങ്ങൾക്കും വഴിയൊരുക്കുന്നു, ഉത്തരവാദിത്തം കുറയുന്നതിനും, പരിമിതമായ മാനേജ്മെന്റ് ശേഷി വളരെയധികം സ്ഥാപനങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനും കാരണമാകുന്നു. കേരള ബാങ്ക് മാതൃകയിലുള്ള ഏകീകരണ തന്ത്രം ചില മേഖലകളിൽ ആവശ്യമായി വന്നേക്കാം.

**സാമ്പത്തിക സമ്മർദ്ദവും ഉയർന്ന കുടിശ്ശികയും:** പിഎസിഎസുകളിലും മറ്റ് നിരവധി ക്രെഡിറ്റ് സഹകരണ സ്ഥാപനങ്ങളിലും  കുടിശ്ശിക വർദ്ധിക്കുകയാണ്. പകർച്ചവ്യാധിക്ക് ശേഷമുള്ള ആഘാതങ്ങൾ, കുടുംബങ്ങളിലെ വരുമാനം കുറയൽ, ഉപഭോഗ വായ്പകളുടെ വർദ്ധനവ്, തോട്ടവിളകളിലെ വിലയിലെ ചാഞ്ചാട്ടം, വിതരണ ശൃംഖലയിലെ തടസ്സങ്ങൾ എന്നിവ കാരണം തിരിച്ചടവ് സമ്മർദ്ദം രൂക്ഷമാക്കിയിട്ടുണ്ട്. പ്രത്യേകിച്ച് അംഗങ്ങളെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തന മൂലധന സമ്പാദ്യത്തെ പ്രവർത്തന മൂലധനത്തിനായി ആശ്രയിക്കുന്ന സമൂഹങ്ങളിൽ ഉയർന്ന കുടിശ്ശിക പണലഭ്യതയെ മാത്രമല്ല, നിക്ഷേപകരുടെ ആത്മവിശ്വാസം ഇല്ലാതാക്കാനുള്ള സാധ്യതയും വർദ്ധിപ്പിക്കുന്നു.

**നിക്ഷേപ സമാഹരണത്തെ അമിതമായി ആശ്രയിക്കുന്നത്:** കേരളത്തിലെ സഹകരണ സ്ഥാപനങ്ങൾക്ക് അസാധാരണമായ സാമ്പത്തിക ഘടനകളുണ്ട്. ഇവിടെ മൊത്തം പ്രവർത്തന മൂലധനത്തിന്റെ വലിയൊരു പങ്ക് നിക്ഷേപങ്ങളിൽ നിന്നുള്ളതാണ് (ഇന്ത്യയിലെ എല്ലാ പി.എ.സി.എസ് നിക്ഷേപങ്ങളുടെയും 69 ശതമാനം കേരളത്തിലാണ്). ഇത് വിശ്വാസത്തെ പ്രതിഫലിപ്പിക്കുമ്പോൾ തന്നെ, അപകട സാധ്യതകൾ ഉണ്ടാക്കുന്നു; നിക്ഷേപം പിൻവലിക്കുകയോ വിശ്വാസം നഷ്ടപ്പെടുകയോ ചെയ്താൽ പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാകാം. സഹകരണ സ്ഥാപനങ്ങൾ അംഗങ്ങളുടെ നിക്ഷേപങ്ങൾക്ക് പുറമെ വൈവിധ്യമാർന്ന മറ്റ് ധനസമാഹരണ തന്ത്രങ്ങൾ ആവിഷ്കരിക്കേണ്ടത് അത്യാവശ്യമാണ്.

### ഭരണവും സ്ഥാപനപരമായ ശേഷി പരിമിതികളും

**രാഷ്ട്രീയ ഇടപെടലും ബോർഡ് തലത്തിലുള്ള അസ്ഥിരതയും:** സഹകരണ മാനേജ്മെന്റിൽ ബാഹ്യ സ്വാധീനം വ്യാപകമായി അംഗീകരിക്കപ്പെട്ട ഒരു വെല്ലുവിളിയാണ്. ജനാധിപത്യ പ്രവർത്തനം അനിവാര്യമാണെങ്കിലും, രാഷ്ട്രീയ പ്രവർത്തകരുടെ അമിതമായ ഇടപെടൽ പലപ്പോഴും ക്രമരഹിതമായ ക്രെഡിറ്റ് അനുമതി, യോഗ്യതയില്ലാത്ത ഉദ്യോഗസ്ഥരുടെ നിയമനം, പരിഷ്കാരങ്ങൾ നടപ്പാക്കുന്നതിലെ കാലതാമസം, ഓഡിറ്റ് അനുസരണം ദുർബലപ്പെടുത്തൽ എന്നിവയിലേക്ക് നയിക്കുന്നു. 2023 ലെ ഭേദഗതി, കാലാവധി പരിധികൾ, സ്റ്റാൻഡേർഡ് ഓഡിറ്റുകൾ, മെച്ചപ്പെട്ട ഭരണ മേൽനോട്ടം എന്നിവയിലൂടെ ഇത് നിയന്ത്രിക്കാൻ ശ്രമിക്കുന്നു.

**മാനേജീരിയൽ നൈപുണ്യ വിടവുകൾ:** പല പിഎസിഎസുകളിലും സഹകരണ സ്ഥാപനങ്ങളിലും നല്ല പരിശീലനം നേടിയ അക്കൗണ്ടന്റുമാരുടെ കുറവുണ്ട്. അതുപോലെ വിവരസാങ്കേതിക വിദ്യയിലധിഷ്ഠിതമായ ഡാറ്റാ സംവിധാനങ്ങൾ ഉപയോഗിക്കാനറിയുന്ന ജീവനക്കാരും, അഗ്രിബിസിനസ്സ് അഥവാ കൃഷി വ്യവസായത്തിനും സപ്ലൈ ചെയിൻ മാനേജ്മെന്റിനും കഴിവുള്ള മാനേജർമാരും, നിയമ കാര്യങ്ങളിൽ അറിവുള്ളവരും കുറവാണ്. ഈ വൈദഗ്ധ്യക്കുറവ് കൂടുതൽ മെച്ചപ്പെട്ട കാര്യങ്ങൾ ചെയ്യാൻ തടസ്സമുണ്ടാക്കുകയും സാമ്പത്തിക നഷ്ടങ്ങൾക്കെതിരെയുള്ള പ്രതിരോധശേഷി കുറയ്ക്കുകയും ചെയ്യുന്നു.

**സാങ്കേതിക കാലതാമസം:** സാങ്കേതികമായ പിന്നോക്കാവസ്ഥ: കേരളത്തിലെ ബാങ്കിംഗ് മേഖല വളരെ ഡിജിറ്റൽവൽക്കരിക്കപ്പെട്ടെങ്കിലും, പല സഹകരണ സ്ഥാപനങ്ങളും ക്ലൗഡ് അധിഷ്ഠിത അക്കൗണ്ടിംഗ്, സംയോജിത എംഐഎസ് സംവിധാനങ്ങൾ, ഓട്ടോമേറ്റഡ് റിസ്ക് വിലയിരുത്തൽ ഉപകരണങ്ങൾ, ഡിജിറ്റൽ കെവൈസി, ഉപഭോക്താക്കളെ ചേർക്കൽ എന്നിവ പൂർണ്ണമായി സ്വീകരിക്കാൻ ഇനിയും ബാക്കിയുണ്ട്. പൊതു അക്കൗണ്ടിംഗ് പ്ലാറ്റ്ഫോമുകൾ നിർബന്ധമായും സ്വീകരിക്കാനുള്ള തീരുമാനം നല്ലൊരു കാൽവയ്പ്പാണെങ്കിലും, നടപ്പാക്കൽ ഇപ്പോഴും ഫലപ്രദമല്ല.

### വിവിധ മേഖലകളിലെ സഹകരണ സ്ഥാപനങ്ങളുടെ വെല്ലുവിളികൾ

**ഉപഭോക്തൃ സഹകരണ സ്ഥാപനങ്ങൾ:** സ്വകാര്യ റീട്ടെയിൽ ശൃംഖലകളിൽ നിന്നും ഇ-കൊമേഴ്സിൽ നിന്നും ഉപഭോക്തൃ സഹകരണ സ്ഥാപനങ്ങൾ കടുത്ത മത്സരം നേരിടുന്നു. ഉയർന്ന പ്രവർത്തനച്ചെലവുകൾ, കാലഹരണപ്പെട്ട സംഭരണ പ്രക്രിയകൾ, പരിമിതമായ ഡിജിറ്റൽ സാന്നിധ്യം, ഗുണനിലവാര ഉറപ്പിലെ വെല്ലുവിളികൾ എന്നിവ പ്രശ്നങ്ങളിൽ ഉൾപ്പെടുന്നു.

**മാർക്കറ്റിംഗ് സഹകരണ സ്ഥാപനങ്ങൾ**: മാർക്കറ്റിംഗ് സഹകരണ സ്ഥാപനങ്ങൾ - പ്രത്യേകിച്ച് തേങ്ങ, റബ്ബർ, സുഗന്ധ വ്യഞ്ജനങ്ങൾ, പാലുൽപ്പന്നങ്ങൾ എന്നിവയിലെ - ആഗോള വിലയിലെ ചാഞ്ചാട്ടം, സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള മത്സരം, അപര്യാപ്തമായി നവീകരിച്ച സംസ്കരണ സൗകര്യങ്ങൾ എന്നിവ പ്രധാന വെല്ലുവിളികളാണ്

**വനിതാ സഹകരണ സംഘങ്ങൾ:** ഊർജ്ജസ്വലത ഉണ്ടായിരുന്നിട്ടും, വനിതാ സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനത്തിന്റെ അഭാവം, സംരംഭങ്ങൾ നശിച്ചുപോകൽ, അപര്യാപ്തമായ മാർക്കറ്റിംഗ് പിന്തുണ എന്നിവ നേരിടുന്നു. പല സംഘങ്ങളും സർക്കാർ പദ്ധതികളെ ആശ്രയിക്കുന്നു, ഇത് ദീർഘകാല സുസ്ഥിരതയെക്കുറിച്ച് ആശങ്കകൾ ഉയർത്തുന്നു.

**പട്ടികവർഗ സഹകരണ സംഘങ്ങൾ**: വിപണികളിലേക്കും അടിസ്ഥാന സൗകര്യങ്ങളിലേക്കും വൈദഗ്ധ്യമുള്ള ജീവനക്കാരിലേക്കും പരിമിതമായ പ്രവേശനമുള്ള വിദൂര പ്രദേശങ്ങളിലാണ് പലപ്പോഴും പട്ടികവർഗ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നത്. സാമൂഹിക-സാംസ്കാരിക സാഹചര്യങ്ങൾക്കനുസൃതമായി പ്രത്യേക സ്ഥാപന പിന്തുണ അവർക്ക് ആവശ്യമാണ്.

### കൂട്ടു കൃഷിയിലും എഫ്പിസി വ്യവസ്ഥയിലുമുള്ള വെല്ലുവിളികൾ

**ഭൂവിഘടനവും പാട്ട വ്യവസ്ഥ വെല്ലുവിളികളും**: കൂട്ടായ കൃഷിപലപ്പോഴുംപാട്ടത്തിനെടുത്തഭൂമിയെആശ്രയിക്കുന്നു. എന്നാൽ അനൗപചാരികമായ വാടക ക്രമീകരണങ്ങൾ കാർഷിക വായ്പയിലേക്കുള്ള പ്രവേശനം, യന്ത്രവൽക്കരണം നടപ്പിലാക്കൽ, ദീർഘകാല അടിസ്ഥാന സൗകര്യ നിക്ഷേപം എന്നിവ സങ്കീർണ്ണമാക്കുന്നു.

**എഫ്പിസികൾക്ക് കുറഞ്ഞ പ്രവർത്തന മൂലധനം:** മോശം സാമ്പത്തിക സ്ഥിതി, ഈടുവസ്തുക്കളുടെ കുറവ്, വേണ്ടത്ര പ്രൊഫഷണൽ മാനേജ്മെന്റ്, ബാങ്കുകളുടെ സുരക്ഷിത വായ്പാ രീതികൾ എന്നിവ കാരണം മിക്ക എഫ്പിസികൾക്കും, തുടക്കത്തിൽ തന്നെ, മതിയായ ബാങ്ക് വായ്പ കിട്ടാൻ പ്രയാസമുണ്ട്.

**വിപണനപരമായ പരിമിതികൾ**: പുരോഗതികൾ ഉണ്ടായിരുന്നിട്ടും, എഫ്പിസികൾക്ക് ഗുണനിലവാര മാനദണ്ഡങ്ങളിലെ സ്ഥിരതയില്ലായ്മ, വലിയ തോതിൽ വാങ്ങുന്നവരിലേക്കും കയറ്റുമതി വിപണികളിലേക്കുമുള്ള പരിമിതമായ പ്രവേശനം, കൂടാതെ സ്ഥാപിതമായ ശൃംഖലകളുള്ള സ്വകാര്യ വ്യാപാരികളിൽ നിന്നുള്ള മത്സരം എന്നിവ ഇപ്പോഴും നേരിടേണ്ടിവരുന്നു.

**പ്രൊഫഷണലൈസേഷന്റെ ആവശ്യകത**: കമ്മ്യൂണിറ്റി ഓർഗനൈസേഷനുകളിൽ നിന്ന് പ്രൊഫഷണലായി കൈകാര്യം ചെയ്യപ്പെടുന്ന സംരംഭങ്ങളിലേക്ക് എഫ്പിസികൾ പരിണമിക്കേണ്ടതുണ്ട്. ഈ പരിവർത്തനത്തിന് ധനകാര്യ മാനേജ്മെന്റ്, ഡിജിറ്റൽ മാർക്കറ്റിംഗ്, ബിസിനസ് തന്ത്രം, വിതരണ ശൃംഖല ലോജിസ്റ്റിക്സ് എന്നിവയിൽ പരിശീലനം ആവശ്യമാണ്.

### പുതിയ നയ നിർദ്ദേശങ്ങൾ

മുകളിൽ തിരിച്ചറിഞ്ഞ വെല്ലുവിളികൾ നേരിടാൻ ഏകോപിത തന്ത്രങ്ങൾ വേണം. സഹകരണ സ്ഥാപനങ്ങൾ, പഞ്ചായത്തുകൾ, സ്വാശ്രയ സംഘങ്ങൾ, സംസ്ഥാന ഏജൻസികൾ എന്നിവ സംയോജിപ്പിച്ച് കേരളത്തിന് ഒരു സവിശേഷ വ്യവസ്ഥിതിയുണ്ട്. ഈ വ്യവസ്ഥിതിയെ നല്ല രീതിയിൽ ഉപയോഗിച്ചാൽ സഹകരണമേഖലയുടെ വികസനം അടുത്ത ഘട്ടത്തിലേക്ക് കൊണ്ടുപോകാം.




**ചിത്രം 18.1** *ഭാവി നയങ്ങളുടെ സംഗ്രഹം*

മുന്നോട്ടുള്ള പാതയുടെ ഒരു സംഗ്രഹം ചിത്രം 18.1 ൽ നൽകിയിരിക്കുന്നു.

**ഉപസംഹാരം**

വിശാലമായ വാണിജ്യ ബാങ്കിംഗ് മേഖല, ഊർജ്ജസ്വലമായ സഹകരണ സ്ഥാപനങ്ങൾ, വൈവിധ്യമാർന്ന കാർഷിക കൂട്ടായ്മകൾ എന്നിവ ഉൾപ്പെടുന്ന കേരളത്തിന്റെ സാമ്പത്തിക വ്യവസ്ഥ, സമഗ്രമായ സാമ്പത്തിക വികസനത്തിന്റെ വേറിട്ടൊരു രീതി ചിത്രീകരിക്കുന്നു. സാമ്പത്തികമായി സ്ഥാപനങ്ങളുടെ വൈവിധ്യം, അധികാര വികേന്ദ്രീകരണം, സാമൂഹിക പങ്കാളിത്തം എന്നിവയെല്ലാം ഒത്തുചേർന്ന് സാന്ദ്രവും, എളുപ്പം ലഭ്യമാവുന്നതും, സാമൂഹികമായി ചേർന്ന് നിൽക്കുന്നതുമായ ഒരു സാമ്പത്തിക ഘടന രൂപീകരിക്കുന്നതിൽ വിജയകരമായി സംയോജിപ്പിച്ചിരിക്കുന്നു.

ബാങ്കിംഗ് രംഗം കാര്യമായ മൂലധന സമാഹരണം, വിപുലമായ ഡിജിറ്റൽ സാങ്കേതികവിദ്യയുടെ ഉപയോഗം, വായ്പകളുടെ ക്രമാനുഗത വളർച്ച എന്നിവ കാണിക്കുന്നു. എന്നിരുന്നാലും, കുറഞ്ഞ സിഡി അനുപാതങ്ങൾ, മുൻഗണനാ വിഭാഗങ്ങളിലെ ഓഹരി വിഹിതത്തിലെ മാറ്റങ്ങൾ, ഹ്രസ്വകാല കാർഷിക വായ്പകളെ അമിതമായി ആശ്രയിക്കുന്നത് തുടങ്ങിയ തുടർച്ചയായ പ്രശ്നങ്ങൾ നയപരമായ പരിഷ്കരണങ്ങൾ ആവശ്യമായ മേഖലകളിലേക്ക് വിരൽ ചൂണ്ടുന്നു.

കേരളത്തിലെ ഗ്രാമീണ സാമ്പത്തിക വ്യവസ്ഥയുടെ അടിസ്ഥാനമായി സഹകരണ മേഖല ഇപ്പോഴും നിലകൊള്ളുന്നു. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ (പിഎസിഎസ്), സഹകരണ സ്ഥാപനങ്ങൾ, ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ (എഫ്പിസികൾ), കുടുംബശ്രീ കൂട്ടായ്മകൾ, തൊഴിൽ സഹകരണ സംഘങ്ങൾ എന്നിവയെല്ലാം വിപണി അധിഷ്ഠിത സംവിധാനങ്ങൾക്ക് അതീതമായി സാമ്പത്തിക ജീവിതത്തെ കൂട്ടായി രൂപപ്പെടുത്തുന്നു. വിലപേശാനുള്ള ശേഷി വർദ്ധിപ്പിക്കാനും, പ്രാദേശികമായ മൂല്യ ശൃംഖലകൾ കെട്ടിപ്പടുക്കാനും, ലിംഗപരമായ പങ്കാളിത്തം പ്രോത്സാഹിപ്പിക്കാനും, തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ഈ സ്ഥാപന ഘടനകൾ സഹായകമാകുന്നു. എന്നിരുന്നാലും, വർധിച്ചു വരുന്ന കാലതാമസങ്ങൾ, ഭരണപരമായ വെല്ലുവിളികൾ, സൊസൈറ്റികളുടെ പ്രവർത്തനരഹിതമായ അവസ്ഥ, കാര്യക്ഷമത വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത എന്നിവയെല്ലാം പുതിയ സംരംഭകത്വ നിക്ഷേപങ്ങളിലേക്ക് വഴി തെളിയിക്കുന്നു.

ഇതോടൊപ്പം, കേരളം അതിന്റെ സഹകരണപരമായ കരുത്ത് ഏകീകരിക്കുകയും ഘടനാപരമായ ബലഹീനതകൾ പരിഹരിക്കുകയും വേണം. ഭരണപരമായ പരിഷ്കാരങ്ങൾ ശക്തിപ്പെടുത്തുക, മൂല്യ ശൃംഖലകൾക്ക് ബലം നൽകുക, സാങ്കേതികവിദ്യയുടെ സംയോജനം പ്രോത്സാഹിപ്പിക്കുക, കാർഷിക മേഖലയിലെ മൂലധന രൂപീകരണം വർദ്ധിപ്പിക്കുക എന്നിവ ഈ ദിശയിലുള്ള പ്രധാനപ്പെട്ട ചുവടുവയ്പ്പുകളാണ്. കേരളത്തിന്റെ വികസനപരമായ ഭാവിക്കായി വാണിജ്യ ബാങ്കുകൾ, സഹകരണ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സാമൂഹിക സ്ഥാപനങ്ങൾ എന്നിവ തമ്മിലുള്ള സമന്വയം കേരളത്തിന്റെ വികസന ഭാവിയുടെ കേന്ദ്രബിന്ദുവായി തുടരുന്നു.

സാമ്പത്തിക, സഹകരണ, കൂട്ടായ പ്രവർത്തന ഭൂപ്രകൃതികളെ ഒരു ഏകീകൃത വിശകലന വിവരണത്തിലേക്ക് സംയോജിപ്പിക്കുന്നതിലൂടെ, കേരള മോഡൽ, അപൂർണ്ണമാണെങ്കിലും, സമഗ്രവും സുസ്ഥിരവുമായ വികസനത്തിന് ഒരു സവിശേഷ അടിത്തറ നൽകുന്നു. സാമ്പത്തിക പ്രതിരോധശേഷിയും സാമൂഹിക തുല്യതയും രൂപപ്പെടുത്തുന്നതിൽ സമൂഹ പങ്കാളിത്തത്തിലും ജനാധിപത്യ നിയന്ത്രണത്തിലും വേരൂന്നിയ സ്ഥാപനങ്ങളുടെ നിർണായക പങ്ക് ഇത് അടിവരയിടുന്നു.

# അധ്യായം 19

# തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ

2016-ന് ശേഷമുള്ള കാലയളവിൽ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പുരോഗതി പ്രധാനമായും രണ്ട് പ്രക്രിയകളിലൂടെയാണ് അടയാളപ്പെടുത്തപ്പെട്ടത്; ഒന്ന്, വികസന പ്രക്രിയയിൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള ശക്തമായ സംവിധാനങ്ങളായി ഇവ മാറി എന്നതും, രണ്ട്, കാര്യക്ഷമമായ സേവന വിതരണത്തിലൂടെ ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്ന പ്രാദേശിക സാമ്പത്തിക വികസന കേന്ദ്രങ്ങളായി ഇവ പുനർവിഭാവനം ചെയ്യപ്പെട്ടു എന്നതുമാണ്. ലക്ഷ്യാധിഷ്ഠത പദ്ധതികൾ നടപ്പിലാക്കിയതിലൂടെയും, ഭരണപരമായ പരിഷ്കാരങ്ങളിലൂടെയും തദ്ദേശസ്ഥാപനങ്ങൾക്കുള്ള സാമ്പത്തിക വിഹിതത്തിൽ വരുത്തിയ സുസ്ഥിര വർദ്ധനവിലൂടെയുമാണ് ഈ സുപ്രധാനമായ മാറ്റം സാധ്യമായത്.

പദ്ധതി രൂപീകരണവും അംഗീകാര പ്രക്രിയയും ലളിതവും വേഗത്തിലുമാക്കിയ നടപടിക്രമങ്ങളിലെ പരിഷ്കാരങ്ങളിലൂടെ വികേന്ദ്രീകൃത ആസൂത്രണത്തിന് പുത്തൻ ഉണർവ് ലഭിച്ചു. തദ്ഫലമായി പ്രാദേശിക ആസൂത്രണം കൂടുതൽ കാര്യക്ഷമവും സമയബന്ധിതവും ആക്കാൻ കഴിഞ്ഞു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ധനവിന്യാസങ്ങളിലുണ്ടായ ഗണ്യമായ വർദ്ധനവ് ഇതിന് കരുത്തേകി. ആകെ സംസ്ഥാന പദ്ധതി വിഹിതത്തിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് വകയിരുത്തിയ തുക 2016-17-ലെ 22.9 ശതമാനത്തിൽ നിന്നും 2026-27-ൽ 28.5 ശതമാനമായി ഉയർത്തി. ഇതിന് സമാന്തരമായി, പഞ്ചായത്ത്, നഗരകാര്യ, ഗ്രാമവികസനം, ടൗൺ ആൻഡ് കൺട്രി പ്ലാനിംഗ്, എഞ്ചിനീയറിംഗ് എന്നീ വകുപ്പുകളെ ഒരു ഏകീകൃത ഭരണ ചട്ടക്കൂടിനുള്ളിൽ സംയോജിപ്പിച്ചു. ഇതിലൂടെ തദ്ദേശ സ്വയംഭരണ വകുപ്പിനെ കൂടുതൽ ഏകോപിതവും ഫലകേന്ദ്രീകൃതവുമായ ഒരു സംവിധാനമായി പുനഃസംഘടിപ്പിച്ചു.

വികേന്ദ്രീകൃത ആസൂത്രണത്തിലൂടെയും പങ്കാളിത്ത ഭരണത്തിലൂടെയും, മാനവവികസന സൂചികകളിലെ പുരോഗതിക്കും പൊതു അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനും ഉപജീവന അവസരങ്ങൾ വ്യാപിപ്പിക്കുന്നതിനും-പ്രത്യേകിച്ച് ഗ്രാമീണ, പാർശ്വവൽക്കൃത വിഭാഗങ്ങൾക്കിടയിൽ-തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഗണ്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്. പൊതുചെലവിന്റെ വലിയൊരു വിഹിതത്തിന്റെയും മേൽനോട്ടം തദ്ദേശ സ്ഥാപനങ്ങൾക്കാണ്, പ്രത്യേകിച്ചും സുപ്രധാന മേഖലകളായ ആരോഗ്യ-വിദ്യാഭ്യാസ-കാർഷിക മേഖലകളിലും ദാരിദ്ര്യ ലഘൂകരണത്തിലും. ഇത് വികസന പ്രവർത്തനങ്ങൾ പ്രാദേശിക മുൻഗണനകളുമായി ചേർന്നുനിൽക്കുന്നുവെന്ന് ഉറപ്പാക്കുന്നു. സംസ്ഥാന-കേന്ദ്രാവിഷ്കൃത പദ്ധതികൾ കാര്യക്ഷമമായും കൂടുതൽ ഉത്തരവാദിത്തത്തോടും നടപ്പിലാക്കുന്നതിൽ ഇവ ഒരു പ്രധാന പങ്ക് വഹിക്കുന്നു. ബജറ്റ് രൂപീകരണത്തിലും തീരുമാനമെടുക്കൽ പ്രക്രിയകളിലും സാമൂഹിക പങ്കാളിത്തം വ്യവസ്ഥാപിതമാക്കിയതിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉത്തരവാദിത്തവും സുതാര്യതയും വർദ്ധിപ്പിച്ച്, സുസ്ഥിരവും സമത്വപൂർണ്ണവുമായ സമ്പദ് വ്യവസ്ഥയിലേയ്ക്കുള്ള കേരളത്തിന്റെ പ്രയാണത്തിലെ നിർണായക പങ്കാളികളായിട്ടുണ്ട്.

ഈ അധ്യായത്തിൽ, കേരളത്തിന്റെ സാമൂഹിക-സാമ്പത്തിക പുരോഗതി നിലനിർത്തുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സംഭാവനകൾ വിശദീകരിക്കുന്നു. ദാരിദ്ര്യനിർമ്മാർജ്ജനവും, ജീവനോപാധി മെച്ചപ്പെടുത്തലും ലക്ഷ്യമിട്ട പരിപാടികൾ പരിശോധിക്കുകയും സംസ്ഥാനത്തിന്റെ മാനവവികസന നേട്ടങ്ങൾക്ക് അടിത്തറയിട്ട കുടുംബശ്രീ പോലുള്ള സാമൂഹിക ഇടപെടലുകളും പരിപാടികളും എടുത്തുകാട്ടുകയും ചെയ്യുന്നു. കൂടാതെ നഗരവികസനത്തിലെ പ്രവണതകൾ, വെല്ലുവിളികൾ, നൂതനാശയങ്ങൾ എന്നിവയും, പ്രത്യേകിച്ച് അടിസ്ഥാന സൗകര്യവികസനം, സാമൂഹികമായ ഉൾച്ചേർക്കൽ, സുസ്ഥിരത, അതിജീവനശേഷി എന്നീ വിഷയങ്ങൾ നഗര സ്വയംഭരണ സ്ഥാപനങ്ങൾ എങ്ങനെ കൈകാര്യം ചെയ്യുന്നുവെന്നും ഇതിൽ വിശകലനം ചെയ്യുന്നു.

## കേരളത്തിലെ അധികാര വികേന്ദ്രീകരണവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും

പതിമൂന്നാം പഞ്ചവത്സര പദ്ധതിയോടെ കേരളത്തിന്റെ വികേന്ദ്രീകരണ പ്രക്രിയ ഒരു പരിവർത്തന ഘട്ടത്തിലേക്ക് കടന്നു. ഈ കാലയളവിൽ സുപ്രധാനവും നൂതനവുമായ നിരവധി നയപരമായ മാറ്റങ്ങൾക്ക് തുടക്കം കുറിച്ചു. പ്രാദേശിക സ്വയംഭരണം ശക്തിപ്പെടുത്തുന്നതിനും, ആസൂത്രണ പ്രക്രിയ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വികസനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സ്വാധീനം മെച്ചപ്പെടുത്തുന്നതിനുമായാണ് ഈ പരിഷ്കാരങ്ങൾ വിഭാവനം ചെയ്തത്.

## വികേന്ദ്രീകരണം ശക്തമാക്കാനുള്ള നയപരമായ പരിഷ്കാരങ്ങൾ

കേരളത്തിൽ 941 ഗ്രാമപഞ്ചായത്തുകൾ, 152 ബ്ലോക്ക് പഞ്ചായത്തുകൾ, 14 ജില്ലാ പഞ്ചായത്തുകൾ, 87 മുനിസിപ്പാലിറ്റികൾ, 6 മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിങ്ങനെ ആകെ 1,200 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണുള്ളത്. പദ്ധതി രൂപീകരണ-നിർവ്വഹണ പ്രക്രിയകൾ ലളിതമാക്കാൻ പതിമൂന്നാം പഞ്ചവത്സര പദ്ധതി നിർദ്ദേശിച്ചു. അതോടെ തദ്ദേശ സ്ഥാപനങ്ങൾക്ക് മാർച്ചിൽ തന്നെ പദ്ധതികൾ തയ്യാറാക്കാനും, നിർവ്വഹണത്തിന് ഒരു വർഷം മുഴുവൻ ലഭിക്കാനും സാഹചര്യം ഒരുങ്ങി. കാലാവസ്ഥാ അതിജീവന ആസൂത്രണം സാധ്യമാക്കാൻ ജൈവവൈവിധ്യ പരിപാലനം, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം എന്നിവയ്ക്കായി പുതിയ വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചത് മറ്റ് പ്രധാന പരിഷ്കാരങ്ങളിൽ ഉൾപ്പെടുന്നു. ഉൽപ്പാദന മേഖല മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഉൽപ്പാദനം, സേവനം, അടിസ്ഥാന സൗകര്യം എന്നീ മൂന്ന് മേഖലകൾക്ക് വിഹിതം അനുവദിക്കുന്നതിനുള്ള ഏറ്റവും കൂടിയതും കുറഞ്ഞതുമായി (മാക്സിമം , മിനിമം ) പരിധികളിൽ മാറ്റങ്ങൾ വരുത്തി. നൂതന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള വ്യവസ്ഥകൾ കൊണ്ടുവരിക, സബ്സിഡികളുടെ പരിധി വ്യാപിപ്പിക്കൽ,

**പട്ടിക 19.1**: *2016 മുതൽ 2026 വരെ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം (വികസന ഫണ്ട് - രൂപ കോടിയിൽ)*

| വർഷം | സംസ്ഥാന പദ്ധതി വിഹിതം | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഫണ്ട് വകയിരുത്തൽ | | | | | സംസ്ഥാന പദ്ധതി വിഹിതത്തിന്റെ ശതമാനം |
|---|---|---|---|---|---|---|---|
| | | പൊതു മേഖലാ വിഭാഗം | | പട്ടികജാതി ഉപപദ്ധതി | പട്ടിക വർഗ ഉപപദ്ധതി | ആകെ | |
| | | സാധാരണ വിഹിതം | കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അവാർഡ്) | | | | |
| 2016 - 17 | 24,000 | 2,995 | 1,310.1 | 1,038.9 | 156 | 5500 | 22.9 |
| 2017 - 18 | 26,500 | 3,371.6 | 1,507.9 | 1,172.1 | 176 | 6,227.5 | 23.5 |
| 2018 - 19 | 29,150 | 3,777.6 | 1,739.6 | 1,289.3 | 193.6 | 7,000 | 24.01 |
| 2019 - 20 | 30,610 | 3,604.6 | 2,338.6 | 1,353.8 | 203 | 7,500 | 24.5 |
| 2020 - 21 | 27,610 | 3,534.6 | 1,964.2 | 1,221.2 | 183.1 | 7,158* | 25.9 |
| 2021 - 22 | 27,610 | 3,421.7 | 2,454. | 1,221.2 | 183.1 | 7,280 | 26 |
| 2022 - 23 | 30,370 | 4,087.1 | 2,418 | 1,341.3 | 201.6 | 8,048 | 26.5 |
| 2023 - 24 | 30,370 | 4,009.2 | 2,496 | 1,341.3 | 201.6 | 8,258# | 27 |
| 2024 - 25 | 30,370 | 4,171.9 | 2,637.3 | 1,341.3 | 201.6 | 8,352 | 27.5 |
| 2025 - 26 | 32,500 | 4,799.1 | 2,649.1 | 1,435.2 | 215.7 | 9,100 | 28 |

*അവലംബം*: വിവിധ വർഷങ്ങളിലെ ബജറ്റ് രേഖകൾ

*കുറിപ്പ്*: *നഗരസഭകളിലെ ലോകബാങ്ക് സഹായത്തോടെയുള്ള കേരള ഖരമാലിന്യ സംസ്കരണ പദ്ധതിക്കായി (KSWMP) വകയിരുത്തിയ 255 കോടി രൂപ ഉൾപ്പെടുന്നു. #കേരള ഖരമാലിന്യ സംസ്കരണ പദ്ധതിക്കായി (KSWMP) വകയിരുത്തിയ 210 കോടി രൂപ ഉൾപ്പെടുന്നു.

തദ്ദേശ സ്വയംഭരണ തലത്തിൽ ആസൂത്രണ സമിതികളുടെ രൂപീകരണം, ജില്ലാ പദ്ധതികളും ദുരന്ത നിവാരണ പദ്ധതികളും തയ്യാറാക്കൽ, ജില്ലാ റിസോഴ്സ് സെന്ററുകൾ സ്ഥാപിക്കൽ എന്നിവ മറ്റ് പരിഷ്കാരങ്ങളിൽ ഉൾപ്പെടുന്നു. കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ തദ്ദേശ സ്ഥാപനങ്ങളുടെ വ്യാപ്തിയും ചുമതലകളും മുമ്പെങ്ങുമില്ലാത്തവിധം വർദ്ധിച്ചിട്ടുണ്ട്.

പതിമൂന്നാം പദ്ധതിയിൽ കൈവരിച്ച നേട്ടങ്ങളെ അടിസ്ഥാനമാക്കി, സുസ്ഥിരവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ വികസനത്തിനായി വിശാലമായ ഒരു കാഴ്ചപ്പാടാണ് പതിനാലാം പദ്ധതി മുന്നോട്ടുവെച്ചത്. ഒരു വിജ്ഞാന ധിഷ്ഠിതസമ്പദ്വ്യവസ്ഥകെട്ടിപ്പടുക്കുകഎന്നലക്ഷ്യത്തോടെ പ്രാദേശിക സാമ്പത്തിക വികസനം, പരിസ്ഥിതി സുസ്ഥിരത, സാമൂഹിക സമത്വം എന്നിവയ്ക്ക് ഇതിൽ ഊന്നൽ നൽകി. സാമൂഹിക നിക്ഷേപങ്ങളിൽ സംസ്ഥാനത്തിനുള്ള കരുത്ത് പ്രയോജനപ്പെടുത്തിക്കൊണ്ട്, ഉൽപ്പാദന ശക്തികളുടെ വളർച്ച കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള ഒരു ചാലകശക്തിയായി പുതിയ പദ്ധതി ഇതിനെ ഉപയോഗിച്ചു. ഈ പ്രക്രിയയിൽ, നൂതനാശയങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും ശാസ്ത്ര-സാങ്കേതിക വിദ്യയുടെ പ്രയോഗത്തിനും മുൻഗണന നൽകിക്കൊണ്ട് കേരളത്തെ ഒരു വിജ്ഞാന സമൂഹമായി പരിവർത്തിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്.

**വർദ്ധിപ്പിച്ച സാമ്പത്തിക വികേന്ദ്രീകരണം**

നിശ്ചിത ഫോർമുലയുടെ അടിസ്ഥാനത്തിൽ, വിവേചനാത്മകമല്ലാത്തതും സന്തുലിതവുമായ രീതിയിൽ 'അൺടൈഡ് ഫണ്ടുകൾ' ലഭ്യമാക്കുക എന്നത് കേരളത്തിന്റെ വികേന്ദ്രീകരണ മാതൃകയുടെ സവിശേഷതയാണ്. പതിമൂന്ന്, പതിനാല് പദ്ധതി കാലയളവിൽ അൺടൈഡ് ഫണ്ടുകളുടെ ലഭ്യത അതിന്റെ ഉയരങ്ങളിലെത്തി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രധാനമായും മൂന്ന് തരത്തിലാണ് അൺടൈഡ് ഫണ്ടുകൾ കൈമാറുന്നത്: പരമ്പരാഗത ചുമതലകൾക്കും ഭരണപരമായ ചെലവുകൾക്കുമായുള്ള 'ജനറൽ പർപ്പസ് ഫണ്ട്', വികേന്ദ്രീകരണത്തിന്റെ ഭാഗമായി കൈമാറ്റം ചെയ്യപ്പെട്ടവ ഉൾപ്പെടെയുള്ള ആസ്തികളുടെ സംരക്ഷണത്തിനായുള്ള 'മെയിന്റനൻസ് ഫണ്ട്', വികസന പ്രവർത്തനങ്ങൾക്കായുള്ള 'വികസന ഫണ്ട്'. ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശകൾ പ്രകാരം ഇവ ഗണ്യമായി വർദ്ധിപ്പിച്ചു.

പതിമൂന്നാം പദ്ധതി കാലയളവിൽ സംസ്ഥാനത്തിന്റെ സ്വന്തം നികുതി വരുമാനത്തിന്റെ 3.5 ശതമാനമായിരുന്ന ജനറൽ പർപ്പസ് ഫണ്ട് 4 ശതമാനമായും, മെയിന്റനൻസ് ഗ്രാൻഡ് 6 ശതമാനത്തിൽ നിന്ന് 6.5 ശതമാനമായും വർദ്ധിപ്പിച്ചു. 2016-17-ൽ സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 22.9 ശതമാനമായിരുന്ന 'വികസന ഫണ്ട്', 2025-26-ൽ 28 ശതമാനമായും 2026-27-ൽ 28.5 ശതമാനമായും ഉയർത്തി. നിശ്ചിത ഫോർമുലയുടെ അടിസ്ഥാനത്തിലുള്ള ഈ വിതരണം, വികസനം കുറഞ്ഞ പ്രദേശങ്ങൾക്ക് കൂടുതൽ വിഹിതം നൽകിക്കൊണ്ട് സംസ്ഥാനത്തിന്റെ എല്ലാ പ്രദേശത്തും ആവശ്യമായ ഫണ്ട് എത്തുന്നുണ്ടെന്ന് ഉറപ്പാക്കി. അതുവഴി പ്രാദേശിക വികസനം ത്വരിതപ്പെടു

ത്തുകയും ജനജീവിതം മെച്ചപ്പെടുത്തുകയും ചെയ്തു. മൊത്തം വിഹിതം 30 ശതമാനത്തിൽ എത്തുന്നതുവരെ വർഷം തോറും 0.5 ശതമാനം വീതം വർദ്ധിപ്പിക്കാൻ ആറാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിരുന്നു. സംസ്ഥാനപദ്ധതി വിഹിതത്തിൽ മാറ്റമില്ലാതിരുന്ന വർഷങ്ങളിൽ പോലും, സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശകൾക്കനുസൃതമായി തദ്ദേശ സ്ഥാപനങ്ങളുടെ വികസന ഫണ്ട് വിഹിതം ക്രമമായി വർദ്ധിച്ചുകൊണ്ടിരുന്നു.

വർദ്ധിപ്പിച്ച പദ്ധതി വിഹിതം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ ഗണ്യമായി മെച്ചപ്പെടുത്തിയിട്ടുണ്ട്. തദ്ദേശസ്ഥാപനങ്ങളുടെ പരമ്പരാഗതമായ ചുമതലകൾക്കും ഭരണപരമായ ചെലവുകൾക്കുമായി പ്രധാനമായും വിഭാവനം ചെയ്തിട്ടുള്ള ജനറൽ പർപ്പസ് ഫണ്ട്, 2016-17-ലെ 1,233.1 കോടി രൂപയിൽ നിന്നും 2025-26-ൽ 2,577.3 കോടി രൂപയായി വർദ്ധിച്ചു. കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളുടേതുൾപ്പെടെ, തദ്ദേശസ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ആസ്തികളുടെ പരിപാലനത്തിനും അറ്റകുറ്റപ്പണികൾക്കുമായി മാറ്റിവെച്ചിട്ടുള്ള മെയിന്റനൻസ് ഫണ്ട്, 1,937.4 കോടി രൂപയിൽ നിന്നും 4,188.9 കോടി രൂപയായി ക്രമാനുഗതമായി വർദ്ധിച്ചിട്ടുണ്ട്.

### പട്ടികജാതി ഉപപദ്ധതിക്കും പട്ടികവർഗ്ഗ ഉപപദ്ധതിക്കും ഉയർന്ന വിഹിതം

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ സാമൂഹിക-സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനും സാമൂഹിക നീതി ഉറപ്പാക്കുന്നതിനും ജീവിതനിലവാരം ഉയർത്തുന്നതിനുമായി പ്രത്യേക സംരക്ഷണ നടപടികൾ വിഭാവനം ചെയ്യുന്ന പട്ടികജാതി ഉപപദ്ധതിയും പട്ടികവർഗ്ഗ ഉപപദ്ധതിയും കേരളം തുടർച്ചയായി നടപ്പിലാക്കി വരുന്നു. അതിനാൽ, വികസന ആസൂത്രണത്തിൽ ഈ പദ്ധതികൾക്കുള്ള വിഭവ വകയിരുത്തലുകൾ അതീവ പ്രാധാന്യമർഹിക്കുന്നു.

സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്നുള്ള പട്ടികജാതി, പട്ടികവർഗ്ഗ ഉപപദ്ധതികൾക്കുള്ള ഫണ്ട് വകയിരുത്തൽ ആകെ ജനസംഖ്യയിലെ പട്ടികജാതി-പട്ടികവർഗ്ഗ അനുപാതത്തിന് അനുസൃതമായാണ് നടത്തുന്നതെങ്കിലും, കേരളത്തിൽ ജനസംഖ്യാ അനുപാതത്തേക്കാൾ ഉയർന്ന വിഹിതം ഉറപ്പാക്കാറുണ്ട്. മൊത്തം പട്ടികജാതി/പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിന്റെ നിശ്ചിത ശതമാനം, വികേന്ദ്രീകൃത ആസൂത്രണത്തിന് കീഴിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വകയിരുത്താറുണ്ട്. കഴിഞ്ഞ ഒൻപത് വർഷത്തിനിടയിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം 2016-17-ലെ 156.00 കോടി രൂപയിൽ നിന്നും 2025-26 ആയപ്പോൾ 201.6 കോടി രൂപയായി വർദ്ധിച്ചു; ഇതേ കാലയളവിൽ പട്ടികജാതി ഉപപദ്ധതി വിഹിതം 1,038.9 കോടി രൂപയിൽ നിന്നും 1,341.3 കോടി രൂപയായി ഉയർന്നു. ഗുണഭോക്തൃ കേന്ദ്രീകൃത പദ്ധതികൾക്കും അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കുമായാണ് ഈ വിഹിതം വിനിയോഗിക്കുന്നത്. വർദ്ധിച്ച ഈ വകയിരുത്തൽ പാർശ്വവൽക്കരിക്കപ്പെട്ടവരും ദുർബലരുമായ വിഭാഗങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള സംസ്ഥാനത്തിന്റെ പ്രതിബദ്ധത പ്രകടമാക്കുന്നു.

### വികേന്ദ്രീകൃത ആസൂത്രണത്തിന്റെ പ്രധാന നേട്ടങ്ങൾ

കേരളത്തിന്റെ രാഷ്ട്രീയ ഘടനയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആഴത്തിൽ വേരൂന്നിയവയാണ്. അതിനാൽ തന്നെ, സംസ്ഥാനത്തിന്റെ വികസന പ്രക്രിയയിൽ അവയ്ക്കുള്ള പ്രാധാന്യം അവഗണിക്കാൻ ഭാവിയിൽ ഒരു സർക്കാരിനും സാധ്യമല്ല. കേരളത്തിൽ, തദ്ദേശ സ്വയംഭരണ

*പട്ടിക 19.2 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മെയിന്റനൻസ് ഫണ്ടിന്റെയും ജനറൽ പർപ്പസ് ഫണ്ടിന്റെയും വിഹിതം, 2016 മുതൽ 2026 വരെ ( രൂപ കോടിയിൽ)*

| വർഷം | മെയിന്റനൻസ് ഫണ്ട് | | | ജനറൽ പർപ്പസ് ഫണ്ട് |
|---|---|---|---|---|
| | റോഡ് ഇതര ആസ്തികൾക്കുള്ള ഫണ്ട് | റോഡുകൾ | ആകെ | |
| 2016 - 17 | 645.9 | 1,291.9 | 1,937.8 | 1,233.1 |
| 2017 - 18 | 655.0 | 1,528.4 | 2,183.4 | 1,364.7 |
| 2018 - 19 | 703.2 | 1,640.7 | 2,343.9 | 1,426.7 |
| 2019 - 20 | 822.3 | 1,918.8 | 2,741.1 | 1,626.1 |
| 2020 - 21 | 883.2 | 2,060.7 | 2,943.8 | 1,717.2 |
| 2021 - 22 | 1,218.6 | 1,949.8 | 3,168.4 | 1,949.8 |
| 2022 - 23 | 1,156.0 | 1,849.6 | 3,005.7 | 1,849.6 |
| 2023 - 24 | 1,402.7 | 2,244.3 | 3,647.0 | 2,244.3 |
| 2024 - 25 | 1,588.9 | 2,542.3 | 4,131.2 | 2,542.3 |
| 2025 - 26 | 1,610.8 | 2,577.3 | 4,188.2 | 2,577.3 |

*അവലംബം:* വിവിധ വർഷങ്ങളിലെ ബജറ്റ് രേഖകൾ

സ്ഥാപനങ്ങൾവഴിയുള്ളവികേന്ദ്രീകൃതആസൂത്രണംവിവിധ മേഖലകളുടെ വികസനത്തിൽ നിർണ്ണായക പങ്കുവഹി ച്ചിട്ടുണ്ട്. സേവന വിതരണത്തിലെ ശ്രദ്ധേയമായ പുരോഗതി, വിഭവങ്ങളുടെ തുല്യമായ വിതരണം, ഉൽപ്പാദനക്ഷമമായ ആസ്തികളുടെ നിർമ്മാണവും പരിപാലനവും, ഉപജീവന സുരക്ഷ ഉറപ്പാക്കൽ, പ്രാദേശിക സാമ്പത്തിക വികസനം പ്രോത്സാഹിപ്പിക്കൽ എന്നിവ വികേന്ദ്രീകരണത്തിന്റെ നേട്ടങ്ങളാണ്. ഭരണഘടനാ ഭേദഗതികൾ വന്ന് മൂന്ന് പതിറ്റാണ്ടുകൾ പിന്നിടുമ്പോഴും, കേരളത്തിലേതുപോലെ ശക്തവും കാര്യക്ഷമവുമായ ഒരു വികേന്ദ്രീകൃത ആസൂത്രണ സംവിധാനം കെട്ടിപ്പടുക്കാൻ മറ്റൊരു സംസ്ഥാനത്തിനും കഴിഞ്ഞിട്ടില്ല എന്നത് ശ്രദ്ധേയമാണ്. വികേന്ദ്രീകൃത സംവിധാനത്തിന് കീഴിൽ കഴിഞ്ഞ ദശകത്തിൽ തദ്ദേശ ഭരണ രംഗത്ത് സംസ്ഥാന സർക്കാർ കൈവരിച്ച നേട്ട ങ്ങളുടെ സംഗ്രഹം താഴെ നൽകുന്നു.

**അതിദാരിദ്ര്യ നിർമ്മാർജ്ജനം**

2025 നവംബർ1- ന് അതിദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്ത ആദ്യ സംസ്ഥാനമായി കേരളം സ്വയം പ്രഖ്യാപിച്ചു. ഭക്ഷണം, പാർപ്പിടം, ആരോഗ്യപരിരക്ഷ, ഉപജീവന മാർഗ ങ്ങൾ എന്നിവയുൾപ്പെടെയുള്ള അടിസ്ഥാന ആവശ്യ ങ്ങൾക്ക്പ്രാധാന്യംനൽകിക്കൊണ്ട്നാല്വർഷംനീണ്ടുനിന്ന പ്രവർത്തനങ്ങളിലൂടെയാണ് ഈ നേട്ടം കൈവരിച്ചത്. അതി ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ (ഇ.പി.ഇ.പി) ഭാഗമായി നടത്തിയ ഭവന സന്ദർശനങ്ങളിലൂടെ 64,006 കുടുംബ ങ്ങളെ കണ്ടെത്തി. തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ അവരുടെ സവിശേഷമായ വെല്ലുവിളികൾ പരിഹരിക്കുന്ന തിനായി വ്യക്തിഗത സൂക്ഷ്മ പദ്ധതികൾ തയ്യാറാക്കി അവശ്യ സേവനങ്ങളും ഉപജീവന മാർഗ്ഗങ്ങളും ഉറപ്പു വരുത്തി

**വ്യവസായം**

സംസ്ഥാനത്തെ ചെറുകിട-സൂക്ഷ്മ-ഇടത്തരം സംരം ഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിൽ വിവിധ ഇടപെടലുക ളിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഗണ്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്. വ്യക്തികളും വനിതാ കൂട്ടായ്മകളും ആരംഭിച്ച ചെറുകിട വ്യവസായങ്ങൾക്ക് ബാക്കെന്റ് സബ്സിഡികൾ വഴി പിന്തുണച്ചുകൊണ്ട് പ്രത്യേ കിച്ച് പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളെ സംരംഭങ്ങൾ തുടങ്ങാൻ പ്രാപ്തരാക്കുന്നതിൽ പ്രത്യേക ഊന്നൽ നൽകി. അസംസ്കൃത വസ്തുക്കളും ഉപകരണങ്ങളും വാങ്ങുന്നതി നായി പലിശ സബ്സിഡി നൽകിക്കൊണ്ട് പരമ്പരാഗത ഗ്രാമീണ വ്യവസായങ്ങൾക്കും സഹായം നൽകിയിട്ടുണ്ട്. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സംസ്ഥാനതല ത്തിൽ അനുകൂലമായ ഒരു സംരംഭകത്വ ആവാസവ്യവസ്ഥ ആവശ്യമാണെന്ന് തിരിച്ചറിഞ്ഞുകൊണ്ട്, സംരംഭകത്വ വികസനം പ്രോത്സാഹിപ്പിക്കുന്നതിനായി നിരവധി പദ്ധതി കൾ ആരംഭിച്ചു. വായ്പകൾക്കുള്ള പലിശ സബ്സിഡി, സാങ്കേതിക വിദ്യ കൈമാറ്റവും നവീകരണവും ലക്ഷ്യമിട്ടുള്ള ഫണ്ടുകൾ, ഇന്നൊവേഷൻ ആൻഡ് ഇൻകുബേഷൻ ഫണ്ടുകൾ, ക്രൈസിസ് മാനേജ്മെന്റ് ഫണ്ടുകൾ, സീഡ് സപ്പോർട്ട് സ്കീമുകൾ തുടങ്ങിയ ധനസഹായ സംവിധാനത്തി ലൂടെ സംരംഭകർക്ക് സാമ്പത്തിക സഹായവും ഉപദേശക പിന്തുണയും നൽകാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിലവിൽ ശാക്തീകരിക്കപ്പെട്ടിരിക്കുന്നു.

സംരംഭങ്ങൾ രൂപീകരിക്കുന്ന പ്രക്രിയ ലളിതമാക്കാൻ, സംരംഭകത്വ-തൊഴിൽ വികസന കൗൺസിലുകൾ, സാങ്കേതിക സമിതികൾ, പ്രാദേശിക ഹെൽപ്പ്ഡെസ്ക്കുകൾ എന്നിവയുൾപ്പെടെയുള്ള പുതിയ സ്ഥാപന സംവിധാ നങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. പ്രാദേശിക തലത്തിൽ സംരംഭകത്വ വികസനം, നൈപുണ്യ വികസനം, സ്വയം തൊഴിൽ, തൊഴിൽ സൃഷ്ടിക്കൽ എന്നിവ സംയോജിപ്പിച്ച്, ഏക ജാലക ക്ലിയറൻസ്-സഹായ കേന്ദ്രങ്ങളായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പരിണമിക്കുമെന്ന് പ്രതീക്ഷി ക്കുന്നു. ഇത് കേരളത്തിലെ പ്രാദേശിക ഭരണത്തിൽ ശ്രദ്ധേയ മായമാറ്റത്തെ അടയാളപ്പെടുത്തുന്നു. സാമ്പത്തികവികസന ത്തിന്റെ പുതിയ മേഖലകളിലേക്ക് കടക്കുന്നു. ഇതിനു പുറമെ, ഇൻകുബേഷൻ ആൻഡ് കമ്മ്യൂണിറ്റി ഫെസിലി റ്റേഷൻ സെന്ററുകൾ സ്ഥാപിക്കാനുള്ള ശ്രമങ്ങൾ നടക്കുന്നു. കൂടാതെ നിരവധി ജില്ലാ പഞ്ചായത്തുകൾ വ്യവസായ പാർക്കുകൾ വികസിപ്പിക്കാനുള്ള പദ്ധതികൾക്ക് തുടക്ക മിട്ടിട്ടുണ്ട്.

സംസ്ഥാനത്ത് ഒരു ലക്ഷം സംരംഭങ്ങൾ ആരംഭി ക്കുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ 2022-23 'സംരംഭകത്വ വർഷം' ആയി പ്രഖ്യാപിച്ചു. ഈ ലക്ഷ്യം 245 ദിവസത്തിനുള്ളിൽ കൈവരിച്ചുകൊണ്ട് പ്രസ്തുത വർഷം 1,39,839 പുതിയ സംരംഭങ്ങൾ ആരംഭിക്കുകയും 3,00,049 പേർക്ക് തൊഴിൽ ലഭിക്കുകയും ചെയ്തു. 2023-24 വർഷത്തിൽ 1,03,596 സംരംഭങ്ങൾ കൂടി ആരംഭിച്ചതി ലൂടെ 2,18,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടു. ഈ ശ്രമങ്ങളെ പിന്തുണയ്ക്കാൻ ഓരോ ഗ്രാമപഞ്ചായത്തിലും ഒന്നു വീതവും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനു കളിലും 20 വാർഡുകൾക്ക് ഒന്നു വീതവും എന്ന ക്രമ ത്തിൽ പ്രൊഫഷണൽ യോഗ്യതയുള്ള 1,153 ഇന്റേണു കളെ നിയമിച്ചു. ജില്ലാ-താലൂക്ക് വ്യവസായ കേന്ദ്രങ്ങളിലെ ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെ ഏകോ പനത്തിൽ പ്രവർത്തിക്കുന്ന ഈ ഇന്റേണുകൾ ലൈസൻ സുകൾ, സബ്സിഡികൾ, വായ്പകൾ എന്നിവ നേടുന്ന തിനും ബാങ്കുകൾക്ക് സ്വീകാര്യമായ പ്രോജക്ടുകൾ തയ്യാറാ ക്കുന്നതിനും അനുയോജ്യമായ സാങ്കേതികവിദ്യകൾ ലഭ്യ മാക്കുന്നതിനും സംരംഭകരെ സഹായിക്കുന്നു. കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ സ്ഥാപിതമായ വിജയകരമായ സംവിധാനങ്ങളെ അടിസ്ഥാനമാക്കി, സംരംഭങ്ങൾക്കുള്ള സൗകര്യങ്ങൾ കൂടുതൽ ശക്തിപ്പെടുത്താനും സംസ്ഥാ നത്ത് ഒരു സംരംഭകത്വ ആവാസവ്യവസ്ഥ വളർത്താനും ആകർഷകമായ വിവിധ പിന്തുണാ സംവിധാനങ്ങൾ അവ ലംബിക്കാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. 2026 ജനുവരി 12 വരെയുള്ള കണക്കനുസരിച്ച് സംസ്ഥാനത്ത് 3,82,011 സംരംഭങ്ങൾസ്ഥാപിക്കപ്പെടുകയും8,14,627വ്യക്തികൾക്ക് തൊഴിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

'ഒരു ലക്ഷം സംരംഭങ്ങൾ' പദ്ധതിയുമായി യോജിച്ച്, വ്യവസായ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും സംയു ക്തമായി 'ഒരു തദ്ദേശസ്ഥാപനം ഒരു ഉൽപ്പന്നം' (ഒ.എൽ. ഒ.പി) എന്ന പദ്ധതി ആവിഷ്കരിച്ചു. പ്രാദേശികമായി കണ്ടെ ത്തിയ വസ്തുക്കളുടെ ചിട്ടയായ ഉല്പാദനത്തിലും വിപണ നത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഈ പദ്ധതി, ആഗോള വിപണികളിലേക്കുള്ള പ്രവേശനവും ന്യായമായ വിലയും

ഉറപ്പാക്കുന്നു. മൂല്യവർദ്ധനവിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്കും സംരംഭകർക്കും ഇത് വലിയ തോതിലുള്ള ആദായം പ്രധാനം ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.

സംരംഭകത്വ വർഷ പ്രചാരണത്തിന്റെ ഭാഗമായി, താഴേ തട്ടിലുള്ള സംരംഭകത്വം, നൂതന ആശയങ്ങൾ, പ്രാദേശിക വ്യവസായ വളർച്ച എന്നിവ പ്രോത്സാഹിപ്പിക്കാൻ പഞ്ചായത്ത് തലത്തിലുള്ള സംരംഭകരുടെ കൂട്ടായ്മയായ 'സംരംഭക സഭ' രൂപീകരിച്ചു. ഈ പ്ലാറ്റ്ഫോം ഓരോ പ്രദേശത്തിനും അനുയോജ്യമായ വ്യവസായങ്ങൾ കണ്ടെത്തുകയും പ്രാദേശിക സംരംഭകരെ പിന്തുണയ്ക്കുകയും അടിസ്ഥാന സൗകര്യങ്ങളും നൈപുണ്യമുള്ള തൊഴിലാളികളെയും ലഭ്യമാക്കാൻ സഹായിക്കുകയും പരാതികൾ പരിഹരിക്കുകയും ചെയ്യുന്നു. വിപണി ബന്ധങ്ങൾ (Market linkages), നൈപുണ്യ വികസന പിന്തുണ, ഹെൽപ്പ് ഡെസ്ക് സേവനങ്ങൾ എന്നിവയിലൂടെ ഇത് സംരംഭകത്വ ആവാസവ്യവസ്ഥയെ കൂടുതൽ ശക്തിപ്പെടുത്തുന്നു. തദ്ദേശസ്വയംഭരണ തലത്തിലുള്ള സാമ്പത്തിക വികസനത്തിനായുള്ള പുതിയ സ്ഥാപന സംവിധാനങ്ങൾ ഈ സംരംഭങ്ങൾക്ക് കൂടുതൽ കരുത്തേകുന്നു.

**നൈപുണ്യ വികസനം**

വികേന്ദ്രീകൃത ആസൂത്രണത്തിലൂടെയും ജനകീയ പങ്കാളിത്തത്തിലൂടെയും നൈപുണ്യ വികസനം പ്രോത്സാഹിപ്പിക്കുന്നതിൽ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സുപ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. കുടുംബശ്രീ, കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ് (KASE) തുടങ്ങിയ സംസ്ഥാന മിഷനുകൾ, പ്രധാൻ മന്ത്രി കൗശൽ വികാസ് യോജന, ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന തുടങ്ങിയ ദേശീയ പദ്ധതികൾ, പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകൾ എന്നിവയുമായി സഹകരിച്ച് തദ്ദേശസ്ഥാപനങ്ങൾ പ്രാദേശിക യുവാക്കൾ, സ്ത്രീകൾ, പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾ എന്നിവരെ ശാക്തീകരിക്കുന്നതിനായി പ്രത്യേക പരിശീലന പരിപാടികൾ നടപ്പിലാക്കി. ഐ.ടി, കൃഷി, പരമ്പരാഗത വ്യവസായങ്ങൾ, സംരംഭകത്വം തുടങ്ങിയ മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിച്ച ഈ പരിശീലന പരിപാടികൾ, പ്രാദേശിക അടിസ്ഥാന സൗകര്യങ്ങളും സ്ഥാപനങ്ങളെയും പ്രയോജനപ്പെടുത്തിയാണ് വളർച്ച കൈവരിച്ചത്.

ഡിജിറ്റൽ സാക്ഷരത, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, സൂക്ഷ്മ സംരംഭ വികസനം എന്നിവ സുഗമമാക്കിയതിലൂടെ നഗര-ഗ്രാമ ഭേദമന്യേ കേരളത്തിലെ തദ്ദേശസ്ഥാപനങ്ങൾ കമ്മ്യൂണിറ്റി അധിഷ്ഠിത നൈപുണ്യ വികസനത്തിൽ ഇന്ത്യയ്ക്ക് തന്നെ മാതൃകയായി.

ഈ നൈപുണ്യ വികസന പ്രവർത്തനങ്ങൾ ശ്രദ്ധേയമായ ഫലങ്ങൾ ഉളവാക്കിയിട്ടുണ്ട്. 'ഇന്ത്യ സ്കിൽസ് റിപ്പോർട്ട് 2025' പ്രകാരം, കേരളത്തിലെ തൊഴിൽ സേന 72.2 ശതമാനം തൊഴിൽക്ഷമത കൈവരിക്കുകയും ദേശീയതലത്തിൽ നാലാം സ്ഥാനം നേടുകയും ചെയ്തു. യുവാക്കൾക്കിടയിൽ ഇത് 87.5 ശതമാനം (22-25 പ്രായപരിധിയിൽ) എന്ന ഉയർന്ന നിരക്കിലാണ്. ഇന്ത്യയിലുടനീളമുള്ള തൊഴിലന്വേഷകർക്ക് ഏറ്റവും അനുകൂലമായ സംസ്ഥാനങ്ങളിലൊന്നായി കേരളം വിലയിരുത്തപ്പെട്ടു. തൊഴിലിടങ്ങളിലെ ഉൾച്ചേർക്കൽ നയങ്ങളും വൈവിധ്യമാർന്ന തൊഴിൽ സാഹചര്യങ്ങളും കാരണം വനിതാ ഉദ്യോഗാർത്ഥികൾ കേരളത്തിന് പ്രത്യേക മുൻഗണന നൽകുന്നു. മികച്ച അഞ്ച് സ്ഥാനങ്ങളിൽ കേരളം തുടർച്ചയായി ഇടംപിടിക്കുന്നത് തദ്ദേശസ്ഥാപനങ്ങളുടെ നൈപുണ്യ വികസന പരിപാടികൾ ഫലപ്രദമാണെന്ന് സൂചിപ്പിക്കുന്നു.

യുവജനങ്ങളുടെ തൊഴിലവസരങ്ങളും സംരംഭകത്വവും പിന്തുണയ്ക്കുന്നതിനുള്ള കേരളത്തിന്റെ ശ്രമങ്ങളുടെ ഭാഗമായി 'തൊഴിൽ സഭകൾ' സംഘടിപ്പിക്കാനും തദ്ദേശസ്ഥാപനങ്ങൾ നേതൃത്വം നൽകിയിട്ടുണ്ട്. പ്രാദേശിക തലത്തിൽ തൊഴിലുകൾ ആസൂത്രണം ചെയ്യുന്നതിനും ഓരോ വാർഡിലുമുള്ള തൊഴിലന്വേഷകരെ കണ്ടെത്തി അവർക്ക് ലഭ്യമായ വിവിധ തൊഴിൽ-സംരംഭകത്വ പദ്ധതികളെക്കുറിച്ചും സർക്കാർ പദ്ധതികളെക്കുറിച്ചും വിവരം നൽകുന്നതിനും ഈ വേദികൾ സഹായിക്കുന്നു. പങ്കാളികൾക്ക് കെ-ഡിസ്ക് വഴി നോളജ് ഇക്കണോമി മിഷന്റെ കീഴിൽ പരിശീലനവും നൽകുന്നു. കൂടാതെ, കുടുംബശ്രീയുടെ പുതിയ സംരംഭകത്വ പരിപാടിയായ 'ഷീ-സ്റ്റാർട്ട്സ്' പോലുള്ള പദ്ധതികൾ തദ്ദേശസ്ഥാപനങ്ങളുമായി ചേർന്ന് വനിതാ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി തൊഴിൽ സഭകളിലൂടെ പ്രചരിപ്പിക്കുന്നു.

യുവജനങ്ങളുടെ നൈപുണ്യം വർദ്ധിപ്പിക്കുന്നതിലൂടെയും വൻതോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലൂടെയും കേരളത്തെ ഒരു വിജ്ഞാന സമ്പദ്‌വ്യവസ്ഥയായി മാറ്റാൻ ലക്ഷ്യമിട്ടുള്ള 'വിജ്ഞാന കേരളം' പരിപാടിയും തദ്ദേശസ്ഥാപനങ്ങളുടെ സഹായത്തോടെയാണ് നടപ്പിലാക്കുന്നത്. കേരള നോളജ് ഇക്കണോമി മിഷന്റെ (കെ.കെ.ഇ.എം) കീഴിൽ നടപ്പിലാക്കുന്നതും കെ-ഡിസ്ക് ഏകോപിപ്പിക്കുന്നതുമായ ഈ പദ്ധതി, സംസ്ഥാനത്തുടനീളമുള്ള വിദ്യാർത്ഥികൾക്കും തൊഴിലന്വേഷകർക്കും ഇന്റേൺഷിപ്പ്, തൊഴിലധിഷ്ഠിത പരിശീലനം, നൈപുണ്യ വികസനം എന്നിവ നൽകുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഡിജിറ്റൽ പഠന സൗകര്യങ്ങൾ, തൊഴിൽ മേളകൾ, സ്റ്റൈപ്പന്റ് പോലുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ എന്നിവയിലൂടെ വിദ്യാഭ്യാസത്തിൽ നിന്ന് തൊഴിലിലേക്കുള്ള മാറ്റം സുഗമമാക്കുന്ന 'വിജ്ഞാന കേരളം' പരിപാടി വിദ്യാഭ്യാസ സ്ഥാപനങ്ങളെയും വ്യവസായങ്ങളെയും തമ്മിൽ ബന്ധിപ്പിക്കുന്നു. ഒരു വർഷത്തിനുള്ളിൽ അഞ്ച് ലക്ഷത്തിലധികം വിജ്ഞാന തൊഴിലുകൾ സൃഷ്ടിക്കാനും ഭാവിയിലേക്കായി കേരളത്തിന്റെ തൊഴിൽ സേനയെ സജ്ജമാക്കാനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

**ശുചിത്വവും മാലിന്യ സംസ്കരണവും**

കഴിഞ്ഞ ഒരു ദശാബ്ദമായി മാലിന്യ സംസ്കരണത്തെ പ്രധാന വികസന ലക്ഷ്യങ്ങളിലൊന്നായി മുൻഗണന നൽകി കേരള സർക്കാർ, സംസ്ഥാനത്തും പ്രാദേശിക തലങ്ങളിലും സമഗ്രവും തന്ത്രപരവുമായ നടപടികൾ ശക്തമായി നടപ്പിലാക്കി വരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികളും സംസ്ഥാന സർക്കാർ ധനസഹായം നൽകുന്ന പദ്ധതികളും പ്രയോജനപ്പെടുത്തി മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന പ്രാഥമിക ഏജൻസികളായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. നയരൂപീകരണം, ശേഷി വർദ്ധിപ്പിക്കൽ, കേരളത്തിലുടനീളമുള്ള ഖര-ദ്രവ മാലിന്യ സംസ്കരണത്തിന് ആവശ്യമായ

സാങ്കേതിക പിന്തുണ നൽകൽ എന്നിവയിൽ സാങ്കേതിക വിഭാഗമായ ശുചിത്വ മിഷൻ നിർണ്ണായക പങ്ക് വഹിക്കുന്നു. (വിശദാംശങ്ങൾക്ക് അധ്യായം 20, 'പരിസ്ഥിതിയും വളർച്ചയും' എന്ന ഭാഗത്തിലെ 'മാലിന്യ സംസ്കരണം' എന്ന വിഭാഗം കാണുക).

**പൊതുജനാരോഗ്യം**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലുള്ള വികേന്ദ്രീകൃത ആരോഗ്യ പരിപാലന സംവിധാനം സംസ്ഥാനത്തെ ആരോഗ്യസേവന വിതരണത്തെ ശക്തിപ്പെടുത്തുന്നതിൽ സുപ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. ഗ്രാമ, ബ്ലോക്ക്, ജില്ലാ തലങ്ങളിലെ ആരോഗ്യ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തിയ ശ്രമങ്ങളും, ആർദ്രം മിഷൻ പോലുള്ള പദ്ധതികളും പൊതുജനാരോഗ്യ രംഗത്ത് മികച്ച നേട്ടങ്ങൾ കൈവരിക്കാൻ കേരളത്തെ സഹായിച്ചു. കോവിഡ്-19 മഹാമാരിയുടെ സമയത്ത്, പൊതുജനാരോഗ്യ സംവിധാനങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഏകോപിപ്പിച്ചു പ്രവർത്തിച്ചതിലൂടെ പ്രതിസന്ധി തരണം ചെയ്യുന്നതിൽ മാതൃകാപരമായ രീതിയാണ് സംസ്ഥാനം കാഴ്ചവെച്ചത്. ഈ കൂട്ടായ പ്രവർത്തനം കേരളത്തിന് ദേശീയതലത്തിലും അന്തർദേശീയതലത്തിലും വലിയ അംഗീകാരങ്ങൾ നേടിക്കൊടുത്തു. ഇന്ത്യയിലെ പൊതുജനാരോഗ്യ-ആരോഗ്യ അടിസ്ഥാന സൗകര്യ സൂചികകളിൽ മിക്കവാറും എല്ലാ മേഖലകളിലും കേരളം തുടർച്ചയായി ഒന്നാം സ്ഥാനം നിലനിർത്തുന്നു.

വികേന്ദ്രീകരണത്തിന്റെ ഭാഗമായി, കമ്മ്യൂണിറ്റി തലത്തിൽ പൊതുജനാരോഗ്യം കൈകാര്യം ചെയ്യുന്നതിനുള്ള നിർണ്ണായക ചുമതലകൾ, പ്രത്യേകിച്ച് പ്രൈമറി, സെക്കൻഡറി ആരോഗ്യ സ്ഥാപനങ്ങളുടെ ഭരണം കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏല്പിക്കുകയുണ്ടായി. ഇതിനനുസരിച്ച്, വികേന്ദ്രീകരണത്തിന് മുമ്പ് അവഗണിക്കപ്പെട്ടിരുന്ന ആരോഗ്യ സ്ഥാപനങ്ങൾക്കായി കെട്ടിടങ്ങൾ നിർമ്മിച്ചുകൊണ്ട് ദീർഘകാലമായുണ്ടായിരുന്ന അടിസ്ഥാന സൗകര്യ വിടവുകൾ നികത്തുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശ്രദ്ധ കേന്ദ്രീകരിച്ചു. എങ്കിലും, തുടക്കകാലത്ത് ആരോഗ്യമേഖലയിലെ തദ്ദേശ സ്വയംഭരണ ഇടപെടലുകൾ പ്രധാനമായും ചെറിയ അടിസ്ഥാന സൗകര്യ വികസനം, മരുന്ന് വിതരണം, പകർച്ചവ്യാധി പ്രതിരോധം എന്നിവയിൽ മാത്രമായി പരിമിതപ്പെട്ടിരുന്നു. ചികിത്സാ സേവനങ്ങളുടെ ഗുണനിലവാരത്തിന് കുറഞ്ഞ പരിഗണനയേ ലഭിച്ചിരുന്നുള്ളൂ. പതിമൂന്നാം പഞ്ചവത്സര പദ്ധതി, അടിസ്ഥാന സൗകര്യങ്ങളുടെ ആധുനികവൽക്കരണത്തിനും മികച്ച പ്രതിരോധ-ചികിത്സാ-പാലിയേറ്റീവ് പരിചരണങ്ങൾക്കും മുൻഗണന നൽകിക്കൊണ്ട് ഈ പ്രശ്നം പരിഹരിച്ചു.

ആർദ്രം മിഷൻ ഉൾപ്പെടെയുള്ള സുപ്രധാന ഇടപെടലുകൾ കാരണം ഈ മേഖലയിലെ സാഹചര്യം ഗണ്യമായി മെച്ചപ്പെട്ടു. എല്ലാ തലങ്ങളിലുമുള്ള അടിസ്ഥാന സൗകര്യങ്ങളിലും ചികിത്സാ ഗുണനിലവാരത്തിലും ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് കേരളത്തിന്റെ പൊതുജനാരോഗ്യ മേഖലയെ പരിവർത്തനം ചെയ്യാനാണ് ഈ മിഷൻ ലക്ഷ്യമിട്ടത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടും ഈ പരിവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി വിനിയോഗിച്ചിട്ടുണ്ട്. (അധ്യായം 5, കാണുക).

പതിനാലാം പദ്ധതിയിൽ, ആരോഗ്യ സംവിധാനം ശക്തിപ്പെടുത്തുന്നതിനും സേവനങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിനും മുൻഗണന നൽകി. ഇതിനായി പബ്ലിക് ഹെൽത്ത് ആൻഡ് വെൽനസ് സെന്ററുകൾ സ്ഥാപിക്കുകയും പ്രൈമറി ഹെൽത്ത് സെന്ററുകൾ, താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ തുടങ്ങിയ സ്ഥാപനങ്ങളിലെ നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്തു. ജീവിതശൈലീ രോഗങ്ങൾ തടയുന്നതിനായി സ്ക്രീനിംഗ് ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിൽ പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്. കൂടാതെ, പകർച്ചവ്യാധികളുടെ വ്യാപനം നിയന്ത്രിക്കാൻ തദ്ദേശ സ്വയംഭരണ തലത്തിൽ വ്യാപകമായി മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിച്ചു വരുന്നു.

സംസ്ഥാനത്തുടനീളമുള്ള പോഷകാഹാര സംബന്ധമായ ഇടപെടലുകളുടെ ഏകോപനത്തിലും നടത്തിപ്പിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവിഭാജ്യ ഘടകമാണ്. അനുബന്ധ പോഷകാഹാര പരിപാടി ശക്തിപ്പെടുത്തുക, കടുത്ത പോഷകാഹാരക്കുറവുള്ള കുട്ടികൾക്ക് ചികിത്സാപരമായ ഭക്ഷണക്രമം നൽകുക, അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, രക്ഷാകർതൃ-വിവാഹപൂർവ്വ കൗൺസലിംഗ് നൽകുക, സ്മാർട്ട് അങ്കണവാടികൾ വികസിപ്പിക്കുക, ഭിന്നശേഷിക്കാരായ കുട്ടികൾക്കായി പ്രത്യേക കേന്ദ്രങ്ങൾ സ്ഥാപിക്കുക എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഏറ്റവും പുതിയ ദേശീയ കുടുംബാരോഗ്യ സർവേ (NFHS-5) പ്രകാരം, കേരളത്തിലെ കുട്ടികളുടെ പോഷകാഹാര നിലവാര സൂചികകൾ ദേശീയ ശരാശരിയേക്കാൾ വളരെ മികച്ചതാണ്.

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രകടമായ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ മാത്രമല്ല, പരിസര ശുചിത്വം, ശുദ്ധജല ലഭ്യത, പോഷകാഹാരം, പാർപ്പിടം തുടങ്ങിയ ആരോഗ്യത്തെ സ്വാധീനിക്കുന്ന സാമൂഹിക ഘടകങ്ങളെ അഭിസംബോധന ചെയ്യുന്നതിലും സുപ്രധാന പങ്ക് വഹിച്ചിട്ടുണ്ട് എന്നത് തിരിച്ചറിയേണ്ടതുണ്ട്. വിവിധ വകുപ്പുകൾ, ഏജൻസികൾ, മിഷനുകൾ, സർക്കാരിതര സംഘടനകൾ എന്നിവയെ ഏകോപിപ്പിച്ചുകൊണ്ട് ആരോഗ്യ-ക്ഷേമ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്ന ഹബ്ബുകളായി ഇവ പ്രവർത്തിക്കുന്നു.

**സാന്ത്വന പരിചരണം**

കമ്മ്യൂണിറ്റി തലത്തിലുള്ള പാലിയേറ്റീവ് പരിചരണത്തിൽ (സാന്ത്വന പരിചരണം) രാജ്യത്തെ തന്നെ അഗ്രഗാമിയായ കേരളത്തിന്റെ പ്രവർത്തന മാതൃക, ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായി ലോകാരോഗ്യ സംഘടന അംഗീകരിച്ചിട്ടുണ്ട്. 2008-ൽ പ്രഖ്യാപിച്ച സംസ്ഥാന പാലിയേറ്റീവ് കെയർ നയം 2019-ൽ പരിഷ്കരിച്ചു. പ്രാദേശിക ആരോഗ്യ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, വ്യക്തികൾ എന്നിവരുടെ സജീവ പങ്കാളിത്തത്തോടെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സാന്ത്വന പരിചരണ പദ്ധതികൾക്ക് തുടക്കം കുറിച്ചു. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും നിർബന്ധമായും പാലിയേറ്റീവ് കെയറിനായി ഒരു പ്രാഥമിക ഹോം കെയർ യൂണിറ്റ് ഉണ്ടായിരിക്കണം. ആരോഗ്യ കേന്ദ്രത്തിലെ ഡോക്ടർ, ആരോഗ്യ പ്രവർത്തകർ, പാലിയേറ്റീവ് കെയർ നേഴ്സ്, ആശാ വർക്കർ, ഹോം

അധിഷ്ഠിത പരിചരണം നൽകുന്ന സന്നദ്ധ സംഘടനകളുടെ പ്രതിനിധികൾ, വോളന്റിയർമാർ, എൻ.എസ്.എസ്, എൻ.സി.സി, എസ്.പി.സി, റെഡ് ക്രോസ് അംഗങ്ങൾ, പ്രാദേശിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അംഗങ്ങൾ എന്നിവരടങ്ങുന്നതാണ് ഈ യൂണിറ്റ്. കൂടാതെ, പ്രൈമറി, സെക്കൻഡറി പാലിയേറ്റീവ് കെയർ സൗകര്യങ്ങൾ ഉൾപ്പെടുത്തി വിപുലീകരിക്കുന്നതിനായി 2019-ലെ നയം നിലവിൽ വീണ്ടും പരിഷ്കരിച്ചിട്ടുണ്ട്.

വർദ്ധിച്ചുവരുന്ന വയോജനങ്ങളുടെ ആവശ്യങ്ങൾ അഭിസംബോധന ചെയ്യുന്നതിനും സംസ്ഥാനത്തെ പാലിയേറ്റീവ് പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിനുമായി 2025-ൽ കേരളം യൂണിവേഴ്സൽ പാലിയേറ്റീവ് കെയർ പ്രോജക്റ്റും സാങ്കേതികവിദ്യയുടെ സഹായത്തോടെയുള്ള കേരള പാലിയേറ്റീവ് കെയർ ഗ്രിഡും ആരംഭിച്ചു. ആരോഗ്യ വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും സംയുക്തമായാണ് ഈ പദ്ധതികൾ നടപ്പിലാക്കിയത്. പുതിയ ഗ്രിഡ് സംവിധാനം രോഗികളെയും പരിചാരകരെയും സംബന്ധിച്ച തത്സമയ വിവരങ്ങൾ (Real-time data) ലഭ്യമാക്കുകയും അതുവഴി കൃത്യസമയത്തുള്ള ഇടപെടലുകൾ സാധ്യമാക്കുകയും ചെയ്യുന്നു.

നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിൽ 1,142 പ്രാഥമിക പാലിയേറ്റീവ് കെയർ യൂണിറ്റുകളും സന്നദ്ധ സംഘടനകൾ നടത്തുന്ന 500-ലധികം ഹോം കെയർ യൂണിറ്റുകളും ചാരിറ്റബിൾ-സാമൂഹിക സേവന ഗ്രൂപ്പുകൾ നടത്തുന്ന ആയിരത്തിലധികം യൂണിറ്റുകളും പ്രവർത്തിക്കുന്നു. ഈ യൂണിറ്റുകൾ രോഗികൾക്കും കുടുംബാംഗങ്ങൾക്കും വൈദ്യസഹായത്തോടൊപ്പം തന്നെ മാനസികവും സാമ്പത്തികവുമായ പിന്തുണയും ഉറപ്പാക്കുന്നു. രോഗികളുടെ രജിസ്ട്രേഷൻ, ഗൃഹസന്ദർശനങ്ങളുടെ ഷെഡ്യൂളിംഗ്, ചികിത്സാ നിരീക്ഷണം, പരിചാരകർക്കുള്ള പിന്തുണ എന്നിവ വ്യവസ്ഥാപിതമായി നിർവ്വഹിക്കാൻ പാലിയേറ്റീവ് കെയർ ഗ്രിഡ് സഹായിക്കുന്നു. നിലവിൽ 1.5 ലക്ഷത്തിലധികം കിടപ്പ് രോഗികളും ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ നേരിടുന്ന 4 ലക്ഷം പേരും ഇതിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ 2,000-ലധികം ഹോം കെയർ യൂണിറ്റുകളും ഒരു ലക്ഷത്തോളം സന്നദ്ധ പ്രവർത്തകരും ഈ പ്ലാറ്റ്ഫോമിന്റെ ഭാഗമാണ്.

**പൊതുവിദ്യാഭ്യാസം**

ഇന്ത്യയുടെ മറ്റ് ഭാഗങ്ങളിലെന്നപോലെ, കേരളത്തിലും എൺപതുകളുടെ അവസാനത്തിലും തൊണ്ണൂറുകളിലും സ്വകാര്യ മേഖലയിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ വൻ വർദ്ധനവുണ്ടായി. തൊട്ടടുത്ത ദശകത്തിലും സ്വകാര്യ സ്കൂളുകളിലേക്കുള്ള ഈ മാറ്റം പ്രകടമായിരുന്നു. ഇതേ കാലയളവിൽ തന്നെ സ്കൂളിൽ പോകുന്ന കുട്ടികളുടെ എണ്ണത്തിൽ വലിയ കുറവുണ്ടായി. ഇതിന്റെ ഫലമായി സ്കൂൾ പ്രവേശനത്തിൽ വലിയ ഇടിവ് സംഭവിക്കുകയും, ഇത് പല പൊതു-എയ്ഡഡ് വിദ്യാലയങ്ങളുടെയും നിലനിൽപ്പിനെത്തന്നെ ഭീഷണിയിലാഴ്ത്തുകയും ചെയ്തു.

ഈ സാഹചര്യത്തിൽ, ഘട്ടം ഘട്ടമായുള്ള പരിഷ്കരണങ്ങളിലൂടെ പൊതുവിദ്യാഭ്യാസത്തെ പുനരുജ്ജീവിപ്പിക്കാൻ സർക്കാർ ബോധപൂർവ്വമായ ശ്രമം നടത്തി. നവ കേരള മിഷന്റെ ഭാഗമായി, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്ന പേരിൽ ഗുണമേന്മയിലധിഷ്ഠിതമായ സമഗ്ര സ്കൂൾ വിദ്യാഭ്യാസ വികസന പരിപാടി ആരംഭിച്ചു. പൊതുമേഖലയിലെ സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിലാണ് ഇത് ശ്രദ്ധ കേന്ദ്രീകരിച്ചത്. ഈ ശക്തമായ ഇടപെടലിന്റെ വിജയത്തിനുള്ള ഏറ്റവും വലിയ തെളിവ് കഴിഞ്ഞ കുറച്ചു വർഷങ്ങളായി സർക്കാർ സ്കൂളുകളിലുണ്ടായ അസാധാരണമായ പ്രവേശന വർദ്ധനവാണ്. മറ്റ് സംസ്ഥാനങ്ങളിൽ ഇപ്പോഴും തുടരുന്ന, സ്വകാര്യ മേഖലയിലേക്കുള്ള വിദ്യാർത്ഥികളുടെ മാറ്റത്തിൽ ഗണ്യമായ കുറവുണ്ടാക്കി. 2016-17 നും 2021-22 നും ഇടയിൽ 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ അധിക പ്രവേശനത്തെക്കുറിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് നൽകിയ റിപ്പോർട്ട് പ്രകാരം, കേരളത്തിലെ സർക്കാർ-എയ്ഡഡ് സ്കൂളുകളിലായി 8 ലക്ഷത്തിലേറെ അധികം വിദ്യാർത്ഥികൾ ചേർന്നിട്ടുണ്ട്. സംസ്ഥാന സർക്കാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ, സിവിൽ സൊസൈറ്റി സംഘടനകൾ, പൊതുജനങ്ങൾ എന്നിവർ ഒത്തൊരുമിച്ച് നടത്തിയ സജീവമായ ഇടപെടലുകളാണ് ഈ ശ്രദ്ധേയമായ മാറ്റത്തിന് വഴിയൊരുക്കിയത്.

വികേന്ദ്രീകൃത ആസൂത്രണത്തിലെ വ്യവസ്ഥകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നിക്ഷേപം നടത്താനുള്ള സ്വാതന്ത്ര്യവും അധികാരവും നൽകി. സ്കൂൾ കെട്ടിടങ്ങൾ, ശൗചാലയങ്ങൾ, കുടിവെള്ളം, ഫർണിച്ചറുകൾ, പഠന സഹായികൾ, കായിക സൗകര്യങ്ങൾ എന്നിവയ്ക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുക ചെലവഴിച്ചു. അടുത്ത കാലത്തായി, കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി) വഴി സ്കൂളുകൾക്കായി അത്യാധുനികമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി വൻതോതിൽ നിക്ഷേപം നടത്തിയിട്ടുണ്ട്. സർവ്വ ശിക്ഷാ അഭിയാൻ പോലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളിലെ സംസ്ഥാന വിഹിതത്തിലേക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിഹിതം വകയിരുത്തുന്നു.

രക്ഷാകർതൃ-അധ്യാപക സംഘടനകൾ, സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ, സ്കൂൾ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനുള്ള മറ്റ് സാമൂഹിക സംരംഭങ്ങൾ എന്നിവ പുനരുജ്ജീവിപ്പിക്കുന്നതിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർണ്ണായക പങ്ക് വഹിച്ചതായി നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനായി പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്കോളർഷിപ്പുകളും അവാർഡുകളും ഏർപ്പെടുത്തിയിട്ടുണ്ട്. കുട്ടികൾക്കിടയിലുള്ള ഡിജിറ്റൽ വിഭജനം പരിഹരിക്കുന്നതിനും മഹാമാരിയുടെ സമയത്ത് ഓൺലൈൻ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സജീവമായ നടപടികൾ സ്വീകരിച്ചു. കൗൺസിലിംഗ്, കല, കായികം തുടങ്ങിയ മേഖലകൾക്കായുള്ള പ്രത്യേക കോച്ചിംഗ് പ്രോഗ്രാമുകൾ തുടങ്ങിയ നൂതന പദ്ധതികൾ നടപ്പിലാക്കാൻ പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്കൂളുകളെ സഹായിച്ചിട്ടുണ്ട്.

1 മുതൽ 8 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് സൗജന്യ പാഠപുസ്തകങ്ങൾ നൽകുക, കുട്ടികൾക്ക് അധിക അക്കാദമിക് പിന്തുണ ഉറപ്പാക്കുക, സ്കൂളുകളിൽ തടസ്സരഹിത അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക,

കുട്ടികളിലെ പഠന വിടവ് നികത്തുന്നതിനുള്ള പരിപാടികൾ, ശാരീരികവും ബൗദ്ധികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള പ്രത്യേക പദ്ധതികൾ എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന ചില പ്രവർത്തനങ്ങളാണ്. മിക്ക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അവരുടെ പദ്ധതികളിൽ കുട്ടികളുടെ ശാരീരിക, മാനസിക, വൈകാരിക, സാമൂഹിക ആവശ്യങ്ങൾ ഉൾക്കൊള്ളുന്ന സമഗ്ര വികസനമാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇത് കായിക വിനോദങ്ങൾക്കും സ്വയം മെച്ചപ്പെടുത്തലിനുമുള്ള സൗകര്യങ്ങൾ, പാഠ്യേതര കഴിവുകൾ മെച്ചപ്പെടുത്തൽ, തൊഴിലധിഷ്ഠിത പരിശീലനം, മാതാപിതാക്കളുടെയും സമൂഹത്തിന്റെയും പങ്കാളിത്തം പ്രോത്സാഹിപ്പിക്കൽ എന്നിവയിലൂടെയാണ് യാഥാർത്ഥ്യമാകുന്നത്. മഹാമാരിയുടെ കാലത്ത്, പിന്നോക്ക സാഹചര്യങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിനുള്ള ഉപകരണങ്ങളും അവസരങ്ങളും നൽകാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അതീവ താല്പര്യം കാണിച്ചു. സ്കൂൾ വിദ്യാഭ്യാസം സാർവത്രികമാക്കുന്നതിലും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിലും കേരളം കൈവരിച്ച നേട്ടങ്ങൾക്ക് അന്താരാഷ്ട്ര അംഗീകാരം ലഭിക്കാൻ ഇത്തരത്തിലുള്ള ഇടപെടലുകൾ സഹായകമായിട്ടുണ്ട്.

സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിൽ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തതിന്റെ ഭാഗമായിട്ടുള്ള സവിശേഷമായ ഫലങ്ങൾ ദേശീയ റാങ്കിംഗിലെ കേരളത്തിന്റെ സ്കോറുകളിൽ പ്രതിഫലിക്കുന്നു. (അധ്യായം 3 കാണുക).

### അടിസ്ഥാന സൗകര്യ വികസനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗ്രാമീണ-നഗര പൊതു അടിസ്ഥാന സൗകര്യ വികസന മേഖലകളിൽ, പ്രത്യേകിച്ച് ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിൽ വലിയ തോതിൽ നിക്ഷേപം നടത്താൻ വികേന്ദ്രീകൃത ആസൂത്രണം വഴിയൊരുക്കി. നിലവിലുള്ള റോഡുകളുടെ നവീകരണത്തിനോ വിപുലീകരണത്തിനോ അല്ലെങ്കിൽ പുതിയ റോഡുകളുടെ നിർമ്മാണത്തിനോ വേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്ലാൻ ഫണ്ടിന്റെ ഏകദേശം 19 ശതമാനം നീക്കിവെച്ചിട്ടുള്ളതായി കണക്കാക്കപ്പെടുന്നു. നവീകരണത്തിനും ഗുണനിലവാരം ഉയർത്തുന്നതിനുമായി നടത്തിയ വലിയ നിക്ഷേപങ്ങൾ കാരണം നഗര-ഗ്രാമീണ റോഡുകൾ ഗണ്യമായി മെച്ചപ്പെട്ടിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്തുടനീളം ചെറിയ റോഡുകളുടെ വിന്യാസത്തിലും വിതരണത്തിലും പുരോഗതി ഉണ്ടായിട്ടുണ്ട്. പ്രവൃത്തികളുടെ ആവർത്തനം ഒഴിവാക്കുന്നതിനും റോഡ് പരിപാലനത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വർദ്ധിച്ച വിഭവങ്ങൾ അനുവദിക്കുന്നതിനും വേണ്ടി ഗ്രാമീണ റോഡുകളുടെ വിവരങ്ങൾ ഡിജിറ്റൽ രൂപത്തിലേയ്ക്ക് പരിവർത്തനം ചെയ്യാനുള്ള ഒരു നൂതന ശ്രമം തദ്ദേശ സ്വയംഭരണ വകുപ്പ് നടത്തിയിട്ടുണ്ട്.

### കൃഷിയും അനുബന്ധ മേഖലകളും

ജനങ്ങളെയും വിഭവങ്ങളെയും ഏകോപിപ്പിച്ചുകൊണ്ട് സമ്പദ്‌വ്യവസ്ഥയിലെ ഉൽപ്പാദന മേഖലയെ ശക്തിപ്പെടുത്താൻ വികേന്ദ്രീകൃത ആസൂത്രണം സഹായിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നു. ഭൂമിയും ജലവും പോലുള്ള സാമൂഹിക ആസ്തികളെ പങ്കാളിത്തപരമായും ശാസ്ത്രീയമായും കൈകാര്യം ചെയ്യുക എന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രധാന ഉത്തരവാദിത്തങ്ങളിൽ ഒന്നാണ്. പ്രധാന വിളകളുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുക, അതുവഴി ഭക്ഷണ-ഉപജീവന സുരക്ഷ മെച്ചപ്പെടുത്തുക എന്നിവ ലക്ഷ്യമിട്ടുള്ള പദ്ധതികൾ ആവിഷ്കരിക്കാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിരുന്നു. കൂടാതെ, മാംസം, മുട്ട, പാൽ എന്നിവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് കന്നുകാലി വളർത്തൽ മെച്ചപ്പെടുത്തുന്നതിനും മത്സ്യത്തിന്റെ ആവശ്യകതയിലുള്ള കുറവ് പരിഹരിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി മത്സ്യബന്ധന മേഖല വികസിപ്പിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് നിർദ്ദേശിച്ചിരുന്നു. ഉൽപ്പാദന മേഖലയിൽ നിക്ഷേപം ഉറപ്പാക്കുന്നതിനായി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ പ്ലാൻ ഫണ്ടിന്റെ വലിയൊരു ഭാഗം ഈ മേഖലയ്ക്കായി നീക്കിവെക്കേണ്ടതുണ്ട്.

കൃഷി മെച്ചപ്പെടുത്തുന്നതിനുള്ള സംഘടനാ സംവിധാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വർഷങ്ങളായുള്ള സജീവ പങ്കാളിത്തത്തോടെ ഗണ്യമായി വികസിച്ചിട്ടുണ്ട്. 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം നടപ്പിലാക്കുന്നതിൽ, ഭൂമി തരം മാറ്റൽ നിരീക്ഷിക്കുന്നതിനും ക്ലെയിമുകൾ പ്രകാരം ഭൂമി തിരിച്ചറിയുന്നതിനും ഫീൽഡ് പരിശോധന നടത്തുന്നതിനും അനുമതികളും ഇളവുകളും നൽകുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സുപ്രധാനമായ പങ്കുണ്ട്. പല ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളും നീർത്തട പദ്ധതികൾ തയ്യാറാക്കൽ, ഉപയോഗശൂന്യമായ കുളങ്ങളും കിണറുകളും പുനരുദ്ധരിക്കൽ, കനാലുകളുടെ ആഴം കൂട്ടൽ, പുഴയോരങ്ങൾ സംരക്ഷിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ തകർച്ചയിലായിരുന്ന നെൽകൃഷി പുനരുജ്ജീവിപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കർഷകർക്ക് വിത്തുകളും ഉപകരണങ്ങളും വിതരണം ചെയ്യുക, ആധുനിക കൃഷിരീതികളിലും യന്ത്രസാമഗ്രികൾ കൈകാര്യം ചെയ്യുന്നതിലും പരിശീലനം നൽകിക്കൊണ്ട് "തൊഴിൽ ബാങ്കുകൾ" രൂപീകരിക്കുക എന്നിവയും ഇതിന്റെ ഭാഗമാണ്. കൃഷിയിൽ നിന്ന് പിന്മാറിയ കർഷകരിൽ നിന്ന് ഭൂമി പാട്ടത്തിനെടുത്ത് കുടുംബശ്രീ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ (ജെ.എൽ.ജി)നെൽകൃഷിയും പച്ചക്കറി കൃഷിയും ഏറ്റെടുത്തു നടത്തുന്നുണ്ട്. ഇത് കാർഷിക തൊഴിലാളി കുടുംബങ്ങൾക്ക് കൃഷി ലാഭകരമായി കൊണ്ടുപോകാൻ സാഹചര്യം ഒരുക്കി. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പും നെൽകൃഷിക്ക് കൂടുതൽ കരുത്തേകിയിട്ടുണ്ട്.

### വിനോദസഞ്ചാരം

സംസ്ഥാന സർക്കാരിന്റെ പദ്ധതികൾക്ക് പൂരകമായി പ്രവർത്തിച്ചുകൊണ്ട് വിനോദസഞ്ചാര മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സുപ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. പ്രാദേശിക സാമ്പത്തിക വികസനത്തിന് വിനോദസഞ്ചാരം വലിയ സംഭാവനകൾ നൽകുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രധാന

വരുമാന സ്രോതസ്സായി മാറുകയും ചെയ്തിട്ടുണ്ട്. വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള, പദ്ധതികൾ നടപ്പിലാക്കു കയും തടസ്സങ്ങളില്ലാത്ത അനുമതികളും ലൈസൻസുകളും നൽകി നിക്ഷേപം സുഗമമാക്കുകയും ചെയ്തു. നിരവധി ജില്ലാ പഞ്ചായത്തുകൾ വിനോദസഞ്ചാര വകുപ്പുമായി സഹകരിച്ച് പ്രാദേശിക വിനോദസഞ്ചാര വികസന പദ്ധതി കൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ ആഘാതത്തിൽ നിന്ന് സമ്പദ്‌വ്യവസ്ഥയെ പുനരുജ്ജീവി പ്പിക്കുന്നതിനും വിനോദസഞ്ചാര മേഖലയ്ക്ക് പതിനാലാം പഞ്ചവൽസര പദ്ധതി വലിയ പ്രാധാന്യമാണ് നൽകിയി രിക്കുന്നത്. ഇതിന്റെ ഭാഗമായി ഡെസ്റ്റിനേഷൻ ചലഞ്ച്, ഉത്തരവാദിത്ത വിനോദസഞ്ചാരം, സസ്റ്റൈനബിൾ ടാഞ്ചിബിൾ റെസ്പോൺസിബിൾ എക്സ്പീരിയൻഷ്യൽ എത്തനിക് ടൂറിസം ഹബ്സ് (സ്ട്രീറ്റ്) തുടങ്ങിയ പദ്ധതികൾ വിനോദ സഞ്ചാര വകുപ്പുമായി സഹകരിച്ച് തദ്ദേശസ്ഥാ പനങ്ങൾ നടപ്പിലാക്കുന്നു. ഒരു പ്രദേശത്തിന്റെ സംസ്കാര ത്തിനും ഭൂപ്രകൃതിക്കും അനുയോജ്യമായ വിനോദസഞ്ചാര സംരംഭങ്ങൾ ആരംഭിക്കാനാണ് സ്ട്രീറ്റ് പദ്ധതി ലക്ഷ്യമിടു ന്നത്. ഇതിൽ ഗ്രീൻ സ്ട്രീറ്റുകൾ, കൾച്ചറൽ സ്ട്രീറ്റുകൾ, എത്നിക് ക്വിസീൻ/ഫുഡ് സ്ട്രീറ്റുകൾ, ഗ്രാമീണ ജീവിതാനു ഭവങ്ങൾ/എക്സ്പീരിയൻഷ്യൽ ടൂറിസം സ്ട്രീറ്റുകൾ, അഗ്രി ടൂറിസം, വാട്ടർ സ്ട്രീറ്റുകൾ, ആർട്സ് സ്ട്രീറ്റുകൾ എന്നിവ ഉൾപ്പെടുന്നു.

തദ്ദേശ ഭരണകൂടങ്ങളുടെ പരിധിയിൽ കുറഞ്ഞത് ഒരു വിനോദസഞ്ചാര കേന്ദ്രമെങ്കിലും കണ്ടെത്തുകയും വികസി പ്പിക്കുകയും ചെയ്യുന്നതിലൂടെ, ഇതുവരെ ശ്രദ്ധിക്കപ്പെടാ ത്തതോ ഉപയോഗപ്പെടുത്താത്തതോ ആയ വിനോദസഞ്ചാര സാധ്യതകളുള്ള ഇടങ്ങളെ കണ്ടെത്തുകയാണ് ഡെസ്റ്റി നേഷൻ ചലഞ്ച് ലക്ഷ്യമിടുന്നത്. ടൂറിസ്റ്റുകളുടെ വരവും അനുബന്ധ പ്രവർത്തനങ്ങളും പരിസ്ഥിതിയിലുണ്ടാക്കുന്ന ആഘാതം കുറയ്ക്കാൻ ഉത്തരവാദിത്ത വിനോദസഞ്ചാര പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നത് സഹായിക്കുന്നു. കേരളത്തിലെ ഗ്രാമീണ മേഖലകളെ സഞ്ചാരികൾക്ക് പരിച യപ്പെടുത്തുകയും അവിടുത്തെ നിവാസികൾക്ക് വരുമാനം ഉറപ്പാക്കുകയും ചെയ്യുക എന്നത് ഇതിന്റെ ഒരു ഘടക മാണ്. ഇതിനായി ടൂറിസം വകുപ്പ് ആകെ പദ്ധതി ചെല വിന്റെ 60 ശതമാനം (പരമാവധി 50 ലക്ഷം രൂപ വരെ) വഹിക്കും. ബാക്കി തുക തദ്ദേശ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നോ സ്പോൺസർഷിപ്പിലൂടെയോ കണ്ടെത്തേ ണ്ടതാണ്. ഓരോ തദ്ദേശ സ്ഥാപനത്തിലും ചുരുങ്ങിയത് ഒരു കേന്ദ്രമെങ്കിലും കണ്ടെത്തുന്നതിനൊപ്പം തന്നെ, വിവിധ തദ്ദേശ പദ്ധതികളെ ടൂറിസവുമായി ബന്ധിപ്പി ക്കാനും മഹാമാരിക്ക് ശേഷം പ്രചാരം നേടിയ ആഭ്യന്തര വിനോദസഞ്ചാരത്തിന് ഉത്തേജനം നൽകാനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു.

2023-ൽ ഇടുക്കി ജില്ലയിലെ കാന്തല്ലൂർ ഗ്രാമപഞ്ചാ യത്ത് മികച്ച ഗ്രാമീണ വിനോദസഞ്ചാര പദ്ധതികൾക്കു ള്ള ഭരതസർക്കാരിന്റെ സ്വർണ്ണ മെഡൽ കരസ്ഥമാക്കി. 2024-ൽ ലോക ടൂറിസം ദിനത്തിൽ കേരളത്തിന്റെ ഉത്തര വാദിത്ത ടൂറിസത്തിന് പുരസ്കാരങ്ങൾ ലഭിച്ചു. കടലുണ്ടിയി ലെയും കുമരകത്തെയും പ്രവർത്തനങ്ങൾക്ക് യഥാക്രമം മികച്ച ഉത്തരവാദിത്ത ടൂറിസം ഗ്രാമം, മികച്ച അഗ്രി-ടൂറിസം ഗ്രാമം എന്നീ പുരസ്കാരങ്ങളാണ് ലഭിച്ചത്.

**ദുരന്തനിവാരണം**

കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ദുരന്ത സാധ്യതാ വിലയിരുത്തൽ, ആസൂത്രണം, സജ്ജീകരണം, പ്രതികരണ പ്രവർത്തനങ്ങൾ എന്നിവയിൽ സജീവമായി പങ്കുചേർന്നുകൊണ്ട് ദുരന്തനിവാരണ രംഗത്ത് നിർണ്ണാ യക പങ്ക് വഹിക്കുന്നു. ദുരന്തസാധ്യതകളെ മാസ്റ്റർ പ്ലാനു കളിൽ ഉൾപ്പെടുത്തുക, തദ്ദേശസ്ഥാപനങ്ങളുടെ ശേഷി വർദ്ധിപ്പിക്കുക, പ്രാദേശികതല ദുരന്തനിവാരണ പദ്ധതി കൾ തയ്യാറാക്കുക എന്നിവ ഇതിന്റെ ഭാഗമായുള്ള പ്രധാന പ്രവർത്തനങ്ങളാണ്. ദുരന്തങ്ങളെ നേരിടുന്നതിൽ സമൂ ഹത്തിന്റെ അതിജീവനക്ഷമത (റെസിലിയൻസ്) കെട്ടിപ്പടു ക്കുന്നതിനും ദുരന്തമുഖത്ത് സുസ്ഥിര വികസനം ഉറപ്പാ ക്കുന്നതിനുമുള്ള വിപുലമായ തന്ത്രത്തിന്റെ ഭാഗമാണ് ഈ ശ്രമങ്ങൾ. ഓരോ പ്രദേശത്തെയും ദുരന്തസാധ്യതകളും അവയെ നേരിടാനുള്ള നിലവിലെ ശേഷിയും കണക്കിലെ ടുത്ത്, വാർഷിക പദ്ധതികളിൽ ദുരന്തനിവാരണ-ലഘൂക രണ പദ്ധതികൾ ഉൾപ്പെടുത്താൻ തദ്ദേശസ്ഥാപനങ്ങൾ ബാധ്യസ്ഥരാണ്. അതിജീവനക്ഷമത കൈവരിക്കേണ്ടതി ന്റെ പ്രാധാന്യം പ്രചരിപ്പിക്കുക മാത്രമല്ല, അത് നേടിയെടു ക്കാനുള്ള പ്രായോഗിക മാർഗങ്ങളെക്കുറിച്ച് സമൂഹത്തെ ബോധവൽക്കരിക്കുകയും ചെയ്യുന്നു.

നഗരപ്രദേശങ്ങളിലെ തദ്ദേശസ്ഥാപനങ്ങൾ മാസ്റ്റർ പ്ലാനുകളിൽ ദുരന്തസാധ്യതാ വിവരങ്ങൾ ഉൾപ്പെടുത്തി വരുന്നു. കാലാവസ്ഥാ വ്യതിയാനത്തിനനുസൃതമായ പരിഹാര മാർഗ്ഗങ്ങളിലേക്ക് വികസനത്തെ നയിക്കാൻ കാലാവസ്ഥാ രീതികൾ, പ്രത്യേക ദുരന്തസാധ്യതകൾ (പ്രളയം, ഉരുൾപൊട്ടൽ തുടങ്ങിയവ), അടിസ്ഥാന സൗക ര്യങ്ങളുടെ സ്ഥിതി എന്നിവയുടെ മാപ്പിംഗ് ഇതിൽ ഉൾപ്പെ ടുന്നു. ദുരന്ത പ്രതിരോധം, പ്രതികരണം, ലഘൂകരണം എന്നിവയിൽ തദ്ദേശസ്ഥാപനങ്ങളുടെ ശേഷി വർദ്ധിപ്പി ക്കുന്നതിനായി റീബിൽഡ് കേരള ഇനിഷ്യേറ്റീവ് അപകട സാധ്യത കണക്കിലെടുത്തുള്ള മാസ്റ്റർ പ്ലാനുകൾ വികസി പ്പിക്കുന്നതിനും ദുരന്ത-കാലാവസ്ഥാ കർമ്മപദ്ധതികൾ നിരീക്ഷിക്കാനുള്ള സാങ്കേതിക ഉപാധികൾക്കും പിന്തുണ നൽകുന്നു. കാലാവസ്ഥാ സംബന്ധമായ പ്രശ്നങ്ങൾ പരി ഹരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പൊതുവായ അവബോധം സൃഷ്ടിക്കുന്നതിൽ വലിയൊരു പരിധിവരെ കേരളം വിജയിച്ചിട്ടുണ്ട്.

**കാലാവസ്ഥാ വ്യതിയാനം**

കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കുന്നതിനായി വികേന്ദ്രീകൃതവും സാമൂഹികാധിഷ്ഠിതവുമായ നിരവധി പദ്ധതികൾ നടപ്പിലാക്കിക്കൊണ്ട്, തദ്ദേശസ്ഥാപനങ്ങളുടെ നേതൃത്വത്തിലുള്ള കാലാവസ്ഥാ പ്രവർത്തനങ്ങളിൽ ഇന്ത്യ യിലെ തന്നെ ഒരു മുൻനിര സംസ്ഥാനമായി കേരളം മാറിയി രിക്കുന്നു. ലോക്കൽ ആക്ഷൻ പ്ലാൻ ഫോർ ക്ലൈമറ്റ് ചേഞ്ച് (LAPCC), ഡിസാസ്റ്റർ ആൻഡ് ക്ലൈമറ്റ് ആക്ഷൻ ട്രാക്കിംഗ് (DCAT) തുടങ്ങിയ സംവിധാനങ്ങളിലൂടെ ഇരുന്നൂറിലധികം തദ്ദേശസ്ഥാപനങ്ങൾക്ക് കാലാവസ്ഥാ അപകടസാധ്യത കൾ മാപ്പ് ചെയ്യാനും കൃത്യമായ ലഘൂകരണ തന്ത്രങ്ങൾ നടപ്പിലാക്കാനും സാധിച്ചിട്ടുണ്ട്. 2025 ജൂലൈയിൽ കേരളം ക്ലൈമറ്റ്-റെസിലിയന്റ് ആൻഡ് എനർജി-എഫിഷ്യന്റ് അഗ്രിക്കൾച്ചർ (CREEA) പദ്ധതിക്ക് തുടക്കം കുറിച്ചു.

തിരഞ്ഞെടുത്ത ജില്ലകളിലെ കെ-ക്രെയ്ൽ ലാബുകളുടെ പിന്തുണയോടെ കുറഞ്ഞ കാർബൺ പുറന്തള്ളുന്ന കൃഷിരീതികൾ, നിർമ്മിത ബുദ്ധി അധിഷ്ഠിത കാലാവസ്ഥാ പ്രവചനം, സൗരോർജ്ജ ജലസേചനം, സുസ്ഥിര വിള പരിപാലനം എന്നിവയെ ഈ പദ്ധതി പ്രോത്സാഹിപ്പിക്കുന്നു.

വയനാട്ടിലെ മീനങ്ങാടി ഇന്ത്യയിലെ ആദ്യത്തെ കാർബൺ ന്യൂട്രൽ പഞ്ചായത്തായി മാറിയത് ശ്രദ്ധേയമാണ്. വനവൽക്കരണം, പുനരുപയോഗ ഊർജ്ജം, ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം എന്നിവയിലൂടെ പെരുമാട്ടി, കുന്നംകുളം തുടങ്ങിയ തദ്ദേശസ്ഥാപനങ്ങളും സമാനമായ ലക്ഷ്യങ്ങൾ പിന്തുടരുന്നു. ദുരന്ത നിവാരണ സജ്ജീകരണങ്ങളുടെ ഭാഗമായി, പ്രളയസാധ്യത മാനേജ്മെന്റിനും ഭൂവിനിയോഗ ആസൂത്രണത്തിനുമായി പ്രാദേശിക മുന്നറിയിപ്പ് സംവിധാനങ്ങളും ഒരു കാലാവസ്ഥാ ഡാറ്റ നിരീക്ഷണ കേന്ദ്രവും കേരളം വികസിപ്പിച്ചിട്ടുണ്ട്. തിരുവനന്തപുരത്തെ പേപ്പാറ ഡാമിന് സമീപമുള്ള പരിസ്ഥിതി പുന:സ്ഥാപന പ്രവർത്തനങ്ങൾ, പ്രാദേശിക ജൈവവൈവിധ്യം പുന:സ്ഥാപിക്കുന്നതിനും സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുന്നതിനും ലക്ഷ്യമിടുന്നു. ഈ പ്രവർത്തനങ്ങളെല്ലാം ചേർന്ന് പ്രാദേശിക ഭരണകൂടങ്ങളിൽ അധിഷ്ഠിതമായ താഴെത്തട്ടിൽ നിന്നുള്ള കാലാവസ്ഥാ അതിജീവന മാതൃകയായി കേരളത്തെ മാറ്റുന്നു.

ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി കേരളത്തിലെ ഓരോ പഞ്ചായത്തിലും ഒരു ജൈവവൈവിധ്യ മാനേജ്മെന്റ് സമിതി (ബി.എം.സി) രൂപീകരിച്ചിട്ടുണ്ട്. തദ്ദേശസ്ഥാപന അധ്യക്ഷൻ ചെയർമാനായും തദ്ദേശസ്ഥാപന സെക്രട്ടറി മെമ്പർ സെക്രട്ടറിയായും ഈ സമിതിയിൽ പ്രവർത്തിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിലുള്ള പ്രാദേശിക ജൈവവൈവിധ്യത്തെക്കുറിച്ച് പിപ്പിൾസ് ബയോഡൈവേഴ്സിറ്റി രജിസ്റ്ററിൽ (പി.ബി.ആർ) രേഖപ്പെടുത്തുന്നതിനും ജൈവവൈവിധ്യ സംരക്ഷണം ഉറപ്പാക്കുന്നതിനുമുള്ള ഉത്തരവാദിത്തം ബി.എം.സി-കൾക്കാണ്.

### സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം

വിദ്യാഭ്യാസം, ആരോഗ്യം, ലിംഗസമത്വം എന്നിവയിൽ പുരോഗമനപരമായ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് മാനവ വികസന സൂചികകളിൽ കേരളം പണ്ടുമുതൽക്കേ മുൻപന്തിയിൽ നിൽക്കുന്നു. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ സ്ത്രീകൾക്ക് മികച്ച സാക്ഷരതാ നിരക്കും ആരോഗ്യസ്ഥിതിയും അനുകൂലമായ സ്ത്രീ-പുരുഷ അനുപാതവും ലഭ്യമാണ്. ജനപ്രാതിനിധ്യത്തിൽ സ്ഥാനങ്ങളിൽ സ്ത്രീകൾക്ക് നിയമപരമായി പ്രത്യേക സംവരണം അനുവദിച്ചിട്ടുണ്ട്. പ്രാരംഭ ഘട്ടത്തിൽ ഇത് 33 ശതമാനമായിരുന്നുവെങ്കിലും 2010-ൽ അത് 50 ശതമാനമായി ഉയർത്തി. ഈ നയപരമായ മാറ്റം പ്രാദേശിക ഭരണത്തിലും നേതൃസ്ഥാനങ്ങളിലും സ്ത്രീകളുടെ പങ്കാളിത്തം ഗണ്യമായി വർദ്ധിപ്പിച്ചു. എങ്കിലും, സ്ത്രീകളുടെ സാമൂഹിക-സാമ്പത്തിക പദവി ഉയർത്തുന്നതിലും തൊഴിൽ മേഖലയിൽ അവരുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിലും വെല്ലുവിളികൾ ഇപ്പോഴും നിലനിൽക്കുന്നു.

ഇത് പരിഹരിക്കുന്നതിനായി, കേരളത്തിന്റെ വികേന്ദ്രീകൃത ഭരണത്തിന്റെ പ്രധാന സവിശേഷതയായ വനിത ഘടക പദ്ധതി പ്രകാരം തദ്ദേശസ്ഥാപനങ്ങൾ തങ്ങളുടെ ആകെ പദ്ധതി വിഹിതത്തിന്റെ (കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റുകൾ ഒഴികെ) കുറഞ്ഞത് 10 ശതമാനം സ്ത്രീകൾക്കായുള്ള പ്രത്യേക വികസന പ്രവർത്തനങ്ങൾക്കായി നീക്കിവയ്ക്കണമെന്ന് നിർബന്ധമാക്കിയിട്ടുണ്ട്. ഈ നിയമം പൂർണ്ണമായി പ്രയോജനപ്പെടുത്തുന്നതിന്, ലിംഗസമത്വത്തിൽ അധിഷ്ഠിതവും ഗുണഫലമുണ്ടാക്കാൻ ശക്തിയുമുള്ള പദ്ധതികൾ രൂപകൽപ്പന ചെയ്യാനും നടപ്പിലാക്കാനുമുള്ള തദ്ദേശസ്ഥാപനങ്ങളുടെ ശേഷി വർദ്ധിപ്പിക്കേണ്ടതുണ്ട്. പ്രാദേശിക ആസൂത്രണത്തിൽ ലിംഗസമത്വം മുഖ്യധാരയിൽ കൊണ്ടുവരുന്നതിനായി ജെൻഡർ റിസോഴ്സ് സെന്ററുകൾ, ജെൻഡർ ഡെസ്കുകൾ, ജാഗ്രതാ സമിതികൾ തുടങ്ങിയ സ്ഥാപനപരമായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

വിപുലമായ ജെൻഡർ പോളിസി ചട്ടക്കൂടിന് പൂരകമായി സ്ത്രീകളെയും കൗമാരപ്രായക്കാരായ പെൺകുട്ടികളെയും ശാക്തീകരിക്കുന്നതിനായി കേരളം താഴെത്തട്ടിൽ നിരവധി പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്. ഷീ പാഡ് പദ്ധതിയിലൂടെ സംസ്ഥാനത്തെ സ്കൂളുകളിൽ സബ്സിഡി നിരക്കിൽ സാനിറ്ററി പാഡുകൾ വിതരണം ചെയ്യുകയും വെൻഡിംഗ് മെഷീനുകളും ഇൻസിനറേറ്ററുകളും സ്ഥാപിക്കുകയും ചെയ്തുകൊണ്ട് ആർത്തവ ശുചിത്വം മെച്ചപ്പെടുത്തി. ജില്ലാ ആസൂത്രണ സമിതികളുടെ സഹകരണത്തോടെ കേരളത്തിലെ ജില്ലാ പഞ്ചായത്തുകളും മുനിസിപ്പൽ കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും സമീപവർഷങ്ങളിൽ നിരവധി സ്ത്രീ കേന്ദ്രീകൃത വികസന പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ വനിതാ ജംഗ്ഷൻ (2024), സ്കൂൾ വിദ്യാഭ്യാസം പാതിവഴിയിൽ ഉപേക്ഷിച്ച സ്ത്രീകൾക്ക് നൈപുണ്യ പരിശീലനം നൽകുന്ന കാസർകോട് ജില്ലാ പഞ്ചായത്തിന്റെ ദർപ്പണം (2022) എന്നിവ ശ്രദ്ധേയമാണ്. തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സ്ത്രീകൾക്കായി ഏകദിന വനിതാശ്രയ കേന്ദ്രവും ജാഗ്രതാ സമിതികളും സ്ഥാപിച്ചു.

ലിംഗസമത്വത്തിന് ഊന്നൽ നൽകുന്ന പദ്ധതികളിൽ വിവിധഗ്രാമപഞ്ചായത്തുകളുംമികച്ചപ്രവർത്തനംകാഴ്ചവച്ചു. ഉദാഹരണത്തിന്, താനാളൂർ, ആമ്പല്ലൂർ ഗ്രാമപഞ്ചായത്തുകൾ 2020-21 അധ്യയന വർഷം മുതൽ തന്നെ പെൺകുട്ടികൾക്കായി ആയോധനകലാ പരിശീലനം, സ്കൂളുകളിൽ ജെൻഡർ ഡെസ്കുകൾ, സാനിറ്ററി പാഡ് വിതരണം, വെൽനസ് പരിപാടികൾ എന്നിവ നടപ്പിലാക്കി. വയനാട്ടിലെ നൂൽപ്പുഴ പഞ്ചായത്ത് പ്രാദേശിക ആരോഗ്യ കേന്ദ്രത്തിൽ സ്ത്രീകൾക്കായി പെൺമ വിശ്രമ-ശുചിത്വ കേന്ദ്രം ആരംഭിച്ചപ്പോൾ, ചെമ്പിലോട് പഞ്ചായത്ത് കമ്മ്യൂണിറ്റി പരിപാടികളിലൂടെ ലിംഗാവബോധം പ്രോത്സാഹിപ്പിച്ചു. ചിട്ടയുള്ളതും പ്രാദേശികമായി പ്രസക്തവും ആയ പരിപാടികളിലൂടെ സ്ത്രീകളുടെ ആരോഗ്യം, സുരക്ഷ, സംരംഭകത്വം, സാമൂഹികമായ ഉൾപ്പെടുത്തൽ എന്നിവയോടുള്ള കേരളത്തിന്റെ പ്രതിബദ്ധതയാണ് ജില്ലാ ആസൂത്രണ സമിതികളുടെയും തദ്ദേശസ്ഥാപനങ്ങളുടെയും പിന്തുണയോടെയുള്ള ഈ വികേന്ദ്രീകൃത ശ്രമങ്ങൾ പ്രതിഫലിപ്പിക്കുന്നത്.

### ഇ ഗവേണൻസ് സംരംഭങ്ങൾ

സുതാര്യത, കാര്യക്ഷമത, പൗര കേന്ദ്രീകൃത സേവന വിതരണം എന്നിവ മെച്ചപ്പെടുത്തുന്നതിനായി ലക്ഷ്യമിട്ടുള്ള

വിവിധ ഡിജിറ്റൽ സംവിധാനങ്ങളിലൂടെ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇ-ഗവേണൻസ് മേഖലയിൽ വലിയ മുന്നേറ്റം നടത്തിയിട്ടുണ്ട്. വിവിധ സേവന ബില്ലുകളും സർക്കാർ ഫീസുകളും ഒരൊറ്റ കൗണ്ടറിലൂടെ അടയ്ക്കുന്നതിനായി 'ഫ്രണ്ട്സ്' സെന്ററുകൾ പ്രവർത്തിക്കുന്നു. അതോടൊപ്പം, സംസ്ഥാനത്തുടനീളം വിവിധ ഇ-സേവനങ്ങൾ നൽകിക്കൊണ്ട് ഡിജിറ്റൽ ഉൾപ്പെടുത്തൽ ഉറപ്പാക്കുന്നതിൽ 'അക്ഷയ' കേന്ദ്രങ്ങൾ സുപ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. കൂടാതെ, നികുതികളും ഫീസുകളും ഓൺലൈനായി അടയ്ക്കുന്നതിന് 'സഞ്ചയ' പ്ലാറ്റ്ഫോമും, ജനന-മരണ-വിവാഹ സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ലഭ്യമാക്കുന്നതിന് 'സേവന' സോഫ്റ്റ്‌വെയറും സഹായിക്കുന്നു. വികേന്ദ്രീകൃത വികസന പദ്ധതികളുടെ രൂപീകരണം, നടത്തിപ്പ്, നിരീക്ഷണം എന്നിവയ്ക്കായി 'സുലേഖ' എന്ന എം.ഐ.എസ് സംവിധാനം തദ്ദേശസ്ഥാപനങ്ങളെ സഹായിക്കുന്നു. ക്ഷേമപദ്ധതികളുടെ ഗുണഭോക്താക്കളെ കൃത്യമായി കണ്ടെത്തുന്നതിന് 'സൂചിക' എന്ന ഗുണഭോക്തൃ മാനേജ്മെന്റ് സിസ്റ്റം സഹായിക്കുന്നു.

സമീപ കാലത്തെ പ്രധാന വികാസമാണ് 'കെ-സ്മാർട്ട്'. വസ്തു നികുതി, കെട്ടിട നിർമ്മാണ അനുമതി, വ്യാപാര ലൈസൻസ്, ജനന-മരണ രജിസ്ട്രേഷൻ, പരാതി പരിഹാരം തുടങ്ങിയ പ്രധാന മുനിസിപ്പൽ സേവനങ്ങളെ ഏകീകൃത ഓൺലൈൻ പോർട്ടലിലും മൊബൈൽ ആപ്പിലും കെ-സ്മാർട്ട് സംയോജിപ്പിക്കുന്നു. ഇത് നഗരവാസികൾക്ക് സേവനങ്ങൾ കൂടുതൽ സുഗമമായി ലഭ്യമാക്കുന്നു. 2025-ഓടെ കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും കെ-സ്മാർട്ട് നടപ്പിലാക്കിയതോടെ, ഗ്രാമ-നഗര ഭേദമന്യേ പൗരന്മാർക്ക് സേവനങ്ങൾ ലഭ്യമാക്കുന്നത് ഏറെ എളുപ്പമായി. ആശയവിനിമയവും മുൻകൂർ നടപടികളും സാദ്ധ്യമാക്കുന്ന അത്യാധുനിക സങ്കേതങ്ങളുള്ള സമഗ്രമായ ഒരു ഇ-ഗവേണൻസ് സംവിധാനമായി കെ-സ്മാർട്ട് വികസിച്ചുകൊണ്ടിരിക്കുന്നു.

### ഉപജീവന സുരക്ഷയ്ക്കും ദാരിദ്ര്യനിർമ്മാർജ്ജനത്തിനുമുള്ള തദ്ദേശ പരിപാടികൾ

2025-ൽ ബഹു. കേരള മുഖ്യമന്ത്രി സംസ്ഥാനത്തെ അതിദാരിദ്ര്യമുക്തമായി പ്രഖ്യാപിച്ചത് ചരിത്രപരമായ മുഹൂർത്തമായിരുന്നു. കേരളത്തിന്റെ ദീർഘകാല ദാരിദ്ര്യനിർമ്മാർജ്ജന പ്രതിബദ്ധത, സംസ്ഥാനത്തിന്റെ വികസന പാത രൂപപ്പെടുത്തുന്നതിൽ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. പുരോഗമനപരമായ സമൂഹത്തിന്റെ നയങ്ങൾ, വികേന്ദ്രീകൃത ആസൂത്രണം, സമൂഹ നേതൃത്വത്തിലുള്ള സംരംഭങ്ങൾ എന്നിവ ഇതിന് വലിയ പിന്തുണയേകി. കഴിഞ്ഞ കുറച്ചു വർഷങ്ങളായി കുടുംബശ്രീ, ആശ്രയ, കൂടാതെ സമീപ കാലത്ത് ആരംഭിച്ച അതിദാരിദ്ര നിർമ്മാർജ്ജന പദ്ധതി തുടങ്ങിയ നൂതനമായ നിരവധി പരിപാടികൾക്ക് സംസ്ഥാനം തുടക്കം കുറിച്ചിട്ടുണ്ട്. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതികളായ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ദേശീയ നഗര ഉപജീവന മിഷൻ, ദേശീയ ഗ്രാമീണ ഉപജീവന മിഷൻ എന്നിവയോടൊപ്പം ചേർന്നുള്ള ഈ ശ്രമങ്ങൾ ഗ്രാമ-നഗര മേഖലകളിലെ ഉപജീവനമാർഗ്ഗങ്ങൾ മെച്ചപ്പെടുത്തുന്നതിൽ സംയുക്ത സംഭാവനകൾ നൽകിയിട്ടുണ്ട്. കേരളത്തിന്റെ ദാരിദ്ര്യ ലഘൂകരണത്തിനും ഉപജീവന വിപുലീകരണത്തിനുമുള്ള സംയോജിത സമീപനത്തെ വ്യക്തമാക്കുന്ന പ്രധാന പദ്ധതികളെയും അവയുടെ ഫലങ്ങളെയും കുറിച്ചുള്ള ഒരു അവലോകനമാണ് താഴെ നൽകുന്നത്.

### ദാരിദ്ര്യ ലഘൂകരണം

കേരളത്തിൽ ഒന്നാം മന്ത്രിസഭയുടെ രൂപീകരണം മുതൽ സാമ്പത്തിക നയത്തിന്റെ പ്രധാന ഘടകമാണ് ദാരിദ്ര്യ ലഘൂകരണം. ഭൂപരിഷ്കരണം, പൊതുവിതരണ സമ്പ്രദായം, സാർവത്രിക വിദ്യാഭ്യാസം, മറ്റ് ക്ഷേമപദ്ധതികൾ തുടങ്ങിയ വലിയ ഇടപെടലുകൾക്ക് സർക്കാർ തുടക്കം കുറിച്ചു. കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് പുറമെ നിരവധി സാമൂഹിക ക്ഷേമ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ ലക്ഷ്യം കൈവരിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ചു. കുടുംബശ്രീയുടെ രൂപീകരണം ഈ ശ്രമങ്ങൾക്ക് വലിയ കരുത്തേകി. നിലവിലുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളിൽ വേണ്ടത്ര ഉൾപ്പെടാത്തവരും, അർഹമായ ആനുകൂല്യങ്ങളെ സംബന്ധിച്ച് അവബോധമോ അവ നേടിയെടുക്കാനുള്ള ശേഷിയോ ഇല്ലാത്തവരുമായ അതിദരിദ്രർ, നിരാലംബർ, ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർ എന്നിവരെ പ്രത്യേകമായി ലക്ഷ്യമിട്ടാണ് കേരള സർക്കാർ നൂതനമായ 'ആശ്രയ' പദ്ധതി ആരംഭിച്ചത്.

2017-ൽ പദ്ധതിയുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിനായി ഭേദഗതികൾ വരുത്തിക്കൊണ്ട് 'ആശ്രയ' പദ്ധതിയെ 'അഗതിരഹിത കേരളം' എന്ന് പുനഃസംഘടിപ്പിച്ചു. ഇതിന്റെ ഭാഗമായി ദാരിദ്ര്യസാധ്യത നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കൊപ്പം മത്സ്യത്തൊഴിലാളി സമൂഹത്തെയും ഉൾപ്പെടുത്തി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും മറ്റ് വികസന വകുപ്പുകളുടെയും സജീവ പങ്കാളിത്തത്തോടെ കുടുംബശ്രീ മിഷന് കീഴിലാണ് 'അഗതിരഹിത കേരളം' പ്രവർത്തിക്കുന്നത്. അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിനായി 'ചലഞ്ച് ഫണ്ട്' വഴി കുടുംബശ്രീ ധനസഹായം നൽകുന്നു. ആകെ പദ്ധതി ചെലവിന്റെ 40 ശതമാനം (പൊതു പദ്ധതികൾക്ക് പരമാവധി 40 ലക്ഷം രൂപയും പട്ടികവർഗ്ഗ പദ്ധതികൾക്ക് പരമാവധി 50.00 ലക്ഷം രൂപയും) കുടുംബശ്രീ നൽകുന്നു. ബാക്കി തുക അതത് തദ്ദേശസ്ഥാപനങ്ങളാണ് കണ്ടെത്തേണ്ടത്. ഓരോ കുടുംബത്തിന്റെയും അല്ലെങ്കിൽ ഗ്രൂപ്പിന്റെയും പ്രത്യേക ആവശ്യങ്ങൾക്കനുസരിച്ചുള്ള 'മൈക്രോ പ്ലാനുകൾ' വഴിയാണ് സഹായം നൽകുന്നത്. ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും പദ്ധതി തയ്യാറാക്കുന്നതിനും മൊബൈൽ ആപ്ലിക്കേഷൻ അടക്കമുള്ള സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നത് പദ്ധതിയുടെ ചെലവ് കുറയ്ക്കാനും സമയബന്ധിതമായ നടത്തിപ്പിനും സഹായിച്ചു. ഈ നിരന്തര ശ്രമങ്ങളുടെ ഫലമായി, കേരളത്തിലെ സമ്പൂർണ്ണ ദാരിദ്ര്യാനുപാതം (ഭാരത സർക്കാർ,2014) 1973-74-ലെ 59.9 ശതമാനത്തിൽ നിന്ന് 1993-94-ൽ 25.4 ശതമാനമായും, 2011-12-ൽ 11.3 ശതമാനമായും ഗണ്യമായി കുറഞ്ഞു. 2011-12-ൽ ഗ്രാമീണ ദാരിദ്ര്യാനുപാതം 7.3 ശതമാനമായും നഗര ദാരിദ്ര്യം 15.3 ശതമാനമായും കുറഞ്ഞു. കൂടാതെ, 2021-ൽ പുറത്തിറങ്ങിയ നീതി

ആയോഗിന്റെ പ്രഥമ 'മൾട്ടിഡൈമൻഷണൽ പോവർട്ടി ഇൻഡക്സ്' റിപ്പോർട്ട് പ്രകാരം ഇന്ത്യയിൽ ഏറ്റവും കുറഞ്ഞ ദാരിദ്ര്യമുള്ള സംസ്ഥാനമായി കേരളം അംഗീകരിക്കപ്പെട്ടു. ശിശു-കൗമാര മരണനിരക്ക് (0.19%), മാതൃ ആരോഗ്യം (1.73%), സ്കൂൾ വിദ്യാഭ്യാസ വർഷങ്ങൾ (1.78%), സ്കൂൾ ഹാജർ (0.3%), ശുചിത്വം (1.86%) തുടങ്ങി ജീവിതനിലവാരത്തിന്റെ ഏകദേശം എല്ലാ ഇല്ലായ്മയുടെ മാനദണ്ഡങ്ങളിലും കേരളം വളരെ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തി. പോഷകാഹാരം, പാചകവാതകം, ശുചിത്വം, കുടിവെള്ളം, വൈദ്യുതി, പാർപ്പിടം, ആസ്തികൾ, ബാങ്ക് അക്കൗണ്ടുകൾ തുടങ്ങിയ അവശ്യ സേവനങ്ങൾ ലഭിക്കാത്ത കുടുംബങ്ങൾ കേരളത്തിൽ വളരെ കുറവാണെന്ന് കണ്ടെത്തുകയുണ്ടായി. 2023-ലെ 'നാഷണൽ മൾട്ടിഡൈമൻഷണൽ പോവർട്ടി ഇൻഡക്സ്: എ പ്രോഗ്രസീവ് റിവ്യൂ' പ്രകാരം കേരളത്തിലെ ദരിദ്രരുടെ അനുപാതം 2015-16 നും 2019-21 നും ഇടയിൽ 0.71 ശതമാനത്തിൽ നിന്ന് 0.55 ശതമാനമായി വീണ്ടും കുറഞ്ഞു.

ഭക്ഷണം, വരുമാനം, ആരോഗ്യം, പാർപ്പിടം എന്നീ നാല് പ്രധാന ദാരിദ്ര്യ വിഭാഗങ്ങളെ അടിസ്ഥാനമാക്കി അതിദരിദ്രരായ കുടുംബങ്ങളെ കണ്ടെത്തുന്നതിനായി 2021-ൽ കേരളം സംസ്ഥാനവ്യാപകമായ സർവ്വേയിലൂടെ ഒരു പ്രത്യേക അതിദരിദ്ര നിർമ്മാർജ്ജന യജ്ഞത്തിന് തുടക്കം കുറിച്ചു. ഈ പ്രക്രിയയിലൂടെ 64,006 അതിദരിദ്ര കുടുംബങ്ങളെ കണ്ടെത്തി; ഇതിൽ 20 ശതമാനം പട്ടികജാതി വിഭാഗത്തിലും 5 ശതമാനം പട്ടികവർഗ്ഗ വിഭാഗത്തിലും ഉൾപ്പെടുന്നു. ഓരോ കുടുംബത്തിനും വേണ്ടിയുള്ള പ്രത്യേക മൈക്രോ പ്ലാനുകൾ വികസിപ്പിക്കുകയും അവ തദ്ദേശതലത്തിൽ ഏകീകരിച്ച് 'അതിദരിദ്ര ലഘൂകരണ ഉപപദ്ധതി' തയ്യാറാക്കുകയും ചെയ്തു. നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം ഈ മൈക്രോ പ്ലാനുകൾ പരിശോധിച്ച് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകുന്നു. തദ്ദേശസ്ഥാപനങ്ങൾ, വിവിധ വകുപ്പുകൾ, സി.എസ്.ആർ എന്നിവയിൽ നിന്നുള്ള ഫണ്ടുകൾ സംയോജിപ്പിച്ചാണ് ഈ പദ്ധതികൾ നടപ്പിലാക്കിയത്. കൂടാതെ, പദ്ധതികളുടെ നടത്തിപ്പിനാവശ്യമായ അധിക ചെലവുകൾക്കായി സംസ്ഥാന സർക്കാർ 2023-24-ൽ 50 കോടി രൂപയും, 2024-25-ൽ 50 കോടി രൂപയും, 2025-26-ൽ 60 കോടി രൂപയും വീതം 'ഗ്യാപ്പ് ഫണ്ട്' ആയി തദ്ദേശസ്ഥാപനങ്ങൾക്ക് അനുവദിച്ചു.

അതിദാരിദ്ര നിർമ്മാർജ്ജന പദ്ധതി, അതിദാരിദ്ര്യം ഇല്ലാതാക്കാൻ ലക്ഷ്യമിട്ടുള്ള രാജ്യത്തെ തന്നെ ഏറ്റവും നൂതനമായ സംരംഭങ്ങളിലൊന്നായി വ്യാപകമായി പ്രശംസിക്കപ്പെട്ടു. ആരോഗ്യം, പൊതുവിതരണം, വിദ്യാഭ്യാസം, വനിതാ-ശിശു വികസനം, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ, കുടുംബശ്രീ, റവന്യൂ, സഹകരണം, പട്ടികജാതി-പട്ടികവർഗ്ഗ വികസനം, മത്സ്യബന്ധനം, വാട്ടർ അതോറിറ്റി, വൈദ്യുതി തുടങ്ങിയ വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ അവരുടെ വൈദഗ്ധ്യവും വിഭവങ്ങളും ഈ പദ്ധതിക്കായി ലഭ്യമാക്കി. 2023-ഓടെ അതിദരിദ്രരായി കണ്ടെത്തിയവരിൽ ഏകദേശം 47.9 ശതമാനം പേരെ അതിദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിച്ചു. 2025 നവംബർ 1-ന് കേരളത്തെ 'അതിദരിദ്രരില്ലാത്ത സംസ്ഥാനമായി' പ്രഖ്യാപിച്ചു.

അതിദരിദ്രരായി കണ്ടെത്തിയ പല കുടുംബങ്ങൾക്കും ആധാർ കാർഡ്, റേഷൻ കാർഡ്, വോട്ടർ ഐഡി, തൊഴിലുറപ്പ് തൊഴിൽ കാർഡ്, ബാങ്ക് അക്കൗണ്ട്, സാമൂഹിക സുരക്ഷാ പെൻഷൻ രേഖകൾ തുടങ്ങിയ പ്രാഥമിക തിരിച്ചറിയൽ-ക്ഷേമ രേഖകൾ ഇല്ലെന്ന് കണ്ടെത്തിയിരുന്നു. 'അവകാശം അതിവേഗം' എന്ന കാമ്പെയിനിലൂടെ തദ്ദേശസ്ഥാപനങ്ങൾ റവന്യൂ, ആരോഗ്യം തുടങ്ങിയ വകുപ്പുകളുമായി ചേർന്ന് പ്രത്യേക ക്യാമ്പുകളും ഡ്രൈവുകളും സംഘടിപ്പിച്ച് ഈ സേവനങ്ങൾ ലഭ്യമാക്കി. അതിദരിദ്ര നിർമ്മാർജ്ജന പദ്ധതിയുടെ ഭാഗമായ മറ്റ് സംരംഭങ്ങളിൽ കേരളത്തിന്റെ ലൈഫ് മിഷന് കീഴിലുള്ള സന്നദ്ധ ഭൂദാന കാമ്പെയിനായ 'മനസ്സോടിത്തിരി മണ്ണ്', കുടുംബശ്രീയുടെ നേതൃത്വത്തിലുള്ള 100 ദിവസത്തെ ഉപജീവന കാമ്പെയിനായ 'ഉജ്ജീവനം' എന്നിവയും ഉൾപ്പെടുന്നു.

**ഭവനനിർമാണം**

വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ഏറ്റവും വലിയ നേട്ടങ്ങളിലൊന്നാണ് ഭവനനിർമ്മാണ മേഖലയിലെ പുരോഗതി. പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ ലൈഫ് മിഷൻ പദ്ധതി നടപ്പിലാക്കിയത് സർക്കാരിന്റെ നയങ്ങളിലെ ഒരു പ്രധാന സവിശേഷതയായിരുന്നു. 2016-ൽ ആരംഭിച്ച ലൈഫ് പദ്ധതി ഒരു സമഗ്ര ഭവന പദ്ധതിയാണ്.

2025 ഒക്ടോബർ 31 വരെയുള്ള കണക്കുകൾ പ്രകാരം സംസ്ഥാനത്തുടനീളം ലൈഫ് ടവർ ഉൾപ്പെടെ 4,71,794 വീടുകളുടെ നിർമ്മാണം ഈ പദ്ധതിയിലൂടെ പൂർത്തീകരിച്ചു. ഇതിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 1,25,360 ഗുണഭോക്താക്കൾക്കും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 45,976 ഗുണഭോക്താക്കൾക്കുമുള്ള വീടുകളും ഉൾപ്പെടുന്നു. 2026 ഫെബ്രുവരിയോടെ 5 ലക്ഷത്തിലധികം വീടുകൾ പൂർത്തിയായി

**തൊഴിൽ, ഉപജീവന സംരംഭങ്ങൾ**

സംസ്ഥാനത്തിന്റെ വികസന നയത്തിന്റെ ഒരു പ്രധാന മുൻഗണനയാണ് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നത്. ഇതിനായി തദ്ദേശ സ്വയംഭരണ തലത്തിൽ നിരവധി പരിപാടികൾ നടപ്പിലാക്കുന്നുണ്ട്. ദ്രുതഗതിയിലുള്ള നഗരവൽക്കരണം, അനൗപചാരിക തൊഴിലാളികളുടെ നിലനിൽപ്പ്, പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ എന്നിവ വ്യവസ്ഥാപിതമായ തൊഴിൽ പദ്ധതികൾക്കായുള്ള ആവശ്യം വർദ്ധിപ്പിച്ചിട്ടുണ്ട്. എം.ജി.എൻ.ആർ.ഇ.ജി.എസ് പോലെ വലിയ തോതിലുള്ള ഗ്രാമീണ തൊഴിൽ പദ്ധതികൾക്ക് രാജ്യം ചുക്കാൻ പിടിച്ചുവെങ്കിലും, നഗര തൊഴിൽ ഉറപ്പുപദ്ധതികളെക്കുറിച്ചുള്ള ചർച്ചകൾ ഉയർന്നു വരുന്നതേയുള്ളൂ. നഗരങ്ങളിൽ വേതന തൊഴിൽ ഉറപ്പാക്കുന്നതിന് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി പോലുള്ള ഉപജീവന വികസന പദ്ധതികൾക്ക് കേരളം മുൻഗണന നൽകിയിട്ടുണ്ട്. കുടുംബശ്രീ മിഷൻ തൊഴിലിൽ ലഭ്യമാക്കുന്നതിൽ, പ്രത്യേകിച്ച് സ്ത്രീകൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിൽ അസാധാരണമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. മറ്റു ഉപജീവന പ്രവർത്തനങ്ങളിൽ, ദീൻദയാൽ അന്ത്യോദയ യോജന-ദേശീയ നഗര ഉപജീവന ദൗത്യം (ഡേ-എൻ.യു.എൽ.എം), ദീൻദയാൽ അന്ത്യോദയ യോജന-ദേശീയ ഗ്രാമീണ ഉപജീവന ദൗത്യം (ഡേ- എൻ.ആർ.എൽ.എം) എന്നിവയുൾപ്പെടെയുള്ള കേന്ദ്ര-സംസ്ഥാന പങ്കാളിത്ത പദ്ധതികളും ഉൾപ്പെടുന്നു.

**മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എം. ജി .എൻ.ആർ.ഇ.ജി.എസ്)**

ദാരിദ്ര്യനിർമ്മാർജ്ജനം, സാമൂഹിക സുരക്ഷ, ഗ്രാമീണ ശാക്തീകരണം എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി സംസ്ഥാന വികസന തന്ത്രങ്ങളിൽ ഫലപ്രദമായ ഉപാധിയായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ ഉപയോഗിച്ചിട്ടുണ്ട്. 2016-നും 2025-നും ഇടയിലുള്ള കാലയളവിൽ, കേരളം പ്രതിവർഷം 6 കോടി മുതൽ 10.5 കോടി വരെ തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. 2018-19 ലെ പ്രളയത്തെത്തുടർന്നും, 2020-21-ലെ കോവിഡ്-19 മഹാമാരി സമയത്തും തൊഴിലവസരങ്ങളിൽ ഗണ്യമായ വർധനവുണ്ടായി എന്നത് ശ്രദ്ധേയമാണ്. തൊഴിലുറപ്പ് പദ്ധതിയിലെ സ്ത്രീ പങ്കാളിത്തത്തിൽ കേരളം രാജ്യത്ത് തന്നെ മുൻപന്തിയിലാണ്. ആകെയുള്ള തൊഴിൽ ദിനങ്ങളിൽ 89-90 ശതമാനവും സ്ത്രീകൾക്കാണ് ലഭിക്കുന്നത് എന്നത് ശ്രദ്ധേയമാണ്. ഇതിനുപുറമെ, പട്ടികജാതി ഭാഗത്തിൽ നിന്നുള്ള തൊഴിലാളികളുടെ പങ്കാളിത്തം 17-18 ശതമാനമായി സ്ഥിരത പുലർത്തിയപ്പോൾ പട്ടികവർഗ്ഗ വിഭാഗത്തിന്റെ പങ്കാളിത്തം 2018-ലെ 5.5 ശതമാനത്തിൽ നിന്നും 2023-24 ൽ ഏകദേശം 7.5 ശതമാനമായി മെച്ചപ്പെട്ടു. സംസ്ഥാന സർക്കാർ ആവിഷ്കരിച്ച 'ട്രൈബൽ പ്ലസ്' പോലുള്ള പ്രത്യേക പദ്ധതികളാണ് ഈ പുരോഗതിക്ക് കാരണം. സാമ്പത്തിക വിനിയോഗത്തിന്റെ കാര്യത്തിലും കേരളം മികച്ച പ്രകടനമാണ് കാഴ്ചവയ്ക്കുന്നത്. അനുവദിക്കപ്പെട്ട ഫണ്ടിന്റെ 95-100 ശതമാനവും വിനിയോഗിക്കുന്നത് പദ്ധതിയുടെ ഫലപ്രദവും കാര്യക്ഷമവുമായ നടത്തിപ്പിനെ സൂചിപ്പിക്കുന്നു.

2024-25 സാമ്പത്തിക വർഷത്തിൽ, ദേശീയതലത്തിൽ മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 286.2 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. ഇതിൽ 58.1 ശതമാനം സ്ത്രീകളും, 18.6 ശതമാനം പട്ടികജാതിക്കാരും, 18.1 ശതമാനം പട്ടികവർഗ്ഗക്കാരുമാണ്. ആകെ 5.8 കോടി കുടുംബങ്ങൾക്ക് തൊഴിൽ ലഭിച്ചപ്പോൾ, ഒരു കുടുംബത്തിന് ശരാശരി 50.2 തൊഴിൽ ദിനങ്ങൾ ലഭിച്ചു. കൂടാതെ 40.7 ലക്ഷം കുടുംബങ്ങൾ 100 ദിവസത്തെ തൊഴിൽ പൂർത്തിയാക്കി. കേരളം ഏകദേശം 9 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. ഇതിൽ 89.1 ശതമാനവും സ്ത്രീകൾക്കാണ് ലഭിച്ചത്. ഇത് ദേശീയ ശരാശരിയേക്കാൾ വളരെ കൂടുതലും രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിലും വെച്ച് ഏറ്റവും ഉയർന്ന നിരക്കുമാണ്. തൊഴിൽ വിഹിതത്തിൽ 17.5 ശതമാനം പട്ടികജാതിക്കാർക്കും 7.5 ശതമാനം പട്ടികവർഗ്ഗക്കാർക്കും ലഭിച്ചത് ഗ്രാമീണ സാമ്പത്തിക വികസനത്തിനും ഉപജീവന സുരക്ഷയ്ക്കുമായി തൊഴിലുറപ്പ് പദ്ധതി പ്രയോജനപ്പെടുത്തുന്നതിൽ കേരളത്തിനുള്ള പ്രതിബദ്ധതയാണ് സൂചിപ്പിക്കുന്നത്.

2024-25, 2025-26 വർഷങ്ങളിൽ അംഗീകരിച്ച ലേബർ ബജറ്റ് താരതമ്യേന കുറവായിരുന്നിട്ടും, തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലിന്റെ ആവശ്യകതയും തൊഴിലാളികളുടെ പങ്കാളിത്തവും വളരെ ഉയർന്ന നിലയിൽ തന്നെ തുടർന്നു. നിശ്ചയിച്ച ലക്ഷ്യത്തേക്കാൾ കൂടുതൽ തൊഴിൽ ദിനങ്ങൾ ഈ കാലയളവുകളിൽ സൃഷ്ടിക്കപ്പെട്ടു. ഗ്രാമീണ മേഖലയിൽ തൊഴിലവസരങ്ങളുടെ വലിയ തോതിലുള്ള ആവശ്യകതയാണ് ഇത് വ്യക്തമാക്കുന്നത്.

കേരളത്തിലെ തൊഴിലുറപ്പ് പദ്ധതിക്കുള്ള പ്രതിദിന വേതന നിരക്ക് ക്രമാനുഗതമായി ഉയർന്നുവരികയാണ്. 2019-20 സാമ്പത്തിക വർഷത്തിലെ 271 രൂപയിൽ നിന്നും 2025-26 സാമ്പത്തിക വർഷത്തിൽ 369 രൂപയിലേക്ക് വർദ്ധിച്ചു. പണപ്പെരുപ്പത്തിന് ആനുപാതികമായാണ് ഈ മാറ്റങ്ങൾ വരുത്തിയിട്ടുള്ളത്. എന്നിരുന്നാലും, കേന്ദ്ര സർക്കാരിന്റെ ലേബർ ബജറ്റിലെ വെട്ടിക്കുറയ്ക്കലുകളും ഫണ്ട് അനുവദിക്കുന്നതിലെ കാലതാമസവും കാരണം വേതന വിതരണത്തിൽ വലിയ കാലതാമസം ഉണ്ടാക്കുകയും പദ്ധതിയെ പ്രധാന വരുമാന മാർഗമായി ആശ്രയിക്കുന്ന നിരവധി കുടുംബങ്ങൾക്ക് സാമ്പത്തിക സമ്മർദ്ദം സൃഷ്ടിക്കുകയും ചെയ്തു.

പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വർഷത്തിൽ 200 ദിവസം വരെ തൊഴിൽ ഉറപ്പാക്കാൻ 2017-18 മുതൽ കേരള സർക്കാർ 'ട്രൈബൽ പ്ലസ്' പദ്ധതി നടപ്പാക്കി വരുന്നു. അട്ടപ്പാടി, വയനാട്, ആറളം ഫാം തുടങ്ങിയ ആദിവാസി മേഖലകളിൽ നടപ്പാക്കിയ മുൻകൂർ വേതന വിതരണ സംവിധാനങ്ങൾ വഴി തൊഴിലാളികളുടെ പങ്കാളിത്തത്തിലെ തടസ്സങ്ങൾ പരിഹരിക്കാനും വേതനം കൃത്യസമയത്ത് ലഭ്യമാക്കാനും സർക്കാരിന് സാധിച്ചിട്ടുണ്ട്. ഇത് പട്ടികവർഗ്ഗക്കാർക്കിടയിൽ പദ്ധതിയിലുള്ള വിശ്വാസവും പങ്കാളിത്തവും ശക്തിപ്പെടുത്തി. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും പട്ടികവർഗ്ഗ വികസന വകുപ്പും തമ്മിലുള്ള ശക്തമായ ഏകോപനത്തിലൂടെ പ്രതിവർഷം 12 ലക്ഷത്തിലധികം തൊഴിൽ ദിനങ്ങളാണ് സൃഷ്ടിക്കപ്പെടുന്നത്. എല്ലാവരെയും ഉൾക്കൊള്ളുന്നതും നീതിയുക്തവുമായ രീതിയിൽ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുന്നതിൽ കേരളം ഇന്ന് രാജ്യത്തിന് തന്നെ മാതൃകയാണ്.

വിവിധ സംസ്ഥാന പദ്ധതികളുമായി സംയോജിപ്പിച്ച് ഗ്രാമീണ സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിക്കാനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനും കേരളം തൊഴിലുറപ്പ് പദ്ധതിയെ ഫലപ്രദമായി വിനിയോഗിച്ചിട്ടുണ്ട്. സുഭിക്ഷ കേരളം പോലുള്ള പദ്ധതികളുമായി ചേർന്ന് കന്നുകാലി തൊഴുത്തുകൾ, ഫാം കുളങ്ങൾ, കോഴിക്കൂടുകൾ എന്നിവ പോലെയുള്ള ആസ്തികൾ സൃഷ്ടിച്ച് സംസ്ഥാനത്ത് കാർഷിക ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാൻ സംസ്ഥാനത്തിന് സാധിച്ചു. അതേസമയം, ശുചിത്വ കേരളം (ഗ്രാമീൺ) പദ്ധതിയുടെ ഭാഗമായി കമ്പോസ്റ്റ് കുഴികളും സോക് പിറ്റുകളും പോലെയുള്ള ശുചിത്വ സൗകര്യങ്ങൾ ഒരുക്കാൻ തൊഴിലുറപ്പ് പദ്ധതി ഉപയോഗപ്പെടുത്തി. വനം വകുപ്പുമായും നീരുറവ് പദ്ധതിയുമായും സഹകരിച്ച് വനവൽക്കരണത്തിനും സുസ്ഥിരമായ ജലപരിപാലനത്തിനും പിന്തുണ നൽകി. കൂടാതെ, അങ്കണവാടികളുടെ നിർമ്മാണം, കേരള ട്രൈബൽ പ്ലസ് വഴി പട്ടികവർഗ്ഗ കുടുംബങ്ങൾക്കുള്ള പിന്തുണ, മേപ്പാടിയിലെ ദുരന്താനന്തര പുനരധിവാസ പ്രവർത്തനങ്ങൾ എന്നിവ ഗ്രാമീണ ജീവിതത്തിലും അടിസ്ഥാന സൗകര്യ വികസനത്തിലും ഈ പദ്ധതി ചെലുത്തുന്ന സ്വാധീനത്തിന് തെളിവാണ്. തൊഴിലുറപ്പ് പദ്ധതിയെ വെറുമൊരു തൊഴിൽദാന പദ്ധതിയെന്നതിലുപരി വിവിധ മേഖലകളിലെ ദീർഘകാല സുസ്ഥിര വികസനത്തിനുള്ള ഉപാധിയായാണ് കേരളം ഉപയോഗിക്കുന്നത് എന്ന് ഈ പ്രവർത്തനങ്ങൾ വ്യക്തമാക്കുന്നു. ഇത്തരം സംയോജിത

പരിശ്രമങ്ങൾ പെട്ടെന്നുള്ള തൊഴിൽ ആവശ്യങ്ങൾ നിറവേറ്റുന്നതോടൊപ്പം തന്നെ ഗ്രാമീണ സമ്പദ് വ്യവസ്ഥയെ ശാക്തീകരിക്കാനും ഗ്രാമീണ ജനതയെ ഉൾക്കൊള്ളാനും പ്രോത്സാഹിപ്പിക്കുന്നു.

അവിദഗ്ധ കായിക ജോലിക്ക് വേതനം ഉറപ്പാക്കി ഗ്രാമീണ കുടുംബങ്ങൾക്ക് അത്യാവശ്യമായ സാമ്പത്തിക പിന്തുണ നൽകുന്ന മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കേരളത്തിലെ ഗ്രാമീണ വികസനത്തിന്റെ ആധാരശിലയാണ്. സാമ്പത്തിക സുരക്ഷിതത്വം ശക്തമാക്കിയതിലൂടെ തൊഴിൽ തേടിയുള്ള കുടിയേറ്റം കുറയാനും, തൊഴിൽ രംഗത്ത് സ്ത്രീകളുടെ സജീവ പങ്കാളിത്തം പ്രോത്സാഹിപ്പിച്ച് അവരെ ശാക്തീകരിക്കുന്നതിനും അവരുടെ സാമ്പത്തിക സ്വാതന്ത്ര്യത്തിനും ഗ്രാമീണ തൊഴിൽ മേഖലയിലെ ലിംഗവിവേചനം പരിഹരിക്കുന്നതിനും ഇത് വഴിയൊരുക്കി. മൊത്തത്തിൽ, ദാരിദ്ര്യം കുറയ്ക്കുന്നതിനും എല്ലാവരെയും ഉൾക്കൊള്ളുന്ന വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനും കേരളത്തിന്റെ ഗ്രാമീണ സമ്പദ്‌വ്യവസ്ഥയിൽ സുസ്ഥിര വികസനം ഉറപ്പാക്കുന്നതിനും ഈ പദ്ധതി നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. എങ്കിലും, വേതനം ലഭിക്കുന്നതിലെ കാലതാമസം, ഫണ്ട് വെട്ടിക്കുറയ്ക്കൽ, അംഗീകരിച്ച ലേബർ ബജറ്റിലെ കുറവ് എന്നിവ പല ഗ്രാമീണ കുടുംബങ്ങൾക്കും കൂടുതൽ തൊഴിൽ ആവശ്യങ്ങൾ നിറവേറ്റാനുള്ള പദ്ധതിയുടെ ശേഷി അട്ടിമറിക്കുന്നു. തൊഴിലുറപ്പ് പദ്ധതിയുടെ പുന:സംഘടനയും പേരുമാറ്റവും പദവി താഴ്ത്തലുമെല്ലാം ജനങ്ങളുടെ അവകാശമായ ഉപജീവന സുരക്ഷയുടെ സാധ്യതകളെ ദുർബലപ്പെടുത്തുന്നു. ഇത് സംസ്ഥാനങ്ങളിൽ വലിയ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും.

### അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി (എ.യു.ഇ.ജി. എസ്)

നഗരപ്രദേശങ്ങളിലെ തൊഴിലില്ലായ്മ പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ 2010-ൽ അന്നത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണി (എൽ.ഡി.എഫ്) സർക്കാർ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചു. നഗരപ്രദേശങ്ങളിൽ ഉപജീവന സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി രൂപകൽപ്പന ചെയ്തിട്ടുള്ള സംസ്ഥാന സർക്കാരിന്റെ ഒരു സുപ്രധാന പദ്ധതിയാണ് എ.യു.ഇ.ജി.എസ്. ഇതിലൂടെ, അവിദഗ്ധ തൊഴിൽ ചെയ്യാൻ താൽപ്പര്യമുള്ള നഗരപ്രദേശത്തെ കുടുംബങ്ങളിലെ പ്രായപൂർത്തിയായവർക്ക് ഒരു വർഷത്തിൽ കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ നൽകി ജീവിത സുരക്ഷ ഉറപ്പാക്കുന്നു. ഈ പദ്ധതി എം.ജി. എൻ.ആർ.ഇ.ജി.എസിന്റെ അടിസ്ഥാന തത്വങ്ങളുമായി യോജിക്കുന്നു. നഗര തദ്ദേശ സ്ഥാപനങ്ങളിൽ സ്ഥിരം ആസ്തികൾ സൃഷ്ടിക്കുന്നതിനാണ് പദ്ധതി വിഹിതം പ്രധാനമായും വിനിയോഗിക്കുന്നത്. ഒരു അവകാശാധിഷ്ഠിത പദ്ധതിയായി വിഭാവനം ചെയ്തിട്ടുള്ള അയ്യങ്കാളി നഗര തൊഴിലുറപ്പ്പദ്ധതിയുടെപ്രവർത്തനമാർഗ്ഗരേഖയിൽ അനുവദനീയമായ പ്രവൃത്തികളുടെ - അടിസ്ഥാനപരമായി അർദ്ധവിദഗ്ധവും അവിദഗ്ധവുമായ പ്രവൃത്തികളുടെ-സമഗ്രമായ ഒരു പട്ടിക വിഭാവനം ചെയ്തിട്ടുണ്ട്. പ്രകൃതിവിഭവ പരിപാലനം, പട്ടികജാതി, പട്ടികവർഗ്ഗക്കാർക്കും വികലാംഗർക്കും വ്യക്തിഗത ആസ്തികൾ സൃഷ്ടിക്കൽ, പൊതു ആസ്തികളുടെ നിർമ്മാണവും പരിപാലനവും, പൊതു ഇടങ്ങളുടെ വികസനം, നിർമ്മാണത്തിനുള്ള അസംസ്കൃത വസ്തുക്കളുടെ ഉത്പാദനം മുതലായവ അതിൽ ഉൾപ്പെടുന്നു.

കഴിഞ്ഞ ഒന്നര പതിറ്റാണ്ടിനിടയിൽ, ഈ പദ്ധതി പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്ക് ഗണ്യമായ തൊഴിൽ സൃഷ്ടിച്ചിട്ടുണ്ട്.

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്നതിൽ സംസ്ഥാനം 2016-17 മുതൽ ഗണ്യമായ പുരോഗതി കൈവരിച്ചു. 2016-17 ൽ 15 കോടി രൂപയാണ് പദ്ധതിയിൽ ചെലവാക്കിയതെങ്കിൽ 2024-25 ൽ അത് 74.1 കോടി രൂപയായി വർദ്ധിച്ചു. 2020-21 ൽ കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി ചെലവ് ഒരു ലക്ഷം കോടി രൂപ കവിഞ്ഞു, ഇത് ഉപജീവന പിന്തുണയ്ക്ക് സംസ്ഥാനം നൽകിയ ഊന്നൽ സൂചിപ്പിക്കുന്നു.

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ സൃഷ്ടിക്കപ്പെട്ട തൊഴിലും തൊഴിൽ ദിനങ്ങളും തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണവും പരിശോധിച്ചാൽ മുകളിൽ സൂചിപ്പിച്ച പദ്ധതി ചെലവുമായി യോജിച്ചു പോകുന്നതായി കാണാം. 2016-17 മുതൽ 2024-25 വരെ പദ്ധതി വഴി ഏകദേശം രണ്ട് കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. പി.എം.എ.വൈ നഗരം ലൈഫ് പദ്ധതിയിലെ ഭവന നിർമാണവുമായി യോജിപ്പിച്ചത് അയ്യങ്കാളി പദ്ധതിയെ പുനരുജ്ജീവിപ്പിച്ചു, അതിന്റെ ഫലമായി ഫണ്ട് വിനിയോഗവും തൊഴിൽദിനങ്ങളും കുത്തനെ വർദ്ധിച്ചു. ഭവന നിർമ്മാണത്തിലൂടെയും അനുബന്ധ പ്രവർത്തനങ്ങളിലൂടെയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ ഈ പദ്ധതി വലിയ വിജയകരമായിരുന്നു.

നടപ്പാക്കി ഒരു ദശാബ്ദത്തിലേറെ പിന്നിടുമ്പോൾ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി (എ.യു.ജി.എസ്) ഒരു നിർണായക ഘട്ടത്തിലാണ്. പി.എം.എ.വൈ (അർബൻ) -ലൈഫ് പദ്ധതികളുമായി സംയോജിപ്പിച്ചത് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിക്ക് പുതിയ ആക്കം നൽകി. ഇത് ബജറ്റ് പിന്തുണയിലും തൊഴിൽദിനങ്ങളിലെ വർദ്ധനവിലും പ്രതിഫലിക്കുന്നുണ്ട്. എന്നിരുന്നാലും, നഗരപ്രദേശങ്ങളിൽ വിദ്യാസമ്പന്നരുടെ തൊഴിലില്ലായ്മ ഒരു പ്രധാന വെല്ലുവിളിയാണ്. വിദ്യാസമ്പന്നരായ തൊഴിലന്വേഷകർക്കുള്ള തൊഴിലിന്റെ സ്വഭാവം അവിദഗ്ധ തൊഴിലാളികൾക്ക് ലഭ്യമാകുന്ന തൊഴിലിൽ നിന്ന് ഗണ്യമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

ഈ വൈരുദ്ധ്യം അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിക്ക് ഇതുവരെ ഫലപ്രദമായി പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. അവിദഗ്ധ തൊഴിൽരഹിതരുടെയും വിദ്യാസമ്പന്നരായ തൊഴിൽരഹിത വിഭാഗങ്ങളുടെയും വ്യത്യസ്ത ആവശ്യങ്ങളും അഭിലാഷങ്ങളും കണക്കിലെടുത്ത് എല്ലാവരെയും ഉൾക്കൊള്ളുന്ന ഒരു നഗര തൊഴിലുറപ്പ് പദ്ധതി ആവശ്യമാണ്. പദ്ധതിയുടെ ദീർഘകാല സുസ്ഥിരത ഉറപ്പാക്കാൻ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങളുടെ സമയബന്ധിതമായ ഭേദഗതി അത്യന്താപേക്ഷിതമാണ്.

### കുടുംബശ്രീ

1998-ൽ ആരംഭിച്ച കേരളത്തിന്റെ ദാരിദ്ര്യനിർമ്മാർജ്ജന-സ്ത്രീശാക്തീകരണ ദൗത്യമായ കുടുംബശ്രീ, ദശലക്ഷക്കണക്കിന് സ്ത്രീകൾക്ക്, പ്രത്യേകിച്ച് പാർശ്വവൽ

ക്കരിക്കപ്പെട്ട വിഭാഗങ്ങളിൽ നിന്നുള്ളവർക്ക് പ്രത്യാശയുടെ ദീപമായി മാറിയിരിക്കുന്നു. സാമ്പത്തിക ഉന്നമനത്തിന് അതീതമായി, സാമൂഹിക മുന്നേറ്റം, സാമ്പത്തിക സ്വയംപര്യാപ്തത, തീരുമാനങ്ങളിലെ സജീവ പങ്കാളിത്തം എന്നിവ വളർത്തിയെടുക്കാൻ കുടുംബശ്രീക്ക് കഴിഞ്ഞു. എല്ലാവരെയും ഉൾക്കൊള്ളുന്ന സമീപനം ട്രാൻസ്ജെൻഡറുകൾ, ഭിന്നശേഷിക്കാർ, വൃദ്ധജനങ്ങൾ എന്നിവരുൾപ്പെടെ വിവിധ വിഭാഗങ്ങൾക്ക് ഉപജീവന മാർഗ്ഗങ്ങൾ മെച്ചപ്പെടുത്തുന്നതിനും അവകാശങ്ങൾ നേടിയെടുക്കുന്നതിനും പിന്തുണ നൽകുന്നു. ഇന്ത്യയിൽ സ്ത്രീകൾ നയിക്കുന്ന ഏറ്റവും വലിയ സാമൂഹ്യ ശൃംഖലകളിൽ ഒന്നായ കുടുംബശ്രീ വരുമാന സൃഷ്ടി, സാമൂഹിക വികസനം, സാമൂഹ്യ പങ്കാളിത്തം എന്നിവയ്ക്ക് തുടർച്ചയായി നേതൃത്വം നൽകിവരുന്നു. കേരളത്തിലുടനീളമുള്ള സ്ത്രീകളെ ശാക്തീകരിക്കുന്നതിൽ കുടുംബശ്രീയുടെ പരിവർത്തനത്മക തന്ത്രങ്ങൾ, കൈവരിച്ച നേട്ടങ്ങൾ, നേരിടുന്ന വെല്ലുവിളികൾ എന്നിവയെക്കുറിച്ചാണ് ഇവിടെ പരിശോധിക്കുന്നത്.

കഴിഞ്ഞ ഒരു ദശാബ്ദത്തിനിടെ കുടുംബശ്രീ അതിന്റെ പ്രവർത്തനമേഖല വിപുലീകരിച്ച്, നൂതനമായ ഉപജീവന-സാമൂഹിക പദ്ധതികൾ ആവിഷ്കരിച്ച് കേരളത്തിന്റെ സമഗ്രവികസനത്തിൽ നിർണ്ണായക ശക്തിയായി മാറിയിട്ടുണ്ട്. കുടുംബശ്രീക്കായി സംസ്ഥാന സർക്കാർ നീക്കിവയ്ക്കുന്ന ബജറ്റ് വിഹിതം വർഷംതോറും സ്ഥിരമായി വർദ്ധിപ്പിക്കുന്നുണ്ട്. 2016-17-ൽ 13,000 ലക്ഷം രൂപയായിരുന്ന പദ്ധതി വിഹിതം 2025-26-ൽ 27,000 ലക്ഷമായി ഉയർത്തിയത് പദ്ധതിക്ക് ലഭിക്കുന്ന തുടർച്ചയായ സാമ്പത്തിക പിന്തുണയാണ് സൂചിപ്പിക്കുന്നത്. കോവിഡ്-19 മഹാമാരി, വലിയ പ്രളയങ്ങൾ, മേപ്പാടിയിലെ മണ്ണിടിച്ചിൽ എന്നിവയുൾപ്പെടെയുള്ള പ്രതിസന്ധി കാലങ്ങളിൽ സജീവ സാന്നിദ്ധ്യമായി കുടുംബശ്രീ നിർണ്ണായക പങ്ക് വഹിച്ചു.

**സംഘടനാ സംവിധാനം ശക്തിപ്പെടുത്തൽ**

കുടുംബശ്രീ അതിന്റെ സാമൂഹികാടിസ്ഥാനത്തിലുള്ള സംഘടനാ ശൃംഖല വിസ്മയകരമായ തോതിൽ വിപുലമാക്കിയിട്ടുണ്ട്. ഇതിൽ 1,070 കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റികൾ (സി.ഡി.എസ്) 19,470 ഏരിയ ഡെവലപ്മെന്റ് സൊസൈറ്റികൾ (എ.ഡി.എസ്), 3,17,724 അയൽക്കൂട്ടങ്ങൾ എന്നിവ ഉൾപ്പെടുന്നു. ആകെ 48,08,837 വനിതാ അംഗങ്ങളുമായി കേരളമൊട്ടാകെ കുടുംബശ്രീ അതിന്റെ ശക്തമായ അടിത്തറയും പരിവർത്തനാത്മകമായ വ്യാപ്തിയും പ്രതിഫലിപ്പിക്കുന്നു. 2016-17 മുതൽ 2025-26 (ഒക്ടോബർ വരെ) കാലയളവിൽ 96,023 പുതിയ അയൽക്കൂട്ടങ്ങൾ രൂപീകരിക്കപ്പെട്ടു. ഇതിലൂടെ 11.5 ലക്ഷം പുതിയ അംഗങ്ങൾ ശൃംഖലയുടെ ഭാഗമായി. ഭിന്നശേഷിയുള്ള വ്യക്തികളും സാമൂഹികമായി പരിമിതികളുള്ള വിഭാഗങ്ങളും ഉൾപ്പെടുന്ന സമഗ്ര വികസനം പ്രോത്സാഹിപ്പിക്കുന്നതിന് 'റിലേഷൻഷിപ്പ് കേരള പദ്ധതി' ആരംഭിച്ചു. 550 അംഗങ്ങളുള്ള 50 ട്രാൻസ്ജെൻഡർ അയൽക്കൂട്ടങ്ങളും, 32,860 അംഗങ്ങളുള്ള 3,352 ഭിന്നശേഷി അയൽക്കൂട്ടങ്ങളും, 2,83,615 അംഗങ്ങളുള്ള 25,992 വയോജന അയൽക്കൂട്ടങ്ങളും രൂപീകരിച്ചതുവഴി വിവിധ സാമൂഹിക വിഭാഗങ്ങളുടെ പ്രാതിനിധ്യവും ശാക്തീകരണവും ഉറപ്പാക്കി. യുവതികളുടെ സാമൂഹിക-സാംസ്കാരിക, വിദ്യാഭ്യാസ, ഉപജീവന വികസനം ശക്തിപ്പെടുത്താൻ 18-45 പ്രായപരിധിയിലുള്ളവർക്കായി വാർഡ് തലത്തിൽ 19,472 ഓക്സിലറി ഗ്രൂപ്പുകൾ സംഘടിപ്പിച്ചു. ഇതുവഴി 3 ലക്ഷം പേരെ ശൃംഖലയിലേക്ക് കൊണ്ടുവന്നു. തീരദേശ സമൂഹങ്ങൾ നേരിടുന്ന വികസന വെല്ലുവിളികൾ പരിഹരിക്കാൻ 'തീരശ്രീ' പദ്ധതി നടപ്പിലാക്കി. കുടുംബശ്രീയുടെ ത്രിതല സംഘടനാ സംവിധാനം ശക്തിപ്പെടുത്താൻ കുടുംബശ്രീ സ്കൂൾ, ബാക്ക് ടു സ്കൂൾ, കുടുംബശ്രീ റേഡിയോ, മോഡൽ സി.ഡി.എസ് പ്രവർത്തനങ്ങൾ, 617 സി.ഡി.എസുകളെ ഐ.എസ്.ഒ നിലവാരത്തിലേക്ക് ഉയർത്തൽ, ഗ്രാമ ദാരിദ്ര്യ ലഘൂകരണ പദ്ധതികൾ (വി.പി.ആർ.പി) എന്നിവ നടപ്പിലാക്കി വരുന്നു.

**കുടുംബശ്രീയുടെ ഉപജീവന സംരംഭങ്ങൾ**

സൂക്ഷ്മ സംരംഭങ്ങൾ, കാർഷിക വികസനം, മൃഗ സംരക്ഷണം, നൈപുണ്യ വികസനം എന്നിവയിലൂടെ വനിതകളെ ശാക്തീകരിക്കുന്നതിൽ കുടുംബശ്രീയുടെ ഉപജീവന പദ്ധതികൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഭക്ഷ്യസംസ്കരണ യൂണിറ്റുകൾ, സ്വയംസഹായ സംഘങ്ങൾ എന്നിവ മുതൽ പട്ടികവർഗ്ഗ ഉപജീവന പദ്ധതികളും കൃഷി അധിഷ്ഠിത സംരംഭങ്ങളും വരെ നീളുന്ന വിപുലമായ അവസരങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു.

**മൈക്രോഫിനാൻസ്:** കുടുംബശ്രീയുടെ മൈക്രോഫിനാൻസ് പദ്ധതികൾ സ്ത്രീകളുടെ സാമ്പത്തിക സ്വാതന്ത്ര്യം വർദ്ധിപ്പിക്കുന്നതിലും കുടുംബങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിലും നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. ലഘുസമ്പാദ്യം, ആഭ്യന്തര വായ്പകൾ, ബാങ്ക് ലിങ്കേജ് എന്നിവയിലൂടെ സ്വയംതൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനും സാമ്പത്തിക സുരക്ഷിതത്വം കൈവരിക്കാനും കുടുംബശ്രീ അംഗങ്ങളെ പ്രാപ്തരാക്കുന്നു. കഴിഞ്ഞ ഒരു ദശകത്തിൽ, സംസ്ഥാനത്തെ വിവിധ ബാങ്കുകളിലായി 9,870.8 കോടി രൂപയുടെ നിക്ഷേപം അയൽക്കൂട്ടങ്ങൾ സമാഹരിച്ചു. കൂടാതെ 29,278 കോടി രൂപയുടെ ആഭ്യന്തര വായ്പകളും 46,754.8 കോടി രൂപയുടെ ബാങ്ക് ലിങ്കേജ് വായ്പകളും ലഭ്യമാക്കി. ഇതിൽ താഴെത്തട്ടിലുള്ള സാമ്പത്തിക ശാക്തീകരണത്തിൽ ഈ പദ്ധതി ചെലുത്തുന്ന സുസ്ഥിരമായ സ്വാധീനം പ്രതിഫലിക്കുന്നു.

കൂടാതെ, 17,369 കോടി രൂപ വിവിധ സി.ഡി.എസ്സുകൾക്ക് വായ്പയായി നൽകിയിട്ടുണ്ട്. പ്രളയകാലത്ത് നടപ്പിലാക്കിയ 'റീസർജന്റ് കേരള ലോൺ സ്കീം', കോവിഡ് കാലത്തെ 'മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി' എന്നിവ ഉൾപ്പെടെ കുടുംബശ്രീ വഴി അയൽക്കൂട്ടങ്ങൾക്ക് നൽകിയ എല്ലാ വായ്പകൾക്കുമായി ആകെ 636.2 കോടി രൂപ പലിശ സബ്സിഡിയായി വിതരണം ചെയ്തിട്ടുണ്ട്.

കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കാൻ സംസ്ഥാന ഇൻഷുറൻസ് വകുപ്പും ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യയും ചേർന്ന് കുടുംബശ്രീ ജീവൻ ദീപം ഒരുമ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നു. 2025-26 സാമ്പത്തിക വർഷത്തിൽ 13.7 ലക്ഷം അംഗങ്ങൾ ഈ പദ്ധതിയിൽ ചേർന്നു. 2016 മുതൽ അയൽക്കൂട്ടങ്ങൾക്ക് സാമ്പത്തിക പിന്തുണ

നൽകുന്നതിന്റെ ഭാഗമായി, കഴിഞ്ഞ പത്ത് വർഷത്തിനിടെ 50,286 അയൽക്കൂട്ടങ്ങൾക്കായി ആകെ 75.1 കോടി രൂപ റിവോൾവിംഗ് ഫണ്ടായി അനുവദിച്ചു. കൂടാതെ, 'വൾനറബിലിറ്റി റിഡക്ഷൻ ഫണ്ടായി' എ.ഡി.എസുകൾക്ക് 48.4 കോടി രൂപയും നൽകിയിട്ടുണ്ട്.

**സൂക്ഷ്മ സംരംഭങ്ങൾ**: കുടുംബശ്രീയുടെ സൂക്ഷ്മ സംരംഭങ്ങൾ കേരളത്തിലെ സ്ത്രീകൾ നയിക്കുന്ന ഉപജീവന വികസനത്തിന്റെ വ്യാപ്തിയും വൈവിധ്യവും വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നു. പ്രത്യാശ മൈക്രോ എന്റർപ്രൈസസ്, തീരദേശ സൂക്ഷ്മ സംരംഭങ്ങൾ, കഫേ സംരംഭങ്ങൾ, പി.എം.എഫ്.എം.ഇ പിന്തുണയുള്ള യൂണിറ്റുകൾ എന്നിവയ്ക്ക് പുറമെ സാന്ത്വനം, കെ ഫോർ കെയർ തുടങ്ങിയ സാമൂഹിക സേവന പദ്ധതികളെയും മിഷൻ പ്രോത്സാഹിപ്പിക്കുന്നു. സാന്ത്വനം വോളന്റിയർമാർ, അമൃതം ന്യൂട്രിമിക്സ് യൂണിറ്റുകൾ തുടങ്ങിയ ചില മേഖലകളിൽ പുതിയ കൂട്ടിച്ചേർക്കലുകൾ പരിമിതമാണെങ്കിലും, മറ്റ് പല പദ്ധതികളും ഗണ്യമായ വളർച്ച രേഖപ്പെടുത്തിയിട്ടുണ്ട്. അതുപോലെ തന്നെ, സംയോജിത പദ്ധതികളുടെ ഭാഗമായുള്ള കഫേ അധിഷ്ഠിത സംരംഭങ്ങൾ, പ്രീമിയം കഫേകൾ, പി.എം.എഫ്.എം.ഇ പിന്തുണയുള്ള യൂണിറ്റുകൾ, ഇ-സേവന കേന്ദ്രങ്ങൾ എന്നിവ ഗ്രാമീണ-നഗര മേഖലകളിൽ കുടുംബശ്രീയുടെ സാന്നിധ്യം കൂടുതൽ ശക്തിപ്പെടുത്തി.

കേരളത്തിന്റെ സമഗ്ര വികസന ശ്രമങ്ങളുടെ ഭാഗമായി, സംസ്ഥാനത്തുടനീളം സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിലും ശേഷിവർദ്ധിപ്പിക്കുന്നതിലും സ്റ്റാർട്ട്-അപ്പ് വില്ലേജ് എൻട്രപ്രണർഷിപ്പ് പ്രോഗ്രാം (എസ്.വി.ഇ.പി) അംബ്രല്ല പ്രോജക്റ്റുകൾ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. എസ്.വി.ഇ.പി മുഖേന 45,369 സംരംഭങ്ങൾ ഇതുവരെ സ്ഥാപിതമായി. ഇതിൽ 27,436 യൂണിറ്റുകൾക്കായി 138 കോടി രൂപയുടെ 'കമ്മ്യൂണിറ്റി എന്റർപ്രൈസ് ഫണ്ട്' സഹായം നൽകി. കൂടാതെ, പ്രളയബാധിതമായ 14 ബ്ലോക്കുകളിൽ സാമ്പത്തിക പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിക്കാൻ 'റീബിൽഡ് കേരള ഇനിഷ്യേറ്റീവ്' വഴി 20,529 പുതിയ സംരംഭങ്ങൾ രൂപീകരിച്ചു. സംരംഭങ്ങളുടെ വളർച്ച വേഗത്തിലാക്കാൻ നാല് ബ്ലോക്കുകളിലായി വൺ സ്റ്റോപ്പ് ഫെസിലിറ്റി സെന്റർ വഴി 600 യൂണിറ്റുകൾ നവീകരിക്കാനായി പ്രവർത്തിച്ചു വരുന്നു. ഐ.ഐ.എം.കെ-ലൈവുമായി സഹകരിച്ച് നടപ്പാക്കുന്ന ഇൻകുബേറ്റർ പ്രോഗ്രാം വഴി 14 ജില്ലകളിൽ നിന്ന് മികച്ച സാധ്യതകളുള്ള 150 സംരംഭങ്ങളെ വളർച്ചാധിഷ്ഠിത ബിസിനസ്സുകളായി മാറ്റാൻ സഹായിച്ചു. ഇതിന് പുറമെ, സൂക്ഷ്മ സംരംഭ വികസന പദ്ധതി വഴി 10 ജില്ലകളിലായി 2,010 പുതിയ സംരംഭങ്ങൾ സ്ഥാപിക്കുന്നതിന് പിന്തുണ നൽകി. എല്ലാവരെയും ഉൾക്കൊള്ളുന്നതും സുസ്ഥിരവുമായ കേരളത്തിന്റെ സാമ്പത്തിക വികസന ലക്ഷ്യങ്ങൾക്ക് ഈ പദ്ധതികൾ വലിയ സംഭാവനയാണ് നൽകുന്നത്.

2025 നവംബർ 1 വരെയുള്ള കണക്കുകൾ പ്രകാരം, 1,78,864 സൂക്ഷ്മ സംരംഭങ്ങൾ പ്രവർത്തനക്ഷമമാണ്. ഇതിൽ 2025-26 വർഷത്തിൽ ആരംഭിച്ച 15,868 പുതിയ സംരംഭങ്ങളും ഉൾപ്പെടുന്നു. ആകെ 3,42,802 അംഗങ്ങൾ ഈ സംരംഭങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു. ഇവയിൽ




**ചിത്രം 19.1** 2016 – 17 മുതൽ 2024 – 25 വരെ കുടുംബശ്രീയുടെ കീഴിൽ സ്ഥാപിതമായ മൈക്രോ സംരംഭങ്ങളുടെ എണ്ണം

*അവലംബം: കുടുംബശ്രീ*

1,24,909 വ്യക്തിഗത സംരംഭങ്ങളും 53,955 ഗ്രൂപ്പ് സംരംഭങ്ങളും ഉൾപ്പെടുന്നു. ഉത്പാദന മേഖലയിൽ 78,324 സംരംഭങ്ങൾ, സേവന മേഖലയിൽ 54,339 സംരംഭങ്ങൾ, വ്യാപാര മേഖലയിൽ 46,741 സംരംഭങ്ങൾ എന്നിങ്ങനെ വ്യാപിച്ചുകിടക്കുന്നു. കുടുംബശ്രീയുടെ ഈ സംരംഭക ശൃംഖലയിൽ 2,104 പ്രത്യാശ സംരംഭങ്ങൾ, 2,368 തീരദേശ സംരംഭങ്ങൾ, 6 പൊതു സൗകര്യ കേന്ദ്രങ്ങൾ, 462 സാന്ത്വനം വോളന്റിയർമാർ, 288 ബ്രാൻഡഡ് കഫേ കുടുംബശ്രീ ഔട്ട്‌ലെറ്റുകൾ, 14 പ്രീമിയം കഫേകൾ എന്നിവയും ഉൾപ്പെടുന്നു. കൂടാതെ, പിന്തുണാ ഉദ്യമങ്ങളിൽ 31 മൈക്രോ എന്റർപ്രൈസ് റിസോഴ്സ് സെന്ററുകൾ (എം.ഇ.ആർ.സി), 5,239 ഇൻസ്പയർ മീ ഇൻഷുറൻസ് സംരംഭങ്ങൾ (18,772 സംരംഭകർക്ക് ഗുണഫലം ലഭിച്ചു), 241 അമൃതം ന്യൂട്രിമിക്സ് യൂണിറ്റുകൾ, 3,109 പി.എം.എഫ്.എം.ഇ സംരംഭങ്ങൾ എന്നിവയും പ്രവർത്തിച്ചുവരുന്നു. പ്രവാസി ഭദ്രത (പേൾ) പദ്ധതിയുടെ കീഴിൽ 56.2 കോടി രൂപ ലഭ്യമാക്കുകയും അതുവഴി 4,518 സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്തു.

കൂടാതെ, സംസ്ഥാനത്താകെ 2,982 അംഗങ്ങൾ ഉൾപ്പെടുന്ന 723 ജനകീയ ഹോട്ടലുകൾ, 37,000 ഹരിത കർമ്മ സേന എന്നിവ പ്രവർത്തിച്ചു വരുന്നു. വിവിധ വകുപ്പുകളുമായുള്ള സംയോജിത പദ്ധതികളുടെ ഭാഗമായി മോട്ടോർ വാഹന വകുപ്പിന് കീഴിൽ 51 ഇ-സേവന കേന്ദ്രങ്ങളും, വിവിധ സർക്കാർ ഓഫീസുകളിലായി കുടുംബശ്രീ നിയന്ത്രിക്കുന്ന 343 കാന്റീനുകളും പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമെ, 605 'കെ ഫോർ കെയർ' എക്സിക്യൂട്ടീവുകളും പുതിയ സംരംഭങ്ങളെ പിന്തുണയ്ക്കുന്നതിനായി 5 ഇൻകുബേഷൻ ഹബ്ബുകളും ഈ മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുന്നു.

**കൃഷി**: കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടെ കേരളത്തിന്റെ കാർഷിക മേഖലയിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരാനും ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനും കുടുംബശ്രീക്ക് സാധിച്ചിട്ടുണ്ട്. 2025 ഡിസംബർ 31 വരെയുള്ള കണക്കുകൾ പ്രകാരം, ഭക്ഷ്യസുരക്ഷയും സ്വയംപര്യാപ്തതയും ലക്ഷ്യമിട്ടുള്ള പ്രത്യേക ഉപജീവന പദ്ധതിയിൽ 99,259 കർഷക സംഘങ്ങൾ സജീവമായി പ്രവർത്തിക്കുന്നു. സംസ്ഥാനത്തുടനീളം 4,52,912 വനിതാ കർഷകർ ചേർന്ന് 24,153 ഹെക്ടർ ഭൂമിയിൽ കൃഷി നടത്തിവരുന്നു. സാമൂഹികാധിഷ്ഠിത, കാർഷിക വാണിജ്യ ശൃംഖലകൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 1,243 പ്രൊഡ്യൂസർ സംഘങ്ങളിലൂടെ 26,704 വനിതകൾ, ഉൽപ്പന്നങ്ങളുടെ ശേഖരണം, സംസ്കരണം, വിപണനം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്നു. പ്രാദേശിക വിപണനം സുഗമമാക്കുന്നതിനും ഉൽപ്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുന്നതിനുമായി 42,755 സംയുക്ത ബാധ്യതാ സംഘങ്ങളുടെ (ജെ.എൽ.ജി) പങ്കാളിത്തത്തോടെ 19,944 നാട്ടുചന്തകൾ സംഘടിപ്പിച്ചു. മൂല്യവർദ്ധിത സംരംഭങ്ങളുടെ മേഖലയിലും വലിയ വളർച്ചയാണുണ്ടായത്. 2025 ഫെബ്രുവരി 1-ലെ കണക്കനുസരിച്ച്, 1,245 വനിതാ സംരംഭകർ ചേർന്ന് 256 ഇടത്തരം മൂല്യവർദ്ധിത യൂണിറ്റുകളും, 2,265 സംരംഭകർ ചേർന്ന് 1,090 ചെറുകിട മൂല്യവർദ്ധിത യൂണിറ്റുകളും നടത്തിവരുന്നു. ഇത് മുഖാന്തിരം കാർഷിക മേഖലയിൽ വൈവിധ്യമാർന്ന കൃഷി-അധിഷ്ഠിത വരുമാന സ്രോതസ്സുകൾ സൃഷ്ടിക്കപ്പെടുന്നു.

2025 ഡിസംബർ 31-ലെ കണക്കനുസരിച്ച്, നിരവധി പുതിയ പദ്ധതികൾ ശ്രദ്ധേയമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. വീട്ടുവളപ്പിലെ ഭക്ഷ്യ ഉത്പാദനവും ആരോഗ്യകരമായ ഭക്ഷണരീതികളും പ്രോത്സാഹിപ്പിക്കാനായി ആരംഭിച്ച 'അഗ്രി ന്യൂട്രി ഗാർഡൻ' കാമ്പെയിനിലൂടെ 5,369 ഏക്കറിലായി 1,86,935 തോട്ടങ്ങൾ സ്ഥാപിക്കുകയും 1,93,374 കുടുംബങ്ങളെ പദ്ധതിയുടെ ഭാഗമാക്കുകയും ചെയ്തു. വിവിധ ജില്ലകളിലായി നടപ്പിലാക്കിയ 125 സംയോജിത കൃഷി ക്ലസ്റ്ററുകളിലൂടെ 37,500 വനിതാ കർഷകർക്ക് വരുമാനവും തൊഴിലും ലഭിച്ചു. ഇത് കാലാവസ്ഥാ വ്യതിയാനങ്ങളെ പ്രതിരോധിക്കാൻ ശേഷിയുള്ള അവരുടെ ഉപജീവനമാർഗ്ഗങ്ങളെ കൂടുതൽ ശക്തിപ്പെടുത്തി. കാർഷിക പുരോഗതിക്കായി സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി, 'കുടുംബശ്രീ ടെക്നോളജി അഡ്വാൻസ്മെന്റ് പ്രോഗ്രാം' വഴി പ്രമുഖ കാർഷിക ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഒരു കേന്ദ്രീകൃത സാങ്കേതിക വിദ്യാലയം രൂപീകരിച്ചു. ഇത് ഉൽപ്പാദന ക്ഷമതയും ഗുണനിലവാരവും വർദ്ധിപ്പിക്കുന്നതിന് ആധുനിക രീതികൾ സ്വീകരിക്കാൻ സംരംഭങ്ങളെ സഹായിക്കുന്നു. ഇത്തരത്തിലുള്ള ഇടപെടലുകളിലൂടെ, കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടെ എല്ലാവരെയും ഉൾക്കൊള്ളുന്നതും സുസ്ഥിരവുമായ ഒരു വനിതാധിഷ്ഠിത കാർഷിക വ്യവസ്ഥിതി കെട്ടിപ്പെടുത്താൻ കുടുംബശ്രീയ്ക്ക് സാധിച്ചു.

**മൃഗസംരക്ഷണ പ്രവർത്തനങ്ങൾ**: മൃഗസംരക്ഷണ വകുപ്പുമായി സഹകരിച്ച് കുടുംബശ്രീ മൃഗസംരക്ഷണ അധിഷ്ഠിത ഉപജീവന മേഖലയെ ഗണ്യമായി ശക്തിപ്പെടുത്തിയിട്ടുണ്ട്. ക്ഷീരസാഗരം, ആടുഗ്രാമം എന്നീ പദ്ധതികളിലൂടെ വലിയ തോതിലുള്ള സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. 2025 നവംബർ-1 ലെ കണക്കനുസരിച്ച്, കുടുംബശ്രീയുടെ മൃഗസംരക്ഷണ ഉപജീവന പരിപാടി 14 ജില്ലകളിലും 152 ബ്ലോക്കുകളിലും 941 പഞ്ചായത്തുകളിലുമായി വ്യാപിച്ച് 2,17,739 സജീവ മൃഗസംരക്ഷണ യൂണിറ്റുകളിലൂടെ 4,43,993 ഗുണഭോക്താക്കൾക്ക് പ്രയോജനം നൽകുന്നു. കോഴി വളർത്തൽ മേഖലയിൽ അംഗീകൃത യൂണിറ്റുകൾ വഴി 975 കർഷകർക്ക് പിന്തുണ നൽകിയപ്പോൾ ആട് വളർത്തൽ മേഖലയിൽ 4,616 യൂണിറ്റുകൾക്കും (13,664 ഗുണഭോക്താക്കൾ), പശു വളർത്തൽ മേഖലയിൽ 3,909 യൂണിറ്റുകൾക്കും (11,669 ഗുണഭോക്താക്കൾ) സബ്സിഡി പദ്ധതികളിലൂടെ സജീവ സഹായം നൽകി. കമ്മ്യൂണിറ്റി എന്റർപ്രൈസ് ഫണ്ട് (സി.ഇ.എഫ്) വഴിയുള്ള പിന്തുണയും ശക്തമായി തുടരുന്നു. ഗ്രാമീണ മേഖലയിലെ 863 സി.ഡി.എസുകൾക്കായി 35.5 കോടി രൂപയും (18,909 ഗുണഭോക്താക്കൾ), നഗരമേഖലയിലെ 112 സി.ഡി.എസുകൾക്കായി 5.1 കോടി രൂപയും (1,822 ഗുണഭോക്താക്കൾ) ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, 123 സംരംഭകർ ഉൾപ്പെടുന്ന 47 മൂല്യവർദ്ധിത യൂണിറ്റുകൾ പ്രവർത്തിക്കുന്നു. 30,083 അംഗങ്ങളുള്ള 598 മൃഗസംരക്ഷണ ക്ലസ്റ്ററുകളും ഫീൽഡ് തലത്തിൽ 4,321 മൃഗസംരക്ഷണ സി.ആർ.പിമാരും സജീവമാണ്. ആകെ, 3082 ഗുണഭോക്താക്കൾ ഉൾപ്പെടുന്ന, 550 ഉൽപാദക സംഘങ്ങൾക്ക്

പ്രോത്സാഹനം നൽകിയിട്ടുണ്ട്. ഇതിൽ പദ്ധതിയുടെ ആഴവും പ്രാപ്തിയും പ്രതിഫലിക്കുന്നു. കുടുംബശ്രീയുടെ കെ-ലിഫ്റ്റ് ഉപജീവന കാമ്പെയിന്റെ ഭാഗമായി 1,00,825 കുടുംബങ്ങൾ മൃഗസംരക്ഷണത്തിലൂടെ വരുമാനം ഉറപ്പാക്കി. ആറ് ജില്ലകളിൽ മത്സ്യബന്ധന ക്ലസ്റ്ററുകൾ ആരംഭിക്കുകയും, കൂട്ടായ പ്രവർത്തനങ്ങളും ശേഷി വികസനവും ശക്തിപ്പെടുത്തുന്നതിനായി 492 കൃഷി ക്ലസ്റ്ററുകൾ വികസിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

**കേരള ചിക്കൻ പദ്ധതി**: അയൽസംസ്ഥാനങ്ങളിൽ നിന്നുള്ള കോഴിയിറച്ചി ഇറക്കുമതിയെ ആശ്രയിക്കുന്നത് കുറയ്ക്കാനും സുരക്ഷിതവും ശുചിത്വമുള്ളതുമായ കോഴിയിറച്ചി ലഭ്യമാക്കാനും സർക്കാർ പിന്തുണയോടെ രൂപകൽപന ചെയ്ത വികേന്ദ്രീകൃത ബിസിനസ് മാതൃകയാണ് കേരള ചിക്കൻ പദ്ധതി. കുടുംബശ്രീ വനിതാ സംരംഭകർ വഴി പ്രവർത്തിക്കുന്ന പ്രാദേശിക നിയന്ത്രിത ചെറുകിട കോഴി വളർത്തൽ കേന്ദ്രങ്ങളെയും ബ്രാൻഡഡ് റീട്ടെയിൽ ഔട്ട്ലെറ്റുകളെയും ഈ പദ്ധതി പ്രോത്സാഹിപ്പിക്കുന്നു. പരിശീലനം, സാങ്കേതിക സഹായം മുതൽ കോഴികുഞ്ഞുങ്ങളുടെയും തീറ്റയുടെയും വിതരണം, തിരിച്ചു വാങ്ങൽ സംവിധാനം എന്നിവയുൾപ്പെടെയുള്ള സമഗ്രമായ പിന്തുണ ഈ സമൂഹ അധിഷ്ഠിത മാതൃകയെ വ്യാപകമായി സ്വീകരിക്കുവാൻ സഹായിച്ചു. 2025 നവംബർ-1 ലെ കണക്കനുസരിച്ച്, കുടുംബശ്രീ ബ്രോയിലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് കേരളത്തിലുടനീളം ശക്തവും വിപുലവുമായ സാന്നിധ്യം ഉറപ്പിച്ചുകൊണ്ട് വിവിധ ജില്ലകളിലായി 498 കോഴിവളർത്തൽ ഫാമുകളും 152 ബ്രാൻഡഡ് റീട്ടെയിൽ ഔട്ട്ലെറ്റുകളും സ്ഥാപിച്ചിട്ടുണ്ട്. കോഴി വളർത്തലിലൂടെ കർഷകർക്ക് ഓരോ രണ്ട് മാസവും 2.5 ലക്ഷം രൂപ വരെയും, ഔട്ട്ലെറ്റുകൾ നടത്തുന്നവർക്ക് പ്രതിമാസം ശരാശരി ഒരു ലക്ഷം രൂപയും വരുമാനം ലഭിക്കുന്നു. തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, കോഴിക്കോട് ജില്ലകളിലാണ് പദ്ധതി ഏറ്റവും കാര്യക്ഷമമായി പ്രവർത്തിക്കുന്നത്. കൂടുതൽ ഫാമുകളും ഔട്ട് ലെറ്റുകളും ഉള്ളതിനാൽ സ്ഥിരമായ ഉൽപാദനവും സുഗമമായ വിതരണവും ഉറപ്പാക്കുകയും ഉപഭോക്താക്കൾക്ക് സുരക്ഷിതവും ശുചിത്വമുള്ളതുമായ കോഴിയിറച്ചി എളുപ്പത്തിൽ ലഭ്യമാക്കുകയും ചെയ്യുന്നു.

### വിപണന പ്രവർത്തനങ്ങൾ

2016-2025 കാലയളവിലെ കുടുംബശ്രീയുടെ വിപണന പാത, നയപരമായ പിന്തുണയുടെയും വികേന്ദ്രീകൃത നടത്തിപ്പിന്റെയും ബ്രാൻഡ് നിർമ്മാണത്തിന്റെയും ആസൂത്രിത സംയോജനമാണ് കാണിക്കുന്നത്. ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ, ഉൽപ്പന്നങ്ങളുടെ ഗുണനിലവാര ഏകീകരണം, നഗര വിപണികളുമായുള്ള ബന്ധം എന്നിവയ്ക്ക് തുടർച്ചയായി ഊന്നൽ നൽകുന്നതിലൂടെ, വരും വർഷങ്ങളിൽ ഈ പദ്ധതി കൂടുതൽ വളർച്ചയിലേക്കും ദേശീയ പ്രാധാന്യത്തിലേക്കും വളരാൻ സജ്ജമാണ്.

2025 നവംബർ 1-ലെ കണക്കനുസരിച്ച്, കുടുംബശ്രീയുടെ വിപണന മേഖലയ്ക്ക് കീഴിലുള്ള വനിതാ സംരംഭകർക്ക് മികച്ച വരുമാനം ഉറപ്പാക്കുന്ന വൈവിധ്യമാർന്ന പ്ലാറ്റ്ഫോമുകളായി ഉപജീവന പ്രവർത്തനങ്ങൾ മാറിയിരിക്കുന്നു. 2016-നും 2025-നും ഇടയിൽ, പ്രാദേശികമായ ഒറ്റപ്പെട്ട വിപണന രീതികളിൽ നിന്ന് മാറി ഓണം-വിഷു വിപണികൾ, പ്രതിമാസ ചന്തകൾ, വ്യാപാര മേളകൾ, ഭക്ഷ്യമേളകൾ, നാനോ മാർക്കറ്റുകൾ, കിയോസ്കുകൾ, കുടുംബശ്രീ സരസ് മേള എന്നിവ ഉൾപ്പെടുന്ന ഒരു ബഹുതല വിപണന തന്ത്രത്തിലേക്ക് കുടുംബശ്രീ ചുവടു വെച്ചിട്ടുണ്ട്. ചെറുകിട സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് സ്ഥിരതയുള്ള വിൽപ്പനയും പ്രചാരവും ഉറപ്പാക്കാൻ ഈ പരിപാടികൾ സഹായിക്കുന്നു. കേന്ദ്ര ഗ്രാമവികസന മന്ത്രാലയവുമായി സഹകരിച്ച് ഇതുവരെ 11 സരസ് മേളകൾ കുടുംബശ്രീ സംഘടിപ്പിച്ചിട്ടുണ്ട്. 2017 മുതലുള്ള സരസ് മേളകളിൽ നിന്നുള്ള ആകെ വിറ്റുവരവ് 97.4 കോടി രൂപയാണ്. കൂടാതെ ഹോം ഷോപ്പുകൾ, വിപണന ഔട്ട്ലെറ്റുകൾ, പിങ്ക് കഫേകൾ, കുടുംബശ്രീ ബസാർ, പോക്കറ്റ് മാർട്ട് ഓൺലൈൻ ഓർഡറുകൾ തുടങ്ങിയ സംരംഭങ്ങൾ ഗ്രാമീണ-നഗര മേഖലകളിലെ ഉപഭോക്താക്കളിലേക്ക് എളുപ്പം എത്താൻ സഹായിക്കുന്നു. വൈവിധ്യമാർന്ന വിപണന മാർഗങ്ങളിലൂടെ സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണം ഉറപ്പാക്കാനുള്ള കുടുംബശ്രീയുടെ പ്രതിബദ്ധതയാണ് ഈ പ്രവർത്തനങ്ങൾ പ്രതിഫലിപ്പിക്കുന്നത്.

### ശേഷി വികസന പ്രവർത്തനങ്ങൾ

വിവിധ സർക്കാർ പദ്ധതികൾക്ക് കീഴിലുള്ള നൈപുണ്യ വികസന പ്രവർത്തനങ്ങളിലൂടെ യുവാക്കളെയും സ്ത്രീകളെയും, പ്രത്യേകിച്ച് പിന്നാക്ക പശ്ചാത്തലത്തിലുള്ള വരെ ശാക്തീകരിക്കുന്നതിൽ കുടുംബശ്രീ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. ദീൻ ദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന വഴി 2016-നും 2025-നും ഇടയിൽ 86,000-ത്തിലധികം പേർക്ക് പരിശീലനം നൽകുകയും 56,000-ത്തിലധികം ഗുണഭോക്താക്കൾക്ക് തൊഴിൽ ലഭ്യമാക്കുകയും ചെയ്തു. ആശ്രയ ഗുണഭോക്താക്കൾ, പട്ടികജാതി വിഭാഗക്കാർ, അനാഥർ, കുടിയേറ്റക്കാർ തുടങ്ങിയ ദുർബല വിഭാഗങ്ങൾക്കായി പ്രത്യേക പരിശീലനങ്ങളും ഈ പദ്ധതി നൽകിയിട്ടുണ്ട്. റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി 60 കോടി രൂപ ബജറ്റിൽ അംഗീകരിച്ച 'യുവ കേരളം പദ്ധതി'യിലൂടെ 6,300-ലധികം വിദ്യാസമ്പന്നരായ യുവതികൾക്ക് പരിശീലനം നൽകുകയും 4,300 പേർക്ക് തൊഴിൽ ലഭ്യമാക്കുകയും ചെയ്തു. സാഗർമാല പദ്ധതി തീരദേശത്തെ 1,307 യുവാക്കൾക്ക് തുറമുഖവുമായി ബന്ധപ്പെട്ട നൈപുണ്യ പരിശീലനം നൽകുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചതിലൂടെ 479 പേർക്ക് ഈ മേഖലയിൽ തൊഴിൽ ലഭിച്ചു. കൂടാതെ, ബാങ്കുകളുമായും ഗ്രാമവികസന മന്ത്രാലയവുമായും സഹകരിച്ച് പ്രവർത്തിക്കുന്ന ഗ്രാമീണ സ്വയം തൊഴിൽ പരിശീലന സ്ഥാപനങ്ങൾ (ആർ.എസ്.ഇ.ടി.ഐ.എസ്) 1,58,000-ത്തിലധികം പേർക്ക് സ്വയം തൊഴിൽ നൈപുണ്യങ്ങളിൽ പരിശീലനം നൽകി. ഇതിൽ 1,10,000-ത്തിലധികം പേർ സ്വയം തൊഴിലിലൂടെയും വേതന അധിഷ്ഠിത തൊഴിൽ മേഖലയിലൂടെയും വരുമാനം കണ്ടെത്തുന്നു. സംസ്ഥാനത്തൊട്ടാകെ ഗ്രാമീണ യുവാക്കൾക്കും സ്ത്രീകൾക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കുമായി നൈപുണ്യ വികസനത്തിനും സംരംഭകത്വത്തിനും വലിയ അവസരങ്ങളാണ് ഈ പദ്ധതികൾ ഒരുക്കിയത്.

### സാമൂഹിക, സാമൂഹ്യാധിഷ്ഠിത പ്രവർത്തനങ്ങൾ

കുടുംബശ്രീയുടെ സാമൂഹികവും സാമൂഹ്യാധിഷ്ഠിതവുമായ പ്രവർത്തനങ്ങൾ സ്ത്രീകൾ, കുട്ടികൾ, പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾ എന്നിവരെ ശാക്തീകരിക്കുന്നതിനും അതോടൊപ്പം സാമൂഹിക പങ്കാളിത്തവും സാമൂഹിക ഐക്യദാർഢ്യവും ശക്തിപ്പെടുത്തുന്നതിനും ലക്ഷ്യമിടുന്നു.

**സാമൂഹ്യ സുരക്ഷ:** പാർശ്വവൽക്കരിക്കപ്പെട്ടവർ, നിരാലംബർ, ഭവനരഹിതർ, ഭിന്നശേഷിക്കാർ എന്നിവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കാൻ കുടുംബശ്രീ വിപുലമായ സാമൂഹിക സുരക്ഷാ പദ്ധതികൾ നടപ്പാക്കുന്നു. ഇതിൽ പ്രധാനപ്പെട്ട 'അഗതിരഹിത കേരളം' പദ്ധതിയിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യ വകുപ്പ്, സന്നദ്ധ സംഘടനകൾ എന്നിവയുമായി സഹകരിച്ച് 1,57,382 നിരാലംബ കുടുംബങ്ങൾക്ക് അടിസ്ഥാന പരിചരണവും പിന്തുണയും നൽകുന്നു. ഈ പ്രവർത്തനങ്ങളുടെ തുടർച്ചയായി, അതിദാരിദ്ര നിർമ്മാർജ്ജനപരിപാടിയിൽ,കുടുംബശ്രീകേന്ദ്രബിന്ദുവായി പ്രവർത്തിക്കുന്നു. കുടുംബശ്രീ ടീമുകൾ വീടുകൾ തോറും സന്ദർശനം നടത്തി ആവശ്യങ്ങൾ വിലയിരുത്തുകയും, ഉപജീവന പ്രവർത്തനങ്ങൾക്ക് താൽപര്യമുള്ള അംഗങ്ങളെ കണ്ടെത്തി അവർക്കായി പ്രത്യേക വ്യക്തിഗത പദ്ധതി നിർദ്ദേശങ്ങൾ തയ്യാറാക്കുകയും ചെയ്യുന്നു. പ്രത്യാശ, പ്രത്യേക ഉപജീവന പദ്ധതികൾ, കൃഷി-മൃഗസംരക്ഷണ സംരംഭങ്ങൾ, എസ്.വി.ഇ.പി, 'കമ്മ്യൂണിറ്റി എന്റർപ്രൈസ് ഫണ്ട്' തുടങ്ങിയ പദ്ധതികളിലൂടെ സാമ്പത്തിക സഹായം നൽകുകയും ചെയ്യുന്നു. ഇതിന്റെ ഫലമായി ഉജ്ജീവൻ, കാമ്പെയിൻ മുഖേന 4,341 വ്യക്തികൾക്ക് സ്ഥിരമായ ഉപജീവനമാർഗ്ഗം ഉറപ്പാക്കാൻ സാധിച്ചു.

**ബഡ്സ് സ്ഥാപനങ്ങളും, ബാലസഭയും**. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് സ്ഥാപിച്ച 378 കേന്ദ്രങ്ങളിലൂടെ 13,081 ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സമഗ്രമായ വിദ്യാഭ്യാസം, പുനരധിവാസം, തൊഴിൽ പരിശീലനം, മാനസിക പിന്തുണ എന്നിവ നൽകുന്നതിൽ കുടുംബശ്രീയുടെ ബഡ്സ് (Buds) സ്ഥാപനങ്ങൾ സുപ്രധാന പങ്ക് വഹിക്കുന്നു. കേരളത്തിന്റെ സാമൂഹിക സുരക്ഷാ ചട്ടക്കൂട് ശക്തിപ്പെടുത്താനായി, 2017-18 മുതൽ സർക്കാർ 283 പുതിയ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതിനായി വികസന പ്രവർത്തനങ്ങൾക്ക് 27 കോടി രൂപയും ഗതാഗതത്തിന് 5.5 കോടി രൂപയും അനുവദിച്ചു. കൂടാതെ നിരാമയ ഇൻഷുറൻസ്, ജീവനക്കാർക്കുള്ള പ്രത്യേക പരിശീലനം തുടങ്ങിയ പദ്ധതികളും നടപ്പാക്കുന്നു. ഭിന്നശേഷിക്കാരായ കുട്ടികളുടെ സാമൂഹിക ഉൾച്ചേർക്കൽ ലക്ഷ്യമിട്ട് തില്ലാന, അഗ്രി-തെറാപ്പി, ബഡ്സ് ഒളിമ്പിയ തുടങ്ങിയ പരിപാടികളും, 'ഇതൾ' എന്ന ബ്രാൻഡിന് കീഴിലുള്ള ഉപജീവന പദ്ധതികളും നടപ്പാക്കുന്നു. ഓഗസ്റ്റ് 16 'ബഡ്സ് ദിനമായി' ആചരിക്കുന്നത് വഴി ഈ കുട്ടികൾക്ക് സമൂഹത്തിൽ കൂടുതൽ ദൃശ്യപരതയും അംഗീകാരവും ഉറപ്പാക്കാൻ സാധിക്കുന്നു.

കുടുംബശ്രീയുടെ ബാലസഭ പ്ലാറ്റ്ഫോം വിവിധ പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ സമഗ്ര വികസനം, സാമൂഹിക അവബോധം, നൈപുണ്യ വികസനം എന്നിവ പ്രോത്സാഹിപ്പിക്കുന്നു. ഏറ്റവും പുതിയ കണക്കുകൾ പ്രകാരം, കേരളത്തിൽ ആകെ 31,612 ബാലസഭകൾ നിലവിലുണ്ട്. ഇവയിൽ 4,59,151 അംഗങ്ങളാണുള്ളത്. ഇതിൽ 2,13,943 ആൺകുട്ടികളും 2,45,208 പെൺകുട്ടികളും ഉൾപ്പെടുന്നു.

ശുചിത്വോത്സവം കാമ്പെയിൻ മാലിന്യ സംസ്കരണം സംബന്ധിച്ച് കുട്ടികൾക്ക് അവബോധം നൽകുമ്പോൾ ദുരന്ത സജ്ജതയിലും പാരിസ്ഥിതിക അതിജീവനത്തിലും കുട്ടികളെ സജ്ജരാക്കാൻ സജ്ജം-സുകൃതരാവാം പദ്ധതി വഴി പരിശീലനം നൽകുന്നു. ജില്ലാതല പ്രവർത്തനങ്ങളും ബാല പാർലമെന്റും കുട്ടികളിലെ സർഗ്ഗാത്മകത, പ്രശ്ന പരിഹാര ശേഷി, നേതൃപാടവം എന്നിവ വളർത്തിയെടുക്കുന്നു. മൈൻഡ് ബ്ലോവേഴ്സ്, ലിയോറ ഫെസ്റ്റ് തുടങ്ങിയ പരിപാടികൾ കുട്ടികളുടെ തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുകയും നവീന ആശയങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. തിരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്ക് ഫെലോഷിപ്പുകൾ നൽകുന്നത് വഴി, കുട്ടികളെ ശാക്തീകരിക്കുന്നതിനും അവരിൽ സാമൂഹിക ഉത്തരവാദിത്തം വളർത്തുന്നതിനും ലക്ഷ്യമിട്ടുള്ള സമഗ്രമായ ഒരു സമീപനമാണ് കുടുംബശ്രീ സ്വീകരിക്കുന്നത്.

**പട്ടികവർഗ്ഗ വികസനം**: പട്ടികവർഗ്ഗ മേഖലകളിൽ 2016-17 കാലയളവിൽ പ്രത്യേക ഇടപെടലുകൾ ആരംഭിച്ചു. കഴിഞ്ഞ ഒരു ദശകത്തിൽ, കുടുംബശ്രീ, പട്ടികവർഗ്ഗ വിഭാഗക്കാരുടെ ജീവിത നിലവാരം ഉയർത്തുന്നതിലും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് സംയോജിപ്പിക്കുന്നതിലും പുരോഗതി കൈവരിച്ചു. 2025 ജൂലൈ 1 ലെ കണക്ക് പ്രകാരം, 7,135 പ്രത്യേക പട്ടികവർഗ്ഗ അയൽക്കൂട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. 1,24,904 അംഗങ്ങളോടൊപ്പം, അതിൽ 3,321 സ്വയംപര്യാപ്ത അയൽക്കൂട്ടങ്ങൾ ഉൾപ്പെടുന്നു. കൂടാതെ, 742 സൂക്ഷ്മ സംരംഭങ്ങളും 508 വ്യക്തിഗത സൂക്ഷ്മ സംരംഭങ്ങളും, 4,094 പട്ടികവർഗ്ഗ അയൽക്കൂട്ടങ്ങളും പ്രവർത്തിക്കുന്നു. 6,311 അയൽക്കൂട്ടങ്ങൾക്ക് കോർപ്പസ് ഫണ്ട് സഹായവും ലഭിക്കുന്നുണ്ട്. സാമൂഹിക ശേഷിവികസന പ്രവർത്തനങ്ങൾക്കായി 2,015 പട്ടികവർഗ്ഗ ബാലസഭകൾ (25,245 അംഗങ്ങൾ), 112 കൗമാരക്കാരുടെ ക്ലബുകൾ, 629 യുവജനക്ലബുകൾ, 378 റിസോഴ്സ് പേഴസൺസിന് ഹാംലെറ്റ് വികസന പദ്ധതികൾ തയ്യാറാക്കുന്നതിൽ പരിശീലനം, 3 പട്ടികവർഗ്ഗ പരിശീലന ഗ്രൂപ്പുകൾ എന്നിവ പ്രവർത്തിക്കുന്നു. വിദ്യാഭ്യാസവും ഉപജീവന പിന്തുണയും ശക്തിപ്പെടുത്തുന്നതിനായി, 499 ബ്രിഡ്ജ് കോഴ്സുകൾ വഴി 7,884 വിദ്യാർത്ഥികൾക്ക് ഗുണം ലഭിച്ചിട്ടുണ്ട്, 356 പരമ്പരാഗത സംരംഭങ്ങൾ, 1,613 ഉപജീവന അധിഷ്ഠിത മൃഗസംരക്ഷണ യൂണിറ്റുകളും സജീവമാണ്. ഇതിലൂടെ പട്ടികവർഗ്ഗ ശാക്തീകരണത്തിനും സുസ്ഥിര വികസനത്തിനുമുള്ള സമഗ്രമായ സമീപനം പ്രതിഫലിപ്പിക്കുന്നു.

പട്ടികവർഗ്ഗക്കാർക്കിടയിൽ സംരംഭകത്വം, കല, വിദ്യാഭ്യാസം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിലും കുടുംബശ്രീ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്. വനസുന്ദരി ചിക്കൻ, മുളയരി പായസം, വൻ ധൻ, ഗാന്ധേ, ആദി കുടഗ, കൊക്കോ, വെളിച്ചെണ്ണ, കാപ്പി തുടങ്ങിയ തനത് ഉൽപ്പന്നങ്ങൾ ബ്രാൻഡ് ചെയ്യുകയും പ്രത്യേകിച്ച്

എറണാകുളം കേന്ദ്രീകരിച്ച് വിപണനം നടത്തുകയും ചെയ്തു. പ്രാക്തന ഗോത്ര വിഭാഗങ്ങളിൽ നിന്നുള്ള കുട്ടികൾക്ക് ഷോർട്ട് ഫിലിം നിർമ്മാണത്തിൽ പരിശീലനം നൽകി. അവരുടെ സൃഷ്ടികൾ 2024-25 'കനസ് ജഗ' കുട്ടികളുടെ ചലച്ചിത്രോത്സവത്തിൽ പ്രദർശിപ്പിക്കുകയും ഏഷ്യ ടാലന്റ് റെക്കോർഡ് കരസ്ഥ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമൊപ്പം ചെറുകിട സംരംഭങ്ങളുടെ സാധ്യതകൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് 'ജനഗത്സ' പോലുള്ള പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നത്. വിദ്യാഭ്യാസം, തൊഴിൽ, ഡിജിറ്റൽ സാക്ഷരത എന്നിവ മെച്ചപ്പെടുത്തുന്നതിനായി 'കമ്മ്യൂണിക്കോർ' പദ്ധതിയിലൂടെ ഇംഗ്ലീഷ് ഭാഷാ നൈപുണ്യ പരിശീലനം നൽകുന്നു. കൂടാതെ, കുടുംബശ്രീ ട്രൈബൽ എന്റർപ്രൈസസ് ആന്റ് ഇന്നൊവേഷൻ സെന്റർ ഗോത്രവർഗ്ഗ യുവാക്കൾക്കായി നൂതനമായ ഉപജീവന അവസരങ്ങൾ ഒരുക്കുന്നു. ഇത് അവരുടെ സുസ്ഥിരമായ സാമൂഹിക-സാമ്പത്തിക വികസനം ഉറപ്പാക്കുന്നു.

**അടിയന്തര പ്രതികരണ സേവനങ്ങൾ:** കേരളത്തിലുടനീളമുള്ള ദുരന്ത പ്രതികരണ പ്രവർത്തനങ്ങളിലും സാമൂഹിക അതിജീവനത്തിലും കുടുംബശ്രീ നിർണ്ണായക പങ്കുവഹിച്ചിട്ടുണ്ട്. കോവിഡ്-19 മഹാമാരിയുടെ സമയത്ത്, ഭക്ഷ്യസുരക്ഷ, പ്രാദേശിക സ്വയംപര്യാപ്തത, സാമൂഹിക പിന്തുണ എന്നിവ ഉറപ്പാക്കി. 22.5 ലക്ഷം അംഗങ്ങളുള്ള 1.9 ലക്ഷം ഗ്രൂപ്പുകൾ ഉൾക്കൊള്ളുന്ന ത്രിതല വാട്ട്സ് ആപ്പ് ശൃംഖല ഉപയോഗപ്പെടുത്തി "ബ്രേക്ക് ദ ചെയിൻ" പോലുള്ള ബോധവൽക്കരണ കാമ്പെയ്നുകൾ കുടുംബശ്രീ സംഘടിപ്പിച്ചു. കൂടാതെ, അയൽക്കൂട്ട വായ്പാ പദ്ധതികളിലൂടെ 45 ലക്ഷം കുടുംബങ്ങൾക്ക് സാമ്പത്തിക പിന്തുണ നൽകി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പായ്ക്കിംഗ് കേന്ദ്രങ്ങളിലും സാമൂഹിക അടുക്കളകളിലും സന്നദ്ധപ്രവർത്തകർ സജീവമായി ഇടപെടുകയും, ക്വാറന്റൈനിൽ ഉള്ളവർക്കും സമൂഹത്തിലെ ഏറ്റവും ദുർബ്ബല വിഭാഗങ്ങൾക്കും ഭക്ഷണം എത്തിക്കുകയും ചെയ്തു. കുടുംബശ്രീ യൂണിറ്റുകൾ വളരെ വേഗത്തിൽ 18.5 ലക്ഷം തുണി മാസ്കുകളും 4,492.9 ലിറ്റർ സാനിറ്റൈസറും നിർമ്മിച്ചു. 'ആശ്രയ', 'സ്നേഹിത കോളിംഗ് ബെൽ' പദ്ധതികളിലൂടെ വയോജനങ്ങളുടെ ക്ഷേമം പതിവായി നിരീക്ഷിക്കുകയും അവർക്ക് മാനസികാരോഗ്യ പിന്തുണ നൽകുകയും ചെയ്തു. 16,268-ലധികം ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ (ജെ.എൽ.ജി), ജില്ലാ മിഷൻ ടീമുകളുമായും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായും ചേർന്ന് സാമൂഹിക അടുക്കളകളിലേക്ക് ആവശ്യമായ ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്തു.

2018-ലെ കേരളത്തിലെ മഹാപ്രളയസമയത്ത്, കുടുംബശ്രീയുടെ അയൽക്കൂട്ടങ്ങളും ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളും സന്നദ്ധപ്രവർത്തകരും രക്ഷാപ്രവർത്തനങ്ങളിലും പുനരധിവാസ പ്രവർത്തനങ്ങളിലും സജീവമായി പങ്കെടുത്തു. സാമൂഹിക അടുക്കളകളുടെ ഏകോപനം, അവശ്യസാധനങ്ങളുടെ വിതരണം, താൽക്കാലിക അഭയകേന്ദ്രങ്ങൾക്കുള്ള പിന്തുണ, നാശനഷ്ടങ്ങളുടെ വിലയിരുത്തൽ എന്നിവയ്ക്കൊപ്പം ചെറുകിട സംരംഭങ്ങൾക്കും സാമ്പത്തിക സഹായങ്ങൾക്കും പിന്തുണ നൽകിക്കൊണ്ട് ഉപജീവനമാർഗങ്ങൾ പുനഃസ്ഥാപിക്കാനും കുടുംബശ്രീ മുൻകൈ എടുത്തു. സമാനമായ രീതിയിൽ, 2022-ലെ മേപ്പാടി ഉരുൾപൊട്ടൽ സമയത്ത് വയനാട്ടിലെ ദുരിതാശ്വാസ-പുനരധിവാസ പ്രവർത്തനങ്ങളിൽ കുടുംബശ്രീ നിർണ്ണായക പങ്കുവഹിച്ചു. രക്ഷാപ്രവർത്തനങ്ങളിൽ സഹായിക്കുക, ഭക്ഷണവും അവശ്യസാധനങ്ങളും എത്തിക്കുക, അഭയകേന്ദ്രങ്ങൾ ഏകോപിപ്പിക്കുക, നാശനഷ്ടങ്ങൾ വിലയിരുത്താൻ സഹായിക്കുക, മാനസിക-സാമൂഹിക പിന്തുണ നൽകുക, ഉപജീവനമാർഗങ്ങൾ വീണ്ടെടുക്കുക എന്നിവയിൽ കുടുംബശ്രീ സജീവമായി പങ്കെടുത്തു. ഈ പ്രതിസന്ധികളിലുടനീളം, സാമൂഹിക വിഭവങ്ങൾ ഫലപ്രദമായി സമാഹരിക്കുന്നതിനും സർക്കാർ ഏജൻസികളുമായി ചേർന്ന് പ്രവർത്തിക്കുന്നതിനും സ്ത്രീകളുടെ നേതൃത്വത്തിലുള്ള തങ്ങളുടെ ശൃംഖലയെ പ്രയോജനപ്പെടുത്തുന്നതിനും കുടുംബശ്രീക്ക് സാധിച്ചു. ഇത് സാമൂഹിക ഐക്യദാർഢ്യം, അതിജീവനം, സാമൂഹികശാക്തീകരണം എന്നിവയുടെ ശക്തമായ മാതൃകയാണ് പ്രതിഫലിപ്പിക്കുന്നത്.

**ലിംഗനീതി പ്രവർത്തനങ്ങൾ**: കുടുംബശ്രീയുടെ ലിംഗനീതി ശാക്തീകരണ പ്രവർത്തനങ്ങൾ വിവിധ പദ്ധതികളിലൂടെ കമ്മ്യൂണിറ്റി പിന്തുണയും അവബോധവും ശക്തമാക്കിയിട്ടുണ്ട്. ഇതിനായി 40 പേടങ്ങുന്ന പ്രധാന ടീം, ജി.ആർ.പി (ജൻഡർ റിസോഴ്സ് പേഴ്സൺസ്), സി.ഡി.എസ് തലത്തിലുള്ള 1,070 പേർ, 476 കമ്മ്യൂണിറ്റി കൗൺസിലർമാർ, വിജിലാന്റ് ഗ്രൂപ്പുകളിലെ 19,370 അംഗങ്ങൾ എന്നിവർ പ്രവർത്തിക്കുന്നു. കൂടാതെ, 888 ജൻഡർ റിസോഴ്സ് സെന്ററുകൾ, 15 സ്നേഹിത ജൻഡർ ഹെൽപ്പ് ഡെസ്കുകൾ, 15 രംഗശ്രീ യൂണിറ്റുകൾ, സി.ഡി.എസിന്റെ നേതൃത്വത്തിലുള്ള 84 ക്രൈം മാപ്പിംഗ് പ്രവർത്തനങ്ങൾ, 610 ജൻഡർ ക്ലബ്ബുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. ഇത് സാമൂഹിക തലത്തിൽ ലിംഗസമത്വവും സുരക്ഷയും പ്രോത്സാഹിപ്പിക്കുന്നതിനുള്ള സമഗ്രമായ സമീപനം പ്രതിഫലിപ്പിക്കുന്നു. 2015-ൽ അട്ടപ്പാടിയിൽ ആരംഭിച്ച് സംസ്ഥാനമൊട്ടാകെ വ്യാപിച്ച ഫുഡ്, ന്യൂട്രിഷൻ , ഹെൽത്ത് ആൻഡ് വാഷ് (എഫ്.എൻ.എച്ച്.ഡബ്ല്യു) (FNHW) പദ്ധതി സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള ഭക്ഷണം, പോഷകാഹാരം, ആരോഗ്യം, ജലം, ശുചിത്വം എന്നിവ മെച്ചപ്പെടുത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. പോഷക മേളകൾ, ക്യാമ്പുകൾ, പരിശീലനങ്ങൾ എന്നിവയുൾപ്പെടെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെയും 'ഹാപ്പി കേരള' പദ്ധതിക്ക് കീഴിലുള്ള ഹാപ്പിനസ് സെന്ററുകളിലൂടെയും കേരളത്തിലുടനീളം സാമൂഹിക ക്ഷേമം വർദ്ധിപ്പിക്കുന്നതിൽ ഈ പ്രവർത്തനങ്ങൾ ലക്ഷ്യമിടുന്നു.

### ദീനദയാൽ അന്ത്യോദയ യോജന – ദേശീയ നഗര ഉപജീവന ദൗത്യം ( ഡി.എ.വൈ – എൻ.യു.എൽ.എം)

നഗര ഉപജീവനമാർഗ്ഗങ്ങൾക്കായുള്ള ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ദേശീയ നഗര ഉപജീവന ദൗത്യം (ഡി.എ.വൈ-എൻ.യു.എൽ.എം), ത്രിഫ്റ്റ്-ആൻഡ്-ക്രെഡിറ്റ് ഗ്രൂപ്പുകളുടെ രൂപീകരണവും ഫെഡറേഷനും, ക്രെഡിറ്റ് ലിങ്കേജ്, വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും സ്വയം തൊഴിൽ, നൈപുണ്യ വികസനം, തെരുവ് കച്ചവടക്കാർക്കുള്ള പിന്തുണ, നഗരങ്ങളിലെ ഭവനരഹി

തർക്കുള്ള അഭയം എന്നിവ ഇതിൽ ഉൾപ്പെടുന്നു. കുടുംബശ്രീ മിഷനാണ് ഈ പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയുടെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ കേരളം സ്ഥിരമായി മികച്ച പ്രകടനം കാഴ്ചവച്ചിട്ടുണ്ട്, കൂടാതെ എൻ.യു.എൽ.എം പദ്ധതിയുടെ സിസ്റ്റമാറ്റിക് പ്രോഗ്രസീവ് അനലിറ്റിക്കൽ റിയൽ ടൈം റാങ്കിങ്ങ് (എസ്.പി.എ.ആർ.കെ) അവാർഡ് ആരംഭിച്ചതു മുതൽ സ്ഥിരമായി മികച്ച മൂന്ന് സംസ്ഥാനങ്ങളിൽ ഒന്നായി സംസ്ഥാനം ഇടം നേടിയിട്ടുണ്ട്.

**ദീൻദയാൽ അന്ത്യോദയ യോജന ( ഡി.എ.വൈ – എൻ.ആർ.എൽ.എം)**

2012 മുതൽ ദേശീയ ഗ്രാമീണ ഉപജീവന ദൗത്യത്തിന് കീഴിലുള്ള അംഗീകൃത ദേശീയ വിഭവ കേന്ദ്രമായി പ്രവർത്തിക്കുന്ന കുടുംബശ്രീ, പഞ്ചായത്ത് ഭരണസംവിധാനങ്ങൾക്കും സ്ത്രീകളുടെ സ്വയംസഹായ സംഘങ്ങൾക്കും പ്രത്യേക ഊന്നൽ നൽകിക്കൊണ്ട് ഗ്രാമീണ ഉപജീവന ദൗത്യങ്ങൾക്കുള്ള ഒരു ദേശീയ പിന്തുണാ ഏജൻസിയായി സേവനമനുഷ്ഠിക്കുന്നു. കേരളത്തിലെ ഈ പദ്ധതിയുടെ സംസ്ഥാനതല നോഡൽ ഏജൻസി എന്ന നിലയിൽ ദാരിദ്ര്യനിർമ്മാർജ്ജനം, സാമ്പത്തിക ഉൾച്ചേർക്കൽ, ഉപജീവന പ്രോത്സാഹനം, നൈപുണ്യ വികസനം, സാമൂഹിക ശാക്തീകരണം എന്നിവ ലക്ഷ്യമിട്ടുള്ള വിവിധ പരിപാടികൾ കുടുംബശ്രീ നടപ്പാക്കുന്നു. നൈപുണ്യ പരിശീലനത്തിനും തൊഴിലിനുമായുള്ള ദീൻദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന, ഗ്രാമീണ സംരംഭങ്ങളെ പിന്തുണയ്ക്കുന്നതിനുള്ള സ്റ്റാർട്ട്-അപ്പ് വില്ലേജ് എന്റപ്രണർഷിപ്പ് പ്രോഗ്രാം, ലിംഗസമത്വത്തിലധിഷ്ഠിതമായ സുസ്ഥിര കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള മഹിളാ കിസാൻ സശാക്തീകരണ പരിയോജന തുടങ്ങിയ പ്രധാന പദ്ധതികളിലൂടെ സ്വയംപര്യാപ്തതയുള്ള ഗ്രാമീണ സമൂഹത്തെ കെട്ടിപ്പടുക്കാൻ കുടുംബശ്രീക്ക് സാധിക്കുന്നു.

**കേരളത്തിലെ നഗരവികസനം**

ഇന്ത്യയിൽ നഗരവികസനത്തിന് കേരളം ഒരു വ്യതിരിക്ത മാതൃക അവതരിപ്പിക്കുന്നു. തനതായ അധിവാസ രീതി (പ്രത്യേകിച്ച്, ഗ്രാമീണ നഗര തുടർച്ചയിൽ), ശക്തമായ പ്രാദേശിക ഭരണം, മാനവവികസനത്തോടുള്ള പ്രതിബദ്ധത എന്നിവയാലാണ് ഈ മാതൃക രൂപപ്പെട്ടിട്ടുള്ളത്. സംസ്ഥാനത്ത് നഗര-ഗ്രാമ വ്യത്യാസമില്ലാതെ ഏകീകൃത ജനവാസ ക്രമവും സംയോജിത പ്രവർത്തന രീതിയുമാണ് നിലവിലുള്ളത്. വ്യാവസായിക വളർച്ചയിലൂടെയല്ല, മറിച്ച് ജീവിത നിലവാരത്തിലെയും സാമൂഹിക അടിസ്ഥാന സൗകര്യങ്ങളിലെയും പുരോഗതിയാണ് കേരളത്തിലെ നഗര കേന്ദ്രങ്ങളുടെ വികസനത്തിന് പ്രധാനമായും കാരണമായത്.

പതിമൂന്ന്, പതിനാല് പഞ്ചവത്സര പദ്ധതി കാലയളവുകളിൽ കേരള സർക്കാർ നഗരവൽക്കരണത്തിനും നഗരാസൂത്രണത്തിനും വ്യക്തമായ സമീപനം കൈകൊണ്ടിരുന്നു. പതിമൂന്നാം പദ്ധതി നഗരവൽക്കരണം ഉയർത്തുന്ന പ്രശ്നങ്ങൾക്കും നഗരവികസനത്തിനായി സമഗ്രമായ ഒരു കർമ്മ പദ്ധതി വികസിപ്പിക്കുന്നതിനും ഉയർന്ന മുൻഗണന നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ, പതിനാലാം പദ്ധതി, കേന്ദ്ര പദ്ധതികളും ബാഹ്യ സഹായത്തോടെയുള്ള പദ്ധതികളും പ്രാദേശിക പദ്ധതികളുമായി സംയോജിപ്പിക്കുന്നതിനും അതുവഴി അടിസ്ഥാന സൗകര്യങ്ങൾ, പൗര സൗകര്യങ്ങൾ, പൗര സേവനങ്ങൾ എന്നിവ മെച്ചപ്പെടുത്തുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഏകോപിത ശ്രമങ്ങൾ ആവശ്യമാണെന്ന് തിരിച്ചറിഞ്ഞു. കേരളത്തിന്റെ സവിശേഷമായ ഗ്രാമ-നഗര തുടർച്ചയിൽ നഗരവൽക്കരണം കൈകാര്യം ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വ്യക്തമായ ഒരു സമീപനം സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയും സർക്കാർ ഊന്നിപ്പറഞ്ഞു. കൂടാതെ, സംസ്ഥാ സർക്കാരിന്റെ പിന്തുണയോടെ സ്ഥലപര ആസൂത്രണ സാങ്കേതികവിദ്യകളും രീതികളും നവീകരിക്കാനുള്ള ശ്രമങ്ങളും നടന്നു. കേരളത്തിൽ ഗ്രാമങ്ങളും നഗരങ്ങളും തമ്മിലുള്ള വ്യത്യാസം താരതമ്യേന കുറവായതിനാൽ, എല്ലാ പ്രദേശങ്ങളിലും സന്തുലിതമായ വികസനം ഉറപ്പാക്കാൻ നഗര വികസനത്തിന് മാസ്റ്റർപ്ലാനുകൾ തയ്യാറാക്കേണ്ടതിന്റെ പ്രാധാന്യവും പദ്ധതി അംഗീകരിച്ചു.

കഴിഞ്ഞ ദശകത്തിൽ കേരളത്തിൽ നഗരഭരണ സംവിധാനം, അടിസ്ഥാന സൗകര്യങ്ങൾ, ഭവന നിർമ്മാണം, സേവന വിതരണം എന്നിവ ഗണ്യമായ മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ടെന്ന് കണക്കുകളുടെ സൂക്ഷ്മ പരിശോധന വെളിപ്പെടുത്തുന്നു. കൂടുതൽ സമഗ്രവും സുസ്ഥിരവും കാലാവസ്ഥയെ പ്രതിരോധിക്കുന്നതുമായ ഒരു നഗര ഭാവിക്കായി സംസ്ഥാനം പരിശ്രമിക്കുമ്പോൾ, അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന വിഭവ വിഹിത വിന്യാസവും ദ്വിതീയ നഗരങ്ങളിലെ അടിസ്ഥാന സൗകര്യ വിടവുകളും പരിഹരിക്കാനുള്ള വെല്ലുവിളികൾ സംസ്ഥാനം നേരിടുന്നു. കഴിഞ്ഞ ദശകത്തിലെ കേരളത്തിന്റെ നഗര വികസനത്തിന്റെ പ്രധാന പ്രവണതകൾ, നേട്ടങ്ങൾ, മികച്ച രീതികൾ, തന്ത്രപരമായ ദിശകൾ എന്നിവ ഇവിടെ വിശകലനം ചെയ്യുന്നു.

**കേരളത്തിലെ നഗരവൽക്കരണ പ്രവണതകൾ: മാതൃകകളും വേഗതയും**

2011 ലെ സെൻസസ് പ്രകാരം കേരളത്തിലെ ജനസംഖ്യ 3.3 കോടിയും ശരാശരി ജനസാന്ദ്രത ഒരു ചതുരശ്ര കിലോമീറ്ററിന് 860 ആളുകളുമാണ്. 2021 ൽ കേരളത്തിലെ ജനസാന്ദ്രത ഒരു ചതുരശ്ര കിലോമീറ്ററിന് 913 ആളുകളായിരിക്കുമെന്ന് കണക്കാക്കപ്പെട്ടിരുന്നു, ഇത് ദേശീയ ശരാശരിയുടെ ഇരട്ടിയിലധികമാണ് (ഒരു ചതുരശ്ര കിലോമീറ്ററിന് 415 ആളുകൾ). സംസ്ഥാന ജനസംഖ്യ 2036 ആകുമ്പോഴേക്കും 3.7 കോടിയാകുമെന്ന് കണക്കാക്കപ്പെടുന്നു. ജനസാന്ദ്രതയിലും അതനുസരിച്ചുള്ള വർദ്ധനവുണ്ടാകും. സംസ്ഥാന നഗരവൽക്കരണ റിപ്പോർട്ട് (2011) അനുസരിച്ച്, കേരളത്തിലെ നഗര ജനസംഖ്യ വർദ്ധിക്കുന്നതിന്റെ പ്രധാന കാരണം, നിലവിലുള്ള നഗര കേന്ദ്രങ്ങളോട് ചേർന്നുകിടക്കുന്ന പ്രാന്തപ്രദേശങ്ങളുടെ നഗരവൽക്കരണം ഉൾപ്പെടെ നഗര സ്വഭാവമുള്ള പ്രദേശങ്ങളുടെ വ്യാപനമാണ്. ആകെ ജനസംഖ്യയിൽ നഗര ജനസംഖ്യയുടെ ശതമാനം 1980-കൾ മുതൽ വർദ്ധിക്കാൻ തുടങ്ങി (1981-ൽ 18.8 ശതമാനമായിരുന്നത് 1991-ൽ 26.4 ശതമാനമായി). 1991 ആയപ്പോഴേക്കും ഇത് ദേശീയ ശരാശരിയേക്കാൾ (25.7 ശതമാനം) കൂടുതലായി. സംസ്ഥാനത്തെ നഗര

ജനസംഖ്യ 2001-ലെ 26 ശതമാനത്തിൽ നിന്ന് 2011-ൽ 47.7 ശതമാനമായി അതിവേഗം വർദ്ധിച്ചു. ഇത് 2011-ലെ ഇന്ത്യയുടെ നഗരവൽക്കരണ തോതിനേക്കാളും (31.2 ശതമാനം) വളരെ കൂടുതലാണ്. കാർഷിക വൃത്തിയിൽ നിന്നും മറ്റു തൊഴിൽ രീതികളിലേക്കുണ്ടായ മാറ്റമാണ് ദ്രുതഗതിയിലുള്ള നഗരവൽക്കരണത്തിന്റെ പ്രധാന കാരണം. 1981-ൽ സംസ്ഥാനത്ത് ഒൻപത് നഗരസമുച്ചയങ്ങൾ (അർബൻ അഗ്ലോമറേഷൻസ്) മാത്രമാണുണ്ടായിരുന്നത്; 2011 ആയപ്പോഴേക്കും 19 എണ്ണമായി വർദ്ധിച്ചു

വേൾഡ് പോപ്പുലേഷൻ റിവ്യൂവിന്റെ 2024-ലെ 'ലോകത്തിലെ അതിവേഗം വളരുന്ന നഗരങ്ങൾ' എന്ന കണക്കുപ്രകാരം, 2015-2020 കാലയളവിൽ 44 ശതമാനം വളർച്ചാ നിരക്കോടെ മലപ്പുറം ജില്ല ആഗോളതലത്തിൽ ഏറ്റവും വേഗത്തിൽ വളരുന്ന നഗരസമുച്ചയമായി. ഇതേ കാലയളവിൽ കോഴിക്കോട് (34.5%), കൊല്ലം (31.1%), തൃശൂർ (30.2%) ജില്ലകൾ യഥാക്രമം 4, 10, 13 സ്ഥാനങ്ങൾ ആഗോളതലത്തിൽ കരസ്ഥമാക്കി. പരിഗണനാകാലയളവിൽ ലോകത്തെ ഏറ്റവും വേഗത്തിൽ വളരുന്ന പത്ത് നഗരസമുച്ചയങ്ങളിൽ മൂന്നെണ്ണവും കേരളത്തിലായിരുന്നു എന്നതാണ് ശ്രദ്ധേയം. കൂടാതെ, ഇന്ത്യയിലെ ഏറ്റവും വേഗത്തിൽ വളരുന്ന പത്ത് നഗരസമുച്ചയങ്ങളിൽ ആറെണ്ണവും കേരളത്തിലായിരുന്നു.

ഔദ്യോഗിക ജനസംഖ്യാ പ്രവചനങ്ങൾ കേരളത്തിൽ തുടർച്ചയുള്ളതും ത്വരിതവുമായ നഗരവൽക്കരണം പ്രതീക്ഷിക്കുന്നു. 2036 ആകുമ്പോഴേക്കും കേരളത്തിലെ നഗരവൽക്കരണത്തിന്റെ നിരക്ക് ഏകദേശം 96 ശതമാനമാകുമെന്ന് ഇത് സൂചിപ്പിക്കുന്നു.

2011-ലെ സെൻസസ് പ്രകാരം, സംസ്ഥാനത്തെ 1.6 കോടി വരുന്ന നഗര ജനസംഖ്യ 59 സ്റ്റാറ്റ്യൂട്ടറി ടൗണുകളിലും, 461 സെൻസസ് ടൗണുകളിലും, 16 ഔട്ട് ഗ്രോത്തുകളിലുമായി വ്യാപിച്ചു കിടക്കുന്നു. ഇവ ഇപ്പോഴും ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളുടെ ഭാഗമാണ്. മൊത്തത്തിൽ, സംസ്ഥാനത്തെ നഗര ജനസംഖ്യ 536 'നഗര' പ്രദേശങ്ങളിലായി വിന്യസിക്കപ്പെട്ടിരിക്കുന്നു.

2001 നും 2011 നും ഇടയിൽ സെൻസസ് പട്ടണങ്ങളുടെ എണ്ണത്തിലുണ്ടായ ഗണ്യമായ വർദ്ധനവിലും ദ്രുതഗതിയിലുള്ള നഗരവൽക്കരണം പ്രതിഫലിക്കുന്നു. 2001-ൽ കേരളത്തിൽ 99 സെൻസസ് ടൗണുകളും 60 സ്റ്റാറ്റ്യൂട്ടറി ടൗണുകളും ഉണ്ടായിരുന്നു. 2011 - ഓടെ ഇത് 461 സെൻസസ് ടൗണുകളും 59 സ്റ്റാറ്റ്യൂട്ടറി ടൗണുകളും ആയി. സെൻസസ് പട്ടണങ്ങളിൽ 366 ശതമാനം വർദ്ധനവാണ് 2011-ൽ രേഖപ്പെടുത്തിയത്. വയനാട്ടിലും ഇടുക്കിയിലും സെൻസസ് ടൗണുകൾ ഉണ്ടായിരുന്നില്ല, എന്നാൽ ഓരോന്നിനും ഒരു സ്റ്റാറ്റ്യൂട്ടറി നഗരം ഉണ്ടായിരുന്നു.

2011 ലെ സെൻസസ് പ്രകാരം, ജില്ലകളിൽ ഏറ്റവും കൂടുതൽ നഗര ജനസംഖ്യാ വിഹിതം എറണാകുളം ജില്ലയിലാണ്, 68.1 ശതമാനം. വയനാട് ജില്ലയിലാണ് ഏറ്റവും കുറവ്, 3.8 ശതമാനം. മലപ്പുറം ജില്ലയിൽ ഏറ്റവും കൂടുതൽ നഗര ജനസംഖ്യാ വളർച്ച രേഖപ്പെടുത്തി, തൊട്ടുപിന്നാലെ കൊല്ലം, തൃശൂർ, കാസർഗോഡ് ജില്ലകളും. ഇടുക്കിയിലും വയനാട്ടിലും ജനസംഖ്യയുടെ 95 ശതമാനത്തിലധികവും ഗ്രാമീണരാണ്.

കേരളത്തിൽ മാറിക്കൊണ്ടിരിക്കുന്ന നഗരവൽക്കരണ പ്രവണതകൾ, വർദ്ധിച്ചുവരുന്ന നഗര ജനസംഖ്യയുടെ പുതിയ ആവശ്യങ്ങൾക്കും ആഗ്രഹങ്ങൾക്കും ഒപ്പം തന്നെ സുസ്ഥിരമായ നഗര പരിപാലനത്തിലെ വെല്ലുവിളികളെയും പ്രതിഫലിപ്പിക്കുന്നു. നഗരവൽക്കരണത്തിന്റെ വേഗതയും വ്യാപ്തിയും അടിസ്ഥാന സൗകര്യങ്ങളിലെ കുറവ്, പാരിസ്ഥിതിക പ്രശ്നങ്ങൾ, സാമൂഹിക അസമത്വം തുടങ്ങിയ അനുബന്ധ വെല്ലുവിളികളെ നേരിടാൻ ശ്രദ്ധാപൂർവ്വമായ ആസൂത്രണം ആവശ്യമാണെന്നു വരുന്നു. സമ്പന്നമായ സാംസ്കാരിക, പാരിസ്ഥിതിക പൈതൃകം സംരക്ഷിക്കുന്നതിനൊപ്പം നഗരവൽക്കരണത്തിന്റെ മുഴുവൻ സാധ്യതകളും പ്രയോജനപ്പെടുത്തുന്നതിന്, അടിസ്ഥാന സൗകര്യങ്ങൾ, പരിസ്ഥിതി സുസ്ഥിരത, സാമൂഹിക ഉൾപ്പെടുത്തൽ എന്നിവയിൽ തുടർച്ചയായ നിക്ഷേപങ്ങൾ നടത്തുന്നതിനായി കേരളം 2023 ൽ ഇന്ത്യയിൽ തന്നെ ഇത്തരത്തിലുള്ള ആദ്യത്തെ നഗരനയ കമ്മീഷനെ നിയമിച്ചു. തദ്ദേശസ്വയംഭരണ ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ട്, ആഗോള സുസ്ഥിരതാ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി നഗരങ്ങളുടെയും പട്ടണങ്ങളുടെയും ഗുണപരമായ സംഭാവനകളെ പ്രോത്സാഹിപ്പിക്കാനും പ്രയോജനപ്പെടുത്താനും കമ്മീഷന്റെ ശുപാർശകൾ പ്രേരണയാകും

### കേരളത്തിലെ നഗരവികസനത്തിനായുള്ള സ്ഥലപര ആസൂത്രണം

ഇന്ത്യയിലെ മറ്റ് ഭാഗങ്ങളിൽ കാണപ്പെടുന്ന വ്യക്തമായ ഗ്രാമ-നഗര വിഭജനത്തിൽ നിന്ന് വ്യത്യസ്തമായി, കേരളത്തിന്റേത് ഒരു 'നഗര-ഗ്രാമ തുടർച്ച' എന്ന് വിശേഷിപ്പിക്കാവുന്ന സവിശേഷമായ ഒരു ജനവാസ രീതിയാണ് കാണുന്നത്. ഗ്രാമങ്ങളും നഗരങ്ങളും തമ്മിലുള്ള അതിർവരമ്പുകൾ തിരിച്ചറിയാൻ കഴിയാത്തവിധം ദീർഘവും പരസ്പരബന്ധിതവുമായ ജനവാസ കേന്ദ്രങ്ങളാണ് സംസ്ഥാനത്തിന്റെ സവിശേഷത. ഗ്രാമ നഗരപ്രദേശങ്ങൾക്ക് ഇടയിലുള്ള അതിരുകൾ കുറവായതു കൊണ്ടും ജനസാന്ദ്രത കൂടിയതും പരസ്പരബന്ധിതവുമായ ജനവാസ കേന്ദ്രങ്ങൾ സംസ്ഥാനത്തിന്റെ സവിശേഷതയായതിനാലും, സൗകര്യങ്ങളും സേവനങ്ങളും താരതമ്യേന തുല്യമായി ലഭ്യമാണ്. ഗ്രാമ പ്രദേശങ്ങളെയും നഗരപ്രദേശങ്ങളെയും വ്യത്യസ്ത മേഖലകളായി കാണുന്ന പരമ്പരാഗത ആസൂത്രണ സമീപനങ്ങൾക്കെതിരാണിത്. അതിനാൽ, കേരളത്തിന്റെ സങ്കരമായ ജനവാസ ഘടനയോട് സംവേദനക്ഷമതയുള്ളതും പരസ്പരബന്ധിതമായ ഭൂപ്രകൃതികളുടെ സങ്കീർണ്ണതകളെ അഭിസംബോധന ചെയ്യാൻ കഴിവുള്ളതുമായ ഒരു സ്പേഷ്യൽ പ്ലാനിംഗ് )ചട്ടക്കൂടാണ് സംസ്ഥാനത്തിനാവശ്യം.

2016 ലെ കേരള ടൗൺ ആൻഡ് കൺട്രി പ്ലാനിംഗ് ആക്ട് (കെ.ടി.സി.പി, 2021ൽ ഭേദഗതി ചെയ്തു) നടപ്പിലാക്കിയതാണ് കേരളത്തിലെ സ്ഥലപര ആസൂത്രണത്തിലെ ഒരു സുപ്രധാന വഴിത്തിരിവ്. ഈ നിയമം ചുവടെ പറയുന്ന കാര്യങ്ങൾ തയ്യാറാക്കാൻ നിർബന്ധിതമാക്കുന്നു: 1) സംസ്ഥാന, ജില്ലാ, മെട്രോപൊളിറ്റൻ പ്രദേശങ്ങളിലെ പരിപ്രേക്ഷ്യ പദ്ധതി തയ്യാറാക്കൽ. 2) പ്രാദേശിക ആസൂത്രണ മേഖലയ്ക്കും (അതായത്, ഒരു മുനിസിപ്പൽ കോർപ്പറേഷൻ, മുനിസിപ്പൽ കൗൺസിൽ, ടൗൺ

പഞ്ചായത്ത് അല്ലെങ്കിൽ ഗ്രാമ പഞ്ചായത്ത് എന്നിവയുടെ പരിധിയിലുള്ള പ്രദേശം) കൂടാതെ സംയുക്ത ആസൂത്രണ മേഖലയ്ക്കുമുള്ള സർക്കാർ പ്രഖ്യാപിച്ചതും ഒന്നിലധികം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധി ഉൾക്കൊള്ളുന്നതുമായ മാസ്റ്റർ പ്ലാനുകൾ തയാറാക്കൽ 3) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരപരിധിയിലുള്ള ഒരു പ്രദേശത്തിന്റെ വികസനം ഏറ്റെടുക്കാൻ കഴിയുന്ന വിശദമായ നഗരാസൂത്രണ പദ്ധതികൾ.

പങ്കാളിത്തപരവും വികേന്ദ്രീകൃതവുമായ ആസൂത്രണത്തിനായി ഇത് ഒരു ഏകീകൃത നിയമ അടിത്തറ സ്ഥാപിച്ചു. സ്ഥലപര ആസൂത്രണത്തിന്റെ ചലനാത്മക സ്വഭാവം തിരിച്ചറിഞ്ഞുകൊണ്ട്, അതിന്റെ ഫലപ്രാപ്തി വർദ്ധിപ്പിക്കുന്നതിനായി 2021 ൽ നിയമം ഭേദഗതി ചെയ്തു. 2016-17 നും 2024-25 നും ഇടയിൽ ഏറ്റെടുത്ത പ്രധാന സ്ഥലപര ആസൂത്രണ സംരംഭങ്ങൾ ചുവടെ പറയുന്നവയാണ്:

**സംസ്ഥാന സ്പേഷ്യൽ പെഴ്സ്പെക്റ്റീവ് പ്ലാൻ (എസ്.പി.പി):** സംസ്ഥാനത്തിന്റെ 20 വർഷത്തേക്കുള്ള ദീർഘകാല സ്ഥലപരമായ വികസനം ലക്ഷ്യമിട്ട് ഒരു 'സ്പേഷ്യൽ പെഴ്സ്പെക്റ്റീവ് പ്ലാൻ' തയ്യാറാക്കാൻ കേരള ടൗൺ ആൻഡ് കൺട്രി പ്ലാനിംഗ് ആക്ട് നിർദ്ദേശിക്കുന്നു. വിവരശേഖരണവും പ്രവർത്തനരീതിയുടെ രൂപകല്പനയും ഉൾപ്പെടെയുള്ള പ്രാരംഭ നടപടികളോടെയാണ് ഇതിന്റെ രൂപീകരണം ആരംഭിച്ചത്. 2024-ൽ 'സ്റ്റേറ്റ് ടൗൺ ആൻഡ് കൺട്രി പ്ലാനിംഗ് കമ്മിറ്റി' (എസ്.റ്റി.സി.പി.സി)ഔദ്യോഗികമായി നിലവിൽ വന്നതോടെ, പദ്ധതി തയ്യാറാക്കുന്നതിന്റെ സജീവമായ ഘട്ടത്തിലേക്ക് ഇത് പ്രവേശിച്ചു

**ജില്ലാ സ്പേഷ്യൽ പെഴ്സ്പെക്റ്റീവ് പ്ലാനുകൾ:** വികേന്ദ്രീകൃതമായ സ്ഥലപര വികസനത്തിന് മേൽനോട്ടം വഹിക്കുന്നതിനായി ജില്ലാതലത്തിൽ സ്പേഷ്യൽ പെഴ്സ്പെക്റ്റീവ് പ്ലാനുകൾ (എസ്.പി.പി) തയ്യാറാക്കണമെന്നത് കേരള ടൗൺ ആൻഡ് കൺട്രി പ്ലാനിംഗ് ആക്ട് നിർബന്ധമാക്കുന്നു. 2023-24 കാലയളവിൽ, ജില്ലകൾക്കായുള്ള സ്പേഷ്യൽ പെഴ്സ്പെക്റ്റീവ് പ്ലാൻ പ്രോഗ്രാമിന് കേരളം തുടക്കം കുറിച്ചു. ഇതിന്റെ ഭാഗമായി വയനാട് ജില്ലയുടെ 'സ്പേഷ്യൽ പെഴ്സ്പെക്റ്റീവ് പ്ലാൻ' തയ്യാറാക്കി വരികയാണ്. ഇതിനുമുമ്പ്, സംയോജിത ജില്ലാ വികസന പദ്ധതി, പ്രാദേശിക വികസന പദ്ധതി (ഐ.ഡി.ഡി.പി, എൽ.ഡി.പി) എന്നിവയുടെ കീഴിൽ കൊല്ലം, തൃശ്ശൂർ, ഇടുക്കി, പാലക്കാട്, വയനാട് ജില്ലകൾക്കായി സംയോജിത ജില്ലാ വികസന പദ്ധതികൾ തയ്യാറാക്കിയിരുന്നു. ഇതിൽ കൊല്ലം ജില്ലയുടെ പദ്ധതിക്ക് അംഗീകാരം ലഭിച്ചു.

പറവൂർ, കൊടകര ഗ്രാമപഞ്ചായത്തുകൾ പോലുള്ള പ്രദേശങ്ങൾക്കായുള്ള പ്രാദേശിക വികസന പദ്ധതികളും ഈ പദ്ധതിക്ക് കീഴിൽ തയ്യാറാക്കി. നഗരവളർച്ചയ്ക്ക് സജ്ജമാകുന്നതിനായി, ജില്ലാ നഗരവൽക്കരണ റിപ്പോർട്ടുകളും സംസ്ഥാന നഗരവൽക്കരണ റിപ്പോർട്ടും 2016-17 ന് മുമ്പ് പൂർത്തിയാക്കി. നിലവിൽ, ജില്ലാ നഗരവൽക്കരണ റിപ്പോർട്ടുകൾ പരിഷ്കരിച്ചുകൊണ്ടിരിക്കുകയാണ്.

**നഗരപ്രദേശങ്ങൾക്കായുള്ള മാസ്റ്റർ പ്ലാനുകൾ:** എല്ലാ സ്റ്റാറ്റ്യൂട്ടറി പട്ടണങ്ങൾക്കും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കാൻ ഈ നിയമം അനുശാസിക്കുന്നു. 2016 നും 2025 നും ഇടയിൽ ബന്ധപ്പെട്ട സംസ്ഥാന പദ്ധതിയുടെ മൂന്ന് ഘട്ടങ്ങളിലായി 93 പട്ടണങ്ങളിൽ 85 എണ്ണത്തിന്റെയും മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നത് ഏറ്റെടുത്തു. കേന്ദ്രാവിഷ്കൃത പദ്ധതികളായ അമൃത് 1.0 അമൃത് 2.0 ഉയർന്ന റെസല്യൂഷൻ ഉപഗ്രഹ ഇമേജറി, യു.എ.വി (അൺമാൻഡ് ഏരിയൽ വെഹിക്കിൾ) സാങ്കേതികവിദ്യ എന്നിവ ഉപയോഗപ്പെടുത്തി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനെ പിന്തുണയ്ക്കുന്നു. തിരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകൾക്കായുള്ള മാസ്റ്റർ പ്ലാനുകൾ മുൻഗണനാടിസ്ഥാനത്തിൽ വികസിപ്പിച്ചുകൊണ്ടിരിക്കുന്നു. കൂടാതെ, സംസ്ഥാനത്തെ അഞ്ച് നഗരങ്ങൾക്കായി ഫോം-ബേസ്ഡ് കോഡുകൾ, വാല്യൂ ക്യാപ്ചർ ഫിനാൻസിംഗ് തുടങ്ങിയ സവിശേഷതകളുള്ള പ്രാദേശിക പദ്ധതികളും വികസിപ്പിക്കുന്നു. ഇതിനായി ഉയർന്ന റെസല്യൂഷനുള്ള ഉപഗ്രഹ ചിത്രങ്ങളും യു.എ.വി (അൺമാൻഡ് ഏരിയൽ വെഹിക്കിൾ) സാങ്കേതികവിദ്യയും ഉപയോഗിക്കുന്നു.

സ്റ്റാറ്റ്യൂട്ടറി മാസ്റ്റർ പ്ലാനുകളിലൂടെയും സംയോജിത ജില്ലാ വികസന പദ്ധതിയിലൂടെയും സ്ഥലപരമായ ആസൂത്രണം സ്ഥാപനവൽക്കരിക്കുന്നതിൽ കേരളം പ്രശംസനീയമായ പുരോഗതി കൈവരിച്ചിട്ടുണ്ടെങ്കിലും, നിർവ്വഹണം, സാങ്കേതിക ശേഷി, പദ്ധതി നിർവ്വഹണം എന്നിവയിൽ വിടവുകൾ തുടരുന്നു. നിലവിലുള്ള പദ്ധതികളുമായി മാസ്റ്റർ പ്ലാനുകളെ സംയോജിപ്പിക്കുന്നതിനും, സ്ഥലപരമായ വിവരങ്ങൾക്കായി ഒരു ഏകീകൃത പ്ലാറ്റ്ഫോം രൂപീകരിക്കുന്നതിനും ഇനിയും ഏറെ സാധ്യതകളുണ്ട്. നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക് ശക്തിപ്പെടുത്തുക, മനുഷ്യവിഭവശേഷി വർദ്ധിപ്പിക്കുക, സാമ്പത്തിക-മേഖലാധിഷ്ഠിത തന്ത്രങ്ങളുമായി സ്ഥലപരമായ പദ്ധതികളെ കോർത്തിണക്കുക എന്നിവ അത്യന്താപേക്ഷിതമാണ്.

### പ്രധാന നഗര വികസന സംരംഭങ്ങൾ

പതിമൂന്ന്, പതിനാല് പഞ്ചവത്സര പദ്ധതികളുടെ കാലയളവിൽ, സംസ്ഥാനാവിഷ്കൃത പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതികൾ, വിദേശ ധനസഹായത്തോടെയുള്ള പദ്ധതികൾ എന്നിവയിലൂടെ വിവിധ നഗരവികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുകയുണ്ടായി. കൂടാതെ, പ്രധാന നഗര പശ്ചാത്തല സൗകര്യ പദ്ധതികൾക്ക് കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡും (കിഫ്ബി), റീബിൽഡ് കേരള ഇനിഷ്യേറ്റീവും (ആർ.കെ.ഐ) സാമ്പത്തിക സഹായം നൽകി. അതിനുപുറമെ, കുടിവെള്ള വിതരണം, ശുചിത്വം, മാലിന്യ സംസ്കരണം എന്നിവ മെച്ചപ്പെടുത്തുന്നതിനായി 10 ലക്ഷത്തിലധികം ജനസംഖ്യയുള്ള നഗരസമുച്ചയങ്ങൾക്ക് (പ്രധാന നഗരങ്ങളും ചുറ്റുമുള്ള പട്ടണങ്ങളും ഉൾപ്പെടെ) കേന്ദ്ര ധനകാര്യ കമ്മീഷൻ (സി.എഫ്.സി) പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ നൽകുന്നുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ, പത്ത് ലക്ഷത്തിലധികം ജനസംഖ്യയുള്ള ഏഴ് നഗരസമുച്ചയങ്ങൾക്കായി 2021-22 മുതൽ 2025-26 വരെയുള്ള കാലയളവിൽ 1,402

കോടി രൂപ അനുവദിച്ചു. കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായുള്ള ഈ ഗ്രാന്റുകളുടെ വിതരണം, തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തന മികവിനെ അടിസ്ഥാനമാക്കിയായിരിക്കും.

സംസ്ഥാനതലത്തിലുള്ള പ്രധാന ഇടപെടലുകളിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി (എ.യു.ഇ.ജി.എസ്), ലൈഫ് മിഷൻ (നഗരം), ശുചിത്വ കേരളം (നഗരം), തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ), ഗ്രേറ്റർ കൊച്ചി വികസന അതോറിറ്റി (ജി.സി.ഡി.എ) എന്നിവയുടെ പദ്ധതികളും വിവിധ നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സംരംഭങ്ങളും ഇതിൽ ഉൾപ്പെടുന്നു. വിവിധ പദ്ധതികൾ വഴി നഗരവികസന പരിപാടികൾക്കായി അനുവദിക്കുന്ന തുക, സംസ്ഥാന പദ്ധതിയിൽ നിന്ന് നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന വികസന ഫണ്ടിന് പുറമെയുള്ളതാണെന്നത് ശ്രദ്ധേയമാണ്. അടൽ മിഷൻ ഫോർ റീജുവനേഷൻ ആൻഡ് അർബൻ ട്രാൻസ്ഫോർമേഷൻ (അമൃത്), സ്വച്ഛ് ഭാരത് മിഷൻ (നഗരം), നാഷണൽ അർബൻ ലൈവ്‌ലിഹുഡ് മിഷൻ (എൻ.യു.എൽ.എം), സ്മാർട്ട് സിറ്റീസ് മിഷൻ, പ്രധാൻ മന്ത്രി ആവാസ് യോജന (പി.എം.എ.വൈ-അർബൻ) തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഇതിന് അനുബന്ധമായി പ്രവർത്തിക്കുന്നു. കൂടാതെ, കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട് (കെ.എസ്.ഡബ്ല്യൂ.എം.പി) പോലുള്ള വിദേശ സഹായത്തോടെയുള്ള സംരംഭങ്ങളും പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. ഈ പരിപാടികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സ്വകാര്യ മേഖലയുടെയും ശ്രമങ്ങളും മെച്ചപ്പെട്ട പശ്ചാത്തല സൗകര്യങ്ങൾ, സേവന ലഭ്യത, പരിസ്ഥിതി സുസ്ഥിരത, എല്ലാവരെയും ഉൾക്കൊള്ളുന്ന ഉപജീവനമാർഗങ്ങൾ എന്നിവയിലൂടെ കേരളത്തിന്റെ നഗരഭൂപ്രകൃതിയുടെ പരിണാമത്തിന് ഗണ്യമായ സംഭാവന നൽകിയിട്ടുണ്ട്. പതിമൂന്ന് പതിനാല് പഞ്ചവത്സര പദ്ധതികളുടെ കാലയളവിൽ നഗരവികസനത്തിനായി നീക്കിവെച്ച വാർഷിക പദ്ധതി വിഹിതത്തിലും ചെലവിലും ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. ആകെ 19,011.5 കോടി രൂപയുടെ ബജറ്റ് വിഹിതം ഈ പദ്ധതി കാലയളവുകളിൽ വകയിരുത്തിയിട്ടുണ്ട്.

വാർഷിക പദ്ധതി വിഹിതത്തിൽ നഗരവികസനത്തിനായുള്ള ചെലവിലും ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. പന്ത്രണ്ടാം പദ്ധതി കാലയളവിൽ നഗരവികസനത്തിനുള്ള ചെലവ് 940.6 കോടി ആയിരുന്നെങ്കിൽ, പതിമൂന്നാം പദ്ധതിയുടെ ആദ്യ വർഷം (2016-17) ചെലവ് 874.00 കോടി രൂപയായിരുന്നു. ഇത് എല്ലാ വർഷവും സ്ഥിരമായി വർദ്ധിച്ചു, ഏകദേശം 49 ശതമാനം വർദ്ധിച്ച്, 2024-25 ൽ 1,301.4 കോടി രൂപയായി. ഈ കണക്കുകളിൽ സംസ്ഥാന, കേന്ദ്ര വിഹിതങ്ങളും ഉൾപ്പെടുന്നു.

**അടിസ്ഥാന സൗകര്യ വികസനം**

നഗര പശ്ചാത്തല സൗകര്യങ്ങളുടെ മേഖലയിൽ, കുടിവെള്ള വിതരണം, മലിനജല, സെപ്റ്റേജ് മാനേജ്മെന്റ്, മൾട്ടി-ലെവൽ പാർക്കിംഗ്, യന്ത്രവൽകൃതമല്ലാത്ത ഗതാഗത സംവിധാനങ്ങൾ, സ്മാർട്ട് റോഡുകൾ, നഗര സൗന്ദര്യവൽക്കരണം, ഇ-മൊബിലിറ്റി, ഗ്രീൻ സിറ്റി സംരംഭങ്ങൾ എന്നിവയുടെ വികസനത്തിന് സംസ്ഥാന-കേന്ദ്രാവിഷ്കൃത പദ്ധതികൾ പിന്തുണ നൽകുന്നു.

കേന്ദ്രസർക്കാർ 2015 ജൂണിൽ ആരംഭിച്ചതും 2025 ഡിസംബർ വരെ ദീർഘിപ്പിച്ചതുമായ അടൽ മിഷൻ ഫോർ റീജുവനേഷൻ ആൻഡ് അർബൻ ട്രാൻസ്ഫോർമേഷൻ (അമൃത് 1.0) കേരളത്തിലെ ആറ് മുനിസിപ്പൽ കോർപ്പറേഷനുകളിലും മൂന്ന് മുനിസിപ്പാലിറ്റികളിലും (ആലപ്പുഴ, പാലക്കാട്, ഗുരുവായൂർ) ജലവിതരണം, മലിനജല, സെപ്റ്റേജ് മാനേജ്മെന്റ്, മഴവെള്ള ഡ്രെയിനേജ്, നഗര ഗതാഗതം, ഹരിത ഇടങ്ങൾ എന്നീ അഞ്ച് മേഖലകളിലായി നടപ്പിലാക്കിയിട്ടുണ്ട്. കേന്ദ്രം, സംസ്ഥാനം, നഗരതദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ

**പട്ടിക 19.3** *നഗരവികസനത്തിനു കീഴിലുള്ള സംസ്ഥാന, കേന്ദ്ര പദ്ധതികളുടെ ചെലവ്, 2016 മുതൽ 2025 വരെ, രൂപ കോടിയിൽ*

| വർഷം | ചെലവ് | | |
|---|---|---|---|
| | സംസ്ഥാനാവിഷ്കൃത പദ്ധതി ചെലവ് | കേന്ദ്രാവിഷ്കൃത പദ്ധതി ചെലവ് | ആകെ |
| 2016 - 17 | 376.4 | 497.5 | 873.9 |
| 2017 - 18 | 361.1 | 175.8 | 536.9 |
| 2018 - 19 | 595.1 | 449.3 | 1,044.4 |
| 2019 - 20 | 505.3 | 491.7 | 997 |
| 2020 - 21 | 902.4 | 648.3 | 1,550.7 |
| 2021 - 22 | 443 | 396.6 | 839.9 |
| 2022 - 23 | 726 | 765.9 | 1,491.9 |
| 2023 - 24 | 642.7 | 721.4 | 1,364.1 |
| 2024 - 25 | 787 | 513.1 | 1,301.4 |

*അവലംബം:* ബജറ്റ് രേഖകൾ, വിവിധ വർഷങ്ങൾ

(യുഎൽബി) 50:30:20 അനുപാതത്തിലാണ് ധനസഹായം പങ്കിടുന്നത്.

അമൃത് 1.0 പ്രകാരം, 2,357 കോടി രൂപ ചെലവ് വരുന്ന 1,108 പദ്ധതികൾക്ക് അനുമതി നൽകി, അതിൽ 2,229 കോടി രൂപ ചെലവഴിച്ചു, 1,055 പദ്ധതികൾ പൂർത്തീകരിച്ചു.

പ്രസ്തുത മിഷനിലൂടെ ജലവിതരണവും മലിനജല സംസ്കരണവും മെച്ചപ്പെടുത്തുന്നതിൽ ഗണ്യമായ പുരോഗതി കൈവരിച്ചു. 265 എം.എൽ.ഡി ശുദ്ധീകരണ ശേഷിയുള്ള ആറ് ജലശുദ്ധീകരണ പ്ലാന്റുകൾ, 165 എം.എൽ.ഡി ശേഷിയുള്ള അഞ്ച് ജലശുദ്ധീകരണ പ്ലാന്റുകൾ, ലക്ഷ്യമിട്ട 89,508 ഗാർഹിക പൈപ്പ് കണക്ഷനുകളിൽ 88,004 കണക്ഷനുകൾ, 2036.9 കിലോമീറ്റർ ജലവിതരണ പൈപ്പ്ലൈനുകൾ, 19 ഓവർഹെഡ് സർവീസ് റിസർവോയറുകളുൾപ്പെടെ 20 ജലസംഭരണികൾ, 365.5 ലക്ഷം ലിറ്റർ സംയോജിത ശേഷിയുള്ള ഒരു ഗ്രൗണ്ട് ലെവൽ സർവീസ് റിസർവോയർ, 21 വാട്ടർ കിയോസ്ക്കുകൾ എന്നിവ പൂർത്തീകരിച്ച പദ്ധതികളിലുൾപ്പെടുന്നു. 28.2 എം.എൽ.ഡി ശേഷിയുള്ള ഏഴ് മലിനജല ശുദ്ധീകരണ പ്ലാന്റുകൾ (എസ്.ടി.പി-കൾ), മൊത്തം 20 കെ.എൽ.ഡി ശുദ്ധീകരണ ശേഷിയുള്ള രണ്ട് മൊബൈൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ, 79.5 കിലോമീറ്റർ മലിനജല ശൃംഖലകൾ, പാലക്കാട് ജില്ലയിൽ 100 കെ.എൽ.ഡി ശേഷിയുള്ള ഒരു എഫ്എസ്.ടി.പി, കൂടാതെ, 1,725 പുതിയ മലിനജല കണക്ഷനുകൾ സ്ഥാപിക്കുകയും 1,19,325 കുടുംബങ്ങളെ സെപ്റ്റേജ് മാനേജ്മെന്റ് സിസ്റ്റത്തിലേക്ക് സംയോജിപ്പിക്കുകയും ചെയ്തത് സ്വീവറേജ് മേഖലയിലെ പൂർത്തീകരിച്ച പദ്ധതികളിലുൾപ്പെടുന്നു.

മഴവെള്ള മാനേജ്മെന്റ് സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഹരിത അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഈ ദൗത്യം ഗണ്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്. ആകെ 330.8 കിലോമീറ്റർ മഴവെള്ള ഡ്രെയിനുകൾ സ്ഥാപിച്ചു, 1387 വെള്ളക്കെട്ട് പ്രദേശങ്ങൾ വെള്ളക്കെട്ട് മുക്തമാക്കി. പാർക്കുകളുടെയും ഹരിത ഇടങ്ങളുടെയും വിഭാഗത്തിൽ, 55.2 ഏക്കറിൽ 78 പാർക്കുകൾ വികസിപ്പിച്ചു. ഏഴ് മൾട്ടി-ലെവൽ കാർ പാർക്കിംഗ് സൗകര്യങ്ങൾ, 78 കിലോമീറ്റർ ഫുട്പാത്തുകൾ, 6.5 കിലോമീറ്റർ സമർപ്പിത സൈക്കിൾ ട്രാക്കുകൾ, 25 ഫുട്-ഓവർ-ബ്രിഡ്ജുകൾ, രണ്ട് നടപ്പാതകൾ (ഒരു സ്കൈ വാക്ക്, ഒരു സബ്‌വേ) എന്നിവയുടെ നിർമ്മാണം നഗര ഗതാഗത മെച്ചപ്പെടുത്തലുകളിൽ ഉൾപ്പെടുന്നു. കൂടാതെ, രണ്ട് ലക്ഷം തെരുവുവിളക്കുകൾക്ക് പകരം എൽഇഡികൾ സ്ഥാപിച്ച് മിഷൻ ഊർജ്ജ കാര്യക്ഷമത പ്രോത്സാഹിപ്പിച്ചു. കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ഘടകത്തിലൂടെ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരും നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും ഉൾപ്പെടെ 2,493 പ്രവർത്തകർക്ക് പരിശീലനം നൽകി. ഭൗതിക പുരോഗതിക്കപ്പുറം, നഗര ഭരണ പരിഷ്കാരങ്ങളിൽ കേരളം മികച്ച പ്രകടനം കാഴ്ചവച്ചിട്ടുണ്ട്. കഴിഞ്ഞ നാല് വർഷം തുടർച്ചയായി 59.8 കോടി രൂപയുടെ പരിഷ്കരണ പ്രോത്സാഹനങ്ങൾ സംസ്ഥാനത്തിന് ലഭിച്ചു. നഗര പരിഷ്കരണ നിർവ്വഹണത്തിൽ, ഭവന, നഗരകാര്യ മന്ത്രാലയത്തിന്റെ (MoHUA) റാങ്കിംഗിൽ, ശരാശരി 82.5 ശതമാനം സ്കോറോടെ കേരളം ഏഴാം സ്ഥാനത്താണ്.

2021 ഒക്ടോബർ 1 ന് ആരംഭിച്ച അമൃത് 2.0, അമൃത് 1.0 ന്റെ ഒരു വിപുലീകരണമാണ്. നഗര തദ്ദേശ സ്ഥാപനങ്ങളിൽ (യുഎൽബി) ജലക്ഷാമം പരിഹരിക്കുക, ജലവിതരണം വർദ്ധിപ്പിക്കുക, ശുദ്ധജലത്തിലേക്കുള്ള സുസ്ഥിരമായ ലഭ്യത പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ഇതിന്റെ ലക്ഷ്യം. അഞ്ച് വർഷത്തെ പദ്ധതി കാലയളവിൽ (2021-2026) കേരളത്തിലെ 93 നഗരതദ്ദേശഭരണ സ്ഥാപനങ്ങളിലും ഈ പരിപാടി നടപ്പിലാക്കുന്നു.

അമൃത് 2.0 പ്രകാരം ആകെ 737 പദ്ധതികൾ ആരംഭിച്ചു, അതിൽ 132 എണ്ണം പൂർത്തിയായി. അമൃത് പ്രകാരമുള്ള മൊത്തം ചെലവ് 572.00 കോടി രൂപയാണ്. ജലവിതരണം, സ്വീവറേജ് സെപ്റ്റേജ്, ജലാശയ പുനരുജ്ജീവനം, പാർക്കുകൾ എന്നിങ്ങനെ നാല് പ്രധാന മേഖലകളിലാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. ഈ പദ്ധതിയിലൂടെ 1127.7 കിലോമീറ്റർ ജലവിതരണ ശൃംഖല സ്ഥാപിക്കുകയും, 87,046 പുതിയ ടാപ്പ് കണക്ഷനുകൾ നൽകുകയും, നിലവിലുള്ള 1.2 ലക്ഷത്തിലധികം ടാപ്പ് കണക്ഷനുകൾ പുനരുജ്ജീവിപ്പിക്കുകയും ചെയ്തതാണ് പ്രധാന നേട്ടങ്ങൾ. സ്വീവറേജ് സെപ്റ്റേജ് പദ്ധതികളിൽ, 12.5 കിലോമീറ്റർ പുതിയ ലൈനുകൾ സ്ഥാപിക്കുകയും 39 പുതിയ മലിനജല കണക്ഷനുകൾ നൽകുകയും ചെയ്തു. ഈ ഘടകത്തിൽ 31 പഴയ കണക്ഷനുകളുടെ പുനരുദ്ധാരണവും പൂർത്തിയായി. ജലാശയ പുനരുജ്ജീവന ഘടകത്തിന് കീഴിൽ 371 പ്രോജക്റ്റുകളിൽ 3.38 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിൽ 98 എണ്ണം പൂർത്തിയായി.

അമൃത് 2.0 പ്രകാരം നിരവധി സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. പരിഷ്കരണ പ്രോത്സാഹനമായി കേരളത്തിന് 22.00 കോടി ലഭിച്ചു. 85 ശതമാനത്തിലധികം ഗാർഹിക ടാപ്പ് കണക്ഷനുകൾ നേടിയതിന് തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷന് 10.00 കോടിയും വിജയകരമായ നഗര ആസൂത്രണ പരിഷ്കാരങ്ങൾക്ക് 12.00 കോടിയും ലഭിച്ചു. മൂലധനനിക്ഷേപത്തിനുള്ള പ്രത്യേക സഹായത്തിന് കീഴിൽ നഗരാസൂത്രണ പരിഷ്കരണത്തിന്, 2022-23 ൽ 60.00 കോടി രൂപയും, 2023-24 ൽ 282.5 കോടി രൂപയും, 2024-25 ൽ 124.00 കോടി രൂപയും ഉൾപ്പെടെ 466.56 കോടി രൂപ കേരളത്തിനു ലഭിച്ചു. 49 നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജിഐഎസ് അധിഷ്ഠിത മാസ്റ്റർ പ്ലാനുകൾ ആരംഭിച്ചു. എട്ട് സാങ്കേതിക സ്റ്റാർട്ടപ്പുകൾ തെരഞ്ഞെടുക്കുകയും അമൃത് മിത്ര സംരംഭം വഴി പ്രവർത്തനക്ഷമമാക്കുകയും ചെയ്തു. അമൃത് 2.0യിൽ പരിശീലനം ലഭിച്ച സ്വയം സഹായ സംഘം വനിതകളെ ജലവുമായി ബന്ധപ്പെട്ട സേവനങ്ങൾക്കായി നിയമിച്ചു. ശബരിമലയിൽ മൊബൈൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് യൂണിറ്റുകൾ വിന്യസിച്ചതാണ് മറ്റൊരു നൂതന ഇടപെടൽ.

സംസ്ഥാനത്ത് അമൃത് പദ്ധതിക്ക് നിരവധി ദേശീയ അംഗീകാരങ്ങളും ലഭിച്ചിട്ടുണ്ട്. പ്രോജക്ട് മോണിറ്ററിംഗ് ആൻഡ് വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് ഇൻഫർമേഷൻ സിസ്റ്റത്തിനുള്ള 2025ലെ സിൽവർ നാഷണൽ ഇ-ഗവേണൻസ് അവാർഡ്, ജലം ജീവൻ ഐ.ഇ.സി കാമ്പെയിനിനുള്ള പ്ലാറ്റിനം ഇ.ഇ.എഫ് അവാർഡ്, 2020 ലെ ഇ.ടി ഗ്ലോബൽ സ്മാർട്ട് സിറ്റീസ് ഫോറത്തിൽ ഗോൾഡ് വാട്ടർ എഫിഷ്യന്റ് തൃശൂർ (WET) സംരംഭത്തിനുള്ള അവാർഡ്

എന്നിവയുൾപ്പെടെ അമൃത് പിന്തുണയുള്ള നഗര പരിഷ്കാരങ്ങൾക്ക് ദേശീയ അവാർഡുകൾ ലഭിച്ചു. 2025-ലെ പതിനെട്ടാമത് അർബൻ മൊബിലിറ്റി ഇന്ത്യ കോൺഫറൻസിൽ സ്കൈവാക്ക് പദ്ധതിക്ക് പ്രത്യേക പരാമർശം ലഭിച്ചു. തൃശ്ശൂരിലെ ശക്തൻ നഗറിലെ സ്കൈവാക്ക് പദ്ധതിക്ക് 2022-23 ലെ ഹഡ്കോ ബെസ്റ്റ് പ്രാക്ടീസസ് അവാർഡ് ലഭിക്കുകയും, 2025-ലെ പതിനെട്ടാമത് അർബൻ മൊബിലിറ്റി ഇന്ത്യ കോൺഫറൻസിൽ പ്രത്യേക പരാമർശം നേടുകയും ചെയ്തു. അമൃത് ഇടപെടലുകൾ വഴി സാധ്യമാക്കിയ പരിസ്ഥിതി മാനേജ്മെന്റ്, ജലാശയങ്ങളുടെ പുനരുജ്ജീവനം, മാലിന്യക്കൂമ്പാരങ്ങളെ ഹരിത ഇടങ്ങളാക്കി മാറ്റൽ എന്നിവയ്ക്ക് ഗുരുവായൂർ മുനിസിപ്പാലിറ്റിക്ക് പ്ലാറ്റിനം സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ് അവാർഡ് 2025 ലഭിച്ചു.

നഗരവികസന പശ്ചാത്തല സൗകര്യ മേഖലയിലെ മറ്റൊരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് സ്മാർട്ട് സിറ്റീസ് മിഷൻ. നഗരങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുക, പൗരന്മാർക്ക് മെച്ചപ്പെട്ട ജീവിതനിലവാരം പ്രദാനം ചെയ്യുക, വൃത്തിയുള്ളതും സുസ്ഥിരവുമായ പരിസ്ഥിതി പ്രോത്സാഹിപ്പിക്കുക, നഗര ഭരണനിലവാരം മെച്ചപ്പെടുത്തുന്നതിനായി 'സ്മാർട്ട്' പരിഹാരങ്ങൾ നടപ്പിലാക്കുക എന്നിവ ലക്ഷ്യമിട്ട് 2015-ലാണ് ഈ പദ്ധതി ആരംഭിച്ചത്. പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കൊച്ചി മുൻസിപ്പിൽ കോർപ്പറേഷനും മൂന്നാം ഘട്ടത്തിൽ തിരുവനന്തപുരം മുൻസിപ്പിൽ കോർപ്പറേഷനും തെരഞ്ഞെടുക്കപ്പെട്ടു.

**കൊച്ചിൻ സ്മാർട്ട് മിഷൻ**: ഈ പദ്ധതിയിൽ 1032.04 കോടി രൂപ അടങ്കൽ തുകയുള്ള 98 പദ്ധതികളാണ് (ഉപേക്ഷിച്ച അഞ്ച് പദ്ധതികൾ ഉൾപ്പെടെ) ആവിഷ്കരിച്ചത്. 2025 ഡിസംബർ 31 ഓടെ എല്ലാ പദ്ധതികളും പൂർത്തിയായി പൂർത്തീകരണ നടപടികൾ പുരോഗമിക്കുന്നു.

ഇന്റഗ്രേറ്റഡ് കമാൻഡ് കൺട്രോൾ ആൻഡ് കമ്യൂണിക്കേഷൻ സെന്റർ, എറണാകുളത്ത് സ്മാർട്ട് റോഡുകൾ, ആശുപത്രി റോഡിൽ ആധുനിക രീതിയിലുള്ള നടപ്പാതകൾ, സർക്കാർ കെട്ടിടത്തിലെ ഗ്രിഡ് കണക്ടഡ് റൂഫ് ടോപ്പ് സംവിധാനം, ഇന്റലിജന്റ് ട്രാഫിക്ക് മാനേജ്മെന്റ് സംവിധാനം, സർക്കാർ കെട്ടിടത്തിൽ സോളാർ പാനലുകൾ സ്ഥാപിക്കൽ, ജനറൽ ഹോസ്പിറ്റലിൽ ഇ-ഹെൽത്ത് സംവിധാനം, വീടുകളിലെയും തെരുവുകളിലേയും ബിന്നുകൾ, ഡച്ച് പാലസിന്റെ പ്രവേശന കവാടത്തിന്റെ നവീകരണം, ഫോർട്ട് കൊച്ചിയിലെ ഓപ്പൺ എയർ തിയേറ്റർ, വാസ്കോ സ്ക്വയറിലെ ബീച്ച് കം ഫ്രണ്ട് നവീകരണം, ഹെൽത്ത് എ.ടി.എം, പോലീസ് കിയോസ്കുകൾ, ഡർബാർഹാൾ മുതൽ മംഗളവനം വരെ ബന്ധിപ്പിക്കുന്ന പൊതു ഇടനാഴി എന്നിവയാണ് പൂർത്തിയാക്കിയ പ്രോജക്ടുകളിൽ പ്രധാനമായും ഉൾപ്പെടുന്നത്.

ബഹുനില യന്ത്രവൽകൃത പാർക്കിംഗ്, കനാൽ പുനരുദ്ധാരണം, എൽ.ഇ.ഡി. ലൈറ്റിംഗ് സംവിധാനങ്ങൾ എന്നിവയുടെ പ്രവർത്തനം അന്തിമഘട്ടത്തിലാണ്. കൊച്ചിയെ സുസ്ഥിരവും സാങ്കേതികവിദ്യാധിഷ്ഠിതവുമായ ഒരു നഗര കേന്ദ്രമാക്കി മാറ്റുന്നതിൽ നിർണ്ണായ മുന്നേറ്റമാണിത്.

**തിരുവനന്തപുരം സ്മാർട്ട് സിറ്റി**: തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതിയിൽ 1,242.5 കോടി രൂപയുടെ 79 പദ്ധതികൾക്ക് അനുമതി ലഭിച്ചു. ഇതിൽ 847.8 കോടി രൂപയുടെ 65 പദ്ധതികൾ പൂർത്തിയായി. 90.2 കോടി രൂപയുടെ നാല് പദ്ധതികൾ പുരോഗമിക്കുന്നു. 304.4 കോടി രൂപയുടെ 10 സംയുക്ത പദ്ധതികൾ പൂർത്തിയായി.

കെ.എസ്.ആർ.ടി.സി.ക്കായി ഇ-ബസുകൾ വാങ്ങൽ (ഒന്നാം ഘട്ടവും രണ്ടാം ഘട്ടവും), തമ്പാനൂരിലും പാളയത്തും മൾട്ടി ലെവൽ കാർ പാർക്കിംഗ്, പുരപ്പുറ സോളാർ-അനെർട്ട് പ്രോജക്ടിന്റെ ഒന്നാം ഘട്ടം മുതൽ ആറ് വരെ, സ്മാർട്ട് റോഡുകളുടെ നിർമ്മാണം, മലിനജല ലൈനുകളുടെ പുനഃക്രമീകരണം ഇഷ്ടിക കൊണ്ടുള്ള മാൻഹോളിന്റെ പുനർനിർമ്മാണം, പുത്തരിക്കണ്ടം മൈതാനത്ത് ഓപ്പൺ എയർ തിയേറ്ററിന്റെയും പാർക്കിന്റെയും നിർമ്മാണം, അഞ്ച് സ്ഥലങ്ങളിൽ ഗ്രിഡ്-കണക്റ്റഡ് റൂഫ് മൗണ്ടഡ് സോളാർ ഫോട്ടോവോൾട്ടായിക് (പിവി) പവർ പ്ലാന്റുകൾ, ട്രാഫിക് സിഗ്നലിന്റെ വികസനം, 25 സ്ഥലങ്ങളിൽ കുടിവെള്ള കിയോസ്ക്കുകൾ സ്ഥാപിക്കൽ, ശ്രീ ചിത്ര പാർക്ക് ഉൾപ്പെടെ ചരിത്രവീഥി അർബൻ സ്ട്രീറ്റ് മാർക്കറ്റ്, കുട്ടികളുടെ പാർക്കിന്റെ നവീകരണം, കെ.ഡബ്ല്യു.എ.യുമായി ബന്ധിപ്പിച്ചിരിക്കുന്ന ഹരിത പ്രവർത്തനം, സാംസ്കാരിക തെരുവുകൾ - മാനവീയം വീഥി, രാജാജിയിലെ പൊതുജനാരോഗ്യ കേന്ദ്രത്തിന്റെ നവീകരണം, പൊന്നറ ശ്രീധർ പാർക്കിന്റെ പുനർവികസനവും ലാഡ്സ്കേപ്പിംഗും, പുത്തൻചന്ത ശ്രീകണ്ഠേശ്വര ക്ഷേത്ര കുളങ്ങളുടെ മെച്ചപ്പെടുത്തൽ, ആറ് സ്ഥലങ്ങളിൽ പൊതു ശൗചാലയങ്ങളുടെ നവീകരണം, 15 ഇ-ഓട്ടോകൾ വാങ്ങൽ, അവസാന മൈൽ കണക്ടിവിറ്റി, സംവേദനാത്മക വിവര കിയോസ്ക്കുകളുടെ നിർമ്മാണം, വിവര സാങ്കേതിക ഉപകരണങ്ങൾ വാങ്ങൽ, അങ്കണവാടിയുടെ നവീകരണം, ഓപ്പൺ എയർ ജിം സ്ഥാപിക്കൽ, മൂന്ന് സ്ഥലങ്ങളിൽ കുട്ടികളുടെ കളി ഉപകരണങ്ങൾ സ്ഥാപിക്കൽ, അഞ്ച് സ്ഥലങ്ങളിൽ പ്രതിമകൾ സ്ഥാപിക്കൽ, സ്മാർട്ട് ഇവി ചാർജറുകൾ വാങ്ങൽ എന്നിവ പൂർത്തിയാക്കിയ പദ്ധതികളിൽപ്പെടുന്നു.

### വികസന അതോറിറ്റികൾ

വികസന അതോറിറ്റികളുടെ പ്രാഥമിക ലക്ഷ്യം അവരുടെ അധികാരപരിധിക്കുള്ളിൽ സുസ്ഥിരവും സമഗ്രവുമായ വികസനം സാധ്യമാക്കുക എന്നതാണ്. കേരളത്തിൽ, 2016 ലെ കേരള ടൗൺ ആൻഡ് കൺട്രി പ്ലാനിംഗ് ആക്ടിന് കീഴിൽ പ്രവർത്തിക്കുന്ന ഈ അതോറിറ്റികൾ, നഗരവളർച്ചയും അടിസ്ഥാന സൗകര്യങ്ങളും ആസൂത്രിതവും സംഘടിതവുമായി കൈകാര്യം ചെയ്യുന്നതിൽ നിർണായക പങ്ക് വഹിക്കുന്നു. വിശാല കൊച്ചി വികസന അതോറിറ്റി (ജിസിഡിഎ) നിലവിൽ 568 കോടി രൂപയുടെ ഏകദേശ ബജറ്റുള്ള 75 സംരംഭങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിന്റെ സാമ്പത്തിക സ്രോതസ്സ് സംസ്ഥാന പദ്ധതിയിൽ നിന്നും മറ്റ് ഫണ്ടിംഗ് മാർഗ്ഗങ്ങളിൽ നിന്നും കണ്ടെത്തുന്നു. ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയത്തിന്റെ നവീകരണം, ലൈഫ് മിഷൻ ഭവന പദ്ധതിയുടെ ഭാഗമായി 82 കുടുംബങ്ങൾക്കുള്ള ഭവന സമുച്ചയം, ഷീ ഹോസ്റ്റൽ പദ്ധതി എന്നിവ പ്രധാന പദ്ധതികളിൽ ഉൾപ്പെടുന്നു.

കൂടാതെ, കസ്തൂർബ നഗറിൽ ഒരു ഫുഡ് സ്ട്രീറ്റ് സ്ഥാപിച്ചു. സ്മാർട്ട് സിറ്റി ഫണ്ടിംഗ് വഴി കൊച്ചിയിലെ 11 പാർക്കുകൾ പുനരുജ്ജീവിപ്പിച്ചു. ശുചിത്വ വെല്ലുവിളികൾ നേരിടുന്നതിനായി, ജി.സി.ഡി.എ അഞ്ച് സ്ഥലങ്ങളിൽ ആധുനിക

**ബോക്സ് 19.1**

**നഗര നയ കമ്മീഷൻ**

കേരള നഗര നയ കമ്മീഷൻ 2023-ലാണ് രൂപീകരിച്ചത്. ഇന്ത്യയിലെ തന്നെ ഇത്തരത്തിലുള്ള ആദ്യ സംരംഭമായ ഈ കമ്മീഷൻ, സ്ഥലപരമായ ആസൂത്രണത്തെയും കാലാവസ്ഥാ പ്രതിരോധ നയങ്ങളെയും തമ്മിൽ ബന്ധിപ്പിക്കുന്നതിനുള്ള സമഗ്രവും ഡാറ്റാ അടിസ്ഥാനമാക്കിയുള്ളതുമായ ഒരു ചട്ടക്കൂട് നൽകിയിട്ടുണ്ട്. പ്രധാന വളർച്ചാ ഘടകങ്ങളെ തിരിച്ചറിഞ്ഞ് പ്രാദേശിക സാമ്പത്തിക വികസനത്തിൽ നിക്ഷേപം നടത്തുക, കൂട്ടായ പ്രാദേശിക ഭരണത്തിലും സുസ്ഥിര നഗര ധനകാര്യത്തിലും നൂതനമായ ഇടപെടലുകൾ നടത്തുക എന്നിവയിലൂടെ ആരോഗ്യം, ജനക്ഷേമം, പാർപ്പിടം, മനുഷ്യ നിർമ്മിത പരിസ്ഥിതി എന്നിവയിലെ വെല്ലുവിളികളും അവസരങ്ങളും കമ്മീഷൻ അഭിസംബോധന ചെയ്യുന്നു. ഇത് അന്തിമമായി കേരളത്തിലെ ജനങ്ങളുടെ സംസ്കാരത്തെയും പൈതൃകത്തെയും പ്രോത്സാഹിപ്പിക്കുന്നു.
കാലാവസ്ഥാ വ്യതിയാന സാധ്യതകൾ, പശ്ചാത്തല സൗകര്യങ്ങളിലെ വിടവുകൾ, സ്ഥലപരമായ ആസൂത്രണത്തിലെ അപര്യാപ്തതകൾ, സാമ്പത്തിക പരാശ്രയത്വം, പ്രാദേശിക ഭരണസംവിധാനങ്ങളുടെ ശേഷിക്കുറവ് എന്നിവയെ പ്രധാന വെല്ലുവിളികളായി കമ്മീഷൻ തിരിച്ചറിഞ്ഞു. വികേന്ദ്രീകൃതവും പങ്കാളിത്തത്തിലധിഷ്ഠിതവുമായ ഭരണത്തിന്റെ പ്രാധാന്യം ഊന്നിപ്പറയുന്ന കമ്മീഷൻ, കാലാവസ്ഥാ സൗഹൃദ അടിസ്ഥാന സൗകര്യങ്ങൾ, തുല്യമായ സേവന ലഭ്യത, സുസ്ഥിര ധനസമാഹരണം, എല്ലാവരെയും ഉൾക്കൊള്ളുന്ന പ്രാദേശിക സാമ്പത്തിക വികസനം എന്നിവയിൽ ഊന്നിയുള്ള ഒരു മാറ്റത്തിന് നിർദ്ദേശം നൽകുന്നു. മെട്രോപൊളിറ്റൻ പ്ലാനിംഗ് കമ്മിറ്റികൾ സ്ഥാപിക്കുക, നഗര തദ്ദേശ സ്ഥാപനങ്ങളെ കൂടുതൽ പ്രൊഫഷണൽ ആക്കുക, ഡിജിറ്റൽ-കാലാവസ്ഥാ പ്രതിരോധ ഉപകരണങ്ങളിൽ നിക്ഷേപം നടത്തുക, സാംസ്കാരിക-പൈതൃക ആസ്തികളെ പ്രയോജനപ്പെടുത്തുക, 'സ്കൂൾ ഓഫ് അർബൻ ഗവേണൻസ്' പോലുള്ള പിന്തുണാ സ്ഥാപനങ്ങൾ രൂപീകരിക്കുക എന്നിവ കമ്മീഷന്റെ ശിപാർശകളിൽ ഉൾപ്പെടുന്നു. ഈ റിപ്പോർട്ട് ആഗോള സുസ്ഥിര വികസന ചട്ടക്കൂടുകളുമായി ചേർന്നുനിൽക്കുന്നതോടൊപ്പം തന്നെ, 'ജ്ഞാനശ്രീ' പ്രോഗ്രാം, കേരള അർബൻ നോളജ് പാർട്ണർഷിപ്പ് തുടങ്ങിയ കേരളത്തിന് അനുയോജ്യമായ നൂതന പദ്ധതികളും നിർദ്ദേശിക്കുന്നു.

ടോയ്‌ലറ്റുകൾ നിർമ്മിക്കുകയും കലൂർ മാർക്കറ്റ് നവീകരിക്കുകയും ചെയ്തു.

സംസ്ഥാന പദ്ധതി ധനസഹായത്തോടെയും കിഫ്ബി മുഖേന ഭൂമി ഏറ്റെടുത്തും വട്ടിയൂർക്കാവ് ജംഗ്ഷൻ പദ്ധതിക്ക് തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ) തുടക്കമിട്ടു. 2023-24ൽ സ്ഥലമേറ്റെടുപ്പ് പൂർത്തിയായതോടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വഴിയൊരുങ്ങി. കൂടാതെ, പാളയത്ത് ഒരു അർബൻ പാർക്ക് വികസിപ്പിക്കുന്നതിന് ഭരണാനുമതിയും ലഭിച്ചിട്ടുണ്ട്.

### നഗര ഭവന നിർമ്മാണം

കഴിഞ്ഞ ദശകത്തിൽ, ഭവനരഹിതർക്ക് ഗുണമേന്മയും നിലവാരവും ഉറപ്പാക്കി ഭവനസൗകര്യങ്ങൾ നൽകുന്നതിന് കേരള സർക്കാർ പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട്. പാവപ്പെട്ടവർക്ക് മെച്ചപ്പെട്ട ഭവന സൗകര്യങ്ങൾ ഒരുക്കാൻ 'ലൈഫ് മിഷൻ' എന്ന പേരിൽ സമഗ്ര ഭവന പദ്ധതി ആവിഷ്കരിച്ചു. നഗരപ്രദേശങ്ങളിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാൻ മന്ത്രി ആവാസ് യോജന (പി.എം.എ.വൈ-നഗരം) പ്രകാരം നിർമ്മിക്കുന്ന വീടുകളെ ലൈഫ് മിഷനുമായി സംയോജിപ്പിച്ചിരിക്കുന്നു. ഇതിനെക്കുറിച്ചുള്ള വിശദമായ ചർച്ച നവകേരളത്തിനായുള്ള സംരംഭങ്ങൾ എന്ന 28-ാം അധ്യായത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### മുന്നോട്ടുള്ള പ്രയാണം

അടുത്ത ദശാബ്ദത്തിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തികവും പ്രവർത്തനപരവുമായ സ്വയംഭരണാധികാരം ശക്തിപ്പെടുത്തിക്കൊണ്ടും, അവരുടെ ആസൂത്രണ ശേഷി വർദ്ധിപ്പിച്ചുകൊണ്ടും വികേന്ദ്രീകരണം കൂടുതൽ ആഴത്തിലാക്കുന്നതിൽ കേരളം ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതാണ്. കൂടാതെ, ശാക്തീകരിക്കപ്പെട്ട ജില്ലാ ആസൂത്രണ സമിതികളിലൂടെ ഡാറ്റാ അടിസ്ഥാനമാക്കിയുള്ള തീരുമാനമെടുക്കൽ രീതി (Evidence-based decision-making) നടപ്പിലാക്കേണ്ടതുണ്ട്. താഴെത്തട്ടിലുള്ള ജനാധിപത്യത്തെ പുനരുജ്ജീവിപ്പിക്കുക എന്നത് അത്യന്താപേക്ഷിതമാണ്. ഇതിനായി കൂടുതൽ ശക്തവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ ഗ്രാമസഭകൾ, വ്യവസ്ഥാപിത സംവിധാനമായ അയൽസഭകൾ, വിപുലമായ ജനപങ്കാളിത്തത്തിനായുള്ള ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ എന്നിവ ആവശ്യമാണ്. ഒപ്പം യുവാക്കൾ, വിദ്യാർത്ഥികൾ, അതിഥി തൊഴിലാളികൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവരുടെ പങ്കാളിത്തം ഉറപ്പാക്കാൻ പ്രത്യേക പരിശ്രമങ്ങളും ഉണ്ടാവണം.

പ്രൊഫഷണൽ വൈദഗ്ധ്യം, ഡിജിറ്റൽ ഉപകരണങ്ങൾ, സ്ഥലപരമായ ആസൂത്രണ ശേഷി, ശക്തമായ വിവരശേഖരണ സംവിധാനങ്ങൾ എന്നിവ സംയോജിപ്പിച്ചുകൊണ്ട് ആസൂത്രണ സ്ഥാപനങ്ങളെ - വർക്കിംഗ് ഗ്രൂപ്പുകൾ, പ്ലാനിംഗ് കമ്മിറ്റികൾ, ജില്ലാ ആസൂത്രണ സമിതികൾ, ജില്ലാ റിസോഴ്സ് സെന്ററുകൾ - ആധുനികവൽക്കരിക്കേണ്ടത് തുല്യ പ്രാധാന്യമുള്ള കാര്യമാണ്. പുതുക്കിയ ജിയോ-സ്പേഷ്യൽ ഡാറ്റാസെറ്റുകൾ, എല്ലാവർക്കും ലഭ്യമായ ഡിജിറ്റൽ വിവരങ്ങൾ, മെച്ചപ്പെട്ട ഡോക്യുമെന്റേഷൻ സംവിധാനങ്ങൾ എന്നിവയുടെ സഹായത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നീർത്തട അധിഷ്ഠിത വികസനം, കാലാവസ്ഥാ പ്രതിരോധ ആസൂത്രണം, സുസ്ഥിര വികസന ലക്ഷ്യങ്ങളുമായി ബന്ധിപ്പിച്ച തന്ത്രങ്ങൾ എന്നിവ നടപ്പിലാക്കേണ്ടതുണ്ട്.

വികേന്ദ്രീകരണത്തിന്റെ അടുത്ത ഘട്ടം പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും, പ്രാദേശിക സാമ്പത്തിക വികസനത്തിലും, ലിംഗനീതി ഉറപ്പാക്കുന്ന ആസൂത്രണത്തിലും, പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്കായുള്ള പ്രത്യേക ഇടപെടലുകളിലുമായിരിക്കണം. ഇതിനായി വിവിധ വകുപ്പുകളുടെയും മിഷനുകളുടെയും ഫലപ്രദമായ ഏകോപനം ഉറപ്പാക്കണം. സംസ്ഥാനത്തിന്റെ ഭാവി സാമ്പത്തിക വികസനം പ്രാദേശിക വിഭവങ്ങളെ അടിസ്ഥാനമാക്കിയുള്ള ഒരു സാമ്പത്തിക ചട്ടക്കൂടിൽ ഊന്നിയുള്ളതായിരിക്കണം. പ്രാദേശിക സാമ്പത്തിക വികസനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നൂതനമായ നടപടികൾ എല്ലാ മേഖലകളിലും നടപ്പിലാക്കേണ്ടതുണ്ട്. സാങ്കേതിക വൈദഗ്ധ്യം, മെന്റർഷിപ്പ്, മാനേജ്മെന്റ്-സാമ്പത്തിക സഹായങ്ങൾ എന്നിവ നൽകുന്ന ഏജൻസികളായി മാറിക്കൊണ്ട് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പ്രാദേശിക സംരംഭകത്വത്തിന്റെ കേന്ദ്രങ്ങളായി വളരേണ്ടതുണ്ട്.

അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ (ഇ.പി.ഇ.പി) നേട്ടങ്ങൾ നിലനിർത്തിക്കൊണ്ടും, വിവിധ വകുപ്പുകളുടെ ഏകോപനം ശക്തിപ്പെടുത്തിക്കൊണ്ടും, ദുർബല വിഭാഗങ്ങളിലെ കുടുംബങ്ങൾക്ക് ഉപജീവന മാർഗ്ഗങ്ങൾ ഉറപ്പാക്കിക്കൊണ്ടും സാമൂഹിക സുരക്ഷ മുൻഗണനയായി തുടരണം. പൊതുസേവന വിതരണം മെച്ചപ്പെടുത്തുന്നതിന് സാമൂഹിക ഓഡിറ്റിംഗ് ശക്തമാക്കുക, പരിസ്ഥിതി സൗഹൃദ നിർമ്മാണ രീതികൾ ഉറപ്പാക്കുക, ഉപയോഗിക്കാതെ കിടക്കുന്ന ആസ്തികൾ പുനരുജ്ജീവിപ്പിക്കുക, ഉദ്യോഗസ്ഥരുടെ കാര്യശേഷി വർദ്ധിപ്പിക്കുക എന്നിവ പൊതു സേവന വിതരണത്തിന്റെ ഗുണമേൻമ ഉയർത്തുന്നതിൽ നിർണ്ണായകമാണ്

നഗര ഭരണസംവിധാനത്തിൽ 'കെ-സ്മാർട്ട്' പദ്ധതി വ്യാപിപ്പിക്കേണ്ടതും, ഗതാഗതസൗകര്യങ്ങൾ, പാർപ്പിടം, കുടിവെള്ള വിതരണം, ശുചിത്വം എന്നിവ മെച്ചപ്പെടുത്തേണ്ടതും അത്യാവശ്യമാണ്. കൂടാതെ, അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയെ തൊഴിൽ നൈപുണ്യവുമായി ബന്ധിപ്പിച്ചുകൊണ്ട് ആധുനികവൽക്കരിക്കേണ്ടതുണ്ട്. ഹരിതകർമ്മ സേനയെ ശക്തിപ്പെടുത്തിക്കൊണ്ടും, വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനങ്ങളിലൂടെയും, പൊതുജനാരോഗ്യം വർദ്ധിപ്പിച്ചുകൊണ്ടും മാലിന്യ സംസ്കരണ മേഖലയെ ഒരു 'സർക്കുലർ ഇക്കോണമി' മാതൃകയിലേക്ക് മാറ്റേണ്ടതുണ്ട്.

ദ്രുതഗതിയിലുള്ള നഗരവൽക്കരണത്തിന്റെ പശ്ചാത്തലത്തിൽ, നഗര ഭരണസംവിധാനത്തിനായി പുതിയ സമീപനങ്ങൾ രൂപപ്പെടുത്തേണ്ടതുണ്ട്. വിവിധ സ്രോതസ്സുകളിലൂടെ സ്വന്തമായി വരുമാനം കണ്ടെത്തുക, കാലാവസ്ഥാ വ്യതിയാനങ്ങളെ പ്രതിരോധിക്കുന്ന പശ്ചാത്തല സൗകര്യങ്ങൾ ആസൂത്രണം ചെയ്യുക, അത്യാധുനികമായ പൊതുസൗകര്യങ്ങൾ, പൊതുഇടങ്ങൾ, തൊഴിലവസരങ്ങൾ, പ്രാദേശിക വ്യാപാര പ്രോത്സാഹനം, നഗരങ്ങളിലെ ദരിദ്രരുടെ ഉപജീവന സുരക്ഷ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കണം. കൂടാതെ, ജനപങ്കാളിത്തത്തോടെ ഓരോ നഗരത്തിനും അനുയോജ്യമായ പ്രത്യേക നഗരപദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കേണ്ടതും ഇതിന് അത്യന്താപേക്ഷിതമാണ്.

അവസാനമായി, കേരളത്തിലുടനീളം എല്ലാവരെയും ഉൾക്കൊള്ളുന്നതും സുസ്ഥിരവും സമൂഹം നയിക്കുന്നതുമായ വികസനം ഉറപ്പാക്കുന്നതിനായി കുടുംബശ്രീയെ പ്രാദേശിക വികസനത്തിന്റെ കേന്ദ്രസ്തംഭമായി ഉയർത്തേണ്ടതുണ്ട്. ഇതിനായി സൂക്ഷ്മ സംരംഭങ്ങൾ, ഉൽപ്പാദക ഗ്രൂപ്പുകൾ, ഡിജിറ്റൽ മാർക്കറ്റിംഗ് പ്ലാറ്റ്ഫോമുകൾ, കാർഷിക-മൃഗസംരക്ഷണ സംരംഭങ്ങൾ, നൂതന സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ഉപജീവനമാർഗങ്ങൾ എന്നിവ വിപുലീകരിക്കണം.

ചുരുക്കത്തിൽ, ജനങ്ങളെ കേന്ദ്രബിന്ദുവാക്കി മാറ്റുന്നതും, സാങ്കേതികവിദ്യയുടെ പിന്തുണയുള്ളതും, ജനപങ്കാളിത്തമുള്ളതും, ഏകോപനത്തിൽ ഊന്നിയതുമായ ഒരു വികേന്ദ്രീകൃത ഭരണസംവിധാനമാണ് വരും ദശകത്തിൽ ആവശ്യം. കേരളത്തിന്റെ കാലങ്ങളായുള്ള എല്ലാവരെയും ഉൾക്കൊള്ളുന്നതും പരിവർത്തനാത്മകവുമായ വികസനത്തോടുള്ള പ്രതിബദ്ധത നിലനിർത്തിക്കൊണ്ടുതന്നെ, പുതിയ സാമൂഹിക-സാമ്പത്തിക-പരിസ്ഥിതിക വെല്ലുവിളികളെ നേരിടാൻ ഈ സംവിധാനംശേഷിയുള്ളതായിരിക്കണം.

## അധ്യായം 20
## പരിസ്ഥിതിയും വളർച്ചയും

**ആഗോളതാപനവും കാലാവസ്ഥാ നടപടിയും: കേരളത്തിനായുള്ള ഒരു കാഴ്ചപ്പാട്**

ഭാരതത്തിന്റെ കാലാവസ്ഥാ ചർച്ചകളിൽ കേരളം ഒരു പ്രധാന സ്ഥാനം നിലനിർത്തുന്നു. സമ്പന്നമായ പ്രകൃതി പാരമ്പര്യത്തെയും പുരോഗമനാത്മകമായ കാലാവസ്ഥാ നടപടികളെയും സമതുലിതമാക്കിയാണ് അത് മുന്നേറുന്നത്. ഈ അധ്യായം ആഗോള താപനത്തെയും കേരളത്തിന്റെ കാലാവസ്ഥാ തന്ത്രങ്ങളെയും ശാസ്ത്രീയ കാഴ്ചപ്പാടിൽ നിന്ന് പരിശോധിക്കുന്നു. സംസ്ഥാനത്തിന്റെ അതുല്യമായ "കാർബൺ സിങ്ക്" സ്ഥാനവും സുസ്ഥിര വികസന പ്രതിബദ്ധതയും ഇത് തുറന്നുകാട്ടുന്നു. കേരളത്തിന്റെ സാമ്പത്തിക ഘടനയിൽ കുറഞ്ഞ ബഹിർഗമന തീവ്രത, കുറഞ്ഞ ഊർജ്ജ ഉപഭോഗം, അപൂർവ്വമായ വനാവരണം എന്നിവ എങ്ങനെ ചരിത്രപരമായി സംസ്ഥാനത്തിന്റെ വികസന ഫലങ്ങളെ സ്വാധീനിച്ചുവെന്നും ഭാവിയിലേക്കുള്ള നയങ്ങളിലും പദ്ധതികളിലും കേരളം ശമനത്തിനേക്കാൾ (mitigation) അനുയോജനത്തിനും (adaptation) പ്രതിരോധശേഷിക്കും (resilience) കൂടുതൽ പ്രാധാന്യം നൽകേണ്ടതെന്തിനെന്നും ഈ അധ്യായം വിശദീകരിക്കുന്നു. പ്രായോഗികമായ പൊരുത്തപ്പെടുത്തൽ നടപടികൾക്ക് മുൻഗണന നൽകുന്നതിലൂടെ, കേരളം ഇന്ത്യയുടെ പാരിസ്ഥിതിക ലക്ഷ്യങ്ങൾക്ക് അനുകൂലമായി സംഭാവന നൽകുക മാത്രമല്ല, ഉയർന്നുവരുന്ന കാലാവസ്ഥാ വെല്ലുവിളികളെ നേരിടുന്നതിൽ ജനങ്ങൾക്ക് തുടർച്ചയായ വളർച്ച, നീതി, വികസനം എന്നിവ ഉറപ്പാക്കുകയും ചെയ്യുന്നു.

കേരളം സമൃദ്ധമായ പ്രകൃതിവിഭവങ്ങളാലും, സസ്യജന്തുജാലങ്ങളാലും സമ്പന്നമാണ്. ഇവയെല്ലാം കേരളജനതയ്ക്ക് സാമ്പത്തികമായും, സാമൂഹികമായും, സാംസ്കാരികമായും വളരെയധികം പ്രാധാന്യമുള്ളവയാണ്. പ്രകൃതിയുമായുള്ള കേരളത്തിന്റെ ബന്ധം സംരക്ഷണത്തിൽ മാത്രം ഒതുങ്ങുന്നില്ല; അത് ഉപജീവന മാർഗങ്ങൾ, സാമൂഹിക ക്ഷേമം, സാംസ്കാരിക സ്വത്വം എന്നിവയുമായി ആഴത്തിൽ ബന്ധപ്പെട്ടു കിടക്കുന്നു. കൃഷി, മത്സ്യബന്ധനം, വിനോദ സഞ്ചാരം ഉൾപ്പെടെ നിരവധി മേഖലകൾ ആരോഗ്യകരമായ ആവാസവ്യവസ്ഥയെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്.

പ്രകൃതിദുരന്തങ്ങളും അവ കേരളത്തിലുണ്ടാക്കുന്ന നാശനഷ്ടങ്ങളും സംസ്ഥാനത്തിന്റെയും അവിടുത്തെ ജനങ്ങളുടെയും കാലാവസ്ഥാപരമായ ആപൽശങ്കകളെക്കുറിച്ചുള്ള സ്ഥിരം ഓർമ്മപ്പെടുത്തലാണ്. പൊരുത്തപ്പെടുത്തലിനും അതിജീവനശേഷിക്കും വേണ്ടത്ര ശ്രദ്ധ നൽകിയില്ലെങ്കിൽ, ആഗോള താപനം ദുരന്തസാധ്യതകൾ കൂടുതൽ രൂക്ഷമാക്കും. പ്രകൃതി ദുരന്തങ്ങളുടെ ആഘാതം ആ പ്രതിഭാസത്തിന്റെ തീവ്രത പോലെതന്നെ മനുഷ്യന്റെ ആസൂത്രണമില്ലാത്ത സാമ്പത്തിക പ്രവർത്തനങ്ങൾ സൃഷ്ടിക്കുന്ന അപകടസാധ്യതകളെയും അതിന്റെ വ്യാപ്തിയെയും ആശ്രയിച്ചിരിക്കുന്നുവെന്നതിനുള്ള ശക്തമായ മുന്നറിയിപ്പു കൂടിയാണ് ഈ ദുരന്തങ്ങൾ.

ആഗോളതാപനത്തിന്റെ ആഘാതവും അനന്തരഫലങ്ങളും ദൂരവ്യാപകമാണ്. അതിന്റെ സ്വഭാവവും വ്യാപ്തിയും മേഖലകൾ തോറും വ്യത്യാസപ്പെട്ടുമിരിക്കുന്നു. ഈ അധ്യായത്തിൽ, ആഗോളതാപനം സംസ്ഥാനത്തുണ്ടാക്കുന്ന ആഘാതത്തിന്റെ സവിശേഷതകളിലേക്കും നയപരമായി നോക്കുമ്പോൾ, ആവശ്യമായ കാലാവസ്ഥാ നടപടികളിലേക്കും ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

**ആമുഖം**

മനുഷ്യ ഇടപെടലുകൾ മൂലമുണ്ടാകുന്ന ആഗോള താപനം അടിസ്ഥാനപരമായി ഒരു പ്രാദേശിക പരിസ്ഥിതി പ്രശ്നമല്ല. മറിച്ച്, ആഗോളനിലവാരത്തിൽ കൂട്ടായ പ്രവർത്തനം ആവശ്യപ്പെടുന്ന, സമാനതകളില്ലാത്ത ഒരു ആഗോള വെല്ലുവിളിയാണ്. ഹരിതഗൃഹ വാതക ബഹിർഗ്ഗമനം ആഗോളതലത്തിൽ ലഘൂകരിക്കുന്നത് ഒരു പൊതു നന്മയാണ്. അല്ലെങ്കിൽ ആഗോള കാർബൺ ബജറ്റിലേക്കുള്ള തുല്യവും ന്യായവുമായ അവകാശം എല്ലാ രാജ്യങ്ങൾക്കും തുല്യവും നീതിയുക്തവുമായ പരിഗണന വേണ്ട ഒരു "ആഗോള പൊതുസ്വത്താണ്". ഈ സാഹചര്യത്തിൽ, പങ്കാളികളാവാതെ ഗുണം അനുഭവിക്കുന്ന സൗജന്യ സവാരി (ഫ്രീ-റൈഡിംഗ്) പ്രവണതയും ധാർമ്മിക അപകടസാധ്യതയും ജലമലിനീകരണം, രാസ മാലിന്യങ്ങൾ, വായു മലിനീകരണം എന്നിവ പോലെ പ്രാദേശിക സ്വഭാവമുള്ള പരിസ്ഥിതി പ്രശ്നങ്ങളേക്കാൾ വളരെ പ്രധാനപ്പെട്ട വിഷയങ്ങളായി മാറുന്നു.

ഈ പ്രശ്നത്തിന്റെ സങ്കീർണ്ണത വർധിപ്പിക്കുന്നത്, ഫ്രീ-റൈഡർമാർ വികസിത രാജ്യങ്ങളും ധാർമ്മിക അപകടങ്ങളിൽ ഉൾപ്പെട്ട അതിപ്രമുഖന്മാർ ആഗോള സമ്പന്നരും ആണെന്ന യാഥാർത്ഥ്യമാണ്. എന്നാൽ ഇതിന്റെ ഗുരുതരമായ പ്രത്യാഘാതങ്ങൾ ഏറ്റുവാങ്ങുന്നത് വികസ്വര രാജ്യങ്ങളാണ്. ഇവർക്ക് നേരിടേണ്ടത് ഇരട്ട വെല്ലുവിളികളാണ്. ഊർജ്ജ ലഭ്യത മെച്ചപ്പെടുത്താനും വ്യവസായ വളർച്ചയ്ക്കും വികസനത്തിനുമായി ഫോസിൽ ഇന്ധന ഉപയോഗം ഗണ്യമായി കുറയ്ക്കേണ്ടി വരിക. ഇതിന്റെ ഫലമായി വളർച്ചയ്ക്കും വികസനത്തിനും അനിവാര്യമായ സാമൂഹ്യ-സാമ്പത്തിക പരിവർത്തനങ്ങൾ മന്ദഗതിയിലാവുക. രണ്ടിനും കാരണം ആഗോള കാലാവസ്ഥാ ഭരണക്രമത്തിന്റെ സമ്മർദ്ദവും, അതിനൊപ്പം മിതമായ വരുമാനവും ക്ഷേമനിലവാരവും കൈവരിക്കാൻ ഫോസിൽ ഇന്ധനാധിഷ്ഠിത വളർച്ചയ്ക്ക് ആവശ്യമായ കാർബൺ സ്പേസ് ലഭ്യമാകാത്തതുമാണ്. മറുവശത്ത്, കാർബൺ വിമുക്തം ആകണമെന്ന് (ഡീകാർബണൈസ്) വികസ്വര രാജ്യങ്ങൾക്ക് മേൽ നിരന്തരമായ സമ്മർദ്ദം നിലനിൽക്കുമ്പോഴും അവർക്ക് അതിനാവശ്യമായ ധനസഹായവും സാങ്കേതികവിദ്യകളും വേണ്ടത്ര ലഭ്യമാക്കിയിട്ടില്ല.

ആഗോള ദക്ഷിണ രാജ്യങ്ങൾക്ക് ഹരിതഗൃഹ വാതകം കുറയ്ക്കാൻ ആവശ്യമായ തോതിൽ വിഭവ കൈമാറ്റം ഇല്ലാത്തതിനാലും, അതിനു ശേഷിയും വിഭവങ്ങളും കൈവശമുള്ളവരിൽ നിന്ന് മതിയായ കാലാവസ്ഥാ പ്രവർത്തനം ഉണ്ടാകാത്തതിനാലും, ഹരിതഗൃഹ വാതകം കുറയ്ക്കൽ

മനുഷ്യരാശിക്കുമേൽ ചുമത്തപ്പെട്ട ഒരു "നൈതിക ബാധ്യത" എന്ന മട്ടിൽ ചർച്ചകൾ നടക്കുന്നതിൽ അൽഭുതമില്ല. കാലാവസ്ഥാ പ്രവർത്തനത്തെ "നൈതിക ബാധ്യത"യായി അവതരിപ്പിക്കുന്ന ഈ സംവാദത്തിന്റെ പൊരുൾ, ആഗോള കാലാവസ്ഥാ പ്രവർത്തനത്തിന്റെ അടിസ്ഥാന തത്വമായ "പൊതു എന്നാൽ വ്യത്യസ്തമായ ഉത്തരവാദിത്വങ്ങൾ" എന്ന സിദ്ധാന്തത്തെ ഇത് ദുർബലപ്പെടുത്തുന്നു എന്നതാണ്. ഈ സിദ്ധാന്തം വ്യക്തമാക്കുന്നത്, എല്ലാ രാജ്യങ്ങളും കാലാവസ്ഥാ മാറ്റത്തെ നേരിടാനുള്ള ഉത്തരവാദിത്വം പങ്കുവയ്ക്കുന്നുണ്ടെങ്കിലും, അവരുടെ നടപടികളും ബാധ്യതകളും തങ്ങളുടെ ശേഷിയും പ്രശ്നത്തിലേക്കുള്ള നിലവിലെയും ചരിത്രപരവുമായ സംഭാവനകളും പ്രതിഫലിപ്പിക്കണമെന്നതാണ്. ഇത് "പൊതു" എന്ന വശം മാത്രം ഊന്നിപ്പറയുകയും "വ്യത്യാസം" അവഗണിക്കുകയും ചെയ്യുന്ന നൈതിക വാദത്തിന് കടകവിരുദ്ധമാണിത്.

മറ്റു സംസ്ഥാനങ്ങളിൽ നിന്ന് ഭിന്നമായി, കേരളത്തിന്റെ ഒരു പ്രധാന സവിശേഷത, നിരവധി പ്രധാന മേഖലകളിൽ സംസ്ഥാനത്തിന്റെ പാരിസ്ഥിതിക സാഹചര്യം അതിന് ഒരു കാർബൺ ബഹിർഗ്ഗമന സ്രോതസ്സ് (കാർബൺ എമിറ്റർ) എന്ന പദവിയല്ല, മറിച്ച് ഒരു കാർബൺ സംഭരണ കേന്ദ്രം (കാർബൺ സിങ്ക്) എന്ന പദവി നൽകുന്നു എന്നതാണ്.

അതിനാൽ, കേരളത്തിന്റെ ആസൂത്രണ ചട്ടക്കൂടിന്റെ പ്രാഥമിക ഉത്തരവാദിത്വം കാർബൺ ഉദ്‌വമന തീവ്രതയോ (കാർബൺ എമിഷൻ ഇന്റൻസിറ്റി) മൊത്തത്തിലുള്ള ഉദ്‌വമനമോ കൂടുതലായി കുറയ്ക്കുന്നതിന് ഊന്നൽ നൽകാതിരിക്കുകയാണ്. ദേശീയ കാലാവസ്ഥാനയം ഇന്ത്യയുടെ കാലാവസ്ഥാ അജണ്ടയിൽ ഉദ്‌വമനത്തിന്റെ സമ്പൂർണ്ണ കുറയ്ക്കൽ ഉൾപ്പെടുത്തുന്നില്ല. ഈ സാഹചര്യത്തിൽ കേരളത്തിലെ സമ്പൂർണ ഉദ്വമനക്കുറയ്ക്കൽ സംബന്ധിച്ച ചർച്ചകൾ അപ്രസക്തമാണ്. എന്നാൽ, ഇന്ത്യയുടെ കാലാവസ്ഥാ നയം സമ്പദ്‌വ്യവസ്ഥയുടെ ഉദ്വമന തീവ്രത (ജിഡിപിയുടെ ഉദ്വമന തീവ്രതയുടെ തോത്) കുറയ്ക്കാൻ ഊന്നൽ നൽകുമ്പോൾ അതിന്റെ പരിധിക്കുള്ളിൽ പോലും, കേരളത്തിൽ കുറയ്ക്കാനുള്ള സാധ്യത വളരെ പരിമിതമാണ്. മറുവശത്ത്, ആസൂത്രണവും നിക്ഷേപ തന്ത്രങ്ങളും കാലാവസ്ഥാ പൊരുത്തപ്പെടലിൽ (അഡാപ്റ്റേഷൻ) വ്യക്തമായി കേന്ദ്രീകരിക്കണം. കേരളത്തിൽ ഈ പൊരുത്തപ്പെടുത്തലിന്റെ അനുബന്ധ നേട്ടങ്ങൾ പരിശോധിക്കുന്നതും നന്നായിരിക്കും. അതിലൂടെ പുതിയ അവസരങ്ങൾ തുറന്നുകിട്ടും. കൃഷി, ടൂറിസം മേഖലകളിൽ പ്രത്യേകിച്ചും.

**യു.എൻ. ഹരിതഗൃഹ വാതക നിരീക്ഷണവും കണക്കെടുപ്പും**

ഐക്യരാഷ്ട്രകാലാവസ്ഥാവ്യതിയാന ചട്ടക്കൂട് ഉടമ്പടിയിലെ (യുഎൻ ഫ്രെയിംവർക്ക് കൺവെൻഷൻ ഓൺ ക്ലൈമറ്റ് ചെയിഞ്ച് - യു.എൻഎഫ്സിസിസി) അംഗരാജ്യങ്ങൾ ഹരിതഗൃഹ വാതകങ്ങളുടെ സ്ഥിതിവിവരപ്പട്ടിക (ഇൻവെന്ററി) തയ്യാറാക്കി തുടർച്ചയായി റിപ്പോർട്ട് ചെയ്യാൻ ബാധ്യസ്ഥരാണ്. പ്രത്യേകിച്ച് വികസിത രാജ്യങ്ങൾക്ക് കൂടുതൽ കർശനമായ റിപ്പോർട്ടിംഗ് മാനദണ്ഡങ്ങൾ ബാധകമാണ്. വികസിത രാജ്യങ്ങൾ പ്രതിവർഷം ഒരു ഹരിതഗൃഹ വാതക ഉദ്വമന ഇൻവെൻററിയും നാല് വർഷത്തിലൊരിക്കൽ നാഷണൽ കമ്മ്യൂണിക്കേഷനും (എൻസി) സമർപ്പിക്കണം. അതേസമയം വികസ്വര രാജ്യങ്ങളോട് ഈ ഷയത്തിൽ ഏറെ അയവുള്ള സമീപനമാണ്. 2010-ൽ യുഎൻഎഫ്സിസിസി-യുടെ കാൻകൂൺ കരാറുകളെ തുടർന്ന് വികസിത രാജ്യങ്ങൾ ദ്വൈവാർഷിക റിപ്പോർട്ട് (ബിയേനിയൽ റിപ്പോർട്ട് -ബി ആർ) സമർപ്പിക്കുമ്പോൾ, വികസ്വര രാജ്യങ്ങളെ നിർബന്ധമല്ലാത്ത പുതുക്കിയ ദ്വൈവാർഷിക റിപ്പോർട്ട് (ബിയേനിയൽ അപ്ഡേറ്റ് റിപ്പോർട്ട് - ബിയുആർ) സമർപ്പിക്കാൻ പ്രോത്സാഹിപ്പിക്കുന്നു. ബി.ആർ, ബി.യു.ആർ, എൻ.സി എന്നിവയെല്ലാം കൂടി ചേർന്നതാണ് ലോകമാകെയുള്ള ദേശീയ തല ഉദ്വമന ഡാറ്റയുടെ പ്രധാന സ്രോതസ്സ്. ഇവയിൽ വിവിധ ഉറവിടങ്ങളിലെ മനുഷ്യസൃഷ്ടിയായ ഹരിതഗൃഹ വാതക ഉദ്വമനങ്ങളുടെ ദേശീയ ഡാറ്റയും, വിവിധ ഉപാധികളിലൂടെ (ഉദാ. സിങ്കുകൾ) ഹരിതഗൃഹ വാതകങ്ങൾ നീക്കം ചെയ്യുന്നതിന്റെ അവലോകനവും ഉൾപ്പെടുന്നു. കൂടാതെ, കാർബൺ ഡൈഓക്സൈഡ്, മീഥേൻ, നൈട്രസ് ഓക്സൈഡ് തുടങ്ങിയ മറ്റു ഹരിതഗൃഹ വാതകങ്ങളുടെ ഉറവിടങ്ങളുടെയും സിങ്കുകളുടെയും വിശദമായ വിവരങ്ങളും ഇവയിൽ ഉൾപ്പെടുന്നു.

2020ൽ നടപ്പാക്കിയ പാരിസ് ഉടമ്പടി പ്രകാരം, വികസിത രാജ്യങ്ങളും വികസ്വര രാജ്യങ്ങളും ഉൾപ്പെടെ എല്ലാ അംഗങ്ങളും 2025 മുതൽ ബി ആറുകൾ, ബി യു ആറുകൾ എന്നിവയ്ക്ക് പകരമായി ദ്വൈവാർഷിക സുതാര്യതാ റിപ്പോർട്ടുകൾ (ബിയനിയൽ ട്രാൻസ്പേരൻസി റിപ്പോർട്ട് -ബി.ടി.ആർ) സമർപ്പിക്കേണ്ടതുണ്ട്.

മുകളിൽ പരാമർശിച്ച റിപ്പോർട്ടുകൾ കാലാവസ്ഥാ ഭരണക്രമത്തിലെ ഉത്തരവാദിത്തത്തിന്റെയും കാർബൺ ഉദ്‌വമന നിരീക്ഷണ തലങ്ങളുടെയും ഭാഗമാണെങ്കിലും, പാരീസ് കരാർ പ്രകാരം കാലാവസ്ഥാ വ്യതിയാന ലഘൂകരണത്തിൽ അംഗരാഷ്ട്രങ്ങളുടെ പ്രതിബദ്ധത ദേശീയ തലത്തിൽ തിരുമാനിച്ചിട്ടുള്ള കർമ്മ പദ്ധതിയിൽ (നാഷണലി ഡിറ്റർമിൻഡ് കോൺട്രിബ്യൂഷൻസ് - എൻഡിസി) ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് ആഗോള പുരോഗതി അവലോകനത്തിന്റെ ( ഗ്ലോബൽ സ്റ്റോക്ടേക് ) വിവരങ്ങൾ ഉൾപ്പെടുത്തി അഞ്ച് വർഷം കൂടുമ്പോൾ പുതുക്കേണ്ടതുണ്ട്. പാരീസ് കരാറിന്റെ നിർവഹണം സംബന്ധിച്ച് അഞ്ച് വർഷം കൂടുമ്പോൾ നടത്തുന്ന അവലോകനമാണ് ഗ്ലോബൽ സ്റ്റോക്ക്ടേക്ക്. മറ്റ് പലതിന്റെയും കൂട്ടത്തിൽ, പൂർണ കാർബൺ മുക്തി ( നെറ്റ് സീറോ) നേടുന്ന വർഷം ഉൾപ്പെടെ കക്ഷികളുടെ ദീർഘകാല ലക്ഷ്യങ്ങൾ പ്രത്യേക കാലാവധിയൊന്നും ഇല്ലാത്ത ദീർഘകാല കുറഞ്ഞ ഉദ്വമന വികസന തന്ത്രം (ലോംങ് ടേം ലോ എമിഷൻ ഡെവലപ്മെന്റ് സ്ട്രാറ്റജി, എൽ.ടി-എൽ.ഇ.എസ്) എന്ന നയരേഖയിൽ സമർപ്പിച്ചിട്ടുണ്ട്. ചെറിയ കാലാവധി (സാധാരണ അഞ്ച് വർഷം) ഉള്ള എൻ.ഡി.സി (നാഷണലി ഡിറ്റർമൈൻഡ് കോൺട്രിബ്യൂഷൻസ്) യിൽ നിന്ന് വ്യത്യസ്തമായി എൽ.ടി-എൽ.ഇ.എസിൽ (ദീർഘകാല കുറഞ്ഞ ഉദ്വമന വികസന തന്ത്രം) പതിറ്റാണ്ടുകൾ (പലപ്പോഴും 50 വർഷമോ കൂടുതലോ) മുന്നോട്ട് നോക്കുന്ന ദീർഘകാല കാഴ്ചപ്പാടാണുള്ളത്. എന്നിരുന്നാലും, രാജ്യങ്ങളുടെ ദീർഘകാല ആസൂത്രണവും വികസന മുൻഗണനകളും ഉൾക്കൊള്ളുന്ന പശ്ചാത്തലത്തിൽ ഭാവി വികസനം, സമത്വം എന്നിവയ്ക്കായി ഒരു ദർശനവും ദിശയും നൽകിക്കൊണ്ട് എൻ.ഡി.സികളെ അവർ സ്ഥാപിക്കുന്നു. "വ്യത്യസ്ത

ദേശീയ സാഹചര്യങ്ങളുടെ വെളിച്ചത്തിൽ പൊതുവായ, എന്നാൽ വ്യത്യസ്തമായ ഉത്തരവാദിത്തങ്ങളും യഥാർത്ഥ ശേഷികളും" എന്ന തത്വവും (പാരീസ് കരാറിലെ ആർട്ടിക്കിൾ 2.2) പ്രതിഫലിപ്പിക്കുന്നു. ഉടമ്പടിയിൽ ഒപ്പുവെച്ച എല്ലാ രാജ്യങ്ങൾക്കും ആഗോള പരിസ്ഥിതി നാശം നേരിടുന്നതിൽ "പൊതുവായ" ഉത്തരവാദിത്വം ഉണ്ടെങ്കിലും, ഓരോ രാജ്യത്തിന്റെയും വ്യക്തഗത ഉത്തരവാദിത്തങ്ങൾ അവരവരുടെ ചരിത്രപരവും നിലവിലെയും ഉദ്വമന രൂപരേഖയ്ക്കും സാമ്പത്തിക, സാമൂഹിക, സാങ്കേതിക ശേഷികൾക്കും അനുസൃതമായി രൂപകൽപ്പന ചെയ്യേണ്ടതാണ്.

ഇന്ത്യയുടെ ഹരിതഗൃഹ വാതക ഇൻവെന്ററിയുടെ ഏറ്റവും പുതിയ വിവരങ്ങൾ 2024 ഡിസംബറിൽ യുഎൻഎഫ്സിസിസി-ക്ക്സമർപ്പിച്ചബിയനാലെഅപ്ഡേറ്റ് റിപ്പോർട്ടിൽ ലഭ്യമാണ്. അതിൽ 2020 വരെയുള്ള ഡാറ്റ ഉൾപ്പെടുന്നു. 2019 ലെ ഡാറ്റയെ അടിസ്ഥാനമാക്കി, "ഇന്ത്യ: തേർഡ് നാഷണൽ കമ്മ്യൂണിക്കേഷൻ ആൻഡ് ഇനിഷ്യൽ അഡാപ്റ്റേഷൻ കമ്മ്യൂണിക്കേഷൻ" എന്ന തലക്കെട്ടോടെ 2023-ൽ ഇന്ത്യ ഏറ്റവും പുതിയ നാഷണൽ കമ്മ്യൂണിക്കേഷനും സമർപ്പിച്ചു. ഇന്ത്യയുടെ ദേശീയ ഹരിതഗൃഹ വാതക ഇൻവെന്ററിയെ പോലെ തന്നെ, കേരളത്തിന്റെ ഹരിതഗൃഹ വാതക ഇൻവെന്ററിയെക്കുറിച്ചുള്ള ഒരു റിപ്പോർട്ടും 2024-ൽ പരിസ്ഥിതി-കാലാവസ്ഥാ വ്യതിയാന വകുപ്പ്, കേരള സർക്കാർ പുറത്തിറക്കിയിട്ടുണ്ട്. ഈ റിപ്പോർട്ട് "കേരള ജിഎച്ച് ജി ഇൻവെന്ററി റിപ്പോർട്ട്" എന്ന പേരിലാണ് പ്രസിദ്ധീകരിച്ചത്.

**രീതിശാസ്ത്രം**

ഹരിതഗൃഹ വാതകങ്ങളുടെ പുറന്തള്ളലിന്റെയും ആഗിരണത്തിന്റെയും കണക്കുകൾ, ബന്ധപ്പെട്ട പ്രക്രിയകൾ, സ്രോതസ്സുകൾ, ആഗിരണകേന്ദ്രങ്ങൾ എന്നിവയുടെ കൂട്ടങ്ങളായ മുഖ്യ മേഖലകളായി വിഭജിച്ചിരിക്കുന്നു. ഊർജ്ജം; വ്യാവസായിക പ്രക്രിയകളും ഉൽപ്പന്ന ഉപയോഗവും (ഐ പി പി യു); കൃഷി, വനസംരക്ഷണം, മറ്റ് ഭൂവിനിയോഗം (എഎഫ്ഒഎൽയു); മാലിന്യങ്ങൾ; വ്യോമയാന, സമുദ്ര ഇന്ധന ഉപയോഗം ഒഴികെയുള്ളവ എന്നിങ്ങനെ അഞ്ച് വിഭാഗങ്ങളിലായി മനുഷ്യനിർമ്മിത ഹരിതഗൃഹ വാതകങ്ങളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്.

ഒരു രാജ്യത്തിന്റെ മൊത്തം ഹരിതഗൃഹ വാതക ഉദ്വമനങ്ങൾ ഉത്പാദനാധിഷ്ഠിതമോ ഉപഭോഗാധിഷ്ഠിതമോ ആയ രീതികളിൽ കണക്കാക്കാം. ഒരു രാജ്യത്തിനുള്ളിൽ ഉത്പാദിപ്പിക്കുന്ന എല്ലാ ഉദ്വമനങ്ങളും കൂടിച്ചേർത്ത് കണക്കാക്കുന്നതാണ് ഉത്പാദനാധിഷ്ഠിത അക്കൗണ്ടിംഗ്. മറ്റൊരു വിധത്തിൽ, ആ രാജ്യത്ത് ഉപഭോഗിക്കുന്ന സാധനങ്ങളുമായും സേവനങ്ങളുമായും ബന്ധപ്പെട്ട (ഇവിടെ "ബന്ധപ്പെട്ട" എന്ന പദത്തിന് വ്യക്തമായ വിശദീകരണം ആവശ്യമാണ്) ഉദ്വമനങ്ങൾ ചേർത്ത് കണക്കാക്കുന്നതാണ് ഉപഭോഗാധിഷ്ഠിത അക്കൗണ്ടിംഗ്.

രാജ്യങ്ങൾ തങ്ങളുടെ അതിർത്തികൾക്കുള്ളിൽ നടക്കുന്ന ഉൽപ്പാദനത്തെ അടിസ്ഥാനമാക്കിയുള്ള ഹരിതഗൃഹ വാതക ഇൻവെന്ററികൾ തയ്യാറാക്കേണ്ടതുണ്ട്. കാർബൺ സിങ്കുകൾ വഴി ആഗിരണം ചെയ്യപ്പെടുകയും സംഭരിക്കപ്പെടുകയും ചെയ്യുന്ന കാർബണും ഇതിൽ ഉൾപ്പെടുന്നു. ആളോഹരി കാർബൺ ഉദ്വമനം കണക്കാക്കുന്നത് രാജ്യത്തിന്റെ മൊത്തം ഉൽപ്പാദനാധിഷ്ഠിത ഹരിതഗൃഹ വാതക ഉദ്വമനത്തെ അടിസ്ഥാനമാക്കിയാണ്. ഉൽപ്പാദനാധിഷ്ഠിത കണക്കെടുപ്പ് (പ്രൊഡക്ഷൻ ബേസ്ഡ് അക്കൗണ്ടിംഗ്-പിബിഎ) കയറ്റുമതികൾ ഉൾപ്പെടുത്തുമ്പോൾ ഇറക്കുമതികൾ ഉൾപ്പെടുത്തുന്നില്ല. അതേസമയം, കാർബൺ ഫുട്പ്രിന്റ് ഉപഭോഗത്തെ അടിസ്ഥാനമാക്കിയാണ് കണക്കാക്കുന്നത്.

ഹരിതഗൃഹ വാതകങ്ങളുടെ കണക്കെടുപ്പിൽ, കൃഷി മേഖലയിലുൾപ്പെടുന്നത് കന്നുകാലികളുടെ ദഹന പ്രക്രിയ (എന്ററിക് ഫെർമെന്റേഷൻ), വളം മാനേജ്മെന്റ്, നെൽകൃഷി, മണ്ണിനങ്ങൾ, കാർഷിക അവശിഷ്ടങ്ങളുടെ കത്തിക്കൽ എന്നിവയാണ്. ഇതിൽ ആദ്യത്തെ രണ്ട് ഘടകങ്ങൾ മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ടവയാണ്. അവസാനത്തെ മൂന്നെണ്ണം മാത്രമാണ് സാധാരണ വിളവെടുപ്പുമായി ബന്ധപ്പെട്ട കാർഷിക പ്രവർത്തനങ്ങൾ.

ഹരിതഗൃഹ വാതക കണക്കെടുപ്പിൽ, എൽയു, എൽയുസി, എഫ് (ഭൂവിനിയോഗം, ഭൂവിനിയോഗ മാറ്റം, വനപരിപാലനം) എന്നത് വിവിധ തരത്തിലുള്ള ഭൂവിനിയോഗ മാറ്റങ്ങളും വനമേഖലയും മൂലമുണ്ടാകുന്ന ഹരിതഗൃഹ വാതക പുറന്തള്ളലുകളും ആഗിരണങ്ങളുമാണ്. എൽയു,എൽയുസി,എഫ് മേഖലയിലെ വനനശീകരണവും ഭൂക്ഷയവും പോലുള്ള പ്രവർത്തനങ്ങൾ ഹരിതഗൃഹ വാതകങ്ങളുടെ പുറന്തള്ളലിലേക്ക് നയിക്കുന്നു. അതേസമയം, സസ്യങ്ങൾ, മണ്ണ്, തടി എന്നിവയിൽ കാർബൺ ഡൈഓക്സൈഡിന്റെ ആഗിരണം സംഭവിക്കുന്നു. എൽയുഎൽയുസിഎഫ് -ന് ഏഴ് ഘടകങ്ങളാണ് ഉള്ളത്. ഇതിൽ വിളനിലങ്ങൾ, വനങ്ങൾ, പുൽമേടുകൾ, തണ്ണീർത്തടങ്ങൾ, ജനവാസ കേന്ദ്രങ്ങൾ, മറ്റ് ഭൂഉപയോഗങ്ങൾ (പാറകൾ, നിർജ്ജീവ/വരണ്ട ഭൂമികൾ, ഹിമാവൃത പ്രദേശങ്ങൾ മുതലായവ) കൂടാതെ വിളവെടുത്ത തടി ഉൽപ്പന്നങ്ങൾ എന്നിവയും ഉൾപ്പെടുന്നു. എഎഫ്ഒഎൽയു (കൃഷി, വനം, മറ്റ് ഭൂവിനിയോഗങ്ങൾ) എന്നത് കൃഷിരീതികളും എൽയുഎൽയുസിഎഫ് മേഖലയെയും ഒരുമിച്ച് ഉൾക്കൊള്ളുന്ന ഒരു സംയോജിത ആശയമാണ്.

**കേരളത്തിലെ എ.എഫ്.ഒഎൽയു (കൃഷി, വനം, മറ്റ് ഭൂവിനിയോഗങ്ങൾ)മേഖലയിലെ ഉദ്വമനം**

സംസ്ഥാനതലത്തിലോ (അഥവാ പൊതുവായി ഉപദേശീയതലത്തിലോ) ഹരിതഗൃഹ വാതക ഉദ്വമന ഇൻവെന്ററികളുമായി ബന്ധപ്പെട്ട്, തുടക്കത്തിൽ തന്നെ ചില നിർണായകമായ മുൻകരുതലുകൾ വ്യക്തമാക്കേണ്ടതുണ്ട്. യുഎൻഎഫ് സിസിസി-യിലെ അംഗരാജ്യങ്ങൾ അംഗീകരിച്ചതും അംഗസ്ഥാപിതവുമായ ഐപിസിസി മാർഗനിർദേശങ്ങൾ പാലിക്കുന്ന ദേശീയ ഹരിതഗൃഹ വാതക ഇൻവെന്ററികളിൽ നിന്ന് വ്യത്യസ്തമായി, ഉപദേശീയ ഇൻവെന്ററികൾക്കായി അംഗീകരിക്കപ്പെട്ട ഏകീകൃത നടപടിക്രമമോ രീതിശാസ്ത്രമോ നിലവിലില്ല. എന്നിരുന്നാലും, ഉപദേശീയ തലത്തിലുള്ള ലഘൂകരണ ലക്ഷ്യങ്ങൾ നിർണയിക്കാനുള്ള താൽപര്യം, എല്ലായ്പ്പോഴും അല്ലെങ്കിലും, വികസിത രാജ്യങ്ങളുടെ സർക്കാരുകളും അവരുടെ സിവിൽ സമൂഹങ്ങളും അക്കാദമികരംഗവും നൽകുന്ന പ്രോത്സാഹനത്തിന്റെ ഫലമായി ഇത്തരം ഉപദേശീയ ഇൻവെന്ററികൾക്കായി താൽക്കാലികവും ആസൂത്രിതമല്ലാ

ത്തതുമായ നടപടിക്രമങ്ങൾ രൂപപ്പെടുത്തിയിട്ടുണ്ട്. ഈ നടപടിക്രമങ്ങളെ ഐപിസിസി യുടെയും യുഎൻഎഫ് സിസിസി യുടെയും ഇൻവെന്ററി രീതിശാസ്ത്രത്തിനോട് തുല്യമായി അവതരിപ്പിക്കാൻ ശ്രമിക്കുന്നവെന്നത് എടുത്തു പറയേണ്ട ഒന്നാണ്.

ഉപദേശീയ തലത്തിലുള്ള ഇൻവെൻററികളുമായി ബന്ധപ്പെട്ട പ്രധാന വെല്ലുവിളികളിലൊന്ന്, ഉത്പാദനാധിഷ്ഠിത അക്കൗണ്ടിംഗിനും ഉപഭോഗാധിഷ്ഠിത അക്കൗണ്ടിംഗിനുമിടയിലെ വ്യത്യാസം ഉപദേശീയ തലത്തിൽ വളരെ ദുർബ്ബലമാകുന്നതാണ്. ഉപദേശീയ ഭരണഘടകങ്ങൾ സ്വതന്ത്രമായ സാമ്പത്തിക ഘടകങ്ങളായി നിലനിൽക്കുന്നില്ല. അല്ലെങ്കിൽ ഭാഗികമായിമാത്രമേ നിലനിൽക്കുന്നുള്ളൂ. അവയുടെ അതിർത്തികൾക്കുള്ളിൽ ഉത്പാദനവും ഉപഭോഗവും തുല്യത കൈവരിക്കുന്നില്ല. അതിനാൽ, ആ തലത്തിൽ ഉത്പാദനാധിഷ്ഠിത അക്കൗണ്ടിംഗോ ഉപഭോഗാധിഷ്ഠിത അക്കൗണ്ടിംഗോ പ്രയോഗിക്കാൻ സാധ്യമാകുന്നില്ല.

ഉപദേശീയതലത്തിലെ ഉൽപാദന പ്രവർത്തനങ്ങൾ വിവിധ ഉപദേശീയ ഘടകങ്ങൾ തമ്മിലുള്ള ഗണ്യമായ പരസ്പര ആശ്രയത്വംകൊണ്ടാണ് അടയാളപ്പെടുത്തപ്പെടുന്നത്. അവരുടെ പ്രകൃതിവിഭവങ്ങളുടെ പങ്കിടൽ സമൂഹത്തിന്റെ ദേശീയ ഐക്യത്തിന്റെയും ദേശീയ സഹകരണത്തിന്റെയും ബോധത്തിൽ നിന്നാണ് ഉദ്ഭവിക്കുന്നത്; ഇത്തരം പങ്കിടൽ ക്രമീകരണങ്ങളെ ഉദ്വമന താരതമ്യങ്ങൾ കലുഷമാക്കാൻ അനുവദിക്കുന്നത് രാഷ്ട്രീയമായി ദോഷകരമായിരിക്കും. ജലവിഭവ പങ്കിടലുമായി ബന്ധപ്പെട്ട ബുദ്ധിമുട്ടുകൾ, കാർബൺ സ്പേസ് ഉൾപ്പെടെ മറ്റ് പ്രകൃതിവിഭവ മേഖലകളിലേക്കും മത്സരപരമായ പരിഗണനകൾ വ്യാപിപ്പിക്കുന്നതിനെ കുറിച്ച് നല്ല സൂചന നൽകുന്നില്ല. ഉദാഹരണത്തിന്, കേരളത്തിൽ ഉപഭോഗിക്കുന്ന വൈദ്യുതിയുടെ വലിയൊരു ഭാഗം കിഴക്കൻ ഇന്ത്യൻ സംസ്ഥാനങ്ങളിലെ വൈദ്യുത നിലയങ്ങളിൽ ഉൽപാദിപ്പിക്കുന്നതാണ്. അതിനാൽ, ഝാർഖണ്ഡ്, ഛത്തീസ്ഗഢ് പോലുള്ള സംസ്ഥാനങ്ങളിൽ കാണുന്ന ഉയർന്ന ഉദ്വമനങ്ങൾ, കേരളം പോലുള്ള സംസ്ഥാനങ്ങളിലെ ഉയർന്ന ഉപഭോഗം മൂലമാണ് .

ഇൻവെന്ററികൾ (ഉദ്വമന കണക്കെടുപ്പുകൾ) വെറും കണക്കെടുപ്പിനുള്ള ഉപകരണങ്ങൾ മാത്രമല്ല; മറിച്ച്, ലഘൂകരണ ശ്രമങ്ങൾ ഏത് മേഖലകളിൽ കേന്ദ്രീകരിക്കണമെന്ന് നിർണ്ണയിക്കാൻ ഉപയോഗിക്കുന്ന പ്രധാന ഉപകരണങ്ങളാണ്. ആ സമഗ്രവീക്ഷണത്തിൽ, ചില അനുമാനങ്ങൾ അംഗീകരിച്ചുകൊണ്ട്, കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയുമായി ബന്ധപ്പെട്ട ഉദ്വമനങ്ങളെക്കുറിച്ചുള്ള ചില വിശാല കണക്കുകൾ തയ്യാറാക്കുന്നത് കേരളത്തിന്റെ കാലാവസ്ഥാ പ്രവർത്തനങ്ങൾക്ക് സഹായകരമായിരിക്കും. “കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള കേരള സംസ്ഥാന പ്രവർത്തന പദ്ധതി 2.0” ൽ ഉദ്ധരിക്കപ്പെട്ടിട്ടുള്ള ഒരു സിവിൽ സൊസൈറ്റി ഇനിഷ്യേറ്റീവ് (ജിഎച്ച്ജിപിഐ, 2018) അത്തരമൊരു കണക്ക് നൽകുന്നു.

2021-ൽ, എൽയുഎൽയുസിഎഫ് (ഭൂവിനിയോഗം, ഭൂവിനിയോഗത്തിലെ മാറ്റങ്ങൾ, വനസംരക്ഷണം) ഒഴിവാക്കി കണക്കാക്കുമ്പോൾ കേരളത്തിന്റെ മൊത്തം ഹരിതഗൃഹ വാതക ഉദ്വമനം +21.9 ദശലക്ഷം ടൺ $CO_2e$ ആയിരുന്നു (പട്ടിക 20.1). എൽയുഎൽയുസിഎഫ് മേഖല -10.3 ദശലക്ഷം ടൺ $CO_2e$ എന്ന തോതിൽ ഒരു ശുദ്ധ ശോഷകമായി (നെറ്റ് സിങ്ക്) പ്രവർത്തിച്ചു. എൽയുഎൽയുസിഎഫ് കണക്കിൽ നിന്ന് കുറച്ചതിന് ശേഷം, കേരളത്തിലെ ശുദ്ധ ഹരിതഗൃഹ വാതക ഉദ്വമനം +11.6 മില്യൺ ടൺ $CO_2e$ ആയി. മൊത്തം ഉദ്വമനത്തിന്റെ 79 ശതമാനവും ഊർജ്ജമേഖലയുടെ സംഭാവനയാണ്. അതിന് പിന്നാലെ മാലിന്യ നിർമ്മാർജ്ജനമേഖല 8 ശതമാനം ഉദ്വമനത്തോടെ രണ്ടാം സ്ഥാനത്ത് എത്തി. കൃഷിയും മൃഗസംരക്ഷണവും ഉൾപ്പെടുന്ന കാർഷിക മേഖല 7 ശതമാനം ഉദ്വമനവുമായി മൂന്നാം സ്ഥാനത്തായിരുന്നു. മറ്റൊരുതരത്തിൽ നോക്കിയാൽ, ദേശീയ തലത്തിൽ കാണുന്നതുപോലെ കേരളത്തിലും ഹരിതഗൃഹ വാതക ഉദ്വമനത്തിൽ ഏറ്റവും വലിയ സംഭാവന നൽകുന്നത് ഊർജ്ജമേഖല തന്നെയാണ്.

മൊത്തം ഹരിതഗൃഹ വാതക ഉദ്വമനങ്ങളിൽ കൃഷിയുടെ സംഭാവന 7 ശതമാനം ആയിരുന്നെങ്കിൽ, അതിൽ 5 ശതമാനം മൃഗസംരക്ഷണ മേഖലയിൽ നിന്നാണ്. ശേഷിക്കുന്ന 2 ശതമാനം വിള ഉല്പാദനത്തിൽ

**പട്ടിക 20.1** *മേഖല തിരിച്ചുള്ള ഹരിതഗൃഹ വാതക ഉദ്വമനം, കേരളം, 2005 മുതൽ 2021 വരെ, ദശലക്ഷം ടൺ $CO_2e$*

| മേഖല | 2005 | 2010 | 2015 | 2020 | 2021 |
|---|---|---|---|---|---|
| ഊർജ്ജമേഖല | 18.12 | 15.95 | 17.04 | 16.96 | 17.24 |
| കൃഷി | 2.02 | 1.77 | 1.61 | 1.56 | 1.56 |
| ഭൂവിനിയോഗം, ഭൂമി ഭൂവിനിയോഗത്തിലെ മാറ്റങ്ങൾ, വനസംരക്ഷണം | -13.53 | -18.26 | -18.15 | -10.26 | -10.26 |
| ഐപിപിയു | 1.47 | 1.45 | 1.34 | 1.22 | 1.32 |
| മാലിന്യ മേഖല | 1.84 | 1.81 | 1.69 | 1.74 | 1.75 |
| എൽയുഎൽയുസിഎഫ് ഒഴികെയുള്ള മൊത്തം ഉദ്വമനം | 23.46 | 20.97 | 21.68 | 21.48 | 21.86 |
| എൽയുഎൽയുസിഎഫ് ഉൾപ്പെടെയുള്ള നെറ്റ് എമിഷൻ | 9.94 | 2.71 | 3.53 | 11.22 | 11.60 |

*അവലംബം:* പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന വകുപ്പ്, കേരള സർക്കാർ

നിന്നുമാണ്. ഇവിടെ "വിളകൃഷി" എന്നത് നെല്ല്, കപ്പ, ചേന, വാഴ, പച്ചക്കറികൾ തുടങ്ങിയ വാർഷിക വിളകളെ മാത്രമാണ് ഉൾക്കൊള്ളുന്നത്. തേങ്ങ, റബർ തുടങ്ങിയ ഉഷ്ണമേഖലാ വൃക്ഷവിളകൾ വ്യാപകമായി കാണപ്പെടുകയും പുരയിടങ്ങളിലും തോട്ടങ്ങളിലുമായി വലിയ തോതിൽ കൃഷി ചെയ്യപ്പെടുകയും ചെയ്യുന്നുവെങ്കിലും, ഇവയെ "രേഖപ്പെടുത്തിയ പ്രദേശത്തിന് പുറത്തുള്ള വനമേഖല" എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി വനങ്ങളുടെ ഭാഗമായി കണക്കാക്കുന്നു.

വിള ഉത്പാദനത്തിൽ നിന്നുള്ള സംസ്ഥാനത്തിന്റെ മൊത്തം ഉദ്വമനത്തിന്റെ 2 ശതമാനത്തിൽ, കൃഷിയിടങ്ങളിൽ നിന്നുള്ള നൈട്രസ് ഓക്സൈഡ് 1.2 ശതമാനവും നെൽ കൃഷിയിൽ നിന്നുള്ള മീഥേൻ 0.8 ശതമാനവും സംഭാവന ചെയ്തു. കൃഷി അവശിഷ്ടങ്ങൾ കത്തിക്കുന്നതിലൂടെ ഉണ്ടാകുന്ന ഉദ്വമനവും കൂടി ചേർത്താലും, മൊത്തം ഉദ്വമനം 2 ശതമാനത്തിന് താഴെയായിരിക്കും.

മറ്റൊരുതരത്തിൽ പറഞ്ഞാൽ, ഉദ്വമനത്തിന്റെ അളവിന്റെ ക്രമത്തിൽ "കൃഷി" മൂന്നാമത്തെ വലിയ ഉദ്വമന മേഖല ആയിരുന്നാലും, അതിന്റെ സംഭാവന പ്രധാന ഉദ്വമന മേഖലയായ ഊർജ മേഖലയെ അപേക്ഷിച്ച് കുറഞ്ഞത് പത്ത് മടങ്ങ് കുറവാണ്. കൂടാതെ, കൃഷി മേഖലയുടെ സംഭാവന വർഷങ്ങളായി കുറയുന്നതായി കാണുന്നു. കൃഷി മേഖലയിൽ നിന്നുള്ള കുറഞ്ഞ ഉദ്വമനത്തിന് താഴെ പ്പറയുന്ന കാരണങ്ങൾ ചൂണ്ടിക്കാണിക്കാം.

- 1974-75ൽ കേരളത്തിൽ നെൽകൃഷിയുടെ വിസ്തൃതി 8.8 ലക്ഷം ഹെക്ടറായിരുന്നെങ്കിലും 2020-21ൽ അത് 2.1 ലക്ഷം ഹെക്ടറായും (2023-24ൽ 1.8 ലക്ഷം ഹെക്ടറായും) കുറഞ്ഞു. കൃഷി വിസ്തൃതി കുറഞ്ഞതിന്റെ ഫലമായി നെൽപ്പാടങ്ങളിൽ നിന്നുള്ള മീഥേൻ വാതക ഉദ്വമനം ഗണ്യമായി കുറഞ്ഞു.
- 2020-21 കാലഘട്ടത്തിൽ, ദേശീയ തലത്തിൽ ശരാശരി നൈട്രജൻ വള ഉപഭോഗം ഹെക്ടറിന് 99.6 കിലോഗ്രാമായിരുന്നു. കേരളത്തിൽ ഇത് ഹെക്ടറിന് 34 കിലോഗ്രാം മാത്രമായിരുന്നു. ഇതിലൂടെ, കേരളത്തിൽ വള ഉപയോഗത്തിൽ നിന്നുള്ള നൈട്രസ് ഓക്സൈഡ് പുറന്തള്ളൽ ഗണ്യമായി കുറഞ്ഞിരുന്നുവെന്ന് വ്യക്തമാകുന്നു.
- 1987-ൽ കേരളത്തിലെ കന്നുകാലി ജനസംഖ്യ 34.2 ലക്ഷം ആയിരുന്നു. ഇത് 2019-ഓടെ 13.4 ലക്ഷമായി കുറഞ്ഞു, 2024-ൽ 9 ലക്ഷം വരെ കുറഞ്ഞു. ഇതിന്റെ സ്വാഭാവികമായ അനുബന്ധഫലമായി, മീഥേൻ വാതകത്തിന്റെ പ്രധാന സ്രോതസായ കന്നുകാലികളിലെ എന്ററിക് ഫെർമെന്റേഷൻ (ദഹനപ്രക്രിയ) മൂലമുള്ള ഉദ്വമനവും കുറഞ്ഞു. ആകെ കണക്കുകളിൽ വലിയ പ്രാധാന്യമില്ലെങ്കിലും, ഈ പ്രവണത ശ്രദ്ധേയമാണ്. കാരണം, അന്തരീക്ഷത്തിൽ കുറഞ്ഞകാലം മാത്രം നിലനിൽക്കുന്ന വാതകമായ മീഥേൻ കുറയുന്നത് ഭൂമിയുടെ താപനിലയിൽ തണുപ്പിക്കൽ പ്രഭാവം സൃഷ്ടിക്കുന്ന ഒരു ഘടകമാണ്.

**എൽയുഎൽയുസിഎഫ് മേഖല**

കേരളത്തിലെ എൽയു,എൽയുസി,എഫ് (ഭൂവിനിയോഗം, ഭൂമിവിനിയോഗത്തിലെ മാറ്റങ്ങൾ, വനമേഖല) മേഖല കാർബൺ ആഗിരണത്തിലൂടെ ഒരു പ്രധാന കാർബൺ സിങ്ക് ആയി പ്രവർത്തിക്കുന്നു. 2021-ൽ,എൽയുഎൽയുസിഎഫ് മേഖല സംസ്ഥാനത്തിന്റെ മൊത്തം $CO_2e$ പുറന്തള്ളലിന്റെ 47 ശതമാനം (അഥവാ 10.26 Mt $CO_2e$) നീക്കം ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ മൊത്തം കാർബൺ ശേഖരണത്തിൽ 97 ശതമാനം വനമേഖലയിൽ നിന്നാണ്. കൃഷിയിടങ്ങൾ 2 ശതമാനവും, വാസസ്ഥലങ്ങൾ ഒരു ശതമാനവും കാർബൺ ശേഖരണത്തിൽ പങ്കുവഹിച്ചു.

ദേശീയ തലത്തിൽ, എൽയുഎൽയുസിഎഫ് മേഖല മൊത്തം ഉദ്വമനത്തിന്റെ വെറും 22 ശതമാനം മാത്രമാണ് ആഗിരണം ചെയ്തതെങ്കിലും, കേരളത്തിൽ എൽയുഎൽയുസിഎഫ് മേഖല മൊത്തം ഉദ്വമനത്തിന്റെ 47 ശതമാനം വരെ ആഗിരണം ചെയ്തുവെന്നതാണ് ശ്രദ്ധേയമായത്. ഫോറസ്റ്റ് സർവേ ഓഫ് ഇന്ത്യ പിന്തുടരുന്ന നിർവചനങ്ങൾ പ്രകാരം, 2021-ൽ ഇന്ത്യയിലെ വനാവരണം 21.7 ശതമാനമായിരുന്നപ്പോൾ കേരളത്തിലെ വനാവരണം 54.7 ശതമാനമായിരുന്നു. കേരളത്തിൽ രേഖപ്പെടുത്തിയ വന പ്രദേശത്തിന് പുറത്തുള്ള വനാവരണത്തിന്റെ ഉയർന്ന പങ്കാണ് ഇതിന് കാരണം. ഇതിൽ റബ്ബർ, തേങ്ങ, അടക്ക, ഓയിൽ പാം, കശുവണ്ടി, തേയില, കാപ്പി, ചക്ക, മാങ്ങ തുടങ്ങിയ വിളകൾ കൃഷി ചെയ്യുന്ന പ്രദേശങ്ങളും ഉൾപ്പെടുന്നു.

കേരളത്തിന്റെ വനാവരണത്തിലൂടെ സംഭരിക്കപ്പെടുന്ന കാർബണിന്റെ വിഭജനത്തിൽ, സ്ഥിരസ്വഭാവമുള്ള വൃക്ഷവിളകൾ കൃഷി ചെയ്യുന്ന കർഷകരുടെ സംഭാവന വ്യക്തമായി കാണപ്പെടുന്നു. മൊത്തം ഹരിതഗൃഹ വാതക ഉദ്വമനത്തിന്റെ 47 ശതമാനം എൽയുഎൽയുസിഎഫ് മേഖല വഴി കാർബൺ സംഭരണമായി ഉണ്ടായിരുന്നെങ്കിൽ, കേരളത്തിലെ കർഷകരുടെ വൃക്ഷവിളകളിലൂടെയും കൃഷിയിടങ്ങളിലൂടെയും ഉണ്ടായ കാർബൺ സംഭരണം ചേർന്ന് മൊത്തം ഉദ്വമനത്തിന്റെ 25 ശതമാനമായി നിലകൊണ്ടിരുന്നു.

വിള ഉൽപാദനത്തിന്റെ കാർബൺ സമതുലിതാവസ്ഥ (വൃക്ഷവിളകൾ ഉൾപ്പെടെ) ലളിതവും ഉദാഹരണാത്മകവുമായ രീതിയിൽ വിശദീകരിക്കാം. 2021-ൽ വിളകളിൽ നിന്നുണ്ടായ കാർബൺ ഉദ്വമനം മൊത്തം ഉദ്വമനത്തിന്റെ വെറും 2 ശതമാനം മാത്രമായിരുന്നു. എന്നാൽ വൃക്ഷവിളകൾ ഉൾപ്പെടെയുള്ള വിളകളുടെ കാർബൺ ആഗിരണം മൊത്തം ഉദ്വമനത്തിന്റെ 25 ശതമാനമായിരുന്നു. അതായത്, കേരളത്തിലെ കാർഷിക മേഖലയിലുണ്ടായത് അധിക കാർബൺ ആഗിരണമായിരുന്നു. ഇതിന്റെ ഫലമായി 2021-ൽ കേരളത്തിലെ വിള ഉൽപാദനം 23 ശതമാനം കാർബൺ നെഗറ്റീവ് ആയിരുന്നു.

എൽയുഎൽയുസിഎഫ് യും കൃഷിയും ചേർത്ത്, അഥവാ എഎഫ്ഒഎൽയു പരിഗണിച്ചാൽ, മൊത്തം ഉദ്വമനങ്ങളുടെ 7 ശതമാനമായിരുന്നു ഉദ്വമനം. കൂടാതെ വേർതിരിക്കൽ മൊത്തം ഉദ്വമനങ്ങളുടെ 47 ശതമാനത്തോളം ഉണ്ടായിരുന്നു. അതിനാൽ 2021-ൽ അറ്റ ആഗിരണം (നെറ്റ് സീക്വെസ്ട്രേഷൻ) മൊത്തം ഉദ്വമനങ്ങളുടെ 40 ശതമാനമായിരുന്നു.

ഫോസിൽ ഇന്ധന മേഖലയിൽ കേരളത്തിന്റെ കുറഞ്ഞ ഉദ്വമന തീവ്രതയും കുറഞ്ഞ പ്രതിശീർഷ ഊർജ്ജ ഉപഭോഗവുമാണ്, ദേശീയ തലത്തിലുള്ള ആഗിരണവുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിലെ എഎഫ്ഒഎൽയു

**പട്ടിക 20.2** *2019 - 20 ലെ തെരഞ്ഞെടുത്ത പാരാമീറ്ററുകൾ പ്രകാരം ഇന്ത്യയിലെ 20 സംസ്ഥാനങ്ങളുടെ റാങ്കുകൾ*

| സംസ്ഥാനം | ഓരോ സംസ്ഥാനത്തിന്റെയും റാങ്ക് ( ഉയർന്ന മൂല്യത്തിന് ഉയർന്ന റാങ്ക്) | | | |
|---|---|---|---|---|
| | ഉദ്വമന തീവ്രത | പ്രതിശീർഷ ഊർജ്ജ ഉപഭോഗം | വനവിസ്തൃതിയിലെ ശതമാനം മാറ്റം | ഫോറസ്റ്റ് കാർബൺ സ്റ്റോക്ക് |
| ആന്ധ്രപ്രദേശ് | 9 | 14 | 5 | 15 |
| അസം | 17 | 19 | 14 | 5 |
| ബീഹാർ | 7 | 20 | 7 | 13 |
| ഛത്തീസ്ഗഡ് | 1 | 8 | 19 | 8 |
| ഗുജറാത്ത് | 14 | 2 | 15 | 17 |
| ഹരിയാന | 14 | 1 | 17 | 19 |
| ഹിമാചൽ പ്രദേശ് | 19 | 7 | 10 | 1 |
| ജാർഖണ്ഡ് | 2 | 16 | 11 | 14 |
| കർണാടക | 16 | 6 | 8 | 4 |
| **കേരളം** | **19** | **13** | **2** | **3** |
| മധ്യപ്രദേശ് | 4 | 15 | 18 | 12 |
| മഹാരാഷ്ട്ര | 12 | 9 | 16 | 7 |
| ഒഡീഷ | 3 | 11 | 9 | 9 |
| പഞ്ചാബ് | 11 | 4 | 4 | 18 |
| രാജസ്ഥാൻ | 7 | 12 | 12 | 20 |
| തമിഴ്നാട് | 12 | 5 | 3 | 10 |
| തെലങ്കാന | 9 | 3 | 6 | 16 |
| ഉത്തർപ്രദേശ് | 5 | 18 | 13 | 11 |
| ഉത്തരാഖണ്ഡ് | 18 | 10 | 20 | 2 |
| പശ്ചിമ ബംഗാൾ | 6 | 17 | 1 | 6 |

*അവലംബം:* നിതി ആയോഗ്

മേഖലയുടെ ഉദ്വമനം ആഗിരണം ചെയ്യുന്നതിന്റെ അനുപാതം ഗണ്യമായി ഉയർന്നതിന് ഒരു കാരണം (പട്ടിക: 20.2). ഇത് കൃഷിയിലെ കുറഞ്ഞ ഉൽപ്പാദന ക്ഷമത, ഫാക്ടറി മാതൃകയിലുള്ള നിർമ്മാണ യൂണിറ്റുകളുടെ അഭാവം, കുറഞ്ഞ വൈദ്യുതി ഉൽപ്പാദനം എന്നിവ ഉൾപ്പെടുന്ന ഉൽപ്പാദന മേഖലകളിലെ കേരളത്തിന്റെ സാമ്പത്തിക വളർച്ചാ പ്രകടനവുമായി ബന്ധപ്പെടുന്നു. അതേസമയം, വനവിസ്തൃതി നിലനിർത്തുന്നതിലും വനങ്ങളിലെ കാർബൺ വേർതിരിക്കുന്നതിലും കേരളം വലിയൊരു പങ്ക് വഹിക്കുന്നു.

കുറഞ്ഞ ഊർജ്ജ ഉപഭോഗവും പുറന്തള്ളലുകളുടെ വലിയൊരു വിഹിതം ശോഷണം ചെയ്യുന്ന വനമേഖലയുടെ നിലനില്പും എന്നിങ്ങനെ രണ്ട് വിരുദ്ധ പ്രകടനങ്ങൾ ദീർഘകാലത്ത് പരസ്പരം സ്വാധീനിക്കുകയും അതുവഴി സങ്കീർണ്ണമായ വികസന വെല്ലുവിളി സൃഷ്ടിക്കുകയും ചെയ്യുന്നു. ഇതിൽ നിന്ന് അനുമാനം വ്യക്തമാണ്: കേരളത്തിലെ സാമ്പത്തിക വളർച്ചയിലെ വർദ്ധന കാരണം, പ്രത്യേകിച്ച് ഉൽപാദന മേഖലകളിൽ, ഭാവിയിൽ ഉയർന്ന ഉദ്വമന തീവ്രതയും ഉയർന്ന പ്രതിശീർഷ ഊർജ്ജ ഉപഭോഗവും ആവശ്യമായി വന്നേക്കാം. കാർബൺ നീക്കം ചെയ്യലിലും വേർതിരിക്കലിലും മോശം പ്രകടനം കാഴ്ചവയ്ക്കാതെ, കേരളത്തിന് അത് എങ്ങനെ മികച്ച രീതിയിൽ കൈവരിക്കാൻ കഴിയും എന്നത് വരും വർഷങ്ങളിൽ നയരൂപകർത്താക്കൾക്ക് ഒരു വെല്ലുവിളിയായിരിക്കും.

**ലഘൂകരണം അല്ലെങ്കിൽ പൊരുത്തപ്പെടുത്തൽ**

ആഗോളതലത്തിൽ, വ്യാവസായിക വിപ്ലവത്തിന് മുമ്പുള്ളതിനേക്കാൾ 1.5 ഡിഗ്രി സെൽഷ്യസ് അല്ലെങ്കിൽ 2 ഡിഗ്രി സെൽഷ്യസിൽ കൂടാതെ താപനില വർദ്ധന പരിമിതപ്പെടുത്താൻ മാനവരാശി ശ്രമിക്കണമെങ്കിൽ, മറ്റ് ഹരിതഗൃഹ വാതകങ്ങൾക്കൊപ്പം കാർബൺ ഡൈ ഓക്സൈഡിന്റെയും

സഞ്ചിത ഉദ്വമനത്തിന് ഒരു പരിധി ഉണ്ടാവണമെന്ന് ശാസ്ത്രീയമായി കൂടുതൽ കൂടുതൽ വ്യക്തമായി വരികയാണ്. കാർബൺ ഡൈഓക്സൈഡിന്റെ മൊത്തം ഉദ്വമനത്തിനുള്ള ഈ പരിധി **"ഗ്ലോബൽ കാർബൺ ബജറ്റ്"** എന്നാണ് അറിയപ്പെടുന്നത്.

മൊത്തം മാനവരാശിയുടെ പൊതുസമ്പത്ത് ആയ ഗ്ലോബൽ കാർബൺ ബജറ്റിന്റെ വലിയൊരു പങ്ക് വികസിത രാഷ്ട്രങ്ങൾ ഇതിനകം ഉപയോഗിച്ച് തീർത്തിട്ടുണ്ട്. അതിനാൽ, വികസിത രാജ്യങ്ങൾ അവരുടെ ചരിത്രപരമായ ഉദ്വമനങ്ങളിൽ നിന്നുള്ള കാർബൺ കടം മാനദണ്ഡമാക്കി കാലാവസ്ഥാ ധനസഹായം നൽകുമ്പോൾ, ശേഷിക്കുന്ന ആഗോള കാർബൺ ബജറ്റ് രാജ്യങ്ങൾക്കിടയിലും രാജ്യങ്ങൾക്കുള്ളിലും തുല്യമായി പങ്കിടുന്നുവെന്ന് ഉറപ്പാക്കുക എന്നതാണ് ഇന്ന് വികസ്വര രാജ്യങ്ങൾ നേരിടുന്ന വെല്ലുവിളി. വികസ്വര രാജ്യങ്ങൾക്ക് ഉയർന്ന സാമ്പത്തിക വികസന നില നേടാനും, അതിലൂടെ അവരുടെ ജനങ്ങൾക്ക് മാന്യമായ ജീവിത നിലവാരം ഉറപ്പാക്കാനും വികസിത രാജ്യങ്ങളുടെ കാർബൺ കടത്തിന്റെ ന്യായമായ വിഹിതം ലഭിക്കണം. അതിന് വികസ്വര രാജ്യങ്ങൾക്ക് ഫോസിൽ ഇന്ധനങ്ങൾ, പ്രായോഗികമായ ബദലുകൾ ലഭ്യമാകുന്നത് വരെ, തുടർച്ചയായി ഉപയോഗിക്കാൻ കഴിയണം. സാങ്കേതികമോ സാമ്പത്തികമോ ആയ കാരണങ്ങളാൽ ഫോസിൽ ഇന്ധന ഊർജ്ജത്തിന് ബദൽ കണ്ടെത്താൻ ബുദ്ധിമുട്ടുള്ള സുപ്രധാന മേഖലകളിലും അതിന് കഴിയണം. അതുപോലെ ദാരിദ്ര്യ നിർമ്മാർജ്ജനം, ഭക്ഷ്യസുരക്ഷാ ഉറപ്പ്, ന്യായമായ ചെലവിൽ ആരോഗ്യ സംരക്ഷണം തുടങ്ങി, വർത്തമാന കാലത്തെ അടിയന്തര ആവശ്യങ്ങൾ നിറവേറ്റാൻ ഹരിത ഊർജ്ജം (ഗ്രീൻഎനർജി ) വിന്യസിക്കുന്ന വേഗതയും തോതും പര്യാപ്തമല്ലാത്ത സാഹചര്യങ്ങളിലും ഫോസിൽ ഇന്ധനങ്ങൾ ഉപയോഗിക്കാനാവണം.

ഈ പശ്ചാത്തലത്തിലാണ് ലഘൂകരണവും പൊരുത്തപ്പെടുത്തലും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കുകയും ചർച്ച നടത്തുകയും ചെയ്യേണ്ടത്. ഇന്ത്യയെപ്പോലെ തന്നെ കേരളവും കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം നേരിടാൻ ലഘൂകരണത്തിന് പകരം, പൊരുത്തപ്പെടൽ തന്ത്രങ്ങൾക്ക് കൂടുതൽ ശ്രദ്ധ നൽകണം.

തന്ത്രപരമായി തെരഞ്ഞെടുത്ത ഈ പൊരുത്തപ്പടലിനെ കേരളത്തിലെ സാമ്പത്തിക വളർച്ചാ നിരക്ക് ഉയർത്തുക, തൊഴിലില്ലായ്മ കുറയ്ക്കുക, അടിസ്ഥാന സൗകര്യങ്ങളിൽ നിക്ഷേപിക്കുക, ജനങ്ങളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക എന്നീ അടിയന്തര ആവശ്യങ്ങളുമായി ബന്ധിപ്പിക്കുകയും ചെയ്യണം. കാലാവസ്ഥാ ദുർബലതയുടെ അനിവാര്യതകളും അത്തരമൊരു തെരഞ്ഞെടുപ്പ് ആവശ്യപ്പെടുന്നു. ഏറ്റവും കുറഞ്ഞ പ്രതിശീർഷ ഉദ്വമനം കണക്കിലെടുക്കുമ്പോൾ, കേരളം അതിന്റെ കാർബൺ ഉദ്വമനം കുറച്ചാലും, ആഗോള അല്ലെങ്കിൽ ദേശീയ ഉദ്വമനത്തിന്റെ കാര്യത്തിൽ അതിന്റെ ആഘാതം പൂജ്യത്തോടടുത്തായിരിക്കും. അതേസമയം, കേരളം അതിതീവ്ര കാലാവസ്ഥാ വ്യതിയാനങ്ങൾക്കും കാലാവസ്ഥാ വ്യതിയാനങ്ങളുടെ മറ്റ് ആഘാതങ്ങൾക്കും ഇരയാകാനും സാധ്യതയുണ്ട്. വെള്ളപ്പൊക്കം, അതിതീവ്ര മഴ, തീരദേശ മണ്ണൊലിപ്പ്, സമുദ്രനിരപ്പ് ഉയരൽ, മണ്ണിടിച്ചിൽ എന്നിവ സംസ്ഥാനം തുടർന്നും നേരിടേണ്ടിവരും. അതിനാൽ, കാലാവസ്ഥാ വ്യതിയാനങ്ങളെ അതിജീവിക്കാൻ അനുയോജ്യമായ പൊരുത്തപ്പെടൽ തന്ത്രങ്ങൾ സ്വീകരിക്കേണ്ടത് അനിവാര്യമാണ്. ഇതിന് അതിജീവനശേഷിയുള്ള അടിസ്ഥാന സൗകര്യങ്ങൾ, മുൻകൂട്ടി മുന്നറിയിപ്പ് നൽകുന്ന സംവിധാനം, വെള്ളപ്പൊക്കം നിയന്ത്രണം തുടങ്ങിയ നടപടികൾ ആവശ്യമാണ്. അത്തരമൊരു തെരഞ്ഞെടുപ്പ് തുല്യതാ തത്വത്തിൽ ഉറച്ചുനിൽക്കുന്നതാണെന്ന് പറയേണ്ടതില്ല. ആഗോള കാർബൺ ബജറ്റിൽ ഇന്ത്യയുടെ വലിയ വിഹിതത്തിൽ കേരളവും അതിന്റേതായ പങ്ക് അർഹിക്കുന്നു.

### കൃഷി

കേരളത്തിലെ വിളവെടുപ്പ് ഇടവേളകൾ നീണ്ടതായതിനാൽ കാർഷിക മേഖലയിൽ പൊരുത്തപ്പെടൽ തന്ത്രങ്ങൾ പരമപ്രധാനമാണ്. കാർഷിക മേഖലയിൽ, കാലാവസ്ഥാ വ്യതിയാന വർദ്ധന നേരിടാൻ പുതിയ വിത്തുകളുടെ വികസനം ഉൾപ്പെടെ പൊരുത്തപ്പെടൽ ഗവേഷണത്തിൽ വലിയ നിക്ഷേപം ആവശ്യമുണ്ട്. ഈ വിത്തുകൾ അത്യുൽപ്പാദന ശേഷി മാത്രം ഉള്ളതായാൽ പോരാ. വരൾച്ച, വെള്ളപ്പൊക്കം, താപനില, മണ്ണിലെ ഉപ്പുരസം, അമ്ലത, എന്നിവയെയെല്ലാം പ്രതിരോധിക്കാൻ ശേഷിയുണ്ടാവണം. മണ്ണും വെള്ളവും സംരക്ഷിക്കാനും നിക്ഷേപങ്ങൾ ആവശ്യമാണ്. ഉദാഹരണത്തിന്, തട്ടുതിരിച്ചുള്ള മണ്ണ് സംരക്ഷണം (കോണ്ടൂർ ബണ്ടിംഗ്), മഴവെള്ള സംഭരണം, നീർത്തട വികസന പദ്ധതികൾ, പുതിയ ജലസേചന പദ്ധതികൾ എന്നിവ. ജലദൗർലഭ്യ സാധ്യതയുള്ള പ്രദേശങ്ങളിൽ, ഡ്രിപ്, സ്പ്രിങ്ക്ലർ എന്നിവ പോലുള്ള സൂക്ഷ്മ-ജലസേചന സങ്കേതങ്ങങ്ങൾക്കും നിക്ഷേപം ആവശ്യമുണ്ട്.

ഇന്ത്യയുടെ കാലാവസ്ഥാ പ്രവർത്തനങ്ങളുടെ താക്കോലായി പൊരുത്തപ്പെടുത്തൽ തന്ത്രങ്ങൾ (അഡാപ്റ്റേഷൻ സ്ട്രാറ്റജി) സ്വീകരിച്ചത്, യുഎൻഎഫ്സിസി ചർച്ചകളിലെ ഇന്ത്യയുടെ പ്രായോഗിക നിലപാടിന് വളരെ യോജിച്ചതാണ്. രാജ്യത്തെ കാർഷിക മേഖലയിലെ കാർബൺ ഉദ്വമനത്തിന്റെ ഭൂരിഭാഗവും "അതിജീവന ഉദ്വമനം" ആണെന്നാണ് ഇന്ത്യയുടെ വാദം. ചെറിയ കർഷകരുടെ കൃഷിയും കന്നുകാലി പരിപാലനവും, അതിലൂടെ ഇന്ത്യയിലെ ലക്ഷക്കണക്കിന് ആളുകൾക്ക് ലഭിക്കുന്ന അതിജീവന വരുമാനവും വികസിത രാജ്യങ്ങളുടെയും ഉയർന്നുവരുന്ന ചില സമ്പദ്വ്യവസ്ഥകളുടെയും ഉയർന്ന മൊത്തം കാർബൺ ഉദ്വമനവുമായി യാഥാർത്ഥ്യപരമായി താരതമ്യം ചെയ്യാൻ കഴിയില്ല. 2023-ൽ യുഎൻഎഫ്സിസിക്ക് സമർപ്പിച്ച ഇന്ത്യയുടെ മൂന്നാം "നാഷണൽ കമ്മ്യൂണിക്കേഷൻ ആൻഡ് ഇനിഷ്യൽ അഡാപ്റ്റേഷൻ കമ്മ്യൂണിക്കേഷൻ" ൽ നിന്നും ഇത് ഉദ്ധരിക്കുന്നത് പ്രസക്തമാണ്:

"കൃഷിയുടെ പൊരുത്തപ്പെടുത്തലുമായി ബന്ധപ്പെട്ട സ്വഭാവം കണക്കിലെടുക്കുമ്പോൾ, ദീർഘകാല കുറഞ്ഞ ഉദ്വമന വികസന തന്ത്രത്തിൽ (ലോംഗ്-ടേം ലോ എമിഷൻ ഡെവലപ്മെന്റ് സ്ട്രാറ്റജി) കൃഷിയെ ഉൾപ്പെടുത്തിയിട്ടില്ല എന്നത് ശ്രദ്ധിക്കേണ്ടതാണ്; പ്രത്യേകിച്ച് ചെറുകിട, നാമമാത്ര കർഷകർ കൂടുതലുള്ള ഇന്ത്യയിലെ കാർഷിക മേഖലയുടെ പശ്ചാത്തലത്തിൽ. ഇന്ത്യയിൽ വലിയ തോതിലുള്ള അല്ലെങ്കിൽ 'വ്യാവസായിക കൃഷി'യുടെ

അഭാവം സൂചിപ്പിക്കുന്നത് മറ്റ് മേഖലകളിൽ നിന്നുള്ള ഹരിതഗൃഹ വാതക ഉദ്വമനം ലഘൂകരിക്കുന്നതിന്റെ ഭാരം കാർഷിക മേഖലയുടെ മേൽ ചുമത്താൻ കഴിയില്ല എന്നാണ്."

ഈ നിലപാട് 2024-ൽ കേരള സർക്കാർ പ്രസിദ്ധീകരിച്ച "കേരള ഹരിതഗൃഹ വാതക ഇൻവെന്ററി റിപ്പോർട്ടിലും ഊന്നിപ്പറഞ്ഞിട്ടുണ്ട്.

### കാർഷികേതര മേഖലകൾ

അതുപോലെ, കേരളത്തിലെ കുറഞ്ഞ പ്രതിശീർഷ ഉദ്വമനം ഇവിടത്തെ കുറഞ്ഞ പ്രതിശീർഷ ഊർജ്ജ ഉപഭോഗവുമായി ശക്തമായി ബന്ധപ്പെട്ടിരിക്കുന്നു. ഭാവിയിൽ ഉയരുന്ന താപനില, പൊതുജനാരോഗ്യ സംവിധാനങ്ങളെ കൂടുതൽ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത എടുത്തുകാട്ടുന്നു. വെള്ളപ്പൊക്കം കൂടുതൽ തവണ ഉണ്ടാകുമ്പോൾ, കൃഷി ചെയ്യാൻ വെള്ളപ്പൊക്ക പ്രതിരോധ ശേഷിയുള്ള വിത്തുകൾ മാത്രം പോരാ, ഡ്രെയിനേജ്, അനുബന്ധ എഞ്ചിനീയറിംഗ് ഇടപെടലുകൾ എന്നിവയിൽ വലിയ നിക്ഷേപങ്ങളും ആവശ്യമായി വരും. അത്തരമൊരു സാഹചര്യത്തിൽ, കാർബൺ ബഹിർഗമനം കുറയ്ക്കുന്നത് സാമൂഹികമായും സാമ്പത്തികമായും പിന്തിരിപ്പൻ നടപടിയായിരിക്കും. ആഭ്യന്തര ബജറ്റ് വ്യവസ്ഥകളിലൂടെ മാത്രമല്ല, ആഗോളതലത്തിൽ നഷ്ട, കെടുതി നിധി (ലോസ് ആൻഡ് ഡാമേജ് ഫണ്ട്) ഉൾപ്പെടെ വിവിധ സ്രോതസ്സുകളിൽ നിന്ന് മൂലധനവും സാങ്കേതിക വിദ്യയും സമാഹരിച്ചും പൊരുത്തപ്പെടൽ പദ്ധതിയിൽ (അഡാപ്റ്റേഷൻ) നിക്ഷേപം നടത്തേണ്ടതുണ്ട്.

ഭവന നിർമ്മാണം, ഗതാഗതം തുടങ്ങിയ മേഖലകളിലും പൊരുത്തപ്പെടുത്തൽ അനിവാര്യമാണ്. ഭവന നിർമ്മാണ മേഖലയിൽ, കേരളത്തിന് കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ ആവശ്യമാണ്. ഇതിൽ വെള്ളപ്പൊക്ക പ്രതിരോധശേഷിയുള്ള നിർമ്മാണ സാങ്കേതിക വിദ്യകൾ (കുട്ടനാട്ടിലെ ഉയർന്ന വീടുകൾ പോലുള്ളവ); വെള്ളപ്പൊക്ക മേഖലകളിലെ ഉയർന്ന വൈദ്യുതി സംവിധാനങ്ങൾ; മണ്ണിടിച്ചിൽ പ്രതിരോധിക്കുന്ന വാസസ്ഥലങ്ങൾ (ഉയർന്ന പ്രദേശങ്ങളിലെ തട്ടുതിരിക്കലും ചെരിവ് സ്ഥിരപ്പെടുത്തലും പോലുള്ളവ); അപകട മേഖലകളിലെ സമൂഹങ്ങളെ മാറ്റിപ്പാർപ്പിക്കൽ; വീടുകളിലെ ചൂട് ക്രമീകരിക്കുന്ന മേൽക്കൂരകൾ, വായു സഞ്ചാരം, ഭിത്തികൾ എന്നിവ ഉൾപ്പെടുന്നു. ഗതാഗത മേഖലയിൽ, കേരളത്തിന് കാലാവസ്ഥാ പ്രതിരോധശേഷിയുള്ള ഗതാഗതശൃംഖലകൾ (മൊബിലിറ്റി നെറ്റ്‌വർക്കുകൾ) ആവശ്യമാണ്. ഇതിനായി വെള്ളപ്പൊക്കമുള്ള റോഡുകൾ, മണ്ണിടിച്ചിലിൽ തടസ്സപ്പെട്ട ഹൈവേകൾ, തീരദേശ മണ്ണൊലിപ്പ് പ്രദേശങ്ങളിലെ തുറമുഖങ്ങൾ എന്നിവയിൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. വെള്ളപ്പൊക്ക പ്രതിരോധശേഷിയുള്ള റോഡ് രൂപകൽപ്പനയിൽ ഉയർന്ന ഹൈവേകൾ, മലയോര പ്രദേശങ്ങളിലെ റോഡുകളിൽ സംരക്ഷണ ഭിത്തികൾ ബലപ്പെടുത്തൽ, ഉൾനാടൻ ജലപാതകളുടെ വികസനം, വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ ഫ്ളോട്ടിങ് ബസ് സ്റ്റോപ്പുകൾ, റോഡുകളിൽ കലുങ്കുകളുടെയും ഉയർന്ന ബണ്ടുകളുടെയും നിർബന്ധിത നിർമ്മാണം എന്നിവ ഉൾപ്പെടും.

കേരളത്തിൽ, സംസ്ഥാന സർക്കാരും ജില്ലാ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തമ്മിലുള്ള ശക്തമായ ഭരണപരമായ ബന്ധം പ്രയോജനപ്പെടുത്തി, പൊരുത്തപ്പെടുത്തൽ നടപടികൾ ഫലപ്രദമായി ആസൂത്രണം ചെയ്യാനും നടപ്പാക്കാനും കഴിയും. പൊരുത്തപ്പെടുത്തൽ ഒരു ബഹുമുഖ വെല്ലുവിളിയാണ്, ഒന്ന് മറ്റൊന്നിനുമേൽ ആധിപത്യം സ്ഥാപിക്കുന്ന അവസ്ഥയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനോ സംസ്ഥാനതല ഭരണ സംവിധാനത്തിനോ പ്രവർത്തിക്കാൻ കഴിയില്ല.

### ഉപസംഹാരം

കാലാവസ്ഥാ വ്യതിയാനം കേവലം ഒരു പാരിസ്ഥിതിക ആശങ്കയല്ല, മറിച്ച് സമത്വം, നീതി, വികസനത്തിനുള്ള അവകാശം എന്നിവയെക്കുറിച്ചുള്ള സംവാദങ്ങളിൽ ആഴത്തിൽ വേരൂന്നിയതാണ്. കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള ഇപ്പോഴത്തെ ആഗോള ആഖ്യാനം, പ്രത്യേകിച്ച് ഇന്ത്യ പോലുള്ള വികസ്വര രാജ്യങ്ങളിലെ ദുർബല സമൂഹങ്ങൾ വഹിക്കുന്ന ആനുപാതികമല്ലാത്ത അമിത ഭാരം അവഗണിക്കുന്നു. സമ്പന്ന രാജ്യങ്ങൾ അവരുടെ "ആഡംബര ഉദ്വമനം " നിയന്ത്രണമില്ലാതെ തുടരുമ്പോൾ, ഇന്ത്യ പോലുള്ള രാജ്യങ്ങളും കേരളം പോലുള്ള സംസ്ഥാനങ്ങളും അവരുടെ "അതിജീവന ഉദ്വമനം" ത്യജിക്കുമെന്ന് പ്രതീക്ഷിക്കാനാവില്ല.

ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഏറ്റവും ഫലപ്രദമായ കാർബൺ സംസ്കരണ കേന്ദ്രങ്ങളിലൊന്നായ കേരളം, ഇന്ത്യയുടെ കുറഞ്ഞ ഉദ്വമനം കണക്കിലെടുത്താൽ ശ്രദ്ധേയമായ സംഭാവന നൽകുന്നു. എന്നിരുന്നാലും, ഇത് വളരെയധികം ദുർബലവും കാലാവസ്ഥാ ആഘാതങ്ങൾക്ക് സാധ്യതയുള്ളതുമായ ഒരു പ്രദേശം കൂടിയാണ്. ഈ സാഹചര്യത്തിൽ, കാലാവസ്ഥാ നയത്തിൽ കേരളത്തിന്റെ മുന്നോട്ടുള്ള പാത പ്രായോഗികത, നീതി, വളർച്ചയ്ക്കും വികസന തുല്യതയ്ക്കും വേണ്ടിയുള്ള പ്രതിബദ്ധത എന്നിവയാൽ നയിക്കപ്പെടണം. കാലാവസ്ഥാ നയത്തിൽ കേരളം ലഘൂകരണത്തേക്കാൾ പൊരുത്തപ്പെടുത്തലിന് വ്യക്തമായ മുൻഗണന നൽകണം. കേരളത്തിന്റെ അനുകൂലന നയങ്ങൾ എല്ലാവരെയും ഉൾക്കൊള്ളുന്നതും, വികേന്ദ്രീകൃതവും, ഓരോ പ്രദേശത്തിന്റെയും സാമൂഹിക-സാമ്പത്തിക യാഥാർത്ഥ്യങ്ങൾക്ക് അനുസൃതവുമായിരിക്കണം. അങ്ങനെ ചെയ്യുന്നതിലൂടെ, കാലാവസ്ഥാ വെല്ലുവിളിയെ കൂടുതൽ ഫലപ്രദമായി നേരിടുക മാത്രമല്ല, ഏറ്റവും കൂടുതൽ ബാധിക്കപ്പെട്ട ജനങ്ങളുടെയും സമൂഹങ്ങളുടെയും അവകാശങ്ങളും അന്തസ്സും കേരളം ഉയർത്തിപ്പിടിക്കുകയും ചെയ്യും.

### ദുരന്തത്തിൽ നിന്നുള്ള പാഠം: കേരളത്തിന്റെ അനുഭവം

കഴിഞ്ഞ പതിറ്റാണ്ടിൽ കേരളം പ്രകൃതി ക്ഷോഭങ്ങളും മഹാമാരികളും പോലുള്ള അഭൂതപൂർവമായ ദുരന്തങ്ങളെ സമർത്ഥമായി കൈകാര്യം ചെയ്ത് ദുരന്തനിവാരണത്തിൽ ഒരു ദേശീയ, അന്തർദേശീയ മാതൃകയായി ഉയർന്നു വന്നിട്ടുണ്ട്. ഇക്കാലയളവിൽ പ്രളയങ്ങൾ, ഉരുൾപൊട്ടലുകൾ, ചുഴലിക്കൊടുങ്കാറ്റുകൾ, മഹാമാരികൾ, പൊതുജനാരോഗ്യ അത്യാഹിതങ്ങൾ എന്നിങ്ങനെ ദുരന്തങ്ങളുടെ പരമ്പരയെ ആണ് കേരളം നേരിട്ടത്. ഓരോ പ്രതിസന്ധിയും സംസ്ഥാനത്തിന്റെ പ്രതീക്ഷിക്കുന്ന സ്ഥാപനപരമായ ശേഷി പരീക്ഷിച്ചു. എന്നിട്ടും സംസ്ഥാന സർക്കാർ അടിയന്തിര ദുരന്തപ്രതികരണത്തിലും ദീർഘകാല അതിജീവനത്തിലും തുടർച്ചയായി കാര്യക്ഷമത പ്രകടിപ്പിച്ചു.

ദേശീയ ദുരന്ത നിവാരണ ചട്ടക്കൂടിന് കീഴിൽ വിഭാവനം ചെയ്തതുപോലെ, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (KSDMA) സംസ്ഥാനതലത്തിൽ തന്ത്രപരമായ ചട്ടക്കൂട് നൽകുമ്പോൾ, വികസന ആസൂത്രണവുമായി ദുരന്ത നിവാരണത്തെ സംയോജിപ്പിക്കുന്ന ആദ്യ സംസ്ഥാനമാണ് കേരളം. വികേന്ദ്രീകൃത അധികാരവും വിഭവ വിഹിതവും ഉള്ള കേരളത്തിലെ ശാക്തീകരിക്കപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (LSGs) ഈ സംയോജനത്തിൽ നിർണായകമാണ്. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (RKI) പോലുള്ള പരിപാടികൾ ഭൂവിനിയോഗം, കാലാവസ്ഥാ പ്രതിരോധം, കാലാവസ്ഥാ അഡാപ്റ്റീവ് ഇൻഫ്രാസ്ട്രക്ചർ ആസൂത്രണം എന്നിവയെ വ്യക്തമായി ബന്ധിപ്പിക്കുന്നു. ജനങ്ങളുടെ പങ്കാളിത്തത്തിനായുള്ള കേരളത്തിന്റെ സ്ഥാപനപരമായ ക്രമീകരണങ്ങൾ അതുല്യമാണ്. വാർഡ് തല കമ്മിറ്റികൾ, കുടുംബശ്രീ നെറ്റ്‌വർക്കുകൾ, സന്നദ്ധ ഗ്രൂപ്പുകൾ എന്നിവയുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കപ്പെടുന്നു, കൂടാതെ KSDMA യുടെ ലക്ഷ്യമാക്കിയ പരിപാടികളിലൂടെ ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

സംസ്ഥാനം നേരിട്ട ദുരന്തങ്ങളുടെ വ്യാപ്തിയും ജനസാന്ദ്രതയും കണക്കിലെടുക്കുമ്പോൾ, കേരളത്തിന്റെ വ്യതിരിക്തമായ ദുരന്ത നിവാരണ തന്ത്രങ്ങളും സ്ഥാപന ചട്ടക്കൂടുകളും താരതമ്യേന കുറഞ്ഞ മരണനിരക്ക് ഉറപ്പാക്കുന്നു. പ്രാദേശിക തലത്തിലുള്ള മൊബിലൈസേഷനിലൂടെയും കമ്മ്യൂണിറ്റി നെറ്റ്‌വർക്കുകളിലൂടെയും വേഗത്തിലുള്ളതും വികേന്ദ്രീകൃതവുമായ ദുരിതാശ്വാസ വിതരണം, ചോർച്ചയില്ലാതെ ദുരിതബാധിതരിലേക്ക് ദുരിതാശ്വാസം എത്തുന്നുണ്ടെന്ന് ഉറപ്പാക്കിയിട്ടുണ്ട്. മുൻ സാഹചര്യങ്ങൾ പുനഃസ്ഥാപിക്കുന്നതിനപ്പുറം, ദുരന്താനന്തര പുനർനിർമ്മാണ ശ്രമങ്ങൾ വ്യാപിച്ചു; ദീർഘകാല പ്രതിരോധശേഷിക്ക് മുൻഗണന നൽകുന്ന "മെച്ചപ്പെട്ട രീതിയിൽ പുനർനിർമിക്കുക" എന്ന തത്വശാസ്ത്രമാണ് അവ നയിക്കുന്നത്.

**ദുരന്തനിവാരണത്തിലെ ആശയപരമായ മാറ്റം**

1987-ൽ ഐക്യരാഷ്ട്രസഭ 1990-കളെ അന്താരാഷ്ട്ര പ്രകൃതി ദുരന്ത ലഘൂകരണ ദശകമായി പ്രഖ്യാപിച്ചതോടെയാണ് ദുരന്തസാധ്യതാ ലഘൂകരണത്തിലേക്കുള്ള മാറ്റം ആരംഭിച്ചത്. തുടർന്നുള്ള ദശകങ്ങളിൽ, 1994-ൽ യോകോഹാമയിലും, 2005-ൽ കോബെയിലും, 2015-ൽ സെൻഡായിയിലും നടന്ന ദുരന്തസാധ്യതാ ലഘൂകരണത്തെക്കുറിച്ചുള്ള മൂന്ന് പ്രധാന ലോക സമ്മേളനങ്ങൾ, സമൂഹങ്ങൾ അപകടസാധ്യത എങ്ങനെ കൈകാര്യം ചെയ്യണമെന്നതിനെക്കുറിച്ച് അന്താരാഷ്ട്ര ധാരണയ്ക്ക് രൂപം നൽകി.

സുസ്ഥിരവികസനവുംദുരന്തസാധ്യതാലഘൂകരണവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നുവെന്ന് യോകോഹാമ തന്ത്രം അംഗീകരിച്ചു. ജോഹന്നാസ്ബർഗ് പദ്ധതി നടപ്പാക്കൽ (2002), ഹ്യോഗോ ഫ്രെയിംവർക്ക് ഫോർ ആക്ഷൻ (2005-2015), റിയോ+20 ഫല രേഖയായ ദി ഫ്യൂച്ചർ വി വാണ്ട് (2012), സെൻഡായ് ഫ്രെയിംവർക്ക് ഫോർ ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ (2015-2030), സുസ്ഥിര വികസനത്തിനായുള്ള 2030 അജണ്ട എന്നിവയുൾപ്പെടെ പിന്നീടുള്ള ആഗോള കരാറുകളിൽ ഈ ആശയം ശക്തിപ്പെടുത്തി. ഈ ചട്ടക്കൂടുകൾ ഒരുമിച്ച്, വികസന ആസൂത്രണത്തിന്റെ കേന്ദ്രബിന്ദുവായി ദുരന്തസാധ്യതാ കുറയ്ക്കലിനെ പ്രതിഷ്ഠിക്കുന്നു.

2015 നും 2030 നും ഇടയിൽ നടത്തേണ്ട പ്രവർത്തനങ്ങൾക്കായി സെൻഡായ് ഫ്രെയിംവർക്ക് നാല് മുൻഗണനകൾ നൽകുന്നു. ദുരന്തസാധ്യത മനസ്സിലാക്കൽ; ദുരന്തസാധ്യത കൈകാര്യം ചെയ്യാൻ ദുരന്തനിവാരണ ഭരണം ശക്തിപ്പെടുത്തൽ; പ്രതിരോധശേഷി വർദ്ധിപ്പിക്കാനും ഫലപ്രദമായ പ്രതികരണങ്ങൾക്കായി ദുരന്തസാധ്യത കുറയ്ക്കാനുമായി ദുരന്തസാധ്യത കുറയ്ക്കുന്നതിൽ നിക്ഷേപം നടത്തുക; വീണ്ടെടുക്കൽ പുനരധിവാസത്തിലും പുനർനിർമ്മാണത്തിലും "മികച്ച രീതിയിൽ പുനർനിർമ്മിക്കുക" എന്നിവയാണ് അവ. 2019ൽ മുംബൈയിൽ നടന്ന ലോക ദുരന്തനിവാരണ കോൺഗ്രസ് സെൻഡായി തത്വങ്ങളോടുള്ള ആഗോള പ്രതിബദ്ധത വീണ്ടും ഉറപ്പിച്ചു.

**കേരളത്തിന്റെ അപകടസാധ്യതാ വിലയിരുത്തൽ**

കേരളത്തിൽ ദുരന്തമുഖം തുറക്കുന്നത് വ്യത്യസ്തമായ ഭൂമിശാസ്ത്രം, ജനസാന്ദ്രത, ഭൂവിനിയോഗത്തിന്റെയും വികസനത്തിന്റെയും രീതികൾ എന്നിവയാണ്. നയത്തിനും ആസൂത്രണത്തിനും ശാസ്ത്രീയ അടിത്തറ നൽകിയ നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസാണ് സംസ്ഥാനത്തിന്റെ ബഹുദുരന്ത രൂപരേഖ (മൾട്ടി-ഹസാർഡ് പ്രൊഫൈൽ) ആദ്യം രേഖപ്പെടുത്തിയത്. കേരളം 17 പ്രകൃതി ദുരന്തങ്ങൾക്കും 22 മനുഷ്യജന്യ ദുരന്തങ്ങൾക്കും ഇരയാകാൻ സാധ്യതയുണ്ട്. ഓരോന്നും ജീവിതവും ഉപജീവനമാർഗങ്ങളും താറുമാറാക്കാൻ ശേഷിയുള്ളതാണ്.

വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ, വരൾച്ച, തീരദേശ അപകടങ്ങൾ, ശക്തമായ കാറ്റ്, മിന്നൽ, ഭൂകമ്പം, മനുഷ്യ പകർച്ചവ്യാധികൾ, സസ്യ-വിള രോഗങ്ങൾ, പക്ഷി രോഗങ്ങൾ, മൃഗ പകർച്ചവ്യാധികൾ, മനുഷ്യവാസ കേന്ദ്രങ്ങളിലെ കീടബാധ, കാട്ടുതീ, ഉൽക്കാശിലകളുടെ ആഘാതം, മണ്ണൊലിപ്പ് തുരങ്കങ്ങൾ (സോയിൽ പൈപ്പിംഗ്), ഉഷ്ണകാല രോഗങ്ങൾ, പ്രകൃതിദത്ത പശ്ചാത്തല വികിരണത്തിന് വിധേയമാകൽ എന്നിവയാണ് 17 പ്രകൃതി ദുരന്തങ്ങൾ.

തിക്കിലും തിരക്കിലും പെട്ടുള്ള അപകടങ്ങൾ, പടക്ക അപകടങ്ങൾ, പെട്രോളിയം ഉൽപ്പന്നങ്ങളുടെ കടത്തിനിടയിലുണ്ടാകുന്ന അപകടങ്ങൾ, വ്യാവസായിക അപകടങ്ങൾ, അണക്കെട്ടുമായി ബന്ധപ്പെട്ട തകരാറുകൾ, എണ്ണ ചോർച്ച, റോഡപകടങ്ങൾ, മനുഷ്യ സൃഷ്ടിയായ കാട്ടുതീ, മനുഷ്യ-വന്യജീവി സംഘർഷം, കെട്ടിടങ്ങളിലും ചന്തകളിലും തീപിടുത്തങ്ങൾ, ബോട്ട് മറിഞ്ഞ് ആകസ്മികമായ മുങ്ങി മരണം, കെട്ടിട തകർച്ച, വ്യാജമദ്യ ദുരന്തങ്ങൾ, വ്യോമ, റെയിൽ അപകടങ്ങൾ, തീവ്രവാദ പ്രവർത്തനങ്ങളും ആഭ്യന്തര അശാന്തിയും, ആണവ, റേഡിയോളജിക്കൽ അപകടങ്ങൾ, ബഹിരാകാശ അവശിഷ്ടങ്ങളുടെ ആഘാതം, ജൈവ അപകടങ്ങൾ, തൊഴിൽ, വിനോദ സാഹചര്യങ്ങളിലെ അപകടങ്ങൾ, സായുധ സേനാ സ്ഥാപനങ്ങൾക്കുള്ളിലെ അപകടങ്ങൾ എന്നിവ 22 മനുഷ്യജന്യ അപകടങ്ങളിൽ ഉൾപ്പെടുന്നു. കേരളത്തിന് പുറത്ത് സംഭവിക്കുന്നതും എന്നാൽ അയൽ പ്രദേശങ്ങളിലെ വ്യാവസായിക അല്ലെങ്കിൽ ആണവ അപകടങ്ങൾ പോലെ സംസ്ഥാനത്തിനുള്ളിൽ അനന്തരഫലങ്ങൾ ഉണ്ടാക്കുന്നതുമായ ചില സംഭവങ്ങളുമുണ്ട്.

കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി 2022-ൽ സംസ്ഥാനത്തിന്റെ ബഹുദുരന്ത സാധ്യതയും അപകടസാധ്യതാ വിലയിരുത്തലും പുതുക്കി.ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവയുൾപ്പെടെ 1,034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും അവയുടെ ആപേക്ഷിക അപകടസാധ്യത നിലവാരമനുസരിച്ച് ഈ വിലയിരുത്തൽ റാങ്ക് ചെയ്തു (പട്ടിക 18.3).ഭൂപ്രകൃതി, അധിവാസ രീതികൾ, പാരിസ്ഥിതിക സമ്മർദ്ദങ്ങൾ എന്നിവയിലെ വ്യത്യാസങ്ങൾ പ്രതിഫലിപ്പിക്കുന്ന ഗണ്യമായ വ്യതിയാനങ്ങൾ ജില്ലകളിലെ ഫലങ്ങൾ കാണിക്കുന്നു. കേരളത്തിന്റെ ദുരന്തനിവാരണ ചട്ടക്കൂടിന്റെ ഒരു പ്രധാന ഘടകമാണ് അപകടസാധ്യതയെക്കുറിച്ചുള്ള ഈ പ്രാദേശികവൽക്കരിച്ച ധാരണ. കാരണം, ലക്ഷ്യബോധമുള്ള ഇടപെടലുകൾ രൂപകൽപ്പന ചെയ്യാനും ഏറ്റവും ആവശ്യമുള്ളിടത്ത് വിഭവങ്ങൾ അനുവദിക്കാനും ഇത് സംസ്ഥാനത്തെ പ്രാപ്തമാക്കുന്നു.

തുടർച്ചയായി നിരവധി വലിയ ദുരന്തങ്ങളെ നേരിട്ടതിന്റെ അനുഭവം, കേരളത്തിന്റെ വികസന ആസൂത്രണത്തിന്റെ ഓരോ ഘട്ടത്തിലും ദുരന്തസാധ്യതാ ലഘൂകരണം സംയോജിപ്പിക്കേണ്ടതിന്റെ ആവശ്യകത ശക്തിപ്പെടുത്തുന്നു. അതിനാൽ, ദുർബലതയെക്കുറിച്ചുള്ള വ്യക്തവും നിലവിലുള്ളതുമായ ഒരു തിരിച്ചറിവ് കൂടുതൽ സുരക്ഷിതവും പ്രതിരോധശേഷിയുള്ളതുമായ ഒരു കേരളം കെട്ടിപ്പടുക്കാനുള്ള ആരംഭസ്ഥാനമാണ്.

**അപ്രതീക്ഷിതമായ പ്രതിസന്ധികൾ**

കഴിഞ്ഞ ദശകത്തിൽ ഉത്ഭവത്തിലും വ്യാപ്തിയിലും വിഭിന്നവും വ്യത്യസ്ത രീതിയിലുള്ള പ്രതികരണങ്ങൾ ആവശ്യമുള്ളതുമായ നിരവധി പ്രതിസന്ധികളെ കേരളം നേരിട്ടു. വരൾച്ച, വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ, ചുഴലിക്കാറ്റുകൾ, ജൈവവൈവിധ്യ പൊട്ടിത്തെറികൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. അടുത്തടുത്തായി നടന്ന ഈ സംഭവങ്ങൾ കേരളത്തിന്റെ സംവിധാനങ്ങളെ പരീക്ഷിക്കുകയും ദുരന്തനിവാരണത്തോടുള്ള അതിന്റെ ഇന്നത്തെ സമീപനത്തിന് രൂപം നൽകുകയും ചെയ്തു.

**2017 ലെ ഓഖി ചുഴലിക്കാറ്റ്:** 2017 നവംബർ 30 ന് കേരളത്തെ ബാധിച്ച ഒരു തീവ്ര ചുഴലിക്കാറ്റായിരുന്നു ഓഖി. മണിക്കൂറിൽ ഏകദേശം 155 കിലോമീറ്റർ വേഗതയിലും (മൂന്ന് മിനിറ്റ് ദൈർഘ്യം) മണിക്കൂറിൽ 185 കിലോമീറ്റർ വേഗതയിലും (ഒരു മിനിറ്റ് ദൈർഘ്യം) വീശിയടിച്ച ഇത് സംസ്ഥാനത്തുടനീളം വ്യാപകമായ നാശനഷ്ടങ്ങൾ വരുത്തി. 2017-ലെ ഓഖി ചുഴലിക്കാറ്റിനെ ദേശീയ, സംസ്ഥാന ദുരന്ത നിവാരണ മാനേജ്മെന്റ് ഫണ്ടുകളിൽ നിന്നുള്ള സഹായത്തിന് അർഹമായ ദുരന്തമായി പ്രഖ്യാപിച്ചു. ഇതിനു മറുപടിയായി, മരിച്ച ഓരോ മത്സ്യത്തൊഴിലാളിയുടെയും അടുത്ത ബന്ധുക്കൾക്ക് 20 ലക്ഷം രൂപയും ഗുരുതരമായി പരിക്കേറ്റ മത്സ്യത്തൊഴിലാളികൾക്ക് 5 ലക്ഷം രൂപയും നഷ്ടപരിഹാര പാക്കേജ് കേരള സർക്കാർ പ്രഖ്യാപിച്ചു. ചുഴലിക്കാറ്റ് കാരണം ജോലിക്ക് പോകാൻ കഴിയാത്ത അംഗങ്ങളുള്ള കുടുംബങ്ങളിലെ മുതിർന്നവർക്ക് 65 രൂപയും കുട്ടികൾക്ക് 40 രൂപയും ഒരു മാസത്തേക്കോ അല്ലെങ്കിൽ തടസ്സം നേരിടുന്ന കാലയളവിലേക്കോ ദിവസേന നൽകി. കൂടാതെ ഒരു മാസത്തെ സൗജന്യ റേഷനും നൽകി. മരണമടഞ്ഞതോ കാണാതായതോ ആയ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കും ആശ്രിതർക്കും സൗജന്യ വിദ്യാഭ്യാസം, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, നൈപുണ്യ പരിശീലനം എന്നിവ സർക്കാർ ഉറപ്പാക്കുകയും ദുരിതബാധിതരായ മത്സ്യത്തൊഴിലാളികൾക്ക് ബദൽ ഉപജീവനമാർഗങ്ങൾ നൽകുകയും ചെയ്തു.

**പട്ടിക 20.3** *കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2022 ലെ അപകടസാധ്യത വിലയിരുത്തൽ*

| ജില്ല | വിവിധ അപകടസാധ്യതാ വിഭാഗങ്ങളിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എണ്ണം | | | |
|---|---|---|---|---|
| | ഉയർന്ന അപകടസാധ്യത | കുറഞ്ഞ അപകടസാധ്യത | മിതമായ അപകടസാധ്യത | ആകെ |
| തിരുവനന്തപുരം | 4 | 43 | 31 | 78 |
| കൊല്ലം | 13 | 29 | 31 | 73 |
| പത്തനംതിട്ട | 6 | 29 | 22 | 57 |
| ആലപ്പുഴ | 13 | 22 | 43 | 78 |
| കോട്ടയം | 4 | 40 | 33 | 77 |
| ഇടുക്കി | 12 | 24 | 18 | 54 |
| എറണാകുളം | 13 | 48 | 35 | 96 |
| തൃശൂർ | 23 | 17 | 54 | 94 |
| പാലക്കാട് | 16 | 37 | 42 | 95 |
| മലപ്പുറം | 14 | 50 | 42 | 106 |
| കോഴിക്കോട് | 7 | 33 | 38 | 78 |
| വയനാട് | 16 | 2 | 8 | 26 |
| കണ്ണൂർ | 7 | 45 | 29 | 81 |
| കാസർഗോഡ് | 4 | 28 | 9 | 41 |
| ആകെ | 152 | 447 | 435 | 1034 |

*അവലംബം :* കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോട് എന്നിങ്ങനെ ഒമ്പത് ജില്ലകളെ ഓഖി ചുഴലിക്കാറ്റ് ബാധിച്ചു. ചുഴലിക്കാറ്റിന്റെ ഫലമായി കടലിൽ 51 മത്സ്യത്തൊഴിലാളികൾ മരിച്ചു (തിരുവനന്തപുരത്ത് നിന്ന് 50 പേരും കാസർഗോഡിൽ നിന്ന് ഒരാളും). കണ്ണൂർ തുറമുഖത്ത് ഒരു മത്സ്യത്തൊഴിലാളി മരിച്ചു. കരയിൽ മത്സ്യത്തൊഴിലാളികളല്ലാത്ത ഏഴ് പേർക്കും ജീവൻ നഷ്ടപ്പെട്ടു. കൂടാതെ, കേരളത്തിൽ നിന്നുള്ള 91 മത്സ്യത്തൊഴിലാളികളെ കാണാതായി. ചുഴലിക്കാറ്റ് വ്യാപകമായ നാശനഷ്ടങ്ങൾ വരുത്തി. പ്രത്യേകിച്ച് തിരുവനന്തപുരം ജില്ലയിൽ, ബോട്ടുകളുടെ നാശം മൂലവും അടിയന്തര ഒഴിപ്പിക്കൽ മൂലവും തീരദേശ മേഖലകളെയും മത്സ്യബന്ധന സമൂഹങ്ങളെയും സാരമായി ബാധിച്ചു.

ദുരിതബാധിത കുടുംബങ്ങൾക്ക് സൗജന്യ ഭക്ഷണ വിതരണവും സാമ്പത്തിക സഹായവും ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. ആലപ്പുഴയിൽ വെള്ളപ്പൊക്കവും മത്സ്യബന്ധന ഉപകരണങ്ങൾക്ക് കേടുപാടുകളും റിപ്പോർട്ട് ചെയ്യപ്പെട്ടു, സർക്കാർ റേഷനും ധനസഹായവും നൽകി. വ്യാപകമായ നാശനഷ്ടങ്ങൾ കാരണം കൊല്ലത്ത് ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നു, അതേസമയം തകർന്ന മത്സ്യബന്ധന അടിസ്ഥാന സൗകര്യങ്ങൾക്ക് എറണാകുളത്തും കാർഷിക നഷ്ടത്തിന് തൃശ്ശൂരിനും എറണാകുളത്തിനും സഹായം ലഭിച്ചു. മലപ്പുറത്തും കോഴിക്കോടും തീരദേശ ശോഷണവും മത്സ്യത്തൊഴിലാളി സമൂഹത്തിനുള്ളിൽ ഗണ്യമായ നാശനഷ്ടങ്ങളും അനുഭവപ്പെട്ടു, ദുരിതബാധിത കുടുംബങ്ങൾക്ക് നഷ്ടപരിഹാരവും ഭക്ഷ്യസഹായവും നൽകി. കണ്ണൂരിൽ തീരദേശ മുന്നറിയിപ്പുകൾ നൽകുകയും താൽക്കാലിക ഷെൽട്ടറുകൾ സ്ഥാപിക്കുകയും ചെയ്തു, അതേസമയം കാസർകോട് മത്സ്യബന്ധന ഉപജീവനമാർഗ്ഗത്തിന് തടസ്സങ്ങൾ നേരിടുകയും അറ്റകുറ്റപ്പണികൾക്കും വീണ്ടെടുക്കലിനും പിന്തുണ ലഭിക്കുകയും ചെയ്തു. ഭാവിയിലെ നഷ്ടപരിഹാരം, പുനരധിവാസ നടപടികൾ, തീരദേശ സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് മാർഗനിർദേശം നൽകുന്നതിനായി ജില്ലാതല നാശനഷ്ട വിലയിരുത്തൽ ആരംഭിച്ചു.

**2018 ലെ നിപ്പ പൊട്ടിപ്പുറപ്പെടൽ**: 2018 മെയ് മാസത്തിൽ കേരളത്തിൽ ആദ്യത്തെ നിപ്പ വൈറസ് (എൻ.ഐ.വി) പൊട്ടിപ്പുറപ്പെട്ടു, കോഴിക്കോട്, മലപ്പുറം ജില്ലകളിലായി ലബോറട്ടറി സ്ഥിരീകരിച്ച 18 കേസുകളും 17 മരണങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടു. ലോകാരോഗ്യ സംഘടന 2018 മെയ് 31 ന് പ്രസിദ്ധീകരിച്ച ഡിസീസ് ഔട്ട്ബ്രേക്ക് ന്യൂസിൽ റിപ്പോർട്ട് ചെയ്തതുപോലെ, മെയ് 19 ന് കേരളത്തിലെ കോഴിക്കോട് ജില്ലയിൽ നിന്ന് നിപ വൈറസ് ബാധിച്ച് മൂന്ന് മരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടു. റിപ്പോർട്ട് ചെയ്യപ്പെട്ട നാല് മരണങ്ങളിൽ മൂന്നെണ്ണം NiV പോസിറ്റീവ് ആണെന്ന് റിയൽ-ടൈം പോളിമറേസ് ചെയിൻ റിയാക്ഷൻ (RT-PCR), IgM ELISA പരിശോധനകളിലൂടെ സ്ഥിരീകരിച്ചു.

കേസുകളുടെ ഐസൊലേഷൻ, തീവ്ര സമ്പർക്കം കണ്ടെത്തൽ, കർശനമായ അണുബാധ നിയന്ത്രണ നടപടികൾ എന്നിവയിലൂടെ കേരള സർക്കാർ ദ്രുതവും ഏകോപിതവുമായ പൊതുജനാരോഗ്യ പ്രതികരണം നടപ്പിലാക്കി. തുടർനടപടികൾക്കായി 2,600-ലധികം കോൺടാക്റ്റുകളെ കണ്ടെത്തി, രോഗലക്ഷണങ്ങളുള്ള വ്യക്തികളെ നിപ പരിശോധനയ്ക്ക് വിധേയമാക്കി, കൂടാതെ മേഖലയിൽ സിൻഡ്രോമിക്, ആശുപത്രി നിരീക്ഷണം വർദ്ധിപ്പിച്ചു. നാഷണൽ സെന്റർ ഫോർ ഡിസീസ് കൺട്രോൾ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി തുടങ്ങിയ ദേശീയ ഏജൻസികളുമായി സംസ്ഥാനം അടുത്ത് പ്രവർത്തിക്കുകയും സുതാര്യവും പതിവുള്ളതുമായ പൊതു ആശയവിനിമയത്തിന് മുൻഗണന നൽകുകയും ചെയ്തു. ഈ ഇടപെടലുകൾ ആഴ്ചകൾക്കുള്ളിൽ പകർച്ചവ്യാധി വിജയകരമായി നിയന്ത്രിക്കുന്നതിന് സഹായമായി. ഈ ഫലപ്രദമായ രോഗ നിയന്ത്രണത്തിന് ലോകാരോഗ്യ സംഘടനയുടെ അംഗീകാരം നേടുകയും ചെയ്തു.

2018-ൽ വികസിപ്പിച്ച പ്രോട്ടോക്കോളിന്റെയും സംസ്ഥാനത്തെ ആരോഗ്യ, ഭരണ സംവിധാനങ്ങളുടെ തുടർച്ചയായ കാര്യക്ഷമതയുടെയും ഫലമായി തുടർന്നുള്ള വർഷങ്ങളിലെ നിപ്പ പൊട്ടിപ്പുറപ്പെടലുകൾ വേഗത്തിൽ നിയന്ത്രിക്കാൻ കഴിഞ്ഞു.

**2018, 2019, 2020, 2021 വർഷങ്ങളിലെ വെള്ളപ്പൊക്കങ്ങൾ**: 2018 ലെ വെള്ളപ്പൊക്കം അതിശക്തമായ ഒരു മഴക്കെടുതിയായിരുന്നു, അത് ഏതാണ്ട് മുഴുവൻ സംസ്ഥാനത്തെയും വെള്ളത്തിനടിയിലാക്കി, ഇതിനെ ദേശീയ ദുരന്തമായി പ്രഖ്യാപിച്ചു. കഴിഞ്ഞ 100 വർഷത്തിനിടെ സംസ്ഥാനം നേരിട്ട ഏറ്റവും വലിയ വ്യാപകമായ മഴയായിരുന്നു അത്. 13 ജില്ലകളിലായി ആകെയുള്ള 1,564 ഗ്രാമങ്ങളിൽ 1,260 എണ്ണത്തെ വെള്ളപ്പൊക്കം ബാധിച്ചു. 2018 ലെ വെള്ളപ്പൊക്കത്തിൽ ഏകദേശം 450 പേർക്ക് ജീവൻ നഷ്ടപ്പെട്ടു. സിവിൽ സൊസൈറ്റി ഗ്രൂപ്പുകൾ, വിദ്യാർത്ഥികൾ, സന്നദ്ധ സംഘടനകൾ, കമ്മ്യൂണിറ്റി നെറ്റ്‌വർക്കുകൾ എന്നിവയുടെ വിപുലമായ പിന്തുണയോടെ സംസ്ഥാന സർക്കാർ വിപുലമായ രക്ഷാ-ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തി. ദേശീയ ദുരന്ത നിവാരണ സേന, കരസേന, നാവികസേന, വ്യോമസേന, തീരസംരക്ഷണ സേന, കേന്ദ്ര റിസർവ് പോലീസ് സേന, മറ്റ് ഏജൻസികൾ എന്നിവയുൾപ്പെടെ ദേശീയ, സംസ്ഥാന സേനകൾ ഏകോപിതമായ പ്രവർത്തനങ്ങൾ ഏറ്റെടുത്തു. മത്സ്യത്തൊഴിലാളികൾ ഗണ്യമായ സംഭാവന നൽകി, ദുരിതബാധിത പ്രദേശങ്ങളിൽ ഏകദേശം 3,000 വോളണ്ടിയർമാരെയും 600 ലധികം ബോട്ടുകളും വിന്യസിച്ചു.

കേരള സർക്കാർ, യുഎൻഡിപി, യുണിസെഫ്, ലോകാരോഗ്യ സംഘടന, ലോകബാങ്ക് എന്നിവ സംയുക്തമായി നടത്തിയ 2018 ലെ കേരള പോസ്റ്റ്-ഡിസാസ്റ്റർ നീഡ്സ് അസസ്മെന്റ് (പിഡിഎൻഎ) പ്രകാരം, 3,879 ദുരിതാശ്വാസ ക്യാമ്പുകളിലായി 14.5 ലക്ഷത്തിലധികം ആളുകൾ താമസിച്ചു. ആകെ നാശനഷ്ടം ₹26,720 കോടി ആണെന്നും വീണ്ടെടുക്കലിനും പുനർനിർമ്മാണത്തിനുമുള്ള ചെലവ് ഏകദേശം ₹31,000 കോടിയാണെന്നും കണക്കാക്കി. 2018 ലെ വെള്ളപ്പൊക്ക ബാധിതരെ അടിയന്തര രക്ഷാ പ്രവർത്തനങ്ങൾ, ദുരിതാശ്വാസ ക്യാമ്പുകൾ സ്ഥാപിക്കൽ, സാമ്പത്തിക സഹായം നൽകൽ, നഷ്ടപരിഹാരം നൽകൽ, വീടുകളുടെയും അടിസ്ഥാന സൗകര്യങ്ങളുടെയും അറ്റ

കുറ്റപ്പണികൾ, ആരോഗ്യവും ശുചിത്വവും ഉറപ്പാക്കൽ, കർഷകരെയും ഉപജീവനമാർഗ്ഗങ്ങളെയും പിന്തുണയ്ക്കൽ, റീബിൽഡ് കേരള ഇനിഷ്യേറ്റീവ് ആരംഭിക്കൽ, സുതാര്യ മായ ദുരിതാശ്വാസ വിതരണത്തിനായി സാങ്കേതികവിദ്യ ഉപയോഗിക്കൽ, സമൂഹ പങ്കാളിത്തം സമാഹരിക്കൽ എന്നിവയിലൂടെ കേരള സർക്കാർ പിന്തുണച്ചു.

2018 ലെ വെള്ളപ്പൊക്കത്തിന്റെ പശ്ചാത്തലത്തിൽ, ദുരന്ത നിവാരണത്തിലും കൂടുതൽ പ്രതിരോധശേഷിയുള്ള സംസ്ഥാനം കെട്ടിപ്പടുക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുന്ന തിനായി കേരള സർക്കാരിന്റെ പദ്ധതികൾ പുനഃസംഘടിപ്പി ക്കുകയും മുൻഗണന നൽകുകയും ചെയ്തു. 2019-20 ലെ വാർഷിക പദ്ധതിയിലും ഈ ശ്രമങ്ങൾ തുടർന്നു.

2019 ൽ വീണ്ടും ഒരു വലിയ വെള്ളപ്പൊക്കം സംസ്ഥാ നത്തെ ബാധിച്ചു. പ്രളയബാധിതരായ വ്യക്തികളെ പിന്തു ണയ്ക്കുന്നതിനായി കേരള സർക്കാർ സമഗ്രമായ ഒരു പ്രതികര ണം നടപ്പിലാക്കി. അടിയന്തര രക്ഷാപ്രവർത്തനങ്ങൾ, ദുരി താശ്വാസ ക്യാമ്പുകൾ സ്ഥാപിക്കൽ, സാമ്പത്തിക സഹായം നൽകൽ, നഷ്ടപരിഹാരം നൽകൽ, വീടുകളുടെയും അടിസ്ഥാന സൗകര്യങ്ങളുടെയും അറ്റകുറ്റപ്പണികൾ, ആരോഗ്യവും ശുചിത്വവും ഉറപ്പാക്കൽ, കർഷകരെയും ഉപജീവനമാർഗ്ഗങ്ങളെയും പിന്തുണയ്ക്കൽ എന്നിവ ഇതിൽ ഉൾപ്പെടുന്നു. കൂടാതെ, സുതാര്യമായ ദുരിതാശ്വാസ വിതരണത്തിനുള്ള സാങ്കേതികവിദ്യ നടപ്പാക്കാനും, വീണ്ടെടുക്കൽ പ്രക്രിയയിൽ സമൂഹ പങ്കാളിത്തം പ്രോത്സാ ഹിപ്പിക്കാനും, റീബിൽഡ് കേരള ഇനിഷ്യേറ്റീവ് ആരംഭിച്ചു. 13 ജില്ലകളിലായി ആകെ 1,038 ഗ്രാമങ്ങളെ വെള്ളപ്പൊക്ക വും മണ്ണിടിച്ചിലും ബാധിച്ചതായി ഔദ്യോഗികമായി രേഖപ്പെ ടുത്തി, 125 പേർക്ക് ജീവൻ നഷ്ടപ്പെട്ടു. ഭവന നിർമ്മാണം, വൈദ്യുതി വിതരണം, കൃഷി, അനുബന്ധ മേഖലകൾ എന്നിവയിൽ ഗണ്യമായ തടസ്സങ്ങൾ നേരിട്ടു. ഇതിനകം തന്നെ തടസ്സപ്പെട്ട സംവിധാനങ്ങളിൽ ഈ പരിപാടി പുതിയ സമ്മർദ്ദം ചെലുത്തിയെങ്കിലും, 2018 ൽ നേടിയ സ്ഥാപ നപരമായ അനുഭവത്തെ അടിസ്ഥാനമാക്കിയുള്ളതാണ് പ്രതികരണം, ഇത് വലിയ തോതിലുള്ള അടിയന്തരാവ സ്ഥകൾ കൈകാര്യം ചെയ്യാനുള്ള കേരളത്തിന്റെ വളരുന്ന ശേഷി പ്രകടമാക്കി.

2020 ജൂൺ 1 നും ഓഗസ്റ്റ് 18 നും ഇടയിൽ കേരള ത്തിലെ 14 ജില്ലകളിലും കനത്ത മഴ പെയ്തു. ഇടുക്കി, വയനാട്, മലപ്പുറം, കോട്ടയം എന്നീ നാല് ജില്ലകളിൽ വെള്ളപ്പൊക്കം ഉണ്ടായി, 104 പേർക്ക് ജീവൻ നഷ്ടപ്പെ ടുകയും നാൽപ്പത് പേർക്ക് പരിക്കേൽക്കുകയും ചെയ്തു. ഈ സംഭവങ്ങൾ സംസ്ഥാനം സമീപ വർഷങ്ങളിൽ അനുഭ വിച്ചുവരുന്ന അതിശക്തമായ മഴയുടെ വിശാലമായ രീതിക്ക് ആക്കം കൂട്ടി.

2021-ൽ കേരളത്തിൽ സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ കനത്ത മൺസൂൺ മഴ ലഭിച്ചു. ഈ മഴ പല ജില്ലകളിലും പ്രാദേശികമായി വെള്ളപ്പൊക്കമുണ്ടാക്കി, പ്രദേശങ്ങൾ വെള്ളത്തിനടിയിലായി, വെള്ളക്കെട്ടിനും കാരണമായി. കുന്നിൻ പ്രദേശങ്ങളിലും താലൂക്ക് തല ങ്ങളിലും മണ്ണിടിച്ചിൽ/ചരിവ് തകരാറുകൾ എന്നിവയും റിപ്പോർട്ട് ചെയ്യപ്പെട്ടു. മഴയും ഭൂപ്രകൃതിയും കൂടിച്ചേർന്ന് ചില കുന്നിൻ പ്രദേശങ്ങളെ ദുർബലമാക്കി. മഴയും വെള്ള പ്പൊക്കവും ദുരിതബാധിത പ്രദേശങ്ങളിലെ സാധാരണ ജീവിതത്തെ തടസ്സപ്പെടുത്തി, വീടുകൾക്കും റോഡുകൾക്കും പാലങ്ങൾക്കും കേടുപാടുകൾ സംഭവിച്ചു. ആളുകളെ മാറ്റിപ്പാർപ്പിക്കേണ്ടിവന്നു, പല ഭാഗങ്ങളിലും കൃഷി നശിച്ചു. 2018, 2019, 2020, 2021 വർഷങ്ങളിലെ വെള്ള പ്പൊക്കം പോലുള്ള ഒന്നിലധികം അപകടങ്ങൾക്ക് കേരളം ഇരയാകാനുള്ള സാധ്യത വർദ്ധിച്ചുവരുന്നതിനാലും, കേരളത്തിന്റെ ഏകദേശം 14.5 ശതമാനം പ്രദേശങ്ങളും മണ്ണിടിച്ചിലിന് സാധ്യതയുള്ളതിനാലും, ലഘൂകരണം, തയ്യാറെടുപ്പ്, പ്രതികരണം, വീണ്ടെടുക്കൽ എന്നിവയിലൂടെ അപകടങ്ങൾ കുറയ്ക്കേണ്ടതിന്റെ ആവശ്യകത കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഊന്നിപ്പറയുന്നു.

**കോവിഡ്–19 മഹാമാരി (2020–2021)**: കോവിഡ്-19 ഒരു "സംസ്ഥാന ദുരന്തം" ആയി പ്രഖ്യാപിച്ചത്, ദുരന്തനിവാരണ നിയമപ്രകാരം കേരളത്തിന് അതിന്റെ മുഴുവൻ ഭരണസംവിധാനങ്ങളെയും വിന്യസിക്കാൻ സൗകര്യം ഒരുക്കി. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ (കെഎസ്ഡിഎംഎ) പ്രതികരണ സംവിധാ നങ്ങളുടെയും സംസ്ഥാന ദുരന്ത പ്രതികരണ ഫണ്ടിന്റെയും (എസ്ഡിആർഎഫ്) പിന്തുണയോടെ ആരോഗ്യ വകുപ്പ് നോഡൽ ഏജൻസിയായി പ്രവർത്തിച്ചു. വൈറസിന്റെ വ്യാപനം പ്രൊജക്റ്റ് ചെയ്യുന്നതിനായി കെഎസ്ഡിഎംഎ SEIR (സസെപ്റ്റബിൾ, എക്സ്പോസ്ഡ്, ഇൻഫെക്റ്റഡ് ആൻഡ് റിക്കവേർഡ്) മോഡലിന്റെ ആദ്യകാല ഉപയോഗം, ആഗോള ആരോഗ്യ അടിയന്തരാവസ്ഥയോടുള്ള സംസ്ഥാ നത്തിന്റെ പരക്കെ പ്രശംസിക്കപ്പെട്ട നിയന്ത്രണ തന്ത്രത്തെ പ്രചോദിപ്പിച്ചു, ശാസ്ത്രീയവും ഡാറ്റാ അധിഷ്ഠിതവുമായ സമീപനം പ്രകടമാക്കി. മഹാമാരിയുടെ സമയത്ത് കേരള ത്തിന്റെ ശ്രമങ്ങളെക്കുറിച്ചുള്ള കൂടുതൽ വിശദമായ വിവര ണത്തിന്, 2021 ലെ കേരള വികസന റിപ്പോർട്ട് കാണുക.

പകർച്ചവ്യാധിയും ലോക്ക്ഡൗണും മൂലമുണ്ടായ ബുദ്ധിമുട്ടുകൾ ലഘൂകരിക്കാൻ കേരള സർക്കാർ 20,000 കോടി രൂപയുടെ സമഗ്ര സാമ്പത്തിക പാക്കേജ് പ്രഖ്യാപിച്ചു. ആരോഗ്യ മേഖല ശക്തിപ്പെടുത്താൻ ₹2,000 കോടി (ആശുപത്രികൾ, പരിശോധന, ഐസിയു വിപുലീകരണം, പിപിഇ), ചെറുകിട സംരംഭങ്ങൾക്ക് കുടുംബശ്രീ വഴിയുള്ള വായ്പകൾക്ക് ₹2,000 കോടി, ഗ്രാമീണ തൊഴിലുറപ്പിന് (എംജിഎൻആർഇജിഎസ്) ₹1,000 കോടി, ക്ഷേമ പെൻഷനുകൾക്കും പെൻഷൻ അഡ്വാൻസിനും ₹1,320 കോടി, കമ്മ്യൂണിറ്റി അടുക്കളകൾക്ക് ₹100 കോടി, ചെറുകിട ബിസിനസുകൾ, കർഷകർ, അനൗപചാരിക തൊഴി ലാളികൾ എന്നിവർക്കുള്ള പിന്തുണ, സ്വയം സഹായ സംഘങ്ങൾക്കും ചെറുകിട സംരംഭകർക്കും സബ്സിഡി വായ്പകൾ, ആശ്വാസം എന്നിവ ഇതിൽ ഉൾപ്പെടുന്നു.

**ഉരുൾപൊട്ടലുകൾ**: തീവ്രമായ മഴയുമായി ബന്ധപ്പെട്ടാണ് പ്രധാനമായും ഉരുൾപൊട്ടലുകൾ ഉണ്ടാകുന്നത്. കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ കേരളത്തിൽ തീവ്ര മഴയെ ഇരുപത്തിനാല് മണിക്കൂറി നുള്ളിൽ 120 മില്ലിമീറ്ററിൽ കൂടുതൽ മഴ പെയ്യുന്ന സാഹച ര്യമായി നിർവചിക്കുന്നു, ഇത് സംസ്ഥാനത്തിന് ലഭിക്കുന്ന മഴയുടെ 99 ശതമാനത്തിന് തുല്യമാണ്. സമീപ വർഷങ്ങ

ളിൽ ഇത്തരം സംഭവങ്ങളുടെ ആവൃത്തിയും തീവ്രതയും വർദ്ധിച്ചിട്ടുണ്ട്, വിവിധ ജില്ലകളിലായി നിരവധി വലിയ മണ്ണിടിച്ചിലുകൾക്ക് ഇത് കാരണമായിട്ടുണ്ട്.

2018 ലെ വെള്ളപ്പൊക്കത്തിൽ, കനത്ത മഴയെ തുടർന്ന് 10 ജില്ലകളിലായി 341 വലിയ ഉരുൾപൊട്ടലുകൾ ഉണ്ടായി, അതിൽ ഇടുക്കിയിൽ മാത്രം 143 ഉരുൾ പൊട്ടലുകൾ ഉണ്ടായി. ഈ സംഭവങ്ങൾ കേരളത്തിലെ ജനസംഖ്യയുടെ ആറിലൊന്ന് പേരെ ബാധിച്ചതും 1,260 ഗ്രാമങ്ങളിൽ വ്യാപകമായ നാശനഷ്ടങ്ങൾ വരുത്തിയതുമായ ഒരു വലിയ ദുരന്തത്തിന്റെ ഭാഗമായിരുന്നു. 2019 ഓഗസ്റ്റിൽ മലപ്പുറം ജില്ലയിലെ കവളപ്പാറയിൽ ഉണ്ടായ ഉരുൾപൊട്ടലിൽ ഒരു ഗ്രാമം മുഴുവൻ മണ്ണിനടിയിലായി, വയനാട് ജില്ലയിലെ പുത്തുമലയിലും വൻതോതിൽ ജീവഹാനിയും വീടുകൾ, സസ്യജാലങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്ക് നാശവും സംഭവിച്ചു. ഈ സംഭവങ്ങളിൽ 86 പേർക്ക് ജീവൻ നഷ്ടപ്പെട്ടു. അടുത്ത വർഷം, 2020 ഓഗസ്റ്റിൽ, തുടർച്ചയായ മഴയിൽ ഇടുക്കിയിലെ പെട്ടിമുടിയിൽ വലിയ മാലിന്യപ്രവാഹം ഉണ്ടായി, തൊഴിലാളികളുടെ ക്വാർട്ടേഴ്സുകൾ നശിക്കുകയും 70 പേർ മരണപ്പെടുകയും ചെയ്തു., ഇവരിൽ പലരും ആ സമയത്ത് ഉറക്കത്തിലായിരുന്നു.

2021 ഒക്ടോബറിൽ, തുടർച്ചയായ കനത്ത മഴയിൽ രണ്ടാഴ്ചയ്ക്കുള്ളിൽ 69 മണ്ണിടിച്ചിലുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടു, ഇതിൽ കോട്ടയത്തെ കൂട്ടിക്കലിൽ 13 പേർക്ക് ജീവൻ നഷ്ടപ്പെട്ട ഗുരുതരമായ ഒരു സംഭവവും ഉൾപ്പെടുന്നു. ദുരന്തത്തിൽ വീടുകൾ തകർന്നു, റോഡുകൾ തടസ്സപ്പെട്ടു, രക്ഷാപ്രവർത്തനങ്ങൾ സങ്കീർണ്ണമായി, വെള്ളപ്പൊക്കവും മണ്ണൊലിപ്പും നാശനഷ്ടങ്ങൾ വർദ്ധിപ്പിച്ചു.

2024 ലെ നാൽപ്പത്തെട്ട് മണിക്കൂറിലധികം നീണ്ടുനിന്ന അതിശക്തമായ മഴയിൽ വയനാട്ടിലെ അട്ടമല - മുണ്ടക്കൈ- ചൂരൽമല എന്നിവിടങ്ങളിൽ വലിയ മാലിന്യപ്രവാഹം ഉണ്ടായി, വ്യാപകമായ നാശനഷ്ടങ്ങൾ ഉണ്ടായി, അതേ ദിവസം തന്നെ കോഴിക്കോട് ജില്ലയിലെ വിലങ്ങാട് എന്ന സ്ഥലത്ത് വലിയ മണ്ണിടിച്ചിൽ ഉണ്ടായി.

പശ്ചിമഘട്ടത്തിലെ അതിശക്തമായ മഴ, ഭൂപ്രകൃതി ദുർബലത, ജനവാസ കേന്ദ്രങ്ങൾ എന്നിവ തമ്മിലുള്ള അടുത്ത ബന്ധത്തെ ഈ സംഭവങ്ങൾ അടിവരയിടുന്നു, കൂടാതെ തുടർച്ചയായ നിരീക്ഷണം, മുൻകൂർ മുന്നറിയിപ്പ് സംവിധാനങ്ങൾ, ഫലപ്രദമായ ഭൂവിനിയോഗ ആസൂത്രണം എന്നിവയുടെ ആവശ്യകത അവ ശക്തമാക്കുകയും ചെയ്തു.

**അട്ടമല – മുണ്ടക്കൈ – ചൂരൽമല ഉരുൾപൊട്ടൽ, 2024**: 2024 ജൂലൈ 30 ന് വയനാട്ടിലെ മേപ്പാടി ഗ്രാമപഞ്ചായത്തിൽ കേരളത്തിന്റെ സമീപകാല ചരിത്രത്തിലെ ഏറ്റവും മാരകമായ മണ്ണിടിച്ചിൽ ഉണ്ടായി. അതിശക്തമായ മഴയെത്തുടർന്ന്, 48 മണിക്കൂറിനുള്ളിൽ പ്രദേശത്ത് 572.8 മില്ലിമീറ്റർ മഴ ലഭിച്ചു, ദുരന്തത്തിന് തൊട്ടുമുമ്പുള്ള മണിക്കൂറുകളിൽ 372.6 മില്ലി മീറ്റർ മഴയും ഇതിൽ ഉൾപ്പെടുന്നു. 2018 ലെ വെള്ളപ്പൊക്കത്തിൽ രണ്ട് ദിവസങ്ങളിലായി 818 മില്ലിമീറ്റർ മഴയാണ് രേഖപ്പെടുത്തിയത്. സമുദ്രനിരപ്പിൽ നിന്ന് ഏകദേശം 1,550 മീറ്റർ ഉയരത്തിൽ പുഞ്ചിരിമറ്റം നിത്യഹരിത വനത്തിൽ നിന്നാണ് ഉരുൾപൊട്ടിയത്, തുടർന്ന് പുഞ്ചിരിമറ്റം, അട്ടമല, മുണ്ടക്കൈ, ചൂരൽമല, വെള്ളരിമല എന്നിവിടങ്ങളിലൂടെ വൻതോതിൽ മാലിന്യപ്രവാഹം ഉണ്ടായി. അർദ്ധരാത്രി 12:30 നും 1:15 നും ഇടയിലാണ് പ്രാരംഭ ചരിവ് തകരാർ സംഭവിച്ചത്, അവശിഷ്ടങ്ങൾ മണിക്കൂറിൽ ഏകദേശം 100 കിലോമീറ്റർ വേഗതയിൽ എട്ട് കിലോമീറ്ററോളം സഞ്ചരിച്ചു.

ചാനലിന്റെ വീതി ചില സ്ഥലങ്ങളിൽ 20-40 മീറ്ററിൽ നിന്ന് ഏകദേശം 300 മീറ്ററായി വികസിച്ചു, അഞ്ച് ദശലക്ഷം ഘന മീറ്ററിലധികം വസ്തുക്കൾ വഹിച്ചു. പ്രകൃതിദത്ത അണക്കെട്ടുകൾ താൽക്കാലികമായി രൂപപ്പെടുകയും തകരുകയും ചെയ്തു, ഇത് വിനാശകരമായ ജലപ്രവാഹമുണ്ടാക്കി. എസ്ഡിഎംഎ റിപ്പോർട്ടുകൾ പ്രകാരം, ദുരന്തത്തിൽ 298 പേർ മരിച്ചു. മേപ്പാടി പഞ്ചായത്തിലെ മൂന്ന് വാർഡുകളെ വെള്ളപ്പൊക്കം ബാധിച്ചു, 702 കുടുംബങ്ങൾക്ക് പാർപ്പിടം നഷ്ടമായി. ഈ വാർഡുകളിലെ 2,007 ഭവന യൂണിറ്റുകളിൽ 1,555 എണ്ണം പൂർണ്ണമായും നശിച്ചു അല്ലെങ്കിൽ ഗുരുതരമായി തകർന്നു, 452 എണ്ണം ഭാഗികമായി തകർന്നു. ഭവന നഷ്ടം മാത്രം 227.37 കോടി രൂപയായി കണക്കാക്കിയിട്ടുണ്ട്, റോഡുകൾ, പാലങ്ങൾ, നാഗരിക അടിസ്ഥാന സൗകര്യങ്ങൾ, കൃഷി (626 ഹെക്ടർ വിളകൾ), കന്നുകാലികൾ, വന്യജീവികൾ എന്നിവയ്ക്ക് അധിക നാശനഷ്ടമുണ്ടായി. യഥാർത്ഥ സ്ഥലങ്ങളിൽ പുനരധിവാസം സാധ്യമല്ലാത്തതിനാൽ, മൊത്തം പുനർനിർമ്മാണത്തിനും വീണ്ടെടുക്കലിനും 1,113.6 കോടി രൂപ ചെലവായതായി കണക്കാക്കിയിട്ടുണ്ട്.

പ്രധാന പാലം തകർന്നുവീണെങ്കിലും, പ്രദേശവാസികളും ആപ്ത മിത്രയും സിവിൽ ഡിഫൻസ് വോളണ്ടിയർമാരും ചേർന്ന് രക്ഷാപ്രവർത്തനങ്ങൾ ഉടൻ ആരംഭിച്ചു. രണ്ടുമാസം പ്രവർത്തിച്ച ഭരണകാര്യ നിർവ്വഹണ മന്ത്രിസഭാ ഉപസമിതിയുടെ നേതൃത്വത്തിൽ മണിക്കൂറുകൾക്കുള്ളിൽ സംസ്ഥാനം ഏകോപിതമായ ഒരു പ്രതികരണം സംഘടിപ്പിച്ചു. ഏകദേശം 1,800 പേരെ വിന്യസിച്ചു, താൽക്കാലിക വഴികൾ സൃഷ്ടിച്ചു, 16 മണിക്കൂറിനുള്ളിൽ വൈദ്യുതി പുനഃസ്ഥാപിച്ചു, ഇതിനകം തന്നെ സജ്ജമാക്കിയിരുന്ന ദേശീയ ദുരന്ത നിവാരണ സേന ഉടനടി പ്രവർത്തനങ്ങൾ ആരംഭിച്ചു. നാവികസേന, കരസേന, കേരള പോലീസ്, ഫയർ ആൻഡ് റെസ്ക്യൂ സർവീസസ്, ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എൻജിഒകൾ, കമ്മ്യൂണിറ്റി വോളണ്ടിയർമാർ എന്നിവർ രക്ഷാപ്രവർത്തനത്തിന് പിന്തുണ നൽകി. ഡ്രോണുകൾ, റഡാർ, കഡവർ ഡോഗ്സ്, ഹെലികോപ്റ്ററുകൾ, ഗ്രൗണ്ട്-സെർച്ച് ടീമുകൾ തുടങ്ങിയ നൂതന ഉപാധികൾ വ്യാപകമായി ഉപയോഗിച്ചു.

630-ലധികം പേരെ രക്ഷപ്പെടുത്തി, ഏകദേശം 1,300 പേരെ സുരക്ഷിതമായ സ്ഥലങ്ങളിലേക്ക് മാറ്റി. പതിനേഴു ദുരിതാശ്വാസ ക്യാമ്പുകളിലായി 4,102 പേർക്ക് താമസസൗകര്യം ഒരുക്കി, ഭക്ഷണം, ആരോഗ്യ സംരക്ഷണം, കൗൺസലിംഗ്, ബാങ്കിംഗ് സേവനങ്ങൾ, രേഖകൾ പുനഃസ്ഥാപിക്കൽ എന്നിവ നൽകി. 28 ദിവസത്തിനുള്ളിൽ, ക്യാമ്പിൽ താമസിക്കുന്ന 794 കുടുംബങ്ങളെയും പ്രതിമാസം ₹6,000 വാടക സഹായത്തോടെ താൽക്കാലിക താമസ സ്ഥലങ്ങളിലേക്ക് മാറ്റി, 2025 മെയ് മാസത്തോടെ ഇതിന്റെ തുക ₹4 കോടിയായി. 1,013 കുടുംബങ്ങൾക്ക് 10,000 രൂപയുടെ അടിയന്തര ധനസഹായം, ഉപജീവനമാർഗം, സൗജന്യ റേഷൻ, കുടിവെള്ളം, അവശ്യവസ്തുക്കൾ എന്നിവ വിതരണം

ചെയ്തു. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലെ നഷ്ട പരിഹാരത്തിൽ മരിച്ച ഒരു കുടുംബത്തിന് 6 ലക്ഷം രൂപയും, ഗുരുതരമായി പരിക്കേറ്റവർക്ക് 50,000 രൂപയും, വികലാംഗർക്ക് 50,000-75,000 രൂപയും ഉൾപ്പെടുന്നു.

ദുരിതബാധിത കുടുംബങ്ങളിലെ ഒന്നോ രണ്ടോ അംഗങ്ങൾക്ക് ഒമ്പത് മാസത്തേക്ക് പ്രതിദിനം ₹300 അഥവാ പ്രതിമാസം ₹9,000 എന്ന നിരക്കിൽ ഉപജീവന സഹായം നൽകി, ആകെ തുക ₹9.1 കോടിയാണ്. വെള്ളാര മലയിലെയും മുണ്ടക്കൈയിലെയും കുട്ടികൾക്ക് 1,000 രൂപയുടെ പ്രതിമാസ ഭക്ഷണ കിറ്റുകൾ വിതരണം ചെയ്യുകയും നഷ്ടപ്പെട്ട രേഖകൾ പുനഃസ്ഥാപിക്കുകയും വിദ്യാഭ്യാസ തുടർച്ച ഉറപ്പാക്കുകയും ചെയ്തു. അനാഥ രായ കുട്ടികൾക്കുള്ള അധിക സഹായത്തിൽ മാതാപി താക്കളെ രണ്ടുപേരെയും നഷ്ടപ്പെട്ട ഏഴ് കുട്ടികൾക്ക് 10 ലക്ഷം രൂപ വീതവും, മാതാപിതാക്കളിൽ ഒരാളെ നഷ്ടപ്പെട്ട പതിനേഴു കുട്ടികൾക്ക് 5 ലക്ഷം രൂപ വീതവും, 18-21 വയസ് പ്രായമുള്ളവർക്കുള്ള പ്രധാനമന്ത്രി വാത്സല്യ പദ്ധതി പ്രകാരം പ്രതിമാസ പിന്തുണയും, കോർപ്പ റേറ്റ് സാമൂഹിക ഉത്തരവാദിത്ത ഫണ്ടിംഗിലൂടെ ഒരു കുട്ടിക്ക് 3 ലക്ഷം രൂപ വീതവും ഉൾപ്പെടുന്നു. അമ്പതാം ദിവസം തോട്ടകൃഷി, കാർഷിക പ്രവർത്തനങ്ങൾ പുനരാരംഭിച്ചു, അതോടൊപ്പം ദുരിതബാധിതരായ വ്യക്തികൾക്കും രക്ഷാ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ആപ്ത മിത്ര, സിവിൽ ഡിഫൻസ് വോളണ്ടിയർമാർക്കും തുടർച്ചയായ മാനസിക സാമൂഹിക കൗൺസലിംഗും നൽകി.

പുനരധിവാസം, ഉപജീവനമാർഗ്ഗ പുനഃസ്ഥാപനം, സാമൂഹിക വീണ്ടെടുക്കൽ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരി ക്കുന്നതാണ് ദീർഘകാല പുനരധിവാസം. ഭൂമി ഏറ്റെടുക്ക ലിനായി ₹43.8 കോടി ഉൾപ്പെടെ ₹351.5 കോടി ചെലവിൽ 410 വീടുകളും പൂർണ്ണമായ സിവിക് അടിസ്ഥാന സൗകര്യ ങ്ങളുമുള്ള ഒരു മാതൃകാ ടൗൺഷിപ്പ് നിർമ്മാണത്തിലാണ്, ഇത് 298 കുടുംബങ്ങളെ ഉൾക്കൊള്ളും. 13 പട്ടികവർഗ കുടുംബങ്ങൾക്ക് ഭൂമിയുള്ള സ്വതന്ത്ര വീടുകൾ നൽകിയിട്ടുണ്ട്. സ്ഥലംമാറ്റുന്നതിൽ നിന്ന് പിന്മാറിയ കു ടുംബങ്ങൾക്ക് 15 ലക്ഷം രൂപ വീതം ലഭിച്ചു. പുനരധിവാ സത്തിന്റെ ഭൂരിഭാഗവും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നി ധിയിലൂടെയാണ് നടത്തിയത്, 2025 നവംബറോടെ 774 കോടി രൂപ ലഭിച്ചു.[1]

കേരളത്തിന്റെ വികേന്ദ്രീകൃത ഭരണത്തിന്റെയും മേഖലകൾ തമ്മിലുള്ള ഏകോപനത്തിന്റെയും ശക്തി ഈ പ്രതികരണം എടുത്തുകാണിച്ചു. പശ്ചിമഘട്ടത്തിലെ കാലാവസ്ഥാ പ്രവചനം മെച്ചപ്പെടുത്താനും, ശാസ്ത്രീയ ഭൂവിനിയോഗ നിയന്ത്രണം ഏർപ്പെടുത്താനും, നേരത്തെയുള്ള മുന്നറിയിപ്പ് സംവിധാനങ്ങൾ ശക്തിപ്പെടു ത്താനുമുള്ള ആവശ്യകത ഈ ദുരന്തം ഉയർത്തിക്കാട്ടി.

### കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ദുരന്ത നിവാരണം, തദ്ദേശ സ്വയംഭരണ പ്രവർത്തനങ്ങൾ

ആസൂത്രണവും നിർവ്വഹണവും സമന്വയിപ്പിക്കുന്ന ഒരു ഭരണഘടനയാണ് കേരളത്തിന്റെ വിജയത്തിന് അടിത്തറ യിടുന്നത്.

2005 ലെ ദുരന്ത നിവാരണ നിയമപ്രകാരം സ്ഥാപി തമായ കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (കെ.എസ്.ഡി.എം.എ) ആണ് സംസ്ഥാനത്തിന്റെ ദുരന്ത ഭരണം നിയന്ത്രിക്കുന്നത്. ശാസ്ത്രീയ കഴിവുകളെ അധികാര വികേന്ദ്രീകരണവുമായി സംയോജിപ്പിക്കുന്നതിലും, ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളുമായും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായും (എൽ.എസ്.ജി) അടുത്ത് പ്രവർത്തിക്കുന്നതിലുമാണ് ഇതിന്റെ ശക്തി. 2016 മുതൽ, കേരളം ദുരന്തനിവാരണത്തെ ഒരു പ്രാദേശിക, പങ്കാളിത്ത, മുൻകൂർ പ്രവർത്തനമാക്കി മാറ്റുന്നതിൽ വൻതോതിൽ നിക്ഷേപം നടത്തിയിട്ടുണ്ട്. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും 'നമ്മൾ നമുക്കായി" എന്ന പദ്ധതിയുടെ ചട്ടക്കൂടിന് കീഴിൽ ദുരന്തനിവാരണ പദ്ധതികൾ തയ്യാറാ ക്കുകയും താഴെത്തട്ടിൽ ദുരന്ത ലഘൂകരണ മേൽനോട്ട സമിതികൾ രൂപീകരിക്കുകയും ചെയ്യുന്നു.

കെഎസ്ഡിഎംഎയുടെ പ്രവർത്തനങ്ങളുടെ ഒരു പ്രധാന ശ്രദ്ധ സമൂഹാടിസ്ഥാനത്തിലുള്ള തയ്യാറെടു പ്പായിരുന്നു. വയനാട്ടിലെ ദുർബലരായ ആദിവാസി വാസസ്ഥലങ്ങൾക്കായി ദുരന്ത ലഘൂകരണ പദ്ധതികൾ വികസിപ്പിച്ചിട്ടുണ്ട്, യുവാക്കൾക്ക് പ്രതികരണ വൈദഗ്ധ്യ ത്തിൽ പരിശീലനം നൽകിയിട്ടുണ്ട്, ട്രാൻസ്ജെൻഡർ സമൂഹത്തെയും സ്കൂൾ കുട്ടികളെയും ഉൾപ്പെടുത്തി പ്രത്യേക പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്. വയനാട്, കോട്ടയം, പത്തനംതിട്ട എന്നിവിടങ്ങളിലെ മഴ, നദി നിരീക്ഷണ ശൃംഖ ലകളും, സ്കൂൾ കാലാവസ്ഥാ ഭൂപടങ്ങൾ സ്ഥാപിക്കുന്നതും കാലാവസ്ഥാ അവബോധം ജനാധിപത്യവൽക്കരിക്കാനുള്ള കെ.എസ്.ഡി.എം.എയുടെ ശ്രമത്തെ പ്രതിഫലിപ്പിക്കുന്നു. സംസ്ഥാനത്തുടനീളം പതിമൂന്ന് താൽക്കാലിക പുനരധി വാസ കേന്ദ്രങ്ങളും സ്ഥാപിച്ചു.

2018-ൽ പരിഷ്കരിക്കുകയും 2024-ൽ വീണ്ടും സ്ഥിരീ കരിക്കുകയും ചെയ്ത സംസ്ഥാന ദുരന്ത നിവാരണ പദ്ധതി (2016-17), സെൻഡായി ഫ്രെയിംവർക്കുമായി യോജിച്ചു പ്രവർത്തിക്കുന്നു. ദേശീയ ഏജൻസികൾക്ക് കൃത്യസമയത്ത് അത് ചെയ്യാൻ കഴിയാത്തപ്പോൾ വിശദമായ വെള്ളപ്പൊക്ക ആവർത്തന ഭൂപടങ്ങൾ തയ്യാറാക്കുന്നതിലും പ്രസിദ്ധീകരി ക്കുന്നതിലും കെഎസ്ഡിഎംഎ ശാസ്ത്രീയമായി നേതൃത്വം നൽകിയിട്ടുണ്ട്, ഇത് ഇന്ത്യയിൽ ആദ്യമായിട്ടാണ്, നിർണായക അപകടസാധ്യത വിവരങ്ങൾ നൽകി പൗരന്മാരെയും ആസൂത്രകരെയും ശാക്തീകരിക്കുന്നു. 500 വർഷം വരെ ആവർത്തിച്ചുള്ള കാലയള വുകളിലെ വെള്ളപ്പൊക്കത്തിന്റെ ഉയരം തിരിച്ചറിയുന്ന ഈ ഭൂപടങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാണ്, ഇപ്പോൾ അവ പ്രാദേശിക ആസൂത്രണത്തെ നയിക്കുന്നു. കെഎസ്ഡിഎംഎയുടെ കീഴിൽ രൂപീകരിച്ച റൂൾ കർവ് മോണിറ്ററിംഗ് കമ്മിറ്റി, ശക്തമായ മൺസൂൺ വർഷ ങ്ങളിൽ അണക്കെട്ടുമായി ബന്ധപ്പെട്ട അടിയന്തര സാഹചര്യങ്ങൾ ഒഴിവാക്കാൻ സഹായിക്കുന്നതിന് ഏകോപിത റിസർവോയർ മാനേജ്മെന്റ് ഉറപ്പാക്കിയിട്ടുണ്ട്.

ദീർഘകാല കാലാവസ്ഥാ പൊരുത്തപ്പെടുത്തലിനെ പിന്തുണയ്ക്കാൻ, കെഎസ്ഡിഎംഎയും കേരള ഇൻസ്റ്റി റ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനും (കില) സംയു ക്തമായി ഓരോ തദ്ദേശ സ്ഥാപനത്തിനും കാലാവസ്ഥാ വ്യതിയാന സാഹചര്യങ്ങൾ തയ്യാറാക്കി - ഇന്ത്യയിലെ അഭൂതപൂർവമായ ഒരു പദ്ധതി - 2099 വരെയുള്ള വ്യത്യസ്ത

1 വിശദാംശങ്ങൾക്കായി https://donation.cmdrf.kerala.gov.in സന്ദർശിക്കുക

ഉദ്‌വമന പാതകളിലെ താപനിലയും മഴയുടെ മാറ്റങ്ങളും ഉൾക്കൊള്ളുന്നു. ദുരന്ത നിവാരണ പദ്ധതികളും വികസന തന്ത്രങ്ങളും അപ്ഡേറ്റ് ചെയ്യാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇപ്പോൾ ഇവ ഉപയോഗിക്കുന്നു.

പമ്പ, പെരിയാർ നദീതടങ്ങളിലെ വെള്ളപ്പൊക്ക മുന്നറിയിപ്പിനുള്ള സാങ്കേതികവിദ്യകൾ ആധുനികവൽക്കരിക്കുന്നതിലും കെഎസ്ഡിഎംഎ ഗണ്യമായ സംഭാവന നൽകിയിട്ടുണ്ട്. ജലവിഭവ വകുപ്പിന്റെ തത്സമയ വെള്ളപ്പൊക്ക മുന്നറിയിപ്പ് സംവിധാനങ്ങളിലേക്ക് ഇതിന്റെ കാലാവസ്ഥാ ഡാറ്റ ഫീഡ് ചെയ്യുന്നു. കാലാവസ്ഥാ നിരീക്ഷണ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നത് അതോറിറ്റി തുടരുന്നു, കൂടാതെ തീവ്രമായ മഴ പ്രവചനം മെച്ചപ്പെടുത്താൻ കൂടുതൽ ഡോപ്ലർ റഡാറുകളും മൊബൈൽ എക്സ്-ബാൻഡ് റഡാറുകളും സ്ഥാപിക്കണമെന്ന് വാദിച്ചു.

സ്കൂളുകളിലെ സുരക്ഷ ശക്തിപ്പെടുത്തുക മറ്റൊരു പ്രവർത്തന മേഖലയാണ്.യുണിസെഫുമായി ചേർന്ന് ആരംഭിച്ച യു-സ്കൂൾ ആപ്പ് സ്കൂൾ-തല ദുരന്ത ആസൂത്രണത്തെ പിന്തുണയ്ക്കുന്നു, അതേസമയം സ്കൂൾ ദുരന്ത നിവാരണ ക്ലബ്ബുകൾ, അധ്യാപക പരിശീലനം, അനിമേറ്റഡ് സാക്ഷരതാ സാമഗ്രികൾ, പതിവ് ഓൺലൈൻ സെഷനുകൾ എന്നിവ കുട്ടികളിലും യുവാക്കളിലും തയ്യാറെടുപ്പ് വളർത്താൻ സഹായിക്കുന്നു. ഉരുൾപൊട്ടൽ മുന്നറിയിപ്പ് ശേഷി വർദ്ധിപ്പിക്കാൻ കെഎസ്ഡിഎംഎ ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുമായും കേരള സർവകലാശാലയുമായും സഹകരിക്കുന്നു.

കെഎസ്ഡിഎംഎ പരിപോഷിപ്പിക്കുന്ന കേരളത്തിലെ വോളണ്ടിയർ ശൃംഖല രാജ്യത്തെ ഏറ്റവും ശക്തമായ ഒന്നാണ്. ഇന്ത്യയിലെ ആദ്യത്തെ സിവിൽ ഡിഫൻസ് സംസ്ഥാനമായി കേരളം തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്, പരിശീലനം ലഭിച്ച 15,000 വോളണ്ടിയർമാരെ അഗ്നിശമന സേനയുമായി ബന്ധിപ്പിച്ചു. സോഷ്യൽ വോളണ്ടിയർ ഫോഴ്സിൽ ഇപ്പോൾ 3.4 ലക്ഷം രജിസ്റ്റർ ചെയ്ത അംഗങ്ങളുണ്ട് (ഓരോ 100 പേർക്കും ഒരാൾ, ഒരു സമർപ്പിത ഡയറക്ടറേറ്റിന് കീഴിൽ), ആപ്ത മിത്ര പരിപാടി ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നു. ലോക്കൽ ഇൻസ്റ്റിറ്റ്യൂഷണൽ ഡിസാസ്റ്റർ റെസ്പോൺസ് ടീമുകൾ (എൽ.ഐ.ഡി.ആർ.ടി) വേഗത്തിലുള്ളതും പ്രാദേശികവൽക്കരിച്ചതുമായ ആദ്യ പ്രതികരണം ഉറപ്പാക്കുന്നു. സമൂഹം നയിക്കുന്ന പ്രതികരണത്തിനുള്ള ഒരു മാതൃകയായി ഈ സംരംഭങ്ങൾ ദേശീയതലത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളുമായി ചേർന്ന് കെഎസ്ഡിഎംഎ വിപുലമായ പരിശീലനം, മോക്ക് ഡ്രില്ലുകൾ, പൊതുജന സമ്പർക്ക പരിപാടികൾ എന്നിവ നടത്തുന്നു, പ്രാദേശിക അടിയന്തര സംഘങ്ങളെ പിന്തുണയ്ക്കുന്നു, ഇന്റർ-ഏജൻസി ഗ്രൂപ്പ് വഴി എൻജിഒ ശ്രമങ്ങളെ ഏകോപിപ്പിക്കുന്നു. ബോധവൽക്കരണ കാമ്പെയ്നുകൾ, മൺസൂൺ തയ്യാറെടുപ്പ് സെഷനുകൾ, എളുപ്പത്തിൽ ലഭ്യമാകുന്ന നേരത്തെയുള്ള മുന്നറിയിപ്പുകൾ എന്നിവ അപകടസാധ്യതകളെക്കുറിച്ചുള്ള പൊതുജന ധാരണ വിശാലമാക്കിയിട്ടുണ്ട്. 14-ാം പഞ്ചവത്സര പദ്ധതി പ്രകാരം, "സജ്ജം" എന്ന സംരംഭം എല്ലാ വീടുകളിലും തയ്യാറെടുപ്പ് സന്ദേശങ്ങൾ എത്തിക്കുക, ബ്ലോക്ക് തലത്തിലുള്ള അടിയന്തര കേന്ദ്രങ്ങൾ സ്ഥാപിക്കുക, ദുരന്ത ധനസഹായ സംവിധാനങ്ങൾ ശക്തിപ്പെടുത്തുക, ഭൂതല സൈറണുകളിലൂടെയും സ്ഥലത്തെ അടിസ്ഥാനമാക്കിയുള്ള സന്ദേശങ്ങളിലൂടെയും പൊതുജന മുന്നറിയിപ്പ് മെച്ചപ്പെടുത്തുക, എല്ലാ സ്കൂളുകൾക്കും ആശുപത്രികൾക്കും സുരക്ഷാ പദ്ധതികൾ തയ്യാറാക്കുക എന്നിവയാണ്ലക്ഷ്യമിടുന്നത്.നെതർലാൻഡ്സ്ഗവൺമെന്റ്, നോർവീജിയൻ ജിയോ ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, ഏഷ്യൻ ഡിസാസ്റ്റർ പ്രിപ്പേർഡ്നെസ് സെന്റർ (എഡിപിസി), ലോക ബാങ്ക്, കെഎഫ്ഡബ്ല്യു, ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് തുടങ്ങിയ സംഘടനകളുമായുള്ള അന്താരാഷ്ട്ര സഹകരണം സംസ്ഥാനത്തിന്റെ ശാസ്ത്രീയവും സ്ഥാപനപരവുമായ ശേഷിയെ കൂടുതൽ ശക്തിപ്പെടുത്തുന്നു

**ദുരന്ത നിവാരണത്തിനുള്ള ധനസഹായം**

ഫലപ്രദമായ ദുരന്തനിവാരണം പ്രവചനാത്മകവും പ്രതികരണാത്മകവുമായ ഒരു സാമ്പത്തിക ചട്ടക്കൂടിനെ ആശ്രയിച്ചിരിക്കുന്നു, പ്രത്യേകിച്ച് ഫെഡറൽ പിന്തുണ വൈകുമ്പോഴോ അപര്യാപ്തമാകുമ്പോഴോ അത്തരം സംവിധാനങ്ങളുടെ പ്രാധാന്യം കേരളത്തിന്റെ അനുഭവത്തിൽ കാണിക്കുന്നു.

2005-ലെ ദുരന്തനിവാരണ നിയമം ദുരന്തവുമായി ബന്ധപ്പെട്ട ചെലവുകൾക്കായി രണ്ട് പ്രധാന ഫണ്ടുകൾ സൃഷ്ടിച്ചു: സംസ്ഥാന ദുരന്ത പ്രതികരണ ഫണ്ടും (എസ്.ഡി.ആർ.എഫ്) ദേശീയ ദുരന്ത പ്രതികരണ ഫണ്ടും (എൻ.ഡി.ആർ.എഫ്). അടിയന്തര ആശ്വാസത്തിനുള്ള പ്രാഥമിക സ്രോതസ്സ് എസ്ഡിആർഎഫ് ആണ്. ഇതിന്റെ ധനസഹായം ചെലവ് പങ്കിടൽ രീതി പിന്തുടരുന്നു, കേന്ദ്ര സർക്കാർ മിക്ക സംസ്ഥാനങ്ങൾക്കും 75 ശതമാനവും, വടക്കുകിഴക്കൻ, ഹിമാലയൻ സംസ്ഥാനങ്ങൾക്ക് 90 ശതമാനവും സംഭാവന ചെയ്യുന്നു. വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ, വരൾച്ച, ഭൂകമ്പം, ചുഴലിക്കാറ്റുകൾ, മേഘസ്ഫോടനങ്ങൾ തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾക്ക് ഈ ഫണ്ട് ഉപയോഗിക്കാം, കൂടാതെ സംസ്ഥാനം തിരിച്ചറിയുന്ന പ്രാദേശികമായി പ്രാധാന്യമുള്ള അപകടങ്ങൾക്ക് 10 ശതമാനം വരെ ഉപയോഗിക്കാം.

ഒരു ദുരന്തം ഗുരുതരമാകുമ്പോഴും സംസ്ഥാനത്തിന്റെ സ്വന്തം ഫണ്ട് അപര്യാപ്തമാകുമ്പോഴും എസ്ഡിആർ എഫിന്റെ ഫണ്ട് കൂടാതെ എൻഡിആർഎഫിന്റെ ഫണ്ട് നൽകി സഹായിക്കുന്നു. ഇത് പൂർണമായും കേന്ദ്ര സർക്കാർ ധനസഹായമാണ്. കൂടാതെ വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഗ്രാന്റുകൾ സ്വീകരിക്കാനും വ്യവസ്ഥയുണ്ട്. എസ്ഡിആർഎഫിനും എൻഡിആർ എഫിനും വേണ്ടിയുള്ള വിഹിതം നിർണ്ണയിക്കുന്നത് തുടർച്ചയായ ധനകാര്യ കമ്മീഷനുകളാണ്.

സമീപ വർഷങ്ങളിലെ ഒരു പ്രധാന മാറ്റം, ലഘൂകരണ പ്രവർത്തനങ്ങൾ ഉൾപ്പെടുത്താൻ ഫണ്ടിംഗ് ഘടനയുടെ വിപുലീകരണമാണ്. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശുപാർശകൾ പ്രകാരം കേന്ദ്ര സർക്കാർ ദേശീയ ദുരന്ത ലഘൂകരണ ഫണ്ട് (എൻ.ഡി.എം.എഫ്) സ്ഥാപിക്കുകയും സംസ്ഥാന ദുരന്ത ലഘൂകരണ ഫണ്ടുകൾ (എസ്.ഡി.എം.എഫ്) സൃഷ്ടിക്കാൻ സംസ്ഥാനങ്ങളോട് നിർദ്ദേശിക്കുകയും ചെയ്തു. ഓരോ സംസ്ഥാനത്തിന്റെയും

എസ്.ഡി.എം.എഫിന്റെ 75 ശതമാനവും (വടക്കുകിഴക്കൻ, ഹിമാലയൻ സംസ്ഥാനങ്ങൾക്ക് 90 ശതമാനവും) കേന്ദ്ര മാണ് സംഭാവന ചെയ്യുന്നത്. രാജ്യത്തുടനീളമുള്ള ദുരന്ത സാധ്യത ലഘൂകരണ ശ്രമങ്ങളെ പിന്തുണയ്ക്കാനുള്ള ഒരു സമർപ്പിത ദേശീയ സംവിധാനത്തെ ഈ ഫണ്ടുകൾ അടയാളപ്പെടുത്തുന്നു.

നിയമപരമായ ഈ ഘടന ഉണ്ടായിരുന്നിട്ടും, യൂണിയൻ തലത്തിലുള്ള കാലതാമസങ്ങളും ഭരണപരമായ തടസ്സങ്ങളും വലിയ ദുരന്തങ്ങൾക്ക് ശേഷം സമയബന്ധി തമായി സഹായം ലഭ്യമാക്കാൻ തടസ്സമാകുമെന്ന് കേരളം നിരന്തരം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. വേഗത്തിലുള്ളതും മാനു ഷികവുമായ ദുരിതാശ്വാസം, പുനരധിവാസം, ദീർഘകാല വീണ്ടെടുക്കൽ എന്നിവ ഉറപ്പാക്കാൻ സംസ്ഥാനം സ്വന്തം സ്ഥാപന സംവിധാനങ്ങളെ - പ്രത്യേകിച്ച് മുഖ്യമന്ത്രിയുടെ ദുരന്ത നിവാരണ നിധിയെ (CMDRF) ആശ്രയിക്കേണ്ടതിന്റെ ആവശ്യകത ഈ അനുഭവം ശക്തിപ്പെടുത്തിയിരിക്കുന്നു.

**പ്രതിസന്ധിയിൽ നേതൃത്വം: ആശയവിനിമയത്തിന്റെ ജനാധിപത്യ പ്രാധാന്യം**

തെറ്റായ വിവരങ്ങളുടെയും ആഖ്യാനങ്ങളുടെ കേന്ദ്രീകൃത നിയന്ത്രണത്തിന്റെയും ഒരു കാലഘട്ടത്തിൽ, ദുരന്തസമയത്ത് പൊതു ആശയവിനിമയത്തോടുള്ള കേരളത്തിന്റെ സമീപനം അതിന്റെ ജനാധിപത്യ പ്രതി ബദ്ധതയുടെ മുഖമുദ്രയാണ്. 2018 ലെ വെള്ളപ്പൊക്കം, കോവിഡ് -19 മഹാമാരി തുടങ്ങിയ പ്രതിസന്ധി ഘട്ടങ്ങ ളിൽ മുഖ്യമന്ത്രിയുടെ ദൈനംദിന പത്രസമ്മേളനങ്ങൾ ഒന്നി ലധികം നിർണായക പ്രവർത്തനങ്ങൾ നിർവഹിച്ചു. അവർ സുതാര്യവും ആധികാരികവും സമയബന്ധിതവുമായ വിവരങ്ങൾ നേരിട്ട് പൊതുജനങ്ങൾക്ക് നൽകി, കിംവ ദന്തികൾ ഇല്ലാതാക്കി, സാഹചര്യത്തെയും സർക്കാർ നിർദ്ദേശങ്ങളെയും കുറിച്ച് ഏകീകൃത ധാരണ ഉറപ്പാക്കി. പൗരന്മാരെ വിശ്വസിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന, വ്യാപകമായ അനുസരണവും സാമൂഹിക ഐക്യദാർഢ്യവും വളർത്തിയെടുക്കുന്ന ഒരു ഭരണ മാതൃകയെ ഈ രീതി ഉദാഹരണമായി കാണിച്ചു. പ്രതിസന്ധി കൈകാര്യം ചെയ്യുന്നതിൽ ജനാധിപത്യ ഉത്ത രവാദിത്തത്തിന്റെ പ്രാധാന്യം ഇത് എടുത്തുകാണിക്കുന്നു.

**വെല്ലുവിളികളും മുന്നോട്ടുള്ള വഴിയും**

നേട്ടങ്ങൾ കൈവരിച്ചിട്ടും, കേരളം അതിശക്തവും വികസിച്ചുകൊണ്ടിരിക്കുന്നതുമായ വെല്ലുവിളികൾ നേരി ടുന്നു, അവയ്ക്ക് പൊരുത്തപ്പെടുത്തലിൽ പുതുക്കിയ ശ്രദ്ധ ആവശ്യമാണ്. സംസ്ഥാനത്ത് തീവ്ര കാലാവസ്ഥാ സംഭവ ങ്ങളുടെ ആവൃത്തിയിലും തീവ്രതയിലും വർദ്ധനവ് അനുഭവ പ്പെടുന്നു. തീരദേശ മണ്ണൊലിപ്പ്, സമുദ്രനിരപ്പ് ഉയരൽ, ഉഷ്ണ തരംഗങ്ങൾ, മിന്നൽ കൊടുങ്കാറ്റുകൾ എന്നിവയുൾപ്പെടെ ഉയർന്നുവരുന്ന ഭീഷണികൾക്ക് പരമ്പരാഗത ലഘൂകര ണത്തിനപ്പുറം ഭാവിയിലേക്കുള്ള പൊരുത്തപ്പെടുത്തൽ തന്ത്രങ്ങൾ ആവശ്യമാണ്. ഒരു കരുത്തുറ്റ കേരളം കെട്ടിപ്പ ടുക്കാനുള്ള നാല് പ്രധാന നയ നിർദ്ദേശങ്ങൾ പട്ടികപ്പെടു ത്തുന്നു.

**ദുരന്തസാധ്യതാ ലഘൂകരണത്തിനായുള്ള ശാസ്ത്ര സാങ്കേ തിക വിദ്യ (ഡി.ആർ.ആർ):** സൂക്ഷ്മതല മഴ പ്രവചനത്തി നായുള്ള എക്സ്-ബാൻഡ് റഡാറുകൾ, നൂതനമായ മണ്ണി ടിച്ചിൽ മുന്നറിയിപ്പ് സംവിധാനങ്ങൾ എന്നിവ പോലുള്ള മുൻകൂർ മുന്നറിയിപ്പിനായി പുതിയ സാങ്കേതികവിദ്യകൾ പരീക്ഷിക്കാനും സ്വീകരിക്കാനും സംസ്ഥാന സംഭരണ നയങ്ങൾ.

**ദുരന്തസാധ്യതാ ഭരണം ശക്തിപ്പെടുത്തൽ:** എല്ലാ തല ങ്ങളിലും സാങ്കേതിക ശേഷി വർദ്ധിപ്പിക്കുക. ഭൂസർവേ കളിൽ ഉപയോഗിക്കുന്ന തുടർച്ചയായ ഓപ്പറേറ്റിംഗ് റഫ റൻസ് സ്റ്റേഷനുകൾ (CORS) ദുരന്തസാധ്യതാ തിരിച്ചറിയൽ, ആസൂത്രണം, പ്രതികരണം എന്നിവയ്ക്കായി പൂർണ്ണമായും പ്രയോജനപ്പെടുത്തണം. മുൻകൂർ ആസൂത്രണത്തോടുകൂ ടിയ അപകട മാപ്പിംഗ് അപ്ഡേറ്റ് ചെയ്യുന്നതിന് തത്സമയ GIS ജലശാസ്ത്ര മോഡലുകൾ സജ്ജീകരിച്ചുകൊണ്ട് പ്രാദേ ശിക തലത്തിലെ സാങ്കേതിക അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തണം.

**ഭൂവിനിയോഗ നിയന്ത്രണങ്ങൾ:** വ്യവസായ, വാണിജ്യ പ്രവർത്തനങ്ങളുടെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ, പാരി സ്ഥിതിക പരിഗണനകൾ എന്നിവ കണക്കിലെടുത്ത് ഭൂവി നിയോഗ നിയന്ത്രണങ്ങൾ പരിഷ്കരിക്കുക. ദുരന്തസാധ്യത കുറയ്ക്കുന്നതിനൊപ്പം സംസ്ഥാനത്തിന്റെ സാമ്പത്തിക അഭി വൃദ്ധി ഉറപ്പാക്കുന്നതിന് ദീർഘകാലാടിസ്ഥാനത്തിലുള്ള ഒരു പൊരുത്തപ്പെടുത്തൽ കാഴ്ചപ്പാട് അത്യാവശ്യമാണ്.

**പ്രതിരോധശേഷി വർദ്ധിപ്പിക്കാൻ DRR-ൽ നിക്ഷേ പിക്കുക:** "ഗ്രേ-ഗ്രീൻ" അടിസ്ഥാനസൗകര്യത്തിന് മുൻ ഗണന നൽകുക, 'മോർ റൂം ഫോർ റിവർ' പദ്ധതിയെ പിന്തുണയ്ക്കുക, കാലാവസ്ഥാ അപകടങ്ങൾക്കെതിരെ സ്കൂളുകളും ആശുപത്രികളും പോലുള്ള നിർണായക അടി സ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുക.

**ധനകാര്യ ഘടന:** ദുരന്ത നിവാരണത്തിനും പുനർനിർമ്മാ ണത്തിനും ധനകാര്യ ഘടനയുടെ പര്യാപ്തത അവലോകനം ചെയ്യുകയും വിലയിരുത്തുകയും ചെയ്യുക. പൊതു അടി സ്ഥാന സൗകര്യങ്ങൾ സംരക്ഷിക്കുന്നതിനൊപ്പം, ഉയർ ന്ന അപകടസാധ്യതയുള്ള പ്രദേശങ്ങളിൽ താമസിക്കുന്ന ദുർബല ജനവിഭാഗങ്ങളുടെയും എംഎസ്എംഇകളുടെയും സ്വകാര്യ ഉടമസ്ഥതയിലുള്ള ആസ്തികൾ കൂടി ധനകാര്യ ഘടന കണക്കിലെടുക്കണം, ഇത് സാമ്പത്തിക ആഘാത ങ്ങളിൽ നിന്ന് വേഗത്തിൽ പുനരുജ്ജീവിപ്പിക്കാൻ സഹായി ക്കുന്നു. ഈ അപകടസാധ്യതകളിൽ ചിലത് ഉൾക്കൊള്ളു ന്നതിനായി ഒരു പാരാമെട്രിക് അധിഷ്ഠിത ദുരന്ത നിവാരണ ഇൻഷുറൻസ് നിലവിൽ കേരള സർക്കാർ പരിഗണിക്കു ന്നുണ്ട്.

## ശുചിത്വവും മാലിന്യ സംസ്കരണവും

മാലിന്യ സംസ്കരണത്തിൽ 2016-17 നും 2025-26 നും ഇടയിൽ കേരളം ഗണ്യമായ പുരോഗതി കൈവരിച്ചു. മേഖ ലയിലെ ദീർഘകാല വിടവുകൾ പരിഹരിക്കാൻ ലക്ഷ്യമിട്ട നിരവധി ദൗത്യങ്ങളും പദ്ധതികളും ഇക്കാലത്ത് നടപ്പാക്കി. സംസ്ഥാന വ്യാപകമായി മാലിന്യം കൈകാര്യം ചെയ്യു ന്നതിലെ അപര്യാപ്തതകൾ തിരിച്ചറിഞ്ഞതിനെ തുടർന്ന്, 2016-ൽ ആരംഭിച്ച ഹരിതകേരളം മിഷൻ മുഖേന മാലിന്യ സംസ്കരണം മുഖ്യലക്ഷ്യമായി സർക്കാർ പരിഗണിച്ചു. തുടർന്ന് ഗ്രാമ-നഗര മേഖലകളിലുടനീളം സംവിധാന ങ്ങൾ ശക്തിപ്പെടുത്താൻ പ്രത്യേക ഇടപെടലുകളും ആരം

ഭിച്ചു. ലഭ്യമായ എല്ലാ ധനസ്രോതസ്സുകളും സമാഹരിച്ചു കൊണ്ടും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ (എൽ.എസ്.ജി) നടത്തിപ്പിന്റെ മുൻനിരയിൽ നിർത്തിക്കൊണ്ടും കേരളത്തെ മാലിന്യ മുക്തമാക്കാനുള്ള സംസ്ഥാന വ്യാപകമായ ശ്രമങ്ങളിലേക്ക് ഇതു എത്തിച്ചേർന്നു. ഈ പരിഷ്കരണങ്ങളുടെ ദീർഘകാല സുസ്ഥിരത ഉറപ്പാക്കാൻ, വികേന്ദ്രീകൃത മാലിന്യ ശേഖരണ സംവിധാനവും സംസ്ക്കരണ കേന്ദ്രങ്ങളുടെ ശൃംഖലയും സ്ഥാപിച്ചു. കൂടാതെ, മാലിന്യ നിയന്ത്രണ ചട്ടങ്ങളുടെ കർശനമായ നടപ്പാക്കലും, ജനങ്ങളിൽ മെച്ചപ്പെട്ട പെരുമാറ്റ രീതികൾ പ്രോത്സാഹിപ്പിക്കാൻ സ്ഥിരമായ ബോധവൽക്കരണ പ്രവർത്തനങ്ങളും ഉറപ്പാക്കി.

2015-ന് മുമ്പ്, കേരളം മാലിന്യ സംസ്കരണ സംവിധാനത്തിൽ ഗൗരവമായ വെല്ലുവിളികൾ നേരിട്ടിരുന്നു. അതിൽ അവശ്യം വേണ്ട അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത, അശാസ്ത്രീയവും കേന്ദ്രീകൃതവുമായ മാലിന്യനിക്ഷേപം, വിളപ്പിൽശാല, ലാലൂർ, ഞെളിയൻ പറമ്പ് തുടങ്ങിയ മാലിന്യനിക്ഷേപ കേന്ദ്രങ്ങൾ സൃഷ്ടിച്ച പാരിസ്ഥിതികവും പൊതുജനാരോഗ്യപരവുമായ ആശങ്കകളെ തുടർന്നുണ്ടായ വ്യാപകമായ പൗരപ്രതിഷേധങ്ങൾ എന്നിവ ഉൾപ്പെടുന്നു. ഈ സൗകര്യങ്ങളുടെ പ്രവർത്തന പോരായമകൾക്കൊപ്പം, ഒരു കേന്ദ്രീകൃത മാതൃക സംസ്ഥാനത്തിന് സുസ്ഥിരമോ അനുയോജ്യമോ അല്ലെന്ന് വ്യക്തമായതോടെ മാലിന്യ സംസ്കരണം എന്ന നിർബന്ധിത ചുമതല കൂടുതൽ ഫലപ്രദമായി നിർവഹിക്കാൻ പ്രാദേശിക സ്വയം ഭരണ സ്ഥാപനങ്ങളെ (എൽ.എസ്.ജി) ശക്തിപ്പെടുത്തേണ്ട ആവശ്യം ഉയർന്നു. പതിമൂന്ന്, പതിന്നാല് പഞ്ചവത്സര പദ്ധതികൾ നഗര, ഗ്രാമ പ്രദേശങ്ങളിലെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് മാലിന്യ സംസ്കരണത്തിൽ ഗണ്യമായ ഒരു ദൗത്യം മുന്നിലുണ്ടെന്ന് തിരിച്ചറിഞ്ഞു.

ശുചിത്വ മിഷന്റെ കണക്കുകൾ പ്രകാരം, കേരളം പ്രതിദിനം 10,000 ടണ്ണിലധികം ഖരമാലിന്യം ഉൽപ്പാദിപ്പിക്കുന്നു. ഇതിൽ 75 ശതമാനവും ജൈവമാലിന്യമാണ്. തങ്ങളുടെ അധികാരപരിധിക്കുള്ളിൽ മാലിന്യം കൈകാര്യം ചെയ്യേണ്ടതും മാലിന്യ സംസ്കരണത്തിന്റെ പ്രാഥമിക നിർവ്വഹണ ഏജൻസികളായി പ്രവർത്തിക്കേണ്ടതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. സംസ്ഥാനത്തിന്റെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ സാങ്കേതിക വിഭാഗമായി പ്രവർത്തിക്കുന്ന ശുചിത്വ മിഷൻ, നയരൂപീകരണം, ശേഷി വർദ്ധിപ്പിക്കൽ, ഖര, ദ്രവ മാലിന്യ സംസ്കരണത്തിന് സാങ്കേതിക പിന്തുണ നൽകൽ എന്നിവയിൽ പ്രധാന പങ്ക് വഹിക്കുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പദ്ധതികളിൽ മാലിന്യ സംസ്കരണം വ്യക്തമായി സംയോജിപ്പിച്ചിരിക്കുന്നു. ശുചിത്വ മിഷന്റെ സാങ്കേതികവും സ്ഥാപനപരവുമായ പിന്തുണയോടെ തദ്ദേശ സ്വയം

**പട്ടിക 20.4** *ശുചിത്വ, മാലിന്യ സംസ്കരണത്തിൽ പ്രധാന വകുപ്പുകളുടെ/ഏജൻസികളുടെ വാർഷിക ചെലവ് (രൂപ ലക്ഷത്തിൽ)*

| വർഷം | ശുചിത്വ കേരളം (ഗ്രാമീൺ, നഗരം) | എസ്.ബി.എം (നഗരം) | എസ്.ബി.എം (ഗ്രാമീൺ) | കെ.എസ്.ഡബ്ല്യു.എം.പി (ഘടകം 1,2,3) | കെ.എ സ്.ഐ.ഡി.സി | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ | ആകെ |
|---|---|---|---|---|---|---|---|
| 2016-17* | 2,668.5 | – | 15,846 | – | – | 35,371.6 | 53,886.3 |
| 2017-18# | 2,251.9 | 307.1 | 14,079 | – | – | 24,641.1 | 41,279 |
| 2018-19 | 2,797.7 | 4,385 | 3,145.2 | – | – | 25,603.2 | 35,931.1 |
| 2019-20** | 578.3 | 1,354.8 | 1,551.4 | – | – | 20,072.7 | 23,557.2 |
| 2020-21 | 3,932.5 | 3,349.3 | 825.5 | – | – | 57,669 | 65,776.3 |
| 2021-22 | 3,564.6 | – | 1,625.9 | – | – | 63,535.1 | 68,725.6 |
| 2022-23 | 1,916.8 | 940 | 2,829 | 1,203.6 | – | 72,592.4 | 79,481.7 |
| 2023-24 | 1,711.1 | 8,280.8 | 6,046 | 4,791.1 | – | 65,436 | 86,265 |
| 2024-25 | 1,955.2 | 6,817.7 | 6,360.5 | 4,968.3 | 65 | 88,541.4 | 1,08,708 |
| 2025-26 (ഒക്ടോബർ വരെ) | 185.4 | 2,073.6 | 481.6 | 3,110.6 | – | – | 5,851.2 |
| ആകെ | 21,561.9 | 27,508.3 | 52,790 | 14,073.5 | 65 | 4,53,462.4 | 5,69,461.3 |

*അവലംബം:* ബജറ്റ് രേഖകൾ

*കുറിപ്പുകൾ:* * ശുചിത്വ കേരളം നഗര-ഗ്രാമ പദ്ധതികൾക്കുപുറമെ, കശാപ്പുശാലകളുടെ നിർമ്മാണം, ശ്മശാനങ്ങൾ സ്ഥാപിക്കൽ, നഗരപ്രദേശങ്ങളിലെ കമ്മ്യൂണിറ്റി വികസന ഉപമേഖല എന്നിവയും, മൂല്യവർദ്ധന പദ്ധതിയും ഈ വിഹിതത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# ശുചിത്വകേരളം നഗര-ഗ്രാമ പദ്ധതികൾക്ക് പുറമേ, ഇന്റഗ്രേറ്റഡ് ലോകോസ്റ്റ് സാനിറ്റേഷനും ഈ വിഹിതത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ശുചിത്വകേരളം നഗര-ഗ്രാമ പദ്ധതികൾക്ക് പുറമേ, ഖരമാലിന്യ മാനേജ്മെന്റ് ഫണ്ട് (നഗര) വിഹിതത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഭരണ സ്ഥാപനങ്ങൾക്ക് പ്രാദേശിക തലത്തിലുള്ള മാലിന്യ സംസ്കരണ പദ്ധതികൾ രൂപീകരിക്കാൻ അധികാരം നൽകിയിട്ടുണ്ട്. ശുചിത്വ മിഷൻ നടപ്പാക്കുന്ന പദ്ധതികളുമായി ഈ പദ്ധതികൾ സംയോജിപ്പിക്കാൻ കഴിയും. സംസ്ഥാനത്തിന്റെ പ്രധാന പദ്ധതിയായ ശുചിത്വ കേരളം (ഗ്രാമം, നഗരം), സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമം, നഗരം) ഉൾപ്പെടെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്നിവയുടെ മേൽനോട്ടം ശുചിത്വമിഷനാണ്. ഖരമാലിന്യ സംസ്കരണത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചുള്ള വിദേശ ധനസഹായത്തോടെയുള്ള കേരള ഖരമാലിന്യ പരിപാലന പദ്ധതി (കെ.എസ്.ഡബ്ല്യു.എം.പി), കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി) നടപ്പാക്കുന്ന മാലിന്യത്തിൽ നിന്ന് ഊർജ്ജം ഉൽപ്പാദിപ്പിക്കുന്ന പദ്ധതി എന്നിവയാണ് ഈ മേഖലയിലെ മറ്റ് പ്രധാന ഇടപെടലുകൾ. ഈ മുൻനിര സംരംഭങ്ങൾക്ക് പുറമേ, വിവിധ വകുപ്പുകൾ വഴി നിരവധി ശുചിത്വ, മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

കേരളത്തിലെ ശുചിത്വ-മാലിന്യ സംസ്കരണ മേഖലയിലെ പ്രധാന ഏജൻസികൾക്കുള്ള വാർഷിക വിഹിതവും ചെലവും പരിശോധിക്കുമ്പോൾ, കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടെ സാമ്പത്തിക നിക്ഷേപത്തിൽ ക്രമാനുഗതമായ വർദ്ധനവ് കാണാം. സർക്കാരിന്റെ വർദ്ധിപ്പിച്ച വിഹിതത്തോടൊപ്പം, 2022-23ൽ ആരംഭിച്ച ലോക ബാങ്ക് സഹായത്തോടെയുള്ള കെ.എസ്.ഡബ്ല്യു.എം.പി പദ്ധതിയും കൂടി ചേർന്നതോടെ ഈ മേഖലയിലെ ആകെ വിഹിതം വലിയ തോതിൽ ഉയർന്നു. ഇത് മാലിന്യ സംസ്കരണത്തിന് സർക്കാർ നൽകുന്ന മുൻഗണനയാണ് പ്രതിഫലിപ്പിക്കുന്നത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതത്തിലും വർഷങ്ങളായി വലിയ വർദ്ധനവുണ്ട്. 2016-17 മുതൽ 2024-25 വരെ വിവിധ ഏജൻസികളിലൂടെ ആകെ 5,694.6 കോടി രൂപയാണ് ഈ മേഖലയിൽ ചെലവഴിച്ചത്. ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ സംസ്ഥാന സർക്കാർ നൽകുന്ന വർദ്ധിച്ചുവരുന്ന പ്രാധാന്യം ഇത് അടിവരയിടുന്നു.

കേരളത്തിലെ ജൈവമാലിന്യ സംസ്കരണത്തിനായി, വീടുകൾ, സ്ഥാപനങ്ങൾ, കമ്മ്യൂണിറ്റി തലങ്ങൾ എന്നിവിടങ്ങളിൽ ഉറവിട മാലിന്യ സംസ്കരണത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള ഫലപ്രദമായ ഒരു വികേന്ദ്രീകൃത മാതൃക സംസ്ഥാനം വികസിപ്പിച്ചിട്ടുണ്ട്. "എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തം" എന്ന തത്വത്തിൽ അധിഷ്ഠിതമായ ഈ സമീപനം, കേന്ദ്രീകൃതമായ വൻകിട സംവിധാനങ്ങളെ ആശ്രയിക്കുന്നത് കുറയ്ക്കുകയും മാലിന്യ സംസ്കരണത്തിൽ ജനപങ്കാളിത്തം പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ഇത് കഴിഞ്ഞ ദശകത്തിൽ ഖരമാലിന്യ സംസ്കരണത്തിൽ വലിയ പുരോഗതിയുണ്ടാക്കി.

ഉറവിടത്തിലുള്ള മാലിന്യം തരംതിരിക്കൽ കേരളത്തിലെ മാലിന്യ സംസ്കരണത്തിലെ നിർണ്ണായക ഘടകമായിട്ടുണ്ട്. ഉറവിടത്തിൽ തന്നെ ജൈവമെന്നും അജൈവമെന്നും തരംതിരിക്കുന്നതിൽ തദ്ദേശ സ്ഥാപനങ്ങൾക്കും പൊതു സമൂഹത്തിനുമുള്ള പ്രതിബദ്ധത വർദ്ധിച്ചു. ഉറവിടത്തിലുള്ള തരംതിരിക്കലിൽ ശ്രദ്ധേയമായ പുരോഗതിയുണ്ട്. ഇത് 2023-ലെ 47 ശതമാനത്തിൽ നിന്ന് 2025-ഓടെ 94 ശതമാനമായി വർദ്ധിച്ചു. ഇത് ജനങ്ങളുടെ പെരുമാറ്റത്തിൽ വ്യാപകമായുണ്ടായ മാറ്റത്തിന്റെയും നിർവ്വഹണ സംവിധാനങ്ങളുടെ ഫലപ്രാപ്തിയുടെയും സൂചനയാണ്. കൂടാതെ, അജൈവ മാലിന്യങ്ങളെ പ്ലാസ്റ്റിക്, തുകൽ, ഗ്ലാസ്, ഇലക്ട്രോണിക്, ഇലക്ട്രിക്കൽ, ബയോമെഡിക്കൽ എന്നിങ്ങനെ പ്രത്യേക വിഭാഗങ്ങളായി തരംതിരിക്കുന്നതും വർദ്ധിച്ചുവരുന്നു. ഇവ നിശ്ചിത കലണ്ടർ ദിവസങ്ങളിൽ വീടുതോറും എത്തി ശേഖരിക്കുകയും അംഗീകൃത സംസ്കരണ കേന്ദ്രങ്ങളിൽ എത്തിക്കുകയും ചെയ്യുന്നു. കളക്ഷൻ സൗകര്യങ്ങൾ (എംസിഎഫ്), റിസോഴ്സ് റിക്കവറി സൗകര്യങ്ങൾ (ആർആർഎഫ്), റീസൈക്ലിംഗ് പ്ലാന്റുകൾ, സംസ്കരണ കേന്ദ്രങ്ങൾ എന്നിവയുടെ സ്ഥാപനവും, ക്ലീൻ കേരള കമ്പനിയുടെ പ്രവർത്തനങ്ങൾ വിപുലമാക്കിയതും ഉൾപ്പെടെയുള്ള നടപടികൾ പുതിയ സംവിധാനത്തെ ശക്തമാക്കിയിട്ടുണ്ട്.

### കേരളത്തിലെ മാലിന്യ സംസ്കരണ രീതികൾ

#### ഖര മാലിന്യ സംസ്കരണം

2016-17 മുതൽ 2025-26 വരെയുള്ള ഖരമാലിന്യ സംസ്കരണത്തിന്റെ കണക്കുകൾ കാണിക്കുന്നത് കേരളത്തിലെ

**പട്ടിക 20.5** *കേരളത്തിലെ ഖരമാലിന്യ സംസ്കരണം, 2016 - 17 മുതൽ 2025 - 26 വരെ, (ടിപിഡിയിലും ടണ്ണിലും)*

| വിശദാംശങ്ങൾ | 2016 - 17 | 2017 - 18 | 2018 - 19 | 2019 - 20 | 2020 - 21 | 2021 - 22 | 2022 - 23 | 2023 - 24 | 2024 - 25 | 2025 - 26 |
|---|---|---|---|---|---|---|---|---|---|---|
| ഉത്പാദിപ്പിച്ച ഖര മാലിന്യത്തിന്റെ അളവ് (ടി പി ഡി) | 9,666.9 | 9,716.5 | 9,766.6 | 9,817.1 | 9,868.1 | 9,919.4 | 9,971.2 | 10,023.5 | 10,076.2 | 10,129.3 |
| സംസ്കരണം നടത്തിയ മാലിന്യത്തിന്റെ അളവ് (ടി പിഡി) | 7,350.0 | 8,040.0 | 8,575.0 | 9,150.0 | 9,600.0 | 9,722.0 | 9,893.0 | 9,853.0 | 9,868.8 | 10,072.0 |
| പുനരുപയോഗത്തിനായി കൈമാറിയ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ( ടണ്ണിൽ ) | 740.0 | 850.0 | 920.0 | 940.0 | 950.0 | 980.0 | 1,060.0 | 1,069.0 | 1,071.0 | 1,072.0 |

*അവലംബം:* ശുചിത്വ മിഷൻ, കേരള സർക്കാർ

മൊത്തം ഖരമാലിന്യ ഉത്പാദനം പ്രതിദിനം 9,666 ടണ്ണിൽ നിന്ന് ക്രമേണ 10,129 ടണ്ണായി വർദ്ധിച്ചു എന്നാണ്. എന്നിരുന്നാലും, സംസ്കരിച്ച ഖരമാലിന്യത്തിന്റെ അളവ് 2016-17ൽ പ്രതിദിനം 7350 ടണ്ണായിരുന്നത് 2025 -26ൽ പ്രതിദിനം 10,072 ടണ്ണായി. സംസ്കരണ ശേഷിയിലുണ്ടായ ഗണ്യമായ പുരോഗതിയുടെയും അടിസ്ഥാന സൗകര്യങ്ങളുടെ മെച്ചപ്പെട്ട പ്രവർത്തന ശേഷിയുടെയും തെളിവാണിത്. പ്ലാസ്റ്റിക് മാലിന്യങ്ങളുടെ പുനരുപയോഗത്തിലും അനുകൂല പ്രവണതയാണ് കാണുന്നത്. ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യത്തിന്റെ അളവ് 740 ടണ്ണിൽ നിന്ന് 1,072 ടണ്ണായി ഉയർന്നത് ശേഖരണ സംവിധാനങ്ങൾ ശക്തിപ്പെട്ടതിന്റെയും പുനരുപയോഗ വ്യവസായങ്ങളുമായുള്ള ബന്ധം മെച്ചപ്പെട്ടതിന്റെയും സൂചനയാണ്.

പുനരുപയോഗിക്കാൻ കഴിയാത്ത പ്ലാസ്റ്റിക് മാലിന്യങ്ങൾ പൊടിച്ച് റോഡുകൾക്കായി ടാറിൽ കലർത്തുന്നു. ടി കാലയളവിൽ 2016 - 2025, ക്ലീൻ കേരള കമ്പനി ലിമിറ്റഡ് (സി.കെ.സി.എൽ) ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (എൻ.എച്ച്.എ.ഐ), പി.ഡബ്ല്യു.ഡി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയ വിവിധ ഏജൻസികൾക്ക് 3864.42 മെട്രിക് ടൺ ഷ്രെഡഡ് പ്ലാസ്റ്റിക് വിതരണം ചെയ്തു. സി.കെ.സി.എല്ലിന്റെ കണക്കനുസരിച്ച്, ഈ കാലയളവിൽ പൊടിച്ച പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മിച്ച പോളിമറൈസ്ഡ് റോഡിന്റെ ആകെ നീളം 6663.9 കിലോമീറ്ററാണ്.

സർക്കാർ ഓഫീസുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, മറ്റ് പ്രധാന സ്ഥാപനങ്ങൾ എന്നിവയിൽ ഉൽപ്പാദിപ്പിക്കുന്ന ഇലക്ട്രോണിക് മാലിന്യങ്ങൾ (ഐടി, ടെലികോം ഉപകരണങ്ങൾ, ഉപഭോക്തൃ ഇലക്ട്രിക്കൽ, ഇലക്ട്രോണിക് ഉൽപ്പന്നങ്ങൾ, മറ്റ് ഇനങ്ങൾ എന്നിവയുൾപ്പെടെ) ശേഖരിച്ച് അംഗീകൃത ഇ-വേസ്റ്റ് ശേഖരിക്കുന്നവർക്ക്/റീസൈക്ലർമാർക്ക് കൈമാറി സംസ്കരിക്കുന്നതിന് കേരള സർക്കാർ സികെസിഎല്ലിനെ നിയമിച്ചിട്ടുണ്ട്. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ വാർഷിക റിപ്പോർട്ടുകൾ പ്രകാരം, സംസ്ഥാനത്ത് ശേഖരിച്ച ഇ-വേസ്റ്റിന്റെ അളവ് 2019-20 ൽ 1,289.2 ടണ്ണിൽ നിന്ന് 2023-24 ൽ 6,023.5 ടണ്ണായി വർദ്ധിച്ചു.

സമൂഹതലത്തിലും മാലിന്യ സംസ്കരണത്തിനുള്ള അടിസ്ഥാന സൗകര്യങ്ങളിലും ഗണ്യമായ വികസനം ഉണ്ടായിട്ടുണ്ട്. ആയിരത്തിലധികം വികേന്ദ്രീകൃത സംസ്കരണ സൗകര്യങ്ങൾ പ്രവർത്തനക്ഷമമാക്കി, വലിയ തോതിലുള്ള കമ്പോസ്റ്റിംഗ്, ബയോ-സിഎൻജി പ്ലാന്റുകൾ എന്നിവ അനുബന്ധമായി സ്ഥാപിച്ചു. ഹോട്ടലുകൾ, മാർക്കറ്റുകൾ, സ്ഥാപനങ്ങൾ തുടങ്ങി വൻതോതിൽ മാലിന്യം ഉൽപ്പാദിപ്പിക്കുന്നവർ അംഗീകൃത സാങ്കേതികവിദ്യ ഉപയോഗിച്ച് അവരുടെ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കാൻ നിർബന്ധിതരായി. ഈ ഇടപെടലുകൾക്കൊപ്പം, സംസ്ഥാന വ്യാപകമായ പ്രചാരണങ്ങളും പ്ലാസ്റ്റിക് കുറയ്ക്കുന്നതിനെയും പുനരുപയോഗ രീതികൾ സ്വീകരിക്കുന്നതിനെയും പ്രോത്സാഹിപ്പിച്ചു. ഇത് സുസ്ഥിര മാലിന്യ സംസ്കരണത്തിനായുള്ള കേരളത്തിന്റെ പ്രതിബദ്ധത കൂടുതൽ ശക്തമാക്കി.

### ദ്രവ മാലിന്യ സംസ്കരണം

കഴിഞ്ഞ പതിറ്റാണ്ടിൽ കേരളത്തിലെ ദ്രവമാലിന്യ സംസ്കരണ രംഗത്ത് ഗണ്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്. സംസ്ഥാനത്ത് 32 സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളും (എസ്.ടി.പി), ഏഴ് ഫീക്കൽ സ്ലഡ്ജ് ട്രീറ്റ്മെന്റ് പ്ലാന്റും (എഫ്എസ്ടിപി) സ്ഥാപിച്ചു. കൂടാതെ വികേന്ദ്രീകൃത ഗ്രേ-വാട്ടർ പുനരുപയോഗ പദ്ധതികൾക്കും പ്രാദേശിക മലിനജല സംവിധാനങ്ങൾക്കും തുടക്കം കുറിച്ചു. ഗ്രാമീണ, അർദ്ധ-നഗര മേഖലകളിൽ മാലിന്യ സംസ്കരണ ശേഷി വർദ്ധിപ്പിക്കാൻ മൊബൈൽ ട്രീറ്റ്മെന്റ് യൂണിറ്റുകളും അവതരിപ്പിച്ചു. സംയോജിത ശുചിത്വ സംവിധാനങ്ങൾക്കും പൊതുജനാരോഗ്യ സംരക്ഷണത്തിനും കേരളം നൽകുന്ന ഊന്നലിന് ഈ ശ്രമങ്ങൾ കരുത്തേകി. തിരുവനന്തപുരത്തെ മുട്ടത്തറ മലിനജല സംസ്കരണ പ്ലാന്റിൽ ഓമ്നി പ്രോസസർ എന്ന നൂതന വികേന്ദ്രീകൃത താപമാലിന്യ സംസ്കരണ സാങ്കേതികവിദ്യ സ്ഥാപിച്ചത് ഈ മേഖലയിലെ ശ്രദ്ധേയമായ നടപടിയാണ്. ഇത്തരത്തിൽ ശുദ്ധീകരിച്ചെടുക്കുന്ന വെള്ളം നിർമ്മാണ പ്രവർത്തനങ്ങൾക്കും വ്യാവസായിക ആവശ്യങ്ങൾക്കും മറ്റും പുനരുപയോഗിക്കാൻ സാധിക്കുന്നു. ഇത് ജലസംരക്ഷണത്തിനും മലിനീകരണം കുറയ്ക്കുന്നതിനും സഹായിക്കുന്നു. കൂടാതെ, ആലപ്പുഴ ജില്ലയിലെ ചേർത്തലയിൽ റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി അത്യാധുനിക എഫ്.എസ്.ടി.പി നിർമ്മിക്കുകയും ചെയ്തു.

സ്ഥലപരിമിതിയോ പൊതുജനങ്ങളുടെ എതിർപ്പോ കാരണം വലിയ സംസ്കരണ പ്ലാന്റുകൾ സാധ്യമല്ലാത്ത പ്രദേശങ്ങളിൽ മൊബൈൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് യൂണിറ്റുകൾ (എംഎസ്ടിയു) വിന്യസിച്ചതാണ് മറ്റൊരു നൂതന നടപടി. വാഹനങ്ങളിൽ ഘടിപ്പിച്ച ഈ യൂണിറ്റുകൾ സെപ്റ്റിക് മാലിന്യങ്ങൾ നേരിട്ട് ശേഖരിച്ച് സംസ്കരിക്കുകയും അതുവഴി ആരോഗ്യ അപകടസാധ്യതകൾ കുറയ്ക്കുകയും പരിസ്ഥിതി സംരക്ഷിക്കുകയും ചെയ്യുന്നു. നിലവിൽ, ചങ്ങനാശ്ശേരി, കൊടുങ്ങല്ലൂർ, ചാലക്കുടി, ചാവക്കാട്, കുന്നംകുളം, ആലപ്പുഴ, മഞ്ചേരി മുനിസിപ്പാലിറ്റികളിലാണ് ഈ യൂണിറ്റുകൾ പ്രവർത്തിക്കുന്നത്. വിപുലമായ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത ചെറിയ പട്ടണങ്ങൾക്ക് പ്രത്യേകിച്ചും അനുയോജ്യമായ, ചെലവ് കുറഞ്ഞതും, വേഗത്തിലുള്ളതും, കാര്യക്ഷമവുമായ പരിഹാരമാർഗ്ഗമാണ് മൊബൈൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് യൂണിറ്റുകൾ. മാത്രമല്ല, സംസ്കരിച്ച വെള്ളം പൂന്തോട്ടപരിപാലനത്തിനോ മറ്റ് കുടിവെള്ളേതര ആവശ്യങ്ങൾക്കോ പുനരുപയോഗിക്കാൻ അവ പ്രാപ്തമാക്കുന്നു.

### പൈതൃക (ലെഗസി) മാലിന്യ സംസ്കരണം

കൊച്ചിയിലെ ബ്രഹ്മപുരം, തൃശ്ശൂരിലെ ലാലൂർ, കോഴിക്കോട്ടെ ഞെളിയൻപറമ്പ്, കൊല്ലത്തെ കുരീപ്പുഴ ചണ്ടി ഡിപ്പോ, ഗുരുവായൂരിലെ ശവക്കോട്ട തുടങ്ങി നിരവധി പൈതൃക മാലിന്യ നിക്ഷേപ കേന്ദ്രങ്ങളെ വ്യവസ്ഥാപിതമായ പരിഹാര ശ്രമങ്ങളിലൂടെ സർക്കാർ വിജയകരമായി പരിവർത്തനം ചെയ്തിട്ടുണ്ട്. കേരളത്തിൽ കണ്ടെത്തിയ 59 മാലിന്യക്കൂമ്പാരങ്ങളിൽ 24 എണ്ണം പൂർണ്ണമായും വൃത്തിയാക്കുകയും ആ ഭൂമി തിരിച്ചുപിടിക്കുകയും ചെയ്തു. ബ്രഹ്മപുരം

മാലിന്യക്കൂമ്പാരത്തിന്റെ ഏകദേശം നാലിൽ മൂന്ന് ഭാഗവും നീക്കം ചെയ്തതും, ഹരിത വികസന പദ്ധതികൾക്കായി 18 ഏക്കറിലധികം ഭൂമി തിരിച്ചുപിടിച്ചതും ഒരു നാഴികക്കല്ലാണ്. പൈതൃക മാലിന്യ പ്രശ്നം പരിഹരിക്കുന്നതിനൊപ്പം ദീർഘ കാല സുസ്ഥിരതയ്ക്കായി ആസൂത്രണം ചെയ്യുന്നതിനുള്ള സംസ്ഥാനത്തിന്റെ പ്രതിബദ്ധതയാണ് ഈ ഇടപെടലുകൾ എടുത്തുകാണിക്കുന്നത്. പുനരുപയോഗിക്കാനാവാത്ത മാലിന്യങ്ങൾ ഇന്ധനമായി ഉപയോഗിക്കുന്നതിനായി സിമന്റ് കമ്പനികൾക്ക് നൽകുന്നു. നിരസിക്കപ്പെട്ട മാലിന്യ ങ്ങൾ സംസ്കരിക്കുന്നതിന് നാല് യന്ത്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട് - രണ്ടെണ്ണം കൊച്ചിയിലും രണ്ടെണ്ണം തിരുവനന്തപുരത്തും.

### മാലിന്യ സംസ്കരണത്തിന് മാലിന്യമുക്തം നവകേരളം കാമ്പെയിൻ

നവകേരള കർമ്മപദ്ധതിയുടെ ഭാഗമായി 2017-ൽ ഹരിത കേരളം മിഷൻ ആരംഭിച്ചു. സുസ്ഥിരവും ശാസ്ത്രീയവുമായ മാലിന്യ സംസ്കരണമായിരുന്നു ഇതിന്റെ പ്രധാന ലക്ഷ്യങ്ങ ളിലൊന്ന്. ഈ അടിത്തറയിൽ നിന്നുകൊണ്ട്, 2025-ഓടെ കേരളത്തെ മാലിന്യമുക്തവും വലിച്ചെറിയൽ മുക്തവുമാ ക്കുക എന്ന ലക്ഷ്യത്തോടെ 2022-ൽ 'നവകേരളം വൃത്തി യുള്ള കേരളം' സംസ്ഥാന കർമ്മപദ്ധതിക്ക് തുടക്കം കുറിച്ചു. എല്ലാവർഷവും നടത്തുന്ന മഴക്കാലപൂർവ്വ (പ്രീ-മൺസൂൺ) ശുചീകരണ പ്രവർത്തനങ്ങൾ ഉൾപ്പെടെ നിലവിലെ പദ്ധതി കളെ ഈ കർമ്മപദ്ധതി ഒരു കുടക്കീഴിൽ കൊണ്ടുവരികയും കൂടുതൽ ഊർജ്ജിതമാക്കുകയും ചെയ്തു.

2023 മാർച്ചിൽ കേരളത്തിലെ കൊച്ചിക്ക് സമീപമുള്ള ബ്രഹ്മപുരം ഖരമാലിന്യ സംസ്കരണ പ്ലാന്റിലുണ്ടായ വൻ തീപിടിത്തം, അവിടെ കെട്ടിക്കിടന്ന വൻതോതിലുള്ള തരം തിരിക്കാത്ത പൈതൃക മാലിന്യങ്ങൾ കാരണമാണ് ആളിപ്പ ടർന്നത്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ കൃത്യമായ സമയപരിധിക്കുള്ളിൽ നടപ്പാക്കാവുന്ന ഒരു കർമ്മപദ്ധതിക്ക് രൂപം നൽകാൻ ഈ സംഭവം സർക്കാ രിനെ പ്രേരിപ്പിച്ചു. സംസ്ഥാനത്തെ നിലവിലുള്ള മാലിന്യ സംസ്കരണ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിനായി സമഗ്രമായ ഒരു സംസ്ഥാനതല കാമ്പെയിൻ രൂപകൽപ്പന ചെയ്യാനും നടപ്പാക്കാനുമുള്ള അവസരമായി സർക്കാർ ഇതിനെ മാറ്റി. ഇതിന്റെ ഭാഗമായി, 2024 മാർച്ചിൽ പൂർത്തി യാക്കാൻ ലക്ഷ്യമിട്ട് 'മാലിന്യമുക്തം നവകേരളം' എന്ന തീ വ്രയജ്ഞ പരിപാടിക്ക് തുടക്കം കുറിച്ചു.

ഈ കാമ്പെയിൻ മൂന്ന് ഘട്ടങ്ങളിലായാണ് നടപ്പാക്കി യത്: മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ 100 ശതമാനം തരംതിരിക്കുക, അജൈവ മാലിന്യങ്ങൾ പൂർണ്ണമായും വാതിൽപടി വഴി ശേഖരിക്കുക, ജൈവമാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുക, പൊതുസ്ഥലങ്ങളിൽ ശുചിത്വം ഉറപ്പാക്കുക, മാലിന്യക്കൂമ്പാരങ്ങൾ നീക്കം ചെയ്യുക, ജലാശയങ്ങൾ വൃത്തിയാക്കി പുനരുജ്ജീവിപ്പി ക്കുക എന്നിവയിലാണ് ഒന്നാം ഘട്ടത്തിൽ ശ്രദ്ധ കേന്ദ്രീക രിച്ചത്. ഒന്നാം ഘട്ടത്തിൽ കൂടുതൽ ഉൽപ്പാദിപ്പിക്കപ്പെട്ട മാലിന്യങ്ങൾ കൈകാര്യം ചെയ്യാൻ ആവശ്യമായ അടി സ്ഥാന സൗകര്യങ്ങളും സംവിധാനങ്ങളും വികസിപ്പിക്കു ന്നതിനും, വരുത്തിയ മെച്ചപ്പെടുത്തലുകൾ വ്യവസ്ഥാപിത മാക്കുന്നതിനും (Institutionalising) രണ്ടാം ഘട്ടം ഊന്നൽ നൽകി. കൈവരിച്ച പുരോഗതി നിലനിർത്തുന്നതിനും, അപകടകരമായ ഗാർഹിക മാലിന്യങ്ങൾ, സാനിറ്ററി മാലി ന്യങ്ങൾ, നിർമ്മാണ / പൊളിക്കൽ അവശിഷ്ടങ്ങൾ എന്നിവ സംസ്കരിക്കാൻ ശക്തമായ സംവിധാനങ്ങൾ ഏർപ്പെടു ത്താനും മൂന്നാം ഘട്ടം ലക്ഷ്യമിട്ടു. മാലിന്യക്കൂമ്പാര ങ്ങളുടെ ജൈവശുദ്ധീകരണം (ബയോറെമഡിയേഷൻ), നിഷ്ക്രിയ വസ്തുക്കളുടെയും സംസ്കരിക്കാനാവാതെ നിരസിക്കപ്പെട്ട അവശിഷ്ടങ്ങളുടെയും ശാസ്ത്രീയമായ നിർമ്മാർജ്ജനം എന്നിവയും ഈ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.

നേരത്തെ സൂചിപ്പിച്ചതുപോലെ, സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും നഗരസഭകളിലും കോർപ്പറേ ഷനുകളിലും മാലിന്യങ്ങൾ തരംതിരിക്കുന്നതിനും ശേഖരി ക്കുന്നതിനും വിപുലമായ അടിസ്ഥാന സൗകര്യ ശൃംഖല സ്ഥാപിച്ചിട്ടുണ്ട്. 2025 ഒക്ടോബറിലെ കണക്കനുസരിച്ച്, 20,051 മിനി-മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ, 1,350 എം.സി.എഫുകൾ, 205 റിസോഴ്സ് റിക്കവറി ഫെസി ലിറ്റികൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഈ അടിസ്ഥാന സൗകര്യങ്ങൾ വ്യാപിപ്പിക്കുന്നതിനുള്ള കൂടുതൽ പദ്ധതി കൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കി വരി കയാണ്.

ഈ പദ്ധതികൾക്ക് വേഗത്തിൽ അനുമതി നൽകാനായി സംസ്ഥാന-ജില്ലാ തലങ്ങളിൽ സാങ്കേതിക സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കുടുംബശ്രീയുടെ മൈക്രോ എന്റർപ്രൈ സസായ ഹരിതകർമ്മ സേന ആണ് മാലിന്യ ശേഖരണത്തി ന്റെ മുൻനിരയിൽ പ്രവർത്തിക്കുന്നത്. ഇവർ തരംതിരിച്ച മാലിന്യങ്ങൾ എം.സി.എഫുകളിലേക്ക് എത്തിക്കുന്നു. അവിടെ വച്ച് വീണ്ടും തരംതിരിക്കുകയും പുനരുപയോ ഗിക്കാൻ കഴിയുന്ന വസ്തുക്കൾ ആർ.ആർ.എഫുകളിൽ സംസ്കരിക്കുകയും ചെയ്യുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങൾ പുന രുപയോഗിക്കുകയോ, സിമന്റ് ചൂളകളിലേക്കോ ഊർജ്ജ പ്ലാ ന്റുകളിലേക്കോ അയയ്ക്കുകയോ, അല്ലെങ്കിൽ റോഡ് നിർ മ്മാണത്തിന് ഉപയോഗിക്കുകയോ ചെയ്യുന്നു. പ്രാദേശിക റോഡ് നിർമ്മാണ പ്രവർത്തനങ്ങളിൽ പൊടിച്ച പ്ലാസ്റ്റിക് ഉപയോഗിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

### ഹരിത കർമ്മ സേന

2017 ൽ കേരള സർക്കാർ നടപ്പാക്കിയ ഹരിതകേരളം മിഷൻ പദ്ധതിയുടെ ഭാഗമായി, ഹരിത കർമ്മസേനകൾ രൂപീകരി ക്കപ്പെട്ടു. വീടുകളിലും സ്ഥാപനങ്ങളിലും നിന്ന് അജൈവ മാലിന്യങ്ങളും ചില സന്ദർഭങ്ങളിൽ ജൈവ മാലിന്യ ങ്ങളും ശേഖരിക്കുന്നത് ഹരിത കർമ്മ സേനാംഗങ്ങളാണ്. ഹരിതകർമ്മ സേനാംഗങ്ങളുടെ എണ്ണം 2017ൽ 5000 ആയിരുന്നത് 2025 ആയപ്പോഴേക്കും 37,765 ആയി വർദ്ധിച്ചു. ഗ്രാമപ്രദേശങ്ങളിൽ 50 രൂപയും നഗര പ്രദേ ശങ്ങളിൽ 100 രൂപയും ഉപയോക്തൃ ഫീസ് ഈടാക്കു മ്പോൾ, വാണിജ്യ സ്ഥാപനങ്ങളിൽ നിന്ന് അവ ഉൽപ്പാദിപ്പി ക്കുന്ന മാലിന്യത്തിന്റെ അളവിനെ അടിസ്ഥാനമാക്കിയാണ് നിരക്ക് ഈടാക്കുന്നത്. ഈ തൊഴിലാളികളുടെ പ്രാഥമിക വരുമാന മാർഗ്ഗമാണ് ഉപയോക്തൃ ഫീസ്. പ്രതിമാസം ശരാശരി 12,000 രൂപ ലഭിക്കും. ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനാണ് ഹരിതമിത്രം എന്ന മൊബൈൽ ആപ്പ് നിർമ്മിച്ചത്. 2025 ഓഗസ്റ്റ് 17ന്

**പട്ടിക 20.6** *തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന ഹരിത കർമ്മ സേനയുടെ (എച്ച്കെഎസ്) ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ (2025 ഒക്ടോബർ)*

| ജില്ല | ഗ്രാമ പഞ്ചായത്തുകൾ | | മുനിസിപ്പാലിറ്റികൾ | | കോർപ്പറേഷനുകൾ | |
|---|---|---|---|---|---|---|
| | ആകെ ഗ്രാമ പഞ്ചായത്തുകൾ | ഗ്രാമ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന ഹരിത കർമ്മ സേനകൾ | ആകെ മുനിസിപ്പാലിറ്റികൾ | മുനിസിപ്പാലിറ്റികളിൽ പ്രവർത്തിക്കുന്ന ഹരിത കർമ്മ സേനകൾ | ആകെ കോർപ്പറേഷനുകൾ | കോർപ്പറേഷനുകളിൽ പ്രവർത്തിക്കുന്ന ഹരിത കർമ്മ സേനകൾ |
| തിരുവനന്തപുരം | 73 | 2549 | 4 | 234 | 1 | 1180 |
| കൊല്ലം | 68 | 2436 | 4 | 286 | 1 | 291 |
| പത്തനംതിട്ട | 53 | 1117 | 4 | 58 | 0 | 0 |
| ആലപ്പുഴ | 72 | 2162 | 6 | 368 | 0 | 0 |
| കോട്ടയം | 71 | 1977 | 6 | 258 | 0 | 0 |
| ഇടുക്കി | 52 | 1528 | 2 | 135 | 0 | 0 |
| എറണാകുളം | 82 | 3835 | 13 | 558 | 1 | 834 |
| തൃശൂർ | 86 | 2330 | 7 | 393 | 1 | 270 |
| പാലക്കാട് | 88 | 2522 | 7 | 443 | 0 | 0 |
| മലപ്പുറം | 94 | 2815 | 12 | 470 | 0 | 0 |
| കോഴിക്കോട് | 70 | 2894 | 7 | 186 | 1 | 709 |
| വയനാട് | 23 | 775 | 3 | 167 | 0 | 0 |
| കണ്ണൂർ | 71 | 1906 | 9 | 326 | 1 | 110 |
| കാസർകോട് | 38 | 1458 | 3 | 185 | 0 | 0 |
| ആകെ | 941 | 30304 | 87 | 4067 | 6 | 3394 |

*അവലംബം:* ശുചിത്വ മിഷൻ, കേരള സർക്കാർ

ഇതിന്റെ പുതിയ പതിപ്പ് ഹരിതമിത്രം 2.0 അവതരിപ്പിച്ചു. അതിൽ വീട്ടുകാർക്കും സ്ഥാപനങ്ങൾക്കും പ്രതിമാസ ഉപയോക്തൃഫീസ് യു.പി.ഐ വഴി നൽകാൻ കഴിയുന്ന സുപ്രധാന ഡിജിറ്റൽ പേയ്‌മെന്റ് ഫീച്ചർ ഉൾപ്പെടുത്തി. ഹരിതമിത്ര 2.0 ആപ്ലിക്കേഷന് മുഖ്യമന്ത്രിയുടെ ഇ-ഗവേണൻസ് അവാർഡ് ലഭിച്ചു. ഹരിതമിത്ര ആപ്ലിക്കേഷൻ ഉപയോഗിക്കുന്ന വീടുകളുടെ എണ്ണം 11.2 ലക്ഷത്തിൽ നിന്ന് ഗണ്യമായി വർദ്ധിച്ച് 90 ലക്ഷമായത് ശ്രദ്ധേയമാണ്.

2024-25 സാമ്പത്തിക വർഷത്തിൽ മാത്രം ഹരിതകർമ്മസേന 1.5കോടി ടൺ അജൈവ മാലിന്യം ശേഖരിച്ചു. ഈ സംവിധാനം ഇല്ലായിരുന്നെങ്കിൽ ഈ മാലിന്യത്തിന്റെ ഭൂരിഭാഗവും കത്തിക്കുകയോ വിവേചനരഹിതമായി വലിച്ചെറിയുകയോ ചെയ്യുമായിരുന്നു.

**മറ്റ് സംരംഭങ്ങൾ**

പതിമൂന്നാം പദ്ധതിക്കാലത്തും പതിനാലാം പദ്ധതിക്കാലത്തും മാലിന്യ സംസ്കരണ രംഗത്ത് നൂതനമായ നിരവധി പദ്ധതികൾക്ക് കേരളം തുടക്കം കുറിച്ചു. ഇതിന്റെ ഭാഗമായി കോഴി മാലിന്യം, പന്നി ഫാമുകളിലെ അവശിഷ്ടങ്ങൾ, മത്സ്യ മാലിന്യം, മുടി എന്നിവ സംസ്കരിക്കുന്നതിനായി പ്രത്യേക സംവിധാനങ്ങൾ സംസ്ഥാനം വികസിപ്പിച്ചു. കൂടാതെ, അംഗീകൃത ഏജൻസികളുമായി സഹകരിച്ച് ഇ-മാലിന്യ പുനരുപയോഗ നയവും നടപ്പിലാക്കി. നിർമ്മാണ, പൊളിക്കൽ മാലിന്യങ്ങൾ സംസ്കരിക്കാൻ പൊതു-സ്വകാര്യ പങ്കാളിത്ത (പിപിപി) മാതൃകയിൽ എറണാകുളത്ത് ഇടയാറിൽ ഒരു പ്ലാന്റ് ആരംഭിച്ചു. ഇത് പരമ്പരാഗത മാലിന്യ സംസ്കരണ രീതികൾക്ക് അപ്പുറത്തേക്ക് കേരളത്തിന്റെ മാലിന്യ പരിപാലന സംവിധാനം വളരുന്നു എന്നതിന്റെ

തെളിവാണ്. അതുപോലെ തന്നെ, കോഴി ഇറച്ചി വിപണിയിൽ നിന്നുള്ള ജൈവമാലിന്യങ്ങൾ സംസ്കരിക്കാൻ പൊതു-സ്വകാര്യ പങ്കാളിത്ത മാതൃകയിൽ സ്ഥാപിച്ച 'ചിക്കൻ റെൻഡറിംഗ്' പ്ലാന്റുകളുടെ ശൃംഖല ഈ രംഗത്ത് വലിയൊരു പരിഹാരമായി മാറി.

എല്ലാ പ്രധാന സർക്കാർ പരിപാടികളിലും, നിരവധി സ്വകാര്യ പരിപാടികളിലും, ഉത്സവങ്ങളിലും, കായിക മേളകളിലും, വിവാഹങ്ങളിലും ഹരിത പ്രോട്ടോക്കോൾ പാലിക്കണമെന്ന് നിരന്തരമായ നിർബന്ധം നിലനിൽക്കുന്നുണ്ട്. ഒറ്റത്തവണ ഉപയോഗിക്കുന്ന വസ്തുക്കളുടെ ഉപയോഗം പൂർണമായും ഒഴിവാക്കുകയാണ് ഹരിത പ്രോട്ടോക്കോളിന്റെ പ്രധാന തത്വം. കഴുകി ഉപയോഗിക്കാവുന്ന പാത്രങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക, മാലിന്യം കുറയ്ക്കാൻ അതത് സ്ഥലങ്ങളിൽ ജൈവ മാലിന്യങ്ങൾ കമ്പോസ്റ്റിങ്ങ് വഴി വളമാക്കി മാറ്റുക എന്നിവയാണ് ഇതിലൂടെ പ്രോൽസാഹിപ്പിക്കുന്നത്. ശുചിത്വ മിഷൻ സ്വീകരിച്ച് നടപ്പിലാക്കിയ സ്വാപ്പ് ഷോപ്പ് ആശയം പുനരുപയോഗ അവസരങ്ങൾ പ്രോത്സാഹിപ്പിക്കാൻ സഹായിച്ചു. ഈ ആശയത്തിലൂടെ, വ്യക്തികൾ സ്വന്തം ആവശ്യങ്ങൾ നിറവേറ്റിയ ശേഷം ഉപയോഗിച്ച വസ്തുക്കൾ വലിച്ചെറിയുന്നതിനുപകരം, മറ്റൊരാൾക്ക് വേണ്ടി കൈമാറ്റം ചെയ്യുന്നു.

സാനിറ്ററി മാലിന്യങ്ങളുടെ ശാസ്ത്രീയ മാനേജ്മെന്റിനായി സംസ്ഥാനത്തുടനീളം 4,740 സ്ഥാപന തല സാനിറ്ററി ഇൻസിനറേറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടുതൽ ജില്ലാതല സൗകര്യങ്ങളുടെ ആവശ്യകത സൂചിപ്പിക്കുന്ന വിലയിരുത്തലിനെത്തുടർന്ന്, ഓരോ ജില്ലയിലും കുറഞ്ഞത് രണ്ട് ഇൻസിനറേറ്ററുകളെങ്കിലും സ്ഥാപിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നാല് കമ്മ്യൂണിറ്റി തല സാനിറ്ററി മാലിന്യ സംസ്കരണ പ്ലാന്റുകൾ കമ്മീഷൻ ചെയ്തിട്ടുണ്ട്, കൂടാതെ 40-ലധികം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സമാനമായ സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചു.

കേരളത്തിലെ മാലിന്യ പരിപാലന സംവിധാനം ആർജ്ജിച്ച കരുത്തും പുരോഗതിയുമാണ് ഈ നേട്ടങ്ങൾ സൂചിപ്പിക്കുന്നത്. ഗാർഹിക പങ്കാളിത്തം, സംസ്കരണത്തിലെ കാര്യക്ഷമത, പ്ലാസ്റ്റിക് ശേഖരണം എന്നിവയിലുണ്ടായ പുരോഗതി ഇതിൽ എടുത്തുപറയേണ്ടതാണ്.

മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കൂടുതൽ സുസ്ഥിരവും ഉത്തരവാദിത്തമുള്ളതുമാക്കാൻ സർക്കാർ ഉപയോക്തൃ ഫീസ് നിർബന്ധമാക്കിയിട്ടുണ്ട്. ഇത് വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും മാലിന്യം ശേഖരിക്കുന്നതിന്റെ വ്യാപ്തി ഗണ്യമായി വർദ്ധിപ്പിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിച്ചു. ജൈവ മാലിന്യങ്ങൾ 100 ശതമാനവും ഉറവിടത്തിൽ തന്നെ ശാസ്ത്രീയമായി സംസ്കരിക്കുന്നു എന്ന് ഉറപ്പാക്കാൻ വ്യക്തിഗത തലത്തിലും കമ്മ്യൂണിറ്റി തലത്തിലുമുള്ള കമ്പോസ്റ്റിംഗ് സംവിധാനങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

പൊതുസ്ഥലങ്ങൾ ശുചിയായി നിലനിർത്തുന്നതിനായി, മാലിന്യം കുമിഞ്ഞുകൂടാൻ സാധ്യതയുള്ള ഇടങ്ങൾ (Garbage Vulnerable Points - GVPs) ജിയോ ടാഗ് ചെയ്യുകയും വൃത്തിയാക്കുകയും ചെയ്തു. അവിടെ വീണ്ടും മാലിന്യം തള്ളുന്നത് തടയാൻ കർശനമായ നിരീക്ഷണവും ഏർപ്പെടുത്തിയിട്ടുണ്ട്. 'നിർമ്മാണ-പൊളിക്കൽ മാലിന്യ നിയമം 2016' (Construction and Demolition Waste Rules, 2016) പ്രകാരമുള്ള പുതിയ നയം സർക്കാർ അവതരിപ്പിച്ചു. ഇതിന്റെ ഭാഗമായി പ്രത്യേക മാലിന്യ ശേഖരണ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകി. കേരള ഖരമാലിന്യ പരിപാലന പദ്ധതി (കെ.എസ്.ഡബ്ല്യൂ.എം.പി) സംസ്ഥാനത്തുടനീളം ഇത്തരം അവശിഷ്ടങ്ങൾ സൂക്ഷിക്കാൻ അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തിയിട്ടുമുണ്ട്.

പ്ലാസ്റ്റിക് മാലിന്യ സംസ്കരണത്തിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകാൻ മാതൃകാ ബൈലോകൾ പുറപ്പെടുവിച്ചു. മാലിന്യ സംസ്കരണത്തിനുള്ള അധികാരം കൂടുതൽ ശക്തമാക്കാനായി 2023-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ഓർഡിനൻസും കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസും നിയമപരമായി നടപ്പിലാക്കി. ഈ മേഖലയിൽ സംരംഭകത്വവും നിക്ഷേപവും പ്രോത്സാഹിപ്പിക്കാൻ 'ഗ്രീൻ എന്റർപ്രൈസസ്' (Green Enterprises) എന്ന പദ്ധതിക്കും തുടക്കം കുറിച്ചു. സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, ഏജൻസികൾ എന്നിവയെ സംയോജിപ്പിച്ചുകൊണ്ട് നൂതന സംരംഭങ്ങളെ പിന്തുണയ്ക്കുന്ന ഒരു സഹകരണ സാഹചര്യം സൃഷ്ടിക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

ഈ കാലയളവിൽ നടപ്പിലാക്കിയ മാലിന്യ സംസ്കരണത്തിലെ നൂതന പദ്ധതികളിൽ കടലിലെ പ്ലാസ്റ്റിക് ശേഖരിക്കാൻ മത്സ്യത്തൊഴിലാളികളെ പ്രേരിപ്പിക്കുന്ന 'ശുചിത്വ സാഗരം' പരിപാടിയും ഉൾപ്പെടുന്നു. കൂടാതെ, കൊച്ചി, മരട് തുടങ്ങിയ നഗരങ്ങളിൽ ശാസ്ത്രീയമായ ഇ-വേസ്റ്റ് ശേഖരണ സംവിധാനങ്ങൾ നടപ്പിലാക്കി. അതിർത്തി കട

**ബോക്സ് 20.1**
**വൃത്തി 2025 – ക്ലീൻ കേരള കോൺക്ലേവ്**

പൊതുജന ഇടപെടലിലെ ഒരു പ്രധാന നാഴികക്കല്ലായിരുന്നു. വൃത്തി കോൺക്ലേവ്. അഞ്ച് ദിവസത്തെ കോൺക്ലേവിൽ സ്മാർട്ട് ബിന്നുകൾ, എ.ഐ അധിഷ്ഠിത മാലിന്യ പരിഹാരങ്ങൾ, വികേന്ദ്രീകൃത ബയോഗ്യാസ് സംവിധാനങ്ങൾ എന്നിവയുൾപ്പെടെയുള്ള സാങ്കേതിക കണ്ടുപിടുത്തങ്ങൾ പ്രദർശിപ്പിച്ചു, അതേസമയം ഹാക്കത്തോണുകളിലൂടെയും ഔട്ട്റീച്ച് പ്രോഗ്രാമുകളിലൂടെയും യുവാക്കളുടെ പങ്കാളിത്തം സാധ്യമാക്കുകയും ചെയ്തു. ഈ ദിശയിലുള്ള അവരുടെ ശ്രമങ്ങളുടെ വ്യാപ്തി മനസ്സിലാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സംരംഭങ്ങളും പ്രദർശിപ്പിച്ചു. ബിസിനസ് സെഷനുകളിൽ മാലിന്യ സംസ്കരണ അടിസ്ഥാന സൗകര്യങ്ങളിൽ ഉറപ്പുള്ള നിക്ഷേപമായി 3000 കോടിരൂപ സമാഹരിച്ചു. പരിസ്ഥിതി സൗഹൃദപരമായ സംരംഭകത്വത്തിന്റെ പങ്കിനെക്കുറിച്ചും പരിഷ്കാരങ്ങൾ നിലനിർത്തുന്നതിൽ ഉൽപ്പാദകരുടെ ഉത്തരവാദിത്തം വർദ്ധിപ്പിക്കുന്നതിനെക്കുറിച്ചും കോൺക്ലേവ് ഊന്നിപ്പറഞ്ഞു.

ന്നുള്ള മാലിന്യ നിക്ഷേപം തടയാൻ നിയമപരിഷ്കാരങ്ങളും പുരോഗമിക്കുന്നു.

ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കുകൾക്ക് പകരം പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങൾ ഉപയോഗിക്കാനും, ബോധവൽക്കരണത്തിലൂടെയും ജനകീയ പങ്കാളിത്തത്തിലൂടെയും പൊതുജനങ്ങളുടെ ശീലങ്ങൾ മാറ്റാനും ഈ കാമ്പെയിൻ ലക്ഷ്യമിടുന്നു. നിയമലംഘനങ്ങൾ തടയാനുള്ള പരിശോധനകൾ ശക്തമാക്കിയിട്ടുണ്ട്; 2023-ൽ 1,138 ആയിരുന്ന പരിശോധനകളുടെ എണ്ണം 2025-ൽ 90,438 ആയി വർദ്ധിച്ചു. അതുപോലെ, പിഴത്തുക 2.5 ലക്ഷം രൂപയിൽ നിന്ന് 2025-ന്റെ ആദ്യ പകുതിയിൽ തന്നെ 855 ലക്ഷം രൂപയായി കുത്തനെ ഉയർന്നു. ഇതിനുപുറമെ, 5,410 സി.സി.ടി.വി ക്യാമറകൾ സ്ഥാപിച്ചത് നിരീക്ഷണവും ഉത്തരവാദിത്തവും കൂടുതൽ മെച്ചപ്പെടുത്താൻ സഹായിച്ചു.

**സംസ്ഥാന, കേന്ദ്ര പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ നേട്ടങ്ങൾ**

മാലിന്യ സംസ്കരണത്തിന് നൽകുന്ന വലിയ പ്രാധാന്യത്തിന്റെ പശ്ചാത്തലത്തിൽ, ഈ മേഖലയിലെ വികസന പദ്ധതികളുടെ നടത്തിപ്പിനും അഭൂതപൂർവ്വമായ വേഗത കൈവന്നു. സംസ്ഥാന സർക്കാരിന്റെ പദ്ധതികളിൽ, 'ശുചിത്വ കേരളം ഗ്രാമം, നഗരം' പദ്ധതികൾ വഴി ദൃശ്യ-ശ്രവ്യ-അച്ചടി മാധ്യമങ്ങളിലൂടെ ശാസ്ത്രീയമായ മാലിന്യ സംസ്കരണ രീതികളെക്കുറിച്ച് അവബോധം വളർത്താനുള്ള പ്രചാരണ പരിപാടികൾ നടപ്പാക്കി. വീടുകളിലും സ്ഥാപനങ്ങളിലും കമ്മ്യൂണിറ്റി തലങ്ങളിലും ചെറുതും ഇടത്തരവും വലുതുമായ ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതും പദ്ധതിയുടെ ഭാഗമാണ്. ശുചിത്വ കേരളം പദ്ധതിക്ക് കീഴിൽ ദ്രവമാലിന്യ സംസ്കരണം, ഐ.ഇ.സി (വിവരവിനിമയ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ), റോഡരികുകളിലും പൊതുസ്ഥലങ്ങളിലും 'ടേക്ക് എ ബ്രേക്ക്' ശൗചാലയങ്ങൾ, മഴക്കാല പൂർവ്വ ശുചീകരണം, പൊതു ശൗചാലയങ്ങൾ, സെപ്റ്റിക് ടാങ്കുകൾ, സാനിറ്ററി നാപ്കിൻ നശീകരണികൾ, ഉറവിട മാലിന്യ സംസ്കരണം എന്നിങ്ങനെ വിവിധ ഘടകങ്ങൾ ഉൾപ്പെടുന്നു.

മാലിന്യ സംസ്കരണ രംഗത്തെ കേന്ദ്രാവിഷ്കൃത പദ്ധതികൾ ആകെ ചെലവിന്റെ 40 ശതമാനം വഹിച്ചുകൊണ്ടാണ് സംസ്ഥാന സർക്കാർ നടപ്പാക്കുന്നത്. കേന്ദ്ര സഹായത്തോടെയുള്ള പദ്ധതികളിൽ, 'സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) രണ്ടാം ഘട്ടം' പ്രധാനമായും ലക്ഷ്യമിടുന്നത് വെളിയിട വിസർജന മുക്ത (ഒഡിഎഫ്) പദവി നിലനിർത്താനും ഖര-ദ്രവ മാലിന്യ സംസ്കരണം മെച്ചപ്പെടുത്താനുമാണ്. എസ്.ബി.എം ഗ്രാമീൺ ഡാഷ്ബോർഡിലെ കണക്കുകൾ പ്രകാരം, 2025 നവംബർ 23 വരെ ഈ പദ്ധതിക്ക് കീഴിൽ സംസ്ഥാനത്ത് ആകെ 2,72,315 വ്യക്തിഗത ഗാർഹിക ശൗചാലയങ്ങൾ (ഐ.എച്ച്.എച്ച്.എൽ) നിർമ്മിച്ചിട്ടുണ്ട്.

**പട്ടിക 20.7** *ഗ്രാമങ്ങളിലെ ഒ.ഡി.എഫ് പ്ലസ് ,ഖര, ദ്രവ മാലിന്യ സംസ്കരണ വിശദാംശങ്ങൾ (2025 നവംബറിലെ കണക്ക്)*

| ജില്ല | ഗ്രാമങ്ങൾ | | | |
|---|---|---|---|---|
| | കജുലേല്വിളുടെ എണ്ണം | ഖരമാലിന്യ സംസ്കരണ സംവിധാനങ്ങളുള്ള വില്ലേജുകൾ | ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങളുള്ള വില്ലേജുകൾ | ഒ.എഫ് പ്ലസ് വില്ലേജുകൾ |
| ആലപ്പുഴ | 83 | 77 | 77 | 77 |
| എറണാകുളം | 103 | 93 | 93 | 93 |
| ഇടുക്കി | 68 | 66 | 65 | 66 |
| കണ്ണൂർ | 105 | 102 | 102 | 102 |
| കാസർഗോഡ് | 119 | 116 | 116 | 116 |
| കൊല്ലം | 91 | 91 | 91 | 91 |
| കോട്ടയം | 91 | 87 | 87 | 87 |
| കോഴിക്കോട് | 92 | 84 | 84 | 84 |
| മലപ്പുറം | 116 | 112 | 109 | 112 |
| പാലക്കാട് | 148 | 144 | 144 | 144 |
| പത്തനംതിട്ട | 65 | 63 | 63 | 63 |
| തിരുവനന്തപുരം | 94 | 93 | 93 | 93 |
| തൃശ്ശൂർ | 214 | 208 | 208 | 208 |
| വയനാട് | 46 | 45 | 45 | 45 |
| **ആകെ** | 1435 | **1381** | **1377** | 1381 |

*അവലംബം:* എസ്.ബി.എം. ഗ്രാമീൺ ഡാഷ്ബോർഡ്

ഒ ഡിഎഫ് പ്ലസ് പദവി നേടാൻ കേന്ദ്രസർക്കാരിന്റെ ഡ്രിങ്കിങ്ങ് വാട്ടർ ആൻഡ് സാനിറ്റേഷൻ വകുപ്പ് നിശ്ചയിട്ടുള്ള മിക്കവാറും എല്ലാ മാനദണ്ഡങ്ങളും ഗ്രാമപഞ്ചായത്തുകൾ പൂർത്തിയാക്കിയിട്ടുണ്ട്. എല്ലാവർക്കും ശൗചാലയങ്ങൾ ലഭ്യമാക്കുക, ശൗചാലയങ്ങളുടെ ശരിയായ ഉപയോഗം, ഖര ദ്രവ മാലിന്യങ്ങളുടെ ശാസ്ത്രീയ പരിപാലനം, പൊതു ശുചിത്വ സൗകര്യങ്ങൾ മുതലായവയാണ് മാനദണ്ഡങ്ങൾ. ദ്രവ മാലിന്യങ്ങൾ ഫലപ്രദമായി സംസ്കരിച്ചാൽ മാത്രമേ ഗ്രാമപഞ്ചായത്തുകൾക്ക് ഒ ഡിഎഫ് പ്ലസ് പദവി ലഭിക്കൂ. 2025 നവംബർ 23വരെയുള്ള കണക്കുകൾ പ്രകാരം 1,381 എസ്.ബി.എം ഗ്രാമങ്ങളിൽ ഖര മാലിന്യ സംസ്കരണ സൗകര്യങ്ങളും 1377 ഗ്രാമങ്ങളിൽ ദ്രവ മാലിന്യ സംസ്കരണ സൗകര്യങ്ങളും ഉണ്ട്. നിലവിൽ 1,435 എസ് ബി എം ഗ്രാമങ്ങളിൽ 1,381 എണ്ണത്തിന് ഒ ഡി എഫ് പ്ലസ് പദവിയുണ്ട്. 1,372 എണ്ണം മാതൃകാ വിഭാഗത്തിലാണ്. സംസ്ഥാനത്തെ ഒ.ഡി.എഫ് പദവിയുടെ വിശദാംശങ്ങൾ പട്ടിക 20.7ൽ നൽകിയിരിക്കുന്നു.

കൂടാതെ, എസ്ബിഎം ഗ്രാമീൺ ഡാഷ്ബോർഡിൽ നിന്നുള്ള കണക്കുകൾ പ്രകാരം, 2025 നവംബർ 23 വരെ, എസ്ബിഎം (ജി) പദ്ധതിയിൽ പറഞ്ഞിരിക്കുന്ന, കുറഞ്ഞത് ഒരു കമ്മ്യൂണിറ്റി ശൗചാലയ സമുച്ചയം എങ്കിലും ഉണ്ടായിരിക്കണമെന്ന നിബന്ധന പാലിച്ചുകൊണ്ട്, സംസ്ഥാനം 2,076 കമ്മ്യൂണിറ്റി ശൗചാലയ സമുച്ചയങ്ങൾ നിർമ്മിച്ചു.

സ്വച്ഛ് ഭാരത് മിഷൻ (അർബൻ) പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചുള്ള വ്യക്തിഗത വീട്ടുശൗചാലയങ്ങളുടെ നിർമ്മാണം, പൊതുശൗചാലയങ്ങൾ, ഖരമാലിന്യ സംസ്കരണം, കാര്യശേഷി വികസനം, വിവരവിനിമയ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ എന്നിവ പൂർണ്ണമായും പാലിക്കപ്പെട്ടിട്ടുണ്ട്.

എസ്.ബി.എം (അർബൻ) പദ്ധതിയുടെ ഭാഗമായി 2025 ഒക്ടോബർ വരെയുള്ള കണക്കനുസരിച്ച്, ആകെ 13 ലക്ഷം ടൺപൈതൃകമാലിന്യത്തിൽ9ലക്ഷംടൺസംസ്കരിക്കുകയും 78 ഏക്കർ ഭൂമി വീണ്ടെടുക്കുകയും ചെയ്തു. കൂടാതെ, ആറ് ബയോ ഗ്യാസ് പ്ലാന്റുകളും 49 മാലിന്യ കമ്പോസ്റ്റ് പ്ലാന്റുകളും സംസ്ഥാനം ആരംഭിച്ചിട്ടുണ്ട്. നഗരമേഖലയിലെ പദ്ധതിയുടെ ഭാഗമായി 1,169 കമ്മ്യൂണിറ്റി-പൊതു ശൗചാലയങ്ങളും നിർമ്മിച്ചു.

ഖരമാലിന്യ സംസ്കരണത്തിന്റെ കാര്യത്തിൽ, 2016 മുതൽ 2025 വരെയുള്ള കാലയളവിൽ സംസ്കരണ തോതിൽ വലിയ പുരോഗതിയുണ്ടായി. 2017-ൽ വെറും 52 ശതമാനമായിരുന്ന സംസ്കരണ ശേഷി 2025-26ൽ ഏകദേശം 100 ശതമാനമായി ഉയർന്നു. ഏറ്റവും ശ്രദ്ധേയമായ നേട്ടം കൈവരിച്ച 2024ൽ നഗരപ്രദേശങ്ങളിലെ ഖരമാലിന്യ സംസ്കരണത്തിൽ 100 ശതമാനം ലക്ഷ്യം നേടി. ശാസ്ത്രീയ മാലിന്യ സംസ്കരണ രീതികൾ പൂർണ്ണമായും നടപ്പാക്കുന്നതിന്റെയും നഗരങ്ങളിലെ മാലിന്യ സംസ്കരണ ശേഷി ഗണ്യമായി ശക്തമാക്കുന്നതിന്റെയും സൂചനയാണിത്.

**കേരള ഖരമാലിന്യ പരിപാലന പദ്ധതി (കെ.എസ്. ഡബ്ലിയു.എം.പി):**

ഖരമാലിന്യ സംസ്കരണം കൂടുതൽ ശക്തമാക്കാൻ, ലോക ബാങ്കും (ഇന്റർനാഷണൽ ബാങ്ക് ഫോർ റീകൺസ്ട്രക്ഷൻ ആൻഡ് ഡെവലപ്മെന്റ്, ഐ.ബി.ആർ.ഡി), ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്കും, കേരള സർക്കാരും സംയുക്തമായി ധനസഹായം നൽകുന്ന കേരള ഖരമാലിന്യ സംസ്കരണ പദ്ധതി ( കെ.എസ്. ഡബ്ലിയു. എം.പി) 2022 ജനുവരിയോടെയാണ് പ്രവർത്തനം ആരംഭിച്ചത്. 300 ദശലക്ഷം യു.എസ് ഡോളർ ( ഏകദേശം 2,400 കോടി രൂപ) ആണ് പദ്ധതി ചെലവ്. സാങ്കേതിക സഹായത്തിലൂടെയും ശേഷി വർദ്ധിപ്പിക്കൽ ഇടപെടലുകളിലൂടെയും മുഴുവൻ ഖരമാലിന്യ പരിപാലന മൂല്യ ശൃംഖലയും മെച്ചപ്പെടുത്തുകയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സംയോജിത സേവന വിതരണ മൂല്യ ശൃംഖല സമീപനം ഉപയോഗിച്ച് നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും പ്രാദേശിക തലങ്ങളെയും ലക്ഷ്യമിട്ടാണ് ഈ ശ്രമങ്ങൾ.

**സ്വച്ഛ് സർവേക്ഷൺ:** ശുചിത്വ-മാലിന്യ സംസ്കരണ മേഖലയിലെ സജീവമായ ഇടപെടലുകളുടെ ഫലമായി 2024-25 ദേശീയ സ്വച്ഛ് സർവേക്ഷൺ റാങ്കിംഗിൽ കേരളം ശ്രദ്ധേയമായ നേട്ടം കൈവരിച്ചു. കേരളത്തിലെ 94 നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും 'ഒഡിഎഫ്' (ഓപ്പൺ ഡീഫിക്കേഷൻ ഫ്രീ) പദവി നേടിയിട്ടുണ്ട്. 77 നഗരസഭകൾ 'ഒഡിഎഫ് പ്ലസ്' പദവിയും, 3 എണ്ണം 'ഒഡിഎഫ് പ്ലസ് പ്ലസ്' പദവിയും നേടി. തിരുവനന്തപുരം നഗരസഭ ഏറ്റവും ഉയർന്ന റാങ്കിംഗായ 'വാട്ടർ പ്ലസ്' പദവി സ്വന്തമാക്കി. 20 നഗരസഭകൾ മാലിന്യ രഹിത നഗര റാങ്കിംഗിൽ വൺ-സ്റ്റാർ പദവി കരസ്ഥമാക്കി. ആലപ്പുഴ, ഷൊർണ്ണൂർ, പട്ടാമ്പി നഗരസഭകൾ ത്രീ-സ്റ്റാർ പദവിയിലേക്കും ഉയർന്നു. ഇന്ത്യയിലെ ഏറ്റവും വൃത്തിയുള്ള 100 നഗരങ്ങളുടെ പട്ടികയിൽ കേരളത്തിലെ 8 നഗരങ്ങൾ ഇടംപിടിച്ചു. കൂടാതെ, സംസ്ഥാനത്തെ 94 നഗരസഭകളിൽ 82 എണ്ണവും ആദ്യ 1000 റാങ്കിൽ സ്ഥാനം നേടി. കഴിഞ്ഞ സ്വച്ഛ് സർവേക്ഷണിൽ കേരളത്തിലെ ഒരു നഗരസഭ പോലും ആദ്യ 1000 റാങ്കിൽ ഇല്ലാതിരുന്ന സ്ഥാനത്താണിത്. മികച്ച പ്രകടനം കാഴ്ചവെച്ചതിന് മട്ടന്നൂർ നഗരസഭയ്ക്ക് പ്രത്യേക വിഭാഗത്തിലുള്ള മിനിസ്റ്റീരിയൽ അവാർഡ് ലഭിച്ചു.

**മുന്നോട്ട്**

ലഭിച്ച നേട്ടങ്ങൾ സുസ്ഥിരമായി നിലനിർത്തുന്നതിനൊപ്പം, പ്രശ്നപരിഹാരത്തിനു് ദ്രുതഗതിയിലുള്ള പ്രവർത്തനങ്ങളിൽ നിന്ന് ദീർഘകാല സുസ്ഥിരതയിലേക്കും, സാങ്കേതിക വിദ്യയുടെ ഏകോപനത്തിലേക്കും, നിയമങ്ങളുടെ പൂർണ്ണമായ പാലനത്തിലേക്കും കേരളം മാറേണ്ടതുണ്ട്. ഇതിന് വികേന്ദ്രീകരണം കൂടുതൽ ആഴത്തിലാക്കുകയും, സ്ഥാപനപരമായ ശേഷി വർദ്ധിപ്പിക്കുകയും നൂതനമായ പരിഹാരങ്ങൾ അവലംബിക്കുകയും വേണം. ഉറവിട മാലിന്യ സംസ്കരണം, ഉയർന്ന തോതിലുള്ള മാലിന്യ സംസ്കരണ നിരക്ക്, വിപുലമായ എം.സി.എഫ്, ആർ.ആർ.എഫ് ശൃംഖലകൾ, ഹരിത കർമ്മ സേനയുടെ പ്രവർത്തനം എന്നിവ നിലനിർത്തുക മാത്രമല്ല, പുതിയ വെല്ലുവിളികൾ നേരിടാൻ ഇവയെ വികസിപ്പിക്കുകയും വേണം.

എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും തടസ്സമില്ലാത്ത സേവനം ഉറപ്പാക്കി കേരളം തങ്ങളുടെ വികേന്ദ്രീകൃത ഖരമാലിന്യ സംസ്കരണ സംവിധാനം കൂടുതൽ പരിഷ്കരിക്കണം. അടിസ്ഥാന സൗകര്യങ്ങളുടെ കൃത്യമായ വിനിയോഗം, മാലിന്യശേഖരണത്തിന്റെ ആവൃത്തി മെച്ചപ്പെടുത്തൽ,

ഡിജിറ്റൽ സംവിധാനങ്ങൾ വഴിയുള്ള നിരീക്ഷണം എന്നിവയിലൂടെ ഇത് സാധ്യമാക്കാം. മാലിന്യം തരംതിരിക്കുന്നതിലെ കൃത്യത, സംസ്കരണ രീതികൾ, പ്ലാസ്റ്റിക് വീണ്ടെടുക്കൽ, യൂസർ ഫീ ശേഖരണം തുടങ്ങിയ വിവരങ്ങൾ തത്സമയം ലഭ്യമാക്കുന്ന ഒരു ഗവേണൻസ് ഡാഷ്ബോർഡായി ഹരിതമിത്രം പ്ലാറ്റ്ഫോമിനെ മാറ്റാം. ഇത് വഴി, പ്രകടനം മോശമാകുന്ന പഞ്ചായത്തുകളിലും നഗരസഭകളിലും തെളിവുകളുടെഅടിസ്ഥാനത്തിൽ കൃത്യമായ ഇടപെടലുകൾ നടത്താം. കൂടാതെ, വൻതോതിൽ മാലിന്യം ഉൽപ്പാദിപ്പിക്കുന്ന സ്ഥാപനങ്ങളിലും മറ്റ് ഓഫീസുകളിലും നിയമപാലനം കർശനമാക്കണം. ഇത്തരം ഇടങ്ങളിൽ നിർബന്ധിത ഉറവിട മാലിന്യ സംസ്കരണം  സാർവത്രിക നിബന്ധനയാക്കണം.

ശുചിത്വമുള്ളതും മാലിന്യമുക്തവുമായ  കേരളം കെട്ടിപ്പടുക്കാൻ റീസൈക്ലിംഗ് (പുനചംക്രമണം), റിസോഴ്സ് റിക്കവറി (വിഭവ വീണ്ടെടുപ്പ്) സംവിധാനങ്ങളുടെ ശേഷി എന്നിവ വർദ്ധിപ്പിക്കണം. നിലവിലുള്ള എം.സി.എഫ്, ആർ.ആർ.എഫ് ശൃംഖലകൾക്ക് പുറമെ, ആധുനിക മെറ്റീരിയൽ റിക്കവറി സംവിധാനങ്ങളും വികേന്ദ്രീകൃത മൈക്രോ-റീസൈക്ലിംഗ് സംരംഭങ്ങളും പ്രോത്സാഹിപ്പിക്കണം.

കൂടാതെ ഉൽപ്പന്നം ഉപയോഗശേഷം മാലിന്യമാകുമ്പോൾ തിരിച്ചെടുക്കാനും സംസ്കരിക്കാനുമുള്ള നിർമ്മാതാക്കളുടെ ഉത്തരവാദിത്തത്തെ (എക്സ്റ്റൻഡഡ് പ്രൊഡ്യൂസർ റെസ്പോൺസിബിലിറ്റി ) പ്രാദേശിക ഭരണ സംവിധാനവുമായി സംയോജിപ്പിക്കണം. ഈ നടപടികൾ കേരളത്തെ  ചാക്രിക സമ്പദ്‌വ്യവസ്ഥയിലേക്ക് (സർക്കുലാർ ഇക്കണോമി) നയിക്കും. സംസ്കരണ പ്ലാന്റുകളുടെ നിലനിൽപ്പിന് കമ്പോസ്റ്റ്, ബയോഗ്യാസ്, ആർ.ഡി.എഫ് എന്നിവയ്ക്ക് സ്ഥിരമായ വാങ്ങൽ വിപണി ഉറപ്പാക്കുന്നതും നിർണ്ണായകമാണ്.

ദ്രവമാലിന്യ സംസ്കരണത്തിനുള്ള അടിസ്ഥാന സൗകര്യങ്ങളും സംസ്ഥാനം  ശക്തമാക്കണം. നിലവിലുള്ള മലിനജല സംസ്കരണ പ്ലാന്റുകൾ (എസ് ടി പി), മനുഷ്യമാലിന്യ സംസ്കരണ പ്ലാന്റുകൾ ( ഫീക്കൽ സ്ലഡ്ജ് ട്രീറ്റ്മെന്റ് പ്ലാന്റ് -എഫ്.എസ്.ടി. പി), മൊബൈൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് യൂണിറ്റുകൾ, ഗ്രേ-വാട്ടർ റീസൈക്ലിംഗ് പദ്ധതികൾ എന്നിവയെ ഏകോപിപ്പിച്ച് ഒരു സംസ്ഥാനതല സംവിധാനമായി വികസിപ്പിക്കണം. 2030-ലേക്കുള്ള സമഗ്രമായ ദ്രവമാലിന്യ സംസ്കരണ നയം നഗര-ഗ്രാമ ശുചിത്വ പ്രവർത്തനങ്ങളെ ഒന്നിപ്പിക്കണം. എസ്.ടി.പി-കളുടെ പ്രവർത്തനം ഉറപ്പാക്കുക, സെപ്റ്റേജ് ടാങ്ക് വൃത്തിയാക്കുന്ന സേവനങ്ങൾ കാര്യക്ഷമമാക്കുക, കൃത്യമായ ഇടവേളകളിൽ സെപ്റ്റിക് ടാങ്ക് ശുചീകരണം നിർബന്ധമാക്കുക എന്നിവയും ഇതിൽ ഉൾപ്പെടണം. ജലാശയങ്ങളുടെ സംരക്ഷണമായിരിക്കണം ഈ നയത്തിന്റെ കേന്ദ്രബിന്ദു. ജലാശയങ്ങളിലേക്ക് നിയമവിരുദ്ധമായി മലിനജലം ഒഴുക്കുന്നതിനെതിരെ ശക്തമായ നടപടികൾ, തോടുകളുടെയും  തണ്ണീർത്തടങ്ങളുടെയും വൻതോതിലുള്ള വീണ്ടെടുപ്പ്,  ആധുനിക ജലനിലവാര പരിശോധനാ സംവിധാനങ്ങൾ ഉപയോഗിച്ചുള്ള ജനകീയ നിരീക്ഷണം എന്നിവ ഉറപ്പാക്കണം. സംസ്കരിച്ച മലിനജലം നിർമ്മാണ പ്രവർത്തനങ്ങൾക്കും കൃഷി ആവശ്യങ്ങൾക്കും വ്യവസായങ്ങൾക്കും ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുകയും വേണം.

ബാക്കിയുള്ള പൈതൃക മാലിന്യ കേന്ദ്രങ്ങൾ (പഴയ മാലിന്യക്കൂമ്പാരങ്ങൾ) പുനരുദ്ധരിക്കാനും അവയെ ഹരിത മേഖലകളും ജനങ്ങൾക്ക് ഉപകാരപ്പെടുന്ന പൊതുഇടങ്ങളുമായി മാറ്റാനുമുള്ള നിരന്തര പരിശ്രമങ്ങൾ വേണം. ഇത് ശാസ്ത്രീയമായ മാലിന്യ സംസ്കരണത്തിലുള്ള ജനങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കും. മാലിന്യ കൂമ്പാരങ്ങൾ ശുദ്ധീകരിക്കാനുള്ള ജൈവഖനനം (ബയോമൈനിംഗ്), ജൈവമൂടൽ (ബയോ-ക്യാപ്പിംഗ്)  തുടങ്ങിയ സാങ്കേതിക വിദ്യകളും, വേർതിരിച്ചെടുക്കുന്ന അവശിഷ്ടങ്ങൾ സിമന്റ് വ്യവസായങ്ങൾക്കും ആർ.ഡി.എഫ് പ്ലാന്റുകൾക്കും കൈമാറുന്ന പരിസ്ഥിതി സൗഹൃദ സംസ്കരണ രീതികളും കൂടുതൽ വിപുലമാക്കണം.

ജനങ്ങളെ ബോധവൽക്കരിക്കാനും അവരുടെ മനോഭാവം മാറ്റാനുമുള്ള പ്രവർത്തനങ്ങൾ ഇടതടവില്ലാതെ തുടരണം. നിരന്തരമായ ബോധവൽക്കരണ കാമ്പെയ്നുകൾ, സ്കൂൾ കേന്ദ്രീകൃത പരിപാടികൾ, ജനകീയ നിരീക്ഷണം എന്നിവയിലൂടെ പൊതുപങ്കാളിത്തം കൂടുതൽ ഉറപ്പാക്കണം. കൂടാതെ, 'ഹരിത പെരുമാറ്റച്ചട്ടം' വീടുകളിലും സ്ഥാപനങ്ങളിലും വാണിജ്യ കേന്ദ്രങ്ങളിലും ഒരു സാമൂഹിക മാനദണ്ഡമായി മാറണം. മാലിന്യം കുറയ്ക്കുക, പുനരുപയോഗിക്കുക, ഉത്തരവാദിത്തത്തോടെയുള്ള ഉപഭോഗം എന്നീ തത്വങ്ങൾ സ്ഥാപനങ്ങളുടെയും വീടുകളുടെയും ദൈനംദിന പ്രവർത്തനങ്ങളുടെ ഭാഗമാകണം. കൈമാറ്റ കേന്ദ്രങ്ങൾ (സ്വാപ് ഷോപ്പുകൾ), മത്സ്യത്തൊഴിലാളികളുടെ നേതൃത്വത്തിലുള്ള കടൽ ശുചീകരണം, പൊതു-വിനോദസഞ്ചാര കേന്ദ്രങ്ങളിലെ വൻതോതിലുള്ള ജനകീയ ശുചീകരണ പ്രവർത്തനങ്ങൾ, പരിസ്ഥിതിലോല പ്രദേശങ്ങളിൽ പ്ലാസ്റ്റിക് നിരോധിക്കൽ, ഹരിത സംരംഭകത്വ പ്ലാറ്റ്ഫോമുകൾ എന്നിവ സുസ്ഥിരമായ ശീലങ്ങളെ ദൈനംദിന ജീവിതത്തിന്റെ ഭാഗമാക്കാൻ ഇനിയും വിപുലീകരിക്കേണ്ടതുണ്ട്.

കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കുന്ന, സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ മാലിന്യ സംസ്കരണം നടപ്പാക്കുന്ന ഒരു ആഗോള മാതൃകയായി കേരളം മാറണം. റോബോട്ടിക്സ്, ഇന്റർനെറ്റ് ഓഫ് തിംഗ്സ് (ഐ.ഒ.ടി) അടിസ്ഥാനമാക്കിയുള്ള മാലിന്യ നിരീക്ഷണം, റൂട്ടുകൾ ക്രമീകരിക്കാൻ കൃത്രിമ ബുദ്ധി (എഐ), വികേന്ദ്രീകൃത ബയോ-ഡൈജസ്റ്ററുകൾ എന്നിവ മാലിന്യ സംസ്കരണത്തിന്റെ കാര്യക്ഷമതയും സുരക്ഷിതത്വവും ഗണ്യമായി വർദ്ധിപ്പിക്കും. കാലാവസ്ഥാ അനുയോജ്യത, ചാക്രിക സമ്പദ് വ്യവസ്ഥാ തത്വങ്ങൾ, എല്ലാവരെയും ഉൾക്കൊള്ളുന്ന ഭരണം എന്നിവ സമന്വയിപ്പിച്ചുള്ള ഒരു ഭാവികാല സമീപനമാണ് സംസ്ഥാനം സ്വീകരിക്കേണ്ടത്. കഴിഞ്ഞ പതിറ്റാണ്ടിലെപോലുള്ള ഉറച്ച പ്രതിബദ്ധതയോടെ മുന്നോട്ട് പോയാൽ, മാലിന്യ സംസ്കരണ പരിഷ്കാരങ്ങളെ പരിസ്ഥിതി സംരക്ഷണത്തിന്റെയും  പൊതുജനാരോഗ്യത്തിന്റെയും വികസനത്തിന്റെയും ലോകമാതൃകയാക്കാൻ കേരളത്തിന് കഴിയും.

## അധ്യായം 21

# ആധുനിക വ്യവസ്ഥയ്ക്കും സുസ്ഥിര വളർച്ചയ്ക്കും അനുയോജ്യമായ ഗതാഗത സംവിധാനങ്ങൾ

സംസ്ഥാനത്ത് വേഗതയേറിയതും, സുരക്ഷിതവും, ചെലവ് കുറഞ്ഞതും, പരിസ്ഥിതി സൗഹൃദവുമായ ഒരു ഗതാഗത സംവിധാനം ഉറപ്പാക്കുന്നതിലൂടെ സാമ്പത്തിക വളർച്ച വർദ്ധിപ്പിക്കുക, ടൂറിസം-വ്യാപാര മേഖലകൾക്ക് ഉണർവ് നൽകുക, സാമൂഹിക ക്ഷേമം മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെയാണ് ഗതാഗത മേഖലയിലെ നൂതന പദ്ധതികൾക്ക് കേരള സർക്കാർ രൂപം നൽകിയത്. യാത്രക്കാർക്കും ചരക്ക് നീക്കത്തിനും പൊതുഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും, റോഡ് പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്താനും ബസ്, ട്രെയിൻ, മെട്രോ, ജലഗതാഗതം, വിമാനം തുടങ്ങി ബഹുതല ഗതാഗത മാർഗ്ഗങ്ങളെ ഒറ്റ ശൃംഖലയിൽ ബന്ധിപ്പിക്കുന്ന ഏകീകൃത ഗതാഗത സംവിധാനം വികസിപ്പിക്കാനാണ് 13, 14 പഞ്ചവത്സര പദ്ധതികൾ മുൻഗണന നൽകിയത്.

ഈ കാലയളവിൽ പ്രധാന ദേശീയപാതകൾ നാലുവരിപ്പാതകളായി വികസിപ്പിച്ചത് ശ്രദ്ധേയമാണ്. ദേശീയപാതകൾക്കായി ഭൂമി ഏറ്റെടുക്കാനുള്ള ചെലവിന്റെ 25 ശതമാനം കേന്ദ്ര സർക്കാരുമായി പങ്കിടാനുള്ള കേരളത്തിന്റെ തീരുമാനവും, അടിസ്ഥാന സൗകര്യ വികസനത്തിന് കിഫ്ബി വഴിയുള്ള ബജറ്റിതര സമാഹരണവും ദ്രുതഗതിയിലുള്ള പുരോഗതിയിൽ പ്രധാന പങ്കുവഹിച്ചു. കിഫ്ബി ഫണ്ടിന്റെ ഏകദേശം 45 ശതമാനവും റോഡ് വികസനത്തിനാണ് വിനിയോഗിച്ചത്.

നൂറു ശതമാനവും കാലാവസ്ഥയ്ക്ക് അനുയോജ്യമായ റോഡ് നിർമ്മാണത്തിലൂടെ എല്ലാ ഗ്രാമ പ്രദേശങ്ങളിലേക്കും കണക്റ്റിവിറ്റി ഉറപ്പാക്കാനും, ലാസ്റ്റ് മൈൽ കണക്റ്റിവിറ്റി മെച്ചപ്പെടുത്തുന്നതിനായി പ്രധാന കിഴക്ക്-പടിഞ്ഞാറൻ ഇടനാഴികൾ ശക്തിപ്പെടുത്താനും കേരള സർക്കാർ മുൻകൈ എടുത്തു. ഇതിന്റെ ഭാഗമായി മലയോര ഹൈവേ, തീരദേശ ഹൈവേ എന്നിവ ഉൾപ്പെടെ വൻകിട പദ്ധതികൾക്ക് തുടക്കം കുറിക്കുകയും ചെയ്തു. റോഡ് സുരക്ഷ ഒരു പ്രധാന പൊതുജനാരോഗ്യ മുൻഗണനയായി പരിഗണിക്കുകയും, കേരള റോഡ് സേഫ്റ്റി അതോറിറ്റിയെ ശക്തിപ്പെടുത്തിയും 'മിഷൻ സീറോ' പോലുള്ള പദ്ധതികളിലൂടെ ഇത് നടപ്പാക്കുകയും ചെയ്തു. പ്രകൃതിക്ഷോഭങ്ങളെ അതിജീവിക്കാൻ ശേഷിയുള്ള റോഡുകളും പാലങ്ങളും നിർമ്മിക്കാൻ 'റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്' കീഴിൽ കാലാവസ്ഥാ വ്യതിയാനങ്ങളെ അതിജീവിക്കുന്ന അടിസ്ഥാന സൗകര്യ വികസനത്തിന് ഊന്നൽ നൽകി.

പൊതുഗതാഗത സംവിധാനത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്താനും, നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കാനും, റോഡ് സുരക്ഷാ നടപടികൾ ശക്തമാക്കാനും, ഇലക്ട്രിക് വാഹന ഉപയോഗം വർദ്ധിപ്പിക്കൽ ഉൾപ്പെടെ പരിസ്ഥിതി സൗഹൃദ ഗതാഗത മാർഗ്ഗങ്ങൾ നടപ്പാക്കാനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കോവിഡിന് ശേഷമുള്ള കാലഘട്ടത്തിൽ കെ.എസ്.ആർ.ടി.സി സേവനങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. ബസ്സുകളുടെ എണ്ണം വർദ്ധിപ്പിക്കൽ, റോഡ് ശൃംഖല പരമാവധി കാര്യക്ഷമമാക്കാൻ ഐ.ടി അധിഷ്ഠിത റൂട്ട് ഒപ്റ്റിമൈസേഷൻ, ചെലവ് കുറയ്ക്കൽ, ഓഫ് റോഡ് ബസ്സുകളുടെ എണ്ണം കുറയ്ക്കൽ, അറ്റകുറ്റപ്പണികൾ വേഗത്തിലാക്കാൻ വർക്ക്ഷോപ്പുകളുടെ നവീകരണം, ഡിപ്പോകളിലും യാത്രയിലുടനീളവും യാത്രക്കാർക്ക് കൂടുതൽ സൗകര്യങ്ങൾ ഉറപ്പാക്കൽ മുതലായവ നടപടികൾ ബസ്സുകളുടെ ഉപയോഗവും വരുമാനവും വർദ്ധിപ്പിച്ചു.

ലാസ്റ്റ് മൈൽ കണക്റ്റിവിറ്റിക്ക് മുൻഗണന നൽകിക്കൊണ്ട് മൾട്ടി-മോഡൽ സംയോജനത്തിലൂടെ കൊച്ചി മെട്രോയും, രാജ്യത്തെ ഇത്തരത്തിലുള്ള ആദ്യ സംരംഭമായ കൊച്ചി വാട്ടർ മെട്രോയും സർക്കാർ പ്രവർത്തനക്ഷമമാക്കി. വെസ്റ്റ് കോസ്റ്റ് കനാലും, അനുബന്ധ കനാലുകളും വികസിപ്പിച്ചുകൊണ്ട് ഉൾനാടൻ ജലഗതാഗതം മെച്ചപ്പെടുത്താനും നടപടികൾ സ്വീകരിച്ചു. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം പ്രവർത്തനക്ഷമമായതോടെ പ്രാദേശിക വ്യോമയാന സൗകര്യങ്ങൾ വർദ്ധിച്ചു. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിർമ്മാണം ഈ മേഖലയിലെ ഒരു പ്രധാന നേട്ടമാണ്. ആഴക്കടൽ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലായ ഈ പദ്ധതി സംസ്ഥാനത്തെ സാമ്പത്തിക പ്രവർത്തനങ്ങളുടെ പ്രധാന സ്രോതസ്സായി മാറുമെന്ന് പ്രതീക്ഷിക്കുന്നു. അതോടൊപ്പം, ചെറുകിട തുറമുഖങ്ങളുടെ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കാനും, റോഡ് ഗതാഗതത്തിന് പകരം തീരദേശ ഷിപ്പിംഗ് പ്രോത്സാഹിപ്പിക്കാനും കൂടുതൽ വ്യവസ്ഥാപിതമായ സമീപനം സർക്കാർ സ്വീകരിച്ചു.

സാമ്പത്തിക അടിസ്ഥാന സൗകര്യങ്ങളുടെ നിർണ്ണായക ഘടകമാണ് ഗതാഗതം. ഇത് ഉൽപാദന മേഖലകളിൽ വിന്യസിച്ചിരിക്കുന്ന വിഭവങ്ങളുടെ സ്വാധീനം വർദ്ധിപ്പിക്കുന്നു. ദൈനംദിനയാത്രകൾ, വ്യാപാരം, വിനോദസഞ്ചാരം, പ്രാദേശിക വളർച്ചയിലെ അസന്തുലിതാവസ്ഥ പരിഹരിക്കൽ എന്നിവയ്ക്ക് ഇത് സഹായകരമാകുന്നു. ഗതാഗത സംവിധാനങ്ങൾ പൂർണ്ണമായും ജനങ്ങളുടെ ആവശ്യങ്ങൾക്കും സൗകര്യങ്ങൾക്കും ചെലവുകൾക്കും അനുയോജ്യമായിരിക്കണം. സുരക്ഷിതവും വേഗമേറിയതുമായ യാത്രാസൗകര്യങ്ങൾ ഒരു രാജ്യത്തിന്റെ സാമ്പത്തിക പുരോഗതിയുടെ അടിസ്ഥാന ഘടകങ്ങളാണ്.

### റോഡ് അടിസ്ഥാന സൗകര്യങ്ങൾ

റോഡ്-പാലം നിർമ്മാണ മേഖലകളിൽ അഭൂതപൂർവ്വമായ പുരോഗതി കൈവരിക്കാൻ കേരളത്തിന് സാധിച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട യാത്രാമാർഗ്ഗം റോഡുകളാണ്. ഇന്ത്യയിലെ ദേശീയ ശരാശരി 1000പേർക്ക് 4.5 കിലോമീറ്റർ ആയിരിക്കെ, കേരളത്തിൽ ഓരോ 1,000 പേർക്കും 5.3 കിലോമീറ്റർ റോഡ് സൗകര്യമുണ്ട്. റോഡ് സാന്ദ്രതയിലും കേരളം വളരെ മുന്നിലാണ്. കേരളത്തിൽ 1,000 ചതുരശ്ര കിലോമീറ്ററിന് ഏകദേശം 4,992 കിലോമീറ്റർ റോഡുകളുണ്ട്. ഇന്ത്യയിലെ ശരാശരി 1,916 കിലോമീറ്റർ മാത്രം. 2024-ലെ കണക്കനുസരിച്ച് കേരളത്തിൽ 1,000 പേർക്ക് 485 വാഹനങ്ങളുണ്ട്. ഉയർന്ന

**പട്ടിക 21.1**: *സംസ്ഥാനത്ത് വിവിധ ഏജൻസികൾ വികസിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന റോഡുകളുടെ മാർച്ച് 2025 വരെയുള്ള വിശദവിവരങ്ങൾ, (കിലോമീറ്ററിൽ)*

| ക്രമനമ്പർ | വകുപ്പ് / ഏജൻസി | റോഡിന്റെ ദൈർഘ്യവും (കി.മീ), ആകെ വിഹിതവും (ശതമാനത്തിൽ) |
|---|---|---|
| 1 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (LSGs) | 1,58,078.8 കി.മീ (ആകെ റോഡുകളുടെ 80.1 ശതമാനം)* |
| 2 | ദേശീയപാതകൾ (NH) | 1,858 കി.മീ (ആകെ റോഡുകളുടെ ഏകദേശം 1 ശതമാനം) |
| 3 | പൊതുമരാമത്ത് വകുപ്പ് (PWD) | 29,573 കി.മീ (ആകെ റോഡുകളുടെ 15 ശതമാനം) |
| 3.i | സംസ്ഥാന പാതകൾ (SHs) | 4,128 കി.മീ (PWD റോഡുകളുടെ 14 ശതമാനം) [898 കി.മീ നാലുവരി പാത, 3,193 കി.മീ ഇരുവരി പാത, 37 കി.മീ ഒറ്റവരി പാത] |
| 3.ii | പ്രധാന ജില്ലാ റോഡുകൾ (MDRs) | 25,445 കി.മീ (PWD റോഡുകളുടെ 86 ശതമാനം) [52 കി.മീ നാലുവരി പാത, 10,593 കി.മീ ഇരുവരി പാത, 14,800 കി.മീ ഒറ്റവരി പാത] |
| 4 | വനം വകുപ്പ് (Forest Department) | 5,189.4 കി.മീ (ആകെ റോഡുകളുടെ 2.6 ശതമാനം) |
| 5 | മറ്റ് റോഡുകൾ # | 2,749 കി.മീ (ആകെ റോഡുകളുടെ 1.4 ശതമാനം) |
| | ആകെ റോഡ് ദൈർഘ്യം | 1,97,448.3 കി.മീ |

*ഉറവിടം*: പൊതുമരാമത്ത് വകുപ്പ്, വനംവകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പുകൾ

*കുറിപ്പ്*: # റെയിൽവേ, ജലസേചന വകുപ്പ്, കേരള സംസ്ഥാന വൈദ്യുതി ബോർഡ് (കെ.എസ്.ഇ.ബി), ദേവസ്വം എന്നീ വകുപ്പുകളാണ് മറ്റ് റോഡുകളുടെ നിർമ്മാണവും പരിപാലനവും നിർവ്വഹിക്കുന്നത്.

*കഴിഞ്ഞ വർഷങ്ങളിൽ ആസ്തി രജിസ്ട്രറിൽ രേഖപ്പെടുത്തിയിരുന്ന റോഡുകളുടെ ആകെ ദൈർഘ്യത്തിൽ റോഡ് ഉപരിതലത്തിലുണ്ടായ മാറ്റങ്ങൾ കാരണം ആവർത്തനങ്ങൾ കടന്നു കൂടുകയും വിവരങ്ങൾ കൃത്യമല്ലാതാകുകയും ചെയ്തിരുന്നു. ഈ പോരായ്മ പരിഹരിച്ച് കൃത്യമായ വിവരങ്ങൾ ലഭ്യമാക്കാൻ കെ.എസ.ആർ.ഇ.സി, ജി.ഐ.എസ് അസ്സറ്റ് മാപ്പിംഗ് സോഫ്റ്റ്‌വെയർ സജ്ജമാക്കിയിട്ടുണ്ട്.

ജനസാന്ദ്രതയും, ഗതാഗതത്തിന് റോഡുകളെ കൂടുതൽ ആശ്രയിക്കുന്ന കേരളത്തിന്റെ പ്രത്യേക ഭൂപ്രകൃതിയുമാണ് ഈ വർദ്ധനവിന് കാരണം. സർക്കാരിന്റെ മൂന്ന് തലങ്ങളിലായാണ് (കേന്ദ്ര, സംസ്ഥാന, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ) കേരളത്തിലെ റോഡ് സൗകര്യങ്ങൾ വികസിപ്പിക്കുന്നത്. വിവിധ ഏജൻസികൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന റോഡുകളുടെ വിവരങ്ങൾ പട്ടിക 21.1-ൽ നൽകിയിട്ടുണ്ട്.

സംസ്ഥാന പൊതുമരാമത്ത് വകുപ്പിന് കീഴിൽ റോഡുകൾ, ദേശീയപാതകൾ, പാലങ്ങൾ എന്നിവയ്ക്കായി പ്രത്യേക വിഭാഗങ്ങളുണ്ട്. സംസ്ഥാനത്തെ ആകെ റോഡ് ദൈർഘ്യത്തിന്റെ 15 ശതമാനമാണ് പൊതുമരാമത്ത് വകുപ്പ് (പി ഡബ്ലിയു ഡി) വികസിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യുന്നത്. സംസ്ഥാനത്തെ ആകെ റോഡ് ഗതാഗതത്തിന്റെ 40 ശതമാനവും ചെയ്യുന്നത് കൈകാര്യം ദേശീയപാതകളാണ് (എൻ എച്ച്). സംസ്ഥാന പാതകളും (എസ് എച്ച്) പ്രധാന ജില്ലാ റോഡുകളും (എം ഡി ആർ) 40 ശതമാനം ഗതാഗതം കൈകാര്യം ചെയ്യുന്നു. 2025-ലെ കണക്കനുസരിച്ച് കേരളത്തിലൂടെ ആകെ 1,858 കിലോമീറ്റർ ദൈർഘ്യമുള്ള 12 ദേശീയപാതകൾ കടന്നുപോകുന്നു. ഇതിൽ 548 കിലോമീറ്റർ സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ നാഷണൽ ഹൈവേ വിഭാഗവും, ബാക്കി 1,310 കിലോമീറ്റർ കേന്ദ്ര സർക്കാരിന്റെ റോഡ് ഗതാഗത-ഹൈവേ മന്ത്രാലയത്തിന് കീഴിലുള്ള നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുമാണ് (NHAI) പരിപാലിക്കുന്നത്.

കേരളത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ പാലം വിഭാഗം നിർണ്ണായകമായ അടിസ്ഥാന സൗകര്യ വികസനത്തിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. വിനോദസഞ്ചാര കേന്ദ്രങ്ങളിലും ഉൾനാടൻ മലയോര മേഖലകളിലും പാലങ്ങൾ നിർമ്മിച്ച് ടൂറിസം വികസനത്തിനും ട്രൈബൽ ഉന്നതികളിലെ കണക്റ്റിവിറ്റിക്കും ഈ വിഭാഗം പ്രത്യേക പരിഗണന നൽകുന്നു. 2016-ൽ പൊതുമരാമത്ത് വകുപ്പിന്റെ റോഡ് ശൃംഖലയിൽ 1,806 പാലങ്ങളാണ് ഉണ്ടായിരുന്നത്. 2025 മാർച്ച് 31-ലെ കണക്കനുസരിച്ച് സംസ്ഥാനത്ത് ആകെ 2,849 പാലങ്ങളുണ്ട് (സംസ്ഥാന പാതകളിൽ 550 പാലങ്ങൾ, പ്രധാന ജില്ലാ റോഡുകളിൽ 2,145 പാലങ്ങൾ, മറ്റ് ജില്ലാ റോഡുകളിലും ഗ്രാമീണ റോഡുകളിലും റെയിൽവേ ഓവർ ബ്രിഡ്ജുകളിലുമായി 154 പാലങ്ങൾ).

### 13, 14 പഞ്ചവത്സര പദ്ധതികളിൽ കേരളത്തിലെ റോഡ് ശൃംഖലയുടെ വികസനം.

സംസ്ഥാനത്തിന്റെ സാമൂഹിക- സാമ്പത്തിക വളർച്ചയിൽ റോഡുകൾക്കുള്ള പ്രാധാന്യം കണക്കിലെടുത്ത്, കേരളത്തിന്റെ പഞ്ചവത്സര പദ്ധതികളെല്ലാം തന്നെ റോഡ് വികസനത്തിന് വലിയ പ്രാധാന്യമാണ് നൽകുന്നത്.

സുരക്ഷിതവും, കാര്യക്ഷമവും, സുസ്ഥിരവും, പരിസ്ഥിതി സൗഹൃദവുമായ ഒരു ഗതാഗത സംവിധാനം രൂപീകരിക്കാനാണ് 13-ാം പഞ്ചവത്സര പദ്ധതി ലക്ഷ്യമിട്ടത്. സംസ്ഥാനത്തെ റോഡ് ശൃംഖലയുടെ നവീകരണത്തിനും വിപുലീകരണത്തിനും പദ്ധതിക്കാലയളവിൽ ഊന്നൽ നൽകി. അടിസ്ഥാന സൗകര്യങ്ങളുടെ ആധുനികവൽക്കരണം, റോഡുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ, റോഡ് സുരക്ഷ വർദ്ധിപ്പിക്കൽ, മൾട്ടിമോഡൽ ഗതാഗത സംയോജനം, നൂതന മാനേജ്മെന്റ്-വികസന നയങ്ങൾ എന്നിവയ്ക്കായിരുന്നു മുൻഗണന.

റോഡുകളുടെ ശേഷി വർദ്ധിപ്പിക്കാനും, നവീകരണ ത്തിനുമായിരുന്നു 13-ാം പഞ്ചവത്സര പദ്ധതി പ്രധാന മായും ഊന്നൽ നൽകിയത്. പ്രത്യേകിച്ച് ഒറ്റവരി പാതകളെ ഉയർന്ന ശേഷിയുള്ള ഇടനാഴികളാക്കി മാറ്റാനും ലക്ഷ്യമിട്ടു. നാലുവരി ദേശീയപാതകളുടെയും, നഗര റോഡുകളുടെയും വിഹിതം 0.48 ശതമാനത്തിൽ നിന്ന് 1.37 ശതമാനമായി വർദ്ധിപ്പിക്കുക, ഇരുവരി പാതകളു ടെ വീതി കൂട്ടുക, തീരദേശ ഹൈവേ, മലയോര ഹൈവേ തുടങ്ങിയ വൻകിട പദ്ധതികൾ നടപ്പാക്കുക എന്നിവ ഇതിൽ ഉൾപ്പെടുന്നു. നഗരങ്ങളിലെ ഗതാഗതക്കുരുക്ക് കുറയ്ക്കാൻ ഫ്ലൈഓവറുകൾ, ബൈപാസുകൾ, ആക്സസ് കൺട്രോൾഡ് ഹൈവേകൾ എന്നിവയുടെ നിർ മ്മാണത്തിനും പദ്ധതി പ്രാധാന്യം നൽകി.

എല്ലാ പൊതുമരാമത്ത് (പി ഡബ്ലിയു ഡി ) റോഡുകളും ചുരുങ്ങിയത് ഇരുവരി പാത നിലവാരത്തിലേക്ക് ഉയർത്താൻ പദ്ധതി ലക്ഷ്യമിട്ടു. ഭൂമി ഏറ്റെടുക്കുന്നതിലെ പരിമിതികൾ പരിഹരിക്കാൻ 'ലാൻഡ് പൂളിംഗ്' പോലുള്ള നൂതന മാർ ഗ്ഗങ്ങളും അർഹമായ നഷ്ടപരിഹാര നയങ്ങളും നടപ്പാക്കി. പുറംകരാർ, ഡിജിറ്റൽ റോഡ് അസറ്റ് ഡാറ്റാബേസ്, ദീർഘ കാല പൊതു-സ്വകാര്യ പങ്കാളിത്ത (പി പി പി) പരിപാലന കരാറുകൾ, ഈടുനിൽക്കുന്ന നിർമ്മാണ സാമഗ്രികളുടെ ഉപയോഗം എന്നിവ അടിസ്ഥാനമാക്കിയുള്ള ശാസ്ത്രീയമായ ഒരു റോഡ് പരിപാലന മാനേജ്മെന്റ് മാതൃക അവതരിപ്പിച്ചു. കൂടാതെ, കൺസൾട്ടന്റുമാരുടെയും കരാറുകാരുടെയും പ്രവർത്തന മേഖല ശക്തിപ്പെടുത്താനും, DBFOMT (Design-Build-Finance-Operate-Maintain-Transfer) പോലുള്ള പി.പി.പി മാതൃകകൾ പ്രോത്സാഹിപ്പിക്കാനും, അത്യാധുനിക നിർമ്മാണ യന്ത്രങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. പ്രവർത്തനങ്ങളുടെ മേൽനോട്ടവും ഗുണനിലവാരവും മെച്ചപ്പെടുത്താൻ സംസ്ഥാനതല നിയന്ത്രണ സമിതിയും, ജില്ലാ ഏകോപന സമിതികളും രൂപീകരിക്കാൻ നിർദ്ദേ ശിച്ചു. ഇതിനൊപ്പം ഇന്റർനാഷണൽ റോഡ് അസസ്മെന്റ് പ്രോഗ്രാം (iRAP) റേറ്റിംഗുകൾ, റോഡ് സുരക്ഷാ ഓഡിറ്റു കൾ, ട്രാഫിക് ഇംപാക്ട് സ്റ്റഡീസ് തുടങ്ങിയ അന്താരാഷ്ട്ര നിലവാരത്തിലുള്ള പ്രവർത്തനരീതികൾ നടപ്പാക്കാനും തീരുമാനിച്ചു.

13-ാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യങ്ങൾ അടി സ്ഥാനമാക്കി, ഗതാഗത ശൃംഖലകൾ ശക്തിപ്പെടുത്താനും ഗ്രാമീണ കണക്ടിവിറ്റി മെച്ചപ്പെടുത്താനും 14-ാം പഞ്ചവ ത്സര പദ്ധതി വലിയ ഊന്നൽ നൽകുന്നു. ചരക്ക് നീക്കം കൂടുതൽ കാര്യക്ഷമമാക്കുക, യാത്രാസമയവും അപകട ങ്ങളും കുറയ്ക്കുക, പരിസ്ഥിതി സൗഹൃദ ഗതാഗതം പ്രോ ത്സാഹിപ്പിക്കുക, ഏകോപിത ഗതാഗത മാനേജ്മെന്റ് സംവിധാനം വികസിപ്പിക്കുക എന്നിവയാണ് ഇതിലെ പ്രധാന ലക്ഷ്യങ്ങൾ.

അതിജീവന ശേഷിയുള്ള റോഡ് പശ്ചാത്തല സൗക ര്യങ്ങളുടെ വികസനം, സുസ്ഥിരമായ നഗര ഗതാഗതം, സ്മാർട്ട് ട്രാഫിക് മാനേജ്മെന്റ് സംവിധാനങ്ങൾ എന്നിവ യ്ക്കും മുൻഗണന നൽകുന്നു. ആധുനികവും പരിസ്ഥിതി സൗഹൃദവുമായ വാഹനങ്ങളുടെ ഉപയോഗം പ്രോത്സാ ഹിപ്പിക്കുക, പൊതുഗതാഗത സംവിധാനത്തെ-പ്രത്യേകിച്ച് കെ.എസ്.ആർ.ടി.സി.യെ-ശക്തിപ്പെടുത്തുക, ചരക്ക് നീക്ക ത്തിനുള്ള ചെലവ് കുറയ്ക്കുക എന്നിവയും ലക്ഷ്യമിടുന്നു. എല്ലാവരെയും ഉൾച്ചേർത്തുകൊണ്ടുള്ള വികസനം, മികച്ച യാത്രാസൗകര്യങ്ങൾ, ജീവിതനിലവാരം ഉയർത്തൽ എന്നി വയിൽ ഊന്നിയുള്ള ജനകേന്ദ്രീകൃതമായ സമീപനമാണ് പദ്ധതിയുടെ അടിസ്ഥാനം.

2016-17 നും 2024-25 നും ഇടയിലുള്ള കാലയളവിൽ, റോഡുകൾക്കും പാലങ്ങൾക്കുമായി 24,577 കോടി രൂപ വകയിരുത്തുകയും , 11,730 കോടി രൂപ കേരള സർക്കാർ ചെലവഴിക്കുകയും ചെയ്തു.

### പൊതുമരാമത്ത് വകുപ്പിന്റെ നേട്ടങ്ങൾ

**റോഡുകൾ**: 2016-നും 2025-നും ഇടയിൽ 11,666 കിലോമീറ്റർ പി.ഡബ്ല്യു.ഡി റോഡുകൾ ബി.എം & ബി.സി നിലവാരത്തിലേക്ക് ഉയർത്തി. ഈ കാലയളവിൽ 3,061.8 കി.മീറ്റർ റോഡ് പ്ലാസ്റ്റിക് ഉപയോഗിച്ചും, 4,759 കി.മീറ്റർ പ്രകൃതിദത്ത റബ്ബർ ഉപയോഗിച്ചും, 138.6 കി.മീറ്റർ റോഡുകൾ ജിയോടെക്സ്റ്റൈൽസ് ഉപയോഗിച്ചും നിർമ്മിച്ചു. കോൾഡ് ഇൻ-പ്ലേസ് റീസൈക്ലിംഗ് (CIR), സോയിൽ സ്റ്റെബിലൈസേഷൻ തുടങ്ങിയ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് 107.7 കി.മീറ്റർ റോഡ് പൂർത്തി യാക്കി. ആലപ്പുഴ ജില്ലയിലെ സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിൽ 'വൈറ്റ് ടോപ്പിംഗ്' സാങ്കേതികവിദ്യ ഉപയോഗിച്ചു.

**ദേശീയപാതകൾ**: ദേശീയപാത 66-ന്റെ (NH 66) ഏഴ് റീച്ചു കളുടെ വീതി കൂട്ടൽ പൂർത്തിയായി. നീലേശ്വരം റെയിൽവേ ഓവർബ്രിഡ്ജ്, തലശ്ശേരി-മാഹി ബൈപ്പാസ്, കഴക്കൂട്ടം ഫ്ലൈഓവർ എന്നിവ പൂർത്തീകരിച്ചു. തിരുവനന്തപുരം -കാരോട് ബൈപ്പാസ് തമിഴ്നാട് അതിർത്തി വരെ ഗതാ ഗതത്തിനായി തുറന്നു കൊടുത്തു. തിരുവനന്തപുരം-വിഴിഞ്ഞം-പാരിപ്പള്ളി ഔട്ടർ റിംഗ് റോഡിന് അംഗീകാരം ലഭിച്ചു. കുതിരാൻ ഇരട്ട തുരങ്കങ്ങൾ ഗതാഗതത്തിന് സജ്ജമായി. കോഴിക്കോട്-മലപ്പുറം-പാലക്കാട് (NH 966), കോഴിക്കോട്-പാലക്കാട് ഗ്രീൻഫീൽഡ് ഹൈവേ എന്നിവ യ്ക്കായുള്ള ഭൂമി ഏറ്റെടുക്കൽ പുരോഗമിക്കുന്നു.

**പാലങ്ങൾ**: കേരള റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് വഴി നടപ്പാക്കിയ ഏഴ് റെയിൽവേ ഓവർബ്രിഡ്ജുകൾ, കിഫ്ബി ധനസ ഹായത്തോടെ പൂർത്തിയാക്കി. പഴയ പാലങ്ങളെ വിശ്രമ കേന്ദ്രങ്ങളായും, വിനോദസഞ്ചാര സ്ഥലങ്ങളായും മാറ്റുക, അന്താരാഷ്ട്ര നിലവാരത്തിലുള്ള ലൈറ്റിംഗ് സംവിധാനങ്ങളു ള്ള പാലങ്ങൾ നിർമ്മിക്കുക തുടങ്ങിയ നൂതന പദ്ധതികളും വകുപ്പ് നടപ്പാക്കി.

### റോഡ് വികസനവുമായി ബന്ധപ്പെട്ട മറ്റ് ഏജൻസികൾ

**കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (കെ എച്ച് ആർ ഐ)**: 1972-ൽ കേരള പൊതുമരാമത്ത് വകുപ്പിന് (PWD) കീഴിൽ സ്ഥാപിതമായ ഒരു ഗവേഷണ സ്ഥാപനമാണ് കെ എച്ച് ആർ ഐ. പ്രായോഗിക ഗവേഷണം, നൂതന സാങ്കേതിക വിദ്യകൾ, മെച്ചപ്പെട്ട നിർമ്മാണ നിലവാരം, നിർമ്മാണ സാമഗ്രികളുടെ പരിശോധന എന്നിവ ഈ സ്ഥാപനം പ്രോത്സാഹിപ്പിക്കുന്നു. 2020 ജൂണിൽ കെ എച്ച് ആർ ഐ -യെ മികവിന്റെ കേന്ദ്രം ആയി ഉയർത്തി.

**പൊതുമരാമത്ത് വകുപ്പിന്റെ പ്രധാന നേട്ടങ്ങൾ**

പൊതുമരാമത്ത് വകുപ്പ് അതിന്റെ സംരംഭങ്ങളെ രണ്ട് പ്രധാന മേഖലകളായി ക്രമീകരിച്ചിരിക്കുന്നു: കാര്യക്ഷമത മെച്ചപ്പെടുത്തൽ; സുരക്ഷ മെച്ചപ്പെടുത്തൽ. (പട്ടിക 21.2).

**പട്ടിക 21.2** *പൊതുമരാമത്ത് വകുപ്പിന്റെ പ്രധാന നേട്ടങ്ങൾ 2016 - 2025*

| വിഭാഗം | റോഡുകൾ | ദേശീയപാതകൾ | പാലങ്ങൾ |
|---|---|---|---|
| കാര്യക്ഷമത വർദ്ധിപ്പിക്കൽ | • ശാസ്ത്രീയവും ആവശ്യാനുസൃതവുമായ റോഡ് പരിപാലന രീതിയും ഗുണനിലവാര നിയന്ത്രണ സംവിധാനങ്ങളുടെ ശക്തിപ്പെടുത്തലും.<br>• റോഡ് മാനേജ്മെന്റ് മെച്ചപ്പെടുത്താൻ ഡിജിറ്റലൈസേഷനും ഐടി സംയോജനവും.<br>• കിഫ്ബി ധനസഹായത്തോടെ കേരളത്തിലുടനീളം കണക്ടിവിറ്റി വർദ്ധിപ്പിക്കാനുള്ള സുസ്ഥിരമായ റോഡ് പദ്ധതികൾ.<br>• മെച്ചപ്പെട്ട വിഭവ വിനിയോഗം. | • ട്രാഫിക് സൗകര്യവും, കണക്ടിവിറ്റിയും വർദ്ധിപ്പിക്കാൻ പാതകൾ വീതി കൂട്ടാനും നവീകരിക്കാനുമുള്ള പദ്ധതികൾ.<br>• അത്യാധുനിക നിർമ്മാണ രീതികൾ, വിദഗ്ധ സമിതികളുടെ ഏകോപനം, കർശനമായ ഗുണനിലവാര നിയന്ത്രണം എന്നിവയിലൂടെ പദ്ധതികൾ കൃത്യസമയത്തും, ഉയർന്ന നിലവാരത്തിലും പൂർത്തിയാക്കൽ.<br>• ട്രാഫിക് മാനേജ്മെന്റിലും ലേല നടപടികളിലും ഡിജിറ്റലൈസേഷൻ.<br>• അടിസ്ഥാന സൗകര്യ വികസനത്തിലൂടെ സംസ്ഥാനത്തെ മൊത്തത്തിലുള്ള കണക്ടിവിറ്റി വർദ്ധിപ്പിക്കൽ. | • പുതിയ സാങ്കേതികവിദ്യ, മെച്ചപ്പെട്ട ഗുണനിലവാര നിയന്ത്രണം എന്നിവയിലൂടെ പാലങ്ങളുടെ ഡിസൈനും നിർമ്മാണവും ആധുനികവൽക്കരിക്കൽ.<br>• കാര്യക്ഷമമായ പ്രോജക്ട് മാനേജ്മെന്റും, കൃത്യമായ പരിശോധനകളും വഴി പാലങ്ങളുടെ മികച്ച പരിപാലനം ഉറപ്പാക്കുന്നു. |
| സുരക്ഷ മെച്ചപ്പെടുത്തൽ | • ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്താനും, അവ പരിഹരിക്കാനും ശാസ്ത്രീയമായ റോഡ് രൂപകൽപ്പന വഴി റോഡ് സുരക്ഷ വർദ്ധിപ്പിക്കൽ.<br>• ഗതാഗത സംവിധാനങ്ങൾ സുഗമമാക്കാനും നിയമങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കാനും, സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള 'ഇന്റലിജന്റ് ട്രാൻസ്പോർട്ട് സിസ്റ്റംസ്' (ITS) നടപ്പാക്കുക. ഇത് ഗതാഗത മാനേജ്മെന്റും നിയമപാലനവും മെച്ചപ്പെടുത്താൻ സഹായിക്കുന്നു.<br>• പൊതുജന പങ്കാളിത്തത്തോടെയുള്ള പ്രചാരണങ്ങളിലൂടെയും വിദ്യാഭ്യാസ പരിപാടികളിലൂടെയും റോഡ് സുരക്ഷ പ്രാധാന്യത്തെ കുറിച്ചുള്ള അവബോധം സൃഷ്ടിക്കുക<br>• ട്രോമ കെയർ സംവിധാനങ്ങളും പൊതുസഹായ സേവനങ്ങളും മെച്ചപ്പെടുത്തൽ.<br>• ഹൈവേ സംരക്ഷണ നിയമം നടപ്പാക്കൽ. | • 2030-ഓടെ റോഡ് അപകട മരണങ്ങൾ 50 ശതമാനമായി കുറയ്ക്കാനും, അപകടരഹിതമായ (Zero accidents) റോഡ് ശൃംഖല ലക്ഷ്യമിട്ടും നടപ്പാക്കുന്ന റോഡ് സുരക്ഷാ മാസ്റ്റർ പ്ലാൻ 2021-2030'<br>• അപകടങ്ങളെക്കുറിച്ചുള്ള കൃത്യമായ വിവരശേഖരണത്തിലൂടെയും വിശകലനത്തിലൂടെയും (റോഡുകളിലെ അപകടസാധ്യതാ മേഖലകൾ ശാസ്ത്രീയമായി കണ്ടെത്തുകയും, അവ പരിഹരിക്കാനാവശ്യമായ മാറ്റങ്ങൾ വരുത്തുകയും ചെയ്യുക.<br>• റോഡ് നിർമ്മാണ രൂപരേഖകൾ അന്താരാഷ്ട്ര സുരക്ഷാ മാനദണ്ഡങ്ങൾക്കനുസൃതമാണെന്ന് ഉറപ്പുവരുത്താൻ അവ കൃത്യമായി പരിശോധിക്കുകയും പുതുക്കുകയും ചെയ്യുക.<br>• കേരളത്തിലെ എൻ.എച്ച്-66 പോലുള്ള പദ്ധതികളിലെ നിർമ്മാണ പിഴവുകൾ പരിഹരിക്കാനും ആവർത്തിക്കാതിരിക്കാനും വിദഗ്ധ സമിതികളുടെ പരിശോധന, വീഴ്ച വരുത്തുന്ന കരാറുകാരെ കരിമ്പട്ടികയിൽ പെടുത്തുക,പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പാക്കുക തുടങ്ങിയ തിരുത്തൽ നടപടികൾ സ്വീകരിക്കുക | • ദീർഘകാലം നിലനിൽക്കുന്നതും സുരക്ഷിതവുമായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കാൻ, ആധുനിക സാങ്കേതികവിദ്യകൾ, കർശനമായ ഗുണനിലവാര പരിശോധന, അന്താരാഷ്ട്ര രൂപകല്പനാ മാനദണ്ഡങ്ങൾ എന്നിവ പാലിച്ച് പാലങ്ങളുടെ ബലത്തിനും ഈടിനും മുൻഗണന നൽകുന്ന നിർമ്മാണ രീതി നടപ്പാക്കുക<br>• കേരളത്തിലെ റോഡുകളിലെ ഗതാഗത മാനേജ്മെന്റ് മെച്ചപ്പെടുത്താൻ പാലങ്ങളുടെ ഭാരോദ്വഹന ശേഷി വിലയിരുത്തുക, അവയുടെ ആയുസ്സ് ഉറപ്പാക്കാൻ ആധുനിക രൂപകല്പനകളും സുരക്ഷാ സംവിധാനങ്ങളും നടപ്പാക്കുക, കൃത്യമായ ഇടവേളകളിൽ പരിശോധനകളും അറ്റകുറ്റപ്പണികളും ഉറപ്പാക്കുക.<br>• കേരളത്തിലെ റെയിൽവേ ലെവൽ ക്രോസ്സുകൾ ഒഴിവാക്കാൻ കൂടുതൽ മേൽപ്പാലങ്ങൾ നിർമ്മിക്കുകയും, സംസ്ഥാനത്ത് തടസ്സങ്ങളില്ലാത്ത റോഡ് ശൃംഖല ഉറപ്പാക്കുകയും ചെയ്യുന്ന 'ലവൽ ക്രോസ്സ് മുക്ത കേരളം' പദ്ധതി |

രൂപകൽപ്പനയിലെ പുതുമകൾ, റോഡ് ആസ്തി-സുരക്ഷാ പരിപാലനം, ഗുണനിലവാരം ഉറപ്പാക്കൽ, കരാർ മാനേജ്മെന്റ്, തദ്ദേശീയമായ ഗവേഷണ വികസന പ്രവർത്തനങ്ങൾ എന്നിവയിലാണ് ഈ സ്ഥാപനം പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. 2021 ഫെബ്രുവരിയിൽ നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആൻഡ് കാലിബ്രേഷൻ (NABL) KHRI-ക്ക് അംഗീകാരം നൽകി. മറ്റ് ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുന്ന കെ എച്ച് ആർ ഐ, സംസ്ഥാനത്തെ വിവിധ എഞ്ചിനീയറിംഗ് വകുപ്പുകൾക്കും, ഏജൻസികൾക്കും കൺസൾട്ടൻസി സേവനങ്ങളും നൽകിവരുന്നു.

**കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് (കെ എസ് റ്റി പി)**: ലോകബാങ്കിന്റെ സഹായത്തോടെ 1996-ൽ കേരള സർക്കാർ ആരംഭിച്ച ഒരു സുപ്രധാന പദ്ധതിയാണ് കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് (കെ എസ് റ്റി പി). ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, സുഗമമായ ഗതാഗതം ഉറപ്പാക്കുക, റോഡ് സുരക്ഷ വർദ്ധിപ്പിക്കുക എന്നിവയാണ് ഇതിന്റെ പ്രധാന ലക്ഷ്യങ്ങൾ. രണ്ടാം ഘട്ടമായ KSTP-II, 2,403 കോടി രൂപ (445 ദശലക്ഷം യു.എസ്. ഡോളർ) ചെലവഴിച്ചുള്ള ഒരു പദ്ധതിയാണ്. ഇതിന്റെ ആകെ ചെലവിന്റെ 56 ശതമാനം ലോകബാങ്കും 44 ശതമാനം സംസ്ഥാന സർക്കാരുമാണ് വഹിക്കുന്നത്. കെ എസ് റ്റി പി -II-ന് കീഴിലുള്ള ഒരു പ്രത്യേക പദ്ധതിയാണ് ചലഞ്ച് ഫണ്ട് പ്രോഗ്രാം. കേരള റോഡ് സുരക്ഷാ അതോറിറ്റി (കെ ആർ എസ് എ), പൊതുമരാമത്ത് വകുപ്പ് (പി ഡബ്ല്യു ഡി), കെ എസ് റ്റി പി എന്നിവയുടെ സഹകരണത്തോടെ അഞ്ച് പുതിയ സുരക്ഷിത പാതകൾ/മേഖലകൾ വികസിപ്പിക്കുകയാണ് ഇതിന്റെ ലക്ഷ്യം. സംസ്ഥാന പാതകളുടെ നവീകരണം, കൊച്ചി മെട്രോയുടെ ജലഗതാഗത പദ്ധതി പോലുള്ള നഗര യാത്രാ പദ്ധതികളുമായുള്ള സംയോജനം എന്നിവ കെ എസ് റ്റി പി -യുടെ പ്രധാന നേട്ടങ്ങളിൽ ഉൾപ്പെടുന്നു. 2025-ഓടെ സംസ്ഥാനത്തെ യാത്രാ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ വിപുലമായ പാത വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കാനും പദ്ധതി ലക്ഷ്യമിടുന്നു.

**കേരള റോഡ് ഫണ്ട് ബോർഡ് (കെ ആർ എഫ് ബി)**: കേരളത്തിലെ ഗതാഗത അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാനും പരിപാലിക്കാനും 2001-ൽ സ്ഥാപിതമായ നിയമാനുസൃത സ്ഥാപനമാണ് കേരള റോഡ് ഫണ്ട് ബോർഡ് (കെ ആർ എഫ് ബി). തിരുവനന്തപുരം (42 കി.മീ), കോഴിക്കോട് (ഒന്നാം ഘട്ടം - 211 കോടി രൂപ ചെലവിൽ 22.3 കി.മീ), കണ്ണൂർ (ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെ 401.5 കോടി രൂപ ചെലവിൽ 44.1 കി.മീ) എന്നിവിടങ്ങളിലെ റോഡ് വികസനമാണ് കെ ആർ എഫ് ബി -യുടെ പ്രധാന പദ്ധതികളിൽ ഉൾപ്പെടുന്നത്. പൊതു-സ്വകാര്യ പങ്കാളിത്തത്തിലാണ് (പിപിപി) കെ ആർ എഫ് ബി സിറ്റി റോഡ് പദ്ധതികൾ നടപ്പാക്കുന്നത്. ഇതിനായി ഡിസൈൻ-ബിൽഡ്-ഫിനാൻസ്-ഓപ്പറേറ്റ്-ട്രാൻസ്ഫർ (DBFOT) എന്ന ആനുവിറ്റി മാതൃകയാണ് ബോർഡ് പിന്തുടരുന്നത്.

**റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് (ആർ ബി ഡി സി കെ)**: സംസ്ഥാന പൊതുമരാമത്ത് വകുപ്പിന് കീഴിൽ 1999 സെപ്റ്റംബർ 23-നാണ് ആർ ബി ഡി സി കെ ഒരു കമ്പനിയായി സ്ഥാപിതമായത്. പ്രധാന റോഡ് അടിസ്ഥാന സൗകര്യ പദ്ധതികൾ 'ടേൺകീ' അടിസ്ഥാനത്തിലോ അല്ലെങ്കിൽ ബിൽഡ്-ഓപ്പറേറ്റ്-ട്രാൻസ്ഫർ (BOT) മാതൃകയിലോ ആണ് ഈ സ്ഥാപനം ഏറ്റെടുക്കുന്നത്. വിപണിയിൽ നിന്നുള്ള വായ്പകൾ വഴിയാണ് പദ്ധതികൾക്ക് പണം കണ്ടെത്തുന്നത്. 2025-ലെ കണക്കനുസരിച്ച്, നിരവധി റെയിൽവേ ഓവർബ്രിഡ്ജുകൾ (ROB), പാലങ്ങൾ, ഫ്ലൈഓവറുകൾ, റോഡുകൾ എന്നിവയുൾപ്പെടെ 60 പദ്ധതികൾ പൂർത്തിയാക്കി. കൂടാതെ, ജിപിഎസ് സർവേകൾ നടത്താനും ഭൂമിക്കടിയിലുള്ള പൈപ്പുകൾ, കേബിളുകൾ തുടങ്ങിയവയുടെ ഭൂപടം തയ്യാറാക്കാനും(യൂട്ടിലിറ്റി മാപ്പിംഗ്) മുൻകൈ എടുക്കുന്നു.

**റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് (റിക്ക്)**: കേരള റോഡ് ഫണ്ട് ബോർഡിന് കീഴിൽ 2012 മാർച്ച് 19-നാണ് റിക്ക് കമ്പനി രൂപീകൃതമായത്. സംസ്ഥാന പാതകളും പ്രധാന ജില്ലാ റോഡുകളും വികസിപ്പിക്കാനും പരിപാലിക്കാനുമാണ് ഈ സ്ഥാപനം മുൻഗണന നൽകുന്നത്. പ്രധാനമായും ഡിസൈൻ-ബിൽഡ്-ഫിനാൻസ്-മാനേജ്-ട്രാൻസ്ഫർ (DBFMT) എന്ന കരാർ രീതിയാണ് പിന്തുടരുന്നത്. പ്രധാനപ്പെട്ട ഗതാഗത ഇടനാഴികളെ കേന്ദ്രീകരിച്ചാണ് കമ്പനിയുടെ പ്രവർത്തനം. യാത്രാതടസ്സങ്ങൾ കുറയ്ക്കാനും റോഡ് സുരക്ഷ വർദ്ധിപ്പിക്കാനും 'ആനുവിറ്റി' അധിഷ്ഠിത മാതൃകകളാണ് ഇവർ ഉപയോഗിക്കുന്നത്. നിർദ്ദിഷ്ട കരമന-വെള്ളറട റോഡ് വീതികൂട്ടൽ പോലുള്ള സുപ്രധാന പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു.

**നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആൻഡ് റിസർച്ച് സെന്റർ (നാറ്റ്പാക്)**: 1976-ൽ സ്ഥാപിതമായ നാറ്റ്പാക്, കേരളത്തിലെ ഗതാഗത ആസൂത്രണത്തിന് ആവശ്യമായ ഗവേഷണ വിവരങ്ങൾ നൽകുന്ന സ്ഥാപനമാണ്. ട്രാഫിക് മാനേജ്മെന്റ്, നഗര യാത്രാ സൗകര്യങ്ങൾ, റോഡ് സുരക്ഷ എന്നിവയുമായി ബന്ധപ്പെട്ട സർക്കാരിന്റെ നയരൂപീകരണത്തിൽ ഈ സ്ഥാപനം നിർണ്ണായക പങ്ക് വഹിക്കുന്നു. തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങൾക്കായുള്ള മൊബിലിറ്റി പ്ലാനുകൾ, റോഡ് സുരക്ഷാ ഓഡിറ്റുകൾ, ഇന്റലിജന്റ് ട്രാൻസ്പോർട്ടേഷൻ സിസ്റ്റം (ഐ.റ്റി.എസ്), ബദൽ റോഡ് നിർമ്മാണ രീതികൾ, പാർക്കിംഗ് നയങ്ങൾ എന്നിവയെക്കുറിച്ചുള്ള പഠനങ്ങൾ നാറ്റ്പാക്കിന്റെ പ്രധാന നേട്ടങ്ങളാണ്. കൂടാതെ, പൊതുഗതാഗതം (കൊച്ചി മെട്രോ ഉൾപ്പെടെ), ഉൾനാടൻ ജലഗതാഗതം, കാലാവസ്ഥാ വ്യതിയാനം ഗതാഗത മേഖലയിലുണ്ടാക്കുന്ന ആഘാതം എന്നിവയെക്കുറിച്ചും പഠനങ്ങൾ നടത്തുന്നു.

**കേരള റോഡ് സേഫ്റ്റി അതോറിറ്റി (കെ ആർ എസ് എ )**:

റോഡ് അപകടങ്ങളും പരിക്കുകളും കുറയ്ക്കുന്നതിനായി വിവിധ സർക്കാർ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് സുരക്ഷിതമായ യാത്ര ഉറപ്പാക്കുന്നതിനായി 2007-ൽ സ്ഥാപിതമായ സ്ഥാപനമാണ് കെ ആർ എസ് എ. അപകടങ്ങൾ പതിവായി നടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി പരിഹരിക്കുക, പൊതുജനങ്ങൾക്കായി ബോധവൽക്ക

രണ പരിപാടികൾ സംഘടിപ്പിക്കുക, സ്കൂളുകൾ കേന്ദ്രീകരിച്ചുള്ള റോഡ് സുരക്ഷാ അവബോധം നൽകുക എന്നിവ പ്രധാന പ്രവർത്തനങ്ങളാണ്. കൂടാതെ, 'സേഫ് കേരള' പോലുള്ള പദ്ധതികളിലൂടെ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നിയമപാലനവും അതോറിറ്റി ഉറപ്പുവരുത്തുന്നു.

**കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി) പദ്ധതികൾ**

സംസ്ഥാനത്തെ പ്രധാന അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് ഫണ്ട് നൽകുന്ന സുപ്രധാന സ്രോതസ്സാണ് കിഫ്ബി. പൊതുമരാമത്ത് വകുപ്പിന്റെ (പിഡബ്ല്യുഡി) കിഫ്ബി ധനസഹായത്തോടെയുള്ള പദ്ധതികളുടെ സംഗ്രഹം പട്ടിക 21.3-ൽ നൽകിയിരിക്കുന്നു. ആകെ അനുവദിച്ച 513 പദ്ധതികളിൽ 422 എണ്ണം പുരോഗമിക്കുന്നു, 91 എണ്ണം പൂർത്തിയായി. ദേശീയപാത 66-ന്റെ വികസനം, മലയോര ഹൈവേ, തീരദേശ ഹൈവേ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

**റോഡ് ഗതാഗതം**

ഉയർന്ന സാമ്പത്തിക ശേഷി, സ്വന്തം വാഹനങ്ങൾ ഉപയോഗിക്കാനുള്ള താല്പര്യം, മെച്ചപ്പെട്ട റോഡ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ സ്വാധീനത്താൽ 2016-നും 2025-നും ഇടയിൽ കേരളത്തിലെ വാഹനങ്ങളുടെ എണ്ണത്തിൽ ഗണ്യമായ വളർച്ച രേഖപ്പെടുത്തി. 2025 മാർച്ചിലെ കണക്കനുസരിച്ച്, സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള ആകെ വാഹനങ്ങളുടെ എണ്ണം ഏകദേശം 182 ലക്ഷത്തിലെത്തി. ഇതോടെ, ഇന്ത്യയിൽ ഏറ്റവും കൂടുതൽ വാഹന സാന്ദ്രതയുള്ള സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളം മുൻനിരയിലെത്തി.

സർക്കാരിന്റെ നയപരമായ പിന്തുണ, അടിസ്ഥാന സൗകര്യ വികസനം, ഉപഭോക്താക്കളുടെ വർദ്ധിച്ചുവരുന്ന സ്വീകാര്യത എന്നിവയിലൂടെ ഇന്ത്യയുടെ ഇലക്ട്രിക് വാഹന പരിവർത്തനത്തിന് കേരളം നേതൃത്വം നൽകുന്നത് ഈ സാഹചര്യത്തിൽ ശ്രദ്ധേയമാണ്. 2019-20ൽ 417 ആയിരുന്ന ഇലക്ട്രിക് വാഹനങ്ങളുടെ എണ്ണം 2025 മാർച്ച് 31-ഓടെ 2.3 ലക്ഷമായി വർദ്ധിച്ചത് വലിയ മുന്നേറ്റത്തെ സൂചിപ്പിക്കുന്നു. ഇ-മൊബിലിറ്റി പ്രോത്സാഹിപ്പിക്കാൻ ഇലക്ട്രിക് വാഹനങ്ങൾക്ക് 50 ശതമാനം റോഡ് നികുതി ഇളവും, ഇലക്ട്രിക് ഓട്ടോറിക്ഷകൾക്ക് 30,000 രൂപ സബ്സിഡിയും സംസ്ഥാന സർക്കാർ നൽകിവരുന്നുണ്ട്. മോട്ടോർ വാഹന വകുപ്പ്, കെ.എസ്.ഇ.ബി, അനെർട്ട് എന്നിവരും സ്വകാര്യ സംരംഭകരും ചേർന്ന് സംസ്ഥാനത്തുടനീളം ഇലക്ട്രിക് വാഹന ചാർജിംഗ് സൗകര്യങ്ങൾ വർദ്ധിപ്പിച്ചു വരികയാണ്. 2025 മാർച്ചിലെ കണക്കനുസരിച്ച് കെ.എസ്.ഇ.ബി 63 ചാർജിംഗ് സ്റ്റേഷനുകളും അനെർട്ട് 37 എണ്ണവും പ്രവർത്തിപ്പിക്കുന്നു. സ്വന്തം വീടുകളിൽ ചാർജിംഗ് സൗകര്യങ്ങൾ ഒരുക്കുന്നവരുടെ എണ്ണത്തിലും വർദ്ധനവുണ്ട്. പരിസ്ഥിതി സൗഹൃദവും ചെലവ് കുറഞ്ഞതുമായ ഗതാഗത സംവിധാനത്തിലേക്കുള്ള ഈ മാറ്റം വൈദ്യുതി ഉപഭോഗത്തിൽ വലിയ വർദ്ധനവിനും കാരണമായിട്ടുണ്ട്.

**പട്ടിക 21.3**: *കിഫ്ബി ധനസഹായത്തോടെയുള്ള പൊതുമരാമത്ത് വകുപ്പ് (പിഡബ്ല്യുഡി) പദ്ധതികൾ (2025 മാർച്ച് 31 വരെയുള്ള കണക്ക് പ്രകാരം)*

| ക്രമനമ്പർ | മേഖല | ആകെ പദ്ധതികൾ | പൂർത്തിയായവ | പുരോഗമിക്കുന്നവ |
|---|---|---|---|---|
| 1 | റോഡുകൾ | 235 | 71 | 157 |
| 2 | പാലങ്ങൾ, ഫ്ലൈ ഓവറുകൾ | 108 | 18 | 88 |
| 3 | തീരദേശ ഹൈവേ | 40 | 1 | 39 |
| 4 | ഫ്ലൈഓവറുകളും അണ്ടർപാസ്സുകളും | 9 | 2 | 6 |
| 5 | മലയോര ഹൈവേ | 47 | 5 | 42 |
| 6 | റെയിൽവേ ഓവർബ്രിഡ്ജുകൾ | 48 | 3 | 44 |
| 7 | ജംഗ്ഷൻ വികസനം | 9 | 0 | 9 |
| 8 | ടണൽ | 1 | 0 | 1 |
| 9 | ബൈപ്പാസുകൾ | 16 | 2 | 14 |
| 10 | മറ്റുള്ളവ | 6 | 2 | 4 |
| | ആകെ | 513 | 91 | 422 |

*ഉറവിടം:* കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി), കേരള സർക്കാർ..




**ചിത്രം 21.1:** *കേരളത്തിലെ വാഹനങ്ങളുടെ എണ്ണം, 2016 - 2025*

ഉറവിടം : മോട്ടോർ വാഹന വകുപ്പ്, കേരള സർക്കാർ.

### കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (കെ എസ് ആർ റ്റി സി )

വിവിധ റൂട്ടുകളിലായി അയ്യായിരത്തിലധികം ബസ്സുകൾ സർവീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി, കേരളത്തിലെ പൊതുഗതാഗത രംഗത്ത് സുപ്രധാന പങ്ക് വഹിക്കുന്നു. സാധാരണക്കാരായ യാത്രക്കാർക്കും, ഉൾനാടൻ പ്രദേശങ്ങളിൽ താമസിക്കുന്നവർക്കും മിതമായ നിരക്കിൽ യാത്രാ സൗകര്യം ഉറപ്പാക്കുന്നതിലും നിർണ്ണായകമായ പങ്ക് വഹിക്കുന്നു.

കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ കെ.എസ്.ആർ.ടി.സിയുടെ പ്രവർത്തനക്ഷമതയിലും സാമ്പത്തിക സ്ഥിതിയിലും ഗണ്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്. ഈ നേട്ടങ്ങൾ വിലയിരുത്തുമ്പോൾ മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി, കേരളത്തിലെ പൊതുഗതാഗത മേഖലയിൽ സ്വകാര്യ ബസ്സുകളുടെ ശക്തമായ സാന്നിധ്യമുണ്ടെന്ന കാര്യം ശ്രദ്ധിക്കേണ്ടതാണ്. 2016 മുതലുള്ള ശരാശരി പ്രതിദിന യാത്രക്കാരുടെ എണ്ണം, ഓപ്പറേറ്റിംഗ് കിലോമീറ്റർ, വരുമാനം എന്നിവയിലെ ദീർഘകാല പ്രവണതകൾ പട്ടിക 21.4 ൽ നൽകിയിട്ടുണ്ട്.

ചെലവ് കുറഞ്ഞ ഇരുചക്ര-മുച്ചക്ര വാഹനങ്ങളുടെ ലഭ്യത വർദ്ധിച്ചത് കേരളം ഉൾപ്പെടെയുള്ള എല്ലാ ഇന്ത്യൻ സംസ്ഥാനങ്ങളിലും പൊതുഗതാഗത സംവിധാനത്തെ ആശ്രയിക്കുന്നവരുടെ എണ്ണം കുറയാൻ കാരണമായിട്ടുണ്ട്. എങ്കിലും, അടുത്ത കാലത്ത് ഈ കുറവ് പരിഹരിക്കപ്പെടുകയും, യാത്രക്കാരുടെ എണ്ണം വർദ്ധിക്കുകയും ചെയ്യുന്നു. കോവിഡ് കാലഘട്ടത്തിൽ പ്രതിദിന യാത്രക്കാരുടെ എണ്ണം 10.1 ലക്ഷമായി കുറഞ്ഞിരുന്നു. 2025-ഓടെ അത് 20.3 ലക്ഷമായി ഉയർന്നു (പട്ടിക 21.4).

കെ.എസ്.ആർ.ടി.സി പുനരുദ്ധാരണ നയം ഫലപ്രദമായി നടപ്പാക്കിയതാണ് ഈ പുരോഗതിക്ക് പിന്നിൽ. വ്യവസ്ഥാപിതമായ രീതിയിൽ പുതിയ ബസ്സുകൾ നിരത്തിലിറക്കുക, റൂട്ട് ക്രമീകരണത്തിനും ചെലവ് കുറയ്ക്കാനും വിവരസാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുക, ഓഫ് റോഡ് ബസ്സുകളുടെ എണ്ണം കുറയ്ക്കുക, അറ്റകുറ്റപ്പണികൾ വേഗത്തിലാക്കാൻ വർക്ക്ഷോപ്പുകൾ നവീകരിക്കുക, ബസ് സ്റ്റാൻഡുകളിലും യാത്രയിലുടനീളവും യാത്രക്കാർക്ക് കൂടുതൽ സൗകര്യങ്ങൾ ഉറപ്പാക്കുക എന്നിവയ്ക്കാണ് കൂടുതൽ ഊന്നൽ നൽകിയിരിക്കുന്നത്.

കെ.എസ്.ആർ.ടി.സിയെ കൂടുതൽ കാര്യക്ഷമവും സാമ്പത്തികമായി ഭദ്രവും പരിസ്ഥിതി സൗഹൃദവുമായ കേരളത്തിന്റെ പൊതുഗതാഗത സംവിധാനമാക്കി മാറ്റുക എന്നതാണ് ലക്ഷ്യം.

**ബസ്സുകളുടെ എണ്ണത്തിൽ വർദ്ധന:** കെ.എസ്.ആർ.ടി.സി ബസ്സുകളുടെ എണ്ണം 2017-ലെ 4,807-ൽ നിന്നും 2025-ൽ 5,056 ആയി വർദ്ധിച്ചു. കെ.എസ്.ആർ.ടി.സി - സ്വിഫ്റ്റ് ലിമിറ്റഡിന് കീഴിലുള്ള ബസ്സുകളുടെ എണ്ണം 2023-ലെ 166-ൽ നിന്നും 2025 മാർച്ചോടെ 462 ആയി ഉയർന്നു. കിഫ്ബി ഫണ്ട് ഉപയോഗിച്ച് 2022-23 കാലയളവിൽ വാങ്ങിയ 50 ഇലക്ട്രിക് ബസ്സുകളും, 2023-24-ൽ സ്മാർട്ട് സിറ്റി പദ്ധതിയിൽ വാങ്ങിയ 113 ബസ്സുകളും ഇതിൽ ഉൾപ്പെടുന്നു.

**മൊത്തം സാമ്പത്തിക സ്ഥിതി**: 2015-16 മുതൽ 2024-25 വരെ കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക സ്ഥിതിയിൽ വലിയ പുരോഗതിയുണ്ടായി. മൊത്തം വരുമാനം, ഒരു വാഹനത്തിൽ നിന്നുള്ള ശരാശരി വരുമാനം, പ്രതിമാസം ഒരു യാത്രക്കാരനിൽ നിന്നുള്ള ശരാശരി വരുമാനം തുടങ്ങിയ പ്രധാന സൂചകങ്ങളിൽ ഗണ്യമായ നേട്ടം കൈവരിച്ചു. കെ.എസ്.ആർ.ടി.സി.യുടെ മൊത്ത വരുമാനം 1,784.8 കോടി രൂപയിൽ നിന്ന് 2,540.4 കോടി രൂപയായി വർദ്ധിച്ചതോടൊപ്പം കിലോമീറ്റർ അടിസ്ഥാനത്തിലുള്ള ശരാശരി വരുമാനത്തിലും, ഓരോ വാഹനത്തിൽ നിന്നുള്ള പ്രതിദിന വരുമാനത്തിലും സുസ്ഥിര വളർച്ച കൈവരിച്ചു. വരുമാന വർദ്ധനവിനായി നടപ്പാക്കിയ ലക്ഷ്യാധിഷ്ഠിത പദ്ധതികളുടെയും, പ്രവർത്തന ആസ്തികളുടെയും, യാത്രക്കാരുടെ എണ്ണത്തിന്റെയും, കാര്യക്ഷമമായ ഉപയോഗത്തിന്റെയും വിജയമാണ് ഇത് സൂചിപ്പിക്കുന്നത്. കെ.എസ്.ആർ.ടി.

**പട്ടിക 21.4**: *2016 മുതൽ 2025 വരെയുള്ള കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തന മികവ്*

| വർഷം | ശരാശരി പ്രതിദിന യാത്രക്കാർ (ലക്ഷം) | പ്രതിദിന യാത്രാ ദൂരം (ലക്ഷം കി.മീ) | ശരാശരി പ്രതിദിന വരുമാനം (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| 2016 | 28.2 | 16.8 | 537.3 |
| 2017 | 28.8 | 17.4 | 585.1 |
| 2018 | 23.3 | 16.8 | 628.5 |
| 2019 | 26.6 | 16.3 | 626.6 |
| 2020 | 10.5 | 7.5 | 248.9 |
| 2021 | 10.1 | 7.9 | 287.4 |
| 2022 | 16.9 | 11.8 | 556.7 |
| 2023 | 19.4 | 13.9 | 669.1 |
| 2024 | 19.8 | 14.0 | 680.1 |
| 2025 | 20.3 | 13.9 | 706.0 |

*ഉറവിടം:* കെ.എസ്.ആർ.ടി.സി

സി.യുടെ മറ്റൊരു വിഭാഗമായ കേരള അർബൻ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനും കിലോമീറ്റർ അടിസ്ഥാനത്തിലുള്ള ശരാശരി വരുമാനത്തിൽ വളർച്ച രേഖപ്പെടുത്തി. വിവിധ പ്രവർത്തന സൂചകങ്ങളിൽ കെ.എസ്.ആർ.ടി.സി. കൈവരിച്ച സ്ഥായിയായ പുരോഗതി സ്ഥാപനത്തിന്റെ പ്രവർത്തനക്ഷമത വർദ്ധിച്ചതായി സൂചിപ്പിക്കുന്നു.

**പ്രവർത്തനക്ഷമത വർദ്ധിപ്പിക്കാനും, ചെലവ് കുറയ്ക്കാനുമുള്ള നടപടികൾ**: സാങ്കേതികവിദ്യയുടെ സഹായത്തോടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കാനും, ചെലവ് കുറയ്ക്കാനും കെ.എസ്.ആർ.ടി.സി ലക്ഷ്യമിടുന്നു. റൂട്ട് ക്രമീകരണത്തിന് ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീനുകൾ (ഇ.റ്റി.എം), സുഗമമായ പണമിടപാടിന് എൻ.എഫ്.സി അധിഷ്ഠിത കെ-വാലറ്റ്, ആപ്പ് അധിഷ്ഠിത സേവനങ്ങൾ എന്നിവ ഇതിൽ പ്രധാനമാണ്. സർക്കുലർ, ഷട്ടിൽ, റേഡിയൽ സർവീസുകൾ വഴി വരുമാനം വർദ്ധിപ്പിക്കാനും, ഗ്രാമീണ മേഖലയിലെ യാത്രാസൗകര്യം മെച്ചപ്പെടുത്താനും നടപടി സ്വീകരിച്ചു. ഇന്ധനക്ഷമത വർദ്ധിപ്പിക്കാനുള്ള 'മൈ കെ.എം.പി.എൽ 5' കാമ്പെയിൻ, വർക്ക് ഷോപ്പുകളുടെ നവീകരണം, ഡെഡ് കിലോമീറ്ററുകൾ ഒഴിവാക്കൽ എന്നിവയിലൂടെ ചെലവ് കുറയ്ക്കാൻ സാധിച്ചു. ഓരോ ഡിപ്പോയെയും ലാഭകരമായ യൂണിറ്റുകളാക്കി മാറ്റാനുള്ള ശ്രമങ്ങളും നടക്കുന്നു.

**ഓഫ് റോഡ് ബസ്സുകൾ കുറയ്ക്കാനുള്ള നടപടികൾ:** പ്രവർത്തനക്ഷമതയും സാമ്പത്തിക ഭദ്രതയും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി, സർവീസ് നടത്താതെ നിർത്തിയിട്ടിരിക്കുന്ന ബസ്സുകളുടെ പ്രശ്നം കെ.എസ്.ആർ.ടി.സി നയപരമായി പരിഹരിച്ചുവരുന്നു. പഴയ ബസ്സുകൾ നവീകരിച്ച് പ്രവർത്തന കാലാവധി നീട്ടാനും, ഇന്ധനക്ഷമത വർദ്ധിപ്പിക്കാനും 'ഓൾഡ് ടു ഗോൾഡ്' പദ്ധതി നടപ്പാക്കി. ഇതോടൊപ്പം, തകരാറുകൾ സംഭവിക്കുന്ന സ്ഥലത്തു തന്നെ അടിയന്തര അറ്റകുറ്റപ്പണികൾ നടത്താൻ 'റാപ്പിഡ് റിപ്പയർ ടീമുകൾ' (ആർ.ആർ.റ്റി) സജ്ജമാക്കുകയും, സെൻട്രലൈസ്ഡ് - ഡിപ്പോ വർക്ക്ഷോപ്പുകൾ നവീകരിക്കുകയും ചെയ്തു. കൂടാതെ, യാത്രാമധ്യേയുള്ള ബ്രേക്ക്ഡൗൺ ഒഴിവാക്കാൻ കൃത്യമായ ഇടവേളകളിൽ 'സൂപ്പർ ചെക്കിംഗ്' സംവിധാനവും ഏർപ്പെടുത്തി. ഈ ശ്രമങ്ങളുടെ ഫലമായി 2023 നവംബറിൽ 975 ആയിരുന്ന ഓഫ്-റോഡ് ബസ്സുകളുടെ എണ്ണം 2024 ഓഗസ്റ്റിൽ 542 ആയി കുറയ്ക്കാൻ സാധിച്ചു. ഇത് ബസ്സുകളുടെ കാര്യക്ഷമമായ വിനിയോഗം സൂചിപ്പിക്കുന്നു.

**ഡിപ്പോകളുടെ ആധുനികവൽക്കരണവും പ്രകടനം മെച്ചപ്പെടുത്താനുള്ള നടപടികളും** : കെ.എസ്.ആർ.ടി.സി ഡിപ്പോകളെ കാര്യക്ഷമവും വരുമാനദായകവുമായ കേന്ദ്രങ്ങളാക്കി മാറ്റാനാണ് ആധുനികവൽക്കരണ പദ്ധതി ലക്ഷ്യമിടുന്നത്. വർക്ക് ഷോപ്പുകൾ നവീകരിക്കുക, 93 ഡിപ്പോകളിലും 'ഗ്രീൻ മേക്കോവർ' നടപ്പിലാക്കുക, മാലിന്യ സംസ്കരണവും ശുചിത്വവും ഉറപ്പാക്കുക, യാത്രക്കാർക്കുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുക എന്നിവ ഇതിൽ ഉൾപ്പെടുന്നു. കൂടാതെ, ഡിപ്പോകളെ വാണിജ്യ ആവശ്യങ്ങൾക്കായി ഉപയോഗിക്കുക, പൊതുജനങ്ങൾക്കായി ഇന്ധന വിൽപ്പന കേന്ദ്രങ്ങൾ ആരംഭിക്കുക, ഡിപ്പോകൾ കമ്പ്യൂട്ടർവൽക്കരിക്കുക എന്നിവയും നടപ്പാക്കുന്നു. യാത്രക്കാർക്ക് ആധുനിക സേവനം ലഭ്യമാക്കാൻ ആൻഡ്രോയിഡ് അധിഷ്ഠിത സ്മാർട്ട് ഇ.ടി.എം, പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം എന്നിവയും ഏർപ്പെടുത്തിയിട്ടുണ്ട്.

**ഇതര വരുമാന മാർഗ്ഗങ്ങൾ** : സാമ്പത്തിക സ്വയംപര്യാപ്തത കൈവരിക്കാൻ കെ.എസ്.ആർ.ടി.സി വരുമാന സ്രോതസ്സുകൾ വൈവിധ്യവൽക്കരിക്കുകയാണ്. ബസുകളിലും ഡിപ്പോകളിലും പരസ്യം നൽകുക, നെയ്മിംഗ് റൈറ്റ്സ് നൽകുക, ഷോപ്പുകൾക്കും ഓഫീസുകൾക്കുമായി സ്ഥലം പാട്ടത്തിന് നൽകുക എന്നിവ ഇതിന്റെ ഭാഗമാണ്. പഴയ ബസുകളെ 'ഷോപ്പ് ഓൺ വീൽസ്' ആയി മാറ്റുന്ന പദ്ധ

തിയും വിജയകരമാണ്. കെ.എസ്.ആർ.ടി.സിയുടെ ലോജിസ്റ്റിക്സ് വിഭാഗം വഴി പാഴ്സൽ-കാർഗോ സേവനങ്ങളും, 'യാത്ര ഫ്യൂവൽസ്' വഴി പൊതുജനങ്ങൾക്കുള്ള ഇന്ധന വിൽപ്പനയും വരുമാനം വർദ്ധിപ്പിക്കുന്നു. കൂടാതെ ബജറ്റ് ടൂറിസം പാക്കേജുകൾ, ചാർട്ടർ സർവീസുകൾ, ഉപയോഗ ശൂന്യമായതും പഴയതുമായ വസ്തുക്കളുടെ വിൽപന, ഡ്രൈവിംഗ് ട്രെയിനിംഗ് സെന്ററുകൾ എന്നിവയും അധിക വരുമാനം നൽകുന്നു.

**മറ്റ് നേട്ടങ്ങൾ** : 2016-നും 2025-നും ഇടയിൽ സേവന വൈവിധ്യവൽക്കരണത്തിലും സാങ്കേതിക വിദ്യയിലും കെ.എസ്.ആർ.ടി.സി വലിയ മുന്നേറ്റം നടത്തി. ഗരുഡ മഹാരാജ, ഗജരാജ് തുടങ്ങിയ പ്രീമിയം അന്തർസംസ്ഥാന ബസുകൾ, മിന്നൽ നൈറ്റ് സർവീസുകൾ, ശബരിമല സ്പെഷ്യൽ സർവീസുകൾ എന്നിവ ഇതിന് ഉദാഹരണമാണ്. സിംഗിൾ ഫെയർ ടിക്കറ്റിംഗും, ഗൂഗിൾ മാപ്പ് സംയോജനവും വഴി സിറ്റി സർവീസുകൾ നവീകരിച്ചു. ഗ്രാമീണ മേഖലകൾക്കായി 'ഗ്രാമവണ്ടി' പദ്ധതിയും ബി.എസ്.6 നിലവാരത്തിലുള്ള പുതിയ ഡീസൽ ബസുകളും നിരത്തിലിറക്കി. 2022-ൽ സിറ്റി സർക്കുലർ, ഗ്രാമവണ്ടി പദ്ധതികൾക്ക് കേന്ദ്ര നഗരകാര്യ മന്ത്രാലയത്തിന്റെ ദേശീയ പുരസ്കാരം ലഭിച്ചു. കൂടാതെ 2024 മാർച്ചിൽ നാഷണൽ പബ്ലിക് ട്രാൻസ്പോർട്ട് എക്സലൻസ് അവാർഡും കോർപ്പറേഷൻ കരസ്ഥമാക്കി.

### റോഡ് സുരക്ഷ

കേരളത്തിലെ റോഡ് സുരക്ഷ വർദ്ധിപ്പിക്കാൻ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

**മോട്ടോർ വാഹന വകുപ്പ് (എം.വി.ഡി)**: ക്യാമറകൾ, സ്മാർട്ട് കാർഡ് എന്നിവയിലൂടെ ഡിജിറ്റൽ നിയമപാലനം ഉറപ്പാക്കുന്നു. പൊതുഗതാഗത വാഹനങ്ങളിൽ ജി.പി.എസ് ട്രാക്കിംഗും പാനിക് ബട്ടണും നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ സുരക്ഷിത ഡ്രൈവിംഗിനായും ഉത്തരവാദിത്തത്തോടെ റോഡിൽ പെരുമാറാനുള്ള ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുന്നു.

**നാറ്റ്പാക്**: 2022 വരെയുള്ള അപകടങ്ങളുടെ കണക്കുകൾ വിശകലനം ചെയ്ത് 4,592 അപകട മേഖലകൾ കണ്ടെത്തി. ഇതിൽ 374 എണ്ണത്തിന് അടിയന്തര മുൻഗണന നൽകിയിട്ടുണ്ട്. ദേശീയ-സംസ്ഥാന പാതകളിലെ 2,200 കിലോമീറ്റർ അപകടസാധ്യതയുള്ള ഭാഗങ്ങളും തിരിച്ചറിഞ്ഞിട്ടുണ്ട്. ലക്ഷ്യാധിഷ്ഠിതമായ പഠനങ്ങളും ഗവേഷണങ്ങളും നടത്താൻ ഈ സമഗ്രമായ സമീപനം സഹായിക്കുന്നു.

**പൊതുമരാമത്ത് വകുപ്പ് (പി.ഡബ്ല്യു.ഡി)**: റോഡുകളുടെ ഡിസൈൻ, നിർമ്മാണം, അറ്റകുറ്റപ്പണി എന്നിവയിലൂടെ റോഡ് സുരക്ഷ ഉറപ്പാക്കുന്നതിൽ പി.ഡബ്ല്യു.ഡി പ്രധാന പങ്കുവഹിക്കുന്നു. ബ്ലാക്ക് സ്പോട്ടുകൾ പരിഹരിക്കാനുള്ള എഞ്ചിനീയറിംഗ് നടപടികളും ഈ വകുപ്പാണ് സ്വീകരിക്കുന്നത്.

**കേരള റോഡ് സുരക്ഷാ അതോറിറ്റി (കെ ആർ എസ് എ)**: വിവിധ സർക്കാർ വകുപ്പുകൾക്കും ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്കും ഇടയിൽ റോഡ് സുരക്ഷാ പരിപാടികൾ ഏകോപിപ്പിക്കുകയും നടപ്പാക്കുകയും ചെയ്യുന്ന ഏജൻസിയാണ് കെ ആർ എസ് എ (കേരള റോഡ് സുരക്ഷാ അതോറിറ്റി). റോഡ് സുരക്ഷാ ബോധവൽക്കരണ കാമ്പെയ്നുകൾ, അപകടസാധ്യതയുള്ള ഇടങ്ങൾ മെച്ചപ്പെടുത്തൽ, എൻഫോഴ്സ്മെന്റിനായി ആധുനിക സാങ്കേതികവിദ്യ ഉപയോഗിക്കൽ, അത്യാവശ്യ ഘട്ടങ്ങളിലെ മെഡിക്കൽ സഹായം എന്നിവയുൾപ്പെടെയുള്ള പ്രധാന പ്രവർത്തനങ്ങൾക്കായി പ്രത്യേക റോഡ് സുരക്ഷാ ഫണ്ട് രൂപീകരിച്ചതും അത് കൈകാര്യം ചെയ്യുന്നതും ഈ അതോറിറ്റിയാണ്.

### മിഷൻ സീറോ

2030-ഓടെ റോഡപകട മരണങ്ങൾ ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ 2023 നവംബറിലാണ് കേരള സർക്കാർ ഈ പദ്ധതി ആരംഭിച്ചത്. 2025-ഓടെ അപകട മരണങ്ങൾ 50 ശതമാനമായി കുറയ്ക്കുക എന്നതായിരുന്നു ഇടക്കാല ലക്ഷ്യം. എഞ്ചിനീയറിംഗ്, എൻഫോഴ്സ്മെന്റ്, വിദ്യാഭ്യാസം-ബോധവൽക്കരണം, അടിയന്തര ട്രോമ കെയർ, നിയമനിർമ്മാണം/മൂല്യനിർണ്ണയം എന്നിവയ്ക്ക് പ്രാധാന്യം നൽകുന്ന അഞ്ചു ഘടകങ്ങൾ ഉൾക്കൊള്ളുന്ന ഒരു സമഗ്ര നയത്തിലൂടെയാണ് ഈ ബൃഹത്തായ ലക്ഷ്യം നടപ്പിലാക്കുന്നത്.

### തുറമുഖങ്ങളും, ലൈറ്റ് ഹൗസുകളും ഷിപ്പിംഗും

### 13, 14 പഞ്ചവത്സര പദ്ധതി കാലയളവിലെ തുറമുഖ വികസനം

പാസഞ്ചർ ഗതാഗതവും ചരക്കു ഗതാഗതവും വർദ്ധിപ്പിക്കുക, തുറമുഖങ്ങൾ വികസിപ്പിച്ചുകൊണ്ട് ടൂറിസം പ്രോത്സാഹിപ്പിക്കുക, തീരദേശ ഷിപ്പിംഗ്, ഉൾനാടൻ പ്രദേശങ്ങൾ, തീരദേശ സമൂഹം തുടങ്ങിയവ മെച്ചപ്പെടുത്തുക എന്നിവയാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതി ലക്ഷ്യമിട്ടിരുന്നത്. കൂടാതെ, തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാനും സംസ്ഥാനത്തെ തുറമുഖങ്ങളുടെ കാര്യക്ഷമത മെച്ചെപ്പെടുത്താനുള്ള നടപടികൾ പദ്ധതി വിഭാവനം ചെയ്തു. തുറമുഖാധിഷ്ഠിത വ്യവസായവൽക്കരണത്തെ പ്രോത്സാഹിപ്പിക്കാൻ മറ്റ് മേഖലകളിലെ സാമ്പത്തിക വളർച്ചയെയും വികസനത്തെയും തുറമുഖ വികസനവുമായി സംയോജിപ്പിക്കാനാണ് പതിനാലാം പഞ്ചവത്സര പദ്ധതി വിഭാവനം ചെയ്തത്.

### പ്രധാന നയ സംരംഭങ്ങൾ

തുറമുഖ മേഖലയിലെ ഒരു സുപ്രധാന നടപടിയാണ് 2017 ലെ കേരള മാരിടൈം ബോർഡ് ആക്ട്. ഇത് സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളുടെയും തീരദേശ ഷിപ്പിംഗിന്റെയും നാവിഗേഷന്റെയും വികസനം വിഭാവനം ചെയ്യുന്നു. 2017 സെപ്റ്റംബറിലെ ഈ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് കേരള മാരിടൈം ബോർഡ് സ്ഥാപിതമായത്. മേഖലയുടെ സമഗ്ര വികസനത്തിന്റെ ആവശ്യകത കണക്കിലെടുത്ത് അടിസ്ഥാന സൗകര്യ നിക്ഷേപങ്ങൾ (വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പോലുള്ളവ), ആവാസവ്യവസ്ഥ വികസനം (തീരദേശ ഷിപ്പിംഗ് പ്രൊമോഷൻ, സമുദ്ര പരിശീലനം, പരിസ്ഥിതി ആസൂത്രണം) എന്നിവയ്ക്കായി കേരള സർക്കാർ നിരവധി ഇടപെടലുകൾ നടത്തിയിട്ടുണ്ട്. 2024 ഓഗസ്റ്റിൽ മലബാർ ഇന്റർനാഷണൽ പോർട്ട് ആൻഡ് സെസ്

ലിമിറ്റഡിന്റെ (എംഐപിഎസ്എൽ) ഡിപിആർ സംസ്ഥാന സർക്കാർ അംഗീകരിച്ചു.

കേരള മാരിടൈം ബോർഡ് (കെഎംബി), ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് (എച്ച്ഇഡി), ഹൈഡ്രോഗ്രാഫിക് സർവേ വിംഗ് (എച്ച്എസ്ഡബ്ല്യു), വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് (വിഐഎസ്എൽ), കൊച്ചിൻ പോർട്ട് ട്രസ്റ്റ് (സിപിടി), കോട്ടയം പോർട്ട് ആൻഡ് കണ്ടെയ്നർ ടെർമിനൽ സർവീസസ് പ്രൈവറ്റ് ലിമിറ്റഡ് (കെപിഎസിടി), മലബാർ ഇന്റർനാഷണൽ പോർട്ട് ആൻഡ് സെസ് ലിമിറ്റഡ് (എംഐപിഎസ്എൽ) എന്നിവയാണ് തുറമുഖവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഏജൻസികൾ.

ഇന്ത്യൻ തുറമുഖ നിയമം (1908) പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള കേരളത്തിലെ 17 മൈനർ തുറമുഖങ്ങളുടെ നിയന്ത്രണവും മേൽനോട്ടവും പ്രവർത്തനവും നിർവഹിക്കുന്നത് കേരള മാരിടൈം ബോർഡ് ആണ്. എന്നാൽ, ഈ 17 തുറമുഖങ്ങളിൽ വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ, അഴീക്കൽ എന്നീ നാല് തുറമുഖങ്ങൾ മാത്രമാണ് നിലവിൽ പൂർണ്ണതോതിൽ പ്രവർത്തിക്കുന്നത്. കെഎംബിക്ക് കീഴിലുള്ള നോൺ-മേജർ തുറമുഖങ്ങൾക്ക് പുറമേ, കൊച്ചി പോർട്ട് ട്രസ്റ്റ് നിയന്ത്രിക്കുന്ന ഒരു വൻകിടതുറമുഖം കൊച്ചിയിലുണ്ട്. ഇന്ത്യയിലെ ആദ്യത്തെ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലായ വല്ലാർപാടത്തെ കൊച്ചി ഇന്റർനാഷണൽ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ (ഐ സി റ്റി റ്റി) 2011 ഫെബ്രുവരി 11 ന് കമ്മീഷൻ ചെയ്തു. വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ട് (വിസിൽ) അദാനി വിഴിഞ്ഞം പ്രൈവറ്റ് പോർട്ട് ലിമിറ്റഡന്റെ (എ വി പി പി എൽ) മേൽനോട്ടത്തിൽ പിപിപി മോഡിൽ വികസിപ്പിച്ചുവരുന്നു. കിൻഫ്ര പ്രൊമോട്ട് ചെയ്യുന്ന കോട്ടയം പോർട്ട് ആൻഡ് കണ്ടെയ്നർ ടെർമിനൽ സർവീസസ് (KPACT), കേരളത്തിലെ ഏക ഇൻലാൻഡ് കണ്ടെയ്നർ ഡിപ്പോയാണ് (ICD). അഴീക്കലിൽ പി.പി.പി മാതൃകയിൽ ഒരു തുറമുഖം വികസിപ്പിക്കാൻ രൂപീകരിച്ച പ്രത്യേക ലക്ഷ്യത്തോടുള്ള പ്രത്യേക ഉദ്ദേശ്യ സ്ഥാപനമാണ് മലബാർ പോർട്ട് ആൻഡ് സെസ് (SEZ).

2016-17 നും 2024-25 നും ഇടയിൽ കേരള സർക്കാർ തുറമുഖ മേഖലയ്ക്കായി (വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് ഒഴികെ) 1,869 കോടി രൂപ ചെലവഴിച്ചു.

**പ്രധാന നേട്ടങ്ങൾ**

തുറമുഖ വികസനം: 2016-17 നും 2024-25 നും ഇടയിൽ നോൺ-മേജർ തുറമുഖ മേഖലയിൽ താഴെപ്പറയുന്ന പ്രവൃത്തികൾ ഏറ്റെടുത്തു (പട്ടിക 21.5).

**ഇൻലാൻഡ് വെസ്സൽ നിയമങ്ങൾ**: യന്ത്രവൽകൃത ഉൾനാടൻ കപ്പലുകളുടെ രജിസ്ട്രേഷനും സർവേയുമായി ബന്ധപ്പെട്ട നിയമത്തിലെ വ്യവസ്ഥകൾ നടപ്പാക്കാനുള്ള

**ബോക്സ് 21.1**

**വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് (വിസിൽ)**

സമീപ വർഷങ്ങളിലെ ഒരു പ്രധാന പരിവർത്തന സംരംഭമാണ് വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട്. കേരളത്തെ ദക്ഷിണേഷ്യയിലെ ഒരു പ്രധാന ട്രാൻസ്ഷിപ്പ്മെന്റ് ഹബ്ബായി മാറ്റാൻ രൂപകൽപ്പന ചെയ്ത ബൃഹത്തായ ഒരു കർമ്മപദ്ധതിയാണിത്. കൊളംബോ, സിംഗപ്പൂർ തുടങ്ങിയ അന്താരാഷ്ട്ര തുറമുഖങ്ങളുമായി മത്സരിക്കാനാണ് ഇത് വിഭാവനം ചെയ്തിരിക്കുന്നത്. തീരത്ത് നിന്ന് 20 മീറ്ററിന്റെ സ്വാഭാവിക ആഴം ലഭ്യമായതും, കുറഞ്ഞ ഡ്രെഡ്ജിംഗ് ആവശ്യകതകളും, അന്താരാഷ്ട്ര കിഴക്ക്-പടിഞ്ഞാറ് ഷിപ്പിംഗ് റൂട്ടിലേക്കുള്ള സാമീപ്യവും (10 നോട്ടിക്കൽ മൈൽ) ഇതിന്റെ പ്രത്യേകയാണ്. തുറമുഖ, ഷിപ്പിംഗ്, ജലപാത മന്ത്രാലയത്തിന്റെ വിഷൻ ഡോക്യുമെന്റായ മാരിടൈം ഇന്ത്യ വിഷൻ (എംഐവി) 2030 ൽ തെരഞ്ഞെടുത്തതും മുൻഗണന നൽകിയിട്ടുള്ളതുമായ കേരള സർക്കാരിന്റെ ഏക പദ്ധതിയാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം.

ഇന്ത്യയിലെ ഏക ആഴക്കടൽ തുറമുഖമാണ് വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട്. 2024 ഡിസംബർ 3 ന് (വാണിജ്യ പ്രവർത്തന തീയതി) ഔദ്യോഗികമായി പ്രവർത്തനങ്ങൾ ആരംഭിച്ചു. 2024 ജൂലൈ 12 മുതൽ തുറമുഖം ട്രയൽ റൺ ആരംഭിച്ചിരുന്നു. 2025 നവംബർ 30 വരെ, 611 കപ്പലുകളിൽ കൈകാര്യം ചെയ്ത 13,13,609 ടിഇയു (ട്വന്റി ഫൂട്ട് ഈക്വലന്റ് യൂണിറ്റ്) കണ്ടെയ്നറുകളിൽ നിന്നും ആകെ വരുമാനമായി 534.59 കോടി രൂപയും ജിഎസ്ടി 96.23 കോടി രൂപയും ലഭിച്ചു. കേരള സർക്കാർ നാളിതുവരെ വിസിലിനു വേണ്ടി 1,475 കോടി രൂപ ചെലവഴിച്ചു.

24,116 ടിഇയു ശേഷിയുള്ള അൾട്രാ ലാർജ് കണ്ടെയ്നർ വെസ്സൽ (യുഎൽസിവി) വിഭാഗത്തിലുള്ള എംഎസ്സി ക്ലോസ് ഗിറാർഡെറ്റ് എന്ന പേരിലുള്ള ഒരു കണ്ടെയ്നർ വെസ്സൽ 2024 സെപ്റ്റംബർ 13-ന് തുറമുഖത്ത് എത്തി.

ഏറ്റവും വലിയ കണ്ടെയ്നർ കപ്പലുകളിലൊന്നായ എംഎസ്സി തുർക്കിയെ 2025 ഏപ്രിൽ 10 ന് തുറമുഖത്ത് എത്തി. 399.9 മീറ്റർ നീളവും 61.3 മീറ്റർ വീതിയും 24,346 ടിഇയു ശേഷിയുമുള്ള ഏറ്റവും വലിയ കണ്ടെയ്നർ കപ്പലായ എംഎസ്സി ഐറിന 2025 ജൂൺ 9 ന് വിഴിഞ്ഞത്ത് എത്തി. ഈ കപ്പൽ ആദ്യമായാണ് ദക്ഷിണേഷ്യയിൽ ഡോക്ക് ചെയ്യുന്നത്.

വിഴിഞ്ഞം-കൊല്ലം-പുനലൂർ എന്നീ പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന ത്രികോണ രീതിയിലുള്ള ഒരു വ്യാവസായിക, സാമ്പത്തിക മാതൃക സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. ഇത് കിഫ്ബി വഴി നടപ്പാക്കും. രാജ്യത്തെ ഏറ്റവും വലിയ തുറമുഖമായ വിഴിഞ്ഞം തുറമുഖത്തിന്റെ സാധ്യതകൾ സംസ്ഥാനത്തിന്റെ പ്രയോജനത്തിനായി ഉപയോഗിക്കാനാണ് ഈ സംരംഭം ലക്ഷ്യമിടുന്നത്.

**പട്ടിക 21.5** *2016 - 17 മുതൽ 2024 - 25 വരെയുള്ള കാലയളവിൽ നോൺ - മേജർ തുറമുഖങ്ങളിൽ ഏറ്റെടുത്ത പ്രവൃത്തികൾ*

| ക്രമ നമ്പർ | തുറമുഖം | വികസന പ്രവർത്തനങ്ങൾ |
|---|---|---|
| 1 | അഴീക്കൽ | ക്രെയിൻ, വെയിംഗ് മെഷീൻ, ഓട്ടോമേറ്റഡ് കാർഗോ ഹാൻഡ്‌ലിംഗ് ഗിയറുകൾ, ടഗ്, ഐ എസ് പി എസ് കംപ്ലയൻസ് |
| 2 | ബേപ്പൂർ | ക്രെയിൻ, സോളാർ പാനൽ ഇൻസ്റ്റലേഷൻ, ട്രാൻസിറ്റ് ഷെഡ്, ഡ്രെഡ്ജിംഗ് പ്രവൃത്തികൾ, സിസിടിവി, ഐഎസിപി കംപ്ലയൻസ്, ഓട്ടോമേറ്റഡ് കാർഗോ ഹാൻഡ്‌ലിംഗ് ഗിയറുകൾ, ഐ എസ് പി എസ് കംപ്ലയൻസ് |
| 3 | വിഴിഞ്ഞം | വാർഫ്, വെയിംഗ് മെഷീൻ, ട്രാൻസിറ്റ് ഷെഡ്, ഐ എസ് പി എസ് കംപ്ലയൻസ്, ഐഎസിപി കംപ്ലയൻസ് |
| 4 | ആലപ്പുഴ | മാരിടൈം പരിശീലന ഹാൾ, സോളാർ പാനൽ ഇൻസ്റ്റാലേഷൻ |
| 5 | തലശ്ശേരി | സോളാർ പാനൽ ഇൻസ്റ്റലേഷൻ |
| 6 | കൊല്ലം | വാർഫ്, ഓട്ടോമേറ്റഡ് കാർഗോ ഹാൻഡ്‌ലിംഗ് ഗിയറുകൾ, ഡ്രെഡ്ജിംഗ് ജോലികൾ, ബെർത്ത്, ഐഎസിപി കംപ്ലയൻസ്, ഐ എസ് പി എസ് കംപ്ലയൻസ് |
| 7 | പൊന്നാനി | ഡ്രെഡ്ജിംഗ് പ്രവൃത്തികൾ |

*ഉറവിടം:* കേരള മാരിടൈം ബോർഡ്

നോഡൽ ഏജൻസിയാണ് കേരള മാരിടൈം ബോർഡ്. ഇതിന്റെ ഭാഗമായി, കെഎംബി പരിശോധനകൾ നടത്തുകയും വെസ്സലുകളുടെ രജിസ്ട്രേഷൻ സുഗമമാക്കുകയും ചെയ്യുന്നു. 2016-17 മുതൽ 2024-25 വരെ 7,814 കപ്പലുകൾ പരിശോധിക്കുകയും, അതിൽ 5,596 കപ്പലുകൾ പ്രവർത്തനക്ഷമമാണെന്നും 2,218 എണ്ണം തകരാറിലാണെന്നും കണ്ടെത്തി. 2016-17 നും 2024-25 നും ഇടയിൽ മൊത്തം 2,317 കപ്പലുകൾ രജിസ്റ്റർ ചെയ്തു.

**കാർഗോ വളർച്ചയും പ്രവർത്തന കാര്യക്ഷമതയും**: നോൺ-മേജർ തുറമുഖങ്ങളുടെ വികസനത്തിൽ സംസ്ഥാനം നടത്തിയ നിക്ഷേപങ്ങൾ, പ്രത്യേകിച്ച് കാർഗോ കൈകാര്യം ചെയ്യാനുള്ള ശേഷിയിലും സേവന വൈവിധ്യവൽക്കരണത്തിലും, ഫലമുണ്ടാക്കി. നോൺ-മേജർ തുറമുഖങ്ങളിലെ ഇറക്കുമതി ചരക്കിനേക്കാൾ (തീരദേശം) കയറ്റുമതി ചരക്ക് (തീരദേശം) കൂടുതലാണ്. കേരളത്തിൽ നിന്ന് കൈകാര്യം ചെയ്ത മൊത്തം ചരക്ക് (കയറ്റുമതിയും, ഇറക്കുമതിയും) 2023-24 ലെ 84,750 ടണ്ണിൽ നിന്ന് 2024-25 ൽ 1,01,479 ടണ്ണായി വർദ്ധിച്ചു.

**തുറമുഖ പ്രവർത്തനങ്ങളും നടത്തിപ്പും**: 2016-17 നും 2024-25 നും ഇടയിൽ, 4,296 കപ്പലുകൾ (ബ്രേക്ക്-ബൾക്ക് ഷിപ്പ്, മിനി കണ്ടെയ്നർ വെസൽ, പാസഞ്ചർ വെസ്സൽ, മിനി ബൾക്ക് വെസ്സൽ, ഉറൂസ്, ഗവേഷണ വെസ്സൽ, ബാർജുകൾ, യാച്ചുകൾ) സംസ്ഥാനത്തെ പ്രവർത്തനക്ഷമമായ തുറമുഖങ്ങളിൽ എത്തി. അതിൽ 2,140 സ്റ്റീമറുകളും 2,156 സെയിലിംഗ് വെസ്സലുകളും ഉൾപ്പെടുന്നു. കേരളത്തിലെ പ്രവർത്തനക്ഷമമായ നാല് തുറമുഖങ്ങളിൽ, ഏറ്റവും കൂടുതൽ കപ്പലുകൾ എത്തിയത് (3,338) ബേപ്പൂർ (കോഴിക്കോട്) തുറമുഖത്താണ്. വിഴിഞ്ഞത്ത് 635 എണ്ണവും, കൊല്ലത്ത് 271 എണ്ണവും അഴീക്കലിൽ 50 എണ്ണവും കൊടുങ്ങല്ലൂരിൽ ഒരു വെസ്സലും എത്തി.

**കൊച്ചി തുറമുഖം**: കൊച്ചി തുറമുഖം കൈകാര്യം ചെയ്ത ചരക്ക് 2016-17 ലെ 25 ദശലക്ഷം ടണ്ണിൽ നിന്ന് 2024-25 ൽ 37.6 ദശലക്ഷം ടണ്ണായി വർദ്ധിച്ചു. കൊച്ചി തുറമുഖ ട്രസ്റ്റിന്റെ ഭാഗമായ വല്ലാർപാടം ടെർമിനലിന് പ്രതിവർഷം ഒരു ദശലക്ഷം ടിഇയു (ഇരുപത് അടി തുല്യ യൂണിറ്റുകൾ) വരെയുള്ള ചരക്ക് കൈകാര്യം ചെയ്യാൻ കഴിയും. ദുബായ് പോർട്ട്സ് വേൾഡ് (ഡിപിഡബ്ല്യു) ആണ് ഇത് പ്രവർത്തിപ്പിക്കുന്നത്.

**മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകൾ**: ഇൻലാൻഡ് വെസ്സൽ സംബന്ധമായ കോഴ്സുകളിൽ പരിശീലനം നൽകാൻ നീണ്ടകരയിലും കൊടുങ്ങല്ലൂരിലും കെഎംബി രണ്ട് ഇൻസ്റ്റിറ്റ്യൂട്ടുകൾ നടത്തുന്നുണ്ട്. 2019-20 മുതൽ 2024-25 വരെ, ഈ സ്ഥാപനങ്ങളിലെ വിവിധ കോഴ്സുകളിൽ നിന്നായി 3,340 വിദ്യാർത്ഥികൾ ബിരുദം നേടിയിട്ടുണ്ട്.

### മറ്റ് നേട്ടങ്ങൾ

കേരളത്തിന്റെ തുറമുഖ മേഖലയിലെ സമീപകാല ചരിത്രത്തിലെ ഒരു പ്രധാന നാഴികക്കല്ല് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് ഒരു ക്രൂ ചേഞ്ച് സൗകര്യം ഒരുക്കിയതാണ്. ചരക്ക് കപ്പലായ എംവി എവർ ഗ്ലോബിനായി 2020 ജൂലൈ 15 ന് ആദ്യത്തെ ക്രൂ ചേഞ്ച് ഓപ്പറേഷൻ നടന്നു. 2020 ജൂലൈ 15 നും 2022 ജൂലൈ 29 നും ഇടയിൽ, 735 കപ്പലുകളിലായി 6,389 ക്രൂ സൈൻ-ഓണുകളും 6,072 ക്രൂ സൈൻ-ഓഫുകളും നടന്നു. ക്രൂ ചേഞ്ച് ഓപ്പറേഷനുകളിൽ നിന്ന് 9.5 ലക്ഷം രൂപ വരുമാനം കിട്ടി.

ഹൈഡ്രോഗ്രാഫിക് സർവേ വിംഗ് വിവിധ ഡിജിറ്റൽ ആപ്ലിക്കേഷനുകൾ അവതരിപ്പിച്ചിട്ടുണ്ട്. ഉപഭോക്താക്കൾക്ക് സർവേ സംബന്ധമായ സേവനങ്ങൾ ലഭ്യമാക്കാനുള്ള വെബ് അധിഷ്ഠിത പ്ലാറ്റ്ഫോമായ 'ജലനേത്ര' ഹൈഡ്രോഗ്രാഫിക് സർവേ മാനേജ്മെന്റ് സിസ്റ്റം; ഹൈഡ്രോഗ്രാഫിക് സർവേയർമാർക്ക് പരസ്പരം ആശയവിനിമയത്തിനും

പ്രവർത്തനങ്ങൾ നിയന്ത്രിക്കാനുമുള്ള ആൻഡ്രോയിഡ് മൊബൈൽ ആപ്ലിക്കേഷനായ 'തീരം' ഹൈഡ്രോഗ്രാഫിക് ഡാറ്റ മാനേജ്മെന്റ് പ്രക്രിയയെ ഡിജിറ്റൽ മാതൃകയിലേക്ക് മാറ്റാനുള്ള ഓപ്പൺ സോഴ്സ് വെബ് അധിഷ്ഠിത ജി.ഐ.എസ് (GIS) പ്ലാറ്റ്ഫോമായ ഹൈഡ്രോഗ്രാഫിക് ഡാറ്റ മാനേജ്മെന്റ് സിസ്റ്റം എന്നിവ ഇതിൽ ഉൾപ്പെടുന്നു. പ്രാദേശിക മത്സ്യ ത്തൊഴിലാളികൾ മുതൽ സംസ്ഥാന-ദേശീയ ഏജൻസികൾ വരെയുള്ള വൈവിധ്യമാർന്ന ഗുണഭോക്താക്കൾക്ക് ഈ സംവിധാനങ്ങൾ പ്രയോജനകരമാണ്.

**ഉൾനാടൻ ജലഗതാഗതം**

കേരളത്തിന് കായലുകളുടെയും, നദികളുടെയും, കനാലുകളുടെയും സമ്പന്നമായ ഒരു ശൃംഖലയുണ്ട്. ഇത് ഉൾനാടൻ ജലഗതാഗതത്തെ സുപ്രധാനവും പരിസ്ഥിതി സൗഹൃദപരവുമായ ഗതാഗത മാർഗ്ഗമാക്കി മാറ്റുന്നു. സംസ്ഥാന ജലഗതാഗത വകുപ്പ് (എസ്.ഡബ്ലിയു.റ്റി.ഡി), കോസ്റ്റൽ ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് (സിഎസ്ഐഎൻഡി), കേരള ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ (കെഎസ്ഐഎൻസി), കെഡബ്ല്യുഐഎൽ, നാഷണൽ വാട്ടർ അതോറിറ്റി ഓഫ് ഇന്ത്യ എന്നിവയാണ് ഈ മേഖലയിലെ ഏജൻസികൾ.

കേരളത്തിലെ ജലപാതകളുടെ വികസനത്തിലും ഉൾനാടൻ ജലഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിലും ഏർപ്പെട്ടിരിക്കുന്നത് കോസ്റ്റൽ ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ വകുപ്പാണ്. എല്ലാത്തരം കപ്പലുകളുടെയും സ്വതന്ത്രമായ ചലനം ഉറപ്പാക്കാൻ ജലപാതകളുടെയും അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടെയും വിപുലീകരണത്തിനും വികസനത്തിനുമായി വകുപ്പ് വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. കോവളം മുതൽ ബേക്കൽ വരെയുള്ള വെസ്റ്റ് കോസ്റ്റ് കനാലിന്റെയും അതിന്റെ ഫീഡർ കനാലുകളുടെയും പുനരുജ്ജീവനവും ഇതിൽ ഉൾപ്പെടുന്നു.

കായലുകളെയും നദികളെയും ബന്ധിപ്പിക്കുന്ന കനാലുകളുടെ ഒരു കണ്ണിയാണ് വെസ്റ്റ് കോസ്റ്റ് കനാൽ (ഡബ്ല്യുസിസി). തിരുവനന്തപുരം ജില്ലയിലെ കോവളം മുതൽ കാസർഗോഡ് ജില്ലയിലെ ബേക്കൽ വരെ 616 കിലോമീറ്ററാണ് കനാലിന്റെ ആകെ നീളം. ചരക്ക് ഗതാഗതത്തിനും

**ബോക്സ് 21.2**

**കേരളത്തിന്റെ തുറമുഖ മേഖലയ്ക്കായി ആസൂത്രണം ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ**

**കേരള മാരിടൈം ബോർഡ്**

**ചെറുകിട തുറമുഖങ്ങളുടെ ഭൂമിയുടെയും മറ്റ് ആസ്തികളുടെയും വികസനം**

സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളുടെ കീഴിലുള്ള ഭൂമി, കെട്ടിടങ്ങൾ, ബംഗ്ലാവുകൾ, ഗോഡൗണുകൾ, വെയർ ഹൗസുകൾ, ലൈറ്റ് ഹൗസുകൾ എന്നിവ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ (പി പി പി മോഡ്) വികസിപ്പിക്കാൻ ബോർഡ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കോഴിക്കോട് പോർട്ട് ബംഗ്ലാവ് വികസിപ്പിക്കാൻ താൽപ്പര്യപത്രം (ഇ ഒ ഐ) ക്ഷണിക്കുകയും സ്വകാര്യ പങ്കാളിയെ തിരഞ്ഞെടുക്കാനുള്ള നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. വലിയതുറ തുറമുഖം, അഴീക്കൽ, തലശ്ശേരി കടൽപ്പാലം, ആലപ്പുഴ തുറമുഖം എന്നിവിടങ്ങളിലും പ്രധാന വികസന പദ്ധതികൾ നടപ്പാക്കാൻ ബോർഡ് ലക്ഷ്യമിടുന്നു.

കൊച്ചി തുറമുഖത്താണ് ഭൂരിഭാഗം കയറ്റുമതി-ഇറക്കുമതി ചരക്കുകളും കൈകാര്യം ചെയ്യുന്നത് എന്നതിനാൽ, കൊച്ചിയും സംസ്ഥാനത്തെ മറ്റ് ചെറുകിട തുറമുഖങ്ങളും തമ്മിലുള്ള ചരക്ക് നീക്കം പുനരാരംഭിക്കാൻ കേരള മാരിടൈം ബോർഡ് ലക്ഷ്യമിടുന്നു. ഇതിന്റെ ഭാഗമായി കപ്പൽ ഓപ്പറേറ്റർമാരുമായും വ്യാപാര സംഘടനകളുമായും ബോർഡ് ചർച്ചകൾ നടത്തിവരികയാണ്.

ദുബായ്ക്കും കേരളത്തിലെ വിവിധ തുറമുഖങ്ങൾക്കും ഇടയിൽ ക്രൂസ്-യാത്രാ കപ്പൽ സർവീസ് ആരംഭിക്കാനുള്ള നിർദ്ദേശം കേരള മാരിടൈം ബോർഡ് സജീവമായി പരിഗണിക്കുന്നു. മിഡിൽ ഈസ്റ്റിലുള്ള പ്രവാസികളെ സഹായിക്കുകയാണ് പ്രധാന ലക്ഷ്യം. പദ്ധതിക്കായി താൽപ്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്, തുടർനടപടികൾ പുരോഗമിക്കുകയുമാണ്.

**മലബാർ ഇന്റർനാഷണൽ പോർട്ട് ആൻഡ് സെസ് ലിമിറ്റഡ്**

മലബാർ മേഖലയുടെ ബ്ലൂ എക്കോണമി ലോജിസ്റ്റിക്സ് സൗകര്യങ്ങളും മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ രൂപീകരിച്ച ഒരു പ്രത്യേക ഉദ്ദേശ്യ സ്ഥാപനമാണ് (എസ് പി വി) മലബാർ ഇന്റർനാഷണൽ പോർട്ട് ആൻഡ് സെസ് ലിമിറ്റഡ്. അഴീക്കൽ പഴയോര തുറമുഖത്തിന് സമീപം ഒരു പുതിയ തുറമുഖം വികസിപ്പിക്കുകയാണ് ലക്ഷ്യം. കൊച്ചി തുറമുഖത്തിന് 280 കിലോമീറ്റർ വടക്കും മംഗലാപുരം തുറമുഖത്തിന് 140 കിലോമീറ്റർ തെക്കുമായാണ് ഇതിന്റെ സ്ഥാനം. മികച്ച കണക്റ്റിവിറ്റിയും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിനൊപ്പം, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും സ്വകാര്യ പങ്കാളികളുടെയും സഹായത്തോടെ തുറമുഖാധിഷ്ഠിത വ്യവസായങ്ങൾക്കായി സ്പെഷ്യൽ ഇക്കണോമിക് സോണുകളും (സെസ്) ഇൻഡസ്ട്രിയൽ പാർക്കുകളും വികസിപ്പിക്കുക എന്നതും ഇതിന്റെ പ്രധാന ലക്ഷ്യമാണ്.

**വിഴിഞ്ഞം തുറമുഖത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്താനുള്ള നടപടികൾ**

തുറമുഖവുമായി ബന്ധിപ്പിച്ചുള്ള അടിസ്ഥാന സൗകര്യ വികസനം, വിഴിഞ്ഞം റെയിൽവേ ലൈൻ നിർമ്മാണം, വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡിന്റെയും തിരുവനന്തപുരത്തെ വികസന ഇടനാഴിയുടെയും നിർമ്മാണം, വിഴിഞ്ഞം-കൊല്ലം-പുനലൂർ വ്യവസായ-സാമ്പത്തിക വളർച്ചാ ത്രികോണം എന്നിവ ഇതിൽ ഉൾപ്പെടുന്നു

യാത്രക്കാർക്കും വേണ്ടിയുള്ള കനാലിന്റെ വികസനം സംസ്ഥാന സർക്കാരിന്റെ ഒരു മുൻഗണനാ പദ്ധതിയാണ്.

കിഫ്ബിയുടെ ധനസഹായത്തോടെ നടപ്പാക്കുന്ന വികസന പ്രവർത്തനങ്ങൾ മൂന്ന് ഘട്ടങ്ങളിലാണ് നടപ്പാക്കുന്നത്. ആദ്യ ഘട്ടത്തിൽ, ആക്കുളം മുതൽ ചേറ്റുവ വരെയുള്ള ഏകദേശം 233 കിലോമീറ്റർ 2026ൽ പൂർത്തിയാക്കി പൂർണ്ണമായും സഞ്ചാരയോഗ്യമാക്കും. രണ്ടാം ഘട്ടത്തിൽ, ഏകദേശം 85 കിലോമീറ്റർ വരുന്ന വിവിധ സ്ഥലങ്ങളിലെ കനാലുകൾ പൂർണ്ണമായും വികസിപ്പിക്കുകയും ആവശ്യമായ സ്ഥലങ്ങളിലെ പാലങ്ങൾ പുനർനിർമ്മിക്കുകയും ചെയ്യും. മൂന്നാം ഘട്ടത്തിൽ, കോഴിക്കോട് കനാൽ സിറ്റി പദ്ധതി ഉൾപ്പെടെ 61 കിലോമീറ്റർ വരുന്ന വിവിധ സ്ഥലങ്ങളിലെ കനാലുകൾ പൂർത്തീകരിക്കുകയും വെസ്റ്റ് കോസ്റ്റ് കനാലുകളുടെ ടെർമിനലുകളും ഫീഡർ കനാലുകളുടെ വികസനവും നടപ്പാക്കുകയും ചെയ്യും.

കേരളത്തിലെ ഉൾനാടൻ ജലപാതകളിലൂടെയുള്ള യാത്രാ-ചരക്ക് ഗതാഗതത്തിന്റെ പ്രധാന ചുമതലയുള്ള സർക്കാർ ഏജൻസിയാണ് സംസ്ഥാന ജലഗതാഗത വകുപ്പ് (എസ് ഡബ്ലിയു റ്റി ഡി). പാസഞ്ചർ ഫെറികൾ, റോ-റോ, ടൂറിസ്റ്റ് ബോട്ടുകൾ എന്നിങ്ങനെ വിപുലമായ സേവനങ്ങൾ വകുപ്പ് നടത്തിവരുന്നു. സുസ്ഥിരവും കാര്യക്ഷമവുമായ മുന്നേറ്റങ്ങളാണ് ജലഗതാഗത രംഗത്ത് വകുപ്പ് കാഴ്ചവെക്കുന്നത്.

വൈക്കം-തവണക്കടവ് റൂട്ടിൽ 2017-18-ൽ ആരംഭിച്ച ഇന്ത്യയിലെ ആദ്യത്തെ സൗരോർജ്ജ ഫെറിയായ 'ആദിത്യ' അന്താരാഷ്ട്ര അംഗീകാരം നേടിയതാണ്. പിന്നാലെ 2018-19ൽ കേരളത്തിലെ ഏറ്റവും വേഗതയേറിയ യാത്രാ ബോട്ടുകളായ 'വേഗ' ഹൈ-സ്പീഡ് കാറ്റമരൻ ഫെറികൾ രംഗത്തിറക്കി. വൈക്കം മുതൽ ഫോർട്ട് കൊച്ചി വരെയുള്ള റൂട്ടുകളിൽ ഇവ സർവീസ് നടത്തുന്നതിലൂടെ യാത്രാ സമയം ലാഭിക്കാനും സർവീസുകളുടെ കാര്യക്ഷമത കൂട്ടാനും സാധിച്ചു. 2023-24-ൽ രാജ്യത്തെ ആദ്യത്തെ സോളാർ ക്രൂസ് ബോട്ടായ 'ഇന്ദ്ര' വകുപ്പ് ആരംഭിച്ചു. സുസ്ഥിരവും ആധുനികവുമായ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിലൂടെ ഫോർട്ട് കൊച്ചി കേന്ദ്രീകരിച്ചുള്ള വിനോദസഞ്ചാര മേഖലയിൽ പുതിയ മാറ്റങ്ങൾ കൊണ്ടുവരാനാണ് വകുപ്പ് ലക്ഷ്യമിടുന്നത്. സംസ്ഥാന ജലഗതാഗത വകുപ്പിന്റെ ഉൾനാടൻ ഗതാഗതത്തിൽ നിന്നുള്ള വരുമാനം 2016-17-ലെ 6.7 കോടി രൂപയിൽ നിന്ന് 2024-25-ൽ 10.9 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്.

2023 ഏപ്രിലിൽ പ്രവർത്തനം ആരംഭിച്ച കൊച്ചി വാട്ടർ മെട്രോ ജലഗതാഗത മേഖലയിലെ സവിശേഷമായ മറ്റൊരു സംരംഭമാണ്. വാട്ടർ മെട്രോയുടെ സർവീസ് ദൂരം 2023-24-ലെ 8.7 കിലോമീറ്ററിൽ നിന്ന് 2024-25-ഓടെ 25.1 കിലോമീറ്ററായി വർദ്ധിച്ചു (ഏകദേശം മൂന്നിരട്ടി). ബോട്ടുകളുടെ എണ്ണം 12-ൽ നിന്ന് 18 ആയും സർവീസ് നടത്തുന്ന ബോട്ടുകളുടെ എണ്ണം 9-ൽ നിന്ന് 14 ആയും വർദ്ധിച്ചു. ഇതോടെ ഷെഡ്യൂൾ ചെയ്ത ട്രിപ്പുകളുടെ എണ്ണം 39,770-ൽ നിന്ന് 54,408 ആയി ഉയർന്നു. ഇതേ കാലയളവിൽ യാത്രക്കാരുടെ എണ്ണം 18 ലക്ഷത്തിൽ നിന്ന് 21 ലക്ഷമായി വർദ്ധിച്ചു. ഇതിന് ആനുപാതികമായി ഉൾനാടൻ ഗതാഗതത്തിൽ നിന്നുള്ള വരുമാനം 413.2 ലക്ഷം രൂപയിൽ നിന്ന് 813.6 ലക്ഷം രൂപയായും, മറ്റ് അനുബന്ധ ബിസിനസ്സുകളിൽ നിന്നുള്ള വരുമാനം 5.2 ലക്ഷം രൂപയിൽ നിന്ന് 50.7 ലക്ഷം രൂപയായും ഗണ്യമായി വർദ്ധിച്ചു.

കപ്പൽ നിർമ്മാണം, അറ്റകുറ്റപ്പണി, ചരക്ക്-യാത്രാ കപ്പലുകളുടെ പ്രവർത്തനം, ജല ടൂറിസം പ്രോത്സാഹനം തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന കേരള സർക്കാരിന്റെ പൊതുമേഖലാ സ്ഥാപനമാണ് കേരള ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ.

13, 14 പഞ്ചവത്സര പദ്ധതികളിലായി നാല് ബാർജുകൾ, നാല് യാത്രാ കപ്പലുകൾ, ഒരു ഫെറി ടെർമിനൽ ജെട്ടി എന്നിവയുടെ നിർമ്മാണവും പ്രവർത്തനവും കോർപ്പറേഷൻ പൂർത്തിയാക്കി. കപ്പലുകളുടെ നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമായി തേവരയിലും തോപ്പുംപടിയിലുമായി രണ്ട് യാർഡുകൾ കമ്പനിക്കുണ്ട്. ഇതുവരെ ഏകദേശം 50 കപ്പലുകൾ കേരള ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ നിർമ്മിച്ച് നൽകിയിട്ടുണ്ട്.

2016-17 കാലയളവിൽ ഉൾനാടൻ ഗതാഗതത്തിൽ നിന്നുള്ള വരുമാനം 823.8 ലക്ഷം രൂപയായിരുന്നതു 2024-25 ആയപ്പോഴേക്കും 2,173.2 ലക്ഷം രൂപയായി വർദ്ധിച്ചു. അതായത് ഇരട്ടിയിലധികം വർദ്ധനവാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

### മറ്റ് ഗതാഗത സേവനങ്ങൾ

റെയിൽവേ വികസനം പ്രധാനമായും കേന്ദ്ര ഗവൺമെന്റിന്റെ കീഴിലാണെങ്കിലും, മറ്റ് ഗതാഗത മേഖലകളിൽ കേരളം വൻതോതിൽ നിക്ഷേപം നടത്തുകയും പുരോഗമിക്കുകയും ചെയ്തിട്ടുണ്ട്. 2016-17 മുതൽ 2025-26 വരെ (2025 ജൂലൈ വരെ) മറ്റ് ഗതാഗത സേവനങ്ങളുടെ വികസനത്തിനായി കേരളം 6,889 കോടിയിലധികം രൂപ ചിലവഴിച്ചു.

**റെയിൽ ഗതാഗതം**: ഭരണഘടനയുടെ കേന്ദ്ര ലിസ്റ്റിൽ ഉൾപ്പെട്ട വിഷയമായതിനാൽ റെയിൽവേ പൂർണ്ണമായും കേന്ദ്ര ഗവൺമെന്റിന്റെ പരിധിയിലാണ്. ഇത് വലിയ തോതിലുള്ള റെയിൽവേ പദ്ധതികൾ സ്വതന്ത്രമായി നടപ്പാക്കാനുള്ള സംസ്ഥാനത്തിന്റെ കഴിവിനെ പരിമിതപ്പെടുത്തുന്നു. സംസ്ഥാനത്തിന് നിർദ്ദേശങ്ങൾ സമർപ്പിക്കാനും പ്രാദേശിക പിന്തുണ നൽകാനും കഴിയുമെങ്കിലും, ധനസമാഹരണവും നിർവ്വഹണവും കേന്ദ്ര ഏജൻസികളിലാണ്നിക്ഷിപ്തം.ഇതിന്റെഫലമായി,സംസ്ഥാനത്തിന്റെ യാത്രാ ആവശ്യങ്ങൾക്കും, സാമ്പത്തിക അഭിലാഷങ്ങൾക്കും അനുസൃതമായ നിക്ഷേപം പലപ്പോഴും റെയിൽവേ മേഖലയിൽ ഉണ്ടാകുന്നില്ല.

2020-ലെ നാഷണൽ റെയിൽ പ്ലാൻ (എൻ ആർ പി) അനുസരിച്ച്, കേരളത്തിലെ റെയിൽവേ പാതകളിലൂടെ അവയുടെ ശേഷിയേക്കാൾ വളരെ അധികം ട്രെയിനുകൾ ഓടുന്നുണ്ട്. നിലവിലുള്ള സിംഗിൾ, ഡബിൾ ലൈനുകളിൽ തിരക്ക് വർദ്ധിച്ചതിനാൽ വേഗത കൂട്ടാനോ പുതിയ ട്രെയിനുകൾ അനുവദിക്കാനോ സാധിക്കാത്ത അവസ്ഥയാണ്.

ഇത് പരിഹരിക്കാൻ, സംസ്ഥാനത്തുടനീളം മൂന്നും നാലും റെയിൽവേ ലൈനുകൾ സ്ഥാപിക്കേണ്ടത് അത്യാവശ്യമാണെന്ന് സംസ്ഥാനം ആവശ്യപ്പെടുകയും ദേശീയ റെയിൽ പ്ലാൻ വിഭാവനം ചെയ്യുകയും ചെയ്യുന്നു. ഈ അധിക ലൈനുകൾ ഒരു 'സെമി ഹൈ-സ്പീഡ് കോറിഡോർ'

ആയി സ്ഥാപിക്കേണ്ടതുണ്ട്. ഇത് ഗതാഗത സൗകര്യം വർദ്ധിപ്പിക്കുന്നതിന് മാത്രമല്ല, വ്യവസായ-സാമ്പത്തിക വളർച്ചയ്ക്ക് ആക്കം കൂട്ടാനും അത്യന്താപേക്ഷിതമാണ്. സംസ്ഥാനത്തിന്റെ തെക്കേ അറ്റം മുതൽ വടക്കേ അറ്റം വരെയുള്ള യാത്രാസമയം ഗണ്യമായി കുറയ്ക്കാനും, പ്രധാന നഗരങ്ങളെയും വ്യവസായ കേന്ദ്രങ്ങളെയും തമ്മിൽ ബന്ധിപ്പിക്കാനും, അമിതഭാരം അനുഭവിക്കുന്ന കേരളത്തിലെ റോഡ് ശൃംഖലയുടെ സമ്മർദ്ദം കുറയ്ക്കാനും, വേഗതയേറിയതും വിശ്വസനീയവുമായ ഒരു 'നോർത്ത്-സൗത്ത്' റെയിൽ കണക്റ്റിവിറ്റി അടിയന്തരമായി ആവശ്യമാണ്. ഗതാഗതക്ഷമതയ്ക്ക് പുറമെ, പ്രാദേശിക വികസനത്തെ ഉത്തേജിപ്പിക്കാനും, വ്യവസായ നിക്ഷേപങ്ങളെ ആകർഷിക്കാനും, റെയിൽ പാത കടന്നുപോകുന്ന ഇടങ്ങളിൽ പുതിയ സാമ്പത്തിക ക്ലസ്റ്ററുകൾ രൂപീകരിക്കാനും ഇത് സഹായിക്കും. കൂടാതെ, ഇത് കേരളത്തെ അന്തർസംസ്ഥാന അതിവേഗ ഇടനാഴികളുമായി സംയോജിപ്പിക്കുകയും, അയൽ സംസ്ഥാനങ്ങളുമായും ദേശീയ ഗതാഗത ശൃംഖലയുമായും തടസ്സമില്ലാത്ത ബന്ധം ഉറപ്പാക്കുകയും ചെയ്യും.

**മെട്രോ റെയിൽ**: കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ ഒന്നാം ഘട്ടം (ഘട്ടം I, IA, IB) വിജയകരമായി പൂർത്തിയാക്കി. രണ്ടാം ഘട്ടത്തിൽ ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ കാക്കനാട് ഇൻഫോപാർക്ക് വരെയുള്ള 11.2 കിലോമീറ്റർ പാത 2026 ഡിസംബറിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. ആലുവ മുതൽ അങ്കമാലി വരെയുള്ള 14 സ്റ്റേഷനുകളടങ്ങുന്ന മൂന്നാം ഘട്ടം കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിന് കാത്തിരിക്കുകയാണ്. 2017 മുതൽ 2024 വരെയുള്ള കാലയളവിൽ കൊച്ചി മെട്രോയിലെ യാത്രക്കാരുടെ എണ്ണം ഗണ്യമായി വർദ്ധിച്ചു. 2019-ൽ 166.7 ലക്ഷമായിരുന്ന യാത്രക്കാരുടെ എണ്ണം കോവിഡ് മഹാമാരിയെത്തുടർന്ന് (58.6 ലക്ഷം) 2020-ൽ കുറഞ്ഞെങ്കിലും, 2021നുശേഷം ശക്തമായ തിരിച്ചുവരവ് നടത്തി. 2024-ൽ യാത്രക്കാരുടെ എണ്ണം 350 ലക്ഷം കടന്നു. ലാസ്റ്റ് മൈൽ കണക്റ്റിവിറ്റി മെച്ചപ്പെടുത്താൻ കെ.എം.ആർ.എൽ 40 കിലോമീറ്റർ ചുറ്റളവിൽ 15 ഫീഡർ ബസുകൾ സർവീസ് നടത്തുന്നുണ്ട്. ഇത് പ്രതിദിനം ഏകദേശം 4,000 യാത്രക്കാർക്ക് പ്രയോജനപ്പെടുന്നു. കൂടാതെ, പ്രധാന സ്റ്റേഷനുകളിൽ നിന്ന് 5 കിലോമീറ്റർ ചുറ്റളവിൽ പ്രതിദിനം 110 മുതൽ 345 വരെ യാത്രക്കാർക്കായി 75 ഇ-ഓട്ടോകൾ സർവീസ് നടത്തുന്നു. വിവിധ സ്റ്റേഷനുകളിലായി 'ഹാൾട്ട് ആൻഡ് ഗോ' (Halt and Go) സൗകര്യത്തോടുകൂടിയ 15 ഇവി ചാർജിംഗ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്. സൗകര്യപ്രദവും ലാഭകരവുമായ യാത്രയ്ക്കായി കെ.എം.ആർ.എൽ ഒരു 'ഇ-ബസ് ചാർട്ടർ' സർവീസും വാഗ്ദാനം ചെയ്യുന്നു. കൊച്ചി സ്മാർട്ട് മിഷൻ ലിമിറ്റഡുമായി (CSML) സഹകരിച്ച്, സ്റ്റേഷൻ അധിഷ്ഠിത വികസനം എന്ന ആശയത്തിന് അനുസൃതമായി കാൽനട യാത്രക്കാർക്കും സൈക്ലിംഗിനുമുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികളിലൂടെ എല്ലാവർക്കും പ്രാപ്യമായ യാത്രാസൗകര്യം ഒരുക്കാനുള്ള പ്രവർത്തനങ്ങളും കെ.എം. ആർ.എൽ നടത്തിവരുന്നു.

തുടക്കത്തിലെ പ്രവർത്തന നഷ്ടങ്ങളിൽ നിന്ന് ലാഭത്തിലേക്ക് കൊച്ചി മെട്രോ ചുവടുവെച്ചു. 2023-24ൽ വരുമാനം 168.2 കോടി രൂപയായി ഉയർന്നു. 2017-18-ൽ 43.3 കോടി രൂപയും 2020-21-ൽ 72.4 കോടി രൂപയും പ്രവർത്തന നഷ്ടം രേഖപ്പെടുത്തിയിരുന്ന സ്ഥാനത്ത്, 2022-23-ൽ 5.6 കോടി രൂപയും 2023-24-ൽ 23 കോടി രൂപയും പ്രവർത്തന ലാഭം നേടി.

**വ്യോമയാനം**

തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ എന്നീ നാല് അന്താരാഷ്ട്ര വിമാനത്താവളങ്ങളിലൂടെ മികച്ച ആഭ്യന്തര-ആഗോള കണക്റ്റിവിറ്റി കേരളം ഉറപ്പാക്കുന്നു. കോവിഡ് മഹാമാരിക്ക് ശേഷം വിമാന സർവീസുകളിലും യാത്രക്കാരുടെ എണ്ണത്തിലും ശക്തമായ തിരിച്ചുവരവുണ്ടായി. അന്താരാഷ്ട്ര യാത്രക്കാരുടെ എണ്ണത്തിൽ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം (സിയാൽ) മുന്നിട്ടുനിൽക്കുന്നു. 2018-അവസാനത്തോടെ പ്രവർത്തനമാരംഭിച്ച കണ്ണൂർ വിമാനത്താവളം ഉത്തരമലബാറിലെ ഗതാഗത സൗകര്യങ്ങളിൽ വലിയ മാറ്റമുണ്ടാക്കി.

കോട്ടയം ജില്ലയിൽ ശബരിമല ഗ്രീൻഫീൽഡ് അന്താരാഷ്ട്ര വിമാനത്താവളത്തിനായുള്ള നടപടികൾ പുരോഗമിക്കുന്നു. സുസ്ഥിരവും, വിദൂര പ്രദേശങ്ങളിലേക്കുള്ള കണക്റ്റിവിറ്റിക്കു ഊന്നൽ നൽകിയും പ്രാദേശിക എയർസ്ട്രിപ്പുകളും അന്തർസംസ്ഥാന റൂട്ടുകളും വികസിപ്പിക്കുന്നത് ഭാവി പദ്ധതികളിൽ ഉൾപ്പെടുന്നു.

കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം (സിയാൽ) നവീകരണത്തിന്റെയും വിപുലീകരണത്തിന്റെയും പാതയിൽ തുടരുന്നു. നിലവിലുള്ള അന്താരാഷ്ട്ര ടെർമിനലിൽ 3 (T3) വൻതോതിലുള്ള വിപുലീകരണം നടക്കുകയാണ്. കൂടുതൽ വിസ്താരമുള്ള ഏപ്രൺ, കൂടുതൽ എയറോബ്രിഡ്ജുകളോട് കൂടിയ ടെർമിനൽ കെട്ടിടം എന്നിവ ഇതിന്റെ ഭാഗമാണ്. 2025 അവസാനത്തോടെ യാത്രാശേഷി വർദ്ധിപ്പിക്കാനും തിരക്ക് കുറയ്ക്കാനും ഇത് സഹായിക്കും. എയർപോർട്ട് കൗൺസിൽ ഇന്റർനാഷണൽ ഏഷ്യ-പസഫിക് ആൻഡ് മിഡിൽ ഈസ്റ്റ് ഏർപ്പെടുത്തിയ പ്രശസ്തമായ 'ഗ്രീൻ എയർപോർട്ട് റെക്കഗ്നിഷൻ 2025' പുരസ്കാരം സിയാൽ കരസ്ഥമാക്കി. ഈ ഭൗതിക വളർച്ചയ്ക്ക് പുറമെ, വിമാനത്താവളത്തിന്റെ പ്രവർത്തനങ്ങൾ പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യാൻ 200 കോടി രൂപയുടെ 'സിയാൽ 2.0' (CIAL 2.0) പദ്ധതിക്ക് 2025 മെയ് മാസത്തിൽ തുടക്കം കുറിച്ചു. സുരക്ഷ, കാര്യക്ഷമത, യാത്രക്കാരുടെ സുഗമമായ സഞ്ചാരം എന്നിവ വർദ്ധിപ്പിക്കാൻ 4,000 ക്യാമറകൾ ഉപയോഗിച്ചുള്ള ആർട്ടിഫിഷ്യൽ ഇന്റലിജൻസ് നിരീക്ഷണം, ഓട്ടോമേറ്റഡ് സ്ക്രീനിംഗ്, ഫുൾ ബോഡി സ്കാനറുകൾ, ഓട്ടോമേറ്റഡ് ബാഗേജ് സിസ്റ്റം എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, അത്യാധുനികമായ ബിസിനസ് ജെറ്റ് ടെർമിനൽ കമ്മീഷൻ ചെയ്തുകൊണ്ടും വിമാനത്താവള പരിസരത്ത് കൊമേഴ്സ്യൽ സോണുകൾ, റീട്ടെയിൽ ഔട്ട്ലെറ്റുകൾ, പഞ്ചനക്ഷത്ര ഹോട്ടൽ എന്നിവ വികസിപ്പിച്ചുകൊണ്ടും സിയാൽ വരുമാന സ്രോതസ്സുകൾ വൈവിധ്യവൽക്കരിച്ചിട്ടുണ്ട്.

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽ വൻതോതിലുള്ള വികസന പ്രവർത്തനങ്ങളും മാറ്റങ്ങളു

മാണ് നടക്കുന്നത്. അന്താരാഷ്ട്ര ടെർമിനലായ ടെർമിനൽ 2-ന്റെ വികസനത്തിന് 5,500 കോടി രൂപയുടെ നിക്ഷേപ മാണ് പദ്ധതിയിട്ടിരിക്കുന്നത്. ഇതിലൂടെ വാർഷിക യാത്ര ക്കാരുടെ എണ്ണം 45 ലക്ഷത്തിൽ നിന്നും 1.2 കോടിയായി (120 ലക്ഷം) വർദ്ധിപ്പിക്കാം. ഈ പദ്ധതി പൂർത്തിയാക്കാൻ ആദ്യം നിശ്ചയിച്ച കാലാവധി 2034 ജനുവരി ആയിരുന്നെ ങ്കിലും, പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ നിലവിൽ മാസ്റ്റർ പ്ലാൻ പരിഷ്കരിക്കുകയാണ്. ഇതോടൊപ്പം തന്നെ, ആഭ്യന്തര ടെർമിനലായ ടെർമിനൽ 1-ന്റെ നവീകരണ പ്രവർത്തനങ്ങളും പുരോഗമിക്കുന്നു. പുതിയ മേൽക്കൂര സ്ഥാപിക്കുന്നതും പാർക്കിംഗ് സൗകര്യങ്ങൾ മെച്ചപ്പെടു ത്തുന്നതും ഇതിൽ ഉൾപ്പെടുന്നു. കൂടാതെ, യാത്രക്കാരുടെ സൗകര്യം മെച്ചപ്പെടുത്താൻ നൂതനമായ ശുചീകരണ സാങ്കേതികവിദ്യ, കൂടുതൽ ചെക്ക്-ഇൻ കൗണ്ടറുകൾ, ഇ-ഗേറ്റുകൾ, സൗജന്യ വൈഫൈ കിയോസ്ക്കുകൾ, മെച്ച പ്പെട്ട നഗര ഗതാഗത സംവിധാനങ്ങൾ എന്നിവയും വിമാന ത്താവളത്തിൽ ഒരുക്കുന്നുണ്ട്.

വ്യോമയാന മേഖലയിൽ നയപരമായ മുന്നേറ്റമാണ് കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം നടത്തുന്നത്. 2023-ൽ ഹജ്ജ് സർവീസുകൾ ആരംഭിച്ചതിലൂടെ കേരളത്തിന്റെ വട ക്കൻ മേഖലയിലുള്ള തീർത്ഥാടകർക്ക് വലിയ ആശ്വാസമേ കാൻ വിമാനത്താവളത്തിന് സാധിച്ചു. യാത്രാ സേവനങ്ങൾ ക്കപ്പുറം, വ്യോമയാന മേഖലയിലെ തൊഴിൽ നൈപുണ്യ വികസനത്തിനും കിയാൽ മുൻഗണന നൽകുന്നു. ഇതിന്റെ ഭാഗമായി രാജീവ് ഗാന്ധി ഫ്ലൈയിംഗ് ട്രെയിനിംഗ് അക്കാ ദമിയുമായി (RAGAAT) ഒപ്പുവെച്ച ധാരണാപത്രം, മികച്ച വ്യോമയാന പ്രതിഭകളെ വാർത്തെടുക്കാനും അനുബന്ധ വ്യവസായങ്ങളെ പിന്തുണയ്ക്കാനുമുള്ള വിമാനത്താവള ത്തിന്റെ ദീർഘവീക്ഷണമാണ് കാണിക്കുന്നത്.

സുരക്ഷ വർദ്ധിപ്പിക്കാനും, വിമാനത്താവളത്തിന്റെ ശേഷി കൂട്ടാനുമുള്ള പ്രവർത്തനങ്ങൾക്കാണ് കോഴിക്കോട് വിമാനത്താവളം പ്രാധാന്യം നൽകുന്നത്. സുരക്ഷാ മാന ദണ്ഡങ്ങൾ കർശനമാക്കുന്നതിന്റെ ഭാഗമായി, 2023-ൽ 60 കോടി രൂപ ചെലവിൽ 2.9 കിലോമീറ്റർ റൺവേയുടെ റീ-കാർപ്പറ്റിംഗ് പൂർത്തിയാക്കി. റൺവേ സെന്റർ ലൈൻ ലൈറ്റുകൾ, ടച്ച്ഡൗൺ സോൺ ലൈറ്റുകൾ എന്നിവ സ്ഥാ പിച്ചതും ഇതിൽ ഉൾപ്പെടുന്നു. റൺവേ എൻഡ് സേഫ്റ്റി ഏരിയ (RESA) വികസനത്തിനായി സംസ്ഥാന സർക്കാർ 12.5 ഏക്കർ ഭൂമി കൈമാറിയതിനെത്തുടർന്ന്, 2024 ഫെബ്രുവരിയിൽ ഇതിന്റെ കരാർ നൽകി. ഭാവിയിൽ റൺവേ 3,500 മീറ്ററായി നീട്ടാനും 75 മീറ്റർ റൺവേ സ്ട്രിപ്പ് വലിയ വിമാനങ്ങൾക്ക് ഇറങ്ങാൻ സൗകര്യമൊരുക്കാൻ 96 ഏക്കർ ഭൂമി കൂടി ഏറ്റെടുക്കാനും പദ്ധതിയുണ്ട്.

കേരളത്തിന്റെ വ്യോമയാന മേഖല പല സുപ്രധാന വെല്ലുവിളികളും നേരിടുന്നുണ്ട്. വർദ്ധിച്ചുവരുന്ന യാത്ര ക്കാരുടെയും ചരക്ക് നീക്കത്തിന്റെയും ആവശ്യങ്ങൾക്കനു സരിച്ച് തിരുവനന്തപുരം, കൊച്ചി തുടങ്ങിയ പ്രധാന വിമാ നത്താവളങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ നിരന്തരം വികസിപ്പിക്കേണ്ടതുണ്ട്. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താ വളത്തിന് 'പോയിന്റ് ഓഫ് കോൾ' (Point of Call) പദവി ലഭിക്കാത്തത് ഒരു പ്രധാന പ്രശ്നമാണ്. വിദേശ വിമാനക്ക മ്പനികൾക്ക് ഒരു വിമാനത്താവളത്തിലേക്ക് നിശ്ചിത സമയ ക്രമമനുസരിച്ച് സർവീസുകൾ നടത്താൻ അനുമതി നൽകുന്ന പദവിയാണിത്.

തിരുവനന്തപുരം വിമാനത്താവളത്തിലെ ടി2 (T2) ടെർ മിനലിന്റെ നവീകരണം, സിയാലിലെ വികസന പ്രവർത്ത നങ്ങൾ എന്നിവ 'ഫ്ലൈയിംഗ് ഇന്റു ടുമാറോ' പദ്ധതിയുടെ ഭാഗമായി നടന്നുവരികയാണ്. ഇതിന്റെ ഭാഗമായി രണ്ടാമ തൊരു റൺവേയുടെ സാധ്യതകളും പരിശോധിക്കുന്നുണ്ട്. പെട്ടെന്ന് നശിച്ചുപോകുന്ന ഉൽപ്പന്നങ്ങളുടെ കയറ്റുമതി സാധ്യതകൾ പ്രയോജനപ്പെടുത്താൻ എല്ലാ അന്താരാഷ്ട്ര വിമാനത്താവളങ്ങളിലും ആധുനിക കോൾഡ് സ്റ്റോറേജ്, കസ്റ്റംസ് സൗകര്യങ്ങളോടു കൂടിയ 'എയർ കാർഗോ ഹബ്ബു കൾ' വികസിപ്പിക്കേണ്ടത് അത്യാവശ്യമാണ്. വിമാനക്കമ്പ നികൾക്കും യാത്രക്കാർക്കും പ്രത്യേക ഇളവുകൾ നൽകി വ്യോമഗതാഗത ബന്ധം മെച്ചപ്പെടുത്തുന്നതിലൂടെയും, സുസ്ഥിര വികസനത്തിൽ ഊന്നൽ നൽകുന്നതിലൂടെയും ഈ മേഖലയിൽ കൂടുതൽ നേട്ടങ്ങൾ കൈവരിക്കാൻ കേര ളത്തിന് സാധിക്കും.

## വെല്ലുവിളികൾ

കേരളത്തിന്റെ ഗതാഗത മേഖല വിവിധങ്ങളായ വെല്ലുവിളി കൾ നേരിടുന്നുണ്ട്.

**റോഡ് അടിസ്ഥാന സൗകര്യങ്ങൾ**: റോഡ് വികസന രംഗത്ത് ഭൂമി ഏറ്റെടുക്കാനുള്ള ഉയർന്ന ചെലവ്, പുനരധിവാസ പ്രശ്നങ്ങൾ, വാഹനങ്ങളുടെ വർദ്ധനവ് എന്നിവ പ്രധാന വെല്ലുവിളികളാണ്. റോഡ് പദ്ധതികൾക്കൊപ്പം തന്നെ കുടിവെള്ളം, ഡ്രെയിനേജ്, വൈദ്യുതി, ഡിജിറ്റൽ ഇൻഫ്രാ സ്ട്രക്ചർ തുടങ്ങിയ വിവിധ സേവന ശൃംഖലകൾ ഉൾപ്പെ ടുന്നതിനാൽ വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം സങ്കീർണ്ണമാണ്. നഗരങ്ങളിലെ ഗതാഗതക്കുരുക്ക്, സുരക്ഷാ ആശങ്കകൾ, നിലവിലുള്ള റോഡ് ശൃംഖലകൾ ക്ക് താങ്ങാവുന്നതിലപ്പുറമുള്ള തിരക്ക് എന്നിവ ജനസാന്ദ്ര തയേറിയ പ്രദേശങ്ങളിൽ വലിയ സമ്മർദ്ദമുണ്ടാക്കുന്നു.

**തുറമുഖങ്ങൾ**: ഭൂമി ഏറ്റെടുക്കൽ, പുനരധിവാസ തടസ്സ ങ്ങൾ, പരിസ്ഥിതി-നിയമപരമായ അനുമതികൾ ലഭിക്കുന്ന തിലെ താമസം, അയൽ സംസ്ഥാനങ്ങളിലെ തുറമുഖങ്ങ ളിൽ നിന്നുള്ള മത്സരം എന്നിവ തുറമുഖ മേഖല നേരിടുന്ന പ്രധാന വെല്ലുവിളികളാണ്. തുറമുഖങ്ങളുമായി ബന്ധ പ്പെട്ട വ്യാവസായിക പ്രവർത്തനങ്ങളുടെ കുറവ് ചരക്ക് നീക്കത്തെ ബാധിക്കുന്നു. അതോടൊപ്പം, ഈ മേഖലയിലെ ദ്രുതഗതിയിലുള്ള സാങ്കേതിക മാറ്റങ്ങൾക്കനുസരിച്ച് ഉപക രണങ്ങളും നൈപുണ്യവും നിരന്തരം പരിഷ്കരിക്കേണ്ടതുണ്ട്. ഇവയെല്ലാം തുറമുഖങ്ങളുടെ പ്രവർത്തനക്ഷമതയെയും ദീർഘകാല മത്സരശേഷിയെയും ബാധിക്കുന്നു.

**ഉൾനാടൻ ജലഗതാഗതം**: കാലാവസ്ഥയ്ക്ക് അനുസൃതമായി ജലനിരപ്പിലുണ്ടാകുന്ന മാറ്റങ്ങൾ ജലഗതാഗതത്തെ കാര്യ മായി ബാധിക്കുന്നു. വേനൽക്കാലത്ത് ജലനിരപ്പ് താഴുന്നത് സർവീസുകൾ തടസ്സപ്പെടാൻ കാരണമാകുമ്പോൾ, വർഷ കാലത്തെ ശക്തമായ നീരൊഴുക്ക്, മാലിന്യങ്ങൾ, പ്രളയ സാധ്യത എന്നിവ സുരക്ഷാ ഭീഷണി ഉയർത്തുന്നു. എക്കൽ അടിയുന്നത് ജലപാതകളുടെ ആഴം കുറയ്ക്കുകയും അറ്റ കുറ്റപ്പണി ചെലവ് വർദ്ധിപ്പിക്കുകയും ചെയ്യുന്നു. കൂടാതെ, ഉയർന്ന ജനസാന്ദ്രതയും ഭൂമി കൈയേറ്റങ്ങളും കാരണം ബോട്ടുകാത്തിരിപ്പ് കേന്ദ്രങ്ങൾ, ജെട്ടികൾ എന്നിവ നിർമ്മി

ക്കാൻ ഭൂമി ഏറ്റെടുക്കുന്നത് സാമ്പത്തികമായും സാമൂഹികമായും വലിയ വെല്ലുവിളിയാണ്.

റോഡ് ശൃംഖലകളുടെ വിപുലമായ വികാസവും അവ നൽകുന്ന വേഗതയും 'ഡോർ-ടു-ഡോർ' കണക്റ്റിവിറ്റിയും (വീട്ടുപടിക്കൽ എത്തുന്ന സേവനം) യാത്രക്കാർക്കും ചരക്ക് നീക്കത്തിനും ഉൾനാടൻ ജലഗതാഗതത്തിൽ താല്പര്യം കുറയ്ക്കുന്നു.

**മുന്നോട്ടുള്ള വഴി**:

കേരളത്തിലെ ഗതാഗത മേഖല തികച്ചും വ്യത്യസ്തങ്ങളായ വെല്ലുവിളികളാണ് നേരിടുന്നത്. 580 കിലോമീറ്റർ നീളമുള്ള തീരപ്രദേശം, കേവലം 120 കിലോമീറ്റർ മാത്രം വരുന്ന കുറഞ്ഞ വീതി, തീരസമതലം, ഇടനാട്, മലനാട് എന്നിങ്ങനെ വ്യത്യസ്തമായ മൂന്ന് ഭൂപ്രദേശങ്ങൾ, 44 നദികൾ എന്നിവയുൾപ്പെട്ട സംസ്ഥാനത്തിന്റെ ഭൂപ്രകൃതി ഗതാഗത സംവിധാനങ്ങൾക്ക് പ്രകൃത്യാൽ തന്നെ പരിമിതികൾ സൃഷ്ടിക്കുന്നു. സംസ്ഥാനത്തെ ഉയർന്ന ജനസാന്ദ്രതയും നഗരവൽക്കരണവും ഇവയെ കൂടുതൽ സങ്കീർണ്ണമാക്കുന്നു. അതിനാൽ, നിലവിലുള്ളതും ഭാവിയിൽ ഉണ്ടാകുന്നതുമായ യാത്രാ ആവശ്യങ്ങൾ നിറവേറ്റാൻ ഊർജ്ജക്ഷമതയുള്ളതും വേഗതയേറിയതുമായ 'മൾട്ടിമോഡൽ മാസ് ട്രാൻസ്പോർട്ടേഷൻ' (വിവിധ ഗതാഗത മാർഗ്ഗങ്ങളെ സംയോജിപ്പിച്ചുള്ള പൊതുഗതാഗതം) സംവിധാനങ്ങൾക്ക് ഊന്നൽ നൽകുന്ന ദീർഘകാല സമീപനമാണ് ആവശ്യം.

**റോഡ് അടിസ്ഥാന സൗകര്യങ്ങൾ**:ദ്രുതഗതിയിലുള്ള വാഹനവൽക്കരണത്തോടും നഗരവൽക്കരണത്തോടും കിടപിടിക്കുന്ന, സംയോജിതവും പ്രതിരോധശേഷിയുള്ളതും ഭാവിയിലേക്കായി സജ്ജവുമായ ഒരു ഗതാഗത ശൃംഖല കെട്ടിപ്പടുക്കുന്നതിലാണ് കേരളത്തിന്റെ റോഡ് മേഖലയുടെ ഭാവി നിലകൊള്ളുന്നത്. സുസ്ഥിരമായ മൂലധനച്ചെലവിലൂടെ പ്രധാന ജില്ലാ റോഡുകളെയും, പ്രമുഖ സംസ്ഥാന പാതകളെയും രണ്ട് വരി, നാല് വരി പാതകളായി വികസിപ്പിക്കുകയും നവീകരിക്കുകയും ചെയ്യുക എന്നത് സംസ്ഥാനത്തിന്റെ മുൻഗണനകളിൽ ഉൾപ്പെടുന്നു. ജലവിതരണം, ഡ്രെയിനേജ്, വൈദ്യുതി, ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ തുടങ്ങിയ സേവനങ്ങളുമായി ബന്ധപ്പെട്ട് ആവർത്തിച്ചുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കാനും ഏകോപിതമായ ആസൂത്രണവും നടത്തിപ്പും ഉറപ്പാക്കാനും വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം ശക്തിപ്പെടുത്തണം.

റോഡുകളുടെയും പാലങ്ങളുടെയും ആധുനികവൽക്കരണത്തോടൊപ്പം റോഡ് സുരക്ഷ, ആസ്തി സംരക്ഷണം, കാലാവസ്ഥാ പ്രതിരോധം എന്നിവയ്ക്ക് ശക്തമായ ഊന്നൽ നൽകും. കർശനമായ നിയമപാലനം, റോഡ് എഞ്ചിനീയറിംഗിലെ മെച്ചപ്പെടുത്തലുകൾ, പൊതുജന ബോധവൽക്കരണ പരിപാടികൾ, നിർബന്ധിത സുരക്ഷാ അവബോധം, അപകടാനന്തര പരിചരണം മെച്ചപ്പെടുത്തൽ എന്നിവ ഉൾപ്പെടെ സമഗ്രമായ നടപടികളിലൂടെയാണ് സുരക്ഷിതമായ പാതകൾ യാഥാർത്ഥ്യമാക്കുന്നത്. 2030-ഓടെ റോഡ് അപകടങ്ങളും, മരണനിരക്കും ഗണ്യമായി കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ ഒരു 'റോഡ് സുരക്ഷാ കർമ്മ പദ്ധതി' നടപ്പാക്കാനും ഉത്തരവാദിത്തമുള്ള റോഡ് ഉപയോഗ സംസ്കാരം വളർത്താനുമുള്ള പ്രവർത്തനങ്ങൾക്ക് കേരള റോഡ് സേഫ്റ്റി അതോറിറ്റി നേതൃത്വം നൽകുന്നു.

കാര്യക്ഷമതയും യാത്രക്കാരുടെ അനുഭവവും മെച്ചപ്പെടുത്താൻ തത്സമയ ബസ് വിവരങ്ങൾ, ഡിജിറ്റൽ പേയ്മെന്റുകൾ, എ ഐ അധിഷ്ഠിത റൂട്ട് ക്രമീകരണം എന്നിവ ഉൾപ്പെടെ സാങ്കേതിക വിദ്യകൾ നടപ്പാക്കാനും ആധുനികവൽക്കരണത്തിനുമുള്ള ശ്രമങ്ങൾ കെ.എസ്.ആർ.ടി.സി തുടരും. അതോടൊപ്പം തന്നെ, സാമ്പത്തിക പുനഃക്രമീകരണവും വരുമാന സ്രോതസ്സുകളുടെ വൈവിധ്യവൽക്കരണവും നിർണ്ണായകമാണ്. ഇതിനായി പെൻഷൻ ബാധ്യതകൾക്ക് സർക്കാർ പിന്തുണ ഉറപ്പാക്കുകയും, ബസ് സ്റ്റാൻഡുകളിലെ വാണിജ്യ സമുച്ചയങ്ങൾ അല്ലെങ്കിൽ ഡിപ്പോ സ്ഥലങ്ങൾ പാട്ടത്തിന് നൽകുക തുടങ്ങിയ ടിക്കറ്റ് ഇതര വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുകയും ചെയ്യേണ്ടതുണ്ട്.

മോട്ടോർ വാഹന വകുപ്പ് (എം വി ഡി) ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കാനും, ഓട്ടോമേറ്റഡ് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാനും, ഓൺലൈൻ സേവനങ്ങൾ ഉൾപ്പെടെയുള്ള ജനസൗഹൃദ സേവനങ്ങൾ നൽകുന്നതിനായി ഡിജിറ്റൽ പരിവർത്തനത്തെ പ്രയോജനപ്പെടുത്താനും ലക്ഷ്യമിടുന്നു. 'സേഫ് കേരള' പദ്ധതി പോലുള്ള സംരംഭങ്ങളിലൂടെയും തുടർച്ചയായ പൊതുജന ബോധവൽക്കരണ കാമ്പെയ്നുകളിലൂടെയും ട്രാഫിക് നിയമപാലനം ശക്തമാക്കുന്നത് സംസ്ഥാനത്തുടനീളമുള്ള റോഡപകടങ്ങളും പരിക്കുകളും കുറയ്ക്കാനും സുരക്ഷ വർദ്ധിപ്പിക്കാനും അത്യന്താപേക്ഷിതമാണ്.

പൊതുഗതാഗതം, ഇലക്ട്രിക് വാഹനങ്ങൾ, മോട്ടോർ ഘടിപ്പിക്കാത്ത ഗതാഗത മാർഗ്ഗങ്ങൾ (സൈക്ലിംഗ് തുടങ്ങിയവ)എന്നിവപ്രോത്സാഹിപ്പിക്കുന്നതിനൊപ്പംസ്മാർട്ട്മൊബിലിറ്റി സൊല്യൂഷനുകളും, ഇന്റലിജന്റ് ട്രാഫിക് സിസ്റ്റങ്ങളും നടപ്പാക്കുന്നത് ഗതാഗതക്കുരുക്കും പരിസ്ഥിതി ആഘാതവും കുറയ്ക്കാൻ സഹായിക്കും. റോഡ്, റെയിൽ, ഉൾനാടൻ ജലഗതാഗതം എന്നിവയെ തമ്മിൽ ബന്ധിപ്പിക്കുന്ന 'മൾട്ടിമോഡൽ' സമീപനം സ്വീകരിക്കുക വഴി ചരക്ക് നീക്കത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുകയും സാമ്പത്തിക വളർച്ചയെ പിന്തുണയ്ക്കുകയും ചെയ്യും.

**തുറമുഖങ്ങൾ**: 2035-ഓടെ കേരളത്തെ ആഗോളതലത്തിൽ മത്സരക്ഷമതയുള്ളതും പരിസ്ഥിതി സൗഹൃദവും സാങ്കേതികമായി മുന്നേറിയതുമായ ഒരു മാരിടൈം സമ്പദ്വ്യവസ്ഥയാക്കാനാണ് സംസ്ഥാനത്തിന്റെ മാരിടൈം സ്ട്രാറ്റജി ലക്ഷ്യമിടുന്നത്. തുറമുഖാധിഷ്ഠിത വ്യവസായവൽക്കരണം, അനുബന്ധ പ്രദേശങ്ങളുടെ വികസനം, വ്യവസായ ഇടനാഴികൾ, ശക്തമായ പൊതു-സ്വകാര്യ പങ്കാളിത്ത മാതൃകകൾ (PPP), ഷിപ്പിംഗ്, ലോജിസ്റ്റിക്സ്, സമുദ്ര പഠനം എന്നീ മേഖലകളിലെ അന്താരാഷ്ട്ര സഹകരണം എന്നിവയ്ക്കാണ് ഇതിൽ മുൻഗണന നൽകുന്നത്. കാര്യക്ഷമവും സുതാര്യവുമായ തുറമുഖ മാനേജ്മെന്റിനായി ഡിജിറ്റലൈസേഷനും നൂതന സാങ്കേതികവിദ്യകളും സർക്കാർ പ്രോത്സാഹിപ്പിക്കും. കാലാവസ്ഥാ വ്യതിയാനങ്ങളെ പ്രതിരോധിക്കുന്ന അടിസ്ഥാന സൗകര്യങ്ങളും സമുദ്രവിഭവങ്ങളുടെ ഉത്തരവാദിത്തമുള്ള ഉപയോഗവും ഇതിന്റെ ഭാഗമാണ്. തീരദേശ സമൂഹങ്ങളുടെ സജീവ പങ്കാളിത്തത്തോടെ എല്ലാവ

രെയും ഉൾക്കൊള്ളുന്ന വളർച്ച എന്നത് സംസ്ഥാനത്തിന്റെ തുറമുഖ വികസന നയത്തിന്റെ പ്രധാന തത്വമായി നിലനിൽക്കും.

**ഉൾനാടൻ ജലഗതാഗതം:** ലക്ഷ്യബോധമുള്ളതും വിവിധ ഗതാഗത മാർഗ്ഗങ്ങളെ ഏകോപിപ്പിക്കുന്നതും കാലാവസ്ഥാ വ്യതിയാനങ്ങളെ പ്രതിരോധിക്കാൻ ശേഷിയുള്ളതുമായ ഒരു സമീപനമാണ് ഉൾനാടൻ ജലഗതാഗതത്തിന്റെ പുരോഗതിക്ക് ആവശ്യം. ശാസ്ത്രീയമായ ഡ്രെഡ്ജിംഗ്, തീരസംരക്ഷണം, മെച്ചപ്പെട്ട ജല മാനേജ്മെന്റ് രീതികൾ എന്നിവയിലൂടെ തെരഞ്ഞെടുക്കപ്പെട്ട പ്രധാന ജലപാതകളിൽ തടസ്സമില്ലാത്ത ഗതാഗതം ഉറപ്പാക്കേണ്ടതുണ്ട്. വ്യത്യസ്ത ജലസാഹചര്യങ്ങൾക്ക് അനുയോജ്യമായ ആധുനിക ബോട്ടുകൾ, മെച്ചപ്പെട്ട ടെർമിനൽ അടിസ്ഥാന സൗകര്യങ്ങൾ, ലാസ്റ്റ് മൈൽ കണക്ടിവിറ്റി എന്നിവയിലെ നിക്ഷേപം ഈ മേഖലയിലുള്ള വിശ്വാസ്യതയും യാത്രക്കാരുടെ ആത്മവിശ്വാസവും വർദ്ധിപ്പിക്കും.

സംസ്ഥാന ജലഗതാഗത വകുപ്പിന്റെ കീഴിലുള്ള ബോട്ടുകളുടെ പകുതിയും സൗരോർജ്ജത്തിലേക്ക് മാറ്റാനുള്ള പദ്ധതിയാണ് ഇതിൽ പ്രധാനപ്പെട്ട ഒന്ന്. ഇതിന്റെ ഭാഗമായി വൈക്കം കേരളത്തിലെ ആദ്യത്തെ സമ്പൂർണ്ണ സൗരോർജ്ജ ഫെറി ടെർമിനലാകും. സംസ്ഥാന ജലഗതാഗത വകുപ്പ് വിവിധ ജില്ലകളിലായി പ്രതിദിന സർവീസുകൾ വർദ്ധിപ്പിക്കുകയും പുതിയ ബോട്ടുകൾ ഉൾപ്പെടുത്തുകയും കൊച്ചി കായലിൽ പ്രീമിയം പാസഞ്ചർ, വിനോദസഞ്ചാരഅധിഷ്ഠിതസർവീസുകൾആരംഭിക്കുകയുംചെയ്യുന്നുണ്ട്. ഫോർട്ട് കൊച്ചിയിൽ ഫ്ലോട്ടിംഗ് ഡോക്ക്, മറൈൻ ഡ്രൈവിൽ നിന്ന് ഡിന്നർ ക്രൂസ്, ഷോർട്ട് ക്രൂസ് സർവീസുകൾ, കാക്കത്തുരുത്ത് ദ്വീപിലേക്കുള്ള ടൂറിസ്റ്റ് കണക്ടിവിറ്റി, കുട്ടനാടിനെയും പാതിരാമണലിനെയും ബന്ധിപ്പിക്കുന്ന സാംസ്കാരിക സർക്യൂട്ടുകൾ എന്നിവ പുതിയ നിർദ്ദേശങ്ങളിൽ ഉൾപ്പെടുന്നു. കടമക്കുടി-പാലിയം തുരുത്ത്, ഹൈക്കോടതി-മട്ടാഞ്ചേരി, അരൂക്കുറ്റി-എറണാകുളം തുടങ്ങിയ പുതിയതും പുനരുജ്ജീവിപ്പിച്ചതുമായ റൂട്ടുകൾ യാത്രാസൗകര്യവും യാത്രക്കാരുടെ എണ്ണവും വർദ്ധിപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കേരള ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ പുതിയ ക്രൂസ് വെസ്സലും ബൾക്ക് ബാർജും കമ്മീഷൻ ചെയ്യാൻ പദ്ധതിയിടുന്നുണ്ട്. കൂടാതെ, എഫ്.ആർ.പി ബോട്ടുകളുടെ നിർമ്മാണവും വിതരണവും വ്യാപിപ്പിച്ച് പ്രവർത്തനക്ഷമത വർദ്ധിപ്പിക്കാനും ഉൾനാടൻ ജലഗതാഗത മേഖലയുടെ ദീർഘകാല സുസ്ഥിരത ഉറപ്പാക്കാനും ലക്ഷ്യമിടുന്നു.

## അധ്യായം 22
# സുസ്ഥിരമായ ഊർജ്ജ സംവിധാനങ്ങൾ

സമ്പൂർണ വൈദ്യുതീകൃത സംസ്ഥാനമെന്ന പദവി 2017 ൽ കേരളം നേടിക്കഴിഞ്ഞു. കുറഞ്ഞ കാർബൺ ബഹിർഗമനത്തോടുള്ള സംസ്ഥാനത്തിന്റെ പ്രതിജ്ഞാബദ്ധതയ്ക്ക് അനുസൃതമായി, പുനരുപയോഗിക്കാവുന്ന ഊർജ്ജം സ്വീകരിച്ചതും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയതും ഉൾപ്പെടെ മുൻകൂട്ടി കൈക്കൊണ്ട നടപടികൾ തടസ്സമില്ലാത്തതും സുസ്ഥിരവുമായ വൈദ്യുതി വിതരണം ഉറപ്പാക്കുന്നു. പുരപ്പുറ സൗരോർജ്ജ പദ്ധതി (റൂഫ് ടോപ് സോളാർ -ആർ ടി എസ്) നടപ്പാക്കുന്നതിൽ രാജ്യത്ത് തന്നെ മുൻനിരയിലുള്ള സംസ്ഥാനമായി കേരളം ഉയർന്നുവന്നിട്ടുണ്ട്. 2025 ഓഗസ്റ്റ് വരെയുള്ള കണക്കനുസരിച്ച്, കേരളം 1.5 GW ശേഷിയുള്ള റൂഫ് ടോപ്പ് സോളാർ സ്ഥാപിച്ചിട്ടുണ്ട്. ഇത് സംസ്ഥാനത്തെ ആകെ സൗരോർജ്ജ സ്ഥാപിത ശേഷിയുടെ 81 ശതമാനമാണ്. 2019-20 ൽ സംസ്ഥാനത്തിന്റെ മുൻഗണനാ പദ്ധതിയായ 'സൗര' പ്രോഗ്രാമിലൂടെ ഗ്രിഡ്-ബന്ധിത RTS പദ്ധതിയെ മുഖ്യധാരയിലേക്ക് കൊണ്ടുവന്നത് പോലുള്ള പുരോഗമനപരമായ ഇടപെടലുകൾ ഈ നേട്ടം കൈവരിക്കാൻ സഹായിച്ചു.

സംസ്ഥാനത്തിന്റെ ഊർജ്ജ ഇറക്കുമതി ആവശ്യകത മുൻനിർത്തി ഈ കാലയളവിൽ ആരംഭിച്ച ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയിലൂടെ ശക്തമായ ഒരു പ്രസരണ ശൃംഖല (ട്രാൻസ്മിഷൻ ഇൻഫ്രാസ്ട്രക്ചർ) കെട്ടിപ്പടുക്കാൻ സാധിച്ചു. കഴിഞ്ഞ ദശകത്തിൽ ലോഡ് ഷെഡ്ഡിംഗ് ഇല്ലാതെ തടസ്സരഹിത വൈദ്യുതി വിതരണം കേരളത്തിന് സാധ്യമായി. കൂടാതെ, 2024-25 ൽ സാങ്കേതികവും, വാണിജ്യപരവുമായ നഷ്ടം 6.61 ശതമാനമായി കുറയ്ക്കാനും വൈദ്യുതി രംഗത്ത് രാജ്യത്തെ ഏറ്റവും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന സംസ്ഥാനങ്ങളിലൊന്നായി മാറാനും സാധിച്ചു.

കേരളത്തിന്റെ വികസന പ്രവർത്തനങ്ങളിൽ ഊർജ്ജ മേഖലയ്ക്ക് കേന്ദ്രസ്ഥാനമാണുള്ളത് . ഊർജ്ജ സുരക്ഷ, ഗുണനിലവാരം, കാര്യക്ഷമത, ശാസ്ത്രീയമായ മാനേജ്മെന്റ്, സുരക്ഷ എന്നിവയ്ക്കാണ് ഊർജ്ജ മേഖല പ്രധാന മുൻഗണന നൽകുന്നത്. ഹരിത ഊർജ്ജത്തിലേക്കുള്ള മാറ്റത്തിനായി ഊർജ്ജ മേഖല കൃത്യമായ ഇടപെടലുകൾ നടത്തിവരികയാണ്. സംസ്ഥാനത്ത് ഭൂലഭ്യതയിലുള്ള പരിമിതികളും, ജലവൈദ്യുത പദ്ധതികൾ നടപ്പാക്കുന്നതിലെ പരിസ്ഥിതി പ്രശ്നങ്ങളും കണക്കിലെടുത്ത്, ഊർജ്ജ സുരക്ഷ ഉറപ്പാക്കാനാണ് 13, 14 പഞ്ചവത്സര പദ്ധതി കാലയളവിൽ സംസ്ഥാനം പ്രധാനമായും ഊന്നൽ നൽകിയത്.

### ഊർജ്ജമേഖലയിലെ ഏജൻസികൾ

കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് (കെ.എസ്.ഇ.ബി.എൽ), ഏജൻസി ഫോർ നോൺ കൺവെൻഷണൽ എനർജി ആൻഡ് റൂറൽ ടെക്നോളജി (അനർട്ട്), എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി) ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ് എന്നീ ഏജൻസികൾ മുഖേനയാണ് സംസ്ഥാനത്തെ ഊർജ്ജ വികസന പ്രവർത്തനങ്ങൾ മുഖ്യമായും നടപ്പാക്കുന്നത്.

സംസ്ഥാനത്തെ വൈദ്യുതിയുടെ ഉത്പാദനം, പ്രസരണം, വിതരണം എന്നിവയിൽ പൊതുമേഖലാ സ്ഥാപനമായ കെഎസ്ഇബി നിർണായക പങ്ക് വഹിക്കുന്നു. പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളുടെ സ്വീകാര്യതയും വികസനവും പ്രോത്സാഹിപ്പിക്കുന്നതിൽ അനർട്ട് പ്രധാന പങ്ക് വഹിക്കുന്നു. കേന്ദ്രസർക്കാർ പരിപാടികൾ നടപ്പാക്കാനുള്ള മിനിസ്ട്രി ഓഫ് ന്യൂ ആൻഡ് റിന്യൂവബിൾ എനർജിയുടെ (എം.എൻ.ആർ.ഇ) കേരളത്തിലെ നോഡൽ ഏജൻസി കൂടിയാണ് ഈ സ്ഥാപനം. ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിച്ച് വിവിധ മേഖലകളിൽ ഊർജ്ജ സംരക്ഷണ രീതികൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെ 2001 ലെ ഊർജ്ജ സംരക്ഷണ നിയമം നടപ്പാക്കാൻ സംസ്ഥാന സർക്കാർ സ്ഥാപിച്ച ഏജൻസിയാണ് എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി). സംസ്ഥാനത്തുടനീളമുള്ള വൈദ്യുത സുരക്ഷയും സുരക്ഷാ ചട്ടങ്ങൾ പാലിക്കലും ഉറപ്പാക്കാൻ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന് ഉത്തരവാദിത്തമുണ്ട്.

### 13, 14 പഞ്ചവത്സര പദ്ധതികളിലെ ഊർജ്ജ മേഖല

ജല, സൗരോർജ്ജ, കാറ്റാടി പദ്ധതികളിലൂടെ ആഭ്യന്തര വൈദ്യുതി ഉൽപാദന ശേഷി വർദ്ധിപ്പിക്കാനും പ്രസരണ, വിതരണ ശൃംഖല ശക്തിപ്പെടുത്താനും എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കാനും പതിമൂന്നാം പഞ്ചവത്സര പദ്ധതി ലക്ഷ്യമിട്ടു. വൻകിട സൗരോർജ്ജ പദ്ധതികളുടെ ഗണ്യമായ വിപുലീകരണം, ഉപഭോക്തൃ സൗഹൃദ സംവിധാനങ്ങളിലൂടെ ഉപഭോക്തൃ സംതൃപ്തി ഉറപ്പാക്കൽ, അനുയോജ്യമായ പുനരുപയോഗ ഊർജ്ജ സാങ്കേതികവിദ്യകളുടെ വികസനവും പ്രദർശനവും, ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കൽ എന്നിവയും ഇതിൽ ഉൾപ്പെടുന്നു. വർദ്ധിച്ചുവരുന്ന ആവശ്യം നിറവേറ്റാൻ വൈദ്യുതി ഉൽപാദനം വർദ്ധിപ്പിക്കാനാണ് 14-ാം പഞ്ചവത്സര പദ്ധതിയിൽ (2022-2027) മുൻഗണന നൽകിയിരിക്കുന്നത്.

2016-17 നും 2024-25 നും ഇടയിൽ വൈദ്യുതി മേഖലയിൽ 15,713.2 കോടി രൂപ ചെലവാക്കി.

### കേരള വൈദ്യുതി നയം 2019

ജലം, സൗരോർജ്ജം, കാറ്റ്, മറ്റ് പുനരുപയോഗ സ്രോതസ്സുകൾ എന്നിവയിലൂടെ വൈദ്യുതി ഉൽപാദനം വർദ്ധിപ്പിച്ചുകൊണ്ട് വർദ്ധിച്ചുവരുന്ന ആവശ്യം നിറവേറ്റുന്നതിനാണ് കേരളത്തിലെ ഊർജ്ജ മേഖലയുടെ പ്രധാന ഊന്നൽ. 2019 ലെ കേരള വൈദ്യുതി നയത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ ഇവയാണ്:

- ആഗോള നിലവാരത്തിന് അനുയോജ്യമായ വൈദ്യുതി അടിസ്ഥാന സൗകര്യ സേവനങ്ങൾ നൽകാൻ കേരളത്തിലെ വൈദ്യുതി മേഖലയെ പരിവർത്തനം ചെയ്യുക;
- വിശ്വസനീയവും, സുരക്ഷിതവും, കാര്യക്ഷമവും, ആധുനിക സാങ്കേതികവിദ്യ ഉപയോഗിക്കുന്നതുമായ ഒരു വൈദ്യുത ശൃംഖല സൃഷ്ടിക്കുക;
- സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകതകൾ തുടർച്ചയായും നിയന്ത്രണങ്ങളില്ലാതെയും നിറവേറ്റുക;
- ഏറ്റവും അനുയോജ്യമായ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുന്നതിന്റെ ആവശ്യകത സന്തുലിതമാക്കുകയും അതേ സമയം സംസ്ഥാനത്തിന്റെ ഊർജ്ജ സുരക്ഷ ഉറപ്പാക്കുകയും ചെയ്യുക;

- വിവിധ വൈദ്യുതോൽപ്പാദന സ്രോതസ്സുകളിൽ (ജനറേഷൻ മിക്സ് - ഉൽപ്പാദന മിശ്രിതം) പുനരുപയോഗ ഊർജ്ജത്തിന്റെ വിഹിതം വർദ്ധിപ്പിക്കുക; ഉചിതമായ സാങ്കേതികവിദ്യ ഉപയോഗിച്ച് അനുബന്ധ ചെലവുകൾ പങ്കിടുന്നതിലെ വ്യതിയാനം പരിഹരിക്കുക
- വൈദ്യുതി വില താങ്ങാനാവുന്ന നിലയിൽ നിലനിർത്തുകയും അതേ സമയം, വൈദ്യുതി വ്യവസായത്തിന്റെ സാമ്പത്തിക സ്ഥിതി ഉറപ്പാക്കുകയും ചെയ്യുക;
- സ്ഥാപനത്തിന്റെ ഘടനാപരമായ നവീകരണത്തിലൂടെയും വിവരസാങ്കേതികവിദ്യയുടെ വർദ്ധിച്ച ഉപയോഗത്തിലൂടെയും ഉപഭോക്തൃ പ്രതീക്ഷകളും സേവന വിതരണത്തിന്റെ യഥാർത്ഥ നിലവാരവും തമ്മിലുള്ള അന്തരം നികത്തുക;
- പുനരുപയോഗ ഊർജ്ജം, ഊർജ്ജ കാര്യക്ഷമത, ഇലക്ട്രിക് മോട്ടോർ വാഹനങ്ങൾ, സംഭരണ സാങ്കേതിക വിദ്യകൾ തുടങ്ങിയ മേഖലകളിൽ അടുത്ത തലമുറ സേവനങ്ങൾ നൽകുന്നതിന് നിലവിലെ വൈദ്യുത വ്യവസായ ഘടനയുടെ പരിമിതികൾ മറികടക്കുക.

സംസ്ഥാനത്തിന്റെ വികസനത്തിന് സഹായമാകുന്ന രീതിയിൽ വരും വർഷങ്ങളിൽ കേരളത്തിന്റെ ഊർജ്ജ മേഖലയുടെ വളർച്ച ലക്ഷ്യമിട്ടിട്ടുള്ളതാണ് പുതിയ (കരടു) കേരള ഊർജ്ജ നയം 2025. ഊർജ്ജ സുസ്ഥിരത, സുരക്ഷ, വിശ്വാസ്യത, ലഭ്യത , താങ്ങാനാവുന്ന ചെലവ് എന്നിവയ്ക്ക് അർഹമായ പരിഗണന നൽകികൊണ്ട് "കേരളത്തെ സുസ്ഥിരമായി ശാക്തീകരിക്കുക" എന്ന കാഴ്ച്ചപ്പാടോടെയാണ് ഇത് തയ്യാറാക്കിയത്.

### 13, 14 പഞ്ചവത്സര പദ്ധതി കാലയളവിലെ പ്രധാന സംരംഭങ്ങളും നേട്ടങ്ങളും

#### ഉത്പാദനം

കേരളത്തിലെ വൈദ്യുതി മേഖല ഗണ്യമായ വളർച്ചയ്ക്കും പരിവർത്തനത്തിനും സാക്ഷ്യം വഹിച്ചിട്ടുണ്ട്. 2024-25 ലെ സ്ഥാപിത ശേഷിയുടെ ഭൂരിഭാഗവും (2,409.8 മെഗാവാട്ട്) സംസ്ഥാന മേഖലയാണ് വഹിക്കുന്നത്, കൂടാതെ കേന്ദ്ര മേഖലയോടൊപ്പം (359.6 മെഗാവാട്ട്) വൈദ്യുതി ഉൽപാദനത്തിന്റെ സിംഹഭാഗവും (2024-25 ലെ സ്ഥാപിത ശേഷിയുടെ 70 ശതമാനം) സംഭാവന ചെയ്യുന്നു.

അതേസമയം, പുതുതായി ഉത്പാദന ശേഷി കൂട്ടിച്ചേർക്കലിന്റെ പ്രധാന ചാലകശക്തിയായി സ്വകാര്യ മേഖല ഉയർന്നുവന്നിട്ടുണ്ട്. 2016-17ൽ 387.2 മെഗാവാട്ടിൽ നിന്ന് 2024-25ൽ 1,642.8 മെഗാവാട്ടായി സ്വകാര്യ മേഖല, പ്രധാനമായും പുനരുപയോഗ ഊർജ്ജമായ സൗരോർജ്ജത്തിലൂടെ അതിവേഗ വളർച്ച കൈവരിച്ചു.

2016-17 ൽ 2,967.3 മെഗാവാട്ട് ആയിരുന്ന വൈദ്യുതിയുടെ മൊത്തം സ്ഥാപിത ശേഷി 2024-25 ൽ 4,412.1 മെഗാവാട്ട് ആയി വർദ്ധിച്ചു. ജലവൈദ്യുതി പ്രധാന സ്രോതസ്സ് (2024-25 ൽ 51.8 ശതമാനം) ആയി തുടരുന്നത്, വൈദ്യുതി ഉൽപാദനത്തിന് കേരളത്തിന്റെ പ്രകൃതിദത്ത ജലസ്രോതസ്സുകളെ പരമ്പരാഗതമായി ആശ്രയിക്കുന്നത് എടുത്തുകാട്ടുന്നു. ഊർജ്ജ മിശ്രിതത്തിലെ ശ്രദ്ധേയമായ ഒരു പ്രവണത പുനരുപയോഗ സ്രോതസ്സുകളിൽ നിന്നുള്ള വർദ്ധിച്ച സംഭാവനയാണ്. പ്രത്യേകിച്ചും, സൗരോർജ്ജം ഒരു പ്രധാന ഘടകമായി ഉയർന്നുവന്നിട്ടുണ്ട്, 2016-17 ൽ ഇത് 2.8 ശതമാനമായിരുന്നു, ഇത് 2024-25 ൽ മൊത്തം ഊർജ്ജത്തിന്റെ 34.4 ശതമാനമായി ഉയർന്നുവന്നിട്ടുണ്ട്, ഇത് നയപരമായ മുന്നേറ്റത്തെയും സൗരോർജ്ജ അടിസ്ഥാന സൗകര്യങ്ങളിലെ നിക്ഷേപത്തെയും സൂചിപ്പിക്കുന്നു. 2024-25 ൽ സ്ഥാപിത ശേഷിയുടെ ഏകദേശം 12 ശതമാനം താപവൈദ്യുതിയും 1.6 ശതമാനം കാറ്റാടി വൈദ്യുതിയും സംഭാവന ചെയ്തു. 2016-17 മുതൽ 2024-25 വരെയുള്ള സ്ഥാപിത ശേഷിയിൽ ഉറവിടം തിരിച്ചുള്ള സംഭാവന പട്ടിക 22.1 കാണിക്കുന്നു.

2025 മാർച്ച് 31 ലെ കണക്കനുസരിച്ച് 2,409.8 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള പ്രധാന വൈദ്യുതി യൂട്ടിലിറ്റി ഏജൻസിയാണ് കെഎസ്ഇബിഎൽ. ഇതിൽ 2,196.4 മെഗാവാട്ട് ജലവൈദ്യുത സ്രോതസ്സുകളിൽ നിന്നും, 160 മെഗാവാട്ട് താപവൈദ്യുത നിലയങ്ങളിൽ നിന്നും, 51.4 മെഗാവാട്ട് സൗരോർജ്ജ പ്ലാന്റുകളിൽ നിന്നും, 2 മെഗാവാട്ട് കാറ്റാടിപ്പാടങ്ങളിൽ നിന്നുമാണ് ഉത്പാദിപ്പിക്കപ്പെടുന്നത്. 2016-17 മുതൽ 2024-25 വരെയുള്ള കാലയളവിൽ, തോട്ടിയാർ (40MW), പള്ളിവാസൽ എക്സ്റ്റെൻഷൻ (66MW), പെരുവണ്ണാമൂഴി (6MW), പെരങ്ങൽക്കുത്ത് (24 MW), സൗരോർജ്ജം ഉൾപ്പെടെയുള്ള വിവിധ ജലവൈദ്യുത

**പട്ടിക 22.1** *കേരളത്തിലെ ഊർജ്ജ സ്രോതസ്സും വിഹിതവും, 2016 - 17 മുതൽ 2024 - 25 വരെ, മെഗാവാട്ടും ശതമാനവും*

| ഊർജ്ജ സ്രോതസ്സ് | 2016 - 17 | 2017 - 18 | 2018 - 19 | 2019 - 20 | 2020 - 21 | 2021 - 22 | 2022 - 23 | 2023 - 24 | 2024 - 25 |
|---|---|---|---|---|---|---|---|---|---|
| ജലം | 2,108 (71) | 2,126 (71.5) | 2,129.4 (71) | 2,129.4 (69.3) | 2,129.5 (70.3) | 2,137.1 (67.9) | 2,173.6 (61.8) | 2,183.6 (57.2) | 2,284.4 ( 51.8 ) |
| താപോർജ്ജം | 718.4 (24.2) | 676.5 (12.7) | 676.5 (22.5) | 686.5 (22.3) | 529.5 (17.5) | 529.5 (16.8) | 536.5 (15.3) | 536.5 (14.1) | 536.5 (12.2) |
| കാറ്റ് | 59.3 (2) | 60.3 (2) | 60.3 (2) | 70.3 (2.3) | 70.3 (2.3) | 70.3 (2.2) | 70.3 (2) | 71.3 (1.9) | 71.5 ( 1.6 ) |
| സൗരോർജ്ജം | 81.6 (2.8) | 112.3 (3.8) | 134.1 (4.5) | 186.9 (6.1) | 300.4 (9.9) | 409.1 (13) | 734.4 (20.9) | 1,027.4 (26.9) | 1,519.7 (34.4) |
| **ആകെ** | **2,967.3** | **2,975.6** | **3,000.4** | **3,073.1** | **3,029.7** | **3,146** | **3,514.8** | **3,818.8** | **4,412.1** |

*ഉറവിടം:* കേരള സംസ്ഥാന വൈദ്യുതി ബോർഡ്




**ചിത്രം 22.1** *2016 - 17 മുതൽ 2024 - 25 kWh വരെയുള്ള പ്രതിശീർഷ വൈദ്യുതി ഉപഭോഗം*
*ഉറവിടം:* കേരള സംസ്ഥാന വൈദ്യുതി ബോർഡ്

പദ്ധതികൾ സംസ്ഥാനം കമ്മീഷൻ ചെയ്തു. വൈദ്യുതി ഉൽപാദന മേഖലയിലെ എല്ലാ സംരംഭങ്ങളും സുസ്ഥിര ഊർജ്ജ പരിവർത്തനത്തിനായുള്ള സംസ്ഥാനത്തിന്റെ പ്രതിബദ്ധതയെ ശക്തിപ്പെടുത്തുന്നു.

**ഉപഭോഗം**

കേരളത്തിന്റെ ഊർജ്ജ ആവശ്യകത, പരമാവധി വൈദ്യുതി ആവശ്യകത, വൈദ്യുതി ഉപഭോഗം എന്നിവയിലെ പ്രവണതകൾ ക്രമാനുഗതമായി വർദ്ധിക്കുകയാണ്. 2016-17 ൽ, പകൽ സമയത്തെ ഏറ്റവും കൂടിയ വൈദ്യുതി ആവശ്യകത 4,004 മെഗാവാട്ട് ആയിരുന്നത് 2024-25 ൽ 5,797 മെഗാവാട്ടായി വർദ്ധിച്ചു. 2016-17 ലെ മൊത്തം വൈദ്യുതി ഉപഭോഗം 20,452.9 ദശലക്ഷം യൂണിറ്റ് ആയിരുന്നത് 2024-25 ൽ 29,311.8 ദശലക്ഷം യൂണിറ്റ് ആയി വർദ്ധിച്ചു. ഇതേ കാലയളവിൽ, ആകെ ഉപഭോക്താക്കളുടെ എണ്ണം 1.2 കോടിയിൽ നിന്ന് 2024-25ൽ 1.4 കോടിയായി ഉയർന്നു. കേരളത്തിലെ പ്രതിശീർഷ വൈദ്യുതി ഉപഭോഗം 2016-17 ൽ 592 kWh ൽ നിന്ന് 2024-25 ൽ 816 kWh ആയി വർദ്ധിച്ചു, കഴിഞ്ഞ ഒരു ദശകത്തിനിടെ ഏകദേശം 38 ശതമാനം വർധനവ് ആണ് രേഖപ്പെടുത്തിയത്. ഏകദേശം 3.9 ശതമാനം വരുന്ന ഈ സംയുക്ത വാർഷിക വളർച്ചാ നിരക്ക് (സിഎജിആർ), സാമ്പത്തിക വികസനവും നഗരവൽക്കരണവും മൂലം ഗാർഹിക, വാണിജ്യ മേഖലകളിലെ ഊർജ്ജ ഉപഭോഗത്തിൽ ഉണ്ടായ ക്രമാനുഗതവും സ്ഥിരവുമായ പുരോഗതി പ്രതിഫലിപ്പിക്കുന്നു.

ഉപഭോക്തൃ സൗഹൃദവും, ഐടി-അധിഷ്ഠിതവുമായ സേവനങ്ങളിലൂടെ ഉപഭോക്തൃ സംതൃപ്തി വർദ്ധിപ്പിക്കാനാണ് പതിമൂന്നും പതിനാലും പഞ്ചവത്സര പദ്ധതികൾ മുൻഗണന നൽകിയിട്ടുള്ളത്. പരാതികൾ രജിസ്റ്റർ ചെയ്യാനും സേവനങ്ങൾക്കായി അപേക്ഷിക്കാനും ബില്ലിംഗ് വിവരങ്ങൾ അറിയാനുമുള്ള ക്ലൗഡ് ടെലിഫോണി സേവനങ്ങൾ, ഓട്ടോമേറ്റഡ് വോയിസ് കോൾ ബാക്ക് സൗകര്യം, വൈദ്യുതി ബന്ധം വിച്ഛേദിക്കുന്ന തീയതിക്ക് ഒരു ദിവസം മുമ്പ് ഉപഭോക്താക്കൾക്ക് വിച്ഛേദിക്കൽ അറിയിപ്പുകൾ നൽകുന്ന വോയ്സ് ബ്ലാസ്റ്റ്; ഉപഭോക്താക്കൾക്ക് വീട്ടുവാതിൽക്കൽ വൈദ്യുതി ചാർജുകൾ അടയ്ക്കാൻ സൗകര്യമൊരുക്കുന്ന സ്പോട്ട് ബില്ലിംഗ് മെഷീനുകൾ (POS ഫീച്ചറോട് കൂടിയത്) എന്നിവ മികച്ച സേവനം നൽകാൻ നടപ്പാക്കിയ പദ്ധതികളിൽ ഉൾപ്പെടുന്നു.

**വിതരണവും പ്രസരണവും**

തടസ്സരഹിത വൈദ്യുതി വിതരണം ഉറപ്പാക്കാൻ, പ്രസരണ, വിതരണ അടിസ്ഥാന സൗകര്യങ്ങൾ കേരളം ശക്തിപ്പെടുത്തുകയാണ്. കേരളത്തിന്റെ വൈദ്യുതി പ്രസരണ ശൃംഖലയിൽ ശ്രദ്ധേയമായ വർദ്ധനവാണ് ഉണ്ടായത്. സംസ്ഥാനത്ത് ആകെ 435 സബ്സ്റ്റേഷനുകൾ (പവർ ഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡിന്റെ (PGCIL) കീഴിലുള്ള ആറ് സബ്സ്റ്റേഷനുകളും) ഏകദേശം 14,803.4 സർക്ക്യൂട്ട് കിലോമീറ്റർ വ്യാപിച്ചുകിടക്കുന്ന പ്രസരണ ലൈൻ ശൃംഖലയും (PGCIL-ന് കീഴിലുള്ള 1,813.9 കിലോമീറ്റർ ഉൾപ്പെടെ) നിലവിലുണ്ട്.

പതിമൂന്നും പതിനാലും പഞ്ചവത്സര പദ്ധതി കാലയളവിൽ വൈദ്യുതി ശൃംഖലയിൽ നിർണ്ണായകമായ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടുത്തിയത് സംസ്ഥാനത്തിന്റെ ഊർജ്ജ മേഖലയിൽ വലിയൊരു നാഴികക്കല്ലാണ്. വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യം കൈകാര്യം ചെയ്യാനും നിലനിർത്താനുമുള്ള സംസ്ഥാനത്തിന്റെ ശേഷി വർദ്ധിപ്പിക്കുകയും ഭാവിയിലെ ആവശ്യങ്ങൾക്കായി കൂടുതൽ ശക്തവും വിശ്വസനീയവുമായ വൈദ്യുതി വിതരണ സംവിധാനം ഉറപ്പാക്കുകയും ചെയ്തു.

പ്രസരണ, വിതരണ മേഖലകളിലെ പ്രധാന സംരംഭങ്ങൾ/നേട്ടങ്ങൾ താഴെ പറയുന്നവയാണ്:

- മൊത്തം സാങ്കേതിക, വാണിജ്യ നഷ്ടം 10 ശതമാനത്തിൽ താഴെ കുറയ്ക്കാൻ രണ്ട് പദ്ധതി കാലയളവുകളിലും സംസ്ഥാനം ലക്ഷ്യമിടുകയും പ്രശംസനീയമായ വിജയം നേടുകയും ചെയ്തു. പ്രസരണ, വിതരണ നഷ്ടം (Transmission and Distribution Loss) 2016-17ലെ 13.9 ശതമാനത്തിൽ നിന്ന് 2024-2025ൽ 9.27 ശതമാനമായി കുറഞ്ഞു. ഇത് കാര്യക്ഷമമായ വൈദ്യുതി മാനേജ്മെന്റും അടിസ്ഥാന സൗകര്യ പരിപാലനവും സൂചിപ്പിക്കുന്നു.
- സംസ്ഥാനത്തെ വൈദ്യുതി മേഖലയുടെ സംയോജിത വികസനം ലക്ഷ്യമിട്ട് 2018 ലാണ് ഊർജ്ജ കേരള മിഷൻ ആരംഭിച്ചത്. സൗര, ഫിലമെന്റ് ഫ്രീ കേരളം , ദ്യുതി 2021, ട്രാൻസ് ഗ്രിഡ് 2.0, ഇ-സേഫ് എന്നീ അഞ്ച് സുപ്രധാന പദ്ധതികൾ നടപ്പാക്കാനാണ് ഇത് ലക്ഷ്യമിടുന്നത്.
- ഭാവിയിലെ വൈദ്യുതി ആവശ്യങ്ങൾ നിറവേറ്റാനും പ്രസരണ ശേഷി വർദ്ധിപ്പിക്കാനും ,വിതരണം ചെയ്യുന്ന വൈദ്യുതിയുടെ ഗുണനിലവാരവും വിശ്വസനീയതയും മെച്ചപ്പെടുത്താനും ട്രാൻസ് ഗ്രിഡ് 2.0 പദ്ധതി ആരംഭിച്ചു. പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ ലക്ഷ്യമിട്ട 12 സബ്സ്റ്റേഷനുകളും ഏകദേശം 1,766 സർക്ക്യൂട്ട് കിലോമീറ്റർ ലൈനുകളും പൂർത്തിയാക്കി കമ്മീഷൻ ചെയ്തു.
- കെ.എസ്.ഇ.ബി.യുടെ വിതരണ ശൃംഖലയെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് 2022-23 മുതൽ 2026-27 വരെയുള്ള കാലയളവിൽ ദ്യുതി പദ്ധതി നടപ്പാക്കുന്നത്. ഇതിന്റെ ഭാഗമായി, ഇതുവരെ 1,678 പുതിയ വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 2,12,397 എനർജി മീറ്ററുകൾ മാറ്റി സ്ഥാപിക്കുകയും ചെയ്തു.
- 2016-17 മുതൽ 2024-25 വരെയുള്ള കാലയളവിൽ, പുതിയ സബ്സ്റ്റേഷനുകൾ കമ്മീഷൻ ചെയ്യുകയും നിലവിലുള്ള ശൃംഖലയിലേക്ക് ട്രാൻസ്മിഷൻ ലൈനുകൾ കൂട്ടി ചേർക്കുകയും സ്ഥാപിത ശേഷി വർധിപ്പിക്കുകയും ചെയ്തു. കുറഞ്ഞ വോൾട്ടേജ് ലെവലുകളിൽ (66 കെവി, 33 കെവി) പരിമിതമായ വികസനം മാത്രമേ ഉണ്ടായിട്ടുള്ളൂ, ചെറിയ ലൈൻ എക്സ്റ്റെൻഷനുകളും ചെറിയ ശേഷി കൂട്ടിച്ചേർക്കലുകളും മാത്രമേ ഉണ്ടായിട്ടുള്ളൂ. വർദ്ധിച്ചുവരുന്ന ആവശ്യകത നിറവേറ്റാനും ഗ്രിഡ് വിശ്വാസ്യത മെച്ചപ്പെടുത്താനും മീഡിയം , ഹൈ വോൾട്ടേജ് ട്രാൻസ്മിഷൻ ശക്തിപ്പെടുത്തുന്നതിൽ സംസ്ഥാനം നൽകിയ പ്രാധാന്യമാണ് ഈ വികസന രീതിയിൽ പ്രതിഫലിപ്പിക്കുന്നത്.
- കോട്ടയത്ത് കമ്മീഷൻ ചെയ്ത കേരളത്തിലെ ആദ്യത്തെ 400 കെവി ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷൻ, 400 കെവി തിരുനെൽവേലി-കൊച്ചി-മടക്കത്തറ-ഉദുമൽപെട്ട് പവർ ഹൈവേ, കൊച്ചിയിലും പാലക്കാട്ടുമായി രണ്ട് 500 എംവിഎ ഇന്റർകണക്ടിംഗ് ട്രാൻസ്ഫോർമറുകൾ (ഡൗൺസ്ട്രീമിനൊപ്പം) എന്നിവ പ്രസരണ മേഖലയിലെ പ്രധാന നേട്ടങ്ങളാണ്. പരസ്പരം ബന്ധിപ്പിക്കുന്ന ഈ രണ്ട് 500 എംവിഎ ട്രാൻസ്ഫോർമറുകൾ കമ്മീഷൻ ചെയ്തതോടെ പുറത്തു നിന്ന് വൈദ്യുതി കൊണ്ടുവരാനുള്ള സംസ്ഥാനത്തിന്റെ ശേഷി ഏകദേശം 1000 മെഗാവാട്ട് വർധിക്കുകയും മൊത്തം 4620 മെഗാവാട്ടായി വർദ്ധിക്കുകയും ചെയ്തു. 2016-2025 കാലയളവിൽ മൊത്തം 92 സബ്സ്റ്റേഷനുകൾ കൂടി കൂട്ടിച്ചേർത്തു. ഈ കാലയളവിൽ 179.7 മെഗാവാട്ട് പദ്ധതികൾ പൂർത്തീകരിക്കുകയും ചെയ്തു. 2016-17 ൽ ട്രാൻസ്ഫോർമറുകളുടെ എണ്ണം 71,195 ആയിരുന്നു. 2024-25 ൽ ഇത് 92,203 ആയി ഉയർന്നു. സമ്പൂർണ്ണ വൈദ്യുതീകരണ പരിപാടിയുടെ ഭാഗമായി 65 കിലോമീറ്റർ 11 കെവി ഓവർ ഹെഡ് ലൈനുകൾ, 40 കിലോമീറ്റർ 11 കെവി ഭൂഗർഭ കേബിളുകൾ, 3,040 കിലോമീറ്റർ എൽറ്റി ലൈൻ, 39 കിലോമീറ്റർ എൽറ്റി ഭൂഗർഭ കേബിൾ എന്നിവയുടെ നിർമ്മാണം പൂർത്തിയാക്കുകയും 21 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്തു.
- 2018 ലെ പ്രളയകാലത്ത് ആരംഭിച്ച മിഷൻ റീകണക്ട് 2018 പദ്ധതിയിലൂടെ വിപുലമായ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടപ്പാക്കി. 16,158 വിതരണ ട്രാൻസ്ഫോർമറുകളുടെ അറ്റകുറ്റപ്പണികൾ, 1,735 വിതരണ ട്രാൻസ്ഫോർമർ സ്റ്റേഷനുകളുടെ പുനർനിർമ്മാണം, 25.6 ലക്ഷം സർവീസ് കണക്ഷനുകളുടെ പുനഃസ്ഥാപനം, ഒരു ലക്ഷം കേടുവന്ന തൂണുകൾ ഉൾപ്പെടെ 5,275.8 കിലോമീറ്റർ വിതരണ ലൈനുകളുടെ പുനർനിർമ്മാണം, മൂന്ന് ലക്ഷം സിംഗിൾ-ഫേസ് മീറ്ററുകൾ, 50,000 ത്രീ-ഫേസ് എനർജി മീറ്ററുകൾ മാറ്റിസ്ഥാപിക്കൽ, കേടുവന്ന 720 സിംഗിൾ പോയിന്റ് കണക്ഷനുകൾ പുനഃസ്ഥാപിക്കൽ എന്നിവ ഉൾപ്പെടുന്നു.

**പുനരുപയോഗ ഊർജ്ജം**

പുനരുപയോഗ ഊർജ്ജം പ്രോത്സാഹിപ്പിക്കാനുള്ള വിവിധ സംരംഭങ്ങൾ സുസ്ഥിര ഊർജ്ജ മേഖലയിലേക്കുള്ള കേരളത്തിന്റെ പരിവർത്തനം സൂചിപ്പിക്കുന്നു.

- പുനരുപയോഗ ഊർജ്ജ ഉപയോഗം പ്രോത്സാഹിപ്പിക്കാൻ സംസ്ഥാനം മുൻകൈഎടുത്ത നടപടികളിൽ ഒരു പ്രധാന സവിശേഷത പുരപ്പുറ സോളാർ പ്ലാന്റുകളുടെ വർദ്ധനവാണ്. ഇത്തരം 1,51,922 പ്ലാന്റുകളിൽ നിന്ന് 946.9 മെഗാവാട്ട് എത്തിയത് ഈ മേഖലയിൽ കേരളത്തെ മുൻപന്തിയിൽ നിർത്തുന്നു.
- ഗ്രാസ് റൂട്ട് തലത്തിൽ പുനരുപയോഗ ഊർജ്ജം പ്രോത്സാഹിപ്പിക്കാൻ സംസ്ഥാനത്തുടനീളം 140 ഓളം അക്ഷയ ഊർജ്ജ സേവന കേന്ദ്രങ്ങൾ ആരംഭിച്ചു.
- പുനരുപയോഗ ഊർജ്ജ ഉൽപന്നങ്ങളുടെയും സേവനങ്ങളുടെയും സുതാര്യവും കാര്യക്ഷമവുമായ സംഭരണം സുഗമമാക്കാൻ ഇ-മാർക്കറ്റ് ആരംഭിച്ചു.
- സൗരോർജ്ജം പ്രോത്സാഹിപ്പിക്കാനുള്ള സംരംഭമായ സൗര പ്രോജക്ടിന് കീഴിൽ ആകെ 176 മെഗാവാട്ട് (46,764 പ്ലാന്റുകൾ) കമ്മീഷൻ ചെയ്തു.

2016-17 മുതൽ 2024-25 വരെയുള്ള കാലയളവിൽ ഇനിപ്പറയുന്നവ സ്ഥാപിക്കപ്പെട്ടു:

- പാലക്കാട് ജില്ലയിലെ കുഴൽമന്ദം (2 മെഗാവാട്ട്) ഇൻഡിപെൻഡന്റ് പവർ പ്രൊഡ്യൂസർ (ഐപിപി) മോഡിൽ സംസ്ഥാനത്തെ ആദ്യത്തെ ഗ്രിഡ് കണക്ടഡ് സോളാർ ഫോട്ടോവോൾട്ടായിക് (പിവി) പ്ലാന്റ് സ്ഥാപിച്ചു.
- രാമക്കൽമേട്ടിൽ തദ്ദേശീയമായി വികസിപ്പിച്ച പവർ കണ്ടീഷനിംഗ് യൂണിറ്റോടുകൂടിയ 1 മെഗാവാട്ട് സോളാർ പ്ലാന്റ് സ്ഥാപിച്ചു.
- ഇന്റഗ്രേറ്റഡ് സോളാർ അഗ്രോ ഫാം പ്രോജക്റ്റിന്റെ ഭാഗമായി പാലക്കാട് 25 കിലോവാട്ട് ശേഷിയുള്ള സോളാർ പവർ പ്ലാന്റ് സ്ഥാപിച്ചു.

- സ്മാർട്ട് സിറ്റി പദ്ധതിയുടെ ധനസഹായത്തോടെ തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിലെ 514 പൊതു കെട്ടിടങ്ങളിൽ മൊത്തം 18 മെഗാവാട്ട് ശേഷിയുള്ള സോളാർ പ്ലാന്റുകൾ സ്ഥാപിച്ചു.
- സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് സബ്സിഡി നിരക്കിൽ സൗരോർജ്ജ നിലയങ്ങൾ നൽകാൻ വിഭാവനം ചെയ്ത ഗ്രീൻ ഇൻകം പദ്ധതിയുടെ ഭാഗമായി, ലൈഫ് പദ്ധതിക്ക് കീഴിൽ നിർമ്മിച്ച 2,000 വീടുകളിൽ പുരപ്പുറ സോളാർ സംവിധാനങ്ങൾ സ്ഥാപിച്ചു. ഇതിൽ 379 ഗുണഭോക്താക്കൾ സ്ത്രീകളുടെ ഉടമസ്ഥതയിലുള്ള വീടുകളാണ്.
- വൈദ്യുതീകരിക്കാത്ത ട്രൈബൽ ഉന്നതികൾക്കായുള്ള സൗരോർജ്ജ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി വയനാട്, പാലക്കാട് ജില്ലകളിലെ 5 ഉന്നതികളിലെ ഓരോ വീട്ടിലും 1 കിലോവാട്ട് ശേഷിയുള്ള സോളാർ പാനലുകളും 500 വാട്ട് ശേഷിയുള്ള കാറ്റാടി ടർബൈനുകളും ഉൾക്കൊള്ളുന്ന ഹൈബ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിച്ചു. ഈ പ്രദേശത്ത് സോളാർ തെരുവ് വിളക്കുകളും സ്ഥാപിച്ചിട്ടുണ്ട്.
- സംസ്ഥാനത്തെ എല്ലാ അങ്കണവാടികളിലും സൗരോർജവൽക്കരണത്തിന്റെ ആദ്യപടിയെന്ന നിലയിൽ, പാലക്കാട് ജില്ലയിലെ ചിറ്റൂരിലെ 151 അങ്കണവാടികളിൽ 2 കിലോവാട്ട് വീതം ശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ അനർട്ട് സ്ഥാപിച്ചു. ഇതിൽ 90 അങ്കണവാടികളിലെ വൈദ്യുത നിലയങ്ങൾ കമ്മിഷൻ ചെയ്തു.
- ആകെ 2,425 പമ്പ് ഇൻസ്റ്റലേഷനുകൾ പൂർത്തിയായി. 2024-25 ൽ, പിഎം കുസും പദ്ധതിക്ക് കീഴിൽ,4.554 മെഗാവാട്ട് ഉൽപ്പാദന ശേഷിയുള്ള 1,517 കാർഷിക പമ്പുകൾ സൗരോർജ്ജവൽക്കരിച്ചു
- കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ വാക്സിൻ സംഭരിക്കാൻ സൗരോർജ്ജ കോൾഡ് സ്റ്റോറേജ് ഏർപ്പെടുത്തി. എസ്.ടി.ഐ.സി (CUSAT) സോളാർ ഇൻവെർട്ടർ ടെസ്റ്റ് ഫെസിലിറ്റി സജ്ജമാക്കി.

**ഊർജ്ജ കാര്യക്ഷമതയും ഊർജ്ജ പരിപാലനവും**

സംസ്ഥാനം ഊർജ്ജ പരിപാലനത്തിന് ഊന്നൽ നൽകിയിട്ടുണ്ട്. ഈ മേഖലയിലെ ചില സംരംഭങ്ങൾ താഴെ പറയുന്നവയാണ്.

- 140 നിയമസഭാ മണ്ഡലങ്ങളെയും ഊർജ്ജക്ഷമതയുള്ള മേഖലകളാക്കി മാറ്റാൻ "ഊർജ്ജയാൻ"പദ്ധതി ലക്ഷ്യമിടുന്നു.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ആരംഭിച്ച ഫിലമെന്റ് ഫ്രീ കേരള സംരംഭം മെർക്കുറി മലിനീകരണവും ഉപഭോഗത്തിലെ ഉയർന്ന ആവശ്യകതയും കുറയ്ക്കുന്നതിന് സഹായകരമെന്ന് കരുതപ്പെടുന്ന 110 ലക്ഷം ഫിലമെന്റ് ലാമ്പുകൾക്ക് പകരം എൽഇഡി ബൾബുകൾ സ്ഥാപിച്ചു.
- നിലാവ് പദ്ധതിയിലൂടെ 3,66,980 പരമ്പരാഗത തെരുവ് വിളക്കുകൾ മാറ്റി പകരം എൽഇഡി വിളക്കുകൾ സ്ഥാപിച്ചു.
- കാസർഗോഡ് ജില്ലയിലെ പിലിക്കോട് സംസ്ഥാനത്തെ ആദ്യത്തെ 'ഫിലമെന്റ്' രഹിത പഞ്ചായത്തായി .
- സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഊർജ്ജ ഓഡിറ്റുകൾ നടത്തുകയും എല്ലാ ജില്ലകളിലുമുള്ള വിവിധ സ്കൂളുകളിൽ സ്മാർട്ട് എനർജി പ്രോഗ്രാമുകൾ നടപ്പാക്കുകയും ചെയ്തു.
- അംഗൻ ജ്യോതി പദ്ധതിയുടെ കീഴിൽ 2,810 അങ്കണവാടികളിൽ 2 കിലോവാട്ട് ഇൻഡക്ഷൻ ഹോബുകൾ, പ്രഷർ കുക്കറുകൾ, പാൽ ബോയിലറുകൾ, സോസ്പാനുകൾ തുടങ്ങിയ ആറ് തരം ഇൻഡക്ഷൻ-അനുയോജ്യമായ പാത്രങ്ങൾ ഉൾപ്പെടെയുള്ള വൈദ്യുത പാചക ഉപകരണങ്ങൾ സജ്ജീകരിച്ചിരിക്കുന്നു. കാർബൺ ന്യൂട്രൽ പഞ്ചായത്ത് പ്രോഗ്രാമിന് കീഴിൽ നവകേരളം കർമ്മ പദ്ധതി തെരഞ്ഞെടുത്ത 92 പഞ്ചായത്തുകളും ചിറ്റൂർ, കഴക്കൂട്ടം എന്നീ രണ്ട് നിയമസഭാ മണ്ഡലങ്ങളും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.
- ഇഎംസിയുടെ എനർജി മീറ്റർ കാലിബ്രേഷൻ ലാബ് 6,620 എനർജി മീറ്റർ / നെറ്റ് മീറ്റർ കാലിബ്രേറ്റ് ചെയ്തു.
- ഊർജ്ജ കാര്യക്ഷമതയെക്കുറിച്ച് വിവിധ സംഘടനകൾ / സ്ഥാപനങ്ങൾ / സ്കൂളുകൾ എന്നിവിടങ്ങളിൽ 2,500 ഓളം ബോധവൽക്കരണ പരിപാടികൾ നടത്തുകയും 50,000-ത്തിലധികം ആളുകളിലേക്ക് സന്ദേശം എത്തിക്കുകയും ചെയ്തു.

**ഇ – മൊബിലിറ്റി**

കേരളത്തിൽ ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗത്തിൽ ഏറെ പുരോഗതിയുണ്ട്.

- സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത ഇലക്ട്രിക് വാഹനങ്ങളുടെ (ഇവി) എണ്ണം 2019-20 ൽ 417 ൽ നിന്ന് 2025 മാർച്ച് 31 ഓടെ 2.3 ലക്ഷമായി വർദ്ധിച്ചു. സുസ്ഥിര ഇലക്ട്രിക് മൊബിലിറ്റിയിലെ കേരളത്തിന്റെ പുരോഗതിയാണ് ഈ കണക്കുകൾ അടിവരയിടുന്നത്.
- ഓട്ടോറിക്ഷകൾക്കും ഇരുചക്ര വാഹനങ്ങൾക്കുമായി 63 ഡിസി ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളും 116 പോൾ-മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളും കെഎസ്ഇബി സ്ഥാപിച്ചിട്ടുണ്ട്.
- 2025 മാർച്ചിലെ കണക്കനുസരിച്ച്, കെഎസ്ഇബി 63 ചാർജിംഗ് സ്റ്റേഷനുകൾ പ്രവർത്തിപ്പിക്കുന്നു, മറ്റ് 37 എണ്ണം അനർട്ടിന്റെ കീഴിലാണ്.
- കാർബൺ ന്യൂട്രൽ ഗവേണൻസ് പ്രോജക്ടിന്റെ ഭാഗമായി വിവിധ വകുപ്പുകൾക്കും ഏജൻസികൾക്കുമായി മൊത്തം 340 ഇലക്ട്രിക് വാഹനങ്ങൾ അനെർട്ട് നൽകി.
- ഇലക്ട്രിക് വെഹിക്കിൾ (ഇവി) ചാർജിംഗ് സ്റ്റേഷനുകൾ മാനേജ് ചെയ്യാൻ കെഇഎംആപ്പ് (കേരള ഇ-മൊബിലിറ്റി ആപ്ലിക്കേഷൻ) ആരംഭിച്ചു.
- ഗ്രാമീണ മേഖലയിലെ സ്ത്രീകൾക്കായി ഇലക്ട്രിക് സൈക്കിളുകൾ പ്രോത്സാഹിപ്പിക്കാൻ ഗ്രാമീണ സംരംഭകർക്ക് "ഇലക്ട്രിക് സൈക്കിളിലൂടെ സുസ്ഥിര ഗതാഗതം" (എസ്.ടി.ആർ.ഇ.ഇ) എന്ന പദ്ധതി ആരംഭിച്ചു.

**വൈദ്യുതി സുരക്ഷ**

ബൃഹത്തായ ബോധവൽക്കരണ പരിപാടികളിലൂടെ സംസ്ഥാനത്ത് വൈദ്യുതാപകടങ്ങളുടെ എണ്ണം കുറയ്ക്കാൻ കഴിഞ്ഞു. 2016-17 സംസ്ഥാനത്ത് ആകെ 463 വൈദ്യുതാപകടങ്ങളാണ് ഉണ്ടായിട്ടുള്ളത്. 2023-24 ൽ ഇത് 362 ആയി കുറഞ്ഞു. സുരക്ഷാ മാനദണ്ഡങ്ങളുമായി ബന്ധപ്പെട്ട പരാതികൾ കൈകാര്യം ചെയ്യാൻ സഹായിക്കുന്ന ഇ-സുരക്ഷ സോഫ്റ്റ്‌വെയറിന്റെ സമാരംഭം, ഇലക്ട്രിക്കൽ ഇൻഫ്രാസ്ട്രക്ചർ, ഇൻസ്റ്റലേഷനുകൾ എന്നിവ കൈകാര്യം

ചെയ്യുന്ന പൗരന്മാർക്കും ബിസിനസുകൾക്കും ഏകജാലക ഡിജിറ്റൽ പ്ലാറ്റ്ഫോം നൽകുന്നതും ഇതിൽ ഉൾപ്പെടുന്നു. കേരള സംസ്ഥാന വൈദ്യുതി ലൈസൻസിംഗ് ബോർഡിന്റെ എല്ലാ സേവനങ്ങളും ഓൺലൈനായി നൽകുന്ന സോഫ്റ്റ് വെയറായ സംരക്ഷ ആരംഭിച്ചു. ഗാർഹിക മേഖലയിലെ വൈദ്യുതി അപകടങ്ങൾ കുറയ്ക്കാൻ, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങളുടെ വീടുകളിൽ റെസിഡുവൽ കറന്റ് സർക്കീട്ട് ബ്രേക്കർ (ആർ. സി.സി.ബി) സ്ഥാപിച്ച് വീടുകളുടെ പുനർവയറിംഗിനും സ്റ്റാൻഡേർഡൈസേഷനുമുള്ള പദ്ധതി ആരംഭിച്ചു. ആലപ്പുഴയിൽ ഒരു പുതിയ റീജിയണൽ മീറ്റർ ടെസ്റ്റിംഗ് ലബോറട്ടറി സ്ഥാപിച്ചു, കൂടാതെ ഒൻപത് റീജിയണൽ മീറ്റർ ടെസ്റ്റിംഗ് ലബോറട്ടറികൾക്ക് ഊർജ്ജ മാനദണ്ഡങ്ങളിൽ ഇലക്ട്രോ ടെക്നിക്കൽ കാലിബ്രേഷനുള്ള എൻഎബിഎൽ അക്രഡിറ്റേഷൻ ലഭിച്ചു.

**പ്രധാന നേട്ടങ്ങൾ**

കഴിഞ്ഞ ദശകത്തിൽ കേരളത്തിന്റെ വൈദ്യുതി മേഖല ശ്രദ്ധേയമായ നിരവധി നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. ഏറ്റവും പ്രധാനമായി, വൈദ്യുതി മേഖലയുടെ വളർച്ചാ തന്ത്രം കുറഞ്ഞ കാർബൺ ബഹിർഗമനത്തോടുള്ള സംസ്ഥാനത്തിന്റെ പ്രതിജ്ഞാബദ്ധതയുമായി പൂർണ്ണമായും പൊരുത്തപ്പെടുന്നവയാണ്.

**പുനരുപയോഗ ഊർജ്ജ വികസനം**: ന്യായവില,സാമ്പത്തിക ബാധ്യതയില്ലാതെയുള്ള ഊർജ്ജ ലഭ്യത, വിശ്വസനീയത എന്നീ വിഭാഗങ്ങളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന സംസ്ഥാനമായി കേരളത്തെ നിതി ആയോഗിന്റെ സ്റ്റേറ്റ് എനർജി ആൻഡ് ക്ലൈമറ്റ് ഇൻഡക്സ് (SECI), അംഗീകരിച്ചിട്ടുണ്ട്. അതുപോലെ, സൗരോർജ്ജ വികസനത്തിലും കേരളം മികച്ച പ്രകടനം കാഴ്ചവച്ച സംസ്ഥാനങ്ങളിൽ ഒന്നാണ്. പുരപ്പുറ സോളാർ (RTS) വിന്യാസത്തിൽ സംസ്ഥാനങ്ങളിൽ കേരളം രണ്ടാം സ്ഥാനത്താണ്. ഭൂവിനിയോഗം ഇല്ലാതെ ഊർജ്ജം ഉൽപ്പാദിപ്പിക്കാൻ, ഫ്ലോട്ടിങ് സോളാർ പ്ലാന്റുകൾ നടപ്പാക്കിയിട്ടുണ്ട്. സൗരോർജ്ജത്തിന്റെയും കാറ്റിൽ നിന്നുള്ള ഊർജ്ജത്തിന്റെയും ഇടവിട്ടുള്ള ലഭ്യത പരിഹരിക്കാൻ, ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റംസ് (BESS), പമ്പ്ഡ് സ്റ്റോറേജ് പ്രോജക്ടുകൾ (PSP) എന്നിവ സംസ്ഥാനം സജീവമായി നടപ്പാക്കുന്നു. വ്യവസായത്തിലും ഗതാഗത മേഖലയിലും പുനരുപയോഗ ഊർജ്ജ ഉപയോഗത്തിന്റെ വിഹിതം ദീർഘകാലാടിസ്ഥാനത്തിൽ കൂടുതൽ ശക്തിപ്പെടുത്തുക എന്നതാണ് ഗ്രീൻ ഹൈഡ്രജൻ ഇനിഷ്യേറ്റീവ് ലക്ഷ്യമിടുന്നത്. ആവശ്യം കണക്കിലെടുക്കുമ്പോൾ, ഇലക്ട്രിക് മൊബിലിറ്റിയിലേക്കുള്ള പരിവർത്തനത്തെ പിന്തുണയ്ക്കാൻ ഇവി ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിൽ കെഎസ്ഇബി നിക്ഷേപം നടത്തിയിട്ടുണ്ട്.

**അടിസ്ഥാന സൗകര്യ നവീകരണവും ആധുനികവൽക്കരണവും**: കഴിഞ്ഞ ഒരു പതിറ്റാണ്ടായി ലോഡ് ഷെഡ്ഡിംഗ് ഇല്ലാതെ തടസ്സരഹിത വൈദ്യുതി വിതരണം നിലനിർത്താൻ കേരളത്തിന് സാധിച്ചിട്ടുണ്ട്. ട്രാൻസ്ഗ്രിഡ് 2.0 വഴിയുള്ള വൻതോതിലുള്ള നിക്ഷേപങ്ങൾ ഭാവിയിലെ ഊർജ്ജ ആവശ്യങ്ങൾക്കായി അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനും ആധുനികവൽക്കരിക്കാനും മാത്രമല്ല,

**ബോക്സ് 22.1**
**നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ**

**കരട് ഹൈഡ്രജൻ നയം 2024**

സുസ്ഥിര ഊർജ്ജ പരിവർത്തനത്തിലും ഡീകാർബണൈസേഷനിലും ശ്രദ്ധ കേന്ദ്രീകരിച്ച് ഇന്ത്യയുടെ ഗ്രീൻ ഹൈഡ്രജൻ സമ്പദ്‌വ്യവസ്ഥയിൽ മുൻപന്തിയിൽ നിൽക്കാനാണ് കേരളം ലക്ഷ്യമിടുന്നത്. 2040 ഓടെ 100 ശതമാനം പുനരുപയോഗ ഊർജ്ജവും 2050 ഓടെ നെറ്റ് കാർബൺ ന്യൂട്രാലിറ്റിയും കൈവരിക്കാനുള്ള ദീർഘകാല പദ്ധതിയുമായി സംസ്ഥാനം ഹരിത ഹൈഡ്രജൻ നയത്തിന് അന്തിമരൂപം നൽകിവരുകയാണ്.

**നയത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ**:

- ഗ്രീൻ ഹൈഡ്രജന്റെ പ്രമുഖ ഉൽപാദകനും ഉപഭോക്താവും കയറ്റുമതിക്കാരായി കേരളത്തെ മാറ്റുക.
- ഗ്രീൻ ഹൈഡ്രജൻ കയറ്റുമതി പ്രോത്സാഹിപ്പിക്കാൻ ആഗോള പങ്കാളിത്തം സ്ഥാപിക്കുക.
- ഗ്രീൻ ഹൈഡ്രജൻ ഉൽപാദനച്ചെലവ് കുറയ്ക്കുക.
- സംസ്ഥാനത്തിന്റെ ആകെ ഹൈഡ്രജൻ ഉപഭോഗത്തിൽ ഗ്രീൻ ഹൈഡ്രജൻ ഉൾപ്പെടുത്തുകയും വ്യാവസായിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഹൈഡ്രജന് പകരം ഗ്രീൻ ഹൈഡ്രജൻ ഉപയോഗിക്കുകയും ചെയുക.

**ഹരിത ഊർജ്ജ സംരംഭങ്ങൾ**

- ഹൈഡ്രജൻ ഉൽപാദനം (ബയോജെനിക്, ഇലക്ട്രോളിസിസ് അധിഷ്ഠിത പ്രക്രിയകളിലൂടെ) മുതൽ അതിന്റെ അന്തിമ ഉപയോഗവും ഗവേഷണവും വികസനവും വരെ മുഴുവൻ ഹൈഡ്രജൻ മൂല്യ ശൃംഖലയിലും വ്യാപിച്ചുകിടക്കുന്ന ഒരു സമഗ്ര പദ്ധതിയായ ഹൈഡ്രജൻ വാലി ഇന്നൊവേഷൻ ക്ലസ്റ്ററിന് (എച്ച് വി ഐ സി ) സംസ്ഥാനം തുടക്കം കുറിച്ചു
- കേരളത്തിന്റെ ഗ്രീൻ ഹൈഡ്രജൻ വാലി സ്റ്റേറ്റ്മെന്റ് ഓഫ് അംബീഷൻ (2035) അന്തിമമാക്കാൻ വേൾഡ് ഇക്കണോമിക് ഫോറവുമായി (WEF) സംസ്ഥാനം സഹകരിക്കുന്നു. ഇതിൽ ഫ്യുവൽ-സെൽ വാഹനങ്ങൾ , ഹൈഡ്രജൻ ഇന്റേണൽ കംബസ്റ്റ്യൻ എഞ്ചിൻ വാഹനങ്ങൾ എന്നിവയുടെ വിന്യാസവും, സംസ്ഥാന പാതകളിൽ ഹൈഡ്രജൻ റീഫ്യൂവലിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതും ഉൾപ്പെടുന്നു.
- റിസർവോയറുകൾ, ഉപേക്ഷിക്കപ്പെട്ട ഖനികൾ, മറ്റ് ജലാശയങ്ങൾ എന്നിവ പ്രയോജനപ്പെടുത്തി 3 GW ശേഷിയുള്ള ഫ്ലോട്ടിംഗ് സോളാർ പദ്ധതികൾ വികസിപ്പിക്കാൻ ലക്ഷ്യമിടുന്നു. ഈ പദ്ധതികളുടെ നടത്തിപ്പിനും സാങ്കേതിക അനുമതികൾക്കുമായുള്ള നോഡൽ ഏജൻസിയായി അനർട്ടിനെ ചുമതലപ്പെടുതിയിട്ടുണ്ട്. കൂടാതെ പദ്ധതികൾ വേഗത്തിൽ നടപ്പാക്കാൻ ഏകജാലക ക്ലിയറൻസ് സംവിധാനവും ഒരുക്കുന്നുണ്ട്.

*ഉറവിടം:* കേരള സംസ്ഥാന വൈദ്യുതി ബോർഡും, അനർട്ടും

കാലാവസ്ഥാ പ്രതിരോധശേഷി വർദ്ധിപ്പിക്കാനും സഹായിച്ചു. ഡിജിറ്റൽ സംവിധാനങ്ങളുമായി സംയോജിപ്പിച്ച്, നവീകരിച്ച വിതരണ മേഖല പദ്ധതി (RDSS) വഴി ഉപഭോക്തൃ സേവനങ്ങൾ മെച്ചപ്പെടുത്താനും സാങ്കേതിക പ്രസരണ നഷ്ടം കുറയ്ക്കാനും സാധിച്ചിട്ടുണ്ട്.

**സാമ്പത്തികവും പ്രവർത്തനപരവുമായ പുരോഗതി**: മൊത്തത്തിലുള്ള സാങ്കേതിക-വാണിജ്യ നഷ്ടം (AT&C losses) കുറയ്ക്കുന്നതിൽ കേരളം ശ്രദ്ധേയമായ നേട്ടം കൈവരിച്ചു. 2024-25 വർഷത്തിൽ ഇത് 6.61 ശതമാനമായി കുറഞ്ഞു. അങ്ങനെ വർഷങ്ങളായി സ്ഥിരതയുള്ള പുരോഗതിയിലൂടെ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നായി കേരളം മാറി. പ്രവർത്തനക്ഷമതയിലുണ്ടായ ഈ പുരോഗതി ലാഭമുണ്ടാക്കാനും 2024-25 വർഷത്തിൽ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താനും സഹായിച്ചിട്ടുണ്ട്.

**വെല്ലുവിളികളും പ്രശ്നങ്ങളും**

- പ്രകൃതി ദുരന്തങ്ങൾ പദ്ധതികൾ വൈകിപ്പിക്കുകയും പ്രവർത്തനച്ചെലവ് വർദ്ധിപ്പിക്കുകയും ചെയ്തു, ഊർജ്ജ ആസൂത്രണത്തിൽ കാലാവസ്ഥാ പ്രതിരോധത്തിന്റെയും ദുരന്ത പ്രതിരോധ നടപടികളുടേയും ആവശ്യകത ഇതിലൂടെ പ്രകടമാകുന്നു.
- വൈദ്യുതിയുടെ വർദ്ധിച്ചുവരുന്ന ആവശ്യം, ശേഷി വിപുലീകരിക്കേണ്ടതിന്റെയും വിതരണ വിശ്വാസ്യത വർദ്ധിപ്പിക്കേണ്ടതിന്റെയും ആവശ്യകത ശക്തമാക്കുന്നു.
- പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളുടെ സംയോജനം സാങ്കേതികവും സാമ്പത്തികവുമായ വെല്ലുവിളികൾ ഉയർത്തുന്നു, പ്രത്യേകിച്ച് ഗ്രിഡ് സ്ഥിരത നിലനിർത്തുന്നതിലും സംവിധാനങ്ങൾ നവീകരിക്കുന്നതിലും.
- ചെറുകിട ജലവൈദ്യുത പദ്ധതികൾക്കായി ഭൂമി ഏറ്റെടുക്കൽ, വനം വൃത്തിയാക്കൽ എന്നിവയുൾപ്പെടെയുള്ള പുനരുപയോഗ ഊർജ്ജ പദ്ധതികൾ സ്ഥാപിക്കാനുള്ള ചെലവുകൾ കൂടുതലാണ്.
- ഊർജ്ജ ആവശ്യകതയും പീക്ക് ലോഡ് ഡിമാൻഡും നിറവേറ്റാൻ ആഭ്യന്തര ഉൽപാദന ശേഷി വർദ്ധിപ്പിക്കുക കൂടാതെ ബാഹ്യ വൈദ്യുതി കമ്പനികളുമായി സാമ്പത്തികമായി ലാഭകരമായ കരാറുകളിൽ ഏർപ്പെടുക.
- നിയന്ത്രണപരമായ വെല്ലുവിളികളും പദ്ധതികൾക്ക് അംഗീകാരം ലഭിക്കുന്നതിലെ കാലതാമസവും വികസനത്തിന് തടസ്സമാകുന്നു. മേഖല ഡിജിറ്റൽ സംവിധാനങ്ങളിലേക്കും സുസ്ഥിരമായ പരിവർത്തനങ്ങളിലേക്കും മാറുന്ന സാഹചര്യത്തിൽ ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ് മെച്ചപ്പെടുത്തേണ്ടതുണ്ട്.
- പുനരുപയോഗ ഊർജ്ജ സംഭരണത്തിൽ പദ്ധതി കമ്മീഷൻ ചെയ്യലിലെ കാലതാമസം പരിഹരിക്കേണ്ടതും സുതാര്യത മെച്ചപ്പെടുത്തേണ്ടതും അത്യാവശ്യമാണ്.
- കാര്യക്ഷമമല്ലാത്ത വീട്ടുപകരണങ്ങൾ മാറ്റിസ്ഥാപിക്കുക, അണക്കെട്ട് ജലസംഭരണികൾ നീക്കം ചെയ്യുക, ഊർജ്ജ ലാഭത്തിലും ഉൽപാദനക്ഷമതയിലും ശ്രദ്ധ കേന്ദ്രീകരിച്ച് ധനസഹായ മാതൃകകൾ വികസിപ്പിക്കുക എന്നിവയാണ് അധിക വെല്ലുവിളികൾ.

**മുന്നോട്ടുള്ള നടപടികൾ**

സമ്പൂർണ്ണ വൈദ്യുതീകരണം എന്ന സുപ്രധാന നാഴികക്കല്ല് പിന്നിട്ട കേരളം ഇപ്പോൾ ലക്ഷ്യമിടുന്നത് ഊർജ്ജ സുരക്ഷ വർദ്ധിപ്പിക്കുക, പുനരുപയോഗ ഊർജ്ജം സ്വീകരിക്കുന്നത് പ്രോത്സാഹിപ്പിക്കുക, പാരിസ്ഥിതിക സുസ്ഥിരത ഉറപ്പാക്കുക എന്നിവയാണ്. 13, 14 പഞ്ചവത്സര പദ്ധതികളിൽ വൈദ്യുതി മേഖലയ്ക്ക് കീഴിലുള്ള ഊർജ്ജ മേഖല ഏജൻസികൾ ഏറ്റെടുത്ത പ്രധാന സംരംഭങ്ങൾ ഉൽപ്പാദനവും പ്രസരണവും മുതൽ ഊർജ്ജ കാര്യക്ഷമതയും സുരക്ഷയും വരെ ഊർജ്ജ മേഖലയുടെ ഉയർന്നുവരുന്ന ആവശ്യങ്ങളെ അഭിസംബോധന ചെയ്യുന്നുണ്ട്. സൗരോർജ്ജത്തിൽ ശ്രദ്ധേയമായ വർദ്ധനവ്, തുടർച്ചയായ നവീകരണത്തിന് വിധേയമാകുന്ന ശക്തമായ പ്രസരണ, വിതരണ ശൃംഖല എന്നിവയിലൂടെ വർദ്ധിച്ചുവരുന്ന സ്ഥാപിത ശേഷിയാണ് ഈ നേട്ടങ്ങൾ പ്രതിഫലിപ്പിക്കുന്നത്. പുനരുപയോഗ ഊർജ്ജ വിപുലീകരണം, ഗ്രിഡ് നവീകരണം, ഊർജ്ജ കാര്യക്ഷമത, ഗ്രീൻ ഹൈഡ്രജൻ പോലുള്ള വളർന്നുവരുന്ന സാങ്കേതികവിദ്യകൾ സ്വീകരിക്കൽ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിലൂടെ, 2040 ഓടെ 100 ശതമാനം പുനരുപയോഗ ഊർജ്ജം എന്ന ലക്ഷ്യം കൈവരിക്കാനുള്ള ശരിയായ പാതയിലാണ് കേരളം. എന്നിരുന്നാലും, ഇറക്കുമതി ചെയ്യുന്ന വൈദ്യുതിയെ നിലവിൽ ആശ്രയിക്കുന്നതും കേരളത്തിന്റെ സവിശേഷമായ ഭൂമിശാസ്ത്രപരവും ജനസംഖ്യാപരവുമായ വെല്ലുവിളികൾ കണക്കിലെടുക്കുമ്പോൾ, വരും വർഷങ്ങളിൽ സൂക്ഷ്മതയോടെ നേരിടേണ്ടതും പ്രാവർത്തികമാക്കേണ്ടതുമായ ചില നിർണായക വിഷയങ്ങളുണ്ട്.

**ആധുനികവൽക്കരണം**: വെഹിക്കിൾ-ടു-ഗ്രിഡ് (വി 2 ജി), ഓപ്പൺ എനർജി ഇന്റർഫേസ് സിസ്റ്റങ്ങൾ എന്നിവയ്ക്കായുള്ള പൈലറ്റ് പ്രോഗ്രാമുകൾ ഉൾപ്പെടെ ദ്യുതി, ട്രാൻസ്ഗ്രിഡ് 2.0 തുടങ്ങിയ സ്മാർട്ട് ഗ്രിഡ് സാങ്കേതികവിദ്യകളിലെ സംസ്ഥാനത്തിന്റെ നിക്ഷേപം ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡാറ്റാ അനലിറ്റിക്സ് എന്നിവയുമായി സംയോജിപ്പിച്ച് സ്മാർട്ട് മീറ്ററുകളുടെ വിന്യാസത്തിലൂടെ ശക്തമായി പിന്തുടരേണ്ടതുണ്ട്. ഡിജിറ്റലൈസ്ഡ് ഗ്രിഡ് ചട്ടക്കൂടിന്റെ പുതിയ പരിതസ്ഥിതിയിൽ സൈബർ സുരക്ഷാ നടപടികൾ വർദ്ധിപ്പിക്കേണ്ടതും അത്യാവശ്യമാണ്. എല്ലാ ഉപഭോക്തൃ വിഭാഗങ്ങളിലേക്കും എത്താൻ ഊർജ്ജ കാര്യക്ഷമത പ്രവർത്തനങ്ങൾ നിലവിലുള്ള രീതികൾക്കതീതമായി വ്യാപിപ്പിക്കേണ്ടതുണ്ട്.

**നവീകരണം, വൈവിധ്യവൽക്കരണം, വികേന്ദ്രീകരണം**: ഹരിത ഊർജ്ജം ലക്ഷ്യമിടുന്നതിനായി വിവിധ വായ്പ്പകൾ, ബോണ്ടുകൾ, നൂതനമായ മിശ്രിതധനസഹായ മാതൃകകൾ എന്നിവ സംയോജിപ്പിച്ച് ധനകാര്യ സംരഭങ്ങളെ ശക്തിപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. കേരളത്തിലെ ഭൂമി ലഭ്യതയിലുള്ള പരിമിതികൾ പരിഗണിക്കുമ്പോൾ, റൂഫ്ടോപ്പ് സോളാർ, ഫ്ലോട്ടിംഗ് സോളാർ തുടങ്ങിയ വികേന്ദ്രീകൃത തലത്തിലുള്ള ഊർജ്ജ ഉൽപ്പാദനവും വിതരണവും മെച്ചപ്പെടുത്തേണ്ടതുണ്ട്.

2030 ഓടെ ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റംസ് (BESS), പമ്പ്ഡ് ഹൈഡ്രോ പൊട്ടൻഷ്യൽ തുടങ്ങിയ ഊർജ്ജ സംഭരണ സംവിധാനങ്ങൾക്ക് കേരളം മുൻഗണന നൽകുന്നത് ഭാവിയെ മുൻനിർത്തിയുള്ളതും ഊർജ്ജാധിഷ്ഠിതവുമായ ഒരു സംസ്ഥാനത്തിന്റെ പശ്ചാത്തലത്തിൽ കാണേണ്ടതുണ്ട്. എന്നിരുന്നാലും, പുനരുപയോഗ ഊർജ്ജ ആവശ്യകതകളുമായും ആഭ്യന്തര വിഭവ സാധ്യതകളുമായും ഇത് ശരിയായി സമന്വയിപ്പിക്കേണ്ടതുണ്ട്.

## അധ്യായം 23

# സംസ്ഥാനവും പ്രവാസി സമൂഹവും പൊതുഭാവിയും: കേരളത്തിലെ പ്രവാസികേന്ദ്രീകൃത ഇടപെടലുകളുടെ ഒരു ദശാബ്ദം

### ആമുഖം

കഴിഞ്ഞ ഒരു ദശാബ്ദം, പ്രവാസി കേരളീയർക്കായി കേരള സർക്കാർ നൽകിയ സേവനങ്ങളും ഇടപെടലുകളും അഭൂതപൂർവമായ രീതിയിൽ വിപുലീകരിക്കപ്പെട്ട ഒരു കാലഘട്ടമായിരുന്നു. കേരളത്തിന്റെ സാമൂഹിക ജീവിതത്തിന്റെ അവിഭാജ്യ ഘടകമാണ് പ്രവാസി സമൂഹം. സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയിലും, സമൂഹത്തിലും, സാംസ്കാരിക മണ്ഡലങ്ങളിലും അവരുടെ സജീവ പങ്കാളിത്തമുണ്ട്. ആശയവിനിമയ, ഡിജിറ്റൽ സാങ്കേതിക വിദ്യകളിലുണ്ടായ കുതിച്ചുചാട്ടം പ്രവാസി സമൂഹവും കേരളവും തമ്മിലുള്ള ബന്ധം കൂടുതൽ സുദൃഢമാക്കിയിരിക്കുന്നു. സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉൽപ്പാദനത്തിന്റെ (GSDP) 28 മുതൽ 38 ശതമാനം വരെ വരുന്ന പ്രവാസിവരുമാനം, സാമ്പത്തിക വളർച്ചയുടെ ഒരു നിർണ്ണായക ചാലകശക്തിയായി നിലകൊള്ളുന്നു. ഈ പണമൊഴുക്ക് ആഭ്യന്തര വിപണികളെ വിപുലീകരിക്കുകയും, സംസ്ഥാനത്തിനകത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്ന വൈവിധ്യമാർന്ന ഭൗതികവും സാംസ്കാരികവുമായ ഉൽപ്പന്നങ്ങൾക്ക് വലിയ തോതിലുള്ള ആവശ്യകത സൃഷ്ടിക്കുകയും ചെയ്തു.

2016 മുതൽ, സംസ്ഥാന സർക്കാർ പ്രവാസി സമൂഹത്തിൽ ഒരു പുത്തൻ ആത്മവിശ്വാസം വളർത്തിയെടുത്തിട്ടുണ്ട്. സംസ്ഥാനവുമായുള്ള സഹകരണത്തിലും ആശയവിനിമയത്തിലും അവർ കാണിക്കുന്ന വർദ്ധിച്ച ഉത്സാഹത്തിൽ ഇത് പ്രകടമാണ്. ലോക കേരള സഭയുടെ രൂപീകരണമുൾപ്പെടെയുള്ള നിരവധി സംരംഭങ്ങളിൽ ഈ സജീവ പങ്കാളിത്തം പ്രകടമാണ്. പ്രവാസികൾക്ക് പൊതു ചർച്ചകളിൽ പങ്കെടുക്കാനും, സാമൂഹിക പ്രക്രിയകളിൽ തങ്ങളുടേതായ സംഭാവനകൾ നൽകാനും, കുടിയേറ്റവും പ്രവാസി ക്ഷേമവുമായി ബന്ധപ്പെട്ട വിഷയങ്ങൾ അഭിസംബോധന ചെയ്യാനും പ്രാപ്തമാക്കുന്ന സവിശേഷമായ ഒരു വേദിയാണിത്.

വിദേശകേരളീയരെ സമ്പാദ്യശീലത്തിലേക്കും നിക്ഷേപങ്ങളിലേക്കും ആകർഷിക്കുവാനും, തദ്വാരാ കേരളത്തിന്റെ സാമ്പത്തിക വികസനത്തിൽ സജീവ പങ്ക് വഹിക്കാൻ അവരെ പ്രോത്സാഹിപ്പിക്കാനുമാണ് സർക്കാർ നയങ്ങൾ ലക്ഷ്യംവയ്ക്കുന്നത്. നൈപുണ്യം നേടിയ തൊഴിലാളികൾ, പ്രൊഫഷണലുകൾ, ശാസ്ത്രജ്ഞർ, സാമൂഹിക ശാസ്ത്രജ്ഞർ തുടങ്ങിയ മറ്റ് വിവിധ മേഖലകളിലെ വിദഗ്ധരുടെ സേവനം സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി പ്രയോജനപ്പെടുത്താനും ഇതിലൂടെ ലക്ഷ്യമിടുന്നു. ഈ ലക്ഷ്യം മുൻനിർത്തി, കുടിയേറ്റക്കാരുടെ താൽപ്പര്യങ്ങളും ക്ഷേമവും സംരക്ഷിക്കുന്നതിനായി നിയമപരവും ഭരണപരവും സാമ്പത്തികവുമായ നടപടികൾ ഉൾക്കൊള്ളുന്ന സമഗ്രമായ ഒരു ചട്ടക്കൂട് തന്നെ സർക്കാർ സജ്ജമാക്കിയിട്ടുണ്ട് .

### കേരള കുടിയേറ്റ സർവെ (KMS) 2023 പ്രകാരമുള്ള കുടിയേറ്റ ചിത്രം

കേരള മൈഗ്രേഷൻ സർവെ (KMS) 2023 പ്രകാരം, കേരളത്തിൽ നിന്നുള്ള പ്രവാസികളുടെ എണ്ണം 22 ലക്ഷമായി കണക്കാക്കപ്പെടുന്നു. ഇത് 2018-ലെ സർവെയിൽ റിപ്പോർട്ട് ചെയ്ത 21 ലക്ഷത്തോട് വളരെ അടുത്തുനിൽക്കുന്ന കണക്കാണ്. കഴിഞ്ഞ ഒരു ദശാബ്ദമായി പ്രവാസികളുടെ എണ്ണത്തിൽ കണ്ടുവരുന്ന ഇടിവ് പരിഗണിക്കുമ്പോൾ, ഇപ്പോഴത്തെ ഈ ആപേക്ഷികമായ സ്ഥിരത ഏറെ ശ്രദ്ധേയമാണ്. 2023-ൽ പ്രവാസികളുടെ എണ്ണത്തിൽ 32,388 പേരുടെ നേരിയ വർദ്ധനവുണ്ടായെങ്കിലും, കേരളത്തിലെ 14 ജില്ലകളിൽ 9 എണ്ണത്തിലും 2018-നെ അപേക്ഷിച്ച് പ്രവാസികളുടെ എണ്ണത്തിൽ കുറവാണ് രേഖപ്പെടുത്തിയത്. ഇത് അന്താരാഷ്ട്ര കുടിയേറ്റം പൂരിതാവസ്ഥയിൽ (saturation) എത്തിയതിനെ സൂചിപ്പിക്കുന്നു. പ്രവാസികളും മടങ്ങിയെത്തിയവരും ഉൾപ്പെടെയുള്ള ആകെ പ്രവാസി കേരളീയരുടെ എണ്ണം 2018-ലെ 34.1 ലക്ഷത്തിൽ നിന്ന് 2023-ൽ 40 ലക്ഷമായി വർദ്ധിച്ചു.

വിദ്യാർത്ഥി കുടിയേറ്റത്തിലുണ്ടായ കുത്തനെയുള്ള വർദ്ധനവാണ് ഏറ്റവും പ്രധാനപ്പെട്ട ഒരു മാറ്റം. വിദ്യാർത്ഥി കുടിയേറ്റക്കാരുടെ എണ്ണം 2018-ലെ 1,29,763-ൽ നിന്ന് 2023-ൽ ഏകദേശം 2,50,000 ആയി ഉയർന്നു. ഇത് ഏകദേശം ഇരട്ടി വർദ്ധനവാണ് കാണിക്കുന്നത്. കുടിയേറ്റക്കാരിൽ പലരും ഇപ്പോൾ വളരെ ചെറിയ പ്രായത്തിൽ തന്നെ (ചിലർ 17-mw വയസ്സിൽ പോലും) വിദേശത്തേക്ക് പോകുന്നു എന്ന ജനസംഖ്യാപരമായ മാറ്റത്തെ ഈ പ്രവണത എടുത്തുകാണിക്കുന്നു. ആകെ പ്രവാസികളിൽ 11.3 ശതമാനവും ഇപ്പോൾ വിദ്യാർത്ഥികളാണ്. ഇത് കേരളത്തിലെ യുവാക്കൾക്കിടയിൽ വിദേശ വിദ്യാഭ്യാസത്തോടുള്ള വർദ്ധിച്ചുവരുന്ന താല്പര്യത്തെ സൂചിപ്പിക്കുന്നു.

ഗൾഫ് സഹകരണ കൗൺസിൽ (GCC) രാജ്യങ്ങൾ തന്നെയാണ് ഇപ്പോഴും കുടിയേറ്റക്കാരുടെ പ്രധാന ലക്ഷ്യസ്ഥാനം. സമീപ വർഷങ്ങളിൽ സൗദി അറേബ്യയെ മറികടന്ന് യുണൈറ്റഡ് അറബ് എമിറേറ്റ്സ് ഏറ്റവും പ്രിയപ്പെട്ട രാജ്യമായി തുടരുന്നു. എന്നിരുന്നാലും, ഗൾഫ് രാജ്യങ്ങളിലേക്ക് പോകുന്ന പ്രവാസികളുടെ അനുപാതത്തിൽ കുറവുണ്ടായിട്ടുണ്ട്; 2018-ൽ ഇത് 89.2 ശതമാനമായിരുന്നത്, 2023-ൽ 80.5 ശതമാനമായി കുറഞ്ഞു. നേരെമറിച്ച്, ഗൾഫ്-ഇതര രാജ്യങ്ങളിലേക്കുള്ള കുടിയേറ്റം 10.8 ശതമാനത്തിൽനിന്ന് 19.5 ശതമാനമായി ഉയർന്നു. വിദ്യാർത്ഥി കുടിയേറ്റത്തിലെ വർദ്ധനവും യൂറോപ്പ്, വടക്കേ അമേരിക്ക തുടങ്ങിയ മേഖലകളോടുള്ള അവരുടെ താല്പര്യവുമാകാം ഈ മാറ്റത്തിന് കാരണം.

പ്രവാസികളുടെ ലിംഗാടിസ്ഥാനത്തിലുള്ള ഘടനയിലും മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നു. സ്ത്രീ കുടിയേറ്റം 2018-ലെ 15.8 ശതമാനത്തിൽ നിന്ന് 2023-ൽ 19.1 ശതമാനമായി വർദ്ധിച്ചു. കൂടാതെ, പുരുഷന്മാരെ അപേക്ഷിച്ച് (14.6 ശതമാനം) സ്ത്രീകൾ (40.5 ശതമാനം) യൂറോപ്പി

ലേക്കും മറ്റ് പാശ്ചാത്യ രാജ്യങ്ങളിലേക്കും കുടിയേറാനാണ് കൂടുതൽ താല്പര്യം കാണിക്കുന്നത്. സ്ത്രീ കുടിയേറ്റക്കാർ വിദ്യാഭ്യാസ കാര്യത്തിലും മുന്നിലാണ്; അവരിൽ 71.5 ശതമാനവും ബിരുദതല വിദ്യാഭ്യാസം പൂർത്തിയാക്കിയവരാണ് (പുരുഷന്മാർക്കിടയിൽ ഇത് 34.7 ശതമാനം മാത്രമാണ്). കുടിയേറ്റത്തിൽ പുരുഷന്മാർ ആധിപത്യം തുടരുന്നുണ്ടെങ്കിലും, ലിംഗപരമായ ഈ വ്യത്യാസം കോട്ടയം ജില്ലയിൽ ഏറ്റവും കുറവും മലപ്പുറം ജില്ലയിൽ ഏറ്റവും കൂടുതലുമാണ്.

തിരിച്ചുവരുന്ന പ്രവാസികളുടെ എണ്ണത്തിലും വലിയ വർദ്ധനവുണ്ടായിട്ടുണ്ട്. 2018-ൽ 12 ലക്ഷമായി കണക്കാക്കിയ മടങ്ങിയെത്തിയവരുടെ എണ്ണം 2023-ൽ 18 ലക്ഷമായി ഉയർന്നു. മഹാമാരിയുമായി ബന്ധപ്പെട്ട സാമ്പത്തിക തടസ്സങ്ങൾ, കർശനമായ ഇമിഗ്രേഷൻ നിയന്ത്രണങ്ങൾ, വിദേശത്തെ തൊഴിലവസരങ്ങളിലെ കുറവ് എന്നിവയാണ് ഇതിന് കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്.

പ്രവാസി വരുമാനത്തിൽ കോവിഡിന് ശേഷം വൻ വർദ്ധനവാണ് രേഖപ്പെടുത്തിയത്. 2018-ൽ 85,092 കോടി രൂപയായിരുന്നത് 154.9 ശതമാനം വർദ്ധിച്ച് 2023-ൽ 2,16,893 കോടി രൂപയായി ഉയർന്നു. കേരളത്തിന്റെ സമ്പദ് വ്യവസ്ഥയെ താങ്ങിനിർത്തുന്നതിൽ ഈ വരുമാനം ഇപ്പോഴും സുപ്രധാന പങ്ക് വഹിക്കുന്നു. ഇത് സംസ്ഥാനത്തിന്റെ വികസന പാതയിൽ കുടിയേറ്റത്തിനുള്ള സുസ്ഥിരമായ സ്വാധീനത്തെയാണ് പ്രതിഫലിപ്പിക്കുന്നത്.

### കാഴ്ചപ്പാട്

13, 14 പഞ്ചവത്സര പദ്ധതികളിൽ വിഭാവനം ചെയ്തിരിക്കുന്നത് പോലെ, കേരളത്തിലെ പ്രവാസി സമൂഹത്തിന്റെ വികസനത്തിനായുള്ള സംസ്ഥാന സർക്കാരിന്റെ ലക്ഷ്യം പ്രധാനമായും താഴെ പറയുന്നവയാണ്: പ്രവാസി കേരളീയരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന ഏജൻസികളെ നൂതനമായ പദ്ധതികളിലൂടെയും പരിപാടികളിലൂടെയും പിന്തുണയ്ക്കുക, മടങ്ങിയെത്തുന്ന പ്രവാസികൾക്ക് വരുമാനദായകമായ പ്രവർത്തനങ്ങളിലേക്ക് സുഗമമായി മാറുന്നതിന് നോർക്ക-റൂട്ട്സിന്റെ (NORKA Roots) പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക എന്നിവ ഇതിൽ ഉൾപ്പെടുന്നു. കൂടാതെ, ലോക കേരള സഭയെ പ്രവാസികളുമായി സംവദിക്കാനുള്ള ഒരു വേദിയായി ഉയർത്തുന്നതിനും, പ്രവാസി നിക്ഷേപങ്ങളെ കേരളത്തിന്റെ പൊതുവായ വികസനത്തിലേക്ക് നയിക്കുന്നതിനും ഈ പദ്ധതികൾ ഊന്നൽ നൽകുന്നു.

ഈ ലക്ഷ്യരേഖ വിഭാവനം ചെയ്യുന്നത്

- പ്രവാസി കേരളീയ സമൂഹത്തിന്റെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന ഏജൻസികളുടെ പ്രവർത്തനങ്ങളെയും നൂതന പദ്ധതികളെയും പിന്തുണയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. നോർക്ക-റൂട്ട്സിന്റെ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനും മടങ്ങിയെത്തുന്ന പ്രവാസികൾക്ക് വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിന് സുഗമമായ പാത ഒരുക്കുന്നതിനുമുള്ള സംവിധാനങ്ങൾ സ്ഥാപിക്കുക.
- പ്രവാസികളുടെ ക്ഷേമം, സാമൂഹിക സുരക്ഷ, സുരക്ഷിതത്വം എന്നിവ ദുരന്തസമയത്തും അടിയന്തര സാഹചര്യങ്ങളിലും ഉൾപ്പെടെ മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ ആവിഷ്കരിക്കുക.
- ഭരണപരമായ വിവരങ്ങൾ, സർവെ വിവരങ്ങൾ, ധനകാര്യം, ഗതാഗതം, വാർത്താവിനിമയം എന്നീ മേഖലകളിൽ നിന്നുള്ള വിവരങ്ങൾ എന്നിവ ഉപയോഗപ്പെടുത്തി ഈ മേഖലയ്ക്കായി ഒരു തത്സമയ ഡാറ്റാ-ബേസ് സജ്ജമാക്കുക.
- ലോക കേരള സഭയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും പ്രവാസി നിക്ഷേപങ്ങളെ കേരളത്തിന്റെ വികസനത്തിന് ആധാരമാക്കുകയും ചെയ്യുക. ഒപ്പം, പ്രവാസികളുടെമടങ്ങിവരവിനെഅവരുടെപുനർനൈപുണ്യശേഷി വികസനത്തിനും നൈപുണ്യശേഷിയുടെ വർധനവിനും വേണ്ടിയുള്ള (Re-skilling and up-skilling) ഒരു അവസരമായി മാറ്റുക.
- കുടിയേറ്റക്കാർക്കിടയിൽ അർഹരായവർക്ക് നിയമ സഹായം നൽകുക, വിദേശത്തേക്ക് പോകാൻ തയ്യാറെടുക്കുന്നവർക്ക് പ്രീ-എമിഗ്രേഷൻ പരിശീലനത്തിലൂടെ നൈപുണ്യ പൂർത്തീകരണം (finishing skill) സാധ്യമാക്കുക, സർട്ടിഫിക്കറ്റുകളുടെ വേഗത്തിലുള്ള സാക്ഷ്യപ്പെടുത്തൽ ഉറപ്പാക്കുക, ഇടനിലക്കാരുടെയും സേവനദാതാക്കളുടെയും പ്രവർത്തനങ്ങൾ നിയന്ത്രിക്കുക.

### നോർക്കയുടെ സ്ഥാപനപരമായ ഘടന

നൈപുണ്യമുള്ളവരും അർദ്ധനൈപുണ്യമുള്ളവരുമായ തൊഴിലാളികളുടെ വലിയ തോതിലുള്ള പുറത്തേക്കുള്ള പ്രവാഹം, ഗണ്യമായ പ്രവാസി വരുമാനം, ശക്തമായ അന്താരാഷ്ട്ര ബന്ധങ്ങൾ എന്നിവയാൽ സവിശേഷമായ കേരളത്തിന്റെ കുടിയേറ്റ പശ്ചാത്തലം 1996-ൽത്തന്നെ 'പ്രവാസി കേരളീയ കാര്യ വകുപ്പ്' (നോർക്ക - NORKA) രൂപീകരിക്കുന്നതിന് കാരണമായി. കുടിയേറ്റ ഭരണത്തിൽ ഇന്ത്യയിലെ തന്നെ ആദ്യത്തെ വിപ്ലവകരമായ നീക്കമായിരുന്നു ഇത്. നോർക്കയുടെ പ്രവർത്തന വിഭാഗമായ നോർക്ക-റൂട്ട്സ് വഴി സുരക്ഷിതവും നിയമപരവും ധാർമ്മികവുമായ കുടിയേറ്റം ഉറപ്പാക്കുന്നു. വിദേശത്തേക്ക് പോകുന്നതിന് മുമ്പുള്ള ഘട്ടം മുതൽ, പ്രവാസ കാലത്തും, തിരിച്ചു വന്നതിന് ശേഷവും സമഗ്രമായ പിന്തുണ പ്രവാസികൾക്ക് നോർക്ക നൽകുന്നുണ്ട്. റിക്രൂട്ട്മെന്റ് തട്ടിപ്പുകൾ, പുന:സംയോജനം, ദുരിതാശ്വാസം, സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തൽ, നിയമസഹായം (പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിൽ) തുടങ്ങിയ വിഷയങ്ങളിൽ നോർക്ക സജീവമായി ഇടപെടുന്നു. മുഖ്യമന്ത്രി, മുതിർന്ന ഉദ്യോഗസ്ഥർ, പ്രവാസി പ്രതിനിധികൾ എന്നിവരടങ്ങുന്ന ബോർഡിന്റെ മേൽനോട്ടത്തിലുള്ള നോർക്ക-റൂട്ട്സിന് ഇന്ത്യയിലുടനീളം ഒൻപത് റീജിയണൽ/സാറ്റ്ലൈറ്റ് ഓഫീസുകളുണ്ട് .

ശ്രദ്ധേയമായ പ്രവാസി പെൻഷൻ ഉൾപ്പെടെയുള്ള ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നതിനായി 2009-ൽ നോർക്ക വകുപ്പിന് കീഴിൽ പ്രവാസി ക്ഷേമനിധി ബോർഡ് രൂപീകരിച്ചു. ഇത് വിദേശത്തുള്ള മലയാളികൾക്കും മടങ്ങിയെത്തിയവർക്കും ദീർഘകാല സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്നു. ഇതിനു പുറമെ, പ്രവാസികളുടെ പരാതികൾ സ്വീകരിക്കുന്നതിനും പരിഹരിക്കുന്നതിനുമായി ഒരു അർദ്ധ-നീതിന്യായ (Quasi-judicial) സംവിധാനമായി എൻ.ആർ.ഐ (കെ) കമ്മീഷൻ സ്ഥാപിതമായി. പരാതി പരിഹാരത്തിനും നയങ്ങളുമായി ബന്ധപ്പെട്ട ഫീഡ്ബാക്കിനുമുള്ള ഒരു ഔദ്യോഗിക സംവിധാനമായി ഇത് മാറി.

കുടിയേറ്റ ഭരണത്തെ ജനാധിപത്യവൽക്കരിക്കുന്നതിൽ നിർണ്ണായകമായ ഒരു ചുവടുവെപ്പായിരുന്നു 2017-ൽ രൂപീകരിച്ച, ലോകമെമ്പാടുമുള്ള പ്രവാസി പ്രതിനിധികളെയും ജനപ്രതിനിധികളെയും സംവാദങ്ങൾക്കും നയരൂപീകരണ നിർദ്ദേശങ്ങൾക്കുമായി ഒരൊറ്റ വേദിയിൽ കൊണ്ടുവരുന്ന ലോക കേരളസഭ എന്ന ദ്വൈവാർഷിക പ്ലാറ്റ്ഫോം. പങ്കാളിത്ത ഭരണത്തോടും പ്രവാസികളെ കൂടി ഉൾപ്പെടുത്തിയുള്ള വികസനത്തോടുമുള്ള കേരളത്തിന്റെ പ്രതിബദ്ധതയാണ് ഈ വേദിയിലൂടെ പ്രതിഫലിക്കുന്നത്.

ലോക കേരള സഭയുടെ ശിപാർശകൾ പ്രകാരം 13-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ രൂപീകരിച്ച ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ഹോൾഡിംഗ് ലിമിറ്റഡ് (OKIH) ആണ് നോർക്കയുടെ സ്ഥാപനപരമായ ചട്ടക്കൂടിലെ ഏറ്റവും പുതിയ കൂട്ടിച്ചേർക്കൽ. പ്രവാസികളുമായുള്ള വൈകാരിക ബന്ധത്തെ വ്യക്തമായ സാമ്പത്തിക പങ്കാളിത്തമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ, പ്രവാസി മൂലധനത്തെ കേരളത്തിലെ തന്ത്രപ്രധാനമായ അടിസ്ഥാന സൗകര്യ വികസന പദ്ധതികളിലേക്ക് തിരിച്ചുവിടുന്നതിനുള്ള ഒരു നിക്ഷേപ മാധ്യമമായാണ് ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ഹോൾഡിംഗ് ലിമിറ്റഡ് പ്രവർത്തിക്കുന്നത്.

കഴിഞ്ഞ 22 വർഷത്തിനിടയിൽ, കുടിയേറ്റത്തിന് മുമ്പുള്ള കൗൺസലിംഗ്, സുരക്ഷിത കുടിയേറ്റ മാർഗനിർദ്ദേശങ്ങൾ, വിദേശത്തെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ, മടങ്ങിയെത്തിയവർക്കുള്ള പുനരധിവാസ പദ്ധതികൾ, പ്രവാസി നിക്ഷേപത്തിനുള്ള അവസരങ്ങൾ എന്നിവ ഉറപ്പാക്കുന്ന ഇന്ത്യയിലെ ആദ്യത്തെ സമഗ്ര കുടിയേറ്റ ഭരണമാതൃകയായി നോർക്ക വികസിച്ചു. റിക്രൂട്ട്മെന്റ് ചൂഷണം, സാമൂഹിക സുരക്ഷയുടെ അഭാവം, പുനരധിവാസ വെല്ലുവിളികൾ, വിദേശ രാജ്യങ്ങളിലെ സേവന പരിമിതികൾ എന്നിവ പരിഹരിക്കാൻ ഇതിലൂടെ സാധിക്കുന്നു. ഫിലിപ്പീൻസ്, ബംഗ്ലാദേശ്, ശ്രീലങ്ക തുടങ്ങിയ രാജ്യങ്ങളിൽ നിന്നു പ്രചോദനം ഉൾക്കൊണ്ട്, വിവരങ്ങളുടെ അഭാവം, പുനരധിവാസത്തെക്കുറിച്ചുള്ള ആശങ്കകൾ തുടങ്ങിയവ പരിഹരിച്ചുകൊണ്ട് മടങ്ങിയെത്തുന്നവർക്കായി വ്യവസ്ഥാപിതമായ സാമ്പത്തിക പുനരധിവാസ പദ്ധതികൾ നടപ്പിലാക്കുന്ന ചുരുക്കം ചില ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഒന്നായി കേരളം ശ്രദ്ധേയമായി നിൽക്കുന്നു.

സാമ്പത്തിക വീക്ഷണകോണിലൂടെ നോക്കിയാൽ, നോർക്കയുടെ വർദ്ധിച്ചുവരുന്ന പ്രാധാന്യം അതിന്റെ ബജറ്റിലും പ്രതിഫലിക്കുന്നു. 2016-17 കാലഘട്ടത്തിൽ 25.4 കോടി രൂപ ആയിരുന്ന ബജറ്റ് വിഹിതം 2025-26 ആയപ്പോഴേക്കും 150.8 കോടി രൂപ ആയി ഉയർന്നു. ഒരു പതിറ്റാണ്ടിനുള്ളിൽ അഞ്ച് മടങ്ങ് വർദ്ധനവാണ് ഇതിലൂടെ ഉണ്ടായത്. പ്രവാസികളെ കേവലം പണമയക്കുന്നവർ എന്നതിലുപരി, കേരളത്തിന്റെ വികസനത്തിലെ പൂർണ്ണ പങ്കാളികളായാണ് സർക്കാർ കാണുന്നത് എന്നതിന്റെ തെളിവാണ് ഈ വർദ്ധനവ്.

നോർക്ക-റൂട്ട്സ്, പ്രവാസി ക്ഷേമനിധി ബോർഡ്, എൻ.ആർ.ഐ (കെ) കമ്മീഷൻ, ലോക കേരള സഭ, ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ഹോൾഡിംഗ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളുടെ കൂട്ടായ്മയിലൂടെ കുടിയേറ്റം, പ്രവാസി പങ്കാളിത്തം, പുനരധിവാസം എന്നിവയ്ക്കായി സംസ്ഥാനം ഒരു മികച്ച ആവാസവ്യവസ്ഥ സൃഷ്ടിച്ചിട്ടുണ്ട്. രാഷ്ട്രീയ ഇച്ഛാശക്തിയും ജനപങ്കാളിത്തവും ഒത്തുചേരുമ്പോൾ ഒരു സംസ്ഥാനത്തിന് കുടിയേറ്റ പരിപാലനത്തിൽ ആഗോള നിലവാരത്തിലുള്ള മാതൃകകൾ എങ്ങനെ സൃഷ്ടിക്കാൻ കഴിയുമെന്ന് കേരളത്തിന്റെ ഈ രീതി തെളിയിക്കുന്നു.

**13, 14 പഞ്ചവത്സര പദ്ധതികളിലെ പ്ലാൻ പദ്ധതികളുടെയും നേട്ടങ്ങളുടെയും വിലയിരുത്തൽ**

പ്രവാസി കേരളീയരുടെയും അവരുടെ ആശ്രിതരുടെയും വൈവിധ്യമാർന്ന ആവശ്യങ്ങൾ പരിഹരിക്കുന്നതിനായി ബഹുമുഖമായ ഒരു ഇടപെടൽ രൂപരേഖ നോർക്ക വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. കുടിയേറ്റത്തിന്റെ വിവിധ ഘട്ടങ്ങളെയും സാഹചര്യങ്ങളെയും - അതായത് വിദേശത്തേക്ക് പോകുന്നതിന് മുമ്പുള്ള ഘട്ടം, വിദേശത്തായിരിക്കുമ്പോഴുള്ള ഘട്ടം, മടങ്ങിവന്നതിന് ശേഷമുള്ള ഘട്ടം എന്നിവ കണക്കിലെടുത്താണ് ഈ പ്രവർത്തനങ്ങൾ തന്ത്രപരമായി രൂപകൽപ്പന ചെയ്തിരിക്കുന്നത്. വകുപ്പിന്റെ നയപരമായ ഘടന പ്രധാനമായും അഞ്ച് മേഖലകളിലായി വ്യാപിച്ചു കിടക്കുന്നു: സാമ്പത്തിക പുനരധിവാസം, പ്രതിസന്ധി ലഘൂകരണം, സാമൂഹിക സംരക്ഷണം, കുടിയേറ്റ ഭരണം, പ്രവാസി ബന്ധങ്ങൾ.

**സാമ്പത്തിക പുനരധിവാസ പദ്ധതികൾ**

കുടിയേറ്റത്തെ ഒരു ചലനാത്മക പ്രക്രിയയായി കാണുന്ന വകുപ്പിന്റെ സംയോജിത സമീപനം, പ്രവാസി ക്ഷേമം സംബന്ധിച്ച കേരളത്തിന്റെ വിപുലമായ വികസന കാഴ്ചപ്പാടിനെ പ്രതിഫലിപ്പിക്കുന്നു. മടങ്ങിയെത്തുന്ന പ്രവാസികളെ കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിലേക്ക് സുസ്ഥിരമായി പുനരാഗിരണം ചെയ്യുക എന്ന ലക്ഷ്യത്തോടെയുള്ള സാമ്പത്തിക പുനരധിവാസമാണ് ഈ നയത്തിന്റെ കാതൽ. 2013-ൽ ആരംഭിച്ച നോർക്ക മടങ്ങിവന്ന കുടിയേറ്റക്കാരുടെ പുനരധിവാസപദ്ധതി (നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് - NDPREM) ഈ മേഖലയിലെ മുഖ്യ പദ്ധതിയാണ്. ഇതിൽ 15 ശതമാനം മൂലധന സബ്സിഡിയും (പരമാവധി ₹30 ലക്ഷം വരെ) നാല് വർഷത്തേക്ക് 3 ശതമാനം പലിശ സബ്സിഡിയും ഉൾപ്പെടുന്ന ഇരട്ട സബ്സിഡി മാതൃകയാണ് വാഗ്ദാനം ചെയ്യുന്നത്. 19 ധനകാര്യ സ്ഥാപനങ്ങളിലായി 7,000 ശാഖകളുടെ വിപുലമായ ശൃംഖലയിലൂടെ, 2024-25 വരെ 8,904 സംരംഭങ്ങൾ തുടങ്ങാൻ ഈ പദ്ധതി സഹായകമായി. കഴിഞ്ഞ പന്ത്രണ്ട് വർഷത്തിനിടയിൽ ആകെ 120.4 കോടി രൂപ വിതരണം ചെയ്തു, ഇത് അനുവദിച്ച തുകയായ 102.1 രൂപ കോടിയേക്കാൾ കൂടുതലാണ്. 2018-നും 2020-നും ഇടയിൽ പദ്ധതിയുടെ ഉപയോഗം അതിന്റെ ഉച്ചസ്ഥായിയിലെത്തി. സംരംഭകത്വ പരിശീലനവും പ്രോജക്ട് ഡോക്യുമെന്റേഷൻ പിന്തുണയും നൽകുന്ന ഈ പദ്ധതിക്ക് 2025-26 വർഷത്തേക്ക് 25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്, ഇത് പദ്ധതിയുടെ തന്ത്രപരമായ പ്രാധാന്യം വ്യക്തമാക്കുന്നു.

മടങ്ങിവന്ന കുടിയേറ്റക്കാരുടെ പുനരധിവാസം എന്ന പദ്ധിക്ക് പൂരകമായി, കോവിഡ്-19 മഹാമാരിയെത്തുടർന്നുണ്ടായ പ്രവാസികളുടെ വൻതോതിലുള്ള തിരിച്ചുവരവ്

കണക്കിലെടുത്ത്, കേരള സർക്കാർ പ്രവാസി ഭദ്രത പദ്ധതി അവതരിപ്പിച്ചു. പ്രതിസന്ധി ഘട്ടത്തിലെ സാമ്പത്തിക ഇട പെടലായി വിഭാവനം ചെയ്ത ഈ സംരംഭം 2021 മുതൽ കുടുംബശ്രീ, കെ.എസ്.എഫ്.ഇ, കെ.എസ്.ഐ.ഡി.സി, കേരള ബാങ്ക് എന്നിവ വഴി 13,906 പേർക്ക് ഉപജീവന മാർഗ്ഗം ഉറപ്പാക്കി. സൂക്ഷ്മസംരംഭങ്ങൾക്കുള്ള അടിയന്തര മൂലധന വായ്പകൾ, മറ്റ് തൊഴിലുകളിലേക്ക് മാറുന്നവർക്കുള്ള ആസ്തി ഏറ്റെടുക്കൽ വായ്പകൾ, തൊഴിൽപരമായ ചലനാത്മകത സുഗമമാക്കുന്ന നൈപുണ്യ വികസന വായ്പകൾ എന്നിങ്ങനെ മൂന്ന് വ്യത്യസ്ത വായ്പാ രീതികൾ ഇതിലുണ്ട്. ഒരു അടിയന്തര പ്രതികരണമെന്ന നിലയിൽ ആരംഭിച്ച് പിന്നീട് കേരളത്തിന്റെ സാമൂഹിക സുരക്ഷാ ചട്ടക്കൂടിന്റെ ഭാഗമായി മാറിയ ഈ പദ്ധതിക്ക് 2025-26 വർഷത്തിൽ 45 രൂപ കോടി വകയിരുത്തിയിട്ടുണ്ട്. കുടുംബശ്രീയുടെ പങ്കാളിത്തം ഈ പദ്ധതിയുടെ സ്ത്രീപക്ഷ സമീപനത്തെയും പ്രാദേശിക തലത്തിലുള്ള സ്വീകാര്യതയെയും കൂടുതൽ ശക്തമാക്കുന്നു.

പ്രവാസി നിക്ഷേപം സമാഹരിക്കുന്നതിനും സംരംഭകത്വ സാഹചര്യം ഒരുക്കുന്നതിനുമുള്ള ഒരു കേന്ദ്ര സംവിധാനമായി നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ (NBFC) പ്രവർത്തിക്കുന്നു. ഇത് മേഖല തിരിച്ചുള്ള അവസരങ്ങൾ കണ്ടെത്തൽ, ബിസിനസ് ഇൻക്യുബേഷൻ പിന്തുണ, പ്രവാസി സഹകരണ സംഘങ്ങൾക്കായുള്ള സംരംഭകത്വ പരിശീലനം (ETPC) പോലെയുള്ള ഇടപെടലുകളിലൂടെയുള്ള പ്രവർത്തനങ്ങളിലൂടെ ഇത് മടങ്ങിയെത്തിയ പ്രവാസികളുടെ 474 പുതിയ സംരംഭങ്ങൾക്ക് വഴിയൊരുക്കി.

മടങ്ങിയെത്തുന്നവർക്ക് തൊഴിൽ വിപണിയിൽ അവസരങ്ങൾ കണ്ടെത്തുന്നതിനുള്ള പ്ലാറ്റ്ഫോമായി നോർക്ക-അസിസ്റ്റഡ് ആൻഡ് മൊബിലൈസ്ഡ് എംപ്ലോയ്മെന്റ് (NAME) എന്ന അത്യാധുനിക ഡിജിറ്റൽ സംവിധാനം പ്രവർത്തിക്കുന്നു. മടങ്ങിയെത്തുന്നവരുടെ നൈപുണ്യ വിവരശേഖരണം, പ്രവാസികൾക്കായി പ്രത്യേക തൊഴിൽ ക്വാട്ടകൾ നിശ്ചയിക്കാൻ തൊഴിലുടമകളെ പ്രേരിപ്പിക്കുക, തൊഴിൽപരമായ വിടവുകൾ പരിഹരിക്കാൻ പരിശീലനം നൽകുക എന്നീ മൂന്ന് തലങ്ങളിലൂടെയാണ് ഇത് പ്രവർത്തിക്കുന്നത്. ആധുനികമായ അൽഗോരിതങ്ങൾ അടിസ്ഥാനപ്പെടുത്തിയ ജോലി പൊരുത്തപ്പെടൽ സാങ്കേതികവിദ്യ ഉപയോഗിക്കുന്ന ഈ സംവിധാനം, അടിസ്ഥാന പഠനങ്ങളിൽ തെളിയിക്കപ്പെട്ടതുപോലെ, മടങ്ങിയെത്തിയവർ നേരിടുന്ന 6-8 മാസത്തെ തൊഴിലില്ലായ്മയുടെ ദൈർഘ്യം ഗണ്യമായി കുറയ്ക്കാൻ സഹായിക്കുന്നു. കേരളത്തിന്റെ പുനരധിവാസ നയത്തിലെ മറ്റൊരു നൂതനമായ പദ്ധതിയാണ് പ്രവാസി സംഘങ്ങൾക്കുള്ള സഹായം. പ്രവാസികളുടെ നേതൃത്വത്തിലുള്ള സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിന് ഒരു സംഘത്തിന് 3 ലക്ഷം രൂപ വീതം ഒറ്റത്തവണ ഓഹരി മൂലധന ഗ്രാന്റ് ഈ പദ്ധതി നൽകുന്നു. കൂട്ടായ സംരംഭകത്വത്തിലൂടെയും സാമൂഹിക ഐക്യത്തിലൂടെയും മടങ്ങിയെത്തുന്നവർക്ക് സുസ്ഥിരമായ ഒരു സാമ്പത്തിക പാത ഇത് വാഗ്ദാനം ചെയ്യുന്നു.

ചുരുക്കത്തിൽ, ഈ ഇടപെടലുകൾ സമഗ്രവും വൈവിധ്യപൂർണ്ണവുമായ ഒരു നയരൂപീകരണത്തെയാണ് പ്രതിനിധീകരിക്കുന്നത്. മടങ്ങിവരുന്ന കുടിയേറ്റക്കാർക്കുവേണ്ടി 2013-ൽ ആരംഭിച്ച നോർക്കാ ഡിപ്പാർട്ട്മെന്റ് പ്രോജക്റ്റ് ഫോർ റിട്ടേൺഡ് എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതി ദീർഘകാല സംരംഭകത്വ പുനരധിവാസത്തിന് ഊന്നൽ നൽകുമ്പോൾ, ‘പ്രവാസി ഭദ്രത’ പ്രതിസന്ധി ഘട്ടങ്ങളിൽ ഒരു സുരക്ഷാ വലയമായി പ്രവർത്തിക്കുന്നു. നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ, നോർക്ക-അസിസ്റ്റഡ് ആൻഡ് മൊബിലൈസ്ഡ് എംപ്ലോയ്മെന്റ് എന്നിവ സ്ഥാപനപരമായ ബന്ധങ്ങളും തൊഴിൽ വിപണിയും ഉറപ്പാക്കുന്നു. പ്രവാസി സംഘം സഹകരണ മാതൃകയിലുള്ള പുനരധിവാസം സാധ്യമാക്കുന്നു. ഉയർന്ന നൈപുണ്യമുള്ള സംരംഭകർ മുതൽ ദുർബലരായ സാധാരണ തൊഴിലാളികൾ വരെയുള്ള വിവിധ വിഭാഗങ്ങളുടെ ഉപജീവന സുരക്ഷയും ജീവിതനിലവാരത്തിലെ പുരോഗതിയും ഉറപ്പാക്കുന്ന രീതിയിലുള്ള ആവശ്യങ്ങൾ നിറവേറ്റാൻ ഈ സംയോജിത പദ്ധതികളിലൂടെ സാധിക്കുന്നു.

**ദുരിതാശ്വാസ പദ്ധതികൾ**

പ്രവാസി കേരളീയർ നേരിടുന്ന കഠിനമായ വെല്ലുവിളികൾ പരിഹരിക്കുന്നതിനായി, നോർക്ക വകുപ്പ് സമഗ്രമായ ഒരു ദുരിതാശ്വാസ പരിപാലന സംവിധാനം ഒരുക്കിയിട്ടുണ്ട്. പരസ്പര പൂരകങ്ങളായ മൂന്ന് പ്രധാന ഇടപെടലുകളിലൂടെയാണ് ഇത് നടപ്പിലാക്കുന്നത്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് 2003 മുതൽ നിലവിലുള്ള കേരളത്തിന്റെ മുൻനിര പ്രവാസി ക്ഷേമ പദ്ധതിയായ ‘സാന്ത്വനം’ ആണ്. ഇതുവരെ, 38,606 ഗുണഭോക്താക്കൾക്കായി 188.8 കോടി രൂപ ഈ പദ്ധതിയിലൂടെ വിതരണം ചെയ്തു. ദുരിതത്തിന്റെ തീവ്രത അനുസരിച്ചുള്ള സഹായമാണ് ഇതിലൂടെ നൽകുന്നത്: മരണാനന്തര സഹായമായി 1,00,000 രൂപ, ചികിത്സാ സഹായമായി 50,000 രൂപ, വിവാഹ സഹായമായി 15,000 രൂപ, അംഗവൈകല്യം സംഭവിച്ചവർക്ക് 10,000 രൂപ എന്നിങ്ങനെയാണ് സഹായധനം. 2024-25 കാലയളവിൽ 4,748 പേർക്ക് സഹായം നൽകിയതും, 2025-26-ൽ ഇത് 6,000 ഗുണഭോക്താക്കളായി ഉയരുമെന്ന പ്രതീക്ഷയും കേരളത്തിന്റെ സാമൂഹിക സുരക്ഷാ ചട്ടക്കൂടിൽ ഈ പദ്ധതി എത്രത്തോളം ആഴത്തിൽ വേരൂന്നിയതാണെന്ന് വ്യക്തമാക്കുന്നു.

ഇതിന് അനുബന്ധമായി 2018-ൽ ആരംഭിച്ച നോർക്ക എമർജൻസി ആംബുലൻസ് സർവീസ്, അടിയന്തര ആരോഗ്യ യാത്രാ സൗകര്യങ്ങൾ ഉറപ്പാക്കുന്നു. ബജറ്റിൽ 75 ലക്ഷം രൂപ വകയിരുത്തിയ ഈ സേവനം കേരളത്തിലെ നാല് അന്താരാഷ്ട്ര വിമാനത്താവളങ്ങളിലും കോയമ്പത്തൂർ, മംഗലാപുരം എന്നിവിടങ്ങളിലെ പ്രധാന കേന്ദ്രങ്ങളിലും ലഭ്യമാണ്. 24 മണിക്കൂറും പ്രവർത്തിക്കുന്ന ടോൾ ഫ്രീ ഹെൽപ്പ് ലൈൻ (+91 88080 12345) വഴി ഇതുവരെ 2,874 മെഡിക്കൽ ട്രാൻസ്ഫറുകൾ നടത്തിയിട്ടുണ്ട് (ഇതിൽ 580 എണ്ണം 2024-25-ൽ നടന്നതാണ്). സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പ്രവാസികൾക്കും നാട്ടിലേക്ക് തിരിച്ചെത്തുന്ന രോഗികൾക്കും മെഡിക്കൽ അത്യാഹിത ഘട്ടങ്ങളിൽ തടസ്സമില്ലാത്ത യാത്രാസൗകര്യം ഇത് ഉറപ്പാക്കുന്നു.

കോവിഡ്-19 മഹാമാരിയുടെ സമയത്ത് നോർക്കയുടെ കോവിഡ് ജാഗ്രത രജിസ്ട്രേഷൻ പോർട്ടൽ 15 ലക്ഷം

പ്രവാസികളെ രജിസ്റ്റർ ചെയ്തുകൊണ്ട് സുരക്ഷിതമായ തിരിച്ചുവരവ് ഏകോപിപ്പിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ചു. ഇതിനുപുറമെ, അന്താരാഷ്ട്ര യാത്രാ നിരോധനം കാരണം കേരളത്തിൽ കുടുങ്ങിപ്പോയ, സാധുവായ തൊഴിൽ വിസയുള്ള 1,34,828 പ്രവാസികൾക്കായി 67.4 കോടി രൂപയുടെ ഒറ്റത്തവണ സഹായം വകുപ്പ് വിതരണം ചെയ്തു. ഈ സാമ്പത്തിക സഹായം അവരുടെ ഉപജീവന പ്രതിസന്ധി ലഘൂകരിക്കുകയും അടിയന്തര സാഹചര്യങ്ങളിൽ സംസ്ഥാനത്തിന്റെ ക്ഷേമപ്രവർത്തനങ്ങളിലെ വഴക്കം തെളിയിക്കുകയും ചെയ്തു.

കൂടാതെ, നോർക്ക-അസിസ്റ്റഡ് ബോഡി റീപാട്രിയേഷൻ സ്കീം വഴി വിദേശത്തോ മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിലോ മരണപ്പെടുന്ന പ്രവാസികളുടെ മൃതദേഹങ്ങൾ മാന്യമായ രീതിയിൽ നാട്ടിലെത്തിക്കുന്നതിന് ആവശ്യമായ ലോജിസ്റ്റിക് പിന്തുണ നൽകുന്നു. ബന്ധുക്കൾക്കോ, നിയമപരമായ അവകാശികൾക്കോ, എയർലൈൻ ഓപ്പറേറ്റർമാർക്കോ, കാർഗോ ഏജൻസികൾക്കോ, അംഗീകൃത ഗൾഫ് മലയാളി സംഘടനകൾക്കോ ഇതിനായുള്ള യാത്രാച്ചെലവ് തിരിച്ചുനൽകുന്നു. വ്യക്തമായ യോഗ്യതാ മാനദണ്ഡങ്ങളിലൂടെയും മുൻകൂർ അനുമതി സംവിധാനങ്ങളിലൂടെയും പ്രവർത്തിക്കുന്ന ഈ പദ്ധതി നോർക്കയുടെ ആഗോള ക്ഷേമപ്രവർത്തനങ്ങളുടെ ഒരു മാനുഷിക മുഖമാണ്.

### സാമൂഹിക സുരക്ഷാ പദ്ധതികൾ

കേരള സർക്കാർ, പ്രശ്നം കൈകാര്യം ചെയ്യൽ, രേഖകൾ ഉറപ്പാക്കൽ, ആരോഗ്യ സുരക്ഷ, നിയമസഹായം, പരാതി പരിഹാരം എന്നിങ്ങനെ അഞ്ച് പ്രധാന തലങ്ങളിലൂടെ പ്രവാസി സമൂഹത്തിനായി സംയോജിത സാമൂഹിക സംരക്ഷണ സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. ഈ ചട്ടക്കൂടിന്റെ കേന്ദ്രബിന്ദു 2009 മുതൽ നോർക്കയുടെ കീഴിൽ പ്രവർത്തിക്കുന്ന പ്രവാസി കേരളീയ ക്ഷേമ ബോർഡ് (NRKWB) ആണ്. 13 (2017-22), 14 (2022-27) പഞ്ചവത്സര പദ്ധതി ക്കാലയളവിലുടനീളം ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നതിൽ ബോർഡ് സുപ്രധാന പങ്ക് വഹിച്ചു. 2016-നും 2025-നും ഇടയിൽ 6,84,572 പുതിയ അംഗങ്ങളെ ക്ഷേമനിധിയിൽ ചേർക്കാൻ സാധിച്ചു എന്നത് ബോർഡിന്റെ വിപുലമായ സ്വാധീനത്തെ സൂചിപ്പിക്കുന്നു. ഇതിലെ ഏറ്റവും പ്രധാനപ്പെട്ട പ്രവാസി പെൻഷൻ പദ്ധതി വഴി 72,112 ഗുണഭോക്താക്കൾക്കായി 813.65 കോടി രൂപ വിതരണം ചെയ്തു. അതേസമയം, പ്രവാസി ഡിവിഡന്റ് പദ്ധതി അടിസ്ഥാന സൗകര്യ വികസനത്തിനായി 330.4 കോടി രൂപയുടെ പ്രവാസി നിക്ഷേപം സമാഹരിച്ചു. ഈ പ്രവർത്തനങ്ങളെല്ലാം രണ്ട് പദ്ധതിക്കാലയളവുകളിലെ കേരളത്തിന്റെ വികസന തന്ത്രങ്ങളെ പ്രതിഫലിപ്പിക്കുന്നവയാണ്.

ബോർഡിന്റെ സാമൂഹിക സുരക്ഷാ വിഹിതത്തിൽ മരണാനന്തര സഹായമായി 9.6 കോടി രൂപയും, ചികിത്സാ സഹായമായി 9.1 കോടി രൂപയും, വിദ്യാഭ്യാസ ഗ്രാന്റായി 24.1 ലക്ഷം രൂപയും (190 ഗുണഭോക്താക്കൾ), വിവാഹ സഹായമായി 5.2 കോടി രൂപയും (870 ഗുണഭോക്താക്കൾ) ഉൾപ്പെടുന്നു. പ്രവാസികളുടെയും അവരുടെ കുടുംബങ്ങളുടെയും സാമ്പത്തിക സുരക്ഷ ഉറപ്പാക്കിക്കൊണ്ട് കേരളത്തിന്റെ സാമൂഹിക വികസന ലക്ഷ്യങ്ങളെ പിന്തുണയ്ക്കാനാണ് ഈ ഇടപെടലുകൾ തന്ത്രപരമായി നടപ്പിലാക്കിയത്.

സേവനങ്ങളും പ്രാതിനിധ്യവും മെച്ചപ്പെടുത്തുന്നതിനായി ഒരു ബഹുമുഖ ബയോമെട്രിക് തിരിച്ചറിയൽ രേഖയായി നോർക്ക ഐഡി കാർഡ് സംവിധാനം അവതരിപ്പിച്ചു. 182 രാജ്യങ്ങളിലായി പടർന്നു കിടക്കുന്ന 6 ലക്ഷം പ്രവാസികൾ ഇതുവരെ ഈ കാർഡിനായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2021-ൽ ഇതിനോടൊപ്പമുള്ള വ്യക്തിഗത അപകട ഇൻഷുറൻസ് പോളിസിയിൽ ഇതുവരെ 49,200 പ്രവാസികൾ ചേർന്നുകഴിഞ്ഞു. ഇതിലൂടെ അപകടമരണത്തിന് 5 ലക്ഷം രൂപ, വൈകല്യങ്ങൾക്ക് 2 ലക്ഷം രൂപ, മൃതദേഹം നാട്ടിലെത്തിക്കുന്നതിന് വിദേശത്ത് മരണപ്പെട്ടാൽ 50,000 രൂപ, ഇന്ത്യയ്ക്കകത്തെങ്കിൽ 30,000 രൂപ എന്നിങ്ങനെ സഹായം ലഭിക്കുന്നു. പ്രവാസികൾക്കായി ഒരു അടിസ്ഥാന തിരിച്ചറിയൽ സംവിധാനങ്ങൾ കെട്ടിപ്പടുക്കുന്നതിലെ സുപ്രധാന ചുവടുവെപ്പാണ് ഈ ഐഡി കാർഡ്.

പ്രവാസികൾക്കായി കൊണ്ടുപോകാവുന്ന (portable) ആരോഗ്യ സുരക്ഷാ സംവിധാനമാണ് 2021-ൽ തുടങ്ങിയ പ്രവാസി രക്ഷാ ഇൻഷുറൻസ് പോളിസി. 18 മുതൽ 60 വയസ്സുവരെയുള്ളവർക്ക് സ്വമേധയാ ചേരാവുന്ന ഈ പദ്ധതിയിൽ, 661 രൂപ എന്ന കുറഞ്ഞ വാർഷിക പ്രീമിയത്തിൽ മാരക രോഗങ്ങൾക്ക് 1 ലക്ഷം രൂപ , അപകടമരണത്തിന് 3 ലക്ഷം രൂപ, സ്ഥിരമോ ഭാഗികമോ ആയ വൈകല്യങ്ങൾക്ക് 1 ലക്ഷം രൂപ വരെ പരിരക്ഷ ലഭിക്കുന്നു. ഇതിന്റെ ഡിജിറ്റൽ എൻറോൾമെന്റ് രീതിയും രൂപകൽപ്പനയും പ്രവാസികളുടെ പ്രായോഗിക ആവശ്യങ്ങളെ പരിഗണിച്ചുകൊണ്ടുള്ളതാണ്.

നിയമപരമായ സംരക്ഷണത്തിനായി അന്താരാഷ്ട്ര തലത്തിലുള്ള സഹായ സംവിധാനമായി പ്രവർത്തിക്കുന്ന പ്രവാസി ലീഗൽ എയ്ഡ് സെല്ലിന് (PLAC) 2025-26 വർഷത്തേക്ക് 60 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഗൾഫ് സഹകരണ കൗൺസിൽ രാജ്യങ്ങളിലെ ഏഴ് നിയമ ഉപദേഷ്ടാക്കൾ വഴി തൊഴിൽ തർക്കങ്ങൾ ഉൾപ്പെടെയുള്ള കേസുകളിൽ കോടതി പ്രാതിനിധ്യം വരെയുള്ള നിയമസേവനങ്ങൾ പ്രവാസി ലീഗൽ എയ്ഡ് സെൽ നൽകുന്നു. കൂടാതെ, പ്രവാസികൾക്കിടയിൽ നിയമസാക്ഷരത വളർത്തുന്നതിനുള്ള ബോധവൽക്കരണ പരിപാടികളും ഇത് സംഘടിപ്പിക്കുന്നു.

ഈ ക്ഷേമ പ്രവർത്തനങ്ങളുടെ സാങ്കേതിക നട്ടെല്ലായി പ്രവർത്തിക്കുന്നത് ഗ്ലോബൽ കോൺടാക്റ്റ് സെന്റർ (GCC) ആണ്. ഒരു കോടി രൂപ മുതൽമുടക്കിൽ ആരംഭിച്ച ഈ സംവിധാനം 24 മണിക്കൂറും വിവിധ ഭാഷകളിൽ ടോൾ ഫ്രീ നമ്പറുകൾ വഴിയും (ഇന്ത്യയിൽ: 1800 425 3939, വിദേശത്ത്: +91 8802 012345) ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ വഴിയും പിന്തുണ നൽകുന്നു. രേഖകൾ, പദ്ധതികളുടെ യോഗ്യത, അടിയന്തര സഹായം തുടങ്ങിയ സംശയങ്ങൾ പരിഹരിക്കാൻ ഈ സെന്റർ സഹായിക്കുന്നു. അതോടൊപ്പം നയരൂപീകരണത്തിലെ മാറ്റങ്ങൾക്കനുസൃതമായി ഒരു ഡാറ്റാ ഇന്റലിജൻസ് ഹബ്ബ് ആയി പ്രവർത്തിക്കുകയും ചെയ്യുന്നു.

പ്രവാസികളുടെ പ്രത്യേക പരാതികൾ പരിഹരിക്കുന്നതിനായി 2015-ൽ നോർക്ക സ്ഥാപിച്ച അർദ്ധ-നീതിന്യായ വേദിയാണ് എൻ.ആർ.ഐ(കെ) കമ്മീഷൻ. ജീവനും സ്വത്തിനും നേരെയുള്ള ഭീഷണികൾ, കാണാതായ

വരെ കണ്ടെത്തൽ, നഷ്ടപരിഹാര തർക്കങ്ങൾ, റിക്രൂട്ട്മെന്റ് തട്ടിപ്പുകൾ എന്നിവയുമായി ബന്ധപ്പെട്ട പരാതികൾ ഇത് കൈകാര്യം ചെയ്യുന്നു. പ്രതിവർഷം ഏകദേശം 500 കേസുകൾ കൈകാര്യം ചെയ്യുന്ന കമ്മീഷൻ, വേഗത്തിൽ നീതി ഉറപ്പാക്കാൻ ജില്ലാതല അദാലത്തുകളും നടത്തുന്നു. ഇതിനുപുറമേ, മലയാളി പ്രവാസികൾക്ക് മാത്രമായി നോർക്ക കെയർ എന്ന സമഗ്ര ആരോഗ്യ-ഇൻഷുറൻസ് പോളിസി 2025 മുതൽ നോർക്ക ആരംഭിച്ചിട്ടുണ്ട്. വിദേശത്ത് താമസിക്കുന്ന 20 ലക്ഷം മലയാളികൾക്ക് ഈ പദ്ധതി പ്രയോജനപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

**കുടിയേറ്റ സുഗമമാക്കൽ പദ്ധതികളും സേവനങ്ങളും**

വിദേശത്തേക്ക് പോകാൻ ആഗ്രഹിക്കുന്നവർക്കും മടങ്ങി വരുന്നവർക്കും അവരുടെ തൊഴിൽ യാത്രയിലുടനീളം പിന്തുണ നൽകുന്നതിനായി വിപുലമായ സേവനങ്ങൾ നോർക്ക വാഗ്ദാനം ചെയ്യുന്നു. നിയമപരവും ധാർമ്മികവുമായ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതോടൊപ്പം ഉദ്യോഗാർത്ഥികളുടെ തൊഴിൽ ക്ഷമത വർദ്ധിപ്പിക്കാനും ഈ സേവനങ്ങൾ സഹായിക്കുന്നു.

ഇന്ത്യൻ വിദേശകാര്യ മന്ത്രാലയത്തിന്റെ (MEA) അംഗീകാരമുള്ള ഓവർസീസ് റിക്രൂട്ട്മെന്റ് വിംഗ്, സുതാര്യവും നിയന്ത്രിതവുമായ വിദേശ തൊഴിൽ പരിഹാരങ്ങളിൽ വൈദഗ്ധ്യമുള്ള വിഭാഗമാണ്. 2015-ൽ സ്ഥാപിതമായ ഇത്, വിവിധ വ്യവസായ മേഖലകളിലെ വിദഗ്ധരുടെ വിപുലമായ ഡാറ്റാ-ബേസ് സൂക്ഷിക്കുകയും, അന്താരാഷ്ട്ര തലത്തിൽ ജീവനക്കാരെ ലഭ്യമാക്കുകയും ചെയ്യുന്നു. യു കെ, കുവൈറ്റ്, സൗദി അറേബ്യ, ജർമ്മനി തുടങ്ങിയ രാജ്യങ്ങളിലേക്ക് ഇതുവരെ ഏകദേശം 3,500 പേരുടെ കുടിയേറ്റം സുഗമമാക്കിക്കൊണ്ട് ഈ ഏജൻസി ഗണ്യമായ പ്രവർത്തനക്ഷമത പ്രകടമാക്കി. 2024-25 സാമ്പത്തിക വർഷത്തിൽ മാത്രം 1,065 പേരെ റിക്രൂട്ട് ചെയ്തു; 2025-26 വർഷത്തിൽ ഇത് 1,400 ആകുമെന്നാണ് പ്രതീക്ഷിക്കുന്നത്. കർശനമായ നിയന്ത്രണങ്ങൾ പാലിക്കുന്നതിലൂടെ കുടിയേറ്റ തൊഴിലാളികളെ ചൂഷണങ്ങളിൽ നിന്ന് സംരക്ഷിക്കാൻ ഈ വിംഗിന് സാധിക്കുന്നു.

ഇതിന്റെ ഭാഗമായി, ആരോഗ്യപ്രവർത്തകർക്കായി നോർക്ക മൊബിലിറ്റി മൈഗ്രേഷൻ എന്ന പ്ലാറ്റ്ഫോം വികസിപ്പിച്ചുവരുന്നു. ജിസിസി രാജ്യങ്ങൾ, ജർമ്മനി, യു കെ തുടങ്ങിയ ഉയർന്ന ഡിമാൻഡുള്ള പ്രദേശങ്ങളിലെ സർക്കാരുകളുമായും തൊഴിലുടമകളുമായും തന്ത്രപരമായ പങ്കാളിത്തം ഇതിലൂടെ ഉറപ്പാക്കുന്നു. ജർമ്മനിയിലെ വിദഗ്ധ തൊഴിലാളികളുടെ കുറവ് പരിഹരിക്കുന്നതിനുള്ള ട്രിപ്പിൾ വിൻ പ്രോജക്റ്റ്, യു കെ-യിലെ നാഷണൽ ഹെൽത്ത് സർവീസിലേക്ക് ആരോഗ്യപ്രവർത്തകരെ എത്തിക്കുന്ന പദ്ധതി, കാനഡയിലെ ന്യൂഫൗണ്ട്ലാൻഡ് ആൻഡ് ലാബ്രഡോർ പ്രോജക്റ്റ് എന്നിവ ഇതിലെ പ്രധാന സംരംഭങ്ങളാണ്.

വിദ്യാഭ്യാസ-തൊഴിൽ സർട്ടിഫിക്കറ്റുകൾ അന്താരാഷ്ട്ര തലത്തിൽ ഉപയോഗിക്കുന്നതിന് മുന്നോടിയായി അവ സാക്ഷ്യപ്പെടുത്തുന്നതിനായി കേരള സർക്കാർ ചുമതലപ്പെടുത്തിയ ഏക ഏജൻസിയാണ് നോർക്ക. കേന്ദ്ര മാനവശേഷി വികസന മന്ത്രാലയത്തിന്റെ (MHRD) മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് സെന്ററുകൾ വഴി ഇത് സാധ്യമാക്കുന്നു. യു എ ഇ, സൗദി അറേബ്യ, കുവൈറ്റ് തുടങ്ങിയ രാജ്യങ്ങളിലേക്കുള്ള എംബസി അറ്റസ്റ്റേഷൻ, വിസ സ്റ്റാമ്പിംഗ്, 108 ഹേഗ് കൺവെൻഷൻ രാജ്യങ്ങളിലേക്കുള്ള സാക്ഷ്യപ്പെടുത്തൽ (Apostille) സേവനങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. പ്രതിവർഷം 50,000 സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്താൻ ശേഷിയുള്ള ഈ സേവന സംവിധാനത്തിൽ, ഉദ്യോഗസ്ഥതല തടസ്സങ്ങൾ ഒഴിവാക്കുന്നതിലൂടെ വിദേശത്തെ ജോലി, വിദ്യാഭ്യാസം, താമസം എന്നിവയ്ക്കായുള്ള രേഖാപരിശോധന സുഗമമായി പൂർത്തിയാക്കാൻ സാധിക്കുന്നു.

വിദേശത്തെ നിയമ-സാംസ്കാരിക-തൊഴിൽ സാഹചര്യങ്ങളെക്കുറിച്ച് കുടിയേറ്റക്കാരെ ബോധവാന്മാരാക്കാൻ വിദേശയാത്രാ മുൻകൂർ ബോധവൽക്കരണ പരിപാടി സഹായിക്കുന്നു. ഈ പരിശീലനം കുടിയേറ്റത്തിന് ശേഷമുണ്ടാകാനിടയുള്ള വെല്ലുവിളികളും, ചൂഷണം അല്ലെങ്കിൽ കരാർ തർക്കങ്ങൾ (contractual disputes) സംബന്ധമായ പ്രശ്നങ്ങളും കുറയ്ക്കാൻ സഹായിക്കുന്നു. വിദേശയാത്രാ മുൻകൂർ ബോധവൽക്കരണ പരിപാടി (പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാമിന് PDOP) അനുബന്ധമായി, മാറിക്കൊണ്ടിരിക്കുന്ന ആഗോള തൊഴിൽ വിപണിയിലെ ആവശ്യങ്ങൾ കൂടി പരിഗണിച്ച്, പുതിയ പ്രവാസികൾക്കും തിരിച്ചുവന്ന പ്രവാസികൾക്കുമായി ലക്ഷ്യബോധത്തോടെയുള്ള തൊഴിൽ നൈപുണ്യശേഷി വർദ്ധിപ്പിക്കുന്ന പദ്ധതികളും നോർക്ക വാഗ്ദാനം ചെയ്യുന്നു. ആഗോള തൊഴിൽ വിപണിയിലെ മാറ്റങ്ങൾക്കനുസരിച്ച് നൈപുണ്യം വർദ്ധിപ്പിക്കുന്നതിനായി നോർക്ക ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ലാംഗ്വേജസ് (NIFL) വഴി ഐഇഎൽടിഎസ് (IELTS), ജർമ്മൻ, ജാപ്പനീസ് തുടങ്ങിയ ഭാഷകളിൽ പരിശീലനം നൽകുന്നു. തുല്യനീതിയിലധിഷ്ഠിതമായ അസരങ്ങൾ ലഭിക്കുന്നതിനായി എസ്.സി/എസ്.ടി, ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് ഈ പരിശീലനം സൗജന്യമാണ്.

വിദേശയാത്രാ മുൻകൂർ ബോധവൽക്കരണ പരിപാടിക്ക് പുറമേ വിദേശത്തേക്ക് പോകാൻ തയ്യാറെടുക്കുന്നവരുടെ സാമ്പത്തിക ഭാരം കുറയ്ക്കുന്നതിനായി 'നോർക്ക ശുഭയാത്ര' എന്ന പദ്ധതിയിലൂടെ 2 ലക്ഷം രൂപ വരെ വായ്പ നൽകുന്നു. വിമാന ടിക്കറ്റ്, വിസ നിരക്കുകൾ എന്നിവയ്ക്കായി 16 മാസ തിരിച്ചടവ് കാലാവധി നിശ്ചയിച്ച് നൽകുന്ന ഈ വായ്പയ്ക്ക് 4 ശതമാനം പലിശ സബ്സിഡിയും ലഭിക്കും.

നാലാം ലോക കേരള സഭയുടെ ശിപാർശകൾ പ്രകാരം 2025-26 വർഷത്തിൽ രണ്ട് പുതിയ പദ്ധതികൾ കൂടി നോർക്ക അവതരിപ്പിച്ചു. കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസുമായി സഹകരിച്ച് നടപ്പിലാക്കുന്ന 'നൈപുണ്യ സർട്ടിഫിക്കേഷൻ' (Skill Certification) പദ്ധതിയിലൂടെ, പ്രവാസികളുടെ തൊഴിൽ നൈപുണ്യത്തിന് അംഗീകാരം നൽകുകയും അതുവഴി നാട്ടിലും വിദേശത്തും അവരുടെ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഈ സേവനങ്ങളെല്ലാം 'ലോക കേരളം ഓൺലൈൻ പോർട്ടൽ' വഴി ലഭ്യമാണ്. കൂടാതെ, പ്രവാസികൾക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകുന്ന വിവിധ സേവനങ്ങളെ ബന്ധിപ്പിക്കുന്ന ലിങ്കുകളും ഈ പോർട്ടലിൽ ലഭ്യമാണ്. സേവനങ്ങളുടെ ഈ ഏകോപനം പ്രവാസികൾക്ക് കാര്യക്ഷമമായ സേവന വിതരണവും എളുപ്പത്തിലുള്ള

പ്രവേശനവും ഉറപ്പാക്കുന്നു.എല്ലാവർക്കും പ്രാപ്യമാക്കുക എന്നതുമാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.

കേരളത്തിൽ നിന്നുള്ള വിദ്യാർത്ഥി കുടിയേറ്റം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ, അവരുടെ പരാതികൾ ശാസ്ത്രീയമായി ശേഖരിക്കാനും പരിഹരിക്കാനുമായി ശക്തമായ ഒരു പരാതി പരിഹാര സംവിധാനം രൂപീകരിച്ചുകൊണ്ട് 'സ്റ്റുഡന്റ് മൈഗ്രേഷൻ സെൽ' ഈ വിഷയത്തിൽ ഇടപെടുന്നു. യാത്രയ്ക്ക് മുന്നോടിയായുള്ള ബോധവൽക്കരണവും, വിദേശ രാജ്യങ്ങളിലെ കുടിയേറ്റ നിയമങ്ങളെക്കുറിച്ചുള്ള പുതിയ വിവരങ്ങളും ഉൾക്കൊള്ളുന്ന വിപുലമായ ഒരു വെബ്സൈറ്റ് ഇതിന്റെ ഭാഗമായുണ്ട്. ഇത് വിദ്യാർത്ഥികൾക്ക് ആവശ്യമായ ലക്ഷ്യസ്ഥാനമായ രാജ്യങ്ങളിലെ പ്രസക്തമായ നിയമങ്ങളെക്കുറിച്ചുള്ള പുതിയ വിവരങ്ങൾ നൽകിക്കൊണ്ട് വിദ്യാർത്ഥികളെ അത്യാവശ്യ വിവരങ്ങളാൽ സജ്ജരാക്കുന്നു.

### പ്രവാസി പങ്കാളിത്തവും നിക്ഷേപ സഹായവും

കഴിഞ്ഞ ഒമ്പത് വർഷമായി, പ്രവാസി പങ്കാളിത്തം എന്നത് നോർക്ക വകുപ്പിന്റെ പ്രവർത്തനങ്ങളുടെ അടിസ്ഥാന ഘടകമായി മാറിയിരിക്കുന്നു. ഇത് വകുപ്പിന്റെ എല്ലാ മേഖലകളിലും നല്ല മാറ്റങ്ങൾ കൊണ്ടുവന്നു. നയരൂപീകരണത്തിൽ കുടിയേറ്റക്കാരുടെ ശബ്ദം കൂടി ഉൾപ്പെടുത്തി അവരെ ശക്തീകരിക്കുന്ന ജനാധിപത്യ വേദിയായ ലോക കേരള സഭയാണ് ഈ ഇടപെടലുകളുടെ പ്രധാന പ്ലാറ്റ്ഫോം. 103 രാജ്യങ്ങളിൽ നിന്നും 25 ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നുമുള്ള പ്രതിനിധികളുള്ള ഈ സഭ, കേരളത്തിന്റെ വികസനത്തിൽ ആഗോള പങ്കാളിത്തം ഉറപ്പാക്കുന്നു.

ലോക കേരള സഭയുടെ ഡിജിറ്റൽ വിപുലീകരണമായ ലോക 'കേരളം ഓൺലൈൻ' പോർട്ടൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രവാസി കേരളീയർക്ക് വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നു. പ്രവാസി നിക്ഷേപം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി, വിദേശ മലയാളികളിൽ നിന്നുള്ള നിക്ഷേപം സുഗമമാക്കുന്നതിനും അവ കൃത്യമായി വിനിയോഗിക്കുന്നതിനുമായി നോർക്ക വകുപ്പ് ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആൻഡ് ഹോൾഡിംഗ് ലിമിറ്റഡ് (OKIH) എന്ന ഒരു പ്രത്യേക സ്ഥാപനം രൂപീകരിച്ചു. ലോക കേരള സഭയുടെ വിവിധ യോഗങ്ങളിലെ ശിപാർശകളിൽ നിന്നാണ് ലോക കേരളം ഓൺലൈനും ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആൻഡ് ഹോൾഡിംഗ് ലിമിറ്റഡും ഉണ്ടായത്. പ്രവാസികളുടെ വൈദഗ്ധ്യവും വിഭവങ്ങളും കേരളത്തിന്റെ പുരോഗതിക്കായി പ്രയോജനപ്പെടുത്താനുള്ള സർക്കാരിന്റെ പ്രതിബദ്ധതയെയാണ് ഇത് കാണിക്കുന്നത്.

### ലോക കേരള സഭ

ആഗോള മലയാളി സമൂഹത്തിന്റെ ജനാധിപത്യപരമായ പങ്കാളിത്തം ഔദ്യോഗികമായി അംഗീകരിക്കുന്നതിനായി കേരള സർക്കാർ ആവിഷ്കരിച്ച ഒരു വിപ്ലവകരമായ ചുവടുവെപ്പാണ് ലോക കേരള സഭ. സ്ഥിരവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ ഒരു വേദിയായി സ്ഥാപിതമായ ലോക കേരള സഭ, കേരളവും ലോകമെമ്പാടുമുള്ള പ്രവാസി ജനതയും തമ്മിലുള്ള സാമൂഹിക-സാമ്പത്തിക, രാഷ്ട്രീയ, സാംസ്കാരിക സംയോജനം പ്രോത്സാഹിപ്പിക്കുന്നു. ഭൂമിശാസ്ത്രപരവും വൈകാരികവുമായ അകലങ്ങൾ കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ ജനപ്രതിനിധികൾ, വിദേശത്തുനിന്നും മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നുമുള്ള നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ, മടങ്ങിയെത്തിയ പ്രവാസികളുടെ പ്രതിനിധികൾ എന്നിവർ ഇതിൽ ഉൾപ്പെടുന്നു. പ്രാഥമികമായി ഇന്ത്യൻ പൗരന്മാർക്കാണ് ഇതിൽ അംഗത്വം ലഭിക്കുക എങ്കിലും, വിദേശ പൗരത്വമുള്ള ഇന്ത്യക്കാരും, ഇന്ത്യൻ വംശജരും പ്രത്യേക ക്ഷണിതാക്കളായി ഉൾപ്പെടുന്നു. രണ്ട് വർഷത്തിലൊരിക്കലുള്ള സമ്മേളനങ്ങൾ, കൃത്യമായ നാമനിർദ്ദേശ രീതി, പ്രത്യേക സെക്രട്ടേറിയറ്റ് എന്നിവ പ്രവാസികളുമായി നിരന്തരമായ ബന്ധം നിലനിർത്താനുള്ള സംസ്ഥാനത്തിന്റെ പ്രതിബദ്ധതയ്ക്ക് അടിവരയിടുന്നു.

കേന്ദ്രീകൃത യോഗങ്ങളിൽ പങ്കെടുക്കാൻ സാധിക്കാത്ത പ്രവാസി അംഗങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി യു.എ.ഇ, യു.കെ, യു.എസ്.എ എന്നിവിടങ്ങളിൽ പ്രാദേശിക അസംബ്ലികൾ സംഘടിപ്പിച്ചത് തികച്ചും നൂതനമായ ഒരു നീക്കമായിരുന്നു. ഇത് പ്രവാസികളുടെ ഉൾച്ചേരൽ മെച്ചപ്പെടുത്തുന്നതിനും നയരൂപീകരണത്തിൽ കൂടുതൽ സ്വാധീനം ചെലുത്തുന്നതിനും സഹായകമായി. തത്സമയ പ്രവാസി വിവരശേഖരണത്തിനായി വിഭാവനം ചെയ്ത ലോക കേരളം ഓൺലൈൻ പോർട്ടൽ, കുടിയേറ്റ മേഖലയിലെ വിവരശേഖരത്തിലെ വിടവുകൾ നികത്താൻ ലക്ഷ്യമിട്ടുള്ള കേരള കുടിയേറ്റ സർവെ 2023 എന്നിവ ലോക കേരള സഭയുടെ പ്രധാന നേട്ടങ്ങളാണ്.

2024 ജൂണിൽ നടന്ന നാലാം ലോക കേരള സഭ, 103 രാജ്യങ്ങളിൽ നിന്നും 25 ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നുമുള്ള പ്രാതിനിധ്യം കൊണ്ട് വിപുലമായിരുന്നു. കരട് എമിഗ്രേഷൻ ബിൽ, റിക്രൂട്ട്മെന്റ് രീതികൾ, പുനരധിവാസം, നൈപുണ്യ വികസനം, ദുർബലരായ കുടിയേറ്റക്കാർ, വികസന മാതൃകകൾ, വിജ്ഞാന സമ്പദ്‌വ്യവസ്ഥ തുടങ്ങിയ നിർണ്ണായക വിഷയങ്ങളിൽ ചർച്ചകൾ നടന്നു. ഒരു പതിനഞ്ചംഗ മൂല്യനിർണ്ണയ സമിതി നിർദ്ദേശങ്ങൾ പരിശോധിക്കുകയും നടപ്പിലാക്കാൻ കഴിയുന്ന ശിപാർശകൾ സംസ്ഥാന സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. കേവലം നയരൂപീകരണത്തിനപ്പുറം, ലോക കേരള സഭ അന്താരാഷ്ട്രതലത്തിൽ ഒരു പൗരസമൂഹ പങ്കാളിത്ത സംസ്കാരം വളർത്തുകയും, ജനാധിപത്യ ഭരണത്തിൽ പ്രവാസി-ഭരണകൂട പങ്കാളിത്തത്തിന്റെ സവിശേഷമായ ഒരു മാതൃകയായി മാറുകയും ചെയ്തു. 2026-ന്റെ തുടക്കത്തിൽ നടക്കാനിരിക്കുന്ന അഞ്ചാം ലോക കേരള സഭയുടെ ഒരുക്കങ്ങൾ ഇപ്പോൾ പുരോഗമിച്ചുവരുന്നു.

### ലോക കേരളം ഓൺലൈൻ

ലോകമെമ്പാടുമുള്ള മലയാളി പ്രവാസികളെ ഒന്നിപ്പിക്കുന്നതിനും, അടിയന്തര ഘട്ടങ്ങളിലും ദൈനംദിന ജീവിതത്തിലും കേരള സർക്കാരുമായി നിരന്തരമായ സമ്പർക്കം സുഗമമാക്കുന്നതിനുമായി രൂപകൽപ്പന ചെയ്ത ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോമാണ് ലോക കേരളം ഓൺലൈൻ. ജൂണിൽ കേരള നിയമസഭാ മന്ദിരത്തിൽ നടന്ന ലോക കേരള സഭ സമ്മേളനത്തിലാണ് ഇത് സമാരംഭിച്ചത്. ലോകമെമ്പാടുമുള്ള മലയാളി പ്രവാസികൾക്കിടയിൽ ഈ പോർട്ടലിനെ

ക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി വിപുലമായ പ്രചാരണ പരിപാടികൾ നടന്നുവരുന്നു.

പ്രവാസികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി വിവിധ സേവനങ്ങൾ ഈ പ്ലാറ്റ്ഫോം വാഗ്ദാനം ചെയ്യുന്നു. നാഷണൽ ഹെൽത്ത് മിഷന്റെ സഹകരണത്തോടെയുള്ള ഓൺലൈൻ മാനസികാരോഗ്യ പിന്തുണ ഇതിൽ പ്രധാനമാണ്; രജിസ്റ്റർ ചെയ്ത ഉപയോക്താക്കൾക്ക് സൗജന്യ മനഃശാസ്ത്രപരമായ കൗൺസിലിംഗ് ഇതിലൂടെ ലഭ്യമാകും. കൂടാതെ, ആയുഷ് മിഷനുമായി ചേർന്ന് ഓൺലൈൻ ആയുർവേദ കൺസൾട്ടേഷനുകളും ഇതിൽ ക്രമീകരിച്ചിട്ടുണ്ട്. പ്രവാസികളെയും അവരുടെ കുട്ടികളെയും ലക്ഷ്യമിട്ട് കേരള കലാമണ്ഡലം 10 മുതൽ 15 മണിക്കൂർ വരെ ദൈർഘ്യമുള്ള ഹ്രസ്വകാല ഓൺലൈൻ കോഴ്സുകളും ഈ പോർട്ടലിലൂടെ വാഗ്ദാനം ചെയ്യുന്നു.

**ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആൻഡ് ഹോൾഡിംഗ് ലിമിറ്റഡ് (OKIH)**

ലോകോത്തര നിലവാരത്തിലുള്ള പദ്ധതികൾ ആരംഭിച്ചുകൊണ്ടും, ആഗോള വൈദഗ്ധ്യവും സാങ്കേതികവിദ്യയും പ്രാദേശിക പുരോഗതിക്കായി പ്രയോജനപ്പെടുത്തിക്കൊണ്ടും കേരളത്തിന്റെ വികസനത്തിൽ പങ്കാളികളാകാൻ പ്രവാസികളെ ഒ.കെ.ഐ.എച്ച് ശക്തീകരിക്കുന്നു. സംസ്ഥാനത്തിന്റെ ഭാവിയിലേക്ക് തങ്ങളുടെ കഴിവും വിഭവങ്ങളും നിക്ഷേപിക്കാൻ ഇത് പ്രവാസികൾക്ക് അവസരമൊരുക്കുന്നു. ഇതിലൂടെ നിക്ഷേപ അവസരങ്ങൾ പ്രോത്സാഹിപ്പിക്കാനും, വിജ്ഞാന കൈമാറ്റം സുഗമമാക്കാനും, നൂതന ആശയങ്ങൾ വളർത്താനും സാധിക്കുന്നു.

കേരളത്തിലെ യാത്രാനുഭവങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പ്രീമിയം നിലവാരത്തിലുള്ള വഴിയോര വിശ്രമകേന്ദ്രങ്ങൾ ഒരുക്കുന്ന റെസ്റ്റ് സ്റ്റോപ്പ് പദ്ധതി ഇതിലെ ഒരു പ്രധാന സംരംഭമാണ്. കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരത്ത് 5.5 ഏക്കറിൽ ആദ്യ കേന്ദ്രത്തിന്റെ നിർമ്മാണം പുരോഗമിക്കുകയാണ്. പ്രമുഖ രീട്ടെയിൽ, സേവന ദാതാക്കളുടെ പങ്കാളിത്തത്തോടെ 2025 അവസാനത്തോടെ ഇത് പ്രവർത്തന സജ്ജമാകുമെന്ന് പ്രതീക്ഷിക്കുന്നു.

പ്രവാസികൾക്കും മറ്റ് നിക്ഷേപകർക്കും വിശ്വസനീയമായ ഏകജാലക പിന്തുണ ഉറപ്പാക്കുന്നതിനായി ഷെർപ്പ (Sherpa) എന്ന പേരിൽ ഒരു നിക്ഷേപ സഹായ പ്ലാറ്റ്ഫോമും ഒ.കെ.ഐ.എച്ച് ആരംഭിക്കുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ ഏജൻസികൾ, ധനകാര്യ സ്ഥാപനങ്ങൾ, വ്യവസായ വിദഗ്ധർ എന്നിവരുമായി സഹകരിച്ചുകൊണ്ട് നിക്ഷേപകരുടെ പ്രതീക്ഷകളും പ്രാദേശിക സാഹചര്യങ്ങളും തമ്മിലുള്ള വിടവ് നികത്താൻ ഷെർപ്പ സഹായിക്കുന്നു.

നോർക്ക വകുപ്പിന്റെ നേതൃത്വത്തിലുള്ള ഈ സമഗ്ര പ്രവാസി പങ്കാളിത്ത-നിക്ഷേപ പദ്ധതികൾ, ആഗോള മലയാളി സമൂഹത്തിന്റെ വിപുലമായ സാധ്യതകളെ പ്രയോജനപ്പെടുത്തുന്നതിൽ കേരളത്തിന്റെ നൂതനവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ സമീപനത്തിന് ഉദാഹരണമാണ്. ലോക കേരള സഭയിലൂടെ ജനാധിപത്യപരമായ പങ്കാളിത്തം ഉറപ്പാക്കിയും, ലോക കേരളം ഓൺലൈനിലൂടെ ഡിജിറ്റൽ ബന്ധം ശക്തമാക്കിയും, ഒ.കെ.ഐ.എച്ച് വഴി ലക്ഷ്യബോധത്തോടെയുള്ള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിച്ചും പ്രവാസികളും ജന്മനാടും തമ്മിലുള്ള ബന്ധം ദൃഢമാക്കുന്ന ശക്തമായ ഒരു ആവാസവ്യവസ്ഥയാണ് സംസ്ഥാനം കെട്ടിപ്പടുത്തിരിക്കുന്നത്.

**കേരളത്തിലെ കുടിയേറ്റ ഭരണനിർവഹണത്തിലെ വെല്ലുവിളികളും ഭാവി പ്രവർത്തനങ്ങളും**

ഇന്ത്യയിലെ ഏറ്റവും കൂടുതൽ കുടിയേറ്റക്കാരുള്ള സംസ്ഥാനങ്ങളിലൊന്നായ കേരളം, നോർക്ക വകുപ്പ്, ലോക കേരള സഭ തുടങ്ങിയ സ്ഥാപനങ്ങളിലൂടെ പ്രവാസി പങ്കാളിത്തത്തിൽ വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. എന്നിരുന്നാലും, പ്രവാസി കേരളീയരുടെ മാറിവരുന്ന ആവശ്യങ്ങൾ നിറവേറ്റുന്നതിൽ സംസ്ഥാനം ഗൗരവകരമായ ഘടനാപരവും പ്രവർത്തനപരവുമായ വെല്ലുവിളികൾ നേരിടുന്നുണ്ട്. കേരളത്തിലെ പ്രവാസികൾക്ക് സുരക്ഷിതവും സുസ്ഥിരവും നീതിയുക്തവുമായ കുടിയേറ്റം ഉറപ്പാക്കുന്നതിന്, നയപരമായ പരിഷ്കാരങ്ങൾ, വിവിധ സർക്കാരുകൾ തമ്മിലുള്ള ഏകോപനം, മെച്ചപ്പെട്ട വിഭവ വിഹിതം എന്നിവ അടിയന്തരമായി ആവശ്യമാണെന്ന് ഈ പ്രശ്നങ്ങൾ അടിവരയിടുന്നു.

അന്താരാഷ്ട്ര കുടിയേറ്റക്കാരെ പിന്തുണയ്ക്കുന്നതിൽ കേരള സർക്കാർ, പ്രത്യേകിച്ച് നോർക്ക വകുപ്പ് വഴി മാതൃകാപരമായ പ്രവർത്തനങ്ങളാണ് നടത്തുന്നത്. എന്നാൽ, ദേശീയ തലത്തിലുള്ള കുടിയേറ്റ നയരൂപീകരണത്തിൽ സംസ്ഥാനത്തിന് നേരിട്ട് പങ്കാളിത്തമില്ല. ഇത് സംസ്ഥാന തലത്തിലുള്ള നിർണ്ണായകമായ ഉൾക്കാഴ്ചകൾ ദേശീയ തന്ത്രങ്ങളിൽ ഉൾപ്പെടുത്തപ്പെടാത്ത അവസ്ഥയുണ്ടാക്കുന്നു. കുടിയേറ്റവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിൽ സംസ്ഥാനങ്ങൾ മുൻപന്തിയിലായതിനാൽ, സമഗ്രമായ നയരൂപീകരണത്തിന് ദേശീയ തലത്തിലുള്ള ചർച്ചകളിൽ സംസ്ഥാനങ്ങളുടെ പങ്കാളിത്തം അത്യാവശ്യമാണ്.

കേന്ദ്ര സർക്കാരിന്റെ കൈവശമുള്ള സമഗ്രമായ കുടിയേറ്റ വിവരങ്ങൾ ലഭ്യമാകാത്തതിനാൽ, പ്രവാസികളുടെ കൃത്യമായ കണക്കുകൾ (Data-base) സൂക്ഷിക്കുന്നതിൽ കേരളം വെല്ലുവിളികൾ നേരിടുന്നു. ഇത് വിവരലഭ്യതയിൽ അധിഷ്ഠിതമായ നയങ്ങൾ രൂപീകരിക്കുന്നതിൽ സംസ്ഥാനത്തിന് തടസ്സമാകുന്നു. തത്സമയ വിവരങ്ങൾ ലഭ്യമാകുന്നത് ദൈനംദിന തീരുമാനങ്ങൾ മെച്ചപ്പെടുത്തുന്നതിനും കുടിയേറ്റക്കാർക്കും മടങ്ങിവരുന്നവർക്കും വേണ്ടി കൂടുതൽ ഫലപ്രദമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും സഹായകമാകും.

2023-ലെ കേരള കുടിയേറ്റ സർവെ പ്രകാരം, മടങ്ങിയെത്തുന്ന പ്രവാസികളുടെ എണ്ണത്തിൽ വലിയ വർദ്ധനവുണ്ടായിട്ടുണ്ട്. ഇത് 2018-ലെ 12 ലക്ഷത്തിൽ നിന്ന് 18 ലക്ഷമായി ഉയർന്നു. ആഗോള പ്രതിസന്ധികൾ, സാമ്പത്തിക തടസ്സങ്ങൾ, കർശനമായ ഇമിഗ്രേഷൻ നിയമങ്ങൾ എന്നിവയാണ് ഇതിന് കാരണം. സേവന മേഖലയെ കൂടുതൽ ആശ്രയിക്കുന്ന കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ ഇവരുടെ പുനസംയോജനം വലിയ വെല്ലുവിളിയാണ്. സാമ്പത്തിക പുനരധിവാസ പദ്ധതികളുള്ള ഏക ഇന്ത്യൻ

സംസ്ഥാനമാണെങ്കിലും, മടങ്ങിവരുന്നവരുടെ എണ്ണത്തിന് ആനുപാതികമായ പിന്തുണ നൽകാൻ നിലവിലെ പദ്ധതികൾക്ക് പരിമിതികളുണ്ട്.

അനധികൃത ഏജന്റുമാർ, ട്രാവൽ ഏജൻസികൾ, വിദ്യാഭ്യാസ കൺസൾട്ടൻസികൾ എന്നിവ വഴി നടക്കുന്ന ക്രമരഹിതമായ റിക്രൂട്ട്മെന്റ് രീതികൾ കേരളത്തിൽ വർദ്ധിച്ചുവരുന്നു. വ്യാജ തൊഴിൽ വാഗ്ദാനങ്ങളിൽപ്പെട്ട് പല യുവാക്കളും ഉയർന്ന തുക നൽകി വഞ്ചിക്കപ്പെടുന്നു. ദേശീയ തലത്തിൽ നിയന്ത്രണ സംവിധാനങ്ങൾ ഉണ്ടെങ്കിലും അവ ശക്തമായി നടപ്പിലാക്കുന്നില്ല. വിസാ നിയമങ്ങളിലെ പഴുതുകൾ ചൂഷണങ്ങൾക്ക് വഴിയൊരുക്കുന്നു. നിയമവിരുദ്ധമായ റിക്രൂട്ട്മെന്റുകളെ നേരിടാൻ കർശനമായ സംസ്ഥാന നിയമങ്ങളും കേന്ദ്രത്തിന്റെ സജീവമായ ഇടപെടലുകളും ആവശ്യമാണ്.

വിദ്യാർത്ഥി കുടിയേറ്റം അതിവേഗം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്; കേരള കുടിയേറ്റ സർവെ 2023 പ്രകാരം ആകെ കുടിയേറ്റക്കാരിൽ 12 ശതമാനവും വിദ്യാർത്ഥികളാണ്. അമിത ഫീസ് ഈടാക്കുന്ന നിയന്ത്രണമില്ലാത്ത വിദ്യാഭ്യാസ കൺസൾട്ടൻസികൾ പലരെയും തെറ്റായ വഴിയിലേക്ക് നയിക്കുന്നു. കേന്ദ്ര നിയമത്തിന്റെ അഭാവവും സംസ്ഥാന മേൽനോട്ടത്തിലെ വീഴ്ചകളും ഈ പ്രശ്നത്തെ കൂടുതൽ സങ്കീർണ്ണമാക്കുന്നു. പല കൺസൾട്ടൻസികളും ഷോപ്പ് ആൻഡ് എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരം മാത്രം രജിസ്റ്റർ ചെയ്തവരായതിനാൽ അവർക്ക് ഉത്തരവാദിത്തം കുറവാണ്. വിദ്യാർത്ഥി കുടിയേറ്റക്കാരെ സംരക്ഷിക്കുന്നതിന് കർശനമായ നിയന്ത്രണങ്ങളും മികച്ച നിരീക്ഷണ സംവിധാനങ്ങളും ആവശ്യമാണ്.

വിദേശത്തുള്ള ഇന്ത്യൻ മിഷനുകളും കേരളവും തമ്മിലുള്ള ഏകോപനം ഇപ്പോഴും അപര്യാപ്തമാണ്. സംസ്ഥാന സർക്കാരുകളുമായി ബന്ധപ്പെടാൻ വിദേശകാര്യ മന്ത്രാലയത്തിന് കൃത്യമായ ഒരു സംവിധാനമില്ല. പ്രത്യേക ലെയ്സൺ ഓഫീസർമാരുടെ അഭാവം കാരണം പ്രവാസി പ്രശ്നങ്ങളിൽ മിഷനുകൾ പലപ്പോഴും വേഗത്തിൽ പ്രതികരിക്കാറില്ല. കൂടാതെ, എംബസികളിൽ മലയാളം പോലെയുള്ള പ്രാദേശിക ഭാഷകൾ അറിയാവുന്ന ഉദ്യോഗസ്ഥരുടെ കുറവുമുണ്ട്. മികച്ച സേവനത്തിനായി സ്റ്റാൻഡേർഡ് പ്രോട്ടോക്കോളുകൾ സ്ഥാപിക്കേണ്ടതും സംസ്ഥാനങ്ങൾക്കായി പ്രത്യേക ഉദ്യോഗസ്ഥരെ മിഷനുകളിൽ നിയമിക്കേണ്ടതും അത്യാവശ്യമാണ്.

നോർക്കയും അതിന്റെ പ്രവർത്തന വിഭാഗമായ നോർക്ക-റൂട്ട്സും വലിയ രീതിയിലുള്ള ഉദ്യോഗസ്ഥ ക്ഷാമം നേരിടുന്നുണ്ട്. കേരളത്തിലും മറ്റ് നാല് ഇന്ത്യൻ സംസ്ഥാനങ്ങളിലുമായി ഏകദേശം 20-ഓളം സർക്കാർ പദ്ധതികൾ നടപ്പിലാക്കാനും നിരീക്ഷിക്കാനും 100-ൽ താഴെ മാത്രം ജീവനക്കാരാണുള്ളത്. സുരക്ഷിതവും നിയമപരവുമായ കുടിയേറ്റം ഉറപ്പാക്കാൻ റിക്രൂട്ട്മെന്റ് വിഭാഗം കൂടുതൽ വിപുലീകരിക്കേണ്ടതുണ്ട്. നോർക്കയുടെ ലക്ഷ്യങ്ങൾ കാര്യക്ഷമമായി നിറവേറ്റുന്നതിന് മനുഷ്യവിഭവശേഷി വർദ്ധിപ്പിക്കുക, ജീവനക്കാർക്ക് പരിശീലനം നൽകുക, സാങ്കേതികവിദ്യ സംയോജിപ്പിക്കുക എന്നിവ അനിവാര്യമാണ്.

**കുടിയേറ്റം: അടുത്ത ഘട്ടത്തിലേക്കുള്ള നയപരമായ ദിശാബോധം**

കേരളത്തിന്റെ കുടിയേറ്റ സ്വഭാവം ഗണ്യമായ പരിവർത്തനങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. മടങ്ങിയെത്തുന്ന പ്രവാസികളുടെ എണ്ണത്തിലുള്ള വർദ്ധനവ്, വിദ്യാർത്ഥികളുടെ വർദ്ധിച്ച കുടിയേറ്റം, ലക്ഷ്യസ്ഥാനങ്ങളിലെ നൈപുണ്യ ആവശ്യകതകളിലുണ്ടായ മാറ്റം, സ്ഥാപനപരമായ പിന്തുണയോടുള്ള വർദ്ധിച്ച പ്രതീക്ഷകൾ എന്നിവ ഇതിന്റെ സവിശേഷതകളാണ്. ഈ രണ്ടാംതലമുറ കുടിയേറ്റവെല്ലുവിളികളെ നേരിടാൻ സംസ്ഥാനത്തിന്റെ ശേഷി ശക്തിപ്പെടുത്തുകയും, അതോടൊപ്പം ദേശീയ സ്ഥാപനങ്ങളുമായി ക്രിയാത്മകമായി ഇടപെടുകയും ചെയ്യുന്ന ഏകോപിതവും വ്യവസ്ഥാപിതവുമായ ഒരു നയസമീപനം ആവശ്യമാണ്.

മടങ്ങിയെത്തുന്ന പ്രവാസികളെ അവരുടെ വിദേശത്തെ അനുഭവപരിചയവും നൈപുണ്യവും പ്രയോജനപ്പെടുത്തി കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിലേക്ക് ഉൽപ്പാദനക്ഷമമായി സംയോജിപ്പിക്കാൻ സർക്കാർ നയം തുടർന്നും അവസരമൊരുക്കും. വിദേശത്തേക്കുള്ള വിദ്യാർത്ഥികളുടെ കുടിയേറ്റത്തിലെ ദ്രുതഗതിയിലുള്ള വളർച്ചയും അനധികൃത വിദ്യാഭ്യാസ റിക്രൂട്ട്മെന്റ് ഏജൻസികളുടെ വർദ്ധനവും കണക്കിലെടുത്ത്, വിദ്യാർത്ഥികളെ സംരക്ഷിക്കുന്നതിനായി സംസ്ഥാനം നിയന്ത്രണ സംവിധാനങ്ങൾ കർശനമാക്കും. വിദേശ വിദ്യാഭ്യാസ മാർഗ്ഗങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ സുതാര്യമായി പ്രചരിപ്പിക്കുന്നതിനും, റിക്രൂട്ട്മെന്റ് ഇടനിലക്കാരെ നിയന്ത്രിക്കുന്നതിനും, വിദ്യാഭ്യാസത്തിന്റെ നിലവാരം, ചെലവുകൾ, തൊഴിൽ സാധ്യതകൾ, നിയമപരമായ പരിരക്ഷകൾ എന്നിവയെക്കുറിച്ച് വിദ്യാർത്ഥികൾക്കും കുടുംബങ്ങൾക്കും കൃത്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിനും ഒരു പ്രത്യേക നിയന്ത്രണ അതോറിറ്റി (Regulatory Authority) രൂപീകരിക്കുന്നത് പരിഗണിക്കണം.

വസ്തുതകളെ അടിസ്ഥാനമാക്കിയുള്ള നയരൂപീകരണത്തിനും അടിയന്തരഘട്ടങ്ങളിലെ പ്രതികരണങ്ങൾക്കും പിന്തുണ നൽകുന്നതിനായി, പ്രവാസികളുടെ തത്സമയവും ചലനാത്മകവുമായ ഒരു ഡാറ്റാ-ബേസ് വികസിപ്പിക്കുന്നതിന് സർക്കാർ മുൻഗണന നൽകണം. കുടിയേറ്റക്കാരെ സ്വമേധയാ രജിസ്റ്റർ ചെയ്യാൻ പ്രേരിപ്പിക്കുന്ന തരത്തിലുള്ള നിരന്തരമായ ബോധവൽക്കരണ-പ്രചാരണ പരിപാടികളിലൂടെ 'ലോക കേരളം ഓൺലൈൻ' പ്ലാറ്റ്ഫോം ശക്തിപ്പെടുത്തണം. ലോകമെമ്പാടുമുള്ള പ്രവാസി സംഘടനകളുമായുള്ള സഹകരണം ഇതിന് കൂടുതൽ വ്യാപ്തി ഉറപ്പാക്കാൻ സഹായിക്കും. ആസൂത്രണം, ക്ഷേമപദ്ധതികളുടെ വിതരണം, പ്രതിസന്ധി നേരിടൽ, പദ്ധതികളുടെ വിലയിരുത്തൽ എന്നിവയ്ക്കുള്ള ഒരു പ്രധാന നയപരമായ ഉപകരണമായി ഈ ഡാറ്റാ-ബേസ് മാറും.

ഉൽപ്പാദനം, ആതിഥേയ സേവനം, നിർമ്മാണം, ലോജിസ്റ്റിക്സ്, വിവരസാങ്കേതികവിദ്യ, ആരോഗ്യ പരിപാലനം തുടങ്ങിയ മേഖലകളിൽ, ദേശീയവും ആഗോളവുമായ തൊഴിൽ വിപണിയിലെ ആവശ്യകതകൾക്കനുസൃതമായി നൈപുണ്യ വികസന സംരംഭങ്ങൾ ക്രമീകരിക്കുന്നത് സംസ്ഥാനം തുടരണം.

കുടിയേറ്റ ഭരണത്തിൽ സംസ്ഥാനങ്ങൾക്ക് പരിമിതമായ ഔദ്യോഗിക പങ്ക് മാത്രമുള്ളതിനാൽ, സംസ്ഥാന സർക്കാരുകളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള സ്ഥിരമായ ഒരു ദേശീയ ഏകോപന സംവിധാനം സ്ഥാപിക്കുന്നതിനായി സംസ്ഥാന സർക്കാരുകൾ വാദിക്കണം. കുടിയേറ്റ നയം, തൊഴിൽ കരാറുകൾ, നൈപുണ്യ മാനദണ്ഡങ്ങൾ, ധാർമ്മികമായ റിക്രൂട്ട്മെന്റ്, കുടിയേറ്റക്കാരുടെ ക്ഷേമം എന്നിവയെക്കുറിച്ചുള്ള നിരന്തരമായ സംവാദങ്ങൾക്ക് അത്തരമൊരു വേദി അവസരമൊരുക്കും. ദേശീയ നയരൂപീകരണത്തിലും നിർവ്വഹണത്തിലും അർത്ഥവത്തായ സംഭാവന നൽകാൻ നോർക്ക മാതൃകയിലൂടെയുള്ള കേരളത്തിന്റെ അനുഭവ പരിചയം പ്രയോജനപ്പെടുത്താനാകും.

വിദേശത്ത് കുടിയേറ്റക്കാരുടെ സംരക്ഷണം ശക്തിപ്പെടുത്തുന്നതിനായി, അവരുടെ പരാതികൾക്ക് സമയബന്ധിതവും നീതിയുക്തവുമായ പരിഹാരം ഉറപ്പാക്കുന്നതിന് കൃത്യമായ പരാതി പരിഹാര സംവിധാനങ്ങൾ സ്ഥാപിക്കാൻ കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരുകളുമായി ചേർന്ന് പ്രവർത്തിക്കണം.

പുനരധിവാസ പുനഃസംയോജന സംവിധാനങ്ങൾ, നിയന്ത്രണ മേൽനോട്ടം, ഡാറ്റാ അടിസ്ഥാന സൗകര്യങ്ങൾ, ആഗോള നൈപുണ്യ വികസനം, എന്നിവയിൽ നിക്ഷേപം നടത്തുന്നതിലൂടെയും, കേന്ദ്ര സർക്കാരുമായുള്ള സ്ഥാപനപരമായ ഏകോപനത്തിലൂടെയും പ്രവാസികളുടെ താൽപ്പര്യങ്ങളും ക്ഷേമവും സംരക്ഷിച്ചുകൊണ്ട് അന്തർദ്ദേശീയ കുടിയേറ്റത്തിന്റെ മാറുന്ന ചലനാത്മകത കൈകാര്യം ചെയ്യാൻ സംസ്ഥാനം കൂടുതൽ സജ്ജമാകും.

## അധ്യായം 24
# മനുഷ്യവിഭവശേഷി: കർമ്മശേഷിയുടെ പൂർണ്ണവിനിയോഗം

### കേരളത്തിലെ തൊഴിൽ വിപണി: ഒരു അവലോകനം

ലോകമെമ്പാടും തൊഴിലാളികളുടെ അവകാശങ്ങൾ ക്ഷയോന്മുഖമായിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിൽ, കേരള സർക്കാർ അവ സംരക്ഷിക്കുകയും ഉയർത്തിപ്പിടിക്കുകയും ചെയ്തുവരുന്നു. യൂണിയനുകൾ, തൊഴിലാളി സഹകരണ സംഘങ്ങൾ, ക്ഷേമനിധി ബോർഡുകൾ, പെൻഷൻ പദ്ധതികൾ എന്നിവ രൂപീകരിക്കുന്നതിലും, സ്ത്രീകൾക്കും ദുർബല വിഭാഗങ്ങൾക്കും തൊഴിലിടങ്ങളിൽ സ്ഥാനം ഉറപ്പാക്കുന്നതിലും, കുടിയേറ്റക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിലും സംസ്ഥാനം ഒരു മാതൃകയായി മാറിയിരിക്കുന്നു. അതിഥി തൊഴിലാളികൾ ഉൾപ്പെടെയുള്ള കേരളത്തിലെ തൊഴിലാളികൾക്ക് ന്യായമായ വേതനം, മെച്ചപ്പെട്ട ക്ഷേമ നടപടികൾ, ഉയർന്ന ജീവിത നിലവാരം, അന്തസ്സുള്ള തൊഴിൽ എന്നിവ ഉറപ്പാക്കുകയാണ് പൊതുനയം ലക്ഷ്യമിടുന്നത്.

നിലവിലുള്ള വേതന നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതിനോടൊപ്പം, നിയമലംഘനങ്ങൾക്കുള്ള പിഴ വർദ്ധിപ്പിക്കുക, തൊഴിലിടങ്ങളിലെ സമത്വം, സുരക്ഷ, മാതൃത്വ സംരക്ഷണം, നീതിയുക്തമായ തൊഴിൽ ബന്ധങ്ങൾ പ്രോത്സാഹിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയുള്ള നിയമനിർമ്മാണങ്ങളിലൂടെ കേരള സർക്കാർ തൊഴിൽ ചട്ടങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുകയും ചെയ്തുവരുന്നു.

### ജനസംഖ്യാപരമായ മാറ്റങ്ങളും പ്രവണതകളും – ഇന്ത്യയും കേരളവും

ജനസംഖ്യാപരമായ മാറ്റങ്ങൾ, മാനവ മൂലധനത്തിലുള്ള (വിദ്യാഭ്യാസം, ആരോഗ്യം) നിക്ഷേപം, വിപുലമായ സാമൂഹ്യ സുരക്ഷാ സംവിധാനം, അന്യസംസ്ഥാന തൊഴിലാളികളെ ഉൾക്കൊള്ളുന്ന നയങ്ങൾ എന്നിവയെല്ലാം കേരളത്തിലെ തൊഴിൽ വിപണിയിൽ പ്രതിഫലിക്കുന്നുണ്ട്. ഉയർന്ന ജനന-മരണ നിരക്കുകളിൽനിന്ന് കുറഞ്ഞ നിരക്കുകളിലേക്കുള്ള സുപ്രധാനമായ ഒരു ജനസംഖ്യാപരമായ മാറ്റം (Demographic Transition) കേരളം കൈവരിച്ചു കഴിഞ്ഞു. ഇരുപതാം നൂറ്റാണ്ടിന്റെ മധ്യം മുതൽതന്നെ, ജനന നിരക്കിലും പ്രത്യുൽപാദന നിരക്കിലും (Fertility rate) പ്രകടമായ കുറവ് ആരംഭിച്ചു. ഇന്ത്യയിലെ മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച്, കേരളത്തിൽ പ്രത്യുൽപാദന നിരക്കിലുണ്ടായ കുറവ് വളരെ വേഗത്തിലായിരുന്നു. 1981-ൽ, സാധാരണയായി തൊഴിലെടുക്കാൻ കഴിയുന്ന പ്രായമായി കണക്കാക്കപ്പെടുന്ന 15 മുതൽ 59 വയസ്സുവരെയുള്ളവർ, കേരളത്തിലെ ആകെ ജനസംഖ്യയുടെ 57.5 ശതമാനവും ഇന്ത്യയിൽ 53.9 ശതമാനവുമായിരുന്നു. തുടർന്നുവന്ന രണ്ട് പതിറ്റാണ്ടുകളിൽ, കേരളത്തിലെ അധ്വാനശേഷിയുള്ള ജനവിഭാഗത്തിന്റെ തോതിൽ ഗണ്യമായ വർദ്ധനവുണ്ടായി. 2001-ഓടെ, സംസ്ഥാനത്തെ ആകെ ജനസംഖ്യയുടെ 63.4 ശതമാനമായി ഈ വിഭാഗം ഉയർന്നു. എന്നാൽ ഇതേ സമയത്ത് ദേശീയ ശരാശരി 57 ശതമാനമായിരുന്നു[1].

2001-നു ശേഷം, കേരളത്തിലെ അധ്വാനശേഷിയുള്ള ജനസംഖ്യയുടെ വളർച്ചാ നിരക്ക് കുറയാൻ തുടങ്ങി. 2001-നും 2011-നും ഇടയിൽ, ആകെ ജനസംഖ്യയിൽ ഈ വിഭാഗത്തിന്റെ അനുപാതം കേരളത്തിൽ നേരിയ തോതിൽ (63.4 ശതമാനത്തിൽ നിന്ന് 63.9 ശതമാനമായി) മാത്രമാണ് വർദ്ധിച്ചത്. എന്നാൽ, ഇതേ കാലയളവിൽ ഇന്ത്യയിലാകമാനം ഈ അനുപാതം 57 ശതമാനത്തിൽ നിന്ന് 60.3 ശതമാനം എന്നതിലേക്ക് (3.3 ശതമാനം വർദ്ധനവ്) ഗണ്യമായി ഉയർന്നു. ജനസംഖ്യാപരമായ നേട്ടത്തിന്റെ (Demographic Dividend) ഏറ്റവും ഉയർന്ന ഘട്ടം കേരളം പിന്നിട്ടുകഴിഞ്ഞുവെന്നും, ഇനി ഇക്കാര്യത്തിൽ വലിയ നേട്ടങ്ങൾക്ക് സാധ്യത കുറവാണെന്നും ഇത് സൂചിപ്പിക്കുന്നു.

2011-ലെ സെൻസസ് പ്രകാരം, ഇന്ത്യയിൽ ഏകദേശം 10.4 കോടി വയോജനങ്ങളുണ്ട് (60 വയസ്സോ അതിൽ കൂടുതലോ പ്രായമുള്ളവർ). ഇതിൽ 5.3 കോടി സ്ത്രീകളും 5.1 കോടി പുരുഷന്മാരുമാണ്. ആകെ ജനസംഖ്യയിൽ 60 വയസ്സും അതിനു മുകളിലുമുള്ളവരുടെ ശതമാനം ഇന്ത്യയിൽ 8.6 ശതമാനവും കേരളത്തിൽ 12.6 ശതമാനവുമായിരുന്നു. ദക്ഷിണേഷ്യൻ രാജ്യങ്ങളിൽ, ഇന്ത്യയിലെ വയോജനങ്ങളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവ് മിതമായ നിരക്കിലാണ്. 2021-ൽ ഇത് 10.1 ശതമാനമായും 2031-ൽ 13.1 ശതമാനമായും ഉയരുമെന്ന് കണക്കാക്കപ്പെടുന്നു. എന്നാൽ കേരളത്തിൽ ഇത് യഥാക്രമം 16.5 ശതമാനവും 20.9 ശതമാനവും ആയിരിക്കും. 2036-ഓടെ കേരളത്തിലെ 60 വയസ്സും അതിനു മുകളിലുമുള്ള വയോജനങ്ങളുടെ ആകെ എണ്ണം 84 ലക്ഷമായി ഉയരുമെന്ന് പ്രവചിക്കപ്പെടുന്നു[2].

'എൽഡർലി ഇൻ ഇന്ത്യ റിപ്പോർട്ട് 2021' (The Elderly in India Report 2021) പ്രകാരം, 2011-നും 2021-നും ഇടയിൽ മൊത്തം ജനസംഖ്യ 12.4 ശതമാനം വളർന്നപ്പോൾ, വയോജനങ്ങളുടെ എണ്ണം 36 ശതമാനം എന്ന വളരെ വേഗത്തിലുള്ള നിരക്കിലാണ് വർദ്ധിച്ചത്. വരുംകാലങ്ങളിൽ വയോജന ജനസംഖ്യയുടെ വാർഷിക വളർച്ചാ നിരക്ക് ദേശീയ തലത്തിൽ 3.3 ശതമാനവും, കേരളത്തിൽ അതിലും കൂടുതലായി 4 ശതമാനവും ആയിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

### തൊഴിൽ സേനപങ്കാളിത്ത നിരക്കുകൾ

തൊഴിൽ സേന പങ്കാളിത്ത നിരക്ക് (LFPR) എന്നത് സാമ്പത്തികമായി സജീവമായ ജനസംഖ്യയുടെ വിഹിതത്തെ സൂചിപ്പിക്കുന്നു; ഇതിൽ തൊഴിലുള്ളവരും തൊഴിൽ അന്വേഷിക്കുന്നവരും ഉൾപ്പെടുന്നു. കേരളത്തിലെ തൊഴിൽ വിപണി പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന കാര്യത്തിൽ കാര്യമായ പുരോഗതി ഉണ്ടാക്കിയിട്ടുണ്ട്. പീരിയോഡിക് ലേബർ ഫോഴ്സ് സർവെ പ്രകാരം, 2017-18-നും 2023-24-നും ഇടയിൽ കേരളത്തിലെ തൊഴിൽപങ്കാളിത്ത നിരക്കിൽ 9.7 ശതമാനത്തിന്റെ വർദ്ധനവുണ്ടായി എന്നത് ശക്തമായ തൊഴിൽ പങ്കാളിത്തത്തെ കാണിക്കുന്നു. എല്ലാ വിഭാഗങ്ങളിലും (സ്ത്രീ, പുരുഷ, ഗ്രാമീണ, നഗര) തൊഴിൽ പങ്കാളിത്ത നിരക്ക് വർദ്ധിച്ചിട്ടുണ്ടെങ്കിലും, ഗ്രാമീണ സ്ത്രീകൾ

1 തോമസ് ആൻഡ് ജയേഷ് (2019)

2 ഇന്ത്യ ഏജിംഗ് റിപ്പോർട്ട് 2023; എൽഡർലി ഇൻ ഇന്ത്യ റിപ്പോർട്ട് 2021; പോപ്പുലേഷൻ പ്രൊജക്ഷൻസ് ഫോർ ഇന്ത്യൻ സ്റ്റേറ്റ്സ് 2011-2036, രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യയുടെ (RGI) ടെക്നിക്കൽ ഗ്രൂപ്പ് റിപ്പോർട്ട് 2020, ഇക്കണോമിക് റിവ്യൂ 2024 (കേരള സർക്കാർ).

**പട്ടിക 24.1**: *വിവിധ പ്രായവിഭാഗങ്ങളിലുള്ള ജനസംഖ്യയുടെ അനുപാതം - കേരളവും ഇന്ത്യയും, 1971 മുതൽ 2031 വരെ (ശതമാനത്തിൽ)*

| **പ്രായവിഭാഗങ്ങൾ** | | | | | |
|---|---|---|---|---|---|
| കേരളം | 0 - 14 | 15 - 29 | 30 - 59 | 60+ | ആകെ |
| 1971 | 40.3 | 26.8 | 26.7 | 6.2 | 100.0 |
| 1981 | 35 | 30.3 | 27.2 | 7.5 | 100 |
| 1991 | 29.7 | 30.2 | 31 | 8.8 | 100 |
| 2001 | 26.1 | 27.5 | 35.9 | 10.5 | 100 |
| 2011 | 23.4 | 23.6 | 40.3 | 12.6 | 100 |
| 2021 | 20.4 | 22.1 | 41.0 | 16.5 | 100 |
| 2031 | 18.4 | 20.0 | 40.7 | 20.9 | 100 |
| ഇന്ത്യ | | | | | |
| 1971 | 42.0 | 24.0 | 28.0 | 6.0 | 100 |
| 1981 | 39.5 | 25.9 | 28 | 6.5 | 100 |
| 1991 | 37.2 | 26.6 | 28.9 | 6.8 | 100 |
| 2001 | 35.3 | 26.6 | 30.4 | 7.4 | 100 |
| 2011 | 30.8 | 27.5 | 32.8 | 8.6 | 100 |
| 2021 | 25.7 | 27.3 | 37.0 | 10.1 | 100 |
| 2031 | 21.9 | 24.1 | 40.9 | 13.1 | 100 |

*അവലംബം:* ഇന്ത്യൻ സെൻസസ് - വിവിധ വർഷങ്ങൾ, (തോമസ് ആൻഡ് ജയേഷ് 2019). 2021, 2031 വർഷങ്ങളിലെ ജനസംഖ്യാ മതിപ്പ് കണക്കുകൾക്കായി: 'ഇന്ത്യൻ സംസ്ഥാനങ്ങൾക്കായുള്ള ജനസംഖ്യാ പ്രവചനങ്ങൾ 2011- 2036, ജനസംഖ്യാ പ്രവചനങ്ങൾക്കായുള്ള സാങ്കേതിക സമിതിയുടെ റിപ്പോർട്ട്, 2020

ക്കിടയിലാണ് ഏറ്റവും ഉയർന്ന വർദ്ധനവ് രേഖപ്പെടുത്തിയത്. (പട്ടിക 22.2)

കേരളത്തിൽ 15 വയസ്സിനു മുകളിലുള്ള ഗ്രാമീണ സ്ത്രീകളുടെ തൊഴിൽപങ്കാളിത്ത നിരക്ക് 2017-18-ൽ 25.9 ശതമാനമായിരുന്നത് 2023-24-ൽ 44.2 ശതമാനമായി കുത്തനെ ഉയർന്നു (18.3 ശതമാനം വർദ്ധനവ്). ഇത് സംസ്ഥാനത്തെ ഗ്രാമീണ സ്ത്രീകളുടെ പങ്കാളിത്തത്തിൽ ഉണ്ടായ വലിയ പുരോഗതിയെ സൂചിപ്പിക്കുന്നു. ഇതേ കാലയളവിൽ ദേശീയ തലത്തിലുണ്ടായ വർദ്ധനവ് ഇതിലും വലുതായിരുന്നു; 2017-18-ലെ 24.6 ശതമാനത്തിൽ നിന്ന് 2023-24-ൽ 47.6 ശതമാനമായി (23 ശതമാനം വർദ്ധനവ്) ഉയർന്നു. എന്നിരുന്നാലും, ദേശീയ തലത്തിൽ ഗ്രാമീണ സ്ത്രീകൾക്കിടയിൽ ഉണ്ടായ ഈ വർദ്ധനവിന്റെ ഒരു പ്രധാന ഭാഗം, കാർഷിക മേഖലയിൽ വേതനമില്ലാതെ പ്രവർത്തിക്കുന്ന സ്ത്രീകളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് മൂലമാണെന്നത് ശ്രദ്ധിക്കേണ്ടതാണ്.

ഇതിനു വിപരീതമായി, കേരളത്തിൽ സ്ത്രീകളുടെ തൊഴിൽ മേഖലയിലുണ്ടായ മാറ്റം എണ്ണത്തേക്കാളേറെ ഗുണപരമാണ്. ദേശീയ തലവുമായി താരതമ്യം ചെയ്യുമ്പോൾ, കേരളത്തിലെ ഗ്രാമീണ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്കിലെ വർദ്ധനവ് കുറവാണെങ്കിലും, തുടക്കത്തിൽത്തന്നെ സംസ്ഥാനം ഉയർന്ന നിരക്കിലായിരുന്നു. അതിലുപരി, വേതനമില്ലാത്ത സഹായികളായോ സാധാരണ തൊഴിലാളികളായോ ആയല്ല, മറിച്ച് ആരോഗ്യം, വിദ്യാഭ്യാസം, ഐ.ടി സേവനങ്ങൾ തുടങ്ങിയ ശമ്പളമുള്ളതും നൈപുണ്യം ആവശ്യമുള്ളതുമായ മേഖലകളിലാണ് സംസ്ഥാനത്ത് സ്ത്രീകൾക്കായി പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടത്. കേരളത്തിലെ, പ്രത്യേകിച്ച് ഗ്രാമപ്രദേശങ്ങളിലെ, വിദ്യാസമ്പന്നരായ സ്ത്രീകൾക്കായി കൂടുതൽ അനുയോജ്യമായ ഔപചാരിക തൊഴിലവസരങ്ങൾ (Formal employment) സൃഷ്ടിക്കേണ്ടതിന്റെ പ്രാധാന്യത്തെ ഇത് അടിവരയിടുന്നു. അതേസമയം, നാഷണൽ സ്റ്റാറ്റിസ്റ്റിക്സ് ഓഫീസ് വിപുലമായ ശ്രമങ്ങൾ നടത്തുന്നുണ്ടെങ്കിലും, പീരിയോഡിക് തൊഴിൽ സേന സർവെ കേരളത്തിലും ദേശീയ തലത്തിലും സ്ത്രീകളുടെ ജോലിയെയും തൊഴിൽ പങ്കാളിത്തത്തെയും കുറച്ചുകാണിക്കാൻ സാധ്യതയുണ്ടെന്ന കാര്യം ശ്രദ്ധിക്കേണ്ടതാണ്.

2023-24-ൽ, കേരളത്തിലെ ഗ്രാമപ്രദേശങ്ങളിലെയും നഗരപ്രദേശങ്ങളിലെയും പുരുഷന്മാർക്കിടയിൽ തൊഴിലെടുക്കുന്നവരുടെ നിരക്ക് അഥവാ തൊഴിൽ പങ്കാളിത്ത നിരക്ക് (WPR) യഥാക്രമം 71.8 ശതമാനവും 70.4 ശതമാനവും ആയിരുന്നു (15 വയസ്സും അതിനു മുകളിലുള്ളവർ). ദേശീയ തലത്തിലെ ഗ്രാമീണ-നഗര പുരുഷന്മാരുടെ കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ ഇത് രണ്ട് മുതൽ ആറ് ശതമാനം വരെ കുറവാണ്. സ്ത്രീകളുടെ കാര്യത്തിൽ (15 വയസ്സും അതിനു മുകളിലുള്ളവർ), കേരളത്തിലെ

**പട്ടിക 24.2**: *കേരളത്തിലെയും ഇന്ത്യയിലെയും 15 വയസ്സും അതിനു മുകളിലുമുള്ളവരുടെ തൊഴിൽസേന പങ്കാളിത്ത നിരക്കുകൾ (UPSS), 2017-18 മുതൽ 2023-24 വരെ*

| | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 | 2017-18 നും 2023-24 നും ഇടയിൽ തൊഴിൽ സേന പങ്കാളിത്ത നിരക്കിൽ വന്ന മാറ്റം |
|---|---|---|---|---|---|---|---|---|
| **ഗ്രാമം പുരുഷൻ** | | | | | | | | |
| കേരളം | 71.1 | 71.0 | 73.6 | 75.7 | 75.2 | 76.2 | 75.3 | 4.2 |
| ഇന്ത്യ | 76.4 | 76.4 | 77.9 | 78.1 | 78.2 | 80.2 | 80.2 | 3.8 |
| **ഗ്രാമം സ്ത്രീ** | | | | | | | | |
| കേരളം | 25.9 | 31.3 | 35.1 | 35.4 | 40.4 | 40.8 | 44.2 | 18.3 |
| ഇന്ത്യ | 24.6 | 26.4 | 33.0 | 36.5 | 36.6 | 41.5 | 47.6 | 23.0 |
| **നഗരം പുരുഷൻ** | | | | | | | | |
| കേരളം | 68.9 | 71.4 | 69.8 | 68.5 | 71.6 | 70.8 | 73.5 | 4.6 |
| ഇന്ത്യ | 74.5 | 73.7 | 74.6 | 74.6 | 74.7 | 74.5 | 75.6 | 1.1 |
| **നഗരം സ്ത്രീ** | | | | | | | | |
| കേരളം | 27.3 | 29.7 | 28.6 | 30.6 | 33.5 | 33.6 | 37.0 | 9.7 |
| ഇന്ത്യ | 20.4 | 20.4 | 23.3 | 23.2 | 23.8 | 25.4 | 28.0 | 7.6 |
| **എല്ലാ വ്യക്തികളും** | | | | | | | | |
| കേരളം | 46.5 | 49.3 | 50.3 | 51.3 | 54.0 | 54.3 | 56.2 | 9.7 |
| ഇന്ത്യ | 49.8 | 50.2 | 53.5 | 54.9 | 55.2 | 57.9 | 60.1 | 10.3 |

*അവലംബം:* 2017-18 മുതൽ 2023-24 വരെയുള്ള പീരിയോഡിക് ലേബർ ഫോഴ്സ് സർവെ

തൊഴിൽപങ്കാളിത്ത നിരക്ക് ഗ്രാമപ്രദേശങ്ങളിൽ ദേശീയ ശരാശരിയേക്കാൾ വളരെ താഴെയാണെങ്കിൽ (7.7 ശതമാനം കുറവ്), നഗരപ്രദേശങ്ങളിൽ ദേശീയ ശരാശരിയേക്കാൾ വളരെ കൂടുതലാണ് (7 ശതമാനം കൂടുതൽ) (PLFS 2023-24).

2017-18-നും 2023-24-നും ഇടയിൽ, നയപരവും സാമ്പത്തികവും സാമൂഹികവുമായ മാറ്റങ്ങളുടെ ഫലമായി കേരളത്തിലെ ഗ്രാമീണ സ്ത്രീകളുടെ തൊഴിൽപങ്കാളിത്ത നിരക്കിൽ (WPR) കുത്തനെ വർദ്ധനവുണ്ടായി. തൊഴിലുറപ്പ് പദ്ധതി (MGNREGA) കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായുള്ള സർക്കാരിന്റെ ഏകോപിതമായ ശ്രമങ്ങളും, സ്ത്രീ-സൗഹൃദ പരമായ പൊതുമരാമത്തു പണികളും ക്രമമായ വരുമാന മാർഗ്ഗങ്ങൾ നൽകി. അതോടൊപ്പം, കുടുംബശ്രീയുടെ വിപുലമായ പ്രവർത്തനങ്ങൾ കൃഷി, ചെറുകിട സംരംഭങ്ങൾ, സേവന മേഖലകൾ എന്നിവയിൽ സ്വയം തൊഴിൽ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

കേരളത്തിൽ സ്ഥിരം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ അനുപാതം ദേശീയ ശരാശരിയേക്കാൾ വളരെ കൂടുതലാണ് എന്നത് സംസ്ഥാനത്തെ തൊഴിൽ വിപണിയുടെ ഒരു പ്രധാന സവിശേഷതയാണ്. ഗ്രാമപ്രദേശങ്ങളിലും സ്ത്രീകൾക്കിടയിലുമാണ്ഇത് ഏറ്റവും പ്രകടമായി കാണുന്നത്. 2023-24-ൽ, ഇന്ത്യയിലാകമാനം ഗ്രാമീണ സ്ത്രീ തൊഴിലാളികളിൽ 7.8 ശതമാനം പേർ മാത്രമാണ് സ്ഥിരം ജീവനക്കാരായി ഉണ്ടായിരുന്നതെങ്കിൽ, കേരളത്തിൽ ഇത് 33.5 ശതമാനമായിരുന്നു. എന്നാൽ, നഗരപ്രദേശങ്ങളിലെ പുരുഷന്മാരുടെ കാര്യത്തിൽ, സ്ഥിരം തൊഴിൽ ചെയ്യുന്നവരുടെ അനുപാതം ദേശീയ തലത്തേക്കാൾ കേരളത്തിൽ കുറവാണ്.

മറുവശത്ത്, സ്വയം തൊഴിൽ ചെയ്യുന്ന തൊഴിലാളികളുടെ അനുപാതം ദേശീയ തലത്തേക്കാൾ കേരളത്തിൽ കുറവാണ്. സ്വന്തം നിലയിൽ തൊഴിൽ ചെയ്യുന്നവർ, തൊഴിൽദാതാക്കൾ, ഗാർഹിക സംരംഭങ്ങളിലെ സഹായികൾ എന്നിവർ ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു. ദേശീയ തലത്തിൽ, പ്രത്യേകിച്ച് ഗ്രാമപ്രദേശങ്ങളിൽ, കാർഷിക മേഖലയിലും മറ്റ് ഗാർഹിക സംരംഭങ്ങളിലും വേതനം ലഭിക്കാത്ത സഹായികളുടെ പങ്ക് വളരെ വലുതാണ്. 2023-24-ൽ ഇന്ത്യയിൽ ഗ്രാമീണ സ്ത്രീകളിൽ 42.3 ശതമാനവും, ഗ്രാമീണ പുരുഷന്മാരിൽ 12.4 ശതമാനവും ഈ വിഭാഗത്തിലായിരുന്നു. എന്നാൽ, കേരളത്തിൽ തൊഴിലാളികൾക്കിടയിൽ വേതനമില്ലാത്ത സഹായികളുടെ പങ്ക് വളരെ

കുറവാണ്: 2023-24-ൽ ഗ്രാമീണ സ്ത്രീകളിൽ 12.2 ശതമാനവും ഗ്രാമീണ പുരുഷന്മാരിൽ 1.1 ശതമാനവും മാത്രം.

കേരളത്തിലെ തൊഴിൽ വിപണിയിലെ ശ്രദ്ധേയമായ ഒരു പ്രവണതയാണ് തൊഴിൽ സ്ഥിരപ്പെടുത്തൽ (Decasualisation), അല്ലെങ്കിൽ, സാമൂഹ്യസുരക്ഷയില്ലാത്ത അരക്ഷിത ജോലികളിൽ (Casual jobs) ഏർപ്പെടുന്നവരുടെ അനുപാതത്തിൽ ഉണ്ടാകുന്ന കുറവ്. കേരളത്തിൽ 2017-18-നും 2023-24-നും ഇടയിൽ, കാഷ്വൽ വേതന തൊഴിലുകളിൽ ഏർപ്പെടുന്നവരുടെ (15 വയസ്സിനു മുകളിലുള്ള പ്രധാന, അനുബന്ധ തൊഴിലാളികൾ) അനുപാതം 29.3 ശതമാനത്തിൽനിന്ന് 23.9 ശതമാനമായി കുറഞ്ഞു. 2011-12-ൽ ഇത് 37 ശതമാനമായിരുന്നു (KDR, 2021). കാഷ്വൽ തൊഴിലാളികളുടെ എണ്ണത്തിലുണ്ടായ ഈ കുറവ് ഗ്രാമ-നഗര, സ്ത്രീ-പുരുഷ ഭേദമെന്യേ എല്ലാ വിഭാഗങ്ങളിലും ദൃശ്യമാണ്. സ്വയം-തൊഴിലിലും സ്ഥിരം-തൊഴിലിലും ഉണ്ടായ വർദ്ധനവാണ് ഇതിന് പ്രധാന കാരണം. ഈ പ്രവണതയുടെ എടുത്തു പറയേണ്ട സവിശേഷത, പ്രത്യേകിച്ച് ഗ്രാമീണ സ്ത്രീകൾക്കിടയിൽ സ്വയം- തൊഴിലിന്റെ വിഹിതത്തിലുണ്ടായ വർദ്ധനവാണ് (പട്ടിക 22.3).

2017-18-നും 2023-24-നും ഇടയിൽ കേരളത്തിൽ കാഷ്വൽ തൊഴിലിലുണ്ടായ കുറവ് നികത്തപ്പെട്ടത്, പുരുഷന്മാർക്കിടയിൽ സ്ഥിരം തൊഴിലിന്റെ വർദ്ധനവിലൂടെയും സ്ത്രീകൾക്കിടയിൽ സ്വയം തൊഴിലിന്റെ വർദ്ധനവിലൂടെയുമാണ്. ഈ കാലയളവിൽ കേരളത്തിൽ സ്ഥിരം തൊഴിലെടുക്കുന്ന നഗരപ്രദേശങ്ങളിലെ പുരുഷന്മാരുടെ അനുപാതം 31.3 ശതമാനത്തിൽനിന്ന് 37.7 ശതമാനമായി ഉയർന്നു. സ്വന്തം നിലയിൽ തൊഴിൽ ചെയ്യുന്നവരോ സംരംഭകരോ ആയ ഗ്രാമീണ സ്ത്രീകളുടെ അനുപാതം 6.3 ശതമാനം (21.3 ശതമാനത്തിൽ നിന്ന് 27.6 ശതമാനമായി) വർദ്ധിച്ചു.

2017-18-ന് ശേഷം കേരളത്തിലെ ഗ്രാമീണ-നഗര സ്ത്രീകൾക്കിടയിൽ സ്വയം തൊഴിലിലുണ്ടായ ഗണ്യമായ വർദ്ധനവ്, സ്ത്രീകളുടെ തൊഴിൽ മേഖലയിൽ ചെറുകിട-ഗാർഹികാധിഷ്ഠിത അനൗദ്യോഗിക സംരംഭങ്ങളുടെ (Informal enterprises) വളർച്ച ചെലുത്തിയ സ്വാധീനത്തെ സൂചിപ്പിക്കുന്നു.

മറ്റ് പല സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി, കേരളത്തിൽ തൊഴിൽ മേഖലയുടെ താത്കാലികവൽക്കരണം (Casualization) കുറവാണ്. ദിവസക്കൂലിക്ക് ജോലി ചെയ്യുന്നതിനേക്കാൾ സ്വന്തം ഉടമസ്ഥതയിലുള്ള സംരംഭങ്ങളിൽ കൂടുതൽ താൽപ്പര്യപ്പെടുന്ന ഉയർന്ന നൈപുണ്യമുള്ള തൊഴിൽസേന ഉൾപ്പെടെയുള്ള പല ഘടകങ്ങളാണ് ഇതിന് കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. സാമൂഹ്യസുരക്ഷാ-ക്ഷേമ പദ്ധതികൾക്കുള്ള ബജറ്റ് വിഹിതം വർദ്ധിപ്പിക്കുന്നതിലുള്ള ഇടതുപക്ഷ സർക്കാരിന്റെ പ്രതിബദ്ധത, ശക്തമായ സഹകരണ പ്രസ്ഥാനങ്ങൾ, പ്രവാസികളിൽ നിന്നുള്ള പണംവരവിലുണ്ടായ (Remittances) ഉണർവ്, സേവന മേഖലകളിലേക്കുള്ള കുടുംബശ്രീയുടെ വിപുലീകരണം എന്നിവയും സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ഈ തൊഴിൽ സ്ഥിരപ്പെടുത്തലിന് (Decasualisation) കാരണമായിരിക്കാം.

**കേരളത്തിലെ തൊഴിലില്ലായ്മയുടെ അവസ്ഥ**

പി.എൽ.എഫ്.എസ് (PLFS) കണക്കുകൾ പ്രകാരം, കേരളത്തിലെ ഗ്രാമ-നഗര മേഖലകളിൽ, പ്രത്യേകിച്ച് 2017-18-നും 2023-24-നും ഇടയിൽ, തൊഴിലില്ലായ്മ നിരക്കിൽ (സാധാരണയുള്ള പ്രധാനവും, അനുബന്ധവുമായ സ്ഥിതി പ്രകാരം) ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. 15-നും 29-നും ഇടയിൽ പ്രായമുള്ള നഗരപ്രദേ ശങ്ങളിലെ സ്ത്രീകൾക്കിടയിൽ തൊഴിലില്ലായ്മയിലുണ്ടായ കുറവ് എടുത്തു പറയേണ്ട ഒന്നാണ്. 2017-18-നും 2023-24-നും ഇടയിൽ, നഗരപ്രദേശങ്ങളിലെ സ്ത്രീകളുടെ (15 വയസ്സും അതിനു മുകളിലുള്ളവർ) തൊഴിലില്ലായ്മ നിരക്ക് 27.4 ശതമാനത്തിൽ നിന്ന് 10.9 ശതമാനമായി കുറഞ്ഞു. ഇതേ കാലയളവിൽ, 15-29 വയസ്സിനിടയിലുള്ള നഗരപ്രദേശങ്ങളിലെ സ്ത്രീകളുടെ തൊഴിലില്ലായ്മ നിരക്ക് 65.2 ശതമാനത്തിൽ നിന്ന് 37 ശതമാനമായി കുറഞ്ഞു (28.2 ശതമാനത്തിന്റെ കുറവ്). എന്നാൽ, ഇതേ വിഭാഗത്തിൽ ദേശീയ തലത്തിൽ (ഇന്ത്യയിൽ ആകമാനം) തൊഴിലില്ലായ്മ നിരക്കിലുണ്ടായ കുറവ് വളരെ ചെറുതായിരുന്നു; 2017-18-ലെ 27.2 ശതമാനത്തിൽനിന്ന് 2023-24-ൽ 20.1 ശതമാനമായി (വെറും 7.1 ശതമാനം മാത്രം) കുറഞ്ഞു. ചില്ലറ വ്യാപാര-സേവന മേഖലകളിൽ, വനിതാ സഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്ന നയങ്ങൾ, സമീപ വർഷങ്ങളിൽ കേരളത്തിൽ സ്ത്രീകളുടെ തൊഴിൽ വർദ്ധനവിന് ഒരു പ്രധാന ചാലകശക്തിയായി വർത്തിച്ചിട്ടുണ്ടാകാം. സ്ത്രീകൾക്ക് തൊഴിൽ നൽകുന്നതിനായി സുസ്ഥിരവും സാമൂഹികമായി എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ (Socially inclusive) പ്ലാറ്റ്ഫോമുകൾ വികസിപ്പിക്കുന്നതിൽ ഇനിയും മുന്നേറ്റത്തിന് സാധ്യതയുണ്ട്.

**തൊഴിലിന്റെയും ഉൽപ്പാദനത്തിന്റെയും മേഖലാടിസ്ഥാനത്തിലുള്ള വിതരണം**

2017-18 -നും 2023-24 -നും ഇടയിൽ കേരളത്തിലെ തൊഴിലിന്റെയും ഉൽപ്പാദനത്തിന്റെയും (Output) മേഖലാടിസ്ഥാനത്തിലുള്ള വിതരണം പരിശോധിച്ചാൽ, ഘടനാപരമായ മാറ്റത്തിന്റെ (Structural transformation) ഒരു സമ്മിശ്ര രൂപമാണ് കാണാൻ സാധിക്കുന്നത്. ഇതിൽ ഏറ്റവും ശ്രദ്ധേയമായ പ്രവണത, ഘടനാപരമായ മാറ്റത്തിൽ സംഭവിച്ച ഭാഗികമായ ഒരു വിപരീത ചലനമാണ്. പ്രാഥമിക മേഖലയുടെ മൊത്ത ആഭ്യന്തര ഉൽപ്പാദന (GSDP) വിഹിതം 9.5 ശതമാനത്തിൽനിന്ന് 8.3 ശതമാനമായി കുറഞ്ഞുവെങ്കിലും, ഈ മേഖലയിലെ തൊഴിൽ വിഹിതം 20.1 ശതമാനത്തിൽനിന്ന് 27.3 ശതമാനമായി വർദ്ധിച്ചു. ഉൽപ്പാദനവും തൊഴിലും തമ്മിലുള്ള ഈ അന്തരം, പ്രാഥമിക മേഖലയുടെ ആപേക്ഷിക ഉൽപ്പാദനക്ഷമത (Relative productivity) 0.5-ൽ നിന്ന് 0.3-ലേക്ക് കുത്തനെ കുറയുന്നതിലേക്ക് നയിച്ചു. തൊഴിൽ മേഖല വീണ്ടും കാർഷിക വൃത്തിയിലേക്ക് മാറുന്നതിനെയാണ് ഇത് സൂചിപ്പിക്കുന്നത്. ഇത് ഒരുപക്ഷേ കോവിഡ് മൂലമുണ്ടായ ഒരു പ്രതിഭാസമാകാം.

നേരെമറിച്ച്, ദ്വിതീയ മേഖലയിൽ തൊഴിലവസരങ്ങൾ ചുരുങ്ങുകയാണുണ്ടായത്. ഈ മേഖലയുടെ ഉൽപ്പാദന വിഹിതം നാമമാത്രമായി (28.4 ശതമാനത്തിൽനിന്ന്

**പട്ടിക 24.3**: *കേരളത്തിലെയും ഇന്ത്യയിലെയും തൊഴിലാളികളുടെ പതിവ് നിലയിലുള്ള (ps+ss) തൊഴിൽ പദവി അടിസ്ഥാനത്തിലുള്ള ശതമാനക്രമത്തിലുള്ള വിതരണം - 2017-18, 2023-24*

| | ഇന്ത്യ | | ഗ്രാമീണ സ്ത്രീകൾ | | നഗര പുരുഷന്മാർ | | നഗര സ്ത്രീകൾ | |
|---|---|---|---|---|---|---|---|---|
| | കേരളം | ഇന്ത്യ | കേരളം | ഇന്ത്യ | കേരളം | ഇന്ത്യ | കേരളം | ഇന്ത്യ |
| **തൊഴിൽ പദവി** | 2017-18 | | | | | | | |
| 1. സ്വയം തൊഴിൽ ചെയ്യുന്നവർ | 40.8 | 57.8 | 30.5 | 57.7 | 40.9 | 39.2 | 28.5 | 34.7 |
| 1a. സ്വന്തം നിലയിൽ തൊഴിൽ ചെയ്യുന്നവർ / തൊഴിൽദാതാക്കൾ | 40.2 | 48 | 21.3 | 19 | 40 | 34.9 | 22.8 | 23.7 |
| 1b. ഗാർഹിക സംരംഭങ്ങളിലെ സഹായികൾ | 0.6 | 9.8 | 9.2 | 38.7 | 0.9 | 4.3 | 5.7 | 11 |
| 2. സ്ഥിരം ജീവനക്കാർ | 24.7 | 14 | 41.3 | 10.5 | 31.3 | 45.7 | 55.7 | 52.1 |
| 3. കാഷ്വൽ തൊഴിലാളികൾ | 34.6 | 28.2 | 28.2 | 31.8 | 27.8 | 15.1 | 15.8 | 13.1 |
| 4. ആകെ (1+2+3) | 100 | 100 | 100 | 100 | 100 | 100 | 100 | 100 |
| | 2023-24 | | | | | | | |
| 1. സ്വയം തൊഴിൽ ചെയ്യുന്നവർ | 44.7 | 59.4 | 39.8 | 73.5 | 42.3 | 39.8 | 33.5 | 42.3 |
| 1a. സ്വന്തം നിലയിൽ തൊഴിൽ ചെയ്യുന്നവർ / തൊഴിൽദാതാക്കൾ | 43.6 | 47 | 27.6 | 31.2 | 40.9 | 35.1 | 25.5 | 28.5 |
| 1b. ഗാർഹിക സംരംഭങ്ങളിലെ സഹായികൾ | 1.1 | 12.4 | 12.2 | 42.3 | 1.4 | 4.7 | 8 | 13.8 |
| 2. സ്ഥിരം ജീവനക്കാർ | 25.7 | 15.8 | 33.5 | 7.8 | 37.7 | 46.8 | 51 | 49.4 |
| 3. കാഷ്വൽ തൊഴിലാളികൾ | 29.6 | 24.9 | 26.7 | 18.7 | 20 | 13.4 | 15.4 | 8.3 |
| 4. ആകെ (1+2+3) | 100 | 100 | 100 | 100 | 100 | 100 | 100 | 100 |

*അവലംബം:* പീരിയോഡിക് ലേബർ ഫോഴ്സ് സർവെ, 2017-18 മുതൽ 2023-24 വരെയുള്ളത്.

27 ശതമാനമായി) കുറഞ്ഞപ്പോൾ, തൊഴിൽ വിഹിതം ഏകദേശം ഏഴ് ശതമാനത്തോളം (31.1 ശതമാനത്തിൽ നിന്ന് 24.2 ശതമാനമായി) കുറഞ്ഞു. തൽഫലമായി, ഈ മേഖലയിലെ ആപേക്ഷിക ഉൽപ്പാദനക്ഷമത 0.9-ൽ നിന്ന് 1.1-ആയി മെച്ചപ്പെട്ടു. സാങ്കേതിക മാറ്റം, മൂലധന നിക്ഷേപത്തിലെ വർദ്ധനവ് (Capital intensification), അല്ലെങ്കിൽ ഉയർന്ന മൂല്യമുള്ള വിഭാഗങ്ങളിലേക്കുള്ള മാറ്റം എന്നിവയിലൂടെ കൈവരിച്ച കാര്യക്ഷമതയെ ഇത് സൂചിപ്പിക്കുന്നു (Rodrik, 2016).

തൊഴിൽ വിഹിതത്തിൽ നാമമാത്രമായ കുറവുണ്ടായെങ്കിലും (48.8 ശതമാനത്തിൽനിന്ന് 48.5 ശതമാനമായി), ജി.എസ്.ഡി.പി-യിലേക്ക് (GSDP) ഏറ്റവും കൂടുതൽ സംഭാവന നൽകുന്നത് ത്രിതീയ മേഖല (Tertiary Sector) തന്നെയായി തുടർന്നു. ഇതിന്റെ വിഹിതം 62.1 ശതമാനത്തിൽനിന്ന് 64.7 ശതമാനമായി ഉയർന്നു. തൊഴിൽ വിഹിതവും ഉൽപ്പാദന വിഹിതവും തമ്മിലുള്ള വർദ്ധിച്ചു വരുന്ന ഈ വിടവ് സൂചിപ്പിക്കുന്നത്, സേവന മേഖല കൂടുതൽ മൂലധനവും നൈപുണ്യവും ആവശ്യമുള്ള ഒന്നായി മാറുന്നു എന്നാണ്. ഇത് കൂടുതൽ തൊഴിലാളികളെ ഉൾക്കൊള്ളാനുള്ള ഈ മേഖലയുടെ ശേഷിയെ പരിമിതപ്പെടുത്തുന്നു.

### കേരളത്തിലെ വേതനനിരക്കുകൾ

ട്രേഡ് യൂണിയനുകളുടെയും സർക്കാരിന്റെയും ഫലപ്രദമായ ഇടപെടലുകളുടെ സഹായത്തോടെ, വിവിധ മേഖലകളിലെ തൊഴിലാളികൾ സംഘടിതരായിട്ടുണ്ട് എന്നതാണ് കേരളത്തിലെ തൊഴിൽ വിപണിയുടെ ഒരു പ്രധാന സവിശേഷത3. തൊഴിലാളികളുടെ ഈ ശക്തീകരണം കാരണമായി, ഗ്രാമ-നഗരഭേദമെന്യേയും സ്ത്രീ-പുരുഷ വ്യത്യാസമില്ലാതെയും അനൗദ്യോഗിക മേഖലയിലെ തൊഴിലാളികൾക്ക് (Informal workers) രാജ്യത്തെതന്നെ ഏറ്റവും ഉയർന്ന വേതനം ലഭിക്കുന്നു എന്നത് കേരളത്തിന്റെ തൊഴിൽ വിപണിയുടെ എടുത്തു പറയേണ്ട പ്രത്യേകതയാണ്.

പി.എൽ.എഫ്.എസ് കണക്കുകൾ പ്രകാരം, എല്ലാ വിഭാഗം തൊഴിലാളികളുടെയും കേരളത്തിലെ ശരാശരി വേതന നിരക്ക് ദേശീയ ശരാശരിയേക്കാൾ സ്ഥിരമായി ഉയർന്ന തലത്തിലാണ് നിൽക്കുന്നത്. ഉദാഹരണത്തിന്, കേരളത്തിലെ കാഷ്വൽ തൊഴിലാളികളുടെ (ദിവസക്കൂലിക്കാരുടെ) നിലവിലെ ദിവസവേതനം ദേശീയ തലത്തേക്കാൾ ഗ്രാമീണ പുരുഷന്മാർക്ക് 99.1 ശതമാനവും ഗ്രാമീണ സ്ത്രീകൾക്ക് 51.8 ശതമാനവും കൂടുതലാണ്. എങ്കിലും, ഇന്ത്യയിലെ മറ്റു ഭാഗങ്ങളിലെ പോലെ തന്നെ കേരളത്തിലും സ്ത്രീകളുടെ വേതന നിരക്ക് പുരുഷന്മാരുടേതിനേക്കാൾ കുറവാണ് (പട്ടിക 22.5). കേരളത്തിലെ താൽക്കാലിക

3 തോമസ് & ജയേഷ് (2019)

**പട്ടിക 24.4** തൊഴിലിലെയും ഉല്പാദനത്തിലെയും മേഖല തിരിച്ചുള്ള പങ്കാളിത്തം, 2017-18 മുതൽ 2023-24 വരെ

| മേഖല | തൊഴിലിലെ വിഹിതം ( % - ത്തിൽ) സാധാരണ നില (ps+ss) | | ജി.എസ്.ഡി.പി വിഹിതം ( % - ത്തിൽ) | | ആപേക്ഷിക ഉല്പാദനക്ഷമത | | തൊഴിൽ വിഹിതത്തിലെ മാറ്റം (ശതമാനം പോയിന്റുകളിൽ) | ജി.ഡി.പി വിഹിതത്തിലെ മാറ്റം (ശതമാനം പോയിന്റുകളിൽ) |
|---|---|---|---|---|---|---|---|---|
| | 2017 - 18 | 2023 - 24 | 2017 - 18 | 2023 - 24 | 2017 - 18 | 2023 - 24 | | |
| പ്രാഥമികം | 20.1 | 27.3 | 9.5 | 8.3 | 0.5 | 0.3 | 7.2 | - 1.2 |
| ദ്വിതീയം | 31.1 | 24.2 | 28.4 | 27 | 0.9 | 1.1 | - 6.9 | - 1.4 |
| തൃതീയം | 48.8 | 48.5 | 62.1 | 64.7 | 1.3 | 1.3 | - 0.3 | 2.6 |
| എല്ലാ മേഖലയും | 100 | 100 | 100 | 100 | 1 | 1 | 0.0 | 0 |

*അവലംബം:* പിരിയോഡിക് ലേബർ ഫോഴ്സ് സർവെ (PLFS), 2017 - 18, 2023 - 24; കേരള സർക്കാർ, 2025.

**പട്ടിക 24.5**: *കേരളത്തിലെയും ഇന്ത്യയിലെയും തൊഴിലാളികളുടെ ശരാശരി ദിവസവേതനവും വരുമാനവും, ഏപ്രിൽ - ജൂൺ, 2024.*

| തൊഴിലാളികളുടെ വിഭാഗം | | ഗ്രാമം | | | നഗരം | | | ആകെ | | |
|---|---|---|---|---|---|---|---|---|---|---|
| പുരുഷൻ | | സ്ത്രീ | വ്യക്തികൾ | പുരുഷൻ | വ്യക്തികൾ | ആകെ | പുരുഷൻ | സ്ത്രീ | വ്യക്തികൾ | |
| സ്ഥിരം വേതന തൊഴിൽ | കേരളം | 659 | 568 | 621 | 913 | 745 | 841 | 800 | 666 | 743 |
| | ഇന്ത്യ | 607 | 413 | 568 | 870 | 663 | 815 | 746 | 568 | 703 |
| കാഷ്വൽ വേതന തൊഴിൽ | കേരളം | 884 | 454 | 807 | 932 | 505 | 883 | 903 | 469 | 836 |
| | ഇന്ത്യ | 444 | 299 | 417 | 537 | 364 | 516 | 459 | 306 | 433 |
| സ്വയം തൊഴിൽ | കേരളം | 625 | 264 | 558 | 665 | 264 | 588 | 641 | 264 | 570 |
| | ഇന്ത്യ | 486 | 174 | 400 | 783 | 283 | 680 | 557 | 193 | 463 |

*അവലംബം:* പീരിയോഡിക് ലേബർ ഫോഴ്സ് സർവെ, 2023 - 24.

(Casual), സ്ഥിര (Regular) ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ ഒരു പ്രധാന പ്രത്യേകത, പൊതുവെ ഗ്രാമ-നഗര മേഖലകളിൽ ഇവരുടെ വരുമാനം സ്വയം തൊഴിൽ ചെയ്യുന്നവരുടേതിനേക്കാൾ കൂടുതലാണ് എന്നതാണ്

### കേരളത്തിലെ തൊഴിലവസരങ്ങളുടെ വർദ്ധനവ്

കേരളത്തിൽ സാമ്പത്തിക വളർച്ചയ്ക്കും 'ഈസ് ഓഫ് ഡൂയിങ് ബിസിനസ്സിനും' (സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള നടപടികൾ ലഘൂകരിക്കൽ) നൽകിയ പ്രാധാന്യം തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. അതോടൊപ്പം, നൈപുണ്യ വികസനത്തിനും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും സഹായിക്കുന്ന നിരവധി നേരിട്ടുള്ള പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. സർക്കാർ സർവീസുകളിലേക്കും പൊതുമേഖലാ സ്ഥാപനങ്ങളിലേക്കും നേരിട്ടുള്ള നിയമനങ്ങൾ വഴിയും, സ്വയം തൊഴിൽ, നൈപുണ്യ വികസനം, തൊഴിൽ ലഭ്യമാക്കൽ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിപുലമായ പദ്ധതികൾ വഴിയും തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നു. വ്യവസായ-സൗഹൃദ നയങ്ങളും ശക്തമായ സ്റ്റാർട്ടപ്പ് അന്തരീക്ഷവും (ഇക്കോസിസ്റ്റം) പുതിയ വ്യവസായങ്ങളും സംരംഭങ്ങളും സ്ഥാപിക്കുന്നതിന് പ്രോത്സാഹനമേകുകയും, ഇത് എല്ലാ മേഖലകളിലും തുടർച്ചയായ തൊഴിൽ സൃഷ്ടിക്ക് കാരണമാകുകയും ചെയ്യുന്നു. എംപ്ലോയ്മെന്റ് വകുപ്പിന്റെ കണക്കുകൾ പ്രകാരം, കേരളത്തിലെ സംഘടിത മേഖലയിൽ (പൊതു-സ്വകാര്യ മേഖലകളിൽ) തൊഴിലവസരങ്ങളിൽ ക്രമാനുഗതമായ വളർച്ചയും സ്ത്രീകളുടെ പങ്കാളിത്തത്തിൽ സ്ഥിരമായ പുരോഗതിയും രേഖപ്പെടുത്തുന്നുണ്ട്.

അസാപ് (ASAP), കെയ്സ് (KASE), പോളിടെക്നിക്കുകൾ, ഐ.ടി.ഐ-കൾ (ITIs), ഐ.എച്ച്.ആർ.ഡി (IHRD) എന്നിവ വഴിയും, പട്ടികജാതി-പട്ടികവർഗ വികസന വകുപ്പുകൾ

സംഘടിപ്പിക്കുന്ന പരിപാടികൾ വഴിയും നടപ്പിലാക്കുന്ന നൈപുണ്യ വികസന-പ്ലേസ്മെന്റ് പദ്ധതികൾ തൊഴിൽ ലഭ്യത മെച്ചപ്പെടുത്തുന്നതിൽ, പ്രത്യേകിച്ച് പിന്നാക്ക വിഭാഗങ്ങൾക്കിടയിൽ, നിർണ്ണായക പങ്കുവഹിക്കുന്നുണ്ട്. കെ-ഡിസ്ക് (K-DISC) നടപ്പിലാക്കുന്ന 'കേരള നോളജ് ഇക്കോണമി മിഷൻ' (KKEM), നേരിട്ടുള്ള നിയമനങ്ങൾ, അപ്രന്റീസ്ഷിപ്പുകൾ, കുടുംബശ്രീ വഴിയുള്ള ഇടപെടലുകൾ എന്നിവയിലൂടെ തൊഴിൽ ലഭ്യമാക്കാൻ സഹായിക്കുന്നു. ഒഡെപെക് (ODEPC), നോർക്ക (NORKA) എന്നിവ വിദേശ തൊഴിൽ നിയമനങ്ങളിലും പരിശീലനത്തിലും പ്രധാന പങ്കുവഹിക്കുന്നു. ഈ വർഷങ്ങളിൽ, ഗ്രാമീണ മേഖലയിലെയും സ്ത്രീകളുടെയും നൈപുണ്യ വികസനത്തിലും സ്വയം തൊഴിൽ കണ്ടെത്തുന്നതിലും കുടുംബശ്രീ ഒരു പ്രധാന ചാലകശക്തിയായി മാറിയിട്ടുണ്ട്. നൈപുണ്യ പരിശീലനം (Upskilling) നേടുന്ന സമയത്ത് യുവാക്കൾക്ക് പ്രതിമാസ സ്റ്റൈപ്പൻഡ് നൽകുന്ന, പുതുതായി ആരംഭിച്ച 'മുഖ്യമന്ത്രിയുടെ കണക്ട് ടു വർക്ക്' പദ്ധതി ഒരു സുപ്രധാന ചുവടുവെപ്പാണ്.

സംരംഭങ്ങൾ തുടങ്ങുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി 2022-23 മുതൽ 2025 നവംബർ വരെ കേരളത്തിൽ സംരംഭക വർഷ കർമ്മപദ്ധതികൾ ( 1.0, 2.0, 3.0) നടപ്പിലാക്കി. ഇത് നിരവധി എം.എസ്.എം.ഇ (MSME) യൂണിറ്റുകൾ ആരംഭിക്കുന്നതിനും അതുവഴി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കാരണമായി. പുതുതായി തുടങ്ങിയ ഈ സംരംഭങ്ങളിൽ ഏകദേശം മൂന്നിലൊന്ന് സ്ത്രീകളുടെ ഉടമസ്ഥതയിലുള്ളതാണ്.

സംസ്ഥാനത്ത് സുതാര്യമായ പൊതുമേഖലാ നിയമനങ്ങൾ നടത്തുന്നതിൽ കേരള പബ്ലിക് സർവീസ് കമ്മീഷൻ (KPSC) നിർണ്ണായക പങ്കുവഹിക്കുന്നു. 2024-ൽ ഇന്ത്യയിലെ ആകെ പി.എസ്.സി നിയമനങ്ങളിൽ പകുതിയിലധികവും കേരള പി.എസ്.സി വഴിയായിരുന്നു.

കൂടാതെ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGS), അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി (AUEGS) തുടങ്ങിയ ആവശ്യാനുസരണം തൊഴിൽ നൽകുന്ന പദ്ധതികളിലൂടെ വേതനലഭ്യതയുള്ള തൊഴിലുകൾ ഉറപ്പാക്കുന്നു. ഈ പദ്ധതികൾ വരുമാന സുരക്ഷ നൽകുന്നതോടൊപ്പം നീണ്ടുനിൽക്കുന്ന പൊതു ആസ്തികൾ സൃഷ്ടിക്കാനും സഹായിക്കുന്നു. ഒപ്പം, വ്യവസായസൗഹൃദ നയങ്ങളും ശക്തമായ സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റവും പുതിയ വ്യവസായങ്ങളും സംരംഭങ്ങളും സ്ഥാപിക്കാൻ സഹായിക്കുകയും, വിവിധ മേഖലകളിൽ തൊഴിൽ സൃഷ്ടിക്ക് ആക്കം കൂട്ടുകയും ചെയ്യുന്നു.

**നൈപുണ്യമുള്ള തൊഴിൽസേനയുടെ വാർത്തെടുക്കൽ**

സാങ്കേതികവിദ്യ, ഹരിത സമ്പദ്‌വ്യവസ്ഥയിലേക്കുള്ള മാറ്റങ്ങൾ, സാമ്പത്തിക മാറ്റങ്ങൾ എന്നിവയാൽ നിയന്ത്രിക്കപ്പെടുന്നതും, അതിവേഗം മാറിക്കൊണ്ടിരിക്കുന്നതുമായ ആഗോള തൊഴിൽ സാഹചര്യത്തിൽ; മാന്യമായ തൊഴിലും, ഉൽപ്പാദനക്ഷമമായ ജോലിയും, എല്ലാവരെയും ഉൾക്കൊള്ളുന്ന വളർച്ചയും ഉറപ്പാക്കുന്നതിന് നൈപുണ്യമുള്ള ഒരു തൊഴിൽസേനയെ വാർത്തെടുക്കാനുള്ള കേരളത്തിന്റെ ശ്രമങ്ങൾ നിർണ്ണായകമാണ്. ദാരിദ്ര്യ നിർമ്മാർജ്ജനത്തിലും തൊഴിൽ രംഗത്തെ നേട്ടങ്ങളിലും ശക്തമായ പുരോഗതി കൈവരിച്ചുകൊണ്ട് 2023-24 എസ്.ഡി.ജി ഇന്ത്യ സൂചികയിൽ (SDG India Index) കേരളം ഒന്നാമതെത്തി. കേരളത്തിന്റെ വികസനം ജനപക്ഷമായതുകൊണ്ട്, എല്ലാവരേയും ഉൾക്കൊള്ളുന്ന വളർച്ചയ്ക്കും മാന്യമായ തൊഴിലിനും ഊന്നൽ നൽകുന്ന എസ്.ഡി.ജി 8 (SDG 8) ഇവിടെ പ്രത്യേകം പ്രസക്തമാണ്. മാനവവിഭവശേഷിയിലുള്ള ഈ മുൻതൂക്കം നിലനിർത്തുന്നതിനായി സംസ്ഥാന സർക്കാർ ചില പദ്ധതികൾക്ക് തുടക്കമിട്ടിട്ടുണ്ട്.

**ഭാവി കേരളത്തിനായി നൈപുണ്യ വിടവു നികത്തൽ**

ഇന്ത്യയിലും വിദേശത്തും തൊഴിൽ നേടുന്നതിന് കേരളത്തിലെ യുവജനങ്ങളെ ആഗോള നിലവാരത്തിലുള്ള നൈപുണ്യങ്ങൾ ഉള്ളവരാക്കി മാറ്റുന്നതിനായി കേരള സർക്കാർ സ്ഥാപിച്ച, ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനമാണ് 'കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്' (KASE- കെയ്സ്). സംസ്ഥാനത്ത് നൈപുണ്യമുള്ള ഒരു തൊഴിൽസേനയെ വാർത്തെടുക്കുന്നതിനുള്ള എല്ലാ നൈപുണ്യ വികസന പ്രവർത്തനങ്ങളുടെയും മേൽനോട്ടം വഹിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമുള്ള സംസ്ഥാനത്തിന്റെ മുഖ്യ ഏജൻസിയാണിത്. പ്രത്യേക മേഖലകൾക്കാവശ്യമായ നൈപുണ്യ പരിശീലനം നൽകുക, നേതൃത്വം നൽകുക, മികച്ച രീതികളെക്കുറിച്ച് അറിവ് നൽകുക, ഗവേഷണം നടത്തുക, പരിശീലകർക്ക് പരിശീലനം നൽകുക എന്നിവ ലക്ഷ്യമിട്ട് മികവിന്റെ കേന്ദ്രങ്ങൾ (സെന്റേഴ്സ് ഓഫ് എക്സലൻസ്' CoEs -) സ്ഥാപിക്കുക എന്നതും കെയ്സിന്റെ (KASE) ഒരു പ്രധാന ദൗത്യമാണ്. നിലവിൽ എട്ട് സി.ഒ.ഇ-കൾ (CoEs) പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കെയ്സ് ചില അംഗീകൃത കോഴ്സുകളും നടത്തുന്നുണ്ട്. അങ്കമാലിയിലെ ഒക്യുപേഷണൽ ഇംഗ്ലീഷ് ടെസ്റ്റിംഗ് സെന്റർ (OET), മൾട്ടി-ലാംഗ്വേജ് ലേണിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, റിന്യൂവബിൾ എനർജിയിലെ കപ്പാസിറ്റി ബിൽഡിംഗ് സെന്റർ ഓഫ് എക്സലൻസ്, നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ അഡ്വാൻസ്മെന്റ്, ഓയിൽ ആൻഡ് റിഗ് മേഖലയ്ക്കായുള്ള എൻലൈറ്റൻ സ്കിൽ പ്രോഗ്രാം (ESPOiR) എന്നിവ ഇതിൽ ചിലതാണ്. ആരോഗ്യമേഖലയിൽ പ്രവർത്തിക്കാൻ ആഗ്രഹിക്കുന്ന 12,000-ത്തിലധികം വിദ്യാർത്ഥികൾക്ക് OET ടെസ്റ്റിംഗ് സെന്റർ പരിശീലനം നൽകിക്കഴിഞ്ഞു.

ഗ്രാമീണ മേഖലയിലുള്ളവർ ഉൾപ്പെടെ വിവിധ പശ്ചാത്തലങ്ങളിൽ നിന്നുള്ള ആളുകൾക്ക് നൈപുണ്യ വികസന അവസരങ്ങൾ വിപുലീകരിക്കുന്നതിനായി തൊഴിലും നൈപുണ്യവും വകുപ്പ് ആരംഭിച്ച പദ്ധതിയാണ് ജില്ലാ നൈപുണ്യ വികസന കേന്ദ്രങ്ങൾ (DSDCs) - ഇവ മുമ്പ് 'കൗശൽ കേന്ദ്രങ്ങൾ' എന്നറിയപ്പെട്ടിരുന്നു. സംസ്ഥാന നൈപുണ്യ വികസന മിഷനായും സംസ്ഥാന സ്കിൽ സെക്രട്ടറിയേറ്റായും പ്രവർത്തിക്കുന്ന കെയ്സ്, സംസ്ഥാനത്തെ നൈപുണ്യ സാഹചര്യം (Skill ecosystem) മെച്ചപ്പെടുത്താൻ ചുമതലപ്പെട്ട ഏജൻസിയാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് ഡി.എസ്.ഡി.സി-കൾ രൂപകൽപന ചെയ്തിരിക്കുന്നത്.

നിർമ്മാണ-അടിസ്ഥാന സൗകര്യ മേഖലയിലെ (Construction and Infrastructure) തൊഴിലാളികൾക്ക് - എൻട്രി ലെവൽ തൊഴിലാളികൾ മുതൽ സൂപ്പർവൈസർമാരും മാനേജർമാരും വരെയുള്ളവർക്ക് - ആവശ്യമായ

തൊഴിൽ നൈപുണ്യങ്ങൾ നൽകുന്നതിനായി കെയ്സ് നടപ്പിലാക്കിയ മറ്റൊരു സംരംഭമാണ് കൊല്ലം ചവറയി ലുള്ള 'ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷൻ' (IIIC). ഇന്ത്യയിലും വിദേശത്തു മുള്ള തൊഴിലവസരങ്ങൾക്കായി ഉദ്യോഗാർത്ഥികളെ പെട്ടെന്ന് സജ്ജരാക്കുക എന്നതാണ് ഈ കേന്ദ്രത്തിന്റെ പ്രാഥമിക ലക്ഷ്യം. കൂടാതെ, IIIC-യിൽ നിന്ന് കോഴ്സ് പൂർത്തിയാക്കി സർട്ടിഫിക്കറ്റ് ലഭിച്ച ഉദ്യോഗാർത്ഥിക ൾക്കും തൊഴിൽദാതാക്കൾക്കും ഇടയിലുള്ള ഒരു കണ്ണി യായി പ്രവർത്തിച്ചുകൊണ്ട് തൊഴിൽ ലഭ്യമാക്കുന്നതിനും (Placement) ഈ സ്ഥാപനം സഹായിക്കുന്നു.

**അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (ASAP)**

നൈപുണ്യ വികസനം (Skilling), നൈപുണ്യ വർദ്ധനവ് (Up-skilling), പുനർ നൈപുണ്യ വികസനം (Re-skilling) എന്നിവയ്ക്കായുള്ള സംസ്ഥാനത്തെ പ്രധാന സ്രോതസ്സായി 'അസാപ് കേരള' മാറിയിരിക്കുന്നു. ഇതുവരെ ഏകദേശം 2.8 ലക്ഷം പേർക്ക് (അതായത് തൊഴിലെടുക്കാൻ പ്രാപ്ത മുള്ള 125 കേരളീയരിൽ ഒരാൾക്ക് എന്ന കണക്കിൽ) പരി ശീലനം നൽകിക്കൊണ്ട്, വ്യവസായ മേഖലയ്ക്ക് ആവശ്യ മായ തൊഴിൽ സജ്ജരായ ഉദ്യോഗാർത്ഥികളെ (Job-ready talent) തുടർച്ചയായി ലഭ്യമാക്കാൻ അസാപിന് കഴിയു ന്നുണ്ട്. ഉന്നത വിദ്യാഭ്യാസ വകുപ്പും പൊതുവിദ്യാഭ്യാസ വകുപ്പും സംയുക്തമായി, സംസ്ഥാന നൈപുണ്യ വികസന പദ്ധതിയുടെ (SSDP) പ്രധാന ഭാഗമായി 2012-ൽ ആരംഭിച്ച പദ്ധതിയാണ് അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (ASAP). 19 ആനുകാലിക മേഖലകളിലായി 150-ലധികം കോഴ്സുകളാണ് അസാപ് നൽകുന്നത്. വ്യവസായ മേഖല യുടെ ആവശ്യങ്ങൾക്ക് അനുസൃതമായും കേരളത്തിലെ യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്ന രീതി യിലുമാണ് ഇവ രൂപകൽപ്പന ചെയ്തിരിക്കുന്നത്. കേരളത്തി ലുടനീളമുള്ള 16 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ, 126 സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ എന്നിവ വഴിയാണ് അസാപ് പരിശീലനം നൽകുന്നത്. ആനിമേഷൻ, ഡ്രോൺ ഓപ്പറേ ഷൻ, എ.ഐ/എം.എൽ (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്/ മെഷീൻ ലേണിംഗ്), എ.ആർ/വി.ആർ (ഓഗ്മെന്റഡ് റിയാ ലിറ്റി/വെർച്വൽ റിയാലിറ്റി), അനലിറ്റിക്സ് തുടങ്ങിയ നവീന സാങ്കേതിക മേഖലകളിലെ കോഴ്സുകൾക്കാണ് വിദ്യാർ ത്ഥികൾക്കിടയിൽ ഏറെ ആവശ്യക്കാരുള്ളത്. ബിരുദധാ രികളുടെ നൈപുണ്യം വർദ്ധിപ്പിക്കാനും (Upskill) അവരെ വ്യവസായ മേഖലയ്ക്ക് ആവശ്യമായ തൊഴിൽ സേനയായി (Industry-ready workforce) മാറ്റാനും ഇത് സഹായിക്കുന്നു. കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലും കോളേജു കളിലും വച്ചാണ് ഈ നൈപുണ്യ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നത്.

**കുടുംബശ്രീ, എസ്.സി/എസ്.ടി വിഭാഗങ്ങൾക്കുള്ള നൈപുണ്യ പരിശീലന പരിപാടികൾ**

നൈപുണ്യ രംഗത്തെ പോരായ്മകൾ പരിഹരിക്കുന്നതി നായി, കുടുംബശ്രീ മിഷൻ, പട്ടികജാതി വികസന വകുപ്പ്, പട്ടികവർഗ വികസന വകുപ്പ് എന്നിവയുമായി സഹകരിച്ച് അസാപ് ലക്ഷ്യാധിഷ്ഠിത പരിശീലനങ്ങൾ നൽകുന്നു.

പ്രായോഗിക നൈപുണ്യങ്ങൾ പകർന്നുനൽകിയും സ്വയം തൊഴിലിന് പിന്തുണയേകിയും വ്യക്തികളെ (പ്രത്യേകിച്ച് സ്ത്രീകളെ) ശക്തീകരിക്കുന്നതിനായി 2019-ൽ കുടുംബശ്രീ ആരംഭിച്ച സംസ്ഥാനതല പദ്ധതിയാണ് ' ഉപ ജീവന നൈപുണ്യ പരിശീലന പദ്ധതി അറൈസ്' (ARISE - Acquiring Resilience and Identity through Sustainable Employment). പ്രളയബാധിതരായ 50,000 കുടുംബങ്ങൾ ക്ക് നൈപുണ്യ പരിശീലനം നൽകുക എന്നതായിരുന്നു അറൈസ് പദ്ധതിയുടെ അടിയന്തര ലക്ഷ്യം. സ്ത്രീകൾ ക്കായി സാങ്കേതികവും അല്ലാത്തതുമായ മേഖലകളിൽ 3 മാസത്തെ നൈപുണ്യ പരിശീലനം അറൈസ് നൽകുന്നു. പ്ലംബിംഗ്, ഇലക്ട്രിക്കൽ ജോലികൾ, കൽപ്പണി, മരപ്പണി തുടങ്ങിയ സാങ്കേതിക മേഖലകളിലും; അലക്ക്, ഇസ്തി രിയിടൽ, സെയിൽസ്, ഹൗസ് കീപ്പിംഗ്, ഡാറ്റാ എൻട്രി, ഡേ-കെയർ, കാർഷിക അനുബന്ധ സേവനങ്ങൾ തുട ങ്ങിയ സാങ്കേതികേതര മേഖലകളിലും പരിശീലനം നൽ കുന്നു. സർക്കാർ ഐ.ടി.ഐ-കൾ, പോളിടെക്നിക്കുകൾ, സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സ്വകാര്യ ഏജൻസികൾ എന്നിവ വഴിയാണ് പരിശീലനം നൽകു ന്നത്. അറൈസ് പരിശീലനത്തിലൂടെ കേരളത്തിലെ സ്ത്രീ കളുടെ വലിയൊരു വിഭാഗത്തിന് ഉൽപ്പാദന, സേവന, വ്യാപാര മേഖലകളിൽ തൊഴിൽ കണ്ടെത്താൻ സാധിച്ചു. 2025 ഏപ്രിലിൽ കുടുംബശ്രീ പ്രസിദ്ധീകരിച്ച റിപ്പോർട്ട് പ്രകാരം, 1,63,458 സൂക്ഷ്മ സംരംഭങ്ങളിലായി 3,23,000 പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്. ഇതിൽ ഉൽപ്പാദന യൂണി റ്റുകൾ (69,484), സേവന യൂണിറ്റുകൾ (49,381), വ്യാപാര യൂണിറ്റുകൾ (35,465), ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾ (2,685) എന്നിവ ഉൾപ്പെടുന്നു.

പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളിൽ നിന്നുള്ളവർ ക്കായി, പട്ടികജാതി-പട്ടികവർഗ വികസന വകുപ്പുകൾ നൈപുണ്യാധിഷ്ഠിത പരിശീലന പരിപാടികൾ നടപ്പാക്കി വരുന്നു. 2020 മുതൽ, 135 കോഴ്സുകളിലായി 10,000-ത്തി ലധികം പേർക്ക് പരിശീലനം നൽകി. ഇതിൽ 3,000-ത്തില ധികം പേർക്ക് തൊഴിൽ ലഭിച്ചു, ഇതിൽ 22 പേർക്ക് വിദേശ ത്താണ് ജോലി ലഭിച്ചത്.

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷനുമായി (IIIC) സഹകരിച്ച്, പട്ടികവർഗ വികസന വകുപ്പ് 130 ഉദ്യോഗാർത്ഥികൾക്ക് പ്രത്യേക നൈപുണ്യപരിശീലനം നൽകി. കൂടാതെ, ഡിജിറ്റൽ സർവ്വ കലാശാലയുമായി സഹകരിച്ച് 60 ഉദ്യോഗാർത്ഥികൾക്ക് ഡിജിറ്റൽ നൈപുണ്യങ്ങളിൽ പരിശീലനം നൽകുന്നതിനും വകുപ്പ് അനുമതി നൽകിയിട്ടുണ്ട്.

**വ്യവസായ പരിശീലന വകുപ്പും (ITD) വ്യവസായ പരിശീ ലന ഇൻസ്റ്റിറ്റ്യൂട്ടുകളും (ITIs)**

സംസ്ഥാനത്തെ യുവജനങ്ങൾക്ക് തൊഴിലധിഷ്ഠിത പരിശീ ലനവും അപ്രന്റീസ്ഷിപ്പ് പരിശീലനവും നൽകുന്നതിനായി പ്രധാനമായും പ്രവർത്തിക്കുന്ന വിഭാഗമാണ് കേരളത്തിലെ വ്യവസായ പരിശീലന വകുപ്പ് . ഈ ലക്ഷ്യം നിറവേറ്റുന്ന തിനായി, കേരളത്തിലുടനീളമുള്ള വിവിധ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ (ITIs), പരിശീലന കേന്ദ്രങ്ങൾ എന്നിവ വഴി ദീർഘകാല-ഹ്രസ്വകാല പരിശീലന പരി പാടികൾ വകുപ്പ് സംഘടിപ്പിക്കുന്നു. കൂടാതെ, യോഗ്യ രായ യുവജനങ്ങളെ സംസ്ഥാനത്തെ വിവിധ സ്ഥാപന ങ്ങളിൽ രജിസ്റ്റർ ചെയ്തുകൊണ്ട് അപ്രന്റീസ്ഷിപ്പ് അവ

സരങ്ങളും വകുപ്പ് ഒരുക്കുന്നു. മാറിക്കൊണ്ടിരിക്കുന്ന വ്യാവസായിക ആവശ്യങ്ങൾക്കനുസൃതമായി ഗുണനിലവാരമുള്ള നൈപുണ്യ പരിശീലനം നൽകുക, തൊഴിൽ ലഭ്യത വർദ്ധിപ്പിക്കുക, വിവിധ സാമൂഹിക വിഭാഗങ്ങളിൽപ്പെട്ട യുവജനങ്ങൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുക എന്നിവയാണ് വകുപ്പിന്റെ ദൗത്യം. നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (NCVT), സ്റ്റേറ്റ് കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (SCVT) എന്നിവയുടെ മാനദണ്ഡങ്ങൾ (Frameworks) പാലിച്ചാണ് ഇത് പ്രവർത്തിക്കുന്നത്. കേരള സർക്കാർ 108 ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ (ഇതിൽ 14 എണ്ണം വനിതാ ഐ.ടി.ഐ-കളാണ്), ഒരു അഡ്വാൻസ്ഡ് വൊക്കേഷണൽ ട്രെയിനിംഗ് സിസ്റ്റം, 9 റിലേറ്റഡ് ഇൻസ്ട്രക്ഷൻ സെന്ററുകൾ എന്നിവ നടത്തുന്നു. ഇവയിൽ (ഒന്നും രണ്ടും വർഷങ്ങളിലായി) ഏകദേശം 33,000 സീറ്റുകളാണുള്ളത്; ഇതിൽ 30 ശതമാനം സീറ്റുകൾ വനിതകൾക്കായി സംവരണം ചെയ്തിരിക്കുന്നു. 70-ലധികം എഞ്ചിനീയറിംഗ്, എഞ്ചിനീയറിംഗ്-ഇതര ട്രേഡുകളിൽ NSQF (നാഷണൽ സ്കിൽസ് ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക്) പ്രകാരമുള്ള പരിശീലനം ഈ സ്ഥാപനങ്ങൾ നൽകുന്നു.

### തൊഴിലാളി അവകാശങ്ങളുടെ സംരക്ഷണവും തൊഴിലാളികൾക്കുള്ള സാമൂഹ്യ സുരക്ഷയും

തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിലും സാമ്പത്തിക ഉൽപ്പാദന പ്രക്രിയയിൽ സജീവമായ ട്രേഡ് യൂണിയൻ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിലും കേരളത്തിന് ശക്തമായ ചരിത്രമാണുള്ളത്. വ്യവസായ-സൗഹൃദ ബന്ധങ്ങൾ (Industrial relations) നിലനിർത്തുന്നതിന് ഉത്തരവാദിത്തമുള്ള പ്രധാന സർക്കാർ ഏജൻസിയായി തൊഴിൽ വകുപ്പ് പ്രവർത്തിക്കുന്നു. ഔദ്യോഗിക-അനൗദ്യോഗിക മേഖലകളിലായി വ്യാപിച്ചുകിടക്കുന്ന, ധാരാളം അന്യസംസ്ഥാന തൊഴിലാളികളും അസംഘടിത തൊഴിലാളികളും ഉൾപ്പെടുന്ന ഒരു തൊഴിൽസേനയുള്ളതുകൊണ്ട്; ന്യായമായ വേതനം, സുരക്ഷിതമായ തൊഴിൽ സാഹചര്യങ്ങൾ, ക്ഷേമ ആനുകൂല്യങ്ങളുടെ ലഭ്യത എന്നിവ ഉറപ്പാക്കുന്നതിനായി വകുപ്പ് ഒരു 'അവകാശാധിഷ്ഠിത സമീപനമാണ്' സ്വീകരിച്ചിരിക്കുന്നത്. സംസ്ഥാനത്തെ അന്യസംസ്ഥാന തൊഴിലാളികൾ ഉൾപ്പെടെയുള്ള തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കും പെൻഷൻ, ആരോഗ്യ സംരക്ഷണം, ഭവന സഹായം, വിദ്യാഭ്യാസ സഹായം എന്നിവ ഉറപ്പാക്കുന്ന സാമൂഹ്യ സുരക്ഷാ പദ്ധതികൾ ആവിഷ്കരിക്കുന്നതിൽ സംസ്ഥാനം ഒരു മാതൃകയാണ്.

തൊഴിൽ വകുപ്പിന്റെ നിർവ്വഹണ വിഭാഗമായ ലേബർ കമ്മീഷണറേറ്റാണ്, തൊഴിലാളി-സൗഹൃദ അന്തരീക്ഷം നിലനിർത്തുന്നതിനും തൊഴിലാളികൾക്ക് നിയമപരമായി അർഹതപ്പെട്ട ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും ചുമതലപ്പെട്ട വിഭാഗം. തൊഴിൽ നിയമങ്ങൾ നടപ്പിലാക്കുക, വ്യവസായ ബന്ധങ്ങൾ മെച്ചപ്പെടുത്തുക, അർദ്ധ-ജുഡീഷ്യൽ (Quasi-judicial) ചുമതലകൾ നിർവ്വഹിക്കുക, ക്ഷേമപദ്ധതികൾ നടപ്പിലാക്കുക എന്നിവയാണ് ഈ വിഭാഗത്തിന്റെ പ്രധാന ചുമതലകൾ. ജില്ലാ-മേഖലാ തലത്തിലുള്ള ഉദ്യോഗസ്ഥർ, ഇൻസ്പെക്ടർമാർ എന്നിവർ വഴിയാണ് തൊഴിൽ നിയമപാലനം ഉറപ്പ് വരുത്തുന്നത്. 1951-ലെ പ്ലാന്റേഷൻസ് ലേബർ ആക്ടും (തോട്ടം തൊഴിലാളി ആക്ട്) തോട്ടം മേഖലയെ നിയന്ത്രിക്കുന്ന മറ്റ് അനുബന്ധ നിയമങ്ങളും നടപ്പിലാക്കുന്നത് ഉറപ്പാക്കാൻ ഒരു പ്രത്യേക ഇൻസ്പെക്ടറേറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്തുടനീളമുള്ള എല്ലാ ഫാക്ടറികൾക്കും വാണിജ്യ സ്ഥാപനങ്ങൾക്കും ബാധകമായ, കേന്ദ്ര സർക്കാർ നിയന്ത്രിക്കുന്ന പദ്ധതികളായ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് (EPF), എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് (ESI) തുടങ്ങിയവയിലേക്കുള്ള വിഹിതം കൃത്യമായി അടയ്ക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനും പരിശോധിക്കുന്നതിനുമായി പ്രത്യേക പരിശോധനാ സ്ക്വാഡുകളെയും നിയോഗിച്ചിട്ടുണ്ട്.

### നയവും നിയമനിർമ്മാണവും

പ്രതിവാര അവധി ദിവസങ്ങൾ, അധികസമയ ജോലി വേതനം, മിനിമം വേതനം, ജോലിസമയത്ത് ആവശ്യമായ ഇരിപ്പിട സൗകര്യങ്ങൾ തുടങ്ങിയ തൊഴിലാളികളുടെ അവകാശങ്ങളും മറ്റ് ആനുകൂല്യങ്ങളും സംരക്ഷിക്കുന്നതിനായി, സംസ്ഥാനതലത്തിൽ പ്രത്യേക പരിശോധനകളും ജില്ലാ തലത്തിൽ സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകളും നടത്തുന്നുണ്ട്. കൂടാതെ, വേതന കാര്യത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനും അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനമെങ്കിലും ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും 'വേജ് പ്രൊട്ടക്ഷൻ സിസ്റ്റം' (ഡബ്ല്യൂ.പി.എസ്) നടപ്പിലാക്കിയിട്ടുണ്ട്. 2015-ൽ ആരംഭിച്ച ഡബ്ല്യൂ.പി.എസ്, കേരള തൊഴിൽ വകുപ്പിന്റെ ഒരു പ്രധാന പദ്ധതിയാണ്. ബാങ്ക് അക്കൗണ്ടുകൾ വഴി വേതനം നൽകുന്നത് എളുപ്പമാക്കാനും, ഈ ഇടപാടുകൾ നിരീക്ഷിക്കാനും, അതുവഴി നിയമപരമായി നിഷ്കർഷിച്ചിട്ടുള്ള മിനിമം വേതനത്തിൽ കുറയാത്ത തുക തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനും ഇത് ലക്ഷ്യമിടുന്നു.

തൊഴിലുടമകളും തൊഴിലാളികളും തമ്മിൽ സൗഹാർദ്ദപരമായ ബന്ധം നിലനിർത്തുന്നതിനായി കേരളം ശക്തമായ ഒരു സ്ഥാപന സംവിധാനം രൂപീകരിച്ചിട്ടുണ്ട്. ജില്ലാ തല ശൃംഖലകളിലൂടെയും 11 ഇൻഡസ്ട്രിയൽ റിലേഷൻസ് കമ്മിറ്റികളിലൂടെയുമാണ് ഇത് നടപ്പിലാക്കുന്നത്. ഗതാഗതം, കശുവണ്ടി, കള്ള് വ്യവസായം, കയർ, സ്വകാര്യ ആശുപത്രികൾ, ടെക്സ്റ്റൈൽസ്, തോട്ടങ്ങൾ, പത്രമാധ്യമങ്ങൾ തുടങ്ങിയ പ്രധാന മേഖലകളെ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കേരള സർക്കാർ, അനൗദ്യോഗിക മേഖലകളിൽ സാമൂഹ്യ സുരക്ഷാ സംവിധാനങ്ങളുടെ അഭാവം പരിഹരിക്കുന്നതിനായി, ലേബർ കമ്മീഷണറേറ്റിന് കീഴിൽ 16 ക്ഷേമനിധി ബോർഡുകൾ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ അനൗദ്യോഗിക മേഖലകളിലെ ഏകദേശം 70 ലക്ഷം തൊഴിലാളികൾക്ക് ഈ സംവിധാനം സഹായകമാകുന്നു. ആരോഗ്യ സംരക്ഷണം, ഭവന വായ്പകൾ, പ്രത്യേക അലവൻസുകൾ, ഏതാനും വിരമിക്കൽ ആനുകൂല്യങ്ങൾ എന്നിവ തൊഴിലാളികൾക്കും അവരുടെ ആശ്രിതർക്കും നൽകുന്ന ക്ഷേമനിധികളുടെ വളർച്ച കേരളത്തിന്റെ സാമൂഹിക ചരിത്രത്തിലെ ഒരു പ്രധാന ഏടാണ്.

തൊഴിലാളികളുടെ ക്ഷേമവും വ്യവസായ മേഖലയിലെ സൗഹാർദ്ദവും ശക്തിപ്പെടുത്തുന്നതിനായി കേരള സർക്കാർ

നിരവധി പുരോഗമനപരമായ തൊഴിൽ നിയമങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. മിനിമം വേജസ് ആക്ട് (2017), കേരള ഷോപ്പ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ട് (2018), മെറ്റേണിറ്റി ബെനഫിറ്റ് ആക്ട് (2017) എന്നിവയിലെ ഭേദഗതികൾ ഇതിൽ ഉൾപ്പെടുന്നു. അതോടൊപ്പം, വേതനം ഇ-പേയ്മെന്റ് വഴി നൽകാനുള്ള വ്യവസ്ഥകളും, വനിതാ ജീവനക്കാരുടെ തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുത്താനുള്ള നടപടികളും ഇതിലുണ്ട്. 2021-ലെ കേരള വികസന റിപ്പോർട്ടിൽ എടുത്തുപറഞ്ഞിട്ടുള്ള ഈ പരിഷ്കാരങ്ങൾ; ന്യായമായ വേതനം, ലിംഗസമത്വമുള്ള തൊഴിലിടങ്ങൾ, ലളിതമായ നിയമപാലന സംവിധാനങ്ങൾ എന്നിവ ഉറപ്പാക്കിക്കൊണ്ട് മാന്യമായ തൊഴിലും എല്ലാവരെയും ഉൾക്കൊള്ളുന്ന വളർച്ചയും പ്രോത്സാഹിപ്പിക്കാൻ ലക്ഷ്യമിടുന്നു.

### തൊഴിലാളികൾക്കുള്ള പിന്തുണ

അനൗദ്യോഗിക മേഖലയിലുള്ളവർക്ക് പ്രത്യേക പരിഗണന നൽകിക്കൊണ്ട്, തൊഴിലാളികൾക്കായി വിവിധ തലങ്ങളിലുള്ള ഒരു പിന്തുണ സംവിധാനം കേരളം നൽകുന്നു. പെൻഷനുകൾ, ആരോഗ്യ ഇൻഷുറൻസ് (രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന - RSBY, സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി - CHIS), സാമ്പത്തിക സഹായ നിധികൾ, വിദ്യാഭ്യാസ/പരിശീലന പരിപാടികൾ എന്നിവയിലൂടെ, പ്രത്യേകിച്ച് അനൗദ്യോഗിക മേഖലയ്ക്കായി വിപുലമായ ഒരു തൊഴിലാളി സഹായ സംവിധാനം സർക്കാർ കെട്ടിപ്പടുത്തിട്ടുണ്ട്. കാർഷിക തൊഴിലാളി പെൻഷൻ, മരംകയറ്റ തൊഴിലാളി ക്ഷേമ പദ്ധതി, ആം ആദ്മി ബീമാ യോജന തുടങ്ങിയ ലക്ഷ്യാധിഷ്ഠിത പദ്ധതികൾ; ദുർബല വിഭാഗങ്ങളിൽപ്പെട്ട തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കും സാമൂഹ്യ സുരക്ഷയും, ആരോഗ്യ പരിരക്ഷയും, വരുമാന പിന്തുണയും ഉറപ്പാക്കുന്നു.

### തൊഴിലാളി ക്ഷേമം: ഇ.എസ്.ഐ, ക്ഷേമനിധി ബോർഡുകൾ

പത്തുലക്ഷത്തിലധികം തൊഴിലാളികൾക്കും അവരുടെ ആശ്രിതർക്കും വൈദ്യസഹായം, ധനസഹായം, തൊഴിൽപരമായ അപകടങ്ങൾക്കുള്ള പരിരക്ഷ എന്നിവ നൽകുന്ന കേരളത്തിലെ ഒരു പ്രധാന സാമൂഹ്യ സുരക്ഷാ പദ്ധതിയാണ് 'എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ്' (ഇ.എസ്.ഐ) സ്കീം. സംസ്ഥാന സർക്കാരുമായി സഹകരിച്ച് ഇ.എസ്.ഐ.സി (ESIC)-യുടെ റീജിയണൽ, ബ്രാഞ്ച് ഓഫീസുകൾ വഴിയാണ് ഇത് നടപ്പിലാക്കുന്നത്. പാരിപ്പള്ളിയിലെ ഇ.എസ്.ഐ. മെഡിക്കൽ കോളേജ്, നിരവധി ആശുപത്രികൾ, 128 ഡിസ്പെൻസറികൾ എന്നിവയടങ്ങുന്ന വിപുലമായ ഒരു ശൃംഖല ഈ പദ്ധതിക്കുണ്ട്. സൗജന്യ ചികിത്സ, മുഴുവൻ വേതനത്തോടുകൂടിയ പ്രസവാവധി, അസുഖബാധിതരാകുമ്പോഴുള്ള സാമ്പത്തിക സഹായം, അംഗവൈകല്യത്തിനുള്ള പെൻഷൻ, ആശ്രിതർക്കുള്ള സഹായം എന്നിവയാണ് പ്രധാന ആനുകൂല്യങ്ങൾ. സേവന വിതരണം മെച്ചപ്പെടുത്തുന്നതിനായി കേരളം ഇ.എസ്.ഐ സേവനങ്ങൾ ഡിജിറ്റലൈസ് ചെയ്യുകയും, സൗകര്യങ്ങൾ നവീകരിക്കുകയും, പരാതി പരിഹാര സംവിധാനം ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വിവരങ്ങളുടെ അപര്യാപ്തത, ഗ്രാമീണ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങളുടെ പരിമിതി, തൊഴിലുടമകൾ വിഹിതം അടയ്ക്കാതിരിക്കൽ തുടങ്ങിയ വെല്ലുവിളികൾ; ബോധവൽക്കരണ ക്യാമ്പയിനുകൾ, പരിശോധനകൾ, നിയമം കർശനമായി നടപ്പിലാക്കൽ എന്നിവയിലൂടെ പരിഹരിച്ച് തൊഴിലാളികൾക്ക് പൂർണ്ണമായ പരിരക്ഷ ഉറപ്പാക്കാൻ ശ്രമിക്കുന്നു.

തൊഴിലാളിവർഗ്ഗത്തിന്റെ ഉന്നമനത്തിനും സമത്വാധിഷ്ഠിതമായ ഒരു സമൂഹം സൃഷ്ടിക്കുന്നതിനുമായി, അസംഘടിത മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും സാമ്പത്തിക സഹായം നൽകുന്നതിനുള്ള ഔദ്യോഗിക സംവിധാനമാണ് കേരള തൊഴിലാളി ക്ഷേമനിധി ബോർഡ്. 1975-ലെ ആക്ട് പ്രകാരം സ്ഥാപിതമായ ഈ ബോർഡ്, വിദ്യാഭ്യാസം, ആരോഗ്യം, പാർപ്പിടം, സാമൂഹ്യ സുരക്ഷ എന്നിവ ഉൾക്കൊള്ളുന്ന പദ്ധതികളിലൂടെ അനൗദ്യോഗിക മേഖലയിലെ തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കും സമഗ്രമായ സംരക്ഷണം നൽകുന്നു. വിദ്യാഭ്യാസ ഗ്രാന്റുകൾ, നൈപുണ്യ വികസന പരിപാടികൾ, പ്രസവ-വിവാഹ ആനുകൂല്യങ്ങൾ, ചികിത്സാ സഹായം, അപകടത്തിനുള്ള നഷ്ടപരിഹാരം, മരണാനന്തര സഹായം എന്നിവ ബോർഡിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. വരുമാനത്തിലുണ്ടാകുന്ന പെട്ടെന്നുള്ള തടസ്സങ്ങളിൽ നിന്ന് (Income shocks) കുടുംബങ്ങളെ സംരക്ഷിക്കാൻ ഇത് സഹായിക്കുന്നു. ക്ഷേമപ്രവർത്തനങ്ങളെ മാനവ വികസന നടപടികളുമായി സംയോജിപ്പിക്കുന്നതിലൂടെ, തൊഴിലാളികളുടെ ജീവിതകാലം മുഴുവൻ അവരുടെ പുരോഗതിയും അന്തസ്സും ഉറപ്പാക്കാൻ കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് സഹായിക്കുന്നു.

കേരളത്തിലെ അനൗദ്യോഗിക മേഖലയിലെ തൊഴിലാളികൾക്കുള്ള സാമൂഹ്യ സുരക്ഷാ പദ്ധതികൾക്കായി സർക്കാർ അനുവദിക്കുന്ന തുകയിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. 'ശരണ്യ', 'കൈവല്യ' തുടങ്ങിയ ലക്ഷ്യാധിഷ്ഠിത പദ്ധതികളുടെ വിനിയോഗത്തിൽ കുറവ് വന്നിട്ടുണ്ടെങ്കിലും, മൊത്തത്തിൽ നോക്കുമ്പോൾ അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമൂഹ്യ സുരക്ഷാ പദ്ധതികളിൽ സ്ഥിരമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. ഇത് ഈ മേഖലയിലുണ്ടായ മെച്ചപ്പെട്ട അവബോധത്തെയും ഭരണപരമായ ശ്രദ്ധയെയുമാണ് സൂചിപ്പിക്കുന്നത്. ഡിജിറ്റൽ നിരീക്ഷണ സംവിധാനങ്ങൾ, ലിംഗസൗഹൃദ രൂപകൽപ്പന, എല്ലാവരെയും ഉൾക്കൊള്ളുന്ന പ്രചാരണ പ്രവർത്തനങ്ങൾ എന്നിവയിലൂടെ സേവന വിതരണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നത്; പദ്ധതികളുടെ ഗുണഫലം പരമാവധി വർദ്ധിപ്പിക്കാനും, അനൗദ്യോഗിക മേഖലയിലെ തൊഴിലാളികളെ സാമൂഹ്യ സുരക്ഷാ സംവിധാനങ്ങളിലേക്ക് ഉൾച്ചേർക്കുന്നതിൽ ആഗോളതലത്തിൽത്തന്നെ ഒരു മാതൃകയാകാനും കേരളത്തെ സഹായിക്കും

### അതിഥിത്തൊഴിലാളികളും കേരളത്തിന്റെ സമ്പദ് വ്യവസ്ഥയും

"അതിഥി തൊഴിലാളികൾ" എന്ന് ആദരപൂർവ്വം വിളിക്കപ്പെടുന്ന ധാരാളം ഇതരസംസ്ഥാന തൊഴിലാളികൾ കേരളത്തിലുണ്ട്. ഇന്ത്യയിലെ അന്യസംസ്ഥാന തൊഴിലാളികളിൽ ഭൂരിഭാഗവും വന്നുപോകുന്ന സ്വഭാവമുള്ളവരായതിനാൽ, ഇവരുടെ കൃത്യമായ എണ്ണം കണക്കാക്കുക പ്രയാസമാണ്. എങ്കിലും, കേരളത്തിലെ അന്യസംസ്ഥാന തൊഴിലാളികളു

**പട്ടിക 24.6**: *അനൗദ്യോഗിക മേഖലയിലെ തൊഴിലാളികൾക്കുള്ള സാമൂഹ്യ സുരക്ഷാ ചെലവ്, 2016-17 മുതൽ 2024-25 വരെ ( രൂപ ലക്ഷത്തിൽ)*

| പദ്ധതിയുടെ പേര് | 2016-17 | 2017-18 | 2018-19 | 2019-20 | 2021-22 | 2022-23 | 2023-24 | 2024-25 |
|---|---|---|---|---|---|---|---|---|
| പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്കുള്ള വരുമാന സഹായം | 6,500 | 5,901 | 7,000 | 6,400 | 7,500 | 4,549 | 6,864 | 6,955 |
| അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതി | 5 | 5 | 50 | 50 | 50 | 50 | 10 | 0 |
| അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമൂഹ്യ സംരക്ഷണം | 0 | 456 | 4,87.2 | 482.9 | 442.6 | 710.2 | 781.2 | 544.3 |
| എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ, ഉപേക്ഷിക്കപ്പെട്ടവർ, വിവാഹമോചിതർ, അവിവാഹിതരായ സ്ത്രീകൾ, അവിവാഹിതരായ അമ്മമാർ എന്നിവർക്കുള്ള സ്വയം തൊഴിൽ പദ്ധതി (ശരണ്യ) | 1,600 | 1,812 | 1,720 | 1,820 | 1,682 | 1,324 | 989.4 | 699.5 |
| എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിക്കാർക്കുള്ള പുനരധിവാസവും ക്ഷേമവും (കൈവല്യ) | 168 | 100 | 55 | 210 | 26.28 | 495 | 495 | 405.3 |
| ആകെ | 8,273 | 8,274 | 9,312 | 8,963 | 9,701 | 7,128 | 9,139 | 8,604 |

*ഉറവിടം:* തൊഴിലും നൈപുണ്യ വികസനവും വകുപ്പ്

ടെ എണ്ണം 25 മുതൽ 30 ലക്ഷം വരെയാണെന്നും, ഇത് സംസ്ഥാനത്തെ ജനസംഖ്യയുടെ 8 മുതൽ 10 ശതമാനം വരെ വരുമെന്നും പഠനങ്ങൾ വ്യക്തമാക്കുന്നു4. നിർമ്മാണം, ഉൽപ്പാദനം, കായിക അധ്വാനം കൂടുതലുള്ള മറ്റ് മേഖലകൾ എന്നിവയിൽ ഇവർ നിർണ്ണായക പങ്ക് വഹിക്കുന്നുണ്ടെങ്കിലും; ഭൂരിഭാഗം തൊഴിലാളികൾക്കും കുറഞ്ഞ വിദ്യാഭ്യാസം മാത്രമേയുള്ളൂ എന്ന് മാത്രമല്ല, ഇവർ കഠിനാധ്വാനം ആവശ്യമുള്ള ജോലികളിലാണ് ഏർപ്പെട്ടിരിക്കുന്നതും. ഇതരസംസ്ഥാന തൊഴിലാളികളുടെ ഈ വലിയ തോതിലുള്ള വരവ്, കേരളം ഇവരെ എത്രത്തോളം ആശ്രയിക്കുന്നുവെന്ന് വ്യക്തമാക്കുന്നു. അതോടൊപ്പം, ഇവരുടെ ക്ഷേമം ഉറപ്പാക്കുന്നതിനും സംസ്ഥാനത്തിന്റെ വികസന ചട്ടക്കൂടിലേക്ക് ഇവരെ ഉൾച്ചേർക്കുന്നതിനും ആവശ്യമായ നയങ്ങൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്കും ഇത് വിരൽചൂണ്ടുന്നു.

കേരളത്തിലെ ഇതരസംസ്ഥാന തൊഴിലാളികൾ സ്ഥിരമായി ഒരിടത്ത് നിൽക്കാത്തവരും പലപ്പോഴും കണക്കുകളിൽ ഉൾപ്പെടാത്തവരുമായതിനാൽ ഇവരുടെ കൃത്യമായ കണക്കെടുപ്പും സാമൂഹ്യ സുരക്ഷ ഉറപ്പാക്കലും വലിയൊരു വെല്ലുവിളിയാണ്. പ്രത്യേകിച്ച് നിർമ്മാണ മേഖലയിലും കായിക അധ്വാനം ആവശ്യമുള്ള മറ്റ് മേഖലകളിലും 'സീസണൽ കുടിയേറ്റം' (പ്രത്യേക സമയങ്ങളിൽ മാത്രമുള്ള കുടിയേറ്റം) വർദ്ധിച്ചുവരുന്നതായി പഠനങ്ങൾ സൂചിപ്പിക്കുന്നു. ഇവർ വർഷത്തിൽ ശരാശരി 230 ദിവസം തൊഴിലെടുക്കുന്നതായും, ഇത് കേരളത്തിലും അവരുടെ സ്വന്തം ഗ്രാമങ്ങളിലുമായി വിഭജിക്കപ്പെട്ടിരിക്കുന്നതായും കാണാം5. 2010 മുതൽ, ഇതരസംസ്ഥാന തൊഴിലാളികൾക്കായി കേരളം പ്രത്യേക ക്ഷേമപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന് കീഴിലുള്ള രജിസ്ട്രേഷൻ, 'ആവാസ്' (AAWAZ) ആരോഗ്യ ഇൻഷുറൻസ് പദ്ധതി എന്നിവ ഇതിൽ ഉൾപ്പെടുന്നു. തുടക്കത്തിൽ രജിസ്ട്രേഷൻ കുറവായിരുന്നെങ്കിലും, പിന്നീട് ഇതിൽ ഗണ്യമായ വർദ്ധനവുണ്ടായി. 2025-ലെ കണക്കുകൾ പ്രകാരം 5.2 ലക്ഷത്തിലധികം ഇതരസംസ്ഥാന തൊഴിലാളികൾക്ക് 'ആവാസ്' പദ്ധതിയുടെ പരിരക്ഷ ലഭിക്കുന്നുണ്ട്.

ഇതരസംസ്ഥാന തൊഴിലാളികളുടെ ഏറ്റവും പ്രിയപ്പെട്ട തൊഴിലിടമായി കേരളം മാറുന്നതിന് പിന്നിൽ നിരവധി ഘടകങ്ങളുണ്ട്. ഇതിൽ എടുത്തു പറയേണ്ട മൂന്ന് പ്രധാന കാരണങ്ങൾ താഴെ പറയുന്നവയാണ്. ഒന്നാമതായി, ജനസംഖ്യാപരമായ മാറ്റങ്ങളും ജനന നിരക്കിലുണ്ടായ മാറ്റങ്ങളും കാരണം തദ്ദേശീയരായ തൊഴിലാളികളുടെ എണ്ണത്തിൽ കുറവുണ്ടായി. അന്നുമുതൽ സംസ്ഥാനത്തെ മൊത്തം പ്രത്യുൽപാദന നിരക്ക് പുനസ്ഥാപന നിരക്കിനേക്കാൾ (ജനസംഖ്യ സ്ഥിരത കൈവരിക്കാൻ വേണ്ട നിരക്കിനേക്കാൾ) വളരെ താഴെയാണ്. ഏറ്റവും കൂടുതൽ വയോജനങ്ങളുള്ള സംസ്ഥാനവും കേരളമാണ്. അതുകൊണ്ട്, കേരളത്തിന് ആവശ്യമായ തൊഴിലാളികളുടെ കുറവ് നികത്തുന്നത് ഇതരസംസ്ഥാന തൊഴിലാ

4 നാരായണ & വെങ്കിടേശ്വരൻ, 2013; തോമസ് & ജയേഷ്, 2019; ജി.ഒ.കെ (GoK), 2016; പരിദ & രാമൻ, 2020; രാമൻ 2012; ജയേഷ് 2025; രാമൻ 2025

5 പരിദ & രാമൻ 2020; ജയേഷ്, 2020

ളികളാണ്. ഉയർന്ന വേതനം ലഭിക്കുന്നു എന്നതാണ് കേരളത്തിലേക്കുള്ള കുടിയേറ്റത്തെ (Migration corridor) കൂടുതൽ ആകർഷകമാക്കുന്നത്. അഖിലേന്ത്യാ തലത്തിൽ ശരാശരി ദിവസവേതനം 417.3 രൂപയായിരിക്കുമ്പോൾ, കേരളത്തിൽ അത് 893.6 രൂപയാണ് (ആർ.ബി.ഐ 2024). ചെയ്യുന്ന ജോലിയുടെ സ്വഭാവമനുസരിച്ച് ദിവസവേതനം 1,250 രൂപ വരെയാകാം. കുറഞ്ഞ വേതനമുള്ള സംസ്ഥാനങ്ങളിൽ നിന്നുള്ള കുടിയേറ്റത്തിന് ഇത് കാരണമാകുന്നു.

പാർപ്പിടം, ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹികമായ ഉൾച്ചേർക്കൽ എന്നിവ ഉറപ്പാക്കുന്ന വിവിധ പദ്ധതികളിലൂടെ അന്യസംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായി സമഗ്രമായ ഒരു സമീപനമാണ് കേരളം സ്വീകരിച്ചിട്ടുള്ളത്. ആധുനിക സൗകര്യങ്ങളോടുകൂടിയ ഡോർമിറ്ററി സംവിധാനത്തിലുള്ള താമസസൗകര്യം 'അപ്നാ ഘർ' പദ്ധതിയിലൂടെ നൽകുന്നു. അതേസമയം, 5.2 ലക്ഷത്തിലധികം തൊഴിലാളികൾക്ക് ആരോഗ്യ-അപകട ഇൻഷുറൻസ് പരിരക്ഷ നൽകുന്ന പദ്ധതിയാണ് 'ആവാസ്' (AAWAZ). ബോധവൽക്കരണ ക്യാമ്പയിനുകളും മെഡിക്കൽ ക്യാമ്പുകളും ആരോഗ്യത്തെക്കുറിച്ചും തൊഴിൽ അവകാശങ്ങളെക്കുറിച്ചും കൂടുതൽ അറിവ് നൽകുന്നു. ഇതരസംസ്ഥാന തൊഴിലാളികളെ മലയാളം പഠിപ്പിക്കുന്നതിനും, അവരുടെ അവകാശങ്ങളെക്കുറിച്ചും സാമൂഹിക മൂല്യങ്ങളെക്കുറിച്ചും ബോധവാന്മാരാക്കുന്നതിനും, അതുവഴി അവരെ കേരളീയ സമൂഹവുമായിഇണക്കിച്ചേർക്കുന്നതിനും'ചങ്ങാതി'സാക്ഷരതാ പദ്ധതിയും 'ഹമാരി മലയാളം' എന്ന പാഠപുസ്തകവും ലക്ഷ്യമിടുന്നു. കോവിഡ്-19 പ്രതിസന്ധി ഘട്ടത്തിൽ, 21,556 ക്യാമ്പുകളിലായി 4.3 ലക്ഷത്തിലധികം തൊഴിലാളികൾക്ക് കേരളം അഭയം നൽകുകയും, കുടുംബശ്രീ അടുക്കളകൾ വഴി ഭക്ഷണം ഉറപ്പാക്കുകയും, പ്രത്യേക ട്രെയിനുകൾ വഴി സുരക്ഷിതമായി നാട്ടിലേക്ക് മടങ്ങാൻ സൗകര്യമൊരുക്കുകയും ചെയ്തു. ഇതരസംസ്ഥാന തൊഴിലാളികൾക്ക് ഡിജിറ്റലായി രജിസ്ട്രേഷൻ നൽകുന്നതിനും അവരെ നിയന്ത്രിക്കുന്നതിനുമായി 'അതിഥി പോർട്ടൽ' (Athidhi Portal) ഭാവിയിൽ ഉപയോഗപ്പെടുത്തും. ക്ഷേമപദ്ധതികൾ, ആരോഗ്യ സംരക്ഷണം, നൈപുണ്യ വികസന അവസരങ്ങൾ എന്നിവയുമായി തൊഴിലാളികളെ ബന്ധിപ്പിക്കുന്നതിനും, കേരളത്തിന്റെ എല്ലാവരെയും ഉൾക്കൊള്ളുന്നതും അവകാശാധിഷ്ഠിതവുമായ (Rights-based) കുടിയേറ്റ ഭരണനിർവ്വഹണ മാതൃക ശക്തിപ്പെടുത്തുന്നതിനും ഇത് സഹായിക്കും

**മുന്നോട്ടുള്ള പാത**

സാമ്പത്തികവും സാമൂഹികവുമായ നീതിക്കുവേണ്ടിയുള്ള വിശാലമായ പോരാട്ടത്തിന്റെ അവിഭാജ്യ ഘടകമാണ് തൊഴിലവകാശങ്ങളെന്നും, സമൂഹം ഒന്നാകെയുള്ള പുരോഗതിയുടെ കാര്യത്തിൽ അവയ്ക്ക് കേന്ദ്രസ്ഥാനമാണുള്ളതെന്നും കേരള സർക്കാർ പ്രഖ്യാപിക്കുന്നു. ഭരണഘടന പ്രകാരം മൗലികാവകാ ശങ്ങളായി അംഗീകരിക്കപ്പെട്ടിട്ടുള്ള തൊഴിലാളികളുടെ അവകാശങ്ങളാണ് കേരളത്തിന്റെ തൊഴിൽ നയത്തിന്റെ അടിത്തറ. സാമ്പത്തിക വികസനത്തിനായുള്ള പ്രയത്നത്തിൽ ഒരാളും പിന്നിലാകരുത് എന്ന തത്വത്തിൽ അധിഷ്ഠിതമായ, തൊഴിൽ മേഖലയോടുള്ള സംസ്ഥാനത്തിന്റെ മതേതരവും ജനാധിപത്യപരവുമായ സമീപനത്തിലും, എല്ലാവരെയും സമൂലമായി ഉൾക്കൊള്ളുന്ന പാരമ്പര്യത്തിലും സംസ്ഥാനം അഭിമാനിക്കുന്നു.

ആഗോള തൊഴിൽ വിപണിയിലെ ദ്രുതഗതിയിലുള്ള മാറ്റങ്ങൾ തൊഴിലിന്റെ സ്വഭാവത്തെത്തന്നെ പുനർനിർവചിക്കുകയാണ്. ഇത് തുടർച്ചയായ നൈപുണ്യ ശേഷി വർദ്ധിപ്പിക്കൽ (upskilling), പുനർനൈപുണ്യം (reskilling), വ്യവസായങ്ങൾക്ക് അനുയോജ്യമായ പരിശീലനം എന്നിവയുടെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. നൈപുണ്യ വികസന പദ്ധതികൾക്കായി കേരളം നിലവിൽ ഏകദേശം 300 കോടി രൂപ വർഷം തോറും നിക്ഷേപിക്കുന്നുണ്ടെങ്കിലും, പദ്ധതികൾ ചിതറിക്കിടക്കുന്നത് അവയുടെ ആവർത്തനത്തിനും കാര്യക്ഷമതയില്ലായ്മക്കും കാരണമാകുന്നു. ഇത് കൂടുതൽ ഏകോപനത്തിന്റെ ആവശ്യകതയെ ചൂണ്ടിക്കാണിക്കുന്നു. തൊഴിൽ-നൈപുണ്യ വകുപ്പിനും സംസ്ഥാന നൈപുണ്യ വികസന മിഷനും കീഴിൽ ഒരു കേന്ദ്രീകൃത സംവിധാനം രൂപീകരിക്കുന്നത് ഇതിനൊരു പ്രധാന ചുവടുവെപ്പായി അടയാളപ്പെടുത്തപ്പെടും . മുന്നോട്ടുപോകുമ്പോൾ, കൂടുതൽ ഫലപ്രാപ്തി ഉറപ്പാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി വികേന്ദ്രീകൃതവും, ഡാറ്റാ-അധിഷ്ഠിതവും, പ്രാദേശിക ആവശ്യങ്ങൾ ക്കനുസരിച്ചുള്ളതുമായ നൈപുണ്യ വികസന സംവിധാനങ്ങളെ ശക്തിപ്പെടുത്തേണ്ടതുണ്ട്.

ഭാവിക്കുതകുന്ന ഒരു തൊഴിൽസേനയെ വാർത്തെടുക്കുന്നതിന് തൊഴിൽ-നൈപുണ്യ വകുപ്പിനെ ശക്തിപ്പെടുത്തേണ്ടതും, ശക്തമായ പൊതു-സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കേണ്ടതും, വ്യവസായ ആവശ്യങ്ങൾക്കനുസരിച്ച് പരിശീലന പരിപാടികൾ ക്രമീകരിക്കേണ്ടതും അനിവാര്യമാണ്. ഈ പരിശ്രമങ്ങൾ, എല്ലാവരെയും സമൂലമായി ഉൾക്കൊള്ളുന്ന സുസ്ഥിരവും ആഗോളതലത്തിൽ മത്സരിക്കാൻ കഴിയുന്നതുമായ വളർച്ചയിൽ മുൻനിരയിലുള്ള സ്ഥാനമുറപ്പിക്കാൻ കേരളത്തെ പ്രാപ്തമാക്കും.

ഐ.ടി അനുബന്ധ സേവനങ്ങൾ, ഗതാഗതം-ലോജിസ്റ്റിക്സ്, ബാങ്കിംഗ്-ഇൻഷുറൻസ്, നിർമ്മാണം, ആരോഗ്യ സംരക്ഷണം-മെഡിക്കൽ ഉപകരണങ്ങൾ, ഭക്ഷ്യ സംസ്കരണം, ടൂറിസം-ഹോസ്പിറ്റാലിറ്റി തുടങ്ങിയ വിവിധ മേഖലകളിൽ സംസ്ഥാനത്തിന് മികച്ച തൊഴിൽ സാധ്യതകളാണുള്ളത്. ഈ സാഹചര്യത്തിൽ, റീസ്കില്ലിംഗ്, അപ്സ്കില്ലിംഗ് സംരംഭങ്ങൾ കേവലം തൊഴിൽ ലഭ്യത വർദ്ധിപ്പിക്കുന്നതിനുമപ്പുറം, ശക്തീകരണത്തിനായുള്ള ഉപാധികളായും സാമൂഹിക മാറ്റത്തിനുള്ള വഴികളായും മാറേണ്ടതുണ്ട്. വളർന്നുവരുന്ന മേഖലകളിലെ പ്രത്യേക പരിശീലനത്തിന് ഊന്നൽ നൽകുന്നതോടൊപ്പം, സ്ത്രീകൾക്കും പട്ടിക ജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിലെ യുവാക്കൾക്കും ഇതിൽ പ്രത്യേക പരിഗണന നൽകുകയും വേണം. ഇതിലൂടെ സാമൂഹിക നീതിയും ഉൾച്ചേർക്കലും (inclusion) ഉറപ്പാക്കാൻ സാധിക്കും.

കേന്ദ്ര സർക്കാർ ആവിഷ്കരിച്ച നാല് പുതിയ ലേബർ കോഡുകൾ ഉയർത്തുന്ന വെല്ലുവിളികൾ പരിശോധിക്കുമ്പോഴും, തൊഴിലവകാശങ്ങൾ സംരക്ഷിക്കുന്നതിലുള്ള പ്രാധാന്യം കേരള സർക്കാർ ആവർത്തിച്ച് വ്യക്തമാക്കുന്നു. ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും, തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും, സുതാര്യവും പുരോഗമനപരവുമായ തൊഴിൽ സംസ്കാരം വളർത്തുന്ന

തിനുമായി വ്യവസായ സമാധാനം ഉറപ്പാക്കാൻ സംസ്ഥാനം പ്രതിജ്ഞാബദ്ധമാണ്. തൊഴിലുടമകളും ജീവനക്കാരും തമ്മിലുള്ള ക്രിയാത്മകമായ ഇടപെടലുകൾക്ക് തൊഴിൽ വകുപ്പ് മുൻഗണന നൽകുന്നത് തുടരും. അതോടൊപ്പം, നീതിയുക്തമായ തൊഴിൽ ബന്ധങ്ങൾക്കായി അവകാശ ങ്ങളെക്കുറിച്ച് മാത്രമല്ല, ഉത്തരവാദിത്തങ്ങളെക്കുറിച്ചും തൊഴിലാളികളിൽ അവബോധം സൃഷ്ടിക്കും.

**അവലംബം**


ബസോലെ, എ. (2022). ഇന്ത്യയിലെ ഘടനാപരമായ മാറ്റവും തൊഴിലവസര സൃഷ്ടിയും: മുൻകാല പ്രകടനവും മുന്നോട്ടുള്ള വഴിയും. ദി ഇന്ത്യൻ ജേണൽ ഓഫ് ലേബർ ഇക്കണോമിക്സ്, 65(S1), 47-71.https://doi.org/10.1007/s41027-022-00380-y

ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ (2020). "ഇന്ത്യയിലെ ആഭ്യന്തര കുടിയേറ്റ തൊഴിലാളികളെ ഉൾ പ്പെടുത്തുന്നതിനുള്ള നയരേഖ വികസിപ്പിക്കുന്നതിനുള്ള മാർഗ്ഗരേഖ".

ജയേഷ്, എം. പി. (2025). "കേരളത്തിലെ തൊഴിൽ വിപണി: അകത്തേക്കും പുറത്തേക്കുമുള്ള കുടിയേറ്റ പ്രവാഹങ്ങളുടെ ആഘാതം", ബീന പി. എൽ, ത്യാഗു രംഗനാഥൻ (എഡിറ്റർമാർ), "കേരളം മാറുന്നു - മഹാമാരി യുടെ കാലത്തെ തൊഴിലും വ്യാപാര ചലനാത്മകതയും" എന്ന പുസ്തകത്തിൽ, റൂട്ട്ലെഡ്ജ്, പേജ് 99 - 117.

ലൂയിസ്, ഡബ്ല്യു. എ. (1954). പരിധിയില്ലാത്ത തൊഴിൽ ലഭ്യ തയും സാമ്പത്തിക വികസനവും. ദി മാഞ്ചസ്റ്റർ സ്കൂൾ, 22(2), 139-191. https://doi.org/10.1111/j.1467-9957.1954.tb00021.x

പപോള, ടി. എസ് & കണ്ണൻ കെ. പി. (2017). “റ്റുവേർഡ്സ് ആൻ ഇന്ത്യ വേജ് റിപ്പോർട്ട്” ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ, ഐ.എൽ.ഒ ഏഷ്യ-പസഫിക് വർക്കിംഗ് പേപ്പർ സീരീസ്.

പരിദ. ജെ & രാമൻ കെ. ആർ. (2020). "കുടിയേറ്റവും നഗര വൽക്കരണവും," എസ്. രാജൻ, എസ്. എം. (എഡിറ്റർമാർ), ഹാൻഡ്ബുക്ക് ഓഫ് ഇന്റേണൽ മൈഗ്രേഷൻ ഇൻ ഇന്ത്യ (ഇന്ത്യയിലെ ആഭ്യന്തര കുടിയേറ്റത്തെക്കുറിച്ചുള്ള കൈപ്പു സ്തകം), പേജ് 449-61, സേജ് പബ്ലിക്കേഷൻസ് പ്രൈവറ്റ് ലിമിറ്റഡ്. https://www.doi.org/10.4135/9789353287788.n32

രാമൻ. രവി (2025). ‘റൈറ്റ് മേക്കിംഗ് / സ്റ്റേറ്റ് മേക്കിംഗ്: ഇന്ത്യയിലെ അന്തർസംസ്ഥാന കുടിയേറ്റക്കാർ’, 2025 ജൂലൈ 2-4 വരെ ജനീവയിൽ നടന്ന ഒമ്പതാമത് റെഗുലേ റ്റിംഗ് ഫോർ ഡീസന്റ് വർക്ക് (RDW) കോൺഫറൻസിൽ അവതരിപ്പിച്ച പ്രബന്ധം.

രവി രാമൻ കെ. (2025). "റൈറ്റ് മേക്കിംഗ് /സ്റ്റേറ്റ് മേക്കിംഗ്": ഇന്ത്യയിലെ അന്തർസംസ്ഥാന കുടിയേറ്റക്കാർ, ജൂലൈ 2-4 വരെ ജനീവയിൽ നടന്ന ഐ.എൽ.ഒ ഒമ്പതാമത് റെഗുലേ റ്റിംഗ് ഫോർ ഡീസന്റ് വർക്ക് (RDW) കോൺഫറൻസിൽ അവതരിപ്പിച്ച പ്രബന്ധം.

രവി രാമൻ കെ. (2012). ഒഴുക്കുകളും ചുഴികളും: ഇന്ത്യ-മിഡിൽ ഈസ്റ്റ് കുടിയേറ്റ പ്രക്രിയകൾ (Currents and Eddies: Indian Middle East Migration Processes), കാം ബ്രിഡ്ജ് ജേണൽ ഓഫ് റീജിയൻസ്, ഇക്കണോമി ആൻഡ് സൊസൈറ്റി, 5, 2: 189-205.

റോഡ്രിക് ഡി. (2016). അകാല നിർവ്യവസായവൽക്കര ണം (Premature deindustrialization). ജേണൽ ഓഫ് ഇക്ക ണോമിക് ഗ്രോത്ത്, 21(1), 1-33. https://doi.org/10.1007/s10887-015-9122-3

# അധ്യായം 25
# കലയും സംസ്കാരവും

കഴിഞ്ഞ പത്ത് വർഷങ്ങളിലായി, കേരള സർക്കാർ സംസ്ഥാനത്ത് പുരോഗമനപരവും ജനാധിപത്യപരവും ബഹുസ്വരമായതും മതനിരപേക്ഷവുമായ സാംസ്കാരിക മൂല്യങ്ങളെയും സ്ഥാപനങ്ങളെയും കലകൾക്ക് ഈ സംസ്ഥാനത്ത് ഒരു ഊർജ്ജസ്വലമായ ഒരു പരിസ്ഥിതിയെയും പിന്തുണയ്ക്കാനുള്ള അതിന്റെ പ്രതിബദ്ധതയ്ക്ക് പ്രായോഗിക രൂപം നൽകി. അത് ജനങ്ങൾക്കായി കൂടുതൽ പൊതു സാംസ്കാരിക സേവനകേന്ദ്രങ്ങൾക്കു രൂപം നൽകുകയും മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 2026-27 ലെ വാർഷിക പദ്ധതിയിൽ, സംസ്കാരം, മ്യൂസിയങ്ങൾ, പുരാവസ്തുശാസ്ത്രം, പൈതൃകം, ടൂറിസം, അനുബന്ധ മേഖലകൾ എന്നിവയ്ക്കുള്ള വിഹിതത്തിൽ വർഷം തോറും 30 ശതമാനം വർദ്ധനവ് ഉണ്ടായത്, കേരള സർക്കാരിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകത്തോടുള്ള പ്രതിബദ്ധതയുടെ ഒരു അളവുകോലാണ്.

കേരളത്തിന്റെ സാംസ്കാരിക ജീവിതത്തിന്റെയും കലാരൂപങ്ങളുടെയും ഒരു പ്രത്യേകത, സംസ്ഥാനത്തിന്റെ സാമൂഹികവും രാഷ്ട്രീയവുമായ പ്രസ്ഥാനങ്ങളുടെയും സാമൂഹ്യ-സാമ്പത്തിക മാറ്റങ്ങളുടെയും പുരോഗമനപരമായ മൂല്യങ്ങളെ ഉൾക്കൊള്ളുകയും പ്രതിഫലിപ്പിക്കുകയും ചെയ്യുന്ന അവയുടെ കഴിവാണ്.

കേരള അന്താരാഷ്ട്ര ചലച്ചിത്രമേള (IFFK), കേരള അന്താരാഷ്ട്ര ഡോക്യുമെന്ററി, ഷോർട്ട് ഫിലിം ഫെസ്റ്റിവൽ (IDSFFK), കേരള അന്താരാഷ്ട്ര നാടകമേള (ITFoK), കൊച്ചി-മുസിരിസ് ബിനാലെ എന്നിവയാണ് ഇപ്പോൾ ഇന്ത്യയിലും അന്തർദേശീയമായും അറിയപ്പെടുന്ന സംസ്ഥാനത്തെ സാംസ്കാരിക പരിപാടികൾ. പതിമൂന്നു, പതിനാലു പഞ്ചവത്സര പദ്ധതികൾ വിവിധ സാംസ്കാരിക മേഖലകളിലെ പരിശീലന പരിപാടികൾക്കു രൂപം നൽകുകയും അവയ്ക്ക് തുടർച്ചയായ പിന്തുണ നൽകുകയും ചെയ്തു. സാംസ്കാരിക വികസനവും ടൂറിസവും ഏകോപിപ്പിച്ച സമഗ്ര പദ്ധതികൾക്കും കലാകാരന്മാരുടെ ജീവിതോപാധി സംരക്ഷിക്കുന്നതിനും അവരുടെ വരുമാനം വർധിപ്പിക്കുന്നതിനുമുള്ള പദ്ധതികൾക്കും ആവശ്യമായ സൗകര്യങ്ങൾക്കും ഈ പദ്ധതികൾ പിന്തുണ നൽകി. സിനിമാ വിദ്യാഭ്യാസത്തിനും സിനിമാ കലയുമായി ബന്ധപ്പെട്ട പൊതു സ്ഥാപനങ്ങൾക്കും ഈ പദ്ധതികൾ പുതുതായി പിന്തുണ നൽകി. സ്ത്രീകൾക്കും പട്ടികജാതി-വർഗ ചലച്ചിത്ര നിർമ്മാതാക്കൾക്കും വേണ്ടി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചു. സംസ്ഥാനത്തിനകത്തും പ്രവാസികൾക്കിടയിലും മറ്റും മലയാളത്തിന്റെ പ്രചാരണത്തിനും വികസനത്തിനും ഈ പദ്ധതികൾ പ്രോത്സാഹനം നൽകി.

2016 -ന് ശേഷമുള്ള കാലഘട്ടം മുതൽ ഇന്നുവരെയുള്ള കാലയളവ് സംസ്ഥാനത്തെ സ്മാരകങ്ങൾ, സാംസ്കാരിക കലാവസ്തുക്കൾ, പുരാവസ്തു കേന്ദ്രങ്ങൾ, അവശിഷ്ടങ്ങൾ എന്നിവ സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യുന്നതിനുള്ള നയപരമായ ഇടപെടലുകളുടെ കാലമായിരുന്നു. മ്യൂസിയങ്ങളുമായി ബന്ധപ്പെട്ട് പുതിയ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും സന്ദർശകരുടെ മ്യൂസിയം അനുഭവം മെച്ചപ്പെടുത്തുന്നതിനുമായി പദ്ധതികളിലൂടെ പിന്തുണ നൽകി. സംസ്ഥാനത്തിന്റെ സമൃദ്ധമായ സാംസ്കാരിക പൈതൃകം സംരക്ഷിക്കാൻ ഏറ്റവും ആധുനിക ശാസ്ത്രീയ സാങ്കേതിക വിദ്യകൾ പ്രയോഗിക്കുകയാണ് സർക്കാരിന്റെ നയം.

ചുരുക്കത്തിൽ, സാമൂഹിക ഐക്യത്തിലും, ഭിന്നിപ്പിക്കുന്ന പ്രവണതകളെ ചെറുക്കുന്ന ജനാധിപത്യ, മതേതര, പുരോഗമന കാഴ്ചപ്പാട് വളർത്തിയെടുക്കുന്നതിലും കലയ്ക്കും സംസ്കാരത്തിനുമുള്ള പങ്ക് കേരള സർക്കാർ അംഗീകരിക്കുന്നു. ഇതിനായി, അതിന്റെ സംരംഭങ്ങൾ മതേതരവും പുരോഗമനപരവുമായ മൂല്യങ്ങളെ പ്രോത്സാഹിപ്പിക്കുന്നു, പരമ്പരാഗത കലാരൂപങ്ങളെ നിലനിർത്തുന്നു, കലാകാരന്മാരെ പിന്തുണയ്ക്കുന്നു, സ്ത്രീകളുടെയും അരികുവൽക്കരിക്കപ്പെട്ട സമൂഹങ്ങളുടെയും പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നു, സാംസ്കാരിക വിനിമയത്തിനുള്ള വേദികൾ വികസിപ്പിക്കുന്നു, സാംസ്കാരിക സ്ഥാപനങ്ങൾ, ഗാലറികൾ, മ്യൂസിയങ്ങൾ എന്നിവ ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

### സാംസ്കാരിക ഡയറക്ടറേറ്റിന്റെ നേട്ടങ്ങൾ

സാംസ്കാരിക വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന എല്ലാ കലാ, സാഹിത്യ, സാംസ്കാരിക സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ സാംസ്കാരിക ഡയറക്ടറേറ്റ് ഏകോപിപ്പിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നു. കലാമണ്ഡലം ഡീംഡ് യൂണിവേഴ്സിറ്റി, സംഗീത നാടക അക്കാദമി, സാഹിത്യ അക്കാദമി, ലളിതകലാ അക്കാദമി, ഫോക്ലോർ അക്കാദമി, മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി, കെ എസ് എഫ് ഡി സി, ചലച്ചിത്ര അക്കാദമി എന്നിവയുൾപ്പെടെയുള്ള വിവിധ സ്വയംഭരണ സ്ഥാപനങ്ങൾ ഇതിൽ ഉൾപ്പെടുന്നു.

പ്രാഥമിക ഏകോപന ചുമതലയ്ക്ക് പുറമേ, ഡയറക്ടറേറ്റ് സംസ്ഥാന പദ്ധതി സഹായം നേരിട്ട് ലഭിക്കാത്ത സാംസ്കാരിക സ്ഥാപനങ്ങൾക്കുള്ള വാർഷിക ഗ്രാന്റുകളുടെ വിതരണത്തിന് മേൽനോട്ടം വഹിക്കുന്നു. കലാ, സാഹിത്യ, സാംസ്കാരിക മേഖലകളിലെ പ്രമുഖ വ്യക്തിത്വങ്ങളുടെ സ്മരണയ്ക്കായി സ്ഥാപിച്ച സ്മാരകങ്ങളിൽ സൃഷ്ടിപരമായ പ്രവർത്തനങ്ങൾ പരിപോഷിപ്പിക്കുകയും പിന്തുണ നൽകുകയും ചെയ്യുന്ന ചുമതലകളും ഇത് നിർവഹിക്കുന്നു. സാമ്പത്തിക ബുദ്ധിമുട്ടുകൾ നേരിടുന്ന കലാകാരന്മാർക്ക് സാമ്പത്തിക സഹായം നൽകുകയും, പ്രശസ്ത കലാകാരന്മാരുടെയും എഴുത്തുകാരുടെയും ആശ്രിതർക്ക് പ്രതിമാസ പെൻഷനുകൾ വിതരണം ചെയ്യുകയും ചെയ്യുന്നു. ദക്ഷിണ മേഖലാ സാംസ്കാരിക കേന്ദ്രത്തിന്റെ പരിപാടികളും സംരംഭങ്ങളും ഇത് ഏകോപിപ്പിക്കുന്നു.

ഡയറക്ടറേറ്റിന്റെ ഏകോപനത്തിൽ സാംസ്കാരികകാര്യ വകുപ്പിന്റെ ഒരു പ്രധാന സംരംഭം സംസ്ഥാനത്ത് നിർദ്ദേശിച്ചിരിക്കുന്ന സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണമാണ്. കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട്

ബോർഡിന്റെ (KIIFB) ഗണ്യമായ സാമ്പത്തിക സഹായത്തോടെയാണ് വലിയ തോതിലുള്ള ഈ പദ്ധതി നടപ്പിലാക്കുന്നത്. സാംസ്കാരിക വകുപ്പിന്റെ പദ്ധതി പ്രകാരം 18 സാംസ്കാരിക സംഘടനകൾക്കും അസോസിയേഷനുകൾക്കും അവയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും സൃഷ്ടിപരമായ സംരംഭങ്ങൾ ഏറ്റെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നതിനുമായി ആവർത്തിതമല്ലാത്ത ഗ്രാന്റുകൾ നൽകി. പദ്ധതി മാനദണ്ഡങ്ങളിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതുപോലെ, അഞ്ച് വർഷത്തിനുള്ളിൽ ഒരു സ്ഥാപനത്തിന് മൂന്നു തവണ സാമ്പത്തിക സഹായം സ്വീകരിക്കാൻ അർഹതയുണ്ടായിരുന്നു. 2017 മുതൽ, സാംസ്കാരിക പ്രവർത്തനങ്ങൾക്കായി 18 സ്ഥാപനങ്ങൾക്ക് ബജറ്റിൽ ആകെ ₹5 കോടി വകയിരുത്തിയിട്ടുണ്ട്.

### കലാകാരന്മാർക്ക് ഉപജീവന സഹായം

കലയും സാംസ്കാരിക പ്രവർത്തനങ്ങളും ഉപജീവനമാർഗ്ഗമായി ഉപയോഗിക്കുന്നവരുടെ ഉപജീവന സുരക്ഷ സർക്കാരിന് വലിയ ആശങ്കയുളവാക്കുന്ന കാര്യമായിരുന്നു. മഹാമാരിയുടെ സമയത്തും അതിനുശേഷവും ഏറ്റവും പ്രതികൂലമായി ബാധിക്കപ്പെട്ട വിഭാഗങ്ങളിൽ കലാകാരന്മാരും കരകൗശല വിദഗ്ധരും ഉൾപ്പെടുന്നു. 2017 മുതൽ, കലാകാരന്മാർക്കും കരകൗശല വിദഗ്ധർക്കും സാമ്പത്തിക സഹായം നൽകുന്നതിനും അവരുടെ കലാപ്രകടനത്തിനുള്ള അവസരങ്ങൾ നൽകുന്നതിനുമായി കേരള സർക്കാർ നിരവധി നൂതന പരിപാടികൾ ആരംഭിച്ചിട്ടുണ്ട്. സാമൂഹിക സുരക്ഷാ പദ്ധതികളിലും അവരെ ഉൾപ്പെടുത്തിയിട്ടുണ്ട്. കോവിഡ്-19 മഹാമാരി സമയത്ത്, ദുരിതത്തിലായ കലാകാരന്മാർക്ക് ആശ്വാസം നൽകുന്നതിൽ സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കുകയുണ്ടായി.

യുവ കലാകാരന്മാരുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കുകയും വിവിധ കലാരൂപങ്ങൾ പൊതുജനങ്ങൾക്ക് പരിചയപ്പെടുത്തുകയും ചെയ്യുന്നതിനായി ലക്ഷ്യമിട്ട ഡയമണ്ട് ജൂബിലി ഫെലോഷിപ്പ് പദ്ധതി, ആയിരക്കണക്കിന് യുവ കലാകാരെ പിന്തുണച്ച ഒരു വിജയകരമായ സംരംഭമായി വ്യാപകമായി വിലയിരുത്തപ്പെട്ടു. ഈ പദ്ധതിയുടെ ഭാഗമായി, ലളിത കലകളിൽ യോഗ്യതയും ജനകീയ കലകളിൽ പ്രാവീണ്യവും ഉള്ള യുവകലാകാർക്ക് പൊതുജനങ്ങളെ പരിശീലിപ്പിക്കുന്നതിനുള്ള ഒരു വേദി നൽകുകയും, നിശ്ചിത കാലയളവിലേക്കുള്ള ഫെലോഷിപ്പുകൾ അവർക്കു അനുവദിക്കുകയും ചെയ്തു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സജീവ പങ്കാളിത്തത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കപ്പെട്ടത്. 45 വ്യത്യസ്ത കലാരൂപങ്ങളിൽ പരിശീലനം നൽകുന്നതിനായി, ആകെ 1,000 യുവകലാകാരന്മാരെയാണ് പരിശീലകരായി തിരഞ്ഞെടുത്തത്.മുനിസിപ്പൽ കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, ബ്ലോക്ക് പഞ്ചായത്തുകൾ എന്നിവ ഉൾപ്പെടുന്ന 171 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി, ആയിരത്തിലധികം പരിശീലന കേന്ദ്രങ്ങളിലൂടെ ഈ പരിപാടി നടപ്പിലാക്കി വരുന്നു.

ഓരോ ഫെലോയ്ക്കും സംസ്ഥാന സർക്കാർ പ്രതിമാസം 10,000 രൂപ ഫെലോഷിപ്പും, അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 7,500 രൂപ ഫെലോഷിപ്പും രണ്ട് വർഷത്തേക്ക് നൽകിവരുന്നു.

അതുപോലെ, കലാകാരന്മാർക്കും കരകൗശല വിദഗ്ധർക്കും ഉപജീവനമാർഗം പ്രദാനം ചെയ്യുക എന്ന ലക്ഷ്യത്തോടെയുള്ള ഒരു സംരംഭമാണ് റൂറൽ ആർട്ട് ഹബ്ബുകൾ, ഇത് ഗവൺമെന്റിന്റെ ഒരു പ്രധാന ചുവടുവെപ്പാണ്. ഇത് വളരെ വിജയകരമാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. യുനെസ്കോ പോലെയുള്ള സംഘടനകളുമായി സഹകരിച്ച് ഗ്രാമീണ കലാ കേന്ദ്രങ്ങൾ സ്ഥാപിക്കുക, നാടോടി കലാകാരന്മാരുടെയും കരകൗശല വിദഗ്ധരുടെയും കഴിവുകൾ വർദ്ധിപ്പിക്കുക, അവരെ ആഗോള വിപണിയിലെത്തിക്കുകയും അവരുടെ ഉപജീവനമാർഗ്ഗങ്ങൾക്ക് ശക്തിപകരുകയും ചെയ്യുക എന്നിവയാണ് ഈ പദ്ധതി വഴി ലക്ഷ്യമിടുന്നത്. വാസ്തുവിദ്യ ഗുരുകുലവും ഫോക്ലോർ അക്കാദമിയും നിർവ്വഹണ ഏജൻസികളായി പ്രവർത്തിക്കുന്ന ഈ പദ്ധതി, പാവപ്പെട്ട കരകൗശല വിദഗ്ധരുടെ ഉപജീവനമാർഗ്ഗത്തിൽ ഗണ്യമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. കൂടുതൽ കലാരൂപങ്ങളെ ഉൾക്കൊള്ളുന്ന മറ്റു മേഖലകളിലേക്കു കൂടി വ്യാപിപ്പിക്കുന്നതിനുള്ള വിപുലമായ സാധ്യത കണക്കിലെടുത്ത് ഈ പരിപാടി ശ്രദ്ധാപൂർവ്വം പരിപോഷിപ്പിക്കപ്പെടുന്നുണ്ട്.

സാഹിത്യ അക്കാദമി, സംഗീത നാടക അക്കാദമി, ലളിതകലാ അക്കാദമി, കേരള കലാമണ്ഡലം, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, മാപ്പിളകലാ അക്കാദമി, ഫോക്‌ലോർ അക്കാദമി തുടങ്ങിയ സ്ഥാപനങ്ങൾ ശിപാർശ ചെയ്ത പ്രമുഖ കലാകാരരുടെ പട്ടികയിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന ജനകീയ കലകൾ, ശാസ്ത്രീയ കലകൾ, അവതരണ കലകൾ, ലളിത കലകൾ എന്നീ മേഖലകളിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ച കലാകാരന്മാർക്ക് സാംസ്കാരിക ഡയറക്ടറേറ്റിലൂടെ ഫെലോഷിപ്പുകൾ അനുവദിക്കപ്പെടുന്നു.

മുകളിൽ പറയപ്പെട്ട പദ്ധതികൾക്ക് പുറമേ, കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട 32,000 കലാകാർക്കും അനുബന്ധ തൊഴിലാളികൾക്കും പ്രതിമാസം രണ്ട് മാസത്തേക്ക് 1,000 രൂപവീതം എന്ന നിരക്കിൽ ആകെ 640 ലക്ഷം രൂപയുടെ അടിയന്തര ധനസഹായം നൽകപ്പെട്ടു. കലാമേഖലയിൽ തുടർച്ചയായി 10 വർഷം പ്രവർത്തിച്ചുവരുകയും, കേരളത്തിൽ സ്ഥിരതാമസമാക്കിയിട്ടുള്ളതുമായ കലാകാരന്മാരെയാണ് ഈ ധനസഹായത്തിനായി തിരഞ്ഞെടുത്തത്.ഇതോടൊപ്പം, മറ്റ് ധനസഹായങ്ങൾ ലഭിക്കാത്ത 29,050 കലാകാരന്മാർക്കും അനുബന്ധ തൊഴിലാളികൾക്കും ഓരോ വ്യക്തിക്കും 1,000 രൂപവീതം എന്ന നിരക്കിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ആകെ 290.5 ലക്ഷം രൂപ വിതരണം ചെയ്തു.

കോവിഡ്-19 മഹാമാരിയും കേരളത്തിലെ പ്രളയങ്ങളും മൂലം ഉപജീവനം നഷ്ടപ്പെട്ട കലാസമൂഹത്തിന് സഹായം നൽകുന്നതിനായി മഴമിഴി, തളിർമിഴി എന്നീ പദ്ധതികൾ നടപ്പിലാക്കി. 2021-22 സാമ്പത്തിക വർഷത്തിൽ, കോവിഡ്-19 മഹാമാരിക്കാലത്ത് കലാകാരന്മാർക്ക് ധനസഹായം നൽകുന്നതിനുള്ള ലക്ഷ്യത്തോടെ ലളിതകലാ അക്കാദമി നിറകേരളം ക്യാമ്പ് II സംഘടിപ്പിച്ചു.ഈ പരിപാടിയിൽ 14 ജില്ലകളിൽ നിന്നുള്ള കലാകാരന്മാർ പങ്കെ

ടുത്തു.ക്യാമ്പിൽ പങ്കെടുത്ത ഓരോ കലാകാരനും 20,000 രൂപയും കാൻവാസും നിറങ്ങളും അക്കാദമി നൽകുകയും ചെയ്തു.

**സംസ്കാരവും പുരോഗമന മൂല്യങ്ങളും**

സാംസ്കാരികകാര്യ വകുപ്പ് ആരംഭിച്ച സമം ലിംഗസമത്വ സാംസ്കാരിക സംരംഭം, കലയും സംസ്കാരവും ഉൾപ്പെടുന്ന എല്ലാ മേഖലകളിലും ലിംഗസമത്വം പ്രോത്സാഹിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.സാംസ്കാരിക കാര്യ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന യുവജന ക്ഷേമ ബോർഡ്, യുവജന കമ്മീഷൻ, നാഷണൽ സർവീസ് സ്കീം, സ്കൗട്ട്സ് എന്നിവയും മറ്റ് സ്ഥാപനങ്ങളും പങ്കാളികളാകുന്ന സഹകരണ പരിപാടിയായി ഈ സംരംഭം ആവിഷ്കരിക്കപ്പെട്ടു. ലിംഗനീതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ച് ജനങ്ങളിൽ ബോധവൽക്കരണം സൃഷ്ടിക്കുന്നതിന് നവീനമായ കലാത്മക മാർഗങ്ങൾ ഉപയോഗിച്ചതിന് ഈ പദ്ധതി വ്യാപകമായ പ്രശംസ നേടി.

സംസ്ഥാനത്തിന്റെ തനതായ സംസ്കാരവും പൈതൃകവും പ്രചരിപ്പിക്കുന്നതിനും, ഭാവിതലമുറകൾക്ക് വിവിധ കലാരൂപങ്ങൾ അനുഭവിക്കാനും, മനസ്സിലാക്കാനും, ആസ്വദിക്കാനും, സാഹിത്യ പാരമ്പര്യവുമായി പരിചയപ്പെടാനും, അവയുടെ മൂല്യം തിരിച്ചറിയുകയും ചെയ്യുന്നതിനുള്ള അവസരങ്ങൾ ഭാവി തലമുറകൾക്ക് സൃഷ്ടിക്കുന്നതിനുമായി സർക്കാർ "സാംസ്കാരിക വ്യാപനം " (Diffusion of Culture) എന്ന പ്രത്യേക പരിപാടി ആരംഭിച്ചു. ഈ പരിപാടിയുടെ ഭാഗമായി, സാംസ്കാരിക സ്ഥാപനങ്ങൾക്കായുള്ള പ്രചാരണ പ്രസിദ്ധീകരണങ്ങൾ തയ്യാറാക്കുകയും, മലയാള സാഹിത്യത്തിന്റെ കാരണവരായ ശ്രീ. എം. ടി. വാസുദേവൻ നായരെ ആദരിക്കുകയും ചെയ്തു.

പൊതുസ്ഥലങ്ങളും സാംസ്കാരിക പ്രവർത്തനങ്ങൾക്കുള്ള അവസരങ്ങളും കുറഞ്ഞുവരുന്ന സാഹചര്യത്തിൽ, ഗ്രാമപ്രദേശങ്ങളിലും വിദൂര സ്ഥലങ്ങളിലും സാംസ്കാരിക പരിപാടികൾ നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനാണ് നാട്ടരങ്ങ് ആരംഭിച്ചത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഒരു ചെറിയ വേദി, ഗ്രീൻ റൂം, ഗാർഡൻ ബെഞ്ചുകൾ, സോളാർ ലൈറ്റിംഗ് എന്നിവ സ്ഥാപിക്കുന്നതും, ഈ സൗകര്യങ്ങളുടെ പരിപാലനം ഉറപ്പാക്കുന്നതുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. സംസ്ഥാനത്തുടനീളമുള്ള വിവിധ സ്ഥലങ്ങളിൽ കലാ ക്ലബ്ബുകൾക്കും അമച്വർ ഗ്രൂപ്പുകൾക്കും അവരുടെ പ്രകടനങ്ങൾ നടത്താൻ ഇത് നിരവധി അവസരങ്ങൾ പദാനം ചെയ്തിട്ടുണ്ട്.

കോവിഡ്-19 മഹാമാരിയും വെള്ളപ്പൊക്കവുംമൂലം ഉപജീവനമാർഗം നഷ്ടപ്പെട്ട കലാസമൂഹത്തിന് പിന്തുണ നൽകുന്നതിനായി സാംസ്കാരിക വകുപ്പ് ഭാരത് ഭവനുമായി സഹകരിച്ച് മഴമിഴി എന്ന സംരംഭം ആരംഭിച്ചു. ആദിവാസി കലാകാരന്മാരുടെ സർഗ്ഗാത്മകതയെ പ്രോത്സാഹിപ്പിക്കുന്ന തളിർമിഴി 2023, വൈകല്യമുള്ള കലാകാരന്മാരെ ഒരുമിച്ച് കൊണ്ടുവരുന്ന കലാമിഴി എന്നിവ ഈ പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ചു. മുടിയേറ്റ്, തെയ്യം, യക്ഷഗാനം, പടയണി, ആദിവാസി കലാരൂപങ്ങൾ, ക്ലാസിക്കൽ കലാരൂപങ്ങൾ എന്നിവയുൾപ്പെടെ എല്ലാ സർഗ്ഗാത്മക കലാരൂപങ്ങൾക്കും പിന്നിൽ പ്രവർത്തിക്കുന്ന ഏറ്റവും കഴിവുള്ള ആളുകളുടെ ജീവിതത്തെയും സംഭാവനകളെയും പ്രോത്സാഹിപ്പിക്കുന്നതിനായി വസന്തമിഴി എന്ന പുതിയ പദ്ധതിയും വികസിപ്പിച്ചെടുത്തിട്ടുണ്ട്.

**ചലച്ചിത്ര – വിനോദ മേഖലയുടെ പ്രോത്സാഹനം**

2017 മുതൽ 2025 വരെയുള്ള കാലയളവിൽ നിരവധി നൂതന പരിപാടികളിലൂടെ ചലച്ചിത്ര മേഖലയ്ക്ക് അഭൂതപൂർവമായ ഉത്തേജനം ലഭിച്ചു. അവയിൽ, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി (KSCA), കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനുമായി (KSFDC) സഹകരിച്ച് ആരംഭിച്ച കേരള ഫിലിം മാർക്കറ്റ്, ചലച്ചിത്ര പ്രൊഫഷണലുകൾക്ക് നൂതനമായ അറിവ് പങ്കിടലിനും വാണിജ്യ അവസരങ്ങൾക്കും വാതിൽ തുറന്ന ഒരു സംരംഭമായതിനാൽ ഇവിടെ പ്രത്യേക പരാമർശം അർഹിക്കുന്നു. ഇന്ത്യയിലെയും വിദേശത്തെയും പ്രശസ്തരായ വിദഗ്ദ്ധർ പങ്കെടുക്കുന്ന B2B മീറ്റിംഗുകൾ, വർക്ക് ഷോപ്പുകൾ, മാസ്റ്റർ ക്ലാസുകൾ എന്നിവ ഈ പരിപാടിയിൽ ഉൾപ്പെടുന്നു. കേരള അന്താരാഷ്ട്ര ചലച്ചിത്രമേളയുടെ (IFFK) ഭാഗമായി കേരള ഫിലിം മാർക്കറ്റിന്റെ രണ്ട് പതിപ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

**കേരള ഫിലിം പോളിസി കോൺക്ലേവ്**: സംസ്ഥാനത്തിനായി സമഗ്രമായ ഒരു ചലച്ചിത്ര നയം രൂപപ്പെടുത്തുന്നതിനായി കേരള സർക്കാർ കേരള ഫിലിം പോളിസി കോൺക്ലേവ് സംഘടിപ്പിച്ചു.ഈ കോൺക്ലേവിൽ 17 സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രതിനിധികൾ, നാഷണൽ ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ, ഇന്ത്യാ സർക്കാരിന്റെ ബന്ധപ്പെട്ട മന്ത്രാലയങ്ങൾ, വിവിധ ചലച്ചിത്ര സംഘടനകൾ, ഇന്ത്യൻ സിനിമ, തൊഴിൽ, നിയമം എന്നീ മേഖലകളിലെ വിദഗ്ധർ എന്നിവർ പങ്കെടുത്തുകൊണ്ട് ചലച്ചിത്രവുമായി ബന്ധപ്പെട്ട വിവിധ വശങ്ങൾ ചർച്ച ചെയ്തു. കോൺക്ലേവിൽ നടന്ന ചർച്ചകൾ ഏകീകരിച്ച്, ചലച്ചിത്ര നയത്തിന്റെ ഒരു കരട് പ്രസിദ്ധീകരിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

**ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ ഓഫ് കേരള (IFFK)**

1996 - ൽ സമാരംഭിച്ച അഭിമാനാർഹമായ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ ഓഫ് കേരള (IFFK), ഇന്ത്യയിലെ അതിപ്രധാനമായ ഒരു ചലച്ചിത്ര മേളയായി പരിണമിക്കുകയും, വർഷങ്ങളായി സർവദേശീയ അംഗീകാരം നേടിയെടുക്കുകയും ചെയ്തു കഴിഞ്ഞു. ഓരോ വർഷവും നവംബർ അല്ലെങ്കിൽ ഡിസംബർ മാസത്തിൽ ഇത് നടത്തപ്പെടുന്നു; കേരള സർക്കാർ സംഘടിപ്പിക്കുന്ന ഏറ്റവും വലിയ സാംസ്കാരിക പരിപാടികളിൽ ഒന്നായ ഇതിന് കേരള സംസ്കാര ചലച്ചിത്ര അക്കാദമിയാണ് ആതിഥ്യം വഹിക്കുന്നത്. മേളയിൽ ലോകോത്തര സിനിമകൾ പ്രദർശിപ്പിക്കുകയും പ്രശസ്തരായ സംവിധായകരും സാങ്കേതിക വിദഗ്ധരും കാണികളും പങ്കുചേരുകയും ചെയ്യുന്നു. 2017-നും 2024-നുമിടയിൽ ഈ വേദിയിൽ പ്രദർശിപ്പിക്കപ്പെട്ട സിനിമകളുടെ എണ്ണവും അന്തർദേശീയ പ്രതിനിത്യവും ഗണ്യമായി വർധച്ചു. ഇതിന്റെ വ്യാപ്തി വിശാലമാക്കി, ചലച്ചിത്ര വ്യവസായത്തിൽ കൂടുതൽ പങ്കാളികളെക്കൂടി ഉൾപ്പെടുത്താൻ മേളയിൽ പുതിയ വിഭാഗങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

2025-ൽ നടന്നത് ഐ എഫ് എഫ് കെ -യുടെ 30-ാമത് പതിപ്പാണ്. രാജ്യത്ത് 30 പതിപ്പുകളിൽവരെയെത്തിയ ആദ്യത്തെ ചലച്ചിത്ര മേളയായിരുന്നു ഇത്; 86 രാജ്യങ്ങളിൽ നിന്നുള്ള 206 ചിത്രങ്ങൾ മേളയിൽ പ്രദർശിപ്പിക്കപ്പെട്ടു.

കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ (KSFDC) സംസ്ഥാനത്തെ ചലച്ചിത്ര വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിൽ നിർണായക പങ്ക് വഹിച്ചിട്ടുണ്ട്. 2017-നും 2026 -നും ഇടയിൽ, ചിത്രാഞ്ജലി പാക്കേജ് സ്കീമിന് കീഴിൽ നിർമ്മിക്കുന്ന ഫീച്ചർ ഫിലിമുകൾക്കും കുട്ടികളുടെ സിനിമകൾക്കും കോർപ്പറേഷൻ സബ്സിഡികൾ നൽകി, ഈ പദ്ധതി പ്രകാരം പ്രതിവർഷം 40-45 സിനിമകൾ നിർമ്മിക്കപ്പെട്ടു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി വ്യാപിച്ചുകിടക്കുന്ന 17 ആഗോള നിലവാരമുള്ള തിയേറ്ററുകൾ KSFDC സ്വന്തമാക്കി പ്രവർത്തിപ്പിക്കുന്നു. തിരുവനന്തപുരത്തെ കൈരളി, ശ്രീ, നിള തിയേറ്ററുകളുടെ നവീകരണം, തൃശ്ശൂരിലെ കൈരളി, ശ്രീ തിയേറ്ററുകളുടെ നവീകരണം, സിനി എക്സ്പോ, പബ്ലിക് ഓഡിറ്റോറിയത്തിലെ വേദി നിർമ്മാണം, സഖി ഡോർമിറ്ററി നിർമ്മാണം, കൊല്ലത്തെ ശ്രീനാരായണ സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണം, കാസർഗോഡ്, പാലക്കാട് എന്നിവിടങ്ങളിലെ സാംസ്കാരിക സമുച്ചയങ്ങൾ എന്നിവ കോർപ്പറേഷൻ പൂർത്തിയാക്കി. ചിത്രാഞ്ജലി സ്റ്റുഡിയോയുടെ നവീകരണം, അളഗപ്പനഗർ, കായംകുളം, വൈക്കം, പയ്യന്നൂർ എന്നിവിടങ്ങളിലെ തിയേറ്റർ സമുച്ചയങ്ങളുടെ നിർമ്മാണം, ഇ-ടിക്കറ്റിംഗ് സംവിധാനം എന്നിവ പൂർത്തിയായിക്കൊണ്ടിരിക്കുന്നു.

മലയാളത്തിൽ ഫീച്ചർ ഫിലിം നിർമ്മാണത്തിനായി കെ എസ് എഫ് ഡി സി വനിതാ സംവിധായകർക്കും എസ് സി/ എസ് റ്റി സംവിധായകർക്കും സഹായം നൽകി. നിലവിൽ എട്ട് സിനിമകൾ പൂർത്തിയായി, ഏഴ് സിനിമകൾ തിയേറ്ററുകളിൽ റിലീസ് ചെയ്തു. മൂന്ന് സിനിമകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. കൂടാതെ, നാല് പുതിയ സിനിമകൾ സഹായത്തിനായി തിരഞ്ഞെടുത്തിട്ടുണ്ട്. വളർന്നുവരുന്ന നിരവധി ചലച്ചിത്ര പ്രവർത്തകർക്ക് അവരുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ കഴിഞ്ഞതിനാൽ ഈ പരിപാടിക്ക് വ്യാപകമായ പ്രശംസ ലഭിച്ചു. കൂടാതെ, ഈ പദ്ധതി പ്രകാരം നിർമ്മിച്ച ചില സിനിമകൾക്ക് ചലച്ചിത്ര മേളകളിൽ അവാർഡ് ലഭിക്കുകയും ചെയ്തു .

മലയാളം ഉള്ളടക്കങ്ങൾക്കായി കെ എസ് എഫ് ഡി സി 2021-ൽ ആരംഭിച്ച ഓൺ-ഡിമാൻഡ് വീഡിയോ സ്ട്രീമിംഗ് പ്ലാറ്റ്ഫോമാണ് സി സ്പേസ് (C Space). രാജ്യത്തെ ആദ്യ സർക്കാർ ഉടമസ്ഥതയിലുള്ള ഡിജിറ്റൽ സ്ട്രീമിംഗ് സേവനമായി ഇത് മാറി. പേ-പെർ-വ്യൂ മോഡലിൽ പ്രവർത്തിക്കുന്ന ഈ ഒ ടി ടി പ്ലാറ്റ്ഫോമിന്, സ്വതന്ത്ര സിനിമകൾ, ഡോക്യുമെന്ററികൾ, ഷോർട്ട് ഫിലിമുകൾ എന്നിവയുൾപ്പെടെ കലാപരവും സാംസ്കാരികവുമായ മൂല്യമുള്ള ഗുണനിലവാരമുള്ള മലയാള സിനിമകളെ പ്രോത്സാഹിപ്പിക്കുക എന്നതാണ് പ്രാഥമിക ലക്ഷ്യം. ഈ സംവിധാനത്തിലൂടെ ലഭിക്കുന്ന വരുമാനത്തിന്റെ പകുതി നേരിട്ട് ഉള്ളടക്കദാതാക്കൾക്ക് നൽകുന്നതിലൂടെ ന്യായവും സുതാര്യവുമായ വരുമാന പങ്കിടൽ സംവിധാനം ഉറപ്പാക്കുന്നു. പരമ്പരാഗത സബ്സ്ക്രിപ്ഷൻ അടിസ്ഥാനമാക്കിയുള്ള ഒ ടി ടി പ്ലാറ്റ്ഫോമുകളിൽ നിന്ന് വ്യത്യസ്തമാണ് ഈ മോഡൽ, കാഴ്ചക്കാർക്കും ചലച്ചിത്ര പ്രവർത്തകർക്കും ഉള്ളടക്കവുമായി ഇടപഴകുന്നതിന് വഴക്കമുള്ളതും തുല്യവുമായ മാർഗം വാഗ്ദാനം ചെയ്യുന്നു.

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, IFFK സംഘടിപ്പിക്കുന്നതിനു പുറമേ, സെന്റർ ഫോർ ഇന്റർനാഷണൽ ഫിലിം റിസർച്ച് ആൻഡ് ആർക്കൈവ്സ് (CIFRA) നടത്തുകയും ചെയ്യുന്നു. ഇതിൽ 12,000-ത്തിലധികം സിനിമകളും (ലോക സിനിമാ ക്ലാസിക്കുകൾ ഉൾപ്പെടെ) 1,000-ത്തിലധികം വിന്റേജ് മാഗസിനുകളും, ഗാനപുസ്തകങ്ങളും, പോസ്റ്ററുകളും, സ്മരണികകളും ഉൾപ്പെടുന്നു. ഈ വസ്തുക്കൾ സംരക്ഷിക്കപ്പെടുകയും ഡിജിറ്റൈസ് ചെയ്യുകയും ഉടൻതന്നെ സി ഐ എഫ് ആർ എ -യിലെ ഒരു സമർപ്പിത മലയാള സിനിമ മ്യൂസിയത്തിൽ പ്രദർശിപ്പിക്കുകയും ചെയ്യും, ഇത് പുരാരേഖാ സംരക്ഷണത്തിനും ചലച്ചിത്ര ഗവേഷണ ഫെലോഷിപ്പുകൾക്കും സേവനം നൽകുന്നു. സെമിനാറുകൾ, സാംസ്കാരിക ഘോഷയാത്രകൾ, സിനിമാ പ്രദർശനങ്ങൾ എന്നിവയിലൂടെ ലിംഗസമത്വം പ്രോത്സാഹിപ്പിക്കുന്നതിനായി അക്കാദമി നടപ്പിലാക്കുന്ന സമം സാംസ്കാരിക പരിപാടിക്കുള്ള സിഗ്നേച്ചർ ഫിലിം നിർമ്മിച്ചതും അക്കാദമി തന്നെയാണ്. ഇന്ത്യൻ, ലോക സിനിമകളിൽ നിന്നുള്ള ക്ലാസിക്കുകൾ ശേഖരിക്കൽ, പ്രിന്റുകളുടെ പ്രദർശനം സംഘടിപ്പിക്കൽ, ഓഡിയോ-വിഷ്വൽ മീഡിയയിൽ ഗവേഷണം പ്രോത്സാഹിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളെ പിന്തുണയ്ക്കുന്നതിനായി അക്കാദമി ഒരു ലൈബ്രറിയും ആർക്കൈവുകളും നടത്തുന്നു. കുട്ടികൾക്കുള്ള വിഷ്വൽ അപ്രീസിയേഷൻ ക്യാമ്പുകൾ, അധ്യാപകർക്കുള്ള ഫിലിം അപ്രീസിയേഷൻ വർക്ക്ഷോപ്പ്, ഫിലിം അപ്രീസിയേഷൻ കോഴ്സുകൾ, സെമിനാറുകൾ, പരിശീലന സെഷനുകൾ, സിനിമയെക്കുറിച്ചുള്ള പ്രദർശനങ്ങൾ എന്നിവയ്ക്കായി വർക്ക്ഷോപ്പുകൾ എന്നിവയും നടത്തുന്നുണ്ട്. വർഷംതോറും കേരള സംസ്ഥാന ചലച്ചിത്ര അവാർഡുകളും സംഘടിപ്പിക്കുന്നു.

### മലയാള ഭാഷയും സാഹിത്യവും പ്രോത്സാഹിപ്പിക്കൽ

2017-18 മുതൽ 2025-26 വരെയുള്ള കാലയളവിൽ മലയാളഭാഷയും സാഹിത്യവും പ്രോത്സാഹിപ്പിക്കുന്ന സ്ഥാപനങ്ങൾ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചു.

മലയാള സാഹിത്യത്തിന്റെ പ്രചാരണത്തിനുള്ള ഏറ്റവും പ്രമുഖ സ്ഥാപനമായ കേരള സാഹിത്യ അക്കാദമി പുസ്തക പ്രസിദ്ധീകരണം, മലയാള സാഹിത്യ സർവെകൾ, വിവിധ സാഹിത്യകാരന്മാരുടെ സ്മാരകങ്ങൾ, ഡിജിറ്റൈസേഷൻ പ്രവർത്തനങ്ങൾ, പ്രമുഖ മലയാള സാഹിത്യകാരന്മാരുടെ അനുസ്മരണങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. സാംസ്കാരിക വകുപ്പിനൊപ്പം ചേർന്ന് അക്കാദമി ആദ്യമായി സംഘടിപ്പിച്ച അന്താരാഷ്ട്ര സാഹിത്യോത്സവം വലിയ ജനപങ്കാളിത്തത്തോടെ വിജയകരമായി നടന്നു. അപൂർവ പുസ്തകങ്ങൾ, ആനുകാലികങ്ങൾ, നാശത്തിന്റെ വക്കിലുള്ള രേഖകൾ എന്നിവ ഡിജിറ്റൈസ് ചെയ്യുന്നതിനും സംരക്ഷിക്കുന്നതിനുമയി ഒരു സംരക്ഷണ ലബോറട്ടറി സ്ഥാപിക്കുന്നതിലൂടെ അക്കാദമി ഡിജിറ്റലൈസേഷൻ രംഗത്ത് വലിയ പുരോഗതി കൈവരിച്ചു. ഈ ലബോറട്ടറിയിൽ പ്ലാനറ്ററി സ്കാനറുകളും ഫ്ലാറ്റ്ബെഡ് സ്കാനറുകളും ഉപയോഗിച്ച് ഒരു മണിക്കൂറിൽ 60 പേജുകൾ വരെ

യാതൊരു നാശനഷ്ടവും കൂടാതെ സ്കാൻ ചെയ്യാനുള്ള സൗകര്യമുണ്ട്.

പ്രവാസി മലയാളികളുടെ കുട്ടികൾക്കിടയിൽ മലയാള ഭാഷയും സംസ്കാരവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള സർക്കാരിന്റെ ഒരു ശ്രമമാണ് മലയാളം മിഷൻ. നിലവിൽ, മിഷന് 70 രാജ്യങ്ങളിലും 24 സംസ്ഥാനങ്ങളിലുമായി കേന്ദ്രങ്ങളുണ്ട്, 121 ചാപ്റ്ററുകളും 85,000-ത്തിലധികം വിദ്യാർത്ഥികളുമുണ്ട്. 2021 മുതൽ 2025 വരെ ചാപ്റ്ററുകൾ, പഠന കേന്ദ്രങ്ങൾ, അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരുടെ എണ്ണം ഏകദേശം ഇരട്ടിയായി, 58-ൽ നിന്ന് 121 ആയി. അധ്യാപകരുടെ എണ്ണം 4,394-ൽ നിന്ന് 7,061 ആയി ഉയർന്നു, പഠന കേന്ദ്രങ്ങളുടെ എണ്ണം 2,173 ൽ നിന്ന് 3,178 ആയി വർദ്ധിച്ചു, വിദ്യാർത്ഥികളുടെ എണ്ണം 45,349-ൽ നിന്ന് 85,820 ആയി വർദ്ധിച്ചു. മലയാളം പഠിക്കേണ്ടതിന്റെ പ്രാധാന്യം പ്രചരിപ്പിക്കുന്നതിനായി മിഷൻ പ്രൊമോഷണൽ ഫിലിമുകളും വീഡിയോകളും നിർമ്മിച്ചു. മിഷൻ വാഗ്ദാനം ചെയ്യുന്ന നീലക്കുറിഞ്ഞി ഹയർ ഡിപ്ലോമ കോഴ്സിന് പത്താം ക്ലാസ് തുല്യത അനുവദിച്ചു, പ്രവാസികൾക്കായി അവരുടെ മാതൃഭാഷയിൽ പത്താം ക്ലാസ് ഭാഷാ തുല്യതാ പരീക്ഷ നടത്തുന്ന ഇന്ത്യയിലെ ഒരു സംസ്ഥാനം നടത്തുന്ന ആദ്യ സംരംഭമാണിത്. മലയാളം മിഷന്റെ പരിപാടികൾ പ്രചരിപ്പിക്കുന്നതിനുള്ള യൂട്യൂബ് ചാനൽ ഇപ്പോൾ ഏകദേശം 10 കോടി ആളുകളിലേക്ക് എത്തിയിരിക്കുന്നു. കേരളത്തിലെ കേന്ദ്രീയ വിദ്യാലയങ്ങളിൽ മലയാളം പഠിപ്പിക്കുന്നതിനായി രൂപകൽപ്പന ചെയ്ത ഭൂമി മലയാളം ഓപ്പൺ ഓൺലൈൻ കോഴ്സ് (BOOMC) എന്ന പദ്ധതിയും മിഷൻ വികസിപ്പിച്ചെടുത്തു, ഇത് വിദ്യാർത്ഥികൾക്ക് കേരളത്തിലെ പത്താം ക്ലാസ് ഭാഷാ പ്രാവീണ്യത്തിന് തുല്യമായ പ്രാവീണ്യം നൽകുന്നു.

മലയാളത്തെ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയ്ക്ക് ഉപയോഗപ്രദമായ ഭാഷയാക്കുന്നതിനും, ഉന്നത വിദ്യാഭ്യാസത്തിനായുള്ള പാഠപുസ്തകങ്ങൾ തയ്യാറാക്കുന്നതിനും, സമകാലിക ഉപയോഗത്തെ പ്രതിഫലിപ്പിക്കുന്നതിനായി ഭാഷയെ നവീകരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തുടർന്നു. മലയാള ലിപിയുടെ പ്രോത്സാഹനം, വികസനം, പരിഷ്കരണം, പുരോഗതി, മലയാള ലിപിയിൽ എഴുതിയ മറ്റ് ഇന്ത്യൻ ഭാഷകളിലെ സാഹിത്യ പ്രസിദ്ധീകരണം എന്നിവയ്ക്കുള്ള പദ്ധതികൾ ഇൻസ്റ്റിറ്റ്യൂട്ട് നടപ്പിലാക്കി. ഭാഷാ വികസനം പ്രോത്സാഹിപ്പിക്കുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ട് ഇംഗ്ലീഷ്-മലയാളം നിഘണ്ടു, കേരള സംസ്കൃത വിജ്ഞാന നിഘണ്ടു, നമ്പൂതിരി ഭാഷാ നിഘണ്ടു, ഇംഗ്ലീഷ്-മലയാളം ഉച്ചാരണ നിഘണ്ടു, വ്യാകരണ നിഘണ്ടു, പൊതുഭരണ നിർവചന നിഘണ്ടു, ജ്യോതിഷ നിഘണ്ടു എന്നിവ പ്രസിദ്ധീകരിച്ചു. പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ, ഓൺലൈൻ നിഘണ്ടു, ഇ-ബുക്കുകൾ, ഓഡിയോബുക്കുകൾ എന്നിവയുടെ വിപണനത്തിനായി ഒരു പുതിയ ഓൺലൈൻ വെബ് പോർട്ടലും ഇൻസ്റ്റിറ്റ്യൂട്ട് ഏർപ്പെടുത്തിയിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയ ആസ്ഥാന കെട്ടിടം 2023-24 കാലയളവിൽ പൂർത്തിയായി.

കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ, വിഭാവനം ചെയ്തിരുന്ന 20 വിജ്ഞാനകോശ വാല്യങ്ങളിൽ 19 എണ്ണം പൂർത്തിയാക്കിക്കൊണ്ട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻസൈക്ലോപീഡിയ പബ്ലിക്കേഷൻസ് ഗണ്യമായ സംഭാവനകൾ നൽകി. പ്രശസ്തമായ സർവവിജ്ഞാനകോശം, ദ്രാവിഡ സംസ്കാരത്തിന്റെ വിജ്ഞാനകോശം എന്നിവയുൾപ്പെടെ എൻസൈക്ലോപീഡിയകൾ മാത്രം പ്രസിദ്ധീകരിക്കുന്ന ഇന്ത്യയിലെ ഏക സ്ഥാപനമാണിത്. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി സഹകരിച്ച് 13 ഉപയോക്തൃ-സൗഹൃദ മിനി എൻസൈക്ലോപീഡിയകളും ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചു, ഈ ദിശയിൽ ഒരു പുതിയ മാതൃകയാണ്. എൻസൈക്ലോപീഡിയയുടെ ഓഡിയോ പതിപ്പുകളും അവർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിവിധ വിഷയങ്ങളെക്കുറിച്ചുള്ള സെമിനാറുകളെ അടിസ്ഥാനമാക്കിയുള്ള വിവരങ്ങൾ നൽകുന്ന അറിവ് എന്ന യൂട്യൂബ് ചാനലും ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ചു. ഓൺലൈൻ എൻസൈക്ലോപീഡിയകളുടെ നിർമാണം നിലവിൽ പുരോഗമിക്കുന്നു.

കുട്ടികൾക്കായുള്ള പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് മാത്രമായി സമർപ്പിച്ചിരിക്കുന്ന ഇന്ത്യയിലെ ഏക സർക്കാർ സ്ഥാപനമായ കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, കേരളത്തിലെ ഓരോ കുട്ടിക്കും ഗുണനിലവാരമുള്ള വായനാ സാമഗ്രികൾ ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ മലയാള പുസ്തകങ്ങളുടെയും ആനുകാലികങ്ങളുടെയും വിപുലമായ ഒരു ശ്രേണി സൃഷ്ടിച്ചു. കുട്ടികളുടെ പ്രശസ്ത മാസികയായ തളിർ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്നു, ഇത് വർഷം തോറും വായനാ മത്സരങ്ങൾ നടത്തുകയും വായനാശീലം പ്രോത്സാഹിപ്പിക്കുന്നതിനായി വാർഷിക സ്കോളർഷിപ്പുകൾ നൽകുകയും ചെയ്യുന്നു. മലയാളത്തിലെ ബാലസാഹിത്യത്തിന്റെ വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതിനായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും എഴുത്തുകാരെയും കലാകാരന്മാരെയും ആദരിക്കുകയും ചെയ്തു വരുന്നു. കുട്ടികളിൽ സർഗവാസന പരിപോഷിപ്പിക്കുന്നതിനായി സർഗ്ഗവസന്തം വേനൽക്കാല ക്യാമ്പുകൾ ഇൻസ്റ്റിറ്റ്യൂട്ട് നടത്തി. ടൂറിസം വകുപ്പിന്റെ മുസിരിസ് ഹെറിറ്റേജ് പ്രോജക്ടിനായി പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചുകൊണ്ട് സാംസ്കാരിക സംരംഭങ്ങളെ പിന്തുണച്ചു. കൂടാതെ, തളിർ സ്കോളർഷിപ്പ് സ്വീകർത്താക്കളുടെ സജീവ പങ്കാളിത്തത്തോടെ ഗ്രാമ, ജില്ലാ തലങ്ങളിൽ തളിർ വായനോത്സവങ്ങൾ സംഘടിപ്പിക്കാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

ആധുനിക മലയാളത്തിന്റെ പിതാവായ തുഞ്ചത്ത് എഴുത്തച്ഛന്റെ സ്മരണയ്ക്കായി 2001-ൽ രൂപീകരിച്ച തുഞ്ചൻ സ്മാരക ട്രസ്റ്റിനെ കാലിക്കറ്റ് സർവകലാശാല ഒരു ഗവേഷണ കേന്ദ്രമായി അംഗീകരിച്ചു. ഇന്ത്യയിലുടനീളമുള്ള വിദ്യാർത്ഥികളെയും പണ്ഡിതന്മാരെയും ഭാഷാപ്രേമികളെയും ഇത് ഇപ്പോഴും ആകർഷിക്കുന്നു. മലയാളത്തിന്റെ വികാസ ഘട്ടങ്ങൾ ചിത്രീകരിക്കുന്ന തുഞ്ചൻ സാഹിത്യ മ്യൂസിയം നവീകരിച്ചു. പ്രമുഖ പണ്ഡിതർ, സംഗീതജ്ഞർ, കലാകാരന്മാർ, നർത്തകർ എന്നിവരെ ഉൾപ്പെടുത്തി സെമിനാറുകളും കൺവെൻഷനുകളും സംഘടിപ്പിച്ചു. എല്ലാ ഫെബ്രുവരിയിലും നടക്കുന്ന വാർഷിക തുഞ്ചൻ ഫെസ്റ്റ് വർദ്ധിച്ച പങ്കാളിത്തത്തോടെ തുടർന്നു, സാഹിത്യം, കല, പഠനം എന്നിവ സംയോജിപ്പിക്കുന്ന ഒരു പ്രധാന സാംസ്കാരിക പരിപാടിയായി മാറി. പ്രഗത്ഭരായ എഴുത്തുകാരും അധ്യാപകരും കുട്ടികളെ പഠനത്തിലേക്ക് നയിക്കുന്ന

വിദ്യാരംഭം ഉത്സവം ഈ കാലയളവിൽ കൂടുതൽ ആളുകളെ ആകർഷിച്ചു, ഇത് ഭാഷയും സംസ്കാരവുമായി ബന്ധപ്പെട്ട പരിപാടികളിൽ മതേതര മൂല്യങ്ങളുടെ ആധിപത്യത്തെ അടയാളപ്പെടുത്തുന്നു.

ഇതിഹാസ കവി കുമാരനാശാന്റെ സ്മരണയ്ക്കായി സമർപ്പിച്ചിരിക്കുന്ന ദേശീയ തലത്തിലുള്ള സാംസ്കാരിക സംഘടനയായ കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ, സംസ്ഥാന ആർക്കൈവ്സ് വകുപ്പുമായി സഹകരിച്ച് കവിയുടെ മിക്കവാറും എല്ലാ കൃതികളുടെയും വിലമതിക്കാനാവാത്ത കൈയെഴുത്തുപ്രതികൾ, അദ്ദേഹത്തിന്റെ ചിന്തകളും ഇംഗ്ലീഷ് കുറിപ്പുകളും അടങ്ങിയ ഡയറിക്കുറിപ്പുകൾ, വിവിധ സമകാലികരുമായുള്ള കത്തിടപാടുകൾ എന്നിവ സംരക്ഷിക്കുന്നതിന് കാര്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വീണപൂവ്, ലീല, ചിന്താവിഷ്ടയായ സീത, ചണ്ഡാലഭിക്ഷുകി, ദുരവസ്ഥ, കരുണ എന്നിവയുൾപ്പെടെയുള്ള ആശാന്റെ പ്രധാന കൃതികളെ അടിസ്ഥാനമാക്കിയുള്ള ചിത്രങ്ങൾ പ്രദർശിപ്പിക്കുന്ന മ്യൂറൽ മ്യൂസിയം നവീകരിച്ചു. പ്രസിദ്ധീകരണ വിഭാഗം അദ്ദേഹത്തിന്റെ കൃതികളുടെ ആധികാരിക പതിപ്പുകൾ, ഒരു ജീവചരിത്രം, വിവിധ മാസികകളിൽ നിന്ന് ശേഖരിച്ച അദ്ദേഹത്തിന്റെ ഉപന്യാസങ്ങളുടെ മൂന്ന് വാല്യങ്ങളുള്ള ഒരു സമാഹാരം എന്നിവ പ്രസിദ്ധീകരിച്ചു. ഇൻസ്റ്റിറ്റ്യൂട്ട് അതിന്റെ പ്രസിദ്ധീകരണങ്ങളുടെ വ്യാപ്തി വർദ്ധിപ്പിക്കുകയും കൂടുതൽ പ്രേക്ഷകരെ ആകർഷിക്കുകയും ചെയ്തു.

കേരളത്തിന്റെ കലാരൂപങ്ങളും സാംസ്കാരിക പൈതൃകവും സംരക്ഷിക്കുന്നതിനും അവതരിപ്പിക്കുന്നതിനുമായി സമർപ്പിച്ചിരിക്കുന്ന ഒരു സാംസ്കാരിക സ്ഥാപനമായ വൈലോപ്പിള്ളി സംസ്കൃതി ഭവൻ നിരവധി നൂതന പരിപാടികൾക്ക് രൂപം നൽകി. ഇന്ത്യയിലുടനീളമുള്ള കലാകാരന്മാരെ ആകർഷിച്ച ദേശീയ നൃത്തോത്സവമായ മുദ്ര കൂടുതൽ പങ്കാളിത്തത്തോടെയും ആവേശത്തോടെയും നടത്തി. സെമിനാറുകൾ, സാഹിത്യ ക്യാമ്പുകൾ, ആഴ്ച തോറുമുള്ള സാംസ്കാരിക പരിപാടികൾ, മാമ്പഴക്കാലം പോലുള്ള കുട്ടികളുടെ അവധിക്കാല ക്യാമ്പുകൾ എന്നിവയും സ്ഥാപനം സംഘടിപ്പിച്ചു.

മാപ്പിളപ്പാട്ടിന് ഏറ്റവും വലിയ സംഭാവന നൽകിയ ഇതിഹാസ കവിയായ മഹാകവി മോയിൻകുട്ടി വൈദ്യരുടെ (1852-1892) സ്മരണയ്ക്കായി കൊണ്ടോട്ടിയിൽ സ്ഥാപിതമായ മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരകം, മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമി എന്നും അറിയപ്പെടുന്നു. മാപ്പിളപ്പാട്ടിലും മാപ്പിളക്കളിയിലും സർട്ടിഫിക്കറ്റ് കോഴ്സുകൾ നടത്തി. പഠിതാക്കൾക്കും ഗവേഷകർക്കും വിലപ്പെട്ട വിഭവങ്ങൾ വാഗ്ദാനം ചെയ്യുന്ന ഒരു നാടോടി പഠന കേന്ദ്രം, ഒരു റഫറൻസ് ലൈബ്രറി, ഒരു ചരിത്ര മ്യൂസിയം എന്നിവ സ്മാരകത്തിൽ ഉണ്ടായിരുന്നു. കവിയുടെ പാരമ്പര്യത്തെ ആദരിക്കുന്നതിനും മാപ്പിള കലാ പാരമ്പര്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി വാർഷിക വൈദ്യർ മഹോത്സവവും നടത്തപ്പെട്ടു.

സർക്കാർ പ്രസിദ്ധീകരണങ്ങളും, വിവിധ സാംസ്കാരിക സ്ഥാപനങ്ങൾ പുറത്തിറക്കുന്ന പുസ്തകങ്ങളും ജേണലുകളും വിൽപ്പന നടത്തുന്നതിനുള്ള പ്രധാന ഏജൻസിയായി കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി പ്രവർത്തിച്ചു. പുതിയ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും തിരുവനന്തപുരം നഗരത്തിൽ ഒരു ബുക്ക് കഫേ സ്ഥാപിക്കുകയും ചെയ്ത് പൊതുജനങ്ങളിൽ പുസ്തകങ്ങളോടും വായനയോടും ആകർഷണം വർധിപ്പിക്കുന്നതിനായി നവീന രീതികൾ സൊസൈറ്റി സ്വീകരിച്ചു. സംസ്ഥാനത്തിന്റെ മറ്റു ഭാഗങ്ങളിലും ബുക്ക് കഫേകൾ ആരംഭിക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. വിൽപ്പനയും വായനശീലവും വർധിപ്പിക്കുന്നതിനായി നിരവധി പുസ്തകപ്രദർശനങ്ങളും സൊസൈറ്റി സംഘടിപ്പിച്ചു.

**കല, സംസ്കാരം, നാടകം, രംഗ കലകൾ**

കല, സംസ്കാരം, നാടകം, പരമ്പരാഗത രംഗ കലകൾ എന്നിവ പ്രോത്സാഹിപ്പിക്കു ന്നതിനായി 2017-18 മുതൽ 2025-26 വരെ സർക്കാർ പ്രധാന സംരംഭങ്ങൾ ആരംഭിച്ചു. പ്രതിഭകളെ പ്രോത്സാഹിപ്പിക്കുക, കലാകാരന്മാർക്ക് അവസരങ്ങൾ നൽകുക, ലോകമെമ്പാടുമുള്ള സ്ഥാപനങ്ങളുമായും പ്രസ്ഥാനങ്ങളുമായും കേരളത്തിലെ കലയെയും നാടകത്തെയും സംയോജിപ്പിക്കുക എന്നിവയായിരുന്നു അവ പ്രധാനമായും ലക്ഷ്യമിട്ടത്. കേരളത്തിന്റെ കലാരൂപങ്ങളെയും തിയേറ്റർ പാരമ്പര്യത്തെയും ആഗോളതലത്തിൽ ശ്രദ്ധേയമാക്കുന്നതിൽ സംസ്ഥാനത്തെ കലാസ്ഥാപനങ്ങൾ വലിയ പങ്ക് വഹിക്കുന്നുണ്ട്. പരമ്പരാഗതമായ കലാരൂപങ്ങളുടെ തനിമ നിലനിർത്തിക്കൊണ്ടു തന്നെ, അവയെ പുതിയ കാലഘട്ടത്തിന്റെ കാഴ്ചപ്പാടുകൾക്കനുസരിച്ച് മാറ്റിയെടുക്കാൻ ഈ സ്ഥാപനങ്ങൾ നിരന്തരം പരിശ്രമിക്കുന്നു. യോജിച്ചുള്ള പ്രവർത്തനങ്ങൾ സാംസ്കാരിക വിനിമയങ്ങൾ, ആർട്ടിസ്റ്റ് റെസിഡെൻസികൾ (കലാകാരന്മാർക്കും അവരുടെ ആതിഥേയർക്കും ഇടയി ലുള്ള സഹകരണം ഉൾപ്പെടുന്ന വിവിധ കലാപരിപാടികൾ, ആഗോള ഉത്സവങ്ങളിലെ പങ്കാളിത്തം എന്നിവയിലൂടെ, ഈ സ്ഥാപനങ്ങൾ അവരുടെ പരിപാടികളെ അന്താരാഷ്ട്ര നിലവാരവുമായി പൊരുത്തപ്പെടുത്താൻ ശ്രമിച്ചു. അത്തരം ശ്രമങ്ങൾ കലാകാരന്മാർക്ക് ആഗോള അവസരങ്ങൾ മനസ്സിലാക്കാൻ മാത്രമല്ല, അതിർത്തികൾക്കപ്പുറമുള്ള കഴിവുകളുടെ കൈമാറ്റം സുഗമമാക്കാനും സഹായിച്ചു, ഇത് കേരളത്തിന്റെ കലാ, തിയേറ്റർ പരിസ്ഥിതിയെ വിശാലമായ ലോകവുമായി അർത്ഥവത്തായി ഇടപഴകാൻ പ്രാപ്തമാക്കി. കേരളത്തിലെ കലാ സ്ഥാപനങ്ങളുടെ പ്രധാന നേട്ടങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

അടിസ്ഥാന സൗകര്യങ്ങൾ ആധുനികവൽക്കരിക്കുന്നതിനും അക്കാദമിക് അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനുമുള്ള നിരവധി പരിപാടികളിലൂടെ ഈ കാലയളവിൽ കേരള കലാമണ്ഡലം അതിന്റെ കാഴ്ചപ്പാടിലും പ്രവർത്തനങ്ങളിലും ഗണ്യമായ പരിവർത്തനത്തിന് വിധേയമായി. 2024-25 അധ്യയന വർഷത്തിൽ 34 ക്ലാസ് മുറികളുള്ള മണക്കുളം മുകുന്ദരാജ അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണം സ്ഥാപനത്തിൽ പൂർത്തിയായി. വള്ളത്തോൾ മെമ്മോറിയൽ പാർക്കിന്റെ (ആദ്യ ഘട്ടം) വിസിറ്റേഴ്സ് ലോഞ്ചിന്റെ നിർമ്മാണവും സ്ഥാപനത്തിൽ പൂർത്തിയായി. കലാമണ്ഡലം ആരംഭിച്ച മാർഗഴി ഉത്സവവും നിള ദേശീയ നൃത്ത-സംഗീതോത്സവവും ആഗോളതലത്തിൽ പ്രശംസ നേടിയവയാണ്, ഇത് നിരവധി കലാ ആസ്വാദകരെ ആകർഷിക്കുന്നു. കഥകളി, മോഹിനിയാട്ടം, കൂടിയാട്ടം, തുള്ളൽ, ചുട്ടി, ചമയം, മൃദംഗം, മിഴാവ്, കർണാടക സംഗീതം, ഉപകരണ

സംഗീതം (കേരളം) എന്നിവയിലെ പരമ്പരാഗത കോഴ്സുകൾ നവീകരിച്ചു. കൂടാതെ, കലാമണ്ഡലം സംഘങ്ങളുടെ പ്രകടനം ഗണ്യമായി വർദ്ധിച്ചു.

കലാമണ്ഡലം ലോകമെമ്പാടുമുള്ള പ്രേക്ഷകരുമായും കലാ ഗവേഷകരുടെ സമൂഹവുമായും ബന്ധപ്പെടാൻ ശ്രമിച്ചിട്ടുണ്ട്. ഇത് ലോകമെമ്പാടുമുള്ള നിരവധി ഗവേഷകരെയും കലാകാരന്മാരെയും സ്ഥാപനത്തിൽ താമസിച്ച് പഠിക്കാൻ പ്രോത്സാഹിപ്പിച്ചിട്ടുണ്ട്.

അമേരിക്കയിലെ കൊളറാഡോ ഫൈൻ ആർട്സ് സൊസൈറ്റി സംഘടിപ്പിച്ച കൊളറാഡോ ഫെസ്റ്റിവലിൽ കഥകളി, കൂടിയാട്ടം, മിഴാവിൽ പഞ്ചാരിമേളം, ഓട്ടൻതുള്ളൽ, ചാക്യാർകൂത്ത്, നൃത്ത സംഗമം (മഴയൊളി) എന്നീ കേരളീയ കലാരൂപങ്ങൾ അവതരിപ്പിക്കുന്നതിനായി, കലാമണ്ഡലം കൂത്തമ്പലത്തിലെ ഈ കലാരൂപങ്ങളുടെ ഹ്രസ്വ വീഡിയോകൾ രേഖപ്പെടുത്തി പ്രദർശിപ്പിച്ചു. വനിതാ കലാകാരികളെ പ്രോത്സാഹിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ച്, കൂടിയാട്ടം പരിശീലിക്കുന്ന വനിതാ കലാകാരികളെ പിന്തുണയ്ക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി സെന്റർ ഫോർ നങ്ങ്യാർകൂത്ത് ആരംഭിച്ചു.

ചിത്രകല, ശിൽപം, ഫോട്ടോഗ്രാഫി, ഗ്രാഫിക്സ്, കാർട്ടൂണിംഗ് തുടങ്ങി വിവിധ കലാരൂപങ്ങൾ വളർത്താനും വികസിപ്പിക്കാനും കേരള ലളിതകലാ അക്കാദമി പരിശ്രമിച്ചു. തിരുവനന്തപുരം, കിളിമാനൂർ, കായംകുളം, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശൂർ, കാലടി, മലമ്പുഴ, മലപ്പുറം, കോഴിക്കോട്, തലശ്ശേരി, പയ്യന്നൂർ, മാനന്തവാടി, കാഞ്ഞങ്ങാട് എന്നിവിടങ്ങളിലെ ആർട്ട് ഗാലറികൾ മികച്ച രീതിയിൽ പരിപാലിക്കപ്പെടുകയും കിളിമാനൂരിലെ രാജാ രവിവർമ്മ മെമ്മോറിയൽ കൾച്ചറൽ സെന്ററിലെ ആർട്ടിസ്റ്റ് റെസിഡൻസി സ്റ്റുഡിയോ കലാകാരന്മാർക്ക് താമസിക്കാനും ജോലി ചെയ്യാനും ഒരു പ്രത്യേക ഇടം നൽകുകയും  ചെയ്തു. എറണാകുളത്തെ ദർബാർ ഹാൾ ആർട്ട് സെന്ററിൽ അന്തരിച്ച കലാകാരൻ ശ്രീ. എ. രാമചന്ദ്രനെ ആദരിക്കുന്ന ഒരു ഗവേഷണ സൗകര്യവും ലൈബ്രറിയും ഉൾക്കൊള്ളുന്ന ധ്യാൻ ചിത്ര: എ. രാമചന്ദ്രൻ വിഷ്വൽ കൾച്ചറൽ ലാബ് സ്ഥാപിച്ചു. കൊല്ലത്തെ ശ്രീ നാരായണ ഗുരു കൾച്ചറൽ കോംപ്ലക്സിൽ എ. രാമചന്ദ്രൻ ആർട്ട് ഗാലറി സ്ഥാപിക്കുന്നതിനും അക്കാദമി സൗകര്യമൊരുക്കി, അവിടെ അദ്ദേഹത്തിന്റെ ചിത്രങ്ങളും കലാകാരന്റെ മറ്റ് കൃതികളും സൂക്ഷിച്ചിരിക്കുന്നു. ആദ്യകാലത്തെ ആവിഷ്കാര ശൈലിയിലുള്ള സൃഷ്ടികളിൽ നിന്ന് പ്രകൃതിപ്രചോദിതമായ പിന്നീടുള്ള കൃതികളിലേക്കുള്ള അദ്ദേഹത്തിന്റെ വൈവിധ്യമാർന്ന കലാസൃഷ്ടി ജീവിതം പ്രതിഫലിപ്പിക്കുന്ന രീതിയിൽ, ചിത്രങ്ങൾ, ശിൽപ്പങ്ങൾ, രേഖാചിത്രങ്ങൾ, മൺപാത്ര കലാസൃഷ്ടികൾ, കുട്ടികളുടെ പുസ്തകങ്ങൾ എന്നിവ ഉൾപ്പെടുന്ന സമഗ്രമായ ശേഖരമാണ് ഈ ഗാലറിയിൽ പ്രദർശിപ്പിച്ചിരിക്കുന്നത്. ബംഗ്ലാദേശുമായി ഒരു അന്താരാഷ്ട്ര കലാ വിനിമയ പരിപാടി നടത്തി. കോളേജുകളിലും സർവകലാശാലകളിലും കലാ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു പ്രത്യേക പരിപാടിയും ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ കലാകാരന്മാരുടെ സൃഷ്ടികളെ വിലമതിക്കുന്നതിനും  വാണിജ്യവത്ക്കരിക്കുന്നതിനുമായി ഒരു ഊർജ്ജസ്വലമായ പരിസ്ഥിതി സൃഷ്ടിക്കുന്നതിനായി അന്താരാഷ്ട്ര പ്രശസ്തരായ കലാകാരന്മാരുമായും ക്യൂറേറ്റർമാരുമായും കൂടിയാലോചനകൾ നടത്തിയിട്ടുണ്ട്.

കേരളത്തിലെ നൃത്തം, സംഗീതം, നാടകം, നാടോടി കലകൾ എന്നിവയുടെ വിവിധ രൂപങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സംഗീത നാടക അക്കാദമി നിരവധി പദ്ധതികൾ ആരംഭിച്ചു. കലാപ്രദർശനങ്ങൾ, വർക്ക്ഷോപ്പുകൾ, മേഖലാതല ഉത്സവങ്ങൾ എന്നിവയ്ക്കാണ് പ്രധാനമായും ശ്രദ്ധ നൽകിയത്. അപൂർവവും ചരിത്രപരമായ പ്രാധാന്യമുള്ളതുമായും നാശഭീഷണി നേരിടുന്നതുമായ കലാരൂപങ്ങളെ രേഖപ്പെടുത്തി സംരക്ഷിക്കുന്നതിനുള്ള പദ്ധതികളും അക്കാദമി നടപ്പിലാക്കി. വർക്ക്ഷോപ്പുകളും മേഖലാതല ഉത്സവങ്ങളും നിരവധി യുവ കലാകാരന്മാർക്ക് അവരുടെ കഴിവുകൾ മെച്ചപ്പെടുത്താനും പ്രമുഖ കലാകാരന്മാരുടെയും കലാമുന്നേറ്റങ്ങളുടെയും സൃഷ്ടികളും പ്രവണതകളും പരിചയപ്പെടാനും അവസരം നൽകി. വിവിധ കലാരൂപങ്ങളുമായി ബന്ധപ്പെട്ട ദൃശ്യരേഖകളും മറ്റു രേഖകളും സംഗ്രഹിക്കുന്നതിനായി ഡിജിറ്റൽ ആർക്കൈവ് സ്ഥാപിക്കുകയും, അതിനായി ആവശ്യമായ ഡിജിറ്റൽ ഉപകരണങ്ങൾ വാങ്ങുകയും ചെയ്തു. കേരളത്തിലെ വിവിധ രംഗകലാരൂപങ്ങളെ തിരിച്ചറിയുന്നതിനും 18 വയസിന് മുകളിലുള്ള എല്ലാ കലാകാരന്മാരെയും രജിസ്റ്റർ ചെയ്യുന്നതിനുമായി  ആർട്ടിസ്റ്റ് ഡാറ്റ ബാങ്ക് സോഫ്റ്റ്‌വെയർ സ്ഥാപിച്ചു. അക്കാദമിക്കായി പ്രത്യേകമായ ഒരു ഫോണ്ടും (font) വികസിപ്പിച്ചിട്ടുണ്ട്.സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് അക്കാദമി ഗ്രാന്റുകളും സ്കോളർഷിപ്പുകളും നൽകി. രംഗകലാമേഖലയിലെ മികവ് അംഗീകരിക്കുന്നതിനായി വാർഷികാടിസ്ഥാനത്തിൽ  അവാർഡുകളും വിതരണം ചെയ്തു. ഇതിനു പുറമേ, നിരവധി കലാകാരന്മാർക്ക് അപകട ഇൻഷുറൻസ് പരിരക്ഷയും അക്കാദമി നൽകുകയുണ്ടായി. അക്കാദമി സംഘടിപ്പിക്കുന്ന വാർഷിക അന്താരാഷ്ട്ര നാടകോത്സവമായ ഇന്റർനാഷണൽ തിയേറ്റർ ഫെസ്റ്റിവൽ ഓഫ് കേരള (ITFoK) ഇന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പ്രാതിനിധ്യത്തോടെ ഒരു അഭിമാനകരമായ അന്താരാഷ്ട്ര കലോത്സവമായി വികസിച്ചിട്ടുണ്ട്.

നാടൻ കലകളുടെ തുടർച്ചയായ വികസനം, പ്രോത്സാഹനം, സംരക്ഷണം എന്നിവ പരിപോഷിപ്പിച്ചുകൊണ്ട് കേരള ഫോക്ലോർ അക്കാദമി നാടൻ കലകളിൽ പരിശീലനം നൽകിവരുന്നു. കേരളത്തിലെ വൈവിധ്യമാർന്ന നാടൻ കലാരൂപങ്ങളെ തിരിച്ചറിയുകയും തരംതിരിക്കുകയും പൊതുജനങ്ങൾക്കിടയിൽ അവയുടെ വ്യാപ്തിയും സ്വാധീനവും വ്യാപിപ്പിക്കുകയും ചെയ്യുക എന്ന അക്കാദമിയുടെ പ്രധാന ദൗത്യം വിജയിച്ചു. ആരോഗ്യ പ്രശ്നങ്ങൾ നേരിടുന്ന കലാകാരന്മാർക്ക് അക്കാദമി വൈദ്യസഹായം നൽകുകയും അപൂർവവും അപ്രത്യക്ഷവുമായ നാടൻ കലാരൂപങ്ങൾ അവതരിപ്പിക്കുന്ന കുട്ടികൾക്ക് സ്റ്റൈപ്പൻഡ് നൽകുകയും ചെയ്തു. ഫെലോഷിപ്പുകൾ, ഗുരുപൂജ, അക്കാദമി അവാർഡുകൾ, യുവപ്രതിഭ അവാർഡ്, ഗ്രന്ഥാർച്ചന അവാർഡ്, ഡോക്യുമെന്ററി അവാർഡ്, എം.എ. ഫോക്‌ലോർ അവാർഡ് എന്നിവയുൾപ്പെടെ നിരവധി അവാർഡുകളും അംഗീകാരങ്ങളും നൽകി സംസ്ഥാനത്തെ നാടൻ കലാകാരന്മാരെ ആദരിച്ചു. കളരിപ്പയറ്റും മറ്റ് പരമ്പരാഗത നാടൻ കലകളും അവതരിപ്പി

ക്കുന്ന ഏഴ് ദിവസത്തെ വാർഷിക സാംസ്കാരിക ഉത്സവമായ പൊന്ന്യത്തങ്കം അക്കാദമി സംഘടിപ്പിച്ചു. കേരളത്തിലെ വിവിധ ഗ്രാമങ്ങളിൽ നിന്നുള്ള പ്രാദേശിക കലാകാരന്മാരെ ഉൾപ്പെടുത്തി ഗ്രാമോത്സവം എന്ന പരിപാടിയിൽ ഗ്രാമ സന്ധ്യ എന്ന പേരിൽ ഒരു നൂതന പരിപാടി സംഘടിപ്പിച്ചു. കേരള ഫോക്‌ലോർ അക്കാദമിയുടെ മുൻ ചെയർമാനും പ്രശസ്ത ഫോക്‌ലോറിസ്റ്റുമായ പി.കെ. കാളന്റെ സ്മരണയ്ക്കായി, നാടോടി വിജ്ഞാന മേഖലയിലെ മികച്ച പ്രതിഭകൾക്ക് അവാർഡുകൾ നൽകുന്നു. തഞ്ചാവൂരിലെ സൗത്ത് സോൺ കൾച്ചർ സെന്ററുമായി സഹകരിച്ച്, അക്കാദമി കണ്ണൂരിലെ വിവിധ സ്ഥലങ്ങളിൽ ദേശീയ നാടോടി ഉത്സവം സംഘടിപ്പിച്ച്, പശ്ചിമ ബംഗാൾ, അസം, ഹരിയാന, ജമ്മു കശ്മീർ എന്നിവിടങ്ങളിൽ നിന്നുള്ള കലാകാരന്മാരെയും കേരളത്തിലെ കലാകാരന്മാരെയും ഒരുമിച്ചു കൊണ്ടുവന്നു.

കഥകളി, കൂടിയാട്ടം, നങ്ങ്യാർകൂത്ത് എന്നിവയുടെ പുനരുജ്ജീവനത്തിനായി സമർപ്പിച്ചിരിക്കുന്ന ഒരു സംഘടനയായ മാർഗി, ഈ കലാരൂപങ്ങളിലെ പരിശീലന പരിപാടികൾ ശക്തിപ്പെടുത്തി. 2017-18 മുതൽ 2024-25 വരെയുള്ള കാലയളവിൽ, മാർഗി അതിന്റെ വ്യാപ്തിയും പ്രവർത്തനങ്ങളും വർദ്ധിപ്പിച്ചു. മാർഗി നിയന്ത്രിക്കുന്ന കഥകളി ഗ്രൂപ്പ് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ അവതരിപ്പിക്കുകയും പൊതുജനങ്ങളെ ഈ കലാരൂപങ്ങളിലേക്ക് ആകർഷിക്കുന്ന പുതിയ സൃഷ്ടികൾ അവതരിപ്പിക്കുകയും ചെയ്തു. കലയിലുള്ള താൽപര്യം നിലനിർത്തുന്നതിനായി കളിയോഗം അതിന്റെ ശേഖരത്തിൽ വൈവിധ്യമാർന്ന സൃഷ്ടികൾ നിലനിർത്തിയിട്ടുണ്ട്. കേരളത്തിന്റെ തലസ്ഥാന നഗരമായ തിരുവനന്തപുരത്ത് രണ്ട് സ്ഥലങ്ങളിലാണ് മാർഗിയുടെ പ്രവർത്തനങ്ങൾ നടക്കുന്നത്. കൂടിയാട്ടവും നങ്ങ്യാർകൂത്തും അവതരിപ്പിക്കുന്ന വലിയശാലയിലെയും കഥകളിക്ക് മാത്രമായി സമർപ്പിച്ചിരിക്കുന്ന കിഴക്കേകോട്ടയിലെയും സ്ഥാപനങ്ങളുടെ കേന്ദ്രങ്ങൾ പ്രകടന സെഷനുകളുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട്. പതിവ് കോഴ്സുകൾക്ക് പുറമേ, മാർഗി ഹ്രസ്വകാല കോഴ്സുകൾ വാഗ്ദാനം ചെയ്തു, പ്രത്യേകിച്ച് അന്താരാഷ്ട്ര വിദ്യാർത്ഥികൾക്കായി. ചെണ്ട, മദ്ദളം, ഇടക്ക, തിമില തുടങ്ങിയ സംഗീത ഉപകരണങ്ങളിലും മാർഗി പരിശീലനം നൽകിവരുന്നു.

വിവിധ ഇന്ത്യൻ നൃത്തരൂപങ്ങളുടെ പഠനം, പരിശീലനം, ഗവേഷണം എന്നിവയ്ക്കുള്ള ഒരു കേന്ദ്രമെന്ന നിലയിൽ ഗുരു ഗോപിനാഥ് നടന ഗ്രാമം പ്രാധാന്യം നേടിയിട്ടുണ്ട്. ഇന്ത്യൻ ക്ലാസിക്കൽ, സമകാലിക നൃത്ത പാരമ്പര്യങ്ങളുടെ സമ്പന്നമായ വൈവിധ്യത്തെ ആഘോഷിക്കുന്ന ഒരു ദേശീയ നൃത്തോത്സവമായ നാട്യോൽസവം, ഈ കാലയളവിൽ അതിന്റെ വ്യാപ്തിയും പ്രശസ്തിയും കണക്കിലെടുത്ത് വളർന്നു. സ്ഥാപനത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ ഗണ്യമായി മെച്ചപ്പെട്ടു. നൃത്തത്തിൽ വിദ്യാർത്ഥികളുടെ പ്രവേശനവും വർദ്ധിച്ചു.

സമൂഹങ്ങളുടെയും സംസ്കാരങ്ങളുടെയും ഒരു സഹവർത്തിത്വം വിഭാവനം ചെയ്യുന്ന ഭാരത് ഭവൻ നിരവധി നൂതന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. കുട്ടികളുടെ നാടകോത്സവം, സാംസ്കാരികോത്സവമായ 'ഭാരത് ഭവൻ കലാമേള', കൊങ്കണി കലാമേള, സൈബീരിയയുടെ നൃത്തം പ്രദർശിപ്പിക്കുന്ന സൈബീരിയൻ പാറ്റേണുകൾ, കുച്ചിപ്പുടി, അധികം അറിയപ്പെടാത്ത സത്രിയ എന്നിവയുൾപ്പെടെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള വിവിധ നൃത്തരൂപങ്ങൾ അവതരിപ്പിക്കുന്ന മറുനാടൻ നൃത്തസംഗമം തുടങ്ങിയ നൃത്തോത്സവങ്ങൾ എന്നിവയായിരുന്നു പ്രധാന പരിപാടികൾ. ഗസൽ രാത്രി, വീണാലാപനം, ഹിന്ദുസ്ഥാനി സംഗീത കച്ചേരി; ഇന്ത്യൻ കവിസമ്മേളനം; കല, സംസ്കാരം, സാഹിത്യം എന്നിവയെക്കുറിച്ചുള്ള പ്രഭാഷണ പരമ്പര; സാഹിത്യ സംവാദങ്ങൾ; ത്രിഭാഷാ സംഗമം; ഭാഷാ ശിബിരം; ദേശീയ സംയോജന ശില്പശാലകൾ; ഹരിയാനയിലെ ഒരു കേരള ഉത്സവം; കേരളത്തിൽ ഒരു ഹരിയാന ഉത്സവം; തിരക്കഥ, ചലച്ചിത്ര ആസ്വാദന ക്യാമ്പുകൾ തുടങ്ങിയ സംഗീത പരിപാടികളും ഭാരത് ഭവൻ നടത്തി. കേരളത്തിലെ സാംസ്കാരിക സ്ഥാപനങ്ങളെക്കുറിച്ചുള്ള ഒരു കൈപ്പുസ്തകവും, കേരളത്തിന്റെ ചരിത്രം, നിലവിലെ സ്ഥിതി, ഭാവി എന്നിവയെക്കുറിച്ച് സാംസ്കാരികം, സാമൂഹികം, വിദ്യാഭ്യാസം എന്നീ മേഖലകളിലെ പ്രമുഖർ എഴുതിയ ലേഖനങ്ങൾ ഉൾക്കൊള്ളുന്ന 'കനക കേരളം: ചരിത്രവും വർത്തമാനവും' എന്ന സ്മരണികയും പ്രസിദ്ധീകരിച്ചു.

പരമ്പരാഗത വാസ്തുവിദ്യയും ചുമർചിത്രകലയും പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും വേണ്ടി സമർപ്പിച്ചിരിക്കുന്ന സ്ഥാപനമായ വാസ്തു വിദ്യാ ഗുരുകുലം, അതിന്റെ പ്രവർത്തനങ്ങൾ വൈവിധ്യവൽക്കരിക്കുന്നതിലും കലാകാരന്മാർക്കും കരകൗശല വിദഗ്ധർക്കും ഉപജീവന അവസരങ്ങൾ നൽകുന്നതിലും ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. കേരളത്തിലെ വാസ്തു ശില്പ പാരമ്പര്യം, ചുമർചിത്ര കലാ പൈതൃകം, ദാരുശില ശില്പം, കരകൗശല പാരമ്പര്യങ്ങൾ എന്നിവയെ ഈ സ്ഥാപനം പരിപോഷിപ്പിക്കുന്നു, അതേസമയം, കലാപരവും പരിസ്ഥിതി സൗഹൃദപരവുമായ നിർമ്മാണ സാങ്കേതിക വിദ്യകൾ പ്രോത്സാഹിപ്പിക്കുന്നു. ഈ ആവശ്യങ്ങൾക്കായി പുരാതന ഘടനകളുടെ സർവെകളും ഡോക്യുമെന്റേഷനും സ്ഥാപനം നടത്തി, വാസ്തുവിദ്യ, ഹരിത നിർമ്മാണ സാങ്കേതികവിദ്യ, ചുവർചിത്ര രചന എന്നിവയിൽ കൺസൾട്ടൻസി സേവനങ്ങൾ നൽകി. പൈതൃക കെട്ടിടങ്ങളുടെ സുസ്ഥിര നിർമ്മാണവും ഡിജിറ്റൽ ഡോക്യുമെന്റേഷനും സംബന്ധിച്ച ഒരു ഗവേഷണ യൂണിറ്റ് ഇവർ സ്ഥാപിച്ചു.

ഗ്രാമീണ കലാകേന്ദ്രങ്ങളുടെ സ്ഥാപനം നിരവധി ഗ്രാമീണ കരകൗശല വിദഗ്ധരുടെ ഉപജീവനമാർഗം മെച്ചപ്പെടുത്തിയിട്ടുണ്ട്, അവരുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കാനും വിപണനം ചെയ്യാനുമുള്ള അവസരങ്ങൾ നൽകുന്നു. ഇന്നുവരെ, ഗ്രാമീണ കലാകേന്ദ്രങ്ങളുടെ 54 സ്വയം സഹായ സംഘങ്ങൾ ഗ്രാമീണ കലാകേന്ദ്രങ്ങളുടെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പുരാവസ്തു വകുപ്പിന് കീഴിലുള്ള 15 സംരക്ഷിത സ്മാരകങ്ങളുടെ 2D ഗ്രാഫിക്കൽ പ്രാതിനിധ്യം രേഖപ്പെടുത്തുന്ന പദ്ധതി 2023-24 കാലയളവിൽ വിജയകരമായി പൂർത്തിയാക്കി. ആദിവാസി സ്കൂൾ വിദ്യാർത്ഥികൾക്ക് ചുവർചിത്രകലയിൽ പരിശീലനം നൽകി. ഏറ്റുമാനൂർ ക്ഷേത്രത്തിലെ അതുല്യമായ പുരാതന ചുവർചിത്രങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു. തിരുവനന്തപുരത്തെ മ്യൂസിയം കോമ്പൗണ്ടിനുള്ളിൽ സ്ഥിതി ചെയ്യുന്ന ശ്രീചിത്ര എൻക്ലേവിൽ, പ്രശസ്ത ചിത്രകാരൻ പരേതനായ മമ്മിയൂർ ആശാനും ശിഷ്യന്മാരും വരച്ച ശ്രീചിത്തിര

തിരുനാൾ മഹാരാജാവിന്റെ എഴുന്നള്ളത്ത് ചുവർചിത്ര ത്തിന്റെ സംരക്ഷണ പ്രവർത്തനങ്ങൾ പൂർത്തിയായി.

എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറയിലെ ഹിൽ പാലസിൽ സ്ഥിതി ചെയ്യുന്ന സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസ്, കേരളത്തിന്റെ സാംസ്കാരിക പൈതൃകം പഠിക്കുക എന്ന ലക്ഷ്യത്തോടെ വർക്ക് ഷോപ്പുകൾ, സെമിനാറുകൾ, മേളകൾ എന്നിവ നടത്തുന്നു. പുരാവസ്തുശാസ്ത്രം, മ്യൂസിയ വുമായി ബന്ധപ്പെട്ട സ്റ്റഡിയോകൾ, ആർക്കൈവുകളുടെ സംരക്ഷണം എന്നീ മേഖലകളിൽ ബിരുദാനന്തര ബിരുദ, ഡിപ്ലോമ കോഴ്സുകളും നടത്തുന്നു. അക്കാദമിക പ്രവർ ത്തനങ്ങൾക്ക് പുറമേ, 52 ഏക്കർ വിസ്തൃതിയുള്ള ഹിൽ പാലസ് മ്യൂസിയം കാമ്പസും ഡിയെർ (മാൻ) പാർക്കും പരി പാലിക്കേണ്ട ഉത്തരവാദിത്തം കേന്ദ്രത്തിനാണ്. വികസന പരിപാടിയുടെ ഭാഗമായി, തദ്ദേശീയ ഔഷധ സസ്യങ്ങൾ ഉൾക്കൊള്ളുന്ന ഒരു സസ്യ നഴ്സറി ഹിൽ പാലസ് കാമ്പ സിൽ സ്ഥാപിച്ചിട്ടുണ്ട്.

ശ്രീനാരായണ ഗുരുവിന്റെ ദർശനങ്ങൾ പഠിപ്പിക്കുന്ന തിനും പ്രചരിപ്പിക്കുന്നതിനുമായി സമർപ്പിച്ചിരിക്കുന്നതും ചെമ്പഴന്തിയിൽ സ്ഥിതിചെയ്യുന്നതുമായ ശ്രീനാരായണ ഇന്റർനാഷണൽ സ്റ്റഡി സെന്റർ, ശ്രീനാരായണ ഗുരുവിന്റെ ദർശനങ്ങളും പ്രബോധനങ്ങളും പ്രചരിപ്പിക്കുന്നതിനായി നിരവധി പരിപാടികൾ നടത്തി. ഈ കാലയളവിൽ, കേന്ദ്രം ശ്രീനാരായണ ഇന്റർനാഷണൽ അവാർഡുകൾ സമ്മാ നിച്ചു, ശ്രീനാരായണ ഗുരു ദർശനവും സ്ത്രീ സമത്വവും പ്രസി ദ്ധീകരിച്ചു, ഗുരുദർശനത്തെക്കുറിച്ച് ഹ്രസ്വ കോഴ്സുകൾ, സെമിനാറുകൾ, വർക്ക് ഷോപ്പുകൾ എന്നിവ സംഘടി പ്പിക്കുകയും ശ്രീനാരായണ ഗുരുവിന്റെ കൃതികളുടെ ഒരു ഗ്ലോസറി പ്രസിദ്ധീകരിക്കുകയും ചെയ്തു. ആത്മോപദേ ശശതകത്തിൽ ഡിപ്ലോമ കോഴ്സ് നടത്തുന്നു. സർവമത സമ്മേളനങ്ങൾ, ആഴ്ചതോറുമുള്ള പഠന ക്ലാസുകൾ, പ്രതി മാസ ക്ലാസുകൾ / ചർച്ചകൾ എന്നിവ കേന്ദ്രം സംഘടിപ്പി ക്കുന്നു, ശ്രീനാരായണ ഗുരുവിന്റെ ജനന / മരണ വാർഷിക ങ്ങൾ ആചരിച്ചു.

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, തൃശൂർ എന്നിവിടങ്ങളിലെ ജവഹർ ബാലഭവനുകൾ അവയുടെ പ്രവർത്തനങ്ങൾ വൈവിധ്യവൽക്കരിക്കുകയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്തു.

### പുരാവസ്തു ഗവേഷണവും സംരക്ഷണവും

കഴിഞ്ഞ ദശകത്തിൽ, കേരളാ ചരിത്ര രൂപീകരണ ത്തിന് നിർണായക സംഭാവന നൽകുന്ന ഗവേഷണ പ്രവർ ത്തനങ്ങൾ സംസ്ഥാന പുരാവസ്തു വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. കോഴിക്കോട് ഫറോക്കിനടുത്തുള്ള വീയൂർ ചെങ്കൽ ഗുഹ, ഇച്ചന്നൂർ ചെങ്കൽ ഗുഹ, നല്ലൂർ ഗവൺമെന്റ് എൽ.പി. സ്കൂൾ, മലപ്പുറത്തെ പെരുമ്പടപ്പ് വലിയ കിണർ, ആറന്മുള എന്നിവിടങ്ങളിൽ പുരാവസ്തു വകുപ്പ് ശ്രദ്ധേയമായ സർ വെകളും ഖനനങ്ങളും നടത്തി. പത്മനാഭപുരം കൊട്ടാര സമുച്ചയത്തിലെ അച്ചടിശാല (കമ്മട്ടപ്പുര), വലിയ ഊട്ടുപുര (വലിയ ഊട്ടുപുര), പാൽപ്പുര മാളിക, മണിമേട എന്നിവ യുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ, സമുച്ചയത്തിലെ ഏറ്റവും പഴയ ഘടനയായ എട്ടുകെട്ട്, അതിനോട് ചേർ ന്നുള്ള കുളപ്പുരമാളിക, തൃപ്പൂണിത്തുറ ഹിൽ പാലസിലെ ഭക്ഷണശാല (വിളമ്പുപുര), ചെറിയ ഊട്ടുപുര എന്നിവ യുടെ പുനരുദ്ധാരണം, കിളിമാനൂർ കൊട്ടാരം, ചെങ്ങന്നൂ രിനടുത്തുള്ള കുട്ടംപേരൂരിലെ കാർത്ത്യായനി ക്ഷേത്രം, കോട്ടയത്തെ തൃക്കൊടിത്താനം മഹാദേവ ക്ഷേത്രം, കണ്ണൂർ തൊടീക്കളത്തിലെ ശിവക്ഷേത്രം, തിരുവനന്തപുരത്തെ അരുവിക്കര ക്ഷേത്രങ്ങൾ എന്നിവയുടെ സംരക്ഷണ പ്രവർ ത്തനങ്ങൾ പൂർത്തിയായി.

സുവർണ്ണ ജൂബിലി മ്യൂസിയം സ്ഥിതി ചെയ്യുന്ന സംസ്ഥാന നിയമസഭയുടെ പൈതൃക കെട്ടിടത്തിന്റെ നവീ കരണം വകുപ്പ് ഏറ്റെടുത്തു. വാച്ച് ടവറിന്റെയും ചുമരുക ളുടെയും പണി പരമ്പരാഗത കുമ്മായം ഉപയോഗിച്ചാണ് നടത്തിയത്. ചേന്ദമംഗലത്തെ ജൂത സിനഗോഗ് ഉൾപ്പെടെ നിരവധി സ്മാരകങ്ങളുടെ അറ്റകുറ്റപ്പണികളും സംരക്ഷണ പ്രവർത്തനങ്ങളും വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. എറണാകുളം ജില്ല, കണ്ണൂരിലെ അറക്കൽ കൊട്ടാരം, തൃപ്പൂണിത്തുറയിലെ ഹിൽ പാലസ്, തിരുവനന്തപുരത്തെ നെടുമങ്ങാട് കോയി ക്കൽ കൊട്ടാരം, തൃശ്ശൂരിലെ ശക്തൻ തമ്പുരാൻ കൊട്ടാരം, ഫോർട്ട് ഗേറ്റ്സ്, കോഴിക്കോട്ട് കോട്ടയ്ക്കലിലെ കുഞ്ഞാലി മരക്കാർ സ്മാരകം, തൃക്കൊടിത്താനം ക്ഷേത്രം, കൃഷ്ണപുരം കൊട്ടാരം, പാഴൂർ പെരുംതൃക്കോവിൽ, മലപ്പുറത്തെ കോട്ടക്കലിലെ വെങ്കിടത്തേവർ ക്ഷേത്രം, മട്ടാഞ്ചേരിയിലെ അരിയിട്ടുവാഴ്ച കൊട്ടാരം, പുനലൂരിലെ തൂക്കുപാലം, തിരു നായത്തോട് ക്ഷേത്രം തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു.

**നാണയശാസ്ത്ര പഠനങ്ങളിലെ പുരോഗതി**: കേരളത്തിന്റെ യും പുരാതന സമൂഹങ്ങളുടെയും സാമൂഹിക-സാമ്പത്തിക ചരിത്രത്തെക്കുറിച്ച് വകുപ്പ് നടത്തിയ നാണയശാസ്ത്ര പഠന ങ്ങൾ പുതിയ ഉൾക്കാഴ്ചകൾ നൽകുന്നു. രണ്ട് സഹസ്രാബ്ദ ങ്ങൾക്കുമുമ്പുള്ള ലോകത്തിന്റെ മറ്റു ഭാഗങ്ങളുമായുള്ള കേരളത്തിന്റെ ബന്ധം പുരാതന നാണയങ്ങളുടെ ശേഖര ണത്തിലൂടെ വെളിവാക്കപ്പെടുന്നുണ്ട്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ- നിന്നു ലഭിച്ച നിലവിലുള്ള നാണയ ശേഖരം നിലനിർത്തുന്നതിനൊപ്പം, മുസിരിസ് പോലുള്ള സ്ഥലങ്ങളെക്കുറിച്ച് പുതിയ ഗവേഷണങ്ങൾ നടക്കു ന്നുണ്ട്. 2017-ൽ, കണ്ണൂരിലെ പരിയാരത്തെ ചെറുതൂർ, ചെറുതാഴം പ്രദേശത്തെ കൃഷിഭൂമി കുഴിക്കുമ്പോൾ കണ്ടെ ടുത്ത 266 വെള്ളി നാണയങ്ങൾ അടങ്ങിയ ഒരു നിധി വകുപ്പിന് ലഭിച്ചു. 1862 മുതൽ ബ്രിട്ടീഷ് കൊളോണിയൽ കാലഘട്ടത്തിലെ ഈ നാണയങ്ങൾ പ്രചാരത്തിലുണ്ട്, വിക്ടോറിയ രാജ്ഞിയുടെയും എഡ്വേർഡ് ഏഴാമൻ രാജാ വിന്റെയും ജോർജ് അഞ്ചാമൻ രാജാവിന്റെയും ചിത്രങ്ങൾ നാണയങ്ങളിൽ പതിച്ചിട്ടുണ്ട്. വകുപ്പിന് ഇത്രയും വലിയ അളവിൽ ബ്രിട്ടീഷ്-ഇന്ത്യ വെള്ളി നാണയങ്ങൾ ലഭിക്കുന്ന ത് ഇതാദ്യമാണ്.

**ആർക്കൈവ്സിലെ പുരോഗതി**: 1962-ൽ രൂപീകൃതമായ കേരള സംസ്ഥാന ആർക്കൈവ്സ് വകുപ്പ്, സംസ്ഥാന സർക്കാരിന്റെയും അതിന്റെ വിവിധ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും സ്ഥിരമൂല്യമുള്ള നിലവിലുള്ളതല്ലാത്ത എല്ലാ രേഖകളുടെയും സൂക്ഷിപ്പുകാ രാണ്. സർക്കാർ രേഖകളും താളിയോല കൈയെഴുത്തു പ്രതികളും ഉൾപ്പെടെയുള്ള ചരിത്ര മൂല്യമുള്ള രേഖകളുടെ സൂക്ഷിപ്പുകാരായും വകുപ്പ് പ്രവർത്തിക്കുന്നു. ഭാവിയിലെ

ഉപയോഗത്തിനായി അവയുടെ സംരക്ഷണം ഉറപ്പാക്കുന്നതിന് വകുപ്പ് ഈ രേഖകൾ ശാസ്ത്രീയമായി സൂക്ഷ്മതയോടെ സംരക്ഷിക്കുകയും ചെയ്തിട്ടുണ്ട്.

ആർക്കൈവ്സ് വകുപ്പ് സി-ഡിറ്റ് വഴി ഇതിനകം 51,42,501 പേജുകൾ ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. 'ഇ-ലിഖിതം 2.0 വെബ് ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ' വഴി ഗവേഷണ പണ്ഡിതർക്ക് ഡിജിറ്റൈസ് ചെയ്ത് ഈ ഡാറ്റ ഓൺലൈനായി നൽകാനാണ് ആർക്കൈവ്സ് വകുപ്പ് വിഭാവനം ചെയ്യുന്നത്. ആർക്കൈവൽ റെക്കോർഡായ മതിലകം രേഖകളുടെ ശബ്ദകോശത്തിന്റെ പ്രസിദ്ധീകരണം കേരളത്തിന്റെ പുരാരേഖാ സാഹിത്യത്തിനും ചരിത്ര പാണ്ഡിത്യത്തിനും ഒരു പ്രധാന കൂട്ടിച്ചേർക്കലാണ്. ആർക്കൈവ്സ് വകുപ്പിലെ ജീവനക്കാർക്ക് അവരുടെ പ്രൊഫഷണൽ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും റെക്കോർഡുകളുടെ ഫലപ്രദമായ സംരക്ഷണവും കൈകാര്യം ചെയ്യലും ഉറപ്പാക്കുന്നതിനുമായി റെക്കോർഡ് മാനേജ്മെന്റ് പരിശീലന പരിപാടികൾ നടത്തി.

തിരുവനന്തപുരത്തെ കേരള സർവകലാശാലയുടെ കാര്യവട്ടം കാമ്പസിൽ ഇന്റർനാഷണൽ ആർക്കൈവ്സ് ആൻഡ് ഹെറിറ്റേജ് സെന്റർ സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി, കേരള മ്യൂസിയത്തെ നിർവ്വഹണ ഏജൻസിയായി നിയമിച്ചിട്ടുണ്ട്. ജില്ലയുടെ തനതായ പൈതൃകവും പുരാരേഖാ നിധികളും സംരക്ഷിക്കുന്നതിനും പ്രദർശിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് വകുപ്പ് ഇടുക്കിയിൽ ഒരു ജില്ലാ പൈതൃക കേന്ദ്രവും ആർക്കൈവൽ ഗാലറിയും സ്ഥാപിച്ചിട്ടുണ്ട്. പ്രാദേശിക പ്രാധാന്യമുള്ള മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് വകുപ്പ് പ്രവർത്തിക്കുന്നു.

തിരുവനന്തപുരത്തെ സെൻട്രൽ ആർക്കൈവ്സ് കോംപ്ലക്സിൽ സ്ഥിതി ചെയ്യുന്ന പാം ലീഫ് മാനുസ്ക്രിപ്റ്റ് മ്യൂസിയം (Palm-leaf Manuscript Museum), ലോകത്തിലെ തന്നെ ഇത്തരത്തിലുള്ള ആദ്യത്തെ മ്യൂസിയമാണ്. ഏകദേശം 650 വർഷത്തോളം നിലനിന്ന തിരുവിതാംകൂർ രാജവംശത്തിന്റെ ഭരണപരവും സാമൂഹികവും സാമ്പത്തികവുമായ ചരിത്രത്തിലേക്ക് വെളിച്ചം വീശുന്ന അമൂല്യരേഖകൾ ഇവിടെ സംരക്ഷിക്കപ്പെട്ടിരിക്കുന്നു. ലോകത്തിലെ ആദ്യത്തെ താളിയോല കൈയെഴുത്തുപ്രതി മ്യൂസിയം എന്ന് വിളിക്കപ്പെടുന്ന ഇത്, സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള സെൻട്രൽ ആർക്കൈവ്സായി പ്രവർത്തിക്കുന്ന ഫോർട്ട് ഏരിയയിലെ മൂന്ന് നൂറ്റാണ്ടുകൾ പഴക്കമുള്ള സമുച്ചയത്തിന്റെ താഴത്തെ നിലയിലാണ് സജ്ജീകരിച്ചിരിക്കുന്നത്. ഒരു കോടി താളിയോലകളുടെ ശേഖരമുള്ള ഇത്, സംസ്ഥാന സർക്കാരിന്റെ മ്യൂസിയങ്ങൾക്കായുള്ള നോഡൽ ഏജൻസിയായ കേരള, ചരിത്ര, പൈതൃക മ്യൂസിയം, എട്ട് ഗാലറികളിലായി വിഭജിച്ചിരിക്കുന്ന 187 കൈയെഴുത്തുപ്രതികൾ പ്രദർശിപ്പിച്ചിട്ടുണ്ട്. ഡിസ്പ്ലേ ബോർഡുകൾ, ഫീച്ചർ വീഡിയോകൾ, ക്യൂആർ-കോഡ് സംവിധാനങ്ങൾ, ഇൻസ്റ്റാളേഷനുകൾ എന്നിവയുൾപ്പെടെ, ഗവേഷകർക്കും സംസ്ഥാനത്തിന്റെ സമ്പന്നമായ ചരിത്രത്തെക്കുറിച്ച് പഠിക്കാൻ ആഗ്രഹിക്കുന്നവർക്കും ഈ മ്യൂസിയം പ്രിയപ്പെട്ടതാണ്.

**മ്യൂസിയം, മൃഗശാലാ ഡയറക്ടറേറ്റിന്റെ പ്രധാന നേട്ടങ്ങൾ**

തിരുവനന്തപുരത്തെ സുവോളജിക്കൽ പാർക്ക്, തൃശൂർ മൃഗശാല, പ്രകൃതി ചരിത്ര മ്യൂസിയം, ശ്രീ ചിത്ര ആർട്ട് ഗാലറി, കെസിഎസ് പണിക്കർ ഗാലറി, തിരുവനന്തപുരത്തെ ശ്രീ ചിത്ര എൻക്ലേവ്, കോഴിക്കോട് 3D തിയേറ്ററിലെ കൃഷ്ണ മേനോൻ മ്യൂസിയം, തൃശ്ശൂരിലെ ഒരു മൾട്ടി പർപ്പസ് മ്യൂസിയം എന്നിവയ്ക്ക് പുറമേ മ്യൂസിയങ്ങളുടെയും ഗാലറികളുടെയും സൗകര്യങ്ങൾ മ്യൂസിയം, മൃഗശാലാ വകുപ്പ് മെച്ചപ്പെടുത്തിയിട്ടുണ്ട്. ഈ സ്ഥാപനങ്ങൾ ധാരാളം വിനോദസഞ്ചാരികളെ ആകർഷിച്ചിട്ടുണ്ട്. സമീപവർഷങ്ങളിൽ മ്യൂസിയം, മൃഗശാലാ ഡയറക്ടറേറ്റ് നിരവധി പ്രധാന ആസ്തികൾ സൃഷ്ടിച്ചു. 2021-22 ൽ, പുതിയ പ്രദർശനങ്ങളും സന്ദർശക സൗകര്യങ്ങളും ഉപയോഗിച്ച് നാച്ചുറൽ ഹിസ്റ്ററി മ്യൂസിയം നവീകരിച്ചു. പ്രശസ്ത കലാകാരനായ രാജാ രവിവർമ്മയുടെ കൃതികൾ പ്രദർശിപ്പിക്കുന്നതിനായി, 2023-24 ൽ ഒരു പുതിയ രാജാ രവിവർമ്മ ആർട്ട് ഗാലറി തുറന്നു. 2024-25 ൽ, എ.കെ. ഗോപാലന്റെ സ്മരണയ്ക്കായി എ.കെ.ജി. സ്മൃതി മ്യൂസിയം സ്ഥാപിച്ചു, കേരളത്തിന്റെ കൈത്തറി പൈതൃകം സംരക്ഷിക്കുന്നതിനായി കണ്ണൂരിൽ ഒരു കൈത്തറി മ്യൂസിയം സ്ഥാപിച്ചു. മ്യൂസിയത്തിൽ ഒരു സംരക്ഷണ ലബോറട്ടറിയും സ്ഥാപിച്ചു.

**മുന്നോട്ട്**

കഴിഞ്ഞ ഒരു ദശാബ്ദക്കാലമായി നടത്തപ്പെട്ട നയപരമായ ഇടപെടലുകളും സ്ഥാപനാടിസ്ഥാനത്തിലുള്ള നിക്ഷേപങ്ങളും അടിസ്ഥാനമാക്കി നോക്കുമ്പോൾ, കേരളത്തിന്റെ കലാ-സാംസ്കാരിക മേഖല ഇനി ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത് ആധുനിക സാങ്കേതികവിദ്യയുടെയും ആഗോള സാമ്പത്തിക മാറ്റങ്ങളുടെയും പശ്ചാത്തലത്തിലുള്ള വളർച്ചയിലാണ്. സാംസ്കാരികം, പൈതൃകം, മ്യൂസിയങ്ങൾ, പുരാവസ്തു ശാസ്ത്രം, അനുബന്ധ മേഖലകൾ എന്നിവയ്ക്കായി സംസ്ഥാനം ബജറ്റ് വിഹിതം വർദ്ധിപ്പിച്ചത്, പരിഷ്കാരങ്ങൾ തീവ്രമാക്കാനും അവയുടെ സ്വാധീനം വിപുലീകരിക്കാനുമുള്ള അവസരം നൽകുന്നു.

കൂടുതൽ സംയോജിതമായ ഒരു സാംസ്കാരിക ഭരണനിർവ്വഹണ ചട്ടക്കൂടിലേക്ക് കേരളം മാറേണ്ടതുണ്ട്. പൈതൃക സംരക്ഷണം, കലാകാരന്മാരുടെ ക്ഷേമം, വിദ്യാഭ്യാസം, വിനോദസഞ്ചാരം, ഡിജിറ്റൽ നവീകരണം എന്നിവയെ ഒരു ഏകീകൃത ദീർഘകാല തന്ത്രവുമായി യോജിപ്പിക്കുന്നതാകണം സാംസ്കാരിക നയം. സാംസ്കാരിക സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, അക്കാദമിക സമിതികൾ, സിവിൽ സൊസൈറ്റി സംഘടനകൾ എന്നിവർക്കിടയിലുള്ള ഏകോപനം ശക്തിപ്പെടുത്തുന്നത്, പദ്ധതികളുടെ കാര്യക്ഷമമായ നടപ്പിലാക്കലും വിപുലമായ ജനകീയ പങ്കാളിത്തവും ഉറപ്പാക്കും. സ്ത്രീകൾ, പട്ടികജാതി-പട്ടിക വർഗ്ഗക്കാർ, ന്യൂനപക്ഷങ്ങൾ, അതിഥിത്തൊഴിലാളികൾ, ഭിന്നശേഷി ക്കാർ എന്നിവരുടെ കൂടുതൽ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് സാംസ്കാരിക മേഖലയിൽ എല്ലാവരേയും സമൂലമായി ഉൾക്കൊള്ളുന്ന രീതി കൂടുതൽ സ്ഥാപനവൽക്കരിക്കേണ്ടതുണ്ട്. സമർപ്പിത വേദികൾ, ലക്ഷ്യാധിഷ്ഠിത ധനസഹായം, ജില്ലാ, പ്രാദേശിക തലങ്ങളിലെ വികേന്ദ്രീകൃത ഉത്സവങ്ങൾ എന്നിവ തുല്യമായ പ്രവേശനത്തിനും

പ്രാതിനിധ്യത്തിനും പിന്തുണ നൽകും. സാംസ്കാരിക ഇടങ്ങളേയ്ക്കുള്ള പ്രവേശ്യത ഭൗതികമായും ഡിജിറ്റലായും സാധിതമാക്കപ്പെടണം.

കലാകാരന്മാരുടെ ക്ഷേമം കേന്ദ്രസ്ഥാനത്തുള്ള ഒരു മുൻഗണനയായി തുടരണം. സാമൂഹ്യസുരക്ഷ, ഇൻഷുറൻസ്, പെൻഷൻ പരിധി വികസിപ്പിക്കാനും, വരുമാന അസ്ഥിരതയെ നേരിടാനും, പ്രത്യേകിച്ച് മുതിർന്ന കലാകാരന്മാർക്ക് നിരന്തരമായ പ്രൊഫഷണൽ പങ്കാളിത്തം ഉറപ്പാക്കാനും നടപടികൾ എടുക്കേണ്ടത് അത്യാവശ്യമാണ്. വിവിധ കലാരംഗങ്ങളിലെയും പ്രദേശങ്ങളിലെയും കലാകാരന്മാരെ വ്യവസ്ഥിതമായി തിരിച്ചറിയുകയും രജിസ്റ്റർ ചെയ്യുകയും ചെയ്യുന്നത്, ക്ഷേമ പദ്ധതികൾ എല്ലാ യോഗ്യരായ ഗുണഭോക്താക്കൾക്കും എത്തുന്നതിന് സഹായകമാകും.

പൈതൃക സംരക്ഷണം സമഗ്രവും ഭാവി ലക്ഷ്യമാക്കിയുള്ളതുമായ ഒരു സമീപനം സ്വീകരിക്കണം. ശക്തമായ ഒരു പൈതൃക നിയമം നടപ്പിലാക്കുക, പുരാവസ്തുശാസ്ത്രത്തിനും നാട്ടറിവ് കലകൾക്കും ഉത്തരവാദിത്തമുള്ള സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക, സ്ഥാവര-ജംഗമ പൈതൃകങ്ങളുടെ രേഖപ്പെടുത്തലിനും ഡിജിറ്റൈസേഷനും മുൻഗണന നൽകുക എന്നിവ നിർണായകമാണ്. സംസ്ഥാനതല ഓപ്പൺ-ആക്സസ് ഡിജിറ്റൽ ആർക്കൈവ് സൃഷ്ടിക്കുന്നത് സാംസ്കാരിക വിജ്ഞാനം സംരക്ഷിക്കുന്നതിനൊപ്പം ഗവേഷണം, വിദ്യാഭ്യാസം, പൊതുജന ഇടപെടൽ എന്നിവ പ്രാപ്തമാക്കും.

സാംസ്കാരിക തുടർച്ച നിലനിർത്തുന്നതിന് വിദ്യാഭ്യാസവും ശേഷി വികസനവും ശക്തിപ്പെടുത്തണം. കല, നാടകം, സിനിമ, പൈതൃക പഠനങ്ങൾ എന്നിവ സ്കൂൾ, ഉന്നത വിദ്യാഭ്യാസ പാഠ്യപദ്ധതികളിൽ സംയോജിപ്പിക്കുന്നത് സാംസ്കാരികമായി അറിവുള്ള പൗരന്മാരെ വളർത്തിയെടുക്കാൻ സഹായിക്കും. മ്യൂസിയം പഠനങ്ങൾ, സംരക്ഷണം, ഡിജിറ്റൽ കലകൾ, സാംസ്കാരിക മാനേജ്മെന്റ് എന്നിവയിൽ പ്രൊഫഷണൽ പരിശീലനം വികസിപ്പിക്കുന്നത് ഈ മേഖലയ്ക്കായി വൈദഗ്ധ്യമുള്ള മനുഷ്യവിഭവശേഷി സൃഷ്ടിക്കാൻ സഹായിക്കും.

സാംസ്കാരിക ഉൽപ്പാദനവും അതിന്റെ പ്രാപ്യതയും വിപുലീകരിക്കുന്നതിന് കേരളം ഡിജിറ്റൽ, സാങ്കേതിക നവീകരണങ്ങൾ പ്രയോജനപ്പെടുത്തണം. മ്യൂസിയങ്ങളിലും പൊതു കലകളിലും മ്യൂസിയങ്ങളിലും പൊതുകലകളിലും ഡിജിറ്റൽ ലോകത്തെ യഥാർഥ അനുഭവങ്ങളാക്കി മാറ്റുന്ന സാങ്കേതിക വിദ്യകളുടെ പ്രയോഗം, ആനിമേഷൻ പ്രോത്സാഹനം, ഗെയിമിംഗ്, പ്രാദേശിക സംസ്കാരത്തെ കേന്ദ്രീകരിച്ചുള്ള ഡിജിറ്റൽ കഥപറച്ചിൽ എന്നിവയുടെ പ്രോത്സാഹനം എന്നിവ സൗന്ദര്യാത്മക പാരമ്പര്യങ്ങൾ സംരക്ഷിക്കുന്നതിനൊപ്പം സൃഷ്ടിപരവും സാമ്പത്തികവുമായ പുതിയ അവസരങ്ങൾ തുറക്കും.

സാംസ്കാരിക അടിസ്ഥാന സൗകര്യങ്ങൾ അളവിലും ഗുണനിലവാരത്തിലും വളർന്നുകൊണ്ടിരിക്കണം. മ്യൂസിയങ്ങളും ഗാലറികളും ശക്തിപ്പെടുത്തുക, പുതിയ വിഷയാധിഷ്ഠിത, ജില്ലാ തല സ്ഥാപനങ്ങൾ സ്ഥാപിക്കുക, സാംസ്കാരിക കേന്ദ്രങ്ങളാക്കി സ്ഥലങ്ങൾ പുനർനിർമ്മിക്കുക എന്നിവ നഗര, പ്രാദേശിക സാംസ്കാരിക ജീവിതത്തെ ഉത്തേജിപ്പിക്കും. നന്നായി രൂപകൽപ്പന ചെയ്ത ഒരു സാംസ്കാരിക ടൂറിസം സർക്യൂട്ടിലൂടെ സാംസ്കാരിക സ്ഥാപനങ്ങൾ, ഉത്സവങ്ങൾ, പൈതൃക സ്ഥലങ്ങൾ, പൊതു കല എന്നിവയെ ബന്ധിപ്പിക്കുന്നത് കേരളത്തിന്റെ ദേശീയ, അന്തർദേശീയ സാംസ്കാരിക സാന്നിധ്യത്തെ കൂടുതൽ മെച്ചപ്പെടുത്തും.

ഈ നടപടികൾ ഒരുമിച്ച്, കേരളത്തിന്റെ വ്യതിരിക്തമായ സാംസ്കാരിക സ്വത്വം നിലനിർത്താനും, സാമൂഹിക ഐക്യം ശക്തിപ്പെടുത്താനും, കലാകാരന്മാരെയും സ്ഥാപനങ്ങളെയും പിന്തുണയ്ക്കാനും, ജനാധിപത്യ മൂല്യങ്ങൾ, ഉൾക്കൊള്ളുന്ന വികസനം, സൃഷ്ടിപരമായ സമ്പദ്‌വ്യവസ്ഥ എന്നിവയ്ക്ക് ഒരു പ്രധാന സംഭാവന നൽകുന്നതായി കലാസാംസ്കാരിക മേഖലയെ സ്ഥാപിക്കാനും സഹായിക്കും.

## അദ്ധ്യായം 26

# കായികവും യുവജനകാര്യവും

കായികരംഗത്തെ എല്ലാ മേഖലകളുടെയും വികസനത്തിൽ കേരള സർക്കാർ നിർണായകമായ മുന്നേറ്റം നടത്തിയിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്തിന്റെ യുവജന വികസന അജണ്ടയിൽ കായിക വിനോദങ്ങൾക്ക് മുഖ്യ പ്രാധാന്യമാണ് നൽകപ്പെട്ടിരിക്കുന്നത്. കായികം, നൈപുണ്യ പരിശീലനം, മാനസികാരോഗ്യ സേവനങ്ങൾ, കമ്മ്യൂണിറ്റി സന്നദ്ധസേവനം എന്നിവയുൾപ്പെടെയുള്ള യുവജന പരിപാടികളിൽ സംസ്ഥാനം നിരവധി നിക്ഷേപങ്ങൾ നടത്തിത്തുടങ്ങിയിട്ടുണ്ട്. കഴിഞ്ഞ ദശകത്തിൽ കേരളത്തിലെ കായിക മേഖല ഒരുവലിയ പരിവർത്തനത്തിന് വിധേയമായി.

പതിമൂന്നും, പതിനാലും പഞ്ചവത്സര പദ്ധതിക്കാലയളവുകളിൽ, നല്ല ആരോഗ്യം, സാംസ്കാരിക ക്ഷേമം, വിശാലാടിസ്ഥാനത്തിലുള്ള വിനോദ സൗകര്യങ്ങൾ, സാമൂഹിക ഉൾക്കൊള്ളൽ എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി, സംസ്ഥാനത്ത് ഒരു ഊർജ്ജസ്വലമായ കായിക സംസ്കാരത്തെ പ്രോത്സാഹിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുക എന്നതാണ് കേരള സർക്കാർ ലക്ഷ്യമിട്ടത്. സമഗ്രവും സുസ്ഥിരവുമായ കായിക വികസനത്തിനായുള്ള ദീർഘകാല കാഴ്ചപ്പാടിന് അനുസൃതമായി, സംസ്ഥാനത്തിന്റെ കായിക ആവാസവ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിന് ലക്ഷ്യമിട്ടുള്ള സമഗ്രമായ നിരവധി സംരംഭങ്ങൾ കേരള സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുകയും നവീകരിക്കുകയും ചെയ്യുക, പ്രതിഭകളെ വളർത്തുന്നതിനായി ലക്ഷ്യമിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുക, താഴേത്തട്ടിലുള്ളവരുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുക എന്നിവയുൾപ്പെടെയുള്ള പ്രധാന ഊന്നൽ മേഖലകളെ ചുറ്റിപ്പറ്റിയാണ് ഈ ശ്രമങ്ങൾ ക്രമീകരിച്ചിരിക്കുന്നത്.

2023-ൽ, "എല്ലാവർക്കും സ്പോർട്സ് " എന്ന തത്വത്താൽ നയിക്കപ്പെടുന്ന ഒരു സമഗ്ര കായിക നയം രൂപീകരിച്ച കേരളം, അങ്ങനെ ചെയ്യുന്ന ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമായി. ഈ നയം, ഉൾച്ചേർക്കലിനെ (inclusivity) അഭിസംബോധന ചെയ്യുകയും, കായിക മേഖലയിലൂടെ സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉൽപ്പാദനത്തിൽ (GSDP) 2 മുതൽ 3 ശതമാനം വരെ സംഭാവന നൽകാൻ ലക്ഷ്യമിടുന്ന 'സ്പോർട്ട്സ് ഇക്കോണമി' എന്ന തന്ത്രപ്രധാനമായ കാഴ്ചപ്പാടിന് അടിത്തറ പാകുകയും ചെയ്യുന്നു. കായികരംഗത്തിന്റെ വിശാലമായ സാമ്പത്തിക, സാമൂഹിക സാധ്യതകൾ തിരിച്ചറിഞ്ഞുകൊണ്ട്, കഴിഞ്ഞ ദശകത്തിൽ ഈ മേഖലയെ പരിഷ്കരിക്കുന്നതിനായി ഗവൺമെന്റ് ഒരു പ്രവർത്തനാധിഷ്ഠിത സമീപനം സ്വീകരിച്ചു. കായിക പ്രകടനത്തിലെ മികവിനപ്പുറം, വികേന്ദ്രീകരണത്തിനും അന്താരാഷ്ട്ര സഹകരണത്തിനും സർക്കാർ ഊന്നൽ നൽകിയിട്ടുണ്ട്. കായിക അടിസ്ഥാന സൗകര്യങ്ങളിലും സേവനങ്ങളിലും സ്വകാര്യ നിക്ഷേപം ആകർഷിക്കുന്നതിനായി പൊതു-സ്വകാര്യ പങ്കാളിത്തം (PPP) സ്വീകരിക്കുന്നതും സംസ്ഥാനത്തിന്റെ കായിക നയം വിഭാവനം ചെയ്യുന്നു. 2024-ലെ അന്താരാഷ്ട്ര കായിക ഉച്ചകോടിയിൽ സംസ്ഥാനത്തിന്റെ നേട്ടങ്ങളും ശേഷിസാധ്യതകളും അവതരിപ്പിക്കപ്പെട്ടു. കൂടാതെ 5000 കോടിയിലധികം രൂപയുടെ നിക്ഷേപ ഓഫറുകൾ നേടിയെടുത്തു.

'ഒരു പഞ്ചായത്ത് ഒരു കളിസ്ഥലം' പോലെയുള്ള പരിപാടികൾ എല്ലാ പ്രദേശങ്ങളിലും യുവജനങ്ങൾക്ക് കളിക്കാനും പരിശീലനം നേടാനും ഇടം നൽകുന്നുണ്ടെന്ന് ഉറപ്പാക്കിയിട്ടുണ്ട്. കൂടാതെ, റണ്ണിംഗ് ട്രാക്കുകൾ (ഓട്ടക്കളങ്ങൾ), നീന്തൽക്കുളങ്ങൾ, ഇൻഡോർ സ്റ്റേഡിയങ്ങൾ തുടങ്ങിയ കൂടുതൽ നൂതനമായ അടിസ്ഥാന സൗകര്യങ്ങൾ ആരംഭിച്ചത് കായികതാരങ്ങൾക്ക് ഗുണം ചെയ്തിട്ടുണ്ട്. ചെറുപ്പം മുതലേ ഫിറ്റ്നസ് അവബോധവും കായിക സംസ്കാരവും വളർത്തിയെടുക്കുന്നതിനായി, സംസ്ഥാനത്തുടനീളമുള്ള സ്കൂളുകളിൽ 'ഹെൽത്തി കിഡ്സ് പ്രോഗ്രാം ആരംഭിച്ചു. ഗോൾ, സ്പ്രിന്റ്, ഹൂപ്സ് തുടങ്ങിയ മുൻനിര പദ്ധതികൾ യഥാക്രമം ഫുട്ബോൾ, അത്‌ലറ്റിക്സ്, ബാസ്കറ്റ്ബോൾ എന്നിവയിലെ യുവ പ്രതിഭകളെ തിരിച്ചറിയുന്നതിനും പരിപോഷിപ്പിക്കുന്നതിനും സഹായിക്കുന്നു.

കായിക വിദ്യാഭ്യാസ രംഗത്തും മനുഷ്യവിഭവശേഷി വികസന മേഖലയിലും സമാന്തരമായി കേരളം മുന്നേറ്റങ്ങൾ നടത്തിവരികയാണ്. വളർന്നുവരുന്ന കായിക സമ്പദ്‌വ്യവസ്ഥയെ പിന്തുണയ്ക്കുന്നതിനായി വൈദഗ്ധ്യമുള്ള ഒരു തൊഴിൽ ശക്തിയെ കെട്ടിപ്പടുക്കുകയെന്ന ലക്ഷ്യത്തോടെ, കായിക സാങ്കേതികവിദ്യ, കായിക ശാസ്ത്രം, വൈദ്യശാസ്ത്രം, മാനേജ്മെന്റ് എന്നിവയിൽ ഉന്നത വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാനം മുൻഗണന നൽകുന്നു. കായിക മേഖലയിലെ തൊഴിലവസരങ്ങൾ ഗണ്യമായി വർദ്ധിപ്പിക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്.

വികേന്ദ്രീകൃത ഭരണം ശക്തിപ്പെടുത്തുന്നതിനായി, പഞ്ചായത്തുകളിലുടനീളം പ്രാദേശിക തലത്തിലുള്ള സ്പോർട്സ് കൗൺസിലുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇത് കമ്മ്യൂണിറ്റി അടിസ്ഥാനമാക്കിയുള്ള ആസൂത്രണവും നടപ്പിലാക്കലും കൂടുതൽ കാര്യക്ഷമമാക്കാൻ സഹായിക്കുന്നു. യുവജന വികസനം, വിദ്യാഭ്യാസം, ആരോഗ്യം, പ്രാദേശിക ഭരണം എന്നിവയുമായി സ്പോർട്സിനെ സംയോജിപ്പിച്ചിട്ടുണ്ടെന്ന് ഈ സമീപനം ഉറപ്പാക്കുന്നു.

കഴിഞ്ഞ പത്ത് വർഷങ്ങൾക്കുള്ളിൽ കായിക രംഗത്തെക്കുറിച്ചുള്ള വിപുലമായ ഒരു കാഴ്ചപ്പാടാണ് സംസ്ഥാനം രൂപപ്പെടുത്തിയെടുത്തിരിക്കുന്നത്.

### നിക്ഷേപങ്ങളും അടിസ്ഥാന സൗകര്യങ്ങളും

2016-17-ലെ 85.2 കോടി രൂപയിൽ നിന്ന് 2026-27-ൽ 220.9 കോടി രൂപയായി കായിക മേഖലയ്ക്കുള്ള പദ്ധതി വിഹിതം ഏകദേശം 160 ശതമാനം വർദ്ധിപ്പിച്ചിട്ടുണ്ട്. 2026 ജനുവരി വരെ ഈ മേഖലയിലെ പദ്ധതിച്ചെലവ് 941 കോടി രൂപയായിരുന്നു. കായിക വകുപ്പിനും കിഫ്ബിയ്ക്കുമുള്ള ഫണ്ടുകൾ ഉൾപ്പെടെ ആകെ 3500 കോടി രൂപ കായിക അടിസ്ഥാന സൗകര്യ വികസനത്തിനായി അനുവദിച്ചിട്ടുണ്ട്. KIIFB പദ്ധതി പ്രകാരം, കായിക വകുപ്പിനായി

ആകെ 58 പദ്ധതികൾ അനുവദിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ സ്റ്റേഡിയങ്ങളുടെയും അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടെയും നിർമ്മാണം, പ്രവർത്തനങ്ങൾ, പതിവ് അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി, 2021-22-ൽ കേരള സർക്കാർ ഒരു പൊതുമേഖലാ സംരംഭമായ (PSE) സ്പോർട്സ് കേരളാ ഫൗണ്ടേഷൻ രൂപീകരിച്ചു. കേരളത്തിലെ കായിക വികസനത്തിനായി സ്വയം പര്യാപ്തമായ വരുമാനം ഉണ്ടാക്കുന്ന കായിക ആസ്തികൾ വികസിപ്പിക്കുന്നതിലും, അടിസ്ഥാന തലത്തിലുള്ള വിവിധ പരിപാടികളും പദ്ധതികളും നടത്തുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഒരു ആസ്തി നിർമ്മാണ മാനേജ്മെന്റ് കമ്പനി എന്ന ഇരട്ട ലക്ഷ്യത്തോടെയുള്ള ഒരു 'സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ' (SPV) ആയി ഇത് പ്രവർത്തിക്കുന്നു.

കേരളം അതിന്റെ കായിക അടിസ്ഥാന സൗകര്യങ്ങൾ ഗണ്യമായി മെച്ചപ്പെടുത്തിയിട്ടുണ്ട്. വയനാട്, തൃശൂർ, കാസർകോട് എന്നിവിടങ്ങളിലെ ജില്ലാ സ്റ്റേഡിയങ്ങൾ പൂർത്തിയായി, ഒമ്പത് ജില്ലാ സ്റ്റേഡിയങ്ങൾ പുരോഗമിക്കുന്നു. വികലാംഗർക്കായുള്ള സംസ്ഥാനത്തെ ആദ്യത്തെ സ്റ്റേഡിയത്തിന്റെ നിർമ്മാണം ഒറ്റപ്പാലത്ത് ആരംഭിച്ചു. ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം, ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയം, കാര്യവട്ടത്തെ ഗ്രീൻഫീൽഡ് സ്റ്റേഡിയം തുടങ്ങിയ പ്രധാന സ്റ്റേഡിയങ്ങൾ നവീകരിച്ചു. വിവിധ ജില്ലകളിലായി 26 സ്പോർട്സ് കോംപ്ലക്സുകളും 22 പുതിയ സിന്തറ്റിക് ട്രാക്കുകളും ഹോക്കി ടർഫുകളും ഫിഫ (FIFA) നിലവാരമുള്ള ഫുട്ബോൾ ഗ്രൗണ്ടുകളും സംസ്ഥാനം നിർമ്മിച്ചു. കായികതാരങ്ങളുടെ വികസനത്തിന് പിന്തുണയേകുന്നതിനായി ഉയർന്ന പ്രകടന-പരിശീലന കേന്ദ്രങ്ങളും വിവിധ കായിക ഇനങ്ങളുടെ പ്രത്യേക അക്കാദമികളും വികസിപ്പിച്ചെടുത്തിട്ടുണ്ട്. പ്രൊഫഷണൽ ഫുട്ബോൾ ക്ലബ്ബുകളുമായി സഹകരിച്ച് തിരുവനന്തപുരത്തെ ജി വി രാജ സ്കൂളിലും കണ്ണൂർ സ്പോർട്സ് ഡിവിഷനിലും ഫുട്ബോൾ അക്കാദമികൾ ആരംഭിച്ചു. സ്ത്രീകൾക്കും പെൺകുട്ടികൾക്കും ഇടയിൽ ഫുട്ബോൾ പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും ഘടനാത്മകമായ പരിശീലനം, മാർഗ്ഗനിർദേശം, മത്സരാധിഷ്ഠിത എക്സ്പോഷർ എന്നിവ നൽകുന്നതിനായി വനിതാ ഫുട്ബോൾ അക്കാദമി എറണാകുളത്ത് സ്ഥാപിതമായി. ലോകോത്തര ഷൂട്ടിംഗ് ചാമ്പ്യന്മാരെ വാർത്തെടുക്കുന്നതിനായി ദേശീയ റൈഫിൾ അസോസിയേഷനുമായി സഹകരിച്ച് വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിൽ കേരള ഷൂട്ടിംഗ് അക്കാദമി ആരംഭിച്ചു.

കമ്മ്യൂണിറ്റി സ്പോർട്സ് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചുകൊണ്ട് നൂറുകണക്കിന് മിനി സ്റ്റേഡിയങ്ങൾ സ്ഥാപിക്കുകയും, സർക്കാർ പദ്ധതികൾക്ക്, കീഴിൽ സ്കൂൾ കളിസ്ഥലങ്ങൾ നവീകരിക്കുകയും ചെയ്തു. 'ഒരു പഞ്ചായത്ത് ഒരു കളിസ്ഥലം' പരിപാടിയുടെ ആദ്യ ഘട്ടത്തിൽ, 124 പഞ്ചായത്തുകളിൽ കളിസ്ഥലങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. 20 സ്ഥലങ്ങളിൽ ആധുനിക ഫിറ്റ്നസ് സെന്ററുകളും 23 കേന്ദ്രങ്ങളിൽ ഓപ്പൺ ജിമ്മുകളും സ്ഥാപിച്ചു. തിരുവനന്തപുരം അക്വാട്ടിക് കോംപ്ലക്സ്, വെലോഡ്രോം തുടങ്ങിയ പ്രധാന സൗകര്യങ്ങൾ നവീകരിച്ചു. ഡിജിറ്റൽ കോച്ചിംഗ് ടൂളുകളും ഓട്ടോമേറ്റഡ് മെയിന്റനൻസ് സിസ്റ്റങ്ങളും ഉൾപ്പെടെയുള്ള സാങ്കേതിക സംയോജനം പരിശീലനത്തെയും ഫെസിലിറ്റി മാനേജ്മെന്റിനെയും കൂടുതൽ ആധുനികവൽക്കരിച്ചു.

ഇതിനുപുറമെ, തിരുവനന്തപുരത്ത് കായിക വകുപ്പിന്റെ ആസ്ഥാനമായ കായിക ഭവന്റെ നിർമ്മാണം പുരോഗമിക്കുന്നു.

### കായിക മേഖലയിലെ പ്രധാന പരിപാടികളും സംരംഭങ്ങളും

പ്രതിഭകളെ നേരത്തെ തന്നെ തിരിച്ചറിയുന്നതിനും ഉയർന്ന പ്രകടനമികവുള്ള കായികതാരങ്ങളുടെ ശേഷിവികസനത്തിനും ലക്ഷ്യമിട്ട് കേരള സർക്കാർ ഒന്നിലധികം കായിക-നിർദ്ദിഷ്ടപരിപാടികൾ അവതരിപ്പിച്ചിട്ടുണ്ട്. ലോകോത്തര കളിക്കാരെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ 4 മുതൽ 8 വരെ ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് ഹൂപ്പ് പ്രോഗ്രാം വഴി ബാസ്കറ്റ്ബോൾ പരിശീലനം നൽകുന്നു. നിലവിൽ ഇത് 10 സ്കൂളുകളിൽ ആരംഭിച്ചിട്ടുണ്ട്, സംസ്ഥാനത്തുടനീളമുള്ള എല്ലാ സ്കൂളുകളിലേക്കും ഇത് വ്യാപിപ്പിക്കും. നഗരപ്രാന്തങ്ങൾ, ഗ്രാമീണ, ആദിവാസി, പ്രാതിനിധ്യം കുറഞ്ഞ മറ്റ് പ്രദേശങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള കായിക പ്രതിഭകളെ നേരത്തേ തന്നെ കണ്ടെത്തുന്നതിലും പരിശീലിപ്പിക്കുന്നതിലും സ്പ്രിന്റ് (SPRINT) ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഇപ്പോൾ ആറ് കേന്ദ്രങ്ങളിൽ ഇത് നടപ്പിലാക്കുന്നു. കഴിവുള്ള യുവ ടെന്നീസ് കളിക്കാരെ തിരിച്ചറിയുന്നതിനും വളർത്തുന്നതിനുമാണ് എ സി ഇ (ACE) പ്രോഗ്രാം രൂപകൽപ്പന ചെയ്തിരിക്കുന്നു. അതേസമയം, ജൂഡോക്ക (JUDOKA) 8 മുതൽ 11 വയസ്സ് വരെ പ്രായമുള്ള കുട്ടികളെ അന്താരാഷ്ട്ര തലത്തിലുള്ള ജൂഡോ അത്‌ലറ്റുകളാക്കാൻ പരിശീലിപ്പിക്കുകയും, സംസ്ഥാനത്തുടനീളമുള്ള 10 കേന്ദ്രങ്ങളിൽ അത് പ്രവർത്തിക്കുകയും ചെയ്യുന്നു. 8 മുതൽ 15 വയസ്സ് വരെ പ്രായമുള്ള പെൺകുട്ടികൾക്കായുള്ള താഴെത്തട്ടിലുള്ള ഒരു ബോക്സിംഗ് സംരംഭമാണ് പഞ്ച് പദ്ധതി, ഇത് അഞ്ച് ജില്ലാ കേന്ദ്രങ്ങളിലൂടെ നടപ്പിലാക്കുന്നു. സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിലും 5,00,000 കുട്ടികൾക്ക് പരിശീലനം നൽകുക, മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നവർക്ക് വിപുലമായ പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെ ഗോൾ (GOAL) പരിപാടി ആരംഭിച്ചിട്ടുണ്ട്. തിരഞ്ഞെടുക്കപ്പെടുന്ന സ്കൂളുകളിൽ പ്രത്യേക കായിക ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനായി സ്പോർട്സ് ബിസിനസ്സ് പ്രമുഖരായ ഡെക്കാത്‌ലോണുമായി സഹകരിച്ചാണ് 'വൺ സ്കൂൾ വൺ ഗെയിം' പദ്ധതി ആരംഭിച്ചത്. 2022-ലെ ഫിഫ ലോകകപ്പിന്റെ സ്മരണയ്ക്കായി 'വൺ മില്യൺ ഗോൾ കാമ്പയിൻ' ആരംഭിച്ചു, സംസ്ഥാനത്തുടനീളമുള്ള ഒരു ലക്ഷം വിദ്യാർത്ഥികൾക്ക് അടിസ്ഥാന ഫുട്ബോൾ പരിശീലനം നൽകി, തീവ്ര പരിശീലനത്തിനായി കഴിവുള്ള 100 യുവാക്കളെ കണ്ടെത്തി, സംസ്ഥാന സർക്കാരിന്റെ മയക്കുമരുന്ന്-വിരുദ്ധ സംരംഭത്തെക്കുറിച്ചുള്ള അവബോധം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു വേദിയായും ഇത് പ്രവർത്തിച്ചു.

സ്ത്രീകൾക്കും, തീരദേശ സമൂഹങ്ങൾക്കും, പരമ്പരാഗതമായി പിന്നാക്കം നിൽക്കുന്ന മറ്റ് വിഭാഗങ്ങൾക്കുമിടയിൽ കായിക വിനോദങ്ങൾ വ്യാപിപ്പിക്കുന്നതിനായി നിരവധി സംരംഭങ്ങൾ രൂപകൽപ്പന ചെയ്തിട്ടുണ്ട്. സ്ത്രീകൾക്കായുള്ള

**ബോക്സ് 26.1**
**കേരള കായിക നയം, 2023**

കേരള കായിക നയം 2023, കായിക പ്രതിഭകളെ തിരിച്ചറിയുന്നതിലും പരിപോഷിപ്പിക്കുന്നതിലും ദേശീയ, അന്തർ ദേശീയ തലങ്ങളിൽ മികവ് കൈവരിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. "എല്ലാവർക്കും കായികം, എല്ലാവർക്കും ആരോഗ്യം" എന്ന ആശയത്തിൽ ലക്ഷ്യമിട്ടുള്ള ഈ നയം, സമൂഹത്തിലെ ഓരോ വ്യക്തിയും കുറഞ്ഞത് ഒരു കായിക ഇനത്തിലെങ്കിലും പങ്കെടുക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ശ്രമിക്കുന്നു. സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലും ഫിറ്റ്നസി നെയും ശാരീരിക പ്രവർത്തനങ്ങളെയും കുറിച്ചുള്ള അവബോധം പ്രോത്സാഹിപ്പിക്കുന്നതിന് തുടർച്ചയായ ശ്രമങ്ങൾ നടക്കുന്നു.

എല്ലാവർക്കും ഉയർന്ന നിലവാരമുള്ള ഔട്ട്ഡോർ, ഇൻഡോർ കളിസ്ഥലങ്ങളും പരിശീലന സൗകര്യങ്ങളും നൽ കുന്നതിനുള്ള സംരംഭങ്ങൾ ഉൾക്കൊള്ളുന്ന കായിക വികസനത്തിലും പ്രതിഭ തിരിച്ചറിയലിലും നയം പ്രധാനമായി ഊന്നൽ നൽകുന്നു. കളിസ്ഥലങ്ങളുടെയും മറ്റ് കായിക അടിസ്ഥാന സൗകര്യങ്ങളുടെയും ഫലപ്രദമായ പ്രവർത്ത നവും പരിപാലനവും ഈ നയം ഉറപ്പാക്കുന്നു. കായിക സൗകര്യങ്ങളിലേക്കുള്ള പ്രവേശനം ഒരു മൗലികാവകാശമായി സർക്കാർ അംഗീകരിക്കുന്നു.

സ്ത്രീകൾ, ട്രാൻസ്ജെൻഡർ വ്യക്തികൾ, വികലാംഗർ എന്നിവരുൾപ്പെടെ എല്ലാ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗ ങ്ങൾക്കും തുല്യ അവസരങ്ങൾ കേരള കായിക നയം 2023 ഉറപ്പാക്കുന്നു. ഇതിനായി, പരിശീലനത്തിനും പങ്കാളിത്ത ത്തിനും എല്ലാവരേയും ഉൾപ്പെടുത്തി പ്രവേശനം നൽകുന്നതിനായി വിവിധ പരിപാടികൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇതിനുപുറമെ, സംസ്ഥാനത്തിന്റെ സമ്പദ്വ്യവസ്ഥയിൽ സ്പോർട്സിനെ ഒരു പ്രധാന മേഖലയായി വികസിപ്പിക്കാനും അതിന്റെ നിലവിലെ പങ്കാളിത്തം വർദ്ധിപ്പിക്കാനും സർക്കാർ ലക്ഷ്യമിടുന്നു.

കരാട്ടെ പരിശീലന പരിപാടിയായ 'ധീരം', കുടുംബശ്രീയു മായി സംയുക്തമായിട്ടാണ് സംഘടിപ്പിക്കുന്നത്. ഫിഷറീസ് വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കിയ വിദ്യാതീരം, 14 സ്കൂളുകളിലെ തീരദേശ, ഉൾനാടൻ മത്സ്യബന്ധന സമൂ ഹങ്ങളിലെ വിദ്യാർത്ഥികൾക്ക് ഫുട്ബോൾ, വോളിബോൾ, ബാസ്കറ്റ്ബോൾ, ബാഡ്മിന്റൺ, ടേബിൾ ടെന്നീസ്, ചെസ്സ് തുടങ്ങിയ വിവിധ കായിക ഇനങ്ങളിൽ അടിസ്ഥാന പരിശീലനം നൽകുന്നു. തിരുവനന്തപുരത്തെ തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളികൾക്കായി 2024-ൽ നടത്തപ്പെട്ട രണ്ട് ദിവസത്തെ പരിപാടിയായ ആരവം കോസ്റ്റൽ ഗെയിംസിൽ, വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളെ പ്രതിനിധീകരിക്കുന്ന ടീമുകൾ കബഡി, ഫുട്ബോൾ, വടംവലി, വോളിബോൾ എന്നിവയിൽ മത്സരിച്ചു.

പൊതുജനാരോഗ്യ പ്രോത്സാഹനത്തിനും സാമൂഹിക അവബോധത്തിനുമുള്ള ഒരു ഉപകരണമായും കായിക മേഖലയെ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. പൊണ്ണത്തടി, പ്രമേഹം, രക്താതിമർദ്ദം തുടങ്ങിയ രോഗങ്ങൾ തടയുന്ന തിനായി സ്കൂൾ കുട്ടികൾക്കിടയിൽ കായിക പ്രവർത്തന ങ്ങളും ആരോഗ്യകരമായ ജീവിതശൈലിയും പ്രോത്സാ ഹിപ്പിക്കുന്നതിലാണ് ഹെൽത്തി കിഡ്സ് സംരംഭം ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. പ്രൈമറി സ്കൂളുകളിൽ നടപ്പിലാക്കു ന്നതിനായി എസ് സി ഇ ആർ ടി അംഗീകരിച്ച സ്പോർട്സ് പാഠ്യപദ്ധതി ഈ പരിപാടിയിൽ ഉൾപ്പെടുന്നു. കൂടാതെ, 55 ലോവർ പ്രൈമറി സ്കൂളുകളിൽ ഇത് നടപ്പിലാക്കിയി ട്ടുണ്ട്, ഇത് 10,000-ത്തിലധികം വിദ്യാർത്ഥികൾക്ക് പ്രയോ ജനം ചെയ്യും. നാഷണൽ ആന്റി-ഡോപ്പിംഗ് ഏജൻസി (നാഡ)-യുമായി സഹകരിച്ച് സംഘടിപ്പിച്ച ഉത്തേജക മരുന്ന്-വിരുദ്ധ ബോധവൽക്കരണ പരിപാടിയിലൂടെ ധാർമ്മിക കായികരീതികൾ ശക്തിപ്പെടുത്തി, ഇത് കായിക താരങ്ങളെ ഉൾപ്പെടുത്തി പരിശീലിപ്പിച്ചു. കൂടാതെ, കായിക മന്ത്രിയുടെ നേതൃത്വത്തിൽ, എല്ലാ ജില്ലകളിലും, ഒരു മാസം നീണ്ടുനിന്ന മയക്കുമരുന്ന്-വിരുദ്ധ സംരംഭമായി കിക്ക് ഡ്രഗ്സ്, സേ യെസ് ടു സ്പോർട്സ് കാമ്പയിൻ നടത്തി.

കായിക ഭരണം, സുതാര്യത, സാമ്പത്തിക വികസനം എന്നിവ ശക്തിപ്പെടുത്തുന്നതിനായി സർക്കാർ വ്യവസ്ഥാ പിത പരിഷ്കാരങ്ങൾ സ്വീകരിച്ചിട്ടുണ്ട്. വ്യാജ കായിക സർട്ടി ഫിക്കറ്റുകൾ നൽകുന്നത് തടയുന്നതിനായി ഒരു ഇ-സർട്ടി ഫിക്കറ്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കായിക കൗൺസിലുകൾ പൂർണ്ണമായും ജനാധിപത്യപരമായ രീതിയിൽ പുനഃസംഘടിപ്പിച്ചു. ഇന്ത്യയിലാദ്യമായി കോർപ്പ റേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് തലങ്ങളിൽ കായിക കൗൺസിലുകൾ രൂപീകരിക്കുകയും കായിക പ്രവർത്ത നങ്ങളുടെ കൂടുതൽ ഉത്തരവാദിത്തം ഈ പ്രാദേശിക കൗൺസിലുകളെ ഏൽപ്പിക്കുകയും ചെയ്തു. കായിക സമ്പദ്വ്യവസ്ഥയെ പിന്തുണയ്ക്കുന്നതിനായി സർക്കാർ സഹായത്തോടെ ഫുട്ബോൾ, ക്രിക്കറ്റ് ലീഗുകൾ സംഘ ടിപ്പിച്ചുവരുന്നു. കൂടാതെ, കോളേജ് തലത്തിൽ സ്പോർട്സ് ലീഗ് ആരംഭിക്കുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമായി കേരളം മാറുകയും ചെയ്തു. ക്യൂബയുമായുള്ള അന്താ രാഷ്ട്ര കായിക സഹകരണത്തിന്റെ ഭാഗമായി, ചെഗുവേര യുടെ പേരിലുള്ള ഒരു അന്താരാഷ്ട്ര ചെസ്സ് ടൂർണമെന്റായ ചെ ഇന്റർനാഷണൽ ചെസ് ഫെസ്റ്റിവൽ സംഘടിപ്പിച്ചു.

ഇ-സ്പോർട്സിന്റെ ദ്രുതഗതിയിലുള്ള വളർച്ചയും സാധ്യ തകളും തിരിച്ചറിഞ്ഞുകൊണ്ട്, ഒരു സമർപ്പിത ഏജൻസി വഴി ഇ-സ്പോർട്സ് ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കാൻ കേരള സർക്കാർ നിർദ്ദേശിക്കുന്നു. ഈ സെന്ററുകൾ പിസി (PC), മൊബൈൽ, കൺസോൾ, വിആർ (VR) പ്ലാറ്റ്ഫോ മുകളിലുടനീളം സമഗ്രമായ പരിശീലനം നൽകും. ഈ നയം, കായിക പ്രതിഭകളെ വളർത്തുന്നതിനും സംസ്ഥാ നത്തെ ഗെയിമിംഗ് സംസ്കാരം ശക്തിപ്പെടുത്തുന്നതിനും കേരളത്തെ ഇ-സ്പോർട്സിന്റെ (e-sports) പ്രധാന ദേശീയ കേന്ദ്രമായി മാറ്റുന്നതിനും ലക്ഷ്യമിട്ടുള്ള എല്ലാവരെയും ഉൾക്കൊള്ളുന്നതും കൃത്യമായി നിയന്ത്രിക്കപ്പെടുന്നതും സുസ്ഥിരവുമായ ഒരു ചട്ടക്കൂട് മുന്നോട്ടുവെക്കുന്നു. ഒപ്പം യുവാക്കളുടെ സാമൂഹികവും സാമ്പത്തികവും വ്യക്തി പരവുമായ വികാസത്തിന് ഇത് സംഭാവന നൽകുകയും ചെയ്യുന്നു.

**കായികരംഗത്തെ ഗവേഷണവും വികസനവും**

പുരോഗമനപരമായ സർക്കാർ നയങ്ങൾ, ശക്തമായ അക്കാദമിക സഹകരണം, സ്ഥാപനപരമായ നൂതനാശയങ്ങൾ എന്നിവയുടെ കാര്യത്തിൽ കായിക ഗവേഷണ വികസന മേഖലകളിൽ കേരളം ശ്രദ്ധേയമായ പുരോഗതി കൈവരിച്ചിട്ടുണ്ട്.

**സ്പോർട്സ് സയൻസും പെർഫോമൻസ് റിസർച്ചും :** കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ (KSSC) കീഴിൽ സ്ഥാപിതമായ കേരള സ്പോർട്സ് സയൻസ് സെന്റർ, കായിക പ്രകടനം മെച്ചപ്പെടുത്തുന്നതിനായി ബയോമെക്കാനിക്കൽ, ഫിസിയോളജിക്കൽ, സൈക്കോളജിക്കൽ വിലയിരുത്തലുകൾ നടത്തുന്നു. കൂടാതെ, തിരുവനന്തപുരത്തെ ലക്ഷ്മിഭായ് നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ (LNCPE), ശ്രീ ശങ്കരാചാര്യ യൂണിവേഴ്സിറ്റി തുടങ്ങിയ അക്കാദമിക് സ്ഥാപനങ്ങൾ എക്സർസൈസ് ഫിസിയോളജി, സ്പോർട്സ് സൈക്കോളജി, ടാലന്റ് ഐഡന്റിഫിക്കേഷൻ എന്നിവയുൾപ്പെടെയുള്ള മേഖലകളിൽ ഗവേഷണം സാധ്യമാക്കിയിട്ടുണ്ട്. കായികതാരങ്ങൾക്ക് തത്സമയ വിവരങ്ങൾ (real-time feedback) നൽകുന്നതിനും പരിക്കുകൾ ഏൽക്കുന്നത് തടയുന്നതിനുമുള്ള തന്ത്രങ്ങൾ ശക്തിപ്പെടുത്തുന്നതിനുമായി, ശരീരത്തിൽ ധരിക്കാവുന്ന സാങ്കേതികവിദ്യകളും (wearable technologies) ആധുനിക പെർഫോമൻസ് അനലിറ്റിക്സും ഉൾപ്പെടെയുള്ള ഡാറ്റാ-അധിഷ്ഠിത രീതികൾ പല സംസ്ഥാന കായിക അക്കാദമികളും സംയോജിപ്പിച്ചു തുടങ്ങിയിട്ടുണ്ട്.

**തദ്ദേശീയ കായിക വിനോദങ്ങളും പരമ്പരാഗത അറിവുകളും:** വടക്കൻ കളരി, കയ്യങ്കളി, മരമടി (ബുൾ സർഫിംഗ്) തുടങ്ങിയ കേരളത്തിന്റെ പരമ്പരാഗത കായിക വിനോദങ്ങളെ രേഖപ്പെടുത്തുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനുമുള്ള ഗവേഷണ പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. ഇതിലൂടെ സാംസ്കാരിക സംരക്ഷണത്തെ ടൂറിസം വികസനവുമായും ശാരീരികക്ഷമതാ വർധനവുമായും സംയോജിപ്പിക്കുന്നു. അതോടൊപ്പം തന്നെ, കായികതാരങ്ങളുടെ ചടുലത, പ്രതികരണശേഷി, വഴക്കം എന്നിവ വർദ്ധിപ്പിക്കുന്നതിൽ കളരി അടിസ്ഥാനമാക്കിയുള്ള പരിശീലനരീതികളുടെ ഗുണഫലങ്ങൾ പരിശോധിക്കപ്പെട്ടുവരുന്നു. ഇത്തരം പരിശീലന മുറകളിലെ ഘടകങ്ങൾ ആധുനിക അത്‌ലറ്റ് പരിശീലന മൊഡ്യൂളുകളിൽ ഉൾപ്പെടുത്തി വരുന്നുണ്ട്.

**കായിക അടിസ്ഥാന സൗകര്യ വികസനവും ഗവേഷണവും:** പ്രത്യേകിച്ച് കണ്ണൂർ, തിരുവനന്തപുരം പോലെയുള്ള ജില്ലകളിൽ മൾട്ടി-സ്പോർട്ട്സ് സിന്തറ്റിക് ടർഫുകൾ, മോഡുലാർ പരിശീലന കേന്ദ്രങ്ങൾ, കാലാവസ്ഥയോട് പ്രതികരിക്കുന്ന ഇൻഡോർ കായികവേദികൾ എന്നിവയുടെ വികസനം ഉൾപ്പെടെയുള്ള കായിക സൗകര്യ രൂപകൽപ്പനയിൽ നൂതനമായ സമീപനങ്ങൾ സ്വീകരിച്ചിട്ടുണ്ട്. സമാന്തരമായി, കൊച്ചിയിലെ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലെ സോളാർ പാനലുകളുടെ ഉപയോഗത്തിലൂടെ തെളിയിക്കപ്പെട്ട തരത്തിൽ, പ്രാദേശിക വസ്തുക്കളും സുസ്ഥിര രൂപകൽപ്പനാസവിശേഷതകളും ഉപയോഗപ്പെടുത്തുന്ന പരിസ്ഥിതി-സൗഹൃദ നിർമ്മാണ രീതികളെക്കുറിച്ചുള്ള ഗവേഷണത്തിലൂടെ ഗ്രീൻ സ്റ്റേഡിയം സംരംഭങ്ങൾ മുന്നേറിയിട്ടുണ്ട്.

**കായിക നയവും സാമ്പത്തിക ഗവേഷണവും:** ഇന്ത്യയിലെ ഇത്തരത്തിലുള്ള ആദ്യത്തെ സംരംഭമായ കേരളാ സ്പോർട്സ് ഇക്കോണമി ഡെവലപ്മെന്റ് പ്രോജക്ട്, സ്പോർട്സിനെ മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപ്പാദനവുമായി (ജി എസ് ഡി പി) സംയോജിപ്പിക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. കൂടാതെ, ഈ മേഖലയുടെ സാമ്പത്തിക സംഭാവനകളെക്കുറിച്ചുള്ള പ്രത്യേക ഗവേഷണവും ഇതിൽ ഉൾപ്പെടുന്നു. ഉൾക്കൊള്ളൽ, പ്രൊഫഷണലിസം, കായിക വിദ്യയെ വിദ്യാഭ്യാസ സമ്പ്രദായവുമായി സംയോജിപ്പിക്കൽ എന്നിവയിൽ ഊന്നൽ നൽകിക്കൊണ്ട്, അക്കാദമിക ഗവേഷണങ്ങളിലൂടെയും കായിക മേഖലയിലെ വിവിധ ഗുണഭോക്താക്കളുമായുള്ള (stakeholders) വിപുലമായ കൂടിയാലോചനകളിലൂടെയുമാണ് കേരള കായിക നയം (2023) രൂപപ്പെടുത്തിയത്.

**ലിംഗനീതിയും ഉൾക്കൊള്ളലും സംബന്ധിച്ച ഗവേഷണം:** കേരളത്തിലെ വനിതാ അത്‌ലറ്റുകൾ നേരിടുന്ന തടസ്സങ്ങളെക്കുറിച്ച് ഗവേഷണ സ്ഥാപനങ്ങൾ പഠനങ്ങൾ നടത്തിയിട്ടുണ്ട്. ഇത് പരിശീലന പ്രവേശനം, ആർത്തവ-സൗഹൃദ കോച്ചിംഗ്, ഹോസ്റ്റൽ സൗകര്യങ്ങൾ എന്നിവയിൽ നയപരമായ മാറ്റങ്ങളിലേക്ക് നയിക്കുന്നു.

## കായികവും സമ്പദ്‌വ്യവസ്ഥയും

കേരളത്തിന്റെ വളർന്നുവരുന്ന കായിക സമ്പദ്‌വ്യവസ്ഥ തൊഴിൽ, വിനോദസഞ്ചാരം, അടിസ്ഥാന സൗകര്യങ്ങൾ, യുവജന പരിപാലനം തുടങ്ങിയ വിവിധ മാർഗങ്ങളിലൂടെ സംസ്ഥാനത്തിന്റെ വികസനത്തിന് സംഭാവന നൽകുന്നു. കേരളത്തിലെ കായിക സമ്പദ്‌വ്യവസ്ഥയിൽ കായിക മേഖലകളിലൂടെ സൃഷ്ടിക്കപ്പെടുന്ന വിപുലമായ ധനകാര്യ-സാമ്പത്തിക പ്രവർത്തനങ്ങൾ ഉൾപ്പെടുന്നു. അടിസ്ഥാന സൗകര്യങ്ങൾ, പരിശീലനത്തിലെ തൊഴിലവസരങ്ങൾ, കായിക ടൂറിസം, ഇന്ത്യൻ സൂപ്പർ ലീഗ്, പരമ്പരാഗത വള്ളംകളി തുടങ്ങിയ പ്രധാന പരിപാടികളുടെ ആതിഥേയത്വം എന്നിവയുള്ള സർക്കാർ ചെലവുകൾ ഇതിൽ ഉൾപ്പെടുന്നു.

കേരള സ്പോർട്സ് ഇക്കണോമി ഡെവലപ്മെന്റ് പ്രോജക്ട് ഉപയോഗിച്ച്, പങ്കാളിത്തം, ഏകോപനം, പങ്കുചേരൽ, തരംതിരിക്കൽ, നൈപുണ്യ പ്രകടനം, ഗുണനിലവാര നിർണ്ണയം, വ്യവസായ സമീപനം എന്നിവയുടെ സ്തംഭങ്ങളിൽ സ്പോർട്സിന്റെ ജിഎസ്ഡിപി വിഹിതം വർദ്ധിപ്പിക്കുന്നതിനായി ഒരു നിയതമായ ചട്ടക്കൂടിന് തുടക്കമിട്ടിട്ടുണ്ട്. ഇതോടെ, കായിക സമ്പദ്‌വ്യവസ്ഥ വികസിപ്പിക്കുന്നതിനായി ഒരു സമർപ്പിത ചട്ടക്കൂട് ഔപചാരികമായി സ്ഥാപിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമായി കേരളം മാറുന്നു. പുതിയ കായിക നയത്തിൽ സ്പോർട്സ് സമ്പദ്‌വ്യവസ്ഥയും ഒരു പ്രധാന ഘടകമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

**ഇന്റർനാഷണൽ സ്പോർട്സ് സമ്മിറ്റ് കേരള, 2024 (ISSK, 2024):** 2024 ജനുവരിയിൽ തിരുവനന്തപുരത്ത് സ്പോർട്സ് കേരള ഫൗണ്ടേഷൻ ഐ.എസ്.എസ്.കെ 2024 സംഘടിപ്പിച്ചു. സംസ്ഥാനത്തിന്റെ സ്പോർട്സ് സമ്പദ്‌വ്യവസ്ഥയും കായികനയവും അവതരിപ്പിക്കുന്നതിനായാണ് ഇത് സംഘടിപ്പിച്ചത്. നാല് ദിവസങ്ങളിലായി നടന്ന പരിപാടിയിൽ സെമിനാറുകൾ, പ്രദർശനങ്ങൾ, നിക്ഷേപക സംഗമങ്ങൾ, സ്റ്റാർട്ടപ്പ് ഫോറങ്ങൾ എന്നിവ ഉൾപ്പെട്ട പരിപാടികൾ

ചലനത്മകമായിരുന്നു. വിവിധ മേഖലകളിൽ നിന്നുള്ള 5,000-ത്തിലധികം പ്രതിനിധികൾ ഇതിൽ പങ്കെടുത്തു. കേരളത്തിലെ ജനങ്ങളുടെ ദൈനംദിന ജീവിതത്തിൽ കായിക വിനോദങ്ങളുടെ സംയോജനം പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം, ഊർജ്ജസ്വലമായ ഒരു കായികാന്തരീക്ഷം കെട്ടിപ്പടുക്കുന്നതിലും സംസ്ഥാനത്തെ ഒന്നിലധികം കായിക ഇനങ്ങളിലും ഗെയിമുകളിലും ലോകോത്തര പ്രതിഭകളെ പരിപോഷിപ്പിക്കുന്നതിലുമായിരുന്നു ഇതിന്റെ പ്രാഥമിക ശ്രദ്ധ.

അടിസ്ഥാന സൗകര്യ വികസനം, സ്പോർട്സ് അക്കാദമികൾ, സാങ്കേതികവിദ്യാധിഷ്ഠിത സംരംഭങ്ങൾ എന്നിവയുൾപ്പെടെ നിരവധി പദ്ധതികൾ ഉൾക്കൊള്ളുന്ന 5050 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനങ്ങൾ നേടിയെടുക്കാൻ കഴിഞ്ഞതാണ് ഐ.എസ്.എസ്.കെ 2024-ന്റെ ഒരു പ്രധാന നേട്ടം. താഴേത്തട്ടിലുള്ള സംരംഭങ്ങൾ മുതൽ ആഗോള പങ്കാളിത്തങ്ങൾ വരെയുള്ള ഉച്ചകോടിയുടെ വിജയവും സ്വാധീനശ്രേണിയും, സംസ്ഥാനത്തിനായി സമഗ്രവും, ഉൾക്കൊള്ളുന്നതും ഭാവിയിലേക്ക് തയ്യാറെടുക്കുന്നതുമായ ഒരു സ്പോർട്സ് പരിസ്ഥിതി വളർത്തിയെടുക്കുന്നതിന്റെ ഗുണങ്ങളെ എടുത്തുകാണിക്കുന്നു.

**സ്പോർട്സ് ടൂറിസം:** കേരളത്തിന്റെ വിനോദസഞ്ചാര മേഖലയിൽ കായിക വിനോദസഞ്ചാരത്തിന് പ്രമുഖമായ സ്ഥാനമാണുള്ളത്. ഭാരതത്തിനകത്തുനിന്നും ലോകമെമ്പാടുനിന്നുമുള്ള സന്ദർശകരെ ആകർഷിക്കാൻ ഈ മേഖലയ്ക്ക് വലിയ സാധ്യതകളുണ്ട്. കായലുകൾ, ബീച്ചുകൾ, ഹിൽ സ്റ്റേഷനുകൾ, സുഖകരമായ കാലാവസ്ഥ എന്നിവയുൾപ്പെടെയുള്ള സംസ്ഥാനത്തെ സമൃദ്ധമായ പ്രകൃതി വിഭവങ്ങൾ - വൈവിധ്യമാർന്ന സ്പോർട്സ് ടൂറിസ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് അനുയോജ്യമായ സാഹചര്യങ്ങൾ നൽകുന്നു. സമീപ വർഷങ്ങളിൽ, കേരളത്തിലെ സ്പോർട്സ് ടൂറിസം സ്ഥിരമായ വളർച്ചാ പ്രവണത കാണിക്കുന്നു. വിവിധ സ്പോർട്സ് ഫെഡറേഷനുകൾ ഇന്ത്യൻ പ്രീമിയർ ലീഗ് (ഐപിഎൽ), ഇന്ത്യൻ സൂപ്പർ ലീഗ് (ഐഎസ്എൽ), പ്രോ കബഡി ലീഗ് തുടങ്ങിയ പ്രധാന പരിപാടികൾ സജീവമായി ആസൂത്രണം ചെയ്യുകയും ആതിഥേയത്വം വഹിക്കുകയും ചെയ്യുന്നു. ഇത് മേഖലയുടെ വളർച്ചയ്ക്കും ആഗോള ആകർഷണത്തിനും കാരണമാകുന്നു. തനതായ ഭൂപ്രകൃതി, സമ്പന്നമായ സാംസ്കാരിക പൈതൃകം, വികസിപ്പിച്ചുകൊണ്ടിരിക്കുന്ന കായിക അടിസ്ഥാന സൗകര്യങ്ങൾ എന്നിവ പ്രയോജനപ്പെടുത്തി, ലോകമെമ്പാടുമുള്ള കായിക വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന ഒരു ഊർജ്ജസ്വലമായ ലക്ഷ്യസ്ഥാനമായി കേരളം ഉയർന്നുവന്നിട്ടുണ്ട്.

**കായികരംഗത്തെ കേരളത്തിന്റെ പ്രകടനം**

കായികം, ഫുട്ബോൾ, വോളിബോൾ, റോയിംഗ് (തുഴച്ചിൽ) എന്നിവയിൽ പ്രത്യേകിച്ച് ഒന്നിലധികം മേഖലകളിൽ കേരളം ശ്രദ്ധേയമായ വിജയം നേടിയിട്ടുണ്ട്. കേരള ബ്ലാസ്റ്റേഴ്സ് പോലെയുള്ള ക്ലബ്ബുകൾ ഇന്ത്യൻ ഫുട്ബോളിൽ ഒരു ശക്തികേന്ദ്രമായി ഉയർന്നുവന്നിട്ടുണ്ട്. അതേ സമയം, ക്രിക്കറ്റ് അടിസ്ഥാന സൗകര്യങ്ങൾ, കായിക വിദ്യാഭ്യാസം, സ്കോളർഷിപ്പുകൾ എന്നിവയിലെ ഗണ്യമായ നിക്ഷേപങ്ങൾ പ്രതിഭാ വികസനത്തെ ശക്തിപ്പെടുത്തിയിട്ടുണ്ട്. സാമ്പത്തിക സഹായം, അടിസ്ഥാന സൗകര്യ വികസനം, യുവ പ്രതിഭകളെ തിരിച്ചറിയുന്നതിനും വളർത്തുന്നതിനുമുള്ള സംരംഭങ്ങൾ എന്നിവയിലൂടെ കായികവും യുവജനക്ഷേമവും പ്രോത്സാഹിപ്പിക്കുന്നതിൽ കേരള സർക്കാർ പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്.

ദേശീയ, അന്തർദ്ദേശീയ മത്സരങ്ങളിൽ കേരളത്തിലെ കായികതാരങ്ങൾ ശ്രദ്ധേയമായ പ്രകടനങ്ങൾ കാഴ്ചവച്ചിട്ടുണ്ട്. ലോകോത്തര പരിശീലനം, അത്യാധുനിക സൗകര്യങ്ങൾ, വിദേശ പരിശീലകർ, അന്താരാഷ്ട്ര പരിചയം എന്നിവ നൽകിക്കൊണ്ട് അന്താരാഷ്ട്ര മത്സരങ്ങൾക്ക് അത്‌ലറ്റുകളെ സജ്ജമാക്കുക എന്നതാണ് 'ഓപ്പറേഷൻ ഒളിമ്പിയ' പോലെയുള്ള സംരംഭങ്ങളുടെ ലക്ഷ്യം. ഈ പരിപാടിയുടെ കീഴിൽ, 2018-19 ൽ വിദ്യാർത്ഥികൾ ഒന്നിലധികം കായിക ഇനങ്ങളിലായി 20 സ്വർണം, 13 വെള്ളി, 14 വെങ്കലം മെഡലുകൾ നേടി. 2021-ലെ ടോക്കിയോ ഒളിമ്പിക്സിൽ കേരളത്തിൽ നിന്ന് ഒൻപത് കായികതാരങ്ങൾ പങ്കെടുത്തു. ഇതിൽ ആറുപേർ ട്രാക്ക് ആൻഡ് ഫീൽഡ് ഇനങ്ങളിലായിരുന്നു. ഇന്ത്യൻ ഹോക്കി ടീമിലെ ശ്രീ പി.ആർ. ശ്രീജേഷ് വെങ്കല മെഡൽ നേടിയതോടെ, ഒരു മലയാളി നേടുന്ന രണ്ടാമത്തെ ഒളിമ്പിക് മെഡലായി അത് മാറി. 2022-ൽ പശ്ചിമ ബംഗാളിനെ പരാജയപ്പെടുത്തിക്കൊണ്ട് കേരളം സീനിയർ പുരുഷ വിഭാഗം ദേശീയ ഫുട്ബോൾ ചാമ്പ്യൻഷിപ്പ് (സന്തോഷ് ട്രോഫി) സ്വന്തമാക്കി. നാല് വർഷത്തെ ഇടവേളയ്ക്ക് ശേഷമാണ് കേരളം ഈ കിരീടം തിരിച്ചു പിടിച്ചത്. 2022-23 കാലയളവിൽ സംസ്ഥാനത്തു നിന്നുള്ള 2,584 കായികതാരങ്ങൾ വിവിധ ദേശീയ-അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുക്കുകയും, ആകെ 1,705 മെഡലുകൾ കരസ്ഥമാക്കുകയും ചെയ്തു. ഗോവയിൽ നടന്ന 37-ാമത് ദേശീയ ഗെയിംസിൽ 36 സ്വർണ്ണവും 24 വെള്ളിയും 27 വെങ്കലവും നേടി കേരള സംസ്ഥാന ടീം മികച്ച പ്രകടനം കാഴ്ച വെച്ചു. ചെന്നൈയിൽ നടന്ന 2023-ലെ ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിലും ഈ മികച്ച പ്രകടനം തുടർന്ന കേരളം 11 സ്വർണ്ണവും 9 വെള്ളിയും 15 വെങ്കലവും കരസ്ഥമാക്കി. കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ അക്കാദമികളിൽ പരിശീലനം നേടിയ കായികതാരങ്ങൾ സബ് ജൂനിയർ, ജൂനിയർ, സീനിയർ ദേശീയ ചാമ്പ്യൻഷിപ്പുകളിലായി 70 സ്വർണ്ണം, 84 വെള്ളി, 143 വെങ്കലം എന്നിവ നേടി. 2023-24 ഏഷ്യൻ ഗെയിംസിൽ, 4x400 മീറ്റർ റിലേ, 4x400 മീറ്റർ മിക്സഡ് റിലേ, ലോംഗ്ജമ്പ്, 800 മീറ്റർ ഓട്ടം തുടങ്ങിയ ഇനങ്ങളിൽ സംസ്ഥാനത്തെ അത്‌ലറ്റുകൾ ശ്രദ്ധേയമായ വിജയം നേടി.

2021 നവംബർ 28 മുതൽ ഡിസംബർ 9 വരെ കേരളം വിജയകരമായി ആതിഥേയത്വം വഹിച്ച 26-ാമത് സീനിയർ വനിതാ ദേശീയ ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ കണ്ണൂർ, മലപ്പുറം, കോഴിക്കോട് എന്നിവിടങ്ങളിലായി 32 ടീമുകൾ മത്സരിച്ചു. കായിക യുവജനകാര്യ ഡയറക്ടറേറ്റ്, സ്പോർട്സ് കേരള ഫൗണ്ടേഷൻ എന്നിവ സംഘടിപ്പിച്ച 'കോളേജ് സ്പോർട്സ് ലീഗ് കേരള'-യിലൂടെയാണ് സംസ്ഥാനം ഇന്ത്യയിലെ ആദ്യത്തെ കോളേജ് സ്പോർട്സ് ലീഗ് ആരംഭിച്ചത്. 2036 ഒളിമ്പിക്സിനായി ശക്തമായ ഒരു ദേശീയ ടീമിനെ കെട്ടിപ്പടുക്കുക എന്ന ദീർഘകാല

കാഴ്ചപ്പാടോടെ, കോളേജുകളിൽ മത്സരാധിഷ്ഠിത കായിക സംസ്കാരം വളർത്തിയെടുക്കുക എന്നതാണ് ഈ സംരംഭത്തിന്റെ ലക്ഷ്യം.

**യുവജന വികസന സംരംഭങ്ങൾ**

ഒരു രാജ്യത്തിന്റെ യുവാക്കൾ അതിന്റെ അഭിലാഷങ്ങളെയും പരിവർത്തന സാധ്യതകളെയും ഉൾക്കൊള്ളുന്നു. മാറ്റത്തിന്റെ വക്താക്കൾ എന്ന നിലയിൽ, സാമൂഹിക അവബോധം വളർത്തുന്നതിനും കാലഹരണപ്പെട്ട കീഴ്വഴക്കങ്ങളെ ചോദ്യം ചെയ്യുന്നതിനും രാജ്യത്തിന്റെ ഐക്യത്തിനും അഭിവൃദ്ധിക്കും സംഭാവന നൽകുന്നതിനും ഇവർക്ക് സവിശേഷമായ പങ്കുണ്ട്. യുവാക്കളുടെ ഊർജ്ജം, സർഗ്ഗാത്മകത, പ്രതിരോധശേഷി എന്നിവ തിരിച്ചറിയുകയും ഉപയോഗപ്പെടുത്തുകയും ചെയ്യേണ്ടത് എല്ലാവരെയും ഉൾക്കൊള്ളുന്ന സാമൂഹിക-സാമ്പത്തിക പുരോഗതി കൈവരിക്കുന്നതിന് അത്യാവശ്യമാണ്.

ഈ ദർശനവുമായി യോജിപ്പിച്ച്, യുവാക്കളെയും അവരുടെ കഴിവുകളെയും സംസ്ഥാനത്തിന്റെ വികസന അജണ്ടയുടെ മുൻനിരയിലേക്ക് കൊണ്ടുവരാൻ ലക്ഷ്യമിട്ടുള്ള നിരവധി സംരംഭങ്ങൾ കേരള സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. യുവജനങ്ങളുടെ ആവേശവും കഴിവുകളും തിരിച്ചുവിടുന്നതിലൂടെ, സാമൂഹിക തുല്യതയിലേക്കും സാമ്പത്തിക വളർച്ചയിലേക്കും പുരോഗതി ത്വരിതപ്പെടുത്താൻ കഴിയുമെന്ന് സംസ്ഥാനം തിരിച്ചറിഞ്ഞിട്ടുണ്ട്. യുവജന കേന്ദ്രീകൃത നയങ്ങളും പരിപാടികളും രൂപപ്പെടുത്തുന്നതിലും നടപ്പിലാക്കുന്നതിലും കേരള സംസ്ഥാന യുവജനക്ഷേമ ബോർഡും കേരള സംസ്ഥാന യുവജന കമ്മീഷനും നിർണായക പങ്ക് വഹിക്കുന്നു.

**കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പ്രധാന പ്രവർത്തനങ്ങൾ**

സംസ്ഥാനത്തെ യുവാക്കളെ ഉൾപ്പെടുത്തുന്നതിനും ശക്തീകരിക്കുന്നതിനും അംഗീകരിക്കുന്നതിനുമായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് വിപുലമായ സംരംഭങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. യൂത്ത് ക്ലബ്ബുകളും കേന്ദ്രങ്ങളും 175 ഏക്കർ ഭൂമിയിൽ കൂട്ടായി കൃഷി ചെയ്യുകയും സ്കൂളുകളും ആശുപത്രികളും വൃത്തിയാക്കൽ പോലെയുള്ള പൊതുസേവന പ്രവർത്തനങ്ങളിൽ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. നൈപുണ്യ വികസന, ഉപജീവന പരിപാടികളിലൂടെ തുണിസഞ്ചി നിർമ്മാണം, എൽ.ഇ.ഡി (LED) ബൾബ് നിർമ്മാണം തുടങ്ങിയ മേഖലകളിൽ പരിശീലനം നൽകി വരുന്നു. ഇതിന്റെ ഭാഗമായി, ഇടുക്കിയിലെ 680 യുവാക്കൾക്ക് എൽ.ഇ.ഡി നിർമ്മാണത്തിൽ പരിശീലനം നൽകുകയും, അതിൽ നിന്നുള്ള വരുമാനം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനയായി നൽകുകയും ചെയ്തു. 10, 12 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് കൗൺസലിംഗ് നൽകിക്കൊണ്ട്, കരിയർ ഗൈഡൻസ് പദ്ധതികൾ 200 കേന്ദ്രങ്ങളിലായി വിദ്യാർത്ഥികളിലേക്ക് എത്തിച്ചു. ദുരന്ത നിവാരണത്തിൽ യുവാക്കളെ പരിശീലിപ്പിക്കുന്നതിനായി കേരള വോളണ്ടിയർ യൂത്ത് ആക്ഷൻ ഫോഴ്സ് (കെ വി വൈ എ എഫ്) സ്ഥാപിക്കപ്പെട്ടു. കമ്മ്യൂണിറ്റി അടുക്കളകൾ, മരുന്ന് വിതരണം, കോവിഡ് -19 ദുരിതാശ്വാസ പ്രവർത്തനങ്ങൾ എന്നിവയിൽ സജീവമായി സംഭാവന നൽകിയ ഏകദേശം 1.2 ലക്ഷം വോളണ്ടിയർമാരെ രജിസ്റ്റർ ചെയ്തു. 15-35 പ്രായപരിധിയിലുള്ള യുവാക്കൾക്കായി ബ്ലോക്ക്, ജില്ല, സംസ്ഥാന തലങ്ങളിൽ സംഘടിപ്പിക്കുന്ന കേരളോത്സവം എന്ന ശ്രദ്ധേയമായ കായിക-കലാ മേളയിലൂടെ സാംസ്കാരികവും കായികവുമായ ഇടപെടലുകൾ പ്രോത്സാഹിപ്പിക്കപ്പെടുന്നു. ഇതിൽ പ്രതിവർഷം ഏകദേശം 5 ലക്ഷം യുവാക്കളും 6,000 ക്ലബ്ബുകളും പങ്കെടുക്കുന്നു. യൂത്ത് കേരള എക്സ്പ്രസ്സ് പ്രോജക്റ്റ് മത്സരങ്ങളിലൂടെയും പൊതുജന സമ്പർക്കത്തിലൂടെയും മാതൃകാപരമായ യൂത്ത് ക്ലബ്ബ് സംരംഭങ്ങൾ പരിചയപ്പെടുത്തുന്നു. അതേ സമയം, നാഷണൽ ഫോക്ക് ഫെസ്റ്റ് ഓഫ് കേരള ഇന്ത്യയിലുടനീളമുള്ള സാംസ്കാരിക വിനിമയത്തെയും പരമ്പരാഗത നാടോടി കലകളെയും പ്രോത്സാഹിപ്പിക്കുന്നു. സ്വാമി വിവേകാനന്ദ യുവ പ്രതിഭാ പുരസ്കാരം, മികച്ച യൂത്ത് ക്ലബ് അവാർഡ് തുടങ്ങിയ വാർഷിക അവാർഡുകളിലൂടെ യുവജനങ്ങളുടെ മികച്ച സംഭാവനകളെ അംഗീകരിക്കുന്നു. കൂടാതെ, ജേണലിസം ക്യാമ്പുകൾ, സോഷ്യൽ മീഡിയ വർക്ക്ഷോപ്പുകൾ, പരിസ്ഥിതിദിനം, സ്വാതന്ത്ര്യദിനം തുടങ്ങിയവയുമായി ബന്ധപ്പെട്ട പ്രത്യേക പരിപാടികൾ എന്നിവയുൾപ്പെടെയുള്ള മാധ്യമ-ബോധവൽക്കരണ പരിപാടികളിലൂടെ യുവാക്കളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നു. അതോടൊപ്പം, 'യുവത' എന്ന പ്രസിദ്ധീകരണത്തിലൂടെ സംസ്ഥാനത്തുടനീളമുള്ള യുവജന പ്രവർത്തനങ്ങളെയും പദ്ധതികളെയും കുറിച്ചുള്ള വിവരങ്ങൾ പ്രചരിപ്പിക്കുകയും ചെയ്യുന്നു.

**കേരള സംസ്ഥാന യുവജന കമ്മീഷന്റെ പ്രധാന പരിപാടികൾ**

സംസ്ഥാനമെമ്പാടുമുള്ള യുവാക്കളെ ശക്തീകരിക്കുന്നതിനും ഇടപഴകുന്നതിനുമായി കേരള സംസ്ഥാന യുവജന കമ്മീഷൻ നിരവധി സംരംഭങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. മരുന്നുകൾ, അവശ്യവസ്തുക്കൾ, വായനാ സാമഗ്രികൾ എന്നിവ വിതരണം ചെയ്തുകൊണ്ടും, ക്വാറന്റൈൻ കേന്ദ്രങ്ങളെ പിന്തുണച്ചുകൊണ്ടും യുവജന പ്രതിരോധ സേന കോവിഡ്-19 പ്രതികരണപ്രവർത്തനങ്ങളിൽ സജീവമായി സംഭാവന നൽകി. കോളേജുകളിലും എസ്.സി/എസ്.ടി നഗറുകളിലും നടത്തിയ 300-ലധികം സെഷനുകളിലൂടെ 74,000-ത്തിലധികം യുവാക്കളിലേക്ക് അവബോധവും പരിശീലന പരിപാടികളും സംഘടിപ്പിച്ചു. യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ വഴി നിയമപരമായ പിന്തുണ നൽകുകയും ടോൾ-ഫ്രീ സഹായം വാഗ്ദാനം ചെയ്യുകയും 800 പരാതികളിൽ 584 എണ്ണം അദാലത്തുകളിലൂടെയും സിറ്റിങ്ങുകളിലൂടെയും പരിഹരിക്കുകയും ചെയ്തു. കല, സംസ്കാരം, കായികം, കൃഷി, സംരംഭകത്വം, സാമൂഹിക പ്രവർത്തനം തുടങ്ങിയ മേഖലകളെ ഉൾപ്പെടുത്തി യൂത്ത് ഐക്കൺ അവാർഡുകളിലൂടെ മികച്ച നേട്ടങ്ങൾ അംഗീകരിക്കപ്പെട്ടു. സാമൂഹികനീതി വകുപ്പുമായി സഹകരിച്ച് ഗോത്രവർഗ്ഗ യുവാക്കളും സ്ത്രീകളും ഉൾപ്പെടെയുള്ള പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്കായി ആരോഗ്യ-ശക്തീകരണ പരിപാടികൾ നടപ്പിലാക്കി. ഇ.എം.എസ് സ്മാരക അന്തർ സർവ്വകലാശാല പ്രസംഗ മത്സരം, ദേശീയ യുവജന ദിനാഘോഷങ്ങൾ, ക്ലാസിക്കൽ നൃത്തമേളകൾ തുടങ്ങിയ സാംസ്കാരിക, വിദ്യാഭ്യാസ പ്രവർത്തനങ്ങൾ സമഗ്രമായ

വികസനത്തിന് വഴിയൊരുക്കി. വെർച്വൽ എംപ്ലോയ് മെന്റ് എക്സ്ചേഞ്ച്, ഗ്രീൻ യൂത്ത് പ്രോഗ്രാം എന്നിവയുൾപ്പെടെയുള്ള ഡിജിറ്റൽ സംരംഭങ്ങൾ തൊഴിൽ സൗകര്യത്തിനും പരിസ്ഥിതി അവബോധത്തിനും പിന്തുണ നൽകി. മൊത്തത്തിൽ, ഈ സംരംഭങ്ങൾ ഘടനാപരമായ യുവജന ഇടപെടൽ, ശേഷി വർദ്ധിപ്പിക്കൽ, സമഗ്ര വികസനം എന്നിവയോടുള്ള കേരളത്തിന്റെ സുസ്ഥിരമായ പ്രതിബദ്ധത പ്രകടമാക്കുന്നു.

**മുന്നോട്ടുള്ള പാത**

കഴിഞ്ഞ ഒരു ദശകത്തിനിടെ, കായിക-യുവജന വികസന മേഖലകളിൽ കേരളം പുതിയൊരു മുന്നേറ്റത്തിന് തുടക്കം കുറിച്ചിരിക്കുകയാണ്.

കഴിഞ്ഞ ദശകത്തിൽ ഉണ്ടായിട്ടുള്ള ഈ ഗതിവേഗം ഉയർന്നുവരുന്ന ആവശ്യങ്ങളെയും വെല്ലുവിളികളെയും നേരിടുന്നതിന്, പ്രത്യേകിച്ച് എല്ലാ മേഖലകളിലും സമൂഹങ്ങളിലും ലഭ്യതയും തുല്യതയും വികസിപ്പിക്കുന്നതിന് ഉപയോഗപ്പെടുത്തണം. പ്രാദേശിക അസമത്വങ്ങൾ നികത്തുന്നതിലും, ഓരോ കുട്ടിക്കും ഗുണനിലവാരമുള്ള കായിക സൗകര്യങ്ങൾ, ഉപകരണങ്ങൾ, പരിശീലനം എന്നിവ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിച്ച്, അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നത് ഒരു പ്രധാന മുൻഗണനയായി തുടരുന്നു. കേരളത്തിന്റെ നൂതന പദ്ധതികളായ ഗോൾ (GOAL), സ്പ്രിന്റ് (SPRINT), ഓപ്പറേഷൻ ഒളിമ്പിയ എന്നിവ കായിക പ്രതിഭകളെ കണ്ടെത്തുന്നതിനും വളർത്തുന്നതിനും വലിയ പ്രതീക്ഷയാണ് നൽകുന്നത്. എന്നാൽ, ഇവയുടെ സ്വാധീനം നിലനിർത്തുന്നതിന്, ശാസ്ത്രീയമായ പരിശീലനത്തിന്റെയും നിരന്തരമായ നിരീക്ഷണത്തിന്റെയും പിന്തുണയോടെ, ദീർഘകാല കായിക വികസനത്തിനായി വിവരാധിഷ്ഠിത (Data-driven) സംവിധാനങ്ങൾ രൂപീകരിക്കുന്നതിൽ സംസ്ഥാനം നിക്ഷേപം നടത്തേണ്ടതുണ്ട്.

ഫിസിയോളജി, ബയോമെക്കാനിക്സ്, മാനസിക പരിശീലനം എന്നീ മേഖലകളിലെ നൂതനമായ മാറ്റങ്ങൾ പരിശീലന രീതികളിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാന സ്ഥാപനങ്ങളും സ്പോർട്സ് അക്കാദമികളും സർവ്വകലാശാലകളുമായും അന്താരാഷ്ട്ര സമിതികളുമായും കൂടുതൽ സഹകരിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. കേരളം ഒരു സ്പോർട്സ് സമ്പദ്‌വ്യവസ്ഥ കെട്ടിപ്പടുക്കുന്നതിന്റെ ഭാഗമായി, വികസിച്ചുകൊണ്ടിരിക്കുന്ന മേഖലയെ പിന്തുണയ്ക്കാൻ കഴിയുന്ന ഒരു പ്രൊഫഷണൽ തൊഴിൽ ശക്തിയെ വികസിപ്പിക്കേണ്ടത് അടിയന്തരമായ ആവശ്യമാണ്. ഇതിൽ കായികതാരങ്ങളും പരിശീലകരും ഉൾപ്പെടുന്നു, ഫിസിയോത്തെറാപ്പിസ്റ്റുകൾ, പോഷകാഹാര വിദഗ്ധർ, മനഃശാസ്ത്രജ്ഞർ, സ്പോർട്സ് മാനേജർമാർ, ഇവന്റ് കോ-ഓർഡിനേറ്റർമാർ എന്നിവരും ഉൾപ്പെടുന്നു. വർദ്ധിച്ചുവരുന്ന ആവശ്യം നിറവേറ്റുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഈ മേഖലകളിൽ പ്രത്യേക കോഴ്സുകളും തൊഴിൽ പരിശീലനവും വാഗ്ദാനം ചെയ്യണം.

സ്ത്രീകൾ, ഭിന്നശേഷി കായികതാരങ്ങൾ, ട്രാൻസ്ജെൻഡർ വ്യക്തികൾ എന്നിവർക്കായുള്ള പരിപാടികൾ വർദ്ധിപ്പിക്കുന്നുണ്ടെന്ന് ഉറപ്പാക്കിക്കൊണ്ട്, ഉൾക്കൊള്ളലിനും പ്രാപ്യതയ്ക്കും സർക്കാർ പ്രതിജ്ഞാബദ്ധരായിരിക്കണം. സ്പോർട്സ് ടൂറിസത്തിലും സാഹസിക കായിക വിനോദങ്ങളിലും വർദ്ധിച്ചുവരുന്ന താൽപ്പര്യം സംസ്ഥാനത്തിന് ഗണ്യമായ സാധ്യതകൾ നൽകുന്നു. കളരിപ്പയറ്റ്, വള്ളംകളി, തീരദേശ ഗെയിമുകൾ തുടങ്ങിയ കേരളത്തിന്റെ സാംസ്കാരിക ശക്തികളെ ടൂറിസം സംരംഭങ്ങളുമായി സംയോജിപ്പിക്കുന്നതിലൂടെ, പ്രാദേശിക പൈതൃകം സംരക്ഷിക്കുന്നതിനൊപ്പം ആഗോള സന്ദർശകരെ സംസ്ഥാനത്തിന് ആകർഷിക്കാൻ കഴിയും. ഇ- സ്പോർട്സ് മേഖലയിലേക്കുള്ള കേരളത്തിന്റെ സജീവമായ പ്രവേശനം ശക്തിപ്പെടുത്തണം.

ഈ അഭിലാഷങ്ങളെ പിന്തുണയ്ക്കുന്നതിന്, കേരളം പൊതു-സ്വകാര്യ പങ്കാളിത്തവും അന്താരാഷ്ട്ര സഹകരണവും വർദ്ധിപ്പിക്കണം. സ്വകാര്യ നിക്ഷേപം ക്ഷണിക്കുന്നതും, ആഗോള വൈദഗ്ധ്യം പ്രയോജനപ്പെടുത്തുന്നതും, അന്താരാഷ്ട്ര മത്സരങ്ങൾ സംഘടിപ്പിക്കുന്നതും സംസ്ഥാനത്തിന്റെ കായിക പ്രതിച്ഛായ ഉയർത്തും. വിനോദത്തിനുള്ള ഒരു തിരഞ്ഞെടുപ്പായിട്ടല്ല, മറിച്ച് ഒരു ജീവിത നൈപുണ്യമായി സ്പോർട്സിനെ സ്കൂൾ പാഠ്യപദ്ധതിയിൽ സംയോജിപ്പിക്കുന്നതും ഒരുപോലെ പ്രധാനമാണ്. അവസാനമായി, അതിവേഗം മാറിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങൾക്കൊപ്പം മുന്നേറുന്നതിന് ശക്തമായ ഒരു വിലയിരുത്തൽ സംവിധാനവും നൂതനമായ മാറ്റങ്ങളും അനിവാര്യമാണ്.

## അധ്യായം 27

# ഡിജിറ്റൽ സർവെകളും ഭൂരേഖകളും

### ഭൂഭരണത്തിനായുള്ള ഒരു പരിവർത്തന ദർശനം

ഡിജിറ്റൽ ഭൂമി സർവെകൾക്കും സംയോജിത ഭൂവിനിയോഗ പരിപാലനത്തിനുമായി ആധുനിക സാങ്കേതികവിദ്യ അവതരിപ്പിച്ചുകൊണ്ട് കേരള സർക്കാർ ഭൂവിനിയോഗത്തിൽ നിർണായക പരിഷ്കാരങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. കേരളത്തിലെ ഉയർന്ന ജനസാന്ദ്രത, ദ്രുതഗതിയിലുള്ള നഗരവൽക്കരണം, ഭൂപരിഷ്കരണങ്ങളുടെ ചരിത്രം എന്നിവയാൽ കൃത്യമായതും ആശ്രയിക്കാവുന്നതുമായ ഭൂവിനിയോഗ രേഖകൾ അത്യാവശ്യമാണ്.

കേരളത്തിലെ ഭൂവിനിയോഗ പരിപാലനം ക്രമാനുഗതമായി വികസിച്ചു. 1882 നും 1934 നും ഇടയിൽ നടത്തിയ സെറ്റിൽമെന്റ് സർവെകൾ മുതൽ 1966-ൽ ആരംഭിച്ച റീസർവെ സംരംഭങ്ങൾ വരെയുള്ളവയിൽ, ഭൂമിയുടെ ഉടമസ്ഥാവകാശം രേഖപ്പെടുത്തുന്നതിൽ സംസ്ഥാനം കൃത്യമായ ശ്രദ്ധ കേന്ദ്രീകരിച്ചു. 2015 ആയപ്പോഴേക്കും, കാലഹരണപ്പെട്ട സർവെ രീതികൾ, വിഘടിച്ചതും പൊരുത്തമില്ലാത്തതുമായ രേഖകൾ, ഡിപ്പാർട്ട്മെന്റുകൾ തമ്മിലുള്ള ഏകോപനമില്ലായ്മ, ഭൂമി ഡാറ്റയിലേക്കുള്ള പൊതുജനങ്ങളുടെ പരിമിതമായ പ്രാപ്യത എന്നിവ ഉൾപ്പെടെയുള്ള വ്യവസ്ഥാപരമായ കാര്യക്ഷമതയില്ലായ്മ ഭൂവിനിയോഗത്തെ തടസ്സപ്പെടുത്തി. കഡാസ്ട്രൽ (ഭൂ-നക്ഷ) ഭൂപടങ്ങൾ പലപ്പോഴും പതിറ്റാണ്ടുകൾ പഴക്കമുള്ളതായിരുന്നു, പോക്കുവരവ് പ്രക്രിയ ശ്രമകരവും അവ്യക്തവുമായിരുന്നു. 13-ഉം, 14-ഉം പഞ്ചവത്സര പദ്ധതികൾക്കു കീഴിൽ ഡിജിറ്റൽ ആധുനികവൽക്കരണത്തിലേക്കുള്ള തന്ത്രപരമായ മാറ്റത്തിന് ഈ വെല്ലുവിളികൾ കാരണമായി.

പൗരന്മാർക്ക് നിലവിലുള്ള ഭൂവിനിയോഗത്തെയും ഉടമസ്ഥാവകാശത്തെയും കുറിച്ചുള്ള വിശ്വസനീയമായ ഡാറ്റ ഉറപ്പാക്കുന്നതിനും ഭൂവിനിയോഗ ആസൂത്രണവും അനുബന്ധ നയവികസനവും സുഗമമാക്കുന്നതിനും, സർവെ ആൻഡ് ലാൻഡ് റെക്കോർഡ്സ് വകുപ്പിന് കീഴിൽ 2022 ൽ സർക്കാർ 'എന്റെ ഭൂമി മിഷൻ', ഒരു "രണ്ടാം ഭൂപരിഷ്കരണം" എന്ന നിലയിൽ ആരംഭിച്ചു. എന്റെ ഭൂമി ഡിജിറ്റൽ ലാൻഡ് സർവെയും ഇന്റഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റവും (ILIMS) വഴി, കേരള സർക്കാർ ഭൂഭരണത്തിനായി സുതാര്യതയ്ക്കും ഡാറ്റ സമഗ്രതയ്ക്കും പ്രാധാന്യം നൽകുന്ന ഒരു സമഗ്ര ഡിജിറ്റൽ ചട്ടക്കൂട് സ്ഥാപിക്കുകയാണ്.

സാമ്പത്തിക വികസനം, ഭൂവുടമസ്ഥ സുരക്ഷ, ഭൂവിനിയോഗ ആസൂത്രണം, ബിസിനസ്സ് എളുപ്പമാക്കൽ എന്നിവയ്ക്ക് വിശ്വസനീയവും നിലവിലുള്ളതും ഡിജിറ്റൈസ് ചെയ്തതുമായ ഭൂരേഖകൾ അത്യാവശ്യമാണ്. മൂലരേഖാനുസൃതവും സ്ഥലപരവുമായ സംയോജിത ഡാറ്റ ഒരു സംസ്ഥാനത്തിന്റെ സ്ഥിതിവിവരക്കണക്ക്, ഭരണ സംവിധാനങ്ങളുടെ ഒരു പ്രധാന ഭാഗമാണ്. ഡിജിറ്റൈസ് ചെയ്ത രേഖാ പരിപാലനത്തിലൂടെ സുരക്ഷ, ദുരന്ത നിവാരണം, ചെലവ് കാര്യക്ഷമത എന്നിവ മെച്ചപ്പെടുത്തുന്നു. ഭൂവിനിയോഗ ആസൂത്രണം, ജല മാനേജ്മെന്റ്, അടിസ്ഥാന സൗകര്യ വികസനം, ദുരന്തനിവാരണം എന്നിവയിലേക്ക് ആധുനികവൽക്കരണം വ്യാപിപ്പിക്കാൻ കേരളം ലക്ഷ്യമിടുന്നു.

### സാങ്കേതിക വിദ്യ തിരഞ്ഞെടുക്കൽ

കേരളത്തിന്റെ ഡിജിറ്റൽ സർവെയുടെ ഒരു പ്രധാന സവിശേഷത കൃത്യതയ്ക്ക് ഊന്നൽ നൽകുന്നു എന്നതാണ്. ആസൂത്രണ ഘട്ടത്തിൽ, ആകാശ ഡ്രോൺ സർവെകൾ ഉൾപ്പെടെ ഒന്നിലധികം സാങ്കേതികവിദ്യകൾ സംസ്ഥാനം പരീക്ഷിച്ചു. അസമമായ ഭൂപ്രകൃതി, ഇടതൂർന്ന വൃക്ഷങ്ങൾ, ചെറുതും വിഘടിച്ചതുമായ ഭൂപ്രദേശങ്ങൾ എന്നിവയാൽ സവിശേഷതയുള്ള കേരളത്തിന്റെ ഭൂപ്രകൃതി നിയമപരമായി സാധുവായ കാഡസ്ട്രൽ മാപ്പിംഗിനുള്ള ആകാശ രീതികളുടെ അനുയോജ്യത പരിമിതപ്പെടുത്തുന്നുവെന്ന് ഈ പരീക്ഷണങ്ങൾ തെളിയിച്ചു. സാധാരണയായി 10-സെന്റീമീറ്റർ പരിധിയിൽ കൃത്യതയുള്ള ഡ്രോൺ അധിഷ്ഠിത സർവെകൾ, അതിർത്തി നിർണ്ണയത്തിന് സെന്റീമീറ്റർ-തലത്തിൽ കൃത്യത ആവശ്യമുള്ള ഒരു സാഹചര്യത്തിൽ പര്യാപ്തമല്ലായിരുന്നു. തൽഫലമായി, സംസ്ഥാനം ഒരു ഭൂപ്രദേശാധിഷ്ഠിത സർവെ സമീപനം സ്വീകരിച്ചു.

ഡിജിറ്റൽ ലാൻഡ് സർവെയിൽ 0-5 സെന്റീമീറ്റർ സ്ഥാന-കൃത്യത പ്രാപ്തമാക്കുന്ന 28 സ്റ്റേഷനുകളുടെ ഒരു ശൃംഖലയുടെ പിന്തുണയോടെ, തുടർച്ചയായി പ്രവർത്തിക്കുന്ന റഫറൻസ് സ്റ്റേഷനുകൾ (CORS) നിയന്ത്രണ കേന്ദ്രം സ്ഥാപിച്ചു. RTK (റിയൽ-ടൈം കൈനമാറ്റിക്) റോവറുകൾ, റോബോട്ടിക് ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷനുകൾ (R-ETS) എന്നിവയ്ക്കൊപ്പം ഉപയോഗിക്കുന്ന ഈ അടിസ്ഥാന സൗകര്യം, സസ്യജാലങ്ങളുടെ ആവരണവും ഭൂപ്രകൃതി വ്യതിയാനവും ഉണ്ടായിരുന്നിട്ടും കൃത്യമായ സർവെകളെ പിന്തുണയ്ക്കുന്നു, കൂടാതെ, സാങ്കേതിക മാനദണ്ഡങ്ങൾക്കായി ഒരു ദേശീയ റഫറൻസ് പോയിന്റ് സജ്ജമാക്കിയിട്ടുണ്ട്.

### പൗര സംവേദനക്ഷമതയും സമൂഹം നയിക്കുന്ന ഭരണവും

'എന്റെ ഭൂമി' ദൗത്യത്തിന്റെ ഒരു കേന്ദ്ര ഘടകം പൗര അവബോധത്തിനും സ്റ്റെക്ക്ഹോൾഡർമാരുടെ പങ്കാളിത്തത്തിനുമുള്ള സമീപനമാണ്, ഇത് ഡിജിറ്റൽ സർവെയെ പൂർണ്ണമായും ഭരണപരമായ ഒരു പ്രക്രിയയിൽ നിന്ന് പങ്കാളിത്ത പ്രക്രിയയിലേക്ക് മാറ്റുന്നു. പ്രാദേശിക തലത്തിൽ പിന്തുണ ഉറപ്പാക്കുന്നതിന് എം എൽ എ-മാർക്കും എം പി-മാർക്കും വേണ്ടിയുള്ള കേന്ദ്രീകൃത വർക്ക്ഷോപ്പുകൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ (എൽ എസ് ജി ഐ) മേധാവികൾക്കുള്ള വെർച്വൽ കോൺഫറൻസുകൾ എന്നിവയിലൂടെ പ്രധാന തീരുമാനമെടുക്കുന്നവരെ ഈ പരിപാടിയിൽ ഉൾപ്പെടുത്തുന്നു. വിവരങ്ങൾ ലഭ്യമാക്കൽ, അറിവ് നൽകൽ, ആശയവിനിമയ (ഐഇസി) പ്രവർത്തനങ്ങൾ, സർവെ സഭകൾ, സർവെ ജാഗ്രതാ സമിതികൾ എന്നിവയുടെ ഔപചാരിക സ്ഥാപനം എന്നിവയിലൂടെ പൊതുജനവിശ്വാസം ശക്തിപ്പെടുത്തുന്നു.

ഒരു ഗ്രാമത്തിൽ സർവെ ജോലി ആരംഭിക്കുന്നതിനു മുമ്പ്, സർവെ സഭകൾ സർവെ പ്രക്രിയയെക്കുറിച്ചും പ്രദേശവാസികളുടെ അവകാശങ്ങളെയും ഉത്തരവാദിത്തങ്ങളെയും കുറിച്ചും ഡിജിറ്റൽ ഭൂമി രേഖകളുടെ ഉപയോഗത്തെക്കുറിച്ചും അവരെ അറിയിക്കുന്നു. ഈ ഫോറങ്ങൾ സംസ്ഥാനത്തുടനീളമുള്ള ആയിരക്കണക്കിന് വാർഡുകളിൽ എത്തിയിട്ടുണ്ട്. ഭൂരേഖാ പരിശോധനയിലും പരാതി കൈകാര്യം ചെയ്യലിലും സഹായിക്കുന്ന പ്രാദേശിക സന്നദ്ധപ്രവർത്തകർ ഈ ശ്രമത്തെ പിന്തുണയ്ക്കുന്നു, അവർ ഭരണകൂടത്തിനും താമസക്കാർക്കും ഇടയിലുള്ള ഒരു കണ്ണിയായി പ്രവർത്തിക്കുന്നു. തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ, സന്നദ്ധപ്രവർത്തകർ, പൗരന്മാർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട്, സുതാര്യതയ്ക്കും പങ്കാളിത്തത്തിനും പ്രാധാന്യം നൽകുന്ന ഒരു ഭൂരേഖാ നവീകരണ മാതൃക കേരളം വികസിപ്പിച്ചെടുത്തിട്ടുണ്ട്.

## 'എന്റെ ഭൂമി മിഷന്റെ' നൂതനാശയങ്ങളും അതുല്യമായ സവിശേഷതകളും

'എന്റെ ഭൂമി' പ്രോഗ്രാമിന്റെ ഭൂഭരണത്തോടുള്ള സമീപനം നയിക്കുന്നത്, കൃത്യത, സുതാര്യത, പൗരന്മാർക്ക് രേഖകൾ ലഭ്യമാക്കൽ എന്നിവ സാധ്യമാക്കുന്നതിനായി നിർവചിത പ്രവർത്തന മേഖലകൾ ക്രമീകരിക്കുക എന്നതിലേയ്ക്കാണ്, അവ ഇവയാണ്:

### സാങ്കേതിക ഉപകരണങ്ങളും കൃത്യതയും

ഡിജിറ്റൽ സർവെ ഒരു എൻഡ്-ടു-എൻഡ് വർക്ക്ഫ്ലോ പിന്തുടരുന്നു, അതിൽ, പ്രാരംഭ അറിയിപ്പ് മുതൽ അന്തിമ പ്രസിദ്ധീകരണം വരെയുള്ള എല്ലാ ഘട്ടങ്ങളും ഒരൊറ്റ ഡിജിറ്റൽ സംവിധാനത്തിലൂടെ നടത്തുന്നു, ഇത് മനുഷ്യശേഷി ഉപയോഗിച്ചുള്ള കൈകാര്യം ചെയ്യലും ഭരണപരമായ കാലതാമസവും ഇല്ലാതാക്കുന്നു. CORS, RTK, R-ETS എന്നിവയുൾപ്പെടെ ഒന്നിലധികം സർവെയിംഗ് സാങ്കേതികവിദ്യകളെ ഈ പ്ലാറ്റ്ഫോം സംയോജിപ്പിക്കുകയും, ഭാവിയിലെ സ്ഥലസംബന്ധിയായ (ജിയോസ്പേഷ്യൽ) ആവശ്യകതകൾക്കായി ഡ്രോൺ ഡാറ്റ ഉൾക്കൊള്ളുന്നതിനായി രൂപകൽപ്പന ചെയ്തിരിക്കുകയും ചെയ്യുന്നു. പൈതൃക ഭൂപടങ്ങളും ചരിത്രപരമായ ഭൂരേഖകളും ഡിജിറ്റൈസ് ചെയ്യുകയും സർവെയർമാരുടെ ടാബ്ലെറ്റുകളിൽ അവ ലഭ്യമാക്കുകയും ചെയ്യുന്നു, ഇത് ഓൺ-സൈറ്റ് റഫറൻസ് പ്രാപ്തമാക്കുകയും തയ്യാറെടുപ്പ് സമയവും ഫീൽഡിലുണ്ടാകുന്ന പിശകുകളും കുറയ്ക്കുകയും ചെയ്യുന്നു.

ഒരു സമർപ്പിത ഗവൺമെന്റ് ലാൻഡ് റീ-ഫിക്സിംഗ് മൊഡ്യൂൾ ചരിത്രപരമായ ഗവൺമെന്റ് സ്കെച്ചുകളുടെ ജിയോ-റഫറൻസിംഗിനെ പിന്തുണയ്ക്കുന്നു, പഴയ സർവെ കല്ലുകളുടെ കൃത്യമായ സ്ഥാനമാറ്റവും പൊതു ഭൂമിയുടെ സംരക്ഷണവും അനുവദിക്കുന്നു. തത്സമയ നിരീക്ഷണ ഡാഷ് ബോർഡുകൾ CORS നെറ്റ്വർക്കിന്റെ പ്രവർത്തന നിലയും, ഫീൽഡിലെ RTK ഉപകരണങ്ങളുടെ തത്സമയ ചലനവും പിന്തുടർന്നു കണ്ടുപിടിക്കുന്നു, സ്ഥിരമായ കൃത്യതയും പ്രവർത്തന നിയന്ത്രണവും പിന്തുണയ്ക്കുന്നു.

### പൗര – കേന്ദ്രീകൃതതയും സുതാര്യതയും

സർവെ പ്രക്രിയ ഭൂവുടമകളുമായി നേരിട്ട് ഇടപഴകുന്നതിന് ഊന്നൽ നൽകുന്നു. സർവെയർമാർ തത്സമയം ഡിജിറ്റൽ മാപ്പുകളും രേഖകളും സൃഷ്ടിക്കുകയും, കരുത്തുറ്റ ടാബ്ലെറ്റ് പേഴ്സണൽ കമ്പ്യൂട്ടർ ഉപയോഗിച്ച് ഫീൽഡ് അളവുകൾ കഴിഞ്ഞയുടനെ ഭൂവുടമകൾക്ക് സമർപ്പിക്കുകയും ചെയ്യുന്നു. സർവെയുടെ ഓരോ പ്രധാന ഘട്ടത്തിലും പൗരന്മാർക്ക് ഓട്ടോമേറ്റഡ് എസ് എം എസ് അലെർട്ടുകൾ ലഭിക്കുന്നു, ഇത് വിവരങ്ങളിലേക്കുള്ള തുടർച്ചയായ പ്രവേശനം ഉറപ്പാക്കുന്നു.

'എന്റെ ഭൂമി' പോർട്ടൽ വഴി, ഇടനിലക്കാരില്ലാതെ ഭൂവുടമകൾക്ക് അവരുടെ രേഖകൾ അവലോകനം ചെയ്യാനും, ആക്ഷേപങ്ങൾ സമർപ്പിക്കാനും പരാതിപരിഹാര നടപടികൾ ട്രാക്ക് ചെയ്യാനും കഴിയും. സർവെ സമയത്ത്, പരിശോധിച്ചുറപ്പിച്ചതും സ്ഥിരതയുള്ളതുമായ ഉടമസ്ഥാവകാശ ഐഡന്റിറ്റി സ്ഥാപിക്കുന്നതിനും സിസ്റ്റങ്ങളിലുടനീളം ഡാറ്റ വിശ്വാസ്യത ശക്തിപ്പെടുത്തുന്നതിനും ഭൂരേഖകൾ ആധാറുമായി ബന്ധിപ്പിക്കുന്നു.

### സാമൂഹ്യ പങ്കാളിത്തവും അവബോധവും

ഏതെങ്കിലും ഗ്രാമത്തിൽ സർവെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുമ്പ്, തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളുടെയും താമസക്കാരുടെയും പങ്കാളിത്തത്തോടെ സർവെ സഭകൾ നടത്തി അവബോധം സൃഷ്ടിക്കുകയും സ്ഥിരീകരണ പ്രവർത്തനങ്ങളിൽ പങ്കാളിത്തത്തിനായി സമൂഹത്തെ തയ്യാറാക്കുകയും ചെയ്യുന്നു.

സർവെ ടീമുകളെ സഹായിക്കുകയും, പൗരന്മാരെ നയിക്കുകയും ഡിജിറ്റൽ പോർട്ടലിന്റെ ഉപയോഗത്തെ പിന്തുണയ്ക്കുകയും ചെയ്യുന്ന ഏകദേശം 29,000 അംഗങ്ങളുടെ ഒരു സന്നദ്ധ ശൃംഖലയായ സർവെ ജാഗ്രതാ സമിതികളാണ് കമ്മ്യൂണിറ്റി ഇടപെടലിനെ പിന്തുണയ്ക്കുന്നത്. കൂടാതെ, സ്റ്റാറ്റിറ്റ്യൂട്ടറി 9(2) പ്രസിദ്ധീകരണത്തിന് മുമ്പ് വാർഡ്-തല പരിശോധനാ ക്യാമ്പുകൾ നടക്കുന്നു, ഇത് പ്രദേശവാസികൾക്ക് ഡ്രാഫ്റ്റ് രേഖകൾ അവലോകനം ചെയ്യാനും പ്രാരംഭ ഘട്ടത്തിൽ പ്രശ്നങ്ങൾ പരിഹരിക്കാനും അവരെ അനുവദിക്കുന്നു.

### ഭരണപരവും ഗുണനിലവാരമുള്ളതുമായ ഭരണം

സംസ്ഥാന പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റും (SPMU) ജില്ലാതല യൂണിറ്റുകളും തുടർച്ചയായ സാങ്കേതിക മേൽനോട്ടം നൽകുന്ന ഒരു മൾട്ടി-ടയർ മോണിറ്ററിംഗ് ചട്ടക്കൂടിന് കീഴിലാണ് പ്രോഗ്രാം പ്രവർത്തിക്കുന്നത്. റവന്യൂ മന്ത്രിയുടെ അധ്യക്ഷതയിൽ റവന്യൂ സെക്രട്ടേറിയറ്റും ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഒരു അപ്പക്സ് കമ്മിറ്റിയും ആഴ്ചതോറും പുരോഗതി അവലോകനം ചെയ്യുന്നു.

സ്ഥലസംബന്ധിയായ കൃത്യതയും മൂലരേഖാ (ടെക്സ്ചൽ) പ്രകാരമുള്ള സ്ഥിരതയും (special accuracy) ഒരേസമയം സാധൂകരിക്കുന്ന ഉപകരണങ്ങൾ വഴി ഗുണനിലവാര നിയന്ത്രണം ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സർവെയർ വർക്ക് അലോക്കേഷൻ, പെർമിഷൻ മാനേജ്മെന്റ് തുടങ്ങിയ ഭരണപരമായ ജോലികൾ ഒരു ഓട്ടോമേറ്റഡ് പോർട്ടൽ മൊഡ്യൂൾ വഴിയാണ് കൈകാര്യം ചെയ്യുന്നത്, ഇത് സംസ്ഥാനത്തുടനീളമുള്ള പ്രവർത്തനങ്ങൾക്ക് ഏകീകരണ സ്വഭാവം നൽകുന്നു.

### നിയമപരമായ സമഗ്രതയും വകുപ്പുകൾ തമ്മിലുള്ള വിന്യാസവും

ഡിജിറ്റൽ പ്രീ-മ്യൂട്ടേഷൻ സ്കെച്ച് (DPMS) വഴി വകുപ്പുകൾക്കിടയിലുള്ള നിയമപരമായ പൊരുത്തപ്പെടൽ ഉറപ്പാ

ക്കുന്നു, ഇതിനായി, ഓരോ ഭൂമി രജിസ്ട്രേഷനും മുമ്പായി പരിശോധിച്ചുറപ്പിച്ച സ്ഥലപരമായ സ്കെച്ച് ആവശ്യമാണ്. എല്ലാ ഇടപാടുകൾക്കും എല്ലാ വകുപ്പുകളിലുമുടനീളം ഈ സംവിധാനം "സത്യത്തിന്റെ ഏക ഉറവിടം" നിലനിർത്തുകയും സർവെ, രജിസ്ട്രേഷൻ, റവന്യൂ രേഖകൾ എന്നിവ തമ്മിലുള്ള പൊരുത്തക്കേടുകൾ തടയുകയും ചെയ്യുന്നു.

എക്സിക്യൂട്ടീവ് ഉത്തരവുകൾ, വിശദമായ ഏകീകൃത ഓപ്പറേറ്റിംഗ് നടപടിക്രമങ്ങൾ, ഡിജിറ്റൽ ലാൻഡ് അഡ്മിനിസ്ട്രേഷനെയും വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തെയും പിന്തുണയ്ക്കുന്നതിനായി രൂപകൽപ്പന ചെയ്തിട്ടുള്ള ലക്ഷ്യബോധമുള്ള നിയമ ഭേദഗതികൾ എന്നിവയുൾപ്പെടെ നിർവചിക്കപ്പെട്ട നിയമപരവും നടപടിക്രമപരവുമായ ചട്ടക്കൂടാണ് ഈ ദൗത്യത്തെ പിന്തുണയ്ക്കുന്നത്.

**പുരോഗതിയും ദേശീയ അംഗീകാരവും**

'എന്റെ ഭൂമി ദൗത്യം', കവറേജ്, വേഗത, സുതാര്യത എന്നിവയുടെ കാര്യത്തിൽ മുൻകാല മാനവിക സർവെ ശ്രമങ്ങളെ മറികടന്ന് ഗണ്യമായ പുരോഗതി കൈവരിച്ചു. 2026-ന്റെ തുടക്കത്തിൽ, സർവെയും ഭൂരേഖയും വകുപ്പ് ഏകദേശം 67.5 ലക്ഷം ഭൂവിഭാഗങ്ങൾ ഉൾക്കൊള്ളുന്ന 9.2 ലക്ഷം ഹെക്ടറിലധികം ഭൂമി സർവെ ചെയ്തു. 537 ഗ്രാമങ്ങളിൽ ഫീൽഡ് സർവെകൾ ആരംഭിച്ചു, 363 ഗ്രാമങ്ങളിൽ സർവെ ആൻഡ് ബൗണ്ടറീസ് ആക്ടിന്റെ വകുപ്പ് 9(2) പ്രകാരം കരട് രേഖകൾ പ്രസിദ്ധീകരിച്ചു. ആകെ 123 ഗ്രാമങ്ങൾ സെക്ഷൻ 13 വരെയുള്ള പ്രക്രിയ പൂർത്തിയാക്കി, അവയുടെ വിവരങ്ങൾ പൗര സേവനങ്ങൾക്കായി ILIMS പ്ലാറ്റ്ഫോമിൽ ലഭ്യമാണ്.

ഈ സവിശേഷതകൾ കേരളത്തെ ദേശീയ തലത്തിൽ ഒരു റഫറൻസ് പോയിന്റാക്കി മാറ്റുന്നതിന് കാരണമാക്കി. ഭൂവിഭവ വകുപ്പ് (DoLR) ഒന്നിലധികം ഫോറങ്ങളിൽ പദ്ധതി അംഗീകരിക്കുകയും, നിരവധി സംസ്ഥാനങ്ങൾ ഈ എൻഡ്-ടു-എൻഡ് ഡിജിറ്റൽ സംവിധാനം സ്വീകരിക്കുന്നതിനുള്ള പോർട്ടൽ പ്രദർശനങ്ങൾ, പരിശീലനം, മാർഗ്ഗനിർദ്ദേശം എന്നിവയ്ക്കായി കേരളത്തെ സമീപിക്കുകയും ചെയ്തിട്ടുണ്ട്. പൗര പങ്കാളിത്തവുമായി സാങ്കേതികവിദ്യ സംയോജിപ്പിക്കുന്നതിനുള്ള ഏറ്റവും നല്ല രീതിയായി "കേരള മോഡൽ" ഇപ്പോൾ അംഗീകരിക്കപ്പെട്ടിരിക്കുന്നു.

**ബഹു-മേഖലാ-തല സ്വാധീനം**

'എന്റെ ഭൂമി മിഷ'നിലൂടെ കൃത്യമായ ജി ഐ എസ്-നാൽ പ്രവർത്തനക്ഷമമാക്കപ്പെട്ട ഡിജിറ്റൽ കാഡസ്ട്രെ (ഭൂവിവര രജിസ്റ്റർ) സൃഷ്ടിക്കുന്നത് കേരളത്തിലുടനീളമുള്ള ഭരണപരമായ പ്രവർത്തനങ്ങൾക്ക് ഒരു പൊതു ജിയോസ്പേഷ്യൽ (സ്ഥലപരമായ) ചട്ടക്കൂട് നൽകുകയും വകുപ്പുകൾ സ്പേഷ്യൽ ഡാറ്റ എങ്ങനെ ഉപയോഗിക്കുന്നു എന്നതിനെ സ്വാധീനിക്കുകയും ചെയ്യുന്നു. സ്മാർട്ട് സിറ്റി സംരംഭങ്ങളിലും ടൗൺ ആൻഡ് കൺട്രി പ്ലാനിംഗിലും, നഗര സിമുലേഷനുകളും സോണിംഗ് തീരുമാനങ്ങളും കാഡസ്ട്രെ അനുവദിക്കുന്നു. ഭൂമി ഏറ്റെടുക്കൽ, യൂട്ടിലിറ്റി കോറിഡോർ ആസൂത്രണം എന്നിവയുമായി ബന്ധപ്പെട്ട ബഫർ വിശകലനത്തിനായി പൊതുമരാമത്ത് വകുപ്പിനും (പി ഡബ്ല്യൂ ഡി) കേരള സംസ്ഥാന വൈദ്യുതി ബോർഡിനും (കെ എസ് ഇ ബി) ഇത് ഉപയോഗിക്കാൻ കഴിയും. വെള്ളപ്പൊക്ക അപകട സാധ്യതാ മാപ്പിംഗിനും ദുരന്താനന്തര നാശനഷ്ട വിലയിരുത്തലിനും തത്സമയ ഇമേജറി ഉപയോഗിച്ച് ദുരന്തനിവാരണ അതോറിറ്റിക്ക് കാഡസ്ട്രയിലെ രേഖകൾ ഉപയോഗിക്കാൻ കഴിയും. അതിർത്തികളും സംരക്ഷണ മേഖലകളും നിരീക്ഷിക്കാൻ വനം, പരിസ്ഥിതി വകുപ്പുകൾക്ക് ഈ സംവിധാനം ഉപയോഗിക്കാം. കാർഷിക മേഖലയിൽ, കാഡസ്ട്രയിലെ രേഖകൾക്ക് ഭൂവിഭാഗതല വിള നിരീക്ഷണത്തെയും സബ്സിഡി വിതരണത്തെയും പിന്തുണയ്ക്കാൻ കഴിയും, അതേസമയം ജലസേചന, ജലവിഭവ വകുപ്പുകൾക്ക് ജലപ്രവാഹ വിശകലനത്തിനായി കാഡസ്ട്രെയിൽ നിന്ന് ഉരുത്തിരിഞ്ഞ ഡിജിറ്റൽ എലവേഷൻ മാതൃകകൾ ഉപയോഗിക്കാൻ കഴിയും. വിശദമായ സാമൂഹിക-സാമ്പത്തിക വിശകലനം നടത്തുന്നതിന് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന് ഭൂഭാഗങ്ങളുമായി ജനസംഖ്യാ ഡാറ്റയെ ബന്ധിപ്പിക്കാനും, തെളിവുകൾ അടിസ്ഥാനമാക്കിയുള്ള നയ നിർവ്വഹണത്തെ പിന്തുണയ്ക്കാനും കഴിയും.

ഇത്തരത്തിൽ, ജിയോസ്പേഷ്യൽ അടിസ്ഥാന സൗകര്യങ്ങൾ സംസ്ഥാനത്തിന്റെ ദീർഘകാല വികസനത്തെയും സാമ്പത്തിക ആസൂത്രണത്തെയും പിന്തുണയ്ക്കുന്നു. 'എന്റെ ഭൂമി പോർട്ടൽ' ഒരു കേന്ദ്ര ശേഖരമായി പ്രവർത്തിക്കുന്നു, സർക്കാർ ഉപയോഗത്തിനായി ഒരൊറ്റ, ആധികാരിക സ്പേഷ്യൽ റഫറൻസ് നൽകുകയും വകുപ്പുകളിലുടനീളം സ്പേഷ്യൽ ഡാറ്റയുടെ തനിപ്പകർപ്പ് തയ്യാറാക്കൽ ജോലി കുറയ്ക്കുകയും ചെയ്യുന്നു. മുമ്പ്, വകുപ്പുകൾ സ്വതന്ത്രമായി ഒരേ മേഖലകൾക്കായി സ്പേഷ്യൽ ഡാറ്റാസെറ്റുകൾ സൃഷ്ടിച്ചിരുന്നു, അതിന്റെ ഫലമായി ആവർത്തിത ചെലവുകൾ ഉണ്ടായി. ഈ കേന്ദ്രീകൃത കാഡസ്ട്രെയുടെ ഉപയോഗം ആവശ്യപ്പെടുന്നതിലൂടെ, സംസ്ഥാനത്തിന് ഡാറ്റ സൃഷ്ടിക്കൽ ചെലവ് കുറയ്ക്കാനും വിഭവ വിഹിതം മെച്ചപ്പെടുത്താനും കഴിയും. വ്യക്തവും തർക്കമില്ലാത്തതുമായ ഭൂമിരേഖകളുടെ ലഭ്യത വ്യാവസായിക, വാണിജ്യ നിക്ഷേപങ്ങളിലെ അനിശ്ചിതത്വം കുറയ്ക്കുന്നതിലൂടെ ബിസിനസ്സ് ചെയ്യാനുള്ള എളുപ്പവഴിയെ (EoDB) പിന്തുണയ്ക്കുന്നു. കൂടാതെ, ദേശീയ, അന്തർദേശീയ സാങ്കേതിക പങ്കാളികളുമായി സഹകരണം സാധ്യമാക്കുന്ന ഒരു സംസ്ഥാനതല സ്ഥല-വിവര അടിസ്ഥാന സൗകര്യ സംവിധാനം (സ്പേഷ്യൽ ഡാറ്റ ഇൻഫ്രാസ്ട്രക്ചർ സിസ്റ്റം) സൃഷ്ടിക്കുന്നു. സ്പേഷ്യൽ ഡാറ്റയ്ക്കുള്ള പൊതു ചെലവ് ഒന്നിലധികം ഉപയോഗങ്ങളെ പിന്തുണയ്ക്കുകയും, മേഖലകളിലുടനീളം സുതാര്യത, കാര്യക്ഷമത, ഏകോപിത ഭരണം എന്നിവ ശക്തിപ്പെടുത്തുകയും ചെയ്യുന്നുവെന്ന് ഈ സംയോജിത സമീപനം ഉറപ്പാക്കുന്നു.

**ഇന്റഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (ILIMS) - സംയോജിത ഭൂവിവര പരിപാലന സംവിധാനം**

'എന്റെ ഭൂമി പോർട്ടൽ' വഴി പ്രവേശിക്കാവുന്ന ഇന്റഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (ILIMS), റവന്യൂ, രജിസ്ട്രേഷൻ, സർവെ വകുപ്പുകളുടെ സേവനങ്ങൾ സംയോജിപ്പിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ സംവിധാനമാണ്. ILIMS-ൽ ഡിജിറ്റൽ സർവെ ഡാറ്റ ഉൾപ്പെടുത്തുന്നത് ഈ വകുപ്പുകളിലുടനീളം ഒരൊറ്റ, സ്ഥിരമായ രേഖീകരണ സംവിധാനം സൃഷ്ടിക്കുന്നു, ഇതുവഴി റവന്യൂ, രജിസ്ട്രേഷൻ സർവെ വിവരങ്ങൾ എന്നിവ തുടർച്ചയായ ഡിജിറ്റൽ പ്രക്രിയയിൽ വിന്യസിക്കപ്പെടുന്നു. തൽ

ഫലമായി, രജിസ്ട്രേഷൻ സമയത്ത് സ്പേഷ്യൽ രേഖകൾ സ്വയമേവ അപ്ഡേറ്റ് ചെയ്യപ്പെടുന്നു, ഇത് ആവർത്തിതവും ചെലവേറിയതുമായ റീസർവെ പ്രോഗ്രാമുകളുടെ ആവശ്യകത ഇല്ലാതാക്കുന്നു.

ഈ സംയോജനവുമായി നേരിട്ട് ബന്ധിപ്പിച്ചിട്ടുള്ള ഒരു കൂട്ടം പൗര സേവനങ്ങൾ ILIMS നൽകുന്നു. രജിസ്ട്രേഷൻ സമയത്ത്, അടിസ്ഥാന സാഹചര്യങ്ങളെ പ്രതിഫലിപ്പിക്കുന്ന സ്പേഷ്യൽ രേഖകൾ വകുപ്പുകളിലുടനീളം സ്വയമേവ കാലികമാക്കപ്പെടുന്നു ചെയ്യപ്പെടുന്നു. ILIMS-ലെ ഡിജിറ്റൽ പ്രീ-മ്യൂട്ടേഷൻ സ്കെച്ച് (DPMS), തണ്ടപ്പർ (TP) സേവനങ്ങൾ ഉപയോഗിച്ചാണ് ഭൂമി രജിസ്ട്രേഷനുകൾ പ്രോസസ്സ് ചെയ്യുന്നത്. ഡിജിറ്റൽ സ്കെച്ചുകൾ ഉൾപ്പെടെയുള്ള അവശ്യ രേഖകൾ നിർവചിക്കപ്പെട്ട സമയപരിധിക്കുള്ളിൽ നൽകാൻ ഈ ചട്ടക്കൂട് അനുവദിക്കുന്നു, കൂടാതെ, ഭൂമി ഇടപാടുകളിൽ കബളിപ്പിക്കപ്പെടാനുള്ള സാധ്യത കുറയ്ക്കുന്നു. ആവർത്തിതമായ റീസർവെകളും രേഖകളുടെ മാനുഷികമായ ഒത്തുനോക്കലും ഒഴിവാക്കുന്നതിലൂടെ, ഈ സംവിധാനം സർക്കാർ ചെലവ് കുറയ്ക്കുകയും, ഭൂമിയുമായി ബന്ധപ്പെട്ട സേവനങ്ങൾ കൂടുതൽ സമയ-കാര്യക്ഷമമായ രീതിയിൽ പൗരന്മാർക്ക് നൽകുകയും ചെയ്യുന്നു.

**മുന്നോട്ട്**

കേരളത്തിലെ ഭൂഭരണത്തിന്റെ ഒരു പ്രധാന ലക്ഷ്യം, എല്ലാ ഭൂപ്രദേശങ്ങളും നിശ്ചിത സാങ്കേതിക കൃത്യതയോടെ അളക്കപ്പെടുകയും രേഖപ്പെടുത്തപ്പെടുകയും ചെയ്യുന്നുവെന്ന് ഉറപ്പാക്കിക്കൊണ്ട് സംസ്ഥാനത്ത് ഒരു സമ്പൂർണ്ണ ഡിജിറ്റൽ ഭൂ-സർവെ പൂർത്തിയാക്കുക എന്നതാണ്. ഇത് ഒരു തുടർച്ചയായ പ്രക്രിയയാണ്. ILIMS പോർട്ടലിലൂടെ, ഭൂമിയുടെ നിലവിലുള്ള സാഹചര്യങ്ങളുമായി പൊരുത്തപ്പെടുന്ന ഏകവും ആധികാരികവുമായ ഒരു വിവര ശേഖരം സ്ഥിരമായി പാലിക്കപ്പെടുന്ന തരത്തിൽ, സ്ഥലപരവും മൂലരേഖാപ്രകാരവുമുള്ള ഭൂരേഖകൾ, തുടർച്ചയായി കാലികമാക്കപ്പെടുന്നതായിരിക്കും. സുതാര്യത കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി, നഗര-സാന്ദ്രത വിശകലനത്തിനും അടിസ്ഥാന സൗകര്യ ആസൂത്രണത്തിനുമായി ലംബമാനമായ ഡാറ്റ ചേർക്കുന്നതിന് 3D മാപ്പിംഗ്, ഡിജിറ്റൽ ഇരട്ട (ഡിജിറ്റൽ ട്വിന്നിംഗ്) തുടങ്ങിയ സാങ്കേതികവിദ്യകൾക്കൊപ്പം ഓട്ടോമേറ്റഡ് ഫീച്ചർ എക്സ്ട്രാക്ഷൻ, ചേഞ്ച് ഡിറ്റക്ഷൻ എന്നിവയ്ക്കുള്ള AI- അധിഷ്ഠിത ഉപകരണങ്ങൾ സംയോജിപ്പിക്കുന്നതിനായി സർവെയും ഭൂരേഖയും വകുപ്പ് പദ്ധതിയിടുന്നു.

ഈ സാങ്കേതിക സംരംഭങ്ങൾക്ക് സമാന്തരമായി, ഭൂഭരണത്തിനുള്ള നിയമപരമായ ചട്ടക്കൂട് അപ്ഡേറ്റ് ചെയ്യുകയാണ്. നിർദ്ദിഷ്ട കേരള സെറ്റിൽമെന്റ് ആക്ട് പഴയ ചട്ടക്കൂടുകൾ മാറ്റിസ്ഥാപിക്കുകയും, ദീർഘകാലമായി നിലനിൽക്കുന്ന ഭൂമി തർക്കങ്ങൾ പരിഹരിക്കുന്നതിനുള്ള ഒരു ആധുനിക സെറ്റിൽമെന്റ് പ്രക്രിയ സ്ഥാപിക്കുകയും ചെയ്യും. ഡിജിറ്റൽ ഡാറ്റ പിന്തുണയ്ക്കുന്ന സമഗ്രമായ അവകാശ രേഖ (RoR) ഓരോ പൗരനും നൽകുന്നതിന് ഉദ്ദേശിച്ചുള്ളതാണ് നിയമ പരിഷ്കരണത്തിന്റെയും ഡിജിറ്റൽ സംവിധാനങ്ങളുടെയും ഈ വിന്യാസം. നിർണായകമായ ഭൂമി ടൈറ്റിലിംഗിലേക്കുള്ള (ഔപചാരികമായ ഭൂസ്വത്തവകാശം നൽകൽ) പരിവർത്തനമാണ് ഇതിന്റെ ദീർഘകാല ലക്ഷ്യം, ഇതിന് കീഴിൽ സംസ്ഥാനം ഉടമസ്ഥാവകാശത്തിന്റെ നിയമപരമായ ഉറപ്പ് നൽകുന്നു. അനുമാനപരമായ അവകാശങ്ങളിൽനിന്ന് നിർണായകമായ അവകാശങ്ങളിലേക്ക് മാറുന്നതിലൂടെ, ഭൂമിയുമായി ബന്ധപ്പെട്ട വ്യവഹാരങ്ങൾ കുറയ്ക്കാനും, സാമൂഹിക-സാമ്പത്തിക വികസനത്തിന് സുസ്ഥിരമായ ഒരു അടിത്തറ സൃഷ്ടിക്കാനും കേരളം ലക്ഷ്യമിടുന്നു.

## അധ്യായം 28

# നവകേരളത്തിനായുള്ള ഉദ്യമങ്ങൾ

അഞ്ച് വർഷത്തെ അവഗണന, ജനങ്ങളുടെ മാനുഷികവികസനവും ഉപജീവന ആവശ്യങ്ങളുമായി ബന്ധപ്പെട്ട് അവരുടെ ദൈനംദിന ജീവിതത്തിൽ ബുദ്ധിമുട്ടുകൾ സൃഷ്ടിച്ച ഏതാനും മേഖലകൾ 2016-ൽ കേരള സർക്കാർ തിരിച്ചറിയുകയുണ്ടായി. ഇതേ തുടർന്ന് സാമൂഹികവും സാമ്പത്തികവുമായ പോരായ്മകൾ പരിഹരിക്കുന്നതിനും പുരോഗമനപരമായ ആസൂത്രണത്തിലൂടെയും വികസനത്തിലൂടെയും ഒരു പുതിയ കേരളം കെട്ടിപ്പടുക്കുന്നതിനുമായി ഒരു പുതിയ കേരളത്തിനായുള്ള കർമ്മ പദ്ധതി (നവകേരളം കർമ്മ പദ്ധതി) വേഗത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ആരംഭിച്ചു. ഇതിലൂടെ ദീർഘകാല പരിഷ്കാരങ്ങൾക്ക് അടിത്തറയിടുന്നതിനൊപ്പം, നിലവിലുള്ള പൊതുവായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ലക്ഷ്യമിടുന്നു. ബഹുജന പങ്കാളിത്തത്തിനും കേന്ദ്ര-സംസ്ഥാന പദ്ധതികൾ സംയോജിപ്പിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (LSG-കൾ), വകുപ്പുകൾ, ഏജൻസികൾ എന്നിവയ്ക്കിടയിൽ ഏകോപിതമായ പ്രവർത്തനത്തിനും ഊന്നൽ നൽകിക്കൊണ്ടാണ് ഇത് ആരംഭിച്ചത്. ഈ സംരംഭത്തിന് കീഴിലുള്ള പരിപാടികളിൽ ആർദ്രം മിഷൻ (ആരോഗ്യം), വിദ്യാകിരണം മിഷൻ (വിദ്യാഭ്യാസം), ലൈഫ് മിഷൻ (ഭവന നിർമ്മാണം), ഹരിത കേരള മിഷൻ (പരിസ്ഥിതി), കേരള പുനർനിർമ്മാണ സംരംഭം എന്നിവ ഉൾപ്പെടുന്നു. ത്വരിത ഗതിയിലുള്ള വികസനത്തിലൂടെ നവകേരളം കർമ്മ പദ്ധതിക്ക് അത് ലക്ഷ്യംവച്ച എല്ലാ മേഖലകളിലും മാറ്റം സൃഷ്ടിക്കാൻ സാധിച്ചു.

പ്രാദേശിക സാമ്പത്തിക അസന്തുലിതാവസ്ഥയും അസമത്വങ്ങളും പരിഹരിക്കുന്നതിന് സാമൂഹിക, സാമ്പത്തിക തുല്യത അനുപേക്ഷണീയമാണെന്ന് ആവശ്യപ്പെടുന്നു. പ്രാദേശിക തുല്യതയ്ക്കും സന്തുലിത വികസനത്തിനും വേണ്ടിയുള്ള ഇടപെടലുകളാണ് പ്രത്യേക വികസന പാക്കേജുകൾ ലക്ഷ്യമിടുന്നത്. ഭൂമിശാസ്ത്രപരമായി വെല്ലുവിളി നേരിടുന്നതും പരിസ്ഥിതിലോലവുമായ മൂന്ന് ജില്ലകളിൽ പ്രത്യേക വികസന പാക്കേജുകൾ നടപ്പിലാക്കുന്നുണ്ട്. - കാസർഗോഡ്, വയനാട് (മരിയനാട് പാക്കേജ് ഉൾപ്പെടെ), ഇടുക്കി. കുട്ടനാടിനായി ഒരു പ്രത്യേക വികസന പാക്കേജും തയ്യാറാക്കിയിട്ടുണ്ട്.

### വിദ്യാകിരണം മിഷൻ

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ തുടർച്ചയായി 2017-18 അധ്യയന വർഷത്തിൽ ആരംഭിച്ച പദ്ധതിയാണ് വിദ്യാകിരണം മിഷൻ. ഇതിന്റെ നിരന്തരമായ വ്യാപനം കേരളത്തിലെ പൊതുവിദ്യാഭ്യാസ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവന്നു.

പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുകയും അധ്യാപനം, പഠനം, ഭൗതികസാഹചര്യങ്ങൾ എന്നിവ മെച്ചപ്പെടുത്തുകയുമാണ് മിഷന്റെ പ്രാഥമിക ലക്ഷ്യം. അക്കാദമിക മികവാണ് വിദ്യാലയ മികവിനെ നിർണ്ണയിക്കുന്നതെന്നും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഓരോ കുട്ടിയുടെയും മൗലികാവകാശമാണെന്നുമാണ് സർക്കാരിന്റെ നിലപാട്. ഈ കാഴ്ചപ്പാട് സാക്ഷാത്കരിക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഫലപ്രദമായ ആസൂത്രണത്തിനും നടത്തിപ്പിനുമായി മിഷന്റെ പ്രവർത്തനങ്ങളെ പ്രധാനമായും അഞ്ച് മേഖലകളായി തിരിച്ചിരിക്കുന്നു.

- ഭൗതിക സാഹചര്യങ്ങളുടെ വികസനം.
- ആധുനികവൽക്കരണത്തിന്റെ ഭാഗമായുള്ള സാങ്കേതിക വിദ്യാ സംയോജനം.
- അക്കാദമിക മികവിനായുള്ള പ്രവർത്തനങ്ങൾ.
- ജനകീയ പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ.
- മറ്റ് പ്രവർത്തനങ്ങൾ.

### ഭൗതിക സാഹചര്യങ്ങളുടെ വികസനം

പതിമൂന്നും, പതിനാലും പഞ്ചവത്സര പദ്ധതിക്കാലയളവുകളിൽ കേരളത്തിലെ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളിൽ അതുല്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്. സ്കൂൾ അടിസ്ഥാന സൗകര്യ വികസനത്തിനായി കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി) വഴി ആകെ 2,598 കോടി രൂപ നിക്ഷേപിച്ചു. കിഫ്ബിയുടെ 5 കോടി രൂപയുടെ പദ്ധതിയിൽ 141 സ്കൂൾ കെട്ടിടങ്ങൾ അനുവദിച്ചതിൽ 139 എണ്ണം പൂർത്തിയായി. 3 കോടി രൂപയുടെ പദ്ധതിയിൽ 386 സ്കൂൾ കെട്ടിടങ്ങൾ അനുവദിച്ചതിൽ 213 എണ്ണം പൂർത്തിയായി. 1 കോടി രൂപയുടെ പദ്ധതികളിൽ 446 സ്കൂൾ കെട്ടിടങ്ങൾ അനുവദിക്കുകയും 246 എണ്ണം പൂർത്തിയാക്കുകയും ചെയ്തു. കിഫ്ബി പദ്ധതികൾക്ക് കീഴിൽ ആകെ 973 സ്കൂൾ കെട്ടിടങ്ങൾ അനുവദിച്ചതിൽ 598 എണ്ണം പൂർത്തിയായി. കൂടാതെ, സംസ്ഥാന പ്ലാൻ ഫണ്ട്, നബാർഡ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികളുടെ ആസ്തി വികസന പദ്ധതികൾ, സമഗ്ര ശിക്ഷാ കേരളം, തുടങ്ങിയ പദ്ധതികളിൽ നിന്നുള്ള ഫണ്ട് ഉപയോഗിച്ച് പൊതു വിദ്യാഭ്യാസ മേഖലയിൽ 5,000 കോടിയിലധികം രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

### ആധുനികവൽക്കരണത്തിന്റെ ഭാഗമായുള്ള സാങ്കേതികവിദ്യാ സംയോജനം

- 8 മുതൽ 12 വരെയുള്ള എല്ലാ ക്ലാസ് മുറികളും സാങ്കേതിക-സൗഹൃദമാക്കുകയും പ്രൈമറി സ്കൂളുകളിൽ കമ്പ്യൂട്ടർ ലാബുകൾ സ്ഥാപിക്കുകയും ചെയ്തു. ഇതിന്റെ ഫലമായി, അവരുടെ പഠനത്തിന്റെ ഭാഗമായി ആധുനിക സാങ്കേതിക ഉപകരണങ്ങൾ തുല്യമായി ഉപയോഗിക്കാൻ വിദ്യാർത്ഥികൾക്ക് ഇപ്പോൾ അവസരമുണ്ട്. എല്ലാവരെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വിദ്യാഭ്യാസം എന്ന സംസ്ഥാനത്തിന്റെ പൊതുനയം ഉയർത്തിപ്പിടിക്കാൻ ഇത് സഹായിച്ചിട്ടുണ്ട്.
- കിഫ്ബി (KIIFB) ധനസഹായത്തോടെ കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ (KITE) നേതൃത്വത്തിൽ നടപ്പിലാക്കിയ ഹൈടെക് സ്കൂൾ,

ഹൈടെക് ലാബ് പദ്ധതികളിലൂടെ പൊതുവിദ്യാഭ്യാസ മേഖലയിൽ ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനമെന്ന ഖ്യാതി നേടാൻ കേരളത്തിന് കഴിഞ്ഞു. ഈ പദ്ധതികളുടെ ഭാഗമായി 1 മുതൽ 12 വരെയുള്ള ക്ലാസുകളിൽ 16,027 സ്കൂൾ വിഭാഗങ്ങളിലായി 3,74,274 ഡിജിറ്റൽ ഉപകരണങ്ങൾ വിതരണം ചെയ്തു, 4,752 സെക്കൻഡറി, ഹയർ സെക്കൻഡറി സ്കൂളുകളിലെ 45,000 ക്ലാസ് മുറികൾ ഹൈടെക് ആക്കി, കൂടാതെ 11,275 പ്രൈമറി സ്കൂളുകളിൽ ഹൈടെക് ലാബ് പദ്ധതി നടപ്പിലാക്കി. കോവിഡ് കാലത്ത് ഡിജിറ്റൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തുന്നതിനും ഈ ഉപകരണങ്ങൾ ഉപയോഗപ്പെടുത്തി. ഐ ടി ഉപകരണങ്ങളുടെ ഫലപ്രദമായ ഉപയോഗത്തിന് ആവശ്യമായ ഡിജിറ്റൽ ഉള്ളടക്കം നൽകുന്ന സമഗ്ര പോർട്ടൽ ഇപ്പോൾ സമഗ്ര പ്ലസ്, സമ്പൂർണ്ണ, സഹിതം എന്നിങ്ങനെ നവീകരിച്ചിട്ടുണ്ട്. ഇവയിൽ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കിയ പദ്ധതികൾ സർക്കാരിന്റെ സാമൂഹിക-സാമ്പത്തിക, അക്കാദമിക, ഭരണപരമായ വികസന പ്രവർത്തനങ്ങളുടെ നട്ടെല്ലായി വർത്തിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സർക്കാർ-എയ്ഡഡ് സ്കൂളുകളെ സാങ്കേതിക-സൗഹൃദമാക്കുന്നതിന് കിഫ്ബി വഴി 682.1 കോടി രൂപ കൈറ്റ് (KITE) ചെലവഴിച്ചു. സമ്പൂർണ്ണ, സഹിതം പോർട്ടലുകൾക്കൊപ്പം, ഇന്ത്യയിലെ സ്കൂൾ വിദ്യാർത്ഥികളുടെ ഏറ്റവും വലിയ ഐ ടി ശൃംഖലയായ ലിറ്റിൽ കൈറ്റ്സും ഈ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നു. പൊതുവിദ്യാലയങ്ങളുടെ ആധുനികീകരണത്തിൽ കിഫ്ബി ഫണ്ട് നിർണ്ണായക പങ്കുവഹിച്ചിട്ടുണ്ട്.

- കൈറ്റ് വിക്ടേഴ്സിന്റെ നേതൃത്വത്തിൽ സാധ്യമാക്കിയ ഓൺലൈൻ, ഡിജിറ്റൽ വിദ്യാഭ്യാസത്തിന് യൂണിസെഫിന്റെ അംഗീകാരം ലഭിച്ചു.
- സ്കൂൾ വിദ്യാർത്ഥികളുടെ ഏറ്റവും വലിയ ഐ ടി ശൃംഖലയായ ലിറ്റിൽ കൈറ്റ്സിലൂടെ ഇലക്ട്രോണിക്സ്, ഇന്റർനെറ്റ്, സൈബർ സുരക്ഷ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, 3D മോഡലിംഗ്, മൊബൈൽ ആപ്പ് നിർമ്മാണം, റോബോട്ടിക്സ് തുടങ്ങിയ മേഖലകളിൽ പരിശീലനം നൽകി. വ്യാജവാർത്തകൾ ഉൾപ്പെടെയുള്ള ഓൺലൈൻ കെണികൾ തിരിച്ചറിയുന്നതിനായി കൈറ്റിന്റെ നേതൃത്വത്തിൽ 4 ലക്ഷം അമ്മമാർക്കും സൈബർ സുരക്ഷാ പരിശീലനം നൽകി.
- സ്കൂളുകളിൽ ടിങ്കറിംഗ് ലാബുകളും റോബോട്ടിക് ലാബുകളും സ്ഥാപിച്ചു. അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഒരുപോലെ ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ പരിശീലനം നൽകുന്ന ആദ്യ സംസ്ഥാനമായി കേരളം മാറി.

**അക്കാദമിക മികവിനായുള്ള പ്രവർത്തനങ്ങൾ**

- 1 മുതൽ 10 വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനായി സമഗ്ര ഗുണനിലവാര വിദ്യാഭ്യാസ പരിപാടി ആവിഷ്കരിച്ചു. ഈ സംരംഭത്തിന്റെ ഭാഗമായി വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. ഇതുമായി ബന്ധപ്പെട്ട വിശദമായ കർമ്മപദ്ധതി സർക്കാർ ഉത്തരവായി പുറപ്പെടുവിച്ചിട്ടുണ്ട്.
- കെ-ഡിസ്കിന്റെ പിന്തുണയോടെ വിദ്യാഭ്യാസ വകുപ്പ് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന ശിശു-സൗഹൃദ ഗണിതപഠന പരിപാടിയാണ് മഞ്ചാടി. ഈ സംരംഭത്തിന്റെ ഏകോപന ഏജൻസിയായി വിദ്യാകിരണം മിഷൻ പ്രവർത്തിക്കുന്നു. ഗണിതശാസ്ത്ര ബോധനത്തിൽ നൂതനമായ ഒരു സമീപനം അവതരിപ്പിക്കുന്ന മഞ്ചാടി, സംസ്ഥാനത്തെ 100 സ്കൂളുകളിൽ ഗവേഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നു. തിരഞ്ഞെടുക്കപ്പെട്ട 28 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലും കണ്ണൂർ, കാസർഗോഡ്, തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിലെ 72 സ്കൂളുകളിലുമാണ് ഈ പദ്ധതി ആരംഭിച്ചത്. ഈ 100 സ്കൂളുകളിലെ 5-ാം ക്ലാസ്സിലാണ് പരീക്ഷണാടിസ്ഥാനത്തിൽ ഇത് തുടങ്ങിയത്. ഒന്നാം ഘട്ടത്തിൽ, ഭിന്നസംഖ്യകൾ എന്ന ആശയം ഈ പുതിയ സമ്പ്രദായത്തിലൂടെ കുട്ടികൾക്ക് പരിചയപ്പെടുത്തി. മഞ്ചാടി പദ്ധതി നടപ്പിലാക്കിയ 100 സ്കൂളുകളിലെ അധ്യാപകരെ മൂന്ന് ക്ലസ്റ്ററുകളായി തിരിച്ച് സംഖ്യാപരമായ ആശയങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. ഇതിനെത്തുടർന്ന്, 2024-25 അധ്യയന വർഷം മുതൽ പദ്ധതിയുടെ രണ്ടാം ഘട്ടം പുരോഗമിച്ചുവരുന്നു. മഞ്ചാടി പരിപാടിക്ക് കീഴിലുള്ള വിദ്യാർത്ഥികളുടെ പ്രകടനം വിലയിരുത്തുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു.
- ഒരു പതിറ്റാണ്ടിനുശേഷം സമഗ്രമായ പാഠ്യപദ്ധതി പരിഷ്കരണം നടപ്പിലാക്കി. പരിഷ്കരണത്തിനായി തയ്യാറാക്കിയ കരട് ചട്ടക്കൂട് പൊതുജന ചർച്ചയ്ക്ക് വിധേയമാക്കി. ഈ പ്രക്രിയയിലൂടെ സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും സമൂഹത്തിലെ വിവിധ വിഭാഗങ്ങളിൽ നിന്നും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ശേഖരിച്ചു. ഈ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പാഠ്യപദ്ധതി പരിഷ്കരിക്കുകയും 1 മുതൽ 10 വരെയുള്ള ക്ലാസുകൾക്കായി പുതിയ പാഠപുസ്തകങ്ങൾ തയ്യാറാക്കുകയും ചെയ്തു.
- 2023-24 അധ്യയന വർഷം മുതൽ, വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്ന എല്ലാ പാഠപുസ്തകങ്ങളിലും ഭരണഘടനയുടെ ആമുഖം ഉൾപ്പെടുത്തിയിട്ടുണ്ട്.
- പാഠ്യപദ്ധതി പരിഷ്കരണത്തോടൊപ്പം മൂല്യനിർണ്ണയ രംഗത്തും സമഗ്രമായ പരിഷ്കാരങ്ങൾ കൊണ്ടുവന്നു. എല്ലാ കുട്ടികളും നിശ്ചിത പഠനനിലവാരം കൈവരിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. ഇതിന്റെ ഭാഗമായി, 2024-25-ലെ 8-ാം ക്ലാസ് വാർഷിക പരീക്ഷയിൽ ഓരോ വിഷയത്തിനും കുറഞ്ഞത് 30 ശതമാനം മാർക്ക് നിശ്ചയിച്ചു. ഈ നിലവാരം കൈവരിക്കാൻ കഴിയാത്ത വിദ്യാർത്ഥികൾക്ക് ബന്ധപ്പെട്ട വിഷയങ്ങളിൽ അധിക പഠന പിന്തുണ നൽകുകയും, അതിനുശേഷം അടുത്ത ക്ലാസ്സിലേക്ക് പ്രമോട്ട് ചെയ്യുകയും ചെയ്യും.
- 'സമഗ്ര ശിക്ഷാ കേരള'യുടെ നേതൃത്വത്തിൽ ഭാഷ, ശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഗണിതം തുടങ്ങിയ വിഷയങ്ങളിൽ വൈവിധ്യമാർന്ന പ്രവർത്തനാധിഷ്ഠിത പരിപാടികൾ നടപ്പിലാക്കി.
- പരിഷ്കരിച്ച നാഷണൽ സ്കിൽസ് ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക് (NSQF) കോഴ്സുകൾക്ക് അനുസൃത

മായി 714 വൊക്കേഷണൽ ഹയർ സെക്കൻഡറി ലാബുകൾ ആധുനീകരിച്ചു. എല്ലാ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളെയും നാഷണൽ ക്വാളിറ്റി ഫ്രെയിംവർക്കിന് കീഴിൽ കൊണ്ടുവന്നു. വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കായി തൊഴിൽ മേളകൾ സംഘടിപ്പിക്കുകയും, അതിലൂടെ 2023-24, 2024-25 കാലയളവിലായി 4,891 ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ ഉറപ്പാക്കുകയും ചെയ്തു.

- 600-ലധികം പ്രീ-പ്രൈമറി സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി വർണ്ണക്കൂടാരം പദ്ധതി നടപ്പിലാക്കി.
- ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് അധിക പിന്തുണ നൽകുന്നതിനായി പൊതുവിദ്യാലയങ്ങളിൽ ആകെ 1,486 സ്പെഷ്യൽ കെയർ സെന്ററുകൾ സ്ഥാപിച്ചു.
- ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ അധ്യാപക ശാക്തീകരണ പരിപാടികൾ സംഘടിപ്പിച്ചു. പ്രൈമറി മുതൽ ഹയർ സെക്കൻഡറി വരെയുള്ള അധ്യാപകർക്ക് നിരന്തര പരിശീലനം നൽകിവരുന്നു. ഹയർ സെക്കൻഡറി മേഖലയിൽ തുടർച്ചയായ പത്തു ദിവസത്തെ ട്രാൻസ്ഫോർമേഷൻ പ്രോഗ്രാം നടത്തി. അവധിക്കാല അധ്യാപക ശാക്തീകരണത്തിന്റെ ഭാഗമായി ക്ലസ്റ്റർ പരിശീലനങ്ങൾ, പുതുതായി നിയമിതരായ അധ്യാപകർക്കുള്ള ഇൻഡക്ഷൻ പ്രോഗ്രാമുകൾ, ഐ ടി പരിശീലനം, പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടുത്തി അധ്യാപകർക്ക് വിവിധ ശേഷിവികസന പരിപാടികളിൽ പങ്കെടുക്കാൻ അവസരം നൽകി. ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ ട്രാൻസ്ഫോർമേഷൻ പ്രോഗ്രാം (HSSTP) മാതൃകയിൽ 1 മുതൽ 10 വരെയുള്ള ക്ലാസുകളിലെ അധ്യാപകർക്കായി റെസിഡൻഷ്യൽ പരിശീലന പരിപാടികളും ആരംഭിച്ചു.
- ഭൂമിശാസ്ത്ര പഠനം കൂടുതൽ രസകരമാക്കാൻ സ്കൂൾ കാലാവസ്ഥാ നിരീക്ഷണ കേന്ദ്രങ്ങൾ സ്ഥാപിച്ചു. നിലവിൽ 200 കാലാവസ്ഥാ നിരീക്ഷണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.
- പഠനത്തോടൊപ്പം സമ്പാദിക്കാനും പഠനം പൂർത്തിയാക്കാൻ കഴിയാത്തവർക്ക് തൊഴിലവസരങ്ങൾ നൽകാനുമായി സമഗ്ര ശിക്ഷാ കേരളയുടെ നേതൃത്വത്തിൽ സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ സ്ഥാപിച്ചു. ഇതിലൂടെ 23 വയസ്സ് വരെയുള്ള യുവാക്കൾക്ക് തൊഴിലധിഷ്ഠിതമായ ആധുനിക കോഴ്സുകൾ സൗജന്യമായി പഠിക്കാൻ അവസരം നൽകുന്നു. പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച 14 സ്കിൽ ഡെവലപ്മെന്റ് സെന്ററുകളിൽ ഏകദേശം 40 ശതമാനം വിദ്യാർത്ഥികൾക്കും തൊഴിലവസരങ്ങൾ ഉറപ്പാക്കി. കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാലയുടെ സഹകരണത്തോടെ, സ്റ്റീം ഇക്കോസിസ്റ്റം എന്ന പദ്ധതിയിലൂടെ പൊതുവിദ്യാഭ്യാസ മേഖലയിലെ പഠിതാക്കൾക്കായി നവീകരണത്തിലും ഗവേഷണത്തിലും ഊന്നിയുള്ള പഠനപ്രവർത്തനങ്ങൾ നടപ്പിലാക്കി.

**ജനകീയ പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ**

- **ക്ലീൻ സ്കൂൾ ഗ്രീൻ സ്കൂൾ**: കുട്ടികളിൽ ശുചിത്വ ശീലങ്ങൾ വളർത്തുന്നതിനും അവ ജീവിതകാലം മുഴുവൻ നിലനിൽക്കുന്ന മൂല്യങ്ങളായി മാറ്റുന്നതിനും ലക്ഷ്യമിട്ടുള്ള ഒരു പ്രചാരണ പരിപാടിയാണിത്. ഈ പദ്ധതി സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലേക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു.
- ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി "നോ ഡ്രഗ്സ്" പ്രചാരണം സംഘടിപ്പിച്ചു. ഇതിന്റെ തുടർച്ചയായ പ്രവർത്തനങ്ങൾ നാഷണൽ സർവീസ് സ്കീം , സ്റ്റുഡന്റ് പോലീസ് കേഡറ്റ് എന്നിവയുടെ നേതൃത്വത്തിൽ സജീവമായി മുന്നോട്ട് കൊണ്ടുപോകുന്നു.

**മറ്റ് പ്രവർത്തനങ്ങൾ**

- പ്രൊഫ. എം.എ. ഖാദർ അധ്യക്ഷനായ സമിതിയുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ, '**സ്കൂൾ വിദ്യാഭ്യാസം മികവിലേക്ക്**' എന്ന റിപ്പോർട്ടിന്റെ രണ്ടാം ഭാഗത്തിന് മന്ത്രിസഭ അംഗീകാരം നൽകി. ഓരോ ശിപാർശയും പ്രത്യേകം പരിശോധിച്ച് തീരുമാനമെടുക്കുന്നതിനുള്ള വ്യവസ്ഥയ്ക്കും അംഗീകാരം നൽകി. സംവിധാനങ്ങളുടെ ഏകീകരണത്തിനായുള്ള നടപടികൾ വേഗത്തിൽ പുരോഗമിക്കുന്നു.
- ലോകത്തിലെ ഏറ്റവും വലിയ കൗമാര കായിക മേളയായ കേരള സ്കൂൾ കായിക മേള 2024-25-ൽ ഒളിമ്പിക്സ് മാതൃകയിൽ കൊച്ചിയിൽ സംഘടിപ്പിച്ചു. ഇന്ത്യയിൽ ആദ്യമായി നടന്ന ഇത്തരമൊരു പരിപാടി രാജ്യത്തിനു തന്നെ മാതൃകയായി. ഭിന്നശേഷിയുള്ള കുട്ടികളെ ഉൾപ്പെടുത്തിക്കൊണ്ട് 'ഇൻക്ലൂസീവ് സ്പോർട്സ് ' എന്ന കാഴ്ചപ്പാട് യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞത് ഈ കായിക മേളയുടെ വലിയ നേട്ടമാണ്.
- കേരള സ്കൂൾ കലോത്സവ മാനുവൽ വർഷങ്ങൾക്കു ശേഷം പരിഷ്കരിച്ചു. സമൂഹത്തിൽ നിന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന കലാരൂപങ്ങളെ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി മത്സരങ്ങളിൽ പുതിയ ഇനങ്ങൾ ഉൾപ്പെടുത്തി. ഗോത്രകലകൾ ഉൾപ്പെടുത്തിയതാണ് ഇതിൽ ഏറ്റവും ശ്രദ്ധേയമായത്.
- സ്പോർട്സ് സ്കൂളുകൾക്കായി പ്രത്യേക പാഠ്യപദ്ധതി വികസിപ്പിക്കുന്നതിന് സ്പോർട്സ് വകുപ്പ്, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് എന്നിവയുടെ സഹകരണത്തോടെ എസ്.സി.ഇ.ആർ.ടി-യുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**ഹരിത കേരളം മിഷൻ**

സുസ്ഥിര വികസനവും പരിസ്ഥിതി സംരക്ഷണവും മുന്നോട്ട് കൊണ്ടുപോകുന്നതിനും, പ്രകൃതിക്കും സമൂഹത്തിനും സന്തുലിതമായ ഭാവി ഉറപ്പാക്കുന്നതിനും, സംസ്ഥാനം നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട ചില പാരിസ്ഥിതിക, പൊതുജനാരോഗ്യ വെല്ലുവിളികളെ അഭിസംബോധന ചെയ്യുന്നതിനും ഉദ്ദേശിച്ച്, 2016-ൽ കേരള സർക്കാർ ആരംഭിച്ച ഒരു സുപ്രധാന പരിസ്ഥിതി സംരക്ഷണ സംരംഭമാണ് ഹരിത കേരളം മിഷൻ (HKM). ദ്രുതഗതിയിലുള്ള നഗരവൽ

ക്കരണം, വർദ്ധിച്ചുവരുന്ന ജനസാന്ദ്രത, മാലിന്യം കുന്നുകൂടൽ, ജലക്ഷാമം, മലിനീകരണം, സുസ്ഥിര കൃഷിയുടെ തകർച്ച തുടങ്ങിയ വെല്ലുവിളികൾക്ക് കാരണമായ സുസ്ഥിരമല്ലാത്ത വികസനത്തിന്റെ പശ്ചാത്തലത്തിലാണ് ഈ മിഷൻ ആരംഭിച്ചത്.

സമൂഹ പങ്കാളിത്തത്തിലൂടെയും സംയോജിത ആസൂത്രണത്തിലൂടെയും വൃത്തിയുള്ളതും ഹരിതാഭവും കൂടുതൽ സുസ്ഥിരവുമായ ഒരു സംസ്ഥാനം സൃഷ്ടിക്കാൻ ലക്ഷ്യമിട്ടുള്ള കേരള സർക്കാരിന്റെ ഒരു മുൻനിര സംരംഭമാണ് ഹരിത കേരളം മിഷൻ. ഇത് ആറ് പ്രധാന മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു:

- ഖരമാലിന്യ സംസ്കരണത്തിൽ ഉറവിടതല തരംതിരിക്കൽ പ്രോത്സാഹിപ്പിക്കുക, ഹോം കമ്പോസ്റ്റിംഗ് (ജൈവ മാലിന്യ വളം നിർമ്മാണം) പ്രോത്സാഹിപ്പിക്കുക, വസ്തുക്കളുടെ ശേഖരണ സൗകര്യങ്ങൾ, വിഭവ വീണ്ടെടുക്കൽ കേന്ദ്രങ്ങൾ (റിസോഴ്സ് റിക്കവറി സെന്ററുകൾ) തുടങ്ങിയ വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുക എന്നിവ ഉൾപ്പെടുന്നു. ഒറ്റത്തവണ ഉപയോഗിക്കാവുന്ന പ്ലാസ്റ്റിക്കുകൾ കുറയ്ക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായിച്ചേർന്ന് മിഷൻ പ്രവർത്തിക്കുകയും സുസ്ഥിര മാലിന്യ നിർമാർജന രീതികളെക്കുറിച്ച് പൊതുജന ബോധവൽക്കരണ കാമ്പെയ്നുകൾ നടത്തുകയും ചെയ്യുന്നു.
- ജലാശയങ്ങളുടെ ശുചീകരണവും പുനരുജ്ജീവനവും, മഴവെള്ള സംഭരണം പ്രോത്സാഹിപ്പിക്കൽ, നീർത്തട വികസനം, ഭൂഗർഭജല റീചാർജ് മെച്ചപ്പെടുത്തുന്നതിനും സുസ്ഥിര ജല ഉപയോഗം ഉറപ്പാക്കുന്നതിനുമുള്ള ഗ്രാമതല ജല ബജറ്റിംഗ് എന്നിവ ജലസംരക്ഷണത്തിലും വിഭവ മാനേജ്മെന്റിലും ഉൾപ്പെടുന്നു.
- പരിശീലന പരിപാടികൾ, രാസവസ്തുക്കൾ ഉപയോഗിക്കാതെയുള്ള കൃഷി പ്രോത്സാഹനങ്ങൾ, വീട്ടുവളപ്പിലും ടെറസിലുമുള്ള കൃഷിക്ക് പിന്തുണ, ജൈവ ഉൽപ്പന്നങ്ങൾക്കുള്ള വിപണന സഹായം എന്നിവയിലൂടെ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നു.
- വനവൽക്കരണത്തിലും ജൈവവൈവിധ്യ സംരക്ഷണ സംരംഭങ്ങളിലും, കൂട്ടത്തോടെ വൃക്ഷത്തൈ നടൽ, തരിശുഭൂമിയിലെ വനവൽക്കരണം, തണ്ണീർത്തടങ്ങളുടെയും ദുർബലമായ ആവാസവ്യവസ്ഥകളുടെയും സംരക്ഷണം എന്നിവ ഉൾപ്പെടുന്നു, കൂടാതെ, പ്രാദേശിക ജൈവവൈവിധ്യ രജിസ്റ്ററുകൾ പരിപാലിക്കുകയും ചെയ്യുന്നു.
- ഇക്കോ ക്ലബ്ബുകൾ, ഗ്രീൻ പ്രോട്ടോക്കോളുകൾ, പരിസ്ഥിതി കാമ്പെയ്നുകൾ എന്നിവയിലൂടെ കുടുംബശ്രീ, വിദ്യാർത്ഥികൾ, എൻ ജി ഒ കൾ, യൂത്ത് ക്ലബ്ബുകൾ എന്നിവർ ഉൾപ്പെടുന്ന പൊതുജന പങ്കാളിത്തവും അവബോധവും സൃഷ്ടിക്കുന്നു.
- മറ്റ് പദ്ധതികളുമായുള്ള സംയോജനം MGNREGA, സ്വച്ഛ് ഭാരത് മിഷൻ (SBM), ജലശക്തി അഭിയാൻ എന്നിവയുമായുള്ള സഹകരണം ഉറപ്പാക്കുന്നു, കൂടാതെ സുസ്ഥിര വികസന ലക്ഷ്യങ്ങളുമായി (SDG-കൾ) യോജിക്കുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കൃഷി, ജലവിഭവം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ വിവിധ വകുപ്പുകളുടെ ശ്രമങ്ങളെ സംയോജിപ്പിച്ച് ഒരു സംയോജിത സമീപനത്തിലൂടെയാണ് മിഷൻ നടപ്പിലാക്കുന്നത്. ഹരിത കേരളം മിഷന്റെ മാർഗ്ഗനിർദ്ദേശത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും നടപ്പിലാക്കുന്നതിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർണായക പങ്ക് വഹിക്കുന്നു.

### 13–ഉം, 14–ഉം പഞ്ചവത്സര പദ്ധതിക്കാലയളവിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ

13-ാം പഞ്ചവത്സര പദ്ധതിയിൽ, ഹരിത കേരളം മിഷൻ മൂന്ന് പ്രധാന മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിച്ചു: ജലവിഭവ പുനഃസ്ഥാപനം, ഖരമാലിന്യ സംസ്കരണം, സുസ്ഥിര കൃഷി. കുടുംബശ്രീ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിലൂടെ സാമൂഹ്യപങ്കാളിത്തത്തിന് ഊന്നൽ നൽകി, വികേന്ദ്രീകൃതവും അടിസ്ഥാനതലത്തിലുള്ളതുമായ നടപ്പാക്കൽ ഉറപ്പാക്കാൻ മിഷൻ ലക്ഷ്യമിട്ടു. ജലാശയങ്ങളുടെ പുനരുജ്ജീവനത്തിന് മുൻഗണന നൽകി, മാലിന്യം വേർതിരിക്കലും ജൈവമാലിന്യ വളം നിർമ്മാണവും (കമ്പോസ്റ്റിംഗ്) പ്രോത്സാഹിപ്പിച്ചു, ജൈവകൃഷി പ്രോത്സാഹിപ്പിച്ചു. ബോധവൽക്കരണ കാമ്പെയ്നുകൾ, ശേഷി വർദ്ധിപ്പിക്കൽ, സാങ്കേതിക സംയോജനം എന്നിവയുടെ പിന്തുണയോടെ, മിഷൻ ദീർഘകാല പാരിസ്ഥിതിക സുസ്ഥിരതയ്ക്ക് അടിത്തറയിട്ടു. കേരളത്തിലെ സമൂഹം നയിക്കുന്ന പാരിസ്ഥിതിക പുനഃസ്ഥാപനത്തിനും സുസ്ഥിര വികസനത്തിനും ഇത് ഒരു മാതൃകയായി.

14-ാം പഞ്ചവത്സര പദ്ധതിയിൽ, ജലക്ഷാമം, മലിനീകരണം, കാലാവസ്ഥാ വ്യതിയാനം എന്നിവയുൾപ്പെടെ സംസ്ഥാനം നേരിടുന്ന ഗുരുതരമായ പാരിസ്ഥിതിക വെല്ലുവിളികളെ തിരിച്ചറിഞ്ഞുകൊണ്ട്, സാമ്പത്തിക വളർച്ചയെ പരിസ്ഥിതി സംരക്ഷണവുമായി സമന്വയിപ്പിക്കുന്ന ഒരു സന്തുലിത വികസന സമീപനം കൈവരിക്കുന്നതിനുള്ള കേന്ദ്രബിന്ദുവായി സർക്കാർ ഹരിത കേരളം മിഷനെ വിഭാവനം ചെയ്തിരിക്കുന്നു. വ്യാപകമായ പ്രത്യാഘാതങ്ങളും സുസ്ഥിര ഫലങ്ങളും ലക്ഷ്യമിട്ട്, എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും മിഷന്റെ വിജയമാതൃകകളായ ജലാശയ പുനഃസ്ഥാപനം, ഖരമാലിന്യ സംസ്കരണം, ജൈവകൃഷി എന്നിവ വികസിപ്പിക്കുന്നതിന് പദ്ധതി ഊന്നൽ നൽകി. കുടുംബശ്രീ പോലെയുള്ള വനിതാ സ്വയം സഹായ സംഘങ്ങളിലൂടെയുള്ള സാമൂഹ്യ പങ്കാളിത്തവും വികേന്ദ്രീകൃത ഭരണവും പരിസ്ഥിതി പരിപാടികളുടെ ഉടമസ്ഥതയും ദീർഘകാല വിജയവും ഉറപ്പാക്കുന്ന സുപ്രധാന ഘടകങ്ങളായി എടുത്തുകാണിക്കുന്നു.

കൂടാതെ, കാലാവസ്ഥാ വ്യതിയാനം ഉയർത്തുന്ന വർദ്ധിച്ചുവരുന്ന വെല്ലുവിളികൾ സർക്കാർ അംഗീകരിക്കുകയും മിഷന്റെ പ്രവർത്തനങ്ങളെ നീർത്തട മാനേജ്മെന്റ്, ജൈവവൈവിധ്യ സംരക്ഷണം പോലുള്ള കാലാവസ്ഥാ പൊരുത്തപ്പെടുത്തൽ തന്ത്രങ്ങളുമായി യോജിപ്പിക്കുകയും ചെയ്യുന്നു. സുതാര്യത, കാര്യക്ഷമത, പൊതുജന ഇടപെടൽ എന്നിവ വർദ്ധിപ്പിക്കുന്നതിന് നൂതന സാങ്കേതികവിദ്യകളുടെയും ഡിജിറ്റൽ നിരീക്ഷണ ഉപകരണങ്ങളുടെയും സംയോജനവും പ്രോത്സാഹിപ്പിക്കപ്പെടുന്നു. 14-ാം പദ്ധതി ഹരിത കേരളം മിഷന്റെ പാരിസ്ഥിതിക ലക്ഷ്യങ്ങളെ മെച്ചപ്പെട്ട പൊതുജനാരോഗ്യവും സുസ്ഥിര ഉപജീവന മാർഗ്ഗങ്ങളുമായി ബന്ധിപ്പിക്കുന്നു, പ്രത്യേകിച്ച് ഗ്രാമീണ, പാർശ്വവൽക്കൃത സമൂഹങ്ങൾക്ക്. ഈ ലക്ഷ്യങ്ങൾ

കൈവരിക്കുന്നതിനായി, സ്ഥാപനപരമായ ചട്ടക്കൂടുകൾ ശക്തിപ്പെടുത്തുന്നതിനും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനും, ശക്തമായ നിരീക്ഷണ, വിലയിരുത്തൽ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

**മിഷന്റെ നേട്ടങ്ങൾ**

മിഷന്റെ പ്രധാന നേട്ടങ്ങൾ ചുവടെ ചേർത്തിരിക്കുന്നു:

**മണ്ണ്, ജല സംരക്ഷണം:** കേരളത്തിലുടനീളം, ജല സംരക്ഷണത്തിൽ ഹരിത കേരളം മിഷൻ ഗണ്യമായ പുരോഗതി കൈവരിച്ചു. 'ഇനി ഞാനൊഴുകട്ടെ' കാമ്പെയ്നിന്റെ കീഴിൽ, തുടർച്ചയായതും ആവർത്തിച്ചുള്ളതുമായ ശുചീകരണ ശ്രമങ്ങളിലൂടെ 97,000 കിലോമീറ്ററിലധികം നീരൊഴുക്കുകൾ പുനരുജ്ജീവിപ്പിച്ചു. മിഷൻ 29,461 കുളങ്ങൾ പുനരുജ്ജീവിപ്പിച്ചു, 24,826 പുതിയ കുളങ്ങൾ നിർമ്മിച്ചു, 42,920 കിണറുകൾ നിർമ്മിച്ചു, നിലവിലുള്ള 73,345 കിണറുകൾ റീചാർജ് ചെയ്തു. ജലസംഭരണ ശേഷി വർദ്ധിപ്പിക്കുന്നതിനായി, 916 സ്ഥിരം ചെക്ക് ഡാമുകളും 81,000-ത്തിലധികം താൽക്കാലിക ചെക്ക് ഡാമുകളും (തടയണകൾ) നിർമ്മിച്ചു. കൊല്ലത്തെ കരീപ്ര ഗ്രാമപഞ്ചായത്തിൽ ആദ്യമായി പാറമട റീചാർജിംഗ് പദ്ധതി വിജയകരമായി നടപ്പിലാക്കി, സംസ്ഥാനത്തുടനീളം വിപുലമായ രീതിയിൽ ആവർത്തിത പദ്ധതികൾ ആവിഷ്കരിച്ചു. വ്യവസ്ഥാപിത ജല ഗുണനിലവാര നിരീക്ഷണത്തിനായി, ഹയർ സെക്കൻഡറി സ്കൂളുകളിൽ 335 പരിശോധനാ ലബോറട്ടറികൾ സ്ഥാപിച്ചു, അവിടെ 43,000-ത്തിലധികം ജല സാമ്പിളുകൾ പരിശോധിച്ചു. 537 ഗ്രാമപഞ്ചായത്തുകളിലും നിരവധി ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിലും ജല ബജറ്റിംഗ് അവതരിപ്പിച്ചു. കൂടാതെ, ജലസ്രോതസ്സുകളുടെ ഭിത്തികളെ മണ്ണൊലിപ്പിൽ നിന്ന് സംരക്ഷിക്കുന്നതിനായി 36 ലക്ഷം ചതുരശ്ര മീറ്ററിലധികം വിസ്തൃതിയുള്ള കയർ ഭൂവസ്ത്രങ്ങൾ പാകി. സാമൂഹ്യാടിസ്ഥാനത്തിലുള്ളതും നൂതനവുമായ രീതികളിലൂടെ സുസ്ഥിര ജല മാനേജ്മെന്റിനോടുള്ള കേരളത്തിന്റെ ശക്തമായ പ്രതിബദ്ധതയാണ് ഈ സംരംഭങ്ങൾ ഒന്നിച്ച് പ്രകടമാക്കുന്നത്.

**കാർഷിക – പാരിസ്ഥിതിക പുനഃസ്ഥാപനം:** സുസ്ഥിര കൃഷിയും കേരളത്തിന്റെ ഹരിതവൽക്കരണവും പ്രോത്സാഹിപ്പിക്കുന്നതിനായി ഹരിത കേരളം മിഷൻ നിരവധി നൂതന സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. തരിശുരഹിത ഗ്രാമം പദ്ധതിയുടെ കീഴിൽ, 181 ഗ്രാമപഞ്ചായത്തുകളിൽ തരിശുഭൂമികളിൽ കൃഷി ആരംഭിച്ചു, 13 പഞ്ചായത്തുകളെ ഇതിനകം തരിശുഭൂമിയിൽ നിന്ന് മുക്തമായി പ്രഖ്യാപിച്ചു. വാർഡ് തലത്തിൽ പരിസ്ഥിതി-സൗഹൃദ രീതികൾ പ്രോത്സാഹിപ്പിക്കുന്ന 'ഹരിത സമൃദ്ധി വാർഡ്' പദ്ധതി 3,040 വാർഡുകളിൽ നടപ്പിലാക്കുന്നുണ്ട്, അതിൽ 1,475 എണ്ണം ഹരിത സമൃദ്ധി വാർഡുകളായി ഔദ്യോഗികമായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ആരാധനാലയങ്ങളുടെ ഉടമസ്ഥതയിലുള്ള ഉപയോഗിക്കാത്ത ഭൂമിയിൽ കൃഷി പ്രോത്സാഹിപ്പിക്കുന്ന 'ദേവഹരിതം പദ്ധതി' പ്രകാരം 72 സ്ഥലങ്ങളിലായി 119 ഏക്കറിൽ കൃഷി പ്രവർത്തനങ്ങൾ നടക്കുന്നു. കൂടാതെ, സ്ഥാപന ഇടങ്ങളിലെ കൃഷിക്കായി 66 വ്യാവസായിക സ്ഥാപനങ്ങൾ തിരഞ്ഞെടുത്തിട്ടുണ്ട്, നിലവിൽ 140 ഏക്കറിൽ കൂടുതൽ കൃഷി പുരോഗമിക്കുന്നു. ജൈവവൈവിധ്യവും പ്രാദേശിക ഹരിതവൽക്കരണവും വർദ്ധിപ്പിക്കുന്നതിനായി, സംസ്ഥാനം 1,160 ഏക്കർ വിസ്തൃതിയിൽ 3,345 പച്ചത്തുരുത്തുകൾ (ഹരിത ദ്വീപുകൾ) സൃഷ്ടിച്ചു. ഈ ശ്രമങ്ങളെ കൂടുതൽ ശക്തിപ്പെടുത്തിക്കൊണ്ട്, 2025 ജൂലൈ 31 വരെ 'നമുക്ക് ഒരു തൈ നടാം' കാമ്പെയ്നിന് കീഴിൽ ആകെ 47,04,563 വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചു, ഇത് പരിസ്ഥിതി സംരക്ഷണത്തോടുള്ള കേരളത്തിന്റെ സുസ്ഥിരമായ പ്രതിബദ്ധതയ്ക്കും കൂടുതൽ പച്ചപ്പുള്ളതും സുസ്ഥിരവുമായ ഭാവിക്കും അടിവരയിടുന്നു.

**മാലിന്യ സംസ്കരണം:** ഹരിത കേരളം മിഷൻ അതിന്റെ ഗ്രീൻ സർട്ടിഫിക്കേഷൻ പ്രോഗ്രാമുകളിലൂടെ കേരളത്തിലുടനീളം പരിസ്ഥിതി-സൗഹൃദ രീതികൾ പ്രോത്സാഹിപ്പിക്കുന്നതിൽ ഗണ്യമായ പുരോഗതി കൈവരിച്ചു. 2024-ലെ കണക്കനുസരിച്ച്, 19,356 വാർഡുകൾ ഉൾക്കൊള്ളുന്ന ആകെ 1,029 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സുസ്ഥിരവും പരിസ്ഥിതി-സൗഹൃദപരവുമായ രീതികൾ നടപ്പിലാക്കുന്നതിലൂടെ ഹരിത പദവി നേടിയിട്ടുണ്ട്. ടൂറിസം മേഖലയിൽ, പരിസ്ഥിതി-അവബോധ യാത്രയെ പ്രോത്സാഹിപ്പിക്കുന്നതിനായി 351 സ്ഥലങ്ങളെ ഹരിത ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിച്ചു. പരിസ്ഥിതി മാനദണ്ഡങ്ങൾ പാലിക്കുന്നതിന്റെ അംഗീകാരമായി 59,942 സ്ഥാപനങ്ങളെ ഹരിത സ്ഥാപനങ്ങളായി മിഷൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കമ്മ്യൂണിറ്റി തലത്തിൽ, 2,97,483 അയൽക്കൂട്ടങ്ങൾ ഹരിത സർട്ടിഫിക്കേഷൻ നേടിയിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിൽ ശ്രദ്ധേയമായ പുരോഗതി കൈവരിച്ചു, 14,483 സ്കൂളുകളും 1,434 കോളേജുകളും ഗ്രീൻ കാമ്പസ് പദവി നേടി. കൂടാതെ, സംസ്ഥാനത്തുടനീളം പരിസ്ഥിതി-സൗഹൃദ സംവിധാനങ്ങൾ വ്യാപകമായി സ്വീകരിക്കുന്നതിന്റെ പ്രതിഫലനമായി 3,271 മാർക്കറ്റുകളും പൊതു ഇടങ്ങളും ഹരിത പദവി നേടി.

**ഹരിത കേരളം മിഷന്റെ പ്രത്യേക പരിപാടികൾ**

**മാലിന്യമുക്ത നവകേരളം**: വൃത്തിയുള്ളതും സുസ്ഥിരവുമായ ഒരു കേരളം സൃഷ്ടിക്കുന്നതിനുള്ള ഒരു വലിയ തോതിലുള്ള സംരംഭമാണ് മാലിന്യ മുക്ത നവകേരളം ജനകീയ കാമ്പെയ്ൻ. 2024 ഒക്ടോബർ 2 ന് ആരംഭിച്ച ഈ കാമ്പെയ്ൻ 2025 മാർച്ച് 30 വരെ നീണ്ടുനിന്നു, എല്ലാ തലങ്ങളിലും പൊതുജന പങ്കാളിത്തത്തോടെ പ്രായോഗിക മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. ശരിയായ ശുചിത്വം പ്രോത്സാഹിപ്പിക്കുന്നതിനും പൂർണ്ണമായും മാലിന്യരഹിതമായ കേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനുമായി സംസ്ഥാനതലം മുതൽ പ്രാദേശിക വാർഡ് തലങ്ങൾ വരെ ശ്രമങ്ങൾ ഏകോപിപ്പിച്ചു. സംസ്ഥാനത്തെ പരിസ്ഥിതി ശുചിത്വത്തിനും സുസ്ഥിരതയ്ക്കും വേണ്ടിയുള്ള ഒരു സുപ്രധാന ചുവടുവെപ്പാണ് ഈ ജനപക്ഷ കാമ്പെയ്ൻ.

**നെറ്റ് സീറോ കാർബൺ പ്രവർത്തനങ്ങൾ**: ഹരിത കേരളം മിഷൻ ആരംഭിച്ച നെറ്റ് സീറോ കാർബൺ കേരളം കാമ്പെയ്ൻ, 2050-ഓടെ കേരളത്തെ കാർബൺ-നിഷ്പക്ഷ സംസ്ഥാനമാക്കാൻ ലക്ഷ്യമിടുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടലിലൂടെ ഹരിതഗൃഹ വാതക ഉദ്വമനം കുറയ്ക്കുന്നതിലും കാർബൺ സംഭരണം വർദ്ധിപ്പിക്കുന്നതിലും ഇത് ശ്രദ്ധ കേന്ദ്രീകരിക്കുന്നു. പദ്ധതി നിലവിൽ 150 ഗ്രാമപഞ്ചായത്തുകളിലും 2 മുനിസിപ്പാലിറ്റികളിലും

നടപ്പിലാക്കിയിട്ടുണ്ട്.

അംഗൻജ്യോതി പദ്ധതി പ്രകാരം, 2,810 അംഗൻവാടികളിൽ 2 കിലോവാട്ട് ഇൻഡക്ഷൻ ഹോബുകൾ, പ്രഷർ കുക്കറുകൾ, പാൽ ബോയിലറുകൾ, സോസ്പാനുകൾ തുടങ്ങിയ ആറ് തരം ഇൻഡക്ഷൻ-അനുയോജ്യ പാത്രങ്ങൾ ഉൾപ്പെടെയുള്ള വൈദ്യുത പാചക ഉപകരണങ്ങൾ സജ്ജീകരിച്ചിരിക്കുന്നു. കാർബൺ-ന്യൂട്രൽ പഞ്ചായത്ത് പ്രോഗ്രാമിന് കീഴിൽ നവകേരളം കർമ്മപദ്ധതി പ്രകാരം തിരഞ്ഞെടുത്ത 92 പഞ്ചായത്തുകളും ചിറ്റൂർ, കഴക്കൂട്ടം എന്നീ രണ്ട് നിയമസഭാ മണ്ഡലങ്ങളും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. ഡിജിറ്റൽ യൂണിവേഴ്സിറ്റി, കണ്ണൂർ സെൻട്രൽ ജയിൽ തുടങ്ങിയ സ്ഥാപനങ്ങളും നെറ്റ്-സീറോ മോഡലുകളിലേക്ക് മാറുകയാണ്. കേരളത്തിന്റെ സുസ്ഥിരവും ഹരിതവുമായ ഭാവി കെട്ടിപ്പടുക്കാൻ ലക്ഷ്യമിട്ടുള്ള ഊർജ്ജ ഓഡിറ്റുകൾ, ഇലക്ട്രിക്കൽ വാഹന പിന്തുണ, പരിശീലന പരിപാടികൾ എന്നിവയാണ് മറ്റ് സംരംഭങ്ങൾ.

**പശ്ചിമഘട്ടം സുരക്ഷിതമാക്കാം (സുരക്ഷിതമാക്കാം പശ്ചിമഘട്ടം)** : പശ്ചിമഘട്ട മേഖലയിലെ മണ്ണൊലിപ്പും മണ്ണിടിച്ചിലും ലഘൂകരിക്കുന്നതിന് അരുവികളുടെ പുനരുജ്ജീവനവും പ്രകൃതിദത്ത ജലപ്രവാഹം സുഗമമാക്കലും അത്യാവശ്യമാണ്. പ്രാരംഭ ഘട്ടമായി, 230 ഗ്രാമപഞ്ചായത്തുകളിൽ മാപ്പത്തോൺ പ്രക്രിയയിലൂടെ ശാസ്ത്രീയ നീർത്തട മാപ്പിംഗ് പൂർത്തിയായി. മാപ്പത്തോൺ പ്രവർത്തനങ്ങൾ പൂർത്തിയായ പഞ്ചായത്തുകളിൽ, ജലനിർഗ്ഗമനം മെച്ചപ്പെടുത്തുന്നതിനായി ഓടകൾ വൃത്തിയാക്കി ആഴം കൂട്ടുന്നതുപോലെയുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ ജില്ലകളിലും ഉരുൾപൊട്ടൽ ലഘൂകരണത്തിലും ചരിവ് സ്ഥിരപ്പെടുത്തലിലും ശ്രദ്ധ കേന്ദ്രീകരിക്കുന്ന തുടർ ഘട്ടങ്ങളും നടപ്പിലാക്കി വരുന്നു.

**ഹരിത ടൂറിസം**: വിനോദസഞ്ചാരികളുടെ തിരക്ക് വർദ്ധിക്കുന്നതോടെ, എല്ലാ പ്രധാന ടൂറിസം കേന്ദ്രങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ, അല്ലെങ്കിൽ ഗ്രീൻ പെരുമാറ്റച്ചട്ടം നടപ്പിലാക്കേണ്ടത് അനിവാര്യമാണ്. പരിസ്ഥിതിക്ക് അനുയോജ്യമായ ഉത്തരവാദിത്ത ടൂറിസം രീതികൾ ഉറപ്പാക്കുന്നതിന് ടൂറിസ്റ്റ് കേന്ദ്രങ്ങളും അവയിലേക്കുള്ള മാർഗ്ഗങ്ങളും ഈ കോഡിന്റെ പരിധിയിൽ കൊണ്ടുവരേണ്ടത് അനിവാര്യമാണ്. ഹരിത കേരളം മിഷനുമായും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായും ഏകോപിപ്പിച്ച്, കേരളത്തിലെ എല്ലാ ടൂറിസം കേന്ദ്രങ്ങളെയും സർട്ടിഫൈഡ് ഗ്രീൻ ടൂറിസം കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള യോജിച്ച ശ്രമങ്ങൾ നടന്നുവരികയാണ്.

**പച്ചത്തുരുത്ത് (ഗ്രീൻ ഐലെറ്റുകൾ) പദ്ധതി**: പച്ചത്തുരുത്ത്, അല്ലെങ്കിൽ ഗ്രീൻ ഐലെറ്റുകൾ, ദീർഘകാലത്തേക്ക് കാർബൺ ഡയോക്സൈഡ് ആഗിരണം ചെയ്ത് സംഭരിക്കുന്നതിലൂടെ കാർബൺ വേർതിരിക്കലിൽ നിർണായക പങ്ക് വഹിക്കുന്ന ചെറിയ വനങ്ങളോ സസ്യജാലങ്ങളോ ഉള്ള കൂട്ടങ്ങളാണ്. ഈ ഹരിത ഇടങ്ങൾ അന്തരീക്ഷ താപനില നിയന്ത്രിക്കാനും, നഗര താപ ദ്വീപ് ആഘാതങ്ങൾ ലഘൂകരിക്കാനും, പ്രത്യേകിച്ച് നഗരപ്രദേശങ്ങളിൽ വായു മലിനീകരണം കുറയ്ക്കാനും സഹായിക്കുന്നു. പക്ഷികൾക്കും പ്രാണികൾക്കും മറ്റ് ചെറു വന്യജീവികൾക്കും ആവാസ വ്യവസ്ഥകൾ പ്രദാനം ചെയ്യുന്ന സൂക്ഷ്മ പരിസ്ഥിതി വ്യവസ്ഥകളായും അവ പ്രവർത്തിക്കുന്നു. നഗരങ്ങളിലെ പച്ചത്തുരുത്തുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നത് കോൺക്രീറ്റ് പ്രതലങ്ങളും വാഹനങ്ങളിൽനിന്നും സൃഷ്ടിക്കപ്പെടുന്ന ചൂടിൽ നിന്ന് ആശ്വാസം നൽകുന്നു, അതുവഴി നഗരങ്ങളുടെ ജീവിതക്ഷമത വർദ്ധിപ്പിക്കുകയും കാലാവസ്ഥാ പ്രതിരോധശേഷിയും ജൈവവൈവിധ്യവും ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

**ജല ബജറ്റ്**: തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ജല ബജറ്റിംഗ് നടപ്പിലാക്കിയ ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമാണ് കേരളം. ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ, പ്രാദേശിക ജല സുരക്ഷ ഉറപ്പാക്കുന്നതിന് ജലലഭ്യതയും ഉപയോഗവും വിലയിരുത്താൻ ഈ സംരംഭം പ്രാപ്തമാക്കുന്നു. ഇതുവരെ, ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും ഉൾപ്പെടെ 628 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജല ബജറ്റു തയ്യാറാക്കിയിട്ടുണ്ട്. ഈ സംരംഭം സുസ്ഥിര ജല മാനേജ്മെന്റിനെ പ്രോത്സാഹിപ്പിക്കുകയും സംസ്ഥാനത്തുടനീളമുള്ള ജല സംരക്ഷണത്തിനും കാര്യക്ഷമമായ ജല ഉപയോഗത്തിനുമായുള്ള ആസൂത്രണത്തെ പിന്തുണയ്ക്കുകയും ചെയ്യുന്നു.

**ഒരു തൈ നടാം (ഒരു തൈ നടീൽ – വൃക്ഷത്തൈ നടീൽ കാമ്പെയ്ൻ)**: ലോക പരിസ്ഥിതി ദിനത്തിൽ (ജൂൺ 5), സെപ്റ്റംബർ 30-നകം കേരളത്തിലുടനീളം ഒരു കോടി തൈകൾ നടുക എന്ന ലക്ഷ്യത്തോടെ ഹരിത കേരളം മിഷൻ ഒരു വലിയ തോതിലുള്ള വൃക്ഷത്തൈ നടീൽ കാമ്പെയ്ൻ ആരംഭിച്ചു. അപൂർവവും വംശനാശഭീഷണി നേരിടുന്നതുമായ ജീവജാലങ്ങളിൽ പ്രത്യേക ഊന്നൽ നൽകിക്കൊണ്ട് പച്ചത്തുരുത്ത് (ഹരിത ദ്വീപുകൾ) പദ്ധതി വിപുലീകരിക്കാനും വ്യാപകമായ വനവൽക്കരണം പ്രോത്സാഹിപ്പിക്കാനും ഈ സംരംഭം ലക്ഷ്യമിടുന്നു. തൈകളുടെ നിലനിൽപ്പും ശരിയായ പരിപാലനവും ഉറപ്പാക്കുന്നതിന്, തുടർനടപടികൾക്കും പരിചരണത്തിനും മേൽനോട്ടം വഹിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധികൾ, ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങൾ, പരിസ്ഥിതി പ്രവർത്തകർ, കർഷകർ എന്നിവരടങ്ങുന്ന പ്രാദേശിക നിരീക്ഷണ സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

**ജലജന്യ രോഗങ്ങൾ തടയുന്നതിനുള്ള സംസ്ഥാന വ്യാപകമായ പ്രവർത്തന പരിപാടി (ജലമാണ് ജീവൻ)**: സുരക്ഷിതമായ കുടിവെള്ളം ഉറപ്പാക്കുന്നതിനും, ജലജന്യ രോഗങ്ങൾ തടയുന്നതിനുമായി ഹരിത കേരളം മിഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സർക്കാർ വകുപ്പുകളും ചേർന്ന് കേരളത്തിലുടനീളം 'ജലമാണ് ജീവൻ' എന്ന കാമ്പെയ്ൻ ആരംഭിച്ചു. പരിപാടി ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നു:

- കിണർ ക്ലോറിനേഷൻ: സംസ്ഥാനത്ത് ആദ്യമായി എല്ലാ കിണറുകളിലും ദോഷകരമായ സൂക്ഷ്മാണുക്കളെ ഇല്ലാതാക്കുന്നതിനായി കിണറുകളെ ശാസ്ത്രീയമായി ക്ലോറിനേറ്റ് ചെയ്തു.
- ബോധവൽക്കരണവും പരിശോധനയും: സ്കൂളുകൾ ബോധവൽക്കരണ പരിപാടികൾ നടത്തും, സ്കൂൾ ലാബുകൾ വഴി ജലത്തിന്റെ ഗുണനിലവാരം വ്യാപകമായി പരിശോധിക്കും.
- പൊതു ജലശുദ്ധീകരണം: കുളങ്ങളും കിണറുകളും വൃത്തിയാക്കും, ജലശുദ്ധി നിലനിർത്തുന്നതിനായി

മാലിന്യത്തിന്റെ ഒഴുക്ക് തടയും.

**ഫണ്ടിംഗ് പാറ്റേൺ**

സുസ്ഥിരതയും സാമൂഹ്യപങ്കാളിത്തവും ഉറപ്പാക്കുന്ന ഒരു മൾട്ടി-സോഴ്സ് മോഡലിലൂടെ യാണ് ഹരിത കേരളം മിഷന് ധനസഹായം നൽകുന്നത്. പ്രധാന സാമ്പത്തിക സഹായം സംസ്ഥാന സർക്കാരിൽ നിന്ന് വാർഷിക ബജറ്റ് വിഹിതത്തിലൂടെയാണ് ലഭിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ സ്വന്തം പ്ലാൻ ഫണ്ടുകളിലൂടെയും പ്രാദേശിക വിഭവങ്ങളിലൂടെയും സംഭാവന നൽകുന്നു. മാലിന്യ സംസ്കരണം, ജലസംരക്ഷണം, ജൈവകൃഷി എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികൾക്കായി സ്വച്ഛ് ഭാരത് മിഷൻ, എം ജി എൻ ആർ ഇ ജി എ, ജൽ ശക്തി അഭിയാൻ തുടങ്ങിയ കേന്ദ്ര സർക്കാർ പദ്ധതികളിൽ നിന്നുള്ള ഫണ്ട് മിഷൻ ഉപയോഗിക്കുന്നു. കൂടാതെ, എൻ ജി ഒ-കൾ, സി എസ് ആർ പങ്കാളികൾ, അന്താരാഷ്ട്ര ഏജൻസികൾ എന്നിവരുടെ പിന്തുണ നിർദ്ദിഷ്ട സംരംഭങ്ങളെ ശക്തിപ്പെടുത്തുന്നു. കമ്മ്യൂണിറ്റി പങ്കാളിത്തം കൂടുതലും പണപരമായല്ലെങ്കിലും, മിഷന്റെ വിജയത്തിൽ ഇത് ഒരു പ്രധാന പങ്ക് വഹിക്കുന്നു. ഈ സംയോജിത ഫണ്ടിംഗ് സമീപനം പ്രാദേശിക ഉടമസ്ഥതയെയും ദീർഘകാല സ്വാധീനത്തെയും പ്രോത്സാഹിപ്പിക്കുന്നു.

**മറ്റ് വകുപ്പുകളുമായുള്ള സംയോജനം**

ജലാശയങ്ങളുടെ പുനരുജ്ജീവനമാണ് ഹരിതകേരളം മിഷന്റെ പ്രധാന ശ്രദ്ധാകേന്ദ്രം. നദികൾ, കുളങ്ങൾ, കനാലുകൾ എന്നിവ പുനഃസ്ഥാപിക്കുന്നതിലൂടെയും ചെക്ക് ഡാമുകൾ, ഫാം കുളങ്ങൾ എന്നിവയിലൂടെ ഭൂഗർഭജല റീചാർജിനെ പിന്തുണയ്ക്കുന്നതിലൂടെയും ജലസേചന വകുപ്പ് ഇതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു. ഈ ശ്രമങ്ങൾ ജലസേചന-കാർഷിക ഫലങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ട്. മാലിന്യ സംസ്കരണത്തിൽ, വികേന്ദ്രീകൃത വേർതിരിക്കൽ, കമ്പോസ്റ്റിംഗ്, പുനരുപയോഗം എന്നിവ ഹരിതകേരളം മിഷൻ പ്രോത്സാഹിപ്പിക്കുന്നു. സംസ്ഥാനത്തിന്റെ പാരിസ്ഥിതിക ലക്ഷ്യങ്ങളുമായി പൊരുത്തപ്പെടുന്ന ജൈവ രീതികളിലേക്ക് മാറാനും ഇത് കർഷകരെ പ്രോത്സാഹിപ്പിക്കുന്നു. ഒന്നിലധികം പങ്കാളികളെ ഒരുമിച്ച് കൊണ്ടുവന്നു താഴേത്തട്ടിലുള്ള പങ്കാളിത്തത്തിന് ഊന്നൽ നൽകിക്കൊണ്ടും, സംയോജിതവും സുസ്ഥിരവും പ്രതിരോധശേഷിയുള്ളതുമായ വികസനത്തിനുള്ള ഒരു മാതൃകയായി ഹരിതകേരളം മിഷൻ മാറിയിരിക്കുന്നു.

**മുന്നോട്ട്**

സംയോജിതവും സാമൂഹ്യാടിസ്ഥാനത്തിലുള്ളതുമായ സമീപനത്തിലൂടെ ഹരിതാഭവും വൃത്തിയുള്ളതും കാലാവസ്ഥയ്ക്ക് അനുയോജ്യമായതുമായ ഒരു കേരളമാണ് ഹരിത കേരളം മിഷൻ വിഭാവനം ചെയ്യുന്നത്. നദികളെയും കുളങ്ങളെയും പുനരുജ്ജീവിപ്പിക്കുന്നതിലെ വിജയത്തിന്റെ അടിസ്ഥാനത്തിൽ, നീർത്തട മാനേജ്മെന്റ് മെച്ചപ്പെടുത്തുന്നതിലൂടെയും, മികച്ച നിരീക്ഷണത്തിനായി ജി ഐ എസ്-ഉം റിമോട്ട് സെൻസിംഗും ഉപയോഗിക്കുന്നതിലൂടെയും ജലസംരക്ഷണം വർദ്ധിപ്പിക്കാൻ മിഷൻ പദ്ധതിയിടുന്നു. പരിസ്ഥിതി-ലോല മേഖലകളിൽ പ്രകൃതിദത്ത ജലപ്രവാഹങ്ങൾ പുനഃസ്ഥാപിക്കുകയും ഭൂഗർഭജല റീചാർജ് പരിപാടികൾ വികസിപ്പിക്കുകയും ചെയ്യുക എന്നതിനാണ് പ്രധാന മുൻഗണന.

സീറോ വേസ്റ്റ് കേരളത്തിലേക്ക് എന്ന ലക്ഷ്യത്തിലേക്ക് നീങ്ങുന്നതിന്, ഹരിതകേരളം മിഷൻ മാലിന്യ വേർതിരിക്കൽ നിയമങ്ങൾ ശക്തിപ്പെടുത്തുകയും, പുനരുപയോഗ അടിസ്ഥാന സൗകര്യങ്ങളെ പിന്തുണയ്ക്കുകയും ചാക്രിക സാമ്പത്തിക രീതികൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യും. കമ്മ്യൂണിറ്റി-അധിഷ്ഠിത കമ്പോസ്റ്റിംഗും ബയോഗ്യാസ് സംവിധാനങ്ങളും ഉപയോഗിച്ച് ഹരിത കർമ്മ സേനയുടെ പങ്ക് വികസിപ്പിക്കും.

നഗരങ്ങളിലെ പച്ചപ്പ് വർദ്ധിപ്പിക്കുന്നതിലൂടെയും, തണ്ണീർത്തടങ്ങളും വനങ്ങളും സംരക്ഷിക്കുന്നതിലൂടെയും, ജൈവവൈവിധ്യ ഇടനാഴികൾ വികസിപ്പിക്കുന്നതിലൂടെയും, പ്രത്യേകിച്ച് തീരദേശ, പശ്ചിമഘട്ട മേഖലകളിൽ കാലാവസ്ഥാ പ്രതിരോധശേഷി വർദ്ധിപ്പിക്കും. തത്സമയ നിരീക്ഷണത്തിനും പൊതു ഉത്തരവാദിത്തം ഉറപ്പാക്കുന്നതിനുമായി ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ, മൊബൈൽ ആപ്പുകൾ, ക്യുആർ കോഡ് അധിഷ്ഠിത ട്രാക്കിംഗ് എന്നിവ സ്വീകരിക്കാനും മിഷൻ ലക്ഷ്യമിടുന്നു.

കൂടാതെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വനിതാ ഗ്രൂപ്പുകൾ, യുവജന പരിസ്ഥിതി ക്ലബ്ബുകൾ എന്നിവയുടെ ശേഷി വർദ്ധിപ്പിക്കുന്നതിൽ മിഷൻ നിക്ഷേപം നടത്തും. ശക്തമായ നയ സംയോജനം, ബഹുമേഖല പങ്കാളിത്തം, ദേശീയ ദൗത്യങ്ങളുമായും സുസ്ഥിര വികസന ലക്ഷ്യങ്ങളുമായും (SDG-കൾ) വിന്യാസം എന്നിവ പിന്തുടരും. നിരീക്ഷണം, വിലയിരുത്തൽ, ഗവേഷണം എന്നിവയുടെ ശക്തമായ ഒരു സംവിധാനം തുടർച്ചയായ പുരോഗതിയെ നയിക്കും.

**ഹരിതകേരളം മിഷന്റെ വിജയഗാഥകൾ** - വൃത്തിയുള്ള സ്കൂളുകൾ, പുനഃസ്ഥാപിച്ച ആവാസവ്യവസ്ഥകൾ, സജീവമായ പൊതുജനപങ്കാളിത്തം - മറ്റ് സംസ്ഥാനങ്ങൾക്കും പ്രദേശങ്ങൾക്കും ഒരു മാതൃകാപരമായ ബ്ലൂപ്രിന്റ് വാഗ്ദാനം ചെയ്യുന്നു. സമൂഹത്താൽ നയിക്കപ്പെടുന്ന സുസ്ഥിരതയിലേക്കുള്ള ഒരു ധീരമായ ചുവടുവെപ്പായി മിഷൻ നിലകൊള്ളുന്നു, ഇത് കേരളത്തെ പരിസ്ഥിതി-ഉത്തരവാദിത്ത വികസനത്തിന്റെ ഒരു ദീപസ്തംഭമാക്കി മാറ്റുന്നു.

**ലൈഫ് മിഷൻ**

ദരിദ്രജനവിഭാഗങ്ങൾക്കുള്ള ഭവനനിർമ്മാണപദ്ധതികളിൽ ഗുണപരമായ പുതിയ ഒരു സമീപനമായി രാജ്യത്തിന് ഉയർത്തിക്കാട്ടുവാൻ ലൈഫ് മിഷൻ വഴി സാധിക്കുന്നു. ലൈഫ് മിഷനും മറ്റു പദ്ധതികളും വഴി ലഭ്യമാകുന്ന ഉയർന്ന ഗുണനിലവാരമുള്ള വീടുകൾ സാധാരണക്കാർക്കും ദരിദ്രർക്കും വേണ്ടിയുള്ള ഭവനനിർമ്മാണത്തെ പുതിയ മാതൃകയാണ് സൃഷ്ടിക്കുന്നത്.

പാർപ്പിടം എന്നത് മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിലൊന്നാണ്. അത് ഉറപ്പാക്കുക എന്നത് ഏതൊരു സർക്കാരിന്റെയും അടിസ്ഥാന ഉത്തരവാദിത്തമാണ്. മനുഷ്യാവകാശങ്ങളെക്കുറിച്ചുള്ള അന്താരാഷ്ട്ര നിയമ ചട്ടക്കൂടുകൾ എല്ലാ വ്യക്തികൾക്കും അവരുടെ അന്തസ്സിനു പര്യാപ്തമായ ജീവിത നിലവാരത്തിനുള്ള അവകാശം അംഗീകരിക്കുന്നു. അതിൽ ഉചിതമായ പാർപ്പിടം ലഭ്യമാക്കുന്നതും ഉൾപ്പെടുന്നു. ഇന്ത്യൻ ഭരണഘടന പാർപ്പിടത്തി

നും ഉപജീവനത്തിനുമുള്ള അവകാശങ്ങളെ വ്യക്തമായി അംഗീകരിക്കുകയും, ഓരോ വ്യക്തിക്കും സുരക്ഷിതവും, അടച്ചുറപ്പുള്ളതും, മാന്യവുമായ ഭവന സാഹചര്യങ്ങൾ ലഭിക്കേണ്ടതുണ്ടെന്ന് സ്ഥിരീകരിക്കുകയും ചെയ്യുന്നു. പര്യാപ്തമായ താമസസൗകര്യം എന്ന അവകാശത്തെ സങ്കുചിതമായി വ്യാഖ്യാനിക്കരുതെന്ന് ഐക്യരാഷ്ട്ര സഭയുടെ സാമ്പത്തിക, സാമൂഹിക, സാംസ്കാരിക അവകാശ സമിതി ഊന്നിപ്പറയുന്നു. പകരം, സുരക്ഷ, സമാധാനം, മനുഷ്യന്റെ അന്തസ്സിനോടുള്ള ആദരവ് എന്നീ സവിശേഷതകൾ ഉറപ്പാക്കുന്ന ഒരു അന്തരീക്ഷത്തിൽ താമസിക്കാനുള്ള അവകാശമായി അതിനെ കണക്കാക്കണം. അതുപോലെ, 2015-ൽ രൂപീകൃതമായ ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങളിലെ പതിനൊന്നാമത്തെ ലക്ഷ്യം, സുരക്ഷിതവും, കാലാവസ്ഥാ പ്രതിരോധശേഷിയുള്ളതും, സുസ്ഥിരവുമായ നഗര പരിസ്ഥിതികളുടെയും മനുഷ്യവാസ കേന്ദ്രങ്ങളുടെയും വികസനത്തിനായി നിലകൊള്ളുന്നു.

ജനാധിപത്യ വികേന്ദ്രീകൃതാസൂത്രണം 1996-ൽ ആരംഭിച്ചതുമുതൽക്ക്, കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന ജനവിഭാഗങ്ങൾക്കുള്ള ഭവന നിർമ്മാണത്തെ സജീവമായി പിന്തുണച്ചിട്ടുണ്ട്. ത്രിതല പഞ്ചായത്തുകളും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുള്ള സാമൂഹിക ഭവന പദ്ധതികൾക്ക് മുൻഗണന നൽകി. തിരുവനന്തപുരം, കൊല്ലം, തൃശൂർ എന്നീ ജില്ലകളിലെ ജില്ലാ പഞ്ചായത്തുകൾ 1990 കളുടെ അവസാനം മുതൽ ഭവന പദ്ധതികൾ നടപ്പിലാക്കി. ഭവനരഹാഹിത്യം പരിഹരിക്കുന്നതിനായി, 2009 നവംബറിൽ സംസ്ഥാനം ഇ.എം.എസ് ഭവന പദ്ധതി ആരംഭിച്ചു. ഇതോടൊപ്പം, "ലക്ഷംവീട് പദ്ധതി" യിലെ പഴയ വീടുകൾ മാറ്റിസ്ഥാപിക്കുന്നതിനും പുതുക്കിപ്പണിയുന്നതിനുമായി സംസ്ഥാന ഭവന വകുപ്പ് എം.എൻ ലക്ഷം വീട് പുനരുദ്ധാരണ പദ്ധതി ആരംഭിച്ചു.

മുൻകാല പ്രവർത്തനങ്ങളുടെ ഫലമായി, കേരളത്തിലെ ഭവന നിലവാരം ഇന്ത്യയുടെ ദേശീയ ശരാശരിയേക്കാൾ ഉയർന്നതാണ്. സെൻസസ് 2011 കണക്കുകൾ പ്രകാരം കേരളത്തിലെ ഗ്രാമപ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലും വീടുകളുടെ പ്രതിശീർഷ തറവിസ്തീർണ്ണം അഖിലേന്ത്യാ ശരാശരിയുടെ ഇരട്ടിയോളമാണ്. കേരളത്തിലെ ആകെ കുടുംബങ്ങളിൽ ഏകദേശം നാലിൽ മൂന്ന് ഭാഗവും നല്ല നിലവാരമുള്ള വീടുകളിലാണ് താമസിക്കുന്നത്. 2018-ൽ കേരളത്തിലെ 88.4 ശതമാനം വീടുകളും 'പക്കാ' വീടുകൾ ആയിരുന്നു. കൂടാതെ, ചെറിയ ശതമാനത്തിന് (സ്വന്തം വീടുകളിൽ താമസിക്കുന്ന മൊത്തം കുടുംബങ്ങളുടെ 0.3 ശതമാനം) മാത്രമാണ് കച്ചാവീടുകൾ ഉണ്ടായിരുന്നത്.

സംസ്ഥാനത്ത് ശരാശരി ഭവനങ്ങളുടെ വലിപ്പം, ഗുണനിലവാരം, നിക്ഷേപം എന്നിവ ഉയർന്നതാണെങ്കിലും, പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങൾക്കിടയിൽ ഭവന അസമത്വം പ്രകടമായിരുന്നു. ഈ സാമൂഹിക വിഭാഗങ്ങളിലാണ് ഏറ്റവും കൂടുതൽ ജീർണ്ണാവസ്ഥയിലുള്ള കുടുംബങ്ങൾ ഉണ്ടായിരുന്നത്. സെൻസസ് റിപ്പോർട്ട് 2011 പ്രകാരം, ദേശീയ ശരാശരിയേക്കാൾ നാലിരട്ടിയിൽ കൂടുതൽ പട്ടികവർഗ കുടുംബങ്ങൾ ജീർണിച്ച വീടുകളിൽ താമസിക്കാൻ സാധ്യതയുണ്ട്.

### പതിമൂന്നും പതിന്നാലും പഞ്ചവത്സര പദ്ധതികളിലെ പ്രവർത്തനങ്ങൾ

പതിമൂന്നാം പഞ്ചവത്സര പദ്ധതി സമ്പൂർണ ഭവന മിഷന് ഊന്നൽ നൽകി. സമ്പൂർണ ഭവന മിഷന്റെ ലക്ഷ്യങ്ങളിൽ ഇവ ഉൾപ്പെടുന്നു. ഭൂമി ലഭ്യത വർദ്ധിപ്പിക്കുകയും ബഹുനില കെട്ടിടങ്ങളുടെ വികസനം ഉൾപ്പെടെ ഉൽപ്പാദനക്ഷമമായ ഭൂവിനിയോഗം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക, ആധുനിക സാങ്കേതികവിദ്യയും നൈപുണ്യവും സ്വീകരിച്ചുകൊണ്ട് മൂലധന കാര്യക്ഷമത മെച്ചപ്പെടുത്തുക, നഗര വ്യാപനം പരിഹരിക്കുന്നതിന് സാമൂഹിക ഭവന ടവറുകൾ തന്ത്രപരമായി സ്ഥാപിക്കുക, പാർശ്വവൽക്കരിക്കപ്പെട്ടവരും സാമൂഹികമായി ഒഴിവാക്കപ്പെട്ടവരുമായ ജനങ്ങൾക്ക് ഭവനലഭ്യത ഉറപ്പാക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചുള്ള നൂതന വിഭവ സമാഹരണ രീതികൾ കണ്ടെത്തുക, പുതിയ ഉപജീവന അവസരങ്ങൾ സൃഷ്ടിക്കുന്നതിനൊപ്പം ഭവന നയങ്ങളുമായും സംയോജിപ്പിക്കുക. ഈ ശ്രമങ്ങളുടെ തുടർച്ചയായിരുന്നു പതിനാലാം പദ്ധതി.

### ലൈഫ് മിഷൻ

കഴിഞ്ഞ ഒമ്പത് വർഷങ്ങളിൽ, ഉയർന്ന ഗുണനിലവാരം ഉറപ്പാക്കിക്കൊണ്ട് ഭവനരാഹിത്യം അനുഭവിക്കുന്ന ആളുകൾക്ക് ഭവനലഭ്യത വിപുലീകരിക്കുന്നതിൽ കേരള സർക്കാർ പ്രത്യേകം ശ്രദ്ധചെലുത്തിയിട്ടുണ്ട്. ഭൂരഹിതർക്കും ഭവനരഹിതർക്കും താങ്ങാനാവുന്നതും മാന്യവുമായ ഭവനങ്ങൾ നൽകുന്നതിനായി 2016-ൽ കേരള സർക്കാർ ലൈഫ് മിഷൻ (ഉപജീവനമാർഗ്ഗം, ഉൾപ്പെടുത്തൽ, സാമ്പത്തിക ശാക്തീകരണം) എന്നറിയപ്പെടുന്ന സമ്പൂർണ പാർപ്പിട മിഷൻ ആരംഭിച്ചു. സാമ്പത്തിക, സാമൂഹിക സുരക്ഷാ പരിപാടികൾ വഴി ഗുണഭോക്താക്കളെ മുഖ്യധാരാ സമൂഹത്തിലേക്ക് സംയോജിപ്പിക്കുക എന്നതാണ് ഈ സംരംഭത്തിന്റെ ലക്ഷ്യം.

### ലൈഫ് മിഷനുള്ള ധനസഹായം

ലൈഫ് മിഷൻ നടത്തിപ്പിനായി തദ്ദേശ സ്വയംഭരണ വകുപ്പിനും (എൽ.എസ്.ജി.ഡി.), പട്ടികജാതി (എസ്.സി.) പട്ടികവർഗ്ഗ (എസ്.ടി.) വികസന വകുപ്പുകൾക്കും പദ്ധതി വിഹിതം അനുവദിക്കപ്പെടുന്നു.

കേരളാ അർബൻ ആൻഡ് റൂറൽ ഡവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.യു.ആർ.ഡി.എഫ്.സി.) ലൈഫ് നടപ്പിലാക്കുന്നതിനുവേണ്ടി സർക്കാർ ഗ്യാരന്റിയോടെ ഹൗസിംഗ് ആന്റ് അർബൻ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡി(ഹഡ്കോ)-ൽ നിന്ന് വായ്പകൾ ഉപയോഗപ്പെടുത്തുന്നു. ഈ വായ്പകൾക്കുള്ള പലിശയടവിനായി കെ.യു.ആർ.ഡി.എഫ്.സി.-ക്ക് പ്ലാൻ വിഹിതം അനുവദിക്കുകയും ചെയ്യുന്നു.

2019-20-നും 2025-26-നും ഇടയിൽ, തദ്ദേശ സ്വയംഭരണ വകുപ്പ്, പട്ടികജാതി, പട്ടികവർഗ വികസന വകുപ്പുകളുടെയും കെ.യു.ആർ.ഡി.എഫ്.സിയുടെയും ലൈഫ് പാർപ്പിട പദ്ധതികൾക്കായുള്ള മൊത്തം പദ്ധതി ചെലവ് 4,746.1 കോടി രൂപയായിരുന്നു.

സംസ്ഥാന പദ്ധതി വിഹിതത്തിനു പുറമേ, ബ്ലോക്ക്,

ജില്ലാ പഞ്ചായത്തുകൾ ഉൾപ്പെടെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും അവരുടെ വികസന ഫണ്ടിന്റെ 20 ശതമാനത്തിൽ കുറയാത്ത ഭാഗം (യൂണിയൻ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് തുക ഒഴികെ) ഭവന നിർമ്മാണത്തിനായി നീക്കിവയ്ക്കുന്നു. ഈ 20 ശതമാനം കൂടാതെ, കെ.യു. ആർ.എഫ്.ഡി.സി വായ്പകളുടെ മുതലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ചടയ്ക്കുന്നു.

**ലൈഫ് മിഷൻ ഘടനയും നിർവ്വഹണവും**

ഗുണഭോക്തൃ തെരഞ്ഞെടുപ്പ് മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് ലൈഫ് മിഷൻ നടപ്പിലാക്കുന്നത്. വിവിധ സർക്കാർ വകുപ്പുകളുടെ ഭവന പദ്ധതികളെയും പ്രധാനമന്ത്രി ആവാസ് യോജന (പി എം എ വൈ)-യെയും ലൈഫ് മിഷനിൽ സംയോജിപ്പി ച്ചിരിക്കുന്നു.

കരാറിൽ ഒപ്പുവച്ചിട്ടുള്ള ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന്റെ ഭൗതിക പുരോഗതിയുടെ അടിസ്ഥാനത്തിൽ നാല് ഗഡുക്കളായി 4 ലക്ഷം രൂപയും വിദൂര പട്ടികവർഗ ഉന്നതികളിൽ താമസിക്കുന്ന പട്ടികവർഗ ഗുണഭോക്താക്കൾക്ക് അഞ്ച് ഗഡുക്കളായി 6 ലക്ഷം രൂപയും നൽകുന്നു.

വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള പ്രാരംഭ സർവെയോടെയാണ് പദ്ധതിക്ക് തുടക്കംകുറിച്ചത്. ഗ്രാമസഭാ യോഗങ്ങളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന സെമിനാറുകളിലും, വാർഡ് തിരിച്ചുള്ളതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ചുള്ളതുമായ ഗുണഭോക്തൃ പട്ടികകൾ അംഗീകരിക്കുകയും 2017 നവംബറോടെ തയ്യാറാകുകയും ചെയ്തു.

ലൈഫ് മിഷന്റെ ഒന്നാം ഘട്ടത്തിൽ, മുൻ ഭവനപദ്ധതികളിൽ ഭാഗികമായി നിർമ്മിച്ചതും പൂർത്തിയാക്കാൻ സാധിക്കാത്തതുമായ വീടുകളുടെ പൂർത്തീകരണത്തിലാണ് ശ്രദ്ധ കേന്ദ്രീകരിച്ചത്. സംസ്ഥാനത്ത് കണ്ടെത്തിയ 54,116 പൂർത്തിയാകാത്ത വീടുകളിൽ 52,680 വീടുകൾ (97.3 ശതമാനം) പൂർത്തിയായി. ഇവയിൽ 42,850 എണ്ണം ഗ്രാമീണ വീടുകളും 9,830 എണ്ണം നഗര വീടുകളുമാണ്. പൂർത്തിയായ വീടുകളിൽ 19,153 എണ്ണം പട്ടികജാതി ഗുണഭോക്താക്കളുടെയും 17,400 എണ്ണം പട്ടികവർഗ്ഗ ഗുണഭോക്താക്കളുടെയും ആയിരുന്നു.

സ്വന്തമായി ഭൂമിയുള്ള വീടില്ലാത്ത കുടുംബങ്ങളെയാണ് ലൈഫ് മിഷന്റെ രണ്ടാം ഘട്ടത്തിൽ ലക്ഷ്യമിട്ടത്. ലൈഫ് രണ്ടാം ഘട്ടത്തിൽ 1,02,448 ഗുണഭോക്താക്കളെ അർഹരായി കണ്ടെത്തുകയും, 98,576 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തു (96.2 ശതമാനം). പട്ടികജാതി, പട്ടികവർഗ്ഗ, ഫിഷറീസ് ന്യൂനപക്ഷ വകുപ്പുകളുടെ ഭവന പദ്ധതികൾ ലൈഫ് മിഷനുമായി സംയോജിപ്പിച്ചതിനാൽ, പട്ടികജാതി (21,386 ഗുണഭോക്താക്കൾ), പട്ടികവർഗ (10,692 ഗുണഭോക്താക്കൾ), മത്സ്യബന്ധന (6,009 ഗുണഭോക്താക്കൾ), ന്യൂനപക്ഷ (2,363 ഗുണഭോക്താക്കൾ) വികസന വകുപ്പുകളിൽ നിന്നുള്ള ഗുണഭോക്താക്കളുടെ പട്ടിക ഈ ഘട്ടത്തിൽ ലയിപ്പിച്ചു. എല്ലാ അധിക ലക്ഷ്യങ്ങളും പൂർണ്ണമായും കൈവരിക്കാനായി (40,450 വീടുകൾ). കൂടാതെ, നഗര-ഗ്രാമ പ്രദേശങ്ങളിൽ പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ) നടപ്പിലാക്കുന്നത് ഈ ഘട്ടത്തിൽ ലൈഫ് മിഷനുമായി സംയോജിപ്പിച്ചു.

കേരളത്തിലെ ഭൂരഹിതരെയും ഭവനരഹിതരെയും പുനരധിവസിപ്പിക്കുന്നതിനുള്ള ഒരു സുപ്രധാന ചുവടുവെപ്പായിരുന്നു ലൈഫ് മിഷന്റെ മൂന്നാം ഘട്ടം. ഭൂരഹിതരെയും ഭവനരഹിതരെയും തിരിച്ചറിയുന്നതിനായി 2017 ൽ ഒരു സർവേ നടത്താൻ കുടുംബശ്രീയെ ചുമതലപ്പെടുത്തി. സമഗ്രമായ പരിശോധനയ്ക്ക് ശേഷം, 1,57,775 ഗുണഭോക്താക്കളെ യോഗ്യരായി കണ്ടെത്തി. 28,363 പേർ നിർമ്മാണം പൂർത്തിയായി.

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾ, മത്സ്യബന്ധന തൊഴിലാളികൾ എന്നിവരിൽ അർഹരായ ഗുണഭോക്താക്കളിൽനിന്ന് അധിക അപേക്ഷകൾ ശേഖരിച്ചു. ഇതിൽ 29,475 വീടില്ലാത്തവരും 2,054 ഭൂരഹിത ഭവനരഹിതരുമായ ഗുണഭോക്താക്കളും വീടു നിർമ്മാണം പൂർത്തിയാക്കി.

മുമ്പ് നടത്തിയ തിരിച്ചറിയൽ പരിശോധനകളിൽ അവഗണിക്കപ്പെട്ടതോ പിന്നീട് യോഗ്യത നേടിയതോ ആയ അപേക്ഷകൾ ഉൾപ്പെടുത്തുന്നതിനായി, 2020-ൽ എല്ലാ വിഭാഗങ്ങളിലേക്കും കൂടുതൽ അപേക്ഷകൾ ക്ഷണിച്ചു.

ലൈഫ് 2020 ലിസ്റ്റിൽ കണ്ടെത്തിയ ഗുണഭോക്താക്കളിൽ, 83,768 ഭൂമിയുള്ള ഭവനരഹിതരും 1,492 ഭൂരഹിത ഭവനരഹിതരും വീട് നിർമ്മാണം പൂർത്തിയാക്കി.

അതിദാരിദ്ര്യ നിർമാർജന പരിപാടി (ഇ.പി.ഇ.പി) പ്രകാരം അതിദരിദ്രരായി തിരിച്ചറിയപ്പെട്ട 64,006 കുടുംബങ്ങളിൽ, ഭവനരഹിതരായവർക്ക് 4,005 വീടുകളും ഭൂരഹിത-ഭവനരഹിതർക്ക് 1,417 വീടുകളും പൂർത്തിയായി.

ആകെ 34,321 ഭൂരഹിത ഗുണഭോക്താക്കൾക്ക് ഭൂമി നൽകി, അതിൽ 33,326 പേരുടെ വീടു നിർമ്മാണം പൂർത്തിയാക്കി.

2025 ഒക്ടോബർ 31 വരെ, ലൈഫ് മിഷൻ 4,71,442 വീടുകളുടെ നിർമ്മാണം വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്. ഇതിൽ സംസ്ഥാനത്തുടനീളമുള്ള ലൈഫ് ടവേഴ്സിലെ 926 ഫ്ലാറ്റുകളും ഉൾപ്പെടുന്നു. 1,26,660 വീടുകൾ കൂടി നിർമ്മാണത്തിലാണ്. പൂർത്തിയായ വീടുകളിൽ 1,25,360 എണ്ണം പട്ടികജാതി ഗുണഭോക്താക്കളും 45,976 എണ്ണം പട്ടികവർഗ ഗുണഭോക്താക്കളുമാണ്. 2026 ഫെബ്രുവരി ആയപ്പോഴേക്കും ലൈഫ് മിഷന് കീഴിൽ അഞ്ച് ലക്ഷം വീടുകൾ നിർമ്മിച്ചു.

**പ്രധാനമന്ത്രി ആവാസ് യോജനയും (പി.എം.എ.വൈ) മറ്റ് സംയോജിത പദ്ധതികളും**

പി.എം.എ.വൈ അർബൻ, പി.എം.എ.വൈ ഗ്രാമീൺ എന്നിവ നഗരപ്രദേശങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾ (ഇ.ഡബ്ല്യൂ.എസ്), താഴ്ന്ന, ഇടത്തരം വരുമാനക്കാർ (എൽ.ഐ.ജി/ എം.ഐ.ജി) എന്നിവർക്കും ഗ്രാമപ്രദേശങ്ങളിലെ വീടില്ലാത്ത കുടുംബങ്ങൾക്കും കച്ചാ വീടുകളിൽ താമസിക്കുന്നവർക്കും വേണ്ടിയുള്ള കേന്ദ്രാവിഷ്കൃത ഭവന പദ്ധതികളാണ്.

പി.എം.എ.വൈ (യു) പദ്ധതിയുടെ ഗുണഭോക്തൃ നേതൃത്വത്തിലുള്ള നിർമ്മാണ (ബി എൽ സി) ഘടകത്തിന് യൂണിറ്റ് ചെലവ് 2.5 ലക്ഷം രൂപയായി നിജപ്പെടുത്തിയിരിക്കുന്നു, അതിൽ 1.5 ലക്ഷം രൂപ കേന്ദ്ര സർക്കാർ നൽകുന്നു. മാന്യമായ ഭവനങ്ങൾ നൽകുന്നതിനുള്ള പ്രതിജ്ഞാബദ്ധതയോടെ കേരള സർക്കാർ ഈ പദ്ധതിയെ ലൈഫ്

മിഷനുമായി ലയിപ്പിച്ചു കൊണ്ട് യൂണിറ്റ് ചെലവ് 4 ലക്ഷം രൂപയായി ഉയർത്തി. സംസ്ഥാന സർക്കാരും നഗര തദ്ദേശ സ്വയംഭരണ സ്ഥാപനവും ബാക്കി തുകയായ 2.5 ലക്ഷം രൂപ ഒരു യൂണിറ്റിന്റെ വിഹിതമായി നൽകുന്നു. ഗുണഭോക്തൃ നേതൃത്വത്തിലുള്ള നിർമ്മാണ (ബി എൽ സി) ഘടകത്തിന് കീഴിൽ 1,27,048 യൂണിറ്റുകൾ അനുവദിച്ചതിൽ 93,986 എണ്ണം പൂർത്തിയായി.

സംസ്ഥാന സർക്കാർ നഗര ഭവന പദ്ധതികളെ ഉപജീവന പദ്ധതികളായ ദേശീയ നഗര ഉപജീവന ദൗത്യം (എൻ.യു.എൽ.എം), അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി (എ.യു.ഇ ജി.എസ്) എന്നിവയുമായി സംയോജിപ്പിച്ചിട്ടുണ്ട്. നൈപുണ്യ നവീകരണത്തിനും സ്വയം തൊഴിൽ കണ്ടെത്തുന്നതിനുമായി എൻ.യു.എൽ.എം വ്യവസ്ഥകൾ ഉപയോഗപ്പെടുത്തുന്നു. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിക്കുന്നതിലൂടെ പി.എം.എ.വൈ (നഗര) ഗുണഭോക്താക്കൾക്ക് 90 വ്യക്തിദിന തൊഴിൽ ലഭിക്കും, കൂടാതെ സഹായമായി ഒരാൾക്ക് 29,970 രൂപയും അധികമായി ലഭിക്കും.

പി.എം.എ.വൈ- ജി പദ്ധതി പ്രകാരം, ഗ്രാമവികസന മന്ത്രാലയം (എം.ഒ.ആർ.ഡി) നിർദ്ദേശിക്കുന്ന യൂണിറ്റ് സഹായം 1.20 ലക്ഷം രൂപയാണ്, ഇത് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 60:40 അനുപാതത്തിൽ (72,000രൂപ + 48,000രൂപ) പങ്കിടുന്നു. ലൈഫ് മിഷൻ സംയോജനം വഴി, കേരള സർക്കാർ ഒരു യൂണിറ്റിന് നൽകുന്ന ഗ്രാന്റ് 4.00 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. ബാക്കി 2.8 ലക്ഷം രൂപ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്കിടയിൽ 25:40:35 എന്ന അനുപാതത്തിൽ വിഭജിക്കുന്നു.

ഗ്രാമീണ ഗുണഭോക്താക്കൾക്ക് എം.ജി.എൻ.ആർ.ഇ.ജി.എസ് പ്രകാരം 90 വ്യക്തിഗത അവിദഗ്ധ തൊഴിൽ ദിനങ്ങൾക്ക് അർഹതയുണ്ട്. സ്വച്ഛ് ഭാരത് (ഗ്രാമീൺ), എം.ജി.എൻ.ആർ.ഇ.ജി.എസ്, അല്ലെങ്കിൽ മറ്റ് സമർപ്പിത ഫണ്ടിങ്ങ് സ്രോതസ്സുകളുമായി സംയോജിപ്പിച്ചാണ് ശൗചാലയ നിർമ്മാണത്തിനുള്ള പിന്തുണ കണ്ടെത്തുന്നത്. പൈപ്പ് വഴിയുള്ള കുടിവെള്ളം, വൈദ്യുതി, എൽ പി ജി എന്നിവയ്ക്കുള്ള കണക്ഷനുകൾ തുടങ്ങിയവയും വിവിധ പദ്ധതി സംയോജനങ്ങളിലൂടെ കണ്ടെത്തുന്നു. 2025 ഒക്ടോബർ 31 വരെ, പി.എം.എ.വൈ. ഗ്രാമീൺ പ്രകാരം 34,602 വീടുകൾ പൂർത്തിയായി.

### പദ്ധതിയുടെ വെല്ലുവിളികൾ

*ഭവന നിർമ്മാണ സാമഗ്രികളുടെ ഉയർന്നവില:* നിർമ്മാണ സാമഗ്രികളുടെ ഉയർന്ന വില ലൈഫ് ഗുണഭോക്താക്കൾക്ക് വെല്ലുവിളി ഉയർത്തുന്നു. ലൈഫ് മിഷൻ വിവിധ വിതരണക്കാരുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഉല്പന്നത്തിന്റെ പരമാവധി വിൽപ്പന വിലയേക്കാളും 20 മുതൽ 60 ശതമാനം വരെ കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികളായിട്ടുണ്ട്. തത്ഫലമായി ഇലക്ട്രിക്കൽ ഫിറ്റിംഗുകൾ വയറിങ് സാധനങ്ങൾ, പെയിന്റ്, സെറാമിക് വസ്തുക്കൾ ടാപ്പ് ഫിറ്റിംഗുകൾ, വാട്ടർ ടാങ്കുകൾ, സിമന്റ് എന്നിവ കുറഞ്ഞ നിരക്കിൽ ലൈഫ് ഗുണഭോക്താക്കൾക്ക് ലഭിക്കുന്നു. കൂടാതെ, അനെർട്ടുമായി (ANERT) സഹകരിച്ച്, 'ഹരിത ഊർജ്ജ വരുമാന പദ്ധതിയുടെ' ഭാഗമായി ലൈഫ് ഭവനങ്ങളിൽ പുരപ്പുറ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നു.

*ഭൂവിനിയോഗത്തിലെ നിയമപരമായ നിയന്ത്രണങ്ങൾ:* തീരദേശ നിയന്ത്രണ മേഖലകളിലും തണ്ണീർത്തട പ്രദേശങ്ങളിലെയും നിർമ്മാണ നിയന്ത്രണങ്ങൾ ചില ഗുണഭോക്താക്കളെ ബാധിക്കുന്നു. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നിയമഭേദഗതികൾ വരുത്താനുള്ള പ്രവർത്തനങ്ങൾ മിഷൻ നടത്തിവരുന്നു.

### മുന്നോട്ടുള്ള പ്രയാണം

ലൈഫ് മിഷന് കീഴിൽ നിർമ്മിക്കപ്പെടുന്ന വീടുകളുടെ ദീർഘകാല സുസ്ഥിരത, താങ്ങാനാവുന്ന വില, കാലാവസ്ഥാ പ്രതിരോധശേഷി എന്നിവ ഉറപ്പാക്കുന്നതിലായിരിക്കണം ഭാവി പ്രവർത്തനങ്ങൾ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത്. ഭൂരഹിത ഗുണഭോക്താക്കൾക്ക് ഏറ്റവും പ്രധാനപ്പെട്ട തടസ്സങ്ങളിലൊന്നായി ഭൂമിയുടെ ദൗർലഭ്യം തുടരുന്നു. മനസ്സോടിത്തിരി മണ്ണ് (3,042.2 സെന്റ് ഭൂമി ഭൂരഹിത-ഭവനരഹിതർക്ക് സംഭാവനയായി വാഗ്ദാനം ചെയ്തിട്ടുണ്ട്) പോലെ പൊതുജനങ്ങളുടെ സഹായത്തോടെയും പരോപകാര പ്രവർത്തനങ്ങളിലൂടെയും ഭൂമി സമാഹരണം തുടരേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയുന്നു. ശാസ്ത്രീയമായ-സ്ഥല ആസൂത്രണത്തിലൂടെ ഭൂമി കണ്ടെത്തേണ്ടതും ആവശ്യമാണ്. നഗര കേന്ദ്രങ്ങളിൽ വർദ്ധിച്ചുവരുന്ന പാർപ്പിടാവിശ്യങ്ങളുടെ ആവശ്യകത നിറവേറ്റുന്നതിന്, അധികവ്യാപനം വരാത്ത വിധത്തിൽ ബഹുനില സമൂഹ-ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കേണ്ടതുണ്ട്.

മിഷന്റെ ഭാവി ദിശയിൽ സാങ്കേതിക ആധുനികീകരണം ഒരു നിർണായക ഘടകമായിരിക്കും. ചെലവ് കുറഞ്ഞ നിർമ്മാണ സാങ്കേതികവിദ്യകൾ വികസിപ്പിക്കൽ, കുറഞ്ഞ വിലയ്ക്ക് നിർമാണ സാമഗ്രികളുടെ സംഭരണം വിപുലീകരിക്കൽ, നിർമ്മാണ തൊഴിലാളികൾക്കുള്ള നൈപുണ്യ വികസനം ഔപചാരികമാക്കൽ എന്നിവ മൂലധന കാര്യക്ഷമത വർദ്ധിപ്പിക്കുകയും ഗുണഭോക്താക്കളുടെ സാമ്പത്തിക ഭാരം കുറയ്ക്കുകയും ചെയ്യും. നിർമ്മാണ പുരോഗതി, ഫണ്ട് വിനിയോഗം, പോസ്റ്റ്-ഒക്യുപൻസി ഫലങ്ങൾ എന്നിവ ട്രാക്ക് ചെയ്യുന്നതിനുള്ള നിരീക്ഷണ സംവിധാനങ്ങൾ ശക്തിപ്പെടുത്തണം.

വരും വർഷങ്ങളിൽ, ഭവന നിർമ്മാണ ഇടപെടലുകൾ ഉപജീവനമാർഗ്ഗങ്ങൾ മെച്ചപ്പെടുത്തൽ, അവശ്യ സേവനങ്ങളിലേക്കുള്ള പ്രാപ്യത, സാമൂഹിക സംരക്ഷണം എന്നിവയുമായി കൂടുതലായി ബന്ധിപ്പിക്കേണ്ടതുണ്ട്. വിദൂര ഉന്നതികളിലെ പട്ടികവർഗ കുടുംബങ്ങൾ, തീരദേശ സമൂഹങ്ങൾ, ദുരന്തസാധ്യതയുള്ള പ്രദേശങ്ങളിൽ താമസിക്കുന്ന കുടുംബങ്ങൾ എന്നിവർക്ക് പ്രത്യേക ശ്രദ്ധ ആവശ്യമാണ്, കാരണം അവിടെ ഭവന ആവശ്യങ്ങൾ കാലാവസ്ഥാ അപകടസാധ്യതകളുമായി ബന്ധപ്പെട്ടിരിക്കുന്നു. സാർവത്രിക ഭവന സുരക്ഷയിലേക്ക് കേരളം പുരോഗമിക്കുമ്പോൾ, വീടുകളുടെ പൂർത്തീകരണത്തിൽ മാത്രമല്ല, ഗുണനിലവാരം, കാലാവസ്ഥാ പ്രതിരോധശേഷി, സാമൂഹിക സംയോജനം എന്നിവ ഉറപ്പാക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരി

ക്കേണ്ടതുണ്ട്.

### റീബിൽഡ് കേരള ഇനിഷ്യേറ്റീവ്

### ആമുഖവും പശ്ചാത്തലവും

2019-ൽ ആരംഭിച്ച ഒരു സമഗ്ര വികസന പരിപാടിയാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ കെ ഐ). അടിയന്തര ദുരിതാശ്വാസ, വീണ്ടെടുക്കൽ ആവശ്യങ്ങൾ നിറവേറ്റുന്നതിനും, സുസ്ഥിരമായ രീതിയിൽ സംസ്ഥാനത്തെ പുനർനിർമ്മിക്കുന്നതിനുള്ള ദീർഘകാല ചട്ടക്കൂട് സൃഷ്ടിക്കുന്നതിനും ഇത് ലക്ഷ്യമിടുന്നു. അവശ്യ സേവനങ്ങളും അടിസ്ഥാന സൗകര്യങ്ങളും പുനഃസ്ഥാപിക്കുന്നതിൽ ആർ കെ ഐ ശ്രദ്ധ കേന്ദ്രീകരിക്കുന്നു, അതേസമയം, ദുരന്തസാധ്യത കുറയ്ക്കലും കാലാവസ്ഥാ പൊരുത്തപ്പെടുത്തലും പുനർനിർമ്മാണ പ്രക്രിയയിൽ സംയോജിപ്പിക്കുകയും ചെയ്യുന്നു.

- പ്രതിരോധാത്മക അടിസ്ഥാന സൗകര്യങ്ങൾ പുനർനിർമ്മിക്കുക - ഭാവിയിലെ ദുരന്തങ്ങളെ നേരിടാൻ വീടുകൾ, റോഡുകൾ, പാലങ്ങൾ, സ്കൂളുകൾ, ആരോഗ്യകാര്യ സൗകര്യങ്ങൾ എന്നിവ പുനഃസ്ഥാപിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുക.
- കാലാവസ്ഥാ-പ്രതിരോധശേഷിയുള്ള വികസനം പ്രോത്സാഹിപ്പിക്കുക - എല്ലാ പുനർനിർമ്മാണ ശ്രമങ്ങളിലും സുസ്ഥിരതയും ദുരന്തസാധ്യത കുറയ്ക്കലും സംയോജിപ്പിക്കുക.
- സുസ്ഥിര പ്രകൃതിവിഭവ മാനേജ്മെന്റ് - ദുരന്തസാധ്യത കുറയ്ക്കുന്നതിന് നദികൾ, തണ്ണീർത്തടങ്ങൾ, വനങ്ങൾ, നീർത്തടങ്ങൾ എന്നിവ സംരക്ഷിക്കുക.
- ഉപജീവനമാർഗ്ഗങ്ങളും സമ്പദ്‌വ്യവസ്ഥയും പുനരുജ്ജീവിപ്പിക്കുക- പരിസ്ഥിതി-സൗഹൃദപരവും കാലാവസ്ഥാ-സ്മാർട്ട് രീതികളിലൂടെയും കൃഷി, മത്സ്യബന്ധനം, ടൂറിസം, മറ്റ് പ്രധാന മേഖലകൾ എന്നിവയെ പിന്തുണയ്ക്കുക.
- ഇൻക്ലൂസീവ്, ജനകേന്ദ്രീകൃത വീണ്ടെടുക്കൽ - പുനർനിർമ്മാണ പ്രക്രിയയിൽ സമൂഹങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുകയും ദുർബല വിഭാഗങ്ങളുടെ ആവശ്യങ്ങൾ പരിഹരിക്കുകയും ചെയ്യുക
- ദുരന്ത തയ്യാറെടുപ്പ് ശക്തിപ്പെടുത്തുക - ദീർഘകാല പ്രതിരോധശേഷിക്കായി മുൻകൂർ മുന്നറിയിപ്പ് സംവിധാനങ്ങൾ, സ്ഥാപന ശേഷി, ഭരണം എന്നിവ മെച്ചപ്പെടുത്തുക.
- വിഭവങ്ങളും പങ്കാളിത്തങ്ങളും സമാഹരിക്കുക - വൈദഗ്ധ്യം, ഫണ്ടുകൾ, സാങ്കേതികവിദ്യ എന്നിവ കൊണ്ടുവരുന്നതിന് അന്താരാഷ്ട്ര ഏജൻസികൾ, എൻ ജി ഒ-കൾ, സ്വകാര്യ മേഖലകൾ എന്നിവയുമായി യോജിച്ചു പ്രവർത്തിക്കുക.

### പതിമൂന്നും, പതിനാലും പഞ്ചവത്സര പദ്ധതികൾ പ്രകാരം ആർ.കെ.ഐ.യുടെ പ്രധാന സംരംഭങ്ങളും നേട്ടങ്ങളും

കാലാവസ്ഥയെ പ്രതിരോധിക്കുന്ന ഭവനം, അടിസ്ഥാന സൗകര്യ വികസനം, നദീതട പരിപാലനം, വെള്ളപ്പൊക്ക ലഘൂകരണ പദ്ധതികൾ, ഉപജീവനമാർഗ്ഗ പുനഃസ്ഥാപനത്തോടൊപ്പം പരിസ്ഥിതി-സൗഹൃദ കൃഷി പ്രോത്സാഹിപ്പിക്കൽ എന്നിവയാണ് ആർ കെ ഐ-യുടെ പ്രധാന സംരംഭങ്ങൾ. ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹിക ക്ഷേമം എന്നിവ മെച്ചപ്പെടുത്തേണ്ടതിന്റെ പ്രാധാന്യവും ഈ ലക്ഷ്യങ്ങളുടെ സാക്ഷാത്കാരത്തിനു സഹായിക്കുന്ന സാങ്കേതികവിദ്യ, ഡാറ്റ, അന്താരാഷ്ട്ര സഹകരണം എന്നിവയുടെ ഉപയോഗവും ആർ.കെ .ഐ പിന്തുണക്കുന്നു. 2018-ലെ വെള്ളപ്പൊക്കത്തിനുശേഷം കേരളത്തെ ഒരു പ്രതിരോധശേഷിയുള്ള, സുസ്ഥിരവും എല്ലാവരേയും സമൂലമായി ഉൾക്കൊള്ളുന്നതുമായ സംസ്ഥാനമായി പുനർനിർമ്മിക്കുക എന്നതാണ് ആർ കെ ഐ-യുടെ ദർശനം. കാലാവസ്ഥാ വ്യതിയാനത്തിന് അനുയോജ്യമായ അടിസ്ഥാന സൗകര്യങ്ങൾ, സുസ്ഥിരമായ വിഭവ ആസൂത്രണവും വിനിയോഗവും, സാമൂഹിക പങ്കാളിത്തം, പരിസ്ഥിതി-സൗഹൃദ ഉപജീവന പുനരുജ്ജീവനം എന്നിവ ഉറപ്പാക്കിക്കൊണ്ട് "മികച്ച രീതിയിലുള്ള പുനർ നിർമ്മാണം (Build Back Better)" എന്നതാണ് ഇതിന്റെ ദൗത്യം.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ (2017-2022) ആർ കെ ഐ, റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാം (ആർകെഡിപി) പ്രവർത്തനക്ഷമമാക്കുകയും, 2019 ജൂണിൽ എക്സിക്യൂട്ടീവ് ഡയറക്ടർമാരുടെ ബോർഡിന്റെ അംഗീകാരത്തോടെ ലോകബാങ്ക് ഡെവലപ്മെന്റ് പോളിസി ഓപ്പറേഷൻ (ഡിപിഒ-1) പിന്തുണ നേടുകയും ചെയ്തു, ദുരന്തനിവാരണ പ്രോട്ടോക്കോളുകൾ, കൃഷിയുടെ കാർഷിക-പാരിസ്ഥിതിക പുനഃസംഘടന, പ്രധാന റോഡ് ശൃംഖലാ മാനദണ്ഡങ്ങൾ, അപകടസാധ്യതയെ അടിസ്ഥാനമാക്കിയുള്ള നഗരാസൂത്രണം, ജല-ശുചിത്വ നയ നടപടികൾ, നദീതട സംരക്ഷണ, പരിപാലന അതോറിറ്റി (River Basin Conservation and Management Authority-RBCMA)-യ്ക്കുള്ള സ്ഥാപനപരമായ അടിത്തറ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് മുൻ നടപടികൾ സംസ്ഥാനം പൂർത്തിയാക്കി. ലോകബാങ്കിന്റെ പൂർത്തീകരണ റിപ്പോർട്ട് ഇതിന്റെ ഫലത്തെ "തൃപ്തികരം" എന്ന് വിലയിരുത്തി. ഈ പരിഷ്കാരങ്ങൾ മേഖലാ നിക്ഷേപങ്ങൾക്കും സ്ഥാപന ശക്തീകരണത്തിനും അനുകൂലമായ അന്തരീക്ഷം സൃഷ്ടിച്ചു.

### വിദേശ ഏജൻസികളിൽ നിന്നുള്ള സാമ്പത്തിക സഹായം

ലോകബാങ്ക് വികസന നയ പ്രവർത്തനത്തിന്റെ (DPO1) ഭാഗമായി, 2019 ഓഗസ്റ്റിൽ 250 ദശലക്ഷം യുഎസ് ഡോളറിന്റെ ആദ്യ ഗഡു വിതരണം ചെയ്തു. ഫലാധിഷ്ഠിത നയപരമായ നടപടി സ്വീകരിക്കുന്നതിനായി, 14-ാം പഞ്ചവത്സര പദ്ധതിയിൽ പ്രോഗ്രാം-ഫോർ-റിസൾട്ട്സ് (P for R) ഏറ്റെടുക്കപ്പെട്ടു . ലോകബാങ്ക് (125 ദശലക്ഷം യുഎസ് ഡോളർ), ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്ക് (എ ഐ ഐ ബി) (125 ദശലക്ഷം യുഎസ് ഡോളർ), ഏജൻസ് -ഫ്രാങ്കെയ്സ് ഡി ഡെവലപ്മെന്റ് (എഎഫ്ഡി) (120 ദശലക്ഷം യുഎസ് ഡോളർ) എന്നിവ സംയുക്തമായി ഇതിന് ധനസഹായം നൽകി- ആകെ അനുവദിച്ച തുക 370 ദശലക്ഷം യുഎസ് ഡോളർ ആണ്. 2023 ജൂണിൽ, തീരദേശ മണ്ണൊലിപ്പും ജലസ്രോതസ്സുകളും കൈകാര്യം ചെയ്യുന്നതിനും കാലാവസ്ഥാ ബജറ്റിംഗും ഓപ്പൺ ഡാറ്റാ റോഡ് മാപ്പുകളും സ്ഥാപനവൽക്കരിക്കുന്നതിനുമായി ആർ കെ ഐ-ക്ക് അധിക ധനസഹായമായി 150 ദശലക്ഷം യുഎസ് ഡോളർ ലോകബാങ്ക് അനുവദിച്ചു. 2025 ജൂലൈ

മാസത്തോടെ, ആർ കെ ഐ-യുടെ 115 പദ്ധതികൾക്കായി ₹8,773.5 കോടിയുടെ ഭരണാനുമതി ലഭിച്ചു, അതിൽ ഏകദേശം ₹5,478.3 കോടി (62 ശതമാനം) ചെലവഴിച്ചു.

**ആർ.കെ.ഐ – യുടെ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും**

ദുരന്ത മരണനിരക്ക് പൂജ്യത്തിൽ എത്തിക്കുക, സാമ്പത്തിക തടസ്സങ്ങൾ കുറയ്ക്കുക, കാലാവസ്ഥാ വ്യതിയാനത്തിന് അനുസൃതമായ അടിസ്ഥാന സൗകര്യ മാനദണ്ഡങ്ങൾ, എല്ലാവരെയും ഉൾക്കൊള്ളുന്ന സുരക്ഷാ വലകൾ എന്നിവ സൃഷ്ടിക്കുന്നതിനായി ആസൂത്രണം, ബജറ്റിംഗ്, സേവന വിതരണം എന്നിവയ്ക്കുള്ള പ്രതിരോധശേഷി ഉയർത്തി മുഖ്യധാരയിലേക്ക് കൊണ്ടുവരിക എന്നതാണ് ആർകെഐ യുടെ മൊത്തത്തിലുള്ള ലക്ഷ്യം. RKDP, പ്രോഗ്രാം-ഫോർ-റിസൾട്ട്സ് (P for R) എന്നിവയുടെ രണ്ട് ഘട്ട മേഖലകളിലൂടെയാണ് പ്രവർത്തനങ്ങൾ ക്രമീകരിച്ചിരിക്കുന്നത്.

RA-1 (ട്രാൻസ്‌വേർസൽ സിസ്റ്റംസ്) പ്രകാരം, ആഘാതങ്ങൾക്കുള്ള സാമ്പത്തിക സുസ്ഥിരത വർദ്ധിപ്പിക്കുക, ഏകീകൃത രജിസ്ട്രിയും പേയ്മെന്റ് പിന്തുണയും വഴി അഡാപ്റ്റീവ് സുരക്ഷാവലകൾ പ്രവർത്തിപ്പിക്കുക, സമഗ്രമായ ഒരു ദുരന്ത അപകടസാധ്യതാ ധനസഹായവും ഇൻഷുറൻസ് (DRFI) ചട്ടക്കൂടും സ്ഥാപിക്കുക, അപകടസാധ്യതയെക്കുറിച്ചുള്ള വിവരങ്ങൾ നൽകുന്ന നഗര മാസ്റ്റർ പ്ലാനിംഗ് മാർഗ്ഗനിർദ്ദേശങ്ങളും മുൻഗണനാ പ്രവർത്തന പദ്ധതികളും അറിയിക്കുക, പ്രാദേശിക ദുരന്ത നിവാരണ മാനേജ്മെന്റ് (DRM) പദ്ധതികളിൽ കുറഞ്ഞ അളവിലുള്ള കാലാവസ്ഥാ അപകടസാധ്യത വിവരങ്ങൾ സംയോജിപ്പിക്കുക എന്നിവ ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു.

RA-2 (പ്രധാന മേഖലകൾ) പ്രകാരം, മൃഗരോഗങ്ങളോട് സമയബന്ധിതമായി പ്രതികരിക്കാൻ പ്രാപ്തിയുള്ള ഒരു പ്രവർത്തനക്ഷമമായ വൺ ഹെൽത്ത് പ്ലാറ്റ്ഫോം, പമ്പാ നദിക്കായി ഒരു സംയോജിത നദീതട നിർവ്വഹണ പദ്ധതി തയ്യാറാക്കുകയും നടപ്പിലാക്കുകയും ചെയ്യുക, സംഘടിത വിപണികളിലേക്കുള്ള ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷന്റെ (FPO) പ്രവേശനം വിപുലീകരിക്കുക, പമ്പാ തടത്തിലെ കോർ റോഡ് ശൃംഖലയെ പ്രതിരോധാത്മക മാനദണ്ഡങ്ങളിലേക്ക് പുനഃപ്രതിഷ്ഠിക്കുക/പരിപാലിക്കുക എന്നിവയാണ് ലക്ഷ്യങ്ങൾ. അധിക ധനസഹായത്തിന് ഒരു തീരദേശ പരിപാലന പദ്ധതിക്കുള്ള ലക്ഷ്യങ്ങൾ ചേർക്കുകയും സംസ്ഥാന ബജറ്റിനൊപ്പം ഒരു കാലാവസ്ഥാ/പരിസ്ഥിതി ബജറ്റ് പ്രസിദ്ധീകരിക്കുകയും ചെയ്യുക എന്നതാണ്.

കേരളത്തിന്റെ പുനർനിർമ്മാണം പ്രതിരോധാത്മകവും, സമഗ്രവും, സുസ്ഥിരവുമാണെന്ന് ഉറപ്പാക്കുന്നതിന് നയതല മാർഗ്ഗനിർദ്ദേശം, സ്ഥാപനപര ഏകോപനം, പങ്കാളിത്ത ആസൂത്രണം, സുതാര്യമായ ധനസഹായം, കർശനമായ നിരീക്ഷണം എന്നിവ ഉൾപ്പെടുന്ന ഒരു ബഹുതല-സംവിധാനമാണ് ആർ കെ ഐ-യുടെ നടപ്പാക്കൽ സംവിധാനം.

കേരള സർക്കാരിന്റെ ധനകാര്യ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ കെ ഐ) സെൽ പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നു. വിവിധ മേഖലകളിലെ വിദഗ്ധരിൽ നിന്നുള്ള തന്ത്രാതിഷ്ഠിത മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നറീബിൽഡ്കേരളഅഡ്വൈസറിബോർഡ്(ആർകെഎബി) ഇതിനെ പിന്തുണയ്ക്കുന്നു. കൂടാതെ, റീബിൽഡ് കേരള ഡെവലപ്മെന്റ് പാർട്ട്ണേഴ്സ് ഫോറം (ആർ കെ ഡി പി എഫ്) ലോകബാങ്ക്, ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് (എ ഡി ബി) ഉൾപ്പെടെയുള്ള വികസന പങ്കാളികളുമായും അന്താരാഷ്ട്ര സംഘടനകളുമായും സഹകരണം സാധ്യമാക്കുന്നു.

പ്രളയാനന്തര പുനർനിർമ്മാണത്തെ സുസ്ഥിര വികസനവുമായി സംയോജിപ്പിക്കുന്നതിനും കാലാവസ്ഥാ പ്രതിരോധശേഷിക്കും ദുരന്ത സാധ്യത കുറയ്ക്കലിനും ഊന്നൽ നൽകുന്നതിനുമായി രൂപകൽപ്പന ചെയ്തിട്ടുള്ളതാണ് റീബിൽഡ് കേരള വികസന പരിപാടി (ആർ കെ ഡി പി). സംസ്ഥാന ആസൂത്രണ ബോർഡുമായും വകുപ്പുതല പ്രവർത്തന പദ്ധതികളുമായും യോജിച്ചുകൊണ്ട് മേഖലാ ഏകോപനം ഇത് ഉറപ്പാക്കുന്നു.

സുസ്ഥിരത, പ്രതിരോധശേഷി, സാമൂഹിക ആഘാതം എന്നിവ കണക്കിലെടുത്ത് പദ്ധതികളെ വിലയിരുത്തുകയും മുൻഗണന നൽകുകയും ചെയ്യുന്ന ആർ കെ ഐ-യുടെ സഹായത്തോടെ വകുപ്പുകളും ഏജൻസികളും വിശദമായ പദ്ധതി റിപ്പോർട്ടുകൾ (ഡി.പി.ആർ)) തയ്യാറാക്കുന്നു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള ഉന്നതതല ഉന്നതാധികാര സമിതിയിൽ നിന്നാണ് പദ്ധതികൾക്ക് അന്തിമ അനുമതി ലഭിക്കുന്നത്.

തുടക്കം മുതൽ, ആർ കെ ഐ സംസ്ഥാന വാർഷിക പദ്ധതി ബജറ്റിൽ നിന്ന് ധനസഹായം നൽകിവരുന്നു, കൂടാതെ, ലോക ബാങ്ക്, എഷ്യൻ വികസന ബാങ്ക് (എ ഡി.ബി), എഷ്യൻ ഇൻഫ്രാ സ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്ക് (എ.ഐ.ഐ.ബി), ഏജൻസ് ഫ്രാൻകൈസ് ഡി ഡെവലപ്മെന്റ് (എ.എഫ്.ഡി) തുടങ്ങിയ സംഘടനകളിൽ നിന്ന് വായ്പകളും ഗ്രാന്റുകളും നേടിയിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾക്കും ഉപജീവന പദ്ധതികൾക്കും പൊതു-സ്വകാര്യ പങ്കാളിത്തത്തിൽ നിന്ന് പിന്തുണയും ലഭിച്ചു. കുടുംബശ്രീ, എൻ ജി ഒ-കൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ പ്രാദേശിക പങ്കാളിത്തത്തിലൂടെയാണ് സാമൂഹിക സംഭാവനകൾ സുഗമമാക്കിയത്.

താഴേത്തട്ടിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിൽ വകുപ്പുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നേരിട്ട് പദ്ധതികൾ നടപ്പിലാക്കുന്നത് ഇതിൽ ഉൾപ്പെടുന്നു, ഭവന നിർമ്മാണം, ഉപജീവനമാർഗ്ഗങ്ങൾ, കൃഷി, മാലിന്യ സംസ്കരണം എന്നിവയിലുടനീളമുള്ള പുനർനിർമ്മാണ ശ്രമങ്ങളിൽ ഉടമസ്ഥാവകാശം ഉറപ്പാക്കുന്നതിന് സമൂഹ്യ പങ്കാളിത്തം വളർത്തുകയും ചെയ്യുന്നു കൂടാതെ, ജി ഐ എസ് മാപ്പിംഗ്, ഡിജിറ്റൽ മോണിറ്ററിംഗ് ഉപകരണങ്ങൾ എന്നിവയുൾപ്പെടെയുള്ള സാങ്കേതിക സംയോജനം, തത്സമയ ഡാഷ് ബോർഡുകൾ വഴി പുരോഗതി ഫലപ്രദമായി ട്രാക്ക് ചെയ്യുന്നതിന് ഉപയോഗിക്കുന്നുണ്ട്.

പദ്ധതിയുടെ പുരോഗതി, സാമ്പത്തിക ചെലവുകൾ, ഫലങ്ങൾ എന്നിവ നിരീക്ഷിക്കുന്ന റീബിൽഡ് കേരള ഇനിഷ്യേറ്റീവ് മോണിറ്ററിംഗ് യൂണിറ്റ് (ആർ കെ ഐ എം യു) വഴിയാണ് ആർ കെ ഐ. അതിന്റെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നത്. സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പാക്കുന്നതിന്, ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിൽ ലഭ്യമായ

പരാതി പരിഹാര, ഫീഡ്ബാക്ക് സംവിധാനങ്ങൾക്കൊപ്പം സ്വതന്ത്ര ഓഡിറ്റുകളും അവലോകന ങ്ങളും നടത്തുന്നു.

ഉദ്യോഗസ്ഥർ, എഞ്ചിനീയർമാർ, കമ്മ്യൂണിറ്റി നേതാക്കൾ എന്നിവർക്ക് പ്രതിരോധാത്മക അടിസ്ഥാന സൗകര്യങ്ങളിലും ദുരന്ത തയ്യാറെടുപ്പിലും പരിശീലനം നൽകുന്നതാണ് കാര്യശേഷി വികസനം. വെള്ളപ്പൊക്കത്തിൽ നിന്ന് പഠിച്ച പാഠങ്ങൾ രേഖപ്പെടുത്തുന്നതിലും പുനരുൽപാദനം സുഗമമാക്കുന്നതിനുള്ള മികച്ച രീതികൾ പങ്കിടുന്നതിലും സാങ്കേതിക പിന്തുണയ്ക്കായി ദേശീയ, അന്തർദേശീയ വിദഗ്ധരുമായി സഹകരിക്കുന്നതിലും ഇത് ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനായി നയങ്ങൾ, നിക്ഷേപങ്ങൾ, ഡാറ്റ എന്നിവ വിന്യസിച്ചുകൊണ്ട് ആർ കെ ഐ 14 വകുപ്പുകളെ സംയോജിപ്പിക്കുന്നു.

**മുന്നോട്ടുള്ള വഴി**

സാർവത്രികവും വേഗത്തിലുമുള്ള നടത്തിപ്പ് ഉറപ്പാക്കൽ, പദ്ധതി നിർവ്വഹണത്തിലെ കാലതാമസം, ഭൂമി ഏറ്റെടുക്കൽ പ്രശ്നങ്ങൾ, കാലാവസ്ഥാ അനിശ്ചിതത്വങ്ങൾ, ആവർത്തിച്ചുള്ള വെള്ളപ്പൊക്കങ്ങൾ എന്നിവയായിരുന്നു ആർ കെ ഐ നേരിട്ട പ്രധാന തടസ്സങ്ങൾ. ഇതിനെ മറികടക്കുന്നതിനായി, ആർ കെ ഐ ഒരു ദീർഘകാല തന്ത്രം തയ്യാറാക്കിയിട്ടുണ്ട്. കേരളം കൂടുതൽ ശക്തവും സുരക്ഷിതവുമായി പുനർനിർമ്മിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് ആർ കെ ഐ-യുടെ ഭാവി പദ്ധതികൾ പ്രതിരോധശേഷി, സുസ്ഥിരത, ഉൾക്കൊള്ളൽ, നൂതനാശയങ്ങൾ എന്നിവയ്ക്ക് ഊന്നൽ നൽകുന്നു. ദുരന്ത പ്രതിരോധശേഷിയുള്ള അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തൽ, ഹരിത ഊർജ്ജ, പരിസ്ഥിതി-സൗഹൃദ സംരംഭങ്ങൾ വികസിപ്പിക്കൽ, സാമൂഹ്യ പ്രതിരോധശേഷിയും ഉപജീവന സുരക്ഷയും വർദ്ധിപ്പിക്കൽ, സാങ്കേതികവിദ്യയുടെ സംയോജനം (GIS, AI, നേരത്തെയുള്ള മുന്നറിയിപ്പ് സംവിധാനങ്ങൾ-EWS) എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഭാവി വികസനം ഉറപ്പാക്കുന്നതിനായി പുനർനിർമ്മാണത്തിൽ നിന്ന് പ്രതിരോധശേഷിയിലേക്ക് ശ്രദ്ധ മാറ്റുന്നത് ദുരന്ത സാധ്യതകൾ കുറയ്ക്കുകയും, സാർവത്രിക വളർച്ച ഉറപ്പാക്കുകയും, ദുർബലരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ സമൂഹങ്ങൾക്ക് മുൻഗണന നൽകുകയും, കാലാവസ്ഥാ-പ്രതിരോധശേഷിയുള്ള വീണ്ടെടുക്കലിനും സുസ്ഥിര വികസനത്തിനും ആഗോള മാതൃക എന്ന നിലയിൽ കേരളത്തിന്റെ സ്ഥാനം ശക്തിപ്പെടുത്തുകയും ചെയ്യും.

**കേരളത്തിലെ പ്രത്യേക വികസന പാക്കേജുകൾ**

സന്തുലിത പ്രാദേശിക വികസനം ഉറപ്പാക്കുന്നതിന് നയപരമായ ഒട്ടേറെ നടപടികൾ കഴിഞ്ഞ പതിറ്റാണ്ടിൽ കേരളം സ്വീകരിച്ചിട്ടുണ്ട്. കുട്ടനാട്, ഇടുക്കി, കാസർഗോഡ്, വയനാട് എന്നീ ജില്ലകൾക്കായി നടപ്പിലാക്കിയ പ്രത്യേക വികസന പാക്കേജുകൾ ഇതിൽ പ്രധാനമാണ്. പാരിസ്ഥിതിക വെല്ലുവിളികളും അടിസ്ഥാന സൗകര്യങ്ങളുടെ കുറവും സാമൂഹിക പിന്നോക്കാവസ്ഥയും നേരിടുന്ന ഈ പ്രദേശങ്ങളിൽ, കൃത്യമായ ആസൂത്രണത്തോടെ നടപ്പിലാക്കിയ ഈ പാക്കേജുകൾ വലിയ പുരോഗതിയും മാറ്റവും കൊണ്ടുവന്നു. കുട്ടനാട്ടിലെ പ്രളയത്തെ പ്രതിരോധിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ, കാസർകോട്ടെ മെച്ചപ്പെട്ട ആരോഗ്യ-വിദ്യാഭ്യാസ സൗകര്യങ്ങൾ, വയനാട്ടിലെ സുസ്ഥിര കൃഷിയും ഗോത്രവർഗ ശാക്തീകരണവും, ഇടുക്കിയിലെ പാരിസ്ഥിതിക സംരക്ഷണവും യാത്രാസൗകര്യങ്ങളും ഇതിൽ എടുത്തുപറയേണ്ട നേട്ടങ്ങളാണ്. ഭൗതികമായ അടിസ്ഥാന സൗകര്യങ്ങൾ, സാമൂഹിക വികസനം, പരിസ്ഥിതി സംരക്ഷണം, ഉപജീവന മാർഗങ്ങൾ മെച്ചപ്പെടുത്തൽ, ഭരണസംവിധാനങ്ങളുടെ ശേഷി വർദ്ധിപ്പിക്കൽ എന്നിങ്ങനെ വിവിധ മേഖലകളെ ഉൾപ്പെടുത്തിയുള്ള സമഗ്രസമീപനമാണ് ഓരോ പാക്കേജിലുമുള്ളത്.

വികസനത്തിലുള്ള പ്രാദേശിക അസമത്വങ്ങൾ കുറയ്ക്കുന്നതിനായി കഴിഞ്ഞ പത്ത് വർഷമായി കേരള സർക്കാർ പ്രത്യേക പ്രാദേശിക ആസൂത്രണ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ പരിഗണിച്ച് നടപ്പിലാക്കുന്ന പ്രത്യേക വികസന പാക്കേജുകളിലൂടെയാണ് ഈ തന്ത്രം സ്ഥാപനപരമായ രൂപം പ്രാപിച്ചത്. കാസർഗോഡ്, വയനാട് (മരിയനാട് പാക്കേജ് ഉൾപ്പെടെ), ഇടുക്കി എന്നീ മൂന്ന് ജില്ലകളുടെ സമഗ്ര വികസനത്തിനായി സർക്കാർ വലിയ സാമ്പത്തിക സഹായവും ശക്തമായ ഭരണസംവിധാനവും ഉറപ്പാക്കിയിട്ടുണ്ട്. മലയോര ഭൂപ്രകൃതി, വലിയ വനമേഖലകൾ, ഗണ്യമായ ആദിവാസി ജനസംഖ്യ, ചരിത്രപരമായ അടിസ്ഥാന സൗകര്യ കുറവുകൾ എന്നിവ ഈ ജില്ലകളുടെ പ്രത്യേകതകളാണ്. അതിനാൽത്തന്നെ, സംസ്ഥാനത്തെ നഗരവൽക്കരിക്കപ്പെട്ട മറ്റ് പ്രദേശങ്ങളിൽ ലഭ്യമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം, ആരോഗ്യം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ തങ്ങളുടെ ജനതയ്ക്ക് ലഭ്യമാക്കുന്നതിൽ ഈ ജില്ലകൾ ദീർഘകാലമായി സവിശേഷമായ വികസന പരിമിതികൾ നേരിട്ടിരുന്നു. ഒരു പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ സ്ഥാനം അവിടുത്തെ വികസന അവസരങ്ങളെ നിശ്ചയിക്കരുത് എന്നും, യഥാർത്ഥ പുരോഗതി എന്നത് എല്ലാവരെയും ഉൾക്കൊള്ളുന്നതും സുസ്ഥിരവുമാകണം എന്നും തിരിച്ചറിഞ്ഞുകൊണ്ട്, സംസ്ഥാന സർക്കാർ വലിയ സാമ്പത്തിക വിഹിതത്തോടും ശക്തമായ ഭരണനിർവ്വഹണ സംവിധാനങ്ങളോടും കൂടി ഈ പാക്കേജുകളിലൂടെയുള്ള ലക്ഷ്യാധിഷ്ഠിത ഇടപെടലുകൾക്ക് ഔദ്യോഗിക രൂപം നൽകിയിട്ടുണ്ട്.

ഭൗതിക അടിസ്ഥാന സൗകര്യ വികസനം, സാമൂഹിക വികസനം, പരിസ്ഥിതി സംരക്ഷണം, ഉപജീവന സാധ്യതകളുടെ മെച്ചപ്പെടുത്തൽ, സ്ഥാപന ശേഷി ശക്തിപ്പെടുത്തൽ എന്നീ മേഖലകളെ ഏകോപിപ്പിച്ചുള്ള ഒരു ബഹുമേഖല സമീപനമാണ് ഓരോ പാക്കേജിലും അടിസ്ഥാനമായി സ്വീകരിച്ചിരിക്കുന്നത്.

**കാസർഗോഡ് വികസന പാക്കേജ് : ചരിത്ര പശ്ചാത്തലവും ആവശ്യകതയും**

സാമൂഹ്യ-സാമ്പത്തിക വെല്ലുവിളികൾ ദീർഘകാലമായി നിലനിൽക്കുകയും, സംസ്ഥാനത്തിന്റെ ഭരണകേന്ദ്രങ്ങളിൽ നിന്നുള്ള അകലം മൂലം ഭരണപരമായ അവഗണന ഉണ്ടായെന്ന ധാരണ രൂപപ്പെടുകയും ചെയ്തതിനാൽ, കാസർഗോഡ് ജില്ല കേരളത്തിലെ വികസന ചർച്ചകളിൽ ഒരു പ്രത്യേക സ്ഥാനം കൈവരിച്ചിട്ടുണ്ട്. ഈ ചരിത്രപരമായ അസമത്വങ്ങൾ പരിഗണിച്ച്, ജില്ലയിലെ വികസന കുറവുകൾ സമഗ്രമായി വിലയിരുത്തുന്നതിനായി കേരള

സർക്കാർ ഡോ. പി. പ്രഭാകരൻ കമ്മീഷനെ നിയോഗിച്ചു. കമ്മീഷന്റെ ശിപാർശകളുടെ അടിസ്ഥാനത്തിലാണ് ദീർഘ കാല ലക്ഷ്യത്തോടെയും ബഹുമേഖലാ സമീപനത്തോടെ യും സമഗ്രവും എല്ലാ മേഖലകളെ ഉൾക്കൊള്ളുന്നതുമായ വികസനം ലക്ഷ്യമിട്ട് കാസർഗോഡ് വികസന പാക്കേജ് രൂപകൽപ്പന ചെയ്തത്.

കാസർഗോഡ് വികസന പാക്കേജിൽ ആകെ 11,123.1 കോടി രൂപയാണ് നിക്ഷേപമായി ലക്ഷ്യമിട്ടത്. ഇതിൽ, കേരള സർക്കാർ വിഹിതമായി 2,524.6 കോടി രൂപയും, കേന്ദ്ര സർക്കാർ വിഹിതമായി 756.2 കോടി രൂപയും, മറ്റു ഏജൻസികളിൽ നിന്നായി 543 കോടി രൂപയും, സെൻട്രൽ പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ്സ് വിഹിതമായി 7,264.2 കോടി രൂപയും, മറ്റു ഉറവിടങ്ങളിൽ നിന്നായി 35.2 കോടി രൂപയും വിഹിതമായി നിശ്ചയിച്ചു. വിവിധ ധനകാര്യ പങ്കാളികളുടെ സമാഹരണവും, കാസർഗോഡിന്റെ വികസന പ്രാധാന്യം തിരിച്ചറിഞ്ഞതും, അതിന്റെ അടിസ്ഥാന സൗകര്യങ്ങളുടേയും സാമൂഹിക മേഖലയുടേയും മാറ്റത്തിനായി ആവശ്യമായ നിക്ഷേപങ്ങളുടെ വ്യാപ്തിയും അംഗീകരിക്കുന്നതിന് അടിവരയിടുന്നു.

### ഭരണപരമായ ഘടനാ രീതിയും നടപ്പാക്കൽ സംവിധാനങ്ങളും

കാസർഗോഡ് വികസന പാക്കേജ് നടപ്പിലാക്കുന്നതിന് രൂപകൽപ്പന ചെയ്ത ഘടനാസംവിധാനം കേരളത്തിലെ വ്യവസ്ഥാപിതവും വികേന്ദ്രീകൃതവും ഉത്തരവാദിത്തപൂർണവുമായ ഭരണരീതിയെ പ്രതിഫലിപ്പിക്കുന്നു. ജില്ലാ കലക്ടർ ചെയർമാനായ ജില്ലാ തല സമിതി, 5 കോടി രൂപയ്ക്ക് താഴെയുള്ള പദ്ധതികൾക്ക് സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ വിദഗ്ധ ശിപാർശകൾ അടിസ്ഥാനമാക്കി ഭരണാനുമതി നൽകാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. 5 കോടി രൂപയ്ക്ക് മുകളിലുള്ള പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിനായി, ചീഫ് സെക്രട്ടറി ചെയർമാനായും, സംസ്ഥാന ആസൂത്രണ ബോർഡിനാൽ പിന്തുണക്കപ്പെടുന്നതുമായ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള സംഘടന രീതിയിലൂടെ, ജില്ലയുടെ ആവശ്യകതയും സംസ്ഥാന വികസന പരിഗണനകളും സംയോജിപ്പിച്ച്, പദ്ധതികളുടെ അനുമതി നൽകലും നടപ്പാക്കലും സമഗ്രവും കാര്യക്ഷമവുമായ രീതിയിൽ നടപ്പാക്കുന്നതിന് സഹായിക്കുന്നു.

ഇതിൽ, സംസ്ഥാന ആസൂത്രണ ബോർഡ് പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നുണ്ട്. അത് വെറും നിരീക്ഷണത്തിന്റേതു മാത്രമല്ല, സാങ്കേതികമായതും വിലയിരുത്തലിന്റേതായുതുമായ ഭാഗമായും പ്രവർത്തിക്കുന്നു. ബോർഡിന്റെ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷംമാത്രമേ ഭരണാനുമതി നൽകാൻ പാടുള്ളൂ. ഇതിന്റെ ഫലമായി, കാസർഗോഡ് വികസന പാക്കേജിൽ നടപ്പിലാക്കിയ പദ്ധതികൾ സംസ്ഥാനതല വികസന തന്ത്രങ്ങളുമായി ഒത്തുചേർന്ന് പോകുന്നവയാണ്.

2013-14 മുതൽ 2024-25 വരെയുള്ള കാലയളവിൽ, സംസ്ഥാന ബജറ്റിലൂടെ ആകെ 1,002 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ കാലയളവിൽ ആകെ 976 കോടി രൂപയ്ക്കുള്ള 741 പദ്ധതികൾക്ക് അംഗീകാരം നൽകപ്പെട്ടു. ഇതിൽ, ഓഗസ്റ്റ് 2025 വരെ, 540 പദ്ധതികൾ പൂർത്തിയായി, 201 പദ്ധതികൾ നടപ്പിലായി വരുന്നു. കഴിഞ്ഞ പത്ത് വർഷത്തിലധികമായി നടപ്പാക്കിയതിന്റെ ഫലമായി ശ്രദ്ധേയമായ പുരോഗതി കൈവരിക്കാൻ സാധിച്ചു.

### ആരോഗ്യമേഖലയുടെ ശക്തീകരണം

കാസർഗോഡ് വികസന പാക്കേജിൽ ആരോഗ്യ മേഖലയ്ക്ക് വലിയ പ്രാധാന്യമാണ് നൽകപ്പെട്ടിട്ടുള്ളത്. 2016-2025 കാലയളവിൽ, ആകെ 119.5 കോടി രൂപ അടങ്കൽ തുക വരുന്ന 64 ആരോഗ്യ പദ്ധതികൾ നടപ്പിലാക്കി. ഇതിൽ 52.1 കോടി രൂപയുടെ 46 പദ്ധതികൾ പൂർത്തിയായി, 67.4 കോടി രൂപയുടെ 18 പദ്ധതികൾ പൂർത്തീകരണ ഘട്ടത്തിലാണ്. പ്രാഥമിക പരിപാലന കേന്ദ്രങ്ങളും ദ്വിതീയ പരിപാലന സൗകര്യങ്ങളും വികസിപ്പിക്കൽ, പുതിയ ആശുപത്രി കെട്ടിടങ്ങളുടെ നിർമ്മാണം, ഡയഗ്നോസ്റ്റിക് സേവനങ്ങളുടെ ആധുനികവത്കരണം, ആശുപത്രി മാലിന്യനിർമാണ സംവിധാനം ഒരുക്കൽ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

കാസർഗോഡ് വികസന പാക്കേജിന്റെ ആരോഗ്യ മേഖലയിലെ ഏറ്റവും പ്രധാനമായ ഇടപെടലാണ് കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണം. 2014-ൽ തറക്കല്ലിട്ടതിനു ശേഷം, സ്ഥാപനത്തിന് 71.4 കോടി രൂപ അടങ്കൽ തുകയുള്ള ഏഴ് പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. മെഡിക്കൽ കോളേജ് 2025-26 സാമ്പത്തിക വർഷത്തിൽ പ്രവർത്തനം ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇത് ഒരു സുപ്രധാന നേട്ടം എന്നതിലുപരി, ജില്ലയിലെ ആരോഗ്യ മേഖലയുടെ ഭൂപടം മാറ്റാനും ദൂരസ്ഥലങ്ങളിലുള്ള സ്ഥാപനങ്ങളെ ആശ്രയിക്കുന്നത് കുറയ്ക്കാനും സഹായിക്കും.

### വിദ്യാഭ്യാസ മേഖലയുടെ വ്യാപ്തി വർദ്ധന

കാസർഗോഡ് വികസന പാക്കേജ്, വിദ്യാഭ്യാസ അടിസ്ഥാനസൗകര്യങ്ങളെ ശക്തിപ്പെടുത്തുന്നതിൽ പ്രധാന ശ്രദ്ധനൽകിയിട്ടുണ്ട്. ജില്ലയിൽ 2016-2025 കാലയളവിൽ, 137 കോടി രൂപയുടെ **152 പദ്ധതികൾക്ക്** അംഗീകാരം നൽകപ്പെട്ടു. ഇതിൽ 99 പദ്ധതികൾ പൂർത്തിയായി, ബാക്കിയുള്ള പദ്ധതികൾ പുരോഗതിയുടെ വിവിധ ഘട്ടങ്ങളിലാണ്. ഇതിൽ പ്രധാനമായും സ്കൂൾ കെട്ടിടങ്ങളുടെ നവീകരണം, ശാസ്ത്ര ലബോറട്ടറികൾ, ലൈബ്രറികൾ, ശുചിത്വ ബ്ലോക്കുകൾ, ഡിജിറ്റൽ പഠന സൗകര്യങ്ങൾ എന്നിവ ഉൾപ്പെടുന്നു. ഈ പ്രവർത്തനങ്ങൾ പ്രത്യേകിച്ച് ഗ്രാമീണ പ്രദേശങ്ങളിൽ, സമഗ്രമായ പഠന പരിസ്ഥിതിയും മികച്ച അക്കാദമിക നിലവാരവും സൃഷ്ടിക്കുന്നതിന് സഹായിച്ചു.

വിദ്യാഭ്യാസ മേഖലയിലെ ഏറ്റവും പ്രധാനമായ ഇടപെടലുകളിലൊന്ന് മിഷൻ അങ്കണവാടി പദ്ധതിയുമായി ബന്ധപ്പെട്ടതാണ്. ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളില്ലാത്ത അങ്കണവാടി കേന്ദ്രങ്ങൾക്ക് ആധുനിക കെട്ടിടങ്ങളും ബാല-സൗഹൃദ സൗകര്യങ്ങളും ലഭ്യമാക്കിയാണ് നവീകരിച്ചത്. ഈ സംരംഭത്തിന്റെ വിജയകരമായ നടപ്പാക്കൽ പ്രവർത്തനത്തിലൂടെ കേരള സർക്കാറിന്റെ വനിതാ ശിശു വികസന വകുപ്പിന്റെ മികച്ച പ്രവർത്തന പുരസ്കാരം

കാസർഗോഡിന് ലഭിച്ചു.

### അടിസ്ഥാന സൗകര്യ വികസനം, ജലസേചനം, സാമൂഹ്യ സുരക്ഷ

സാമൂഹ്യ മേഖലകൾക്കപ്പുറം, കാസർഗോഡ് വികസന പാക്കേജ്, ഭൗതിക അടിസ്ഥാന സൗകര്യങ്ങളിൽ വൻതോതിൽ നിക്ഷേപം നടത്തിയിട്ടുണ്ട്. റോഡ് വികസനം, പാലം നിർമ്മാണം, പൊതു കെട്ടിടങ്ങളുടെ മെച്ചപ്പെടുത്തൽ, ഡ്രെയിനേജ് സംവിധാനങ്ങൾ എന്നിവ ജില്ലയിൽ ഉടനീളം കണക്ടിവിറ്റി മെച്ചപ്പെടുത്തുന്നതിന് സംഭാവന നൽകിയിട്ടുണ്ട്. കാസർഗോഡ് പോലെയുള്ള പ്രദേശങ്ങളിൽ, പല ഗ്രാമങ്ങളും മലനിരകളിലോ നദീതീര പ്രദേശങ്ങളിലോ സ്ഥിതിചെയ്യുന്ന സാഹചര്യത്തിൽ, ഈ മെച്ചപ്പെടുത്തലുകൾ മാർക്കറ്റുകൾ, ആരോഗ്യ സൗകര്യങ്ങൾ, സ്കൂളുകൾ എന്നിവയിലേക്കുള്ള പ്രവേശനം ശക്തിപ്പെടുത്തിയിട്ടുണ്ട്.

അതുപോലെതന്നെ, ജലസേചനവും ജലസംരക്ഷണവും സംബന്ധിച്ച പദ്ധതികൾ കാലാവസ്ഥാനുസൃത ജലക്ഷാമം പരിഹരിക്കുന്നതിൽ നിർണായക പങ്ക് വഹിച്ചു. ചെക്ക് ഡാമുകൾ, വെന്റഡ് ക്രോസ് ബാറുകൾ (ജലം കടന്നുപോകാനുള്ള ഷട്ടറുകൾ), റബർ ഡാമുകൾ, നദി പുനരുജ്ജീവന ഘടനകൾ എന്നിവയുടെ നിർമ്മാണം ഭൂഗർഭജല പുന:സ്ഥാപനത്തിനും ജലവിതരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സംഭാവന നൽകിയിട്ടുണ്ട്.

സാമൂഹികനീതി മുൻനിർത്തിയുള്ള ഇടപെടലുകളിൽ സ്മാർട്ട് അങ്കണവാടികളുടെ നിർമ്മാണം, പിന്നാക്ക വിഭാഗങ്ങൾക്കായുള്ള ക്ഷേമ കേന്ദ്രങ്ങളുടെ ഉന്നമനം, കൂടാതെ പി.എസ്.സി. പരീക്ഷകൾക്കായി പ്രത്യേക പരിശീലനം നൽകുന്നതിലൂടെ സർക്കാർ സേവനങ്ങളിൽ പ്രാദേശിക ഉദ്യോഗാർത്ഥികളുടെ പ്രാതിനിധ്യം മെച്ചപ്പെടുത്തുന്നതിനെ ലക്ഷ്യമിടുന്ന 'മുന്നോട്ട്' പദ്ധതിപോലെയുള്ള ശേഷി-വർധന പരിപാടികൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.

### സ്വാധീനവും പ്രസക്തിയും

കാസർഗോഡ് വികസന പാക്കേജ് ജില്ലയുടെ സാമൂഹികവും ഭൗതികവുമായ അടിസ്ഥാന സൗകര്യങ്ങളിൽ പരിവർത്തനാത്മകമായ മാറ്റങ്ങൾക്ക് വഴിതെളിച്ചു. ഒരു ദശകത്തിലധികമായി തുടർച്ചയായി കൈവരിച്ച പുരോഗതിയും, സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയും സംസ്ഥാന ആസൂത്രണ ബോർഡും നടത്തുന്ന നിരന്തര മേൽനോട്ടവും ചേർന്നതോടെ, ജില്ലയ്ക്ക് ദീർഘകാലമായി നിലനിന്നിരുന്ന നിരവധി വികസന തടസ്സങ്ങൾ മറികടക്കാൻ സാധിച്ചിട്ടുണ്ട്. മേഖലകളിലുടനീളമുള്ള ഇടപെടലുകളുടെ സമഗ്രതമായ വ്യാപ്തി, സാമ്പത്തിക പ്രതിബദ്ധതകളുടെ വ്യാപ്തി, നടപ്പാക്കൽ സംവിധാനത്തിന്റെ സ്ഥാപനപരമായ കാര്യക്ഷമത എന്നിവ കാസർഗോഡ് വികസന പാക്കേജിനെ സംയോജിത പ്രാദേശിക വികസനത്തിനുള്ള ഒരു മാതൃകയാക്കി മാറ്റുന്നു.

### ഇടുക്കി വികസന പാക്കേജ് – വികസന പശ്ചാത്തലവും ലക്ഷ്യങ്ങളും

കേരളത്തിലെ ഭൂമിശാസ്ത്രപരമായി ഏറ്റവും വെല്ലുവിളികളുള്ള ജില്ലകളിലൊന്നാണ് ഇടുക്കി. മലനിരകളാൽ രൂപപ്പെട്ട ഭൂപ്രകൃതി, ചിതറി സ്ഥിതിചെയ്യുന്ന പാർപ്പിടങ്ങൾ, പരിസ്ഥിതി സംരക്ഷണ ശ്രദ്ധ എന്നിവയാണ് ജില്ലയിലെ പ്രധാന സവിശേഷതകൾ. പശ്ചിമഘട്ടത്തിന് സവിശേഷമായ പരിസ്ഥിതി തീവ്രത, ഗതാഗത സൗകര്യങ്ങളുടെ അടിസ്ഥാന സൗകര്യക്കുറവ്, ദൂരസ്ഥലങ്ങളിലെ പാർപ്പിടങ്ങളിൽ സാമൂഹ്യ സേവന ശൃംഖലയുടെ ദൗർബല്യം, ജലക്ഷാമവും മണ്ണൊലിപ്പും മൂലമുള്ള കാർഷിക ഉൽപ്പാദനത്തിലെ അനിശ്ചിതത്വം എന്നിവ ഉൾപ്പെടുന്ന പ്രത്യേക വെല്ലുവിളികളുടെ ഒരു സംയോജിതാവസ്ഥയെയാണ് ജില്ല നേരിടുന്നത്. ഈ സങ്കീർണ്ണമായ വെല്ലുവിളികൾക്ക് പരിഹാരമായാണ് കേരള സർക്കാർ 2022-23ൽ ഇടുക്കി വികസന പാക്കേജ് (ഐ.ഡി.പി.) ആരംഭിച്ചത്. പാക്കേജിന്റെ നടപ്പാക്കൽ ശ്രദ്ധേയമായ വേഗത കൈവരിച്ചിരിക്കുകയാണ്; 2022 മുതൽ 2025 ഒക്ടോബർ വരെ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയും (എസ്.എൽ.ഇ.സി.) സംസ്ഥാന ആസൂത്രണ ബോർഡും ചേർന്ന് മൊത്തം 108.88 കോടി രൂപയുടെ 27 പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

സാമൂഹികവും സാമ്പത്തികവും പാരിസ്ഥിതികവുമായ വിഷയങ്ങളെ ഒരേസമയം അഭിസംബോധന ചെയ്തുകൊണ്ട്, സന്തുലിതവും എല്ലാവരെയും സമൂലമായി ഉൾക്കൊള്ളുന്നതുമായ വളർച്ച കൈവരിക്കുക എന്നതാണ് ഇടുക്കി വികസന പാക്കേജിന്റെ പ്രാഥമിക ലക്ഷ്യം. കാർഷിക വികസനം, പരിസ്ഥിതി സംരക്ഷണം, ഉന്നതവിദ്യാഭ്യാസവും പൊതുവിദ്യാഭ്യാസവും, ആരോഗ്യം, ടൂറിസം, അടിസ്ഥാന സൗകര്യങ്ങൾ, ജലസേചനം, ഗോത്രക്ഷേമം എന്നിവയിലൂന്നിയാണ് ഈ പദ്ധതി പ്രവർത്തിക്കുന്നത്. കർഷക കൂട്ടായ്മകളിലൂടെയും പ്രാദേശികമായ ഇടപെടലുകളിലൂടെയും വികസനപ്രക്രിയയിൽ ജനപങ്കാളിത്തം ഉറപ്പാക്കാനും ഈ പാക്കേജ് ലക്ഷ്യമിടുന്നു. പരമ്പരാഗത മേഖലകൾക്ക് പുറമെ, ഇടുക്കി നേരിടുന്ന സമകാലിക വെല്ലുവിളികളെ നേരിടുന്നതിനായി നൂതനമായ ചിന്താഗതികളും ഈ പാക്കേജ് മുന്നോട്ടുവയ്ക്കുന്നു.

### സ്ഥാപനപരവും ഭരണപരവുമായ ഘടന

ഒരു ബഹു-തല ഘടനാ സംവിധാനം വഴിയാണ് ഇടുക്കി വികസന പാക്കേജിന്റെ മേൽനോട്ടം വഹിക്കപ്പെടുന്നത്. ഇത് മറ്റ് ജില്ലാ പാക്കേജുകളിൽ സ്വീകരിച്ച സംവിധാനത്തിന് സമാനമായി നടപ്പിലാക്കിയതാണ്. ജില്ലാ കളക്ടർ അധ്യക്ഷനായ ജില്ലാതല സമിതി 5 കോടി രൂപ മാത്രം ചെലവുള്ള പദ്ധതികൾക്ക് അംഗീകാരം നൽകുന്നു, അതിനു മുകളിലുള്ള വലിയ പദ്ധതികൾക്ക്, സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി, സംസ്ഥാന ആസൂത്രണ ബോർഡുമായി കൂടിയാലോചിച്ച് അനുമതി നൽകുന്നു. ഇതിന് പുറമേ, ജില്ലാ കളക്ടർ തലവനായ ജില്ലാതല സാങ്കേതിക സമിതി, സാമ്പത്തിക പരിധി കൂടാതെ പദ്ധതികൾക്ക് സാങ്കേതിക അംഗീകാരം നൽകുന്നു. ഈ സംവിധാനത്തിലൂടെ സാങ്കേതിക വൈദഗ്ധ്യം, വികേന്ദ്രീകൃത തീരുമാനം, സംസ്ഥാനതല മേൽനോട്ടം എന്നിവ ചേർന്ന് പദ്ധതികൾ ഫലപ്രദമായി മുന്നോട്ടു കൊണ്ടുപോകുന്നത് ഉറപ്പാക്കുന്നു.

2022 മുതൽ 2025 ഒക്ടോബർ വരെ, സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയും സംസ്ഥാന ആസൂത്രണ ബോർഡും കൂടി 108.88 കോടിയുടെ രൂപയുടെ 27 പദ്ധതികൾക്ക് അംഗീകാരം നൽകി, അതിൽ 21 പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും ശേഷിക്കുന്ന പദ്ധതികളുടെ അംഗീകാരം നൽകുന്നതിന് നടപടി സ്വീകരിച്ചുവരുകയും

ചെയ്യുന്നു.

**വിദ്യാഭ്യാസ മേഖല**

വിദ്യാഭ്യാസ മേഖലയിൽ, ഉൾനാടൻ മലയോര പ്രദേശങ്ങളിലെ പൊതുവിദ്യാഭ്യാസ, ഉന്നതവിദ്യാഭ്യാസ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനായി ഇടുക്കി വികസന പാക്കേജ് (IDP) വഴി 31.6 കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി കട്ടപ്പന ഗവൺമെന്റ് കോളേജിൽ 5 കോടി രൂപ ചെലവിൽ ആധുനിക ലബോറട്ടറി സ്ഥാപിക്കൽ, ഏലപ്പാറ പഞ്ചായത്ത് ഹൈസ്കൂളിനും (5 കോടി രൂപ) വഞ്ചിവയൽ ഗവൺമെന്റ് ട്രൈബൽ സ്കൂളിനും (5 കോടി രൂപ) പുതിയ കെട്ടിടങ്ങൾ നിർമ്മിക്കൽ എന്നിവ ഉൾപ്പെടുന്നു. കൂടാതെ, നെടുങ്കണ്ടം ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ സ്റ്റാഫ് ക്വാർട്ടേഴ്സുകൾ നിർമ്മിക്കുന്നതിന് 4.5 കോടി രൂപയും വെസ്റ്റ് കോടിക്കുളം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് 4.2 കോടി രൂപയും അനുവദിച്ചു.

വിദ്യാഭ്യാസ മേഖലയിൽ 7 കോടി രൂപയുടെ ഉന്നത വിദ്യാഭ്യാസ പദ്ധതികളും ഉൾപ്പെടുന്നു; ഇതിൽ കട്ടപ്പന ഗവൺമെന്റ് കോളേജിലെ അത്യാധുനിക ലബോറട്ടറി സൗകര്യവും, ഗവൺമെന്റ് എൻജിനീയറിങ് കോളേജിലെ അമെനിറ്റി സെന്റർ, മൾട്ടി-പർപ്പസ് ജിംനേഷ്യം എന്നിവയുടെ വികസനവും ഉൾപ്പെടുന്നു. ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ പലപ്പോഴും യാത്രകളെയും അതുമൂലം വിദ്യാഭ്യാസ അവസരങ്ങളെയും തടസ്സപ്പെടുത്തുന്ന ഈ ജില്ലയിൽ, ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരവും ലഭ്യതയും വർദ്ധിപ്പിക്കുന്നതിനായി സർക്കാർ നൽകുന്ന വലിയ മുൻഗണനയാണ് ഈ ഇടപെടലുകളിലൂടെ വ്യക്തമാകുന്നത്.

**ആരോഗ്യമേഖല**

വിദ്യാഭ്യാസ-ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട രേഖകളിൽ സൂചിപ്പിച്ചിട്ടുള്ള 19.8 കോടി രൂപയിൽ, ഐ.ഡി.പി രേഖയിലുള്ള 14.5 കോടി രൂപയും ഉൾപ്പെടെയുള്ള നിക്ഷേപങ്ങളിലൂടെ ഇടുക്കി വികസന പാക്കേജിന് കീഴിലുള്ള ആരോഗ്യ മേഖലയെ ശക്തിപ്പെടുത്തിയിട്ടുണ്ട്. ഈ ഫണ്ട് ജില്ലയിലുടനീളമുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അത്യാവശ്യ സേവനങ്ങൾ വ്യാപിപ്പിക്കുന്നതിനുമാണ് വിനിയോഗിച്ചിരിക്കുന്നത്. പരമ്പരാഗത ചികിത്സാ രീതികൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന പ്രാധാന്യം വ്യക്തമാക്കുന്ന ഉടുമ്പൻചോല ഗവൺമെന്റ് ആയുർവേദ മെഡിക്കൽ കോളേജ് വികസനത്തിനായുള്ള 10 കോടി രൂപയുടെ വിഹിതമാണ് പ്രധാന പദ്ധതികളിൽ ഒന്ന്. ഇതിനുപുറമെ, ഇടുക്കിയിലെ വാക്സിൻ സ്റ്റോറേജ് സൗകര്യത്തിന്റെ നിർമ്മാണത്തിനായി 4.9 കോടി രൂപയും നെടുങ്കണ്ടം താലൂക്ക് ആശുപത്രിയിലെ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണത്തിനായി 4.9 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

**നെടുങ്കണ്ടം** താലൂക്ക് ആശുപത്രിയിലെ പുതിയ ബ്ലോക്ക് നിർമ്മാണവും പരിസര പ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങൾ മെച്ചപ്പെടുത്തുന്നതും ജില്ലയുടെ ആരോഗ്യ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിൽ കൂടുതൽ സംഭാവന നൽകുന്നു. ഇടുക്കിയുടെ വെല്ലുവിളിയേറിയ ഭൂപ്രകൃതി കണക്കിലെടുത്താൽ, ദൂരപ്രദേശങ്ങളിലെയും ഗ്രാമപ്രദേശങ്ങളിലെയും ജനങ്ങൾക്ക് ആരോഗ്യ സേവനം ലഭിക്കുന്നതിന് ഈ പദ്ധതികൾ നിർണായക പങ്ക് വഹിക്കുന്നു.

**ജലസേചനം, അടിസ്ഥാന സൗകര്യം, വിനോദസഞ്ചാരം, ആദിവാസി വികസനം**

ഇടുക്കിയുടെ കാർഷിക സാധ്യത ഫലപ്രദമായ ജലസേചനവും നീർത്തട പരിപാലനവും ആശ്രയിച്ചാണ് നിലനിൽക്കുന്നത്. അതിനാൽ, നീർത്തട വികസനം, കനാൽ വിപുലീകരണം, മറ്റ് ജലസേചന പദ്ധതികൾ എന്നിവയ്ക്കായി ഇടുക്കി വികസന പാക്കേജിൽ ഏകദേശം 4 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മണ്ണ് ശോഷണവും ജലക്ഷാമവും നേരിടുന്ന പ്രദേശങ്ങളിൽ മണ്ണും ജലവും സംരക്ഷിക്കുന്നതിൽ ഈ പ്രവൃത്തികൾ നിർണായക സംഭാവന ചെയ്യുന്നു.

കൂടാതെ, 13.3 കോടി രൂപയുടെ അടിസ്ഥാനസൗകര്യ പദ്ധതികൾ, പാലങ്ങൾ, ഹോസ്റ്റലുകൾ, പൊതുസേവന സൗകര്യങ്ങൾ എന്നിവയുടെ നിർമ്മാണത്തിലൂടെ ജില്ലയിലുടനീളം സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ ലക്ഷ്യമിടുന്നു. ഈ പാക്കേജ് വിനോദസഞ്ചാര വികസനത്തിനും പ്രാധാന്യം നൽകുന്നു; ഇടുക്കി ഡാം റിസർവോയറിലെ ബോട്ട് സവാരി പദ്ധതി, വിനോദസഞ്ചാര മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ എന്നിവയ്ക്കായി 3.7 കോടി രൂപയുടെ പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

പാക്കേജിൽ ആദിവാസി വികസനവുമായി ബന്ധപ്പെട്ട ഇടപെടലുകളും ഉൾപ്പെടുത്തിയിട്ടുണ്ട്; അതിൽ 5 കോടി രൂപ വകയിരുത്തി വഞ്ചിവയൽ ഹൈസ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്ന പദ്ധതിയും ഉൾപ്പെടുന്നു. ഈ ഇടപെടലുകൾ ഒറ്റക്കെട്ടായി സാമൂഹിക ഉൾപ്പെടുത്തലിനേയും നിസ്സഹായ സമൂഹങ്ങളുടെ ക്ഷേമത്തിൽ പാക്കേജിനുള്ള പ്രതിബദ്ധതയും സൂചിപ്പിക്കുന്നു.

**പ്രസക്തിയും കാഴ്ചപ്പാടും**

ഇടുക്കി വികസന പാക്കേജിലൂടെ പ്രകടമാകുന്നത്, കേരളത്തിലെ ഏറ്റവും പരിസ്ഥിതി-ലോല പ്രദേശങ്ങളിൽ ഒന്നിന്റെ ഘടനാപരമായ ദൗർബല്യങ്ങളെയും വികസന ആവശ്യകതകളെയും അഭിസംബോധന ചെയ്യുന്ന ഒരു സംയോജിത പ്രതികരണമാണ്. സുസ്ഥിര വികസനം, സാമൂഹ്യ സേവനങ്ങളുടെ മെച്ചപ്പെടുത്തൽ, അടിസ്ഥാന സൗകര്യങ്ങളുടെ ശക്തിപ്പെടുത്തൽ എന്നിവയിൽ ഊന്നൽ നൽകി, ദീർഘകാല പ്രതിരോധ ശേഷിയ്ക്ക് ആവശ്യമായ അടിത്തറ, ഈ പാക്കേജ് ക്രമേണ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്.

**വയനാട് വികസന പാക്കേജ് – പശ്ചാത്തലം, ലക്ഷ്യങ്ങൾ, സ്ഥാപനപരമായ രൂപകൽപ്പന**

വലിയ തോതിലുള്ള ആദിവാസി ജനസംഖ്യ, രൂക്ഷമായ വന്യജീവി-മനുഷ്യ സംഘർഷം, ദുർഘടമായ ഭൂപ്രകൃതി മൂലമുള്ള അടിസ്ഥാന സൗകര്യക്കുറവുകൾ എന്നിവ നേരിടുന്ന വയനാട് ജില്ലയുടെ സാമൂഹിക-സാമ്പത്തിക പിന്നാക്കാവസ്ഥ പരിഹരിക്കാൻ ലക്ഷ്യമിട്ടുള്ള ഒരു സവിശേഷ പദ്ധതിയാണ് വയനാട് വികസന പാക്കേജ്. പ്രതിവർഷം 75 കോടി രൂപയുടെ വാർഷിക വകയിരുത്തലോടെ 2022-23 കാലയളവിൽ നിലവിൽവന്ന ഈ പദ്ധതി, ജില്ലാ കളക്ടർ അധ്യക്ഷനായ ജില്ലാ കമ്മിറ്റിയാണ് നടപ്പിലാക്കുന്നത്. 5 കോടി രൂപയിൽ താഴെ ചെലവ് വരുന്ന പദ്ധതികൾക്ക്

ജില്ലാതലത്തിൽ അനുമതി നൽകുന്നുണ്ടെങ്കിലും, വലിയ പദ്ധതികൾക്ക് സംസ്ഥാന ആസൂത്രണ ബോർഡിന്റെ മേൽനോട്ടത്തിൽ സംസ്ഥാനതല ഉന്നതാധികാര സമിതിയുടെ (എസ്.എൽ.ഇ.സി) അംഗീകാരം ആവശ്യമാണ്.

വയനാട് വികസന പാക്കേജിന്റെ ലക്ഷ്യങ്ങളിൽ അടിസ്ഥാനസൗകര്യ വികസനം, കാർഷിക പിന്തുണ, ആദിവാസി ക്ഷേമം, പരിസ്ഥിതി സംരക്ഷണം, വിനോദ സഞ്ചാര പ്രോത്സാഹനം, സാമൂഹ്യ മേഖല വികസനം തുടങ്ങിയ വിപുലമായ വികസന മേഖലകൾ ഉൾക്കൊള്ളുന്നു. ജില്ലയുടെ പരിസ്ഥിതി സൂക്ഷ്മതയെ പ്രതിഫലിപ്പിക്കുന്ന തരത്തിൽ, പങ്കാളിത്ത ആസൂത്രണവും പരിസ്ഥിതി ഉത്തരവാദിത്വ വികസനം പ്രോത്സാഹിപ്പിക്കാനുള്ള ശ്രമങ്ങളും പാക്കേജിന്റെ ഭാഗമാണ്.

2025 ഒക്ടോബർ വരെ, വയനാട് വികസന പാക്കേജിന്റെ ഭാഗമായി 115 പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്, അവയിൽ 45 പദ്ധതികൾക്ക് ഭരണാനുമതി പുറപ്പെടുവിച്ചു. മൊത്തം ചെലവായി രേഖപ്പെടുത്തിയിട്ടുള്ളത് 1,359.8 ലക്ഷം രൂപയാണ്. ഇതിൽ മൂന്ന് പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്. 42 പദ്ധതികളുടെ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ഇത് പദ്ധതിയുടെ സ്ഥിര മുന്നേറ്റം സൂചിപ്പിക്കുന്നു.

### വിദ്യാഭ്യാസ വികസനം

വയനാട് വികസന പാക്കേജിന്റെ ഭാഗമായി വിദ്യാഭ്യാസ മേഖലയ്ക്ക് ഗണ്യമായ പ്രാധാന്യം നൽകിയിട്ടുണ്ട്; കോളേജുകളിലും സ്കൂളുകളിലും പുതിയ അക്കാദമിക ബ്ലോക്കുകൾ, ശാസ്ത്ര ലബോറട്ടറികൾ, കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഉൾപ്പെടുത്തി 54.1 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. എടുത്തുപറയാവുന്ന പ്രധാന നിക്ഷേപങ്ങളിൽ ഒന്നായി ഗവൺമെന്റ് കോളേജ്, മാനന്തവാടിയ്ക്ക് 11.5 കോടി രൂപ ചെലവിൽ പുതിയ അക്കാദമിക ബ്ലോക്ക് നിർമ്മിക്കുന്നതും, അതോടൊപ്പം 7.5 കോടിരൂപ ചെലവിൽ ഒരു ഓഡിറ്റോറിയം-കം-ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതും ഉൾപ്പെടുന്നു. ഇതിന് സമാനമായി കൊളേരി ഹയർ സെക്കന്ററി സ്കൂൾ (3.3 കോടി രൂപ), കൽപ്പറ്റ ഗവൺമെന്റ് കോളേജ് (3.7 കോടി രൂപ), ഗവൺമെന്റ് എൻജിനീയറിംഗ് കോളേജ് (4 കോടി രൂപ) എന്നിവിടങ്ങളിലും അടിസ്ഥാന സൗകര്യ വികസനം നടപ്പാക്കിയിട്ടുണ്ട്; ഇവിടെ നിർമ്മാണ സാങ്കേതികവിദ്യാവികസനവും പരിശീലനവും ലക്ഷ്യമിട്ടുള്ള ഒരു സെന്റർ സ്ഥാപിച്ചു വരികയാണ്.

മാനന്തവാടി ഗവൺമെന്റ് കോളേജിൽ, 19 കോടി രൂപയുടെ ഉന്നത വിദ്യാഭ്യാസ അടിസ്ഥാനസൗകര്യ പദ്ധതികളും നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിലൂടെ ഈ പ്രദേശത്തെ ഉന്നത വിദ്യാഭ്യാസ ലഭ്യത ഉറപ്പുവരുത്തുന്നതിന് ജില്ല നൽകുന്ന പ്രാധാന്യം വ്യക്തമാകുന്നു.

### ആരോഗ്യ മേഖല

വയനാട് വികസന പാക്കേജിന് കീഴിൽ 15.8 കോടി രൂപയുടെ ആരോഗ്യമേഖലാ പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്; ഇതിൽ 2024-25 കാലയളവ് വരെ 5 കോടി രൂപ ചെലവഴിച്ചു കഴിഞ്ഞു. ഭൂമിശാസ്ത്രപരമായ തടസ്സങ്ങൾ കാരണം ആരോഗ്യസൗകര്യങ്ങൾ ലഭ്യമാകാതിരുന്ന ഉൾനാടൻ മേഖലകളിലെ വലിയൊരു വിഭാഗം ആദിവാസി ജനതയ്ക്ക് ഈ പദ്ധതികൾ ഏറെ ആശ്വാസകരമാണ്. ഗവൺമെന്റ് ട്രൈബൽ കാൻസർ കെയർ സെന്ററിലേക്ക് 6.8 കോടി രൂപ ചെലവിൽ സി.ടി സിമുലേറ്റർ വാങ്ങിയതാണ് ഇതിലെ ഏറ്റവും പ്രധാനപ്പെട്ട നിക്ഷേപം; ഇത് ജില്ലയിലെ കാൻസർ രോഗനിർണ്ണയ സംവിധാനങ്ങളെ ഗണ്യമായി മെച്ചപ്പെടുത്തും. കൂടാതെ, ജില്ലാ-താലൂക്ക് ആശുപത്രികളിലേക്ക് ലാപ്രോസ്കോപ്പിക് ഉപകരണങ്ങൾ വാങ്ങുന്നതിനായി 4 കോടി രൂപയും, നൂൽപ്പുഴ ഫാമിലി ഹെൽത്ത് സെന്ററിൽ ഫിസിയോത്തെറാപ്പി ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് 2.5 കോടി രൂപയും, സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രിയിൽ മൾട്ടി-പർപ്പസ് കെട്ടിടം നിർമ്മിക്കുന്നതിനായി 1.7 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

ഈ പുരോഗതികൾ, ജില്ലയ്ക്ക് പുറത്തുള്ള സൗകര്യങ്ങളെ ആശ്രയിക്കുന്നത് കുറയ്ക്കുന്നതിലുള്ള സുപ്രധാന ചുവടുവെപ്പാണ്.

### ആദിവാസിക്ഷേമവും മനുഷ്യ–വന്യജീവി സംഘർഷ നിയന്ത്രണവും

ആദിവാസി ക്ഷേമം ലക്ഷ്യമിട്ടുള്ള 6.7 കോടി രൂപയുടെ പദ്ധതികൾ നിലവിൽ നടപ്പിലാക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഈ പദ്ധതികൾ ആദിവാസി പ്രദേശങ്ങളിലെ വാസസ്ഥലം, വിദ്യാഭ്യാസം, ആരോഗ്യസംരക്ഷണം, ഉപജീവന മാർഗങ്ങൾ എന്നിവ മെച്ചപ്പെടുത്തുന്നതിനാണ് ലക്ഷ്യമിടുന്നത്. പൂർത്തിയായിവരുന്ന പ്രധാന പദ്ധതികളിൽ ഒന്ന് വയനാട്ടിലെ ഗവൺമെന്റ് എൻജിനീയറിംഗ് കോളേജ് ഓൺലൈൻ പരീക്ഷാ കേന്ദ്രമാണ്. ഇത് പ്രദേശത്തെ വിദ്യാർത്ഥികൾക്കും ജോലി തേടുന്നവർക്കും ജില്ലയ്ക്കുള്ളിൽ ഓൺലൈൻ പരീക്ഷകൾ എഴുതാൻ സൗകര്യം നൽകുകയും, യാത്രാലഭ്യതയുടെ പരിമിതികളും മറ്റ് തടസ്സങ്ങളും ഒഴിവാക്കുകയും ചെയ്യും.

മനുഷ്യ-വന്യജീവി സംഘർഷം ജില്ല അഭിമുഖീകരിക്കുന്ന അടിയന്തര വെല്ലുവിളികളിൽ ഒന്നാണ്. ഇതു നേരിടുന്നതിന്, അപകടസാധ്യതയുള്ള പ്രദേശങ്ങളിൽ സൗരോർജ്ജ പവർ ഫെൻസിംഗ് സ്ഥാപിക്കുന്നതിന് 5.9 കോടി രൂപ ചെലവ് വരുന്ന പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. 1.7 കോടി രൂപയുടെ പ്രവൃത്തികൾ ഇതിനകം പൂർത്തിയായിട്ടുണ്ട്, ബാക്കിയുള്ള പ്രവൃത്തികൾ പൂർത്തീകരണത്തിന്റെ അവസാനഘട്ടത്തിലാണുള്ളത്. ഈ ഇടപെടൽ വിളനഷ്ടം ഗണ്യമായി കുറയ്ക്കുകയും, വനത്തിനടുത്ത് താമസിക്കുന്ന വിഭാഗങ്ങളുടെ സുരക്ഷ മെച്ചപ്പെടുത്തുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.

### കൃഷി, ജലസേചനം, മൃഗസംരക്ഷണം, ടൂറിസം

ജലസേചന സൗകര്യങ്ങൾ വ്യാപിപ്പിക്കുന്നതിനും ജലലഭ്യത ഉറപ്പാക്കുന്നതിനും സുസ്ഥിര കൃഷിരീതികളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി 18.8 കോടി രൂപയുടെ കൃഷി-ജലസേചന പദ്ധതികൾ ഇപ്പോൾ നടപ്പിലാക്കി വരുന്നു. സമാനമായി, കന്നുകാലി പരിപാലനം ആധുനികീകരിക്കുന്നതിനും വെറ്ററിനറി സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി പൂക്കോട് വെറ്ററിനറി സർവ്വകലാശാലയിൽ 10 കോടി രൂപയുടെ മൃഗസംരക്ഷണ-ക്ഷീരവികസന

പദ്ധതികളും ഏറ്റെടുത്തിട്ടുണ്ട്.

വിനോദസഞ്ചാര മേഖലയിൽ മാനന്തവാടി പഴശ്ശി പാർക്കിന്റെ വികസനവും സുൽത്താൻ ബത്തേരി ടൗൺ സ്ക്വയറിൽ ഓപ്പൺ ജിം സ്ഥാപിച്ചതും പ്രധാന നേട്ടങ്ങളാണ്; ഇവ വിനോദസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനോടൊപ്പം ജില്ലയുടെ വിനോദസഞ്ചാര സാധ്യതകൾക്ക് വലിയ സംഭാവന നൽകുകയും ചെയ്യുന്നു.

**സമഗ്ര വിലയിരുത്തൽ**

വയനാട് ജില്ല അഭിമുഖീകരിക്കുന്ന സങ്കീർണ്ണമായ വികസന വെല്ലുവിളികളെ നേരിടുന്നതിനുള്ള സമഗ്രമായ ഒരു തന്ത്രമാണ് വയനാട് വികസന പാക്കേജ് മുന്നോട്ടുവയ്ക്കുന്നത്. വിദ്യാഭ്യാസം, ആരോഗ്യം, ഗോത്രക്ഷേമം, പാരിസ്ഥിതിക സുസ്ഥിരത എന്നിവയിൽ ഈ പാക്കേജ് നൽകുന്ന ഊന്നൽ ജില്ലയിലെ ജനങ്ങളുടെ സവിശേഷമായ ആവശ്യങ്ങളെ പ്രതിഫലിപ്പിക്കുന്നു. അനുവദിച്ച പദ്ധതികളുടെ എണ്ണവുമായി താരതമ്യം ചെയ്യുമ്പോൾ നിർമ്മാണ പ്രവർത്തനങ്ങളിലെ പുരോഗതി നിലവിൽ സാവധാനത്തിലാണെങ്കിലും, വരും വർഷങ്ങളിൽ പദ്ധതികൾ വേഗത്തിൽ നടപ്പിലാക്കാൻ സഹായിക്കുന്ന ശക്തമായ ഒരു ഔദ്യോഗിക സംവിധാനം ഇതിലൂടെ രൂപപ്പെട്ടിട്ടുണ്ട്. പരിസ്ഥിതിലോല പ്രദേശങ്ങളിൽ എല്ലാവരെയും ഉൾക്കൊള്ളുന്ന സുസ്ഥിര വികസനം എങ്ങനെ നടപ്പിലാക്കാം എന്നതിന് ഒരു മാതൃകയാകാനും ഈ പദ്ധതിയിലൂടെ വയനാടിന് സാധിക്കും.

**മരിയനാട് പുനരധിവാസ പദ്ധതി – പശ്ചാത്തലവും ആവശ്യകതയും**

മരിയനാട് പുനരധിവാസ പദ്ധതി വയനാട് ജില്ലയിലെ വികസന പ്രവർത്തനങ്ങളുടെ ഒരു പ്രധാന ഭാഗമാണ്. എന്നാൽ, ഇത് വയനാട് വികസന പാക്കേജ് പോലെ മുഴുവൻ ജില്ലയെയും ഉൾക്കൊള്ളുന്ന പാക്കേജല്ല. പകരം, പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി ഇല്ലെന്ന ദീർഘകാല പ്രശ്നം പരിഹരിക്കാനായി പ്രത്യേകമായി തയ്യാറാക്കിയ പദ്ധതിയാണ് ഇത്. മുമ്പ് കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷ (കെ.എഫ്.ഡി.സി)-ന്റെ നടത്തിപ്പിലുണ്ടായിരുന്ന 233 ഹെക്ടർ വിസ്തീർണ്ണമുള്ള കാപ്പിത്തോട്ടമായിരുന്നു മരിയനാട് എസ്റ്റേറ്റ്. ഈ ഭൂമി നിയമപ്രകാരം സർക്കാർ ഏറ്റെടുത്ത വനഭൂമിയാണ്. പിന്നീട് തോട്ടം പ്രവർത്തനങ്ങൾ നിർത്തലാക്കിയതിനെ തുടർന്ന്, ഈ ഭൂമി പുനരധിവാസ പ്രവർത്തനങ്ങൾക്ക് ലഭ്യമാക്കി.

വിലയിരുത്തലും പരിശോധനയും പൂർത്തിയാക്കിയതിന് ശേഷം, ഫോറസ്റ്റ് റൈറ്റ്സ് ആക്ടിന്റെ വ്യവസ്ഥകൾ പ്രകാരം 135 ഹെക്ടർ ഭൂമി 341 അർഹരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അനുവദിച്ചു. ഈ തീരുമാനം വയനാട് ജില്ലയിലെ പട്ടികവർഗ്ഗ സമൂഹങ്ങൾ ദീർഘകാലമായി അനുഭവിച്ച ഭൂമി അന്യവൽക്കരണം എന്ന ചരിത്രപരമായ അനീതി പരിഹരിക്കുന്നതിലേക്കുള്ള സംസ്ഥാന സർക്കാരിന്റെ ശ്രമങ്ങളിൽ ഒരു നിർണായക ഘട്ടമായിരുന്നു.

**തൊഴിലാളി തർക്കം, നഷ്ടപരിഹാരം, വയനാട് വികസന പാക്കേജുമായുള്ള ഏകീകരണം**

കെ.എഫ്.ഡി.സി-യിൽ ജോലി ചെയ്തിരുന്ന തോട്ടം തൊഴിലാളികൾ ഭൂമി ഒഴിയുന്നതിനുള്ള വ്യവസ്ഥയായി നഷ്ടപരിഹാരം ആവശ്യപ്പെട്ടു. മുമ്പ് ജോലി ചെയ്തിരുന്ന തോട്ടം തൊഴിലാളികൾക്കെല്ലാം ന്യായമായ നഷ്ടപരിഹാരം ഉറപ്പാക്കിയതിന് ശേഷമേ, അവരുടെ പ്രതിഷേധം പിൻവലിക്കുകയുള്ളുവെന്ന നിലപാടിലാണ് അവർ ഉറച്ചുനിന്നത്. ഇതുമായി ബന്ധപ്പെട്ട പ്രശ്നം പരിഗണിച്ച്, നൽകേണ്ട നഷ്ടപരിഹാരത്തെക്കുറിച്ച് വിശദമായ ശിപാർശ നൽകുന്നതിനായി ബഹു. മുഖ്യമന്ത്രി ജില്ലാ കളക്ടർക്ക് നിർദേശം നൽകി. തുടർന്ന്, 2025-26 വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട സംസ്ഥാന ആസൂത്രണ ബോർഡിൽ നടന്ന ചർച്ചകളിൽ പട്ടികവർഗ്ഗ വികസന വകുപ്പ് ഈ വിഷയം പരിഗണനയ്ക്കെടുത്തു.

ഇത് പ്രകാരം, മുൻ തോട്ടം തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതിനായി 2025-26 സാമ്പത്തിക വർഷത്തെ വയനാട് വികസന പാക്കേജിൽ പ്രത്യേകമായി 5 കോടി രൂപ സർക്കാർ വകയിരുത്തി. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ വകുപ്പ് മന്ത്രി അധ്യക്ഷനായി 2025 ജൂൺ 5-ന് ചേർന്ന യോഗത്തിൽ, തൊഴിലാളികളുടെ ഓരോരുത്തരുടെയും സേവന കാലയളവിന് അനുപാതികമായി ഈ തുക വിതരണം ചെയ്യുമെന്ന് സ്ഥിരീകരിച്ചു. തുടർന്ന്, 2025 ജൂൺ 28-ന് സംസ്ഥാന ആസൂത്രണ ബോർഡിലെ മെമ്പർ സെക്രട്ടറി പുറപ്പെടുവിച്ച ഔദ്യോഗിക ഉത്തരവിലൂടെ പ്രസ്തുത തുക വിതരണം ചെയ്യുന്നതിനായി ഔപചാരിക ഭരണാനുമതി നൽകി.

**ദീർഘകാല പ്രാധാന്യം**

മരിയനാട് പദ്ധതി വെറും ഭൂമി വിതരണം ചെയ്യുന്നതിൽ മാത്രമായി ഒതുങ്ങുന്ന ഒന്നല്ല. വയനാട് വികസന പാക്കേജുമായി ഈ പദ്ധതി ഏകീകരിച്ചതിലൂടെ, പുനരധിവസിപ്പിക്കപ്പെടുന്ന കുടുംബങ്ങൾക്ക് പുതിയ താമസ കേന്ദ്രങ്ങളിൽ ദീർഘകാലമായി നിലനിൽക്കാവുന്ന ജീവിത സാഹചര്യം രൂപപ്പെടുത്തുന്നതിനായി ആവശ്യമായ വീടുകൾ, ആരോഗ്യം വിദ്യാഭ്യാസം എന്നിവയുടെ ലഭ്യത, ഉപജീവന സഹായം തുടങ്ങിയ സാമൂഹികവും ഭൗതികവുമായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നു. അതിനാൽ, പുനരധിവാസ-നീതിയോടും പട്ടികവർഗ്ഗ അവകാശങ്ങളോടുമുള്ള സംസ്ഥാനത്തിന്റെ പ്രതിബദ്ധതയുടെയും ശക്തീകരണത്തിന്റെയും ശക്തമായ ഉദാഹരണമായി ഈ പദ്ധതി നിലകൊള്ളുന്നു. കൂടാതെ, പുനരധിവാസ പദ്ധതികളെ ലക്ഷ്യംവച്ചുള്ള ജില്ലാതല വികസന തന്ത്രങ്ങളുമായി ഏകീകരിക്കുന്നതിൽ സർക്കാർ സ്വീകരിക്കുന്ന സമീപനവും ഇതിലൂടെ വ്യക്തമാണ്.

**നിഗമനങ്ങൾ**

കാസർഗോഡ്, ഇടുക്കി, വയനാട് ജില്ലകളിലും, കൂടാതെ മരിയനാട് പുനരധിവാസ പദ്ധതിയുടെ പ്രത്യേക സാഹചര്യത്തിലും, ലക്ഷ്യാത്മകവും പങ്കാളിത്തപരവും സ്ഥാപനപരവുമായി ഏകോപിതവുമായ പദ്ധതികളിലൂടെ കേരളത്തിന്റെ വികസന പാക്കേജുകൾ പ്രാദേശിക വ്യത്യാസങ്ങൾ കുറയ്ക്കുന്ന സമഗ്ര സമീപനം കാണിക്കുന്നു. ഓരോ ജില്ലയും വ്യത്യസ്ത വികസന തടസ്സങ്ങൾ നേരിട്ടാലും, സംസ്ഥാനത്തിന്റെ പദ്ധതിപരിപാടികൾ ആരോഗ്യവും വിദ്യാഭ്യാസവും മെച്ചപ്പെടുത്തുന്നതിനും, പൊതുസൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനും, പരിസ്ഥിതി സമ്പത്തുകൾ സംരക്ഷിക്കുന്നതിനും, പാർശ്വവത്ക്കരിക്കപ്പെട്ട സമൂഹങ്ങൾക്ക് സമഗ്ര

വളർച്ച ഉറപ്പാക്കുന്നതിനും സംസ്ഥാനത്തിന്റെ ആസൂത്രണ തന്ത്രം സ്ഥിര ഊന്നൽ നൽകുന്നു.

കാസർഗോഡ് ഒരു ദശാംബ്ദത്തിലേറെയായി സുസ്ഥിര നിക്ഷേപങ്ങളിൽ നിന്ന് പ്രയോജനം നേടിയ, ഏറ്റവും സ്ഥിരതയാർന്ന സഞ്ചാരപഥം അടയാളപ്പെടുത്തുന്നു. പരിസ്ഥിതി സംരക്ഷണവും അടിസ്ഥാനസൗകര്യ വികസനവും ഏകോപിപ്പിക്കുന്ന ഒരു വികസന മാതൃകയാണ് ഇടുക്കി അവതരിപ്പിക്കുന്നത്. വയനാട്, അതിന്റെ വികസന പാക്കേജിലൂടെയും മരിയാനാട് സംരംഭത്തിലൂടെയും, കേരളത്തിലെ ഏറ്റവും പ്രതിസന്ധിയിലായ ജില്ലകളിലൊന്നിൽ ഗോത്രവികസനം, സംഘർഷ ലഘൂകരണം, മെച്ചപ്പെട്ട പൊതുസേവനങ്ങൾ എന്നിവയ്ക്കുള്ള ഉറച്ച പ്രതിബദ്ധത പ്രകടമാക്കുന്നു.

വികേന്ദ്രീകൃത ഭരണക്രമത്തിലും ദീർഘകാലാടിസ്ഥാനത്തിലുള്ള ഘടനാപരമായ പരിവർത്തനത്തിലും അധിഷ്ഠിതമായ സമഗ്രവും സുസ്ഥിരവുമായ വികസനം എന്ന സംസ്ഥാനത്തിന്റെ വിശാലമായ കാഴ്ചപ്പാടിനെയാണ് ഇത് പ്രതിഫലിപ്പിക്കുന്നത്.

**കുട്ടനാട് പാക്കേജ്: പ്രളയാനന്തര വികസന ഇടപെടലുകളുടെ ഒരു അവലോകനം**

കേരളത്തിലെ പരിസ്ഥിതിപരമായി അതിലോലവും കാർഷികപരമായി അതീവ പ്രാധാന്യമുള്ളതുമായ പ്രദേശമായ കുട്ടനാടിന് സംസ്ഥാനത്തിന്റെ വികസന ഭാവനയിൽ നിർണായക സ്ഥാനമാണുള്ളത്. കടൽനിരപ്പിന് താഴെയുള്ള വിശാലമായ നെൽവയൽ പ്രദേശങ്ങൾ, നദി-തോടു ശൃംഖല, ജലാധിഷ്ഠിത കാർഷിക ജീവിതരീതികളിലുള്ള ശക്തമായ ആശ്രിതത്വം എന്നിവ കുട്ടനാടിന്റെ പ്രത്യേക ഭൗമ സവിശേഷതകളായി നിലകൊള്ളുന്നു. ഈ സവിശേഷതകൾതന്നെ പ്രദേശത്തെ പ്രളയം, മണ്ണിന്റെ തകർച്ച, ലവണാംശത്തിന്റെ കടന്നുകയറ്റം, ജലശാസ്ത്രപരമായ അസ്ഥിരത എന്നിവയ്ക്ക് കാരണമാകുന്നു. 2018-ലെ നാശകാരിയായ പ്രളയം ഇതിന്റെ ഘടനാപരമായ ദുർബലതകളെ വ്യക്തമായി വെളിപ്പെടുത്തുകയും, വർധിപ്പിക്കുകയും ചെയ്തു. പ്രളയത്തെ തുടർന്ന് അടിസ്ഥാന സൗകര്യങ്ങൾക്ക് വ്യാപകമായ നാശനഷ്ടം, ജനങ്ങളുടെ കുടിയൊഴിപ്പിക്കൽ, കൃഷിയുടെയും പരിസ്ഥിതിയുടെയും സംവിധാനങ്ങളിൽ ദീർഘകാല തടസ്സങ്ങൾ എന്നിവ ഉണ്ടാക്കിയിട്ടുള്ളതായി കാണുന്നു.

പ്രളയാനന്തര ഘട്ടത്തിൽ, കുട്ടനാട് പ്രദേശത്തിനായി സമഗ്രമായ ഒരു വികസന ചട്ടക്കൂട് രൂപപ്പെടുത്തുകയും വിശദീകരിക്കുകയും ചെയ്യുന്നതിനുള്ള ഉത്തരവാദിത്തം കേരള സർക്കാർ സംസ്ഥാന ആസൂത്രണ ബോർഡിനെ ഏൽപ്പിച്ചു. ഇതിന്റെ ഭാഗമായി "പ്രളയാനന്തര കുട്ടനാടിനായുള്ള പ്രത്യേക പാക്കേജ്" എന്ന പേരിൽ ഒരു വികസന പദ്ധതി ആവിഷ്കരിക്കപ്പെട്ടു. ജലവിഭവ പരിപാലനം, കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, വ്യവസായം, കുടിവെള്ളം, ടൂറിസം, ഊർജ്ജം എന്നിവയുൾപ്പെടെയുള്ള വിവിധ മേഖലകളെ ഏകീകൃതവും പരസ്പരപൂരകവുമായ ഒരു വികസന തന്ത്രത്തിലേക്ക് സമന്വയിപ്പിക്കുക എന്നതാണ് ഈ പാക്കേജ് ലക്ഷ്യമിട്ടത്. കുട്ടനാട് തണ്ണീർത്തട പരിസ്ഥിതിയുടെ പാരിസ്ഥിതിക സ്ഥിരത ശക്തിപ്പെടുത്തുക, കാർഷക-മത്സ്യ തൊഴിലാളി സമൂഹങ്ങളുടെ ഉപജീവന മാർഗങ്ങൾ സംരക്ഷിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുക, കൂടാതെ ഭാവിയിൽ ഉണ്ടാകാവുന്ന ദുരന്തങ്ങളുടെ ആഘാതം കുറയ്ക്കാൻ കാലാവസ്ഥാ പ്രതിരോധ ശേഷിയുള്ള അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുക എന്നിവയാണ് ഈ പാക്കേജിന്റെ പ്രധാന ലക്ഷ്യങ്ങളായി നിർവചിക്കപ്പെട്ടിരുന്നത്.

പ്രദേശത്ത് ദീർഘകാല വികസനം നിക്ഷേപം നടത്തുന്നതിനുള്ള സംസ്ഥാനത്തിന്റെ സ്ഥിര പ്രതിബദ്ധത വ്യക്തമാക്കുന്നതിന്റെ അടയാള സൂചകമായി കേരള സർക്കാർ 2020 സെപ്റ്റംബർ 17-ന് രണ്ടാം കുട്ടനാട് പാക്കേജ് പ്രഖ്യാപിച്ചു.

**ജലശാസ്ത്രപരവും ജലവിഭവപരിപാലനവുമായി ബന്ധപ്പെട്ട ഇടപെടലുകൾ**

കുട്ടനാട് പാക്കേജിന്റെ ഭാഗമായി നടപ്പാക്കിയ ഇടപെടലുകളിൽ ഏറ്റവും പ്രാധാന്യമുള്ളത് ജലവിഭവ പരിപാലനമാണ്. പ്രദേശത്തിന്റെ ദുർബലതയുടെ അടിസ്ഥാന കാരണമായി നിലനിൽക്കുന്ന ജലശാസ്ത്രപരമായ അസ്ഥിരത പരിഗണിക്കുമ്പോൾ, ഇത് അതിശയകരമല്ല. പ്രളയ നിയന്ത്രണം, നദീതീര സംരക്ഷണം, അടിത്തട്ടിലെ ചെളി നീക്കം (ഡി-സിൽറ്റിംഗ്), ജലചാനൽ നിയന്ത്രണം, കായൽ പുനരുദ്ധാരണം എന്നിവ ഉൾപ്പെടുന്ന നിരവധി പദ്ധതികൾ ജലവിഭവ വകുപ്പ് നടപ്പാക്കിവരുന്നു. ഈ പദ്ധതികൾ എല്ലാം ഒത്തുചേർന്നാണ് കുട്ടനാട് പാക്കേജിന്റെ ഘടനാപരമായ അടിത്തറ രൂപപ്പെടുന്നത്.

കുട്ടനാട് മേഖലയിലുടനീളം നടപ്പാക്കുന്ന വിപുലമായ പ്രളയനിയന്ത്രണ പദ്ധതിയാണ് ഈ പാക്കേജിലെ ഏറ്റവും വലിയ ഘടകങ്ങളിലൊന്ന്. 349.9 കോടി രൂപയുടെ ധനവിനിയോഗമാണ് ഈ പദ്ധതിക്കായി നിശ്ചയിച്ചിട്ടുള്ളത്. ആസൂത്രണം ചെയ്ത പ്രവൃത്തികളുടെ പകുതിയിലധികം, പ്രത്യേകിച്ച് 53.3 ശതമാനം, ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. അംഗീകരിക്കപ്പെട്ട 362 വ്യക്തിഗത പ്രവൃത്തികളിൽ 193 എണ്ണം പൂർത്തിയായിട്ടുള്ളതും, ശേഷിക്കുന്നവ പുരോഗതിയിലുമാണ്. ധനകാര്യ പുരോഗതി 60 ശതമാനത്തിൽ എത്തിയിട്ടുള്ളത്, വിവിധ സ്ഥലങ്ങളിലായി പ്രവൃത്തികൾ സ്ഥിരതയോടെ മുന്നേറുന്നതിന്റെ സൂചനയായി കണക്കാക്കാം.

അനുബന്ധമായി, പ്രളയനിയന്ത്രണ പ്രവൃത്തികളിൽ, നബാർഡ് ഗ്രാമീണ അടിസ്ഥാനസൗകര്യ വികസന ഫണ്ട് (ആർ.ഐ.ഡി.എഫ്) മുഖേന 61.4 കോടി രൂപയുടെ ധനസഹായം ലഭിച്ച പദ്ധതികളും ഉൾപ്പെടുന്നു. ഈ പദ്ധതികൾ 64 ശതമാനം ഭൗതിക പുരോഗതി കൈവരിച്ചിട്ടുണ്ട്; അംഗീകരിച്ച 11 പ്രവൃത്തികളിൽ ഏഴ് പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്, ധനകാര്യ പുരോഗതി 63.2 ശതമാനമാണ്. ഇതോടൊപ്പംതന്നെ ശക്തമായ മൺസൂൺ ജലപ്രവാഹങ്ങളെ ആഗിരണം ചെയ്യാനുള്ള പ്രദേശത്തിന്റെ ഘടനാപരമായ കഴിവ് ശക്തിപ്പെടുത്തുന്നതിന് ഇത്തരം ശ്രമങ്ങൾ സംഭാവന നൽകുന്നു.

മറ്റൊരു നിർണായക പദ്ധതി റൂം ഫോർ റിവർ പ്രോജക്റ്റ് ആണ്, 4.5 കോടി രൂപ വകയിരുത്തലോടെ റീബിൽഡ് കേരള ഇൻഷിയേറ്റീവിന് (ആർ.കെ.ഐ) കീഴിലാണ് ഇത് നടപ്പാക്കുന്നത്. ഇത് ഇന്നും അന്വേഷണ

ഘട്ടത്തിലാണ്; ധനകാര്യ പുരോഗതി 29 ശതമാനവും ചെലവ് 1.3 കോടി രൂപയുമാണ്. ഈ പദ്ധതി, മികച്ച അന്താരാഷ്ട്ര പ്രവർത്തന മാതൃകകളെ അടിസ്ഥാനമാക്കി, നദീ പ്രദേശം പുനഃസ്ഥാപിക്കുകയും പ്രളയ അപകടം കുറയ്ക്കുകയും ചെയ്യാനുള്ള ജലശാസ്ത്രപരമായ ദീർഘകാല പുനർക്രമീകരണ ശ്രമത്തെ പ്രതിനിധീകരിക്കുന്നു.

ഒരു വ്യത്യസ്ത തരം പ്രവൃത്തി തോട്ടപ്പള്ളി പ്രദേശത്തോട് ബന്ധപ്പെട്ടതാണ്, ഇത് കുട്ടനാടിന്റെ ജലനിയന്ത്രണവും പ്രളയമുക്തി സംവിധാനവും കേന്ദ്രീകരിച്ച പ്രദേശമാണ്. ഈ പ്രദേശത്ത് വിവിധ നദീതീര സംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കാനായി അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ ആദ്യ പദ്ധതി വീയപുരം പാലത്തിന്റെ ഡൗൺസ്ട്രീം ഭാഗത്തിന്റേയും പ്രായതേരി പടശേഖരത്തിന്റേയും ഇടയിൽ പമ്പാനദിയുടെ ഇടത്തും വലത്തും തീരങ്ങളിലുമുള്ള നവീകരണം ഉൾപ്പെടുന്നു. ഇതിനായി 2.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഭൗതിക പുരോഗതി 16 ശതമാനമാണ്. രണ്ടാമത്തെ പദ്ധതി, ഡൗൺസ്ട്രീം പോയിന്റിൽ നിന്ന് അടുത്ത റീച്ചിലേയ്ക്ക് നീളുന്ന ഭാഗം ഉൾപ്പെടുന്നു, ഇതിന്റെ ഭരണാനുമതിത്തുക 2.5 കോടി രൂപയാണ്. പദ്ധതിയുടെ ഭൗതിക പുരോഗതി 19 ശതമാനമാണ്.

വീയപുരം, ചെറുതന, കരുവാറ്റ പഞ്ചായത്ത് മേഖലയിലൂടെ കടന്നുപോകുന്ന ഭാഗങ്ങളിലുടനീളം സമഗ്ര നദീതീര സംരക്ഷണത്തിനായി 33.3 കോടി രൂപയുടെ ഒരു ബൃഹത് പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികൾ, തോട്ടപ്പള്ളി പൊഴിയുടെ പ്രധാന ചാനലിന്റെ സ്ഥിരത നിലനിർത്താൻ വേണ്ടിയുള്ളതാണ്. പദ്ധതി 21 ശതമാനം ഭൗതിക പുരോഗതിയും 23.2 ശതമാനം ധനകാര്യ പുരോഗതിയും നേടിയിട്ടുണ്ട്.

കുട്ടനാട് താലൂക്കിനു ചുറ്റുമുള്ള കായലുകളിലെയും കനാലുകളിലെയും ചെളി നീക്കം ചെയ്യുന്നതിനുള്ള മറ്റൊരു പ്രധാന ശ്രമവും ഈ പദ്ധതിയിലുണ്ട്. ഇതിനായി കുട്ടനാട് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷനു (കെ.ഐ.ഡി.സി) കീഴിൽ, ജലസ്രോതസുകളിൽ നിന്നുള്ള ചെളിയും സംഭരിച്ച മാലിന്യവും നീക്കം ചെയ്യുന്നതിനായി 160 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കിഫ്ബി ധനസഹായത്തോടെ ആരംഭിച്ച ഈ പദ്ധതിയിൽ 12 പഞ്ചായത്തുകളിലുടനീളം വ്യാപകമായി മണ്ണിന്റെ പഠനങ്ങൾ നടത്തുന്നതും ഉൾപ്പെടുന്നു. പദ്ധതി ഇപ്പോൾ പുരോഗതിയിലാണ്.

വേമ്പനാട് തടാകത്തിലെ പുഴുക്കാമല കായൽ പ്രദേശത്തിന്റെ പുനരുദ്ധാരണം സങ്കീർണ്ണവും പാരിസ്ഥിതികമായ ഒരു സൂക്ഷ്മസ്വഭാവ പ്രവൃത്തിയെ പ്രതിനിധീകരിക്കുന്നു. കണ്ടൽ-അധിഷ്ഠിത പരിസ്ഥിതി തോട്ടങ്ങളെയും ഉൾപ്പെടുത്തുന്നതിനു വേണ്ടി, പ്രാരംഭ പദ്ധതിച്ചെലവായ 107.9 കോടി രൂപ പുതുക്കി നിർണ്ണയിച്ചിട്ടുണ്ട്. ചെളി നീക്കം ചെയ്യൽ, പരിസ്ഥിതി-സൗഹൃദ തോട്ടം നിർമ്മാണം, തടാകത്തിലേക്കുള്ള സമീപ പ്രദേശങ്ങൾ വികസിപ്പിക്കൽ, കണ്ടൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കൽ, എത്തിച്ചേരുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യ വികസനം തുടങ്ങിയ അനുബന്ധ പ്രവൃത്തികൾ പുതിയ സാങ്കേതിക ഡിസൈൻ നിർദ്ദേശിക്കുന്നു. കൂടാതെ മോട്ടോർ ഷെഡുകൾ, ബോക്സ് കൾവർട്ടുകൾ, എന്നിവയും ഇതിൽ ഉൾപ്പെടുന്നു. പുതുക്കിയ 103.9 കോടി രൂപയുടെ ഡിപിആർ , കിഫ്ബിയ്ക്ക് 2025 ഒക്ടോബർ 27-ന് സമർപ്പിച്ചു.

റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് (ആർ.കെ.ഐ) കീഴിൽ 1 കോടി രൂപ വകയിരുത്തലോടെ മണിമല നദീതീരത്തും കൂടാതെ സജീവ നദീതീര സംരക്ഷണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ഈ പ്രവൃത്തികൾ 92 ശതമാനം ഭൗതിക പുരോഗതിയും 78 ശതമാനം ധനകാര്യ പുരോഗതിയും കാണിക്കുന്നുണ്ട്.

പ്ലാൻ ഫണ്ട് വിഹിതം ഉപയോഗിച്ച് തോട്ടപ്പള്ളി സ്പിൽവേയുടെ ജലനിർഗമന മുഖത്ത് 37 കോടി രൂപയുടെ മറ്റൊരു വലിയ പദ്ധതി പുരോഗമിക്കുകയാണ്. സ്പിൽവേ സംരക്ഷണ പ്രവൃത്തികൾ പുരോഗമിക്കുന്നു. മാർച്ച് 2025-വരെയുള്ള സ്ഥിതിവിവരക്കണക്കുകൾ പ്രകാരം, പദ്ധതിയുടെ ഭൗതിക പൂർത്തീകരണം 21 ശതമാനവും ധനകാര്യ പുരോഗതി 7 ശതമാനവുമാണ്.

സാങ്കേതികമായി ഏറ്റവും അധിക ആവശ്യകതയുള്ള പ്രവൃത്തികളിലൊന്ന് തോട്ടപ്പള്ളി പൊഴിയുടെ ജലനിർഗമന മുഖത്തെ പുലിമുട്ട് നിർമ്മാണവുമായി ബന്ധപ്പെട്ടതാണ്. ഡി എസ് ഒ ആർ 2021-ലെ പുതിയ നിരക്ക് അടിസ്ഥാനമാക്കിയുള്ള ഐ ഐ ടി മദ്രാസിന്റെ കണക്കുകൾ പ്രകാരം പ്രാരംഭമായി അംഗീകാരം നൽകിയ 46.4 കോടി രൂപ അപര്യാപ്തമാണെന്ന് കാണുന്നു. പുതുക്കിയ തുക 67.8 കോടി രൂപയാണ്. ഇതിന് ഭരണാനുമതി പുതുക്കുന്നതിനായി സർക്കാരിലേയ്ക്ക് അപേക്ഷിച്ചിട്ടുണ്ട്. കൂടാതെ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS), പുനെയുമായി ചേർന്ന് സംയുക്ത പഠനം നടത്തുന്നത് ആലോചിച്ചുവരികയാണ്. പഠന ഫലങ്ങൾ, അന്തിമ പദ്ധതി നിർദേശത്തിൽ ഉൾപ്പെടുത്തണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

ചെറുതാണെങ്കിലും പ്രാദേശികമായി പ്രധാനപ്പെട്ട പ്രവൃത്തിയായ നെടുമുടി പഞ്ചായത്തിലെ വൈശ്യംഭാഗം കനാലിന്റെ സംരക്ഷണ പ്രവർത്തനങ്ങൾക്ക് 0.75 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രവൃത്തി ഇതിനകം റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ.കെ.ഐ) പൂർത്തിയാക്കിയിട്ടുണ്ട്.

പദ്ധതിയുടെ രണ്ടാം ഘട്ടം അച്ചൻകോവിലാർ, പമ്പാനദി എന്നിവയുടെ വിവിധ ഭാഗങ്ങളിലായാണ് നടപ്പിലാക്കുന്നത്. മൊത്തം 36 കോടി രൂപ ചെലവ് വരുന്ന നാല് പ്രധാന പ്രവൃത്തികൾ നിലവിൽ വിവിധ ഘട്ടങ്ങളിലാണ്. ഇതിൽ ഏറ്റവും വലിയ പദ്ധതിയായ മേൽപ്പാടം മുതൽ വീയപുരം വരെയുള്ള ഭാഗത്തെ നദിയുടെ ആഴംകൂട്ടൽ, വശങ്ങൾ ഭൂവസ്ത്രങ്ങളും ഗ്രാനൈറ്റും ഉപയോഗിച്ച് ബലപ്പെടുത്തൽ, ബണ്ടുകളുടെ നിർമ്മാണം എന്നിവയ്ക്കായി 16 കോടി രൂപയാണ് വകയിരുത്തിയത്; ഈ പ്രവൃത്തി 70.4 ശതമാനം പൂർത്തിയായിട്ടുണ്ട്. ഏറ്റുമാനൂർ ഭാഗത്തേക്ക് മാങ്കോട്ടയ്ക്ക് സമീപം 5 കോടി രൂപ ചെലവിൽ നടക്കുന്ന രണ്ടാമത്തെ പ്രവൃത്തി 64.9 ശതമാനം പുരോഗതി കൈവരിച്ചു. കായംകുളം, ഹരിപ്പാട് മണ്ഡലങ്ങളിലെ കുറ്റുകുഴി മുതൽ മുണ്ടത്തൻകാരത്തോട് വരെയുള്ള ഭാഗത്തെ 9 കോടി രൂപയുടെ പ്രവൃത്തികൾ സാങ്കേതികമായ സങ്കീർണ്ണതകൾ കാരണം 3 ശതമാനം പുരോഗതിയാണ് കൈവരിയ്ക്കാൻ കഴിഞ്ഞിട്ടുള്ളത്. തുറത്തുമേൽ പാലം മുതൽ

മുണ്ടത്തൻകാരത്തോട് വരെയുള്ള 6 കോടി രൂപയുടെ നാലാമത്തെപ്രവൃത്തി17ശതമാനംപൂർത്തിയായി.കൂടാതെ, വീയപുരം-മേൽപ്പാടം ഭാഗത്ത് പമ്പാനദിയുടെ വലതുവശത്തെ തീരസംരക്ഷണം 35 ശതമാനവും ഇടതുവശത്തെ തീരസംരക്ഷണം 64 ശതമാനവും പൂർത്തിയായിട്ടുണ്ട്.

കേന്ദ്രസഹായത്തോടെ, ആദ്യ കുട്ടനാട് പാക്കേജിന്റെ ഭാഗമായി ആരംഭിച്ച ഫ്ളഡ് മാനേജ്മെന്റ് പ്രോഗ്രാമിന്റെ കീഴിൽ നടപ്പിലാക്കിയ വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികളുടെ ഒരു ശ്രേണി പൂർത്തീകരണ ഘട്ടത്തിലെത്തിയിട്ടുണ്ട്. ഇവയിൽ ആദ്യത്തെ കെ ഇ എൽ-I പദ്ധതിയിൽ, നെടുമുടി പഞ്ചായത്തിലെ ഗ്രൂപ്പ് 1 മുതൽ 14 വരെ പ്രദേശങ്ങളിലായി വെള്ളപ്പൊക്ക ശമന പ്രവൃത്തികൾ ഉൾപ്പെട്ടിരുന്നു. ഈ പദ്ധതിക്ക് കേന്ദ്ര വിഹിതമായി 11.2 കോടി രൂപ ലഭിച്ചു; പദ്ധതിയുടെ ആകെ ചെലവ് 19.9 കോടി രൂപയാണ്. പദ്ധതിയിൽ ഉൾപ്പെടുന്ന എല്ലാ പ്രവൃത്തികളും ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്.

കായൽ മേഖലയിലുടനീളം നാല് പാടശേഖരങ്ങളിലായി വെള്ളപ്പൊക്ക നിയന്ത്രണത്തിൽ കേന്ദ്രീകരിച്ചാണ് കെഇഎൽ-II പദ്ധതി നടപ്പിലാക്കിയത്. ഈ പദ്ധതിക്ക് 118.9 കോടി രൂപയാണ് അടങ്കൽ തുകയായി നിശ്ചയിച്ചിരുന്നത്. കേന്ദ്ര വിഹിതമായി 65.9 കോടി രൂപ ലഭിക്കുകയും ചെയ്തു. ആകെ ചെലവ് 126 കോടി രൂപയാണ്. പദ്ധതി പൂർണമായും പൂർത്തീകരിച്ചിട്ടുണ്ട്.

കെ ഇ എൽ-III പദ്ധതി കോട്ടയം, ആലപ്പുഴ ജില്ലകളിലായി 231 പാടശേഖരങ്ങളിൽ വെള്ളപ്പൊക്ക ശമന നടപടികൾ ലക്ഷ്യമാക്കി നടപ്പിലാക്കിയതാണ്. ഈ പദ്ധതിക്ക് 106.1 കോടി രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചത്. ആകെ 57 പ്രവൃത്തികളിൽ 48 എണ്ണം പൂർത്തീകരിക്കുകയും, 4 പ്രവൃത്തികൾ നയപരമായ തീരുമാനപ്രകാരം അവസാനിപ്പിക്കുകയും, 5 പ്രവൃത്തികൾ മറ്റ് കാരണങ്ങളാൽ അവസാനിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര വിഹിതമായി 49.6 കോടി രൂപ ലഭിച്ചിട്ടുണ്ട്, ഇതുവരെ ആകെ ചെലവ് 89.6 കോടി രൂപയാണ്.

കെ ഇ എൽ-IV, പദ്ധതി ഓണാട്ടുകര പ്രദേശവും അതിലെ 12 തണ്ണീർത്തടങ്ങളും ഉൾക്കൊള്ളുന്നതായിരുന്നു. ഈ പദ്ധതിക്ക് 70 കോടി രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചത്. പദ്ധതി 2019 ഡിസംബർ മാസത്തോടെ പൂർണ്ണമായി പൂർത്തീകരിച്ചു. ഇതിന്റെ ഭാഗമായി അഞ്ച് തണ്ണീർത്തടങ്ങളിലും കൂടി ആകെ 21 പ്രവൃത്തികൾ പൂർത്തീകരിക്കപ്പെട്ടു. ആകെ ചെലവ് 61 കോടി രൂപയായായിരുന്നു. ഇതിൽ, കേന്ദ്ര സഹായം 11.3 കോടി രൂപയായിരുന്നു.

ഇത്തരത്തിലുള്ള ജലവിഭവ സംബന്ധമായ ഇടപെടലുകൾ ഒത്തുചേർന്നാണ് സമഗ്ര കുട്ടനാട് പാക്കേജിന്റെ ഏറ്റവും പ്രധാനപ്പെട്ട ഘടകം രൂപപ്പെട്ടത്. വെള്ളപ്പൊക്കത്തിന്റെ തീവ്രത കുറയ്ക്കുന്നതിനും, ചെളി-മണ്ണ് പ്രവാഹങ്ങളെ നിയന്ത്രിക്കുന്നതിനും, നദീതീര സംരക്ഷണം ഉറപ്പാക്കുന്നതിനും, തണ്ണീർത്തട പരിസ്ഥിതി നിലനിർത്തുന്നതിനും, തണ്ണീർത്തടാധിഷ്ഠിത കൃഷിയുടെ ദീർഘകാല സുസ്ഥിരത വർധിപ്പിക്കുന്നതിനുമാണ് ഈ ഇടപെടലുകൾ ലക്ഷ്യമിടുന്നത്.

**കൃഷിയും കാർഷിക പരിസ്ഥിതി പുനഃസ്ഥാപനവും**

കുട്ടനാടിന്റെ സാമൂഹ്യ-സാമ്പത്തിക ഘടനയെ നിർവചിക്കുന്ന കാർഷിക സംവിധാനങ്ങളെ ശക്തിപ്പെടുത്തുന്നതിലാണ് കൃഷിവകുപ്പ് മുഖ്യമായി ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. ജില്ലാ ഭരണകൂടം, കൃഷി ഉദ്യോഗസ്ഥർ, ഗവേഷണ സ്ഥാപനങ്ങൾ, കെ.എസ്.ഇ.ബി., കർഷക സംഘടനകൾ എന്നിവയുടെ പങ്കാളിത്തത്തോടെ നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കി നടപ്പിലാക്കിയ വിളകളെ സംബന്ധിച്ച കലണ്ടറാണ് ഈ മേഖലയിൽ നടത്തപ്പെട്ട പ്രധാന ഇടപെടൽ. ജലസംബന്ധ സാഹചര്യങ്ങളും കാലാവസ്ഥാ ഘടകങ്ങളും കണക്കിലെടുത്ത് കാർഷിക പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിലൂടെ അപകടസാധ്യത കുറയ്ക്കുകയും വിളവെടുപ്പ് പരമാവധി വർധിപ്പിക്കുകയുമാണ് ഈ കലണ്ടർ ലക്ഷ്യമിടുന്നത്.

2019-20 മുതൽ പാടശേഖരങ്ങളിലെ അടിസ്ഥാന സൗകര്യ വികസനവും, പെട്ടിയും പറകളും (ജല-നിർഗ്ഗമന ഘടനകൾ) നവീകരണവും ലക്ഷ്യമാക്കി ഒരു ദീർഘകാല പദ്ധതി നടപ്പിലാക്കി വരുകയാണ്. പദ്ധതിയുടെ നടപ്പാക്കൽ സ്ഥിരതയോടെ പുരോഗമിച്ചുവരുന്നു. ഇതുവരെ 103 പെട്ടിയും-പറയും ഘടനകൾ മാറ്റിസ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ഇതിന്റെ ഫലമായി പാടശേഖരങ്ങളിലെ ജലനിയന്ത്രണ ശേഷി കാര്യമായി വർധിച്ചിട്ടുണ്ട്.

റീബിൽഡ് കേരള ഇനിഷ്യേറ്റീവി (ആർ.കെ.ഐ)-ന്റെ കീഴിൽ 2.9 കോടി രൂപ അനുവദിച്ച് കുട്ടനാട് നെൽകൃഷി മേഖലയുടെ സുസ്ഥിര വികസനം ലക്ഷ്യമാക്കി നടപ്പിലാക്കിയ പ്രത്യേക പദ്ധതി പൂർണ്ണമായി പൂർത്തീകരിച്ചിട്ടുണ്ട്. കർഷകർക്കുള്ള പിന്തുണയും കേരള സെന്റർ ഫോർ പെസ്റ്റ് മാനേജ്മെന്റിന്റെ (കെ.സി.പി.എം) ശക്തീകരണവും പദ്ധതിയുടെ ഭാഗമായിരുന്നു. ഇതിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിലെ കളർകോട് കെ.സി.പി.എം.-ക്കായി ഒരു പുതിയ കെട്ടിടം നിർമ്മിക്കപ്പെട്ടു.

റീബിൽഡ് കേരള ഇനിഷ്യേറ്റീവി (ആർ.കെ.ഐ)-ന്റെ ഭാഗമായി സംയോജിത കൃഷിയിലൂടെ ഉപജീവന വികസനം ലക്ഷ്യമിട്ട് 0.85 കോടി രൂപ അനുവദിച്ച് നടപ്പിലാക്കിയ പദ്ധതി പൂർത്തീകരിക്കപ്പെട്ടു. ഇതിന്റെ ഫലമായി 248 സംയോജിത കൃഷി യൂണിറ്റുകൾ സ്ഥാപിക്കപ്പെടുകയും ചെയ്തു. അതുപോലെ, മാവേലിക്കര ബ്ലോക്കിലെ മണപ്പുറം പുഞ്ചയിലെ വെള്ളപ്പൊക്കബാധിത പ്രദേശങ്ങളുടെ പുനരധിവാസത്തിനായി 0.6 കോടി രൂപ ചെലവഴിച്ച് നടപ്പിലാക്കിയ പദ്ധതിയും വിജയകരമായി പൂർത്തിയാക്കി.

ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ നെൽവയലുകളിലെ പമ്പിംഗ് സംവിധാനങ്ങൾ ആധുനികീകരിക്കുന്നതിനായി 40 കോടി രൂപ ചെലവിൽ ഒരു ബൃഹത് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഇതിൽ, 38 കോടി രൂപ ആർ.ഐ.ഡി.എഫ് വായ്പയും 2 കോടി രൂപ സംസ്ഥാന വിഹിതവുമാണ്. ഇതിന്റെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചുകഴിഞ്ഞതും, സംസ്ഥാന അഗ്രിക്കൾച്ചറൽ എഞ്ചിനീയർ ഇതിന്റെ നോഡൽ ഓഫീസറായി പ്രവർത്തിച്ചുവരികയുമാണ്.

നെൽക്കൃഷിക്കുള്ള നേരിട്ടുള്ള സഹായം 2024-25 കാലയളവിലും തുടർന്നു; 23,345 ഹെക്ടർ കൃഷിഭൂമിക്ക് ഹെക്ടറിന് 5,500 രൂപ എന്ന നിരക്കിൽ സബ്സിഡിയും

അതോടൊപ്പം കുമ്മായം ചേർക്കുന്നതിനും സൂക്ഷ്മ മൂല കങ്ങൾ പ്രയോഗിക്കുന്നതിനുമുള്ള സഹായവും നൽകി വരുന്നു. കാർഷിക യന്ത്രവൽക്കരണത്തിനുള്ള പിന്തു ണയും ഈ മേഖലയിൽ ശ്രദ്ധേയമാണ്; സബ് മിഷൻ ഓൺ അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ (എസ്.എം.എ .എം) പദ്ധതിയിലൂടെ കഴിഞ്ഞ നാല് വർഷത്തിനിടയിൽ ഏകദേശം 70 കൊയ്ത്തു യന്ത്രങ്ങൾ പ്രാദേശിക കർഷ കർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

കേരള കാർഷിക സർവകലാശാല (കെ.എ.യു) കുട്ടനാട് മേഖലയിൽ വിവിധയിനത്തിൽപ്പെട്ട നെൽവിത്തു കൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഉയർന്ന വിളവുത രുന്ന രണ്ട് നെല്ലിനങ്ങൾ പുറത്തിറക്കിയിട്ടുണ്ട്. കെ.എ.യു ആദ്യ (എം.ഒ 24) ഒരു മധ്യകാലാവധി ഇനമായിരിക്കെ, കെ.എ.യു പുണ്യ (എം.ഒ 25) കുട്ടനാട്ടിൽ സമയബന്ധിത വിളവെടുപ്പിന് അനുയോജ്യമായ ഹ്രസ്വകാല ഇനമാണ്. രണ്ടും മികച്ച വിളവ് സാധ്യത നൽകുകയും കുറഞ്ഞ കായികാധ്വാനവും ഉയർന്ന ലഭ്യതയും കർഷകർക്ക് ഉറപ്പുനൽകുകയും ചെയ്യുന്നു. ഇതിനുപുറമേ, ഏകദേശം 110 ദിവസത്തിനുള്ളിൽ വിളവെടുപ്പിന് പാകമാകുകയും കുട്ടനാട് മേഖലയ്ക്കായി ശിപാർശ ചെയ്യപ്പെടുകയും ചെയ്യുന്ന കെ.എ.യു.എം 242-4-2-1-1-1-1 എന്ന ഹ്രസ്വകാല നെല്ലിനം വികസിപ്പിച്ചെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളും കെ.എ.യു നടത്തിവരുന്നു. ഈ ഇനം ഔദ്യോഗികമായി പുറത്തിറക്കുന്നതിനുള്ള നടപടിക്രമങ്ങൾ നിലവിൽ പുരോ ഗമിച്ചുവരികയാണ്.

### ക്ഷീരവികസനവും മൃഗസംരക്ഷണവും

വെള്ളപ്പൊക്ക ഭീഷണി നേരിടുന്ന കൃഷിയിലെ അനിശ്ചിതത്വങ്ങൾക്കിടയിൽ കർഷക കുടുംബങ്ങൾക്ക് സുപ്രധാനമായ അധിക വരുമാനം ഉറപ്പാക്കുന്ന ഒന്നാണ് മൃഗസംരക്ഷണ മേഖല; അതിനാൽത്തന്നെ കുട്ടനാട് പ്രത്യേക പാക്കേജിലെ ഒരു പ്രധാന ഘടകമാണ് ക്ഷീരവി കസനം. അടിസ്ഥാന സൗകര്യ വികസനത്തിന് പുറമെ, കുട്ടനാട് മേഖലയിലെ ക്ഷീരകർഷകർക്ക് സർക്കാർ നൽ കുന്ന പാൽ സംഭരണ ഇൻസെന്റീവുകളുടെ ഗുണഫലവും ലഭിക്കുന്നുണ്ട്. കർഷകരെ അവരുടെ ഉപജീവനമാർഗ്ഗങ്ങൾ വൈവിധ്യവൽക്കരിക്കാനും കൃഷിയിലെ നഷ്ടസാധ്യതകൾ കുറയ്ക്കാനും സഹായിക്കുന്നതിനായി 1,116 പശുക്കളെ വാങ്ങുന്നതിനുള്ള സഹായം നൽകി. ആലപ്പുഴ ജില്ലയിൽ മാത്രം പശുക്കൾക്കായി 19.9 ലക്ഷം രൂപ സബ്സിഡി നൽ കിയിട്ടുണ്ട്; കൃഷിയും കന്നുകാലി വളർത്തലും സംയോജി പ്പിച്ചു കൊണ്ടുള്ള ഒരു രീതിയെ പ്രോത്സാഹിപ്പിക്കാനാണ് സർക്കാർ ഇതിലൂടെ ശ്രമിക്കുന്നത്.

ഈ ഇടപെടലുകളോടൊപ്പം, മൃഗസംരക്ഷണ വകുപ്പ് മൃഗസംരക്ഷണ സേവനങ്ങൾ ശക്തിപ്പെടുത്തുന്നതിനാ യി നിരവധി അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. ചേർത്തല, ചെത്തിപ്പുഴ തുടങ്ങിയ പ്രദേശങ്ങളിലെ മൃഗാശുപത്രികൾ നവീകരിക്കപ്പെട്ടി ട്ടുണ്ട്. മാണിയംകുളം, വേമ്പുഴ, കുറിച്ചി എന്നിവിടങ്ങളിലെ സൗകര്യങ്ങൾ നിലവിൽ നിർമ്മാണ ഘട്ടത്തിലാണ്. പെരുന്ന, നൊഗാണ്ടശ്ശേരി, കാനാപ്പുഴ എന്നിവിടങ്ങളിൽ താരതമ്യേന കുറഞ്ഞ നവീകരണമാണ് നടന്നിട്ടുള്ളത്. കർഷക ക്ഷേമത്തിന് മുന്നൊരുക്കമായി പെൻഷൻ പദ്ധതി യിൽ നഷ്ടപരിഹാര പാക്കേജുകളും നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ 622 പേരെ ലൈവ്സ്റ്റോക്ക് ഫാർമേഴ്സ് പെൻഷൻ സ്കീം ലേക്ക് ഉൾപ്പെടുത്തി. കൂടാതെ, 1,349 മൃഗകർഷകർ ക്ക് വെള്ളപ്പൊക്കവും പ്രകൃതി ദുരന്തങ്ങളും മൂലം ഉണ്ടായ വിളനാശത്തിനും മൃഗനാശത്തിനും നഷ്ടപരിഹാരം നൽകി വരുന്നു. ഈ ഇടപെടലുകൾ മൃഗസംരക്ഷണ സേവനങ്ങൾ ശക്തിപ്പെടുത്തുന്നതോടൊപ്പം, അപ്രതീക്ഷിത ആഘാതങ്ങ ൾക്കെതിരേ സുരക്ഷാവലയം സൃഷ്ടിച്ച് ഗ്രാമീണ സമ്പദ്വ്യവ സ്ഥയുടെപ്രതിരോധശേഷിവർധിപ്പിക്കുന്നതിൽപ്രധാനപങ്ക് വഹിക്കുന്നു.

180 ലക്ഷം രൂപ വകയിരുത്തി അനുമതി ലഭിച്ച ചെമ്പുംപുറം എലവേറ്റഡ് കമ്മ്യൂണിറ്റി കന്നുകാലി ഷെഡ് 2022 മെയ് 12-ന് ഉദ്ഘാടനം ചെയ്യപ്പെട്ടു. ചമ്പക്കുളം പ്രദേശത്തെ എലവേറ്റഡ് കമ്മ്യൂണിറ്റി കന്നുകാലി ഷെഡ്ഡി ന്റെ നിർമ്മാണത്തിന് 336 ലക്ഷം രൂപ അനുവദിച്ച് പൂർത്തീ കരിച്ചു.

വെള്ളപ്പൊക്കബാധിത പ്രദേശങ്ങളിൽ കന്നുകാ ലി അധിഷ്ഠിത ഉപജീവനമാർഗം ശക്തിപ്പെടുത്തുന്നതി നുള്ള ബഹുമുഖ സമീപത്തിന്റെ ഉദാഹരണമായി ഇത് നിലകൊള്ളുന്നു. ഭൗതിക അടിസ്ഥാനസൗകര്യങ്ങൾ, ശേഷി വികസന സംവിധാനങ്ങൾ, സംഭരണ സബ്സി ഡികൾ, ക്ഷേമ പരിപാടികൾ എന്നിവ സംയോജിപ്പിച്ചു കൊണ്ട്, തങ്ങളുടെ വരുമാന സുരക്ഷയ്ക്കായി സമ്മിശ്ര കാർഷിക സംവിധാനങ്ങളെ ആശ്രയിക്കുന്ന കർഷകർക്ക് പാക്കേജിലൂടെ ബഹു-തല സഹായങ്ങൾ നൽകി.

### മത്സ്യവികസനവും ജലവിഭവ പരിപാലനവും

കുട്ടനാട് പ്രദേശത്തെ സാമൂഹ്യ-സാമ്പത്തിക ഘടനയിൽ മത്സ്യ മേഖല ഒരു പ്രധാന ഘടകമായി നിലനിൽക്കുന്നു. പ്രത്യേകിച്ച് വേമ്പനാട് തടാകം, പമ്പ, അച്ചൻകോവിൽ നദികളുടെ സമീപ സ്ഥലങ്ങളും മറ്റ് കനാൽ പ്രദേശങ്ങ ളും മത്സ്യവകുപ്പ് മത്സ്യോൽപാദനം മെച്ചപ്പെടുത്തുന്ന തിനും, മത്സ്യാവാസ വ്യവസ്ഥ പുനരുദ്ധരിക്കുന്നതിനും, അനുബന്ധ വ്യവസായങ്ങൾ ശക്തിപ്പെടുത്തുന്നതിനും, ചെറുകിട മത്സ്യബന്ധനം നടത്തുന്ന കുടുംബങ്ങളുടെ വരുമാനം വർധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുള്ള പ്രധാന ഇടപെടലുകൾ നടത്തി വരികയാണ്.

മത്സ്യങ്ങൾ ഇറക്കി വയ്ക്കുന്നതിനുള്ള ഇടങ്ങളും അവ കൈകാര്യം ചെയ്യുന്ന കേന്ദ്രങ്ങളും നിർമ്മിക്കുന്നതി നും നവീകരിക്കുന്നതിനുമാണ് ഈ മേഖലയിൽ വലിയ മുൻഗണന നൽകുന്നത്. ഉൾനാടൻ മത്സ്യബന്ധനം മെച്ചപ്പെടുത്താനായി വിവിധ ബ്ലോക്കുകളിൽ മത്സ്യക്കുഞ്ഞു ങ്ങളുടെ ഉത്പാദന കേന്ദ്രങ്ങൾ (ഫിഷ് സീഡ് ഫാമുകൾ) സ്ഥാപിച്ചിട്ടുണ്ട്. കുട്ടനാട്ടിലെ ശുദ്ധജലത്തിലും കായൽ വെള്ളത്തിലും വളരുന്ന മികച്ച ഇനം മത്സ്യക്കുഞ്ഞുങ്ങളെ ഈ ഫാമുകൾ വഴി കർഷകർക്ക് ലഭ്യമാക്കുന്നു. തോടുകളി ലും നദികളിലും കായലുകളിലും കൂടുതൽ മത്സ്യക്കുഞ്ഞു ങ്ങളെ നിക്ഷേപിക്കാൻ കഴിഞ്ഞതോടെ നാട്ടിലെ മൊത്തം മത്സ്യോത്പാദനത്തിൽ വലിയ വർദ്ധനവുണ്ടായി.

വകുപ്പ്, ആധുനിക മത്സ്യബന്ധന വലകൾ, ഫൈബർ ഗ്ലാസ് ബോട്ടുകൾ, മോട്ടോറൈസ്ഡ് എഞ്ചിനുകൾ എന്നി വയുടെ വിതരണം ഉൾപ്പെടുന്ന ഉപജീവന പിന്തുണാ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതികൾ

പ്രത്യേകിച്ച് ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യബന്ധന പ്രവർത്തനങ്ങളുടെ കാര്യക്ഷമതയും സുരക്ഷയും മെച്ചപ്പെടുത്തി. അതുപോലെ, പെൻ കൾച്ചർ, കേജ് കൾച്ചർ, നെൽക്കൃഷിയോട് ജലക്കൃഷിയെ സംയോജിപ്പിക്കുന്ന ഏകീകൃത മത്സ്യക്കൃഷി സംവിധാനങ്ങൾ ഉൾപ്പെടെയുള്ള ശാസ്ത്രീയ ജലക്കൃഷി രീതികൾ സ്വീകരിക്കുന്നതിനായി സബ്സിഡികളും നൽകിയിട്ടുണ്ട്.

മത്സ്യബന്ധന വികസനത്തിന്റെ പ്രധാനപ്പെട്ട ഒരു പാരിസ്ഥിതിക വശം എന്നത് മത്സ്യങ്ങളുടെ പ്രജനന കേന്ദ്രങ്ങൾ വീണ്ടെടുക്കുക എന്നതാണ്. ഇതിന്റെ ഭാഗമായി നദികളിലെ ചെളി നീക്കം ചെയ്യാനും ആഴം കൂട്ടാനും, ജലസസ്യങ്ങളും പോളയും നീക്കം ചെയ്ത് തോടുകളിൽ സുഗമമായ നീരൊഴുക്ക് ഉറപ്പാക്കാനുമുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു; ഇത് മത്സ്യസമ്പത്തിന്റെ സ്വാഭാവിക വളർച്ചയ്ക്ക് ഏറെ സഹായകമാണ്. കൂടാതെ, വംശനാശ ഭീഷണി നേരിടുന്ന പ്രാദേശിക മത്സ്യയിനങ്ങളെക്കുറിച്ച് ശാസ്ത്രീയ സ്ഥാപനങ്ങളുമായി ചേർന്ന് പഠനങ്ങൾ നടത്തുന്ന ഫിഷറീസ് വകുപ്പ്, തിരഞ്ഞെടുത്ത നാടൻ മത്സ്യങ്ങളെ വീണ്ടും ജലാശയങ്ങളിൽ എത്തിക്കുന്നതിനായി പ്രത്യേക പൈലറ്റ് പദ്ധതികൾക്കും തുടക്കം കുറിച്ചിട്ടുണ്ട്.

അതുപോലെതന്നെ, മത്സ്യത്തൊഴിലാളികൾക്കായി നടപ്പിലാക്കിയ സാമൂഹ്യസുരക്ഷാ നടപടികളും പ്രധാനപ്പെട്ടതാണ്. 2018-ലെ പ്രളയത്തെ തുടർന്ന് നഷ്ടങ്ങൾ അനുഭവിച്ച കുടുംബങ്ങൾക്ക് ഇൻഷുറൻസ് പദ്ധതികളും നഷ്ടപരിഹാര പാക്കേജുകളും അനുവദിച്ചുനൽകി. ഭവന നിർമ്മാണ ഗ്രാന്റുകൾ, ഉപജീവന പുനരധിവാസ പദ്ധതികൾ, നൈപുണ്യ നവീകരണ ശില്പശാലകൾ എന്നിവ മത്സ്യബന്ധന കുടുംബങ്ങളുടെ സാമൂഹ്യ-സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിനുള്ള വകുപ്പിന്റെ വിശാല പ്രതിബദ്ധതയുടെ ഭാഗമാണ്.

ഇത്തരം നടപടികൾ കുട്ടനാട് പാക്കേജിലെ മത്സ്യബന്ധന ഘടകം അടിസ്ഥാന സൗകര്യങ്ങളുടെ ആധുനികീകരണം, പരിസ്ഥിതി പുന:സ്ഥാപിക്കൽ, ഉപജീവന സുരക്ഷ, ശാസ്ത്രീയ ഇടപെടൽ എന്നിവയുടെ സമന്വയത്തെ പ്രതിഫലിപ്പിക്കുന്നു.

### മണ്ണുസംരക്ഷണവും പരിസ്ഥിതി മാനേജ്മെന്റും

കുട്ടനാട്ടിൽ, കടൽനിരപ്പിന് താഴെയുള്ള ദുർബലമായ മണ്ണിനെയാണ് കൃഷിയ്ക്കായി വലിയ തോതിൽ ആശ്രയിക്കുന്നത്. അതുകൊണ്ടുതന്നെ, കുട്ടനാട് വികസന തന്ത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഘടകങ്ങളിലൊന്നാണ് മണ്ണുസംരക്ഷണം. ആവർത്തിച്ചുണ്ടാകുന്ന പ്രളയങ്ങൾ, നീണ്ടുനിൽക്കുന്ന വെള്ളക്കെട്ട്, ഉപ്പുവെള്ളത്തിന്റെ കടന്നുകയറ്റം, ഉയർന്ന പ്രദേശങ്ങ ളിൽനിന്നുള്ള ഒഴുക്കുകൾ മൂലം മണ്ണിന്റെ ഘടന മാറുന്നത് എന്നിവ മണ്ണിന്റെ ഉറപ്പിന് സ്ഥിരമായ ഭീഷണികളാണ്. ഈ പ്രശ്നങ്ങൾ നേരിടുന്നതിനായി ഘടനാപരമായും ജൈവപരമായും നിരവധി പദ്ധതികൾ മണ്ണ് സംരക്ഷണ വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

2018-ലെ പ്രളയത്തിന് പിന്നാലെ, കുട്ടനാട്ടിലെ വിവിധ ബ്ലോക്കുകളിലായി മണ്ണ് സംരക്ഷണവുമായി ബന്ധപ്പെട്ട നിരവധി പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയുണ്ടായി. പ്രത്യേകിച്ച് ബണ്ടുകൾ ഒഴുകിപ്പോകൽ, ഉപ്പുവെള്ളം കയറൽ, കരകളുടെ തകർച്ച എന്നിവ മൂലം കൃഷിയിടങ്ങളുടെ ഉൽപാദനക്ഷമതതന്നെ അപകടത്തിലായ പ്രദേശങ്ങളിലാണ് ഈ പ്രവൃത്തികൾ മുൻഗണന നൽകി നടപ്പാക്കിയത്. ബലപ്പെടുത്തൽ ആവശ്യമായ ബണ്ട് ഭാഗങ്ങൾ കണ്ടെത്തുന്നതിനായി എഞ്ചിനീയർമാർ സ്ഥലപരിശോധനകളും സാങ്കേതിക മൂല്യനിർണയങ്ങളും നടത്തി. ജിയോടെക്സ്റ്റൈൽ വിരിപ്പ്, ഗ്രാനൈറ്റ് കല്ല് പാകൽ, ജൈവ എഞ്ചിനീയറിംഗ് രീതികൾ, രാമച്ചം നടീൽ തുടങ്ങിയ രീതികളിലൂടെ ബണ്ടുകൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഈ പ്രവൃത്തികളുടെ ഫലമായി ദുർബലമായ വയൽ അതിരുകൾ കൂടുതൽ ദൃഢമാകുകയും ശക്തമായ മഴയുടെയോ വെള്ളപ്പൊക്കത്തിന്റെയോ സാഹചര്യങ്ങളിൽ ബണ്ട് പൊട്ടിപ്പോകാനുള്ള സാധ്യത ഗണ്യമായി കുറയുകയും ചെയ്തു.

ബണ്ട് സംരക്ഷണ നടപടികൾക്കൊപ്പം, കനാൽ വഴികളുടെ സമീപമുള്ള മണ്ണിടിച്ചിൽ സാധ്യതയുള്ള ഭാഗങ്ങളിൽ ചരിവ് ബലപ്പെടുത്തൽ പ്രവർത്തനങ്ങളും വകുപ്പ് നടപ്പാക്കി. ഡീപ്പ് കമ്പാക്ഷൻ, നിയന്ത്രിത മണ്ണ് നികത്തൽ, മണ്ണിനെ പിടിച്ച് നിർത്തുന്ന സസ്യവർഗങ്ങൾ നട്ടുപിടിപ്പിക്കൽ തുടങ്ങിയ ഇടപെടലുകളാണ് ഇതിനായി സ്വീകരിച്ചത്.

പ്രളയാനന്തര ഘട്ടത്തിൽ മണ്ണിന്റെ സൂക്ഷ്മ ഘടനയിൽ ഉണ്ടായ മാറ്റങ്ങൾ വിലയിരുത്തുന്നതിനായി വകുപ്പ് ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ചു നടത്തിയ പഠനങ്ങളിൽ, പ്രളയത്തെ തുടർന്ന് പല നെൽവയലുകളിലും സോയിൽ ഇൻവേർഷനിലൂടെ (മണ്ണ് കീഴ്മേലാക്കൽ) മുകളിൽ എത്തിച്ചേർന്ന അമ്ല (അസിഡക്) സൾഫേറ്റ് പാളികൾ ഉൾപ്പെടെയുള്ള വിഷാംശമുള്ള അവശിഷ്ടങ്ങൾ കണ്ടെത്തിയതായി വ്യക്തമാക്കപ്പെട്ടു. പ്രശ്നബാധിതമായ പാടശേഖരങ്ങളിൽ മണ്ണിന്റെ ആരോഗ്യനില പുനഃസ്ഥാപിക്കുന്നതിനായി ചുണ്ണാമ്പ് പ്രയോഗം, സൂക്ഷ്മപോഷകങ്ങളുടെ വർധന, മണ്ണ് പുനരുദ്ധാരണ സംസ്കരണ രീതികൾ തുടങ്ങിയ പരിഹാര നടപടികൾ നടപ്പിലാക്കി.

ചതുപ്പുനില ആവാസവ്യവസ്ഥയുടെ തകർച്ച പരിഹരിക്കാനും പരിസ്ഥിതി പരിപാലന പദ്ധതികൾ ലക്ഷ്യമിടുന്നുണ്ട്. കുട്ടനാട്ടിലെ ചില പ്രത്യേക സ്ഥലങ്ങൾ പക്ഷികളുടെ വൈവിധ്യത്തിന് നിർണ്ണായകമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ, അധിനിവേശ കളകളെ നീക്കം ചെയ്യുക, പ്രാദേശിക തണ്ണീർത്തട സസ്യങ്ങളെ പുനരുജ്ജീവിപ്പിക്കുക, പാരിസ്ഥിതിക സന്തുലിതാവസ്ഥ ഉറപ്പാക്കുന്നതിനായി സ്വാഭാവിക നീരൊഴുക്ക് മെച്ചപ്പെടുത്തുക തുടങ്ങിയ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് കുട്ടനാട് പാക്കേജ് പിന്തുണ നൽകിയിട്ടുണ്ട്. മണ്ണിന്റെ ആരോഗ്യം, പാരിസ്ഥിതിക വീണ്ടെടുപ്പ്, സുസ്ഥിര കൃഷി എന്നിവ തമ്മിലുള്ള പരസ്പര ബന്ധത്തെ ഈ നടപടികൾ ദൃഢപ്പെടുത്തുന്നു.

### കുടിവെള്ള വിതരണവും ശുചിത്വ പരിപാലനവും

ഉപ്പുവെള്ളത്തിന്റെ കടന്നുകയറ്റം, ആഴം കുറഞ്ഞ ഭൂഗർഭ ജലനിരപ്പ്, കാലാനുസൃതമായ മാറ്റങ്ങൾ എന്നിവ കാരണം കുട്ടനാട്ടിൽ ആവശ്യത്തിന് കുടിവെള്ളം ലഭ്യമാക്കുക എന്നത് ഒരു ദീർഘകാല വെല്ലുവിളിയാണ്. കുട്ടനാട് സ്പെഷ്യൽ പാക്കേജിന് കീഴിൽ, കേരള വാട്ടർ അതോറിറ്റി കുടിവെള്ള വിതരണം വ്യാപിപ്പിക്കുന്നതിനും, ജലശുദ്ധീക

രണ സംവിധാനങ്ങൾ ആധുനികീകരിക്കുന്നതിനും, കുടിവെള്ളം ലഭിക്കാത്ത പ്രദേശങ്ങളിലേക്ക് പൈപ്പ് ലൈനുകൾ നീട്ടുന്നതിനും ഊന്നൽ നൽകിക്കൊണ്ട് നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

ആലപ്പുഴ നഗരസഭയ്ക്ക് വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയായിരുന്നു ഈ മേഖലയിലെ ആദ്യകാല ഇടപെടലുകളിൽ ഒന്ന്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏകദേശം പൂർത്തിയായിക്കഴിഞ്ഞു. വർദ്ധിച്ചുവരുന്ന നഗര ആവശ്യങ്ങൾ നിറവേറ്റുന്നതിനായി വിവിധ ഡിവിഷനുകളിൽ പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിക്കുകയും ജലശുദ്ധീകരണ ശേഷി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. നെടുമുടി, കൈനകരി, പുളിങ്കുന്ന്, മുട്ടാർ, ചമ്പക്കുളം ഉൾപ്പെടെയുള്ള വിവിധ പഞ്ചായത്തുകളിലേക്ക് വിതരണ ശൃംഖല വ്യാപിപ്പിച്ചത് ഈ പ്രദേശങ്ങളിൽ അനുഭവപ്പെട്ടിരുന്ന കാലാവസ്ഥാ-ജന്യ ജലക്ഷാമം കുറയ്ക്കാൻ സഹായിച്ചിട്ടുണ്ട്.

കൂടാതെ, ഈ മേഖലയിലെ ഏറ്റവും വലിയ കുടിവെള്ള പദ്ധതികളിലൊന്നായ കുട്ടനാട് റീജിയണൽ വാട്ടർ സപ്ലൈ സ്കീം വഴി പൈപ്പ് ലൈനുകൾ നീട്ടുന്നതിനും വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഒന്നിലധികം ഓവർഹെഡ് ടാങ്കുകൾ, പമ്പിംഗ് സ്റ്റേഷനുകൾ, ട്രാൻസ്മിഷൻ മെയിനുകൾ എന്നിവ പൂർത്തിയായിക്കൊണ്ടിരിക്കുന്നതോടൊപ്പം പദ്ധതി അതിന്റെ അവസാന ഘട്ടത്തിലേക്ക് കടന്നിരിക്കുകയാണ്. അസംസ്കൃത ജലം ശേഖരിക്കുന്ന സംവിധാനങ്ങളിൽ വരുത്തിയ മാറ്റങ്ങൾ പ്രളയകാലത്തും ഈ പദ്ധതി കാര്യക്ഷമമായി പ്രവർത്തിക്കാൻ സഹായിക്കുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി കേരള വാട്ടർ അതോറിറ്റിയുടെ സാങ്കേതിക സഹായത്തോടെ ചെറുകിട കുടിവെള്ള പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. കേന്ദ്രീകൃത വിതരണ ശൃംഖലകൾക്ക് അടിസ്ഥാന സൗകര്യപരമായ തടസ്സങ്ങളുള്ള പ്രദേശങ്ങളിൽ പഞ്ചായത്ത് തലത്തിലുള്ള ആർ.ഒ ജലശുദ്ധീകരണ യൂണിറ്റുകൾ, വാട്ടർ കിയോസ്കുകൾ, വികേന്ദ്രീകൃത ജലശുദ്ധീകരണ സംവിധാനങ്ങൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്.

പൊതുജനാരോഗ്യ എഞ്ചിനീയറിംഗ് വിഭാഗം, ഇതിന് സമാന്തരമായി മാലിന്യ സംസ്കരണവും മലിനജല സംവിധാനങ്ങളും മെച്ചപ്പെടുത്തുന്നതിനായുള്ള ശുചിത്വ പ്രവർത്തനങ്ങളും ഏറ്റെടുത്തിട്ടുണ്ട്. ജനസാന്ദ്രതയേറിയ ജനവാസ കേന്ദ്രങ്ങളിൽ സെപ്റ്റേജ് മാനേജ്മെന്റ് (സെപ്റ്റിക് ടാങ്ക് മാലിന്യ സംസ്കരണം) സൗകര്യങ്ങൾ, തോടുകൾ വൃത്തിയാക്കുന്നതിനുള്ള യന്ത്രവൽകൃത സംവിധാനങ്ങൾ, പൊതു ശൗചാലയ സമുച്ചയങ്ങൾ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. കാലവർഷക്കാലത്തെ വെള്ളക്കെട്ട് ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമായേക്കാവുന്ന പ്രദേശങ്ങളിൽ, ജലമലിനീകരണ സാധ്യതകൾ കുറയ്ക്കാൻ ഇത്തരം ഇടപെടലുകൾ സഹായിക്കുന്നു.

മൊത്തത്തിൽ പറഞ്ഞാൽ, കുട്ടനാട് പാക്കേജിന് കീഴിൽ കുടിവെള്ള വിതരണ, ശുചിത്വ മേഖലകളിൽ ശ്രദ്ധേയമായ പുരോഗതി ഉണ്ടായിട്ടുണ്ട്. കേന്ദ്രീകൃതവും വികേന്ദ്രീകൃതവുമായ ജലവിതരണ രീതികൾ, അടിസ്ഥാന സൗകര്യങ്ങളുടെ ആധുനികീകരണം, മെച്ചപ്പെട്ട സേവനലഭ്യത എന്നിവ ഒത്തുചേർന്നപ്പോൾ, വിശ്വസനീയവും കാലാവസ്ഥാ വ്യതിയാനങ്ങളെ പ്രതിരോധിക്കാൻ ശേഷിയുള്ളതുമായ കുടിവെള്ള സൗകര്യം ഈ മേഖലയിൽ ഉറപ്പാക്കാൻ സാധിച്ചു.

**പൊതുമരാമത്തും ഗതാഗത അടിസ്ഥാന സൗകര്യങ്ങളും**

വെള്ളക്കെട്ടുള്ള ഭൂപ്രകൃതിയും, ഇടയ്ക്കിടെയുണ്ടാകുന്ന വെള്ളപ്പൊക്കവും യാത്രകളെ സാരമായി ബാധിക്കുന്നതിനാൽ, ഗതാഗത-റോഡ് അടിസ്ഥാന സൗകര്യ വികസനം കുട്ടനാട് പാക്കേജിലെ മറ്റൊരു പ്രധാന ഘടകമാണ്. യാത്രാസൗകര്യം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ റോഡുകൾ ഉയർത്തുക, കലുങ്കുകൾ നിർമ്മിക്കുക, പാലങ്ങൾ പുനരുദ്ധരിക്കുക, തോടുകളുടെ വശങ്ങൾ സംരക്ഷിക്കുക തുടങ്ങിയ വിപുലമായ പദ്ധതികൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്.

നെടുമുടി, കാവാലം, കുമരകം, പുളിങ്കുന്ന്, കൈനകരി, രാമങ്കരി, തലവടി തുടങ്ങിയ കുട്ടനാടിന്റെ ഉൾനാടൻ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന പ്രധാന റോഡുകളിൽ നവീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ചരിത്രപരമായി കാലവർഷക്കാലത്ത് വെള്ളത്തിനടിയിലാകാൻ സാധ്യതയുള്ള ഇത്തരം പല ഭാഗങ്ങളും ജിയോടെക്സ്റ്റൈലുകളും കോൺക്രീറ്റ് ബലപ്പെടുത്തൽ ഘടനകൾ ഉപയോഗിച്ച് ഉയർത്തുകയും ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ, വർദ്ധിച്ചുവരുന്ന വാഹന ഗതാഗതം സുഗമമാക്കുന്നതിനായി പല റോഡുകളും വീതികൂട്ടുകയും ചെയ്തിട്ടുണ്ട്.

ദ്വീപുകളെയും പ്രധാന കരപ്രദേശങ്ങളെയും തമ്മിൽ ബന്ധിപ്പിക്കുന്നതിനായി പുതിയ പാലങ്ങളുടെ നിർമ്മാണവും പഴയവയുടെ പുനരുദ്ധാരണവും വഴി ഗതാഗത ബന്ധസൗകര്യം മെച്ചപ്പെട്ടിട്ടുണ്ട്. നെടുമുടി-കൈനകരി, കാവാലം-പുളിങ്കുന്ന് തുടങ്ങിയ പ്രദേശങ്ങളിലെ പാലം പദ്ധതികൾ പൂർത്തീകരണത്തിന്റെ അവസാന ഘട്ടത്തിലാണ്. ഒട്ടനവധി സ്ഥലങ്ങളിൽ കലുങ്കുകൾ പുനർനിർമ്മിച്ചതിലൂടെ വെള്ളപ്പൊക്ക സമയത്ത് തടസ്സമില്ലാത്ത റോഡ് ഗതാഗതം ഉറപ്പാക്കുന്നതിനൊപ്പം സുഗമമായ നീരൊഴുക്കിനും സൗകര്യമൊരുങ്ങി.

പാടശേഖരങ്ങളിലൂടെ കടന്നുപോകുന്ന ഉൾനാടൻ റോഡുകളും ബണ്ട് റോഡുകളും ബലപ്പെടുത്തിയിട്ടുണ്ട്. ഇത് വെള്ളപ്പൊക്കം രൂക്ഷമാകുന്ന സമയത്തും കാർഷിക യന്ത്രങ്ങൾക്കും അടിയന്തര സേവന വാഹനങ്ങൾക്കും സുഗമമായി സഞ്ചരിക്കാൻ സാധിക്കുമെന്ന് ഉറപ്പുവരുത്തുന്നു. കൂടാതെ, പഞ്ചായത്തുകളുടെ കീഴിലുള്ള ഗ്രാമീണ റോഡുകൾ റീ-ടാർ ചെയ്യുന്നതിനും വശങ്ങൾ സംരക്ഷിക്കുന്നതിനുമായി പ്രത്യേക ഗ്രാന്റുകൾ നൽകിയിട്ടുണ്ട്.

കൂടാതെ, റോഡ് നിർമ്മാണം സ്വാഭാവിക നീരൊഴുക്കിന് തടസ്സമാകുന്നില്ലെന്ന് ഉറപ്പാക്കാൻ പൊതുമരാമത്ത് വകുപ്പ് ജലവിഭവ വകുപ്പുമായി ഏകോപിച്ച് പ്രവർത്തിച്ചിട്ടുണ്ട്. സംയോജിത ആസൂത്രണത്തിന്റെ ഫലമായി, ആവശ്യത്തിന് ഡ്രെയിനേജ് ചാനലുകൾ, കലുങ്കുകൾ, ചരിവ് സംരക്ഷണ സംവിധാനങ്ങൾ എന്നിവ ഉൾപ്പെടുത്തിയാണ് റോഡുകൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്.

ഈ നടപടികളിലൂടെ, കുട്ടനാട് പാക്കേജിന് കീഴിലുള്ള ഗതാഗത മേഖലയിലെ ഇടപെടലുകൾ പ്രാദേശിക യാത്രാസൗകര്യങ്ങൾ ഗണ്യമായി വർദ്ധിപ്പിക്കുകയും,

വെള്ളപ്പൊക്ക സമയത്തെ ഒറ്റപ്പെടൽ കുറയ്ക്കുകയും, കാർഷിക ഉൽപ്പന്നങ്ങളുടെ നീക്കത്തിനും വിപണന ത്തിനും വലിയ പിന്തുണ നൽകുകയും ചെയ്യുന്നു.

പൊതുമരാമത്ത് വകുപ്പ്, ആലപ്പുഴ-ചങ്ങനാശ്ശേരി റോഡ് വികസനം ഒരു അർദ്ധ-എലിവേറ്റഡ് ഹൈവേ പദ്ധതിയായാണ് നടപ്പിലാക്കുന്നത്. വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന യാത്രാസൗകര്യം ഉറപ്പാക്കാനും ഈ മേഖലയി ലെ വെള്ളപ്പൊക്കം മൂലമുള്ള തടസ്സങ്ങൾ കുറയ്ക്കാനുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. 2025 ഡിസംബറിലെ കണക്ക നുസരിച്ച് ഏകദേശം 95 ശതമാനം ജോലികളും പൂർത്തി യായിക്കഴിഞ്ഞു.

### വ്യവസായവും സഹകരണവും

കുട്ടനാട് പാക്കേജിലെ വ്യാവസായിക മേഖല പ്രധാന മായും ശ്രദ്ധ കേന്ദ്രീകരിക്കുന്നത് ചെറുകിട ഇടത്തരം സംരംഭങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും, സഹകരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനും, ഗ്രാമീണ ജന തയ്ക്ക് തൊഴിലവസരങ്ങൾ നൽകുന്ന പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുമാണ്. വ്യവസായ വകുപ്പ് പുതിയ എം.എസ്.എം.ഇ-കൾ ആരംഭിക്കാൻ സൗകര്യമൊ രുക്കുകയും നിലവിലുള്ള സംരംഭങ്ങളെ ആധുനികീകരി ക്കുന്നതിന് പിന്തുണ നൽകുകയും ചെയ്തിട്ടുണ്ട്. കാർഷിക സംസ്കരണം, കയർ, കരകൗശലവസ്തുക്കൾ, ഭക്ഷ്യോല്പാ ദനം എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന വ്യാവസായിക യൂണിറ്റുകൾക്ക് സബ്സിഡികൾ, വായ്പാ സഹായം, സാങ്കേതിക നവീകരണം എന്നിവയും ലഭ്യമാക്കിയിട്ടുണ്ട്.

ചെങ്ങന്നൂരിൽ കേരള റൈസ് ലിമിറ്റഡ് എന്ന പൊതു മേഖലാ കമ്പനിക്ക് കീഴിൽ സംയോജിത റൈസ് പാർക്ക് സ്ഥാപിച്ചത് ഇതിലെ ഒരു സുപ്രധാന ചുവടുവെപ്പാണ്. ഇതിനായി, കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള പ്രഭുറാം മിൽസിന്റെ 5.2 ഏക്കർ ഭൂമി കിൻഫ്ര രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഏകദേശം 66 കോടി രൂപയാണ് ഈ പദ്ധതിയുടെ ചെലവ് പ്രതീക്ഷിക്കുന്നത്. സ്ഥലമേറ്റെടുപ്പ് പൂർത്തിയായിക്കഴിഞ്ഞു. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ യും കാന്റീന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നുവരികയാണ്.

പ്രാഥമിക കാർഷിക സൊസൈറ്റികൾ, ക്രെഡിറ്റ് (വായ്പാ) സൊസൈറ്റികൾ, വനിതാ സഹകരണ സംഘങ്ങൾ എന്നിവയുൾപ്പെടെയുള്ള സഹകരണ സ്ഥാപനങ്ങൾ, പ്രളയബാധിത പ്രദേശങ്ങളിലെ ഉപജീവ നമാർഗങ്ങളെ സഹായിക്കുന്നതിനായി വിവിധ പദ്ധതി കൾ നടപ്പിലാക്കിയിട്ടുണ്ട്. കാർഷിക ഉൽപ്പന്നങ്ങൾ ശേ ഖരിക്കുന്നതിനുള്ള സംഭരണ കേന്ദ്രങ്ങൾ, മൂല്യവർദ്ധിത യൂണിറ്റുകൾ, സഹകരണാടിസ്ഥാനത്തിൽ പ്രവർത്തി ക്കുന്ന സേവന കേന്ദ്രങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടു ന്നു. പ്രളയത്തിൽ ആസ്തികൾക്ക് നാശനഷ്ടം സംഭവിച്ച സൊസൈറ്റികൾക്കായി പ്രത്യേക സാമ്പത്തിക സഹായങ്ങ ളും അനുവദിച്ചിട്ടുണ്ട്.

ഈ ഇടപെടലുകളിലൂടെ, വരുമാന സ്രോതസ്സുകൾ വൈവിധ്യവൽക്കരിക്കുന്നതിനും കൃഷിയിലെ അനിശ്ചിത ത്വങ്ങൾക്കെതിരെ അതിജീവനശേഷി കെട്ടിപ്പടുക്കുന്നതി നും വ്യവസായ-സഹകരണ മേഖലകൾ സംഭാവന നൽകു ന്നുണ്ട്.

### വൈദ്യുതി വിതരണം

കുട്ടനാട് മേഖലയിലെ വൈദ്യുത അടിസ്ഥാന സൗകര്യ ങ്ങൾ ശക്തിപ്പെടുത്തുന്നതിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസി റ്റി ബോർഡ് നിരവധി പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടു ണ്ട്. മോശം കാലാവസ്ഥയിലും തടസ്സമില്ലാത്ത വൈദ്യുതി വിതരണം ഉറപ്പാക്കുന്നതിനായി നിരവധി പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും, വിതരണ ശൃംഖലകൾ പുനഃക്രമീകരിക്കുകയും, സബ്-സ്റ്റേഷനുകൾ നവീകരിക്കുകയും ചെയ്തിട്ടുണ്ട്.

കുട്ടനാട്ടിൽത്തന്നെ ഒരു ഇലക്ട്രിസിറ്റി സബ്-സ്റ്റേ ഷൻ സ്ഥാപിക്കണമെന്നത് അവിടുത്തെ ജനങ്ങളുടെ ദീർഘകാലമായുള്ള ആവശ്യമാണ്. കിടങ്ങറ, കാവാലം, കുട്ടനാട് എന്നിവിടങ്ങളിലെ സബ്-സ്റ്റേഷൻ പ്രവർത്തന ങ്ങൾ പുരോഗമിച്ചുവരികയാണ്. കിടങ്ങറയിൽ ഇതിനാവ ശ്യമായ 32 സെന്റ് സ്ഥലം 2023 ജനുവരിയിൽ ഏറ്റെടുത്തു. 2023 ജൂണിൽ ആരംഭിച്ച സബ്-സ്റ്റേഷൻ നിർമ്മാണം 70 ശതമാനം പൂർത്തിയായിക്കഴിഞ്ഞു; ഇത് 2025-26 കാലയ ളവിൽ പൂർണ്ണമായും സജ്ജമാകുമെന്ന് പ്രതീക്ഷിക്കുന്നു. കാവാലം, കുട്ടനാട് എന്നിവിടങ്ങളിലെ സബ്-സ്റ്റേഷനുകൾ രണ്ട് വർഷത്തിനുള്ളിൽ പൂർത്തിയാക്കി കമ്മീഷൻ ചെയ്യാ നാകുമെന്ന് കരുതുന്നു. കാവാലം സബ്-സ്റ്റേഷനുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായി ട്ടില്ല. എന്നാൽ, സബ്സ്റ്റേഷൻ നിർമ്മാണത്തിന്റെ പ്രാരംഭ ഘട്ടങ്ങളായ എസ്റ്റിമേറ്റ് തയ്യാറാക്കൽ, ലേഔട്ട് തുടങ്ങി യവ പൂർത്തിയായിട്ടുണ്ട്. ഇതിന്റെ നിർമ്മാണ പ്രവർത്തന ങ്ങൾ 56 ശതമാനം പൂർത്തിയായി. കുട്ടനാട്ടിലെ സബ്സ്റ്റേ ഷൻ 110 കെ.വി ആയി ഉയർത്തുന്നതിനുള്ള ജോലികൾ 50 ശതമാനം പൂർത്തിയായിട്ടുണ്ട്. ഇത് 2026-ഓടെ പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

വൈദ്യുത ശൃംഖലകൾക്കുണ്ടാകുന്ന പ്രളയക്കെടുതി കൾ പരിഹരിക്കുന്നതിനായി ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുക, താഴ്ന്ന പ്രദേശങ്ങളിലെ ട്രാൻസ്ഫോർമറു കൾ ഉയർത്തി സ്ഥാപിക്കുക, ഡിസ്ട്രിബ്യൂഷൻ ബോക്സുകൾ ഉയർത്തുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. അപകടസാധ്യതയുള്ള മേഖലകളിലൂടെ കടന്നുപോകുന്ന ഹൈ-ടെൻഷൻ, ലോ-ടെൻഷൻ ലൈനുകൾ ഇൻസുലേറ്റ് ചെയ്യുകയോ, അല്ലെങ്കിൽ ആവശ്യമായ ഇടങ്ങളിൽ മാറ്റി സ്ഥാപിക്കുകയോ ചെയ്തിട്ടുണ്ട്.

കൃഷിയിടങ്ങളിൽ, പ്രത്യേകിച്ച് നെൽകൃഷി സമയ ത്ത് പമ്പുകൾ പ്രവർത്തിപ്പിക്കുന്നതിന് തടസ്സമില്ലാത്ത വൈദ്യുതി വിതരണം അത്യാവശ്യമായതിനാൽ, കാർഷിക പ്രവർത്തന ങ്ങൾക്കനുസരിച്ച് വൈദ്യുതി വിതരണസമ യം ക്രമീകരിക്കുന്നതിനായി കെ.എസ്.ഇ.ബി വകുപ്പുതല ഏകോപന യോഗങ്ങളിൽ പങ്കെടുത്തിട്ടുണ്ട്.

### സാമൂഹിക നീതിയും ക്ഷേമവും

കുട്ടനാട്ടിലുടനീളമുള്ള സാമൂഹികമായി പാർശ്വവൽ ക്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് - പ്രത്യേകിച്ച് പട്ടികജാതി കുടുംബങ്ങൾ, മത്സ്യത്തൊഴിലാളികൾ, വിധവകൾ, ഭിന്നശേഷിക്കാർ എന്നിവർക്ക് - വിവിധ ക്ഷേമ വകുപ്പുകൾ

ക്കുകീഴിൽ പ്രത്യേക സഹായങ്ങൾ നൽകിയിട്ടുണ്ട്. വീട് പുനർനിർമ്മാണത്തിനുള്ള സഹായം, സാമൂഹിക സുരക്ഷാ പെൻഷനുകൾ, ഭിന്നശേഷി ഗ്രാന്റുകൾ, ഉപജീവന പുനരധിവാസ പാക്കേജുകൾ എന്നിവ വ്യാപകമായി നടപ്പിലാക്കിയിട്ടുണ്ട്.

സാമൂഹിക നീതി വകുപ്പ്, തലവടി, വെളിയനാട്, നീലംപേരൂർ, രാമങ്കരി, ചെറുതന എന്നിവിടങ്ങളിലെ പട്ടികജാതി/പട്ടികവർഗ്ഗ വാസപ്രദേശങ്ങളിൽ കമ്മ്യൂണിറ്റി ഹാളുകൾ, ശുചിത്വ യൂണിറ്റുകൾ, പൊതുജല വിതരണ കേന്ദ്രങ്ങൾ, സ്മാർട്ട് അങ്കണവാടികൾ എന്നിവയുടെ നിർമ്മാണം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. പ്രളയാനന്തര പുനരധിവാസ ഗ്രാന്റുകൾ അർഹരായ കുടുംബങ്ങൾക്ക് വിതരണം ചെയ്യുകയും, സ്ത്രീകൾക്കും യുവാക്കൾക്കുമായി തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഈ ക്ഷേമ നടപടികൾ കുട്ടനാട് പാക്കേജിന്റെ നീതിപൂർവ്വകമായ കാഴ്ചപ്പാടിനെ വ്യക്തമാക്കുന്നു. ദുരന്താനന്തര അതിജീവന പ്രക്രിയയിൽ എല്ലാവരെയും ഉൾപ്പെടുത്തണമെന്ന സംസ്ഥാന സർക്കാരിന്റെ പ്രതിബദ്ധതയാണ് ഇതിലൂടെ പ്രതിഫലിക്കുന്നത്.

**ആരോഗ്യ അടിസ്ഥാന സൗകര്യങ്ങളും പൊതുജനാരോഗ്യ സംവിധാനങ്ങളും**

കുട്ടനാട് മേഖലയിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ എന്നിവിടങ്ങളിൽ ആരോഗ്യ വകുപ്പ് നവീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. കെട്ടിടങ്ങളുടെ പുനരുദ്ധാരണം, മെറ്റേണിറ്റി വാർഡുകളുടെ നവീകരണം, രോഗനിർണ്ണയ ഉപകരണങ്ങൾ സ്ഥാപിക്കൽ, ഒ പി-ഐ പി സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ എന്നിവ ഇതിൽ ഉൾപ്പെടുന്നു. 144.1 കോടി രൂപ ചെലവിൽ പുളിങ്കുന്ന് താലൂക്ക് ആശുപത്രി വികസന പദ്ധതിക്ക് കിഫ്ബി വഴി അനുമതി നൽകിയിട്ടുണ്ട്.

കൈനകരി, നെടുമുടി, പുളിങ്കുന്ന് തുടങ്ങിയ സ്ഥലങ്ങളിലേതുൾപ്പെടെ വെള്ളപ്പൊക്ക ഭീഷണിയുള്ള നിരവധി ആരോഗ്യ കേന്ദ്രങ്ങൾ, കാലവർഷക്കാലത്തും തടസ്സമില്ലാതെ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കാൻ കെട്ടിടങ്ങൾ ബലപ്പെടുത്തിയിട്ടുണ്ട്. ഉൾനാടൻ പ്രദേശങ്ങളിൽ വസിക്കുന്ന മുതിർന്ന പൗരന്മാർക്കും മാറാരോഗമുള്ളവർക്കും മെച്ചപ്പെട്ട ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിനായി മൊബൈൽ മെഡിക്കൽ യൂണിറ്റുകളും ഏർപ്പെടുത്തിയിട്ടുണ്ട്.

കൊതുകു-ജന്യ രോഗങ്ങൾ പടരാൻ സാധ്യതയുള്ള വെള്ളക്കെട്ട് നിലനിൽക്കുന്ന പ്രദേശങ്ങളിൽ കൊതുക് നശീകരണ പ്രവർത്തനങ്ങൾ ഊർജിതമാക്കിയിട്ടുണ്ട്. സ്കൂളുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സാമൂഹിക സംഘടനകൾ എന്നിവയുമായി സഹകരിച്ച് പൊതുജനാരോഗ്യ ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്.

**വിദ്യാഭ്യാസം**

കുട്ടനാട്ടിലെ വിദ്യാഭ്യാസ പദ്ധതികൾ, പ്രളയത്തിൽ തകർന്ന സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ മുതൽ നിലവിലുള്ള സ്ഥാപനങ്ങളെ ആധുനിക സൗകര്യങ്ങളോടെ നവീകരിക്കുന്നതു വരെ നീളുന്നു. വെള്ളക്കെട്ട് രൂക്ഷമായി ബാധിച്ച സ്കൂൾ കാമ്പസുകൾക്ക് പുനർനിർമ്മാണത്തിനായി വലിയ തോതിൽ ഫണ്ട് അനുവദിച്ചിട്ടുണ്ട്. ക്ലാസ് മുറികളുടെ തറ ഉയർത്തുക, ചുറ്റുമതിലുകളിലൂടെ അറ്റകുറ്റപ്പണി നടത്തുക, ലബോറട്ടറികൾ പുനർനിർമ്മിക്കുക, ശുചിമുറി ബ്ലോക്കുകൾ നവീകരിക്കുക, കുടിവെള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്നിവ ഈ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.

കൈനകരി, നെടുമുടി, ചമ്പക്കുളം, രാമങ്കരി എന്നിവിടങ്ങളിലെ ഹയർ സെക്കൻഡറി സ്കൂളുകൾക്ക് പുതിയ ക്ലാസ് മുറികൾ നിർമ്മിക്കുന്നതിനും സയൻസ് ലബോറട്ടറികൾ മെച്ചപ്പെടുത്തുന്നതിനും പദ്ധതികൾ ഗുണകരമായിട്ടുണ്ട്. ചരിത്രപരമായി കാലവർഷക്കാലത്ത് വെള്ളപ്പൊക്ക ഭീഷണിയുള്ള ഈ വിദ്യാലയങ്ങളിൽ പലതിലും ലബോറട്ടറികൾക്കും ഓഫീസ് മുറികൾക്കുമായി ഉയർത്തിയ പ്ലാറ്റ്ഫോമുകൾ ഒരുക്കിയിട്ടുണ്ട്. വെള്ളത്താൽ ചുറ്റപ്പെട്ട ഉൾനാടൻ ഗ്രാമങ്ങളിലെ ഗവൺമെന്റ് അപ്പർ പ്രൈമറി സ്കൂളുകൾക്ക് കളിസ്ഥലങ്ങൾ മെച്ചപ്പെടുത്തുന്നതിനും, ചുറ്റുമതിൽ സംരക്ഷണത്തിനും, വൈദ്യുതീകരണത്തിനുമായി ഫണ്ട് അനുവദിച്ചിട്ടുണ്ട്.

കുട്ടനാട്ടിലെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവയുടെ ഉപകരണങ്ങൾ ആധുനികീകരിക്കുന്നതിനും ലബോറട്ടറികൾ നവീകരിക്കുന്നതിനുമുള്ള സഹായം ലഭ്യമാക്കുകയും പ്രാദേശിക ആവശ്യങ്ങൾക്കനുസൃതമായി തൊഴിൽ നൈപുണ്യ വികസന പരിപാടികൾ ഏറ്റെടുക്കുന്നതിന് സഹായിക്കുകയും ചെയ്തു. കൂടാതെ, ഉൾനാടൻ ദ്വീപുകളിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്കായി ഹോസ്റ്റൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ട്. ഇത് കാലവർഷക്കാലത്തും അവർക്ക് സുരക്ഷിതവും എളുപ്പത്തിൽ ലഭ്യമാകുന്നതുമായ താമസസൗകര്യം ഉറപ്പാക്കുന്നു.

**റവന്യൂ, ഭൂമി മാനേജ്മെന്റ്, ദുരന്ത നിവാരണം**

2018-ലെ പ്രളയത്തെയും തുടർന്നുണ്ടായ പ്രകൃതിക്ഷോഭങ്ങളെയും അതിജീവിക്കുന്നതിനായുള്ള ദുരന്തനിവാരണ, പുനരധിവാസ പ്രവർത്തനങ്ങളിൽ റവന്യൂ വകുപ്പ് നിർണായക പങ്കുവഹിച്ചു. പ്രളയത്തിൽ ആയിരക്കണക്കിന് കുടുംബങ്ങളുടെ ഭൂമി സംബന്ധമായ രേഖകൾ നശിക്കുകയോ നഷ്ടപ്പെടുകയോ ചെയ്തു. ഇത് ഭൂരേഖകൾ പുനർനിർമ്മിക്കുന്നതിനും, ഡിജിറ്റൈസ് ചെയ്യുന്നതിനും, അവ സുരക്ഷിതമാക്കുന്നതിനുമുള്ള വിപുലമായ പ്രവർത്തനങ്ങൾക്ക് വഴിതെളിച്ചു. ഇതിന്റെ ഫലമായി, പ്രത്യേക പാക്കേജുകൾക്ക് കീഴിൽ ഭൂമി റീസർവേ നടപടികളും ഡിജിറ്റൽ രേഖാ നിർമ്മാണവും വേഗത്തിലാക്കുകയും, ബാധിക്കപ്പെട്ട കുടുംബങ്ങൾക്ക് അവരുടെ വസ്തുവകകളുടെമേലുള്ള നിയമപരമായ അവകാശം വീണ്ടെടുക്കുന്നത് ഉറപ്പാക്കുകയും ചെയ്തു.

നഷ്ടപരിഹാര വിതരണമായിരുന്നു റവന്യൂ വകുപ്പിന്റെ മറ്റൊരു പ്രധാന ഉത്തരവാദിത്തം. വീടുകളുടെ അറ്റകുറ്റപ്പണികൾക്കും, കാർഷിക ഉപകരണങ്ങളുടെ നാശനഷ്ടങ്ങൾക്കും, സംഭരിച്ചുവെച്ച വിളകൾക്കുണ്ടായ കേടുപാടുകൾക്കും പ്രളയബാധിതരായ കുടുംബങ്ങൾക്ക്

സാമ്പത്തികസഹായം ലഭ്യമാക്കി ക്ലെയിമുകൾ പരിശോധിക്കുന്നതിനും, സ്ഥലപരിശോധന നടത്തുന്നതിനും, കൃത്യസമയത്ത് പേയ്മെന്റുകൾ നൽകുന്നതിനുമായി ഭരണസംവിധാനം സജീവമായി പ്രവർത്തിച്ചു. വിളകൾ, കന്നുകാലികൾ, കാർഷിക ഉപകരണങ്ങൾ എന്നിവയിൽ നാശനഷ്ടങ്ങൾ സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ കൃഷി, മൃഗസംരക്ഷണ വകുപ്പുകളുമായി ചേർന്ന് റവന്യൂ വകുപ്പ് പ്രവർത്തിക്കുകയും ചെയ്തു.

ദുരന്ത നിവാരണത്തിന്റെ ഭാഗമായി, അതീവ ജാഗ്രത ആവശ്യമുള്ള പ്രദേശങ്ങളിൽ ബഹുവിധ ഉപയോഗത്തിനുള്ള ചുഴലിക്കാറ്റ്-പ്രളയ ഷെൽട്ടറുകൾ നിർമ്മിക്കുന്നതിന് റവന്യൂ വകുപ്പ് സൗകര്യമൊരുക്കി. പ്രാദേശിക സന്നദ്ധപ്രവർത്തകരെയും തദ്ദേശ സ്വയംഭരണ പ്രതിനിധികളെയും ഉൾപ്പെടുത്തി ദുരന്ത നിവാരണത്തിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നത് സമൂഹത്തിന്റെ അതിജീവന ശേഷി വർദ്ധിപ്പിക്കാൻ സഹായിച്ചു. കൂടാതെ, പ്രളയ പ്രവചനം, മുൻകൂർ മുന്നറിയിപ്പ് സംവിധാനങ്ങൾ, ഒഴിപ്പിക്കൽ പാതകൾ എന്നിവ മെച്ചപ്പെടുത്തുന്നതിനായി വകുപ്പ് ജലവിഭവ വകുപ്പുമായി സഹകരിച്ച് പ്രവർത്തിക്കുകയും ചെയ്തു. പ്രധാന ജലപാതകളിലെ കൈയേറ്റങ്ങൾ ഒഴിപ്പിച്ചത് ഭൂമി പരിപാലന രംഗത്തെ മറ്റൊരു പ്രധാന നേട്ടമായിരുന്നു. വില്ലേജ് ഓഫീസുകളുമായും ജലവിഭവ വകുപ്പുമായും ആലോചിച്ച്, നീരൊഴുക്ക് സുഗമമാക്കുന്നതിനായി കനാലുകളുടെ വശങ്ങളിലെ നിരവധി കയ്യേറ്റങ്ങൾ നീക്കം ചെയ്തു. വെള്ളപ്പൊക്ക സാധ്യതയുള്ള ഒരു പ്രദേശത്ത് ഭൂഭരണത്തിന്റേയും ജലശാസ്ത്ര മാനേജ്മെന്റിന്റേയും പരസ്പരാശ്രിതത്വത്തിന് ഈ ഏകോപിത പ്രവർത്തനങ്ങൾ അടിവരയിടുന്നു.

**തദ്ദേശ സ്വയംഭരണവും വികേന്ദ്രീകൃത ആസൂത്രണവും**

കുട്ടനാട്ടിലെ ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളും നഗരസഭകളും പ്ലാൻ ഫണ്ടുകളും കുട്ടനാട് പാക്കേജ് വിഹിതവും ഉപയോഗിച്ച് വികേന്ദ്രീകൃത പദ്ധതികൾ നടപ്പിലാക്കുന്നതിൽ മുഖ്യ പങ്ക് വഹിച്ചുവരുന്നു. റോഡ് വികസനം, ശുചിത്വം, കുടിവെള്ളം, പമ്പിംഗ്, തോട് ശുചീകരണം, ബണ്ട് ബലപ്പെടുത്തൽ, സാമൂഹിക അടിസ്ഥാന സൗകര്യങ്ങൾ എന്നിവ പ്രധാന പ്രവർത്തന മേഖലകളാണ്.

ബ്ലോക്ക് പഞ്ചായത്തുകൾ ഒന്നിലധികം പാടശേഖരങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ബഹുതല പദ്ധതികൾ ഏകോപിപ്പിച്ച് പ്രവർത്തിക്കുന്നു. ഗ്രാമപഞ്ചായത്തുകൾ ഷട്ടറുകളുടെ അറ്റകുറ്റപ്പണികൾ, തോടുകളിലെ പോള നീക്കംചെയ്യൽ, ബണ്ട് സംരക്ഷണം, പ്രാദേശിക കുടിവെള്ള വിതരണം എന്നിവയാണ് നടപ്പിലാക്കുന്നത്. നഗരസഭകൾ നഗര ശുചിത്വം, ഖരമാലിന്യ സംസ്കരണം, മലിനജല നിർമ്മാർജ്ജനം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

**ഭരണപരമായ ഏകോപനവും ഭരണനിർവ്വഹണ സംവിധാനവും**

പതിനഞ്ചിലധികം പ്രധാന വകുപ്പുകൾ, വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പ്രത്യേക ശാസ്ത്ര സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടുന്നതും, കേരളത്തിൽ നടപ്പിലാക്കിയിട്ടുള്ളതിൽ വെച്ച് ഏറ്റവും സങ്കീർണ്ണവുമായ അന്തർ-വകുപ്പ് വികസന പ്രവർത്തനങ്ങൾ ഉൾപ്പെടുന്നതുമായ ഒന്നാണ് കുട്ടനാട് പാക്കേജ്. ഓരോ വകുപ്പിന്റെയും പ്രവർത്തനങ്ങൾ പാരിസ്ഥിതിക യാഥാർത്ഥ്യങ്ങളുമായും ദീർഘകാല വികസന ലക്ഷ്യങ്ങളുമായും പൊരുത്തപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് സംസ്ഥാന ആസൂത്രണ ബോർഡ് കേന്ദ്ര ഏകോപന അതോറിറ്റിയായി പ്രവർത്തിക്കുന്നു.

ജലവിഭവ വകുപ്പ്, കൃഷി, റവന്യൂ, മൃഗസംരക്ഷണം, പൊതുമരാമത്ത്, കേരള വാട്ടർ അതോറിറ്റി, ഫിഷറീസ് വകുപ്പ് പ്രതിനിധികളും തദ്ദേശ സ്വയംഭരണ പ്രതിനിധികളും തമ്മിൽ കൃത്യമായ ഇടവേളകളിൽ ഏകോപന യോഗങ്ങൾ ചേരാറുണ്ട്. ഭരണപരമായ തടസ്സങ്ങൾ നീക്കുന്നതിനും പ്രവർത്തന ഷെഡ്യൂളുകൾ ക്രമീകരിക്കുന്നതിനും അടിസ്ഥാനസൗകര്യ പദ്ധതികൾ ഏകോപിപ്പിക്കുന്നതിനും ഈ യോഗങ്ങൾ സഹായിക്കുന്നു. പലപ്പോഴും ഒന്നിലധികം വകുപ്പുകൾ ചേർന്നുള്ള സംയുക്ത പരിശോധനകൾ നടത്തുകയും, വകുപ്പുകൾ നടത്തുന്ന അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ പരസ്പരം തടസ്സപ്പെടുത്തുന്ന തരത്തിലാകാതിരിക്കുന്നത് ഉറപ്പാക്കുകയും ചെയ്യുന്നു. ഉദാഹരണത്തിന്, റോഡ് ഉയർത്തുന്നത് നീരൊഴുക്കിനെ തടസ്സപ്പെടുത്തുന്നില്ല, അല്ലെങ്കിൽ തോട് വൃത്തിയാക്കുന്ന പ്രവൃത്തി കൃഷിയുമായി ഒത്തുപോകുന്നു എന്നിങ്ങനെ ഇതിലൂടെ ഉറപ്പാക്കുന്നു.

പദ്ധതികളുടെ പുനർനിർമ്മാണത്തിനും അംഗീകാരത്തിനും പ്രത്യേകിച്ച് വിദഗ്ദ്ധ പരിശോധന ആവശ്യമായ സങ്കീർണ്ണമായ സാങ്കേതിക പദ്ധതികൾക്ക് ഒരു ചാലകശക്തിയായി റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ.കെ.ഐ), പ്രവർത്തിക്കുന്നു. നദീരൂപ ഘടനാ പഠനങ്ങൾ, ഹൈഡ്രോളജിക്കൽ മോഡലിംഗ്, നെൽവയൽ പരിസ്ഥിതി പുനഃസ്ഥാപനം എന്നിവയിൽ ശാസ്ത്രീയ ഉപദേശങ്ങൾ നൽകുന്നതിനായി ഐ.ഐ.ടി മദ്രാസ്, സി.ഡബ്ല്യു.പി.ആർ.എസ്, പൂനെ; കാർഷിക ഗവേഷണ കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥാപനങ്ങൾ സഹകരിച്ചു പ്രവർത്തിച്ചുവരുന്നു.

കേരളത്തിലെ വൻകിട പരിസ്ഥിതി-അടിസ്ഥാനസൗകര്യ പദ്ധതികളുടെ ഭരണനിർവ്വ ഹണത്തിൽ കൈവരിച്ച ശ്രദ്ധേയമായ മുന്നേറ്റമാണ് ഈ സംയോജിത ഭരണസംവിധാനം വ്യക്തമാക്കുന്നത്.

**ഉപസംഹാരം**

കഴിഞ്ഞ ദശകത്തിൽ കേരളത്തിൽ നടപ്പിലാക്കിയ ഏറ്റവും വിപുലവും ബഹുമുഖമായ വികസന ഇടപെടലുകളിൽ ഒന്നാണ് കുട്ടനാട് പ്രത്യേക പാക്കേജ്. മേഖലയുടെ പാരിസ്ഥിതികവും സാമൂഹിക-സാമ്പത്തികവുമായ സങ്കീർണ്ണതകളാണ് ഇതിന്റെ വ്യാപ്തി പ്രതിഫലിപ്പിക്കുന്നത്. ജലവിഭവം, കൃഷി, ഫിഷറീസ്, ഗതാഗതം, കുടിവെള്ളം, ശുചിത്വം, വ്യവസായം, സാമൂഹിക ക്ഷേമം, പൊതുജനാരോഗ്യം എന്നിവയെല്ലാം ഉൾക്കൊള്ളുന്ന ഈ പാക്കേജ്, പരിസ്ഥിതി പരിപാലനം, ഉപജീവന സുരക്ഷ, അടിസ്ഥാന സൗകര്യങ്ങളുടെ അതിജീവനശേഷി എന്നിവ സംയോജിക്കുന്നിടത്താണ് നിലകൊള്ളുന്നത്.

ഈ അധ്യായത്തിൽ അവതരിപ്പിച്ച വിശദമായ അവലോകനത്തിൽനിന്ന് ചില പ്രധാന നിഗമനങ്ങൾ ഉരുത്തിരിഞ്ഞുവരുന്നു. ഒന്നാമതായി, ജലവിഭവ കേന്ദ്രീകൃതമായ ഇടപെടലുകൾ ഈ പാക്കേജിന്റെ അടിസ്ഥാന ശിലയാണ്;

മറ്റ് എല്ലാ മേഖലകളുടെയും വളർച്ച ഉറപ്പാക്കാൻ ഇവ അത്യന്താപേക്ഷിതമാണ്. സമുദ്രനിരപ്പിന് താഴെയുള്ള കൃഷിരീതി നിലനിൽക്കുന്ന ഇടങ്ങളിൽ, സുസ്ഥിര വികസനത്തിന് ഹൈഡ്രോളജിക്കൽ സ്റ്റെബിലിറ്റി ഒരു മുൻവ്യവസ്ഥയാണെന്ന തിരിച്ചറിവാണ് പ്രളയ നിയന്ത്രണം, എക്കൽ നീക്കം ചെയ്യൽ, നദീതീര സംരക്ഷണം, തടാക പുനരുദ്ധാരണം എന്നിവയിൽ വൻതോതിലുള്ള നിക്ഷേപങ്ങൾക്ക് അടിവരയിടുന്നത്.

രണ്ടാമതായി, കാർഷിക-പാരിസ്ഥിതിക ഇടപെടലുകൾ കർഷക സമൂഹത്തിന്റെ ഉപജീവനമാർഗ്ഗങ്ങൾ സുരക്ഷിതമാക്കുന്നതിനുള്ള ദീർഘവീക്ഷണത്തെയാണ് പ്രതിഫലിപ്പിക്കുന്നത്. സുസ്ഥിരമായ നെൽവയൽ പരിസ്ഥിതി പരിപാലനം, സംയോജിത കൃഷി രീതികൾ, യന്ത്രവൽക്കരണത്തിനുള്ള സഹായം, ശാസ്ത്രീയ ഗവേഷണങ്ങളുടെ ഏകോപനം എന്നിവയിലൂന്നിയുള്ള ഇത്തരം പ്രവർത്തനം, പരമ്പരാഗത അറിവുകളെയും ആധുനിക കാർഷിക മുന്നേറ്റങ്ങളെയും ഒരുപോലെ ഉൾക്കൊള്ളുന്ന ഭാവിയിലേക്കുള്ള ഒരു തന്ത്രത്തെ പ്രതിനിധീകരിക്കുന്നു.

മൂന്നാമതായി, ക്ഷീരവികസനം, ഫിഷറീസ്, എം.എസ്.എം.ഇ-കൾ, ടൂറിസം, സഹകരണ മേഖല എന്നിവയിലൂടെയുള്ള ഉപജീവന മാർഗ്ഗങ്ങളുടെ വൈവിധ്യവൽക്കരണം ഈ പ്രദേശത്തിന്റെ സാമൂഹിക-സാമ്പത്തിക ഘടനയെ ശക്തിപ്പെടുത്തുന്നു. വെള്ളക്കെട്ടുള്ള പ്രദേശങ്ങളിലെ കൃഷിയുമായി ബന്ധപ്പെട്ട അനിശ്ചിതത്വങ്ങൾക്കിടയിൽ ഒരു സുരക്ഷാ കവചമായി ഈ മേഖലകൾ പ്രവർത്തിക്കുന്നു.

നാലാമതായി, ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹിക അടിസ്ഥാന സൗകര്യങ്ങൾ, തദ്ദേശഭരണം എന്നിവയിലുണ്ടായ പുരോഗതി ഈ പാക്കേജിന്റെ മാനവ വികസന വശങ്ങളെ ശക്തിപ്പെടുത്തുന്നു. ആരോഗ്യ കേന്ദ്രങ്ങൾ, വിദ്യാലയങ്ങൾ, ക്ഷേമ സ്ഥാപനങ്ങൾ എന്നിവയിലുള്ള നിക്ഷേപങ്ങൾ സമൂഹത്തിന്റെ അതിജീവനശേഷി വർദ്ധിപ്പിക്കുന്നതിനും സാമൂഹിക സുരക്ഷാ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സഹായിക്കുന്നു.

അവസാനമായി, കുട്ടനാട് പാക്കേജിന്റെ ഭരണ-നിർവ്വഹണ സംവിധാനം, പാരിസ്ഥിതിക പ്രാധാന്യമുള്ള സങ്കീർണ്ണമായ പ്രദേശങ്ങളിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള ആസൂത്രണത്തിന്റെ പ്രസക്തി എടുത്തുകാണിക്കുന്നു. ഈ സംരംഭത്തിലൂടെ ലഭിച്ച അനുഭവങ്ങൾ കേരളത്തിലെ മറ്റു ഭാഗങ്ങളിലും പുറത്തേയ്ക്കും കാലാവസ്ഥാ അതിജീവനശേഷിയുള്ള വികസന മാതൃകകൾ രൂപകൽപ്പന ചെയ്യുന്നതിന് വിലപ്പെട്ട പാഠങ്ങൾ നൽകുന്നു.

മൊത്തത്തിൽ, പാരിസ്ഥിതിക പുനരുദ്ധാരണം, സാമ്പത്തിക അതിജീവനശേഷി, അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണം, സാമൂഹിക വികസനം എന്നിവയെ ഏകോപിപ്പിക്കാൻ ശ്രമിക്കുന്ന ഒരു സംയോജിത വികസന മാതൃകയാണ് കുട്ടനാട് പ്രത്യേക പാക്കേജ്. കഴിഞ്ഞ കുറച്ചു വർഷങ്ങളായുള്ള ഇതിന്റെ നടത്തിപ്പ്, ജലശാസ്ത്രപരമായ വ്യതിയാനങ്ങൾക്കും കാർഷിക സമൃദ്ധിക്കും പാരിസ്ഥിതിക പ്രാധാന്യമുള്ള ഒരു പ്രദേശത്തിന്റെ പരിപാലനത്തിൽ അടങ്ങിയിരിക്കുന്ന വെല്ലുവിളികളെയും സാധ്യതകളെയും ഒരുപോലെ പ്രതിഫലിപ്പിക്കുന്നു.

## അധ്യായം 29
# സദ്ഭരണ സംരംഭങ്ങൾ

2016 മുതൽ, സാങ്കേതിക നവീകരണവും ഭരണപരിഷ്കാരങ്ങളും സംയോജിപ്പിച്ചുകൊണ്ട് വൈവിധ്യമാർന്ന പദ്ധതികൾ സംസ്ഥാനം നടപ്പിലാക്കിയിട്ടുണ്ട്. ഈ ഉദ്യമങ്ങൾ സർക്കാരിനെ കൂടുതൽ ജനകേന്ദ്രീകൃതവും സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് ലക്ഷ്യമിടുന്നു. ഈ സംരംഭങ്ങളിൽ ഭൂരിഭാഗവും മുൻ അധ്യായങ്ങളിൽ ചർച്ച ചെയ്തിട്ടുണ്ടെങ്കിലും, പൊതുവായ സ്വഭാവമുള്ള ചില പ്രധാന പരിഷ്കാരങ്ങൾ താഴെ വിവരിക്കുന്നു.

### ഭരണപരിഷ്കാര കമ്മീഷൻ

ഭരണനിർവ്വഹണം മെച്ചപ്പെടുത്തുന്നതിൽ കേരള സർക്കാരിനുള്ള പ്രതിബദ്ധതയുടെ സുപ്രധാനമായ അടയാളമായിരുന്നു 2016 ഓഗസ്റ്റിൽ നാലാം ഭരണപരിഷ്കാര കമ്മീഷൻ (ARC) രൂപീകരിച്ചത്. മുൻ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ അധ്യക്ഷനായ കമ്മീഷനെ, പൊതുഭരണത്തിൽ സുതാര്യതയും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിനായുള്ള സമഗ്രമായ പരിഷ്കാരങ്ങൾ ശിപാർശ ചെയ്യാൻ ചുമതലപ്പെടുത്തി. ഉദ്യോഗസ്ഥതലത്തിലെ കാലതാമസം, അഴിമതി, പൊതുസേവന വിതരണം, സർക്കാർ വകുപ്പുകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പ്രവർത്തനം തുടങ്ങിയ പ്രധാന വിഷയങ്ങൾ കമ്മീഷൻ പരിശോധിച്ചു. ഉത്തരവാദിത്തം ശക്തിപ്പെടുത്തുന്നതിനും നടപടിക്രമങ്ങൾ ലളിതമാക്കുന്നതിനും, ജനകേന്ദ്രീകൃത ഭരണം പ്രോത്സാഹിപ്പിക്കുന്നതിനും അഴിമതി തടയുന്നതിനുമുള്ള ശിപാർശകൾ അടങ്ങിയ 13 റിപ്പോർട്ടുകൾ കമ്മീഷൻ സമർപ്പിച്ചു. കേരളത്തിലെ ഭരണപരമായ ആധുനീകരണത്തെയും സദ്ഭരണത്തെയും കുറിച്ചുള്ള ചർച്ചകൾ രൂപപ്പെടുത്തുന്നതിൽ നാലാം ഭരണപരിഷ്കാര കമ്മീഷൻ നിർണ്ണായക പങ്ക് വഹിച്ചു. തുടർന്ന്, കമ്മീഷന്റെ റിപ്പോർട്ടുകൾ പരിശോധിച്ച് ശിപാർശകൾ സമർപ്പിക്കുന്നതിനായി ചീഫ് സെക്രട്ടറി തലത്തിൽ ഒരു സമിതി രൂപീകരിച്ചു. കമ്മീഷന്റെ അഞ്ച് റിപ്പോർട്ടുകൾ അംഗീകരിക്കുകയും നടപ്പിലാക്കുകയും ചെയ്തു, ബാക്കിയുള്ള റിപ്പോർട്ടുകൾ നിലവിൽ പരിഗണനയിലാണ്.

### പങ്കാളിത്ത ഭരണനിർവ്വഹണം

തീരുമാനങ്ങൾ എടുക്കുന്നതിൽ പൗരന്മാരെയും വിദഗ്ധരെയും മറ്റ് പങ്കാളികളെയും സജീവമായി സഹകരിപ്പിക്കുന്നതിനായി ഒട്ടനവധി പുതിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിലൂടെ സർക്കാർ നയങ്ങൾ കൂടുതൽ സുതാര്യമാക്കാനും ജനങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ച് എല്ലാവരെയും പരിഗണിച്ചുകൊണ്ട് മുന്നോട്ട് കൊണ്ടുപോകാനും സാധിക്കുന്നു.

### നവകേരള സദസ്സ്

നേരിട്ടുള്ള പൊതുജന സമ്പർക്കത്തിലൂടെ സാമൂഹിക ഉത്തരവാദിത്തം ശക്തിപ്പെടുത്തുന്നതിനും നയരൂപീകരണം ജനാധിപത്യവൽക്കരിക്കുന്നതിനുമായി കേരള സർക്കാർ ആവിഷ്കരിച്ച ഒരു സുപ്രധാന (flagship) പൊതുജനസമ്പർക്ക പരിപാടിയാണിത്. 2023 നവംബർ മുതൽ 2024 ജനുവരി വരെ മുഖ്യമന്ത്രിയും മന്ത്രിസഭാംഗങ്ങളും സംസ്ഥാനത്തെ 140 നിയമസഭാ മണ്ഡലങ്ങളിലും പര്യടനം നടത്തി. ഈ സന്ദർശന വേളയിൽ, ഓരോ പ്രദേശത്തും നടപ്പിലാക്കിയ വികസന-ക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ സർക്കാർ പങ്കുവയ്ക്കുകയും പൊതുജനങ്ങളിൽ നിന്ന് പരാതികളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിനായി പ്രത്യേക സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു. സമൂഹത്തിന്റെ വിവിധ തുറകളിലുള്ളവരുടെ പരാതികളും നിർദ്ദേശങ്ങളും മുഖ്യമന്ത്രി നേരിട്ട് കേൾക്കുകയും അവ സമയബന്ധിതമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ നടപടികൾ സ്വീകരിക്കുകയും ചെയ്തു. നവകേരള സദസ്സിന്റെ തുടർച്ചയായി മുഖ്യമന്ത്രി എല്ലാ നിയമസഭാംഗങ്ങളുമായും (MLAs) കൂടിക്കാഴ്ച നടത്തി. തുടർന്ന്, നവകേരള സദസ്സിലൂടെ ഉയർന്നുവന്ന വികസന പദ്ധതികളുടെ ആദ്യഘട്ടമെന്ന നിലയിൽ 2025-26 ബജറ്റിൽ 210 കോടി രൂപ വകയിരുത്തി. ഓരോ നിയമസഭാ മണ്ഡലത്തിലും 7 കോടി രൂപ വരെയുള്ള വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

### പ്രാദേശിക അവലോകന യോഗങ്ങൾ

സർക്കാർ സേവനങ്ങൾ പൊതുജനങ്ങൾക്ക് കൂടുതൽ സുഗമമായി ലഭ്യമാക്കുന്നതിനും വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനുമായി കൃത്യമായ ഇടവേളകളിൽ പ്രാദേശിക അവലോകന യോഗങ്ങൾ സംഘടിപ്പിച്ചുവരുന്നു. ജില്ലകളിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന വികസന പ്രവർത്തനങ്ങൾക്ക് തടസ്സമാകുന്ന വിഷയങ്ങൾ തിരിച്ചറിയുന്നതിനും അവയ്ക്ക് പരിഹാരം കാണുന്നതിനും ഈ യോഗങ്ങൾ സഹായകരമാണ്. പ്രാദേശിക തലത്തിലുള്ള അവലോകനങ്ങൾക്ക് പുറമേ, ജില്ലാതല യോഗങ്ങളും സമൂഹത്തിന്റെ വിവിധ തുറകളിലുള്ളവരുമായി നേരിട്ട് സംവദിക്കുന്ന 'മുഖാമുഖം' പരിപാടികളും സംഘടിപ്പിച്ചു വരുന്നു.

### മുഖ്യമന്ത്രി എന്നോടൊപ്പം (CM with Me)

പൊതുജനങ്ങളുമായുള്ള സമ്പർക്കം കൂടുതൽ സുഗമമാക്കുന്നതിനായി 'മുഖ്യമന്ത്രി എന്നോടൊപ്പം' (CM with Me) എന്ന പേരിൽ പുതിയൊരു ജനസമ്പർക്ക പരിപാടിക്ക് സർക്കാർ രൂപം നൽകി. മുഖ്യമന്ത്രിയുടെ ഓഫീസുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ഒരു 'സിറ്റിസൺ കണക്ട് സെന്റർ' (Citizen Connect Centre) വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ആശയവിനിമയം മെച്ചപ്പെടുത്തുന്നതിനും, നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിനും, പരാതികൾക്ക് നേരിട്ട് പരിഹാരം കാണുന്നതിനും ലക്ഷ്യമിട്ടുള്ള ഈ സംവിധാനം ഭരണനിർവ്വഹണത്തിൽ കൂടുതൽ സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പാക്കുന്നു.

പരാതി നൽകി 48 മണിക്കൂറിനുള്ളിൽ മറുപടിയോ, ഫീഡ്ബാക്കോ ഉറപ്പുനൽകുന്ന വ്യവസ്ഥാപിതമായ ഒരു പരാതി പരിഹാര സംവിധാനമാണ് ഈ പദ്ധതിയുടെ മുഖ്യ സവിശേഷത. ഭവനനിർമ്മാണം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ പ്രധാന ക്ഷേമപദ്ധതികളെയും വിവിധ സർക്കാർ സേവനങ്ങളെയും കുറിച്ചുള്ള വിശ്വസനീയമായ വിവരങ്ങൾ

ഈ പ്ലാറ്റ്ഫോമിലൂടെ വേഗത്തിൽ ലഭ്യമാകും. കൂടാതെ, അടിസ്ഥാന സൗകര്യ വികസനം, പരിസ്ഥിതി സുസ്ഥിരത തുടങ്ങിയ സുപ്രധാന വിഷയങ്ങളിൽ ജനങ്ങളുടെ അഭിപ്രായം ശേഖരിക്കാനും അവ വിശകലനം ചെയ്യാനും ഈ സംവിധാനം വഴിയൊരുക്കുന്നു. അടിയന്തര സാഹചര്യങ്ങളിൽ സർക്കാർ പിന്തുണ ഉറപ്പാക്കുന്ന വിശ്വസനീയമായ ഒരു മാർഗ്ഗം കൂടിയാണിത്. ഈ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ദ്വിതല കോൾ മാനേജ്മെന്റ് സംവിധാനത്തോടു കൂടിയ ഒരു പ്രത്യേക ഓഫീസ് തിരുവനന്തപുരത്ത് സജ്ജീകരിച്ചിട്ടുണ്ട്.

**പൗരസേവനങ്ങൾ (Citizen Services)**

സർട്ടിഫിക്കറ്റ് വിതരണ നടപടികളുടെ ലഘൂകരണം: പൗരന്മാരുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിനും ഭരണനിർവ്വഹണം കൂടുതൽ സുതാര്യമാക്കുന്നതിനുമായി സർട്ടിഫിക്കറ്റ് വിതരണ രീതികളിൽ വരുത്തിയ മാറ്റങ്ങൾ സുപ്രധാനമാണ്. ചുവപ്പുനാട ഒഴിവാക്കുന്നതിനും (Paperwork), സേവനലഭ്യത വേഗത്തിലാക്കുന്നതിനും, ഡിജിറ്റൽ സംയോജനം ശക്തിപ്പെടുത്തുന്നതിനും ലക്ഷ്യമിട്ടുള്ള സർക്കാർ തീരുമാനങ്ങളുടെ ഫലമാണിത്. 2021 ഒക്ടോബറിൽ നടപ്പിലാക്കിയ പ്രധാന പരിഷ്കാരങ്ങൾ താഴെ പറയുന്നവയാണ്:

സാർവത്രിക സാധുത: നേരത്തെ ഏതെങ്കിലും പ്രത്യേക കാര്യത്തിനായി നൽകിയിരുന്ന നേറ്റിവിറ്റി, വരുമാന സർട്ടിഫിക്കറ്റുകൾ ഇനി മുതൽ എല്ലാ സർക്കാർ വകുപ്പുകളിലും ഒരേപോലെ സ്വീകാര്യമാണ്. ഓരോ ആവശ്യത്തിനും പുതിയ സർട്ടിഫിക്കറ്റുകൾ എടുക്കേണ്ട സാഹചര്യം ഇതിലൂടെ ഒഴിവാക്കി.

സ്വയം സാക്ഷ്യപ്പെടുത്തൽ (Self-Attestation): ഗസറ്റഡ് ഓഫീസർമാരോ നോട്ടറിയോ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾക്ക് പകരം അപേക്ഷകർ തന്നെ ഒപ്പിട്ട (Self-attested) രേഖകൾ ഭൂരിഭാഗം സേവനങ്ങൾക്കും മതിയാകും.

സൗജന്യ നിരക്കും ഓൺലൈൻ വിതരണവും: നിരവധി സേവനങ്ങൾക്കുള്ള അപേക്ഷാ ഫീസ് ഒഴിവാക്കി. ഓൺലൈനായി സേവനങ്ങൾ നൽകുന്നതോടൊപ്പം നിശ്ചിത സമയത്തിനുള്ളിലുള്ള തീർപ്പാക്കലിനും മുൻഗണന നൽകുന്നു.

അപേക്ഷാ ഫാറങ്ങളുടെ ലഘൂകരണം: അപേക്ഷകളിൽ "ആർക്ക് മുൻപാകെ ഹാജരാക്കണം" (To be produced before) എന്ന ഭാഗം ഒഴിവാക്കി പൊതുവായി (General) എന്ന് മാറ്റി. കൂടാതെ പല സർട്ടിഫിക്കറ്റുകളിൽ നിന്നും "ഉദ്ദേശ്യം" (Purpose) എന്ന കോളവും ഒഴിവാക്കി.

കൂടാതെ, ബിസിനസ് ലൈസൻസുകളും അനുമതികളും വേഗത്തിൽ ലഭ്യമാക്കുന്നതിനായി കെ-സ്വിഫ്റ്റ് (K-SWIFT) എന്ന ഏകജാലക സംവിധാനവും നിലവിൽ വന്നു. വിവിധ വകുപ്പുകളെ ഒരൊറ്റ പ്ലാറ്റ്ഫോമിൽ ഏകോപിപ്പിച്ചുകൊണ്ട് നിശ്ചിത സമയപരിധിക്കുള്ളിൽ ഡിജിറ്റൽ അനുമതികൾ ഉറപ്പാക്കുന്ന സംവിധാനമാണിത്.

**സമ്പൂർണ്ണ ഇ – ഗവേണൻസ് കേരളം**

2023-ൽ കേരളത്തെ സമ്പൂർണ്ണ ഇ-ഗവേണൻസ് സംസ്ഥാനമായി പ്രഖ്യാപിച്ചു. സർക്കാർ സേവനങ്ങൾ ഓൺലൈൻ വഴി പരമാവധി ലഭ്യമാക്കുന്നതിലൂടെ പൊതുജനങ്ങൾക്ക് സർക്കാർ ഓഫീസുകൾ നേരിട്ട് സന്ദർശിക്കേണ്ടി വരുന്നത് ഒഴിവാക്കാൻ നിർണ്ണായകമായ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്. റവന്യൂ വകുപ്പിലെ എല്ലാ സർട്ടിഫിക്കറ്റുകളും അനുബന്ധ സേവനങ്ങളും പൂർണ്ണമായും, ഡിജിറ്റൈസ് ചെയ്യുകയും ഓൺലൈൻ പ്ലാറ്റ്ഫോമുകൾ വഴി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഡിജിറ്റൽ ഭരണസംവിധാനത്തിന്റെ പ്രധാന സവിശേഷത ഇ-സേവനം (e-SEVANAM), എം-സേവനം (m-SEVANAM) എന്നീ പോർട്ടലുകളാണ്. സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി ഏതാണ്ട് എല്ലാ സർക്കാർ-പൗരന്മാർ(G2C), സർക്കാർ-ബിസിനസ് (G2B) സേവനങ്ങളും ഒരു കുടക്കീഴിൽ കൊണ്ടുവരാൻ ഈ പ്ലാറ്റ്ഫോമിലൂടെ സാധിക്കുന്നു.

ഇ-ഗവേണൻസ് സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാർ ഇന്റർനെറ്റ് ഉപയോഗം ഒരു അടിസ്ഥാന അവകാശമായി പ്രഖ്യാപിക്കുകയും, കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (K-FON) പദ്ധതി ആരംഭിക്കുകയും ചെയ്തു. ഈ പദ്ധതിയുടെ ഭാഗമായി സർക്കാർ ഓഫീസുകളിൽ തടസ്സമില്ലാത്ത ഇന്റർനെറ്റ് സേവനം, ബസ് സ്റ്റാൻഡുകൾ, റെയിൽവേ സ്റ്റേഷനുകൾ, സർക്കാർ ഓഫീസുകൾ തുടങ്ങിയ വിവിധ ഇടങ്ങളിലായി 2023 പൊതു വൈ-ഫൈ ഹോട്ട്സ്പോട്ടുകൾ, കൂടാതെ സംസ്ഥാനത്തെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 20 ലക്ഷം വീടുകളിൽ സൗജന്യ ഇന്റർനെറ്റ് സേവനം എന്നിവ ഉറപ്പാക്കുന്നു.

ഡിജിറ്റൽ രീതികളുടെയും ഇ-ഗവേണൻസിന്റെയും കാര്യക്ഷമമായ വിനിയോഗത്തിനുള്ള തെളിവുകളിൽ, ഡിജിറ്റൽ ഭൂമി സർവേ പരിപാടിയും പൊതുവിതരണ സമ്പ്രദായത്തിന്റെ കമ്പ്യൂട്ടറൈസേഷനും ഉൾപ്പെടുന്നു. 'എന്റെ ഭൂമി' (My Land) എന്ന കേരളത്തിന്റെ ഡിജിറ്റൽ ഭൂമി സർവേ പരിപാടി സംസ്ഥാനത്തെ എല്ലാ വില്ലേജുകളുടെയും ഒരു സമഗ്രമായ ഡിജിറ്റൽ റീ -സർവേയാണ്. ഭൂമി സംബന്ധമായ എല്ലാ സേവനങ്ങളിലേക്കും പൗരന്മാർക്ക് ഏകജാലക പ്രവേശനം നൽകുന്ന ഇന്റഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (ILIMS)-സംയോജിത ഭൂവിവര പരിപാലന സംവിധാനം-ഇതിനു പൂരകമായി പ്രവർത്തിക്കുന്നു. യൂണീക്കോഡ് മലയാളത്തിൽ ഉപഭോക്തൃ രേഖകൾ ശേഖരിച്ച് സൂക്ഷിച്ചിട്ടുള്ള ഡിജിറ്റൈസ് ചെയ്ത 94.3 ലക്ഷം റേഷൻ കാർഡുകളുള്ള പൂർണമായി കമ്പ്യൂട്ടറൈസ് ചെയ്യപ്പെട്ട ഒരു പബ്ലിക്ക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (PDS) -പൊതുവിതരണ സമ്പ്രദായം -കേരളം ഫലപ്രദമായി നടപ്പിലാക്കുന്നു. ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (FCI) സംഭരണശാലകൾ മുതൽ ന്യായവില കടകൾ (FPC) വരെ നീളുന്ന വിതരണ ശൃംഖലയുടെ പൂർണ്ണമായ കമ്പ്യൂട്ടറൈസേഷൻ ഓൺലൈൻ പരാതി പരിഹാര സൗകര്യങ്ങൾ പിന്തുണക്കുന്ന സുതാര്യതാ പോർട്ടലുകളുടെ നിർമ്മാണം, അംഗീകൃത ചില്ലറ വ്യാപാര കടകളിൽ ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ePoS) ഉപകരണങ്ങൾ സ്ഥാപിക്കൽ, ഭക്ഷ്യധാന്യ ലഭ്യതയെപ്പറ്റിയുള്ള എസ് എം എസ് അറിയിപ്പുകൾ, വാഹനം ട്രാക്ക് ചെയ്യുന്നതിനുള്ള ജി പി എസ് സംവിധാനത്തിന്റെ ഉപയോഗം എന്നിവയും ഇതിൽ ഉൾപ്പെടുന്നു.

**മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സംവിധാനം**

മുഖ്യമന്ത്രിയുടെ ഓഫീസിനു (CMO) കീഴിലുള്ള

മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സംവിധാനമായ 'സാന്ത്വനം' പോർട്ടൽ വഴി പൊതുജനങ്ങൾക്ക് പരാതികൾ ലളിതമായി സമർപ്പിക്കാം. വിവിധ സർക്കാർ വകുപ്പുകളെയും സേവനങ്ങളെയും കുറിച്ചുള്ള പരാതികൾ രജിസ്റ്റർ ചെയ്യാനും അവയുടെ തൽസ്ഥിതി (Status) അറിയാനും ഈ സംവിധാനം സഹായിക്കുന്നു. 2016-ൽ നവീകരിച്ച ഈ ഏകീകൃത പ്ലാറ്റ്ഫോം വഴി ലോകത്തെവിടെയിരുന്നും ഓൺലൈനായും, സെക്രട്ടേറിയറ്റിലെ 'സ്ട്രെയിറ്റ് ഫോർവേഡ്' കൗണ്ടർ വഴി നേരിട്ടും, അല്ലെങ്കിൽ തപാൽ വഴിയും പരാതികൾ നൽകാവുന്നതാണ്.

വിവിധ തലങ്ങളിലുണ്ടായിരുന്ന പരാതി പരിഹാര മാർഗ്ഗങ്ങളെ ഒരൊറ്റ പ്ലാറ്റ്ഫോമിൽ സംയോജിപ്പിച്ചത് ഭരണ സംവിധാനത്തെ കൂടുതൽ സുതാര്യവും ജനകീയവുമാക്കി മാറ്റാൻ സഹായിച്ചു. പരാതികളുടെ തൽസ്ഥിതി സംബന്ധിച്ച വിവരങ്ങൾ പരാതിക്കാർക്ക് എസ്.എം.എസ്, ഇമെയിൽ എന്നിവ വഴി ലഭ്യമാക്കുന്നതാണ്. കൂടാതെ, അനുവദിക്കപ്പെട്ട ഡോക്കറ്റ് നമ്പർ ഉപയോഗിച്ചോ 1076 എന്ന ടോൾ-ഫ്രീ നമ്പറിൽ ബന്ധപ്പെട്ടോ പരാതിയുടെ പുരോഗതി ഓൺലൈനായി വിലയിരുത്താവുന്നതാണ്. സാധാരണയായി 15 ദിവസത്തിനുള്ളിൽ പരാതി തീർപ്പാക്കി വിശദമായ മറുപടി അപേക്ഷകന് നൽകുന്നു. ഇതിനുപുറമേ, പരാതി പരിഹാര അദാലത്തുകളും ഫയൽ തീർപ്പാക്കൽ തീവ്രയജ്ഞങ്ങളും ഭരണപരിഷ്കാരങ്ങളുടെ ഭാഗമായി സർക്കാർ കാര്യക്ഷമമായി നടപ്പിലാക്കുന്നു.

ഭരണസംവിധാനം കൂടുതൽ ജനസൗഹൃദമാക്കുന്നതിന്റെ ഭാഗമായി, പരാതി പരിഹാര അദാലത്തുകളും ഫയൽ തീർപ്പാക്കൽ ദൗത്യങ്ങളും ഒരു നിശ്ചിത കാലയളവിൽ പൂർത്തിയാക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു.

### നിയമനിർമ്മാണ ഇടപെടലുകൾ

### കേരള സേവനാവകാശ ആക്റ്റ് 2025

കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടെ ഭരണപരമായ ഉത്തരവാദിത്തം ശക്തിപ്പെടുത്തുന്നതിനായി നടപ്പിലാക്കിയ പ്രധാനപ്പെട്ട ഒരു ചുവടുവെപ്പാണ് 2025 നവംബറിൽ വിജ്ഞാപനം ചെയ്ത കേരള സേവനാവകാശ ആക്റ്റ്, 2025. സർക്കാർ സേവനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ ലഭ്യമാകുക എന്നത് പൗരന്മാരുടെ നിയമപരമായ അവകാശമാക്കി മാറ്റാനാണ് ഈ ആക്റ്റ് ലക്ഷ്യമിടുന്നത്. ഓരോ സർക്കാർ വകുപ്പും സേവനങ്ങൾ നൽകുന്നതിനായി ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുക, ഓൺലൈൻ അപേക്ഷകൾക്ക് സ്വയമേവ രസീതുകൾ ലഭ്യമാക്കുക, ലഭ്യമായ സേവനങ്ങളെക്കുറിച്ചുള്ള വിവരങ്ങളും ബന്ധപ്പെടേണ്ട വിലാസങ്ങളും പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന രീതിയിൽ പ്രസിദ്ധീകരിക്കുക എന്നിവയാണ് ഈ ആക്റ്റിലെ പ്രധാന വ്യവസ്ഥകൾ. നിയമപാലനവും സുതാര്യതയും ഉറപ്പാക്കുന്നതിനായി ഔദ്യോഗികമായ ഒരു പരാതി പരിഹാര സംവിധാനം ഈ ആക്റ്റ് വിഭാവനം ചെയ്യുന്നു; കൂടാതെ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്ക് ശിക്ഷ നൽകുന്നതിനായി അപ്പീൽ അധികാരികൾക്കും കേരള സംസ്ഥാന സേവനാവകാശ കമ്മീഷനും സിവിൽ കോടതിയുടെ അധികാരങ്ങൾ നൽകുകയും ചെയ്യുന്നു.

**കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കൽ:** കാലഹരണപ്പെട്ട 105 ആക്റ്റുകൾ റദ്ദാക്കുന്നതിനായുള്ള 2021-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ (Kerala Repeal and Abolition Bill) 2022 ഓഗസ്റ്റ് 23-ന് നിയമസഭ പാസാക്കി. തുടർന്ന് 2022 സെപ്റ്റംബർ 13-ന് കേരള റദ്ദാക്കലും ഒഴിവാക്കലും ആക്റ്റ് നിലവിൽ വന്നു. ഇതിനുപിന്നാലെ, ജസ്റ്റിസ് കെ.ടി. തോമസ് അധ്യക്ഷനായ കേരള നിയമപരിഷ്കരണ കമ്മീഷന്റെ ശുപാർശകളുടെ അടിസ്ഥാനത്തിൽ, 2024-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ആക്റ്റിലൂടെ 110 ഭേദഗതി ആക്റ്റുകൾ കൂടി റദ്ദാക്കി.

### വകുപ്പുകളുടെ പുനഃസംഘടനയും സദ്ഭരണവും

സദ്ഭരണത്തോടും കാര്യക്ഷമമായ സേവന വിതരണത്തോടുമുള്ള പ്രതിബദ്ധതയുടെ ഭാഗമായി, കേരള സർക്കാർ കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടെ പുതിയ വകുപ്പുകൾ രൂപീകരിക്കുകയും നിലവിലുള്ളവ പുനഃസംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ചില പ്രധാന നടപടികൾ താഴെ പറയുന്നവയാണ്:

**വനിതാ ശിശു വികസന വകുപ്പ്:** സാമൂഹികനീതി വകുപ്പിൽ നിന്ന് വേർപെടുത്തി 2017-ൽ വനിതാ ശിശു വികസനത്തിനായി (WCD) ഒരു പ്രത്യേക വകുപ്പ് രൂപീകരിച്ചു. സ്ത്രീ ശാക്തീകരണത്തിനും ശിശുക്ഷേമത്തിനുമായി ഒരു പ്രത്യേക സ്ഥാപന സംവിധാനം ഒരുക്കുക എന്ന എൽ.ഡി.എഫ് (LDF) പ്രകടനപത്രികയിലെ പ്രധാന വാഗ്ദാനമാണ് ഈ നടപടിയിലൂടെ യാഥാർത്ഥ്യമായത്. ലിംഗവിവേചന പ്രശ്നങ്ങളിലും സമഗ്ര വികസനത്തിലും സവിശേഷമായ ശ്രദ്ധ വേണമെന്ന ദീർഘകാലത്തെ ആവശ്യങ്ങൾക്കുള്ള മറുപടി കൂടിയായിരുന്നു ഇത്. പുതിയ വകുപ്പ് നിലവിൽ വന്നതോടെ സ്ത്രീ കേന്ദ്രീകൃതമായ വിവിധ സ്ഥാപനങ്ങൾ ഒരൊറ്റ കുടക്കീഴിൽ വരികയും, ഇത് ഏകോപനവും നയരൂപീകരണവും കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്തു.

**തദ്ദേശ സ്വയംഭരണ വകുപ്പ്:** പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം, കേരള ടൗൺ ആൻഡ് കൺട്രി പ്ലാനിംഗ് എന്നീ അഞ്ച് പ്രധാന വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് 2022-ൽ തദ്ദേശ സ്വയംഭരണ വകുപ്പ് (LSGD) പുനഃസംഘടിപ്പിച്ചു. എൽ.എസ്.ജി.ഡി കോമൺ സർവീസിനായി ഒരു പ്രിൻസിപ്പൽ ഡയറക്ടറേറ്റ് രൂപീകരിച്ചുകൊണ്ട് ഏകീകൃതമായ ഒരു ഭരണസംവിധാനത്തിന് കീഴിലേക്ക് ഇവയെ കൊണ്ടുവന്നു. വികേന്ദ്രീകരണം കൂടുതൽ ശക്തമാക്കുക, സേവന വിതരണം ലഘൂകരിക്കുക, ഭരണപരമായ കാര്യക്ഷമത വർദ്ധിപ്പിക്കുക എന്നിവയായിരുന്നു ഈ പരിഷ്കരണത്തിന്റെ ലക്ഷ്യങ്ങൾ. വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനമില്ലായ്മ പരിഹരിക്കാനും, സംസ്ഥാനത്തുടനീളം കൂടുതൽ ഫലപ്രദമായ പ്രാദേശിക ഭരണത്തിനും വികസനത്തിനുമായി ഒരു സംയോജിത സേവന സംവിധാനം സ്ഥാപിക്കാനും ഇതിലൂടെ സാധിച്ചു.

**പൊതുവിദ്യാഭ്യാസ വകുപ്പ്:** 2019-ൽ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് രൂപീകരിച്ചുകൊണ്ട് പൊതുവിദ്യാഭ്യാസ മേഖലയിൽ സമഗ്രമായ പുനഃസംഘടന നടപ്പിലാക്കി. ഈ പരിഷ്കാരം മുമ്പ് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് കൈകാര്യം ചെയ്തിരുന്ന സ്കൂൾ വിദ്യാഭ്യാസ ചുമതലകളെ ഏകോപി

പ്പിക്കുകയും, ഹയർ സെക്കൻഡറി വിദ്യാഭ്യാസത്തെയും വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസത്തെയും ഒരു ഏകീകൃത ഭരണസംവിധാനത്തിനു കീഴിൽ കൊണ്ടുവരികയും ചെയ്തു. പ്രൈമറി തലം മുതൽ പ്ലസ് ടു വരെയുള്ള എല്ലാ സ്കൂൾ-തല പ്രവർത്തനങ്ങളെയും പരീക്ഷകളെയും ഒരൊറ്റ അതോറിറ്റിയുടെ കീഴിലാക്കുന്നതിലൂടെ ഏകോപനവും പ്രവർത്തനക്ഷമതയും വർദ്ധിപ്പിക്കുക എന്നതായിരുന്നു ഈ ഏകീകരണത്തിന്റെ ലക്ഷ്യം.

**പ്രോഗ്രാം ഇംപ്ലിമെന്റേഷൻ, ഇവാലുവേഷൻ ആൻഡ് മോണിറ്ററിംഗ് ഡിപ്പാർട്ട്മെന്റ് (PIEMD)**: കേരളത്തിലെ നാലാം ഭരണപരിഷ്കാര കമ്മീഷന്റെ (ARC) ശുപാർശകളുടെ അടിസ്ഥാനത്തിൽ, 2021-ൽ സർക്കാർ സെക്രട്ടേറിയറ്റിനുള്ളിൽ പ്രോഗ്രാം ഇംപ്ലിമെന്റേഷൻ, ഇവാലുവേഷൻ ആൻഡ് മോണിറ്ററിംഗ് ഡിപ്പാർട്ട്മെന്റ് (PIEMD) സ്ഥാപിച്ചു. മുൻപ് പ്ലാനിംഗ് ആൻഡ് ഇക്കണോമിക് അഫയേഴ്സ് വകുപ്പിന് കീഴിൽ പ്രവർത്തിച്ചിരുന്ന സെൻട്രൽ പ്ലാൻ മോണിറ്ററിംഗ് യൂണിറ്റിന്റെ (CPMU) ചുമതലകളും പ്രവർത്തനങ്ങളും സംയോജിപ്പിച്ചാണ് ഈ വകുപ്പ് രൂപീകരിച്ചത്. സർക്കാർ പദ്ധതികളുടെ മേൽനോട്ടത്തിനായി കൂടുതൽ കാര്യക്ഷമവും ലളിതവുമായ ഒരു സംവിധാനം ഒരുക്കുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. കൂടാതെ, സംസ്ഥാനത്തെ സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ (SDGs) പുരോഗതി വിലയിരുത്തുന്നതിനുള്ള ചുമതലയും ഈ വകുപ്പിനെയാണ് ഏൽപ്പിച്ചിരിക്കുന്നത്.

**ഉദ്യോഗസ്ഥകാര്യ ഇടപെടലുകൾ**: സംസ്ഥാന സർക്കാരിന്റെ പ്രധാന തസ്തികകളിലേക്ക് വൈദഗ്ധ്യമുള്ള ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനായി കേരള സർക്കാർ കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് (KAS) രൂപീകരിച്ചു. ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസിന്റെ (ഐ.എ.എസ്) മാതൃകയിൽ വിഭാവനം ചെയ്തിട്ടുള്ള കെ.എ.എസ്-ൽ വിജയിക്കുന്ന ഉദ്യോഗസ്ഥർക്ക് അവരുടെ ഔദ്യോഗിക ജീവിതത്തിന്റെ പിൽക്കാലത്ത് ഓൾ ഇന്ത്യ ഐ.എ.എസ് കേഡറിലേക്ക് പ്രവേശിക്കാനുള്ള അവസരവും നൽകുന്നു. ഭരണനിർവ്വഹണ രംഗത്ത് മികച്ച രണ്ടാമതൊരു നിരയെ (second line) വാർത്തെടുക്കുക എന്നതാണ് കെ.എ.എസ്-ന്റെ പ്രധാന ലക്ഷ്യം. ഇതിലൂടെ സർക്കാർ നയങ്ങൾ ഫലപ്രദമായി നടപ്പിലാക്കാനും വിവിധ വകുപ്പുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാനും സാധിക്കുന്നു. 104 ഉദ്യോഗസ്ഥരടങ്ങുന്ന കെ.എ.എസ്-ന്റെ ആദ്യ ബാച്ച് ഒന്നര വർഷത്തെ പരിശീലനം പൂർത്തിയാക്കി ഇപ്പോൾ വിവിധ വകുപ്പുകളിൽ സേവനമനുഷ്ഠിച്ചുവരുന്നു. കെ.എ.എസ് റിക്രൂട്ട്മെന്റിന്റെ രണ്ടാം ഘട്ടത്തിനായുള്ള വിജ്ഞാപനം പബ്ലിക് സർവീസ് കമ്മീഷൻ (PSC) പുറപ്പെടുവിച്ചിട്ടുണ്ട്.

കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടെ പൊതുസേവനം ശക്തിപ്പെടുത്തുന്നതിനായി കേരള സർക്കാർ 32,000-ത്തിലധികം പുതിയ തസ്തികകൾ സൃഷ്ടിച്ചു. കാര്യക്ഷമതയും സേവന നിലവാരവും മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ, ഈ തസ്തികകളിൽ ഭൂരിഭാഗവും ആരോഗ്യ വകുപ്പ് ഉൾപ്പെടെയുള്ള സേവനം നൽകുന്ന വകുപ്പുകളിലാണ് സൃഷ്ടിക്കപ്പെട്ടത്.

**ഇ – ഗവേണൻസ്**: ഭരണനിർവ്വഹണത്തിൽ സുതാര്യതയും വേഗതയും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി എല്ലാ വകുപ്പുകളിലും ഇ-ഓഫീസ് (**e-Office**) സംവിധാനം നടപ്പിലാക്കി. ഇതുവഴി ഓഫീസുകൾക്കിടയിലുള്ള ഫയൽ നീക്കം ഡിജിറ്റൽ രൂപത്തിലാക്കാനും ഔദ്യോഗിക ഇമെയിൽ സംവിധാനങ്ങൾ ഉപയോഗിക്കാനും സാധിക്കുന്നു.

ജീവനക്കാരുടെ സ്ഥലംമാറ്റത്തിനായി വ്യക്തമായ മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും സ്ഥലംമാറ്റ പ്രക്രിയ കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിനായി വകുപ്പുകൾ **ഓൺലൈൻ ട്രാൻസ്ഫർ പോർട്ടലുകൾ** നടപ്പിലാക്കിയിട്ടുമുണ്ട്.

### ധനകാര്യ മാനേജ്മെന്റ്

### പ്ലാൻസ്പേസ് (PlanSpace)

പദ്ധതികളുടെ രൂപീകരണം, അംഗീകാരം, നടപ്പിലാക്കൽ, നിരീക്ഷണം, വിലയിരുത്തൽ തുടങ്ങി ഒരു പദ്ധതിയുടെ സമ്പൂർണ്ണ പ്രക്രിയയെ പിന്തുണയ്ക്കുന്നതിനായി കേരള സംസ്ഥാന ആസൂത്രണ ബോർഡ് രൂപകൽപ്പന ചെയ്ത ഒരു ഇ-ഗവേണൻസ് സംരംഭമാണ് പ്ലാൻസ്പേസ്. ഈ അടിത്തറയിൽ നിന്നുകൊണ്ട്, വിപുലമായ ഡിജിറ്റൽ ഡാഷ് ബോർഡിലൂടെ ഭരണനിർവ്വഹണവും പൊതുജന മേൽനോട്ടവും മെച്ചപ്പെടുത്തുന്നതിനായി കൂടുതൽ കരുത്തുറ്റതും ആധുനികവുമായ പ്ലാൻസ്പേസ് 2.0 (PlanSpace 2.0) ആസൂത്രണ ബോർഡ് പുറത്തിറക്കി.

പദ്ധതികളുടെ ആസൂത്രണത്തിലും നടത്തിപ്പിലും ഏർപ്പെട്ടിരിക്കുന്ന എല്ലാ ഗുണഭോക്താക്കൾക്കും ഒത്തുചേരാവുന്ന ഒരു പൊതുവായ ഡിജിറ്റൽ തൊഴിലിടമാണ് പ്ലാൻസ്പേസ് 2.0 ഒരുക്കുന്നത്. ഈ സംവിധാനം ഇപ്പോൾ ജില്ലാ, ഉപജില്ലാ തലങ്ങളിലേക്ക് കൂടി വ്യാപിപ്പിച്ചിട്ടുണ്ട്. ഇതിലൂടെ സംസ്ഥാനം മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വരെയുള്ള വിവിധ ഭരണതലങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ ഭൗതികവും (Physical) സാമ്പത്തികവുമായ (Financial) പുരോഗതി രേഖപ്പെടുത്താനും നിരീക്ഷിക്കാനും സാധിക്കുന്നു. ഡൈനാമിക് ഡാഷ്ബോർഡുകൾ, പ്രവർത്തന സൂചികകൾ (Performance Indicators), ഡാറ്റാ വിഷ്വലൈസേഷൻ ടൂളുകൾ എന്നിവ വഴിയുള്ള ആധുനിക വിശകലന-റിപ്പോർട്ടിംഗ് ശേഷിയാണ് പ്ലാൻസ്പേസ് 2.0-ന്റെ പ്രധാന കരുത്ത്. കൂടാതെ, ജിയോ-ടാഗിംഗ് (Geo-tagging) സൗകര്യം ലഭ്യമായതിനാൽ നിർമ്മാണ പ്രവർത്തനങ്ങളുടെയും ആസ്തികളുടെയും കൃത്യമായ വിവരങ്ങൾ നിരീക്ഷിക്കാനും ഇതിലൂടെ സാധിക്കുന്നു.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലെ സുതാര്യത** : മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ (CMDRF) പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനായി 2016 മുതൽ സർക്കാർ നിരവധി നടപടികൾ നടപ്പിലാക്കിയിട്ടുണ്ട്. സാമ്പത്തിക സഹായ വിതരണം ഇപ്പോൾ സുതാര്യവും സമയബന്ധിതവുമായി നടക്കുന്നതിനാൽ സഹായം ലഭിക്കുന്നതിനായി പൊതുജനങ്ങൾ സർക്കാർ ഓഫീസുകൾ സന്ദർശിക്കേണ്ട സാഹചര്യം ഇതുമൂലം പൂർണ്ണമായും ഇല്ലാതായി. അപേക്ഷ സമർപ്പിക്കുന്നതുമുതൽ ധനസഹായം ലഭിക്കുന്നതുവരെയുള്ള മുഴുവൻ നടപടിക്രമങ്ങളും പൂർണ്ണമായ ഡിജിറ്റൈസേഷനിലൂടെയും വ്യക്തമായി നിർവചിക്കപ്പെട്ട സാമ്പത്തിക ചട്ടങ്ങളിലൂടെയും കൂടുതൽ സുതാര്യവും ലളിതവുമാക്കിയിട്ടുണ്ട്. ഈ

സംവിധാനം ഇപ്പോൾ പൂർണ്ണമായും വെബ്-അധിഷ്ഠിതമായി നിയന്ത്രിക്കപ്പെടുന്നതിനാൽ, വിവരാവകാശ നിയമപ്രകാരമുള്ള (RTI) പൊതു പരിശോധനയ്ക്കും ഇത് വിധേയമാണ്.

ജില്ലാ കളക്ടർ, റവന്യൂ സെക്രട്ടറി, റവന്യൂ മന്ത്രി, മുഖ്യമന്ത്രി എന്നിവർക്ക് അനുവദിക്കാവുന്ന ധനസഹായത്തിന് നിശ്ചിത പരിധികൾ നിശ്ചയിച്ചുകൊണ്ട് വ്യവസ്ഥാപിതമായ ഒരു സാമ്പത്തിക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഈ പരിധിക്ക് മുകളിലുള്ള അപേക്ഷകൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് വിടുന്നു. പ്രവർത്തനപരമായ ഉത്തരവാദിത്തം ഉറപ്പാക്കുന്നതിനായി, 'ഡയറക്ട് ബാങ്ക് ട്രാൻസ്ഫർ' (Direct Bank Transfer) സംവിധാനത്തിലൂടെ ധനസഹായം ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട് കൈമാറുന്നു. കൂടാതെ ഈ നിധിയുടെ ബജറ്റ് വിഹിതവും ചെലവുകളും സംസ്ഥാന നിയമസഭയുടെയും 'കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെയും' (CAG) പതിവ് ഓഡിറ്റിംഗിന് വിധേയവുമാണ്.

**ഉത്തരവാദിത്തമുള്ള, പ്രാപ്യമായ, ജന – സൗഹൃദ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ**:

അടിസ്ഥാന സൗകര്യങ്ങൾ, സാമൂഹ്യക്ഷേമ പദ്ധതികൾ, ഉത്തരവാദിത്തപരമായ താഴേത്തട്ടിലുള്ള ഭരണം എന്നിവ ഫലപ്രദമായി ഉറപ്പാക്കുന്നതിലൂടെ ജനങ്ങൾക്ക് അത്യാവശ്യ സേവനങ്ങൾ എത്തിക്കുന്നതിൽ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (LSGs) നിർണ്ണായക പങ്കുവഹിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ താഴേത്തട്ടിലുള്ള വികസനത്തിനും പൊതുപ്രവർത്തനങ്ങൾക്കും ഉത്തരവാദിത്തമുള്ള "യഥാർത്ഥ പ്രാദേശിക സർക്കാരുകളായി" മാറ്റുന്നതിനായി സർക്കാർ വലിയ തോതിൽ അധികാരം നൽകുകയും ഗണ്യമായ ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ഇവയെ കൂടുതൽ ഉത്തരവാദിത്തമുള്ളതും ജനങ്ങൾക്ക് എളുപ്പത്തിൽ സമീപിക്കാവുന്നതും ജന-സൗഹൃദവുമാക്കുന്നതിനുമായി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തുകൾ, നഗരസഭകൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ കാര്യക്ഷമവും പ്രാപ്യവുമായ ഓൺലൈൻ സേവനങ്ങൾ ലഭ്യമാക്കുന്ന കെ-സ്മാർട്ട് (K-SMART) പ്ലാറ്റ്ഫോമിലൂടെ താഴേത്തട്ടിലുള്ള സേവന വിതരണം ശക്തിപ്പെടുത്തി. മുമ്പ് ചിതറിക്കിടന്നിരുന്ന ഭരണനിർവ്വഹണ സംവിധാനങ്ങളെ കെ-സ്മാർട്ട് എന്ന ഏകീകൃത ഡിജിറ്റൽ പ്ലാറ്റ്ഫോമിലേക്ക് കൊണ്ടുവന്നതിലൂടെ ഓൺലൈൻ സേവനങ്ങൾ ലളിതവും സുതാര്യവുമായി. കീഴിൽ കൊണ്ടുവന്നതിലൂടെ, അത്യാധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് നിയന്ത്രണ പ്രക്രിയകളെ കെ-സ്മാർട്ട് ലളിതമാക്കി. പ്രത്യേകിച്ച്, നിർമ്മിത ബുദ്ധി (AI)-അധിഷ്ഠിതവും ജി.ഐ.എസ് (GIS) അടിസ്ഥാനമാക്കിയുള്ളതുമായ ഇലക്ട്രോണിക് ഡെവലപ്മെന്റ് കൺട്രോൾ റെഗുലേഷൻസ് (EDCR) റൂൾ എഞ്ചിൻ കെട്ടിട നിർമ്മാണാനുമതി നൽകുന്ന രീതിയിൽ വിപ്ലവകരമായ മാറ്റം വരുത്തി; മാസങ്ങൾ എടുത്തിരുന്ന അനുമതികൾ മിനിറ്റുകൾക്കോ നിമിഷങ്ങൾക്കോ ഉള്ളിൽ ലഭ്യമാക്കാൻ ഇതിലൂടെ സാധിച്ചു. ജനങ്ങളും തദ്ദേശ സ്ഥാപനങ്ങളും തമ്മിലുള്ള എല്ലാ സാമ്പത്തിക ഇടപാടുകളും പൂർണ്ണമായും ഡിജിറ്റൈസ് ചെയ്തു, ഇത് വേഗമേറിയതും സുരക്ഷിതവുമായ ഓൺലൈൻ പേയ്മെന്റുകൾ ഉറപ്പാക്കുന്നു. കൂടാതെ, നിങ്ങളുടെ ഭൂമിയെ അറിയുക (Know Your Land) പോലെയുള്ള ജി.ഐ.എസ്-അധിഷ്ഠിത സംരംഭങ്ങൾ ഭൂവിനിയോഗത്തെക്കുറിച്ചുള്ള വിവരങ്ങൾ ഉടനടി ലഭ്യമാക്കുകയും ചെയ്യുന്നു.

അറുനൂറിലധികം (600) തദ്ദേശ സ്വയംഭരണ സേവനങ്ങൾ ഇപ്പോൾ കെ-സ്മാർട്ടിലേക്ക് മാറ്റിയിട്ടുണ്ട്. ഇതിലൂടെ ജനങ്ങൾക്ക് ഓഫീസുകൾ സന്ദർശിക്കാതെതന്നെ മൊബൈൽ ഫോണുകൾ വഴി സേവനങ്ങൾ ലഭ്യമാകുന്നു. സിവിൽ രജിസ്ട്രേഷൻ നടപടികളെ ഈ പ്ലാറ്റ്ഫോം വളരെയധികം ലളിതമാക്കി; ജനന-മരണ സർട്ടിഫിക്കറ്റുകൾ മിനിറ്റുകൾക്കുള്ളിൽ അനുവദിക്കാനും, രാജ്യത്തുതന്നെ ആദ്യമായി നടപ്പിലാക്കിയ വീഡിയോ കെ.വൈ.സി (Video KYC) സംവിധാനത്തിലൂടെ നേരിട്ട് ഹാജരാകാതെ തന്നെ വിവാഹ രജിസ്ട്രേഷൻ പൂർത്തിയാക്കാനും ഇതിലൂടെ സാധിക്കുന്നു.

അഴിമതി-വിരുദ്ധ നടപടികൾ ശക്തമാക്കൽ: ഇ-ഗവേണൻസ്, ഇ-ടെൻഡറിംഗ്, സോഷ്യൽ ഓഡിറ്റിംഗ്, നിയമപരമായ അവബോധം, ശക്തമായ വിജിലൻസ് സംവിധാനം എന്നിവ ഫലപ്രദമായി വിനിയോഗിച്ചുകൊണ്ട് എല്ലാ തലങ്ങളിലുമുള്ള അഴിമതി തുടച്ചുനീക്കുന്നതിന് വിട്ടുവീഴ്ചയില്ലാത്ത നിലപാടാണ് സർക്കാർ തുടർന്നുപോരുന്നത്. ഇ-ടെൻഡറിംഗും ഇ-പ്രൊക്യൂർമെന്റും (E-procurement) നിർബന്ധമാക്കിയിട്ടുണ്ട്; കൂടാതെ, കേന്ദ്ര സർക്കാരിന്റെ 'ഗവൺമെന്റ് ഇ-മാർക്കറ്റ്പ്ലേസ് (GeM)' പ്ലാറ്റ്ഫോമും ഉപയോഗപ്പെടുത്തിവരുന്നു.

അഴിമതിയോട് ഒട്ടും വിട്ടുവീഴ്ചയില്ലാത്ത (Zero Tolerance to Corruption) സർക്കാരിന്റെ നയത്തിന്റെ ഭാഗമായി വിജിലൻസ് ആൻഡ് ആന്റി-കറപ്ഷൻ ബ്യൂറോ 'അഴിമതിരഹിത കേരളം' പ്രചാരണം ആരംഭിച്ചു. ഇതിൽ പൊതുജന പങ്കാളിത്തവും പ്രോത്സാഹിപ്പിക്കുന്നു. സർക്കാർ, അർദ്ധ-സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ അഴിമതിയുടെ ഉറവിടങ്ങൾ കണ്ടെത്തി ഇല്ലാതാക്കുകയാണ് ഈ സംരംഭത്തിന്റെ ലക്ഷ്യം.

# കൃതജ്ഞത


നിരവധി വ്യക്തികളുടെ കൂട്ടായ പരിശ്രമത്തിന്റെ ഫലമാണ് ഈ റിപ്പോർട്ട്. കേരള സംസ്ഥാന ആസൂത്രണ ബോർഡ് അംഗങ്ങളായ ജിജു പി. അലക്സ്, പി. കെ. ജമീല, സന്തോഷ് ജോർജ് കുളങ്ങര, വി. നമശിവായം, ആർ.രാമകുമാർ, കെ. രവി രാമൻ, മിനി സുകുമാർ, വർഗീസ് ജോർജ് (അക്ഷരമാലാക്രമത്തിൽ) എന്നിവർ ഈ റിപ്പോർട്ടിന്റെ വിവിധ അധ്യായങ്ങളുടെ കരട് തയ്യാറാക്കുകയും മേൽനോട്ടം വഹിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ ഡിവിഷൻ ചീഫുമാരും ചീഫ് ഇൻ ചർജായിട്ടുള്ളവരും (അനിൽകുമാർ ബി.എം (ചീഫ് ഇൻ ചാർജ്), ജോസഫൈൻ ജെ, എസ്. എസ്. നാഗേഷ്, അരുൺ ജെ. പ്രതാപ്, സജിമോൻ എസ്. ബിന്ദു പി. വർഗീസ്, (അക്ഷരമാലാക്രമത്തിൽ)) ഈ റിപ്പോർട്ടിലെ വിവിധ അധ്യായങ്ങൾ തയ്യാറാക്കുന്നതിന് ഏകോപനം നൽകുകയുണ്ടായി.

ആസൂത്രണ ബോർഡിലെ ടെക്നിക്കൽ ഓഫീസർമാർ റിപ്പോർട്ടിന്റെ വിവിധ ഭാഗങ്ങൾ തയ്യാറാക്കുന്നതിൽ സജീവമായി പങ്കുചേർന്നു. (അവരുടെ പേരുകൾ അടുത്ത പേജിൽ ഉൾപ്പെടുത്തി യിട്ടുണ്ട്).

ബോർഡിന്റെ അഭ്യർത്ഥനപ്രകാരം വിവിധ സർക്കാർ വകുപ്പുകളും ഏജൻസികളും ലഭ്യമാക്കിയ വിവരങ്ങളും ഈ റിപ്പോർട്ടിന്റെ പ്രധാന സ്രോതസ്സുകളാണ്. ആർ.രാമകുമാർ, വി. നമശിവായം, ജിജു പി. അലക്സ് എന്നിവർ ഈ റിപ്പോർട്ടിന്റെ വിവിധ അധ്യായങ്ങൾ തയ്യാറാക്കുന്നത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ നൽകിയിട്ടുണ്ട്.

വൈസ് ചെയർപേഴ്സന്റെ ഓഫീസിലെ അംഗങ്ങളായ എം. ടി. സിന്ധു ഐ.ഇ.എസ്, എം.എസ് ഹരികൃഷ്ണൻ, എസ്. ആർ. സനൽ കുമാർ,നവനീത് പ്രഭ, ഋതു സി.എ. വിജയസൂര്യൻ സി. കെ. എന്നിവർ ഈ അധ്യായങ്ങൾ പരിശോധിക്കുകയുണ്ടായി. എസ്. ആർ. സനൽ കുമാർ, ഋതു സി.എ എന്നിവർ ഈ റിപ്പോർട്ടിന്റെ രണ്ടു അധ്യായങ്ങൾ തയ്യാറാക്കുന്നതിൽ പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്.

മിഥിക മാത്യു റിപ്പോർട്ടിന്റെ അച്ചടിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയുണ്ടായി. മധുര സ്വാമിനാഥൻ എഡിറ്റിംഗ് സംബന്ധിച്ച കാര്യങ്ങൾ നിർവ്വഹിക്കുകയുണ്ടായി. വിജയസൂര്യൻ സി. കെ ഡിസൈനിങ്ങും പ്രിൻറ്റിങ്ങുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്തു.

മലയാളം പരിഭാഷ പ്രധാനമായും തയ്യാറാക്കിയത് ആസൂത്രണ ബോർഡിലെ സാങ്കേതിക ഉദ്യോഗസ്ഥരും എം. രഘുനാഥനുമാണ്. സംസ്ഥാന ആസൂത്രണ ബോർഡ് മെമ്പർ സെക്രട്ടറിയും പ്ലാൻ കോർഡിനേഷൻ ഡിവിഷനുമാണ് ഇത് സംബന്ധിച്ച ഭരണപരമായ പ്രവർത്തനങ്ങങ്ങൾ കൈകാര്യം ചെയ്തത്.

കേരള വികസന റിപ്പോർട്ടിന്റെ (Kerala Development Report) ഭാഗമായി, തിരഞ്ഞെടുത്ത ചില മേഖലകളിൽ പശ്ചാത്തല പഠനരേഖകൾ തയ്യാറാക്കാൻ സംസ്ഥാന ആസൂത്രണ ബോർഡ് അംഗങ്ങളെ ചുമതലപ്പെടുത്തിയിരുന്നു. ഇതിനാവശ്യമായ വിവരങ്ങളും സഹായങ്ങളും വിവിധ വ്യക്തികളിൽ നിന്നും സ്രോതസ്സുകളിൽ നിന്നും ലഭ്യമായിട്ടുണ്ട്. അവരുടെ പേരുകൾ ചുവടെ ചേർക്കുന്നു.

ഡോ. എ എസ് പ്രദീപ്കുമാർ
ഡോ. എ സുരേഷ്
ശ്രീ. അജിത് കുമാർ
ഡോ. അലക്സ് പി ജെയിംസ്
ശ്രീ. സി ബാലഗോപാൽ
ഡോ. സി ജോർജ് തോമസ്
ഡോ. ദിവ്യ സി എസ്
ഡോ. ഇ ജെ ജെയിംസ്
ഡോ. ഗോപകുമാരൻ നായർ ജി
ഡോ. ജയ മേരി ജേക്കബ്
ശ്രീ. ജോയ് എൻ ആർ
ഡോ. കെ. ജെ ജോസഫ്
ശ്രീ. എൽ രാധാകൃഷ്ണൻ ഐ എ എസ് (റിട്ട)
ശ്രീ. എൽ. ടി അഭിനവ് സൂര്യ
ഡോ. എം പി ജയേഷ്
ഡോ. മൃദുൽ ഈപ്പൻ
ശ്രീ. എൻ എസ് പിള്ള ഐഎ & എഎസ് (റിട്ട)
ഡോ. നീതു ബി
ശ്രീ. നെവിൻ സുൽത്താൻ
ഡോ. നിർമൽ റോയ് വി പി
ഡോ. പി സോമൻ
ഡോ. പി സുധീർ ബാബു
ഡോ. പി ടി സൂരജ്
ഡോ. പാർവ്വതി സുനൈന
ശ്രീ. പ്രമോദ് ജി കൃഷ്ണൻ ഐ എഫ് എസ്
ശ്രീ. രാമകുമാർ മേനോൻ
ശ്രീ. ഋഥ്വിക് എം. എസ്
ശ്രീ. രൂപേഷ് കുമാർ കെ
ഡോ. എസ്. ഇരുദയ രാജൻ,
ശ്രീ അഖിൽ സി എസ്
ഡോ. സാംസൺ മാത്യു
ശ്രീ. സന്തോഷ് കുറുപ്പ്
ഡോ. സരൂപ് റോയ് ബി ആർ
ശ്രീ. സീറാം സാംബശിവ റാവു ഐ എ എസ്
ശ്രീമതി. ശിഖ സുരേന്ദ്രൻ ഐ എ എസ്
ഡോ. സുജ കെ കുന്നത്ത്
ശ്രീ. സുജിത് ഉണ്ണി
ഡോ. സുനിൽ മണി
ഡോ. ടി ജയരാമൻ
ഡോ. വിനോജ് എബ്രഹാം

റിപ്പോർട്ടിന് നൽകിയ വിലയേറിയ പിന്തുണകൾ പരിഗണിച്ച് ആർ. മോഹൻ, സി.പി. ചന്ദ്രശേഖർ, മധുര സ്വാമിനാഥൻ, ജയൻ ജോസ് തോമസ് എന്നിവരോടുള്ള പ്രത്യേക കൃതജ്ഞത കേരള സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർപേഴ്സൺ രേഖപ്പെടുത്തുന്നു.



വി. കെ രാമചന്ദ്രൻ
വൈസ് ചെയർപേഴ്സൺ
കേരള സംസ്ഥാന ആസൂത്രണ ബോർഡ്

## ഓഫീസർമാർ

ശ്രീമതി ദീപ ശിവദാസൻ, ജോയിന്റ് ഡയറക്ടർ
ശ്രീമതി ധന്യ എസ് നായർ, ജോയിന്റ് ഡയറക്ടർ
ഡോ. പ്രവീൺ പി, ജോയിന്റ് ഡയറക്ടർ
ശ്രീ. ഷിബു ജി.ടി, ജോയിന്റ് ഡയറക്ടർ
ശ്രീ. വിൻസെന്റ് സെബാസ്റ്റ്യൻ എ. ടി, ജോയിന്റ് ഡയറക്ടർ
ഡോ. അരുൺ ശ്യാംനാഥ്, ഡെപ്യൂട്ടി ഡയറക്ടർ
ശ്രീമതി ബീന എം, ഡെപ്യൂട്ടി ഡയറക്ടർ
ശ്രീമതി നിത്യ ടി.വി, ഡെപ്യൂട്ടി ഡയറക്ടർ
ശ്രീ. സജി വി, ഡെപ്യൂട്ടി ഡയറക്ടർ
ശ്രീ. സുധേഷ് ടി.പി, ഡെപ്യൂട്ടി ഡയറക്ടർ
ശ്രീമതി ശ്രുതി കെ.ടി, അഗ്രോണമിസ്റ്റ്
ശ്രീ. അബ്ദുൽ സലാം കെ.കെ, അസിസ്റ്റന്റ് ഡയറക്ടർ
ശ്രീ. അനിൽ കെ. പാപ്പച്ചൻ, അസിസ്റ്റന്റ് ഡയറക്ടർ
ശ്രീമതി അനില ടി, അസിസ്റ്റന്റ് ഡയറക്ടർ
ശ്രീമതി. ഹസീജ റഹ്മാൻ കെ.വി, അസിസ്റ്റന്റ് ഡയറക്ടർ
ശ്രീ. ജയചന്ദ്രൻ കെ, അസിസ്റ്റന്റ് ഡയറക്ടർ
ശ്രീമതി ലിജാമോൾ എം ഡേവിഡ്, അസിസ്റ്റന്റ് ഡയറക്ടർ
ശ്രീമതി മഞ്ജു പി, അസിസ്റ്റന്റ് ഡയറക്ടർ
ശ്രീമതി രൂപ ആർ.വി, അസിസ്റ്റന്റ് ഡയറക്ടർ
ശ്രീമതി റോഷ്ണി പത്മനാഭൻ, അസിസ്റ്റന്റ് ഡയറക്ടർ
ശ്രീമതി സജിത കെ.സി, അസിസ്റ്റന്റ് ഡയറക്ടർ
ശ്രീമതി സരിത എസ്.പി, അസിസ്റ്റന്റ് ഡയറക്ടർ
ശ്രീ. ഷിബിൻ പി.ബി, അസിസ്റ്റന്റ് ഡയറക്ടർ
ശ്രീമതി സ്മിത എച്ച്, അസിസ്റ്റന്റ് ഡയറക്ടർ
ശ്രീമതി ശ്രീദേവി എസ്.എസ്, അസിസ്റ്റന്റ് ഡയറക്ടർ
ശ്രീമതി ശാലിനി എസ്, അസിസ്റ്റന്റ് ഡയറക്ടർ
ശ്രീ. അഖിൽ വി പി., റിസർച്ച് ഓഫീസർ
ശ്രീമതി അപർണ ടി എസ്, റിസർച്ച് ഓഫീസർ
ശ്രീ. ദീപു എസ്, റിസർച്ച് ഓഫീസർ
ശ്രീമതി ജയകുമാരി ജി, റിസർച്ച് ഓഫീസർ
ശ്രീമതി ലിൻസ ജോസ്, റിസർച്ച് ഓഫീസർ
ശ്രീമതി മഞ്ജു എസ്. പിള്ള, റിസർച്ച് ഓഫീസർ
ശ്രീമതി രാജി നായർ ആർ, റിസർച്ച് ഓഫീസർ
ശ്രീമതി റീന ജെ, റിസർച്ച് ഓഫീസർ
ശ്രീമതി സീന എ. എസ്, റിസർച്ച് ഓഫീസർ
ശ്രീമതി ഷൈനി കെ എസ്, റിസർച്ച് ഓഫീസർ
ശ്രീ. ശ്യാംലാൽ ടി എ, റിസർച്ച് ഓഫീസർ
ശ്രീമതി ഐശ്വര്യ എച്ച്, റിസർച്ച് അസിസ്റ്റന്റ്
ശ്രീമതി അശ്വതി ബി, റിസർച്ച് അസിസ്റ്റന്റ്
ശ്രീ. ഹരികുമാർ എം, റിസർച്ച് അസിസ്റ്റന്റ്
ശ്രീ. ജയകൃഷ്ണൻ ആർ, റിസർച്ച് അസിസ്റ്റന്റ്
ശ്രീ. ജിഷ്ണു എം ജെ. റിസർച്ച് അസിസ്റ്റന്റ്
ശ്രീമതി മേഘ്ന ജയശങ്കർ, റിസർച്ച് അസിസ്റ്റന്റ്
ശ്രീമതി പ്രീത സത്യൻ, റിസർച്ച് അസിസ്റ്റന്റ്
ശ്രീമതി. ഷിജി എസ്.എസ്, റിസർച്ച് അസിസ്റ്റന്റ്
ശ്രീ. സോബിൻ ജോസഫ്, റിസർച്ച് അസിസ്റ്റന്റ്
ശ്രീമതി സൗമ്യ എസ് എൻ, റിസർച്ച് അസിസ്റ്റന്റ്
ശ്രീമതി വീണ പി. റിസർച്ച് അസിസ്റ്റന്റ്
ശ്രീ. വിഷ്ണു കെ എസ്, റിസർച്ച് അസിസ്റ്റന്റ്

രൂപകല്പന, അച്ചടി: കേരള സ്റ്റേറ്റ് സി-ആപ്റ്റ് | തിരുവനന്തപുരം